ആംഗനാചുംബനം

മൂന്നാം ഭാഗങ്ങൾ



വടയാറുകോട്ട, കെ. പരമേശ്വരൻപിള്ള.

അംഗനാചുംബനം

ഒന്നാം പുസ്തകം

പരിഷ്കാരകൻ,
കെ. പരമേശ്വരൻപിള്ള
വടയാറുകോട്ട.

★

പ്രകാശകർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്ഡിപ്പോ,
കൊല്ലം.

★

(പകർപ്പവകാശം [illegible])

ശ്രീരാമവിലാസംപ്രസ്സ്,
കൊല്ലം.



5-ാംപതിപ്പു കോപ്പി 1000
1131.

അഗസ്ത്യഹൃദയം

ഒന്നാം പുസ്തകം.

അദ്ധ്യായം ൧.

"തളിരുപോലാധരം സുമനോഹരം;
ലളിതശാഖകൾപോലെ ഭുജദ്വയം;
കിളിമൊഴിക്കുടലിൽക്കുസുമോപമം
മിളിതമുജ്ജ്വലമാംനവയൗവനം"

ക്രൈസ്തവാബ്ദം ആയിരത്തിനാന്നൂറിമുപ്പത്തഞ്ചിലെ ജൂലായിമാസത്തിൽ, അതിമനോഹരമായ ഒരു സായംകാലം. കാശ്മീരരാജ്യത്തിലെ ഒരു ഉപവനത്തിന്റെ താഴ്വരയിൽക്കൂടി അശ്വാരൂഢനായ ഒരു പഥികൻ, കിഴക്കുദിക്കിനെ ലക്ഷ്യമാക്കി യാത്രചെയ്യുന്നു. അയാൾ കയറിയിരിക്കുന്ന കുതിര, ബലിഷ്ഠവും വിനീതവുമായി കാണപ്പെടുന്നു. നിമ്നോന്നതികളാലും കല്ലു് മുള്ളു് മുതലായവയാലും സഞ്ചാരമാർഗ്ഗം ദുഷ്പ്രാപമായിരിക്കുന്നു.

ദിനാന്തസൂര്യൻ, തന്റെ പൊൻകതിരുകളെ അടക്കി, പശ്ചിമാബ്ധിയാകുന്ന യവനികയ്ക്കുള്ളിൽ മറയാൻപോകുന്നു. അന്ധകാരദേവത തന്റെ ഭയങ്കരരൂപത്തെ അല്പാല്പമായി വെളിപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. വാർദ്ധ്യസൂര്യന്റെ രക്തരശ്മികൾ അത്യുന്നതങ്ങളായ തരുശിഖരങ്ങളെ ഇപ്പോഴും തലോടുന്നുണ്ടെങ്കിലും ഭൂഭാഗം മുഴുവൻ ഇരുട്ടിനു് അധീനമായിരിക്കുന്നു. വൃക്ഷശാഖകളുടെ സാന്ദ്രച്ഛായ ആ ഇരുട്ടിനെ ഇരട്ടിക്കുകയും അല്പന്നിനെ മാർഗ്ഗത്തെ പൂർവ്വാധികം ദുഷ്കരമാക്കുകയും ചെയ്യുന്നു.

സായംകാലവേളയിൽ വികസിച്ചു നിന്നിരുന്ന, സുരഭിലമനോഹരങ്ങളും വിവിധവർണ്ണങ്ങളുമായ പുഷ്പവിശേഷങ്ങളുടെ ആ കമനീയമായ കാഴ്ചയെ, അന്ധകാരതിരസ്കരണി ആച്ഛാദനം ചെയ്തിരിക്കുന്നു. അത്യന്തശോഭാവഹങ്ങളായ ആ പുഷ്പങ്ങൾ അന്തിക്കു പൊഴിയുന്ന മഞ്ഞിൻതുള്ളികൾ ആവോളം പാനംചെയ്തു് സംതൃപ്തിയോടുകൂടി നിദ്രാധീനങ്ങളാകുന്നുവോ എന്നു ശങ്കിക്കുമാറു കുമ്പിട്ടുതുടങ്ങുന്നു.

അന്തരീക്ഷം പ്രശാന്തഭമണീയമായിരിക്കുന്നു. അന്ധകാരത്തിന്റെ ഭയങ്കരത സർവ്വത്രമൂകനിശ്ശബ്ദതയെ പ്രാപിക്കുന്നു. അവാച്യമായ നിശ്ശബ്ദത എവിടെയും വ്യാപിച്ചിരിക്കുന്നു. ഈദൃശമായ പ്രകൃതിമാറത്തോടുകൂടിയ ആ വനപ്രദേശം ഏതൊരാളിനെയാണു് ഭയതരളിതനാക്കിച്ചെയ്യാത്തതു്?

അതാ അങ്ങിങ്ങു ചില പക്ഷികൾ ചിലയ്ക്കുന്നു; മൃഗങ്ങൾ മൂളുകയും ചീറ്റുകയും സീല്ക്കാരത്തെ നീട്ടിപ്പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഏകാകിയായ ആ പഥികൻ ഒട്ടൊന്നു നടുങ്ങിയെങ്കിൽ എന്താണാശ്ചര്യപ്പെടാൻ? കൂരമ്പുകളുടെ കൂർച്ചമായ കണ്ണുകാഴ്ച ളധ്വനി മാറെറാലിച്ചുകൊള്ളുകയാൽ അയാളെ വഹിച്ചിരിക്കുന്ന അശ്വം അടിക്കടി വിരണ്ടോടാൻ ഭാവിക്കുകയും അയാൾ അതിന്റെ പുറത്തു തട്ടിത്തലോടി അനുസരിപ്പിക്കുകയും ചെയ്യുന്നു.

ഇതിനകം അന്ധകാരം എല്ലായിടത്തും വ്യാപിച്ചുകഴിഞ്ഞു തരുക്കളുടെ ശിഖരോപശിഖരങ്ങൾ തമ്മിൽ ഞെരുങ്ങിപ്പിണഞ്ഞു വളർന്നുള്ള ആ കാഴ്ച അധികം ഭീതിയെ ജനിപ്പിക്കുന്ന ഒന്നാണു്. ഇരുവശത്തും ഇടതിങ്ങിനിലക്കുന്ന വൃക്ഷങ്ങൾ ബീഭത്സാകൃതികളായ സത്വങ്ങളെന്നോണം, കൈകളെ മുമ്പോട്ടുനീട്ടി, അശ്വത്തെയും തന്നെയും ഒന്നിച്ചുപിടിക്കാൻ ഭാവിക്കുന്നു എന്നു് അയാൾക്കു തോന്നുന്നു പക്ഷേ ഈ വക തോന്നലുകൾക്കൊക്കെട്ടെ, ഭയങ്കരങ്ങളായ കാഴ്ചകൾക്കാകട്ടെ, ആ പാന്ഥന്റെ മനസ്സിനെ ഇളക്കാൻ കഴിഞ്ഞില്ലെന്നുള്ളതു നിശ്ചയമാണു്. അയാൾ ലേശം ക്ലേശമാതെ കുതിരയെ മുമ്പോട്ടുനടത്തുകതന്നെ ചെയ്യുന്നു.

ധൈര്യവാനായ ആ തുരഗപഥികനെ വായനക്കാരുമായി അല്പമൊന്നുപരിചയപ്പെടുത്താം. ഒരു യുദ്ധവീരന്റെ വേഷത്തിൽ കാണപ്പെടുന്ന ആ പാന്ഥൻ അഭിജാത്യമുള്ള ഒരു യുവാവാണു്. മുഖത്തു ക്ഷാത്രതേജസ്സു നല്ലവണ്ണംതിളങ്ങുന്നുണ്ടു് കാരി ഒരു ഇടത്തേഅരയിൽ തിരുകിയിരിക്കുന്ന ദീർഘമായ ഒരു ഖഡ്ഗം ഉറയോടുകൂടി വലത്തെ അരയിൽ തൂക്കിയിട്ടുമുണ്ടു്. ആയുധം അതിസുന്ദരനും ദീർഘകായനുമാണു്. കായികാഭ്യാസത്താൽ അവയവങ്ങൾക്കു ദൃഢതയും മുഴുപ്പും സിദ്ധിച്ചിട്ടുണ്ടു്. അവ അസാധാരണമായ കായശക്തിയെ ദ്യോതിപ്പിക്കുന്നു. തത്തുല്യമോ തദധികമോ ആയ മനഃശക്തി മുഖത്തുവിളങ്ങുന്നുമുണ്ടു്. അതേ സന്ദർഭത്തിൽതന്നെ, കുലീനനും സദ്ഗുണനുമാണെന്നു ആ മുഖം വിളിച്ചുപറയുന്നു. കുശാഗ്രബുദ്ധിയും വിചാരശീലനുമായ ആ യുവാവു് പരമദയാലുവാണെന്നു ആദ്യനോട്ടത്തിൽതന്നെ ആരും സമ്മതിക്കും. നിസ്സഹായന്മാരെ

സഹായിക്കുകയും ഏവരേയും സ്നേഹിക്കുകയുമാണു് അയാളുടെ ഗുണവിശേഷങ്ങളിൽ പ്രാധാന്യത്തെ അഹ്നിക്കുന്നതു്. സ്ത്രീകളുടേതു പോലെ നീണ്ടു കറുത്ത കണ്ണുകൾ അയാളുടെ സ്വാഭാവികസൗന്ദര്യത്തെ ദ്വിഗുണീഭവിപ്പിക്കുന്നു. ഉയർന്നപന്നനെറ്റി, ആലോചനാശീലത്തെയും ആകുലങ്കവിചാരത്തെയും വെളിപ്പെടുത്തുന്നു. കൊഴുത്തുകറുത്ത മേൽമീശ അയാളുടെ സൌന്ദര്യത്തിനു് അവർണ്ണനീയമായ ഒരലങ്കാരമായിരിക്കുന്നു. അതുകൊണ്ടും ബഹുമാനാദരങ്ങളെ അഹ്നിക്കുന്നതുക്കു ആ യുവാവിന്റെ നോട്ടത്തിൽ ഒരു യജമാനത്വവും ആജ്ഞാഭാവവും നിഴലിച്ചുകാണപ്പെടുന്നു. വയസ്സു ഇരുപത്തേഴിൽ കവിഞ്ഞിട്ടില്ല.

ഈ യുവാവു് ഇതിനുമുമ്പു കാശ്മീരത്തിൽ കടന്നിട്ടില്ലെന്നു തോന്നുന്നു. എന്തെന്നാൽ പലപ്പോഴും അയാൾ മാർഗ്ഭ്രമത്താൽ അന്ധാളിക്കുന്നുണ്ടു്. അടിക്കടി കുതിരയെ നിർത്തി സംശയബുദ്ധ്യാ അവിടവിടെ നോക്കുന്നു. അന്ധകാരാവൃതമായ ആ സ്ഥലത്തു യാതൊരുവെളിച്ചവും കാണപ്പെടുന്നില്ല. വനവാസികളായ കിരാതന്മാരെയോ, സമീപസ്ഥലങ്ങളിൽ താമസമുണ്ടെന്നു കേട്ടിട്ടുള്ള കൃഷീവലന്മാരെയോ കാണുന്നില്ല മാർഗ്ഗപരിചിതനായ ഒരാളെയെങ്കിലും ഒന്നിച്ചുകൊണ്ടുപോരാതെ പുറപ്പെട്ടതു പിശകായിപ്പോയി എന്നു തന്നെത്തന്നെ ശാസിക്കുന്നു. ഒരു പക്ഷേ, വഴി തെറ്റിസ്സഞ്ചരിക്കുകയാണോ എന്നും അയാൾക്കു സംശയമുണ്ടു്.

ഇപ്രകാരം ഓരോന്നു സംശയിച്ചും വിചാരിച്ചും അയാൾ യാത്രയെ തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെകുറേദൂരംകഴിഞ്ഞതിനു ശേഷം അയാൾ തന്നോടായിട്ടുതന്നെ പറഞ്ഞതാവിതു്—"ഇല്ല, വഴിതെറ്റിയിട്ടില്ല; നേർവഴിയിൽക്കൂടിത്തന്നെയാണു പോകുന്നതു്. ഇന്നലെത്താമസിച്ചുവിട്ടതിസ്ഥലത്തെ ആ കർഷകൻ പറഞ്ഞുതന്ന വഴിതന്നെയാണിതു്. അയാൾ എന്തിനു കളവുപറയണം? പക്ഷേ ദൂരംകൂടുതലാണു് അയാൾ പറഞ്ഞതു്. അയാൾ പറഞ്ഞദൂരമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇതിനകം 'കല്പകക്കോട്ട'യിലെത്താമായിരുന്നു"യുവാവു വീണ്ടും കുറേദൂരംക്കൂടിക്കടന്നു വല്ലവെളിച്ചവുംകാണുന്നുണ്ടോഎന്നു പിന്നെയും അയാൾ ചുറ്റുംനോക്കി. വിശപ്പുനല്ല വണ്ണം ബാധിച്ചിട്ടുണ്ടു്; രാത്രിയിൽ ശയിക്കാൻ സ്ഥലവും ആവശ്യമായിരിക്കുന്നു. ഇക്കാരണങ്ങളാലാണു് അയാൾ ക്രൂടക്കൂടെ വെളിച്ചം തേടുന്നതെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മനുഷ്യസഞ്ചാരമില്ലാത്ത ആ വനപ്രദേശത്തു് ഇവ രണ്ടും എങ്ങനെ സാധിക്കാനാണു"?

ഇങ്ങനെ അയാൾ ഒട്ടദൂരംചെന്നപ്പോൾ വനാന്തർഭാഗത്തു നിന്നും ആവിർഭവിച്ച ചില ശബ്ദങ്ങൾ അയാളുടെ ശ്രദ്ധയെആകർഷിച്ചു. മനുഷ്യസംസാരമാണു് തന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതെന്നു് അടുത്ത നിമിഷത്തിൽ അയാൾക്കു മനസ്സിലായി. ഇന്നതാണു സംസാരിക്കുന്നതെന്നു് സ്പഷ്ടമായികേൾക്കാൻ കഴിഞ്ഞില്ല. എന്നാൽ, ഒരു സ്ത്രീയുടെ അമന്ദദീനസ്വരവും മൂന്നിലധികം പുരുഷന്മാരുടെ ഭയപ്പെടുത്തലുകളുമാണെന്നു അയാൾ ഉടനടിഗ്രഹിച്ചു. അത്രതന്നെ താമസം; അതേനിമിഷത്തിൽ താഴത്തുചാടി, കതിരയെ ഒരു മരത്തിൽചേർത്തുകെട്ടിയുംവച്ചു് ആ സ്ഥലത്തെ ലക്ഷ്യമാക്കി അസ്സാധാരണഗതിയിൽപാഞ്ഞുചെന്നു. മൂർച്ഛാലുവായ ഒരു സ്ത്രീയെ മൂന്നുപുരുഷന്മാർക്രൂടി അപഹരിച്ചുകൊണ്ടുപോകുന്ന ആ കാഴ്ച കണ്ടു് ഖഡ്ഗത്തെ കയ്യിലേന്തിക്കൊണ്ടു് അവരുടെനേർക്കടുത്തു. ആ സമയത്തു് ആകാശത്തിൽ ചന്ദ്രൻ ഉദിച്ചുയർന്നുകൊണ്ടിരുന്നതിനാൽ ആ സ്ഥലത്തു് മിതമായ വെളിച്ചം ഉണ്ടായിരുന്നു. യുവാവിനെക്കണ്ടു് ആ മൂന്നാളുകളും, സ്ത്രീയെ നിലത്തിട്ടുംവച്ചു്, സംഹാരരുദ്രന്മാരോടേറ്റ ത്രിപുരന്മാരെപ്പോലെ, അയാളെ എതിർത്തു. ഖഡ്ഗപ്രയോഗവിദഗ്ധനായ ആ യുവയോധൻ അനായാസേന ഒരുത്തനെ നിലംപറ്റിക്കുകയും മറ്റൊരുത്തനെ പലായനം ചെയ്യിക്കുകയുംചെയ്തു. മൂന്നാമൻ, ഒരു സമർത്ഥനായതുകൊണ്ടായിരിക്കാം തുല്യശക്തിയോടുക്രൂടി എതിരാളിയെ എതിർത്തു നില്ക്കുകതന്നെചെയ്തതു്. അവർ തമ്മിൽ നടത്തിയ യുദ്ധം അതിഭയങ്കരവും നിർദ്ദയപ്രയോഗങ്ങളോടുക്രൂടിയതുമായിരുന്നു. പോരുരണ്ടെങ്കിലും പോരുതികേമംതന്നെയായിരുന്നു. പക്ഷേ ശ്രദ്ധികം നേരത്തേക്കു് ഉണ്ടായിരുന്നില്ലെന്നൊരു കുറവേയുള്ളൂ. ഏതാനും നിമിഷങ്ങൾക്കിടയിൽ ആ സമർത്ഥനായ പ്രതിപക്ഷിയും രണ്ടാമന്റെനയംതന്നെ സ്വീകരിക്കുകയാണുണ്ടായതു്. വിജയശ്രീലാളിതനായ യുവാവു് മൂർച്ഛിതയായി നിലത്തുകിടക്കുന്ന സ്ത്രീയുടെയടുക്കലണഞ്ഞു. അഹോ! ദൃഢമനസ്കനും യുദ്ധവീരനുമായ ആ യുവാവു് അതാ! ഞെട്ടിപ്പിറകോട്ടുമാറുന്നു. പരിപക്വമായ യൗവനവും നിസ്തുലമായ സൌന്ദര്യവും "ഹസ്തേന ഹസ്തമാത്തസുഖംഗ്രഹീതവ്യാ" ഇത്തംചെയ്യുന്ന ആ തരുണീരത്നത്തെക്കണ്ടു് ആശ്ചര്യഭരിതനായ യുവാവു് ഇതികർത്തവ്യതാമൂഢനായിത്തീർന്നുവിച്ചു. മാത്രകഴിഞ്ഞു് അയാൾ സ്വതഃസിദ്ധമായ ധൈര്യത്തെ അവലംബിച്ചു വീണ്ടും അടുത്തു. നഷ്ടപ്രജ്ഞയായ ആ സുന്ദര്യവതിയുടെ നിശ്ചലമായകിടപ്പു് ആശങ്കാജനകവും അനുതാപകാരണവുമായിരുന്നു. അക്ഷമയോടുക്രൂടി യുവാവു് ആ മനോഹരമായ മുഖത്തു് സൂക്ഷിച്ചുനോക്കി. നാസികാഗ്രത്തിൽ കൈവച്ചു

പരിശോധിച്ചു ശ്വാസഗതിക്കു് അതിമാന്ദ്യം സംഭവിച്ചിട്ടുള്ളതല്ലാതെ മരിച്ചിട്ടില്ലെന്നു ബോദ്ധ്യംവന്നു. സുബോധം ഉണ്ടാകുമാറു് ഉടനടി ഉചിതശുശ്രൂഷകൾ ചെയ്യേണ്ടതു് അത്യാവശ്യമാണെന്നും അമാന്തിച്ചാൽ നിരാശയ്ക്കു് ഇടയാകുമെന്നും അയാൾ നിശ്ചയിച്ചു. ജലം അന്വേഷിച്ചു് അങ്ങിങ്ങു് ചുറ്റിത്തിരഞ്ഞു. അന്വേഷണം ആശാഭംഗം മാത്രമായിരുന്നു. എന്നാൽ അല്പം അകലെയായി ഒരു വെളിച്ചം അയാളുടെ ദൃഷ്ടിക്കു വിഷയീഭവിച്ചു. അപരിമിതമായ സന്തോഷം അയാളുടെ നിമിത്തം അയാൾക്കുണ്ടായി. നഷ്ടബോധയായ ആ ഇന്ദിവരാക്ഷിയെ കോരിയെടുത്തു മാറിൽ അണച്ചുകൊണ്ടു്, വെളിച്ചം കണ്ടേടിക്കിനെ ലക്ഷ്യമാക്കി നടന്നു. കുറെദൂരംചെന്നപ്പോൾ ആ വെളിച്ചം ഒരു ഗൃഹത്തിൽ കൊളുത്തിവച്ചിരിക്കുന്ന വിളക്കിന്റേതാണെന്നു് മനസ്സിലായി. ഗൃഹവാതിലിനു സമീപം എത്തിയഉടനേ നിസ്സംശയം കതകിനുതട്ടിവിളിച്ചു. വയോധികയായ ഒരു സ്ത്രീവന്നു കതകുതുറന്നു. യുവാവിന്റെ വക്ഷസ്സിൽ ബോധരഹിതയായി ചാഞ്ഞുകിടക്കുന്ന യുവതിയെക്കണ്ടു്, ആ വൃദ്ധ ആശ്ചര്യസംഭ്രമങ്ങളോടുകൂടി, "അയ്യോ! അംബികയ്ക്കെന്തുപറ്റി? ദൈവമേ! അവളെന്തേ ഉരിയാടുന്നില്ല? അമ്മൂ! അമ്മൂ!" എന്നിങ്ങനെ പരിദേവനം ചെയ്തുതുടങ്ങി.

"ഇല്ല, പരിഭ്രമിക്കാനൊന്നുമില്ല. അല്പം പേടിച്ചിട്ടുണ്ടെന്നേയുള്ളൂ" എന്നുപറഞ്ഞുംകൊണ്ടു് യുവാവു് അകത്തുകടന്നു് അംബികയെ അവിടെകിടത്തി. അതിനകം വൃദ്ധയുടെ പരിദേവനംകേട്ടു ഗൃഹാന്തർഭാഗത്തുനിന്നും ഇറങ്ങിവന്ന ഒരു കിഴവൻ അംബികയെക്കണ്ടു പരിഭ്രമത്തോടുകൂടി നിലവിളിക്കാൻ തുടങ്ങി. യുവാവു സാന്ത്വനങ്ങളാൽ കിഴവനെ സമാധാനപ്പെടുത്തിയിട്ടു് ഉണ്ടായ സംഭവമവരെ ധരിപ്പിച്ചു. വൃദ്ധൻ അതുകേട്ടു്, "ഈ ആപത്തിൽനിന്നും ഞങ്ങളെ രക്ഷിച്ച നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ!" എന്നു ഹൃദയപൂർവ്വം ആശീർവ്വദിച്ചു. ഇതിനിടയ്ക്കു വൃദ്ധയുടെ സ്നേഹപൂർവ്വകമായ ശുശ്രൂഷകളാൽ അംബികയ്ക്കു ബോധംവീണു. അവൾ കണ്ണുതുറന്നു ചുറ്റും നോക്കി. സംസാരിക്കാൻ കഴിയുന്നില്ല. ശരീരം ആസകലം ചൂട്ട ബാധിച്ചിരിക്കുന്നു. കൈകാലുകൾക്കു കഴപ്പും ഉസ്സഹമായ തലവേദനയുമുണ്ടു്.

വൃദ്ധന്റെആശിസ്സുകൾക്കു മറുപടിയായി, "ഈയുവതി നിങ്ങളുടെ മകളായിരിക്കാം" എന്നു യുവാവു സംശയബുദ്ധ്യാ ചോദിച്ചു.

വൃദ്ധൻ പറഞ്ഞു:—"പെറ്റമകളല്ല എന്നാൽ മകളേക്കാൾ സ്നേഹത്തോടുകൂടിയാണു ഞങ്ങൾ അവളെ വളർത്തുന്നതു്. ഒരുനാ

ഴിക അവളെപ്പിരിഞ്ഞിരിക്കുന്നതു" എനിക്കു പ്രാണസങ്കടമാണു്. അതാ, പടിക്കപ്പുറത്തുകാണുന്ന കിണറ്റിൽനിന്നും വെള്ളം കോരാൻ പോയവളാണു്. പോയിട്ടു് അധികനേരമായില്ല. എങ്കിലും വെള്ളവുംകോരിക്കൊണ്ടു മടങ്ങിവരാനുള്ള സമയം കഴിഞ്ഞു. എന്തുകൊണ്ടുകാണുന്നില്ലെന്നന്വേഷിക്കാനായി ഞങ്ങോട്ടിറങ്ങാൻ ഭാവിക്കുമ്പോളാണു നിങ്ങളവന്ന പടിക്കൽ വിളിച്ചതു്. അതു വേണ്ടിയിരുന്നില്ല. കതകു ചാരിയിട്ടേ ഉണ്ടായിരുന്നുള്ളൂ. നിന്ന ബുദ്ധിമുട്ടാതെ ഇങ്ങു കടന്നുപോരാമായിരുന്നു."

യുവാവു്:—നിങ്ങളുടെ മകളെ അപഹരിച്ചുകൊണ്ടുപോയ ആ മൂന്നുപേർ ആരായിരിക്കാം?

വൃദ്ധൻ:—ഞങ്ങളറിക്കു് ഒരു രൂപവുമില്ല. കറേക്കഴിഞ്ഞു ചോദിച്ചാൽ പക്ഷേ, അംബിക പറഞ്ഞേതക്കാം. ഏതായാലും ഇന്നുരാത്രി നിങ്ങളിവിടെത്താമസിക്കണമെന്നു ഞങ്ങളറിക്കു താല്പര്യമുണ്ടു്. ആഹാരത്തിനും ശയനത്തിനും വേണ്ട ചുരുങ്ങിയ സൌകര്യം ഇവിടെയുണ്ടു്.

യുവാവു്:—അങ്ങനെ സാധിക്കാമായിരുന്നു. എന്നാൽ എന്റെ യാത്രയുടെ ഉദ്ദേശം അതിനു് അനുകൂലമല്ലെന്നിരിക്കുന്നു. അതുകൊണ്ടു നിങ്ങളുടെ ആതിഥ്യത്തെ ഇപ്പോൾ സ്വീകരിക്കാൻ നിവൃത്തിയില്ല. ഇവിടുന്നു കല്പകക്കോട്ടയിലേയ്ക്കു എന്തു ദൂരമുണ്ടെന്നു നിങ്ങളറിയാമോ?

വൃദ്ധൻ:—ഉദ്ദേശം മൂന്നുനാഴികയുണ്ടു്. ഈ കാട്ടിന്റെ താഴ്വരയിൽക്കൂടി നേരേ കിഴക്കോട്ടാണു പോകേണ്ടതു്.

യുവാവു്:—എനിക്കു ചിലസംഗതികൾകൂടി അറിയേണ്ടിയിരിക്കുന്നു. കല്പകക്കോട്ടയുടെ നേതാവായ ഉദയസേനന്റെ സ്വഭാവം എങ്ങനെയാണു്? ജനങ്ങളറിക്കു് അദ്ദേഹത്തിൽ നല്ല അഭിപ്രായമാണോ? നിങ്ങൾ അദ്ദേഹത്തിന്റെ കൂടിയാണായിരിക്കാം.

വൃദ്ധൻ:—ഞാൻ ഉദയസേനന്റെ കൂടിയാനല്ല. ഈ കാടു് ചന്ദ്രഗുപ്തന്റെ സ്വന്തമാണു്. ചന്ദ്രഗുപ്തൻ ഗുണവാനും ദയാലുവുമാണു്. അദ്ദേഹത്തിന്റെ കോട്ട ഇതിന്റെ പടിഞ്ഞാറായിട്ടാണു്. ഇവിടുന്നു മൂന്നുനാഴികയുണ്ടു്. ഞാൻ അദ്ദേഹത്തിന്റെ വനംസൂക്ഷിപ്പുകാരിൽ പ്രധാനിയാണു്.

യുവാവു്:—വാസ്തവംതന്നെ. ചന്ദ്രഗുപ്തനെക്കുറിച്ചു നല്ലഭിപ്രായമാണു ഞാനും കേട്ടിട്ടുള്ളതു്. അതു മതിപ്പു് ഉദയസേനനെപ്പറ്റി ജനങ്ങൾക്കില്ലെന്നു തോന്നുന്നു.

വൃദ്ധൻ:—വാസ്തവം പറഞ്ഞാൽ എനിക്ക അദ്ദേഹത്തെപ്പററി യാതൊന്നും അറിഞ്ഞുകൂടാ. എന്നാൽ അദ്ദേഹത്തിന്റെ കൂടിയാന്മാരും ശമ്പളക്കാരുപോലും അദ്ദേഹം ഒരു നിർദ്ദയനും ദുർഗ്ഗുണനും മറുമാണെന്ന നിന്ദിക്കുന്നുണ്ട്. ഉദയസേനനെപ്പററി പല സംസാരങ്ങളും ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ രാത്രികാലങ്ങളിൽ അകാരണമായി ചില ഭയങ്കരശബ്ദങ്ങളും വെളിച്ചങ്ങളും മറും സംഭവിക്കാറുണ്ടുപോൽ! കൊട്ടാരവളപ്പിൽ വലത്തേവശത്തു കുറഞ്ഞൊരുകാലമായി ആൾപ്പെരുമാറ്റമില്ലാതിരിക്കയാണു്. ആവശത്തുള്ള വാതിൽ ഒരിക്കലും തുറക്കുകയില്ല. ഇങ്ങനെയുള്ള കേൾവികൾ ഉണ്ടെന്നല്ലാതെ, ഉദയസേനൻ വല്ല ദുഷ്പ്രവൃത്തികളുംചെയ്തു ചീത്തപ്പേരു സമ്പാദിച്ചതായി എനിക്കൊരറിവുമില്ല.

യുവാവു്:—നിങ്ങൾ പറഞ്ഞതു് വാസ്തവമാണു്. നിങ്ങളുടെ വാക്കുകളിൽ എനിക്ക വിശ്വാസം തോന്നുന്നു. ഉദയസേനനു ഒരു മകനുണ്ടല്ലോ?

വൃദ്ധൻ:—അതെ, വിജയസേനൻ എന്നാണു അവന്റെ പേരു്. അവനു ഇരുപതു് ഇരുപതൊന്നു വയസ്സു പ്രായമുണ്ടു്. അവൻ ഒരു വലിയ ധൈര്യശാലിയും ദുഷ്ടനുമാണെന്നാണു് ജനശ്രുതി. എന്റെ യജമാനനായ ചന്ദ്രഗുപ്തന്റെ സമ്മതത്തോടുകൂടി അവൻ ചിലപ്പോളൊക്കെ ഇക്കാട്ടിൽ വേട്ടയ്ക്കു വരാറുണ്ടു്. ആ അവസരങ്ങളിൽ ഞാൻ അവനെ കണ്ടിട്ടുണ്ടു്. കണ്ടടത്തോളം, അവനൊരു ദുർബുദ്ധിയാണെന്നതന്നെ എനിക്ക തോന്നുന്നു. അവനു് അമ്മയില്ല. അവന്റെ മുലകുടിപ്രായത്തിൽതന്നെ ആ സ്ത്രീ മരിച്ചുപോയി. അവരുടെ മരണശേഷം അവന്റെ അച്ഛൻ രണ്ടാമതൊരുസ്ത്രീയെ വിവാഹംചെയ്തു. ആ സ്ത്രീ പ്രസവിക്കുംമുമ്പുതന്നെ മരിച്ചു.

യുവാവു്:—ഇന്നലെരാത്രി ഞാൻ താമസിച്ച വിടുതിസ്ഥലത്തുവച്ചു ഒരു സംസാരമുണ്ടായി. ഉദയസേനന്റെ രണ്ടാമത്തെ ഭാര്യയുടെ മരണം അവിചാരിതമായിട്ടാണെന്നും സംശയാസ്പദമായ പല സംസാരങ്ങളും അതിൽനിന്നുമുണ്ടായിട്ടുണ്ടെന്നും കേട്ടു.

വൃദ്ധൻ:—അക്കാലത്തു അതുസംബന്ധിച്ചു പല സംസാരങ്ങളും ഉണ്ടായിട്ടുണ്ടു്. പരമാർത്ഥം പരമേശ്വരനുമാത്രം അറിയാം. ഉദയസേനന്റെ ആ രണ്ടാമത്തെ ഭാര്യ ചന്ദ്രഗുപ്തന്റെ സഹോദരിയാണെന്നു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

യുവാവു്:—വളരെ സന്തോഷം. എനിക്കു നിങ്ങളിൽ അതിയായ ബഹുമാനമുണ്ടു്. അകാരണമായി അന്യരെ പ്പഴിക്കുന്ന സ്വഭാവം നിങ്ങൾക്കില്ലെന്നു നിങ്ങളുടെ സംസാരത്തിൽ നിന്നും എനിക്കു മനസ്സിലാകുന്നു. എന്നാൽ, സമയമതിക്രമിക്കുന്നു. എന്റെയാത്ര, കാശ്മീരത്തിന്റെ തലസ്ഥാനമായ ശ്രീപുരത്തേക്കാണു്. അവിടെ എത്താൻ ഇനിയും ഒരു മൂന്നുദിവസത്തെ യാത്രകൂടി വേണ്ടിവരുമെന്നു തോന്നുന്നു. ഇന്നു രാത്രി ഉദയസേനന്റെ കൊട്ടാരത്തിൽ താമസിക്കാമെന്നു വിചാരിക്കുന്നു. അവിടെ കയറേണ്ട ആവശ്യമുണ്ടു്. അതുകൊണ്ടാണു് നിങ്ങളുടെ ആതിഥ്യം സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വന്നതു്. ഞാൻ അടുക്കൽതന്നെ മടങ്ങിവരും. അന്നു ഇവിടെത്താമസിച്ചു് ആഹാരം കഴിക്കുകയും ചെയ്യാം. അതുകൊണ്ടു സന്തോഷത്തോടുകൂടി ഇപ്പോൾ എനിക്കു യാത്രപറയണം.

വൃദ്ധൻ:—മടക്കത്തിൽ തീച്ചയായും എന്റെ ഈ ചെറിയവീട്ടിൽ ഒരുദിവസമെങ്കിലും താമസിക്കണം. അതിനകം അംബികയുടെ പൂർണ്ണസുഖം കിട്ടാതിരിക്കയില്ല. അന്നു് അവളുടെ നന്ദിയെ അവൾ നേരിൽ അറിയിച്ചുകൊള്ളും.

യുവാവു്:—അതിനേക്കാൾ ശ്രേഷ്ഠതരമായ ഒരു സന്തോഷം എനിക്കു മറ്റൊന്നുകൊണ്ടും ഉണ്ടാകാനില്ല.

അദ്ധ്യായം ൨.

"ശത്രുക്കളല്ല ശത്രുക്കളാകുന്നതു്
മിത്രഭാവത്തോടരികെ വസിപ്പവർ"

അശ്വാരൂഢനായ യുവാവു് അരമണിക്കൂറിനുള്ളിൽ, കൽപ്പകക്കോട്ടയിൽ കടന്നു. അയാൾ സഞ്ചരിച്ചിരുന്ന വനം കോട്ടമതിലോളം വ്യാപിച്ചിട്ടുണ്ടായിരുന്നു. കോട്ടയ്ക്കകത്തു പലേ തെരുവുകളും വീഥികളും നിബിഡമായ ജനവാസവുമുണ്ടായിരുന്നു. ഉന്നതങ്ങളായ പലേ സൗധങ്ങളും യുവാവിന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചു. വടക്കേ കോട്ടവാതിലിൽക്കൂടിയാണു് അയാൾ അകത്തുകടന്നതു്. അയാൾ ആ സ്ഥലം ഇടംപ്രഥമമായിട്ടു കാണുകയാണെങ്കിലും സുപരിചിതന്റെ നിലയിൽ തെക്കുവടക്കായുള്ള പ്രധാനപ്പെട്ട രാജപാതയിൽക്കൂടി ഉദയസേനന്റെ കൊട്ടാരത്തെ ലക്ഷ്യമാക്കി

കുതിരയെ നയിച്ചു. കൊട്ടാരവാതുക്കൽ എത്തിയ ഉടനെ അവിടെ നിന്നിരുന്ന ദ്വാരപാലകനോട് താനൊരു വിദേശിയാണെന്നും തനിക്കു പ്രഭുവിനെ കാണണമെന്നും പറഞ്ഞു. ദ്വാരപാലകൻ അതുകേട്ട് "നിങ്ങൾ ആരാണെന്നറിയാതെ അകത്തു കടത്തിവിടാൻ എനിക്കു നിവൃത്തിയില്ല" എന്നുപറഞ്ഞു.

യുവാവു്:— ഞാൻ നേപാളത്തുകാരനാണു്. നേപാളരാജാവിന്റെ പ്രതിനിധിയായി ഒരു പ്രധാനകാര്യം ഉദ്ദേശിച്ചുപോവുകയാണു്. ഇന്നുരാത്രിയിൽ കൊട്ടാരത്തിൽ താമസിക്കണമെന്നു വിചാരിക്കുന്നു.

ദ്വാരപാലകൻ:— ഉദയസേനപ്രഭു ഇപ്പോൾ സ്ഥലത്തില്ല. അദ്ദേഹത്തിന്റെ പുത്രൻ വിജയസേനപ്രഭു മാത്രമേയുള്ളൂ. താങ്കളുടെ പേരുംകൂടി പറഞ്ഞാൽ ഞാൻചെന്നു വിവരം അദ്ദേഹത്തെ തെര്യപ്പെടുത്താം.

യുവാവു്:— താരാനാഥൻ എന്നാണു് എന്റെപേരു്. നേപാളവും കോസലവുമായുണ്ടായ ഇക്കഴിഞ്ഞയുദ്ധത്തിൽ എന്റെപേർ ഒന്നു പ്രസിദ്ധമായിട്ടുണ്ടു്. ഒരുപക്ഷേ നിങ്ങളുടെ പ്രഭുവും കേട്ടിട്ടുണ്ടായിരിക്കാം. ആ യുദ്ധത്തോടുകൂടി ഞങ്ങളുടെ രാജാവിനു് എന്റെ പേരിൽ വളരെ വിശ്വാസവും പ്രീതിയുമുണ്ടായിട്ടുണ്ടു്. അതുകൊണ്ടാണു് എന്നെത്തന്നെ, തന്റെ പ്രതിനിധിയായി അദ്ദേഹം നിയമിച്ചതു്. സഹചരന്മാരായി രണ്ടു ഭൃത്യന്മാർക്കുടി എന്നോടൊന്നിച്ചുണ്ടായിരുന്നു കാരണവശാൽ അവർ വഴിക്കുവച്ചു പിരിയേണ്ടിവന്നു. നാളെ വെളുക്കുന്നതിനു മുമ്പു് ഇവിടെ വരണമെന്നാണു് ഞാൻ ശട്ടം കെട്ടിയിട്ടുള്ളതു്.

ദ്വാരപാലകൻ:— താങ്കളുടെ വരവിനെക്കുറിച്ചു വിജയസേനപ്രഭുവിനെ തെര്യപ്പെടുത്തി ക്ഷണത്തിൽ ഞാൻ മടങ്ങിവരാം.

ദ്വാരപാലകൻപോയി ഏതാനും നിമിഷങ്ങൾക്കുള്ളിൽ മടങ്ങിവന്നു. താരാനാഥന്റെ കുതിരയെ ലായം സൂക്ഷിപ്പുകാരനെ ഏല്പിച്ചുംവച്ചു്, അയാളെ കൊട്ടാരത്തിലേക്കു ക്ഷണിച്ചുകൊണ്ടുപോയി ഗംഭീരമായ ആ അട്ടാലകം ഒട്ടുവളരെയറകളോടുകൂടിയതും ഏഡൂകങ്ങളാൽ സുരക്ഷിതവുമാണു്; മനോഹരമായ ആ സൗധത്തിന്റെ പണി അവർണ്ണനീയവും അതിപ്രശംസനീയവുമാണെന്നു ആരും സമ്മതിക്കും. ബാഹ്യാലങ്കാരങ്ങൾ വിചിത്രവിചിത്രം എന്നുതന്നെപറയാം. എന്നാൽ താരാനാഥനു ഇവയിൽ വല്ല പുതുമയും തോന്നിയിട്ടുണ്ടോ എന്നു നിശ്ചയമില്ല. വിശാലവും

മനോഹരവുമായ ഒരു മുറിയിൽ വിജയസേനൻ ഇരിക്കുന്നുണ്ടായിരുന്നു. നേപാളരാജാവിന്റെ പ്രതിനിധി താരാനാഥനു വിജയസേനൻ എഴുന്നേറ്റു മുമ്പോട്ടുചെന്നു സബഹുമാനം സ്വാഗതം നല്കി. താരാനാഥൻ ഒരു പുഞ്ചിരിയോടുകൂടി വിജയസേനനോടു് ഇങ്ങനെപറഞ്ഞു:—'ഞാൻ ഈ സമയത്തു് ഇവിടെവന്നുകയറിയതു് ഒരു തെറ്റാണെങ്കിൽ ക്ഷമിക്കണം. ഞങ്ങളുടെ നാട്ടിൽ വഴിപോക്കർ ആരെങ്കിലും വന്നാൽ അവക്കു വേണ്ട സഹകര്യങ്ങളും നൽകുക സാധാരണമായതുകൊണ്ടു്" ധൈര്യപൂർവ്വം ഞാൻ ഈ രാത്രിയിൽ താങ്കളുടെ ബഹുമാന്യമായ സൌധത്തെ അഭയംപ്രാപിച്ചതാണു്.

വിജയസേനൻ:—ഞങ്ങളുടെ നാട്ടിലും വഴിപോക്കരെ സഹായിക്കാതിരിക്കയില്ല. എന്നാൽ നിങ്ങളുടെ അന്തസ്സും ആഭിജാത്യവും അറിഞ്ഞു നിങ്ങളെ സൽക്കരിക്കാൻ, നിർഭാഗ്യത്താൽ തല്ക്കാലം എന്റെ അച്ഛൻ ഇവിടെ ഇല്ലെന്നൊരു ഖേദമുണ്ടു്. അദ്ദേഹം ഇപ്പോൾ ശ്രീപുരത്താണു്.

താരാനാഥൻ:—ഞാനും ശ്രീപുരത്തേക്കാണു പോകുന്നതു്. ഞാൻ നേപാളരാജാവിന്റെ ഒരു പ്രധാന സേവകനാണു്. ഒരു വലിയകാര്യം സാധിക്കാനായി, കാശ്മീരത്തിന്റെ തലസ്ഥാനനഗരിയിൽ എത്തേണ്ട ആവശ്യമുണ്ടു്. അവിടെവച്ചു, ഞാൻ താങ്കളുടെ മാന്യനായ പിതാവിനെ സന്ദർശിക്കുന്നതാണു്. അദ്ദേഹത്തെ അറിയിക്കേണ്ടതായ വല്ല സന്ദേശവും താങ്കൾക്കുണ്ടെങ്കിൽ എന്നെ ഏല്പിക്കുന്നതു് എനിക്കു സന്തോഷമാണു്. കൃതാർത്ഥതയോടുകൂടി ഞാനതു് അദ്ദേഹത്തിനു നൽകാം.

വിജയസേനൻ:—താങ്കളുടെ സ്നേഹപൂർവ്വകമായ വാക്കുകൾക്കു ഞാൻ നന്ദിപറയുന്നു. അദ്ദേഹം ഇവിടുന്നു പോയിട്ടു ഒരാഴ്ചതികച്ചു കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും എന്റെ ക്ഷേമത്തെ താങ്കൾ അദ്ദേഹത്തെ അറിയിക്കുന്നതു് എനിക്കു സന്തോഷമാണു്.

ഇതിനിടയ്ക്കു ഭക്ഷണം തയാറായവിവരം അറിഞ്ഞു് സംഭാഷണം നിർത്തി രണ്ടുപേരും ആഹാരത്തിനുപോയി. ആഹാരം പ്രഭുത്വോചിതമായ വിഭവങ്ങളോടുകൂടി ആയിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. താരാനാഥനു, യാത്രാധിക്യത്താൽ ക്ഷീണവും വിശപ്പും അതീവ ബാധിച്ചിരുന്നതുകൊണ്ടു് ആഹാരസാധനങ്ങളിൽ ഒരു പ്രത്യേകരുചിയും ആഹാരകാര്യത്തിൽ ഒരു പുതിയ ഉന്മേഷവുംതോന്നി. എന്നാൽ തദ്വിരുദ്ധമായ ഒരു ഭാവമാണു" വിജയസേനനിൽ തെളിഞ്ഞുകണ്ടതു്. ഉറക്കപ്പായിൽനിന്നുമെടുത്തു് ഉണ്ണാം

നിരത്തിയ ഒരു കൂട്ടിയുടെ മാതിരിയിലാണു് അയാൾ കാണപ്പെട്ടതു്. ആഹാരത്തിന്റെ മുമ്പിൽ തനിക്കുള്ളജോലി എന്താണെന്നപോലും അയാൾ അറിയുന്നില്ല. എന്തോ ഒരു സംഗതി അയാളുടെ മനസ്സിനെ അലട്ടുന്നുണ്ടെന്നും അതിനെക്കുറിച്ചു വീണ്ടും വീണ്ടും അയാൾ ചിന്തിക്കുകയാണെന്നും തോന്നുന്നു. വിജയസേനനുവയസ്സു് ഇരുപത്തൊന്നിൽ കൂടുതലായിട്ടില്ലെന്നു, നാമാദ്ധ്യായത്തിലെ വൃദ്ധനും താരാനാഥനും തമ്മിൽ നടത്തിയ സംഭാഷണത്തിൽ നിന്നും നാം ഗ്രഹിച്ചിട്ടുണ്ടല്ലോ. അയാൾ ദീർഘകായനും ബലിഷ്ഠനും തികഞ്ഞ സുന്ദരനുമാണു്. സ്ഥായിയായ ഒരു വികാരം ചിരകാലമായി അയാളെ പീഡിപ്പിക്കുന്നതിന്റെ ഒരുവാട്ടം അയാളുടെ മുഖത്തു മുദ്രിതമായി കാണുന്നുണ്ടെങ്കിലും ആ മുഖത്തിന്റെ മനോഹരത്വം ഒന്നുവേറെതന്നെ. എന്നാൽ ജന്മകോപത്വവും നിഷ്ഠുരത്വവുമാകുന്ന രണ്ടു മുദ്രകൾ ആ മുഖത്തെ കളങ്കപ്പെടുത്തുന്നുണ്ടെന്നുള്ള സൂക്ഷ്മഗ്രാഹികൾക്കു സുലഭേന മനസ്സിലാകുന്നതാണു്.

താരാനാഥനെ ആദ്യം കണ്ടപ്പോൾ വിജയസേനൻ പെട്ടെന്നു ഒന്നുഞെട്ടി; അയാൾ നല്പപോലൊന്നുഭയപ്പെട്ടു; കാരണമെന്താവാം? ആ ഭയം അധികം നേരത്തേക്കുണ്ടായിരുന്നില്ല സംഭാഷണാരംഭത്തിൽ ആ ഭയം അസ്തംഗതമായി. ഭക്ഷണാനന്തരം വിഷയാന്തരങ്ങളെക്കുറിച്ചു അല്പനേരം രണ്ടുപേരും സംസാരിച്ചുകൊണ്ടിരുന്നതിനുശേഷം, വിജയസേനൻ താരാനാഥനെ അഭിസംബോധനംചെയ്തുകൊണ്ടു, "യാത്രാക്ഷീണനായ താങ്കളെ ഞാൻ അധികനേരംഇരുത്തി ബുദ്ധിമുട്ടിക്കുന്നതു് ഒരപരാധമായിരിക്കും; ഇരിക്കുക! ഞാൻ ചെന്നു നിങ്ങൾക്കു ശയനത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യുംവച്ചു വരാം എന്നു പറഞ്ഞിട്ടു മുറിക്കു പുറത്തുചെന്നു പ്രധാനകാര്യസ്ഥനെ വിളിച്ചു. "നമ്മുടെ മാന്യനായ അതിഥിക്കു ഉറക്കത്തിനു സൗകര്യമായ ഒരു മുറി തയാറാക്കികൊടുക്കണം; ഏതുമുറിയാണു താൻ ഉദ്ദേശിക്കുന്നതു""? എന്നു ചോദിച്ചു.

ചാരുദത്തൻ:—(എന്നാണു കാര്യസ്ഥന്റെ പേരു്) അവിടത്തെ മാന്യനായ പിതാവു് യോഗ്യന്മാരായ അതിഥികൾക്കായി ഒഴിച്ചിട്ടിട്ടുള്ള മുറിയുണ്ടല്ലോ. അവിടെ വേണ്ട സൗകര്യങ്ങളൊക്കെ ഉണ്ടാക്കിക്കൊടുക്കാം.

വിജയസേനൻ:— അതിഥിഗൃഹമോ?

ചാരുദത്തൻ:—അതേ; മാന്യന്മാരായ അതിഥികൾക്കായിട്ടു ഒഴിച്ചിട്ടിരിക്കയാണു ആ മുറി.

വിജയസേനൻ:—അതെനിക്കു മനസ്സിലായി. ഞാൻ പറയുന്നതു കേൾക്കൂ! താരാനാഥൻ ഒരു വലിയ മാന്യനാണു്; നേപാളരാജാവിന്റെ പ്രതിനിധിയാണു്. അങ്ങനെയുള്ള ഒരു വലിയ ആളിനു് രാജയോഗ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അതുകൊണ്ടു നമ്മുടെ ഭദ്രാസനമുറി അദ്ദേഹത്തിനു സൗകര്യപ്പെടുത്തിക്കൊടുക്കുക!

ചാരുദത്തൻ:—ഭദ്രാസനമുറിയോ! അയ്യോ അപ്പോൾ കേട്ടപ്പോൾതന്നെ ശരീരം നടുങ്ങുന്നു. അവിടുന്നു നേരംപോക്കായിട്ടു് പറഞ്ഞതാണെന്നു ഞാൻ വിചാരിക്കുന്നു.

വിജയസേനൻ:—നേരമ്പോക്കു പറയുകയോ? അതിനുള്ള സമയം ഇതല്ല. നമ്മുടെ കൊട്ടാരത്തിന്റെ വലത്തുവശത്തുള്ള ഭദ്രാസനമുറി വളരെക്കാലമായി പൂട്ടിയിട്ടിരിക്കയാണെന്നുള്ളതു വാസ്തവംതന്നെ.

ചാരുദത്തൻ:—പ്രഭോ! ഇന്നത്തെ അതിഥിക്കു് ഉറങ്ങാൻ, ആ മുറി ഒഴിച്ചു കൊടുത്തു എന്നു് അവിടുത്തെ പിതാവറിഞ്ഞാൽ അദ്ദേഹം കലശൽകൂട്ടും.

വിജയസേനൻ:—താൻ അതിനെപ്പറ്റി ഒന്നും പറയേണ്ട. നമ്മുടെ കൊട്ടാരത്തിന്റെ വലത്തേഭാഗത്തു പിശാചുക്കളുടെ ഉപദ്രവം ഉണ്ടെന്നും മറ്റും പറയുന്നു. ഞാൻ അതു വിശ്വസിക്കുന്നില്ല. താരാനാഥൻ നല്ല മനക്കരുത്തും ദേഹബലവും ഉള്ള ആളാണു്. പോരെങ്കിൽ ഇവിടുത്തെ ഈ കെട്ടുകഥകളൊന്നും അദ്ദേഹം കേട്ടിരിക്കയില്ല. അതുകൊണ്ടു അദ്ദേഹത്തിനു ആ മുറിതന്നെ ഒഴിച്ചുവെടിപ്പാക്കിക്കൊടുക്കണം. അദ്ദേഹം സുഖമായിട്ടു് ആ മുറിയിൽനിന്നും കാലത്തേ ഇറങ്ങി വരികയാണെങ്കിൽ കേൾവിയൊക്കെ കള്ളക്കഥയാണെന്നു തെളിയുകയും ചെയ്യുമല്ലോ. അതുകൊണ്ടു എനിക്കിന്നു പരീക്ഷിച്ചേതീരൂ. കേൾവിയിൽ വാസ്തവമില്ലെന്നു വന്നാൽ; ആ മുറിയും സമീപസ്ഥലങ്ങളും ഇങ്ങനെ പാഴടച്ചിടേണ്ട ആവശ്യവുമില്ലല്ലോ.

ചാരുദത്തൻ:—പ്രഭോ! അവിടുന്നു ഇങ്ങനെ നിർബന്ധം പിടിക്കരുതു്. ചെറുബുദ്ധിയിൽ അതൊക്കെത്തോന്നും എന്തെങ്കിലും അപകടം നേരിട്ടാൽ പഴി നമുക്കായിരിക്കും. തക്കതായകാരണമില്ലാതെ അവിടുത്തെ അച്ഛൻ ആ മുറി അടച്ചിടുകയില്ല.

വിജയസേനൻ:—വയസ്സാ! ഞാൻ പറയുന്നതു കേൾക്കു! അച്ഛൻ അന്ധവിശ്വാസങ്ങളെ മുറുകെപ്പിടിക്കുന്ന ആളാണു്. അതിനെ ഇല്ലാതാക്കേണ്ടതു് എന്റെ കടമയാണു്.

അതുകേട്ട ചാരുദത്തൻ "ഓഹോ! അങ്ങനെയാവാം" എന്നു മാത്രം പറഞ്ഞുംവച്ചു അവിടുന്നു പൊയ്ക്കളഞ്ഞു. വിജയസേനൻ മടങ്ങി. താരാനാഥൻ ഇരുന്ന മുറിയിൽചെന്നു; "യഥായോഗ്യം താങ്കളെ സല്ക്കരിക്കേണ്ടതു എന്റെ കടമയാണല്ലോ. അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു കാര്യസ്ഥനെ ശട്ടംകെട്ടി അയച്ചിട്ടുണ്ടു്. അയാൾ വേണ്ടതൊക്കെ ശരിപ്പെടുത്തിയിട്ടു മടങ്ങിവരും. എന്നിട്ടു നമുക്കു ശയനത്തിനു പോകാം. ഞാൻ എത്രയൊക്കെ സല്ക്കരിച്ചാലും സ്വദേശത്തെ സൗകര്യവും സുഖവും ഇവിടെ കിട്ടിയില്ലെന്നുവന്നേക്കാം. എന്നാൽ ഈ മുറുങ്ങിയ സൗകര്യങ്ങളെക്കൊണ്ടു തൃപ്തിപ്പെടണമെന്നാണു എന്റെ പ്രാർത്ഥന" എന്നു സവിനയം താരാനാഥനോടു പറഞ്ഞു. താരാനാഥൻ ഉചിതമായ വാക്കുകളാൽ അതിനു മറുപടി സാധിച്ചു. ഇതിനിടയ്ക്കു കാര്യസ്ഥൻവന്നു, ഉറക്കറയിൽവേണ്ട സൗകര്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞു എന്നറിയിക്കയാൽ രണ്ടുപേരും എഴുന്നേറ്റു ചാരുദത്തനെ അനുഗമിച്ചു ഭദ്രാസനമുറിയിൽചെന്നു. മുറിക്കകം തുടച്ചുവെടിപ്പാക്കിയിട്ടുണ്ടു്. അനേകകാലമായി അടച്ചിട്ടിരിക്കുന്ന മുറിയിൽ ഒരു ഉഗ്രന്ധം ഉണ്ടായിരിക്കുന്നതാണല്ലോ. ആ ഉഗ്രന്ധത്തെ പരിഹരിക്കാനായി സാമ്പ്രാണിമുതലായ സുഗന്ധദ്രവ്യങ്ങൾ ലോഭമില്ലാതെ പുകയ്ക്കുന്നുണ്ടു്. അവിടവിടെ സൗരഭ്യമുള്ള പുഷ്പമാല്യങ്ങൾ തൂക്കിയിട്ടുമുണ്ടു്. നാനാവിധമായ ഈ സൗരഭ്യപൂരം താരാനാഥനു് അളവറ്റ സന്തോഷവും ആനന്ദവും പ്രദാനംചെയ്തു. ആ മുറി വളരെ നാളായി അടച്ചിട്ടിരുന്നതാണെന്നുള്ള സംശയം ലേശംപോലും താരാനാഥനു ഉണ്ടായില്ല. ചാരുദത്തൻ പോയതിനുശേഷം "എന്നാൽ ഇനി രാവിലെ കാണാം. സുഖമായിട്ടു കിടന്നുറങ്ങുക" എന്നു പറഞ്ഞുംകൊണ്ടു വിജയസേനൻ മടങ്ങിപ്പോന്നു.

അദ്ധ്യായം ൧൨.

"വളരുന്നുഭയം, കഴൽക്കുമുന്നോ-
ട്ടിളകാൻവയ്യ, മിഴിക്കുമങ്ങൽപറ്റി,
തളരുന്നുവിയത്തുമെയ്, പെരുത്തും-
ക്കുളമാടുന്നു," കോരമെന്തുകാഴ്ച?

ചാരുദത്തനും വിജയസേനനും പോയതിൽപിന്നെ, താരാനാഥൻ കതകടച്ചുംവച്ചു് ആ മുറിയിലുള്ള സാമാനങ്ങളും ചുറ്റുമുള്ളചുവരുകളും ഉറ്റുനോക്കി ഒരുപരിശോധനനടത്തി. അതിന്റെ

ഫലമായി ചില സംശയങ്ങൾ അയാളുടെ മനസ്സിനെ ബാധിച്ചു. സാമാനങ്ങൾക്ക വളരെ പഴക്കവും, ഉപയോഗശൂന്യത്വം ഹേതുവാൽ ജീർണ്ണതയും സംഭവിച്ചിട്ടുള്ളതായി കാണപ്പെട്ടു. നിരവുവരുകൾ ഉളുത്തു ഉർബലങ്ങളായി ഭവിച്ചിരിക്കുന്നു. ആ മുറി അനേകകാലമായി ആൾപ്പെരുമാറ്റമില്ലാതെ അടച്ചിരുന്നതാണെന്നും, തന്റെ ആവശ്യത്തിലേക്കായിട്ടുമാത്രം ഇപ്പോൾ തുറന്നു വെടിപ്പാക്കിയതാണെന്നും താരാനാഥൻ ഊഹിച്ചു. തദനന്തരം വീണ്ടും ആ മുറിക്കകമെല്ലാം അയാൾ ക്രുലങ്കഷമായ ഒരു പരിശോധന നടത്തി. ചുവരുകളിൽ പലേടത്തും വിള്ളലുകളും പുഴുക്കുത്തുകളും സംഭവിച്ചിരുന്നു. ചരിവുതട്ടിന്റെ പലകകൾ പലതും ഇളകിവീണും പഴക്കംകൊണ്ടുള്ള നിറഭേദം സംഭവിച്ചുമിരുന്നു. പലകകളിൽ പുഴുതുളച്ചുള്ള സുഷിരങ്ങളിൽനിന്നും ധൂളി പൊഴിഞ്ഞുകൊണ്ടിരുന്നു. ഒരുകാലത്തു അലങ്കാരത്തിനായി അവിടവിടെഘടിപ്പിച്ചിരുന്ന കിന്നരികൾ കീറിപ്പറിഞ്ഞും മുഷിഞ്ഞും തൂങ്ങുന്നവണ്ണമായിരുന്നു. മുറി എത്രതന്നെ തൂത്തു വെടിപ്പാക്കുകയും സാമ്പ്രാണിയും മറ്റും പുകച്ചു സുഗന്ധം പരത്തുകയും ചെയ്തിട്ടും അനേകവർഷങ്ങളായി ആ മുറി ജനസഞ്ചാരശൂന്യമായി കിടന്നിരുന്നതാണെന്നു് അയാൾ നിസ്സംശയമായി തീരുമാനിച്ചു. അതിനകത്തുള്ള കട്ടിലും, കസേര, മേശ മുതലായവയും തികച്ചും പുഴുക്കൾക്കു് ആഹാരമായും, മലിനങ്ങളായുമിരുന്നിരുന്നു.

"ഈ മുറി, ഇത്ര വളരെ ശ്രമപ്പെട്ടു്, എനിക്കു" ഒഴിച്ചുതരാനുണ്ടായ കാരണമെന്തായിരിക്കാം?" എന്നു താരാനാഥൻ തന്നോടായിട്ടുതന്നെ ചോദിച്ചു. പെട്ടെന്നു് അയാൾക്കു് ഒരു സംഗതി ഓർമ്മയിൽപ്പെട്ടു. ഉദയസേനന്റെ കൊട്ടാരത്തിന്റെ വലത്തേഭാഗം ജനസഞ്ചാരമില്ലാതെ, വളരെക്കാലമായി അടച്ചിട്ടിരിക്കുകയാണെന്നു് ചിത്രസേനൻ (എന്നാണു് അംബികയുടെ വളർത്തച്ഛന്റെ പേരു്) പറഞ്ഞതു് അയാളുടെ ഓർമ്മയിൽ വന്നു. ഈ മുറി, ആ വലത്തുഭാഗത്തായിരിക്കണം എന്നയാൾ നിശ്ചയിച്ചു. എന്നിട്ടു് ജാലകംതുറന്നു് അയാൾ വെളിയിലേക്കു നോക്കി. നിലാവു് സർവ്വത്ര വ്യാപിച്ചിരുന്നു. ആ ഭാഗത്തു് കാട്ടുചെടികളും വൃക്ഷങ്ങളും ഞെരുങ്ങി വളർന്നു നില്ക്കുന്നവണ്ണമായിരുന്നു. ആ കാഴ്ച അയാളുടെ മേല്പറഞ്ഞ നിശ്ചയത്തെ ബലപ്പെടുത്തി. ഭയങ്കരങ്ങളായ ശബ്ദങ്ങളും വെളിച്ചങ്ങളും സംഭവിക്കാറുണ്ടെന്നും ചിത്രസേനൻ പറഞ്ഞ മുറിയിലാണു് താൻ നിൽക്കുന്നതെന്നും അയാൾ ബലമായി വിശ്വസിച്ചു. ആവിശ്വാസത്തോടുകൂടി ഭയത്താലോ സന്തോഷത്താലോ എന്നറിഞ്ഞില്ല, അയാളുടെ ഹൃദയം തെല്ലൊന്നു തരളിതമായി ഭവിച്ചു. "ഛീ! പേയെന്തു്? പിശാ

ചെന്നു്? എന്നു തന്നെത്താൻ പറഞ്ഞു. പകലത്തെയ്ക്കൈയ്യും രാത്രിയിൽ ഇപ്പൊന്നുവരുമോ? ഒരിക്കലുമില്ല" എന്നുവീണ്ടും പറഞ്ഞു ഇങ്ങനെ മനസ്സിനെ ധൈര്യപ്പെടുത്തിക്കൊണ്ടു് ജനൽ അടയ്ക്കാൻ ഭാവിക്കുമ്പോൾ വൃക്ഷങ്ങൾക്കിടയിൽ ഒരു വെളുത്ത രൂപം തോന്നിമറയുന്നതുപോലെ അയാൾ കണ്ടു! തെല്ലൊന്നുഞെട്ടി അതേ നിലയിൽ തന്നെ അവിടെനിന്നു. അയാളുടെ ദൃഷ്ടിയും വൃക്ഷങ്ങൾക്കിടയിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരുന്നു. ആ സത്വമാകട്ടെ, മരങ്ങളുടെയും ചെടികളുടെയും ഇടയിൽക്കൂടി, ഒരിടത്തു നിൽക്കാതെയും തിരിഞ്ഞു നോക്കാതെയും നേരേ നടന്നുപോകുന്നു എന്നു് അയാൾക്കുതോന്നി. അങ്ങനെ നോക്കിക്കൊണ്ടുനില്ക്കവേതന്നേ,അയു നിശ്ശ്വാസംമാഞ്ഞു. ആ ശ്വേതസത്വം താരാനാഥന്റെ ഹൃദയത്തെക്കവർന്നു. അയാൾ ഒന്നു നടുങ്ങി. എന്നാൽ അതു കേവലം ഭയപ്പെട്ടിട്ടുള്ള നടുക്കമല്ല. മനസ്സിനു പെട്ടെന്നുണ്ടാകുന്ന ക്ഷോഭത്തിന്റെ ബാഹ്യലക്ഷണമാണല്ലോ നടുക്കം. മനഃക്ഷോഭംതന്നെയും പെട്ടെന്നുണ്ടാകുന്ന ഏതെങ്കിലും ഒരു സംഭവംമൂലം മനസ്സിലുടിക്കുന്ന കർക്കശമായ ഒരു വികാരഭേദമാകുന്നു. അതു പലപ്രകാരത്തിലുണ്ടാകാം. ഒരുവൻ നേരിൽനിന്നു് അസത്യം പറയുമ്പോൾ, അങ്ങനെകേട്ട ശീലമില്ലാത്ത ഒരാളിന്റെ മനസ്സിൽ പെട്ടെന്നൊരു വികാരം സംഭവിക്കുന്നു. പെട്ടിക്കൊടുപ്പെട്ട ഒരു പ്രേതത്തെക്കാണുമ്പോൾ മറെറാരുതരം വികാരം മനസ്സിനെ ബാധിക്കുന്നു. എന്തെങ്കിലും ഒരപകടം ഉണ്ടാകുമെന്നു വിശ്വാസമുള്ളപ്പോൾ, അതിനെപ്പററി ചിന്തിക്കുന്ന ഘട്ടങ്ങളിൽ വേറൊരുതരം വികാരമാണുണ്ടാവുക ഇങ്ങനെ സംഭവിക്കുന്നവികാരങ്ങൾക്കെല്ലാം, മനഃക്ഷോഭങ്ങൾക്കെല്ലാം അന്തരമായുള്ള ചിലപ്പോൾ ബാഹ്യമായും നടുക്കം സംഭവിക്കുന്നതു സാധാരണമാണു്. ആ നടുക്കങ്ങൾക്കു കാരണം കേവലം ഭീതിയാണെന്നു് പറഞ്ഞുകൂടാ. എന്നാൽ ഭീതിയുടെ ലാഞ്ഛനം അതിൽ നിഴലിക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണു്. ഭയത്തിന്റെ ലാഞ്ഛനം കലർന്നിട്ടില്ലാത്ത നടുക്കം സംഭാവ്യമല്ലെന്നതന്നെ സമ്മതിക്കണം. പക്ഷേ ധൈര്യവാനായ ഒരുവനെ വിധേയനാക്കാനുള്ള ശക്തി ആ ഭയലാഞ്ഛനത്തിനുണ്ടായിരിക്കുന്നതല്ല. ആ ഭയലാഞ്ഛനമാകുന്ന ജലബിന്ദു, അവന്റെ ധൈര്യമാകുന്ന പാറയിൽ പതിക്കുമ്പോൾ ശിഥിലീകൃതമായി ഭവിക്കുന്നു. അപ്രകാരമുള്ള ഒരവസ്ഥയാണിപ്പോൾ താരാനാഥനിൽ കണ്ടതു്. ആ ധൈര്യവും ഭയവും എന്തെന്നറിഞ്ഞിട്ടില്ലാത്ത രണശൂരനായ താരാനാഥൻ, തന്റെ ഹൃദയത്തെ ഒന്നു ശാസിച്ചു. "ഇതുവരെ നീ അറിഞ്ഞിട്ടില്ലാത്ത ഭയത്തിനു് ഇപ്പോൾ നീ ഇടകൊടുത്തുവോ? ഇല്ലെങ്കിൽ നെറിത്തടത്തിൽ വിയർപ്പുത്തുള്ളികൾ സ്ഫുടിക്കാൻ കാരണമെന്തു്?" ഹൃദയസ്പന്ദം ശീഘ്രഗതിയെ പ്രാപിച്ചതെന്തു

കൊണ്ടു?'' എന്നു ചോദിച്ചു, ക്രോധവും ലജ്ജയും അയാളെ ബാധിച്ചു.

താരാനാഥൻ, ജനേലടച്ചു കട്ടിലിൽപോയി ശയിച്ചു. വീണ്ടും എഴുന്നേറ്റു, ആ മുറിയിലുള്ള ഓരോ കതകും പ്രത്യേകം പ്രത്യേകം പരിശോധിച്ചു. കതകുകളെല്ലാം അകത്തു സാക്ഷയിട്ടു ശരിപ്പെടുത്തി. കാരണം, വിജയസേനനിൽ അവിശ്വാസംതോന്നിയതാണു് ഈ അപകടകരമായ മുറി തനിക്കു് ഒഴിച്ചുതന്നതു് ഏതോ ദ്രോഹബുദ്ധിയുടെ പ്രേരണയാലാണെന്നു് അയാൾ നിശ്ചയിച്ചു. ആ മുറിക്കു വല്ല കൃത്രിമദ്വാരങ്ങളുമുണ്ടോ എന്നറിയുന്നതിനായി അയാൾ ചുവരുകളിൽ ശ്രദ്ധാപൂർവ്വമായി പരിശോധിച്ചുതുടങ്ങി. സംശയംതോന്നുന്ന ഭാഗങ്ങളിൽ കൈകൊണ്ടു തട്ടിയും മുട്ടിയും മറ്റും പരിശോധിച്ചുനോക്കി. രഹസ്യവാതിലുകളൊന്നും കണ്ടില്ല. സമാധാനചിത്തനായി കട്ടിലിൽചെന്നു കിടന്നു. ഏതാനും നിമിഷങ്ങൾകൂടി കഴിഞ്ഞു രണ്ടാമതും എഴുന്നേറ്റു. കട്ടിലിൽ ചേർത്തിട്ടിരുന്ന ഭിത്തിഭാഗം പരിശോധിക്കുകയുണ്ടായില്ല. അതിലേക്കായിട്ടത്രേ രണ്ടാമതു് എഴുന്നേറ്റതു്. എഴുന്നേറ്റ ഉടനെ കട്ടിൽ മുമ്പോട്ടു നീക്കിയിട്ടു് ആ ഭാഗത്തുള്ള ചുവരിൽ പരിശോധിച്ചു. അവിടെ ഒരു സംശയം അയാളെ ബാധിച്ചു ഒരു വിടവു് ആ സ്ഥലത്തു കാണുന്നുണ്ടായിരുന്നു. കഠാരിയെടുത്തു് അതിന്റെ അഗ്രം ആ വിടവിൽകടത്തി ഒന്നു് അകറ്റി. ഏതാണ്ടു് ഒന്നരക്കോൽ നീളവും ഒരുകോൽ വീതിയുമുള്ള ഒരു പലക അടർന്നു മുമ്പോട്ടുചാഞ്ഞു. നിലത്തു വീഴുന്നതിനുമുമ്പു് അയാൾ അതിനെത്താങ്ങി നിലത്തുവച്ചു. പലക അടർന്ന സ്ഥലത്തു ഒരു വാതിൽ കാണപ്പെട്ടു. അതിന്റെ കതകു ഇരുമ്പുകൊണ്ടു ചെയ്യപ്പെട്ടതും ബലവത്തരവും ആയിരുന്നു അങ്ങിനെയുള്ള കൃത്രിമകവാടങ്ങൾ തുറന്നു നല്ല പരിചയമുള്ളവനെപ്പോലെ അയാൾ അതിന്റെ വലത്തുഭാഗത്തുണ്ടായിരുന്ന ഒരു പുത്താനിൽ ചൂണ്ടുവിരൽകൊണ്ടു സ്പർശിക്കുകയും രണ്ടംഗുലം ഘനമുള്ള ആ ഇരുമ്പുകതകു് തുറക്കപ്പെടുകയുംചെയ്തു. ആ വാതിലിനെത്തൊട്ടു ഒരാളിനുമാത്രം കടന്നുപോകാവുന്ന ഒരു ഇടുങ്ങിയ വഴി കാണപ്പെട്ടു. ഇവിടെ എന്തൊക്കെയോ വിശേഷങ്ങൾ ഉണ്ടെന്നു താരാനാഥൻ നിശ്ചയിച്ചു. കല്പകക്കോട്ടയിലെ ഭയങ്കരരഹസ്യങ്ങൾ തനിക്കു ഗ്രഹിക്കുവാൻ കഴിയുമെന്നു് അയാൾ തീർച്ചപ്പെടുത്തി. മേശപ്പുറത്തുണ്ടായിരുന്ന കൈവിളക്കു എടുത്തുംകൊണ്ടു ധൈര്യപൂർവ്വം ആ വാതിൽ കടന്നു. രണ്ടുമൂന്നുവാര മുമ്പോട്ടു ചെന്നപ്പോൾ കീഴ്പോട്ടിറങ്ങാനുള്ള ഒരുപടിക്കെട്ടുകണ്ടു. അയാൾ ലേശവും ക്ലേശിക്കാതെ അതുവഴി ഇറങ്ങി. ആ പടിക്കെട്ടു കല്ലുകൊണ്ടു ദൃഢമായി കെട്ടിപ്പടുത്തിട്ടുള്ളതായിരുന്നു. പടിക്കെട്ടു കഴി

ഞ്ഞു പത്തുപതുവാര മുമ്പോട്ട ചെന്നപ്പോൾ അവിടെയും ഒരു വാതിൽ കാണപ്പെട്ടു. എന്നാൽ ആ വാതിലിന്റെ കതകു തള്ളിയാൽ തുറക്കത്തക്കവണ്ണം അടച്ചിരിക്കയായിരുന്നു. ആ വാതിലും കടന്നു മുമ്പോട്ടു നടന്നു. എന്നാൽ ആ വഴി പൂവ്വാധികം ഇടുങ്ങിയതും ഒരാളിനു നിവർന്നുപോകാൻ നിവൃത്തിയില്ലാത്തവിധത്തിലുമായിരുന്നു. അതുകാരണം, താരാനാഥൻ നമ്രശിരസ്കനായിട്ടാണു മുമ്പോട്ടു നടന്നതു്. അങ്ങനെ ഒരൻപതുവാരദൂരം മുമ്പോട്ടു ചെന്നപ്പോൾ, ആ വഴി വലത്തോട്ടു തിരിയുന്നുണ്ടായിരുന്നു. അതുവഴി കുറേദൂരംകൂടി നടന്നു് ഒരു വാതിലിനു സമീപത്തെത്തി. ആ വാതിൽ തുറന്നു് ഇറങ്ങിയതു് ഏതാണ്ടു് ഇരുനൂറടിനീളമുള്ള ഒരു ദീർഘമാർഗ്ഗത്തിലായിരുന്നു. അതുംകടന്നു ചതുരാകൃതിയിലുള്ള ഒരു മുറിയിൽ ചെന്നു. അതിന്റെ ചുവരുകൾ പരുപരുപ്പുള്ളതായിരുന്നു. ആ മുറിയിൽനിന്നു് ഇടത്തോട്ടു് ഒരു മാർഗ്ഗംകണ്ടു. താരാനാഥൻ അനുസൃതപ്രവൃദ്ധമായ ധൈര്യത്തോടുകൂടി ആ മാർഗ്ഗത്തെ അവലംബിച്ചു. ആ വഴിയുടെ പരിധിയിലും ഒരു കവാടം കാണപ്പെട്ടു ആ കതകുതുറന്നു ഇറങ്ങിയതു് അതിവിസ്തീർണ്ണവും ഉന്നതവുമായ ഒരു മുറിയിലേക്കായിരുന്നു. ആ മുറിയുടെ ചുവരുകളും പരുപരുപ്പുള്ളവയായിരുന്നു. അടിത്തളം ശീതളമായിരുന്നു. വായുകടക്കാൻ മാർഗ്ഗമുണ്ടായിരുന്നില്ല. ഇക്കാരണങ്ങളാൽ ആ മുറി മനുഷ്യവാസത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ളതല്ലെന്നു താരാനാഥൻ നിശ്ചയിച്ചു. വേറെ എന്തൊരാവശ്യത്തിനായിട്ടുള്ളതാണെന്നു അയാൾ അതുലോചിച്ചു. യുദ്ധത്തിൽ പിടിക്കപ്പെടുന്ന പ്രതിപക്ഷികളെ പാർപ്പിക്കുന്നതിനായിട്ടുള്ളതാണോ എന്നു സംശയിച്ചു. ആ സംശയത്തോടുകൂടി സ്വതേഏവ അനുകമ്പാലുവായ താരാനാഥന്റെ ശരീരം കോരിത്തരിക്കുകയുണ്ടായി. അനന്തരം അയാൾ ആ മുറിയിൽ അവിടവിടെ ചുറ്റിനോക്കി. അങ്ങനെ നോക്കിക്കൊണ്ടുവരവേ, ഒരു ഭാഗത്തു ഒരു രൂപം അയാൾക്കു ദൃഷ്ടിഗോചരീഭവിച്ചു. ഉടനെ അരയിൽ തൂക്കിയിരുന്ന ഉറയിൽ നിന്നും കരവാളത്തെ ഊരിപ്പിടിച്ചുകൊണ്ടു്, ആ രൂപത്തെ സൂക്ഷിച്ചുനോക്കി! ഭീകരമായ ഒരു സ്ത്രീപ്രതിമയാണെന്നു കണ്ടു് അയാൾ ഖഡ്ഗത്തെ ഉറയിൽ നിക്ഷേപിച്ചിട്ടു സമീപത്തുചെന്നു് അതിനെ സാശ്ചര്യം വീക്ഷിച്ചു. അതു ദുർഗ്ഗാഭഗവതിയുടെ വിഗ്രഹമായിരുന്നു. ഏഴടി ഉയരമുള്ള ആ വിഗ്രഹം വളരെഭംഗിയായി നിർമ്മിക്കപ്പെട്ടതും നോക്കുന്നവർക്കു് ഭക്തിയും ഭയവും അത്ഭുതവും ഏകകാലത്തിൽ ജനിപ്പിക്കത്തക്കതുമായിരുന്നു. അതിന്റെ ശിരസ്സു് മനോഹരനിർമ്മിതമായും ഈക്ഷണക്ഷമമായും കാണപ്പെട്ടു. കരങ്ങൾ രണ്ടും മാറ്റിൽ കെട്ടിക്കൊണ്ടുനില്ക്കുന്ന ആ പ്രതിമ വെങ്കലംകൊണ്ടു

നിർമ്മിക്കപ്പെട്ടതായിരുന്നു. ആ മുറി വളരെക്കാലമായി അടച്ചിട്ടിരുന്നിട്ടും തറയിൽ നനവുണ്ടായിരുന്നിട്ടും പ്രതിമയുടെ മനോഹരമായ നിറത്തിനു ഭംഗം നേരിട്ടിരുന്നില്ല. അത്ഭുതപരവശനായ താരാനാഥൻ ആ വിഗ്രഹത്തെ അലംഭാവമില്ലാതെ വളരെനേരം നോക്കിക്കൊണ്ടുനിന്നു. ആശ്ചര്യം അയാളിലുണ്ടായിരുന്ന അത്ഭുതഭാവം നിമിഷാന്തരത്തിൽ ആനന്ദമായും അവസാനത്തിൽ ഭക്തിയായും പരിണമിച്ചു. ഭക്തി ജനിക്കവേ വിഗ്രഹത്തിന്റെ ഇടതുവശത്തായി ഒഴിഞ്ഞു തൊഴുകൈയോടുകൂടി നിന്നു. തദനന്തരം, പ്രകൃത്യാ മതാഭിമാനിയായ താരാനാഥൻ ദുർഗ്ഗാദേവിയെ പ്രദക്ഷിണംചെയ്തു നമസ്കരിച്ചു.

അനന്തരം അയാൾ ആ മുറിയുടെ ഇടത്തേഭാഗത്തുണ്ടായിരുന്ന ഒരുവാതിൽ തുറന്നു. അതു ഒരു ചെറിയ മുറിയിലേക്കുള്ളതായിരുന്നു. താരാനാഥൻ ആ മുറിയിൽ കടന്നു. അതിനകത്തു ധാരാളം വായുസഞ്ചാരമുണ്ടായിരുന്നു. ആമുറിയിൽ അനവധി വലിയഭരണികൾ ഇരിപ്പുണ്ടായിരുന്നു. ഓരോന്നിലും ഓരോമാതിരി ദ്രാവകം സൂക്ഷിച്ചിരുന്നു. മുറിയുടെ ഒരറ്റത്തു അടച്ചുപൂട്ടിയിട്ടുണ്ടായിരുന്നു. പരിശോധിച്ചതിൽ ചിലദിവസങ്ങൾക്കുമുമ്പു അതിൽ തീകത്തിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. അതിൽനിന്നും ചിലപ്പോളൊക്കെ ഒരാളെങ്കിലും ആ മുറിയിൽവരികപതിവുണ്ടെന്നു് വിചാരിച്ചു. ദ്രാവകങ്ങൾ പരിശോധിച്ചുനോക്കിയതിൽ അവ ലോഹങ്ങളെ വെളുപ്പിച്ചുവൃത്തിയാക്കാനുള്ളവയാണെന്നുമനസ്സിലായി. വിശാലമായ മുറിയിൽ കാണപ്പെട്ട ദുർഗ്ഗാവിഗ്രഹത്തിന്റെ ആവശ്യത്തിനായി അവ സൂക്ഷിക്കപ്പെട്ടിരിക്കയാണെന്നു് അയാൾ നിഷ്പ്രയാസം ഗ്രഹിക്കയുംചെയ്തു. അതോടുകൂടി അയാൾ വിചാരക്രമത്തിൽ പതിച്ചു ഈ മനോഹരമായ പ്രതിമയെ ഈ നിഗൂഢസ്ഥലത്തു സ്ഥാപിച്ചിരിക്കുന്നതിന്റെ ആവശ്യമെന്തായിരിക്കാം? അപ്രകാരം അജ്ഞാതമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന വിഗ്രഹത്തെ അടിക്കടി വൃത്തിയാക്കുന്നതെന്തിനായിട്ടു്? പ്രശംസനീയമായ കരകൗശലത്താൽനിർമ്മിതവും സവിലക്ഷണസംയുക്തവുമായ ഈ ദേവീവിഗ്രഹത്തെ ഈ കൊട്ടാരത്തിൽ ഒരു പ്രധാനസ്ഥലത്തു സ്ഥാപിച്ചുടൻ കന്മാരായ ജനങ്ങൾക്കു് ആനന്ദത്തെയും ആശ്ചര്യത്തെയും അതുവഴി ഭക്തിയേയും അങ്കുരിപ്പിക്കുകയല്ലേ വേണ്ടതു്? അങ്ങനെചെയ്യാതെ ഈ ഇരുട്ടറയിൽ ഇത്ര ഗോപ്യമായി സൂക്ഷിച്ചിരിക്കുന്നതു എത്ര പാപമാണു്? ഇപ്രകാരമുള്ള ചിന്തകൾക്കു വശംവദനായ താരാനാഥന്റെ ദൃഷ്ടി ആ മുറിയുടെ മറ്റൊരുഭാഗത്തുള്ള ഒരു കവാടത്തിൽ പതിഞ്ഞു. ഇത്രത്തോളമായ സ്ഥിതിക്കു ഇനി ആവാതിൽ

ക്കുടി തുറന്നു പരിശോധിക്കാതെവിട്ടതു യുക്തമല്ലെന്നുകരുതി പാരകമാത്രംചെയ്തിരുന്ന അതിന്റെ കതകുകളെ തുറന്നു. അപ്പുറത്തും ഒരുമുറിതന്നെയായിരുന്നു അതിൽകടന്നു ഉടനെ ചെറുതിരുകളുടിക്കുന്ന ശബ്ദം അയാൾ കേട്ടുതുടങ്ങി. ഉടനേ, ആ മുറി കോട്ടമതിലിനെച്ചുറ്റിയുള്ള കിടങ്ങിനുസമീപത്തായിട്ടാണെന്നു അയാൾ വിചാരിച്ചു. ആ മുറിയും അതിവിസ്തീർണ്ണമായി കാണപ്പെട്ടു. ആ മുറിയുടെ മദ്ധ്യത്തിൽ അത്യത്ഭുതകരവും അതിഭയങ്കരവുമായ ഒരു കാഴ്ച അയാളുടെ ദൃഷ്ടിക്കു ഗോചരിച്ചു. മരത്താൽ ചെയ്യപ്പെട്ട ആറുവലിയ ചക്രങ്ങൾ രണ്ടുവരിയായി അവിടെ ഘടിപ്പിച്ചിരിക്കുന്ന ഓരോ വരിയിലും മുന്നൂറെണ്ണംവീതം ഓരോ തൂണുകളിൽ ഘടിപ്പിച്ചിരിക്കയാണു്. ചക്രങ്ങൾക്കു ഇരുമ്പുപല്ലുകൾ പിടിപ്പിച്ചിട്ടുണ്ടു്. ഒരുവരിയിലുള്ള മൂന്നുചക്രത്തിന്റേയും പല്ലുകൾ മറ്റേവരിയിലുള്ള ചക്രങ്ങളിൽ കോർത്തിരിക്കുന്നു. ഒരുവശത്തെ ചക്രംതിരിഞ്ഞാൽ മറ്റേചക്രങ്ങളും തിരിയുന്നതാണു്. ഈ ചക്രങ്ങളെ പ്രവർത്തിപ്പിക്കുന്നതിനായി ഒരു വലിയയന്ത്രം നാലഞ്ചു വാര അകലെ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഈ ഭയങ്കരമായകാഴ്ച താരാനാഥന്റെ ഹൃദയത്തെ അസ്വസ്ഥമാക്കിച്ചെയ്തു. പല സന്ദേഹങ്ങളും അയാളുടെ ഹൃദയത്തിൽ കടന്നുകൂടി. അതിനുസമീപത്തായി (യന്ത്രത്തിന്റെപിന്നിൽ) ഒരു ചെറിതതോട്ടു ഒഴുകിക്കൊണ്ടിരുന്നു. പിന്നെ അധികനേരം താരാനാഥൻ അവിടെനിന്നില്ല. അവിടുന്നിറങ്ങി ഉർസ്വാമിയുടെ മുറിയിൽവന്ന മടക്കത്തിൽ കവാടങ്ങൾ പൂർവ്വവൽ ബന്ധിക്കുകയുംചെയ്തു. ദേവിയെ കേതകിപൂവ്വം നമസ്കരിച്ചിട്ടു താൻ കടന്നുപോയ വഴികളിൽക്കൂടിമടങ്ങി, ഓരോമുറിയുടേയും കതകുകളെ പൂർവ്വസ്ഥിതിയിൽ അടച്ചുംകൊണ്ടു തന്റെ മുറിയിൽവന്ന കൃതിമദ്വാരത്തിന്റെ ഇരുമ്പുകതകു അടച്ചതിനുശേഷം അതിനെമറച്ചിരുന്നതും താൻ കഠാരികൊണ്ടു കുത്തിയിളക്കിയതുമായ ആ പലകയെടുത്തു പൂർവ്വസ്ഥിതിയിൽ ഘടിപ്പിച്ചു. അനന്തരം കട്ടിൽ ആദ്യംകിടന്നതുപോലെ നീക്കിയിട്ടു അതിൽ കയറിക്കിടന്നു. എന്നാൽ ആവശ്യമില്ലാത്തകാര്യത്തിൽ തലകടത്തിയതുകൊണ്ടു കോപിച്ചിട്ടെന്നതോന്നുമാറു് നിദ്രാദേവത താരാനാഥനെ ബാധിച്ചില്ല. കണ്ണടയ്ക്കുന്നമാത്രയിൽ ഉർസ്വാവിഗ്രഹവും ഭീകരചക്രയന്ത്രവും തൽപ്രവർത്തകയന്ത്രവും വൃക്ഷങ്ങൾക്കിടയിൽ മറഞ്ഞ ശത്രുസത്വവും അയാളുടെമുമ്പിൽ നില്ക്കുന്നുവെന്നതോന്നും. ഉടനെ കണ്ണുതുറക്കും; യാതൊന്നും കാണപ്പെടുകയില്ല. വീണ്ടും കണ്ണടയ്ക്കും; ഉർസ്വാവിഗ്രഹാദികളുംവിഭ്രമിക്കും. പിന്നെയും തുറക്കും; ഫലവും മേല്പടിയായിരിക്കും. ഈ വിധത്തിൽ ഒട്ടനേരം കഴിഞ്ഞുകൂടി. അനന്തരം അയാൾ ഓരോന്നു ചിന്തിക്കാൻതുടങ്ങി. "വിജ

യസേനൻ എന്തിനായിട്ട് എന്നെ ഈ മുറിയിലാക്കി? എന്തായിരിക്കാം അയാളുടെ ഉദ്ദേശം? ആ യന്ത്രവും ചക്രങ്ങളും എന്താവശ്യത്തിനുള്ളതു്? ഉഗ്രാദേവിയെ ആ ഗോപ്യസ്ഥലത്തു് സ്ഥാപിച്ചിരിക്കുന്നതെന്തിനു്?" എന്നിങ്ങനെ ഓരോന്നു ചിന്തിച്ചും അവയ്ക്കു സമാധാനം കിട്ടാതെ കുഴങ്ങിയും കുറേനേരം കഴിഞ്ഞുകൂടിയതിനു ശേഷം അയാൾ ഒരുവിധത്തിൽ നിദ്രയെ പ്രാപിച്ചു. എന്തു് നിദ്രയോ? വീണ്ടും വീണ്ടും സംശയത്തെ ജനിപ്പിക്കുന്ന നിരവധി ചിന്തകളാൽ പീഡിതമനസ്കനും വിജയസേനന്റെ മനഃസ്ഥിതിയിൽ സംശയഗ്രസ്തനുമായ താരാനാഥനുണ്ടോ നിദ്രയ്ക്കു വശംവദനാകുന്നു? ഇല്ലാ ഒരിക്കലുമില്ല. പിന്നെയോ? ഏതാണ്ടു മയക്കം അയാളെ ബാധിച്ചിരിക്കാം. അതേ, പ്രഭാതത്തിൽ, കാകാവലിയുടെ പരുഷഘോഷണം, ആ കൊട്ടാരത്തിൽ ആദ്യം ശ്രവിച്ചതു താരാനാഥനാണെന്നറിയുമ്പോൾ അയാൾക്കു മയക്കമല്ലാതെ സുഖനിദ്രയുണ്ടായിരുന്നില്ലെന്നു ഗ്രഹിക്കാവുന്നതാണല്ലോ.

രാവിലെ ചാരുദത്തൻ ചെന്നു് താരാനാഥന്റെ മുറിയുടെ കതകിനുതട്ടി. അയാൾ എഴുന്നേറ്റുചെന്നു കതകുതുറന്നു താരാനാഥനെക്കണ്ട ഉടനെ ചാരുദത്തൻ, മാന്യനായ താങ്കൾക്കു ഇന്നലെ സുഖനിദ്രതന്നെ ഉണ്ടായിരുന്നു എന്നു ചാരിതാർത്ഥ്യത്തോടെ വിശ്വസിക്കുന്നു എന്നു പറഞ്ഞു. അതിനു്, തന്റെ അനുഭവങ്ങളിൽ യാതൊരു സംശയവും അയാൾക്കുണ്ടാകരുതെന്നുള്ള കരുതലോടുകൂടി താരാനാഥൻ ഉടനടി പറഞ്ഞ മറുപടിയാതയിരുന്നു—"സംശയിക്കാനെന്തു്? രാജോചിതമായ ഈ സൗകര്യം എന്നെപ്പോലുള്ള ഒരു സാധാരണനു് എവിടെക്കിട്ടും? ഞാൻ ഇതുപോലെ ഇത്ര സുഖനിദ്ര അനുഭവിച്ചിട്ടില്ല."

ചാരുദത്തൻ:—അങ്ങു പറഞ്ഞ വാക്കുകൾ എനിക്കു് അളവറ്റ സന്തോഷത്തെച്ചെയ്യുന്നു. അങ്ങയുടെ സഹചരന്മാർ വന്നിട്ടുണ്ടു്. ഒരാൾ അതിരാവിലെ തന്നെവന്നു. മറേറ ആൾ ഇപ്പോൾ വന്നതേയുള്ളൂ.

താരാനാഥൻ:—അവരെ രണ്ടുപേരെയും രണ്ടുകാര്യത്തിനായി വേറെ വേറെ വഴിക്കു അയച്ചിരിക്കയായിരുന്നു. അവരെ ഇങ്ങോട്ടു പറഞ്ഞയയ്ക്കുക!

ചാരുദത്തൻ പോയി മാത്രകഴിഞ്ഞു രണ്ടുയുവാക്കന്മാരോടുകൂടി മടങ്ങിവന്നു. അവർ രണ്ടുപേരും സുമുഖന്മാരും ബലശാലികളുമാണെന്നുപറയാം. അവർ താരാനാഥനെക്കാൾ ചെറുപ്പമാണു്. ഒരാൾക്കു ഇരുപത്തിമൂന്നും അപരനു ഇരുപത്തിരണ്ടും വയസ്സു വീതം പ്രായംവരും. ചാരുദത്തൻ അവരെ കൂട്ടിക്കൊണ്ടുവന്നു

താരാനാഥന്റെ മുമ്പിലാക്കിയും വച്ചു് മടങ്ങിപ്പോയി ഉടനെ താരാനാഥൻ, അവരിൽ ഒരുവനെ നോക്കി, 'ഉഗ്രസേനാ! എന്താണു് കിട്ടിയ വിവരം?" എന്നു ചോദിച്ചു.

ഉഗ്രസേ:—പ്രഭോ! അശോകനാഥൻ, ഇവിടുന്നു് ഉദ്ദേശം ഒരു ദിവസത്തെ വഴിക്കു് അപ്പുറം സകല സൈന്യങ്ങളോടും കൂടി പാളയം അടിച്ചിരിക്കുന്നു എന്നറിയുന്നു.

താരാ:—ശരി; ശ്രീപുരത്തേക്കു പോകുന്നവഴിക്കു് അയാളെ സന്ദർശിക്കാം (അപരനോടു്) സിദ്ധസേനാ! നിനക്കു് എന്താണു പറവാനുള്ളതു്?

സിദ്ധസേ:—അവിടത്തെ ആജ്ഞപ്രകാരം ഞാൻ ആ സ്ഥലത്തു പോയിരുന്നു. നിഷ്കളാനന്ദസ്വാമികളെക്കണ്ടു. സ്വാമികൾ ഇന്നു ഉച്ചയ്ക്കുമുമ്പായി അവിടത്തെ സന്ദർശിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. ശ്രീപുരത്തേക്കു പോകുന്ന വഴിയിൽ ഇവിടുന്നു് പത്തുമൈലിനപ്പുറത്തു ഒരു വഴിയമ്പലമുണ്ടു് സ്വാമികൾ അവിടെ കാത്തിരിക്കുമെന്നാണു പറഞ്ഞിട്ടുള്ളതു്.

താരാ:—വളരെ സന്തോഷം! നമുക്കു് രണ്ടുനാലുനാഴികയ്ക്കുള്ളിൽ ഇവിടെനിന്നും പുറപ്പെടണം. നിങ്ങൾ ചെന്നു നമ്മുടെ കുതിരകൾക്കു തീറ്റികൊടുപ്പിച്ചു തയ്യാറാക്കി നിത്തുവിൻ! ഞാൻ വിജയസേനനെക്കണ്ടു് അല്പം സംസാരിക്കട്ടെ!

താരാനാഥൻ, വിജയസേനനെക്കാണാനായി, തലേന്നാൾ രാത്രിയിൽ അയാളെ സന്ദർശിച്ച മുറിയിൽചെന്നു. വിജയസേനനെ കണ്ടപ്പോൾ, അയാൾക്കു അസാമാന്യമായ കോപവും വെറുപ്പുമുണ്ടായി. എന്നാൽ അവ ഉള്ളിൽ അടക്കിക്കൊണ്ടു വളരെ സൗമ്യമായും സന്തോഷമായും ചെരുമാറുകയാണുണ്ടായതു്. രാത്രിയിലത്തെ നിദ്രാസുഖത്തെപ്പറ്റി വിജയസേനൻ ചോദിച്ചതിനുചിതമായ മറുപടിപറഞ്ഞു. മാത്രമല്ല, ഭദ്രാസനമുറിയിലേനിദ്രയിൽ തനിക്കു മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തസുഖവും ആനന്ദവും ഉണ്ടായി എന്നും നിസ്സംശയംതട്ടിവിട്ടു ഉദ്ദേശം എട്ടുമണിയോടുകൂടിതനിക്കുചെയ്യേണ്ട സല്ക്കാരപ്രകാരങ്ങൾക്കായി നന്ദിപറഞ്ഞുകൊണ്ടു താരാനാഥൻ യാത്ര ചോദിച്ചു. അതുകേട്ട വിജയസേനൻ തന്റെപിതാവിനെ ഏൽപ്പിക്കാനായി ഒരു കത്തെഴുതി താരാനാഥന്റെ കൈയിൽകൊടുത്തു. താരാനാഥൻ എഴുത്തുവാങ്ങിയിട്ടു; ശ്രീപുരത്തെത്തിയാലുടൻ താങ്കളുടെ ബഹുമാന്യനായ പിതാവിനു കത്തുകൊടുത്തു താങ്കളുടെക്ഷേമത്തെയറിയിച്ചതിനുശേഷമെ കൃത്യാന്തരങ്ങളിൽ പ്രവേശിക്കയുള്ളു' എന്നു സമ്മതിച്ചുകൊണ്ടു് സഹചരന്മാരോടുകൂടി യാത്രയായി.

അദ്ധ്യായം ൪.

"പകൽ കഴിവോളംകപ്പാനെങ്ങും
കഴിവില്ലാഞ്ഞുതപോധനഭാവം
അക്കർപോയിമറഞ്ഞൊരുസമയേ
തന്നൂരണത്തിനുതക്കംനോക്കും;
ഭിക്ഷുകളൊക്കെനടന്നാടിനേശ–
നടിക്കുംമുമ്പേവന്നുകളിക്കും
കണ്ണുടമ്പുവിചാരിക്കുന്നതു
പെണ്ണുള്ളേടംപണമുള്ളേടം"

താരാനാഥൻ, അനുയായികളായ സിദ്ധസേനഗ്രേസേന ന്മാരോടുകൂടി ശ്രീപുരത്തേക്കു തിരിച്ചു. മദ്ധ്യമാർഗ്ഗം, ചെറുതെങ്കിലും വൃത്തിയുള്ളതായ ഒരു വഴിയമ്പലംകണ്ടു. സമീപത്തായി ഒരു ചെറിയനദി പ്രവഹിക്കുന്നുണ്ടായിരുന്നു. നിർമ്മലമായ ആ നദിയിൽ കളിക്കാൻ ആർക്കും കൗതുകമുണ്ടാകുന്നതാണു്. വിശ്രമാർത്ഥം ആ വഴിയമ്പലത്തിൽ തങ്ങുന്ന യാത്രക്കാർക്കു് ആഹാരം പാകം ചെയ്യുന്നതിനു വേണ്ട സൗകര്യങ്ങളും അവിടെ ഉണ്ടു്.

ആ അമ്പലത്തിൽ ഒരു സന്യാസി ഇരിക്കുന്നുണ്ടായിരുന്നു. താരാനാഥനെ കണ്ട ഉടനേ അദ്ദേഹം പ്രസന്നവദനനായി, 'മംഗളം ഭവതു!' എന്നു് ആശീർവ്വാദംചെയ്തു. "ഇദ്ദേഹമാണു് നിഷ്കുളാനന്ദസ്വാമികൾ" എന്നു സിദ്ധസേനൻ, താരാനാഥനോടുപറഞ്ഞു. സിദ്ധസേനനെ സ്വാമികൾക്കു പൂർവ്വപരിചയമുള്ളതിനാൽ താരാനാഥനെ കണ്ട ഉടനെ അദ്ദേഹത്തിനു് ആളെ മനസ്സിലായി. "മാന്യനായ താരാനാഥനൊ?" എന്നു് അയാളോടുതന്നെ സ്വാമികൾ സസ്മിതം ചോദിച്ചു. താരാനാഥൻ "അവിടുത്തെ ഉപദേശം തെറ്റിയില്ല" എന്നു സവിനയം പ്രതിവചിച്ചുകൊണ്ടു്, കുതിരപ്പുറത്തുനിന്നും ഇറങ്ങി സ്വാമികളെ അഭിവാദനംചെയ്തു.

നിഷ്കുളാനന്ദസ്വാമികൾ കാഴ്ചയിൽ സുമുഖനും ദൃഢഗാത്രനുമാണു്. സാധാരണന്മാരെ അപേക്ഷിച്ചു് ഉന്നതകായനുമാണു്. ഒരു നോട്ടത്തിൽതന്നെ, നല്ലദേഹബലമുള്ളയാളാണെന്നു ആരും സമ്മതിക്കാതിരിക്കയില്ല. കാലിൽ പാദുകകളും കൈയിൽ രുദ്രാക്ഷമാലയും കാഷായവസ്ത്രത്താൽ നെടുങ്കുപ്പായവും ഭസ്മലേപനവുമാണു് സ്വാമികളുടെ വേഷപ്രകാരങ്ങൾ. ആകുപ്പാടെസ്വാമികൾ സർവ്വസംഗപരിത്യാഗിയായ ഒരു തികഞ്ഞ യതീശ്വരനാണെന്നു

തന്നെ താരാനാഥൻ വിശ്വസിച്ചുകഴിഞ്ഞെങ്കിൽ ആശ്ചര്യപ്പെടാനുമില്ല. ലോകവ്യാപാരങ്ങളിൽ കേവലം വിമുഖനായ ഒരു യോഗീശ്വരനാണു സ്വാമികളെന്നു സന്ന്യാസാശ്രമത്തിൽ ചിരകാലപ്പഴക്കമുള്ളവർപോലും സമ്മതിക്കുമെന്നിരിക്കെ, കേവലം ഗൃഹസ്ഥാശ്രമിയായ താരാനാഥൻ വിശ്വസിച്ചുവെങ്കിൽ അതിൽ ആശ്ചര്യപ്പെടാനെന്തുള്ളൂ? സ്വാമികൾക്കു ഇപ്പോൾ നാല്പതുവയസ്സുപ്രായമാണെങ്കിലും ഒരു മുപ്പതിൽക്കൂടുതൽ ആയം മതിക്കയില്ല.

സ്വാമികൾ താരാനാഥനെ നടുത്തിരുത്തിലുള്ള മണൽത്തിട്ടയിലേക്കു ക്ഷണിച്ചുതനുസരിച്ചു് അയാൾ അദ്ദേഹത്തെ അനുഗമിച്ചു. ഒരു വൃക്ഷത്തിന്റെ തണലിലാണു് അവർ ചെന്നിരുന്നതു്. സ്വാമികൾ താരാനാഥനെ നോക്കി മന്ദഹാസപൂർവ്വം അരുളിച്ചെയ്തതാവിതു്:— "യോഗ്യനായ താരാനാഥ! സിദ്ധസേനനോടു പറഞ്ഞയച്ചതനുസരിച്ചു രണ്ടുനാഴികയ്ക്കു മുമ്പേതന്നെ ഞാൻ ഈ അമ്പലത്തിൽ വന്നു നിങ്ങളെ കാത്തിരിക്കയാണു്. എന്താണു നിങ്ങൾക്കു പറവാനുള്ളതു്?"

താര:— എനിക്കു പറവാനുള്ളതു്, അങ്ങു് നേപ്പാളരാജാവിനെ കണ്ണുമൂലം തെറ്റിപ്പെട്ടുത്തിയ വിഷയത്തെസ്സംബന്ധിച്ചുമാത്രമാണു്. എന്നാൽ ആ ഗൗരവമേറിയ വിഷയത്തെപ്പറ്റിയുള്ള സംഭാഷണത്തിനു മുമ്പായി നാം പരസ്പരം നിസ്സംശയമായ ദേഹപരിചയം സമ്പാദിക്കേണ്ടതു് ആവശ്യമാണെന്നു കാലസ്ഥിതി അനുസരിച്ചു് അറിയേണ്ടിവന്നതിൽ അന്യഥാ ചിന്തിക്കയില്ലെന്നു വിശ്വസിക്കുന്നു. എന്നെപ്പറ്റി പൂർണ്ണവിവരങ്ങൾ സിദ്ധസേനൻമുഖാന്തിരം അങ്ങു ഗ്രഹിച്ചിരിക്കുമല്ലോ. നേപ്പാളരാജ്യത്തിലെ മഹാരാജാവായ പ്രതാപരുദ്രന്റെ പ്രധാനമന്ത്രിയാണു ഞാൻ. ഇപ്പോൾ അദ്ദേഹത്തിന്റെ പ്രതിനിധിയായി ഈ കാശ്മീരത്തിൽ വന്നിരിക്കയാണു്. മഹാനുഭാവനായ അവിടത്തെ വസ്തുസ്ഥിതികൾ എന്നെ ധരിപ്പിക്കണം.

നിഷ്കു:— യോഗ്യനായ താരാനാഥ! എനിക്കു നിങ്ങളുടെ വാക്കുകളിൽ വളരെ സന്തോഷമുണ്ടു്. നിങ്ങൾ പ്രതാപരുദ്രമഹാരാജാവിന്റെ പ്രധാനമന്ത്രിയാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു അല്ലെങ്കിൽ എന്റെ വാസസ്ഥാനം നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുമായിരുന്നില്ല. നിങ്ങളുടെ ഭൃത്യൻ എന്നെ മനസ്സിലാക്കി എന്റെ വാസസ്ഥലത്തു വരാൻ കഴിയുമായിരുന്നില്ല പ്രതാപരുദ്രമഹാരാജാവിന്റെ പേക്കു ചില പ്രധാനകാര്യങ്ങൾക്കായി സന്ദേശമയച്ചു

നിഷ്കുളാനന്ദൻ ഞാൻ തന്നെ. എന്നെ അറിയിക്കാനായി മഹാരാജാവു് അതിനു മുപടി എന്താണു നിങ്ങളോടു പറഞ്ഞയച്ചിട്ടുള്ളതു്?

താരാ.—അങ്ങു് അയച്ചിരുന്ന സന്ദേശം മഹാരാജാവു തിരുമനസ്സു കൊണ്ടു കല്പിച്ചു് എന്റെ പക്കൽതന്നയച്ചിട്ടുണ്ടു്. അങ്ങേയ്ക്കു എന്നെപ്പറ്റി വല്ലസംശയവും ജനിക്കുന്നതായാൽ അതിനെ പരിഹരിക്കാനായിട്ടാണു് അതു എന്നെ ഏല്പിച്ചതു്. അതു ഇതേയിരിക്കുന്നു ഇതു് അവിടുന്നു അയച്ചതാണോ എന്നു നോക്കിക്കണ്ടാലും!

നിഷ്കുളാനന്ദൻ:—സംശയമെന്തു്? ഇതു എന്റെ സന്ദേശംതന്നെ.

താരാനാഥൻ:—കാശ്മീരത്തെ നേപ്പാളത്തോടുചേക്കാൻ സാധിക്കുമെന്നും കാശ്മീരരാജാവിന്റെ കിരീടത്തെ നേപ്പാളരാജന്റെ കിരീടത്തിൽ ലയിപ്പിക്കാമെന്നും അതിനു അങ്ങേയ്ക്കു സാമർത്ഥ്യമുണ്ടെന്നും അങ്ങു ഈ സന്ദേശത്തിൽ രേഖപ്പെടുത്തിയിരിക്കയാണല്ലൊ.

നിഷ്കുളാനന്ദൻ:—അതേ; വാസ്തവംതന്നെ.

താരാനാഥൻ.—ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ! പുണ്യാത്മാക്കളോടു സ്വാതന്ത്ര്യമായി പെരുമാറാമെന്നുള്ളതുകൊണ്ടു ചോദിക്കുന്നതാണു്. ലൗകികവ്യാപാരങ്ങളിൽ കേവലം വിരക്തനായി സർവ്വസംഗപരിത്യാഗിയായി ബ്രഹ്മജ്ഞാനൈകനിഷ്ഠനായി മഹാത്മാവായിരിക്കുന്ന അങ്ങു ഇത്ര വലിയ രാഷ്ട്രീയകാര്യങ്ങളിൽ തലയിടാൻ കാരണമെന്താവാം. മറെറാരു സംശയംകൂടിയുണ്ടു്. ഇക്കാര്യം അങ്ങേയ്ക്കു സുസാധമാണോ?

നിഷ്കുളാനന്ദൻ:—എന്റെ ലക്ഷ്യങ്ങൾ ഇതരന്മാർക്കു അജ്ഞാതങ്ങളാണു്. അതിനെപ്പറ്റി നിങ്ങൾ യാതൊന്നും എടുത്തു ചോദിക്കേണ്ട ആവശ്യമില്ല. എന്നാൽ ഞാൻ കേവലം ലൗകികവിരക്തനല്ലെന്നുമാത്രം നിങ്ങൾ മനസ്സിലാക്കണം.

താരാനാഥൻ:—നാം അന്യോന്യം നിഷ്കുളങ്കമായി പരിചയപ്പെടേണ്ടതു് ഒരു പ്രധാനപ്പെട്ട പ്രമേയമായതുകൊണ്ടു ചോദിച്ചതാണു്. അതു അനാവശ്യമായ ചോദ്യമാണെന്നു അങ്ങു് അഭിപ്രായപ്പെടുന്നുവെങ്കിൽ എന്റെ അപരാധത്തെ ക്ഷമിക്കണം. എന്നാൽ അങ്ങു ഇക്കാര്യം സാധിക്കാനായി ഏതൊരുമാർഗ്ഗമാണുകണ്ടിരിക്കുന്നതെന്നു എന്നെ ധരിപ്പിക്കണം.

മാത്രമല്ല, അങ്ങു ഈ വിഷയത്തിലേക്ക എന്തുപ്രതിഫലമാണുപ്രതീക്ഷിക്കുന്നതെന്നും എനിക്ക് അറിയേണ്ടിയിരിക്കുന്നു.

നിഷ്കളങ്കാനന്ദൻ:—നിങ്ങളം കാശ്മീരത്തിൽ പ്രവേശിച്ചതു് ആദ്യമായിട്ടാണെന്നതോന്നുന്നു ഇവിടത്തെ രാഷ്ട്രീയസ്ഥിതി നിങ്ങൾക്ക് അറിവില്ല. അവിടുള്ള മുഴുക്കുന്ന അന്യോന്യ വിരുദ്ധങ്ങളായ സംസാരങ്ങളാണു് നിങ്ങളുടെ ശ്രോത്രപുടങ്ങളിൽ പ്രതിധ്വനിക്കുന്നതു്. കാശ്മീരത്തിന്റെ യഥാർത്ഥ സ്ഥിതി നിങ്ങൾ അറിഞ്ഞിട്ടില്ല.

താരാ:—വാസ്തവംതന്നെ; അതുകൊണ്ടു്, കാശ്മീരത്തിൽ ഉണ്ടായിരിക്കുന്ന ഇരുകക്ഷികളുടേയും നിലയും, ഓരോ കക്ഷികളുടേയും ലക്ഷ്യവും അങ്ങു സവിസ്തരം എന്നെ ധരിപ്പിക്കണമെന്നാപേക്ഷിക്കുന്നു

നിഷ്കു:—വളരെ സന്തോഷം! കേൾക്കുക! ഏതാണ്ടു് ഇരുപതുകൊല്ലങ്ങൾക്കുമുമ്പു്, കാശ്മീരത്തിൽകപിലാചാര്യൻഎന്നൊരാൾ ഒരു പുതിയമതം സ്ഥാപിച്ചു. അയാളുടെ മതാദർശങ്ങളെപ്പറ്റി രാത്താനായി നാട്ടിന്റെ നാനാഭാഗങ്ങളിലും നടന്ന പ്രസംഗങ്ങൾ ചെയ്തു അയാളുടെ ആദർശങ്ങൾ വൈദികവിരുദ്ധങ്ങളും അനുഭാസങ്ങളുമായിരുന്നു തന്നിമിത്തം, കാശ്മീരരാജാവും അദ്ദേഹത്തിന്റെ കീഴിൽ നാടുവാഴികളായിട്ടുള്ള അനേകം പ്രഭുക്കന്മാരും വൈദികമഠാധിപതികളുംചേർന്നു് തന്ത്രദീപത്തിൽവച്ചു് ഒരുമഹായോഗംകൂടി, അതിലേതീർപ്പനുസരിച്ചു് കപിലാചാര്യനെപ്പിടിച്ചു ജീവനോടെ ദഹിപ്പിച്ചുകളഞ്ഞു. അക്കാരണത്താൽ കാശ്മീരത്തിലെങ്ങും അസമാധാനവും അതൃപ്തിയും സംഭവിച്ചു. വാചാലനായ കപിലാചാര്യൻ തന്റെ പ്രസംഗസാമർത്ഥ്യത്താൽ ഒട്ടുവളരെ ശിഷ്യന്മാരെ സമ്പാദിച്ചിട്ടുണ്ടായിരുന്നു. ഗുരുവിന്റെമരണം ശിഷ്യവർഗ്ഗത്തെ പ്രക്ഷുബ്ധന്മാരാക്കി. മഠാധിപന്മാരും വൈദികാചാര്യന്മാരുമാണു തങ്ങളുടെ ഗുരുവിന്റെ മരണത്തിനു കാരണഭൂതന്മാരെന്നുധരിച്ചു്, ക്ഷുഭിതഹൃദയന്മാരായ കപിലശിഷ്യന്മാർ വൈദികമതക്കാരായ അസ്സാദൃശന്മാരെ ഓരോ പ്രകാരത്തിൽ അലട്ടിത്തുടങ്ങി. ഞങ്ങളോടു പകവീട്ടാനായി രഹസ്യസംഘങ്ങൾ സ്ഥാപിച്ചു അതുവഴി പ്രവർത്തിച്ചുവന്നു. ഏതാണ്ടു രണ്ടുകൊല്ലത്തിനുമുമ്പു് ഇവർക്ക് ഒരു വലിയനേതാവിനെക്കിട്ടി അവനത്രേ അശോകനാഥൻ. അവനു് ഒരു കണ്ണു് ഇല്ലാത്തതിനാൽ അവനെ ഒറ്റക്കണ്ണനെന്നും പറയുന്നുണ്ടു്. അവൻ ആദ്യം കാശ്മീരരാജാവിന്റെ അധീ

നത്തിലായിരുന്നു. ഇപ്പോൾ അവൻ ഒരു വലിയ സംഘത്തിന്റെ നായകനായിത്തീർന്നിരിക്കുന്നു.

താരാ:—വൈദികമതാവലംബികൾ അശോകനാഥനെ വളരെയൊക്കെ കഷ്ടപ്പെടുത്തിയെന്നും, അക്കാരണത്താലാണു് അയാൾ അവർക്കു വിപരീതമായി പ്രവർത്തിക്കാൻ തുടങ്ങിയതെന്നും കേൾക്കുന്നതു വാസ്തവമാണോ? ഞാൻ നേപ്പാളത്തിൽവച്ചാണു് ഈ വർത്തമാനം അറിഞ്ഞതു്.

നിഷ്കു:—അങ്ങനെ ഒരു സംസാരം പരന്നിട്ടുണ്ടെന്നു് എനിക്കറിയാം എന്നാൽ നമുക്കു് ഇപ്പോൾ ഈ നിസ്സാരകാര്യങ്ങളെപ്പറ്റി ശ്രദ്ധിക്കേണ്ട. കപിലമതക്കാർക്കു അശോകനാഥൻ നേതാവായിത്തീർന്നിരിക്കുന്നു. കപിലനെക്കൊണ്ടു തിരുപകരം വീട്ടണമെന്നും വൈദികമതത്തെയും തന്മതാചാര്യന്മാരെയും മഠാധിപതികളെയും രാജാക്കന്മാരെയും നിശ്ശേഷം നശിപ്പിച്ചു കപിലമതത്തെപരത്തണമെന്നുമാണു് അശോകനാഥന്റെ ഉദ്ദേശം. അശോകനാഥനെ അടക്കാനായി കാശ്മീരത്തിലെ രാജാവായിരുന്ന കൃതവീര്യൻ വളരെയൊക്കെ പ്രയത്നംചെയ്തു. ഒടുവിൽ കൃതവീര്യനെത്തന്നെ അശോകനാഥൻ ബന്ധനസ്ഥനാക്കുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽതന്നെ അദ്ദേഹത്തെ തടവിൽപാർപ്പിച്ചു. അതോടുകൂടി ശ്രീപുരത്തെയും അതിന്റെ പരിധികളിലുള്ള വീഥികളെയും അശോകനാഥൻ സ്വായത്തമാക്കി സ്വേച്ഛാവിക്രിയകൾ നടത്തിത്തുടങ്ങി. ആ അവസരത്തിൽ ഞാനും ശ്രീപുരത്തുള്ള ഒരു മഠത്തിൽ വസിക്കുന്നുണ്ടായിരുന്നു. അശോകനാഥനെ ഭയന്നു കൃതവീര്യൻ ഞങ്ങളെ ആരേയും പരസ്യമായി വിളിക്കുകയോ യാതൊന്നും സംസാരിക്കുകയോ ചെയ്തിരുന്നില്ല. ഞാൻ താമസിച്ചിരുന്ന മഠത്തിന്റെ അധിപതി ഒരു ദിവസം എന്നെവിളിച്ചു് ഞാൻചെന്നു കൃതവീര്യനെ കാണണമെന്നും സാന്ത്വോക്തികളാൽ അദ്ദേഹത്തിന്റെ മനസ്സിനെ സമാധാനപ്പെടുത്തണമെന്നും ആജ്ഞാപിച്ചു. ഞാൻ അപ്രകാരം ഒരു രാത്രിയിൽ ഗൂഢമായി അദ്ദേഹത്തെ സന്ദർശിക്കുകയുംചെയ്തു. ഇപ്പോൾ അദ്ദേഹം മരിച്ചിട്ടു് ആറുമാസത്തോളമാകും. അദ്ദേഹം മരിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ഏകപുത്രി പദ്മാവതിയെ എന്നെ ഏല്പിച്ചു. അദ്ദേഹത്തിന്റെ സ്വകാര്യസമ്പാദ്യമായ ഒരു വലിയ നിക്ഷേപം സ്ഥാപിക്കപ്പെട്ടിരുന്ന സ്ഥലം എന്നെ ധരിപ്പിക്കയും ചെയ്തു. മനോഹരിയായ രാജകുമാരിക്കു ഇപ്പോൾ പതി

നെട്ടവയസ്സു പ്രായമാണു്. ഞാൻ അവളെ തക്കതായ ഒരു സ്ഥലത്തു താമസിപ്പിച്ചിരിക്കുന്നു. അശോകനാഥന്റെ സൈനികശക്തിയും പരാക്രമവും വർദ്ധിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ പദ്മാവതിയെ കാശ്മീരരാജ്ഞിയായി അഭിഷേകം ചെയ്യുന്നതു ബുദ്ധിഹീനത്വമാണെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ ആറുമാസമായി കാശ്മീരത്തിനു് അധിപതിയില്ലാതിരിക്കയാണു്. നാട്ടിൽ രണ്ടുകക്ഷി ഏർപ്പെട്ടമിരിക്കുന്നു. കലഹവും കഷ്ടതയും നാൾക്കുനാൾ വർദ്ധിച്ചുംവരുന്നു. അശോകനാഥന്റെ നിഷ്ഠുരപ്രവൃത്തികൾ ജനങ്ങളുടെ പ്രക്ഷോഭണത്തിനു വിഘാതമായും തീർന്നിരിക്കുന്നു.

താരാ:—ഇതെല്ലാംകൊണ്ടു കാശ്മീരത്തിലെ രാഷ്ട്രീയസ്ഥിതി എനിക്കു മനസ്സിലായി. ഈ നിലയിൽ അങ്ങയുടെ വാശ്രാനത്തെ എങ്ങനെ പാലിക്കാനാണു്.

നിഷ്കു: – പദ്മാവതിയെ നിങ്ങളുടെ മഹാരാജാവു പട്ടമഹിഷിയായി അംഗീകരിക്കണം. ഭാരതത്തിലുള്ള അൻപത്താറു രാജാക്കന്മാരിൽ പ്രഥമഗണനീയനാണു നിങ്ങളുടെ മഹാരാജാവു്. പദ്മാവതിയെ പട്ടമഹിഷീപദത്തിൽ സ്വീകരിക്കുകയാണെങ്കിൽ കാശ്മീരത്തിലെ ഇടപ്രഭുക്കന്മാരെല്ലാം അദ്ദേഹത്തിന്റെ ഭാഗത്തുചേരും. രാഷ്ട്രീയകാര്യത്തിൽ കൈകടത്താനുള്ള അധികാരവും അവകാശവും തികച്ചും. അദ്ദേഹത്തിനു സ്വാധീനമാകയും ചെയ്യും.

താരാനാ:—രാജകുമാരി, സുകുമാരിയെന്നാണല്ലോ അങ്ങു പറഞ്ഞതു്?

നിഷ്കു:—അതേ; ഭൂലോകരംഭയാണവൾ; മാത്രമല്ല, സദ്ഗുണയും സരസഭാഷിണിയുമാണു പദ്മാവതി.

താരാനാ:—ഈ രാജകീയവിവാഹത്തിൽ ഞങ്ങളുടെ രാജാവിനു സമ്മതവും ആ രാജകുമാരിക്കു സന്തോഷവുമുള്ളപക്ഷം അങ്ങയുടെ സഹായത്തിനു പാരിതോഷികം എന്താണു് ആവശ്യപ്പെടുന്നതു്?

നിഷ്കുമാ: പ്രതാപരുദ്രമഹാരാജാവിന്റെ പ്രതിനിധിയിൽനിന്നും സത്യത്തെ മറച്ചുവയ്ക്കേണ്ട ആവശ്യം എനിക്കില്ല. യോഗ്യനായ താരാനാഥാ! ഭാരതഖണ്ഡത്തിലുള്ള സകല രാജാക്കന്മാരിലുംവച്ചു് പദ്മാവതിക്കു അനുരൂപൻ നേപ്പാളമഹാരാജാവായ പ്രതാപരുദ്രനാണെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. അദ്ദേഹത്തിനുതന്നെ അവളെ നല്കു

ണമെന്നാണു് എന്റെ ആഗ്രഹവും. മാന്യനായ താരാനാഥ! അതിസുന്ദരിയായ ഒരു രാജകുമാരിയെ നിങ്ങളുടെ മഹാരാജാവിനു പട്ടമഹിഷിയായി കിട്ടുക മാത്രമല്ല, ആ സുമുഹൂർത്തംമുതൽ കാശ്മീരത്തിന്റെ ഭരണാധിപത്യം അദ്ദേഹത്തിനു ധർമ്മായത്തമാകയും ചെയ്യും. വേറേ ഒരാലോചനക്കുടി എനിക്കുണ്ടു്. അവന്തിരാജ്യാധിപതിയായ ജയസേനൻ വാൽക്യസോപാനത്തിന്റെ അഗ്രഭാഗത്തിൽ എത്തിയിരിക്കുന്നു. അദ്ദേഹത്തിനു സന്താനങ്ങളില്ല. ഇനി ഉണ്ടാകുമെന്നു പ്രതീക്ഷിക്കാനുമില്ല. അതുകൊണ്ടു്, പദ്മാവതിയെ പ്രതാപരുദ്രൻ സ്വീകരിക്കുകയാണെങ്കിൽ, ജയസേനന്റെ മരണശേഷം അവന്തിരാജ്യത്തിനും അദ്ദേഹം അവകാശിയായിത്തീരും.

താരാനാഥ:—അങ്ങയുടെ അഭിപ്രായം എനിക്കു മനസ്സിലാകുന്നു. അങ്ങു ഞങ്ങളുടെ രാജാവിനു ചെയ്യാമെന്നു പറയുന്ന സഹായങ്ങൾ അനല്പമാകയാൽ അതിനുതക്ക പ്രതിഫലം കിട്ടണമെന്നാണു അങ്ങയുടെ അഭിപ്രായം.

നിങ്കു:—അതേ; നിങ്ങൾ പറഞ്ഞതു വാസ്തവമാണു്. എന്റെ സഹായമില്ലാതെ ഇവയൊന്നും നിങ്ങളുടെ രാജാവിനു ലഭിക്കപ്പെടുകയില്ല. പദ്മാവതിയെ കണ്ടുപിടിക്കുന്നതിനാകട്ടെ, അവളുടെ പിതാവിന്റെ നിക്ഷേപധനത്തെ കണ്ടെടുക്കാനാകട്ടേ, സാധിക്കുന്നതല്ല. ഏതൊന്നിനും എന്റെ സഹായംതന്നെ വേണ്ടിയിരിക്കുന്നു. അതിലേക്കു ഞാൻ ആവശ്യപ്പെടുന്ന പ്രതിഫലമെന്തെന്നു പറയാം. നിങ്ങളുടെ രാജാവു് ആദ്യമായി ശ്രീപുരത്തുള്ള എല്ലാ വൈദികമഠങ്ങളുടെയും പ്രാണേതാവായി എന്നെ നിയമിക്കണം. അങ്ങനെ കുറേനാൾ കഴിഞ്ഞതിനുശേഷം കാശ്മീരത്തിലുള്ള സകല മഠങ്ങളുടേയും ആധിപത്യവും എനിക്കു നല്കുണം. ഒടുവിൽ നേപ്പാളത്തിലേയും അവന്തിയിലേയും മഠാധിപത്യംകൂടി എനിക്കു വിട്ടുതരികയും വേണം. ഇപ്രകാരം മൂന്നു രാജ്യത്തിലേയും മഠാധിപത്യം എനിക്കു തരാമെന്നു കരാർ എഴുതിത്തന്നാൽ ഞാനെന്റെ വാശ്രാനത്തെ നിറവേറ്റാം. ഈ നിബന്ധനയ്ക്കു നിങ്ങളും നിങ്ങളുടെ രാജാവും വഴിപ്പെടുന്നില്ലെങ്കിൽ, നമ്മുടെ സംഭാഷണം ഇവിടെ അവസാനിക്കണം. നിങ്ങൾ എന്തു പറയുന്നു?

താരാ:—ശരി, ഞാൻ ഈ നിബന്ധനയ്ക്കു വഴിപ്പെടാം. ഞങ്ങളുടെ രാജാവിനെക്കൊണ്ടു സമ്മതിപ്പിക്കയും ചെയ്യാം. എന്നാൽ പദ്മാവതിയെ എനിക്കു നേരിൽക്കണ്ടു സംസാരിക്കണം,

പ്രതാപരുദ്രൻ ഒരു ഉത്തമനായ രാജാവാണു്. അദ്ദേഹം രാജകുമാരിക്കു പൂർണ്ണസമ്മതവും സന്തോഷവുമാണെന്നറിഞ്ഞെങ്കിൽ മാത്രമേ വിവാഹകാര്യത്തിൽ വഴിപ്പെടുകയുള്ളൂ. അതുകൊണ്ടു് ആ യുവതിയുടെ സമ്മതം എനിക്കു അറിയേണ്ടിയിരിക്കുന്നു.

നിഷ്കു:—അതിനെന്തു പ്രതിബന്ധം? ഇന്നത്തെ നാലാംപക്കം ശ്രീപുരത്തുവച്ചു നമുക്കു തമ്മിൽ കാണാം. അപ്പോൾ ഞാൻ നിങ്ങളെ പദ്മാവതിയുടെ പാളയത്തിൽ കൂട്ടിക്കൊണ്ടു പോകാം.

താരാ:—സമ്മതിച്ചു. നമുക്കു പറവാനുണ്ടായിരുന്നതൊക്കെ പറഞ്ഞുകഴിഞ്ഞു. എന്നാൽ നമുക്കു നെല്ലിച്ചു ശ്രീപുരത്തേക്കു പോകരുതോ?

നിഷ്കു:—അയ്യോ പാടില്ല. നേർവഴിയിൽക്കൂടി സഞ്ചരിക്കാൻ എനിക്കു നിവൃത്തിയില്ല. ഞാൻ ഈ വൈഭികവേഷത്തിൽ സഞ്ചരിക്കുന്നതു അശോകനാഥനോ അവന്റെ ആളുകളിൽ ആരെങ്കിലുമോ കണ്ടാൽ എന്റെ കാര്യം പരുങ്ങലിലാകും. നമുക്കു ശ്രീപുരത്തുവച്ചു കണ്ടുകൊള്ളാം.

ഇതുയും പറഞ്ഞു സ്വാമികരം നദീപാർശ്വത്തിലുള്ള വനവൃക്ഷങ്ങൾക്കിടയിൽ മറഞ്ഞു.

അദ്ധ്യായം ൫

"നന്നായ് നീണ്ടവിലോചനങ്ങളം വിനത-
ഭൂവല്ലി നല്ലോമന-
ക്കന്നൊക്കും കളിർകൊങ്കയെന്നിവകളൊ-
ത്തോരോവിലാസങ്ങളെ
ക്കന്നൊന്നായുളവാക്കിമിന്നിടുമൊരീ-
യാശ്ചര്യരത്നത്തിനി-
ങ്ങിന്നോത്താൽ വിലയേറിടുംവിളനിലം-
ഭൂലോകമോ നാകമോ!?"

നിഷ്കുളാനന്ദസ്വാമികരം നിബിഡാരണ്യത്തിൽ മറഞ്ഞതിന്റെ ശേഷം താരാനാഥൻ തന്റെ സഹചരന്മാരോടുകൂടി അപ്പോൾത്തന്നെ അവിടുന്നു യാത്രയായി. അസ്തമയാനന്തരം ഉദ്ദേശം ഏഴു

മണിയോടുകൂടി അവർ ചെന്നെത്തിയ സ്ഥലത്തു ഒരു പടയാളി അങ്ങിങ്ങുലാത്തിക്കൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. താരാനാഥപ്രഭൃതികളെ കണ്ട ഉടനെ അയാൾ അവരെ തടഞ്ഞുനിത്തി, "നിങ്ങൾ ആരാണു"? എവിടെപ്പോകുന്നു" എന്നു ചോദിച്ചു. അതിനു മറുപടിയായി താരാനാഥൻ പറഞ്ഞു:—ഞാൻ ഒരു മന്ത്രിയും സേനാനായകനുമാണു്. താരാനാഥൻ എന്നാണു എന്റെ പേരു്. ഇവർ രണ്ടുപേരും എന്റെ ആജ്ഞാകിങ്കരന്മാരാണു്. ശ്രീപുരത്തെ അഭിമുഖീകരിച്ചാണു് ഞങ്ങളുടെ യാത്ര. എന്നാൽ സുപ്രസിദ്ധപരാക്രമശാലിയായ അശോകനാഥനെക്കണ്ടു ചില സംഗതികളെപ്പറ്റി ആലോചിക്കാനുണ്ടു്. അദ്ദേഹം ഈ സ്ഥലത്തു പാളയം അടിച്ചിരിക്കുന്നതായി കേട്ടതു വാസ്തവമല്ലേ.

യോദ്ധാവു്:—വാസ്തവംതന്നെ; അദ്ദേഹം ഇവിടെ പാളയമടിച്ചിട്ടുണ്ടു്. നിങ്ങളുടെ ആവശ്യത്തെ നിറവേറ്റാം. നിങ്ങൾ ആവശ്യപ്പെട്ടില്ലെങ്കിലും നിങ്ങളെ അദ്ദേഹത്തിന്റെ മുമ്പിൽക്കൂട്ടിക്കൊണ്ടുപോകേണ്ടതു എന്റെ മുമതലയാണു്. എന്തെന്നാൽ ഈ വനത്തിൽവച്ചു കണ്ടുമുട്ടുന്ന ഏതൊരാളിനെയും അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരാക്കുകയും പിന്നീടദ്ദേഹം കല്പിക്കുന്നപ്രകാരം പ്രവർത്തിക്കുകയുമാണു് എന്റെ ജോലി.

ഇതിനിടയ്ക്കു വേറെയും പത്തുപന്ത്രണ്ടുഭടന്മാർ വനാന്തർഭാഗത്തുനിന്നും അവിടെ ആഗതരായി. എല്ലാവരുംകൂടി താരാനാഥനെയും അനുഗാമികളെയും വനമദ്ധ്യത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ആഗന്തുകന്മാരായഭടന്മാരിൽ രണ്ടുമൂന്നുപേർ താരാനാഥനെ വളരെ വിനയത്തോടും വണക്കത്തോടും പെരുമാറി എന്നുള്ളതു പ്രസ്താവനീയമാണു്. ക്രമേണ്ടുത്തോളം മുറുങ്ങാതെ ഞെരുങ്ങി വളർന്നുനില്ക്കുന്നുണ്ടായിരുന്നു. അതിനപ്പുറത്തായി വിശാലമായ ഒരു പുൽപ്രദേശത്തു് അവിടവിടെ ഒട്ടുവളരെ കൂടാരങ്ങളുടിച്ചിട്ടുണ്ടായിരുന്നു. അക്കാഴ്ച ദർശകന്മാക്കു അതികൌതുകത്തെ ജനിപ്പിക്കുന്നതായിരുന്നുഎന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഈ കൂടാരങ്ങളും സ്ഥിരസ്ഥാപനങ്ങളായിരുന്നില്ല; അത്യാവശ്യം നേരിട്ടാൽ ഉടനടി അഴിച്ചു് തെക്കത്തെക്കവണ്ണമുള്ള ലഘുസ്ഥാപനങ്ങളായിരുന്നു. കൂടാരങ്ങളിൽ പടയാളികളാണു പാർക്കുന്നതു്. അവരുടെകൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നു. കൂടാരങ്ങളും എല്ലാം ഒരേ പൊക്കത്തിലും വലിപ്പത്തിലുമുള്ളവയാണു്. എന്നാൽ മദ്ധ്യത്തിലായി ഒരു വലിയകൂടാരം സ്ഥാപിച്ചിട്ടുണ്ടു്. അതു കാഴ്ചയ്ക്കു മറ്റുള്ളവയെ അപേക്ഷിച്ചു ഭംഗിയും വൃത്തിയും ഉള്ളതാണു്. അതിനുചുറ്റും ആയുധപാണികളായ ഭടന്മാർ കാവൽ നില്ക്കുന്നുണ്ടു്. ആ കൂടാരത്തിനു

വെളിയിൽ മുൻവശത്തായി ഒരു രത്നക്കമ്പളത്തിൽ ദക്ഷിണകര ണ്ഡത്തെ ശിരസ്സിനു് ഉയർത്തിക്കി, ചരിഞ്ഞുകിടക്കുന്ന ഒരു പുരുഷ കേസരിയുടെ മുമ്പിലേക്കാണു് ഭടന്മാർ നമ്മുടെ അധ്വനിനന്മാരെ ആനയിച്ചതു്. ആ പുരുഷകേസരി ഇതിനുമുമ്പു പലപ്രാവശ്യ വും നാം കേട്ടിട്ടുള്ള അശോകനാഥനല്ലാതെ മറ്റാരുമായിരുന്നില്ല. താരാനാഥൻ അദ്ദേഹത്തെ ഒരുനോക്കുകണ്ടയുടനെതന്നെ ഈ വസ്തുത ഗ്രഹിക്കയുംചെയ്തു. അശോകനാഥനു് ഉദ്ദേശം നാല്പത്തി രണ്ടു വയസ്സു പ്രായംവരും. സ്വതന്ത്രശീലനും ധീരസ്വഭാവനും ആയ അശോകനാഥൻ ഒരു വലിയ പ്രഗത്ഭവാനാണെന്നു് പ്രഥമ നോട്ടത്തിൽതന്നെമനസ്സിലാക്കാം. ആരുമായും കീഴ്പ്പെടുന്നവന ല്ലെന്നു് ആ മുഖം വിളിച്ചുപറയുന്നു. വൃഷസ്കന്ധവും ശരീരതൈര്യവും മാംസളതവും അദ്ദേഹത്തിന്റെ അസാധാരണമായ കായശക്തിയെ ദ്യോതിപ്പിക്കുന്നു. ആകൃതി സുമുഖനാണു്. നിറം തങ്കവർണ്ണം. കൈ കാൽമുട്ടുകളെ സ്പർശിച്ചിട്ടുണ്ടു്. തലയിലും മുഖത്തും വെട്ടംകുത്തുംപോലുമില്ലാതെ ഏറെറടുത്തുണ്ടായ കലകൾ ധാരാ ളമായിക്കാണുന്നു. ഒരു കണ്ണിനു് നഷ്ടം സംഭവിച്ചുകാണുന്നതും അതിന്റെ ഫലമായിട്ടായിരിക്കാം.

താരാനാഥനെക്കണ്ട ഉടനേ അശോകനാഥൻ അയാളുടെ നഖശിഖാന്തം പലവുരു സൂക്ഷിച്ചുനോക്കി. ഒടുവിൽ എന്തോ സംശയനിവൃത്തിവന്നതുപോലുള്ള മുഖഭാവത്തോടുകൂടി "തന്നെ ത്തന്നെ" എന്നു തന്നത്താൻ മന്ത്രിച്ചുകൊണ്ടു് എഴുന്നേറു രണ്ടു നാലടി മുമ്പോട്ടുചെന്നു് താരാനാഥനെ സ്വീകരിച്ചുകൊണ്ടുവന്നു് രത്നക്കമ്പളത്തിൽ ഇരുത്തി താനുമിരുന്നു. ഭടന്മാരെ പറഞ്ഞയ ച്ചതിനുശേഷം അശോകനാഥൻ താരാനാഥന്റെ മുഖത്തു നോക്കി, "താങ്കൾ ആരാണു? എന്തുദ്ദേശത്തോടുകൂടി ഈ വന ത്തിൽ സഞ്ചരിക്കുന്നു?" എന്നു സസ്മിതം ചോദിച്ചു. താരാനാഥൻ അതുകേട്ടു തന്റെ വസ്തുസ്ഥിതികളും അദ്ദേഹത്തെ ഗ്രഹിപ്പിച്ചു. അശോകനാഥൻ പറഞ്ഞു. "താങ്കൾ പ്രതാപരുദ്രമഹാരാജാ വിന്റെ പ്രതിനിധിയാണെന്നറിയിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ആ മഹാരാജാവിൽ എനിക്കു വളരെ ബഹുമാന മാണു്. അതുകൊണ്ടു് താങ്കൾ ഇന്നു എന്റെ അതിഥിയുടെ നില യിൽ ഇവിടെ താമസിക്കണമെന്നു താല്പര്യപ്പെടുന്നു."

താരാനാഥൻ അതിനു കൃതജ്ഞതാപുരസ്സരം അനുകൂലമായ മറുപടിപറഞ്ഞു. അശോകനാഥന്റെ പിന്നിൽ നാലഞ്ചുവാര അകലെയായി മനോഹരഗാത്രിയായ ഒരു യുവതീരത്നം സുമുഖിക

ളായ രണ്ടു തോഴികളുമായി സൈ്വരാലാപംചെയ്തുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. മനോഹരഗാത്രിഎന്നുമാത്രം പറഞ്ഞതുകൊണ്ട് ആ യുവതീമണിയുടെ മനോഹരത വായനക്കാർക്കു സുസ്പഷ്ടമാകുന്നതല്ല. സൗന്ദര്യമാണല്ലോ മനോഹരത എന്നു പറയപ്പെടുന്നതു്. മനുഷ്യരെസ്സംബന്ധിച്ചിടത്തോളം സൗന്ദര്യവും യൗവനവും വാഗർത്ഥങ്ങളെപ്പോലെ നിത്യസംപൃക്തങ്ങളാണെന്നുപറയാം. യൗവനം ബാധിക്കുന്ന മനുഷ്യർക്കു, വിശേഷിച്ചും സ്ത്രീകൾക്കു് സൗന്ദര്യവും വിധേയമായി ഭവിക്കുന്നു. എന്നാൽ ആ സൗന്ദര്യത്തിനു് പലേകാരണങ്ങളെക്കൊണ്ടും ക്ലൃപ്തൽകുറവു് എന്ന വ്യത്യസ്തഭാവം സംഭവിച്ചുകാണാം. ലേശവും സൌന്ദര്യമില്ലാതെ, യൌവനസോപാനത്തിൽ കയറിയ ഒരൊറ്റ സ്ത്രീയെ, പൂണ്ടിക്കാണിക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അവർ ആ സ്ത്രീയുടെ ഒരു പ്രത്യേക ശത്രുവോമറ്റോ ആയിരിക്കും. മേൽപറഞ്ഞ നമ്മുടെ മനോഹരഗാത്രി യൌവനദശയുടെ പരമകാഷ്ഠയിലെത്തിയിരിക്കയാണു്. ആ അവസ്ഥയിൽ ഒരു യുവതിക്കു് എത്രകണ്ടു് സൗന്ദര്യം സ്വഭാവേന ഉണ്ടാകാമോ അതിലിരട്ടി അവളെ ബാധിച്ചിട്ടുണ്ടു്. അതിനുംപുറമേ അവൾ പ്രകൃത്യാ അതിസുന്ദരിയുമത്രേ. രണ്ടുപ്രകാരത്തിലുള്ള സൌന്ദര്യവുംകൂടി സമ്മേളിച്ചപ്പോൾ അവൾക്കുള്ള സൌന്ദര്യം അന്യസുലഭമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ ഈ അന്യാദൃശമായ സൌന്ദര്യത്തെ അസ്പഷ്ടമാക്കിയല്ല, മനോഹരഗാത്രി എന്നു മേൽപറഞ്ഞതു്. അങ്ങനെപറവാനുണ്ടായകാരണം മറെറാന്നാണു്. അതിനെ വെളിപ്പെടുത്തുമ്പോൾ വായനക്കാർക്കു മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത അത്യാശ്ചര്യവും അല്പമൊരു അവിശ്വാസവുമുണ്ടായേക്കാം. അതേ, വായനക്കാർ വിശ്വസിക്കുന്നകാര്യം സംശയത്തിലാണു്. പക്ഷേ, എനിക്കതു വെളിപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. വെളിപ്പെടുത്തിയില്ലെങ്കിൽ അവളുടെ ആ മനോഹരത്വം ഒട്ടു വെളിപ്പെടുന്നതുമല്ല. വായനക്കാർ ഇതേവരെ കണ്ടിട്ടില്ലാത്തവിധം ഒരു പ്രത്യേക സ്ത്രീയാണവൾ. ഭാരതത്തിൽ മാത്രമല്ല, ലോകത്തിൽ എങ്ങുംതന്നെ ഇത്തരത്തിൽ ഒരു സ്ത്രീജാതിയെ നിങ്ങൾ കണ്ടിരിക്കയില്ല. ആവിധം അന്യാദൃശമായ ഒരു വിശേഷം ഇവൾക്കെന്താണെന്നല്ലേ? ശരീരവർണ്ണത്തിലാണു് ആ വിശേഷം അടങ്ങിയിരിക്കുന്നതു്. ശ്രീകൃഷ്ണന്റെ വർണ്ണവും അവളുടെ വർണ്ണത്തിനു തുല്യമല്ല. സാന്ദ്രവും സ്നിഗ്ധവുമായ നീലവർണ്ണത്തോടുകൂടിയവളാണു് അവൾ. ഇതാണു ലോകത്തിൽ ഉള്ള സ്ത്രീകളിൽവച്ചു് അവൾക്കു മാത്രമുള്ള ഒരു പ്രത്യേകത. ഈ പ്രത്യേകതയിൽ അത്യാശ്ചര്യവും അവിശ്വാസവും വായനക്കാർക്കു ജനിക്കുന്നുണ്ടാവാം. എന്നാൽ അവ യഥാ

സന്ദേഹം പരിഹരിക്കപ്പെട്ടമെന്നുള്ള സമാധാനത്തോടുകൂടി കഥാഭാഗത്തിൽ കടക്കട്ടെ! ഇല്ല, ഒരു വാക്കുകൂടി; ആ നീലനിറം അവളുടെ അത്യധികമായ സൌന്ദര്യത്തെ ഒന്നുകൂടി സൌന്ദര്യപ്പെടുത്തുകയത്രേ ചെയ്യുന്നതു്. അതാണു് അവളെ ആദ്യമേ മനോഹരാഗാത്രി എന്നു പറയാനുണ്ടായ കാരണവും.

ഈ ശ്യാമളകോമളയായ തരുണിമണിയെ താരാനാഥൻ ഒന്നുനോക്കി; വീണ്ടും നോക്കി; പിന്നെയും നോക്കി. അയാൾക്കുണ്ടായ ആശ്ചര്യത്തിനു് അളവില്ല; ആനന്ദത്തിനു അവസാനമില്ല; ആഗ്രഹത്തിനു്—എപ്പോഴും നോക്കണമെന്നുള്ള ആഗ്രഹമായിരിക്കാം—അതിരില്ല. താൻ കാണുന്നതു് ഒരു മനുഷ്യസ്ത്രീയെത്തന്നെയോ എന്നയാൾ സംശയിച്ചു. അതോ വനദേവതമാരിൽ ആരെയെങ്കിലുമാണോ എന്നയാൾ തന്നെത്താൻ ചോദിച്ചു. ഛെയ്! വനദേവതകളുണ്ടോ മനുഷ്യരോടു് അടുത്തു സഹവസിക്കുന്നു എന്നു സമാധാനിച്ചു. എന്നാൽ തന്റെ നാട്ടിലും താൻ സഞ്ചരിച്ചിട്ടുള്ള നാടുകളിലും ഈ നിറത്തിലുള്ള സ്ത്രീകളെ കാണുകയോ ലോകത്തെവിടെയെങ്കിലുമുണ്ടെന്നു കേൾക്കുകയോ ചെയ്തിട്ടില്ലല്ലോയെന്നു് അതിവ വിസ്മയിച്ചു. ഏതായാലും മനുഷ്യസാധാരണമല്ലാത്ത ഈനിറം ഇവളുടെ പരിപാകപ്രായമായ യൌവ്വനത്തിനും തജ്ജന്യമായ സൌന്ദര്യപൂരണത്തിനും ഒരലങ്കാരമായിരിക്കുന്നു എന്നു തീരുമാനിച്ചു. അങ്ങനെ തീരുമാനിച്ചുകൊണ്ടു താരാനാഥൻ വീണ്ടും അവളെ ഉറ്റുനോക്കി. രണ്ടുപേരുടെയും കണ്ണുകൾ തമ്മിലിടഞ്ഞു രണ്ടുപേരിലും ഒരേതരം പുതുവികാരം അതേസമയത്തിൽ ജനിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു് ആഹാരത്തിനു സമയമായിയെന്നു അശോകനാഥന്റെ ഭൃത്യന്മാരിൽ ഒരാൾ വന്നറിയിച്ചു. അശോകനാഥൻ ഉടനെ അതിഥികൾക്കുംപ്പെടെ ഭക്ഷണം ആ സ്ഥലത്തുതന്നെ കൊണ്ടുവരാൻ ശട്ടംകെട്ടിയയച്ചു. ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നു, എല്ലാവരും തൃപ്തിയോടുകൂടി ആഹാരംകഴിച്ചു. ആ ശ്യാമളവർണ്ണയായ യുവതിക്കും അവർ ഇരുന്നിടത്തുതന്നെയാണു് ആഹാരം നൽകപ്പെട്ടതു്. ഭക്ഷണാനന്തരം എല്ലാവരും ശയനത്തിനായി അവരവരുടെ ക്രീഡാരങ്ങളിലേയ്ക്കു പിരിഞ്ഞു. ആ അവസരത്തിൽ താരാനാഥന്റേയും ശ്യാമളവർണ്ണയുടേയും കണ്ണുകൾ പൂവ്വൽ തമ്മിലിടഞ്ഞു. ഇത്തവണ അശോകനാഥൻ അതു കാണുന്നതിനിടയായി. എന്നാൽ അശോകനാഥനു് അതിൽ ഒട്ടെങ്കിലും അസുഖം തോന്നിയില്ലെന്നു് അദ്ദേഹത്തിന്റെ മുഖഭാവം

വെളിപ്പെടുത്തി. താരാനാഥനു് അയാളുടെ അവസ്ഥയ്ക്കും അനുസ്സിനും അനുസരിച്ചു്. ഒരു പ്രത്യേകക്രമീകരണം ഏർപ്പെടുത്തിക്കൊടുത്തു. അയാളുടെ സഹചരന്മാർക്കും വേണ്ട സൗകര്യം നൽകി എന്നുള്ളതും പ്രസ്താവനീയമാണു്.

അദ്ധ്യായം ൩൨.

"അംഗനമാരും പുരുഷന്മാരും
അങ്ങൊരുമിക്കിൽവരുന്നതുകണ്ടാൽ"
".....ചിത്തത്തിൽകത്തിക്കാളും
കോപംപൊറുത്തീടാതെ പാരുഷ്യത്തോടുചൊന്നാൾ"

താരാനാഥൻ തനിക്കായിട്ടു പ്രത്യേകം സജ്ജീകരിക്കപ്പെട്ട ക്രമീകരത്തിൽ നിദ്രയ്ക്കുപോവിച്ചു. എന്നാൽ നിദ്ര അയാളെ ബാധിക്കുന്നില്ല. ശ്യാമളവർണ്ണയും കോമളരൂപിണിയുമായ ആ യുവതിയുടെ ചിന്ത അയാളെ അലട്ടിക്കൊണ്ടിരുന്നു അവളുടെ സൗന്ദര്യവും അവളുടെ കണ്ണുകളുടെ കമനീയതയും അധരത്തിന്റെ ഭംഗിയും ശരീരത്തിന്റെ വർണ്ണവും അയാളുടെ ഹൃദയത്തെ അസ്വസ്ഥമാക്കിച്ചെയ്തു. താരാനാഥൻ കിടക്കയിൽ എഴുന്നേറ്റിരുന്നു.

എന്തു"? പ്രേതയക്ഷിയോ? അതേ അതേ, പ്രേതയക്ഷി! ആ പേർ എത്ര ഗഹ്യവും ഭയങ്കരവുമായിരിക്കുന്നു! അവളുടെ നിസ്സുലമായ സൗന്ദര്യത്തിനും ആ നാമത്തിനും തമ്മിലെത്രയന്തരമുണ്ടു"! എന്നാൽ അശോകനാഥനെത്ര വാത്സല്യത്തോടുകൂടിയാണു് ആ പേരുകൊണ്ടു അവളെ അഭിസംബോധനംചെയ്തതു്. അവർക്കും അശോകനാഥനുംതമ്മിൽ എന്തുസംബന്ധമാണു"? നിശ്ചയമായും ഭാര്യാഭർത്തൃബന്ധം അവർക്കില്ല. ആ നിലയ്ക്കുള്ള, അവരെക്കണ്ടതു്. പോരെങ്കിൽ അശോകനാഥൻ സഭാര്യനല്ലെന്നാണറിവും. എന്നാൽ പുത്രീനിർവ്വിശേഷമായ ഒരു സ്നേഹഭാവം അവളിൽ അശോകനാഥനുണ്ടെന്നുകാണുന്നു. സ്വന്തം പുത്രിയല്ലെന്നുള്ളതിൽ സംശയലേശം വേണ്ട; അങ്ങനെയാണെങ്കിൽ പ്രേതയക്ഷിയാരായിരിക്കാം. ഒന്നു നിശ്ചയമാണു". അവർ കപിലമതസ്ഥരല്ല. ഇങ്ങനെയുള്ള നാമങ്ങൾ കപിലമതാവലംബികൾ സ്വീകരിക്കുകയില്ല. അവർക്കു ദുർദ്ദേവതകളിൽ വിശ്വാസമില്ല. എന്നിരുന്നിട്ടും ദുഷ്ടദേവതാനാമത്തോടുകൂടിയ ഇവളെ അശോകനാഥൻ ഇത്രത്തോളം സ്നേഹിക്കാനും മാനിക്കാനും കാരണമെന്തു"? അശോകനാഥന്റെ ഭടന്മാരിൽ

ഇവർക്കു വല്ലിയസ്വാധീനശക്തിയും അവർക്കു ഇവളിൽ വളരെയധികശക്തിയും ഉണ്ടെന്നുകാണുന്നു. അശോകനാഥനാകട്ടെ, കേവലം ഉർവ്വശീനവ്വൈനാമൃതുസ്പൃഷ്ടനാണു്. എന്നിങ്ങനെ അനവധിചിന്തകളാൽ ഗ്രസ്തചിത്തനായ താരാനാഥൻ ക്ഷേത്രത്തിനു വെളിയിൽ അങ്ങിങ്ങുലാത്തിക്കൊണ്ടിരുന്നു. ആ അവസരത്തിൽ നേരം അർദ്ധരാത്രിയോടു അടുത്തിരിക്കും. ക്ഷേത്രാങ്കണത്തിലും വെളിയിലും കിടപ്പുണ്ടായിരുന്ന ഭടന്മാരെല്ലാം ഗാഢനിദ്രയെ പ്രാപിച്ചിരിക്കുന്നു. എവിടെയും ശാന്തമായും നിശ്ശബ്ദമായും കാണപ്പെടുന്നു. തൽസമയത്തിന്റെ ധാവല്യം അവർണ്ണനീയമായിരിക്കുന്നു.

അങ്ങിങ്ങുലാത്തിക്കൊണ്ടുനിന്ന താരാനാഥൻ മൈതാനംവിട്ടു ഉപവനത്തിൽ പ്രവേശിച്ചു. അല്പദൂരം നടന്നപ്പോൾ അതിമധുരമായ ഒരുസംഗീതനാദം അയാൾ കേട്ടതുടനെ കർണ്ണാനന്ദകരമായ ഈ സംഗീതം എവിടെനിന്നുംപുറപ്പെടുന്നു എന്നു് അയാൾ ശ്രദ്ധിച്ചു. വാമഭാഗത്തുനിന്നും പുറപ്പെടുകയാണെന്നറിഞ്ഞു് അയാൾ ആ സ്ഥലത്തേ അഭിമുഖീകരിച്ചുനടന്നു. മുമ്പോട്ടുചെല്ലുന്തോറും സംഗീതം അടുത്തടുത്തുകേൾക്കായി. അല്പം അകലെയുള്ള ഒരു കെട്ടിടത്തിൽനിന്നുമാണു് സംഗീതം കേൾക്കുന്നതെന്നു ഉത്തരക്ഷണത്തിൽ താരാനാഥൻഗ്രഹിച്ചു. ശ്യാമസുന്ദരിയുടെ ചിന്ത അയാളുടെ മനസ്സിനെ അവിച്ഛിന്നമായി പ്രവർത്തിച്ചിരുന്നതിനാൽ, കേൾക്കപ്പെട്ട സംഗീതം ആ മഹിളാമണിയുടേതായിരിക്കണമെന്നും അവളുടെ താമസ്ഥലം അക്കാണുന്ന സൌധത്തിലായിരിക്കണമെന്നും അയാൾ സംശയിച്ചതിൽ ആശ്ചര്യപ്പെടാനില്ല. സൌധത്തോടു അടുത്തപ്പോൾ അതിനുള്ളിൽ വിളക്കുകത്തുന്നതു കാണാമായിരുന്നു. കെട്ടിടത്തിന്റെ പിൻഭാഗത്താണു് അയാൾ ചെന്നുചേർന്നതു്. ആ ഭാഗത്തു് ഒന്നൊന്നരയാൾപൊക്കത്തിലുള്ള ഒരു വാതായനത്തിൽ കൂടിയാണു് അകത്തെവെളിച്ചം പുറത്തേക്കു കണ്ടതു്. താരാനാഥൻ ആ കെട്ടിടത്തിന്റെപുരോഭാഗത്തുചെന്നു. പ്രവേശനദ്വാരം അല്പംചാരിയിരിക്കുമാത്രമേചെയ്തിട്ടുള്ളൂ. അകത്തുകടന്നാലെന്താണു് എന്നു തന്നത്താൻചോദിച്ചു. സമാധാനം കിട്ടുന്നതിനുമുമ്പു് അയാളുടെ പിൻഭാഗത്തുള്ള വൃക്ഷങ്ങളുടെ ഇടയിൽ ഒരുവലിയ പ്രകാശവും ഒട്ടുവളരെ ആളുകളുടെ പദവിന്യാസശബ്ദവും ആവിർഭവിക്കയാൽ താരാനാഥന്റെ ദൃഷ്ടിയും ശ്രദ്ധയും അങ്ങോട്ടുപതിഞ്ഞു. ഉത്തരക്ഷണത്തിൽ അയാൾ, അടുത്തു് അകലെയായി മരങ്ങൾക്കിടയിൽ മറഞ്ഞുനിന്നു. പത്തുമുപ്പതാളുകൾ ആ കെട്ടിടത്തിന്റെ പ്രവേശനദ്വാരത്തെ അഭിമുഖീകരിച്ചുവരികയായിരുന്നു. അവരിൽ അധികംപേരും സ്ത്രീകളാണു്. രണ്ടു

പുരുഷന്മാർ ആ സംഘത്തിന്റെ നേതൃത്വം വഹിച്ചുമുമ്പിൽ നടക്കുന്നു. അവർ രണ്ടുപേരും ഓരോ തീവെട്ടി പിടിച്ചിരിക്കുന്നു. അഞ്ചെട്ടുപുരുഷന്മാർ പിറകിലുംഉണ്ട്. ശേഷംഎല്ലാപേരുംസ്ത്രീകളാണു്. അവരുടെ സംഖ്യ ഇരുപതോളം ഉണ്ടു്. ഈ സ്ത്രീപുരുഷന്മാർ കേവലം ലൌകികന്മാരാണെന്നു പറഞ്ഞുകൂടാ. കാഷായവേഷമാണു്സകലരും സ്വീകരിച്ചിരിക്കുന്നതു്. സന്യാസാശ്രമാവലംബികളാണെന്നു് അതുകൊണ്ടു മനസ്സിലാക്കാം. സ്ത്രീകളിൽഅധികംപേരും യൌവനദശയിൽ എത്തിയ ചെറുപ്പക്കാരാണു്. ബ്രഹ്മചാരിണികളാണെന്നു പ്രത്യേകം പറയണമെന്നില്ല. അവരുടെ സൌകുമാര്യത്തെപ്പറ്റിയുള്ള പരിചിന്തനത്തിനു ലൌകികന്മാരായ നമുക്കു് അവകാശമില്ല. എന്നിരുന്നാലും കണ്ടാൽകൊള്ളരുതാത്ത ഒന്നെങ്കിലും അക്കൂട്ടത്തിലില്ലെന്നു ചുരുക്കിപ്പറയാതിരിക്കാൻ എനിക്കു ക്ഷമയില്ല. ഈ യുവസന്യാസിനികളുടെ നേതൃത്വം മദ്ധ്യവയസ്കയായ ഒരു സന്യാസിനിയിൽ സ്ഥിതിചെയ്യുന്നതായിട്ടാണു കാണപ്പെടുന്നതു്. ആ നായിക വഹിച്ചിരിക്കുന്ന കൊടിയിൽ "സരോജിനി" എന്നെഴുതിക്കാണുന്നതു് അവരുടെ നാമധേയംതന്നെ ആയിരിക്കാം.

ആ സന്യാസസംഘം, നിസ്സംശയം കെട്ടിടത്തിനുള്ളിൽകടന്നു, കടക്കുന്നതിനു മുമ്പായിത്തന്നെ പുരോഗാമികളുടെ കൈയിലിരുന്ന തീവെട്ടികൾ അണച്ചുകളഞ്ഞു. സംഘം കെട്ടിടത്തിൽ പ്രവേശിച്ച മാത്രയിൽ, സംഗീതനാദം പൂർവ്വാധികം ശക്തിയിൽ മുഴങ്ങിത്തുടങ്ങി. അതേസമയത്തിൽ, താരാനാഥനും ധൈര്യപൂർവ്വം കെട്ടിടത്തിനകത്തുകടന്നു. ആ കെട്ടിടം വിശാലമായ ഒരൊറ്റമുറി മാത്രമായിരുന്നു. എന്നാൽ അകത്തെപ്പണിത്തരങ്ങൾ ആരെയും അത്ഭുതപരതന്ത്രരാക്കത്തക്കവിധത്തിലാണത്രേ. മദ്ധ്യത്തിൽ രണ്ടുവരി കരിങ്കൽത്തൂണുകൾ അടുത്തടുത്തു സ്ഥാപിച്ചിട്ടുണ്ടു്. അവയ്ക്കു പിറകിൽ വേറെയും രണ്ടുവരിത്തൂണുകൾ നിരത്തിയിട്ടുണ്ടു്. അവയ്ക്കു് മറ്റതിനോളം ഉയരം ഉണ്ടായിരുന്നില്ല. താരാനാഥൻ, വളരെ പിന്നിലുള്ള ഒരു തൂണിന്റെ ചുവട്ടിൽ മറഞ്ഞുനിന്നു് അതിനകത്തു് ഇനി നടക്കാൻപോകുന്ന വിശേഷങ്ങളെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

കെട്ടിടത്തിനുള്ളിൽ ഒരറ്റത്തു് അല്പമാത്രം പൊക്കമുള്ള ഒരു പീഠമുണ്ടായിരുന്നു. ആദ്യംപറഞ്ഞ സന്യാസിമാർ രണ്ടുപേരും അതിന്മേൽ കയറിനിന്നു. മറ്റുള്ളവർ അവരുടെ ചുറ്റുംനിന്നു് എല്ലാവരും ഭക്തിപൂർവ്വം ഈശ്വരപ്രാർത്ഥനനടത്തി. അതുകഴിഞ്ഞു് ബ്രഹ്മചാരിണികളായ ആ സന്യാസിനികൾ സ്വരമാധുര്യത്തോടുകൂടി ഭക്തിവിഷയകമായി ഗാനങ്ങൾ പാടാൻ ആരംഭിച്ചു. താരാ

നാഥൻ ഇവയെല്ലാം ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

എല്ലാവരും സംഗീതമാധുര്യത്തിൽലയിച്ചു് അങ്ങിനെ നില്ക്കുന്ന വട്ടത്തിൽ, പിറത്തിന്റെ പിൻഭാഗത്തുള്ള ഒരു ചെറിയ കതകു പെട്ടെന്നു തുറക്കപ്പെട്ടു; മദ്ധ്യവയസ്കനായ ഒരു യോദ്ധാവും യൌവനയുക്തയായ യുവതിയും അതുവഴിയാവിർഭവിച്ചു. യോദ്ധാവു് നമ്മുടെ അശോകനാഥനല്ലാതെ മറ്റാരുമായിരുന്നില്ല. സ്ത്രീയെ ഇനിമേൽ നമുക്കു പരിചയപ്പെടേണ്ടിയിരിക്കുന്നു. ശുദ്ധവസ്ത്രധാരിണിയായ ആ യുവതി വസ്ത്രാഞ്ചലത്തെ തലയിൽക്കൂടി വലിച്ചു പിൻഭാഗത്തോട്ടിട്ടിരിക്കുന്ന ആ കാഴ്ച ചേതോഹരമായിരിക്കുന്നു. അവൾ കാഴ്ചയിൽ പ്രേതയക്ഷിയുടെ നേർപകർപ്പാണെന്നുവേണം പറവാൻ. നിറത്തിൽമാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളൂ. ഇവളുടെ നിറം തങ്കവർണ്ണത്തെയും അതിശയിക്കുന്നുണ്ടു്. അശോകനാഥൻ തന്റെ വാമഹസ്തത്താൽ അവളുടെ ദക്ഷിണഹസ്തത്തെ കോർത്തുപിടിച്ചിരിക്കുന്നു. പൊടുന്നനവേ പ്രത്യക്ഷരായ അശോകനാഥനെയും യുവതിയെയുംകണ്ടു, സന്യാസികൾ ഭയവിഹ്വലരായി മാറത്തടിച്ചും തൊഴിച്ചും നിലവിളിക്കുട്ടിത്തുടങ്ങി. അശോകനാഥൻ ആ സ്ത്രീപുരുഷന്മാരെക്കണ്ടമാത്രയിൽ ക്രോധപാരവശ്യത്താൽ വിഹ്വലപാദനായി ഭവിച്ചു. പുരികങ്ങൾ വില്ലുപോലെ മേല്പോട്ടു വളഞ്ഞു വശമായി. കടക്കണ്ണുകൾ രക്തവർണ്ണങ്ങളായിച്ചമഞ്ഞു. കണ്ണുകളിൽനിന്നും തീപ്പൊരി പറക്കുന്നുണ്ടെന്നു തോന്നി.

പീഠോപരിസ്ഥനായ ഒരു സന്യാസി അത്യുച്ചത്തിൽ "ഓ! ഞങ്ങളെ വിട്ടുപിരിഞ്ഞുപോയ യുവതി തിരിയ്ക്കു വന്നുവോ? ദൈവം വീണ്ടും അവളെ ഞങ്ങളുടെ മുമ്പാകെ കൊണ്ടുവന്നുവോ? അതോ അവൾ ഇനിയും ആ നിന്ദ്യമായ വൈദികമതത്തെ ആദരിക്കുന്നവളായി ഇവിടെ ആഗതയായതാണോ?" എന്നിങ്ങനെ ശങ്കിച്ചു. അതുകേട്ട സന്യാസിനികൾ "ഇല്ല, അവൾ നമ്മുടെ സഹോദരിയാണു്. ദൈവം അനുഗ്രഹിച്ചതിനാൽ അവൾക്കു ഇപ്പോൾ നല്ല ബുദ്ധിതോന്നി നമ്മേ അന്വേഷിച്ചുവന്നിരിക്കയാണു്. സഹോദരീ! വരിക! ഞങ്ങൾ നിന്റെ തെറ്റിനെ ക്ഷമിച്ചിരിക്കുന്നു" എന്നു ക്ഷണിച്ചു. യുവതിയാകട്ടെ, അശോകനാഥനാകട്ടെ, അതിനു യാതൊരു സമാധാനവും പറഞ്ഞില്ല. അവരുടെ ഓരോ വാക്കുകളും അശോകനാഥന്റെ കാതുകൾക്കു ചുട്ടുപഴുപ്പിച്ച നാരാചമായി ഭവിച്ചു. തന്നിമിത്തം പൂർവ്വാധികം കോപം അശോകനാഥനെ ബാധിച്ചു. കോപാഗ്നികണങ്ങൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ

നിന്നും ചിതറുന്നുണ്ടായിരുന്നു. സന്യാസികളും സന്യാസിനികളും അതുകണ്ടു്, ബാറന്റെ തടികണ്ട കുറക്കാരെപ്പോലെ വിറച്ചുതുടങ്ങി.

താരാനാഥനാകട്ടെ, ഇതൊന്നും തികച്ചും കാണുന്നുണ്ടായിരുന്നില്ല. അയാളുടെ നയനങ്ങളും ആ നൂതനയുവതിയുടെ ആപാദചൂഡം പ്രവർത്തിച്ചുകൊണ്ടിരുന്നു. താരാനാഥൻ വിസ്മയാകുലനായി ഭവിച്ചു ഉയരത്തിലാകട്ടെ, അവയവഘടനയിലാകട്ടെ. അവയവംപ്രതിയുള്ള സൌന്ദര്യത്തിലാകട്ടെ, ആകപ്പാടെയുള്ള തേജസ്സിലാകട്ടെ, പ്രേതയക്ഷിക്കും ഇവൾക്കും തമ്മിൽ കടുകളവ്യത്യാസമില്ല. മുഖശ്രീപോലും തുല്യഭാവത്തെ അവലംബിച്ചുകാണുന്നു. നിറത്തിൽമാത്രം വ്യത്യാസം. അതേ ഗണ്യമായ വ്യത്യാസം. ഇവൾ സപ്തവിഗ്രഹമെങ്കിൽ, അവൾ ശ്യാമളതയുടെ അവതാരം, ഇതല്ലാതെ ഈഷദ്വ്യത്യാസം ഇവരിൽ കണ്ടുപിടിക്കാൻ ഏതൊരാളിനും കഴിയുന്നതല്ല. താരാനാഥനു വീണ്ടും വീണ്ടും ആശ്ചര്യമുണ്ടായി. ഇങ്ങനെ വരാൻ കാരണമെന്തു്? ഇവർക്കു തമ്മിൽ സഹോദരസംബന്ധമുണ്ടോ? ഹെയ്! എന്നാൽ പ്രായത്തിന്റെ ക്രുദ്ധതൽകുറവു് അല്പമെങ്കിലും മുഖത്തുദ്യോതിക്കാതിരിക്കുമോ? ഒരുപക്ഷേ ഇരട്ടപ്രജകളായിരിക്കാം. അതേ അങ്ങനെവരാം. എന്നിങ്ങനെ അയാൾ ചിന്തിക്കുന്നതിനിടയ്ക്കു് "അല്ലയോ സഹോദരീ! നീ വീണ്ടും ഞങ്ങളുടെ ക്രുദ്ധത്തിൽ ചേർന്നുകൊള്ളുക! നിന്റെ തെറ്റിനെ ഞങ്ങൾ ക്ഷമിക്കാം. ഞങ്ങൾ ക്ഷമിച്ചാൽ ദൈവവും ക്ഷമിക്കും. നിനക്കു അദ്ദേഹം നിത്യസമാധാനത്തെ നൽകും. നീ ഞങ്ങളോടു ചേർന്നു ഞങ്ങളുടെ ആദർശങ്ങളെ അനുസരിക്കുകയാണെങ്കിൽ ദൈവം നിനക്കു നിർവ്വാണമരുളും. നീ ഞങ്ങളുടെ വാക്കിനെ തട്ടാതെവരിക! ഞങ്ങൾ നിന്നെ സ്വാഗതം ചെയ്യട്ടെ!" എന്നു സരോജിനിക്കൊടിപിടിച്ചുവന്ന ആ സന്യാസിനി, അശോകനാഥഹസ്താവലംബിനിയായ യുവതിയേനോക്കി വാത്സല്യപൂർവ്വം വിളിച്ചുപറഞ്ഞു സരോജിനി എന്ന ആ സന്യാസിനി തടിച്ച ശരീരവും സഗൗരവദൃഷ്ടിയും ഉള്ള ഒരു ഉന്നതശരീരയാണെന്നു വായനക്കാരെ പരിചയപ്പെടുത്തട്ടേ!

സരോജിനിയുടെ വാക്കുകളിൽ അതിവൈരൂപ്യം അറപ്പും തോന്നിയ ആ യുവതി തന്റെ സ്വതസിദ്ധമായ വാങ്മാധുര്യത്തോടുകൂടി പ്രസംഗിച്ചതാവിതു്:—"ഞാൻ പറയുന്നതിനെ ക്ഷമയോടുകൂടി കേൾക്കുവിൻ; സ്ത്രീസഹജമായ ചപലസ്വഭാവത്തേയും ശുഷ്കബുദ്ധിയേയും വെളിപ്പെടുത്തുവാനായിട്ടല്ല ഞാൻ ഇവിടെ വന്നതു്. എന്റെ ദൃഢചിത്തതയും നിർബന്ധബുദ്ധിയും നിങ്ങൾ ഇതിനു മുമ്പു നല്ലവണ്ണം അറിഞ്ഞിരിക്കാൻ ഇടയുണ്ടു്. എന്റെ ഉദ്ദേശം

യാതൊന്നോ ആ ഉദ്ദേശത്തെ മുൻനിത്തി എന്റെ ഭാവിജീവിതത്തെ നയിക്കണമെന്നു ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ ശോഷ്ടികളും ഗഹ്നീയമായ ആദർശങ്ങളും നിഷ്കൃഷ്ടമായ നിയമങ്ങളും മറ്റും ഞാൻ നല്ലപോലെ മനസ്സിലാക്കിക്കഴിഞ്ഞു. നിങ്ങൾ എന്റെ തെറ്റുകളെ ക്ഷമിച്ചു് എന്നെ ക്രുത്തിൽ ചേർത്തുകൊള്ളാമെന്നും മറ്റുമുള്ള വാക്കുകൾ ഇനി ആവശ്യമില്ല. എനിക്കു് എന്റെ സ്വാതന്ത്ര്യമാണു് വലുതു്. ജന്മസിദ്ധമായ ആ സ്വാതന്ത്ര്യത്തെ ബലികഴിക്കാൻ ഞാൻ തയ്യാറില്ല. എന്റെ സ്വാതന്ത്ര്യത്തെത്തടയാൻ മറ്റാർക്കും അവകാശമില്ല. അതിനു ഞാൻ സമ്മതിക്കയുമില്ല. എന്റെ മനസ്സാക്ഷിയത്രേ എന്നെ നയിക്കുന്നതു്. വായുസഞ്ചാരമില്ലാത്ത മുറിയിൽക്കിടന്നു് മൂട്ടപടവും ധരിച്ചു് നിലവിളിക്കാൻ എനിക്കിഷ്ടമില്ല. അന്യർക്കു അടിമപ്പെട്ടും അന്യരെ ഭയന്നും ജീവിക്കാൻ എനിക്കു് ആഗ്രഹമില്ല. നിങ്ങളുടെ ശോഷ്ടിയിൽചേർന്നു പരിശുദ്ധമായ വൈദികമതത്തിന്റെ പേരുംപറഞ്ഞു, സൂര്യപ്രകാശവും ശുദ്ധവായുവും ഏല്ക്കാതെ നിങ്ങളുടെ മഠങ്ങളിൽ ഒരു തടവുകാരത്തിയുടെ നിലയിൽ കഴിഞ്ഞുകൂടാൻ എനിക്കു അശേഷം താല്പര്യമില്ല. മഹത്തായ ആദർശങ്ങളും വിശിഷ്ടമായ ചിന്തനങ്ങളും സ്വീകരിച്ചു് അവയെ അനുഭവത്തിൽ കൊണ്ടുവന്നു് സ്വാതന്ത്ര്യത്തെപ്പുലർത്താനാണു ഞാൻ ആഗ്രഹിക്കുന്നതു്. അതുകൊണ്ടു് നിങ്ങളുടെ ശോഷ്ടിയിൽ ചേർന്നുകൊള്ളാമെന്നു ഞാൻ ചെയ്തിട്ടുള്ള സത്യത്തിൽ നിന്നും എന്നെ വേർപ്പെടുത്തുവിൻ. സത്യം സർവ്വത്തിലുംവച്ചു വലുതാണെന്നു ഞാൻ വിശ്വസിക്കുന്നതുകൊണ്ടു് അപ്രകാരം ആവശ്യപ്പെടുന്നതാണു്. അതുകൊണ്ടു് ഞാൻ എന്നെ അറിയാതെ ചെയ്തുപോയ സത്യത്തിൽനിന്നും എന്നെ മോചിപ്പിക്കുവിൻ! ഇനി ആ സത്യത്തിനു ഞാൻ കീഴ്പ്പെടുകയില്ല. അതിൽനിന്നും എന്നെ മോചിപ്പിക്കുന്നതിനായി നിങ്ങൾ ആവശ്യപ്പെട്ട പണം ഞാൻ തരാം; അതു ഞാൻ കൊണ്ടുവന്നിട്ടുണ്ടു്"

യുവതിയുടെ പ്രസംഗംകേട്ടു് വ്യസനപാരവശ്യത്തോടുകൂടി സരോജിനി പറഞ്ഞു:—"ചെറുപെണ്ണേ! നിന്റെ പണവും മറ്റും ഞങ്ങൾക്കു് ആവശ്യമില്ല. നീ വീണ്ടും ഞങ്ങളുടെ സംഘത്തിൽ ചേർന്നാൽ മാത്രം മതി."

"ഇല്ല; ഒരിക്കലും ഞാൻ അപ്രകാരം ചെയ്യുകയില്ല." എന്നു് അവൾ ഖണ്ഡിച്ചു പറഞ്ഞു.

"പെണ്ണേ! ശാഠ്യമരുതു്" ഞാൻ വീണ്ടും ആവശ്യപ്പെടുന്നു. "ഞങ്ങളുടെ സംഘത്തിൽ ചേർന്നുകൊൾക!" എന്നു സരോജിനി പിന്നെയും സ്നേഹഭാവേന ആവശ്യപ്പെട്ടു.

യുവതി:—ഇല്ല, എനിക്കതിനു സമ്മതമില്ല. ഇനിമേൽ, എന്നെ ആ പഴയപേർ നിങ്ങൾ ചൊല്ലിവിളിക്കരുതു്. ജനനകാലത്തു് എന്റെ മാതാവു വിളിച്ച ആ നാമംതന്നെ വീണ്ടും ഞാൻ സ്വീകരിച്ചിരിക്കുന്നു. അതെ, അപ്പേരാണു് എനിക്കിഷ്ടം. എന്റെ പ്രിയപ്പെട്ടമാതാവു് എനിക്കു നൽകിയ നാമത്തെ അവഗണിക്കുന്നതു് ആ മാതാവിനെ അവഗണിക്കുന്നതിനു തുല്യമാണു്. എന്നെ വാത്സല്യപൂർവം പോറ്റിവളർത്തിയ ആ അമ്മ "സരസ്വതി," എന്നാണു എനിക്കു പേർ വിളിച്ചതു്. മേലും എന്റെ പേർ അതുതന്നെയായിരിക്കും.

താരാനാഥനു്, ആ പേർ കേട്ടപ്പോഴുണ്ടായ സന്തോഷത്തിനു അവസാനമില്ല. സരസ്വതി സാക്ഷാൽ സരസ്വതിതന്നെ എന്നു് അയാൾ വിശ്വസിച്ചു. വചോവിലാസംകൊണ്ടും സൗന്ദര്യസമ്പത്തുകൊണ്ടും അവൾ സരസ്വതിയോടു കിടപിടിക്കേണ്ടവളാണെന്നു് അയാൾ തീരുമാനിച്ചു

കുറേനേരത്തേയ്ക്കു് കെട്ടിടത്തിനകം, ബലികഴിഞ്ഞ കളംപോലെ കേവലം നിശ്ശബ്ദതയെപ്രാപിച്ചു. പിശാചരിഷ്ഠരായ സന്യാസികൾ ദുഃഖപരവശന്മാരായി മേല്പോട്ടു മിഴിച്ചുനോക്കികളായി ശിലാപ്രതിമകളെപ്പോലെ സ്ഥിതിചെയ്തു. വ്യാകുലരായ സന്യാസികളാകട്ടേ, അശ്രുപൂർണ്ണങ്ങളായ തങ്ങളുടെ നയനങ്ങളെ സരസ്വതിയുടെ മുഖത്തേക്കുപായിച്ചുകൊണ്ടു് മരപ്പാവകളെന്നോണം നിന്നിടത്തുതന്നെ നിന്നു. മാത്രകഴിഞ്ഞു് സരോജിനിയുടെ ആജ്ഞപ്രകാരം അവർ ഒരു ഖേദഗാനം പാടി അവസാനിപ്പിച്ചു. അതിനു ശേഷം ആ സന്യാസികൾ സരസ്വതിയെനോക്കി, "ഹേ! പാപിഷ്ടയായ പെണ്ണേ! ഈനിമിഷംമുതൽ നിന്നെ ഞങ്ങൾ ഞങ്ങളുടെ സംഘത്തിൽനിന്നും തള്ളിയിരിക്കുന്നു" എന്നു വിളിച്ചുപറഞ്ഞു. അതിനെത്തുടർന്നു് സന്യാസികളിൽ അതേവാക്കുകളെത്തന്നെ ഏകകണ്ഠമായി ഉച്ചരിച്ചു. ഒടുവിൽ സരോജിനി എന്ന സന്യാസിനി പ്രത്യേകമായി, "ചെറുപെണ്ണേ! നി ചെയ്ത സത്യത്തിൽനിന്നും ഞാൻ ഇതാ നിന്നെ മോചിപ്പിച്ചിരിക്കുന്നു." എന്നു പ്രഖ്യാപനം ചെയ്തു. അതേസന്ദർഭത്തിൽ, താരാനാഥന്റെ സമീപത്തുള്ള വാതിൽകടന്നു് ഒരാൾ പാഞ്ഞുവരുന്ന ശബ്ദംകേട്ടു് അയാൾ തിരിഞ്ഞു. അതിനകം അവിടംകഴിഞ്ഞു വെളിച്ചത്തെത്തിയ ആ ദൃഢഗാത്രനായ ഒരു സന്യാസിയായിരുന്ന അയാൾ മുഖം മുണ്ടുകൊണ്ടു മറച്ചിരുന്നതിനാൽ ആളിനെ തിരിച്ചറിയാൻ പാടില്ലായിരുന്നു. അതിനകത്തുണ്ടായ അതേവരെയുള്ള സംഭവങ്ങളാൽ, സന്തോഷം, സന്താപം, ആശ്ചര്യം മുതലായ വിവിധഭാഗങ്ങൾക്കു

വിധേയനായി, മേലെന്താണ് അവിടെ സംഭവിക്കാൻ പോകുന്നതെന്ന് അറിവാനുള്ള ഉൽക്കണ്ഠയോടുകൂടി, കണ്ണും കരളും പീഠത്തിനരികെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കേ, പെട്ടെന്നൊരാൾ പിന്നിൽനിന്നും പാഞ്ഞുവന്നു മുമ്പോട്ടുകടന്ന് ആ കാഴ്ച താരാനാഥനെ ഒട്ടൊന്നു നടുങ്ങിച്ചു എങ്കിൽ ആശ്ചര്യപ്പെടാനുമില്ല. ആ സന്യാസി താരാനാഥന്റെ നാലഞ്ചുവാര മുമ്പിലുള്ള ഒരു തൂണിന്റെ മുവട്ടിൽ മറഞ്ഞുനിന്നു.

സരോജിനി വീണ്ടും തുടർന്നുപറഞ്ഞു—"അതേ, ഇന്നുനിമിഷം മുതൽ നിന്നെ ഞങ്ങളുടെ സംഘത്തിൽനിന്നും തള്ളിയിരിക്കുന്നു. ഇനിമേൽ നിനക്ക് എങ്ങനെ ഇഷ്ടമോ അങ്ങനെ നടന്നുകൊള്ളുക! നിനക്ക് അത്യപല്ലരമായ ബുദ്ധി ഏതൊരാൾ ഉപദേശിച്ചാലും അതുനിമിത്തം നിന്നക്ക എന്തൊരു നാശം സംഭവിച്ചാലും ഞങ്ങൾക്ക ഉത്തരവാദിത്വമില്ല. നീ കുറേപണം തരാമെന്നും അപ്പണത്തെ ഞങ്ങൾ സ്വീകരിക്കണമെന്നും നീ പറയുകയുണ്ടായി. എന്നാൽ നീ ഞങ്ങളുടെ സംഘത്തിൽനിന്നും ഒഴിഞ്ഞുപോയതുകൊണ്ട ഞങ്ങളെക്കുടെ ബാധിക്കാനിടയുള്ള നിന്റെ പാപത്തിന്റെ അംശത്തെ നശിപ്പിക്കാൻ ഒരുങ്ങുന്നില്ല. ദുർഗ്ഗാദേവിയുടെ പ്രീതിക്കായി പലേ സല്കർമ്മങ്ങൾ ചെയ്യേണ്ടിയിരിക്കുന്നതിനാൽ നിന്റെ വകയുള്ള അശോകനാഥൻ തരാമെന്നുപറയുന്ന ആ പണം ഞങ്ങൾ സ്വീകരിക്കാം.

അശോകനാഥൻ അതുകേട്ട്, "മതിമതി സംസാരം ഇവിടെ അവസാനിപ്പിക്കണം" എന്ന ഗംഭീരസ്വരത്തിൽ ആജ്ഞാരൂപേണ അരുളിച്ചെയ്തു.

സരോ:—ഓഹോ! അങ്ങനെയോ? എന്നാൽ ഒരു വാക്കുകൂടി പറയാനുണ്ട്. ഈ പെണ്ണിനുവേണ്ടി നീ കൊണ്ടുവന്നിട്ടുള്ള പണത്തെ ഞങ്ങൾ സ്വീകരിക്കുന്നില്ല. ആ പണത്തെ ഞാൻ വെറുക്കുന്നു കൊലപാതകം തുടങ്ങിയുള്ള മഹാപാതകങ്ങൾചെയ്തു സമ്പാദിച്ച അപ്പണം സ്വീകാര്യമല്ല.

"നീ എന്തുപറഞ്ഞു ദുഷ്ടേ?" എന്നു ഗർജ്ജിച്ചുകൊണ്ട് അശോകനാഥൻ ഖഡ്ഗവും കൈയുമായി മുമ്പോട്ടുപാഞ്ഞു. അതേനിമിഷത്തിൽ സരസ്വതി കുതിക്കിട്ട തടഞ്ഞിരുന്നില്ലെങ്കിൽ, കഥ എന്താകുമായിരുന്നു എന്നു നിശ്ചയമില്ല. "പാടില്ല, പാടില്ല. പെൺകൊല ലോകപഴിക്കു കാരണമായിത്തീരും. വിവരമില്ലാത്ത ഒരു സ്ത്രീ എന്തും പറയട്ടേ! കൃത്യാകൃത്യബോധമുള്ള അങ്ങ് അതിനെ ചെവിക്കൊള്ളാവുന്നതല്ല" എന്നിങ്ങനെയുള്ള സരസ്വ

തിയുടെ വാക്കുകൾ അശോകനാഥന്റെ കോപത്തെ ഒട്ടൊന്നു ശമിപ്പിച്ചു. അനന്തരം സരസ്വതി, സരോജിനിയോട് "ഇനിയും എന്തെങ്കിലും പറവാനുണ്ടോ?" എന്നു ചോദിച്ചു. സരോജിനി പറഞ്ഞു—"ഉണ്ടു"; നീ കൊണ്ടുവന്നിട്ടുള്ള പണത്തെ ഞങ്ങൾ തൊടുകയില്ല. ഇനിമേൽ നി വളരെ സൂക്ഷിച്ചിരിക്കണം; ദൈവം നിന്നെ ഭയങ്കരമായ ശിക്ഷ അനുഭവിപ്പിക്കും. നീ ഞങ്ങളെ വിട്ടൊഴിഞ്ഞു എങ്കിലും ദൈവത്തിന്റെ കണ്ണിൽനിന്നും ഒഴിയാൻസാധിക്കുന്നതല്ല. ആ ദേവി നിന്നെ എപ്രകാരംദണ്ഡിക്കുമെന്നു എനിക്കു അറിഞ്ഞുകൂടാ.

അതേസന്ദർഭത്തിൽ "സരസ്വതി അനുഭവിക്കാൻ പോകുന്ന ശിക്ഷ അംഗനാമുംബനം അല്ലെങ്കിൽ വെങ്കലപ്രതിമ" എന്ന ഒരു വലിയ അശരീരി ഉണ്ടാവുകയും മറഞ്ഞുനിന്ന സന്യാസി അലറിക്കൊണ്ടു പീഠത്തോടടുക്കുകയും പ്രകാശിച്ചുകൊണ്ടിരുന്ന വിളക്കുകൾ പെട്ടെന്നണയുകയും സരസ്വതി നിലവിളിച്ചുകൊണ്ടു മൂർച്ഛിച്ചു നിലത്തുവീഴുകയും ഒന്നിച്ചുകഴിഞ്ഞു.

അദ്ധ്യായം ൬.

"സുന്ദരകളേബരനവളെയുംകൊണ്ടുടൻ
മന്ദതവിട്ടബഹിർദ്വാരംകടന്നീടിനാൻ"

കഴിഞ്ഞ അദ്ധ്യായത്തിന്റെ ഒടുവിൽപറഞ്ഞ സംഭവങ്ങൾ താരാനാഥൻ, തൂണിന്റെ ചുവട്ടിൽ മറഞ്ഞുനിന്ന കാണുന്നുണ്ടായിരുന്നല്ലോ. ആ സന്ദർഭത്തിൽ അതിനകത്തുണ്ടായ കോലാഹലം എന്താണെന്നു പറഞ്ഞറിയിക്കാൻ പ്രയാസം പീഠത്തിനരികേ പരസ്പരം ഉന്തും തള്ളും പിടിയും വലിയും നടക്കുന്നുണ്ടെന്നു താരാനാഥനുതോന്നി. ചിലർ ബദ്ധപ്പെട്ടു വെളിക്കുചാടി ഓടുന്നതും അയാൾ കണ്ടു. ഇതെല്ലാം അധികനേരം കണ്ടുകൊണ്ടു നില്ക്കാനുള്ള ക്ഷമ താരാനാഥനില്ലാതെയായി. അയാൾ ഒരൊറപ്പാച്ചിലിനു പീഠത്തിനുസമീപമെത്തി ജനക്കൂട്ടത്തിനുള്ളിൽകടന്നു. മാത്രകഴിഞ്ഞു ഒരു വലിയഭാരത്തെ ചുമലിൽവഹിച്ചുകൊണ്ടു നിഷ്പ്രയാസം വെളിക്കുചാടി. ചുമലിലിരിക്കുന്ന ഭാരത്തെ ഇടത്തേക്കൈകൊണ്ടുതാങ്ങിയിരിക്കുന്നു. വലത്തേക്കൈയിൽ വാളേന്തിയിട്ടുണ്ടു. ചുമലിൽ വഹിച്ചിരുന്നഭാരം ഒരു നാരീമണിയുടേതായിരുന്നു. ആ നാരീരത്നം സരസ്വതിയല്ലാതെ മറ്റാരുമായിരുന്നില്ല. വെളിയിൽ സന്യാസിനികളും സന്യാസികളുമായി ആറേഴാളുകൾ നില്ക്കുന്നുണ്ടായിരുന്നു. അവരിൽ

ഒരു സന്യാസിനി സരോജിനിയാണെന്നു് താരാനാഥനു മനസ്സിലായി. സരസ്വതിയെ എടുത്തുകൊണ്ടുപോകുന്നതു താരാനാഥനെക്കണ്ടയുടനേ സരോജിനിയുംകൂട്ടരും സന്തോഷശബ്ദം പുറപ്പെടുവിച്ചുകൊണ്ടു മുമ്പോട്ടുവന്നു. അടുത്തനിമിഷത്തിൽ പ്രതീക്ഷിക്കപ്പെട്ട ആളല്ലെന്നുകണ്ടു് സംഭ്രമം ഞെട്ടിപ്പിറകോട്ടുമാറി എങ്കിലും അവർവീണ്ടും അടുത്തു താരാനാഥനെത്തുവന്നു. പക്ഷേ അയാളുടെ കയ്യിൽ തിളങ്ങുന്ന കരവാളംകണ്ടു് അയാളെ എതിർത്തുനില്ക്കാൻ ധൈര്യമുണ്ടായില്ല. താരാനാഥൻ കൃപാണത്തെ ചലിപ്പിച്ചുമുമ്പോട്ടുപായുംമുമ്പു് അവർ പലായനംചെയ്തു. താരാനാഥൻ സന്തോഷത്തോടുകൂടി,സരസ്വതിയെ ഒരു പുൽപ്രദേശത്തുകൊണ്ടുചെന്നുകിടത്തി; അവളുടെ മുഖത്തു് ഉറ്റുനോക്കി; അപ്പോഴും അവൾ ബോധരഹിതയായിത്തന്നെ കാണപ്പെട്ടു. സമീപത്തുള്ള ഒരു വൃക്ഷത്തിൽ നിന്നും, നീഹാരശീകരങ്ങളാൽ ശീതളമായ പല്ലവങ്ങൾ ഒടിച്ചുകൊണ്ടുവന്നു് അവളുടെ മുഖത്തുവീശി. മാത്രകഴിഞ്ഞു് അവളുടെ കരചരണങ്ങൾ ചലിക്കുകയും കണ്ണുതുറന്നു ചുറ്റും നോക്കുകയും ചെയ്തു. താരാനാഥനെക്കണ്ടു് അവൾ ഒന്നുകൂടി സൂക്ഷിച്ചുനോക്കിയിട്ടു വീണ്ടും കണ്ണുകൾ അടച്ചു. താരാനാഥൻ ശാന്തസ്വരത്തിൽ "എന്തിനാണു സംശയിക്കുന്നതു്? കണ്ടതു് ഒരു ശത്രുവിനെയല്ല" എന്നുപറഞ്ഞു. അതുകേട്ടു് അവൾ പിന്നെയും കണ്ണുതുറന്നു താരാനാഥനെനോക്കി "എന്നതന്നെയാണു് എന്റെറയും വിശ്വാസം" എന്നുപറഞ്ഞു. താരാനാഥൻ ചോദിച്ചു:—"ഞാൻ പറഞ്ഞതിൽ പിന്നീടല്ലേ വിശ്വസിച്ചതു്?"

സരസ്വതി:—അല്ല, കണ്ടപ്പോൾതന്നെ വിശ്വസിച്ചു.

താരാനാഥൻ:—എന്നാൽ ഭവതിക്കു് ഞാൻ പരിചിതനോ?

സരസ്വതി:—അല്പമാത്രം.

താരാ:—എങ്ങിനെ?

സര:—ഒരിക്കൽകണ്ടു.

താരാ:—ഞാൻ ഓർക്കുന്നില്ലല്ലോ?

സര:—അതിനു കാരണമുണ്ടു്. താങ്കൾ എന്നെ കണ്ടിട്ടില്ല.

താരാ:—എന്നാൽ ഭവതി, എന്നെക്കണ്ടതു് എത്രാവസരത്തിലാണെന്നു പറയൂ!

സര:—താങ്കൾ മാന്യനായ അശോകനാഥനോടുകൂടി ഇന്നു സംഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോഴാണു ഞാൻ കണ്ടതു്. മാന്യനായ താരാനാഥൻ മറ്റാരുമല്ലല്ലോ. നിങ്ങളുടെ സംഭാഷണഘട്ടത്തിൽ ഞാൻ എന്റെറ കൂടാരത്തിൽ ഇരിക്കുന്നു. നിങ്ങൾ ഇരുന്നതിന്റെറ സമീപത്തായിട്ടാണു് അക്കൂടാരവും.

താരാ:—ഭവതി ക്രൂടാരത്തിനുള്ളിൽ ഇരുന്നതുകൊണ്ടായിരിക്കാം ഞാൻ കാണാത്തതു്. ഇരിക്കട്ടെ! അവകാശമില്ലാത്ത ഒരു ചോദ്യത്തിനു ഭവതി അനുവദിക്കുമെന്നു വിശ്വസിക്കട്ടയോ?

സര:—താങ്കളുടെ ന്യായമായ ഏതൊരുചോദ്യവും എന്റെ അനുവാദത്തെ അഭ്ഥിക്കുന്നതായിരിക്കും.

താരാ:—പുറത്തേ സൌന്ദര്യ്യം അകത്തില്ലെന്നുവരുമോ! ഭവതിയോടു ഛായാസാമ്യമുള്ള 'പ്രേതയക്ഷി' എന്ന യുവതീരത്നം ആരാണു്? ഭവതി ആരാണു്? യോഗ്യനായ അശോകനാഥനും നിങ്ങൾക്കും തമ്മിൽ എന്തു സംബന്ധം?

സര:—പ്രേ-ത-യ-ക്ഷിയോ? പറയാം. പ്രേതയക്ഷി എന്റെ സഹോദരിയാണു്.

താരാ:—എന്റെ ഊഹം അസ്ഥാനത്തിലായില്ല. നിങ്ങളിൽ ജ്യേഷ്ഠസ്ഥാനം ആർക്കാണു്?

സര:—എനിക്കുതന്നെ. എന്നാൽ ഞങ്ങൾ ഇരട്ടപ്രസവിക്കപ്പെട്ടവരാണു്.

താരാ:—അതും ഞാൻ ഊഹിക്കാതിരുന്നില്ല. മാന്യനായ അശോകനാഥനും നിങ്ങൾക്കും തമ്മിൽ എന്താണു സംബന്ധം?

സര:—ഞങ്ങൾക്കുതമ്മിൽ യാതൊരു സംബന്ധവുമില്ല. എന്നാൽ പൂർണ്ണനിർവ്വിശേഷമായ സ്നേഹബന്ധം അദ്ദേഹത്തിനു ഞങ്ങളിലുണ്ടു്. അതുപോലെതന്നെ ഞങ്ങൾ അദ്ദേഹത്തെയും പിതൃതുല്യം സ്നേഹിച്ചുപോരുന്നു. ഞങ്ങൾക്കുവേണ്ടി തന്റെ സർവ്വസ്വവും ബലികഴിക്കാൻ അദ്ദേഹം തയ്യാറാണു്. അദ്ദേഹത്തിന്റെ സകലഭടന്മാരും ഞങ്ങളുടെ ആജ്ഞയെ അനുസരിക്കാൻ സന്നദ്ധന്മാരുമാണു്. ഞങ്ങളുടെ ജന്മദേശം ഇവിടെ അല്ല. മാളവദേശത്തുകാരാണു ഞങ്ങൾ. ഞങ്ങളുടെ പിതാവു് ആ ദേശത്തെ അധിപതിയായിരുന്നു. ഞങ്ങളുടെ പൂർവ്വികന്മാർ പരാക്രമശാലികളും ശൂരവീരന്മാരുമായിരുന്നു. ഇത്രമാത്രമേ ഞങ്ങളുടെ ചരിത്രത്തെപ്പറ്റി ഞങ്ങൾക്കറിവുള്ളൂ.

താരാ: നിങ്ങളെസ്സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ മാന്യനായ അശോകനാഥനു് അറിവുണ്ടായിരിക്കാം?

സര:—അതു ഞങ്ങൾക്കു നിശ്ചയമില്ല. മിക്കവാറും, അറിഞ്ഞിരിക്കാൻ ഇടയില്ലെന്നാണുതോന്നുന്നതു്. പല അവസ്ഥി ഞങ്ങൾ എടുത്തെടുത്തു ചോദിച്ചിട്ടുണ്ടു്. അ സന്ദർഭങ്ങളി

ലെല്ലാം അദ്ദേഹത്തിൽനിന്നും കിട്ടിയിട്ടുള്ള മറുപടികൊണ്ടു ഉറപ്പിക്കേണ്ടതു്, കൂടുതൽ വിവരങ്ങളും അദ്ദേഹത്തിനും അറിഞ്ഞുകൂടെന്നാണു്. ഇതിനിടയ്ക്കു സരസ്വതിക്കു് ക്ഷീണം നിശ്ശേഷം വിട്ടുമാറി ശരീരത്തിനു പൂർണ്ണസ്വാസ്ഥ്യം കിട്ടുകയാൽ അവൾ എഴുന്നേറ്റുനിന്നു.

താരാ:—ഒരു സംശയംകൂടിയുണ്ടു്. ഭവതിയുടെ നാമധേയം അനാവശ്യമായിരിക്കുന്നു. ഭവതിയുടെ മാന്യസഹോദരിയുടെ നാമധേയത്തിനും ആ അകാരസൂക്ഷ്മമല്ലാതെ തമ്മിൽ നെയ്യും മോരും തമ്മിലുള്ള പൊരുത്തംപോലും ഇല്ലല്ലൊ! അതിഭയങ്കരമായ ആ പേർ എങ്ങനെ ലഭിച്ചു?

സര:—എനിക്കു് അതിനെപ്പറ്റി യാതൊരുവിവരവും ഇല്ലെന്നു പറയേണ്ടിവന്നതിൽ ക്ഷമിക്കണം അതിരിക്കട്ടെ; ഞാൻ ഇവിടെ എങ്ങനെവന്നു? താങ്കളുടെ അഭിമുഖസന്ദർശനത്തിനു ഇവർക്കു ഭാഗ്യമുണ്ടായതെങ്ങനെ? മാന്യനായ അശോകനാഥൻ എവിടെ? ദയവുചെയ്തു് ഇവയ്ക്കു അറിഞ്ഞിട്ടുള്ളേടത്തോളം സമാധാനം പറയണേ!

താരാ:—സന്തോഷപൂർവ്വം പറയാം. ഭവതിയും മാന്യനായ അശോകനാഥനും ആ കെട്ടിടത്തിനുള്ളിൽ കടക്കുന്നതിനുമുമ്പു് അതായതു് ആ സന്യാസിസംഘം അവിടെ കൂടുന്നതിനും മുമ്പു് ഞാൻ അതിനകത്തുകടന്നു് ഒരു തൂണിന്റെ ചുവട്ടിൽ സ്ഥലം പിടിച്ചിട്ടുണ്ടായിരുന്നു. അതുംതന്നെ ആ വിവരം അറിഞ്ഞിരുന്നില്ല.

സരസ്വതി:—(അത്ഭുതത്തോടുകൂടി) താങ്കൾ അവിടെ വരാനുള്ള ബന്ധം?

താരാ:—മാന്യനായ അശോകനാഥൻ എനിക്കായി സംഘടിപ്പിച്ചുതന്ന ക്ഷേത്രത്തിൽ ഞാൻ കിടക്കുകയായിരുന്നു. വിഷയാന്തരചിന്തകളാൽ എനിക്കു ഉറക്കംവന്നില്ല. നല്ല ചന്ദ്രികയുള്ള രാത്രിയല്ലേ! ഒന്നു നടന്നുവരാമെന്നുദ്ദേശിച്ചു വെളിയിൽഇറങ്ങി. മൈതാനംകഴിഞ്ഞുകാട്ടിൽകയറി. ഒരു സംഗീതനാദം എന്റെ ശ്രദ്ധയെ ആകർഷിച്ചു. ഞാൻ അങ്ങോട്ടു നടന്നു. മാർഗ്ഗംകഴിഞ്ഞപ്പോൾ ഒരു കെട്ടിടത്തിന്റെപിൻഭാഗത്തെത്തി. അകത്തു വിളക്കുണ്ടായിരുന്നു. അതിനകത്തുനിന്നു മാണു സംഗീതധ്വനി മുഴങ്ങിക്കൊണ്ടിരുന്നതു്. മുൻവശത്തുവന്നു മാർഗ്ഗംകഴിഞ്ഞപ്പോൾ ഒരു സന്യാസിസംഘം ആ കെട്ടിടത്തിലേക്കു വരുന്നതുകണ്ടു് ഞാൻ മറഞ്ഞുനിന്നു.

അവർ അകത്തുകയറിയ ഉടനേ ഞാനും പിന്നാലെ കടന്നുകൂടി അകത്തു പ്രവേശിച്ചു. സന്യാസിക്കൂട്ടം പാട്ടും പ്രാർത്ഥനയും മറ്റും നടത്തിക്കഴിഞ്ഞ ഉടനേ നിങ്ങളും വന്നു. പിന്നീടു് നടന്നതൊക്കെ ഭവതിക്കു അറിവുണ്ടല്ലോ.

സര:—ശരി; അവസാനം എന്തായിരുന്നു?

താരാ:—ഭവതി മൂർച്ഛിച്ചുവീണതോടുകൂടി വിളക്കുമണഞ്ഞു. ഭവതിയെ രക്ഷിക്കണമെന്നുള്ള പുരുഷധർമ്മത്തെ മുൻനിർത്തി ഞാൻ പീഠത്തിനരികിൽ പാഞ്ഞെത്തി. സന്യാസികളിലും സന്യാസിനികളിലും പലരെയും തട്ടിയും മുട്ടിയും തപ്പിയും തടഞ്ഞും ഒരുവിധത്തിൽ ഭവതിയുടെ അടുത്തെത്തി. അതിനിടയ്ക്കു് ബലിഷ്ഠനായ ഒരുവൻ ഭവതിയെ താങ്ങി എടുക്കുന്നുണ്ടായിരുന്നു. അംഗസ്പർശത്താൽ അവൻ യോഗ്യനായ അശോകനാഥനല്ലെന്നു മനസ്സിലായി. അദ്ദേഹം യോദ്ധാവിന്റെ വേഷത്തിലാണെന്നെനിക്കു അറിയാമല്ലോ. സന്യാസിക്കൂപ്പായം ധരിച്ചു അവൻ അന്യനാണെന്നു് മനസ്സിലാക്കിക്കൊണ്ടു കൈവലിച്ചു അവന്റെ മുഖത്തു കണക്കിനു് ഒരു കുത്തുകൊടുത്തു. അവൻ അപ്പുറത്തു മറിഞ്ഞു. ഞാൻ ഭവതിയെ ചുമലിൽ വഹിച്ചുംകൊണ്ടു പോരികയും ചെയ്തു. വെളിയിലും ചിലർ തടുത്തില്ലെന്നില്ല; പക്ഷേ, എന്റെ കയ്യിലിരുന്ന ഖഡ്ഗംകണ്ടു് അവർക്കു അടുക്കാൻ ധൈര്യമുണ്ടായില്ല. ഞാൻ ഖഡ്ഗം പ്രയോഗിക്കുമെന്നു മനസ്സിലായ ഉടനേ അവർ ഓടിപ്പോയി. പിന്നീടു ഭവതിയെ ഈ സ്ഥലത്തുകൊണ്ടുവന്നു കിടത്തുകയും ശീതോപചാരങ്ങൾ ചെയ്കയുംചെയ്തു. മാത്രകഴിഞ്ഞു ബോധവുംവീണു. ഇത്രയുമാണു സംഭവം.

സര:—എന്റെ ഉപകർത്താവായ അങ്ങേയ്ക്കു അനേകായിരം നമസ്കാരം. ആ ദുഷ്ടന്മാർ എന്നെ അപഹരിച്ചുകൊണ്ടുപോയിരുന്നു എങ്കിൽ എന്റെ അനന്തരഗതി അമ്പോ! എനിക്കതു ചിന്തിക്കാൻകൂടി ശക്തിയില്ല. എന്റെ ജീവിതത്തെ അഥവാ ജീവനെരക്ഷിച്ച അങ്ങേയ്ക്കു ഞാൻ ആജീവനാന്തം കടപ്പെട്ടിരിക്കുന്നു.

താരാ:—വരട്ടേ വരട്ടേ; അതുവളരെ പ്രശംസിക്കാനൊന്നുമില്ല. ഒരു പുരുഷന്റെ കർത്തവ്യത്തെ ഞാൻ യഥാശക്തി നിർവ്വഹിച്ചു. എന്നല്ലാതെ അതുവളരെ പ്രശംസിക്കാൻമാത്രം ഞാനൊന്നും ചെയ്തിട്ടില്ല. എന്റെസ്ഥാനത്തു മറ്റൊരു പുരുഷനായാലും ആ സന്ദർഭത്തിൽ ഭവതിയെ സഹായിക്കാതിരിക്കയില്ല.

സര:— അംഗദയുടെ കുത്തുകൊണ്ടു മറിഞ്ഞവൻ മരിച്ചുതുലഞ്ഞിരിക്കുമോ?

താരാ:— ഞാനതു ശ്രദ്ധിച്ചില്ല അതു ക്രൂരിരുട്ടിൽ എന്തറിയാനാണു്? മാത്രമല്ല; അതിനെപ്പറ്റി അന്വേഷിക്കാനുള്ള സാവകാശം അപ്പോളുണ്ടോ! ഭവതിയെ വല്ലജാതിയും വെളിയിൽ കൊണ്ടുവരണമെന്നുള്ള ആ കാര്യത്തിലത്രേ മനസ്സും ശക്തിയും പ്രവർത്തിച്ചുകൊണ്ടിരുന്നതു്.

സര:— പെട്ടെന്നു പ്രത്യക്ഷീഭവിച്ച ആ ഉന്നതഗാത്രനായ സന്ന്യാസിയാണു എന്നെ എടുത്തുകൊണ്ടുപോകാൻ ശ്രമിച്ചതെന്നും അംഗദയുടെ കുത്തുകൊണ്ടവൻ അവനാണെന്നും അങ്ങു സംശയിക്കുന്നുണ്ടോ? (ഇങ്ങനെ ചോദിക്കുമ്പോൾ അവൾ നടുങ്ങുന്നുണ്ടായിരുന്നു)

താരാ: - അല്ല! എന്താണു ഭവതി നടുങ്ങുന്നതു്.

സര:— ഒന്നുമില്ല, ഒന്നുമില്ല... (മാത്രകഴിഞ്ഞു) അങ്ങു് എന്റെ ചോദ്യത്തിനു സമാധാനം പറഞ്ഞില്ലല്ലോ.

താരാ:— എന്തോന്നാണു പറയേണ്ടതു്? ആ കനത്ത ഇരുട്ടിൽ വിശേഷിച്ചും ആ ബഹളത്തിൽ; അതെന്നറിയാനാണു്? അതിരിക്കട്ടെ; ആ സന്ന്യാസി പറഞ്ഞ വാക്കുകൾക്കെന്താണർത്ഥം?

സര:— ഏതുവാക്കുകൾ?

താരാ:— എന്തു്? ഭവതി കേട്ടില്ലേ? "അംഗനാചുംബനം അല്ലെങ്കിൽ വെങ്കലപ്രതിമ" എന്നു് അയാൾ എത്ര ഉറക്കെയാണു പറഞ്ഞതു്!

സര:— അയ്യോ! വേണ്ടവേണ്ട; അതിനെപ്പറ്റി ശബ്ദിക്കുകയേ വേണ്ടാ.

എന്നു പറയുമ്പോൾ അവളുടെ സർവ്വാംഗം തുടരെത്തുടരെ നടുങ്ങുന്നുണ്ടായിരുന്നു. പിന്നെക്കുറേനേരത്തേക്കു് അവൾ യാതൊന്നും ശബ്ദിച്ചില്ല. അവൾ അടിക്കടി ദീർഘശ്വാസം പുറപ്പെടുവിക്കുന്നുണ്ടായിരുന്നു.

താരാനാ:— എന്തിനു് ഇത്രവളരെ ഭയപ്പെടുന്നു? ധൈര്യപ്പെടുക, ഞാൻ ഇനി അതിനെപ്പറ്റി ചോദിക്കുന്നില്ല. മാത്രമല്ല, ഭവതി അശേഷം ഭയപ്പെടുകയും വേണ്ടാ. ഞാൻ അടുത്തുള്ളപ്പോൾ; ഭവതിയുടെ ഏതൊരുശത്രുക്കളുംവരട്ടേ. അവർ എത്രവലിയ പരാക്രമശാലികളും ആയിരിക്കട്ടെ, അവരിൽ നിന്നും യാതൊരാപത്തും ഭവതിക്കു നേരിടാതെ എന്റെ

വലത്തു കൈ ഇരിക്കുവോളം ഭവതിയെ രക്ഷിക്കാൻ എനിക്കു കഴിവുണ്ടെന്നു വിശ്വസിക്കുക!

സര:—അങ്ങയുടെ വാക്കുകളിൽ എനിക്കുള്ള കൃതജ്ഞതയെ വെളിപ്പെടുത്താൻ എനിക്കു പദങ്ങളും കിട്ടുന്നില്ല. മുക്കിപ്പറയാം. എനിക്കു് ഒരു സഹോദരനുണ്ടായിരുന്നാൽ ആ സഹോദരനിൽ, എനിക്കു് അങ്ങയിൽ ഉള്ള സ്നേഹമുണ്ടാകുന്നതല്ല. മാന്യനും വീരനും ആയ യോദ്ധാവേ! എന്റെ രക്ഷകത്താവായ അശോകനാഥനെ ഞാൻ ആദ്യമേ ചോദിച്ചുവല്ലോ. അദ്ദേഹം.....

താരാ:—ഓഹോ അക്കാര്യം എനിക്കും വിട്ടുപോയി. ഭവതി എന്റെകൂടെ വരിക! ഞാൻ ഭവതിയെ ക്രൂരത്തിൽ കൊണ്ടാക്കിയുംവച്ചു മടങ്ങിവന്നു് അദ്ദേഹത്തെ അന്വേഷിക്കാം.

സര:—ഇല്ലില്ല; ഞാൻക്രൂടി വരുന്നു. നമുക്കു് ഒന്നിച്ചുപോകാം.

താരാ:—പാടില്ല, അതബദ്ധമാണു്. കെട്ടിടത്തിനകത്തുനിന്നും അവർ എല്ലാവരും ഒഴിഞ്ഞിരിക്കുമെന്നു വിശ്വസിച്ചുക്കൂടാ. ആ ഇരുട്ടിൽ, ആ ഭയങ്കരന്മാരായ ശത്രുക്കളുടെ മദ്ധ്യേ ഭവതി ക്രൂടി വരാമെന്നു ശഠിക്കുന്നതു ശരിയല്ല.

സര:—ഇല്ല, അക്കാര്യത്തിൽ എനിക്കു അശേഷം ഭയമില്ല. അങ്ങയെ തനിച്ചു് അയയ്ക്കുന്നകാര്യത്തിൽമാത്രമേ എനിക്കു ഭയമുള്ളു. എന്നുതന്നെയുമല്ല, അദ്ദേഹം അപകടത്തിൽ അകപ്പെട്ടിരിക്കയാണെങ്കിൽ ഇതുകൊണ്ടും പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്.

എന്നുപറഞ്ഞു് അരയിൽ തിരുകിയിരുന്ന ഒരു കഠാരിയെടുത്തു് താരാനാഥനെ കാണിച്ചു. താരാനാഥൻ പുഞ്ചിരിയിട്ടുകൊണ്ടു് തന്റെ ഖഡ്ഗത്തെ കൈയിൽ ധരിച്ചു രണ്ടുപേരും ക്ഷണേന കെട്ടിടത്തോടടുത്തു.

താരാനാഥനും സരസ്വതിയും വാതിലിനു സമീപത്തായ ഉടനെ ആപാദമസ്തകം രക്തത്തിൽ മുഴുകി ഖഡ്ഗപാണിയായ ഒരു യോദ്ധാവു കെട്ടിടത്തിനുള്ളിൽ നിന്നും പൊടുന്നനവെ വെളിയിൽ കടന്നു. പെട്ടെന്നു താരാനാഥൻ ഖഡ്ഗത്തെ ഓങ്ങി. അപ്രതീക്ഷിതമായ ഈ കാഴ്ച ആഗതനായ യോദ്ധാവിനെ സംഭ്രാന്തനാക്കിച്ചെയ്തുയാൽ അയാളും സ്വഖഡ്ഗം ചലിപ്പിച്ചുകൊണ്ടു മുമ്പോട്ടുകയറി. അതേനിമിഷത്തിൽ "അരുതരുതു്" എന്നു നിലവിളിച്ചുകൊണ്ടു സരസ്വതി ഇടയിൽ ചാടിയിരുന്നില്ലെങ്കിൽ

കഥ അപകടത്തിലാകുമായിരുന്ന യോദ്ധാവായ അശോകനാഥനും താരാനാഥനും ആശ്ചര്യത്തോടുകൂടി കൃപാണങ്ങളെ ഉറകളിൽ നിക്ഷേപിച്ചു.

സരസ്വതി അശോകനാഥന്റെ കൈയ്യുപിടിച്ചുകൊണ്ട്, ഇദ്ദേഹമാണു് എന്നെ രക്ഷിച്ചതു്; എന്നെ അപഹരിച്ചുകൊണ്ടു പോവാനൊരുമ്പെട്ട ആ ദുഷ്ടന്റെ കൈയിൽനിന്നും എന്നെ രക്ഷിച്ച അതും ഈ നില്ക്കുന്ന അവിടുത്തെ മാന്യനായ അതിഥിയാണു് എന്നു പറഞ്ഞു. ആ അവസരത്തിൽ അവൾ അടിക്കടി ഞെട്ടുന്നുണ്ടായിരുന്നു.

അശോകനാഥൻ:—സരസ്വതി! നീ നടുങ്ങുന്നതു ഞാൻ കാണുന്നു! എന്നാൽ നി ഇനി ഭയപ്പെടണമെന്നില്ല. ഈ സന്ന്യാസികളിൽ നിന്നാകട്ടെ, സന്ന്യാസിനികളിൽ നിന്നാകട്ടെ, ഇനി നിനക്കു് യാതൊരാപത്തും ആജീവനാന്തം ഉണ്ടാകുന്നതല്ല. അങ്ങനെ എന്തെങ്കിലും അവർ പ്രവർത്തിക്കുന്നതായാൽ ഈ കാശ്മീരരാജ്യത്തിലുള്ള സകല മഠങ്ങളും ഞാനന്നു കളംതോണ്ടുമെന്നു നീ വിശ്വസിച്ചുകൊൾക!

അശോകനാഥന്റെ വാക്കുകൾ സരസ്വതിക്കു അസീമമായ സന്തോഷത്തെയും സമാധാനത്തെയും പ്രദാനംചെയ്തു. അവൾ ചോദിച്ചു:—"ഞാൻ മൂർഛിച്ചു വീണതിനുശേഷം എന്തെല്ലാമാണു അവിടെ നടന്നതു്? അങ്ങു് ഇങ്ങനെ രക്തത്തിൽ കുളിച്ചതെങ്ങനെ? അങ്ങേയ്ക്കു വല്ല പരുക്കും പറ്റിയിട്ടുണ്ടോ?"

അശോ:—എനിക്കു മുറിവൊന്നുംപറ്റിയില്ല. നീ പ്രജ്ഞയില്ലാതെ പതിച്ചയുടനെ ഏഴെട്ടാളുകൾ എന്നെ വന്നുവളഞ്ഞു. എന്നാൽ ആ ഇരുട്ടിൽ നീ എവിടെയാണെന്നും നിന്റെ സ്ഥിതി എന്താണെന്നും അറിവാൻ കഴിവില്ലാഞ്ഞതിനാൽ എനിക്കു സമാധാനത്തോടുകൂടി പ്രതിദ്വന്ദികളുടെ നേരേ ഖഡ്ഗത്തെ പ്രയോഗിക്കാൻ ധൈര്യമുണ്ടായില്ല. അങ്ങനെ നില്ക്കെ അവരെല്ലാപേരുംകൂടി എന്നെക്കടന്നുപിടിച്ചു. ചിലർ ബലിഷ്ഠകരങ്ങൾ എന്റെ കണ്ഠത്തെ ഞെക്കുന്നതുപോലെ തോന്നി. ഇനി ഔദാസീന്യം അപകടകരമാണെന്നു വിചാരിച്ചു വാളൂരി എതിരാളികളെ എതിർത്തു. ചിലർ അകന്നുമാറിയെങ്കിലും നാലഞ്ചുപേർ ശക്തിയോടുകൂടി എന്നോടുനേരിട്ടുകയാണുണ്ടായതു്. എന്റെ കരങ്ങളെ ബലമായി പിടിച്ചുകൊണ്ടു എന്നെ നിലത്തുമറിച്ചിടാൻ അവർ എല്ലാപേരുംകൂടി ശ്രമിച്ചു. രക്തംവഷ്ടിക്കരുതെന്നുള്ള എന്റെ സ്വതസ്സി

ധമായ ആർദ്രബുദ്ധിക്കും നയത്തിനും അതേവരെ ഞാൻ കീഴ്പ്പെട്ടുനിന്നതുകൊണ്ടാണു് എന്നെ അത്രത്തോളം ഉപദ്രവിക്കാനും തങ്ങളുടെ ശക്തിയെ പരീക്ഷിപ്പാനും അവർക്കു് സൗകര്യമുണ്ടായിരുന്നതു്. പിന്നീടു് എന്തെല്ലാമാണു് അവിടെ നടന്നതെന്നു് എനിക്കു തന്നെ ഒരു രൂപവുമില്ല. ഏതാനും നിമിഷങ്ങൾക്കുള്ളിൽ എല്ലാവരും പലായനപരായണന്മാരായി. ശേഷിച്ച രണ്ടുമൂന്നുപേർ എന്റെ ഖഡ്ഗത്തിനിരയായി നിലത്തുമറിഞ്ഞു. അതിന്റെ അടയാളമാണു് എന്റെ ഈ വേഷം. പ്രതിദ്വന്ദ്വികളെ തോല്പിച്ചതിനുശേഷം നിന്നെ കണ്ടുപിടിക്കാനായി ഞാൻ ആ പഠത്തിനരുകിൽ എല്ലായിടത്തും പരിശോധനനടത്തി. ഫലം ഇച്ഛാഭംഗംമാത്രമായിരുന്നു. പക്ഷേ, എനിക്കതുകൊണ്ടു അശേഷം സമാധാനമുണ്ടായില്ല. നിന്നെ ആ ശത്രുക്കൾ അപഹരിച്ചുകൊണ്ടുപോയിരിക്കുമെന്നൂഹിക്കയും ഇനി അവരുടെ വംശക്ഷോഭം വരുത്തുകയാണു് എന്റെ ആദ്യത്തെ കർത്തവ്യമെന്നു ഉറപ്പുകയുംചെയ്തു. അങ്ങനെ ഉറച്ചുകൊണ്ടു വെളിയിൽ വന്നപ്പോഴാണു് നിങ്ങളെ കണ്ടുമുട്ടിയതു്. നിന്നെ അപഹരിച്ചുകൊണ്ടുപോയ ശത്രുക്കളിൽ നിന്നും മാന്യനായ താരാനാഥൻ രക്ഷിച്ചതിൽ എനിക്കു അത്യന്തം കൃതജ്ഞതയുണ്ടു്. എവിടെവച്ചാണു നിങ്ങൾതമ്മിൽ കണ്ടുമുട്ടിയതെന്നു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

സരസ്വതിയും താരാനാഥനും നടന്നവിവരങ്ങൾ അശോകനാഥനെ ധരിപ്പിച്ചു. എല്ലാവരും സന്തോഷത്തോടും സമാധാനത്തോടുംകൂടി പാളയത്തിലേക്കുതിരിച്ചു. വഴിമദ്ധ്യേ അശോകനാഥൻ താരാനാഥനോടു പറഞ്ഞു:—യോഗ്യനായ താരാനാഥാ! താങ്കൾചെയ്ത സഹായത്തിനു് ഞാൻ എന്നെന്നും കൃതജ്ഞതയുള്ളവനാണു്. എന്നാൽ ഈ വിഷയത്തെസംബന്ധിച്ചിടത്തോളം താങ്കൾ ഒന്നുകൂടി എന്നെ സഹായിക്കേണ്ടിയിരിക്കുന്നു. അതു അത്ര ശ്രമാവഹമല്ലെന്നുംകൂടി അറിയിച്ചുകൊള്ളട്ടെ!

താരാ:—ഏതൊന്നായാലും, മരണത്തെ എതിർത്തും താങ്കളെ സഹായിക്കാൻ ഞാൻ സന്നദ്ധനാണു്.

അശോകൻ:—ഇന്നുനടന്ന ഈ സംഭവത്തെ താങ്കൾ പുറത്തുവിടരുതു്. അനുചരന്മാരെപ്പോലും അറിയിക്കരുതു്. ഒരുപക്ഷേ, സരസ്വതിയെ വീണ്ടും എപ്പോഴെങ്കിലും സന്ദർശിക്കുന്നതിനിടയായാൽ അവളോടു ഇതിനെപ്പറ്റി യാതൊന്നും സംസാരിക്കുകയും അരുതു്. മുടക്കിപ്പറഞ്ഞാൽ ഈ സംഭവത്തെ

പ്പററിയുള്ള ഒമ്മ താങ്കൾ കേവലം വിട്ടുകളയണം. ഇത്രമാത്രമേ ഈ വിഷയത്തിൽ എനിക്കൊരപേക്ഷയുള്ളൂ.

താരാ:—താങ്കളുടെ അഭിലാഷത്തെ തുറന്നുപറഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ട്. എന്നിൽനിന്നും ഈ സംഭവത്തെ സംബന്ധിച്ച വിവരങ്ങൾ പുറത്തുപോകുന്നതല്ലെന്നു വിശ്വസിച്ചാലും!

"വളരെ സന്തോഷം" എന്നുമാത്രം പറഞ്ഞുകൊണ്ട് അശോകനാഥൻ അല്പം മുമ്പോട്ട് അകന്നുനടന്ന താരാനാഥനും സരസ്വതിക്കും പരസ്പരം വല്ലതും സംസാരിക്കാനുണ്ടെങ്കിൽ താൻ അതിനു തടസ്സമായി നില്ക്കുണ്ടെന്നു കരുതിയിട്ടായിരിക്കാം അപ്രകാരം ചെയ്തത്. അശോകനാഥൻ പത്തിരുപതുവാര അകലത്തായതുകണ്ട്, "മാന്യനും ധീരനുമായ യോദ്ധാവേ! നാം തമ്മിൽ പിരിയാനുള്ള ഘട്ടം അടുത്തിരിക്കുന്നു മൈതാനത്തിൽകടന്ന ഉടനെ പിരിയേണ്ടിയിരിക്കുന്നുവല്ലോ. അതിലേക്ക ഞാൻ താങ്കളോട് അനുവാദം ചോദിക്കുന്നു" എന്നു സരസ്വതി താരാനാഥനോടു പറഞ്ഞു.

താരാ:—ഞാൻ സന്തോഷപൂർവ്വം അനുവദിക്കുന്നു. രാവിലേതന്നെ ഞാൻ ഇവിടുന്നു പുറപ്പെടുന്നതാണു്. ആ അവസരത്തിൽ ഭവതിയെ വീണ്ടും കാണാമെന്നു വിശ്വസിക്കുന്നു.

സരാ:—നിർഭാഗ്യവശാൽ ആ വിശ്വാസം അസ്ഥാനത്തിലാകയാൽ എനിക്കു് അതിയായ ഖേദമുണ്ട്. എനിക്കു പകൽ സമയങ്ങളിൽ ക്രൂരത്തിനു വെളിയിൽ ഇറങ്ങാൻ പാടില്ല. അതിനു തക്കതായ കാരണമുണ്ടെന്നു് താങ്കൾ വിശ്വസിക്കണം. എനിക്കും എന്റെ സഹോദരിക്കും തമ്മിൽ ഇങ്ങനെ ചില വ്യത്യസ്തങ്ങൾ ജീവിതചര്യയിലുണ്ട്.

താരാ:—എന്നാൽ ഇനി ഒരിക്കലും ഭവതിയുടെ അഭിമുഖസന്ദർശനത്തിനും സംഭാഷണത്തിനും എനിക്കു് സംഗതിയാവുകയില്ലേ?

സരാ:—താങ്കൾ അതിനു് ആഗ്രഹിക്കുന്നുണ്ടോ?

താരാ:—ഉണ്ടെന്നു ചോദിക്കുകയോ?

സരാ:—എങ്കിൽ ആഗസ്റ്റുമാസം ഒന്നാംതീയതി ഉച്ചയ്ക്കു ശ്രീപുരത്തെ തെക്കേകോട്ടവാതിലിനു സമീപം ഞാൻ താങ്കളുടെ സാന്നിദ്ധ്യത്തെ പ്രതീക്ഷിക്കുന്നതാണു്.

ഈ ഘട്ടത്തിൽ ക്രൂരവീഥിയെ സമീപിക്കയാൽ സരസ്വതി താരാനാഥന്റെ പ്രത്യുക്തിയെ പ്രതീക്ഷിക്കാതെ ഒരു മാർഗ്ഗത്തിൽ

മറഞ്ഞു. താരാനാഥൻ തന്റെ ക്ലാരത്തിനു സമീപത്തു ചെല്ലുമ്പോൾ അശോകനാഥൻ അവിടെ നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹം താരാനാഥനോടു സ്നേഹപൂർവ്വം യാത്രപറഞ്ഞിട്ടു് തന്റെ ക്ലാരത്തെ പ്രാപിച്ചു.

അദ്ധ്യായം ൨൫.

"ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ"

അടുത്തദിവസം പുലർകാലെ താരാനാഥൻ ഉറക്കമുണർന്നു് അശോകനാഥന്റെ ക്ലാരത്തെ അഭിമുഖീകരിച്ചുചെന്നു. ക്ലാരത്തിന്റെ പുരോഭാഗത്തുള്ള പുൽത്തറയിൽ, ദക്ഷിണഹസ്തത്താൽ ശിരസ്സിനെ താങ്ങിക്കൊണ്ടു്, പ്രേതയക്ഷി ചരിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. താരാനാഥനെ കണ്ടയുടനേ അവൾ എഴുന്നേറ്റു രണ്ടു നാലടി മുമ്പോട്ടുവന്നു് മന്ദഹാസപൂർവ്വം ഇപ്രകാരം പറഞ്ഞു:— "അദ്ദേഹം എഴുന്നേറ്റിട്ടില്ല. എന്നാൽ എഴുന്നേല്ക്കാൻ സമയമായി. ഇപ്പോൾ വെളിയിൽ വരാതിരിക്കയില്ല.

താരാനാഥൻ ഏതാനുംനിമിഷം ചിന്താചഞ്ചലനായി വിസ്മിതചിത്തനായി മൗനത്തെ അവലംബിച്ചുനിന്നു. സരസ്വതിക്കും പ്രേതയക്ഷിക്കും തമ്മിലുള്ള ഛായാസാമ്യം അവരുടെ തുല്യസ്വരം, പൊക്കം, ശരീരത്തിന്റെ മുഴുപ്പു്, അവയവങ്ങളുടെ ഘടന, അംഗപ്പാടെയുള്ള ചാരുത്വം, കുന്തളകാന്തി, മുഖത്തിന്റെ കോമളത, അളകങ്ങളുടെ അലങ്കാരത്വം എന്നിവയിൽ ഈഷദ്വ്യത്യാസം പോലും ഇല്ലായ്കയും, ഓർത്തപ്പോൾ അയാൾക്കു അസീമമായ ആശ്ചര്യ്യം ഉണ്ടായി. എന്നാൽ ഗണനീയമായ വർണ്ണവ്യത്യാസമാകട്ടെ, തദധികാശ്ചര്യ്യത്തിനു കാരണമായി. ഒരുപക്ഷേ, ഇതൊരു വേഷപ്പകർച്ചയാണോ എന്നുംകൂടി അയാൾ സംശയിച്ചു.

താരാനാഥന്റെ മൌനഭാവംകണ്ടു പ്രേതയക്ഷി ചോദിച്ചു:— "എന്താണൊരു മൗനം? ഈ മനോഹരമായ പുൽപ്രദേശത്തു് ഇരിക്കരുതോ? അദ്ദേഹം ഇപ്പോൾ വെളിയിൽ വരാതിരിക്കയില്ല. തിടുക്കമാണെങ്കിൽ ഞാൻ അദ്ദേഹത്തെ വിളിക്കാം."

താരാ:—വേണ്ട; ഭവതി ശ്രമപ്പെടണമെന്നില്ല. ഭവതിയുടെ സ്നേഹബുദ്ധിക്കു നന്ദിപറയുന്നു. അദ്ദേഹത്തിന്റെ സുഖനിദ്രയെ ഭഞ്ജിക്കുന്നതിൽ എനിക്കു വൈമനസ്യവുമുണ്ടു്.

പ്രേത:—എന്നാണോ യാത്ര?

താരാ:—ഇന്നുതന്നെ യോഗ്യനായ അശോകനാഥൻ ഉണരാത്ത താമസമേയുള്ളൂ.

പ്രേത:—(അക്ഷമയോടുകൂടി) ഇന്നോ? ഈ നിമിഷത്തിലോ?

താരാ:—അതേ.

പ്രേത:—എന്താണിത്ര ബുദ്ധിപ്പാട്?

താരാ:—ബുദ്ധിപ്പാടുണ്ട്. കഴിയുന്നക്ഷണത്തിൽ ശ്രീപുരത്തു ചെല്ലണം

പ്രേത:—ശ്രീപുരത്തേക്കാണോ പോകുന്നതെന്ന് ഇന്നലെ മാന്യനായ അശോകനാഥനും താങ്കളുമായി നടത്തിക്കൊണ്ടിരുന്നസംഭാഷണത്തിൽനിന്നും എനിക്കു മനസ്സിലായിട്ടുണ്ട്. പക്ഷേ, ഉടനടി ഞങ്ങളെ പിരിഞ്ഞുപോകുമെന്നു വിശ്വസിച്ചില്ല.

താരാ:—യോഗ്യനായ അശോകനാഥനും ഭവതിക്കും തമ്മിലുള്ള ബന്ധം എന്താണെന്ന് അറിയിക്കാൻ വൈമനസ്യം ഉണ്ടാകയില്ലെന്നു വിശ്വസിക്കുന്നു.

പ്രേത:—അദ്ദേഹം എന്റെ ഭർത്തൃപിതാവാണ്.

താരാ:—ഭവതിയുടെ മാതാപിതാക്കന്മാരായ മഹത്തുക്കളാരോ?

പ്രേത:—മാളവാധിപതിയും അദ്ദേഹത്തിന്റെ ധർമ്മപത്നിയും. അവർ എന്റെ ചെറുപ്പത്തിൽതന്നെ കാലധർമ്മം പ്രാപിച്ചു. ഇപ്പോൾ ആ രണ്ടുസ്ഥാനവും യോഗ്യനായ അശോകനാഥൻതന്നെയാണു വഹിക്കുന്നതു്.

താരാ:—അതിനിടയായയെങ്ങനെ?

പ്രേത:—അതൊന്നും അത്ര പെട്ടെന്നു വെളിപ്പെടുത്താവുന്ന വിഷയങ്ങളല്ല. ഭയങ്കരങ്ങളായ പരമരഹസ്യങ്ങൾ പലതും അതിൽ അന്തർഭവിച്ചിട്ടുള്ളതിനാൽ അതിനെ സംബന്ധിച്ചു് തല്ക്കാലം അനുകൂലമായ മറുപടി പറവാൻ നിവൃത്തിയില്ലാതെ വന്നതിൽ വ്യസനിക്കുന്നു.

താരാ:—ക്ഷമിക്കണേ! ഭവതിയുടെ ജീവിതരഹസ്യങ്ങൾ എനിക്കു് അറിഞ്ഞേ കഴിയൂ എന്നു നിർബന്ധമില്ല. എന്റെ മടക്കത്തിൽ ഭവതിയെ വീണ്ടും കാണാമെന്നു വിശ്വസിക്കുന്നു.

പ്രേത:—ഇത്രയുള്ളുവളെ വീണ്ടും കാണണമെന്നുള്ള അഭിലാഷമെന്തുകൊണ്ടോ?

താരാനാഥൻ:—ഭവതിയുടെ അകൃത്രിമ പ്രകൃതികർമ്മങ്ങളുള്ള സൌന്ദര്യത്തിൽ എനിക്കുള്ള ബഹുമാനംകൊണ്ടുതന്നെ.

പ്രേതയക്ഷി:—അല്പനേരത്തിനുള്ളിൽ അപ്രകാരം ഒരു ബഹുമാനം തോന്നിയെങ്കിൽ അതു ക്ഷണഭംഗുരമല്ലേ?

താരാനാഥൻ:—ഒരാളിൽ ബഹുമാനം ജനിക്കുന്നതിനു ദീർഘകാലത്തെ പരിചയം വേണമെന്നുണ്ടോ? പ്രഥമദൃഷ്ടിയിൽ തന്നെ ഒരാളിനെക്കുറിച്ചു ബഹുമാനവും ബഹുമാനക്കുറവും ഉണ്ടാകുന്നതു സാധാരണമാണു്. ഏതൊരാളിനെക്കുറിച്ചും അങ്ങിനെ ഒരനുഭവം ഉണ്ടാകാം. എന്നാൽ ആ അനുഭവം എല്ലാവർക്കും ഉണ്ടായി എന്നു വരുന്നതല്ല. ഹൃദയവിശാലതയും നിഷ്കൃഷ്ടതയും ലോകപരിചയവും ഉള്ളവർക്കുമാത്രമേ ആ അനുഭവം ഉണ്ടാകയുള്ളൂ. ഇത്രയുംകൊണ്ടു് ഈ ഗുണങ്ങളൊക്കെ തികഞ്ഞവനാണു ഭവതിയുടെ മുമ്പിൽ നിൽക്കുന്നവനെന്നു ഞാൻ അഭിമാനിക്കുന്നതായി ഭവതി തെറ്റിദ്ധരിക്കരുതു്. എന്നാൽ എന്റെ നോട്ടവും അധികം പിഴച്ചുകണ്ടില്ല. ആ മുരുങ്ങിയ വിശ്വാസത്തെ മുൻനിറുത്തിയുള്ള എന്റെ അനുഭവം—ഭവതിയെക്കുറിച്ചു് എനിക്കുണ്ടായിട്ടുള്ള ബഹുമാനം—ക്ഷണഭംഗുരമാകുന്നതെങ്ങനെ?

പ്രേത:—ശരി, സമ്മതിച്ചു. മനസ്തത്വശാസ്ത്രം കണ്ടിട്ടുകൂടിയില്ലാത്ത ഞാൻ അതിനെപ്പറ്റി വാദിക്കുന്നതു് അനാവശ്യമായിരിക്കും. എന്നാൽ ഒരു സംശയം; ക്ഷണഭംഗുരമല്ലെന്നുവച്ചു് അഭംഗുരമാണെന്നു വരുമോ?

താരാ:—ഭവതിയുടെ ചോദ്യം യുക്തിയുക്തമായിരിക്കുന്നു. എന്നാൽ അതിനുള്ള സമാധാനം ഭാവ്യനുഭവത്തെ ആശ്രയിച്ചിരിക്കുന്നു. അനുഭവം ആശാസ്യമായിരിക്കുന്നിടത്തോളം അഭംഗുരമാണെന്നോ, വേണമെങ്കിൽ, സമാധാനം പറവാൻ എന്റെ നിലയിലുള്ള ഒരുവനു സാധിക്കുകയുള്ളൂ.

അതുകേട്ടു പ്രേതയക്ഷി അല്പനേരത്തേയ്ക്കു യാതൊന്നും സംസാരിക്കാതെ നിലത്തു നോക്കിക്കൊണ്ടുനിന്നു. അവളുടെ ചിന്താഗതി എന്തായിരുന്നു എന്നു്, ഇപ്പോഴും, അവർക്കുമാത്രമറിയാം. കഥാഗതിയിൽ പക്ഷേ നമ്മളും അറിഞ്ഞെന്നുവരാം. മാതുകഴിഞ്ഞു് അവർ താരാനാഥനെ ഉറുനോക്കിക്കൊണ്ടു് "മടക്കത്തിൽ പക്ഷേ, എന്നെ ഈ സ്ഥലത്തുകണ്ടില്ലെന്നുവരാം" എന്നുപറഞ്ഞു.

താരാ:—എന്നാൽ ഏതുസ്ഥലത്തു കാണാൻകഴിയും?

പ്രേത:—നമുക്കുതമ്മിൽ അഭിമുഖദർശനത്തിനു് ഇടയാകണമെന്നു് അങ്ങു ഹൃദയപൂർവ്വം ആഗ്രഹിക്കുന്നുണ്ടോ?

താരാ:—അതേ; കഴിയുമെങ്കിൽ, ഭവതിയെ എല്ലായ്പോഴും കാണണമെന്നതന്നെയാണു് ആഗ്രഹം

പ്രേതയക്ഷി:—എന്നാൽ ആഗസ്റ്റ്"മാസം ഒന്നാം തിയതി ശ്രീപുരത്തെ രാജകീയോദ്യാനത്തിൽ അസ്തമയാനന്തരം ഞാൻ താങ്കളെ കാത്തുനിൽക്കും.

താരാനാഥൻ അതിനു പ്രത്യുത്തരം പുറപ്പെടുവിക്കുംമുമ്പു് അശോകനാഥൻ ക്ഷേത്രത്തിൽനിന്നും പുറത്തുവന്നു. താരാനാഥനേയും പ്രേതയക്ഷിയേയും കണ്ടു് മന്ദഹസിച്ചുകൊണ്ടു് അവരുടെ അരികിലേക്കു ചെന്നു; "വളരെനേരമായി എന്നെ കാത്തുനില്ക്കുന്നുണ്ടായിരിക്കാം. ഞാൻ ഇന്നു പതിവിൽ കൂടെ താമസിച്ചാണു് എഴുന്നേറ്റതു്." എന്നു താരാനാഥനോടു പറഞ്ഞു.

താരാ:—ഞാൻ വന്നിട്ടു് അത്രവളരെ സമയമായില്ല. എങ്കിലും ഒരു പത്തുമിനിട്ടു കഴിഞ്ഞിരിക്കും.

അശോക:—പ്രേതയക്ഷി! നീ പെട്ടെന്നു് കാലത്തെ ആഹാരത്തിനുള്ളതു് എളുപ്പം തയാറാക്കാൻ ശട്ടംകെട്ടു!

പ്രേതയക്ഷിപോയതിനുശേഷം, അശോകനാഥൻ താരാനാഥനെനോക്കി, "മാന്യനായ താരാനാഥ! താങ്കൾക്കു യാത്രാവസരം സമീപിച്ചിരിക്കുന്നു അല്ലേ? എന്നാൽ താങ്കളുടെ യാത്രയുടെ ഉദ്ദേശമെന്താണെന്നും എന്നെ കാണണമെന്നു തോന്നാനുണ്ടായ പ്രത്യേകകാരണമെന്താണെന്നും ഇതേവരെ വെളിപ്പെടുത്തിയില്ലല്ലോ?" എന്നു ചോദിച്ചു.

താരാ:—മാന്യരേ! ആഗസ്റ്റുമാസത്തിൽ ശ്രീപുരത്തു ക്ഷേത്രനിരിക്കുന്ന പ്രത്യേസഭയിൽ, നേപ്പാളരാജാവിനെക്കൂടി ക്ഷണിച്ചിട്ടുണ്ടു്. ക്ഷണപ്രകാരം ആ യോഗത്തിൽ പങ്കുകൊള്ളുന്നതിലേക്കു ഞാൻ അദ്ദേഹത്തിന്റെ പ്രാതിനിധ്യംവഹിച്ചു പോവുകയാണു്. യോഗത്തിൽ സംബന്ധിക്കുന്നതിനുമുമ്പു താങ്കളെക്കണ്ടു സംസാരിക്കണമെന്നു തിരുമനസ്സുകൊണ്ടു് എന്നോടു ആജ്ഞാപിച്ചു.

അശോ:—വളരെ സന്തോഷം! എന്താണു് അദ്ദേഹത്തിന്റെ സന്ദേശം.

താരാ:—കാശ്മീരരാജ്യത്തിന്റെ താൽക്കാലിക നിലയെപ്പറ്റി താങ്കൾക്കുള്ള അഭിപ്രായം അറിയണമെന്നാണു തിരുമനസ്സുകൊണ്ടു് എന്നോടു് ആജ്ഞാപിച്ചിട്ടുള്ളതു്. എന്നാൽ, താങ്കൾക്കു വെളിപ്പെടുത്താൻ ഇഷ്ടമില്ലാത്ത വല്ല രഹസ്യങ്ങളുമുണ്ടെങ്കിൽ അവ ഞങ്ങൾക്കു് അറിയണമെന്നാഗ്രഹമില്ല.

അശോ:—എന്റെ അഭിപ്രായം ഇന്നതാണെന്നു് താങ്കളും താങ്കളുടെ രാജാവും ഗ്രഹിച്ചിരിക്കാനിടയുണ്ടു്. അതിനെ തുറന്നു പറയുന്നതിനു് എനിക്കു സന്തോഷമാണു്. എന്റെ അഭിപ്രായം ചുരുക്കത്തിൽ ഇത്രമാത്രമേയുള്ളൂ. മേലാൽ കാശ്മീരരാജ്യത്തിൽ രാജാധിപത്യം പാടില്ല. രാജ്യഭരണം പ്രജകൾക്കായിരിക്കണം. അവരെ ഭരിക്കാൻ അതർതന്നെ അവരിൽനിന്നും ഒരു നേതാവിനെ തിരഞ്ഞെടുത്തു നിയമിക്കണം.

ഈ സ്വാതന്ത്ര്യവാദത്തിൽ അന്യനാടുകളിലെ രാജാക്കന്മാർ കൈകടത്തുകയുമരുതു്. അവർ നിഷ്പക്ഷനിലയെ അംഗീകരിക്കേണ്ടതാണു്.

താരാ:—ന്യായമായ കാരണമില്ലാതിരിക്കുന്നിടത്തോളം കാശ്മീരത്തിലെ ഈ കലാപത്തിൽ ഞങ്ങൾ തലയിടുകയില്ല.

അശോ:—താങ്കളുടെ നയത്തെ ധരിപ്പിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ശ്രീപുരത്തെ പ്രച്ഛന്നയോഗത്തിന്റെ ഉദ്ദേശം എന്താണെന്നു താങ്കൾ അറിഞ്ഞിട്ടുണ്ടോ?

താരാ:—യോഗോദ്ദേശത്തെ ക്ഷണക്കത്തിൽ തികച്ചും വെളിപ്പെടുത്തിയിട്ടില്ല. കാശ്മീരരാജ്യത്തിന്റെ തല്ക്കാലനിലയെക്കുറിച്ചു ചിന്തിക്കുന്നതിനും നാട്ടിന്റെ ക്ഷേമത്തെ ആസ്പദമാക്കിയുള്ള ചില നിശ്ചയങ്ങൾ പാസാക്കുന്നതിനുമായിട്ടാണു യോഗം കൂടുന്നതെന്നു് ക്ഷണക്കത്തുകൊണ്ടു മനസ്സിലാക്കാം. ആഗസ്റ്റ്മാസം രണ്ടാംതീയതിയാണു് യോഗംകൂടാൻ നിശ്ചയിച്ചിരിക്കുന്നതു്. യോഗം ഒരാഴ്ചയോളം ദീർഘിക്കാനിടയുണ്ടു്". ആദ്യത്തെ യോഗദിവസം പലേ പ്രധാനപ്പെട്ടവിഷയങ്ങളെപ്പറ്റിയുള്ള ആലോചനകൾ നടക്കുന്നതുമാണു്.

അശോ:—ആദ്യദിവസംതന്നെ അപ്രകാരമുള്ള ആലോചനകൾ നടക്കുമെന്നു വിശ്വാസമുണ്ടോ?

താരാ:—സംശയിപ്പാനില്ല. ആദ്യത്തെ ദിവസം അതിലേക്കായിട്ടുതന്നെ നിശ്ചയിച്ചിരിക്കയാണു്.

അശോക:—എന്നാൽ ഞാൻ അന്നു ശ്രീപുരത്തു് ഉണ്ടായിരിക്കും.

താരാ:—ബന്ധുവിന്റെ നിലയിലോ, ശത്രുവിന്റെ നിലയിലോ?

അശോക:—അതു താങ്കൾക്കു് ഊഹിക്കാവുന്നതാണു്.

താരാ:—അറിയാമെന്നിരിക്കെ ചോദിച്ചതു അനാവശ്യമാണു്. ശത്രുവിന്റെ നിലയിൽവരുന്ന താങ്കളുടെയും യോഗപ്രവർത്തകന്മാരായ ഇടപ്രച്ഛന്നരുടെയും ഉദ്ദേശം യഥാർത്ഥത്തിൽ രാജ്യക്ഷേമസ്ഥാപനമാണെങ്കിലും അക്കാരണത്താൽതന്നെ ഉഭയകക്ഷികളുടെയും സൈന്യങ്ങൾ തമ്മിൽ, പക്ഷേ, ഭയങ്കരമായ യുദ്ധം നടന്നേക്കാം. ആ യുദ്ധത്തിൽ താങ്കൾക്കുവല്ല ആപത്തും നേരിടുകയാണെങ്കിൽ എന്റെ ഹൃദയം തികച്ചും തപിക്കുന്നതാണു്.

അശോക:—താങ്കളുടെ വാക്കുകളിൽ എനിക്കു അതിരറ്റകൃതജ്ഞതയുണ്ടു്. നാം തമ്മിൽ അഭിമുഖദർശനത്തിനു് ഇടയായതുതന്നെ ഒരു വലിയ അനുഗ്രഹമായിക്കരുതുന്നു. താങ്കളുമായുണ്ടായ ഈ ചുരുങ്ങിയ സഹവാസത്തിൽനിന്നും നേടിപ്പാള

വാസികളായ ഓരോ ജനങ്ങളിലും എനിക്ക ബഹുമാനമുണ്ട്. വിശേഷിച്ചും, കാശ്മീരത്തിലെ ഈ രാഷ്ട്രീയകലാപത്തിൽ നേപ്പാളം നിഷ്പക്ഷനിലയിൽ വത്തിച്ചാലും ശരി, പ്രത്യേപക്ഷത്തിൽ ചേന്നാലുംശരി എനിക്ക താങ്കളിൽ ഉണ്ടായിട്ടുള്ള മതിപ്പിനു് അണുവും ഭംഗംനേരിട്ടുന്നതല്ല. എന്നാൽ നേപ്പാളനാഥൻ കാശ്മീരത്തിൽ പടയിറക്കുന്നതായാൽ എനിക്ക എന്റെ കത്തവ്യത്തെ നിറവേറാതിരിക്കാൻ നിവൃത്തിയില്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ആ കത്തവ്യനിവ്വഹണത്തിൽ നാം തമ്മിൽ നേരിട്ട പൊരുതേണ്ടിവന്നാൽ, ആ നിമിഷത്തിലും എനിക്ക താങ്കളിലുള്ള ബഹുമാനത്തിനോ സ്നേഹാധിക്യത്തിനോ കുറവുവരുന്നതല്ല. മാതൃഭൂമിയോടുള്ള എന്റെ കടപ്പാടിനെ നിവ്വഹിക്കാനായിട്ടല്ലാതെ, ശത്രുബുദ്ധിയോടുകൂടി ഞാൻ താങ്കളുടെ നേക്ക ആയുധംപ്രയോഗിക്കുന്നതല്ല. അതുത്തോളം എനിക്ക താങ്കളിലുണ്ടായിട്ടുള്ള ബഹുമാനത്തെ സൂചിപ്പിക്കുന്നതായ ഈ ആംഗ്ലലീയപാരിതോഷികത്തെ സ്നേഹപൂവ്വം സ്വീകരിക്കുമെന്ന വിശ്വസിക്കുന്നു.

താരാനാഥൻ, അശോകനാഥനാൽ നല്കപ്പെട്ട മോതിരത്തെ സന്തോഷപൂവ്വംവാങ്ങി അംഗുലിയിൽ ധരിച്ചുകൊണ്ടു് പ്രതിസംഭാവനയായി തന്റെ വിരലിൽ കിടന്ന മോതിരം ഊരി, "ഇതു താങ്കൾക്കും സ്വീകാര്യമായിരിക്കും" എന്നു പറഞ്ഞു് അശോകനാഥന്റെ കൈയിൽ കൊടുത്തു. മോതിരം ഊരിക്കൊടുത്തതിനുശേഷം താരാനാഥൻ വല്ലാതെ ഒന്നന്ധാളിച്ചു. അതു വേണ്ടിയിരുന്നില്ല എന്നു മനസാവചിച്ചു. അശോകനാഥൻ മോതിരത്തെ പേത്തുംപേത്തും വീക്ഷിച്ചിട്ടു് എന്തോ ഒരു സംശയം നിവത്തിക്കപ്പെട്ടവൻ എന്നപോലെ താരാനാഥന്റെ മുഖത്തുനോക്കി പുഞ്ചിരിതൂകി, എന്നിട്ടു് ഇങ്ങനെ പറഞ്ഞു:—"അങ്ങു് ഓക്കാതെ നൽകിയ ഈ പാരിതോഷികത്തെ എതുയും കൃതജ്ഞതയോടും സന്തോഷത്തോടുംകൂടി ഞാൻ സ്വീകരിച്ചിരിക്കുന്നു. താങ്കളുടെ സ്മാരകമായി ആജീവനാന്തം ഈ തിരുവാഴി അല്ല മോതിരം എന്റെ കൈവിരലിനെ അലങ്കരിക്കട്ടെ. അംഗ്ലലീയകസംഭാവന, കള്ളിപുറത്താക്കി എന്നു് വിഷാദിക്കണ്ടാ. അങ്ങയെ ഇന്നലെ ആദ്യംകണ്ട നിമിഷത്തിൽതന്നെ ഞാനൊക്കെ മനസ്സിലാക്കിക്കഴിഞ്ഞു. അപ്പോൾതന്നെ എനിക്കു് അങ്ങയിൽ ഉണ്ടായ ബഹുമാനമാണു് എന്റെ എളിയമോതിരത്തെ അങ്ങേയുടെ സംഭാവന ചെയ്യിച്ചതു്. അങ്ങു പറഞ്ഞതുപോലെ അങ്ങു ഒരു മന്ത്രിയും ഒരു പ്രതിനിധിയും മാത്രമായിരുന്നെങ്കിൽ ഞാൻ അങ്ങയെ വ്യഥയപൂവ്വം വിശ്വസിച്ചു് എന്റെ ഈ പാളയത്തിൽ നിർബാധമായ സൈരവാസത്തിനു് അനുവദിക്കയില്ലായി

രുന്നു. എന്നാൽ ഇപ്പുരമാത്മം അങ്ങു എത്രകണ്ടു യോഗ്യമായി കരുതിയിരിക്കുന്നുവോ അത്രകണ്ടു ഞാനും മറച്ചുവെച്ചുകൊള്ളാം. അതേ അങ്ങുമടങ്ങി നേപ്പാളത്തു എത്തുവോളം പ്രധാനമന്ത്രിയും പ്രതിനിധിയും മാത്രമായിരിക്കട്ടെ. താങ്കൾ ഇതിനുമുമ്പു കാശ്മീരത്തിൽ സഞ്ചരിച്ചിട്ടില്ലെന്നു തോന്നുന്നു. ഇടംപ്രഥമമായ ഈ ആഗമനം നാട്ടിലെ വിപ്ലവഘട്ടത്തിലാണു". അക്കാരണത്താലും യാത്രാകാരണമായ വിഷയം ഉദ്ദ്യോഗത്താൽ ദുരമംഗളപരമാകയാലും യാത്രാമധ്യത്തിലോ, ശ്രീപുരത്തുവച്ചോ അഥവാ മടക്കത്തിലോ വല്ല ആപത്തും താങ്കൾക്കു നേരിട്ടുന്നതായാൽ എന്റെ സ്വന്തംപേരുള്ള ഈ മോതിരം അല്പമാത്രമെങ്കിലും താങ്കളെ സഹായിക്കാതിരിക്കയില്ല. മടങ്ങി നാട്ടിൽചെന്നാലുടൻ മഹാമനസ്കനായ മഹാരാജാവിനെ എന്റെ ബഹുമാനപൂർവ്കമായ വന്ദനത്തെ അറിയിക്കുമല്ലോ.

താരാനാഥൻ ഉചിതമായ മറുപടി നൽകി. അനന്തരം പ്രാതഃകാലഭക്ഷണം കഴിഞ്ഞു യാത്രയ്ക്കുള്ള ഒരുക്കമായി. അശോകനാഥനും പ്രേതയക്ഷിയും ഏതാനും ഭടന്മാരോടുകൂടി മൈതാനം കഴിഞ്ഞു ഉപവനത്തെ പ്രവേശിക്കുവോളം അനുയാത്രയായി താരാനാഥനെ അനുഗമിച്ചു. ഉപവനത്തിൽകടന്ന ഉടനെ താരാനാഥൻ, തിരിഞ്ഞു അശോകനാഥനും പ്രേതയക്ഷിയും വേറേ വേറേ നിന്നിവാക്കു ഉച്ചരിച്ചു അവരെ മടക്കി അയച്ചിട്ടു, സിദ്ധസേനനോടും ഉഗ്രസേനനോടുംകൂടി പുരോഗമനം ചെയ്തു.

അദ്ധ്യായം ൯

'ധമ്മത്തെത്തീരുവാങ്ങീട്ടൊരുവളിഥമഹാ-
ധന്യ; ഭാനൈകബുദ്ധ്യാ
ശമ്മത്തേത്തേടിവാഴുന്നമലഗുണധന-
സ്തോമസമ്പൂർണ്ണചിത്താ.'

ശ്രീപുരത്തു വരാഹസിംഹൻ എന്നു പ്രസിദ്ധനായ ഒരു ക്ലബ്ബ് കാരനുണ്ടു്. ക്ലബ്ബിലെ സ്ഥലസൗകര്യവും ഭക്ഷണശുചിയുമാണു് അയാളുടെ ഖ്യാതിക്കു കാരണം. അയാൾ ഒരു സത്സ്വഭാവിയും വിനയമനസ്കനുമാണു്. ചിരിച്ച മുഖത്തോടു കൂടിയല്ലാതെ, അയാളെ ഏതൊരു സമയത്തും കാണ്മാൻ കഴിയുന്നതല്ല; വരാഹസിംഹൻ മദ്ധ്യവയസ്കനാണു്. ക്ലബ്ബിലെ മിതമായ ആദായംകൊണ്ടു ധാരാളം സമ്പാദിച്ചിട്ടുണ്ടു്. വലിയ പഠിപ്പൊന്നുമില്ലെങ്കിലും പലേതരത്തിലും പലേഗുണത്തിലുമുള്ള ആളുകളോടു അനുസ്യൂതമായി ഇടപെട്ടു ലോകപരിചയവും തദ്വാരാബുദ്ധിസംസ്കാരവും സിദ്ധിച്ചിട്ടുണ്ടു്.

അനാഹങ്കാരം വരാഹസിംഹന്റെ ഗുണവിശേഷങ്ങളിൽ പ്രാഥമ്യ
ത്തെ അഥിക്കുന്ന ക്ലബ്ബു നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടവും
അതിനെപ്പറ്റിയുള്ള പറമ്പും വരാഹസിംഹന്റെ സ്വന്തമാണു്.
കെട്ടിടം, പുരയിടത്തിന്റെ ഒറ്റപ്പെട്ട റോഡരികിലായിട്ടാണു്.
കച്ചവടം ആരംഭിക്കുന്ന കാലത്തു മുൻവശത്തു കാണുന്ന സാമാന്യം
വലുതായ ഒരു കെട്ടിടംമാത്രമേ ഉണ്ടായിരുന്നുള്ളു. അങ്ങനെതന്നെ
കിട്ടിക്കൊണ്ടിരുന്ന അടായത്തിൽ ഒരു നല്ല വീതം സ്ഥലസൌകര്യ
ത്തെ ഉദ്ദേശിച്ചു ചെലവുചെയ്തു വന്നതിന്റെ ഫലമായി ഇക്കാല
ത്തു് ആ കെട്ടിടം ഒട്ടുവളരെ വർദ്ധിച്ചിട്ടുണ്ടു്; പത്തു നൂറു് അളുകൾ
ക്കു ബുദ്ധിമുട്ടുകൂടാതെ പെരുമാറാനുള്ളസൌകര്യമുണ്ടു്. പുരയിട
ത്തിനു രണ്ടേക്കർ വലിപ്പമുണ്ടു്. കെട്ടിടത്തിന്റെ പിൻപുറത്തു
മനോജ്ഞമായ ഒരു ഉദ്യാനവും അതിന്റെ മദ്ധ്യത്തിലായി ഒരു
പൊയ്കയും ഉള്ളതിനാൽ ക്ലബ്ബിലെ സ്ഥിരതാമസക്കാർക്കും തൽക്കാ
ലതാമസക്കാർക്കും വൈകുന്നേരത്തു കാറ്റുകൊള്ളാനായി കടപ്പുറ
ത്തേക്കും മറ്റും പോകേണ്ട ആവശ്യമില്ലെന്നുള്ളതു്, പ്രസ്താവനീയ
മാണു്. ശ്രീപുരത്തെ പ്രധാനപ്പെട്ട ചന്ത വരാഹസിംഹന്റെ
പടിക്കലാണെന്നുള്ളതും ഒരു വലിയ സൌകര്യവുമാണല്ലോ.
ആ ചന്തസ്ഥലത്തുനിന്നും കോട്ടയ്ക്കകത്തേക്കും കൊട്ടാരത്തിലേക്കും
ക്ഷേത്രങ്ങളിലേക്കും പാതകളുണ്ടു്.

താരാനാഥനും അനുചരന്മാരും ജൂലായിമാസം ഇരുപതാംതി
യതികാലത്തു അശോകനാഥന്റെ പാളയത്തിൽനിന്നും തിരിച്ചു
അടുത്തടിവസം വൈകുന്നേരത്തു ശ്രീപുരത്തിൽ എത്തി. മുൻ
ചൊന്ന ചന്തയിലാണവർ വന്നിറങ്ങിയതു്. ഉടനേതന്നെ വരാഹ
സിംഹന്റെ ക്ലബ്ബിൽകയറി താമസത്തിനും ഭക്ഷണത്തിനുംവേണ്ട
ഏർപ്പാടുകൾ ചെയ്തു. വരാഹസിംഹനെക്കണ്ടപ്പോൾതന്നെ അയാ
ളെക്കുറിച്ചു ഒരു നല്ല അഭിപ്രായമാണു് താരാനാഥൻ മനസ്സിൽ
കണ്ടതു്. അതുകൊണ്ടു് അയാളുമായിട്ടു ഒരു സംഭാഷണം നടത്തു
ന്നതു എല്ലാംകൊണ്ടും ആവശ്യമാണെന്നുനിശ്ചയിച്ചു. ഉഗ്രസേന
ന്റെയും സിദ്ധസേനന്റെയും ആവശ്യത്തിലേക്കു ഒരു പ്രത്യേകമുറി
യും തനിക്കു അതിനെ തൊട്ടുള്ള മറ്റൊരുമുറിയുമാണു താമസത്തിനു
ശട്ടംകെട്ടിയതു്. യാത്രാക്ഷീണത്താൽവിശപ്പുകൂടുതലായിട്ടു ഉണ്ടായി
രുന്നതിനാൽ അപ്പോൾതന്നെ ഭക്ഷണം കഴിഞ്ഞു. ഭക്ഷണാനന്തരം
സിദ്ധസേനനും ഉഗ്രസേനനും താരാനാഥന്റെ അനുവാദത്തോടു
കൂടി വിശ്രമാർത്ഥം ഉദ്യാനത്തിലേക്കുപോയി. താരാനാഥൻ പോ
കാതിരിക്കാൻ കാരണമുണ്ടു്. അയാൾക്കു് ക്ലബ്ബുടമസ്ഥനെക്കണ്ടു
അല്പം സംസാരിക്കണമെന്നുണ്ടായിരുന്നു. ഉഗ്രസേനനും സിദ്ധസേ
നനും ഉദ്യാനത്തിലേക്കുപോകുമ്പോൾ ക്ലബ്ബുടമസ്ഥനെ തന്റെഅടു

ക്കലേക്കു പറഞ്ഞയയ്ക്കണമെന്നു താരാനാഥൻ ശട്ടംകെട്ടുകയാൽ, അവർ പോയി മാതൃകഴിഞ്ഞു്, വരാഹസിംഹൻ അയാളുടെ മുറിയിൽ ചെന്നു. പുഞ്ചിരിച്ചുകൊണ്ടു തന്റെ മുറിയിൽ കടന്ന ക്ലബ്ബുടമസ്ഥനെക്കണ്ടു് സമീപത്തുണ്ടായിരുന്ന കസേരയിൽ ഇരിക്കാൻ താരാനാഥൻ ആവശ്യപ്പെട്ടു. "താങ്കളെപ്പോലുള്ള മാന്യന്മാരുടെ മുമ്പിൽ ഇരിക്കാൻ ഒരു ക്ലബ്ബുകാരൻ യോഗ്യനല്ല" എന്നുപറഞ്ഞു് താരാനാഥന്റെ ലോഹ്യത്തെ വരാഹസിംഹൻ ആദ്യം സ്വീകരിച്ചില്ലെങ്കിലും, താരാനാഥന്റെ നിർബന്ധത്തിൽ ഒടുവിൽ ഇരുന്നു. വരാഹസിംഹനെ ഒന്നു മനസ്സിലാക്കുന്നതിനായി താരാനാഥൻ, കുറെനേരം, ക്ലബ്ബിന്റെ ആദായത്തെപ്പറ്റിയും അതിന്റെ നടത്തിപ്പിനെപ്പറ്റിയും മറ്റും പലതും ചോദിക്കയും അയാളുടെ നിഷ്കളങ്കമായ പ്രത്യുത്തരം കേൾക്കുകയും ചെയ്തു. അതിൽനിന്നും ക്ലബ്ബുകാരന്റെ പേരിൽ തനിക്കു ആദ്യമേ ഉണ്ടായ അഭിപ്രായം ബലപ്പെടുകയാൽ താരാനാഥൻ, വിഷയാന്തരത്തിൽ കടന്നു് ഇപ്രകാരം പറഞ്ഞു:—വരാഹസിംഹരെ! നേപാളത്തിന്റെ തലസ്ഥാനമായ പത്മപുരത്തെക്കാൾ നിങ്ങളുടെ ശ്രീപുരം എത്ര മനോജ്ഞമായിരിക്കുന്നു. മനോഹരമായ കാടുകളും രമണീയങ്ങളായ ഉദ്യാനങ്ങളും ആദ്യമായിക്കാണുന്ന ഏതൊരാളിനേയും ആനന്ദഭരിതനാക്കാതെയിരിക്കയില്ല! അതുപോലെതന്നെ ഇന്നാട്ടിലെ കെട്ടിടങ്ങളുടെ ഭംഗി അവർണ്ണനീയമായിരിക്കുന്നു! ശ്രീപുരത്തിനു വെളിയിൽ ഏതാണ്ടു രണ്ടുമൈൽ ദൂരത്തുവച്ചു് അതിവിശിഷ്ടമായ ഒരു കെട്ടിടം കാണുന്നതിനിടയായി. ഉന്നതവും രമണീയവുമായ ആ കെട്ടിടം എന്നെ ആശ്ചര്യഭരിതനാക്കിച്ചെയ്തു.

വരാഹസിംഹൻ:—അതു് കുമുദിനീദേവിയുടെ കെട്ടിടമാണു്. ആ ദേവി ഒരു മഹാമനസ്കയാണു്. ദാനധർമ്മത്തിൽ അവർക്കു വളരെ താല്പര്യമാണു്. ഈ ശ്രീപുരത്തെന്നല്ല, കാശ്മീരത്തിൽപോലും അവരെപ്പോലെ മഹാമനസ്കതയും സദ്ഗുണങ്ങളും തികഞ്ഞ വേറെ സ്ത്രീകളില്ലെന്നു ധൈര്യമായിപ്പറയാം. അവർക്കു് ഇപ്പോൾ നാല്പതുനാല്പത്തിരണ്ടിൽ കൂടുതൽ പ്രായമില്ല കണ്ടാൽ മഹാലക്ഷ്മിതന്നെ. നല്ല തേജസ്സും ഓജസ്സും ഉള്ള സ്ത്രീരത്നമാണു്. ഇന്നാട്ടിലുള്ള പാവപ്പെട്ടവർക്കെല്ലാം മാതാവാണു് അവർ. എല്ലാവരും അവരെ "അമ്മേ, അമ്മേ" എന്നാണു വിളിക്കുന്നതും. എത്ര സാധുക്കളെയാണു് അവർ രക്ഷിച്ചിട്ടുള്ളതു്! എത്ര ആളുകളെ സഹായിച്ചിരിക്കുന്നു!

താരാ:—നിങ്ങളുടെ വാക്കുകളും, ആ മാന്യസ്ത്രീയിൽ എനിക്കു വളരെ ബഹുമാനംജനിപ്പിക്കുന്നു. അപ്രകാരമുള്ള ഒരു ഉത്തമ

സ്ത്രീയെ നേരിൽ കണ്ടു സംസാരിക്കണമെന്നു് ആക്കാണു് അഗ്രഹം ഉണ്ടാകാത്തതു്! അവരെ സംബന്ധിച്ച സകല വിവരങ്ങളും നിങ്ങൾക്കു് അറിവുണ്ടായിരിക്കാം.

വരാഹസിംഹൻ.—കമുദിനീദേവി വിധവയാണു്. അവരുടെ ഭർത്താവു മരിച്ചിട്ടിപ്പോൾ പതിനഞ്ചുകൊല്ലത്തോളമാകും. അദ്ദേഹം കാശ്മീരത്തിലെ ഒരു വലിയ ധനികനായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ സകല സമ്പത്തും കമുദിനീദേവിക്കു സ്വായത്തമായി ഭർത്താവുമരിച്ചു് ഒരുകൊല്ലം കഴിഞ്ഞ ഉടനേ അദ്ദേഹത്തിന്റെ സ്മാരകമായി അവർ ഒരു വലിയകെട്ടിടം പണികഴിപ്പിച്ചു. അതിലേക്കു വേണ്ടി ചെലവായ പണത്തിനു കണക്കും കൈയുമില്ല. അതു പൂർത്തിയാകാൻ രണ്ടുകൊല്ലം തികച്ചും വേണ്ടിവന്നു. കമുദിനീദേവിയുടെ ഭർത്താവിന്റെ പേരു ധവളസേനൻ എന്നായിരുന്നു. അദ്ദേഹത്തിന്റെ സ്മാരകമായി പണികഴിപ്പിച്ചകെട്ടിടത്തിനു് 'ധവളസൌധം' എന്നു പേർകൊടുത്തതു യുക്തിയുക്തമായിരിക്കും. ഈ കെട്ടിടപ്പണി, അവരുടെ ഭർത്തൃഭക്തിയെ എന്നപോലെ ദീനാനുകമ്പയേയും വെളിപ്പെടുത്തുന്നു.

താരാനാഥൻ—സാധുജനങ്ങളെസഹായിക്കാനായിട്ടായിരിക്കും കെട്ടിടം പണികഴിപ്പിച്ചതു്. ഞാൻ കണ്ടകെട്ടിടമതായിരിക്കാം.

വരാഹസിംഹൻ:—അതേ; കിടക്കാൻവീടും കുടിക്കാൻ കഞ്ഞിയുമില്ലാത്ത സാധുക്കളെ സഹായിക്കുന്നതിനായിട്ടുള്ള ഒരു അനാഥമന്ദിരമാണതു്. ഈ കെട്ടിടം പണികഴിച്ചിട്ടു് ഇപ്പോൾ പന്ത്രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ധവളസൌധത്തിൽ ഇപ്പോൾ അൻപതു വിധവകളെയും അൻപതു് അനാഥബാലികകളെയും സംരക്ഷിച്ചു പോരുന്നുണ്ടു്, അവരിൽ ഒരാൾ മരിച്ചുപോയാൽ പകരം ഒരാളിനെ പുതുതായിച്ചേർത്തു് ആ കുറവിനെ പരിഹരിക്കുകയാണു് കമുദിനീദേവിയുടെ പതിവു്. ദാരിദ്ര്യദുഃഖത്താൽ ആരെങ്കിലും അത്യന്തം സങ്കടപ്പെടുന്നുണ്ടെന്നറിഞ്ഞാലുടനെ സർവ്വാത്മനാ സഹായിക്കയും ചെയ്യും. എന്നാൽ മടിയും മന്ദതയുംപൂണ്ട ജീവിതത്തെ പാഴാക്കുന്നവർക്കു് ഒരൊറ്റപ്പൈസയുടെ സഹായം അവർ ചെയ്യുകയുമില്ല.

താരാനാഥൻ:—ഇത്രത്തോളം മഹാമനസ്കതയും അറിവുമുള്ള ഒരു മാന്യസ്ത്രീയെ എനിക്കൊന്നു നേരിൽ കാണുകതന്നെവേണം.

വരാഹസിംഹൻ:—അത്രസുലഭമായി എല്ലാവർക്കും കാണാൻ കഴിയുന്നതല്ല. എന്നാൽ, നേപാളരാജപ്രതിനിധിയായ താങ്കൾക്കു് അതിനു സൌകര്യം തരാതിരിക്കയില്ല. വിശേ

ഷിച്ചും താങ്കൾ അടുത്ത യോഗത്തിൽ സന്നിഹിതനാകാനായിവന്നിരിക്കുകയാണല്ലോ. അക്കാരണത്താൽതന്നെ താങ്കളെ അവർ പ്രത്യേകം ബഹുമാനിക്കയുംചെയ്യും. ആ മഹതി രാജപക്ഷീയന്മാരായ പ്രഭുക്കളിൽ മതിപ്പും അവരുടെ ഉദ്ദേശങ്ങളിൽ ആനുകൂല്യവും ഉള്ളവരാണു്. അശോകനാഥനിൽ അവർക്കു വളരെ വെറുപ്പുമുണ്ടു്.

താരാ:—നിങ്ങൾ എന്താണു് അശോകനാഥനെ അധിക്ഷേപിക്കുന്നതു്. അദ്ദേഹത്തിന്റെ പരിശുദ്ധമായ ഉദ്ദേശവും നയവും നിങ്ങൾ മനസ്സിലാക്കിയിട്ടില്ലായിരിക്കാം.

വരാഹ:—ഞാൻ അശോകനാഥനെ അധിക്ഷേപിച്ചില്ല. അതെന്തെങ്കിലുമാകട്ടെ. നമുക്കു അതിനെക്കുറിച്ചു് അനേഷിക്കണ്ടാ. കുമുദിനീദേവിയെപ്പറ്റി കുറേക്കൂടി പറവാനുണ്ടു്. അവർ താമസിക്കുന്ന ധവളസൗധത്തിൽനിന്നും ഉദ്ദേശം മുക്കാൽമൈൽ ദൂരത്തിലായി അതിനേക്കാൾ വലുതായ മറെറാരു കെട്ടിടമുണ്ടു്. "കുമുദിനീമന്ദിരം" എന്നാണു് അതിന്റെ പേർ. ധവളസൗധത്തിൽ അനാഥബാലികകളെയും വിധവകളെയും സംരക്ഷിക്കുന്നതുപോലെ കുമുദിനീമന്ദിരത്തിൽ നാഥനില്ലാത്ത ബാലന്മാരെ താമസിപ്പിച്ചു രക്ഷിച്ചു പോരുന്നു. ആ ബാലന്മാർക്കു സന്മാർഗ്ഗബോധവും മതസംബന്ധമായ അറിവും നല്കുന്നതിനു് ഒരു സന്യാസിയെ അവിടെ നിയമിച്ചിട്ടുണ്ടു്. കുമുദിനീമന്ദിരത്തിലെ ബാലന്മാരെയും ധവളസൗധത്തിലെബാലികകളെയും ചിലപ്പോളൊക്കെ അന്യോന്യം സന്ദർശിപ്പിക്കാറുണ്ടു്. ഇവരിൽതന്നെ അപൂർവം ചിലപ്പോൾ ചില വിവാഹങ്ങളും നടക്കാറുണ്ടു്. കുമുദിനീദേവിതന്നെയാണു് ഈ ദമ്പതികളെ യഥോചിതം തിരഞ്ഞെടുത്തുഘടിപ്പിക്കുന്നതു്. അപ്രകാരം വിവാഹിതന്മാരായ ദമ്പതികൾക്കു അവർ കഴിയുന്നതു ധനസഹായം ചെയ്യുന്നുമുണ്ടു്. ദൈവസൃഷ്ടങ്ങളായ ജീവകോടികളെ ത്രിവിധകരണങ്ങളാലും കഴിയുന്നിടത്തോളം സഹായിക്കണമെന്നുള്ളതാണു് കുമുദിനീദേവിയുടെ പാവനമായ ഉദ്ദേശം. ഈ രണ്ടുകെട്ടിടങ്ങളുടെയുംപണി പൂർത്തിയായകാലത്തു ദുഃഖഹേതുകമായ ഒരു സംഭവമുണ്ടായിട്ടുണ്ടു്. അതു അമംഗളമായ ഭാവിയെ സൂചിപ്പിച്ചുതാണെന്നു അക്കാലത്തു പലരും അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ ദുഷ്ടമനസ്കയായ കുമുദിനീദേവി, അഗതികളുടെ കല്പവൃക്ഷവും കാശ്മീരത്തിലെ കെടാവിളക്കുമായി ഇന്നും പരിലസിക്കുന്നു.

താരാ:—ദുഃഖഹേതുകമായ ആ സംഭവം എന്തൊന്നാണു്?

വരാഹ:— കുമുദിനിമന്ദിരം അവരുടെ ഭർത്താവിരിക്കുന്നകാലത്തു് അദ്ദേഹം പണിയിച്ചിട്ടുള്ളതാണു്. എന്നാൽ ധവളസൌധത്തിന്റെ പണികഴിക്കുന്നകാലത്തു്, കാലപ്പഴക്കത്താൽ നേരിട്ട ചില അറ്റകുറ്റങ്ങളെത്തീർത്തും മറ്റും കുമുദിനിമന്ദിരത്തെക്കൂടി ഒന്നു പുതുക്കുകയുണ്ടായി. ധവളസൌധത്തിന്റെ പ്രധാന പ്പെട്ട ജോലികളൊക്കെത്തീർത്തു്, സകല പണിക്കാരേയും ക്രമത്തിലും സമ്മാനങ്ങളും മറ്റുംകൊടുത്തു പറഞ്ഞയച്ചതിനു ശേഷം, അവരിൽ സമർത്ഥന്മാരായ രണ്ടുകല്പന്മാരെയും ഒരു ആശാരിയെയുമാണു് അറ്റകുറ്റപ്പണികൾക്കും മറ്റുമായി പ്രത്യേകം നിയമിച്ചിരുന്നതു്. അവരെ കുമുദിനിമന്ദിരത്തിൽ തന്നെ താമസിപ്പിച്ചിരുന്നു ഒരു ദിവസമുണ്ടു് അവർ പതിവായി കിടക്കുന്നമുറിയിൽ അവരെ കാണാനില്ല പലേടത്തും അന്വേഷിച്ചു; ഒരിടത്തും കണ്ടില്ല. വിദേശങ്ങളിൽപോലും ഒട്ടുവളരെ ആളുകളെ അയച്ചു് തെരക്കം ചെയ്തു. ഒരു തുമ്പും കിട്ടിയില്ല. കുമുദിനീദേവിക്കുണ്ടായ മനസ്സംപത്തിനു് അളവില്ല. അവരെ അന്വേഷിക്കുന്നതിനായി അവധിയില്ലാത്ത പണം ആ ദേവി ചെലവുചെയ്തു. എങ്ങുംകണ്ടുകിട്ടാഞ്ഞു് ഒടുവിൽ അവരെ കണ്ടുപിടിക്കുന്നവർക്കു വളരെ വളരെ സമ്മാനങ്ങളും കൊടുക്കുന്നതാണെന്നു വിളംബരംചെയ്തു. നിർഭാഗ്യവശാൽ എല്ലാശ്രമങ്ങളും നിഷ്ഫലമാവുകയാണുണ്ടായതെന്നു പറഞ്ഞാൽകഴിഞ്ഞതല്ലോ. അവർ മൂവരും കൊല്ലപ്പെടുകയാണുണ്ടായതെന്നും ഒരു സംസാരമുണ്ടു്. അവരുടെ കുടുംബത്തേക്കു കുമുദിനീദേവി ലോഭമില്ലാതെ ധനസഹായംചെയ്തു് ഒരുവിധത്തിൽ കുടുംബാംഗങ്ങളുടെ സങ്കടത്തെ പരിഹരിച്ചു.

താരാ:— അവരെ ആരു കൊന്നെന്നാണു് കേൾവി?

വരാഹ:— അതിനെപ്പറ്റി ആർക്കും നിശ്ചയമില്ല വേറെയും ചില കേൾവികളുണ്ടു്. അതിലൊക്കെ എത്രത്തോളം വാസ്തവമുണ്ടെന്നറിഞ്ഞുകൂടാ. അവർ മൂന്നുപേരുംകൂടി വലുതായ മോഷണംഎന്തോ നടത്തിയുംവച്ചു നാടുവിട്ടുപൊയ്കളഞ്ഞു എന്നു് ചിലരുടെ അഭിപ്രായം. മറ്റു ചിലരുടെ അഭിപ്രായം ചില അശ്വഭടന്മാർ ഇവരെ തടവിൽ പാർപ്പിച്ചിരിക്കുന്നു എന്നാണു്. ചിലദിവസങ്ങൾക്കുമുമ്പു് കല്പകക്കോട്ടയുടെ സമീപത്തുവച്ചു് ഇവരെ കണ്ടു എന്നും, മറ്റു ചിലരും ഇവരുടെ ഒന്നിച്ചുണ്ടായിരുന്നു എന്നും ഇതയിടെ ഒരു സംസാരമുണ്ടു്

താരാ:— കല്പകക്കോട്ടയുടെ സമീപത്തുവച്ചോ?

വരാഹ:— പതുക്കെപ്പറയണം.

താരാ:— എന്താ നിങ്ങൾ ഭയപ്പെടുന്നതു്?

വരാഹസിംഹൻ:—കല്പകക്കോട്ടയിലെ ഉദയസേനപ്പട്ട ഇവിടെ വന്നിട്ടുണ്ടു്. അദ്ദേഹം ഇവിടെയാണെ താമസം. അദ്ദേഹം കേൾക്കരുതെന്നുവച്ചു പതുക്കെപ്പറയണമെന്നാവശ്യപ്പെട്ടതാണു്.

താരാനാഥൻ:—അദ്ദേഹം ഇവിടെ ഉണ്ടോ? വളരെ സന്തോഷം. എനിക്കു അദ്ദേഹത്തെ കാണേണ്ട ആവശ്യവുമുണ്ടു്. അദ്ദേഹത്തിനുള്ള ഒരെഴുത്തു എന്റെ പക്കലുണ്ടു് അതിനെപ്പറ്റി പിന്നീടു സംസാരിക്കാം. ആ മൂന്നുപേരും പെട്ടെന്നു കാണാതെപോയി എന്നും അതുസംബന്ധമായി പലേസ്ഥലങ്ങളും നാട്ടിലുണ്ടായിട്ടുണ്ടെന്നും വാസ്തവം എങ്ങനെയാണെന്നു് അറിഞ്ഞുകൂടെന്നും നിങ്ങൾ പറഞ്ഞുവല്ലോ. അശ്വഭടന്മാരിൽ ചിലർ അവരെ തടവിൽ പാർപ്പിച്ചിരിക്കുന്നുവെന്നും ആ ഭടന്മാരുടെ ശരീരവും മുഖവും കറുത്തദ്രവ്യവും ചട്ടയുംകൊണ്ടു മറച്ചിരുന്നതിനാൽ അവരെ അറിയാൻ സാധിച്ചില്ലെന്നും നിങ്ങൾ കേട്ടതു വാസ്തവമാണോ? ആ പണിക്കാരുടെ പേരെന്താണു്?

വരാഹസിംഹൻ:—അവർ മൂന്നുപേരും സഹോദരന്മാരാണു്. നാട്ടുകാർ അവരെ 'മൂത്തമയ' നെന്നും 'നടുമയ' നെന്നും 'ഇളയമയ'നെന്നുമാണു് വിളിക്കാറുള്ളതു്. ഇവർ തടവിൽ പാർപ്പിക്കപ്പെട്ടിരിക്കയാണെന്നുള്ള ജനശ്രുതിയിൽ അധികംപേർക്കും വിശ്വാസമില്ല. എന്തുകൊണ്ടെന്നാൽ ഇവരെ പിടിച്ചവർ ആരാണെന്നും പാർപ്പിച്ചിരിക്കുന്നതു എവിടെയാണെന്നും ഇവരെ കല്പകക്കോട്ടയ്ക്കടുത്തുവച്ചു കണ്ട വരാരാണെന്നും വ്യക്തമായി അറിയുന്നില്ല.

താരാ:—നിങ്ങൾക്കു ഇതിനെപ്പറ്റി എന്താണു് അഭിപ്രായം.

വരാഹ:—എനിക്കു ഒന്നും തോന്നുന്നില്ല ഈ സംഭവം നടന്നിട്ടു ഇപ്പോൾ പന്ത്രണ്ടുകൊല്ലത്തോളമായി. ഇപ്പോൾ ഇതിനെപ്പറ്റിയുള്ള സംസാരം നാട്ടിൽ വളരെ കുറഞ്ഞിട്ടുണ്ടു്. ചിലനാൾ കഴിയുമ്പോൾ ഇതു് ഒരു പഴങ്കഥയായി പരിണമിച്ചു് ഒടുവിൽ തീരെ മറന്നുപോകുന്നുവരാം.

താരാ:—ഈ പന്ത്രണ്ടുകൊല്ലംകൊണ്ടു് നിങ്ങൾക്കു ഇതിലുള്ളശ്രദ്ധ കുറഞ്ഞു എന്നും മേലിൽ തീരെ മറന്നുകളയുമെന്നുമുള്ള അനുഭവമായിരിക്കും ഈ അഭിപ്രായത്തിനു പ്രേരിപ്പിച്ചതു്.

വരാഹ—എന്റെ അനുഭവംമാത്രമല്ല, നാട്ടുകാരുടെ അനുഭവവും അതുതന്നെ.

താരാ—ഇരിക്കട്ടെ; അവർ മരിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ എവിടെയാണെന്നാണു ജനങ്ങൾ പറയുന്നതു്.

വരാഹ:—എന്തോ! അങ്ങനെ ആരും പറഞ്ഞുകേട്ടിട്ടില്ല.

താര — വരാഹസിംഹരേ, ആശ്ചര്യകരമായ ഒരു സംഭവമാണിതു്. ഇതിനെപ്പറ്റി ആർക്കും ഒരഭിപ്രായം പെട്ടെന്നു പറവാൻ കഴിയുന്നതല്ല. ആ സംഗതി അങ്ങനെയിരിക്കട്ടെ! എനിക്കു വേറെ ചില സംഗതികൾ അറിയാനുണ്ടു്. അതു നിങ്ങളിൽ നിന്നും അറിവാൻ പ്രത്യേകകൗതുകമുള്ളതുകൊണ്ടു ചോദിക്കുകയാണു്.

വരാഹ: — എനിക്കു അറിവുള്ളിടത്തോളം താങ്കളെ ധരിപ്പിക്കാൻ ഞാൻ സന്നദ്ധനാണു്.

താര: — കാശ്മീരത്തിന്റെ തൽക്കാലനിലയെക്കുറിച്ചു് ശ്രീപുരത്തുകാരുടെ അഭിപ്രായഗതികൾ എന്തെല്ലാമാണു"?

വരാ: — ആദ്യം ശ്രീപുരത്തെ സ്ഥിതിയെക്കുറിച്ചുതന്നെ സംസാരിക്കാം ചില ദിവസങ്ങൾക്കു മുമ്പു അശോകനാഥൻ സൈന്യസമേതം ശ്രീപുരത്തുകടന്നു് കോട്ടമതിലിനു പെളിയിൽ പാളയം അടിച്ചു. ഉടനേ കാശ്മീരത്തിലേ ദക്ഷിണദേശങ്ങളിലുള്ള ജനങ്ങൾ ക്ഷോഭിച്ചു. യുദ്ധസന്നദ്ധരാകുന്നുണ്ടെന്നു് അറിഞ്ഞു് അശോകനാഥൻ അതിശീഘ്രത്തിൽ സൈന്യങ്ങളോടുകൂടി അങ്ങോട്ടു തിരിച്ചു അതിന്റെ ഫലമായി യുദ്ധസന്നദ്ധരായ ജനങ്ങളെ അടക്കി ആ പ്രദേശങ്ങളിൽ സമാധാനത്തെ ഉണ്ടാക്കി എന്നും അവിടങ്ങളിൽനിന്നും അനവധി ആളുകൾ അശോകനാഥന്റെ സൈന്യത്തിൽ ചേരാൻ എന്നും കേൾക്കുന്നുണ്ടു്. ഇപ്പോൾ അശോകനാഥൻ എവിടെ ഉണ്ടെന്നും അയാളുടെനോട്ടം എന്താണെന്നും എനിക്കു് അറിഞ്ഞുകൂടാ. അശോകനാഥൻ തെക്കോട്ടതിരിച്ചു ഉടനെ കാശ്മീരത്തിലെ പ്രബലന്മാരായ ഇടപ്രഭുക്കന്മാരിൽ പലർ ഇവിടെ നാട്ടിന്റെ രക്ഷയ്ക്കായി ഒരു സൈന്യത്തെ ശേഖരിച്ചിട്ടുണ്ടു്. അടുത്തമാസം ആദ്യം അവർ ഒരു വലിയയോഗം കൂടാൻ നിശ്ചയിച്ചിരിക്കുന്നു. വിദേശരാജാക്കന്മാരും തങ്ങളുടെ പ്രതിനിധികളെ അയച്ചു് യോഗോദ്ദേശത്തെ നിറവേറണമെന്നു് ആവശ്യപ്പെട്ടിട്ടുമുണ്ടു്. ഇടപ്രഭുക്കന്മാരാൽ സംഭരിക്കപ്പെട്ട സൈന്യത്തെ നശിപ്പിക്കുന്നതിനാകട്ടെ, കൂടാനിരിക്കുന്ന യോഗത്തെത്തടയാനാകട്ടെ അശോകനാഥൻ ഇതേവരെ മുന്നിട്ടകണ്ടില്ല. അതിനു പലർക്കും ആശ്ചര്യമുണ്ടു്. അശോകനാഥൻ പെട്ടിച്ചു നാട്ടിയിരിക്കയാണെന്നു ചിലരും അങ്ങനെവരാനിടയില്ലെന്നു യുക്തിസമയം പെട്ടെന്നു പ്രത്യക്ഷനായി കോട്ടയടച്ചുതോന്നിയതുകാട്ടാൻ കാത്തിരിക്കയാണെന്നും മറ്റുചിലരും അഭിപ്രായപ്പെടുന്നു.

താരാ:—നിങ്ങളുടെ അഭിപ്രായമെന്താണു്?

വരാഹ:—ഞാൻ ഒഴിവിൽപറഞ്ഞ അഭിപ്രായക്കാരോടു യോജിച്ചു ഭയപ്പെടുകയാണു ചെയ്യുന്നതു് എന്തുകൊണ്ടെന്നാൽ അശോകനാഥൻ വലിയ ധീരനാണു്. നല്ല കരുത്തുറപ്പുള്ളവനാണു്. ആരെയും ഒന്നിനെയും ഭയപ്പെടുന്നവനല്ല. എന്തൊന്നും അയാൾ കരുതിക്കൂട്ടിയേ പ്രവർത്തിക്കൂ. ധൃതഗതിയിൽ വർത്തിക്കുകയും പ്രവർത്തിക്കുകയുമാണു് അയാളുടെ സ്വഭാവം അതുകൊണ്ടു്, എന്തൊക്കെയോ കണ്ടുവച്ചുംകൊണ്ടാണു മറഞ്ഞുനില്ക്കുന്നതെന്നു് എനിക്കു തോന്നുന്നു. ഇടപ്രഭുക്കന്മാരെ എല്ലാം ഒന്നിച്ചു പിടിക്കുവാനെന്നായിരിക്കും അയാൾ കണ്ടിരിക്കുന്നതു്.

താരാ:—അതെ, നിങ്ങൾ പറയുന്നതു വാസ്തവമാണെന്നു വന്നേക്കാം.

താരാനാഥൻ തനിക്കു അശോകനാഥനെ പരിചയമുണ്ടെന്നോ അശോകനാഥനുമായി അഭിമുഖസംഭാഷണം നടത്തിയിട്ടുണ്ടെന്നോ വരാഹസിംഹനെ ധരിപ്പിച്ചില്ല.

വരാഹ—ശ്രീപുരം ഇപ്പോൾ സമാധാനത്തിൽ കഴിഞ്ഞുകൂടുന്നു. ഇടപ്രഭുക്കന്മാർ ഓരോരുത്തരായി പരിവാരസമേതം അവരവരുടെ ചെറിയ സൈന്യങ്ങളോടുകൂടി വന്നെത്തുന്നതിനാൽ നാട്ടിലെ കലക്കത്തിനു് ഒട്ടു കുറവുസംഭവിച്ചിട്ടുണ്ടു്. കലഹപ്രിയന്മാരും കപിലമതാനുസാരികളും പ്രജാധിപത്യവാദികളും അവരെ സംബന്ധിച്ചവരും ഇപ്പോൾ ശ്രീപുരത്തു് ഇല്ലെന്നതന്നെപറയാം. അതുകൊണ്ടു വൈദികമതക്കാർ സൊല്ലുകൂടാതെ സമതാനുഷ്ഠാനങ്ങളെ ശരിവരെ നിറവേറുന്നു. ജനങ്ങളും നിർബാധമായി ക്ഷേത്രങ്ങളിലും മറ്റും ദേവകാര്യങ്ങളും യഥേഷ്ടം നടത്തിപ്പോരുന്നു. എന്നാൽ വ്യാപാരികൾക്കും തൊഴിലാളികൾക്കും അല്പം ക്ഷീണം തട്ടിയിട്ടുണ്ടു്. അതുകൊണ്ടു്, ആഗസ്റ്റുമാസം രണ്ടാംതീയതി ഞങ്ങളെല്ലാവരും ഉൽകണ്ഠാപൂർവ്വം പ്രതീക്ഷിച്ചിരിക്കയാണു്. യോഗനിശ്ചയങ്ങളും എന്തൊക്കെയാണെന്നു അറിവാൻ ഞങ്ങളും അക്ഷമന്മാരായി കാത്തിരിക്കുന്നു. കാശ്മീരചരിത്രത്തിലെ സർവ്വപ്രധാനമായ ഒരദ്ധ്യായം ആഗസ്റ്റു് രണ്ടാംതീയതി ആരംഭിക്കാൻപോവുകയാണു്. പഴയരീതിയിൽ രാജാധിപത്യംതന്നെ സ്ഥാപിക്കുകയോ അതല്ല നവീനമായി പ്രജാധിപത്യത്തെ സ്ഥാപിക്കയോ വേണ്ടതെന്നു അന്നുതന്നെ തീർച്ചപ്പെടുത്തുന്നതാണു്.

താരാ—കാശ്മീരത്തിലെ ഇതരസംസ്ഥാനങ്ങളിലുള്ള ജനങ്ങളുടെ അഭിപ്രായം എന്താണു്?

വരാഹ:—നമ്മുടെ അനുചാരസ്ത്രീകൾക്ക് ശ്രീപുരത്തെ അപേക്ഷിച്ചു മറ്റു സംസ്ഥാനങ്ങളിൽ കൂടുതലായ സ്വാധീനശക്തിയുണ്ട്. അതുകൊണ്ട് അവിടങ്ങളിലെ ജനങ്ങൾ അതു എളുപ്പത്തിൽ അശോകനാഥനെ കൈവിടുകയില്ല. ഒരുപക്ഷേ യുദ്ധം ഉണ്ടാവുകയാണെങ്കിൽ അതു വളരെ ഭയങ്കരമായിരിക്കും. എന്തുകൊണ്ടെന്നാൽ ഉണ്ടാകാനിരിക്കുന്ന യുദ്ധം മതസംബന്ധമായ യുദ്ധമായിട്ടു പരിണമിക്കുകയുള്ളൂ. മതാഭിമാനത്താൽ ഇരുകൂട്ടരും ഘോരമായി യുദ്ധം നടത്തുന്നതാണ്. നിർദ്ദയവും നിഷ്ഠുരവുമായ കൊലപാതകങ്ങളും കവർച്ചകളും സംഭവിക്കും. മൂടൽക്കിപ്പുറത്താൽ കാശ്മീരത്തിൽ ഒരു വലിയ രക്തപ്രളയത്തിന്റെ ലക്ഷണം കണ്ടുതുടങ്ങിയിരിക്കുന്നു

താര:—വാസ്തവമാണു നിങ്ങൾ പറയുന്നതു്. അപ്രകാരമുള്ള ക്രൂരയുദ്ധം സംഭവിക്കാതെ തടയേണ്ടതു് ഓരോരുത്തരുടേയും കടമയാണു്. എന്നാൽ നിങ്ങളുടെ സംസാരത്തിൽനിന്നും അശോകനാഥനെ നിങ്ങൾ തികച്ചും വെറുക്കുന്നുണ്ടെന്നു തോന്നുന്നുവല്ലോ.

വരാഹ:—സംശയമെന്തു്? ഞാൻ മാത്രമല്ല, സകലരും അയാളെ വെറുക്കുകതന്നെചെയ്യും അയാൾ ചെയ്ത അക്രമങ്ങൾ ചില്ലറയൊന്നുമല്ല. നമ്മുടെ ക്ഷേത്രങ്ങളെല്ലാം കൊള്ളചെയ്ത ക്ഷേത്രമുതലുകളെല്ലാം അയാൾ അപഹരിച്ചുകൊണ്ടു പൊയ്കളഞ്ഞു. നമ്മുടെ മതാചാര്യന്മാരെയും സന്ന്യാസികളേയും പരലോകത്തിൽ വിടുവിക്കുകയും ഭയപ്പെടുത്തുകയും ചെയ്തു. നമ്മുടെ മഠങ്ങളിൽ പലതും അയാൾ നശിപ്പിച്ചു. മഠങ്ങളിൽ നിവസിച്ചിരുന്ന ബ്രഹ്മചാരിണികളെ അവരവരുടെ വീടുകളിലേക്കു പറഞ്ഞയയ്ക്കുകയും മതോപദേഷ്ടാക്കളെ നാട്ടിൽനിന്നും ഓടിക്കുകയുംചെയ്തു. പോരെങ്കിൽ രാജകോയ്മയെ നശിപ്പിച്ചു മേലാൽ രാജാധിപത്യം ആവശ്യമില്ലെന്നും പ്രജകൾതന്നെ അവരിൽനിന്നും യോഗ്യന്മാരെ തിരഞ്ഞെടുത്തു ഭരണകർത്താവായി നിയമിച്ചാൽമതിയെന്നും പ്രഖ്യാപനംചെയ്തു. ജടപ്രഭുക്കന്മാരുടെ സ്ഥാനമാനങ്ങളെ നശിപ്പിച്ചു് അവരുടെ വസ്തുക്കളെ അപഹരിച്ചു അവരെ അസ്വതന്ത്രന്മാരാക്കുമെന്നു പരസ്യമായി ശപഥം ചെയ്തിട്ടുണ്ടു്. ഒരുവൻ ധനികനും മറ്റൊരുവൻ നിർദ്ധനനുമെന്നുള്ള സ്ഥിതിഭേദം നാട്ടിൽ പാടില്ലെന്നും നാട്ടിലെ സ്വത്തുക്കളും എല്ലാവർക്കുമായി സമവീതത്തിൽ ഭാഗിച്ചുകൊടുത്തു സ്ഥിതിസമത്വത്തെ പാലിക്കണമെന്നും അശോകനാഥൻ

കരുതിയിരിക്കുന്നു. ആകപ്പാടെ അശോകനാഥന്റെ കാരണത്താൽ രാജ്യം അരാജകത്വത്തെ പ്രാപിച്ചിരിക്കുന്നു അങ്ങനെയുള്ള ഒരുവനിൽ എന്തൊരാളിനാണു വെറുപ്പുണ്ടാകാത്തതെന്നു താങ്കൾതന്നെ ആലോചിക്കുക.

താരാ:—ആകട്ടെ; അശോകനാഥന്റെ പ്രവൃത്തികളെക്കുറിച്ചു ക്ഷമയോടുകൂടി നമുക്കു ചിന്തിക്കാം. ഒരാളിനെക്കുറിച്ചു് ഒരഭിപ്രായം പുറപ്പെടുവിക്കുന്നതു് വളരെ സൂക്ഷിച്ചുവേണ്ടതാണു്. പെട്ടെന്നു ഒരഭിപ്രായം പറവാൻപാടില്ല അശോകനാഥൻ ക്ഷേത്രങ്ങളെ കൊള്ളചെയ്തു എന്നു നിങ്ങൾ പറയുന്നു. ക്ഷേത്രങ്ങളിലുള്ള വിഗ്രഹങ്ങളെ അപഹരിച്ചതല്ലാതെ മറ്റൊന്നും അദ്ദേഹം ചെയ്തിട്ടില്ല. സ്വർണ്ണംകൊണ്ടുള്ള ആ വിഗ്രഹങ്ങളെ പട്ടിണികിടക്കുന്ന സാധുക്കൾക്കു് വീതിച്ചുകൊടുക്കുകയല്ലേ ചെയ്തതു്? അതോ, സ്വാർത്ഥത്തിനായി വിനിയോഗിച്ചുവോ? നമ്മുടെ മഠാധിപന്മാരെയും മതാചാര്യന്മാരെയും ഹിംസിച്ചു എന്നു നിങ്ങൾ പറയുന്നു അവരിൽ ധനവാന്മാരുടെപക്കൽ നിന്നും നിർബ്ബന്ധപൂർവ്വം ധനസഹായം ആവശ്യപ്പെട്ടതല്ലാതെ മറ്റൊരു പ്രകാരത്തിൽ അവരെ ഉപദ്രവിച്ചിട്ടില്ല. അങ്ങനെ സമ്പാദിച്ചധനംതന്നെ സാധുക്കൾക്കു കൊടുക്കുകയാണുചെയ്തതു്. മഠങ്ങളിൽ താമസിപ്പിച്ചിരുന്ന ബ്രഹ്മചാരിണികളെ പിരിച്ചയച്ചതു വാസ്തവംതന്നെ; ആ പ്രവൃത്തി ഒരു വലിയ അനുഗ്രഹമായിവേണം കരുതാൻ. ബ്രഹ്മചര്യത്തിന്റെപേരിൽ അതിനകത്തുകാട്ടിക്കൂട്ടുന്ന തോന്ന്യാസങ്ങൾ നിങ്ങൾ അറിഞ്ഞിട്ടില്ലേ? ഇവർ നീതിവിരുദ്ധങ്ങളും ഭയങ്കരങ്ങളുമായ എത്ര എത്ര അപരാധങ്ങൾ ചെയ്യുന്നുണ്ടെന്നു നിങ്ങൾ അറിയുന്നില്ലേ? അങ്ങനെയുള്ള സ്ഥാപനങ്ങളെ നശിപ്പിക്കുന്നതു വലിയ വലിയ പുണ്യമാണെന്നു വിശ്വസിക്കണം. രാജാധികാരത്തെ ധ്വംസിച്ചു പ്രജാധിപത്യബീജത്തെ വിതരണംചെയ്തു എന്നാണു അശോകനാഥനിലുള്ള നിങ്ങളുടെ മറ്റൊരു ചാർജ്ജു്. അതൊരു കുറ്റമാണെന്നു വ്യാഖ്യാനിക്കാൻ ഞാൻ തയ്യാറല്ല. രാജാധിപത്യത്തിനെന്നവണ്ണം പ്രജാധിപത്യത്തിനും ലോകത്തിൽ സ്ഥാനമുണ്ടു് ഒട്ടാംശവും ശിഷ്ടാംശവും ആ രണ്ടുഭരണക്രമത്തിലും അടങ്ങിയിട്ടുമുണ്ടു്. നമ്മൾ രാജാധിപത്യത്തെ ആദരിക്കയും ആഗ്രഹിക്കയുംചെയ്യുന്നതുപോലെ പ്രജാധിപത്യത്തെ സ്നേഹിക്കുന്നവരുമുണ്ടു്. അശോകനാഥന്റെ ആദർശവും അഭിപ്രായവും നമ്മളുടേതിൽനിന്നു ഭിന്നമാണെന്നുവച്ചു അദ്ദേഹത്തെ വെറുക്കാൻ പാടില്ല നമ്മുടെ അഭിപ്രായത്തിൽനിന്നു ഭിന്നിച്ചവരെല്ലാം

ദുഷ്ടന്മാരും രാജ്യദ്രോഹികളുമാണെന്നു പറയുന്നതു തെറ്റാണെന്നു ബുദ്ധിഹീനതമാണു്. ഇടപ്രഭുക്കന്മാരുടെ സ്വാതന്ത്ര്യങ്ങളെയും സ്ഥാനമാനങ്ങളെയും അശോകനാഥൻ നശിപ്പിക്കാൻ ഭാവമുണ്ടെന്നു നിങ്ങൾ പറഞ്ഞുവല്ലോ. ആ വക സ്വാതന്ത്ര്യങ്ങളും സ്ഥാനമാനങ്ങളുംകൊണ്ടു ജനങ്ങൾക്കു എന്താണൊരു നന്മയുണ്ടാകുന്നതു്? യാതൊന്നുമില്ല. ഒരു പ്രകാരത്തിൽ അവ അനിഷ്ടഫലത്തെത്തന്നെയുണ്ടാക്കുമെന്നും വരാം. ധനികന്മാരുടെ സ്വത്തുക്കളെ സാധുക്കൾക്കുകൂടി വീതിച്ചുകൊടുത്തു സ്ഥിതിസമത്വം ഏർപ്പെടുത്തണമെന്നാണു് അശോകനാഥന്റെ നോട്ടമെന്നു നിങ്ങൾ പറയുന്നു. ആ ആരോപം സ്തുത്യർഹമാണെന്നാണു് എന്റെ അഭിപ്രായം. ഓരോ ധനവാനും ആവശ്യത്തിൽക്കൂടുതലായ ധനം എന്തിനു സൂക്ഷിച്ചുവയ്ക്കുണം? അതിനു് അവകാശികൾ നാട്ടിൽ പട്ടിണികിടക്കുന്ന സാധുക്കളാണു്. അതിനെ അവർ കൈയടക്കംചെയ്തു വച്ചിരിക്കുന്നതു് വമ്പിച്ചകുറ്റമാണു്. പ്രകൃതിയെ അവർ അതിലംഘിക്കുന്നു. ലോകത്തിൽഉള്ള സ്വത്തുക്കൾ സകല ജനങ്ങളുടെയും ആവശ്യത്തിനുമാത്രമേ തികയുകയുള്ളൂ. മനുഷ്യനും ധനത്തിനും തമ്മിലുള്ള ബന്ധം ആവശ്യത്തെ ആസ്പദീകരിച്ചിരിക്കുന്നു. പ്രകൃതിയുടെ നിയമവുതന്നെ അതാണു്. അങ്ങനെയിരിക്കെ ലോകത്തിലെ പൊതുമുതൽ മുഴുവനും ആളുകൾകൂടി കൈയടക്കം ചെയ്തുവച്ചുകൊണ്ടു് കോടാനുകോടി ജനങ്ങളെ നിത്യമായി പട്ടിണിയിട്ടു സങ്കടപ്പെടുത്തുന്നതു മഹാപാപമല്ലാതെ മറ്റെന്താണു്? ഈ ഘോരപാതകത്വം എന്നും നിലനിന്നുപോരുമെന്നു നിങ്ങൾ വിശ്വസിക്കുന്നു. ദൈവം അതിനു അനുകൂലിക്കയില്ല. അശോകനാഥന്റെ ആരോപം ഈശ്വരദൃഷ്ട്യാ ന്യായയുക്തമാണെന്നു ഞാൻ വിശ്വസിക്കുന്നു. രാജ്യത്തിൽ അരാജകത്വം ഏർപ്പെടുത്തി എന്നും നിങ്ങൾപറഞ്ഞു കപിലാചാര്യനെയും അദ്ദേഹത്തിന്റെ അനുയായികളെയും നിങ്ങൾ നിസ്സംശയമായി വധിച്ചതുകൊണ്ടല്ലേ അശോകനാഥൻ അതിലേക്കു മുന്നിട്ടതു്? ഇക്കാരണങ്ങളാൽ അശോകനാഥനെ അധിക്ഷേപിക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം. എന്നുവച്ചു് അയാൾ കുറ്റക്കാരനല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ, മറ്റുള്ളവർ അതിനെത്തെ കുറ്റക്കാരായിരിക്കും.

വരാഹ:— അല്ല! താങ്കൾ എന്താണിങ്ങനെ സംസാരിക്കുന്നതു്! താങ്കൾ കപിലമതാനുസാരിയും അശോകനാഥന്റെ പക്ഷക്കാരനുമാണെന്നു സംശയിക്കത്തക്കവാക്കുകളാണല്ലോ പറയുന്നതു്!

താരാ:—അങ്ങനെ ബുദ്ധിയുള്ളവരാരും സംശയിക്കയില്ല. ഞാൻ വൈദികമതത്തിൽചേർന്നവനാണു് ഞാൻ അശോകനാ ഥന്റെ കക്ഷിയിൽചേർന്നവനല്ല. അപ്രകാരം ചോദ്യംചെയ്യണമെന്നു വിചാരിക്കാൻ കാരണവുമില്ല. പ്രജാധിപത്യഭരണത്തിൽ എനിക്കു ആനുകൂല്യവുമില്ല. കാശ്മീരം ഒരു രാജാവിന്റെ കീഴിൽതന്നെ അഭിവൃദ്ധിയെ പ്രാപിച്ചുകാണണമെന്നാണു് എന്റെ അഗ്രഹം. എന്നാൽ ഏതൊന്നിലും നിഷ്പക്ഷമായും ന്യായയുക്തമായും അഭിപ്രായം പുറപ്പെടുവിക്കേണ്ടതു് ആവശ്യമാണല്ലോ. അശോകനാഥൻ ശൂരനും വീരനുമാണെന്നുള്ളതിനും പുറമേ അഗാധബുദ്ധിമാനും മഹാമനസ്കനുംക്രൂരിയാണെന്നും അയാളുടെ അന്യായികളും ന്യായാന്യായാധികളും സദ്ഗുണന്മാരുമാണെന്നും എനിക്കു അറിയാം. നിങ്ങൾ വിചാരിക്കുന്നതുപോലെ അവർ ദുഷ്ടന്മാരല്ല എന്നാൽ കാശ്മീരത്തിലെ ഇടപ്രഭുക്കന്മാർ ഒവ്വാശിയും മക്കടമുഷ്ടിയും പുലത്തിക്കൊണ്ടിരുന്നാൽ അശോകനാഥനും ക്രൂരനും ചവിട്ടേറ സപ്പുത്തെപ്പോലെ ക്രുദ്ധന്മാരായി എന്തെങ്കിലും പ്രവർത്തിച്ചാൽ അതിൽ ആശ്ചര്യപ്പെടാനില്ലെന്നാണു് എന്റെ അഭിപ്രായം.

വരാഹ:—അങ്ങനെയാണെങ്കിൽ ഈ കലക്കം ഏതുപ്രകാരത്തിൽ അവസാനിപ്പിക്കണമെന്നാണു് താങ്കളുടെ അഭിപ്രായം?

താരാ:—ഇരുകൂട്ടരും പരസ്പരം യോജിക്കണം. എങ്കിൽ മാത്രമേ കായ്ക്കലേക്കു ആശാസ്യമായ പരിണാമവും നാട്ടിൽ ക്ഷേമവും സംഭവിക്കു എങ്കിൽ മാത്രമേ യുദ്ധംകൂടാതെ കഴിയാനും സാധിക്കു.

വരാഹ:—അതൊരു നല്ല അഭിപ്രായമാണു്. താങ്കളുടെ കായ്ക്കബോധവും അവസരോചിതമായ ബുദ്ധിവിലാസവും പ്രശംസനീയമായിരിക്കുന്നു. ഇപ്പോൾ കൂടാൻ പോകുന്ന രാഷ്ട്രീയമഹായോഗത്തിൽ, താങ്കളും ഒരു പ്രതിനിധിയായി സംബന്ധിക്കുന്നതിൽ എനിക്കു വളരെ സന്തോഷവും കൃതജ്ഞതയുമുണ്ടു്. കാശ്മീരവും നേപ്പാളവും പണ്ടേ സഖ്യത്തിൽ കഴിഞ്ഞുവരികയാണു്. നേപ്പാളനൃപന്റെ പ്രതിനിധിയായ താങ്കളുടെ ആലോചനകളും അഭിപ്രായങ്ങളും യോഗപ്രവർത്തകന്മാരായ ഇടപ്രഭുക്കന്മാർ ബഹുമാനപൂർവ്വം അംഗീകരിക്കതന്നെചെയ്യുമെന്നുള്ളതിൽ സന്ദേഹമില്ല.

താരാ:—കഴിയുന്നതു ഞാൻ എന്റെ കടമയെ നിർവ്വഹിക്കാം കഴിഞ്ഞുപോയ കാശ്മീരരാജാവായ കൃതവീര്യന്റെ പുത്രി പദ്മാവതിയെപ്പറ്റി നിങ്ങൾക്കു് എന്തെങ്കിലും അറിവുണ്ടോ?

വരാഹ:—കഷ്ടം! അതോക്കുമ്പോൾ എനിക്കു സങ്കടം ഉണ്ടാകുന്നു. നാട്ടിൽ അരുപ്പിയും അസ്വാസ്ഥ്യവും സൃഷ്ടിച്ചു് രാജ്യശ്രീ അലക്കോലപ്പെട്ടതോടുകൂടി രാജകുമാരി എവിടെയോ ഓടിപ്പൊയ്കളഞ്ഞു. ഇപ്പോൾ എവിടെയുണ്ടെന്നു് ആർക്കും ഒരു വിവരവുമില്ല. രാജകുമാരിയിൽ പ്രത്യേകസ്നേഹവും വാത്സല്യവുമുള്ള പലരും വളരെയെല്ലാം ശ്രമിച്ചിട്ടും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല.

താര:—രാജകുമാരി ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ആരുടെ രക്ഷയിൽ ഇരിക്കാനിടയുണ്ടെന്നു നിങ്ങൾക്കു് ഊഹിച്ചുകൂടെ. കൃതവീര്യൻ തന്റെ അന്ത്യഘട്ടത്തിൽ പുത്രിയുടെ സംരക്ഷണത്തിനു് ആരെയും ചുമതലപ്പെടുത്തുക ഉണ്ടായിരുന്നോ?

വരാഹ:—രാജകുമാരിയെ സംബന്ധിച്ച വിവരങ്ങൾ കേവലം അജ്ഞാതങ്ങളാണു്. രാജാവിന്റെ അന്ത്യഘട്ടത്തിൽ നാട്ടിൽ അസ്വാസ്ഥ്യവും അരുപ്പിയും മൂർദ്ധന്യതയെ പ്രാപിച്ചിരിക്കയായിരുന്നു. അശോകനാഥന്റെയും കൂട്ടരുടെയും തോന്ന്യാസങ്ങൾ നിമിത്തം ജനങ്ങളുടെ വീടുകളും വെന്തുനീറിക്കൊണ്ടിരുന്നതിനാൽ കൊട്ടാരം സംബന്ധിച്ച വിഷയങ്ങളിൽ അവർക്കു ശ്രദ്ധയുണ്ടായിരുന്നില്ല; ശ്രദ്ധിക്കാൻ അവസരംകിട്ടിയില്ല. രാജാവിന്റെ മരണവും രാജകുമാരിയുടെ അന്തർദ്ധാനവും ഒന്നിച്ചുകഴിഞ്ഞു. ഈ സംഭവങ്ങളും നാട്ടിന്റെ ദുരവസ്ഥയെ വർദ്ധിപ്പിച്ചതിനാൽ ജനങ്ങൾക്കു യാതൊന്നും അന്വേഷിക്കാൻ സാവകാശംകിട്ടിയില്ല അതുകൊണ്ടു് രാജകുമാരിയുടെ അനന്തരവൃത്താന്തം ആർക്കും അറിഞ്ഞുകൂടാ. ഇത്രമാത്രമേ എനിക്കു് അറിവുള്ളൂ. അമ്പോ! താങ്കൾ എത്രതന്നെ അശോകനാഥനെ പ്രശംസിച്ചാലും എനിക്കു അയാളിലുള്ള സംശയം തീരുന്നില്ല. പദ്മാവതിയുടെ ദുരിതത്തിനു ഹേതുഭൂതൻ മിക്കവാറും അശോകനാഥൻതന്നെ എന്നാണു് ഞാൻ വിചാരിക്കുന്നതു്.

വരാഹസിംഹൻ കാര്യബോധവും ബുദ്ധിശക്തിയുമുള്ള ആളാണെങ്കിലും, അശോകനാഥനെ സംബന്ധിച്ചിടത്തോളം അയാളുടെ ആ ഗുണങ്ങൾക്കു ശൈഥില്യംസംഭവിക്കുന്നുണ്ടു്. അശോകനാഥന്റെ ആദർശത്തിലും പ്രക്ഷോഭണത്തിലും അയാൾക്കുള്ള യാഥാസ്ഥിതികത്വത്തിന്റെ ഫലമായ് അനാദരവും വെറുപ്പും ആയിരിക്കാം അതിനുകാരണം.

താരാ:—അശോകനാഥനെ നമ്മുടെ മതാചാര്യന്മാർ ഏതോ ഒരു കാര്യത്തിൽ നല്ലപോലെ ഒന്നു വേദനിപ്പിച്ചു എന്നും അക്കാരണത്താലാണു് അയാൾ അവർക്കു വിരോധമായി പ്രക്ഷോ

ഭണം നടത്താൻ മുന്നിട്ടതെന്നും കേൾക്കുന്നുവല്ലോ! അതിൽ എത്രകണ്ടു വാസ്തവമുണ്ടു്?

വരാഹ:—അപ്രകാരം ഒരു ശ്രുതിപരന്നിട്ടുണ്ടു്. എന്നാൽ അതിൽ എത്രത്തോളം പരമാർത്ഥം ഉണ്ടെന്നു് എനിക്കു അറിഞ്ഞുകൂടാ. അശോകനാഥന്റെ ഒരു സഹോദരിയേയോ രക്തബന്ധത്തിലൊട്ടിയ ഒരു സ്ത്രീയേയോ മറേറാ ഒരു സന്യാസി പ്രലോഭിപ്പിച്ചു ബലാൽക്കാരമായി പാതിവ്രത്യഭംഗം ചെയ്വാൻ ശ്രമിച്ചു എന്നും ഭയപ്രവൃത്തി അശോകനാഥനെ ക്ഷോഭിപ്പിച്ചു എന്നുമാണു കേൾവി. ഇതു വെറും അടിസ്ഥാനരഹിതമായ കേൾവിയാണെന്നാണു എന്റെ സ്വന്തമായ അഭിപ്രായം. ഏതായാലും ഒരു കാര്യം തുറന്നുപറയാം. അശോകനാഥൻ കുതവീര്യന്റെ അധീനതയിൽ കഴിഞ്ഞുകൂടിയകാലത്തും അയാളുടെ സ്വഭാവം, അവ്യക്തവും അശോജനകവുമായിരുന്നു. അശോകനാഥൻ ചെറുപ്പത്തിൽ, തന്റെ സ്ഥിതിയിൽ കവിഞ്ഞ അന്തസ്സും അഭിജാത്യവുമുള്ള ഒരു സ്ത്രീയെ പ്രേമിച്ചു എന്നും എന്നാൽ ആ സ്ത്രീ, അതിനു വഴിപ്പെടാഞ്ഞിട്ടോ; വഴിപ്പെടാതിരിക്കാൻ നിർബന്ധിതയായിഭവിച്ചിട്ടോ എന്നറിഞ്ഞില്ല; മറെറാരാളിനെ വരിച്ചു എന്നും കേൾക്കുന്നുണ്ടു്. ഈ കാരണത്താൽ അശോകനാഥന്റെ മനസ്സിനുകലക്കം നേരിട്ടുഎന്നും കാലാന്തരത്തിൽ അതു ഒരു വക ബുദ്ധിഭ്രമമായി രൂപാന്തരപ്പെട്ടു എന്നുമാണു എനിക്കു തോന്നുന്നതു്. സന്തോഷം എന്നതു് അയാളെ വിട്ടുപിരിഞ്ഞിരിക്കയാണു്. മനഃപീഡയും പരോപദ്രവബുദ്ധിയും അയാൾക്കു സ്വായത്തമായി ഭവിച്ചിരിക്കുന്നു. അയാളുടെ ധൈര്യത്തിനും അഭീതിക്കും കാരണം അതല്ലാതെ മറെറാന്നുമല്ല.

താരാ:—എന്നാൽ അശോകനാഥൻ വിവാഹം കഴിച്ചിട്ടില്ലേ?

വരാഹ:—എന്നാണു് എല്ലാവരും വിശ്വസിച്ചിരിക്കുന്നതു്.

താരാ:—ഒരു സഹോദരിയോ മറേറാ ഉണ്ടെന്നുതോന്നുന്നു.

വരാഹ:—ഛെയ് അതൊക്കെ വെറും കള്ളമെന്നാണു എനിക്കു തോന്നുന്നതു്. വാസ്തവംപറകയാണെങ്കിൽ അശോകനാഥന്റെ കുടുംബവൃത്താന്തങ്ങളൊന്നും ആരും നല്ലപോലെ അറിഞ്ഞിട്ടില്ല. അയാളുടെ സഹോദരിയേയോ മറേറാ ഒരു സന്യാസി പാതിവ്രത്യഭംഗം ചെയ്തോ ചെയ്വാൻ ശ്രമിച്ചുഎന്നോ കേൾക്കുന്നുണ്ടെന്നല്ലാതെ, ആ സ്ത്രീ ആരാണെന്നാകട്ടെ സന്യാസി ആരെന്നാകട്ടെ ഒരുത്തരും അറിഞ്ഞിട്ടില്ല. അതുകൊണ്ടാണു് നമുക്കു വിശ്വസിച്ചുകൂടാത്തതു്.

താരാ:—അതിരിക്കട്ടെ; വളരെ സൗന്ദര്യവും ഭംഗിയുമായ പേരും ഉള്ള ഒരു സ്ത്രീ അശോകനാഥൻ എന്നയാളുടെ താമസിക്കുന്നുണ്ടെന്നും അവൾക്കു വളരെ ബഹുമാനമുണ്ടെന്നും കേൾക്കുന്നുവല്ലോ. നിങ്ങൾ അതിനെക്കുറിച്ചു വല്ലതും അറിഞ്ഞിട്ടുണ്ടോ?

വരാഹ:—ഓഹോ! എനിക്കറിയാം. താങ്കൾ പ്രേതയക്ഷിയെപ്പറ്റി യാണു് സംസാരിക്കുന്നതു്. അവൾ ആരാണൊന്നോ എവിടുന്നുവന്നു എന്നോ അശോകനാഥനും അവൾക്കും തമ്മിൽ എന്താണു. സംബന്ധമെന്നോ ആർക്കും അറിഞ്ഞുകൂടാ. അവൾ നമ്മെപ്പോലെതന്നെ രക്തമാംസങ്ങളോടുകൂടിയ മനുഷ്യജന്മമോ അതു മനുഷ്യരൂപത്തിലുള്ള മറ്റു വല്ല ഗണത്തിലും ഉൾപ്പെട്ടവളോ എന്തോ? ദേവലോകത്തു ഈ നിറവും രൂപവും ഉള്ള സ്ത്രീകളുണ്ടെന്നു നമ്മുടെ വൈദികഗ്രന്ഥങ്ങളിൽ കാണുന്നതുകൊണ്ടു, അവരിൽ ആരെങ്കിലുമായിരിക്കാം. എന്നാൽ, അവർ മനുഷ്യരോടു ഇത്ര അടുത്തു സഹവസിക്കുമെന്നു ആ ഗ്രന്ഥങ്ങളിലൊന്നും പറഞ്ഞുകാണുന്നില്ല. അവൾ മാളവദേശത്തുള്ളവളാണെന്നും, ഇന്ദ്രജാലം, മഹേന്ദ്രജാലം മുതലായവ അഭ്യസിച്ചിട്ടുണ്ടെന്നും ആ ജാലപ്രയോഗത്താൽ ആരെയും മോഹിപ്പിക്കുന്നതിനു് അവൾക്കു ശക്തിയുണ്ടെന്നും ചിലരൊക്കെപ്പറയുന്നതുമുണ്ടു്. ഞാൻ ഇതേവരെ അവളെ കണ്ടിട്ടില്ല, കാണാനൊട്ടു ആഗ്രഹിച്ചിട്ടുമില്ല. അവളുടെ മന്ത്രശക്തികൊണ്ടാണു് അശോകനാഥൻ ഇക്കിടന്നു കളിക്കുന്നതെന്നും എന്റെ നേരിൽ തന്നെ പലരും പറഞ്ഞിട്ടുണ്ടു്. എന്തായാലും അവളുടെ പേരു കേൾക്കുമ്പോൾ എനിക്കു പേടിയുണ്ടാകുന്നു. അവളുടെ നിറത്തിനും പ്രവൃത്തിക്കും യോജിച്ചപേരുതന്നെ അതു്.

താരാ:—പ്രേതയക്ഷിക്കു സഹോദരന്മാരോ സഹോദരികളോ മറ്റു വല്ല ബന്ധുക്കളോ ഉണ്ടെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ?

വരാഹ:—ഇല്ല; ഞാൻ അറിഞ്ഞിട്ടില്ല. എന്തിനാണിമ്മാതിരി ഇനിയും. ഇതൊന്നുപോരേ, നമ്മുടെ പാവനമായ മതത്തിന്റെ നാരായവേരുതോണ്ടാൻ!

താരാ:—വളരെ സന്തോഷം! നിങ്ങളുടെ വിലയേറിയ സമയത്തിൽ ഒട്ടൊരുളരെ ഭാഗം എനിക്കുവേണ്ടി ചെലവുചെയ്തതിനായി നന്ദിപറയുന്നു. ദയവുചെയ്തു് ഈ എഴുത്തു ഉദയസേനപ്രഭുവിനെ ഏല്പിക്കുക!

എന്നുപറഞ്ഞു, തന്റെ പക്കലുണ്ടായിരുന്ന വിജയസേനന്റെ എഴുത്തു വരാഹസിംഹന്റെ കയ്യിൽക്കൊടുത്തു. വരാഹസിംഹൻ

എഴുത്തുവാങ്ങി, ഉദയസേനപ്രഭുവിനെ ഏല്പിക്കാമെന്നു സമ്മതിച്ചു കൊണ്ടു താരാനാഥനും വന്ദനംപറഞ്ഞു വെളിയിലിറങ്ങിപ്പോയി.

അദ്ധ്യായം ൫൦.

"വിശ്വസ്തമിത്രമേ! കേൾക്കിവനെത്രയും
വിശ്വാസയോഗ്യനല്ലെന്നതു നിർണ്ണയം."

കഴിഞ്ഞ അദ്ധ്യായത്തിൽ ചൊന്നപ്രകാരം, താരാനാഥനും വരാഹസിംഹനും തമ്മിൽ സംഭാഷണം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, വേറേ രണ്ടാളുകൾ അതേകെട്ടിടത്തിലുള്ള വേറൊരുമുറിയിൽ ഇരുന്നു് ചില പ്രധാന വിഷയങ്ങളെക്കുറിച്ചു് സംസാരിക്കുന്നുണ്ടായിരുന്നു. അവരിൽ ഒരാൾ ഉദഗ്രനും ദുഷ്ടസ്വഭാവനും ആയ ഒരു ഗംഭീരപുരുഷനാണു്. അയാൾ ഒരു ശ്വിഷ്ടനാണെന്നു അയാളുടെ മുഖത്തു സൂക്ഷിച്ചു വീക്ഷിച്ചാൽ ആർക്കും മനസ്സിലാക്കാം. നിറം ഒരുതരം കറുപ്പാണു് വയസ്സു് നാല്പത്തെട്ടിൽ കവിഞ്ഞിട്ടില്ല. രോമങ്ങൾക്കൊന്നും നര ബാധിച്ചിട്ടില്ല. വട്ടമുഖവും പരുത്തമീശയും വിരിഞ്ഞമാറും ഇതു യോജിച്ച മറ്റാർക്കും കണ്ടിട്ടില്ല. ധരിച്ചിരിക്കുന്ന വസ്ത്രവും അംഗുലികളിൽ അണിഞ്ഞിരിക്കുന്ന വജ്രമോതിരങ്ങളും ഗളത്തിൽ തിളങ്ങുന്ന രത്നമാലയും അയാളുടെ പ്രൌഢതയെസൂചിപ്പിക്കുന്നു. അരയിൽ തൂങ്ങുന്ന വാളുറയിൽ സ്വർണ്ണം പൊതിഞ്ഞ രത്നങ്ങൾ പതിച്ചിരിക്കുന്നു. ഖഡ്ഗത്തിന്റെ പിടി സ്വർണ്ണത്താൽ ചെയ്യപ്പെട്ടിട്ടുള്ളതാണു്. ഖഡ്ഗവും സ്വർണ്ണമാണോ എന്നു നിങ്ങൾ ചോദിച്ചാൽ അതു ഉറയിൽനിന്നും ഊരിക്കാണാതെ നേരറിയുന്നതെങ്ങനെ? പ്രസ്തുത പുരുഷനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും തീരെ അപരിചിതനല്ല. ഇക്കഥയിൽ പല ആവൃത്തി നിങ്ങൾ കേട്ടിട്ടുള്ള ഉദയസേനപ്രഭുവാണു് ഈ മഹാൻ. കാശ്മീരത്തിലെ നാടുവാഴികളായ ഇടപ്രഭുക്കന്മാരിൽ, സൈന്യബലംകൊണ്ടും ധനപ്രഭാവംകൊണ്ടും പ്രഥമസ്ഥാനം ഉദയസേനനാണു്. ഇദ്ദേഹത്തോടു് സംഭാഷിച്ചുകൊണ്ടിരുന്ന അപരൻ നിഷ്കളാനന്ദസ്വാമികളാണു്. സ്വാമികൾക്കു് എന്തോ ഒരുപകടം നേരിട്ടെന്നു ശങ്കിക്കത്തക്ക ഒരു വ്യാകുലീഭാവം മുഖത്തു കാണുന്നു. വലുതായ ഒരു ക്ഷീണം സംഭവിച്ചിട്ടുണ്ടു്. നെറ്റിയിൽ ഇടത്തേക്കണ്ണിന്റെ മുകളിലായി, കട്ടിയുള്ള ഏതോ സാധനംകൊണ്ടു ഇടിച്ചതുപോലുള്ള ഒരു വലിയ മുഴ കാണുന്നു അതു മുഴയുടെ ഒരു മുക്കാൽ ഭിവസത്തെ പഴക്കവും നിർണ്ണയിക്കാം.

ഉദയസേനനും നിഷ്കളാനന്ദനും തികഞ്ഞ മദ്യപാനികളാണു്. ഈ അവസരത്തിലും അവർ നല്ലപോലെ കുടിച്ചിട്ടുണ്ടു്. അതു പോരാഞ്ഞിട്ടാ എന്നതോന്നുമാറു് ഒന്നാംതരത്തിൽ ഒരു കുപ്പി അവർക്കൽ കരുതിയിട്ടുമുണ്ടു്. മദ്യപാനത്തിൽ നല്ല തഴക്കവും പഴക്കവും ഉള്ളവരിൽ കാര്യഭാരങ്ങളിൽനിന്നും വ്യതിചലിക്കാതെ സംഭാഷണം ചെയ്യാൻ കഴിയുകയില്ലെന്നു വാദിക്കുന്നവരുണ്ടെങ്കിൽ അവരുടെ ശ്രദ്ധയെ ആടിയിൽ ഉദ്ധരിക്കുന്ന ഉദയസേനന്റെയും നിഷ്കളാനന്ദന്റെയും സംഭാഷണവാക്യങ്ങളിലേക്കു ക്ഷണിച്ചു കൊള്ളുന്നു

ഉദയസേനൻ:— സ്വാമികം കാൽനടയായി ബദ്ധപ്പെട്ട വരികയായിരുന്നു എന്നതോന്നുന്നുവല്ലോ?

സ്വാമികം:— രണ്ടിടവഴിക്കിനുമപ്പുറം എന്റെ താമസം ശ്രീപുരത്തുനിന്നും വളരെ ദൂരത്തിലുള്ള ഒരു സ്ഥലത്തായിരുന്നു. കല്പകശ്ശേരിക്കാട്ടയിൽനിന്നു പത്തുനാഴികയിലധികമപ്പുറത്തുള്ള ഒരു ഉപവനത്തിൽ നേപ്പാളാധിപതിയുടെ പ്രതിനിധിയുടെ വരവുംകാത്തു താമസിക്കുകയാണു ചെയ്തതു്. ഞാൻ പ്രതാപരുദ്രനു് ഒരു സന്ദേശം കൊടുത്തയച്ചിരുന്നുവല്ലോ. അതുസംബന്ധിച്ചു് അദ്ദേഹത്തിനുള്ള അഭിപ്രായം അറിയണമെന്നാണു് എന്റെ പ്രധാനമായ ഉദ്ദേശം

ഉദയസേനൻ:— പ്രതാപരുദ്രന്റെ മറുപടി കിട്ടിയോ? ശരി; മറുപടി അറിഞ്ഞിരുന്നെങ്കിൽ സ്വാമികം ഇത്രബദ്ധപ്പെട്ടു് ഇവിടെ വരികയില്ലായിരുന്നു.

സ്വാമികം:— അല്പം ക്ഷമിക്കുക! ധൃതിപ്പെടേണ്ടാ. സകലതും പ്രളവിനെ ഗ്രഹിപ്പിക്കാം. എനിക്കു ശരീരത്തിനു വളരെ ക്ഷീണമുണ്ടു്. ഒന്നു ശയിച്ചാൽ അത്രയുള്ള സുഖംകിട്ടും. സംസാരിക്കാൻ തീരെ ശക്തിപോരാ. എനിക്കു് നടന്ന ഒന്നു കലശലായി.

ഉദയസേനൻ:— സ്വാമികം ഇത്ര വളരെ ദൂരം നടന്നുവെന്നോ എനിക്കു് അതിൽ വിശ്വാസം ഉണ്ടാകുന്നില്ല അത്ര വളരെ നടക്കാൻ സാധിക്കുന്നതാണോ?

സ്വാമികം:— അല്പദൂരം കുതിരപ്പുറത്തായിരുന്നു. എന്നാൽ അധികം ദൂരവും നടക്കുകതന്നെയാണു ചെയ്തതു്.

ഉദയസേനൻ:— യാത്രയിൽ ഏതാണ്ടു് അക്കിടിപറ്റി എന്നതോന്നുന്നുവല്ലോ, നെറ്റിയിലെന്താണൊരു മുഴ?

സ്വാമികം:— വരട്ടെ; ദൈവം ഉണ്ടെങ്കിൽ ഞാൻ പകവീട്ടാതിരിക്കയില്ല. എന്നാൽ അതു് എന്നെമാത്രം സംബന്ധിച്ച വിഷയമാണു് അതിനും നമ്മുടെ സംഭാഷണവിഷയത്തിനും

തമ്മിൽ യാതൊരു സംബന്ധവുമില്ല. നമുക്കു സംഭാഷണവിഷയത്തെത്തുടരാം. ഈ മാസം പതിനെട്ടാംതീയതി വൈകുന്നേരത്തു് ഒരു ചെറുപ്പക്കാരൻ എന്റെ താമസ്ഥലം അന്വേഷിച്ചുവന്നു്, തന്റെ യജമാനനായ താരാനാഥൻ എന്നയാൾ, നേപ്പാളരാജപുത്രന്റെ പ്രതിനിധിത്വത്തോടുകൂടി കാശ്മീരത്തിലേക്കു തിരിച്ചിരിക്കുന്നു എന്നും പതിനെട്ടാംതീയതി രാത്രികല്പകക്കോട്ടയിൽ താമസിക്കാൻ നിശ്ചയിച്ചിരിക്കയാണെന്നും അടുത്തദിവസത്തിൽ എന്നെക്കണ്ടു സംസാരിക്കാൻ സൗകര്യം കൊടുക്കണമെന്നു് അത്യാവശ്യപ്പെട്ടിരിക്കുന്നു എന്നും അറിയിച്ചു.

ഉദയസേ:—എന്നാൽ എന്റെ മകൻ അയാളെ വേണ്ടപോലെ സൽക്കരിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

സ്വാമികൻ:—ഞാനതുകേട്ടു് സന്ദർശനത്തിനു് ഒരു സ്ഥലവും സമയവും നിർദ്ദേശിച്ചു് അയാളെ മടക്കിഅയച്ചു അതനുസരിച്ചു് അടുത്തദിവസം നിർദ്ദിഷ്ടസ്ഥലത്തുവച്ചു് ഞങ്ങൾ തമ്മിൽ കണ്ടു. എന്റെ അഭിപ്രായം മുഴുവൻ ഞാൻ അയാളെ അറിയിച്ചു. അതെന്തൊക്കെയാണെന്നു പ്രഭുവിനു് അറിയാമല്ലോ.

ഉദയസേ:—സ്വാമികളുടെ അഭിപ്രായത്തോടു താരാനാഥൻ അനുകൂലിച്ചുവോ?

സ്വാമികൻ:—അക്കാര്യത്തിൽ സംശയിപ്പാനൊന്നുള്ളൂ. എന്നാൽ ശ്രീപുരത്തു് എത്തിയ ഉടനെ പദ്മാവതിയെ തനിക്കു നേരിൽകണ്ടു സംസാരിക്കണമെന്നും, നേപ്പാളരാജപുത്രനെ വരിക്കാൻ സമ്മതമാണെന്നു് അവൾ തന്റെ നേരിൽ പറയണമെന്നും, ഒരു പക്ഷേ അവൾ സമ്മതിച്ചില്ലെങ്കിൽ എന്റെ അഭിപ്രായത്തോടു യോജിക്കാൻ തനിക്കും തന്റെ രാജാവിനും സാധിക്കയില്ലെന്നും അയാൾ ഖണ്ഡിച്ചു പറഞ്ഞിട്ടുണ്ടു്.

ഉദയ:—പദ്മാവതി വഴിപ്പെടുകയില്ലെന്നു സ്വാമികൻ സംശയിക്കുന്നുണ്ടോ?

സ്വാമി:—ഞാൻ കടുകളവും സംശയിക്കുന്നില്ല. പദ്മാവതി എന്റെ പൊല്ലടിക്കുന്നില്ലും.

ഉദയ:—എന്നാണു് എന്റെയും വിശ്വാസം. കാര്യങ്ങൾ ഇതേവരെ ആശാസ്യമായ നിലയിൽ എത്തിയിരിക്കയാണു്. പദ്മാവതിയുടെ വിവാഹംമൂലം പ്രതാപരുദ്രൻ കാശ്മീരാധിപതിയായിഭവിക്കും. അതിനുശേഷം സ്വാമികളുടെയും എന്റെയും ഉദ്ദേശങ്ങൾ പൂർണ്ണമായി നിവർത്തിക്കപ്പെടും. അതിരിക്കട്ടെ, പദ്മാവതിക്കു പ്രതാപരുദ്രന്റെ പ്രായം, സൗന്ദര്യം ഇവയെക്കുറിച്ചു അറിയണമെന്നു് ആഗ്രഹമില്ലാ

തിരിക്കുമോ? സ്വാമികളോട് അതിനെ സൂചിപ്പിച്ചു അവർ വല്ലതും സംസാരിക്കയുണ്ടായിട്ടുണ്ടോ? താരാനാഥനോട് അതിനെപ്പറ്റി അവർ യാതൊന്നും സംസാരിക്കാനിടയില്ല. താരാനാഥൻ അങ്ങോട്ടും അതുസംബന്ധിച്ച് ഒന്നുംതന്നെ പറയുകയില്ല. ഞാൻ പ്രതാപരുദ്രനെ കണ്ടിട്ടില്ല. സ്വാമികളും കണ്ടിട്ടില്ലെന്നാണ് എന്റെ വിശ്വാസം

സ്വാമി:—അക്കാര്യത്തിൽ പ്രത്യേകം ഖേദിക്കേണ്ടാ. പ്രതാപരുദ്രൻ പെരുപ്പമാണ്. വയസ്സു മുപ്പതുപോലുമായിട്ടില്ല. അയാൾ നല്ല സുന്ദരനാണെന്നു പലപ്രാവശ്യം നാം കേട്ടിട്ടുണ്ട്. അഥവാ രാജകുലജാതമായ ഒരു ദേഹത്തിന്റെ സുഭഗതയെപ്പറ്റി സംശയിപ്പാനെന്താണുള്ളത്? അക്കാര്യത്തിൽ പത്മാവതിയെ ഞാൻ സമാധാനപ്പെടുത്തിക്കൊള്ളാം.

ഉദയസേ:—താരാനാഥൻ ശ്രീപുരത്തിൽ എന്നെത്തുമെന്നു സ്വാമികൾക്ക് അറിവുണ്ടോ?

സ്വാമികൾ:—ഇന്നു വൈകുന്നേരത്തെപ്പുക്കിൽ നാളെരാവിലെ. ഇതും പറഞ്ഞു മഹാനായ സ്വാമികൾ അരികത്തിരുന്ന കൂപ്പിയുടെ അടപ്പുമാറ്റി തൊണ്ണൂറുറുപ്പ് അങ്ങോട്ടൊന്നു ചരിച്ചു.

ഉദയസേ:—എല്ലാം നമ്മുടെ ഉദ്ദേശംപോലെതന്നെ സാധിക്കുമെന്നു ഞാൻ വീണ്ടും പറയുന്നു. പക്ഷേ, സ്വാമികൾക്ക് എന്താണൊരു സംശയം? ഒഴുക്കാനാമത്തിൽ സത്യംചെയ്യുവാൻ അവശ്യപ്പെട്ടതു; സ്വാമികൾ മനസ്സിലുള്ളതെല്ലാം തുറന്നു പറയണം.

സ്വാമികൾ:—പലേ സംഗതികൾ എന്റെ മനസ്സിനെ അലട്ടുന്നു. ഇതേവരെ നമ്മുടെ ലക്ഷ്യം നിർദ്ദിഷ്ടതയിൽ എത്തുമെന്നുള്ള വിശ്വാസത്താൽ സന്തോഷത്തിനവകയുണ്ടെങ്കിലും, പ്രഭുവേ! എനിക്കു താരാനാഥനെ വിശ്വാസമില്ല. വാസ്തവത്തിൽ എനിക്ക് അയാളിൽ വളരെ സംശയമുണ്ട്. ഒരുപക്ഷേ, അയാൾ നമ്മേ പറ്റിക്കുമോ എന്നും ഞാൻ ഭയപ്പെടുന്നു.

ഉദയ:—അല്ല! എന്താണിപ്പറയുന്നതു? എന്നാൽ ഇതിൽ ഏതോ സംഗതിയുണ്ടല്ലോ! എന്തുകൊണ്ടാണു സ്വാമികൾ താരാനാഥനെ സംശയിക്കുന്നതു?

സ്വാമി:—എന്നാൽ കേൾക്കുക! കല്പകക്കോട്ടയിൽനിന്നു പത്തു മൈലിനപ്പുറത്തായി ഒരു വഴിയമ്പലമുണ്ടല്ലോ. അവിടെവച്ചാണ് ഞാൻ താരാഥനെ സന്ദർശിച്ചതു.

ഉദയ:—ഓഹോ എനിക്കു ആ സ്ഥലം നല്ലവണ്ണം അറിയാം. ഇരിക്കട്ടെ! സ്വാമികൾ താരാനാഥന്റെ കൂടെത്തന്നെ ഇങ്ങോട്ടു പോരാഞ്ഞതെന്തുകൊണ്ട്?

സ്വാമി:—അതിനെപ്പറ്റിയാണു ഞാൻ പറയാൻ ഭാവിച്ചതു്. അശോകനാഥൻ പാളയമടിച്ചിരിക്കുന്നു മൈതാനത്തിനു സമീപം കയ്യുവശാൽ എടുക്കാൻ പോകേണ്ടതായിട്ടില്ലായിരുന്നു. അതുകൊണ്ടു താരാനാഥൻ ഒന്നിച്ചു പോകാമെന്നു ഇങ്ങോട്ടു ആവശ്യപ്പെട്ടിട്ടും എടുക്കുപ്പാലുള്ള സന്ന്യാസിമാർക്കു നേർവഴിയിൽ ഇക്കാലത്തു സഞ്ചരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഞാൻ ശ്രദ്ധമാസ്ത്തിൽക്കുടിശ്രീപരമേശ്വരനുകൊള്ളാമെന്നും മറ്റും ഒഴികഴിവുപറഞ്ഞു് അയാളെ അയച്ചുവിട്ടു് അന്നുരാത്രിയിൽ ഞാൻ അശോകനാഥന്റെ മൈതാനത്തോടു് അടുത്ത ഉപവനത്തിലേക്കു തിരിച്ചു. അർദ്ധരാത്രിയോടുകൂടി അവിടെയുള്ള ഒരു മഠത്തിൽ സന്നിഹിതനാവുകയും ചെയ്തു. അതിന്റെ ആവശ്യമെന്താണെന്നു പ്രത്യേകിച്ചു പറയണമെന്നില്ല. ആ മഠത്തിനുള്ളിൽ ഞാൻ താരാനാഥനെ കണ്ടു. അയാൾ ഒരുതൂണിന്റെ മുകളിൽ മറഞ്ഞുനിന്നുകൊണ്ടു് അതിനകത്തു നടക്കുന്ന വിശേഷങ്ങൾ നോക്കിക്കാണുകയായിരുന്നു. അയാൾ എന്നെ കണ്ടിട്ടില്ലെന്നുള്ളതു നിശ്ചയമാണു്.

ഉദയസേനൻ:—അങ്ങനെയാണെങ്കിൽ, താരാനാഥൻ അശോകനാഥന്റെ ക്ഷേത്രത്തിൽ പോയിട്ടുണ്ടായിരിക്കണമല്ലോ!

സ്വാമികൻ:—അതേ; അയാൾ പോയിരുന്നു. അല്ലെങ്കിൽ, അശോകനാഥന്റെ ക്ഷേത്രത്തിനുസമീപമായി അയാൾ തങ്ങിയിരിക്കണം. അതെന്തായാലും അങ്ങാൾ അശോകനാഥന്റെ ആതിഥ്യം സ്വീകരിക്കാൻ ഇടയായിട്ടുണ്ടെന്നു നമുക്കു് ഊഹിക്കാം. എന്നാൽ, ആ മഠത്തിനുള്ളിൽ അയാൾ എങ്ങിനെ കടന്നുവെന്നോ, എന്താവശ്യത്തിനായിട്ടു് തൂണിന്റെ മുകളിൽ പതുങ്ങിനിന്നുവെന്നോ എനിക്കറിഞ്ഞുകൂടാ. അതങ്ങനെ നിൽക്കട്ടേ. ഇനി അവിടെ നടന്നതെന്തൊക്കെയാണെന്നു പറയാം. നമ്മുടെ ഉദ്ദ്യോഗിക്കു് ഒരു പുതിയ ബലി നൽകണമെന്നു കരുതി ഞാൻ അതിലേക്കു വേണ്ട ഏർപ്പാടുകൾ മുൻകൂട്ടി ചെയ്തിട്ടുണ്ടായിരുന്നു

ഉദയസേനൻ:—ആരെ ബലികൊടുക്കാൻ?

സ്വാമികൻ:—ഒരു സ്ത്രീയേ; ചോരത്തിളപ്പുള്ള ഒരു തരുണിയെ വയസ്സു് അവൾക്കു് ഇരുപതായിട്ടില്ല. എന്നാൽ അവൾ ആരാണെന്നു പ്രത്യേകം ചോദിക്കരുതു്. എന്റെ ഉദ്ദേശങ്ങൾ നിർവ്വിഘ്നം നിറവേറുന്നതിനായി ഞാൻ അവളെ ഉദ്ദ്യോഗിക്കു ബലിനൽകാൻ തീർച്ചപ്പെടുത്തി. മഠത്തിനകത്തു പെട്ടെന്നു വിളക്കണഞ്ഞു. അതിനകം മുഴുവൻ അന്ധകാരം നിറഞ്ഞു. ഞാൻ അവളെ എടുത്തുംകൊണ്ടു വെളിയിൽ ചാടാനായി

ഭാവിക്കുന്നതിനിടയിൽ, ആരോ ഒരുവൻ പെട്ടെന്ന് ഒരിടി എന്റെ നെറ്റിയിൽ പറ്റിച്ചുംവച്ച് അവളെയും എടുത്തു കൊണ്ടു കടന്നു. എന്റെ വിഷാദഭീനതകൊണ്ട് അങ്ങനെ സംഭവിച്ചതാണ്. ഞാൻ വാളുരി ആഞ്ഞൊരു വെട്ടുകൊടുത്തു. പക്ഷേ, ആ ക്രിമിട്ടിപ്പ് പറ്റിയത് തൂണിലാണ്; വാളം രണ്ടായിട്ടൊടിഞ്ഞു. അതിനിടയ്ക്ക് എനിക്ക് ഇടിപറകയും ഞാൻ മൂർച്ഛിച്ച് നിലത്തു വീഴുകയും ചെയ്തു. സുബോധംവന്ന് വെളിയിൽ ഇറങ്ങിയപ്പോൾ, മഠത്തിനകത്തുണ്ടായിരുന്ന എന്റെ ക്രൂട്ടുകാർ എന്നെക്കാത്തു് അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവരിൽ നിന്നുമാണ്, സ്ത്രീയെ എന്റെ കൈയിൽനിന്നും അപഹരിച്ചവൻ താരാനാഥനാണെന്ന് മനസ്സിലായത്. പകവീട്ടിക്കൊള്ളാമെന്നുള്ള കരുതലോടുകൂടി ഞാൻ മടങ്ങിപ്പോന്നു. ഇന്നാലെ വഴിക്കുവച്ച്, ഞാൻ മഠത്തിൽനിന്നും പോന്നതിനുശേഷം അതിനകത്തു രണ്ടാമതു് ഒരു ശബ്ദം നടന്നു എന്നും അതിൽ രണ്ടുപേർക്ക് കഠിനമായ പരുക്കേറ്റു, അവർ അത്യാസന്നനിലയിൽ കിടക്കുന്നു എന്നും കേട്ടു.

ഉദയസേനൻ:—സ്വാമികളെ താരാനാഥൻ മനസ്സിലാക്കിയിട്ടില്ലെന്നു പൂർണ്ണമായ വിശ്വാസമുണ്ടോ?

സ്വാമി:—അതേ, അയാൾ എന്നെ അറിഞ്ഞതിട്ടില്ല. ഞാൻ വേഷം മാറിയാണ് അതിനകത്തു് പ്രവേശിച്ചതു് പ്രഭുവേ! താരാനാഥൻ അശോകനാഥന്റെ ക്രൂരതയിൽ താമസിച്ചതു് പലേ സംശയങ്ങൾക്കു കാരണമാണ്. വിശേഷിച്ചും അയാൾ ആ മഠത്തിൽ ഒളിച്ചുനിന്നതു് വിസ്മയമായിരിക്കുന്നു! അതിനുപുറമേ ആ സ്ത്രീയെ എന്റെപക്കൽനിന്നും അപഹരിച്ചുകൊണ്ടുപോകാൻ കാരണമെന്തെന്നു് എനിക്കു മനസ്സിലാകുന്നുമില്ല ഒരുപക്ഷേ "കാകതാലീയ"ന്യായേന ആ വിധത്തിലൊക്കെ സംഭവിച്ചതാണെന്നു സമാധാനപ്പെടാമെങ്കിലും എനിക്കു് അയാളിൽ ബലമായ സംശയമുണ്ടു്.

ഉദയസേനൻ:—ആ സ്ത്രീക്കു് സ്വാമികളെ അറിഞ്ഞുകൂടേ? അവൾ താരാനാഥനോടു പറയാനിടയുണ്ടല്ലോ.

സ്വാമികൾ:—ഇല്ല, അവളെ എടുത്തുകൊണ്ടു പോകാൻ ഭാവിച്ചതു ഞാനാണെന്നു് പക്ഷേ അവൾക്കു മനസ്സിലായിട്ടുണ്ടെങ്കിലും നിഷ്കളാനന്ദൻ എന്ന നാമം അവൾ അറിഞ്ഞിട്ടില്ല.

ഈ ഘട്ടത്തിൽ ക്ലബ്ബുടമസ്ഥനായ വരാഹസിംഹൻ ആ മുറിയിൽ കടന്നുചെന്നു് "പ്രഭോ! അങ്ങേയ്ക്കു് ഒരെഴുത്തുണ്ടു്. നേപ്പാളരാജപുത്രന്റെ പ്രതിനിധിയായ താരാനാഥൻ തന്നയച്ചതാണു്.

അദ്ദേഹം ഇവിടെ വന്നിട്ടുണ്ട്. ഉദ്ദേശം രണ്ടുമണിക്കൂറിനുമുമ്പാണ വന്നതു്" എന്നു് ഉദയസേനനോട് പറഞ്ഞു. ഉദയസേനൻ എഴുത്തുവാങ്ങിപ്പൊളിച്ചുനോക്കി. കൈപ്പട തന്റെ മകന്റേതാണെന്നുകണ്ട സന്തോഷത്തോടുകൂടി വായിച്ചു നോക്കിയിട്ടു് അതിനെസ്വാമികളുടെ കൈയിൽ കൊടുത്തു. സ്വാമികൾ വാഹസിംഹനെപറഞ്ഞയച്ചതിനുശേഷം അതിനെ ഇപ്രകാരം വായിച്ചു:—

കല്പകക്കോട്ട,
ജൂലായ് — 19.

പ്രിയപിതാ!

ഈ എഴുത്തു കൊണ്ടുവരുന്ന യോഗ്യനായ താരാനാഥൻ ഇന്നലെ രാത്രിയിൽ നമ്മുടെ കൊട്ടാരത്തിൽവരികയും ഞാൻ അദ്ദേഹത്തെ പൂർണ്ണമനസ്സോടെ സല്ക്കരിക്കയും ചെയ്തു. അല്പനേരത്തെ സംസർഗ്ഗത്തിന്റെ ഫലമായി എനിക്കു് അദ്ദേഹത്തിൽ അതിരറ്റ മതിപ്പും വിശ്വാസവും ജനിച്ചിരിക്കുന്നു. ക്ഷുദ്രനിരിക്കുന്ന മഹായോഗത്തിൽ ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അമൂല്യനിയമങ്ങളാണെന്നു ഞാൻ വിശ്വസിക്കുന്നു.

എന്നു്, അവിടുത്തെ പ്രിയപുത്രൻ (ഒപ്പു്)

സ്വാമികൾക്കു് കത്തിലെ വാചകം അശേഷം പിടിച്ചില്ല. അദ്ദേഹം എഴുത്തു തിയ്യ ഉദയസേനനെ ഏല്പിച്ചിട്ടു്, "പ്രഭുവേ! വിജയസേനൻ ബാലനാണു്. തന്റേടവും ലോകപരിചയവും വേണ്ടുവോളം സിദ്ധിച്ചിട്ടില്ല" എന്നു പറഞ്ഞു.

ഉദയസേ:—സ്വാമികൾ പറഞ്ഞതു നേരാണു്. എന്നാൽ അവൻ കേവലം ബുദ്ധിഹീനനല്ല. ഇതു അവന്റെ യഥാർത്ഥമായ അഭിപ്രായമല്ലെന്നു വിശ്വസിക്കണം. ആ സംഗതി ഈ എഴുത്തുകൊണ്ടുതന്നേ ഞാൻ വെളിപ്പെടുത്തിത്തരാം.

എന്നുപറഞ്ഞു് അടുത്തിരുന്ന ചാരായക്കുപ്പി തുറന്നു കുറേ ചാരായം ആ എഴുത്തിന്റെ മറുവശത്തു് ഒഴിച്ചു ആഭാഗം മുഴുവൻ നനച്ചിട്ടു്, "ഇനി വായിക്കണം" എന്നുപറഞ്ഞു സ്വാമികളുടെ കൈയ്യിൽകൊടുത്തു. സ്വാമികൾ അക്ഷമയോടുകൂടി തന്റെകണ്ണുകളെ ആതിലേക്കുചായിച്ചു നനഞ്ഞഭാഗത്തു് അക്ഷരങ്ങൾകാണ്മാനുണ്ടായിരുന്നു. സ്വാമികൾ അത്ഭുതപ്പെട്ടു് വിസ്മയപൂർവ്വം ഉദയസേനന്റെ മുഖത്തുനോക്കി. ചാരായത്തിന്റെ മാഹാത്മ്യമാണോ ഇതു?" എന്നുചോദിച്ചു. "അല്ല; വെള്ളംകൊണ്ടുനനച്ചാലും മഷി അതു് ഒരുതരംകറകൊണ്ടു് എഴുതിയതാണു്. നനച്ചാൽമാത്രമേ അതു തെളിഞ്ഞുകാണൂ. ഞാൻ കല്പകക്കോട്ടവിട്ടു വെളിയിൽസഞ്ചരിക്കുമ്പോൾ എനിക്കയയ്ക്കുന്ന എഴുത്തുകളിലെല്ലാം, വല്ലരഹസ്യവുമുണ്ടെങ്കിൽ വെളിപ്പെടുത്തേണ്ടതു് ഈവിധത്തിൽവേണമെന്നു

ഞാൻ അവനോട് ശട്ടംകെട്ടിയിട്ടുണ്ട്. ഇനി അതു വായിക്കുക!" എന്നു ഉദയസേനൻ പറഞ്ഞു എഴുത്തിലെ വാചകമാവിതു്—

കല്പകക്കോട്ട

പ്രിയപിതാ! ജൂലായി ഫ്രൻ.

ഈ എഴുത്തുകൊണ്ടുവരുന്ന "അയോഗ്യ"നായ താരാനാഥൻ ഇന്നരാത്രിയിൽ നമ്മുടെകോട്ടാരത്തിൽ വരികയും ഞാൻ 'അയാളെ മനസ്സില്ലാമനസ്സോടെ' സൽക്കരിക്കയുംചെയ്യും. അല്പനേരത്തെ സംസർഗ്ഗത്തിന്റെ ഫലമായി എനിക്കു് അയാളിൽ അതിരറ്റ അനുരാഗവും, അവിശ്വാസവും ജനിച്ചിരിക്കുന്നു കൂടാനിരിക്കുന്ന മഹായോഗത്തിൽ 'ഇയാളുടെ' അഭിപ്രായങ്ങൾ അവഗണനീയങ്ങളല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

എന്നു്, അവിടുത്തെ പ്രിയപുത്രൻ (ഒപ്പു്)

ഈ എഴുത്തുവായിച്ചുതീർന്നപ്പോൾ ഉദയസേനനു് അത്ഭുതവും സ്വാമികാര്യത്തിൽ വിജയസേനനിൽ സന്തോഷവും അയാളെ ആദ്യം തെറ്റിദ്ധരിച്ചതിൽ പശ്ചാത്താപവുമുണ്ടായി.

സ്വാമികാര്യം:—ഞാൻപറഞ്ഞില്ലേ താരാനാഥനെ വിശ്വസിച്ചുകൂടെന്നു്? അയാൾ വഞ്ചകനും കപടഹൃദയനും ദ്രോഹബുദ്ധിയും ആണു്. അവനെ സ്വപ്നേപി വിശ്വസിക്കരുതു്. ബുദ്ധിമാനായ വിജയസിംഹൻ അവനെ നല്ലവണ്ണം മനസ്സിലാക്കിയിരിക്കുന്നു. അവന്റെ ലക്ഷ്യമെന്തെന്നും അവൻ നമ്മെ ഏതുപ്രകാരത്തിൽ ദ്രോഹിച്ചേക്കാമെന്നും മറ്റും നമുക്കു നിശ്ചയമില്ല. അതുകൊണ്ടു് നാം അവനെ വളരെ സൂക്ഷിക്കണം. എന്നാൽ നാം അവനെ അവിശ്വസിക്കുന്നതായി അവനിൽ സംശയം ജനിപ്പിക്കരുതു്. നാം അവനെ മനഃപൂർവ്വം സ്നേഹിക്കയും മാനിക്കയും ചെയ്യുന്നുണ്ടെന്നു് പുറമേ നടിച്ചുകൊള്ളണം.

ഉദയസേ:—എന്നതന്നെയാണു് എന്റെയും അഭിപ്രായം. സ്വാമികാര്യം അവനെ പദ്മാവതിയുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോകുന്നതെപ്പോൾ?

സ്വാമി:—അടുത്തദിവസം രാവിലെ.

ഉദയസേ:—സ്വാമികാര്യം ഇന്നു് എവിടെയാണു താമസിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്? അസ്വാസ്ഥ്യമില്ലെങ്കിൽ ഇവിടെത്തന്നെ ആകരുതോ?

സ്വാമികാര്യം:—ഇല്ല, എനിക്കു കുമുദിനീമന്ദിരത്തിൽ പോകേണ്ട ആത്യാവശ്യമുണ്ടു്.

അദ്ധ്യായം ൨൧.

"ജളത്വമോരോന്നുപാഞ്ഞുകേറ്റി-
ച്ചിളക്കിനാനെന്നുടെ മാനസം ഹീ"

ആകാശം പ്രശാന്തസുന്ദരവും വിശുദ്ധവുമായി കാണപ്പെടുന്നു. ആദിത്യദേവൻ ഉദയാചലോപരിസ്ഥിതനായി സ്വർണ്ണകുംഭികം പോലുള്ള തന്റെ ഇളങ്കതിർകളെക്കൊണ്ടു് ഭൂമിദേവിയെ മന്ദം മന്ദംതലോടി നിദ്രയിൽനിന്നും നിവർത്തിപ്പിക്കുന്നു. ഇളംകുളിക്കാറ്റു് സാവധാനത്തിൽ വീശുന്നുമുണ്ടു്. ഉദ്യാനത്തിൽനിന്നും പുറപ്പെടുന്ന ആ മന്ദമാരുതൻ, നിശാവേളയിൽ മഞ്ഞിൻതുള്ളികൾ പതിച്ചു വികസിതങ്ങളായി നിൽക്കുന്ന പുഷ്പവിശേഷങ്ങളിൽതട്ടി തൽസൌരഭ്യത്തെക്കൂടി കവർന്നുകൊണ്ടാണു്, വാതായനങ്ങളിൽക്കൂടി അകത്തുകടന്നു് താരാനാഥനെ ആനന്ദതുന്ദിലനും തജ്ജന്യനിർവൃതനുമാക്കിച്ചെയ്തതു്.

താരാനാഥൻ ശയ്യവിട്ടെഴുനേറ്റു വെളിയിൽവരുമ്പോൾ ഉഗ്രസേനനും സിദ്ധസേനനുമവിടെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. മൂവരും കൂടി മുതലായ പ്രഭാതചര്യകൾ നിവർത്തിച്ചതിന്റെശേഷം പ്രാതഃകാലഭക്ഷണം കഴിഞ്ഞു തദനന്തരം പട്ടണത്തിലെ വിശേഷങ്ങൾ നോക്കിക്കാണുന്നതിനായി സിദ്ധസേനനും ഉഗ്രസേനനും, താരാനാഥന്റെ അനുമതിയോടുകൂടി വെളിയിൽപോയി. താരാനാഥൻ തന്റെമുറിയിൽ ഇരുന്നു ദീർഘമായ ഒരുകത്തു് എഴുതുകയായിരുന്നു. ഇടയ്ക്കിടയ്ക്കുള്ള ആലോചനാഭാവങ്ങളും മറവും കണ്ടാൽ, നാടുവിട്ടതിനു ശേഷമുള്ള വിശേഷങ്ങളെക്കുറിച്ചു എഴുതുകയാണെന്നു ഊഹിക്കാം. എഴുത്തു തന്റെ രാജാവിനാണെന്നും കരുതേണ്ടിയിരിക്കുന്നു.

ഈ അവസരത്തിൽ താരാനാഥൻ തന്റെ മുറിയുടെ കതകിനു ആരോ തട്ടുന്ന ശബ്ദംകേട്ടു അയാൾ കതകുതുറന്നുനോക്കിയതു നിഷ്കളാനന്ദസ്വാമികളുടെ മുഖത്തേക്കായിരുന്നു. സന്തോഷാധിക്യം പൂർവ്വം സ്വാമികളെ സല്ക്കരിച്ചു് അകത്തുകൊണ്ടുചെന്നിരുത്തി, സ്വാമികളുടെ അനുവാദപ്രകാരം താനുമിരുന്ന താരാനാഥൻ സ്വാമികളെ അന്നു ആ വഴിയമ്പലത്തിൽവച്ചുകണ്ട അതേവേഷത്തിൽതന്നെയാണു് ഇന്നും കണ്ടതു്. വിശേഷവിധിയായി തലയിൽ നെറുകിയടക്കം ഒരു ബെങ്കാളിക്കെട്ടു മാത്രമുണ്ടു്. സ്വാമികൾ താരാനാഥന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. അശോകനാഥന്റെ പാളയത്തിനു സമീപമുള്ള മഠത്തിൽവച്ചു അന്നു്, തന്നെ ആളറിഞ്ഞുകൊണ്ടു പുറമേ അറിഞ്ഞിട്ടില്ലാത്ത ഭാവംനടിക്കുകയാണോ എന്നു മനസ്സിലാക്കാനായി അപ്രകാരം സൂക്ഷിച്ചുനോ

ക്കിയതാണു്. എന്നാൽ താരാനാഥന്റെ നിഷ്കാപട്യമായ മുഖഭാവവും സ്നേഹപൂർസ്സരമായ സല്ക്കാരവും ആദരപൂർവ്വകമായ പെരുമാറ്റവുംകൊണ്ടു് തന്റെ സംശയം അസ്ഥാനത്തിലാണെന്നു് സ്വാമികർക്കു ബോദ്ധ്യംവന്നു. ഉടനെ സ്വാമികർക്കു് ഒരുവലിയ ഭാരം മനസ്സിൽനിന്നും ഒഴിഞ്ഞതുപോലുള്ള ഒരാശ്വാസമുണ്ടായി.

സ്വാമികർ:—അന്നത്തെ നമ്മുടെ നിബന്ധനകളെപ്പറ്റി ഓർക്കുന്നുണ്ടോ?"

താരാനാഥൻ:—ഉണ്ടു്; രാജകുമാരിയുടെ അഭിമുഖസന്ദർശനത്തിനു് ഇവിടെവച്ചു് അങ്ങു സൌകര്യം നൽകാമെന്നു പറഞ്ഞതു് ഞാനോർക്കുന്നുണ്ടു്.

സ്വാമികർ:—വളരെ സന്തോഷം! എന്റെ ആ വാഗ്ദാനത്തെ നിറവേറ്റാനായിട്ടാണു ഞാൻ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നതു്. നാം തമ്മിൽകണ്ടു സംസാരിച്ചതിനെപ്പറ്റി പത്മിനിയോടു പറയുകയുണ്ടായി. ഇന്നുതന്നെ താങ്കളെക്കണ്ടുസംസാരിക്കാൻ രാജകുമാരി അക്ഷമയായി കാത്തിരിക്കുന്ന നിങ്ങടം തയ്യാറാണെന്നുള്ളപക്ഷം നമുക്കു് ഇപ്പോൾത്തന്നെ പുറപ്പെടാം.

താരാനാഥൻ:—അങ്ങയുടെ വാക്കുകളിൽനിന്നും രാജകുമാരിയുടെ വാസസ്ഥലം സമീപത്തിലാണെന്നു് തോന്നുന്നുവല്ലോ. എന്നാൽ പുറപ്പെടുകതന്നെ

"ഓഹോ! അങ്ങനെതന്നെ" എന്നുപറഞ്ഞു സ്വാമികർ എഴുന്നേറ്റു. പിറകെ താരാനാഥനും.

രണ്ടുപേരും ക്ലബ്ബിൽനിന്നും തിരിച്ചു. താരാനാഥൻ തലേദിവസം ചന്ദ്രസ്ഥലത്തുവന്നിറങ്ങിയ വഴിയിൽക്കൂടിയാണു നടന്നതു്. കാൽനാഴികയോളം നേരേനടന്നശേഷം ഇടതുവശത്തുകണ്ട ഉപമാർഗ്ഗത്തിൽതിരിഞ്ഞു. വഴിമദ്ധ്യേ അവർ ഒന്നും സംസാരിക്കയുണ്ടായില്ല. അരമണിക്കൂറിനുള്ളിൽ ഒരു ഉപവനത്തിൽ ചെന്നുകയറി. ആ വനത്തിൽ ഒരു ചെറിയപാത ഉള്ളിലേയ്ക്കു കാണുന്നുണ്ടായിരുന്നു. സ്വാമികർ അവിടെനിന്നിട്ടു്, "യോഗ്യനായ താരാനാഥ! ഇവിടെവച്ചു് കാര്യമായി നാലുവാക്കു് നിങ്ങളോടു പറയാനുണ്ടു്. പറയാനുള്ള സംഗതി വളരെ രഹസ്യവും അതിപ്രധാനവുമാണു്, അപ്രകാരമുള്ള ഒരു സംഗതിയെക്കുറിച്ചു് ക്ലബ്ബുകളിലുംമറ്റും ഇരുന്നു സംസാരിക്കുന്നതു് ഉചിതമല്ല. "ഇടംഅറിഞ്ഞുപറകയും മഠം അറിഞ്ഞു കയറുകയും' എന്നാണല്ലോ പഴഞ്ചൊല്ലു"" എന്നുപറഞ്ഞു.

താരാനാഥൻ:—ശരി; എന്താണു് അങ്ങയ്ക്കു പറയാനുള്ളതു്?

സ്വാമികർ:—അന്നു് ആ വഴിയമ്പലത്തിൽ ഞാൻ പറഞ്ഞിട്ടുള്ള ചില വാക്കുകളെ ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണു ചെയ്യു

ന്നതു്. എന്റെ സഹായമില്ലാതെ നിങ്ങളുടെ രാജാവിനു് കാശ്മീരത്തിൽ യാതൊന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ലെന്നും പദ്മിനിയുടെ പാപ്പിടമാകട്ടെ, അവളുടെ വകയും കുതവീർയ്യൻ എന്നെ ഏല്പിച്ചിട്ടുള്ളതുമായ ധനത്തെ നിക്ഷേപിച്ചിരിക്കുന്ന സ്ഥലമാകട്ടെ കണ്ടുപിടിക്കാൻ കഴിയുകയില്ലെന്നും ഞാനന്നു പറഞ്ഞതു നിങ്ങൾ ഇപ്പോഴും ഓർക്കുന്നുണ്ടായിരിക്കുമല്ലോ.

താരാനാഥൻ:—അങ്ങയുടെ വാക്കുകൾ എല്ലാം എനിക്കു് ഇപ്പോഴും നല്ല ഓർമ്മയുണ്ടു്.

സാമികൻ: —നിങ്ങൾ ചില നിബന്ധനകൾക്കുകൂടി വശപ്പെടണം.

താരാനാഥൻ:—അങ്ങയുടെ അനുവാദം ക്രൂടാതെ, രാജകുമാരിയുടെ വാസസ്ഥലം അന്യരെ ധരിപ്പിക്കരുതെന്നായിരിക്കാം ആ നിബന്ധന. അങ്ങനെയാണെങ്കിൽ ഞാൻ അതിനു വഴിപ്പെട്ടു വാഗ്ദാനംചെയ്യാം.

സാമികൻ:—എന്റെ ഉദ്ദേശം മിക്കവാറും നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ പൂർണ്ണമായി ഗ്രഹിച്ചിട്ടില്ല. കാലസ്ഥിതിയനുസരിച്ചു ഓരോസംഗതിയിലും നമുക്കു പ്രത്യേകം ശ്രദ്ധയും മുൻകരുതലും ആവശ്യമാണു്. നാം അന്യോന്യം വിശ്വസിക്കുകമാത്രംപോരാ; ആ വിശ്വാസത്തിനു ഭംഗം നേരിടാതെ സൂക്ഷിക്കുകയുംവേണം. ഞാൻ ഇത്രവളരെ ബുദ്ധിമുട്ടി, പദ്മാവതിയുടെ ഗൂഢവസതിയിലേക്കു നിങ്ങളെക്കൂട്ടിക്കൊണ്ടു പോകുന്നതു് ഗണനീയമായ ഒരു വിഷയമാണു്.

താരാനാഥൻ:—അങ്ങയുടെ അഭിപ്രായം എന്താണെന്നു തുറന്നു പറയുക! എന്റെ വാഗ്ദാനത്തിനും പുറമേ രേഖാമൂലമായ ഉറപ്പും വേണമെന്നാണെങ്കിൽ അങ്ങനെ ചെയ്യുന്നതിനും ഞാൻ തയ്യാറാണു്. നാം അന്യോന്യം തീർത്ഥപരിചിതന്മാരല്ലാത്തതുകൊണ്ടു് അങ്ങേയ്ക്കു് എന്നെ പെട്ടെന്നുവിശ്വസിച്ചുക്രൂടാത്തതാണു്. ക്രൂടാതെ കാശ്മീരത്തിന്റെ ഏതൽകാലാവസ്ഥ അങ്ങേയ്ക്കു സംശയാധിക്യത്തിനുകാരണവുമാണു്. അതുകൊണ്ടു പദ്മാവതിയുടെ പാപ്പിടത്തെ പരസ്യമാക്കുകയില്ലെന്നു് അങ്ങയുടെ ഇഷ്ടപ്രകാരം രേഖാമൂലമായി ഉറപ്പു നല്കാം.

സാമികൻ:—അങ്ങനെയുള്ള ഉറപ്പുകളൊന്നും എനിക്കാവശ്യമില്ല. ഈ സ്ഥലത്തുനിന്നും പദ്മാവതിയുടെ പാപ്പിടംവരെ നിങ്ങളുടെ കണ്ണുകളെ അടച്ചു കെട്ടാൻ സമ്മതിക്കുമാത്രം ചെയ്താൽ മതി. മടക്കത്തിലും ഈ സ്ഥലത്തു് എത്തുവോളം അതിനു വഴിപ്പെടുകയുംവേണം.

താരാനാഥനു ഉസ്സാഹമായ കോപം ജനിച്ചു. കോപാധിക്യത്താൽ ശരീരം മുഴുവനും കോപംമയിർകൊണ്ടു ദുഷ്ടസ്ത്രീയുടെ സ്വാമികളുടെ വദനമദ്ധ്യത്തിൽ തറച്ചുകൊണ്ടു താരാനാഥൻ പറഞ്ഞതാവിതു":—'അങ്ങയുടെ വാക്കുകളും എനിക്കു് അതിമാനക്ഷയകരമാണെന്നോക്കണം'

സ്വാമികളും:—വളരെ സന്തോഷം! നമുക്കു മടങ്ങിപ്പോകാം.

താരാനാഥ:—ഇല്ല; അതുപാടില്ല. അങ്ങു എന്നെ വിശ്വസിക്കുക! ഞാൻ പദ്മാവതിയുടെ പാപ്പിടത്തെ പരസ്യമാക്കുകയില്ല.

സ്വാമികളും:—നിങ്ങളിൽ എനിക്കു അവിശ്വാസമില്ല എന്റെ ചുമതലയേ ശരിവരെ നിർവഹിക്കാൻ ഞാൻ നിർബന്ധിതനാണു്. നിങ്ങളും അതിനു വഴിപ്പെടാത്തപക്ഷം നമുക്കു മുമ്പോട്ടുപോകേണ്ട ആവശ്യമില്ല.

താരാനാ:—ശരി; സമ്മതിച്ചു രാജകാര്യത്തിനും അതിമാനത്തിനും തമ്മിൽ പൊരുത്തമില്ല, അതിമാനം ക്ഷയിച്ചാലും രാജകാര്യംനടക്കട്ടെ! അങ്ങയുടെ നിബന്ധനയ്ക്കു ഞാൻ വഴിപ്പെടുന്നു! എന്നാൽ ഈ നിബന്ധന അത്യാവശ്യമായി അങ്ങു് എന്നെ അറിയിച്ചിട്ടില്ലാത്ത ഒന്നാണു്. ഞാൻ അതിനെ അംഗീകരിക്കയുംചെയ്യുന്നു. അതുപോലെ എന്റെ ഒരു നൂതനമായ നിബന്ധനകൂടി അങ്ങും സ്വീകരിക്കണം.

സ്വാമികളും—എന്താണു് ആ നിബന്ധന?

താരാ:—രാജകുമാരിയും ഞാനും തമ്മിലുള്ള സംഭാഷണത്തിൽ ഞങ്ങളുടെ രാജാവിനെ വരിക്കാമെന്നു രാജകുമാരി സമ്മതിക്കുകയാണെങ്കിൽ, കൃതവീര്യന്റെ സ്വകാര്യസ്വത്തിനെ എനിക്കു കാട്ടിത്തരണം. എനിക്കു അതു കാണേണ്ടതുതന്നെ ആവശ്യമുണ്ടു്.

സ്വാമികളും:—ഓഹോ! എനിക്കതു സമ്മതമാണു്.

സ്വാമികളും താരാനാഥനും വനമദ്ധ്യത്തിലേക്കുള്ള ആ വഴിയിൽക്കൂടിനടന്നു. പത്തുനൂറുവാരമുമ്പോട്ടുചെന്നപ്പോൾ, ഒരു ശവകുടീരത്തിനു സമീപത്തായി ഒരു മനുഷ്യൻ രണ്ടു കുതിരകളെപിടിച്ചുകൊണ്ടുനില്ക്കുന്നുണ്ടായിരുന്നു. ഉടനെ സ്വാമികളും അയാളുടെ പക്കലുണ്ടായിരുന്ന ഒരു തുണിക്കഷണം വാങ്ങി, താരാനാഥന്റെ അനുമതിയോടുകൂടി അയാളുടെ കണ്ണുകളെമറച്ചുകെട്ടി. അനന്തരം ആ മനുഷ്യന്റെ കൈവശമുണ്ടായിരുന്ന, പാടാടികേശം മറയത്തക്ക ഒരു നെടുഞ്ചട്ട സ്വാമികളും താരാനാഥനെ ധരിപ്പിച്ചു. ഉടനെ ആ പുതിയ മനുഷ്യൻ താരാനാഥനെ ഒരു കുതിരയുടെ പുറത്തുകയറ്റി ഇരുത്തി അതിന്റെ കടിഞ്ഞാൺ അയാളുതന്നെ പിടിച്ചു. മറ്റേ കുതിരയിൽ സ്വാമികളും കയറിഇരുന്നു. പുതിയമനുഷ്യൻ താരാനാഥനു ദിഗ്ഭ്രമംനേരിടാനായി കുതിരയെ നാലഞ്ചുപ്രാവശ്യം

ആ ശവകുടീരത്തിനുചുറും വലംവയ്ച്ചുതിനുശേഷം സ്വാമികളു ടെപിന്നാലെ നടത്തി. തന്നെക്കൊണ്ടുപോകുന്നതു് ഏതുവശത്തേ ക്കാണെന്നു താരാനാഥനു ഗ്രഹിക്കാൻ കഴിഞ്ഞില്ല. എന്നാൽ ചിലപ്പോൾ വൃക്ഷങ്ങളും ഞെരുങ്ങിനില്ക്കുന്ന സ്ഥലത്തുകൂടിയും മറുചിലപ്പോൾ വൃക്ഷങ്ങളും ചെടികളും മറുമില്ലാത്ത സുഗമ മാർഗ്ഗത്തിൽകൂടിയും നടക്കുകയാണെന്നു് അയാൾക്കു മനസ്സിലാകാ തെയുമിരുന്നില്ല. യാത്രാമദ്ധ്യേ അവർമൂവരും യാതൊന്നും സംസാ രിക്കുന്നുണ്ടായിരുന്നില്ല.

ഇവരുടെയാത്ര ഒരേ മാർഗ്ഗത്തിൽകൂടിയല്ലായിരുന്നു. തനിക്കു വഴി മനസ്സിലാകാതിരിക്കാനായി ഇവർ കരുതിക്കൂട്ടിചെയ്യുന്ന വിദ്യ യാണെന്നു താരാനാഥൻ മനസാതീർച്ചപ്പെടുത്തി. മാത്രമല്ല, പത്മാ വതിയുടെ പാർപ്പിടത്തിലേയ്ക്കു ഇരുവളരെ ദൂരം ഉണ്ടായിരിക്കാനിട യില്ലെന്നും നേർമാർഗ്ഗത്തിൽക്കൂടി നടന്നിരുന്നുവെങ്കിൽ ഇതിനകം അവിടെ എത്താമായിരുന്നു എന്നും ധരിക്കുകയുംചെയ്തു.

ഇപ്രകാരം ഒന്നരമണിക്കൂറോളം യാത്രചെയ്തു്, ഒരു വലിയ വാതിലിന്റെ മുൻവശത്താണു ചെന്നുനിന്നതു്. ഉടനെ ഉള്ളിൽ നിന്നു ഒരാൾ വാതിൽതുറന്നു അവരെ അകത്താക്കി, പൂർവ്വസ്ഥിതി യിൽ വാതിൽ ബന്ധിക്കുകയുംചെയ്തു. ഇപ്പോൾ ഒരു മുറ്റത്താണു നില്ക്കുന്നതെന്നും രാജകുമാരിയുടെ പാർപ്പിടം ഇതുതന്നെയാണെന്നും താരാനാഥൻ നിശ്ചയിച്ചു.

താരാനാഥൻ അക്ഷിബന്ധനത്തിനു് അനുവദിച്ചതു് അയാ ളുടെ അന്തസ്സിനു പോരാത്തതാണെന്നു് വായനക്കാർ ശങ്കിക്കുന്നു ണ്ടാവാം. ആ ശങ്ക അയാളെയും ബാധിക്കാതിരുന്നില്ല പത്മാവതി ഒരു രാജകുമാരിയാണു്; പ്രതാപവാനും വീരശൂരനുമായിരുന്ന ഒരു മഹാരാജാവിന്റെ ഏകസന്താനമാണു്, അതിസുന്ദരിയായ ഒരു തരുണീരത്നമാണു്; അനാഥയുമാണു്. നിഷ്കളാനന്ദനാകട്ടെ, വേഷ ത്തിൽ സന്യാസി എങ്കിലും ജീവിതത്തിൽ സംശയാപന്നമാനസ നാണു്; കേവലം സ്വാർത്ഥനാണു്. അയാളുടെ സ്വാർത്ഥത്തെ നേരിടുന്നതിനുള്ള ഒരായുധമായിട്ടാണു്, രാജകുമാരിയെ അയാൾ സൂക്ഷിച്ചിരിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആ സ്ഥിതിയിൽ, അയാളുടെ അധീനതയിലുള്ള അവളുടെ ജീവിതം ഭയനീയമായിട്ടില്ലാതെവരാനിടയില്ല. ഈ പരമാർത്ഥബോധം പ്രഗ ത്ഭനായ താരാനാഥന്റെ മേൽപറഞ്ഞ ശങ്കയെജയിച്ചു. രാജകുമാ രിയുടെ ഭയനീയതയെ പരിഹരിക്കേണ്ടതു്, അവർക്കു സമ്മത മുള്ളുപക്ഷം, പുരുഷനുള്ള ഒരു പുരുഷന്റെ കടമയാണെന്നു് അയാൾ ഉറച്ചു. രാജകുമാരിയുടെ വാസസ്ഥലമറിവാൻ, മാർഗ്ഗാ ന്തരമില്ലായ്കയാൽ, നിഷ്കളാനന്ദന്റെ നിബന്ധനയ്ക്കു സമ്മതിച്ചു

തന്റെ അഭിമാനത്തെ ബലികഴിച്ചും നിസ്സഹായയും കലിനയും ആയ ഒരു യുവതിയുടെ ജീവിതത്തെ ഫലവത്താക്കിച്ചെയ്യണമെന്നുള്ള പരമാത്മബുദ്ധിയാൽക്കൂടി ഗത്യന്തരമില്ലാതെ അപ്രകാരം സമ്മതിച്ച താരാനാഥനെ കുറച്ചൊന്നുമല്ലതെങ്ങനെ?

സ്വാമികളും താരാനാഥനും രതിപ്പുറത്തുനിന്നും താഴത്തിറങ്ങി, താരാനാഥന്റെ അക്ഷിബന്ധനത്തെ വേർപെടുത്തി; നെടുഞ്ഞെട്ടയും മാറി. അയാൾ രണ്ടുപേരുടെ ചുറ്റുപാടുംനോക്കി. നാലുവശവും കെട്ടിപ്പൊക്കിയിരിക്കുന്ന ഉന്നതങ്ങളും രമണീയങ്ങളും ആയ സൗധങ്ങളെയാണ് അയാൾ കണ്ടത്. ആ സൗധങ്ങളുടെ നടുവിൽ വിശാലമായ ഒരു മുറ്റത്താണ് അയാൾ നിന്നിരുന്നത്. വലുതുമായുള്ള സൗധത്തിന്റെ പ്രവേശനദ്വാരത്തിനു സമീപം രണ്ടുദ്വാരപാലകന്മാർ നിൽക്കുന്നുണ്ടായിരുന്നു. സ്വാമികൾ താരാനാഥനെയും കൂട്ടിക്കൊണ്ട് അവരുടെയടുത്തുചെന്നു. അവർ വിനയപൂർവ്വം സ്വാമികളെ അഭിവാദനംചെയ്തു വാതിൽ തുറന്നുകൊടുത്തു. മാളികയിലേക്കുള്ള കോണി ആ മുറിയിൽ സ്ഥാപിച്ചിരുന്നു. ശില്പവിദ്യയുടെ പരമാവധി വൈചിത്ര്യത്തെതികച്ചും വെളിപ്പെടുത്തുന്ന ആ പടിക്കെട്ടുകളിൽക്കൂടി സ്വാമികളും താരാനാഥനും മുകളിലേക്കുകയറി. അവിടത്തെ അലങ്കാരവൈചിത്ര്യം ആരെയും അത്ഭുതപരതന്ത്രരാക്കത്തക്കവിധത്തിൽ വിശ്രുതവും പ്രതോഹരവുമായിരുന്നു. ചിത്രവിശേഷങ്ങളോടുകൂടിയ രത്നക്കമ്പളങ്ങളാണ് നിലത്തുവിരിച്ചിരിക്കുന്നത്. പലമാതിരി ചിത്രങ്ങളും ഭംഗിയായി കണ്ണാടിയിട്ടുസ്വർണ്ണമയമായ ചട്ടങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ഭിത്തികളിൽ ലോഭമില്ലാതെതൂക്കിയിരിക്കുന്നു. അവയിൽ അധികവും കാശ്മീരരാജ്യത്തിലെ പ്രബലന്മാരായ രാജാക്കന്മാരുടെയും പ്രഭുക്കളുടെയും രണശൂരന്മാരായ പ്രസിദ്ധസൈന്യാധിപന്മാരുടെയും ഛായാപടങ്ങളായിരുന്നു. വിവിധവർണ്ണത്തിലുള്ള അനേകം കണ്ണാടിവിളക്കുകളും വരിതെറ്റാതെ തൂക്കിയിരിക്കുന്നതിൽ സൂര്യകിരണങ്ങളും പ്രതിബിംബിച്ചു് അവയുടെ നിസ്സീമശോഭയെ ശതഗുണീഭവിപ്പിക്കുന്ന കാഴ്ച അവർണ്ണനീയമത്രേ വിശാലമായ ആ "ഹാൾമുറി"യുടെ ഒരറ്റത്തു് മറെറാരുമുറിയിലേക്കുള്ള ഒരു വാതിലുണ്ടായിരുന്നു. സ്വാമികളും താരാനാഥനും ആ വാതിൽതുറന്നു് അകത്തിറങ്ങി. ആ മുറിക്കകത്തെ അലങ്കാരങ്ങളും ആദ്യത്തേതിനെ അതിശയിക്കുന്നുണ്ടെന്നുചൂണ്ടിക്കാണിപ്പാനുറയാം. ചിരപരിചയത്താലായിരിക്കാം; ഈ കാഴ്ചകൾഒന്നും തന്നെ സ്വാമികളുടെ കണ്ണുകളെ കവരാതിരുന്നതു്. താരാനാഥൻ ഓരോന്നും പ്രത്യേകംപ്രത്യേകം സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു. എന്നാൽ ആ നോട്ടത്തിൽ ആശ്ചര്യമെങ്കിലും പുതുമതോന്നിയിരുന്നോ എന്നുള്ളതു് വാചാമഗോചരമാണു്. രണ്ടാമത്തെ

മുറിയുംകഴിഞ്ഞു അവർ വേറൊരുമുറിയിൽകടന്നു. ആ മുറിയും അലങ്കാരത്തിൽ മറ്റു രണ്ടുമുറികളിൽനിന്നും തീരെപിന്നോക്കമായിരുന്നില്ല. എന്നുമാത്രമല്ല അവിടെ വിശേഷവിധിയായ ഒരു കാഴ്ചക്കുടി ഉണ്ടായിരുന്നു. സുന്ദരിമാരായ നാലു സ്ത്രീരത്നങ്ങളും ഒരു രത്നക്കംബളത്തിൽ ഇരിക്കുന്നുണ്ടായിരുന്നതാണു് ആ കാഴ്ച. സ്വാമികളെയും താരാനാഥനെയും കണ്ട ഉടനെ അവർ പെട്ടെന്നെഴുന്നേറ്റു ആ മുറിയുടെ മറ്റൊരുവാതിൽതുറന്നു. അതുവഴി സ്വാമികളും താരാനാഥനും അടുത്തമുറിയിൽകടന്നു. ആ മുറിയിലെ രാജകീയമായ അലങ്കാരങ്ങളും താരാനാഥനു് ആശ്ചര്യത്തെ ഉളവാക്കിയിരിക്കണമെന്നുള്ളതിൽ സംശയമില്ല. ആ മുറിയുടെ ഒരുഭാഗത്തു് അതിരമണീയമായ ഒരു കട്ടിലിൽ അത്യത്ഭുതസുന്ദര്യവതിയായ ഒരു യുവതീരത്നം, സ്വർണ്ണഗിരിയിൽനിന്നും പുറപ്പെട്ടുന്ന നദീപ്രവാഹശങ്കയെ ജനിപ്പിക്കുമാറു് അഴിഞ്ഞുകിടക്കുന്ന കുന്തളഭാരത്തിലും സ്ഥാനഭ്രംശം സംഭവിച്ച ഉത്തരീയത്തിലും അശ്രദ്ധയായി അല്പനിമീലിതമായ നയനങ്ങളെ നിലത്തുപതിപ്പിച്ചുകൊണ്ടു് ഒട്ടൊന്നു ചരിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. സ്വാമികളുടേയും താരാനാഥന്റേയും കാൽപെരുമാറ്റംകേട്ടു് ആ ജഗന്മോഹിനി സമന്ദംഎഴുന്നേറ്റു് രണ്ടാളെയും ഒന്നുനോക്കിയതിനുശേഷം കട്ടിലിൽഇരുന്നു.

രാജകീയമായ വസ്ത്രാഭരണാദികളാൽ അലംകൃതയായി ദിവ്യമായ സൗന്ദര്യത്തോൽ ആരുടെയും ബഹുമാനാദരങ്ങളെ അഹിക്കുന്നവളായ ആ തരുണീമണിയുടെ കൃതവീര്യരാജാവിന്റെ പുത്രി പദ്മാവതി ഒരിക്കൽകണ്ടാൽ വീണ്ടുംവീണ്ടും കാണണമെന്നുള്ള ആശയെ ജനിപ്പിക്കുന്ന ആ രാജകുമാരിയെ ഒരു നോക്കുകണ്ടു താരാനാഥൻ, ആനന്ദാശ്ചര്യപരവശനായി അരനിമിഷനേരം ചേഷ്ടാവിഹീനനായെ അവലംബിച്ചു. സ്വാമികളും പദ്മാവതിയുടെ അരികിൽചെന്നു് സ്നേഹപൂർവ്വം മംഗളാശിസ്സുകളും വർഷിച്ചിട്ടു്, "മാന്യയായ പദ്മാവതി! വിഖ്യാതനായ നേപ്പാളരാജപ്രതിനിധിയായി കാശ്മീരത്തിൽ വന്നിട്ടുള്ള യോഗ്യനായ താരാനാഥനാണു് ഈ നില്ക്കുന്ന അയാൾ. താരാനാഥന്റെ ആഗമനംതന്നെ നിന്റെ ഭാവിശ്രേയസ്സിന്റെ മംഗളസൂചനയാണെന്നു വിശ്വസിക്കുക! മാന്യനായ താരാനാഥന്റെ ന്യായോക്തികൾക്കു് ഉചിതമായ മറുപടിനല്കുക!" എന്നുപറഞ്ഞു താരാനാഥനെനോക്കി, "യോഗ്യനായ താരാനാഥ! ബഹുമാന്യയായരാജകുമാരി നിങ്ങളുടെ സംശയങ്ങളെ പരിഹരിക്കുന്നതാണു്. നിങ്ങളുടെ സംഭാഷണം അവസാനിക്കുമ്പോൾ ഞാൻ മടങ്ങി വന്നുകൊള്ളാം" എന്നറിയിച്ചിട്ടു മുറിയിൽനിന്നും പുറത്തേയ്ക്കുപോയി.

താരാനാഥൻ, പത്മാവതിയുടെ ആവശ്യപ്രകാരം അവിടെ ഉണ്ടായിരുന്ന ഒരു കസേരയിൽ ഇരുന്നു. രണ്ടുപേരും അല്പനേരം യാതൊന്നും സംസാരിക്കുകയുണ്ടായില്ല. എന്താണു് രാജകുമാരിയോടു് ആദ്യമായി ഉച്ചരിക്കേണ്ടതെന്നു താരാനാഥനും, നേപ്പാളസ്വപ്നത്തിന്റെ പ്രതിനിധിയോടു് തന്റെ ഇംഗിതത്തെ തുറന്നുപറയുന്നതെങ്ങനെയാണെന്നു് പത്മാവതിയും സംശയിച്ചു ചിന്തിച്ചുകൊണ്ടിരുന്നു. അവരുടെ വ്യഗ്രതയുടെ അതിരുകൾ അതിവിധത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കവേ, അക്ഷികൾ പരസ്പരം സ്വാഗതം നൽകി പരിശുദ്ധമായ ആനന്ദത്തെ അനുഭവിക്കുന്നുണ്ടായിരുന്നു. രാജകുമാരിയുടെ നയനങ്ങളിൽനിന്നും നിർഗ്ഗമിക്കുന്ന അശ്രുകണങ്ങൾ സന്തോഷാധിക്യത്താലോ സന്താപാധിക്യത്താലോ ഏതെന്നു് താരാനാഥനു ഗ്രഹിക്കാൻ കഴിഞ്ഞതില്ലെന്നുവരുമോ? നൈസർഗ്ഗികമായ ശോണവർണ്ണത്തെ വ്രീളാശോകഭാവങ്ങളാൽ ദ്വിഗുണീകരിക്കപ്പെട്ട രക്തവർണ്ണത്തോടുകൂടിയ അവളുടെ വദനത്തെ താരാനാഥൻ ആശങ്കാപൂർവ്വം ദൃഢവീക്ഷണം ചെയ്തുകൊണ്ടു് തന്റെ സംസിദ്ധിമധുരമായ വാണിയെ ഈ വഴിക്കു പ്രവഹിപ്പിച്ചു:—'മാന്യേ ഞാൻ ഭവതിയുടെ സവിധത്തിൽ ആഗമിക്കാവുണ്ടായ കാരണം ഭവതിക്കു് അജ്ഞാതമല്ലെന്നുവിശ്വസിക്കുന്നു. സൗഭാഗ്യജീവിതത്തെതികച്ചും അനുഭവിക്കേണ്ട ഭവതി, ദയനീയമായ നൈരാശ്യജീവിതത്തെ അനുഭവിക്കുകയാണെന്നു് ഞാൻ വിശ്വസിക്കുന്നു. ഭവതിയുടെ ശോകാശ്രുക്കൾ അതിനു ദൃഷ്ടാന്തങ്ങളാണു്. ഭവതിയുടെ സ്ഥിതിഗതികൾക്കും വർത്തമാനപ്രായത്തിനും സർവ്വോപരി ആകാരകാന്തിക്കും അനുയോജ്യമല്ലാത്ത ദുഃഖജീവിതത്തെ ഭവതി നയിച്ചു പോരുന്നു; അഥവാ, നയിക്കാൻ നിർബ്ബന്ധിതയായിഭവിച്ചിരിക്കുന്നു.

മാന്യനായ പിതാവിന്റെ അകാലമരണത്താൽ ദുഃഖിതയായി തന്മൂലംജന്മാവകാശമായ സിംഹാസനം നഷ്ടപ്പെട്ടു് ദയനീയമായജീവിതത്തെനയിക്കേണ്ടിവന്നഭവതിയിൽ എനിക്കു അത്യന്തമായഅനുകമ്പയുണ്ടു്. നിഷ്കളാനന്ദനുമായുണ്ടായ സംഭാഷണത്തിൽനിന്നും ഭവതിയുടെ താൽകാലികസ്ഥിതി ഞാൻ ഊഹിച്ചറിഞ്ഞു. ആ നിമിഷത്തിൽതന്നെ ഈ ദുർയോഗത്തിൽനിന്നും, ആവശ്യപ്പെട്ടന്ന പക്ഷം ഭവതിയെ നിവർത്തിപ്പിക്കണമെന്നു ഞാൻ തീർച്ചപ്പെടുത്തി. ആ തീർച്ചപ്പെടുത്തലിന്റെ പ്രേരണയാൽ നിഷ്കളാനന്ദനെ അനുഗമിച്ചു് ഭവതിയുടെ മുമ്പിൽ ആഗതനായ എന്നെ ഭവതി തെറ്റിദ്ധരിച്ചു്, തന്മൂലം മൃദുലഹൃദയത്തെ പൂർവ്വാധികം പീഡിപ്പിക്കരുതെന്നും ആവശ്യപ്പെടുന്നു" പത്മാവതി അതുകേട്ടു് അശ്രുക്കൾ ധാരാളമായി വർഷിച്ചുകൊണ്ടു് "മാന്യനായ താങ്കളുടെ സ്നേഹപൂർവ്വകമായ വാക്കു

കളിൽ എനിക്കു കൃതജ്ഞതയുണ്ടു്" എന്നുമാത്രം പറഞ്ഞു മൌന ത്തെ ആശ്രയിച്ചു.

താരാ:—ഞാൻ ഇവിടെ വരാനുണ്ടായ വിശേഷകാരണം ഭവതിക്കു് അറിവുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. നിഷ്കളാനന്ദൻ ഞങ്ങളുടെ മഹാരാജാവിന്റെ മനസ്സിലേക്കയച്ച സന്ദേശം ഭവ തിയുടെ പൂർണ്ണമായ സമ്മതത്തോടും വിരോധത്തോടുംകൂടിയ താണോ എന്നറിവാൻ തിരുമനസ്സുകൊണ്ടു് എന്നോടു് ആജ്ഞാപിച്ചിരിക്കുന്നു

പദ്മാവതി അതിനുത്തരമായി ഒന്നും പറഞ്ഞില്ല. അവൾ തേങ്ങിത്തേങ്ങിക്കരയുകയും ഭയനിയമുഖഭാവത്തോടുകൂടി അടിക്കടി വാതിലിന്റെനേക്കു നോക്കുകയുംചെയ്തുകൊണ്ടിരുന്നു. അവൾ അപ്രകാരംനോക്കുന്നതുകണ്ടു് താരാനാഥൻ തിരിഞ്ഞു് ആ ഭിക്കിലേക്കുകണ്ണോടിച്ചു. പെട്ടെന്നു രുദ്രമുഖം അവിടെമറയുന്നതുകണ്ടു. അതു് നിഷ്കളാനന്ദന്റേതാണെന്നു് അയാൾക്കു മനസ്സിലായി. അയാളുടെ സംശയങ്ങൾ ചിഹ്നിച്ചു. കാക്കാലന്റെ കൈ യിൽ കിട്ടിയ കളിപ്പാമ്പിന്റെ അവസ്ഥയാണു് താരാനാഥനോ ത്തതു്. അതേ നിഷ്കളാനന്ദന്റെ പാട്ടിൽപെട്ടു് രാജകുമാരി നട്ടം തിരിയുകയാണെന്നും അവളുടെ സമ്മതവും സമ്മതക്കേടും എന്നല്ല അവളുടെ ജീവിതംതന്നെയും അയാളെ ആശ്രയിച്ചിരിക്കുകയാ ണെന്നും താരാനാഥൻ തീർച്ചയാക്കി. തന്മൂലം രാജകുമാരിയിൽ അ യാൾക്കു പൂർവ്വാധികം അനുകമ്പയും അനുതാപവും അങ്കുരിച്ചു. താൻ എത്രതന്നെശ്രമിച്ചാലും അവളുടെ യഥാർത്ഥമായ മനോഭാവം വാഗ്രൂപേണ ഗ്രഹിക്കാൻ സാധിക്കയില്ലെന്നു താരാനാഥനു മന സ്സിലായി. അയാൾ പതിഞ്ഞസ്വരത്തിൽ പറഞ്ഞു:—"മാന്യ യായ രാജകുമാരി! എന്റെ വാക്കുകളെ ശ്രദ്ധയോടെ കേൾക്കണ മെന്നും അവയ്ക്കു നിഷ്കളങ്കമായ സമാധാനം പറയണമെന്നും സ്നേ ഹപൂർവ്വം ഞാൻ ആവശ്യപ്പെടുന്നു. ആദ്യമായി മനസ്സിനെ ധൈര്യ പ്പെടുത്തുക! നേപ്പാളരാജപനെ ഭവതി വരിക്കാമെന്നുസമ്മതിച്ചിട്ടു ണ്ടോ? ഉണ്ടെങ്കിൽ അതു് ഹൃദയപൂർവ്വമായ സമ്മതംതന്നെയോ? ഈ വലിയകെട്ടിടത്തിൽ ഭവതി സ്വാതന്ത്ര്യമായും സ്വേച്ഛാനുസാര ണമായും ജീവിതം നയിക്കുകയാണോ? ഇവിടുത്തെ താമസത്തിൽ ഭവതിക്കു സന്തോഷവും സമ്മതവുമുണ്ടോ? അതോ എന്തെങ്കിലും നിഷ്ഠുരശക്തിയാൽ ഈ താമസത്തിനു ഭവതി നിർബ്ബന്ധിതയായി ഭവിച്ചിരിക്കുന്നുവോ? അങ്ങനെയാണെങ്കിൽ ഈബന്ധനത്തിൽ നിന്നും മോചിക്കണമെന്നു ഭവതി ആഗ്രഹിക്കുന്നുണ്ടോ? എന്താ ണു് എന്റെ ചോദ്യങ്ങൾക്കു സമാധാനം പറയാത്തതു്? ഭവതി ഒന്നും ഭയപ്പെടണ്ടാ സർവ്വാത്മനാ ഞാൻ ഭവതിയെ സഹാ

യിക്കാം. ഭവതിയെ എന്റെ രാജാവിനു ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പറയുകയല്ല. അതുവേറെ പ്രമേയം. അദ്ദേഹം ദീനദയാലുവാണു; പരഹൃദയത്തെ പീഡിപ്പിക്കുന്ന ആളല്ല. ഭവതിയെ, തന്റെ പട്ടമഹിഷിയായി അംഗീകരിക്കാൻ ആഗ്രഹിച്ചാൽ തന്നെയും, ഭവതിയുടെ പൂർണ്ണസമ്മതവും സന്തോഷവും അറിഞ്ഞതിനുശേഷമേ, തന്റെ ആഗ്രഹത്തെ അദ്ദേഹം തുറന്നുപറയുകയുള്ളു. അതുകൊണ്ടു് ഞാൻ ആവശ്യപ്പെട്ടതു്, നിസ്സഹായയാണെങ്കിൽ ഭവതിയെ സഹായിക്കണമെന്നുള്ള ധർമ്മബുദ്ധിയോടുകൂടിയാണു്. മനസ്സാന്നിധ്യത്തോടെ ധൈര്യങ്കൈക്കൊണ്ടുപൂർവ്വം സമാധാനം പറയുക! ഭവതിക്കു യാതൊരാപത്തും ഉണ്ടാകയില്ലെന്നു് ഞാൻ ഉറപ്പുപറയുന്നു.

പദ്മാവതി അതുകേട്ടു പരിതാപത്തോടുകൂടിപ്പറഞ്ഞു:— "അതേ എന്റെ സമ്മതത്തോടുകൂടിത്തന്നെ ഇവിടെ വസിക്കുന്നതു്. ഈ ലോകത്തിൽ ഇനിമേൽ എന്തൊരു സന്തോഷമാണോ എനിക്കുണ്ടാകാനുള്ളതു്. അതു സന്തോഷം ഞാൻ അനുഭവിക്കുന്നു"

ഈ വാക്കുകൾ താരാനാഥനു് അശേഷം തൃപ്തികരമായിരുന്നില്ല. രാജകുമാരിക്കു ഇവിടെ യാതൊരു സന്തോഷവും സമാധാനവുമില്ലെന്നും ഇതിൽ എന്തൊക്കെയോ പല രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടെന്നും അയാൾ തീരുമാനിച്ചു. യാതൊരു സഹായവുമില്ലാത്ത ഈ പെൺകിടാവിനെ നിഷ്ഠുരനായ നിഷ്കളാനന്ദൻ നിർദ്ദയമായി ദണ്ഡിക്കുന്നുണ്ടെന്നും അയാളെ ഭയന്നു് അവർ യാതൊന്നും തുറന്നു പറയാത്തതാണെന്നും ദൃഢമായി വിശ്വസിച്ചു. ഈ സാധുയുവതിയെ ഈ ഭയനീയസ്ഥിതിയിൽനിന്നും രക്ഷിക്കേണ്ടതെങ്ങനെയെന്നു് അയാൾ ആലോചിച്ചു:— താരാനാഥൻ വീണ്ടും പറഞ്ഞു:— കാശ്മീരത്തിലെ കിരീടാവകാശിനിയായ ഒരു മഹാരാജ്ഞിയാണല്ലോ ഭവതി. ഞാൻ തത്തുല്യനായ ഒരുമഹാരാജാവിന്റെ ആശ്രിതനാണു്: നേപ്പാളരാജ്യത്തെ മന്ത്രിയാണു്, ഭരണകാര്യങ്ങളിൽ മഹാരാജാവിനെ ഉപദേശിക്കാൻ എനിക്കു് അവകാശമുണ്ടു് ആ അവകാശം ഒരു മഹാരാജ്ഞിയായ ഭവതിയെ സംബന്ധിച്ചും എനിക്കുണ്ടെന്നാണു് എന്റെ വിശ്വാസം. വിശേഷിച്ചും മഹാരാജാവിന്റെ പ്രതിനിധിയുടെ നിലയിൽ ഇപ്പോൾ ആ അവകാശം എനിക്കു കൂടുതലായിട്ടുണ്ടു്. ഈ പരമാർത്ഥം ഭവതി വിസ്മരിക്കരുതു്! കേൾക്കുക! നേപ്പാളനൃപൻ ശൗര്യപരാക്രമശാലിയും ഉദാരനുമാണു്. മഹാനായ കൃതവീര്യമഹാരാജാവിന്റെ പുത്രിയും അദ്ദേഹത്തിന്റെ സിംഹാസനത്തിനു് ഏകാവകാശിനിയുമായ ഭവതി ഈ വിധം നിസ്സഹായയായി കഴിഞ്ഞുകൂടുന്നു എന്നറിഞ്ഞാൽ അദ്ദേഹം തീരെ സഹിക്കുകയില്ല. അദ്ദേഹം ഭവതിയെ സഹാ

യിക്കാതിരിക്കയില്ല. ഭവതിയുടെ ശത്രുക്കളെ, അവർ എത്രതന്നെ പ്രബലന്മാരായിരുന്നാലും, തന്റെ ശത്രുക്കളായിക്കരുതുന്നതാണു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ പ്രതിനിധിയായ എന്നെ ഒരന്യനാണെന്നു ഭവതി കരുതരുതു്. ഭവതിയുടെ തല്ക്കാലസ്ഥിതി, അതു് എത്രതന്നെ ഭയങ്കരവും പരമരഹസ്യവുമായിരുന്നാലും എന്നോടു തുറന്നുപറയുക! അതുനിമിത്തം യാതൊരാപത്തും ഭവതിയെ ബാധിക്കയില്ല. ബാധിക്കുമെന്നുള്ള ശങ്കയേ വേണ്ടാ. അപ്രകാരം എന്തെങ്കിലും ആപത്തു നേരിടുന്നതായാൽ തന്നെയും മരണത്തെ എതിർത്തും ഞാൻ അതിൽനിന്നും ഭവതിയെ രക്ഷിക്കാം. ഭവതി ഇവിടെ ബന്ധനത്തിൽ പാർക്കുകയാണോ? പറയുക! ഈ നിമിഷത്തിൽ മോചിപ്പിക്കാം. ഇതേ ഇതുകണ്ടുവോ? ഈ ഖഡ്ഗം ഒന്നുമതി ഭവതിയെ ഏതൊരാപത്തിൽനിന്നും രക്ഷിക്കാൻ; ഭവതിയെ സ്വതന്ത്രയാക്കാൻ ഈ വാളിനു ശക്തിയുണ്ടു്. ഭവതിയെ അലട്ടുന്നവർ ആരാണു്? അവരുടെ പീഡയിൽ നിന്നും ഈ ഖഡ്ഗം ഭവതിയെ നിവർത്തിപ്പിക്കും ഭവതി സ്വമനസ്സോടുകൂടി ഇവിടെ താമസിക്കുകയാണെന്നും മറ്റും പറഞ്ഞ വാക്കുകളിൽ എനിക്കു് അശേഷം വിശ്വാസമില്ല. ഭവതി അസ്വാതന്ത്ര്യശൃംഖലയാൽ ബന്ധിക്കപ്പെട്ട ദുഃഖകാരാലയത്തിൽ കിടന്നു ബുദ്ധിമുട്ടുകയാണെന്നു ഞാൻ ഊഹിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ ഇതു വളരെ പറയാനുണ്ടായ കാരണം തന്നെ അതാണു്.

ഇപ്രകാരം താരാനാഥൻ ഹൃദയം തുറന്നു പറഞ്ഞ ഓരോ വാക്കുകളും രാജകുമാരി കൃതജ്ഞതാപൂർവ്വം ശ്രവിക്കുകതന്നെചെയ്തു എന്നാൽ ആ വാക്കുകൾക്കു് ആ ദയനീയയുടെ അശ്രുപ്രവാഹത്തെ വർദ്ധിപ്പിക്കാനല്ലാതെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല. അവർ എന്തോ സംസാരിക്കാനായി അധരോഷ്ഠങ്ങളെ അനക്കുന്നതിനിടയ്ക്കു് യമളൂതനെന്നോണം ആ ഖലൻ, നിഷ്കുളാനന്ദൻ റൂതിൽ കടന്നു് അകത്തുകയറി. കഷ്ടം! സാധു പദ്മാവതി പെട്ടെന്നു ഞെട്ടി ആ ആനന്ദന്റെ മുഖത്തേയ്ക്കൊന്നുനോക്കി. അതേ; ഒന്നുനോക്കാനുള്ള ധൈര്യമേ അവർക്കു ഉണ്ടായിരുന്നുള്ളൂ. അവളുടെ പിന്നത്തെനോട്ടം താരാനാഥന്റെമുഖത്തും പിന്നീടു് ഖഡ്ഗത്തിലും ഒടുവിൽ നിലത്തും അനുക്രമമായിപ്പതിഞ്ഞു. ആഗതനായ നിഷ്കുളാനന്ദൻ അധോമുഖിയായ രാജകുമാരിയുടെ സമീപത്തിൽചെന്നു നിന്നുംകൊണ്ടു് അരുളിച്ചെയ്തുകയാണു്—"കുഞ്ഞേ, പദ്മാവതീ! മാന്യനായ താരാനാഥന്റെ ചോദ്യങ്ങൾക്കു് യഥാർഹമായമറുപടി ഉടനടൻ പറയുക! നിന്റെ ശോഭനമായ ഭാവിക്കു് അതാണാവശ്യം" സ്നേഹഭാവം നടിച്ചുള്ള ഈ ഓരോവാക്കും വിഷലിപ്തങ്ങളാണെന്നു നിഷ്പ്രയാസം ഗ്രഹിച്ച താരാനാഥൻ, "വേണ്ട, വേണ്ട; ഗന്ധ

വമേറിയ കാര്യമാണിതു്. രാജകുമാരി സമാധാനപൂർവ്വമാലോചിച്ചു മറുപടിപറഞ്ഞാൽമതി. ആ മറുപടിയാണു് എനിക്കുകേൾക്കേണ്ടതു്. അതിനിടയാകാതിരിക്കുമാറു് നിങ്ങൾ ബദ്ധപ്പെട്ടിട്ടാവശ്യമില്ല" എന്നുപറഞ്ഞു. അതുകേട്ടു നിഷ്കളാനന്ദൻ "എന്തു്? പദ്മാവതിക്കു സ്വന്തം..." എന്നു് അർദ്ധോക്തിയിൽ വിരമിച്ചു.

താരാനാഥൻ:—അതേ പദ്മാവതിക്കു സ്വന്തമായൊരഭിപ്രായമില്ല നിങ്ങളുടെ അഭിപ്രായത്തിനു കീഴടങ്ങിക്കൊള്ളുമെന്നാണു നിങ്ങൾ പറയുന്നതു്. മതി, ഈ ശുശ്രൂഷാലോചന ഇവിടെ നിൽക്കട്ടെ! ഈ വിഷയത്തെക്കുറിച്ചു സംസാരിക്കുന്തോറും രാജകുമാരിയുടെ വിഷാദം വർദ്ധിക്കുന്നു.

പദ്മാവതി ഈ അവസരത്തിൽ തേങ്ങിത്തേങ്ങിക്കരയുകയും ഉത്തരീയത്താൽ അടിക്കടി മുഖം തുടയ്ക്കുകയുംചെയ്തുകൊണ്ടിരുന്നു.

നിഷ്കളാനന്ദൻ:—യോഗ്യനായ താരാനാഥ! നിങ്ങൾ കുറേക്കൂടെ ക്ഷമിക്കുക! പദ്മാവതിയെ പിതൃജനവിരഹദുഃഖം നല്ലപോലെ പീഡിപ്പിക്കുന്നുണ്ടു്. പോരെങ്കിൽ നിങ്ങളെ അവർ വിശ്വസിച്ചിട്ടുമില്ല. കാശ്മീരത്തിന്റെ തൽക്കാലസ്ഥിതിയിൽ കേവലം ഒരു പെൺകുട്ടിക്കു അപ്രകാരം ഒരു വിശ്വാസം ജനിക്കുന്നതിൽ പരിഭവിക്കാനുമില്ല ഇനി ഒരിക്കൽ നിങ്ങളെ ഇവിടെ കൂട്ടിക്കൊണ്ടുവരുന്നതിനും പദ്മാവതിയുമായി കൂടി ആലോചിക്കുന്നതിനും സാധിച്ചെന്നുവരുന്നതല്ല. അതുകൊണ്ടു് ഈ വിഷയത്തെക്കുറിച്ചു് ഇപ്പോൾത്തന്നെ സംസാരിച്ചു തീർച്ചപ്പെടുത്തുകയാണു വേണ്ടതു്, നിങ്ങൾ ദയചെയ്തു് എനിക്കല്പം സാവകാശംതരണം. എനിക്കു രാജകുമാരിയോടു് ചിലതു സംസാരിക്കേണ്ടതായിട്ടുണ്ടു്. അതിലേക്കു് നിങ്ങളുടെ സാന്നിദ്ധ്യം പ്രതിബന്ധകമാണു്. ഏതാനും നിമിഷനേരം അടുത്ത മുറിയിലുള്ള വിശേഷങ്ങൾ നോക്കിക്കാണുന്നതിനു നിങ്ങൾക്കു മനസ്സുണ്ടായാൽ അതിനകം എനിക്കു പറവാനുള്ളതിനെ ഞാൻ പദ്മാവതിയെ ധരിപ്പിക്കാം.

താരാനാഥൻ പദ്മാവതിയുടെ മുഖത്തേയ്ക്കു കണ്ണോടിച്ചു പോകുന്നതിനു് അനുവദിക്കുകയോ പോകരുതെന്നു തടയുകയോ ചെയ്യുന്ന യാതൊരുകുറിയും അവളുടെ മുഖത്തുകണ്ടില്ല. എന്നാൽ അവിചാരിതമായ ഒരു ധൈര്യം അവളെ ബാധിച്ചിരിക്കുന്നതായി ആ മുഖം വിളിച്ചുപറയുന്നുണ്ടു്. അതുകണ്ടപ്പോൾ താരാനാഥനു് അല്പം സമാധാനവും സന്തോഷവും ജനിച്ചു. ഏതായാലും അവർക്കു് രഹസ്യസംഭാഷണത്തിനു സൗകര്യം കൊടുക്കുകതന്നെയെന്നു് അയാൾ തിരുമാനിച്ചു.

താരാനാഥൻ അടുത്തമുറിയിൽ കടന്നയുടനേ, നിഷ്കളാനന്ദൻ പത്മാവതിയുടെ ഏറ്റവുംസമീപത്തു ചേന്നുനിന്നുകൊണ്ടു്, അവൾ മാത്രം കേൾക്കത്തക്കവിധത്തിൽ ഇങ്ങനെ പറഞ്ഞു:—"പത്മാവതി! നീ ഇത്ര ബുദ്ധിഹീനയാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല. നി സ്വയം കൃതാനർത്ഥത്തിനു സന്നദ്ധയാവുകയാണു്. ഏതായാലും ഞാൻ ഒരിക്കൽക്കൂടിപറയാം താരാനാഥന്റെ ചോദ്യങ്ങൾക്കു് നീ അനുകൂലമായമറുപടിപറയണം. നിന്റെ ദുഃഖഭാവത്തെക്കണ്ടു ഞാനു സന്തോഷത്തോടും സമാധാനത്തോടുംകൂടി ഇരിക്കുകയാണെന്നു അയാളെ മനസ്സിലാക്കണം. അങ്ങനെചെയ്യാതെ എന്റെ വാക്കിനെ നീ തട്ടുകയാണെങ്കിൽ എന്താണു് അനുഭവമെന്നു് ഞാൻ ഉടൻ ബോധനം ചെയ്യാതെതന്നെ നിനക്കു് ഊഹിക്കാവുന്നതാണല്ലോ.

പത്മാവതി:— വേണ്ട, വേണ്ട, എനിക്കൊന്നും കേൾക്കണ്ടാ ഇന്നത്തെ സംഭാഷണം ഇങ്ങനെ നില്ക്കട്ടെ! ഇന്നത്തേടം കഴിഞ്ഞു് ഇനി ഒരവസരത്തിൽ, നാളെയായാലും വേണ്ടില്ല. ആ ആളെ ഇവിടെവന്നാൽ ശരിയായ സമാധാനം പറയാം. ഇന്നു് എനിക്കതിനു മനസ്സില്ല.

നിഷ്കളാനന്ദൻ:—ദുർബുദ്ധിയായ പെണ്ണേ! നീ എന്റെ വാക്കുകളെ തടയുകയോ? നിന്നെ ഞാൻ നല്ലപാഠം പഠിപ്പിക്കുന്നുണ്ടെന്നോമ്മവേണം. മര്യാദയ്ക്കു് അയാളുടെ ചോദ്യത്തിനു സമാധാനം പറയുക! ഇനി ഒരിക്കൽ അയാളെ ഇവിടെക്കൂട്ടിക്കൊണ്ടുവരാനും മറ്റും എനിക്കു കഴിയുകയില്ല നിനക്കു ഇഷ്ടമുള്ളപ്പോഴെല്ലാം കൂട്ടിക്കൊണ്ടുവരാനും പറഞ്ഞയയ്ക്കാനും മറ്റും ഞാൻ തയാറല്ല.

പത്മാ:—എന്റെ ഇഷ്ടപ്രകാരമോ? എനിക്കു് എന്താണു് ഇഷ്ടം? എന്റെ മനസ്സും എന്റെ ബുദ്ധിയുംകൊണ്ടു് ആലോചിച്ചു നോക്കണം. ആലോചിക്കാതെ മറുപടിപറയാൻ ഞാൻ ഒരുക്കമില്ല.

ഇങ്ങനെ പറയുമ്പോൾ ഈർഷ്യാകോപങ്ങളാൽ അവളുടെ ശരീരമാസകലം വെന്തുനീറുന്ന ഒരനുഭവം അവൾക്കുണ്ടായി വികൃതമായ ഒരു ഭാവപ്പകർച്ച അവളുടെ മുഖത്തു സംഭവിച്ചു. അവൾ അധരത്തെ കടിച്ചുമർത്തിക്കൊണ്ടു നിഷ്കളാനന്ദന്റെ മുഖത്തു നോക്കി. ആനോട്ടം അയാളുടെ വിഷമയമായ ഹൃദയാന്തർഭാഗത്തെക്കൂടി കാണത്തക്കവിധത്തിലായിരുന്നു. സഹൃദയനായ ഒരുവൻ നിശ്ചയമായും ആ നോട്ടത്തിനു കീഴ്പ്പെട്ടുകതന്നെ ചെയ്യും.

നിഷ്കളാ:—ദുഷ്ടപ്പെണ്ണേ! നിനക്കു ഇത്ര ധിക്കാരമോ? നീ കരുതിക്കൊൾക! നിന്നെ ഞാൻ നശിപ്പിക്കുന്നുണ്ടു്.

"എന്നെ നശിപ്പിക്കയോ?" എന്ന രാജകുമാരി ധാർഷ്ട്യത്തോടും കോപത്തോടുംകൂടി ചോദിച്ചു. ഈ അവസരത്തിൽ അവളുടെ മുഖത്തെ വികൃതമായഭാവം മാറി; ആ മുഖത്തു വൈവർണ്ണ്യം സംഭവിച്ചു. നീലോല്പലസദൃശമായ അവളുടെ നയനങ്ങളിൽനിന്നും കോപാഗ്നികണങ്ങൾ ചിതറുന്നുണ്ടായിരുന്നു.

നിഷ്കളൻ:—ഇതെന്തത്ഭുതം! നിന്റെ ധിക്കാരം ഈ നിലയിലെത്തിയോ? നീ സകലതുംമറന്നിരിക്കുന്നു. നീ എന്നെ കോപാവേശനാക്കി ചെയ്യുന്നു. അങ്ങനെ വേണമെന്നായിരിക്കാം നിന്റെ താല്പര്യം! മൂഢപ്പെണ്ണേ! മക്കടമുഷ്ടി നിനക്കു നാശഹേതുകമാണു്. നിനക്കു നീതന്നെ നാശത്തെത്തേടുകയാണു്. "വിനാശകാലേ വിപരീതബുദ്ധി." ഞാൻ പറയുന്നതിനെ കേൾക്കുക! എന്റെ വാക്കിനെത്തടയേണ്ടാ. പദ്മാവതി! നീ എന്നെ അനുസരിക്കുകയാണു് വേണ്ടതു്. അതാണു നിന്റെ ക്ഷേമതല. നിന്റെ പ്രതിജ്ഞയെ ഓർക്കുക! എന്തൊരു മായാപ്രയോഗത്താലാണു ഞാൻ നിന്നെ അടിമപ്പെടുത്തിയതെന്നും നീ ഓർക്കുക! അന്ധകാരമയമായ ആ അർദ്ധരാത്രിയിൽ ആ "വെള്ളമണി ഘണഘണശബ്ദം മുഴക്കുമ്പോൾ..."

ശേഷംപറഞ്ഞു അവസാനിക്കുംമുമ്പു് ഏതോ ഒരുശക്തി അവളെ എടുത്തെറിഞ്ഞതുപോലെ അവൾ കട്ടിലിൽനിന്നും ചാടി ഇറങ്ങി, "അയ്യോ! മതിമതി, എനിക്കതുകേൾക്കണ്ടാ. അതു എന്നെ ഓർമ്മിപ്പിക്കരുതേ! ഞാൻ അങ്ങു പറയുന്നതുപോലെ പ്രവർത്തിച്ചുകൊള്ളാം, ലേശം വ്യത്യാസംവരുത്തുകയില്ല. ദയവു ചെയ്തു് ആ അർദ്ധരാത്രിയിലെ സംഭവം എന്നെ അനുസ്മരിപ്പിക്കാതിരിക്കണം" എന്നിങ്ങനെ തൊഴുകൈയോടും ഭയനിയമായ മുഖഭാവത്തോടുംകൂടി സഗദ്ഗദം അഭ്യർത്ഥിച്ചു. രക്തലാഞ്ഛനനെന്നിയേ അവളുടെ മുഖം ധൂസരമായിച്ചമഞ്ഞു.

"അതാണു് നല്ലതു്. താരാനാഥന്റെ ചോദ്യങ്ങൾക്കു് അനുകൂലമായ മറുപടിപറയുക! നിനക്കുമംഗളം ഉണ്ടാകും" എന്നു ആശീർവ്വദിച്ചിട്ടു് നിഷ്കളാനന്ദൻ, താരാനാഥനെ അകത്തേക്കുക്ഷണിച്ചു. ആഗതനായ താരാനാഥനെ യഥായോഗ്യം അഭിസംബോധനംചെയ്തുകൊണ്ടു്, "നിങ്ങൾ അല്പം ക്ഷമകേട്ടുകാട്ടി എന്നു പറയേണ്ടിവന്നതിൽ ക്ഷമിക്കണം. അതുപോലെതന്നെ ധൃതഗതിയിൽ നിങ്ങൾ പരുഷമായ ചില വാക്കുകൾ എന്നെഉദ്ദേശിച്ചുപറഞ്ഞതും ഞാനും ക്ഷമിച്ചിരിക്കുന്നു. പദ്മാവതി പകപബുദ്ധിയില്ലാത്ത ഒരു പെൺകിടാവാണു്. നിങ്ങളുടെ ചോദ്യങ്ങൾക്കു സംശയബുദ്ധ്യാ അവൾ മറുപടിപറയാതിരുന്നതിൽ നിങ്ങൾ അന്യഥാ ശങ്കിക്ക

രുതു്. ഇനി അവർം അനുകൂലഭാവത്തിൽ നിങ്ങളോടുപെരുമാറുന്നതിനുസന്നദ്ധയായിരിക്കുന്നു" എന്നു പറഞ്ഞു പുറത്തേയ്ക്കുപോയി.

താരാനാഥൻ, പദ്മാവതിയുടെ ഗ്ലാനമായ മുഖത്തേക്കു നോക്കി. വ്യാഘ്രത്തിന്റെവായിൽനിന്നും മോചിക്കപ്പെട്ട മാൻപേടയെപ്പോലെ, ഭയവിഹ്വലയായ ആ തരുണിയുടെ ഭയനീയത ആ മുഖത്തു സ്പഷ്ടമായി തെളിഞ്ഞുകണ്ടു. അയാളുടെ ഹൃദയം അനുകമ്പാർദ്രമായി ഭവിച്ചു. രാജകുമാരിയുടെ മുഖത്തുനിന്നും അനുകൂലഭാവത്തിൽ എന്തെങ്കിലും വാക്കുകൾ പുറപ്പെട്ടാൽതന്നെയും അതു് അവളുടെ സ്വന്തമായിരിക്കാനിടയില്ലെന്നും അതിന്റെ അവകാശി കശ്മലനായ നിഷ്കുളാനന്ദൻതന്നെയാണെന്നും ആ ജളൻ തന്നെ തെറ്റിദ്ധരിപ്പിച്ചതാണെന്നുള്ളതിൽ ഇനി ലേശം സംശയിക്കാനില്ലെന്നും താരാനാഥൻ വിശ്വസിച്ചു. ഏതായാലും അവളുടെ മനോഭാവത്തെ മനസ്സിലാക്കാൻ ഒരിക്കൽക്കൂടി ശ്രമിക്കാമെന്നു് അയാൾ തീർച്ചപ്പെടുത്തി.

താരാ:—നിസ്സഹായയും ഭയനീയയുമായ രാജകുമാരീ! എന്റെ മനസ്സിലുണ്ടായിരുന്ന സംശയങ്ങൾ നിശ്ശേഷം അസ്തംഗതമായിക്കഴിഞ്ഞു. ഭവതി എന്നോടു വല്ലതുംപറവാൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ കേൾക്കട്ടെ! പക്ഷേ, ആ പറച്ചിൽ ഭവതിയുടെ സ്വമനസ്സാലെയുള്ളതല്ലെന്നുള്ള വിശ്വാസത്തോടുകൂടിയായിരിക്കും ഞാൻ ശ്രവിക്കുന്നതു്.

പദ്മാ:—താങ്കൾ ഏതൊരുദ്ദേശത്തോടുകൂടി ഇവിടെവന്നുവോ ആ ഉദ്ദേശത്തെ പുരസ്കരിച്ചുമാത്രം സംസാരിക്കണമെന്നു് അപേക്ഷയുണ്ടു്.

താരാനാഥൻ:—വളരെ സന്തോഷം! നിഷ്കുളാനന്ദൻ നേപ്പാളയുവരാജനു് അയച്ച സന്ദേശത്തെപ്പറ്റി ഭവതിക്കുള്ള അഭിപ്രായമാണു് എനിക്കു് അറിയേണ്ടതു്. ആ സന്ദേശം ഭവതിയുടെ പൂർണ്ണമനസ്സോടും സന്തോഷത്തോടുംകൂടി അയച്ചതാണോ എന്നറിയണം.

പദ്മാവതി:—നേപ്പാളയുവരാജകിട്ടിയിട്ടുള്ള സന്ദേശം എന്റെ പൂർണ്ണമനസ്സോടും സന്തോഷത്തോടുംകൂടി അയച്ചതാണു്; അതേ ഇനി താങ്കൾക്കു പോകാം.

"അതേ" എന്നുള്ള ആ രണ്ടക്ഷരം ആ മുഖത്തുനിന്നും പുറപ്പെട്ടതോടുകൂടി; അവയുടെ പിന്തുണയെന്നോണം സ്ഫടികസങ്കാശമായ ചുടുനീർക്കണങ്ങൾ അവളുടെ നീലോല്പലനയനങ്ങളിൽനിന്നുംഉരുണ്ടുവീണുതുടങ്ങി. ക്രമേക്രമേ ദീർഘശ്വാസം പുറപ്പെടുന്നുണ്ടായിരുന്നു. അവർം വീണ്ടും താരാനാഥന്റെ മുഖത്തെ ഒരാവർത്തി

ക്കൂടി നിരീക്ഷണംചെയ്തിട്ടുണ്ട്, വലതുവശത്തുള്ള ഒരു മുറിയിൽ പെട്ടെന്നുമറഞ്ഞു. താരാനാഥൻ, നിഷ്കുളാനന്ദൻ നിന്നമുറിയിലേക്കും പോയി.

അകത്തു നടക്കുന്ന സംഭാഷണത്തിൽ കേവലം അശ്രദ്ധനെന്ന വ്യാജേന, ഭിത്തിയിൽ തൂക്കിയിരുന്ന ഒരു ചിത്രത്തെ നോക്കിക്കൊണ്ടുനിന്ന നിഷ്കുളാനന്ദൻ, താരാനാഥന്റെ കാൽപെരുമാറ്റം കേട്ട തിരിഞ്ഞു അയാളുടെ മുഖത്തുനോക്കി, താരാനാഥന്റെ മുഖഭാവം നിഷ്കുളാനന്ദനു് അല്പമെങ്കിലും തൃപ്തികരമായി തോന്നിയില്ല. 'എന്താ? രാജകുമാരിയുടെ മറുപടി അനുകൂലഭാവത്തിലായിരുന്നില്ലേ?' എന്നു് അയാൾ താരാനാഥനോടു ചോദിച്ചു 'ഓഹോ! ഇനി നമുക്കു പോകാം' എന്നുമാത്രം പറഞ്ഞു താരാനാഥൻ മുമ്പോട്ടു നടക്കുകയാണുണ്ടായതു്. താരാനാഥന്റെ ഈ അനാദരഭാവത്തിലും വാക്കിലും നിഷ്കുളാനന്ദനു് വല്ലാത്തകോപം ജനിച്ചു. അയാൾ യാതൊന്നും സംസാരിക്കാതെ പിറകേനടന്നു. അപ്പോഴത്തെ അയാളുടെ ആ മുഖത്തെ ഭാവം ഒരുകാണേണ്ടതുതന്നെയായിരുന്നു. അകത്തേ കക്ഷത മുഖത്തു് തെളിഞ്ഞുകണ്ടു. പ്രകൃത്യാ ക്രൂരമായ ആ മുഖം ആ അവസരത്തിൽ ഭയങ്കരതയെ പ്രാപിച്ചു. അയാൾ ഏകാഗ്രമായി എന്തോ ചിന്തിച്ചുകൊണ്ടു് താരാനാഥനെ അനുഗമിക്കുകയായിരുന്നു. ഒടുവിൽ ചിന്താസിന്ധുവിന്റെ അടിത്തട്ടുകണ്ട സംതൃപ്തിയോടുകൂടി ശിരഃകമ്പനംചെയ്തു.

രണ്ടുപേരും പഴയമുറിയിലെത്തി. നിഷ്കുളാനന്ദൻ താരാനാഥനെ ബഹുമാനപൂർവ്വം സംബോധനചെയ്തുകൊണ്ടു്! 'എന്റെ വാഗ്ദാനപ്രകാരം പദ്മാവതി സന്ദർശനം നിർവ്വേറിയിരിക്കുന്നു. നേപ്പാളസ്ഥാപനെവരിക്കാൻ അവർക്കു സമ്മതമാണെന്നു് അവർ തന്നെ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു. ഇനി അവളുടെ പിതാവിന്റെ നിക്ഷേപധനത്തെ കാട്ടിത്തരേണ്ട കടമക്കുടി എനിക്കുണ്ടു് എന്നുപറഞ്ഞു.

താരാനാഥൻ:—അതേ. അതു കാണേണ്ടതാവശ്യമാണു്.

നിഷ്കുളാനന്ദൻ:—അതുമാത്രം കണ്ടാൽമതിയോ രാജകുമാരിയുടെ പിതാവു്, അവളെ എന്റെ അധീനതയിൽ ഏല്പിച്ചതായിട്ടുള്ള അദ്ദേഹത്തിന്റെ അന്ത്യശാസനം കാണണ്ടേ? അദ്ദേഹം അവളെ രേഖാമൂലമായിട്ടാണു എന്നെ ഏല്പിച്ചതെന്നു് നമ്മുടെ ആദ്യസംഭാഷണത്തിൽ ഞാൻ സൂചിപ്പിച്ചതു നിങ്ങൾ വിസ്മരിച്ചുവോ?

താരാനാഥ:—ഇല്ല; ഞാനോക്കുന്നുണ്ടു്. ആ രേഖ എനിക്കു കാണുകയും വേണം. ആ സംഗതി ഓർമ്മപ്പെടുത്തിയതിനായി നന്ദിപറയുന്നു,

പത്മാവതിയെ അവളുടെ പിതാവു് രേഖാമൂലം തന്നെ ഏല്പിച്ചതായി ആദ്യസംഭാഷണത്തിൽ സൂചിപ്പിച്ചിരുന്ന എന്ന നിഷ്കളാനന്ദൻ പറഞ്ഞതു 'പച്ചക്കള്ള'മാണെന്നു് അറിഞ്ഞിരുന്നിട്ടും അതിനോടു് അനുകൂലിച്ചതു് രേഖാകാര്യത്തിൽ എന്തു മാത്രം വാസ്തവമുണ്ടെന്നു് അറിവാൻമാത്രമാണു്.

"എന്നാൽ വരിക" എന്നുപറഞ്ഞു നിഷ്കളാനന്ദൻ മുമ്പേനടന്നു് തന്നെ അനുഗമിച്ച താരാനാഥനേയും കൂട്ടിക്കൊണ്ടു്, ഇടതുവശത്തുള്ള കെട്ടിടത്തിൽകടന്നു് അതിൽ ഒരു മുറിയുടെ കതകുതുറന്നു. അതിനുള്ളിൽ നല്ലപോലെ വെളിച്ചമുണ്ടായിരുന്നില്ല. അതിന്റെ മദ്ധ്യഭാഗത്തായി അടിയിലേക്കു ഇറങ്ങാനുള്ള ഒരു പടിക്കെട്ടുണ്ടായിരുന്നു. സ്വാമികളും താരാനാഥനും മുമ്പുംപിമ്പുമായി അതുവഴി കീഴ്പ്പോട്ടിറങ്ങി. തന്നെകരുക്കിൽ ചാടിക്കാനുള്ള വിദ്യയാണോ ഇതെന്നു താരാനാഥൻ സംശയിച്ചു. എന്തായാലും പിന്മാറുന്നതുഭീരുത്വമാണെന്നു തീർച്ചപ്പെടുത്തി. അയാളുടെ ദക്ഷിണഹസ്തംഖഡ്ഗത്തിന്റെ പിടിയെ അവലംബിച്ചിരുന്നു. അന്ധകാരകൂപത്തിലേക്കുള്ള ആ യാത്രയിൽ താരാനാഥൻ വളരെസൂക്ഷിക്കുന്നുണ്ടായിരുന്നു. ഇടതുകൈകൊണ്ടു് ഏണിപ്പടിയുടെ പാർശ്വത്തിലുള്ള അഴികളിൽ പിടിച്ചും ഓരോ ചുവടും കരുതലോടുകൂടി ഇളക്കി ഓരോ പടിയിലും പതിച്ചും സാവധാനത്തിൽ ഇറങ്ങുകയായിരുന്നു. ഇതിനകം പടിക്കെട്ടുകഴിഞ്ഞു് സമനിരപ്പിൽ എത്തിയ നിഷ്കളാനന്ദൻ, "അല്ല! എന്റെ കൂടെയുണ്ടെന്നല്ലേ കരുതിയതു്? ഭയപ്പെടാനൊന്നുമില്ല പടിക്കെട്ടുകൾക്കു നല്ല ഉറപ്പും ബലവുമുണ്ടു്. പോരെങ്കിൽ ഇരുവശത്തും ഇരുമ്പഴികളുമുണ്ടു്, എന്നുവച്ചു ധൃതിവേണ്ട, പതുക്കെ ഇറങ്ങിയാൽമതി. കുറെക്കൂടിചെല്ലുമ്പോൾ നല്ലവെളിച്ചംകാണാം" എന്നുപറഞ്ഞു. "നടന്നുകൊള്ളുക! ഞാനും പിറകേയുണ്ടു്. പരിചയമില്ലാത്ത മാർഗ്ഗമായതുകൊണ്ടു് കൂടെ എത്താൻ സാധിക്കുന്നില്ലെന്നേയുള്ളൂ" എന്നു് അതിനു സമാധാനംപറഞ്ഞുകൊണ്ടു് താരാനാഥൻ അയാളുടെ സമീപത്തിലെത്തി. അവിടുന്നു രണ്ടുപേരും മുമ്പോട്ടുനടന്നു. ആ നടത്ത ഉദ്ദേശം രണ്ടടിമാത്രം വിസ്തീർണ്ണമുള്ള ഒരു ഇടുങ്ങിയമാർഗ്ഗത്തിൽകൂടിയായിരുന്നു ഇരുവശത്തുമുള്ള ചുമരുകളിൽ ഉരസാതെ സൂക്ഷിച്ചില്ലെങ്കിൽ ദേഹത്തെത്തൊലി അതിൽപറ്റിയിരിക്കുമെന്നു കരസ്പർശത്താൽ താരാനാഥൻ ഗ്രഹിച്ചു. അത്രത്തോളം പരുപരുപ്പു് ആ ചുമരുകൾക്കുണ്ടായിരുന്നു. അകപ്പാടെ ആ മാർഗ്ഗം അഞ്ചാറയടിപൊക്കമുള്ള ഒരു നീണ്ടതുരങ്കത്തിന്റെ ആകൃതിയിലായിരുന്നു. പത്തൻപതു വാര നടന്നു് അവരുടെയാത്ര ഒരു മുറിയിൽ അവസാനിച്ചു.

മുറിയിൽ കയറിയതും, എന്തൊരു വാതിൽകടന്നു കയറിയോ ആ വാതലിന്റെ കതകുകൾ അടയ്ക്കപ്പെട്ട ഭയങ്കരമായ ശബ്ദം താരാനാഥന്റെ കണ്ണുരണ്ടുംകൂടെ തേടിപ്പിച്ചതും ഒന്നിച്ചു കഴിഞ്ഞു. പെട്ടെന്നയാൾ മുമ്പോട്ടു കുതിക്കുംമുമ്പു് ആ ഭാഗത്തുള്ള കതകും നിഷ്കളാനന്ദൻ വെളിയിൽചാടി ബന്ധിക്കയും ചെയ്തു. അപ്പോഴാണു് തന്റെ വിചാരഹീനതയുടെ ഫലം താരാനാഥനു മനസ്സിലായതു്. അയാൾ അതിപരാക്രമത്തോടുകൂടി കവാടഭേദനത്തിനു ശ്രമിച്ചു. ശ്രമം നിഷ്ഫലമായി ഭവിച്ചതേയുള്ളൂ. കരിങ്കൽ കെട്ടുകളാൽകൂടിയ ആ മുറിയുടെ കവാടങ്ങൾ വളരെ ഉറപ്പോടുകൂടി നിർമ്മിച്ചിട്ടുള്ളവയാണെന്നു് താരാനാഥനു മനസ്സിലായി. കതകുകൾ നാലംഗുലം ഘനമുള്ള ഇരുമ്പുപലകകളാൽ ചെയ്യപ്പെട്ടവയായിരുന്നു. "ദുഷ്ടൻ ചതിച്ചു" എന്നു് അയാൾ തന്നത്താൻ പറഞ്ഞു. "ഇല്ല; അംഗനാമുംബനം അനുഭവിക്കാം" എന്നു് അതിനു മറുപടിയായി വെളിയിൽനിന്നും വിളിച്ചുപറഞ്ഞു. അതു് നിഷ്കളാനന്ദന്റെ ശബ്ദമാണെന്നു താരാനാഥൻ ഗ്രഹിച്ചു.

അദ്ധ്യായം ൧൨.

"ഇപ്പോൾഇതിനുവിധിയുംവന്നു
ദൈവവിധിപോലെവന്നുകൂടും"

താരാനാഥന്റെ ധൈര്യവും ശൗര്യവും നമുക്കു സുപരിചിതങ്ങളാണു് മറ്റാരെങ്കിലുമാണെങ്കിൽ, അപ്രതീക്ഷിതമായി നേരിട്ട ഈ അപകടത്തിന്റെ ഭയങ്കരതയെക്കുറിച്ചു് ഓർക്കുന്നതിനു പോലും അശക്തന്മാരായി ഭവിച്ചേനെ. താരാനാഥനു് ഇതിൽ അശേഷം ക്ലേശമുണ്ടായില്ലെന്നും, ഈ അപകടംമൂലം അയാളുടെ സ്വതസ്സിദ്ധമായ ധൈര്യം ഇരട്ടിക്കയാണുണ്ടായതെന്നും തികച്ചും സമ്മതിക്കാം. സ്നേഹഭാവംനടിച്ചു ചതിക്കുണ്ടിൽ പിടിച്ചുതള്ളിയ ആ ദുഷ്ടനെ നല്ലപാഠം പഠിപ്പിക്കണമെന്നുള്ള പ്രതികാരേച്ഛ അയാളുടെ മനസ്സിൽ വേരുന്നി. അതേ സമയത്തുതന്നെ ആ ഖലൻ പടിക്കുപുറത്തു നിന്നുംകൊണ്ടു വിളിച്ചുപറഞ്ഞ ചില വാക്കുകൾ അയാളുടെ സ്മൃതിപഥത്തെ മലീമസമാക്കിച്ചെയ്തു. അതിന്റെ ഫലമായി ദേഹത്തിൽ രോമാഞ്ചമുണ്ടാകുകയും നെറ്റിത്തടത്തിൽ സ്വേദകണങ്ങൾ സ്ഫുടിക്കുകയും ചെയ്തു.

"അംഗനാമുംബന"ത്തിനും "വെങ്കലപ്രതിമ"യ്ക്കും തമ്മിൽ സംബന്ധമുണ്ടായിരിക്കണം. അശോകനാഥന്റെ പാളയത്തിനു സമീപമുള്ള മഠത്തിൽവച്ചു്, അന്നു രാത്രിയിൽ ഈ രണ്ടു പദങ്ങളും

ന്നിച്ചു കേൾക്കാനിടയായിട്ടുണ്ടു്. എന്നാൽ ഈ വാക്കുകളുടെ അർത്ഥമെന്തെന്നു് താരാനാഥൻ ഒട്ടുവളരെ ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. അന്നു് ഈ വാക്കുകൾ, സരസ്വതിയെ ബോധരഹിതയാക്കി നിലത്തു മറിച്ചിട്ടതിനാൽ, അവാച്യമായ ഒരു ശക്തി അവയിൽ അടങ്ങിയിട്ടുണ്ടെന്നുള്ളതു നിശ്ചയമാണു്. മാത്രമല്ല മഠത്തിൽ കേട്ട വാക്കുകളുടെ അർത്ഥമെന്താണെന്നു താരാനാഥൻ അന്നു സരസ്വതിയോടു ചോദിച്ച മാത്രയിൽ അവൾ ഞെട്ടി വിറയ്ക്കുകയും ചെയ്തു. ഇവിടെ കേട്ട ഈ സ്വരത്തിൽ തന്നെയാണു് അന്നു് ആ വാക്കുകൾ പുറപ്പെട്ടതെന്നും, അതിനാൽ അവിടെ ആ പദങ്ങൾ ഉച്ചരിച്ചയാൾ നിഷ്കുളാനന്ദനല്ലാതെ മറ്റാരുമായിരിക്കാനിടയില്ലെന്നും താരാനാഥൻ ഊഹിച്ചു. അങ്ങിനെയാണെങ്കിൽ അന്നു തന്റെ കുത്തുകൊണ്ടു മരിഞ്ഞവൻ നിഷ്കുളാനന്ദനായിരിക്കുമെന്നും അയാൾ സംശയിച്ചു. എന്നാൽ ഈ ഊഹത്തിലും സംശയത്തിലും അയാൾക്കു് ദൃഢമായ വിശ്വാസം ഉണ്ടായില്ലെന്നുള്ളതു വാസ്തവമാണു്.

"അംഗനാചുംബനം" "വെങ്കലപ്രതിമ" ഈ വാക്കുകൾക്കും കല്പകക്കോട്ടയിൽ അന്നു താൻകണ്ട കാളീവിഗ്രഹത്തിനും തമ്മിൽ എന്തെങ്കിലും സംബന്ധമുണ്ടോ എന്നായി അയാളുടെ പിന്നത്തെ ചിന്താഗതി. കാളീവിഗ്രഹം വെങ്കലപ്രതിമയാണു്. ശ്മശാനത്താണു് അതിനെ സ്ഥാപിച്ചിരിക്കുന്നതു്. സരസ്വതി തന്റെ കൈയിൽ അകപ്പെട്ട എന്നു വിശ്വസിച്ച ഘട്ടത്തിലാണു് ആ മഠത്തിൽവച്ചു ഈ വാക്കുകൾ നിഷ്കുളാനന്ദൻ ഉച്ചരിച്ചതു്. ഇന്നു് ഇവിടെ വിളിച്ചുപറഞ്ഞതും ഞാൻ അവന്റെ വലയിൽ അകപ്പെട്ട എന്ന ബോധ്യത്തോടുകൂടിയാണു്. ഇക്കാരണങ്ങളാൽ ഈ വാക്കുകൾക്കും ഭദ്രാവിഗ്രഹത്തിനും എന്തെങ്കിലും സംബന്ധമുണ്ടായിരിക്കുമോ? അതിരിക്കട്ടെ; ഭദ്രാവിഗ്രഹത്തിനും അവിടെക്കണ്ട ആ വലിയ ചക്രങ്ങൾക്കും അന്യോന്യബന്ധം വല്ലതും ഉണ്ടോ? ഏതൊന്നായാലും ഇതിലൊക്കെ ഊഹാതീതമായ ചില രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടു്. എന്നിങ്ങനെ സമാധാനപ്പെടാനല്ലാതെ വാക്കുകളുടെ അർത്ഥം ഗ്രഹിക്കാൻ താരാനാഥനു കഴിഞ്ഞില്ല. ഓരോ നിമിഷവും ഈ വിധത്തിലുള്ള ചിന്തകളും ചില കണ്ടുപിടിത്തങ്ങളുംകൊണ്ടു് പകലങ്ങനെ കഴിഞ്ഞു.

രാത്രിയായി; വിശപ്പും ദാഹവുംകൊണ്ടു താരാനാഥൻ വിവശനായി. ശുദ്ധവായുവേൽക്കാത്തതുകൊണ്ടുള്ള ക്ഷീണവുമുണ്ടു്. കൈകൾ മാറിൽകെട്ടി ഭിത്തിയിൽ ചാരിനിന്നുംകൊണ്ടു് എന്തായിരിക്കാം ഇതിന്റെ അവസാനമെന്നു ചിന്തിച്ചു. ആരുകണ്ടു? ദുഷ്ടബുദ്ധികളുടെ വ്യൂഹത്തെ കണ്ടുപിടിക്കുന്നതെങ്ങനെ? ഏതാ

യാലും ദൈവവിധി ന്യായശൂന്യമായിരിക്കയില്ല. അനിഷ്ടഫല മാണു് അദ്ദേഹം വിധിക്കുന്നതെങ്കിൽ അനുഭവിക്കാതെ കഴിവില്ല. താരാനാഥന്റെ നിശ്ചയമിതായിരുന്നു. ആ നിശ്ചയത്തോട്ടക്രൂടി അയാൾ മനസ്സിനു സ്വാസ്ഥ്യംനൽകി. അതിനകം മുഴുവൻ വാചാമഗോചരമായ ഒരു നിശ്ശബ്ദത ബാധിച്ചു. മാതൃകഴിഞ്ഞു്, പകവീട്ടാനിടയാകാതെയാണു് അനിഷ്ടഫലമായ ദൈവവിധിക്കു കീഴ്പ്പെടേണ്ടിവരുന്നതെങ്കിൽ, താൻ എത്ര ഭാഗ്യവാനാണു് എന്നു താരാനാഥൻ മനസാചോദ്യംചെയ്തു. അനിഷ്ടഫലമായ ദൈവവി ധിയെപ്പറ്റി ഓർത്തപ്പോൾ, കല്പകക്കോട്ടയിലെ കാഴ്ചകളും, പ്രേത യക്ഷിയുടെ 'കള്ളൂരും' സരസ്വതിയെ രക്ഷിച്ച അപൂർവ്വഘട്ടവും അഥവാ ആ മൃദുമേനിയെ സ്പർശിച്ച അപൂർവ്വഘട്ടവും പത്മാവതി യുടെ പരിതാപകരമായ ജീവിതവും നിഷ്കളാനന്ദന്റെ സന്ന്യാ സിത്വവും, ഇവയെല്ലാംക്രൂടി അഹമഹമികയാ അങ്ങോട്ടു തിങ്ങി ക്കയറി അയാളുടെ സ്ഥിരംഗത്തെ തകർത്തുതുടങ്ങി. ഈ സന്ദർ ഭത്തിൽ, ആ രംഗത്തിനു അവകാശം തനിക്കാണെന്ന ഭാവത്തിൽ, ഒരു പൂർവ്സ്മരണാനടൻ, കാക്കക്രൂട്ടത്തിൽ കല്ലെന്നോണം, ചാടിക്ക ടന്നു. ഈ പുതിയനടനാരു്? അഥവാ തൽപൂർവ്സ്മരണയെന്തു് താരാനാഥനോടുതന്നെ ചോദിക്കുക! അംബികാസമീക്ഷണമോ ആക്കറിയാം?

നേരം പാതിരാവായി. വിശപ്പും ദാഹവും താരാനാഥനെ അലട്ടിത്തുടങ്ങി. പട്ടിണിക്കിട്ടുകൊല്ലുമോ ദ്രോഹി? ഛെയ്! അതു സംഭവ്യമല്ല. അതു പൈശാചികമായ മനഃസ്ഥിതിയാണു്? നീച മായ ആ മനഃസ്ഥിതി മനുഷ്യനുണ്ടാവുകയോ? ഇല്ല; ഒരിക്കലുമില്ല. ഇല്ലെന്നു വിശ്വസിക്കാൻ കാരണവുമുണ്ടു്. "അംഗനാചുംബനാ" ദിവാക്യം നിറവേറണമെങ്കിൽ പട്ടിണിയിട്ടു കൊല്ലാതിരുന്നെങ്കിലേ സാധിക്കൂ. പക്ഷേ പട്ടിണികൊണ്ടു വശംകെടുത്തുമായിരിക്കാം

മുറിക്കുവെളിയിൽ സംഭവിച്ച ചില ചെറിയ ശബ്ദങ്ങൾ, അതാ, താരാനാഥന്റെ ചിന്താനിഷ്ഠയെ ഭഞ്ജിക്കുന്നു? അയാൾ ഖഡ്ഗത്തെ കയ്യിലേന്തിക്കൊണ്ടു് ഒരുദ്യോഗത്തോടു മാറിനിൽക്കുന്നു. ക്ഷുത്തും ദാഹവും ക്ഷീണവും പമ്പകടന്നിരിക്കുന്നു. ഒരു ചെറിയ സംഘം ആളുകളുടെ പദവിന്യാസശബ്ദങ്ങളാണു് തന്റെ നിഷ്ഠയെ ഇളക്കിയതെന്നു് അടുത്തക്ഷണത്തിൽ അയാൾക്കു മനസ്സിലായി. അകത്തുകടക്കുന്നതു ഒരുദ്ദേശത്തോട്ടക്രൂടിയാണെങ്കിൽ, ആരായാലും വേണ്ടില്ല, കരവാളത്തിനു ഊണാക്കുകതന്നെ എന്നാണു താരാ നാഥന്റെ ദൃഢനിശ്ചയം. കാൽപെരുമാറ്റം കവാടത്തോടു് അടു ത്തുതുടങ്ങി. നിഷ്കളാനന്ദൻ കടന്നുപോയ വാതിലിനു വെളിയിലാ യിട്ടാണു് കാല്പെരുമാറ്റം കേൾക്കപ്പെട്ടതു്. അടുത്തക്ഷണ

ത്തിൽ ആ വാതിലിന്റെ കതകുതുറക്കുന്നേ ശബ്ദംകേട്ടു, താരാനാഥൻ വളരെ കരുതലോടുകൂടി ഖഡ്ഗത്തിൽ കൈയുറപ്പിച്ചു കണ്ണും കരളും ആ ഭാഗത്തോട്ടു ചെലുത്തി. ഫലമെന്തു്? 'അന്യഥാ ചിന്തിതംകായ്യം ദൈവമന്യത്രചിന്തയേൽ' താരാനാഥൻ ഏതൊരു വാതിലിൽ കണ്ണുംകരളും പ്രവർത്തിപ്പിച്ചുകൊണ്ടുനിന്നുവോ, അതിന്റെ എതിർവശത്തുള്ള — അയാളുടെ പിൻഭാഗത്തുള്ള — വാതിൽ നിശ്ശബ്ദമായി തുറക്കപ്പെടുകയും നാലഞ്ചാളുകൾ പെട്ടെന്നു അയാളെ അമർത്തിപ്പിടിക്കുകയും ചെയ്തു. അപ്പോഴാണു് മറുവാതിൽ തുറക്കുന്ന നാട്യത്തിൽ ശബ്ദമുണ്ടാക്കിയതു്, തന്നെ വഞ്ചിക്കാനാണെന്നു് താരാനാഥനു ബോദ്ധ്യംവന്നതു്.

താരാനാഥന്റെ ഖഡ്ഗത്തെ അവർ പിടിച്ചുപറിച്ചു; അയാളുടെ കൈരണ്ടും ഒന്നിച്ചുകെട്ടി; കാലുകളും ബന്ധിക്കപ്പെട്ടു. സന്ന്യാസിമാർക്കുള്ള ഒരു നെടുഞ്ചട്ട അയാളെ ധരിപ്പിച്ചു് ഒരു വസ്ത്രശകലത്താൽ കണ്ണുമറച്ചുകെട്ടി. എല്ലാവരുംകൂടി തൂക്കി എടുത്തുംകൊണ്ടു് മറുവാതിൽ തുറന്നു മുമ്പോട്ടു നടന്നു. ഇവർ പരസ്പരം സംസാരിക്കുകയാകട്ടെ താരാനാഥനോടു് എന്തെങ്കിലും പറയുകയോ ചോദിക്കുകയോ ചെയ്യുകയാകട്ടെ ഉണ്ടായില്ല. തന്നെ എന്താവശ്യത്തിനു് എങ്ങോട്ടു കൊണ്ടുപോകുന്നു എന്നോ ഈ ആളുകൾ ആരാണെന്നോ താരാനാഥനു ഗ്രഹിക്കാൻ കഴിഞ്ഞില്ല. വല്ല ഭീരുക്കളുമായിരുന്നെങ്കിൽ യമദൂതന്മാർ കെട്ടിയെടുത്തു കാലന്തുക്കുകൊണ്ടുപോകുകയോ മറേറാ ആണെന്നേ കരുതുകയുള്ളൂ. പക്ഷേ, താരാനാഥനു് അപ്രകാരമുള്ള സംശയങ്ങൾ യാതൊന്നുമുണ്ടായില്ല. വിശപ്പും ക്ഷീണവുംകൊണ്ടു നടക്കാൻ ശക്തിയില്ലാത്ത തന്നെ ചുമലിൽ എടുത്തുകൊണ്ടു പോകുന്നവരുടെ പരോപകാരബുദ്ധിയെ കാത്തിട്ടോ എന്തോ അയാൾ ഉള്ളുകൊണ്ടു ചിരിക്കുന്നുണ്ടായിരുന്നു. അങ്ങനെ കാൽമണിക്കൂറോളം അയാൾ ആ സുഖം അനുഭവിച്ചു. ആ അവസരത്തിൽ അകലെനിന്നും ഒരു വെളിച്ചം അവരുടെ നേർക്കുവന്നു. ഒരു ജനക്കൂട്ടം ആ ദീപത്തെ പിൻതുടരുന്നുമുണ്ടായിരുന്നു. സമീപിക്കാറായ ഉടനെ താരാനാഥന്റെ ഒന്നിച്ചുണ്ടായിരുന്നവരിൽ ഒരാൾ, "ഓഹോ! സമയമായി 'വെള്ളിമണി' ഇപ്പോൾ അടിക്കും എന്നുപറഞ്ഞു. 'ഞാതേ വെള്ളിമണി അടിക്കാറായി. നമുക്കൊന്നു തുങ്ങിനില്ക്കാം" എന്നു വേറൊരുത്തൻ പറഞ്ഞു. ഈ ശബ്ദം നിശ്ശൂളാനന്ദന്റെതാണെന്നും അയാളുടെ ചെയ്തിനയാണു് "ഇക്കണ്ടതെല്ലാ"മെന്നും താരാനാഥനു മനസ്സിലായി.

എല്ലാവരുംകൂടി താരാനാഥനെയുംകൊണ്ടു് ഒരുവശത്തുള്ള കുഴിനോട്ടു ചേർന്നുനിന്നു മറവക്കു വഴികൊടുത്തു. ആഗതരായ ജനങ്ങൾ, നിശ്ശൂളാനന്ദപ്രഭൃതികളോടോ, അവർ അങ്ങോട്ടോ

യാതൊന്നും സംസാരിക്കയുണ്ടായില്ല. കടന്നുപോയ അളുകൾ എല്ലാവരും പുരുഷന്മാർതന്നെയായിരുന്നു. താരാനാഥനു് ഇതിൽ ഏതാണ്ടൊക്കെ മനസ്സിലാകാതിരുന്നില്ല. കടന്നുപോയവർ ആരാണെന്നും എത്രപേരുണ്ടെന്നും അയാൾക്കു് അറിവാൻകഴിഞ്ഞില്ല. "വെള്ളിമണി അടിക്കുക"യെന്നുവെച്ചാലെന്താണെന്നും അയാൾക്കു മനസ്സിലായില്ല. ഈ കല്പനയിൽക്കൂടി ഇത്രവളരെ ആളുകൾ യാത്രചെയ്യാനുണ്ടായ കാരണമെന്തെന്നും അവർ ഏതൊരു സ്ഥലത്തെ അഭിമുഖീകരിച്ചു പോകുന്നു എന്നും അവരും നിഷ്കളാനന്ദനും തമ്മിൽ എന്തുകൊണ്ടു സംസാരിച്ചില്ലെന്നും മറ്റുമുള്ള ചിന്തകൾ അയാളെ അലട്ടിത്തുടങ്ങി. അവർ നിഷ്കളാനന്ദനെസംബന്ധിച്ചവരായിരിക്കണമെന്നു ഒടുവിൽ തീച്ചപ്പെടുത്തി. ഇതിനുള്ളിൽ, നിഷ്കളാനന്ദനും ക്രൂട്ടരും വീണ്ടും നടന്നു് കാൽമണിക്രൂർ കൊണ്ടു് ഒരു വിശാലമായ മൈതാനത്തിൽ ചെന്നെത്തി. അവിടെ അവർക്കായി ഏതാനും കുതിരകളെ തയാറാക്കി നിർത്തിയിട്ടുണ്ടായിരുന്നു. ഒരു കുതിരയുടെപുറത്തു് താരാനാഥനെ കയറ്റിയിരുത്തി. അരയും കാലുകളും കുതിരയുടെ ഉടലിനോടുചേർത്തുകെട്ടി. അനന്തരം അവരും ഓരോ കുതിരകളെ ആരോഹണംചെയ്തു യാത്രയായി. ഈ സമയത്തും അവർ പരസ്പരം യാതൊന്നും സംസാരിച്ചില്ല. മൈതാനത്തിലെ സുഖവായു ഏല്ക്കുകയാൽ താരാനാഥനു നല്ല ശക്തിയും ഉന്മേഷവുമുണ്ടായി എന്നു പറയേണ്ടതില്ലല്ലോ. ഇനി ഈ ദുഷ്ടന്മാരുടെ കയ്യിൽനിന്നും തെറ്റിപ്പിഴയ്ക്കണമെന്നും അയാൾ തീച്ചപ്പെടുത്തി എന്നാൽ, ഈ ദുഷ്ടന്മാരെ ശിക്ഷിക്കാതെപോകേണ്ടിവരുമെന്നോർത്തപ്പോൾ നിരായുധനായ താരാനാഥനു ഇച്ഛാഭംഗവും മനസ്താപവുമുണ്ടായി അത്യുമായി, പല്ലുകളുടെ സഹായത്തോടുകൂടി കയ്യിലെ കെട്ടഴിച്ചു. അനന്തരം കാലിലെ കയറും വേർപെടുത്തി. ഒടുവിൽ മുഖംമറച്ചിരുന്ന 'തലച്ചുറ്റ'ും കണ്ണിന്റെ കെട്ടും നീക്കി. ആ ക്രൂരരുട്ടിൽ ഇതൊന്നും നിഷ്കളാനന്ദനും ക്രൂട്ടരും കാണാൻകഴിഞ്ഞില്ല. താരാനാഥൻ സൂക്ഷിച്ചു ചുറ്റും നോക്കിയപ്പോൾ ആയുധപാണികളായ മുന്നൂറുപേർ തന്റെ മുമ്പും പിമ്പും ഒരുപോലെ തന്റെ ഇടത്തുഭാഗത്തുചേർന്നു വരുന്നുണ്ടെന്നു മനസ്സിലായി ഇടത്തുവശത്തുള്ള മനുഷ്യനു നിഷ്കളാനന്ദനാണെന്നും ഗ്രഹിച്ചു.

'ത്രിമയ'ന്മാരെസംബന്ധിച്ചു് ക്ലബ്ബുടമസ്ഥനായ വരാഹസിംഹൻ പറഞ്ഞകഥ ഈ സന്ദർഭത്തിൽ താരാനാഥന്റെ ഓർമ്മയിൽവന്നു. കറുത്തകുപ്പായംധരിച്ചു മുഖംമറച്ചു അശ്വാരൂഢന്മാർ ആ സഹോദരന്മാരെ പിടിച്ചുകൊണ്ടുപോയി എന്നു വരാഹസിംഹൻ പറഞ്ഞഭാഗം ഓർത്തക്ഷണത്തിൽ തന്റെ തല്ക്കാലനിലയെ അതിനോടു താരതമ്യപ്പെടുത്തുകയും ഒന്നു നടുങ്ങുകയുംചെയ്തു. അടുത്തനി

മിഷത്തിൽ "ആ സംഭവത്തിനും ഇതിനും തമ്മിൽ എന്താണു സംബന്ധം. പത്മാവതിവസിക്കുന്ന കെട്ടിടം 'കുമുദിനിമന്ദിര'മാകാനിടയില്ല. കുമുദിനി ധർമ്മവതിയും സുശീലയും ആണെന്നാണല്ലോ അയാൾ പറഞ്ഞതു്. അങ്ങനെയുള്ള ഒരു മഹാമനസ്കയുടെ കെട്ടിടത്തിൽവച്ചു് ഈമാതിരി തോന്ന്യാസങ്ങൾ നടക്കുന്നതല്ല" എന്നിങ്ങനെ സ്മാധാനപ്പെട്ടു. അയാളുടെ പിന്നത്തെ ആലോചന തല്ക്കാലമോചനത്തിനുള്ള മാർഗ്ഗത്തെപ്പറ്റിയായിരുന്നു. എങ്ങോട്ടാണോ ടേണ്ടതെന്നും ശ്രീപുരത്തേക്കു് എതു മൂലക്കുണ്ടെന്നും മൈതാനത്തിന്റെ ഏതു ഭാഗത്തായിട്ടാണു ശ്രീപുരമെന്നും മറ്റും ഒരു പിടിയുംകിട്ടുന്നില്ല. ഓടിപ്പോകുന്നവഴിക്കു നിഷ്കളാനന്ദനോ കൂട്ടുകാരോ അനുധാവനംചെയ്യുകവാളത്തിനു ഇരയാക്കുമോ എന്നും ചിലപ്പോൾ സംശയിക്കുന്നുണ്ടു്. മൈതാനത്തിന്റെ അതിത്തി എവിടെയാണെന്നും എന്താണെന്നും അയാൾക്കു നിശ്ചയമില്ല. ഇങ്ങനെ ഓരോന്നു ചിന്തിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു ഇടത്തുവശത്തുനിന്നു വരുന്ന നിഷ്കളാനന്ദൻ തന്നെ ഉറ്റുനോക്കുന്നതു താരാനാഥൻകണ്ടു. ഒരൊറക്കുത്തിനു് നിഷ്കളാനന്ദനെ നിലത്തു പതിപ്പിച്ചുംവച്ചു് കുതിര വിരണ്ടുതിരിഞ്ഞ ഭാഗത്തേക്കുതന്നെ അതിവേഗത്തിൽ തിരിച്ചുവിടുകയുംചെയ്തു.

അപ്രതീക്ഷിതമായ ഈ സംഭവത്താൽ നിഷ്കളാനന്ദന്റെ കൂട്ടുകാർ സംഭ്രാന്തന്മാരായിഭവിച്ചു. കുതിരയോടുചേർത്തുബന്ധിച്ചിരിക്കുന്ന, വിശേഷിച്ചും നിരായുധനായ, പോരെങ്കിൽ പകൽ മുഴുവൻ പട്ടിണിയിട്ടിരുന്ന ഒരുവൻ ചുറ്റും ഖഡ്ഗപാണികളായ ഏഴാളുകളും ഉള്ളപ്പോൾ ഇത്ര ധൈര്യമായി പ്രവർത്തിക്കുമെന്നു് അവർ സ്വപ്നേപി ഓർത്തിരുന്നില്ല. ഇപ്പോൾതന്നെയും അവർ വിശ്വസിക്കുന്നുണ്ടോ എന്നു സംശയമാണു് "പിടിക്കിൻ! ഓടിച്ചെന്നു പിടിക്കിൻ! അവനെ വിട്ടയയ്ക്കരുതു്!" എന്നിങ്ങനെ ഗർജ്ജിച്ചുംകൊണ്ടു നിഷ്കളാനന്ദൻ ഭൂമിയിൽനിന്നും ഉരുണ്ടുപിരണ്ടു എഴുന്നേറ്റില്ലെങ്കിൽ അവർ ആ നിലയിൽതന്നെ ഇനിയും നില്ക്കുമായിരുന്നു.

നിഷ്കളാനന്ദന്റെ ആജ്ഞയുണ്ടായപ്രകാരം, അവർ ആറുപേരും അതിവേഗത്തിലോടി താരാനാഥനെ അനുധാവനംചെയ്തു. താരാനാഥനോ, മൈതാനംകഴിയാറായിരിക്കുന്നു. നിർഭാഗ്യവശാൽ, മൈതാനത്തിന്റെ അതിത്തികടന്നു് അനതിനിബിഡമായവനഭാഗത്തിൽകയറുന്നിടത്തുവച്ചു്, അയാൾ കയറിയിരുന്ന കുതിര ഓടിക്കൊണ്ടിരിക്കവെ ഒരു ബലമുള്ള കുറ്റിയിൽതട്ടി നിലത്തുമറിഞ്ഞു. ഒരു പതിനാറുകോലിനപ്പുറത്തുതെറിച്ചുവീണ താരാനാഥനെ അതിനിടയ്ക്കു ശത്രുപക്ഷക്കാർ ചെന്നുവളഞ്ഞു. "അവനെ വിടരുതു്! കള്ളനെ വിട്ടയയ്ക്കരുതു്! ഒട്ടും പ്രസാദം ലഭിക്കണമെങ്കിൽ അവനെ

വിട്ടയയ്ക്കരുത്!" വിട്ടയയ്ക്കാതിരുന്നാൽമാത്രംപോരാ കൊല്ലാതെ പിടിക്കയുംവേണം. നിവൃത്തിയില്ലാതെവന്നാൽ കാച്ചിക്കളയിൻ!" എന്നിങ്ങനെ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു നിഷ്കളാനന്ദനുമെത്തി. "കൊല്ലാതെ പിടിക്കണം" എന്ന സ്വാമികഠം ആജ്ഞാപിച്ചതിനാലും താരാനാഥൻ ബോധക്ഷയത്താൽ വീണെടുത്തുതന്നെ കിടക്കുന്നതിനാലും ഒരുവൻമാത്രം ഖഡ്ഗത്തെ കൈയിൽ ധരിക്കുകയും ശേഷംപേർ ഖഡ്ഗങ്ങളെ ഉറയിൽ നിക്ഷേപിക്കുകയുംചെയ്തുകൊണ്ടു താരാനാഥന്റെ ചുറ്റുംനിന്നു ബോധപരിശോധനനടത്തി. പരിശോധനപൂർത്തിയാകുംമുമ്പു്, സമർത്ഥനായ താരാനാഥൻ പെട്ടെന്നെഴുനേറ്റു് ആ ഒരുവന്റെ ഖഡ്ഗത്തെ തട്ടിപ്പറിച്ചുകൊണ്ടു സംഹാരരുദ്രനെപ്പോലെ അവരുടെ നേർക്കുപാഞ്ഞു. കരവാളം കൈയിൽ കിട്ടിയമാത്രയിൽ അയാൾക്കു പൂർവ്വാധികം ശക്തിയും ധൈര്യവും ഉണ്ടായി. അതു തന്റെ നഷ്ടപ്പെട്ടകുപാണമാണെന്നുകൂടി അറിഞ്ഞപ്പോഴുണ്ടായ സന്തോഷവും ഉന്മേഷവും എത്രമാത്രമായിരിക്കുമെന്നൂഹിക്കുക! പ്രതിപക്ഷികളും ഖഡ്ഗപാണികളായി താരാനാഥനെ നിരോധിച്ചു. പക്ഷേ നിരന്തരമായി സംഭവിക്കുന്ന തടിൽപ്രഭാപൂരംപോലെ, താരാനാഥന്റെ ഇടവിടാതുള്ള ഖഡ്ഗചലനത്തിൽനിന്നും വെട്ടിവെട്ടിത്തിളങ്ങുന്ന പ്രകാശംകണ്ടു്, അയാളോടു് എതിർത്തുനില്ക്കാനുള്ള ധൈര്യം അവർക്കു നഷ്ടപ്പെട്ടു. താമസിച്ചാൽ 'വീരസപ്തർ'മാണു് അനുഭവമെന്നും ഗ്രഹിച്ചു. ഈയവസരത്തിൽ ഒരു വലിയസംഘം അശ്വഭടന്മാർ അകലെനിന്നും വരുന്നുണ്ടായിരുന്നു. ലഹളയിൽ സംബന്ധിക്കാതെമാറിനിന്നിരുന്ന നിഷ്കളാനന്ദനാണു് ആ കാഴ്ച ആദ്യം കാണാൻ ഭാഗ്യമുണ്ടായതു്. അതേവരെ തങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുനിന്ന നേതാവു് ഒരക്ഷരം മിണ്ടാതെ, അസ്ത്രംപോലെ പായുന്നതുകണ്ടു് 'ഭാഗ്യമേഭാഗ്യ'മെന്നോരോരുത്തരും മനസാ ശബ്ദിച്ചുകൊണ്ടു് നേതാവിന്റെ പിന്നാലെപറ്റി. ചിലർ നേതാവിനെ പിന്നിലാക്കുകയും ചെയ്തിരിക്കണം.

ആഗതരായ അശ്വഭടന്മാർ അമ്പതുപേരുണ്ടു്. മദ്ധ്യവയസ്കനായ അവരുടെ നായകൻ മുമ്പിൽചരിക്കുന്നു. കരുണാർദ്രമായ അദ്ദേഹത്തിന്റെ മുഖഭാവം ആരെയും വശീകരിക്കത്തക്കതൊന്നാണു് അദ്ദേഹം താരാനാഥനെക്കണ്ട ഉടനെ, വനചോരന്മാർ വല്ലവരും അയാളെ തടഞ്ഞിരിക്കണമെന്നും അയാൾ ധൈര്യപൂർവ്വം അവരെ എതിർത്തു രക്ഷപ്പെട്ടുവരികയാണെന്നും അദ്ദേഹം നിശ്ചയിച്ചു. തന്മൂലം താരാനാഥനെ അദ്ദേഹം അത്യധികം അഭിനന്ദിച്ചുസംസാരിച്ചു. താരാനാഥൻ സത്യം വെളിപ്പെടുത്താതെ അദ്ദേഹത്തിന്റെ അഭിപ്രായത്തെ ആസ്പദീകരിച്ചു സംസാരിക്കയാണുണ്ടായതു്.

അനന്തരം ആ നായകൻ താരാനാഥനോട് ഇപ്രകാരം ചോദിച്ചു. താങ്കൾക്ക് എങ്ങോട്ടാണു പോകേണ്ടതു്?

താരാ:— എനിക്ക ശ്രീപുരത്തുപോകണം. കഴിയുന്നതുവേഗത്തിൽ ചെല്ലേണ്ട ആവശ്യമുണ്ടു്. ഞാൻ കയറിവന്ന കുതിരയെ ആ കള്ളന്മാർ അപഹരിച്ചുകൊണ്ടു പൊയ്കളഞ്ഞു.

നായകൻ:— അതുകൊണ്ടു നിങ്ങൾ ഖേദിക്കേണ്ടാ. ഞങ്ങളും ശ്രീപുരത്തേക്കു പോവുകയാണു്. ഒരുമണിക്കൂറിനകം ശ്രീപുരത്തു ചെല്ലാം. സമയം ഇപ്പോൾ അർദ്ധരാത്രികഴിഞ്ഞിരിക്കും. ഞങ്ങൾ വെളുത്തപ്പോൾ തുടങ്ങിയ യാത്രയാണു്. യാത്രാക്ഷീണം നല്ലപോലെയുണ്ടു്. നമുക്കൊന്നിച്ചുപോകാം. ഞങ്ങളുടെ പക്കൽ ഒഴിഞ്ഞകുതിരയുണ്ടു്. ഞങ്ങൾ കയറിപ്പോകുന്നകുതിരകളിൽ ഏതിനെങ്കിലും യാത്രാമദ്ധ്യേ വല്ല അപകടവും നേരിട്ടാൽ പകരം ഉപയോഗിക്കുന്നതിനായി എല്ലായ്പോഴും ഏഴെട്ടു കുതിരകളെ ഞങ്ങൾ സൂക്ഷിച്ചുകൊള്ളും. അതിലൊന്നു നിങ്ങൾക്കു തരാം.

താരാ:— താങ്കളുടെ ഔദാര്യപൂർണ്ണമായ വാക്കുകളിൽ എനിക്ക അതിരറ്റ കൃതജ്ഞതയുണ്ടു്.

നായ:— താങ്കൾ ഏതുരാജ്യത്തെ പൗരനാണെന്നറിയുന്നില്ല.

താരാ:— ഞാൻ നേപ്പാളത്തുകാരനാണു്. നേപ്പാളരാജപന്റെ പ്രതിനിധിയുമാണു്.

നായ:— ഓഹോ! താങ്കൾ നേപ്പാളരാജപന്റെ പ്രതിനിധിയോ! എന്നാൽ നാം രണ്ടുപേരും പരസ്പരം പരിചയപ്പെടേണ്ട താവശ്യമാണു്. ചന്ദ്രഗുപ്തൻ എന്നാണു് എന്റെ പേർ.

താരാ:— ചന്ദ്രഗുപ്തപ്രഭുവിനെപ്പറ്റി ഞാൻ വളരെ കേട്ടിട്ടുണ്ടു്. യോഗ്യനായ താങ്കളെ അപ്രതീക്ഷിതമായി നേരിൽക്കണ്ടു പരിചയം സമ്പാദിക്കാനിടയായതിൽ എനിക്ക വളരെ സന്തോഷമുണ്ടു്. വിശേഷിച്ചും ഈ ഘട്ടത്തിൽ താങ്കളുടെ സഹായവും സ്നേഹവും എനിക്ക ലഭിച്ചതു് എന്റെ മഹാഭാഗ്യംകൊണ്ടാണു്.

പരസ്പരസ്നേഹത്തോടും വിശ്വാസത്തോടുംകൂടി അവർ യാത്രതുടർന്നു താരാനാഥൻ വീണ്ടുംപറഞ്ഞു:— "ഞാൻ, രണ്ടുമൂന്നുദിവസത്തിനുമുമ്പു് താങ്കളുടെ കാട്ടിൽക്കൂടി കടന്നുപോകുമ്പോൾ, താങ്കളുടെ വനപാലന്മാരിൽ ഒരാളായ ചിത്രസേനന്റെ വീട്ടിൽ കയറാനിടയായി. ആ അവസരത്തിൽ അയാൾ താങ്കളെക്കുറിച്ചു സംഭാഷണവശാൽ വളരെ സ്ലാഘിച്ചുപറഞ്ഞു. അപ്പോൾമുതൽ താങ്കളെ കണ്ടു മുഖപരിചയം സമ്പാദിക്കണമെന്നുള്ള ആശ എന്നെ അല

ട്ടിക്കൊണ്ടിരിക്കുന്നു. ആ ആശ അവിചാരിതമായി ഇപ്പോൾ ഫലവത്തായതിൽ എനിക്കുള്ള സന്തോഷം ഒട്ടൊന്നുമല്ല."

ചന്ദ്രഗു:—മാന്യനായ ഒരാളിന്റെ നിഷ്കളങ്കമായ സ്നേഹത്തിനു സംഗതിയായതിൽ എനിക്കു സന്തോഷമുണ്ടെന്നുമാത്രമല്ല ഞാൻ എന്നെത്തന്നെ അഭിനന്ദിക്കയുംചെയ്യുന്നു. താങ്കൾ പറഞ്ഞ ചിത്രസേനൻ എന്റെ വനപാലന്മാരിൽ പ്രമാണിയും വിശ്വസ്തനുമാണു്. നമ്മുടെ അനന്തരസംഭാഷണം യഥാസുഖമവസാനിപ്പിച്ചുകൊള്ളാം. ഞങ്ങൾക്കു വിശ്രമവും യാത്രാക്ലേശവും നല്ലപോലെയുണ്ടു് ക്രൂടിയ ശീഘ്രത്തിൽ പട്ടണത്തിൽ എത്തണം. സംഭാഷണം ശീഘ്രഗതിക്കു വിഘാതം നേരിടുവിക്കും. കുതിരകളെ അല്പംക്രൂടി ത്വരിപ്പിച്ചാൽ ഒരുമണിക്കൂർകൊണ്ടു പട്ടണത്തിൽ ചെല്ലാം.

എല്ലാവരും കുതിരകളെ ത്വരിപ്പിച്ചു. ആകാശത്തിൽ നക്ഷത്രങ്ങളുടെ പ്രകാശം മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും അവർ മാർഗ്ഗപരിചിതന്മാരായതുകൊണ്ടു മാർഗ്ഗമേശങ്ക അവരെ ബാധിക്കുകയുണ്ടായില്ല. ചന്ദ്രഗുപ്തപ്രേ സംഭാഷണത്തെത്തടഞ്ഞുവെങ്കിലും താരാനാഥൻ അതിൽനിന്നും വിരമിച്ചിട്ടില്ല. പക്ഷേ അയാളുടെ സംഭാഷണം അയാളോടുതന്നെയായിരുന്നു. കാലത്തു നിഷ്കളാനന്ദനൊന്നിച്ചുള്ള യാത്രയിൽ രണ്ടുമൂന്നുമണിക്കൂർസമയത്തെ ദൂരം ആ മൈതാനത്തേക്കുണ്ടെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ചന്ദ്രഗുപ്തന്റെ വാക്കുകളിൽനിന്നും ഒരുമണിക്കൂർനേരത്തെ ദൂരമേയുള്ളൂ എന്നാണറിയുന്നതു്. പരമാർത്ഥം ചന്ദ്രഗുപ്തന്റെ വാക്കുകളിലായിരിക്കും. കള്ളൻ നിഷ്കളാനന്ദൻ വഴിചുറ്റിക്കാനായി വൃഥാമാർഗ്ഗങ്ങളിൽക്കൂടി കണ്ണുകെട്ടി നടത്തിച്ചുകൊണ്ടുപോയതാണെന്നുള്ളതിൽ സംശയമില്ല എന്നൊക്കെയായിരുന്നു താരാനാഥന്റെ സംഭാഷണവിഷയങ്ങൾ. മൈതാനത്തുനിന്നും തിരിച്ചിട്ടു ഇപ്പോൾ അരമണിക്കൂർ തികച്ചുകഴിഞ്ഞിട്ടില്ല; ക്ലബ്ബുടമസ്ഥന്റെ വാക്കുകളിൽനിന്നും മനസ്സിലാക്കിയ ധവളസൗധവും കുമുദിനീമന്ദിരവും കഴിഞ്ഞിരിക്കുന്നു. കുമുദിനീമന്ദിരം കണ്ടപ്പോൾ, 'കുമുദിനീദേവിയെക്കുറിച്ചു താരാനാഥൻ ഓർക്കുകയും ആ മാന്യസ്ത്രീയുടെ പരിചയം സമ്പാദിക്കണമെന്നു് ആശിക്കുകയുംചെയ്തു. അതേസമയത്തിൽതന്നെ അയാളുടെ അന്തഃകരണത്തിൽ "അരുതു്" എന്നൊരുശബ്ദം മുഴങ്ങുന്നതുപോലെ അയാൾക്കു തോന്നി.

പിന്നീടു് അരമണിക്കൂറിനുള്ളിലെല്ലാവരും ശ്രീപുരത്തെത്തി. സുശീലനായ ചന്ദ്രഗുപ്തൻ ആഗസ്റ്റ് രണ്ടാംതീയതിയിലെ മഹാസമ്മേളനത്തിൽ പങ്കുകൊള്ളുന്നായി വന്നിരിക്കയാണെന്നും വരാഹസിംഹന്റെ ക്ലബ്ബിൽ താമസിക്കാൻ നിശ്ചയിച്ചിരിക്കയാണെന്നും

അറിഞ്ഞു താരാനാഥൻ സന്തോഷിച്ചു. ശ്രീപുരത്തിന്റെ രക്ഷയ്ക്കായിട്ടാണു് ചന്ദ്രഗുപ്തൻ തന്റെ സൈന്യത്തെക്കൂടി കൊണ്ടു പോന്നതെന്നു താരാനാഥൻ ഊഹിച്ചു.

ക്ലബ്ബിനു സമീപത്തായ ഉടനെ സൈന്യങ്ങളെ കോട്ടയ്ക്കകത്തേക്കു് അയച്ചുംവച്ചു ചന്ദ്രഗുപ്തൻ ക്ലബ്ബിൽകയറിത്താമസത്തിനു വേണ്ട ഏർപ്പാടുകൾചെയ്തു. തന്റെ യജമാനനെക്കാണാഞ്ഞു പരിഭ്രമിച്ചും പരിതപിച്ചും കാത്തിരുന്ന സിദ്ധസേനനും ഉഗ്രസേനനും താരാനാഥനെക്കണ്ടപ്പോൾ സന്തോഷവും സമാധാനവും ഉണ്ടായി.

അദ്ധ്യായം ൧൩.

"പാടലാധരിതാനനമെത്തിടിനാളന്തികേ"

ആഗസ്റ്റ്മാസം ഒന്നാതീയതിയായി. ഉച്ചയ്ക്കു് ഒരുമണിയോടുകൂടി, താരാനാഥൻ, വിടുതിവീട്ടിൽനിന്നും വെളിയിൽഇറങ്ങി, തെക്കേകോട്ടവാതലിനെ അഭിമുഖീകരിച്ചു നടന്നുതുടങ്ങി. ഉത്സാഹഭരിതമായ മുഖഭാവത്തോടുകൂടിയ അയാളുടെ ഈ യാത്രയുടെ ഉദ്ദേശം ഏതാണ്ടു നമുക്കു് ഊഹിക്കാവുന്നതാണു്. അതെ, സരസ്വതീസന്ദർശനമല്ലാതെ മറെറാന്നുമല്ല.

ദിവ്യമായ സരസ്വതീസൗന്ദര്യത്തിൽ, യുവാവായ താരാനാഥൻ ഭ്രമിച്ചിട്ടുണ്ടോ എന്നു വായനക്കാർ സംശയിക്കുന്നുണ്ടാവാം. എന്നാൽ അയാളുടെ സംശയവും അതുതന്നെയാണു്. അതിസുന്ദരിയായ സരസ്വതി തന്റെ ഹൃദയത്തെക്കവർന്നിട്ടുണ്ടോ എന്നു അയാൾ തന്നോടുതന്നെ ചോദിക്കുന്നു. ആ ചോദ്യത്തിനു സമാധാനമില്ല.

ഒന്നരമണിയോടുകൂടി താരാനാഥൻ നിർദ്ദിഷ്ടസ്ഥലത്തെത്തി. അതേനിമിഷത്തിൽ അയാളുടെ ഹൃദയാന്തരത്തിൽ, അയാൾ അറിയാതെതന്നെ അടങ്ങിക്കിടന്നിരുന്ന അജ്ഞാതമായ ഒരു ശക്തി പെട്ടെന്നു ഉദ്ദീപ്തമാവുകയാൽ അയാളുടെ മുഖത്തു പ്രകാശിച്ചുകൊണ്ടിരുന്ന ഉത്സാഹചന്ദ്രൻ അസ്തംഗതനായി. ഞാനെന്തുദ്ദേശത്തോടുകൂടി ഇവിടെവന്നുഎന്നു് അയാൾ തന്നത്താൻ ചോദിക്കുന്നു. ഈ യാത്രയുടെ ഇഷ്ടാനിഷ്ടഫലത്തെക്കുറിച്ചു പയ്യാലോചിക്കാതെ ചാടിപ്പുറപ്പെട്ട ഞാൻ എത്ര അന്തസ്സാരവിഹീനനാണു് എന്നു സ്വയം ശാസിക്കുന്നു. സരസ്വതി അതിസുന്ദരിതന്നെ; യുവതീരത്നംതന്നെ; മനോഹരകളേബരതന്നെ; ദിവ്യമായ സൗന്ദര്യത്താൽ ഏതൊരു യുവഹൃദയത്തെയും ഹഠാദാകർഷിക്കത്തക്ക ശക്തിയുള്ളവളാണെന്നും

സമ്മതിക്കാം. ഞാനെന്തിനു അവളുടെ അഭിമുഖസന്ദർശനത്തെ അഭിലഷിക്കണം! അന്നു് ആ മഠത്തിൽകണ്ട സംഭവങ്ങളുടെ ഭയങ്കരതയാലും ആ ആപത്തിൽനിന്നുമവളെ മോചിപ്പിച്ചതിനാലുള്ള ചാരിതാർത്ഥ്യത്താലും ഹൃദയം അസ്വാധീനസ്ഥിതിയിൽ വർത്തിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ, അവളുടെ അഭിമുഖസന്ദർശനത്തെ ഞാൻ ആഗ്രഹിച്ചിരിക്കാം. ആ ആഗ്രഹം പെട്ടെന്നുണ്ടായ ആ മനഃസ്ഥിതിയുടെ തരളതയെ ആശ്രയിച്ചിരിക്കുന്നു. ആ മനഃസ്ഥിതി അടുത്ത വിനാഴികയിൽ മാറി; അതിനെ ആശ്രയിച്ചിരുന്ന ആ ആഗ്രഹവും നിശ്ശേഷമായി ഭവിച്ചു. അല്ലാതെന്താണു്? ലോകത്തിൽ എത്രയെത്ര സുന്ദരസ്ത്രീവതികളുണ്ടാവാം! അവരിലെല്ലാം മനസ്സു പ്രവർത്തിക്കയോ? എന്തൊരു സാഹസമണു ഞാൻ കാട്ടിയതു്? ഞാൻ എന്തൊരന്തസ്സാരവിഹീനനാണു്? ഞാനാരു്? എന്റെ കാശ്മീരയാത്രയുടെ ഉദ്ദേശമെന്തു്? യാത്രോദ്ദേശത്തിനും ആ സ്ത്രീക്കും തമ്മിൽ എന്താണു് സംബന്ധം? ഒരു നിമിഷനേരത്തിനുള്ളിൽ, താരാനാഥന്റെ ഹൃദയത്തിൽനിന്നും അനർഗ്ഗളമായി വർഷിച്ച ചോദ്യങ്ങളാണിവ.

അടുത്ത നിമിഷത്തിൽ അയാൾ മാനസാന്തരപ്പെട്ടു. സരസ്വതിയെസന്ദർശിച്ചാലെന്താണു്? സ്ഥിരചിത്തനായഎനിക്കു് അതുമൂലം എന്തൊരു ഹാനിയാണു നേരിടാനുള്ളതു്. സുകുമാരിയായ ആ തരുണീമണിയെ ഒരു നോക്കുകാണാനാരാണു കൊതിക്കാത്തതു്? അവളുടെ അഭിമുഖസന്ദർശനത്തിനു ഇടയാകുന്നതുതന്നെ ഒരു പൂർവ്വഭാഗ്യമല്ലേ? വലിയേവരുന്ന ഭാഗ്യത്തെ വലിച്ചെറിയുകയോ? ഒരിക്കലുമില്ല. സരസ്വതിയെ കാണുകതന്നെവേണം. മാനസാന്തരപ്പെടലിന്റെ ഫലമായ തീരുമാനമിതായിരുന്നു. ഈ തീരുമാനത്തോടുകൂടി സോത്സാഹം സരസ്വതിയുടെ വരവും പ്രതീക്ഷിച്ചു സ്വസ്ഥചിത്തനായി അങ്ങിങ്ങു ലാത്തിക്കൊണ്ടിരുന്നു. സ്വസ്ഥചിത്തനോ? ശാന്തം! പാപം! 'വിലത്തിന്നകത്തുംപുറത്തുംവസിക്കും മഹാസർപ്പമാജ്ജാരകന്മാർക്കുമദ്ധ്യേ അകപ്പെട്ടൊരാഖുപ്രവീരനു' തുല്യനായ താരാനാഥനുണ്ടോ സ്വസ്ഥചിത്തത? ഉത്തരക്ഷണത്തിൽ പ്രേതയക്ഷി അയാളുടെ ചിത്തത്തെ ബാധിച്ചു. സരസ്വതിക്കെന്നോണം പ്രേതയക്ഷിക്കും ദർശനം കൊടുക്കാമെന്നു് അയാൾ സമ്മതിച്ചിട്ടില്ലേ? ആ സമ്മതത്തെനിറവേറേണ്ടതും ഇന്നീ ദിവസത്തിൽതന്നെ സായങ്കാലത്തിൽ എന്തൊരു വ്യത്യാസമേയുള്ളു. അതൊരു വ്യത്യാസമോ? സരസ്വതീസന്ദർശനം നാലുമണിക്കെങ്കിൽ മറ്റതു സന്ധ്യാവേളയിൽ. ഇപ്പോൾതന്നെ മണി മൂന്നു കഴിഞ്ഞിരിക്കുന്നു. സരസ്വതിയെ ഒട്ടു കാണുന്നുമില്ല. കാണാതിരിക്കുമോയെന്നും താരാനാഥൻ ഭയപ്പെടുന്നുണ്ടായിരിക്കണം. സരസ്വ

ത്യാഗമനം വളരെ വൈകിട്ടാണെങ്കിൽ യക്ഷിസന്ദർശനത്തിനിട യാവുകയില്ലല്ലോ എന്നയാൾ ഖേദിക്കുന്നു. പ്രേതയക്ഷിയെ കാണണ്ടെന്നുവയ്ക്കാൻനിവൃത്തിയില്ല. അയ്യോ ഒരുതു വിചാരിക്കുകിടിവയ്യാ. എന്നാൽ സരസ്വതിസന്ദർശനം വേണ്ടെന്നുവയ്ക്കുയോ? ഹെയ് അതൊരിക്കലും പാടില്ല. പ്രേതയക്ഷിയോ സരസ്വതിയോ എന്റെ ഹൃദയം അധികം കവർന്നവർ? രണ്ടുപേരെയും ഇന്നു കാണാൻ കഴിയുമോ? ഇല്ലെങ്കിലാരെ കാണണ്ടെന്നുവയ്ക്കാം. മനസ്സിനധികം ആനന്ദവും ആശ്വാസവും നല്കുന്നതു് ഇവരിൽ ആരാണു്? സരസ്വതിയുടെ ദിവ്യമായ സൗന്ദര്യം നയനാനന്ദകരവും ഹൃദയാവർജ്ജകവുമാണു്. പ്രേതയക്ഷിയുടെതാകട്ടേ ഹൃദയത്തെ ആനന്ദാത്മകപരവശമാക്കിച്ചെയ്യുന്നതക്കശക്തിയുള്ളതാണു്. സരസ്വതിയെക്കാണുന്ന ഏതൊരു പുരുഷനും തന്നത്താൻ മറന്നു് ആനന്ദക്കടലിൽ കുതിച്ചുചാടി നീന്തിക്കളിക്കുന്നതാണു് ആ പുരുഷൻ തന്നെ പ്രേതയക്ഷിയെക്കണ്ടാൽ അനുരാഗച്ചൊരുക്കിനാൽ ബുദ്ധിഭ്രമംസംഭവിച്ചു് അവളുടെ ദാസത്വം സ്വയമേവവരിക്കും. അമ്പോ! ഇവരുടെ നടുക്കാണു് എന്റെ ഹൃദയം അകപ്പെട്ടിരിക്കുന്നതു്. കാണേണ്ടതാരെയെന്നും കാണാതിരിക്കേണ്ടതാരെയെന്നും ഞാനെങ്ങനെ തീച്ചപ്പെടുത്തും? എന്നാൽ രണ്ടുപേരേയും കാണണ്ടെന്നുവയ്ക്കാം; വിട്ടതിയിലേയ്ക്കു മടങ്ങാം. ഇല്ല ആ നിശ്ചയത്തെ ഹൃദയം പിന്താങ്ങുന്നില്ല. പരമാനന്ദസന്ദായകങ്ങളായ രണ്ടു അപൂർവ്വകാഴ്ചകൾക്കു സുലഭേനേ സംഗതിയാകുമ്പോൾ ആരാണു് അതുവേണ്ടെന്നുവയ്ക്കുന്നതു്? മടങ്ങിപ്പോകാൻ ആർക്കു ധൈര്യമുണ്ടാകും? അങ്ങനെ പ്രവർത്തിച്ചാൽതന്നെയും, ആ പ്രവൃത്തി ഒരുതരത്തിൽ വിശ്വാസവഞ്ചനയാണു്. രണ്ടുപേരുടെയും നേരിൽ ഇന്നു് അവരെ സന്ദർശിക്കാമെന്നു സമ്മതിച്ചിട്ടുണ്ടു്. അവർ അതിനെ വിശ്വസിച്ചിട്ടുണ്ടായിരിക്കും; നിർദ്ദിഷ്ടസമയത്തു് എന്നെ അന്വേഷിച്ചുവരികയുംചെയ്യും അപ്പോൾ എന്നെക്കണ്ടില്ലെങ്കിൽ അവരുടെ മനഃസ്ഥിതി എന്തായിരിക്കും? പറഞ്ഞതുപോലെ പ്രവർത്തിക്കാത്ത ഞാൻ അന്തസ്സാരവിഹീനനായ ഒരു പുരുഷനാണെന്നേ കരുതുകയുള്ളൂ. എന്നെപ്പറ്റി അപ്രകാരം ഒരു താണതരം അഭിപ്രായം അവരിൽ അങ്കുരിപ്പിക്കുന്നതു് എത്ര പോരായ്മയാണു്? മാത്രമല്ല സരസ്വതിയെ ഇപ്പോഴും ഒരു ഭയങ്കരമായ ആപത്തു ചുറ്റുന്നുണ്ടു്; അന്നു രാത്രിയിലെ ആ സംഭവംകൊണ്ടു് അങ്ങനെ ഊഹിക്കാം, ആപത്തിൽനിന്നും അവളെ രക്ഷിക്കേണ്ടതു് ഒരു പുരുഷന്റെ നിലയ്ക്കുള്ള എന്റെ കടമയാണു്. അങ്ങനെ സംഭവിക്കും എന്നു് തികച്ചും അറിവുള്ളപ്പോൾ അവളെ സഹായിക്കാതെ പിന്മാറുന്നതു് എന്റെ ഗൗരവത്തിനും

അന്തസ്സിനും യോജിച്ചതല്ല. അന്നത്തെ അവളുടെ അംഗസ്പർശനജന്യമായ പരമാനന്ദം ഇപ്പോഴും ഞാൻ അനുഭവിക്കുന്നു. ആ മാതിരി ഒരു സ്പർശനസുഖം ഞാൻ, എന്റെ ആയുഷ്കാലത്തിൽ ഇന്നേവരെ—താരാനാഥൻ അശ്രദ്ധയിൽ വിരമിച്ചു; അഥവാ ഒരജ്ഞാതശക്തിയാലെന്നവിധം വിരമിപ്പിച്ചു. കുറേനേരത്തേയ്ക്ക് അയാൾ മൌനത്തെ അവലംബിച്ചുനിന്നു. അയാൾ ദീർഘമായി ഒന്നു നിശ്വസിച്ചു. മാതുകഴിഞ്ഞു്, അതേ, രണ്ടുപേരെയുംകണ്ടു്, എന്റെ വാശ്രദ്ധാനത്തെ നിറവേറ്റിപ്പിരിയണം; ഇനിമേൽ ഇപ്രകാരമുള്ള വാശ്രദ്ധാനത്തിനിടയാകാതെ സൂക്ഷിക്കണം എന്നു നിശ്ചയിച്ചു. എന്തു്? ഇനിമേൽ സരസ്വതിയെയും പ്രേതയക്ഷിയേയും കാണണ്ടെന്നോ? ഛെയ് അതു പാടില്ല; കണ്ടാലെന്താണു്? മനുഷ്യനു് അയുഷ്കാലം എത്രപരിമിതം! സുഖവും സന്തോഷവുമാണു് ജീവിതോദ്ദേശ്യം സരസ്വതിയുടെയും പ്രേതയക്ഷിയുടെയും അകാരസംഭാഷണങ്ങൾ, ആ സുഖസന്തോഷങ്ങളെ നൽകുമെങ്കിൽ ഞാൻ അവരുടെ സന്ദർശനത്തെ എന്തിനു നിരസിക്കണം? ഇപ്രകാരം പിന്നീടു തീർച്ചപ്പെടുത്തി.

സരസ്വതി; അതേ, അവൾ സരസ്വതീതന്നെ. എത്രമധുരമായവാക്കുകളാൽ അവൾ എന്റെ ക്ലേശിക്കാഴ്ചയെ ആവശ്യപ്പെട്ടു. ഞാൻ അതിനു് അനുകൂലിച്ചു നൽകിയ വാഗ്ദാനത്തെപ്പുലർത്താതിരിക്കുന്നതെങ്ങനെ? പ്രേതയക്ഷിയോ, അവൾ പ്രേമസ്വരൂപമാണു്. എന്തൊരു തേജസ്സു്! എത്രകമനീയമായ മുഖവിലാസം! ആഗസ്റ്റു് മാസം 1-ാംനു- സായംകാലവേളയിൽ ശ്രീപുരത്തെ രാജകീയോദ്യാനത്തിൽ എന്റെ ആഗമനത്തെ പ്രതീക്ഷിച്ചു നില്ക്കുമെന്നു ആ മഞ്ജുളഭാഷിണി പറഞ്ഞവാക്കുകൾ ഇപ്പോഴുംഎന്റെ കർണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ആ സുകുമാരിയെ ഞാൻ എങ്ങനെ വിസ്മരിക്കേണ്ടു എന്നിങ്ങനെയുള്ള ചിന്തകൾ താരാനാഥന്റെ ഹൃദയത്തെ അനുനിമിഷം അലട്ടിക്കൊണ്ടിരുന്നു.

താരാനാഥൻ ഏതാവൽപര്യന്തം അനുരാഗം എന്നതു് എന്തെന്നുപോലും അറിഞ്ഞിട്ടില്ലാത്ത ഒരു യുവാവാണു്. കാശ്മീരത്തിലെ ഉപവനത്തിൽ കയറുന്നതുവരെ അനുരാഗവികാരങ്ങൾ അയാളുടെ ഹൃദയത്തെ സ്പർശിച്ചിട്ടില്ല. പ്രേതയക്ഷിയെയും സരസ്വതിയെയും കാണുമ്പോളും അയാളുടെ ഹൃദയം ഏതാണ്ടു നിർവികാരമായിരുന്നു എന്നു തന്നെപറയാം. തികച്ചും ആ സ്ഥിതിയിലായിരുന്നു എന്നു പറയുന്നതിനു അംബികാദർശനം പ്രതിബന്ധമാണല്ലോ. അനുരാഗവികാരം താരാനാഥന്റെ ഹൃദയത്തിൽ ഇടം പ്രഥമമായി കാലൂന്നിയതു് അത്രഭദ്രമെങ്കിലും അംബികാദർശനനിമിഷത്തിലാണു്. തോന്നിമറഞ്ഞ ആ വികാരം പാത്രാന്തര

ത്തിലായാലും ഉട്ടിപ്പുമായതു് അശോകനാഥന്റെ പാളയത്തിൽ വച്ചാണു്. എന്നാൽ ആ വികാരം പരിശുദ്ധമായ അനുരാഗത്തിന്റേതാണെന്നു പറവാൻ നിവൃത്തിയില്ല. പരിശുദ്ധമായ അനുരാഗം അചഞ്ചലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ശാശ്വതവുമായിരിക്കും. താല്ക്കാലികമായ അനുരാഗത്തെ ഏതൊരു പ്രലോഭനത്തിനും കീഴ്പ്പെടുത്താൻ കഴിയുന്നതുമല്ല. താരാനാഥന്റെ നവ്യാനുരാഗമാകട്ടെ, നാഴികമണിയുടെ തൂക്കാടിപോലെ ചഞ്ചലവും അസ്ഥിരവുമാകുന്നു. അതിനെ രാഗമെന്നുപറഞ്ഞുകൂടാ. സ്നേഹാധിക്യത്തിന്റെ ഒരുവകഭേദം മാത്രമാണതു് തജ്ജന്യമായ ഒരുപ്രാകൃതവികാരം പ്രേതയക്ഷിയെയും സരസ്വതിയെയും കുറിച്ചു ചിന്തിക്കുമ്പോഴും അവരുമായുണ്ടായ ക്രൂരിക്കാഴ്ചയെ അനുസ്മരിക്കുമ്പോഴും അയാളുടെ ഹൃദയത്തെഅലട്ടുന്നു. ആ അനുഭവം ആദ്യമാദ്യമാകയാൽ അതിനു ശക്തിക്രൂരമുണ്ടു്. ഈവിധം തന്റെ ഹൃദയത്തെ അലട്ടുന്നവരാം പ്രേതയക്ഷിയോ സരസ്വതിയോ അഥവാ രണ്ടുപേരുംക്രൂരിയോ എന്നുള്ളതു താരാനാഥനുതന്നെ തീച്ചയില്ല. ഒരു കാര്യം നമുക്കു നിശ്ചയമാണു്. രണ്ടുപേരുടേയും അഭിമുഖസന്ദർശനത്തെ അയാൾ ആശിക്കുന്നുണ്ടു്. സന്ദർശനത്തെമാത്രം ആശിക്കുന്നതേയുള്ളോ എന്നുചോദിച്ചാൽ അയാളുടെ സംശയം അതാണെന്നു മാത്രമേ സമാധാനമുള്ളൂ. ഏതൊന്നായാലും ആ രണ്ടു സഹോദരികളുടെയും പരിപൂർണ്ണക്ഷേമത്തെ അയാൾ ഹൃദയപൂർവ്വം ആഗ്രഹിക്കുന്നു. അതിനു് അണുമാത്രം കുറവുനേരിട്ടുന്നതായി അറിഞ്ഞാൽ തല്പരിഹാരാർത്ഥം എന്തുംചെയ്യാൻ അയാൾ സന്നദ്ധനുമാണു്.

താരാനാഥൻ അവിവാഹിതനാണു്. നീചകുലത്തിൽനിന്നായാലും തന്റെ ഹൃദയത്താൽ തിരഞ്ഞെടുക്കപ്പെടുന്നസ്ത്രീയെ വേൾക്കണമെന്നും തന്നാൽ കാമിക്കപ്പെടാത്തവൾ രാജകുലത്തിൽ ജനിച്ചവളായാലും താൻ സ്വീകരിക്കയില്ലെന്നുമാണു സ്വതന്ത്രനായ താരാനാഥന്റെ നിശ്ചയം. അയാളുടെ ആദർശം ഒരുപ്രകാരത്തിൽ അനുമോദനാർഹംതന്നെ.

താരാനാഥൻ അന്യൂൽക്കണ്ണുയോടുക്രൂരി സരസ്വതിയുടെവരവും പ്രതീക്ഷിച്ചു് അങ്ങിങ്ങുലാത്തിക്കൊണ്ടുനിന്നു. മണിനാലുകഴിയാറായി. അപ്പോഴത്തെ ഓരോനിമിഷവും ഓരോ യുഗംപോലെയാണു് അയാൾക്കുതോന്നിയതു്. ഇടയ്ക്കിടയ്ക്കു് അയാൾ നാലുപുറവുംകണ്ണോടിക്കുകയുംചെയ്തുകൊണ്ടിരുന്നു. പിന്നെയും നാഴിക ഒന്നുകഴിഞ്ഞു. താരാനാഥൻ ഇപ്പ്രകാരംഗത്തോടുക്രൂരി സരസ്വതിയെത്തന്നെ ധ്യാനിച്ചുകൊണ്ടു് ആധിത്തിരക്കധികമില്ലാത്ത ഒരു ഭാഗത്തുഒഴിഞ്ഞുനിന്നു. മുഖംമറയത്തക്കവണ്ണം മൂടുപടം മുമ്പോട്ടുവലിച്ചിട്ടശുഭ്രവസ്ത്രം ധരിച്ചു് അലംകൃതയായ ഒരു യുവതിയെ പെട്ടെന്നു തന്റെമുമ്പിൽ

പ്രത്യക്ഷീഭവിച്ചതുപോലെ അയാൾക്കുതോന്നി. നിവർന്നുനോക്കിയതു സരസ്വതിയുടെ മുഖത്തായിരുന്നു. ഹാ എന്തൊരഴകാണു് അയാൾ അവിടെക്കണ്ടതു്! ആ മുഖം അന്നു വികസിച്ച ചെന്താമര; നയനങ്ങൾ നീലോല്പലങ്ങൾ; ഗണ്ഡങ്ങൾ കുങ്കുമച്ഛായപിടിപ്പിച്ച കുണ്ഡാടിക്കഷണങ്ങൾ;എന്തിനു്? അവയവംപ്രതി വഴിഞ്ഞൊഴുകുന്ന സൗന്ദര്യമകരന്ദം പേർത്തുംപേർത്തും നുകർന്നിട്ടും താരാനാഥനായ നഭോമരങ്ങൾക്കു് അലംഭാവമുണ്ടാകുന്നില്ല. സരസ്വതി മുടുപടം മാറി സമന്ദഹാസം താരാനാഥന്റെ മുഖത്തേക്കുനോക്കി; വാചാമഗോചരമായ ഒരാനന്ദവികാരം അയാളുടെ ഹൃദയത്തെ അസ്വസ്ഥമാക്കിച്ചെയ്തു. അന്നു് ആ നിലാവെളിച്ചത്തുകണ്ട സരസ്വതിയെയല്ലാ താൻ ഇപ്പോൾ കാണുന്നതെന്നു് അയാൾക്കുതോന്നി. സരസ്വതിയുടെ സൗന്ദര്യത്തെ ഏതൊന്നിനോടു് ഉപമിക്കേണ്ടൂ എന്നു മനസാ ചോദ്യം ചെയ്തു. ബ്രഹ്മദേവന്റെ കരകൗശലവൈദഗ്ധ്യം അത്ഭുതമത്ഭുതം എന്നിങ്ങനെ തന്നത്താൻ പലവുരുപറഞ്ഞു. ഒരുപക്ഷേ ഈ രമണീമണിയുടെ സൃഷ്ടികായ്യം നിർവ്വഹിച്ചയാൾ ഒരു പ്രത്യേക ബ്രഹ്മദേവനോ എന്നു അയാൾ സംശയിച്ചു. താരാനാഥന്റെ തന്റേടവും ധൈര്യവും ഈഅവസരത്തിൽ, അയാളെവിട്ടു പമ്പകടന്നിരിക്കുന്നു. സഹജാതമായ അഭിമാനംക്രൂടി അവയെ അനുഗമിച്ചിരുന്നുവെങ്കിൽ, അയാൾ വായനക്കാരുടെ ദൃഷ്ടിക്കു് അപഹാസ്യനായി ഭവിക്കുമായിരുന്നു. താരാനാഥൻ സരസ്വതീപാദങ്ങളിൽ നമസ്കരിക്കുമായിരുന്നു എന്നു തുറന്നുപറയാം. അമ്പോ! സ്ത്രീജാതിയിൽ കുടികൊള്ളുന്ന ശക്തിമാഹാത്മ്യത്തെ ഓർക്കുക! ലോകകായ്യങ്ങളിൽ കേവലം വിരക്തന്മാരായി പരബ്രഹ്മധ്യാനൈകനിരതന്മാരായി ചമ്മാന്ഥിമാത്രശേഷന്മാരായിരിക്കുന്ന മഹർഷീശ്വരന്മാരെയെന്നല്ല; ഘോരഘോരമായ രണാങ്കണത്തിൽ ഇമവെട്ടാതെ ശത്രുപക്ഷത്തെത്തടുത്തു പൊരുതുനിൽക്കുന്നഖഡ്ഗപാണിയായ യുദ്ധവീരനെയെന്നല്ല; ഏതൊരുപുരുഷനെയും നൊടിക്കിടയിൽ മാനസാന്തരപ്പെടുത്തി വിധേയനാക്കാനുള്ള ശക്തി ആ ജാതിക്കുസ്വായത്തമാണു"! എന്നാൽ ആ ശക്തിയെ വേണ്ടവഴിക്കു വേണ്ടതിന്മണ്ണം വിനിയോഗിക്കുന്നവർ, പരിമിതമായ സംഖ്യകൊണ്ടു പരിച്ഛേദിക്കപ്പെടാവുന്നതായിരിക്കും. എല്ലാസ്ത്രീകളും അത്തരക്കാരായിരുന്നു എങ്കിൽ ഉശ്ശീലന്മാരും ഉമ്മാച്ചുകളുമായപുരുഷന്മാരുടെസംഖ്യ ലോകത്തിൽ വളരെവളരെ കുറയുമായിരുന്നു. അഥവാ ഉശ്ശീലത്തിനും ഉമ്മാച്ചുത്തിനും പുരുഷലോകത്തിൽ സ്വാധിനശക്തികുറയുമായിരുന്നു. എത്രഉമ്മാച്ചിയായ പുരുഷനേയും സന്മാച്ചുത്തിലേക്കു തിരിച്ചുവിടാൻ അവൾക്കു ശക്തിയുണ്ടു്. സ്വാർത്ഥം ഉന്മേഷംതുടങ്ങിയുള്ള നിഷ്ഠിലമനഃസ്ഥിതികളിൽനിന്നും

വേർപെടുത്തി, അവന്റെ ഹൃദയത്തെ ഉൽകൃഷ്ടവിചാരങ്ങൾക്കു വിധേയമാക്കി, അവനേ ലോകത്തിനുവേണ്ടി ജീവിപ്പിക്കാൻ അവ ക്കുകഴിവുണ്ടു്. ഈ തത്വത്തെ മനസ്സിലാക്കിയാണു് പുരാണിക ന്മാരായനമ്മുടെ മഹർഷിശ്രേഷ്ഠന്മാരും കവിശ്രേഷ്ഠന്മാരായ മഹാ ന്മാരും സ്ത്രീകളെ അലംഭാവമില്ലാതെ പുകഴ്ത്തിയിട്ടുള്ളതു്. പൂജ്യ ന്മാരും മഹാന്മാരുമായ മറ്റു ചിലർ അതേനിമിഷത്തിൽതന്നെ അവരെ (സ്ത്രീകളെ) നിർദ്ദയം നിന്ദിച്ചിട്ടുമുണ്ടെങ്കിൽ മേല്പറഞ്ഞ അവരുടെ അപൂർവ്വശക്തിയേ അവർ ശരിക്കുവിനിയോഗിക്കാഞ്ഞ തുകൊണ്ടാണെന്നു സമാധാനപ്പെടുകയും ചെയ്യാം.

താരാ:—ഭവതിയുടെ സാമീപ്യം എനിക്കു ആഹ്ലാദജനകമായിരി ക്കുന്നു. അതേനിമിഷത്തിൽതന്നെ സപത്നശങ്കയെ ജനിപ്പി ക്കുകയുംചെയ്യുന്നു. വാസ്തവത്തിൽ ഭവതി ഇവിടെ സന്നിഹി തയായിരിക്കുകയാണോ?

സര:—മുഖസ്തുതിയിൽപുരുഷന്മാർക്കുള്ള പാടവം ഒന്നുവേറേതന്നെ.

താരാ:—തെറ്റിദ്ധരിക്കണ്ടാ. മുഖസ്തുതിയിൽഎനിക്കുവളരെ വെ റുപ്പും അറപ്പും ഉണ്ടു്. ഭവതിയുടെവാങ്മകരന്ദം ആസ്വദി ച്ചതിനുശേഷമാണു് സപത്നശങ്കയിൽനിന്നും നിവർത്തിച്ചു തു്. വാശാനത്തെ ശരിക്കു നിർവ്വഹിച്ചതിൽ ഭവതിയിൽ എനിക്കു പൂർവ്വാധികം ബഹുമാനവും കൃതജ്ഞതയുമുണ്ടു്.

സര:—ഭയങ്കരമായ ഒരു ആപത്തിൽ നിന്നും മോചിപ്പിച്ചതി നാൽ എന്റെജീവിതമേ അങ്ങേയ്ക്കു കടപ്പെട്ടിരിക്കേ അങ്ങ യുടെ കൃതജ്ഞതയ്ക്കു ഈയുള്ളവൾ അർഹയല്ല. അന്നു എന്നെ വീണ്ടും കാണണമെന്നു അങ്ങു് ആവശ്യപ്പെടുകയും ഞാൻ കൈക്കൊള്ളുകയും ചെയ്തു. അതനുസരിച്ചു പ്രവർത്തി ക്കേണ്ടതു് ഒരു സ്ത്രീയുടെ നിലയിൽ എനിക്കുള്ള കട മയല്ലേ?

താരാ:—അതേ; ഞാൻതന്നെയാണു് ഭവതിയുടെ പുനസ്സാമീപ്യ ത്തെ അന്നു ആവശ്യപ്പെട്ടതു്. അന്നു് അപ്രകാരം ആവശ്യ പ്പെടാനിടയാക്കിയ എന്റെ വിചാരഹീനതയെക്കുറിച്ചു ഞാൻ ഇപ്പോൾ പശ്ചാത്തപിക്കുന്നു.

സര:—അപ്രതീക്ഷിതമായ ഈ വാക്കുകൾ എന്റെ ഹൃദയമമ്മ ത്തെ തുളയ്ക്കുന്നു. അങ്ങയുടെ മാനസാന്തരപ്പെടലിനു കാര ണമെന്തോ? ഞാൻ ചെയ്ത അപരാധമെന്തോ? ഇപ്രകാരം മാനസാന്തരപ്പെട്ടസ്ഥിതിക്കു എന്നെ പ്രതീക്ഷിക്കാതിരിക്ക കയായിരുന്നു വേണ്ടതു്. എങ്കിൽ ഈ ശപിക്കപ്പെട്ട വാക്കു കൾ എന്റെ കണ്ണത്തിൽ പതിക്കുമായിരുന്നില്ല. അന്നത്തെ ആ പരിമിതമായ പരിചയം ക്ഷണഭംഗുരമായതിൽ

ആശ്ചര്യമില്ല, മനസ്താപവുമില്ല. കേവലം വാശ്ദാനത്തെ പാലിക്കുക എന്ന മനഃസ്ഥിതിയോടുകൂടിമാത്രം ഇവിടെവന്ന എന്നെ കാണുന്നുനില്ക്കാനിടയാക്കിയ എന്റെ അപരാധത്തിലാണു എനിക്കു മനസ്താപമുള്ളതു്.

താരാ:—ഭവതിതെറ്റിദ്ധരിച്ചു. ഭവതിയെ കാണാന്തോറും പിന്നെയുംപിന്നെയും കാണണമെന്നുള്ള ആശ എന്നിൽ വേരുന്നും. അതിനാലാണു്, ഈ സന്ദർശനത്തിനിടയാക്കിയ വിചാരഹീനതയിൽ എനിക്കു പശ്ചാത്താപം ജനിക്കുന്നതു്. ഈ സന്ദർശനം ഭവതിക്കു് അല്ലെങ്കിൽ എനിക്കു് അഥവാ, നമുക്കു രണ്ടുപേർക്കും തന്നെ ഭാവിസന്തോഷത്തിനു പര്യാപ്തമാണോ എന്നുള്ള സംശയം ആ പശ്ചാത്താപത്തിനു പ്രേരകമായും തീർന്നിരിക്കണം.

ഒരുമുഴുവട്ടം മുമ്പോട്ടു കയറിനിന്നുംകൊണ്ടാണു് താരാനാഥൻ ഇത്രയുംപറഞ്ഞതു്. സ്ത്രീസഹജമായ സങ്കോചം മുഖത്തു സ്ഫുരിച്ചുവെങ്കിലും സരസ്വതി നിന്നിടത്തുനിന്നും ഇളകുകയുണ്ടായില്ല.

സര:—എന്നാൽ ഈ നിമിഷത്തിൽ എന്റെ അസാന്നിദ്ധ്യം അങ്ങു പ്രതീക്ഷിക്കുന്നുണ്ടായിരിക്കാം.

താരാ:—ഇല്ലില്ല: ഭവതി പിന്നെയും പിന്നെയും എന്നെ തെറ്റിദ്ധരിക്കുന്നു. നാം അന്യോന്യം സന്ദർശിച്ചിട്ടു രണ്ടുനാലുനിമിഷം തികച്ചും കഴിഞ്ഞില്ല; അതിനകം ഭവതി മടങ്ങിപ്പോകണമെന്നു ആവശ്യപ്പെടാൻ ഞാൻ അത്ര കഠിനഹൃദയനോ?

സര:—ഞാൻ തെറ്റിദ്ധരിച്ചതല്ല. എന്റെ സാമീപ്യം അങ്ങേയ്ക്കു ദുഃഖകാരണമായിത്തീരുന്നു.

ഇത്രയും പറഞ്ഞു, സരസ്വതി താരാനാഥന്റെ ക്ഷാത്രതേജസ്സും സൗന്ദര്യവുംകളിയാടുന്ന ആ മുഖത്തുറ്റുനോക്കിക്കൊണ്ടുനിന്നു.

താരാ:—തന്നെ, ഭവതിയുടെ സാമീപ്യം ഒരുപ്രകാരത്തിൽ എനിക്കു ദുഃഖകാരണമാണു്. എന്നാൽ ഈ നിമിഷത്തിൽ ഞാൻ അനുഭവിക്കുന്ന ആനന്ദമോ സ്വർഗ്ഗാനുഭൂതിയെക്കവച്ചുവയ്ക്കുന്നതുമാണു്.

സരസ്വതി അതുകേട്ടു, കുമ്പളക്കരുവൊത്ത മന്ദനിരയിൽ ഈഷദ്വികസിതമായ രക്താധരോഷ്ഠങ്ങളുടെ അന്യൂനകാന്തിയെ പ്രതിഫലിപ്പിച്ചുള്ള പെരുപുഞ്ചിരിതൂകിയും കാമോദ്ദീപനകരമായ കടക്കണ്ണുകളെ ഒട്ടൊന്നിളക്കിയും പുരുഷഹൃദയത്തെ രാഗവികാരതരളിതമാക്കിച്ചെയ്യുത്തക്കശക്തിയുള്ള ആ പുരികക്കൊടികളെസമന്ദം ചലിപ്പിച്ചുംകൊണ്ടു് "അത്രവലിയ ആനന്ദത്തിനു ഹേതുവെന്താണെന്നുകൂടി അറിഞ്ഞാൽകൊള്ളാമെന്നുണ്ടു്" എന്നു നൈസർഗ്ഗികമായ മൃദുസ്വരത്തിൽ പറഞ്ഞു. ആ വാക്കുകൾ തികച്ചുകേൾക്കാൻ

താരാനാഥനു കഴിഞ്ഞില്ല. സരസ്വതിയുടെ മന്ദഹാസാദികം അയാളെ പരമാനന്ദസാഗരത്തിൽ ഏറ്റത്തെറിഞ്ഞുകളഞ്ഞു. സാധു താരാനാഥൻ, ഒരുപ്രകാരത്തിൽ നീന്തിയും തുടിച്ചും കരപറ്റി കണ്ണു തുറന്നുനോക്കി, കഷ്ടം! സരസ്വതിയെ കാണ്മാനില്ല. വീണ്ടും നോക്കി; ഇല്ല, അവൾ അന്തർദ്ധാനംചെയ്തു.

അദ്ധ്യായം ൧൮.

"... ... ...
... ...
രാകാചന്ദ്രപ്രഭോദ്യന്മുഖിയിവളധുനാ
മാനസം മേ ശരീരാൽ
ആകഷ്ടിക്കുന്നു മന്ദേതരമിഹ, ബിസഖ-
ണ്ഡത്തിൽനിന്നാശു സൂത്രം
മാഞ്ഞാതേകണ്ടിടാനീം പ്രസഭമഴകെഴും-
ഹംസിതാനെന്നപോലേ."

ആദിത്യൻ അസ്തമിക്കാറായി. ആകാശത്തിൽ നക്ഷത്രജാലം ഒന്നൊന്നായി അവിടവിടെ തെളിഞ്ഞുതുടങ്ങി. സൂര്യൻ അസ്തമിച്ചു. ചന്ദ്രനുദിച്ചുമാത്രയിൽ നക്ഷത്രങ്ങൾ അതീവപ്രകാശമാനങ്ങളായിഭവിച്ചു. ശ്രീപുരത്തിലെ ഉന്നതങ്ങളായ ഏഴുപ്പുകളും ഗോപുരങ്ങളും ചന്ദ്രപ്രകാശത്താൽ ധവളിതമനോജ്ഞങ്ങളായിച്ചമഞ്ഞു. ശ്രീപുരത്തിന്റെ സൗരസനമെന്നോണം പട്ടണമദ്ധ്യത്തിൽക്കൂടി പ്രവഹിക്കുന്ന പ്രയാഗയുടെ ചെറുതിരകളിൽ, തിങ്കൾക്കിരണങ്ങൾ പ്രതിഫലിച്ചുള്ള മനോഹരശോഭകണ്ടാൽ, രജതപർവ്വതം പൊട്ടിപ്രവഹിക്കുന്നുവോ എന്നുതോന്നും.

ചന്ദ്രപ്രകാശം സർവ്വത്ര വ്യാപിച്ചു, ആകാശം ശീതളമായിഭവിച്ചു മനുഷ്യഹൃദയങ്ങളെ ആനന്ദപരിപ്ലുതമാക്കിച്ചെയ്തിരിക്കുന്ന ആ സന്ധ്യാവേളയിൽ ശ്രീപുരത്തിന്റെ രാജകീയോദ്യാനത്തിൽ താരാനാഥൻ ശ്രദ്ധമാർഗ്ഗേണകടന്നു. ഈ മനോഹരമായ ഉദ്യാനം കൊട്ടാരവളപ്പിനകത്താണു്. കൊട്ടാരം ഇപ്പോൾ വിജനതയെ പ്രാപിച്ചിരിക്കയാണെന്നു വായനക്കാർക്കു് ഊഹിക്കാവുന്നതാണല്ലോ. കൊട്ടാരത്തെ സംബന്ധിച്ചുള്ള മനോജ്ഞമായ കെട്ടിടങ്ങളും ആകാശചുംബികളായ ഗോപുരങ്ങളും അത്യന്തസുന്ദരങ്ങളായ മണിസൗധങ്ങളും അവയിലെ മനോഹരങ്ങളായ വാതായനങ്ങളും വെണ്ണക്കല്ലുകൊണ്ടു കെട്ടിപ്പൊക്കത്തിരിക്കുന്ന ഭിത്തികളും യഥോചിതസ്ഥാനങ്ങളിൽ വിനോദാർത്ഥം ഘടിപ്പിച്ചിരിക്കുന്ന

ജലവഷ്ടിയന്ത്രങ്ങളും അവയെച്ചുറ്റിയുള്ള രമണീയമായ കൃത്രിമ തടാകങ്ങളും ഏതൊരാളിനെയും ആനന്ദാത്മതപരവശനാക്കിച്ചെയ്യാതിരിക്കയില്ല.

താരാനാഥൻ ഉദ്യാനത്തിൽ പ്രവേശിച്ചപ്പോൾ ഭയങ്കരമായ ഒരു നിശ്ശബ്ദത അവിടെ കുടികൊള്ളുന്നുണ്ടായിരുന്നു. കൃതവിദ്യമഹാരാജാവിന്റെ കാലത്തു് ഈദൃശവേളയിൽ, സംഭവിക്കുമായിരുന്ന കണ്ണാനന്ദകരമായ സംഗീതധ്വനിയാകട്ടെ, ദീപപ്രകാശമാകട്ടെ ജനബാഹുല്യമാകട്ടെ ഇപ്പോൾ കേവലം ശൂന്യമായിരിക്കുന്നു. രാജശ്രീ തിരോധാനം ചെയ്തിരിക്കുന്നു. അകത്തും പുറത്തും അശ്രീത്വത്തം ചെയ്യുന്നു. ഭയാനകമായ ഒരു നിശ്ശബ്ദത, ഒരു കാലത്തു് സൗഭാഗ്യസോപാനത്തിന്റെ അഗ്രഭാഗത്തു് അഭിലസിച്ചിരുന്ന ആ അരമനയെ ആവരണം ചെയ്തിരിക്കുന്നു. ഏതാദ്ദശമായ തല്ക്കാലസ്ഥിതി നേരിൽ കാണുകയും പണ്ടത്തെ സ്ഥിതി അനുമാനദൃശിനിയിൽക്കൂടി നോക്കുകയും ചെയ്തപ്പോൾ താരാനാഥന്റെ നയനങ്ങളിൽനിന്നും അനുകമ്പാശ്രുപൊഴിഞ്ഞു. ദീർഘമായി ഒന്നു നിശ്വസിക്കുകയും ചെയ്തു. ഹാ! ലോകജീവിതം എത്രയുല്ലം! ലോകത്തെ നടത്തുന്ന ശക്തി ഒന്നുണ്ടെങ്കിൽ അതിനുണ്ടോ സ്ഥിരത! ആരറിയുന്നു പ്രകൃതിമർമ്മം!

ഇങ്ങനെ തത്വവിചിന്തനവീഥിയിൽ മാനസതുരഗത്തെ സമന്ദം നടത്തിച്ചുകൊണ്ടുനിന്ന താരാനാഥന്റെ ദക്ഷിണഭുജത്തിൽ കരസ്പർശം സംഭവിച്ചതുപോലെ തോന്നി. പെട്ടെന്നു അയാൾ അക്കരത്തെപ്പിടിച്ചുകൊണ്ടു തിരിഞ്ഞുനിന്നതു പ്രേതയക്ഷിക്കു് അഭിമുഖമായിട്ടായിരുന്നു. പ്രേതയക്ഷിയെക്കണ്ടതും തത്വവിചിന്തനവീഥിയിൽ ചരിച്ചുകൊണ്ടിരുന്ന അയാളുടെ മാനസതുരംഗം മുഴങ്കാൽകുത്തി മറിഞ്ഞുവീണതും ഒന്നിച്ചുകഴിഞ്ഞു തന്റെ കൃതജ്ഞതയേയും സന്തോഷത്തെയും വെളിപ്പെടുത്താനുള്ള ഒരു വാക്കുപോലും ശബ്ദിക്കാൻ അയാൾക്കു് കഴിവില്ലാതായി. താരാനാഥൻ സംഭ്രാന്തനായി നിശ്ചേഷ്ടനായി നിലകൊണ്ടു. സന്തോഷപാരവശ്യത്താൽ അയാളുടെ സന്ധിബന്ധങ്ങൾ വേർപെടുന്നതുപോലെ തോന്നി. ദേവാമൃതത്തെ പാനംചെയ്ത പരമാനന്ദം അയാൾക്കുണ്ടായി. അശോകനാഥന്റെ ക്രൂരത്തിൽവച്ചു പ്രേതയക്ഷിയെക്കണ്ടപ്പോൾ ഉള്ള സൗന്ദര്യം ഇപ്പോൾ രണ്ടുഗുണം വർദ്ധിച്ചിരിക്കുന്നു എന്നു താരാനാഥനു തോന്നി പ്രേതയക്ഷി മൂടുപടം മാറ്റി അയാളുടെ മുമ്പിൽ നിന്നപ്പോൾ, താൻ കാണുന്നതു് ദേവസ്ത്രീയെയൊ, വനദേവതയെയൊ, അഥവാ സന്ധ്യാദേവിയെയോ എന്നയാൾ സംശയിച്ചു. പ്രേതയക്ഷി ഇപ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രം അന്നത്തേതിനെ അപേക്ഷിച്ചു വിലക്രിടിയതും മനോഹരവുമായ ഒരു

ഡക്കാൻമസ്ലിൻ ആയിരുന്നു. അവളുടെ ആകൃതിസൗഷ്ഠവവും ഉരുണ്ടുനീണ്ട ഭുജങ്ങളുടെ ഭംഗിയും അരയുടെ ഒതുക്കവും നിതംബത്തിന്റെ മുഴുപ്പും സ്തനങ്ങളുടെ സ്ഥൗല്യവും കഴുത്തിന്റെ ശംഖാകൃതിതവും നയനങ്ങളുടെ മനോജ്ഞതയും കപോലങ്ങളുടെ കാന്തിയും മന്ദഹാസം തുകുന്നമുഖഭാവവും അധരോഷ്ഠങ്ങളുടെ ശോണിമാവും ദന്തങ്ങളുടെ ശോഭയും കുന്തളഭാരത്തിന്റെ സ്നിഗ്ധതയും താരാനാഥന്റെ പഞ്ചേന്ദ്രിയത്തെ നിർവികാരമാക്കിച്ചെയ്തതിൽ ആശ്ചര്യപ്പെടാനില്ല.

താരാനാഥൻ ഇപ്പോൾ സരസ്വതിയെ നിശ്ശേഷം മറന്നിരിക്കുന്നു. പ്രേതയക്ഷീരൂപം പ്രതിഫലിച്ച മാനസമുകുരത്തിൽ മറെറാരു രൂപം പതിയുന്നതല്ല. ഇവിടെയും അജ്ഞാതമായ ഒരു ശക്തി താരാനാഥന്റെ ഹൃദയത്തെ അലട്ടിത്തുടങ്ങി. പ്രേതയക്ഷിയെയും സരസ്വതിയെയും കടന്നു് താരാനാഥഹൃദയം, കല്പകക്കോട്ടയും കഴിഞ്ഞു് ഒരു കാതത്തിനപ്പുറത്തു് എത്തിയിരിക്കുന്നു. അയാൾ പ്രേതയക്ഷികരത്തിലെ പിടിവിട്ടു് ഒരു ചുവടു പിന്നോട്ടു മാറിനിന്നു. പ്രേതയക്ഷിയാകട്ടെ, മുമ്പോട്ടു് അടുത്തു് താരാനാഥന്റെ കൈയ്യിൽ കടന്നുപിടിച്ചു മന്ദഹാസംതുകിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:—"അന്നു താങ്കൾ എന്നെ വീണ്ടും കാണണമെന്നാവശ്യപ്പെട്ടില്ലേ? ആവശ്യത്തെ നിറവേറാനായി ഞാനിവിടെ വന്നതാണു്"

മധുരതരമായ ആ വാക്കുകളും പൂനിലാവൊത്തപുഞ്ചിരിയും താരാനാഥഹൃദയത്തെ വീണ്ടും കവർന്നു തന്മൂലം പൂർവാധികം പരമാനന്ദം അനുഭവിച്ച താരാനാഥൻ അതീവ ചരിതാർത്ഥനായി "ഭവതിയുടെ സാന്നിദ്ധ്യം എന്തെന്നില്ലാത്ത സന്തോഷത്തെ പ്രദാനംചെയ്യുന്നു. ഭവതിയിൽ, എനിക്കുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുന്ന വാക്കുകൾ നിഘണ്ടുക്കളിലുണ്ടോ എന്നതുതന്നെയും സംശയമാണു" എന്നു തട്ടിവിട്ടു

പ്രേതയക്ഷി:— ഏതാണ്ടു് പന്നിരണ്ടുവർഷങ്ങൾക്കുമുമ്പു് യോഗ്യനായ അശോകനാഥന്റെ ക്രൂരത്തിനു വെളിയിൽവച്ചു് അങ്ങു് എന്റെ പുനസ്സന്ദർശനത്തിനു് ആവശ്യപ്പെട്ടതു് എത്ര സ്നേഹത്തോടും സന്തോഷത്തോടുംകൂടിയാണെന്നു് ഇപ്പോൾ ഓർക്കുന്നില്ലായിരിക്കാം.

താരാനാഥൻ:— ഓർക്കുന്നില്ലെന്നോ? ആശ്ചര്യം! ഭവതിയെ സംബന്ധിച്ചിടത്തോളം അപ്രകാരം ഒരു വിസ്മൃതി എന്നെ ബാധിക്കുമെന്നു ശങ്കിച്ചുവോ! ഞാൻ അപ്പോൾ പറഞ്ഞ ഓരോ വാക്കുകളും ഓർക്കുന്നു. അപ്പോഴത്തെ മനഃസ്ഥിതിയിൽ തന്നെ ഇപ്പോഴും ഭവതിയുടെ മുമ്പിൽനിന്നു് ഭവതിയുടെ സാന്നിദ്ധ്യസുഖം അനുഭവിക്കുകയും ചെയ്യുന്നു.

പ്രേതയക്ഷി:—എന്നാൽ താങ്കൾ എന്നെ ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. താങ്കളെ എന്റെ സ്നേഹബന്ധുവായിക്കരുതട്ടയോ?

താരാനാഥൻ:—എന്താണതിൽ സംശയിക്കാൻ! ഞാൻ ഭവതിയുടെ സ്നേഹത്തെ എപ്പോഴും പ്രതീക്ഷിക്കുന്നു. എന്നിൽ ഭവതിക്കുള്ള സ്നേഹത്തിനു ഭംഗം നേരിടാതിരിക്കാൻ ദൈവത്തോടു് അപേക്ഷിക്കുന്നു.

പ്രേതയക്ഷി:—സ്നേഹബന്ധുവിന്റെ നിലയിലല്ലെങ്കിൽ, ഈ സ്ഥലത്തു് ഈ സമയത്തു് നാംതമ്മിൽ കൂടിക്കാഴ്ച നടത്താൻ പാടില്ല. അങ്ങയുടെ ഉന്നതസ്ഥിതിയും അന്തസ്സും ഞാൻ അറിഞ്ഞിട്ടുണ്ടു്. അതിനു് അനുസരിച്ചുള്ള പരിശുദ്ധി അങ്ങയുടെ ഹൃദയത്തിനുണ്ടെന്നു് ഊഹിക്കാമല്ലോ. അപ്രകാരമുള്ള ഹൃദയത്തിൽ അങ്കുരിക്കുന്ന സ്നേഹം വിശുദ്ധവും ശാശ്വതവുമാണെന്നു വിശ്വസിക്കാം. ആ വിശ്വാസത്തെ അടിസ്ഥാനീകരിച്ചു് താങ്കളുടെ മുമ്പിൽ ഞാൻ അഗമനംചെയ്തതാണു്. ഇല്ലെങ്കിൽ ഏകാകിനിയായി ഒരു പുരുഷന്റെ മുമ്പിൽ ഈ സമയത്തു് ഈ വിജനസ്ഥലത്തുവരാൻ എന്നെപ്പോലുള്ള സ്ത്രീജനങ്ങൾ ധൈര്യപ്പെടുന്നതല്ല.

താരാ.—ഭവതിയുടെ സ്വഭാവഗുണത്തിലും വിശ്വാസത്തിലും എനിക്കു ബഹുമാനമുണ്ടു്. ആകൃതിയുടെ ഗുണപൊരുത്തം പ്രകൃതിക്കുമുണ്ടെന്നു കണ്ടാൽ അക്കാണം ബഹുമാനമുണ്ടാകാത്തതു്? ഭവതിയിൽ എനിക്കുള്ള സ്നേഹാധിക്യത്തെ പ്രദർശിപ്പിക്കാനുള്ള ഘട്ടം നേരിടാതിരിക്കയില്ല. അന്നു് എന്റെ സ്നേഹത്തിന്റെ അഗാധത ഭവതിക്കു തെളിഞ്ഞുകാണാൻ കഴിയുന്നതാണു്. ഭവതി സംബന്ധിച്ചിരിക്കുന്ന കപിലമതാനുസാരികൾ സദുദ്ദേശവും ആദർശശുദ്ധിയും വിശ്വാസവും ഉള്ളവരാണെങ്കിലും അപത്തു് അവക്കും സംഭവിച്ചേക്കാം. അങ്ങിനെയുള്ള സന്ദർഭം എപ്പോളെങ്കിലും നേരിട്ടുന്നതായാൽ ഞാൻ ത്രിവിധകരണങ്ങളാലും ഭവതിയെ സഹായിക്കുന്നതാണു്.

പ്രേത:—ഉദാരനായ അങ്ങയുടെ സ്നേഹപൂർവ്വകമായ വാക്കുകൾക്കു ഞാൻ നന്ദിപറയുന്നു. അതേ; ആ വാക്കുകളിൽ നിഷ്കളങ്കമായ കൃതജ്ഞത എനിക്കുണ്ടു്. അതിരിക്കട്ടെ! നാം സംസാരിച്ചുവന്നവിഷയത്തെപ്പറ്റി അങ്ങു വേണ്ടതുപോലെ ആലോചിക്കുകയുണ്ടായോ? ഞാൻ അങ്ങയും അങ്ങു് എന്നെയും പരസ്പരം സ്നേഹിച്ചാൽ അതിൽനിന്നും ഉണ്ടാ

കാവുന്ന ഫലത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി, കടന്നു ചിന്തിച്ചുവോ?

താരാ:—ഭവതിയുടെ ആശയം വ്യക്തമാകുന്നില്ല. രണ്ടാളുകൾ പരസ്പരം സ്നേഹിച്ചാൽ അതിൽനിന്നും എന്താണു് ദോഷഫലം ഉണ്ടാകാനിരിക്കുന്നതു്? അനിഷ്ടഫലത്തിനും സ്നേഹത്തിനും തമ്മിൽ സംബന്ധമില്ല. സ്നേഹമാണു് ലോകത്തെ ഭരിക്കുന്നതു്. അഥവാ സ്നേഹംതന്നെ ലോകം. സ്നേഹമില്ലെങ്കിൽ ലോകമില്ല. അതു മഹത്തായ സ്നേഹത്തെ ഭവതി അവഹേളിച്ചു എങ്കിൽ അതൊരപരാധമാണെന്നു സ്നേഹപൂർവ്വം അറിയിച്ചുകൊള്ളട്ടേ! ഞാൻ പറയുന്നതു ഭവതി ശ്രദ്ധയോടെ കേൾക്കണം എന്നല്ല. ഞാൻ തുറന്നുപറയുന്ന യഥാർത്ഥസംഗതികൾ വിശ്വാസമനഃസ്ഥിതിയോടുകൂടി ശ്രദ്ധിക്കയും വേണം.

പ്രേത:—അങ്ങനെയാവാം. എന്നാൽ അധികനേരം നാം ഇവിടെനിന്നു സംസാരിക്കുന്നതു ശരിയല്ല. വരിക! കൊട്ടാരത്തിന്റെ രണ്ടാമത്തെ തട്ടിൽ പോകാം. അവിടെക്കയറാനുള്ള കോവേണി വെളിയിലാണു്. ആ മാളികയിൽവച്ചു സമാധാനമായും സന്തോഷമായും സംഭാഷിക്കാം.

"എന്നാൽ അങ്ങനെയാവട്ടെ" എന്നുപറഞ്ഞു് താരാനാഥൻ പ്രേതയക്ഷിയുടെ പിടിയിൽനിന്നും കരത്തെ വേർപെടുത്താതെതന്നെ അവളെ അനുഗമിച്ചു. കാമോദ്ദീപനകരമായ ആ പൂനിലാവിൽ അതിസുന്ദരിയായ ഒരു യുവതിരത്നത്തിന്റെ പിന്നാലെ പരസ്പരകരസ്പർശത്തോടുകൂടി നിർഭയമായ ഒരു മനോഹര വിജനസൗധത്തെ ലക്ഷ്യമാക്കി നടന്നുചെല്ലുന്ന താരാനാഥന്റെ അപ്പോഴത്തെ ഹൃദയവികാരങ്ങൾ വായനക്കാരിൽ ചിലക്കെങ്കിലും അനുഭവമാകാതിരിക്കയില്ല. താരാനാഥകരം, പ്രേതയക്ഷിയുടെ അംഗുലികളെ കട്ടക്കെ ഒന്നമർത്തുകയും അവളും അതേവിധത്തിൽ പ്രവർത്തിക്കുകയും ചെയ്തതിന്റെ അർത്ഥമെന്തോ? എന്തെങ്കിലുമാകട്ടെ! രണ്ടാളുടേയും മുഖത്തു സമാശ്വാസചാരിതാർത്ഥ്യജനകമായ ഒരു ഭാവം സ്ഫുരിച്ചുഎന്നുള്ളതുവക്തവ്യമാണു്. രണ്ടാളും കോണിപ്പടികയറി മുറികളിൽചെന്നു. പരസ്പരം മുഖത്തുനോക്കി രണ്ടുപേരും മന്ദഹസിച്ചതിനുശേഷം മാളികവരാന്തയിൽ കുറേനേരം അങ്ങിങ്ങുലാത്തിക്കൊണ്ടിരുന്നു. ഒടുവിൽ പ്രേതയക്ഷി താരാനാഥനെനോക്കി, "നമ്മുടെ സ്നേഹബന്ധത്തിൽനിന്നും ആപത്തുണ്ടാകയില്ലെന്നാണോ അങ്ങയുടെ വിശ്വാസം!" എന്നുചോദിച്ചു.

താരാ:—അതേ; എന്നുതന്നെയാണു് എന്റെ വിശ്വാസം. ഭവതി വീണ്ടും അങ്ങനെ ചോദിക്കാനുണ്ടായ കാരണമെന്താണു്?

ഭവതിയുടെ മുഖത്തുസ്ഫുരിക്കുന്ന ഖേദഭാവത്തിനു ഹേതു വെന്തു്? എന്റെ മുഖത്തുനിന്നും ഭവതിക്കു ഖേദത്തെജനിപ്പിക്കുന്ന വല്ല വാക്കുകളും പുറപ്പെട്ടുവോ? അങ്ങനെയാണെങ്കിൽ അതെന്റെ അറിവോടുകൂടി അല്ലെന്നും വിശ്വസിക്കണം. അറിവോടുകൂടി അതിനിടയാവുകയില്ലെന്നും വിശ്വസിക്കണം. ഒരുപക്ഷേ നമ്മുടെ സ്നേഹബന്ധം ഹേതുവാൽ, ഭവതിപറയുന്ന വല്ല അപകടവും നേരിടുമെന്ന വിശ്വാസമുള്ളതിനാൽ ഖേദിക്കുകയാണോ! എന്നാൽ ആ ഖേദത്തിനും കാരണം ഞാൻ തന്നെയാകയാൽ എന്റെ അപരാധത്തെക്കുറിച്ചു പശ്ചാത്തപിക്കേണ്ടിയിരിക്കുന്നു.

പ്രേത:—അങ്ങനെയാണെങ്കിൽ ഈ ക്രൂരക്കാഴ്ചയ്ക്കു് ഇടയായ അങ്ങയുടെ അപരാധത്തെക്കുറിച്ചു പശ്ചാത്തപിക്കയാണല്ലോ എന്നു പറഞ്ഞു് ഒരു ചുവടുപിന്നോക്കം മാറിനിന്നു. അപ്പോഴേക്കും താരാനാഥൻ മുമ്പോട്ടുകടന്നുനിന്നു.

താരാനാഥൻ:—ഭവതിക്കുതെറ്റി. ഭവതിയുടെ ഹൃദയം ഇത്ര കഠിനമോ? നിർദ്ദയമായുമന്യോന്യം സംബന്ധമില്ലാതെയും സംസാരിക്കുന്നു. ഭവതി തെറ്റിദ്ധരിച്ചതുപോലുള്ള പശ്ചാത്താപമൊന്നും എന്നെ ബാധിച്ചിട്ടില്ല ഭവതിയുമായുള്ള ക്രൂരക്കാഴ്ച ഒരനുഗ്രഹമെന്നുതന്നെ ഞാൻ കരുതുന്നു. അങ്ങനെയുള്ള ക്രൂരക്കാഴ്ചയ്ക്കിടയായ സ്നേഹം അപഹാസ്യമാണെന്നു വിശ്വസിച്ചു ഭവതി വിഷാദിക്കുന്നുണ്ടെങ്കിൽ ആ വിഷാദത്തിനിടയാക്കിയ എന്റെ അപരാധത്തിൽ പശ്ചാത്താപം ഉണ്ടെന്നാണു ഞാൻ പറഞ്ഞതു്.

പ്രേതയക്ഷി അതിനു സമാധാനമൊന്നും പറഞ്ഞില്ല. അല്പനേരം രണ്ടാളും ലജ്ജിച്ചിക്കൊണ്ടിരുന്നു. മാത്രകഴിഞ്ഞു താരാനാഥൻ വീണ്ടും പറഞ്ഞു.

താരാനാഥൻ:—അതേ, നാം രണ്ടുപേരും സ്നേഹപാശത്താൽ ബന്ധിക്കപ്പെടണം. ഭവതിയുടെ സ്നേഹത്തിനു ഞാൻ പാത്രീഭവിച്ചതിനെക്കുറിച്ചു ചിന്തിക്കുന്തോറും പുതിയ പുതിയ ആനന്ദം എന്റെ ഹൃദയത്തിൽ തുളച്ചുപൊങ്ങുന്നു. ഭവതിയുടെ സ്നേഹപാശത്താൽ ബന്ധിക്കപ്പെടാത്ത ജീവിതം എനിക്കു് ദുർവ്വഹമായ ഒരുഭാരമായിരിക്കും. ഭവതിയുടെ അഭിപ്രായം എന്തോ? ഒരുപക്ഷേ, ഭവതിസംബന്ധിച്ചിരിക്കുന്ന കപിലമതാനുയായികളും എന്റെ മതക്കാരായ വൈദികമതാവലംബികളും തമ്മിൽ ഭയങ്കരമായ യുദ്ധം സംഭവിച്ചേയ്ക്കാം. സംഭവിക്കുമെന്നുതന്നെയാണെന്റെ ഭ്രമോദയം. എന്നാൽ എത്ര ഭയങ്കരമായ ശണ്ഠയുണ്ടായാലും, നമ്മുടെ

മൈത്രിക്കു് ഭംഗംനേരിട്ടുകയില്ല. ഞാൻ തന്നെ ഭവതിയുടെ പക്ഷക്കാരോടു നേരിടുന്നതിനിടയായാലും ഭവതിയുടെ യോഗക്ഷേമം ആ നിമിഷത്തിലും എന്റെ ചിന്താവിഷയമായിരിക്കും. അതിനെക്കുറിച്ചു് എനിക്കു സംശയമില്ല. എന്നേപ്പോലുള്ള ധർമ്മയോദ്ധാക്കളുടെ കർത്തവ്യകർമ്മവും കുഞ്ഞുങ്ങളെയും സ്ത്രീകളെയും ആപത്തിൽനിന്നും രക്ഷിക്കുകയാണു്. ഞാൻ എവിടെ വസിച്ചാലും ഭവതി എന്റെ ഹൃദയത്തിൽ കുടികൊള്ളുന്നതാണു്. ഘോരഘോരമായ യുദ്ധമദ്ധ്യത്തിൽ, ഭവതിയുടെ നീണ്ടുരുണ്ട മനോഹരമായ നയനങ്ങളും എന്റെ ഹൃദയത്തിൽകടന്നു് ധൈര്യവും ഉത്സാഹവുമാകുന്ന ദീപങ്ങളെ അവിടേക്കൊളുത്തി എന്റെ കരങ്ങളിൽ ക്രൂരവെളിക്ക പ്രകാശിപ്പിക്കുന്നതാണു്. ആ സന്ദർഭത്തിൽ എന്റെ ധ്യാനമൂർത്തിനിയായ വിജയലക്ഷ്മി ഭവതിതന്നെയായിരിക്കും. ഭവതിക്കു് എന്തൊരു സഹായമാണോ എന്നിൽനിന്നും വേണ്ടതു്. അതിനെത്തുറന്നുപറയാം. അപ്പോഴാണെന്റെ ധൈര്യവും ശൗര്യവും ഭവതിക്കുബോധപ്പെട്ടുന്നതു്. ഭവതിക്കു എന്തെങ്കിലും ആപത്തുനേരിട്ടുന്നതു ഞാൻ സഹിക്കുകയില്ല. ഭവതിയുടെ ശത്രു എന്റെയുംശത്രുതന്നെ. അവൻ, എന്റെ പക്ഷത്തുള്ളവനായാലും എന്റെ കരവാളത്തിന്റെ രുചി അനുഭവിക്കേണ്ടിവരും. ആകാശത്തിൽ അത്യുജ്ജ്വലപ്രഭാസ്സോടെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രനാഥനെ സാക്ഷിനിർത്തി, നിഷ്കളങ്കമായിപ്പറയുന്ന എന്റെ ഈ വാക്കുകളിൽ ഭവതി വിശ്വസിക്കുക!

പ്രേതയക്ഷി:—യോഗ്യനായ താങ്കളുടെ സ്നേഹം എനിക്കു സിദ്ധിച്ചതു് എന്റെ മഹാഭാഗ്യത്താലാണെന്നു വിശ്വസിക്കുന്നു. അങ്ങയുടെ വാക്കുകൾ ഓരോന്നും ശിലാലിഖിതംപോലെ എന്റെ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്നു. ഒരു കാലത്തും അവിടുന്നു മായുന്നതുമല്ല. എന്റെ ആയുഷ്കാലം മുഴുവൻ ഞാൻ അങ്ങേയ്ക്കു കടപ്പെട്ടിരിക്കുന്നു. അങ്ങയുടെ വിലയേറിയ സ്നേഹത്തിൽ എനിക്കുള്ള കൃതജ്ഞതയെ എങ്ങനെ വെളിപ്പെടുത്തേണ്ടു എന്നറിയാതെ കുഴങ്ങുന്നു. അങ്ങയെ ഒരു ഏകോദരസഹോദരിയുടെ സ്ഥാനത്തുനിന്നു സ്നേഹിക്കുകയും ഹൃദയപൂർവം അങ്ങയുടെ ക്ഷേമത്തിനു പ്രാർത്ഥിക്കുകയുമല്ലാതെ ഈ ദാസിയെക്കൊണ്ടെന്താണു കഴിവുള്ളതു്? ശത്രുബാധയാലോ രോഗത്താലൊ അങ്ങേയ്ക്കു ദൈവഗത്യാ വല്ല ക്ലേശവും നേരിട്ടുന്നതായാൽ, ആ ഘട്ടത്തിൽ അങ്ങയുടെ സമീപത്തിരുന്നു് കൃതജ്ഞതാപൂർവം ഉപചരിക്കുന്നതിനുള്ള

ഭാഗ്യം ഈയുള്ളവർക്കു ലഭിക്കുമെങ്കിൽ അതൊരു അനുഗ്രഹമായിക്കരുതുന്നതാണു്.

താരാനാ:—ഭവതിയുടെ വാക്കുകൾ സ്നേഹമസൃണങ്ങളും ശ്ലാഘനീയങ്ങളുമായിരിക്കുന്നു. ഭവതിയുടെ സൌശീല്യത്തെ എത്ര തന്നെ പുകഴ്ത്തിയാലും അതു് ഒട്ടും അധികമായിപ്പോകുന്നതല്ല. ഭവതിയുടെ വിചാരം പരിശുദ്ധമായിരിക്കുന്നു. ഭവതിയുടെ ഹൃദയം ജീവകാരുണ്യത്താലും സദുദ്ദേശങ്ങളാലും പരിപൂർണ്ണമായിരിക്കുന്നു. എന്നാൽ ഒരു സംഗതിമാത്രം എന്റെ മനസ്സിനെ അലട്ടുന്നു. ഇത്രത്തോളം സൌശീല്യവും സൌകുമാര്യവും ഒത്തുവിളങ്ങുന്ന ഭവതിക്കു ഈ ഭയങ്കരമായ നാമം എങ്ങനെസിദ്ധിച്ചു? അതാണു എനിക്കു മനസ്സിലാകാത്തതു്.

പ്രേത:—അമ്പോ! അതു ഭയങ്കരമായ ചരിത്രം. ഘോരഘോരമായ സംഗതികൾ അതിൽ അടങ്ങിയിരിക്കുന്നു. സന്ധിബന്ധങ്ങളെ വേർപെടുത്തി ശരീരത്തെ പരവശമാക്കിച്ചെയ്യാനുള്ള ശക്തി അതിനുണ്ടു്.

ഇങ്ങനെ പറയുമ്പോൾ അവളുടെ ദേഹമാസകലം കിടുകിടവിറയ്ക്കുന്നുണ്ടായിരുന്നു. പ്രേതപിശാചുക്കൾ തന്നെ പൂഴ്ത്തുനില്ക്കുന്നുവോ എന്നു സംശയിക്കുന്നമട്ടിൽ അവൾ ചുറുചുറുപ്പോടെ കണ്ണോടിക്കുന്നുണ്ടായിരുന്നു. താരാനാഥന്റെ കരദ്വയത്തെ മുറുകെപ്പിടിച്ചുകൊണ്ടു പിന്നെയും പിന്നെയും നടുങ്ങുകയുംചെയ്തു. താരാനാഥൻ സമീപത്തിലുണ്ടായിരുന്നിട്ടും അതിഭയപ്പെട്ടുപോകുന്നുണ്ടെന്നു് അവളുടെ പരുങ്ങൽകൊണ്ടു വെളിപ്പെടുന്നു.

താരാ:—ഭവതി എന്റെ അപരാധത്തെ ക്ഷമിക്കണം. ഭവതിയെ ഈവിധത്തിൽ ഭയപ്പെടുത്തണമെന്നുള്ള ദുരുദ്ദേശത്തോടുകൂടി ഞാൻ അങ്ങനെ ചോദിച്ചതല്ല. മാത്രമല്ല, ഭവതിയുടെ ചരിത്രം അറിയണമെന്നുള്ള ആഗ്രഹവും എനിക്കില്ല

പ്രേതയക്ഷി:—അങ്ങു് ഇപ്രകാരം പശ്ചാത്തപിക്കേണ്ട ആവശ്യമില്ല. നാം രണ്ടാളും സ്നേഹപാശത്താൽ ബന്ധിക്കപ്പെട്ടുകഴിഞ്ഞു. ഇനി നമുക്കതമ്മിൽ എന്തെങ്കിലും രഹസ്യമുണ്ടോ? ഇല്ല, ഒരിക്കലുമില്ല. അങ്ങു് എന്നെ പൂർണ്ണമായി വിശ്വസിച്ചു് ഹൃദയപൂർവ്വം സ്നേഹിക്കുവെ, ഞാൻമാത്രം അതിനു വിപരീതമായ മനഃസ്ഥിതിയോടുകൂടി പെരുമാറുന്നതു യുക്തമല്ല. എനിക്കുവേണ്ട ഉണർത്തോഷവും സമ്പത്തിയുമുപദേശിച്ചു് എന്നെ സഹായിക്കാൻ ഒരുപക്ഷേ അങ്ങേയ്ക്കു കഴിവുണ്ടെന്നുവരാം. അതേ, എന്റെ ചരിത്രത്തെ ഞാൻ അങ്ങയെ ധരിപ്പിക്കാം. എന്റെ ഭയങ്കരമായ

ചരിത്രത്തെ ഞാൻ ഹൃദയപൂർവം സ്നേഹിക്കുന്ന താങ്കളെയല്ലാതെ മറ്റാരെയാണു ധരിപ്പിക്കേണ്ടതു"?

പ്രേതയക്ഷി ഇങ്ങനെ ചോദിച്ചുതീരുംമുമ്പു് ഇന്നപ്രകാരം എന്നു വിവരിക്കാൻ സാധ്യമല്ലാത്ത ഒരു ഭയങ്കരശബ്ദം അകലെ സംഭവിച്ചു. ഏതൊരുദിക്കിൽനിന്നുമാണെന്നു താരാനാഥനു മനസ്സിലായില്ല. "മാടന്റെമകളേ! പ്രേതയക്ഷി! നിന്റെകാലം അടുത്തുകഴിഞ്ഞു" എന്നിങ്ങനെ, ആ ശബ്ദത്തെത്തുടർന്നു് പുരുഷസ്വരത്തിൽ വിളിച്ചുപറകയുംചെയ്തു. പ്രേതയക്ഷി, വ്യാഘ്രത്തെക്കണ്ട മാൻപേടയെപ്പോലെ കിടുകിടാ വിറച്ചുംകൊണ്ടു്, "മാടാ മാടാ! ദൂരെപ്പോയ്ക്കോ!" എന്നു ഉറക്കെപ്പറഞ്ഞു. ഈ സന്ദർഭത്തിൽ താരാനാഥന്റെ ബാഹുക്കൾ അവളെ സഹായിച്ചിരുന്നില്ലെങ്കിൽ അവൾ നിശ്ചയമായി നിലത്തുവീഴുമായിരുന്നു പ്രേതയക്ഷിയുടെ ആജ്ഞാവചനങ്ങൾക്കു മറുപടിയെന്നോണം, ഒരു മുഴുഭ്രാന്തന്റെ ആഹ്ലാദച്ചിരിപോലുള്ള ചില ശബ്ദങ്ങൾ പുറപ്പെട്ടു. അതു കേട്ടപ്പോൾ താരാനാഥന്റെ ബാഹുക്കൾക്കു് അടക്കാൻ ശക്തിപോരാത്തവണ്ണം അവൾ പൂർവാധികം വിറപൂണ്ടു. താരാനാഥനാകട്ടെ, ലേശവും ധൈര്യത്തെകൈവിടാതെ അവളെ മാറോടുചേർത്തണച്ചു. ആ അവസരത്തിൽ ഒരു വലിയ കരച്ചിൽ കേട്ടു പ്രേതയക്ഷി വീണ്ടും വീണ്ടും നടുങ്ങി മൂർഛാലയായിഭവിച്ചു. അവളുടെ കണ്ണുകൾ അടഞ്ഞു. ശ്വാസഗതിക്കു മാന്ദ്യംസംഭവിച്ചു. ജീവച്ഛവംപോലെതളർന്ന വശമായി. ഈ സംഭവം താരാനാഥന്റെ മനോധൈര്യത്തെ ഇളക്കുകതന്നെചെയ്തു. എന്നിരുന്നാലും അയാൾ കേവലം ഭീരുവിനെപ്പോലെയായില്ല. നഷ്ടപ്പെട്ട ധൈര്യത്തെ വീണ്ടും കരസ്ഥമാക്കി പ്രേതയക്ഷിയെ തുമലിൽ വഹിച്ചുകൊണ്ടു കുടുംബദേവതാസ്മരണയോടുകൂടി മാളികയിൽനിന്നും താഴത്തിറങ്ങി, ഉദ്യാനത്തിൽ ഇരിക്കാനായി വെണ്ണക്കല്ലുകൊണ്ടുകെട്ടിയിട്ടുള്ള ഒരു മനോഹരമായ തിട്ടയിൽ അവളെ പതുക്കെക്കിടത്തി. അനന്തരം തടാകജലത്തിൽ കൈലേസു നനച്ചുകൊണ്ടുവന്നു് ശീതോപചാരംചെയ്തു് ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവളുടെ ബോധക്ഷയത്തെമാറ്റി. സുബോധം ഉണ്ടായഉടനെ അവൾ കണ്ണുതുറന്നു ചുറ്റുംനോക്കി. തന്റെചുറ്റും വല്ല പിശാചുക്കളോ മാടനോ നിൽക്കുന്നുണ്ടോ എന്നു സംശയിക്കുന്നവളെപ്പോലെ അവൾ ഭയവിഹ്വലതയോടെ നോക്കുന്നുണ്ടായിരുന്നു. ഒടുവിൽ യാതൊന്നും ഇല്ലെന്നുകണ്ടു സമാധാനമുണ്ടായമട്ടിൽ എഴുന്നേറ്റിരുന്ന താരാനാഥന്റെ മുഖത്തുനോക്കി. താരാനാഥന്റെ സുന്ദരഗംഭീരമായ വദനത്തെ, കൃതജ്ഞതയോടും വിശ്വാസത്തോടും രാഗപരവശമായ ഹൃദയത്തോടും വീണ്ടും വീണ്ടും നോക്കിച്ചെറു

പുഞ്ചിരിതൂകി. അല്പനേരത്തിനുള്ളിൽ അവൾക്കു പൂർണ്ണസ്വാസ്ഥ്യം കിട്ടി. മനസ്സിനും ശരീരത്തിനും പൂർവ്വബല ഉന്മേഷവും ശക്തിയും സിദ്ധിച്ചു.

പ്രേത:— ഞങ്ങൾ എന്നിൽ പ്രകാശിപ്പിച്ച അനുകമ്പയ്ക്കും സ്നേഹത്തിനും എന്റെ ഹൃദയാന്തരത്തിൽ ഉദിച്ചുപൊങ്ങുന്ന കൃതജ്ഞതയെ അറിയിച്ചുകൊള്ളുന്നു. എന്തൊരു ഭയങ്കരം! ഓർക്കുന്നതിനുപോലും നിവൃത്തിയില്ലാത്തവണ്ണം അതു ഭയങ്കരമായ സംഭവം! എന്തൊരാപത്തു്! നടുങ്ങിനടുങ്ങി എന്റെ സന്ധിബന്ധങ്ങളൊക്കെ തകർന്നുപോയി.

താര: - മാന്യയായ പ്രേതയക്ഷി! ഭവതിയുടെ പരമാർത്ഥത്തെപ്പറയുക! ഭയങ്കരമായ ആ ശബ്ദങ്ങൾക്കു ഹേതുവെന്തു്? എന്റെ കർണ്ണപുടങ്ങളിൽ പതിച്ച ആ വാക്കുകളുടെ അർത്ഥമെന്താണു്?

പ്രേത:— ഇപ്പോൾ യാതൊന്നും പറവാൻ എനിക്കു ശക്തിയില്ല. ഇനിയൊരവസരത്തിൽ സകലതും ഞാൻ താങ്കളെ ധരിപ്പിക്കാം.

താരാനാഥൻ:— എന്റെ ഹൃദയം അതിനോടു് അനുകൂലിക്കുന്നില്ലല്ലോ. ആ അവസരത്തെ കാത്തിരിക്കാനുള്ള ക്ഷമ എന്നെ വിട്ടകന്നിരിക്കുന്നുവല്ലോ. എന്റെ ഹൃദയം അതു് അറിഞ്ഞേതിരൂ എന്നു ശഠിക്കുന്നു. പ്രകൃത്യാതന്നെ എനിക്കു ഭയമില്ല. ഭയമെന്നതു് എന്താണെന്നു ഞാനറിഞ്ഞിട്ടില്ല. പ്രേതബാധകളും പിശാചുക്കളും മറ്റും ഉണ്ടെന്നു പറയുന്നതിൽ എനിക്കു വിശ്വാസമില്ല. ഒരുപക്ഷേ, അങ്ങനെ വല്ലതും ഉണ്ടെങ്കിൽതന്നെയും അവ മനുഷ്യരെ ഉപദ്രവിക്കുകയില്ല. നാം ഇപ്പോൾ കേട്ട ആ ശബ്ദവും വാക്കും ചിരിയും കരച്ചിലുംമറ്റും മനുഷ്യരിൽനിന്നും സംഭവിച്ചതാണെന്നു വിശ്വസിക്കാൻ ഞാൻ നിർബന്ധിതനാണു്. അവ പ്രേതബാധകളിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുകയില്ല. എന്നാൽ ആ ശബ്ദം ഭയാനകങ്ങളാണെന്നു സമ്മതിക്കുകതന്നെ വേണം. ആ വാക്കുകൾ ആശങ്കാജനകവുമായിരുന്നു. അതൊക്കെക്കേട്ടു ഭവതി കിടുകിട നടുങ്ങി മൂർഛിക്കുകയും ചെയ്തു. ഇതിന്റെ എല്ലാം അർത്ഥമെന്താണു്?

പ്രേതയക്ഷി:—അങ്ങു് ഇപ്പോൾ എന്നെ നിർബന്ധിക്കണ്ടാ. എന്റെ ഹൃദയം അസ്വസ്ഥമായിരിക്കുന്നു. ഓർമ്മശക്തി നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ ഭയങ്കരമായ ചരിത്രത്തെ വിവരിച്ചു പറവാനുള്ള ധൈര്യം ഇപ്പോൾ എനിക്കില്ല. എന്റെ ചരിത്രം മുഴുവൻ അങ്ങയെ ധരിപ്പിച്ചെങ്കിൽമാത്രമേ

ഇപ്പോൾ സംഭവിച്ച ശബ്ദങ്ങളുടെ അർത്ഥമെന്തെന്നും ആ വാക്കുകളുടെ ഉദ്ദേശമെന്തെന്നും ഞാനെന്തുകൊണ്ട് ഇത്ര വളരെയധപ്പെട്ടു ബോധംകെട്ടുഎന്നുംമറ്റുമുള്ള സംഗതികൾ മനസ്സിലാവുകയുള്ളൂ. ആ ചരിത്രം ഈ അവസരത്തിൽ പറയണമെന്ന് അങ്ങു് എന്നെ നിർബന്ധിക്കരുതു്. അതു പറയാൻ ആരംഭിക്കുമ്പോൾതന്നെ ആദ്യത്തെപ്പോലെ എന്റെ ശരീരം നടുങ്ങുകയും ഹൃദയംപതറി പരവശമാകുകയുംചെയ്യും.

താരാ:—എന്നാൽ നമുക്കിനി എപ്പോൾ വീണ്ടും സന്ദർശിക്കാം?

പ്രേതയക്ഷിയുടെ വാക്കുകൾ താരാനാഥന്റെ ഹൃദയത്തെ കലക്കിമറിച്ചിരിക്കുന്നു. വലുതായ ഒരു സംശയം അയാളെ ബാധിച്ചിട്ടുണ്ടു്. അതിനെ പരിഹരിക്കാൻ അയാൾ അക്ഷമനായിരിക്കുന്നു. ആ സംശയത്തിനു് പ്രേതയക്ഷിയും വിഷയമാണു്. എന്നിരുന്നാലും അയാൾക്കു് അവളിലുള്ള സ്നേഹത്തിനോ ബഹുമാനത്തിനോ അണുവും കുറവു് നേരിട്ടിട്ടില്ല

പ്രേതയക്ഷി:—കാലവിളംബമെന്നിയേ നമുക്കു് വീണ്ടും കണ്ടുകൊള്ളാം.

ഈ അവസരത്തിലും അവളുടെ അവയവംപ്രതി വഴിഞ്ഞൊഴുകുന്ന സൗന്ദര്യമകരന്ദം താരാനാഥന്റെ നയനഭ്രമരങ്ങൾ അലംഭാവമില്ലാതെ നുകർന്നു പരമാനന്ദം അനുഭവിക്കുന്നുണ്ടായിരുന്നു. താരാനാഥന്റെ സകല സംശയങ്ങളേയും അകറ്റിപ്പായിക്കാനുള്ള ശക്തി അവളുടെ മധുരമധുരമായ വാക്കുകളിലും ആകാരസുഷമയിലും കടാക്ഷവീക്ഷണത്തിലും അന്തർഭവിച്ചിരുന്നു.

താരാനാഥൻ—നമുക്കു് ഇനിയും അന്യോന്യം സന്ദർശിക്കാമെന്നു പറഞ്ഞതുകൊണ്ടായില്ല. എപ്പോൾ അതിനിടയാകുമെന്നുകൂടി പറയുക!

പ്രേതയക്ഷി:—ദിവസവും സമയവും ഇപ്പോൾ തീർച്ചപ്പെടുത്താൻ നിവൃത്തിയില്ല. ക്രൂടിയ ശീഘ്രത്തിൽ എന്റെ ഭയങ്കരമായ രഹസ്യചരിത്രം അങ്ങയെ ധരിപ്പിക്കുമെന്നു വിശ്വസിച്ചാലും! ഇനി നമുക്കു പിരിയാം.

താരാനാഥൻ:—അല്പംകൂടി ക്ഷമിക്കുക! ഒരു വാക്കുകൂടി; ഞാൻ കേട്ട ആ വാക്കുകൾ ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ആ വാക്കുകളുടെ അർത്ഥം എന്താണു"? അതുമാത്രം ഇപ്പോൾ പറയൂ! ഏതോ ഒരു പിശാചിനും ഭവതിക്കും തമ്മിൽ സംബന്ധമുണ്ടെന്നും ആ പിശാചു ഭവതിയിൽ സ്വാധീനശക്തി ചെലുത്തുന്നുണ്ടെന്നും ഞാൻ ഒരിക്കലും വിശ്വസിക്കുകയില്ല.

പ്രേതയക്ഷി:—ഇതെന്തൊരു ധർമ്മസങ്കടം! ഞാൻ പിശാചിന്റെ മകളല്ലേ?

ഇപ്പോഴും അവൾ നടുങ്ങുകയും വിറയ്ക്കുകയും ചെയ്തുകൊണ്ടായിരുന്നു. അവളുടെ മുഖം വികൃതമായിച്ചമഞ്ഞു. അവളുടെകണ്ണുകൾ അത്യന്തം പ്രകാശിച്ചു.

താരാനാഥൻ:—എന്നാൽ ഇതു ഭയങ്കരമായ ഒരു ചരിത്രമാണല്ലോ അല്ല, ആശ്ചര്യമായ ചരിത്രമാണു്. പിശാചിനു മകളുണ്ടാവുകയോ! അതും മനുഷ്യസ്ത്രീയിൽ!

അനന്തരം താരാനാഥൻ ആകാശത്തിൽ ദൃഷ്ടിപരിപ്പിച്ചുകൊണ്ടു പ്രേതയക്ഷീചരിത്രത്തെക്കുറിച്ചു പര്യാലോചനനടത്തിക്കൊണ്ടിരുന്ന പ്രേതയക്ഷി എന്ന പേരിൽതന്നെ രഹസ്യങ്ങൾ എന്തൊക്കെയോ അടങ്ങിയിട്ടുണ്ടു്. അവളുടെ ചരിത്രത്തിൽ ആശ്ചര്യാംശം അടങ്ങിയിരിക്കാനുമിടയുണ്ടു്. എന്നാൽ അവൾ മാടന്റെ മകളല്ല. മാടനു മകളും മറവും ഉണ്ടാവുകയില്ല. ഇവൾ മനുഷ്യസ്ത്രീതന്നെ. അക്കാര്യത്തിൽ സംശയമില്ല. അവളുടെ നിറവും പേരുമാണു് എന്നെ വലപ്പിക്കുന്നതു്. ഇരിക്കട്ടെ! എല്ലാം വഴിയേ മനസ്സിലാകും. ഇങ്ങനെ നിശ്ചയിച്ചുറച്ചുകൊണ്ടു് കണ്ണുകളെ ആകാശത്തിൽനിന്നും പറിച്ചെടുത്തു. എന്തൊരാശ്ചര്യം! തന്റെ മുമ്പിലിരുന്ന പ്രേതയക്ഷിയെ കാണാനില്ല.

അദ്ധ്യായം ൧൭.

"കാമുകന്മാർപലർകാതരാക്ഷിമാരാം
കാമിനിമാരുടെമുമ്പിൽക്രൂടി
സാമോദമോരോവിനോദങ്ങളെച്ചൊല്ലി
സീമാവിഹീനംസുഖിച്ചിടുന്നു"

കഴിഞ്ഞ അദ്ധ്യായത്തിലെ പ്രേതയക്ഷീസന്ദർശനത്തിനായി താരാനാഥൻ വിടുതിയിൽനിന്നും ഇറങ്ങിയതിനുശേഷം, ഉഗ്രസേനനും സിദ്ധസേനനും സന്ധ്യയോടുക്രൂടി വിനോദാർത്ഥം പട്ടണക്കാഴ്ചകൾ കാണുന്നതിനായി പുറത്തേക്കിറങ്ങി. ജനനിബിഡിതമായ വലിയ പട്ടണങ്ങളിൽ ചുറ്റിസ്സഞ്ചരിക്കാൻ ആർക്കും ഒരാനന്ദം ഉണ്ടാകുന്നതാണല്ലോ. നല്ല ചന്ദ്രികയുള്ള സന്ദർഭത്തിലാണെങ്കിൽ പറയാനുമില്ല. ഉഗ്രസേനനും സിദ്ധസേനനും പട്ടണത്തിലെ രാജപാതയിൽക്രൂടി ഇരുവശത്തുമുള്ള ഓരോരോ കാഴ്ചകൾകണ്ടു് സന്തുഷ്ടന്മാരായി നടന്നുകൊണ്ടിരുന്നു. പലേതരത്തിലുള്ള കച്ചവടസ്സാ

മാനങ്ങളം അതതുകടകളിൽ നിരത്തിവച്ചിരിക്കുന്നതിൽ പ്രദർശിപ്പിച്ചിരിക്കുന്ന നിഷ്കൃർഷയും വലിയവലിയ കടകളിൽ നിരത്തിത്തൂക്കിയിരിക്കുന്ന വിളക്കുകളുടെപ്രകാശവും റോഡിലെ ജനക്കൂട്ടവും വണ്ടികളുടെ പോക്കുവരവും രണ്ടുംമൂന്നും നിലകളുള്ള കെട്ടിടങ്ങളം റോഡിന്റെ ഇരുവശത്തും കെട്ടിപ്പൊക്കിയിരിക്കുന്നതിന്റെ മനോഹരതയും ചിലതിന്റെ വാതായനങ്ങളിൽക്കൂടി പുറത്തേയ്ക്കു നോക്കിക്കൊണ്ടു നിൽക്കുന്ന മഹിളാരത്നങ്ങളുടെ സുന്ദരമുഖങ്ങളുംഎന്നുവേണ്ടാ, ആര്യതലസ്ഥാനനഗരിയിലെ കാഴ്ചകൾഓരോന്നും ഉഗ്രസേനനും സിദ്ധസേനനും പുതിയ പുതിയ ആനന്ദത്തെ പ്രദാനം ചെയ്തുകൊണ്ടിരുന്നു.

ഈ യുവാക്കന്മാർ ആഹ്ലാദഭരിതന്മാരായി അങ്ങനെനടന്നു വരവേ, തെക്കേക്കോട്ടവാതിലിനു സമീപത്തുവച്ചു മദ്ധ്യവയസ്സുകഴിഞ്ഞുഎന്നു പറയാവുന്ന ഒരു വൃദ്ധ, അവർക്കു് അഭിമുഖമായിവരുന്നുണ്ടായിരുന്നു. ഈ വൃദ്ധ, അല്പം ഭേദപ്പെട്ട ഒരു കുടുംബത്തിലുള്ളവരാണെന്നു ഒരു നോട്ടത്തിൽതന്നെ ആരും ഊഹിക്കും. ചെറുപ്പത്തിലെ സൗന്ദര്യത്തിന്റെ നാമ്പുശിഷ്ടങ്ങളം വൃദ്ധയുടെ മുഖത്തു്, ഏതാണ്ടൊക്കെ, അവ്യക്തമായിട്ടെങ്കിലും നിഴലിച്ചുകാണുന്നുണ്ടു്. ഒരു സന്തോഷഭാവം മുഖത്തുതെളിഞ്ഞുകാണുന്നു. ശുഭവസ്തുമാണു ധരിച്ചിരിക്കുന്നതു്.

ഉഗ്രസേനനും, സിദ്ധസേനനും വൃദ്ധയെ ഒന്നുകണ്ടു, വീണ്ടും ഒന്നു നോക്കി. വൃദ്ധ അതുകണ്ടു മന്ദഹാസത്തോടുകൂടി അവരുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടു് അവിടെനിന്നു. ഉടനേ സേനൻ ആ വൃദ്ധയോടു്, എന്താണമ്മേ ഞങ്ങളെപ്പരിചയമുണ്ടോ?" എന്നു വളരെ മയ്യാദയായി ചോദിച്ചു

വൃദ്ധ:—ഇല്ലമക്കളെ; ഞാൻ കണ്ടിട്ടില്ല നിങ്ങളിന്നാട്ടുകാരല്ലെന്നു തോന്നുന്നു. അതാണു ഞാൻ സൂക്ഷിച്ചുനോക്കിയതു്.

സി:—അതെ, ഞങ്ങളം വിദേശികളാണു്. എങ്കിലും ഞങ്ങളം തമ്മിൽക്കിവിടെ ഒരുവിധം പരിചയമുണ്ടു്. ഞങ്ങളം ഇവിടെ വന്നിട്ടു എട്ടുപത്തു ദിവസമായി.

വൃദ്ധ:—കണ്ടോ! എന്റെ ഊഹം തെറ്റല്ലല്ലോ. നിങ്ങളം എന്നാണിനി നാട്ടിലേക്കു മടങ്ങുന്നതു്?

ഉഗ്ര:—അതു തീച്ചയാക്കിയിട്ടില്ല. അതു ഞങ്ങളുടെ യജമാനനാണു് തീച്ചപ്പെടുത്തേണ്ടതു്. എന്നാണു മടങ്ങുന്നതെന്നു ഞങ്ങളം തമ്മിൽക്കറിഞ്ഞുകൂടാ. പക്ഷേ, അധികദിവസത്തെ താമസമുണ്ടെന്നു തോന്നുന്നില്ല. നാളെയാണല്ലോ ഇവിടുത്തെ മഹായോഗാരംഭക്കുന്നതു്. അതെത്ര ദിവസത്തെക്കുണ്ടെന്നു നിശ്ചയമില്ല. അതു കഴിഞ്ഞാലുടൻ പുറപ്പെടും.

വൃദ്ധ:—ഓഹോ! യോഗത്തിൽ ചേരാൻ വലിയ വലിയ പ്രമുഖരും ഇവിടെ വന്നിട്ടുണ്ടല്ലോ. ആ പ്രമുഖരിൽ ആരെങ്കിലുമായിരിക്കാം നിങ്ങളുടെ യജമാനൻ.

ഉഗ്രസേനൻ:—അതേ

വൃദ്ധ:—അങ്ങിനെപറയിൻ? ഇപ്പോൾ മനസ്സിലായി. നിങ്ങൾ പട്ടണത്തിലെ കാഴ്ചകൾ നോക്കികാണാനിറങ്ങിയതാണു് അല്ലേ?

ഉഗ്രസേനൻ:—അതേ; അമ്മ ഊഹിക്കുന്നതൊക്കെ കൃത്യമായിരിക്കുന്നല്ലോ.

വൃദ്ധ:—അതിനു കാരണമുണ്ടു്. എനിക്കു നിങ്ങളേക്കാൾ ലോകപരിചയമില്ലേ? നിങ്ങളൊക്കെ കുഞ്ഞുങ്ങളാണു്. നല്ല ചെറുപ്പം. ഒരു വലിയ പട്ടണത്തിൽ ആദ്യമായി വന്നിരിക്കുന്നു. പാലുപോലത്തെ നിലാവു്. ഇതെല്ലാംകൂടി ആലോചിച്ചാൽ ഒട്ടൊക്കെ ഊഹിക്കരുതേ?

ഉഗ്രസേനൻ:—അമ്മയെക്കണ്ടു് ഇത്രയും സംസാരിക്കാനിടയായതിൽ ഞങ്ങൾക്കു് വളരെ സന്തോഷമുണ്ടു്. എന്നാൽ ഞങ്ങൾക്കു സമയമായി. അമ്മ എങ്ങോട്ടാണു്?

വൃദ്ധ:—എന്തു്? നിങ്ങൾക്കു് സമയമായെന്നോ? നിങ്ങൾ പട്ടണം ചുറ്റിക്കാണാൻ വന്നവരല്ലേ? ഈ പട്ടണത്തിലെ വിശേഷങ്ങൾ ഓരോന്നും കണ്ടുമതിയായെന്നോ?

ഉഗ്രസേനൻ:—ഒട്ടൊക്കെക്കണ്ടു. ഇനി നാളെയും അതിന്റെ അടുത്തടിവസവുമായിട്ടു് മുഴുവനും കാണാമല്ലോ.

വൃദ്ധ:—ഇതെന്തൊരുപുതുമ! അന്യനാട്ടുകാരായ നിങ്ങൾക്കു് ഇന്നാട്ടിലെ എല്ലാ വിശേഷങ്ങളും രണ്ടു മൂന്നടിവസംകൊണ്ടോ അതൊ ഓരോടിവസവും ഒന്നരണ്ടു നാഴികനേരംകൊണ്ടോ, കണ്ടറിയാൻ സാധിക്കുമോ?

ഉഗ്രസേനൻ:—ഞങ്ങൾക്കു് അതിനേ സൗകര്യമുള്ളൂ. ഞങ്ങൾ ഒരാളിന്റെ ശമ്പളക്കാരാണു്. അദ്ദേഹത്തിന്റെ നല്ലമനസ്സുണ്ടായിട്ടുവേണം ഞങ്ങൾക്കു് അല്പസമയം കിട്ടാൻ.

വൃദ്ധ:—അതിരിക്കട്ടെ! നിങ്ങൾ വളരെയെല്ലാം കണ്ടെന്നു പറഞ്ഞല്ലോ; നിങ്ങളെപ്പോലുള്ള ചെറുപ്പക്കാർ കണ്ടു സന്തോഷിക്കേണ്ടതായ ഒരു വിശേഷസ്ഥലം ഇവിടെയുണ്ടെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ?

ഉഗ്രസേനൻ:—ഇല്ല. എന്താണമ്മേ ആ വിശേഷം?

വൃദ്ധ:—നിങ്ങൾ എല്ലാം കണ്ടെന്നല്ലേ പറഞ്ഞതു്? സാധുക്കുട്ടികൾ. അതു കാണാൻകഴിഞ്ഞില്ലെങ്കിൽ നിങ്ങൾ എത്ര ഭാഗ്യമില്ലാത്തവരാണു്! മനസ്സിനും ശരീരത്തിനും ഒന്നുപോലെ സുഖംതരുന്ന ആ വിശേഷം നിങ്ങൾ ഇതുവരെ

കണ്ടിരിക്കയില്ല. അതുകാണാതെ നിങ്ങൾ നാട്ടിലേക്കു മടങ്ങുകയാണെങ്കിൽ, ആ വിശേഷം കണ്ടനുഭവിച്ചുപോയിട്ടുള്ള നിങ്ങളുടെനാട്ടുകാരിൽ വല്ലവരും നിങ്ങൾ വെറും മണ്ടന്മാരെന്നേ പറയുകയുള്ളൂ. എന്തൊരുപരമാനന്ദമാണു് അവിടെ അനുഭവിക്കാൻ കഴിയുന്നതു്! ശിവശിവ! അതിനെക്കുറിച്ചു വർണ്ണിക്കാൻ ആയിരംതലയുള്ള ആദിശേഷനുപോലും കഴിവുണ്ടാകയില്ല; പിന്നെയുണ്ടോ എനിക്കു സാധിക്കുന്നു? ഒരു കാര്യംമാത്രം തീച്ചപറയാം നിങ്ങൾ ഒരു പ്രാവശ്യം അവിടേവന്നു കണ്ടുപോന്നാൽ പിന്നെ എന്നും വരണമെന്നുതോന്നും. അതു സമ്മതിക്കുന്ന കാര്യവുമല്ല. ഈ രാജ്യത്തു ആദ്യമായിട്ടു വരുന്ന വിദേശികളെ ഒരേ ഒരുപ്രാവശ്യം ആ വിശേഷം കാണിക്കും. പിന്നീടു് അവിടെ കയറിക്കൂടാ. വിദേശികൾ എന്നപൊതുവേ പറഞ്ഞതുകൊണ്ടു് എല്ലാവർക്കും അവിടെ പ്രവേശനമുണ്ടെന്നു വിചാരിക്കണ്ട. ഒരുമാതിരി ഭേദപ്പെട്ടവർക്കു എന്നുവച്ചാൽ ആളിന്റെ ചെറുപ്പവും തരവുമൊക്കെനോക്കി അനുവദിക്കും. കണ്ടാൽ കൊള്ളാവുന്നവരായിരിക്കണം. നിങ്ങൾ അതിലേക്കുപറ്റിയവരുതന്നേ. അതുകൊണ്ടാണു് ഞാനിത്രയുംപറഞ്ഞതു്. സമ്മതമുണ്ടെങ്കിൽ എന്റെകൂടെപ്പോരിൻ!

സിലുസേനൻ:—അമ്മേ ഇന്നതാണു് അവിടത്തെ വിശേഷമെന്നു പറഞ്ഞില്ലല്ലോ.

വല്ലു:—മക്കളെ! ഇതുയുമൊക്കെപ്പറഞ്ഞാൽപോരേ? ഒരുമാതിരി ഉത്സവമാണു് അവിടെ നടക്കുന്നതു്. സംഗീതം, ഓടക്കുഴൽവായന, മൃദംഗവായന, വീണവായന, തമ്പോറടി, വിശേഷരീതിയിലുള്ള മല്ലയുദ്ധം എന്നുവേണ്ട മനസ്സിനും ശരീരത്തിനും ഉന്മേഷവും സന്തോഷവും തരുന്ന സകല മേളങ്ങളും അവിടെനടക്കും. ഈ വിശേഷത്തിനു മറെറാരു വിശേഷംകൂടിയുണ്ടു്. നല്ല സൗന്ദര്യമുള്ള ചെറുപ്പക്കാരികളും ചെറുപ്പക്കാരും മാത്രമായിരിക്കും ഇതൊക്കെ നടത്തുന്നതു്. സ്ത്രീയും പുരുഷനും തമ്മിൽ മത്സരമാണവിടെ. പാട്ടിലും മത്സരം, വീണയിലും മത്സരം, മൃദംഗത്തിലുംമത്സരം, മല്ലയുദ്ധത്തിലും മത്സരം. ഇങ്ങനെയുള്ള ഒരു വിശേഷം നിങ്ങൾ കണ്ടിട്ടുണ്ടോ? ഇതു കാണാൻ സാധിച്ചില്ലെങ്കിൽ നിങ്ങൾ വെറും ഭാഗ്യംകെട്ടവരല്ലേ? സമ്മതമുണ്ടെങ്കിൽ വരിൻ! നിങ്ങളെ അവർ സന്തോഷത്തോടുകൂടി സല്ക്കരിക്കും.

സിലുസേനനും ഉഗ്രസേനനും കിഴവിയുടെ പ്രസംഗംകേട്ടു് പരസ്പരം മുഖത്തുനോക്കി. ഉഗ്രസേനന്റെ മുഖത്തു് ഒരു ഉദാസീ

നതയും സിദ്ധസേനന്റെ മുഖത്തു് ഒരു ഉത്സാഹവും ആണു് സ്ഫുരിച്ചുകണ്ടതു്. "നമുക്കു് അതിനൊന്നും സമയവുമില്ല. മടങ്ങിപ്പോകാൻ വൈകി" എന്നു ഉഗ്രസേനൻ പറഞ്ഞു. സിദ്ധസേനൻ അതിനോടു് അനുകൂലിച്ചില്ല. വരട്ടേ; എന്താണിത്രധൃതി? കിഴവി പറയുന്നതിൽ കാര്യമുണ്ടു്. ഏതായാലും നമുക്കു് കിഴവിയോടൊന്നിച്ചുപോകണം. ഉടനെ മടങ്ങിപ്പോരാം എന്നായിരുന്നു സിദ്ധസേനന്റെ സമാധാനം. ഇവരുടെ സംഭാഷണം അവരുടെ മാതൃഭാഷയിലായിരുന്നതിനാൽ വൃദ്ധയ്ക്കു മനസ്സിലായില്ല.

വൃദ്ധ:—ഞാൻ വല്ലതും പുലമ്പുകയാണെന്നു നിങ്ങൾ സംശയിക്കണ്ട. കളവുപറയുന്നസ്വഭാവം എനിക്കില്ല. നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ എന്റെകൂടെവരിൻ. സ്വർഗ്ഗതുല്യമായ ഒരുസ്ഥലത്തേക്കാണു ഞാൻ ക്ഷണിക്കുന്നതു്. അതേ, ഭൂലോകത്തിലെ സ്വർഗ്ഗമാണു് ആ സ്ഥലം. ആനന്ദം തുത്തംചെയ്യുന്നതു് അവിടെയാണു്. ദേവസ്ത്രീകളെപ്പോലുള്ള സുന്ദരികളെ അവിടെക്കാണാം. ദേവവാദ്യമാണു് അവിടെ നടക്കുന്നതു്. കായും കരളും കുളുർക്കുന്നവാക്കുകൾ അവിടെക്കേൾക്കാം. അമൃതത്തിനു തുല്യമായ പാനീയങ്ങളും വിശിഷ്ടമായ ഭക്ഷ്യങ്ങളും അനുഭവിക്കാം ആനന്ദഗംഗയിൽ മുങ്ങിക്കുളിക്കണമെങ്കിൽ അവിടെ വരിൻ! ഈ സ്വർഗ്ഗസ്ഥലം നിങ്ങൾ ഇതേവരെ കണ്ടിട്ടുള്ളതിലും ഇനി കാണാനിരിക്കുന്നതിലുംവച്ചു് ശ്രേഷ്ഠവും വിശുദ്ധവുമാണു്. 'കാണാൻപോകുന്ന പൂരം പറഞ്ഞറിയിക്കണ'മെന്നുണ്ടോ? എന്റെവാക്കിൽ വിശ്വാസവും സന്തോഷവും തോന്നുന്നുണ്ടെങ്കിൽ വന്നാൽമതി. എന്തുപറയുന്നു?

സിദ്ധ:—അമ്മേ! അമ്മയുടെ വാക്കുകളിൽ ഞങ്ങൾക്കു് അവിശ്വാസമില്ല. എന്നല്ല അമ്മയുടെ വാക്കുകളിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്. കരിമ്പുതിന്നാൻ കൈക്കൂലി ചോദിക്കുന്നവരുണ്ടോ?

വൃദ്ധ:—എന്നാൽ ഇനി ഒന്നും ആലോചിക്കണ്ടാ. പോരിൻ! എത്രയും വേഗത്തിൽ അവിടെ എത്തണം. നിങ്ങളെ അവർ ബഹുമാനത്തോടും സന്തോഷത്തോടുംകൂടി സല്ക്കരിക്കും.

ഉഗ്ര:—ഒരു കായ്ക്കുംകൊണ്ടാണല്ലോ കഴപ്പം.

ഉഗ്രസേനനു് വൃദ്ധയോടു് ഒന്നിച്ചുപോകാൻ ആദ്യം തീരെ സമ്മതമില്ലായിരുന്നു. സിദ്ധസേനന്റെ ഉത്സാഹവാക്കുകളും വൃദ്ധയുടെ വർണ്ണനയും കേട്ടപ്പോൾ ഏതായാലും പോകാമെന്നു മനസാ നിശ്ചയിച്ചു.

സിദ്ധ:—നിങ്ങൾ പറയുന്നകഴപ്പം എനിക്കു മനസ്സിലായി. നമ്മൾ താമസിച്ചുചെന്നാൽ യജമാനൻ ദേഷ്യപ്പെടുമെന്നാണു

നിങ്ങൾ ഭയപ്പെടുന്നതു്. എന്നാൽ ആ ഭയം ഇന്നുവേണ്ടാ. അദ്ദേഹം ഇന്നു മടങ്ങിവരാൻ പോറേ താമസിക്കുമെന്നും, നാം അദ്ദേഹത്തെ കാത്തിരിക്കേണ്ട ആവശ്യമില്ലെന്നും, വൈകുന്നേരം വിടുതിയിൽനിന്നുമിറങ്ങുമ്പോൾ എന്നോടു പറഞ്ഞിട്ടുണ്ടു്.

ഉഗ്ര:—എങ്കിൽ പേടിക്കാനൊന്നുമില്ല. അമ്മേ! എന്നാൽ നമുക്കു പുറപ്പെടാം. അമ്മ പറയുന്ന ആ സ്ഥലത്തേക്കു് ഇവിടുന്നു് എത്രമാത്രം ദൂരം ഉണ്ടു്?

വൃദ്ധ:—നിങ്ങളുടെ ചോദ്യംകേട്ടാൽ, നിങ്ങളെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോകുന്നതു എനിക്കു് എന്തോണ്ടു കനകംകിട്ടാനായിട്ടാണെന്നു നിങ്ങൾ കരുതുകയാണെന്നുതോന്നുന്നു. നിങ്ങൾക്കു സമ്മതമുണ്ടെങ്കിൽ വന്നാൽമതി. വന്നേതീരൂ എന്നെനിക്കു നിർബന്ധമില്ല. "കരിമ്പുതിന്നാൻ കൈക്കുലി" തരണമെന്നു തോന്നുന്നല്ലോ. ഒരുതരം കണ്ടാൽകൊള്ളാവുന്ന ചെറുപ്പക്കാരാണെന്നു തോന്നിയതുകൊണ്ടു്, നിങ്ങളെപ്പോലുള്ളവർ കാണാൻ കൊതിക്കുന്ന ആ സ്ഥലത്തേക്കു ഒന്നു കൂട്ടിക്കൊണ്ടുപോകാമെന്നു വിചാരിച്ചതാണു്. അപ്പോഴത്തേയ്ക്കുണ്ടു് തലയിൽ കേറുന്നു. നിങ്ങളില്ലെങ്കിൽ വേണ്ടാ ഞാനിതാ പോണു.

എന്നുപറഞ്ഞു കിഴവി മുമ്പോട്ടുനടന്നു. സിദ്ധസേനൻ ബദ്ധപ്പെട്ടു മുമ്പിൽ കയറിത്തടുത്തു. "അമ്മേ ദേഷ്യപ്പെടരുതെ. ഞങ്ങൾക്കു ഇന്നാട്ടിൽ വലിയ പരിചയമൊന്നുമില്ല. മടങ്ങിവരാൻ വളരെ വൈകുമെങ്കിൽ യജമാനൻ അറിഞ്ഞാൽ കലശൽകൂട്ടും. അതുകൊണ്ടു ചോദിച്ചതാണു് അല്ലാതെ തെറ്റിദ്ധരിക്കരുതു്. വിശേഷിച്ചും ഞങ്ങൾ പിള്ളേരാണു്. വല്ലതും അറിവില്ലാതെ പറഞ്ഞുപോയാൽ അമ്മ ക്ഷമിക്കണം" എന്നിങ്ങനെ താണുപറഞ്ഞു.

വൃദ്ധ:—രാത്രിയിൽ എന്തൊന്നാണു നിങ്ങളെക്കൊണ്ടു് യജമാനനു വേണ്ടതു്? നിങ്ങൾ പറയുന്നതു കേട്ടാൽ നിങ്ങൾ യജമാനന്റെ അടിമകളാണെന്നു തോന്നുന്നുവല്ലോ. സ്വാതന്ത്ര്യം എല്ലാപേക്കും വേണ്ടതാണു്. യജമാനനുണ്ടെന്നുവച്ചു സ്വാതന്ത്ര്യത്തെ വിറ്റുതിന്നാറുണ്ടോ? അല്ലെങ്കിൽ അതൊക്കെ ഞാനെന്തിനന്വേഷിക്കുന്നു; നിങ്ങൾക്കു സമ്മതമുണ്ടെങ്കിൽ വരിൻ! ഇവിടുന്നു ഒരു മൂന്നുനാഴിക ദൂരമുണ്ടു്.

സിദ്ധ:—മൂന്നല്ല, മുപ്പതായാലും വേണ്ടില്ല. അമ്മ വിട്ടിക്കുന്നിടത്തു വരാൻ ഞങ്ങൾക്കു് ഒരു മടിയുമില്ല.

വൃദ്ധ:—എന്നാൽ നടക്കിൻ! ഒരുകാര്യം ഞാനിപ്പഴേ പറയാം. നിങ്ങൾ വരികയാണെങ്കിൽ ചില നിബന്ധനകളെ അനു

സരിക്കേണ്ടിവരും. അതിനു തയാറില്ലെങ്കിൽ ആ സ്വർഗ്ഗാനന്ദം അനുഭവിക്കാൻ നിങ്ങൾക്കു് സംഗതിയാവുകയില്ല.

സിദ്ധ:—അമ്മയുടെ ഏതു നിബന്ധനയും അനുസരിക്കാൻ ഞങ്ങൾ തയാറാണു്.

പരമാനന്ദത്താൽ പരവശയായ വൃദ്ധ ഉള്ളുകൊണ്ടു ഒന്നു ചിരിച്ചു. സന്തോഷഭാവം മുഖത്തു സ്പഷ്ടീഭവിച്ചു. വൃദ്ധ മുമ്പിലും ഉഗ്രസേനനും സിദ്ധസേനനും പിമ്പിലുമായി നടന്നു. കുറെദൂരംചെന്നു ഇടത്തോട്ടുതിരിഞ്ഞു ഉദ്ദേശം ഒരു മൈലോളം നടന്നു ഒരു പൂന്തോട്ടത്തിനു സമീപത്തു് എത്തി. അതിന്റെ നടുക്കുകൂടി ഒരു ചെറിയ വഴി ഉണ്ടായിരുന്നു. അതിലേ നടന്നു തോട്ടത്തിന്റെ മറേറ അതിത്തിയിൽ ചെന്നു. അവിടെ ഒരു ചെറിയ ക്ഷേത്രം കണ്ടു. അതിനു സമീപത്തായി മൂന്നു കുതിരകളെ ഒരു മനുഷ്യൻ പിടിച്ചുകൊണ്ടു് നിൽക്കുന്നുണ്ടായിരുന്നു. കുതിരകളിൽ ഒന്നു് സ്ത്രീകൾക്കു് കയറത്തക്കവണ്ണം പൊക്കം കുറഞ്ഞതായിരുന്നു. വൃദ്ധയെക്കണ്ട ഉടനെ ആ മനുഷ്യൻ മേൽപറഞ്ഞ ക്ഷേത്രത്തിനുള്ളിൽ കയറി സന്യാസികൾ ധരിക്കുന്ന രണ്ടു നെടുഞ്ചട്ട എടുത്തുകൊണ്ടു് പുറത്തുവന്നു. കിഴവി അതു വാങ്ങി, താരാനാഥന്റെ ഭൃത്യന്മാരുടെ കൈയിൽ കൊടുത്തിട്ടു ധരിക്കാൻ പറഞ്ഞു. അവർക്കു മനസ്സിൽ അല്പം വെറുപ്പും സംശയവും ജനിച്ചു, എങ്കിലും ആ ഭാവം വെളിക്കു കാട്ടിയില്ല. മാത്രമല്ല, അവരുടെ സംശയഭാവത്തെ അന്യോന്യം അറിയിക്കരുതെന്നു് അവർക്കു് രണ്ടുപേർക്കും കരുതലുണ്ടു്. അതുകൊണ്ടു വൃദ്ധയുടെ ആജ്ഞയെ ശരിക്കു നിർവ്വഹിച്ചു. എന്നാൽ അതിനേക്കാൾ സംശയജനകവും ആശ്ചര്യകരവുമായ മറെറാരാജ്ഞയെക്കൂടി നിർവ്വഹിക്കാൻ അവർ നിർബന്ധിതന്മാരായിഭവിച്ചു. അവർ നെടുഞ്ചട്ട അണിഞ്ഞ ഉടനെ വൃദ്ധ അവരോടു പറഞ്ഞു:—നമ്മൾ പോകുന്ന ആ സ്വർഗ്ഗത്തിലേക്കുള്ള വഴി നിങ്ങൾ മനസ്സിലാക്കാൻ പാടില്ല ആ വഴി എപ്പോഴും രഹസ്യമായിരിക്കേണ്ടതാണു്. എന്റെ ചില നിബന്ധനകളെ അനുസരിക്കണമെന്നു് ഞാൻ ആദ്യമെ പറഞ്ഞതു് ഓർക്കുന്നുണ്ടല്ലോ?"

ഉഗ്ര:—അമ്മ പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

നെടുഞ്ചട്ട ധരിക്കേണ്ടിവന്നപ്പോളുണ്ടായ സംശയം, വൃദ്ധയുടെ മേല്പറഞ്ഞ വാക്കുകളാൽ, ഉഗ്രസേനനു ബലപ്പെട്ടു. ഏതാണ്ടൊരു ഭയം അയാളുടെ ഹൃദയത്തെ ബാധിക്കയും ചെയ്തു. ഭാവിഫലം എന്തായിരിക്കും, എന്നയാൾ മനസാ ചോദ്യംചെയ്തു.

വൃദ്ധ:—ഇവിടെവച്ചു നിങ്ങളുടെ കണ്ണുകൾ അടച്ചുകെട്ടും. നമ്മൾ നടന്നുപോകുന്നവഴി നിങ്ങൾക്കു മനസ്സിലാകാതിരിക്കാനാ

യിട്ടുമാത്രമാണു്. ആ സ്വർഗ്ഗസ്ഥലത്തുചെന്നിട്ടേ ആ കെട്ടു് അഴിക്കാൻ പാടുള്ളൂ.

സിദ്ധ:—അമ്മേ! ഇഷ്ടംപോലെചെയ്തുകൊള്ളൂ! ഇവിടംവരെ വന്നസ്ഥിതിക്കു് ഇനി ഇതിന്റെ അവസാനം അറിയണമെന്നുതന്നെയാണെന്റെ നിർബന്ധം.

ഉഗ്രസേനൻ:—അവരുടെ നാട്ടുഭാഷയിൽ സിദ്ധസേനനോടു പറഞ്ഞു:—"കിഴവി നമ്മേ ചതിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. എന്തുകൊണ്ടോ ഞാൻ കിഴവിയെ ഭയപ്പെടുന്നു."

സിദ്ധസേനൻ അതിനു് സമാധാനമൊന്നും പറഞ്ഞില്ല. "കണ്ണു കെട്ടിക്കൊള്ളൂ അമ്മേ" എന്നു കിഴവിയോടു പറഞ്ഞു. കിഴവി രണ്ടുപേരുടേയും കണ്ണു വരിഞ്ഞുകെട്ടി. എന്നിട്ടു കഴുത്തുവരെ എത്തുന്ന ഓരോ തലച്ചുട്ടയിട്ടു" രണ്ടുപേരുടെയും മുഖംമറച്ചു.

വൃദ്ധ പൊക്കംകുറഞ്ഞ കുതിരയുടെ പുറത്തും ഉഗ്രസേനനും സിദ്ധസേനനും മറേറ രണ്ടുകുതിരകളുടെ മുകളിലും കയറി "സ്വർഗ്ഗലോക"ത്തിലേക്കു തിരിച്ചു. കിഴവി, സിദ്ധസേനന്റേയും ഉഗ്രസേനന്റേയും കുതിരകളുടെ കടിഞ്ഞാണിനെപ്പിടിച്ചുംകൊണ്ടു്, അവരുടെ മദ്ധ്യത്തിൽ തന്റെ കുതിരയെ നയിച്ചുകൊണ്ടിരുന്നു. യാത്ര അതിവേഗത്തിലല്ലെങ്കിലും തീരെ പതിഞ്ഞ മട്ടിലായിരുന്നില്ല ഒരു രമണിക്കുറോളം അവർ യാതൊന്നും സംസാരിക്കയുണ്ടായില്ല അതു കഴിഞ്ഞു് വൃദ്ധ പറയുകയാണു്:—"ഇങ്ങനെ കണ്ണുകെട്ടി ക്രൂട്ടിക്കൊണ്ടു് പോകുന്നതിനെക്കുറിച്ചു് നിങ്ങൾ വല്ലതുമൊക്കെ സംശയിക്കുന്നുണ്ടായിരിക്കാം. എന്നാൽ ആ സംശയം അടിസ്ഥാനമില്ലാത്തതാണെന്നു് നിങ്ങൾ വിശ്വസിക്കണം. ഞാൻ നിങ്ങളെക്ഷണിച്ചുകൊണ്ടു പോകുന്ന ആ സ്വർഗ്ഗത്തിലെ പരമാനന്ദം ഒരുപ്രാവശ്യം നിങ്ങൾ അനുഭവിച്ചാൽ, പിന്നീടു് എന്നും നിങ്ങൾക്കു് അവിടെ വന്നു് ആ സുഖമനുഭവിക്കണമെന്നുതോന്നും എന്നാൽ ഒരിക്കൽ ആ സുഖം അനുഭവിച്ചവർ പിന്നീടു് അവിടെ വരാൻ പാടില്ലെന്നാണു് അവിടുത്തെ ഏർപ്പാടു്. അതുകൊണ്ടാണു് ഇങ്ങനെ കണ്ണുകെട്ടി വഴി മനസ്സിലാക്കാതെ ക്രൂട്ടിക്കൊണ്ടുപോകുന്നതു്."

സിദ്ധ:—കണ്ണുകെട്ടണമെന്നു് ആവശ്യപ്പെട്ടപ്പോൾതന്നെ ഞങ്ങൾ അതു് ഊഹിച്ചുകഴിഞ്ഞു. അതിനാൽ ഞങ്ങൾക്കു് ഇതിൽ ഒരു തെറ്റിദ്ധാരണയുമില്ല.

ഈ അവസരത്തിൽ ഉഗ്രസേനന്റെ സംശയവും തജ്ജന്യമായ ഭയവും നിർമ്മൂലം അസ്തമിച്ചു. ഒരു പുതിയ ഉത്സാഹവും സന്തോഷവും അയാളെ ബാധിച്ചു.

ഉഗ്ര:—അമ്മേ! അമ്മയുടെ വാക്കുകളിൽ എനിക്കു് അതിരറ്റ വിശ്വാസവും സന്തോഷവും തോന്നുന്നു. ആ സ്വർഗ്ഗ

സ്ഥലത്തുചെന്ന് എത്തുന്നതിനകം, ഇതിനേക്കാൾ കഠിന
മായ വാഗ്വ നിബന്ധനകളും അനുസരിക്കേണ്ടിവന്നാൽ
തന്നെയും എനിക്ക് അതിൽ വൈമനസ്യം ഉണ്ടാകുന്നതല്ല.

സിദ്ധ:—അമ്മേ! ഞാനും അതുതന്നെ പറയുന്നു.

വൃദ്ധ:—ഇപ്പോൾ എനിക്കു സന്തോഷമായി. ഇപ്പോളാണു്
നിങ്ങൾ ആ സ്വർഗ്ഗസുഖത്തിനു അവകാശികളായതു്.

ഉദ്ദേശം അരമണിക്കൂറോളം അവരിങ്ങനെ ഓരോന്നു സംസാ
രിച്ചുകൊണ്ടുനടന്നു. അവസാനം ഒരുവലിയവാതിലിന്റെ മുമ്പിൽ
എത്തി. കുതിരക്കൊളമ്പുകളുടെ ശബ്ദംകേട്ട് ഒരു ഭൃത്യൻവന്നു
വാതിൽ തുറന്നു. അതുവഴി കുതിരകളെ നടത്തി മൂന്നുപേരും ഒരു
വിശാലമായ മുറ്റത്തുചെന്നിറങ്ങി. കിഴവി സിദ്ധസേനന്റെയും
ഉഗ്രസേനന്റെയും തലച്ചട്ടമാറ്റി കണ്ണുകളിലെകെട്ടഴിച്ചു. ആ
മുറ്റത്തിന്റെ നാലുചുറ്റും മനോഹരങ്ങളായ കെട്ടിടങ്ങൾ സ്ഥിതി
ചെയ്യുന്നുണ്ടായിരുന്നു. വൃത്തിയും മോടിയുമുള്ള വസ്ത്രങ്ങൾ ധരിച്ച
ഭൃത്യന്മാർ പലർ ആ സ്ഥലത്തു കാണപ്പെട്ടു. അവരിൽ ചിലർ
സിദ്ധസേനനേയും ഉഗ്രസേനനേയും ബഹുമാനപൂർവ്വം ഉപചരിച്ചു.
അവർ കയറിവന്ന കുതിരകളെ ചിലഭൃത്യന്മാർ ലായത്തിലേക്കു
നയിച്ചു. വേറേചിലർ സിദ്ധസേനനേയും ഉഗ്രസേനനേയും തെക്കു
വശത്തുള്ള കെട്ടിടത്തിന്റെ ഉള്ളിലേക്കും കൂട്ടിക്കൊണ്ടുപോയി.
വൃദ്ധ അവരുടെ ഒന്നിച്ചു പോവുക ഉണ്ടായില്ല. കെട്ടിടത്തിനകത്തു
കടന്ന ഉടനേ, മുകളിലേക്കു കയറാനായി അതിമനോഹരമായ
കോവേണികണ്ടു പലേമാതിരിയിലുള്ള വിശേഷപ്പെട്ടവിളക്കുകളും
അവിടെ പ്രകാശിക്കുന്നുണ്ടായിരുന്നു. കൂടാതെ സുഗന്ധിലങ്ങളായ
പുഷ്പമാല്യങ്ങളെക്കൊണ്ടു വിതാനിച്ചിരുന്നു. മച്ചിന്മുകളിൽനിന്നും
മനോഹരമായ സംഗീതം മുഴങ്ങിക്കൊണ്ടിരുന്നു.

എല്ലാംകൊണ്ടും സിദ്ധസേനനും ഉഗ്രസേനനും സന്തോഷ
ചാരിതാർത്ഥ്യങ്ങളാൽ പുളകാഞ്ചിതന്മാരായിഭവിച്ചു. വൃദ്ധയുടെ
വർണ്ണന പരമാർത്ഥികംതന്നെന്നു് അവർ വിശ്വസിച്ചു. ഭൃത്യന്മാർ
അവരേ വേറെ ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ആ മുറി
യിൽ വിലയുയർന്നവസ്ത്രങ്ങളും കുപ്പായങ്ങളുംമറ്റും ലോഭമില്ലാതെ
സജ്ജീകരിച്ചിരുന്നു. അതിന്റെ അടുത്തുള്ള ഒരു ചെറിയമുറിയിൽ
സ്നാനത്തിനുവേണ്ട സാമഗ്രികളും തയാറാക്കപ്പെട്ടിരുന്നു. പനി
നീർ കലർന്ന ചൂടുവെള്ളമാണു് കുളിക്കാൻ ഒരുക്കിയിരുന്നതു്.
സ്നാനാനന്തരം ലേപനംചെയ്യുന്നതിനായി മേത്തരമായ സുഗന്ധ
ദ്രവ്യങ്ങളും കൂട്ടിക്കലക്കിയ കളഭവും തയാറാക്കിയിട്ടുണ്ടായിരുന്നു.
ഭൃത്യന്മാർ സിദ്ധസേനോഗ്രസേനന്മാരെ ആ മുറിയിൽ ആക്കി
യിട്ടു് കുളിച്ചു ചന്ദനലേപനംചെയ്തു് ഇഷ്ടമുള്ള വസ്ത്രങ്ങൾ ധരിച്ചു

കൊള്ളണമെന്നും അതിനകം തങ്ങൾ മടങ്ങിയെത്തുമെന്നുംശട്ടം കെട്ടി തിരികെപ്പോന്നു.

സിദ്ധസേനനും ഉഗ്രസേനനും സന്തോഷാധിക്യത്താൽ മതി മറന്നവരായി തൃപ്തിയാവോളം സ്നാനംചെയ്തു കളഭംപൂശി അടുത്ത മുറിയിൽ കടന്നു് അവരവർക്കു് പിടിച്ച വസ്ത്രങ്ങൾധരിച്ചു തയാറായിനിന്നു. ഇതിനകം ഭൃത്യന്മാർ മടങ്ങിവന്നു്, അവരെ സോപചാരം മാളികയിലേക്കും ക്ഷണിച്ചു.

വിശാലമായ ഒരു മുറിയുടെ മുൻവശത്തുള്ള വരാന്തയിലാണു് അവർ ചെന്നുനിന്നതു്. ഒന്നരണ്ടുമണിക്കൂറോളം ആ ഭൃത്യന്മാർ സിദ്ധസേനനേയും ഉഗ്രസേനനേയും ആ വരാന്തയിലുള്ള അതിമനോഹരമായ കാഴ്ചകളെക്കാട്ടി സന്തോഷിപ്പിച്ചും ഭിത്തിയിൽ തൂക്കിയിരുന്ന ഛായാപടങ്ങളെ പരിചയപ്പെടുത്തിയും കഴിഞ്ഞുകൂടി. അതിനുശേഷം, അവർ ആ വിശാലമായ നടുമുറിയിലേക്കു ക്ഷണിക്കപ്പെട്ടു. അപ്പോൾ കൃത്യം പാതിരാവായിരിക്കും. അവർ മുറിക്കുള്ളിൽ കടന്ന ഉടനെ ആ മുറിയുടെ മുകളിൽ തൂക്കിയിരുന്ന വെള്ളികൊണ്ടുനിർമ്മിച്ചതും ചേതോഹരവുമായ ഒരു വലിയമണി 'ഘണഘണായമാനം' രണ്ടുമിനിട്ടോളം ശബ്ദിച്ചുകൊണ്ടിരുന്നു.

ആ മുറിയിൽ സുന്ദരികളായ ഒട്ടുവളരെ സ്ത്രീകൾ ഇരിക്കുന്നുണ്ടായിരുന്നു. അവരുടെ സൌന്ദര്യസമ്പത്തിയെ ഉള്ളതുപോലെ വർണ്ണിക്കാൻ ആർക്കും സുസാധ്യമല്ല. ആ വിശാലമായമുറിയുടെ അലങ്കാരമനോഹരതയും സർവ്വാംഗവിഭൂഷിതകളായ ആ കമനീയമണികളുടെ സൌന്ദര്യപൂരവും സിദ്ധസേനനെയും ഉഗ്രസേനനെയും അത്ഭുതപരതന്ത്രരാക്കിച്ചെയ്തു. ഇതു ഭൂലോകസ്വർഗ്ഗംതന്നെന്നു അവർ മനസാതീരുമാനിച്ചു. മുറിയിലെ അലങ്കാരപ്രകാരങ്ങളും അവിൽ സ്ഥിതിചെയ്യുന്ന നാരീവൃന്ദത്തിന്റെ കമനീയകാന്തിയും അവയെല്ലാം ചുറ്റും ഭിത്തികളിൽതൂക്കിയിരിക്കുന്ന നിലക്കണ്ണാടികളിൽ പ്രതിഫലിച്ചുള്ള കാഴ്ചയും അതിതൃഷ്ണയോടുകൂടി നോക്കിക്കണ്ടു് നയനങ്ങൾക്കു് ജന്മസാഫല്യത്തെ ഉളവാക്കിക്കൊണ്ടും, അവർ ഒരേനിലയിൽതന്നെനിന്നു. മുകളിൽ തൂക്കിയിരിക്കുന്ന വിലകൂടിയ ശരറാന്തലുകൾ കണ്ണാടിയിൽ പ്രതിബിംബിക്കയാലുള്ള കാഴ്ച ആരെയും ആകഷിക്കത്തക്ക ഒന്നായിരുന്നു. അവയിലെ ദീപപ്രകാശം സൂര്യപ്രകാശത്തെ അതിശയിക്കുന്നതും ചന്ദ്രപ്രകാശംപോലെ കുളിർമ്മയുള്ളതുമായിരുന്നു. ആ പ്രകാശത്തിൽ, സ്ത്രീകൾ അണിഞ്ഞിരിക്കുന്ന മുത്തുമാലകളും രത്നപ്പതക്കങ്ങളും അതിജാജ്വല്യമാനങ്ങളായി തിളങ്ങിക്കൊണ്ടിരുന്നു. സ്ത്രീകൾ ധരിച്ചിരിക്കുന്ന പട്ടുവസ്ത്രങ്ങളിലെ സ്വർണ്ണക്കസവുകളും ശരറാന്തലുകളിൽ ചുറ്റും ഘടിപ്പിച്ചിരിക്കുന്ന സ്ഫടികത്തുക്കുകളുടെ വിവിധവർണ്ണത്തിലുള്ള

രശ്മികൾ ഏറെയും അംഗീകാരാർഹമായി ഭവിച്ചു. അത്യുൽകൃഷ്ട മനോഹരസാധനങ്ങളെക്കൊണ്ടുള്ള മേശയലങ്കാരങ്ങൾ. നാലുനിലക്കണ്ണാടികളിലും പ്രതിഫലിക്കുന്നവയുംപ്പെടെ എട്ട സ്ഥലത്തു കാണപ്പെട്ടു. ആ മേശകളിൽ സജ്ജമാക്കിയിരുന്ന സുഗന്ധദ്രവ്യങ്ങൾ കലർന്നുള്ള കളഭക്കട്ടകളുടെ സുഗന്ധം സർവ്വത്രവ്യാപിച്ചിരിക്കുന്നു. സുരഭിലങ്ങളായ പുഷ്പമാല്യങ്ങളെക്കൊണ്ടു് മുറിയുടെമേൽ ഭാഗം കമനീയമായി അലങ്കരിക്കപ്പെട്ടിരുന്ന മേൽഭാഗത്തു് ഒത്ത മദ്ധ്യത്തിലായി പനിനീർവീശിയന്ത്രം അനധ്യായമില്ലാതെ കറങ്ങി എല്ലാഭാഗത്തും പനിനീർ വർഷിച്ചുകൊണ്ടിരുന്നു.

മുറിയിൽ ഉണ്ടായിരുന്ന സ്ത്രീകൾ വൃഥാ കാലക്ഷേപംചെയ്കയല്ല, ചിലർ പാടുകയും ചിലർ നൃത്തംചെയ്കയും മറുചിലർ വീണവായിക്കുകയും വേറെചിലർ ഓടക്കുഴലൂതുകയും ഇനി ചിലർ മൃദംഗം വായിക്കുകയും പിന്നെച്ചിലർ കൈമണി പ്രയോഗിക്കുകയും ഇങ്ങനെ നാനാപ്രകാരങ്ങളായ വിനോദകലകളിൽ അവരവർക്കുള്ള വൈദഗ്ധ്യത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കയാണു ചെയ്തതു്. ഈ ദുശമായ കാഴ്ചകൾ സിദ്ധസേനനെയും ഉഗ്രസേനനെയും അപഹസ്തചിത്തവൃത്തികളാക്കിച്ചെയ്കയും ഇതു ഭൂലോകസ്വർഗ്ഗംതന്നെന്നു അവർ തിരുമാനിക്കുകയും ചെയ്തതിൽ ആശ്ചര്യപ്പെടാനുണ്ടോ?

സ്ത്രീകൾ എത്രപേരുണ്ടായിരുന്നുവോ അത്രയും പുരുഷന്മാരും ആ മുറിയിൽ ഉണ്ടായിരുന്നു എന്നുമാത്രമല്ല, അവർ സ്ത്രീകളുടെ വിനോദങ്ങളിൽ പങ്കുകൊള്ളുകകൂടിച്ചെയ്തിരുന്നു. നമ്മുടെ സേനന്മാരുടെ ദൃഷ്ടി സ്ത്രീകളിൽമാത്രമല്ലാതെ, ആ പുരുഷന്മാരിൽ പതിയാഞ്ഞതുകൊണ്ടാണു് നമുക്കും അവരെക്കണ്ടെത്തുവാൻ താമസംനേരിട്ടതു്. അപ്രകാരം അവരുടെദൃഷ്ടി പുരുഷന്മാരിൽപ്രവർത്തിക്കാഞ്ഞതു്, അവരും (പുരുഷന്മാരും)സ്ത്രീകളെപ്പോലെസൗന്ദര്യവും വിശിഷ്ടവസ്ത്രാഭരണാദികളും ഇല്ലാത്തവരായതുകൊണ്ടല്ലെന്നും, സ്ത്രീവൃന്ദത്താൽ നിഗ്രഹം അപഹരിക്കപ്പെട്ടതുകൊണ്ടാണെന്നും ധരിച്ചില്ലെങ്കിൽ ആ പുരുഷന്മാരെ നാം അനാദരിക്കുകയായിരിക്കും. ആ യുവാക്കന്മാർക്കു സ്ത്രീകളെക്കാണുന്നതിനല്ലാതെ പുരുഷന്മാരെക്കാണുന്നതിനു കൌതുകം ജനിച്ചില്ലെന്നുവച്ചു നമുക്കു അവരെ (ആ പുരുഷന്മാരെ) അനാദരിക്കുവാൻ പാടില്ല.

ആ സ്ത്രീകളുടെ സൗന്ദര്യത്തെ വർണ്ണിക്കാൻ പ്രയാസമാണെന്നു പറഞ്ഞൊഴിഞ്ഞതുകൊണ്ടു വായനക്കാരിൽ ചിലർക്കെങ്കിലും എന്നോടു മുഷിച്ചിൽ തോന്നാനിടയുണ്ടു്. മാന്യന്മാരായ വായനക്കാരുടെ മുഷിച്ചിൽ സമ്പാദിക്കാൻ എനിക്കിഷ്ടമില്ല. എന്നാൽ, പഞ്ചസാരയും ഏറെ ഭക്ഷിച്ചാൽ ചെടിപ്പു ഉണ്ടാകുന്നതുപോലെ, അംഗനാവർണ്ണനശ്രവണത്താൽ ഒരുഭാഗം വായനക്കാർ വിരക്തി

മൂലം പുനഃശ്രവണത്തിൽ വിമുഖന്മാരാണെന്നു വന്നേക്കാം. ആ പട്ടികയിൽ ചേർന്നവർ അല്പസമയത്തേക്കു ചെവിപൊത്തി ക്ഷമിച്ചിരിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു്, പരിഭവിച്ചിരിക്കുന്നവരുടെ മുഷിച്ചിൽതീർക്കാൻ യാവത്ശക്യം ശ്രമിക്കട്ടെ! സൗന്ദര്യ്യങ്ങൾ എല്ലാംതന്നെ ചേതോഹരങ്ങളാണെങ്കിലും അവയുടെ പ്രകാരഭേദങ്ങളുണ്ടെന്നും ഏതൊരു പ്രകാരത്തിലുള്ള സൗന്ദര്യ്യവും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ ദൃഷ്ടാക്കളെ ആനന്ദിപ്പിക്കുമെന്നും ഉള്ളതു നിർവിവാദമാണല്ലോ. നമ്മുടെ വർണ്ണനയുടെ വിഷയീഭവിച്ചിരിക്കുന്ന സ്ത്രീകൾ എല്ലാവരും സൗന്ദര്യ്യവതികളാണെന്നുള്ളതിൽ ആക്ഷേപമില്ല. എന്നാൽ ഓരോരുത്തരുടെയും സൗന്ദര്യ്യം ഓരോ പ്രകാരത്തിലാകുന്നു. പൊതുവേ ഒരു മുഖശ്രീ എല്ലാപേർക്കുമുണ്ടു്. വിശേഷവിധിയായിപ്പറവാനുള്ളതു് അവയവങ്ങളിലുള്ള സൗന്ദര്യ്യഭേദങ്ങളെ ആസ്പദീകരിച്ചാണു്. ഒരുത്തി കചഭാരത്താൽ മനോഹരയെങ്കിൽ മറ്റൊരുത്തി കചഭാരത്താൽ ചേതോഹരയാണു്. വേറൊരുത്തി വർണ്ണവിശേഷത്താൽ മനോഹരയെങ്കിൽ ഇനിയൊരുത്തി കണ്ണഭംഗിയാൽ ചേതോഹരം. പിന്നെയൊരുത്തി നിതംബത്തിന്റെ സ്ഥൂല്യംകൊണ്ടെങ്കിൽ വീണ്ടുമൊരുത്തി ശ്രോണിയുടെ ശൗഷ്ക്ക്യംകൊണ്ടും. ഒരുവൾ നാസാഭംഗികൊണ്ടെങ്കിൽ അപര നയനദൈർഘ്യംകൊണ്ടും. മറ്റൊരുവൾ അധരശോഭകൊണ്ടെങ്കിൽ വേറൊരുവൾ ദന്തകാന്തികൊണ്ടും. ഇനിയൊരുവൾ മന്ദഹാസത്താലെങ്കിൽ പിന്നെയൊരുവൾ മന്ദഗമനത്താലും. ഒരുത്തി അളകാവലികൊണ്ടെങ്കിൽ മറ്റൊരുത്തി പുരികക്കൊടികൊണ്ടും. വേറൊരുത്തി നാഭിക്കുഴികൊണ്ടെങ്കിൽ ഇനിയൊരുത്തി രോമച്ചുഴികൊണ്ടും മനോഹരകളാണു്. ഇപ്രകാരം അന്യോന്യവിരുദ്ധങ്ങളായ സൗന്ദര്യ്യവിശേഷങ്ങളാൽ പ്രസ്തുത സ്ത്രീകൾ എല്ലാവരും പുരുഷഹൃദയത്തെ വശീകരിക്കത്തക്ക ശക്തിയുള്ളവരായിരുന്നു.

ചിലർ കന്തളഭാരത്തെ അഴിച്ചിട്ടും ചിലർ ചീകിമിനുക്കിക്കെട്ടിവച്ചും ചിലർ പുഷ്പമാല്യം ഗളത്തിലണിഞ്ഞും ചിലർ ചികുരഭാരത്തിൽ തിരുകിയും ചിലർ മൂടുപടം ധരിച്ചും ചിലർ ധരിക്കാതെയും ചിലർ മാറുപകുതിമറച്ചും ചിലർ നിശ്ശ്വേഷം മറച്ചും ഇങ്ങനെ ഓരോ പ്രകാരത്തിൽ ഓരോരുത്തരും അവരവരുടെ വിനോദങ്ങളിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഒരു സംഗതിയിൽമാത്രം ഇവരിൽ ഐകരൂപ്യം കാണുന്നുണ്ടായിരുന്നു. പുരുഷമനസ്സിനെ രാഗപരവശമാക്കിച്ചെയ്യത്തക്ക ഒരു ശക്തിവിശേഷം അവരുടെ സർവ്വഭാവനകളിലും അന്തർഭവിച്ചിരുന്നു എന്നുള്ളതിലാണതു്. ഈ ശക്തിക്കു വിധേയന്മാരായിഭവിച്ച സിദ്ധസേനനും ഉഗ്രസേനനും

അതാ ശരീരസൗന്ദര്യമുറ്റുനിൽക്കുന്ന ജീവച്ഛവങ്ങളായി, രണ്ടു ശിലാപ്രതിമകളെന്നോണം നിശ്ചേഷ്ടന്മാരായി നില്ക്കുന്നു. കുറെ നിമിഷങ്ങൾക്കുശേഷം എന്തോ ഒരു പുതിയ ശക്തിയാൽ എന്നപോലെ അവർ ഞെട്ടിയുണർന്നു ചുറ്റുപാടും കണ്ണോടിക്കുന്നു. എന്തെല്ലാം ഭിക്ഷുകളിൽക്കൂടി ഓടിച്ചാലും അക്കണ്ണുകൾ വന്നു നിൽക്കുന്നതു നാരീവൃന്ദസങ്കേതത്തിലല്ലാതെ മറ്റെങ്ങുമല്ല. വീണ്ടും അവിടുന്നു നടത്തി അപരസ്ഥാനങ്ങളിലേക്കു നയിക്കുകയും നിമിഷാന്തരത്തിൽ സങ്കേതത്തെ പ്രാപിക്കുകയും ചെയ്യുന്നു.

അവിടെക്കൂടിയിട്ടുള്ള പുരുഷന്മാരും സുമുഖന്മാരാണെന്നു മേൽ പ്രസ്താവിച്ചുവല്ലോ. അവർ സ്ത്രീകളുടെ വിനോദങ്ങളിൽപങ്കുകൊള്ളുകയാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ അതു മുഴുക്രെടിവിശദമാക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾ സൗന്ദര്യത്തിലെന്നപോലെ പ്രായത്തിലും വ്യത്യസ്തകളാണു്. പതിനഞ്ചുവയസ്സിനുമേൽ നാല്പതുവരെ ഓരോ പ്രായത്തിലുമുള്ളവരുണ്ടു്. യൌവനസോപാനത്തിന്റെ അടിപ്പടിയിൽ കാലുകുത്തിയവരും മദ്ധ്യത്തിൽ കയറിയവരും അഗ്രത്തിലെത്തിയവരും അവിടം കടന്നവരും ഇങ്ങനെ പലേതരത്തിലുമായിക്കാണപ്പെടുന്നു. സ്ത്രീകളുടെതരം അനുസരിച്ചു ഓരോരുത്തർക്കും യോജിച്ച പ്രായത്തിലുള്ള പുരുഷന്മാർ ഒരുസ്ത്രീക്കു് ഒരു പുരുഷൻ എന്ന വ്യവസ്ഥപ്രകാരം, അവരുടെ വിനോദങ്ങളിൽ പങ്കുകൊള്ളുകയാണു ചെയ്യുന്നതു്.

ചില സ്ത്രീകൾ ഈ വിനോദങ്ങളിലൊന്നും ഏർപ്പെടാതെ അവരവരുടെകാമുകന്മാരോടുകൂടി അവിടവിടെ സൈരഭാഷണം നടത്തിക്കൊണ്ടിരുന്നു. ചിലസ്ത്രീകൾ തങ്ങളുടെ കാമുകന്മാരുടെ കൈകോർത്തുപിടിച്ചുകൊണ്ടു് അങ്ങിങ്ങു ലാത്തിക്കൊണ്ടിരുന്നു. ചിലർ കാമുകന്മാരുമായി ഒന്നിച്ചിരുന്നു ലഘുഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. ഏതാദൃശമായ കാഴ്ചകളാൽ സിദ്ധസേനനും ഉഗ്രസേനനും ആശ്ചര്യാനന്ദപുളകിതന്മാരായി നില്ക്കവേ, രാജോചിതമായവേഷധാരണത്തോടുകൂടി മദ്ധ്യവയസ്സായ ഒരുസ്ത്രീരത്നവും, അഭിജാതതയെ സൂചിപ്പിക്കുന്ന മുഖഭാവത്തോടുകൂടി അതിവികോമളനും വേഷഭ്രഷ്ടാടികളാൽ അലംകൃതനുമായ ഒരു പുരുഷനും "ഹസ്തേനഹസ്തമലമാത്തസുഖം ഗൃഹീതാ" ആ മുറിക്കുള്ളിൽ ആവിർഭവിച്ചു. സിദ്ധസേനന്റെയും ഉഗ്രസേനന്റെയുംദൃഷ്ടി തൽക്ഷണം ഈ പുതിയ മിഥുനത്തിൽ പതിഞ്ഞു. എത്രവലിയ ആൾക്കൂട്ടത്തിലും ഇവരെ ഒന്നു പ്രത്യേകിച്ചു നോക്കാതിരിക്കാൻ ആർക്കും സാധിക്കുന്നതല്ല. ആ പുരുഷൻ ഒരു നാടുവാഴിയുടെ ചിഹ്നങ്ങളോടുകൂടി കാണപ്പെട്ടു. സ്ത്രീയുടെ പ്രൌഢഗംഭീരമായ മുഖഭാവവും തുടിച്ചതുമായ സൗന്ദര്യവിലാസവും ആർക്കും ആനന്ദദർശനമാണെന്നതിനു

രയ്ക്കും. ഇവർ രണ്ടുപേരും അകത്തുപ്രവേശിച്ച ഉടനേ ആ സ്ത്രീപുരുഷന്മാർ സ്വസ്വവിനോദകർമ്മങ്ങളിൽനിന്നു വിരമിച്ചു. തങ്ങൾതങ്ങൾക്കുള്ള ഭക്തിബഹുമാനാദരങ്ങളെ പ്രകാശിപ്പിക്കയാൽ ആ സമ്മേളനത്തിന്റെ നായകത്വം ഇവരിൽ സ്ഥിതിചെയ്യുന്നതായി ഊഹിക്കാം.

ആഗതയായസ്ത്രീക്ക് ഉദ്ദേശം നാല്പതുവയസ്സുപ്രായം മതിക്കും. വയസ്സുവർദ്ധിക്കുന്തോറും സൌന്ദര്യവും വളർന്നുകൊണ്ടിരിക്കുന്നു എന്നുവേണം പറവാൻ. യൌവനത്തോടുകൂടി സിദ്ധിച്ച ഇളം സൌന്ദര്യം, യൌവനാന്ത്യത്തിൽ അവസാനിക്കുകയില്ല അവസാനമില്ലാത്തവിധം വളർന്നുവളർന്നു മൂർദ്ധന്യതയെ പ്രാപിക്കുകയും ഇനിയും വളരാനുണ്ടെന്നുള്ള ഭാവനയെ സൂചിപ്പിക്കുകയുംചെയ്യുന്നു. അവയവങ്ങൾക്കുള്ള അനുയോജ്യത ഒന്നുവേറേതന്നെയാണു്. സ്തനഭാരങ്ങൾ ഈപ്രായത്തിലും, "കുന്നോക്കും കുളിർകൊങ്ക"യെന്ന കവിവർണ്ണനയെ ദൃഷ്ടാന്തീകരിക്കുന്നുണ്ടു്. നടത്തയും ഭാവനയും മറ്റും പതിനെട്ടുകഴിഞ്ഞിട്ടില്ലാത്ത നവയൌവനത്തെ സൂചിപ്പിക്കുന്നു. കൊഴുത്തിരുണ്ട സ്നിഗ്ധമായ ചികുരഭാരത്തിൽ ഒരൊറ്റനരപോലുംകാണ്മാനില്ല.

ആഗതനായ പുരുഷനും സ്ത്രീയുടെ വയസ്സുതന്നെ മതിക്കാം. ഒരുപക്ഷേ, ഒന്നോ രണ്ടോ ക്ലൃപ്തലുണ്ടെന്നും വന്നേയ്ക്കാം. സുമുഖനായ ആ മനുഷ്യൻ ഒരു ലമ്പടനാണെന്നു് സാമുദ്രികാശാസ്ത്രജ്ഞന്മാർക്കു് അനായാസേന മനസ്സിലാകുന്നതാണു്. കാശ്മീരത്തിലൊ ശ്രീപുരത്തിലോ ഉള്ള ഒരു ഇടപ്രഭുവോ ഒരു വലിയ ജന്മിയോ മറ്റോ ആണെന്നാണു തോന്നുന്നതു്. ഏതൊന്നായാലും ഈ മഹാൻ ആ സ്ത്രീയുടെ ഭർത്തൃപദത്തിനു് അവകാശിയല്ലെന്നുള്ളതു നിശ്ചയമാണു്. ആ സ്ത്രീയുടെ അപൂർവ്വതയെ സദാ യാചനം ചെയ്യുന്ന ഒരു കുറി ആ മഹാന്റെ മുഖത്തു് സ്ഥിരമുദ്രിതമായി കാണപ്പെടുന്നതു് അതുകൊണ്ടാണല്ലോ.

ആ മുറിക്കകത്തുണ്ടായിരുന്ന സ്ത്രീകളിൽ സൌന്ദര്യോൽക്കർഷത്താൽ അഗ്ര്യസ്ഥാനത്തിനു നിശ്ശങ്കാവകാശിയായവൾ ഒരു യുവതീരത്നമാണു്. ജഗന്മോഹിനിയായ ആ തരുണിയാണു് സിദ്ധസേനന്റെയും ഉഗ്രസേനന്റെയും ശ്രദ്ധാകേന്ദ്രികളെതികച്ചും കവർന്നതു്. വിലമതിക്കാൻപാടില്ലാത്ത സ്വർണ്ണരത്നാഭരണങ്ങൾ ലോഭമില്ലാതെ അണിഞ്ഞും വിശിഷ്ടവസ്ത്രം ധരിച്ചും നൈസർഗ്ഗികമായ സൌന്ദര്യത്തെ ശതഗുണീകരിച്ചു് വിളങ്ങുന്ന ആ യുവതി ഒരു ഉത്തമകുലജാതയാണെന്നു ഒരു നോട്ടത്തിൽതന്നെ തീർച്ചപ്പെടുത്താം. ഉത്സാഹജനകവും ആനന്ദഭരിതവുമായ ഈ മഹോത്സവാവസരത്തിലും ചിരസ്ഥായിയായ ഒരു വിഷാദചിഹ്നം അവളുടെ മുഖത്തു് അതിസൂക്ഷ്മമായി കാണപ്പെടുന്നു. അവൾ ചുറ്റും

നടക്കുന്ന കാഴ്ചകൾ ഏതാണ്ടൊരലക്ഷ്യഭാവത്തിൽ വീക്ഷിക്കുന്നുണ്ടെന്നല്ലാതെ ആ കാഴ്ചകൾ കണ്ടു തൃപ്തിപ്പെടുകയാകട്ടെ, ആ വിനോദങ്ങളിൽ പങ്കുകൊള്ളുകയാകട്ടേ ചെയ്യുന്നില്ല; മുറിയുടെ ഒരു ഒഴിഞ്ഞ ഭാഗത്തായി സുന്ദരിയായ ഒരു തോഴിയോടുകൂടി നിർബാധം സ്ഥിതിചെയ്യുന്നു. കൈയിൽ ഉള്ള വിചിത്രമായ ഒരു വിശറി കൊണ്ടു് ക്ഷീണത്തോടെ വിശിയും തോഴിയുമായി പരിഞ്ഞ സ്വരത്തിൽ സംഭാഷണം നടത്തിയും കഴിഞ്ഞുകൂടുന്നു. മേൽപറഞ്ഞ ഗൃഹനായികാഗമനത്തിൽ, മറ്റുള്ളവരെപ്പോലെ ഈ വിശിഷ്ടസുന്ദരി ബഹുമാനാദരങ്ങളെ പ്രകാശിപ്പിക്കയുണ്ടായില്ല.

ഗൃഹനായികയും ആ മഹാപുരുഷനും മുറിക്കുള്ളിൽ പ്രവേശിച്ചു് ഉടനെ സിദ്ധസേനനും ഉഗ്രസേനനും അവിടെ നിൽക്കുന്നതുകണ്ടു് അവരുടെ സമീപത്തേക്കു ചെന്നു. സേനദ്വയം അവരെ ഉറ്റു നോക്കുന്നതിനിടയ്ക്കു് ഗൃഹനായിക പറഞ്ഞതാവിതു്:— "മാന്യയുവാക്കന്മാരെ! എന്റെ സ്വാഗതവചനത്തെ ആദ്യമായി നിങ്ങളെ അറിയിക്കുന്നു. എന്റെ ഗൃഹത്തിൽ നിങ്ങളുടെ സാന്നിദ്ധ്യമുണ്ടായതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഇവിടുത്തെ ഉത്സവത്തിൽ പങ്കുകൊണ്ടു സുഖിക്കുന്നതിനും ആനന്ദിക്കുന്നതിനും സുമുഖന്മാരായ നിങ്ങൾ അഛ്ഛന്മാരാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഉത്സവത്തിൽ സംബന്ധിക്കുന്നതിനുമുമ്പു് നിങ്ങൾ ചില നിബന്ധനകളെ അനുസരിക്കേണ്ടതായിട്ടുണ്ടു്. അതിലേക്കായി നിങ്ങൾ രണ്ടുപേരും എന്നോടൊന്നിച്ചുവരുവിൻ!"

ഗൃഹനായിക, ആ മഹാപുരുഷന്റെ ഹസ്തത്തിലെ പിടിവിട്ടിട്ടു സിദ്ധസേനനെയും ഉഗ്രസേനനെയും കൂട്ടിക്കൊണ്ടു്, ആ വിശാലമായ മുറിയുടെ ഒരു ഭാഗത്തുള്ള വാതിൽതുറന്നു് മറെറാരു മുറിയിൽ കടന്നു. ആ മുറിയും മറേറ മുറിയേപ്പോലെതന്നെ കമനീയമായി അലങ്കരിച്ചിരുന്നു. അപ്രകാരമുള്ള പലേ മുറികളും കടന്നു് ഒരു യുവന്ന യവനികയാൽ ആച്ഛാദനം ചെയ്യപ്പെട്ട ഒരു കവാടത്തിന്റെ മുമ്പിൽ ചെന്നുനിന്നു. ഗൃഹനായിക യവനികമാററിയുടനെ ലഘുഭക്ഷണോചിതമായ പലവക സാധാനങ്ങളും അവിടെ സജ്ജീകരിച്ചിരുന്നതു സിദ്ധസേനനും ഉഗ്രസേനനും കണ്ടു, തങ്കത്താലങ്ങളിൽ അസുലഭങ്ങളായ പലമാതിരിയുള്ള ഫലവർഗ്ഗങ്ങളും പലഹാരവിശേഷങ്ങളും സംഭരിച്ചിട്ടുണ്ടായിരുന്നു. സ്വാദിഷ്ടമായ പാനീയങ്ങൾ സ്ഫടികപ്പാത്രങ്ങളിൽ സജ്ജമാക്കിയിരുന്നു. ഗൃഹനായിക ആ മുറിയുടെ ഒരു ഭാഗത്തുള്ള മറെറാരു വാതിൽ തുറന്നു് അനുയായികളായ സേനന്മാരെ അരികിലേക്കു ക്ഷണിച്ചു് അതിനുള്ളിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടു. അവർ യാതൊരു ക്ലേശവും കൂടാതെ ആ ചെറിയ മുറിയിൽ കടന്നതും രണ്ടുപേരും ഞെട്ടിഭയ

സൂചകമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പിന്നോക്കംമാറിയതും ഒന്നിച്ചുകഴിഞ്ഞു. അവിടെ ഒരു ചെറിയ വിളക്കു് ഉദാസീനമായി പ്രകാശിച്ചുകൊണ്ടിരുന്നു. സിദ്ധസേനനും ഉഗ്രസേനനും ഭീതരായി നിലവിളിച്ചു പിൻവാങ്ങിയതുകണ്ടു്, കോപാവേശത്താട്ടക്രുടി കണ്ണുകളിൽ കോപാഗ്നികണങ്ങൾ സ്ഫുരിച്ചുകൊണ്ടു് ഗൃഹനായിക ഉച്ചസ്വരത്തിൽ ചോദിച്ചു:—ഭീരുക്കളെ! ഇത്രഭീരുക്കന്മാരാണെങ്കിൽ എന്റെ ഗൃഹത്തിൽ എന്തിനു കടന്നു? "ഇല്ല; ഞങ്ങൾ ഭീരുക്കളല്ല. എന്നാൽ മനുഷ്യരോടല്ലേ ഞങ്ങൾക്കു പെരുമാറാൻ കഴിയൂ?" എന്നു കോപസ്വരത്തിൽ സിദ്ധസേനൻ ചോദിച്ചു

"അതേ, പ്രതിമകളോടു പെരുമാറാൻ ഞങ്ങൾ തയ്യാറല്ല" എന്നു് ഉഗ്രസേനനും ധൈര്യമായിപ്പറഞ്ഞു.

രണ്ടുപേരും പടിക്കു പുറത്തിറങ്ങുകയും ചെയ്തു. ഗൃഹനായിക പെട്ടെന്നു് അകത്തുകടന്നു്, "മയ്യാദയ്ക്കു് അകത്തുകയറുവിൻ! ഞാൻ നിങ്ങളോടു കല്പിക്കുകയാണു്." എന്നു് അധികാരസ്വരത്തിൽ ഗർജ്ജിച്ചു പറഞ്ഞു. ആ വാക്കുകളിൽ അവർക്കു് ആപത്തുകൾ ജനിച്ചു എങ്കിലും അവർ ധൈര്യത്തെ അശേഷം കൈവിട്ടില്ല. ഈ മുറിക്കകത്തുകടന്നാൽ എന്തെങ്കിലും അപകടമുണ്ടാകുമെന്നു് അവർ തീർച്ചപ്പെടുത്തി; ഗൃഹനായികയുടെ കല്പനയെ തൃണവൽ ഗണിച്ചു് അതേനിലയിൽതന്നെ നിന്നു. അവരുടെ ആജ്ഞാനിഷേധവും അലക്ഷ്യഭാവവും ഗൃഹനായികയുടെ ദുസ്സഹമായ കോപത്തെ ജനിപ്പിച്ചു. പുരികങ്ങളെ കോട്ടിപ്പിച്ച കോപാഗ്നി ചിതറുമാറു കണ്ണുകളുരുട്ടിക്കൊണ്ടു വീണ്ടും പറഞ്ഞു: "മയ്യാദയ്ക്കു് അകത്തുകയറുവിൻ! ഞാൻ നിങ്ങളോടു രണ്ടാമതും കല്പിക്കുകയാണു് മൂന്നാമതും കല്പിക്കാൻ ഇടയാക്കരുതു്! അതിനിടയായാൽ നിങ്ങൾ "അംഗനാമുംബനം" അനുഭവിക്കും. ഈ അയഃപ്രതിമകളുടെ ആശ്ലേഷമുംബനത്തിനു നിങ്ങൾ പാത്രീഭവിക്കും.

"നാം ഭയങ്കരമായ ഒരാപത്തിലാണല്ലോ അകപ്പെട്ടിരിക്കുന്നതു്" എന്നു ഉഗ്രസേനൻ സിദ്ധസേനനോടു സ്വഭാഷയിൽ പറഞ്ഞു.

"എന്നിരുന്നാലും നാം ധൈര്യത്തെ വിടരുതു്. നാം ഈവിഷയത്തിൽ ഇത്രത്തോളം സംബന്ധിച്ച സ്ഥിതിക്കു് ഇനി പിൻവാങ്ങുന്നതു ഭീരുത്വമാണു്. പിൻവാങ്ങാൻ നിവൃത്തിയുമില്ല. ഇങ്ങനെയുള്ള ആപൽഘട്ടത്തിലാണു് ധൈര്യപൂർവ്വം പുരുഷത്തെ വെളിപ്പെടുത്തേണ്ടതു്." എന്നായിരുന്നു സിദ്ധസേനന്റെ സമാധാനം.

"ശരി, അങ്ങനെയാവട്ടെ. മരണത്തേക്കാൾ വലിയ ആപത്തു എന്തിരിക്കുന്നു? മരിച്ചാലും ധൈര്യത്തെ കൈവിടരുതു്. അകത്തുകടക്കാം, എന്താണു സംഭവിക്കുന്നതെന്നു് അറിയാം" എന്നു് ഉഗ്രസേനൻ സമ്മതിച്ചു പറഞ്ഞു.

"ഞാനിതാ മൂന്നാമതും കല്പിക്കുന്നു" എന്നു ഗ്രഹനായിക പറഞ്ഞവസാനിക്കുംമുമ്പു് അവർ അകത്തുകയറി. അതേക്ഷണത്തിൽ ആ വാതിലിന്റെ കതകുകൾ താനേ അടയ്ക്കപ്പെട്ടു. കോമളന്മാരായ ആ യുവാക്കന്മാരും അതിസുന്ദരിയായ ഗ്രഹനായികയും മുറിക്കുള്ളിൽ ഉണ്ടെന്നല്ലാതെ അവിടെ എന്തു സംഭവിക്കുന്നു എന്നു നമുക്കു് അറിയാൻ കഴിയുന്നതല്ലല്ലോ.

അരനാഴികയോളം കഴിഞ്ഞു വാതിൽതുറന്നു ഗ്രഹനായിക സിദ്ധസേനനെ വലത്തേകൈയിലും ഉഗ്രസേനനെ ഇടത്തേകൈയിലും പിടിച്ചുകൊണ്ടു് വെളിയിൽവന്നു. സേനന്മാർ ക്ഷീണപരവശന്മാരായും മുഖത്തു രക്തലാഞ്ഛനമില്ലാത്തവരായും കാണപ്പെട്ടു. ഗ്രഹനായികയുടെ അവസ്ഥ തദ്വിപരീതമായിരുന്നു. മന്ദഹാസാനുവിദ്ധമായമുഖത്തു് സന്തോഷവും സംതൃപ്തിയും കൂടികൊണ്ടിരുന്നു. യുവാക്കന്മാരോടുള്ള പെരുമാറ്റം സ്നേഹമസൃണവും ദയാപൂരിതവുമായിരുന്നു. മുൻചൊന്ന ഭക്ഷണസാധനങ്ങൾ സജ്ജീകരിച്ചിരുന്ന മേശയുടെ അരികിലേക്കു് അവരെ ക്ഷണിച്ചുകൊണ്ടുചെന്നിരുത്തി. മധുരഫലങ്ങളും പാനീയവിശേഷങ്ങളും നല്ലനല്ല പലഹാരങ്ങളും വേണ്ടുവോളം അവരുടെ മുമ്പിലേക്കു നീക്കിവച്ചു, അല്പം ഓരോന്നായി എടുത്തു് അവരുടെ കൈയിൽകൊടുത്തു. വിശപ്പും ക്ഷീണവുംകൊണ്ടു അത്യന്തപരവശന്മാരായ സേനന്മാർക്കു് ആ സല്ക്കാരം ഒരു വലിയ അനുഗ്രഹമായിത്തോന്നിയതിൽ ആശ്ചര്യപ്പെടാനില്ല. അവർ ഫലവസ്തുക്കളുംമേറും ഭക്ഷിച്ചു പാനീയങ്ങളും കുടിച്ചു തൃപ്തന്മാരായി. എന്നിട്ടും അവശേഷം ഒട്ടുവളരെ ആളുകൾക്കു ഉപയോഗിക്കാനുംവേണ്ടിയുണ്ടായിരുന്നു. ഭക്ഷണാനന്തരം, അവരുടെ നഷ്ടപ്പെട്ടശക്തിയും ഉന്മേഷവും വീണ്ടുകിട്ടി എന്നുമല്ല, പാനീയവിശേഷം ഒരു പുതിയ ഉത്സാഹവും കരുത്തും അവരിൽ അങ്കുരിപ്പിക്കുകയുംചെയ്തു. പാണ്ഡുരച്ഛായയെ അവലംബിച്ചിരുന്ന അവരുടെ വിലക്ഷണമുഖം ഇപ്പോൾ പൂർവ്വാധികം തേജോമയമായിക്കാണപ്പെട്ടു. ആനന്ദജന്യമായ മന്ദഹാസം സ്ഫുരിക്കുകയുമുണ്ടായി. സന്ധിബന്ധങ്ങൾക്കു ഉറപ്പും ബലവും ഉള്ളവയായി. അവർ കൃതജ്ഞതാസൂചകമായ മുഖഭാവത്തോടുകൂടി ഗ്രഹനായികയെനോക്കിപ്പറഞ്ഞു:—മാന്യേ! ദേവിയുടെ കല്പനയെ അനുസരിക്കാൻ ഞങ്ങൾ വൈമുഖ്യംകാട്ടിയതിൽ ഇപ്പോൾ പശ്ചാത്തപിക്കുന്നു. ഞങ്ങളുടെ ആ തെറ്റിനെ ഗുണവതിയായ ദേവി അനുഗ്രഹബുദ്ധ്യാ ക്ഷമിക്കണമെന്നു് അപേക്ഷിക്കുകയും ക്ഷമിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഈ കെട്ടിടത്തിൽ കടന്നതുമുതൽക്കുള്ള ഓരോ കാഴ്ചകളും ഞങ്ങളെ അപഹൃതചിത്തന്മാരാക്കിച്ചെയ്തതിനാൽ ആലോചനാശക്തി നഷ്ടപ്പെട്ടിരുന്ന ഞങ്ങൾക്കു്

അങ്ങനെ ഒരു തെറ്റുപറ്റിയെന്നേയുള്ളൂ. വിശേഷിച്ചും പകപ്പു ള്ളിയും തന്റേടവുമില്ലാത്ത ബാലന്മാരുമാണു ഞങ്ങൾ. ഇനി ഭവതിയുടെ ഏതൊരാജ്ഞയും ശിരസാവഹിക്കാൻ ഞങ്ങൾ ഇതാ തയാറാണു്.

ഗൃഹ:—മാന്യന്മാരായ യുവാക്കന്മാരെ! എന്റെ ആജ്ഞാനുരൂപമായ അപേക്ഷയെ നിങ്ങൾ നിവ്വഹിച്ചിടത്തോളംകൊണ്ടു ഞാൻ സംതൃപ്തയായിരിക്കുന്നു. നിങ്ങൾചെയ്ത ശപഥത്തിൽ ഞാൻ കൃതജ്ഞതയുള്ളവളുമായിരിക്കുന്നു. എന്നാൽ എനിക്കൊന്നു ചോദിക്കാനുണ്ടു്. എന്റെ സ്നേഹത്തെ നിങ്ങൾ എല്ലായ്പോഴും ആഗ്രഹിക്കാനിടയുണ്ടോ? ഈ കെട്ടിടത്തിൽ വീണ്ടും വരാൻ നിങ്ങൾക്കു് ആഗ്രഹമുണ്ടോ? എന്നാൽ എന്റെ ഒരപേക്ഷകൂടി നിങ്ങൾ അംഗീകരിക്കണം.

സിദ്ധ:—എന്താണെന്നറിയേണ്ടതാമസമേയുള്ളൂ. ദേവി ഏതൊന്നു് ആജ്ഞാപിച്ചാലും ഞങ്ങൾ അതിനെ അനുസരിക്കാൻ കാത്തിരിക്കുന്നു.

ഗൃഹ:—വളരെ സന്തോഷം! നിങ്ങൾ ആ നടുമുറിയിൽ നടക്കുന്ന വിനോദത്തിൽ പങ്കുകൊള്ളണമെന്നത്രേ എന്റെ അപേക്ഷ. അതുമൂലം എനിക്കു കൃതാർത്ഥതയും നിങ്ങൾക്കു് ആനന്ദവും ഉണ്ടാകുന്നതാണു്. അവിടെക്കണ്ട സ്ത്രീപുരുഷന്മാർ എല്ലാവരും ഒരേമനഃസ്ഥിതിയോടുകൂടിയവരായതുകൊണ്ടു നിങ്ങൾ അതിൽ സംബന്ധിക്കാൻ സങ്കോചപ്പെടേണ്ട ആവശ്യമില്ല.

കാമോദ്ദീപനകരമായ കടാക്ഷവീക്ഷണത്താൽ ആ മഹിളാരത്നം സേനന്മാരെ സവിശേഷം ഒന്നു സല്ലപിച്ചിട്ടു് അവരെ ആ വിശാലമായ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ആ മുറിയിലുണ്ടായിരുന്ന സ്ത്രീപുരുഷന്മാർ ആകമാനം ഗൃഹനായികയെയും സേനന്മാരെയും അത്യുൽകണ്ഠയോടുകൂടി നോക്കുകയും മന്ദഹാസം തൂകുകയുംചെയ്തു. അതിൽനിന്നും ഗൃഹനായികയും സേനന്മാരും മുൻചൊന്ന വെറിയമുറിയിൽകടന്നതിനുശേഷം, കവാടബന്ധനാനന്തരംനടന്ന സംഭവത്തിൽ സുപരിചിതരാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഗൃഹനായികസേനന്മാരെക്കൂട്ടിക്കൊണ്ടു് ആ മുറിയിൽ തോഴിയുമായി സംഭാഷണം നടത്തിക്കൊണ്ടിരുന്ന ആ വിശിഷ്ടസുന്ദരിയുടെ സമീപത്തുചെന്ന സിദ്ധസേനനെ അവളെ ഏല്പിച്ചിട്ടു ഇപ്രകാരം ശട്ടംകെട്ടി. "ഈ യുവാവു് നമ്മുടെ ഗൃഹത്തിൽ ആദ്യമായിവന്നിരിക്കയാണു്. ഇയ്യാളെ ഞാൻ നിന്നെ ഏല്പിക്കുന്നു. നിന്റെ പതിവു തോഴൻ ഇന്നു വന്നിട്ടില്ല. അതുനിമിത്തം നീ മനസ്ഥാപിക്കുന്നുണ്ടോ? എന്നാൽ ഈ യുവാവിന്റെ സമ്പർക്കത്താൽ

ആ ഖേദത്തെ പരിഹരിച്ചുകൊള്ളുക! നിനക്കു സന്തോഷവും സമാധാനവും ഉണ്ടാകട്ടെ!"

അനന്തരം ഉഗ്രസേനനെ അവളുടെ സമീപത്തിരുന്നു തോഴിക്കു സമർപ്പിച്ചിട്ട് അതേവാക്കുകളെത്തന്നെ ഉച്ചരിച്ചു. ഭൂലോകസ്വർഗ്ഗത്തെപ്പറ്റിയുള്ള ഈ വർണ്ണന ഇവിടെ അവസാനിക്കട്ടേ.

അടുത്തദിവസം അതിരാവിലെ സിദ്ധസേനനും ഉഗ്രസേനനും അവരുടെ സ്വന്തം വസ്ത്രങ്ങളെ ധരിച്ചു യാത്രയ്ക്കു സന്നദ്ധരായി. ഉടനെ ഒരു ഭൃത്യൻവന്ന് അവരെ തലേദിവസത്തെപ്പോലെതന്നെ കണ്ണുകെട്ടി കതിരുപ്പുറത്തുകയറ്റി, ഇങ്ങോട്ടുള്ള യാത്രയിൽ ഏതൊരിടത്തുവച്ചു അപ്രകാരംചെയ്യുവോ ആ സ്ഥലത്തു കൊണ്ടുചെന്നാക്കി. അവർ തങ്ങളുടെ യജമാനനായ താരാനാഥൻ ഉണരുംമുമ്പു് വിടുതിസ്ഥലത്തുചെന്നെത്തി സിദ്ധസേനനും ഉഗ്രസേനനും പരസ്പരം മുഖത്തുനോക്കാൻ സങ്കോചത്താൽ അറയ്ക്കുന്നുണ്ടു്. മാത്രമല്ല താരാനാഥന്റെ മുഖത്തുനോക്കി സംസാരിക്കാൻ രണ്ടുപേരും ധൈര്യപ്പെടുന്നുമില്ല. താരാനാഥൻ രാത്രിയിൽ അവർ വിടുതിയിലില്ലായിരുന്ന വിവരം അറിഞ്ഞു കാരണം ചോദിച്ചിരുന്നെങ്കിൽ, നളയുവരെ കളവു പറഞ്ഞിട്ടില്ലാത്ത സിദ്ധസേനനും ഉഗ്രസേനനും സത്യത്തെ മറച്ചുവയ്ക്കേണ്ടിവരുമായിരുന്നു. എന്തുകൊണ്ടെന്നാൽ അത്രഭയങ്കരമായ സത്യവാചകമാണു്, ഭൂലോകസ്വർഗ്ഗത്തിലെ ആ ചെറിയ മുറിയിൽ കടന്നയുടനെ ഗൃഹനായികയുടെ മുമ്പിൽ ഈശ്വരനാമത്തിൽ ഉച്ചരിച്ചിട്ടുള്ളതു്.

അദ്ധ്യായം ൧൩.

"പെട്ടെന്നപ്പുരികംവളച്ചുഥ ചിരി-
ച്ചുംശുക്കൾ ചിന്നിപ്പുറ-
പ്പെട്ടിട്ടന്നൊരു വാളെടുത്തുറയിൽ നി-
ന്നുരിപ്പിടിച്ചീടിനാൻ."

ആഗസ്റ്റ്മാസം രണ്ടാംതീയതിയായ ഇന്നേദിവസം, കാശ്മീരരാജ്യചരിത്രത്തിൽ, പ്രക്ഷോഭജനകങ്ങളായ സംഭവങ്ങളാൽ അങ്കിതവും സ്മരണീയവുമായ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്നു. കാശ്മീരത്തിലെ പൌരാവലിക്കു പൊതുവേയും തല്സ്ഥാനനഗരിയായ ശ്രീപുരത്തിലുള്ളവർക്കു പ്രത്യേകിച്ചും ഇന്നൊരു സുദിനംതന്നെയാണു്. സ്വദേശികളും വിദേശികളുമായ ജനങ്ങളുടെ തിക്കും തിരക്കും. രാജപാതയിൽക്കൂടി അണിനിരന്നുസഞ്ചരിക്കുന്ന പ്രൌ

സൈന്യങ്ങളുടെ സംഖ്യാധിക്യവും കശ്മീരത്തിന്റെ പലഭാഗങ്ങളിൽനിന്നുംവന്നിട്ടുള്ള വിഖ്യാതന്മാരായ നാട്ടുവാഴികളുടെ രണ്ടും നാലുംകുതിരകളെപ്പൂട്ടിയ വണ്ടികളിലെ പോക്കുവരവുകൊണ്ടു പട്ടണം ആകപ്പാടെ ഒന്നിളകിമറിഞ്ഞിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

വീടുകളുടെയും പീടികകളുടെയും പുരോഭാഗം കുലവാഴ, കൊടിക്കൂറ, തോരണം മുതലായവകളാൽ കമനീയമായവിധത്തിൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. "രാജാധിപത്യഭരണം ജയിക്കട്ടെ!", കൃതവീര്യപതാക പറക്കട്ടെ!," "വൈദികമതം പ്രചരിക്കട്ടെ!" എന്നിങ്ങനെയുള്ള ആശിസ്സുവചനങ്ങളും വർണ്ണക്കടലാസുകളിലും തുണികളിലും എഴുതി പട്ടണത്തിന്റെ നാനാഭാഗങ്ങളിലും ഘടിപ്പിച്ചിരിക്കുന്നു. അപൂർവം ചിലസ്ഥലങ്ങളിലെ അലങ്കാരപ്രകാരങ്ങളും കണ്ടാൽ, അവയുടെ പ്രവർത്തകന്മാർക്കു പ്രസ്തുതോത്സവത്തിൽ തീരെ അനുഭാവമില്ലെന്നും ആ മനഃസ്ഥിതി മറച്ചുവയ്ക്കായല്ലാതെ പുറത്തുകാട്ടാൻ നിവൃത്തിയില്ലാത്തതിനാൽ, എല്ലാവരും തേങ്ങയുടയ്ക്കുമ്പോൾ അവർ ചിരട്ടയുടച്ചു ശബ്ദംകേൾപ്പിക്കുകയാണെന്നും സൂക്ഷ്മഗ്രാഹികൾക്കു് അനായാസേന മനസ്സിലാക്കാം.

ആയുധപാണികളായ സൈന്യങ്ങൾ കോട്ടമതിലിനു് അകത്തും പുറത്തും അണിനിരന്നുനിന്നു കോട്ടയെ സുരക്ഷിതമാക്കിയിരിക്കുന്നു. കിഴക്കുവശം ഒഴിച്ചുള്ള ഗോപുരദ്വാരങ്ങളിൽക്കൂടി അകത്തേക്കും പുറത്തേക്കും ആളുകളെ കടത്തിവിടാതിരിക്കാൻ വേണ്ട നിഷ്കൃഷ്ടചെയ്തിട്ടുണ്ടു്. കിഴക്കേഗോപുരത്തിൽക്കൂടിയും എല്ലാവക്കും യഥേഷ്ടം സഞ്ചരിക്കാൻ നിവൃത്തിയില്ലാത്തവിധത്തിലാണേർപ്പാടു്. രാജാധിപത്യഭരണത്തിൽ തികച്ചും ആനുകൂല്യമുള്ളവരെന്നു പൂർണ്ണബോധ്യം ഉള്ളവരെമാത്രമേ അകത്തേക്കുകടത്തുകയുള്ളൂ. അധികൃതന്മാർക്കു സംശയം തോന്നുന്നവരെ കടത്തിവിടാതെ തട്ടത്തുനിത്താനോ വേണമെങ്കിൽ, തക്കതായ തെളിവൊന്നുമില്ലെങ്കിലും, വെറും സംശയത്തിന്റെ പേരുംപറഞ്ഞു് തടവിൽ പാർപ്പിക്കാനോ അവർക്കു അധികാരമുണ്ടു്. എന്നല്ല; എതിർക്കുന്നവരെ കൊന്നുകളയാനും അവർക്കു സ്വാതന്ത്ര്യം സിദ്ധിച്ചിട്ടുണ്ടു്.

ഈ വക നിഷ്കൃഷ്ടകളോടുകൂടി കൃത്യം ഒമ്പതുമണിക്കു്, കൃതവീര്യമഹാരാജാവിന്റെ ആസ്ഥാനമണ്ഡപത്തിൽവച്ചു്, പ്രഥമയോഗത്തിന്റെ പ്രഥമസമ്മേളനം ആരംഭിച്ചു. ആദ്യത്തെ ദിവസം നാട്ടുവാഴികളായ ഇടപ്രഭുക്കന്മാർക്കല്ലാതെ പൗരപ്രമാണികൾക്കും മറ്റും പ്രവേശം അനുവദിച്ചിട്ടില്ലാതിരുന്നതിനാൽ ഈ പതോളം പ്രഭുക്കന്മാർമാത്രമേ യോഗത്തിൽ സംബന്ധിച്ചിട്ടുണ്ടായിരുന്നുള്ളൂ. കാശ്മീരത്തിന്റെ ഉരവസ്ഥയെക്കുറിച്ചു ചിന്തിക്കുകയും തല്പരിഹാരാർത്ഥം വേണ്ടതു തീർച്ചപ്പെടുത്തുകയുമാണു യോഗോദ്ദേ

ശമെന്ന നാം ഗ്രഹിച്ചിട്ടുണ്ടല്ലോ. മേൽപ്പറഞ്ഞ സംഖ്യ, കാശ്മീരത്തിന്റെ ഗുണകാംക്ഷികളായി അയൽരാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള രാജപ്രതിനിധികളെ ഉൾപ്പെടുത്തിയാണെന്നും നേപ്പാളരാജാവിന്റെ പ്രതിനിധിയായ താരാനാഥൻക്രുടി അക്കൂട്ടത്തിലുൾപ്പെട്ടിട്ടുണ്ടെന്നും പ്രത്യേകിച്ചു പറയേണ്ടിയിരിക്കുന്നു. ഇടപ്രഭുക്കന്മാരിൽ, ഗംഗാധരഗുപ്തൻ, ചന്ദ്രഗുപ്തൻ, ഉദയസേനൻ എന്നിവരാണു പ്രഥമഗണനീയന്മാർ. ഇവരിൽ ഒടുവിൽപറഞ്ഞ രണ്ടു പേരെയും നമുക്കു പരിചയമുണ്ടു്. ഗംഗാധരഗുപ്തനെ പരിചയപ്പെടേണ്ടിയിരിക്കുന്നു. ഇദ്ദേഹം കാശ്മീരത്തിലെ പ്രതാപവാന്മാരായ ഇടപ്രഭുക്കന്മാരിൽ പ്രഥമസ്ഥാനത്തിനു് അവകാശിയാണു്. സകല പ്രഭുക്കന്മാരിലും സവിശേഷമായ ഒരു സ്വാധീനശക്തി ഇദ്ദേഹത്തിനുണ്ടു്. ധനശക്തിയും സൈന്യബലവുമാണു് അതിനു കാരണമായിട്ടുള്ളതു്. വൈദികമതാദർശങ്ങളെ മുറുകെപ്പിടിച്ചു് തൽപ്രചാരത്തിനു അശ്രാന്തപരിശ്രമം ചെയ്യുന്ന ആളാണു ഗംഗാധരഗുപ്തൻ. രാജാധിപത്യഭരണവാഴികളിൽ മുമ്പനെന്നുമാത്രമല്ല, രാജ്യകാര്യങ്ങളിൽ പ്രജകൾക്കു നാമമാത്ര സ്വാതന്ത്ര്യംപോലും ഉണ്ടായിരിക്കാൻ പാടില്ലെന്നുള്ള നിർബന്ധക്കാരനുമാണു്. ഇതുകൊണ്ടു് ഗംഗാധരഗുപ്തൻ അശോകനാഥന്റെ ഒന്നാമത്തെ ശത്രുവാണെന്നു വെളിപ്പെടുത്തേണ്ടല്ലോ. ശ്രീപുരത്തിലും ഒട്ടുവളരെ കെട്ടിടങ്ങളും പുരയിടങ്ങളും ഇദ്ദേഹത്തിനുണ്ടു്. ഒരു വലിയ കെട്ടിടത്തിലാണു് ശ്രീപുരത്തെ താമസം. ഈ പ്രഭുവിന്റെ സഹചാരിണി കാലധർമ്മം പ്രാപിച്ചിരിക്കയാണു്. സന്താനങ്ങളില്ല. പ്രകൃത്യാ അധികാരപ്രമത്തനാണെങ്കിലും അന്തസ്സിലോ നടത്തയിലോ അതിക്രമം അതിക്ഷേപമുണ്ടായിട്ടില്ല.

ഗംഗാധരഗുപ്തനെ അദ്ധ്യക്ഷസ്ഥാനത്തേക്കു് ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. യോഗത്തിലെ അദ്ധ്യനടപടി വിദേശികളായ പ്രതിനിധികളെ, അവരുടെ സമ്മതപത്രങ്ങൾ പരിശോധിച്ചു് യോഗാംഗങ്ങളായി സ്വീകരിക്കുകയാണു്. നേപ്പാളനൃപനായ പ്രതാപരുദ്രൻ ഭാരതവിഷയത്തിലെ മഹാരാജാക്കന്മാരിൽ പ്രഥമഗണനീയനും ബഹുമാന്യനുമാകയാൽ അദ്ദേഹത്തിന്റെ പ്രതിനിധിയെ അദ്ധ്യമായി അംഗീകരിക്കാനാണു് യോഗം തീരുമാനിച്ചതു്. തീരുമാനപ്രകാരം അദ്ധ്യക്ഷൻ താരാനാഥനെനോക്കി, "താങ്കൾ മാന്യനായ പ്രതാപരുദ്രമഹാരാജാവിന്റെ പ്രതിനിധ്യംവഹിച്ചു്, ഞങ്ങളെ സഹായിക്കുന്നതിനായി ഈ യോഗത്തിൽ സന്നിഹിതനായതിൽ യോഗത്തിനുള്ള കൃതജ്ഞതയെ സന്തോഷപുരസ്സരമറിയിച്ചുകൊള്ളുന്നു. താങ്കൾ കൊണ്ടുവന്നിട്ടുള്ള മഹാരാജാവിന്റെ സമ്മതരേഖ സഭാസമക്ഷം ഹാജരാക്കണമെന്നു്, ഈ സ്ഥാനം എന്നെ നിർബ

ന്ധിക്കുന്നു, എന്നുപറഞ്ഞു. താരാനാഥൻ അതുകേട്ട കാലേക്കൂട്ടി കൂപ്പായക്കീശയിൽനിന്നും എടുത്തു കൈയിൽ സജ്ജമാക്കിയിരുന്ന രാജകീയരേഖ അദ്ധ്യക്ഷന്റെ മേശപ്പുറത്തുവച്ചു. അദ്ധ്യക്ഷൻ അതെടുത്തു് ആദ്യന്തം വായിച്ചുനോക്കിയിട്ടു് നിരാക്ഷേപമായ ഈ രേഖ യോഗം സ്വീകരിക്കുന്നു. മാന്യരേ! നേപ്പാളരാജപന്റെ പ്രതിനിധിയായി താങ്കളെ യോഗം അംഗീകരിച്ചിരിക്കുന്നു'എന്നു പറഞ്ഞു. അതുകേട്ടു് ഉദയസേനൻ പെട്ടെന്നെഴുന്നേറ്റു് വരട്ടെ, വരട്ടെ; എനിക്കു് ഒരു സംശയമുണ്ടു് എന്നുപറഞ്ഞു രണ്ടുനാലടി മുമ്പോട്ടുചെന്നു അദ്ധ്യക്ഷന്റെ കൈയിലിരുന്ന കത്തു തട്ടിപ്പറിച്ചു.

ഇതുയുംകണ്ടു താരാനാഥൻ ചാടിയെഴുന്നേറ്റു എന്തു്? സംശയമോ? എന്നെക്കുറിച്ചോ? എന്നെ സംശയിക്കാൻ ധൈര്യപ്പെടുന്നവനാരാണു്? എന്നു ചോദിച്ചുകൊണ്ടു് ഖഡ്ഗത്തിൽ കൈവച്ചു.

അദ്ധ്യക്ഷൻ:—യോഗ്യനായ താരാനാഥ! ക്ഷമിക്കുക. സത്യവും ന്യായവും താങ്കളുടെ ഭാഗത്തുണ്ടെങ്കിൽ അക്ഷമനാകേണ്ടയാവശ്യമെന്തു്? മാന്യനായ ഉദയസേനപ്രഭുവേ താങ്കൾ ഇതുത്തോളം അക്ഷമനാകേണ്ടിയിരുന്നില്ല. ബദ്ധപ്പെട്ട എന്റെ കയ്യിൽനിന്നും കത്തിനെ തട്ടിപ്പറിച്ചതു ന്യായമല്ല. സഭയെ നിങ്ങൾ ആക്ഷേപിക്കുകയാണു ചെയ്തതു്. മാന്യനായ താരാനാഥനെ അനാദരിക്കയും ചെയ്തു.

ഉദയസേനൻ:—ഈ ആൾ നേപ്പാളരാജാവിന്റെ പ്രതിനിധിയാണെന്നു പറയുന്നതിൽ എനിക്കു ആക്ഷേപമുണ്ടു്. ഞാൻ അതിനെ പ്രതിഷേധിക്കുന്നു. ഈ രേഖയിൽ വാസ്തവമില്ല.

താരാനാ:—അടിസ്ഥാനരഹിതമായ ഈ വാക്കുകളിലാണു് വാസ്തവമില്ലാത്തതു്. ഈ വ്യാജപ്രസ്താവനയെ ഞാൻ പ്രകടമായി എതിർക്കുന്നു. അദ്ധ്യക്ഷസ്ഥാനത്തുനിന്നും ന്യായമായ വിധിയുണ്ടാകാത്തപക്ഷം.....

എന്നു പറഞ്ഞു് അത്യന്തക്രോധത്താൽ രക്തകണ്ഠനായ ഉദയസേനന്റെ ആപാദമസ്തകം കണ്ണോടിച്ചു.

ഇക്കുഴപ്പം ഹേതുവാൽ സഭ ആകപ്പാടെ ക്ഷോഭിച്ചു. ചിലർ ന്യായവും സത്യവും ഉദയസേനന്റെ ഭാഗത്താണെന്നും അയാളുടെ പക്ഷത്തിൽ ചേരണമെന്നും തീർച്ചയാക്കി. വേറെ ചിലർ താരാനാഥന്റെഭാഗത്തുചേർന്നു വാദിക്കണമെന്നുനിശ്ചയിച്ചു. മറ്റു ചിലർ അദ്ധ്യക്ഷന്റെ അഭിപ്രായം അറിഞ്ഞതിനുശേഷം വേണ്ടതു നിശ്ചയിക്കാമെന്നുറച്ചു. ഈ അഭിപ്രായഭേദം മനസ്സിൽനിന്നുംപുറത്തേക്കു ചാടിത്തുടങ്ങി. എല്ലാവരും ഒരേസമയത്തു കണ്ഠക്ഷോഭംചെയ്കയാൽ ഒരാളുടെ വാക്കെങ്കിലും വ്യക്തമായി കേൾക്കാൻ കഴിഞ്ഞില്ല. ഒരു വലിയ ഏരമ്പക്കംമാത്രം മാറെറാലിക്കൊള്ളുന്നുണ്ടായിരുന്നു.

ഈ ബഹളത്തിൽ യോഗം അലങ്കോലപ്പെട്ടുമെന്നുകണ്ടു് നയജ്ഞനായ അദ്ധ്യക്ഷൻ എഴുനേറ്റുനിന്നു ഇപ്രകാരം പ്രസംഗിച്ചു.— "മാന്യന്മാരായ സഭാംഗങ്ങളെ! അധികം സംസാരിക്കാൻപാടില്ല; സഭ നിശ്ശബ്ദമായി ഭവിക്കട്ടെ! ഇല്ലെങ്കിൽ യോഗം ഇവിടെവച്ചു അവസാനിപ്പിക്കയാണുവേണ്ടതെന്നുള്ള എന്റെ അഭിപ്രായത്തെ വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു. മാതൃഭൂമിയോടു് അല്പമെങ്കിലും സ്നേഹമുള്ളവർ ഈ യോഗത്തെ അപ്രകാരം അമംഗളമായി അവസാനിപ്പിക്കാൻ ഇടയാക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നിസ്സാരമായ ഒരു സംഗതിയെ അസ്വസ്ഥമാക്കി രാജ്യക്ഷേമത്തെ അവഗണിക്കാൻ ഇന്നിവിടെ കൂടിയിരിക്കുന്നമാന്യന്മാരായ ദേശാഭിമാനികൾ സന്നദ്ധന്മാരായാൽ നാട്ടിന്റെ സ്ഥിതി എന്തായിത്തീരും. തർക്കവിഷയമായ ഇക്കത്തിനെക്കുറിച്ചു ശാന്തമായും സമാധാനമായും നീതിന്യായവീഥിയിൽക്കൂടി നമുക്കു പര്യാലോചനനടത്താമെന്നിരിക്കെ നാമെല്ലാവരും അക്ഷമന്മാരായി യോഗത്തെ അലങ്കോലപ്പെടുത്തി അപഖ്യാതി സമ്പാദിക്കേണ്ട ആവശ്യമുണ്ടോ? ദയയുണ്ടായി, ഓരോരുത്തരും അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കണമെന്നാണു എന്റെ ആദ്യത്തെ അപേക്ഷ. ഉദയസേനപ്രഭുവേ! നിങ്ങളാണു ആദ്യമായി എന്റെ അപേക്ഷയെ സ്വീകരിക്കേണ്ടതു്. മാന്യനായ താരാനാഥ! ഞങ്ങളെ ഹൃദയപൂർവ്വം സഹായിക്കാനായി ഈ യോഗത്തിൽ സന്നിഹിതനായ താങ്കൾ ഈ യോഗത്തിന്റെ ഭാരവാഹികളിൽ ഒരാളാണു്. ദയവുചെയ്തു ക്ഷമയോടുകൂടി ഇരിക്കണമെന്നു് അപേക്ഷിക്കുന്നു.'

വിവേകപൂർവ്വമായ ഈപ്രസംഗത്തോടുകൂടി യോഗം നിശ്ശബ്ദമായിഭവിച്ചു. സഭാംഗങ്ങളെല്ലാം അദ്ധ്യക്ഷന്റെ ശ്രേയസ്കരമായപ്രസംഗത്തെ വളരെവളരെ പ്രശംസിക്കുകയും തങ്ങളുടെഅപരാധത്തിൽ പശ്ചാത്താപത്തെ പ്രകാശിപ്പിക്കുകയുംചെയ്തു. ഇനിയും അദ്ധ്യക്ഷന്റെ മുഖത്തുനിന്നും പുറപ്പെടാൻപോകുന്നവാക്കുകൾ എന്താണെന്നു അറിവാൻ ഓരോരുത്തരും ഉല്ക്കണ്ഠയോടെ സ്ഥിതിചെയ്തു.

എന്നാൽ അദ്ധ്യക്ഷപ്രസംഗവേളയിൽ ഉദയസേനന്റെ കയ്യും കരളും കാര്യാന്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കയായിരുന്നു. സഭാംഗങ്ങളെല്ലാം അദ്ധ്യക്ഷമുഖത്തുതന്നെ അക്ഷി പതിപ്പിച്ചുകൊണ്ടിരുന്നതിനാൽ അയാളുടെ പ്രവൃത്തി യാതൊരാളും കാണുകയോ ശ്രദ്ധിക്കുകയോ ഉണ്ടായില്ല. അങ്ങനെയൊരുസന്ദർഭം കിട്ടണമെന്നുള്ള മുൻകരുതലോടുകൂടിയാണയാൾ ഈ ബഹളത്തിനിടയാക്കിയതു്. സകലരും അദ്ധ്യക്ഷനെ ശ്രദ്ധിച്ചുകൊണ്ടിരിക്കവേ തന്റെ കുപ്പായക്കീശയിൽനിന്നും ഒരു ചെറിയകുപ്പിയെടുത്തു അതിനകത്തുസൂക്ഷിച്ചിരുന്ന ഒരുദ്രാവകം വിരലിൽതൊട്ടു് അദ്ധ്യക്ഷന്റെ

കയ്യിൽനിന്നും തട്ടിപ്പറിച്ചകത്തിലെ കൈയ്യൊപ്പിൽ തടവിയതിനു ശേഷം കൂപ്പി വീണ്ടും കീശയിൽ നിക്ഷേപിച്ചു. ഇതുയുംചെയ്കഴിഞ്ഞപ്പോൾ ഒരു പ്രസന്നഭാവം അയാളുടെ മുഖത്തു പ്രസ്ഫുരിച്ചു. സന്തോഷവും ചാരിതാർത്ഥ്യവും ഒരു പ്രത്യേക ധൈര്യവും അയാളുടെ ഹൃദയത്തെ ബാധിച്ചു.

തന്റെ സ്നേഹപൂർവ്വകമായ ആജ്ഞയെ സഭാംഗങ്ങൾ അംഗീകരിച്ചു് അവരവരുടെ ആസനങ്ങളിൽ ഇരുന്നതുകണ്ടു്, അദ്ധ്യക്ഷൻ താരാനാഥൻ ഹാജരാക്കിയ രേഖയിൽ ഉദയസേനനുള്ള ആക്ഷേപമെന്താണെന്നു ചോദിച്ചു. ഉദയസേനൻ എഴുന്നേറ്റു നിന്നു ധൈര്യപൂർവ്വം ഇങ്ങനെ പറഞ്ഞുതുടങ്ങി:—'അഗ്രാസനാധിപതിയുവർകളേ! മാന്യന്മാരായ സഭാസ്യരേ! താരാനാഥനെന്നും നേപ്പാളരാജപന്റെ പ്രതിനിധിയെന്നും മറ്റും നടിക്കുന്ന ഈ മനുഷ്യൻ ഹാജരാക്കിയ ഈ കത്തിനെ ഞാൻ പ്രതിഷേധിക്കാനുണ്ടായ കാരണങ്ങൾ പലതാണു് കത്തിലെ വാചകങ്ങൾ രാജമര്യാദയേയും ധർമ്മത്തേയും അനുസരിച്ചുള്ളവയാകയാൽ, ഒരു നോട്ടത്തിൽ അദ്ധ്യക്ഷൻ അവർകൾക്കു അതിൽ അന്യഥാത്വം ജനിക്കാഞ്ഞതിൽ ആശ്ചര്യപ്പെടാനില്ല. എന്നാൽ സൂക്ഷ്മമായി ആലോചിച്ചാൽ ഈ കത്തിൽ പലേ സംശയങ്ങൾക്കും കാരണമുണ്ടെന്നു അതുകൊണ്ടും മനസ്സിലാക്കാം. ഒന്നാമതായി താരാനാഥൻ ആരെന്നോ അയാളുടെ വീട്ടുപേരെന്തെന്നോ അയാൾ ഏതു രാജ്യക്കാരനെന്നോ അയാൾക്കു എന്തുജോലിയെന്നോ യാതൊന്നും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ സംഗതികളെക്കുറിച്ചു അദ്ധ്യക്ഷൻ അവർകളും സഭാസ്യരും നല്ലവണ്ണം ചിന്തിച്ചു നോക്കേണ്ടതാണു്. സ്വന്തംവീട്ടും ജോലിയും മറ്റുമില്ലാത്ത ഒരു സാധാരണ മനുഷ്യനെ ഒരു മഹാരാജാവു തന്റെ പ്രതിനിധിയായി നിശ്ചയിക്കുമെന്നു വിശ്വസിക്കാമോ? അങ്ങനെയുള്ള ഒരാളിനെ ഈ മഹായോഗത്തിൽ സംബന്ധിച്ചു രാജ്യക്ഷേമത്തെപ്പുരസ്കരിച്ചുള്ള ആലോചനകളിൽ പങ്കുകൊള്ളുന്നതിനായിപറഞ്ഞയയ്ക്കുമെന്നു തോന്നുന്നുണ്ടോ? ഒരുപക്ഷേ, ഈ ആക്ഷേപത്തിനു നിങ്ങൾ എന്തെങ്കിലും സമാധാനം കണ്ടുപിടിക്കുമായിരിക്കാം. എന്നാൽ ഇതു വ്യാജലേഖനമാണെന്നു വിളിച്ചുപറയുന്ന ഒരു സ്പഷ്ടമായ തെളിവു ഞാൻ കണ്ടുപിടിച്ചിരിക്കുന്നതിനു നിങ്ങൾക്കു എന്തൊരു സമാധാനമാണുള്ളതെന്നു അറിവാൻ കൗതുകമുണ്ടു്. താരാനാഥൻ എന്നപേരുള്ള ഒരാൾ നേപ്പാളത്തിലെ പൗരപ്രമാണികളിലാകട്ടെ, ഉദ്യോഗസ്ഥന്മാരിലാകട്ടെ, രാജാവിന്റെ ചാവ്ക്കാരിലാകട്ടെ, അദ്ദേഹത്തിന്റെ സേവകന്മാരിലാകട്ടെ ആരുംതന്നെയില്ല.",

ഉദയസേനൻ ഇപ്രകാരം തീർത്തുപറഞ്ഞതുകേട്ട് സദസ്യർക്ക് ആശ്ചര്യവും ക്രോധവും ജനിച്ചു. തങ്ങളെ കബളിപ്പിച്ചതു കൊണ്ടുള്ള പകയോടും വെറുപ്പോടുംകൂടി എല്ലാവരും താരാനാഥന്റെ മുഖത്തു നോക്കി. താരാനാഥൻ, ഉദയസേനന്റെ പ്രസംഗത്താൽ പ്രക്ഷുബ്ധമാനസനായി മൗനാവലംബിയായിരുന്നതിനാൽ സദസ്യർക്കു സംശയം ബലപ്പെട്ടു. അയാളിൽ അവർക്കു പൂർവാധികം കോപവും വെറുപ്പും ഉണ്ടായി താരാനാഥന്റെ ഹൃദയം ക്രോധാഗ്നിയിൽ വെന്തുനീറിക്കൊണ്ടിരുന്നു. അയാൾ താനറിയാതെതന്നെ ഖഡ്ഗത്തിൽ കൈവച്ചു. അയാളുടെ ശരീരം മുഴുവൻ ക്രോധത്താൽ വിറയ്ക്കുന്നുണ്ടായിരുന്നു. താരാനാഥന്റെ ഭാവപ്പകർച്ചകണ്ടു്, സദസ്യരിൽ ചിലർക്കു് അയാളിൽ ഒരു പുതിയ വിശ്വാസവും ഈഷൽഭയവും ജനിച്ചു. വേറെ ചിലർ ഈ കള്ളനെ ഗളഹസ്തംചെയ്തു പുറത്താക്കണമെന്നു വിചാരിച്ചു പോരാ, പകരം ചോദിച്ചിട്ടുവേണം പറഞ്ഞയയ്ക്കാൻ എന്നു കരുതിയവരുമുണ്ടു്.

തന്റെ പ്രയോഗം കണക്കിനു പറ്റിയെന്നുകണ്ടു് ഉദയസേനൻ വീണ്ടും പറഞ്ഞു:— "താരാനാഥൻ എന്നു പറഞ്ഞയാൾ എന്റെ ആക്ഷേപത്തെ ഖണ്ഡിക്കാതെ വെറും മൗനത്തെ ആശ്രയിച്ചിരിക്കുന്നതിൽനിന്നുംതന്നെ എന്റെ ആക്ഷേപത്തിനു തെളിവു കിട്ടുന്നുണ്ടു്. നേപ്പാളരാജാവിന്റെ പ്രതിനിധിയെന്നും ഈ സഭയിൽ സംബന്ധിക്കാൻ അർഹനാണെന്നും ഘോഷിക്കുന്ന ഈ കത്തിനെ പരിശോധിക്കാം. ഇതിൽ യാതൊരു കള്ളവും അന്തർവിച്ചിട്ടില്ലെന്നുതന്നെ വിചാരിക്കുക. നേപ്പാളഭൂപന്റെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ഒരാളാണു ഈ മനുഷ്യനെന്നും കരുതുക! പേരും താരാനാഥനെന്നുതന്നെയിരിക്കട്ടെ! എന്നിരുന്നാലും ഈ രേഖയുംകൊണ്ടുവന്ന മനുഷ്യനെ സഭയിൽനിന്നും പുറത്താക്കേണ്ടിയിരിക്കുന്നു. നമ്മെ വഞ്ചിക്കാൻ ധൈര്യപ്പെട്ടതിനും ശിക്ഷിക്കേണ്ടിയിരിക്കുന്നു ഇതുകണ്ടുവോ ഈ കത്തിൽ നേപ്പാളരാജാവിന്റെ കൈയൊപ്പു് ഉണ്ടോ എന്നു നോക്കുക! പ്രധാനമന്ത്രിയുടെ ഒപ്പുപോലുമില്ല. രാജമുദ്രയുമില്ല."

"വെറും അസംബന്ധം; നിങ്ങൾ ശുദ്ധകളവുപറയുന്നു." എന്നു പറഞ്ഞുകൊണ്ടു താരാനാഥൻ ചാടി എഴുന്നേറ്റു ഖഡ്ഗം പകുതി ഉറയിൽനിന്നും ഊരുകയുംചെയ്തു. സദസ്യരിൽ ചിലർക്കു ഭയവും ചിലർക്കു ആഹ്ലാദവും ജനിക്കയാൽ വീണ്ടും ഒരു വിപ്ലവത്തിന്റെ മട്ടൊക്കെ അവിടെക്കണ്ടുതുടങ്ങി.

"മാന്യസദസ്യരേ! സത്യം ഞാൻ പറഞ്ഞതിലോ, ഞാൻ കളവുപറയുന്നു എന്നു ജല്പിച്ച ഈ മനുഷ്യാധമന്റെ വാക്കുകളിലോ എന്നു നിങ്ങൾ തീർപ്പുപ്പെടുത്തുവിൻ!" എന്നുപറഞ്ഞു് ഉദയ

സേനൻ കത്തു് സദസ്യരെ ഓരോരുത്തരേയും കാണിച്ചു. അദ്ധ്യക്ഷൻ അതിനെ കൈയിൽ വാങ്ങിച്ചുനോക്കി, "ഉദയസേന പ്രഭുവിന്റെ ആക്ഷേപം അടിസ്ഥാനരഹിതമല്ല. ഇതിൽ രാജാവിന്റെയോ പ്രധാനമന്ത്രിയുടെയോ കൈയൊപ്പില്ല" എന്നുപറഞ്ഞു.

അദ്ധ്യക്ഷൻ ഇത്രയും പറഞ്ഞവസാനിക്കുംമുമ്പു് സദസ്യരിൽ പലർ 'എടാ! ഭർബുധാ!' എന്നു ഗർജ്ജിച്ചുകൊണ്ടു് ഖഡ്ഗപാണികളായി താരാനാഥനെ സമീപിച്ചു. ഉദയസേനന്റെ ആക്ഷേപങ്ങൾ അവിതർക്കിതങ്ങളായി പരിണമിച്ചതിനാൽ, തങ്ങളെ വഞ്ചിക്കാൻ ധൈര്യപ്പെട്ട എന്നു വിശ്വസിച്ചുകൊണ്ടു് പ്രതികാരേച്ഛയോടുകൂടി സദസ്യർ താരാനാഥന്റെ നേർക്കണഞ്ഞതിൽ ആശ്ചര്യപ്പെടാനില്ല.

താരാനാഥൻ അതുകണ്ടു്, "ശരി, ഞാൻ നിങ്ങളോടു വാക്കുകൊണ്ടു് എതിർക്കാൻ ശക്തനല്ലാതെ ഇരിക്കയായിരുന്നു. നമുക്കു ഖഡ്ഗത്താൽ ഒന്നു് എതിർക്കാം. നിങ്ങളം ഓരോരുത്തരായി വരികയോ എല്ലാവരും ഒന്നിച്ചുവന്നു് എതിർക്കുകയോ ചെയ്യുക! ഏതു വിധത്തിലായാലും എനിക്കു ക്ലേശമില്ല. വരിൻ! ആയുസ്സുറവരെല്ലാം എതിർക്കുവിൻ!" എന്നു ധീരധീരമായി പ്രവചിച്ചുകൊണ്ടു്, സമീപത്തുണ്ടായിരുന്ന ഒരു കരിങ്കൽത്തൂണിൽ മുതുകംചാരി യുദ്ധസന്നദ്ധനായിനിന്നു. സദസ്യരും അശേഷം ഭയപ്പെടാതെ മുമ്പോട്ടടുക്കുകതന്നെചെയ്തു. താരാനാഥന്റെ കരവാളം മിന്നൽപിണർപോലെ ചലിച്ചു പ്രകാശിച്ചുതുടങ്ങി ഇതിനിടയ്ക്കു് ചന്ദ്രഗുപ്തനും ഗംഗാധരഗുപ്തനും മദ്ധ്യത്തിൽചാടി തടസ്സംചെയ്തു. അവിവേകം കാട്ടരുതെന്നും താരാനാഥന്റെ ന്യായംകൂടി കേൾക്കേണ്ടതാണെന്നും അങ്ങനെ ചെയ്യാതെ അയാളോടു് എതിർക്കുന്നതു മര്യാദയും ധർമ്മവുമല്ലെന്നുംമറ്റും പറഞ്ഞു് അദ്ധ്യക്ഷനും ചന്ദ്രഗുപ്തനും അവരെ സമാധാനപ്പെടുത്തി. അതിനുശേഷം വീണ്ടും സദസ്യർ ശാന്തരായി, അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നു. ഉദയസേനപ്രഭുവിന്റെ ആക്ഷേപങ്ങൾക്കു് താരാനാഥൻ എന്തുസമാധാനം പുറപ്പെടുവിക്കാൻപോകുന്നു എന്നു് എല്ലാവരും ഉൽണ്ഠയോടെ കാത്തിരുന്നു. താരാനാഥൻ സംസാരിക്കുന്നതിനുമുമ്പു് അദ്ധ്യക്ഷൻ എഴുന്നേറ്റു; എല്ലാവരും മാന്യനായ താരാനാഥന്റെ സമാധാനത്തെ ക്ഷമയോടും ശാന്തതയോടും കേൾക്കണമെന്നു് താക്കീതുചെയ്തു. താരാനാഥനാകട്ടെ, യാതൊന്നും പറയാതെ സദസ്യരുടെ ഓരോരുത്തരുടെയും പ്രത്യേകിച്ചും ഉദയസേനപ്രഭുവിന്റെയും മുഖത്തു ഉറ്റുനോക്കിക്കൊണ്ടു ഗംഭീരമായ മുഖഭാവത്തോടുകൂടി അതേനിലയിൽ തന്നെ നിന്നതേയുള്ളൂ. ആ ഭാവം കണ്ടപ്പോൾ, താരാനാഥൻ

കേവലം ഒരു വഞ്ചകനോ സാധാരണക്കാരനോ അല്പനെന്ന സഭാംഗങ്ങളിൽ അധികംപേരും മനസാ നിശ്ചയിച്ചു.

ഈ ഘട്ടത്തിൽ, പുരുഷകേസരിയായ അശോകനാഥൻ സഭാമദ്ധ്യേ പൊട്ടന്നനവേ അവിർഭവിക്കുകയും സഭാസ്വരാകമാനം അദ്ധ്യക്ഷൻ ഉൾപ്പെടെ, ഭയത്താലോ ക്രോധത്താലോ ബഹുമാനത്താലോ എന്നറിഞ്ഞില്ല പെട്ടെന്ന് എഴുന്നേല്ക്കുകയുംചെയ്തു.

അദ്ധ്യായം ൧൭.

"മൂലച്ഛേദംവരുത്തിട്ടലകിതിനുടനേ
ഭ്രുതിയെച്ചെയ്തിടുംഞാൻ."

അശോകനാഥൻ സഭയിൽ പ്രവേശിച്ചതിനെ സംബന്ധിച്ചു താരാനാഥനു് ആശ്ചര്യംതോന്നിയില്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ സംഭവിക്കുമെന്നു് അയാൾക്കു കാലേക്കൂട്ടി അറിവുണ്ടായിരുന്നു. എന്നാൽ യോഗപ്രവർത്തകന്മാരായ പ്രഭുക്കന്മാർ ശത്രുനിരോധനത്തിനു് വേണ്ട മുൻകരുതലുകൾ ചെയ്തിരിക്കെ, അശോകനാഥനു കോട്ടയ്ക്കുള്ളിൽ കടക്കാൻ സാധിച്ചതിൽ താരാനാഥനു് ആശ്ചര്യംതോന്നി. ഈ സന്ദർഭത്തിൽ പ്രഭുക്കന്മാരിൽ പലരും ഒരുവിനെക്കണ്ട മൂഷികനെപ്പോലെ കിടുകിടെ വിറയ്ക്കുന്നുണ്ടായിരുന്നു. ചിലർ ക്രോധപരവശന്മാരായി അശോകനാഥന്റെ ആപാദചൂഡം സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു.

അശോകനാഥൻ ആഗസ്റ്റ്മാസം രണ്ടാംതീയതി, താൻ ശ്രീപുരത്തുവന്നുചേരുമെന്നും അവിടെവച്ചു കണ്ടുകൊള്ളാമെന്നും അന്നു താരാനാഥനോടു പറഞ്ഞിട്ടുണ്ടായിരുന്നതു വായനക്കാർ ഓർക്കുന്നുണ്ടല്ലോ. കൃത്യം ഒരു മണിക്കുതന്നെ അശോകനാഥൻ സൈന്യസമേതം ശ്രീപുരംപട്ടണത്തിൽ കടന്നിരിക്കുന്നു. ആദ്യമായി ഇടപ്രഭുക്കന്മാരുടെ സൈന്യങ്ങളെ നിഷ്പ്രയാസം കീഴടക്കി കോട്ടയെ കൈവശപ്പെടുത്തി. പിന്നീടു് സൈന്യങ്ങളെ പട്ടണത്തിന്റെ നാനാഭാഗങ്ങളിലും ശത്രുക്കൾ തലയെടുക്കാതെ സൂക്ഷിക്കാനായി നിർത്തി. മുൻകൂട്ടി നിശ്ചയിച്ചു തയാറാക്കിയിരുന്ന പരിപാടിഅനുസരിച്ചു് ഇതൊക്കെ നൊടിക്കിടയിൽ സംഭവിക്കുകയാൽ യോഗത്തിൽ സംബന്ധിച്ചിരുന്ന പ്രഭുക്കന്മാർക്കു ഈ വിവരം ഗ്രഹിക്കാൻ കഴിഞ്ഞില്ല. മേൽപ്രകാരം പട്ടണവും കോട്ടയും തന്റെ നിയന്ത്രണാധികാരത്തിൽ വിധേയമാക്കിയതിനുശേഷം ഒരു സൈന്യവിഭാഗത്തോടുകൂടി കോട്ടയ്ക്കകത്തു കടന്നു കൊട്ടാരത്തെ വളഞ്ഞു. എന്നിട്ടു താൻമാത്രം സഭയിൽ കയറുകയാണുണ്ടായതു്.

തലസ്ഥാനനഗരി അശോകനാഥന്റെ അധികാരത്തിൻ കീഴിലായി എന്നും അതിനാലാണു അയാൾക്കു യോഗസ്ഥലത്തു കടക്കാനിടയായതെന്നും പ്രഭുക്കന്മാർ ഊഹിച്ചുകഴിഞ്ഞു. തങ്ങൾ ആപത്തിൽ അകപ്പെട്ടിരിക്കയാണെന്നും ഇതിൽനിന്നും മോചനം ഉണ്ടാകാൻ പ്രയാസമാണെന്നും അവർ നിശ്ചയിച്ചു. ഇടപ്രഭുക്കന്മാരിൽ ഭൂരിപക്ഷം ധീരന്മാരും രണശൂരന്മാരുമാണെങ്കിലും ഈ പതനത്തിൽ അശോകനാഥനെ എതിർക്കാൻ ധൈര്യപ്പെട്ടില്ല. സൈന്യനഷ്ടം സംഭവിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ സൈന്യസമേതനായ ശത്രുവിനോടു നേരിടുന്നതു ബുദ്ധിഹീനത്വമാണെന്നു് അവർ ഓരോരുത്തരും തീർച്ചപ്പെടുത്തി.

മൗനാവലംബികളായ സഭാസ്യരെനോക്കി അശോകനാഥൻ ഇപ്രകാരം പ്രസ്താവിച്ചു:—"മാന്യന്മാരും നാടുവാഴികളുമായ പ്രഭുക്കന്മാരെ! എനിക്കു ഒരു സംഗതി നിങ്ങളെ ഓർമ്മിപ്പിക്കേണ്ടതായിട്ടുണ്ടു് നിങ്ങൾ ഇപ്പോൾ എന്നെ എതിർക്കാനായി ഒരുമ്പെടുകയാണെങ്കിൽ അതിന്റെ ഫലം നിങ്ങൾക്കു പരാജയമായിരിക്കും. ഈ നിമിഷത്തിൽ തലസ്ഥാനനഗരിയിൽ പറക്കുന്ന കൊടി എന്റേതാണു്. നിങ്ങളുടെ സൈന്യങ്ങളെ ഞാൻ ആയുധംവയ്പിച്ചു് കീഴടക്കിക്കഴിഞ്ഞു. കൊട്ടാരത്തിനുചുറ്റും എന്റെ സൈന്യങ്ങൾ കാവലുണ്ടു്; ഇവിടുന്നു് ഓടിപ്പോയ്ക്കളയാമെന്നു കരുതണ്ടാ. പ്രതികാരേച്ഛയോടുകൂടി എന്നോടു എതിരിടുകയാണെങ്കിൽ, ആ അവിവേകത്തിന്റെ ഫലം ജീവഹാനിയാണെന്നും ഓർക്കണം."

വസ്തുസ്ഥിതികൾ മുഴുങ്ങിയ വാക്കുകളിൽ അശോകനാഥൻ വെളിപ്പെടുത്തിക്കൊടുക്കുകയാണുചെയ്തതു്. ആ വാക്കുകൾ ഓരോന്നും പ്രഭുക്കന്മാരുടെ ഹൃദയമർമ്മങ്ങളെത്തുളച്ചു. ധീരന്മാരായ പ്രഭുക്കൾ കേവലം ഭീരുക്കളെപ്പോലെ, അശോകനാഥനു കീഴ്പെടാനല്ല, അശോകനാഥനെവധിച്ചുംവച്ചു വെളിയിൽചാടി അയാളുടെ സൈന്യങ്ങളോടു് എതിർക്കാനാണു തീർച്ചപ്പെടുത്തിയതു്. ആ നിശ്ചയത്തോടുകൂടി അവർ ഖഡ്ഗപാണികളായി അശോകനാഥനോടു് സമീപിക്കുന്നതുകണ്ടു്, താരാനാഥൻപറഞ്ഞു—"ബുദ്ധിഹീനന്മാരായ നാടുവാഴികളേ അവിവേകം കാട്ടരുതു്! ക്ഷമയാണുവേണ്ടതു്. അശോകനാഥൻ നിങ്ങളോടു യുദ്ധത്തിനായിട്ടല്ല വന്നിരിക്കുന്നതു്. നിങ്ങളുടെ പ്രവൃത്തി, അദ്ദേഹത്തെ യുദ്ധോദ്യുക്തനാക്കാനാണെളുപ്പം. വൃഥാ സ്വയംകൃതാനർത്ഥത്തെ തലയിൽവലിച്ചുകയറരുതു. സമാധാനപ്പെടുവിൻ! ഈ യോഗത്തിൽ പങ്കുകൊള്ളുന്നതിനും സ്വാഭിപ്രായത്തെ വെളിപ്പെടുത്തുന്നതിനുമായി അദ്ദേഹം ഇവിടെ സന്നിഹിതനായി എന്നാണു് എന്റെ ബലമായ വിശ്വാസം."

താരാനാഥൻ പറഞ്ഞ അഭിപ്രായംകേട്ട്, പ്രേക്ഷകർ പിൻവാങ്ങി. അശോകനാഥനു്, പ്രേക്ഷകർ ഖഡ്ഗപാണികളായി നേരിട്ടതു കണ്ടപ്പോൾ ഭീതിയാകട്ടെ, പിൻവാങ്ങിയപ്പോൾ സന്തോഷമാകട്ടെ ഉണ്ടായില്ല. അയാൾ താരാനാഥന്റെ മുഖത്തു നോക്കി പുഞ്ചിരി തൂകിയതിനുശേഷം, വീണ്ടും പ്രേക്ഷകന്മാരെ അഭിസംബോധനംചെയ്തുകൊണ്ടു പറഞ്ഞതാവിതു്, "നിങ്ങളെല്ലാവരും ഇരിക്കുവിൻ! എന്നിട്ടു ഞാൻ പറയുന്നതിനെ ക്ഷമാപൂർവ്വം കേൾക്കുവിൻ! നിങ്ങളെന്നെ വധിക്കുന്നതിനായി ഇപ്പോൾ മുന്നിട്ടു. അത്യുദാരനും ബഹുമാന്യനുമായ താരാനാഥൻ തടഞ്ഞില്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നു് എനിക്കു നിശ്ചയമില്ല. നിങ്ങളുടെ അവിവേകപ്രവൃത്തിഹേതുവാൽ, നിങ്ങളുടെ ജീവനെ നഷ്ടപ്പെടുത്തരുതെന്നു് എനിക്കുണ്ടായിരുന്ന ഉദ്ദേശത്തിനു ഭംഗം നേരിട്ടിരിക്കുന്നു എന്നിരുന്നാലും, എന്റെ നിബന്ധനകൾക്കു നിങ്ങൾ വഴിപ്പെടുകയാണെങ്കിൽ ആ ഉദ്ദേശത്തെ മേലും പാലിച്ചുകൊള്ളാം"

അശോകനാഥന്റെ വാക്കുകൾ ഉദയസേനനു് ഉല്ക്കടമായ കോപത്തെ ഉളവാക്കി. അയാൾ ചാടിയെഴുനേറ്റു് ഉച്ചസ്വരത്തിലിപ്രകാരം സഭാംഗങ്ങളെ നോക്കിപ്പറഞ്ഞു:—"എന്തൊരു വിപരീതം. ഞാൻ പറഞ്ഞതു വാസ്തവമല്ലേ? നേപ്പാളരാജപുത്രന്റെ പ്രതിനിധിയെന്നും പറഞ്ഞുവന്നിരിക്കുന്ന ഈ താരാനാഥൻ മഹാചതിയനും കള്ളനുമാണു്. ഇയാളശോകനാഥന്റെ ഒറ്റുകാരനല്ലാതെ മറ്റാരുമല്ല.

താരാനാഥൻ അതുകേട്ടു്, "താൻ ഒരു ഭീരുവും അയോഗ്യനുമാണു്. തന്റെ രക്തം എന്റെ ഖഡ്ഗത്തിൽ പുരട്ടുന്നതു സ്ത്രീകളെ ഹിംസിക്കുന്നതിനു തുല്യമാണു്. അതു എന്റെ നിലയ്ക്കു പോരാത്തതും അധമത്വവുമാകയാൽ ഞാൻ സമാധാനപ്പെടുന്നു. അല്ലെങ്കിൽ എന്നെ അപലപിച്ച നാക്കിനെ ഛേദിക്കുമായിരുന്നു" എന്നു ശാന്തനായി മറുപടി പറഞ്ഞു.

ശാന്തമെങ്കിലും മർമ്മഭേദകമായ ആ വാക്കുകൾ ഉദയസേനനെ പൂർവ്വാധികം കോപാന്ധനാക്കിച്ചെയ്തു. "എടാ! പോക്കിരി! നീ എന്നെ അധിക്ഷേപിക്കയോ?" എന്നു ചോദിച്ചുകൊണ്ടു് കരവാളത്തെ ചലിപ്പിച്ചു മുന്നോട്ടുപാഞ്ഞു. അതേനിമിഷത്തിൽ താരാനാഥന്റെ ഖഡ്ഗം ഒന്നു മിന്നി പ്രകാശിച്ചതും ഉദയസേനന്റെ ഖഡ്ഗം പിടിയിൽവച്ചൊടിഞ്ഞു ദൂരത്തെറിച്ചതുമൊന്നിച്ചുകഴിഞ്ഞു. അടുത്ത നിമിഷത്തിൽതന്നെ ചന്ദ്രഹാസനും ഗംഗാധരഹാസനുമിടയിൽ കടന്ന ഉദയസേനനെ പിടിച്ചു പിറകോട്ടു കൊണ്ടുപോയില്ലെങ്കിൽ അയാളുടെ ശിരസ്സിനു സ്ഥാനഭ്രംശം സംഭവിക്കുമായിരുന്നുവെന്നു സംശയിക്കണം. താരാനാഥൻ, ഗൃഹീതപ്രയത്നസം

ബോധനം ചെയ്തുകൊണ്ടു പറഞ്ഞ വാക്കിതായിരുന്നു:—ഉദയസേനന്റെ ആയുസ്സിനെപ്പറ്റി ഇവിടെവച്ചു് ഇനി നിങ്ങൾ ഭയപ്പെടേണ്ടാ. ആ അധമനെ വധിക്കണമെന്നു് എനിക്കുദ്ദേശമില്ല. അങ്ങനെ ഞാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, നിങ്ങൾക്കു രണ്ടാൾക്കും അയാളെ രക്ഷിക്കാൻ കഴിയുന്നതല്ല; ഒരു വലിയ സൈന്യംതന്നെ വന്നാലും സാധിക്കുന്നതല്ല!

അശോകനാ:—ഇതെന്തനീതിയാണു"! യോഗ്യനും ഗുണവാനുമായ താരാനാഥനെ ഉദയസേനൻ പരസ്യമായി അധിക്ഷേപിക്കുകയും, എന്നിട്ടും ശാന്തനായിരുന്ന അദ്ദേഹത്തെ നിഗ്രഹിക്കാൻ ശ്രമിക്കുകയും ചെയ്തതു് എത്ര ധിക്കാരമാണു"? ഈ അക്രമത്തെ എങ്ങനെ സഹിക്കേണ്ടു? നിങ്ങളുടെ പ്രവൃത്തി ഈ വിധത്തിലാണെങ്കിൽ, ഞാൻ നിങ്ങളിൽ അനുകമ്പകാട്ടേണ്ട ആവശ്യമെന്താണു"? യോഗ്യനായ താരാനാഥൻ എന്റെ മാന്യസുഹൃത്തും ഞങ്ങൾ പരസ്പരം ഗുണകാംക്ഷികളുമാണെന്നുള്ളതു് പരമാർത്ഥമാണു". എന്നുവച്ചു അദ്ദേഹം എന്റെ ചാരപുരുഷനാകണമെന്നുണ്ടോ? ഉദയസേനൻ അങ്ങനെ സംശയിച്ചതു് അയാളുടെ കപടബുദ്ധിയുടെ പ്രേരണയാലാണു". ഞങ്ങൾക്കു തമ്മിൽ യാതൊരടുപാടുമില്ല. വാസ്തവത്തിൽ അദ്ദേഹം എന്റെ കക്ഷിയിൽചേർന്ന ആളല്ല. എന്നാൽ അതിനിടയായാൽ എനിക്കു അതിനേക്കാൾ ചാരിതാർത്ഥ്യം മറെറാന്നുകൊണ്ടും ഉണ്ടാകാനുമില്ല. പക്ഷേ അങ്ങനെ സംഭവിക്കാൻ പ്രയാസമുണ്ടു". സന്ദർഭവശാൽ അദ്ദേഹം എന്റെ ശത്രുപക്ഷത്തുനിന്നുകൊണ്ടു് എന്നെ എതിർക്കാനാണു" കാരണമുള്ളതു്".

താരാനാഥൻ അതുകേട്ടു്, "നമ്മൾ തമ്മിൽ നിത്യസൗഹാർദ്ദത്തിൽ കഴിഞ്ഞുകൂടാൻ ദൈവം അനുഗ്രഹിക്കട്ടെ!" എന്നു പുറപ്പെടുവിച്ചിട്ടു് "ഞാൻ ആരാണെന്നു താങ്കൾ ഗ്രഹിച്ചിട്ടുണ്ടല്ലോ?" എന്നു ചോദിച്ചു. "അതു ഞാൻ അപ്പോഴേ ഗ്രഹിച്ചിട്ടുള്ള സംഗതിയാണു"" എന്നു അശോകനാഥൻ പറഞ്ഞു.

താരാ:—ഞാൻ അതു സംശയിക്കാതിരുന്നില്ല. ഏതായാലും എന്റെ രഹസ്യത്തെ നിങ്ങൾ വെളിപ്പെടുത്തരുതു്.

അശോക:—ഇല്ല; ഞാൻ അതു പുറത്തു വിടുകയില്ല.

ഇവരുടെ സംസാരം തീരെ പതിഞ്ഞ സ്വരത്തിലായിരുന്നതുകൊണ്ടു് മറെറാരാൾക്കും ശ്രവിക്കാൻ കഴിഞ്ഞില്ല. സഭാംഗങ്ങളായ പ്രഭുക്കന്മാർ അവരവരുടെ ആസനങ്ങളിൽ ശാന്തന്മാരായി സ്ഥിതിചെയ്തു. അശോകനാഥനോടു് ആയുധംകൊണ്ടു എതിർക്കാൻ സാധിക്കുകയില്ലെന്നുകണ്ടു, വാക്കിനാൽ എതിർക്കാമെന്നു അവർ ഉദ്ദേ

ശിച്ചു. ഉദയസേനൻ ഇപ്പോഴും പ്രതികാരേച്ഛയുടെ തള്ളിച്ചയാൽ താരാനാഥന്റെ നഖശിഖാന്തം കണ്ണോടിക്കുന്നുണ്ടായിരുന്നു. പക്ഷേ താരാനാഥൻ അതിനെ അത്ര കാര്യമാക്കിക്കരുതിയില്ലെന്നു മാത്രമല്ല, ഒരു അലക്ഷ്യഭാവം അയാളുടെമുഖത്തു സ്ഫുരിക്കുന്നുമുണ്ടായിരുന്നു. അശോകനാഥൻ സമ്മേളനത്തിന്റെ പ്രകൃതിമാറ്റംകണ്ടു പ്രഭൃക്കന്മാരെ ഭീതരാക്കിച്ചെയ്യുന്തക്ക ഗംഭീരമായ മുഖഭാവത്തോടുകൂടി ഇപ്രകാരം പ്രസംഗിച്ചു!—"സദസ്യരേ! കാശ്മീരത്തിന്റെ താല്കാലികാവസ്ഥയെക്കുറിച്ചു് ആലോചിക്കുകയോ സംസാരിക്കുകയോ ചെയ്യുന്നതിനു മുമ്പു മാന്യനായ താരാനാഥനും എനിക്കും തമ്മിൽ ഗ്രുഢസംബന്ധമുണ്ടെന്നും അദ്ദേഹം അസത്യവാനാണെന്നും മറ്റും ഉദയസേനൻ പറഞ്ഞ അടിസ്ഥാനരഹിതവും പൈശാചികവുമായ വാക്കുകളെ വളരെശക്തിയോടുകൂടി പ്രതിഷേധിക്കേണ്ടതു എന്റെ പ്രധാനവും പ്രഥമവുമായ കർത്തവ്യമാണു്. എന്റെയും നിങ്ങളുടെയും ആദർശങ്ങൾക്കു അജഗജാന്തരമുണ്ടെന്നിരുന്നാലും, നിങ്ങൾ എന്നെ അത്യന്തം വെറുക്കുന്നുണ്ടെന്നിരുന്നാലും, നിങ്ങൾക്കു എന്നിൽ സീമാതീതമായപകയുണ്ടായിരുന്നാലും ഞാൻ അസത്യംപറയുന്നവനാണെന്നു നിങ്ങൾ ഒരിക്കലും അഭിപ്രായപ്പെടുകയില്ലെന്നാണു എന്റെ വിശ്വാസം. ഏതൊരു പരമശത്രുവും ഞാൻ അസത്യവാനാണെന്നു് പറയുകയില്ല. ആ സ്ഥിതിക്കു ഈ സദസ്സിൽ സന്നിഹിതനായിരിക്കുന്ന പരമയോഗ്യനായ താരാനാഥൻ, സത്യസന്ധനും ബഹുമാന്യനും ധീരധീരനായ ഒരു യോദ്ധാവും ആണെന്നു ഞാൻ പറയുന്നതിനെ നിങ്ങൾ അംഗീകരിക്കണം. അദ്ദേഹത്തെക്കാൾ അന്തസ്സും ആഭിജാത്യവുമുള്ള ഒരാൾ ഇന്നീക്കൂട്ടിയിരിക്കുന്നവരിലില്ലെന്നു വിശ്വസിക്കയും വേണം."

അശോകനാഥൻ, തന്നെപ്പറ്റി ഈ വിധത്തിൽപ്രശംസിച്ചു പ്രസ്താവിച്ചതുകേട്ട താരാനാഥൻ, "മാന്യസുഹൃത്തേ വല്ല യോഗ്യതാംശവും എന്നിൽ ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അതു ഇക്കൂട്ടരെ ധരിപ്പിക്കുന്നതിനായി ഇതുവളരെ ശ്രമപ്പെടണമോ എന്നു ഞാൻ സംശയിക്കുന്നു. ഉദയസേനന്റെ ജല്പനങ്ങൾ അവാസ്തവികങ്ങളെന്നു വെളിപ്പെടണമെന്നല്ലാതെ, എന്റെ സ്ഥിതിഗതികളെ ഇവരെ മനസ്സിലാക്കേണ്ടതായ ആവശ്യം നമുക്കില്ല. ഉദയസേനന്റെ നിന്ദ്യമായ അസത്യപ്രസ്താവങ്ങളെ ഇവർ വിശ്വസിച്ചാൽതന്നെയും എനിക്കു അതിൽ കുണ്ഠിതത്തിനും വകയില്ല. എന്നാൽ ഇവർ അപ്രകാരം വിശ്വസിക്കുകയാണെങ്കിൽ അടുത്ത ഭാവിയിൽതന്നെ അതിനെക്കുറിച്ചു് പശ്ചാത്തപിക്കേണ്ടതായിവരും. വിസ്മയനീയങ്ങളും ഭയങ്കരങ്ങളും ആസുരങ്ങളുമായ അനവ

ധിവിശേഷങ്ങൾ അടുത്ത ഘട്ടത്തിൽതന്നെ ഇവർക്കും നിങ്ങൾക്കും നേരിട്ടറിവാനിടയാകുമെന്നും ഞാൻ ഈയവസരത്തിൽ അനുസ്മരിപ്പിക്കുന്നു, എന്നുപറഞ്ഞു.

സഭാസ്യർ യാതൊരു സമാധാനവും പറഞ്ഞില്ല. അശോകനാഥന്റെ ആഗമനത്തിനുമുമ്പു സഭയിൽ നടന്നുകൊണ്ടിരുന്ന സംഭവത്തെ അവർ തീരെ വിസ്മരിച്ചിട്ടില്ല. ഉദയസേനന്റെ ആക്ഷേപഭാഗങ്ങളുടെ സംശയത്തെ ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എഴുത്തിൽകൈയൊപ്പുകാണുന്നില്ലെന്ന തുടങ്ങിയുള്ള ഉദയസേനന്റെ ആക്ഷേപങ്ങൾക്കു താരാനാഥൻ തക്കതായ കാരണം പറവാൻ നിർബന്ധിതനായിരിക്കെ, അയാൾ അതിനു ശ്രമിക്കാഞ്ഞതുകൊണ്ട് അവരുടെ സംശയം ദൃഢീഭവിച്ചതിൽ ആക്ഷേപത്തിനുവകയില്ല, താരാനാഥൻ നേപ്പാളനൃപന്റെ പ്രതിനിധിയാണെന്നു പ്രസ്താവിച്ചതു ശുദ്ധകളവാണെന്നും ഹാജരാക്കിയ ലേഖനവും വെളിപ്പെടുത്തിയ നാമധേയവും അവാസ്തവികങ്ങളാണെന്നും അവർ ബലമായി വിശ്വസിച്ചു.

എന്നാൽ ഈ അവസരത്തിൽ താരാനാഥന്റെ ചിന്തയിലല്ല അവരുടെ മനസ്സുപ്രവർത്തിച്ചുകൊണ്ടിരുന്നതു്. താരാനാഥനെക്കുറിച്ചു ചിന്തിക്കാനുള്ള സാവകാശവും അവക്കില്ല. അയാൾ നേപ്പാളരാജാവിന്റെ പ്രതിനിധിയാണെങ്കിലും അല്ലെങ്കിലും അവക്കിപ്പോൾ ഒന്നുപോലെതന്നെ. അശോകനാഥനാണു് അവരുടെ ഹൃദയങ്ങളെ കവർന്നിരിക്കുന്നതു്. അയാൾ എന്തുപറയുന്നു എന്നറിവാൻ അവർ അക്ഷമന്മാരായിരിക്കുന്നു. അശോകനാഥൻ തങ്ങളെ നിഗ്രഹിക്കുമോ തടവിൽ പാർപ്പിക്കുമോ, അതോ വിട്ടയയ്ക്കുമോ എന്നീ ചിന്തകളാണു് അവരുടെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നതു്.

സഭാംഗങ്ങളായ പ്രഭുക്കന്മാർ ഇപ്രകാരമുള്ള ചിന്തകളിൽ മുഴുകി സഭയിൽ അവാച്യമായ ഒരു നിശ്ശബ്ദതവ്യാപിച്ചിരിക്കവേ; അശോകനാഥൻ, താൻ നിന്നസ്ഥലത്തുനിന്നിളകാതെ പ്രഭുക്കന്മാരെ സംബോധനംചെയ്തുകൊണ്ടു വീണ്ടും പ്രസംഗിച്ചതാവിതു്:— 'നിങ്ങൾ എന്നോടു് എതിർക്കുന്നതായാൽ അതുകൊണ്ടു് യാതൊരു ഫലവുമുണ്ടാകാനില്ലെന്നും അപ്രകാരമുള്ള നിലയിൽ നിങ്ങൾ ഇപ്പോൾ എന്റെ കൈയിൽ അകപ്പെട്ടിരിക്കയാണെന്നും ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈകെട്ടിടത്തിന്റെ എല്ലാവാതുക്കലും എന്റെ സൈന്യങ്ങൾ ഖഡ്ഗവും കൈയുമായി കാവൽനില്ക്കുന്നുണ്ടു്. നിങ്ങൾ എന്നെ എതിർക്കാനായി ഒരുമ്പെടുകയാണെങ്കിൽ നിങ്ങളുടെ ജീവനെ രക്ഷിക്കാൻ എനിക്കുതന്നെയും കഴിവില്ലെന്നുവരും. എന്നാൽ എനിക്കു നിങ്ങളിൽ ബഹുമാനവും അനുതാപവുമുണ്ടു്. എന്റെ ലക്ഷ്യം നിങ്ങളെ നിഗ്രഹിക്കണമെന്നല്ല, കാശ്മീ

രത്തിൽ സമാധാനത്തെ നിലനിത്തണമെന്നാണു്. അതാണു് ഞാൻ ഉദ്ദേശിക്കുന്നതും ആഗ്രഹിക്കുന്നതും. അതുകൊണ്ടു് നിങ്ങൾ എന്റെ അഭിപ്രായത്തെ കൈക്കൊള്ളണം. ഞാൻ പറയാൻപോകുന്ന സംഗതികൾ ക്ഷമാചിത്തന്മാരായി ശ്രദ്ധിച്ചുകേൾക്കണം. കഴിഞ്ഞുപോയ കൃതവീര്യരാജാവിന്റെ പുത്രിയായ പദ്മാവതിയെ ഏതോ ഒരു ശ്രുധസ്ഥലത്തു ഒളിച്ചുതാമസിപ്പിച്ചിരിക്കുന്ന എന്നുള്ളതു് പരസ്യമായ ഒരു രഹസ്യമാണു്. എന്തുദ്ദേശത്തോടുകൂടി അപ്രകാരം താമസിപ്പിച്ചിരിക്കുന്നു എന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ഇന്നല്ലെങ്കിൽ നാളെ അതായതു സൌകര്യംകണ്ടു് രാജകുമാരിയുടെ പേരുംപറഞ്ഞു് ഒരു സൈന്യശേഖരം നടത്തി ആ സൈന്യത്തിന്റെ സഹായത്തോടുകൂടി വീണ്ടും ഒരു രാജാവിനെ കാശ്മീരത്തിൽ വാഴിക്കാമെന്നാണു് നിങ്ങൾ ആശിച്ചിരിക്കുന്നതു്. കൃതവീര്യരാജാവു് ഒരു വലിയ സ്വകാര്യധനം കരുതിയിട്ടുണ്ടായിരുന്നു എന്നു് എനിക്കറിയാം. പദ്മാവതി എന്ന കൊട്ടാരത്തിൽ നിന്നും കൊണ്ടു പോകപ്പെട്ടുവോ അന്നു് ആ ധനവും ഇവിടുന്നു കടന്നിട്ടുണ്ടു്. പദ്മാവതി ഇപ്പോൾ ഏതൊരിടത്തു് ഒളിച്ചുതാമസിപ്പിക്കപ്പെട്ടിരിക്കുന്നുവോ ആ സ്ഥലത്തു് ആ ധനവും അടങ്ങിയിട്ടുണ്ടെന്നും എനിക്കറിയാം. പദ്മാവതിയെക്രട്ടിക്കൊണ്ടുപോയവർ വേറെയും വിലയേറിയ ആഭരണങ്ങളും അനവധി പൊൻവെള്ളി സാമാനങ്ങളും കൊട്ടാരത്തിൽനിന്നും കടത്തിക്കൊണ്ടുപോയിട്ടുമുണ്ടു്. പ്രഭുക്കളേ! ഞാൻ പറയുന്നതു കേൾക്കുവിൻ! അതേ, നിങ്ങൾക്കു് ഇനിയും ജീവിച്ചിരിക്കണമെന്നു് ആശയുണ്ടെങ്കിൽ, നിങ്ങളുടെ വസ്തുവകകളും അന്യാധീനപ്പെടാതെവച്ചനുഭവിച്ചു ജീവിക്കണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ, എന്റെ വാക്കിനെ കേൾക്കുവിൻ!

ചില പ്രഭുക്കൾ ചോദിച്ചു:—"എന്താണു കേൾക്കേണ്ടതു്?"

അശോ:—രാജകുമാരിയേയും കൃതവീര്യരാജന്റെ സ്വകാര്യധനത്തേയുംമറ്റുള്ള സാമാനങ്ങളേയും എന്നെ ഏല്പിക്കണം.

മേൽപ്രകാരം ചോദ്യംചെയ്ത പ്രഭുക്കൾ അതുകേട്ടു്, "ഈശ്വരസാക്ഷിയായി രാജകുമാരിയെ സംബന്ധിച്ച വിവരങ്ങൾ ഞങ്ങൾക്കറിഞ്ഞുകൂടാ" എന്നുപറഞ്ഞു. ചന്ദ്രഗുപ്തന്റെ സമാധാനമിതായിരുന്നു:—"എനിക്കും അറിഞ്ഞുകൂടാ. ഒരുപക്ഷേ അറിഞ്ഞിരുന്നാൽതന്നെയും, അനാഥയായ രാജകുമാരിയെ നിങ്ങളെ ഏല്പിക്കേണ്ട ആവശ്യമില്ല. അതിനേക്കാൾ മരണത്തെഎതിർക്കുകയേഉത്തമം"അല്പംകോപസ്വരത്തിലാണു ചന്ദ്രഗുപ്തൻ ഇങ്ങനെപറഞ്ഞതു്. അശോകനാഥൻ:—പദ്മാവതിയെ പാർപ്പിച്ചിരിക്കുന്ന സ്ഥലം അറിയാമെന്നും അറിഞ്ഞുകൂടെന്നും ഉള്ളതിരിക്കട്ടെ! അതിനെക്കുറിച്ചു ഞാനിപ്പോൾ ചോദിച്ചില്ല. നിങ്ങളുടെനയം

എന്താണെന്നു് അറിയണമെന്നു ഞാൻ തല്ക്കാലം ആഗ്രഹിക്കുന്നുമില്ല എന്നാൽ ഒരുകാര്യം തീർത്തുപറയാം. പദ്മാവതിയെ നിങ്ങൾ എന്നെ ഏല്പിക്കുന്നതായാൽ അവളുടെ അന്തസ്സിനും ആഭിജാത്യത്തിനും തെല്ലും ഹാനിനേരിടാത്ത വിധത്തിൽ ഞാൻ അവളെ സൂക്ഷിച്ചുകൊള്ളാം. രാജകുമാരിയുടെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി എന്റെ ജീവനെപ്പണയപ്പെടുത്തുന്നതിനും ഞാൻ തയ്യാറായിരിക്കും അതുകൊണ്ടു് ആ വിഷയത്തിൽ നിങ്ങൾ അണുമാത്രം സംശയിക്കേണ്ട ആവശ്യമില്ല. ആയതിനാൽ രാജകുമാരിയെ നിങ്ങൾ എന്നെ ഏല്പിക്കണം. അങ്ങനെ ചെയ്യേണ്ടതു് എന്തുതന്നെ ആവശ്യവുമാണു്. രാജകുമാരിയുടെ പേരുംപറഞ്ഞു് നിങ്ങൾ വലുതായ സൈന്യത്തെ സംഭരിച്ചാൽതന്നെയും നിങ്ങളുടെ ഉദ്ദേശം നിറവേറുന്നതല്ല. കാശ്മീരത്തിൽ അസ്വാസ്ഥ്യവും അസമാധാനവും വീണ്ടും വല്ലിച്ചു വലുതായ വിപ്ലവം നേരിടുമെന്നല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതുപോലുള്ള പ്രയോജനമൊന്നും നിശ്ചയമായും ഉണ്ടാകുന്നതല്ല. ക്രൂരവീര്യനുപന്റെ സമ്പാദ്യംമുഴുവൻ നിങ്ങൾ ചെലവുചെയ്താലും രണ്ടാമതും കാശ്മീരത്തിൽ രാജാധിപത്യഭരണം സ്ഥാപിക്കാൻ നിങ്ങൾക്കു സാധിക്കുന്നതല്ല. ഒരുകാലത്തും ഞാനതിനു സമ്മതിക്കുകയില്ല. അതുകൊണ്ടു് ഞാനിപ്പോൾ മുരുക്കത്തിൽ പറഞ്ഞവസാനിപ്പിക്കാം. എന്റെ ഉദ്ദേശം സാധിക്കുന്നതുവരെ നിങ്ങളിൽ മൂന്നാളുകൾ എന്റെറയധീനതയിൽ താമസിക്കണം; ഗംഗാധരഭൂപൻ, ചന്ദ്രഭൂപൻ, ഉദയസേനൻ. ഇവർ മൂന്നുപേരും ഈ കോട്ടാരത്തിൽ തടവിൽ പാർക്കണം. രാജകുമാരിയും രാജാവിന്റെ സമ്പാദ്യവും എന്റെ പാർശ്വത്തിൽ ലഭിക്കപ്പെടുന്നതുവരെ അവർക്കു മോചനം ഉണ്ടാകുന്നതല്ല. അതിലേക്കു ഞാനാറു ദിവസത്തെ സാവകാശം താരാം. ആ ആറുദിവസത്തിനകം രാജകുമാരിയെക്കൊണ്ടുവരാത്തപക്ഷം, ഏഴാംദിവസം ഗംഗാധരഭൂപനേ ശിരഛേദംചെയ്യും. വീണ്ടും ആറുദിവസം ക്രൂടി കാത്തിരിക്കും. അതിനകവും രാജകുമാരിയെ കൊണ്ടുവന്നില്ലെങ്കിൽ ചന്ദ്രഭൂപനെ വധിക്കും. പിന്നെയും ആറുദിവസം ക്രൂടെ ക്ഷമിച്ചിരിക്കുകയും എന്നിട്ടും കൊണ്ടുവരാത്തപക്ഷം ഉദയസേനനെ കൊല്ലുകയുംചെയ്യും. അതിനുശേഷവും ആറുദിവസംക്രൂടെ ക്ഷമിച്ചിരിക്കുന്നതണു്. അപ്പോഴും രാജകുമാരിയും രാജകീയസ്വത്തുമെന്നിക്കുലഭിക്കപ്പെടാത്തപക്ഷം പ്രഭുവർഗ്ഗത്തിന്റെ നാരായവേർ കാശ്മീരത്തിലവശേഷിക്കാത്തവിധത്തിൽ ഞാൻ പ്രവർത്തിക്കയും ചെയ്യും. ശ്രീപു

രത്തിന്റെ അന്നത്തെയവസ്ഥ എന്തായിരിക്കുമെന്നു എനിക്കുതന്നെയും നിശ്ചയമില്ല. ഇതത്രെ എന്റെ നിശ്ചയം!"

അശോകനാഥൻ ഒരു മൂളം പുറപ്പെടുവിച്ചു. ആയുധപാണികളായ അനേകം ഭടന്മാർ അവിടെ ആഗതരായി. അശോകനാഥൻ അവരോടു് ഇപ്രകാരം ആജ്ഞാപിച്ചു:—"ഗംഗാധരഭൂപനെയും ചന്ദ്രഭൂപനെയും ഉദയസേനനെയും ബന്ധനസ്ഥരാക്കി നാലുകെട്ടിൽ ഓരോ മുറികളിലായി തടവിൽ പാർപ്പിക്കുവിൻ!"

പ്രധാനികളെ മൂന്നുപേരെയും അറസ്റ്റ്ചെയ്തുകൊണ്ടു പോയതിനുശേഷം മറ്റുള്ള പ്രഭുക്കന്മാരെയും താരാനാഥൻ ഒഴികെയുള്ള പ്രതിനിധികളെയും സ്വതന്ത്രന്മാരായി വിട്ടയച്ചു. അനന്തരം താരാനാഥനോടായി അശോകനാഥൻ പറഞ്ഞതാവിതു്. ഇന്നേദിവസം ഞാനിവിടെ വരുമെന്നു താങ്കളോടു നേരിൽ പറഞ്ഞിരുന്നുവല്ലോ. ശ്രീപുരം ഇപ്പോൾ എന്റെ നിയന്ത്രണാധികാരത്തിലായിരിക്കയാണു്. ഇവിടുത്തെ ജനങ്ങൾക്കെന്തെങ്കിലും ആപത്തു നേരിട്ടുകയോ അവരുടെ ഇടയിൽ കലാപം സംഭവിക്കുകയോ ചെയ്താൽ അതിനു കാരണഭൂതന്മാർ ഇടപ്രഭുക്കന്മാരായിരിക്കും. ഞാൻ അതിദൂരത്തിലെവിടെയോ ഒളിച്ചിരിക്കയാണെന്നും ശ്രീപുരത്തിൽ എന്റെ സാന്നിദ്ധ്യം ഉണ്ടാകാനിടയില്ലെന്നുമാണു് പ്രഭുക്കൾ വിശ്വസിച്ചിരുന്നതു്. എന്തൊരു ബുദ്ധിഹീനത്വം! പ്രഭുക്കന്മാരെല്ലാം ഒരു സ്ഥലത്തു് ഒന്നിച്ചുകൂടുമ്പോൾ പെട്ടെന്നു് ആഗമിച്ചു അവരെ പിടികൂടണമെന്നാണു ഞാൻ കരുതിയിരിക്കുന്നതെന്നു് ആ മണ്ടന്മാർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു എന്റെ ഉദ്ദേശം നിഷ്പ്രയാസം സാധിച്ചു. ഈ വിഷയത്തെപ്പറ്റി നമുക്കു സാവകാശമായി പിന്നീടു സംസാരിച്ചുകൊള്ളാം. എന്റെ ഭടന്മാർക്കു പാർക്കുന്നതിനു സ്ഥലവും മറ്റും ഏർപ്പാടുചെയ്യുന്നതിനായി എനിക്കുടനെ പുറത്തുപോകേണ്ടതായിരിക്കുന്നതിനാൽ നമുക്കിപ്പോൾ പിരിയാം ഞാൻ കീഴടക്കിയ ഇടപ്രഭുക്കന്മാരുടെ ഭടന്മാരിൽ എന്റെ സൈന്യത്തിൽ ചേരാനിഷ്ടമില്ലാത്തവരും എന്നാൽ നിരപരാധികളുമായ ചിലരെ വേണ്ട വ്യവസ്ഥയിൻപേരിൽ വിട്ടയയ്ക്കേണ്ടിയിരിക്കുന്നു.

"നിങ്ങളുടെ പരിശുദ്ധമായ ഉദ്ദേശങ്ങളും ന്യായമായ പ്രവൃത്തികളും അചിരേണ ഫലോന്മുഖമാകട്ടെയെന്നത്രേ എന്റെ ആകാംക്ഷയും ആശംസയും" എന്നുമാത്രം. അശോകനാഥന്റെ വാക്കുകൾക്കു മറുപടിയെന്നോണം താരാനാഥൻ പറഞ്ഞു രണ്ടുപേരും കൊട്ടാരത്തിൽനിന്നും അവരവരുടെ വഴിക്കുതിരിച്ചു. അശോകനാഥൻ കോട്ടയ്ക്കുവെളിയിൽ എത്തിയ ഉടനെ അവിടെ അണിനിരന്നു നിന്നിരുന്ന അയാളുടെ ഭടന്മാർ, മുറപ്രകാരം ആചാരം

ചെയ്തു. താരാനാഥൻ വിട്ടതിസ്ഥലത്തേക്കാണു തിരിച്ചുതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കാശ്മീരത്തിന്റെ താല്ക്കാലിക സ്ഥിതിക്കു നൊടിക്കിടയിൽ സംഭവിച്ച മാറ്റത്തെയും പ്രബുദ്ധമഹായോഗത്തിന്റെ കലാശത്തെയും അവിടത്തെ സംഭവങ്ങളെയും മറ്റും പറഞ്ഞു പലതും ചിന്തിച്ചുകൊണ്ടും തന്റെ അനന്തരകരണീയമെന്തെന്നു ആലോചിച്ചുമാണു് അയാൾ വിട്ടതിയിലേക്കു മടങ്ങിയതു്. മിക്കവാറും അശോകനാഥൻതന്നെ വിജയിയായിരിക്കുന്ന ഈ ഘട്ടത്തിൽ കാശ്മീരത്തിൽ വലുതായ മാറ്റങ്ങൾ സംഭവിക്കുമെന്നും അവയ്ക്കും തനിക്കും തമ്മിൽ കാര്യമായ സംബന്ധമില്ലാത്ത സ്ഥിതിയ്ക്കു് ഉടനെ നാട്ടിലേയ്ക്കു മടങ്ങുകയോ അതല്ല ചിലദിവസങ്ങൾകൂടി ശ്രീപുരത്തു താമസിക്കുകയോ വേണ്ടതെന്നുമായിരുന്നു അയാളുടെ ആലോചന.

മേൽപ്രകാരമുള്ള ചിന്തകൾ മനഃപ്രാങ്ങളെ ആശ്രയിക്കയാലും സന്ധ്യാസമയത്തെ തെരുവീഥിയിലെ ശോഭനമായ കാഴ്ചകളുടെ ശ്രദ്ധ അക്ഷികളെ കവർന്നതിനാലും ഏതോ ഒരു യന്ത്രശക്തിയാലെന്നവണ്ണം മുമ്പോട്ടുപൊയ്ക്കൊണ്ടിരുന്ന താരാനാഥനെ അഭിമുഖമായി സമീപിച്ച ഒരു സ്ത്രീ അല്പം ബദ്ധപ്പെട്ടും എന്നാൽ അതിരവോടുകൂടിയും കൈവശമുണ്ടായിരുന്ന ഒരെഴുത്തു് അയാളുടെ നേർക്കുനീട്ടി. താരാനാഥൻ യാതൊരു സംശയവും ക്ലേശവും കൂടാതെ വേഗത്തിൽ എഴുത്തുവാങ്ങി. അതേനിമിഷത്തിൽ സ്ത്രീ തന്റെ വഴിക്കു തിരിക്കുകയുംചെയ്തു. ആ സ്ത്രീ മൂടുപടം മുമ്പോട്ടുവലിച്ചിട്ട മുഖത്തിന്റെ അധികഭാഗവും മറച്ചിട്ടുണ്ടായിരുന്നു എങ്കിലും, അവൾ പ്രേതയക്ഷിയുടെ പ്രിയദാസികളിലൊരുവളായ വിമലയാണെന്നയാൾ മനസ്സിലാക്കാതിരുന്നില്ല. എഴുത്തു പ്രേതയക്ഷിയുടേതാണെന്നറിഞ്ഞ ഉടനേ അതു വായിച്ചുകാണാനുള്ള ബദ്ധപ്പാടോടുകൂടി വേഗത്തിൽ നടന്നു. കാശ്മീരമഹാകായ്യങ്ങൾക്കാകട്ടെ, ധീരപുരുഷനായ അശോകനാഥന്റെ അത്ഭുതകരമായ കർമ്മശൂരതയ്ക്കാകട്ടെ, തെരുവീഥികളിലെ മനോഹര കാഴ്ചകൾക്കാകട്ടെ, ധവളധവളമായ ചന്ദ്രികയ്ക്കാകട്ടെ, താരാനാഥന്റെ ഹൃദയത്തെ സ്വാധീനപ്പെടുത്താനുള്ള ശക്തി ഈ അവസരത്തിൽ ഉണ്ടായിരുന്നില്ല.

താരാനാഥൻ വിട്ടതിയെ സമീപിച്ചു വാതിലിൽ കടക്കാറായ ഘട്ടത്തിൽ, വേറെ ഒരുസ്ത്രീ അയാളുടെ മുമ്പിൽ പെട്ടെന്നു ആവിർഭവിച്ചു മറെറാരെഴുത്തും അയാളുടെ കൈയിൽ കൊടുത്തുംവച്ചു മറഞ്ഞു. ആ സ്ത്രീ പ്രേതയക്ഷിയുടെ ദാസിയായ സുരുചിയായിരുന്നു. പ്രേതയക്ഷിയുടെ പക്കൽനിന്നും ഒരേ അവസരത്തിൽ രണ്ടെഴുത്തു കിട്ടാനുണ്ടായ കാരണമെന്തായിരിക്കുമെന്നു് അയാൾ സാശ്ചര്യം ചിന്തിച്ചു. വിട്ടതിയിൽകയറി തന്റെ മുറിയിൽകടന്നുടനെ ആദ്യ

മായി വിമല കൊട്ടത്ത എഴുത്തു നിവർത്തുനോക്കി. അതു സരസ്വതിയുടെ എഴുത്തായിരുന്നു. അതിൽ നാലഞ്ചുവരികളും മാത്രമേ എഴുതിയിട്ടുണ്ടായിരുന്നുള്ളുവെങ്കിലും അതുവായിക്കാതെ അക്ഷമയോടുകൂടി മറേറക്കത്തു പൊളിച്ചുനോക്കി; അതു പ്രേതയക്ഷിയുടേതായിരുന്നു.

അദ്ധ്യായം ഏവു.

"ശൃണുസുമുഖി! തവചരണനളിനദാസോസ്മ്യഹം
ശോഭനശീലേ! പ്രസീദ പ്രസീദമേ
കളയരുതു സമയമിഹ മെരുതു വെറുതേ മമ
കാന്തേ! കളത്രമായ് വാഴ്കനീ സന്തതം"

മാന്യന്മാരായ വായനക്കാരുടെ ശ്രദ്ധയെ ഉടയസേനപ്രഭുവിന്റെ കല്പകക്കോട്ടയിലേക്കു ക്ഷണിച്ചുകൊള്ളട്ടെ. പതിനേഴാം അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ മൂന്നാംദിവസം രാത്രിയിൽ കല്പകക്കോട്ടയിലെ ഭദ്രാസനമുറിയിൽ ഒരു വിളക്കു ഉദാസീനമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഭയങ്കരങ്ങളായ പലേ കിംവദന്തികളോടു സംബന്ധപ്പെട്ട ഈ മുറി അനേകകാലമായി ആൾപ്പെരുമാറ്റമില്ലാതെ അടച്ചുപൂട്ടിയിരിക്കുകയാണെന്നും താരാനാഥന്റെ കാശ്മീരയാത്രയുടെ ഏതാണ്ടു ആരംഭത്തിൽ ഒരു രാത്രി ഈ മുറിയുമായി സംസ്സർഗ്ഗം ചെയ്വാൻ അയാൾക്കു ഇടയായിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വായനക്കാർ വിസ്മരിച്ചിട്ടില്ലായിരിക്കുമല്ലോ.

ഉദാസീനമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആ വിളക്കിന്റെ സമീപത്തായി ജഗന്മോഹിനിയായ ഒരു തരുണീരത്നം വിഷാദകലുഷിതമെങ്കിലും അതികോമളമായ തന്റെ വദനപദ്മത്തെ കൈത്തലംകൊണ്ടു താങ്ങിയും അഴിഞ്ഞുവീണ നാലുഭാഗത്തും ചിതറിക്കിടക്കുന്ന കുന്തളഭാരത്തിൽ ശ്രദ്ധയില്ലാതെയും അടിക്കടി ദീർഘശ്വാസം പുറപ്പെടുവിച്ചും ഏകാകിനിയായി സ്ഥിതിചെയ്യുന്നു. ഭ്രഷ്വേഷാദികൾ പരിമിതങ്ങളും അനാഡംബരങ്ങളുമാണെങ്കിലും അവ നൈസർഗ്ഗികമായ സൗന്ദര്യസമ്പത്തിക്കു യാതൊരു പ്രകാരത്തിലും ഹാനികരങ്ങളല്ല. നേത്രങ്ങളിൽനിന്നും പൊഴിയുന്ന ബാഷ്പകണങ്ങൾ ധൂസരമായ കപോലകാന്തിയെ ദ്വിഗുണീഭവിപ്പിച്ചുകൊണ്ടു ആപതിച്ചു് പ്രായോചിതമായ പീവരതയെ ലംഘിച്ച അപരാധത്തിനു ഒരു ശിക്ഷയെന്നോണം സ്തനഭരത്തെ അലട്ടുന്നുണ്ടു്. കൈത്തലവും തന്വ്യസ്തമായ മുഖകമലവും തമ്മിലുള്ള സംബന്ധം ഒരു വികസിച്ച താമരപ്പൂവിൽ മറെറാരു താമരപ്പൂവുവച്ചാലുള്ള ശോഭയെ വഹിക്കുന്നു. ഈഷദ്വൃത്താകാരമായ ആ

മുഖത്തു ഗുണഭ്രയിഷ്ഠതയും പ്രാഗത്ഭ്യവും സ്പഷ്ടമുദ്രിതമായി കാണപ്പെട്ടന്നു. നാസികാദ്യവയവങ്ങളുടെ അനിതരസാധാരണമായ സൗന്ദര്യം വാചാമഗോചരമാണല്ലോ. അല്പം ടീർഘിച്ച കണ്ണും രോമശങ്ങളായ പുരികങ്ങളും കറുത്തുനീണ്ട കണ്ണകളും എന്നിവ ഏതൊരു പുരുഷഹൃദയത്തെയും ആകഷ്ിച്ചു് അടിമപ്പെടുത്താതിരിക്കയില്ല. നിതംബസ്ഥൗല്യജന്യമായ അസൂയയാലെന്നവണ്ണം കടിപ്രദേശം ശോഷിച്ചും ഭുജങ്ങൾ മാംസളങ്ങളായും കാണപ്പെടുന്നു. ശരീരവർണ്ണം പഴുക്കാത്ത സ്വർണ്ണമെന്നേ പറയേണ്ടതുള്ളൂ.

ഭദ്രാസനമുറിയിൽ താരാനാഥൻ ശയിച്ച ദിവസം നാം കണ്ട അലങ്കാരങ്ങളല്ല ഇന്നു കാണപ്പെടുന്നതു്. സുരഭിലങ്ങളായ പുഷ്പമാല്യങ്ങളെക്കൊണ്ടും പുതുതായ ഇതരോപകരണങ്ങളെക്കൊണ്ടും ഇന്നു് അതിനകം മോടിയായലങ്കരിച്ചിരിക്കുന്നു. വാതായനങ്ങളിൽ പുതിയ യവനികകൾ ഘടിപ്പിച്ചിരിക്കുന്നു. നിലത്തു വിശേഷമായ ഒരു രത്നക്കംബളം വിരിച്ചിട്ടുമുണ്ടു്. അതിലാണു് ആ ലോകൈകസുന്ദരി സ്ഥിതിചെയ്യുന്നതു്.

നേരം പത്തുനാഴികയിരുട്ടിയിട്ടുണ്ടു്. ആകാശസൗധത്തിലെ പ്രപഞ്ചൈകദീപമായ ചന്ദ്രന്റെ ഇളംപ്രകാശം അല്പാല്പമായി വൃക്ഷങ്ങളുടേയും ചെടികളുടേയും ഇടയിൽക്കൂടി അവിടവിടെ കാണപ്പെടുന്നു. ഈ അവസരത്തിൽ ആ യുവതീമണി ചിന്താകുലനിഷ്ഠയിൽനിന്നും വിരമിച്ചു് വാതായനത്തെസ്സമീപിച്ചു് യവനികനീക്കി പുറത്തേക്കു നോക്കി. വൃക്ഷശാഖകളുടെ നിബിഡതയും കാറ്റു വീശുമ്പോഴുള്ള തച്ഛ്ശായാചലനങ്ങളും ആ സുകുമാരിയുടെ മൃദുലമായ ഹൃദയത്തെ ഭയപീഡിതമാക്കിച്ചെയ്തിരിക്കണം. ഭദ്രാസനമുറിയേയും അതിന്റെ പരിസരങ്ങളേയും സംബന്ധിച്ച ഭയങ്കരകേൾവികൾ അവളുടെ സ്മൃതിപഥങ്ങളെ ആശ്രയിച്ചതു് അതുകൊണ്ടാണല്ലൊ. എന്നാൽ ദൃഢമായ ദൈവഭക്തിയും അന്ധവിശ്വാസങ്ങളിൽ വൈമുഖ്യവും ഉള്ള ആ വിശിഷ്ടിയുവതിയെ തികച്ചും വിധേയയാക്കിച്ചെയ്യാനുള്ള ശക്തി ആ ഭയത്തിനുണ്ടായിരുന്നില്ല. ഭയങ്കരങ്ങളായ കേൾവികളിൽ വല്ല വാസ്തവവും ഉണ്ടായിരുന്നാൽതന്നെയും തനിക്കു യാതൊരുഹാനിയും അതുനിമിത്തം സംഭവിക്കുകയില്ലെന്ന അവർ വിശ്വസിച്ചു. കരുണാനിധിയായ ദൈവം നിസ്സഹായയായ തന്നെ കൈവിടുകയില്ലെന്നു പൂർണ്ണമായി വിശ്വസിച്ചു. മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഈശ്വരഭക്തിയെ പാലിച്ചുപോരുന്ന തന്നെ ഏതൊരു തോന്നലുകൾക്കും ശബ്ദങ്ങൾക്കും ഭയപ്പെടുത്താനോ ഹിംസിക്കാനോ കഴിവുണ്ടാകയില്ലെന്നു അവർ തന്നത്താൻ പറഞ്ഞു. മരിച്ച ആളുകൾ പിശാചുക്കളായിവന്നു മനുഷ്യരെ ഉപദ്രവിക്കുമെന്നു പറയുന്നതിൽ ലേശം

വാസ്തവമില്ലെന്നറിഞ്ഞു. തനിക്ക് എന്തെങ്കിലും ഉപദ്രവം നേരിട്ടുന്നതായാൽ അതു ജീവിച്ചിരിപ്പുള്ള വല്ല മനുഷ്യരിൽനിന്നും മാത്രമായിരിക്കുമെന്നാണു് അവൾ ഭയപ്പെട്ടതു്.

അ മുറിയിൽനിന്നും മോചിക്കാൻ വല്ലമാർഗ്ഗവും ഉണ്ടെങ്കിൽ കണ്ടുപിടിക്കണമെന്നാണു അ സാധുയുവതി പിന്നീടു് ആലോചിച്ചതു്. വല്ല ഗ്രന്ഥമാർഗ്ഗവുംകണ്ടാൽ ഏതുവിധത്തിലെങ്കിലും അതിനുള്ളിൽനിന്നും രക്ഷപ്പെടാമെന്നായിരുന്നു അവളുടെവിചാരം. ഒരു പ്രകാരത്തിൽ അ പ്രവൃത്തി വ്യാജപരമാണെന്നിരുന്നാലും, ബലാല്ക്കാരമായി പിടിച്ചുകൊണ്ടുവന്നു ബന്ധനസ്ഥയാക്കപ്പെട്ടിരിക്കുന്നതിനെസംബന്ധിച്ചിടത്തോളം അതൊരു പ്രതീകാരകർമ്മമാണെന്നു സമാധാനപ്പെടാനേയുള്ളൂ എന്നു അ യുവതി തീരുമാനിച്ചു. അ തീരുമാനത്തിനുശേഷം വീണ്ടും ജനലിൽക്കൂടി പുറത്തേക്കുനോക്കി ജനലിൽവഴി പുറത്തിറങ്ങാൻ മാർഗ്ഗമുണ്ടോ എന്നു പരിശോധിച്ചു. ശാന്തം! പാപം! ഇരുമ്പുകമ്പികളാൽ സുരക്ഷിതമാക്കപ്പെട്ട വാതായനത്തിൽക്കൂടി പുറത്തുകടക്കാൻ സാധിക്കുന്ന കാര്യമാണോ? എന്നാൽ അ സാഹസത്തിൽനിന്നും വിരമിച്ചു് വേറേ വല്ല കഴിവുമുണ്ടോ എന്നു ശോധനചെയ്യാമെന്നു നിശ്ചയിച്ചുകൊണ്ടു് ജനലിന്റെ കതകടയ്ക്കാനായി പിറകോട്ടുമാറുമ്പോൾ പത്തിരുപതു വാരയകലത്തായി ഒരു വെളുത്തസത്വം നടന്നുപോകുന്നതുപോലെ അവൾക്കു തോന്നി. എത്രതന്നെ ഈശ്വരഭക്തിയും മനസംസ്കാരവും ഉണ്ടായിരുന്നിട്ടും അ കാഴ്ച അവളുടെ സ്ത്രീസഹജമായ, അല്ല മനുഷ്യസാധാരണമായ ഭീതിയെ ഉദ്ദീപ്തമാക്കിച്ചെയ്തു. അതേ അവൾ ഞെട്ടിപ്പിറകോട്ടൊന്നുമാറി. ശരീരമാസകലം വിയർത്തുവശായിച്ചമഞ്ഞു. മഞ്ഞിൽതണുത്ത ഒരു സർപ്പം അടിവയറ്റിലേക്കു പുളഞ്ഞിറങ്ങുന്നതുപോലുള്ള ഒരനുഭവം അവൾക്കുണ്ടായി. നോക്കിയ ദിക്കിൽനിന്നും ദൃഷ്ടിപിൻവലിക്കാൻ ശക്തിയില്ലാതെവന്നു. വാവിട്ടുനിലവിളിക്കുമോ എന്നു തന്നത്താൻ സംശയിച്ചു. "സത്യസ്വരൂപനായ ദൈവമേ! ഞാൻ കേട്ടിട്ടുള്ള ജനശ്രുതികൾ വാസ്തവികങ്ങളാണോ? മരിച്ചുപോയവർ ഈ സ്ഥലത്തു സഞ്ചരിക്കുന്നുണ്ടെന്നുള്ള കേൾവി പരമാർത്ഥംതന്നെയോ? മരിച്ചവരുടെ ആത്മാവു് ദേഹാന്തരത്തെ സ്വീകരിച്ചു ഗ്രന്ഥസഞ്ചാരം ചെയ്യുന്നുണ്ടെന്നുള്ളതു വിശ്വസനീയമാണോ" എന്നിങ്ങനെയുള്ള ചോദ്യങ്ങൾ അവളുടെ ഹൃദയത്തിൽ ഉദിച്ചുപൊങ്ങിത്തുടങ്ങി. ഈ അവസരത്തിലും അവൾ അ സത്വത്തെ കാണുന്നുണ്ടായിരുന്നു. സത്വമാകട്ടെ ഒരിടത്തുതന്നെ നില്ക്കാതെ ഒരുഭാഗത്തോട്ടു ഒഴിഞ്ഞുനടക്കുകയായിരുന്നു. അങ്ങനെ നടന്നുകൊണ്ടിരിക്കെ പെട്ടെന്നു തിരോധാനംചെയ്തു. ഏതെങ്കിലുമൊരുഭാഗത്തു മറഞ്ഞുവോ ഭൂമിക്കടിയിൽ താണുവോ

ആകാശത്തേക്കുയർന്നുവോ എന്നൊന്നും അവൾക്കു തീർച്ചപ്പെടുത്താൻ സാധിച്ചില്ല. സത്വമറഞ്ഞതോടുകൂടി, കരചരണാദ്യവയവങ്ങൾക്കും ഹൃദയത്തിനും ചലനവും സ്വാസ്ഥ്യവും സിദ്ധിച്ചു. അവളെ ബാധിച്ച സത്വാവേശം കേവലം വിട്ടുമാറിഎന്നുപറയാം.

അതേ സന്ദർഭത്തിൽ ആ മുറിയുടെ വാതിൽ വെളിയിൽനിന്നു തുറക്കുന്നശബ്ദംകേട്ടു. അവൾ വേഗത്തിൽ പൂർവ്വസ്ഥലത്തു വന്നിരുന്നു. സത്വത്തെക്കണ്ടതിനാലുണ്ടായ വികാരങ്ങളും വിചാരങ്ങളും ധൈര്യസൂത്രത്താൽ ബന്ധിച്ചു് മനസ്സിന്റെ ഒരു മൂലയിൽ നിക്ഷേപിച്ചു. അടുത്ത നിമിഷത്തിൽ നേരിടാൻപോകുന്ന സംഭവത്തെ എതിർത്തുനില്ക്കുന്നതിനു് അവൾ സന്നദ്ധയായി. അവളുടെ മുഖത്തെ മയനിയത നിശ്ലേഷംവിട്ടുമാറി. ധൈര്യവും തജ്ജന്യമായ ഒരഹങ്കാരവും അവളുടെ ഹൃദയത്തെ ബാധിച്ചുലക്ഷണം ആ മുഖത്തു സ്പഷ്ടമായിതെളിഞ്ഞുകണ്ടു ഇതിനകം വിജയസേനൻ വാതിൽതുറന്നു് അകത്തുകടന്നു. എന്നിട്ടു വിളക്കുംകൊണ്ടു തന്നെ അനുഗമിച്ച ചാരുമത്തനോടായി, 'ഇനി താൻ പൊയ്ക്കോള്ളൂ!' എന്നാജ്ഞാപിച്ചു. ചാരുമത്തൻ അതുകേട്ടു്, അനുകമ്പാസൂചകമായ മുഖഭാവത്തോടുകൂടി, ആ മുറിക്കുള്ളിൽ ഇരുന്ന സാധു യുവതിയുടെ മുഖത്തു നോക്കിയിട്ടു മടങ്ങിപ്പോയി. ആ നോട്ടത്തിൽ അന്തർവിച്ചിരുന്ന അനുകമ്പാർദ്രത ആ യുവതി അറിയുകയുംചെയ്തു.

ആജ്ഞാനുസരണം ചാരുമത്തൻ മടങ്ങിപ്പോയതിനുശേഷം വിജയസേനൻ കതകടച്ചുംവച്ചു ധാർഷ്ട്യവും ഔദ്ധത്യവും കലർന്ന മുഖഭാവത്തോടുകൂടി യുവതിയെ സമീപിച്ചു. അവൾ തന്നെപ്പറ്റി എന്തു കരുതുന്നു എന്നറിയാനായിട്ടെന്നപോലെ അവളെ ഉറ്റുനോക്കി. എന്നാൽ രാവണസാമീപ്യത്താൽ സീത എന്നവണ്ണം ആ യുവതിരത്നം ധൈര്യത്തെ കൈവിടാതെയും അവന്റെ വീക്ഷണത്തെ ലക്ഷ്യമാക്കാതെയും അധോമുഖിയായി സ്ഥിതിചെയ്തതേയുള്ളൂ. ആ അധിക്ഷേപഭാവം കണ്ടപ്പോൾ, തന്റെ ഇംഗിതം ഫലോദ്ഗ്രമാകാൻ സംഗതിയില്ലെന്നു വിജയസേനൻ ഗ്രഹിച്ചു. 'സൗന്ദര്യമൂർത്തിനിയായ തരുണീരത്നമേ! ഭവതി എന്റെ അധീനതയിലായിട്ടു ഇന്നേയ്ക്കു മൂന്നുദിവസമായി. എന്നീ മുഖവുരയോടുകൂടി അവളുടെ മുമ്പിലിരുന്നു.

യുവതി:—ഞാൻ നിങ്ങളുടെ അധീനതയിൽ ആയി എങ്കിൽ, അതു എന്റെ സമ്മതത്തോടുകൂടിയല്ല. എന്നെ ബലാല്ക്കാരമായി പിടിച്ചുകൊണ്ടുവന്നു ഈ മുറിയിൽ അടച്ചിട്ടുകൊണ്ടു നിങ്ങളുടെ അധീനതയിലായി എന്നു പറഞ്ഞാൽ എന്തൊരത്ഥമാണുള്ളതു്? പുരുഷത്വവും മനുഷ്യത്വവും ഇല്ലാത്ത ഒരാളിന്റെ അധീനതയിലാകുന്നവളല്ല ഞാൻ.

വിജയ:—കേൾക്കുക! ഭവതിയുടെ അന്യാദൃശമായ സൗകുമാര്യത്തിനും മധുരമെങ്കിലും പരുഷമായ ഈ വാക്കുകൾക്കും തമ്മിൽ എത്ര അന്തരമുണ്ടെന്നു ഭവതി അറിയുന്നുണ്ടോ? ഭവതി ഇനിയും മക്കടമുഷ്ടിപിടിച്ചുംകൊണ്ടിരുന്നാൽ അതുകൊണ്ടു യാതൊരു ഫലവും ഉണ്ടാകാനില്ല. ഇതേ! ഭവതിയുടെ പാദപത്മങ്ങളിൽ ഈ ദാസൻ നമസ്കരിച്ചേക്കാം. ഈ പ്രേമകിരീടം ഭവതിയുടെ പാദത്തിൽ സമർപ്പിക്കുകയും ചെയ്യാം. ഇനിയെങ്കിലും ഭവനിൽ പ്രസാദിക്കേണമെന്നൊരപേക്ഷമാത്രമേയുള്ളൂ.

യുവതി:—ഇല്ല, ഈ നിന്ദ്യവചനങ്ങളെ ഞാൻ ചെവിക്കൊള്ളുകയില്ല. നിങ്ങൾക്കു അല്പമെങ്കിലും ജീവകാരുണ്യമുണ്ടെങ്കിൽ എന്നെ ഇവിടുന്നു മോചിപ്പിക്കുകയാണു വേണ്ടതു്.

വിജയ:—ഈ മുറിയിൽനിന്നുമോ? അതിനു ഞാൻ തയ്യാറാണു്. ഈ മുറിയിൽനിന്നും മോചിപ്പിച്ചു് എന്റെ മണിമേടയിൽ ഭവതിയെ പാർപ്പിക്കാം. എന്റെ പ്രാർത്ഥനയെ അംഗീകരിക്കാത്ത താമസമേയുള്ളൂ.

യുവതി:—(വെറുപ്പോടുകൂടി) ഏതൊരു പ്രാർത്ഥനയേ?

വിജയ:—ഭവതി എന്റെ ഭാര്യാപദത്തെ അലങ്കരിക്കണമെന്നുള്ള പ്രാർത്ഥനയെ?

യുവതി:—(കോപഭാവത്തിൽ)അതിനു ഈജന്മം ഞാൻ തയാറില്ല.

വിജയ:—എത്രനാൾ ഈ നിർബന്ധത്തെ മുറുകെപ്പിടിക്കാനാണു ഭാവം? അംബികേ! ഞാൻ പറയുന്നതുകേൾക്കൂ! ക്ഷമയോടെ കേൾക്കൂ! ഗത്യന്തരമില്ലാതെ വരുന്ന ഘട്ടത്തിൽ, കാമപരവശനായ ഒരു യുവാവു്, നിർബന്ധബുദ്ധിയുള്ള ഒരു സ്ത്രീയെ വശത്താക്കാൻ സ്വീകരിക്കുന്ന നയമെന്തായിരിക്കുമെന്നു ഭവതി അറിയുന്നില്ല

അംബിക:—അതേ, കേവലം ഒരു ഉപവനത്തിൽ ജീവിച്ചുപോരുന്ന ലോകപരിചയം അല്പംപോലുമില്ലാത്ത എനിക്കു് ഇങ്ങനെയുള്ള സംഗതികളിൽ അറിവു വളരെ കുറവാണു്. ലേശവും ഇല്ലെന്നു പറയാം.

വിജയ:—എന്നാൽ ഞാൻ പറഞ്ഞു മനസ്സിലാക്കിത്തരാം. ഹിംസാനയത്തെ സ്വീകരിക്കുകയല്ലാതെ മറ്റൊന്നുമില്ല.

അംബിക:—എനിക്കു് അതു വിശ്വസിക്കാനുള്ള ധൈര്യമില്ല. നിങ്ങൾ ഒരു പ്രേതകുടുംബത്തിൽ ജനിച്ച ആളാണു്. അന്തസ്സും ആഭിജാത്യവുംതികഞ്ഞ ഒരു യുവാവാണു്. അശരണന്മാർക്കു് അഭയംനല്കിയും ആർത്തന്മാരെ സഹായിച്ചും സ്വജീവിതത്തെ ലോകത്തിനു മാതൃകയാക്കിച്ചെയ്യുകയാണു നിങ്ങളെ

പ്പോലുള്ള പ്രലോഭനങ്ങൾക്കു വശപ്പെടുന്നവരാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ ധർമ്മത്തെ തിരെ വിസ്മരിച്ചു കേവലം ധൂർത്തന്മാരും മനുഷ്യദ്രോഹികളുമായ ദുഷ്ടന്മാരുടെ മനഃസ്ഥിതിയെ നിർലോഭം കൈക്കൊള്ളുമെന്നു ഞാൻ വിശ്വസിക്കുകയില്ല.

വിജയ:— അംബികേ! ഭവതി പറഞ്ഞതു വളരെവാസ്തവം. എന്നാൽ ഭവതിയുടെ അലൗകികസൗന്ദര്യമായ അംഗലാവണ്യജ്യോതിസ്സിനാൽ ധർമ്മചിന്ത ഭസ്മീകരിക്കപ്പെട്ടിരിക്കുന്നതിനാൽ, ഏതൊരു നീചനയത്തെ അംഗീകരിച്ചും ഭവതിയെ സ്വാധീനപ്പെടുത്താൻ എന്റെ ഹൃദയം എന്നെ പ്രേരിപ്പിക്കുന്നു. വിശേഷിച്ചും "കാമത്തിനകണ്ണില്ലെന്നാണല്ലോ ന്യായം. അതുകൊണ്ടു് എന്നെ അധർമ്മമാർഗ്ഗത്തിൽ ചരിപ്പിച്ചു എന്നൊരപരാധത്തിനുകൂടി ഭവതി പാത്രമാകരുതു്. എന്റെ അപേക്ഷയെ ഭവതി നിരാകരിക്കരുതു്. ഞാൻ വല്ലതും പുലമ്പുകയാണെന്നും എന്റെ ഭാഷ്യോപദേശം ഗർഹണീയമാണെന്നും കരുതരുതു് ആ സ്വഭാവം ബുദ്ധിഹീനതയുടെ ഫലമാണെന്നും മക്കടമുഷ്ടികൊണ്ടു പ്രയോജനമില്ലെന്നും വിശ്വസിക്കണം. ഭവതിയെ ഹൃദയപൂർവ്വംസ്നേഹിക്കുന്ന എന്റെ ന്യായമായ അപേക്ഷയെ ഭവതി നിരാകരിക്കുന്നതു യുക്തമോ? ഭവതിയിൽ എനിക്കുള്ള സ്നേഹത്തിനു് എത്രനാളത്തെ പഴക്കമുണ്ടെന്നു ഭവതി അറിയുന്നുണ്ടോ? ഭവതിയെ ആദ്യം ഞാൻകണ്ടതു് ഒരുകൊല്ലത്തിനുമുമ്പാണു്. അന്നു ഞാൻ ചന്ദ്രഹൃത്പ്രഭുവിന്റെ ഉപവനത്തിൽ മൃഗയാവിനോദാർത്ഥം സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, ആ ചെറിയ ഗൃഹത്തിന്റെ മുൻഭാഗത്തുനിന്നിരുന്ന ഭവതിയെ അപ്രതീക്ഷിതമായി എനിക്കു കാണാനിടയായി. ആ നിമിഷത്തിൽ ഞാൻ ഭവതിയിൽ അനുരക്തനാവുകയുംചെയ്തു. ഭവതിയെ ഒരുനോക്കു കാണുന്ന ഏതൊരുവനും ഭവതിയിൽ അനുരക്തചിത്തനായിത്തീരുന്നതിൽ ആശ്ചര്യപ്പെടാനില്ല. ഏതൊരു നിമിഷത്തിൽ ഭവതിയിൽ ഞാൻ അനുരക്തനായിഭവിച്ചുവോ ആ നിമിഷംമുതൽ ഭവതിയോടുകൂടാതെയുള്ള എന്റെ ജീവിതം നിഷ്ഫലമാണെന്നും ഞാൻ തീർച്ചയാക്കി. അന്നുമുതൽ അടിക്കടി ഞാൻ ഭവതിയുടെ ഗൃഹത്തിനുചുറ്റുമുള്ള ഉപവനങ്ങളിൽ വേട്ടയ്ക്കെന്നുംപറഞ്ഞു ഭവതിയുടെ മുഖദർശനഭാഗ്യത്തെ അനുഭവിക്കാനായി സഞ്ചരിച്ചുവന്നു. ഭവതി ഒന്നു മന്ദഹസിക്കയെങ്കിലും ചെയ്യുകാണണമെന്നു ഭവതിയെക്കാണുമ്പോഴെല്ലാം ഞാൻ ആശിച്ചുംവന്നു. എന്നാൽ ഭവതിയുടെ ഹൃദയം എന്നോസ്സംബന്ധിച്ചിടത്തോളം വജ്രതുല്യമായിക്കാ

ണപ്പെട്ട. ഭവതിയുടെ തനുവിനു നൽകിയ മൃദുലത ഹൃദയത്തിനു നൽകാത്ത ആ ബ്രഹ്മാവു് എത്ര കർക്കശനാണു്?.

അംബിക:—നിങ്ങൾ ഇതിനുമുമ്പു് ഒന്നിലധികംപ്രാവശ്യം പറഞ്ഞുവാക്കുകൾതന്നെ ഇപ്പോഴും പറയുന്നു. ചർവിതചർവണത്തിൽ ചിലർക്കു വെറുപ്പുതോന്നുകയില്ലായിരിക്കാം. എന്നാൽ എനിക്കു് അതിൽ തീരെ കൗതുകം തോന്നുന്നില്ല. ഞാൻ മുമ്പുതന്നെ പറഞ്ഞവസാനിപ്പിച്ചിട്ടുണ്ടു്. നിങ്ങളുടെ സ്നേഹം എനിക്കൊരനുഗ്രഹമാണു്. എന്നാൽ നിങ്ങളുടെ അനുരാഗത്തിനു ഞാൻ അർഹയല്ല. നിങ്ങൾ ഒരു വലിയ പ്രഭുവും ഞാൻ ഒരു ദരിദ്രയുമാണു്. ആ സ്ഥിതിക്കു നിങ്ങളുടെ ഭാര്യാത്വം എനിക്കു സ്വീകരിക്കാൻ പാടില്ല. ഞാൻ അതിനു് ഈ ജന്മം സമ്മതിക്കുകയുമില്ല.

വിജയസേനൻ:—ഭവതി വീണ്ടും കർണ്ണശല്യമായ വാക്കുകളാണു പുറപ്പെടുവിക്കുന്നതു് ആ വാക്കുകൾ എന്റെ മനസ്സിനെ അലട്ടുകയുംചെയ്യുന്നു. എന്റെ പത്നീത്വം സ്വീകരിക്കുകയില്ലെന്നു ഭവതി തീർത്തുപറയരുതു്.

അംബി:—ഇല്ല; ഞാൻ അതുതന്നെ പിന്നെയും പിന്നെയും പറയും അതല്ലാതെ വേറേ വാക്കുകൾ എനിക്കില്ല. പല പ്രാവശ്യം പറഞ്ഞിട്ടും നിങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിൽ മനസ്സിലാകുവോളം പറകയല്ലാതെ എന്തുനിവൃത്തി? നിങ്ങളെപ്പോലുള്ള യുവാക്കന്മാർക്കു് ഒരിക്കൽ പറഞ്ഞാൽ മനസ്സിലാകേണ്ടതാണു്. ഞാൻ നിങ്ങളെ ഭാര്യാഭാവത്തിൽ സ്നേഹിക്കുകയില്ലെന്നു് ആദ്യമേപറഞ്ഞൊഴിഞ്ഞു. നിങ്ങൾക്കു ലേശമെങ്കിലും അഭിമാനവും സദ്ബുദ്ധിയും ഉണ്ടെങ്കിൽ എന്റെ അന്തർഗ്ഗതം അറിഞ്ഞമാത്രയിൽ എന്റെ വിഷയത്തിൽ നിന്നും മനസ്സിനെ പിൻവലിച്ചു് അന്യസ്ത്രീയെ പാലിക്കേണ്ടതാണു്.

വിജയസേന:—അംബികേ! ഭവതി പറഞ്ഞതു വാസ്തവംതന്നെ. അങ്ങനെയാണുവേണ്ടതു്. എന്നാൽ ഭവതിയെസംബന്ധിച്ചിടത്തോളം എന്റെ അഭിമാനങ്ങളൊക്കെ കാശിക്കു പൊയ്കഴിഞ്ഞു. ഞാൻ എന്തുചെയ്യട്ടെ? എനിക്കു ഭവതിയിൽ, ഇന്നപ്രകാരത്തിലെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്ത അനുരാഗം ജനിച്ചുപോയി ഈ അവസരത്തിലും പരമാനുരാഗം ഭവതിയിലുണ്ടു്. ഭവതി എന്നെവിട്ടകന്നാൽ എനിക്കു ബുദ്ധിഭ്രമം നേരിടാനുമിടയുണ്ടെന്നുതോന്നുന്നു. എന്റെ ഭാര്യാത്വം സ്വീകരിക്കണമെന്നു പലപ്രാവശ്യം ഞാൻ അപേക്ഷിച്ചു. ഞാൻ കാശ്മീരത്തിലൊരുവലിയ നാട്ടു

വാഴിയുടെ ഏകസന്താനമാണെന്നറിഞ്ഞിരുന്നിട്ടും, ഒരഗതി കുടുംബത്തിലെ അംഗമായ ഭവതി, അപ്പോഴൊക്കെയും ആ അപേക്ഷയെ നിരസിച്ച് എന്നെ അപമാനിക്കുകയാണു ചെയ്തതു്.

അംബിക:—അതു തെറ്റായ അഭിപ്രായമാണു്. ഞാൻ നിങ്ങളെ അപമാനിച്ചിട്ടില്ല. നിങ്ങളുടെ ഭാര്യയായിരിക്കയില്ലെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

വിജയസേ:—ആ പറച്ചിലിന്റെ അർത്ഥമെന്താണു്? ഭവതി ഇതേവരെ മറ്റൊരാളിനെ സ്നേഹിച്ചിട്ടില്ല. അങ്ങനെയിരിക്കേ ഒരു പ്രേതപുത്രനായ എന്റെ ഭാര്യയായിരിക്കയില്ലെന്നു ശഠിക്കുന്നതു് എന്നെ അപമാനിക്കുകയല്ലേ?

അംബി:—അതു് ഒരിക്കലും അപമാനമല്ല എന്റെഹൃദയം നിങ്ങളെ സ്നേഹിക്കുന്നില്ല. എന്നിരുന്നാലും, നിങ്ങൾ എന്നെ സഹോദരഭാവേന സ്നേഹിക്കുകയാണെങ്കിൽ എനിക്കു് ആ സ്നേഹത്തിൽ ബഹുമാനവും ആദരവുമുണ്ടായിരിക്കയുംചെയ്യും.

വിജയസേ:—സഹോദരഭാവത്തിൽ സ്നേഹിക്കുകയോ? ആ സ്നേഹത്തിനുമാത്രമേ വഴിപ്പെടുകയുള്ളുവെന്നോ?

അംബി:—അതേ; മറ്റുപ്രകാരത്തിലുള്ള സ്നേഹം എനിക്കിഷ്ടമില്ല.

വിജയസേ:—അനുരാഗപരമായ സ്നേഹത്തിനു വഴിപ്പെടുകയില്ലേ?

അംബി:—ഇല്ല.

വിജയ:—അങ്ങനെയാണെങ്കിൽ എന്റെ ആഗ്രഹസിദ്ധിക്കു ഞാൻ ബലാൽക്കാരനയം സ്വീകരിച്ചാൽ ഭവതി എന്നെ കുറപ്പെടുത്തേണ്ട ആവശ്യമെന്തു്? പത്തുപതിനാലുദിവസത്തിനുമുമ്പു ഒരുരാത്രിയിൽ ഭവതിയെ ഞാൻ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോന്നു. വഴിക്കുവച്ചു നേപ്പാളരാജ്യക്കാരനായ ആ മഠയൻ താരാതാഥനെന്ന പോക്കിരി ഭവതിയെമോചിപ്പിച്ചു. ഇത്തവണ അങ്ങനെയുള്ള പ്രതിബന്ധങ്ങളൊന്നും നേരിടാത്തതുകൊണ്ടു്, ഭവതി തികച്ചും എന്റെ കൈയിൽ അകപ്പെട്ടിരിക്കുന്നു. എനിക്കു് ഇപ്പോൾ എന്തും കാട്ടാനുള്ള സൗകര്യവും ശക്തിയും ഉണ്ടു്.

അംബിക:—ഓ! അങ്ങനെയോ? നിങ്ങളുടെ കൈയിൽ അകപ്പെട്ടിരിക്കുന്നു അല്ലേ? ശരി, വാസ്തവംതന്നെ. നിങ്ങൾക്കെന്തുവേണമെങ്കിലും പ്രവർത്തിക്കാം. എന്നാൽ അപ്രകാരം നിഷ്ഠുരവും നിർദ്ദയവുമായി പ്രവർത്തിക്കാൻ നിങ്ങൾ ഒരുമ്പെടുന്നതു നിങ്ങളുടെ അന്തസ്സിനുചേർന്നതല്ല. നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടെന്നുപറയുന്നു. അതു വാസ്തവമാണെങ്കിൽ എന്നെ ഹിംസിക്കാൻ നിങ്ങൾ എങ്ങനെ തയ്യാറാകും? സ്നേഹമുണ്ടെ

ങ്കിൽ ദുഃഖിപ്പിക്കുവാൻ മനസ്സുണ്ടാകുമോ? ഇന്നേയ്ക്കു മൂന്നു ദിവസമായി ഞാൻ ഈ മുറിയിൽ തടവിൽപാർക്കുന്നു. ഈ മൂന്നുദിവസത്തിൽ ഞാൻ അനുഭവിച്ചസങ്കടം ഒട്ടൊന്നുമല്ല. എന്റെ ഗൃഹത്തിലുള്ളവർ എന്നെക്കാണാഞ്ഞു എന്തുമാത്രം സങ്കടപ്പെടുന്നുണ്ടെന്നോർക്കുമ്പോൾ എന്റെ ഹൃദയം എരിപൊരിക്കൊള്ളുന്നു. ഇരിക്കട്ടെ? ഞാൻ നിങ്ങളുടെ കൈയിൽ അകപ്പെട്ടിരിക്കുന്നു; അക്കാര്യത്തിൽ സംശയവുമില്ല. നിങ്ങൾക്കു എന്നിൽ അല്പമെങ്കിലും അനുകമ്പയില്ലെന്നുള്ളതും വാസ്തവമാണു്. മനുഷ്യവാസമില്ലാതെ അനേകകാലം അടച്ചുപൂട്ടിയിട്ടിരുന്നതും ഭയങ്കരങ്ങളായ പലേകഥകൾക്കു കാരണമായിട്ടുള്ളതുമായ ഒരു ശപിക്കപ്പെട്ടമുറിയിൽ എന്നെ ബന്ധനസ്ഥയായി പാർപ്പിച്ചിരിക്കുന്നു. ഭയന്നിട്ടെങ്കിലും നിങ്ങളുടെ മൃഗീയമായ ആശയ്ക്കു വഴിപ്പെടട്ടെന്നായിരിക്കാം ഉദ്ദേശം. പക്ഷേ, ആ ഉദ്ദേശം സാധിക്കുമെന്നു വിശ്വസിച്ചുപോകണ്ടാ. ഞാൻ ഒരിക്കൽക്കൂടി തീർത്തുപറയാം. നിങ്ങൾ എത്രതന്നെ അപേക്ഷിച്ചാലും ഏതെല്ലാം വിധത്തിൽ ഹിംസിച്ചാലും അഥവാ നിഗ്രഹിച്ചാലും ഞാൻ നിങ്ങൾക്കു വഴിപ്പെടുകയില്ല.

വിജ:—മതി, മതി ഇനി നീ സംസാരിക്കേണ്ടാ. അഹങ്കാരവും മൂർഖതയും നിനക്കു ഇത്രത്തോളമുണ്ടെന്നു ഞാൻ അറിഞ്ഞില്ല. ആകട്ടെ, നീ എനിക്കു വഴിപ്പെടുകയില്ലെന്നല്ലേപറഞ്ഞതു്? ഞാൻ ഉദയസേനപ്രഭുവിന്റെ മകനാണെങ്കിൽ ഉദ്ദേശിച്ച കാര്യം നിവർത്തിക്കുമെന്നു വിശ്വസിക്കുക! ബലാല്ക്കാരമായി നിന്റെ പാതിവ്രത്യത്തെ നശിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. എന്റെ സഹചാരിണിയായി നിന്നെ സ്വീകരിക്കണമെന്നാണു ഞാനുദ്ദേശിച്ചിട്ടുള്ളതു്. ആ ഉദ്ദേശം സാധിക്കാതിരിക്കയുമില്ല. എന്റെ അച്ഛൻതന്നെ പ്രതിബന്ധമായിരുന്നാലും ഞാൻ നിന്നെ വിവാഹംചെയ്യുമെന്നു് ഈശ്വരനാമത്തിൽ സത്യംചെയ്തുപറയുന്നു.

അംബിക:—മതി, അങ്ങനെ നില്ക്കട്ടെ! ഇനിയൊന്നും എനിക്കു കേൾക്കേണ്ടാ. സത്യത്തെ പാലിച്ചുകൊള്ളുക. സത്യംചെയ്തു പറയുന്നതു് ഒരുതരം ഭീരുക്കളാണു്. കുലീനന്മാർക്കു് സത്യം ചെയ്യേണ്ട ആവശ്യം നേരിടുന്നതല്ല. അവർ എപ്പോഴും സത്യസന്ധന്മാരായിരിക്കും.

വിജ: സേ:—മൂർഖേ! അഹങ്കാരവാക്കുകൾ നിർത്തുക! നിന്റെ ഇഷ്ടംപോലെ വല്ലതും പറയാനുള്ള സ്വാതന്ത്ര്യം നിനക്കു ഇവിടെയില്ല. അതിനല്ല ഞാൻ നിന്നെ ഇവിടെക്കൊണ്ടു

വന്ന പാർപ്പിച്ചിരിക്കുന്നതു്. ഇവിടെ എന്റെ ഇഷ്ടവും സ്വാതന്ത്ര്യവുമാണു നടക്കേണ്ടതു്. എന്റെ ഇഷ്ടപ്രകാരം നാളെ ഞാൻ പ്രവർത്തിക്കും. നാളെ രാത്രി ഒൻപതുമണിക്കു പുരോഹിതന്മാരേയും മറ്റു വേണ്ടപ്പെട്ടവരേയും ഇവിടെ ക്ഷണിച്ചുവരുത്തും. ആ സന്ദർഭത്തിൽ ഞാൻ നിന്നെ പരസ്യമായി സമുദായവിധിപ്രകാരം വിവാഹംചെയ്യും. നീ അതിനു തയ്യാറായിക്കൊള്ളണം, അതാണു നിനക്കു നന്മ. ഇത്രമാത്രമേ എനിക്കു പറവാനുള്ളൂ.

വിജയസേനൻ പുറത്തിറങ്ങി വാതിൽ അടച്ചുപൂട്ടിക്കൊണ്ടു തന്റെ ശയനമുറിയിലേക്കുപോയി. അംബിക നിലയില്ലാത്ത ദുഃഖസാഗരത്തിൽ മുഴുകി. അവളുടെ ഹൃദയത്തിൽ സന്താപാഗ്നി കത്തിപ്പടർന്നു. അവൾ മുഖംപൊത്തി വാവിട്ടു നിലവിളിച്ചു. അതിന്റെ പ്രതിധ്വനിയെന്നോണം, വേറൊരു രോദനശബ്ദം അതു മുറിയുടെ വെളിയിൽനിന്നും പുറപ്പെട്ടതുപോലെ അവൾക്കു തോന്നി. അവൾ ഞെട്ടി എഴുന്നേറ്റു് ആ ശബ്ദമുണ്ടായടിക്കിൽ ദത്തശ്രദ്ധയായി നിന്നു. അപ്പോഴും ആ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. അവൾ ജനേൽ തുറന്നു വെളിയിലോട്ടുനോക്കി. ആരെയും കാണാനുണ്ടായിരുന്നില്ല.

അദ്ധ്യായം ൧൯.

"പുത്രിയെയെന്നപോൽ സ്നേഹിച്ചിട്ടുണ്ടഞാ-
നെത്രയും; പൈതലേ! മണ്ടിപ്പിഴയ്ക്കൊടോ!
പാരംതപിക്കുന്ന മാനസം മാമകം
കാരണംഹൃച്ഛവും, കാക്കും കലാധരൻ."

വിവേകരഹിതനായ വിജയസേനന്റെ തീരുമാനംകേട്ട അംബികയ്ക്കുണ്ടായ ദുഃഖം ഇത്രമാത്രമെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. അവൻ പറഞ്ഞതുപോലെ പ്രവർത്തിക്കുമെന്നവൾക്കു വിശ്വാസമുണ്ടു്. ഒര് മണിക്കൂർകഴിയുംമുമ്പു് എന്തെല്ലാമാണു ഇനി സംഭവിക്കാൻപോകുന്നതെന്നോർത്തപ്പോൾ, അവളുടെ ശരീരം നടുങ്ങിവിയർത്തു; രോമങ്ങൾ മുള്ളൻകോലുകൾപോലെ എഴുന്നു.

അതിരിക്കട്ടെ! അംബിക വിജയസേനനെ ഇത്ര വളരെ വെറുക്കാൻ കാരണമെന്താവാം? അയാളുടെ ഭാഗ്യാതിശയത്തിൽ അവൾക്കു ജ്വലിച്ചതോന്നാൻ കാരണമെന്തു്. വിജയസേനനോ ഒരു വലിയ ഇടപ്രഭുവിന്റെ ഏകസന്താനം, കുബേരസദനം, എന്ന അപരാഭിധാനത്തിനു തികച്ചും അവകാശമുള്ള കല്പകക്കോട്ടയുടെ അന

ന്തരാവകാശി, സുകുമാരനായ ഒരു യുവാവു്. വിദ്യാഭ്യാസം വേണ്ടുവോളം സിദ്ധിച്ചിട്ടുണ്ടു്. ഇപ്രകാരമുള്ള ഒരു വിശിഷ്ടയുവാവിന്റെ പത്നിത്വം കുറച്ചു സൗന്ദര്യമായ ഒരു ഈശ്വരാനുഗ്രഹഫലമാണെന്നു വിശ്വസിച്ചു കൃതജ്ഞതയോടുകൂടി അംബിക അംഗീകരിക്കേണ്ടതല്ലേ? അല്ല. കലാശ്രേഷ്ഠതയും കുബേരതയും ആകൃതിയോഗ്യതയും പുസ്തകവിദ്യാസമ്പന്നതയുമാണു് ഒരു പുരുഷന്റെ യോഗ്യതയെന്നു വിശ്വസിച്ചിട്ടുള്ള ഒരു യുവതിയല്ല അംബിക. ഇവയെല്ലാം കേവലം കൃത്രിമയോഗ്യതകളാണെന്നാണവളുടെ വിശ്വാസം. നൈസർഗ്ഗികമായ പ്രാഗത്ഭ്യാദ്ധ്വനത്തെ ഉൽകൃഷ്ടഗ്രന്ഥങ്ങളിലും പലകാലം തന്റെ ദിവ്യോപദേഷ്ടാവായിരുന്ന ഒരു യഥാർത്ഥ സന്യാസിവര്യന്റെ മുഖത്തുനിന്നും സിദ്ധിച്ചിട്ടുള്ള ജ്ഞാനശാണങ്ങളിൽ ഉരച്ചുമാറ്റുകൂട്ടി അണിഞ്ഞിരിക്കുന്ന ആ തരുണീമാണിക്യം സാധാരണ സ്ത്രീകളെപ്പോലെ കൃത്രിമയോഗ്യതകളിൽ ഭ്രമിച്ചു സ്ത്രീത്വത്തെ ബലികഴിക്കുന്നവളല്ല. തന്റെ ദിവ്യോപദേഷ്ടാവായ മഹാൻ പ്രപഞ്ചയവനികക്കുള്ളിൽ അന്തർദ്ധാനം ചെയ്തു എങ്കിലും അദ്ദേഹം അവളുടെ മാനസവാടിയിൽ വിതരണം ചെയ്തിരുന്ന ജ്ഞാനബീജങ്ങൾ നല്ല കരുത്തോടുകൂടി വളർന്നു് പടർന്നു് സപാടിഷ്ടമായ ഫലങ്ങളെ അവർക്കു നൽകിക്കൊണ്ടിരിക്കുന്നു. കഴിയുന്നതും ദാമ്പത്യതരമായ ജീവിതത്തെ നയിക്കുന്നതു ഉത്തമവും, വേണ്ടിവന്നാൽ സ്വാത്മനായോജിച്ച ഒരു പുരുഷനെ വരിക്കുന്നതു മദ്ധ്യമവും, ധനപ്രൗഢിയും ആകൃതിയോഗ്യതയും ഉണ്ടെങ്കിലും ജ്ഞാനസമ്പന്നനല്ലെങ്കിൽ അവനെ വരിക്കുന്നതു അധമവും എന്നാണു അംബിക കണ്ടിരുന്ന ആദർശം. തുല്യയോഗ്യതയില്ലാത്ത പുരുഷനെ സ്ത്രീയും, അപ്രകാരമുള്ള സ്ത്രീയെ പുരുഷനും വരിക്കേണ്ടിവന്നാലവർ രൗരവനരകത്തെ ഭൂലോകത്തിൽ അനുഭവിക്കുകയായിരിക്കുമെന്നാണു് അവളുടെ ബലമായ വിശ്വാസം. അവളുടെ മഹോപദേഷ്ടാവിന്റെ അന്ത്യശാസനവും അതുതന്നെയായിരുന്നു. എന്നാൽ ദാമ്പത്യജീവിതത്തിൽ. ആ സൗകുമാരിയുടെ നിശ്ചയം എന്താണെന്നാണു അന്വേഷിക്കേണ്ടതു്. ആ ജീവിതത്തെ, ജ്ഞാനോദയത്താൽ മനസ്സംസ്കാരം സിദ്ധിച്ച കാലംമുതൽ അവർ തികച്ചും വെറുത്തു. എന്നാലിപ്പോഴും [illegible] പറവാൻ പാടില്ല. അംബികതന്നെയും അങ്ങനെ [illegible] സംശയമാണു്. ഇടയ്ക്കുവച്ചു് അതായതു് [illegible] മുമ്പു് അവളുടെ ആ മനഃസ്ഥിതിക്കു [illegible] കാരണം അവർക്കുതന്നെയും അജ്ഞാതമാണു്. നമുക്കും അതു അന്വേഷിക്കേണ്ട ആവശ്യമില്ല. യൌവനശ്രീയുടെ സൗവർണ്ണഘട്ടത്തിനിന്നും ഫല്യം നൽകുന്ന അവളുടെ, മാനസാന്തരപ്പെടലിനു സാധുതയും

കല്പിച്ചുകൊണ്ട് അതിനുശേഷമുള്ള അവളുടെ നിശ്ചയത്തെ അറിയുകയാണു ലൗകികന്മാരായ നമ്മുടെ കർത്തവ്യം. അവൾ വിജയസേനനെ വെറുക്കുന്നതിന്റെ കാരണമെന്തെന്നുള്ള നമ്മുടെ സംശയവും ആ നിശ്ചയം അറിയുമ്പോൾ പരിഹരിക്കപ്പെട്ടും. യഥാർത്ഥവിദ്യാസമ്പന്നനും ശാസ്ത്രാസ്ത്രവിശാരദനും സത്യസന്ധനും തന്നെക്കാൾ സൗന്ദര്യവും പ്രായവുമുള്ളവനും ദീനദയാലുവും ആയ ഒരു പുരുഷനെ വരിക്കാൻ സംഗതിയാകുമെങ്കിൽ ദാമ്പത്യജീവിതത്തെ അംഗീകരിക്കാമെന്നും അല്ലാത്തപക്ഷം നിത്യബ്രഹ്മചര്യത്തെ സ്വീകരിക്കാമെന്നുമാണ് അംബികയുടെ അനന്തരനിശ്ചയം. ഈദൃശനിശ്ചയത്തോടുകൂടിയ ഒരു യുവതി വിജയസേനനെ വെറുത്തുവെങ്കിൽ അതിലെന്താണ് ആശ്ചര്യപ്പെടാൻ?

അംബിക, വിജയസേനനെ വെറുത്തു എന്നു പലപ്രാവശ്യം പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ഭർത്തൃഭിന്നമായ ഒരു സ്നേഹം അവളുടെ ഹൃദയാന്തരത്തിൽ അവൾ അറിയാതെതന്നെ സ്ഥലം പിടിച്ചിട്ടുണ്ടായിരുന്നു. ചിലപ്പോഴൊക്കെ അയാളുടെ ദുഷ്ടതയെക്കുറിച്ചു ചിന്തിച്ചു മനസാ ശപിക്കുന്ന ഘട്ടങ്ങളിൽ, ആ സ്നേഹം അവളെത്തടയുന്നതുമുണ്ടായിരുന്നു.

അംബിക തന്റെ ചിന്താചഞ്ചലതയിൽനിന്നും ഒരു വിധത്തിൽ വിരമിച്ചു ശയ്യാതലത്തെ അവലംബിക്കാനായി എഴുന്നേക്കവേ അവളുടെ മടിയിൽനിന്നും ഒരു എഴുത്തു താഴത്തുവീണു. അതു് ഒരു പുരുഷന്റെ കൈപ്പടപോലെ കാണപ്പെട്ടു. അവൾ അതിനെ പലയാവർത്തി വായിച്ചുനോക്കി, അക്ഷരംപ്രതി ഗ്രഹിച്ചിട്ടുണ്ടായിരുന്നിട്ടും ഒരിക്കൽക്കൂടി ഇപ്രകാരം വായിച്ചു—

"അംബികേ!

ഈ എഴുത്തിലെ ഓരോവാക്യവും വേദസൂത്രംപോലെ ഉരുവിട്ടു മനസ്സിൽഗ്രഹിച്ചുകൊൾക! നിന്റെ ജന്മനക്ഷത്രം ഇപ്പോൾ ആകാശത്തിൽ ഉജ്ജ്വലഭാസ്സോടെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. നിന്റെ കുലദേവത പരോക്ഷമായിട്ടാണെങ്കിലും അതിനിഷ്ടമായോടും സന്തോഷത്തോടുംകൂടി നിന്നെ കാത്തുപോരുന്നു. എന്നാൽ വിജയസേനന്റെ വിടഭാഷണങ്ങളെ നീ ചെവിക്കൊള്ളുകയോ അനുരാഗദൃഷ്ട്യാ നിയവനെ വീക്ഷിക്കുകയോചെയ്താൽ നിന്റെ ജന്മനക്ഷത്രം രക്തവർണ്ണമായി പ്രകാശിക്കുകയും കുലദേവത നിന്നെ ശപിക്കുകയും ചെയ്യുന്നതാണു". ഹേ! അംബികേ! നിനക്കു എന്നെ പരിചയമില്ല. നീ എന്നെ കണ്ടിട്ടുമുണ്ടായിരിക്കയില്ല. എന്നിരുന്നാലും ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ എന്റെ ഉദ്ബോധനം അംഗീകരിക്കുകയും അതിനെ വിശ്വസിക്കുകയുംചെയ്യുക! വിജയസേനനെ നീ വരിക്കുന്നതിൽഭേദം, എന്നല്ല അവന്റെ

അനുരാഗപരമായ ഒരു വാക്കെങ്കിലും നിന്റെ ചെവികളിൽ കേൾക്കാനിടയാകുന്നതിൽവേദം അതിലക്ഷണീയമായ, അതേ, വിശുദ്ധമായ ഈ നവയൗവനത്തിൽ നീ ആത്മഹത്യചെയ്യുകയാണു്. നീ അവനെ വരിച്ചാൽ ഈശ്വരൻ നിന്നെ ശിക്ഷിക്കും. അംബിക! ഈ എഴുത്തു നീയാരെയും കാട്ടരുതു്. വല്ലസൂക്ഷിക്കാൻ പ്രയാസമെന്നുകണ്ടാൽ നശിപ്പിച്ചുകളക! നിന്റെ ആത്മക്ഷേമത്തിനു വേണ്ടി ഈ എഴുത്തിലെ ഉദ്ബോധനത്തെ നീ അക്ഷരംപ്രതി അനുഷ്ഠിക്കണം. നിനക്കു എന്നെ പരിചയമില്ലെന്നിരുന്നാലും നിന്റെ യോഗക്ഷേമത്തിൽ ഞാൻ ശ്രദ്ധിച്ചുപോരുന്നു. നീ ഈ കത്തിനെ അലക്ഷ്യമാക്കുകയാണെങ്കിൽ, മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട ഘാതകൻ നിന്നേക്കാൾ ഭാഗ്യവാനത്രേ:—

എന്നു നിന്റെ ഗുണത്തെക്കാംക്ഷിക്കുന്ന.....”

അംബിക ഈ എഴുത്തു വളരെ ശ്രദ്ധിച്ചും സാവധാനത്തിലുമാണു വായിച്ചതു്. എന്നിട്ടും ഒരിക്കൽക്കൂടി അവൾ വായിച്ചു. പിന്നെയും വായിച്ചു. വീണ്ടും വായിച്ചു. ഇങ്ങനെ നാലുതവണ വായിച്ചിട്ടും മുമ്പു പലപ്രാവശ്യം വായിച്ചിട്ടുള്ള എഴുത്തിൽ അവൾക്കു സംശയഭാഗങ്ങൾ പിന്നെയും ശേഷിച്ചു. അജ്ഞാതനും ഒന്നു വായിച്ചു. ലേഖനകർത്താവിനെ, അഥവാ കർത്തൃയെ തനിക്കു പരിചയമില്ലെങ്കിലും ഉദ്ബോധനരീതി നിഷ്കളങ്കവും ആത്മാർത്ഥവും, വാക്യങ്ങൾ വാത്സല്യപൂരിതവും അവ്യക്തവുമാകയാൽ അവസാനം രേഖപ്പെടുത്തിയതുപോലെ തന്റെ ഗുണകാംക്ഷയുള്ള ആളാണെന്നുള്ളതിൽ തെല്ലും സംശയിക്കാനില്ലെന്നു അവൾ വിശ്വസിച്ചു. ആ ഉദാരമനസ്കനെ മനസ്സുകൊണ്ടു് ആരാധിച്ചു. ലേഖനത്തെ ഭക്തിപൂർവ്വം നമസ്കരിച്ചു. അതിലെ ഉദ്ബോധനത്തെ ഹൃദയപൂർവ്വം അഭിനന്ദിച്ചു. അതേനിമിഷത്തിൽ അതിനെ ഫലോദ്ദേശ്യമാക്കാനുള്ള മാർഗ്ഗത്തെക്കുറിച്ചു ചിന്തിച്ചു. ദുഷ്ടനായ വിജയസേനന്റെ ശപഥം നിറവേറുകയാണെങ്കിൽ താനെത്ര ഭാഗ്യഹീനയും പാപിയുമാണെന്നോർത്തു ദുഃഖിച്ചു. ചുട്ടുപഴുപ്പിച്ച ഒരു അയോഗോളം അവളുടെ അടിവയറ്റിൽ താണതുപോലുള്ള ഒരനുഭവം അവൾക്കുണ്ടായി. മാർഗ്ഗം കണ്ടുകിട്ടാതെയു്, എന്തുതന്നെയായാലും, അതേ; ജീവനഷ്ടം സംഭവിച്ചാലും വിജയസേനന്റെ ഭാര്യയായിരിക്കയില്ലെന്നു ദൃഢമായി നിശ്ചയിച്ചുകൊണ്ടു് ആ നിശ്ചയത്തെ സഫലീകരിക്കണമെന്നുള്ള പ്രാർത്ഥനയോടെ ഈശ്വരധ്യാനംനടത്തി. മാത്രകഴിഞ്ഞു ധ്യാനനിഷ്ഠയിൽനിന്നും വിരമിച്ചു് ആ ഉദ്ബോധനലിഖിതത്തെ പൂർവ്വവൽഭദ്രമായി മടിയിൽ സൂക്ഷിച്ചു. വീണ്ടും ഈശ്വരധ്യാനത്തോടുകൂടി അവൾ ശയ്യയിൽ കിടന്നു. അല്ല, വീണു പക്ഷേ, അങ്ങിനെ അധികനേരം കിടക്കാൻ സാധിച്ചില്ല.

വാതിലിന്റെ കതകിന്മേൽതട്ടുന്ന ശബ്ദംകേട്ടു. പത്നിക്കെയെങ്കിലും രണ്ടുമൂന്നു ശബ്ദം തുടരെത്തുടരെ സംഭവിച്ചു. അവൾ നിശ്ശബ്ദമായി, ശ്വാസശബ്ദംപോലും കേൾപ്പിക്കാതെ പത്നിക്കെ ശയ്യയിൽ എഴുന്നേറ്റിരുന്നു ശ്രദ്ധിച്ചു. കാമലമ്പടനായ വിജയസേനൻതന്നെ മൃഗീയാസക്തിയുടെ പ്രേരണയാൽ വീണ്ടും വന്നിരിക്കയാണോ എന്നു സംശയിച്ചുപോയ നിമിഷം ഉത്തരക്ഷണത്താൽ ആ ഊഹം അടിസ്ഥാനരഹിതമാണെന്നനുമാനിച്ചു കാരണം, അകത്തു തഴുതിട്ടിട്ടുണ്ടെങ്കിലും വെളിയിൽ പൂട്ടുതുറക്കുന്ന ശബ്ദംകേട്ടില്ല. വിജയസേനനാണെങ്കിൽ പൂട്ടു തുറക്കുമായിരുന്നു. താക്കോൽ അയാളുടെ പക്കലുണ്ട്. അതുകൊണ്ടു മറ്റു വല്ലവരുമായിരിക്കാം കതകിന്മേൽ തട്ടുന്നതെന്നു വിശ്വസിച്ചു. തന്നിമിത്തം അവളുടെ പരിഭ്രമം ഒന്നടങ്ങിയെങ്കിലും സന്തോഷത്തിനു വകയുണ്ടായില്ല. കതകിന്മേൽ തട്ടുന്ന ആൾ വിജയസേനനല്ലെന്നിരുന്നാലും ബന്ധുവോ ശത്രുവോ എന്നറിഞ്ഞു ബന്ധുവാണെന്നു ബോദ്ധ്യംവന്നാലല്ലാതെ സന്തോഷമുണ്ടാകുന്നതാണോ? മാത്രമല്ല കഴിഞ്ഞു വീണ്ടും തട്ടിത്തുടങ്ങി. ഇത്തവണ ആദ്യത്തേക്കാൾ ശക്തിയും വേഗതയും കൂടിയിരുന്നു. തന്നെ സഹായിക്കാനായി ആരെങ്കിലും വന്നിരിക്കയാണോ? അനുഭാവമുള്ളവല്ലവരും എനിക്കു മോചനമാർഗ്ഗം ഉപദേശിക്കുവാനായിവന്നു കതകിന്മേൽതട്ടുകയാണോ? പക്ഷേ അങ്ങനെ സംഭവിച്ചേക്കാം. എന്റെ പ്രാർത്ഥന ദൈവം അംഗീകരിച്ചു മഹാമനസ്കതയുള്ള വല്ലവരേയും ഇങ്ങോട്ടു പറഞ്ഞയച്ചെന്നുവരാം. ഈ നിശ്ചയത്തോടുകൂടി അല്പനേരം ഈശ്വരനെ ധ്യാനിച്ചു. അനന്തരം അവിടുണ്ടായിരുന്ന ആ മങ്ങിയ വെളിച്ചത്തോടുകൂടിയ കൈവിളക്കും കൈയിലേന്തിക്കൊണ്ടു വാതിലിനെ സമീപിച്ചു. വീണ്ടും കതകിന്മേൽ തട്ടിയ ഉടനെ അവൾ അകത്തേവ്വശത്തു പത്നിക്കെ അതിനോടു അനുകൂലിച്ചുതട്ടി. അതേമാത്രയിൽ കതകുകളുടെ വിടവിൽകൂടി ഒരെഴുത്തു അകത്തേയ്ക്കു കടത്തുകയും അവൾ അതുവാങ്ങി നിവർത്തുനോക്കുകയും ചെയ്തു. പ്രായാധിക്യത്താലോ ഭയത്താലോ നേരിട്ട കൈവിറയലോടുകൂടി എഴുതിയതാണെന്നു അതിലെ ലിപികൾ കണ്ടാൽ അനുമാനിക്കാം. അവൾ അതിനെ ഇപ്രകാരം വായിച്ചു:—

"എന്റെ പ്രിയപ്പെട്ടകുട്ടി!

നീ ഉടനേ ഈ മുറിയിൽനിന്നും മോചിക്കപ്പെടണം. ഈ മുറിയുടെ പടിഞ്ഞാറെച്ചുവരിൽ ഒരു രഹസ്യവാതിലുണ്ടു്, സൂക്ഷിച്ചുനോക്കിയാൽ നിലത്തുനിന്നും ഒരടിപൊക്കത്തിലായി ഒരു ചെറിയ പൂത്താൻ ഘടിപ്പിച്ചിരിക്കുന്നതു കാണാം. ആ പൂത്താൻ അമർത്തുക! അതിന്റെ മുകളിൽനിന്നും ഒരു പലകയിളകി മുമ്പോട്ടുമറിയും, നിലത്തുവീണ ശബ്ദം ഉണ്ടാകാൻ ഇടയാക്കാതെ നീ അതിനെ ഏറ്റു

നിലത്തു ചാരിവയ്ക്കണം. പലകയിളകിയ സ്ഥലത്തു ഒരു കതകു കാണാം അതിന്റെ പൂട്ടിൽ താക്കോലുണ്ടായിരിക്കും. അതു തുറന്നു അതുവഴി നിരക്ഷപ്പെടണം. ഇതല്ലാതെവേറെവഴിയില്ല. വാതിലിനു പുറത്തിറങ്ങിയാൽ ചില ശ്രുഷമാർഗ്ഗങ്ങളും മുറികളും മറ്റും കടക്കേണ്ടിവരും. നീ അതൊന്നുംകണ്ടു ഭയപ്പെടാതെ നടന്നുകൊള്ളുക! ഫലം അനുകൂലമായിരിക്കും. ക്രുതൽ വിവരങ്ങൾ എഴുതാനുള്ള സാവകാശമില്ലാത്തതിനാൽ ഇതുകൊണ്ടു വിരമിക്കുന്നതാണു്."

ഈ എഴുത്തുവായിച്ചു കണ്ടപ്പോൾ അംബികയുണ്ടായ സന്തോഷം അവർണ്ണനീയമത്രേ. നിസ്സഹായയായ തന്റെ പ്രാർത്ഥനയെ സ്വീകരിച്ച ദൈവത്തിന്റെ അനുഗ്രഹഫലമാണിതെന്നു അവൾ വിശ്വസിച്ചു അനന്തരം അവൾ വീണ്ടും കതകിനുമുട്ടി. പക്ഷേ, വെളിയിൽനിന്നും ശബ്ദമുണ്ടായില്ല. എഴുത്തുതന്നയാൾ പൊയ്ക്കളഞ്ഞുഎന്നു നിശ്ചയിച്ചു. അയാൾ ചാരുഭത്തൻതന്നെ ആയിരിക്കണമെന്നാണു് അവൾ ഊഹിച്ചതു്. വിളക്കിനെ നിലത്തുവച്ചിട്ടു് പടിഞ്ഞാറേ ചുവരിനോടു ചേർത്തിട്ടിരിക്കുന്ന കട്ടിലിനെ വളരെ പണിപ്പെട്ടു മുമ്പോട്ടുമാറ്റി ഒരാളിനു കടക്കാൻ പഴുതുകിട്ടിയ ഉടനെ അവൾ വിളക്കെടുത്തുകൊണ്ടു് ആ സ്ഥലത്തു പരിശോധിച്ചു. എഴുത്തിൽ വിവരിച്ചിട്ടുള്ളപ്രകാരം പുത്താൻ ഘടിപ്പിച്ചിരിക്കുന്നതുകണ്ടു് അതിനെ കീഴ്പോട്ടമർത്തി; മുകളിൽനിന്നും ഒരു പലക അടർന്നു മുമ്പോട്ടുചാഞ്ഞു. അവൾ തടഞ്ഞുപിടിച്ചു താഴത്തു മാറ്റിവച്ചു. അവളുടെ അപ്പോഴത്തെ ഹൃദയാഹ്ലാദത്തെപ്പറ്റി എന്തു പറയട്ടെ! പലകയിളകിയ സ്ഥലത്തു വാതിലും അതിന്റെ പൂട്ടിൽ താക്കോലും അവൾ കണ്ടു. പൂർവ്വാധികം ഉന്മേഷത്തോടും ചൊടിയോടുംക്രൂടി കതകുതുറന്നു വാതിൽകടന്നു. കുറച്ചുമുമ്പോട്ടു ചെന്നപ്പോൾ അവിടെയും ഒരു വാതിൽകണ്ടു. അവൾ ആശ്ചര്യം പരിഭ്രമിച്ചു എങ്കിലും അതിന്റെരപൂട്ടിലും താക്കോൽവച്ചിരിക്കുന്നതുകണ്ടപ്പോൾ സമാധാനപ്പെട്ടു. അതു കതകുതുറന്നു. പാതാളത്തിലേക്കുള്ള ഒരേണിപ്പടിയുടെ പ്രവേശനദ്വാരമാണതെന്നു അവൾക്കു മനസ്സിലായി. അവൾ അല്പമായ ഒരു ഭയശങ്കയോടുക്രൂടി ഒരു നിമിഷംനിന്നു എങ്കിലും കത്തിലെ ഉദ്ബോധനത്തെ ഓർത്തു വീണ്ടും ധൈര്യത്തെ അവലംബിച്ചുകൊണ്ടു അതുവഴി കീഴ്പോട്ടിറങ്ങി. കോവണികഴിഞ്ഞു മുമ്പോട്ടു കുറെ അധികം നടന്നപ്പോൾ അവിടെയും ഒരു വാതിൽ കണ്ടു. അതിന്റെ കതകു ചാരുകമാത്രമേ ചെയ്തിട്ടുണ്ടായിരുന്നുള്ളു. ആ വാതിൽകടന്നു ഒരു ഇടുങ്ങിയ വഴിയിൽക്രൂടി തന്റെ പുരോഗതിയെ നിസ്സംശയം തുടർന്നു. കുറേദൂരം നടന്നപ്പോൾ ആ വഴി വലത്തോട്ടുതിരിയുന്നതുകണ്ടു അവൾ പൂർവ്വാധികം ധൈര്യത്തോടെ ആ വഴിനടന്നു. ഏതുപ്രകാരത്തിലെങ്കിലും തനിക്കു രക്ഷകിട്ടണമെ

ന്നുള്ള ഒരുദ്ദേശംമാത്രമെ അവർക്കണ്ടായിരുന്നുള്ളൂ. അതുകൊണ്ടു് ഏതൊരു ശങ്കയുംകൂടാതെ അവളുടെ മനസ്സിനെ കീഴടക്കാനുള്ള ശക്തി യില്ല. വിശേഷിച്ചും, മാർഗ്ഗോപദേശം ചെയ്ത എഴുത്തിലെ അവ സാനവാക്യം അവർക്കു് പ്രത്യേക ധൈര്യത്തിനും കാരണമാണ ല്ലോ. വലത്തോട്ടു തിരിഞ്ഞ മാർഗ്ഗത്തിൽ വീണ്ടും പത്തുപതിനാറ ക്രോടി നടന്നപ്പോളവർക്കു ഒരു പെരിയ മുറിയിൽ കയറാനിടയായി. അവർ ദൈവസഹായത്തെ മനസാ അർത്ഥിച്ചുകൊണ്ടു്, ആ മുറി യിൽ എതിരേ കണ്ട വാതിൽ തുറന്നു വെളിയിലിറങ്ങി. ഒരു വലിയ മുറിയിലാണു അവർ ഇറങ്ങിയതു്. ആ മുറി. അവർ നടന്നുവന്ന നിരപ്പിൽനിന്നും ഒന്നരണ്ടു കോൽ താഴ്ചയിലായിരുന്നു. തറ ഈറ മായി കാണപ്പെട്ടു. ആ മുറിയിൽക്കൂടി നടക്കേണ്ടിവന്നപ്പോൾ അജ്ഞാതമായ ഒരു പെരിയഭയം അവളുടെ ഹൃദയത്തെബാധിക്കാ തിരുന്നില്ല. അവർ അടുത്ത മുറിയിൽ കടന്നപ്പോൾ, അതിന്റെ മദ്ധ്യഭാഗത്തു പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു വലിയ ഭയങ്കരപ്രതിമകണ്ടു ഞെട്ടിപ്പിറകോട്ടുമാറി. മാത്രകഴിഞ്ഞു അവർ മനസ്സിനെ ഒരുപ്രകാ രത്തിൽ ധൈര്യപ്പെടുത്തിക്കൊണ്ടു രണ്ടുമൂന്നു അടി മുമ്പോട്ടു നടന്നു നിന്നു് അതിനെ ഉറ്റുനോക്കി. വെങ്കലത്താൽ നിർമ്മിക്കപ്പെട്ടതും പ്രകാശമാനവുമായ ഒരു കാളിവിഗ്രഹത്തെയാണു താൻ കാണുന്ന തെന്നു അവർക്കു മനസ്സിലായി. ഭയം, ആശ്ചര്യം, ആശങ്കമുതലായ വികാരങ്ങൾ അവളുടെ മനസ്സിനെ തുല്യശക്തിയോടെ പീഡിപ്പി ച്ചുതുടങ്ങി. ശരീരം വിയർത്തു പരവശമായി. രോമങ്ങൾ ചിനത്തു് എഴുന്നു. ഇതിനകം ശാന്തമായ ഒരുഭക്തി അവളുടെ ഹൃദയത്തിനു സ്വാസ്ഥ്യത്തെനല്കി, അതിന്റെ ഫലമായി തൊഴുകൈയോടുക്രൂടി അവർ ആ ഉർഗ്ഗാവിഗ്രഹത്തിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു. നിസ്സഹായയായതന്നെ രക്ഷിക്കണമെന്നു നിഷ്കപടഭക്തി യോടെ പ്രാർത്ഥിച്ചു. പ്രാർത്ഥന ഫലിച്ചതുപോലുള്ള ചാരിതാർത്ഥ ത്തോടുക്രൂടി എഴുന്നേറ്റു പൂവ്വൈര്യത്തെ ആശ്രയിച്ചു് ദേവി യുടെ പാദം തൊട്ടുനമസ്കരിക്കാനായി അവർ മുമ്പോട്ടടുക്കാൻ ഭാവിക്കവേ വിഗ്രഹത്തിന്റെ പിറകിൽനിന്നും പ്രത്യക്ഷമായ ഒരു ഗൂഢസേതപം അരുതരുതു് എന്നുപറഞ്ഞു് അവളെത്തടഞ്ഞതും അംബിക നടുങ്ങി ബോധക്ഷയത്തോടുക്രൂടി നിലത്തു മറിഞ്ഞതും സേതപം അവളെ തന്റെ വക്ഷഃസ്ഥലത്താൽ സ്വീകരിച്ചതും ഒരേ നിമിഷത്തിൽ കഴിഞ്ഞു.

അംബിക സുബോധം ഉണ്ടായി കണ്ണുതുറന്നുനോക്കിയപ്പോൾ താൻ ഒരു പെരിയമുറിയിൽ ഒരു പഴയ കട്ടിലിൽകിടക്കുന്നതായി ട്ടാണുകണ്ടതു്. താൻ ആമുറിയിൽ എങ്ങനെവന്നു എന്നു് അവർക്കു ഊഹിക്കാൻ കഴിഞ്ഞില്ല. ആ മുറി ഏതാണെന്നും അവിടെ

വരുന്നതിനു മുമ്പുള്ള അവളുടെ സ്ഥിതിയെന്താണെന്നും ചിന്തിക്കുന്നതിനുപോലും അവൾക്കു ശക്തിയില്ല. മാതൃകഴിഞ്ഞു് അവൾ ഒന്നു ഞെട്ടുകയും പൂർവ്വസ്ഥിതിയിൽ വീണ്ടും കണ്ണുകൾ അടയ്ക്കുകയുംചെയ്തു. എന്തോ പൂർവ്വസ്മരണയുണ്ടായതുപോലെ അവൾ പിന്നെയും കണ്ണുതുറന്നു ചുറ്റുപാടും വീക്ഷിച്ചു. ആ അവസരത്തിൽ ദുർഗ്ഗാവിഗ്രഹത്തെയും സത്വത്തെയും കാണുന്നുണ്ടോ എന്നു് അവൾ ഭയപ്പെടുന്നുണ്ടായിരുന്നു എന്നാൽ അവൾ സംശയിച്ചതുപോലുള്ള കാഴ്ചകളൊന്നും ആ മുറിക്കകത്തുണ്ടായിരുന്നില്ല; അതിനു കാരണമില്ല. അനന്തരം അവൾ പിന്നീടും കണ്ണുകൾ അടച്ചു മനസ്സിനെ സ്വാധീനപ്പെടുത്തിക്കൊണ്ടു താൻകണ്ട കാഴ്ചകളെക്കുറിച്ചും ഈ മുറിയിൽ താൻവന്നതു് എങ്ങനെയെന്നും അനന്തരകരണീയമെന്തന്നുമുള്ളതിനെപ്പറ്റിയും ഗാഢമായി ആലോചിച്ചുകൊണ്ടു കിടന്നു. കാളീസത്വങ്ങളെ ഒരുപക്ഷേ സ്വപ്നത്തിൽ കണ്ടതാണോ എന്നവൾ സംശയിച്ചു. ഛെയ്! ഒരിക്കലുമല്ല; ജാഗ്രത്തിൽ തന്റെ മാംസചക്ഷുസ്സുകൊണ്ടു നോക്കിക്കണ്ടതുതന്നെയെന്നു് രണ്ടാമതു് ആ നിശ്ചയത്തെ ഖണ്ഡിച്ചു. ഭദ്രാസന മുറിയിലെ കൃത്രിമദ്വാരംകടന്നു കാളീവിഗ്രഹസന്നിധിയെ പ്രാപിച്ചതുവരെയുണ്ടായ ഓരോ അനുഭവത്തെക്കുറിച്ചുള്ള ഓർമ്മയും ഖണ്ഡനത്തിനു സാധുത്വംകല്പിച്ചു.

അവൾ ഇപ്രകാരമുള്ള ചിന്താവിഥികളിൽ തന്റെ ഹൃദയതുരഗത്തെ മാറ്റിയും തിരിച്ചും സ്വച്ഛന്ദം നയിച്ചുകൊണ്ടുപോകവേ, പൊടുന്നനവേയുണ്ടായ പദവിന്യാസശബ്ദത്താൽ ഞെട്ടിയുണർത്തപ്പെട്ട കണ്ണുതുറന്നുനോക്കിയതു് ആ ഗുഹ്യസത്വത്തെത്തന്നെയായിരുന്നു. അവൾ അയ്യോ എന്നൊരു വിളിയോടുകൂടി കണ്ണുകളിറുക്കിയടച്ചു. സത്വം അവളുടെസമീപത്തുചെന്നു് "കുഞ്ഞേ! നീ എന്നെക്കണ്ടുഭയപ്പെടണ്ട. ഞാൻ ഒരു ദേവതയല്ല; മനുഷ്യസ്ത്രീയാണു്. വിശേഷിച്ചും നിന്റെ ഗുണകാംക്ഷിയുമാണു്" എന്നിങ്ങനെയുള്ള മധുരോക്തികളാൽ അവളെ സമാധാനപ്പെടുത്തി. പക്ഷേ, അംബികയെ സമാധാനപ്പെടുത്താനുള്ള ശക്തി ആ വാക്കുകൾക്കുണ്ടായില്ല. അവൾ അതിനെ കേട്ടഭാവംനടിക്കപോലും ചെയ്തില്ല. ഈ വാക്കുകൾ നിശ്ചയമായും ഒരു മനുഷ്യസ്ത്രീയുടേതായിരിക്കാൻ ഇടയില്ലെന്നവൾ ദൃഢമായി വിശ്വസിച്ചു. ഒരു മനുഷ്യസ്ത്രീ ഭയജനകമായ ഈ ഗൂഢസ്ഥലത്തു് വിശേഷിച്ചും ഈ സമയത്തു് പെരുമാറാൻ സംഗതിയില്ലെന്നും അതു ധൈര്യമുള്ള സ്ത്രീകൾ ഒരു സമുദായത്തിലും ഉണ്ടാകാൻപാടില്ലെന്നും മനുഷ്യത്വം നടിച്ചു സംസാരിക്കുന്ന ഈ സത്വം ഒരു ക്ഷുദ്രദേവതതന്നെയാണെന്നും പ്രേതഭൂതപിശാചു തുടങ്ങിയുള്ള ദുർദ്ദേവതകൾ മനുഷ്യ

ഭാവേന മനുഷ്യരോട് അടുത്തു് അവരെ അപകടത്തിൽ കൂടുക്കാറുപതിവുണ്ടെന്നുംമറ്റും പൊടിപ്പും തൊങ്ങലുംവച്ചു അവളങ്ങു വിശ്വസിച്ചു. ക്ഷണനേരംകഴിഞ്ഞു് അവൾ മറെറാരു മാർഗ്ഗത്തിൽചിന്തതുടങ്ങി. കാളീവിഗ്രഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്ന മുറി ഇതല്ല. ആ മുറിയിൽവച്ചാണു് മൂർഛിച്ചുവീണതു്. അവിടെനിന്നും തന്നെ ഈ മുറിയിൽകൊണ്ടുവന്നാക്കിയതു് നിശ്ചയമായും മനുഷ്യരിൽ ആരെങ്കിലുംതന്നെയായിരിക്കും. ക്ഷുദ്രദേവതകളാണെങ്കിൽ അവർ നിഗ്രഹിക്കുകയല്ലാതെയിവിടെക്കൊണ്ടുവന്നു കിടത്താൻ കാരണമില്ല. ഇനി ആ ആളാരാണെന്നാണു് അറിയേണ്ടതു്. ബന്ധുക്കളിലാരെങ്കിലും ആയിരിക്കണം. ശത്രുക്കളാണെങ്കിൽ അവർ വിജയസേനനെ സംബന്ധിച്ചവരായിരിക്കും. അങ്ങനെയുള്ളവർ എന്നെ വിജയസേനന്റെ അടുക്കലേക്കു കൊണ്ടുപോവുകയല്ലാതെ ഈ ശ്മശാനത്തുകൊണ്ടുവന്നു കിടത്താൻ കാരണമില്ല. അതുകൊണ്ടു എന്നെ ഇതിനുള്ളിൽ കൊണ്ടുവന്നവർ, അഥവാ കൊണ്ടുവന്ന ആളാം നിശ്ചയമായും ഗുണബുദ്ധിയുള്ള മിത്രങ്ങളിൽ വല്ലവരുമായിരിക്കണം ആ ആളാംതന്നെയാണോ ഈ സംസാരിച്ചതു്.

അംബിക മേൽപ്രകാരം ഓരോന്നു ചിന്തിച്ചുകൊണ്ടിരിക്കവേ സത്വം വീണ്ടും പറഞ്ഞുതുടങ്ങി:—"സാധുപ്പെണ്ണേ! നിന്റെ സംശയങ്ങൾക്കൊന്നും അടിസ്ഥാനമില്ല. ഞാൻ പേയും പിശാചും മറുമല്ല. ഉർഗ്ഗാവിഗ്രഹത്തിന്റെ മുമ്പിൽ ഞാൻ പെട്ടെന്നു ആവിർഭവിച്ചതിൽ നിനക്കു ഭീതിതട്ടിയിരിക്കാം. പക്ഷേ, അടുത്ത നിമിഷത്തിൽ നിനക്കു സംഭവിക്കുമായിരുന്ന ആപത്തിൽനിന്നും നിന്നെ രക്ഷപ്പെടുത്താനായി ഞാൻ അങ്ങനെ പെട്ടെന്നു നിന്റെ മുമ്പിൽ ചാടി നിന്നെത്തടുത്തതാണു്. നീ ഉർഗ്ഗയോടുസമീപിച്ചെങ്കിൽ നിനക്കു പ്രാണഹാനിസംഭവിക്കുമായിരുന്നു. അതിന്റെ കാരണങ്ങളും മറ്റും നീ ചോദിച്ചിട്ടാവശ്യമില്ല, ചോദിച്ചാൽ ഞാൻ പറയുകയില്ല, പറയാൻ പാടില്ല. ഞാൻ ഒരു ഉദ്ദേവതയല്ല, നിന്റെ അഭ്യുദയാശംസിനിയായ ഒരു ഉദ്ദേശയാണു്. നിന്റെ ഭയനീയസ്ഥിതിയിൽ എനിക്കു വളരെ അനുകമ്പയുണ്ടു്"

അംബിക:—അമ്മേ! അമ്മയാരാണു്? ഹതഭാഗ്യയായ എന്നിൽ ഇത്ര കരുണ കാട്ടുന്നതെന്തുകൊണ്ടു്? അമ്മ ഈ സ്ഥലത്തു സഞ്ചരിക്കാൻ കാരണമെന്തു്?

സത്വം:—കുഞ്ഞേ! നിന്റെ ചോദ്യങ്ങൾക്കൊന്നും അനുകൂലമായ സമാധാനത്തെ എന്നിൽനിന്നും നീ പ്രതീക്ഷിക്കേണ്ടാ. ഈ ലോകത്തിൽ എന്നേക്കാളും ഭാഗ്യഹീനയും എന്നേക്കാളും സങ്കടം അനുഭവിച്ചിട്ടുള്ളവളും അനുഭവിക്കുന്നവളും അനുഭവി

ക്കാനിരിക്കുന്നവളും സ്ത്രീജാതിയിൽ മറ്റാരും ഉണ്ടായിരിക്കയില്ല. എന്റെ ചരിത്രം വിസ്മൃതവും ഭയനീയവും അനാസ്വാദ്യവുമാകുന്നു. ലക്ഷോപലക്ഷം ഭാഗ്യഹീനകൾ അവരുടെ ആയുഷ്കാലത്തിലനുഭവിച്ചിട്ടുള്ള സങ്കടം ഞാൻ ഒരുത്തി മാത്രം അനുഭവിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഒന്നുംതന്നെ നിന്നെ ധരിപ്പിക്കാൻ എനിക്കു നിവൃത്തിയില്ല. ഒരുസംഗതി മാത്രം ഞാൻ തീർത്തുപറയാം. നീ എന്നെക്കുറിച്ചു സംശയിക്കയോ ഭയപ്പെടുകയോ ചെയ്യരുതു്! ഭാഗ്യഹീനയായ പെണ്ണേ! എന്റെ ഓമനേ! നീ എന്നെക്കണ്ടു ഭയപ്പെടുകയോ? എങ്കിൽ ഞാൻ ആത്മഹത്യ ചെയ്യേണ്ടവളാണു്.

അംബിക കിടന്ന കിടപ്പിൽനിന്നുമെഴുന്നേറ്റു കട്ടിലിലിരുന്നു. ആ ശ്രുഭ്രസതപത്തിന്റെ ആപാദമസ്തകം പലവുരു കണ്ണോടിച്ചു. ഹാ! എന്തൊരാസ്വാദ്യത ആ നയനേന്ദ്രിയമനുഭവിച്ചു! എത്ര പരമാനന്ദം അവളുടെ ഹൃദയത്തിനനുഭൂതമായി! ഉത്കാസന്നിധിയിൽ വച്ചുണ്ടായ ഭയം ഇപ്പോൾ ആ സതപത്തെ കാണുന്നതിലുണ്ടാകുന്നില്ല. പിന്നെയുംപിന്നെയുമെന്നല്ല എന്നെന്നും കാണണമെന്നുള്ള ആഗ്രഹം, അവൾക്കുണ്ടായി. സതപത്തെപ്പറ്റി ആദ്യമുണ്ടായ ഉദ്വേഗവിതാശങ്കകളൊക്കെ അവളുടെ ഹൃദയത്തിൽനിന്നും സമുദ്രം കടന്നിരിക്കുന്നു. താൻ കാണുന്ന വിശിഷ്ടസ്ത്രീ ഒരു ഉൽകൃഷ്ടകുലീനയാണെന്നും ഈ അപൂർവദർശനം തന്റെ പൂർവജന്മപുണ്യത്താൽ സിദ്ധിച്ചതാണെന്നും അവൾ വിശ്വസിച്ചുകഴിഞ്ഞു. വാർദ്ധക്യമെങ്കിലും അതിജാതതയുമന്തസ്സും ഓജസ്സും തെളിഞ്ഞുവിളങ്ങുന്ന ആ മുഖത്തിന്റെ സൌന്ദര്യം അംബികയെ ആശ്ചര്യപരതന്ത്രയാക്കിച്ചെയ്തു. ആ പുണ്യവിഗ്രഹത്തെ അവൾ പലവുരു മനസാരാധനംചെയ്തു. ആ മഹിളാരത്നത്തിന്റെ പ്രായത്തെ പെട്ടന്നാക്കും തീർച്ചപ്പെടുത്താൻ സാധിക്കുന്നതല്ലെങ്കിലും, നാല്പതുകഴിഞ്ഞിട്ടില്ലെന്നു തീർത്തുപറയാം. വയസ്സു നാല്പതേയുള്ളെങ്കിലും ഒരു നാന്നൂറുവർഷത്തെ നിരന്തരദുഃഖമനുഭവിച്ചിട്ടുള്ള ഹൃദയത്തിന്റെ തഴമ്പു മുഖത്തിന്റെ ദിവ്യസൌന്ദര്യത്തെത്തളർത്തുകയോ അഥവാ വളർത്തുകയോചെയ്യുന്നുണ്ടു്. ശുദ്ധമായ ശ്രുഭ്രാസ്രുമാണവർ ധരിച്ചിരിക്കുന്നതു്. ആകപ്പാടെ ഒരു തപസ്വിനിയുടെ മാതിരിയിലാണു കാണപ്പെടുന്നതു്. തട്ടുചിതമായ സാത്വികതേജസ്സു മുഖത്തു കളിയാടുന്നുമുണ്ടു്. ഈ സ്ഥിതിയിൽ ആ മഹതിയെ അംബിക, ഒരു ദേവതയെന്നു ശങ്കിച്ചുതിലാശ്ചര്യപ്പെടാനില്ല, പക്ഷേ, ഭയപ്പെടേണ്ടിയിരുന്നില്ലെന്നു പറയാതെ നിവൃത്തിയില്ല.

അവാച്യമായ ഒരു ഭക്തിയും സ്നേഹവും ബഹുമാനവും ഏകകാലത്താൽ, അംബികയുടെ ഹൃദയത്തിലങ്കുരിച്ചു. അവൾ

കട്ടിലിൽനിന്നും നിലത്തിറങ്ങിനിന്നു്, "അമ്മേ! ഈ കട്ടിലിൽ ഇരിക്കുക" എന്നു് അപേക്ഷിച്ചു.

സ്ത്രീ:—കുഞ്ഞേ! ഭയങ്കരങ്ങളായ കാഴ്ചകളും പരിതാപകരമായ അനുഭവങ്ങളും നിന്റെ ശരീരത്തേയും മനസ്സിനേയും അസ്വസ്ഥമാക്കിച്ചെയ്തിരിക്കണം. നീ നില്ക്കണ്ടാ, കട്ടിലിൽ ഇരിക്കുക! നിന്റെ മോചനത്തെക്കുറിച്ചു നീ അല്പംപോലും സംശയിക്കണ്ടാ എന്റെ ഉണർത്തുവാക്കുകൾ ശ്രദ്ധയോടും ക്ഷമയോടും കേൾക്കുക! ഞാൻ പറയുന്നതുപോലെ പ്രവർത്തിക്കുക! അംബികേ! സംശയവും അവിശ്വാസവും നിന്റെ മനസ്സിൽനിന്നും നീങ്ങട്ടെ!

അംബിക:—അമ്മയുടെ വാക്കുകളിൽനിന്നും അമ്മയ്ക്കു് എന്നെ പരിചയമുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നുവല്ലോ. വിശേഷിച്ചും എന്റെ നാമധേയം അമ്മ ഗ്രഹിച്ചുമിരിക്കുന്നു. അമ്മയുടെ സ്നേഹസഹായങ്ങൾക്കു ഞാൻ അവകാശപ്പെട്ടവനാണെങ്കിലെന്നുള്ള എന്റെ സംശയത്തെ നിവർത്തിക്കാൻ ഭയവുണ്ടാകണം.

അംബികയുടെ ഒടുവിലത്തെവാക്യം ആ മാന്യസ്ത്രീയുടെഹൃദയമർമ്മങ്ങളെത്തുളച്ചു. അവർ പെട്ടെന്നുതിരിഞ്ഞു വിമ്മിവിമ്മിക്കരഞ്ഞു. അംബിക അതുകണ്ടു് പരിഭ്രമത്തോടും സ്നേഹാർദ്രതയോടുംകൂടി, മാതാവിന്റെ കരത്തെ മകളെന്നവണ്ണം കടന്നുപിടിച്ചുകൊണ്ടു് ക്ഷമാപണപൂർവ്വം ഇപ്രകാരം പറഞ്ഞു:—"അമ്മേ എന്റെ വാക്കുകൾ അമ്മയ്ക്കു താപഹേതുവായതെങ്ങനെയെന്നു് അറിയുന്നില്ല. അമ്മയെ ഹൃദയഭേദകമായ വല്ല ക്ഷുദ്രവാക്കുകളും ഞാൻ അറിയാതെ ഉച്ചരിച്ചുപോയിട്ടുണ്ടെങ്കിൽ അനുഗ്രഹബുദ്ധ്യാ ക്ഷമിക്കണമെന്നാപേക്ഷിക്കുന്നു എന്റെ വാക്കുകളല്ല, അമ്മയെ സങ്കടപ്പെടുത്തുന്നതെങ്കിൽ അമ്മയുടെ സങ്കടത്തിനു കാരണമെന്തെന്നു പറയണം. എന്നിൽ അമ്മയ്ക്കു് അതിയായ വാത്സല്യവും അനുഭാവവുമുണ്ടെന്നു തെളിയുന്നു. അതുകൊണ്ടു് അമ്മയുടെ ദുഃഖകാരണത്തെ അറിയാൻ എനിക്കു് അവകാശമുണ്ടു്. ഞാൻ അമ്മയെ ഏതൊരു വാക്കുകളാൽ സമാധാനപ്പെടുത്തേണ്ടു എന്നറിയാതെ കുഴങ്ങുന്നു അമ്മയുടെ ദുഃഖഭാവം കാണുമ്പോൾ എന്റെ ഹൃദയം പൊടിയുന്നു. അമ്മേ! സന്തോഷരഹിതമായ മുഖത്തോടുകൂടി എന്നെ നോക്കേണമേ!"

സ്ത്രീ:—എന്തു്? സന്തോഷമോ? സന്തോഷം എന്നെവിട്ടകന്നു്, ഇങ്ങിനിവരാതവണ്ണം കാണാമറയത്തായിട്ടു കാലം പലതായി. കുഞ്ഞേ! സന്തോഷത്തിന്റെപേരു എന്റെ മുമ്പിൽ ഉച്ചരിക്കണ്ടാ, എനിക്കതു കേൾക്കാൻ പാടില്ല. അതുപോ

ലെത്തന്നെ എന്റെ ദുഃഖകാരണത്തെക്കുറിച്ചു നീ ചോദിക്കുകയും അതു്. അപ്പോഴും പുണ്ണിൽകോലെന്നപോലെ എന്നെ ശല്യപ്പെടുത്തുന്നതാണു്. എന്റെ ദുഃഖം തീരാദുഃഖമാണു് അതിന്റെ വിത്തു് പതിനെട്ടുകൊല്ലത്തിനുമുമ്പു് എന്റെ ഹൃദയത്തിൽ പൊട്ടിമുളച്ചു. ഇപ്പോൾ അതു ശാഖോപശാഖകളായി തഴച്ചു വളർന്നു് എന്റെ ഹൃദയപരിധിയെ അതിലംഘിച്ചു് എന്നെ പ്രാണവേദന അനുഭവിപ്പിക്കുന്നു. അതുകൊണ്ടു് എന്നെസ്സംബന്ധിച്ച വിഷയങ്ങൾ അങ്ങനെ നില്ക്കട്ടെ! നിന്നെസ്സംബന്ധിച്ചാണു നമുക്കിപ്പോൾ സംസാരിക്കേണ്ടിയിരിക്കുന്നതു്. അതാണാവശ്യം. നിന്നെ എനിക്കു പരിചയമുണ്ടോ എന്നു നീ ചോദിച്ചുവല്ലോ. ഭദ്രാസനമുറിയിൽവച്ചു് നിന്റെ മടിയിൽനിന്നുംവീണ ഒരെഴുത്തു നീയെടുത്തു പലയാവർത്തി വായിച്ചില്ലേ?

അംബി:—ഓഹോ! അമ്മ അതു കണ്ടുവോ? ആ സമയത്തു അമ്മ നിന്നതു് എവിടെ? ഞാൻ കണ്ടില്ലല്ലോ എന്നാൽ ഞാൻ അതു വായിച്ചുകൊണ്ടിരിക്കുമ്പോൾ വെളിയിൽ ജനേലിനു സമീപത്തായി ആരോ ദീർഘമായി നിശ്വസിക്കുന്നതുകേട്ടു

സ്ത്രീ:—പ്രകൃതത്തോടു സംബന്ധമില്ലാത്തവിഷയത്തെപ്പറ്റി സംസാരിച്ചു സമയം വൃഥാ കളയണ്ടാ എനിക്കു ചിലതു പറയേണ്ടതായിട്ടുണ്ടു്. നീ അതു ശ്രദ്ധിച്ചുകേൾക്കണം അതെ, നിന്നെ സംബന്ധിച്ചാണു സംസാരിക്കുന്നതു്. ആ എഴുത്തു നിന്റെ പക്കൽ എത്തിച്ചതു ഞാനാണു്. എന്റെ വസ്തുസ്ഥിതികളും ജീവിതോദ്ദേശങ്ങളും മറ്റും നിന്നിൽനിന്നും മറച്ചുവയ്ക്കുകയല്ലാതെ നിവൃത്തിയില്ലെന്നു ഞാൻ ആദ്യമേ പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെതന്നെ വിജയസേനനെ നീ വരിക്കരുതെന്നു ഞാൻ വിലക്കാനുണ്ടായ കാരണവും ഇപ്പോൾ വെളിപ്പെടുത്താവുന്നതല്ല. എന്നാൽ എനിക്കു നിന്നിൽ പുത്രിനിർവ്വിശേഷമായ വാത്സല്യവും നിഷ്കളങ്കമായ സ്നേഹവുമുണ്ടു്. ആ മനസ്വിനിയുടെ പ്രേരണയാൽ പറയപ്പെടുന്ന എന്റെ ഓരോവാക്കുകളിലും നിനക്കു വിശ്വാസമുണ്ടാകട്ടെ! എന്റെ ഗുണദോഷവാക്കുകളെ നീ കൈക്കൊള്ളുകയാണെങ്കിൽ എന്റെ ലക്ഷ്യവും എന്റെ അഭിപ്രായവും സ്വീകാരയോഗ്യങ്ങളാണെന്നു വിശ്വസിക്കുകയും അടിക്കടി ഓരോന്നുചോദിച്ചു് എന്നെ അലട്ടാതിരിക്കുകയും ചെയ്യാമെന്നുണ്ടെങ്കിൽ അംബികേ! നിനക്കു ഭാവിയിൽ ക്ഷേമവും സാന്ത്വനവും വർദ്ധിക്കും; എന്നിലുള്ള കടപ്പാടിനെ ശരിക്കു നിർവ്വഹിച്ചു ചാരിതാർത്ഥ്യവും നിനക്കു സിദ്ധിക്കും.

അംബിക:—അമ്മയെ ഞാൻ ഹൃദയപൂർവ്വം വിശ്വസിച്ചിരിക്കേ അമ്മയുടെ വാക്കുകളിൽ എനിക്കു വിശ്വാസമില്ലെന്നുവരുമോ? അമ്മയുടെ ഏതൊരാജ്ഞയും ശിരസാവഹിക്കാൻ ഞാൻ ഒരുക്കമാണു്.

സ്ത്രീ:—എന്നാൽ അംബികേ! എല്ലാംകൊണ്ടും നീ ഇപ്പോൾ പരിതാപകരമായ നിലയിൽ എത്തിയിരിക്കുന്നു. അവയ്ക്കു കാരണങ്ങൾ പലതാണു്. ആ കാരണങ്ങൾ ആശ്ചര്യകരങ്ങളും ഭയങ്കരരഹസ്യങ്ങളുമാണു്. അവയെക്കുറിച്ചു ഒരു വലിയഗ്രന്ഥം നിർമ്മിക്കുന്നതായാൽ അതിലെ അദ്ധ്യായങ്ങൾ കരുണാർദ്രഭയാനകാദിരസങ്ങളാൽ പരിപൂരിതങ്ങളായിരിക്കും. അതിനെക്കുറിച്ചു വിവരിച്ചുപറവാൻ എനിക്കു സമ്മതവും ഇപ്പോൾ സാവകാശവുമില്ല. നീയും അതിനെപ്പറ്റി എടുത്തുചോദിച്ചു എന്റെ ഹൃദയവേദനയെ ഇരട്ടിക്കുകയില്ലെന്നു വിശ്വസിക്കുന്നു. നിന്റെ മോചനകാര്യത്തേയും അനന്തരകരണീയത്തേയുംകുറിച്ചുമാത്രം നീ ഇപ്പോൾ അറിഞ്ഞാൽ മതിയാകും.

അംബിക:—അമ്മയുടെ ഇഷ്ടത്തെ അനുസരിക്കാൻ ഞാൻ സർവ്വദാ സന്നദ്ധയാണു് ഞാൻ അമ്മയെ വിശ്വസിച്ചിരിക്കുന്നു.

സ്ത്രീ:—ദൈവം നിന്നെ അനുഗ്രഹിക്കട്ടെ! നിന്റെ വിശ്വാസബുദ്ധി സങ്കടക്കടലിനെ തരണംചെയ്യാനുള്ള ചെറുതോണിയായിരിക്കും. നിന്നെസംബന്ധിച്ചിടത്തോളമുള്ള വിജയസേനന്റെ ലക്ഷ്യം ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അവന്റെ ഭയപ്പെടുത്തലുകളും വിടവാക്കുകളും ഞാൻ കേൾക്കുകയും ചെയ്തു. അവൻ മഹാദുഷ്ടനും നിർദ്ദയനുമാണു്. പറഞ്ഞവിധം പ്രവർത്തിക്കുന്നവനാണു അവൻ. അവന്റെ ഭാര്യാതാത്പര്യത്തെ നീ സ്വീകരിക്കുന്നതിൽഭേദം, ആ കത്തിൽ പറഞ്ഞതുപോലെ നീ ആത്മഹത്യചെയ്യുകയാണു വേണ്ടതു്.

അംബിക അതുകേട്ടു ഒന്നുഞെട്ടി. തനിക്കു ഇപ്പോൾ മോചനം ലഭിച്ചാൽതന്നെയും വിജയസേനന്റെ കൈയിൽ ഇനിയും അകപ്പെടാനിടയുണ്ടെന്നും അങ്ങനെ സംഭവിക്കാതെ സൂക്ഷിക്കാൻ തന്റെ ഭർത്തൃപിതാവായ സാധുചിത്രസേനൻ മതിയാകയില്ലെന്നും അതിലേക്കു ശക്തിയുള്ള മറെറാരാളിന്റെ സഹായം അപേക്ഷണീയമായിരിക്കുന്നുവെന്നും അവൾ നിശ്ചയിച്ചു. സ്ത്രീ തുടർന്നു പറഞ്ഞു:—'വിജയസേനനെ നീ സ്നേഹിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുന്നതു് അനാവശ്യമായിരിക്കും. അവനെ നീ കഠിനമായി വെറുക്കുന്നുണ്ടെന്നു് എനിക്കറിയാം. എന്നാൽ ആ ദുഷ്ടൻ നിന്നെ

ലാലുവിൽ വിട്ടയയ്ക്കാൻ ഇടയില്ല. വീണ്ടും വീണ്ടും അവൻ നിന്നെ ഹിംസിച്ചുകൊണ്ടിരിക്കും.'

അംബിക:—ഞാൻ അതു് സംശയിക്കാതിരുന്നില്ല. അവന്റെ ഹിംസയിൽനിന്നും തെറ്റിപ്പിഴയ്ക്കാൻ എന്താണു വേണ്ടതെന്നു് അമ്മ ഉപദേശിക്കണം.

സ്ത്രീ:—ഒരൊറ്റമാർഗ്ഗം മാത്രമേ ഞാൻ കാണുന്നുള്ളൂ. അത്യുഗ്രമായ ഒരു വിഷപ്പാമ്പു് നിന്നെ കടിക്കാൻ അടുത്താൽ നീ എന്താണു ചെയ്യുന്നതു്?

അംബിക:—ചോദിക്കാനുണ്ടോ? ആ മാത്രയിൽ എന്റെ സർവ്വശക്തിയും പ്രയോഗിച്ചു ഞാൻ ഓടി രക്ഷപ്പെട്ടും.

സ്ത്രീ:—ആ നയമാണു് ഇവിടെ സ്വീകാര്യം. ഈ ദുഷ്ടന്റെ പെരുമാറ്റമുള്ള ഉപവനത്തിൽനിന്നും നീ മറ്റെങ്ങാൻപോയി രക്ഷപ്പെടണം. നിന്നെ പുത്രിയെപ്പോലെ സ്നേഹിച്ചു വളർത്തിയ ചിത്രസേനനേയും അയാളുടെ ഭാര്യയേയും പിരിഞ്ഞു താമസിക്കണം.

അംബിക:—അമ്മേ! 'മറ്റെങ്ങാൻ' എന്നാണല്ലോ അമ്മ പറഞ്ഞതു്. അപ്രകാരം ഒരുപയസ്ഥാനം ഈ ഭഗതക്കില്ലെന്നിരിക്കെ ഞാൻ എങ്ങോട്ടാണു പോകേണ്ടതു്?

സ്ത്രീ:—അംബികേ! നിന്റെ വാക്കുകളിൽ എനിക്കു അനുകമ്പയുണ്ടാകുന്നു. അഭയസ്ഥാനമില്ലെന്നു നിനക്കു സങ്കടംവേണ്ടാ. ദൈവം നിനക്കു സഹായമുണ്ടു്. ഞാൻ പറയുന്നതുപോലെ പ്രവർത്തിച്ചാൽ മതി.

അംബിക:—ഞാനും അതുതന്നെയാണു തീർച്ചപ്പെടുത്തിയിരിക്കുന്നതു്. അമ്മയുടെ ഉപദേശപ്രകാരം പ്രവർത്തിക്കുന്നതിനേ എനിക്കു ശക്തിയുള്ളൂ. ഞാൻ എന്താണു വേണ്ടതെന്നു് അമ്മ പറയുക, ഭക്തിവിശ്വാസപൂർവ്വം ഞാൻ അതിനെ അനുസരിക്കാം. എന്തുകൊണ്ടോ, മാതൃനിർവ്വിശേഷമായ ഒരു ഭക്തിയും വിശ്വാസവും എനിക്കു് അമ്മയിൽ ഉണ്ടായിരിക്കുന്നു. അമ്മയുടെ ഇഷ്ടം എന്താണു്?

സ്ത്രീ:—അംബികേ! എന്റെ ഇഷ്ടമെന്താണെന്നു നീ ചോദിക്കേണ്ട. നീ എന്റെ സമീപത്തിൽ, അതായതു ചിത്രസേനന്റെ ആ ചെറിയ ഗൃഹത്തിൽ കഴിഞ്ഞുകൂടിയാൽ എനിക്കു വല്ല പ്പോഴുമെങ്കിലും ഒരു നോക്കുകാണാൻ സാധിക്കും. വിദൂരത്തിലായാൽ ആ ഭാഗ്യംകൂടി എനിക്കു നഷ്ടമാകും. അങ്ങനെ സംഭവിക്കണമെന്നായിരിക്കയില്ലല്ലോ എന്റെ ഇഷ്ടം. നിന്റെ ക്ഷേമത്തെക്കരുതി ഗത്യന്തരമില്ലാതെ അങ്ങനെ ഉപദേശിക്കുന്നു എന്നേയുള്ളൂ. നീ ഉടനടി ഇവിടുന്നു തിരി

ക്കണം. എല്ലാംകൊണ്ടും ശ്രീപുരത്തേക്കു തിരിക്കുന്നതാണു നല്ലതു്.

അംബിക:—ശ്രീപുരത്തേയ്ക്കോ?

സ്ത്രീ:—അതേ കാശ്മീരത്തിന്റെ തലസ്ഥാനമായ ശ്രീപുരം തന്നെ നിനക്കിപ്പോളഭയസ്ഥാനം. ചന്ദ്രഗുപ്തപ്രഭു ഇപ്പോൾ ശ്രീപുരത്തുണ്ടു്. ചിത്രസേനൻ അദ്ദേഹത്തിന്റെ ആശ്രിതന്മാരിൽ ഒരാളാണു്. പ്രഭുവിനു നിന്നെ പരിചയവുമുണ്ടു്. ഈ ആപൽഘട്ടത്തിൽ അദ്ദേഹം നിന്നെ സഹായിക്കാതിരിക്കയില്ല.

അംബി:—അദ്ദേഹം എന്നെ പലപ്രാവശ്യം കണ്ടിട്ടുണ്ടു്. എന്നോടു് അദ്ദേഹം സംസാരിച്ചിട്ടുമുണ്ടു്. അദ്ദേഹത്തിനു എന്നിൽ പ്രീതിയും എന്റെ നിസ്സഹായതയിൽ അനുകമ്പയുമുണ്ടെന്നു് എനിക്കറിയാം. എന്നിരുന്നാലും ഞാൻ അദ്ദേഹത്തെ അഭയം പ്രാപിക്കുന്നതെങ്ങനെ? അദ്ദേഹം ഭാര്യയില്ലാത്ത ആളല്ലേ?

സ്ത്രീ:—കുഞ്ഞേ! അദ്ദേഹത്തിനു നിന്റെ ഇരട്ടി വയസ്സുണ്ടു്. അദ്ദേഹം നിന്നെ പുത്രിയെപ്പോൽ സ്നേഹിക്കുമെന്നെനിക്കറിയാം

അംബിക:—അമ്മേ! ലോകാപവാദത്തെ നാം ഭയപ്പെടേണ്ടതല്ലേ?

സ്ത്രീ:—വാസ്തവംതന്നെ. എന്നാൽ അങ്ങനെയൊരപവാദം നിന്നെയും അദ്ദേഹത്തെയും സംബന്ധിച്ചു ഉണ്ടാകുന്നതല്ല നിന്റെ ബുദ്ധിശക്തിയും തന്റേടവും അദ്ദേഹത്തിന്റെ സദ്ഗുണങ്ങളും ലോകർക്കു ബോദ്ധ്യമുണ്ടു്. ആ നിലയിൽ വിവേകമുള്ള ജനങ്ങൾ അപവാദം പുറപ്പെടുവിക്കുകയില്ല. വിവേകമില്ലാത്ത കഴുതകൾ എന്തും പറഞ്ഞുകൊള്ളട്ടെ! നമുക്കതിനെ ചെവിക്കൊള്ളേണ്ട ആവശ്യമില്ല. അതു കൊണ്ടു നീ മടിക്കാതെ ശ്രീപുരത്തുചെന്നു പ്രഭുവിനെക്കണ്ടു വിജയസേനന്റെ അക്രമങ്ങളെ അറിയിച്ചു് അദ്ദേഹത്തിന്റെ സഹായത്തെ അപേക്ഷിക്കുക! അദ്ദേഹം നിന്നെ കൈവെടിയുകയില്ല. ഇനിയും ചിലതു നിന്നെ ധരിപ്പിക്കേണ്ടതായിട്ടുണ്ടു്. നീ അതുകേട്ടു് ഭയപ്പെടരുതു്; അന്യഥാ സംശയിക്കയുമരുതു്.

അംബിക:—അമ്മേ! അമ്മയുടെ വാക്കുകളിൽ എനിക്കു് അന്യഥാശങ്കയും ഭീതിയും ഉണ്ടാകുന്നതല്ലെന്നു ഞാൻ വീണ്ടും അറിയിക്കുന്നു.

സ്ത്രീ:—ദൈവം നിന്റെ ഹൃദയത്തെ എന്നിൽ വിശ്വസിപ്പിച്ചിരിക്കുന്നു. ആ വിശ്വാസം എന്നെന്നും നിലനില്ക്കാൻ അദ്ദേഹം അനുഗ്രഹിക്കുകയുംചെയ്യും. ചില സംഗതികൾ നിന്നെ ധരിപ്പിക്കാനുണ്ടെന്നു പറഞ്ഞുവല്ലോ. ധരിപ്പിക്കേണ്ട ആവശ്യം തികച്ചും ഉള്ളതുകൊണ്ടു ഞാൻ അതിനു നിർബ്ബന്ധയായ

താണു്. ഇല്ലെങ്കിൽ ഞാൻ അതിലേക്കു ശ്രദ്ധപോലുമായിരുന്നില്ല ഏതാനുംനിമിഷങ്ങൾക്കുള്ളിൽ നാംതമ്മിൽ പിരിയേണ്ടിവരുമല്ലോ, പിരിയുന്നനിമിഷംമുതൽ നീ എന്നെ മറന്നുകളയണം; ഞാൻ ജീവിച്ചിരിക്കുന്നുണ്ടെന്നുള്ളവിശ്വാസം നിനക്കുണ്ടാകരുതു്. ഞാൻ മരിച്ചുപോയി എന്നുതന്നെ വിശ്വസിക്കുക! നാം ഈ മുറിയിൽവച്ചു് അന്യോന്യം സന്ദർശിച്ചു എന്നു നീ ആരോടും പറയരുതു്? എന്നെ നീ മറന്നുകളയണമെന്നു ഞാൻ പറഞ്ഞതിന്റെ താല്പര്യം അതാണു്. ശ്രദ്ധേ, നീ എന്നെ സ്മരിക്കണമെന്നില്ല ഇഷ്ടമുണ്ടെങ്കിൽ എന്നെ വല്ലപ്പോഴുമെങ്കിലും സ്മരിച്ചുകൊൾക! അയ്യോ! അതുപോരാ; എന്റെ പ്രിയപ്പെട്ട അംബികേ! ഓമനേ! നീ എല്ലായ്പോഴും എന്നെ ഓർക്കുക! എന്നാൽ എന്നെപ്പറ്റി ഒരക്ഷരംപോലും യാതൊരുത്തരോടും ശബ്ദിച്ചുപോകരുതു്! കല്പകക്കോട്ടയിൽ നീ അകപ്പെട്ടതും അവിടുന്നു മോചിപ്പിക്കപ്പെട്ടതുമായ വിവരങ്ങൾ നിന്റെ വളർത്തച്ഛനേയും അമ്മയേയും ധരിപ്പിക്കുമ്പോൾ മറന്നിട്ടുപോലും ഒരുവാക്കു എന്നെക്കുറിച്ചു പറയരുതേ! അതുപോലെതന്നേ ചന്ദ്രഗുപ്തപ്രഭുവിനോടും നിന്റെ വൃത്താന്തങ്ങൾ പറയുമ്പോൾ എന്നെസംബന്ധിച്ചു യാതൊന്നും ഉരിയാടിപ്പോകരുതു്! ഇത്രമാത്രമാണു നീ എനിക്കു ചെയ്യേണ്ടതായിട്ടുള്ള പ്രത്യുപകാരം. മകളേ! ഞാൻ ഇപ്പറഞ്ഞതിനു വിരുദ്ധമായി നീ പ്രവർത്തിക്കയില്ലെന്നു വിശ്വസിക്കട്ടയോ? ഇനി എന്റെ ഭാവി നിന്റെ കൈയിലാണെന്നു ഓർക്കുക! എന്നെസംബന്ധിച്ചു് ഒരക്ഷരമെങ്കിലും നിന്റെ മുഖത്തുനിന്നും പുറപ്പെട്ടാൽ ആ മാത്രയിൽ എന്റെ ജീവനെ ത്യജിക്കേണ്ടിവരും. ഞാൻ ഇപ്രകാരം നിർബ്ബന്ധിക്കാനുണ്ടായ കാരണമെന്തെന്നു നീ സംശയിക്കുന്നുണ്ടാവാം. ആ സംശയമുണ്ടാകരുതെന്നു ഞാൻ ആദ്യമേ പറഞ്ഞിട്ടുണ്ടല്ലോ. കാരണം പരമരഹസ്യവും ഭയങ്കരവുമാണു്. നിനക്കു് അതു അറിയേണ്ട ആവശ്യമില്ല എന്നല്ല, എനിക്കു വെളിപ്പെടുത്താവുന്നതുമല്ല.

അംബിക:—വേണ്ടാ; അമ്മയ്ക്കു വെളിപ്പെടുത്തിക്കൂടാത്ത ഏതൊരുസംഗതിയും എനിക്കു അറിയണമെന്നില്ല. ഞാൻ അമ്മയെപ്പറ്റി ഒരക്ഷരം ആരെയും ധരിപ്പിക്കയുമില്ല. ഇല്ലെന്നു ഈശ്വരനാമത്തിൽ സത്യംചെയ്തു വീണ്ടുംപറയുന്നു.

മനസ്വിനിയായ ആ മഹതി അംബികയെ മാറോടണച്ചു് ആശ്ലേഷിച്ചു പലവുരു മൂർദ്ധാവിൽ ചുംബിച്ചു.

സ്ത്രീ:—മകളേ! ഈശ്വരൻ നിന്നെ സഹായിക്കട്ടെ! അതേ, നിന്റെ ശോഭനമായ വാക്കു് അദ്ദേഹം അനുഗ്രഹിക്കട്ടെ! വരിക! സമയം ഇപ്പോൾ അർദ്ധരാത്രികഴിഞ്ഞിരിക്കും. നീ ഇപ്പോൾതന്നെ നിന്റെ വളർത്തച്ഛനെ വിവരങ്ങൾ ധരിപ്പിച്ചിട്ടു് അതിരാവിലെ അതേ, വെളുക്കുംമുമ്പു ശ്രീപുരത്തേക്കു തിരിക്കണം. എന്റെ പിറകെ വരിക! അല്പനേരത്തിനുള്ളിൽ ഈ കല്ലറയിൽനിന്നും വെളിയിൽകടക്കാം. അപ്പോൾതന്നെ നിന്റെ വളർത്തച്ഛന്റെ ഗൃഹത്തിൽ കൊണ്ടുചെന്നാക്കുന്നതിനും രാവിലെ ശ്രീപുരത്തേക്കു പുറപ്പെടുന്നതിനും വേണ്ട ഏർപ്പാടുകൾ ഇതിനകംനടന്നിട്ടുണ്ടു്.

ആ മനസ്വിനി വിളക്കുംകൊണ്ടു മുമ്പിലും അംബിക പുറകിലുമായി, ആ മുറിയുടെ ഒരുവശത്തുള്ള വാതിൽതുറന്നു് ഒരു കോണിപ്പടിയിൽക്കൂടി കീഴ്പ്പോട്ടിറങ്ങി.

അദ്ധ്യായം ൨൦.

"ബന്ധുത്വയത്തെ, നീയും വേഗേനചെന്നു
ബന്ധനത്തിന്നു മോചിപ്പിക്കുക മോദാൽ"

ആ മനസ്വിനിയും അംബികയും ഏണിപ്പടിയിൽക്കൂടി ഇറങ്ങിയസ്ഥലത്തുനിന്നും ഒരു ഇടുങ്ങിയവഴി ആരംഭിക്കുന്നുണ്ടായിരുന്നു. അതുപോലെയുള്ള പലേ ഗ്രന്ഥമാർഗ്ഗങ്ങളിൽക്കൂടി ഇന്നു രാത്രിയിൽ ധാരാളം സഞ്ചരിച്ചിട്ടുണ്ടായിരുന്നതിനാൽ ഈ വഴിയിൽക്കൂടി നടക്കാൻ അംബികയ്ക്കു അശേഷം ഭയം തോന്നിയില്ല. പോരെങ്കിൽ ഇപ്പോൾ മറെറാരാളിന്റെ കൂട്ടുമുണ്ടല്ലോ. ഈ ഇടുങ്ങിയവഴിയുടെ ഇരുവശത്തുമുള്ള പരുത്തചുമരുകളിൽ ശരീരം ഉരസിയാൽ തൊലി അതിന്മേൽ പററിയിരിക്കും. ആ മനസ്വിനി അംബികയെവളരെ സൂക്ഷിച്ചു ആ മാർഗ്ഗത്തിൽക്കൂടി കൂട്ടിക്കൊണ്ടു മുമ്പോട്ടു നടന്നു് വിളക്കു് അടിക്കടി പുറകിൽകാട്ടി അവർക്കു വഴിതെളിക്കുന്നുമുണ്ടായിരുന്നു. ആ ഗ്രന്ഥമാർഗ്ഗത്തിൽക്കൂടി വിളക്കും വഹിച്ചുകൊണ്ടുനടക്കുന്ന ശ്രുതവേസ്സുധാരിണിയായ ആ സ്ത്രീയെക്കണ്ടാൽ, വായിൽക്കൂടി അഗ്നിവമിക്കുന്ന ഒരു ദേവതയാണെന്നു ഒരു നോട്ടത്തിൽ ആരും സംശയിച്ചുപോകും വിശേഷിച്ചും ആ സ്ഥലത്തേ കിംവദന്തികൾ അതിനു് അനുകൂലങ്ങളുമാണല്ലോ.

അവർ അങ്ങിനെ നടന്നുകൊണ്ടിരിക്കെ, അതിന്റെ ഒരു ഭാഗത്തുള്ള മതിലിനപ്പുറത്തു ചെറുതിരകളടിക്കുന്ന ശബ്ദം അംബിക കേട്ടു. കുറ്റിരം നടന്നതിന്റെശേഷം മേൽഭാഗം ആർച്ചുപോലെ

വളച്ചുപണിതിട്ടുള്ള ഒരു നീണ്ട മുറിയിൽചെന്നുകയറി. ആ മുറിയിലെ കാഴ്ചകൾ ഭയജനകവും വിസ്മയനിയവുമായിരുന്നു. അതേവരെ ധൈര്യപൂർവം വൃദ്ധയെ അനുഗമിച്ച അംബികയുടെ സ്ഥിരചിത്തതയ്ക്ക് അവിടെവച്ചു ശിഥിലതപം സംഭവിച്ചു. ആശ്ചര്യത്തോടും അതിഭയത്തോടും വൃദ്ധയെ ഞെരുങ്ങിനിന്നുംകൊണ്ട്, അതിനുള്ളിൽ ഘടിപ്പിച്ചിരിക്കുന്ന ചക്രങ്ങളേയും അതിനു സമീപത്തുണ്ടായിരുന്ന യന്ത്രത്തേയും സൂക്ഷിച്ചുനോക്കി. മുറിയുടെ മദ്ധ്യഭാഗത്തു രണ്ടു വരിയിലായി മുമ്മൂന്നുവീതം ഭീമാകൃതിയായ ആറു ചക്രങ്ങളെ ഇങ്ങനെ സ്ഥാപിച്ചിരിക്കുന്നതു് എന്താവശ്യത്തിലേക്കായിരിക്കുമെന്നവർ സംശയിച്ചു. ഈ യന്ത്രങ്ങളുടെ ഘടനയെപ്പറ്റിയും അതിനകത്തുള്ള മറ്റു വിശേഷങ്ങളെക്കുറിച്ചും മുമ്പൊരിക്കൽ താരാനാഥനെ അനുഗമിച്ചു നാം ഗ്രഹിച്ചിട്ടുണ്ടല്ലോ. ധൈര്യവാനും വിശേഷിച്ചു് ഒരു പുരുഷനുമായ താരാനാഥനെപ്പോലും ഭയവിഹ്വലനാക്കിചെയ്ത ആ മുറിയിലെ കാഴ്ചകൾ, ഇരുപത്തിനാലു ക്രട്ടിലടയ്ക്കപ്പെട്ട കിളിയെപ്പോലെ ഒരു ചെറിയ ഗൃഹത്തിൽമാത്രം കഴിഞ്ഞുകൂടിയ കേവലം ഒരബലയെ ഭയത്തരളിതയാക്കിച്ചെയ്യുവെങ്കിലെന്താണു് ആശ്ചര്യപ്പെടാൻ! മുഗ്ധചിത്തയായ ആ യുവതി വൃദ്ധയുടെ ശുഷ്കകരത്തെ മുറുകെപിടിച്ചുകൊണ്ട്, ആ മുഖത്തും ചക്രങ്ങളിലും യന്ത്രത്തിലും യഥാക്രമം മാറിമാറി നോക്കുന്നുണ്ടായിരുന്നു. പക്ഷേ, ആ മുഖത്തു് ഈഷദ്ഭാവഭേദംപോലും അവർക്കു കാണാൻ കഴിഞ്ഞില്ല. ആ സാധനങ്ങളുമായി വൃദ്ധയ്ക്കു നിത്യപരിചയമുണ്ടെന്നും ആ സ്ഥാപനത്തിന്റെ ഉദ്ദേശം അവക്കു് അറിവുണ്ടെന്നും ആ മുഖത്തുനിന്നും അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞു. അതുമവളുടെ ഭയത്തെ വർദ്ധിപ്പിക്കുകമാത്രമാണു ചെയ്തതു്. അവളുടെ സർവസന്ധികൾക്കും വൈക്ലബ്യം സംഭവിച്ചു. രക്തം തണുത്തു അസ്വസ്ഥമായി ഭവിച്ചു. അവളുടെ ശരീരം ആസകലം അതിഭീതിയാൽ വിറപൂണ്ടു്, സ്വേദാംഭസ്സിൽ സ്നാനംചെയ്തു. നടക്കാൻ ശക്തിയില്ലാതെ വൃദ്ധയുടെ കരത്തെ പൂർവാധികം മുറുകെപ്പിടിച്ചു് അവിടെനിന്നു. അവളുടെ ഹൃദയസ്പന്ദനം വൃദ്ധയ്ക്കു കേൾക്കാമായിരുന്നു. ഭീമാകൃതിയിലുള്ള ഈ യന്ത്രങ്ങൾ ഈ ശ്മശാനസ്ഥലത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് ആസുരമായ ഏതോ മനഃസ്ഥിതിയുടെ പ്രേരണയാലാണെന്നു് അവൾ വിശ്വസിച്ചു.

അംബികയുടെ ഭയജന്യമായ ഈ ഭാവഭേദംകണ്ടു് ആ മനസ്വനിക്കു് അനുകമ്പയും സങ്കടവുമുണ്ടായി. ആ പ്രൗഢ അതിനെ മനസ്സിലടക്കിക്കൊണ്ടു്, അംബികയോടിങ്ങനെപറഞ്ഞു:— "അംബികേ! ഞാൻ മനഃപൂർവം നിന്നെ ഈ മുറിയിൽ ക്രട്ടി

ക്കൊണ്ടുവന്നതല്ല. ഈ ഘോരഘോരമായകാഴ്ച നിന്നെക്കാണിക്കണമെന്നും എനിക്കു് ആഗ്രഹമുണ്ടായിരുന്നില്ല ദുഷ്ടബുദ്ധിയുടെ പ്രേരണയാൽ പരഹൃദയത്തെ പീഡിപ്പിക്കുമാറു സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഭയങ്കരങ്ങളായ ഈ ചക്രങ്ങളുടെ ഘടനയെ നിൻറെ ദൃഷ്ടിയിൽപെടുത്തി നിന്നെ ഭയപ്പെടുത്തണമെന്നുള്ള ഉദ്ദേശം ലേശംപോലുമെനിക്കുണ്ടായിരുന്നില്ല. നിർഭാഗ്യവശാൽ ഇതിനിടയായി എന്നേയുള്ളൂ. ഗത്യന്തരമില്ലായ്കയാൽ നമുക്കു് ഈ മുറിയിൽ കടക്കേണ്ടിവന്നു. വെളിയിൽപോകാൻ നമുക്കു് ഇതല്ലാതെ വേറെ മാർഗ്ഗമില്ല. അതുകൊണ്ടു നിന്നെ ഈ മുറിയിൽക്കൂട്ടിക്കൊണ്ടുവരാതെ കഴിവില്ലെന്നുവന്നു. ഏതായാലും നീ ഇതൊന്നും കണ്ടു ഭയപ്പെടരുതു്. ഇതുമൂലം നമുക്കു് ഒരാപത്തും നേരിടാനില്ല."

അംബിക:—അമ്മേ, അമ്മ പറയാതെതന്നെ ഞാൻ അതു മനസ്സിലാക്കിക്കഴിഞ്ഞു. വേറെവഴിയുണ്ടായിരുന്നുവെങ്കിൽ അമ്മ എന്നെ ഈ മുറിയിൽ കൂട്ടിക്കൊണ്ടുവരികയില്ലായിരുന്നുവെന്നു് എനിക്കറിയാം. എന്നാൽ ഈ ഘോരമായകാഴ്ചകാണുന്നതിനുള്ള ധൈര്യം ഏതൊരാളിനെയാണു ഭയപ്പെടുത്താതിരിക്കുക! അമ്മേ ഞാൻ നല്ലവണ്ണം ഭയപ്പെട്ടു എന്നു മാത്രമല്ല, പലേ സംശയങ്ങളും എൻറെ ഹൃദയത്തെ ബാധിക്കുകയും ചെയ്തു. ഈ ചക്രങ്ങളും ഇപ്പോൾ നിശ്ചലങ്ങളായിക്കാണപ്പെടുന്നെങ്കിലും ഇതു് 'ആറുകൊല്ലി'യാണെന്നുള്ളതിൽ സംശയമില്ലമ്മേ. ഇതിൻറെ ഇടയിലകപ്പെടുന്ന മനുഷ്യർ എത്ര തീവ്രമായ വേദനയനുഭവിക്കേണ്ടിവരുമെന്നോർത്തപ്പോളാണു്, എൻറെ ഹൃദയം നടുങ്ങിപ്പോയതു് അമ്മേ! ഞാൻ മഹാഭാഗ്യവതിയാണു്. അതേ, സംശയമില്ല. അമ്മയെക്കാണുന്നതിനുമുമ്പു ഞാൻ ഈ മുറിയിൽ കടന്നിരുന്നുവെങ്കിൽ നിശ്ചയമായും മരിച്ചുവീഴുമായിരുന്നു.

വൃദ്ധ:—ദൈവം നിന്നെ അനുഗ്രഹിച്ചു.

അംബിക:—അമ്മേ! എന്തുദ്ദേശത്തോടുകൂടി ഈ ചക്രങ്ങളും ഇവിടെ സ്ഥാപിച്ചിരിക്കുന്നു എന്നറിവാൻ എനിക്കു വളരെ ആഗ്രഹമുണ്ടു്.

വൃദ്ധ.—(വികൃതമായ മുഖഭാവത്തോടുകൂടി) മിണ്ടിപ്പോകരുതു്. രഹസ്യമതിനെക്കുറിച്ചുചോദിക്കേണ്ട. ആ രഹസ്യങ്ങളൊന്നും നീയറിഞ്ഞിട്ടാവശ്യമില്ല. ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ചു് ആഗ്രഹിക്കുന്നതു നിന്നേപ്പോലുള്ള ബുദ്ധിശാലിനികൾക്കു യോഗ്യതയല്ല. അംബികേ! വീണ്ടും ഒരുസംഗതി ഞാൻ നിന്നോടാവശ്യപ്പെടുന്നു. നീ അതിനെ കൈക്കൊള്ളാതിരിക്കരുതു്. എന്നെ സംബന്ധിച്ച വിവരങ്ങൾ പുറ

ുതുവിടരുതെന്നു ഞാൻ നിന്നോടു ശട്ടംകെട്ടിയിട്ടുണ്ടല്ലോ അതുപോലെതന്നെ ഈ രഹസ്യസ്ഥാപനത്തെപ്പറ്റിയും നീ യാതൊന്നും യാതൊരാളോടും പറഞ്ഞുപോകരുതേ! നിന്നിച്ഛം എന്റെ ഒന്നിച്ഛം സഞ്ചരിച്ചുമാറ്റുള്ളവരെപ്പറ്റിയും കട്ടെ, നീ നമസ്കരിച്ച ഉത്ഥാവിഗ്രഹത്തെസ്സംബന്ധിച്ചും കട്ടെ, ഈ മുറിയിലെ ഭയങ്കരസ്ഥാപനങ്ങളെക്കുറിച്ചാകട്ടെ, ഒരൊറ്റ വാക്കുപോലും എതു വലിയ ബന്ധുവിനോടും പറഞ്ഞുപോകരുതു്!

അംബി:—ഇല്ല; ഞാൻ പറയുകയില്ല. അമ്മയുടെയിഷ്ടത്തിനുവിപരീതമായി ഞാൻ പ്രവർത്തിക്കുകയില്ല. ഇവിടെക്കണ്ട ഏതൊരുരഹസ്യവും ഞാൻ വെളിപ്പെടുത്തുകയില്ല. അമ്മയെനിക്കുചെയ്ക ഉപകാരത്തിനു ഞാൻ ആജീവനാന്തം കൃതജ്ഞത പ്രകാശിപ്പിക്കേണ്ടവളാണു്. ഞാൻ അതിനെ വിസ്മരിച്ചുവെങ്കിൽ എന്നേക്കാൾ പാപി ഈ ലോകത്തിലാരാണുള്ളതു്?

വൃദ്ധ:—മകളേ! എന്നെസംബന്ധിച്ചിടത്തോളം ഒരു പ്രത്യേകനന്ദി നീ കാട്ടണമെന്നില്ല. ഞാൻ നിന്നെ സഹായിക്കേണ്ടവളാണു്. ഞാൻതന്നെ നിന്നെ സഹായിക്കേണ്ടവൾ. വരിക! നമുക്കിനി ഇവിടുന്നുനടക്കാം. 'ഈ ശപിക്കപ്പെട്ട മുറിയിൽ നിന്നുത്രമതി. നാമാദ്യംഒന്നിച്ചുതിരിക്കുമ്പോൾ, ഈ മുറിയിലെ ഭയങ്കരകാഴ്ചകൾ നിന്നിൽ നിന്നുംമറയ്ക്കുന്നതിനും നീ അതുകണ്ടു ഭയപ്പെടാതിരിക്കാനുമായി നിന്റെ കണ്ണുകെട്ടിക്കൂട്ടിക്കൊണ്ടു വരണമെന്നാണു ഞാനുദ്ദേശിച്ചതു്. എന്നാൽ നീ എന്റെ വാക്കുകളെ അനുസരിക്കുമെന്നും ഇതൊക്കെക്കണ്ടു ഭയപ്പെടുകയില്ലെന്നും —ഇവിടെക്കണ്ടതൊന്നും പുറത്തുപറയുകയില്ലെന്നും വിശ്വസിച്ചു് അപ്രകാരംചെയ്യാതിരുന്നതാണു്. വിശേഷിച്ചും ഞാൻ നിന്റെ കണ്ണുകളെ മറയ്ക്കുമ്പോൾ, എനിക്കു് നിന്നിൽ വിശ്വാസമില്ലെന്നു നീ സംശയിക്കുകയും അതുവഴി നീ എന്നെ അവിശ്വസിക്കുകയും ചെയ്യാനിടയുണ്ടല്ലോ.

അവർ ആ മുറിയുടെ എതിർവശത്തുള്ള വാതിൽത്തുറന്നു വീണ്ടും ഒരു ഇടുങ്ങിയവഴിയിൽക്കൂടി മുമ്പോട്ടുനടന്നു കുറേദൂരംചെന്നപ്പോളൊരു വിശാലമായ സ്ഥലംകണ്ടു. ഒരു പുരയിടത്തോളംവിസ്തീർണ്ണമുള്ള ആ സ്ഥലത്തിനുചുറ്റും കരിങ്കൽഭിത്തികളും മുകളിൽ കരിങ്കല്ലുകൊണ്ടുള്ള മേല്പുരയുമുണ്ടായിരുന്നു. എങ്കിലും അതൊരു മുറിയാണെന്നുപറവാൻ പാടില്ല. പലേ വലിപ്പത്തിലും പലേ മാതിരിയിലുമുള്ള അനവധി ശവകുടീരങ്ങൾ അവിടെ കാണപ്പെട്ടു.

വൃദ്ധ:—മകളെ! നീ ഇതൊന്നുംകൊണ്ടു ഭയപ്പെടരുതു്. ഈ ശവകൂടീരങ്ങളും ഉദയസേനപ്രഭുവിന്റെ വംശജന്മാരെ സംബന്ധിച്ചുവയാണു്. ഓരോന്നിന്റെയും അടിയിൽ ഓരോ അളുകളെ സ്ഥാപിച്ചിരിക്കയാണു്. ശവത്തെ ദഹിപ്പിക്കുകയാണെങ്കിൽ അസ്ഥികളെടുത്തുകൊണ്ടുവന്നു ഇപ്രകാരം നിക്ഷേപിക്കുകയുംചെയ്യും. ഓരോ ശവകൂടീരത്തിലും അതാതാളുകളുടെ പേരും അവർ മരിച്ച ആണ്ടുമാസംതീയതിയും രേഖപ്പെടുത്തിയിരിക്കും.

ഇവർ ഇങ്ങനെ ഓരോന്നു സംസാരിച്ചുകൊണ്ടുനടക്കവേ ഒരു ചെറിയ കൂടീരത്തിന്നുസമീപംവന്നു. അതിൽ ചിലയക്ഷരങ്ങൾകാണുന്നുണ്ടായിരുന്നുവെന്നുമാത്രമല്ല, ഒരു സ്ത്രീയുടെ രൂപം കൊത്തിയിട്ടുമുണ്ടായിരുന്നു. ആ രൂപം അക്ഷികൾ മേല്പോട്ടുപരിച്ചു തൊഴുകൈയോടുകൂടിനിന്നു് ഈശ്വരസ്തോത്രം ചെയ്യുന്നതുപോലെ കാണപ്പെട്ടു. അതിന്റെ ചുവടേ രേഖപ്പെടുത്തിയിരുന്നതാവിതു്:—

ഉദയസേനപ്രഭുവിന്റെ ദ്വിതീയപത്നി സരളാദേവി ഇരുപത്തിമൂന്നാമത്തെ വയസ്സിൽ പരലോകംപ്രാപിച്ചു.

1418-ആഗസ്റ്റ് 25-ാംതീയതി

ഈ വാക്യങ്ങളെ അംബിക വായിക്കുമ്പോൾ വൃദ്ധയും സമീപത്തുനിന്നു കേൾക്കുന്നുണ്ടായിരുന്നു. അനന്തരം, അംബിക ആ രൂപത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ടുനില്ക്കവേ, "മകളേ ഉദയസേനപ്രഭുവിന്റെ ഭാഗ്യവതിയായ രണ്ടാമത്തെഭാര്യയുടെ രൂപമാണിതു്. വിജയസേനന്റെ മാതാവിന്റെ മരണശേഷം പ്രഭുവിന്റെ ഭാര്യാപദത്തെ അലങ്കരിക്കാൻ ഭാഗ്യമുണ്ടായി എങ്കിലും അധികനാൾ അങ്ങനെ കഴിഞ്ഞുകൂടാൻ ദൈവം അനുവദിച്ചില്ല" എന്നു വൃദ്ധ പറഞ്ഞു.

അംബിക:—അമ്മേ! അവർ ഭാഗ്യവതിയാണെന്നു് അമ്മ പറഞ്ഞുവല്ലോ. ഇത്ര ചെറുപ്പത്തിൽ ഇഹലോകത്തെ വെടിയേണ്ടിവന്നാൽ അതൊരു ഭാഗ്യമാണോ? അവരുടെ ലൗകികാഗ്രഹങ്ങളും തികച്ചും സാധിക്കുന്നതിനു മുമ്പായിട്ടല്ലേ അവർ മരിച്ചതു്? എന്നതന്നെയുമല്ല, ഈ സാധ്വിയുടെ മരണം പൊടുന്നനവേ സംഭവിച്ചതാണെന്നും സംശയകരങ്ങളായ ചില സംഗതികളും ആ മരണസംഭവത്തോടു സംഘടിച്ചിട്ടുണ്ടെന്നും മറ്റും കേൾക്കുന്നുണ്ടല്ലോ.

വൃദ്ധ:—മിണ്ടരുതു്! കിംവദന്തികളും സംശയങ്ങളുമെന്നിക്കു കേട്ടുകൂടാ. ഈ സാധ്വി മരിച്ചിട്ടിപ്പോൾ പതിനേഴുകൊല്ലംകഴിഞ്ഞിരിക്കുന്നു. ദുർബുദ്ധികളായ വല്ലവരും വല്ലതുമൊക്കെപ്പറഞ്ഞുപരത്തിയിരിക്കാം. സംബന്ധമില്ലാത്ത കെട്ടുകഥകളും

വെളിയിൽ പറന്നിരിക്കാം. ഉർബുദ്ധികളിലാരെങ്കിലുമടിസ്ഥാനമില്ലാത്ത എന്തെങ്കിലും സംശയത്തെ ആസ്പദമാക്കി വല്ലതുമൊക്കെപ്പറഞ്ഞുപിടിപ്പിക്കും ക്രമേണ അവ പലരുടേയും ചെവികളിൽ പതിഞ്ഞു് പഞ്ഞുഗ്രന്ഥം വളർന്നു നാടെല്ലാം പടർന്നുപിടിക്കും. അതുലോകസ്വഭാവമാണു്. വളരെച്ചെറുപ്പത്തിൽ മരിച്ചു എന്നു് ആ സാധ്വിയിൽ നിനക്കു അനുതാപം തോന്നുന്നുണ്ടാവാം. ലൗകികാശകൾ തികച്ചും സാധിക്കാതെയാണു മരിച്ചതെന്നു നീ മനസ്താപിക്കുന്നുണ്ടാവാം. അതെന്തെങ്കിലുമാകട്ടെ. മകളേ! ആ സാധ്വിയുടെ ആത്മാവിനു നിത്യശാന്തി ലഭിക്കാൻ അവളുടെ അസ്ഥികലശങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധസ്ഥലത്തുനിന്നുകൊണ്ടു് നമുക്കു ദൈവത്തെ പ്രാർത്ഥിക്കാം. നമ്മളും സ്ത്രീകളായതിനാൽ പ്രത്യേകിച്ചും നമുക്കു് അതിനു് അവകാശമുണ്ടു്.

ആ മനസ്വിനിയുടെ ബുദ്ധിപൂർവ്വകമായ അഭിപ്രായത്തെ അംബിക ബഹുമാനപൂർവ്വം അംഗീകരിച്ചു. ആ വിഷയത്തിൽ അവർക്കൊരു പ്രത്യേകതാല്പര്യമുള്ളതുപോലെയും കാണപ്പെട്ടു. രണ്ടു പേരും കുറേനേരത്തിനു് അഭിമുഖമായിനിന്നു് നിഷ്കളങ്കഭക്തിയോടുകൂടി അന്തരിച്ചുപോയ ഉദയസേനപത്നിയുടെ ആത്മാവിനു നിത്യശാന്തി ആശംസിച്ചു. അനന്തരം അവർ അവിടുന്നുമുമ്പോട്ടുനടന്നു. അടുത്തടുത്തു പല ശവകുടീരങ്ങളും പിന്നെയുംകണ്ടും ഓരോന്നു സംസാരിച്ചും ആ വിശാലമായ സ്ഥലംകടന്നു് ഒരു വാതിൽ തുറന്നുവെളിയിലിറങ്ങി. വൃദ്ധയുടെ കൈവശം ഉണ്ടായിരുന്ന ഒരു താക്കോൽ ഉപയോഗിച്ചാണു് ആ വാതിൽ തുറന്നതു്. ആ സ്ഥലത്തു് ഒട്ടു വളരെ പടിക്കെട്ടുകളും ഉണ്ടായിരുന്നു. അവയിൽ ചിലതു മേല്പോട്ടു കയറാനുള്ളതും ചിലതു കീഴ്പോട്ടിറങ്ങാനുള്ളതുമായിരുന്നു. അവർ അവയിൽക്കൂടി കയറിയും ഇറങ്ങിയും അവസാനത്തിലുണ്ടായിരുന്ന മറെറാരു വാതിലിനെ സമീപിച്ചു. ആ വാതിലും വൃദ്ധയുടെ പക്കൽ ഉണ്ടായിരുന്ന വേറൊരു താക്കോൽകൊണ്ടു തുറന്നു. അതുവഴി വെളിയിൽ ഇറങ്ങിയതു് മനോഹരമായ ഒരു പുഷ്പവാടിയിൽ ആയിരുന്നു. ശ്രദ്ധമാസ്ത്രങ്ങൾ അവസാനിച്ചു എന്നു് അംബിക വിശ്വസിച്ചു.

വിശുദ്ധവും ശാന്തവുമായ ഇളങ്കാറു് ആ സ്ഥലത്തുവീശുന്നുണ്ടായിരുന്നു. സുരഭിലമായ ആ മന്ദമാരുതനേറെറപ്പോൾ അംബികയ്ക്കുണ്ടായ പരമാനന്ദം അനിർവ്വചനീയമായിരുന്നു. ആ ഉദ്യാനം കോട്ടമതിലിനു വെളിയിൽ, അതായതു് മതിലിനെച്ചുറിയുള്ള കിടങ്ങിനും അപ്പുറത്തായിരുന്നു. ഈ കിടങ്ങിനു സമീപത്തു വന്നപ്പോഴായിരിക്കണം, കയറാനും ഇറങ്ങാനുമുള്ള അനവധി പടിക്കെട്ടുകൾ കാണപ്പെട്ടതു് എന്നു് അംബിക ഊഹിച്ചു.

അവൾ ഉദ്യാനപ്രവേശംനൽകിയ വാതിലിനെ വൃദ്ധ പൂവ് സ്ഥിതിയിൽ പൂട്ടിയതിന്റെശേഷം അംബികയും ഒന്നിച്ച് ഉപവനത്തിൽ പ്രവേശിച്ചു. ഉദ്ദേശംകാൽനാഴികയോളം അവർ യാതൊന്നും സംസാരിക്കാതെ, വൃക്ഷങ്ങളുടെ ഇടയിൽക്കൂടി നടന്നു. ആ മാർഗ്ഗം അംബികയ്ക്കു തീരെ അപരിചിതമായിരുന്നില്ല. ചിത്രസേനന്റെ ഗൃഹത്തിലേക്കുള്ളവഴി അതാണെന്ന് അവൾക്കു മനസ്സിലായി. ശാന്തം പാപം! സൂര്യോദയത്തിനുമുമ്പ് അവൾ താമസിച്ചിരുന്ന ഗൃഹവും ആ പരിസരങ്ങളും വെടിഞ്ഞുപോകണമെന്നോർത്തപ്പോൾ അവളുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ പൊഴിഞ്ഞു.

മാർഗ്ഗമദ്ധ്യേ വൃക്ഷങ്ങൾ അധികമില്ലാത്ത ഒരു സ്ഥലത്ത് ഒരു കുതിരയും അതിന്റെ കടിഞ്ഞാൺ വഹിച്ചുകൊണ്ട്, വൃദ്ധനും കല്പകക്കോട്ടയിലെ കാര്യസ്ഥനുമായ ചാരുദത്തനും നില്ക്കുന്നുണ്ടായിരുന്നു. അംബികയേയും വൃദ്ധയേയും കണ്ടപ്പോൾ അയാളുടെ മുഖത്ത് ഒരു സന്തോഷഭാവം ഉണ്ടായി എങ്കിലും ഉത്തരക്ഷണത്തിൽ മനസ്സിലുണ്ടായിരുന്ന മുഖച്ചുടവ് ആ മുഖത്തു സ്ഫുരിച്ചു. തന്റെ മടിയിൽ സൂക്ഷിച്ചിരുന്ന ഒരു പണസഞ്ചി എടുത്ത് വൃദ്ധയുടെ കയ്യിൽകൊടുത്തു. എന്നിട്ട വൃദ്ധയുടേയും അംബികയുടേയും മുഖത്തു മാറിമാറി നോക്കി ഒരു മാനസപരിശോധന നടത്തി. അതിന്റെ ഫലമായി അയാളുടെ ഹൃദയത്തിൽ രൂപവൽകൃതമായ അഭിപ്രായത്തെ അയാൾ വെളിപ്പെടുത്തുകയോ മുഖഭാവത്താൽ സൂചിപ്പിക്കുകയോ ചെയ്തില്ല.

ഹൃദയപൂർവം ചെയ്ത വിലയേറിയ സഹായങ്ങൾക്കായി വൃദ്ധയ്ക്കും ചാരുദത്തനും അംബിക വളരെ നന്ദിപറഞ്ഞു. ആ സമയത്തു വൃദ്ധയുടെ നയനങ്ങളിൽനിന്നും ചുടുനീർക്കണങ്ങൾ പൊഴിഞ്ഞുകൊണ്ടിരുന്നു. അതുകണ്ടപ്പോൾ അംബികയുടെ ഹൃദയം ശോകഭാരത്താൽ പൊടിഞ്ഞു തകർന്നു. അവൾ വൃദ്ധയെകെട്ടിപ്പിടിച്ചുകൊണ്ടു വാവിട്ടുകരഞ്ഞു.

"അമ്മേ! അമ്മയ്ക്ക് ഇത്രവളരെ ദുഃഖത്തിനു കാരണമെന്തു് ഞാൻ അമ്മയുടെ സാന്നിദ്ധ്യസുഖം അനുഭവിച്ചിട്ട് രണ്ടുമണിക്കൂർ തികച്ചും കഴിഞ്ഞില്ലല്ലോ! പ്രസവിച്ചു പോറ്റിവളർത്തിയ മാതാവിൽ ഒരു ഭാഗ്യവതിയായ മകൾക്കുള്ള ഭക്തിസ്നേഹങ്ങൾ ഹതഭാഗ്യയായ എന്റെ ഹൃദയത്തിൽ ഇതിനകം അമ്മയുടെനേർക്ക് അങ്കുരിക്കാത്തതെന്തുകൊണ്ടോ?" എന്നു് അവൾ പരിദേവനംചെയ്തു.

വൃദ്ധയ്ക്ക് ആ വാക്കുകൾ തികച്ചും കേൾക്കാൻ ശക്തിയുണ്ടായില്ല, "ഹാ! എന്റെ പ്രിയപ്പെട്ട അംബികേ!" എന്നു അഭിസംബോധനംചെയ്തുകൊണ്ട് അവൾ പേർത്തുംപേർത്തും രോദനംചെയ്തു.

ഈ കാഴ്ച ചാരുദത്തന്റെ ചാരുഹൃദയത്തെ ഒട്ടല്ലാതെ തപിപ്പിച്ചു. അയാളുടെ നയനങ്ങളും അശ്രുപൂർണ്ണങ്ങളായിഭവിച്ചു. അംബികയും വൃദ്ധയും കാണുംമുമ്പു് വസ്ത്രാഞ്ചലത്താൽ അയാൾ അത്തുതുടച്ചിട്ടു് ഇങ്ങനെപറഞ്ഞു.—"നേരം അതിക്രമിച്ചിരിക്കുന്നു. ഇനിയത്തെ സമയങ്ങൾ വിലയേറിയവയാണു്. നിങ്ങൾ രണ്ടു പേരും ഇങ്ങനെ ദുഃഖിച്ചു സമയം വൃഥാകളയേണ്ടാ. ദേവി! കുട്ടികളുടെ മാതിരിയിൽ ഇങ്ങനെ തുടങ്ങുന്നതെന്താണു്? ഈ മാതിരി അക്ഷമതപവും സമാധാനമില്ലായ്മയും ഞാൻ ഇതേവരെ കണ്ടിട്ടില്ല. പതിനെട്ടുകൊല്ലമായിമുറുകെപ്പിടിച്ചിരുന്ന ധൈര്യം ഇപ്പോൾ എവിടെപ്പോയി? ഇതെന്തുകഥയില്ലായ്മയാണു്. കരയാനുംമറ്റും സമയമിതല്ല. അതേ, പൂർവ്വാധികം ധൈര്യത്തെ പ്രകാശിപ്പിക്കേണ്ട ഘട്ടം നേരിട്ടിരിക്കുന്നു. ദുഃഖകരമായ ചില സംഭവങ്ങൾ എനിക്കു ദേവിയെ അറിയിക്കേണ്ടിയിരിക്കുന്നു.

വൃദ്ധ:—എന്തു്?ദുഃഖകരമായ സംഭവങ്ങളോ? ഇനിയും അപ്രകാരമുള്ളസംഭവങ്ങളിൽ കാതും കരളും ചെലുത്തേണ്ടിവരുകയോ? പറയുക! എന്താണതു്? എനിക്കു് അതുകേൾക്കാൻധൈര്യമുണ്ടു്.

ചാരു:—ദേവി! ബദ്ധപ്പെടരുതേ! ഞാൻ പറയാം. സമാധാനത്തോടെ കേൾക്കുക! ഭദ്രാസനമുറിയിൽവച്ചു വിജയസേനൻ അംബികയെ ഭയപ്പെടുത്തിപ്പോയതിനുശേഷം ഊണുകഴിഞ്ഞു് നിദ്രയുണർന്നപ്പോൾ, ശ്രീപുരത്തുനിന്നും ബദ്ധപ്പെട്ടുവന്ന ഒരു ഭടൻ പുതിയ സന്ദേശമറിയിച്ചു. ആഗസ്റ്റുമാസം രണ്ടാംതീയതി വൈകുന്നേരത്താണു് അയാൾ ശ്രീപുരത്തുനിന്നും തിരിച്ചതു്. ഉദയസേനപ്രഭുവിനെയും ചന്ദ്രഗുപ്തപ്രഭുവിനെയും വേറൊരു പ്രഭുവിനെയും അയാളുടെ പേരു ഞാൻ മറന്നുപോയല്ലോ....

വൃദ്ധ:—പേരുമറന്നെങ്കിൽപോകട്ടെ, കാര്യം പറയൂ! ഭടൻഎന്തുപറഞ്ഞു. എന്താണു സംഭവിച്ചതു് പ്രഭുക്കന്മാർക്കു്എന്തുപററി?

ചാരുദ:—ആ മൂന്നുപേരേയും ബന്ധനസ്ഥരാക്കിയിരിക്കുന്നു.

വൃദ്ധയ്ക്കു് ആ സംഭവത്തിൽ അനുശോചനമോ, അനുമോദനമോ ഉണ്ടായതെന്നു നിശ്ചയമില്ല. അവർ അംബികയോടു്, നമ്മുടെ ഉദ്ദേശങ്ങളൊക്കെത്തെറ്റി. 'അന്യഥാചിന്തിതംകാര്യം ദൈവമന്യത്രചിന്തയേൽ' നാം ഉദ്ദേശിച്ചതൊന്നും ഇനി സാധിക്കുകയില്ല. എന്താണിനിവേണ്ടതു്? എന്നു ചോദ്യരൂപേണ പറഞ്ഞു.

ചാരുദ:—അങ്ങനെയല്ല; അംബിക ശ്രീപുരത്തേക്കുതന്നെ പോകണം. എല്ലാംകൊണ്ടും അങ്ങനെയാണുവേണ്ടതു്. ഈ ഘട്ടത്തിൽ അംബിക അവിടെച്ചെല്ലുന്നതുകൊണ്ടു മുമ്പിലത്തേക്കാൾ ഗുണം സിദ്ധിക്കാനുണ്ടു്.

വൃദ്ധ:—അതെങ്ങനെ? ചാരുദത്തന്റെ അഭിപ്രായം എനിക്കു മനസ്സിലാകുന്നില്ല.

ചാരുദത്തൻ:—എന്റെ അഭിപ്രായത്തെവിശദമാക്കാൻ പ്രയാസമില്ല. പരാക്രമശാലിയായ അശോകനാഥൻ ശ്രീപുരത്തെ പിടിച്ചടക്കിക്കഴിഞ്ഞു. ആ പ്രദേശം മുഴുവൻ ഇപ്പോൾ അയാളുടെ അധീനതയിലാണു്. പ്രഭാക്കളെ മൂന്നുപേരേയും ചില പ്രത്യേകനിബന്ധനയോടുകൂടിയാണു് തടവിൽ പാർപ്പിച്ചിരിക്കുന്നതു്. ആ നിബന്ധനകൾ പാലിക്കപ്പെടാതിരുന്നാൽ മൂന്നുപേരെയും അശോകനാഥൻ വധിക്കും. അതുകൊണ്ടു് അംബിക ശ്രീപുരത്തേക്കുതന്നെ പോകട്ടെ. അംബിക തന്റെ സർവ്വശക്തിയും പ്രയോഗിച്ചു പ്രഭാക്കളെ രക്ഷിക്കട്ടെ! അംബികയ്ക്കു് അതിനു കഴിവുണ്ടായാൽ കാശ്മീരചരിത്രനായികമാരിൽ ഗണനീയമായ ഒരു സ്ഥാനത്തിനു് അവൾ അവകാശിനിയായിത്തീരും. എത്ര എത്ര ആശ്ചര്യകരങ്ങളായ സംഭവങ്ങൾ നമ്മുടെ രാജ്യചരിത്രത്തിൽ നേരിട്ടിരിക്കുന്നു. അവയിലൊക്കെ എത്ര മഹതികളുടെ നാമധേയങ്ങൾ സംഘടിച്ചിരിക്കുന്നു! അംബികയും ഒരു വലിയ ചരിത്രനായികയായി ഭവിക്കട്ടെ! അവൾ അതിനു് അർഹയാണു്; അതിനുള്ള സാമർത്ഥ്യവും അവൾക്കുണ്ടു്.

വൃദ്ധ:—ചാരുദത്തൻ ഭ്രാന്തന്മാരെപ്പോലെ പുലമ്പുന്നു. ലോകപരിചയം ഇല്ലാത്ത ഒരു ചെറിയ പെൺകുട്ടി, വിശേഷിച്ചും യാതൊരു പിൻബലവുമില്ലാതെ ചെന്നു് ഇങ്ങനെയുള്ള മഹാകാര്യങ്ങളിൽ തലയിട്ടു എങ്ങനെയാണു വിജയം സമ്പാദിക്കുന്നതു്?

ചാരുദത്തൻ:—അംബിക ചെറിയ പെൺകുട്ടിതന്നെ. എന്നാൽ അവൾക്കു വേണ്ടുവോളം ബുദ്ധിശക്തിയും തന്റേടവും ഉണ്ടു്. കാര്യബോധവും ഉണ്ടു്. ഒരു പുരുഷനെക്കാൾ ധൈര്യവുമുണ്ടു്. അതുകൊണ്ടു് അവളെ കേവലം ഒരു പെൺകുട്ടിയെന്നു പറഞ്ഞുകൂടാ. അവളുടെ മനക്കരുത്തു് സ്ത്രീകളിൽ അത്യത്ഭുതമെന്നേയില്ല. അവൾ ഏതൊരുകാര്യത്തിൽ തലയിട്ടാലും ജയം പ്രാപിക്കുമെന്നു് എനിക്കു ഭ്രമോദയമുണ്ടു്. ഒരുപക്ഷേ, അവൾക്കു് ഉദയസേനപ്രഭുവിന്റെയും ചന്ദ്രപ്രഭുപ്രഭുവിന്റെയും ഗംഗാധരഭട്ടപ്രഭു (ഇപ്പോൾ ഒത്തു; എന്നാണു് ആ പ്രഭുവിന്റെപേരു്) വിന്റെയും ജീവനെ സപ്രയത്നത്താൽ രക്ഷിക്കാൻകഴിഞ്ഞില്ലെന്നിരിക്കട്ടെ! ദേവിയുടെ ഒരു എഴുത്തോ എന്തെങ്കിലും ഒരടയാളമോ കൊണ്ടു ചെന്നു് അശോകനാഥനെ ഏല്പിച്ചാൽ പ്രഭാക്കന്മാരെ

അയാൾ നിഗ്രഹിക്കാതിരിക്കയില്ലേ? എന്തെല്ലാം നിബന്ധനകൾ ഉണ്ടായാലും ദേവിയുടെ ഇംഗിതത്തെ അയാൾ കൈക്കൊള്ളാതിരിക്കുമോ?

വൃദ്ധ:—ചാരുദത്തൻ പറഞ്ഞതു കായ്യമാണു്. എന്നാൽ...

ചാരു:—മിണ്ടണ്ടാ. അതൊന്നും ഈ ഘട്ടത്തിൽ വിചാരിക്കയും പറകയുംവേണ്ട നഷ്ടപ്പെടാൻ പോകുന്ന ജീവനെ രക്ഷിക്കണം. ആപത്തുകാലത്തു്, അതേ, കഴുകിൽകയറിയ ജീവനെ ഇറക്കിക്കൊണ്ടുവരേണ്ടതായ ഘട്ടത്തിൽ. വിശേഷിച്ചും അതിനു നിവൃത്തിയുണ്ടെന്നിരിക്കേ, മറെറാന്നും ആലോചിക്കാൻ പാടില്ല. തിവിധകരുണങ്ങളെക്കൊണ്ടും പ്രേമഭക്തരെ നാം ഇപ്പോൾ രക്ഷിക്കണം. നമ്മുടെ പരമരഹസ്യങ്ങളൊക്കെ വെളിപ്പെട്ടാലും വേണ്ടില്ല, അവരെ രക്ഷിക്കുകയാണു വേണ്ടതു്.

വൃദ്ധ:—ശരി; ചാരുദത്തന്റെ വാക്കിനെ ഞാൻ തട്ടുന്നില്ല. അമ്പികേ! നമ്മുടെ നിശ്ചയത്തിൽ മാറ്റം സംഭവിച്ചതുകൊണ്ടു എനിക്കു വേറേയും ചിലതു പറയാനുണ്ടു്.

അംബി:—അമ്മേ! പറയാനുള്ളതൊക്കെ ചുരുക്കിപ്പറയുക! മാന്യനായ ചാരുദത്തന്റെ വാക്കുകളിൽനിന്നും എന്റെ കർത്തവ്യത്തെ ഞാൻ ഊഹിച്ചുകഴിഞ്ഞു. ഞാൻ പ്രേമക്കന്മാരുടെ മോചനവിഷയത്തിൽ മനസാ പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. അതിനെ സംബന്ധിച്ചാണു് അമ്മ പറയാൻ ഭാവിക്കുന്നതു്. അതിൽ നേരിട്ടേക്കാവുന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുംകൂടി വിവരിക്കുമായിരിക്കാം. എന്നാൽ എത്ര ഭയങ്കരമായ കഷ്ടത അനുഭവിക്കേണ്ടിവന്നാലും, ജീവനെ ബലികഴിക്കേണ്ടിവന്നാലും ഞാനിതിൽനിന്നും ഇനി പിൻവാങ്ങുകയില്ല; എനിക്കു് ഇതിൽ പരാജയം സംഭവിക്കുകയില്ലെന്നും എന്റെ ഹൃദയം പറയുന്നു. എനിക്കു പിൻബലമില്ലെന്നു അമ്മ പറഞ്ഞുവല്ലോ. ഈശ്വരൻ എന്നെ സഹായിക്കും. എനിക്കു് അദ്ദേഹത്തിൽ അതിരറ്റവിശ്വാസമുണ്ടു്. ഇന്നു രാത്രിയിലത്തെ എന്റെ അനുഭവംതന്നെ ഈശ്വരസഹായത്തിന്റെ മറെറാരു ദൃഷ്ടാന്തമാണു്. അമ്മയുടേയും മാന്യനായ ചാരുദത്തന്റേയും ആത്മാർത്ഥമായ സഹായം എനിക്കു സിദ്ധിച്ചതു് ഈശ്വരസഹായത്താലല്ലേ? ആ സഹായം ഇനിയും ഇല്ലെന്നുവരുമോ? അമ്മേ! എന്റെ നിശ്ചയത്തിനു ഇനി ഇളക്കമില്ല. അമ്മയ്ക്കു പറവാനുള്ളതെല്ലാം ചുരുക്കത്തിൽ പറഞ്ഞുതീർത്തു് എന്നെ അനുഗ്രഹിച്ചയച്ചാലും!

ചാരുദത്തൻ:—ബാലേ, ബാലേ! അതാണു സ്ത്രീത്വം ദേവി! ഞാനെന്തു പറഞ്ഞു?

വൃദ്ധ:—അംബികേ! നിന്റെ ഓരോവാക്കും, നിന്റെ ഉൽകൃഷ്ട ഗുണത്തേയും ഉദാരബുദ്ധിയേയും മനോധൈര്യത്തേയും ഭൈവഭക്തിയേയും വെളിപ്പെടുത്തുന്നു. നിന്റെ ഇപ്രകാര മുള്ള ഗുണങ്ങളോടുകൂടി എന്നെക്കാൾ സന്തോഷിക്കുന്നവർ ഈ ലോകത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. നീ ഇപ്പോൾതന്നെചെന്നു നിന്റെ വളർത്തച്ഛനേയും വളർത്തമ്മ യേയുംകണ്ടു അവരോടു യാത്രപറഞ്ഞു സമാധാനപ്പെടുത്തി യുംവച്ചു ശ്രീപുരത്തേക്കു തിരിക്കണം. വഴിക്കു സഹായത്തിനു അവിടുത്തെ ഭൃത്യനെക്കൂടികൊണ്ടുപോകണം. ഈ കുതിര നിനക്കായിട്ടിരിക്കട്ടേ! ഈ മടിശ്ശീലയിൽ വഴിച്ചെലവിനു വേണ്ട പണമുണ്ടു്. ചിത്രസേനനോടും അയാളുടെ ഭാര്യ യോടും നിന്നെ വിജയസേനന്റെ ബന്ധനത്തിൽനിന്നും മോചിപ്പിച്ചതും പണംതന്നു സഹായിച്ചതും ചാരുദത്തനാ ണെന്നുവേണം പറവാൻ. എന്നെപ്പറ്റി ഒരക്ഷരം മിണ്ടി പ്പോകരുതു്. പറയുകയില്ലെന്നു നീ സത്യംചെയ്തിട്ടുണ്ടല്ലോ. സത്യം ചെയ്തില്ലെങ്കിലും നിന്റെ വാക്കുകളിൽ എനിക്കു വിശ്വാസമുണ്ടു്. ശ്രീപുരത്തുചെന്നാലുടനെ വിഷമസാധ്യ മായ ഒരു സംഗതിയിലാണു നീ തലയിടാൻപോകുന്നതു്. അതേ, പരാക്രമശാലിയായ അശോകനാഥൻ എന്ന മഹാപു രുഷൻ തടവിൽ പാർപ്പിച്ചിരിക്കുന്ന പ്രഭാകരന്മാരെ മോചിപ്പി ക്കാനാണു് ഒരബലയായ നീ തുനിയുന്നതു്. ദൈവം അനുഗ്ര ഹിക്കട്ടെ! നീ അവരെരക്ഷിക്കുക! നീ ഏതുവഴിക്കാണു പ്രവ ർത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നെനിക്കറിഞ്ഞുകൂടാ. ഒരു പക്ഷേ നീയും തീർച്ചപ്പെടുത്തിയിട്ടില്ലായിരിക്കാം. എന്നാൽ ഈശ്വരനതിലേക്കു വഴിതെളിച്ചുതരും. ഒരു പക്ഷേ, ആ മാർഗ്ഗത്തിൽക്കൂടി നിനക്കു സഞ്ചരിക്കാൻ ശക്തിയില്ലാതെ വന്നാൽ, നിന്റെ ശ്രമങ്ങളൊക്കെ നിഷ്ഫലങ്ങളായിഭവി ച്ചാൽ, പ്രഭാകരന്മാർക്കു ജീവനഷ്ടം സംഭവിക്കുമെന്നു പൂർണ്ണ ബോദ്ധ്യംവന്നാൽ, ഈ മോതിരത്തെ അശോകനാഥനെന്ന ആ ധീരപുരുഷനെ കാണിക്കുക!

ഒരു പട്ടുകൊണ്ടുള്ള മടിശ്ശീല മടിയിൽനിന്നുംഎടുത്തു് അതി നുള്ളിൽ സൂക്ഷിച്ചിരുന്ന ഒരു വജ്രമോതിരത്തെ വൃദ്ധ അംബിക യുടെ കൈയിൽകൊടുത്തു എന്നിട്ടു വീണ്ടും പറഞ്ഞു.

വൃദ്ധ:— ഒരു വാക്കുകൂടി; മുട്ടിയപക്ഷത്തിലല്ലാതെ മോതിരത്തെ ഉപയോഗിക്കരുതു്. ഉപയോഗിക്കേണ്ടിവന്നാൽ, മോതിരമ

ദ്ദേഹത്തെ കാട്ടേണ്ടിവന്നാൽ, അദ്ദേഹം ചോദിക്കുന്ന ഏതൊരു ചോദ്യത്തിനും നീ ശരിയായ സമാധാനം പറയണം. അദ്ദേഹത്തോടുമാത്രം നി യാതൊന്നും മറച്ചു സംസാരിക്കേണ്ടയാവശ്യമില്ല. എന്നെക്കുറിച്ചു് എന്തുചോദിച്ചാലും നീ അറിഞ്ഞിടത്തോളമുള്ള സംഗതികൾ വെളിപ്പെടുത്തുക!

അംബി:—അമ്മയുടെ ഉപദേശപ്രകാരം പ്രവർത്തിച്ചുകൊള്ളാം. അക്കാര്യത്തിൽ ലേശവും സംശയിക്കേണ്ട അമ്മ എന്നെ ഏല്പിച്ച ഈ ജോലി എനിക്കു അമ്മയിലുള്ള ഭക്തിസ്നേഹങ്ങളെ വർദ്ധിപ്പിച്ചിരിക്കുന്നു.

അംബികേ നിനക്കു ഈശ്വരാനുഗ്രഹമുണ്ടാകട്ടെ! നിന്റെ ഭാവി മംഗളമായിരിക്കും. നീ പുറപ്പെടുക എന്നു പറഞ്ഞുകൊണ്ടു് വൃദ്ധ അംബികയെ വാത്സല്യപൂർവ്വം മാറോടണച്ചു നെറുകയിലും കവിൾത്തടത്തിലും തുടരെത്തുടരെ പലവുരു ചുംബനംചെയ്തിട്ടു കണ്ണീർ ഒലിപ്പിച്ചുകൊണ്ടു വൃക്ഷങ്ങൾക്കിടയിൽ മറഞ്ഞു. ശാന്തം പാപം! ഇനി ആ അമ്മയെക്കാണാൻ ഈ അംബികയ്ക്കു കഴിയുമോ? ആരുകണ്ടു?

സ്വന്തം മാതാവിനെ എന്നന്നേക്കുമായി പിരിഞ്ഞതുപോലെ അംബിക തേങ്ങിത്തേങ്ങിക്കരഞ്ഞു.

ചാരുദത്തൻ:—കുഞ്ഞേ! എന്തിനു ഖേദിക്കുന്നു? എല്ലാറ്റിനും സർവ്വശക്തൻതന്നെ സാക്ഷി. ഇന്നലെരാത്രിയിൽ ഞാനൊരു സ്വപ്നംകണ്ടു. നിനക്കു അനന്യസുലഭമായ മഹാഭാഗ്യം നേരിടാൻപോകുന്നു! ആ ഭാഗ്യസോപാനത്തിന്റെ അടിപ്പടി ഞാൻ ആ സ്വപ്നത്തിൽ ഏറ്റവും സമീപത്തുകണ്ടു. ലോകത്തിൽ ഒരു സ്ത്രീക്കു സിദ്ധിക്കാവുന്ന അത്ഭുത അറ്റത്തെ പദവി നിനക്കു സിദ്ധിക്കും. അത്ഭുതകരങ്ങളായ കാര്യങ്ങൾ നിന്നാൽ നിറവേറാനിരിക്കുന്നു. "സ്വപ്നം ചിലക്കു ചില കാലമൊക്കണം" എന്നുള്ളതിനെ ആസ്പദമാക്കി ഞാൻ എന്റെ സ്വപ്നത്തെ വിശ്വസിച്ചിരിക്കുന്നു. ഈശ്വരൻ നിന്നെ അനുഗ്രഹിക്കട്ടെ!

ചാരുദത്തൻ അയാളുടെ വഴിക്കുപോയി. കുതിരയെ കടിഞ്ഞാണിൽ പിടിച്ചു നടത്തിയുംകൊണ്ടു് അംബിക, അവിടുന്നു് ഒരു ഒച്ചപ്പാടു് അകലെയുള്ള അവളുടെ വാസഗൃഹത്തിലേക്കു തിരിച്ചു. ഗൃഹത്തെ സമീപിച്ചപ്പോൾ, താൻ നിത്യം സഹവസിച്ചുവന്ന ഉപവനത്തെയും ഗൃഹത്തെയും തന്റെ ഭർത്തമാരാചിതാക്കളെയും ഈ രാത്രിയിൽത്തന്നെ പരിഞ്ഞുപോകണമെന്നോർത്തപ്പോൾ ആ സാധുയുവതിയുടെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായിഭവിച്ചു.

അദ്ധ്യായം ൨൮.

"എങ്കിലോ യഥാതത്വം കേട്ടാലും മമജന്മം
പങ്കജശരസമനാകിയ നരാധിപ!"

ശ്രീപുരത്തെ പ്രഭുസമ്മേളനത്തിൽവച്ചു്, ഉദയസേനപ്രഭുതികൾ അശോകനാഥനാൽ ബന്ധനസ്ഥരാക്കപ്പെട്ടിട്ടു് ഒരാഴ്ച വട്ടം കഴിഞ്ഞിരിക്കുന്നു. ആഗസ്റ്റ്മാസം ഒന്നാംതീയതിയിലെപ്പോലെ താരാനാഥൻ ഇന്നും സായംകാലത്തിൽ രാജകീയോദ്യാനത്തിൽ കടന്നു വശമായിരിക്കുന്നു. അന്നു നേരിൽ ആവശ്യപ്പെട്ട പ്രകാരമാണെങ്കിൽ, ഇന്നു രേഖാമൂലം അപേക്ഷിച്ച പ്രകാരമാണു് ഉദ്യാനപ്രവേശനത്തിനു സംഗതിയായിട്ടുള്ളതു് എന്നാൽ അന്നു പ്രേതയക്ഷിയൊന്നിച്ചും ആ കാമിനി ക്ഷണിച്ചിട്ടുമാണു് താരാനാഥൻ ഉദ്യാനഭാഗത്തുള്ള സൗധത്തിന്റെ മച്ചിൽ കയറിയതു്. ഇന്നു് അതുരണ്ടും ക്രൂരാതെതന്നെ അയാളവിടെ കടന്നുകൂടിയിരിക്കുന്നു. അക്ഷമനായി ആ മച്ചിൻവരാന്തയിൽ അങ്ങിങ്ങുലാത്തി, യുവശങ്കയെ ജനിപ്പിക്കുന്ന വിനാഴികകളെ ശപിച്ചും പഴിച്ചുംകഴിഞ്ഞുകൂട്ടുന്നു. അങ്ങനെ ഏറെനേരം ബുദ്ധിമുട്ടേണ്ടിവന്നില്ല ഏണിപ്പടിയിൽ ആരോ കയറുന്നശബ്ദംകേട്ടു് അയാൾ ആ സ്ഥലത്തെക്കുദൃഷ്ടിവിക്ഷേപണംചെയ്തു. ചെന്നുപതിച്ചതു്, അക്ഷയസൗന്ദര്യമൂർത്തിനിയായ പ്രേതയക്ഷിയുടെ വദനപുരസ്കരത്തിലായിരുന്നു. സംസാരിയെപ്പോലെതന്നെ സന്ന്യാസിയേയും വലപ്പിക്കുന്ന ഒരു ചെറുപുഞ്ചിരിയോടുകൂടി പ്രേതയക്ഷി താരാനാഥന്റെ മുമ്പിൽചെന്നു. അവകാശപ്പെടാവുന്ന അതിത്തിയുംകടന്നു് അങ്ങോട്ടടുത്തുനിന്നു ഇതിനുമുമ്പു കണ്ടിട്ടുള്ളതിൽ പതിന്മടങ്ങു സൗന്ദര്യം താരാനാഥൻ ഇപ്പോൾ പ്രേതയക്ഷിയിൽ കണ്ടു. അവളുടെ വേഷത്തിൽമാത്രം യാതൊരു വ്യത്യാസവും അയാൾക്കു കാണാൻകഴിഞ്ഞില്ല. വേഷം അന്നും ഇന്നും ഒരേരീതിയിൽത്തന്നെയായിരുന്നു. സൗന്ദര്യം മാത്രം വളർന്നുകൊണ്ടിരിക്കുന്നു എന്നു അയാൾക്കുതോന്നി. അയാൾ കാണുമ്പോഴെല്ലാം പൂർവ്വാധികം പുതുമയും പുഷ്ടിയും ആ സൗന്ദര്യത്തിനുണ്ടായിരുന്നു.

താരാനാഥൻ യാതൊന്നും സംസാരിക്കാതെ ആ നിലയിൽതന്നെ നിന്നു. അതിനുകാരണം അനാദരമല്ല; വാഗിന്ദ്രിയത്തിന്റെ ശക്തി നഷ്ടപ്പെട്ടതാണു്. പ്രേതയക്ഷി ചോദിച്ചു:—"ഇന്നെന്താണു ക്രൂടെക്കൊണ്ടുപോരാത്തതു്?"

താ: നാ:—(ആശ്ചര്യത്തോടെ?) എന്തിനെപ്പറ്റിയാണു് ഭവതി ചോദിക്കുന്നതു്?

പ്രേതയക്ഷി:—ഇല്ലില്ല; എനിക്കു തെറ്റിപ്പോയി; നാമിന്നു വിട്ടതിയിൽത്തന്നെവച്ചു മറന്നിട്ടാണു് ഇങ്ങോട്ടു പോന്നതെന്നു് സംശയിച്ചു.

താ: നാ:—അമ്പോ! കളിയാക്കാനുള്ള വിരുതു്? പൊന്നിൻകടത്തിനു പൊട്ടു്!

പ്രേതയക്ഷി:—മുഖസ്തുതിശാസ്ത്രവും പൂർണ്ണമാണല്ലോ!

താ: നാ:—ഇന്നു കാണണമെന്നാവശ്യപ്പെട്ടു, അന്നു എഴുത്തു കൊടുത്തയച്ചതെന്തിനാണു്?

പ്രേതയക്ഷി:—മോട്ടീവം വ്യക്തമായില്ല. ആവശ്യപ്പെട്ടതോ. എഴുത്തു കൊടുത്തയച്ചതോ അറിയേണ്ടതു്.

താരാനാഥൻ: എനിക്കൊന്നുമറിയേണ്ടാ

പ്രേതയക്ഷി:—ഇതെന്താണു് ഒരു വല്ലാതെ?

താരാനാഥൻ:—വല്ലായ്മ ഉണ്ടായിട്ടുതന്നെ

പ്രേതയക്ഷി:—കാരണം?

താരാനാഥൻ:—കാരണമുണ്ടു്.

പ്രേതയക്ഷി:—എന്നെ കണ്ടതുകൊണ്ടോ?

താരാനാഥൻ:—അതു് ഒരു കാരണം.

പ്രേതയക്ഷി:—എന്നാൽ ഞാൻ പോകട്ടെയോ?

താരാനാഥൻ:—യാത്ര ചോദിക്കാനാണോ വന്നതു്?

പ്രേതയക്ഷി:—ഞാൻ പോകണോ വേണ്ടയോ അതു പറയുക!

താരാനാഥൻ ഒന്നും പറഞ്ഞില്ല. അയാൾ വിഷണ്ണനായി അവളുടെ ആപാദചൂഡം അവലോകനംചെയ്തു തറയ്ക്കപ്പെട്ടതുപോലെ നിന്നു.

പ്രേതയക്ഷി:—അതിരിക്കട്ടെ, എന്നെക്കണ്ടതു, ഒരു കാരണം; ഇനിയും എന്തെല്ലാമാണു വല്ലായ്മയ്ക്കുള്ള കാരണങ്ങൾ?

താരാനാഥൻ:—കാരണങ്ങളില്ല; കാരണമേയുള്ളൂ. അതു് ആ എഴുത്തുതന്നെ?

പ്രേ: യ:—പരിഭ്രമത്തോടുകൂടി എഴുതിയോ? അതിൽ അങ്ങേയ്ക്കു വല്ലായ്മയുണ്ടാകത്തക്കവണ്ണം ഞാൻ ഒന്നുംതന്നെ എഴുതിയിരുന്നില്ലല്ലോ? 'എട്ടാംതിവസം സന്ധ്യകഴിഞ്ഞു രാജകീയോദ്യാനത്തിൽ വരണ'മെന്നുമാത്രമേ ഞാൻ അതിൽ എഴുതിയിട്ടുണ്ടായിരുന്നുള്ളൂ. ഈ വാക്യത്തിൽ അങ്ങേയ്ക്കു വല്ലായ്മ ജനിപ്പിക്കുന്ന വാക്കോ അക്ഷരമോ ഉണ്ടെങ്കിൽ, അറിയാതെ സംഭവിച്ചുപോയിട്ടുള്ള ആ തെറ്റിനെ അഭിജ്ഞനായ അങ്ങു ക്ഷമിക്കണമെന്നും അനഭിജ്ഞയായ എനിക്കു് അതു മൂണ്ടിത്തരണമെന്നും അപേക്ഷിക്കുന്നു.

താ: നാ:—അറിയാതെ ചെയ്തതല്ല. അറിഞ്ഞുകൊണ്ടു മനപൂർവ്വം ചെയ്ത വമ്പിച്ച തെറ്റാണു്. അപ്രകാരം അറിഞ്ഞുകൊണ്ടു ചെയ്ത തെറ്റിനെ ക്ഷമിക്കണമെന്നും മറ്റും അപേക്ഷിക്കുന്നതിൽ എന്തൊരർത്ഥമാണുള്ളതു്? ഭണ്ഡാരംമോഷ്ടിച്ചവൻ കണ്ടുപിടിക്കപ്പെട്ടാൽ, അറിയാതെ ചെയ്തുപോയി; ഇത്തവണ ക്ഷമിക്കണം എന്നു പറഞ്ഞാൽ ആരെങ്കിലും സമ്മതിക്കുമോ?

പ്രേതയക്ഷി:—എന്നാൽ ക്ഷമിക്കണ്ടാ, ശിക്ഷ അനുഭവിക്കാൻ തയ്യാറാണു്. തെറ്റു് എന്താണെന്നു പറയുക!

താരാ:—ചെയ്ത തെറ്റു മറ്റൊരാൾ പറഞ്ഞു മനസ്സിലാക്കണോ?

പ്രേത:—അറിവോട്ടക്കുടി ചെയ്ത തെറ്റാണെങ്കിൽ പറഞ്ഞു മനസ്സിലാക്കണമെന്നു ആവശ്യപ്പെടുകയില്ല, അറിയാതെ സംഭവിച്ചതു പറയാതെ മനസ്സിലാവുകയുമില്ല.

താരാ:—എന്നാൽ പറഞ്ഞു മനസ്സിലാക്കാം; ശിക്ഷ അനുഭവിക്കാൻ സമ്മതമാണോ?

പ്രേത:—ഇതെന്തൊരു നേരംപോക്കാണു്! കുറ്റം ചെയ്തയാളിന്റെ സമ്മതം ചോദിച്ചുകൊണ്ടാണോ ശിക്ഷിക്കുന്നതു്?

താരാ:—അധികാരമില്ലാത്തവന്റെ ശിക്ഷ സമ്മതമില്ലാതെ അനുഭവിക്കുമോ?

പ്രേത:—അതു വാസ്തവമാണു്. എന്റെ തെറ്റിനു ശിക്ഷിച്ചുകൊള്ളാൻ അധികാരം തന്നിരിക്കുന്നു.

താരാ:—ശിക്ഷയുടെ സ്വഭാവം അറിയുന്നതിനു മുമ്പോ?

പ്രേത:—അതേ; കഠിനശിക്ഷയായാലും അനുഭവിച്ചുകൊള്ളാം. പക്ഷേ, തെറ്റിന്റെ ഗുരുലഘുത്വം അനുസരിച്ചിരിക്കണം ശിക്ഷയും. നീതിന്യായങ്ങളെ ലംഘിച്ചു നിയമജ്ഞനായ ഒരധികൃതൻ ശിക്ഷകല്പിക്കുകയില്ല. ആ തത്വം ഓർമ്മയിൽ വച്ചുകൊണ്ടു് കുറ്റം സ്ഥാപിക്കുക!

താരാ:—ശരി; ഏഴത്തിലെ ആദ്യത്തെ വാക്കെന്താണു്"?

പ്രേത:—"എട്ടാം ദിവസം"

താരാ:—അതു പ്രയോഗമാണു് അറിഞ്ഞുകൊണ്ടു ചെയ്തതെറ്റു്. ഒരിക്കൽ കണ്ടാൽ പിന്നെ എട്ടുദിവസം കഴിഞ്ഞിട്ടേ കാണാൻ പാടുള്ളൂ എന്നുണ്ടോ?

താരാനാഥന്റെ യുവഹൃദയത്തെ പൂർവ്വാധികം അനുരാഗപരവശമാക്കിച്ചെയ്യുന്നതിനുള്ള ഒരു ചെറുചിരിയോടുകൂടി പ്രേതയക്ഷി കണക്കിനു് ഒന്നു കടാക്ഷിച്ചിട്ടല്പംകൂടി മുമ്പോട്ടു കയറിനിന്നു.

പ്രേത:—മാന്യരേ! അതു ഒരപരാധമായി കരുതുന്നുണ്ടെങ്കിൽ ഗുരുലഘുത്വത്തെ വിസ്മരിച്ചും ശിക്ഷിച്ചുകൊള്ളുക! ശിക്ഷ ഏൽക്കാൻ ഈയുള്ളവൾ സന്നദ്ധയാണു്. അപരാധമോ, അറി

പോട്ടക്രൂടിസംഭവിച്ചതുംതന്നെ. എന്നിരുന്നാലും, അറിവില്ലാ
യ്മകൊണ്ടു ചെയ്തുപോയതാണെന്നു് ഒരു സമാധാനം പുറ
പ്പെടുവിക്കാതിരിക്കാൻ നിവൃത്തിയില്ല. അങ്ങു ഒരു മഹാരാജാ
വിന്റെ പ്രാതിനിധ്യം വഹിച്ചു് ഒരു മഹാകാര്യത്തിൽ സം
ബന്ധിക്കാനായി ഈ നാട്ടിൽ ആഗതനായിരിക്കയാണു്.
ഞാനാകട്ടെ, ഒരു നിസ്സാരസ്ത്രീ. വിശേഷിച്ചും നിസ്സഹായ
യായ ഒരനിഭാഗ്യവതി. ലോകത്തിന്റെ ഏറ്റവുംതാണപടി
യിൽജീവിക്കുന്നവൾ. അങ്ങനെയുള്ള ഞാൻ അടിക്കടികാണ
ണമെന്നു് അങ്ങയെ അലട്ടുന്നതു ഒരുവക അനാദരവും അവി
വേകവുമാണെന്നാണു് എന്റെ അല്പബുദ്ധിയിൽ തോന്നി
യതു്. അതുകൊണ്ടു എട്ടുദിവസം കഴിഞ്ഞിട്ടെങ്കിലും ഒന്നു
കാണാൻ അനുവദിക്കണമെന്നു് അപേക്ഷിച്ചതാണു്.

താരാ:—ഭവതിയുടെ വാക്കുകൾ പ്രതീക്ഷാതീതങ്ങളും മർമ്മഭേദക
ങ്ങളുമാണു്. ഈ വാക്കുകൾ ഭവതിയുടെ മുഖത്തുനിന്നും
പുറപ്പെടുമെന്നു ഞാൻ വിശ്വസിച്ചിരുന്നില്ല. ഭവതിയെ
അത്ര താണനിലയിൽ കരുതിയിരുന്നുവെങ്കിൽ ഭവതിയുടെ
അഭിമുഖസന്ദർശനത്തിനു ഞാൻ ആദ്യം ആവശ്യപ്പെടുമായി
രുന്നോ? ഭവതിയുടെ നിലയും വിലയും മറ്റും അറിഞ്ഞി
ട്ടാണോ ഞാൻ അന്നു് അങ്ങിനെ ആവശ്യപ്പെട്ടതു്? എന്താ
ണിത്ര ഘനമില്ലാതെ സംസാരിച്ചുകളയുന്നതു്. ദയവുചെയ്തു
മേലാലെങ്കിലും ഈ മാതിരി വാക്കുകൾ ഭവതിയുടെ മുഖത്തു
നിന്നും പുറപ്പെടാതിരുന്നാൽ കൊള്ളാം

പ്രേതയക്ഷിയുടെ നീലോല്പലനയനങ്ങളിൽ നിന്നും സ്ഫടി
കസങ്കാശമായ അശ്രുകണങ്ങൾ പൊഴിഞ്ഞു. സന്തോഷാധിക്യത്താ
ലാണു് അങ്ങനെ സംഭവിച്ചതെങ്കിലും താരാനാഥനു സന്താപാധി
ക്യത്തെയാണു് ജനിപ്പിച്ചതു്. അയാൾ പുറപ്പെടുവിക്കാൻ ഭാവിച്ച
വാക്കുകൾ എന്താണെന്നറിഞ്ഞില്ല, പ്രേതയക്ഷി തടഞ്ഞുപറഞ്ഞു:
"എന്റെ അപരാധത്തിനു അങ്ങുനൽകിയ ശിക്ഷ, കൃതജ്ഞതാ
പൂർവ്വം ഞാൻ അനുഭവിച്ചിരിക്കുന്നു. അങ്ങു് എന്നെ നിഷ്കളങ്ക
മായി സ്നേഹിക്കുന്നുണ്ടെന്നു ഞാനിപ്പോൾ വിശ്വസിച്ചു സ്നേഹ
ത്തിന്റെകൂടുതൽ ശിക്ഷയുടെ കാഠിന്യത്താൽ വെളിപ്പെട്ടു.
ശിക്ഷിച്ചു പഠിപ്പിക്കുകയാൽ ആത്മരണാന്തം മറക്കുകയില്ല. പ്രീതി
യുള്ള ഗുരുവേ തല്ലിപ്പഠിപ്പിക്കൂ.

താരാ:—മാന്യയുവതി! അന്നു്, യോഗ്യനായ അശോകനാഥന്റെ
പാളയത്തിൽവച്ചു് ആദ്യമാദ്യം ഞാൻ ഭവതിയെ കണ്ട
പ്പോൾതന്നെ എനിക്കു ഭവതിയിൽ അതിയായ സ്നേഹവും
അനിർവചനീയമായ ബഹുമാനവും ഉണ്ടായിട്ടുണ്ടു്. അടിക്ക

ടിയെന്നല്ല. നിവൃത്തിയുണ്ടെങ്കിൽ എല്ലായ്പോഴുംതന്നെ ഭവതിയുടെ സാന്നിദ്ധ്യസുഖം അനുഭവിക്കണമെന്നുള്ള ആശ എന്നിൽ ദൃഢംകൂടിക്കയുംചെയ്തു. അതുകൊണ്ടാണു് ഭവതിയുടെ പുനസ്സന്ദർശനത്തെ ഞാൻ അന്നു് ആവശ്യപ്പെട്ടതും. ഈ വിധത്തിൽ ഹൃദയപൂർവ്വം എനിക്കു ഭവതിയിൽ ഉണ്ടായിട്ടുള്ള സ്നേഹത്തിനു്, ഗുരുതരമായ കാരണത്തിന്മേലല്ലാതെ, മരണപര്യന്തം ന്യൂനതനേരിടുകയുമില്ല.

"ഗുരുതരമായ കാരണത്തിന്മേലല്ലാതെ" എന്നീവാക്യാംശം, പ്രേതയക്ഷിയുടെ ശ്രവണപുടങ്ങളിൽ പതിഞ്ഞമാത്രയിൽ, അവൾ വല്ലാതെഒന്നുഞെട്ടി. അതോടുകൂടി അവൾ പൂർവകഥാസ്മരണപങ്കത്തിൽ തെറിച്ചുവീണു. "ഒട്ടുസമയം ആ കിടപ്പിൽകഴിഞ്ഞു. ഒടുവിൽ വളരെ പണിപ്പെട്ടുകരയ്ക്കുകയറി "ആര്യന്റെ ശിക്ഷയിൽനിന്നുംതന്നെ ഞാൻ അതു ഗ്രഹിച്ചുകഴിഞ്ഞു." എന്നിത്രയും പറഞ്ഞു് അവൾ ഒരുപ്രകാരത്തിൽ മറുപടി സാധിച്ചു.

താരാ—കഴിഞ്ഞതുകൂടി, ഈ ഉദ്യാനത്തിൽവച്ചുണ്ടായ വാഗ്ദാനം ഭവതി ഓർക്കുന്നുണ്ടോ.

പ്രേത:—ഉണ്ടു്. ആ വാഗ്ദാനത്തെ നിറവേറ്റാനായിട്ടുമാണു്, ഇന്നു് ഇങ്ങോട്ടു് ക്ഷണിച്ചതു്. ഭയങ്കരവും ആശ്ചര്യജനകവുമായ എന്റെ ചരിത്രം മറ്റൊരാളിനെ കേൾപ്പിക്കാൻ പാടില്ലെന്നു ഞാൻ മുമ്പു പലപ്രാവശ്യം പറഞ്ഞിട്ടുള്ളതു് കാരണയുക്തമാണെന്നു് അനുഭവത്തിൽ അറിയാൻ സൗഭാഗ്യമായിട്ടുണ്ടല്ലോ. എന്തായാലും അറിഞ്ഞേതീരുമെന്ന അങ്ങേയുടെ നിർബന്ധമുള്ളതിനാലും അങ്ങു എന്നെ ഹൃദയപൂർവം സ്നേഹിക്കുന്നതിനാലും ഇനിയും ആരഹസ്യത്തെ മറച്ചുവയ്ക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങു ഇതു കണ്ടുവോ? എന്റെ ശരീരത്തിൽ രോമാഞ്ചം സംഭവിക്കുന്നു,

താരാ:—ഭവതിയുടെ ഭയങ്കരരഹസ്യത്തെ വെളിപ്പെടുത്തുന്നതു് ശ്രമസാദ്ധ്യമായ ഒരു സംഗതിയാണെന്നു് എനിക്കറിയാം. ഭവതി അതുപറവാൻ ഒരുങ്ങുമ്പോഴേതന്നെ അത്യന്തം ഭയപ്പെടുകയുംചെയ്യുന്നു. അപ്രകാരം ഭവതിയെ ഭയപ്പെടുത്തുന്ന ശക്തി ഏതൊന്നായാലും, അതിനെ അമർത്തി ഭവതിയെ സ്വതന്ത്രയാക്കണമെന്നുള്ളഗുണബുദ്ധിയോടുകൂടിയാണു് ആ ചരിത്രം വെളിപ്പെടുത്തണമെന്നു ഞാൻ നിർബന്ധിക്കുന്നതു്. ഭവതിയെ സഹായിക്കാൻ എനിക്കു ശക്തിയുണ്ടോ എന്നു ഭവതി സംശയിക്കേണ്ട. പ്രേതപിശാചരാക്ഷസാദിഗണത്തിൽപെട്ട ഏതൊരുദേവതയോടും ഞാൻ എതിർക്കാൻ ശക്തനാണെന്നു ഭവതി വിശ്വസിക്കുക!

പ്രേതയക്ഷി:—അങ്ങയുടെ വാക്കുകളിൽ എനിക്കു വിശ്വാസമില്ലാഞ്ഞിട്ടല്ല. അങ്ങയുടെ ശപഥം ആലോചനാപൂർവ്വകമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു

താരാനാഥൻ:—നല്ലവണ്ണം ആലോചിച്ചതിന്റെ ശേഷമാണു ഞാൻ സംസാരിക്കുന്നതു്.

പ്രേതയക്ഷി:—എന്നാൽ ആ ശപഥം ഒന്നു കടന്നുപോയില്ലേ എന്നു ഞാൻ സംശയിക്കുന്നു. എന്റെ ചരിത്രത്തിന്റെ ഭയങ്കരത അങ്ങു മനസ്സിലാക്കിയിട്ടില്ല.

താരാനാഥൻ:—ഭവതിയുടെ നാമംതന്നെ, ചരിത്രഭയങ്കരതയെ ഏതാണ്ടു സൂചിപ്പിക്കുന്നു. ഏതായാലും ആ ചരിത്രം ഭവതി എന്നെ ധരിപ്പിക്കുക! ഞാൻ ഭവതിയെ സഹായിക്കാം. ഭവതി എന്നെ ഉറ്റബന്ധുവായി കരുതുക! ഭവതിയുടെ സകല ദുഃഖങ്ങളേയും ഞാൻ പരിഹരിക്കുന്നുണ്ടു്. മരണത്തെ എതിർത്തും ഞാൻ അതിനു ശ്രമിക്കുന്നുണ്ടു്. പൈശാചികമായ ഏതൊരു ശക്തിയോടുമെന്നല്ല, അപ്രകാരമുള്ള ഒരു സൈന്യത്തോടായാലും ഞാൻ എതിർക്കാൻ തയ്യാറാണു്.

ഈ അവസരത്തിൽ പ്രേതയക്ഷി കിടുകിടാവിറയ്ക്കുന്നുണ്ടായിരുന്നു. അവളുടെ മുഖം വികൃതമായി ഒരു പ്രേതത്തിന്റേതെന്നപോലെ ഭവിച്ചു. പല്ലുകൾ തമ്മിൽ ഉരസിയും കണ്ണുകളടച്ചും പുരികങ്ങൾ മേല്പോട്ടു വളച്ചും രസനാഗ്രം അല്പം പുറത്തേക്കു നീട്ടിയും ബോധംകെട്ടും മുമ്പോട്ടു ചാഞ്ഞു. ക്ഷണത്തിൽ താരാനാഥൻ താങ്ങി നിലത്തുകിടത്തി.

അല്പനേരം കഴിഞ്ഞു് അവൾക്കു സുബോധംവന്നു, അവൾ കണ്ണുതുറന്നു ചുറ്റുപാടും നോക്കി. താരാനാഥന്റെ നഖശിഖാന്തം പല പ്രാവശ്യം കണ്ണോടിക്കുകയും ചെയ്തു. "മാന്യരേ! ഞാൻ ഈ അവസരത്തിലും ആ നിഷ്ഠുരനായ മാടനെക്കാണുന്നുണ്ടായിരുന്നു, അയ്യോ! അങ്ങു് ആ മാടനെ എതിർത്തു തോല്പിക്കുമെന്നു എനിക്കു വിശ്വാസം ഉണ്ടാകുന്നില്ല. അഹോ! എന്തൊരു ഭയങ്കരമായ കാഴ്ച!" എന്നു നടുക്കത്തോടുകൂടി പറഞ്ഞു.

താരാനാഥൻ:—മാടൻ എന്നൊരു ശക്തിയുണ്ടെങ്കിൽ, ഞാൻ അവനെ നല്ലപാഠം പഠിപ്പിക്കുകയും ചെയ്യാം. അതിനിടയായാൽ അന്നുമുതൽ ഭവതി സ്വതന്ത്രയുമാണു്. ഇനി സമയം വൃഥാ കളയണ്ടാ. ചരിത്രം കേൾക്കട്ടെ!

പ്രേതയ:—എന്നാൽ ആ ഭയങ്കരമായ ചരിത്രത്തെ അങ്ങു ശ്രദ്ധിച്ചു കേൾക്കുക! ഒരു സംഗതികൂടി ഓർമ്മപ്പെടുത്തേണ്ടതുണ്ടു്. അങ്ങയുടെ ശ്രമത്താൽ എനിക്കു മോചനം സിദ്ധിക്കുമെന്നു തോന്നുന്നില്ല. നിർഭാഗ്യവശാൽ അപ്രകാരം മോചനം ലഭി

ക്കാതിരുന്നാൽ, അങ്ങു് എന്റെ ചരിത്രം പുറത്തുവിടരു
തെന്നു താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.
താരാനാഥൻ:—ഭവതിയുടെ ആഗ്രഹം സാധിച്ചുകൊള്ളാം.
പ്രേതയക്ഷി:—എന്നതന്നെയാണു് എന്റെ വിശ്വാസവും
എന്നാൽ—
ആ സാധുയുവതി, ശേഷം പറഞ്ഞവസാനിക്കുംമുമ്പു് രണ്ടാ
മതും നഷ്ടപ്രജ്ഞയായി ഭവിച്ചു.

അദ്ധ്യായം ൨൨.

"മോക്ഷദനായ ഭവാനെലഭിക്കയാൽ
മോക്ഷമൊഴിഞ്ഞപേക്ഷിക്കുന്നതില്ലഞാൻ"
മാടനെ"ച്ചെന്നുവിളിക്ക യുദ്ധത്തിനു
കാലാകളയരുതേതുമിനിയെടോ!"

മാളവദേശത്തിലുൾപ്പെട്ട മംഗലപുരിയെന്ന സാമന്തരാജ്യ
ത്തെക്കുറിച്ചു് അങ്ങു കേട്ടിട്ടുണ്ടായിരിക്കണം. സമ്പൽശ്രീസമ്പ
ത്സമൃദ്ധമായിരുന്ന ആ നാട്ടിൽ ഒരുകാലത്തു മംഗലദേവത നൃത്തം
ചെയ്തുകൊണ്ടിരുന്നു. ജനസംഖ്യയിലും ആ രാജ്യം പ്രാഥമ്യത്തെ
അഭിച്ചിരുന്നു. ജനങ്ങൾ സദ്ഗുണന്മാരും വിശേഷിച്ചു ധർമ്മത
ല്പരന്മാരുമായിരുന്നു. ശാസ്ത്രാസ്ത്രവിദ്യകളിലതിനിപുണന്മാരും
സാഹിത്യാദികലകളിൽ വിദഗ്ധന്മാരുമായ ആ ജനങ്ങൾ രാജഭക്ത
ന്മാരിലദ്വിതീയന്മാരായിരുന്നു. സ്ത്രീകൾ സൗന്ദര്യസമ്പന്നകളും
പുരുഷന്മാരെപ്പോലെതന്നെ രാജഭക്തിയുള്ളവരുമായിരുന്നു. അത്യു
ന്നതങ്ങളും മനോഹരങ്ങളുമായ കെട്ടിടങ്ങൾ ആ നാട്ടിലെപ്പോലെ
അന്യനാടുകളിലുണ്ടായിരുന്നോ എന്നു സംശയമാണു്. കമനീയ
ങ്ങളായ ഉദ്യാനങ്ങൾ നാട്ടിന്റെ നാനാഭാഗങ്ങളെയും സവിശേഷം
അലങ്കരിച്ചിരുന്നു. വിശാലമായ വീഥിയും ഇരുവശത്തും ഒന്നൊര
ങ്ങിയുള്ള പീടികകളും ആരുടേയും മനസ്സിനെ ബലാൽആകർഷിക്കുമാ
യിരുന്നു. പരിശുദ്ധരത്തിൽ മംഗലപുരി അയൽനാടുകളെ അപേ
ക്ഷിച്ചു മുന്നിട്ടുനിന്നു. നാടുകാരുടെ ഭക്തികൾ നാട്ടിന്റെ
നാനാഭാഗങ്ങളിലും സ്ഥാപിച്ചിട്ടുണ്ടായിരുന്ന സംഖ്യാതീതമായ
ക്ഷേത്രങ്ങളിൽ മുടങ്ങാതെ നടത്തിവന്ന ത്രികാലപൂജ, മാസമടിയ
ന്തിരം, തൈമാസികോത്സവം, വാർഷികമഹം, എന്നിവ ദൃഷ്ടാന്ത
ങ്ങളാണു്. കളവു, ചതിവു മുതലായ നീചകർമ്മങ്ങൾ ആ പരിശുദ്ധ
മായ നാട്ടിനെ ബാധിച്ചിരുന്നില്ല; പണസഞ്ചിയും മടിയിൽവച്ചു
കൊണ്ടു് തെരുവീഥികളിൽ പാതിരായ്ക്കുപോലും കിടന്നുറങ്ങാൻ

ഭയപ്പെടേണ്ടിയിരുന്നില്ല. അടി, ലഹള, കൊലപാതകം തുടങ്ങിയുള്ള വൈശികവൃത്തികളും ആ നാട്ടിൽ സംഭവിച്ചിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ കാരാഗൃഹം എന്നു കേട്ടിട്ടുള്ളതല്ലാതെ അപ്രകാരമൊരു സ്ഥാപനം ആ ധർമ്മരാജ്യത്തുണ്ടായിരുന്നില്ല. സമാധാനപ്രിയന്മാരും സത്യസന്ധന്മാരും ഗുണവാന്മാരുമായ ജനങ്ങളാൽ അധിവസിക്കപ്പെട്ടുന്ന ഒരു നാട്ടിൽ അങ്ങനെയുള്ള ഒരു സ്ഥാപനത്തിന്റെ ആവശ്യം നേരിട്ടുന്നതുമില്ലല്ലോ. ക്ഷേമദേവതയുടെ കേളീരംഗവും ക്ഷാമദേവതയുടെ ദൃഷ്ടിപ്രാപവുമായ ആ നാട്ടിൽ ജനങ്ങളും പരസ്പരസ്നേഹികളും പരഗുണകാംക്ഷികളും ആയിരുന്നു എന്നുള്ളതു പ്രസിദ്ധമാണു്. കവർച്ച, കഞ്ചാവു്, ചാരായം മുതലായ ലഹരിസാധനങ്ങൾക്കു് അന്നാട്ടിൽ പ്രവേശനം അനുവദിച്ചിരുന്നില്ല.

മംഗലപുരിയെന്ന ഈ മാതൃകാരാജ്യത്തെ തടിൽപ്രഭൻ എന്നൊരു രാജാവു ഭരിച്ചുവന്നു. മിന്നൽപിണറിനു സമാനമായ ശരീരകാന്തികണ്ടു് അങ്ങനെ നാമകരണം ചെയ്തുപോൽ! കാരണാന്തരമുണ്ടെന്നുംവരാം. ആ രാജകുടുംബത്തിലെപതിവു് അനുസരിച്ചു, പതിനെട്ടാമത്തെ വയസ്സുവരെ തടിൽപ്രഭനെ കൊട്ടാരത്തിൽ, ഒരു തടവുകാരന്റെ നിലയിൽ, പുറത്തിറക്കാതെയും അന്യന്മാരോടു പെരുമാറാനിടയാകാത്തവിധത്തിലും, ഒരു പ്രത്യേകസ്ഥലത്തുതാമസിപ്പിച്ചിരിക്കയായിരുന്നു. തന്നിമിത്തം അതേവരെലോകകാര്യങ്ങളിൽ അദ്ദേഹം കേവലം അജ്ഞനായിരുന്നു. ഗുരുമുഖത്തുനിന്നും പഠിച്ചിട്ടുള്ള പാഠമല്ലാതെ മറെറാന്നും ഇദ്ദേഹത്തിനു് അറിവുണ്ടായിരുന്നില്ല. വൈകുന്നേരം പതിവായി രാജകീയോദ്യാനത്തിൽ "നടക്കാൻപോകു"ന്നതിനുമാത്രമേ ഇദ്ദേഹത്തിനു് അനുവാദമുണ്ടായിരുന്നുള്ളൂ. പ്രകൃതിമാഹാത്മ്യത്തിൽ ആ ഉദ്യാനത്തിൽനിന്നും കിട്ടിയ അറിവുമാത്രമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. എന്നാൽ വേദശാസ്ത്രാദികളിലും, അസ്ത്രശാസ്ത്രാദികളിലും, കായികവിദ്യയിലും നല്ല പാണ്ഡിത്യം അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. അങ്ങനെ കഴിഞ്ഞുകൂടിവരവെ, പിതാവിന്റെ നിര്യാണാനന്തരം ഒരുദിവസം മന്ത്രിപ്രധാനന്മാരും പ്രധാനസേനാനായകന്മാരും നാട്ടിലെ പൗരപ്രമാണികളും മറവും തടിൽപ്രഭനെ ചെന്നുകണ്ടു് കിരീടത്തിനും സിംഹാസനത്തിനും അവകാശിയാകയാൽ അഭിഷേകത്തിനു പാത്രമാകണമെന്നു് അറിയിച്ചു. അപ്പോളാണു്, ഇപ്രകാരം ഒരു വലുതായ മാറ്റം തന്റെ ജീവിതത്തിനു നേരിടാനുണ്ടായിരുന്നു എന്നു് അതേവരെ തനിക്കു അറിവില്ലാതിരുന്നതിനെക്കുറിച്ചു് അദ്ദേഹത്തിനു കുണ്ഠിതമുണ്ടായതു്. അഹോ! നാളിതുപര്യന്തം താൻ നയിച്ചുവന്ന ജീവിതത്തിനും, അടുത്തനിമിഷം, മുതൽ നയിക്കേണ്ടിയിരിക്കുന്നജീവിതത്തിനും തമ്മിൽ എത്രമാത്രം

അന്തരമുണ്ടെന്നു് ആ നിമിഷത്തിൽ അദ്ദേഹം ഓർത്തു. പതിവനുസരിച്ചുള്ള ചടങ്ങുകളോടും വിധിപ്രകാരവും അടുത്ത സുമുഹൂർത്തത്തിൽ തടിൽപ്രഭൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ഈ സന്തോഷമഹാസംഭവം രാജ്യത്തിൽ ഒരു നവചൈതന്യത്തെ ഉളവാക്കി. ദേശാന്തരങ്ങളിലും തടിൽപ്രഭൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ട എന്നുള്ള വാർത്ത, സന്തോഷപൂർവ്വം സകലരും കൈവിക്കൊള്ളുകയാണുണ്ടായതു്.

എന്നാൽ രാജ്യതന്ത്രികവിഷയത്തിൽ കേവലം അനഭിജ്ഞനായിരുന്ന തടിൽപ്രഭൻ, ഭരണയന്ത്രത്തോടു തനിക്കു യാതൊരു സംബന്ധവുമില്ലെന്നും അതൊക്കെ മന്ത്രിമാരും മറ്റുള്ള ഉദ്യോഗസ്ഥന്മാരുംകൂടി നിർവ്വഹിച്ചുകൊള്ളുമെന്നും തികച്ചും വിശ്വസിച്ചു് രാജ്യകാര്യങ്ങളിൽ പ്രവേശിക്കാതെ സർവ്വം മന്ത്രിമാരുടെ ചുമലിൽ ചുമത്തിയിട്ടു്, പ്രായോചിതമായ കാമിനീകാര്യത്തിൽ ബദ്ധശ്രദ്ധനായി ഭവിച്ചു. അതുവരെ താൻ അഭ്യസിച്ചിട്ടില്ലാത്ത ആ പുതിയ വിഷയത്തിൽ അദ്ദേഹത്തിനു് ഒരു പ്രത്യേകതാല്പര്യവും ഉന്മേഷവും ജനിച്ചു അതിൽ ക്ഷണേന അഭിവൃദ്ധിയും കണ്ടുതുടങ്ങി കാലാന്തരത്തിൽ ആ പുതിയ പഠനത്തിൽനിന്നും മാത്രമേരംപോലും വിരമിക്കാത്തനിലയിൽ അദ്ദേഹം ആ വിഷയത്തിനു വിധേയനായിഭവിച്ചു. സ്വാർത്ഥബുദ്ധികളായ മന്ത്രിമാർ; വിശേഷിച്ചും പ്രഥമമന്ത്രി; അദ്ദേഹത്തെ വീണ്ടും വീണ്ടും അതിലേക്കു പ്രോത്സാഹിപ്പിച്ചുവന്നതല്ലാതെ; അദ്ദേഹത്തിന്റെ ബുദ്ധിയെ നേർവഴിക്കു തിരിക്കുകയുണ്ടായില്ല. ചുരുക്കിപ്പറഞ്ഞാൽ സ്വകൃത്യനിർവ്വഹണത്തിൽ ബോധരഹിതനായ രാജാവു് മന്ത്രിമാരുടെ ഒരു മരപ്പാവമാത്രമായിഭവിച്ചു. ഭരണരഥത്തെ മന്ത്രിമാർ സ്വേച്ഛാപഥങ്ങളിൽകൂടി നയിച്ചുകൊണ്ടിരുന്നതു രാജാവറിഞ്ഞില്ല. ഭരണചക്രം ഉരുണ്ടുരുണ്ടു ഭരണീയരുടെ തലയിൽകയറി ഞെരിച്ചുതുടങ്ങി.

അങ്ങനെ കൊല്ലം രണ്ടുകഴിഞ്ഞു. പാരമ്പര്യരാജവിശ്വാസശയ്യയിൽ സുഖനിദ്രാലോലുക്കളായിരുന്ന പ്രജകൾ, ഭരണചക്രത്തിന്റെ നിഷ്ഠുരമായ ചംക്രമണതാഡനമേറ്റു് ഉണർന്നുതുടങ്ങി. നാടടക്കം അസൂയ്യയും അസ്വാസ്ഥ്യവും സംഭവിച്ചു. ഭരണദോഷത്തെപ്പറ്റിയുള്ള സംസാരം സർവ്വത്ര മാറ്റൊലിക്കൊണ്ടു. മന്ത്രിമാരെ ശകാരിക്കുന്നവർ ചിലർ; രാജാവിനെപ്പഴിക്കുന്നവർ പലർ; തങ്ങളുടെ പിടിപ്പില്ലായ്മയിൽസഹതപിക്കുന്നവർ മറ്റുചിലർ; കർത്തവ്യത്തെ അറിയുന്നവർ വേറേചിലർ; ഇങ്ങനെപ്രജാസാമ്രാജ്യം ഭരണരീതിയിൽ അവരവർക്കുള്ള വെറുപ്പിനെ പ്രദർശിപ്പിച്ചു ചില പഴയ രാജഭക്തയാഥാസ്ഥിതികന്മാരുടെ ആവലാതി ഈ വിധത്തിലായിരുന്നു— "കഴിഞ്ഞുപോയരാജാവു എത്രപ്രജാവത്സലനും ഭരണകാര്യജ്ഞനും

മായിരുന്നു. പ്രജാസുഖത്തിനുവേണ്ടി സ്വസുഖത്തെയും ബലികഴിച്ചിരുന്ന മഹാനാണല്ലോ അദ്ദേഹം. അദ്ദേഹത്തിന്റെ പുത്രനായ ഇപ്പോഴത്തെരാജാവെന്താണു ഇപ്രകാരം പ്രജാക്ഷേമത്തിൽ അശ്രദ്ധനും രാജ്യകാര്യങ്ങളിൽ വിമുഖനുമായിരിക്കുന്നതു്. ഇദ്ദേഹം പ്രജകളെ നേരിൽകണ്ടു് അവരുടെ ആവശ്യങ്ങളേയും ആഗ്രഹങ്ങളേയും കുറിച്ചു് അന്വേഷിക്കാത്തതെന്തുകൊണ്ടു്. പ്രജകളെ ഇതു നിഷ്ഠുരമായി ഹിംസിക്കുന്ന മന്ത്രിമാരെ രാജാവെന്തുകൊണ്ടു മനഃപൂർവ്വം വിശ്വസിച്ചു കണ്ണുമടച്ചിരിക്കുന്നു? ദുർബുദ്ധികളായ മന്ത്രിമാരാൽ ഇദ്ദേഹം വഞ്ചിക്കപ്പെട്ടതെന്തുകൊണ്ടു്?"

ഈ ആവലാതികളൊന്നും രാജാവിന്റെ കാതുകളിൽ ചെന്നു പററിയില്ല. പോരെങ്കിൽ ഭരണം തൃപ്തികരമായി നിർവ്വഹിക്കപ്പെട്ടുന്നുവെന്നും പ്രജാസഞ്ചയം ഭരണനിർവ്വഹണത്തിൽ സംതൃപ്തിയും സന്തുഷ്ടിയും പ്രദർശിപ്പിച്ചുപോരുന്നുവെന്നും രാജകണ്ണുകളിൽ മന്ത്രികൾ ഉരുക്കഴിക്കയും ചെയ്തുകൊണ്ടിരുന്നു.

മംഗലപുരിയിലെ ഈ അവസ്ഥ വിജയശേഖരനെന്ന പാഞ്ചാലരാജാവു് ചാരന്മാർ മുഖേന അറിഞ്ഞു. നാട്ടിലാഭ്യന്തരകലഹം സംഭവിച്ചിരിക്കുന്നു എന്നു് അറിവുകിട്ടിയ വിജയശേഖരൻ, ഇതൊരു നല്ല സൗകര്യമാണെന്നുകണ്ടു് ഒരു വലിയ സൈന്യത്തോടുകൂടി മംഗലപുരിയിൽകടന്നു താൻ ബഹുകാലമായി പ്രതീക്ഷിച്ചുവന്ന സൗകര്യം അനായാസേന ലഭിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ തന്നെ തന്റെ ഉദ്ദേശം സാധിക്കണമെന്നുള്ള കരുതലുണ്ടായിരുന്നതിനാൽ തദുചിതമായ സന്നാഹത്തോടുകൂടിയാണു വിജയശേഖരൻ മംഗലപുരിയിൽ കടന്നതു്. പ്രജാക്ഷേമത്തിൽ കേവലം അശ്രദ്ധനായി കാമലമ്പടനായി വാഴുന്ന ഒരു രാജാവിന്റെയും ദുർബുദ്ധികളും അയോഗ്യന്മാരുമായ മന്ത്രികളുടെയും ഭരണത്തിൽനിന്നു പ്രജാസഞ്ചയത്തെ വേർപെടുത്തി രക്ഷിക്കുകയെന്നുള്ളതാണു തന്റെ ഉദ്ദേശം എന്നു അയാൾ പ്രഖ്യാപനംചെയ്തു. എന്നാൽ മംഗലപുരിയിലെ ജനങ്ങൾ രാജാവിൽ അനുഭക്തിയും വിദ്വേഷവുമുള്ളവരായിരുന്നുവെങ്കിലും ഒരന്യരാജാവിനു കീഴ്പെടാൻ അവർ തീരെ വിമുഖ്യംപ്രദർശിപ്പിച്ചു. തൽഫലമായി അനേകായിരം ആളുകൾ ഒന്നുചേർന്നു പ്രഥമമന്ത്രി ജയദ്രഥന്റെ നേതൃത്വംസമ്മതിച്ചു് വിജയശേഖരനെ ശക്തിപൂർവ്വം എതിർത്തു. രാജ്യാതിർത്തിയിൽവച്ചു ഘോരമായ ഒരു യുദ്ധംനടന്നു. പക്ഷേ നിർഭാഗ്യവശാൽ ജയലക്ഷ്മി വിജയശേഖരനെ ആശ്ലേഷിക്കയാണുണ്ടായതു്. ജയദ്രഥന്റെ സൈന്യം പരാജിതന്മാരായി പലായനംചെയ്തു ജയദ്രഥനും അവന്റെ അടുത്ത ചില സൈനികോദ്യോഗസ്ഥന്മാരും യുദ്ധക്കളത്തിൽനിന്നും അത്യന്തമായി ഓടുകയാണുണ്ടായതു്.

മംഗലപുരംസൈന്യത്തിന്റെ പരാജയവൃത്താന്തമറിഞ്ഞ ഉടനെ നഗരത്തിൽ നാടടക്കംപറഞ്ഞു. നാട്ടുകാർ പരിഭ്രാന്തന്മാരായി ഭവിച്ചു. വിജയശേഖരൻ ജയകാഹളം മുഴക്കിക്കൊണ്ടു തലസ്ഥാനനഗരിയിലേയ്ക്കു തിരിച്ചിരിക്കുന്നു എന്നറിഞ്ഞു ജനങ്ങൾക്കു സീമമായഭീതിയും താപവും നേരിട്ടു. ഈ ഘട്ടത്തിലാണു യുദ്ധക്കളത്തിൽനിന്നും തോറ്റോടിയ ജയദ്രഥനും അനുയായികളും തലസ്ഥാനനഗരിയിലെത്തിയതു്. അതിനുശേഷമേ നാട്ടിനു നേരിട്ടിരിക്കുന്ന അപകടസ്ഥിതി തടിൽപ്രഭനു ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ. വിജയശേഖരൻ രാജ്യത്തിൽകടന്ന വിവരം ഇതേവരെ മന്ത്രിമാർ അദ്ദേഹത്തെ അറിയിക്കുകയുണ്ടായില്ല. ജയദ്രഥൻ യുദ്ധോസന്നദ്ധനായി പുറപ്പെട്ടമ്പോഴും കാര്യാന്തരമായി പോവുകയാണെന്നേ രാജാവിനെ ധരിപ്പിക്കയുണ്ടായുള്ളൂ. ഒടുവിൽ നാട്ടിന്റെ ദുരവസ്ഥകണ്ടു പ്രക്ഷുബ്ധന്മാരായിഭവിച്ച പ്രജകൾ അക്ഷമന്മാരായി കൊട്ടാരത്തെ വളഞ്ഞപ്പോൾ ഗത്യന്തരമില്ലായ്കയാൽ സകലവൃത്താന്തവും മന്ത്രിമാർ രാജാവിനെ ധരിപ്പിച്ചു. അന്നാൾവരെ സുന്ദരീജനവിലാസമകരന്ദം ആസ്വദിച്ചു പരമാനന്ദലഹരിയിൽ മുഴുകിക്കിടക്കുന്ന തടിൽപ്രഭനു ഈ വൃത്താന്തം ഒരിടിത്തീയായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. രാജ്യത്തിനും തനിക്കും നേരിട്ടിരിക്കുന്ന ഘോരമായ ആപത്തിന്റെ ഭയങ്കരമായസ്വരൂപം രാജാവിന്റെ വ്യുദയചക്ഷുസ്സിനു പ്രത്യക്ഷീഭവിച്ചു. ഹംസധൂളികാശയ്യയിൽനിന്നും ഞെട്ടി എഴുന്നേറ്റു നിലത്തു ചാടി സമീപത്തു സംഭരിച്ചുവച്ചിട്ടുണ്ടായിരുന്ന കളഭക്കുട്ടം മധുപാനീയങ്ങളും സ്വാദിഷ്ടമായ ഫലവർഗ്ഗങ്ങളും മറ്റും തട്ടിമ്മുരത്തെറിഞ്ഞു പുറംക്രൂടിനിന്നിരുന്ന സുകുമാരശരീരിണികളായ സുന്ദരീവർഗ്ഗത്തെ ആട്ടിപ്പുറത്തിറക്കി, സന്ദർഭാനുരൂപമായ പൗരുഷത്തെ പ്രദർശിപ്പിച്ചുകൊണ്ടു വെളിയിൽ ചാടി രാജാവിന്റെപുറപ്പാടുകണ്ടു് ഒരുത്തക്കും നേരിൽ നില്ക്കുവാനുള്ള ധൈര്യമുണ്ടായില്ല. സകല ആളുകളും പരിഭ്രമചിത്തന്മാരായി അങ്ങിങ്ങു ഓടിഒളിച്ചു. രാജാവു യാതൊരാളിനോടും യാതൊന്നും സംസാരിക്കാതെ നേരെ കായികാഭ്യസനാലയത്തിൽകയറി സൈനികവേഷംധരിച്ചു ഖഡ്ഗവുമേന്തി അശ്വാരൂഢനായി പട്ടണമദ്ധ്യത്തിൽ എത്തി. രാജാവിന്റെവരവുകണ്ടു സന്തുഷ്ടമാനസന്മാരായ ജനങ്ങൾ ആഹ്ലാദഭരിതന്മാരായി രാജാവിനെ വളഞ്ഞു ഭക്തിപൂർവ്വം വണങ്ങിനിന്നു. അതുകണ്ടു് നയജ്ഞനായതടിൽപ്രഭൻ അരുളിച്ചെയ്തതാവിതു്: "അല്ലയോ പ്രജകളേ രാജ്യത്തെഭരിക്കുന്നതു് രാജാവാണെങ്കിലും ഭരിപ്പിക്കുന്നതു് പ്രജകളാണു്. രാജാവിന്റെ ശക്തി പ്രജകളുടെ ശക്തിയാണു്. രാജ്യം പ്രജകൾക്കുള്ളതാണു്. രാജാവിനു സ്വന്തമായിട്ടു യാതൊന്നും ഇല്ല. സകലതും പ്രജകളുടേതാണു്. പ്രജകളില്ലെങ്കിൽ രാജാ

വില്ല. പ്രജകൾക്കായിട്ട രാജാവല്ലാതെ രാജാവിനായിട്ട പ്രജകളില്ല. പ്രജകളെ വിശ്വസിക്കാത്ത രാജാവു് രാജാവല്ല. ചെറുപ്പമെങ്കിലും ഗുരുജനങ്ങളുടെ കാരുണ്യത്താൽ ഈ തത്വം ബാല്യത്തിലെ നാം ഗ്രഹിച്ചിട്ടുണ്ടായിരുന്നതിനാൽ വീരശൂരന്മാരും രാജ്യഭക്തന്മാരുമായ എന്റെ പ്രജകളെ ഞാൻവിശ്വസിച്ചു. നിങ്ങളുടെ നാട്ടിനെയും നിങ്ങളുടെ രാജാവിനെയും നിങ്ങൾ കാക്കുമെന്നു ഞാൻ വിശ്വസിച്ചു. ആ വിശ്വാസം അസ്ഥാനത്തിലായി എങ്കിൽ എനിക്കതിൽകുണ്ഠിതമില്ല. ഞാൻ എന്റെകടമയെനിർവ്വഹിക്കുന്നേ പോകുന്നു. അന്യശ്വാസത്തോളം എന്റെ കൈയും ഖഡ്ഗവും ശത്രുവിനെ നിരോധിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്. രാജ്യത്തിനുവേണ്ടി എന്റെ ജീവനെ യുദ്ധഭൂമിയിൽ ബലികഴിക്കുന്നുണ്ടു്. കഴിവുണ്ടെങ്കിൽ നിങ്ങളുടെ രാജ്യത്തെ നിങ്ങൾ രക്ഷിച്ചുകൊൾക! നിങ്ങൾക്കു വേണ്ടാത്ത രാജ്യം എനിക്കെന്തിനു് ? മംഗലപുരി വിജയശേഖരനു വിധേയയായി ഭവിക്കട്ടേ; അവന്റെ കൊടി ഇന്നാട്ടിൽ പറക്കട്ടേ; അതു കാണാനായി എനിക്കു ജീവിച്ചിരിക്കണമെന്നില്ല.

ഒടുവിലത്തെവാക്കുകൾ ഗദ്ഗദത്തോടുകൂടിയാണുച്ചരിച്ചതു്. ആ യുവാവായ രാജാവിന്റെ കണ്ണുകളിൽനിന്നും അശ്രുകണങ്ങൾ പൊഴിഞ്ഞു. പിന്നീടു രക്ഷരം അദ്ദേഹം സംസാരിച്ചില്ല. ജനങ്ങളുടെ പ്രത്യുത്തരത്തിനു കാത്തതുമില്ല. മുമ്പിൽനിന്ന ജനക്കൂട്ടത്തെ ഭേദിച്ചുകൊണ്ടു കുതിരയെ അതിവേഗത്തിൽ പായിച്ചു. അവിടെക്കൂടിയിട്ടുണ്ടായിരുന്ന സകലജനങ്ങളും പരമാനന്ദതുന്ദിലന്മാരായിഅത്യുച്ചൈരുല്ലസിതന്മാരായി, യുദ്ധസന്നദ്ധരായി രാജാവിനെ അനുഗമിച്ചു. മുമ്പോട്ടുപോകുന്തോറും ജനങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നു. ആ ദ്വിയുദ്ധത്തിൽതോറ്റോടിയസൈന്യങ്ങളും പൂർവ്വാധികം വാശിയോടും സന്തോഷത്തോടുംകൂടി വന്നുചേർന്നു. തലസ്ഥാനനഗരിയിൽനിന്ന അരമൈലപ്പുറത്തുവച്ചു ശത്രുക്കളെകണ്ടുമുട്ടുമ്പോൾ, ശത്രുസൈന്യത്തിന്റെ സംഖ്യയേയും അതിശയിക്കുന്ന ഒരുവലിയ സൈന്യം രാജാവിന്റെ ഭാഗത്തുണ്ടായിരുന്നു. ഇരുകക്ഷികളുംതമ്മിൽ അവിടെവച്ചു് അതിഘോരമായ ഒരുയുദ്ധംനടന്നു. കാലത്തു എഴുമണിയോടുകൂടിയാണു സമരം ആരംഭിച്ചതു്. മദ്ധ്യാഹ്നത്തോടുകൂടി യുദ്ധം കൊടുമ്പിരികൊണ്ടു. ഇരുകക്ഷിയിലും അനവധി സൈന്യം നഷ്ടപ്പെട്ടു. യുദ്ധക്കളം ശവശരീരത്താൽ മൂടപ്പെട്ടു. രക്തപ്പുഴയിൽക്കൂടി ശവങ്ങൾ ഒഴുകിത്തുടങ്ങി. മദ്ധ്യാഹ്നസൂര്യന്റെ അത്യുഗ്രമായ ചൂടിനെ തൃണവൽഗണിച്ചു ഇരുകക്ഷിയിലേയും സൈന്യങ്ങൾ പൂർവ്വാധികം വാശിയും സാമർത്ഥ്യവും പ്രകടിപ്പിച്ചു. രണ്ടുഭാഗത്തും മരിച്ചവരുടെ സംഖ്യ അനുനിമിഷം വർദ്ധിച്ചുകൊ

ണ്ടിരുന്നു. അംഗവിഭേദം സംഭവിച്ചു് അല്പപ്രാണന്മാരായവരുടെ സംഖ്യ പറയാനുമില്ല. തടിൽപ്രഭൻ സ്വസൈന്യത്തിന്റെ മുന്നണിയിൽനിന്നു പ്രോത്സാഹിപ്പിക്കുകയും രക്ഷിപ്പിക്കുകയും ചെയ്തുണ്ടു്. യുദ്ധക്കളത്തിൽ അന്നു് ആ രാജാവു പ്രദർശിപ്പിച്ച ധൈര്യവും സാമർത്ഥ്യവും വാചാമഗോചരമത്രേ. മറെറാരുരാജാവും രണാങ്കണത്തിൽ മുന്നിട്ടുനിന്നു ഇപ്രകാരം ധീരധീരമായി ശത്രുവിനെ എതിർത്തിട്ടില്ലെന്നുപറയാം. അദ്ദേഹത്തിന്റെ അനുഷ്ഠാനജ്ഞാനം, സൈന്യങ്ങളെ ശരീരത്തെപ്പോലും വിസ്മരിച്ചു് അഹമഹമികയാ മുമ്പോട്ടുകയറാത്തക്കശക്തിയോടുകൂടിയതായിരുന്നു. ചിലപ്പോൾ അനുഷ്ഠാനജ്ഞാനത്താൽ സൈന്യനിരയെ തടുത്തുനിർത്തും മറുചിലപ്പോൾ മുന്നോട്ടുപാഞ്ഞ ശത്രുസൈന്യത്തെ വെട്ടിനശിപ്പിച്ചും ചിലപ്പോൾ ശത്രുശിരസ്സുകളെ അസ്ത്രത്താൽ പറപ്പിച്ചും അപൂർവ്വം ചിലപ്പോൾ ശത്രുസൈന്യങ്ങളെ വളഞ്ഞുകൊണ്ടാൽ നൊടിക്കിടയിൽ അവരെ വെട്ടിമുറിച്ചു രക്ഷപ്രാപിച്ചും, എന്നുവേണ്ട അന്യാദൃശമായ സാമർത്ഥ്യത്തെ പ്രകടിപ്പിച്ചുകൊണ്ടു തടിൽപ്രഭൻ സമരാങ്കണത്തിലെവിടെയും കാണപ്പെട്ടു. തടിൽപ്രഭന്റെ ഈദൃശമായ ധൈര്യവും ചുണയും യുദ്ധക്കളത്തിൽ കാട്ടുമെന്നു് അദ്ദേഹത്തിന്റെ സൈന്യങ്ങളെപ്പോലും സ്വപ്നേപി വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല. ശത്രുപക്ഷക്കാക്കുപോലും, ഘോരഘോരമായ ആ യുദ്ധമദ്ധ്യത്തിലും, അദ്ദേഹത്തിൽ അളവററ ബഹുമാനവും സ്നേഹവും സ്വയമേവ അങ്കുരിച്ചു.

പക്ഷേ ഈശ്വരേച്ഛ മറെറാരുപ്രകാരത്തിലായിരുന്നു. തടിൽപ്രഭന്റെ സാമർത്ഥ്യാതിശയപ്രകടനവും ധീരധീരമായ പ്രയോഗങ്ങളും നിഷ്പ്രയോജനമായി ഭവിക്കയാണുണ്ടായതു്. അസ്തമയത്തോടടുപ്പിച്ചു് അദ്ദേഹത്തിന്റെ സൈന്യങ്ങളും, കല്ലെറിയപ്പെട്ട കാക്കകളെപ്പോലെ നാനാവഴിക്കും പലായനംചെയ്തു. തടിൽപ്രഭൻ ഏകനായി ഭവിച്ചു. ഉദ്വിഗ്നമായ ആ സംഭവം അദ്ദേഹത്തിനു എത്രമാത്രം മർമ്മഭേദകമായിരുന്നു എന്നു പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. പരാജിതനായി രാജധാനിയിലേക്കു മടങ്ങുന്നതിൽ ഭേദം യുദ്ധക്കളത്തിൽ മരിക്കയാണെന്നു് അദ്ദേഹം നിശ്ചയിച്ചു. അപമാനത്തെ സഹിച്ചു പുരുഷത്തെ വിറ്റുതിന്നുന്നതിൽഭേദം ശത്രുഖഡ്ഗത്തിനു ഇരയാവുകയാണെന്നു് യുവാവായ ആ രാജാവുറച്ചു. ഉത്സാഹമായ സങ്കടവും തീവ്രമായ അപമാനവുംഅഭിമാനവുമുള്ള ആ രാജാവിനെ നിലംപതിപ്പിച്ചു ശത്രുക്കൾനിഷ്ഠയം തന്റെ ശിരസ്സിനെ വേർപെടുത്താൻ അനുവദിച്ചുകൊണ്ടു ഖഡ്ഗത്തെ ദൂരത്തെറിഞ്ഞു. കനിവുകൊണ്ടോ, നിരായുധനായ ശത്രുവിനെ ഹനിക്കുന്നതു അപുരുഷമാണെന്നുള്ളധർമ്മബോധംനിമി

ത്തുമോ, ശത്രുവെങ്കിലും അദ്വിതീയനായ സമത്ഥനാണെന്നുള്ള ബഹുമാനത്താലോ എന്നറിഞ്ഞില്ല, ശത്രുക്കളുദ്ദേഹത്തെ സമീപിക്കപോലും ചെയ്തില്ല. ആത്മഹത്യചെയ്യാൻമടിയുമുണ്ട്. സർവ്വശാസ്ത്രവിചക്ഷണനായ ആ രാജാവിനു് അതോക്കാനുള്ള ധൈര്യം പോലുമില്ല. തടിൽപ്രഭൻ ഇപ്രകാരം പരിദേവനംചെയ്തുതുടങ്ങി— "ഞാൻചെയ്ത അപരാധത്തിനുള്ള ദൈവശിക്ഷയാണിതു്. ഈ ദുഃഖകീർത്തിയും രാജ്യനഷ്ടവും എന്റെ രണ്ടുകൊല്ലത്തെ ഭീമമായ അപരാധത്തിന്റെ ശിക്ഷയാണു്; കാമലമ്പടനായ എന്റെ തെറ്റിനെയുണ്ടാക്കിയ ധർമ്മമൂർത്തിയായ ദൈവം ക്ഷമിക്കുന്നു! അടുത്ത നിമിഷത്തിലിതാ എന്റെ പ്രാണങ്ങളും വേർപെടാൻപോകുന്നു എന്നേക്കാൾ മൂഢൻ ലോകത്തിലുണ്ടോ? എന്നേക്കാൾ അധർമ്മാനുഷ്ഠാനനായ പാപി ആരുണ്ടു്? മഹാപാപിയായ എന്നെ ഈശ്വരൻ വെറുത്തു. ഹാ ജഗദീശ! അങ്ങയുടെ ദൃഷ്ടിയിൽ ഞാനല്ലേ കുറക്കാരൻ? എന്റെ പൂർവികന്മാരായ പൂജ്യപുരുഷന്മാർ എന്തുപിഴച്ചു? ആ വന്ദ്യപുരുഷന്മാരുടെ സിംഹാസനത്തെ അന്യാസനത്താലശുദ്ധമാക്കാൻ അങ്ങു് എങ്ങനെ വിധിച്ചു? കുറക്കാക്കില്ലാതെ നിരപരാധികൾക്കു ശിക്ഷയുണ്ടോ, അല്ലയോ പരബ്രഹ്മമൂർത്തേ, ഹാ! ജഗദ്രക്ഷക! ധർമ്മിഷ്ഠന്മാരായ എന്റെ പൂർവികന്മാരിൽ കനിഞ്ഞിട്ടെങ്കിലും മംഗലപുരിയെ അങ്ങു കാത്തുരക്ഷിച്ചാലും! എന്റെ പരാജയം വിജയമായി പരിണമിക്കാൻ കടാക്ഷിച്ചാലും! തണ്ടിലേറിനടത്താനും തോളിൽ മാറാപ്പുകേറാനും കരയെ കടലാക്കാനും കടലിനെ കരയാക്കാനും കഴിവുള്ള അങ്ങേയ്ക്കു് എന്റെ അപജയത്തെ വിജയമായി രൂപാന്തരപ്പെടുത്താൻ കഴിവില്ലെന്നുവരുമോ? ഈ നിമിഷത്തിലെനിക്കു സിദ്ധിച്ച അപമാനം അഭിമാനമായിമാറട്ടെ! അല്ലയോ രാജാധിരാജൻ അങ്ങു് പ്രേമസ്വരൂപനല്ലേ? ഭക്തവത്സലനുമല്ലേ" ഈ ദാസന്റെ അപേക്ഷയെ സ്വീകരിക്കാതിരിക്കുമോ? ഈ ഘോരമായ അപഖ്യാതിയോടുകൂടി ഞാൻ മരിക്കുന്നതിനും മംഗലപുരിയുടെ കഠിനമായ ശാപത്തിനു് എന്റെ ആത്മാവു പാത്രമാകുന്നതിനും അങ്ങു സമ്മതിക്കുന്നുണ്ടോ? ഈ ദാസനിതാ, മംഗലപുരിയെ അങ്ങയുടെ പാദത്തിലർപ്പിക്കുന്നു. ശത്രുക്കളിൽനിന്നും എന്റെ രാജ്യത്തെയും പ്രജകളേയും അങ്ങുരക്ഷിച്ചു കടാക്ഷിക്കേണമേ! ഹാ ദീനബന്ധോ! ഇവന്റെ പ്രാർത്ഥനകൾക്കങ്ങയുടെ ഹൃദയത്തെ അലിയുമാറാക്കാൻ ശക്തിയില്ലേ? അതോ അലിഞ്ഞിട്ടും കനിയാതിരിക്കുകയോ? ഹാ! പരദേവതകളെ! കുലദൈവങ്ങളെ! മഹാമാടസ്വാമിൻ! കുലദൈവമേ! ദൈവമോ കൈവിട്ടു. അവസാനകാലത്തു് അങ്ങുമെന്നെ വെടിഞ്ഞുവോ സ്വാമിൻ! മംഗലപുരിരാജവംശം

നശിച്ചാലങ്കു മലയിൽ കയറണ്ടേ? അന്യാധീനപ്പെട്ട രാജവംശത്തിൽ അങ്ങേയ്ക്കു സ്വാതന്ത്ര്യമുണ്ടോ? ശത്രുരാജാവു് അങ്ങയെ വച്ചുപൂജിക്കുമെന്നു വിശ്വസിക്കുന്നുവോ? ഇല്ല, ഒരിക്കലുമില്ല. മംഗലപുരിരാജവംശത്തിന്റെ നാശത്തോടുകൂടി അങ്ങും നാടുവിടേണ്ടിവരും. അതിനിടയാകണമെന്നു് അങ്ങു് ആഗ്രഹിക്കുന്നില്ലെങ്കിൽ, ഈ നാടും പ്രജകളുമിവന്റെ വംശവും നശിക്കട്ടെയെന്നു അങ്ങു കരുതുന്നില്ലെങ്കിൽ, ഭക്തിപൂർവ്വം ഞാനും എന്റെ പൂർവികന്മാരും വിശ്വസിച്ചു പൂജിച്ചതു മണ്ടത്തരമായില്ലെന്നുണ്ടെങ്കിൽ; അതേ; തീരാപ്പോരായ്മയിന്റെ നന്ദിയുണ്ടെങ്കിൽ ഇവിടെക്കാണട്ടെ! മംഗലപുരി, ശത്രുവിനു കീഴടങ്ങാതിരിക്കട്ടെ!

തടിൽപ്രഭൻ മേൽപ്രകാരം പരിദേവനംചെയ്തുടങ്ങിയമാത്രയിലൊരു കനത്ത കൈ അദ്ദേഹത്തിന്റെ തുമലിൽ സ്പർശിച്ചു. അദ്ദേഹം ഞെട്ടിയുണർന്നു ചുറ്റും നോക്കി. നിശാനാഥന്റെ ക്ഷീണപ്രഭയിൽ യാതൊന്നുമദ്ദേഹത്തിനു കാണാൻ കഴിഞ്ഞില്ല. അകലെ നില്ക്കുന്ന ശത്രുസൈന്യത്തിന്റെ ഒരവ്യക്തച്ഛായമാത്രം കണ്ടു. തന്റെ മനോവികാരത്തിന്റെ ഫലമായ ഒരു തോന്നലാണെന്നു വിശ്വസിച്ചു വീണ്ടും കണ്ണടച്ചുകിടന്നു രണ്ടാമതും ആ സ്പർശം ഉണ്ടായി. ഇത്തവണ കൈ തുമലിൽത്തന്നെ വച്ചുകൊണ്ടിരുന്നു. കൈയ്ക്കു കടന്നുപിടിച്ചുകൊണ്ടു കണ്ണുതുറന്നുനോക്കി. നീലനിറവും നിണ്ട ശരീരവുമുള്ള ഒരു രൂപം അദ്ദേഹത്തിന്റെ നയനങ്ങൾക്കു വിഷയീഭവിച്ചു. ആ സത്വത്തിന്റെ കരണ്ടകമൊത്ത കണ്ണുകൾ തീക്കട്ടപോലെ പ്രകാശിച്ചുകൊണ്ടിരുന്ന ആ രൂപത്തിന്റെ ധൈര്യം കുറഞ്ഞും മുഖം രൗദ്രശൂന്യമായുമിരുന്നുവെങ്കിൽ തന്റെ കോമളതയാൽ പ്രേക്ഷകന്മാരെ വശീകരിക്കുമായിരുന്നു. ഈ ഭയങ്കരസത്വത്തെക്കണ്ടമാത്രയിൽ; എന്തെന്നില്ലാത്ത ഒരു വല്ലാത്ത ഭീതിയുമാശ്ചര്യവും രാജാവിനെ ബാധിച്ചു. തന്റെ കുലദേവതയായ മഹാമാടനായിരിക്കാം തന്റെ മുമ്പിലാഗതനായതെന്നോർത്തപ്പോൾ അദ്ദേഹം വല്ലാതൊന്നുഞെട്ടി. സത്വംപറഞ്ഞു:—'നിന്നെ സഹായിക്കണമെന്നു് എന്റെ പേരുപറഞ്ഞു നീ അപേക്ഷിച്ചില്ലേ? ആ അപേക്ഷയെ സ്വീകരിച്ചു ഞാൻ നിനക്കു ദർശനംതന്നതാണു്. നീയും നിന്റെ പൂർവികന്മാരും പൂജിച്ചുവന്ന മഹാമാടനാണു ഞാൻ നിന്റെ പൂർവികന്മാർ ധർമ്മിഷ്ഠന്മാരായിരുന്നു. നീയോ അധർമ്മിഷ്ഠന്മാരിൽ അഗ്രഗണ്യൻ. അനിതരമായ മൂഢീയാസക്തിയാൽ മഹത്തായ ധർമ്മത്തെ വ്യഭിചരിപ്പിച്ചവൻ. എന്നിരുന്നാലും എന്റെ കടമയെ ഞാൻ നിർവ്വഹിക്കാം. പക്ഷേ, നിന്റെ വലുതായ തെറ്റിനു് ഒരു ശിക്ഷ നീ അനുഭവി

ക്കണം, എന്തുപറയുന്നു? ശത്രുക്കൾ ഈ നിമിഷത്തിൽ രാജധാനിയിൽ കടക്കും സമയം അതിക്രമിച്ചിരിക്കുന്നു."

രാജാവു്:—സ്വാമിൻ! അല്ലയോ മാടൻ! അങ്ങു് എന്നെ കൈവിടുകയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു് ശത്രുക്കളിൽനിന്നും എന്റെ രാജ്യത്തെയും പ്രജകളെയും രക്ഷിക്കുക! ഏതൊരു ശിക്ഷയും ഞാൻ അനുഭവിക്കാം. ദ്യുജീവനാന്തം ഞാനും, ആചന്ദ്രതാരമേ സന്തതിപ്രകാശമേ എന്റെ വംശവും അങ്ങയെ ഭക്തിവിശ്വാസപൂർവ്വം പൂജിച്ചുകൊള്ളാം.

മാടൻ:—മൂഢനായ രാജാവേ! അധമ്മിഷ്ഠനായ മനുഷ്യാ! ഏതു കൊണ്ടും നീയും നിന്റെ കുലവുമെന്നെന്നും എന്നെ പൂജിക്കേണ്ടതല്ലേ? ആ സ്ഥിതിക്കു് അതൊരു ശിക്ഷയാണോ?

രാജാ:—എന്നാൽ അങ്ങയുടെ തല്പര്യമെന്താണു്. അങ്ങയുടെ ആജ്ഞാനുസരണം പ്രവർത്തിക്കാം. സമയം അതിക്രമിച്ചിരിക്കുന്നു. അതാ അങ്ങു നോക്കണം, ശത്രുക്കൾ രാജധാനിയിലേക്കു തിരിക്കുന്നു.

മാടൻ:—ഹേ രാജൻ! ബദ്ധപ്പെടണ്ടാ. ക്ഷമയോടുകൂടി ഞാൻ പറയുന്നതു കേൾക്കുക! നിനക്കുണ്ടാകുന്ന ആദ്യസന്താനത്തെ നീ എനിക്കായിട്ടു തരാമെന്നു വാഗ്ദാനംചെയ്യണം. ഈ കരാറിനെ സമ്മതിക്കാമെങ്കിൽ നൊടിക്കിടയിൽ നിന്റെ ശത്രുവിനെ പലായനംചെയ്യിക്കാം. നീ അപ്രകാരം സമ്മതിക്കുന്നില്ലെങ്കിൽ ഏതാനും നിമിഷങ്ങൾക്കുള്ളിൽ ശത്രുക്കൾ നിന്റെ രാജ്യത്തെ കൈവശപ്പെടുത്തും

തടിൽപ്രഭൻ, മാടന്റെ കരാറിനെ സമ്മതിച്ചു വാഗ്ദാനം ചെയ്തു. രാജ്യത്തിനും വംശത്തിനും നേരിട്ടിരിക്കുന്ന ആത്യാഹിതത്താൽ ഭദ്ധചിത്തനായിഭവിച്ച രാജാവു് ഭവിഷ്യൽഫലത്തെക്കുറിച്ചു ചിന്തിക്കാതെ സത്യംചെയ്തുകൊടുത്തു. അഥവാ, രാജ്യത്തിന്റെയും വംശത്തിന്റെയും നഷ്ടത്തെക്കാൾ വലുതോ ഒരു സന്താനത്തിന്റെ നഷ്ടം?. എന്നിരുന്നിട്ടും, സത്യവാചകം ഉച്ചരിച്ചു മാത്രകഴിഞ്ഞപ്പോൾ കരാറിന്റെ ഭയങ്കരതയെക്കുറിച്ചു രാജാവു ഒന്നു നടുങ്ങി. പക്ഷേ, അതുകൊണ്ടു എന്താണു ഫലം? ചെയ്തുപോയ സത്യത്തെ പാലിക്കാതിരിക്കാൻ കഴിവുണ്ടോ?

ഇതിനകം ശത്രുക്കൾ രാജധാനിയിൽകടന്നു കോട്ടയെ സമീപിക്കാറായി. മാടൻ രാജാവിന്റെകരത്തെമുറുകെപ്പിടിച്ചതും രണ്ടു പേരും രാജധാനിയിൽ എത്തിയതും ഒന്നിച്ചുകഴിഞ്ഞു. അവിടെ വച്ചുയുദ്ധക്കളത്തിൽനിന്നും പിന്തിരിഞ്ഞോടിയ തന്റെ സൈന്യങ്ങളെ രാജാവുകണ്ടുമുട്ടി. മാടന്റെ ആജ്ഞപ്രകാരം രാജാവു് അവരെയെല്ലാം വിളിച്ചുകൂട്ടി. മാടനെ രാജാവിനല്ലാതെ മറ്റാർക്കും

കാണാൻ പാടില്ലായിരുന്നു. സൈന്യങ്ങളും രാജാവിനെക്കണ്ട സന്തോഷാധിക്യത്താൽ ഉത്സാഹരവം പുറപ്പെടുവിച്ചു. രാജാവിന്റെ മുമ്പിൽക്കൂടി അവർ പൂർവ്വാധികം ധൈര്യവാന്മാരും ഉത്സാഹഭരിതന്മാരുമായി കാണപ്പെട്ടു. രണ്ടാമതും വിജയശേഖരനെ എതിർത്തു യുദ്ധംചെയ്യുന്നതെന്നവേണമെന്നു് അവർ എല്ലാവരും ഐകകണ്ഠ്യേന തീരുമാനിച്ചു. ആ തീരുമാനമനുസരിച്ചു വിജയശേഖരനോടു നേരിട്ടു. അതിഘോരമായ ഒരുസമരം രാജധാനിയിൽ വച്ചുനടന്നു! വിജയശേഖരന്റെ ധൈര്യവും വീര്യവും ഇത്തവണ ഫലിച്ചില്ല. മാടൻ പറഞ്ഞതുപോലെ നൊടിക്കുള്ളിൽ ശത്രുക്കളെ തോല്പിച്ചു. സമരം അല്പസമയത്തേയ്ക്കു ഉണ്ടായിരുന്നുള്ളുവെങ്കിലും രണ്ടു കക്ഷിയിലും ആൾനഷ്ടം വളരെസംഭവിച്ചു. ക്ഷതത്തിലും വിജയശേഖരന്റെ ഭടന്മാരുടെ എണ്ണമാണു കുറഞ്ഞതു്. ശേഷിച്ചസൈന്യംആത്മരക്ഷയ്ക്കായിപലായനംചെയ്തു തടിൽപ്രഭൻ ജയകാഹളം മുഴക്കുകയുംചെയ്തു.

തടിൽപ്രഭന്റെ ഉന്നതമായ വിജയവൃത്താന്തം കാട്ടുതീപോലെ ക്ഷണേനനാട്ടിലെങ്ങുംപരന്നു. നാട്ടുകാർരാജാവിനെപിന്നെയും പിന്നെയും വാഴ്ത്തിസ്തുതിച്ചു. രാജാവു് സമരാങ്കണത്തിൽനിന്നും മടങ്ങുമ്പോൾ, സ്തുതിഗീതങ്ങളെക്കൊണ്ടും അനുഗ്രഹാശിസ്സുകളെക്കൊണ്ടും സന്തോഷാരവം പുറപ്പെടുവിച്ചും പുഷ്പവൃഷ്ടിചെയ്തും അവരവക്കുള്ള ആനന്ദത്തെയും കൃതജ്ഞതയെയും വെളിപ്പെടുത്തി. തെരുവുകൾതോറും ദീപക്കാഴ്ചകളും മറ്റും ലോഭമില്ലാതെ നടന്നുകൊണ്ടിരുന്നു. സ്ത്രീജനങ്ങൾ മുഖപടമെന്നിയേ തെരുവുകളിൽക്കൂടി തങ്ങളുടെ രാജയുവാവിന്റെ വിജയത്തെ പ്രശംസിച്ചു ഗാനംചെയ്തും വായ്ക്കുരവയിലും മറ്റൊരോപ്രകാരത്തിലും തങ്ങൾക്കുള്ള സന്തോഷത്തെപ്രദർശിപ്പിച്ചു. ഇതെല്ലാം കണ്ടുംകേട്ടും തടിൽപ്രഭൻ തന്റെ പ്രസംസനീയമായ വിജയത്തിനു ഹേതുഭൂതൻ കുലദേവതയായ മാടനാണെന്നുള്ള വസ്തുതയും മാടന്റെ മുമ്പിൽ ചൊല്ലിയ സത്യവാചകവും വിസ്മൃതകോടിയിൽ തള്ളിക്കളഞ്ഞു. അപ്രകാരം നിർദ്ദോഷം മറന്നുകളയാൻ മറ്റൊരു കാരണംകൂടിയുണ്ടു്. യുദ്ധം ആരംഭിച്ചു ഏതാണ്ടു മദ്ധ്യഘട്ടത്തിലായപ്പോൾ മാടൻ യുദ്ധഭൂമിയിൽനിന്നു് തിരോധാനംചെയ്തു. എന്നാൽ തടിൽപ്രഭൻ കൊട്ടാരത്തിൽചെന്നു, സ്നാനാഹാരാദികർമം നിർവ്വഹിച്ചു വിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ മാടന്റെ സ്മരണയുണ്ടായി. ഘോരമായ സത്യവാചകവും പ്രത്യക്ഷരം തടിച്ചുരേഖയിൽ സ്മരണയാകുന്ന താളിയോലയിൽ മാടന്റെ കരണ്ടകക്കണ്ണുകൾപോലെ പ്രതിഫലിച്ചു. പക്ഷെ മാടനെ ദർശിച്ചതും സത്യവാക്യം ഉച്ചരിച്ചതും സ്വപ്നസംഭവമെന്നല്ലാതെ ജാഗ്രത്സംഭവമായി രാജാവിനു വിശ്വസിക്കാൻ പ്രയാസമായിത്തോന്നി.

മംഗലപുരിയിൽ വീണ്ടും സമാധാനവും ക്ഷേമവും നേരിട്ടു. വിജയശേഖരന്റെ പക്കൽനിന്നും അനവധി യുദ്ധസാമഗ്രികളും മറ്റും പിടിച്ചടക്കിയതു തട്ടിക്കഴിച്ചാൽ, തടിൽപ്രഭനു വലിയനഷ്ടം യുദ്ധത്തിൽ സംഭവിച്ചിട്ടില്ലെന്നുപറയാം. അതുനഷ്ടംമാത്രമേ ക്രൂതലായി ശത്രുപക്ഷക്കാർക്കാണെങ്കിലും, സഹിക്കേണ്ടതായുണ്ടായിരുന്നുള്ളൂ. അയുധങ്ങൾ ആന, കുതിര മുതലായവയുടെ പകരം ശത്രുക്കളിൽനിന്നും കിട്ടുകയുണ്ടായി യുദ്ധത്തോടുകൂടി കത്തിവ്യബോധമുണ്ടായ തടിൽപ്രഭൻ ജയദ്രഥൻ തുടങ്ങിയ മന്ത്രിമാരേ തത്തൽസ്ഥാനങ്ങളിൽനിന്നു മാത്രമല്ല, സംസ്ഥാനത്തുനിന്നുംനീക്കംചെയ്തു. പകരം രാജഭക്തന്മാരും രാജ്യഭക്തന്മാരും നിഷ്കപടന്മാരും പ്രശസ്തന്മാരുമായ യോഗ്യന്മാരെ തിരഞ്ഞെടുത്തു നിയമിച്ചു. രാജ്യകാര്യങ്ങളിൽ താനതന്നെ മുന്നിട്ടുനിന്നു പ്രവർത്തിച്ചുവന്നു. ചുരുങ്ങിയകാലത്തിനിടയിൽ നാട്ടിൽ പൂർവ്വാധികം ക്ഷേമവും തൃപ്തിയും നടമാടി. ജനങ്ങൾ തടിൽപ്രഭനെ പിതൃനിർവ്വിശേഷം സ്നേഹിക്കയും വിശ്വസിക്കയുംചെയ്തുവന്നു. അങ്ങനെ കൊല്ലം രണ്ടു കഴിഞ്ഞു. തടിൽപ്രഭൻ പ്രജാക്ഷേമത്തെ ത്രിവിധകരണങ്ങളാലും നിർവ്വഹിച്ചു. രാജാവു നിഷ്കളങ്കമായി തങ്ങളുടെ ക്ഷേമത്തെക്കരുതിവന്നതുകണ്ടു്, പ്രജകൾ രാജവംശത്തിന്റെ ക്ഷേമത്തിൽ ജാഗ്രൂകന്മാരായിഭവിച്ചു. രാജാവു് അവിവാഹിതനായിരിക്കുന്നതിൽ തങ്ങൾക്കുള്ള കണ്ടിതത്തെ പ്രദർശിപ്പിച്ചു. മന്ത്രിമാർമുഖാന്തിരം പ്രജാഭിപ്രായമറിഞ്ഞ തടിൽപ്രഭൻ ആ അഭിപ്രായത്തിനനുകൂലമായ മറുപടി നല്കിയില്ല. മാടനെ ദർശിച്ചതും സത്യംചെയ്തതും സപ്നസംഭവമായി അദ്ദേഹം ഇപ്പോഴും ബലമായി കരുതിയിരിക്കയാണെങ്കിലും 'വിവാഹ'മെന്ന കേൾക്കുമ്പോൾ ഭയപ്പെടുന്നുണ്ടായിരുന്നു. തന്നിമിത്തം, ജനങ്ങളുടെയും മന്ത്രിമാർ തുടങ്ങിയുള്ള പാശ്ചവർത്തകളുടെയും നിർബന്ധപൂർവ്വകമായ അപേക്ഷയെ അണുവും അംഗീകരിച്ചില്ല. തനിക്കു് വിവാഹമേ വേണ്ടെന്നു തീർത്തുപറഞ്ഞുകളഞ്ഞു.

പ്രഥമമന്ത്രി നല്ലകാര്യബോധവും തന്റേടവുമുള്ള ഒരുദ്യോഗമായിരുന്നു. നല്ല നയജ്ഞനുമായിരുന്നു വിവാഹത്തെക്കുറിച്ചു ഇനിയാരും രാജാവിനോടലട്ടരുതെന്നു് അദ്ദേഹം താക്കീതുചെയ്തു. വിദഗ്ധന്മാരായ ചില ചിത്രകാരന്മാരെവരുത്തി, ഭാരതഖണ്ഡം ഒട്ടുക്കു സഞ്ചരിച്ചു് അതതുരാജ്യത്തെ രാജകന്യകകളുടെ ചിത്രമെഴുതിക്കൊണ്ടുവരുവാൻ രഹസ്യമായി ശട്ടംകെട്ടിയയച്ചു. അപ്രകാരം സംഭരിക്കപ്പെട്ട ഛായാപടങ്ങൾ തന്റെ ഗൃഹത്തൽ യോഗ്യമായ ഒരു സ്ഥലത്തു ചുവരിന്മേൽതൂക്കി സജ്ജീകരിച്ചു. അനന്തരം അന്നാട്ടിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും പൗരപ്രമാണി

കൾക്കും മറ്റുമായി ഒരു വലിയ വിരുന്നുസല്ക്കാരം നിശ്ചയിച്ചു. ദിവസവും തീച്ചപ്പെടുത്തി. വിരുന്നുസല്ക്കാരദിവസം രാവിലെ അദ്ദേഹം രാജാവിനെ മുഖംകാണിച്ചു വിരുന്നുസല്ക്കാരകാര്യത്തെ തിരുമനസ്സറിയിക്കുകയും സല്ക്കാരത്തിനു സചിവസതിയിലേയ്ക്കു സവിനയം ക്ഷണിക്കുകയും ചെയ്തു. പ്രഗത്ഭനായ മന്ത്രിയുടെ ക്ഷണത്തെ അംഗീകരിക്കാതിരിക്കാൻ രാജാവിനു കഴിഞ്ഞില്ല. വിരുന്നുസൽക്കാരത്തിനു രാജാവു മന്ത്രിഗൃഹത്തിൽ എഴുന്നള്ളി, ഉദ്യോഗസ്ഥപ്രമാണികളും പൗരപ്രധാനികളും മറ്റനവധിയോഗ്യന്മാരും കാലേക്കൂട്ടി സന്നിഹിതരായിരുന്നു. വിരുന്നുസല്ക്കാരം ഭംഗിയായി നിർവഹിക്കപ്പെട്ടു. അനന്തരം രാജാവു തിരിച്ചെഴുന്നള്ളാറായപ്പോൾ, തന്റെ പുത്രികാഗൃഹത്തെ തൃക്കൺപാർത്തനുഗ്രഹിക്കണമെന്നു മന്ത്രി അപേക്ഷിച്ചു. അപേക്ഷാനുസരണം മനോഹരമായ ആ സൌധത്തിന്റെ പ്രധാനഭാഗങ്ങളും മുറികളും തൃക്കൺപാർത്തു സന്തോഷിച്ചുവശനായി, മുൻചൊന്ന ചിത്രങ്ങൾ സജ്ജീകരിക്കപ്പെട്ടിരുന്ന മുറിയിൽകടന്നു. ഭിത്തിയിൽ വരിയൊത്തു തൂക്കിയിരുന്ന ആ ചിത്രങ്ങൾ രാജാവിന്റെ കണ്ണുകളെക്കവർന്നു. ഓരോ ചിത്രവും അധികമധികം രാജാവിനെ ആശ്ചര്യപാരതന്ത്ര്യനാക്കിച്ചെയ്തു. ഓരോന്നും പ്രത്യേകം സൂക്ഷിച്ചുനോക്കിക്കൊണ്ടുവരവേ, ഒരു ചിത്രത്തിന്റെ മുമ്പിൽ, തറയ്ക്കപ്പെട്ടതുപോലെ നിലകൊണ്ടു. ആ പടത്തിലെ ഛായ, രാജാവിനെ അത്രീവവശീകരിച്ചു. "മന്ത്രീ! ഇത്ര സൗന്ദര്യവതിയായ ഒരു സ്ത്രീ ലോകത്തിലുണ്ടെങ്കിൽ, വിവാഹത്തെ വെറുത്തുള്ള എന്റെ നിശ്ചയത്തെക്കുറിച്ചു് പശ്ചാത്തപിക്കേണ്ടിയിരിക്കുന്നു." എന്നു നാസികാഗ്രത്തിൽ തർജ്ജനീപുടം സ്പർശിച്ചുകൊണ്ടു പറഞ്ഞു.

മന്ത്രി:—ഇതു് അതിശയചിത്രമല്ല; വാസ്തവികമാണു്.

രാജാവു്:—എന്തു്? ഇതു വാസ്തവഛായയോ?

മന്ത്രി:—അതേ, ചിത്രത്തിനു വിഷയീഭൂതയായ കന്യകാരത്നം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടു്.

രാജാവു്:—കന്യകയായിരുന്നപ്പോഴത്തെ ഛായയായിരിക്കാമിതു്.

മന്ത്രി:—ഇപ്പോഴും കന്യകതന്നെ. ഇതു് ഈയിടെ വരച്ചതാണു്.

രാജാവു്:—അങ്ങനെയോ! ഈ കന്യക ഇപ്പോൾ എവിടെയുണ്ടു്?

മന്ത്രി:—അധികം ദൂരത്തല്ലാത്ത ഒരയൽനാട്ടിൽ.

രാജാവു്:—വളരെ സന്തോഷം! (ഒന്നുകൂടി മുമ്പോട്ടടുത്തു പടത്തിൽ സൂക്ഷിച്ചുനോക്കിക്കൊണ്ടു്) മന്ത്രി കണ്ടിട്ടുണ്ടോ?

മന്ത്രി:—ഇല്ല; കനകപുരിരാജാവിന്റെ കനിഷ്ഠപുത്രി സാവിത്രിയുടെ ചിത്രമാണിതെന്നു് അടിയനു് അറിയാം.

രാജാവു്:—എന്നാൽ ഈ രാജകുമാരി നമ്മുടെ പട്ടമഹിഷീ പദത്തിൽ സ്വീകരിക്കാൻ നാം ആഗ്രഹിക്കുന്നു.

മന്ത്രി:—അവിടുത്തെ ഉപ്പും ചോറും തിന്നുന്ന പ്രജകൾ അനുഗ്രഹിതന്മാരായി.

രാജാവു് കൊട്ടാരത്തിലേക്കു മടങ്ങി. അടുത്തദിവസംതന്നെ പ്രഥമമന്ത്രി കനകപുരിക്കു തിരിച്ചു. തടിൽപ്രഭന്റെ നിശ്ചയത്തെ കനകപുരിരാജാവായ വജ്രസേനനെയറിയിക്കയും രാജാവു കൃതജ്ഞതയോടെ പുത്രിയെ തടിൽപ്രഭനു നല്കാമെന്നു സമ്മതിക്കയുംചെയ്തു. മന്ത്രി മടങ്ങിവന്നു, അനുകൂലവാർത്ത നാട്ടിൽ പരന്നതോടുകൂടി പ്രജകൾ ആകമാനം കൃതജ്ഞന്മാരും സന്തുഷ്ടന്മാരുമായി ഭവിച്ചു. മന്ത്രി അനുകൂലമായ വർത്തമാനം കൊണ്ടുവന്നതിൽ രാജാവിനു് അളവില്ലാത്ത സന്തോഷം ഉദിച്ചു. മാടന്റെ കായ്യം നിശ്ശേഷം വിസ്മരിക്കതന്നെചെയ്തു. വിവാഹനിശ്ചയം കഴിഞ്ഞു. അടിയന്തിരം വരന്റെ ഗൃഹത്തിൽവച്ചു നടത്താൻ തീർച്ചപ്പെടുത്തി. വധുവിനെ കൊണ്ടുവരാനായി പ്രഥമമന്ത്രിയെയും തദ്ഭൃന്മാരായ മറവാളകളെയും നിശ്ചയിച്ചയച്ചു. വധുവിനെ സ്വജനങ്ങളോടുകൂടി കൂട്ടിക്കൊണ്ടു മടങ്ങിവരവേ രാജ്യാതിർത്തിയിൽവച്ചു് എതിരേൽക്കാനായി ചതുരംഗപ്പടയോടുകൂടി രാജാവു് എഴുന്നള്ളി. വധുവിനെ നേരിൽ കണ്ടപ്പോൾ രാജാവിനുണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. ആ ജഗന്മോഹിനിയുടെ അകൃത്രിമസൗന്ദര്യത്തിൽ സഹസ്രാംശം താൻ കണ്ട പടത്തിൽ അടങ്ങിയിട്ടില്ലെന്നു രാജാവു നിശ്ചയിച്ചു. രാജകുമാരിയുടെ നവയൗവനശോണത്തിൽ ഉരുവു മാറുകൂട്ടിയ സൗന്ദര്യം രാജാവിനെ ആശ്ചര്യപരതന്ത്രനാക്കിച്ചെയ്തു. ആ സൗന്ദര്യം കണ്ടാനന്ദിക്കാൻ ആയിരം കണ്ണു നൽകാഞ്ഞ സൃഷ്ടികർത്താവിനെ മനസാ പഴിച്ചു. രാജാവിനുണ്ടായതിൽ ലേശം കുറവില്ലാത്ത വികാരം, അദ്ദേഹത്തിന്റെ അംഗലാവണ്യത്തെ ദർശിച്ച രാജകുമാരിക്കുമുണ്ടായി എന്നുപ്രത്യേകംപറയേണ്ടതില്ലല്ലോ. വാഥികാംതോറും കലവാഴ, കൊടിക്കുറ മുതലായവകൊണ്ടു അവിച്ഛിന്നമായി അലങ്കരിക്കപ്പെട്ടിരുന്നു. എല്ലാവരും യഥാസമയം കൊട്ടാരത്തിൽ എത്തി.

അടുത്തദിവസം പൊടിപൂരമായ രാജകീയ ചടങ്ങുകളോടുകൂടി തടിൽപ്രഭനും സാവിത്രിയും തമ്മിലുള്ള വിവാഹം നടത്തപ്പെട്ടു. അനന്തരചടങ്ങുകാം രണ്ടാഴ്ചവട്ടത്തേക്കുണ്ടായിരുന്നു. വിവാഹാനന്തരം നാലുമാസംകഴിഞ്ഞു. സാവിത്രി ഗർഭവതിയായി ഭവിച്ചു. ആദ്യമാദ്യം ഈ സംഭവം തടിൽപ്രഭനു് അതിയായ സന്തോഷത്തെ ഉളവാക്കി. കുറെ കഴിഞ്ഞപ്പോൾ അമിതമായ ദുഃഖത്തെ പ്രദാനം ചെയ്തു. ഒരുദിവസം അതിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ തടിൽപ്രഭനു് തുടരെത്തുടരെ നടുക്കം സംഭവിച്ചു. തലയ്ക്കുഴിതിളച്ചു

പതയുന്നതുപോലെ തോന്നി. ഇടിവാൾ അടിവയറ്റിൽ പതിച്ചതു പോലുള്ള ഒരനുഭവം ഉണ്ടായി ബുദ്ധിക്കു തളർച്ചയും ശരീരത്തിനു നിശ്ചലനതവും നേരിട്ടു. പക്ഷേ ബുദ്ധിമാനായ രാജാവു് തന്റെ ദുഃഖാനുഭവത്തെ ലേശം പുറത്തുകാട്ടാതെ ഉള്ളിൽ അടക്കിക്കൊണ്ടു് സാവിത്രിയെപ്പോലും അറിയിക്കയുണ്ടായില്ല. മനസ്സിനു് വിശ്രമവും ശരീരത്തിനു് ഉന്മേഷവും സിദ്ധിക്കുന്നതിനായി രാജാവു് ഉദ്യാനത്തിൽ പ്രവേശിച്ചു് തദുചിതമായ ഒരു സ്ഥലത്തു സ്ഥിതി ചെയ്തു. അവിടെയും പൂർവ്വാനുഭവംതന്നെ സിദ്ധിക്കുകയാണുണ്ടായതു്. പലവിധ ചിന്തകളും മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. അങ്ങനെ അരനാഴികയോളം സ്ഥിതിചെയ്തുവേ, നീലനിറത്തോടുകൂടിയ ഒരു വലിയ സർപ്പം തന്റെ മുമ്പിൽ ആവിർഭവിച്ചതുകണ്ടു സർപ്പത്തെക്കണ്ടമാത്രയിൽ പൂർവ്വസ്മരണകളെല്ലാം ഒന്നോടെ മനസ്സിൽ തിങ്ങിക്കയറി. യുദ്ധക്കളവും മാടനും അന്നത്തെ വിജയവും സാവിത്രിയും അവളുടെ ഗർഭസ്ഥിതിയും മാടനുമായുള്ള കരാറും സകലതും ഏകകാലത്തിൽ അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ കടന്നു മാനസചക്രത്തെ അതിദ്രുതം കറക്കിക്കൊണ്ടിരുന്നു. താൻ കാണുന്നതു സ്വപ്നമാണെന്നു രാജാവു മനസ്സിലാക്കി. അന്നത്തെ സംഭവം സ്വപ്നസംഭവമല്ലെന്നു് അദ്ദേഹം വിശ്വസിച്ചു. സത്യവാചകത്തെയും അതിനു കാരണമായ കരാറിനെയുംകുറിച്ചു ചിന്തിച്ചു ക്ലേശിച്ചു നഷ്ടപ്രജ്ഞനായി നയനങ്ങളെ ഇറുകെയടച്ചു.

ഒരു ഭയങ്കരമായ സ്വപ്നത്തിൽ നിന്നെന്നപോലെ, തടിൽപ്രഭൻ ഞെട്ടിയുണർന്നു. ശരീരത്തിൽ രക്തസഞ്ചാരംനിന്നു. സന്ധിബന്ധങ്ങളും സ്തംഭിച്ചതുപോലെ ഒരനുഭവമാണപ്പോൾ ഉണ്ടായതു്. മുമ്പിൽ നില്ക്കുന്ന സർപ്പത്തെ ഉറുനോക്കിക്കൊണ്ടു തറയ്ക്കപ്പെട്ടതുപോലെ ചലനരഹിതനായി അതേ ഇരുപ്പിൽ ഇരുന്ന മാടൻ. തേങ്ങിത്തിരിയുന്ന ശബ്ദത്തിൽ തടിൽപ്രഭനോടു പറഞ്ഞു:—"ഹേ മനുഷ്യ! അല്ലയോ രാജാവേ! ചില മാസങ്ങൾകൂടി കഴിയുമ്പോൾ നീ പിതൃസ്ഥാനത്തെ പ്രാപിക്കും അന്നു ഞാൻ നിന്റെ മുമ്പിൽ ആവിർഭവിച്ചു്, യുദ്ധഭൂമിയിൽവച്ചുണ്ടായ കരാറിനെ നിറവേറ്റാൻ ആവശ്യപ്പെടുന്നതാണു്"

രാജാവു് അതുകേട്ടു് അത്യന്തം ദുഃഖിതനായി മാടന്റെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു്, "അല്ലയോ കുലദൈവമേ! മാടസ്വാമിൻ! നിസ്സഹായനായ ദാസനിൽ കനിയേണമേ!" എന്നിങ്ങനെ പരിദേവനം ചെയ്തു.

മാടൻ:—എന്തു്? കനിയുകയോ? കൃതഘ്നനായ രാജാവേ, നീ ഇത്ര ബുദ്ധിഹീനനോ? സത്യലംഘനം രാജഭ്രഷണമോ? ഞാൻ കനിയാതിരുന്നുവെങ്കിൽ നിന്റെ ഇന്നത്തെ സ്ഥിതി എന്താ

കമായിരുന്നു? നിന്നെവിട്ടു ഓടാൻഭാവിച്ച രാജശ്രീയെ ഞാനന്നുതടഞ്ഞുനിത്തിയതു കനിവില്ലാഞ്ഞിട്ടാണോ? അന്നു ഞാൻ അപ്രകാരം ചെയ്തില്ലെങ്കിൽ നിന്റെ വംശം നാമാവശേഷമാകുമായിരുന്നില്ലേ? ഇപ്പോൾ ഈ ഉദ്യാനത്തിൽ ഇരിക്കാൻ നിനക്കു സംഗതിയാകുമായിരുന്നോ? ഇതൊന്നും ഓർക്കാതെ, ഞാൻചെയ്ത ഉപകാരത്തെമറന്ന സ്ത്രീകളെപ്പോലെ കനിയണമെന്നുംമറ്റും അപേക്ഷിക്കുന്ന നീ എത്രയും തഴ്ന്നവനും അനുസ്മരിഹിനനുമാണു്. അമേധ്യഭക്ഷകളായ പട്ടികൾക്കുകൂടിയും കൃജ്ഞതയുണ്ടെന്നിരിക്കേ, തിരിച്ചറിവുള്ള ഒരു മനുഷ്യനു് അതില്ലെന്നുവന്നാൽ അവൻ എത്ര നീചനാണു്? അപ്രകാരമുള്ള നീയാണോ ഒരു രാജ്യത്തെ ഭരിക്കുന്ന രാജാവു്? ഉർബ്ബുദ്ധേ! എന്റെ വാക്കിനെ കേൾക്കുക! നാം തമ്മിലുള്ള കരാറിനെ നീ ശരിക്കു നിർവഹിക്കുകതന്നെവേണം. കനിയണമെന്നും മറ്റും പുലമ്പിയാൽ ഞാൻ സമ്മതിക്കയില്ല. അങ്ങനെയുള്ള പ്രാർത്ഥന അത്യുഗ്രനായ ഒരു സർപ്പം ഉൽക്കടകോപത്തോടെ കൊത്തിക്കൊല്ലാൻ അടുക്കുമ്പോൾ "അയ്യോ കൊല്ലരുതേ! ഞാൻ സാധുവാണേ കനിവുണ്ടാകണേ" എന്നിങ്ങനെ പ്രലപിക്കുന്നതിനു തുല്യമാണെന്നോക്കുക. അഗാധമായ സമുദ്രമദ്ധ്യത്തിൽ പ്രകടമായ തിരയടിയേറു കൂടിച്ചു മരിക്കാൻ തുടങ്ങുമ്പോൾ "അല്ലയോ സമുദ്രമേ! എന്റെ ജീവനെ രക്ഷിക്കാൻ കനിവുണ്ടാകണേ" എന്നു പ്രാർത്ഥിച്ചാൽ സമുദ്രം രക്ഷിക്കുമോ? മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവൻ, "അയ്യോ! സാധുവായ എന്നെ കൊല്ലരുതേ!" എന്നപേക്ഷിച്ചാൽ ന്യായാധിപൻ കൈക്കൊള്ളുമോ? ഭയനീയനായ മനുഷ്യ! നാം തമ്മിലുണ്ടായ കരാറിനെസ്സംബന്ധിച്ചിടത്തോളം നീ എന്റെ ഭയയെ പ്രതീക്ഷിക്കുന്നതുകൊണ്ടു യാതൊരുഫലവും ഉണ്ടാകാനില്ല. നീ നിന്റെ സത്യത്തെ പാലിക്കുകതന്നെ വേണം. നിന്റെ ഭാര്യ പ്രസവിക്കുന്നമാത്രയിൽ ഞാൻ നിന്റെ സമീപത്തുവരും. ശിശുവിനെയാതൊരു തക്കവും പറയാതെ എന്നെ ഏല്പിച്ചേക്കണം."

അയ്യോ ദൈവമേ! ഞാൻ കേൾക്കുന്ന വാക്കുകൾ യഥാർത്ഥമായ വാക്കുകൾതന്നെയാണോ? അതോ സ്വപ്നത്തിൽ കേൾക്കുകയോ? എന്നിൽതന്നെയും എനിക്കു വിശ്വാസമുണ്ടാകുന്നില്ലേ. ആപൽബന്ധോ! ദീനരക്ഷക! ഒരു വലുതായ മായ എന്നെ ചൂഴ്ന്നിരിക്കുന്നു. ഒരു മിത്ഥ്യാപ്രതീതി എന്നേ ബാധിച്ചിരിക്കുന്നു? ദൈവമേ എന്നെ രക്ഷിക്കണേ! എന്നിങ്ങനെ രാജാവു് ഹൃദയംനൊന്തു പ്രാർത്ഥിച്ചു. അന്നു രാജ്യനഷ്ടം സംഭവിക്കാൻ തുടങ്ങിയ

ഘട്ടത്തിൽ ആ യുദ്ധക്കളത്തിൽവച്ചും ഇത്ര തീവ്രമായ ഹൃദയവേദന തടിൽപ്രഭൻ അനുഭവിക്കുകയുണ്ടായില്ല. മാടൻ വീണ്ടുംപറഞ്ഞു:—"മൂഢനായ രാജാവേ! നീ നിന്റെ അനുഭവത്തെ സ്വപ്നസംഭവമെന്നു വിശ്വസിക്കുന്നുവോ. അന്നു യുദ്ധഭൂമിയിൽവച്ചു നീ എന്നെ ദർശിച്ചതും നീ സത്യംചെയ്തതും ജാഗ്രത്സംഭവമല്ലെന്നു സംശയിക്കുന്നുവോ? എന്നാൽ ആ സംശയത്തെ ഞാൻ പരിഹരിക്കട്ടെയോ?

മാടന്റെ ചോദ്യങ്ങൾ ചുട്ടുപഴുപ്പിച്ച വിഷലിപ്തമായ അമ്പുകൾ പോലെ തടിൽപ്രഭന്റെ ഹൃദയമർമ്മങ്ങളെ തുളച്ചു. അതോടുകൂടി അദ്ദേഹം നിലത്തുപതിച്ചു. അല്ല, നിലത്തുവീണു പിടച്ചു. മാടൻ തന്റെ ഇരുമ്പൊത്തകൈകൊണ്ടു രാജകരത്തെ മുറുകെപ്പിടിച്ചു. അമ്പോ! ആ പിടിത്തം വിടുവിക്കാൻ ഏതൊരു മനുഷ്യനുശക്തിയുണ്ടാകും! പിടിമുറുകി ഉസ്സഹമായ വേദന അനുഭവിച്ചപ്പോൾ രാജാവു വല്ലാതെ ഒന്നു ശബ്ദിച്ചുപോയി. അതിന്റെ പ്രതിധ്വനിയെന്നോണം അവ്യക്തസ്വരത്തിൽ ഉച്ചത്തിൽ ചിരിച്ചുകൊണ്ടു മാടൻ മറഞ്ഞു. രാജാവു നഷ്ടപ്രജ്ഞനായി നിശ്ചേഷ്ടനായി ഭവിച്ചു.

തടിൽപ്രഭൻ സുബോധമുണ്ടായി കണ്ണുതുറന്നു ചുറ്റും നോക്കി. മാടനെക്കാണുന്നില്ല, തന്റെ ശിരസ്സിനെ മടിയിൽ താങ്ങിക്കൊണ്ടു സാവിത്രി സമീപത്തിരിക്കുന്നുണ്ടായിരുന്നു. മാടനെ ദർശിച്ചതും മാടൻ പറഞ്ഞവാക്കുകളും രാജാവു അനുസ്മരിച്ചു. ഹൃദയം ആലിലപോലെ വിറപൂണ്ടു. തന്റെ അനുഭവങ്ങളും സ്വപ്നസംഭവങ്ങളാണെന്നു വിശ്വസിച്ചു സങ്കടത്താൽ ക്ലാന്തമായ സാവിത്രീവദനത്തെ കാമോദ്ദീപനകരമാംവണ്ണം കടാക്ഷിച്ചു. അവളുടെ നീലോല്പലനയനങ്ങളിൽനിന്നും രണ്ടുതുള്ളി ബാഷ്പം രാജാവിന്റെ ഫാലദേശത്തിൽ പതിച്ചു. അനുരാഗതാപങ്ങളെ സൂചിപ്പിക്കുന്ന സാവിത്രീവദനദർശനം രാജാവിന്റെ സന്താപസിന്ധുക്കുലത്തെ ഭേദിച്ചു നയനപ്രവാഹപ്രവഹിച്ചുതുടങ്ങി.

രാജാവു ഒരുപ്രകാരത്തിൽ ധൈര്യത്തെ അവലംബിച്ചു സന്താപത്തെ അടക്കിക്കൊണ്ടു എഴുന്നേറ്റിരുന്നു. സാവിത്രിയെ നോക്കിമന്ദഹാസംതൂകി. അവിച്ഛിന്നമായ മേഘങ്ങൾക്കിടയിൽ പൂർണ്ണചന്ദ്രൻ പ്രകാശിക്കുന്നവണ്ണം അവളുടെ സുസ്മേരവദനം പ്രസന്നമായിഭവിച്ചു. സ്വഭർത്താവിന്റെ കരണ്ഡത്തെ പറിച്ചുപിടിച്ചുകൊണ്ടു, നടന്ന സംഭവങ്ങൾ വിവരിച്ചു പറയണമെന്നു സ്നേഹമസൃണമായ വാക്കുകളാൽ ആവശ്യപ്പെട്ടു. സാവിത്രിയുടെ അത്യന്തസ്നേഹഭാവവും കൗശലവും വാങ്മാധുര്യവും രാജാവിന്റെ ഹൃദയത്തിൽ അമൃതസേചനംചെയ്തതിൻമൂലം അദ്ദേഹം പൂർവ്വാധികം

ധൈര്യം ചിത്തത്തിനും ഉത്സാഹദൃഢതയ്ക്കുമായി ഭവിച്ചു സ്വഭാവത്തിയിൽ സ്വാഭാവികമായിട്ടുണ്ടായിരുന്ന പ്രേമം ശതഗുണിതമായി. തദനു ഭവതിയോടുക്രുദ്ധി, "ഇതെന്തൊരു കഥ! ഇത്രയോളം മഹാഭാഗ്യവാനായ എനിക്കു എന്തൊരു ദുർദ്ദിഷ്ടമാണു സംഭവിക്കാനിരിക്കുന്നതു"? ഛെയ"! മാടനുമില്ല, ഭ്രതവുമില്ല; എല്ലാം വെറും തോന്നൽ മാത്രം" എന്നു തന്നെത്താൻ പറഞ്ഞു. എന്തായാലും സകല വൃത്താന്തവും, തന്റെ ആപത്തിലും സമ്പത്തിലും സമഭാഗത്തിനു" അവകാശിനിയായ തന്റെ പട്ടമഹിഷിയെ അറിയിച്ചു" അവളുടെ അഭിപ്രായംകൂടി അറിയണമെന്നു" അദ്ദേഹം നിശ്ചയിച്ചു.

തടിൽപ്ര.—പ്രിയേ! എന്റെ അനുഭവങ്ങളും ഞാൻ ഭവതിയെ അറിയിക്കാം. ശ്രദ്ധിച്ചുകേൾക്കുക! എന്നിട്ടു ഭവതിയുടെ അഭിപ്രായത്തെ വെളിപ്പെടുത്തുക! മൂന്നുകൊല്ലത്തിനുമുമ്പു പാഞ്ചാലരാജാവായ വിജയശേഖരൻ നമ്മുടെനാട്ടിനെ ആക്രമിച്ചു. ശത്രുനിരോധത്തിനായി ഞാനൊരു സൈന്യവിഭാഗത്തെ നിയോഗിച്ചയച്ചു. എന്നാൽ ബലവാനായ ശത്രുവിനോടെതിരിട്ടുനില്ക്കാൻ ശക്തിയില്ലായ്കയാൽ നമ്മുടെ സൈന്യം തോറ്റു പിൻവാങ്ങുകയാണുണ്ടായതു". ആ വിവരം അറിഞ്ഞു ഞാൻതന്നെ ഒരു സൈന്യവുമായിച്ചെന്നു വിജയശേഖരനോടുനേരിട്ടു. സൂര്യോദയംമുതൽ അസ്തമയംവരെ അതിഘോരമായ സമരംനടന്നു. അസ്തമയത്തോടുകൂടി എന്റെസൈന്യങ്ങൾ നാനാവഴിക്കും പിന്തിരിഞ്ഞു" ഓടിക്കളഞ്ഞു. ഈ അപമാനത്തെസഹിച്ചുംകൊണ്ടു പിൻവാങ്ങുന്നതിനെക്കാൾ ശത്രുഖഡ്ഗത്തിനിരയായി വീരസ്വർഗ്ഗംപ്രാപിക്കയാണു ശ്ലാഘ്യമെന്നുറച്ചു ഞാൻ ശത്രുവിന്റെ മുമ്പിൽ വീണുകൊടുത്തു. പകൽമുഴുവൻ ശത്രുവിനോടു നേരിട്ടതിനാലുള്ള ക്ഷീണവും സൈന്യങ്ങൾ പിന്തിരിഞ്ഞതുകൊണ്ടുള്ള അപമാനത്തെ ഓർത്തുണ്ടായ ഖേദവുംനിമിത്തം യുദ്ധഭൂമിയിൽപതിച്ച ഞാൻ ക്ഷണേന നഷ്ടപ്രജ്ഞനായിഭവിച്ചു. ആ അവസരത്തിൽ സ്വപ്നതുല്യമായ ഒരനുഭവമെനിക്കുണ്ടായി. നമ്മുടെ കുലദേവതയായ മാടൻ എന്റെ മുമ്പിൽ പ്രത്യക്ഷനായി: ശത്രുവിനെ അരക്ഷണത്തിൽ തോല്പിച്ചു പമ്പകടത്താമെന്നും നിർഭയമായ ഒരു നിബന്ധനയ്ക്കു വഴിപ്പെടണമെന്നുമാവശ്യപ്പെട്ടു. നിബന്ധന കേട്ടപ്പോഴെന്റെ ശരീരം നടുങ്ങിപ്പരവശമായിഭവിച്ചു ആ നിബന്ധന ഭവതിയെ ധരിപ്പിക്കാൻ എനിക്കു ധൈര്യംപോരാ.

സാവി:—പോരാ, പോരാ; സകല സംഗതിയും മറയ്ക്കാതെ പറയണം. എല്ലാമറിയാതെ എന്റെ അഭിപ്രായത്തെ വെളി

പ്പെടുത്താൻ സാധിക്കുന്നതാണോ? വിശേഷിച്ചും പ്രധാനമായി എനിക്ക് അറിയേണ്ടതും അതുതന്നെയാണല്ലോ?

തടിൽപ്ര:—ശരി, പറയാം; എന്നെ ജയശ്രീലാളിതനാക്കാമെന്നും; അതിനു പ്രതിഫലമായി എനിക്കുണ്ടാകുന്ന ആദ്യസന്താനത്തെ തന്നേയ്ക്കണമെന്നും മാടൻ ആവശ്യപ്പെട്ടു.

"അയ്യോ! എത്രഭയങ്കരമായ നിബന്ധന! അങ്ങു വാസ്തവത്തിൽ സ്വപ്നംകാണുകതന്നെയായിരുന്നുവോ?" എന്നു ചോദിച്ചുകൊണ്ട് സാവിത്രി രാജാവിനെ ഭയവിഹ്വലതയോടെ പരിരംഭണം ചെയ്തു.

തടിൽപ്ര:—സ്വപ്നമെന്നോ? അതേ, സ്വപ്നംതന്നെ. വെറുംസ്വപ്നമല്ലാതെ പിന്നെന്താണു്? എന്നാൽ മാടൻ ആവശ്യപ്പെട്ടതായി സ്വപ്നത്തിൽതോന്നിയ നിബന്ധനയെ, ഗത്യന്തരമില്ലാതെ ഞാൻ സമ്മതിച്ചുപോയി. അതും സ്വപ്നംതന്നെ. സമ്മതവാക്കുച്ചരിച്ചതിനുശേഷം, ഞാൻ സ്വപ്നത്തിൽനിന്നുമുണർന്നു. ഇന്നപ്രകാരത്തിലെന്നു വിവരിക്കാൻ സാദ്ധ്യമല്ലാത്തൊരു ധൈര്യവും ശക്തിയും അപ്പോൾ എന്നെ ബാധിക്കയുംചെയ്തു. തോറേറാടിയസൈന്യങ്ങളെ രണ്ടാമതും വിളിച്ചുകൂട്ടി വീണ്ടും ശത്രുവിനെ എതിർത്തു. രണ്ടുനാഴികക്കുള്ളിൽ ജയകാഹളംമുഴക്കാൻ എനിക്കു സാധിക്കുകയുംചെയ്തു. എന്നാൽ അന്നുമുതൽ ആ സ്വപ്നം എന്റെ മനസ്സിനെ അടിക്കടി അലട്ടിക്കൊണ്ടിരിക്കുന്നു ഒരുപക്ഷേ, മാടനെക്കണ്ടതും നിബന്ധനയെ സമ്മതിച്ചതുംമറ്റും സ്വപ്നപ്രതീതിയല്ലെന്നവരുമോ എന്നും ചിലപ്പോഴൊക്കെ സംശയിക്കുന്നുമുണ്ട്.

സാവി:—ഛെയ്! അങ്ങനെവരികയോ? ഒരിക്കലുമതു സംഭവ്യമല്ല; വെറും സ്വപ്നത്തോന്നൽമാത്രമാണു്. ഇത്ര നിഷ്ഠുരമായ നിബന്ധനയ്ക്കു ദൈവം ഇടയാക്കുകയില്ല. സ്വപ്നത്തിൽനിന്നും ഉണർന്ന ഉടനെ അങ്ങേയ്ക്ക് എന്തെന്നില്ലാത്ത ഒരു ധൈര്യവും വാശിയും ഉണ്ടായതാണു്. അതുകൊണ്ടു ശത്രുവിനെ ജയിക്കാനും ഇടയായി. അത്യാപത്തിൽ, അതേ ജീവനഷ്ടം, വാശിവിദ്വേഷം, രാജ്യവിനാശം തുടങ്ങിയുള്ള അത്യാഹിതത്തിൽ, നിസ്തുലമായ ഒരുശക്തി ദൈവായത്തമായി അങ്ങേയ്ക്കുണ്ടായതാണു്. അങ്ങനെ ഒരനുഭവമാക്കും ഉണ്ടാകാവുന്നതുമാണു്. അല്ലാതെ മാടനുമായുള്ള സഖ്യത്തിൽനിന്നും അങ്ങേയ്ക്കു ശക്തിയും വിജയവും സിദ്ധിച്ചു എന്നു സംശയിക്കാൻപാടില്ല.

ഈ വാക്കുകൾ സാവിത്രിയുടെ വ്യഥയത്തിൽതട്ടിപ്പുറപ്പെട്ടതാണെന്നു പറഞ്ഞുകൂടാ. ആ രാജ്ഞി ആ വാക്കുകൾ ഉച്ചരിക്കു

മ്പോൾ ഹൃദയം മറ്റുപല ചിന്തകളാൽ എരിപൊരിക്കൊള്ളുന്നുണ്ടായിരുന്നു. ഇന്നപ്രകാരത്തിലായിരിക്കണമെന്ന ആശ വാഗ്രൂപേണ വെളിപ്പെട്ടതാണു്. ഭാവിയിൽ നേരിടാനിരിക്കുന്ന ഒരാപത്തിൽ പൂർണ്ണബോധമുള്ള ഒരു ഹൃദയം, അനുഭവം മറിച്ചായിരിക്കണമെന്നാശിക്കുകയും അങ്ങനെവരാനേ ഇടയുള്ളുവെന്നു സമാധാനിക്കുകയും ചെയ്യുന്നതു ലോകസ്വഭാവമാണല്ലോ.

തടിൽപ്രു:—അതേ, ഭവതിയുടെ അഭിപ്രായംശരിയാണു്. എല്ലാം സ്വപ്നത്തിലുണ്ടായ തോന്നൽതന്നെ. ഇനി ഇന്നത്തെസംഭവംക്രുടി ഭവതിയെ അറിയിക്കാം. അതിലേക്കായിട്ടാണതിനോടു ബന്ധമുള്ള പൂർവ്വവൃത്താന്തത്തെ വെളിപ്പെടുത്തിയതു്. ഭവതി ഗർഭവതിയായവിവരം അറിഞ്ഞമാത്രയിലെനിക്കുണ്ടായ സന്തോഷം സീമാവിഹീനമാണെന്നിരിക്കിലും ഈ സ്വപ്നശങ്കാജന്യമായ ഒരു കുണ്ഠിതം ഞാനറിയാതെതന്നെ എന്റെ ഹൃദയത്തിൽ സ്ഥലംപിടിക്കുകയുംചെയ്തു. അന്നുമുതൽ അതു് അവിടെയിരുന്നു് അലട്ടിത്തുടങ്ങി. അതിന്റെ ഫലമായി ഭവതിയെ കാണുന്നതുപോലും എനിക്കു പ്രാണസങ്കടമായിത്തീർന്നു. പ്രതിദിനം വളർന്നുവന്ന എന്റെ മനഃക്ലേശം ഇന്നു ദുർവ്വഹമായിത്തീരുകയാൽ ഈ ഉദ്യാനത്തിൽ വന്നു വിശ്രമിച്ചുകൊണ്ടിരുന്നു. പെട്ടെന്നു അന്നത്തെ ആ അനുഭവംതന്നെ ഇവിടെയുണ്ടായി. മാടൻ എന്റെ മുമ്പിൽ ആവിർഭവിച്ചു, എന്റെയടുക്കൽ ചേർന്നുനിന്നു. ഞങ്ങൾ തമ്മിലുള്ള കാര്യാറിനെ മാടൻ എന്നെ അനുസ്മരിപ്പിച്ചു. എന്നിൽ കനിവുണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിച്ചു. മാടൻ അതുകേട്ടു, വളരെയൊക്കെ അധിക്ഷേപിച്ചു സംസാരിച്ചതല്ലാതെ എന്നിൽ അനുകമ്പകാട്ടിയില്ല.

സാവിത്രി:—അങ്ങനെ വരട്ടെ! ആ സ്വപ്നം കണ്ടതോടുക്രുടി അങ്ങേയ്ക്കു ബോധക്ഷയം നേരിട്ടിരിക്കാം.

ഈ അവസരത്തിലും സാവിത്രി പൂർവ്വാധികം ഭയാക്രാന്തയായി ഭവിച്ചു.

തടിൽപ്രുൻ:—അതേ; എനിക്കു ബോധക്ഷയം സംഭവിച്ചു. എന്നാൽ അഹോ!—ഈ അനുഭവങ്ങളൊക്കെ സ്വപ്നസംഭവങ്ങളാണെന്നുകരുതിയതിനെക്കുറിച്ചു മാടൻ എന്നെ പരിഹസിച്ചു. ശിവ! ശിവ! ഞാനെന്തുപറയട്ടെ! മാടൻ ചിരട്ടകടഞ്ഞിട്ടുന്ന ശബ്ദത്തിൽ ചിരിച്ചുഹങ്കരിച്ചുകൊണ്ടു്, എന്റെ കൈക്കു കടന്നുപിടിച്ചു. മുട്ടുപഴുപ്പിച്ച ഇരുമ്പുകൈകൊണ്ടു പിടിച്ചതുപോലെ എനിക്കുതോന്നി. ഞാൻ വല്ലാതെ ഒന്നു ശബ്ദിക്കുകയുംചെയ്തു, അല്ല! ഇതെന്താശ്ചര്യം. മാടൻ

പിടിച്ചുസ്ഥലത്തു കൈപതിഞ്ഞ അടയാളം കാണുന്നുണ്ടല്ലോ. എന്റെ അനുഭവങ്ങൾ മിഥ്യയല്ലെന്നും സത്യമാണെന്നും ബോധിക്കേണ്ടിയിരിക്കുന്നുവല്ലോ!

രാജാവു ഇടയ്ക്കിടയ്ക്കു നടങ്ങുന്നുമുണ്ടായിരുന്നു. സാവിത്രിയെ അറിയിക്കാതെ അടക്കാൻ എത്രതന്നെ ശ്രമിച്ചിട്ടും സാധിച്ചില്ല. ആ അടയാളത്തെ സാവിത്രിയെ കാണിച്ചുകൊണ്ടു രാജാവു നഷ്ടപ്രജ്ഞനായി നിലത്തുമറിഞ്ഞു. അടയാളംകണ്ടു സാവിത്രിയും ബോധക്ഷയത്തോടെ നിലംപതിച്ചു. ഇരുമ്പുപഴുപ്പിച്ചുചൂടുവച്ചതുപോലെയുള്ള ഒരടയാളം തടിൽപ്രഭന്റെ കരത്തണ്ടിൽ കാണുന്നുണ്ടായിരുന്നു. രാജാവിന്റെ അനുഭവം സ്വപ്നസംഭവമല്ലെന്നു ബോധിക്കാനായി മാടൻ ഇങ്ങനെ അടയാളപ്പെടുത്തിയതായിരിക്കണം. ക്ഷണനേരത്തിനകം രാജാവിനും രാജ്ഞിക്കും പ്രജ്ഞയുണ്ടായി. അവർ പരസ്പരം ഗാഢാലിംഗനംചെയ്തുവിലപിച്ചു. അവരുടെ അപ്പോഴത്തെ മനഃക്ലേശത്തെ ഉള്ളതുപോലെ വിവരിച്ചുപറയാൻ ശക്തിപോര. രണ്ടുപേരും വിലപിച്ചുവിയർത്തുവശരായി. അടിക്കടി ദീർഘശ്വാസം പുറപ്പെട്ടുവിക്കുന്നുമുണ്ടായിരുന്നു. അങ്ങനെ ഒട്ടുസമയം കഴിഞ്ഞു. രണ്ടുപേരും നിലത്തുനോക്കി മൗനത്തെ അവലംബിച്ചിരുന്നു. ശാന്തം! പാപം! അല്ലാതെ എന്താണു് അവർക്കു പരിഹാരമാർഗ്ഗം? എന്താണു അവർക്കു പറവാനുള്ളതു്?

തടിൽപ്രഭനും സാവിത്രിയും വളരെനേരം ആ നിലയിലിരുന്നു. അസ്തമയംകഴിഞ്ഞു അന്ധകാരം പരന്നതോടുകൂടി രണ്ടുപേരും എഴുന്നേറ്റു പരസ്പരം കൈകോർത്തുപിടിച്ചുകൊണ്ടു കൊട്ടാരത്തിൽ കടന്നു സ്വകാര്യമുറിയിൽ പ്രവേശിച്ചതിനുശേഷം, കുലഗുരുവായ സത്യാനന്ദയോഗീശ്വരനെ വരുത്തി സകല വിവരങ്ങളും അദ്ദേഹത്തെ ധരിപ്പിച്ചു. വൃത്താന്തം മുഴുവനും സശ്രദ്ധംഗ്രഹിച്ച യോഗീശ്വരൻ ആ രാജദമ്പതികളിൽ തനിക്കുള്ള അനുകമ്പയും അനുതാപവും മുഖഭാവത്താൽ വെളിപ്പെടുത്തി.

തടിൽ:—(സാശ്രുമുണ്ണുനായി) സ്വാമിൻ! കുലഗുരോ! ഞങ്ങളുടെ ഈ ദുരദൃഷ്ടത്തിനു അവിടുന്നു പരിഹാരമാർഗ്ഗം ഉപദേശിക്കണം. ഞങ്ങളുടെ എളിയബുദ്ധിയിൽ യാതൊന്നും എത്തുപെടുന്നില്ല. ത്രികാലജ്ഞനും ജ്ഞാനസിന്ധുവുമായ അവിടുന്നല്ലാതെ മറ്റൊരാശ്രയം ഞങ്ങൾക്കില്ല. രാജകുലത്തിൽ ജനിച്ചും കുലഹീനർക്കു ക്രൂടിയും നേരിടുന്നതല്ലാത്ത മഹാദുഃഖം അനുഭവിക്കേണ്ടിവന്ന ഞങ്ങൾ ദുർഭഗരിലും ദുർഭഗരാണെന്നുള്ളതിൽ സംശയമില്ല.

യോഗീ:—വത്സ, യാതൊന്നിനാലും ഖേദിക്കേണ്ട. ഏവരേയും കാത്തുരക്ഷിക്കുന്ന ഭഗവാൻ അനുഗ്രഹിക്കും. അദ്ദേഹത്തെ

വിശ്വസിക്കുക! ഏതൊരാപത്തും നമ്മെ ബാധിക്കുന്നതല്ല. പ്രേമസ്വരൂപനായ ദൈവത്തെ വിശ്വസിച്ചാൽ, ഭക്തിപൂർവ്വം ഭജിച്ചാൽ എന്തൊരാപത്താണു നമുക്കുണ്ടാകാനുള്ളതു്? നമ്മെ ഈ ആപത്തിൽനിന്നും രക്ഷിക്കാൻ ഇപ്പോൾതന്നെ നമുക്കു പ്രാർത്ഥിക്കാം.

മൂന്നുപേരും അരനാഴികയോളം നിശ്ശബ്ദരായി, ഭഗവദ്ധ്യാനനിരതന്മാരായി പ്രാർത്ഥനനടത്തി.

യോഗി:—നമ്മുടെ പ്രാർത്ഥന ഫലിക്കാതിരുന്നില്ല. പ്രാർത്ഥനാനന്തരം, എന്റെ ഹൃദയത്തിൽ ചില ഉപദേശമാർഗ്ഗങ്ങൾ തെളിഞ്ഞുകാണുന്നുണ്ടു്. അതു വത്സനു ഉപദേശിക്കാം. ആ ഉപദേശത്തെ അനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ഈ ആപത്തിൽനിന്നും നിങ്ങൾക്കു മോചനം ലഭിക്കുമെന്നും എനിക്കു ഭ്രമോദയം ഉണ്ടായിരിക്കുന്നു.

രാജാവും രാജ്ഞിയും അതുകേട്ടു അത്യന്തം സന്തുഷ്ടരായി ഗുരുപാദങ്ങളിൽ നമസ്കരിച്ചു് എഴുന്നേറ്റുനിന്നു, സ്വാമിൻ! അവിടുത്തെ ഏതൊരാജ്ഞയും ശിരസാവഹിപ്പാൻ ഈ എളിയ ദമ്പതികൾ സന്നദ്ധരാണു്. കല്പിക്കാത്ത താമസമേയുള്ളൂ" എന്നു വിനയപൂർവ്വം അറിയിച്ചു.

യോഗി:—വത്സ! എന്റെ ഉപദേശമൊഴികളെ ശ്രദ്ധിച്ചുകേൾക്കുക! നിങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും പ്രതിബന്ധമായിത്തീർന്നേക്കാവുന്ന ആ മാടന്റെ സംഭവമെനിക്കും ക്ലേശകാരണമായിത്തീർന്നിരിക്കുന്നു. വത്സ, ആദ്യശിശുവിനെ മാടനു സംഭാവനചെയ്യാമെന്നു സത്യംചെയ്തിരിക്കുന്നു. ശിശു ജനിക്കുന്ന നിമിഷത്തിൽ മാടനാവിർഭവിച്ചു സത്യത്തെപ്പാലിക്കണമെന്നാവശ്യപ്പെടും. ശിശുവിനെ കൊടുക്കാതിരിക്കാൻ കഴിവില്ലെന്നുവരും. കരാറാകട്ടെ, നിങ്ങളുടെ ദാമ്പത്യഘടനയ്ക്കും മുമ്പുണ്ടായിട്ടുള്ളതാണു്. മാത്രമല്ല, അല്പായുകാശിയായ പിതാവുമാത്രമേ ശിശുവിനെ നല്കാമെന്നു സമ്മതിച്ചിട്ടുമുള്ളൂ. അതുകൊണ്ടു ശിശു ഗർഭസ്ഥിതമായിരിക്കുന്ന ഈ ഘട്ടത്തിൽ അല്പായുകാശിനിയായ മാതാവുക്രുടിച്ചേന്നു്, ശിശുവിനെ ദൈവത്തിനു നല്കാമെന്നു പ്രാർത്ഥനാപൂർവ്വം സമ്മതിക്കുവിൻ. ആപത്തൊക്കെ ഈ നിമിഷത്തിൽ പമ്പകടക്കും. മാടന്റെ പൊടിപോലും അടുക്കുകയില്ല. പ്രഥമസന്താനം ആൺകുട്ടിയാണെങ്കിൽ സന്യസിച്ചു്, ഈശ്വരനെസേവിച്ചു് മോക്ഷത്തെ പ്രാപിക്കട്ടെ! സ്ത്രീയാണെങ്കിൽ ഭൗതികജീവിതത്തെവെടിഞ്ഞു ക്ഷേത്രത്തെ ശരണം പ്രാപിച്ചു് അവിടുത്തെ ദാസജോലികൾ നിർവ്വഹിച്ചു നിർവ്വാണം

സിദ്ധിക്കട്ടെ. ഇതത്രേ എന്റെ വ്യഥയത്തിൽ തോന്നിച്ച ആപന്നിവാരണമാർഗ്ഗം.

രാജാവു്:—സ്വാമിൻ! അവിടുത്തെ അനുഗ്രഹപൂർവ്വകമായ ഉപദേശത്തെ ഭക്തിപൂർവ്വം നിർവ്വഹിക്കാൻ ഞാൻ സന്നദ്ധനാണു്. എന്നാൽ എന്റെ കിരീടാവകാശിയായ പുത്രനെ സന്യസിപ്പിച്ചാൽ പ്രജകൾ ക്ഷോഭിക്കുകയില്ലേ എന്നു സംശയിക്കുന്നു. അതിനു പരിഹാരംകൂടി അരുളിച്ചെയ്യണം.

യോഗീശ്വരൻ:—ഈ സംഗതിയിൽ പ്രജകളുടെ അഭിപ്രായത്തെ ചെവിക്കൊള്ളാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, പ്രജാഭിപ്രായത്തെ അനുസരിച്ചു പുത്രനെ കിരീടാവകാശിയാക്കുന്നതു മാടനു നല്ലുകയായിരിക്കും.

സാവിത്രി:—(രാജാവിനോടു്) അവിടുന്നു് ഇക്കാര്യത്തിൽ വൈമനസ്യം കാട്ടരുതെന്നാണു് എന്റെ എളിയ ബുദ്ധിയിലും തോന്നുന്നതു്. ഗുരുപദേശമത്രേ നമുക്കു ശരണീകരണീയം.

രാജാവു്:—ശരി; അങ്ങനെ സമ്മതിച്ചിരിക്കുന്നു. എന്നാൽ പ്രജകൾ ക്ഷോഭിച്ചു് അതുമൂലം സിംഹാസനത്തിനുപോലും ഹാനിനേരിട്ടേയ്ക്കുമോ എന്നു ഞാൻ ഭയപ്പെടുകയുംചെയ്യുന്നു.

സാവിത്രി:—സിംഹാസനനഷ്ടം സംഭവിച്ചാലും വേണ്ടില്ല നമ്മുടെ കുഞ്ഞിനെ മാടനുനല്കി നിത്യനരകത്തെ അനുഭവിപ്പിക്കുവാൻ പാടില്ല.

തടിൽപ്രഭൻ അതിനു സമാധാനമൊന്നും പറഞ്ഞില്ല. മൂന്നുപേരും വീണ്ടും ഈശ്വരപ്രാർത്ഥനനടത്തി. തങ്ങളുടെ ആദ്യശിശുവിനെ ഈശ്വരസേവാമാർഗ്ഗത്തിൽ ചരിപ്പിക്കാമെന്നു രാജാവും രാജ്ഞിയും ഏകമനസ്സോടെ നേർന്നു അതേ സന്ദർഭത്തിൽ, പ്രചണ്ഡമാരുതസന്നിഭമായ ഒരു ഭയങ്കരാരവം ആ മുറിക്കുള്ളിൽ സംഭവിച്ചു. മാടൻ ചിരിച്ചുകൊണ്ടാർത്തിച്ചതാണെന്നു തടിൽപ്രഭൻ വിശ്വസിച്ചു. മൂന്നുപേരും അവർ അറിയാതെ നടുങ്ങിപ്പോയി.

മാസങ്ങൾ പലതുകഴിഞ്ഞു. രാജ്ഞിയുടെ ഗർഭം പൂർണ്ണതയെ പ്രാപിച്ചു. പ്രസവദിവസത്തെ, ഒരു മഹോത്സവമുടിനംപോലെ കൊണ്ടാടുന്നതിനു കാലേക്കൂട്ടി വേണ്ട ഒരുക്കങ്ങൾചെയ്തു. പ്രജാസഞ്ചയം ആ അപൂർവ്വദിവസം അത്യുല്കണ്ഠയോടെ പ്രതീക്ഷിക്കുന്നു. പ്രസവിക്കുന്നമാത്രയിൽ ആ സന്തോഷവർത്തമാനത്തെ നാട്ടിൽ പരത്തുന്നതിനായി രാജകീയഭൃത്തന്മാർ ചരിതാർത്ഥന്മാരായി കാത്തിരിക്കുന്നു. സത്യാനന്ദയോഗീശ്വരനുമായുണ്ടായ കൂടിക്കാഴ്ചയുടെ ശേഷം രാജ്ഞി സന്തോഷത്തോടും മനസ്സമാധാനത്തോടുംകൂടി കഴിഞ്ഞുകൂടുകയാണു്. എന്നാൽ രാജാവിന്റെ വ്യഥയത്തിൽ ഒരു വലുതായ സംശയവും ഭീതിയും വളർന്നുകൊണ്ടിരുന്നു. എന്നിരു

ന്നാലും, സകലയാളുകളും സന്തുഷ്ടമാനസന്മാരായി വത്തിക്കുമ്പോൾ താൻമാത്രം വിപരീതസ്ഥിതിയിൽ കഴിഞ്ഞുകൂട്ടുവാൻ പാടില്ലെന്നു കണ്ടു്, പുറമേ സന്തോഷഭാവം നടിക്കുന്നുമുണ്ടു്.

പ്രസവസമയം ആസന്നമായി. മന്ത്രിപുംഗവന്മാരും പൌരപ്രമാണികളുംമറ്റും കൊട്ടാരത്തിൽ തിക്കിക്കൂടി. ജനങ്ങളും ആവ്വാഭമത്തന്മാരായിഭവിച്ചു. മദ്ധ്യാഹ്നമുഹൂർത്തത്തിൽ രാജ്ഞി തിരുവയറൊഴിഞ്ഞു. ശിശു ഒന്നല്ല രണ്ടു്; രണ്ടും സ്ത്രീപ്രജ. രാജാവിനു പൂർവ്വാധികം മനഃക്ലേശം ഉണ്ടായിട്ടു. മന്ത്രിമാരും മറ്റും പുത്രലാഭത്തിൽ അവരവർക്കുള്ള സന്തോഷത്തെ പ്രദർശിപ്പിക്കുവോ രാജാവു തോഷഭാവം പ്രകടിപ്പിക്കാൻ നിർബന്ധനായിഭവിച്ചു. രാജാവിന്റെ ഹൃദയസ്ഥിതി മനസ്സിലാക്കാനാർക്കുംകഴിഞ്ഞില്ല. എന്നാൽ ശിശുക്കൾ പുരുഷപ്രജകളല്ലാത്തതുകൊണ്ടുള്ള വല്ലായ്മ രാജാവിനുണ്ടെന്നും ചിലർ സംശയിക്കാതിരുന്നുമില്ല. രാജാവു് യോഗീശ്വരസന്നിധിയെ പ്രാപിച്ചു്, അവിടുത്തെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു്, 'സ്വാമിൻ കൃപാനിധേ! ഇനിയെന്താണു കർത്തവ്യം? എന്തെല്ലാമാണു സംഭവിക്കാനിരിക്കുന്നതു്. മാടനുമായുള്ള കരാറിന്റെ പരിണാമം എന്താവാം?' എന്നിങ്ങനെ പരിദേവനംചെയ്തു.

യോഗീശ്വരൻ:—വത്സ! ഇരട്ടശിശു പ്രസവിക്കപ്പെടുമെന്നു നാം സംശയിച്ചില്ല. ആ ഒാമ്മ നമുക്കുണ്ടായില്ല. വത്സന്റെ ചോദ്യത്തിനു എന്തുസമാധാനം പറയണമെന്നും എന്താണു പ്രവർത്തിക്കേണ്ടതെന്നും എനിക്കു തോന്നുന്നില്ല. ഈശ്വരപ്രാർത്ഥനതന്നെ ശരണീകരണീയം ഈശ്വരൻ അനുഗ്രഹിക്കും. വേറെ പോംവഴിയില്ല.

"അങ്ങനെവന്നാൽ ഇജ്ജനം എന്തുചെയ്യാനാണു" എന്നു സഗൽഗദം ചോദിച്ചുകൊണ്ടു രാജാവു കുട്ടികളെപ്പോലെ കരഞ്ഞുതുടങ്ങി. രാജാവിന്റെ ദുഃഖംകണ്ടു തപ്തഹൃദയനായ യോഗീശ്വരൻ സമാധിയിൽ ലയിച്ചു. ഭാവിയെ ദർശിക്കാനായി രാജാവിനെ പിരിഞ്ഞു. യോഗീശ്വരൻ പിരിഞ്ഞമാത്രയിൽ ശക്തിയുക്തമായ ഒരു ഇടിമുക്കു തന്റെ ചുമലിൽ സ്പർശിച്ചതായി രാജാവിനു തോന്നി. യുദ്ധക്കളത്തിലും ഉദ്യാനമദ്ധ്യത്തിലുംവച്ചു തന്നെ സ്പർശിച്ച ആ മാടന്റെ കൈയാണു തന്റെ ചുമലിൽ ന്യസിക്കപ്പെട്ടതെന്നു അനുഭവമുണ്ടായ രാജാവിന്റെ ഹൃദയം അഗ്നിയിൽപ്പെട്ട ശലഭതുല്യം തുടിച്ചു. മാടൻ തന്റെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു് മുമ്പിൽ നിൽക്കുന്നതു രാജാവു കണ്ടു.

മാടൻ:—അയോഗ്യനായ രാജാവേ! ആപത്തുകാലത്തു നീ എന്റെ സഹായത്തെ അപേക്ഷിച്ചു. കാര്യം നേടിക്കഴിഞ്ഞപ്പോൾ നീ മാനസാന്തരപ്പെടുകയും സത്യത്തെ വിഗണിക്കുകയും

ചെയ്യ. സത്യാനന്ദന്റെ വാക്കുകളിൽ നീ വിശ്വസിച്ചിരിക്കുന്നു. അവൻ ആളുകളെച്ചുറ്റിക്കുന്ന കപടഭക്തനാണു്. ഞാൻ അവനെ കഠിനമായി ശിക്ഷിക്കാൻ നിശ്ചയിച്ചിരിക്കുന്നു. നീ അവന്റെ ദുർബോധനംകേട്ടു നിന്റെ ആദ്യസന്താനത്തെ ദൈവസന്നിധിയിൽ സമർപ്പിക്കാമെന്നു നേരുകയും എന്നെ വഞ്ചിക്കാൻ നിശ്ചയിക്കുകയും ചെയ്തു. അതിന്റെഫലം നീ കണ്ടില്ലേ? നിന്റെ നേർച്ചപ്രകാരം ഒരു ശിശുവിനെ ദൈവത്തിനു സമർപ്പിച്ചാൽ നമ്മുടെ കരാറിനെപ്പാലിക്കാൻ മറെറാന്നു് ആവശ്യമാണല്ലോ. അതിലേക്കു് ഇരട്ടശ്ശിശു പ്രസവിക്കപ്പെട്ടു. എന്നാൽ എനിക്കായിട്ടുള്ള ശിശുവിനെ ഉടനടി കൊണ്ടുപോകണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതേ, അതിനെ ഞാൻ ഇപ്പോൾ സ്വീകരിക്കാൻ വിചാരിക്കുന്നില്ല. എന്റെ ലക്ഷ്യം മറെറാന്നാണു്.

രാജാവു്:—സ്വാമിൻ! എന്നാൽ ഞാൻ അനുഗൃഹീതനായി. അവിടുത്തെ വാക്കുകളിൽ എനിക്കു് ആശയും വിശ്വാസവും ജനിച്ചിരിക്കുന്നു.

എന്നുപറഞ്ഞു് മാടന്റെ മുഖത്തുനോക്കി.

മാടൻ:—വിശ്വാസമോ? മനുഷ്യ! അല്പജീവികളായ നരന്മാർ തങ്ങളുടെ ആയുഷ്കാലത്തിൽ അടിക്കടി വിശ്വാസത്തിന്റെ പേരുപറയുന്നു. ആ വിശ്വാസം എത്രപ്രാവശ്യം അവരെ വഞ്ചിതന്മാരാക്കുന്നുഎന്നു് അറിയുന്നുണ്ടോ? അതിരിക്കട്ടെ, നിന്റെ സന്താനദ്വയത്തെ നീ വളർത്തുക! രണ്ടുകുട്ടികളും നിന്റെ അടുക്കൽത്തന്നെ വളർന്നുവരട്ടെ! കുട്ടികളിൽ ഒന്നു ദൈവത്തിന്റേതും മറെറാന്നു എന്റേതുമാണെന്നു് ഓർമ്മയുണ്ടായിരിക്കണം. ദൈവത്തിന്റെ കുട്ടി ഏതെന്നും എന്റേതേതെന്നും കൂറേക്കൂടിക്കഴിയുമ്പോൾ ചില ലക്ഷണങ്ങളെക്കൊണ്ടു് നിനക്കു ഗ്രഹിക്കാൻ കഴിയുന്നതാണു്. കുട്ടികൾ വളർന്നുവരുമ്പോൾ അത്യന്തം സൌന്ദര്യവതികളായിരിക്കും. ലോകത്തിലുള്ള ഏതൊരു സുന്ദരിയും അവർക്കു കിടനിൽക്കുന്നതല്ല. ദൈവത്തിനു സമർപ്പിക്കപ്പെട്ട ശിശു ദിവ്യമായ സൌന്ദര്യവും തങ്കവർണ്ണവുമുള്ളവളായിരിക്കും. എന്റേതാകട്ടെ, മറവുള്ളേക്കാൾ സൌന്ദര്യവും എന്നപ്പോലെ നീലനിറവുമുള്ളവളായി കാണപ്പെടും. അവൾക്കു നീ, പ്രേതയക്ഷി എന്നു നാമകരണം ചെയ്യണം. ഇപ്രകാരം സമ്മതിക്കുന്നുണ്ടെങ്കിൽ അവൾ അവളുടെ മാതാവിന്റെ ലാളനയിൽ വളർന്നുവരട്ടെ. അങ്ങനെ ചെയ്യാത്തപക്ഷം, നിന്റെ

കൺമുമ്പിൽവച്ചു സാവിത്രിയുടെ കൈയിൽനിന്നും ഞാൻ ശിശുവിനെ കൊണ്ടുപോകുമെന്നും ഓർമ്മയിരിക്കട്ടെ!

രാജാവു്:—സ്വാമിൻ! അരുതരുതു്! അവിടുന്നു് അരുളിച്ചെയ്യുന്നതു പോലെ പ്രവർത്തിക്കാം. സാവിത്രിയുടെ കൈയിൽനിന്നും ശിശുവിനെ അപഹരിക്കണ്ട. പ്രേതയക്ഷി എന്നുതന്നെ ഞാൻ അവർകൾ നാമകരണം ചെയ്തുകൊള്ളാം.

മാടൻ സാവിത്രിയുടെ കൈയിൽനിന്നും ശിശുവിനെ തട്ടിപ്പറിച്ചാൽ സാവിത്രിക്കു ഉത്സാഹമായ ഭീതിയും താപവും നേരിടുകയും തന്മൂലം ഒരുപക്ഷേ മരിച്ചുപോകയും ചെയ്യുമെന്നു ഭയപ്പെട്ടാണു് രാജാവു് മാടന്റെ വാക്കുകൾക്കു് അനുകൂലിച്ചതു്.

മാടൻ:—ശരി! നിന്റെ ഇപ്പോഴത്തെ സംസാരം ബുദ്ധിപൂർവകമായിരിക്കുന്നു. അതിൽ ഞാനു വളരെ സന്തോഷമുണ്ടു്. ഒരു കാലത്തു് പ്രേതയക്ഷി എന്റെ ഉപദേശാനുസരണം പ്രവർത്തിച്ചു് അതുവഴി മേലും പല ആളുകളെയും എനിക്കു ലഭിക്കാനിടയായേക്കാം. അപ്രകാരം എന്റെ ഉപദേശത്തെ അവർ കൈക്കൊണ്ടു പ്രവർത്തിക്കുകയാണെങ്കിൽ അവർക്കു മോചനവും സിദ്ധിക്കും.

ഈ വാക്കുകൾകേട്ടു് ആശ്ചര്യത്തോടും പരിഭ്രമത്തോടുംകൂടി രാജാവു മാടന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. മാടന്റെ മുഖം മനോജ്ഞവും എന്നാൽ ഭയങ്കരവുമായിരുന്നു. ഒടുവിൽ പറഞ്ഞ വാക്കുകളിൽ അന്തർവിചിട്ടുള്ള അർത്ഥം വ്യക്തമായി ഗ്രഹിക്കണമെന്നു രാജാവിനു ആഗ്രഹമുണ്ടായി. അതു മുഖഭാവത്താൽ മനസ്സിലാക്കിയ മാടൻ അല്പമൊന്നു സന്തോഷിച്ചു.

മാടൻ:—മനുഷ്യാ! ഉറക്കേകൊൾക! സാമർത്ഥ്യമുണ്ടെങ്കിൽ, ഞാൻ പറഞ്ഞ വാക്കുകളുടെ ആശയം മനസ്സിലാക്കിക്കൊൾക! എന്റെ പ്രേതയക്ഷിയെ ഏറ്റവും സൗന്ദര്യവതിയാക്കിചെയ്യേണ്ട കടമ എനിക്കുണ്ടു്. അവർ നീലനിറത്തോടുകൂടിയവളാണെങ്കിലും ഉൽകൃഷ്ടവും ദിവ്യവുമായ സൗന്ദര്യം അവർക്കുണ്ടായിരിക്കും. അവളെപ്പോലെ സൗന്ദര്യമുള്ള സ്ത്രീകൾ ഭൂലോകത്തിലില്ലെന്നു സകലരും ഐകകണ്ഠ്യേന അഭിപ്രായപ്പെടും. ഏതൊരു പുരുഷനും അവളെ കാണുന്ന മാത്രയിൽ അനുരാഗപരവശനായി അവളുടെ കാല്ക്കൽവീഴും. "അല്ലയോ സുന്ദരി! ഭവതി കടക്കണ്ണുകൊണ്ടു എന്നെ ഒന്നു അനുഗ്രഹിക്കണേ! ഭവതിക്കുവേണ്ടി മരിക്കാനും ഞാൻ തയ്യാറാണു്. ഭവതിയുടെ ഏതൊരാജ്ഞയും, അതു് എത്രതന്നെ അപലക്ഷ്യമായിരുന്നാലും, ഞാൻ ശിരസാവഹിച്ചു ശരിക്കു നിറവേറ്റാൻ സന്നദ്ധനാണു്. ഭവതിക്കു് എന്നിൽ കനിവു

ണ്ടാകണെ! എന്റെ ഭാര്യാത്വം സ്വീകരിക്കണേ!" എന്നിങ്ങനെ താണുവീണപേക്ഷിക്കാൻ സകല പുരുഷന്മാരും 'ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ' എന്നു മത്സരിക്കുന്നതാണു്. ആ അവസരത്തിൽ പ്രേതയക്ഷി, 'ഒരു വലിയ മായാവലയിൽ ഞാൻ അകപ്പെട്ടിരിക്കുന്നു. അതായതു, ഞാൻ മാടന്റെ സംരക്ഷണത്തിൽ വർത്തിക്കുന്നു. ആ മാടനെ യുദ്ധത്തിൽ പരാജിതനാക്കി എന്നെ മോചിപ്പിക്കാൻ ആർക്കുകഴിവുണ്ടോ, ആ ആളിനെ ഞാൻ ഭർത്താവായി സ്വീകരിക്കാം' എന്നു അവരോടു പറയും. അതു കേൾക്കുമ്പോൾ ചോരത്തിളപ്പും അനുരാഗച്ചൊരുക്കുമുള്ള ചെറുപ്പക്കാർ; മറെറാന്നും ആലോചിക്കാതെ എന്നോടു പൊരുതാൻ ചാടിപ്പുറപ്പെടും. അവരെല്ലാം എന്നാൽ പരാജിതരായി എനിക്കു അടിമകളായിഭവിക്കും. അങ്ങിനെ എന്റെ നാട്ടിലേക്കു അനേകായിരം ആളുകളെ അടിമകളാക്കി സംഭരിക്കാൻ പ്രേതയക്ഷിയുടെ സൗന്ദര്യോല്ക്കൃഷ്ടം എനിക്കായുധമായിരിക്കും. 'നാരീരൂപവിലാസമായ' വലയിൽ അകപ്പെടുന്ന സാധുക്കളല്ലേ പുരുഷന്മാർ. സ്ത്രീജാതിയുടെ, വിശേഷിച്ചും സുന്ദരികളുടെ കടാക്ഷവീക്ഷണത്തിനു, പുരുഷന്മാരെ ഏതൊരു സാഹസപ്രവൃത്തിയിലേക്കും പ്രേരിപ്പിക്കാനുള്ള ശക്തിയുണ്ടെന്നു നിനക്കുതന്നെ അനുഭവമുണ്ടല്ലോ. പ്രേതയക്ഷിയുടെ കണ്ണുകൾക്കു് ആ ശക്തി അന്യാദൃശമായി ഉണ്ടായിരിക്കണം.

രാജാവു്:— അയ്യോ! ഇതു എത്ര ഭയങ്കരമായ ലക്ഷ്യം! സ്വാമിൻ! അശരണനായ ഈ ദാസനിൽ കരുണയുണ്ടാകണേ! അങ്ങയുടെ ലക്ഷ്യത്തെ വേറേവിധത്തിൽ നിവർത്തിക്കണേ! എന്റെ അരുമക്കുഞ്ഞിനെ അങ്ങയുടെ ലക്ഷ്യത്തിനു ആയുധമാക്കിച്ചെയ്യരുതേ! എന്റെ പ്രിയപുത്രിയെ അവിടുന്നു രക്ഷിക്കണേ!

മാടൻ:— മാനുഷാ! നീ ഇത്ര മൂഢനോ? പ്രേതയക്ഷി നിന്റെ മകളോ? എന്റെ മുമ്പിൽ അങ്ങനെ പറയേണ്ടാ അവൾ എന്റെ മകളാണു്. അവൾ പ്രേതയക്ഷി. അവൾക്കും നിനക്കും സംബന്ധമില്ല.

രാജാവു്:— (താപജന്യമായ കോപസ്വരത്തിൽ) ഈ ബന്ധനത്തിൽനിന്നും അവൾക്കു മോചനമുണ്ടാവുകയില്ലേ? മോചനത്തിനു മാർഗ്ഗവുമില്ലേ? അവൾ എന്നും ഒരു മാടന്റെ അടിമത്വത്തിൽതന്നെ ജീവിക്കണമോ? അവളുടെ പരിശുദ്ധമായ യൗവനം ഒരു മാടന്റെ ഗർഹണീയമായ ലക്ഷ്യത്തിലേക്കു ബലികഴിക്കുകതന്നെ വേണമോ? മനുഷ്യരായ ഞങ്ങളെ ഒരു മാടൻ എന്തിനുപദ്രവിക്കണം?

മാടൻ:— നിന്റെ ചോദ്യത്തിനു ഞാൻ സമാധാനം പറയുന്നില്ല. എന്നാൽ എന്റെ ശക്തി, നീ മനസ്സിലാക്കിയതുപോലെ എന്റെ അശക്തിയും നീ ഗ്രഹിക്കേണ്ടതാണു്. അതേ എനിക്കു ശാപത്താലുണ്ടായ അശക്തിയെ നിന്നെ ധരിപ്പിക്കാം. നിനക്കും എനിക്കും നാഥനും സർവ്വലോകനിയന്താവുമായ ഭഗവാൻ ഓരോ തിന്മയ്ക്കും ഓരോശിക്ഷയും ഏർപ്പെടുത്തിയിട്ടുണ്ടു്. കണ്ണുമൂന്നുള്ളവനും കാളക്കൂടം കുടിച്ചവനും കാലന്റെ കാലനും കാമാരിയുമായ ഭഗവാൻ മഹേശ്വരൻ, ഓരോ കുറ്റത്തിനും ഓരോശിക്ഷകല്പിച്ചിട്ടുണ്ടു്. എന്റെ ഗർവ്വത്തിനു ഒരു ശിക്ഷാവിധിക്കയും അതു് എന്റെ വാക്കുകളാൽത്തന്നെവെളിപ്പെടുത്തണമെന്നു ഭഗവാൻകല്പിക്കയും ചെയ്തിട്ടുണ്ടു്. ആ കല്പനയെ ലംഘിക്കാൻ എനിക്കു ശക്തിയില്ല. പ്രേതയക്ഷി എന്റെ മകളാണെന്നിരിക്കിലും; അവളുടെ വാസ്തവചിതാവായ നീ തന്നെ കരാറിനെമുൻനിർത്തി എനിക്കു വിധേയയാക്കിച്ചെയ്തിരിക്കിലും, അവളെ വീണ്ടെടുക്കുന്നതിനും നിനക്കു് നമ്മുടെ കരാറിൽനിന്നു് ഒഴിയുന്നതിനും വഴിയുണ്ടു്.

രാജാവു്:—(അത്യാശയോടുകൂടി) സ്വാമിൻ! എന്തുവഴിയാണുള്ളതെന്നരുളിച്ചെയ്യണേ! ഈ ദാസനെ അനുഗ്രഹിക്കണേ!

തനിക്കും മകൾക്കും മോചനമാർഗ്ഗമുണ്ടെന്നു മാടന്റെ മുഖത്തുനിന്നുംതന്നെ വെളിപ്പെട്ടപ്പോൾ, രാജാവിനു് വിശ്വാസവും സന്തോഷവുമുണ്ടായി. അതേസമയത്തുതന്നെ ഒരു ധൈര്യവും തജ്ജന്യമായ ധാർഷ്ട്യവും അദ്ദേഹത്തെ ബാധിച്ചു. ഈശ്വരകല്പനയെ ലംഘിക്കാൻ ഏതൊരു ദേവതയ്ക്കും ശക്തിയില്ലെന്നുമാത്രവുമല്ല മാടൻതന്നെ അതു സമ്മതിക്കുന്നുമുണ്ടു്. ആ സ്ഥിതിക്കു തനിക്കു രക്ഷാമാർഗ്ഗമുണ്ടെന്നു വിശ്വസിക്കുന്നതിലബദ്ധമില്ലെന്നു രാജാവിനു ബോദ്ധ്യംവന്നു. അല്പമൊരു നിന്ദാഭാവത്തിൽ അദ്ദേഹം മാടന്റെ മുഖത്തേയ്ക്കുറുനോക്കി മാടനാകട്ടെ, രാജാവിന്റെ ധാർഷ്ട്യംകണ്ടിട്ടു് അടക്കാൻപാടില്ലാത്ത കോപമുണ്ടായി. മാടന്റെ നീലനീലമായ മുഖം കരിക്കട്ടപോലെ കറുത്തു രോമങ്ങൾ മുള്ളൻകോലുകൾപോലെ ചിനത്തു് കണ്ണുകളിൽനിന്നും കോപാഗ്നിപറന്നു ഭയങ്കരമായി ഒന്നു നിശ്വസിച്ചു. പാപത്തിനു അന്ത്യമല്ലാതെ കഴിവെന്തു്? ഈശ്വരാജ്ഞയെ ശരിക്കു നിർവ്വഹിക്കണ്ടേ? ഗത്യന്തരമില്ലായ്കയാൽ തന്റെ ഉള്ളുടമയായ കോപത്തെ മാടൻ ഒരു പ്രകാരത്തിലടക്കി.

മാടൻ:— മാനുഷ! മായാബദ്ധന്മാരായ മനുഷ്യർ, മാടനെന്നു കേൾക്കുമ്പോൾ ഞെട്ടിവിറയ്ക്കുന്നു. അവരുടെ ബുദ്ധിഹീന

തയിൽ എനിക്ക് അനുകമ്പയുണ്ട്. എന്റെ താണനിലയും അശക്തിയും അവർ അറിഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് എന്നെ ഭയപ്പെടുന്നത്. പരമാർത്ഥം പറയുകയാണെങ്കിൽ അവർ അന്ധാളിക്കുന്നതുപോലെ യാതൊരു ശക്തിയുമെനിക്കില്ല. സർവ്വശക്തനായ ദൈവത്തിന്റെ കല്പനയെ അനുസരിക്കേണ്ടവരിൽ ഒരുവൻതന്നെ ഞാനും. പ്രത്യേകിച്ചൊരു സ്വാതന്ത്ര്യമോ ശക്തിയോ എനിക്കില്ല. ഒരു മനുഷ്യനെ രക്ഷിക്കാനും ശിക്ഷിക്കാനും ഞാൻ ശക്തനല്ല. ഒരു വാതിലിനാളുകളെ അകത്തേയ്ക്കു വിടാനും പുറത്തേയ്ക്കു തള്ളാനും അധികാരമോ ശക്തിയോ ഉണ്ടോ? എന്നതുപോലെ ഞാൻ കേവലം അശക്തനും അധികാരവിഹീനനുമത്രേ. എന്റെ പ്രതാപങ്ങളെല്ലാം കേൾവിയിൽമാത്രം. ഭീരുക്കൾ മാത്രമേ എന്നെ ഭയപ്പെടുകയുള്ളൂ. ധൈര്യപൂർവ്വം ഒരു മനുഷ്യൻ എന്നെ എതിർത്താൽ ഞാനോടി മലകയറേണ്ടവനാണ്. വിശേഷിച്ചും ഭഗവാന്റെ ഭക്തന്മാരെക്കണ്ടാൽ ഞാൻ ഓടിളെക്കതന്നെവേണം. അവരുടെ മുമ്പിലെനിക്കു സ്ഥാനമില്ല. അവർ എന്നെ ഭയപ്പെടേണ്ട ആവശ്യമില്ല, ഭയപ്പെടുകയുമില്ല. പരമാർത്ഥത്തിൽ ഞാൻ അവരെ ഭയപ്പെടേണ്ടവനാണ്; ഭയപ്പെടുകയുംചെയ്യും. അറിവുള്ളവരും പഠിപ്പുള്ളവരുമാത്മജ്ഞാനികളും ഭഗവദ്ഭക്തന്മാരും എന്നെ ഭയപ്പെടുകയില്ല. ഭയപ്പെടുന്നവരുമല്ല. ഈ പരമാർത്ഥത്തെ നിന്റെമുമ്പിൽ വെളിപ്പെടുത്താൻ ഞാൻ നിർബന്ധിതനാണു്. ഇപ്പോൾ എന്റെ ബലഹീനാവസ്ഥ എന്നിൽ നിന്നും തന്നെ നീ ഗ്രഹിച്ചുവല്ലോ. എന്നാൽ ചില പ്രത്യേക വിഷയങ്ങളിൽ ഭഗവാൻ എന്നെ കനിഞ്ഞിട്ടുണ്ട്. അതൊന്നും നിനക്കറിഞ്ഞുകൂടാ, ഞാൻ അറിയിക്കുകയുമില്ല. ഇതുകൊണ്ടു ദൈവത്തിന്റെ നീതിന്യായപാലനം നീ മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. ഞാൻ ഇനി പറയാൻ പോകുന്ന സംഗതികളെ നീ കുറെക്കൂടി ശ്രദ്ധിച്ചുകേൾക്കണം. ഇപ്പോൾ മുതൽ നാം തമ്മിൽ ബദ്ധവൈരികളാണെന്നു നീ വിശ്വസിച്ചുകൊൾക! നിനക്കെന്നു മാത്രമല്ല നിന്നെ സംബന്ധിച്ചുവക്കും ദ്രോഹം ചെയ്യണമെന്നുള്ളതാണെന്റെ നോട്ടം. പ്രേതയക്ഷിയെ എന്നിൽനിന്നും മോചിപ്പിക്കുന്നതെങ്ങനെ എന്നു നീ ചോദിക്കുന്നു. അതിലേക്കിനിയും വർഷം പലതു കഴിയണം. അവൾ പരിപക്വമായ യൗവനദശയെ പ്രാപിക്കണം. അന്നു വൈദികമതാനുസാരിയായ ഒരു യുവവീരൻ, നിഷ്കാമമായി, എന്നുവച്ചാലവളെ വിവാഹം ചെയ്യു

ണമെന്നുള്ള അഗ്രഹലേശമില്ലാതെ സഹോദരബുദ്ധിയോടുകൂടി അവളുടെ അടിമത്തത്തിലനുകമ്പതോന്നി എന്നോടു യുദ്ധം ചെയ്യുകയാണെങ്കിൽ ഞാൻ പരാജിതനാകും. പ്രേതയക്ഷിക്കു മോചനവും സിദ്ധിക്കും. എന്നാലവളുടെ ഇരുപതാമത്തെ വയസ്സു തികയുന്നതിനു മുമ്പായിരിക്കണമങ്ങനെ സംഭവിക്കേണ്ടതു്. അതിനിടയായില്ലെങ്കിൽ പിന്നീടവൾക്കു് അജീവനാന്തം മോചനമുണ്ടാകുന്നതുമല്ല. എന്നെന്നുമവൾ എന്റെ അടിമതന്നെ ആയിരിക്കും. അവളുടെ കണ്ണിൽപ്പെടുന്ന പുരുഷന്മാരെയെല്ലാം കടാക്ഷിച്ചുവശീകരിച്ചു് എന്റെ അടിമകളാക്കാൻ അവൾ നിർബദ്ധയായിഭവിക്കും.

ഇനിയും പല സംഗതികൾകൂടി മാടൻ പറഞ്ഞിട്ടുണ്ടു്. അവ ഓരോന്നായി വെളിപ്പെടുത്തേണ്ടയാവശ്യമില്ല. വിശേഷിച്ചും, ഉദ്വേഗജനകമായ ഈ കഥ ഇപ്പോൾതന്നെ ഒട്ടേറെ ദീർഘിച്ചുമിരിക്കുന്നു. മാടന്റെ അന്ത്യാനാനന്തരം എന്റെ പിതാവു് വീണ്ടും വിചാരസാഗരത്തിൽമുഴുകി. പലേ ചിന്തകളുമദ്ദേഹത്തിന്റെ സ്മൃതിപഥങ്ങളെ ആരോഹണംചെയ്തു. വാസ്തവത്തിൽ താൻ മാടനെക്കാണുകയും മാടന്റെ വാക്കുകളെ കേൾക്കുകയും ചെയ്തതാണോ എന്നദ്ദേഹം ആലോചിച്ചു താൻ കണ്ടതു മാടനെത്തന്നെ എന്നും താൻകേട്ടതു മാടന്റെ വാക്കുകൾതന്നെ എന്നും ഒടുവിൽ നിസ്സംശയം തീരുമാനിച്ചു. കാരണം മാടൻ ഉച്ചരിച്ചവാക്കുകൾ ഈ അവസരത്തിലും അദ്ദേഹത്തിന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. തന്റെ വലത്തേകൈയിലുള്ള അടയാളത്തെ സൂക്ഷിച്ചുനോക്കി. അതോടുകൂടി ആ തീരുമാനത്തെ ബലപ്പെടുത്തുകയും ചെയ്തു.

ദുഃഖപാരവശ്യത്തോടും ഉദ്വേഗത്തോടുംകൂടി രാജാവു തനിക്കും തന്റെ ധർമ്മപത്നിക്കും അരുമക്കുഞ്ഞിനും നേരിട്ടിരിക്കുന്ന ആപത്തിനെ തന്റെ കുലഗുരുവായ സത്യാനന്ദയോഗീശ്വരതിരുവടികളെ അറിയിക്കാനായി അദ്ദേഹത്തിന്റെ മുറിയിലേക്കുചെന്നു. അല്പം ചാരിയിരുന്നകതകിനെത്തുറന്നു തൊഴുകൈയോടുകൂടി അകത്തുകടന്നു. അതാ, അദ്ദേഹം ഞെട്ടിപ്പിറകോട്ടുമാറുന്നു! അഹോ! എത്ര ഭയങ്കരമായകാഴ്ച! രാജാവു് അതാ ചുവരോടുചായുന്നു. അദ്ദേഹത്തിന്റെ ഹൃദയസ്പന്ദനം വെളിയിൽകേൾക്കുന്നു! എന്താണു ചെയ്യേണ്ടതെന്നറിയാതെ പരിഭ്രമിക്കുന്നു! പരിചാരകന്മാരെവിളിക്കാൻ നാവനക്കുന്നു! ഇല്ല, വിളിക്കാൻപാടില്ലെന്നു വിചാരിച്ചടങ്ങുന്നു! ഇതു മാടന്റെ ലീലയാണെന്നുബോധിച്ചു നടുങ്ങുന്നു! മഹാനായ യോഗീശ്വരകുലഗുരുവിനെ നിഗ്രഹിച്ചതു തന്റെ ബദ്ധശത്രുവായ കുലദേവതയാണെന്നു വിശ്വസിച്ചു വിറയ്ക്കുന്നു.

പലപല ചിന്തകൾ രാജാവിന്റെ സ്മൃതിപഥങ്ങളെക്കവർന്നു. അദ്ധ്രാന്തനായ അദ്ദേഹത്തിന്റെ മസ്തിഷ്കം തിളച്ചുപതഞ്ഞു. "പ്രേതത്തെ മറവുചെയ്യുന്നതിനായി പരിചാരകന്മാരെ വിളിച്ചു ശട്ടംകെട്ടുകയോ? ഈ ഉമ്മരണത്തിനും പ്രേതത്തിന്റെ സമീപത്തു തനിയേ നില്ക്കുന്ന എനിക്കും തമ്മിൽ സംബന്ധമുണ്ടെന്നു് അവർ തെറ്റിദ്ധരിക്കാൻ എളുപ്പമില്ലേ? എന്നാൽ; പ്രേതത്തെ രഹസ്യമായി മറവുചെയ്യുംവച്ചു സംഭവം വെളിപ്പെട്ടത്താഞ്ഞാലെന്താണു്? അതേ, അതാണു ബുദ്ധിപൂർവ്വകമായതീരുമാനം. ഘാതകത്വം എന്നിൽ ചുമത്താതിരിക്കുന്നതിനായി പ്രേതത്തെ രഹസ്യമായി മറവുചെയ്കയാണുവേണ്ടതു്. അല്ലെങ്കിൽ കുറക്കാരൻ ഞാനാണെന്നു പലരും സംശയിച്ചേക്കാം അടുത്തു രണ്ടുമൂന്നുദിവസങ്ങളിൽ രഹസ്യമായി സ്വാമികളുടെ മുറിയിൽ അടിക്കടിചെന്നു സംസാരിച്ചതുംമറ്റും പലരും അറിഞ്ഞിരിക്കെ, വിചാരഹീനന്മാരായ ജനങ്ങൾ ഈ ഘാതകത്വം എന്നിൽ ആരോപിക്കാനെളുപ്പമുണ്ടു്. മാത്രമല്ല, സ്വാമികളുടെ ഉമ്മരണത്തെക്കുറിച്ചു സാവിത്രിയെ അറിയിക്കാൻപാടില്ല. അറിഞ്ഞാൽ അവൾക്കു വലുതായ ഭീതി നേരിടും. യോഗീശ്വരന്റെ അഭാവത്തിനു മറുവല്ലകാരണവും പറഞ്ഞു സാധിക്കാം" എന്നു രാജാവു തീർച്ചപ്പെടുത്തി. അതിഖിന്നനും ഭീരുവും വിഷേഷിച്ചും സത്യസന്ധനുമായ രാജാവു് ഇപ്രകാരം രഹസ്യത്തെ മറച്ചുവയ്ക്കുന്നതിനും പ്രേതത്തെ തനിയെ മറവുചെയ്യുന്നതിനും ധൈര്യപ്പെട്ടതിൽ എനിക്കുതന്നെ അശ്ചര്യമുണ്ടു്. അദ്ദേഹം ഭയതാപജന്യങ്ങളായ തന്റെ വികാരങ്ങളെ നിശ്ശേഷം അടക്കി അതീവസന്തുഷ്ടനെന്നമട്ടിൽ സംഭവസ്ഥലത്തുനിന്നും തന്റെ ധർമ്മപത്നിയുടെ സമീപത്തുചെന്നു. യോഗീശ്വരപ്രേതംകിടന്നമുറി നിഷ്കൃഷ്ടയോടു അടച്ചുപൂട്ടിക്കൊണ്ടാണു് പോയതു്. ജായാന്തികത്തിൽ എത്തിയ രാജാവു തന്റെ ഇഷ്ടപത്നിയുടെ വാടിക്കരിഞ്ഞ മുഖപദ്മത്തെ സൂക്ഷിച്ചുനോക്കിയപ്പോൾ രാജ്ഞിയുടെ വ്യഥയചിന്തകൾ അവിടെ തെളിഞ്ഞുകണ്ടു. ചില വാക്കുകൾ രഹസ്യമായി രാജ്ഞിയുടെചെവിയിൽമന്ത്രിച്ചു. ആ വാക്കുകൾ എന്റെ മാതാവായ സാവിത്രീദേവിയെ പ്രസന്നവദനയാക്കിച്ചെയ്തു.

അന്നേദിവസം അർദ്ധരാത്രിയിൽ, ബ്രഹ്മാണ്ഡകടാഹം അന്ധകാരരാക്ഷസിയുടെ വദനഗഹ്വരത്തിൽ ആണ്ടിരിക്കുന്ന ഘട്ടത്തിൽ രാജാവു്, യോഗീശ്വരതിരുവടികളുടെ പ്രേതം കിടന്നമുറിയിൽ ആരുമറിയാതെ ഏകനായി പ്രവേശിച്ചു. ശരീരവും ശരീരത്തിൽനിന്നും വേർപെട്ടുകിടന്ന ശിരസ്സും ഒരു ചാക്കിനുള്ളിലാക്കിവരിഞ്ഞുകെട്ടി ചുമലിൽ ഭേസിക്കൊണ്ടു ശ്മശാനത്തി

ലേക്കു തിരിച്ചു. തന്നത്താൻ ഒരു കഴി തോണ്ടി പ്രേതത്തെ അടക്കം ചെയ്യാമെന്നു നിശ്ചയിച്ചു മൺവെട്ടി എടുത്തു നിലത്തു കുഴിച്ചുതുടങ്ങി. ചതുരംഗസേനയുടെ അകമ്പടിയോടും സവ്സന്നാഹങ്ങളോടും കൂടി പല്ലക്കിൽ വഹിച്ചുകൊണ്ടുപോയി ഉചിതമായസ്ഥലത്തുവിധിപ്രകാരം സ്ഥാപിക്കേണ്ടതായ കലഗുരുവിന്റെ ദിവ്യശരീരത്തെ ഇപ്രകാരം നിഗ്രഹമായി ഗഹ്ണീയമായ വിധത്തിൽ അടക്കംചെയ്യേണ്ടിവന്നതിൽ രാജാവിനു പ്രകടമായ അന്തസ്സാപമുണ്ടായിരുന്നു എങ്കിലും ഭരണച്ചെങ്കോലേന്തുന്ന സഹസ്തത്താൽ മൺവെട്ടിപിടിച്ചു തന്നത്താൻകുഴിച്ച പ്രേതത്തെ അടക്കാനിടയായതിൽ തന്റെ കടപ്പാട് ഏതാണ്ടു ശരിക്കു നിവ്ഹിച്ചതുപോലുള്ള സമാധാനം അദ്ദേഹത്തിനുണ്ടായി. രാജാവിന്റെ ഗുരുഭക്തികണ്ടു മോഹിക്കാനാശിച്ചവനെന്നവണ്ണം നിശാനാഥൻ മനോഹരശീതളമായ സഹസ്രകരങ്ങളെപ്പരത്തി പ്രാചടിക്കിനെ തലോടിത്തുടങ്ങി. പക്ഷേ രാജാവു മൺവെട്ടിപിടിച്ചു നിലംകുഴിക്കുന്നതുകണ്ടു പരിഹസിക്കാനോ പരിതോഷിക്കാനോ ഉള്ളഭാഗ്യം ചന്ദ്രനുണ്ടായിരുന്നില്ല. മൺവെട്ടികൊണ്ടു നിലത്തുഒന്നരണ്ടുവെട്ടിയമാത്രയിൽ, അപരിചിതമായ ആ അദ്ധ്വാനം രാജാവിനെ ക്ഷീണപരവശനാക്കിച്ചെയ്തു. എന്നുമാത്രമല്ല തന്റെപ്രവൃത്തി അന്യന്മാർ കണ്ടേയ്ക്കുമോ എന്നുള്ള രാജാവിന്റെഭയത്തിനും ചന്ദ്രൻ കാരണഭൂതനായും ഭവിച്ചു. രാജാവു മൺവെട്ടി വലിച്ചു ദൂരത്തെറിഞ്ഞു ചുമടെടുത്തു ചുമലിൽക്കൊണ്ടു. ഉദ്യാനസമീപത്തുള്ള നദിക്കരയെ അഭിമുഖീകരിച്ചു നടന്നു. നദിക്കരയിലെത്തിയ ഉടനേ ചാക്കുകെട്ടു നദിയിൽ നിക്ഷേപിക്കാനായി വിശിയെറിയാൻ ഭാവിക്കവേ, ഒരു ബലിഷ്ഠമായ കൈ കെട്ടിൽ കടന്നുപിടിച്ചു. പരിഭ്രാന്തനായ രാജാവു് കെട്ടു നിലത്തിട്ടുംവച്ചു് ഓടാനാരംഭിക്കവേ, അക്കൈ അദ്ദേഹത്തിന്റെ കരത്തെ ബലമായി പിടിച്ചു. തന്റെ പ്രവൃത്തിയെ നിരോധിച്ച സത്വം, പൂർവ്വന്തന്നാൽ നാടുകടത്തപ്പെട്ട പ്രഥമമന്ത്രി ജയദ്രഥനാണെന്നു ബോധിച്ചു രാജാവു് കുപിതനും ഭീതനുമായി പെട്ടെന്നു കരവാളുരി ഓങ്ങി. അതേ നിമിഷത്തിൽ ഏതോ ഒരു ചിന്ത അദ്ദേഹത്തെ ആ സാഹസകർമ്മത്തിൽനിന്നും വിരമിപ്പിച്ചു. "ഉഷ്ടാ! എന്നെത്തൊടാതെ മാറിനിൽക്കുക" എന്നു കല്പിച്ചു.

ജയദ്രഥൻ:—ശരി, ഉഷ്ടനെങ്കിലും ഞാൻ അങ്ങയുടെ കല്പനയെ അനുസരിക്കേണ്ടവനാണല്ലോ. എന്നാൽ എന്നെ വഞ്ചിക്കാനോ എതിർക്കാനോ തിരുവുള്ളത്തിൽ ധൈര്യപ്പെടരുതു്. അങ്ങയിൽ അല്ലാതെ അങ്ങയുടെ രാജത്വത്തിൽ എനിക്കു ബഹുമാനമില്ല. എന്നെ എതിർത്താൽ ഒന്നുകിൽ എന്നെവധി

ക്കണം. അല്ലെങ്കിൽ അങ്ങു കൊല്ലപ്പെടണം. രണ്ടിലൊന്നു സംഭവിക്കാതെ ഞാൻ പിൻവാങ്ങുകയില്ല.

രാജാവു്:—(നയത്തിൽ) ജയദ്രഥ! നാം തമ്മിൽ ശണ്ഠവേണ്ട. നാം രണ്ടുക്രൂരരും സമാധാനപ്പെടുകയാണു് വേണ്ടതു്. നാട്ടുകടത്തപ്പെട്ട നീ ഈ സ്ഥലത്തു കാണപ്പെടാൻ കാരണമെന്തു്? നീ എന്തിനായിട്ടു് ഇവിടെവന്നു?

ജയദ്രഥൻ:—രഹസ്യമായി എന്റെ ചില പഴയ സ്നേഹിതന്മാരുടെ സഹായത്തോടുകൂടി തിരുമേനിയെ മുഖം കാണിച്ചു് എന്റെ അപരാധങ്ങൾക്കു മാപ്പുചോദിക്കാനായി ഞാൻ ഇവിടെ വന്നതാണു്. എന്നാൽ ഈ സ്ഥിതിയിൽ ഇവിടെവച്ചു മുഖം കാണിക്കാനിടയായതുകൊണ്ടു് അങ്ങു് എന്നിൽ അനുഭാവം പ്രദർശിപ്പിക്കാൻ നിർബന്ധനായിരിക്കുന്നു. എന്റെ സങ്കടത്തെ കല്പിച്ചു ചെവിക്കൊള്ളണം.

രാജാവു്:—നിന്റെ സങ്കടം എന്താണു്? നീ നിന്റെ രാജാവിന്റെ മുമ്പിൽനിന്നു സംസാരിക്കയാണെന്നുള്ള ഓർമ്മയോടുകൂടി പറയുക!

ജയദ്രഥൻ:—ഒരു വലിയ രാജാവിന്റെ ഗൗരവത്തേയും കീർത്തിയേയും പൌരുഷത്തേയും പാലിക്കാനും പാഴിലാക്കാനുമുള്ള ശക്തി ഇപ്പോൾ എനിക്കുണ്ടെന്നു് അങ്ങു് ഓർക്കുന്നില്ലായിരിക്കാം. ഇതേ ഈ ഇരിക്കുന്ന ചാക്കുകെട്ടു് എന്റെ ചരക്കാണെന്നു് എനിക്കു നല്ലവണ്ണം അറിയാം. അതു ഒരു പ്രേതമാണെന്നുള്ളതിൽ സംശയമില്ല. അല്ലയോ രാജാവേ! അങ്ങയുടെ കീഴിലാണെങ്കിലും ഒരു രാജ്യത്തെ മന്ത്രിയായിരുന്ന എനിക്കു് ഈ പ്രേതത്തെ ഒരു രാജാവായ അങ്ങുതന്നെ യോഗ്യമായി മറവു ചെയ്യാൻ ഉദ്യമിച്ചതിന്റെ കാരണം ഊഹിക്കാനുള്ള ശക്തിയില്ലെന്നുവരുമോ?

രാജാവു്:—ജയദ്രഥ! നീ പറഞ്ഞതു വാസ്തവംതന്നെ. എന്നാൽ ഘാതകൻ ഞാനാണെന്നു് നീ ഊഹിക്കുന്നുവെങ്കിൽ അതിൽ വാസ്തവമില്ല.

ജയദ്രഥൻ.—എന്നാണോ അങ്ങു കല്പിക്കുന്നതു്? ഘാതകൻ അങ്ങല്ലയെന്നോ? എന്നാൽ ഈ അർദ്ധരാത്രിയിൽ ഇതു രഹസ്യമായി ഈ പ്രേതത്തെ ചുമന്നുകൊണ്ടു് തിരുമനസ്സു ഇവിടെ എഴുന്നെള്ളാൻ കാരണമെന്തോ? അങ്ങു നിരപരാധിയാണെങ്കിൽ ഈ വിധം ബുദ്ധിമുട്ടേണ്ട ആവശ്യമുണ്ടോ? അങ്ങു് ഒരു വലിയ രാജാവു്; ഇതൊരു പ്രേതം; സമയം അർദ്ധരാത്രി; സ്ഥലം കൊട്ടാരവളപ്പിനു വെളിയിൽ, പ്രവൃത്തി ഗഹനീയം, വിശേഷിച്ചും ഭയങ്കരമായ രഹസ്യം, എന്താണി

തിന്റെ അർത്ഥം? കിരീടംധരിക്കുന്ന ശിരസ്സു് പ്രേതത്തെ വഹിക്കുകയോ? ഏതൊരു രാജ്യത്തെ ചരിത്രത്തിലും കണ്ടിട്ടില്ലാത്ത ഈ സംഭവം എന്നിൽ അത്യാശ്ചര്യത്തെ ജനിപ്പിക്കുന്നു! അതിരിക്കട്ടെ; നാം തമ്മിൽ പിണങ്ങരുതെന്നാണല്ലോ അവിടുന്നു കല്പിച്ചതു്. അവിടുത്തെ ഉപ്പും ചോറും അനുഭവിച്ച ഞാൻ ആ കല്പനയെഅനുസരിക്കുന്നു. എന്നാൽ എന്റെഅസങ്കടത്തെ അങ്ങു ചെവിക്കൊള്ളണം. ചെവിക്കൊണ്ടാൽപോരാ; പരിഹരിക്കണം. രാജത്വത്തിനു വിരുദ്ധവും നിന്ദ്യവുമായ ഈ സംഭവം ഞാൻ വെളിക്കു വിടുകയില്ല. അവിടുത്തെ അന്തസ്സിനെ ഞാൻ പാലിച്ചുകൊള്ളാം. എന്റെ സങ്കടമെന്താണെന്നു് അങ്ങു ചോദിച്ചുവല്ലോ. ഞാൻവല്ല അപരാധവും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ക്ഷമിച്ചു എന്നെവീണ്ടും മന്ത്രിപദത്തിൽ നിയമിക്കണം. നാടുകടത്തപ്പെട്ടവനെ തിരിയെ മന്ത്രിയായി സ്വീകരിക്കാൻ അങ്ങു് ഭയപ്പെടുന്നുണ്ടായിരിക്കാം. അതിനു നിവൃത്തിയുണ്ടു് അങ്ങേയ്ക്കു് ഇപ്പോൾ സന്തതിലാഭം സിദ്ധിച്ചിരിക്കുന്നു. അതിന്റെ സന്തോഷസൂചകമായി നാടുകടത്തപ്പെട്ടവരെ എല്ലാം തിരുനാട്ടിൽ കടക്കാൻ അനുവദിച്ചിരിക്കുന്നു എന്നു് അവിടുന്നു തിരുവെഴുത്തുവിളംബരം പ്രസിദ്ധം ചെയ്യണം. വിളംബരം പ്രസിദ്ധീകൃതമായതിനുശേഷം ഞാൻ നേരിൽ അങ്ങയുടെ സന്നിധിയിൽവന്നു് എന്റെ തെറ്റുകളെക്ഷമിച്ചു് എനിക്കു മാപ്പു തരണമെന്നു് അഭ്യർത്ഥിച്ചുകൊള്ളാം. അപ്പോൾ അങ്ങു് എന്റെ സങ്കടത്തെ പരിഹരിക്കുന്നതായാൽ പ്രജകൾ ക്ഷോഭിക്കാൻ കാരണമില്ല. വല്ല അതൃപ്തിയും അവരിൽ അവശേഷിച്ചിരുന്നാൽ തന്നെയും എന്റെ അനന്തരപെരുമാറ്റത്താൽ തീർത്തുകൊള്ളാവുന്നതുമാണു്.

രാജാവു്:—അയ്യോ! അതൊരിക്കലും പാടില്ല. പരമയോഗ്യനും നീതിജ്ഞനും സകല പ്രജകളുടേയും കണ്ണിലുണ്ണിയുമായ ഇപ്പോഴത്തെ പ്രഥമമന്ത്രിയെ പെട്ടെന്നു മാറ്റി പകരം അയശസ്സനായ നിന്നെ നിയമിച്ചാൽ പ്രജകൾ ക്ഷോഭിക്കുകയും നാട്ടിൽ വലുതായ വിപ്ലവം ഭവിക്കുകയും ചെയ്യും.

ജയദ്രഥൻ:—തങ്ങളുടെ രാജാവു് ഒരു ഘാതകനാണെന്നു അറിഞ്ഞാൽ പ്രജകൾ മിണ്ടാതിരിക്കുമോ? കിരീടം ധരിക്കേണ്ട തലയിൽ പ്രേതത്തെ ചുമന്നുകൊണ്ടു് അർദ്ധരാത്രി കണ്ടെടം തോറും നടക്കുന്ന ഒരു രാജാവാണു് തങ്ങളുടെ ഭരണകർത്താവെന്നറിഞ്ഞാൽ അവർ ക്ഷോഭിക്കാതിരിക്കുമോ?

രാജാവു്:—ഞാൻ കൊലപാതകനെന്നോ നി പറയുന്നതു്. നിനക്കു അതു ധൈര്യമോ?

മന്ത്രി:— അങ്ങു് എന്നെ ഭയപ്പെടുത്തുന്നു. ഞാൻ ഭയപ്പെടുന്നവനല്ല. എന്റെയപേക്ഷയെ അങ്ങു സ്വീകരിച്ചില്ലെങ്കിൽ, ലോകദൃഷ്ടിയിൽ നാടുകടത്തപ്പെട്ട ഒരു രാജദ്രോഹിയുടെ നിലയിൽ ഞാൻ ലോകത്തു ജീവിക്കേണ്ടിവരും. അങ്ങനെ ജീവിക്കേണ്ടിവന്നാൽ ഒരു യഥാർത്ഥരാജദ്രോഹിയാകാൻ തന്നെ ഞാൻ ശ്രമിക്കും. അതിലേക്കു ഇതിനെക്കാൾ നല്ല ഒരവസരം ഇനി കിട്ടുന്നതല്ല. അതേ അങ്ങയുടെ പ്രജകളെ ക്ഷോഭിപ്പിക്കുന്നതിനും അതുവഴി നാട്ടിൽ വലുതായ വിപ്ലവവും അങ്ങേയ്ക്കു സിംഹാസനഭ്രംശവും സംഭവിപ്പിക്കുന്നതിനും ഇതിനെക്കാൾ സൗകര്യം എനിക്കു സിദ്ധിക്കാനില്ല.

രാജാവു് പലതുമാലോചിച്ചു. ജയദ്രഥനോടു പിണങ്ങിയാൽ അപകടത്തിലാകുമെന്നുകണ്ടു് അയാളുടെ അഭിപ്രായത്തോടു അനുകൂലിച്ചു. ഒടുവിൽ തെറ്റിക്കളയാതിരിക്കുന്നതിനു എന്തെങ്കിലുമൊരു ഉറപ്പുകിട്ടണമെന്നു ജയദ്രഥൻ അവശ്യപ്പെടുകയാൽ മുദ്രാംഗുലിയകം ഊരിക്കൊടുത്തു അനന്തരം രണ്ടുപേരുംകൂടി ചാക്കുകെട്ടെടുത്തു നദിയിൽ എറിഞ്ഞു. ജയദ്രഥനെ പിരിഞ്ഞു രാജാവു് കൊട്ടാരത്തിൽചെന്നു്, യോഗീശ്വരന്റെ മുറിയിൽകടന്നു്, അതിനകത്തുണ്ടായിരുന്ന രക്തമാദിയശുദ്ധങ്ങളൊക്കെമാറ്റി വെടിപ്പാക്കിയതിനു ശേഷം നിദ്രയ്ക്കുഭാവിച്ചു. മാടനെ സംബന്ധിച്ചവിഷയങ്ങളും പ്രേതത്തെ മറവുചെയ്യാൻപോയ സ്ഥലത്തെ മറ്റൊരുമാടനുമായുള്ള കൂടിക്കാഴ്ചയും രാജാവിന്റെ മനസ്സിനെ അതീവപീഡിപ്പിക്കയാൽ ഉറക്കമുണ്ടായിട്ടില്ല. മാടനുമായുണ്ടായ കരാറു് ആജീവനാന്തദുഃഖത്തിനിടയായതുപോലെ, ജയദ്രഥനുമായുണ്ടായ കരാറുമൂലംഎന്തെല്ലാമനർത്ഥങ്ങളാണു സംഭവിക്കാൻ പോകുന്നതെന്നോർത്തപ്പോൾ, രാജാവിന്റെ നാഭിഗളത്തിൽക്കൂടി ഉദ്ഗമിച്ച ഒരഗ്നിജ്വാല അതിവേഗത്തിൽ ശിരസ്സിൽ കയറി മസ്തിഷ്കത്തെ ഉരുക്കിത്തുടങ്ങി.

അടുത്തദിവസം രാവിലെ രാജാവു് ആസ്ഥാനമണ്ഡപത്തിൽ വച്ചു്, രാജ്ഞി തിരുവയറൊഴിഞ്ഞതിന്റെ സന്തോഷസൂചകമായി മൂന്നുകൊല്ലംമുമ്പു നാടുകടത്തപ്പെട്ട ജയദ്രഥൻ മുതലായ ഉദ്യോഗസ്ഥന്മാരുടെ നാടുകടത്തൽ ശിക്ഷയെ അസ്ഥിരപ്പെടുത്തിയിരിക്കുന്നുവെന്ന പ്രഖ്യാപനംചെയ്കയും ആ വിവരത്തിനു് ഉടനടി തിരുവെഴുത്തു വിളംബരംപ്രസിദ്ധംചെയ്യണമെന്നു പ്രഥമമന്ത്രിയോടു കല്പിക്കയുംചെയ്തു. സന്താനലാഭത്തിൽ രാജാവിനുള്ള സന്തോഷത്തെ പ്രദർശിപ്പിച്ചതിൽ സകലരും സന്തുഷ്ടന്മാരായിഭവിച്ചു. എന്നാൽ

ജയദ്രഥനെ നാട്ടിൽ കടത്തുന്നതിൽ തൃപ്തിയില്ലാത്തജനങ്ങളുടെയിട യിൽ ഈ വർത്തമാനം അസമാധാനബീജത്തെ വിതരണംചെയ്തു.

കണ്ടുകെട്ടി രാജകോയ്മയുടെ മുതൽക്രൂട്ടിയിലുണ്ണ ജയദ്രഥന്റെ സ്വത്തുക്കൾ തിരികെ വിട്ടുകൊടുത്തതോടുകൂടി വീണ്ടും അയാളെ മന്ത്രിയായി നിയമിച്ചേക്കാനിടയുണ്ടെന്നുള്ള സംസാരം നാട്ടിൽ പരന്നു. ജനങ്ങൾ ക്ഷുഭിതന്മാരായി ഭവിക്കയുംചെയ്തു. കാലവിളംബ മെന്നിയെ പുതിയ മന്ത്രിമാരെയെല്ലാം പിരിച്ചുവിട്ടു. തൽസ്ഥാന ങ്ങളിൽ ജയദ്രഥനേയും ക്രൂരയേയും നിയമിച്ചപ്പോൾ ജനങ്ങളുടെ മട്ടൊക്കെ മാറി. അവിടവിടെ ചില ചില്ലറ കലഹങ്ങളുമുണ്ടായ്തീർന്നു. എന്നാൽ സൈന്യബലത്താൽ, അതിനെ വളർത്താതെ ആരംഭ ത്തിലെ അമർച്ചവരുത്തി. കലഹത്തിൽ മുന്നിട്ട പലരേയും കഠിന മായി ശിക്ഷിച്ചു. ഓഹോ! എന്റെ പിതാവിനുനേരിട്ട ദുഃഖങ്ങൾ എത്ര ഭയങ്കരം!

ഇതിനിടയിൽ യോഗീശ്വരന്റെ അഭാവത്തെക്കുറിച്ചു രാജ്ഞി പലപ്രാവശ്യം രാജാവിനോടു ചോദിച്ചു. അതിനും സത്യവും വ്യാജ വുംകലർന്ന ഓരോ സമാധാനങ്ങളാൽ രാജാവു് രാജ്ഞിയെ തൃപ്തി പ്പെടുത്തി. രാജ്ഞി പ്രസവിച്ചദിവസം മാടൻ പ്രത്യക്ഷീഭവിച്ചതും മാടനുമായുണ്ടായ സംഭാഷണവും രാജ്ഞിയെ ധരിപ്പിച്ചു. ഞാൻ ബാല്യംകഴിഞ്ഞു യൗവനത്തെ പ്രാപിക്കുവോളം മാടന്റെ പീഡ യുണ്ടാകയില്ലെന്നും അതിനുശേഷമെനിക്കു മോചനത്തിനു മാർഗ്ഗമു ണ്ടെന്നും എന്റെ മാതാവിനു മനസ്സിലായി. മാടന്റെ ശക്തിയെ കുറയ്ക്കാനായി വിശ്വനാഥനെ ഉപാസിക്കുന്നതിനു യോഗീശ്വരൻ കാശിയിൽ പോയിരിക്കുന്നുവെന്നാണു് രാജാവു പറഞ്ഞതു്. ആ വാക്കുകളിൽ രാജ്ഞിക്കു വിശ്വാസവും തൃപ്തിയുമുണ്ടായി. ശിശുഭാ വത്തെ പോറ്റിവളർത്തുന്നതിൽ സദാ ഭക്തശ്രദ്ധയായിരുന്ന രാജ്ഞി രാജ്യസ്ഥിതിയെക്കുറിച്ചു് യാതൊന്നും അറിയുകയുണ്ടായില്ല.

എനിക്കു പ്രേതയക്ഷിയെന്നും എന്റെ സഹോദരിക്കു സര സ്വതിയെന്നും നാമകരണംചെയ്തു. ദിവസങ്ങളും മാസങ്ങളും പലതു കഴിഞ്ഞു. മൂന്നാംകൊല്ലമായി മാടൻ പറഞ്ഞതു വാസ്തവമായി രുന്നു. ഞങ്ങൾ രണ്ടുപേരും വളരെ ഓമനത്തമുള്ളവരായി കാണ പ്പെട്ടു. എന്റെ സൌന്ദര്യത്തെപ്പറ്റി ഞാൻതന്നെ വർണ്ണിക്കുന്നതു് ആത്മപ്രശംസയാണെന്നു വന്നേയ്ക്കാം. എന്നാൽ അങ്ങനെ ആ കുറ്റം എന്നിൽ ആരോപിക്കരുതു്! എന്റെ ചരിത്രത്തെ വിശദമായി അങ്ങനെ ധരിപ്പിക്കേണ്ടതു് എന്റെ കടമയാണല്ലോ. എനിക്കു സൌന്ദര്യമുണ്ടെന്നുവച്ചു് അഭ്യുപഗമം സന്തോഷമില്ല. നേരേമറിച്ചു് എനിക്കതിൽ സന്താപമാണുള്ളതു്. എന്തുകൊണ്ടെന്നാൽ

എന്റെ സൌന്ദര്യത്തെയാണു് മാടൻ തന്റെ ഉദ്ദേശസാദ്ധ്യത്തിനു് ആയുധമാക്കിയിരിക്കുന്നതു്.

മാതാവിന്റെ സ്നേഹപൂർവ്വകമായ പരിരക്ഷണത്തിൽ ഞങ്ങൾ വളർന്നുവന്നു. ഞങ്ങളുടെ സൌന്ദര്യം മാതാവിനു് എത്രകണ്ടു സന്തോഷത്തെ ഉളവാക്കിയിരിക്കണമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ എനിക്കും എന്റെ സഹോദരിക്കും തമ്മിൽ ഛായയിലാകട്ടെ, സൌന്ദര്യത്തിലാകട്ടെ, യാതൊരു വ്യത്യാസവും ഇല്ല; നിറത്തിൽ മാത്രമേ വ്യത്യാസമുള്ളൂ.

മൂന്നാമത്തെ കൊല്ലവും അങ്ങനെ കഴിഞ്ഞു. ആ മൂന്നുകൊല്ലത്തിലും പ്രഥമമന്ത്രി ജയദ്രഥൻതന്നെയായിരുന്നു. ജനങ്ങൾ അയാളെ അധികമധികം വെറുക്കുന്നുണ്ടായിരുന്നു. പലപ്പോഴും സൈന്യശക്തിയെ ലംഘിച്ചു അവിടവിടെ കലഹങ്ങളും സംഭവിച്ചുകൊണ്ടിരുന്നു. ജയദ്രഥന്റെ സ്വാർത്ഥതല്പരതയും അനീതിയും മർദ്ദനനയവും നാൾക്കുനാൾ വർദ്ധിച്ചുവന്നു. സൈന്യബലത്തെ ഓർത്തു ജനങ്ങൾ അതൊക്കെ ഒരു പ്രകാരത്തിൽ സഹിച്ചും വന്നു. എന്നിരുന്നാലും ഭയപ്പെടുത്തി ഭരിക്കലിൽ എത്രകാലം സഹനശീലന്മാരായി കഴിഞ്ഞുകൂടും.

പലപല ദുഃഖങ്ങളാൽ ജീവിതമേ ദുർവ്വഹമായിത്തോന്നിയ രാജാവു്, വീണ്ടും പണ്ടത്തെപ്പോലെ രാജ്യകാര്യങ്ങളിൽ ശ്രദ്ധിക്കാതെയായി. സകലതും മന്ത്രിമാരിൽ സമർപ്പിച്ചു. ക്രൂട്ടിൽ അടയ്ക്കപ്പെട്ട കിളിയെപ്പോലെ രാപ്പകൽ ശയനമുറിയിൽതന്നെ കഴിഞ്ഞുകൂടി. രാജ്ഞിയേയും കുട്ടികളേയും ഒഴിച്ചു് മറ്റാരെയും കാണുകയില്ലെന്നായി ജയദ്രഥന്റെ തോന്ന്യാസങ്ങൾ മൂർദ്ധന്യതയെ പ്രാപിച്ചു. ജനങ്ങൾക്കു സഹിക്കാൻ പാടില്ലാതെയായി. 'ഇതാ, നമ്മുടെ രാജാവു് വീണ്ടും അലസനായിത്തീർന്നിരിക്കുന്നു! അഭിഷേകാനന്തരം രണ്ടുകൊല്ലം പണ്ടു കാമലമ്പടനായി കഴിഞ്ഞുകൂടി. അതിനു ശേഷം വിജയശേഖരന്റെ ആക്രമണത്തോടുകൂടി കണ്ണുതുറന്നു്, ശത്രുവിനെ പരാജിതനാക്കി മൂന്നുകൊല്ലത്തോളം ശരിക്കു ഭരണം നടത്തിവന്നു. അന്നു നല്ലപേർ സമ്പാദിക്കയുംചെയ്തു. ഇപ്പോൾ ഇതാ! വീണ്ടും ഞങ്ങളെയെല്ലാം അന്യാധീനപ്പെടുത്തുമാറു് രാജ്യകാര്യങ്ങളിൽ ഉദാസീനനായി ഭവിച്ചിരിക്കുന്നു!" എന്നിങ്ങനെ ജനങ്ങൾ മുറവിളി കൂട്ടിത്തുടങ്ങി. എന്റെ സഹോദരിയെ ഈശ്വരസേവനത്തിനു നിയോഗിച്ചതിലും ജനങ്ങൾക്കു് അതിയായ കുണ്ഠിതവും വെറുപ്പും അങ്കുരിച്ചു. എനിക്കു പ്രേതയക്ഷി എന്നു നാമകരണം ചെയ്തതിലും അവർക്കു ഏറ്റവും അതൃപ്തിജനിച്ചു. ഇതിന്റെയെല്ലാമർത്ഥവും രാജാവിന്റെ ലക്ഷ്യവും എന്താണെന്നറിയാതെ അവർ ക്ഷോഭിച്ചുവശമായി.

അങ്ങിനെ ചിലദിവസങ്ങൾകൂടികഴിഞ്ഞു. ഒരു ദിവസം ഉദ്യാനത്തിനു സമീപമുള്ള നദിയിൽ ചില മുക്കുവന്മാർ മീൻപിടിച്ചുകൊണ്ടിരുന്ന ഒരുതവണ വലവലിയതിൽ ഒരു ചാക്കുകെട്ട് അകപ്പെട്ടു. വലിച്ചുകരയിൽകയറിയപ്പോൾ ദുസ്സഹമായ ദുർഗ്ഗന്ധം അതിൽനിന്നും ഉണ്ടായി. ചീഞ്ഞഴുകിയ ഒരു പ്രേതം ചാക്കിനകത്തുണ്ടെന്നു അവർക്കു മനസ്സിലായി. പ്രേതം ആരിൽ നിക്ഷേപിക്കപ്പെട്ടിട്ട് മൂന്നുകൊല്ലം കഴിഞ്ഞുവെങ്കിലും ചാക്കിനുള്ളിൽഅതുയിരുന്നതുകൊണ്ട് അതു ഞെഴുകി നിശ്ലേഷം ശിഥിലമാകാനിടയായില്ല. മുക്കുവന്മാർ ചാക്കുകെട്ടും ചുമന്നുകൊണ്ടു പട്ടണത്തിൽകടന്നു. ജനങ്ങൾ കണ്ടും കേട്ടും നാനാഭാഗത്തുനിന്നും വന്നുകൂടിത്തുടങ്ങി. ജനങ്ങളുടെ സംഖ്യവർദ്ധിച്ചപ്പോൾ ചാക്കഴിച്ചു കാണണമെന്ന് ആവശ്യപ്പെട്ടു. പ്രേതത്തെക്കണ്ടപ്പോൾ അവർക്കു ദുസ്സഹമായ കോപവും കലഹപ്രിയന്മാരായ ചിലർക്കു വാശിയും ഉണ്ടായി. ഇപ്രകാരമുള്ള അനീതി യോഗ്യനായ ഒരു ഭരണകർത്താവിന്റെ കാലത്തു സംഭവിക്കാൻ പാടില്ലാത്തതും ഘാതകനെക്കണ്ടുപിടിക്കേണ്ടതും രാജകോയ്മയുടെ കടമയാണെന്നും അവർ ഏകകണ്ഠമായി തീരുമാനിച്ചു. രാജകോയ്മ വിശേഷിച്ചും മന്ത്രിമാർ അറിയാതെ ഈ കൊലപാതകം നടന്നിരിക്കാനിടയില്ലെന്നും അവർ സംശയിച്ചു. അവർ എല്ലാവരും ചാക്കുകെട്ടുംചുമന്നുകൊണ്ട് കൊട്ടാരത്തിൽ എത്തി. നൊടിക്കിടയിൽ പത്തു ശത്രുരാജാക്കന്മാരെ പരാജിതരാക്കാൻ ശക്തിയുള്ള ഒരു ജനസംഘം കൊട്ടാരവാതുക്കൽക്കൂടി.

ഈ അവസരത്തിൽ ഞാനും എന്റെ സഹോദരിയും ഉദ്യാനത്തിൽ പൂവിറുത്തു കളിച്ചുകൊണ്ടുനില്ക്കുയായിരുന്നു. ഞങ്ങളുടെ മാതാപിതാക്കന്മാർ ഞങ്ങളുടെ വിനോദത്തിൽ രസിച്ചു സമീപത്തു നില്ക്കുന്നുണ്ടായിരുന്നു. ജനക്കൂട്ടത്തിന്റെ കോലാഹലം ഉദ്യാനത്തിൽ മാറ്റൊലിക്കൊണ്ടു. രാജപരിചാരകന്മാരിൽ ചിലർ ഉദ്യാനത്തിൽ ബദ്ധപ്പെട്ടവന്നു ജനങ്ങൾ കലഹത്തിനു ആരംഭിച്ചിരിക്കുന്നുവെന്നും ഇതാ കൊട്ടാരത്തിനകത്തു കടക്കാൻ ഭാവിക്കുന്നുവെന്നും പരിഭ്രമത്തോടുകൂടിപറഞ്ഞു. അതേസമയത്തിൽ മറ്റുചിലർ ഓടിവന്നു, സൈന്യങ്ങൾ ജനങ്ങളുടെ ഭാഗത്തുചേർന്നു എന്നറിയിച്ചു. എന്റെ പിതാവിനു ഇതുകേട്ടു യാതൊരുക്ലേശവും തോന്നിയില്ല. മുമ്പില്ലാത്ത ഒരു ധൈര്യവും മനഃസ്ഥൈര്യവും അദ്ദേഹത്തിനുണ്ടായി. നേരിട്ടിരിക്കുന്ന ആപത്തിനെ എതിർക്കുകതന്നെ എന്നു തീർച്ചപ്പെടുത്തി. ഈ നിശ്ചയത്തെ ഞങ്ങളുടെ മാതാവിനെ ധരിപ്പിക്കയും അവർ അതിനോടു അനുകൂലിക്കയുംചെയ്തു. ഞങ്ങളുടെ പിതാവു് എന്റെറയും മാതാവു എന്റെ സഹോദരിയുടെയും കൈക്കുപിടിച്ചുകൊണ്ടു ജനക്കൂട്ടത്തിന്റെ മുമ്പിൽചെന്നു.

രാജാവിനേയും രാജ്ഞിയേയും കുഞ്ഞുങ്ങളേയും ഏകകാല ത്തു കണ്ടു ജനങ്ങൾ സന്തോഷഭരിതന്മാരായി ആഹ്ലാദശബ്ദം പുറപ്പെടുവിച്ചു. അവരുടെ ഹൃദയത്തിൽ മറഞ്ഞുകിടന്ന രാജഭക്തി പെട്ടെന്നു ഉദ്ദീപ്തമായി രാജാവിനേയും രാജ്ഞിയേയും അഭിവാദനം ചെയ്തു. അനന്തരം ജയദ്രഥനെയും മറ്റുമന്ത്രിമാരേയും കഠിനമായി അധിക്ഷേപിച്ചുകൊണ്ടു്, ചാക്കുകെട്ട എടുത്തുകൊണ്ടുവന്ന ഞങ്ങ ളുടെ മുമ്പിൽ തുറന്നുവച്ചു. ഭയങ്കരമായ ആ തിരുമുല്ലാഴ്ചകണ്ടു സഹോദരിയും ഞാനും പെട്ടെന്നു കണ്ണുകൾ ഇറുകെ അടച്ചുകൊണ്ടു മാതാപിതാക്കന്മാരുടെ വസ്ത്രങ്ങളിൽ പറ്റിപ്പിടിച്ചു. ഞങ്ങൾ മൂന്നുവയസ്സുമാത്രം പ്രായമുള്ള കൊച്ചുകുട്ടികളായിരുന്നുവെങ്കിലും ആ കാഴ്ച ഞങ്ങളുടെ മനസ്സിൽ ഗാഢമായിപതിഞ്ഞു. ഞാൻ അതു ഇപ്പോഴും കാണുന്നുണ്ടെന്നു തോന്നുന്നു. അയ്യോ! ആ അവസര ത്തിൽ എന്റെ പിതാവിനുണ്ടായ പരിഭ്രമം ഇന്നപ്രകാരത്തി ലെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ മുഖത്തു ഞാൻ സൂക്ഷിച്ചുനോക്കി. ഞാൻ എന്തുപറയട്ടേ! ഞാൻ കാണുന്നതു് അദ്ദേഹത്തിന്റെ മുഖമാണെന്നു എനിക്കു വിശ്വാസ മുണ്ടായില്ല. രക്തലാഞ്ഛനമെന്നിയേ വിളറി വിവശമായിരുന്ന ആ മുഖം ആർക്കും ഭീതിയെജനിപ്പിക്കുന്ന ഒന്നായിരുന്നു.

എന്റെ പിതാവു പരിഭ്രാന്തനായി വാവിട്ടുനിലവിളിച്ചു് ബുദ്ധിഭ്രമംനേരിട്ടവനെപ്പോലെ ഓരോന്നു പുലമ്പിത്തുടങ്ങി:— "പരമകാരുണികനായ ദൈവമേ! ഇതു എത്ര ഭയങ്കരമായശിക്ഷ! എന്റെ അപരാധത്തിനു്...അങ്ങയുടെ കണ്ണുകളെ മറയ്ക്കാൻ ധൈര്യപ്പെട്ട എന്റെ മഹാപരാധത്തിനു്...ഇതിനേക്കാൾ കഠി നമായ ഒരു ശിക്ഷ അവിടുന്നു കല്പിക്കാനുണ്ടോ? എന്റെ കുലസ്ത്രീ രത്നവും എന്റെ നാട്ടുകാരുടെ കണ്ണിലുണ്ണിയും മഹാത്മാവുമായ സത്യാ നന്ദയോഗീശ്വരതിരുവടികളുടെ ഈ പ്രേതം.....

ഇതുകൂടി തന്റെ കാതിൽകേട്ടമാത്രയിൽ എന്റെ മാതാവു് "അയ്യോ!" എന്നു ശബ്ദിച്ചുകൊണ്ടു ബോധംകെട്ടു നിലത്തുപതിച്ചു. പിന്നീടു് എന്താണു് അവിടെ സംഭവിച്ചതെന്നു ഞാൻ പറയണ മെന്നില്ലല്ലോ. ജനസംഘത്തിന്റെ അടങ്ങിക്കിടന്നകോപം പൂർവാ ധികം ശക്തിയിൽ ഉദ്ദീപ്തമായിഭവിച്ചു. സത്യാനന്ദയോഗീശ്വ രനെ നിഗ്രഹിച്ച കൊലപാതകൻ രാജാവുതന്നെയാണെന്നു് അവർ തീർച്ചപ്പെടുത്തി. പരമസാത്വികനായ ഒരു മഹാനെ നിർദ്ദ യമായി നിഗ്രഹിച്ചവൻ രാജാവല്ല ചക്രവർത്തിയായാലും ശിക്ഷാർഹ നല്ലെന്നുവരുമോ? ചുരുക്കിപ്പറയാം; അരമണിക്കൂറിനകം എന്റെ മാതാപിതാക്കന്മാർ എന്നെയും സഹോദരിയെയുംകൊണ്ടു ശ്രീരംഗ മാസ്ത്രമായി കൊട്ടാരത്തിനുവെളിയിലിറങ്ങിമറഞ്ഞു. അല്പംകൂടി

താമസിച്ചിരുന്നെങ്കിൽ ഞങ്ങളുടെ കഥകഴിയുമായിരുന്നു എന്നു പിന്നീടുണ്ടായ സംഭവങ്ങളിൽനിന്നും വെളിവായി.

രാജദ്രോഹന്മാരും കൃതഘ്നന്മാരുമായ ചില രാജഭൃത്യന്മാർ ക്രൂടി ഞങ്ങളെ അനുഗമിച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ യഥാകാലം മംഗലപുരിയുടെ അതിർത്തികടന്നു പൂർവ്വശത്രുവായ വിജയശേഖരന്റെ രാജ്യത്തിലെത്തി. കനകപുരിയിൽ പോകാനായിട്ടാണു ഞങ്ങൾ തിരിച്ചതു്. പാഞ്ചാലത്തിൽക്രൂടിയല്ലാതെ ഞങ്ങളുടെ മാതാമഹന്റെ രാജ്യത്തുകടക്കാൻ വേറെ മാർഗ്ഗമില്ല. വേഷപ്രച്ഛന്നനായ ഞങ്ങളുടെ പിതാവിനെ ശത്രുക്കൾ മനസ്സിലാക്കുകയില്ലെന്നാണു കരുതിയിരുന്നതു്. എന്നാൽ വിജയശേഖരൻ ഏതു പ്രകാരത്തിലോ വസ്തുതഅറിഞ്ഞു ഞങ്ങളുടെ പിതാവിനെപ്പിടിച്ചു ബന്ധനത്തിലാക്കി. തന്റെ ഭർത്താവിനോടൊന്നിച്ചു തന്നെയും തടവിൽ പാർപ്പിക്കണമെന്നു എന്റെ മാതാവു വിജയശേഖരനോടപേക്ഷിച്ചു. വിജയശേഖരൻ ആ അപേക്ഷയെനിരസിച്ചു് ഞങ്ങൾ നാട്ടിലേയ്ക്കുപൊയ്ക്കൊള്ളാൻ കല്പിച്ചു. ഈയവസരത്തിൽ ഞങ്ങളുടെ മാതാപിതാക്കന്മാരുടെ ഹൃദയാവസ്ഥ എന്തായിരിക്കുമെന്നങ്ങേയ്ക്കുതന്നെ ഊഹിക്കാവുന്നതാണല്ലോ.

ഞങ്ങൾ യഥാവസരം ഞങ്ങളുടെ മാതൃഗൃഹത്തിൽ എത്തി. തന്റെ ജാമാതാവിന്റെ നിർഭാഗ്യസ്ഥിതി അറിഞ്ഞു എന്റെ മാതാമഹൻ ദുഃഖിച്ചു. തടിൽപ്രഭനെ വിട്ടയക്കണമെന്നും പ്രതിഫലമായി ഒരു നല്ലതുക സംഭാവനചെയ്യാമെന്നും അദ്ദേഹം ദൂതന്മാർമുഖേന വിജയശേഖരനെ തെര്യപ്പെടുത്തി. അതിനു അയാളുടെമറുപടി ഒരുലക്ഷംവരാഹൻകിട്ടിയാൽ വിട്ടയയ്ക്കാമെന്നായിരുന്നു. മാതാമഹൻ ഉടൻതന്നെ അയാൾ ആവശ്യപ്പെട്ടതുക കൊടുത്തയച്ചു് ഞങ്ങളുടെ പിതാവിനെ മോചിപ്പിച്ചു. അങ്ങനെ മാതാപിതാക്കന്മാരും ഞങ്ങളും മാതൃഗേഹത്തിൽ താമസിച്ചുവന്നു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഞങ്ങളുടെമാതാവു മനോദുഃഖത്താൽ മിക്കവാറും കിടപ്പിലായി. പിതാവിന്റെസ്ഥിതി പറഞ്ഞറിയിക്കണമെന്നില്ലല്ലോ. മാതാമഹൻ മാതാപിതാക്കന്മാരുടെ സന്താപത്തിനുകാരണം രാജ്യനഷ്ടമാണെന്നറിഞ്ഞു് അതിനു പരിഹാരമുണ്ടാക്കണമെന്നുകരുതി, ഒരുദിവസം അദ്ദേഹം എന്റെ പിതാവിനെ അരികിൽ വിളിച്ചു. "ആപത്തിൽ അധൈര്യപ്പെടുന്നതു പുരുഷത്തിനു കുറവാണു്. വിശേഷിച്ചും, ഒരു രാജാവിനു് ആ സ്വഭാവം തീരെ പാടില്ലാത്തതുമാണു്. നഷ്ടപ്പെട്ടരാജ്യം വീണ്ടെടുക്കാൻ ധൈര്യപൂർവ്വം ശ്രമിക്കുക. എന്റെ സൈന്യങ്ങളെല്ലാം ഞാൻ അയച്ചുതരാം. ധൈര്യപൂർവ്വം യുദ്ധംചെയ്തു രാജ്യത്തെ വീണ്ടെടുത്തു മനസ്സിനു സുഖവും. രാജ്യത്തിനു സമാധാനവും വരുത്തുക"! എന്നു്

ഉപദേശിച്ചു. സ്നേഹപൂർവ്വകമായ ഈ ഉപദേശം എന്റെ പിതാവിനു രാജ്യലാഭത്തെക്കാൾ സന്തോഷത്തെ പ്രദാനംചെയ്തു. മാതാവും സന്തുഷ്ടമാനസയായി ഭവിച്ചു.

അടുത്തദിവസത്തിൽതന്നെ ഞങ്ങളുടെ പിതാവു കനകപുരിയിലെ വലിയ സൈന്യത്തേയുംകൊണ്ടു്, മംഗലപുരിയിലേക്കു തിരിച്ചു മംഗലപുരി. നാഥനില്ലാതെ അലങ്കോലപ്പെട്ടിരിക്കയായിരുന്നു. ജയദ്രഥനും ജനങ്ങളും തമ്മിൽ കലഹിച്ചു നാട്ടിൽ അന്തഃഛിദ്രം വർദ്ധിക്കവേ, പൂർവ്വശത്രുവായ വിജയശേഖരൻ സൈന്യസമേതം രാജ്യത്തുകടന്നു ജയദ്രഥനെക്കൊന്നു്, സ്വയം രാജാവായി പ്രഖ്യാപനം ചെയ്തിരിക്കയാണു്. തന്നിമിത്തം, വിജയശേഖരനോടു തന്നെയാണു വീണ്ടും എന്റെ പിതാവിനു പടവെട്ടാനിടയായതു്. ഉദ്ദേശം രണ്ടുകൊല്ലം തികച്ചും യുദ്ധംനടന്നു. ഒടുവിൽ എന്റെ പിതാവു പരാജിതനായി മടങ്ങിപ്പോരേണ്ടിവന്നു. പിന്നീടു് അദ്ദേഹം അധികകാലം ജീവിച്ചിരുന്നില്ല ഉത്സാഹമായ സന്താപത്താൽ മനഃകായങ്ങൾ ബലഹീനങ്ങളായി ഭവിച്ചു, അചിരേണ കാലധർമ്മം പ്രാപിച്ചു.

പിതാവിന്റെ മരണത്താൽ എന്റെ മാതാവിനു നേരിട്ട ദുഃഖം പറഞ്ഞറിയിക്കാവതല്ല. ഈ ഘട്ടത്തിൽ കലിംഗരാജാവായ നരേന്ദ്രഗുപ്തൻ എന്റെ മാതാമഹന്റെ രാജ്യത്തെ ആക്രമിച്ചു് അദ്ദേഹത്തെവധിച്ചു് രാജ്യം കൈവശപ്പെടുത്തി. എന്റെ മാതാവുസ്വാമിഭക്തനായ ഒരു ഭൃത്യന്റെ സഹായത്തോടുകൂടി, ശത്രുക്കളുടെ കൈയിൽ അകപ്പെടാതെ എന്നേയും എന്റെ സഹോദരിയേയുംകൊണ്ടു് ഒരു പ്രകാരത്തിൽ കാശ്മീരത്തിന്റെ തലസ്ഥാനമായ ഈ ശ്രീപുരത്തിൽ വന്നുചേർന്നു. താമസത്തിനായി ഒരു കെട്ടിടം വാടകയ്ക്കുവാങ്ങി. മേൽപറഞ്ഞ ഭൃത്യനും ഒന്നിച്ചു് അവിടെത്താമസിച്ചു. ഹതവിധി അവിടെയും വന്നു ഞങ്ങളെ പിടികൂടി. ആറുമാസം തികച്ചും കഴിയുംമുമ്പു് എന്റെ മാതാവു മരിച്ചു. എന്റെ പതിനാറാമത്തെ വയസ്സിൽ ഭൃത്യനും കാലന്റെ യാത്രയായി. അവൻ മരിക്കാറായഘട്ടത്തിൽ ഞങ്ങളുടെ ഈ ചരിത്രത്തെ എന്നെയും എന്റെ സഹോദരിയെയും ധരിപ്പിച്ചു.

പിന്നീടു് ഒരുകൊല്ലംകഴിഞ്ഞു സരസ്വതി, നിഷ്കളാനന്ദസ്വാമിയുടെ സമാജത്തിൽ ചേർന്നു. എനിക്കും അതിൽ ചേരണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ മാടന്റെ ബന്ധനത്തിൽനിന്നും മോചിക്കുന്നതിനു ഒരു ഉപകർത്താവിനെ സമ്പാദിക്കാൻ പരസ്വമായി ജീവിച്ചാലല്ലാതെ, നിവൃത്തിയില്ലാഞ്ഞതിനാൽ അതിനിടയാകാഞ്ഞതാണു്. എന്നെ സഹോദരഭാവേന സ്നേഹിച്ചു് ആ സ്നേഹത്തിന്റെ പ്രേരണയിൻപേരിൽ, വൈദിക

മതാവലംബിയായ ഒരു യുദ്ധവീരൻ മാടനെ എതിർത്താൽ എനിക്കു മോചനമുണ്ടാകുമെന്നു മാടൻ പറഞ്ഞിട്ടുണ്ടല്ലോ. തന്നിമിത്തം അപ്രകാരമുള്ള ഒരു ഉപകർത്താവിനെ അന്വേഷിച്ചു പലേസ്ഥലങ്ങളിൽ ചുറ്റിക്കറങ്ങി. ഒടുവിൽ അശോകനാഥന്റെ ക്ഷേത്രത്തിൽ ചെന്നുചേർന്നു. എന്റെ ചരിത്രം മുഴുവനും കേട്ടതിൽ അദ്ദേഹത്തിനു പൂർവ്വനിർവ്വിശേഷമായ സ്നേഹവും അനുകമ്പയും ജനിക്കയാൽ എന്നെ അദ്ദേഹത്തിന്റെ ഒന്നിച്ചുതാമസിച്ചുകൊള്ളുവാൻ അനുവദിക്കുകയും എന്റെ മോചനത്തിനു വേണ്ട സഹായം ചെയ്യുന്നതാണെന്നു സമ്മതിക്കുകയുംചെയ്തു. എന്നാൽ അദ്ദേഹം വൈദികമതക്കാരനല്ലാത്തതുകൊണ്ടു്, മാടനോടു യുദ്ധംചെയ്തു എന്നെ മോചിപ്പിക്കാൻ നിവർത്തിയില്ല. അങ്ങനെ താമസിച്ചുവരവെ വൈദികമതാവലംബിയായ ഒരു യുദ്ധവീരൻ രണ്ടു ഭൃത്യന്മാരോടുകൂടി, അശോകനാഥന്റെ പാളയത്തിൽ വന്നുചേരുന്നതിനും എന്നെ സന്ദർശിക്കുന്നതിനുമിടയായി. ദൈവായത്തമായ ആ സന്ദർശനത്താൽ ഞാൻ അനുഗ്രഹിതയായി. എന്നെ കണ്ടപ്പോൾതന്നെ അദ്ദേഹത്തിനു എന്നിൽ അപാരമായ സ്നേഹവും അനുകമ്പയും ജനിച്ചിട്ടുണ്ടെന്നു് എനിക്കു വിശ്വാസമുണ്ടു്. അദ്ദേഹം ഒരു രാത്രിമാത്രമേ അശോകനാഥന്റെ ക്ഷേത്രത്തിൽ താമസിക്കയുണ്ടായുള്ളൂ. അടുത്തദിവസം രാവിലേ അദ്ദേഹം യാത്രപറഞ്ഞു പിരിയുമ്പോൾ എന്നിലുള്ള സ്നേഹത്തെ വെളിപ്പെടുത്തുകയും എന്നെ വീണ്ടും സന്ദർശിക്കണമെന്നുള്ള അഭിലാഷത്തെ അറിയിക്കുകയും ചെയ്തു. അതനുസരിച്ചു്, ഒരാഴ്ചയ്ക്കുമുമ്പു ഇതേസ്ഥലത്തുവച്ചു ഞാൻ അദ്ദേഹത്തെ സന്ദർശിക്കയും മാടനുമായി പോർനടത്തി എന്നെ മോചിപ്പിക്കാമെന്നു സാനുകമ്പം അദ്ദേഹം സമ്മതിക്കുകയും ചെയ്തു. നേപ്പാളരാജാവിന്റെ പ്രതിനിധിയായ ആ യുദ്ധവീരന്റെ മുമ്പിലാണു ഞാൻ നില്ക്കുന്നതെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ.

മാന്യനും ധീരനുമായ ഉപകർത്താവേ! അങ്ങു് എന്നെ മാടന്റെ ഭാസ്യത്തിൽനിന്നും മോചിപ്പിക്കണേ! അത്രമാത്രമേ അങ്ങയോടു ഞാൻ അപേക്ഷിക്കുന്നുള്ളൂ. ഈ മാസം പതിനഞ്ചാംതീയതിയിൽ എനിക്കു ഇരുപതുവയസ്സു പൂർത്തിയാകുന്നു. അതിനകം എന്നെ മോചിപ്പിക്കാത്തപക്ഷം, മുജ്ജന്മസുകൃതത്താൽ ലഭിക്കപ്പെട്ട ഈ മനുഷ്യജന്മത്തെ മാടനുവേണ്ടി ബലികഴിക്കേണ്ടിവരും.

അംഗനാചുംബനം

രണ്ടാം പുസ്തകം

പരിഭാഷകൻ,

കെ. പരമേശ്വരൻപിള്ള

വടയാറുകോട്ട

★

പ്രകാശകർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്ഡിപ്പോ,

കൊല്ലം.

★

1956.

(പകർപ്പവകാശം പ്രകാശകരിൽ.)

ശ്രീരാമവിലാസംപ്രസ്സ്,
കൊല്ലം.



5-ാംപതിപ്പ്, കാപ്പി 1000.
1131.

അംഗനാചുംബനം

രണ്ടാം പുസ്തകം



അദ്ധ്യായം ഏഴു.

"പോകുന്നുസായുധനായി ഞാൻ
വീരവേഗമോടെൻബലം കാൺക!"

പ്രേതയക്ഷിയുടെ ഭയജനകവും, എന്നാൽ ഭയനീയവുമായ ചരിത്രം അവളുടെ മധുവാണിയിൽക്കൂടി ശ്രവിച്ച താരാനാഥൻ യാതൊന്നും സംസാരിക്കാതെ അല്പനേരം കോമളമായ അവളുടെ മുഖത്തുതന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടുനിന്നു. അവളുടെ ചരിത്രത്തെ അയാൾ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്തതെന്നു തീർത്തുപറയാവതല്ല. എന്നാൽ മാടൻ എന്നൊരു ദേവതയുണ്ടെങ്കിൽതന്നെയും മനുഷ്യരുമായി ഇടപെട്ടു് ഇപ്രകാരമെല്ലാം സംഭവിക്കുമോ എന്നൊരു ബലമായ സംശയം അയാളെ ബാധിച്ചു എന്നുള്ളതു നിശ്ചയമാണു്. അതേനിമിഷത്തിൽതന്നെ, അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിൽ ഇപ്രകാരമൊരു കെട്ടുകഥ ഇത്ര തന്മയത്വത്തോടുകൂടി പറഞ്ഞു ഫലിപ്പിക്കാൻ ഒരു സ്ത്രീ, വിശേഷിച്ചും അസാധാരണസൗന്ദര്യവതിയായ ഒരു യുവതി, ധൈര്യപ്പെടുകയില്ലെന്നൊരു വിശ്വാസം ആ സംശയത്തെ പരിഹരിക്കയുംചെയ്തു. നിലാവെളിച്ചത്തിൽ അവളുടെ സൗന്ദര്യപീയൂഷം താരാനാഥന്റെ നയനഭ്രമരങ്ങൾ പേർത്തും പേർത്തും നുകർന്നുകൊണ്ടിരുന്നു. പ്രേതയക്ഷിക്കു മുമ്പുണ്ടായിരുന്നതിൽ നൂറിരട്ടി സൗന്ദര്യം ഇപ്പോൾ ഉണ്ടെന്നു താരാനാഥനുതോന്നി. "ഹാ! എത്രമനോഹരമായ കാഴ്ച! എത്ര ദിവ്യവും ഭവ്യവുമായ ചാരുതാപം! പ്രേതയക്ഷിയോ? ഛെയ്, മഹാലക്ഷ്മി! ഏതൊരു പുരുഷനും ഇവളുടെ സൗന്ദര്യത്തിൽ മയങ്ങി പാദത്തിൽ നമസ്കരിച്ചുപോകുമെന്നു മാടൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതെത്ര പരമാർത്ഥം! എന്തു്? മാടനോ? ഒഷ്ടൻ! ഒരു രാജവംശത്തെ ഉൻമൂലനംചെയ്ത ഘാതകൻ! ഞാനുണ്ടോ അവനെ വിട്ടയയ്ക്കുന്നു? കാണട്ടെ, അവന്റെ മനുഷ്യാതീതമായ ശക്തി! ഹാ! ഞാനെത്ര മൂഢനാണു്? മനുഷ്യാതീതമായ ഒരുശക്തിയുണ്ടോ? ഉണ്ടെങ്കിൽ അതു സർവ്വശക്തനായ ദൈവത്തിനല്ലാതെ ഒരു ദുർദ്ദേവതയ്ക്കുണ്ടോ? അഥവാ എന്താണീ ദുർദ്ദേവത? മാടനെ

ന്നൊരു ഭേവതയോ? ഇതെന്തൊരു നേരംപോക്കാണു്? മാടനു മില്ല മറുതായുമില്ല. ഉണ്ടെങ്കിൽ എന്റെ മുമ്പിൽ വരട്ടെ! അവന്റെ ഗവ് ഞാനടക്കാം. ഈ ഖഡ്ഗം അവന്റെ കണ്ണത്തെ ഛേദിക്കും. ഇല്ലെങ്കിൽ ഞാനെന്തിനായിട്ടു് ഇതിനെ കെട്ടിത്തൂക്കിക്കൊണ്ടുനടക്കണം" ക്ഷണനേരത്തിനകം താരാനാഥന്റെ വൃദയപഥങ്ങളെ ആരോഹണംചെയ്ത വിചാരപരമ്പരകളാണിവ.

"ധീരശൂരനായ മാന്യയുവാവേ! ഈ ദീർഘമൗനത്തിനു ഹേതുവെന്തോ? എന്റെ ചരിത്രം അങ്ങു ഗ്രഹിച്ചു. എന്റെ മോചനമാഗ്രഹവും അങ്ങേയ്ക്കു മനസ്സിലായി. അതുസംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായത്തെ അക്ഷമയോടെ പ്രതീക്ഷിക്കുന്ന എനിക്കു് ഈ മൗനം മർമ്മഭേദകമാണു്. എന്നിൽ സഹതാപമുണ്ടെന്നു് അങ്ങു് ആദ്യമേപറഞ്ഞു. എന്നെ വൃദയപൂർവ്വം സ്നേഹിക്കുന്നു എന്നും അങ്ങു പറയുകയുണ്ടായി മാടൻ എന്റെ ശത്രുവാണെങ്കിൽ അവനെ കഠിനമായി ശിക്ഷിക്കാമെന്നും അങ്ങു പ്രഖ്യാപനംചെയ്തു. അങ്ങനെ പറഞ്ഞുപോയ ആ വാക്കുകളെക്കുറിച്ചു് ഇപ്പോൾ പശ്ചാത്തപിക്കുകയാണൊ? എന്നാൽ അതിന്റെ ആവശ്യമില്ല. പെട്ടെന്നു പറഞ്ഞുപോയ ആ വാക്കുകളെ ഞാൻ വിസ്മരിച്ചേക്കാം. അങ്ങേയ്ക്കു് യാതൊരു പ്രകാരത്തിലുള്ള ദുഃഖവും ഞാൻനിമിത്തമുണ്ടാകരുതു്. അതേ, ഞാൻ അങ്ങയെ അലട്ടുന്നില്ല. അതിനു് എനിക്കു് അവകാശവും സ്വാതന്ത്ര്യവുമില്ലല്ലോ. എനിക്കു് എപ്പോഴും അങ്ങയിൽ ബഹുമാനവും സ്നേഹവുമുണ്ടു്. ആ സ്നേഹത്തെ ഞാൻ ഒരുനാളും മറക്കുന്നതല്ല. എന്നാൽ മാടനെ ശിക്ഷിക്കാമെന്നുള്ള അങ്ങയുടെ ധീരവചസ്സിനെ വിസ്മരിക്കാൻ എനിക്കു കഴിയും; ഇനി നമുക്കു പിരിയാം. എനിക്കു് അവസാനമായി യാത്രപറഞ്ഞാലും" പ്രേതയക്ഷിയുടെ ഈ പ്രസംഗം താരാനാഥന്റെ മൗനനിഷ്ഠയെ രോധിച്ചു.

താരാനാഥൻ:—ഈ വാക്കുകൾ ഭവതിയുടെ മുഖത്തുനിന്നും പുറപ്പെട്ടതിൽ ആശ്ചര്യമുണ്ടു്. ഭവതി ഇത്ര വിചാരഹീനയോ? ഈ വാക്കുകളുടെ പരുഷതയ്ക്കും ഭവതിക്കും തമ്മിൽ എത്ര അന്തരമുണ്ടെന്നു് അന്തസ്സാപത്താൽ ഓർക്കാത്തതായിരിക്കാം. ഒരിക്കൽ പറഞ്ഞ വാക്കിനെ മാറിപ്പറയുന്നവനല്ല ഞാൻ. ധൃതഗതിയിൽ വല്ലതും പറയുന്നവനല്ല ഞാൻ. ആലോചനയില്ലാതെ അന്തസ്സാരവിഹീനന്മാരെപ്പോലെ എന്തെങ്കിലും പറയുന്നവനല്ല ഞാൻ. മാടനെ ശിക്ഷിക്കാമെന്നല്ല, ഭവതിയെ രക്ഷിക്കാമെന്നുംകൂടി ഞാൻ വാഗ്ദാനംചെയ്തിട്ടുണ്ടു്, അതു ഇപ്പോഴും ഓർക്കുന്നുണ്ടു്. എപ്പോഴും ഓർക്കുകയുംചെയ്യും. ആ വാഗ്ദാനത്തെ ശരിക്കു ഞാൻ നിറവേറുകയും ചെയ്യും.

ന്നെങ്കിൽ മാടനെ ശിക്ഷിച്ചു ഭവതിയെ രക്ഷിക്കും; അല്ലെങ്കിൽ മരിക്കും. ഇതാണു് എന്റെ നിശ്ചയം. ഈ നിശ്ചയത്തിനിളക്കമില്ല. ഭവതിയുടെ സ്നേഹത്തേക്കാൾ ഭവതിയുടെ ക്ഷേമത്തേയാണു ഞാൻ ആഗ്രഹിക്കുന്നതു്. അതിനായി മരണത്തെ എതിർക്കാനും ഞാൻ സന്നദ്ധനാണു്. ഇനിയെങ്കിലും എന്റെ വാക്കുകളിൽ ഭവതിക്കു വിശ്വാസമുണ്ടാകട്ടെ. അലങ്കാരത്തിനല്ല, അധർമ്മത്തെ എതിർക്കാനായിട്ടത്രെ ഈ ഖഡ്ഗത്തെ ഞാൻ ധരിക്കുന്നതെന്നു വിശ്വസിക്കുക. മാടൻ എന്നൊരു ദേവതയുണ്ടെന്നു് എനിക്കു് വിശ്വാസമില്ല, ഉണ്ടെന്നു ഭവതി വിശ്വസിപ്പിച്ചു. ഉണ്ടെങ്കിൽ കാണട്ടെ, അവന്റെ ഗർവ്വിനെ ശമിപ്പിക്കട്ടെ. സർവ്വശക്തനായ ദൈവം എന്നെ അനുഗ്രഹിക്കും.

പ്രേതയക്ഷി:—മാന്യരേ, ഉഗ്രപരാക്രമശാലിയും പുരുഷകേസരിയുമായ താങ്കൾക്കു് എന്നെ ഈ മാടന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാൻ ശക്തിയുണ്ടെന്നുള്ള വിശ്വാസം എനിക്കുണ്ടു്. സങ്കടാധിക്യത്താൽ എന്തൊക്കെയോ പറഞ്ഞു പോയതാണു്. ആ പറച്ചിൽ ഈ അബലയുടെ മനഃശ്ശക്തിഹീനതയെ വെളിപ്പെടുത്തുകയല്ലാതെ, അങ്ങയുടെ പൗരുഷത്തെ കുറയ്ക്കുകയില്ല. ക്ഷമിക്കണമെന്നപേക്ഷിക്കുന്നു. ഒരപേക്ഷകൂടിയുണ്ടു്. അങ്ങു് മാടനെ ശിക്ഷിക്കാമെന്ന വാഗ്ദാനംചെയ്യു. ആ വാഗ്ദാനം ധൃതഗതിയിൽ ചെയ്യരുതെന്നും ആലോചനയോടുകൂടി ചെയ്യണമെന്നും പറഞ്ഞു. എന്നാൽ മാടനെന്നൊരു ദേവത ഇല്ലെന്നു വിശ്വസിച്ചുംകൊണ്ടാണു് അപ്രകാരം വാഗ്ദാനം ചെയ്യരുതെന്നു അങ്ങയുടെ വാക്കുകളിൽ നിന്നുംതന്നെ വെളിപ്പെടുന്നുണ്ടു്. ആ വിശ്വാസത്തിനു് അടിസ്ഥാനമില്ല. മാടൻ ഉണ്ടെന്നു അങ്ങു ദൃഢമായി വിശ്വസിക്കണം. ആ വിശ്വാസമനഃസ്ഥിതിയോടുകൂടി അങ്ങു ഒരിക്കൽകൂടി ആലോചിച്ചുതീർച്ചപ്പെടുത്തണമെന്നാണു് എന്റെ അപേക്ഷ. എന്തുകൊണ്ടെന്നാൽ അങ്ങു കൈയേൽക്കുന്ന കാര്യം വിഷമസാദ്ധ്യമായ ഒന്നാണു്; അല്ല, അസാദ്ധ്യമായ ഒന്നാണു്. ഭയങ്കരമായ ആപത്തു് അതിൽനിന്നും നേരിട്ടേക്കാം. അപ്രകാരം ഒരാപത്തു് അങ്ങേയ്ക്കു നേരിടുന്നതു്, വിശേഷിച്ചും എന്നെച്ചൊല്ലി സംഭവിക്കുന്നതു്, എനിക്കു എത്രകണ്ടു വിഷാദകാരണമാണെന്നു പറഞ്ഞറിയിക്കാൻപ്രയാസമാണു്. അതിനാൽ എനിക്കുവേണ്ടി ഒരുകൂടി ആലോചിച്ചതിനുശേഷം തീർച്ചപ്പെടുത്തണമെന്നു് വിനയപൂർവ്വം അർത്ഥിക്കുന്നു.

താരാനാഥൻ:—ഇല്ല, ഒരാലോചന ഇതുസംബന്ധിച്ചു് ഉണ്ടാകുന്നതല്ല. എന്റെ ശപഥത്തിനു ഇളക്കവുമില്ല. ഈ സംരംഭത്തിൽനിന്നും ഇനി പിൻവാങ്ങണമെന്നു ഭവതി അപേക്ഷിച്ചാൽത്തന്നെയും ഞാനൊട്ടു വഴിപ്പെടുകയുമില്ല. ഇനി നടക്കേണ്ടുംസംഗതികളെപ്പറ്റി ആലോചിച്ചാൽ മതിയാകും. മാടനുണ്ടായാലും ഇല്ലെങ്കിലും ഭവതി പറയുന്ന മാടനോടു എതിർക്കാൻ ഞാൻ തീച്ചപ്പെടുത്തിക്കഴിഞ്ഞു. മാടനെ കണ്ടുപിടിക്കാനുള്ളമാർഗ്ഗം ഭവതി ഉപദേശിച്ചാൽ മതി. അവനെ എവിടെ കാണാം? ഏതുസമയത്തുകാണാം അതു പറയുക; അവനെ കണ്ടുമുട്ടാൻ വൈകി. അമ്പോ ഉഷ്ടൻ! ഒരു രാജകുടുംബത്തിന്റെ വേരുത്ത ചണ്ഡാളൻ! അവനെ ശിക്ഷിക്കാതെ അടങ്ങുകയോ!

പ്രേതയക്ഷി:—അങ്ങയുടെ നിശ്ചയം അങ്ങനെയാണെങ്കിൽ ഞാൻ കൂടുക്കിടുന്നില്ല. മാടനെ കണ്ടുപിടിക്കാനുള്ള വഴി ഞാൻ പറഞ്ഞുതരാം. ഈ മാസം പതിനഞ്ചാംതീയതി രാത്രി പതിനൊന്നുമണിക്കു് ഈ പട്ടണത്തിൽനിന്നും കിഴക്കോട്ടുള്ള റോഡിൽക്കൂടി തിരിക്കണം. ഒന്നിച്ചു മറ്റാരും സഹായത്തിനുണ്ടായിരിക്കരുതു്. യോദ്ധാവിന്റെ വേഷത്തിൽ അശ്വാരൂഢനായി പുറപ്പെടേണ്ടതാണു്, യാത്രോദ്ദേശ്യം യാതൊരാളേയും അറിയിക്കാൻപാടില്ല. കുതിരയെ നടത്തുകയല്ലാതെ ഓടിക്കരുതു്. അങ്ങനെ മുക്കാൽമണിക്കൂർ യാത്രചെയ്താൽ ഏതൊരിടത്തു എത്തുന്നുവോ അവിടെ നില്ക്കണം. കൃത്യം പന്ത്രണ്ടുമണിക്കു്, അങ്ങയുടെ പ്രതിദ്വന്ദ്വിയായ മാടൻ ആ സ്ഥലത്തു പ്രത്യക്ഷമാകും. അങ്ങേയ്ക്കു് ആയുധം പ്രയോഗിക്കാനിടയാകുംമുമ്പു മാടൻ ഗദാതാഡനം ഏല്പിച്ചേക്കാം. അതോമ്മയിരിക്കട്ടെ! കരുണാനിധിയായ ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ! പരാജയം ആങ്ങേയ്ക്കാണെങ്കിൽ മാന്യനായ യുവാവെ! ഈ ലോകത്തിൽ എന്നേക്കാളും ഭാഗ്യഹീനകരും ഉണ്ടായിരിക്കയില്ല. ആമരണാന്തം മാടന്റെ അടിമത്തത്തിൽ കഴിഞ്ഞുകൂടേണ്ടതായിരിക്കും. അഹോ! അതോർക്കുമ്പോൾ എന്റെ ഹൃദയം എരിപൊരിക്കൊള്ളുന്നു.

പ്രേതയക്ഷിയുടെ നയനങ്ങളിൽനിന്നും നദീപ്രവാഹശങ്കയെ ജനിപ്പിക്കുമാറു് അശ്രുപ്രവാഹമുണ്ടായി.

താരാനാഥൻ:—ഭവതിയുടെ വിഷാദം അടിസ്ഥാനരഹിതമാണു്. ഞാൻ ഒരിക്കലും പരാജിതനാകയില്ലെന്നു് ഭവതി വിശ്വസിക്കുക! ദൈവം നമ്മെ സഹായിക്കും. അധർമ്മത്തെ എതിർക്കുന്നവർക്കു പരാജയം ഉണ്ടാകാനിടയില്ല. ദൈവം ധർമ്മസ്വ

രൂപനാണു്. ധർമ്മിഷ്ഠന്മാർക്കു ദൈവം കൂട്ടുണ്ടു്. ഭവതി ധൈര്യപ്പെടുക.

പ്രേതയക്ഷി:—ഞാൻ അധൈര്യപ്പെട്ടതിൽ അങ്ങു് അന്യഥാ ധരിക്കേണ്ട. എനിക്കു അതിൽ പശ്ചാത്താപമുണ്ടു്. എന്നിരുന്നിട്ടും ഈ മഹാസംരംഭത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ സ്ത്രീസഹജമായ ചാപല്യം എന്റെ ഹൃദയത്തെ ബാധിച്ചതാണു്.

താരാനാഥൻ:—ഭവതിയെപ്പോലുള്ള പ്രൗഢാംഗനമാർക്കു് ആ ചാപല്യത്തിനു അവകാശമില്ല. ഭവതിക്കു മനഃസ്ഥൈര്യം തികച്ചും വേണ്ടതാണു്. ഭവതി ഈ ഘട്ടത്തിൽ ഖേദിക്കുകയല്ല, ആസന്നമോചനത്തെ ഓർത്തു് സന്തോഷിക്കുകയത്രേ വേണ്ടതു്. മോചനം കരതലാമലകമാണെന്നു ബലമായി വിശ്വസിക്കുക! എനിക്കു് അക്കാര്യത്തിൽ അശേഷം സംശയമില്ല.

പ്രേതയക്ഷി:—അങ്ങയുടെ ധൈര്യത്തിൽ ഞാനും വിശ്വസിച്ചുകൊള്ളാം. എന്നാൽ, നിർഭാഗ്യവശാൽ അങ്ങു പരാജിതനായിഭവിക്കുന്നതായാൽ ഞാൻ അനുഭവിക്കേണ്ടിവരുന്ന നിത്യദുഃഖം എത്രഭയങ്കരമാണെന്നു ഓർക്കുമ്പോൾ എന്റെ ഹൃദയം നടുങ്ങുന്നു. ഏതായാലും അല്പം ചില സാഗതികാംക്ഷി ഇതുസംബന്ധമായി എനിക്കു പറവാനുണ്ടു്. പതിനഞ്ചാംതീയതി താങ്കളും മാടനുംതമ്മിലുള്ള യുദ്ധം നടക്കും. അതേ, മാടനെ ഓർക്കുമ്പോൾ അതു യുദ്ധമെന്നതന്നെ പറയാം. ഭാഗ്യദോഷത്താൽ, മാടൻ യുദ്ധത്തിൽ ജയിച്ചാൽ അവന്റെ ചില നിബന്ധനകാംക്ഷ് അങ്ങു വഴിപ്പെടണം. അതിനു് അങ്ങു വൈമുഖ്യം പ്രദർശിപ്പിക്കുകയാണെങ്കിൽ അവനിൽനിന്നും അങ്ങേയ്ക്കുവലുതായ ആപത്തുനേരിടും.

ഇങ്ങനെ സംസാരിക്കുമ്പോൾ പ്രേതയക്ഷി ഭയത്താൽ ഞെട്ടിവിറയ്ക്കുന്നുണ്ടായിരുന്നു.

താരാനാഥൻ:—ശരി, ഭവതിക്കു പറയാനുണ്ടായിരുന്നതെല്ലാം പറഞ്ഞുകഴിഞ്ഞു. അക്കാര്യത്തിൽ എനിക്കു വളരെ ചാരിതാർത്ഥ്യമുണ്ടു്.

പ്രേതയക്ഷി:—അതേ, ഇനിയൊന്നും എനിക്കു പറയാനില്ല. എന്നാൽ എനിക്കുവേണ്ടി അങ്ങു് ഒരു വലുതായ ആപത്തിനെ സ്വാഗതംചെയ്യുകയാണെന്നു് ഒരു ബലമായ സംശയവും ഭീതിയും എന്നെ വീണ്ടും ബാധിക്കുന്നു.

താരാനാഥൻ:—വേണ്ട; ധൈര്യപ്പെടുക! എനിക്കു് ഇക്കാര്യത്തിൽ ലേശം ഭയമോ സംശയമോ ഉണ്ടാകുന്നില്ല. ആപത്തിനെ എതിർക്കുക എന്നുള്ളതാണു് എന്റെ ആദർശം. എന്റെ

ജീവിതോദ്ദേശം അതുതന്നെ. ഞാൻ മാടനെ ശിക്ഷിക്കാൻ പോകുന്ന ദിവസത്തിൽ ഭവതി ഭക്തിപൂർവ്വം ദൈവത്തെ ഭജിക്കുക! എനിക്കു വിജയവും അതുവഴി ഭവതിക്കു മോചനവും ലഭിക്കുന്നതിനായി സർവ്വാന്തര്യാമിയായ ഭഗവാനെ ഏകാഗ്രഭക്തിയോടെ ധ്യാനിക്കുക! ഞാനും മാടനും അന്യോന്യം പൊരുതുന്നതായ ഘട്ടത്തിൽ ഭവതി ഈശ്വരനാമത്തെ അത്യുച്ചത്തിൽ ഗാനം ചെയ്യണം. ഈശ്വരാനുഗ്രഹത്താൽ ഞാൻ മാടനെ പരാജയപ്പെടുത്തുകയാണെങ്കിൽ നേരിൽവന്നു വിവരം ഭവതിയെ തെര്യപ്പെടുത്തിക്കൊള്ളാം. ഹതഭാഗ്യത്താൽ ഞാൻ പരാജിതനാവുകയാണെങ്കിൽ ആ വിവരം ഭവതി ധരിക്കുന്നതെങ്ങനെ?

പ്രേതയക്ഷി:—മാടന്റെ ശക്തിയാൽ എനിക്കു ചില അനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അങ്ങു ജയിച്ചാലും തോറ്റാലും വിവരം ആ നിമിഷത്തിൽ എനിക്കു ഗ്രഹിക്കാൻകഴിയും; പോരിന്റെ അവസാനം ഏതുവിധത്തിലാണെന്ന് എനിക്ക് അനുഭവമുണ്ടാകും. അങ്ങു ജയിക്കുകയാണെങ്കിൽ എന്റെ ഹൃദയത്തിനു സന്തോഷാനുഭൂതിയും, തോൽക്കുകയാണെങ്കിൽ സങ്കടാനുഭൂതിയും ഉണ്ടാകും.

താരാനാഥൻ:—വളരെ സന്തോഷം! സന്തോഷാനുഭൂതിതന്നെ ഉണ്ടാകുമെന്നു വിശ്വസിക്കുക.

പ്രേതയക്ഷി:—എന്റെ ആഗ്രഹവും ആശംസയും അങ്ങനെ വരണമെന്നാണ്. ഈ കൊട്ടാരത്തിൽ ഒരു ശിവക്ഷേത്രമുണ്ട്. കൊട്ടാരം മാന്യനായ അശോകനാഥന്റെ കൈവശത്തിലായതിൽ പിന്നെ ആ ക്ഷേത്രം അടച്ചുപൂട്ടിയിരിക്കയാണ്. എന്നാൽ താക്കോൽ ഞാൻ ആവശ്യപ്പെട്ടാൽ അദ്ദേഹം തരാതിരിക്കയില്ല. മാടനും താങ്കളും എതിരിട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഞാൻ അതിനുള്ളിൽ കടന്നു ത്രിപുരാന്തകനായ ഭഗവാനെ ഭജിക്കുന്നതാണ്.

താരാനാഥൻ:—എന്നാൽ യുദ്ധാനന്തരം ജയശ്രീലാളിതനായി ഒരു മണിക്കൂറിനുള്ളിൽ ഞാൻ ഈ ക്ഷേത്രത്തിൽവന്നു ഭവതിയെ സന്ദർശിച്ചുകൊള്ളാം.

പ്രേതയക്ഷി:—ഭഗവാൻ അനുഗ്രഹിക്കട്ടെ! മാന്യരെ, ഇനി നമുക്കു പിരിയാം. പിരിയുംമുമ്പ് ഒരു സംഗതി താങ്കളെ തെര്യപ്പെടുത്തേണ്ടതായിട്ടുണ്ട്. മാടനു് മനുഷ്യാതീതമായ ചില ശക്തികളുണ്ടെന്നു അങ്ങു വിശ്വസിക്കണം. മാടൻ ഏകസത്വമായി കാണപ്പെട്ടാലും യുദ്ധാരംഭത്തിൽ രണ്ടു സത്വമായി സംഭവിച്ചേക്കാം. അതു് അങ്ങേയ്ക്കു് കാര്യമുണ്ടായിരിക്കട്ടെ!

രണ്ടു സത്വങ്ങളും അങ്ങയോടു എതിരിടാതിരിക്കയില്ല. സൂക്ഷിച്ചുകൊള്ളണം. ഇനി യുദ്ധം കഴിവോളം നമുക്കു അന്യോന്യസന്ദർശനത്തിനു മാടന്റെ അനുവാദമില്ല.

മാടൻ രണ്ടു സത്വമായി കാണപ്പെട്ടുമെന്നും രണ്ടു സത്വങ്ങളും എതിക്കുമെന്നുമുള്ള പ്രേതയക്ഷിയുടെ ഉദ്ബോധനം താരാനാഥനു് അല്പമെങ്കിലും അധൈര്യമോ ഭീതിയോ ജനിപ്പിച്ചില്ല. അയാൾ അതു കേട്ടഭാവംപോലും നടിച്ചില്ല. ഒരു വലുതായ സംശയത്തെ പരിഹരിക്കാനുള്ള അവസരം സിദ്ധിച്ചതിൽ അയാൾ അതീവമോദിക്കുകയാണുണ്ടായതു്.

"മാന്യയോദ്ധാവേ! അനുരാഗപരമായ സ്നേഹം അങ്ങയുടെ ഹൃദയത്തെ ബാധിക്കാതിരിക്കട്ടെ! ബാധിക്കുന്നതായാൽ അങ്ങയുടെ യുദ്ധയാത്ര അവതാളത്തിൽ കലാശിക്കുകതന്നെചെയ്യും" എന്നു ഉദ്ബോധനം ചെയ്തുകൊണ്ടു് പ്രേതയക്ഷി അന്തർദ്ധാനം ചെയ്തു.

അദ്ധ്യായം ൨൪.

"എന്നെക്കാൾഗുണമേറുംതരുണീകാം
മന്നിലനവധിയുണ്ടെന്നാലും
എന്നെവെടിഞ്ഞീടരുതേ!"

അശോകനാഥൻ ശ്രീപുരത്തെ സ്വാധീനപ്പെടുത്തിയിട്ടു് ഇപ്പോൾ ഒരാഴ്ചവട്ടം കഴിഞ്ഞിരിക്കുന്നു. ജനങ്ങളെ അയാൾ യാതൊരുപ്രകാരത്തിലും ഉപദ്രവിക്കയുണ്ടായില്ല. ബന്ധനസ്ഥരാക്കപ്പെട്ട ഗംഗാധരഭട്ടൻ, ചന്ദ്രഭട്ടൻ, ഉദയസേനൻ എന്നീ പ്രഭുക്കന്മാരെ കൊട്ടാരത്തിൽതന്നെ താമസിപ്പിച്ചിരിക്കയാണു്. അശോകനാഥന്റെ താമസവും കൊട്ടാരത്തിൽതന്നെ. കോട്ടയ്ക്കുപുറവും സംരക്ഷകസൈന്യത്തെ ഏർപ്പെടുത്തിയിട്ടുണ്ടു്. കൊത്തളങ്ങളിൽ സൈന്യങ്ങളെ താമസിപ്പിച്ചിരിക്കുന്നു. ജനങ്ങൾ ക്ഷോഭിച്ചു നാട്ടിൽ വിപ്ലവം ഉണ്ടാക്കാതെ സൂക്ഷിക്കാനായി സുശിക്ഷിതന്മാരായ ഭടന്മാരടങ്ങിയ സൈന്യങ്ങളെ അവിടവിടെ നിയോഗിക്കയും ചെയ്തിരിക്കുന്നു.

പ്രഭുസമ്മേളനദിവസം, ആയുധംവയ്പിക്കപ്പെട്ട പ്രഭുസൈന്യങ്ങളിൽഉൾപ്പെട്ട ഭടന്മാരിൽ അനേകംപേർ സ്വമനസ്സോടുകൂടി അശോകനാഥന്റെ സൈന്യത്തിൽചേർന്നു. ശേഷംപേർഅവരവരുടെവഴിക്കുപോയി. അവരെ അശോകനാഥൻയാതൊരുപ്രകാരത്തിലും ഹിംസിക്കയുണ്ടായില്ലെന്നുള്ളതു പ്രത്യേകം പ്രസ്താവനീയമാണു്.

ശ്രീപുരംമാത്രമല്ല, കാശ്മീരം മുഴുവൻ അശോകനാഥന്റെ അധീനത്തിലായി എന്നതന്നെപറയാം. തന്നിമിത്തം ആ വലിയ രാജ്യത്തെ പരിപാലിക്കാൻ അയാൾ നിർബ്ബന്ധനായി ഭവിച്ചു. അശോകനാഥൻ ഒരു വലിയ ധീരനും പരാക്രമശാലിയും യുദ്ധ വീരനും മറ്റുമാണെന്ന നമുക്ക മനസ്സിലായിട്ടുണ്ട്. എന്നാൽ ഒരു മഹാരാജ്യത്തെ ശരിക്ക ഭരിച്ചുകൊണ്ടുപോകാനുള്ള പ്രാഗത്ഭ്യം അയാൾക്കില്ല. മതകാര്യങ്ങളിലും അയാൾക്ക വലിയ വാശിയും അഭിമാനവും ഉണ്ടെങ്കിലും ആ വിഷയത്തിൽ ക്രുലങ്കഷമായഅറിവോ അതിനെക്കുറിച്ച് ആലോചിക്കാനുള്ള ശക്തിയോ ഇല്ല. അയാളുടെ അറിവെല്ലാം ആയുധത്തിൽ മാത്രമാണ്. തദനുഗുണമായ ധൈര്യവുമുണ്ട്. മട്ടനമാണ് അയാളുടെ ആഭരണം. തൊഴിൽ ആയോധനവും. അയാളുടെ മതപ്രചരണം സൈന്യബലത്താൽ സാധിക്കുകയാണ്. "ഞങ്ങളുടെ മതത്തിൽ ചേരുക! അല്ലെങ്കിൽ മോക്ഷമില്ല" എന്നിങ്ങനെ കണ്ണുക്ഷോഭം ചെയ്യാനല്ലാതെ, തങ്ങളുടെ മതാദർശം ഇന്നതാണെന്ന് വെളിപ്പെടുത്താൻ ത്രാണിയില്ലാത്ത ഭയനീയന്മാരും മതപ്രാസംഗികവേഷധാരികളുമായ ചില 'മതം കൊല്ലികൾ'ക്കുള്ള അറിവിൽ ക്രുതലായിട്ടൊന്നും അശോകനാഥനു് അയാളുടെ മതത്തെ സംബന്ധിച്ചു് ഇല്ലെന്നതന്നെ പറയാം. വിദ്യാഭ്യാസത്തിലും വളരെ പിന്നോക്കമാണു്. തന്നിമിത്തം പലപ്പോഴും അയാളുടെ സംരംഭങ്ങൾ ബുദ്ധിപൂർവ്വകങ്ങളായിട്ടല്ലാതെ കണ്ടിട്ടുണ്ടു്. ഉദ്ദേശ്യം പാവനമായിരുന്നേക്കാം. പ്രവൃത്തി പദ്ധതി അനാശാസ്യമായിരിക്കും തന്റെ അഭിപ്രായത്തിനു വ്യത്യസ്തമായ അഭിപ്രായം പുറപ്പെടുവിക്കുന്നവരിലും തന്റെ ഉദ്യമത്തെ തടയുന്നവരിലും അയാൾക്ക വലുതായ പകയുണ്ടായിരിക്കും. അശോകനാഥന്റെ സ്വഭാവഗതികം ഈവിധമൊക്കെയാണെങ്കിലും അന്യാദൃശമായ ചില ഗുണങ്ങൾ അയാൾക്കുണ്ടെന്നുള്ളതു വിസ്മരിക്കാവതല്ല. സത്യം അയാളുടെ കുലദൈവതമാണു്. മനസ്സുകൊണ്ടും വചസ്സുകൊണ്ടും വപുസ്സുകൊണ്ടും സത്യത്തെ പാലിക്കും. മാത്രമല്ല, ഉദാരശീലനും ഉദ്ദേശ്യശുദ്ധിയുള്ളവനുമാണു്. സ്നേഹിച്ചാൽ ആക്കുവേണ്ടിയും മരിക്കാനും മടിക്കാത്ത മഹത്തായ ഒരു സ്വഭാവംകൂടി അയാൾക്കുണ്ടു്. ഇതിനെല്ലാം പുറമേ അഹങ്കാരം അയാളെ തീണ്ടുകപോലും ചെയ്തിട്ടില്ല. സത്യത്തെപ്പോലെതന്നെ വിനയത്തെയും സ്വാത്മനാ പാലിക്കുന്നുണ്ടു്. ആഡംബരത്തിൽ അശോകനാഥനു താല്പര്യമില്ല. മഹാഭാഗ്യവാന്മാരെന്നു സ്വയം ബോധിച്ചു ആഡംബരസമന്വിതമായജീവിതത്തെ മാളികപ്പുറത്തുതന്നെ നയിച്ചുപോരുന്ന ഏതൊരാളും വെറും ഭീരുക്കളാണെന്നാണു് അശോകനാഥന്റെ അഭിപ്രായം. സ്വാധിഷ്ഠമായ ഭക്ഷണ

സാധനങ്ങൾക്കും തത്തുല്യമായ സുഖഭോഗങ്ങൾക്കും വേണ്ടിയാണു ജീവിക്കുന്നതെന്നു കരുതുന്ന ക്രൂട്ടരെ അയാൾക്കു വളരെ വെറുപ്പാണു്. സുഗമമായ കാട്ടുകളിലും മറ്റും താമസിച്ചു് ഫലവർഗ്ഗാദി പ്രാകൃതികഭക്ഷണസാധനങ്ങൾ ഉപയോഗിച്ചു്, അനാവശ്യമായ ആശകളിലും നിർബന്ധങ്ങളിലുംനിന്നു മനസ്സിനെ വേർപെടുത്തി സംതൃപ്തന്മാരായിജീവിക്കുന്നതാണു യഥാർത്ഥമായ ജീവിതമെന്നു അയാൾ വിശ്വസിച്ചിരുന്നു. വാസ്തവമായ സുഖം ആ ജീവിതത്തിലത്രേ അയാൾ കാണുന്നതു് ഈമനഃസ്ഥിതി ആരിൽക്കാണുന്നുവോ അയാളിൽ അശോകനാഥനു ബഹുമാനമുണ്ടു്. വിദ്യാസമ്പന്നന്മാരും ശാസ്ത്രജ്ഞന്മാരും എന്നുള്ള കാരണത്താൽ ആരിലും അയാൾക്കു ബഹുമാനമുണ്ടാകുന്നില്ല. ലോകത്തിൽ എല്ലായിടത്തും ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ ഭരണംനടത്താമെന്നും രാജാക്കന്മാരെന്നൊരു പ്രത്യേകവർഗ്ഗക്കാർ ഭരിക്കാൻപാടില്ലെന്നുമാണു അയാളുടെ അഭിപ്രായമെന്നു നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. എന്നാൽ ആ ഭരണത്തെ സ്ഥാപിക്കാനുള്ള അയാളുടെ മാർഗ്ഗങ്ങൾ സ്വീകാര്യങ്ങളല്ല. അക്കാരണത്താൽ, അയാൾ എത്രതന്നെ ഗുണവാനും ഉദ്ദേശശുദ്ധിയോടുകൂടിയവനുമാണെങ്കിലും, കാശ്മീരരാജ്യം മുഴുവൻ അയാളുടെ അധീനത്തിലായി എങ്കിലും, അതിനെ ശരിക്കുഭരിച്ചുകൊണ്ടുപോവാനുള്ള സാമർത്ഥ്യം അയാൾക്കില്ല. എന്നാൽ അഭിജ്ഞനും യോഗ്യനുമായ ഒരു ഉപദേഷ്ടാവിന്റെ സഹായം ഉണ്ടായിരുന്നുവെങ്കിൽ അചിരേണ അയാൾ ഒരു വലിയ ഭരണതന്ത്രജ്ഞനാകാതിരിക്കയില്ലെന്നുള്ളതു നിശ്ചയമാണു്. അങ്ങനെയുള്ള യോഗ്യന്മാരാരും അയാളെ സഹായിക്കാനുണ്ടായിരുന്നില്ല. പഠിപ്പും അറിവുമുള്ളവരെല്ലാം ഇക്കാലത്തു സന്ന്യാസികളും മഠാധിപതികളുമായും ഭവിക്കയാണു പതിവു്. അത്തരക്കാർ അയാളുടെ പരമശത്രുക്കളുമാണല്ലോ. രാജ്യത്തിലുള്ള പ്രഭുക്കന്മാരെയെല്ലാം അശോകനാഥൻ തികച്ചും വെറുത്തു. അതിനാൽ ഭരണകാര്യങ്ങളിൽ അയാളെ ഉപദേശിക്കാൻ ആരുമുണ്ടായിരുന്നില്ല. ഇടത്തരക്കാരാകട്ടെ, കൈത്തൊഴിലും കച്ചവടവുംകൊണ്ടു ജീവിക്കുന്നവരും, വിദ്യാഭ്യാസവും ഭരണസംബന്ധമായ അറിവും ഇല്ലാത്തവരും ആയിരുന്നു. ഇപ്രകാരം അശോകനാഥൻ വലിയ യുദ്ധവീരനും അനേകായിരം ഭടന്മാരുടെ നേതാവുമായിരുന്നെങ്കിലും കാശ്മീരത്തെ ശരിക്കു ഭരിക്കാൻ പ്രാഗത്ഭ്യവും അത്തരക്കാരുടെ സഹായവുമില്ലാത്തവനായിരുന്നു.

എന്നാൽ, അന്യന്മാരുടെ ഉപദേശങ്ങളെ അശോകനാഥൻ, ഒരിക്കലും ആദരിക്കയോ പ്രതീക്ഷിക്കയോ ചെയ്തിരുന്നില്ല. തന്റെ കിഞ്ചിജ്ഞതയായിരിക്കാം അതിനു കാരണം. അതേ കാരണത്താൽ

അനേകായിരം ജനങ്ങൾ തന്റെ ആജ്ഞാകിങ്കരന്മാരായി ഭവിച്ചതു് അവരെയെല്ലാം അടക്കിഭരിക്കാനുള്ള ശക്തി സ്വഭാവേന തനിക്കുള്ളതുകൊണ്ടാണെന്നു് ഒരു അബദ്ധവിശ്വാസം അയാളുടെ ഹൃദയത്തിൽ സ്ഥലംപിടിച്ചിട്ടുണ്ടു്. രാജ്യതന്ത്രമെന്നുപറയപ്പെടുന്നതു് രാജാക്കന്മാരുടെ സ്വാർത്ഥത്തെ പാലിക്കാനുള്ള ഒരു ശാസ്ത്രമാണെന്നും, നയം എന്നതു് ഒരുതരം വ്യാജമാണെന്നും ഓരോദേശക്കാർക്കും ഓരോ ആദർശമുണ്ടെന്നും പറയുന്നതൊക്കെ വെറും പിത്തിലാട്ടമാണെന്നും മറ്റും അശോകനാഥൻ വിശ്വസിക്കുകമാത്രമല്ല പ്രസംഗിക്കുകൂടിചെയ്തുവന്നു. നിയമങ്ങളെ തൃപ്തവല്ലൂരിക്കുന്നതിനും ജനങ്ങളുടെ കാലാനുസൃതമായ ആവശ്യങ്ങളെഅറിഞ്ഞു ശരിവരെ നിവ്വഹിക്കാനും ഉള്ള പ്രഗത്ഭത തനിക്കുണ്ടെന്നു് അയാൾ വിശ്വസിച്ചു. അശോകനാഥനു് അഭിലഷണീയമായ വിദ്യാഭ്യാസം സിദ്ധിച്ചിരുന്നുവെങ്കിൽ അയാളുടെ ഈദൃശമായ ആത്മവിശ്വാസങ്ങളിൽ അശേഷം പോരായ്മയില്ലെന്നു സമ്മതിക്കതന്നെ ചെയ്യേണ്ടിവരുമായിരുന്നു. അതില്ലാത്തസ്ഥിതിക്കു സൈന്യത്തെ ഭരിക്കാനും നയിക്കാനും യുദ്ധക്കളത്തിൽ ധീരധീരമായി പൊരുതാനുംമാത്രമേ വൈദഗ്ധ്യമുള്ളൂ എന്നു വകവച്ചുകൊടുക്കാനേ നിവൃത്തിയുള്ളൂ.

അശോകനാഥനെ നാമിപ്പോൾ നല്ലവണ്ണം മനസ്സിലാക്കിക്കഴിഞ്ഞു ഇനി കഥാഗതിയെ പിന്തുടരാം

അഭിമുഖസന്ദർശനത്തിനു് അപേക്ഷിച്ചുകൊണ്ടു്, പ്രേതയക്ഷി താരാനാഥനു സന്ദേശമയച്ച അന്നുതന്നെ, അതേ അപേക്ഷയോടുകൂടിയ മറെറാരു കത്തു് സരസ്വതിയും എത്തിച്ചിരുന്നതു വായനക്കാർ ഓർക്കുന്നുണ്ടല്ലോ. പ്രേതയക്ഷിയെ സന്ദർശിച്ചതിന്റെ അടുത്തദിവസം മദ്ധ്യാഹ്നത്തിൽ സരസ്വതിയെയും സന്ദർശിക്കാൻ അവളുടെ കത്തിനാൽ താരാനാഥൻ നിർബ്ബന്ധിതനാണു്. സന്ദർശനസ്ഥലവും കത്തിൽ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

പ്രേതയക്ഷിയുമായുണ്ടായ ഭീർഘസന്ദർശനസംഭാഷണാനന്തരം സരസ്വതീസന്ദർശനം ആവശ്യമാണോ എന്നു താരാനാഥൻ സംശയിച്ചു. അതു പോരായ്മയാണെന്നു് അയാൾ കരുതി. പ്രേതയക്ഷി രീതിഭദ്രമായി വരഞ്ഞിട്ടിരുന്ന ഹൃദയത്തിൽ സരസ്വതിക്കു സ്ഥലം അനുവദിക്കുന്നതു സൗന്ദര്യലംഘനവും അപൗരുഷവുമാണെന്നു ബോധിച്ചു. മാത്രമല്ല, രണ്ടുപേരെയും മാറിമാറി കണ്ടുകൊണ്ടിരിക്കുന്നതിൽ യാതൊരർത്ഥവും പ്രയോജനവുമില്ലെന്നു വിശ്വസിച്ചു. എന്നിരുന്നാലും സരസ്വതിയെ കാണണ്ടെന്നുവയ്ക്കുന്നതെങ്ങനെ! അയ്യോ! അതൊരിക്കലും പാടില്ല. ആ ലോകൈകസുന്ദരിയുടെ സന്ദേശത്തെ അനാദരിക്കുന്നതു് എത്ര വമ്പിച്ച തെറ്റാണു് എന്നായി പിന്നത്തെ ചിന്താഗതി.

അടുത്തദിവസം മദ്ധ്യാഹ്നത്തോടുകൂടി വിട്ടതിയിൽനിന്നു മിറങ്ങി എങ്ങോട്ടേയ്ക്കെന്നില്ലാതെ നടന്നു. അയാളുടെ മനോജ്ഞ ഗംഭീരമായ മുഖത്തു് ഒരു വിഷാദമുദ്ര അവ്യക്തമായി പതിഞ്ഞു കാണുന്നു. അവശ്യം നിർവ്വഹിക്കേണ്ടതും, എന്നാൽ ദുഃഖത്തെ ഉളവാക്കുന്നതുമായ ഒരു മഹാകൃത്യത്തെ ഗത്യന്തരമില്ലായ്കയാൽ ഉടനടി നിർവ്വഹിക്കാൻ നിർബ്ബന്ധനായവന്നുള്ള ഒരു വിലക്ഷണഭാവം സൂക്ഷിച്ചു നോക്കുന്നവർക്കു മുഖത്തുകാണാം. ഇങ്ങനെ ഒരു ധർമ്മസങ്കടം ഇതിനുമുമ്പു താരാനാഥനു സംഭവിച്ചിട്ടില്ലെന്നുള്ളതു നിശ്ചയമാണു്.

പട്ടണമദ്ധ്യത്തിൽക്കൂടി പ്രവഹിക്കുന്ന പ്രയാഗനടിയുടെ കര യിൽക്കൂടിയാണു താരാനാഥൻ നടന്നുതുടങ്ങിയതു്. അങ്ങനെ പോകുമ്പോൾ അതിന്റെ തീരത്തായി ഒരു സ്ഥലത്തു മനോഹരമായ ഒരു പൂന്തോട്ടം കണ്ടു് പെട്ടെന്നു് അവിടെനിന്നു. സരസ്വതീലോഖനത്തിലെ നിർദ്ദിഷ്ടസ്ഥലത്താണു താൻ നിൽക്കുന്നതെന്നോർത്തപ്പോൾ അയാളുടെ മുഖത്തെ വിലക്ഷണമുദ്രകളൊക്കെ കഴുകിക്കളഞ്ഞതുപോലെ മാഞ്ഞുകണ്ടു. പ്രസന്നമായ ആ മുഖം സരസ്വതീസന്ദർശനത്തിനു് ഉചിതമായ നിലയെ അവലംബിച്ചു. വെയിലിൽ നടന്നുചെന്ന താരാനാഥനു് ആ തോട്ടം വിശ്രമസങ്കേതമായി ഭവിച്ചു. രമണീയമായ ആ തോട്ടത്തിലെ സുരഭിലപുഷ്പങ്ങളുടെ മനോഹരതയും അവയിൽ തട്ടിവരുന്ന ഇളങ്കാറിന്റെ കുളിർമ്മയും അവർണ്ണ്യമായ ആനന്ദത്തെ അയാൾക്കു പ്രദാനം ചെയ്തു. ഇപ്രകാരം ആ തോട്ടത്തിന്റെ പ്രകൃതിരമണീയകത്തിൽ താരാനാഥൻ ലയിച്ചുനില്ക്കവേ, പരമാഹ്ലാദപ്രദമായ സരസ്വതീസമാഗമം പെട്ടെന്നു് അവിടെ സംഭവിച്ചു.

സരസ്വതിയുടെ സൗകുമാര്യം ഒന്നിലധികം പ്രാവശ്യം താരാനാഥനെ അത്ഭുതപരവശനാക്കിച്ചെയ്തിട്ടുള്ളതാണു്. എത്രപ്രാവശ്യം കണ്ടാലും കാണുമ്പോഴെല്ലാം പുതിയ പുതിയ ആനന്ദത്തെ ആസ്വദിപ്പിക്കുന്ന ആ ലാവണ്യനിലയനം ഒരു കാമധേനുവിൽനിന്നുമുള്ള അനുഭൂതിയെ അയാൾക്കു നൽകി; എന്നാൽ ഈ അവസരത്തിൽ അവളുടെ മുഖത്തു്, ഈഷല്ലജ്ജയും സംശയവും കലർന്ന മനഃസ്ഥിതി നിഴൽവീശിക്കണ്ടു. ഒരുപ്രകാരത്തിൽ അതും അവളുടെ മുഖതേജസ്സിനെ ദ്വിഗുണിതമാക്കുകയാണുണ്ടായതു്. ആ കാഴ്ചയും അവളുടെ ശംഖസങ്കാശമായ കണ്ഠവും കന്തളഭാരത്തിന്റെ പുഷ്ടിയും സ്നിഗ്ധതയും അളകങ്ങളുടെ ഭംഗിയും നയനങ്ങളുടെ പ്രകാശവും അധരത്തിന്റെ ശോണിമയും ദന്തങ്ങളുടെ വരിയൊത്ത നിലയും ആ മാന്യയുവാവിനെ പിന്നെയും പിന്നെയും ആശ്ചര്യഭരിതനാക്കിത്തീർത്തു.

അവർ ലവലേശംസംശയിക്കാതെ താരാനാഥന്റെ ഏറ്റവും അടുത്തുനിന്നുകൊണ്ടു് ലജ്ജാഭാരത്താലെന്നവണ്ണം നമ്രശിരസ്സായി തന്റെ മധുവാണിയെ ഇപ്രകാരം വഷിച്ചു:—

"ഞാൻ വീണ്ടും താങ്കളുടെ സാന്നിധ്യത്തെ അഭിലഷിച്ചതിൽ എന്റെ നടത്തയെക്കുറിച്ചു് അന്യഥാ ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. നമ്മുടെ കഴിഞ്ഞ ക്രൂടിക്കാഴ്ചയുടെമദ്ധ്യത്തിൽ പെട്ടെന്നു ഞാൻ പിരിഞ്ഞുപൊയ്കളയുകയാണല്ലോ ഉണ്ടായതു്. അതിനെക്കുറിച്ചു് അങ്ങേയ്ക്കു അല്പം വല്ലായ്മയും ആശങ്കയും ഉണ്ടാകാനിടയുണ്ടു്.

താരാനാഥൻ:— എന്താണതിനു കാരണം? എന്റെ വാക്കുകൾ ഭവതിയെ ക്ഷോഭിപ്പിച്ചുവോ?

സരസ്വതി:—അമൃതോപമമായ താങ്കളുടെ ഗീതകൾ എന്നെ ക്ഷോഭിപ്പിക്കയോ? എനിക്കു ചില സംഗതികൾ താങ്കളെ ധരിപ്പിക്കേണ്ടതായിട്ടുണ്ടു്. ഇന്നപ്രകാരത്തിലെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്ത ഒരു പ്രേരണാശക്തിയാൽ ഞാനതുവെളിപ്പെടുത്താൻ ധൈര്യപ്പെടുന്നതാണു്. അതു് വെളിപ്പെടുമ്പോൾ അങ്ങേയ്ക്കു് ആശ്ചര്യം തോന്നിയേക്കാം. അതു് എന്റെ മുഖത്തുനിന്നും വെളിപ്പെടണ്ടതല്ലായിരുന്നുവെന്നു് അങ്ങു സംശയിക്കുകയുംചെയ്തേക്കാം എന്നിൽ മതിപ്പുകുറവുണ്ടാകാനും മതി. എന്നിരുന്നാലും എനിക്കതു വെളിപ്പെടുത്താതെ നിവർത്തിയില്ല. നമുക്കു് ഈ മനോഹരമായ പുൽത്തറയിൽ ഇരുന്നു സംസാരിക്കാം.

അവർ രണ്ടുപേരും ആ ഉദ്യാനമദ്ധ്യത്തിൽ ഇരുന്നു. താരാനാഥന്റെ മുഖത്തു സരസ്വതി ഉറ്റുനോക്കി. തന്റെ മുഖവുര, താരാനാഥനിൽ ആശയും ആശങ്കയും ജനിപ്പിച്ചതായി മുഖഭാവത്തിൽനിന്നും സരസ്വതി മനസ്സിലാക്കി. എന്താണു് അവളുടെ മുഖത്തുനിന്നും പുറപ്പെടാൻപോകുന്ന വാക്കുകൾ എന്നറിവാൻ അയാൾ അക്ഷമനായി ഭവിച്ചു.

സരസ്വതി:—എന്റെ സഹോദരി, പ്രേതയക്ഷിയുംപ്പെടെ നാം തമ്മിൽ പരിചയിക്കുകയും സ്നേഹിക്കുകയും ചെയ്തിട്ടു് ഏതാണ്ടു രണ്ടാഴ്ചവട്ടത്തിൽ കൂടുതലായിട്ടില്ല. എന്നാൽ ഇതിനകം ഞങ്ങളെ സംബന്ധിച്ച പല സംഗതികളും ധരിച്ചിട്ടുണ്ടായിരിക്കണം. ഞങ്ങളുടെ ചരിത്രത്തിൽ മാനുഷ്യേതരമായ ഒരു പുതുമയുണ്ടെന്നും അങ്ങു മനസ്സിലാക്കിയിരിക്കണം. ഞങ്ങളുടെ സംഭവസംബന്ധമായ ഭയങ്കരസംഭവങ്ങളും ഞങ്ങളുടെ ഇപ്പോഴത്തെ ജീവിതരഹസ്യങ്ങളും മറ്റും എന്റെ സഹോദരി അങ്ങയെ ഗ്രഹിപ്പിച്ചിരിക്കണം. അതുകൊണ്ടു്

മറ്റുസ്ത്രീകളിൽനിന്നും വ്യത്യസ്തമായ ഒരു ജീവിതരീതിയും, ഭാവനയും, പെരുമാറ്റവും, നടത്തയും പല അംശങ്ങളിലും ഞങ്ങളിൽ കാണുന്നുണ്ടെങ്കിൽ അതിനു കാരണമുണ്ടെന്നു ബോധ്യപ്പെട്ടിരിക്കുമല്ലോ. സാധാരണ സ്ത്രീകൾക്കുള്ള "ഘോഷാ"വും, അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന മറ്റു ബന്ധനങ്ങളും ഞങ്ങളെ ബാധിക്കുന്നതല്ല. ഞങ്ങളുടെ അകപ്പാടെയുള്ള ജീവിതസമ്പ്രദായംതന്നെ മറ്റു സ്ത്രീകളിൽനിന്നും വളരെ വ്യത്യസ്തമായിട്ടാണു്. മറ്റാർക്കും ഇല്ലാത്ത ആത്മസംയമനശക്തിയും ലോകാനുഭവവും ഞങ്ങൾക്കുണ്ടു്. മറ്റു സ്ത്രീകളുടെ സ്ഥിതിഗതികളെ എന്നപോലെ, ഞങ്ങളുടെ സ്ഥിതിയും ഗതിയുംമറ്റും അനുമാനംകൊണ്ടു് അറിയാൻ പ്രയാസമാണു്. ഇത്രയുംകൊണ്ടു ഞാൻ അന്ന അന്തർദ്ധാനം ചെയ്തതിനെപ്പറ്റി ആശ്ചര്യപ്പെടാനില്ലെന്നും എന്നിൽ പരിഭവിക്കാനില്ലെന്നും വ്യക്തമാകുന്നുണ്ടല്ലോ.

താരാനാഥൻ:—ഭവതിയും ഭവതിയുടെ മാന്യസഹോദരിയും യാതൊന്നിലും ഗഹ്വനീയമായ മനഃസ്ഥിതിയാൽ പ്രേരിപ്പിക്കപ്പെട്ടകയില്ലെന്നു് എനിക്കു ദൃഢമായ വിശ്വാസമുണ്ടു്.

സരസ്വതി:—(മന്ദഹാസത്തോടുകൂടി) ആ വാക്കിൽ മുഖസ്തുതിയുടെ ലാഞ്ഛനം ഇല്ലെന്നുവരുമോ? ഞാനിന്നു് ഈ ക്രൂരിക്കാഴ്ചയ്ക്കു് ഇടയാക്കിയതു് ഗഹ്വനീയമായ മനഃസ്ഥിതിയുടെ പ്രേരണയാലാണെന്നു വിചാരിക്കുന്നതോ.

താരാനാഥൻ:—ഭവതിയുടെ പരിഹാസത്തിലും എനിക്കൊരു ബഹുമാനം തോന്നുന്നു.

സരസ്വതി:—സ്വാതന്ത്ര്യത്തെത്തടയുന്ന ചട്ടവട്ടങ്ങളൊന്നും മറ്റു സ്ത്രീകളെപ്പോലെ ഞങ്ങളെ ബാധിച്ചിട്ടില്ലെന്നു. വിശ്വാസമുള്ളതിനാൽ ഞങ്ങളുടെ പെരുമാറ്റങ്ങളിൽ അങ്ങേയ്ക്കു് അവമതിപ്പുണ്ടാകയില്ലെന്നു ബോദ്ധ്യമുണ്ടു് ഇനി എനിക്കു് അങ്ങയെ ഗ്രഹിപ്പിക്കാനുള്ള സംഗതിയെ വെളിപ്പെടുത്താം.

താരാനാഥൻ സമാധാനമൊന്നും പറഞ്ഞില്ല. സരസ്വതി കുറേനേരം യാതൊന്നും സംസാരിക്കാതെ അധോമുഖിയായി സ്ഥിതിചെയ്തു. അനന്തരം തലയുയർത്തി താരാനാഥന്റെ മുഖത്തുനോക്കി പുഞ്ചിരിതൂകി.

സരസ്വതി:—എന്റെ മാതാപിതാക്കന്മാരുടെ പ്രതിജ്ഞാനുസരണം മൂന്നുകൊല്ലത്തിനു മുമ്പു ഞാൻ നിഷ്കളാനന്ദസ്വാമിയുടെ സംഘത്തിൽചേർന്നു് ദേവാലയങ്ങളിൽ ദാസ്യവൃത്തി ചെയ്യും ഈശ്വരകാര്യങ്ങളിൽ പരിചയിച്ചുംവന്ന എന്നു് എന്റെ പ്രിയസോദരി താങ്കളെ ധരിപ്പിച്ചിട്ടുണ്ടല്ലോ. ഭഗ

വാനര മാലകെട്ടിയുണ്ടാക്കുക, അടിച്ചുതളിക്കുക ചന്ദനം അരയ്ക്കുക മുതലായവയാണു് ക്ഷേത്രത്തിൽ ഞാൻ നിവ്വഹിച്ചുവന്ന ജോലികൾ. അതിൽ എനിക്കു പ്രത്യേകതാല്പര്യവുമുണ്ടായിരുന്നു. എന്നാൽ നിഷ്കളാനന്ദസ്വാമിയുടെ യോഗിനിസമാജത്തിൽ അംഗത്വം വഹിക്കാൻ എനിക്കു യോഗ്യതയില്ലെന്നുവന്നു. കുറേനാൾകൂടി ഞാൻ അവരോടൊന്നിച്ചുകഴിഞ്ഞുകൂടാനിടയായിരുന്നുവെങ്കിൽ ഇതിനകം എനിക്കു ബുദ്ധിഭ്രമം സംഭവിക്കുമായിരുന്നു, എന്നുതന്നെ പറയാം. ഉദയംമുതൽ അസ്തമയംവരെ ഒരേപ്രവൃത്തികൊണ്ടുതന്നെ പതിവായി സമയം പോക്കേണ്ടതാണു്. രാത്രി ഉറക്കത്തിനു സാവകാശമില്ല; പകലും ഉറങ്ങിക്കൂടാ; ഒരുത്തരോടും സംസാരിക്കാൻ പാടില്ല; ചിരിക്കുന്നതുവിരോധം. ചുരുക്കിപ്പറഞ്ഞാൽ എന്റെ ആത്മാവിനെ ഒരു ഇരുമ്പുകൂട്ടിൽ അടച്ചുതുപോലുള്ള ഒരു പ്രാണസങ്കടമാണു ഞാൻ അനുഭവിച്ചുകൊണ്ടിരുന്നതു്. കൂടാതെ ആ ശ്ലോഷ്മാസംഘത്തിൽ നടക്കാറുള്ള അപഹാസ്യസംഭവങ്ങൾക്കു കണക്കില്ല. കാഴ്ചക്കാർക്കു സന്ന്യാസവേഷം നിറഞ്ഞ ഭക്തി! അഹോ! എത്ര നിഷിദ്ധമായ പ്രവൃത്തികളാണു് അതിനകത്തു സംഭവിക്കുന്നതു്. എന്തെല്ലാം ആഭാസങ്ങളാണു് അവർ കാട്ടിക്കൂട്ടുന്നതു്! അതൊക്കെ കണ്ടുകൊണ്ടു് എനിക്കു സഹിക്കാൻ വയ്യാതായി. എങ്ങനെയെങ്കിലും അതിനകത്തുനിന്നും തെറ്റിപ്പിഴയ്ക്കണമെന്നു ഞാൻ തീച്ചയാക്കി. ആ ബന്ധനത്തിൽനിന്നും മോചിക്കണമെന്നു ഞാൻ വിചാരിച്ചു. ആ വിചാരം അനുനിമിഷം ബലപ്പെട്ടുവന്നു. മനോഹരങ്ങളായ വയലുകളും, ഫലസമൃദ്ധങ്ങളായ തോട്ടങ്ങളും മറ്റുപ്രകൃതിവൈഭവങ്ങളും കണ്ടു പഠിക്കുന്നതിനും രസിക്കുന്നതിനും ആ കാരാഗാരത്തിൽനിന്നും മോചിക്കാതെ സാധിക്കയില്ലെന്നു ബോദ്ധ്യംവരികയാൽ അതിലേക്കു വേണ്ട ഉപായങ്ങളും ആലോചിച്ചു. പകൽസമയം ഒരു പ്രകാരത്തിൽ തള്ളിക്കളയാമെന്നിരിക്കട്ടെ; രാത്രിയിലെ കാര്യമാണു് ദുസ്സഹം. രൗരവനരകമെന്നൊന്നുണ്ടെങ്കിൽ അതു് മറെറങ്ങുമല്ലെന്നു് ആ മഠത്തിലെ ആഭാസകർമ്മങ്ങളിൽ ഒരൊററരാത്രി പരിചയമുള്ള ഏവരും സമ്മതിക്കും. അപ്പോൾ! അതോർക്കുമ്പോൾ എന്റെ ഹൃദയം നടുങ്ങുന്നു. മൂന്നുകൊല്ലം ആ നരകത്തിൽ കിടന്ന ഞാൻ സങ്കടം അനുഭവിച്ചു. ഒടുവിൽ ഒരുദിവസം രാത്രിയിൽ ഞാനൊരു സ്വപ്നംകണ്ടു.

എന്നു പറഞ്ഞു സരസ്വതി അല്പനേരം മൗനത്തെ അവലംബിച്ചു. അനന്തരം താനാഥന്റെ മുഖത്തേക്കു സന്ദേഹം കണ്ണോ

ടിച്ചു. തന്റെ പ്രസംഗം കേൾക്കാൻ അയാൾക്കു താല്പര്യം തോന്നുന്നുണ്ടെന്നു് അയാളുടെ മുഖത്തുനിന്നു് അവൾ മനസ്സിലാക്കി അവളുടെ മുഖം കൃതാർത്ഥസൂചകമായ ഒരു പ്രസന്നതയെ അവലംബിച്ചു; നയനങ്ങൾ ജാജ്വല്യമാനങ്ങളായി പ്രകാശിച്ചു; വ്യഥയാവഞ്ജകമായ ഒരു മന്ദഹാസം തൂകി. അവൾ തുടർന്നു പ്രസംഗിച്ചു.

സഖാവു്:—എന്റെ ചരിത്രത്തെ താങ്കൾ ഉൽക്കണ്ഠയോടുകൂടി ചെവിക്കൊള്ളുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

അതിൽ എനിക്കു പ്രത്യേകം നന്ദിയുണ്ടു്. അതേ, ആജീവനാന്തം വ്യഥയപൂർവ്വകമായ എന്റെ കൃതജ്ഞതയെ അങ്ങു് അഭിനന്ദിക്കുന്നു. ഞാൻകണ്ട സ്വപ്നം തുലോം ആശ്ചര്യജനകമാണു്. അതു കേൾക്കുമ്പോൾ എന്റെ ചരിത്രത്തിൽ താങ്കൾ പൂർവ്വാധികം ഉൽകണ്ഠയോടെ ശ്രദ്ധിക്കുന്നതാണു്. മഠത്തിൽ എനിക്കായിട്ടുള്ള മുറിയിൽ ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ, ഒരു ദൈവികപുരുഷൻ എന്റെമുമ്പിൽ പ്രത്യക്ഷമായി. ആ ദിവ്യപുമാന്റെ ശരീരം മാറുകൂടിയ തങ്കംപോലെ പ്രകാശിച്ചു. ചിരിച്ചമുഖവും ഇമയില്ലാത്ത കണ്ണും വിശേഷവിധിയായിക്കാണപ്പെട്ട. ആ ദൈവദൂതനെകണ്ടിട്ടു് എനിക്കു് അശേഷം ഭയം ഉണ്ടായില്ല; വാസ്തവത്തിൽ ഇന്ന പ്രകാരത്തിലെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്ത ഒരാനന്ദാനുഭൂതിയാണു് എനിക്കുണ്ടായതു്. കരുണാപൂർണ്ണമായ വാക്കുകളിൽ, ഒരു പിതാവിന്റെ അനുഗ്രഹപൂർണ്ണമായ വാക്കുകളിൽ ആ ദിവ്യൻ ഇപ്രകാരം അരുളിച്ചെയ്തു.—കുഞ്ഞേ! നീ മേലാൽ ഈ നരകദുഃഖം അനുഭവിക്കേണ്ട ആവശ്യമില്ല. നീ കഴിഞ്ഞ ജന്മത്തിൽ ഒരു രാജകുമാരിയായിരുന്നു. അന്നു നീ ഒരു മനോഹരമായ കിളിയെ, അതിന്റെ സ്വാതന്ത്ര്യത്തെ ഹനിച്ചു് ഒരു സ്വർണ്ണക്കൂട്ടിൽ അടച്ചിട്ടു വളർത്തിക്കൊണ്ടിരുന്നു. മൂന്നുകൊല്ലം അതു് ആ കൂട്ടിൽ കിടന്നു സങ്കടം അനുഭവിച്ചു. അതിനുശേഷം ഒരുദിവസം നീ അതിനു തീറ്റികൊടുക്കാനായി കൂടുതുറന്നപ്പോൾ അതു വെളിയിൽ കടന്നുരക്ഷപ്പെട്ടു. നിന്റെ ആ പാപകർമ്മത്തിനുള്ള ശിക്ഷയാണു് നീ ഇതുവരെ ഇവിടെ അനുഭവിച്ചതു്. ഇന്നോടെ നിന്റെ ശിക്ഷ അവസാനിച്ചിരിക്കുന്നു. ദൈവം നിന്നിൽ അനുഗ്രഹിച്ചിരിക്കുന്നു. നിനക്കു് അദ്ദേഹം സ്വാതന്ത്ര്യത്തെ നല്കിയിരിക്കുന്നു. ദേവാലയപരിചാരകത്വത്തിൽനിന്നു നിന്നെ മോചിപ്പിച്ചിരിക്കുന്നു. നിന്റെ മാതാപിതാക്കന്മാരുടെ പ്രതിജ്ഞയിൽനിന്നും ദൈവം നിന്നെ വിമുക്തയാക്കിയിരിക്കുന്നു. നിനക്കു ഇഷ്ടമുള്ളപ്പോൾ ഇവിടുന്നു രക്ഷപ്പെടാം. ഇനി നിന്നെത്തടയാൻ ആർക്കും കഴിയുന്നതല്ല. മാത്രമല്ല, നീ ഇവിടുന്നു മോചിക്കപ്പെടേണ്ട ആവശ്യവുമുണ്ടു്.

അനിതരസാധാരണമായ ഈ സൗന്ദര്യം ദൈവം നിനക്കു പ്രദാനം ചെയ്തതു വനപുഷ്പത്തെപ്പോലെ നിരുപയോഗമാക്കിച്ചെയ്യാനല്ല. അചിരേണ വൈദികമതാനുസാരിയായ ഒരു ഭർത്താവു് നിനക്കുണ്ടാകട്ടെ! ഇങ്ങനെ അനുഗ്രഹിച്ചതും ആ ദിവ്യൻ അന്തർദ്ധാനംചെയ്തതും ഒന്നിച്ചുകഴിഞ്ഞു. പ്രഭാതത്തിനുമുമ്പു് പതിവിൻപ്രകാരം ഞാൻ ഉണർന്നു. രാത്രിയിലെ സ്വപ്നം ശിലാലിഖിതംപോലെ എന്റെ ഹൃദയത്തിൽ പതിഞ്ഞിട്ടുണ്ടായിരുന്നു. അന്നു രാത്രിയിൽ (സ്വപ്നം കണ്ടതിന്റെ അടുത്തദിവസം രാത്രിയിൽ) ഞാൻ ആരും അറിയാതെ ആ മഠത്തിൽനിന്നും ഇറങ്ങിപ്പോന്നു.

വീണ്ടും അവൾ മൗനത്തെ ആശ്രയിച്ചു. സങ്കോചസംശയങ്ങളോടുകൂടി താരാനാഥനെ നോക്കി. താരാനാഥനാകട്ടെ സരസ്വതീചരിത്രസംഭവങ്ങളുടെ സംഭവ്യതയെക്കുറിച്ചു ഗാഢാലോചനചെയ്തുകൊണ്ടിരിക്കയായിരുന്നു. ആ സംഗതി അയാളുടെ മുഖഭാവത്തിൽനിന്നും അവൾ മനസ്സിലാക്കാതിരുന്നില്ല. കൈമുട്ടു് തുടയിൽ ഊന്നി, കൈത്തലം നെറ്റിയിൽ കൊള്ളിച്ചു ദീർഘമായി ചിന്തിച്ചുകൊണ്ടിരുന്ന താരാനാഥൻ, നിദ്രയിൽനിന്നു ഞെട്ടിയുണർന്നവനെപ്പോലെ പെട്ടെന്നു നിവർന്നു സരസ്വതിയുടെ മുഖത്തു നോക്കി ഒരു സങ്കോചവും സംശയവും അവളുടെ മുഖത്തു നിഴൽ വീശിയിരുന്നതു അയാൾ കണ്ടു.

"അങ്ങയുടെ മുഖത്തു സ്ഫുരിക്കുന്ന കോപവികാരത്തിന്നു ഹേതുവെന്തോ? ഞാൻ അറിയാതെ വല്ല അപരാധവും ചെയ്തുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം" എന്നു സരസ്വതി മന്ദസ്വരത്തോടുകൂടി പറഞ്ഞു.

താരാനാഥൻ:—നിരപരാധിനിയായ ഭവതിയിൽ ഞാനെന്തൊരപരാധമാണു് ആരോപിക്കേണ്ടതു്? ഞാനെന്തിനു കോപിക്കണം? ഭവതിയുടെ പ്രസംഗത്തിൽ എനിക്കു തികച്ചും സന്തോഷമാണുള്ളതു്. പ്രസംഗാനന്തരം ഞാൻ ഭവതിയെ അധികമായി സ്നേഹിക്കുന്നു. കാര്യാന്തരത്തെക്കുറിച്ചുണ്ടായ ചിന്തയാണു് എന്റെ മൗനത്തിനു കാരണം. അക്കാര്യം ഭവതിയെ വഴിയേ ധരിപ്പിക്കാം. ഭവതിയുടെ ചരിത്രപ്രസംഗം അവസാനിക്കട്ടെ!

സരസ്വതി:—യോഗ്യനായ അശോകനാഥന്റെ പാളയത്തിനു സമീപത്തുള്ള ആ ഉപവനത്തിലെ മഠത്തിൽവച്ചു് അന്നു രാത്രിയിലുണ്ടായ സംഭവത്തിൽ അങ്ങു ദൃക്സാക്ഷിയാണല്ലോ. ആ സംഭവത്തിനും ഞാൻ ഇപ്പോൾ പറഞ്ഞ ചരിത്രത്തിനും തമ്മിൽ സംബന്ധമുണ്ടെന്നു് അങ്ങു് ഇതിനകം ഊഹിച്ചിരിക്കണം. എന്റെ മാതാപിതാക്കന്മാരുടെ പ്രതിജ്ഞയിലും

ഞാൻ ചെയ്യുകൊട്ടത്തിട്ടുള്ള സത്യത്തിലും നിന്നു ഒഴിയുന്നതായിട്ടുണ്ടായ സംഭവമാണതു്. ആ സംഭവത്തെക്കുറിച്ചു് ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലൊ. അന്നു ഞാൻ ബോധംകെട്ടുവീഴവേ ശത്രുമദ്ധ്യത്തിൽനിന്നും അങ്ങു് എന്നെ രക്ഷപ്പെടുത്തി. സ്നേഹപൂർവ്വം അങ്ങു് എനിക്കു ശീതോപചാരംചെയ്തു് വീണ്ടും കാണാൻ ആഗ്രഹിക്കുന്നു എന്നു താങ്കൾ എന്നോടുപറഞ്ഞു. ഞാൻ അതിനോടു് അനുകൂലിച്ചു് ശ്രീപുരത്തുവച്ചു കാണാമെന്നു സമ്മതിച്ചു. അതനുസരിച്ചു് ഒരാഴ്ച വട്ടത്തിനുമുമ്പു് ഈ പട്ടണത്തിൽവച്ചു നമ്മുടെ കൂടിക്കാഴ്ചനടക്കുകയുംചെയ്തു. അന്നു് അങ്ങു് പറഞ്ഞതൊക്കെ ഓർക്കുന്നുണ്ടോ?

താരാനാഥൻ:—എന്റെ വിചാരഹിനതയെയും ധൃതഗതിയെയും കുറിച്ചു ഞാൻ ഇപ്പോൾ കണ്ടിതപ്പെടുന്നു. ഭവതിയെ വീണ്ടും കാണണമെന്നാവശ്യപ്പെടാനിടയായതിൽ എനിക്കു മനോവ്യഥയുണ്ടു്. ഭവതിയെ കാണുമ്പോഴെല്ലാം വീണ്ടും വീണ്ടും കാണണമെന്നുള്ള ആശ ജനിക്കുന്നു.

സരസ്വതി:—അന്നും ഈ വാക്കുകൾതന്നെ താങ്കൾ ഉച്ചരിച്ചു. അതുകേട്ടു ഞാൻ അങ്ങയോടു യാതൊ ചോദിച്ചതിൽ അങ്ങു അനുകൂലിച്ചില്ല. അങ്ങു് എന്റെ അപേക്ഷയെ സ്വീകരിച്ചില്ല. മാത്രമല്ല, ഒരു പ്രകാരത്തിൽ എന്റെ സാന്നിദ്ധ്യം അങ്ങേയ്ക്കു ദുഃഖകാരണമെന്നിരുന്നാലും അതേയവസരത്തിൽതന്നെ പരമാനന്ദപ്രദവുമാണെന്നു് അങ്ങുവെളിപ്പെടുത്തി. ചുരുക്കിപ്പറഞ്ഞാൽ രാഗവിച്ഛേദകൻ അങ്ങയുടെ മുഖത്തുനിന്നും പുറപ്പെടുന്നു. അതോടുകൂടി എന്റെ സ്വപ്നത്തിൽ, ആ ദിവ്യപുരുഷൻ പറഞ്ഞ വൈദികമതാവലംബി, അങ്ങല്ലാതെ മറ്റാരുമല്ലെന്നു ഞാൻ വിശ്വസിച്ചു. ആ നിമിഷത്തിൽ എന്റെ ശരീരത്തിൽ ആനന്ദരോമാഞ്ചമുണ്ടായി. എന്റെ ഹൃദയം പരമാനന്ദത്താൽ വികസിച്ചു. അപ്രകാരമുണ്ടായ ആ അനുഭവത്തെ അങ്ങയിൽനിന്നും മറച്ചുവയ്ക്കണമെന്നുള്ള അഭിലാഷത്താൽ പെട്ടെന്നു ഞാൻ അന്തർധാനം ചെയ്തതാണു്. എനിക്കു പറവാനുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു.

താരാനാഥൻ:—സ്ത്രീരത്നമേ! ഞാൻ ഭവതിയിൽ അനുരക്തനാണെന്നും ഭവതിയുടെ ഭർത്തൃപദത്തെ ഞാൻ സ്വീകരിക്കുമെന്നും വിശ്വസിച്ചു ഭവതി സന്തോഷിച്ചു എന്നോ?

സരസ്വതി:—എന്താണു സംശയം? അതിനെക്കാൾ ഭാഗ്യം എനിക്കു് മറെറന്താണു്? ആ വിശ്വാസം എന്റെ മനസ്സിൽ വേരുന്നി ഇപ്പോൾ അതു പടർന്നു വളർന്നിരിക്കുന്നു.

താരാനാഥൻ സരസ്വതിയെ സൂക്ഷിച്ചുവീക്ഷിച്ചു. ലജ്ജയും ഏതാണ്ടൊരു ഭയവും അവളുടെ മുഖത്തു തെളിഞ്ഞുകണ്ടു. ആശയും വിശ്വാസവും ആ മുഖത്തു ദ്യോതിച്ചു് നിഷ്കപടമായ ആ സുന്ദരവദനം പൂർവ്വാധികം ഭാസ്വത്തായി. ഈ സുന്ദരിയുടെ സ്വഭാവത്തിലും നടത്തയിലും ആദ്യം അല്പമാത്രം സംശയം ജനിച്ചുപോയതിനെക്കുറിച്ചു താരാനാഥൻ പശ്ചാത്തപിച്ചു. യഥാർത്ഥമായ സ്നേഹവും പരമാർത്ഥമായ വിശ്വാസവും സദ്ഗുണങ്ങളും സരസ്വതിയിൽ തെളിഞ്ഞുകണ്ട താരാനാഥൻ, "അല്ലയോ! മാന്യസ്ത്രീരത്നമേ! ഞാൻ ഭവതിയുടെ നേർക്കു് ഒരുവലിയ ദ്രോഹം ചെയ്തു. അതിനെക്കുറിച്ചു ഞാനിപ്പോൾ അനുഭവിക്കുന്ന അന്തസ്താപം ജഗദീശ്വരനൊരുത്തനേ അറിഞ്ഞുകൂടൂ" എന്നു ശോകാധിക്യത്തോടുകൂടിപ്പറഞ്ഞു.

സരസ്വതി:—(സാശ്ചര്യം) എന്തു് ദ്രോഹമോ? അങ്ങുപറയുന്നതിന്റെ അർത്ഥം വ്യക്തമാകുന്നില്ല.

താരാനാഥൻ:—ആദ്യമാദ്യം ഞാൻ ഭവതിയെ കണ്ടപ്പോൾ ഭവതിയുടെ സൗന്ദര്യം എന്റെ ഹൃദയത്തെ ആകർഷിച്ചു. അതിനാൽ ഞാൻ വീണ്ടും ഭവതിയെ കാണണമെന്നു് ആഗ്രഹിച്ചു. ഭവതി എന്റെ ആഗ്രഹത്തെ ഫലോന്മുക്കമാക്കിച്ചെയ്തു; അതോടുകൂടി എന്റെ ആഗ്രഹം പരിപൂർണീഭവിച്ചു. എന്നാൽ ഏറെത്താമസിയാതെ അതിന്റെ വേരറുക്കപ്പെടുകയാണുണ്ടായതു്. അതിലേക്കു ഞാൻ നിർബ്ബന്ധനായി ഭവിച്ചു. ഇപ്പോൾ ഞാൻ ഭവതിയെ ദ്രോഹിച്ചതെങ്ങനെയെന്നു മനസ്സിലായല്ലൊ. മാന്യേ! ഞാൻ അന്തസ്സാരവിഹീനനായ ഒരു കൃതഘ്നനാണു്; ഒരുപ്രകാരത്തിൽ മൂഢനുമാണു്. കേവലം നിന്ദ്യനുമാണു്. ഹാ! ഞാനെത്ര ദുർഭഗൻ! ഞാൻ ഇനി ഭവതിയിൽനിന്നും മറച്ചുവയ്ക്കണമെന്നു വിചാരിക്കുന്നില്ല. അതെ, ഭവതിയുടെ അന്തർഗ്ഗതമറിയാതെ, ഞാൻ ഭവതിയുടെ പ്രിയസഹോദരിയെ മനസാ സ്വീകരിച്ചുപോയി.

"താങ്കൾ പ്രേതയക്ഷിയെ ഭാര്യാത്വേന സ്വീകരിച്ചുവോ?" എന്നിത്രയും പറവാൻ മാത്രമെ അവർക്കുകഴിഞ്ഞുള്ളൂ. അവളുടെ ഹൃദയംപൊടിഞ്ഞ ധൂളി അവളുടെ പ്രസന്നമുഖത്തെ ഗ്ലാനമാക്കിച്ചെയ്തു. ഹാ! എന്തൊരു ദയനീയത ആ മുഖത്തു നിഴലിച്ചു! കഷ്ടം! താരാനാഥന്റെ ഏതാനും ചിലവാക്കുകൾ അവളുടെ അന്തരംഗത്തെ എത്രകണ്ടുപീഡിപ്പിച്ചിരിക്കണം. അതാ അവളുടെമുഖലേഖാമളമായ തനു, വെയിലിലിട്ട താമരപ്പൂവിനു തുല്യം വാടിക്കരിയുന്നു!

താരാനാഥൻ:—അതേ, ഞാൻ പറഞ്ഞതുപരമാർത്ഥമാണു്. ഈ ഹതഭാഗ്യനായ എന്നെ ഭവതി ആത്മാർത്ഥമായി സ്നേഹിച്ചു. എന്നാൽ എന്റെ ഹൃദയം ഭവതിയെ സംബന്ധിച്ചിടത്തോ

ളം വജ്രകഠിനമായിരുന്നു. അഥവാ, ഭവതിയുടെ അനുരാഗദീപം എന്റെ ഹൃദയാന്ധകാരത്തെ നീക്കിയില്ല. മനസ്സില്ലാമനസ്സോടെയാണെങ്കിലും ഭവതിയെ ഈ വിധത്തിൽ ഇച്ഛാഭംഗപ്പെടുത്താനിടയായതിൽ എനിക്കു് അതിയായ കുണ്ഠിതമുണ്ടു്. മരണാവധി ആ കുണ്ഠിതം എന്നെ വിട്ടകലുന്നതുമല്ല. എന്നാൽ ഈ വിഷയത്തിൽ ഞാൻ അനുഭവിക്കുന്ന മനോവ്യഥ ഭവതിയെ ബാധിക്കാനിടയില്ല. ഭവതിയുടെ പ്രിയസഹോദരിയെ ഓർക്കുമ്പോൾ ഭവതിക്കു നിശ്ചയമായും കുണ്ഠിതത്തിനു കാരണമില്ലെന്നാണു് എന്റെ വിശ്വാസം. ഭവതി സർവ്വഥാ അനുരൂപനായ ഒരു ഭാഗ്യപുരുഷന്റെ പത്നീത്വത്തെ പ്രാപിക്കണമെന്നാണു് ഈശ്വരമതം. അചിരേണ അതിനു സംഗതിയാകട്ടെ! മേലാൽ നാം തമ്മിൽ ഇപ്രകാരമുള്ള കൂടിക്കാഴ്ചക്രടാതെ കഴിയണമെന്നാണു എന്റെ അഭിലാഷം. എന്നാൽ ഭവതിയുടെ ക്ഷേമത്തിൽ ഞാൻ എപ്പോഴും ജാഗരൂകനായിരിക്കും. ഭവതിയുടെ പ്രിയസഹോദരിതന്നെയും ആ കാര്യത്തിൽ കുറുക്കിട്ടുന്നതായാൽ ആ സഹോദരി എന്റെ കഠിനകോപത്തിനു പാത്രമാകുന്നതാണു്.

സരസ്വതി ഒരു വിധത്തിൽ മനസ്സിനെ സമാധാനപ്പെടുത്തി. അവളുടെ മുഖത്തു ഔദാര്യം കണ്ട ഭാവങ്ങൾ അല്പാല്പമായി മാഞ്ഞുതുടങ്ങി. പക്ഷേ അവളുടെ കരിംകൂവളനയനങ്ങളിൽനിന്നും ഓരോതുള്ളി കണ്ണുനീർ പൊഴിയാതിരുന്നില്ല. അതു് അവളുടെ അന്തസ്താപം പരിഹരിക്കപ്പെട്ടതിന്റെ അടയാളമായിരിക്കാം. അവൾ വളരെനേരം മിണ്ടാതെ നിലത്തു ദൃഷ്ടിപതിപ്പിച്ചുകൊണ്ടിരുന്നു. താരാനാഥനും പുനഃപ്രസംഗത്തിനു ധൈര്യപ്പെട്ടില്ല.

സരസ്വതി പെട്ടെന്നു കുതിച്ചെഴുനേറ്റുനിന്നു താരാനാഥന്റെ മുഖത്തു കണ്ണോടിച്ചു; താരാനാഥൻ തെല്ലൊന്നു ഭയപ്പെട്ടിട്ടുണ്ടായിരിക്കണം. ഇല്ലെന്നു വാദിച്ചാൽ ജയം അയാൾക്കു കിട്ടുമെങ്കിൽ സൌജന്യബുദ്ധികളായ വായനക്കാരിൽനിന്നുമായിരിക്കും. സന്തോഷം, സങ്കോചം, സന്താപം, സംശയം എന്നിവ സരസ്വതിയുടെ ഹൃദയാന്തരത്തിൽകടന്നു, 'കണ്ടമാനം' കാട്ടുന്നുണ്ടെന്നു് അവളുടെ മുഖഭാവത്താൽ താരാനാഥൻ ഗ്രഹിച്ചു. ആ സാധുവിന്റെ പരുങ്ങൽ കണ്ടു് സരസ്വതി തന്റെ സ്വതസ്സിദ്ധമായ മധുരമനോഹരസരസ്വതിയെ അയാളുടെ മുമ്പിൽ വെളിപ്പെടുത്തിയതാവിതു്:—"ഞാൻ ഒരു സ്വപ്നത്തെ വിശ്വസിച്ചു. ആ വിശ്വാസം തെറ്റാണെന്നു ഇപ്പോൾ എനിക്കു മനസ്സിലായി. എന്റെ മനസ്സിൽ കുടികൊണ്ട മോഹം പരിച്ഛേദിക്കപ്പെട്ടു. എന്റെ ബുദ്ധി

ഹീനതയെ ഓർത്തു ഞാൻ ഇപ്പോൾ പശ്ചാത്തപിക്കുകയല്ല, ലജ്ജിക്കുകയാണു് ചെയ്യുന്നതു്. എന്നാൽ എനിക്കു ഇപ്രകാരം ഒരു മണ്ടത്തരം പിണഞ്ഞുവെങ്കിലും, എന്റെ ആശയും ലക്ഷ്യവും കേവലം അസ്ഥാനത്തിലായി. എങ്കിലും, ഒരുപ്രകാരത്തിൽ എന്റെ മനസ്സിനു സമാധാനമുണ്ടു്. അങ്ങയുടെ വ്യക്തയെത്തെക്കുവന്നാൽ എന്റെ പ്രിയപ്പെട്ട സഹോദരി അല്ലാതെ മറ്റാരുമല്ലല്ലോ. അവൾ ഞാൻ തന്നെ അവളുടെ ഭർത്താവു് എന്റെ ഗുണകാംക്ഷിതന്നെ. അതുകൊണ്ടു് എന്റെ സ്നേഹത്തിനു ഭംഗംവരുത്തണമെന്നില്ല. പക്ഷേ, അതിനെ സഹോദരസ്നേഹത്തിൽ രൂപാന്തരപ്പെടുത്തേണ്ട ഒരു ഭാരമുണ്ടു്. ആ ഭാരത്തെ നിർവ്വഹിക്കാനുള്ള സാമർത്ഥ്യവും എനിക്കുണ്ടു്. അങ്ങും എന്നെ സഹോദരീഭാവേനതികച്ചും സ്നേഹിക്കുമെന്നു പറയുകയുണ്ടായല്ലൊ. അതുമതി, അതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം അതുനിമിത്തം എന്റെ മനസ്സിനു സന്തോഷവും സമാധാനവും സിദ്ധിക്കും. അങ്ങു് എന്റെ സഹോദരിയിൽ അനുരക്തനായവിവരം ഞാൻ ഇപ്പോൾ പുറത്തുവിടുകയില്ലെന്നും അങ്ങേയ്ക്കു വിശ്വസിക്കാം.

താരാനാഥൻ:—അതിൽ എനിക്കു പ്രത്യേകം കൃതജ്ഞതയുമുണ്ടു്. ഭവതിയുടെ സഹോദരിയെപ്പോലും ആ സംഗതി ഇപ്പോൾ തെര്യപ്പെടുത്തരുതെന്നാണു് എന്റെ അഭിലാഷം

സരസ്വതി:—ഇല്ല, ഞാനതു് അവളെ അറിയിക്കുകയില്ല. മാടനുമായുള്ള യുദ്ധം അവസാനിക്കുവോളം അങ്ങു് അവളെ ഒരു സഹോദരിയുടെ നിലയിലല്ലാതെ സ്നേഹിക്കാൻ പാടില്ലെന്നുള്ള സംഗതി ഞാൻ അറിഞ്ഞിട്ടുണ്ടു്. ആ യുദ്ധത്തിൽ ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ! മാന്യനായ യുവാവേ! ഈയുള്ളവളെ തീരെ മറന്നുകളയരുതേ! എന്റെ സഹോദരീഭർത്താവാകാൻപോകുന്ന അങ്ങയെ, മറ്റൊരുപ്രകാരത്തിലാണെങ്കിലും, ഈയുള്ളവൾ സർവ്വാത്മനാ സ്നേഹിക്കയും വിശ്വസിക്കയും ചെയ്യുന്നു.

സരസ്വതി പെട്ടെന്നു തിരോധാനംചെയ്തു: ചിന്താപരമ്പരയിൽനിന്നും വിരമിച്ച താരാനാഥന്റെ മനസ്സു് ഒരുപ്രകാരത്തിൽ സന്തോഷവും ഒരു പ്രകാരത്തിൽ സന്താപവും അനുഭവിച്ചു.

താരാനാഥൻ വിടുതിയിൽ എത്തി, തന്റെ വിശ്വസ്തഭൃത്യന്മാരായ സിദ്ധസേനനേയും ഉഗ്രസേനനേയും വിളിച്ചു ഇപ്രകാരം ആജ്ഞാപിച്ചു. കാശ്മീരരാജ്യത്തിന്റെ അനന്തരാവകാശിനിയായ പദ്മാവതി എന്ന രാജകുമാരിയെ കൈവശപ്പെടുത്താൻ, അശോകനാഥൻ നിരന്തരയത്നം ചെയ്യുവരുന്നുണ്ടെന്നുള്ളസംഗതി നിങ്ങൾക്കറിവുണ്ടല്ലൊ. എന്നാൽ അയാളുടെ ഉദ്ദേശ്യം ഫലപ്പെടാതിരി

ക്കാൻ നാം ശ്രമിക്കണം. അതിനെത്തടയേണ്ട കടമ നമുക്കുണ്ട്. കാശ്മീരത്തിലെ രാജകുമാരിയെ രക്ഷിക്കാൻ, നേപാളരാജ്യക്കാക്ക് അവകാശമുണ്ട്. ഈ പട്ടണത്തിലല്ലെങ്കിൽ സമീപസ്ഥലത്തെവിടെയെങ്കിലും രാജകുമാരിയെ ഗൂഢമായി പാപ്പിച്ചിരിക്കയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആ സ്ഥലം നിങ്ങൾ കണ്ടുപിടിക്കണം. സംഗതി രഹസ്യമായിരിക്കയും വേണം. അങ്ങനെയല്ലെങ്കിൽ ഫലം അനാശാസ്യമായിരിക്കും; വലുതായ അപകടം നേരിട്ടേക്കാം രാജകുമാരിയെ പുറത്തുകാണിച്ചുകൂടെന്ന ഒരു മനുഷ്യൻ നിർബന്ധമായി കരുതിയിരിക്കുകയാണ്. അയാൾക്കു വേറെയും സഹായികളുണ്ടെന്നു വരാം. എന്തായാലും നിങ്ങൾ പത്മാവതിയെ കണ്ടുപിടിക്കുകതന്നെ വേണം. നിങ്ങളുടെ സാമർത്ഥ്യം ഇതിലാണ് അറിയേണ്ടതു്".

സ്വാമിഭക്തന്മാരായ ആ ഭൃത്യന്മാർ താരാനാഥന്റെ ആജ്ഞയെ ഉത്സാഹഭരിതന്മാരായി അംഗീകരിച്ചു് രാജകുമാരിയെ കണ്ടുപിടിക്കാമെന്നു് അവർ സമ്മതിച്ചു.

അദ്ധ്യായം ൨൭.

നാരിനിമിത്തം പോരിന്നവന്നവനാരിഹ നീ സഹസാ?
.....
.....
യദിപട്ടത്വമട്ടത്തുതട്ടത്തുകൊള്ളുകട്ടത്തമൽപ്രഹരം."

ആഗസ്റ്റുമാസം പതിനഞ്ചാംതീയതി രാത്രി ഭയങ്കരമായ കൊടുങ്കാറ്റു് തന്റെ സവ്വശക്തിയും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ശ്രീപുരത്തെ മുഴുവൻ പ്രചണ്ഡമാരുതൻ തന്റെ ഭരണത്തിനു് വിധേയമാക്കിച്ചെയ്തിരിക്കുന്നു. മാരുതന്റെ അത്യുഗ്രമായ താണ്ഡവനത്താൽ പഴയ കെട്ടിടങ്ങൾ പലതും നിലത്തുപതിച്ചു് ധൂളിക്കൂനകളായി ഭവിച്ചു. വന്മരങ്ങൾ അനവധി ചടചടായമാനമായ ഉൽക്കടഘോഷത്തോടെ ഭൂമിയിൽ മറിഞ്ഞു. ആകാശത്തിൽ നക്ഷത്രങ്ങളുടെ പ്രകാശംപോലും കാണാനില്ല. അന്ധകാരം സവ്വത്ര പരന്നിരിക്കുന്നു. ഒരൊറ്റദീപത്തിന്റെ പ്രകാശംപോലും ശ്രീപുരത്തിൽ ഒരിടത്തും കാണാനില്ല. പട്ടണമേ അന്ധകാരത്താൽ നിർമ്മിതമാണെന്നു ശങ്കിക്കുമാറു് അതിഭീകരമായ ക്രൂരതമം സവ്വദിക്കിലും വ്യാപിച്ചിരിക്കുന്നു.

മണി പതിനൊന്നു കഴിഞ്ഞിരിക്കും; കോട്ടയെച്ചുറ്റിക്കാത്തുനിൽക്കുന്ന അശോകനാഥന്റെ പടയാളികളൊഴികെ പട്ടണവാ

സികളായ സകലരും നിദ്രാദേവതയുടെ അധീനരായിക്കഴിഞ്ഞു. അഥവാ അപൂർവം ചിലർ നിദ്രയുടെ വിധേയരാകാതെയുണ്ടെങ്കിൽ തന്നെയും, പ്രചണ്ഡമാരുതചേഷ്ടകളെ ഭയന്നു് ശയ്യാതലത്തിൽ തന്നെ കഴിഞ്ഞുകൂടുകയാണു്. ഭയാനകമായ ഈ വേളയിൽ പൂർണ്ണമായി യുദ്ധവേഷംപൂണ്ടു്, ഭദ്രമായ ഇരുമ്പുചട്ടയും ഇരുമ്പുകൊണ്ടുള്ള തൊപ്പിയുംധരിച്ചു്, അശ്വാരൂഢനായി ഒരു യുദ്ധവീരൻ കോട്ടയ്ക്കകത്തുള്ള പ്രധാനറോഡിൽക്കൂടി കിഴക്കേഗോപുരത്തെ അഭിമുഖീകരിച്ചു യാത്രചെയ്യുന്നു. ആ യോദ്ധാവണിഞ്ഞിരിക്കുന്ന ഇരുമ്പുചട്ട പുതിയതാണെങ്കിലും, ആ ക്രൂരരുടെ ശക്തി അതിന്റെ പ്രകാശത്തിനില്ല.

താരാനാഥനായ ആ യുദ്ധവീരൻ, കോട്ടവാതിലിനു സമീപം വച്ചു്, അവിടെ ഗാട്ടനിന്നിരുന്ന പട്ടാളക്കാരാൽ തടഞ്ഞുനിർത്തപ്പെട്ടു. രാത്രിയിൽ ഇപ്രകാരം യുദ്ധവേഷംധരിച്ചു യാതൊരാളെയും അകത്തേക്കും പുറത്തേക്കും അശോകനാഥന്റെ പ്രത്യേകാനുവാദമില്ലാതെ കടത്തിവിടാൻ പാടില്ലെന്നാണു് ഏർപ്പാടു്. ഈ ഏർപ്പാടു താരാനാഥനു കാലേക്കൂട്ടി അറിയാമായിരുന്നു എന്നിരുന്നിട്ടും അയാൾ അതുവഴി കടന്നുപോകാൻ ധൈര്യപ്പെട്ടതു്, അശോകനാഥന്റെ പാളയത്തിൽവച്ചു അയാളാൽ നൽകപ്പെട്ട മുദ്രമോതിരം തന്റെ കൈവശത്തിൽ സൂക്ഷിച്ചിട്ടുള്ളതുകൊണ്ടാണു്. അംഗ്രലീയംകണ്ട പട്ടാളക്കാർ ബഹുമാനപൂർവം താരാനാഥനു വഴിമാറിക്കൊടുത്തു. കോട്ടവാതിലുംകഴിഞ്ഞു താരാനാഥൻ നേരേ കിഴക്കോട്ടുതന്നെ യാത്രയായി. അല്പനേരത്തിനുള്ളിൽ പട്ടണംകഴിഞ്ഞു വിശാലമായ മൈതാനത്തിൽ കയറി. വൃക്ഷശൂന്യമായ ആ മൈതാനത്തിൽ, തന്റെ ഗതിയെ രോധിക്കാൻ യാതൊരു ശക്തിയും ഇല്ലെന്നുള്ള അഹങ്കാരത്തോടുകൂടി കൊടുങ്കാറ്റു് അലച്ചുടിച്ചുകൊണ്ടിരുന്നു. താരാനാഥന്റെ വലത്തേ കൈയിൽ നീണ്ടകുന്തവും ഇടത്തേ കൈയിൽ പരിചയും ഉണ്ടു്. അരയിൽ വലത്തുഭാഗത്തു ഖഡ്ഗം തൂക്കിയിരിക്കുന്നു. ഇടതുവശത്തു് കഠാരി തിരുകിയിട്ടുണ്ടു്. താരാനാഥന്റെ ഇപ്രകാരം കരുതിക്കൂട്ടിയുള്ള സജ്ജീകരണത്തോടുകൂടിയ യാത്ര പ്രേതയക്ഷിയുടെ മാടനെ അനേഷിച്ചല്ലാതെ മറെറാന്നിനുമല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ

മാടനുമായി യുദ്ധംചെയ്യുന്നതിനു പറ്റിയുചിതമായ സന്ദർഭം ഇതുതന്നെ. നിനയ്ക്കുമ്പോൾ ഭയം ജനിക്കുന്ന ഈ അസാധാരണയുദ്ധത്തിനു് ഉചിതമായ രാത്രി ഇതല്ലാതെ വേറെഇല്ല ഭയജനകമായ ഈ നിശീഥിനിക്കും നടക്കാൻപോകുന്ന യുദ്ധത്തിനും തമ്മിലുള്ള പൊരുത്തം നിരാക്ഷേപമാണു്. ഭൂതപ്രേതപിശാചുക്കളുടെ ക്രൂരവിളിപോലുള്ള ഒരു അവിശ്വസിനീയരവം പ്രചണ്ഡമാരുതപ്രഭാരാ നാലാ

ശകളിലും മാറിമറിഞ്ഞുകൊള്ളുന്നു. പ്രളയകാലത്തുള്ള സമുദ്രം തീരങ്ങളെ ആക്രമിക്കുമ്പോൾ സംഭവിക്കാവുന്ന കോലാഹലം സർവ്വത്ര മുഴങ്ങിക്കൊണ്ടിരിക്കുന്നു. ആകാശചുംബികളായ ഗോപുരങ്ങളും അത്യുന്നതസൗധങ്ങളും അസ്ഥിഭാരബന്ധത്തോടു് അഹങ്കാരപൂർവ്വം മല്ലിടുന്നു. മൈതാനഭാഗങ്ങളിലുള്ള കാട്ടുകൾ അനേകായിരം അശ്വഭടന്മാരുടെ യാത്രാഘോഷത്തെ പ്രതിധ്വനിപ്പിക്കുന്നു. കളവു കൊലപാതകം തുടങ്ങിയുള്ള നിഷിദ്ധകർമ്മങ്ങൾക്കു, ദുഷ്ടമനസ്സുള്ളവരെ പ്രേരിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേകശക്തി ഈ നിശീഥിനിക്കുണ്ടു്. യക്ഷിപ്രേതാദി ദുർദ്ദേവതകൾ സൈരസഞ്ചാരം ചെയ്യുന്നുണ്ടെങ്കിൽ അതു് ഇപ്രകാരമുള്ള നിശാകാലങ്ങളിലായിരിക്കും. നീചമായ അഭിചാരങ്ങളിൽ പ്രേരിതരായ ദുഷ്ടന്മാർ ശ്മശാനങ്ങളിലും മറ്റുംചെന്നു തങ്ങളുടെ ക്രിയകൾ നടത്തുന്നതിനും ഇങ്ങിനെയുള്ള രാത്രികൾ ഏറ്റവും പഥ്യാഹ്നങ്ങളായിരിക്കും.

താരാനാഥൻ തന്റെ യാത്രതുടർന്നതു കിഴക്കോട്ടാണെന്നു പൂർവ്വം പ്രസ്താവിച്ചുവല്ലോ. അയാൾ ഈ രാത്രിയുടെ ഭയങ്കരതയിൽ ചഞ്ചലഹൃദയനായി എന്നു പറഞ്ഞുകൂടാ. അഥവാ അല്പം ഒരു ഭയം അയാളെ ബാധിച്ചിട്ടുണ്ടെന്നിരുന്നാൽതന്നെയും താൻ ഇതേവരെ വിശ്വസിച്ചിട്ടില്ലാത്ത ഒരു ദേവതയെ നേരിൽകണ്ടു തന്റെ സംശയനിവൃത്തി വരുത്തണമെന്നുള്ള ആശ അതിനെ ജയിച്ചിരിക്കുന്നു ഈശ്വരനാമങ്ങളെ അടിക്കടി ഉരുവിടുന്നുണ്ടു്. മാടനെക്കണ്ടെങ്കിലുട്ടകയാണെങ്കിൽ സംഭവിക്കാനിരിക്കുന്നു യുദ്ധത്തിൽ തന്നെ സഹായിക്കണമെന്നു മനോവേഗത്തെ പ്രാർത്ഥിക്കയും ചെയ്യുന്നു. ഇതിനിടയിൽ പ്രേതയക്ഷിയുടെ വിചാരം അവളുടെ ദിവ്യമായ സൗന്ദര്യപൂരവും അയാളുടെ മനസ്സിൽ സ്ഥലംപിടിക്കുന്നു. സരസ്വതിയുടെ പരിശുദ്ധമായ സൗകുമാര്യവും അവളുമായി ഒടുവിൽ നടത്തിയ സംഭാഷണവും അവളുടെ അഭ്യർത്ഥനയും ചിലപ്പോഴെല്ലാം അയാളുടെ സ്മൃതിപഥത്തെ ആരോഹണംചെയ്യുന്നുണ്ടു്. ഇടയ്ക്കിടയ്ക്കു സരസ്വതീപ്രേതയക്ഷികളുടെ സൗന്ദര്യാതിശയത്തെ താരതമ്യവിവേചനം ചെയ്യുക എന്നൊരു ജോലിക്കൂടി നിർവ്വഹിക്കുന്നു.

താരാനാഥൻ അങ്ങനെ യാത്രചെയ്തുകൊണ്ടിരിക്കെ, ആകാശത്തിൽ മേഘപടലം അല്പാല്പം മാഞ്ഞുതുടങ്ങുകയും അവിടവിടെ നക്ഷത്രങ്ങൾ പ്രകാശിക്കയും ചെയ്തു. അന്ധകാരത്തിന്റെ കാഠിന്യംമാറി. പരിസരങ്ങൾ ഏതാണ്ടൊന്നു കാണാമെന്ന നിലയായി. ദൂരസ്ഥിതങ്ങളായ വൃക്ഷങ്ങൾ വ്യക്തമായി കാണാൻകഴിഞ്ഞില്ലെങ്കിലും കാണുന്നതു വൃക്ഷങ്ങളെയാണെന്നു താരാനാഥനു ബോധിച്ചു. അയാൾ ധരിച്ചിരിക്കുന്ന ഇരുമുചട്ട നക്ഷത്രങ്ങളുടെ ആ ചെറിയ വെളിച്ചത്തിൽ ഈഷജ്ജ്വലിതമായിഭവിച്ചു. കാറ്റി

ന്റെ കാഠിന്യവും കുറഞ്ഞു. ആ മൈതാനം പ്രശാന്തമായിഭവിച്ചു. ആ അവസ്ഥയും ഏകാകിയായ ഒരു സാമാന്യപഥികനു് ഭയജനകമാണെന്നതന്നെ പറയാം. കൃത്യം മുക്കാൽമണിക്കൂർ യാത്ര ചെയ്തതിനാൽ അയാൾ കുതിരയെനിത്തി താഴെയിറങ്ങി; സമരത്തിന്റെ ജയലബ്ധിക്കായി ഭക്തിപൂർവ്വം ഈശ്വരപ്രാത്ഥനനടത്തി. അരക്കച്ച അഴിച്ചു മുറുകെക്കെട്ടി യുദ്ധമദ്ധ്യേ വേർപെടാതിരിക്കാനായി ഇരുമ്പുതൊപ്പി തലയിൽ നല്ലപോലെ ബന്ധിച്ചു. പരിചഇടതു കൈയിൽ മുറുകെപ്പിടിച്ചു; ഖഡ്ഗം ഉറയിൽനിന്നും ഊരിതുടച്ചുവെടിപ്പാക്കി വീണ്ടും ഉറയിലിട്ടു. കന്തം വലത്തെ കൈയ്യിൽ ബലമായി പിടിച്ചു. ഈവക സജ്ജീകരണങ്ങൾക്കു ശേഷം രണ്ടാമതും കുതിരപ്പുറത്തുകയറി മാടന്റെ വരവു് അത്യുൽക്കണ്ഠയോടെ പ്രതീക്ഷിച്ചുനിന്നു. അല്ലയോ പ്രേതയക്ഷീ! ഹേ! ജഗന്മോഹിനീ! ഭവതിയുടെ വജ്രഹൃദയത്തിനൊരു വിദൂരനമസ്കാരം! നിഷ്കാപട്യനായ ആ പരമശ്രുതൻ, ലോകപരിചയം വേണ്ടപോലെ സിദ്ധിച്ചിട്ടില്ലാത്ത ആ യുവാവായ താരാനാഥൻ അഹോ! എന്തൊരു വിപരീതം—അതാ ഈ അവസരത്തിലും ഭവതിയെത്തന്നെ ചിന്തിക്കുന്നു! ഭവതിയുടെ നാമാക്ഷരത്തെ പ്രേമപൂർവ്വം—അതേ—നിഷ്കളങ്കമായ ഭക്തിയോടുകൂടി ധ്യാനിക്കുന്നു!

അതാ, ഒരു കുതിരയുടെ കൊളമ്പിന്റെ ശബ്ദം താരാനാഥന്റെ കർണ്ണേന്ദ്രിയത്തെ ആകർഷിക്കുന്നു! നൊടിക്കിടയിൽ ആ ശബ്ദം അയാളെ സമീപിക്കുന്നു. ഉന്നതവും ബലിഷ്ഠവും കറുത്ത നിറത്തോടുകൂടിയതുമായ ഒരു മഹാശ്വവും, അതിൽ ആരോഹണം ചെയ്തിരിക്കുന്ന നീലനിറവും യുദ്ധവേഷംധരിച്ചും ഉള്ള ഒരു ഭയങ്കരസത്വവും താരാനാഥന്റെ മുമ്പിൽ പ്രത്യക്ഷമാകുന്നു. ധീരശ്രുരനായ താരാനാഥൻ, ഇതാ കുന്തവുമോങ്ങി മുമ്പോട്ടു കുതിക്കുന്നു. മനുഷ്യാതീതശക്തിയുള്ള മാടൻ ഒന്നു നടുങ്ങിയെങ്കിലും ചിരട്ട കൂടഞ്ഞിടുന്ന ശബ്ദത്തിൽ ഒരു ചിരിയോടുകൂടി താരാനാഥന്റെനേക്കു പായുന്നു.

രണ്ടുസമുദ്രങ്ങളും തമ്മിൽ എന്നപോലെയും, രണ്ടു പർവ്വതങ്ങളും തമ്മിലെന്നപോലെയും, രണ്ടു മദഗജങ്ങളും തമ്മിലെന്നപോലെയും, മാടനും താരാനാഥനുംതമ്മിൽ പിന്നീടു് അവിടെ നടത്തിയ സമരം വാഗ്ഗോചരമല്ലതന്നെ. ആ അർദ്ധരാത്രിയിൽ പ്രേക്ഷകന്മാരായിട്ടാരെങ്കിലും അവിടെ ഉണ്ടായിരുന്നുവെങ്കിൽ ആ സമരം, അണ്ഡകടാഹഭേദനശങ്കയെ അവരിൽ ജനിപ്പിക്കുമായിരുന്നു. ഇതിനിടയ്ക്കു താരാനാഥന്റെ കന്തം നുറുങ്ങി ദൂരത്തെറിക്കുകയും, ആ സ്ഥാനം ഖഡ്ഗം വഹിക്കുകയുംചെയ്തു. മാടന്റെ ഗദയ്ക്കു ഖഡ്ഗത്തോടു് എതിർക്കാൻ കഴിയുന്നില്ല. അതാ ഗദ

അടിക്കുവച്ചൊടിഞ്ഞു് അകലെത്തെറിക്കുന്നു! ചെപ്പുകുത്തിൽ പാറക്കല്ലുകൾ പെറുക്കിയിട്ട കുന്നിൽനിന്നും കീഴ്പ്പോട്ടുരുട്ടിയാലുണ്ടാകുന്ന ശബ്ദത്തിൽ ചിരിച്ചുകൊണ്ടു മാടൻ നിലത്തുകുതിക്കുന്നു. പിറകിൽനിന്നും ഒരു ഗദാതാഡനം താരാനാഥശിരസ്സിൽ പതിക്കുന്നു! അഹോ! ധീരശൂരനായ ആ യുവാവു ഭൂമിദേവിയെ ചുംബിക്കുന്നു, അയാളുടെ കുതിര വിരണ്ടോടി മറയുന്നു.

മാടൻ, താരാനാഥന്റെ സമീപത്തുചെന്നു പരിശോധിച്ചു മരിച്ചിട്ടില്ലെന്നു വെളിപ്പെട്ടു. നഷ്ടപ്രജ്ഞനായി കിടക്കുകയാണെന്നു മനസ്സിലായി. തന്റെ കൈവശമുണ്ടായിരുന്ന ഒരു ഡപ്പി തുറന്നു താരാനാഥന്റെ നാസികാഗ്രത്തോടടുപ്പിച്ചു. താരാനാഥൻ കണ്ണുതുറന്നു ചുറ്റും നോക്കി; മാടനെക്കണ്ടു വീണ്ടും കണ്ണുകളടച്ചു. ഭയംകൊണ്ടു കണ്ണടയ്ക്കുകയല്ല ചെയ്തതു് തന്നെ ചതിയാൽ തോല്പിച്ച ആ ദുർദ്ദേവതയെ ദർശിക്കാനുള്ള വൈമുഖ്യത്താൽ അപ്രകാരം ചെയ്തതാണു്. നിന്ദ്യമായ ചതിപ്രയോഗത്താൽ താൻ പരാജിതനാക്കപ്പെട്ടതിൽ അയാൾക്കു് അശേഷം സങ്കോചമോ കുണ്ഠിതമോ തോന്നിയില്ല എന്നാൽ ഈ പരാജയംമൂലം പ്രേതയക്ഷി, ആ സൌന്ദര്യവതിയായ തരുണീരത്നം അജീവനാന്തം മാടന്റെ അടിമത്തത്തിൽ കഴിഞ്ഞുകൂടേണ്ടിവന്നല്ലോ എന്നോർത്തു് ആ പരോപകാരിയായ യുവാവു് അതീവ ദുഃഖിച്ചു. അതേനിമിഷത്തിൽതന്നെ ആ ദിവ്യസ്വരൂപിണി തനിക്കു നഷ്ടമായി ഭവിച്ചതിനെക്കുറിച്ചു ചിന്തിച്ചു പരിതപിച്ചു. ആ യുവതിയുടെ അന്യാദൃശമായ സൌകുമാര്യ്യം വനപുഷ്പമായി ഭവിച്ചതിൽ സഹതാപവും അനുകമ്പയും അയാളിൽ ഉണ്ടായി.

ഗർദ്ദഭേശ്വരത്തിൽ മാടൻ പ്രസംഗിച്ചുതുടങ്ങി—"ഹേ ഉദാത്തനായ മനുഷ്യാ! നിന്റെ ദേഹവും ദേഹിയും ഇപ്പോൾ എനിക്കു് അധീനങ്ങളായിരിക്കുന്നു. നിന്റെ ബുദ്ധിഹീനതകൊണ്ടാണു നീ എനിക്കു് അടിമയായി ഭവിച്ചതു്. നിന്റെ നിത്യമായ ആത്മാവും അനിത്യമായ ജഡവും നിന്റെ മൌഢ്യത്താൽ എനിക്കു സ്വായത്തങ്ങളായതാണു്. പ്രേതയക്ഷിയിലുള്ള അനുരാഗത്താലല്ലാതെ; കേവലസ്നേഹത്താലല്ല നീ എന്നോടു് നേരിടാൻവന്നതു്. അനുരാഗമാകട്ടെ സ്വാർത്ഥതയുടെ ഫലമാണു്. സ്വാർത്ഥനു യാതൊന്നിലും വിജയം സിദ്ധിക്കയുമില്ല. അതുകൊണ്ടാണു നീ പരാജിതനായതു്. ജ്ഞാനനിഷ്ഠന്മാരായ മഹാത്മാക്കളും യഥാർത്ഥഭക്തന്മാരും എന്നെ ജയിക്കാൻ ശക്തിയുള്ളവരാണു്. എന്തുകൊണ്ടു്? അവർക്കു സ്വാർത്ഥമില്ല. ഈ സൂക്ഷ്മരഹസ്യം മനുഷ്യരിൽ അധികംപേരും മനസ്സിലാക്കിയിട്ടില്ല. പ്രേതയക്ഷിയെ സഹോദരഭാവേന

സ്നേഹിച്ചു നീ എന്നോട്ട യുദ്ധത്തിനു വന്നിരുന്നുവെങ്കിൽ നിനക്കു പരാജയം പറകയില്ലായിരുന്നു.

താരാനാഥൻ:—മൂഢനായ മാടാ! ഞാൻ നിന്നെ അശേഷം ഭയപ്പെട്ടുന്നില്ല. അയോഗ്യനായ നിന്റെ പ്രസംഗം എനിക്കു കേൾക്കണ്ടാ അധമ്മിഷ്ഠനായ നീ എന്നെ ചതിയാൽ പരാജിതനാക്കി. നീചന്മാരായ ഒരുക്കൂട്ടം മനുഷ്യരിൽ മാത്രമേ ഞാൻ അതു കണ്ടിട്ടുള്ളൂ. ഒരു ദേവതയായ നീ ഈ നീചകമ്മത്തിനു വശംവദനാകുമെന്നു ഞാൻ അല്പംപോലും വിശ്വസിച്ചിരുന്നില്ല. ആ വിശ്വാസം എനിക്കുണ്ടായിരുന്നുവെങ്കിൽ, നിന്നെക്കാൾ തടിമാടന്മാരായ പത്തു മാടന്മാർ ഒന്നിച്ചു ശ്രമിച്ചാലും എന്നെത്തോല്പിക്കാൻ സാധിക്കുന്നതല്ല. സ്വാർത്ഥതയെപ്പറ്റിയുള്ള നിന്റെ ഉദ്ബോധനത്തിൽ ഏതാണ്ടു വാസ്തവമില്ലെന്നില്ല. എന്നാൽ നിനക്കു ആ ഉദ്ബോധനത്തിനു എന്തുയോഗ്യതയാണുള്ളതു്? എടാ! മാടാ! നീതന്നെ സ്വാർത്ഥതയുടെ ക്രീതാണു്. സ്വാർത്ഥത്തെ പാലിക്കാനായിട്ടല്ലേ ആ സാധുയുവതിയുടെ പരിശുദ്ധമായ ജീവിതത്തെ നീ നശിപ്പിക്കുന്നതു്? അപ്രകാരമുള്ള നീ, വൻകള്ളൻ. സത്യത്തെക്കുറിച്ചു പ്രസംഗിക്കുന്നതുപോലെ, സ്വാർത്ഥത്തെപ്പറ്റി ഉപദേശം ചെയ്താൽ അതിൽ എന്തൊരു ബഹുമാനമാണുള്ളതു്? അതോ ഇരിക്കട്ടെ; അനുരാഗം സ്വാർത്ഥതയുടെ ഫലമാണെന്നു പ്രസംഗിച്ച നീ ഒരു മൂഢനല്ലേ? അനുരാഗത്തിനും സ്വാർത്ഥതയ്ക്കും വല്ല സംബന്ധവുമുണ്ടോ? അനുരാഗത്തിന്റെ ദിവ്യതയെവിടെ? സ്വാർത്ഥത്തിന്റെ ദൗഷ്ട്യമെവിടെ? നിർമ്മലമായ പ്രേമമാണു് അനുരാഗമെന്നും പ്രേമമില്ലാത്തവനു ഭക്തിയും ഭക്തിയില്ലാത്തവനു മുക്തിയുമില്ലെന്നും മൂഢനായ മാടാ! മൃഗക്കത്തിൽ നീ ഗ്രഹിക്കുക! നിന്റെ ചതിപ്രയോഗതാഡനത്താൽ മനസ്സും ശരീരവും തളർന്നിരിക്കുന്ന എനിക്കു ഇപ്പോൾ ഇതിനെപ്പറ്റി വിസ്തരിച്ചു പറവാൻ ശക്തിയില്ല. ഒരു സംഗതിക്കുടെ ഞാൻ നിന്നെ ഓർമ്മപ്പെടുത്താം. നിന്നിൽനിന്നും എന്തെല്ലാം ഹിംസകൾ എനിക്കു നേരിട്ടാലും, നിശ്ചയമായും ഞാൻ നിന്നെ ഭയപ്പെടുകയില്ല.

മാടൻ:—നിന്റെ ധിക്കാരവാക്കുകൾക്കു കഠിനമായ ശിക്ഷ ഞാൻ കരുതിയിട്ടുണ്ടു്. ഞാൻ നിന്നെ ചതിയാൽ പരാജിതനാക്കീയെന്നും അതുഹേതുവാൽ ഞാൻ അധമ്മിഷ്ഠനാണെന്നും, നീ ജല്പിച്ചുവല്ലോ. ശത്രുവിനെ തോല്പിക്കണമെന്നു വിചാരിക്കുന്നവൻ അതിലേക്കു ശ്രമിക്കുകയല്ലാതെ, താൻ ശ്രമിക്കുന്ന

വഴി ന്യായമോ ന്യായരഹിതമോ എന്നു പരിഗണനം ചെയ്യുകയില്ല. വെട്ടാൻവരുന്ന പോത്തിനെ കനത്ത തടിയെടുത്തടിക്കുന്നതു് അധർമ്മമാണെന്നു വിശ്വസിച്ചുംകൊണ്ടു്, പോത്തിന്റെനേരെ അതിന്റെ പ്രവൃത്തിയെ അനുകരിച്ചു് തലയും കുനിഞ്ഞു പായാൻചെന്നാൽ ഫലമെന്തായിരിക്കും? ആയുധവുമേന്തി നിന്റെ നേരിൽനിന്നു പൊരുതാൽ ജയം കിട്ടുകയില്ലെന്നു എനിക്കു തിട്ടമായി. ഉടനെ ജയം കിട്ടാനുള്ള മാർഗ്ഗത്തിൽ ഞാൻ പ്രവർത്തിച്ചു; ജയിക്കുകയും ചെയ്തു. ആ കാരണത്താൽ ഞാൻ അധർമ്മിഷ്ഠനാണെന്നു വരുമോ? അതു പോകട്ടെ! നീ ഇപ്പോഴും എനിക്കു അടിമയായിത്തീർന്നിരിക്കുന്നു.

താരാനാഥൻ:—ശരി, എനിക്കു നിന്റെ അടിമത്തത്തിൽനിന്നും മോചനമുണ്ടോ? ഇല്ലെങ്കിൽ എന്റെ ഭാവി എന്താണു്. അതു പറയുക!

മാടൻ:—ഉണ്ടു്. നിനക്കു മോചനമുണ്ടു്. എന്റെ ചില നിബന്ധനകൾക്കു വഴിപ്പെടാമെങ്കിൽ നിനക്കു മോചനമുണ്ടാകും.

താരാനാഥൻ:—(സന്തോഷത്തോടു്) നിബന്ധനയോ? എന്താണതു്? (സംഭ്രമത്തോടുകൂടി) തടിൽപ്രേതനെക്കൊണ്ടു് അനുസരിപ്പിച്ചതുപോലെയുള്ള നിബന്ധനയാണെങ്കിൽ അതിനു വഴിപ്പെടാൻ എനിക്കു മനസ്സില്ലെന്നുകൂടി ആദ്യമേ പറഞ്ഞേക്കാം.

മാടൻ:—മിണ്ടാണ്ടാ; ഞാൻ പറയുന്നതു മുഴുവൻ കേൾക്കുക! ഞാൻ പറയുന്ന നിബന്ധനയെ നീ അനുസരിച്ചാൽ നിനക്കും പ്രേതയക്ഷിക്കും പൂർണ്ണമോചനം സിദ്ധിക്കും.

താരാനാഥൻ:—നിന്റെ വാക്കുകളിൽ എനിക്കു സന്തോഷവും സന്താപവും ഉണ്ടാകുന്നു; വിശ്വാസവും ജനിക്കുന്നു. എന്നാൽ നിബന്ധന യാതൊന്നാണെന്നറിയാതെ ഭയപ്പെടുകയും ചെയ്യുന്നു.

മാടൻ:—മനുഷ്യാ, അതൊന്നും എനിക്കു കേൾക്കേണ്ടാ. എന്റെ നിബന്ധനയിതാണു്. ഇനി ഒരാഴ്ചകൂടി കഴിഞ്ഞാലുടനെ നീ നിന്റെ നാട്ടിലേക്കു പുറപ്പെടണം. മേലാൽ നീ പ്രേതയക്ഷിയെ ഭർശിക്കാൻ പാടില്ല. സരസ്വതിയെ നിന്റെ നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകണം. ഒരുകൊല്ലത്തേക്കു കാശ്മീരത്തിലെ രാഷ്ട്രീയകാര്യങ്ങളിൽ നീ പ്രവേശിക്കയുമരുതു്.

താരാ:—എന്റെയും പ്രേതയക്ഷിയുടെയും സ്വാതന്ത്ര്യലാഭത്തിനു് നീ പറയുന്ന നിബന്ധന ഇതാണോ? എന്റെ അന്തസ്സിനും സ്ഥിതിഗതികൾക്കും ഹാനികരമല്ലാത്തതും എന്റെ

ആത്മാവിനു് അഭിമാനക്ഷയകരമല്ലാത്തതുമായ നിന്റെ ഏതൊരുനിബന്ധനയും ഞാൻ അംഗീകരിക്കാം. എന്നാൽ സരസ്വതിയെ ഞാൻ എന്റെ നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതെങ്ങനെ? അവൾ ക്ഷേത്രപരിചാരികയല്ലേ? അവളുടെ മാതാപിതാക്കന്മാരുടെ പ്രതിജ്ഞ അപ്രകാരമാണല്ലോ.

മാടൻ:—ആ പ്രതിജ്ഞ നിറവേറ്റിക്കഴിഞ്ഞു. ദൈവം ആ ദാസ്യവൃത്തിയിൽനിന്നും അവളെ മോചിപ്പിച്ചിരിക്കുന്നു ഇപ്പോൾ അവൾ സ്വതന്ത്രയാണു്.

താരാനാഥൻ:—എന്നാൽ അവളുടെ താമസസ്ഥലം എനിക്കു് അറിഞ്ഞുകൂടല്ലോ. അവളെ കണ്ടുമുട്ടുന്നതെങ്ങനെ? മാത്രമല്ല എന്റെ ഒന്നിച്ചു മനപാളത്തേക്കു പോരാൻ അവൾക്കു് സമ്മതമില്ലെന്നുവന്നാൽ ഞാൻ എന്താണു് ചെയ്യേണ്ടതു്?

മാടൻ:—ആവക സംശയങ്ങൾക്കൊന്നും അടിസ്ഥാനമില്ല. സകലതും നിന്റെ ഉദ്ദേശംപോലെതന്നെ സാധിക്കും. എന്റെ നിബന്ധനകളെ നീ സ്വീകരിച്ചുവോ? അതു കേൾക്കട്ടെ!

താരാനാഥൻ:—നിബന്ധനകൾക്കു വഴിപ്പെടുന്നു. എന്നാൽ ഈ സംഗതികൾ പ്രേതയക്ഷിയെ ആരാണു ധരിപ്പിക്കുന്നതു്?

മാടൻ:—നാം തമ്മിൽ കണ്ടുമുട്ടിയതുമുതൽ ഇതേവരെയുള്ള സംഭവങ്ങളും നമ്മുടെ നിബന്ധനയും ഇനിനകം അവൾ ഗ്രഹിച്ചിരിക്കും. നീ ബോധക്ഷയത്തോടെ നിലത്തുവീണപ്പോൾ അവൾ വാവിട്ടനിലവിളിക്കുകയുംചെയ്തു. ഇപ്പോൾ നിന്റെ ഭാവിശ്രേയസ്സിനായി ഈശ്വരസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കയാണു്.

മാടൻ, ഉടനടി കുതിരപ്പുറത്തുകയറി തിരോധാനംചെയ്തു. താരാനാഥൻ, തനിക്കു നേരിട്ട പരാജയത്തെയും മാടന്റെ ചതിപ്രയോഗത്തെയും മറ്റും പറ്റി ചിന്തിച്ചുകൊണ്ടു് അവിടെത്തന്നെ കിടന്നതേയുള്ളൂ. മാടൻ യുദ്ധത്തിൽ പരാജിതനാകാതിരുന്ന ഘട്ടത്തിൽ പിൻഭാഗത്തുനിന്നും പ്രഹരം ഏല്പിച്ചതു മാടന്റെ ഒന്നിച്ചുണ്ടായിരുന്ന മറ്റൊരു ദേവതയായിരിക്കുമെന്നാണു് അയാൾ സംശയിച്ചതു്. പ്രഹരത്തെപ്പറ്റി ചിന്തിച്ചപ്പോൾ അതിന്റെ ഉസ്സഹമായ വേദന അയാളെ പരവശനാക്കിച്ചെയ്തു. ആ ക്ഷീണത്തോടുകൂടി നിദ്രാധീനനാവുകയാണുണ്ടായതു്.

നിദ്രയിൽനിന്നും ഉണർന്നുനോക്കിയതു് തന്റെ സമീപത്തു സ്ഥിതിചെയ്യുന്ന അത്യന്തസൌന്ദര്യവതിയായ ഒരു യുവതീരത്നത്തിന്റെ മുഖപദ്മത്തിലാണു്. നക്ഷത്രങ്ങളുടെ ആ മങ്ങിയവെളിച്ചത്തിലും, സമീപസ്ഥിതയായ ആ സുകുമാരി കേവലമപരിചിതയല്ലെന്നു് അയാൾ ബോധിച്ചു. എന്നാൽ ആരാണെന്നു

തികച്ചും മനസ്സിലാക്കാൻ അയാൾക്കു കഴിഞ്ഞില്ല. തന്റെ പ്രേമ സ്വപ്നമായ പ്രേതയക്ഷിയാണോ എന്നു സംശയിച്ചു. ആ മാത്രയിൽ അയാൾ അനുഭവിച്ച പരമാനന്ദം വാചാമഗോചരമാണു്. പക്ഷേ ആ അനുഭവം ക്ഷണഭംഗുരമായി കലാശിച്ചു പ്രേതയക്ഷിയുടെ മുഖമല്ല താൻ കാണുന്നതെന്നു് അയാൾക്കു ബോധ്യപ്പെട്ടു ചെന്താമരയൊത്ത ഈ മുഖത്തിനും ശ്യാമളകോമളമായ പ്രേതയക്ഷിവദനത്തിനും തമ്മിൽ വളരെ അന്തരമുണ്ടു്. എന്നാൽ സരസ്വതിയെയാണോ താൻ നോക്കുന്നതെന്നു് അയാൾ സന്ദേഹിക്കുകയും അല്ലെന്നു് അയാളുടെ ഹൃദയം ഉൽബോധിപ്പിക്കുകയും ചെയ്തു. സരസ്വതിയുടെ ദിവ്യവും പരിശുദ്ധവുമായ സൌന്ദര്യമല്ല, ദിവ്യവും പ്രശാന്തഗംഭീരവുമായ സൌന്ദര്യമാണു് ഈ മുഖത്തു താരാനാഥൻ കാണുന്നതു്.

താരാനാഥൻ ഇപ്രകാരം ഓരോന്നു ചിന്തിച്ചു് സംശയനിവൃത്തി ഉണ്ടാകാതെ കഴിഞ്ഞപ്പോൾ, അസാധാരണ സൌന്ദര്യവതിയായ ആ യുവതി, "മാന്യനായ യോദ്ധാവേ! അങ്ങയുടെ ഈ അവസ്ഥയ്ക്കു കാരണമെന്താവാം? ദേഹത്തിൽ വല്ല പരുക്കും പറ്റിയിട്ടുണ്ടോ? ശിഥിലിച്ചുകിടക്കുന്ന ഈ കന്ധത്തിന്റെയും ഗദയുടെയും കഷണങ്ങളും എന്നിൽ ഒരു വലുതായ ഭീതിയെ ജനിപ്പിക്കുന്നു" എന്നിങ്ങനെ തന്റെ ഹൃദയത്തിന്റെ സ്നേഹാർദ്രതയെ വെളിപ്പെടുത്തി പ്രവചിച്ചു.

താരാനാഥൻ:—മാന്യേ! ഭവതി ആരാണെന്നു ഞാൻ അറിയുന്നില്ല. എന്നാൽ കേവലം അപരിചിതമായ മുഖമല്ല ഞാൻ കാണുന്നതെന്നു് എന്റെ ഹൃദയം പറയുന്നുമുണ്ടു്, ഭവതിയുടെ സ്നേഹമനോജ്ഞമായ വാക്കുകളിൽ എനിക്കു് അതിയായ കൃതജ്ഞതയുണ്ടു്. എനിക്കു പരുക്കൊന്നും ഏറ്റിട്ടില്ല. എന്നാൽ ദേഹം ആസകലം ഒരു വേദനയുണ്ടു്. തജ്ജന്യമായ ക്ഷീണവുമുണ്ടു്. ഈ സ്ഥലത്തു ബലിഷ്ഠനായ ഒരു ശത്രുവിനോടു നേരിടേണ്ടിവന്നു. ശത്രു പരാജിതനാകാറായ ഘട്ടത്തിൽ അയാളുടെ സഹായിയായ ഒരജ്ഞാതപുരുഷൻ ഞാൻ അറിയാതെ എന്റെ പുറകിൽവന്നു് ഒരു കട്ടിയുള്ള സാധനംകൊണ്ടു് എന്റെ ശിരസ്സിൽ പ്രഹരിക്കയും ആ ചതിപ്രയോഗത്താൽ ഞാൻ കുതിരപ്പുറത്തുനിന്നും മൂർഛിച്ചു നിലത്തു വീഴുകയുംചെയ്തു. ഇപ്പോൾ എന്റെ ക്ഷീണത്തിനു് അല്പം കുറവുണ്ടു്. അവിചാരിതമായ ഒരു ഉന്മേഷം എന്നെ ബാധിക്കുകയും ചെയ്യുന്നു.

താരാനാഥൻ എഴുന്നേറ്റിരുന്നു് യുവതിയുടെ മുഖത്തു വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി.

യുവതി:—അങ്ങയുടെ കുതിരയെ കാണാനില്ലല്ലോ. അതു വിര ണ്ടോടിയിട്ടുണ്ടായിരിക്കണം

താരാനാഥൻ:—എന്നാൽ അതു നിൽക്കുന്ന കുതിര ഭവതിയുടേതാ യിരിക്കാം.

യുവതി:—അതെ; അതു് എന്റേതാണു്. അങ്ങേയ്ക്കു് അത്യാവശ്യ മുള്ളപക്ഷം ഈ കുതിരയെ ഉപയോഗിക്കുന്നതു് എനിക്കു സന്തോഷമാണു്. എനിക്കു ശ്രീപുരത്തു പോയാൽമതി. ശ്രീപുരം ഇവിടെ അടുത്താണെന്നാണു് എന്റെ അന്വേഷ ണത്തിൽ അറിഞ്ഞതു്. ഞാൻ നടന്നുപൊയ്ക്കൊള്ളാം.

താരാനാഥൻ:—ഒരു മുക്കാൽമണിക്കൂർ സാവധാനത്തിൽ യാത്ര ചെയ്താൽ ശ്രീപുരത്തിലെത്താം. ഇവിടെ ഭവതിയുടെ സാന്നിദ്ധ്യം ഉണ്ടായിട്ടു് ഒട്ടുവളരെസമയം കഴിഞ്ഞിരിക്കണം.

യുവതി:—ഇല്ല, ഏതാണ്ടു പത്തുമിന്നിട്ടിൽ കൂടുതലായിട്ടില്ല. അങ്ങു നഷ്ടപ്രജ്ഞനായി കിടക്കുകയാണെന്നു സംശയിച്ചു ഞാൻ കുതിരയെ നിത്തിയിറങ്ങിയതാണു്. എന്റെ ഉപ യോഗത്തിനായി സൂക്ഷിച്ചിട്ടുള്ള വെള്ളം കുറേ പകർന്നു മുഖ ത്തുകുടഞ്ഞതിനു ശേഷമാണു് അങ്ങു കണ്ണുതുറന്നു നോക്കി യതു്.

താരാനാഥൻ:—ഭവതിയുടെ സ്നേഹപൂർവ്വകമായ ശിതോപചാര ത്തിനു ഞാൻ നന്ദിപറയുന്നു. എന്തൊരു പ്രത്യുപകാര മാണു ഞാൻ ചെയ്യേണ്ടതു്? എന്തെങ്കിലും ഭവതി എന്നിൽ നിന്നും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, ഞാൻ അതു നിർവ്വഹി ക്കാൻ സന്നദ്ധനാണു്. ഈ ഭയങ്കരമായ രാത്രിയിൽ ഭവതി പരസഹായംകൂടാതെ ഏകാകിനിയായി സഞ്ചരിക്കുകയാ ണോ എന്തൊരു ചോദ്യത്തിനു് അനുവദിക്കുമല്ലോ.

ഈ അവസരത്തിൽ താരാനാഥന്റെ പൂർവ്വയത്നത്തെ എന്തോ ഒരു പൂർവ്വസ്മരണ ബാധിച്ചു. അയാൾ യുവതിയുടെ ആപാദമ സ്തകം ഒന്നു രണ്ടു മൂന്നാവർത്തി കണ്ണോടിച്ചു. അതിന്റെ ഫല മായി ഒരു സംശയമുദ്ര അയാളുടെ മുഖത്തു പതിഞ്ഞു.

യുവതി:—(അല്പം ഒരു വല്ലായ്മയോടെ) എന്താണു് ഒരു സം ശയം?

താരാനാഥൻ:—ഇല്ല, സംശയിക്കുന്നില്ല. ഞാൻ കണ്ട വിഗ്രഹം ഇതുതന്നെ. ഈ രൂപം ഒരിക്കൽ കണ്ടാൽ ഒട്ടുകാലം കഴി ഞ്ഞിട്ടുപോലും മറക്കാൻ കഴിയുമോ? ഈ മഹായ പൂർണ്ണത്തിൽ പതിഞ്ഞാൽ പിന്നെ മായുന്നതാണോ?

താരാനാഥൻ പിന്നെയും പിന്നെയും ഒരു പുണ്യവിഗ്ര ഹത്തെ എന്നപോലെ ഉറുനോക്കുകയാൽ ആ യുവതി സലജ്ജം

അധോമുഖിയായി സ്ഥിതിചെയ്തു. എന്നാൽ അയാളുടെ ആകൃതിയിലും വാക്കിലും പെരുമാറ്റത്തിലും ഒരു ഗാംഭീര്യവും കുലീനതയും തെളിഞ്ഞുകണ്ടതുകൊണ്ടുള്ള ബഹുമാനത്തിലായിരിക്കാം, അയാളുടെ അലംഭാവമില്ലാത്ത നോട്ടത്തിൽ ആ യുവതിക്കു് അവഹേളനമുണ്ടാകാഞ്ഞതു്.

താരാനാഥൻ:—നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ തിരിച്ചറിയാൻ വൈഷമ്യം നേരിട്ടതിനാൽ സംശയനിവൃത്തിക്കു പ്രേരിതനായതാണു്. അന്യഥാ ചിന്തിക്കയില്ലെന്നു വിശ്വസിക്കുന്നു. അപ്രതീക്ഷിതമായിട്ടാണെങ്കിലും ഭവതിയെ വീണ്ടും കാണാനിടയായതിൽ ഞാൻ എന്നെത്തന്നെ അഭിനന്ദിക്കുന്നു. ഏതാണ്ടു മൂന്നാഴ്ചയ്ക്കുമുമ്പു് ഒരു രാത്രിയിൽ അധർമ്മിഷ്ഠന്മാരായ രണ്ടുമൂന്നു ദുഷ്ടന്മാരെ ശിക്ഷിപ്പാൻ ഭവതിഹേതുവാൽ ഭാഗ്യമുണ്ടായതിൽ എനിക്കുള്ള കൃതജ്ഞതയെ കാരണവശാലാണെങ്കിലും, അപ്പോൾ അറിയിക്കാൻ സാധിക്കാതെ പിരിയേണ്ടിവന്നതിനാലുണ്ടായ കണ്ഠിതം ഇപ്പോൾ പരിഹരിക്കപ്പെട്ടു.

യുവതി:—ഞാൻ അനുഗ്രഹീതയായി. ഈ ഭാഗ്യഹീനയെ, ആ ദുഷ്ടൻ വിജയസേനന്റെ കൈയിൽനിന്നും രക്ഷിച്ച ഭവാനെ തികച്ചും ഒരു നോക്കു കാണാൻ കഴിയുംമുമ്പു് പെട്ടെന്നു യാത്രയായതു് എന്റെ ഭാഗ്യഹീനതയുടെ മറെറാരു ലക്ഷ്യമാണെന്നു സമാധാനപ്പെട്ടിരിക്കുകയായിരുന്നു. കരുണാനിധിയായ അങ്ങയിൽ ഈ അംബികയ്ക്കുള്ള ആജീവനാന്തകൃതജ്ഞതയെ ഏതൊരു വാക്കിനാൽ വെളിപ്പെടുത്തേണ്ടു എന്നറിയാതെ കുഴങ്ങുന്നു.

താരാനാഥൻ:—എന്തു്? വിജയസേനനോ? അന്നു രാത്രിയിൽ ഭവതിയെ അപഹരിക്കാൻ ശ്രമിച്ചവൻ ഉദയസേനന്റെ മകൻ വിജയസേനനോ? അതു വാസ്തവമോ? അവൻ അത്ര നീചനോ? അന്നു് ആ കാട്ടിൽവച്ചു് ആ ദുഷ്ടനുമായിട്ടാണോ ഞാൻ പൊരുതതു്? ഒക്കുമൊക്കും! എനിക്കിപ്പോൾ മനസ്സിലാകുന്നു. അതുനിമിത്തമാണു് ആ ദുഷ്ടൻ അന്നു് കല്പകക്കോട്ടയിൽവച്ചു് എന്നെ അനാദരിക്കയും ചതിക്കാൻ ശ്രമിക്കുകയുംചെയ്തതു്. ഭവതിയെ അവന്റെ കൈയിൽനിന്നും വിടുവിച്ചതു് ഞാനാണെന്നു് അവൻ മനസ്സിലാക്കിയതുകൊണ്ടാണു് അനേകകാലം ആറ്റംപ്പെരുമാറ്റമില്ലാതെ അടച്ചുപൂട്ടിയിരുന്നതും ഭയങ്കരമായ പലേ കിംവദന്തികൾക്കും കാരണമായതുമായ ആ ഭദ്രാസനമുറിയിൽ എന്നെ കിടത്തിയതെന്നു ഞാൻ ഇപ്പോൾ ഓർക്കുന്നു. അതിരിക്കട്ടെ, ഭവതി

ഇപ്രകാരം ഏകാകിനിയായി ഈ ദീർഘയാത്രയ്ക്കു മൈയ്യ പ്പെടാൻ കാരണമെന്താവാം? ഭവതിയുടെ ഭർത്തമാതാപിതാ ക്കളുടെ അറിവോടും സമ്മതത്തോടുംകൂടിയാണു് ഇങ്ങനെ പുറപ്പെട്ടതെങ്കിൽ, അവർ അപ്രകാരം അനുവദിക്കാൻ നിർ ബന്ധിതരാകത്തക്കവണ്ണം, എന്തൊരാപത്താണു് ഭവതിക്കും അവർക്കും നേരിട്ടതു്? ഒരുപക്ഷേ, ആ വൃദ്ധാനും വൃദ്ധയും പെട്ടെന്നു കാലധർമ്മം പ്രാപിച്ചതിനാൽ നിസ്സഹായയായി ഭവിച്ച ഭവതി തലസ്ഥാനനഗരിയെ അഭയം പ്രാപിക്കാ മെന്നു കരുതി പുറപ്പെട്ടിരിക്കയാണോ?

അംബിക:—അല്ല; ഈശ്വരകാരുണ്യത്താൽ ആ വൃദ്ധദമ്പതികൾ ഇപ്പോഴും ക്ഷേമമായി ജീവിച്ചുപോരുന്നു. ഒരു പ്രധാന കാര്യത്തെയുദ്ദേശിച്ചു ഞാൻ ശ്രീപുരത്തേയ്ക്കു പുറപ്പെട്ടിരിക്കയാ ണെന്നും അങ്ങനെ പുറപ്പെടാൻ കാരണവശാൽ പൊട്ടന്നന വേ നിർബന്ധിതയായി ഭവിച്ചതാണെന്നും മാത്രമേ അങ്ങ യുടെ കരുണാപൂർവ്വമായ ചോദ്യത്തിനു തൽക്കാലംസമാധാനം പറവാൻ നിവൃത്തിയുള്ളൂ. എന്നുവന്നതിൽ നിർവ്യാജമായ മന സ്താപമുണ്ടു്.

താരാനാഥൻ:—ക്ഷമിക്കുക! ഭവതിയുടെ രഹസ്യോദ്ദേശ്യങ്ങൾ അല്പം പോലും അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്നെ പ്പോലുള്ള പരന്മാരിൽനിന്നും രഹസ്യത്തെ മറച്ചുവയ്ക്കാൻ ഭവതിക്കു പ്രത്യേകസാമർത്ഥ്യം ഉണ്ടെന്നു കാണുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. പ്രഗത്ഭയായ ഭവതിയുടെ നയം അനുമോദനാർഹവും ആദരണീയവുമാണു്. രാജ്യസ്ഥിതി അനാശാസ്യമായി ഭവിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ, വിശേ ഷിച്ചും ഈ നയം അഭിനന്ദനീയമത്രേ. നാട്ടിൽ അരുപ്പീയും അസ്വാസ്ഥ്യവും അനുനിമിഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വരാനിരിക്കുന്ന വിപ്ലവത്തിന്റെ ഛായ അവിടവിടെ നിഴലിച്ചുകാണുന്നു. പ്രജാധിപത്യവാദികൾ രാജ്യത്തെ കൈ വശപ്പെടുത്തിയിരിക്കയാണെങ്കിലും, തങ്ങളുടെ നഷ്ടപ്പെട്ട അധികാരസ്വാതന്ത്ര്യങ്ങളെ വീണ്ടെടുക്കാനായി ഇടപ്രഭുക്ക ന്മാർ കഴിയുന്നവിധത്തിലെല്ലാം, പരോക്ഷമായും അപരോക്ഷ മായും ശ്രമിച്ചുവരുന്നതിനാൽ, ഈ അവസരത്തിൽ ശ്രീപു രത്തു താമസിക്കുന്നതും മനസ്സിൽ ഉള്ളതു തുറന്നുപറയുന്നതും ആപൽക്കരമാണെന്നു വന്നേക്കാം. ഭവതിയുടെ രഹസ്യോ ദ്ദേശ്യങ്ങൾ എന്നിൽനിന്നും എന്നെപ്പോലെ, എല്ലാവരിലും നിന്നും മറച്ചുവയ്ക്കണമെന്നതന്നെയാണു് ഞാനും സ്നേഹ ബുദ്ധ്യാ ഉണർത്തിക്കുന്നതു്. അതുപോലെതന്നെ അന്യന്മാ

രുടെ ഉപദേശങ്ങളും ഗുണദോഷങ്ങളും വേദവാക്യംപോലെ വിശ്വസിക്കയുമരുതു്. ക്ഷേമകാംക്ഷയോടുകൂടിയ എന്റെ ഈ ഉപദേശത്തെ സ്വീകരിക്കുന്നതായാൽ, നേരിട്ടേക്കാവുന്ന പലേ അപകടങ്ങളും ഭവതിയെ ബാധിക്കാതിരുന്നേക്കാം.

ഈ അവസരത്തിൽ, താരാനാഥന്റെ വിരണ്ടോടിയകുതിര തിരികെ വരുന്നുണ്ടായിരുന്നു. സ്വാമിഭക്തിയുള്ള ആ മൃഗത്തിന്റെ പുനർലാഭത്തിൽ സന്തുഷ്ടനായ—

താരാനാഥൻ:—ഇതാ, എന്റെ കുതിര വരുന്നു! കണ്ടുവോ വിശേഷബുദ്ധിയില്ലാത്ത ആ ജന്തുവിന്റെ സ്വാമിഭക്തി! എന്നോടൊന്നിച്ചു യാത്രചെയ്യാൻ ഭവതിക്കു വൈമുഖ്യമില്ലാത്തപക്ഷം, നമുക്കു ഒരുമിച്ചു പുറപ്പെടാം.

അംബിക അതുകേട്ടു്, "അങ്ങയുടെ ഔദാര്യത്തിൽ എനിക്കു അതിയായ കൃതജ്ഞതയുണ്ടു്" എന്നുപറഞ്ഞു് എഴുന്നേറ്റു തന്റെ കുതിരയുടെ സമീപത്തിൽചെന്നു് അതിന്റെ പുറത്തു തട്ടിത്തലോടിക്കൊണ്ടുനിന്നു. താരാനാഥൻ എഴുന്നേറ്റു് അശ്വാരൂഢനായതുകണ്ടു് അംബിക, കുതിരസ്സവാരിയിൽ നല്ല തഴക്കവും പഴക്കവുമുള്ള പുരുഷന്മാരെപ്പോലെ കുതിരപ്പുറത്തുകയറി. അതുകണ്ടു താരാനാഥൻ "ഭവതിക്കു കുതിരസ്സവാരിയിൽ നല്ല തഴക്കമുണ്ടെന്നതോന്നുന്നുവല്ലോ" എന്നു പ്രശംസിക്കുകയും രണ്ടുപേരും യാത്രതുടരുകയുംചെയ്തു.

അംബിക:—ഞാൻ എന്റെ ചെറിയഗൃഹത്തിൽനിന്നും തിരിച്ചിട്ടു് ഇന്നേയ്ക്കു പത്തുദിവസമായി. വെളുപ്പാൻ നാലഞ്ചുനാഴികയ്ക്കുമുമ്പു നമുക്കു ശ്രീപുരത്തെത്താമെന്നതോന്നുന്നു. എന്റെ ഈ യാത്രയിൽ പകൽസമയങ്ങളിൽമാത്രമേ ഞാൻ യാത്രചെയ്തിട്ടുള്ളൂ. അസ്തമയത്തോടുകൂടി അന്നത്തെ യാത്ര മതിയാക്കി ക്ലബ്ബിൽ താമസിക്കും പകൽതന്നെയും ചിലപ്പോഴെല്ലാം വഴിതെറ്റിബുദ്ധിമുട്ടേണ്ടിവന്നിട്ടുമുണ്ടു്. ചിലർ അറിയാതെ വഴിതെറ്റിപ്പറഞ്ഞിട്ടുണ്ടു്. ചിലർ മനഃപൂർവ്വം വഴിതെറ്റിക്കയും ചെയ്തിട്ടുണ്ടു്. അപൂർവ്വം ചിലപ്പോൾ മാർഗ്ഭ്രംശശങ്ക ജനിക്കുന്നിടത്തു് ഇറങ്ങി വഴിയറിയാവുന്ന ആളുകളെ കണ്ടുമുട്ടുന്നതുവരെ താമസിക്കാനിടയായിട്ടുമുണ്ടു്. ഇക്കാരണങ്ങളാലാണു് എന്റെ യാത്ര ഇത്രത്തോളം ദീർഘിച്ചുപോയതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

താരാനാഥൻ:—രാത്രിയിൽ ഭവതി യാത്രചെയ്യുക പതിവില്ലെങ്കിൽ, ഇന്നു് ഈ അസമയത്തു്, ഈ ഭയാനകമായ മൈതാനത്തിൽക്കൂടി തിരിക്കാൻ കാരണമെന്തു്?

അംബിക.—കാരണമുണ്ടു്. കഴിഞ്ഞഅസ്തമയത്തോടുകൂടിഞാൻ ഒരു ക്ലബ്ബിൽ കയറി. ക്ലബ്ബുടമസ്ഥനും അയാളുടെ ഭാര്യയും സൽസ്വഭാവമുള്ളവരാണെന്നു് എനിക്കു ബോദ്ധ്യമയതിനാൽ രാത്രി അവിടെ താമസിക്കാമെന്നു തീച്ചപ്പെടുത്തി. ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു സന്യാസി അവിടെ വന്നുചേർന്നു. ക്ലബ്ബുടമസ്ഥനും ഭാര്യയും സന്യാസിയെ ഭക്തി ബഹുമാനപൂർവ്വം ഉപചരിച്ചു് ഞാനിരുന്ന മുറിയിലേക്കു കൂട്ടിക്കൊണ്ടുവന്നു. അവരുടെ സംസാരത്തിൽനിന്നും സന്യാസിയും ക്ലബ്ബുകാരും ചിരപരിചയമുള്ളവരാണെന്നു് എനിക്കു നിഷ്പ്രയാസംമനസ്സിലായി. സന്യാസിക്കും ഞാൻ ഇരുന്ന മുറിയിൽ തന്നെ ഭക്ഷണം നല്കി. സംഭാഷണമദ്ധ്യേ, രാത്രിൽ യാത്രചെയ്യുന്നതു് ആപൽക്കരമാണെന്നും പ്രഭാതത്തിൽ ശ്രീപുരത്തേയ്ക്കു തിരിക്കുകയാണു് വേണ്ടതെന്നും സന്യാസി അഭിപ്രായപ്പെടുകയാൽ അദ്ദേഹവും ശ്രീപുരത്തേക്കുപോകുന്ന ആളാണെന്നു എനിക്കു മനസ്സിലായി. ഞാനും ശ്രീപുരത്തേയ്ക്കാണെന്നു ക്ലബ്ബുടമസ്ഥന്റെ ഭാര്യ പറഞ്ഞതുകേട്ടു്, സന്യാസി എന്നെ സൂക്ഷിച്ചുനോക്കി. ഞാനും അദ്ദേഹത്തെ നോക്കുകയും അദ്ദേഹത്തെ അതിനു മുമ്പു കണ്ടു പരിചയമുണ്ടെന്നു് എനിക്കു സംശയം ജനിക്കുകയുംചെയ്തു. സന്യാസിയുടെ മുഖഭാവവും അടിക്കടിയുള്ള നോട്ടവും എന്നിൽ എന്തുകൊണ്ടോ ഒരു ഭീതിയെ ജനിപ്പിച്ചു. ഭക്ഷണാനന്തരം ക്ലബ്ബുടമസ്ഥനും ഭാര്യയും അവരുടെ വഴിക്കു പോവുകയാൽ ആ മുറിയിൽ ഞാനും സന്യാസിയും മാത്രം ശേഷിച്ചു. സ്നേഹവാത്സല്യപൂർവ്വംസന്യാസി എന്നോടുസംസാരിച്ചു. സംഭാഷണമദ്ധ്യേ കല്പകക്കോട്ടയെപ്പറ്റി ഒന്നു സൂചിപ്പിച്ചു. ആ പേരു കേട്ടപ്പോൾ ഞാനൊന്നു നടുങ്ങിപ്പോയി. സന്യാസി അതു ഗ്രഹിക്കാതിരുന്നില്ല. അദ്ദേഹത്തിനു് എന്നെ കണ്ടുപരിചയമോ, അഥവാ എന്നെ സംബന്ധിച്ചു കേട്ടറിവോഉണ്ടായിരിക്കാമെന്നും തന്റെ സംശയനിവൃത്തിക്കു വേണ്ടി കല്പകക്കോട്ടയെപ്പറ്റി പ്രസ്താവിച്ചതാണെന്നും എനിക്കു മനസ്സിലായി. പൊട്ടെന്നു് എന്റെ മനസ്സിൽ വേറൊരു സംശയം ജനിച്ചു. ഈ മാസം ആരംഭത്തിൽ വിജയസേനൻ വീണ്ടും ബലാൽക്കാരമായി എന്നെ പിടിച്ചുകൊണ്ടു പോകുമ്പോൾ കല്പകക്കോട്ടയിൽനിന്നും ഒരു സന്യാസി പുറത്തേക്കിറങ്ങുന്നതുകണ്ടു. എന്നെ വിട്ടുവിക്കണമെന്നു ഞാനയാളോടു് അപേക്ഷിച്ചു. അയാൾ ആ അപേക്ഷയെ സ്വീകരിച്ചില്ലെന്നുമാത്രമല്ല, വളരെ അലക്ഷ്യമായി

പൊയ്ക്കളകയുമാണുണ്ടായതു്. ആ സന്യാസി ഇയ്യാൾ തന്നെയാണെന്നുള്ള സംശയമാണു് എന്നെ ബാധിച്ചതു്.

താരാനാഥൻ:—ക്ഷുദ്രകുടുമ്മസ്ഥനോ ഭാര്യയോ ആ സന്യാസിയുടെ പേരു പറയുന്നതു ഭവതി കേട്ടുവോ?

അംബിക:—നിഷ്കളാനന്ദസ്വാമി എന്നാണയാളുടെ പേരു്.

താരാനാഥൻ:—ഓഹോ! നിഷ്കളാനന്ദസ്വാമിയോ? അദ്ദേഹത്തെ എനിക്കു നല്ലപോലെ അറിയാം.

അംബി:—എന്തായിരിക്കാം അയാളുടെ വസ്തുസ്ഥിതികം?

താരാനാഥൻ:—അതിനെപ്പറ്റി വിവരിച്ചു പറയാനുള്ള അവസരം ഇതല്ല; അവൻ പരമദുഷ്ടനും ഘാതകനും വലിയ വഞ്ചകനുമാണു്. അവൻ വേഷംകൊണ്ടു സന്യാസിയാണെന്നു ഭവതി മനസ്സിലാക്കിയിരുന്നാൽ മതി.

അംബിക:—(സാശ്ചര്യം) അങ്ങനെയോ? എന്നാൽ എന്റെ സംശയങ്ങൾ അസ്ഥാനത്തിലായിരുന്നില്ലല്ലൊ. കല്പകക്കോട്ടയിൽ കണ്ട സന്യാസിയെയാണു് ഞാൻ ഇപ്പോൾ കണ്ടതെന്നു സംശയിച്ചപ്പോൾ എനിക്കു് അയാളിൽ വളരെ വെറുപ്പും ഭയവുമുണ്ടായി. ആ വസ്തുത എന്റെ മുഖഭാവത്താൽ അയാൾക്കു മനസ്സിലായി. 'കഞ്ചേ! നാം രണ്ടുപേരും ഇതിനുമുമ്പു് അന്യോന്യം കണ്ടിട്ടുണ്ടെന്നു തോന്നുന്നു. എന്നാൽ നീ ഒന്നുകൊണ്ടും ഭയപ്പെടുകയും സംശയിക്കയുംവേണ്ട. നിനക്കു ഗുണംചെയ്യാൻ കടപ്പെട്ടവനാണു ഞാൻ. നാളെ രാവിലെ നമുക്കു ഒന്നിച്ചു ശ്രീപുരത്തേക്കു തിരിക്കാം' എന്നു് അയാൾ എന്നോടു പറഞ്ഞു. ശ്രീപുരത്തെ അശോകനാഥൻ കൈവശപ്പെടുത്തിയിരിക്കുന്ന ഈ ഘട്ടത്തിൽ വൈദികമതാനുസാരിയായ ഒരു സന്യാസി ആ പട്ടണത്തിൽ കടക്കാൻ എങ്ങനെ ധൈര്യപ്പെടുന്നു എന്നു ഞാൻ ആശ്ചര്യത്തോടുകൂടി അയാളുടെ മുഖത്തുനോക്കി. അതു് അയാൾ മനസ്സിലാക്കിക്കൊണ്ടു്, 'കഞ്ചേ! നിന്റെ സംശയം എനിക്കു മനസ്സിലാകുന്നു. രാവിലെ ഇവിടുന്നു പുറപ്പെടുമ്പോൾ എന്റെ വേഷം ഇതല്ലായിരിക്കും. ആ വേഷത്തിൽ എന്നെ, എത്ര അടുത്തുപരിചയമുള്ളവർക്കും മനസ്സിലാക്കാൻ സാധിക്കുകയില്ല' എന്നു പറഞ്ഞു. ഞാൻ അതിനു സമാധാനമൊന്നും പറഞ്ഞില്ല. പിന്നീടു്, ശ്രീപുരത്തേക്കുള്ള എന്റെ യാത്രയുടെ ഉദ്ദേശ്യമെന്താണെന്നും അവിടെ എനിക്കു ബന്ധുമിത്രങ്ങളായിട്ടു് ആരെങ്കിലുമുണ്ടോ എന്നും ഞാൻ എവിടെ താമസിക്കാനാണു് ഉദ്ദേശിച്ചിരിക്കുന്നതെന്നും അയാൾ ചോദിച്ചു. ആദ്യത്തെ ചോദ്യത്തിനു ഞാൻമറുപടിപറഞ്ഞില്ല. ശ്രീപുരത്തു എനിക്കു ബന്ധുക്കളും

മിത്രങ്ങളും ഇല്ലെന്ന മറേറ രണ്ടുചോദ്യത്തിനും പൊതുവേ മറുപടി നൽകി. ശ്രീപുരത്തു് ഉദാരമനസ്കയായ ഒരു സ്ത്രീയുണ്ടെന്നും അവരുടെ കെട്ടിടം വളരെ വലുതാണെന്നും ആ മാളികയിൽ താമസിക്കാമെന്നും തനിക്കു് ആ മനസ്വിനിയെ വളരെ പരിചയമുണ്ടെന്നും മറവും അയാൾ പറഞ്ഞു.

താരാനാഥൻ:—ആ സ്ത്രീയുടെ പേരെന്താണു പറഞ്ഞതു്?

അംബിക:—ഇല്ല; ആ സ്ത്രീയുടെ നാമം സന്ന്യാസി പറഞ്ഞില്ല. ഇതിനിടയ്ക്കു് അല്പം പ്രായംചെന്ന ഒരു സ്ത്രീ ആ മുറിയിൽ കയറിവന്നു; കൈയിൽ ഒരു ചെറിയ തുണിക്കെട്ടുമുണ്ടായിരുന്നു. സ്ത്രീയെക്കണ്ട ഉടനേ സന്ന്യാസി എഴുന്നേറ്റു് അവരേയും കൂട്ടിക്കൊണ്ടു മുറിക്കു പുറത്തിറങ്ങി. ഞാനും പകൽ മുഴുവൻ യാത്രചെയ്തതുകൊണ്ടുള്ള ക്ഷീണത്താലും വീണ്ടും സന്ന്യാസിയുമായി സംസാരിക്കാൻ കൗതുകം തോന്നാഞ്ഞതിനാലും, മുൻകൂട്ടി ഏർപ്പാടുചെയ്തിരുന്ന ഉറക്കറയിലേക്കുപോയി. മുറിയിൽ കയറിയഉടനെ അടുത്തമുറിയിൽ രണ്ടാളുകൾ സംസാരിക്കുന്നതുകേട്ടു. ഞാൻ അതു ശ്രദ്ധിച്ചു. സ്വാമി! അങ്ങു് ആവശ്യപ്പെട്ടപ്രകാരം വേഷംമാറാനുള്ളവസ്ത്രങ്ങളും നിറംമാറാനുള്ള ദ്രാവകവും ഇതാ കൊണ്ടുവന്നിരിക്കുന്നു" എന്നു് ഒരു സ്ത്രീയുടെ സംസാരവും "വളരെസന്തോഷം! ഞാൻ അന്വേഷിക്കുന്ന പെണ്ണിനെപ്പറ്റി വല്ലഅറിവും കിട്ടിയിട്ടുണ്ടോ? എന്നൊരു പുരുഷന്റെ സംസാരവുംകേട്ടു. പുരുഷന്റെ ശബ്ദത്തിൽനിന്നും അയാൾ നിഷ്കളാനന്ദസ്വാമിയാണെന്നും അയാളോടു സംസാരിച്ച സ്ത്രീ തുണിക്കെട്ടുമായി ഭക്ഷണമുറിയിൽ കടന്നുവന്നവളാണെന്നുംഞാൻ നിഷ്പ്രയാസം മനസ്സിലാക്കി. 'ഉണ്ടു"; എന്റെഅന്വേഷണം നിഷ്ഫലമായില്ല. സരസ്വതി ഇപ്പോൾ ശ്രീപുരത്തുണ്ടു്. അതുകൊണ്ടു് അങ്ങേയ്ക്കു് അവളെ കണക്കിനു ശിക്ഷിക്കാനുള്ള സൗകര്യം ലഭിച്ചിരിക്കുന്നു' എന്ന സ്ത്രീ വീണ്ടും പറഞ്ഞു. സ്ത്രീയുടെ പേരു് ശിവയോഗിനിഎന്നാണു്.

ഇതുയും കേട്ടപ്പോൾ താരാനാഥൻ അത്യുത്സംഭ്രാന്തനായി ഒന്നെനടുങ്ങി. അംബിക തുടർന്നുപറഞ്ഞു.

അംബിക:—സരസ്വതി ശ്രീപുരത്തുണ്ടെന്നുകേട്ട സന്ന്യാസി ഉത്സാഹമായകോപത്താൽ പല്ലുകടിച്ചു ശബ്ദംപുറപ്പെടുവിച്ചു. അവർ പിന്നെയും വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു. ആ സംഭാഷണം തീരെ പതിഞ്ഞ സ്വരത്തിലായിരുന്നതുകൊണ്ടു് എനിക്കു കേൾക്കാൻ കഴിഞ്ഞില്ല. 'ഒടുവിൽ സരസ്വതിയെ കൈയിൽ കിട്ടിയാൽ അവളെ ഏതുവിധത്തിൽ

ശിക്ഷിക്കാമെന്നാണു് അവിടുന്നു തീച്ചപ്പെടുത്തിയിരിക്കുന്നതു്?' എന്നു യോഗിനി ചോദിക്കുന്നതും "വെങ്കലപ്രതിമയുടെ രഹസ്യം അറിഞ്ഞിരുന്നിട്ടും ഇങ്ങനെ ചോദിക്കുന്നതിൽ എന്തൊരർത്ഥമാണുള്ളതു്?" എന്നു പ്രതിപ്രശ്നത്താൽ സന്യാമരുപടിപറയുന്നതും എനിക്കു ശ്രവിക്കാൻ കഴിഞ്ഞു. പിന്നീടു് അവർ എത്രനേരം എന്തൊക്കെ സംസാരിച്ചുവെന്നു് എനിക്കറിഞ്ഞുകൂടാ. വെങ്കലപ്രതിമ എന്നു കേട്ടപ്പോൾ ഭയത്താലും സംഭ്രമത്താലും ഞാൻ നടുങ്ങിപ്പോയി.

താരാനാഥൻ:—എന്തു കാരണത്താൽ?

അംബിക:—വെങ്കലപ്രതിമ എന്നുകേട്ടതുതന്നെ കാരണം.

താരാനാഥൻ:—എന്നാൽ, കല്പകക്കോട്ടയിലെ ഭയങ്കരമായ രഹസ്യങ്ങളും ഭവതി അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നു.

അംബിക:—അങ്ങയുടെ വാക്കുകളിൽ എനിക്കു ആശ്ചര്യമുണ്ടാകുന്നു. ആ രഹസ്യങ്ങളും അങ്ങും ഗ്രഹിച്ചിട്ടുണ്ടായിരിക്കുമോ?

അംബിക ആ വിഷയത്തെപ്പറ്റി പിന്നീടു് ഒന്നുംതന്നെ സംസാരിച്ചില്ല. ഭദ്രാസനമുറിയിൽനിന്നും തന്നെ മോചിപ്പിച്ച ആ മനസ്വിനിയായ വൃദ്ധയെക്കുറിച്ചുള്ള രഹസ്യങ്ങളും വെളിപ്പെടുത്തേണ്ടിവന്നേക്കുമെന്നു ഭയന്നിട്ടാണു് അപ്രകാരം മൗനം ദീക്ഷിച്ചതു്. എന്നാൽ താരാനാഥൻ അംബികയെ മൗനനിഷ്ഠയിൽനിന്നും വിരമിപ്പിക്കുകതന്നെ ചെയ്തു.

താരാനാഥൻ:—ഉണ്ടു്, കല്പകക്കോട്ടയിലെ രഹസ്യങ്ങളും ഒട്ടുമുക്കാലും ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ആ കെട്ടിടത്തിന്റെ വലതുഭാഗത്തുള്ള കല്ലറകളിലും ശ്മശാനങ്ങളിലും മറ്റും ഞാൻ സഞ്ചരിച്ചിട്ടുണ്ടു്. ആ ശ്മശാനത്തു പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു വെങ്കലപ്രതിമ ഞാൻ കണ്ടിട്ടുണ്ടു്. അപരിമിതമായ ഭക്തിയോടും വിസ്മയപാരവശ്യത്തോടും ആ ഉഗ്രാവിഗ്രഹത്തെ നമസ്കരിച്ചിട്ടുമുണ്ടു്. അതിന്റെ സമീപത്തുള്ള മുറിയിൽ സ്ഥാപിച്ചിട്ടുള്ള ആ ഭീമമായ ചക്രങ്ങളും അതിനെ പ്രവർത്തിപ്പിക്കാനുള്ള യന്ത്രവും എന്റെ കണ്ണിനു വിഷയീഭൂതമായിട്ടുണ്ടു്. ഭവതിയും ഈ കാഴ്ചകളൊക്കെ കണ്ടിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടു നിഷ്കളങ്കനായ ഞാൻ, വെങ്കലപ്രതിമയെ ഉച്ചരിച്ചപ്പോൾ ഭവതി ഭയപ്പെട്ടു നടുങ്ങിയെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. ആപ്രതിമയും യന്ത്രങ്ങളും ആ ശ്മശാനങ്ങളും മറ്റും എനിക്കുതന്നെ ഭയസംഭ്രമങ്ങളെ ജനിപ്പിച്ചിരിക്കെ ഭവതിയിൽ ആ വികാരങ്ങളെ ഉളവാക്കിയിട്ടില്ലെന്നു വരുമോ?

അംബിക:—അതേ, അല്പനേരത്തേയ്ക്കു ഞാൻ യാതൊരു വികാരവു മില്ലാതെ സ്തംഭിച്ചുനിന്നുപോയി. ആ വെങ്കലപ്രതിമയും ചക്രങ്ങളും എന്തുദ്ദേശ്യത്തോടുകൂടി സ്ഥാപിക്കപ്പെട്ടിരിക്കയാണെന്നെനിക്കു മനസ്സിലായിട്ടില്ലെങ്കിലും, കൊലപാതകം തുടങ്ങിയുള്ള പൈശാചികകർമ്മങ്ങൾക്കും ആ സ്ഥാപനങ്ങൾക്കും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു ഞാൻ ബലമായി സംശയിക്കുന്നു. ഒരുപക്ഷേ താങ്കളും അപ്രകാരം സംശയിക്കുക; അല്ല വിശ്വസിക്കുകതന്നെ ചെയ്തിരിക്കുമെന്നാണു് എന്റെ ഭ്രതോദയം. ഒന്നോക്കണം; ഉഷ്ടഉഷ്ടമായ മനഃസ്ഥിതിയുടെ പ്രേരണയാലല്ലെങ്കിൽ, ആ ദേവീവിഗ്രഹത്തെ അത്ര നിഗ്രഹമായ ഒരു സ്ഥലത്തു് എന്തിനായിട്ടാണു സ്ഥാപിച്ചിരിക്കുന്നതു്? ആ ചക്രങ്ങളുടെ ആവശ്യമെന്തു്? അവയും ആ രഹസ്യസ്ഥലത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് എന്തിനായിട്ടു്?

താരാനാഥൻ:—ഭവതിയുടെ അഭിപ്രായം സ്വീകാര്യമാണു്. ഞാനും ആ അഭിപ്രായം ഉള്ളവനാണു്. അതു കണ്ടപ്പോൾതന്നെ ഞാനും അങ്ങനെ ഊഹിക്കാതിരുന്നില്ല. ഭവതി ആ ക്ലബ്ബിൽ നിന്നും പുറപ്പെട്ടതെപ്പോൾ?

അംബിക:—പറയാം; പ്രതിമയെപ്പറ്റി സംസാരിച്ചപ്പോൾ അയാൾ അവിശ്വസ്തനായ ഒരു കപടസന്ന്യാസിയാണെന്നു്, ഭക്ഷണമുറിയിൽവച്ചു് ആദ്യമേ. എനിക്കുണ്ടായ സംശയം ബലപ്പെട്ട ഉടനെതോടുകൂടി ഉടനടി അവിടുന്നു പുറപ്പെടണമെന്നും, അല്ലെങ്കിൽ ആ ഉഷ്ടനിൽനിന്നും വല്ല അപകടവും നേരിടാനെളുപ്പമുണ്ടെന്നും ഞാൻ തീർച്ചപ്പെടുത്തി. മാത്രമല്ല, കല്പകക്കോട്ടയിലെ ആ പ്രതിമയുടെയും ഈ കള്ളസന്ന്യാസിക്കും തമ്മിലുള്ള ബന്ധമുണ്ടെന്നും തന്നിമിത്തം അവൻ വിജയസേനന്റെ സംബന്ധിയാണെന്നും കൂടി ഞാൻ നിശ്ചയിച്ചു. ഉടൻതന്നെ, രഹസ്യമായി ലായത്തിൽ ചെന്നു് എന്റെ കുതിരയെ അഴിച്ചു വെളിയിൽ ഇറക്കി യാത്രയാവുകയുംചെയ്തു. കൊടുങ്കാറ്റിന്റെയും ക്ഷീരാബ്ധിന്റെയും ഭയങ്കരതയെപ്പറ്റി ചിന്തിക്കാൻപോലും എനിക്കു സാവകാശം കിട്ടിയില്ല. നിസ്സഹായതയും എന്റെ യാത്രയെ തടഞ്ഞില്ല. അങ്ങനെ യാത്രചെയ്തുകൊണ്ടിരിക്കവേയാണു മൈതാനമദ്ധ്യത്തിൽ അങ്ങു വീണുകിടക്കുന്നതു കണ്ടതു്.

താരാനാഥൻ:—ഒന്നു ചോദിച്ചുകൊള്ളട്ടെ! നിഷ്കളാനന്ദൻ വിജയസേനന്റെ സംബന്ധിയാണെങ്കിൽ ഭവതി അവനെ പ്രത്യേകിച്ചു ഭയപ്പെടേണ്ട ആവശ്യമെന്താണു്?

അംബിക:—കാരണമുണ്ട്; വിജയസേനന്റെ കൈയിൽ വീണ്ടും ഞാൻ അകപ്പെട്ടുവെന്ന് ആദ്യം പറഞ്ഞുവല്ലൊ. അവൻ എന്നെ ഭദ്രാസനമുറിയിലാണ് ഗോപ്യമായി താമസിപ്പിച്ചതു്. ആ മുറിയിൽനിന്നും സുശീലന്മാരായ അവന്റെ ചില ഭൃത്യന്മാരുടെ സഹായത്താൽ ഞാൻ മോചിക്കപ്പെട്ടു. അപ്രകാരം മോചിപ്പിക്കപ്പെട്ട എന്നെ കണ്ടുപിടിക്കാനായി ഈ കള്ളസ്സന്ന്യാസിയെ അവൻ നിയോഗിച്ചയച്ചതാണെന്ന സംശയിച്ചതുകൊണ്ടാണ് എനിക്ക് അയാളിൽ കൂട്ടുതലായി ഭയം ജനിച്ചതു്.

താരാനാഥൻ:—ഭവതിയുടെ വാക്കുകളിൽനിന്നും, ശ്രീപുരത്തു ഭവതിക്കു പരിചയമുള്ളവരായി ആരുംതന്നെ ഇല്ലെന്ന ഊഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ, വിരോധമില്ലെങ്കിൽ ഭവതിക്ക് ഒരു വിട്ടതിയിൽ താമസത്തിനു വേണ്ട ഏർപ്പാടുചെയ്യുതരാം. വരാഹസിംഹൻ എന്ന ക്ലബ്ബിന്റെ ഉടമസ്ഥൻ ഒരു സൽസ്വഭാവിയാണു്. അയാളുടെ ഭാര്യയും ഗുണവതിയാണെന്നു് എനിക്ക് അഭിപ്രായമുണ്ട്. അവർക്ക ഭവതിയുടെ പ്രായത്തിൽ ഒരു മകളുണ്ട്. അവളും സ്വഭാവദോഷം ലേശവുമില്ലാത്തവളാണു്. എന്റെ താമസവും ആ വിട്ടതിയിൽ തന്നെ.

അംബിക:—അങ്ങയുടെ സ്നേഹപൂർവ്വമായ ക്ഷണത്തെ കൃതജ്ഞതയോടെ സ്വീകരിക്കാമായിരുന്നു. എന്നാൽ എനിക്ക ശ്രീപുരത്തു് അധികനാളത്തെ താമസമുണ്ടാകുമെന്നു തോന്നുന്നില്ല. എങ്കിലും ഇന്നരാത്രിയിൽ അങ്ങയുടെ വിട്ടതിയിൽതന്നെ താമസിക്കാം.

അവരുടെ സംഭാഷണം ഇവിടെ അവസാനിപ്പിച്ചു. രണ്ടു പേരും കുതിരയെ തരിപ്പിച്ചു് കാൽമണിക്കുറിനുള്ളിൽ പട്ടണത്തിലെത്തി. ഇത്തവണ കോട്ടവാതിലിൽക്കൂടിയല്ല താരാനാഥൻ വിട്ടതിയിലേക്കു തിരിച്ചതു്. തനിക്കു മദ്രാംഗലീയകത്തിന്റെ സഹായമുണ്ടെങ്കിലും അംബികയെ പട്ടാളക്കാർ തടഞ്ഞുനിത്തിയെങ്കിലോ എന്നു ശങ്കിച്ചിട്ടായിരിക്കാം, കോട്ടമതിലിനെ ചുറ്റി കുതിരയെ നടത്തിയതു്.

വിട്ടതിയിൽ എത്തിയ ഉടനെ താരാനാഥൻ അംബികയുടെ താമസത്തിനു വേണ്ട സൗകര്യങ്ങൾ ക്ലബ്ബുടമസ്ഥനെക്കൊണ്ടു ചെയ്യകൊടുപ്പിച്ചതിനുശേഷം തന്റെ ശയനമുറിയിൽചെന്നു. തന്റെ അനുചരന്മാരെ അന്വേഷിച്ചിട്ടു കണ്ടില്ല. പദ്മാവതിയുടെ താമസസ്ഥലം കണ്ടുപിടിക്കാനായി പോയിരിക്കയാണെന്നു നിശ്ചയിച്ചു. യുദ്ധവേഷങ്ങളൊക്കെ മാറിയതിനുശേഷം നിദ്രയ്ക്കു

ഭാവിച്ചു. പക്ഷേ, നിദ്രാദേവത അയാളെ ആശ്ലേഷിക്കുന്നില്ല. കണ്ണുകൾ അടയ്ക്കുന്നു മാത്രയിൽ മാടൻ മുമ്പിൽ നില്ക്കുന്നതുകാണാം. മാടനുമായി നടത്തിയ യുദ്ധവും അയാളുടെ അന്തരംഗചക്ഷുസിനു വിഷയീഭൂതമാകുന്നു. പ്രേതയക്ഷിയും സരസ്വതിയും തന്റെ മുമ്പിൽ നിൽക്കുന്നു. ആ സഹോദരികളെ പിന്നിട്ടുകൊണ്ടു്, മറെറാരുവിഗ്രഹം മുമ്പോട്ടുകയറുന്നു. അത്തിരക്കിൽ നിദ്രാദേവതയ്ക്കു പ്രവേശമെവിടെ!

അദ്ധ്യായം ൨൩

"ഇന്നോളുന്നവസാനയാത്രയിനി നാം ചേന്നീടുകില്ലെന്നുമേ"

ഒടുവിൽ താരാനാഥന്റെ മുമ്പിൽ തോന്നിയ വിഗ്രഹം, അംബികയുടേതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വിജനമായ ആ മൈതാനത്തു മാടന്റെ താഡനമേറു മൂർച്ഛിച്ചു വീണുകിടന്ന തന്നെ സ്നേഹപൂർവ്വം ശീതോപചാരംചെയ്ത ആ മനസ്വിനിയെ പരിരംഭണംചെയ്യാനായി, പ്രതീതിയുണ്ടായതെത്ര വിസ്മരിച്ചു കൈകൾ മുമ്പോട്ടുനീട്ടി. ആ കൈകൾക്കു സ്വാഗതംനൽകിയ സുമമൃദുലമായ വിശിഷ്ടവിഗ്രഹത്തിന്റെ മുഖാരവിന്ദത്തെ പെട്ടെന്നു കണ്ണുതുറന്നു വീക്ഷിച്ചു. ഹാ! എന്തൊരു സൗന്ദര്യമകരന്ദം ആമുഖത്തു തുളുമ്പുന്നു! എത്ര പ്രശാന്തരമണീയമായ തേജസ്സു് അവിടെ കളിയാടുന്നു! കാമോദ്ദീപനകരമായ മന്ദഹാസത്തിന്റെ പൊലിമ ഏതൊരു പുരുഷഹൃദയത്തെയാണു് ആവജ്ജിക്കാത്തതു്! ആ ശോണാധരദ്യുതിവ്യാകാന്തിയെ ഉപമിക്കാൻ ഏതൊരു വിശിഷ്ടവസ്തുവിനെയാണു് ബ്രഹ്മദേവൻ ഈ ലോകത്തിൽ സൃഷ്ടിച്ചിട്ടുള്ളതു്. ആ കടക്കണ്ണുകൊണ്ടൊരു താഡനമേല്പിക്കാൻ കൊതിക്കാത്ത പുരുഷനാരുണ്ടു്?

തെളിഞ്ഞു പ്രകാശിക്കുന്ന വിളക്കിന്റെ വെളിച്ചത്തിൽ, താരാനാഥൻ തന്റെ ബാഹ്യചക്ഷുസ്സുകൊണ്ടു്, താൻ കിടക്കുന്ന കട്ടിലിലിരിക്കുന്ന—തന്റെ മുഖത്തു മന്ദഹാസത്തോടുകൂടി നോക്കിക്കൊണ്ടിരിക്കുന്ന—ശ്യാമളകോമളയായ പ്രേതയക്ഷിയെക്കണ്ടപ്പോൾ അയാൾക്കുണ്ടായ ആശ്ചര്യവും പരമാനന്ദവും എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാവതല്ല. താൻ സ്വപ്നം കാണുകയോ എന്നയാൾ സംശയിച്ചു പ്രേതയക്ഷി ഈ അകാലത്തിൽ ഇവിടെ വരാൻ കാരണമില്ലെന്നും ഇക്കാഴ്ച കേവലം സ്വപ്നാനുഭവമാണെന്നും അയാൾ, വിശ്വസിച്ചു പെട്ടെന്നു എഴുന്നേറ്റിരുന്നു. തന്റെ പ്രേമസർവ്വസ്വമായ പ്രേതയക്ഷിയെ ഉറ്റുനോക്കി. അല്ല, സ്വപ്ന

മല്ല; പ്രേതയക്ഷി എന്റെറ സമീപത്തിരിക്കുന്നു. ഈ ഇരിക്കുന്നതു് ആ ദിവ്യസ്ത്രീപിണിതന്നെ. എവിടെയും പെട്ടെന്നു് ആവിർഭവിക്കാനും അന്തർദ്ധാനം ചെയ്യാനുമുള്ള ശക്തി പ്രേതയക്ഷിക്കും സരസ്വതിക്കുമുണ്ടു്. ആ ശക്തിയുടെ നിയന്ത്രണഫലമാണു് ഈ കാഴ്ച എന്നു താരാനാഥൻ തീർച്ചപ്പെടുത്തി.

പ്രേതയക്ഷിയെ എപ്പോഴും കാണുന്നവേഷത്തിലല്ല ഇപ്പോൾ കാണുന്നതു്. ആഭരണങ്ങൾ യാതൊന്നും അണിഞ്ഞിട്ടില്ല; കരപാദങ്ങളിലാകട്ടെ കഴുത്തിലാകട്ടെ യാതൊരാഭരണവും കാണുന്നില്ല; നാസികാഭരണംപോലും ധരിച്ചിട്ടില്ല. വസ്ത്രധാരണരീതിയും പരിചിതമായിരിക്കുന്നു. കാഷായവസ്ത്രംധരിച്ചു് ഒരു യോഗിനിയെപ്പോലെ കാണപ്പെടുന്നു. ഈ വേഷത്തിലും അവൾ പൂർവ്വാധികം മനോഹാരിണിയാണെന്നു സമ്മതിക്കതന്നെ വേണം. യോഗിനിവേഷവും അനാഡംബരവും അവളുടെ നൈസർഗ്ഗികമായ സൗന്ദര്യത്തെ ദ്വിഗുണിതമാക്കിച്ചെയ്തിരിക്കുന്നു. കന്തളഭാരം അഴിഞ്ഞു നാലുഭാഗത്തും വിതറിക്കിടക്കുന്ന ആ കാഴ്ചതന്നെ ഏതൊരാളെയും അപഹൃതചിത്തവൃത്തിയാക്കിത്തീർക്കുന്നതാണു്.

ആശ്ചര്യം അവളുടെ മുഖത്തു കണ്ട ത്രുമന്ദഹാസം നിഷ്ക്ലേഷം മാറി, ഒരു ഭയനീയമായ സന്താപച്ഛായ ആ സ്ഥാനത്തെ അപഹരിച്ചു. അതേസമയത്തുതന്നെ, അന്തരാഗസങ്കോചങ്ങളുടെ നിഴലാട്ടവും ആ മുഖത്തു സംഭവിച്ചു. അവളുടെ ഈ അസാധാരണമായ ദുഃഖഭാവവും വേഷവുംകണ്ടു പരിതപ്തഹൃദയനായ താരാനാഥൻ, "അല്ലയോ മാന്യേ! പ്രേതയക്ഷി! ഭവതിയുടെ അപ്രതീക്ഷിതമായ ഈ സാന്നിദ്ധ്യം എന്നെ അത്ഭുതപരവശനാക്കിച്ചെയ്യുന്നു. ഭവതിക്കു് അനുയോജ്യമല്ലാത്ത ഈ വേഷത്തിനും മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ഈ സന്താപത്തിനും ഹേതുവെന്തായിരിക്കാം?" എന്നു സഹതാപത്തോടുകൂടി ചോദിച്ചു.

പ്രേതയക്ഷി:—ഇന്നുവരെ പ്രേതയക്ഷി എന്ന പേരിൽ ഞാൻ മാടനു് അടിമപ്പെട്ടിരുന്നു. ഇന്നുമുതൽ ആ അടിമത്തത്തിൽ നിന്നും എനിക്കു മോചനം കിട്ടിയിരിക്കുന്നു. മഹാമനസ്കനും ധീരനുമായ അങ്ങയിൽ, അക്കാരണത്താൽ അതിയായ കൃതജ്ഞതയുണ്ടു്. എന്റെറ സ്വാതന്ത്ര്യത്തെ അടിച്ചമർത്തി, എന്നെ മാടനു് അടിമപ്പെടുത്തിയിരുന്ന ആ ഭയങ്കരബന്ധനത്തിൽനിന്നും എന്നെ മോചിപ്പിച്ചതു് ഉദാരമനസ്കനായ അങ്ങാണു്. അങ്ങു മാടനുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഞാൻ കൊട്ടാരത്തെ സംബന്ധിച്ചു ശിവക്ഷേത്രത്തിൽ കടന്നു അങ്ങേയ്ക്കു വിജയം സിദ്ധിക്കണമെന്നുള്ള പ്രാർത്ഥനയോടുകൂടി ഭഗവാനെ ധ്യാനിക്കുന്നുണ്ടായിരുന്നു. അങ്ങു

പരാജിതനായ മാത്രയിൽ എന്റെ മസ്തിഷ്കം ഉരുകി ലഹിച്ചതുപോലെ ഒരനുഭവം എനിക്കുണ്ടായി; അതോടുകൂടി ഞാൻ ബോധംകെട്ട നിലത്തുവീണു. മാത്രകഴിഞ്ഞു എനിക്കു സുബോധമുണ്ടായി. അപ്പോൾ ഒരു സന്തോഷാനുഭൂതി എന്നെ ബാധിക്കുകയും ചെയ്തു. എന്റെ ഹൃദയം പരമാനന്ദത്തുന്ദിലമായി ഭവിച്ചു. മാടന്റെ നിബന്ധനയെ അങ്ങു സ്വീകരിക്കുകയും എനിക്കു മോചനം ലഭിക്കുകയുംചെയ്ത അവസരത്തിലുണ്ടായ അനുഭവമാണതു്. അപ്രകാരം അങ്ങു എനിക്കുചെയ്ത മഹോപകാരത്തിൽ എനിക്കുണ്ടായിട്ടുള്ള കൃതജ്ഞതയെ നേരിൽ പ്രദർശിപ്പിക്കാനായി ഈ രാത്രിയിൽതന്നെ ഞാൻ അങ്ങയെ അന്വേഷിച്ചുവന്നതാണു്. വെളുക്കുംമുമ്പു് എനിക്കു ഈ നാട്ടിൽനിന്നും പുറപ്പെടേണ്ടിയിരിക്കുന്നു. ഞാൻ ജനിച്ചുവളർന്ന എന്റെ സ്വദേശത്തേയ്ക്കു പോകേണ്ടിയിരിക്കുന്നു. നിർഭാഗ്യത്താൽ ഞാൻ അതിലേയ്ക്കു നിർബന്ധിതയായി ഭവിച്ചിരിക്കുന്നു. എന്തൊരുദ്ദേശ്യത്തോടുകൂടി, അഥവാ എന്തൊരു കാര്യസാദ്ധ്യത്തിനായി എന്നെ അപ്രകാരം നിർബന്ധിക്കുന്നു എന്നു് എനിക്കു അറിഞ്ഞുകൂടാ. എന്നാൽ ഈ ലോകത്തിൽ ഇനിമേൽ നമുക്കു അന്യോന്യം സന്ദർശനത്തിനു് ഇടയാവുകയില്ലെന്നുള്ളതു നിശ്ചയമാണു്. നമ്മുടെ അവസാനസന്ദർശനമിതുതന്നെ. ഈ സന്ദർശനംതന്നെയും ഒരു പരിമിതമായ സമയത്തിനുള്ളിൽ അവസാനിപ്പിക്കാൻ ഞാൻ നിർബന്ധിതയുമാണു്; ഈശ്വരമതം അങ്ങനെയാണു്.

ഒടുവിലത്തെ വാക്കുകൾ ഗദ്ഗദത്തോടുകൂടിയാണു പ്രേതയക്ഷി ഉച്ചരിച്ചതു്. ആ അവസരത്തിൽ അവൾ കൂടെക്കൂടെ നടുങ്ങുന്നുമുണ്ടായിരുന്നു. അവളുടെ സ്വരമാധുര്യത്തെ ഏതൊന്നിനോടും ഉപമിക്കാവതല്ല. വീണാതന്ത്രിയുടെ മനോജ്ഞനാദവും അതിനോടു കിടപിടിക്കുന്നതല്ല. കുമ്പളക്കുരുവൊത്തു വരിയൊത്ത ധവളമായ ദന്തനിരകളിൽ തട്ടി പുറപ്പെടുന്ന അവളുടെ കണ്ഠധ്വനി താരാനാഥന്റെ ശ്രോത്രേന്ദ്രിയത്തിനു് അമൃതോപമമായി ഭവിച്ചു. ആ കളഭാഷിണിയുടെ എന്നെന്നേയ്ക്കുമായുള്ള വേർപാടിനെക്കുറിച്ചു ചിന്തിച്ചപ്പോൾ താരാനാഥന്റെ ഹൃദയം എരിപൊരി കൊള്ളുകയും അന്തരാഗപൂരിതമാവുകയും ചെയ്തു. അല്പനേരത്തേക്കു് അയാൾക്കു യാതൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. അനന്തരം,

താരാനാഥൻ:—പ്രേമഭാജനമെ! ഇതു നമ്മുടെ അവസാനമായ കൂടിക്കാഴ്ചയെന്നോ? അതെ, അങ്ങനെ സംഭവിക്കാനേ തര

മുള്ളു. ഭവതി പറഞ്ഞതു വാസ്തവമാണു്. ഈ ലോകത്തിൽ ഇനി നമുക്കുതമ്മിൽ കൂടിക്കാഴ്ചയുടെ സൌകര്യമില്ല. ഈ അഭിമുഖസന്ദർശനം തന്നെയും മാടനുമായുണ്ടായ നിബന്ധനയുടെ വിപരീതമാണു്. ഭവതിയെ സന്ദർശിക്കാൻ പാടില്ലെന്നു മാടൻ പറഞ്ഞിട്ടുണ്ടല്ലോ.

പ്രേതയക്ഷി:—അതിനെപ്പറ്റി അങ്ങു ഭയപ്പെടേണ്ടാ. ഭഗവതിയുടെ അനുഗ്രഹത്താൽ അങ്ങനെയെ അവസാനമായി ഒരിക്കൽകൂടി സന്ദർശിക്കാൻ എനിക്കു അനുവാദം ലഭിച്ചു. ഒരുപക്ഷേ, ഈ കൂടിക്കാഴ്ച മാടന്റെ നിബന്ധനയുടെ വിരോധമാണെന്നിരുന്നാലും, അങ്ങു് ഇക്കാര്യത്തിൽ കുറ്റക്കാരനല്ല. അങ്ങു് എന്റെ സാന്നിദ്ധ്യത്തെ പ്രതീക്ഷിക്കയോ എന്നെ, അനുപദിച്ചു വരികയോ ചെയ്തിട്ടില്ല. ഞാൻതന്നെ, കൃതജ്ഞതയോടും സ്നേഹത്തോടും പ്രേമത്തോടും അനുരാഗത്തോടും അങ്ങയെ അന്വേഷിച്ചു വരികയാണുണ്ടായതു്.

താരാനാഥൻ:—വേണ്ട, വേണ്ട അനുരാഗത്തെപ്പറ്റി ഭവതി പ്രസംഗിക്കേണ്ട. ഭവതിയുടെ മുഖത്തുനിന്നും, ഭാഗ്യഹീനനായ എനിക്കു അതു കേൾക്കാൻ പാടില്ല. എനിക്കു് ഭവതിയിൽ ഉണ്ടായിരുന്ന ഗാഢാനുരാഗം, മാടനുമായുണ്ടായ യുദ്ധോത്തോടുകൂടി നാമാവശേഷമായി ഭവിച്ചു. എന്റെ ഹൃദയവാടിയിൽ നട്ടുവളർത്തിയിരുന്ന ആ അനുരാഗവൃക്ഷം, മാടനെക്കണ്ടുമുട്ടുന്നതിനുമുമ്പു തഴച്ചുവളർന്നു പുഷ്പിച്ചുനിൽക്കുന്നതു് എന്റെ പരിശോധനയിൽ വെളിപ്പെട്ടു. നിർദ്ദയനായ ആ മാടൻ, ശപിക്കപ്പെട്ട ആ തടിമാടൻ അതിന്റെ നാരായവേരിൽ കോടാലിവെച്ചു. അതു പാടെ മറിഞ്ഞുവീണു കരിഞ്ഞുംകഴിഞ്ഞു. ആ വൃക്ഷത്തെ ഞാൻ നട്ടുവളർത്തിയിരുന്നില്ലെങ്കിൽ ആ ഘാതകനു് എന്നെ പരാജിതനാക്കാൻ കഴിയുമായിരുന്നില്ല. ആ അനുരാഗം എന്റെ ഹൃദയത്തിനു് എത്രകണ്ടു ശക്തിയെ നൽകിയോ, അത്രകണ്ടു എന്റെ ശരീരത്തിനു ശക്തിഹീനതയെയും നൽകി അതുനിമിത്തം ഞാൻ പരാജിതനായതാണു്. എന്നാൽ ഒരു സമാധാനം എനിക്കുണ്ടു്. ഏതൊരുവിധത്തിലായാലും ഭവതിക്കു് ആ ദുർദ്ദേവതയുടെ അടിമത്വത്തിൽനിന്നും മോചനം ലഭിച്ചുവല്ലോ എന്നുള്ള സമാധാനമാണു്. അതിനുപോലും ഇടയായില്ലെങ്കിൽ, എന്റെ പ്രയത്നത്തിൽ എന്തൊരു കൃതാർത്ഥതയാണു് എനിക്കുണ്ടാകുമായിരുന്നതു്. ഭവതി സ്വദേശത്തേക്കു പുറപ്പെടുന്നു. കാശ്മീരത്തിലെ കാടുകളെ ഉപേക്ഷിച്ചു മംഗലപുരിയിലെ സുരഭിലങ്ങളായ പൂന്തോപ്പുകളും മനോഹരങ്ങളായ കുന്നു

കളും കണ്ടാനന്ദിക്കാനായി പോകുന്നു. ഭവതി ഏതൊരുരാജ്യത്തു വസിച്ചാലും നിതാന്തക്ഷേമവും ദീർഘായുസ്സും സിദ്ധിക്കണമെന്നായിരിക്കും എന്റെ ആഗ്രഹവും ആശംസയും. ഭവതിയുടെ വേർപാടിൽ ഈ ലോകം എനിക്കു ഫലശൂന്യമായി ഭവിക്കുന്നതാണു്.

പ്രേതയക്ഷി:—അങ്ങിനെയല്ല; ശ്ലാഘനീയങ്ങളായ ചിന്തകളും ഉൽകൃഷ്ടങ്ങളായ വിശ്വാസങ്ങളും ആഹ്ലാദപ്രദമായ ജീവിതവും ക്ഷേമവും സൗഖ്യവും സകല സൗഭാഗ്യങ്ങളും അന്യൂനമായി ഇനിമേൽ അങ്ങേയ്ക്കു സിദ്ധിക്കുന്നതാണു്. എനിക്കു അവസാനമായി ഒരു പ്രാർത്ഥനയുണ്ടു്. അങ്ങു് അതിനെ കൈക്കൊള്ളുമെന്നു വിശ്വസിക്കുന്നു.

താരാനാഥൻ:—ഭവതിയുടെ ഏതൊരാഗ്രഹത്തെയും ശിരസാവഹിക്കാൻ ഞാൻ സന്നദ്ധനാണു്. അപേക്ഷ എന്താണെന്നു് അറിയേണ്ട താമസമേയുള്ളൂ. ഭവതിക്കുവേണ്ടി മരണത്തേപ്പോലും എതിർക്കാൻ മടിക്കാത്തവനാണെന്നു് ഈ രാത്രിയിൽ ഭവതിക്കു അനുഭവമായില്ലേ?

പ്രേതയക്ഷി:—എന്റെ പ്രാർത്ഥന ഇത്രമാത്രമാണു്. എന്റെ സഹോദരിയെ അങ്ങുതന്നെ സംരക്ഷിക്കണം. മാതാപിതാക്കന്മാരില്ലാത്ത നിർഭാഗ്യവതികളായ ഞങ്ങൾ ഇനിയൊരിക്കലും പരസ്പരം കാണാൻ പാടില്ലാത്തവണ്ണം പിരിയേണ്ടിവന്നു. സരസ്വതി എന്റെ ഒന്നിച്ചു മംഗലപുരിയിലേക്കു വരികയില്ല. ഞങ്ങൾക്കു് ഇനി തമ്മിൽ കാണാൻ കഴിയുമോ എന്നു ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. അങ്ങു് അവളെ മനഃപൂർവ്വം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്നു് എനിക്കു ഉറപ്പുതന്നാൽ, അവളുടെ വേർപാടുമൂലം എനിക്കുണ്ടാകുന്ന തീവ്രമായ അന്തസ്താപത്തിൽ ഒരു വലുതായ ഭാഗം പരിഹരിക്കപ്പെടുന്നതാണു്. ശരീരവും ജീവനും തൃണവൽഗണിച്ചു്, എനിക്കുവേണ്ടി മാടനുമായി യുദ്ധംചെയ്ത അങ്ങു് എന്റെ അവസാനമായ ഈ ചെറിയ അപേക്ഷയെ അംഗീകരിക്കുമെന്നും അതുവഴി എന്റെ സഹോദരി വിരഹതാപത്തെ ലഘൂകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

താരാനാഥൻ:—നിസ്സംശയം ഭവതിയുടെ അഭിലാഷത്തെ ഞാൻ നിർവ്വഹിച്ചുകൊള്ളാം. അക്കാര്യത്തിൽ ഭവതി ലേശംപോലും സംശയിക്കേണ്ടാ.

താരാനാഥന്റെ മറുപടി നിഷ്കളങ്കവും ഹൃദയപൂർവ്വകവുമാണു്. എന്നാൽ, പ്രേതയക്ഷിയുടെ അപേക്ഷയിൽ അയാൾക്കു് ഒരു വലുതായ ആശ്ചര്യവും ജനിക്കാതിരുന്നില്ല. ഇതേ അപേക്ഷ

തന്നെയാണു് ആജ്ഞാരൂപത്തിൽ മാടന്റെ മുഖത്തുനിന്നും പുറപ്പെട്ടതു്. മാടന്റെ ആ നിബന്ധനയെ പ്രേതയക്ഷി അപേക്ഷയായി രൂപാന്തരപ്പെടുത്തിയെന്നേയുള്ളൂ. പ്രമേയം രണ്ടും ഒന്നുതന്നെ ഇങ്ങനെ രണ്ടുപേരുടേയും പ്രമേയങ്ങൾക്കു അഭേദ്യമായ സംബന്ധം കണ്ടതിനാലുള്ള ആശ്ചര്യമാണു് താരാനാഥനെബാധിച്ചതു്. അയാളുടെ മറുപടിക്കു സമാധാനമായി പ്രേതയക്ഷി പ്രസ്താവിച്ചു "ഒരു പതിനായിരംപ്രാവശ്യം ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു. അങ്ങയുടെ ഔദാര്യത്തേയും കാരുണ്യത്തേയും ആ ജീവനാന്തം ഞാൻ കൃതജ്ഞതയോടെ അനുസ്മരിക്കും. അടുത്ത മദ്ധ്യാഹ്നത്തിൽ, പ്രയാഗാതീരത്തിലുള്ള ചോലകളിൽ യഥേഷ്ടം ഏതെങ്കിലും ഒരിടത്തുലാത്തിക്കൊണ്ടു നിന്നാൽ സരസ്വതിയുടെ സാന്നിദ്ധ്യം അവിടെ സംഭവിക്കുന്നതാണു്. അവളുടെ ഉദ്ദേശവും അഭിലാഷവും അപ്പോൾ അങ്ങയെ അറിയിക്കും."

പ്രേതയക്ഷി പെട്ടെന്നു കട്ടിൽവിട്ടിറങ്ങി, താരാനാഥന്റെ പാണിദ്വയത്തെ പല്ലവമൃദുലമായ തന്റെ ഹസ്തങ്ങളാൽവഹിച്ചു ഒരുനിമിഷം കൊങ്കത്തടത്തിൽ ചേർത്തമർത്തിയതിനുശേഷം ആ കൈത്തലങ്ങളിൽ ഓരോ ചുംബനം നൽകിയതും അന്തർദ്ധാനം ചെയ്തതും ഒന്നിച്ചുകഴിഞ്ഞു. "അഹോ! വജ്രഹൃദയമേ! മൃദുലകോമളമായ ആ പുഷ്പമേനിയിൽ കുടികൊണ്ടിരിക്കാൻ നിനക്കെങ്ങനെ തോന്നി? ഒരു നിമിഷംകൂടി ആ പുണ്യവിഗ്രഹത്തെ എന്റെ മുമ്പിൽ നിൽക്കാൻ അനുവദിക്കാതെ ദൂരത്തിപ്പായിച്ച നിനക്കു ജീവകാരുണ്യത്തിന്റെ ലേശംപോലുമുണ്ടോ?" എന്നിങ്ങനെ പ്രേതയക്ഷീഹൃദയത്തെപ്പഴിച്ചുംകൊണ്ടു് താരാനാഥൻ മറിഞ്ഞുവീണു. ഈ സങ്കടം തനിക്കു കാണെണ്ടന്നുള്ള ഭാവത്തിൽ പ്രകാശിച്ചുകൊണ്ടുനിന്നവിളക്കു പെട്ടെന്നു് അണയുകയുംചെയ്തു. അലഭ്യമായ ഒരു കായ്ത്തെസംബന്ധിച്ചു് വകതിരിവില്ലാതെ ഇപ്രകാരം ദുഃഖിക്കുന്നതുകൊണ്ടു് അടക്കാൻപാടില്ലാത്ത കോപത്തോടുകൂടി താരാനാഥനെ ധ്വംസിക്കാനെന്നവണ്ണം അന്ധകാരഭർത്രുതം ആ മുറിക്കകത്തു ചാടിക്കടന്നു. പ്രേതയക്ഷിയുടെ മഹാമാടനോട്ടു് ഏറെയും ധീരധീരം പൊരുതി മടക്കിയ ആ ചുണക്കുട്ടിയുണ്ടോ ഈ അന്ധകാരദുർദ്ദേവതയെപ്പേടിക്കുന്നു. ശരിവരെ ഒരുകൈ പൊരുതാമെന്നതന്നെ അയാൾ തീച്ചപ്പെടുത്തി! പിന്നെയെന്തൊക്കെയാണു് അതിനകത്തെ സംഭവങ്ങളെന്നു നമുക്കു് അറിഞ്ഞുകൂടാ. ഒരുകാര്യം നിശ്ചയമാണു്; നിദ്രാദേവത, അതാ ബദ്ധപ്പെട്ടു് അതിനുള്ളിൽ കടക്കുന്നു; തന്റെ ഉറ്റമിത്രമായ അന്ധകാരഭർത്രുതത്തിന്റെ പരാജയത്തിൽ പരിഭ്രമിച്ചു് അയാളെ സഹായിക്കാനായിട്ടല്ലെങ്കിൽ പിന്നെന്തിനായിട്ടാണു അതു ബദ്ധപ്പെട്ടു കയറിച്ചെന്നതു്?

പ്രഭാതാൽപരം നാലഞ്ചുനാഴികകഴിഞ്ഞാണു് താരാനാഥൻ ഉണർന്നതു്. ബാലാർക്കരശ്മി മുറിക്കുള്ളിലെങ്ങും വ്യാപിച്ചിരിക്കുന്നതുകണ്ടു് അയാൾ കിടക്കയിൽനിന്നു എഴുന്നേറ്റു. വല്ലാതൊരു ക്ഷീണം ദേഹം ആസകലം നല്ലപോലെ ബാധിച്ചിട്ടുണ്ടു്. തല ചുറ്റൽകൊണ്ടു്, ശരിക്കു എഴുന്നേറ്റുനില്ക്കാൻ കഴിയുന്നില്ല. ഒരു വിധത്തിൽ വെളിയിലേക്കുള്ള വാതിലിനെ അഭിമുഖീകരിച്ചു നടന്നു ചെന്നു. തലേന്നാൾ രാത്രി താൻ അടച്ചിരുന്ന കതകുകൾ തുറന്നു കിടക്കുന്നു. രാത്രിയിൽ ഉണ്ടായ പ്രേതയക്ഷീസാന്നിദ്ധ്യം സ്വപ്നസംഭവമല്ലെന്നുള്ളതിനു അതു് ഒരടയാളമാണെന്നു വിശ്വസിച്ചു പുറത്തിറങ്ങി തന്റെ അനുചരന്മാരുടെ മുറിയിൽചെന്നു. അവർ അവിടെ ഉണ്ടായിരുന്നില്ല. പദ്മാവതിയുടെ പാപ്പിടം കണ്ടുപിടിക്കാനായി പോയ സിദ്ധസേനനും ഉഗ്രസേനനും ഒരാഴ്ചവട്ടംകഴിഞ്ഞിട്ടും മടങ്ങിവരാതിരിക്കുന്നതിനെപ്പറ്റി താരാനാഥനു് ആശ്ചര്യവും ഭയവുംതോന്നി. ഏതായാലും അവർക്കു അപകടംയാതൊന്നും പറ്റിയിരിക്കാനിടയില്ലെന്നു വിശ്വസിച്ചു. സമർത്ഥന്മാരായ ആ ഭൃത്യന്മാർ അപകടങ്ങളിൽ ചെന്നു ചാടുന്നവരല്ലെന്നു അയാൾക്കു ബോദ്ധ്യമുണ്ടു്. പദ്മാവതിയുടെ പാപ്പിടത്തെപ്പറ്റി വല്ലസംശയവും അവർക്കു തോന്നിയിട്ടുണ്ടെന്നും അതിന്റെ സൂക്ഷ്മം അറിയാതെ മടങ്ങുന്നതു പോരായ്മയാണെന്നു കരുതി അതിലേക്കു വേണ്ടി ശ്രമിക്കുകയാണെന്നും താരാനാഥൻ പ്രത്യാശിച്ചു. എന്നിരുന്നാലും അവരുടെ പ്രത്യാഗമനത്തെ അക്ഷമയോടെ പ്രതീക്ഷിച്ചു. താമസം ഉത്സാഹമായിത്തോന്നി അവർ മടങ്ങി വന്നാൽ മതിയെന്നാണു് അയാളുടെ പ്രതീക്ഷ. രണ്ടാണു് അതിനുകാരണം. അവർക്കു അപകടമൊന്നും നേരിട്ടിട്ടില്ലെന്നു അറിയാനുള്ള അഭിലാഷം ഒന്നു്. പദ്മാവതിയെ ഇനി അന്വേഷിക്കേണ്ട ആവശ്യമില്ലെന്നു ശട്ടം കെട്ടേണ്ട ധൃതി മറ്റൊന്നു്. ആ ധൃതിക്കു കാരണം ഇനി ഒരു കൊല്ലത്തോളം കാശ്മീരകാര്യത്തിൽ പ്രവേശിക്കരുതെന്നുള്ള മാടന്റെ നിബന്ധനയെ അനുസ്മരിക്കുന്നവരോടു പ്രത്യേകം പറയണമെന്നില്ലല്ലോ.

അനന്തരം ക്ഷുദ്രമന്ത്രവാദിയുടെ ഭാര്യയെക്കണ്ടു്, അംബികയുടെ ക്ഷേമകാര്യങ്ങളെപ്പറ്റി അന്വേഷിച്ചു ആ യുവതിക്കു രാത്രിയിൽ ഉറക്കത്തിനുവേണ്ട സഹകരണങ്ങൾ ചെയ്തുകൊടുത്തുവോ എന്നും രാത്രിയിലാകട്ടെ രാവിലെയാകട്ടെ, തന്നെ കാണണമെന്നു് ആവശ്യപ്പെട്ടുവോ എന്നും ഇപ്പോൾ എന്തുചെയ്യുന്നു എന്നുംമറ്റും ഓരോന്നു ചോദിച്ചു. അതിനു ആ സ്ത്രീയിൽനിന്നും കിട്ടിയ മറുപടി, അതിരാവിലെ എഴുന്നേറ്റു കോട്ടയ്ക്കകത്തേയ്ക്കു പോയി എന്നും ഇന്നപ്പോൾ മടങ്ങിവരുമെന്നു പറഞ്ഞിട്ടില്ലെന്നും ആയി

ങ്ങനെ. ആ മറുപടി താരാനാഥനു് അനല്പമായ മനച്ചുടവിനു കാരണമായി എന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ.

എല്ലാംകൊണ്ടും താരാനാഥന്റെ മനസ്സിനു സ്വാസ്ഥ്യമില്ലെന്നായി. ആകപ്പാടെ അയാൾ ഏതൊന്നിലും നിരുത്സാഹിയായി ഭവിച്ചു. ഇന്നത്തെപ്പോലുള്ള ഒരു വിഷാദവിവശത ഇതിനു മുമ്പു് ഒരിക്കലും അയാളെ ബാധിച്ചിട്ടില്ല. തലേന്നാൾ രാത്രി മാടനിൽനിന്നുണ്ടായ പരാജയം, തന്റെ കാശ്മീരയാത്രയുടെ ഉദ്ദേശത്തിനു വിഘാതവും തന്റെ അന്തസ്സിനും പൗരുഷത്തിനും ഹാനികരവും ആയ നിബന്ധന, തന്റെ പ്രേമൈകഭാജനമായ പ്രേതയക്ഷിയുടെ എന്നന്നേയ്ക്കുമായുള്ള വേർപാടു്, തന്റെ വിശ്വസ്തഭൃത്യന്മാരുടെ പ്രത്യാഗമനത്തിലുള്ള അമാന്തം, യാത്രപോലും ചോദിക്കാതെകണ്ടുള്ള അംബികയുടെ ഗമനം ഇത്രയും സംഗതികൾ ഏകകാലത്തിൽ അയാളുടെ ഹൃദയത്തെ ഓരോന്നും തുല്യശക്തിയോടുകൂടി അലട്ടിക്കൊണ്ടിരിക്കുന്നു.

ഒരുപ്രകാരത്തിൽ സ്നാനാഹാരാദികർമ്മം നിർവ്വഹിച്ചിട്ടു്, മദ്ധ്യാഹ്നത്തോടുകൂടി, വിടുതിയിൽനിന്നുമിറങ്ങി പ്രയാഗാരീരങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. പ്രേതയക്ഷിയുടെ അവസാനാപേക്ഷയെ നിറവേറ്റി, തജ്ജന്യമായ കൃതാർത്ഥതയാലെങ്കിലും തന്റെ വിഷാദഭാരത്തെ ലഘൂകരിക്കാമെന്നുള്ള അഭിലാഷമാണു് അയാളെ അതിലേക്കു പ്രേരിപ്പിച്ചതു്. അന്നു സരസ്വതിയെ സന്ദർശിച്ച സ്ഥലത്തേയ്ക്കു നടന്നു. സരസ്വതി തന്റെ അനുരാഗത്തെ വെളിപ്പെടുത്തിയ ആ സ്ഥലത്തുചെന്നു. അവിടത്തെ പ്രകൃതിവിലാസത്തിനു് ഇന്നു താരാനാഥന്റെ ഹൃദയത്തെ വിധേയമാക്കിച്ചെയ്യാനുള്ള ശക്തി ഉണ്ടായിരുന്നില്ല. എന്നാൽ സുരഭിലകുസുമങ്ങളിൽ തട്ടിവരുന്ന ആ കുളിരിളംകാറു് ആ മദ്ധ്യാഹ്നവേളയിൽ ആശ്വാസപ്രദമായിരുന്നു എന്നുള്ളതു നിശ്ചയമാണു്.

താരാനാഥൻ അങ്ങനെ വിശ്രമിച്ചുകൊണ്ടുനിൽക്കവേ, നദീപ്രവാഹത്തിൽപെട്ട കീഴ്പ്പോട്ടൊഴുകിവരുന്ന ഒരു തരുണീരത്നത്തിന്റെ പ്രേതം, അഥവാ, അത്യന്തസൌന്ദര്യവതിയായ അംബികയുടെ ജീവച്ഛവം, അയാളെ ആ ജലപ്രവാഹത്തിൽ കൂതിപ്പിച്ചു.

അദ്ധ്യായം ൨൬

നിഗ്രഹകാരണം പാത്താൽ നീചേ നീതന്നെ
കഷ്ടമതികഷ്ടമിതു ദുഷ്ടേ! നിന്മനം അതി-
നിഷ്ഠുരമില്ല സംശയമൊട്ടുമേ മൂഢേ!.

താരാനാഥൻ, അംബികയുടെ സമീപത്തിൽ നീന്തിച്ചെന്ന തലമുടിക്കു കടന്നുപിടിക്കുവാൻ ആരംഭിക്കവേ, ഒരു വലുതായ ചുഴിയിൽപെട്ടു് അംബിക കീഴ്പ്പോട്ടേയ്ക്കു താഴ്ന്നു.

താരാനാഥന്റെ ക്ഷീണപാരവശ്യം ഈ അവസരത്തിൽ പമ്പകടന്നിരിക്കുന്നു. അയാളുടെ നൈസർഗ്ഗികമായ ധൈര്യവും ശക്തിയും ശതഗുണം വർദ്ധിച്ചു. ആ നിലയിൽ നദിയിൽ കുതിച്ചു്, അനുകൂലമായ കാറ്റിൽ പായ്കെട്ടി അതിവേഗത്തിൽ ചരിക്കുന്ന ഒരു തോണിയെ അതിശയിക്കുന്ന വേഗത്തിൽ ജലത്തെ പിളർന്നു കൊണ്ടാണു് അയാൾ പാഞ്ഞുചെന്നതു്. പക്ഷേ, മുടിയിൽ പിടികിട്ടുംമുമ്പു നിർദ്ദയമായ നീർച്ചുഴി അവളെ പാതാളത്തിലേയ്ക്കുകൊണ്ടുപോകുകയാണുണ്ടായതു്. എന്നിട്ടും താരാനാഥൻ നിരാശനാകാതെ, ഒന്നുകിൽ അംബികയെ രക്ഷിക്കണം, അല്ലെങ്കിൽ മരിക്കണം എന്നദ്ധനിശ്ചയത്തോടുകൂടി അംബികയോടൊന്നിച്ചു് അസ്സൂഗതിയിൽ അടിയിലേയ്ക്കു താഴ്ന്നു. അതുകൊണ്ടും ഉദ്ദേശസാദ്ധ്യമുണ്ടായില്ല. വെള്ളത്തിനടിയിൽവച്ചു് അയാൾ അവളെ സ്പർശിച്ചുമാത്രയിൽ ഒരു ബലിഷ്ഠനായ ശത്രു, തന്റെ കൈയിൽനിന്നുംതട്ടിപ്പറിച്ചതുപോലെ അവൾ ദൂരത്താക്കപ്പെട്ടു. പെട്ടെന്നു് അയാൾ മേലോട്ടു് ഉല്പതിച്ചു. അംബികയെ കാണുന്നില്ല. വീണ്ടും അയാൾ അടിയിലേയ്ക്കു താഴാൻഭാവിക്കവേ, പത്തിരുപതുവാര അകലത്തായി വെള്ളത്തിനടിയിൽനിന്നും തുടരെത്തുടരെ കുമിളകൾ ഉണ്ടാകുന്നതു കണ്ടു. അതോടുകൂടി, ഭയനീയമായ ഒരു ശബ്ദം അവിടെ സംഭവിക്കയും അംബിക പൊന്തിവരികയുംചെയ്തു. നൊടിക്കിടയിൽ താരാനാഥൻ അവിടെപ്പറ്റി. അഹോ! എത്ര സങ്കടം! അവിടെയും അയാളുടെ ഉദ്യമം നിഷ്പ്രയോജനമായി ഭവിച്ചു; അംബിക അടിയിലേക്കു താഴ്ത്തപ്പെട്ടു. താരാനാഥനു് അധൈര്യമോ നിരാശയോ തോന്നിയില്ല; അംബികയെ ജീവനോടെ കിട്ടിയില്ലെങ്കിൽ, അവളുടെ ശവശരീരത്തെയെങ്കിലും കരയിൽ കൊണ്ടുവരണമെന്നു പ്രത്യാശിച്ചുകൊണ്ടു്, അംബിക താണസ്ഥലത്തു് അയാൾ മുങ്ങി. അല്പം ഒരു ശ്വാസത്തിനു വകയുണ്ടായി. അംബികയുടെ തലമുടി അയാളുടെ കൈയിൽകിട്ടി. ഉത്തരക്ഷണത്തിൽ അംബികയെയുംകൊണ്ടു മുകളിൽ പൊന്തി ചുമലിൽ വഹിച്ചുകൊണ്ടു നീന്തി ക്ഷണനേരത്തി

ന്നുള്ളിൽ കരയിൽ കയറി. അംബികയെ, അഥവാ അംബികയുടെ ശരീരത്തെ സാവധാനത്തിൽ പുൽത്തറയിൽ കിടത്തി സ്നേഹപൂർവം വേണ്ട ശുശ്രൂഷകൾചെയ്തു; ആപാദമൂർധം തുവർത്തി നനവു പോക്കി വെയിൽകൊണ്ടു പഴുത്തുകിടന്ന മണൽവാരി തുണിയിൽ കെട്ടി ശരീരം ആസകലം കിഴിയുന്നി

ഈ അത്യാഹിതത്തിൽനിന്നും ആ യുവതീരത്നത്തെ രക്ഷിച്ചു വെങ്കിലും അങ്ങനെ ഒരാപത്തു നേരിട്ടതിൽ താരാനാഥനു് കഠിന മായ മനോവ്യഥയുണ്ടായി. അസാമാന്യമായ സൌന്ദര്യവും നവ യൌവനവും തികഞ്ഞ ആ തരുണീമണിയെ അകാലമൃത്യുവിനു് ഇരയാകാൻ ദൈവം അനുവദിക്കയില്ലെന്നു് അയാൾ വിശ്വസിച്ചു. ശരീരത്തിൽ ചൂടുതട്ടിച്ചതിന്റെ ഫലമായി അംബിക കണ്ണുതുറ ന്നു; ശ്വാസഗതിയും ക്രമപ്പെട്ടു. സൌരഭ്യപൂർണ്ണമായ ആ പുഷ്പവാ ടിയിലെ മന്ദമാരുതനേറ്റപ്പോൾ അവളുടെ സർവാവയവങ്ങൾക്കും ചലനവും മനസ്സിനു ഉന്മേഷവും ഉളവായി. ആശാസ്യമായ ഈ അവസ്ഥാഭേദം താരാനാഥനെ എത്രമാത്രം ചരിതാർത്ഥനാക്കി ചെയ്തു എന്നു പറഞ്ഞറിയിക്കാൻ പ്രയാസം. അംബിക തന്റെ കരിംകൂവളനയനങ്ങൾക്കു വിശ്രമം കൊടുത്തു സുകുമാരശരീരനായ ആ യുവാവിനെ വീണ്ടും വീണ്ടും ഉറുനോക്കി. ഈ അവസരത്തിലാ ണു് അല്പംമുമ്പു് താൻ അത്യാഹിതരാക്ഷസന്റെ വദനഗഹ്വര ത്തിൽ പെട്ടിരുന്നു എന്നുള്ള വസ്തുത അവളുടെ സ്മൃതിപഥത്തെ ആരോഹണം ചെയ്തതു്. ആ മാത്രയിൽ അവൾ നട്ടുക്കത്തോടുകൂ ടി കണ്ണുകൾ അടച്ചു. തന്നെ രക്ഷിച്ച ആൾ തന്റെ മുമ്പിൽനി ല്ക്കുന്ന പുരുഷരത്നമാണെന്നുള്ള ബോധത്തോടുകൂടി രണ്ടാമതുംകണ്ണു തുറന്നു താരാനാഥന്റെ മുഖത്തു വീക്ഷിച്ചു. ആ നോട്ടത്തിൽ വ്യഥയാന്തരത്തിൽനിന്നും പുറപ്പെട്ട കൃതജ്ഞത സ്പഷ്ടമായി തെളി ഞ്ഞുകണ്ടു. "അല്ലയോ മാന്യ! ചിന്താധിക്യത്താൽ മനസ്സിനെ പീഡിപ്പിക്കണ്ടാ. മനഃകായങ്ങൾക്കു പൂർണ്ണസ്വാസ്ഥ്യം കിട്ടുവോ ളം മനസ്സിനെ സ്വാധീനപ്പെടുത്തി വയ്ക്കുകയാണു വേണ്ടതു്" എന്നിങ്ങനെയുള്ള താരാനാഥന്റെ സ്നേഹമസൃണമായ വാക്കുകൾ ആ സുന്ദരിയിൽ ശേഷിച്ചിരുന്ന അസ്വാസ്ഥ്യത്തെക്കൂടി പരിഹ രിച്ചു എന്നതന്നെ പറയാം. തന്റെ ഉപകർത്താവു്, തന്നെ അന്നു വിജയസേനന്റെ കൈയിൽനിന്നും രക്ഷിച്ച പുരുഷകേസരിയാ ണെന്നു് അംബിക ബോധിച്ചതു് ഇപ്പോൾ മാത്രമാണു്. ആ രമ ണീമണിയുടെ ഈ അവസരത്തിലെ വ്യഥയാവസ്ഥ എന്തായിരി ക്കുമെന്നുള്ളതു് ഊഹാഗോചരമാണു്.

ഈ ഘട്ടത്തിൽ പൂന്തോപ്പിലെ പുഷ്പച്ചെടികളുടെ ഇടയിൽ സംഭവിച്ച ഒരു ആളിന്റെ കാൽപ്പെരുമാറ്റശബ്ദം താരാനാ

ഥന്റെ ശ്രദ്ധയെക്കവർന്നു. പെട്ടെന്ന് അയാൾ തിരിഞ്ഞു നോക്കിയതു്, സരസ്വതിയുടെ മുഖത്തേക്കായിരുന്നു. താരാനാഥദർശനംസരസ്വതിക്കു പരമാനന്ദത്തെ നൽകി. താരാനാഥന്റെ മുഖിക്കുയറിയ നിലയും, അൽപ്രജ്ഞയായിക്കിടന്ന അംബികയും അവളുടെ ദൃഷ്ടിക്കു വിഷയീഭവിച്ചപ്പോൾ, ആദ്യത്തെ പരമാനന്ദാനന്തരം ദുഃഖത്തക്ക മാറുകുറഞ്ഞു. കടിച്ചുമരിക്കാൻ ഭാവിച്ച ഒരു സ്ത്രീയെ തന്റെ അനുരാഗപാത്രമായ താരാനാഥൻ രക്ഷിച്ചു എന്ന അവർക്കു തികച്ചും മനസ്സിലായി. താരാനാഥന്റെ ജീവകാരുണ്യത്തിൽ അനുമോദനവും, അഗാധമായ ആ നദിയിൽ ചാടി ആ സ്ത്രീയെ അവർക്കും തന്നിക്കും യാതൊരാപത്തുംപറ്റാതെ രക്ഷിച്ചതിൽ ബഹുമാനവും ആ സ്ത്രീക്കു് ഇപ്രകാരം ഒരു വിപത്തു നേരിട്ടതിൽ അനുതാപവും സരസ്വതിക്കുണ്ടായി. എന്നാൽ തദനുമോദനാടികയ്ക്കു ഒരുനിമിഷം തികച്ചും അവളുടെ വ്യഥയസ്ഥാനത്തിൽ വിശ്രമിക്കാൻ സാധിച്ചില്ല. അടുത്തുവന്നതിനുശേഷമാണു്, ഏതൊരു പുരുഷനെയും തൊഴുകൈയോടെ നമസ്കൃതിചെയ്യിക്കാൻ അന്യാദൃശമായ സാമർത്ഥ്യം തന്റെ സൗന്ദര്യത്തിനുണ്ടെന്നു വിശ്വസിച്ചുകൊണ്ടിരുന്ന സരസ്വതിയുടെ ധാർഷ്ട്യത്തെ അവരും നിലത്തു കിടന്നിരുന്ന സുന്ദരീരത്നത്തിന്റെ ദിവ്യകാന്തി അടിച്ചമർത്തിയതു്. അമ്പോ! എന്തൊരസൂയയാണു് ആ യുവതിയെ ബാധിച്ചതു്? ഭയങ്കരിയായ ആ അസൂയാപിശാചി ആ രമണീരത്നത്തെ ബാധിച്ച മാത്രയിൽ അവളുടെ ആകൃതിപ്രകൃതികൾക്കുണ്ടായ മാറ്റം കണ്ടുതന്നെയറിയേണ്ടതാണു്. പ്രകൃതിക്കുണ്ടായ മാറ്റം എങ്ങനെ കാണാനാണു്? ശസ്ത്രവിദഗ്ധനായ ഒരു പാശ്ചാത്യഭിഷഗ്വരൻ ആ വ്യഥയെത്തെ ഒന്നു പിളർന്നുനോക്കട്ടെ! സംഖ്യാതീതമായ വിഷാണുക്കൾ അവിടെ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. അവ ആ വ്യഥയത്തെ അല്പാല്പമായി കരണ്ടുകൊണ്ടിരിക്കുന്നതു കാണാം. കാലാന്തരത്തിൽ ആ വ്യഥയത്തെ വഹിക്കുന്ന ശരീരത്തെക്കൂടിയും നശിപ്പിക്കണമെന്നുള്ള പ്രത്യാശയോടും ദുഷ്പ്രവൃത്തത്തോടുംകൂടി അവ അവിടെ വേല ചെയ്യുന്നതു കാണാം.

സ്നേഹം, മമത, കരുണ, സഹഭാവം തുടങ്ങിയുള്ള വിശിഷ്ടഗുണങ്ങളുടെ പരമശത്രുവത്രേ അസൂയ. അസൂയയുള്ള ഏതൊരാളിന്റെ വ്യഥയത്തിൽ സ്ഥലം അനുവദിക്കുന്നുവോ ആ ആളിനെത്തന്നെ കാലാന്തരത്തിൽ അതു ശിക്ഷിക്കുന്നു. ആ ആളിന്റെ ജീവിതത്തെ പരിതാപകരമായ പര്യവസാനത്തിൽ എത്തിക്കുന്നു. അസൂയാബാധിതന്മാരിൽനിന്നും പറന്മാക്കും അനർത്ഥങ്ങൾ ഉണ്ടാകയില്ലെന്നില്ല. മിക്കവാറും വലിയ വലിയ ആപത്തുകളും നേരിട്ടേക്കാം. എന്നാൽ അതിൽനിന്നെല്ലാം അനായാസേന രക്ഷപ്രാപിക്കാൻ അവർക്കു

കഴിവുണ്ടാകും. ദൈവികമായ ഒരനുഗ്രഹവിശേഷം ആ ആപത്തുകളിൽനിന്നെല്ലാം അവരെ മോചിപ്പിക്കുന്നതാണു്. പക്ഷേ മനശ്ശക്തിയില്ലാത്തവനാണെങ്കിൽ ആ ആപത്തുകളുടെ ആരംഭഘട്ടത്തിൽ അതീവ ഭയപ്പെട്ടു്, ജീവിതനൈരാശ്യത്തിനു പാത്രമാവുകപോലും ചെയ്തേക്കാം. ഇതിലധികവും ദുഷ്ടഫലത്തോടുകൂടിയ അസൂയാപിശാചി പല്ലവമൂലമായ ആ സരസ്വതീഹൃദയത്തെ എങ്ങനെ ബാധിച്ചു എന്നു സംശയിക്കുന്നുണ്ടെങ്കിൽ, അതിന്റെ പരിഹാരത്തിനായി ഉപരിസംഭവഘട്ടങ്ങളെ ഉൽക്കണ്ഠയോടെ പ്രതീക്ഷിക്കുക.

അതേ! അംബികയുടെ സൗന്ദര്യശ്രീയിൽ, സരസ്വതിക്കു് അസഹിഷ്ണുത ഉണ്ടായി. അടുത്ത നിമിഷത്തിൽ ജന്യമായ ബാഹ്യചേഷ്ടകളെ കേവലം മറച്ചുവച്ചു് മന്ദഹാസംതൂകിക്കൊണ്ടു് താരാനാഥനെനോക്കി. അനന്തരം നടന്ന സംഭവം താരാനാഥനിൽനിന്നും ഗ്രഹിച്ചു. ഉടനെ, തന്റെ കൈയിലുണ്ടായിരുന്ന ഒരു ചെറിയ കഴലെടുത്തു് ഊതി. ഉത്തരക്ഷണത്തിൽ, നാലാളകലം ഉദ്യാനാന്തർഭാഗത്തുനിന്നും അവിടെ ആഗതരായി. അതിൽ രണ്ടുപേർ പുരുഷന്മാരും രണ്ടുപേർ സ്ത്രീകളും ആയിരുന്നു. സ്ത്രീകൾ പ്രേതയക്ഷിയുടെ ദാസിമാരായ വിമലയും, സുരുചിയും, പുരുഷന്മാർ അശോകനാഥന്റെ ഭടന്മാരും ആണു്.

സരസ്വതി, സുരുചിവിമലകളെ സംബോധനം ചെയ്തുകൊണ്ടു് "നിങ്ങൾ ഈ മാന്യയുവതിയെ നമ്മുടെ ക്രീഡാരത്തിൽ കൂട്ടിക്കൊണ്ടുപോയി വേണ്ട ശുശ്രൂഷചെയ്തു സുഖപ്പെടുത്തണം. അവരുടെ ഏതൊരിഷ്ടത്തെയും ബഹുമാനപൂർവ്വം സാധിച്ചുകൊടുക്കുകയും വേണം" എന്നു ശട്ടംകെട്ടി അയച്ചു. അനന്തരം ഭടന്മാരെനോക്കി "നിങ്ങൾ ഇദ്ദേഹത്തെ നിങ്ങളുടെ ക്രീഡാരത്തിൽ കൂട്ടിക്കൊണ്ടുചെന്നു് ഈറൻ മാറാൻ അനുഗുണമായ ഉടുപ്പും മറ്റും കൊടുത്തു ബഹുമാനപൂർവ്വം സല്ക്കരിച്ചയയ്ക്കണം" എന്നു് ആജ്ഞാപിച്ചിട്ടു താരാനാഥനോടു് അദ്ദേഹത്തിനുമാത്രം കേൾക്കത്തക്കവിധത്തിൽ ഇങ്ങനെ പറഞ്ഞു:—എനിക്കു് അങ്ങയുടെ നേരിൽ ചിലതു സംസാരിക്കണമെന്നു് ആഗ്രഹമുണ്ടു്. അതിനു വൈമനസ്യമില്ലെങ്കിൽ, അങ്ങയുടെ പ്രത്യാഗമനത്തെ ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ ഇവിടെത്തന്നെ നിൽക്കുന്നതാണു്.

താരാനാഥൻ:—(അതേ ശബ്ദത്തിൽ) ഞാൻ ഇന്നീ സമയത്തു ഇവിടെ വന്നതു് ഭവതിയെക്കണ്ടു സംസാരിക്കണമെന്നുള്ള അഭിലാഷത്തോടുകൂടിയാണു്.

സരസ്വതി:—എന്നാൽ ഞാൻ കൃതാർത്ഥയായി.

വിമലയും സുരുചിയും സരസ്വതിയുടെ ആജ്ഞപ്രകാരം അംബികയെ സാവധാനത്തിൽ താങ്ങി നടത്തിക്കൊണ്ടു ക്രീഡാരത്തിലേക്കുപോയി. അംബികയ്ക്ക് അവരുടെ രണ്ടുപേരുടേയും ഇടയ്ക്കുനിന്ന് അവരുടെ ചുമലിൽ പിടിച്ചുകൊണ്ടു പതുക്കെ നടക്കാനുള്ള ശരീരസ്വാസ്ഥ്യം ഈ അവസരത്തിൽ സിദ്ധിച്ചിട്ടുണ്ടായിരുന്നു. ഭടന്മാർ രണ്ടുപേരും താരാനാഥനെ ക്ഷണിച്ചുകൊണ്ടു ക്രീഡാരത്തിലേക്കു തിരിച്ചു. സരസ്വതി നദീതീരത്തിൽ അങ്ങിങ്ങു ലാത്തിക്കൊണ്ടുനിന്നു.

ക്രീഡാരം നടിക്കരയിൽനിന്നും ഉദ്ദേശം ഇരുന്നൂറു വാര അകലത്തായിട്ടാണു്. മനോഹരമായ ആറുക്രീഡാരങ്ങൾ അവിടെ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അവയിലൊന്നു് വിശേഷിച്ചും രമണീയവും രാജോചിതമായ വിധത്തിൽ അലങ്കരിക്കപ്പെട്ടതും ആയിരുന്നു. ആ ക്രീഡാരത്തിലാണു സുരുചീവിമലകൾ അംബികയെ ക്രീട്ടിക്കൊണ്ടുപോയതു്. അതിന്റെ സമീപത്തുള്ള മറ്റൊരു ക്രീഡാരത്തിൽ ഭടന്മാർ താരാനാഥനെ ക്ഷണിച്ചുകൊണ്ടുപോയി. വിമലയും സുരുചിയും അംബികയ്ക്കു പുതിയ വസ്ത്രം നൽകി മനോഹരമായ ഒരു കട്ടിലിൽ കിടത്തി സ്നേഹബഹുമാനപൂർവ്വം വേണ്ട ശുശ്രൂഷകൾ ചെയ്തുകൊണ്ടു് അവളുടെ സമീപത്തിൽതന്നെ ഇരുന്നു ഈറൻ മാറിയതുകൊണ്ടും ആ ദാസികളുടെ ഇഷ്ടശുശ്രൂഷകളെക്കൊണ്ടും എളുപ്പത്തിൽ അംബിക സുഖനിദ്രയെ അവലംബിച്ചു.

ആ ക്രീഡാരങ്ങൾ അശോകനാഥന്റെ അംഗരക്ഷകസൈന്യത്തിനു താമസിക്കാനായി സ്ഥാപിച്ചിട്ടുള്ളതാണു്. ആ വിശേഷപ്പെട്ട ക്രീഡാരത്തിലാണു് സരസ്വതിയുടെ താമസം. ഇതിനകം അംഗരക്ഷകസൈന്യത്തിന്റെ നേതാവു്, ബദ്ധപ്പെട്ടവനു താരാനാഥനെ അഭിവാദ്യം ചെയ്തു് അയാളെ ബഹുമാനപൂർവ്വം ഉപചരിച്ചു. അയാൾ കൊണ്ടുവന്നിരുന്ന വിശേഷമായ ഉടുപ്പും കാലുറയും മറ്റും താരാനാഥനു ധരിക്കുന്നതിനായി കൊടുത്തു. താരാനാഥൻ തന്റെ നനഞ്ഞ ഉടുപ്പും മറ്റും അഴിച്ചുമാറ്റി പുതിയ ഉടുപ്പും കാലുറയും ധരിച്ചതിനുശേഷം അംബികയുടെ സുഖസൗകര്യങ്ങളെക്കുറിച്ചു് ആ നേതാവിനോടു് അന്വേഷണം നടത്തുകയും അംബികയ്ക്കു വേണ്ട സൌകര്യങ്ങളും മറ്റും സിദ്ധിക്കുമെന്നു് അയാളുടെ മറുപടിയിൽനിന്നും അറിഞ്ഞു സന്തോഷിക്കുകയും ചെയ്തു. തന്മൂലം അംബികയുടെ താല്ക്കാലികസ്ഥിതിയിൽ ലേശംപോലും അതൃപ്തിയാകട്ടെ, നിരാശയാകട്ടെ അയാൾക്കുണ്ടായില്ല. അനന്തരം ഭടന്മാരിൽ തനിക്കുള്ള കൃതജ്ഞതയെ ഉചിതവാക്കുകളാൽ വെളിപ്പെടുത്തിയിട്ടു് നടിക്കരയിലേക്കു തിരിച്ചു.

ഭടന്മാരും മാസികളും താരാനാഥനെയും സരസ്വതിയെയും ക്ഷണിച്ചുകൊണ്ടുപോയതിനുശേഷം സരസ്വതി അങ്ങിങ്ങുലാത്തിക്കൊണ്ടു് അവിടെ വത്തിക്കുകയായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. അങ്ങനെ ലാത്തുമ്പോൾ അവളുടെ ദൃഷ്ടി നിലത്തുതന്നെ പതിഞ്ഞിരിക്കുകയായിരുന്നു. തന്റെ മനോഹരനയനങ്ങളുടെ ദിവ്യകാന്തി ഭൂമിയിൽ പ്രതിഫലിക്കുന്നതുകണ്ടു് മോടിച്ചുകൊണ്ടു് ആ പ്രദേശത്തിന്റെ ചുവടളവു തിട്ടപ്പെടുത്തുകയായിരുന്നു. അഥവാ, തന്റെ ഹൃദയാന്തർഭാഗത്തിൽ തിങ്ങിക്കൂടി സ്ഥലംപിടിച്ച വിചാരപരമ്പരകളുടെ ഗുരുതരമായ ഭാരം അവളെ നമ്രശിരസ്കയാക്കിയതായിരിക്കാം അത്യന്തമായ ഒരു വിഷാദാഗ്നി അവളുടെ ഹൃദയത്തിൽ കത്തിക്കാളുന്നതിന്റെ ധൂമപടലം അവളുടെ മുഖത്തെ മലീമസമാക്കിച്ചെയ്തിരിക്കുന്നു. നടക്കാൻ ശക്തിയില്ലാത്തവണ്ണം പല്ലവമൃദുലമായ ശരീരം ക്ഷീണിച്ചു പരവശമായി ഭവിച്ചിരിക്കുന്നു. ഈ അവസ്ഥയുടെ മൂലകാരണം വാസ്തവത്തിൽ വിഷാദമാണെന്നു പറഞ്ഞുകൂടാ. പിന്നെയോ? പരസ്ത്രീയിൽ അസഹിഷ്ണുത; അതേ; അംബികാസൌന്ദര്യദർശനമാത്രയിൽ ഉണ്ടായി വേരുറച്ച അസൂയയല്ലാതെ മറെറാന്നുമല്ല. ആ ദിവ്യസൌന്ദര്യവതിയെ, താരാനാഥൻ ആ ററിൽ ചാടി രക്ഷിക്കമാത്രമല്ല, കരയുടെകൊണ്ടു വരപ്പെട്ടതിനുശേഷം സ്നേഹപൂർവ്വം ശുശ്രൂഷിക്കുകൂടിച്ചെയ്തില്ലേ? അഹോ! അതു് അവർക്കു് എങ്ങനെ സഹിക്കും? അതോർത്തപ്പോൾ അവർക്കു ദുസ്സഹമായ കോപവും വെറുപ്പും ഉണ്ടായതിൽ ആശ്ചര്യപ്പെടാനുണ്ടോ? അവർക്കുണ്ടായ ആ കോപവും വെറുപ്പും താരാനാഥനിലോ, അംബികയിലോ എന്നാണെങ്കിൽ അതു അവർക്കുതന്നെ നിശ്ചയമില്ലാത്ത കാര്യമാണു്.

അതാ, സരസ്വതിയുടെ സ്വഭാവം മാറുന്നു; "ഛേ! എന്തൊരബുദ്ധിഹീനതാമാണു്? എത്ര താണപടിയിലുള്ള ഒരു മനഃസ്ഥിതിയാണിതു്? അസൂയ! അതേ, അസൂയ എന്റെ സ്ഥിതിക്കു യോജിച്ചതാണോ? അല്ലെങ്കിൽ ഈ അസൂയയുടെ കാരണമെന്തു്? താരാനാഥൻ, അന്തസ്സും അഭിജാത്യവുമുള്ള ആ യുവാവു്, ആ ധീരപുരുഷൻ, തന്റെ പുരുഷത്വത്തെ പാലിക്കമാത്രമല്ലേ ചെയ്തുള്ളൂ? അതിൽ എന്താണു് അസൂയപ്പെടാൻ? മാത്രമോ, നിഷ്ഫലവികാരത്തിനു മനസ്സിൽ സ്ഥലംകൊടുത്താൽ, അതു പിന്നെ അവിടുന്നു വിട്ടുമാറുന്നതാണോ? വിശേഷിച്ചും സ്ത്രീകളുടെ മനസ്സിൽനിന്നും അതു് ഒരുകാലത്തും മാറുന്നതല്ല. അസൂയ പൈശാചികമായ ഒരു വികാരമാണു്. പലേ ദുഷ്കൃത്യങ്ങൾക്കും, ഘാതകവൃത്തിക്കുതന്നെയും, മനസ്സിനെ പ്രേരിപ്പിക്കാനുള്ള ശക്തി അതിനുണ്ടു്. അസൂയ മനസ്സിൽ കുടികൊണ്ടാൽ നിത്യദുഃഖം അനുഭവിക്കേണ്ടി

വരും. മറെറാരു ചിന്തയും ആ മനസ്സിൽ കടക്കുകയില്ല. ബന്ധുക്കളെ എന്നല്ല, ഏകോദരസഹോദരങ്ങളെപ്പോലും പരമശത്രുവിനെപ്പോലെ കരുതി നിഗ്രഹിക്കുകിടി ചെയ്യാൻ അസൂയാബാധിതമായ മനസ്സ് ധൈര്യപ്പെട്ടും. അത്ര നീചമായ ആ അസൂയയ്ക്ക് എൻെറ ഹൃദയത്തിൽ സ്ഥലം അനുവദിച്ചുകൂടാ" എന്നിങ്ങനെ അവൾ അസൂയയെ പഴിക്കയും വെറുക്കുകയും ചെയ്തു. അവൾ പത്തിരുപതുവാര മുമ്പോട്ട നടന്നു. തൻെറ അനുരാഗത്തെ താരാനാഥൻെറ മുമ്പിൽ വെളിപ്പെടുത്തുകയും അയാൾ അതിനു വഴിപ്പെടാതെ, പ്രേതയക്ഷിയിൽ അനുരക്തനാണെന്നു പറഞ്ഞു ഒഴിയുകയുംചെയ്ത ആ സ്ഥലത്തുചെന്നുനിന്നു. അവൾ അറിയാതെതന്നെ ഒരു പരമാനന്ദാനുഭൂതി അവൾക്കുണ്ടായി. ആനന്ദം അവളെ മേല്പോട്ട് എടുത്തെറിയുന്നു എന്നു തോന്നി. അവളുടെ മുഖത്തു സന്തോഷത്തിൻെറ പ്രസാദംഉണ്ടായി. ആഹ്ലാദത്താൽ മതിമറന്നു തന്നെത്താൻ പുഞ്ചിരിതൂകി. താരാനാഥനും താനും സംഭാഷണം നടത്തിക്കൊണ്ടിരുന്ന ആ സ്ഥലത്തെ ഒരു പുണ്യഭൂമിയെന്നോണം പിന്നെയും പിന്നെയും ദർശിച്ചു തൻെറ ഉച്ചരിച്ചതും താരാനാഥൻെറ മുഖത്തുനിന്നും പുറപ്പെട്ടതുമായ ഓരോവാക്കുകളും പേർത്തും പേർത്തും ചിന്തിച്ചു. കഷ്ടം! ഞാൻ എന്തിനായിട്ട് അസൂയപ്പെടണം? കാരണം യാതൊന്നുമില്ലല്ലോ. താരാനാഥൻ, ആ പുരുഷരത്നം, എൻെറ സ്വന്തമാണു"; അതേ, എനിക്കു വിധേയനായിക്കഴിഞ്ഞു. ധീരോദാത്തനായ താരാനാഥൻെറ, ഗുണവാനായ താരാനാഥൻെറ, മഹനോപമനായ താരാനാഥൻെറ പകർപ്പവകാശം, ഇനിമേൽ എനിക്കല്ലാതെ മറെറാക്കാണു"? എന്നിങ്ങനെ സരസ്വതി സമാധാനിച്ചു.

ഈ അവസരത്തിൽ, സമീപത്തുള്ള പുഷ്പച്ചെടികളുടെ ഇടയിൽക്കൂടി ഒരാൾ നടന്നുവരുന്ന ശബ്ദംകേട്ട സരസ്വതി തിരിഞ്ഞുനോക്കുംമുമ്പു് അർദ്ധവൃദ്ധയായ ഒരു സ്ത്രീ അവളുടെ മുമ്പിൽ വന്നുനിന്നു. സരസ്വതിയുടെ ഹൃദയത്തിൽ ഒരു വല്ലാത്ത നടുക്കം സംഭവിച്ചു. അവൾക്കു് ആ വൃദ്ധയെ നല്ല പരിചയമുണ്ടു്. ഈ വൃദ്ധ നിഷ്കളാനന്ദസ്വാമിയുടെ സംഘത്തിൽ പെട്ടവളാണു്. അന്നു് അശോകനാഥൻെറ പാളയത്തിനുസമീപമുള്ള ആ മഠത്തിൽ കണ്ട സരോജിനിയാണു് ഈ വൃദ്ധ. മാടൻെറ താഡനമേറു വീണുകിടന്ന താരാനാഥനെ കാണുംമുമ്പു് അന്നരാത്രിയിൽ അംബിക താമസത്തിനു ശട്ടംകെട്ടിയ ക്ലബ്ബിൽ നിഷ്കളാനന്ദനു് നിറവും വേഷവും മാറാനുള്ള തൈലവുംവസ്ത്രങ്ങളും കൊണ്ടുക്കൊടുത്ത ശിവയോഗിനിയും മറെറാരുമല്ല. വൃദ്ധയുടെ സാക്ഷാൽപേരു് സരോജിനി എന്നാണെങ്കിലും ശിവയോഗിനി എന്ന നാമംകൂടി സ്വീകരിച്ചിട്ടുണ്ടു്. വൃദ്ധയെ കണ്ടപ്പോൾ വിശേഷിച്ചും അപ്രാ

തിക്ഷിതമായി കണ്ടുമുട്ടാൻ ഇടയായതിൽ അവർക്കു് ആശ്ചര്യവും പരിഭ്രമവും ഉണ്ടായതിൽ അത്ഭുതപ്പെടാനില്ല. പക്ഷേ, അവർ ധൈര്യത്തെ നിശ്ശേഷംകൈവിട്ടില്ല. "ഛീ! പിശാചീ! നീഎന്തിനു് ഇവിടെ വന്നു?" എന്നു കിഴവിയുടെ നേരേ അവർ ഗർജ്ജിച്ചു. ഓക്കാതെനിന്ന കിഴവി, ഇടിമുഴക്കംകേട്ട സർപ്പത്തെപ്പോലെ വല്ലാതെ ഒന്നു നടുങ്ങി.

വൃദ്ധ:—സരസ്വതീ! നീ എന്തിനു ദ്വേഷ്യപ്പെടുന്നു? നീ വീണ്ടും ഞങ്ങളുടെ സംഘത്തിൽ വന്നുചേരുകയാണെങ്കിൽ, നിന്റെ അപരാധങ്ങളെല്ലാം, നിന്റെ പാപങ്ങളെല്ലാം ഞങ്ങൾക്ഷമിക്കുകമാത്രമല്ല. മേലാൽ നിന്നെ പൂർവ്വാധികം സ്നേഹിക്കുകയും ചെയ്യാം. എന്റെകൂടെ വരിക. നിന്നെ സ്നേഹപൂർവ്വം ക്ഷണിക്കാനായിട്ടാണു ഞാൻ ഇവിടെ വന്നതു്.

സരസ്വതി:—പാട്ടീ! എന്റെ മുമ്പിൽ നിനക്കു് ഇത്ര ധിക്കാരമോ? നിന്റെ സംഘത്തിൽ ചേരണമെന്നു വീണ്ടും അവശ്യപ്പെടാൻ നിനക്കു ധൈര്യം തോന്നുന്നുവോ? ഞാൻ ഇനി ജീവനോടുകൂടി നിന്റെ സംഘത്തിലേക്കു മടങ്ങിവരുമെന്നു നീ വിചാരിക്കുന്നുവോ? ഉഷ്ടേ! മിണ്ടാതെ പൊയ്ക്കോ. ഇല്ലെങ്കിൽ അനുഭവം എന്തായിരിക്കുമെന്നു എനിക്കുതന്നെ വിശ്വാസമില്ല.

വൃദ്ധ:—സരസ്വതീ! നീ അറിയാതെ കയർക്കുകയാണു്. യോഗിനീസംഘത്തിലേയ്ക്കല്ല ഞാൻ ക്ഷണിക്കുന്നതു്. അദ്ധ്രാത്രിയിൽ വെള്ളിമണി 'ഘണഘണാ' ശബ്ദം പുറപ്പെടുവിക്കുന്ന അദ്ഭുതലോകസഞ്ചാരത്തിലേക്കാണു്.

സരസ്വതി:—ഛീ! ഉഷ്ടേ! മിണ്ടാതെ മിണ്ടിപ്പോയെങ്കിൽ നീ അടികൊള്ളും.

സരസ്വതിയുടെ നയനങ്ങളിൽ കോപാഗ്നി ജ്വലിച്ചുകൊണ്ടിരുന്നു. അവളുടെ മുഖത്തെ വർണ്ണഭേദവും രൗദ്രഭാവവും ശരീരമാസകലം കോപംകൊണ്ടുള്ള വിറയലും ആകപ്പാടെയുള്ള ആകൃതിയും കണ്ടാൽ ഒരു രൗദ്രദേവതയെക്കാണുന്നുവോ എന്നു സംശയിച്ചുപോകും.

വൃദ്ധ:—(സ്വരം ഒന്നുമാറ്റി) നിന്റെ ദ്വേഷ്യംകണ്ടു ഞാൻ ഭയപ്പെടുന്നില്ല. ഞാൻ ഒട്ടുംതന്നെ അധൈര്യപ്പെടുന്നുമില്ല ഞാൻ വീണ്ടും നിന്നെ ഓമ്മിപ്പിക്കുന്നു. മഹാദുഷ്ടന്മാരും പാപികളും വൈദികമതവിദ്വേഷികളും ആയ കപിലമതക്കാരുടെ ബന്ധം നീ വച്ചുകൊണ്ടിരിക്കരുതു്. അവരെക്കാൾ ദുർബ്ബുദ്ധികൾ ലോകത്തിലില്ല. അവരുടെ വലയിൽ നീ അകപ്പെടേണ്ട. അവരുടെ ബന്ധത്തെ ഉപേക്ഷിക്കുക. ഞങ്ങളുടെ

സംഘത്തിൽ ചേരുക. നിനക്ക് അവിടെ സകല സുഖവും ലഭിക്കും. ഞങ്ങൾ നിന്നെ സ്വാഗതം ചെയ്യാൻ സ്നേഹപൂർവ്വം കാത്തിരിക്കുന്നു. നീ സന്തോഷത്തോടുകൂടി ഞാൻ പറയുന്നതിനെ അനുസരിക്കാത്തപക്ഷം ഇന്നല്ലെങ്കിൽ എന്നെങ്കിലും നീ അകപ്പെടാതിരിക്കയില്ല. അങ്ങനെ അകപ്പെടാൻ ഇടയായാൽ നീ വെങ്കലപ്രതിമയുടെ മുമ്പിൽ നിൽക്കേണ്ടിവരികയും ചെയ്യും.

സരസ്വതി:—കിഴട്ടു പിശാചീ! നിന്റെ വാക്കുകളിൽ എനിക്കു അശേഷം ബഹുമാനമില്ല. നിന്റെ ഭയപ്പെടുത്തലിനെ ഞാൻ വകവയ്ക്കുന്നുമില്ല. ഞാൻ പറയുന്നതു കേൾക്കുക. ഭയങ്കരമായ സാക്ഷ്യത്തിൻപേരിൽ ഞാൻ അറിയാതെ സത്യംചെയ്തുപോയി. അതുകൊണ്ടുള്ള തടസ്സമാണു്. ഇല്ലെങ്കിൽ നിങ്ങളുടെ സകല രഹസ്യങ്ങളും ഞാൻ അശോകനാഥനെ തെര്യപ്പെടുത്തി, നിങ്ങളുടെ സംഘത്തിന്റെ നാരായവേരു് തോണ്ടിച്ചു് നിങ്ങളെയെല്ലാം ഇടിച്ചുനികത്തിച്ചു്, നിങ്ങളെയെല്ലാം കൊല്ലിക്കയും ചെയ്തേനെ.

വൃദ്ധ:—എന്നാൽ ആ സത്യത്തിനു നീ കീഴ്പ്പെടേണ്ടവളല്ലേ?

സരസ്വതി:—നീ കരുതലോടെ സംസാരിക്കണമെന്നു ഞാൻ പലയാവത്തി ഉപദേശിച്ചു. ഞാൻ അറിഞ്ഞിട്ടുള്ള രഹസ്യങ്ങളെ വെളിപ്പെടുത്തുകയില്ലെന്നല്ലാതെ, എന്റെ ശത്രുക്കളുടെ ഹിംസയെ സഹിച്ചു് അവരുടെ അപരാധത്തെ ക്ഷമിക്കാമെന്നു ഞാൻ സത്യം ചെയ്തിട്ടില്ല.

വൃദ്ധ:—നീ എന്നെ ശത്രുസ്ഥാനത്തു കരുതിയാൽ എനിക്കു നിന്നെയും അപ്രകാരം കരുതുവാൻ പാടില്ലേ?

സരസ്വതി:—പട്ടീ! നി പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

സരസ്വതിയുടെ കോപം മൂർദ്ധന്യതയെ പ്രാപിച്ചു് ഭയങ്കരമായ നിലയിൽ എത്തിയിരിക്കുന്നു.

വൃദ്ധ:—ഞാൻ പറഞ്ഞതു് നിനക്കു മനസ്സിലായില്ലേ? ഒരക്ഷരം മിണ്ടാതെ എന്റെ പിറകേ വരിക. ഇല്ലെങ്കിൽ ഈ നിമിഷത്തിൽ നിന്റെ ജീവനു നഷ്ടം സംഭവിക്കും.

ഇതുയും പറഞ്ഞു കിഴവി ചുറും നോക്കി. താൻ ഉദ്ദേശിച്ച കർമ്മത്തെ ശരിക്കു നിർവ്വഹിക്കാൻ ഇതുതന്നെയാണു് അവസരം എന്നു വിശ്വസിച്ചു. തന്റെ മടിയിൽ മറച്ചു തിരുകി വച്ചിരുന്ന കഠാരി പെട്ടെന്നു വലിച്ചൂരി സരസ്വതിയുടെ കണ്ഠസ്ഥാനത്തെ ലക്ഷ്യമാക്കി ഓങ്ങി. എന്നാൽ ലക്ഷ്യത്തിൽ പതിക്കുംമുമ്പു്, സരസ്വതി മുൻകൂട്ടി മടിയിൽ സൂക്ഷിച്ചിരുന്ന കഠാരി വൃദ്ധയുടെ

മാറിൽ താഴ്ന്നതും കക്ഷമായ ഒരു ശബ്ദത്തോടുകൂടി നിലത്തു മറിഞ്ഞതും ഒന്നിച്ചുകഴിഞ്ഞു.

കിഴവി മരിച്ചു എന്നു ബോദ്ധ്യപ്പെട്ടതിനുശേഷം, സരസ്വതി മാറിൽ തറച്ചുനിന്ന കഠാരി വലിച്ചെടുത്തുംകൊണ്ടു, വെള്ളത്തിൽ കഴുകി അതിന്റെ രക്തശുദ്ധി മാറ്റാനായി നദിയിലേക്കിറങ്ങവേ, താരാനാഥന്റെ സാന്നിദ്ധ്യം ഉണ്ടായി. രക്തത്തിൽ കുളിച്ചുനില്ക്കുന്ന സരസ്വതിയെയും നിലത്തുകിടക്കുന്ന പ്രേതത്തെയും കണ്ട മാത്രയിൽ താരാനാഥൻ ഞെട്ടി പിന്നോക്കംമാറി പരിഭ്രമത്തോടുകൂടി തന്റെ മുഖത്തും കഠാരിയിലും മാറിമാറി നോക്കുന്ന താരാനാഥനോടു് സരസ്വതി പറഞ്ഞു "അങ്ങേയ്ക്കു് എന്നെക്കുറിച്ചു് അവമതിപ്പുണ്ടാകണ്ടാ ഇവൾ ഈ ശിക്ഷയ്ക്കു് അർഹയാണു്. ഞാൻ അവളെ വധിച്ചില്ലായിരുന്നുവെങ്കിൽ, അതാ അവൾ മുറുകെ പിടിച്ചിരിക്കുന്ന ആ കഠാരിക്കു് ഞാൻ ഉടനാകുമായിരുന്നു."

താരാനാഥൻ:—ഈ സ്ത്രീ ഭവതിയെ നിഗ്രഹിക്കാൻ ഉദ്യമിച്ചുവോ? ആ സ്ഥിതിക്കു് ഭവതി ആത്മരക്ഷാർത്ഥം ഈ കടുംകൈ പ്രവർത്തിക്കേണ്ടിവന്നതാണു്—അല്ലേ?

ദുർബുദ്ധിയായ ആ കിഴവിയെ ശിക്ഷിച്ചതിൽ താരാനാഥനു് എതിരഭിപ്രായമുണ്ടായില്ല. എന്നാൽ ശിക്ഷയുടെ കാഠിന്യത്തിൽ അല്പം വല്ലായ്മയുണ്ടാകാതിരുന്നുമില്ല. പക്ഷേ, ആ വല്ലായ്മ അധികനേരത്തേക്കുണ്ടായിരുന്നില്ല. ശിക്ഷയുടെ അധികഭാഗം ആ സൌന്ദര്യവതിയിൽ തനിക്കുള്ള സ്നേഹാധിക്യത്തിൽ തട്ടിക്കഴിച്ചു ശരിപ്പെടുത്തി. എന്നാൽ ഈ നിഷ്ഠുരകർമ്മത്തിനും അവളുടെ ദിവ്യസൌന്ദര്യത്തിനും തമ്മിലുള്ള അന്തരത്തെപ്പറ്റി താരാനാഥൻ ഒരു വിചിന്തനം നടത്തി അജഗജാന്തരമുണ്ടെന്നു് അയാൾ ബോധിച്ചു. അതോടുകൂടി ആ പ്രവൃത്തിയെ അയാൾ മനസാ വെറുത്തു. തജ്ജന്യമായ ഒരനിഷ്ടഭാവം സരസ്വതിയുടെ നേർക്കു ജനിക്കുകയും ചെയ്തു. ആ മനഃസ്ഥിതി, അവർ മനസ്സിലാക്കിയിരിക്കണം. അവൾ പറഞ്ഞു:—"നോക്കുക; അവൾ മരിച്ചിട്ടും ആ ആയുധത്തെ എത്ര മുറുകെപ്പിടിച്ചിരിക്കുന്നു. അവൾക്കു് എന്നിൽ എത്രമാത്രം പകയുണ്ടായിരുന്നുവെന്നു് ആ ആയുധം പിടിച്ചിരിക്കുന്നമാതിരിയിൽനിന്നും വെളിപ്പെടുന്നുണ്ടു്. അമ്പോ! അവൾ ദീർഘകാലമായി എന്നെ വധിക്കാൻ തക്കവും തരവുംനോക്കി നടക്കുകയായിരുന്നു. ഇന്നീ സ്ഥലത്തു ഞാൻ തനിച്ചു നിൽക്കുന്നതായി അറിഞ്ഞുവിടെ വന്നതുതന്നെ, അവൾ സദാ എന്റെ ഗതിയെ ശ്രദ്ധിച്ചു നിഴലെന്നവണ്ണം പിന്തുടരുന്നുണ്ടായിരുന്നു എന്നുള്ളതിനു തികഞ്ഞ ലക്ഷ്യമാണല്ലൊ. ദൈവാനുഗ്രഹത്താൽ എനിക്കു് അവളെ നിഗ്ര

ഫിക്കാനുള്ള കഴിവും തരവും പെട്ടെന്നുണ്ടായതാണു്. അങ്ങനെ സംഭവിച്ചിരുന്നില്ലെങ്കിൽ എന്റെ സ്ഥിതി എന്താകുമായിരുന്നു.

താരാനാഥൻ:—മേ യുവതീ എനിക്കു ഭവതിയിൽ അനുകമ്പ തോന്നുന്നു. അല്ലയോ സുന്ദരീ!! ഈ നിഷ്ഠുരകർമ്മത്തിനു ഭവതി നിർബന്ധിതയായി ഭവിച്ചതിൽ എനിക്കു് അതിയായ വ്യഥയുണ്ടു്. നിയമദൃഷ്ട്യാ ഭവതി അപരാധിനിയല്ല. തന്റെ ജീവനെ രക്ഷിക്കാനായി പ്രതിപക്ഷിയെ കൊലചെയ്തു. ഈ സ്ത്രീ ഭവതിയെ വധിക്കാൻ ഉദ്യമിച്ചു എന്നുള്ളതിലേക്കു് പ്രേതത്തിന്റെ കയ്യിൽ മുറുകെപ്പിടിച്ചിരിക്കുന്ന ആയുധംതന്നെ മതിയായ തെളിവാണു്. എന്നാൽ ഇതൊരു കൊലപാതകമാണെന്നു ഭവതി സമ്മതിക്കുന്നുണ്ടല്ലോ. പുരുഷന്മാർ, വിശേഷിച്ചും അതിൽ ഉയർന്നവർ, കൊലപാതകം ചെയ്യാറുണ്ടു്. സ്ത്രീകൾ വിശേഷിച്ചും അന്തസ്സും ആഭിജാത്യവും തികഞ്ഞ അന്യാദൃശസൌന്ദര്യവതിയായ ഒരു യുവതി ഈ കടുംകൈ പ്രവർത്തിച്ചു എന്നു വിശ്വസിക്കട്ടെയോ?

സരസ്വതി:—അങ്ങനെയാണെങ്കിൽ ഈ സംഭവത്തിൽ അങ്ങു് എന്നെ വെറുക്കുന്നുണ്ടായിരിക്കണം അല്ലേ?

താരാനാഥന്റെ ഏറ്റവും സമീപത്തുചേർന്നുനിന്നുംകൊണ്ടാണു് സരസ്വതി അപ്രകാരം ചോദിച്ചതു് ചേർന്നുനിൽക്കുകമാത്രമല്ല അയാളുടെ കൈക്കു കടന്നുപിടിക്കുകയും മുഖത്തു പ്രേമപൂർവ്വം ഉറ്റുനോക്കുകയുംചെയ്തു. എന്നാൽ അവളുടെ സാമീപ്യത്തിനും സമീക്ഷണത്തിനും സംസാരത്തിനും അയാളെ മാനസാന്തരപ്പെടുത്താൻ സാധിച്ചുവോ എന്നുള്ളതു സംശയമാണു്.

താരാനാഥൻ:—ഞാൻ ഭവതിയെ വെറുക്കുകയോ? ഇല്ല, അതൊരിക്കലും ഉണ്ടാകുന്നതല്ല. ഭവതിയെ വെറുക്കാൻ സാധിക്കുന്നതല്ല. അങ്ങനെ ചെയ്യുന്നതു ഭവതിയുടെ സഹോദരിയുടെ നേർക്കുള്ള ഒരപരാധമായിരിക്കും. ഏകോദരസഹോദരതോന്നാൽ ഞാൻ ഭവതിയെ ദഹിപ്പിക്കാൻ നിർബന്ധനാണു്. എന്നാൽ ഇന്നു് ഇവിടെ മരിച്ച ആൾ ഒരു പുരുഷനും അവന്റെ മരണം എന്റെ ഖഡ്ഗത്താലുമായിരുന്നെങ്കിൽ, എനിക്കു ഏറ്റവും സന്തോഷമുണ്ടായിരുന്നേനെ

സരസ്വതി:—(ഗദ്ഗദത്തോടുകൂടി)ഹാ! ഞാനത്രേ പാപി. എന്റെ പ്രവൃത്തി പാപഹേതുകമാണു്. അങ്ങു ഈ പാപിയെ ഒരു ക്രൂരസർപ്പത്തെ എന്നപോലെ ഭയപ്പെടുന്നു! അങ്ങു സ്വതസ്സിദ്ധമായ മഹാമനസ്കതയുടെ പ്രേരണയാൽ സ്നേഹം നടിച്ചു മധുരവാക്കുകൾ ഉച്ചരിക്കുകയാണു്.

സരസ്വതി തേങ്ങിത്തേങ്ങിക്കരഞ്ഞു. അവളുടെ നയനങ്ങളിൽനിന്നും കണ്ണുനീർ അനർഗ്ഗളമായി വർഷിച്ചുകൊണ്ടിരുന്നു.

താരാനാഥൻ:—ഭവതി എന്തിനു ദുഃഖിക്കുന്നു? ഭവതിയുടെപരിദേവനങ്ങളും അർത്ഥശൂന്യങ്ങളാണു്. എന്നെപ്പറ്റി ഭവതി പറഞ്ഞവാക്കുകളും അടിസ്ഥാനരഹിതങ്ങളാണു്. എനിക്കു ഭവതിയിൽ ലേശം അവമതിപ്പോ തെറ്റിദ്ധാരണയോ ഇല്ല. അപ്രകാരം വല്ലതും ഉണ്ടെങ്കിൽതന്നെയും അതു ഭവതിയുടെ ചെയ്തനയിൽ മാത്രമാണു്. ആ ചെയ്തനതന്നെയും, ഏതോ മുജ്ജന്മപാപത്തിന്റെ പ്രേരണയാൽ സംഭവിച്ചുപോയതാണെന്നു സമാധാനപ്പെടാനേയുള്ളൂ. പരമാർത്ഥത്തിൽ എന്റെ അഭിപ്രായം അങ്ങനെയാണു്.

സരസ്വതി:—അങ്ങനെയാണെങ്കിൽ അങ്ങു് എന്നെ സഹോദരിയെന്നു സ്നേഹിക്കുന്നുവോ, അതല്ല കളത്രമെന്നു പ്രേമിക്കുന്നുവോ?

"അക്കാര്യത്തിൽ ഭവതിക്കു സംശയമോ?" എന്നു താരാനാഥൻ ചോദിച്ചുതീരുംമുമ്പു വെട്ടിയിട്ടമരംപോലെ സരസ്വതി പാടേ മറിഞ്ഞുവീണു. താരാനാഥൻ വിഷണ്ണനായി ഒരു നിമിഷം അങ്ങനെ നിന്നുപോയി. അനന്തരം അവളെ താങ്ങിയിരുത്തി ശീതോപചാരത്താൽ തളർച്ചമാറ്റി. സരസ്വതി താരാനാഥനെ ഉറ്റുനോക്കിക്കൊണ്ടു് "എന്റെ സഹോദരി ഈ പ്രവൃത്തി ചെയ്തിരുന്നാൽ?" എന്നു ദയനീയമായ സ്വരത്തിൽ ചോദിച്ചു.

താരാനാഥൻ:—ഭവതിയുടെ ചോദ്യം വിസ്മയനീയമായിരിക്കുന്നു.

സരസ്വതി:—എന്താണു വിസ്മയിക്കാൻ? ഞാൻ വീണ്ടും ചോദിക്കുന്നു; അതേ, ധൈര്യമായി ചോദിക്കുന്നു പ്രേതയക്ഷിയാണു് ഇന്നു് ഈ കൊലപാതകം നടത്തിയതെങ്കിൽ അങ്ങു് അവളെ വെറുക്കുമോ? അവളെ തീരെ ഉപേക്ഷിക്കുമോ?

താരാനാഥൻ:—ഭവതിയുടെ സഹോദരിയാണു് ഇങ്ങനെ പ്രവർത്തിച്ചതെങ്കിൽ മുജ്ജന്മവാസനയാൽ ചെയ്തുപോയി എന്നു മാത്രമേ അപ്പോഴും ഞാൻ കരുതുകയുള്ളൂ. ഏതായാലും ഈ സംഗതിയെക്കുറിച്ചു നാം രണ്ടുപേരും ഇനി സംസാരിക്കേണ്ട ആവശ്യമില്ല.

താരാനാഥൻ, വൃദ്ധയുടെ പ്രേതത്തെ നദിയിലേക്കു വീശി എറിഞ്ഞു.

താരാനാഥൻ:—ഭവതി എന്നിൽനിന്നും പ്രതീക്ഷിക്കുന്ന സഹായം എന്താണെന്നു പറയുക. ഞാൻ അടുത്ത ചില ദിവസത്തിനകം എന്റെ നാട്ടിലേക്കു പുറപ്പെടുന്നതാണു്.

സരസ്വതി:—പദ്മപുരത്തേക്കോ? എന്നാൽ എനിക്കും—എന്നു് അദ്ധോക്തിയിൽ വിരമിച്ചു് അധോമുഖിയായി സ്ഥിതി ചെയ്തു.

താരാനാഥൻ:—മടിക്കേണ്ടാ; മനസ്സിലുള്ളതിനെ തുറന്നു പറയുക! ഭവതിയുടെ അഭിലാഷത്തെ സാധിക്കാമെന്നു ഭവതിയുടെ സഹോദരിയോടും ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ടു്, ഭവതി എന്നെ സ്വന്തം സഹോദരനെപ്പോലെ വിചാരിക്കുക.

സരസ്വതി:—അങ്ങയുടെ വാക്കുകളിൽ എനിക്കു നന്ദിയുണ്ടു്, അങ്ങു ആവശ്യപ്പെട്ടപ്രകാരം ഞാൻ എന്റെ അഭിലാഷത്തെ വെളിപ്പെടുത്താം. എനിക്കു പദ്മപുരത്തേക്കു പോകണമെന്നാണു് ആഗ്രഹം. എന്റെ സഹോദരിയുടെ ദാസിമാരായ വിമലയും സുരുചിയും ഒന്നിച്ചുണ്ടായിരിക്കും

താരാ:—എന്നാൽ, ഞാൻ എന്റെ ഭൃത്യരോടുക്രുടിപ്പുറപ്പെടുമ്പോൾ ഭവതിയും ദാസിമാരുംക്രുടെ വന്നുകൊള്ളുക! ഇന്നത്തെ ആറാം പക്കം ഞാൻ ഇവിടുന്നു തിരിക്കും. അങ്ങനെ ചെയ്യാൻ ഞാൻ നിർബന്ധിതനാണു്. സകല സംഭവങ്ങളും ഭവതി സഹോദരിയിൽനിന്നും ഗ്രഹിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

സരസ്വതി:—അതേ, സകലതും ഞാൻ അറിഞ്ഞിട്ടുണ്ടു്.

ഈ അവസരത്തിൽ സരസ്വതി തിരിഞ്ഞുനിന്നു തേങ്ങിത്തേങ്ങിക്കരഞ്ഞു.

താരാ:—ഓഹോ! സഹോദരീവിരഹം ഭവതിയെ തപിപ്പിക്കുന്നു. സഹോദരിയുടെ ക്ഷേമത്തിനു് ആശംസിക്കുക. ദുഃഖിക്കുന്നതുകൊണ്ടു ഫലമെന്താണു്?

സരസ്വതി:—ഹാ! ജഗദീശ! സത്യത്തെ ഇവിടെ വെളിപ്പെടുത്തട്ടെയോ? ഉദാരമനസ്കനായ ഈ മാന്യയുവാവിനോടു പരമാർത്ഥം തുറന്നുപറയട്ടെയോ? ഇല്ല, അതൊരിക്കലും പാടില്ല, എനിക്കതിനു ധൈര്യമില്ല—അല്ലെങ്കിൽ, ഇപ്പോൾ അങ്ങനെ ധൈര്യപ്പെടാൻപാടില്ല. ഒരുപക്ഷേ, പദ്മപുരത്തിൽത്തന്നെയു്! അതിനെക്കുറിച്ചു ഈ അവസരത്തിൽ എന്തിനു ചിന്തിക്കണം.?

അവൾ വീണ്ടും താരാനാഥനെ അഭിമുഖീകരിച്ചു നിന്നുംകൊണ്ടു് അയാളുടെ മുഖത്തു ഉറ്റുനോക്കി. ഒരു വല്ലാത്ത ഭയവും സംഭ്രമവും ലജ്ജയും അവളുടെ മനസ്സിനെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഗുരുവിന്റെ മുമ്പിൽ നിൽക്കുന്ന അപരാധിയായ ശിഷ്യന്റെ മുഖഭാവമാണു് സരസ്വതിയിൽ തെളിഞ്ഞുകണ്ടതു്.

ഏതാണ്ടൊക്കെ ചിലസംശയങ്ങൾ താരാനാഥന്റെ മനസ്സിൽ അങ്കുരിച്ചു. ഇവൾ വെളിപ്പെടുത്താൻ ഭാവിച്ച സത്യമെന്താണു്?

ഇവളുടെ മനസ്സിൽ ഇരിക്കുന്ന പരമാത്ഥം എന്തായിരിക്കാം? എന്തൊരു രഹസ്യത്തെയാണു വെളിപ്പെടുത്തണമെന്നാശിക്കയും പിന്നീടു വേണ്ടെന്നുവയ്ക്കുകയും ചെയ്തതു്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ അയാളുടെ മനസ്സിൽ സ്ഥലംപിടിച്ചു. എന്നാൽ അയാൾ സരസ്വതിയോടു യാതൊന്നും ചോദിച്ചില്ല. സരസ്വതി ഒരു അത്ഭുതസ്ത്രീയാണെന്നും അന്യസ്ത്രീകളിൽനിന്നും വ്യത്യസ്തമായ സംഭവജിവിതങ്ങളോടുകൂടിയവളാണെന്നും താരാനാഥനു് അറിവുണ്ടു്. അതുകൊണ്ടു് അയാൾ യാതൊന്നും അവളോടു ചോദിക്കാഞ്ഞതാണു്. ചോദിച്ചാലും പ്രയോജനമില്ലെന്നും അയാൾക്കറിയാം.

സരസ്വതി:—ഞാൻ ഇപ്പോൾ പറഞ്ഞ വാക്കുകളെപ്പറ്റി അങ്ങു ചിന്തിക്കുകയായിരിക്കാം. എന്നാൽ അതിന്റെ ആവശ്യമില്ല. ആ വാക്കുകളെ വിസ്മരിക്കുകയാണു നല്ലതു്. പയ്യെപ്പയ്യെ മായകാലത്തോളം ക്ഷമിച്ചിരിക്കയാണു വേണ്ടതു്. അന്നു ഞാൻ സകലതും അങ്ങയെ ധരിപ്പിച്ചുകൊള്ളാം. ആ രഹസ്യത്തെ വെളിപ്പെടുത്തുമ്പോൾ അങ്ങയ്ക്കു് അപരിമിതമായ ആശ്ചര്യം ജനിക്കും. ഞങ്ങളെസ്സംബന്ധിച്ച പല വിഷയങ്ങളിലും അങ്ങു പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ടു്. ഇപ്പോഴും അതോർക്കുമ്പോൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കണം. മേലിൽ അത്ഭുതപ്പെടുകയും ചെയ്യും മേല്പറഞ്ഞ ആ രഹസ്യത്തെ വെളിപ്പെടുത്തുമ്പോൾ ഈ അത്ഭുതങ്ങൾക്കെല്ലാം കാരണം ഇന്നതാണെന്നു് അങ്ങേയ്ക്കുമനസ്സിലാകും. അതങ്ങനെ നിൽക്കട്ടെ. ഞാനും അങ്ങയോടൊന്നിച്ചു പത്മപുരത്തേക്കു വരുന്നുണ്ടു്. ഇന്നേയ്ക്കു് ആറാംദിവസം പ്രഭാതത്തിൽ, ഈ പട്ടണത്തിൽനിന്നും നേപാളത്തേക്കുള്ള റോഡിന്റെ മുഖപ്പിൽ ഞാൻ അങ്ങയെ കാത്തുനിൽക്കുന്നതാണു്: ഒന്നുകൂടി—ആറിൽനിന്നും അങ്ങു രക്ഷിച്ച ആ മാന്യസ്ത്രീ ആരാണു്? അവളുടെ വസ്തുസ്ഥിതികഥ അങ്ങു ഗ്രഹിച്ചിട്ടുണ്ടോ? വിനയപൂർവകമായ എന്റെ ഈ ചോദ്യങ്ങൾക്കു് അനുകൂലമായ മറുപടിപറവാൻ ദയയുണ്ടാകണം. ആ യുവതിക്കു പൂർണ്ണസ്വാസ്ഥ്യംകിട്ടണമെങ്കിൽ രണ്ടുമൂന്നുദിവസം തികച്ചും കഴിയണം. അതുവരെ ആ സ്ത്രീ എന്റെകൂടാരത്തിൽത്തന്നെ താമസിക്കട്ടെ! ആ മഹതിയുടെ വസ്തുസ്ഥിതികഥ ഞാൻമനസ്സിലാക്കിയിരിക്കേണ്ടതു് എത്രയും ആവശ്യമാണു്. യോഗ്യതാനുസരണം പെരുമാറാൻ അതു സഹായിക്കുന്നതാണല്ലോ.

താരാനാഥൻ:—എനിക്കു് ആ സ്ത്രീയെ സംബന്ധിച്ചു കൂടുതലായിട്ടൊന്നും അറിഞ്ഞുകൂടാ കല്പകക്കോട്ടയുടെ സമീപത്തിലുള്ള

ഉപവനത്തിൽ—സുശീലനായ ഒരു കൃഷീവലവൃദ്ധനുണ്ടു്. അയാളുടെ മൂത്തപുത്രിയാണു് ഈ യുവതി. എന്നാൽ ഒരു ചെറിയ കുടിലിൽജീവിക്കുന്നു എന്നുവച്ചു് ആ സ്ത്രീയിൽ ബഹുമാനക്കുറവു് ഉണ്ടാകാൻപാടില്ലെന്നാണു് എന്റെ അഭിപ്രായം. കുടിലിൽനിന്നും കൊട്ടാരത്തിലേക്കു വരേണ്ടവളാണെന്നുള്ള ലക്ഷണങ്ങൾ ആ യുവതിയിൽ സ്പഷ്ടമായി തെളിഞ്ഞുകാണുന്നു. അതുകൊണ്ടു ഭവതിയുടെ ബഹുമാനസൽക്കാരങ്ങളെ ആ സ്ത്രീ തികച്ചും അർഹിക്കുന്നുണ്ടു്.

സരസ്വതി:—(അസഹിഷ്ണുതയോടെ) അങ്ങയുടെ വൃഥയപൂർവ്വകമായ പ്രശംസയെ അർഹിക്കുന്ന ആ യുവതി എന്റെബഹുമാനത്തെ അർഹിക്കാതിരിക്കുമോ?

അസൂയാസഹജമായ ഒരു ക്രോധവും അവളെ ബാധിക്കാതിരുന്നില്ല. ഈ വികാരങ്ങൾ താരാനാഥൻ ക്ഷണേന മനസ്സിലാക്കി. ഈ ദുർബുദ്ധിക്കു ഒരുശമനംവരുത്തണമെന്നു് അയാൾ ഉറച്ചു.

താരാനാഥൻ:—ആ മാന്യയുവതിയെക്കുറിച്ചു ഞാൻ വളരെ വളരെ പ്രശംസിക്കുതന്നെ ചെയ്യുന്നു എത്രവളരെ പ്രശംസിച്ചാലും അതു് ഒട്ടും അധികമായി എന്നു വരുന്നതല്ല. ഞാൻ ഇന്നലെ മാടനുമായുണ്ടായ യുദ്ധത്തിൽ നഷ്ടപ്രജ്ഞനായി ശ്മശാനതുല്യമായ ആ മൈതാനത്തിൽ വീണുകിടക്കുമ്പോൾ, അതുവഴി വന്ന ആ ഉദാരമതി എന്നെ വൃഥയപൂർവ്വം ശുശ്രൂഷിക്കുകയുണ്ടായി. അപ്രകാരമൊരുസഹായം എനിക്കു സിദ്ധിച്ചിരുന്നില്ലെങ്കിൽ നമ്മുടെ ഈ അഭിമുഖസന്ദർശനത്തിനു് ഇടയാകുമോ എന്നതുതന്നെയും സംശയമാണു്. ഇതുമുകൊണ്ടു്, ഞാൻ ആ മാന്യയുടെനേർക്കു് ആജീവനാന്തം കൃതജ്ഞനാണെന്നു പ്രഗത്ഭയായ ഭവതിയെ പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. ഭവതിയുടെ സഹോദരിക്കുവേണ്ടി ഞാൻ മാടനുമായി യുദ്ധംചെയ്തു. അപകടസ്ഥിതിയിൽ വീണുകിടക്കുമ്പോൾ സഹായിച്ച ആ യുവതി, ഭവതിയുടെ കൃതജ്ഞതയെ അർഹിക്കുന്നുണ്ടെന്നാണു് എന്റെഅഭിപ്രായം.

സരസ്വതി:—(പെട്ടെന്നു) ഞാൻ ഉപകാരസ്മരണയില്ലാത്ത കൃതഘ്നയാണെന്നു് അങ്ങു സംശയിക്കുന്നുവോ?

സങ്കോചത്തോടുകൂടിയാണു സരസ്വതി അങ്ങിനെ ചോദിച്ചതു്. തന്റെ വൃഥയത്തിൽ അങ്കുരിച്ച അസൂയ താരാനാഥനു മനസ്സിലായി എന്നു ഗ്രഹിച്ചതാണു് സങ്കോചത്തിനു കാരണം

താരാ:—ഇല്ലില്ല; ഭവതി കൃതഘ്നയാണെന്നു ഞാൻ തെറ്റിദ്ധരിച്ചിട്ടില്ല. വിശേഷിച്ചും ഭവതിയുടെ ശ്ലാഘനീയമായ സ്വഭാവ

ത്തിൽ എനിക്കു ബഹുമാനവുമുണ്ടു്. ഇനി നമുക്കു പിരിയാം. യാത്രാദിവസം, നിർദ്ദിഷ്ടസ്ഥലത്തുണ്ടായിരിക്കുമല്ലോ?

താരാനാഥൻ വിട്ടതിയിൽ എത്തി. അയാളുടെ മനസ്സു് അസ്വസ്ഥതയെ അവലംബിച്ചിരുന്നു. ശിവയോഗിനിയുടെ പ്രേതവും സരസ്വതിയുടെ നിണം അണിഞ്ഞുള്ള നിലയും അവളുടെ കൈയും കഠാരിയും അയാളുടെ ഹൃദയത്തിൽനിന്നും മറയുന്നില്ല.

ക്രൂരത്തിൽ മടങ്ങി എത്തിയ സരസ്വതിയുടെ വിചാരവും അതുതന്നെയായിരുന്നു. ഈ ശപിക്കപ്പെട്ട സംഭവം നടക്കാതിരിക്കേണ്ടതായിരുന്നു എന്നു് അവൾ ആശിച്ചു. അഥവാ, അതു താരാനാഥന്റെ കണ്ണിൽപ്പെടാതിരിക്കയെങ്കിലും ചെയ്യേണ്ടതായിരുന്നു എന്നു ചിന്തിച്ചു. ഒടുവിൽ, "അല്ലെങ്കിൽ താരാനാഥൻ കണ്ടതു കൊണ്ടെന്താണു? അദ്ദേഹം എന്റെ സ്വന്തമല്ലേ" എന്നു സമാധാനപ്പെട്ടു.

അദ്ധ്യായം ൨൨.

"മർത്ത്യജാതിയിൽ ഞാനല്പം അല്പരല്ലോ ആകുന്നു
കൃത്യജ്ഞമുടിമണ്ഡന
ശ്രുദ്ധവീരനാം നീയും അല്പനെ ഹനിക്കിലോ
എത്രയപമാനം പാർത്താൽ."

കാശ്മീരത്തിലെ രാജകുമാരിയായ പദ്മാവതിയുടെ അജ്ഞാതവാസസ്ഥലം കണ്ടുപിടിക്കാൻ, താരാനാഥൻ തന്റെ അനുയായികളായ സിദ്ധസേനോഗ്രസേനന്മാരോടു ശട്ടംകെട്ടിയിട്ടുണ്ടായിരുന്നുവല്ലോ. അതിൻപ്രകാരം അവർ രാജകുമാരിയെ അന്വേഷിച്ചുതുടങ്ങി. പദ്മാവതിയുടെ ഛായാപടം ഒന്നു കരസ്ഥമാക്കുന്നതിലേക്കായിരുന്നു അവരുടെ ആദ്യത്തെ ഉദ്യമം. പടംകണ്ടു് ആളിന്റെ മനസ്സിലാക്കിയാൽ ആളിനെക്കണ്ടുപിടിക്കാൻ എളുപ്പമുണ്ടല്ലോ. കൃതവീര്യരാജാവു നാടുനീങ്ങുന്ന കാലത്തു രാജകുമാരിയുടെ ഒരു ഛായാപടം കൊട്ടാരത്തിൽ ഇരിപ്പുണ്ടായിരുന്നുഎന്നും എന്നാൽ ഇപ്പോഴും അതു് അവിടെ ഇരിക്കുന്നുണ്ടോ എന്നകാര്യം സംശയമാണെന്നും ക്ഷുദ്രമന്ത്രിയായ വരാഹസിംഹനിൽനിന്നും അറിവുകിട്ടി. കൊട്ടാരത്തിൽ ചെന്നന്വേഷിക്കാമെന്നുവച്ചാൽ കൊട്ടാരം മുഴുവൻ അശോകനാഥന്റെ അധീനത്തിലിരിക്കുന്നതിനാൽ അതിനു നിവൃത്തിയില്ല. എന്നാൽ അക്കാരണത്താൽ

അവർ നിരാശന്മാരായില്ല. അടുത്ത ഒരുരാത്രിയിലവർ ശ്രദ്ധമായി കൊട്ടാരവളപ്പിൽ കടന്നു് ഒരു വാതായനത്തിൽക്കൂടി അകത്തുപ്രവേശിച്ചു് ആൾപ്പെരുമാറ്റമില്ലാത്ത മുറികളിലെല്ലാം അന്വേഷണം നടത്തി. അതിന്റെ ഫലമായി കിടക്കമുറിയെന്തൂഹിക്കാവുന്ന ഒരു വിശാലമായ മുറിയുടെ ഒരു വശത്തെ ഭിത്തിയിൽ അടിയിൽ 'പദ്മാവതി' എന്നെഴുതിയ ഒരു ഛായാപടം തൂക്കിയിരിക്കുന്നതു കണ്ടു പടത്തെ കണ്ടമാത്രയിൽ മുമ്പുണ്ടായിട്ടില്ലാത്ത സംഭ്രമത്തോടുകൂടി അവർ ഞെട്ടിപ്പിറകോട്ടുമാറി. പടത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന സ്ത്രീയെ ഒരു രാജകുമാരിക്കു് അനുയോജ്യമല്ലാത്ത ഒരുസ്ഥലത്തുവച്ചു് അവർ കണ്ടിട്ടുള്ളതാണു പരിഭ്രമത്തിനുകാരണം.

ഏതാനും ദിവസങ്ങൾക്കുമുമ്പു്, ഉഗ്രസേനനും സിദ്ധസേനനും ഒരുദിവസം രാത്രിയിൽ "ഭ്രലോകസ്വർഗ്ഗ"ത്തിലെ ആതിഥ്യം സ്വീകരിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ടല്ലോ. അന്നു് ആ സ്ഥലത്തുവച്ചു സർവ്വാംഗസുന്ദരിയായ ഒരു യുവതിയുമായി അവർക്കു് പരിചയിക്കാൻ സംഗതിയായിട്ടുണ്ടെന്നും നമുക്കു് അറിയാം ആ യുവതിയുടെ പ്രതിച്ഛായയാണു് ഇപ്പടത്തിൽ കണ്ടതു്. രാജകുമാരി "ഭ്രലോകസ്വർഗ്ഗ"ത്തിൽ ആണെന്നു് അവർക്കു് നിശ്ചയപ്രായാസം മനസ്സിലായി. തന്നിമിത്തം അപരിമിതമായ അന്തസ്താപം ആ യുവാക്കന്മാരെ ബാധിച്ചു. എന്തെല്ലാം പ്രതിബന്ധങ്ങളും കഷ്ടതകളും നേരിട്ടാലും പദ്മാവതിയെ ആ സ്ഥലത്തുനിന്നും മോചിപ്പിക്കണമെന്നു പ്രത്യാശിച്ചു. എന്നാൽ 'ഭ്രലോകസ്വർഗ്ഗം' സ്ഥിതിചെയ്യുന്നതു് എവിടെയാണെന്നു് അവർക്കു അറിഞ്ഞുകൂടാ. ഭ്രലോകസ്വർഗ്ഗം അനന്യസാധാരണമനോഹരമായ ഒരു കെട്ടിടമാണെന്നല്ലാതെ അതു് പട്ടണത്തിന്റെ ഉള്ളിലോ വെളിയിലോ എവിടെയാണു സ്ഥിതിചെയ്യുന്നതെന്ന സംഗതി അവർക്കു അജ്ഞാതമാണു്. പട്ടണത്തിനകത്തും വെളിയിൽ അടുത്ത പ്രദേശങ്ങളിലും അന്വേഷിക്കാമെന്നുവച്ചാൽ, ഭ്രലോകസ്വർഗ്ഗത്തിന്റെ അന്തർഭാഗമല്ലാതെ ബഹിർഭാഗം അവർ കണ്ടിട്ടില്ല. ഒരുമാതിരി ഭേദപ്പെട്ട കെട്ടിടങ്ങളെല്ലാം പരിശോധിച്ചുനോക്കുക എന്നുള്ളതും, ആകാശചുംബികളായ സൗധവിശേഷങ്ങൾ ഇടതിങ്ങി നില്ക്കുന്ന ആ രാജധാനിയെ സംബന്ധിച്ചിടത്തോളം കൃത്യസാദ്ധ്യമായ ഒന്നാണു്. ഒടുവിൽ അന്നത്തെ വൃദ്ധയെ അന്വേഷിച്ചുപിടിച്ചാൽ, അവളുടെ സഹായത്തോടുകൂടി വീണ്ടും ഭ്രലോകസ്വർഗ്ഗത്തിലെ രാത്രൃത്സവത്തിൽ പങ്കുകൊള്ളാമെന്ന കരാറോടുകൂടി കടന്നുവിഴുകയല്ലാതെ വേറെ പോംവഴിയില്ലെന്നു നിശ്ചയിച്ചു. എന്നാൽ അവരുടെ ശ്രമം എത്രകണ്ടു ഫലോദ്ദേശമാകുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

ആഗസ്റ്റുമാസം ഇരുപത്തിയഞ്ചാംതീയതി ആദിത്യൻ അസ്തമിക്കാറായി, അല്ല അസ്തമിച്ചു. അന്നത്തെ രാത്രിയിലാണു് താരാനാഥൻ പ്രേതയക്ഷിക്കുവേണ്ടി മാടനോടു മല്ലിട്ടതെന്ന വസ്തുത മറന്നുകളഞ്ഞ വായനക്കാരെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ! സന്ധ്യാവേളയിൽ സിദ്ധസേനനും ഉഗ്രസേനനും മുൻനിശ്ചയം അനുസരിച്ചു്, കോട്ടയുടെ തെക്കേഗോപുരത്തിന്റെ സമീപം അങ്ങിങ്ങുലാത്തിക്കൊണ്ടിരുന്നു. അങ്ങനെ ചുറ്റടെണ്ണിക്കഴിയുമ്പോൾ, അല്പം ദൂരെപ്പെട്ട ഒരു സ്ത്രീ കോട്ടയ്ക്കകത്തുനിന്നും ഗോപുരത്തെ അഭിമുഖീകരിച്ചുവരുന്നതുകണ്ടു് ശ്രദ്ധിച്ചു. ഒരു വലിയ പ്രൌഢിയും ആഭിജാത്യവും മറവും വസ്ത്രധാരണത്തിലും നടത്തയിലും മുഖഭാവത്തിലും ദ്യോതിക്കുന്നുണ്ടു്. മുഖത്തിന്റെ പകുതിഭാഗവും മറയത്തക്കവണ്ണം മൂടുപടം മുമ്പോട്ടുവലിച്ചിട്ടിരിക്കുന്നു. പിറകെ രണ്ടു ദാസിമാരുണ്ടു്. എല്ലാംകൊണ്ടും ഒരന്തസ്സുള്ള കുടുംബത്തെസ്സംബന്ധിച്ച ദേഹമാണെന്നു അവർ തീർച്ചയാക്കി.

സിദ്ധസേനനും ഉഗ്രസേനനും സമയ്ക്കുദം ആ മാന്യസ്ത്രീയ്ക്കു് വഴിമാറിക്കൊടുത്തു. അവിടംകടന്നു ചുവടുവയ്ക്കുന്നതിനോടുകൂടി സ്ത്രീ അവരെ ഒന്നുനോക്കാതിരുന്നില്ല. അവരെക്കണ്ടപ്പോൾ സ്ത്രീയുടെ മുഖത്തു് ഒരു സന്തോഷഭാവം അങ്കുരിക്കുകയുംചെയ്തു. യുവാക്കന്മാർ അതു ശ്രദ്ധിക്കുന്നതുകണ്ടു് മൂടുപടം പിന്നോക്കം വലിക്കുന്നതുകണ്ടു ഒരു ചെറുചിരിയോടുകൂടി 'എന്താ അറിയുമോ?' എന്നു് അവരോടു ചോദിച്ചു. ഭൂലോകസാമ്രാജ്ഞിയുടെ അധിനായികയും അന്നത്തെ ഉത്സവത്തിൽ തങ്ങളെ അത്യന്തപ്രീതിയോടെ സല്ക്കരിച്ച മനസ്വിനിയുമാണു തങ്ങളുടെ മുമ്പിൽനില്ക്കുന്ന മാന്യമഹതിയെന്നറിഞ്ഞു് അതീവസന്തുഷ്ടിയോടുകൂടി 'അത്രവേഗം മറക്കുകയോ? ദേവിയുടെ ദർശനം ഞങ്ങൾക്കു് പരമാഹ്ലാദത്തെ നല്കുന്നു. വിരോധമില്ലെങ്കിൽ ഒന്നിച്ചുപോരാമെന്നുമുണ്ടു്" എന്നു നിസ്സംശയം തട്ടിവിട്ടു. 'എന്നാൽ നിൽക്കണ്ട; പോരിൻ' എന്നു ക്ഷണിച്ചുംകൊണ്ടു സാമ്രാജ്ഞിപനടന്നു. സേനന്മാർ ചാരിതാർത്ഥ്യത്തോടെയനുഗമിച്ചു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അന്നത്തെപ്പോലെ, ആ കുറിക്കാട്ടിനു സമീപത്തെത്തിയപ്പോൾ, കയറിപ്പോകാനുള്ള കുതിരകൾ അവിടെ തയാറുണ്ടായിരുന്നു. പതിവിൻപ്രകാരം യുവാക്കന്മാരുടെ കണ്ണുകൾ മറച്ചുകെട്ടി കുതിരപ്പുറത്തു് ആരോഹണംചെയ്യിച്ചു. സാമ്രാജ്ഞിപയും കുതിരയിൽ കയറി. എല്ലാവരും ഒന്നിച്ചു സാമ്രാജ്ഞിയിലേക്കു പുറപ്പെട്ടു. സാമ്രാജ്ഞിപയുടെ അനുയായികൾ, യുവാക്കന്മാർ കയറിയിരിക്കുന്ന കുതിരകളുടെ കടിഞ്ഞാണിനെ വഹിച്ചുകൊണ്ടു നടക്കുകയായിരുന്നു. വളഞ്ഞും തിരിഞ്ഞുമുള്ള നേരല്ലാത്ത വഴികളിൽക്കൂടി നടന്നു്

ഏതാണ്ടു് ഒരു മണിക്കൂർകൊണ്ടു് സ്വർഗ്ഗത്തിന്റെ പടിവാതുക്കലെത്തി. പതിവുപോലെ വാതിൽ തുറക്കപ്പെട്ടകയും എല്ലാവരും നടുമുറ്റത്തു ചെന്നിറങ്ങി യുവാക്കന്മാരുടെ കണ്ണിന്റെ കെട്ടകഠം അഴിക്കപ്പെട്ടകയുംചെയ്തു.

സിദ്ധസേനനും ഉഗ്രസേനനും അന്നത്തെ സ്നാനമുറിയിൽ ചെന്നു സ്നാനംചെയ്തു ശുഭ്രവസ്ത്രങ്ങഠം ധരിച്ചു് സുഗന്ധദ്രവ്യങ്ങഠം പൂശി അന്നത്തെ ആ വിശാലമായ നടുമുറിയിൽ പ്രവേശിച്ചു. അർദ്ധരാത്രിയോടടുക്കുടി വെള്ളിമണി ഘണഘണാരവം മുഴക്കി. സുകുമാരന്മാരും സുകുമാരികളുമായ അനവധി സ്ത്രീപുരുഷന്മാർ പലതരത്തിലും പ്രായത്തിലും മുറിയുടെ നാനാഭാഗങ്ങളിലും മിഥുനങ്ങളായി തിരിഞ്ഞു സൈരവിഹാരം നടത്തിക്കൊണ്ടിരിക്കുന്നു. യുവാക്കന്മാരുടെ അന്നത്തെയും ഇന്നത്തെയും മനഃസ്ഥിതിക്കു അജഗജാന്തരമുണ്ടു്. അന്നത്തെ പരിഭ്രമവും ശങ്കയും സങ്കോചവും ഇന്നില്ല. അവിടത്തെ കാഴ്ചകളിൽ അന്നത്തെപ്പോലുള്ള പുതുമ തോന്നുന്നുമില്ല. വിശേഷിച്ചും സ്വർഗ്ഗത്തിൽ പംകുകൊള്ളണമെന്നുള്ള ഉദ്ദേശത്തോടുക്കുടിയല്ലല്ലോ ഇന്നത്തെ യാത്ര. ഏതൊരുദ്ദേശത്തോടുക്കുടി ഇന്നു ഭൂലോകസ്വർഗ്ഗത്തിൽ കടന്നുവോ ആ ഉദ്ദേശസാദ്ധ്യത്തിനുള്ള മാർഗ്ഗങ്ങളിൽ അവരുടെ മനസ്സു് സുദൃഢം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

അന്നത്തെപ്പോലെ ഒരു മാന്യസ്ഥാനത്തു് പത്മാവതിയും ഇരിക്കുന്നുണ്ടായിരുന്നു. രാജകുമാരിയെക്കണ്ടപ്പോഠം അവൾക്കു് അളവറ്റ ചാരിതാർത്ഥ്യമുണ്ടായി ഈ അവസരത്തിൽ ഗൃഹനായിക (സ്വർഗ്ഗാധിപ) പ്രവേശിച്ചു മന്ദഹാസപൂർവ്വം ഉഗ്രസേനനെ ക്ഷണിച്ചുകൊണ്ടുചെന്നു് പത്മാവതിയെ ഏല്പിച്ചു. സിദ്ധസേനനെ അന്നത്തെ ആ സ്ത്രീയെത്തന്നെ ഏല്പിക്കുകയുംചെയ്തു.

ഗൃഹനായിക, ഉഗ്രസേനനെ പത്മാവതിയെ ഏല്പിച്ചുംവച്ചുപോയ ഉടനെ അവർ തമ്മിൽ അടിയിൽ പറയും പ്രകാരത്തിൽ ഒരു സംഭാഷണംനടത്തി. മറ്റാരും കേൾക്കരുതെന്നുള്ള കരുതലോടുക്കുടി വളരെ പതിഞ്ഞ സ്വരത്തിലാണു സംസാരിച്ചതു്.

ഉഗ്രസേനൻ:—ഭവതി എന്നെ വിസ്മരിച്ചിട്ടില്ലെന്നു വിശ്വസിക്കട്ടെയോ?

പത്മാവതി:—താങ്കളെ ഒരിക്കൽക്കുടി ഇവിടെ കാണാൻ ഇടയായതിൽ ഞാൻ ആശ്ചര്യപ്പെടുന്നു.

ഉഗ്രസേനൻ:—തക്കതായ കാരണത്താൽ—അതേ, മുഖ്യമായ ഉദ്ദേശ്യത്തോടുക്കുടി—ഞാൻ വീണ്ടും ഈ കെട്ടിടത്തിൽ വന്നതാണു്. ആ ഉദ്ദേശ്യത്തിനും അന്നു് ഇവിടെ വരുമ്പോഠം എനിക്കുണ്ടായിരുന്ന ഉദ്ദേശ്യത്തിനും തമ്മിൽ യാതൊരു

സംബന്ധവുമില്ല. അതു വഴിയെ ധരിപ്പിക്കാം. അതു എത്രയും ശ്രദ്ധമാകയാൽ നമ്മുടെ സംഭാഷണത്തിൽ പുറമുള്ളവർ ശ്രദ്ധിക്കാതെ സൂക്ഷിക്കണം! അതുകൊണ്ടെങ്കിലും അല്പമെങ്കിലും സംശയം ജനിച്ചുപോയി എങ്കിൽ ഞാൻ ഇതേവരെചെയ്ത ശ്രമം നിഷ്ഫലമായിത്തീരും.

പത്മാവതി:—ശരി, താങ്കളുടെശ്രമം എന്നെ മോചിപ്പിക്കുന്നതിലേക്കായിരിക്കാം ഔദാര്യം, സത്യസന്ധത മുതലായ വിശിഷ്ടഗുണങ്ങൾ താങ്കളുടെ മുഖത്തു തിളങ്ങുന്നു. താങ്കൾ ആരാണെന്നു് എന്നെ അറിയിക്കേണ്ടിയിരിക്കുന്നു.

ഉഗ്രസേനൻ:—താരാനാഥൻ എന്ന പേർ ഭവതി എപ്പോഴെങ്കിലും കേട്ടിട്ടുണ്ടായിരിക്കണം.

പത്മാവതി: ഓഹോ! ഉദാരമനസ്കനായ നേപാളഭൂപൻ ഇപ്പോഴും എന്നിൽ അനുതാപം കാട്ടുന്നുണ്ടെന്നു വിശ്വസിക്കുന്നു. അതേ, താരാനാഥൻ എന്ന പേർ എനിക്കു അപരിചിതമല്ല. ആ പേർ വഹിക്കുന്ന ദേഹം ഉദ്ദേശം മൂന്നാഴ്ചയ്ക്കുമുമ്പു് എന്നെ വന്ധകാണുകയുണ്ടായി. താൻ നേപാളഭൂപന്റെ പ്രതിനിധിയാണെന്നു് അദ്ദേഹം എന്നെ അറിയിച്ചു. എന്നാൽ താങ്കളെ പരിചയപ്പെടുന്നതിനുമുമ്പു മറ്റു രഹസ്യങ്ങൾ വെളിപ്പെടുത്താൻ പാടുള്ളതല്ലല്ലോ. അതുകൊണ്ടു് താങ്കൾ ആരാണെന്നും എന്റെ ബന്ധനാലയം കണ്ടുപിടിച്ചതെങ്ങനെയെന്നും കൃതവീര്യരാജാവിന്റെ നിർഭാഗ്യവതിയായ പുത്രി ഞാനാണെന്നു് എങ്ങനെ അറിഞ്ഞുവെന്നും ദയചെയ്തു് എന്നെ ധരിപ്പിക്കണം.

ഉഗ്രസേനൻ:—ഞാൻ മാന്യനായ താരാനാഥന്റെ സഹചരന്മാരിൽ ഒരുവനാണു്.

പത്മാവതി:—വളരെ സന്തോഷം! ഞാൻ താങ്കളെ ഹൃദയപൂർവ്വം വിശ്വസിക്കുന്നു. മാന്യനായ താരാനാഥൻ എന്നിൽ തികച്ചും അനുഭാവമുള്ള ആളാണെന്നു എനിക്കറിയാം. അദ്ദേഹത്തിന്റെ അനുയായിയെ വിശ്വസിക്കേണ്ടതാവശ്യമാണു്. താങ്കളുടെ ലക്ഷ്യം എന്തായിരിക്കാം? എന്തുചെയ്യാനാണു് ഉദ്ദേശിക്കുന്നതു്.

ഉഗ്രസേനൻ:—ഭവതിയെ ഏതുപ്രകാരത്തിലെങ്കിലും ഇവിടുന്നു മോചിപ്പിച്ചു് നേപാളരാജാവിന്റെ അധീനത്തിലാക്കണമെന്നുള്ളതാണു് എന്റെ ലക്ഷ്യം.

പത്മാവതി:—ഹാ! എത്രഗുണകരവും സന്തോഷപ്രദവുമായ പ്രമേയം. കൃതജ്ഞതയാൽ എന്റെ ഹൃദയം ഇപ്പോൾ തന്നെ പരവശമായി ഭവിച്ചിരിക്കുന്നു. എന്നാൽ നമുക്കു് എങ്ങനെ

രക്ഷപ്പെടാൻ കഴിയും? ഇവിടുന്ന മോചിക്കാൻ സാധിക്കുന്നതെങ്ങനെ?

ഉഗ്രസേനൻ:—രക്ഷാമാർഗ്ഗത്തെപ്പറ്റി ഞങ്ങൾക്കു യാതൊരു രൂപവുമില്ല. ഞങ്ങളുടെ കരബലവും ഖഡ്ഗശക്തിയും മാത്രമാണു് അവലംബം. ദേവതിയുടെ തീരുമാനത്തെ അറിയിച്ചാൽ ഞങ്ങൾ അപ്രകാരം പ്രവർത്തിക്കുന്നതിനു തയ്യാറാണു്.

പദ്മാവതി:—എന്നാൽ നാം ഉടനെ തിരിക്കണം. കാൽ നാഴികയ്ക്കകം ഈ മുറിയിലുള്ള സ്ത്രീപുരുഷന്മാർ ഒരു സ്ത്രീയും ഒരു പുരുഷനും എന്ന ക്രമത്തിനു വെളിയിലിറങ്ങി അവരവരുടെ വഴിക്കുപോകുന്നതാണു്. അക്കൂട്ടത്തിൽ നമുക്കു രക്ഷപ്പെടാൻ മാർഗ്ഗം സിദ്ധിക്കും.

ഉഗ്രസേനൻ അപ്രകാരം സമ്മതിച്ചു. എല്ലാവരും മുറിയിൽ നിന്നും പുറത്തേക്കു ഇറങ്ങിത്തുടങ്ങി. അവരുടെ ചടങ്ങുകളിൽ പങ്കുകൊള്ളാനെന്നഭാവത്തിൽ ഉഗ്രസേനനും പദ്മാവതിയും മറ്റൊരുഭാഗത്തേക്കു തിരിഞ്ഞു. സിദ്ധസേനൻ അതുകണ്ടു് അയാളെ ഏല്പിച്ചിരുന്ന സ്ത്രീയോടു എന്തോ കാരണംപറഞ്ഞു സമ്മതിപ്പിച്ചിട്ടു് അവരെ അനുഗമിച്ചു. "നമ്മുടെ ശ്രമം ഫലവത്താകുമെന്നു ദേവതി ദൃഢമായി വിശ്വസിക്കുന്നുവോ?" എന്നു ഉഗ്രസേനൻ ചോദിച്ചു. "ഈ കെട്ടിടത്തിൽ ഭൂമിയുടെ അടിയിൽക്കൂടി ഒരു രഹസ്യവഴിയുണ്ടു്. അതിനെയാണു് നമ്മുടെ മോചനമാർഗ്ഗമായി ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. ഒരുപക്ഷേ, ആരെങ്കിലും കണ്ടുമുട്ടി എതിർക്കുന്നതായാൽ....." എന്നു പദ്മാവതി പറഞ്ഞവസാനിപ്പിക്കുന്നതിനുമുമ്പു്, "കരബലംകൊണ്ടും ഖഡ്ഗശക്തികൊണ്ടും രക്ഷപ്പെടണം" എന്നു് ഉഗ്രസേനൻ പറഞ്ഞു.

അവർ കെട്ടിടത്തിന്റെ മുൻവശത്തുള്ള ആദ്യത്തെമുറിയിൽ കടന്നു. അതിനകത്തുള്ള വിശേഷങ്ങളെ നോക്കിക്കാണുന്ന നാട്യത്തിൽ അല്പസമയം അവിടെ കഴിഞ്ഞുകൂടി, തന്നിമിത്തം ആർക്കും തന്നെ അവരിൽ ലേശവും സംശയത്തിനു് ഇടയായില്ല. അനന്തരം അവർ അങ്കണത്തിൽ ഇറങ്ങി. ഭാഗ്യവശാൽ അപ്പോഴും അവിടെ ആരുംതന്നെ ഉണ്ടായിരുന്നില്ല. "ഇതേവരെ നമുക്കു പ്രതിബന്ധമൊന്നും നേരിട്ടില്ല ഇനിയാണു വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നതു്" എന്നു പറഞ്ഞുകൊണ്ടു് പദ്മാവതി ഇടതുവശത്തുള്ള ഒരു മുറിയിലേക്കു കയറി. പിറകേ സേനന്മാരും. അതിനകത്തു ഒരു പടിക്കെട്ടുള്ളതിൽക്കൂടി മൂന്നുപേരും കീഴ്പ്പോട്ടിറങ്ങി. മുറിയുടെ വാതിൽ അടച്ചു് അകത്തു തഴുതിട്ടുകൊണ്ടാണു് പടിക്കെട്ടിൽക്കൂടിയിറങ്ങിയതു്. ഇറങ്ങിയ സ്ഥലത്തു് ഒരുവശത്തുള്ള ഭിത്തിയിൽ ഒരു ചെറിയ മുവർവിളക്കു പ്രകാശിക്കുന്നുണ്ടായിരുന്നു.

രാജകുമാരിയുടെ അഭിപ്രായപ്രകാരം സിദ്ധസേനൻ അതിനെ കൈയിൽ എടുത്തുംകൊണ്ടു മുമ്പേനടന്നു. അങ്ങനെ ഒരു പത്തടി മുമ്പോട്ടു നടന്നിരിക്കണം, ഒരു വശത്തുള്ള ഭിത്തിയിൽ പെട്ടെന്നു് ഒരു ഇരുമ്പുകതകു തുറക്കപ്പെടുകയും അതുവഴി ഒരു വലിയ വെളിച്ചം ആവിർഭവിക്കയും സൈനികവേഷം ധരിച്ച ഏതാനും ശകുന്മാർ രാജകുമാരിയെയും യുവാക്കന്മാരെയും പിടിക്രൂടുകയുംചെയ്തു. ആഗതന്മാരായ സൈന്യത്തിന്റെ നേതാവായിട്ടായിരിക്കാം, നിഷ്കളാനന്ദസ്വാമിയും അക്കൂട്ടത്തിൽഉണ്ടായിരുന്നു. "കിങ്കരന്മാരെ! ഈ യുവാക്കന്മാരെ നിങ്ങൾ വധിക്കരുതു്; ബന്ധനസ്ഥരാക്കിയാൽ മതി. അവർ 'അംഗനാചുംബനം' അനുഭവിക്കേണ്ടവരാണു്" എന്നു സ്വാമികൾ തന്റെ കനത്തസ്വരത്തിൽ വിളിച്ചുപറഞ്ഞു

അപ്രതീക്ഷിതമായ ഈ ആപത്സംഭവത്താൽ അത്യന്തംഭീതിയായ രാജകുമാരി തൊഴുകൈയോടുകൂടി തന്നെ രക്ഷിക്കണമെന്നു പ്രാർത്ഥിച്ചു. അതിനകം യുവാക്കന്മാർ വാളൂരിപ്പിടിച്ചു പ്രതിപക്ഷികളുടെനേർക്കു പാഞ്ഞു. എന്നാൽ ശത്രുക്കളുടെ സംഘബലത്താൽ അവർക്കു ജയം സിദ്ധിച്ചില്ലെന്നു മാത്രമല്ല, ശത്രുക്കളാൽ ബന്ധിക്കപ്പെടുകയുംചെയ്തു. രണ്ടുപേരെയും സന്ന്യാസിവേഷം ധരിപ്പിച്ചു കണ്ണുകെട്ടി കൂട്ടിക്കൊണ്ടുപോയി. അവർ ഏതൊരു ദിക്കിനെ ലക്ഷ്യമാക്കി രാജകുമാരിയുമൊന്നിച്ചു നടന്നുകൊണ്ടിരുന്നുവോ ആ ദിക്കിലേയ്ക്കുതന്നെയാണു ശത്രുക്കളാൽ നയിക്കപ്പെട്ടതു്. രാജ്കുമാരിയെ തിരികെ ഭൂലോകസമ്പത്തിലേയ്ക്കുതന്നെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. ആ സമയത്തെ രാജകുമാരിയുടെ വിലാപസ്വരം, ഉഗ്രസേനനും, സിദ്ധസേനനും എത്രകണ്ടു മർമ്മഭേദകമായിരുന്നു എന്നു ഊഹിക്കാവുന്നതാണല്ലോ. അവരെ കൂട്ടിക്കൊണ്ടുപോയവരുടെ സംഖ്യ പന്ത്രണ്ടായിരുന്നു. അവർ യാതൊന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല. നിഷ്കളാനന്ദൻ തങ്ങളുടെ നേതാവുവരുന്നുണ്ടോ, അതോ രാജകുമാരിയോടുകൂടി സ്വർഗ്ഗത്തേയ്ക്കു പോയിരിക്കുന്നുവോ എന്നു യുവാക്കന്മാർക്കു നിശ്ചയമില്ല. തങ്ങളെ ഏതെല്ലാം മാർഗ്ഗങ്ങളിൽക്കൂടിയാണു കൊണ്ടുപോകുന്നതെന്നും അവർക്കു് ഒരു രൂപവുമില്ല. കുറെ അധികം നടന്നതിനുശേഷം പുരോഭാഗത്തു് ഒരു വാതിൽ തുറക്കുന്ന ശബ്ദംകേട്ടു വാതിൽ കടന്നു വീണ്ടും ഒരു ഇടുങ്ങിയ വഴിയിൽക്കൂടി മുമ്പോട്ടുനടന്നു.

യുവാക്കന്മാരുടെ കണ്ണുകൾ അടച്ചുകെട്ടിയിരുന്നുവെങ്കിലും എല്ലാവരുടേയും മുമ്പിലായി ഒരുവൻ തീവട്ടിയും വഹിച്ചുകൊണ്ടു നടക്കുന്നുണ്ടെന്നു് അവർക്കു ഗ്രഹിക്കാൻ കഴിഞ്ഞു. കുറേക്കഴിഞ്ഞു വീണ്ടും ഒരു കതകു തുറക്കുകയും അവിടുന്നും മുമ്പോട്ടു നടക്കുകയും ചെയ്തു. ഏതാണ്ടു് ഒരുമുമിന്നിററിനുള്ളിൽ മൂന്നാമതും ഒരു വാതിൽ

കടന്നു. അവിടുന്ന് ഒരു ഏണിപ്പടിയിൽക്കൂടി കീഴ്പോട്ടിറങ്ങുകയാണുണ്ടായത്. മാത്രകഴിഞ്ഞു മറെറാരു പടിക്കെട്ടിൽക്കൂടി മേൽപ്പോട്ടു കയറി ഒരു വാതിൽകടന്നു സമനിരപ്പായ സ്ഥലത്തിറങ്ങി. അവിടെ അല്പസമയം എല്ലാവരും വിശ്രമിച്ചു. "എവിടെ കുതിരകൾ?" എന്നു നിഷ്കളാനന്ദൻ ഉറക്കെ വിളിച്ചു ചോദിച്ചപ്പോഴാണു് സ്വാമികളും ഒന്നിച്ചുണ്ടെന്നു് അവർക്കു മനസ്സിലായതു്.

ഉത്തരക്ഷണത്തിൽ ഒരുത്തൻ ഒട്ടുവളരെ കുതിരകളെയുംകൊണ്ടു് അവിടെ ഹാജരായി. എല്ലാവരും കുതിരപ്പുറത്തു് ആരോഹണംചെയ്തു. സേനന്മാരെയും രണ്ടു കുതിരകളുടെ പുറത്തു കയറ്റി ഇരുത്തി കുതിരകളോടുചേർത്തുകെട്ടി. ഉദ്ദേശം ഒരു മണിക്കൂറോളം എല്ലാവരും വേഗത്തിൽ സവാരിചെയ്തു. ഈ അവസരത്തിൽ സേനന്മാരുടെ മനഃസ്ഥിതി എന്തായിരിക്കുമെന്നു് ഊഹിക്കുക. പ്രകൃത്യാ ധീരന്മാരാണെങ്കിലും ഈ ഘട്ടത്തിൽ അവരുടെ ഹൃദയം എരിപൊരിക്കൊള്ളുകയാണുണ്ടായതു്. "അംഗനാചുംബനം" ഇതിനു മുമ്പു് അനുഭവിക്കുകയോ അതിനെപ്പറ്റി എന്തെങ്കിലും കേൾക്കുകയോ ചെയ്തിട്ടില്ലെങ്കിലും സ്വാമികളുടെ മുഖത്തുനിന്നും പുറപ്പെട്ട ആ വാക്കുകൾ അവരിൽ അതിയായ ഭീതിയും സംശയവും ജനിപ്പിച്ചു. മാത്രമല്ല, കുതിരപ്പുറത്തു കയറ്റിയിരുത്തിയ ഘട്ടത്തിൽ "വെങ്കലപ്രതിമയ്ക്കു ബലി നല്കീട്ടു ദിവസം പലതായി" എന്നു നിഷ്കളാനന്ദൻ പറയുകയും ആ വാക്കുകൾ അവരുടെ മനസ്സിനെ ഭയതരളിതമാക്കുകയും ചെയ്തിരുന്നു. അപ്രകാരം ഒരു ദുരദൃഷ്ടം തങ്ങൾക്കു സംഭവിക്കുമോ എന്ന ഏകചിന്തയിൽ അവരുടെ മനസ്സു പ്രവർത്തിച്ചുകൊണ്ടിരുന്നു. ആ മനസ്സു് എപ്പോഴെങ്കിലും ഒന്നു വിശ്രമിക്കുന്നുണ്ടെങ്കിൽ അതു് ഈശ്വരചിന്താമഗ്നമായിരിയിൽ മാത്രമായിരുന്നു.

അങ്ങനെ ഒരു മണിക്കൂർ യാത്രചെയ്തതിനുശേഷം വിശ്രമാർത്ഥം നിഷ്കളാനന്ദസ്വാമികളുടെ അരുളപ്പാടു് അനുസരിച്ചു് എല്ലാവരും കുതിരകളെ നിർത്തിയിറങ്ങി. സേനന്മാരുടെ കെട്ടുകൾ അഴിച്ചു് അവരേയും താഴത്തിറക്കിയതിനുശേഷം ലഘുഭക്ഷണത്തിനുള്ള ഒരുക്കമായി. തുക്കിലിടാൻ കൊണ്ടുപോകുന്നവനു "കൊലച്ചോറെ"ന്നോണം ചില അപ്പക്കഷണങ്ങളും പാനീയങ്ങളും സേനന്മാക്കും കൊടുത്തു. പക്ഷേ അവരാരെങ്കിൽ അതിനെ തൊടുകപോലും ചെയ്തില്ല. അകാലമൃത്യുരാക്ഷസന്റെ ദംഷ്ട്രകളിൽ കുടുങ്ങി ഏതാണ്ടു മരണവേദനതന്നെ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവർക്കുണ്ടോ വിശപ്പും ദാഹവും? എന്നാൽ ചരമശ്വാസത്തിന്റെ അന്ത്യഘട്ടത്തിലുണ്ടാകാറുള്ള ഒരു ദാഹം അവരെ ബാധിക്കുകയാൽ ആ പാനീയത്താൽ അതിനെ നിവർത്തിച്ചു. ഭക്ഷണസന്ദർഭത്തിൽ

കണ്ണുമറച്ചിരിക്കുന്നതു മതനിഷിദ്ധമായ സംഗതിയാകയാൽ, ഈ ഘട്ടത്തിൽ അവരുടെ കണ്ണുകളിലെ കെട്ടഴിക്കാൻ സ്വാമികഠം അനുവദിച്ചു എന്നുള്ളതു പ്രത്യേകം പ്രസ്താവനീയമാണു്. സിദ്ധസേനനും ഉഗ്രസേനനും നിഷ്കളാനന്ദനെയും ക്രൂരയേയും സൂക്ഷിച്ചു നോക്കി. ഈ അവസരത്തിൽ സ്വാമികളെക്രൂടാതെ നാലുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശേഷംപേർ, അശ്വാരോഹണസ്ഥലത്തുവച്ചു പിരിഞ്ഞതായിരിക്കണം ആ നാലുപേരുടേയുംമുഖഭാവം ക്രൂരമായിരിക്കുന്നു. അവരുടെ നോട്ടം ആരെയും ഭയപ്പെടുത്തത്തക്ക ശക്തിയുള്ളതായിരുന്നു. ഭക്ഷണാവസരത്തിലും അവരുടെ ദൃഷ്ടി സേനന്മാരിൽ പതിഞ്ഞിരുന്നു. എന്നാൽ നിഷ്കളാനന്ദൻ അത്രത്തോളം അവരെ സൂക്ഷിക്കുന്നുണ്ടായിരുന്നില്ല. സേനന്മാരാകട്ടെ, പരുത്തതടിച്ചു മീശയും ഭയ എന്നതു ലവലേശംപോലുമില്ലെന്നു വിളിച്ചുപറയുന്ന നോട്ടവും ദൃഷ്ടതയുടെ കേളീരംഗമായ മുഖവും ഉള്ള ആ നിഷ്കളാനന്ദകിങ്കരന്മാരെ പേടിച്ചുംപേടിച്ചും നോക്കുന്നുണ്ടായിരുന്നു.

ഭക്ഷണാനന്തരം എല്ലാവരും അശ്വങ്ങളിൽ കയറി വീണ്ടും യാത്രതുടർന്നു. ഇത്തവണ സേനന്മാരെ കുതിരകളോടുചേർത്തു കെട്ടുകയുണ്ടായില്ല. തന്നിമിത്തം അല്പമായ ഒരു സമാധാനവും ആശ്വാസവും അവർക്കുണ്ടായി. ഈ അവസരത്തിൽ ഉദ്ദേശം രണ്ടുമണി കഴിഞ്ഞിരിക്കും. കാറ്റും മഞ്ഞും ദുസ്സഹമായ ശീതത്തെ നൽകിക്കൊണ്ടിരുന്നു. ആകാശത്തിൽ ഒറ്റൊറ്റ നക്ഷത്രത്തിന്റെ പ്രകാശംപോലുമില്ലാതിരുന്നതിനാൽ അന്ധകാരം സർവ്വത്രികമിലും വ്യാപിച്ചിരുന്നു. താരാനാഥൻ അന്നു മാടനെത്തേടി പുറപ്പെട്ടതു് ഈ രാത്രിയിലാണെന്നു പറഞ്ഞാൽ, അന്ധകാരത്തിന്റെയും കൊടുങ്കാറ്റിന്റെയും ഭയങ്കരതയെ മനസ്സിലാക്കാവുന്നതാണല്ലോ. മഞ്ഞിന്റെ കാഠിന്യവും കണ്ണുനീർത്തുള്ളികളെ ഭേദിക്കുന്ന കാറ്റിന്റെ ഉഗ്രതയും അസഹനീയമായിരുന്നിട്ടും കണ്ണുകളെ അടച്ചുകെട്ടി മൂടുപടവും ധരിപ്പിക്കാഞ്ഞതിൽ അവർക്കു നിഷ്കളാനന്ദന്റെ പേരിൽ പ്രത്യേകം ഒരു കൃതജ്ഞത തോന്നിയെന്നുള്ളതു പ്രസ്താവനീയമാണു്. സാധിക്കുന്നിടത്തോളമെങ്കിലും പരിതഃസ്ഥലങ്ങളെ നോക്കിക്കാണണമെന്നതിനും ധാരാളമായി ശുദ്ധവായുവേൽക്കുന്നതിനും സംഗതിയായതു് ഒരനുഗ്രഹമായി അവർ കരുതി കണ്ണുംകെട്ടി ഋജുമായ കാട്ടുവഴികളിൽക്കൂടി കുതിരപ്പുറത്തുപോകാൻ ആർക്കും സന്തോഷമുണ്ടാകുന്നതല്ലല്ലോ. ബലിഷ്ഠങ്ങളായ കുതിരകളാകട്ടെ; ത്വരിതമായി ചരിച്ചുകൊണ്ടിരുന്നു. സുഗമമായ മാർഗ്ഗങ്ങളിൽ കയറുമ്പോഠം അവ ത്വരിതഗമനത്തിൽ പ്രത്യേകിച്ചും ഉത്സാഹം പ്രദർശിപ്പിക്കുന്നുമുണ്ടായിരുന്നു.

ഉദയഗിരിയിൽ ബാലാർക്കന്റെ ചെങ്കതിരുകൾ അല്പാല്പമായി കണ്ടുതുടങ്ങി. തികച്ചും വെളിപ്പെട്ടിട്ടില്ലെങ്കിലും, തങ്ങളുടെയാത്ര തെക്കോട്ടേക്കാണെന്നു ഗ്രഹിക്കത്തക്കവണ്ണം അവ, സിദ്ധസേനനേയും ഉഗ്രസേനനേയും സഹായിച്ചു. അന്ധകാരം മാറുംതോറും പരിതഃസ്ഥലങ്ങളിലെ വൃക്ഷങ്ങളും മറ്റും അവർക്കു നയനാനന്ദത്തെ നൽകിത്തുടങ്ങി. അവിടവിടെ ചില അടയാളങ്ങൾ കണ്ടുതുടങ്ങിയപ്പോൾമുതൽ അവർക്കു എന്തെന്നില്ലാത്ത ആശ്ചര്യം തോന്നിത്തുടങ്ങി. ഈ വഴി ഇതിനുമുമ്പു് ഒരാവർത്തി കണ്ട പരിചയമുണ്ടെന്നു അവർ വിശ്വസിച്ചു; അതിനെപ്പറ്റി നല്ലപോലെ ആലോചിച്ചുനോക്കി. അതേ; ശ്രീപുരത്തേക്കു് പോയതു് ഈ മാർഗ്ഗത്തിൽക്കൂടിയാണെന്നു നിശ്ചയിച്ചു. ശ്രീപുരത്തേക്കു് ഈ വഴിയിൽക്കൂടി വടക്കോട്ടു യാത്രചെയ്യുകയാണെന്നുള്ള ഓർമ്മ, ആ നിശ്ചയത്തെ ബലപ്പെടുത്തി. ഇതിനകം സൂര്യൻ, തന്റെ സർവ്വാംഗം വെളിപ്പെടുത്തുകയും ദിക്കെങ്ങും ശോഭായമാനമായി ഭവിക്കുകയും ചെയ്തു. അതിദൂരത്തിലുള്ള മലകളും കാടുകളും സ്പഷ്ടമായി കണ്ടുതുടങ്ങി. അതുകപ്പാടെ ആ പ്രഭാതത്തിലെ പ്രകൃതിരാമണീയകം എത്രപരമാനന്ദസന്ദായകമായിരുന്നു എന്നു് ഊഹിക്കാൻ കഴിവില്ലാത്തവർ ഉണ്ടായിരിക്കയില്ലല്ലോ.

എന്നാൽ, ആശ്ചര്യം! ഈ പ്രകൃതിവൈഭവങ്ങൾക്കു് നമ്മുടെ സേനന്മാരുടെ ഹൃദയങ്ങളെ ആവർജ്ജിക്കാൻ കഴിഞ്ഞില്ല, അവർക്കു ആ കാഴ്ചകളിൽ യാതൊരു രസവും തോന്നിയില്ല. രണ്ടുപേരും അന്യോന്യം നോക്കി. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ലാഞ്ഛന രണ്ടുപേരുടേയും മുഖത്തു കാണുന്നില്ല. പിന്നീടു നിഷ്കളാനന്ദനെയും കിങ്കരന്മാരെയും മാറിമാറി നോക്കി. ആ അഞ്ചുപേരിൽ ഒരാളിന്റെ മുഖത്തെങ്കിലും അല്പമെങ്കിലും അനുകമ്പ സ്ഫുരിച്ചുകണ്ടില്ല. അഹോ! എത്ര ഭയങ്കരമായ അവസ്ഥ! പിന്നെയും രണ്ടുപേരും പരസ്പരം വീക്ഷിച്ചു. ഹൃദയത്തിലെ താപം ആ രണ്ടു മുഖത്തും ദ്യോതിച്ചു. ജീവിതശേഷം രണ്ടുപേർക്കും സന്ദിഗ്ധമാണെന്നു രണ്ടാളും തീർച്ചപ്പെടുത്തി.

സൂര്യൻ ഉദിച്ചു രണ്ടരനാഴിക പുലർന്നതിനുശേഷം ഭക്ഷണാർത്ഥം എല്ലാവരും ഇറങ്ങി. സിദ്ധസേനനും ഉഗ്രസേനനും ഒഴിച്ചു മറ്റെല്ലാവരും ഭക്ഷണം കഴിഞ്ഞു. അവർ രണ്ടുപേരും ഭക്ഷണം കഴിക്കയുണ്ടായില്ല. ഹൃദയംവെന്തുനീറുമ്പോൾ വിശപ്പുണ്ടാകുന്നതല്ലല്ലോ. തങ്ങളെ സഹായിക്കാൻ ആരും ഇല്ലെന്നും ആയുഷ്കാലം ഇതോടെ അവസാനിച്ചുവെന്നും അവർ തീർച്ചപ്പെടുത്തിയിരിക്കുകയാണു്. വഴിമദ്ധ്യത്തിലുള്ള ക്ലബ്ബിലാണു് ഇവർ ഇറങ്ങിയതു്. ഒരുപവനത്തിന്റെ സമീപത്താണു് ക്ലബ്ബു് സ്ഥാപിച്ചിരിക്കുന്നതു്.

അതുവഴി ഗതാഗതംചെയ്യുന്ന യാത്രക്കാർക്ക് ഭക്ഷണത്തിനും വിശ്ര
മത്തിനും വേണ്ടുന്ന സൗകര്യങ്ങളും അവിടെയുണ്ട്". ഈ സൗകര്യ
ങ്ങളും പണത്തെ ഉദ്ദേശിച്ച് എടുപ്പിച്ചുണ്ടാക്കിയിട്ടുള്ളതാണ്. ക്ലബ്ബ്
ഉടമസ്ഥൻ ഒരു മൂർഖനും ദുഃസ്വഭാവിയുമാണെന്ന് ആദ്യമേതന്നെ
ത്തിൽത്തന്നെ ആക്ഷേപം നിശ്ചയിക്കാം. നിഷ്കളാനന്ദനുമായുള്ളപെ
രുമാറ്റത്തിൽനിന്നും അവർ തമ്മിൽ ചിരപരിചിതന്മാരാണെന്നു
തീച്ചപ്പെടുത്താം. തന്നിമിത്തം അയാളിൽനിന്നും യാതൊരു സഹാ
യവും സിദ്ധസേനനും ഉഗ്രസേനനും പ്രതീക്ഷിക്കാനുണ്ടായിരു
ന്നില്ല; പ്രതീക്ഷിച്ചുമില്ല. അഥവാ ഭയങ്കരാകാരന്മാരും നിർദ്ദയ
ന്മാരും പരാക്രമികളുമായ നിഷ്കളാനന്ദകിങ്കരന്മാർക്ക് എതിരായി
ഒരു ക്ലബ്ബുകാരന് എന്തൊന്നു പ്രവർത്തിക്കാൻ കഴിയും? അയാൾ
സദ്ഗുണനും സേനന്മാരിൽ അനുകമ്പയുള്ളവനും ആയിരുന്നാൽ
തന്നെയും യമകിങ്കരസന്നിഭന്മാരായ ആ നിഷ്കളാനന്ദകിങ്കരന്മാ
രുടെ കൈയിൽനിന്നും അവരെ രക്ഷിക്കാൻ അയാൾ ശക്തനല്ല.

ഉദ്ദേശം രണ്ടുമണിക്കൂർ ആ ക്ലബ്ബിൽ ചെലവുചെയ്തു. കുറി
കൾക്കും തീറ്റിയും വെള്ളവുംനൽകി യാത്രയ്ക്കു തയാറാക്കി വൃക്ഷ
ത്തണലിൽ കെട്ടിനിർത്തിയിട്ടുണ്ട്. കുളി, ഭക്ഷണം മുതലായവ നിർ
വർത്തിക്കുവാൻ നിഷ്കളാനന്ദൻ സേനന്മാരോടു് ആവശ്യപ്പെട്ടതിൽ
അവർ അതിനു വഴിപ്പെട്ടില്ല. അതിനുപകരം അല്പം കിടന്നു
ങ്ങാൻ അനുവദിച്ചാൽ മതി എന്നു് അപേക്ഷിക്കുകയും സ്വാമി
കൾ അപേക്ഷയെ സ്വീകരിക്കുകയും ചെയ്തു ക്ലബ്ബുടമസ്ഥൻ സൗക
ര്യപ്പെടുത്തിക്കൊടുത്ത ഒരു മുറിയിൽ രണ്ടുപേരും പ്രവേശിച്ചു.
എന്തിനു്? ഉറക്കത്തിനോ? ശാന്തം! പാപം! കാലപാശം കഴുത്തിൽ
മുറുകി ശ്വാസം മുട്ടുമ്പോൾ ഉറങ്ങുകയോ? അഹോ! അനുകമ്പന്മാ
രായ ആ താരാനാഥാനുചരന്മാർ അശ്രുപൂർണ്ണങ്ങളായ നയനങ്ങളെ
പരസ്പരം മുഖത്തു തറയ്ക്കുന്ന ആ കാഴ്ച എത്ര ഭയനീയം! അടുത്ത
ഭാവിയിൽ അനുഭവിക്കാനിരിക്കുന്ന അവസ്ഥ എന്തായിരിക്കുമെന്നു്
അവർ പരസ്പരം ചൊദ്യംചെയ്തു. സ്വദേശത്തെപ്പറ്റിയും സ്വജന
ങ്ങളെപ്പറ്റിയും യജമാനനായ താരാനാഥനെപ്പറ്റിയും ഉള്ള ചിന്ത
കൾ രണ്ടുപേരുടെയും മനസ്സിനെ പിടിച്ചുലച്ചു. മാതാപിതാക്കന്മാ
രെക്കുറിച്ചു ചിന്തിച്ചപ്പോൾ നയനങ്ങളിൽ നിറഞ്ഞുനിന്ന അശ്രു
ക്കൾ അവർ അറിയാതെതന്നെ പ്രവഹിച്ചു. "വെങ്കലപ്രതിമ"
എന്നുവച്ചാലെന്ത്"? "അംഗനാലിംഗനം" എന്താണു? ഇങ്ങനെ
വലുതായ ഭീതിയോടുകൂടി പരസ്പരം ചോദിച്ചു. അവരുടെ ആന്തരാ
ർത്ഥം മനസ്സിലാക്കിയില്ലെങ്കിലും, ഭയങ്കരമായ ഒരു ശക്തി അവയിൽ
അടങ്ങിയിട്ടുണ്ടെന്നു് അവർ വിശ്വസിച്ചു. വെങ്കലപ്രതിമ 'ആലിം
കൊല്ലി'യല്ലാതെ മറെറാന്നായിവരാനിടയില്ലെന്നു അവർ വിശ്വ

സിച്ചു. അതോടുകൂടി അവരുടെ ഹൃദയാന്തർഭാഗത്തു കത്തിജ്വലിച്ച താപാഗ്നിയുടെ സ്ഥലിംഗങ്ങൾ മുഖത്തു സ്ഫുരിച്ചു. യൗവന ത്തിന്റെ സൗവർണ്ണദശയ്ക്കപ്പുറം കടന്നിട്ടില്ലാത്ത ആ രണ്ടു ചെറുപ്പ ക്കാർക്ക് അകാലമൃത്യുവിൽ ഭയമുണ്ടാകാതിരിക്കുന്നതെങ്ങനെ?

വീണ്ടും യാത്രതുടർന്നു. ആ യാത്ര അസ്തമയത്തോളം തുടർന്നു കൊണ്ടിരുന്നു. രാത്രിയിൽ ഒരു ക്ലബ്ബിൽ താമസിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ വീണ്ടും പുറപ്പെട്ടു. അന്നു തലേന്നാളത്തെപ്പോലെ മുടങ്ങാതെ യാത്രചെയ്തതിനുശേഷം രാത്രിയിൽ ഒരു ക്ലബ്ബിൽ താമസിച്ചു. അന്നത്തെ യാത്രയിലും പറയത്തക്ക വിശേഷമൊന്നുമുണ്ടായിരുന്നില്ല. അടുത്ത പ്രഭാതത്തിൽ അവിടുന്നും തിരിച്ചു. ഒരു മണിക്രൂർകൊണ്ടു ഒരു വനമാർഗ്ഗത്തിൽ കടന്നു. ഈ അരണ്യത്തിൽവച്ചാണു് താരാനാഥൻ ഇടംപ്രഥമമായി അശോക നാഥനെ സന്ദർശിച്ചതു് ആ സ്ഥലത്തെ സമീപിച്ചപ്പോൾ ഉഗ്ര സേനന്റെയും സിദ്ധസേനന്റെയും ഹൃദയപഥങ്ങളിൽ പൂർവ്വസ്മര ണകൾ ആരോഹണംചെയ്തു. സന്തോഷംകൊണ്ടോ, സന്താപം കൊണ്ടോ, അവരുടെ നയനങ്ങളിൽ അശ്രുക്കൾ നിറഞ്ഞു. എല്ലാ വരും വനാന്തർഭാഗത്തിൽ കടന്നു. അരമണിക്രൂർകൊണ്ടു് പ്രയാഗ യുടെ കൈവഴികളിൽ ഒന്നായ ഒരു ചെറിയ നദിയുടെ സമീപ മെത്തി. പ്രയാഗ, കാശ്മീരത്തിന്റെ ദക്ഷിണഭാഗത്തുള്ള പർവ്വത ങ്ങളിൽനിന്നും പുറപ്പെട്ടു് വടക്കോട്ടു വക്രഗതിയിൽ പ്രവഹിച്ചു് ഒടുവിൽ പടിഞ്ഞാറോട്ടൊഴുകുകയാണല്ലോ. മേൽപറഞ്ഞ നദി പ്രയാഗയുടെ ആദ്യത്തെ കൈവഴിയാണു്. മറ്റു കൈവഴികളെ അപേക്ഷിച്ചു പ്രാധാന്യവുമിതിനാണു്.

നമ്മുടെ അശ്രാന്തസഞ്ചാരികളായ പഥികന്മാർ ആ മനോഹര മായ നദീജലത്തിലിറങ്ങി കുതിരകളെ നനച്ചും കുളിച്ചും നിൽക്കു മ്പോൾ കുതിരകൾ പെട്ടെന്നു നാനാഭാഗങ്ങളിലേക്കും വിരണ്ടോടി. മുകളിൽനിന്നും ഒഴുകിവരുന്ന ഒരു പ്രേതത്തെക്കണ്ടു ഭയപ്പെട്ടതി നാൽ അങ്ങനെ സംഭവിച്ചതാണെന്നു് ഉത്തരക്ഷണത്തിൽ അവർക്കു മനസ്സിലായി. ഈ ഭയങ്കരമായ കാഴ്ച ഒരാവർത്തികൂടി നോക്കി ക്കാണാനുള്ള ധൈര്യം ഉഗ്രസേനനും സിദ്ധസേനനുമുണ്ടായിരു ന്നില്ല. അവർ പെട്ടെന്നു തിരിഞ്ഞു നിന്നുകളഞ്ഞു. വലിയ വലിയ കൊലപാതകങ്ങൾ കണ്ടും ചെയ്തും നല്ല തഴക്കവും പഴക്ക വുമുള്ള നിഷ്കളാനന്ദകിങ്കരന്മാർ പ്രേതത്തെ പിടിച്ചു കരയിൽ കയറ്റി. പ്രേതത്തെ സൂക്ഷിച്ചുകണ്ടപ്പോൾ എല്ലാവരും പരിഭ്രമ ത്തോടെ പിൻവാങ്ങി. അല്ല ഇതു ശിവയോഗിനിയുടെ പ്രേതമാ ണല്ലോ! എന്നുപറഞ്ഞു. അതുകേട്ടപ്പോൾ നിഷ്കളാനന്ദനുണ്ടായ സംഭ്രമവും ആശ്ചര്യവും ഇന്നപ്രകാരത്തിലാണെന്നു പറഞ്ഞറിയി

ക്കാവതല്ല. അയാൾ വേഗത്തിൽ പ്രേതത്തിന്റെ സമീപത്തിൽ ചെന്നു സൂക്ഷിച്ചുനോക്കി. പ്രേതം ഇനിയും അത്രവളരെ അഴുകിയിട്ടില്ല. വായുനിറച്ച റബ്ബർപന്തുപോലെ വണ്ണിച്ചു മുഖത്തു നീലനിറം വിശിയിട്ടുണ്ടെങ്കിലും സൂക്ഷിച്ചുനോക്കിയാൽ ക്രായ മനസ്സിലാകുന്നതാണു്. വസ്ത്രം പ്രേതത്തിൽനിന്നും വേർവിട്ടുപോയിരുന്നില്ല. പതിവായിധരിക്കുന്ന ആ വസ്ത്രവും ആളിനെ മനസ്സിലാക്കാൻ സഹായിക്കുന്നുണ്ടു്. "അതേ, ഇതു ശിവയോഗിനിയുടെ പ്രേതം തന്നെ; സംശയമില്ല" എന്നു നിഷ്കളാനന്ദൻ അഭിപ്രായപ്പെട്ടു.

ഇതിനിടയ്ക്കു് സിദ്ധസേനനും ഉഗ്രസേനനും മുഖംതിരിച്ചു പ്രേതത്തെ സൂക്ഷിച്ചുനോക്കി. അവക്കുണ്ടായ ആശ്ചര്യത്തിനു് അളവില്ല. ശ്രീപുരത്തുവച്ചു് ആദ്യത്തെ പ്രാവശ്യം തങ്ങളെ ഭ്രലോകസഞ്ചാരത്തിലേക്കു ക്ഷണിച്ചുകൊണ്ടുപോയ മനസ്വിനിയുടെ പ്രേതത്തെയാണു തങ്ങൾ കാണുന്നതെന്നു നിഷ്പ്രയാസം അവക്കു മനസ്സിലായി. എന്നാൽ അവർ അതു മറ്റുള്ളവരെ ധരിപ്പിച്ചില്ല.

"ഇതെന്തൊരാശ്ചര്യം! ശിവയോഗിനി എങ്ങനെ മരിച്ചു? ആത്മഹത്യയായിരിക്കുമോ? ഒരുപക്ഷേ കളിക്കാനിറങ്ങിയവഴിക്കു കയത്തിൽപെട്ടു മരിച്ചതായിരിക്കുമോ? ഉർബുദ്ധികളായ ഈ യുവാക്കന്മാരെ പിടിക്കുന്നതിനും ചില മണിക്കൂറിനുമുമ്പു ഞാൻ ശിവയോഗിനിയെ നേരിൽ കണ്ടുവല്ലോ?" എന്നു നിഷ്കളാനന്ദൻ പറഞ്ഞു.

അതുകേട്ടു് "ഹെയ്, ഒരിക്കലും ഇതു് ആത്മഹത്യയല്ല" എന്നുപറഞ്ഞുകൊണ്ടു് ഒരു കിങ്കരൻ ശിവയോഗിനിയുടെ മാറ്റിൽ തറച്ചിരുന്ന ഖഡ്ഗത്തെ പിഴുതെടുത്തു. നിഷ്കളാനന്ദൻ അതിനെ കൈയിൽവാങ്ങി നോക്കി; വെള്ളത്തിൽ കഴുകി മറിച്ചും തിരിച്ചും പരിശോധിച്ചു. അതിന്റെ നേമ്മയും പണിപ്പാടും വെള്ളിപ്പിടിയുംകണ്ടു് നിഷ്കളാനന്ദൻ പുരികം ചുളിച്ചു; അയാളുടെ ഹൃദയം ക്ഷോഭിച്ചു. അല്പനേരം വലുതായ ആലോചനയിൽപ്പെട്ടു തറയ്ക്കപ്പെട്ടപോലെ നിന്നു. ആലോചനയിൽനിന്നും വിരമിച്ചു ഖഡ്ഗത്തെ അരയിൽ തിരുകി. വീണ്ടും പ്രേതത്തെ സൂക്ഷിച്ചുനോക്കിട്ടു് നിഷ്കളാനന്ദൻ ഇപ്രകാരം പറഞ്ഞു:—"കിങ്കരന്മാരേ! ഈ സംഭവം എന്റെ വിചാരങ്ങളേയും ലക്ഷ്യങ്ങളേയും തെറ്റിച്ചിരിക്കുന്നു. എനിക്കു് ഉടനേ ശ്രീപുരത്തേയ്ക്കു് മടങ്ങേണ്ടിയിരിക്കുന്നു. താൻചെയ്ത സത്യത്തെ വിസ്മരിച്ചു നമ്മെ പിരിഞ്ഞുപോയ സുമുഖി നമുക്കു് എതിരായി പ്രവർത്തിച്ചുതുടങ്ങിയാൽ നമ്മുടെ സംഘത്തിനു വലുതായ അപായം നേരിടും. അതുകൊണ്ടു് ശ്രീപുരത്തേക്കു ചെല്ലട്ടേ! നിങ്ങൾ ഇവരെയുംകൊണ്ടു പോകുവിൻ! കായ്യങ്ങളെല്ലാം ശരിക്കു നിർവ്വഹിക്കുവിൻ! എന്റെ സാന്നിദ്ധ്യത്തോടുകൂടി നടത്തപ്പെടുന്നതുപോലെ സകലതും ശ്രദ്ധാശാന്തിയോടും സാമ

ത്ഥ്യത്തോടുംകൂടി നിവ്വഹിക്കണം. അണുവും വ്യത്യാസം വരുത്തു്."

കിങ്കരന്മാർ അതുകേട്ടു് അനുസരണഭാവത്തിൽ ശിരഃകമ്പനം ചെയ്തു. തങ്ങളെ ഏല്പിക്കുന്ന കായ്യത്തിൽ ലേശവും തകരാറുവരികയില്ലെന്നുള്ള അർത്ഥത്തിൽ അവർ നിഷ്കുളാനന്ദന്റെ മുഖത്തു നോക്കി. നിഷ്കുളാനന്ദൻ പറഞ്ഞ വാക്കുകളും കിങ്കരന്മാരുടെ അഭിനയങ്ങളും സേനന്മാരിൽ വലുതായ സംശയത്തെയും ഭീതിയേയും ജനിപ്പിച്ചു.

നിഷ്കുളാനന്ദൻ ശ്രീപുരത്തേക്കു പോകുവാനായി കുതിരപ്പുറത്തുകയറി പുറപ്പെടാൻ ആരംഭിക്കവേ ഉഗ്രസേനൻ അയാളെ തടഞ്ഞു് ഇപ്രകാരം പറഞ്ഞു:—സ്വാമിൻ! അടിയനു് ഒരുപേക്ഷയുണ്ടു്. കരുണാപൂർവ്വം അതിനെ ചെവിക്കൊള്ളണമെന്നു പ്രാർത്ഥിക്കുന്നു. പറവാനുള്ള സംഗതി എത്രയും രഹസ്യമാണു്. പരമകാരുണികനായ അവിടുന്നു് അതിലേക്കനുവദിച്ചു രക്ഷിപ്പാറാകണം

"ടർബുലോ! നിനക്കെന്താണു പറവാനുള്ളതു്" എന്നു ഗർജ്ജസ്വരത്തിൽ നിഷ്കുളാനന്ദൻ ഉച്ചത്തിൽ ചോദിച്ചു

"അടിയൻ പറയുന്നതു മറ്റാരും കേൾക്കാൻ പാടില്ല. അതുകൊണ്ടാണു് അവിടുത്തെമാത്രം ധരിപ്പിക്കണമെന്നുദ്ദേശിക്കുന്നതു്. ദയാപൂർവ്വം അതിലേക്കു് അനുവദിക്കണമെന്നു വീണ്ടും പ്രാർത്ഥിക്കുന്നു" എന്നു് ഉഗ്രസേനൻ പറഞ്ഞു.

അതുകേട്ടു "അകന്നുനില്ലിൻ" എന്നു നിഷ്കുളാനന്ദൻ കിങ്കരന്മാരോടാജ്ഞാപിച്ചു. അവർ അകന്നുമാറിയതിനുശേഷം "നിനക്കു പറവാനുള്ളതിനെ പറയുക! നിന്റെ വാക്കുകൾ യാഥാർത്ഥികവും എത്രയും സംക്ഷേപവുമായിരിക്കണം" എന്നു പറഞ്ഞു.

ഉഗ്രസേനൻ:—സ്വാമിൻ! എന്റേയും എന്റെ തോഴന്റേയും ഭാവി എന്തായിരിക്കുമെന്നു ഞങ്ങൾ അറിയുന്നില്ല. എന്നാൽ അവിടുത്തെയും അവിടുത്തെ ആജ്ഞാനുവർത്തികളുടേയും മുഖത്തുനിന്നു് ഓരോരോ ഘട്ടങ്ങളിൽ പുറപ്പെട്ടിട്ടുള്ള വാക്കുകളും ഞങ്ങൾക്കു വലുതായ പരിഭ്രമത്തിനും ഭയത്തിനും പാത്രമായിരിക്കുന്നു. സ്വാമിൻ! സാധുക്കളായ ഞങ്ങളിൽ തിരുവുള്ളമുണ്ടാകണം. അതിലേയ്ക്കു് അവിടുത്തെ ഏതൊരു കരാറിനേയും കൈക്കൊള്ളാൻ ഞങ്ങൾ തയാറാണു്. സ്വാഭാവികമായി ആക്ഷം ഉണ്ടാകാവുന്ന ജീവിതാശ ഞങ്ങളെ അതിലേയ്ക്കു പ്രേരിപ്പിക്കുന്നതാണു്. അതുകൊണ്ടു് അവിടുന്നു ഞങ്ങളുടെ കായ്യത്തിൽ അനുകൂലമായ തീരുമാനം ചെയ്യണം. മാത്രമല്ല അതിലേയ്ക്കു് അങ്ങു നിർബന്ധനമാണു്. അതുകൊണ്ടു് അങ്ങനെ ചെയ്യേതീരൂ എന്നു ഞാൻ നിർബന്ധി

ക്കുകയും ചെയ്യുന്ന അങ്ങയുടേയും അങ്ങയുടെ സംഘത്തിനേറയും നന്മയെ ഉദ്ദേശിച്ചുമാണു ഞാൻ ഇപ്രകാരം നിർബന്ധിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ യജമാനൻ, ഞങ്ങൾക്കു് എന്തെങ്കിലും അപകടം നേരിട്ടുന്നതായാൽ ആ നിമിഷത്തിൽ നിങ്ങളുടെ നാരായവേരിളക്കും. അദ്ദേഹം ആരാണെന്നു് ഇതേവരെ നിങ്ങൾ അറിഞ്ഞിട്ടില്ല.

നിഷ്കളാനന്ദൻ:—താരാനാഥനെപ്പറ്റിയല്ലേ നീ പറയുന്നതു്? എടാ! ചെക്കാ! നീ വെറുതെ പുലമ്പുന്നു. അവനെ ഞാൻ ഭയപ്പെടണമെന്നോ? നിന്റെ യജമാനനായ ആ താരാനാഥനെ ഞാൻ നല്ലവണ്ണം അറിയും.

ഉഗ്രസേനൻ:—അങ്ങു് അദ്ദേഹത്തെ അറിയുമോ?

നിഷ്കളാനന്ദൻ:—എന്തുകൊണ്ടറിഞ്ഞുകൂടാ! അവൻ വലിയ കള്ളനും പിത്തലാട്ടക്കാരനുമല്ലേ? കുറച്ചു ദിവസങ്ങൾക്കുമുമ്പു നേപാളത്തിലെ രാജാവിന്റെപേക്ക ഞാനയച്ചിരുന്ന ഒരെഴുത്തിനെ ഇവൻ എങ്ങിനെയോ കൈയിലാക്കി. അതു് അവന്റെ സ്വാർത്ഥത്തിനു് ഒരായുധമാക്കി സ്വീകരിച്ചു. ആ കത്തു് എന്നെ കാണിച്ചു് എന്റെ ആനുകൂല്യത്തെ സമ്പാദിക്കാമെന്നു നിശ്ചയിച്ചു. അവന്റെ ഉദ്ദേശങ്ങൾ നിന്ദ്യാർഹങ്ങളും ലക്ഷ്യങ്ങൾ ഉത്സ്യാധങ്ങളും ആകുന്നു. അക്കാര്യത്തിൽ സംശയമില്ല. ഒടുവിൽ നേപാളം രാജാവിന്റെ പ്രതിനിധിയെന്നുപറഞ്ഞു്, അതിനു തെളിവായി ഒരു കള്ളയെഴുത്തുംകാട്ടി, അതേരാജാവിന്റെ കൈയൊപ്പും മുദ്രയുമില്ലാത്ത ഒരു കള്ളക്കത്തുംകൊണ്ടുവന്നു; രണ്ടു് ആഴ്ചക്കുമുമ്പു ശ്രീപുരത്തുകൂടിയ പ്രഭയോഗത്തിൽ ഹാജരായി. അവന്റെ ഭാഗ്യം സഭ അങ്ങനെ അവസാനിച്ചതു്. അല്ലെങ്കിൽ കള്ളിയൊക്കെ പുറത്തായേനെ.

ഉഗ്രസേനൻ:—(അല്പം നിന്ദാഭാവത്തിൽ) ഞാൻ ഇതു ലേശം വിശ്വസിക്കുന്നില്ല.

സിദ്ധസേനൻ:—നിങ്ങൾ പറയുന്ന വാക്കുകൾ നിങ്ങൾ അറിയാതെ പറഞ്ഞുപോകുന്നതായിരിക്കാം.

നിഷ്കളാനന്ദൻ:—അങ്ങനെയൊ? വളരെ സന്തോഷം! നിങ്ങളുടെ യജമാനന്റെ അയോഗ്യത നിങ്ങൾക്കു് അറിഞ്ഞുകൂടാ. നിങ്ങൾക്കു് അറിയണമെന്നു ആഗ്രഹമുണ്ടെങ്കിൽ ഞാൻ തുറന്നു പറഞ്ഞുതരാം. എനിക്കു് അക്കാര്യത്തിൽ തീരെ മടിയില്ല. ഭയവുമില്ല. നിങ്ങൾ പിള്ളേരാണു്. ഞാൻ പറയുന്നതു കേൾക്കുക! നിങ്ങളുടെ യജമാനൻ ശ്രീപുരത്തു വന്നപ്പോൾ, വിജയസേനന്റെ പക്കൽനിന്നും ഉദയസേനന്റെ

പേക്ക് ഒരു കത്തുക്കൂടി കൊണ്ടുപോന്നിരുന്നു. ആ എഴുത്തിൽ താരാനാഥനെ 'സൂക്ഷിച്ചു'കൊള്ളണമെന്നു വിജയസേനൻ എഴുതിയിട്ടുണ്ടായിരുന്നു. ഇതുയുമല്ലാതെ അവൻ മറെറാന്നും അതിൽ എഴുതിയിരുന്നില്ല. ഒരുപക്ഷേ, താരാനാഥൻ എഴുത്തുപൊളിച്ചു വായിച്ചുനോക്കുമെന്നു സംശയിച്ചാണു് ചുരുക്കത്തിൽ അതുയുംമാത്രം എഴുതിയിരുന്നതു്. എഴുത്തുവായിച്ചുകണ്ടപ്പോൾമുതൽ ഉദയസേനനു താരാനാഥൻറെപേരിൽ ബലമായ സംശയം ജനിച്ചു. ഉടൻതന്നെ, താരാനാഥനെപ്പററിയ സകലവിവരങ്ങളും ആരാഞ്ഞുവരുന്നതിനായി ഉദയസേനൻ പദ്മപുരത്തേക്കു് ഒരാളിനെ അയച്ചു. ദൂതൻ അന്വേഷണം നടത്തി മടങ്ങിവരികയും ചെയ്തു.

ഉഗ്രസേനൻ:—(ബദ്ധപ്പെട്ടു്) എന്താണു് അന്വേഷണത്തിൽ കിട്ടിയ വിവരങ്ങൾ?

നിഷ്കളാനന്ദൻ:—ചെക്കാ! ഇടയ്ക്കുകയറി സംസാരിക്കണ്ടാ. അന്വേഷണത്തിൽ നിൻറെ യജമാനൻറെ പരമാത്മം മുഴുക്കെ അറിഞ്ഞു. താരാനാഥൻ എന്നൊരു മനുഷ്യൻ പദ്മപുരത്തിലില്ല. നേപാളത്തിലെ മന്ത്രിമാരിലും അങ്ങനെ ഒരാളില്ല. ഇനിയെന്തുവേണം? നിൻറെ യജമാനൻറെ യോഗ്യതയൊക്കെ ഇപ്പോൾ മനസ്സിലായില്ലെ? അന്നേദിവസം അശോകനാഥൻ ആ സഭയിൽ കടന്നുവന്ന നിൻറെ യജമാനനെ സഹായിക്കാതിരുന്നുവെങ്കിൽ ഇതിനകം വെങ്കലപ്രതിമയുടെ അവൻ ബലിയാടുമായിരുന്നു. പിന്നീടും നിൻറെ യജമാനൻ ഒരു പ്രാവശ്യം എൻറെ കൈയിൽ അകപ്പെട്ടു. എൻറെ ആലോചനക്കുറവിനാൽ അവൻ തെററിപ്പോയ്ക്കളയാനിടയായതാണു്. അവൻ അശോകനാഥൻറെ ഒറു കാരണം അശോകനാഥനെ സഹായിക്കണമെന്നു് ഉദ്ദേശമുള്ളവനമാണെന്നുള്ളതിൽ സംശയമില്ല.

നിഷ്കളാനന്ദനും അയാളുടെ കൂട്ടുകാരും താരാനാഥനെ ബന്ധിച്ചുകൊണ്ടുപോയതും താരാനാഥൻ തെററിപ്പിഴച്ചതും ആ സന്ദർഭത്തിൽ ചന്ദ്രഗുപ്തനും അയാളുടെ സൈന്യങ്ങളും വന്നെത്തിയതും അവരെക്കണ്ടു നിഷ്കളാനന്ദപ്രഭൃതികൾ പലായനം ചെയ്തതും മററും വായനക്കാർ ഓർക്കുന്നുണ്ടായിരിക്കണം.

ഉഗ്രസേനൻ:—നിങ്ങൾ പറഞ്ഞ പല സംഗതികളിലും ഞങ്ങൾക്കു് ആശ്ചര്യം തോന്നുന്നു. ചില സംഗതികൾ ഞങ്ങൾ ഇതിനുമുമ്പു കേട്ടിട്ടുപോലുമില്ല. അതിൽ ഞങ്ങൾക്കു പുതുമതോന്നുന്നു. പ്രഭുസഭയിൽ ഞങ്ങളുടെ യജമാനൻ സന്നി

ഹിതനായിരുന്ന എന്നല്ലാതെ അവിടെ എന്തല്ലാമാണ നടന്നതെന്ന ഞങ്ങൾ അറിഞ്ഞിട്ടില്ല. ഞങ്ങളുടെ യജമാനൻ നിങ്ങളുടെ കൈയിൽ അകപ്പെട്ടതും രക്ഷപ്പെട്ടതും ഞങ്ങൾക്ക് അറിഞ്ഞുകൂടാ. എന്നാൽ ഇതൊന്നും മഹാകായ്യമായി കരുതാനില്ല. ഞങ്ങളുടെ യജമാനനെപ്പറ്റി അപമാനകരമായ വാക്കുകൾ നിങ്ങളുടെ മുഖത്തുനിന്നും പുറപ്പെട്ടതുതന്നെ തെറ്റാണ്. അദ്ദേഹത്തെപ്പോലെ മഹാമനസ്കതയും ഉൽകൃഷ്ടവിചാരവും, ശൗര്യവും, വീര്യവും ഉള്ള പുരുഷന്മാർ അപൂർവ്വമാണ്. ഈ ഭാരതഖണ്ഡത്തിൽ ഇല്ലെന്നതന്നെ പറയാം.

നിഷ്കളാനന്ദൻ:—മതി, മതി, വാക്കുനിർത്തു! നീ എന്തെല്ലാം പറഞ്ഞാലും ഫലമൊന്നുമുണ്ടാകാനില്ല. നിന്റെ യജമാനൻ, കള്ളനും ചതിയനും അയോഗ്യനും ആണെന്നുള്ളതിൽ ആക്ഷേപമില്ല. പദ്മാവതി വസിക്കുന്ന ഗൃഹത്തിൽ നിങ്ങൾ രണ്ടുപേരും കടന്നതുതന്നെ നിന്റെ യജമാനന്റെ അയോഗ്യതയ്ക്ക മതിയായ തെളിവാണ്. അവൻ എന്റെ നേരിൽചെയ്ത സത്യത്തിനു വിരോധമായിട്ടാണ നിങ്ങളെ ആ സൗധത്തിലേക്ക പറഞ്ഞയച്ചതു്.

ഉഗ്രസേനൻ:—ഈശ്വരനാമത്തിൽ സത്യം ചെയ്തപറയുന്ന അദ്ദേഹം ഞങ്ങളെ ആ കെട്ടിടത്തിൽ പറഞ്ഞയച്ചിട്ടില്ല. വാസ്തവത്തിൽ ആ കെട്ടിടം എവിടെയാണെന്നും ഏതു ഭാഗത്താണെന്നും ഏതു ദേശത്താണെന്നും ഈയവസരത്തിലും ഞങ്ങൾക്ക അറിഞ്ഞുകൂടാ. ആര്യൻ ഒരു കിഴവി ഞങ്ങളുടെ കണ്ണുകെട്ടി ആ വീട്ടിൽ കൂട്ടിക്കൊണ്ടുചെന്നാക്കി. പിന്നീടു രണ്ടാംപ്രാവശ്യം ആ ഗൃഹത്തിലെ നായികതന്നെ ഞങ്ങളെ ക്ഷണിച്ചുകൊണ്ടുപോയതാണ്.

നിഷ്കളാനന്ദൻ:—അല്ല! പരമാർത്ഥമിതാണോ? നിങ്ങളെ ആര്യൻ കൂട്ടിക്കൊണ്ടുപോയ കിഴവി ആരാണ്.

ഉഗ്രസേനൻ:—ആരാണെന്ന ഞങ്ങൾക്ക് അറിഞ്ഞുകൂടാ. ആ കിഴവിയുടെ പ്രേതമാണ് ആ കിടക്കുന്നതെന്ന തോന്നുന്നു.

നിഷ്കളാനന്ദൻ:—ശരി, നീ പറയുന്നതു വാസ്തവമാണെന്നിരിക്കട്ടെ. നിങ്ങൾ ആ മാളികയിൽ കടന്നതു നിങ്ങളുടെ യജമാനന്റെ പ്രേരണയോടുകൂടി അല്ലെന്നും നിങ്ങളെ കൂട്ടിക്കൊണ്ടുപോയതു ഈ കിഴവിതന്നെയാണെന്നും സമ്മതിച്ചുകൊള്ളാം. എന്നാൽ ഇതുയുംകൊണ്ടു നിന്റെ യജമാനൻ യോഗ്യനാണെന്നു വെളിപ്പെടുന്നതല്ല.

ഉഗ്രസേനൻ:— സ്വാമിൻ! ഞാൻ എന്തെല്ലാംതന്നെ പറഞ്ഞാലും അവിടുത്തെ ഹൃദയത്തിൽ കടക്കുന്നില്ല. അതു് എന്റെ ഭാഗ്യദോഷംകൊണ്ടായിരിക്കാം. ഞാൻ ഇനി മറെറാരു പരമാത്മാവു് അങ്ങയെ ധരിപ്പിക്കാം. അതു കേൾക്കുമ്പോൾ അങ്ങേയ്ക്കു ആശ്ചര്യവും പരിഭ്രമവും ജനിച്ചേക്കാം അതു പരമാത്മാവെ വെളിപ്പെടുത്തിയാൽ അങ്ങു ഞങ്ങളെ രക്ഷിക്കുമെന്നു വിശ്വസിക്കട്ടെയോ? ഞങ്ങളെ അനുഭവിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്ന ഭയങ്കരമായ ശിക്ഷയിൽനിന്നും ഞങ്ങളെ വേർപെടുത്തുമെന്നു വിശ്വസിക്കട്ടെയോ? ആ പരമാത്മാവെ ഞങ്ങൾക്കു വെളിപ്പെടുത്താൻ പാടില്ലാത്തതാണെങ്കിലും ഞങ്ങളുടെ ജീവനെ നഷ്ടപ്പെടുത്താതിരിക്കാൻ വേണ്ടി അങ്ങയെ ധരിപ്പിക്കാമെന്നു നിശ്ചയിച്ചതാണു്. ഞങ്ങൾ ആ രഹസ്യത്തെ അങ്ങയെ ധരിപ്പിച്ചാൽ, ആ രഹസ്യമായ പരമാത്മാവെ വെളിപ്പെടുത്തിയാൽ, ഞങ്ങളുടെ യജമാനൻ ഞങ്ങളെ ദണ്ഡിക്കുകയില്ല; നേരേമറിച്ചു്, അദ്ദേഹം കാര്യം അറിയുമ്പോൾ ഞങ്ങളെ ശ്ലാഘിക്കുകതന്നെചെയ്യും. അദ്ദേഹം ഉദാരമനസ്കനാം സത്സ്വഭാവിയുമാണു്. ഞങ്ങൾക്കു് ഒരു അപകടം നേരിട്ടാൽ അദ്ദേഹം അതിനെ സഹിക്കുന്നതല്ല. ഞങ്ങൾ അദ്ദേഹത്തിൽനിന്നും എത്ര താണനിലയിലുള്ളവരായാലും അദ്ദേഹത്തിനു ഞങ്ങളിൽ ആത്മാർത്ഥമായ സ്നേഹമുണ്ടു്.

നിഷ്കുളാനന്ദൻ:— എന്താണു് ആ രഹസ്യം? മറയ്ക്കാതെ പറയുക! പക്ഷേ എന്തെങ്കിലും കള്ളംപറഞ്ഞു എന്നെ കബളിപ്പിക്കാമെന്നു വിചാരിക്കേണ്ടാ നീ പറയുമ്പോൾതന്നെ കള്ളമോ സത്യമോ എന്നു ഊഹിച്ചറിയാൻ എനിക്കു കഴിയും. കള്ളമാണു പറഞ്ഞതെങ്കിൽ നിങ്ങൾക്കു രക്ഷയുമില്ല.

ഉഗ്രസേനൻ:— ഞാൻ കള്ളംപറയുന്നവനല്ല; അങ്ങയെ കബളിപ്പിക്കുകയുമില്ല. എന്നാൽ പറയുന്ന രഹസ്യം അങ്ങു മറെറാരെയും ധരിപ്പിക്കരുതു്. അങ്ങയുടെ മനസ്സിൽതന്നെ പതിഞ്ഞിരുന്നാൽമതി. അന്യന്മാർ അറിയാൻ പാടില്ല

നിഷ്കുളാനന്ദൻ:— (അക്ഷമനായി) ഇല്ല; ഞാൻ ആരെയും അറിയിക്കയില്ല. എന്താണു് ആ രഹസ്യം? സമയം കളയണ്ടാ വേഗത്തിൽ പറയുക! എന്താണു് എന്നെ ധരിപ്പിക്കാൻ പോകുന്ന പരമാത്മാവു്?

ഉഗ്രസേനൻ:— സ്വാമിൻ! അതു പരമരഹസ്യമാണു്. ഒന്നുകൂടി അടുത്തു നിൽക്കണം കേൾക്കുടി; പിന്നെ, താരാനാഥൻ എന്ന ഞങ്ങളുടെ യജമാനൻ.....(അദ്ദോക്തിയിൽ വിരമിച്ചു)

നിഷ്കളാനന്ദൻ:— (പരിഭ്രമത്തോടെ) മതി, എനിക്കു മനസ്സിലായി സകലതും എനിക്കു മനസ്സിലായി. ഞാൻ ഒരു മൂഡനാണു് അതേ മൂഡൻ തന്നെ ഞാനതു് അപ്പോഴേ ഓക്കാതിരുന്നില്ല.

ഉഗ്രസേനൻ:—സ്വാമിൻ! ഇനി ഞങ്ങളെ രക്ഷിക്കണം.

നിഷ്കളാനന്ദൻ അതിനു സമാധാനമൊന്നും പറഞ്ഞില്ല. അല്പനേരം എന്തോ ദീർഘമായി ചിന്തിച്ചുകൊണ്ടിരുന്നു. ഇപ്പോൾ പരമാത്മാവെളിപ്പെട്ടതുകൊണ്ടു മേൽനടക്കേണ്ടും സംഗതികളെക്കുറിച്ചു ചിന്തിച്ചു. ഒടുവിൽ ഉഗ്രസേനനെനോക്കി ഇപ്രകാരം ചോദിച്ചു —"പദ്മാവതി വസിക്കുന്ന മാളികയിലെ വിവരങ്ങൾ നീയും നിന്റെ കൂട്ടുകാരനും അറിഞ്ഞിട്ടുണ്ടല്ലോ?

ഉഗ്രസേനന്റെയും സിദ്ധസേനന്റെയും മുഖത്തു സങ്കോചത്താൽ വർണ്ണഭേദം സംഭവിച്ചു. അതിൽനിന്നും തന്റെ ചോദ്യത്തിനു മറുപടി നിഷ്കളാനന്ദൻ ഗ്രഹിക്കുകയുംചെയ്തു. ആ മാളികയിലെ സംഭവങ്ങൾ നിങ്ങൾ ആരോടെങ്കിലും പറയുകയുണ്ടായിട്ടുണ്ടോ? എന്നു വീണ്ടും ചോദിച്ചു.

ഉഗ്രസേനൻ:—സ്വാമിൻ! ഞങ്ങൾ ചെയ്തിട്ടുള്ള സത്യത്തെഓർത്താൽ, ഞങ്ങൾക്കതു പരസ്യമാക്കാവുന്നതാണോ? ഞങ്ങൾ യാതൊരുത്തരോടും ഒരിനെപ്പറ്റി യാതൊന്നും സംസാരിച്ചിട്ടില്ല; സംസാരിക്കുന്നതുമല്ല. ഞങ്ങൾചെയ്ത സത്യം എത്ര ഭയങ്കരം! അതോർക്കുമ്പോൾതന്നെ ഞങ്ങളുടെ ശരീരം നടുങ്ങുന്നു.

നിഷ്കളാനന്ദൻ:—ശരി, അങ്ങനെയാണെങ്കിൽ ഇനി ഒരിക്കലും നിങ്ങൾ അതിനെ ഓക്കാതിരിക്കത്തക്കവിധത്തിലും അന്യരെ ധരിപ്പിക്കാതിരിക്കത്തക്കവണ്ണവും ഞാൻ വേണ്ടതു പ്രവർത്തിച്ചുകൊള്ളാം.

അകലേനിന്നു തന്റെ കിങ്കരന്മാരെ അരികിൽവിളിച്ചു. അവർ ഭയഭക്തിയോടുകൂടി ബദ്ധപ്പെട്ടു തന്റെ യജമാനന്റെ മുമ്പിൽ ഓടിഎത്തി. രഹസ്യമായി അവരോടു എന്തോ ആജ്ഞാപിച്ചിട്ടു കുതിരപ്പുറത്തുകയറി ശ്രീപുരത്തെ അഭിമുഖീകരിച്ചു യാത്രയായി. സിദ്ധസേനന്റെയും ഉഗ്രസേനന്റെയും മനസ്സിൽ വലിയ ഭയവും സംശയവും ജനിച്ചു. ഒരു വലുതായ രഹസ്യത്തെ വെളിപ്പെടുത്തിയിട്ടും തങ്ങൾഉദ്ദേശിച്ച ഫലംസിദ്ധിക്കാത്തതിൽ അവർക്കു വലുതായകണ്ടിതമുണ്ടായി. വൃഥാ പരമാത്മാവെവെളിപ്പെടുത്തിയതിനെക്കുറിച്ചു പശ്ചാത്താപമുണ്ടായി. രഹസ്യം വെളിപ്പെട്ടതോടുകൂടി നിഷ്കളാനന്ദനു കോപം ദീപ്തണീഭവിക്കയാണുണ്ടായതെന്നും അവർ ഗ്രഹിച്ചു. ഇനിമേൽ മോചനമാർഗ്ഗമില്ലെന്നു വിശ്വസിക്കയും ചെയ്തു.

നിഷ്ണുളാനന്ദന്റെ കിങ്കരന്മാർ സേനദ്വയത്തെയും ക്രൂട്ടിക്കൊണ്ടു യാത്രയായി. അല്പനേരത്തിനുള്ളിൽ, താരാനാഥൻ ഇടം പ്രഥമമായി നിഷ്ണുളാനന്ദനെ സന്ദർശിച്ച സ്ഥലത്തെത്തി. ഈ സ്ഥലത്തു് ഒരു വഴിയമ്പലമുണ്ടെന്നുള്ളതു് വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. ആ വഴിയമ്പലം ഇപ്പോൾ ഇടിഞ്ഞുവീണു്, അങ്ങനെ ഒന്നുണ്ടായിരുന്നു എന്നോർക്കാനുള്ള അടയാളത്തിനെന്ന വണ്ണം നഷ്ടശിഷ്ടങ്ങൾ മാത്രം ഇപ്പോൾ കാണുന്നുണ്ടു്. അശോകനാഥന്റെ ഭടന്മാർ ഇതുവഴി സഞ്ചരിച്ചിരിക്കണമെന്നും ആ അവസരത്തിൽ ഭീതിനെ അവർ ഇടിച്ചുപൊളിച്ചു നാമാവശേഷമാക്കിയതായിരിക്കണമെന്നും നമുക്കു് ഊഹിക്കാം.

വൈകുന്നേരം ആറുമണിയോടുകൂടി നിഷ്ണുളാനന്ദകിങ്കരന്മാർ സേനന്മാരെയുംകൊണ്ടു കല്പകക്കോട്ടയുടെ സമീപത്തിൽ എത്തി. ഈ കോട്ടയുടെ എടുപ്പുകളും മറ്റും സിദ്ധസേനനും ഉഗ്രസേനനും ഇതിനുമുമ്പു് ഒരുപ്രാവശ്യം കണ്ടിട്ടുള്ളതിൽ തങ്ങളുടെ യജമാനൻ അന്നരാത്രിയിൽ താമസിച്ച കല്പകക്കോട്ട ഇതുതന്നെയാണെന്ന നിഷ്പ്രയാസം അവർ മനസ്സിലാക്കി. കിങ്കരന്മാർ നേർവഴിയിൽക്കൂടി കോട്ടയ്ക്കുള്ളിൽ കടക്കുകയുണ്ടായില്ല: ചില ഗൂഢമാർഗ്ഗങ്ങളിൽക്കൂടി കോട്ടയുടെ പിൻഭാഗത്തുള്ള കാട്ടിൽ പ്രവേശിച്ചു. ഈ കാടിനെപ്പറ്റിയും അതിലെ വൃക്ഷങ്ങളും കോട്ടമതിലിനെ ചുറ്റിവളർന്നു നിൽക്കുന്നതിന്റെ ഭയങ്കരതയെപ്പറ്റിയും മറ്റും മുമ്പു പലപ്രാവശ്യം പ്രസംഗിച്ചിട്ടുണ്ടല്ലോ. കല്പകക്കോട്ടയിലെ ഭദ്രാസനമുറിയിൽ താരാനാഥൻ താമസിച്ചിരുന്ന ദിവസത്തിലും ശ്വേതവസ്ത്രം ധരിച്ച വൃദ്ധയുടെ സഹായത്താൽ അംബിക മോചിക്കപ്പെട്ട ദിവസത്തിലും ചുറ്റുമുള്ള വൃക്ഷങ്ങളുടെ വളർച്ചയെക്കുറിച്ചും അതിലെ മാർഗ്ഗങ്ങളെക്കുറിച്ചും വർണ്ണിച്ചിട്ടുണ്ടു്. അവർ (നിഷ്ണുളാനന്ദകിങ്കരന്മാർ) ആ വനത്തിൽക്കൂടി അല്പദൂരം നടന്നു് ഒരു ചെറിയ ക്ഷേത്രത്തിന്റെ സമീപത്തിലെത്തി. അശോകനാഥൻ, തന്റെ സൈന്യങ്ങളെ ശ്രീപുരത്തേക്കു നയിച്ചപ്പോഴും കാശ്മീരത്തിന്റെ ദക്ഷിണഭാഗങ്ങളെ കീഴടക്കാൻ പോയിരുന്ന സമയത്തിലും ഈ ക്ഷേത്രത്തെ കണ്ടിട്ടില്ലെന്നു തോന്നുന്നു. കണ്ടിരുന്നുവെങ്കിൽ അതിനെയും നാമാവശേഷമാക്കിയിരുന്നേനെ. നിഷ്ണുളാനന്ദന്റെ കിങ്കരന്മാർ ആ സ്ഥലത്തിറങ്ങി കുതിരകളെ വൃക്ഷങ്ങളിൽ ബന്ധിച്ചു. ഉഗ്രസേനന്റെയും സിദ്ധസേനന്റെയും കെട്ടുകൾ അഴിച്ചു് അവരെയും കുതിരപ്പുറത്തുനിന്നും താഴെ ഇറക്കി. കിങ്കരന്മാരിൽ ഒരുവൻ കോട്ടയ്ക്കകത്തു ചെന്നു് ഉദ്ദേശം ഒരു നാഴികയ്ക്കുള്ളിൽ ഒരു വൃദ്ധനെയും ക്രൂട്ടിക്കൊണ്ടു മടങ്ങിവന്നു വൃദ്ധനായ ചാരുദത്തനെക്കണ്ട ഉടനെ, ഉഗ്രസേനനും സിദ്ധസേനനും അയാളെ മനസ്സിലായി.

ചാരുദത്തനു സേനദ്വയത്തെയും മനസ്സിലായിരിക്കണം. അയാളുടെ മുഖത്തു സഹതാപവും സ്നേഹവും നിഴലിച്ചുകണ്ടു. അതുകണ്ടു സേനന്മാർക്കു അല്പം സമാധാനവും സന്തോഷവും ഉണ്ടായി എന്നാൽ അല്പനേരത്തിനുള്ളിൽ അയാളുടെ മുഖത്തു നിഴലിച്ച സ്നേഹഭാവങ്ങൾ അസംഗതമായി കാണപ്പെട്ടു. കിങ്കരന്മാരോടു രഹസ്യമായും ഉത്സാഹത്തോടുകൂടിയും അയാൾ ഓരോന്നു സംസാരിക്കയും ഇടയ്ക്കിടയ്ക്കു സേനന്മാരെ നോക്കി പല്ലുഞ്ഞെരുക്കുകയും ചെയ്തു. എല്ലാംകൊണ്ടും തങ്ങൾക്കിനി മോചനമില്ലെന്നു നിശ്ചയിച്ചു സേനന്മാർ വിഷാദാകുലന്മാരായി ഭവിച്ചു. ആ അവസരത്തിൽ അവരുടെ മനഃസ്ഥിതി എന്തായിരിക്കണമെന്നുള്ളതു് വാചാമഗോചരമാണു്. അവർ അനുഭവിച്ച അന്തസ്താപത്തിനു അവസാനമില്ല.

ചാരുദത്തൻ സേനന്മാരെ നോക്കി നിർദ്ദയവും നിഷ്ഠുരവുമായ വിധത്തിൽ ഇപ്രകാരം പറഞ്ഞു:—"ഞാൻ നിങ്ങളെ ഇപ്പോൾ നയിക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തെത്തുവോളം നിങ്ങളുടെ കണ്ണുകളടച്ചുകെട്ടേണ്ടിയിരിക്കുന്നു. നിങ്ങൾ വഴി മദ്ധ്യേ നിലവിളിക്കുകയോ മറ്റോ ചെയ്താൽ നിങ്ങളുടെ വായിൽ തുണി ചെലുത്തുകയും ചെയ്യും" അനന്തരം ഉഗ്രസേനന്റെയും സിദ്ധസേനന്റെയും കണ്ണുകൾ അടച്ചു കെട്ടുകയും കൈകൾ പിറകിൽ ബന്ധിക്കുകയും ചെയ്തിട്ടു്, ആ ക്ഷേത്രത്തിന്റെ ഒരു ചെറിയ വാതിൽ തുറന്നു് അതുവഴി അകത്തു കടന്നു. ചാരുദത്തനെയും സിദ്ധസേനോഗ്രസേനന്മാരെയും ക്രൂരന്മാരായ രണ്ടു കിങ്കരന്മാരും ഉണ്ടായിരുന്നു അതിനകത്തുനിന്നും പാതാളത്തിലേക്കു് ഒരു പടിക്കെട്ടുകണ്ടു മുമ്പിൽ ചാരുദത്തനും അയാളുടെ പിറകിൽ സേനന്മാരും അവരുടെ പിന്നിൽ കിങ്കരന്മാരും യഥാക്രമം പടിക്കെട്ടിൽ ക്രൂരം കീഴ്പ്പോട്ടിറങ്ങി തങ്ങളെ ഏതൊരിടത്തേക്കു കൊണ്ടുപോകുന്നു എന്നും അവിടുത്തെ സ്ഥിതിയെന്തായിരിക്കുമെന്നും എത്ര ഭയങ്കരമായ ശിക്ഷ ആ സ്ഥലത്തു അനുഭവിക്കേണ്ടിവരുമെന്നും മറ്റുമുള്ള സംഗതികൾ സേനന്മാരുടെ ചിന്താപഥത്തെ ആരോഹണംചെയ്തു് അലട്ടിക്കൊണ്ടിരുന്നു. വെങ്കലപ്രതിമയേയും, അംഗനാചുംബനത്തെയുംപറ്റി കഴിഞ്ഞ മൂന്നു ദിവസങ്ങളായി വീണ്ടും വീണ്ടും ചിന്തിച്ചു് യാതൊരു പിടിയും കിട്ടാതെ അസമാധാനഹൃദയന്മാരായി ഭവിച്ച ആ സാധുയുവാക്കന്മാർക്കു് അടുത്ത ക്ഷണത്തിൽ അവയെ കാണുന്നതിനും അനുഭവിക്കുന്നതിനും സംഗതിയാകുമെന്നു വിശ്വാസമുള്ളപ്പോൾ എത്രമാത്രം സങ്കടം നേരിടാമെന്നുള്ളതു് ഊഹ്യമണല്ലോ. നടക്കാൻ ശക്തിയില്ലാത്തവണ്ണം അവർ പരവശന്മാരായി എങ്കിൽ, അതിൽ, ആശ്ചര്യപ്പെടാനുമില്ല.

ഒരുവിധത്തിൽ ചാരുദത്തന്റെ പിറകേ പടിക്കെട്ടിൽക്കൂടി കീഴ്പ്പോട്ടിറങ്ങുകതന്നെചെയ്തു! അവിടെ അന്ധകാരാവൃതമായ ഒരു ഇടനാഴിയ മാർഗ്ഗം കാണപ്പെട്ടു. ആ പടിക്കെട്ടിന്റെ അവസാനത്തിൽ കൊളുത്തിവച്ചിരുന്ന ഒരു ചെറിയ വിളക്കിനെ കൈയിൽ എടുത്തുംകൊണ്ടു ചാരുദത്തൻക്കൂടി മുമ്പോട്ടുകടന്നു. പിറകേ നടക്കുന്ന സിദ്ധസേനനും ഉഗ്രസേനനും ഇരുവശത്തുമുള്ള ചുവരുകളിൽ തലതല്ലാതെ കിങ്കരന്മാർ സൂക്ഷിക്കുന്നുണ്ടായിരുന്നു. കാൽ പെരുമാറ്റത്താൽ ശബ്ദം ഉണ്ടാകരുതെന്ന കരുതലോടുകൂടി സാവധാനത്തിൽ നടക്കുകയായിരുന്നു. അല്പദൂരം ചെന്നപ്പോൾ വീണ്ടും അടിയിലേക്കു ഒരു പടിക്കെട്ടുകണ്ടു, അതുവഴി കീഴ്പ്പോട്ടിറങ്ങി. കീഴ്പ്പോട്ടുള്ള ഏണിപ്പടികളിൽക്കൂടി ഇറങ്ങുന്തോറും സേനന്മാരുടെ ഹൃദയസ്പന്ദനം ശീഘ്രഗതിയെ അവലംബിച്ചുതുടങ്ങി. നവനവങ്ങളായ ചിന്തകൾ അവരുടെ മനസ്സിൽ സ്ഥലം പിടിച്ചും വന്നു രക്തനാഡികൾ സ്തംഭിച്ചുതുപോലുള്ള ഒരനുഭവം അവർക്കുണ്ടായി. ഉത്സാഹമായ തലവേദനയും ശരീരം ആസകലം ഒരു മൂടൽ ബാധിച്ചു.

ആ പടിക്കെട്ടിലിറങ്ങി അഞ്ചെട്ടുവാര ദൂരം സമനിലത്തിൽക്കൂടി നടന്നതിനുശേഷം മേല്പോട്ടേക്കുള്ള ഒരു ഏണിപ്പടിയിൽക്കൂടി കയറി അതുംകഴിഞ്ഞു അല്പദൂരം സമനിരപ്പിൽക്കൂടി നടന്നു. ആ സ്ഥലത്തുണ്ടായിരുന്ന ഒരു വാതിൽ, ചാരുദത്തൻ തന്റെ കൈയിലിരുന്ന താക്കോൽകൊണ്ടു തുറന്നു. അതു് ഒരു മുറിയിലേക്കുള്ള വാതിലായിരുന്നു. അയാളുടെ കൈയിലിരുന്ന ദീപപ്രകാശത്തെ ക്ഷയിപ്പിക്കാൻപോലും ശക്തിയുള്ള ആ മുറിയിലെ ക്ലിന്നതയെപ്പറ്റി എന്തു പറയട്ടെ. ആ മുറിയുടെ മുകൾഭാഗം അണ്ഡാകൃതിയിൽ കാണപ്പെട്ടു. വായുസഞ്ചാരത്തിനു യാതൊരു പഴുതും അതിനകത്തുണ്ടായിരുന്നില്ല. വലിയ വലിയ കരിങ്കൽത്തൂണുകൾ ആ മുറിയുടെ മുകൾഭാഗത്തെ താങ്ങിക്കൊണ്ടുനിന്നിരുന്നു അതുകൊണ്ടു, മഹാപരാധംചെയ്ത കുറെക്കാരെ പാർപ്പിക്കാനുള്ള ഒരു തടവുമുറിയാണതെന്നു് അനുമാനിക്കാം. അവർ ആ മുറിയിൽ നടക്കുമ്പോൾ ഭയാനകമായ പ്രതിധ്വനികൾ അതിനകത്തു മുഴങ്ങിക്കൊണ്ടിരുന്നു.

ആ മുറിയിൽവച്ചു ഉഗ്രസേനനേയും സിദ്ധസേനനേയും കണ്ണുകളിലെ കെട്ടഴിച്ചു സ്വതന്ത്രന്മാരാക്കി. ആ വിശാലമായ മുറിയിലെ കാഴ്ചകൾ അവരെ ഭയവിഹ്വലന്മാരാക്കിചെയ്തു. മുറിയുടെ ഒരുഭാഗത്തു ഭയജനകങ്ങളായ പല കറുത്ത രൂപങ്ങളും വെളുത്തരൂപങ്ങളും അവരുടെ കണ്ണിനു വിഷയീഭവിച്ചു. ആ മുറി ഭൂതപ്രേതപിശാചുക്കളുടെ വിഹാരരംഗമായിരിക്കാമെന്നു സംശ

യിച്ചു് സിദ്ധസേനനും ഉഗ്രസേനനും ഭയപൂളകിതന്മാരായി ഭവിച്ചു. പലമാതിരി സത്വങ്ങൾ അവിടെ വിഹരിക്കുന്നതുപോലെ അവക്കു തോന്നി. വാസ്തവത്തിൽ അതു വെറും തോന്നൽമാത്രമായിരുന്നു! അതേ, പലമാതിരിയിലുള്ള ശവകുടീരങ്ങളെക്കണ്ടു സംശയിച്ചതാണു്. "വിരണ്ടവൻകണ്ണിൽ ഇരുണ്ടതെല്ലാംപേ"യെന്നാണല്ലോ പഴമൊഴി.

ആ മുറിയും കഴിഞ്ഞു അല്പംകൂടി മുമ്പോട്ടപ്പെന്നപ്പോൾ വെണ്ണക്കല്ലുകൊണ്ടുണ്ടാക്കിയ ഒരു ഏണിപ്പടി കണ്ടു. അതിനപ്പുറം വേറെയും പല ശവകുടീരങ്ങൾ കാണപ്പെട്ടു. ആ സ്ഥലവും കടന്നു മുമ്പോട്ടുനടന്നു. എല്ലാവരും മൗനത്തെ ആശ്രയിച്ചുംകൊണ്ടാണു നടക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കുറേദൂരം ചെന്നപ്പോൾ അവിടെ ഒരു വാതിൽ കാണപ്പെട്ടു. വാതിൽ തുറന്നു ഒരു മുറിയിൽ കയറിയതും സേനന്മാർ ഞെട്ടി പിറകോട്ടു മാറിയതും ഒന്നിച്ചു കഴിഞ്ഞു. നമുക്കു പരിചയമുള്ള ആ വലിയ ചക്രങ്ങളെക്കണ്ടു ഭയന്നാണു് അവർ പിന്നോക്കം മാറിയതെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അവർ പിന്നെയും പിന്നെയും അതിനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് ചില നിമിഷങ്ങൾ അതേ നിലയിൽതന്നെനിന്നു. തങ്ങളെ നിഗ്രഹിക്കാനായി കൃട്ടിക്കൊണ്ടുപോകയാണെന്നു് അവക്കു വിശ്വാസമുണ്ടല്ലോ. ഭീമാകൃതിയിലുള്ള ആ ചക്രങ്ങളെ കണ്ടപ്പോൾ തങ്ങളുടെ അവസാനമടുത്തു എന്നു അവർ തീർച്ചപ്പെടുത്തി. ചക്രങ്ങളുടെഇടയിൽ പിടിച്ചിട്ടു് ജീവഹാനി വരുത്തി കാലന്തുക്കു് അയയ്ക്കുമെന്നു ബലമായി വിശ്വസിച്ചു. ചക്രങ്ങളുടെ ഇടയിൽപെട്ടു് നുറുങ്ങുമ്പോഴത്തേ അനുഭവത്തെ ഓർത്തു് അവർ വല്ലാതെ നടുങ്ങി. ഒരു വലിയ ഖഡ്ഗം കഴുത്തിനുനേരെ താഴുമ്പോൾ ഉണ്ടാകുന്ന അന്തർഭയം അവരെ ബാധിച്ചു. അവരുടെ കണ്ണും കരളും ചക്രങ്ങളിൽതന്നെ പ്രവർത്തിച്ചുകൊണ്ടിരുന്നു.

ആകാശത്തിൽ പറക്കുന്ന ഗരുഡനെക്കണ്ടു പതുങ്ങുന്ന കോഴിക്കുഞ്ഞുങ്ങളെപ്പോലെ ചക്രങ്ങളെക്കണ്ടു വിറപൂണ്ടുനിന്ന സേനന്മാർ പിൻഗാമികളായ നിഷ്കളാനന്ദകിങ്കരന്മാരുടെ 'ഉം'കാരശ്രവണത്തിനുകേട്ടു് ചുവടിടിളക്കി മുമ്പോട്ടുനടന്നു. അവിടംകഴിഞ്ഞു മറെറാരു മുറിയിൽകടന്നു; അതിനകത്തു് ഒട്ടുവളരെ വലിയ ഭരണികൾ നിരത്തിവച്ചിട്ടുണ്ടായിരുന്നു. ആ മുറിയുംകടന്നു് ഒരു ഇടുങ്ങിയ വഴിയിലിറങ്ങി. കുറെദൂരം മുമ്പോട്ടുനടന്നുചെന്നു് അവിടെക്കണ്ട ഒരു വാതിൽ തുറന്നു. അഹോ! വെങ്കലപ്രതിമ, അതാ സേനന്മാരുടെ നയനേന്ദ്രിയത്തിനു വിഷയീഭൂതമാകുന്നു; മുട്ടുപഴപ്പിച്ച ഒരു ഇരുമ്പുഗോളം അവരുടെ ഹൃദയാന്തരത്തിൽ താഴ്ന്നാലുള്ള അനുഭവ

ത്തോടുക്രൂടി അവർ നിലകൊള്ളുന്നു; ശരീരം ആസകലം വിറയ്ക്കുന്നു. നില്ക്കാനും ഇരിക്കാനും ശയിക്കാനും കഴിവില്ലാത്ത ഒരു അവസ്ഥ അവരെ ബാധിക്കുന്നു. അതാ വീണ്ടും ഉഗ്രാവിഗ്രഹത്തെ അവർ സൂക്ഷിച്ചുനോക്കുന്നു. തങ്ങൾ കാണുന്നതു" കാളീവിഗ്രഹത്തെയാണെന്നു" അവക്ക് മനസ്സിലായതു് ഇപ്പോൾ മാത്രമാണു്. അത്യന്തഭക്തിയോടുക്രൂടി അവർ അതാ നമസ്കരിക്കുന്നു. ദേവിയുടെ തിരുനാമങ്ങളെ ഉച്ചരിക്കാൻ അവർ അധരോഷ്ഠങ്ങളെ വിടർത്തുന്നു. ശാന്തം, പാപം! അവ നാക്കുകൊക്കുണ്ടോ ചലനം? ആ കണ്ഠങ്ങളിൽ നിന്നു മുണ്ടോ ശബ്ദം പുറപ്പെടുന്നു? അവർ മനസ്സുകൊണ്ടു ദേവിയെ സ്തോത്രംചെയ്തു. യമകിങ്കരതുല്യന്മാരായ ആ നിഷ്ഠുരാനന്ദകിങ്കരന്മാർ അവരെ വലിച്ചിഴച്ചു വിഗ്രഹത്തിന്റെ പിൻഭാഗത്തുള്ള ഒരു കിടങ്ങിൽ കൊണ്ടുക്കുത്തള്ളി.

"ഹേ! യുവാക്കന്മാരെ! നിങ്ങൾ ഈശ്വരനെ പ്രാർത്ഥിക്കുക. ലൗകികബന്ധത്തെയും തജ്ജന്യമായ ചിന്തകളെയും സന്ത്യജിക്കുക! നിങ്ങൾക്കു് ഇനി ഈ ലോകത്തിൽ സ്ഥാനമില്ല. അല്പനേരത്തിനുള്ളിൽ നിങ്ങളുടെ ജീവിതം അവസാനിക്കുന്നതാണു്. അഥവാ അവസാനിച്ചുതന്നെ" എന്നു ചാരുദത്തൻ പറഞ്ഞു

ഉഗ്രസേനന്റെയും സിദ്ധസേനന്റെയും ഇപ്പോഴത്തെമനഃസ്ഥിതി എന്തായിരിക്കുമെന്നു ഊഹിച്ചറിയുകയല്ലാതെ പറഞ്ഞറിയിക്കാൻ പ്രയാസമുണ്ടു്. അവരുടെ ഇന്ദ്രിയങ്ങൾ അചഞ്ചലങ്ങളായി ഭവിച്ചു. വെട്ടിയിട്ട മരംപോലെ രണ്ടുപേരും നിലത്തു വീണു രോദനം തുടങ്ങി. പക്ഷേ, രോദനാരവം ആ നിശ്ശബ്ദകർണ്ണങ്ങളുടെ പരിധിയെ ലംഘിക്കുന്നില്ല. സർവ്വാന്തര്യാമിയായ ജഗദീശ്വരനെ മനസാ ധ്യാനിക്കുന്ന, പൊടുന്നനെ ക്രുദ്ധമണിമുഴക്കുന്ന ശബ്ദം അവരുടെ കർണ്ണരന്ധ്രങ്ങളെ ഭേദിച്ചു. അല്പസമയത്തിനുള്ളിൽ ആ മുറിയിൽ മറെറാരു വാതിൽ തുറക്കപ്പെട്ട യുവാക്കന്മാരുടെ ദൃഷ്ടി ആ സ്ഥലത്തേക്കുപാഞ്ഞു. എന്താണു സംഭവിക്കാൻ പോകുന്നതെന്നറിയാതെ ഭയപ്പെട്ട നഖശിഖാന്തം, കറുത്ത ചട്ടകൊണ്ടു മറയ്ക്കപ്പെട്ട മൂന്നു സത്വങ്ങൾ അതുവഴി ആവിർഭവിച്ചു. "എടോ! പൂജാരി! താൻ എന്തിനായിട്ടു ഇപ്പോൾ ഞങ്ങളെ വരുത്തി? പറയൂ!" വേഗം പറയൂ!" എന്നു ആ സത്വങ്ങൾ ചാരുദത്തനോടായി ചോദിച്ചു. ചാരുദത്തൻ അതുകേട്ടു്, "അംഗനാചുംബനത്തിനു് അവസരം സിദ്ധിച്ചിരിക്കുന്നു. വെങ്കലപ്രതിമയ്ക്കു ബലിനടത്തേണ്ടതായിട്ടുണ്ടു്; നിങ്ങളെ ക്ഷണിച്ചതു മറെറാന്നിനുമല്ല" എന്നു പറഞ്ഞു.

യമകിങ്കരന്മാരെയെന്നപോലെ സത്വത്രയത്തെക്കണ്ടു സിദ്ധസേനനും ഉഗ്രസേനനും നഷ്ടപ്രജ്ഞരായി നിലത്തുപതിച്ചു.

അനന്തരം സുബോധമുണ്ടായി കണ്ണുതുറന്നുനോക്കിയപ്പോൾ സതപങ്ങൾ മൂന്നും നിലത്തുവീണുകിടന്ന തങ്ങളെ താങ്ങിയെടുത്തു നിത്തിയിരിക്കുന്നതായി കണ്ടു. അമ്പോ! എത്ര ഭയങ്കരം! ആ സതപങ്ങളെ അകലെക്കണ്ടാൽതന്നെ ഏതൊരാളും ഭയപ്പെട്ടുമെന്നുള്ളതു പരമാത്ഥമാണു്. ആ സ്ഥിതിക്കു് അവ തങ്ങളുടെ ശരീരങ്ങളെ താങ്ങുന്നതിനിടയായാലത്തെ അനുഭവം എന്തായിരിക്കും? താരാനാഥഭൃത്യന്മാർ പലവുരു ഞെട്ടി പുറവുപാട്ടം കണ്ണോടിക്കുകയും അടിക്കടി കണ്ണടയ്ക്കുകയും വീണ്ടും സതപങ്ങളെ ഉറുനോക്കുകയും ചെയ്യുന്നുണ്ടു്. തങ്ങൾ മൂർച്ഛിച്ചുവീണ കിടങ്ങിൽതന്നെ നില്ക്കുന്നവെന്നു് അവക്കു മനസ്സിലായി. ചാരുദത്തൻ വിളക്കുംപിടിച്ചുകൊണ്ടു് അരികിൽ നില്ക്കുന്നുമുണ്ടു്. അയാളുടെ മുഖഭാവം ഹൃദയത്തിലെ സഹതാപത്തെയോ ദ്വേഷത്തെയോ വെളിപ്പെടുത്തുന്നതെന്നു നിശ്ചയിക്കാവുന്നതല്ല. ഉഗ്രസേനനും സിദ്ധസേനനും ആ മുഖത്തു ഭയനീയമാംവണ്ണം സൂക്ഷിച്ചു നോക്കുന്നുണ്ടു്. തങ്ങളെ സഹായിക്കണമെന്നുള്ള അപേക്ഷ ആ നോട്ടത്തിൽ അന്തർഭവിച്ചിട്ടുമുണ്ടു്. ആ ഭയങ്കരസതപങ്ങൾ യമകിങ്കരന്മാരേപ്പോലെ സമീപിച്ചുനില്ക്കുന്നു. പുരോഭാഗത്തുവെങ്കലപ്രതിമ, പളപളായമാനമായിത്തിളങ്ങിക്കൊണ്ടിരിക്കുന്നു. അമ്പോ! ഈ ഭയങ്കരകാഴ്ചകൾ അവക്കു് എത്രകണ്ടു മർമ്മഭേദകമായിരിക്കണം. അവ സ്വപ്നപ്രതീതികളായി ഭവിക്കണമെന്നു് അവർ അഭിലഷിക്കാതിരിക്കുന്നില്ല. പക്ഷേ, അതു സംഭവ്യമല്ലല്ലോ? യഥാത്ഥമായ ആ കാഴ്ച സ്വപ്നസംഭവമായി പരിണമിക്കുന്നതെങ്ങനെ? ആ ബോധം അവക്കുണ്ടായ – ക്ഷണത്തിൽ അവരുടെ യുവഹൃദയങ്ങൾ എരിപൊരിക്കൊണ്ടു്, ആലിലപോലെ വിറപൂണ്ടു. ഈ ബീഭത്സസതപങ്ങളെയും കൊടുംകാളിയെയും തങ്ങൾ പരമാത്ഥത്തിൽ നോക്കിക്കാണുന്നു എന്നു വിശ്വസിച്ചു; തങ്ങളുടെ അവസാനം അടുത്തു എന്നു തീർച്ചപ്പെടുത്തി; മോചനമില്ലെന്നറിച്ചു ഭീർഘഭീർഘം നിശ്വസിച്ചു.

ലോകത്തിൽ ഏതൊരു സംഭവത്തേയും വർണ്ണിക്കാൻ വാക്കുകളുണ്ടു്; എത്ര ഭയങ്കരമായ സംഭവത്തേയും മിതമായ വാക്കുകളെക്കൊണ്ടു വെളിപ്പെടുത്താം; എത്ര ദുഃഖകരമായ സംഭവങ്ങളേയും ഏതാനും വാക്കുകളിൽ വെളിപ്പെടുത്താം, മനസ്സിലുണ്ടാകുന്ന ഏതൊരാശയത്തേയും വാക്കുകളിൽ വിശദീകരിക്കാം. സിദ്ധസേനോഗ്രസേനന്മാരുടെ ഏതല്ലാലമനഃസ്ഥിതിയെ അതേപ്രകാരത്തിൽ വെളിപ്പെടുത്താനുള്ള പദങ്ങൾ മലയാളത്തിലെന്നല്ല, ഗീർവ്വാണത്തിലുമുണ്ടെന്നു തോന്നുന്നില്ല. പതിനായിരം രൗരവനരകങ്ങളിലെ സങ്കടങ്ങൾ ഒന്നിച്ചുചേത്താലും അവരുടെ സങ്കടത്തോടു കിടപിടിക്കുകയില്ലെന്നു ധൈര്യപ്പെടുത്തിപ്പറയാം; ഇല്ലെന്നു വീണ്ടും പറയാം.

ഒരു സന്ന്യാസം തന്റെ ഉള്ളംകൈയിൽനിന്നും ഒരു വകച്ചാനീയം നിറച്ചു കൂപ്പിയെടുത്തു സേനന്മാരുടെ കൈയിൽ കൊടുത്തിട്ട്, കുടിക്കാൻ സംജ്ഞാപനം ചെയ്തു. ആ കല്പനയെ ലംഘിക്കാനുള്ള ധൈര്യം ആ സാധുക്കൾക്കില്ലല്ലോ! അവർ ആജ്ഞയെ ശിരസ്സാ നിർവ്വഹിച്ചു കൂപ്പി തിരികെ കൊടുത്തു. അതേ അവസരത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ഒരു നവ്യശക്തി അവരുടെ മനഃകോശങ്ങൾക്കു സിദ്ധിച്ചു. സന്ദർഭോചിതമായ ഒരു ഉന്മേഷം അവരെ ബാധിക്കുകയുംചെയ്തു. ബലികർമ്മത്തിന്റെ പ്രാരംഭക്രിയയായ ആ പാനീയപാനത്താൽ അവരുടെ പ്രകൃതിക്കുണ്ടായ വലുതായ മാറ്റം, ഉർഗ്ഗാപ്രസാദത്താൽ സംസിദ്ധമായതായിരിക്കാം.

പക്ഷേ, ദേവപ്രസാദം ക്ഷണഭംഗുരമായിരുന്നു; അല്പനിമിഷങ്ങൾക്കുശേഷം, അവരുടെ നവ്യശക്തിയും ഉന്മേഷവും അസ്തംഗതമായി; അവർക്കു സുബോധമുണ്ടായി. തങ്ങളുടെ ആപത്തിനെക്കുറിച്ചുള്ള ഓർമ്മയുണ്ടായി. അവർ പൂർവ്വാധികം സങ്കടപ്പെട്ടു. തങ്ങളുടെ പ്രാണങ്ങൾ ഒടുങ്ങാറായി എന്നു വിശ്വസിച്ചു. പരസ്പരം പരിരംഭണംചെയ്തു വാവിട്ടു നിലവിളിച്ചു. അല്പനേരം കഴിഞ്ഞു. "ഛെയ്! എന്തൊരു മൗഢ്യമാണു്? നാം എന്തിനു ഖേദിക്കുന്നു. 'ധൈര്യം പുരുഷലക്ഷണം' എന്നല്ലേ അഭിയുക്തവചനം? നമ്മുടെ മരണത്തിന്റെ വിധികർത്താവു് സർവ്വലോകനിയന്താവാണു്. അദ്ദേഹത്തിന്റെ വിധിയെ അസ്ഥിരപ്പെടുത്താൻ ആർക്കും യാതൊരു ശക്തിക്കും കഴിയുന്നതല്ല. നമ്മുടെ മരണം ഈ വിധത്തിലായിരിക്കണമെന്നാണു് അദ്ദേഹം വിധിച്ചിട്ടുള്ളതെങ്കിൽ അങ്ങനെയല്ലാതെ സംഭവിക്കയില്ല. ഈ ഉദ്യമം അദ്ദേഹം നമുക്കു വിധിച്ചിട്ടില്ലെങ്കിൽ നമുക്കു് ഇപ്പോൾ മരണവുമില്ല. രണ്ടു പ്രകാരത്തിലായാലും നാം ഖേദിക്കേണ്ട ആവശ്യമില്ല. ധൈര്യത്തെ അവലംബിച്ചു മനസ്സിനെ സമാധാനപ്പെടുത്തുക" എന്നു സിദ്ധസേനൻ സ്വഭാഷയിൽ പറഞ്ഞു.

ഉഗ്രസേനൻ അതുകേട്ടു സ്നേഹിതാ! യുദ്ധത്തിൽ മരിക്കേണ്ടിവന്നാൽ ഞാൻ ഒരിക്കലും അധൈര്യപ്പെടുകയില്ല, ആ ഘട്ടത്തിൽ നമ്മുടെ പൗരുഷത്തെയും സമുദായാഭിമാനത്തേയും രാജ്യശ്രേയസ്സിനേയും യജമാനന്റെ കീർത്തിയേയും പാലിക്കാനായി സധൈര്യം മരണത്തെ എതിർക്കാവുന്നതാണു്; തജ്ജന്യമായ ധൈര്യം ഒന്നു് വെറെ. എന്നാൽ ഇപ്രകാരം നാട്ടുകാരും വീട്ടുകാരും അറിയാതെയുള്ള ഒരു ഉമ്മരണത്തിൽ എന്തൊരു ധൈര്യമാണുണ്ടാകാനുള്ളതു്? ധൈര്യപ്പെടണമെന്നു പറയുന്നതിൽ എന്തൊരർത്ഥമാണുള്ളതു്. സ്നേഹിതാ! ഒരു പ്രകാരത്തിലും എനിക്കു ധൈര്യമുണ്ടാകു

ന്നില്ല. ഉറവിടവും പെറവിടവും അറിയാതെ ഈ വിധത്തിൽ മരിക്കാൻ ആർക്കാണ് ധൈര്യമുണ്ടാവുക? എന്നിങ്ങനെ ഗദ്ഗദത്തോടുകൂടി ചോദിച്ചു.

ആ വാക്കുകൾ കേട്ടപ്പോൾ സിദ്ധസേനന്റെ ധൈര്യം കടൽ കടന്നു. പൂർവ്വാധികം അധൈര്യവും അന്തസ്താപവും അയാളെ ബാധിച്ചു പാർശ്വസ്ഥിതന്മാരായ കൊലയാളികളേയും ചാരുദത്തനേയുംനോക്കി, "ഈ സാധുക്കളിൽ അല്പമെങ്കിലും ദയ തോന്നണമേ? നിങ്ങൾക്കും സഹോദരന്മാരുണ്ടായിരിക്കുമല്ലോ? അവരാണ് ഞങ്ങളുടെ സ്ഥാനത്തു് എങ്കിൽ, അവരുടെ ഈ ദയനീയാവസ്ഥയെ നിങ്ങൾ സഹിക്കുന്നതാണോ? ഞങ്ങളെ ഇപ്പോൾ രക്ഷിക്കണേ! ആജീവനാന്തം ഞങ്ങൾ കൃതജ്ഞന്മാരായിരിക്കുന്നതാണ്" എന്നിങ്ങനെ താണുകേണപേക്ഷിച്ചു. സത്പുത്രയത്തെ പുനർവീക്ഷിക്കാൻ ഉഗ്രസേനനു ധൈര്യമുണ്ടായില്ല എന്തുകൊണ്ടെന്നാൽ ആ ബീഭത്സസംഭ്രമങ്ങളെ നോക്കുന്നതോറും, മരണദേവതയെ അയാൾ പ്രത്യക്ഷത്തിൽ കാണുകയാണെന്നു് അനുഭവപ്പെട്ടുകൊണ്ടിരുന്നു. തന്റെ ഹൃദയപദ്മത്തിൽ ഒരു ദുഷ്ടസർപ്പം സ്ഥലം പിടിച്ചിരുന്നുംകൊണ്ടു് അതിന്റെ മുകളത്തെ അല്പാല്പമായി ദംശിക്കുന്നതുപോലെ ഒരനുഭവം അയാൾക്കുണ്ടായിക്കൊണ്ടിരുന്നു. തന്നിമിത്തം ആ ഭയങ്കരസത്വങ്ങളെ മറന്നിട്ടുപോലും ഉഗ്രസേനൻ നോക്കുന്നുണ്ടായിരുന്നില്ല.

സിദ്ധസേനന്റെ അപേക്ഷയുടെ മറുപടി "ദയ എന്നുള്ള വാക്കിനു് ഈ സ്ഥലത്തു പ്രസക്തിയില്ല" എന്നു് ഉച്ചസ്വരത്തിൽ ഒരു സത്വം ഗർജ്ജനംചെയ്തു. ആ ശബ്ദശ്രവണമാത്രയിൽ സേനന്മാർ ഏതാണ്ടു് അർധപ്രാണന്മാരായി ഭവിച്ചു. ആ ശബ്ദം അവരുടെ ശ്രോത്രനാഡ്യങ്ങളെ ഭേദനംചെയ്തിട്ടു് ഹൃദയാന്തരത്തിൽ ഇടിത്തീപോലെ പാഞ്ഞുകൊണ്ടു പത്തു ദുർമ്മരണം സംഭവിച്ചാലും ഈ ഭയാനുഭവം അവർക്കുണ്ടാകുമോ എന്ന സംശയമാണു്.

അതിപ്രചണ്ഡമായ വേഗത്തിൽ പാഞ്ഞുപോകുന്ന തീവണ്ടിയുടെ അടിയിൽ അകപ്പെട്ടുന്നവനും വലിയ സങ്കടം കൂടാതെ മരിക്കുന്നു. കൂലങ്കളെ ഭേദിച്ചുകൊണ്ടു് പ്രവഹിക്കുന്ന ജലപ്രളയത്തിൽപ്പെട്ടുന്നവനും അത്ര സങ്കടം അനുഭവിക്കാതെ മരിക്കുന്നു. നേരേമറിച്ചു കഷണ്ടിത്തലയിൽ ഇടവിടാതെ പതിക്കുന്ന ജലത്തുള്ളികളാൽ ക്രമണ ആ തല പിളർക്കപ്പെട്ടു് അത്യന്തവേദനയോടുകൂടി ചാകാതെ ചാകുന്നുണ്ടല്ലൊ. അവന്റെ പ്രാണവേദന ഇന്ന പ്രകാരത്തിലെന്നു പറഞ്ഞറിയിക്കാവതല്ല. അപ്രകാരമുള്ള മരണമാണു് ഏറ്റവും പരിതാപകരമായിട്ടുള്ളതു്. വാസ്തവത്തിൽ തത്തുല്യമായ മരണവേദന നമ്മുടെ സേനന്മാർ ഈയവസരത്തിൽ

അനുഭവിക്കുന്നു. ഒരൊറ്റ ഖഡ്ഗചലനത്താൽ രണ്ടുപേരുടെയും ശിരസ്സുകൾക്കു സ്ഥാനഭ്രംശം സംഭവിക്കുമെന്നനിലയിലും അവക്കിതു ഭയവും സങ്കടവും ഉണ്ടാകുന്നതല്ല. മരണംതന്നെയെന്താണു്? ഒരവസ്ഥയിൽനിന്നും മറ്റൊരവസ്ഥയെ പ്രാപിക്കുക. ജീവനെ ധരിച്ചുംകൊണ്ടു കനകകാമിനികളിലുള്ള ആശയാൽ പീഡിക്കപ്പെടുകയെന്നുള്ളതാണു ലോകജീവിതം. ആ ജീവിതത്തെ വെടിയുന്നതും മരണം ഈ മരണം ക്ഷണസംഭവവും സങ്കടരഹിതവുമായിരുന്നാൽ അതിനെക്കാൾ അഭിലഷണീയമായി മറെറാന്നില്ല. എന്നാൽ പാതാളതുല്യമായ ഒരു നിഗ്രഹസ്ഥലത്തു ബലാല്ക്കാരമായി പിടിച്ചുകൊണ്ടുവന്നു്, മാതാപിതാക്കന്മാരും ബന്ധുജനങ്ങളും അറിയാത്തവിധത്തിൽ അതിരഹസ്യമായി വധിക്കപ്പെടാൻ ആണ്ക്കാണു സമ്മതമുണ്ടാവുക.

അഹോ! ആ സത്യം ഉച്ചരിച്ച വക്കുകൾ യുവാക്കന്മാരുടെ കണ്ണ്നേന്ദ്രിയത്തിനു തികച്ചും വിഷയീഭവിച്ചുവോ? അതോ; ചിരട്ടകടഞ്ഞിടുന്ന ശബ്ദത്തിലുള്ള ആ സത്യം അവരുടെ കണ്ണുപടങ്ങളെ അടച്ചുകളഞ്ഞുവോ? എന്താണു് ആ വാക്കുകൾ? ഭയ എന്ന വാക്കിനു് ഈ സ്ഥലത്തു പ്രസക്തിയില്ല; അതേ, നിർദ്ദയന്മാരും നിഷ്ഠുരന്മാരുമായ തങ്ങളുടെ മനുഷ്യസാധാരണമല്ലാത്ത—അതേ—പൈശാചികമായ അല്ല, രാക്ഷസീയമായ—ദുഷ്കൃത്യങ്ങൾക്കു രംഗസ്ഥാനമായ ഈ കൊലക്കളത്തിൽ, അമ്പോ! ഭയശബ്ദത്തിനു പ്രസക്തിയില്ലപോൽ! വളരെ വാസ്തവം! ക്രൂരസ്പ്പ്തിന്റെ ദംഷ്ട്രത്തിലുണ്ടോ അമൃതുഗളിക്കുന്നു? ഇല്ലെന്നുള്ളതു് ആ സഹോദരയുവാക്കന്മാക്കു ബോദ്ധ്യമായി. സ്നേഹിതാ ഒന്നിച്ചുണ്ടും ഒന്നിച്ചുറങ്ങിയും ഒന്നിച്ചുകളിച്ചും ജീവിച്ച നമ്മൾ ഇതാ എന്നെന്നേയ്ക്കുമായി പിരിയാൻപോകുന്നു. ഈ ലോകത്തിൽ നമുക്കിനി പരസ്പരസാമീപ്യം ഉണ്ടാകുന്നതല്ല. മരണശേഷം ലോകാന്തരത്തിൽ അവസ്ഥാന്തരപ്രാപ്തിയുണ്ടെന്നു ഹിന്ദുമതം ഘോഷിക്കുന്നതു പരമാർത്ഥമെങ്കിൽ നമുക്കു് അവിടെവച്ചു് അഭിമുഖസന്ദർശനം നടത്താം. അഥവാ പുനർജ്ജന്മമുണ്ടെന്നുള്ള ഹിന്ദുമതസിദ്ധാന്തത്തിൽ വല്ല വാസ്തവവുമുണ്ടെങ്കിൽ, ആ ജന്മത്തിൽ ഈ ലോകത്തിൽവച്ചുതന്നെ നമുക്കു തമ്മിൽ കാണാം" എന്നു ധൈര്യത്തോടുകൂടിയാണെങ്കിലും സഗദ്ഗദം ഉഗ്രസേനൻ തന്റെ സ്നേഹിതനോടു പറഞ്ഞു.

സിദ്ധസേനൻ അതുകേട്ടു ദുസ്സഹമായ ദുഃഖത്തോടുകൂടി സ്നേഹിതാ! നാം ഈ ചെറുപ്രായത്തിൽ മരിക്കണമെന്നോ ഈശ്വരനിതം? ലോകത്തിൽ ഇതിനു തക്ക പാപം നാമെന്താണു ചെയ്തിട്ടുള്ളതു"? എന്നു പുലമ്പിത്തുടങ്ങി.

ഉഗ്രസേനൻ:—സിദ്ധാ! സമാധാനപ്പെടുക. ഇനി അധൈര്യപ്പെട്ടിട്ടു ഫലമില്ല. അഥവാ ദൈവമതമെന്താണെന്നു തിട്ടപ്പെടുത്താറായില്ല. ഈശ്വരൻ സർവ്വവല്ലഭനാണു്. സമുദ്രത്തെ മണലാരണ്യമാക്കാനും വനത്തെ വയലാക്കാനും നദിയെ പാതയാക്കാനും നൊടിക്കിടയിൽ അദ്ദേഹത്തിനു ശക്തിയുണ്ടു്. നമ്മെ അദ്ദേഹം കൈവിട്ടു എന്നു തീർച്ചപ്പെടുത്താറായില്ല.

സിദ്ധസേനൻ:—ഉഗ്ര! അതു നിന്റെ വ്യാമോഹമാണു്. നമുക്കിനി മോചനമില്ല നാം മരിക്കാറായി. ഇല്ല, മരിച്ചുകഴിഞ്ഞു. ഹാ കഷ്ടം! നാം എത്ര ഭർഭഗന്മാരാണു്. നമ്മുടെ അവസാന സന്ദേശത്തെ നമ്മുടെ മാതാപിതാക്കന്മാരെയും യജമാനനേയും അറിയിക്കാൻ ആരുമില്ലെന്നുള്ള ഒരു ഖേദംമാത്രമെ ഇനി എനിക്കു ശേഷിച്ചിട്ടുള്ളൂ.

ഉഗ്രസേനൻ:—വേണ്ട, വേണ്ട നമ്മുടെ ദുർമ്മരണം അവർ അറിയാതിരിക്കുകയാണു വേണ്ടതു്. ഈ ദുരന്തം അവർ കേൾക്കുമ്പോൾ എത്രകണ്ടു സങ്കടം അനുഭവിക്കുമെന്നോർക്കുക! അതിനുനാം ഇടയാക്കരുതു്. പരമാർത്ഥം അറിയാതിരിക്കുന്നിടത്തോളം നമ്മുടെ അഭാവത്തിലുള്ള ഖേദമേ അവരെ പീഡിപ്പിക്കുകയുള്ളൂ.

സിദ്ധസേനൻ.—ഒരുപ്രകാരത്തിൽ നിന്റെ അഭിപ്രായം സ്വീകാര്യമാണു്. എന്നാൽ ഈ സംഭവം നമ്മുടെ യജമാനൻ അറിയാതിരിക്കുന്നിടത്തോളം, ഈ ദുഷ്ടന്മാർ അദ്ദേഹത്താൽ ശിക്ഷിക്കപ്പെടുന്നതെങ്ങനെ?

ഉഗ്രസേനൻ:—ദുഷ്ടന്മാരെ ദൈവം ശിക്ഷിച്ചുകൊള്ളും. അതദ്ദേഹത്തിന്റെ കർത്തവ്യകർമ്മമാണു്. "അർജ്ജുന! നീ യുദ്ധം ചെയ്തില്ലെങ്കിലും ഇവരെല്ലാവരും ദുഷ്ടനിഗ്രഹത്തിനായി അവതരിച്ച ഈ എന്നാൽ കൊല്ലപ്പെടുകതന്നെചെയ്യും ഇപ്പോൾതന്നെ ഇവർ കൊല്ലപ്പെട്ടവരായിരിക്കുന്നു."എന്നല്ലേ ഭഗവാൻ അരുളിച്ചെയ്തിട്ടുള്ളതു്. അതുപോലെ ഈ ദുഷ്ടന്മാരും അദ്ദേഹത്താൽ കൊല്ലപ്പെട്ടവരായിരിക്കുന്നു എന്നു വിശ്വസിക്കുക. കൊല്ലപ്പെട്ടവർക്കു ബോധമില്ല; സുബോധമുണ്ടെങ്കിൽ ഈ നീചകർമ്മത്തിനു മുതിരുകയുമില്ല.

ഈ അവസരത്തിൽ ചാരുദത്തൻ അവരോടു പറഞ്ഞു:—"യുവാക്കന്മാരേ! സമയം അതിക്രമിക്കുന്നു. ഒരിക്കൽക്കൂടി നിങ്ങൾ ഈശ്വരനെ പ്രാർത്ഥിക്കുവിൻ!"

സിദ്ധസേനനും ഉഗ്രസേനനും പരസ്പരം കെട്ടിപ്പിടിച്ചു കുറേനേരം രോദനം ചെയ്തതിനുശേഷം ഈശ്വരപ്രാർത്ഥന നടത്തി.

തദനന്തരം ചാരുദത്തൻ നിഷ്കളാനന്ദകിങ്കരന്മാരെനോക്കി "ഇനി നിങ്ങൾക്ക് പോകാം. നിങ്ങളുടെ സഹായം ഇനി ആവശ്യമില്ല. ഇവരെ രണ്ടുപേരെയും ഞാൻ ഏറ്റിരിക്കുന്നു. ബലികർമ്മത്തിനുള്ള മുഹൂർത്തം അടുത്തു. ആ മുഹൂർത്തത്തിൽ സൈന്യാവകുപ്പിൽപ്പെട്ട നിങ്ങൾക്ക് ഇവിടെ നില്ക്കാൻ പാടില്ല. യഥാകാലം വൈകുലപ്രതിമയ്ക്ക് ബലി നൽകിക്കൊള്ളാമെന്നു സമ്മതിച്ചു ഞാൻ ഇവരെ ഏറ്റുവാങ്ങിയെന്നു സ്വാമികളെ അറിയിക്കുക" എന്നു അനുശാസനം ചെയ്തു.

കിങ്കരന്മാർ അതുകേട്ട്, "അതേ, ഇനി ഞങ്ങൾക്കിവിടെ കാര്യമില്ല. ഇവരെക്കൊണ്ടുവന്നു താങ്കളെ ഏല്പിക്കേണ്ട കടമയേ ഞങ്ങൾക്കുള്ളൂ. ആ കടമയെ ഞങ്ങൾ നിർവ്വഹിച്ചിരിക്കുന്നു. ഇനി യതൊരു ജോലികൾ കൊലയാളികളും താങ്കളുംകൂടി നിർവ്വഹിക്കാനുള്ളതാണു്. ഞങ്ങൾ ഇതാ പോകുന്നു. വിവരം സ്വാമിതിരുവടികളെ അറിയിക്കാം" എന്നുപറഞ്ഞു യാത്രയായി. ചാരുദത്തൻ യുവാക്കന്മാരെ സൂക്ഷിച്ചുകൊള്ളാൻ കൊലയാളികളോടു ശട്ടംകെട്ടിയുംവച്ചു്, കിങ്കരന്മാർക്കു വഴിതെളിക്കാനായി വിളക്കുംകൊണ്ടു അവരെ അനുഗമിച്ചു.

അന്ധകാരം നിറഞ്ഞ ആ മുറിയിൽ ആ കൊലയാളികളുടെ സാന്നിദ്ധ്യം അവർക്ക് എത്രമാത്രം അധൈര്യത്തെയും ഭീതിയെയും നൽകിയിരിക്കുമെന്നു ഊഹിക്കേണ്ടതാണു്. മാത്രമല്ല, ചാരുദത്തനും നിഷ്കളാനന്ദകിങ്കരന്മാരും എന്തോ മന്ത്രിച്ചുകൊണ്ടുപോയതിൽ ചില ക്ഷുദ്രവാക്കുകൾ അവർക്ക് കേൾക്കാൻ കഴിഞ്ഞതും അവരുടെ ഭീതിയെ ദ്വിഗുണിതമാക്കിച്ചെയ്തു സത്യമായും തങ്ങളെ കാളിക്കു ബലിനൽകുന്ന കൊലയാളികളാണെന്നു്, നിഷ്കളാനന്ദകിങ്കരന്മാരുടെയും ചാരുദത്തന്റെയും സംഭാഷണത്തിൽനിന്നും അവർ മനസ്സിലാക്കിയിട്ടുണ്ടു്. എല്ലാംകൊണ്ടും അല്പപ്രാണന്മാരായിഭവിച്ച ആ യുവാക്കന്മാർ തങ്ങളുടെ ആസന്നമായ ദുർമ്മരണത്തെ സധൈര്യം പ്രതീക്ഷിച്ചു.

ഉഗ്രസേനനും സിദ്ധസേനനും അന്ത്യപ്രാർത്ഥനനടത്തി കൊലയാളികളെ സംവീക്ഷണംചെയ്തു; അവരുടെ ധൈര്യം വീണ്ടും പൊഴികടന്നു. കൊലയാളികളായിരിക്കുമെന്നു് ആദ്യമേ സംശയിക്കപ്പെട്ടവർ യഥാർത്ഥത്തിൽ കൊലയാളികളാണെന്നു ബോദ്ധ്യപ്പെട്ടാലത്തെ അവസ്ഥ പറഞ്ഞറിയിക്കണമെന്നുണ്ടോ? ആ നിലയിൽ ധൈര്യത്തിനു സ്ഥാനമെവിടെ? ഉണ്ടെങ്കിൽത്തന്നെയും അതു അവിടെ പ്രവർത്തിക്കുന്നതാണോ? ധൈര്യം കൈവിട്ടതോടുകൂടി, അവരുടെ സിരാപരമ്പരകൾ രക്തസഞ്ചാരശൂന്യങ്ങളായി ഭവിച്ചു. ശരീരം ആസകലം തണുത്തു കുളുത്തു. മാംസപേശികൾ അസ്ഥി

കളുമായുള്ള അവയുടെ ബന്ധത്തെ വേർപെടുത്തി സ്ഥാനഭ്രഷ്ടങ്ങളാകുന്നുവോ എന്നുതോന്നി.

ഈ നിലയിലും അവർ ഭക്തിയെ കൈവെടിഞ്ഞിട്ടില്ല. വക്ഷസ്സിൽ ചേർത്ത തൊഴുകൈയോടുകൂടി മനസാ പ്രാർത്ഥനനടത്തിക്കൊണ്ടിരുന്നു എന്നാൽ മനസ്സ് ധ്യാനപദത്തിൽനിന്നും അടിക്കടി വ്യതിചലിച്ചുകൊണ്ടിരുന്നു. അതു നേപാളത്തിലും ശ്രീപുരത്തിലും സഞ്ചരിച്ച് അവിടങ്ങളിലെ വസ്തുസ്ഥിതികളും ആരാഞ്ഞുവന്നു. ചിലപ്പോൾ മസ്തിഷ്കത്തിനെ ചൂടുതട്ടി ശ്രാക്ഷാപാകത്തിൽ ഉരുകി നാസാരന്ധ്രത്തിൽകൂടി നിർഗ്ഗളിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ മനസ്സിനെ നിലയുറപ്പിച്ച് കണ്ണുകളും അടച്ചു ധ്യാനനിഷ്ഠന്മാരായി നിലകൊള്ളുമ്പോൾ കൊലയാളികളും മൂന്നുപേരും മുന്നൂറു പേരായി വർദ്ധിച്ച് തങ്ങളുടെ ചുറ്റുംകൂടി കരചരണങ്ങളെ ബന്ധിച്ചു വിഗ്രഹത്തിന്റെ മുമ്പിൽകൊണ്ടു നിത്തി വെട്ടിത്തിളങ്ങുന്ന ഖഡ്ഗത്തെ കണ്ണുത്തിനുനേരേ ഓങ്ങുന്നു എന്ന പ്രതീതിയുണ്ടായി ഞെട്ടിക്കണ്ണുതുറന്നു പരിഭ്രമത്തോടുകൂടി ചുറ്റുപാടും സംവീക്ഷണം ചെയ്യുന്നതുണ്ട് ചിലപ്പോൾ തൽപ്രതീതിമാത്രയിൽ, കാകശബ്ദം മുഴങ്ങുന്നതുണ്ടായിരിക്കും. ഇങ്ങനെ ഉത്സഹമായ സങ്കടം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ ചാരുദത്തൻ വിളക്കോടുകൂടി മടങ്ങിവന്നു. അവരുടെ സങ്കടാവസ്ഥകണ്ട് ചാരുദത്തൻ അവരിൽ പരമാർത്ഥമായ അനുകമ്പ തോന്നിയിട്ടായിരിക്കാം, "നിങ്ങൾ എന്തിനു ഖേദിക്കുന്നു?" എന്നു ചോദിച്ചു. ഉഗ്രസേനൻ ഗൽഗദത്തോടെ പറഞ്ഞു. "ഇല്ല, ഞങ്ങൾക്കു ഖേദമില്ല. ഇതാ ഞങ്ങൾ മരിക്കാൻ തയ്യാറായിരിക്കുന്നു." "അതേ, നിങ്ങളുടെ ജോലി നടക്കട്ടെ കഴിയുംവേഗം ഞങ്ങളുടെ ശപിക്കപ്പെട്ട ജീവിതത്തെ അവസാനിപ്പിക്കുവിൻ!" എന്നു സിദ്ധസേനനും പറഞ്ഞു.

ചാരുദത്തൻ ആ യുവാക്കന്മാരുടെ വാക്കുകൾകേട്ട് അത്യന്ത സഹതാപത്തോടുകൂടി, "കുട്ടികളേ! ഇവിടെവച്ച് അങ്ങനെയൊരു മരണം നിങ്ങൾക്കു സംഭവിക്കുകയില്ല. നിങ്ങൾ ഒട്ടുവളരെ മനസ്സങ്കടം അനുഭവിക്കേണ്ടിവന്നതിൽ എനിക്കു അതിയായ മനസ്താപമുണ്ട്. നിങ്ങളുടെ ആ സങ്കടത്തിനു ഞാനും കാരണഭൂതനായ അപരാധത്തെ ഈശ്വരൻ പൊറുക്കട്ടെ! മറെറാന്നും എനിക്കു പറവാനില്ല" ഇങ്ങനെ പറയുമ്പോൾ അയാളുടെ കണ്ണുകളിൽ നിന്നും ഒന്നൊരണ്ട് അശ്രുകണങ്ങൾ നിലത്തുപതിച്ചു.

ജനനത്തിന്റെ പിറകെ മരണം എന്നപോലെ ദുഃഖത്തിന്റെ പിറകെ സന്തോഷവുമുണ്ട്. പ്രകൃതിയാകുന്ന മഹാഗ്രന്ഥത്തിന്റെ ഒരുതത്വം അതാണ്. ലോകത്തിൽ ദുഃഖം അനിത്യമാണ്, സന്തോഷത്തിന്റെ അവസ്ഥയും അതുതന്നെ. കുടിലിലാകട്ടെ കൊട്ടാര

ത്തിലാകട്ടെ മനുഷ്യനായി ജനിച്ച ഏതൊരുവനും, ഈ തത്വത്തെ അറിഞ്ഞിട്ടില്ലെങ്കിലും അനുഭവിക്കുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണു്. നോക്കുക! ഈ നിമിഷത്തിനുമുമ്പുവരെ സിദ്ധാസേനന്റെയും ഉഗ്രസേനന്റെയുംസ്ഥിതി എന്തായിരുന്നു? അവർ എത്രവളരെ സങ്കടം അനുഭവിച്ചു. അവർ ഈ ആപത്തിൽനിന്നും രക്ഷപെടുമെന്നു ആരുതാൻ വിശ്വസിച്ചിരുന്നു? നിമിഷാന്തരത്തിലെ അവസ്ഥയെന്തു്? ചാരുദത്തന്റെവാക്കുകൾ അവരുടെ ഹൃദയത്തിനു് എത്ര കണ്ടു് ആനന്ദപീയൂഷത്തെ വർഷിച്ചിരിക്കണം? അവർക്കു് അതു് ജാഗ്രദനുഭവമായി വിശ്വസിക്കാൻ ഉടനെ കഴിയുന്നതാണോ? അതേ, അവരുടെ ഹൃദയത്തിൽ ദിവ്യാനുഭൂതി അങ്കുരിച്ചു. വാസ്തവബോധം ജനിച്ചതു പല നിമിഷങ്ങൾക്കു ശേഷമാണു്. ആ മാത്രയിൽ അവർ ആനന്ദനൃത്തം ചെയ്തു; ആനന്ദജലധിയിൽ നീന്തിക്കളിച്ചു; തങ്ങളുടെ നഷ്ടപ്പെട്ട ജീവൻ മൂർത്തികരിച്ചു മുമ്പിൽ നിന്നാലെന്നപോലുള്ള സന്തോഷത്തോടെ ചാരുദത്തനെ സമീക്ഷിച്ചു. അവരുടെ ഹൃദയാന്തരത്തിൽനിന്നും അവരറിയാതെ ഉൽഭ്രതമായ കൃതജ്ഞത ആ വീക്ഷണത്തിൽ സ്പഷ്ടീഭ്രതമായിരുന്നു.

ചാരുദത്തനാകട്ടെ അതു കാണുന്നതേയില്ല. അയാളുടെ മനസ്സു് ഇപ്പോഴും അനുകമ്പാർദ്രമായിരുന്ന ആ സാധുയുവാക്കന്മാരുടെ സങ്കടാനുഭൂതിക്കു താനും കാരണഭ്രതനായതിനാലുള്ള പശ്ചാത്താപത്തിൽ അയാളുടെ മനസ്സു തികച്ചും പ്രവർത്തിച്ചുകൊണ്ടിരുന്നു. തജ്ജന്യമായ അശ്രുപ്രവാഹത്താൽ അയാളുടെ വൃദ്ധകപോലങ്ങൾ നനയ്ക്കപ്പെട്ടു

അഹോ! എന്തൊരു വിപരീതം! കൊലയാളികൾ, തങ്ങളുടെ കരിങ്കൽപ്പായങ്ങളെ മാററി, മദ്ധ്യവയസ്കന്മാരും മനസ്സിന്റെ നൈർമ്മല്യത്തെ വെളിപ്പെടുത്തുന്ന മുഖഭാവത്തോടുകൂടിയവരും സാധുപ്രകൃതികളുമായി നിലകൊണ്ടു. സഹതാപപൂർവ്വം സേനന്മാരുടെ മുഖത്തുനോക്കി. ഈ മൂന്നുപേരും നിറത്തിലും ഛായയിലും ഏകോദരസഹോദരന്മാരെപ്പോലെ സേനന്മാരുടെ ദൃഷ്ടിയിൽ കാണപ്പെട്ടു. എന്നാൽ അവരുടെ മുഖത്തു മുദ്രിതമായിരുന്ന ചിരകാലദുഃഖചിഹ്നം ചെറുപ്പക്കാരായ സേനന്മാരുടെ നയനങ്ങൾക്കു വിഷയീഭവിച്ചുവോ എന്നു സംശയമാണു്. അഥവാ, അതിനെ സൂക്ഷിക്കാനുള്ള അവസരം അവർക്കുണ്ടോ? സംഗതികളുടെ ക്ഷണപരിവർത്തനത്താൽ അത്ഭുതചിത്തന്മാരായ ആ സ്നേഹിതന്മാർ തങ്ങളെത്തന്നെ മറന്നിരിക്കുന്നു.

ചാരുദത്തൻ:—കുട്ടികളേ! ഞങ്ങളുടെ അപരാധത്തെ നിങ്ങൾ ക്ഷമിക്കണം. കുറെവളരെനേരം ഞങ്ങൾമൂലം നിങ്ങൾ മനഃക്ലേശം അനുഭവിച്ചു. എന്നാൽ ഞങ്ങൾ മനഃപൂർവ്വം അതി

നിടയാക്കിയതല്ല. ഞങ്ങൾ അതിലേക്ക നിർബന്ധിതന്മാരായി ഭവിച്ചിരിക്കുന്നു. നിങ്ങളെ ഈ സ്ഥലത്തേയ്ക്ക നയിച്ച ദേവന്മാരുടെമുമ്പിൽ ഞങ്ങൾക്ക അന്യഥാ പെരുമാറാൻ നിവൃത്തിയില്ല. വഞ്ചനയുടെയത്വം അവരുടെ മുമ്പിൽ പ്രകടിപ്പിക്കാതിരിക്കാൻ ഞങ്ങൾക്ക കഴിവില്ല.

ഉഗ്രസേനൻ:—നിങ്ങൾ യാതൊരപരാധവും ഞങ്ങളോടുചെയ്തിട്ടില്ല ഞങ്ങളുടെ ജീവനെ നിങ്ങൾ രക്ഷിക്കുകയാണു ചെയ്തതു്. ഞങ്ങളുടെ ആജീവനാന്തകൃതജ്ഞതയ്ക്ക നിങ്ങൾ അർഹന്മാരാണു്. എന്നാൽ, ഞങ്ങൾ രക്ഷിക്കപ്പെട്ടു എന്നതികച്ചും വിശ്വസിക്കുന്നതെങ്ങനെ? അതാ വെങ്കലപ്രതിമ നില്ക്കുന്നു. നിഷ്കളാനന്ദദേവന്മാരാൽ ഈ സ്ഥലത്തേയ്ക്ക നയിക്കപ്പെടുന്നവർ, അതിനു ബലിയാകേണ്ടവരല്ലേ? ആ സ്ഥിതിക്ക ഞങ്ങൾ മുക്തന്മാരായി എങ്കിൽ ആ പ്രതിമാസ്ഥാപനത്തിന്റെ അർത്ഥമെന്തു്? ഉദ്ദേശമെന്തു്? അതിനെപ്പറ്റിയുള്ള കേൾവികൾ കേവലം ഭയപ്പെടുത്തലുകൾ മാത്രമാണോ? പുറമേ കേൾക്കുന്നതുപോലെ ഒന്നും ഇവിടെ സംഭവിക്കുകയില്ല.

ചാരുദത്തൻ:—ശിവ ശിവ! നീ പറയുന്നതുപോലെയായിരുന്നു പരമാർത്ഥമെങ്കിൽ എനിക്ക എത്രമാത്രം സന്തോഷമുണ്ടാകുമായിരുന്നു! ഈ മുറിയുടെ ചുവരുകൾക്ക സംസാരിക്കാൻ നാക്കുണ്ടായിരുന്നുവെങ്കിൽ എത്രയോ ഭയങ്കരങ്ങളായ കഥകൾ നിനക്ക കേൾക്കാൻ കഴിയുമായിരുന്നു.

ഈ അവസരത്തിൽ ചാരുദത്തൻ ഭയത്താൽ നടുങ്ങുന്നുണ്ടായിരുന്നു. സോദരബിന്ദുക്കൾ മുഖത്തു സ്ഫുരിക്കുകയും ചെയ്തു.

ഉഗ്രസേനൻ:—ക്ഷമിക്കണേ. എന്റെ വാക്കുകൾ താങ്കൾക്ക മനഃക്ലേശത്തിനു കാരണമായതിൽ ഖേദിക്കുന്നു. ഞങ്ങളുടെ ജീവനെ രക്ഷിച്ച നിങ്ങളിൽ ഞങ്ങൾ എന്നെന്നും കൃതജ്ഞന്മാരായിരിക്കുന്നതാണു്. എന്നാൽ ഞങ്ങളുടെ ജീവൻ രക്ഷിക്കപ്പെട്ടതു വാസ്തവമാണോ എന്നൊരു സംശയമുണ്ടു്.

ചാരുദത്തൻ:—ഇനി നിങ്ങൾക്കു് യാതൊരാപത്തും ഇവിടെ സംഭവിക്കുന്നതല്ല.

"ഞങ്ങളെക്കൊണ്ടും നിങ്ങൾക്കു് യാതൊരു ദുഃഖവുമുണ്ടാകുന്നതല്ല" എന്നു കൊലയാളികളും ശപഥംചെയ്തു.

ചാരുദത്തപ്രഭൃതികളുടെ മൊഴികളാൽ ആശ്വസ്തന്മാരായ സിദ്ധസേനന്റെയും ഉഗ്രസേനന്റെയും ഹൃദയങ്ങളിൽ യഥാർത്ഥമായ സന്തോഷവും സമാധാനവും കൂടികൊണ്ടതു് ഈ അവസരത്തിലാണു്. അത്യാഹിതത്തിൽനിന്നും തങ്ങൾ മുക്തന്മാരായി

എന്ന പൂർണ്ണമായ വിശ്വാസം ഇപ്പോഴാണു് അവർക്കുണ്ടായതു്. ആനന്ദബാഷ്പം അവരുടെ കണ്ണുകളിൽനിന്നും വഷ്ടിച്ചു. ചാരുദത്തനെയും കൊലയാളികളെയും കൃതജ്ഞതാപൂർവ്വം നമസ്കരിച്ചു.

"കുട്ടികളെ! ഇനി നമുക്കു് ഇവിടെ നിൽക്കേണ്ട ആവശ്യമില്ല; നിൽക്കാനും പാടില്ല. ഇതിനെക്കാൾ പതിന്മടങ്ങു് ആനന്ദവും സന്തോഷവും നൽകുന്ന ഒരു മുറിയിലേക്കുഞാൻ നിങ്ങളെ ക്ഷണിച്ചുകൊള്ളുന്നു. എന്റെ പിന്നാലെ വരിക!" എന്നുപറഞ്ഞു ചാരുദത്തൻ മുമ്പിൽനടന്നു. ഇടത്തുവശത്തുള്ള ഒരുവാതിൽതുറന്നു മറ്റൊരുമുറിയിലിറങ്ങി ഈസ്ഥലത്തുനിന്നും ഒരു വക്രമാർഗ്ഗം പുരോഭാഗത്തോട്ടുണ്ടെന്നു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കണം ചാരുദത്തൻ സേനന്മാരെ ആ മാർഗ്ഗത്തിൽക്കൂടി നയിക്കുകയല്ലചെയ്തതു്; ആ മുറിയുടെ ഒരുവശത്തുള്ള ചുവരിന്റെ ഒരുഭാഗത്തുണ്ടായിരുന്ന ഒരു പുത്താൻ കീഴ്പ്പോട്ടുമത്തി അവിടെ ഒരു കൃത്രിമകവാടം തുറക്കപ്പെട്ടു. എല്ലാവരും അതുവഴി ഉള്ളിൽകയറുകയും വാതിൽ പൂർവ്വസ്ഥിതിയിൽ ബന്ധിക്കപ്പെടുകയും ചെയ്തു. ഇപ്രകാരം ഒരു ദ്വാരമുണ്ടെന്നുള്ള വസ്തുത നിഷ്കളാനന്ദനാകട്ടെ, അയാളെ സംബന്ധിച്ചവർക്കാകട്ടെ അറിയാൻപാടില്ലെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ചാരുദത്തനും സിദ്ധസേനോഗ്രസേനന്മാരും കൊലയാളികളും കയറിയ മുറിക്കു് വളരെ വിസ്താരമുണ്ടായിരുന്നതിനുംപുറമേ അതിന്റെ മേൽപ്പുര വളരെ ഉയരത്തിലുമായിരുന്നു. മുറിയുടെഒരു വശത്തുള്ള ഭിത്തിയിൽ, നീളത്തിലിടുങ്ങിയ നാലു പ്രവേശനദ്വാരങ്ങൾ കാണപ്പെട്ടു. ആ ദ്വാരങ്ങൾ പലകകൾ ചാരി അടയ്ക്കപ്പെട്ടിരുന്നു. ആ ചുവരിന്റെ വെളിയിൽ ഒരു വലിയ കിടങ്ങുണ്ടായിരുന്നതിനാൽ ചുവരോടുചേർന്നു് ആളുകൾക്കു സഞ്ചരിക്കാൻ പാടില്ലായിരുന്നു. കിടങ്ങിന്റെ മറുകരയിൽനിന്നു നോക്കുന്നവർക്കു് ആ ദ്വാരങ്ങളിൽക്കൂടി മുറിക്കകം കാണാമായിരുന്നില്ല. ആ ദ്വാരങ്ങൾ വെളിച്ചത്തിനും വായുസഞ്ചാരത്തിനുമായി നിർമ്മിക്കപ്പെട്ടിട്ടുള്ളവയായിരിക്കണം. എന്നാൽ പകൽ ആ ദ്വാരങ്ങളിൽക്കൂടികിട്ടുന്ന വെളിച്ചം ആവശ്യത്തിനു മതിയാകുമായിരുന്നില്ല. അതുകൊണ്ടു് മൂന്നു വിളക്കുകൾ എപ്പോഴും അവിടെ കൊളുത്തിവച്ചിട്ടുണ്ടായിരിക്കും. വിളക്കിന്റെ പ്രകാശം ക്ലേശത്തിലും കുറവുമാകാത്തവിധത്തിൽ മിതമായ വെളിച്ചം കിട്ടത്തക്കവണ്ണം ശരിപ്പെടുത്തി വയ്ക്കുന്നതുമാണു്.

ഈ മുറിയിൽ വളരെ ആളുകൾക്കു് ഇരിക്കാനുള്ള സൌകര്യത്തിൽ അനവധി ആസനങ്ങൾ സജ്ജീകരിച്ചിട്ടുണ്ടു്. ആകപ്പാടെയുള്ള നോട്ടത്തിൽ ഒട്ടധികം ആളുകൾ അതിനകത്തു പെരുമാറുന്നുണ്ടെന്നു് അനുമാനിക്കാം. ഉദ്ദേശം അൻപതുപേരെങ്കിലും അവിടെ പെരുമാറുന്നുണ്ടെന്നു സേനന്മാർ ഊഹിച്ചു. പാചകത്തിനു

വേണ്ട സൗകര്യങ്ങളും അതിനകത്തുണ്ടായിരുന്നു. പലേമാതിരി പാചകപാത്രങ്ങളും അവിടെ സജ്ജീകരിച്ചിട്ടുണ്ടു്. പെപ്പകടങ്ങളും, ചരുവങ്ങളും, ഉരുളികളും, കട്ടകങ്ങളും, കിണ്ടികളും എന്നുവേണ്ട എല്ലാവിധസാമഗ്രികളും സംഭരിക്കപ്പെട്ടിരുന്ന പരിഷ്കൃതരീതിയിലുള്ള അടുപ്പും അതിനോടുചേർന്നുള്ള തട്ടിയും പ്രേക്ഷകന്മാരെ വശീകരിക്കാതിരിക്കയില്ല. ചാരുദത്തപ്രഭൃതികൾ കയറിയ വാതിൽക്കടാതെ രണ്ടുവശത്തായി എട്ടുവാതിൽക്കടി ആ മുറിക്കുണ്ടായിരുന്നു. ഈ സന്ദർഭത്തിൽ ആ വാതിലുകൾ അടയ്ക്കപ്പെട്ടിരുന്നതിനാൽ അവയ്ക്കുവെളിയിൽ എന്തായിരിക്കും കാഴ്ചയെന്നു് സേനന്മാർക്കു അറിയാൻ കഴിഞ്ഞിരുന്നില്ല. ഈ ഘട്ടത്തിൽ ആ മുറിയ്ക്കുള്ളിൽ ഇവരെക്കൂടാതെ മറാരുമുണ്ടായിരുന്നുമില്ല.

സിദ്ധസേനനേയും ഉഗ്രസേനനേയും ചാരുദത്തൻ യഥായോഗ്യം ഓരോ ആസനങ്ങളിൽ ഉപവേശിപ്പിച്ചു കൊലയാളികളെന്നു ഇതേവരെ നമ്മാൽ വിളിക്കപ്പെട്ടവന്ന അജ്ഞാതനാമാക്കളായ സഹോദരന്മാർ പലമാതിരി ഫലവർഗ്ഗങ്ങളും സ്വാദിഷ്ടമായ പലഹാരങ്ങളും ലോഭമില്ലാതെ അവരുടെ മുമ്പിൽകൊണ്ടുവന്നുവച്ചിട്ടു് ഒരു വാതിൽതുറന്നു കടന്നുപോയി. അനന്തരം ചാരുദത്തൻ സേനന്മാരെനോക്കിപ്പറഞ്ഞു:—"കുട്ടികളെ! ഈ പഴവർഗ്ഗങ്ങളും പലഹാരങ്ങളുംഭക്ഷിച്ചു വിശപ്പടക്കുവിൻ! ഇനിമേൽ ഒരു പുതിയ ജീവിതരീതിയെ നിങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ ആഹാരം കഴിച്ചതിനുശേഷം അതിനെപ്പറ്റി ഞാൻ അല്പം വിസ്തരിച്ചുപറയാം."

തങ്ങൾക്കു പൂർണ്ണമായ മോചനം സിദ്ധിച്ചു എന്നു തികച്ചും വിശ്വസിച്ചിരുന്ന സേനന്മാർക്കു ചാരുദത്തന്റെ വാക്കുകൾ സംശയജനകവും ആശങ്കാജനകവുമായി ഭവിച്ചു. ഇതിനകത്തു് ആജീവനാന്തം അജ്ഞാതവാസം ചെയ്യണമെന്നായിരിക്കാം ചാരുദത്തന്റെ ആശയമെന്നു് അവർ ഊഹിച്ചു അങ്ങനെയുള്ള ഒരനുഭവം സംഭവിക്കാനിരുന്ന ഉർമ്മതിയെക്കാൾ ഉസ്സാഹമാണെന്നു തീരുമാനിച്ചു. ഏതായാലും ആശയം മുഴുവൻ വെളിപ്പെടുന്നതുവരെ യാതൊരു സംശയത്തിനും വഴിയെത്തിൽ സ്ഥലം അനുവദിക്കരുതെന്നു് ഉറച്ചുകൊണ്ടു് എല്ലാപ്പേരും ആഹാരജോലി നിർവ്വഹിച്ചു തദനന്തരം ചാരുദത്തൻ വീണ്ടും പറഞ്ഞു:—"കുട്ടികളെ! നിങ്ങളുടെ ഉള്ളിലെ വിചാരങ്ങൾ മുഖത്തുനിന്നും എനിക്കു മിക്കവാറും ഗ്രഹിക്കാൻകഴിഞ്ഞു. ഏതും എന്തും കർമ്മഫലത്തെ അനുസരിച്ചുതേ സംഭവിക്കുക. നിങ്ങൾ ഒരു പുതിയ ജീവിതത്തെ നയിക്കേണ്ടിയിരിക്കുന്നുവെന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ. നിങ്ങളുടെ ജീവനെ രക്ഷിച്ചുഎന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഈ മുറിയിൽനിന്നും

നിങ്ങൾക്ക വെളിയിൽപോകാൻ ഇനി സാധിക്കുന്നതല്ല. ഇനി മേൽ ഈ മുറിയുംവെളിയിലുള്ള ലോകത്തിനും നിങ്ങൾക്കും തമ്മിൽ യാതൊരു സംബന്ധവുമില്ല. വെളിയിലുള്ളവക്ക നിങ്ങൾ മരിച്ച വർതന്നെയാണു്. എന്നുവച്ചാൽ നിങ്ങൾ ജീവിച്ചിരിപ്പുണ്ടെന്നു മറാരും അറിയാൻ പാടില്ല. എന്നാൽ യഥാഫ്സംഭവങ്ങൾ വല്ലതും എപ്പോഴെങ്കിലും നേരിട്ടുന്നതായാൽ അന്നു നിങ്ങൾക്ക മോചനം സിദ്ധിക്കുന്നതാണു്."

ഉഗ്രസേനൻ:—ഓഹോ! ഈ പുതിയ തുമ്പത്തിലും ആശാലേശത്തിനു വഴിയുണ്ടോ? എന്നാൽ ആ യഥാഫ്സംഭവങ്ങൾ എന്താവാം? അതുക്രൂടി ഒവളിവായിപറവാൻ ദയവുണ്ടാകണേ! എന്തൊരു സംഭവംകൊണ്ടാണു ഞങ്ങൾക്ക മോചനമുണ്ടാകാനുള്ളതു്.

ചാരുദത്തൻ:—ഇതിനകത്തെ നടപടികൾക്ക ഭംഗം നേരിടത്തക്ക വല്ല സംഭവങ്ങളുമുണ്ടാകണം. എന്നുവച്ചാൽ ഈ വെങ്കല പ്രതിമയുടെ ശക്തി ക്ഷയിക്കത്തക്ക സംഭവങ്ങൾ എന്തെങ്കിലും നേരിടണം. അതായതു് ഈ കല്പകക്കോട്ടയുടെ ഉൻമൂലനത്തിനു കാരണമാകാവുന്ന ഏതെങ്കിലും മഹാസംഭവങ്ങൾ ആവിർഭവിക്കണം. അന്നു നിങ്ങൾക്കും നിങ്ങളെപ്പോലെ ഇതിനകത്തു അസ്വാതന്ത്ര്യം അനുഭവിച്ചുപോരുന്ന മറു പലർക്കും മോചനം സിദ്ധിക്കുന്നതാണു്.

ഉഗ്രസേനൻ:—അങ്ങനെയൊരു സംഭവം ഉണ്ടാകാതെപോയാൽ?

ചാരുദത്തൻ:—ശാന്തം! പാപം! ആ മരണാന്തം ഈ മുറിയിൽ തന്നെ കഴിഞ്ഞുക്രൂടണം.

സിദ്ധസേനൻ:—എന്തു്? ആയുഷ്കാലം മുഴുവൻ ഇതിനകത്തു ഞങ്ങൾ ബന്ധനസ്ഥരായി കഴിഞ്ഞുക്രൂടുകയോ? ഇല്ല, ഇല്ല. അതിനു ഞങ്ങൾക്കിടയാവുകയില്ല. അത്ര നിഷ്ഠുരമായ ഒരു ശിക്ഷ താങ്കൾ ഞങ്ങൾക്ക വിധിക്കുകയില്ല. അതേ ഒരിക്കലും അങ്ങനെ സംഭവിക്കുന്നതല്ല.
അതിനെത്തുടർന്നു്.

ഉഗ്രസേനൻ:—താങ്കൾ ഒരു മഹാമനസ്കനാണു്. ദയചെയ്തു ഞങ്ങളുടെ അപേക്ഷയെ അംഗീകരിക്കണം. ഞങ്ങൾ വളരെ ചെറുപ്പമാണു്. ഈ ചെറുപ്രായത്തിൽ, ലോകത്തിൽ ഞങ്ങൾക്ക എന്തെല്ലാം ആശകളുണ്ടായിരിക്കുമെന്നു് ചെറുപ്പം കഴിഞ്ഞു വാർദ്ധക്യത്തിൽ എത്തിയ താങ്കൾ ഓർക്കണം. ലഘുകാശകൾ ഒന്നുംതന്നെ ഞങ്ങൾ സാധിച്ചിട്ടില്ല. ഞങ്ങൾ അവിവാഹിതന്മാരാണു്. ഞങ്ങളിൽ എത്രയും വാത്സല്യമുള്ള ഞങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാർ ഇപ്പോഴും

ജീവിച്ചിരിപ്പുണ്ടു്. ഞങ്ങളുടെ ക്ഷേമകാംക്ഷികളായ ബന്ധുക്കളും മിത്രങ്ങളും പലർ ജീവിച്ചിരിക്കുന്നു. ഇവിടെനിന്നും മോചിക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്ന ശക്തികളും വേറെയും അനവധിയുണ്ടു്. അങ്ങനെയുള്ള ഞങ്ങളെ ഈ മുറിക്കുള്ളിൽ അടച്ചിട്ടിരുന്നതു് എത്ര പരിതാപകരമാണു്? ഞങ്ങൾ എങ്ങനെ സഹിക്കും?

ചാരുദത്തൻ:—നിങ്ങളുടെ അവസ്ഥ അത്യന്തഭയനീയമെന്നു ഞാൻ അറിയുന്നുണ്ടു്. നിങ്ങളുടെ വാക്കുകൾതന്നെ എന്റെ വ്യഥയെത്ത ദ്രവിപ്പിക്കുന്നു. ഞാനെന്തുചെയ്യട്ടെ! നിങ്ങളുടെ അഭിലാഷത്തെ സാധിച്ചുതരാനുള്ള ശക്തി എനിക്കില്ല. എന്നെ നിങ്ങൾ തെറ്റിദ്ധരിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യരുതു്. ഒന്നാലോചിക്കുക! എത്രകണ്ടു വലുതായ ഒരാപത്തിൽനിന്നുമാണു ഞാൻ നിങ്ങളെ രക്ഷിച്ചതെന്നോക്കുക! ഞാൻ ആത്മപ്രശംസ ചെയ്യുകയല്ല. വെങ്കലപ്രതിമയെ സംബന്ധിച്ച മരണം എത്ര ഭയങ്കരമാണെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടാ. എന്തായിരിക്കും ആ അനുഭവമെന്നു ചിന്തിക്കാൻപോലും നിങ്ങൾക്കു് കഴിവില്ല. അത്ര വലുതായ ഭയങ്കരമായ ഒരു മഹാവിപത്തിൽ ഞാൻ നിങ്ങളെ സഹായിച്ചു. കുട്ടികളെ, ആയുഷ്കാലം മുഴുവൻ കാരാഗൃഹശിക്ഷ അനുഭവിക്കാം, ജീവിതകാലം മുഴുവൻ സൂര്യപ്രകാശം കടക്കാത്ത മുറിയിൽ കഴിഞ്ഞുകൂടാം; മാതാപിതാക്കന്മാരെയും ബന്ധുജനങ്ങളെയും മിത്രങ്ങളെയും എന്നുവേണ്ട സർവ്വസ്വവും ത്യജിച്ചു് ഈ മുറിയിൽ എന്നെന്നും ജീവിക്കാം. എന്നാൽ വെങ്കലപ്രതിമയെ സംബന്ധിച്ച മരണവേദന സഹിക്കാൻ—വേണ്ട, ആ വേദന കണ്ടുസഹിക്കാൻ ഏതൊരു മനുഷ്യനും ശക്തനല്ല. ഇതിനെക്കാൾ ഉസ്സഹവേദനയോടുകൂടിയ ഒരു മരണം ലോകത്തിനു സംഭവിക്കുന്നതല്ല, കരചരണങ്ങളെ ക്രൂട്ടിക്കെട്ടി തീക്കണ്ഡത്തിൽ എടുത്തെറിയപ്പെട്ടാൽ അനുഭവിക്കുന്ന വേദനയാകട്ടെ, ആപാദമൂർദ്ധം കഷണംകഷണമായി നുറുക്കിക്കണ്ടിച്ചാൽ അനുഭൂതമാകുന്ന വേദനയാകട്ടെ, ഒരു ക്രൂരസർപ്പത്താൽ ചുറ്റപ്പെട്ടു അല്പാല്പമായി ദംശിക്കപ്പെട്ടാലുണ്ടാകുന്ന വേദനയാകട്ടെ, വെങ്കലപ്രതിമയാലുള്ള ഉർമ്മതിയിൽനിന്നും അനുഭൂതമാകുന്ന വേദനയുടെ സഹസ്രാംശത്തിനു തുല്യമല്ലെന്നു വിശ്വസിക്കുവിൻ! ഇപ്പറഞ്ഞതു പരമാർത്ഥമാണു്. അഹോ! ആജീവനാന്തം, തടവിൽ പാർത്താലെന്തു്? മാതാപിതാക്കന്മാരെയും ബന്ധുമിത്രാദികളെയും പിരിഞ്ഞാലെന്തു്? മനോഹരങ്ങളായ പുഷ്പങ്ങളും ഫലവൃക്ഷങ്ങളും സൂര്യപ്രകാ

ശവും സർവ്വാംഗസുന്ദരികളുടെ മന്ദഹാസങ്ങളും നയനത്തെയും ഹൃദയത്തെയും കുളുപ്പിക്കുന്ന ഇതരകാഴ്ചകളും നിറഞ്ഞ ഈ ലോകത്തെ വെടിഞ്ഞാലെന്തു്? വെങ്കലപ്രതിമയാലുള്ള ഒമ്മരണത്തെ അനുഭവിക്കാനത്രേ പ്രയാസം. ഇത്രയും കൊണ്ടു വെങ്കലപ്രതിമയാലുള്ള മരണസങ്കടത്തെക്കാൾ ഈ മുറിയിലെ അസ്വാതന്ത്ര്യജീവിതാനുഭൂതി ലഘുവാണെന്നുള്ള പരമാർത്ഥം ബോദ്ധ്യമായില്ലെങ്കിൽ എന്റെ പിറകേവരിക! ഞാൻ അതിനെ പ്രത്യക്ഷത്തിൽ വെളിപ്പെടുത്തിക്കാണിക്കാം. ചാരുദത്തൻ വിളക്കുമെടുത്തു സേനന്മാരെ ക്രുദ്ധിക്കൊണ്ടുവെങ്കലപ്രതിമ സ്ഥാപിക്കപ്പെട്ടിരിക്കുന്ന മുറിയിലേക്കു തിരിച്ചു.

* * * *

ഏതാണ്ടുകാൽനാഴിക സമയം കഴിഞ്ഞു ചാരുദത്തനും സേനദ്വയവും മടങ്ങി എത്തി. സേനന്മാർ ആപാദമൂർദ്ധംവിയർത്തു വിളറി, കണ്ണുകൾ കുഴിഞ്ഞുതാണു്, നടക്കാൻ ശക്തിയില്ലാതെ ചാരുദത്തന്റെ തുമലുകളിൽ പിടിച്ചുകൊണ്ടാണു മടങ്ങിവന്നതു്. നിസ്തേജസുന്ദരമായ അവരുടെമുഖം, പിശാചികളുടേതുപോലെ രൂപാന്തരപ്പെട്ടുകണ്ടു. അതൊരു ഭയങ്കരമായ കാഴ്ചതന്നെയായിരുന്നു. പാരാടികേശം വിറയ്ക്കുന്നമുണ്ടായിയന്നു. സുബോധമുണ്ടായിരുന്നോ എന്നു സംശയമാണു്. അകപ്പാടെ ജീവച്ഛവങ്ങളുടെ മാതിരിയിൽ കാണപ്പെട്ടു.

യുവാക്കന്മാരുടെ ഈ അവസ്ഥാഭേദംകൊണ്ടു് ചാരുദത്തനു് അവരിൽ പൂർവ്വാധികം അനുകമ്പയും സഹതാപവുമുണ്ടായി. സേനന്മാർ ദാഹപരവശന്മാരായി ഭവിച്ചു. വെള്ളംചോദിക്കാനുള്ള ശക്തി അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ അനുമാനത്താൽ വസ്തുത ബോധിച്ച ചാരുദത്തൻ ദാഹശാന്തിക്കു ജലംനൽകി. യുവാക്കന്മാർ വെള്ളംകുടിച്ചു ദാഹശാന്തിവരുത്തി. അതോടുക്രുദ്ധിക്ഷീണത്തിനു് അല്പം കുറവുനേരിട്ടു് പരവശ്യം മാറി ഏതാണ്ടു പ്രസരിപ്പുള്ളവരായി കാണപ്പെട്ടു. ചാരുദത്തനും സന്തുഷ്ടനായി വെങ്കലപ്രതിമയാലുള്ള മൃതിയിൽനിന്നും നേരിടാവുന്ന ദുസ്സഹവേദന അനുമാനത്താൽ ഗ്രഹിക്കത്തക്കവണ്ണം അതിന്റെ ഭയങ്കരഘടനാവിശേഷത്തെ നേരിൽ കണ്ടറിഞ്ഞ സേനന്മാർക്കു്, തങ്ങൾ ആ ദുരവസ്ഥയ്ക്കുപാത്രമാകാഞ്ഞതു് സുകൃതപരിപാകത്താലാണെന്നു വിശ്വസിച്ചു. ചാരുദത്തനും അല്പം പരവശനായിഭവിച്ചിരുന്നു. മൂന്നുപേരും കുറേനേരത്തേയ്ക്കു യാതൊന്നും സംസാരിക്കയുണ്ടായില്ല. രൗരവനരകത്തിലെ അനുഭവത്തെ നേരിൽക്കണ്ട അവർക്കു സംസാരിക്കാനുള്ള ശക്തി നഷ്ടപ്പെട്ടതിൽ ആശ്ചര്യപ്പെടാനുണ്ടോ?

"അമ്പമ്പോ! എത്രഭയങ്കരമായ കാഴ്ച! വാസ്തവത്തിൽ ആ കാഴ്ച ഞാൻ നേരിൽകാണുകയുണ്ടായോ? അതോ, സ്വപ്നത്തിൽ കണ്ടതോ, എന്തൊരാശ്ചര്യം! മനുഷ്യന്റെ തലച്ചോറിനു് ഇത്രത്തോളം വൈഭവമുണ്ടോ? അത്ഭുതം! അത്ഭുതം!" എന്നിങ്ങനെ ഭയവിസ്മയാന്വിതം സിദ്ധാസേനൻ പറഞ്ഞു.

ഉഗ്രസേനനാകട്ടെ, ചാരുദത്തനെനോക്കി, "മാന്യരേ താങ്കളുടെ വാക്കുകളിൽ അതിശയോക്തി ലേശവുമില്ല. നിങ്ങൾ കാണിച്ചുതന്ന ആ കാഴ്ചയുടെ ഭയങ്കരത മരിക്കുവോളം എന്റെ മനസ്സിൽ നിന്നും മായുന്നതല്ല ഇത്ര ഭയങ്കരത്വം അതിനുണ്ടെന്നു പൂർമേയുള്ള നോട്ടത്തിൽ ഞങ്ങൾക്കു മനസ്സിലായില്ല. ഇത്രത്തോളം അതിഭയങ്കരമായ ആപത്തിൽനിന്നും ഞങ്ങളെ രക്ഷിച്ച താങ്കളിൽ ഞങ്ങൾക്കുള്ള നന്ദിയെ എവ്വിധംവെളിപ്പെടുത്തേണ്ടു. തദുചിതമായ വാക്കുകൾ ഏതു നിഘണ്ടുവിൽ കണ്ടുകിട്ടും! എന്തൊരു പ്രത്യുപകാരമാണു ഞങ്ങൾ ചെയ്യേണ്ടതു"! രാപ്പകൽ താങ്കൾ നിശ്ചയിക്കുന്ന ജോലികൾചെയ്തു ഞങ്ങളുടെ പിതാക്കന്മാരെയും ബന്ധുക്കളെയും മറന്നു് ആമരണാന്തം താങ്കൾക്കു് അടിമപ്പെട്ടു് ഈ മുറിയിൽതന്നെ ജീവിച്ചാലും, താങ്കൾ ചെയ്ത ഉപകാരത്തിനു പ്രത്യുപകാരമാകുന്നതല്ല" എന്നു വളരെ വളരെ സ്തുതിച്ചു പറഞ്ഞു.

ചാരുദത്തൻ:—നിങ്ങൾ ഇത്രവളരെ സ്തുതിക്കാൻതക്കവണ്ണം ഞാൻ ഒരു ഉപകാരവും നിങ്ങൾക്കു ചെയ്തിട്ടില്ല. വെങ്കലപ്രതിമയുടെ ബലിനൽകാനായി കൊണ്ടുവരപ്പെട്ട നിങ്ങളെ അതിൽ നിന്നും തെറ്റിച്ചതു ഒരു വലിയ ഉപകാരമായി കരുതാനില്ല. ഒരു മനുഷ്യന്റെ നിലയുള്ള എന്റെ കർത്തവ്യത്തെ ഞാൻ നിർവഹിച്ചു എന്നേയുള്ളൂ. മനുഷ്യനായഏതൊരുവനും അങ്ങനെ ചെയ്യുന്നതാണു്.

സിദ്ധാസേനൻ:—ഈ വാക്കുകൾ താങ്കളുടെ മഹാമനസ്കതയെ ഒന്നുകൂടി വെളിപ്പെടുത്തുന്നതേയുള്ളൂ. എന്നായാലും, ഞങ്ങൾ കൈക്കൊള്ളാൻപോകുന്ന പുതിയ ജീവിതത്തെക്കുറിച്ചു ഞങ്ങൾക്കു കുണ്ഠിതമുണ്ടാവുകയില്ല. സകലതും സർവശക്തനായ ഈശ്വരന്റെ അടിമത്തംപോലെ നടക്കും. ഞങ്ങൾ മരണപര്യന്തം ഈ മുറിയിൽ ജീവിച്ചുകൊള്ളാമെന്നു് ഇതാ ശപഥം ചെയ്യുന്നു. പുതിയ ജീവിതത്തിൽ ഇപ്പോൾമുതൽ ഞങ്ങൾക്കു ഒരു പുതിയ ഉത്സാഹം തോന്നുന്നുമുണ്ടു് സന്തോഷത്തോടും സംതൃപ്തിയോടും ഞങ്ങൾ ഇവിടെ വസിച്ചുകൊള്ളാം. ഞങ്ങളെപ്പോലെ താങ്കളാൽ രക്ഷിക്കപ്പെട്ടു് ഇവിടെ ജീവിച്ചുപോരുന്ന മറ്റുള്ളവരോടുചേർന്നു സഹോദരഭാവേന ഞങ്ങൾ ജീവിച്ചുകൊള്ളാം.

ഉഗ്രസേനൻ:— അതേ, ഈ നിമിഷംമുതൽ ഞങ്ങൾ താങ്കളുടെ വിനീതവിധേയന്മാരാണു്. എന്നാൽ ഒരു സംഗതി മുൻക്രൂട്ടി അറിയിക്കേണ്ടതായിട്ടുണ്ടു്. ഞങ്ങൾ ലോകപരിചയം വേണ്ട പോലെ സിദ്ധിച്ചിട്ടില്ലാത്ത പിള്ളേരാണു്; വാക്കിലോ പെരുമാറ്റത്തിലോ വല്ലതെറ്റും സംഭവിച്ചുപോയാൽ അനുഗ്രഹബുദ്ധ്യാ ക്ഷമിക്കണമെന്നപേക്ഷിക്കുന്നു. മറ്റൊരപേക്ഷക്കൂടിയുണ്ടു്; ഞങ്ങളെ പ്രസവിച്ചു പോറ്റിവളർത്തിയ അച്ഛനമ്മമാരെയും ഞങ്ങളെ അതിരറ്റു സ്നേഹിച്ചിരുന്ന ഞങ്ങളുടെ യജമാനനെയും അവസാനമായി ഒരു നോക്കുകാണാൻ നിവൃത്തിയില്ലെങ്കിലും, ഞങ്ങൾ മരിച്ചിട്ടില്ലെന്ന വിവരം അവരെ ഒന്നറിയിക്കാൻ വല്ല കഴിവുമുണ്ടെങ്കിൽ സദയം സഹായിക്കണം. ഞങ്ങളെ ഭയങ്കരമായ ഉമ്മരണത്തിൽനിന്നും രക്ഷിച്ചതിനേക്കാൾ വലുതായ ഒരനുഗ്രഹമായി അതിനെ കരുതുന്നതാണു്.

ചാരുദത്തൻ:— കുട്ടികളെ! നിങ്ങളുടെ ഈ ന്യായമായ അപേക്ഷയെ സാധിച്ചുതരാൻ ഒരുപ്രകാരത്തിലും എനിക്കു നിവൃത്തിയില്ലെന്നു പറയേണ്ടിവന്നതിൽ പരമാർത്ഥമായ മനഃഖേദമുണ്ടു്. ഞാൻ എന്തുചെയ്യട്ടെ! ഈ മുറിക്കും ഇതിനു വെളിയിലുള്ളലോകത്തിനും തമ്മിൽ യാതൊരു സംബന്ധവുമില്ല. ഏതു നിസ്സാരമായ സംഗതിപോലും ഇവിടുന്നു പുറത്തുവിടാൻപാടില്ല നിങ്ങളെപ്പറ്റി മനസ്താപമുള്ളവർക്കു നിങ്ങളുടെ സന്ദേശത്തെ അയയ്ക്കാൻ നിവൃത്തിയില്ല. അതിനാൽ നിങ്ങളെക്കുറിച്ചു ദുഃഖിക്കുന്നവരെ വിസ്മരിക്കുവിൻ! അതേ, അവരെപ്പറ്റി ചിന്തിക്കുകയേവേണ്ട. അതുവഴി നിങ്ങളുടെ ഖേദത്തിനു പരിഹാരം നേടുകയല്ലാതെ വേറെയൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല.

ഈ അവസരത്തിൽ ആ മുറിയുടെ ഒരുഭാഗത്തുള്ള ഒരു വാതിൽ തുറക്കുന്ന ശബ്ദംകേട്ടു് ഉഗ്രസേനനും സിദ്ധസേനനും ആ ഭാഗത്തേക്കു നോക്കി. ശുഭ്രവസ്ത്രധാരിണിയും ശുഷ്കശരീരിണിയുമായ ഒരു സ്ത്രീ അതുവഴി അകത്തേയ്ക്കു വരുന്നതുകണ്ടു. ചാരുദത്തൻ സേനാപതിയെത്തന്നെ നോക്കി "ഈ മനസ്വിനിയുടെ ജീവകാരുണ്യംകൊണ്ടു് ഒട്ടധികം ആളുകൾവെങ്കലപ്രതിമയെസ്സംബന്ധിച്ച ഉമ്മരണത്തിൽപെടാതെ രക്ഷപ്പെട്ടിട്ടുണ്ടു്" എന്നുപറഞ്ഞു. അതുകേട്ടു് ഉഗ്രസേനനും സിദ്ധസേനനും ഒന്നുകൂടി താല്പര്യത്തോടെ സ്ത്രീയെ സൂക്ഷിച്ചുനോക്കി ഉണങ്ങിവരണ്ട ശരീരവും വിളറിയ മുഖവുമായി കാണപ്പെട്ട ആ സ്ത്രീ ഒരുകാലത്തു് സൗന്ദര്യസോപാനത്തിന്റെ അഗ്രകോടിയിൽ അഭിലസിച്ചിരുന്ന എന്നു് അവർ

ഗ്രഹിച്ചു. ഈശ്വരഭക്തി, സത്സ്വഭാവം, സൗമ്യം, കാരുണ്യം എന്നിവ ആ സ്ത്രീയുടെ മുഖത്തു നിഴലിച്ചുകണ്ടു.

സിദ്ധാസേനനെയും ഉഗ്രസേനനെയുംനോക്കി, സ്നേഹവാത്സല്യഭാവത്തിൽ സ്ത്രീ പറഞ്ഞു:—കുട്ടികളെ! നിങ്ങൾ ഇവിടെ വന്നതിനെക്കുറിച്ചു് എനിക്കു് അശേഷം സന്തോഷമില്ല. എന്തുകൊണ്ടെന്നാൽ, നിങ്ങളെപ്പോലുള്ള ചെറുപ്പക്കാർ സ്വതന്ത്രമായ ലോകജീവിതത്തെ അനുഭവിക്കേണ്ടവരാണു്; ആ ജീവിതത്തിനും ഈ സ്ഥലത്തിനും തമ്മിൽ അജഗജാന്തരമുണ്ടു്. എന്നാൽ ഒരുകാര്യം ഞങ്ങൾ ബലമായി ഏൽക്കാം. ഞങ്ങളുടെ സ്ഥിതിഗതികൾക്കും സ്വാതന്ത്ര്യത്തിനും അനുസരിച്ചുള്ള സൗകര്യങ്ങൾ കഴിയുന്നതു നിങ്ങൾക്കു ചെയ്തുതരുവാൻ ഞങ്ങൾ ഒരുക്കമാണു്. മരണപര്യന്തം നിങ്ങൾ ഇവിടെ താമസിച്ചാലും ശരി, ഒരുപക്ഷേ ഇടയ്ക്കുവച്ചു നാമെല്ലാവരും മോചിക്കപ്പെട്ടാലും ശരി എന്നു് അദ്ധ്യോകതിയിൽ വിരമിച്ചു്, അപാരമായ സങ്കടത്താൽ തേങ്ങിത്തേങ്ങിക്കരഞ്ഞു. അത്യന്തസഹതാപത്തോടും മാതൃനിർവിശേഷമായ ഭക്തിയോടുംകൂടി സേനന്മാർ ചാടിയെഴുന്നേറ്റു് സ്ത്രീയുടെ കരങ്ങളിൽ പിടിച്ചുകൊണ്ടു്, "അമ്മേ! അമ്മയെന്തിനു ദുഃഖിക്കുന്നു. അന്തസ്സാപത്തെ അടക്കുക! ഈശ്വരൻ അമ്മയെ അനുഗ്രഹിക്കും" എന്നുപറഞ്ഞു. ചാരുദത്തൻ സങ്കടബാഷ്പം പുറപ്പെടുവിച്ചുകൊണ്ടു ഇപ്രകാരം സാമവാക്കുകളുരച്ചു:—"ദേവീ! ഇനിയും ഖേദിക്കേണ്ട ആവശ്യമുണ്ടോ? ശ്രീപുരത്തേയ്ക്കു പോയിരിക്കുന്ന അംബികയാൽ നമ്മുടെ സർവ്വക്ലേശങ്ങളും അസ്തമിക്കുമെന്നു വിശ്വസിക്കാം.

സ്ത്രീ:—എനിക്കു് ആ സംഗതിയിൽ വലിയ വിശ്വാസംതോന്നുന്നില്ല. എന്നിരുന്നാലും പ്രതീക്ഷിക്കപ്പെടാത്ത സഹായികളിൽനിന്നും പ്രതീക്ഷാതീതമായ ഗുണങ്ങൾഈശ്വരാനുഗ്രഹത്താൽ നമുക്കു ലഭിച്ചേക്കാം. ലോകത്തിൽ മറ്റാരും അനുഭവിച്ചിട്ടില്ലാത്തതും അനുഭവിക്കാനിടയില്ലാത്തതുമായ തീവ്രദുഃഖം ഞാൻ വളരെക്കാലമായി അനുഭവിക്കുന്നുണ്ടെങ്കിലും ദൈവത്തിൽ അവിശ്വാസം എനിക്കുണ്ടായിട്ടില്ല. ഈശ്വരവൈഭവത്തിലും ഈശ്വരകാരുണ്യത്തിലും ഈശ്വരാനുഗ്രഹത്തിലും എനിക്കു പൂർണ്ണമായവിശ്വാസമുണ്ടു്. ചിലപ്പോഴെല്ലാം ദുരദൃഷ്ടവിയെ സംബന്ധിച്ചു് എനിക്കു ഭ്രമോദയമുണ്ടാകാറുണ്ടു്. അവിച്ഛിന്നമായ അന്തസ്താപത്തിന്റെ സാന്ദ്രച്ഛായയിലും ഒരു വിശ്വാസത്തിന്റെ നിഴലാട്ടം ഞാൻ കാണുന്നുണ്ടു്.

ചാരുദത്തൻ:—ദേവീ! ദുഃഖത്തിന്റെയും സങ്കടത്തിന്റെയും പേരുകൾ അടിക്കടി ഉച്ചരിക്കണ്ടാ. വിശ്വാസത്തിന്റെയും സമാധാനത്തിന്റെയും പേരുകൾ മാത്രം ഉച്ചരിച്ചാൽ മതി. ദേവി

യുടെ പ്രാർത്ഥനയെ ദൈവം അംഗീകരിക്കുമെന്നും ദേവിതന്നെ ഞങ്ങളുടെ എല്ലാവരുടെയും ഉപകർത്രിയായി ഭവിക്കുമെന്നും എനിക്കു വിശ്വാസമുണ്ട്"

സ്ത്രീ:—അതേ. വിശ്വാസം സർവ്വസാധാരണമാണു്. നടുക്കടലിൽ കുടിച്ചുമരിക്കാൻപോകുന്ന നിസ്സഹായനും, ഹിമാലയത്തിൽ മഞ്ഞുകട്ടിയാൽ മൂടപ്പെട്ട സന്യാസിയും. ക്രൂരിരുട്ടിൽ വനാന്തരത്തിൽ സഞ്ചരിക്കുന്ന പഥികനും, മരണശിക്ഷാവിധിക്കപ്പെട്ടഘാതകനും, തടവിൽകിടക്കുന്ന ബന്ധനസ്ഥനും എന്നുവേണ്ട എല്ലാവരും ഈശ്വരാനുഗ്രഹത്തിൽ പൂർണ്ണവിശ്വാസമുള്ളവരായിരിക്കും; ആ വിശ്വാസം നമുക്കുമുണ്ട്. ദൈവം അനുഗ്രഹിക്കട്ടെ.

ഈ അവസരത്തിൽ ഒരുഭാഗത്തുള്ള നാലുവാതിലുകളും തുറക്കപ്പെട്ടുകയും ഉദ്ദേശം മുപ്പതിലധികംപുരുഷന്മാർ മുറിയിൽ കടക്കുകയും ചെയ്തു. ഇവരിൽ ചെറുപ്പക്കാരുമുണ്ടു്, വൃദ്ധന്മാരുമുണ്ടു്. എല്ലാവരും ഒരേ മാതിരിയിലുള്ള കരിംകുപ്പായങ്ങൾ ധരിച്ചിരുന്നു. ആശങ്കയും അതിതാപവും അവരുടെ മുഖത്തു നിഴലിച്ചുകണ്ടു. എന്നാൽ എല്ലാവരും ദൈവവിശ്വാസവും സഹനശീലവുമുള്ളവരായിരുന്നു. അവർ മുഞ്ഞൊന്നസ്ത്രീയിൽ വളരെ മര്യാദയും വിനയവും പ്രകടിപ്പിച്ചു. സ്ത്രീ സിദ്ധസേനനെയും ഉഗ്രസേനനെയും അവരെ പരിചയപ്പെടുത്തി സഹതാപപൂർവ്വം ചിലതു സംസാരിച്ചു. ആ സംഘത്തിൽപെട്ട ഒരു വയോധികൻ സേനന്മാരുടെ മുതുകിൽ തലോടി തന്റെ സഹതാപത്തെ പ്രദർശിപ്പിക്കയുണ്ടായി. ആദ്യം കൊലയാളികളെന്നു സംശയിക്കപ്പെട്ട സഹോദരന്മാർ ആ സംഘത്തിൽ സംബന്ധിച്ചിരുന്നതു സേനന്മാർ കണ്ടു.

ഈ സന്ദർഭത്തിൽ മറേറ ഭാഗത്തുള്ള നാലുവാതിലുകളും തുറക്കപ്പെട്ടു. ഇരുപതോളം സ്ത്രീകൾ അതുവഴി അകത്തു പ്രവേശിച്ചു. അവർ വെറും വെള്ളവസ്ത്രമാണു ധരിച്ചിരുന്നതു്. സ്ത്രീകളുടെ ആഗമനത്തോടുകൂടി എല്ലാവരും ഭക്ഷണത്തിനു തയ്യാറായി. ആഹാരത്തിനു വലിയ വിഭവങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും ഉള്ളതു വളരെ ശുചിയും രുചിയുമുള്ളതായിരുന്നു. അഗ്രശാലകളിലെപ്പോലുള്ള കോലാഹലങ്ങളൊന്നും അതിനകത്തു സംഭവിച്ചില്ല. ശാന്തിയും സമാധാനവും അവിടെ കളിയാടിക്കൊണ്ടിരുന്നു. ഭക്ഷണമദ്ധ്യേ ആരെങ്കിലും ആരോടെങ്കിലും അവശ്യം വല്ലതും സംസാരിക്കേണ്ടിയിരുന്നാൽ മൂന്നാമതൊരാൾ കേൾക്കാത്തവിധത്തിൽ അക്കാര്യം നിർവ്വഹിക്കുകയാണു ചെയ്തതു്.

സ്ത്രീപുരുഷന്മാർ തമ്മിലുള്ള പെരുമാറ്റം സൂക്ഷ്മാർഹവും അനുകരണീയവുമായിരുന്നു. അവർ തമ്മിൽ യാതൊരു പ്രകാര

ത്തിലുള്ള സംഭാഷണങ്ങളെമുണ്ടായിരുന്നില്ല. സ്ത്രീപുരുഷഭേദമെന്നി യേ സംഭാഷണസ്വാതന്ത്ര്യമുള്ളവരായി രണ്ടുപേർ മാത്രമേയുണ്ടാ യിരുന്നുള്ളൂ; ആദ്യത്തെ സ്ത്രീയും ചാരുദത്തനും അവക്ക് രണ്ടുപേക്ഷം ഏതു സ്ത്രീയോടും പുരുഷനോടും യഥേഷ്ടം സംസാരിക്കാനുള്ള സവ് സ്വാതന്ത്ര്യമുണ്ടായിരുന്നു.

അർദ്ധരാത്രിയിൽ വെള്ളിമണിയടിക്കുന്ന ഭൂലോക സ്വർഗ്ഗത്തി ലെ സ്ത്രീ പുരുഷന്മാരുടെ പെരുമാറ്റങ്ങളും അവിടുത്തെ നടപടി കളും കണ്ടറിഞ്ഞവരായ ഉഗ്രസേനനും സിദ്ധസേനനും, ഇവിടുത്തെ പെരുമാറ്റങ്ങളിലും നടപടികളിലും എത്രകണ്ട് ബഹുമാനവും വിസ്മയവും ജനിച്ചിരിക്കണമെന്നു് അറിയേണ്ടവർ അവരോടുത. ന്നെ ചോദിക്കേണ്ടതാണു്.

അദ്ധ്യായം ൨൯

"സന്ദേഹമില്ല ഞാൻ സാധിക്കുമീപ്സിതം"

താരാനാഥനെപ്പറ്റി ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ അല്പം പ്രസംഗിക്കേണ്ടിയിരിക്കുന്നു. ശിവയോഗിനിയുടെ ദുർമ്മര ണത്തിനുശേഷം പ്രയാഗയുടെ തിരത്തിൽനിന്നും താരാനാഥൻ. സരസ്വതിയോടു യാത്രയുംപറഞ്ഞു മടങ്ങിപ്പോന്നുവല്ലോ.

അന്നത്തെ സംഭവങ്ങളെ അധികരിച്ചുള്ള പലേ ചിന്തകളോ ടും മനഃഖേദത്തോടും ക്രൂടിയാണു് അയാൾ വിട്ടതിയിലേക്കു തിരി ച്ചുതു്. മനസ്സിലെ ചിന്തകൾ അന്യോന്യവിരുദ്ധങ്ങളും കർക്കശങ്ങ ളും ആയിരുന്നു. സരസ്വതിയുടെ ഗർഹണീയവും നിഷ്ഠുരവുമായ പ്രവൃത്തിയിൽ അയാൾക്കു വളരെ അറപ്പുതോന്നിയതിനു പുറമെ, അതിനെ സംബന്ധിച്ചു മനസ്സിൽ അതിയായ കണ്ടിതവുമുണ്ടായി രുന്നു. ആത്മരക്ഷയ്ക്കുവേണ്ടി സരസ്വതി ആ കടുംകൈപ്രവൃത്തി ച്ചുപോയതാണെന്നു താരാനാഥൻ വിശ്വസിച്ചുവെങ്കിലും, അവർ കൊലപാതകം ചെയ്തുവല്ലോ എന്നോർത്തപ്പോൾ അയാളുടെ ഹൃദ യം അസ്വസ്ഥമായിച്ചമഞ്ഞു. ഈ കൊലപാതകസംഭവത്തിനു ശേഷം, ചന്ദ്രസമാനമായ അവളുടെ സുന്ദരവദനം അയാളിൽ ആദ്യത്തെപ്പോലെ സന്തോഷത്തെ ജനിപ്പിച്ചില്ല. സരസ്വതിയിൽ ആദ്യം അയാൾക്കുണ്ടായിരുന്ന ബഹുമാനവും സ്നേഹവും ഇപ്പോൾ അയാളിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. അയാളുടെ ഉദ്ദേശങ്ങളേ യും ലക്ഷ്യങ്ങളേയും ഈ കൊലപാതകസംഭവം പാടേ തെറ്റിച്ചു.

ഈ അവസരത്തിൽ അംബികയേയും സരസ്വതിയേയും പറഞ്ഞു താരാനാഥൻ, ഒരു താരതമ്യവിവേചനം നടത്തുകയുണ്ടായി. സരസ്വതിയുടെ സൌന്ദര്യ്യം സർവ്വേന്ദ്രിയങ്ങളേയും ഹഠാദാകർഷിക്കത്തക്ക ശക്തിയുള്ളതാണു്. അംബികയുടേതാകട്ടേ, അക്ഷയമായ അഭിലാഷത്തെ ജനിപ്പിക്കുന്നതാണു്. സരസ്വതിയെ കാലപ്പഴക്കത്താൽ വെറുത്തേക്കാം; എന്നുവച്ചാൽ അവളുടെ പ്രേമത്തിനുപാത്രമാകുന്ന പുരുഷൻ ചിലനാൾ ദാമ്പത്യസുഖത്തെ അതികച്ചും അനുഭവിച്ചതിനുശേഷം, അതിൽ വിരക്തനായി ഭവിച്ചേക്കാം. അംബികയെസ്സംബന്ധിച്ചിടത്തോളം ആ മനഃസ്ഥിതിയുണ്ടാകുന്നതല്ല. അവളുമായി ദാമ്പത്യസുഖത്തെ അനുഭവിക്കുന്നവനു നാൾ കഴിയുന്തോറും അവളിൽ കൂടുതലായ പ്രേമവും അഭിലാഷവും വളർന്നുകൊണ്ടിരിക്കുന്നതാണു്. സരസ്വതിയുടെ ആകാരത്തിൽ ഒരു ഗാംഭീര്യ്യവും അംബികയുടേതിൽ ഒരു മൃദുത്വവും സുസ്പഷ്ടമാണു്. സരസ്വതിയുടെ നോട്ടത്തിൽ ഒരു ധാർഷ്ട്യ്യവും അംബികയുടേതിൽ ഒരു വിനയവും അനുഭവിച്ചു കാണാം. ഇപ്രകാരം അംബികയ്ക്കും സരസ്വതിക്കും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ടു പോകുന്ന താരാനാഥനു് അംബികയുടെ അഭിമുഖപരിചയം സമ്പാദിക്കുന്നതിനും പ്രയാഗാനദിയിലെ അത്യാഹിതത്തിൽനിന്നും ആ സർവ്വാംഗസുന്ദരിയെ രക്ഷിക്കുന്നതിനും തനിക്കു ഭാഗ്യമുണ്ടായതിൽ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ടായി ആ അവസരത്തിൽ അംബികയ്ക്കുനേരിട്ട അത്യാഹിതത്തിന്റെ ഭയങ്കരത അയാളുടെ മനോമുകുരത്തിൽ പ്രതിബിംബിച്ചു. ആ ആപത്തു ഈ മൂഢഗാത്രിക്കു എങ്ങനെ സംഭവിച്ചു എന്നു് അയാൾ തന്നെത്താൻ ചോദിച്ചു. കാൽതെറ്റി നദിയിൽ വീണുപോയതാണോ? അതോ ആരെങ്കിലും മനഃപൂർവ്വമായി പിടിച്ചു തള്ളിയതാണോ? ഇതിനു സമാധാനം ആ തരുണിയിൽനിന്നും തന്നെ കിട്ടേണ്ടിയിരിക്കുന്നു. അടുത്തകുറി തമ്മിൽ കാണുമ്പോൾ ചോദിച്ചു സംശയം തീർത്തുകൊള്ളാമെന്നു സമാധാനപ്പെട്ടു. നിഷ്കുളാനന്ദനെക്കുറിച്ചു തലേന്നാൾ രാത്രി അംബിക പറഞ്ഞതെല്ലാം ഈ അവസരത്തിൽ താരാനാഥന്റെ ഓർമ്മയിൽ വരികയാൽ ഒരുപക്ഷേ, അംബികയുടെ ഈ ആപത്തിനു കാരണഭ്രൂതൻ നിഷ്കുളാനന്ദൻതന്നെയായിരിക്കാമെന്നു അയാൾ സംശയിക്കാതെയുമിരുന്നില്ല.

നിഷ്കുളാനന്ദനെപ്പറ്റി അംബിക പറഞ്ഞ വാക്കുകളുടെ അനുസ്മരണം സരസ്വതിയിലുള്ളതായി അംബികയുടെ മുഖത്തുനിന്നും താൻ ഗ്രഹിച്ചു. നിഷ്കുളാനന്ദന്റെ പൈശാചികമായ നിശ്ചയവും പകയും സരസ്വതിയെ കണ്ടുമുട്ടിയപ്പോൾ അറിയിക്കാൻ വിട്ടുപോയതിനാലുള്ള പശ്ചാത്താപത്തെ ജനിപ്പിച്ചു. ശിവ

യോഗിനിയെക്കൊന്നു് നിണമണിഞ്ഞുനിന്നിരുന്ന സരസ്വതിയുടെ ആ നിലപാടുകണ്ടപ്പോൾ അയാൾ അതൊക്കെ വിസ്മരിച്ചുപോയതിൽ ആശ്ചര്യപ്പെടാനില്ല. ആ അവസരത്തിൽ താരാനാഥൻ സരസ്വതിയുടെ ഗുണകാംക്ഷിയായിരുന്നില്ല. ആ മനഃസ്ഥിതി ഇപ്പോൾ അയാളെ ബാധിച്ചു; ഉർബുദ്ധിയായ നിഷ്കുളാനന്ദന്റെ കൂടുക്കിൽ ചാടാതെ സൂക്ഷിച്ചുകൊള്ളാൻ സരസ്വതിയോടു ശട്ടം കെട്ടുന്നതിനു വിട്ടുപോയതിൽ അതിയായ കണ്ടിതമുണ്ടായി. ഉടനെ അവളുടെ തല്ക്കാലവസതിയിൽ ചെന്നു വിവരം ഉണർത്തിക്കാമെന്നു വിചാരിച്ചു്, അതേനിമിഷത്തിൽ മാനസാന്തരപ്പെട്ടു. കാരണമുണ്ടു്. വിടുതിസ്ഥലംവരെ എത്തിക്കഴിഞ്ഞു. പോരെങ്കിൽ ഏഴാംദിവസം പദ്മപുരത്തേക്കു യാത്രയാവോളം തമ്മിൽ കാണാൻ കഴികയില്ലെന്നുള്ള നിശ്ചയത്തോടുകൂടി മടങ്ങിപ്പോന്നിരിക്കയാണു്. അതു മാത്രമോ? തന്റെ ഹൃദയത്തിൽ ഏതൊരു ബഹുമാന്യമായ സ്ഥാനത്തു സരസ്വതിയെ കുടിയിരുത്തിയിരുന്നുവോ, ആ സ്ഥാനത്തുനിന്നും അവിടെ കയറാൻ ആദ്യം ചവിട്ടേണ്ട പടിയിൽ, അന്നത്തെ സംഭവം അവളെ ഇളക്കിമറിച്ചിരിക്കയുമാണു്. ആ കിടപ്പിൽ ക്ഷണിക്കാതെചെന്നു് അഭിവീക്ഷിക്കാൻ വളരെ മടിതോന്നുന്നതു സാധാരണയാണല്ലോ. എന്നിരുന്നാലും പരോക്ഷമായിട്ടെങ്കിലും വിവരം സരസ്വതിയെ ധരിപ്പിക്കണമെന്നു് ഒടുവിൽ തീർച്ചപ്പെടുത്തി തന്റെ അനുയായികളിൽ ഒരുവൻവശം ഒരു കത്തുകൊടുത്തയയ്ക്കാമെന്നു നിശ്ചയിച്ചു്, ബഹുപ്പെട്ട വിടുതിയിൽ ചെന്നന്വേഷിച്ച ഭൃത്യന്മാരെ കാണാനില്ല. അവർ ഇതേവരെ മടങ്ങി വന്നിട്ടില്ലെന്നു ക്ലബ്ബുടമസ്ഥനിൽനിന്നും അറിവുകിട്ടി. ഭയജനകങ്ങളായ പല സംശയങ്ങളും ഉത്തരക്ഷണത്തിൽ അയാളുടെ മനസ്സിൽ വേരുന്നി ഉൽക്കടമായ കോപവും ഉത്സാഹമായ സങ്കടവും ആ സംശയതരുക്കളിലെ ഫലങ്ങളായി അങ്കുരിച്ചു. ആ സംഗതി ക്ലബ്ബുടമസ്ഥനു ക്ഷണേന മനസ്സിലായി. താരാനാഥനെ സമാധാനപ്പെടുത്തണമെന്നു കരുതി, ആ യുവാക്കന്മാർ എളുപ്പത്തിൽ മടങ്ങിവരുമെന്നും, അതിനെക്കുറിച്ചു മനസ്താപിക്കേണ്ട ആവശ്യമില്ലെന്നും, ചില വലിയ പട്ടണങ്ങളിലെപ്പോലെ ചെറുപ്പക്കാരെ വ്യാമോഹിപ്പിക്കുന്ന ചില സ്ഥലങ്ങളും സ്ഥാപനങ്ങളും മറ്റും ഇന്നാട്ടിലുമുണ്ടെന്നും, അങ്ങനെയുള്ള വല്ല കൂട്ടുക്കിലുംചെന്നു ചാടിയിട്ടുണ്ടായിരിക്കാമെന്നും, അനിത്യമായ ആ സുഖസന്തോഷങ്ങളിൽ രണ്ടുമൂന്നുദിവസം കഴിയുമ്പോൾ ആക്കും വിരക്തിയുണ്ടാകുമെന്നും, ആ ഘട്ടത്തിൽ അവർ മടങ്ങിവരാതിരിക്കയില്ലെന്നും മറ്റും അയാൾ ഒടുവിലത്തെ പ്രസംഗിച്ചു. എന്നാൽ അയാളുടെ പ്രസംഗം വനരോദനമായി കലാശിച്ചതേയുള്ളു. സ്വഭൃത്യന്മാരുടെ അഭാവം

ത്തെ സംബന്ധിച്ച ദുഃഖചിന്തയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന താരാനാഥന്റെ വ്യഥയോടു് അയാളുടെ ശ്രോത്രേന്ദ്രിയം സഹതപിച്ചുകൊണ്ടിരുന്നതിനാൽ പ്രസംഗത്തിൽ ചില വാക്കുകൾ പോലും അയാൾക്കു കേൾക്കാനിടയായില്ല.

ഒടുവിൽ താരാനാഥന്റെ നിശ്ചയം, അവർ ലോകജ്ഞാനമില്ലാത്ത ചെറുപ്പക്കാരാണെങ്കിലും അവിവേകമായി കണ്ട കൂട്ടുകെട്ടിലൊക്കെച്ചെന്നു ചാടുന്നവരല്ലെന്നും, ഒരുപക്ഷേ പത്മാവതിയുടെ ഗ്രഥവാസസ്ഥലം കണ്ടുപിടിച്ചു് അതു സംബന്ധിച്ച അനന്തര പ്രവൃത്തികളിൽ ഏർപ്പെട്ടുകഴിഞ്ഞുകൂടുകയാണെന്നും അതിന്റെ അവസാനഫലം കാണുന്നതുവരെ മടങ്ങുകയില്ലെന്നു തീർച്ചപ്പെടുത്തിയിട്ടുണ്ടായിരിക്കണമെന്നും ആയിരുന്നു. ഈ നിശ്ചയത്തോടു കൂടി അയാളുടെ മനസ്സിനു് അല്പം സമാധാനമുണ്ടായി. ആ നിമിഷത്തിൽ സരസ്വതീചിന്ത ചിത്തത്തിൽ സ്ഥാനംപിടിച്ചു. പ്രയാഗാനദിയെ സമീപിച്ചുള്ള അവളുടെ ക്രീഡാരത്തിൽ ചെന്നു നേരിൽ കണ്ടു വിവരം ധരിപ്പിക്കാമെന്നു വിചാരിച്ചു. അല്ലെങ്കിൽ അശോകൻമുഖാന്തിരം വിവരം സരസ്വതിയെ ധരിപ്പിച്ചാലെന്താണെന്നു പിന്നീടാലോചിച്ചു. ആ ആലോചന ഒടുവിൽ സ്ഥിരപ്പെടുകയാൽ അശോകനാഥനെ അന്വേഷിച്ചു വിടുതിയിൽനിന്നുമിറങ്ങി കൊട്ടാരത്തിലേക്കു നടന്നു. കൊട്ടാരത്തിൽ ചെല്ലുമ്പോൾ അശോകനാഥൻ അവിടെ ഉണ്ടായിരുന്നു. ശിവയോഗിനിയും നിഷ്കളങ്കനന്ദനും തമ്മിൽ നടത്തിയ സംഭാഷണം അംബികയിൽനിന്നും ഗ്രഹിച്ചുവണ്ണം അശോകനാഥനെ ധരിപ്പിച്ചു. ഗുരുതരമായ ഈ സംഗതി തന്നെ ഗ്രഹിപ്പിച്ചതിൽ അശോകനാഥനു് അളവറ്റ സന്തോഷമുണ്ടായി; ഉചിതോക്തികളാൽ കൃതജ്ഞത പ്രദർശിപ്പിച്ചു. ഈ അഭിമുഖസന്ദർശനത്തിൽ കാശ്മീരത്തെ സംബന്ധിച്ച രാഷ്ട്രീയസ്ഥിതിയെക്കുറിച്ചു് ആ രണ്ടു വീരന്മാരും ഒരക്ഷരമെങ്കിലും സംസാരിച്ചില്ലെന്നുള്ളതു് പ്രത്യേകം പ്രസ്താവനീയമാണു്.

താരാനാഥൻ യാത്രപറഞ്ഞു പിരിഞ്ഞുടനേ, അശോകനാഥൻ പ്രയാഗാനദീതീരത്തിൽ സ്ഥാപിച്ചിട്ടുള്ള ക്രീഡാരത്തിലേക്കു കുതിരപ്പുറത്തു യാത്രയായി. അശോകനാഥൻ ചെല്ലുമ്പോൾ സരസ്വതി ക്രീഡാരത്തിൽനിന്നും അല്പം അകലെയുള്ള വൃക്ഷത്തണലിൽ അങ്കിക്കുലാത്തിക്കൊണ്ടു നിൽക്കുകയായിരുന്നു. അകലെനിന്നും തന്നെ അഭിമുഖീകരിച്ചുവരുന്ന അശോകനാഥനെക്കണ്ടു്, അവിചാരിതമായ ആ ആഗമത്തിൽ അവർക്കല്പം ആശ്ചര്യംതോന്നി. അതിനെ വെളിക്കു പ്രകാശിപ്പിക്കാതെ, മന്ദഹാസത്തോടെ മുമ്പോട്ടുചെന്നു, കുതിരപ്പുറത്തുനിന്നുമിറങ്ങി, ഒരു

പിതാവു പുത്രിയെ എന്നപോലെ സ്നേഹവാത്സല്യപൂർവം അവളെ അരികിൽ അണച്ചു തലോടി. സരസ്വതി അശോകനാഥന്റെ ഇടത്തെ കൈത്തണ്ടയിൽ പറ്റിപ്പിടിച്ചുകൊണ്ട് ശിശുസഹജമായ പ്രകടിപ്പിച്ചുനിന്നു. അനന്തരം രണ്ടുപേരും തണലിൽ അങ്ങിങ്ങുലാത്തിക്കൊണ്ട് പലേകാര്യങ്ങളെപ്പറ്റി അന്യോന്യം സംസാരിച്ചുകൊണ്ടിരുന്നു. അങ്ങനെ അരമണിക്കൂറോളം കഴിഞ്ഞുകൂടിയ തിനുശേഷം, അശോകനാഥൻ കൊട്ടാരത്തിലേക്കു പോന്നു. സരസ്വതി ഉടനെ, ക്രീഡാരംഗത്തെല്ലാം ഈ നിമിഷത്തിൽ പൊളിക്കണമെന്നും സകല സാമാനങ്ങളോടുംകൂടി എല്ലാവരും കൊട്ടാരത്തിലേക്കു പുറപ്പെടണമെന്നും അശോകനാഥനാൽ തനിക്കായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ഭടന്മാരോടു ആജ്ഞാപിച്ചു.

ഏതാണ്ട് ഒന്നൊന്നരമണിക്കൂറിനുമുമ്പ് ആറ്റിൽ നിന്നും താരാനാഥനാൽ രക്ഷിക്കപ്പെട്ട അംബികയെ സരസ്വതിനിയോഗത്താൽ സുരുചിയും വിമലയും മേല്പറഞ്ഞ ക്രീഡാരത്തിലേക്കുകൊണ്ടുപോന്നുവെന്നും ഉചിതോപചാരങ്ങളാൽ അംബിക സുഖനിദ്രയെ പ്രാപിച്ചുവെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ ക്രീഡാരം പൊളിക്കാൻ സരസ്വതി കല്പനകൊടുത്ത അവസരത്തിൽ അംബിക നിദ്രയിൽനിന്നും ഉണർന്നു. എന്നാൽ ശരീരത്തിനു പൂർവ സ്വാസ്ഥ്യം സിദ്ധിച്ചിട്ടില്ലാത്തതിനാൽ നടക്കാൻ ശക്തിയില്ലാതെ, എഴുന്നേറ്റു കിടക്കയിൽതന്നെ ചാഞ്ഞിരുന്നു. സുരുചിയെയും വിമലയെയും വെളിയിൽ പറഞ്ഞയച്ചുംവച്ചു സരസ്വതി അംബികയുടെ സമീപത്തിരുന്ന് ദീനസ്ഥിതിയെപ്പറ്റി സ്നേഹപൂർവം അന്വേഷണംനടത്തി ഇപ്പോഴും ശരീരത്തിനു പൂർണ്ണസ്വാസ്ഥ്യം സിദ്ധിച്ചിട്ടില്ലെന്നും ദേഹം ആസകലം വേദനയും ക്ഷീണവുമുണ്ടെന്നും അന്യസഹായമില്ലാതെ തനിയെനടക്കാൻ ശക്തിയില്ലെന്നും പതിഞ്ഞസ്വരത്തിൽ അംബിക, സരസ്വതിയുടെ ചോദ്യങ്ങൾക്കു മറുപടിപറഞ്ഞു. ഏതായാലും പൂർണ്ണമായ സുഖം കിട്ടുന്നതുവരെ, തന്നെ പിരിഞ്ഞുപോകരുതെന്നും, തന്നാൽകഴിയുന്ന എല്ലാസഹായങ്ങളുംചെയ്യാൻ തയാറാണെന്നും അതിലേക്ക പ്രത്യേകം സന്തോഷമുണ്ടെന്നും സരസ്വതി അംബികയെ ധരിപ്പിച്ചു. അതോടുകൂടി കാരണവശാൽ ഇവിടുത്തെതാമസം മതിയാക്കി ഇപ്പോൾതന്നെ കൊട്ടാരത്തിലേക്കുപോകേണ്ട ആവശ്യമുണ്ടെന്നും അറിയിച്ചു.

സരസ്വതിയുടെ സ്നേഹപൂർവകമായ വാക്കിലും പെരുമാറ്റത്തിലും അംബികയ്ക്ക് അതിയായ കൃതജ്ഞത ജനിച്ചു. കൊട്ടാരത്തിലേക്കു പോകണമെന്ന് കേട്ടതിൽ കൂടുതലായ സന്തോഷവുമുണ്ടായി പ്രത്യേകിച്ചൊരു ചാരിതാർത്ഥ്യവുംതോന്നി. തന്റെ യാത്രയുടെ ഉദ്ദേശ്യം ഫലോദ്ഗമമാകുമെന്ന ദൃഢതോദയം ഉണ്ടാവു

കയും ചെയ്തു. കൊട്ടാരത്തിൽ ബന്ധനസ്ഥരാക്കപ്പെട്ടിരിക്കുന്ന പ്രജകളെ മോചിപ്പിക്കണമെന്നുള്ളതാണു് അംബികയുടെ യാത്രയുടെ പ്രധാനമായ ഉദ്ദേശ്യം. അതിലേക്കു കൊട്ടാരത്തിനകത്തുകടന്നു വശമാകാതെ കഴിവില്ല. സരസ്വതിയുടെ ക്ഷണം, രോഗി കൊതിച്ചതിനെ വൈദ്യൻ വിധിച്ചതുപൊലെ കലാശിച്ചു. അപ്രതീക്ഷിതമായ ഈ ഭാഗ്യോദയത്തിൽ അംബികയുടെ സന്തോഷചാരിതാർത്ഥ്യങ്ങൾ അങ്കുരിച്ചതിൽ ആശ്ചര്യത്തിനു അവകാശമില്ല.

അംബികയുടെ ഹൃദയത്തിലെ പ്രസാദം മുഖത്തു നിഴൽവിശിയതു സരസ്വതി കണ്ടു; അവൾ അതിനെ ശ്രദ്ധിച്ചു. എന്നാൽ നിഴൽ തൃച്ചിയുടേതോ അതൃപ്തിയുടേതോ എന്നു തീർച്ചപ്പെടുത്താൻ സരസ്വതിക്കു കഴിഞ്ഞില്ല. അനേകവർഷമായി അടച്ചുപൂട്ടിയിരിക്കുന്ന ഒരു വലുതായ കൊട്ടാരത്തിലെ താമസം ഒരു രോഗിണിയുടെ നിലയ്ക്കു് തൃപ്തികരമല്ലെന്നു ധരിച്ചതിനാലുള്ള വികാരഭേദത്തിന്റെ നിഴലാട്ടമായിരിക്കാമെന്നു അവസാനം നിശ്ചയിച്ചു. അംബികയുടെ ആ മനഃസ്ഥിതിയെ മാറ്റണമെന്നുകരുതി സരസ്വതി പല സമാധാനങ്ങളും പറഞ്ഞുകേൾപ്പിച്ചു. തന്റെ ഹൃദയാവസ്ഥ മറിച്ചാണെങ്കിലും സരസ്വതി മനസ്സിലാക്കാൻ ഇടയായതിൽ അംബിക തന്നെത്താൻ കുറ്റപ്പെടുത്തി. മേലാൽ അങ്ങനെ സംഭവിക്കയില്ലെന്നു തീർച്ചപ്പെടുത്തുകയും സരസ്വതിയുടെ വാക്കുകൾക്കു നന്ദിപറയുകയും ചെയ്തു. കല്പകക്കോട്ടയിൽനിന്നുംതന്നെ മോചിപ്പിച്ച ശുശ്രൂഷസ്വരൂപിണിയായ മനസ്വിനിയുടെ അനുശാസനത്തെ ബുദ്ധിപൂർവ്വം നിറവേറ്റണമെന്നുള്ള തന്റെ ഏകലക്ഷ്യം അസ്ഥാനത്തിലാകയില്ലെന്നുള്ള വിശ്വാസം തികച്ചും അംബികയ്ക്കുണ്ടായി. കല്പകക്കോട്ടയിലെ മനസ്വിനിയെ ഓർത്തമാത്രയിൽ അവളുടെ ഹൃദയത്തിനുണ്ടായ ഒരാനന്ദവും ശാന്തിയും ഇന്നപ്രകാരത്തിലാണെന്നുള്ളതു് അവർണ്ണനീയമാണു്. ആ അമ്മയുടെ നിയോഗത്തെ നിറവേറ്റാതിരിക്കുന്നതിൽഭേദം മരിക്കുകയാണെന്നു് അംബിക മനസാ തീരുമാനിച്ചു.

തന്നെക്കുറിച്ചു സഹതാപത്തോടും സ്നേഹത്തോടും താരാനാഥൻ സംസാരിച്ചുവെന്നു സരസ്വതിയിൽനിന്നു് അറിഞ്ഞു് അംബിക സന്തോഷിച്ചു. അവ്യാഖ്യമായ ഒരാനന്ദം ആ യുവതീരത്നത്തിന്റെ ഹൃദയം തൽക്ഷണം അനുഭവിച്ചു. അനന്തരം പല വിഷയങ്ങളെയും പററി രണ്ടുപേരും സംസാരിച്ചുകൊണ്ടിരിക്കെ, സംഭാഷണവശാൽ നിഷ്കളാനന്ദന്റെയും ശിവയോഗിനിയുടെയും നാമങ്ങൾ അംബികയുടെ മുഖത്തുനിന്നുംപുറപ്പെട്ടു. സരസ്വതി അതുകേട്ടു് അംബികയുടെ സംസാരത്തെതടഞ്ഞു് അവരെപ്പററി അവൾക്കു് അറിയാവുന്ന സംഗതികൾ മറയ്ക്കാതെ പറയണമെന്നു്

ആവശ്യപ്പെട്ടു. അവരെക്കുറിച്ചു താരാനാഥനെ എന്തെല്ലാം ധരിപ്പിച്ചുവോ അതുമുഴുക്കെ സരസ്വതിയോടു പറഞ്ഞു. അംബികയുടെ വാക്കുകൾക്കും അശോകനാഥന്റെ സന്ദേശത്തിനും സാന്ദ്രസംബന്ധമുണ്ടായിരുന്നതിനാൽ അവളുടെ വാക്കുകളിൽ സരസ്വതിക്കു് അത്യന്തസന്തോഷവും കൃതജ്ഞതയുമുണ്ടായി. എന്നാൽ നിഷ്കളാനന്ദനും ശിവയോഗിനിയും ഏതൊരു സരസ്വതിയെ അധികരിച്ചു സംഭാഷണം നടത്തിയോ, ആ സരസ്വതിയാണു തന്റെ മുമ്പിലിരിക്കുന്നതെന്നുള്ള വസ്തുത അംബിക ധരിച്ചിട്ടില്ല. അപ്രകാരം ഒരു സംശയത്തിനുപോലും കാരണമില്ല നിഷ്കളാനന്ദശിവയോഗിനികൾ സംഭാഷണം നടത്തിയ രാത്രിയിൽ അതേസ്ഥലത്തുവച്ചു നിഷ്കളാനന്ദനു് ശ്രീപുരത്തുള്ള ഒരു മഹാമനസ്കയുടെ മാളികയിലേക്കു അംബികയെ സന്നേഹം ക്ഷണിക്കുകയുണ്ടായല്ലോ. ആ സംഗതി അംബിക സരസ്വതിയെ ധരിപ്പിച്ചമാത്രയിൽ അവളുടെ കണ്ണുകളിൽ കോപാഗ്നി കത്തിജ്വലിച്ചതും അംബിക കണ്ടില്ല. ശിവയോഗിനി 'വെങ്കലപ്രതിമയെ'സ്സംബന്ധിച്ച സംഘത്തിൽ ഉൾപ്പെട്ടവളാണെന്നു നിഷ്കളാനന്ദനിൽനിന്നു താൻ ഗ്രഹിച്ചതായി അംബിക പ്രസ്താവിച്ചപ്പോൾ സരസ്വതി വല്ലാതെ ഞെട്ടിയതും ഭാവഭേദം അറിഞ്ഞില്ല.

അംബികയും സരസ്വതിയും ഇടംപ്രഥമമായ ഈ അഭിമുഖസന്ദർശനത്താൽതന്നെ അന്യോന്യം നിഷ്കളങ്കമായി സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തു. രണ്ടുപേരിലും പരസ്പരം നല്ല അഭിപ്രായം ജനിക്കുകയുമുണ്ടായി. ഇത്രത്തോളം സദ്ഗുണമുള്ള ഒരു മാന്യസ്ത്രീയെപ്പറ്റി തനിക്കുണ്ടായ അസൂയ അസ്ഥാനത്തിലായിരുന്നു എന്നു സരസ്വതി വിശ്വസിച്ചു് തന്റെ ബുദ്ധിഹീനതയെക്കുറിച്ചു പശ്ചാത്തപിച്ചു. അംബിക സരസ്വതിയെ സ്വസഹോദരിയെ എന്നപോലെ സ്നേഹിക്കുകയാണുണ്ടായതു്.

അസ്തമയത്തിനു മുമ്പേതന്നെ സരസ്വതി സ്വപരിചാരികമാരുടെ സഹായത്തോടുകൂടി അംബികയെയും കൂട്ടിക്കൊണ്ടു കൊട്ടാരത്തിലേക്കു പുറപ്പെട്ടു. മുഖം മറയത്തക്കവണ്ണം മൂടുപടം മുമ്പോട്ടു വലിച്ചിട്ടുംകൊണ്ടായിരുന്നു അവരുടെ യാത്ര. ചില ഭടന്മാരും സഹായാർത്ഥം അവരുടെ ഒന്നിച്ചുണ്ടായിരുന്നു. അശോകനാഥൻ മുൻകൂട്ടി അവർക്കു താമസിക്കാനായി കൊട്ടാരത്തിൽ പ്രത്യേകം മുറികൾ ഒഴിച്ചിട്ടു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. എല്ലാവരും കൊട്ടാരത്തിൽ എത്തി. ഇപ്രകാരം താൻ ആശിച്ചിരുന്നതുപോലെ അംബികയ്ക്കു കൊട്ടാരത്തിൽ കടക്കാൻ സംഗതിയാവുകയും ചെയ്തു. കൊട്ടാരത്തിനുള്ളിൽ അംബിക പ്രദർശിപ്പിച്ച ധൈര്യവും സാമർത്ഥ്യവും യഥാസന്ദർഭം വെളിപ്പെടുന്നതാണു്.

അംബിക കൊട്ടാരത്തിൽ പ്രവേശിച്ച അന്നരാത്രിയിൽ പല പല ചിന്തകൾ അവളുടെ ഹൃദയചക്രത്തെ പ്രകടമായി ചലിപ്പിച്ചു. കല്പകക്കോട്ടയിൽവച്ച് അവിടുത്തെ കല്പറയിലെ മനസ്വിനിയുമായി നടത്തിയ സംഭാഷണത്തിലെ ഓരോവാക്കുകളും സ്മൃതിപഥത്തെ ആരോഹണം ചെയ്തു. ചാരുദത്തന്റെ വാക്കുകളും ഓമ്മയിൽവന്നു ചാരുദത്തനും ആ മഹാമനസ്കയും തമ്മിൽ നടത്തിയ സംഭാഷണവും തഥൈവ. ആ വാക്കുകൾ ഓരോന്നും തന്റെ കാതുകളിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു എന്ന് അംബികയ്ക്കു തോന്നി. ആ മനസ്വിനി പുത്രത്രയത്തിന്റെ പ്രാണങ്ങളെ രക്ഷിക്കണമെന്നു അംബികയോടു പറയുകയും ആ ഉദ്യമത്തിൽ സഹായിക്കണമെന്ന് ഈശ്വരനോടു പ്രാർത്ഥിക്കുകയും ഉണ്ടായിട്ടുണ്ടല്ലോ. ആ പ്രാർത്ഥന ഈശ്വരൻ സ്വീകരിച്ചുവെന്നും അനന്തരശ്രമങ്ങളിലും അദ്ദേഹം സഹായിക്കുമെന്നും അംബിക പ്രത്യാശിച്ചു. അതോടുകൂടി അവൾ മനസാ ഈശ്വരപ്രാർത്ഥന ഒന്നു ഭക്തിപൂർവ്വം നടത്തി. പ്രാർത്ഥനാനന്തരം, പ്രകൃത്യാ ഈശ്വരഭക്തയായ ആ തരുണിരത്നത്തിന്റെ ഹൃദയത്തിൽ സന്തോഷവും സംതൃപ്തിയും നിറഞ്ഞു വശായി. ചാരുദത്തന്റെ ഉദ്ബോധനത്തെ അവൾ അനുസ്മരിച്ചു. എന്തായിരുന്നു അയാളുടെ ഉദ്ബോധനം? അംബികയുടെ ശ്രമം ഫലോദ്ഗമമാകുമെന്നും അവൾക്കു അക്ഷയമായ കീർത്തി സിദ്ധിക്കുമെന്നും അയാൾ സ്വപ്നം കണ്ടതായി അംബിക കേൾക്കെ, ആ മനസ്വിനിയോടു പറഞ്ഞു് ശ്രമത്തിൽനിന്നും പിൻവാങ്ങരുതെന്നു് അംബികയെ പ്രേരിപ്പിച്ചതുതന്നെ.

ഇപ്രകാരം ആ മനസ്വിനിയേയും ചാരുദത്തനേയുംപറ്റി മാത്രമാണോ അവൾ ചിന്തിച്ചതു്? അല്ല തന്നെ പുത്രീനിർവ്വിശേഷമായി സ്നേഹവാത്സല്യങ്ങളോടെ പോറ്റി വളർത്തിയ ശ്രീപുരത്തേക്കുള്ള തന്റെയാത്രാവസരത്തിൽ, തങ്ങളുടെ വൃദ്ധനയനങ്ങളിൽനിന്നും അശ്രുക്കൾ പ്രവഹിപ്പിച്ചുകൊണ്ടു സഗദ്ഗദം യാത്രപറഞ്ഞനുഗ്രഹിച്ച വന്ദ്യന്മാരായ ചിത്രസേനനേയും തൽപത്നിയേയും അവൾ മനസാനമസ്കരിച്ചു. ഈ ഘട്ടത്തിൽ തന്നെ ഹൃദയപൂർവ്വം സ്നേഹിക്കുന്ന സരസ്വതിയെയും അവൾ അനുനിമിഷം ചിന്തിച്ചു. തന്റെ സമീപത്തിലിരുന്നു സ്നേഹപൂർവ്വം ശുശ്രൂഷിച്ച സുരുചിവിമലകളെയും അനുസ്മരിച്ചു. അത്രയുംകൊണ്ടവസാനിച്ചുവോ? ഇല്ല. തന്നെമഹാവിപത്തുകളിൽനിന്നുരക്ഷിച്ച ആ വീരപുരുഷനായ ഉപകർത്താവിനെയുണ്ടോ ആ തരുണീരത്നം അനുസ്മരിക്കാതെയിരിക്കുന്നു?

തന്റെ ഭർത്തൃസ്ഥാനത്തെ അലങ്കരിക്കേണ്ട പുരുഷനു് ഇന്നിന്ന ഗുണങ്ങളുണ്ടായിരിക്കണമെന്നും അപ്രകാരമുള്ള ഗുണങ്ങളില്ലാത്ത പുരുഷനെ താൻ വരിക്കുന്നതല്ലെന്നും മറ്റും ചില നിശ്ച

യങ്ങളും പ്രത്യാശകളും അംബികയ്ക്കുണ്ടെന്നു് ആ പ്രഗത്ഭയായ യുവതിയുമായി ആദ്യം പരിചയപ്പെട്ടപ്പോൾതന്നെ നാം ഗ്രഹിച്ചിട്ടുണ്ടല്ലോ. താൻ ഉദ്ദേശിച്ച ഗുണങ്ങളെല്ലാം താരാനാഥനുണ്ടെന്നാണു്; അംബികയുടെ ദൃഢവിശ്വാസം. താരാനാഥൻ ഒരു വലിയ ശക്തനാണു്, ശൂരനും വീരനുമാണു്; അംബികയെക്കാൾ വയസ്സുകൂടിഞ്ഞതാണു്; ചെറുപ്പമാണെങ്കിലും ജ്ഞാനവൃദ്ധനാണു്; പ്രകൃതിതത്വങ്ങളിൽ അഭിജ്ഞനാണു്; സദ്ഗുണനും സൗന്ദര്യത്തിൽ അദ്വിതീയനുമാണു്; സംഭാഷണത്തിൽ ചാതുര്യവും വിനയവുമുള്ളവനാണു്; പരോപകാരതൽപരനാണു്; മാന്യനാണു്. വിശേഷിച്ചും രണ്ടു ഘട്ടങ്ങളിൽ അംബികയുടെ ജീവനെ രക്ഷിച്ചവനുമാണു്. ഈവക ചിന്തകൾ അവളുടെ മനസ്സിൽ കടന്നുകൂടുകയും തന്റെ ഭർത്തൃപദത്തെ അലങ്കരിക്കാൻ തക്ക പുരുഷനത്രേ താരാനാഥൻ എന്നു് അവൾ വിശ്വസിക്കയുംചെയ്തു.

താരാനാഥനെപ്പറ്റിയുള്ള ചിന്ത അവളുടെ മനസ്സിൽ സ്ഥലം പിടിച്ചുതോട്ടുകൂടി മറ്റൊന്നിനും അവിടെ പ്രവേശം ഇല്ലാതായി. ആ ചിന്തയോടുകൂടി നിദ്രയെ പ്രാപിക്കുകയുംചെയ്തു. അടുത്തദിവസം പ്രഭാതത്തിൽ അവൾ ഉണർന്നപ്പോൾ, തന്നെ പനി ബാധിച്ചിരിക്കുന്നതായി അനുഭവപ്പെട്ടു. തലേന്നാൾ വെള്ളത്തിൽ വീണതിനാൽ, പനി പിടികൂടിയതിൽ അവൾക്കു് ആശ്ചര്യംതോന്നിയില്ല. സരസ്വതി പ്രഭാതത്തിൽ ഉണർന്നു് അംബികയുടെ ശയനമുറിയിൽ ചെന്നു് രോഗസ്ഥിതി മനസ്സിലാക്കി. ഉടനടി അശോകനാഥന്റെ സൈനികഭിഷഗ്വരന്മാരെ വരുത്തി ചികിത്സകൾ നടത്തി. രോഗം വിഷമാവസ്ഥയിലല്ലെങ്കിലും, പൂർണ്ണസുഖം കിട്ടുന്നതുവരെ ഇഷ്ടാനുസരണം കിടക്കയിൽനിന്നും എഴുന്നേൽക്കുകയോ നടക്കുകയോ ചെയ്യരുതെന്നു വൈദ്യന്മാർ വിധിക്കുകയുംചെയ്തു.

അദ്ധ്യായം ൧൦.

"സാരസമിഴിയാളേ നീ ആരെന്നുചൊല്ലേണം
സാരമല്ലോ നിൻറെരൂപം സന്ദേഹമില്ലേതും"

ദിവസം നാലുകഴിഞ്ഞു. സിദ്ധസേനനും ഉഗ്രസേനനും മടങ്ങിയെത്തിയില്ല. താരാനാഥനു് ഉത്സാഹമായ വിഷാദം നേരിട്ടു. തന്റെ ഭൃത്യന്മാരുടെ സ്ഥിതി എന്താണെന്നറിവാൻ യാതൊരു മാർഗ്ഗവുമില്ലാതെ വിഷമിച്ചു. മാടനുമായി നടത്തിയ കരാർഅനുസരിച്ചു് എത്രയും വേഗത്തിൽ സ്വദേശത്തേക്കു മടങ്ങേണ്ടിയുമിരി

ക്കുന്ന രണ്ടുമൂന്ന ദിവസത്തിൽക്കൂടുതൽ ഇനി ശ്രീപുരത്തിൽ താമസിക്കാൻ പാടില്ല. അതിനകം ഉഗ്രസേനനെയും സിദ്ധസേനനെയും ഏതു പ്രകാരത്തിലെങ്കിലും കണ്ടുപിടിക്കേണ്ടതു് അത്യാവശ്യമാണു്. ഇല്ലെങ്കിൽ അവരെക്കൂടാതെ നാട്ടിലേക്കു പുറപ്പെടേണ്ടിവരും. എന്താണു് നിവൃത്തി? അവരെ കണ്ടുപിടിക്കുന്നതെങ്ങനെ? അവർ ഇപ്പോൾ എവിടെയാണെന്നു് അറിയുന്നതെങ്ങനെ? കഴിഞ്ഞ നാലുദിവസങ്ങളായി ഇപ്രകാരമുള്ള ചോദ്യങ്ങൾ താരാനാഥന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കയാണു്. എല്ലാം കൊണ്ടും അയാൾക്കു മനസ്സമാധാനത്തിനു വകയില്ലാതായി. കാശ്മീരയാത്ര ഇപ്രകാരം മനഃക്ലേശത്തെ ജനിപ്പിക്കുമെന്നു സ്വപ്നേപി വിചാരിച്ചിരുന്നതല്ല. ഒരു കൊലപാതകിയുടെ നിലയിൽ സരസ്വതിയെ നേരിൽ കണ്ടതുമുതല്ക്കാണു് താരാനാഥന്റെ മനസ്സിനു നിരുത്സുകതയും നൈരാശ്യവും നേരിട്ടതു്. സ്വഭൃത്യന്മാരുടെ അഭാവത്താൽ അവ ശതഗുണിതമായി ഭവിച്ചു.

അന്നുമുഴുവനും ഭൃത്യന്മാരെ കണ്ടുപിടിക്കാനുള്ള മാർഗ്ഗത്തെക്കുറിച്ചു ചിന്തിച്ചു ചിന്തിച്ചു കഴിഞ്ഞുകൂടി. അടുത്ത ദിവസത്തെസ്സൂര്യോദയവുംകണ്ടു. അന്നും ഭൃത്യന്മാർ വന്നുചേർന്നില്ല. അവരെക്കണ്ടുപിടിക്കാനുള്ള മാർഗ്ഗവും കാണുന്നില്ല. പലേ പ്രകാരത്തിലുള്ള സങ്കടങ്ങളും നിരന്തരമായി അനുഭവിച്ചു പരിഹാരമാർഗ്ഗമില്ലാതെ വിഷമിക്കുന്ന ഒരുവനു് അവസാനമായിട്ടുള്ള ഒരുവിശ്വാസവും ഫലവത്താകാതെ പോകുന്ന ഘട്ടത്തിൽ ബുദ്ധിപൂർവ്വകമായോ അല്ലാതെയോ പെട്ടെന്നു ഒരു ആലോചന അവന്റെ മനസ്സിനെ ബാധിച്ചു് മിക്കവാറും അതുമൂലം സങ്കടനിവൃത്തിയുണ്ടാവുക പലർക്കും അനുഭവപ്പെട്ടിരിക്കാനിടയുണ്ടു്. ഈശ്വരൻ യാതൊരു ജീവിയേയും കൈവെടിയുകയില്ല. സങ്കടത്തിന്റെ മൂർദ്ധന്യതയിലെങ്കിലും അദ്ദേഹം പരിഹാരമാർഗ്ഗം കൂണ്ടിക്കൊടുക്കുന്നതാണു്. ക്ലേശം ആർക്കും ഉണ്ടാകാം. സുകൃതന്മാരെയും ദുഷ്കൃതന്മാരെയും ദുഃഖം ബാധിക്കും. എന്നാൽ അതിന്റെ അനുഭവത്തിനു വ്യത്യസ്തഭാവം ഉണ്ടായിരിക്കും. സജ്ജനങ്ങൾക്കു നേരിടുന്നദുഃഖം, ലഘുവിൽ പരിഹരിക്കപ്പെടുന്നതാണു്. അതു് തന്റെ കരാളശക്തിയെ അവരിൽ പ്രകടിപ്പിക്കുകയില്ല. ദുർജ്ജനങ്ങളുടെ അനുഭവം അതല്ല. അവർക്കു നേരിടുന്ന ദുഃഖങ്ങൾ അവയുടെ ഭയങ്കരമായ ശക്തിയെ അവരെ അനുഭവിപ്പിക്കുന്നതാണു്. ഈശ്വരന്റെ വൈഭവത്തിൽ ഏതൊരുവനു് അക്ഷയമായ വിശ്വാസം ഉണ്ടോ, അവനു ലോകത്തിൽ ഭയങ്കരമായ ദുഃഖം അനുഭവിക്കേണ്ടിവരുന്നതല്ല.

ഉത്സാഹമായ ദുഃഖപരമ്പരയിൽപ്പെട്ട പരിഹാരമാർഗ്ഗമെന്നിയെ പരിതപിക്കുന്ന ദുർഭാഗ്യവാനും, താൻ അറിഞ്ഞിട്ടുപോലുമില്ലാത്ത

കൊലക്കുറ്റം ചുമത്തികാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട് പരമവേദന അനുഭവിക്കുന്ന തടവുകാരനും അകാരണമായി മരണശിക്ഷ വിധിക്കപ്പെട്ട് തൂക്കുമരത്തിൽ, കയറിനിൽക്കുന്ന നിരപരാധിയും ഈശ്വരന്റെ കൃപാതിരേകത്താൽ ആശ്ചര്യജനകമായവിധത്തിൽ അപ്രതീക്ഷിതമായ സംഭവങ്ങളാൽ പെട്ടെന്നു മോചിക്കപ്പെടുന്നതും ലോകത്തിൽ സംഭവിക്കുന്ന സംഗതികളാണു്. ഇതിൽനിന്നും നീതിമാനും ധർമ്മതല്പരനുമായ ഏതൊരുവനും, തനിക്കു നേരിട്ടേക്കാവുന്ന താല്ക്കാലികമായ ദാരിദ്ര്യംതുടങ്ങിയുള്ള ഏതൊരു ദുഃഖാവസ്ഥയിലും മനസ്സിൽ നൈരാശ്യത്തിനു ഇടം കൊടുക്കാൻ പാടില്ലെന്നു വ്യക്തമാകുന്നു. ഈശ്വരൻ യഥാകാലം അനുഗ്രഹിക്കുമെന്നുള്ള വിശ്വാസം ഉണ്ടായിരിക്കണം. താരാനാഥന്റെ താല്ക്കാലികസ്ഥിതി അതാണു്. ഉഗ്രസേനനും സിദ്ധസേനനും മടങ്ങിവരാഞ്ഞതിനാലും, അവരെ കണ്ടുപിടിക്കാൻ മാർഗ്ഗമില്ലാഞ്ഞതിനാലും അയാളുടെ വ്യഥയും അതിവപീഡിക്കപ്പെട്ടപ്പോൾ പെട്ടെന്നൊരാലോചന അയാളുടെ മനസ്സിൽ അങ്കുരിച്ചു. അതുവഴി പലസംശയങ്ങളും പൂർവ്വസ്മരണകളും അയാളുടെ വ്യഥയെ ബാധിച്ചു. ആദ്യമായി, ശ്രീപുരത്തിൽ വന്ന ക്ലബ്ബിൽ താമസംതുടങ്ങിയഘട്ടത്തിൽ ക്ലബ്ബുടമസ്ഥനായ വരാഹസിംഹനുമായുണ്ടായ സംഭാഷണത്തിൽനിന്നും സഹോദരന്മാരായ ത്രിമയന്മാരെപ്പറ്റി അറിഞ്ഞ വിവരങ്ങളെ താരാനാഥൻ അനുസ്മരിച്ചു. കരിങ്കൂപ്പായംധരിച്ച മൂന്നശ്വാരൂഢന്മാരോടൊന്നിച്ചു് ഈ സഹോദരന്മാരെ ചിലപ്പോൾ ചില ആളകലം കണ്ടിട്ടുണ്ടെന്നു് ഒരു കിംവദന്തിയുണ്ടല്ലോ. ഇവരെ ചിലപ്പോൾ ശ്രീപുരത്തിന്റെ സമീപസ്ഥലങ്ങളിൽവെച്ചും ചില സമയങ്ങളിൽ കല്പകക്കോട്ടയുടെ പാർശ്വസ്ഥലങ്ങളിൽവെച്ചും പലരുംകണ്ടിട്ടുണ്ടെന്നുംകേൾവിയുണ്ടല്ലോ. കരിംകൂപ്പായം ധരിച്ച അശ്വാരൂഢന്മാരുടെ കയ്യിൽ താരാനാഥൻ അകപ്പെട്ടിട്ടുമുണ്ടു്. അന്നു് അവർ താരാനാഥനെ കല്പകക്കോട്ടയിലേക്കുള്ള മാർഗ്ഗത്തിൽക്കൂടി നയിച്ചതും വാസ്തവമാണു്. ക്രൂരാതെ, നിഷ്കളാനന്ദൻ താരാനാഥനെ പത്മാവതിയുടെ വാസസ്ഥലത്തുവച്ചു നിക്ഷേപധനം കാട്ടാനെന്ന വ്യാജേന കൂട്ടിക്കൊണ്ടുപോയി കല്ലറയിൽ അടയ്ക്കയാണുണ്ടായതു്. ഈ സംഭവത്താൽ പത്മാവതി വസിക്കുന്ന ഗൃഹത്തിൽ കല്ലറയുണ്ടെന്നും ആ കല്ലറയ്ക്കും നിഷ്കളാനന്ദനും കരിങ്കൂപ്പായം ധരിച്ച അശ്വാരൂഢന്മാർക്കും അന്യോന്യസംബന്ധമുണ്ടെന്നും മനസ്സിലാകുന്നു. അന്നു കല്ലറയിൽ അടയ്ക്കപ്പെട്ടപ്പോൾ, താരാനാഥനെ വെങ്കലപ്രതിമയ്ക്കു ബലിനൽകണമെന്നും 'അംഗനാചുംബനം' അനുഭവിക്കണമെന്നും നിഷ്കളാനന്ദൻ അഭിപ്രായപ്പെടുകയുംചെയ്തു. ഇതിൽനിന്നും 'അംഗനാചുംബന'ത്തിന്റെയും വെങ്കലപ്രതിമയുടെയും അവസ്ഥ എന്തുതന്നെയായാലും

അവയ്ക്കും നിഷ്കളാനന്ദനും സംബന്ധമുണ്ടെന്നും അവിടവിടെ കയ്യിൽകിട്ടുന്നവരെ പിടിച്ചുകൊണ്ടുചെന്ന വെങ്കലപ്രതിമയ്ക്ക ബലികൊടുക്കുക പതിവാണെന്നും അതിലേക്ക പലർ പ്രവത്തിക്കുന്നുണ്ടെന്നും അക്രുട്ടത്തിൽ ഒരു ഗണനീയനായ പ്രവത്തകനാണു നിഷ്കളാനന്ദനെന്നും താരാനാഥൻ അനുമാനിച്ചു മുമ്പൊരിക്കൽ അശോകനാഥന്റെ പാളയത്തിനു സമീപമുള്ള മഠത്തിൽവച്ചു സരസ്വതിയെ വെങ്കലപ്രതിമയ്ക്ക ബലിനൽകണമെന്നഭിപ്രായപ്പെട്ടതു നിഷ്കളാനന്ദനാണെന്നും താരാനാഥനു ബോദ്ധ്യമുണ്ടു്. വിശേഷിച്ചും, അംബികയിൽനിന്നും ധരിച്ച നിഷ്കളാനന്ദന്റെയും ശിവയോഗിനിയുടെയും സംഭാഷണത്തിൽനിന്നും വെങ്കലപ്രതിമയ്ക്ക ബലിതേടുന്ന സംഘത്തിൽ പലേ ആളുകൾ പ്രവത്തിക്കുന്നുണ്ടെന്നും, സംഘത്തിനോ സംഘത്തിലെ ഏതെങ്കിലും ഒരംഗത്തിനോ വിരോധമായി പ്രവത്തിക്കുന്നവരെ തന്ത്രപ്രയോഗത്താലോ ബലാല്ക്കാരേണയോ പിടിച്ചുകൊണ്ടുപോയി ബലികഴിക്കുമെന്നും അയാൾ വിശ്വസിച്ചു.

അനന്തരം ഈ അനുമാനവിശ്വാസങ്ങളെ അടിസ്ഥാനമാക്കിയുള്ള അന്വേഷണങ്ങളിൽ മനസ്സിനെ പ്രവത്തിപ്പിച്ചു. ഈ വെങ്കലപ്രതിമയെ ഏവിടെ സ്ഥാപിച്ചിരിക്കുന്നു? കല്പകക്കോട്ടയിൽ താൻ അതിനെ നേരിൽകണ്ടിട്ടുണ്ടു്. താൻ അന്നുകണ്ട ഭീഷ്മവിഗ്രഹമത്രേ ഇവരുടെ വെങ്കലപ്രതിമ എന്താണു് ഈ അംഗനാമണിയുടെ ബന്ധം! ആ സമസ്തപദത്തിൽ ഭയങ്കരമായ ഒരാന്തരാത്ഥം അന്തർഭവിച്ചിട്ടുണ്ടെന്നുള്ളതു നിശ്ചയമാണു് വെങ്കലപ്രതിമയോടുള്ള അതിന്റെ സംബന്ധം ഈ അനുമാനത്തിനു സഹായിക്കുന്നു. എന്താണു് ആസംബന്ധമെന്നുള്ളതു് അജ്ഞാതമാണു്. അതെന്തെങ്കിലുമാകട്ടെ! പ്രേക്ഷകന്മാരുടെ ഹൃദയത്തെ ഭയതരളിതമാക്കിച്ചെയ്യാൻ ശക്തിയുള്ള ആ ഭീമചക്രഷഠംക്കത്തിന്റെ ഉപയോഗമെന്തായാലും? അതെന്തായാലും ആ ചക്രങ്ങൾക്കും വെങ്കലപ്രതിമയ്ക്കും തമ്മിൽ അഭേദ്യമായ സംബന്ധമുണ്ടെന്നുള്ളതു നിർവിവാദമാണു്. എല്ലാം കൊണ്ടും ത്രിമയന്മാരെ കല്പകക്കോട്ടയുടെ സമീപത്തിൽവച്ചു കണ്ടിട്ടുണ്ടെന്നു പറയുന്നതിൽ പരമാത്ഥമുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നാൽ അവർ ആ സ്ഥലങ്ങളിൽ കാണപ്പെടാൻ കാരണമെന്തു്? വെങ്കലപ്രതിമയ്ക്ക ബലിനൽകാനായി അവരെ പിടിച്ചുകൊണ്ടുപോയതാണെങ്കിൽ അവർ ജീവിച്ചിരിക്കാൻ കാരണമെന്തു്? ബലികൊടുക്കാൻ കൊണ്ടുപോയതാണെന്നുള്ളതിനു സംശയവുമില്ല. തന്നെയും അപ്രകാരം ജീവഹാനിവരുത്താൻ പിടിച്ചുകൊണ്ടുപോയി എന്നോത്തപ്പോൾ ധൈര്യവാനായ താരാനാഥൻ നടുങ്ങിപ്പോയി. ഭാഗ്യവശാൽ തനിക്കു രക്ഷകിട്ടിയതിൽ തന്നെ

ത്താൻ അഭിനന്ദിച്ചു. അതിനിടയാക്കിയ ദൈവത്തെ ഹൃദയംതുറന്നു പ്രാർത്ഥിച്ചു. താരാനാഥന്റെ ഏതാദൃശ ചിന്തകളെപ്പറ്റിയുള്ള വർണ്ണന വായനക്കാർക്ക് ചർവിതചർവണമാകയാൽ ഇവിടെ ചുരുക്കുന്നു. ചിന്തിക്കുന്തോറും പുതിയ പുതിയ ചിന്തകൾ ആവിർഭവിച്ചുതുടങ്ങി. നവംനവങ്ങളായ അഭിപ്രായങ്ങളുമുണ്ടായിത്തുടങ്ങി. ത്രിമയന്മാർ പെട്ടെന്നു കാണപ്പെടാതായതു കുമുദിനീമന്ദിരത്തിൽവച്ചാണെന്നുള്ളതു പ്രസിദ്ധമാണു്. നിഷ്കളാനന്ദനാൽ താൻ കല്ലറയിലടയ്ക്കപ്പെട്ടതും, അനന്തരം കരിങ്കൂപ്പായം ധരിച്ചവരാൽ താൻ വെളിയിലേക്കു നയിക്കപ്പെട്ടതും ആ മന്ദിരത്തിൽവച്ചുതന്നെയായിരിക്കണം. അല്ലെങ്കിൽ ധവളസൗധത്തിൽവച്ചായിരിക്കണം. ധവളസൗധമാകട്ടെ, നിസ്സഹായകളായ പെൺകുട്ടികളുടെ സംരക്ഷണത്തിനായി കുമുദിനീദേവിയാൽ പണികഴിപ്പിക്കപ്പെട്ടിട്ടുള്ളതെന്നാണറിവു്; കുമുദിനീദേവി കുമുദിനീമന്ദിരത്തിന്റെയും നായികയാണു്. അതുകൊണ്ടു്, തന്നെ കല്ലറയിൽ അടച്ചതു് കുമുദിനീമന്ദിരത്തിലല്ലെങ്കിൽ, ധവളസൗധത്തിൽതന്നെയായിരിക്കണം. ധവളസൗധം സ്ത്രീകൾക്കായിട്ടുള്ള സ്ഥാപനമാകയാൽ പദ്മാവതിയുടെ താമസം ധവളസൗധത്തിലാണെന്നുള്ളതിൽ സംശയമില്ല. തനിക്കു് അപകടം നേരിട്ടതു് പദ്മാവതിയെ സന്ദർശിച്ച മാളികയിൽ വച്ചായതുകൊണ്ടു് ആ സംഭവം ധവളസൗധത്തിൽവച്ചു നടന്നിട്ടുള്ളതുമാണു്. അതേ, തന്നെ നിഷ്കളാനന്ദൻ കല്ലറയിൽ തള്ളിയതു് ആ ധവളസൗധമെന്ന കെട്ടിടത്തിൽവച്ചുതേ. ഇതിൽനിന്നും ധവളസൗധത്തെയും കുമുദിനീമന്ദിരത്തെയും ഭൂമിയുടെ അന്തർഭാഗത്തു കൂടി നിർമ്മിച്ചിട്ടുള്ള കൃത്രിമമാർഗ്ഗത്താൽ സംഘടിപ്പിച്ചിട്ടുണ്ടെന്നും അനുമാനിക്കാം. തന്നെ കല്ലറയിൽനിന്നും കൂട്ടിക്കൊണ്ടുപോയ മാർഗ്ഗത്തിന്റെ വക്രതയും ദൈർഘ്യവും അതിനകത്തെ പണിത്തരങ്ങളും സമനിലത്തിൽ കയറുന്നിടത്തുള്ള പടിക്കെട്ടുകളും മറ്റും ധവളസൗധത്തിൽനിന്നും കുമുദിനീമന്ദിരത്തിലേക്കു ഭൂമിയുടെ അടിയിൽക്കൂടി കൃത്രിമമാർഗ്ഗമുണ്ടെന്നുള്ള താരാനാഥന്റെ അനുമാനത്തെ സ്ഥിരീകരിക്കുകയും ചെയ്തു

എന്നാൽ ഈ വിശ്വാസങ്ങൾക്കു് അനുമാനസാക്ഷ്യങ്ങളല്ലാതെ ഹസ്താമലകങ്ങളായ അന്യതെളിവുകൾ യാതൊന്നുമില്ലല്ലോ എന്നൊരു ശങ്ക ഈഘട്ടത്തിൽ അയാളെ ബാധിച്ചു. ആസ്ഥിതിക്കു് ഈ വിശ്വാസങ്ങൾ അസ്ഥാനസ്ഥങ്ങളാണെന്നു വരുമോ? ഇല്ല, ഒരിക്കലുമില്ല. ശ്രീപുരത്തിൽ മഹാമനസ്കയായ ഒരു സ്ത്രീയുണ്ടെന്നും അവർ ധർമ്മിഷ്ഠയും ഗുണവതിയും വന്ദ്യയുമാണെന്നും ശ്രീപുരത്തിനടുക്കൽ അവർക്കു് ഒരു വലിയ മാളികയുണ്ടെന്നും പറഞ്ഞു നിഷ്കളാനന്ദൻ അംബികയെ ആ മാളികയിലേക്കു ക്ഷണിക്കുകയും

അവിടെ അവർക്കു വേണ്ട സല്ക്കാരങ്ങളും സൗകര്യങ്ങളും ലഭിക്കുമെന്നു പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. നിഷ്കളാനന്ദൻപറഞ്ഞതു സ്ത്രീ കുമുദിനിയല്ലാതെ മറ്റാരുമായിരിക്കാനിടയില്ല. പദ്മാവതിയെ നിഷ്കളാനന്ദൻ കുമുദിനിയുടെ മേൽനോട്ടത്തിൽ ഏൽപ്പിച്ചിരിക്കുകയുമാണു്. അങ്ങനെ വരുമ്പോൾ വഞ്ചകനും ദുഷ്ടനുമായ നിഷ്കളാനന്ദനും കുമുദിനിക്കും തമ്മിൽ ഞെരുങ്ങിയ സംബന്ധമുണ്ടെന്നുള്ളതു തീച്ചയാണു്. ഒരിക്കൽ കുമുദിനിയും നിഷ്കളാനന്ദനും ക്രൂരകൃത്യങ്ങൾ ചെയ്തിട്ടുണ്ടായിരിക്കണം; അല്ലെങ്കിൽ നിഷ്കളാനന്ദന്റെ ചതിയിൽ കുമുദിനി ഉൾപ്പെട്ടിരിക്കണം. രണ്ടിലൊന്നു് തീച്ചയാണു്. വൈകൃതപ്രതിമയ്ക്കു് ബലിതേടുന്ന ഒരു സംഘം ഇവരാൽ സ്ഥാപിച്ചു നടത്തിപ്പോരുന്നുണ്ടെന്നുള്ളതും നിശ്ചയമാണു്. ആ സംഘാംഗങ്ങളുടെ വിഹാരരംഗങ്ങളാണു കുമുദിനിമന്ദിരവും ധവളസൗധവും. താരാനാഥന്റെ ചിന്താഗതി ഈ ഘട്ടത്തിലെത്തിയപ്പോൾ ഉഗ്രസേനനും സിദ്ധസേനനും പദ്മാവതിയെ ആരാഞ്ഞു ധവളസൗധത്തിൽചെന്നു വശമായിരിക്കണമെന്നും ആ ദുഷ്ക്രൂരരുടെ കൈയിൽ അകപ്പെട്ടിരിക്കണമെന്നും സംശയിക്കുകയും നടുങ്ങുകയും ചെയ്തു.

സംശയം അസ്ഥാനസ്ഥമല്ലെങ്കിൽ എന്തു നിവൃത്തി? കാശ്മീരരാജ്യത്തിലെ രാഷ്ട്രീയവിഷയങ്ങളിൽ പ്രവേശിക്കാൻ പാടില്ലെന്നാണു് മാടനുമായുള്ള ഒരു നിബന്ധന. തന്റെ ഭൃത്യന്മാരെ അന്വേഷിച്ചു കണ്ടുപിടിക്കരുതെന്നും അതിലേക്കുള്ള മാർഗ്ഗങ്ങളിൽ പ്രവർത്തിക്കരുതെന്നും അതുകൊണ്ടു് അർത്ഥമാകുന്നില്ല. പദ്മാവതിയുടെ വാസസ്ഥലം മറ്റാരെയും ധരിപ്പിക്കയില്ലെന്നു നിഷ്കളാനന്ദനു നൽകിയ വാശാനത്തിനും ഉഗ്രസേനനെയും സിദ്ധസേനനെയും കണ്ടുപിടിക്കാനുള്ള ശ്രമത്തിനും യാതൊരു സംബന്ധവുമില്ല. അതുകൊണ്ടു്, സ്വഭൃത്യന്മാരെ കണ്ടുപിടിക്കാൻ ശ്രമിക്കണമെന്നുതന്നെ താരാനാഥൻ തീച്ചപ്പെടുത്തി. എന്നാൽ തൽശ്രമം ബുദ്ധിപൂർവകവും ഗോപ്യവുമായിരിക്കണമെന്നു നിശ്ചയിച്ചു. അശോകനാഥനെയോ അയാളുടെ സൈന്യത്തിൽ ചില ഭടന്മാരെ മാത്രമെങ്കിലുമോ ധവളസൗധത്തിലേക്കു ക്ഷണിക്കൊണ്ടു പോകാമെന്നാലോചിച്ചു. അങ്ങനെ ചെയ്യുന്നതു്, പദ്മാവതിയുടെ വാസസ്ഥലം അന്യന്മാരെ മനസ്സിലാക്കുകയായതുകൊണ്ടു് നിഷ്കളാനന്ദൻ നൽകിയ വാശാനത്തെ ലംഘിക്കുകയാണല്ലോ. തന്നിമിത്തം ആ ആലോചനയിൽനിന്നും മനസ്സിനെ പിൻവലിച്ചു. അശോകനാഥന്റെ പക്കൽ പദ്മാവതിയെ ഏല്പിക്കണമെന്നു നേപാളത്തുകാക്കു അഭിപ്രായമില്ല; താരാനാഥനും അങ്ങനെ ഉദ്ദേശമില്ല. മാത്രമല്ല, അശോകനാഥന്റെ സഹായത്തെ അർത്ഥിക്കുന്നതു്, കാശ്മീരത്തിലെ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുകയും, അതുവഴി

മാടനുമായുള്ള കരാറിനെ ലംഘിക്കയുമാണല്ലോ. അതുകൊണ്ടു താൻ ഏകനായി ചെല്ലുകയല്ലാതെ ഗത്യന്തരമില്ലെന്നുകണ്ടു എന്നു മാത്രമല്ല, ഏകനായി പോകുന്നതുകൊണ്ടു് നിഷ്കളാനന്ദനും വെങ്കലപ്രതിമയെ സംബന്ധിച്ച മറവാളുകളും വിഹരിക്കുന്ന ആ സൗധത്തിലെ നടപടികൾ എന്തെല്ലാമാണെന്നു കണ്ടറിയാൻ സാധിക്കുന്നതുമാണു്. ജീവഹാനി സംഭവിക്കുമായിരുന്ന ഭയങ്കരമായ ആപത്തിൽ ആത്മധൈര്യം കൂട്ടുങ്ങിയതു് ഏതൊരു കെട്ടിടത്തിൽവച്ചോ ആ കെട്ടിടത്തിൽ വീണ്ടും—വിശേഷിച്ചും ഏകനായി—കയറിച്ചെല്ലാൻ തീച്ചുപ്പെടുത്തിയ ആ ധീരശിരോമണി മാടനുമായി യുദ്ധം ചെയ്യാൻ ധൈര്യപ്പെട്ടതിൽ എന്താണാശ്ചര്യം?

അല്ല! താരാനാഥൻ ധവളസൗധത്തിൽ ചെന്നങ്ങു കയറാൻ തീച്ചുപ്പെടുത്തിക്കഴിഞ്ഞു! എന്നാൽ എങ്ങനെയാണു് അതിനകത്തു പ്രവേശിക്കുന്നതു്? നേരേ ചെന്നങ്ങു കയറുകയോ? കയറിച്ചെന്നു് കുമുദിനീദേവിയെക്കാണണമെന്നാവശ്യപ്പെടുകയോ? ദ്വാരപാലകന്മാർ തടഞ്ഞാൽ ക്ഷുദ്രാക്കാതെ കയറിച്ചെന്നു പദ്മാവതിയെക്കണ്ടു സംസാരിക്കുകയോ? അതോ പദ്മാവതിയോടും സംസാരിക്കാതെ ഉഗ്രസേനനെയും സിദ്ധസേനനെയും തേടുകയോ? ഛെയ്! അതു യോഗ്യതയല്ല. എന്നല്ല, അതു ആലോചനയോടുകൂടിയ പ്രവൃത്തിയുമല്ല. എന്നാൽ പിന്നെ എന്താണു ചെയ്യേണ്ടതു്? അതിനെക്കുറിച്ചു താരാനാഥൻതന്നെ തീച്ചുപ്പെടുത്തട്ടെ നമുക്കു ഈയവസരത്തിൽ ഒരു പൂർവ്വവൃത്താന്തത്തെപ്പറ്റി അല്പം പ്രസംഗിക്കേണ്ടിയിരിക്കുന്നു. താരാനാഥൻ ശ്രീപുരത്തിൽവന്ന ആദ്യദിവസംതന്നെ കുമുദിനിയെ ശ്ലാഘിച്ചു് വരാഹസിംഹൻ കുറഞ്ഞൊന്നു പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടല്ലോ. അതു കേട്ടപ്പോൾമുതൽ കുമുദിനിയെ ഒന്നു് നേരിൽകണ്ടു സംസാരിക്കണമെന്നു് ഒരഭിലാഷം അയാൾക്കുണ്ടായി. അതിന്റെ മൂന്നാംപക്കം ഒരു കത്തെഴുതി വരാഹസിംഹന്റെ കൈവശംതന്നെ കുമുദിനിക്കു കൊടുത്തയച്ചു. താൻ, അടുത്തുകൂടാനിരിക്കുന്ന പ്രേമയോഗത്തിൽ സംബന്ധിക്കാനായി നേപാളത്തിൽനിന്നും വന്നിട്ടുള്ള രാജപ്രതിനിധിയാണെന്നും, ഇവിടെ വന്നതിനുശേഷം ഭവതിയുടെ മഹാമനസ്കതയെക്കുറിച്ചു് അറിയുന്നതിനിടയായി എന്നും അപ്പോൾമുതൽ ധവളസൗധത്തിൽവന്നു് ഭവതിയെ നേരിൽക്കണ്ടു് അഭിമുഖപരിചയം സമ്പാദിക്കണമെന്നു് ആഗ്രഹിക്കുന്നുണ്ടെന്നും അതിലേക്കു പ്രത്യേകിച്ചൊരു വൈമുഖ്യമില്ലാത്ത പക്ഷം അനുവാദം സിദ്ധിക്കണമെന്നും മറും സമർത്ഥമായ കത്തിൽ രേഖപ്പെടുത്തിയിരുന്നു. ആ എഴുത്തിനു യാതൊരു മറുപടിയും കിട്ടിയില്ല. മറുപടി കിട്ടുമെന്നു് താരാനാഥനും വരാഹസിംഹനും പലദിവസം കാത്തിരുന്നു. മറുപടി കിട്ടാഞ്ഞതിൽ ക്ഷുഭിത

ലായ കണ്ടിതം വരാഹസിംഹനാണു് നേരിട്ടതു്. കണ്ടിതം നേരിട്ടെന്നമാത്രമല്ല, കുമുദിനിയെപ്പറ്റി വളരെ പ്രശംസിച്ചു പ്രസംഗിച്ച വരാഹസിംഹനു് മറുപടി കിട്ടാഞ്ഞതുകൊണ്ടു് താരാനാഥനെ നേരിൽ കാണുമ്പോഴെല്ലാം ഒരു സങ്കോചവും ബാധിക്കുന്നുണ്ടായിരുന്നു.

ഈ സംഗതി ഇപ്പോഴും താരാനാഥനു നല്ല ഓർമ്മയുണ്ടു്. ധവളസൗധത്തിൽ, തന്നെ ക്ഷണിച്ചുവരുത്തുവാൻ കുമുദിനിക്കു സമ്മതമില്ലാഞ്ഞതുകൊണ്ടാണു് മറുപടി കൊടുത്തയയ്ക്കാഞ്ഞതെന്നു താരാനാഥനു് ഉറപ്പുണ്ടു് അങ്ങനെയിരിക്കെ ഈ ഘട്ടത്തിലും അവിടെച്ചെല്ലുന്നതു് ആ സ്ത്രീക്കു സമ്മതമായിരിക്കയില്ല. എന്നല്ല, തന്നെ നേരിൽ കാണാൻ ആ സ്ത്രീ അനുവദിക്കയുമില്ല. ആ സ്ഥിതിക്കു്, ആ കെട്ടിടത്തിൽ പ്രവേശം ലഭിക്കുന്നതെങ്ങനെ? ബലാൽക്കാരമായി പ്രവേശിക്കാമെന്നുവച്ചാൽ അതു ലഘുസാദ്ധ്യമായ കാര്യമാണോ? എത്ര വളരെ കാവൽക്കാരും ഭൃത്യന്മാരും അവിടെ ഉണ്ടായിരിക്കാം! അവരെല്ലാവരും ദുഷ്ടന്മാരും നിർദ്ദയന്മാരുമാണെന്നുള്ളതിൽ സംശയമില്ല. അവരുടെ കയ്യിലകപ്പെടാമെന്നല്ലാതെ മറെറാരു പ്രയോജനവുമുണ്ടാകാനില്ല. വേറെ എന്തൊരു നിവൃത്തിയാണു്? ഒരു നിവൃത്തിയും കാണുന്നില്ല. അഞ്ചാംദിവസത്തെ പകലുമൊടുങ്ങാറാകുന്നു. സൂര്യാസ്തമയം ആസന്നമാകുന്തോറും താരാനാഥന്റെ ആലോചന ശീഘ്രഗതിയെ അവലംബിച്ചുംവന്നു.

ആദിത്യൻ അസ്തമിക്കാറായി. ഇനി ആലോചനയിൽ കഴിഞ്ഞുകൂടാൻ സമയമില്ല. പ്രവർത്തിക്കേണ്ട ഘട്ടമാണു്. താരാനാഥൻ എഴുന്നേറു നേരേ ധവളസൗധത്തിലേയ്ക്കുതന്നെ ചെല്ലാമെന്നും മറെറാക്കെ അവിടെ ചെന്നിട്ടു തരംപോലെ തീർച്ചപ്പെടുത്തിക്കൊള്ളാമെന്നും നിശ്ചയിച്ചു. എല്ലാം ഈശ്വരമതംപോലെ നടക്കുമെന്നുള്ള സങ്കല്പത്തോടുകൂടി പുറപ്പെട്ടു. വരാഹസിംഹൻ കെട്ടിടത്തിന്റെ വഴിത്തിണ്ണയിൽ ഇരിക്കുന്നുണ്ടായിരുന്നു. താരാനാഥനെ കണ്ടയുടനെ എഴുന്നേറു് ഉത്സാഹത്തോടുകൂടി രണ്ടുനാലടി മുമ്പോട്ടുചെന്നു്, "അതാ ആ പോകുന്ന സ്ത്രീയെക്കണ്ടുവോ? പ്രയാഗയുടെ പാലക്കടവിനെ ലക്ഷ്യമാക്കി നടന്നുപോവുകയാണു്. അന്തസ്സും അഭിജാത്യവുമുള്ള സ്ത്രീയാണെന്നു തോന്നുന്നില്ലേ"? എന്നു അതുവഴി കടന്നുപോയ ഒരു സ്ത്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചു.

"ആ സ്ത്രീ ആരാണു"" എന്ന പ്രതിപ്രശ്നമായിരുന്നു താരാനാഥന്റെ സമാധാനം.

"കുമുദിനീദേവിയാണു" ആ സ്ത്രീ" എന്നു വരാഹസിംഹൻ പറഞ്ഞു

"ഓഹോ കുമുദിനീദേവിയോ" എന്ന സാശ്ചര്യം ചോദിച്ചു കൊണ്ട് താരാനാഥൻ ആ സ്ത്രീ പോകുന്ന ദിക്കിനെ ലക്ഷ്യമാക്കി ഒട്ടുവേഗത്തിൽ നടന്നു. അയാളുടെ ബദ്ധപ്പാടുകണ്ട് ക്ലാന്തൻ സ്ഥനും ആശ്ചര്യംതോന്നി താരാനാഥൻ ഇപ്രകാരം ഇതിനു മുൻപു് ബദ്ധപ്പെട്ട കണ്ടിട്ടില്ലാത്തതിനാൽ, ഇതിലെന്തോ കാര്യ മുണ്ടെന്നു് അയാൾ സംശയിച്ചു. മടങ്ങിവന്നിട്ടു ചോദിച്ചറിയാ മെന്നു സമാധാനപ്പെടുകയും ചെയ്തു.

അതിവേഗത്തിൽ നടന്നുപോയ താരാനാഥൻ ഇടയ്ക്കുവച്ചു വേഗതകുറച്ചു സാവധാനത്തിൽ നടന്നുതുടങ്ങി. സ്വാമിനിയോളം തന്നെ ഭ്രഷ്ടവേഷാടികളാൽ അലംകൃതകളെന്നു പറയാവുന്ന രണ്ടു ദാസികളും കുമുദിനീദേവിയെ അനുഗമിക്കുന്നതു താരാനാഥൻ കണ്ടു. പതുക്കെ നടക്കാൻ കാരണമതാണു്. കുമുദിനീദേവിയുടെ ആകാരസൗഷ്ഠവം, താരാനാഥനെ അത്ഭുതപരതന്ത്രനാക്കിച്ചെയ്തു. ധരിച്ചിരുന്ന പട്ടവസ്ത്രം ആകാരസൗഷ്ഠവത്തെ ദ്യോതിതമാക്കുന്നു. ആഭരണങ്ങളുടെ ധാരാളത്വം ധനാഢ്യതയെ ഏതാണ്ടു് സൂചിപ്പിക്കുന്നു. മുഖം മറയ്ക്കാത്തവിധത്തിൽ മൂടുപടം ധരിച്ചു മത്തേഭഗതിയെ അവലംബിച്ചുള്ളഗമനവും മാംസളമായ ആ കൈ ബന്ധത്തിനു് അനുഗ്രഹണമത്രേ പാലംകഴിഞ്ഞു് ഇടത്തോട്ടുള്ള വഴി യേ തിരിഞ്ഞപ്പോൾ മനോഹരമായ ആ മുഖകാന്തി താരാനാഥനു നല്ലവണ്ണം കാണാൻ കഴിഞ്ഞു. ആ മാത്രയിൽ താരാനാഥൻ ഭ്രമിച്ചു വശായി. അഹോ! എന്തൊരു വിപരീതം! 'വെങ്കലപ്രതി മയ്ക്കു ബലിതേടുന്ന നിർഭ്യന്മാരായ ദുഷ്ടന്മാരുടെ ക്രൂരത്തിൽ ഈ സ്ത്രീ എങ്ങനെ സംബന്ധിച്ചു?' എന്നു താരാനാഥൻ സാത്ത്വതം തന്നത്താൻ പ്രശ്നംചെയ്തു. എന്നാൽ അതിന്റെ സമാധാനത്തെ ക്കുറിച്ചു ചിന്തിക്കാൻ അയാൾക്കു സാവകാശമില്ല. വഴിതിരിഞ്ഞ ഘട്ടത്തിൽ കുമുദിനീദേവി താരാനാഥനേയും ഒരുനോക്കു കാണാ തിരുന്നില്ല. എട്ടുപത്തടി മുമ്പോട്ടു നടന്നതിനുശേഷം വീണ്ടും തിരിഞ്ഞുനോക്കി. ആ അവസരത്തിൽ കൈവിരലിൽ കിടന്ന മോതിരം ഒന്നു് ഊരി നിലത്തുവീണു. വീഴുകയോ വീഴിക്കുകയോ ചെയ്തതെന്നു തീർച്ചപറവാൻ പ്രയാസം. വായനക്കാരുടെ മനോ ധർമ്മത്തെയാണു് അതാശ്രയിക്കുന്നതു്. ഒരുകാര്യം നിശ്ചയമാണു്; മോതിരം വീണതു് ആ സ്ത്രീ അറിയാതിരുന്നില്ല എന്നാൽ അറി ഞ്ഞില്ലെന്ന നാട്യത്തിൽ നടക്കുകയാണു മുമ്പായതു്. താരാനാഥൻ അതുകണ്ടു മോതിരത്തെ കൈയിലെടുത്തു. നേരിട്ടൊന്നു സംസാ രിക്കാൻ സൗകര്യം കിട്ടിയതിൽ താരാനാഥൻ സന്തോഷിച്ചു. മോ തിരം കിട്ടിയപ്പോൾ നടത്തയ്ക്കു വേഗംകൂടി. ഏറ്റവും സമീപിച്ച ഉടനെ "ഇതു ഭവതിയുടെ മോതിരമാണു്, ഊരിവീണതു് അറി

ഞ്ഞില്ലായിരിക്കാം" എന്നുപറഞ്ഞു മോതിരം കൈയിൽ കൊടുത്തു. കുമുദിനി സമന്ദഹാസം താരാനാഥനു നന്ദിപറഞ്ഞു. താരാനാഥനെ ആപാദമസ്തകം വീക്ഷിച്ച കുമുദിനീകുവലയനയനങ്ങൾ അനുരാഗപാരവശ്യത്താൽ അല്പനിമിലിതങ്ങളായി ചമഞ്ഞു. "പരോപകാരതല്പരനായ ഭവാന്റെ നാമധേയമെന്തോ?" എന്നു സവിനയം കുമുദിനി ചോദിച്ചു.

"ശശിധരൻ എന്ന പേർ ഭവതികേട്ടിരിക്കാനുടയില്ല" എന്നു താരാനാഥൻ പറഞ്ഞു. തന്നെ ആളറിയിക്കേണ്ടെന്നുള്ള കരുതലോടുകൂടി താരാനാഥൻ പേർ മാറിപ്പറഞ്ഞതാണു്. അനന്തരം ഈ നിസ്സാരമായസഹായത്തെ പരോപകാരതല്പരതയെന്നു വ്യാഖ്യാനിക്കാൻ തക്ക മൂഢലഹരിയെയായ ഭവതി ആരാണെന്നറിഞ്ഞില്ല" എന്നു് അറിയാത്ത ഭാവത്തിൽ ചോദ്യംചെയ്തു. കുമുദിനി അതുകേട്ടു് "എന്നാൽ താങ്കൾ ഇന്നാട്ടിൽ അപരിചിതനായിരിക്കാം" എന്നു പറഞ്ഞു് താരാനാഥനെ നല്ലപോലെ സൂക്ഷിച്ചുനോക്കിയതല്ലാതെ താൻ ഇന്നാരാണെന്നറിയിക്കുകയാകട്ടെ, പേരിനെ വെളിപ്പെടുത്തുകയാകട്ടെ ചെയ്തിട്ടില്ല.

താരാനാഥൻ:—അതേ, എനിക്കു് ഇന്നാട്ടിൽ വലിയ പരിചയമില്ല, ഞാനൊരു വിദേശിയനാണു്. ഇന്നുകാലത്താണു് ഇന്നാട്ടിൽ വന്നതു്.

കുമുദിനി:—സ്വദേശത്തേയ്ക്കു് എന്നു മടങ്ങാനാണു നിശ്ചയിച്ചിരിക്കുന്നതു്?

താരാനാഥൻ:—നാളെത്തന്നെ തിരികെപ്പോകുന്നുണ്ടു്. ഒരുപക്ഷേ മറന്നാളായി എന്നും വന്നേയ്ക്കാം. അതിൽ കൂടുതൽ താമസിക്കുവാൻ നിവൃത്തിയില്ല. താമസിക്കേണ്ട ആവശ്യവുമില്ല.

ഏതുപ്രകാരത്തിലെങ്കിലും ധവളസൗധത്തിൽ കടന്നു വിഴുങ്ങണമെന്നാണല്ലോ താരാനാഥന്റെ ഉദ്ദേശ്യം. അതുകൊണ്ടു് കഴിയുന്നിടത്തോളം കുമുദിനിയുടെ മനോരഥം അറിഞ്ഞു അതിനോടു് അനുകൂലിച്ചു സംസാരിക്കണമെന്നും ഇല്ലെങ്കിൽ തന്റെ ഉദ്ദേശ്യം ഫലോദ്ഗമമാകയില്ലെന്നും താരാനാഥൻ നിശ്ചയിച്ചു. സ്ത്രീയുടെ ചോദ്യത്തിനു് ഉടനടി അനുകൂലഭാവത്തിൽ മറുപടി പറഞ്ഞതു് അതുകൊണ്ടാണു്. ആ ചോദ്യമാത്രംതന്നെ സ്ത്രീയുടെ മനോരഥത്തെ മിക്കവാറും വെളിപ്പെടുത്തുന്നുണ്ടു്. താരാനാഥൻ വീണ്ടും പറഞ്ഞു:—"ജനബഹുലമായ ഈ രാജപാതയിൽ ഭവതിയെ വളരേനേരം നിർത്തുവാനിടയാക്കിയ എന്റെ അപരാധത്തെ ക്ഷമിക്കണം. ഈ സന്ധ്യാവേളയിൽ സഹായാർത്ഥം ഗൃഹാന്തികത്തോളം ഭവതിയെ അനുഗമിക്കേണ്ടതു് എന്റെ കർത്തവ്യമാണെന്നു വിശ്വസിക്കുന്നു." കുമുദിനി അതുകേട്ടു് പട്ടണത്തിനു വെളിയിൽ അല്പം

ദൂരത്താണു് എന്റെ താമസം എന്നു പറഞ്ഞു താരാനാഥനെ ക്ഷണിക്കാതെ ക്ഷണിച്ചുകൊണ്ടു നടന്നു. ചാരിതാർത്ഥ്യത്തോടെ താരാനാഥൻ അനുഗമിക്കുകയുംചെയ്തു. യാത്രയിലും സംഭാഷണം തുടർന്നുകൊണ്ടുതന്നെയിരുന്നു.

താരാനാഥൻ:—ഒട്ടധികംനടക്കേണ്ടിവന്നാലും ഭവതിയെ സഹായിക്കാൻ, ഒരുപുരുഷന്റെ നിലയിൽ ഞാൻ നിർബദ്ധനാണു്.

അവർ ഇങ്ങനെ ഓരോന്നു സംസാരിച്ചും രസിച്ചും നടന്നു് തെക്കേ ഉർഗ്ഗളാരത്തിങ്കലെത്തി. കോട്ടവാതിൽ കടന്ന ഉടനേ, കുമുദിനി താരാനാഥനെ നോക്കി താങ്കൾ ഇപ്പോൾ ഈ കോട്ടവാതിൽ കടന്നുവന്നാൽ, അടുത്തദിവസം പ്രഭാതത്തോളം വീണ്ടും കോട്ടയ്ക്കകത്തുപ്രവേശിക്കാൻ സാധിക്കുകയില്ല. കോട്ടവാതിലിനെ കാത്തുനില്ക്കുന്ന അശോകനാഥന്റെ ഭടന്മാർ, സൂര്യാസ്തമനത്തിനു ശേഷം പ്രഭാതത്തോളം ഏതൊരാളിനേയും അകത്തേക്കു പ്രവേശിപ്പിക്കുകയോ പുറത്തേയ്ക്കു് കടത്തിവിടുകയോ ചെയ്യുന്നതല്ല" എന്നു പറഞ്ഞു.

താരാനാഥൻ:—അങ്ങനെയാണെങ്കിൽ എനിക്കു എന്താണു നിവൃത്തി? വീട്ടുവരെ ഭവതിയുടെ ഒന്നിച്ചുവരേണ്ട കടമ എനിക്കുണ്ടു്. എന്റെ ആഗ്രഹവും അതുതന്നെയാണു്. എന്നാൽ ഇന്നാട്ടിൽ എനിക്കു് ഒരു പരിചയവുമില്ല. ഇന്നു ഭക്ഷണത്തിനു ശട്ടം കെട്ടിയ ക്ലബ്ബുമാത്രമേ എനിക്കു പരിചയമുള്ളൂ. രാത്രിയിൽ കിടക്കുന്നതിനു് ഏർപ്പാടുചെയ്തിട്ടുള്ളതും അവിടെയാണു്. അവിടെ മടങ്ങിച്ചെല്ലാൻ സാധിക്കുകയില്ലെങ്കിൽ എന്തു നിവൃത്തി?

കുമുദിനി:—വാസ്തവത്തിൽ സഹായാർത്ഥം എന്റെ ഒന്നിച്ചുവരാൻ താങ്കൾക്കു തികച്ചും സന്തോഷമുണ്ടെങ്കിൽ ഒന്നുകൊണ്ടും താങ്കൾ ഖേദിക്കേണ്ട ആവശ്യമില്ല. ഇന്നു് എന്റെ ഗൃഹത്തിൽത്തന്നെ താമസിക്കാം. വേണ്ടസൌകര്യങ്ങൾ അവിടെയുണ്ടു്. എന്നാൽ ഒരുകാര്യം എനിക്കു പ്രത്യേകം പറയേണ്ടതായിട്ടിരിക്കുന്നു. എന്റെ ഗൃഹം സന്തോഷത്തിനും സുഖത്തിനും രാഗത്തിനും ഇരിപ്പിടമാണു്. ഈ മൂന്നിലും പങ്കുകൊള്ളാൻ മനസ്സുള്ളവർമാത്രമേ എന്റെ വസതിയിൽ കയറാൻ പാടുള്ളൂ എന്നാണു് ഏർപ്പാടു്. അവിടെ സംഗീതമുണ്ടു്. നൃത്തമുണ്ടു്, തെയ്യത്തുകമുണ്ടു്; സകല സുഖഭോഗങ്ങളുമുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ യാതൊന്നിനും അവിടെ കുറവില്ല.

താരാനാഥൻ:—അങ്ങനെയോ! എന്നാൽ നിശ്ചയമായും ഞാൻ ഇന്നു ഭവതിയുടെ ഗൃഹത്തിൽ താമസിച്ചുകൊള്ളാം. സകല

സുഖസമൃദ്ധിയായ ഒരു ഗൃഹത്തിൽ താമസിക്കാൻ ആഗ്രഹമുണ്ടോ? അഭിലാഷമുണ്ടാകാത്തതു്! ഭവതിയെ കണ്ടുമുട്ടിയതുതന്നെ എന്റെ മഹാഭാഗ്യത്താലാണെന്നു വിശ്വസിക്കുന്നു.

കുമുദിനി:—എന്നാൽ താങ്കളെ എന്റെ ഗൃഹത്തിലേക്കു ക്ഷണിക്കാൻ സന്തോഷമുണ്ടു്. പക്ഷേ, അതു സംബന്ധമായി ചില നിബന്ധനകൾകൂടി താങ്കൾ വഴിപ്പെടേണ്ടിയിരിക്കുന്നു. കണ്ണുകെട്ടി കുരിരുപ്പുറത്തുകയറി കൂട്ടിക്കൊണ്ടുപോകാൻ താങ്കൾ സമ്മതിക്കണം! ആശ്ചര്യപ്പെടാനോന്നേണ്ട. അന്യ ആളുകളെ ഞാൻ എന്റെ ഗൃഹത്തിലേക്കു ക്ഷണിച്ചുകൊണ്ടുപോകുന്നതു് ആ വിധത്തിലാണു് ആട്യം അതിലല്പം വല്ലായ്മതോന്നിയേക്കാമെങ്കിലും ഗൃഹത്തിൽ എത്തിയതിനു ശേഷം സകല സുഖവും ആനന്ദവും അവിടെ അനുഭവിക്കാവുന്നതാണു്.

താരാനാഥൻ:—ഭവതിയുടെ നിയോഗത്തെ ശിരസാവഹിക്കാൻ ഞാൻ ഒരുക്കമാണു്. ഞാൻ ഭവതിക്കു വിധേയനാണെന്നു വിശ്വസിച്ചാലും! ഭവതിയുടെ ഗൃഹസംഭവങ്ങളെപ്പറ്റിയുള്ള വർണ്ണന എന്നെ ഒട്ടധികം വ്യാമോഹിപ്പിച്ചിരിക്കുന്നു. അവിടത്തെ സുഖാനന്ദങ്ങളെ അനുഭവിക്കണമെന്നുള്ള അഭിലാഷം എന്നെ അക്ഷമനാക്കിച്ചെയ്തിരിക്കുന്നു.

കുമുദിനി:—രാങ്കളുടെ നിഷ്കളങ്കവും വ്യാജയപൂർവകവുമായ വാക്കുകളിൽ എനിക്കു സന്തോഷമുണ്ടു്. നമുക്കു തമ്മിൽ അഭിമുഖപരിചയംലഭിച്ചിട്ടു് അല്പസമയമേ ആയിട്ടുള്ളുവെങ്കിലും ചിരകാലപരിചയംമൂലം ഉണ്ടാകാവുന്ന സ്നേഹവും വിശ്വാസവും എനിക്കു താങ്കളുടെ പേരിൽ ഇതിനകം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. തൻമൂലം ഏറ്റവും പ്രീതിബഹുമാനങ്ങളോടെ എന്റെ ഗൃഹത്തിൽ താങ്കളെ സ്വാഗതംചെയ്യുന്നതാണു്. എന്റെ ലഘുവായ നിബന്ധനയ്ക്കു സ്വമനസ്സാലെ വശംവദനായതിൽ എനിക്കു കൃതാർത്ഥതയായ സന്തോഷമുണ്ടു്.

അവർ ഒന്നുകൂടി വേഗത്തിൽ നടന്നു. നടത്തയിൽ താരാനാഥന്റെ വലത്തെ ചുമലും കുമുദിനിയുടെ ഇടത്തെ ചുമലും അടിയ്ക്കടി അന്യോന്യം ഉരസുന്നുണ്ടോ എന്നു്, പിന്നിൽ അനുഗമിക്കുന്ന ദാസിമാർ സംശയിക്കുന്നുണ്ടാവാം. ആ നടത്ത ഭായ്ക്കളത്തുതാത്തേയോ അഥവാ, പാശ്ചാത്യസഹോദരീസഹോദരതാത്തേയോ അനുസ്മരിപ്പിക്കുന്നതെന്നു് ആ രണ്ടുപേരുടേയും മനഃസ്ഥിതി അറിയുംമുമ്പു നിശ്ചയിക്കാവതല്ല. എന്നാൽ ഒന്നു തീർച്ചയാണു്; താരാനാഥന്റെ ഹൃദയം ഈ രണ്ടുഭാവനകൾക്കും അനുയോജ്യമല്ല; അയാളുടെ ഉദ്ദേശ്യം അന്യമാണു്; ലക്ഷ്യവും മറെറാന്നാണു്. ധവളസൗ

ധത്തിൽ കടന്നുകൂടി സ്വഭർത്തൃസ്നേഹത്തെ കണ്ടുപിടിക്കാനുള്ള ശ്രമം വല്ലതും അവിടെ തെളിഞ്ഞുകാണുന്നുണ്ടോ എന്നന്വേഷിക്കണമെന്നാണു് അയാളുടെ ഉദ്ദേശ്യം. തദുദ്ദേശ്യം ഫലവത്താകണമെങ്കിൽ കുമുദിനിയുടെ പ്രീതിയെ സമ്പാദിക്കാതെ കഴിവുമില്ല. തന്നിമിത്തം അയാൾ സ്ത്രീയുടെ മനഃസ്ഥിതിക്കു് അനുകൂലഭാവം നടിക്കുന്നു എന്നേയുള്ളൂ. കുമുദിനിയുടെ മനഃസ്ഥിതിയോ എന്താണെങ്കിൽ, അതു കാണാനിരിക്കുന്നപൂരം, എന്നതേ സമാധാനം.

കുമുദിനിയുടെ വാക്കുകൾ താരാനാഥന്റെ മനസ്സിൽ ശേഷിച്ചുകിടന്ന സംശയശകലങ്ങളെക്കൂടി അടിച്ചുപറപ്പിച്ചു. "കണ്ണുകൾ അടച്ചുകെട്ടി കുതിരപ്പുറത്തുകയറി ക്ലബ്ബിക്കൊണ്ടുപോകാൻ അനുവദിക്കണമെന്നാണല്ലോ ഇവർ ആവശ്യപ്പെട്ടതു്. പത്മാവതി പാർക്കുന്ന ഗൃഹത്തിലേക്കു നിഷ്കളാനന്ദൻ ക്ലബ്ബിക്കൊണ്ടുപോയതും ഈ പടങ്ങുകളോടുകൂടിയാണു് ഇതിൽനിന്നും, പത്മാവതിയെ ശ്രദ്ധമായി പാലിച്ചിരിക്കുന്നതു് ധവളസൌധത്തിലല്ലാതെ മറെറങ്ങുമല്ല" എന്നു താരാനാഥൻ തീരുമാനിച്ചു. നിഷ്കളാനന്ദൻ, തന്നെ കണ്ണുകെട്ടി കുതിരപ്പുറത്തു കയറി ക്ലബ്ബിക്കൊണ്ടുപോയതും ധവളസൌധത്തിൽത്തന്നെയാണെന്നു താരാനാഥൻ വിശ്വസിക്കുകയും ചെയ്തു.

താരാനാഥൻ ഉദ്ദേശിച്ചതിൻവണ്ണം വഴിമദ്ധ്യേ ഒരു ചെറിയ ക്ഷേത്രം കാണപ്പെട്ടുകയും എല്ലാവരും അവിടെ നിൽക്കുകയും ചെയ്തു. കയറിപ്പോകാനുള്ള കുതിരകളും അവിടെതയാറുണ്ടായിരുന്നു. അന്നു നിഷ്കളാനന്ദനാൽ താൻ നയിക്കപ്പെട്ടപ്പോൾ അശ്വങ്ങളെ തയ്യാറാക്കി നിർത്തിയിരുന്നവനെത്തന്നെയാണു് ഇന്നും താരാനാഥൻ കണ്ടതു്. അക്കാഴ്ച ഒരു വലുതായ ഭീതിക്കു് അയാളെ വശംവദനാക്കി. തന്നെ അളറിഞ്ഞേയുള്ളുമോ എന്നുള്ള സംശയമാണു ഭീതിക്കു കാരണമെന്നു പറയേണ്ടതില്ലല്ലോ. അങ്ങനെ വന്നാൽ തന്റെ ഇതേവരെയുള്ള ശ്രമം നിഷ്ഫലമായിത്തീരുമെന്നുള്ളതിനു സംശയമില്ല. എന്നാൽ കുതിരക്കാരനാകട്ടെ, യാതൊന്നും പറയുകയുണ്ടായില്ല. താരാനാഥൻ സംശയിക്കത്തക്കവണ്ണം അവൻ നോക്കുകപോലും ചെയ്തില്ല. തന്റെ പക്കൽ ഉണ്ടായിരുന്ന കാഷായവസ്ത്രമെടുത്തു താരാനാഥന്റെ കൈയ്യിൽ കൊടുത്തു. അതിനെ ധരിക്കണമെന്നു സ്നേഹപൂർവ്വം കുമുദിനി ആവശ്യപ്പെടുകയും താരാനാഥൻ ധരിക്കുകയും ചെയ്തു. കണ്ണുകൾ അടച്ചുകെട്ടി കുതിരപ്പുറത്തു കയറിയിരുത്തിയതിനുശേഷം മറുള്ളവരും അശ്വാരോഹണം ചെയ്തു യാത്രയായി. ഈ യാത്രയുടെ മാതിരി എന്തായിരിക്കുമെന്നു താരാനാഥനെക്കാൾ പരിചയം നമുക്കുണ്ടല്ലോ.

അദ്ധ്യായം നാല

"തിങ്ങിനമോദംവളരുന്നിഹഭംഗിയോടുതാവകവചനേന
സങ്കടങ്ങളഖിലവുമിഹനീങ്ങീ—
എന്നാൽ വൈകാതെവേഗം വന്നീടുക നിങ്ങളം"

കഴിഞ്ഞ അദ്ധ്യായത്തിലെ സംഭവങ്ങളം നടന്നദിവസം വൈകുന്നേരം കൃതവീര്യമഹാരാജാവിന്റെ വകയും ഇപ്പോൾ അശോകനാഥന്റെ ആധീനതയിൽ ഇരിക്കുന്നതുമായ ശ്രീപുരത്തിലെ കൊട്ടാരത്തിൽവച്ച്, സരസ്വതിയും അംബികയും തമ്മിൽ ഒരു സംഭാഷണം നടത്തി.

സരസ്വതി:—അംബികേ! ഞാൻ നാളെ ശ്രീപുരത്തുനിന്നും യാത്രയാണു്. അതുകൊണ്ടു് അംബികയോടു് എനിക്കു ചില സംഗതികളം പറയേണ്ടതായിട്ടുണ്ടു്. അംബികയേ സംബന്ധിച്ച വിഷയവുമാണു്. നാളെ നാം തമ്മിൽ പിരിഞ്ഞതിനുശേഷം അംബിക ഈ അന്യനാട്ടിൽ യാതൊരു പരിചയക്കാരുടെയും സഹായമില്ലാതെ തനിയേ താമസിക്കേണ്ടിവരുന്നതിൽ എനിക്കു മനഃക്ലേശമുണ്ടു്.

അംബിക:—ഇത്രനാളം നിങ്ങളം നിങ്ങളുടെ ഭാസിമാരും മറ്റും എനിക്കു ചെയ്തിട്ടുള്ള സഹായങ്ങളം ചിരസ്മരണീയങ്ങളാണു്. നിങ്ങളുടെ ഈ വിലയേറിയ സഹായങ്ങൾക്കു ഞാൻ എന്തൊരു പ്രത്യുപകാരമാണു ചെയ്യേണ്ടതു്? എന്റെ കൃതജ്ഞതയെ ഏതുവിധത്തിലാണു വെളിപ്പെടുത്തേണ്ടതു്? പ്രിയപ്പെട്ട സരസ്വതി! ഇത്രവളരെ സഹായങ്ങളം എനിക്കു ചെയ്യുന്നതിനുംപുറമേ, എന്റെ ഭാവിയെപ്പറ്റിയും സാനുകമ്പം ചിന്തിക്കുകയും ചെയ്യുന്നതിൽ ഞാൻ നിങ്ങൾക്കു് ആജീവനാന്തം കടപ്പെട്ടിരിക്കുന്നു.

സരസ്വതി:—എന്നാൽ എന്തൊരുസഹായമാണു് എന്നിൽനിന്നും അംബിക പ്രതീക്ഷിക്കുന്നതു്? ഏതൊന്നായാലും മടിക്കാതെ പറയുക. എനിക്കു ബുദ്ധിമുട്ടാണെന്നു ശങ്കിച്ചുപറയാതിരിക്കേണ്ട അംബികയ്ക്കുവേണ്ടി ഞാൻ എന്തും സഹായിക്കാൻ സന്നദ്ധയാണു്. എന്റെ സഹായത്തെ സ്വീകരിക്കാൻ അംബികയ്ക്കു് അവകാശമുണ്ടെന്നും വിശ്വസിക്കുക.

അംബിക:—നിങ്ങളം ചെയ്തിട്ടുള്ള സഹായങ്ങളംതന്നെ അമോഘങ്ങളാണു്. അതുകൊണ്ടു ഞാൻ തൃപ്തിപ്പെടുന്നു. തല്ക്കാലം മറെറാരു സഹായവും എനിക്കു നിങ്ങളിൽനിന്നും പ്രതീക്ഷിക്കാനില്ലെന്നു പറയേണ്ടിവന്നതിൽ അന്യഥാ ചിന്തി

ക്കരുതെന്നു് അപേക്ഷയുണ്ടു്. ഇപ്പോൾ ഈശ്വരാനുഗ്രഹത്താലും നിങ്ങൾമുതൽപേരുടെ നിരന്തരമായ സഹായശുശ്രൂഷകളാലും എനിക്കു പൂർണ്ണസുഖം കിട്ടിയിട്ടുണ്ടു്. അതുകൊണ്ടും എന്റെ ശ്രീപുരം യാത്രയുടെ ഉദ്ദേശം ഫലവത്താക്കി മടങ്ങാൻ വൈകിയതിനാലും ഞാൻ യാത്ര പറയുകയാണു്: ദയവുചെയ്തു സന്തോഷപൂർവ്വം എനിക്കു യാത്രാനുവാദം നൽകണം.

സരസ്വതി:—ശരി; വളരെ സന്തോഷം. എന്നാൽ, അംബിക ഇപ്പോൾ യാത്രചോദിച്ചുകൊണ്ടു് എങ്ങോട്ടു് പുറപ്പെടാനാണു് ഉദ്ദേശിച്ചതു്? രഹസ്യോദ്ദേശ്യങ്ങൾ അറിയണമെന്നുള്ള നിന്ദ്യമായ അഭിലാഷത്തോടെ ചോദിക്കുകയാണെന്നു തെറ്റിദ്ധരിക്കരുതു്. അങ്ങനെയുള്ള ദുഷ്ടമായ മനഃസ്ഥിതി എനിക്കുണ്ടാകുന്നതല്ല. ഞങ്ങളെ പിരിഞ്ഞതിനുശേഷം വല്ല ആപത്തിലും സങ്കടത്തിലും ചെന്നു ചാടരുതെന്നുള്ള ഉണർത്തുകൊണ്ടു ചോദിക്കുന്നതാണു്. ഞാൻ എപ്പോഴും അംബികയുടെ ക്ഷേമകാംക്ഷിയാണെന്നു വിശ്വസിക്കണം. അംബികയുടെ ഇനിയത്തെ ഉദ്യമങ്ങൾ എന്തെല്ലാമാണെന്നു് അറിയിച്ചാൽ അതിന്റെ ഏതെങ്കിലും ഒരംശത്തിലേയ്ക്കു് എന്റെ സഹായം ആവശ്യമാണെന്നു കണ്ടാൽ ഞാൻ തീവിധകരണങ്ങളാലും സഹായിക്കുന്നതാണു്.

അംബിക:—നിങ്ങളുടെ സ്നേഹപൂർണ്ണമായ ഹൃദയത്തിൽതട്ടി പുറപ്പെടുന്ന വാക്കുകൾക്കു വീണ്ടും നന്ദിപറയുന്നു. എനിക്കു് ഇനി ഒരു സഹായവും ചെയ്യേണ്ടതായിട്ടില്ല.

സരസ്വതി:—എന്നാൽ ഞാൻ നിർബ്ബന്ധിക്കുന്നില്ല. നിർബ്ബന്ധിച്ചു പറയിക്കണമെന്നും എനിക്കു ഉദ്ദേശ്യമില്ല. എന്നിരുന്നാലും സുഹൃത്സ്വാതന്ത്ര്യത്തെ മുൻനിർത്തി ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നു. ദുരഭിമാനംകൊണ്ടോ, ലജ്ജാഹേതുവായിട്ടോ പറയാതിരിക്കുകയാണെങ്കിൽ, അതു മൗഢ്യത്തിന്റെ പ്രത്യക്ഷലക്ഷ്യമാണു്. സംകുചിതമായ മനഃസ്ഥിതിയെയാണു് അതു വെളിപ്പെടുത്തുന്നതു്. എന്നാൽ കഴിയുന്ന ഏതുസഹായവും ഞാൻ ചെയ്യാൻ ഒരുക്കമാണു്. തുറന്നു പറയുക, പണം വല്ലതും ആവശ്യമുണ്ടോ? ഒട്ടും സങ്കോചിക്കേണ്ടാ. ഒരു ബുദ്ധിമുട്ടും കൂടാതെ സാധിക്കാം. എത്രവേണമെങ്കിലും എടുക്കാം. ആലോചനകൊണ്ടു സഹായിക്കണമോ? അതിനും തയാറാണു്. ശരീരത്താൽ സഹായിക്കാനും സന്നദ്ധതന്നെ.

അംബിക:—നിങ്ങളുടെ ചോദ്യങ്ങൾക്കു ഞാൻ എന്തു സമാധാനമാണു പറയേണ്ടതു്. സഹോദരീനിർവ്വിശേഷമായ നിങ്ങളുടെ ഓരോ വാക്കുകളും എന്റെ ഹൃദയത്തെ കൃതജ്ഞത കൊണ്ടു നിറയ്ക്കുന്നു; കണ്ണുത്തോളം നിറഞ്ഞു, ശ്വാസത്തിന്റെ സ്വൈരഗതിയെ തടയുന്നു. നിങ്ങൾ പറയുന്ന സഹായങ്ങളൊന്നും തല്ക്കാലം എനിക്കു് ആവശ്യമില്ലെന്നിരിക്കുന്നു. ആവശ്യമുണ്ടെങ്കിൽ മടിക്കാതെ സ്വീകരിക്കുമായിരുന്നു. എന്റെ ചെലവിനു് ആവശ്യമുള്ള പണം എന്റെ കൈവശമുണ്ടു്. ഏതൊരുദ്ദേശ്യത്തോടുകൂടി ഞാൻ ശ്രീപുരത്തിൽവന്നുവോ, ആ ഉദ്ദേശ്യത്തെ സംബന്ധിച്ച ആലോചനകളിൽ സഹായിക്കാൻ ആളുകളുമുണ്ടു്. ആ സഹായം നാട്ടിൽനിന്നു പുറപ്പെട്ടുമുമ്പുതന്നെ സിദ്ധിക്കുകയും ചെയ്തു. ഇക്കാരണത്താലാണു നിങ്ങളുടെ വിലയേറിയ സഹായങ്ങളെ കൃതജ്ഞതാപൂർവ്വം നിരസിക്കുന്നതു്. നിങ്ങളുടെ കളങ്കരഹിതമായ സ്നേഹത്തിനു ഇനിയും ഞാൻ നന്ദിപറയുന്നു.

സരസ്വതി:—വളരെസന്തോഷം! എന്നാൽ കഴിഞ്ഞിടത്തോളം സംഭവങ്ങളാൽ ഒരു സംഗതി ഉൽബോധനാർഹമാണു്. നിഷ്കളങ്കനായ നന്ദനെ അംബിക നേരിൽകണ്ടു സംസാരിച്ചിട്ടുണ്ടല്ലോ. ആ ഒഴുക്കനെ വളരെ സൂക്ഷിച്ചുകൊള്ളണം അവനു വേറെയും ഒരു പേരുകൂടി മുമ്പുണ്ടായിരുന്നു. എന്നാൽ അതിനെപ്പറ്റി നാം ഇപ്പോൾ സംസാരിക്കണ്ടാ.

ഇങ്ങനെ പറയുമ്പോൾ ഹൃദയഭീതിയാൽ സരസ്വതി നടുങ്ങുന്നുണ്ടായിരുന്നു. അതുകണ്ടു് അംബികയ്ക്കു സഹതാപവും ഭയവും ജനിച്ചു. അവൾ സരസ്വതിയുടെ കൈയിൽ പിടിച്ചുകൊണ്ടു്, "നിങ്ങളുടെ ഈ ഭയപ്പാടിനു കാരണമെന്തു്? എന്തിനു നടുങ്ങുന്നു? എത്രതന്നെയായാലും മറയ്ക്കാതെ പറയണ"മെന്നു് സന്നേഹം ആവശ്യപ്പെട്ടു. സരസ്വതി തന്റെ ഉള്ളിൽ തോന്നിയ ഭയത്തെ ഒരു പ്രകാരത്തിൽ അടക്കി ധൈര്യത്തെ അവലംബിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു:—ഞാൻ അല്പം പേടിച്ചുതൂവാസ്തവമാണു്. അതിന്റെ കാരണം എനിക്കുതന്നെയും നിശ്ചയമില്ല. ഏതായാലും അതിനെക്കുറിച്ചു് അംബിക മനസ്താപിക്കണ്ട. ഒരു കാര്യം ഗുണബുദ്ധിയോടുകൂടി ഞാൻ അംബികയെ അറിയിക്കാം. അതു് എപ്പോഴും ഓർമ്മയിൽ ഉണ്ടായിരിക്കയും വേണം. ഒരു ക്രൂരസർപ്പത്തെക്കണ്ടാൽ എപ്രകാരം അകന്നുപോകുമോ, അപ്രകാരംതന്നെ നിഷ്കളാനന്ദനെക്കണ്ടാലും അടുക്കാതെ സൂക്ഷിച്ചുകൊള്ളണം. ഒരുപക്ഷേ അപ്രതീക്ഷിതമായോ അപരിഹരണീയമായ വല്ല കാരണത്താലോ അടുത്തുമുട്ടിപ്പോയാൽ അയാളുടെ

ഉദ്ബോധനങ്ങൾക്കു ചെവികൊടുക്കരുതു്. അവൻ മഹാപാതകിയാണു്; ഘാതകനാണു്; ദുഷ്ടനാണു് അവന്റെ ഉദ്ബോധനത്തിനു തികച്ചും വിപരീതമായി പ്രവർത്തിച്ചാൽ ഫലം ആശാസ്യമായിരിക്കും. ഈ തത്വം എപ്പോഴും മനസ്സിൽ ഉണ്ടായിരിക്കണം. മാത്രമല്ല, അവന്റെ ശ്രുപാശ്രയ്ക്കു വിഷയീഭൂതമാകുന്ന ഏതൊരു ഗൃഹത്തിലും താമസിച്ചുപോകരുതു്."

അംബിക:—നിങ്ങളുടെ ഗുണബുദ്ധിയോടുകൂടിയ ഉപദേശങ്ങളെ കൃതജ്ഞതാപൂർവം ഞാൻ ശിരസാവഹിക്കുന്നു. ആ ഉപദേശങ്ങളനുസരിച്ചു് എല്ലായ്പോഴും പ്രവർത്തിക്കുന്നതാണു്. പലേ കാരണങ്ങളെക്കൊണ്ടും ഞാൻ ആ നിഷ്കുളാനന്ദനെ വിശ്വസിക്കുന്നതല്ല. അയാൾ വെങ്കലപ്രതിമയ്ക്കു ബലിതേടുന്ന സംഘത്തിൽ സംബന്ധിച്ചവനാണെന്നു് എനിക്കു് അറിയാം.

സരസ്വതി:—എന്തു്? ആ വെങ്കലപ്രതിമയെക്കുറിച്ചു് അംബികയ്ക്കു് എന്തറിയാം?

ഈ അവസരത്തിലും സരസ്വതി ഭയവിഹ്വലയായി കാണപ്പെട്ടു.

അംബിക:—വെങ്കലപ്രതിമയെപ്പറ്റി എനിക്കൊന്നും അറിഞ്ഞുകൂടാ. എന്നാൽ ആ പേരു പറയുമ്പോഴും കേൾക്കുമ്പോഴും ഞാൻ അറിയാതെതന്നെ എന്റെ ശരീരം ജീവച്ഛവമായി ഭവിക്കുന്നു.

അതിനെ സംബന്ധിച്ചു് അംബിക മറ്റൊന്നും പറഞ്ഞില്ല. കൂടുതലായി വല്ലതും പറഞ്ഞുപോയാൽ കല്പകക്കോട്ടയിലെ രഹസ്യങ്ങളെ വെളിപ്പെടുത്തേണ്ടി വന്നേയ്ക്കും. അങ്ങനെ വന്നാൽ ആ കല്പറയിൽനിന്നും അംബികയെ മോചിപ്പിച്ച മനസ്വിനിയോടുചെയ്ത കരാറിനെ തകരാറാക്കുകയാണല്ലോ.

"അതേ—അംബിക പറഞ്ഞതു വാസ്തവമാണു്" എന്നു സരസ്വതി പറഞ്ഞു. കുറേനേരത്തേക്കു രണ്ടുപേരും മൗനവ്രതത്തെ അനുഷ്ഠിച്ചു. ആ അവസരത്തിൽ സരസ്വതിയുടെ മുഖഭാവം കണ്ടാൽ ഭയങ്കരമായ എന്തോ കാര്യത്തെക്കുറിച്ചു് അഗാധമായി ചിന്തിക്കുകയാണെന്നു മനസ്സിലാകും. അനന്തരം ചിന്തയിൽനിന്നും പെട്ടെന്നു വിരമിച്ചു് അംബികയെനോക്കി "പ്രിയപ്പെട്ട അംബികേ! എന്റെ ഉദ്ബോധനത്തെ വിസ്മരിക്കയില്ലെന്നും അതനുസരിച്ചു പ്രവർത്തിക്കുമെന്നും പൂർണ്ണമായി വിശ്വസിക്കുന്നു. നിഷ്കുളാനന്ദൻ എന്ന കൊടിയ ദുഷ്ടന്റെ കൈയിൽ അകപ്പെടുന്നതിൽഭേദം, ഒരു വലിയ വിഷപ്പാമ്പിന്റെ വായിൽ അകപ്പെടുകയാണു്. ഒരു മഹാവ്യാഘ്രത്തിന്റെ ഗുഹയിൽ അകപ്പെടുന്നതും, ആ ദുഷ്ടന്റെ കൈയിൽ പെടുന്നതിനേക്കാൾ ഭേദമാണു്. ഇതു മാത്രമേ എനിക്കു

പറയേണ്ടതായിട്ടുള്ളൂ. ഇപ്പോൾ ഞാൻ അംബികയുടെ യാത്രപറയുന്നു" എന്നുപറഞ്ഞു് അംബികയെ സ്നേഹപൂർവ്വംആലിംഗനംചെയ്തു.

അംബിക, അനന്തരം സുരുചിയേയും വിമലയേയുംകണ്ടു് അവർചെയ്ത സഹായസഹകരണങ്ങൾക്കു നന്ദിപറഞ്ഞു പിരിഞ്ഞു. നേരേ വരാഹസിംഹന്റെ ക്ലബ്ബിലേക്കു തിരിച്ചു. ക്ലബ്ബിൽചെന്നു താരാനാഥനെ അന്വേഷിച്ചു. തന്നെ പ്രയാഗയുടെ ഒഴുക്കത്തിൽ നിന്നും രക്ഷിച്ച ആ പുരുഷകേസരിക്കു തന്റെ ഹൃദയപൂർവ്വകമായ കൃതജ്ഞതയെ അറിയിക്കണമെന്നാണു് അംബികയുടെ ആഗ്രഹം എന്നാൽ താരാനാഥൻ അവിടെ ഉണ്ടായിരുന്നില്ല. അയാൾ വിട്ടതിയിൽനിന്നും വെളിയിൽ ഇറങ്ങിയിട്ടു രണ്ടുനാലു നാഴിക കഴിഞ്ഞു എന്നും അടുത്തദിവസം രാവിലെ സ്വദേശത്തേയ്ക്കു പുറപ്പെടുമാനാണു് താരാനാഥൻ നിശ്ചയിച്ചിരിക്കുന്നതെന്നും ക്ലബ്ബുടമസ്ഥൻ പറഞ്ഞു. ഒടുവിലത്തെ വാക്കുകളിൽ അംബികയ്ക്കു് അളവറ്റ മനഃക്ലേശം ജനിച്ചു. ക്ലേശത്തിനു കാരണമെന്തു്? അംബികയ്ക്കു തന്നെയും അതു നിശ്ചയമില്ല. ഒരു നിമിഷം പകച്ചു് അങ്ങനെ നിന്നുപോയി. അനന്തരം വരാഹസിംഹനെ നോക്കിപ്പറഞ്ഞു:—

"അദ്ദേഹം നാളെ നാട്ടിലേക്കു തിരിക്കുംമുമ്പു്, എനിക്കു നേരിൽ ചിലതു പറയേണ്ടതായിട്ടുള്ളതുകൊണ്ടു പ്രഭാതത്തിൽ ഞാൻ ഇവിടെ വരുന്നതാണു്. ഒരു പക്ഷേ അവിചാരിതമായി നേരിട്ടേയ്ക്കാവുന്ന വല്ല പ്രതിബന്ധങ്ങളാലും എനിക്കു വന്നുചേരാൻ സാധിച്ചില്ലെങ്കിൽ നിങ്ങൾ ഒരു ഉപകാരം ചെയ്യണം; പ്രയാഗയിൽ നിന്നും രക്ഷിക്കപ്പെട്ട സ്ത്രീ, അന്വേഷിച്ചു് ഇവിടെ വന്നിരുന്നുവെന്നും അദ്ദേഹം ചെയ്ത സഹായത്തിൽ ആ സ്ത്രീക്കു ഹൃദയപൂർവ്വകമായ കൃതജ്ഞതയുണ്ടെന്നും അദ്ദേഹത്തെ തെര്യപ്പെടുത്തണം"

പിന്നെ ഒരു നിമിഷംപോലും അംബിക അവിടെ താമസിച്ചില്ല. ഈ അവസരത്തിൽ രാത്രി മണി ഒൻപതു കഴിഞ്ഞിരിക്കും. ചന്ദ്രിക തെളിഞ്ഞുപ്രകാശിക്കുന്നുണ്ടു്. എവിടെ നോക്കിയാലും മനോഹരമായ കാഴ്ച. പാലക്കടവിനെലക്ഷ്യമാക്കിയാണു് അംബികയുടെയാത്ര. പാലത്തിന്റെ വലത്തുവശത്തുള്ള കടവിൽ ഇറങ്ങി. അവിടെ അനവധി ചെറുതോണികൾ തയ്യാറുണ്ടായിരുന്നു. അവയിൽ ഒരു തോണിയിലെ വള്ളക്കാരനായ വൃദ്ധനെ അരികിൽ വിളിച്ചു്, ഒരു ലഘുയാത്രയ്ക്കായി അല്പസമയത്തേയ്ക്കു വള്ളത്തിന്റെ ആവശ്യമുണ്ടെന്നും തക്കതായ കൂലികൊടുക്കാമെന്നും പറഞ്ഞു. വൃദ്ധൻ അനുകൂലമായ മറുപടി പറഞ്ഞില്ലെന്നു മാത്രമല്ല, സംശയബുദ്ധിയോടുകൂടി അംബികയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു നിന്നു. ജനസാമാന്യത്തെ വശീകരിക്കാൻ പണത്തിനുള്ളശക്തി അന്യാദൃശമാണെന്നു് അംബിക മനസ്സിലാക്കിയിട്ടുണ്ടു്. ഉടനേ

മടിയിൽ സൂക്ഷിച്ചിരുന്ന പണസഞ്ചിയെടുത്തു രണ്ടു സ്വർണ്ണനാണയം വൃദ്ധന്റെ കയ്യിൽവച്ചുകൊടുത്തു. ചന്ദ്രികയുടെ പ്രകാശത്തിൽ സ്വർണ്ണനാണയം തിളങ്ങുന്നതുകണ്ടു്, വൃദ്ധന്റെ മുഖത്തു മുമ്പുണ്ടായിട്ടില്ലാത്ത ഒരു സന്തോഷഭാവം പൊട്ടിന്നു് അങ്കുരിച്ചു; അയാളുടെ മനസ്സിൽ തോന്നിയ സംശയങ്ങൾ പൊഴികടന്നു. നാണയത്തെ ഉടുതുണിയുടെ അറ്റത്തു മുറുകെ കെട്ടി. 'എന്റെ തോണി കുഞ്ഞിനു ഇഷ്ടമുള്ളടത്തു കൊണ്ടുപൊയ്ക്കൊള്ളണം. എനിക്കു കുഞ്ഞിനെ ലേശം സംശയമില്ല' എന്നുപറഞ്ഞു് അംബികയെ സസന്തോഷം തോണിയിലേക്കു ക്ഷണിച്ചു. അംബിക കൃതാർത്ഥതയോടെ വള്ളത്തിൽ കയറിയതിനുശേഷം, താൻ ഒന്നു രണ്ടുമണിക്കൂറിനുള്ളിൽ മടങ്ങിവരുമെന്നും വൃദ്ധൻ അതുവരെ കടവിൽ കാത്തിരിക്കണമെന്നും മടങ്ങിവന്നിട്ടു വേറെയും സമ്മാനം തരുമെന്നും മറ്റും പറഞ്ഞു ഒരു വിളക്കു ആവശ്യപ്പെട്ടു. കിഴവൻ വിളക്കും, തോണിയെ നയിക്കാനുള്ള തണ്ടു് മുതലായ ഉപകരണങ്ങളും സജ്ജീകരിച്ചുകൊടുത്തിട്ടു് കരയ്ക്കിറങ്ങി. വള്ളം അംബികയെ ഏല്പിച്ചയയ്ക്കുന്ന കാര്യത്തിൽ കിഴവനു തെല്ലും സംശയമുണ്ടായില്ലെന്നു മാത്രമല്ല, അങ്ങനെ ചെയ്യാൻ പ്രത്യേകിച്ചൊരു സന്തോഷം തോന്നുകയുംചെയ്തു ഈ പെൺകുട്ടിയുടെ യാത്ര അനുരാഗവിഷയമായിട്ടാണെന്നും ഇവൾ തന്റെ കാമുകനാൽ നിർദ്ദേശിക്കപ്പെട്ട രഹസ്യസ്ഥലത്തേയ്ക്കുപോകുന്ന അഭിസാരികയാണെന്നുമത്രേ കിഴവൻ ധരിച്ചതു്.

ഇതിനകം അംബിക തോണിയെ നയിച്ചു. ഏതാണ്ടു കാൽമണിക്കൂർകൊണ്ടു് വള്ളം ശ്രീപുരത്തെ കൊട്ടാരത്തിന്റെ ഒരു ഭാഗത്തിനു് നേർക്കു് എത്തി പ്രയാഗയുടെ തീരത്തായിട്ടാണു് കൊട്ടാരം സ്ഥിതിചെയ്യുന്നതു്. പ്രയാഗയുടെ ഒരു കൈവഴി കൊട്ടാരത്തിന്റെ പിൻഭാഗത്തുള്ള മതിൽക്കെട്ടിനെ നനച്ചുംകൊണ്ടൊഴുകുന്നു. സരസ്വതിയോടൊന്നിച്ചു കൊട്ടാരത്തിൽ താമസിച്ചിരുന്ന ദിവസങ്ങളിൽ ഈ ചെറിയതോടും അതിന്റെ പരിസരങ്ങളും അംബികയുടെ പരിചയത്തിനു വിഷയീഭവിച്ചിട്ടുള്ളതിനാൽ അവൾ നിസ്സന്ദേഹം തോണിയെ ആ തോട്ടിൽക്കൂടി നയിച്ചു ചന്ദ്രപ്രകാശത്തെ മറയ്ക്കത്തക്ക വൃക്ഷനിബിഡിത നദീതീരത്തെ ആക്രമിച്ചിട്ടില്ലാഞ്ഞതിനാൽ നദീജലം രജതപ്രകാശത്തെ വഹിച്ചിരുന്നു. അല്പം മുമ്പോട്ടുചെന്നപ്പോൾ കൊട്ടാരത്തിന്റെ ഉള്ളിലേയ്ക്കു ഒരു കൈത്തോടു്, ഇരുവശവും മുകളിലും ചെങ്കൽകെട്ടുകളോടുകൂടി വെട്ടിതിരിച്ചിട്ടുണ്ടായിരുന്നു. തുരപ്പിനുള്ളിൽ എന്നപോലെ സാന്ദ്രമായ അന്ധകാരം അതിനകത്തു പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈ കൈത്തോടിനെ അധികരിച്ചു് ഭയാനകമായ ചില ക്ഷുദ്രകഥ

കഥ അംബിക കൊട്ടാരത്തിൽവച്ചു കേട്ടിട്ടുണ്ട്. പ്രയാഗയിൽ ക്രൂടി വള്ളം കൊണ്ടുപോകുന്നവരാരും രാത്രികാലങ്ങളിൽ ഈ കൈത്തോടിന്റെ സമീപത്തെങ്ങും ചെല്ലാൻ ധൈര്യപ്പെടുകയില്ല. കാശ്മീരരാജാക്കന്മാർ, രാജദ്രോഹികളെയും രാജകോപത്തെ സമ്പാദിക്കുന്ന അന്യകുറക്കാരെയും ജീവനോടുക്രൂടി ഈ കൈത്തോട്ടിൽ കെട്ടിതാഴ്ത്തിയിരുന്നുപോൽ! ഈ സംഗതി നാടൊട്ടുക്കു പ്രസിദ്ധവുമാണു. രാത്രികാലങ്ങളിൽ 'അറുകൊല' എന്നും മറ്റും പറയാറുള്ള ഭയങ്കരദേവതകളെ ഈ സ്ഥലത്തു പ്രത്യക്ഷത്തിൽ കാണാമെന്നും അവരുടെ വ്യാപാരത്തിനു നിലവിളികേൾക്കാമെന്നും മറ്റും ബലമായ കിംവദന്തിയുണ്ട്. ഈ വിവരം അംബിക അറിഞ്ഞിട്ടുണ്ട്. എന്നാൽ തജ്ജന്യമായ ഭീതി അവളുടെ മനസ്സിനെ ജയിക്കാൻ ശക്തിയുള്ളതായിരുന്നില്ല. ആ തോട്ടിൽ കടന്നു് നാലഞ്ചുവള്ളപ്പാട്ട മുമ്പോട്ടു ചെന്നു് തോണി നിത്തി തന്റെ മഹോദ്യമത്തിനു് ഈശ്വരസഹായമുണ്ടാകണമെന്ന ഭക്തിപൂർവ്വം പ്രാർത്ഥിച്ചു.

വീണ്ടും തോണിയെ മുമ്പോട്ടുനയിച്ചു് പൂർവ്വാധികം ത്വരിപ്പിച്ചു. താൻ പ്രവർത്തിക്കാൻ പോകുന്ന സംഗതി അത്യന്തസാഹസികമാണെന്നു് അംബികയ്ക്കു പൂർണ്ണമായ വിശ്വാസമുണ്ട്. ഏതാദ്ദശഘട്ടങ്ങളിൽ പുരുഷന്മാർക്കുപോലും ഒരു വല്ലാത്ത ഭയം നാഭ്യന്തരാളത്തിൽനിന്നും ഉത്ഥിതമായ വ്യാപാരസ്ഥാനത്തെ കരണ്ടുതുടങ്ങുമെന്നുള്ളതു നിർവ്വിവാദമാണു്. അംബികയ്ക്കാകട്ടെ മനസ്സിന്റെ അന്ധതകൊണ്ടോ ഈശ്വരാനുഗ്രഹത്തിലുള്ള ബലവത്തരമായ വിശ്വാസംകൊണ്ടോ എന്നറിഞ്ഞില്ല, ആ അനുഭവം ഉണ്ടായില്ലെന്നുമാത്രമല്ല, അനന്യസാധാരണമായ മനോധൈര്യംസിദ്ധിക്കുകയുംചെയ്തു. തോട്ടിനു് ഉദ്ദേശം അഞ്ചടിയിൽ ക്രൂടുതൽ വിസ്താരമുണ്ടായിരുന്നില്ല. ആ ചെറിയ തോണിയിൽ ഇരുന്നുംകൊണ്ടു രണ്ടു വശത്തും കൈകൊണ്ടു നീട്ടിയാൽ ഭിത്തികളിൽ സ്പർശിക്കുന്നതാണു്. അംബിക വള്ളം ചുവരിൽ ഉരസാതെ വളരെ നിഷ്കർഷയോടുക്രൂടി നടത്തിക്കൊണ്ടിരുന്നു. ഇപ്രകാരം അരഫർലാങ്ങു് ദൂരത്തിൽ വള്ളം പോയതിനുശേഷം തോട്ടിന്റെ മദ്ധ്യത്തായി ഒരു പാറ വളർന്നിരിക്കുന്നതുകണ്ടു. അതിനെ ചുറ്റി പ്രവഹിക്കുകയാൽ ജലത്തിന്റെ ശബ്ദം കർണ്ണകഠോരമായിരുന്നു. അതിന്റെ ചുഴിയിൽ വള്ളം സൂക്ഷിച്ചുനടത്താത്തപക്ഷം അപകടമുണ്ടാകുമെന്നുള്ളതു നിശ്ചയമാണു്. അംബികയ്ക്കു് അവിടെ അല്പം മനശ്ചഞ്ചലം നേരിട്ടുവെങ്കിലും ധൈര്യത്തെ കൈവിടാതെ തോണിയെ നടത്തുകതന്നെ ചെയ്തു. വെള്ളത്തിന്റെ പതനസ്ഥലത്തുവച്ചു് വള്ളത്തിനു് ക്രൂടുതലായ ചലനം സംഭവിക്കുകയാൽ അംബിക അല്പം

ന്നു ഭയപ്പെട്ടതു വാസ്തവമാണു്. എന്നാൽ, ഈശ്വരസഹായത്താലും സ്വസാമർത്ഥ്യത്താലും ആപത്തുകൂടാതെ അപകടസ്ഥലം ഒരു പ്രകാരത്തിൽ കഴിഞ്ഞുകൂടി. വീണ്ടും അല്പദൂരംകൂടി മുമ്പോട്ടു ഗമിക്കവേ, ഒരുഭാഗത്തു് ഒരുകല്പടയും അതിന്റെ സമീപത്തു കെട്ടിയിട്ടിരിക്കുന്ന ഒരുതോണിയും കാണപ്പെട്ടു. ഈ കല്പട മേല്പോട്ടു കയറുന്നതിനായി നിർമ്മിച്ചിട്ടുള്ളതാണു്. വളരെ അടുപ്പിച്ചു് വിളക്കു കൈയിലെടുത്തു മേല്പോട്ടുനോക്കി. പടിക്കെട്ടു വളരെ ഉയരത്തിൽ കാണപ്പെടുകയും അതിന്റെ പരമാവധി ദൃഷ്ടിക്കു് അഗോചരമാകുമാറു് അവിടം അന്ധകാരാവൃതമായിരിക്കുകയും ചെയ്തു. കാശ്മീരരാജാക്കന്മാർ രാജദ്രോഹികളെ ജീവനോടുകൂടി തോട്ടിൽ കെട്ടി താഴ്ത്തുകമാത്രമല്ല, അപൂർവം ചിലരെ കൊലപ്പെടുത്തിക്കൊണ്ടുവന്നു് താഴ്ത്തുകയും പതിവുണ്ടായിരുന്നു. ആ പ്രേതങ്ങളെ താഴ്ത്താനായി കയറഴിക്കൊണ്ടുപോകുന്നതിനു് ഉപയോഗിച്ചിരുന്ന തോണിയാണു് ചങ്ങലകൊണ്ടു് അവിടെ ബന്ധിച്ചിട്ടിരിക്കുന്നതെന്നു് അംബികയ്ക്കു അറിവുള്ളതിനാൽ തോണി കണ്ടതിൽ സംശയാന്തരങ്ങൾക്കു് ഹൃദയത്തിൽ സ്ഥലം കൊടുത്തില്ല.

കല്പടത്തുണ്ണിൽ തോണിയെ ബന്ധിച്ചിട്ടു് വിളക്കു കയ്യിലേന്തി, അതിന്റെ പുരോഭാഗം കൈകൊണ്ടു മറച്ചുംകൊണ്ടു് പടിക്കെട്ടിൽക്കൂടി മുകളിലോട്ടുകയറി. മേല്പോട്ടുപോകുന്തോറും പടിക്കെട്ടു ക്രമേണ വിസ്താരം കുറഞ്ഞുകുറഞ്ഞു് ഒടുവിൽ ഒരാളിനു മാത്രം കയറിപ്പോകാനുള്ള വീതിയിൽ കാണപ്പെട്ടു. പടിക്കെട്ടിന്റെ അഗ്രകോടിയിൽ ഒരുമുറിയുടെ വാതിൽ കണ്ടു. അതിന്റെ കതകുകൾ ഇരുമ്പുകൊണ്ടു പണിതിട്ടുള്ളവയാണെങ്കിലും അവ അഴികളോടുകൂടിയവയായിരുന്നു. കതകിന്റെ പൂട്ടു് അകത്താണെന്നു് പരിശോധനാനന്തരം അംബികയ്ക്കു മനസ്സിലായി. അഴികളുടെ ഇടയിൽക്കൂടി കൈചെലുത്തി പരിശോധിച്ചു പൂട്ടിന്റെ സൂക്ഷ്മം കണ്ടുപിടിച്ചു. കൈവശം സൂക്ഷിച്ചിട്ടുണ്ടായിരുന്ന അഗ്രം വളഞ്ഞ ഒരു ഇരുമ്പുകമ്പി വളരെ പണിപ്പെട്ടു് അതിനുള്ളിൽ തള്ളിക്കയറ്റി വളരെനേരത്തെ ശ്രമത്താൽ പൂട്ടുതുറന്നു് അകത്തു പ്രവേശിച്ചു. ഒരു ഇടുങ്ങിയ ദീർഘമാർഗ്ഗം കാണപ്പെട്ടു. അതിനകത്തെ സാന്ദ്രാന്ധകാരം വിളക്കിന്റെ പ്രകാശത്തെപ്പോലും ക്ഷയിപ്പിച്ചുകളഞ്ഞു. അംബിക ആ മാർഗ്ഗത്തിൽ സധൈര്യം മുന്നോട്ടു നടന്നു. മാർഗ്ഗാവധിയിൽ വേറെ ഒരു കവാടം കാണപ്പെടുകയും അതും ആദ്യത്തെപ്പോലെ തുറക്കപ്പെടുകയും ചെയ്തു

അമ്പോ! എന്തൊരു ഘോരഘോരമായ കാഴ്ച! അംബിക പെട്ടെന്നു് ഒന്നു ഞെട്ടി. വല്ലാതൊരു ഭയശങ്കയും അംബികയുടെ

കണ്ണുനാളത്തിൽനിന്നും അറിയാതെ പുറപ്പെട്ടുപോയി. സൈനിക വേഷം ധരിച്ചു അണിനിരന്നുനില്ക്കുന്ന അനവധി ഭടജനങ്ങളുടെ മുമ്പിൽ അകപ്പെട്ടതാണു് അവളുടെ ഭയപ്പാടിനു കാരണം. അതേ നിലയിൽ പല നിമിഷങ്ങളും തറയ്ക്കപ്പെട്ടതുപോലെ നിന്നു. ഒട്ടധികം സമയം കഴിഞ്ഞിട്ടും ഭടന്മാർ അംബികയെക്കണ്ടതായി ഭാവിക്കുകയോ നിന്നെടത്തുനിന്നും അനങ്ങുകയോ ചെയ്യുന്നില്ല. എന്നല്ല, അവരിൽ ഒരാൾക്കെങ്കിലും അല്പമെങ്കിലും ചലനം ഉണ്ടായതായി കണ്ടില്ല. അംബിക സൂക്ഷിച്ചുനോക്കി, വീണ്ടുംനോക്കി, അഞ്ചെട്ടടി മുമ്പോട്ടുചെന്നു് അടുത്തുനിന്നു വീക്ഷിച്ചു. കഷ്ടം! ഞാനെത്ര ബുദ്ധിഹീനയാണു്! എന്തൊരു മൗഢ്യമാണു് എന്നെ ബാധിച്ചതു്! ഞാൻ എന്തിനു നിലവിളിച്ചു! സൈനികവേഷം പൂണ്ട ഈ പ്രതിമകളെ കണ്ടഡ്ഡാളിച്ചതു് ആലോചനക്കുറവുകൊണ്ടല്ലേ? എന്നിങ്ങനെ അംബിക പശ്ചാത്തപിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്തു. ഇതു കൊട്ടാരം സംബന്ധിച്ച ആയുധപ്പുരയായിരിക്കാമെന്നു് അംബിക ധരിച്ചു വീണ്ടും പ്രതിമകളെ സൂക്ഷിച്ചുനോക്കി. അതാ, അംബിക പൂർവ്വാധികം പേടിക്കുന്ന പ്രതിമകളെല്ലാം ചലിക്കുന്നേ എന്നു് അവൾക്കു തോന്നുന്നു. ചിലതിന്റെ ശിരസ്സുകൾ ചലിക്കുന്നു; മറ്റുചിലതിന്റെ ശിരസ്സുകൾ ചലിക്കുന്നു. വേറേ ചിലതിന്റെ കരങ്ങൾ; വേറേ ചിലതിന്റെ കാലുകൾ; ചിലതിന്റെ കരവാളങ്ങൾ; ചിലതിന്റെ പരിശകൾ എന്നുവേണ്ട, ഓരോന്നും ഓരോപ്രകാരത്തിൽ ചലിക്കുന്നു. അംബിക വാവിട്ടു നിലവിളിക്കും എന്ന ഘട്ടമായി. പ്രതിമകളുടെ ചലനം നിന്നു. അംബികയുടെ പേടിമാറി. അവൾ പൂർവാധികധൈര്യത്തെ ഉൾക്കൊണ്ടു. അപ്പോൾ അവറ വീണ്ടും ചലിക്കുന്നു. അഹോ! അംബികയുടെ രക്തനാഡികൾ വിറങ്ങലിച്ചു. അവളുടെ ഹൃദയം ആലിലപോലെ വിറച്ചു. അവൾ പിന്നെയും നിലവിളിച്ചു. നിലവിളിയോടുകൂടി പ്രതിമകളുടെ ചലനവും നിന്നു. ഇതിലെന്തോ വിദ്യയുണ്ടായിരിക്കാമെന്നു് അവൾ ബലമായി സംശയിച്ചു. സധൈര്യം ഓരോന്നിന്റേയും സമീപത്തുചെന്നു് പ്രത്യേകംപ്രത്യേകം സൂക്ഷിച്ചു. ഓരോന്നിനേയും പിടിച്ചു കുലുക്കിനോക്കി. ഒന്നും ചലിക്കുന്നില്ല. ഈ ഘട്ടത്തിൽ അകലെ നിൽക്കുന്ന ഒരു പ്രതിമ അനങ്ങുന്നതുപോലെ തോന്നി. അംബിക അങ്ങോട്ടടുത്തു; ചലനംനിന്നു; തലയിൽ പിടിച്ചു കുലുക്കി. ആ ഇരുമ്പുപ്രതിമയ്ക്കുണ്ടോ കുലുക്കം! ലജ്ജാവഹം! ലജ്ജാവഹം! തന്റെ കയ്യിലിരിക്കുന്ന വിളക്കിന്റെ ദീപം കാറ്റത്തു ചലിക്കുമ്പോഴുള്ള തോന്നലാണു തന്നെ ഭയപ്പെടുത്തിയതെന്നു് അംബിക വിശ്വസിച്ചു; അവൾ തനിക്കു് അതിനകത്തുണ്ടായിരുന്നുള്ളുവെങ്കിലും അവൾക്കുണ്ടായ ലജ്ജക്കതിരില്ല.

പഴയധൈര്യം വീണ്ടും അംബികയെ ബാധിച്ചു; അംബികയുടെ അന്തർമാനം അസ്ഥാനത്തിലായില്ല; അതു കൊട്ടാരംവക ആയുധപ്പുരതന്നെയായിരുന്നു. പലേതരത്തിലുള്ള യുദ്ധസാമഗ്രികളും അവധിയില്ലാതെ അതിനകത്തു സംഭരിച്ചിട്ടുണ്ടായിരുന്നു. അതിനുള്ളിൽ കാണപ്പെട്ട പ്രതിമകളും ഇരുമ്പുകൊണ്ടും ഉരുക്കുകൊണ്ടും ചെയ്യപ്പെട്ടവയായിരുന്നു ഇരുമ്പഴികളാൽ നിർമ്മിക്കപ്പെട്ടവയുമുണ്ടു്! കഞ്ചുകം, കങ്കടകം, കാമ്പുകം, കളംബം, തൂണീരം, ഖഡ്ഗം, ഫലകം, മുദ്ഗരം, കരവാളിക, പരിഘം, കഠാരം, തോമരം, കുന്തം ഇത്യാദി യുദ്ധസാമഗ്രികളും കയ്യേ കണക്കുമില്ലാതെ അവിടവിടെ മലപ്രമാണം കൂട്ടിയിട്ടുണ്ടു്. അംബിക ഈ കാഴ്ചകളെല്ലാം കണ്ടതിനുശേഷം ആ മുറിയിൽനിന്നും അടുത്ത മുറിയിലേക്കുതിരിച്ചു. ഈ അവസരത്തിൽ ആയുധമുറിയുടെ ഒരു ഭാഗത്തു കൃശവും മനോഹരവും മറ്റുള്ള പ്രതിമകളെ അപേക്ഷിച്ചു ഹ്രസ്വവുമായ ഒരു ചെറിയ പ്രതിമ നിൽക്കുന്നതുകണ്ടു് അതിനെ സൂക്ഷിച്ചുനോക്കി. അതു തികച്ചും വ്യത്യസ്തവും അജ്ഞാതമായ ഒരു കാഴ്ചതന്നെയായിരുന്നു. സൈനികവേഷംധരിച്ച ഒരുസ്ത്രീയുടെ പ്രതിമയാണു് അവിടെക്കണ്ടതു്. അതു ധരിച്ചിരുന്ന ചട്ടകളും തൊപ്പിയുംമേറ്റും ചേതോഹരവും രുചിരങ്ങളുമായിരുന്നു. നിളമുള്ളതും നേർത്തതുമായ ഒരു ഖഡ്ഗം ഉറയോടുകൂടി ആ പ്രതിമയുടെ അരയിൽ തൂങ്ങുന്നുമുണ്ടു്. പുരുഷവേഷംപൂണ്ട ഈ സ്ത്രീപ്രതിമ അംബികയുടെ മനസ്സിനെ ബലാലാകർഷിച്ചു. ഒരു പുതിയ വിചാരവും അവളെ ബാധിച്ചു. അതാ അംബിക പുഞ്ചിരിതൂകുന്നു അവളുടെ ഗണ്ഡങ്ങളിൽ കുങ്കുമമഹായ വീശുന്നു! സ്തനഭരങ്ങൾ ജൃംഭിക്കുന്നു. കരചരണങ്ങൾ ശക്തിമത്തുകളായി ഭവിക്കുന്നു. കണ്ണും ബലിഷ്ഠതയെ പ്രാപിക്കുന്നു. മനസ്സിൽ തോന്നിയ ധൈര്യവും ശൗര്യവും നയനങ്ങളിൽ പ്രതിബിംബിക്കുന്നു. ശരീരത്തിനും മനസ്സിനും ഒന്നുപോലെ മുമ്പുണ്ടായിട്ടില്ലാത്ത ഒരു ശക്തിയും പ്രസരിപ്പും അംബികയെ ബാധിച്ചു. തന്റെ ഇനിയത്തെ സംരംഭങ്ങൾക്കു് സ്ത്രീസാധാരണമായ തന്റെവേഷം ആപല്കരമാണെന്നും പുരുഷവേഷം ധരിക്കുന്നതു സന്ദർഭോചിതവും ഗുണകരവുമായിരിക്കുമെന്നും അംബിക തീർച്ചപ്പെടുത്തി.

എല്ലാംകൊണ്ടും പുരുഷവേഷം ധരിക്കാൻ തീർച്ചപ്പെടുത്തി. എന്നാൽ ഒരു സാധാരണപുരുഷന്റെ വേഷം സ്വീകരിക്കുന്നതിനേക്കാൾ ഒരു ഭടന്റെ വേഷം അംഗീകരിക്കുന്നതല്ലേ കൂടുതൽ പ്രയോജനവും അവസരോചിതവുമായിരിക്കുക? തന്റെ ഇനിയത്തെ സാഹസപ്രവൃത്തികൾക്കു സൈനികവേഷമാണു യോജിക്കുന്നതു്. നല്ല ധൈര്യവും സമാർത്ഥ്യവും പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. മുട്ടിയപക്ഷം ഒന്നോരണ്ടു ഭടന്മാരോടു് എതിരിടേണ്ടിവന്നാലും പിൻവാ

ങ്ങാൻ പാടില്ല. എന്തിനായിട്ട പിൻവാങ്ങണം? ഒരു ധീരനായ പുരുഷൻ അപ്രകാരമുള്ള ഘട്ടങ്ങളിൽ പിൻവാങ്ങുന്നതാണോ? ഒരിക്കലുമില്ല അവൻ ധൈര്യപൂർവം പ്രതിബന്ധിയെ നിലംപതിപ്പിക്കാൻനോക്കും, നിലംപതിപ്പിക്കും. എന്തുകൊണ്ട് ഒരു സ്ത്രീയ്ക്ക് അങ്ങനെ ചെയ്യുകൂടാ? സ്ത്രീയും പുരുഷനും മനുഷ്യരല്ലേ? പുരുഷന്മാരുടെ കായബലവും മനഃശക്തിയും സ്ത്രീകൾക്കുണ്ടാവരുതെന്നുണ്ടോ? ഇല്ല. അങ്ങനെ ഒരു നിയമവും മറവുമില്ല. സ്ത്രീകൾ പുരുഷന്മാരുടെ കളിപ്പാവകളും അവരുടെ അടിമകളുമാണെന്നാണ് അവർ ധരിച്ചുവച്ചിരിക്കുന്നത്. അവരുടെ സുഖഭോഗസാധനവും മനുഷ്യസമുദായത്തെ വളർത്തിപ്പിക്കാനുള്ള യന്ത്രവുമായിട്ടേ അവർ സ്ത്രീകളെ വകവച്ചിട്ടുള്ളൂ. സ്ത്രീകൾക്കു ന്യായമായി വിദ്യാഭ്യാസംചെയ്യുകൂടാ; കായികപരിശീലനം നടത്തിക്കൂടാ; വാളെടുത്തുകൂടാ; യുദ്ധംചെയ്യുകൂടാ; സഞ്ചരിച്ചുകൂടാ. എന്തിനധികം? എപ്പോഴും അവന്റെ അടിമയായി അവന്റെ സുഖസൗകര്യാദികളിൽ കണ്ണും കരളും ചെലുത്തിക്കഴിഞ്ഞുകൂടണം! ഹാ! എന്തൊരടിമത്തം! ഈ അടിമത്തംവച്ചു പുലർത്തിക്കൊണ്ടിരിക്കുന്ന കാലത്തോളം ഈസമുദായം ഉയരുന്നതാണോ? ഇല്ല; നാൾക്കുനാൾക്ഷയിച്ചു" ഒടുവിൽ നാമാവശേഷമായെന്നും വന്നേക്കാം. അതിരിക്കട്ടെ, ഞാൻ വാളെടുക്കാൻ തീർച്ചപ്പെടുത്തി. സൈനികവേഷം ധരിക്കാൻ നിശ്ചയിച്ചു. സമയം അതിക്രമിക്കുന്നു. ഇതിനെപ്പറ്റി ഇനിയും ചിന്തിച്ചുകൊണ്ടുനില്ക്കാൻ സമയമില്ല. അംബിക പ്രകൃത്യാ ധൈര്യവും തന്റേടവുമുള്ള യുവതിയാണു്. വിശേഷിച്ചും കല്പകക്കോട്ടയിലെ താമസംമൂലം ആ ഗുണങ്ങൾക്കു മാറ്റുകൂടിയിട്ടുമുണ്ട്. സ്ത്രീസമുദായത്തിന്റെ അസ്വാതന്ത്ര്യത്തെപ്പറ്റി മേൽപ്രകാരം ചിന്തിക്കാനുള്ള ഒരു മനഃസ്ഥിതി ആ യുവതിക്കുണ്ടായതും അപ്പോൾമുതല്ക്കാണു്. ആ അഭിപ്രായങ്ങൾ നിശ്ശേഷം സ്വീകാര്യങ്ങളാണെന്നു സമ്മതിക്കാൻ സ്ത്രീകളിൽത്തന്നെയും അധികംപേരുണ്ടായിരിക്കയില്ല. അംബികതന്നെയും അല്പംകൂടി ക്ഷമയോടും സമാധാനത്തോടുംകൂടി ചിന്തിച്ചാൽ തന്റെ അഭിപ്രായങ്ങൾക്കു വിപരീതമായി ഒരു വലിയ ഭൂരിപക്ഷം സ്വസമുദായത്തിൽത്തന്നെ ഉണ്ടായിരിക്കുമെന്നു മനസ്സിലാക്കാവുന്നതാണു്. എന്നാൽ അംബികയുടെ അഭിപ്രായങ്ങളിൽ സിംഹഭാഗം സ്വീകാര്യങ്ങളാണെന്നുസമ്മതിക്കുകതന്നെ വേണം. അതിനെപ്പറ്റിയുള്ള ചർച്ച ഇവിടെ അപ്രകൃതമാകയാൽ അതിനു ധൈര്യപ്പെടുന്നില്ല.

അംബിക ആ മനോഹരമായ പ്രതിമയോടടുത്തു് അതിന്റെ ഓരോ അവയവങ്ങളും വേറെ വേറെ അഴിച്ചു മാറ്റത്തക്കവണ്ണമാണു് അതിന്റെ ഘടനയെന്നു അംബികയ്ക്കു പരിശോധനയിൽ

മനസ്സിലായി. അവൾക്കു സന്തോഷവുമുണ്ടായി. വിളക്കു താഴ്ത്തുവച്ചു പ്രതിമയുടെ അവയവങ്ങളോരോന്നായി അഴിച്ചുമാറ്റി പ്രതിമയെ ധരിപ്പിച്ചിരുന്ന കവചം, കാർമ്മുകം മുതലായവ താൻ ധരിച്ചു ഉള്ളങ്കാൽമുതൽ മുട്ടുവരെയുള്ള ഇരുമ്പുകൊണ്ടു ചെയ്തപ്പെട്ട പാദരക്ഷകവും അഴിച്ചു ധരിച്ചു. മുഖാവരണമിയെടുത്തു കെട്ടി, തന്റെ പുതിയ വേഷത്തെ തന്നെത്താൻ നോക്കി നോക്കി. അന്തോരും സന്തോഷവും ഉത്സാഹവും വർദ്ധിച്ചു; ധൈര്യവും വർദ്ധിച്ചു. കഠാരവും കരവാളികയുമെടുത്തു് സാരസനത്തിൽ തിരുകി ഖഡ്ഗത്തെ അരയിൽ തൂക്കി. പരിച എടുത്തു മുതുകിൽ തൂക്കി. വേഷം പൂർത്തിയായതോടുകൂടി അവളുടെ ഭയം, സംശയം, ലജ്ജ എന്നിവയുടെ നഷ്ടശിഷ്ടങ്ങൾകൂടി പൊഴികടന്നു.

വിളക്കെടുത്തുംകൊണ്ടു് ആട്ടത്ത മുറിയിൽ പ്രവേശിച്ചു അവിടെയും പലമാതിരി യുദ്ധസാമഗ്രികളും സംഭരിച്ചിട്ടുണ്ടായിരുന്നു. ആ മുറിയുടെ മറുവശത്തു് മറ്റൊരു വാതിൽ ഉണ്ടായിരുന്നു. അതു തുറന്നു നോക്കിയതു മുറ്റത്തേക്കായിരുന്നു. അംബിക മുറ്റത്തിറങ്ങാതെ കതകടച്ചുംവച്ചു വിളക്കു് അതിനകത്തുതന്നെ ഒരു ഭാഗത്തു സൂക്ഷിച്ചുവച്ചിട്ടു വീണ്ടും കതകുതുറന്നു മുറ്റത്തിറങ്ങി. ആ മുറ്റത്തിനു ചുറ്റും ചുവരുകളും നാലു മൂലയിലും നാലു ഭീമസ്തൂണങ്ങളും കാണുന്നുണ്ടായിരുന്നു. ഒരു തൂണിന്റെ സമീപത്തായി ഒരു മാഞ്ഞ കാണപ്പെട്ടു. കൊട്ടാരത്തിന്റെ മുൻവശത്തേയ്ക്കു് ഈ സ്ഥലത്തുനിന്നുമുള്ള നേർവഴിയതാണു്. അംബിക ഭടന്റെ വേഷം ധരിച്ചിരിക്കുന്നതുകൊണ്ടും അകത്തുനിന്നും വെളിയിലേയ്ക്കു ചെല്ലുന്നതുകൊണ്ടും ആർക്കും അവളെപ്പറ്റി സംശയത്തിനിടയില്ലല്ലോ. ഈ വസ്തുത അംബികയുടെ ധൈര്യത്തെ ദ്വിഗുണിതമാക്കിച്ചെയ്തു.

ചന്ദ്രിക മുറ്റത്തിൽ തെളിഞ്ഞു പ്രകാശിക്കുന്നുണ്ടായിരുന്നു. മേല്പറഞ്ഞ മാർഗ്ഗത്തിൽക്കൂടി അവൾ വെളിയിലേയ്ക്കു നടന്നു. അല്പദൂരം ചെന്നപ്പോൾ മച്ചിന്മേൽ വിളക്കു കത്തുന്നതുകണ്ടു് അവൾ ശ്രദ്ധിച്ചുനോക്കി. വിളക്കുകത്തുന്ന മുറിയിൽ സരസ്വതിയും അവളുടെ ദാസികളും സംഭാഷണം നടത്തിക്കൊണ്ടിരിക്കുന്നു. തൽക്ഷണം ഒരു ചെറിയ മനച്ചുടവു് അവളെ ബാധിച്ചു "ഞാൻ ഇപ്രകാരം വഞ്ചനയും ചതിയും പ്രവർത്തിക്കുമെന്നു അവർ സ്വപ്നപി സംശയിച്ചിരിക്കാനിടയില്ലല്ലോ. ആ സ്ഥിതിക്കു് അവർ എന്നെ നേരിൽ കണ്ടുമുട്ടിയാലത്തെ അവസ്ഥ എന്തായിരിക്കും?" എന്നു അംബിക തന്നെത്താൻ ചോദിച്ചു. എന്നാൽ തന്റെ ഗുരുതരമായ സംരംഭത്തിനിടയിൽ ഇതിനെപ്പറ്റി കൂടുതൽ ചിന്തിക്കാനുള്ള സാവകാശം അവൾക്കില്ല. കുറേക്കൂടി മുമ്പോട്ടുനടന്നു. അവിടെ ഒരു വാതിൽ കണ്ടു. അതിന്റെ കതകുകൾ ഇരുമ്പുപല

കകളാൽ ചെയ്യപ്പെട്ടതായിരുന്നു. അംബിക കതകിനു് ഒന്നുരണ്ടു തട്ടി.

"ആരതു്?" എന്നു ദ്വാരപാലകൻ ചോദിച്ചു.

"കതകു തുറക്കു!" എന്നു് അംബിക ആവശ്യപ്പെട്ടു. തന്റെ നൈസ്സർഗ്ഗികമായ സ്ത്രീസ്വരത്തെ അവൾ കഴിയുന്നതു നിയന്ത്രിച്ചുകൊണ്ടാണു് ശബ്ദിച്ചതു്.

ദ്വാരപാലകൻ:—ആക്കായിട്ടാണു് ഞാൻ കതകുതുറക്കേണ്ടതു്? പേരെന്താണു്?

അംബിക:—ഇന്നത്തെ * അടയാളവാക്കു് എനിക്കറിയാം. കതകു തുറക്കു!

ദ്വാരപാലകൻ:—അടയാളവാക്കു കേൾക്കട്ടെ!

അംബിക:—"മതരക്ഷകനായ അശോകനാഥൻ."

ഈ അടയാളവാക്കു് അംബിക അന്നു വൈകുന്നേരം കൊട്ടാരത്തിൽനിന്നും പുറപ്പെട്ടുമുമ്പു് സരസ്വതിമുഖാന്തിരം അറിഞ്ഞതാണു്. അടയാളവാക്കു് ഉച്ചരിച്ചമാത്രയിൽ പാറാക്കാരൻ കതകുതുറന്നു അംബിക അകത്തുപ്രവേശിച്ചു. ആ മുറി അതിവിസ്തീർണ്ണമായിരുന്നു. ഒരു വലിയ വിളക്കു മുറിയുടെ മദ്ധ്യഭാഗത്തു പ്രകാശിക്കുന്നുണ്ടായിരുന്നു.

അംബിക ഒരു സ്ത്രീയാണെന്നു പാറാക്കാരൻ സംശയിക്കുപോലും ചെയ്തില്ല. "കോമളനായ യുവാവേ? ഏതാണു് ഇവിടെ സാധിക്കേണ്ടതു്?" എന്നു അയാൾ അംബികയോടു ചോദിച്ചു.

അംബിക:—ഞാൻ യോഗ്യനായ അശോകനാഥന്റെ നിയോഗപ്രകാരം ഇവിടെ വന്നതാണു്. തടവിൽ പാർപ്പിച്ചിരിക്കുന്ന മൂന്നു പ്രഭുക്കളേയും നേരിൽകണ്ടു രഹസ്യമായി ചിലതുസംസാരിക്കാൻ അദ്ദേഹം എന്നെ ശട്ടംകെട്ടി അയച്ചിരിക്കുന്നു.

പാറാക്കാരൻ:—എന്നാൽ; അതേ, ആ കാണുന്ന ഏണിപ്പടിയിൽക്കൂടി മേല്പോട്ടുകയറിച്ചെല്ലുക! ഈ താക്കോൽക്കൂടി കൊണ്ടുപോകണം. ഏണിപ്പടി കയറിയാലുടൻ കാണപ്പെടുന്ന കതകു ഈ താക്കോൽകൊണ്ടുതുറക്കാം. ആ കതകുതുറന്നകത്തു കയറിയാൽ വലത്തുഭാഗത്തു മൂന്നു വാതിലുകൾ ഉണ്ടായിരിക്കും. മൂന്നു പ്രഭുക്കളും ആ മൂന്നു മുറികളിലായി പാർപ്പിക്കപ്പെട്ടിരിക്കയാണു്. ഓരോ മുറിയിലും കയറി ഓരോരുത്തരെ കണ്ടു സംസാരിച്ചുംവച്ചു മടങ്ങുമ്പോൾ അതതിന്റെ

---

* സൈന്യസംഘത്തിൽ, ചില പ്രത്യേകാവസരങ്ങളിൽ പ്രതിദിനം ഓരോ അടയാളവാക്കു് ഏർപ്പെടുത്തുക പതിവുണ്ടു്. സൈന്യത്തിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും പാറാക്കാരും മാത്രമേ അതു് അറിഞ്ഞിരിക്കയുള്ളൂ. അടയാളവാക്കുപറയുന്ന ആൾ ആരുതന്നെയായാലും അയാളെ തടയരുതെന്നാണു് സൈനികനിയമം.

വാതിലുകൾ അപ്പഴപ്പോൾ പൂട്ടിക്കൊള്ളണം. അവർ മൂന്നു പേരും ഒന്നിച്ചു വെളിയിൽ ചാടിയാൽ അവരെ എതിർക്കാൻ നാം രണ്ടുപേരുംചേർന്നാൽ സാധിക്കുന്നതല്ല. അതേ, ആ മുറികളുടെ താക്കോലുകളാണു് ഇതു്.

അംബിക താക്കോൽ നാലും കൈയ്യിൽ വാങ്ങിക്കൊണ്ടു വേഗത്തിൽ ഏണിപ്പടിയിൽക്കൂടി കയറി മുകളിൽചെന്നു. ഏണിപ്പടിയുടെ അവസാനത്തിൽ പാറാക്കാരൻ പറഞ്ഞ വാതിൽകണ്ടു; തുറന്നകത്തു പ്രവേശിച്ചു് വലത്തുവശത്തുള്ള വാതിലുകളും കണ്ടു. ഇരിമ്പുകതകുകളാണു് വാതിലുകൾക്കു് ഉപയോഗിച്ചിരിക്കുന്നതു്. കതകുകൾ വലിയ ഇരിമ്പുപൂട്ടുകളിട്ടു പൂട്ടി സുരക്ഷിതമാക്കിയിട്ടുണ്ടു്. ഇടതുവശത്തും അതുപോലെ മൂന്നു വാതിലുകൾ എതിരേ കാണപ്പെട്ടു. തന്റെ കള്ളി പുറത്തായാൽ ഇവിടെത്തന്നെ ഒരു മുറിയിൽ താനും തടവിൽപാർക്കേണ്ടിവരുമെന്നു് അംബിക ഓർത്തു. എന്നാൽ കല്പകക്കോട്ടയിലെ കല്ലറയിലെ മഹാമനസ്കയാൽ നൽകപ്പെട്ട മോതിരമൊന്നു അംബികയുടെ കൈവശമുണ്ടല്ലോ ആ മോതിരത്തിന്റെ ശക്തി എന്താണെന്നു് അവൾ അറിഞ്ഞിട്ടില്ല. "നിന്റെ ശ്രമങ്ങൾ നിഷ്ഫലമായി ഭവിച്ചാൽ ഈ മോതിരം അശോകനാഥന്റെ ദൃഷ്ടിയിൽ പെടുത്തണ"മെന്നു് ആ മനസ്വിനി ഉപദേശിച്ചതു് അംബികയ്ക്കു് ഓർമ്മയുണ്ടു്. അതുകൊണ്ടു തനിക്കു വല്ല അപകടവും പറ്റിയാൽ, തന്നെ രക്ഷിക്കാനുള്ള ശക്തി ഈ മോതിരത്തിനുണ്ടെന്നു അംബിക വിശ്വസിച്ചു.

വലതുവശത്തുള്ള ആദ്യത്തെ വാതിൽതുറന്നു അകത്തു കടന്നു ദീർഘകായനും സുമുഖനും മദ്ധ്യവയസ്കനുമായ ഒരുഗംഭീരപുരുഷൻ അവിടെ ഒരു കംബളത്തിൽ കിടക്കുന്നുണ്ടായിരുന്നു. കതകുതുറന്ന ശബ്ദംകേട്ടു അദ്ദേഹം എഴുന്നേറ്റു നോക്കിയതു് അംബികയുടെ മുഖത്തേക്കായിരുന്നു. താൻ കാണുന്നതു അശോകനാഥന്റെ സൈന്യത്തിൽ ഉൾപ്പെട്ട ഒരു ഭടനെയാണെന്നും ഈ അസമയത്തു് ഇയാൾക്കു് ഇവിടെ പ്രവേശിക്കേണ്ട കാര്യമില്ലെന്നും അദ്ദേഹം നിശ്ചയിച്ചുകൊണ്ടു് ചിന്താചഞ്ചലനായി അംബികയെ ഉറ്റുനോക്കി. അംബിക തന്റെ മുഖമാടനി മാറ്റി സമന്ദഹാസം അദ്ദേഹത്തെവീക്ഷിച്ചു. അവളുടെ മുഖകോമളിമ അദ്ദേഹത്തിന്റെ മനസ്സിൽ വിശ്വാസം ജനിപ്പിച്ചു. ഉഷ്ണമായ മനഃസ്ഥിതിക്കും ഈ സൗന്ദര്യത്തിനും തമ്മിൽ സംബന്ധമില്ലെന്നു് അദ്ദേഹം വിശ്വസിച്ചു. താൻ കാണുന്നതു് ഒരു സ്ത്രീയുടെ മുഖമല്ലേ എന്നദ്ദേഹം സംശയിച്ചുവെങ്കിലും, സ്ത്രീമായയുള്ള പുരുഷമുഖമാണെന്നു ഒടുവിൽ തീരുമാനിച്ചു.

"മാന്യയുവാവേ! നിങ്ങൾ ആരാണു്?" എന്നദ്ദേഹം ചോദിച്ചു.

"ഞാൻ അങ്ങയുടെ മിത്രമാണു്, അങ്ങയുടെ നാമധേയ മെന്തോ?" എന്നംബിക പ്രതിപ്രശ്നംചെയ്തു

"ഗംഗാധരഗ്രപ്പുപ്രഭുവിനെ നിങ്ങൾ കേട്ടിരിക്കാം. നിങ്ങൾ ആരാണെന്നും എന്നിൽ ഇത്രസ്നേഹം പ്രകടിപ്പിക്കാൻ കാരണമെ ന്തെന്നും ഈ മുറിയിൽ നിങ്ങൾക്കു പ്രവേശനംസിദ്ധിച്ചതെങ്ങനെ യെന്നും മനസ്സിലാകുന്നില്ല."

അംബിക:—പ്രഭോ! എന്റെ വസ്തുസ്ഥിതിയെക്കുറിച്ചു അങ്ങു ഇപ്പോൾ അന്വേഷിക്കണ്ടാ. അങ്ങയെ ഈ ബന്ധനാലയ ത്തിൽനിന്നും മോചിപ്പിക്കുന്നതിനായിട്ടത്രേ ഞാൻ ഇവിടെ വന്നതു്.

പ്രഭു:—നിങ്ങൾ പറയുന്നതു പരമാർത്ഥമായിരിക്കാം. എന്നാൽ നിങ്ങളുടെ വിസ്തുസ്ഥിതികളും എന്നിൽനിന്നും മറച്ചുവച്ചിരി ക്കുവോളം നിങ്ങൾ എന്റെ മിത്രമാണെങ്കിലും ശത്രുവാണെ ന്നു സംശയിക്കാൻ കാരണമില്ലേ?

അംബിക:—അംബികേശൻ എന്നാണു് എന്റെ പേരു്. ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേൾക്കണമെന്നപേക്ഷയുണ്ടു്. അങ്ങേ യ്ക്കു് ഇതിനകത്തുനിന്നും മോചിക്കുന്നതിനു വലിയ ശ്രമമൊ ന്നുംചെയ്യേണ്ടതായിട്ടില്ല. വാതുക്കൽ ഒരൊറപ്പാറാക്കാരൻ മാത്രമേയുള്ളൂ. അവനെ പെട്ടെന്നു് പിടിച്ചുകെട്ടിയിട്ടുംവച്ചു നമുക്കു രക്ഷപ്പെടാം. എന്നാൽ അവനെ യാതൊരുപ്രകാര ത്തിലും ഹിംസിക്കാൻ പാടില്ല. എന്താണു് അങ്ങയുടെ അഭി പ്രായം. അനുകൂലാഭിപ്രായമാണെങ്കിൽ എന്റെ പിറകേ നടന്നുകൊള്ളണം.

പ്രഭു:—നിങ്ങളുടെ പിറകേ പൂർണ്ണസന്തോഷത്തോടെ ഞാൻ വരാം. നിങ്ങളെപ്പറ്റി ഞാൻ അല്പം അല്പം സംശയിച്ചുപോ യതിനെ ക്ഷമിക്കണം.

അംബികേശൻ:—പ്രഭോ! ക്ഷമായാചനത്തിനും വൃഥാഭാഷണത്തി നുമുള്ള സന്ദർഭം ഇതല്ല. അങ്ങയെപ്പോലെ അടുത്ത മുറിക ളിൽ അടച്ചിരിക്കുന്ന പ്രഭുക്കളെയും എനിക്കു വെളിയിൽ കൊണ്ടു വരണം. അതിലേയ്ക്കു അവരെക്കണ്ടു സംസാരിക്കേ ണ്ടിയിരിക്കുന്നു.

അംബികേശൻ രണ്ടാമത്തെ മുറിയിൽകടന്നു. അവിടെ ഉടയ സേനപ്രഭുവിനെക്കണ്ടു്, ഗംഗാധരഗ്രപ്പുനെ ധരിപ്പിച്ച വിവര ങ്ങളും പറഞ്ഞു് അയാളെ കൂട്ടിക്കൊണ്ടുവന്ന ആദ്യത്തെ മുറിയി ലാക്കിയുംവച്ചു് മൂന്നാമത്തെ മുറിയിൽചെന്നു. ആ മുറിയിൽ അട

യ്ക്കപ്പെട്ടിരുന്ന ചന്ദ്രഗുപ്തപ്രഭുവിനെക്കണ്ടു", "പ്രഭോ! അങ്ങയും മറേറ രണ്ടുപ്രഭുക്കളെയും ഈ തടവുമുറികളിൽനിന്നും രഹസ്യമായി മോചിപ്പിക്കാനായിട്ടു വന്നവനാണു ഞാൻ" എന്നുപറഞ്ഞു പ്രഭു അതുകേട്ടു", "സദ്ഗുണനും യോഗ്യനുമായ നിങ്ങൾ ആരാണു?" എന്നു ചോദിച്ചു. ആ അവസരത്തിൽ അതിനകത്തുണ്ടായിരുന്ന വിളക്കിന്റെ പ്രകാശം അംബികേശന്റെമുഖത്തു തെളിഞ്ഞുപതിയുകയാൽ "ഞാൻ ഇതിനുമുമ്പു് നിങ്ങളെ എവിടെയോ കണ്ടിട്ടുണ്ടല്ലോ. എവിടെവെച്ചാണെന്നോക്കുന്നില്ല" എന്നുപറഞ്ഞു സൂക്ഷിച്ചുനോക്കി.

അംബികേശൻ:—അങ്ങു് എന്നെ ഇതിനുമുമ്പു് കണ്ടിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ അങ്ങയെയും കണ്ടിട്ടില്ല. എന്നാൽ അങ്ങയുടെ മഹാമനസ്കതയെക്കുറിച്ചും ചിത്രസേനനിലും അദ്ദേഹത്തിന്റെ ഭാര്യയിലും അങ്ങേയ്ക്കുള്ള പ്രത്യേക സ്നേഹത്തെപ്പററിയും എന്റെ സഹോദരി പല പ്രാവശ്യം എന്നെ ധരിപ്പിച്ചിട്ടുണ്ടു്.

പ്രഭു:—(സാശ്ചര്യം) നിങ്ങളുടെ സഹോദരി ആരാണു്?

അംബികേശൻ:—ഗുണവാനായ ചിത്രസേനന്റെ ഭർത്തൃപുത്രി അംബിക.

പ്രഭു:—എന്തു്? അംബിക നിങ്ങളുടെ സഹോദരിയോ? അംബികയ്ക്കു സഹോദരന്മാരും ബന്ധുക്കളും ആരുമില്ലെന്നാണല്ലോ കേൾവി!

അംബികേശൻ:—ആ കേൾവി അബദ്ധം. ഞാൻ അവളുടെ സഹോദരനാണു്. അംബികേശൻ എന്നാണു് എന്റെ പേരു്. അങ്ങയെ സഹായിക്കാനായിട്ടാണു് ഞാൻ ഇവിടെ വന്നതു്. അങ്ങേയ്ക്കുവേണ്ടി എന്റെ ജീവനെ നഷ്ടപ്പെട്ടത്താനും ഞാൻ തയ്യാറാണു്.

പ്രഭു:—ഉദാരമനസ്കനായ യുവാവേ! നിങ്ങളുടെ സ്തുത്യർഹമായ സദ്ബുദ്ധിയിൽ എനിക്കു അളവററ സന്തോഷമുണ്ടു്. സ്വഭാവത്തെ സംബന്ധിച്ചിടത്തോളം സഹോദരിയുടെ പകർപ്പാണെന്നതോന്നുന്നു! എന്റെ മരണംവരെ ഞാൻ നിങ്ങൾക്കു കടപ്പെട്ടിരിക്കുന്നു. നിങ്ങളുടെ സഹായത്താൽ സിദ്ധിക്കാനിരിക്കുന്ന എന്റെ വിമോചനത്തെ ഓർത്തുള്ള സന്തോഷം, നിങ്ങളുടെ സ്വഭാവത്തിൽ എനിക്കുള്ള സന്തോഷത്തിന്റെ പകുതിപോലും ഇല്ലെന്നു വിശ്വസിക്കുക!

അംബികേശൻ:—പ്രഭോ! എന്റെ സഹോദരിക്കും അവളുടെ ഭർത്താപിതാക്കൾക്കും അങ്ങു് ഇതേവരെ ചെയ്തിട്ടുള്ള നന്മകൾ ഓർത്താൽ എന്റെ ഈ സഹായമെത്രയുമല്പം! ഞാൻ അങ്ങേ

യ്ക്കാണ് ആജീവനാന്തം കടപ്പെട്ടിരിക്കുന്നത്. അതിരിക്കട്ടെ! നമുക്ക് ഇവിടെനിന്നു താമസിക്കാൻ പാടില്ല. ഓരോസെക്കൻറും വിലയേറിയതാണ്".

ഈ അവസരത്തിൽ ഗംഗാധരപ്പണിക്കരും ചന്ദ്രപ്പണിക്കരും അവിടെ എത്തി. തങ്ങൾക്ക് അവിചാരിതമായി വിമോചനകാലം നേരിട്ടതിനെക്കുറിച്ചു പ്രേക്ഷകർ മൂന്നുപേരും പരസ്പരം സന്തോഷത്തെ പ്രദർശിപ്പിച്ചു. അംബികേശൻറെ സംരംഭത്തിൽ ഇവർക്കു യാതൊരറിവുമില്ലെങ്കിലും അവൻറെ സ്ഥൈര്യവും ധൈര്യവും കണ്ട് അവർ മനസ്സിൽ വിശ്വാസം ഉറപ്പിച്ചു. അംബികേശൻ തൻറെ സംരംഭത്തിൻറെ സ്വഭാവത്തെ ചുരുക്കത്തിൽ മൂന്നുപേരേയും ധരിപ്പിച്ചു. അവൻറെ ഉദ്ദേശ്യത്തിൽ അവർക്ക് എതിരഭിപ്രായമുണ്ടായിരുന്നില്ല. മൂന്നുപേരും സന്തോഷപൂർവ്വം അവൻറെ അഭിപ്രായത്തോടു യോജിച്ചു.

മൂന്നുപേരെയും അവിടെത്തന്നെ നിർത്തിയിട്ടുവച്ച് അംബികേശൻ, ഏണിപ്പടിയുടെ മുകൾഭാഗത്തുള്ള വാതിലിനു വെളിയിലിറങ്ങി കതകു വലിച്ചടച്ച് പൂട്ടുന്ന നാട്യത്തിൽ താക്കോൽ രണ്ടു മൂന്നാവർത്തി തിരിച്ചു പൂട്ടാതെതന്നെ ഏണിപ്പടിയിറങ്ങി പാറാക്കാരൻറെ സമീപത്തിൽവന്നു 'ഇതാ, താക്കോൽ' എന്നുപറഞ്ഞു താക്കോൽ കൈയിൽകൊടുത്തു. നിങ്ങൾ പോയിട്ട് അധികം നേരമായില്ലല്ലോ. അതിനകം മൂന്നുപേരേയും കണ്ട് സംസാരിച്ചുവോ" എന്നുചോദിച്ചുംകൊണ്ട്, താക്കോൽ അരയിൽ തിരുകാനായി പാറാക്കാരൻ വാളും താഴ്ത്തുവച്ചു അതേനിമിഷത്തിൽ അംബികേശൻ, അവനെ നിലത്തുമറിച്ചിട്ട് കഴുത്തിൽ കത്തിപ്പിടിച്ചു കഠാരിയൂരി നെഞ്ചിനുനേരെ ഓങ്ങിക്കൊണ്ട് "നിലവിളിച്ചാൽ കൊന്നുകളയും" എന്നു ഭയപ്പെടുത്തി. ബലിഷ്ഠനും സമർത്ഥനുമായ പാറാക്കാരൻ പെട്ടെന്നു ഇങ്ങനെ സംഭവിച്ചതിനാലുള്ള പരിഭ്രമംകൊണ്ടും കഠാരി വക്ഷസ്സിനുനേരേ തിളങ്ങുന്നതുകണ്ടും അംബികേശനു കീഴ്പെടേണ്ടിവന്നു. ഇതിനകം പ്രേക്ഷകർ മൂന്നുപേരും കൃത്യസ്ഥലത്തെത്തി. എല്ലാവരുംകൂടി അവനെ പിടിച്ചെഴുന്നേല്പിച്ചു മുകളിൽ കൊണ്ടുചെന്നു ഗംഗാധരപ്പണിക്കനെ അടച്ചിട്ടിരുന്ന മുറിക്കുള്ളിൽ തള്ളി കതകടച്ചു പൂട്ടിയുംവച്ചു നാലുപേരും മടങ്ങിവന്നു പാറാക്കാരൻ നിന്നിരുന്ന വാതിലുംകടന്നു മുറ്റത്തെത്തി. അംബികേശൻ മുമ്പിലും പ്രേക്ഷകത്രയം പിറകിലുമായി ആയുധപ്പുരയിൽ പ്രവേശിച്ചു. അംബികേശൻ അവിടെ സൂക്ഷിച്ചുവച്ചിരുന്ന വിളക്കു അതേപ്രകാരത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. വഴിക്കു വല്ല ആപത്തും നേരിട്ടാൽ എതിർത്തു നില്ക്കണമെന്നുള്ള കരുതലോടുകൂടി പ്രേക്ഷകത്രയം ആയുധപ്പുരയിൽനിന്നും അവരവർക്ക് ആവശ്യമുള്ള

ആയുധങ്ങൾ സംഭരിച്ചുകൊണ്ടു എല്ലാവരും അവിടുന്നു തിരിച്ചു് യഥാസമയം അംബികേശന്റെ തോണി ബന്ധിച്ചിരുന്ന സ്ഥലത്തെത്തി. അംബികേശന്റെ ചെറുതോണിയിൽ നാലാളുകൾക്കു കയറാനുള്ള സ്ഥലസൗകര്യം ഇല്ലാതിരുന്നതിനാൽ എല്ലാവരുംകൂടി മുൻചൊന്ന പ്രകാരത്തോണിയിൽ കയറുകയാണുണ്ടായതു്. അല്പ നേരത്തിനുള്ളിൽ കൈത്തോട്ടം പ്രയാഗയുടെ കൈവഴിയും കടന്നു് പ്രയാഗയിലിറങ്ങി.

തോണി പ്രയാഗയിൽ കടന്ന ഉടനെ വിളക്കണച്ചു. നല്ല ചന്ദ്രികയുണ്ടായിരുന്നു. പ്രഭാകരൻ തങ്ങളുടെ മോചനത്തെപ്പറ്റിയും അതിനിടയാക്കിയ അംബികേശന്റെ പ്രാഗത്ഭ്യസാമർത്ഥ്യങ്ങളെക്കുറിച്ചും വളരെ പ്രശംസിച്ചു സംസാരിച്ചുകൊണ്ടിരുന്നു. അംബികേശൻ അവരുടെ അപ്രകാരമുള്ള സംഭാഷണത്തെത്തടഞ്ഞു് അനന്തരകരണീയത്തെപ്പറ്റി ആലോചിക്കണമെന്നാവശ്യപ്പെട്ടു. കൊട്ടാരത്തിന്റെ വെളിയിൽ കടന്നതുകൊണ്ടുമാത്രം പൂർണ്ണമായ മോചനം ലഭിച്ചതായി വിശ്വസിച്ചു പോകരുതെന്നും ശ്രീപുരത്തിന്റെ അതിർത്തി കടക്കണമെന്നും തടവുമുറിയിൽനിന്നും കടന്ന വിവരം അശോകനാഥനറിയുന്നമാത്രയിൽ കുപിതനായി നാനാഭാഗങ്ങളിലും ഭടന്മാരെ അയച്ചു അന്വേഷിപ്പിച്ചു പിടിക്കുമെന്നും അനന്തരശിക്ഷ ഊഹാതീതമായ വിധത്തിൽ കഠിനമായിരിക്കുമെന്നും ഉദ്ബോധനംചെയ്തു. അംബികേശന്റെ വാക്കുകൾ വാസ്തവികങ്ങളാണെന്നു അഭിപ്രായപ്പെട്ടുകൊണ്ടു പ്രഭാകരൻ താഴെപ്പറയും പ്രകാരത്തിൽ ഒരു കൂടിയാലോചന നടത്തി.

ചന്ദ്രഗുപ്തൻ:—എന്താണു നാം മേലിൽ പ്രവർത്തിക്കേണ്ടതു്? നാട്ടിൽ പറ്റാൻ നമുക്കു കുതിരകൾ ആവശ്യമാണല്ലോ? അതിനെന്തു നിവൃത്തി?

ഉദയസേനൻ:—ശ്രീപുരത്തിനടുത്തുതന്നെ ഒരു വലിയ മാളികയുണ്ടു്. ഒരു വലിയ ധനികയുടെ വകയാണു്. ആ മഹതിയെ ഗംഗാധരഗുപ്തനും എനിക്കും പരിചയമാണു്. അവരുടെ പേർ ഒരുപക്ഷേ, നിങ്ങൾ കേട്ടിരിക്കാനിടയുണ്ടു്.

ചന്ദ്രഗുപ്തൻ:—പേരെന്താണു്?

ഉദയസേനൻ:—കുമുദിനീദേവി. ആ മാന്യസ്ത്രീ നമുക്കു സ്നേഹപൂർവ്വം വേണ്ട സഹായങ്ങൾ ചെയ്യാതിരിക്കയില്ല. അനവധി നല്ല കുതിരകൾ അവരുടെ പക്കലുണ്ടു്. നമുക്കു ആവശ്യമുള്ള കുതിരകളെ ഇഷ്ടംപോലെ തിരിഞ്ഞെടുക്കാം.

ചന്ദ്രഗുപ്തൻ:—ആ മഹതിയുടെ മഹാമനസ്കതയും ദീനദയയും കാശ്മീരത്തിലെങ്ങും പ്രസിദ്ധമാണു്. മാത്രമല്ല, അവർ വൈദികമതാവലംബിനിയും അശോകനാഥവിദ്വേഷിണി

യുമത്രേ. അതുകൊണ്ട് ആ മാന്യസ്ത്രീ നമുക്ക സ്നേഹപൂർവ്വം സ്വാഗതം നൽകാതിരിക്കയില്ല എന്നാണ് എന്റെയും അഭിപ്രായം.

ഉദയസേനൻ:—അതേ, നമുക്ക ഇപ്പോൾ കുമുദിനീദേവിയുടെ വസതിയിൽ കയറാം.

ചന്ദ്രഗുപ്തൻ:—നമ്മുടെ ഉപകർത്താവായ അംബികേശനേയും നമ്മുടെ ഒന്നിച്ചുകൂട്ടിക്കൊണ്ടു പോകണം. നമുക്ക ചെയ്ത ഈ ഉപകാരത്തിനു പ്രത്യുപകാരം ചെയ്യാൻ ആജീവനാന്തം നാം അയാൾക്ക കടപ്പെട്ടിരിക്കുന്നു.

ഉദയസേനനും ഗംഗാധരഗുപ്തനും അതിനോടു അനുകൂലിച്ചു സംസാരിക്കുകയും അംബികേശനെ അത്യന്തം പ്രശംസിക്കുകയും ചെയ്തു. അംബികേശൻ അവരുടെ പ്രശംസാവചസ്സുകൾക്ക പൂർണ്ണമായി ചെവി കൊടുത്തില്ലെങ്കിലും അവരുടെ ഒന്നിച്ചു ചെല്ലാമെന്നു സമ്മതിച്ചു താൻ ഉദ്ദേശിച്ചുവന്ന കാര്യം ഫലവത്തായതിനാൽ കല്പകക്കോട്ടയിലെ മനസ്വിനിയെ വീണ്ടും കാണണമെന്നും അതിലേക്ക ഉദയസേനപ്രഭുവിനോടുകൂടി കല്പകക്കോട്ടയിൽ പോകണമെന്നും അംബികേശനുദ്ദേശമുണ്ട്.

ഇതിനകം ശ്രീപുരത്തിന്റെ തെക്കേ അതിർത്തികഴിഞ്ഞു വള്ളം തെക്കോഴികപോന്നു. അവിടെ വള്ളം അടുപ്പിച്ചു് എല്ലാവരും കരയിൽ ഇറങ്ങി, തോണിയെ വെള്ളത്തിൽ ഒഴുക്കിയുംവച്ചു് സമീപത്തുള്ള ധവളസൗധത്തെ ലക്ഷ്യമാക്കി വേഗത്തിൽ പുറപ്പെട്ടു.

അദ്ധ്യായം ൧൨.

"ചെല്ലുകനിന്നെനോക്കീടുന്നനേരത്തു
നല്ലൊരുരാക്ഷസിയല്ലയല്ലീവട"

താരാനാഥനും കുമുദിനീദേവിയും ദാസിമാരും യഥാസമയം ധവളസൗധത്തിന്റെ ബഹിർദ്വാരത്തിലെത്തി. തൽക്ഷണം വാതിൽ തുറക്കപ്പെട്ടു. എല്ലാവരും അകത്തുകടന്നു വാതിൽഅടച്ചു തഴതിട്ടു. കുമുദിനിയും ദാസിമാരും കുതിരപ്പുറത്തുനിന്നും താഴത്തിറങ്ങി. താരാനാഥനെയും താഴെ ഇറക്കി കണ്ണിന്റെ കെട്ടഴിച്ചു. മുമ്പു നിഷ്കുളാനന്ദനാൽ നയിക്കപ്പെട്ടപ്പോൾ ഏതൊരു മുറിയത്തുവച്ചു കണ്ണിന്റെ കെട്ടഴിച്ചുവോ, ആ മുറിയത്താണു താൻ ഇപ്പോഴും നിൽക്കുന്നതെന്നു താരാനാഥനു് അനായാസേന മനസ്സിലായി.

അതോടുകൂടി താരാനാഥൻ അതീവ കൃതാർത്ഥനായി ഭവിച്ചു. എന്നാൽ കുമുദിനി മുതലായവർ അറിയരുതെന്നുള്ള കരുതലോടുകൂടി തന്റെ മനഃസ്ഥിതിയെ അയാൾ വേണ്ടപോലെ നിയന്ത്രിച്ചു. ഈ പ്രദേശം ഇടംപ്രഥമമായി കാണുന്നവനെന്നപോലെ ഒരാശ്ചര്യഭാവം മുഖത്തു സൂചിപ്പിച്ചു. മന്ദിരത്തിന്റെ വൈചിത്ര്യത്തെ നോക്കി വിസ്മിതനെന്നോണം മന്ദഹാസംചെയ്തു. തൽഗൃഹത്തിന്റെ നായികയെ താൻ അഭിനന്ദിക്കുന്നു എന്ന ഭാവേന കുമുദിനീദേവിയുടെ നേർക്കു കണ്ണോടിച്ചു തന്റെ മാളികയിൽ താരാനാഥൻ ഇതിനുമുമ്പു പ്രവേശിച്ചിട്ടില്ലെന്നും സൗധനാമവും സ്വനാമധേയവും അയാൾ ഗ്രഹിച്ചിട്ടില്ലെന്നുമുള്ള ധാരണയാൽ കൃതാർത്ഥയായ കുമുദിനി തന്റെ പ്രതാപത്തെ സൂചിപ്പിക്കുന്ന മന്ദഹാസത്തോടുകൂടി താരാനാഥനെ ഗൃഹാന്തർഭാഗത്തേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി. രണ്ടുഭൃത്യന്മാരെവിളിച്ചു', സ്നാനകർമ്മാദികൾക്കുവേണ്ട സൗകര്യം നൽകണമെന്നുശട്ടംകെട്ടി താരാനാഥനെ അവരോടൊന്നിച്ചു പറഞ്ഞയച്ചു. വെട്ടിത്തിളപ്പിച്ച സുഗന്ധജലം മുതലായവ സജ്ജീകരിച്ചിട്ടുള്ള സ്നാനമുറിയിൽ അവർ താരാനാഥനെ കൊണ്ടുചെന്നാക്കിയിട്ടു', ഇഷ്ടാനുസരണം സ്നാനംചെയ്യാമെന്നും സ്നാനാനന്തരം അടുത്തമുറിയിൽനിന്നും ബോധിച്ച വസ്ത്രവിശേഷങ്ങളെടുത്തുധരിച്ചുകൊള്ളണമെന്നും അല്പരാത്രിയോടുകൂടി തങ്ങൾ മടങ്ങിവന്നു കൂട്ടിക്കൊണ്ടുപോകാമെന്നും തെയ്യപ്പെടുത്തിയിട്ടു തിയ്യപ്പോയി.

കുമുദിനീദേവി, താരാനാഥനെ ഭൃത്യന്മാരെ ഏല്പിച്ചതിന്റെ ശേഷം, സ്വന്തം കുളിമുറിയിൽചെന്നു തനിക്കായി സജ്ജമാക്കിയിട്ടുള്ള സുഗന്ധജലത്തിൽ കുളിച്ചു' സ്വകായ്മുറിയിൽ പ്രവേശിച്ചു. വിലകൂടിയവയും മനോഹരങ്ങളുമായുള്ള വസ്ത്രവിശേഷങ്ങൾ, അനവധി ആ മുറിയിൽ സംഭരിച്ചിട്ടുണ്ടായിരുന്നു. നാലു ദാസിമാർ സ്വാമിനിയുടെ ആഗമനത്തെ പ്രതീക്ഷിച്ചു' അവിടെ നില്ക്കുന്നുണ്ടായിരുന്നു. അവരുടെ സഹകരണത്തോടുകൂടി ഏറ്റവും വിലകൂടിയ ഒരു പട്ടാംബരം കുമുദിനി ധരിച്ചു. അല്ല, അവർ കുമുദിനിയെ ധരിപ്പിച്ചു. പട്ടാംബരം എന്നുപറഞ്ഞതുകൊണ്ടു കേവലം പട്ടിനാൽ മാത്രം നിർമ്മിക്കപ്പെട്ടതാണെന്നു' അർത്ഥമാക്കേണ്ടാ. ആകപ്പാടെ കണക്കാക്കിയാൽ പട്ടു' അതിന്റെ മുന്നിലൊരുഭാഗത്തേക്കു മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ശേഷം രണ്ടുഭാഗവും തങ്കക്കസവാണത്രേ. കൊട്ടാരങ്ങളിൽപ്പോലും അസുലഭമായ ഈ വസ്ത്രവിശേഷം കുമുദിനീദേവിയുടെ പഴയ സ്റ്റാക്കിൽ പെട്ടതാണുപോൽ! അതിനെക്കാൾ വിലയുള്ള വിശിഷ്ടവസ്ത്രങ്ങൾ അനവധി അതിൽ പിന്നീടു സംഭരിക്കപ്പെട്ടിട്ടുണ്ടു'. വസ്ത്രത്തിന്റെ പൊലിമ ഈ വിധത്തിലാണെങ്കിൽ ആഭരണത്തിന്റെ കാര്യം പറവാനുണ്ടോ?

അത്യന്തരമണീയമായ ഒരു മുക്താഹാരം ഗളപ്രദേശത്തിന്റെ കോമളിമയെ ദ്വിഗുണിതമാക്കിച്ചെയ്യുന്നു. രത്നഖചിതവും രത്നരഹിതവുമായ രണ്ടുജോടിക്കാപ്പുകൾ കരദ്വയത്തെ അലങ്കരിക്കുന്നു. വജ്രഖചിതാംഗുലീയകങ്ങൾ കരാംഗുലികളുടെ കമനീയതയെ പ്രകൃഷ്ടമാക്കിച്ചെയ്യുന്നു. മുക്താഘടിതമായ സുവർണ്ണകാഞ്ചി കടിതടത്തെ കാന്തിപൂർണ്ണമാക്കിച്ചെയ്യുന്നു. കർണ്ണാഭരണങ്ങളുടെ വൈശിഷ്ട്യം അവർണ്ണനീയമത്രേ. കുമുദിനീദേവിയുടെ ആഭരണങ്ങളുടെ വിലയും കാശ്മീരത്തിന്റെ രാജധാനിയായ ശ്രീപുരത്തിന്റെ വിലയും തുലാസ്സിൽനിത്തി തുലനംചെയ്താൽ ആഭരണത്തിന്റെ വിലയിട്ടിരിക്കുന്ന തട്ട് തുലോം താണുനിൽക്കുന്നതാണു്.

കുമുദിനീദേവി ഇപ്പോൾ നാല്പതാമത്തെ വയസ്സോപാനത്തിൽ കയറിയിരിക്കയാണു്. എങ്കിലും സൗന്ദര്യത്തിൽക്കഷ്ടത്തിനു ഈഷന്ന്യൂനതപോലും സംഭവിച്ചിട്ടില്ല. യൗവനത്തിളപ്പോടുകൂടാത്തസൗന്ദര്യം ഒരു സൗന്ദര്യമാണോ എന്നു ചോദിക്കുന്ന സഹൃദയന്മാരുണ്ടാവാമെങ്കിൽ, പ്രൗഢഗംഭീരതയാൽ ആക്രമണം ചെയ്യപ്പെട്ട കുമുദിനീസൗന്ദര്യത്തെ ഒരാവർത്തി നേരിൽ കണ്ടു സംശയനിവൃത്തിവരുത്തിക്കൊള്ളണമെന്നാണു് ആ മാന്യന്മാരോടുള്ള സമാധാനം. ആ പ്രൗഢാംഗനയുടെ കാമോദ്ദീപകങ്ങളായ ഹാസവിലാസാദികളാൽ അപഹൃതചിത്തന്മാരായി ഭവിക്കുമെന്നിരിക്കെ, സൗന്ദര്യശാസ്ത്രവാദം നടത്താൻ ഏതൊരു സഹൃദയനാണു മുമ്പോട്ടുവരുന്നതു"? പ്രായംചെല്ലുംതോറും ക്രമേണ ക്ഷയിച്ചുകൊണ്ടിരിക്കുന്ന സൗന്ദര്യമല്ല കുമുദിനീദേവിയുടെ സൗന്ദര്യമെന്നും ആ സൗന്ദര്യം വയസ്സിന്നൊപ്പം വളർച്ചയെ പ്രാപിക്കുന്നതാണെന്നും ആ മഹതിയോടു് അടുത്തു പരിചയമുള്ള സൂക്ഷ്മഗ്രാഹികൾ കുമുദിനീമന്ദിരത്തിലെ ഗ്രന്ഥവരികളിൽപോലും രേഖപ്പെടുത്തിയിട്ടുണ്ടു്. ദേവിയുടെ വയസ്സു കണക്കാക്കിയതു നാല്പതെന്നാണല്ലോ. എന്നാൽ പ്രേക്ഷകന്മാർക്കു് ആ സംഖ്യയിൽ വിശ്വാസം ജനിക്കുന്നതല്ല. നാല്പതു് എന്നെഴുതി ദേവിയുടെ കൈയൊപ്പും വച്ചു് നെറ്റിയിൽ പതിച്ചാലും സമ്മതിക്കാൻ ആളുകൾ ചുരുങ്ങും. ദേവിയുടെ പരമശത്രുക്കൾപോലും ഇരുപത്തിമൂന്നു് ഇരുപത്തിനാലിൽ കൂടുതൽ സമ്മതിക്കയില്ല. പിന്നെ മിത്രങ്ങളുടെകാര്യം പറവാനുണ്ടോ? ആ പ്രൗഢാംഗനയുടെ പവിഴച്ചുണ്ടും കമ്പളക്കരുവൊത്ത പല്ലും തമ്മിലുള്ള യോജ്യത പുഞ്ചിരിപ്പുനിലാവിൽ സ്പഷ്ടീഭവിക്കുമ്പോൾ സാക്ഷാദ്ദേവിയുടെ മുമ്പിലെന്നപോലെ സാഷ്ടാംഗപ്രണാമംചെയ്യാത്ത പുരുഷന്മാരില്ലെന്നു് ഒരനുഭവജ്ഞൻ അഭിപ്രായപ്പെട്ടതു് അതിശയോക്ത്യലങ്കാരത്തിന്നുദാഹരണമാണെന്നുവന്നാലും വാസ്തവലാഞ്ഛനം അതിലുണ്ടെന്നു സമ്മതിക്കു

തന്നെ വേണം. കുമുദിനിയുടെ ഗണ്ഡങ്ങൾക്കു ചെന്താമരയെ സങ്കോചിപ്പിക്കാനുള്ള ശക്തിയുണ്ടെന്നും ചികുരഭാരത്തിനു ചാതകത്തെ കബളിപ്പിക്കാൻ കഴിവുണ്ടെന്നും വർണ്ണത്തിനു സ്വർണ്ണത്തെയും നടത്തയ്ക്കു് അന്നത്തെയും നാണിപ്പിക്കാൻ ത്രാണിയുണ്ടെന്നും ക്രൂടി കുമുദിനീമന്ദിരത്തിലെ ഗ്രന്ഥവരികൾകൊണ്ടു വെളിപ്പെടുന്നു.

കുമുദിനീദേവി ഇപ്രകാരം സ്നാനംചെയ്തു് വസ്ത്രാഭരണാദികളാൽ അലംകൃതയായി ഭക്ഷണമുറിയിൽ പ്രവേശിച്ചു. മണി ഇപ്പോൾ പത്തരകഴിഞ്ഞിരിക്കും. വെളിയിൽനിന്നും ഒരു ഭൃത്യൻ ബദ്ധപ്പെട്ടുവന്നു, നിഷ്കുളാനന്ദതിരുവടികൾ എഴുന്നള്ളിയിരിക്കുന്നുവെന്നും ദേവിയെ ഉടനടി തൃക്കൺപാർക്കേണ്ടതായ അത്യാവശ്യമുണ്ടെന്നും കല്പനയായിരിക്കുന്നുവെന്നും അറിയിച്ചു. കുമുദിനി അതു കേട്ടു് അല്പവും താമസിക്കാതെ നിഷ്കുളാനന്ദസ്വാമികൾ എഴുന്നരുളിയിരിക്കുന്ന മുറിയിൽ ചെന്നു. സ്വാമികളുടെ ചടച്ച മുഖവും ചിന്താചഞ്ചലതയും കണ്ടപ്പോൾതന്നെ ദേവി വല്ലാതെ ഒന്നന്ധാളിച്ചു. സ്വാമികൾ ഒരിടത്തു ഇരിക്കാതെ അങ്ങിങ്ങുലാത്തിക്കൊണ്ടു നിൽക്കുകയായിരുന്നു.

കുമുദിനി:—എന്താണിത്ര ബദ്ധപ്പെട്ടു മടങ്ങിവരാൻ കാരണം? അവിശ്രാന്തനായി യാത്രചെയ്തു ക്ഷീണം കാണുന്നുവല്ലോ? മാത്രമല്ല, വലുതായ കുണ്ഠിതം ഏതാണ്ടു മനസ്സിനെ ബാധിച്ചിട്ടുണ്ടെന്നും തോന്നുന്നു. എന്താണുകാരണം? എന്തുവിശേഷം?

നിഷ്കുളാനന്ദൻ:—കുമുദിനി വലിയ അപകടങ്ങളൊക്കെ വലിച്ചുവയ്ക്കുന്നുണ്ടു്. ആലോചനയില്ലാതെ മണ്ടത്തരങ്ങളാണു പ്രവർത്തിക്കുന്നതെല്ലാം. സകലതുംഅബദ്ധം. താരാനാഥന്റെ ഭൃത്യന്മാരെ ഈ കെട്ടിടത്തിൽ കൂട്ടിക്കൊണ്ടുവന്നതു പോരെന്നോ? ഇനിയും പുതിയ പുതിയ കുന്തങ്ങളൊക്കെ വലിച്ചുവയ്ക്കുകയാണോ?

കുമുദിനി:—താരാനാഥന്റെ ആ ഭൃത്യന്മാരിൽനിന്നും നമുക്കു യാതൊരുപദ്രവവും നേരിടുകയില്ലെന്നുള്ളതു നിശ്ചയമല്ലേ? അവരെ ഇതിനകം ബലിനൽകിയിരിക്കയില്ലേ? കരുപക്ഷേ, അവർ തെറ്റിപ്പോയെന്നുവരുമോ? ആ സംഗതി അറിയിക്കാനായിട്ടായിരിക്കുമോ അങ്ങു് ഇത്ര ബദ്ധപ്പെട്ടു മടങ്ങിയെത്തിയതു്?

നിഷ്കുളാനന്ദൻ:—അതൊന്നുമില്ല—അവർ എന്റെ കൈയിൽനിന്നും ഓടിപ്പോയില്ല. അവർ ഇതിനകം കാലന്തുക്കു് യാത്രയായിരിക്കണം. അതുകൊണ്ടു അവരെപ്പറ്റി ഇനി ഭയപ്പെടാനൊന്നുമില്ല. എന്നുവച്ചു് അക്കാര്യത്തിൽ നമുക്കു കൃതാർത്ഥതയ്ക്കു വകയില്ല. അവരൊരുമാത്രം കൊന്നതുകൊണ്ടായില്ല.

അവരുടെ യജമാനൻ എന്നുപറഞ്ഞ ആ താരാനാഥൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു.

കുമുദിനി:—താരാനാഥനെപ്പറ്റി നാമെന്തിനു ഭയപ്പെടണം?

നിഷ്കളാനന്ദൻ:—അവനെയാണു ഭയപ്പെടേണ്ടതു്. അവൻ എന്തെല്ലാമോ തന്ത്രങ്ങളൊക്കെ ചെയ്യുന്നുണ്ടു്. അതേ, എനിക്കു അവനെ ബലമായ സംശയമുണ്ടു്. ഇല്ലെങ്കിൽ അവൻ എന്തിനായിട്ടു ഈ കെട്ടിടത്തിൽ വരണം; വരാനായി യത്നിക്കണം.

കുമുദിനി;—അങ്ങു പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല. കുറേ ദിവസത്തിനുമുമ്പു താരാനാഥൻ എനിക്കൊരു കത്തയച്ചിട്ടുണ്ടായിരുന്നു. ഞാൻ അതിനു യാതൊരു മറുപടിയും കൊടുത്തില്ല. അതിനുശേഷം അയാൾ എനിക്കു് എഴുത്തയച്ചിട്ടുമില്ല.

നിഷ്കളാനന്ദൻ:—അതേ, എഴുത്തയച്ചില്ലെന്നുള്ളതു വാസ്തവം തന്നെ. എന്നിരുന്നാലും അവന്റെ ഉദ്ദേശ്യം സാധിച്ചു; അവൻ തന്ത്രത്തിൽ പറഞ്ഞു ഇനിയും ഞാൻ തുറന്നുപറയണമെന്നുണ്ടോ? ഈ നിമിഷത്തിൽ അവൻ ഈ ധവളസൗധത്തിലുണ്ടു്.

കുമുദിനി:—(അത്ഭുതപരിഭ്രമങ്ങളോടുകൂടി) ഇപ്പറഞ്ഞതു വാസ്തവമോ? താരാനാഥൻ ഇപ്പോൾ ഈ കെട്ടിടത്തിലിരിക്കുന്നുണ്ടോ?

നിഷ്കളാനന്ദൻ:—സംശയമെന്തു്?

കുമുദിനി:—ആ കള്ളൻ ഇതിനകത്തു എങ്ങനെകടന്നു?

നിഷ്കളാനന്ദൻ:—അവൻ കടന്നതല്ല, കടത്തിയതാണു്. ഗ്രഹനായിക ക്ഷണിച്ചുകൊണ്ടുവന്നിരുത്തിയിട്ടു് എങ്ങനെ കടന്നു എന്നും മറ്റും ചോദിച്ചാൽ എന്തൊരർത്ഥമാണു്? കുമുദിനി ക്ഷണിക്കൊണ്ടുവന്നതു മറ്റാരെയുമല്ല ആ കള്ളനെ കണ്ടപ്പോൾതന്നെ കുതിരക്കാരനു മനസ്സിലായി. അന്നു് താരാനാഥൻ എന്നോടുകൂടി വരുമ്പോൾ അവൻ കണ്ടിട്ടുണ്ടു്. അവൻ പറഞ്ഞതുകേട്ടു് എന്തെല്ലാം അപകടങ്ങളാണു് ഇനി വരാൻപോകുന്നതെന്നറിയാതെ ബദ്ധപ്പെട്ടു് ഈ രാത്രിയിൽത്തന്നെ ഞാൻ ഇവിടെ വന്നതാണു്. ഇവൻ ഇന്നാരാണെന്നും ഇതിനുമുമ്പു ഇവിടെ വന്നിട്ടുള്ളവനാണെന്നും കുതിരക്കാരൻ കുമുദിനിയെ ധരിപ്പിച്ചില്ലേ

കുമുദിനി:—(തർജ്ജനി നാസാഗ്രത്തിൽ തൊടിയിച്ചു് ആശ്ചര്യഭാവത്തെ പ്രകടിപ്പിച്ചുകൊണ്ടു്) കുതിരക്കാരൻ അതിനെപ്പറ്റി ഒരക്ഷരം പറഞ്ഞില്ല. എന്നാൽ അക്കാര്യത്തിൽ

അവൻ കുറക്കാരനല്ല. നാരാനാഥനെ ഞാൻ തന്നെ ക്ഷണിച്ചുകൊണ്ടുവരികയായിരുന്നല്ലോ. അപൂർവം ചിലരെ രണ്ടാമതും ക്ഷണിക്കൊണ്ടുവരുന്ന പതിവുണ്ടെന്നും അവനറിയാം. ഇക്കാരണങ്ങളാൽ അവൻ ഒന്നും പറയാഞ്ഞതാണെന്നാണു കരുതേണ്ടതു്.

നിഷ്കളാനന്ദൻ:—കഥയില്ലാത്തകാര്യത്തെക്കുറിച്ചു എന്തിനു സംസാരിക്കുന്നു? വേറെ പ്രധാനപ്പെട്ട പല വിഷയങ്ങളെപ്പറ്റിയുമുള്ള ഇപ്പോൾ സംസാരിക്കേണ്ടതായിട്ടുണ്ടു്.

കുമുദിനി:—അങ്ങു പറയുന്നതു കേൾക്കാൻ ഞാൻ തയ്യാറാണു്. അർദ്ധരാത്രിക്കു് ഇനിയും ഒരു മണിക്കൂറിനു മേലുണ്ടു്. അതുവരെ നമുക്കു ധാരാളം സംസാരിക്കാം.

നിഷ്കളാനന്ദൻ:—ആദ്യമായിട്ടു് എനിക്കൊരു പ്രധാന സംഗതി അറിയേണ്ടിയിരിക്കുന്നു. നമ്മോടൊന്നിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളിൽ ആരെങ്കിലും കാണപ്പെടാതെ വന്നിട്ടുണ്ടോ?

കുമുദിനി:—ഉണ്ടു്; ശിവയോഗിനിയെ കാണുന്നില്ല. രണ്ടു മൂന്നു ദിവസംകൊണ്ടു കാണാനില്ല. അങ്ങേയ്ക്കു വേഷംമാറാനുള്ള ഉപകരണങ്ങളും വേണമെന്നു് എന്നെ അറിയിച്ചിരുന്നില്ലേ. അന്നുകണ്ടതാണു്; പിന്നെ ഇതേവരെ കണ്ടിട്ടില്ല. ആ സാമാനങ്ങളും കൊടുത്തു പറഞ്ഞയച്ചു. അതുംകൊണ്ടു് ഒരു ക്ലബ്ബിൽവന്നു അങ്ങയെ കണ്ടിരിക്കാനിടയുണ്ടല്ലോ.

നിഷ്കളാനന്ദൻ:—അതൊക്കെ വാസ്തവമാണു്. എനിക്കു് എല്ലാം ഓർമ്മയുണ്ടു്. ഞങ്ങളം തമ്മിൽ അന്നു സംസാരിച്ചു. അതിനുശേഷം, അന്നു് അവിടെവച്ചുണ്ടായ ചില കാരണങ്ങളാൽ ഞാനിങ്ങോട്ടുപോന്നു. അങ്ങനെ പോന്നതു് എത്ര ഭാഗ്യമായിപ്പോയി. ഇല്ലെങ്കിൽ അന്നു് ആ താരാനാഥന്റെ ചാരന്മാർ പത്മാവതിയെയും തട്ടിക്കൊണ്ടു കടക്കുമായിരുന്നു. അതിനിടയാകാതെ തടഞ്ഞു് ആ തെമ്മാടികളെ കാളിക്കു ബലിയുംകൊടുത്തു. ഞാൻ അന്നു് ഇങ്ങോട്ടു വന്നില്ലെങ്കിൽ അതിനിടയാകുമോ? പത്മാവതി പമ്പകടന്നിരിക്കയില്ലേ. ഇതു കുമുദിനിക്കു ഒരു പാഠമായിരിക്കട്ടെ. ഞാൻ ഒരു കഥയില്ലാത്തവനാണെന്നു് ചിലർ ധരിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള സംഭവങ്ങളെക്കൊണ്ടാണു എന്റെ ഗുരുത്വവും സാമർത്ഥ്യവും അവർക്കു വെളിപ്പെടേണ്ടതു്. കുമുദിനി എന്തുവിചാരിക്കുന്നു.

കുമുദിനി:—സംശയമെന്തു്? അങ്ങില്ലായിരുന്നെങ്കിൽ പത്മാവതിയുടെ പൊടി കിട്ടുമായിരുന്നോ? അങ്ങു സമയത്തിനു വന്നെ

ത്തി. മുൻക്രുട്ടി അറിഞ്ഞുകൊണ്ടായിരിക്കണം അങ്ങു അ സമയത്തിനു വന്നു കയറിയതു്.

നിഷ്കുളാനന്ദൻ:—അല്ലെങ്കിൽ സാധിക്കുമോ?

കുമുദിനി:—അങ്ങനെവരട്ടെ! എന്നാൽ അങ്ങു് അതു മുൻക്രുട്ടി അറിഞ്ഞതെങ്ങനെ? ജ്ഞാനക്കണ്ണുകൊണ്ടു കണ്ടറിഞ്ഞതാണോ?

നിഷ്കുളാനന്ദൻ:—ജ്ഞാനക്കണ്ണോ? ജ്ഞാനക്കണ്ണുമില്ല ആനക്കണ്ണുമില്ല. അങ്ങനെ ഒരു കണ്ണുണ്ടെന്നു വിശ്വസിക്കുന്നതുതന്നെ അബദ്ധം. ആകപ്പാടെ രണ്ടുകണ്ണേ ദൈവം മനുഷ്യനു സൃഷ്ടിച്ചിട്ടുള്ളൂ. അതുകൊണ്ടാണു് ഈ ലോകമെല്ലാം നാം കണ്ടറിയുന്നതു്. അതിന്റെ ആവശ്യമേ ആക്കുമുള്ളൂ. അങ്ങനെയിരിക്കെ വയറിനകത്തും രണ്ടുകണ്ണു്. വിശേഷിച്ചും, ചിലക്കുമാത്രം—ദൈവം സൃഷ്ടിക്കേണ്ട ആവശ്യമെന്തു്? പഞ്ചതന്ത്രം, ചാണക്യസൂത്രം, കഥാസരിത്സാഗരം മുതലായ മഹാഗ്രന്ഥങ്ങളും മനുസ്മൃതിതുടങ്ങിയുള്ള വേദാന്തഗ്രന്ഥങ്ങളും മറ്റും ഞാനും ധാരാളം വായിച്ചിട്ടുണ്ടു്; അതിലൊന്നും ഇങ്ങനെയൊരു അവയവത്തെപ്പറ്റി പറഞ്ഞുകാണുന്നില്ല. പറഞ്ഞിട്ടുണ്ടെന്നു് ആരെങ്കിലും വാദിക്കുന്നുണ്ടെങ്കിൽ അവർ എന്റെ നേരിൽ വരട്ടെ. വയറിനകത്തും രണ്ടു കണ്ണോ? എന്തിനു് അതിനകത്തെ വിശേഷങ്ങൾ നോക്കിക്കാണുന്നതിനോ?

കുമുദിനി:—അവിടുന്നു വേദാന്തശാസ്ത്രത്തിന്റെ മറുകരകണ്ട ആളാണു്. എനിക്കു് ആ വിഷയത്തിൽ യാതൊരറിവുമില്ല. പലേ മഹാന്മാർ മേലിൽ സംഭവിക്കാനിരിക്കുന്നതിനെ കാലേക്കൂട്ടി കണ്ടറിഞ്ഞു വെളിപ്പെടുത്തിയിട്ടുണ്ടെന്നും, അവർ അങ്ങനെ കണ്ടറിയുന്നതു ജ്ഞാനക്കണ്ണുകൊണ്ടാണെന്നും, മറ്റും ഓരോരുത്തർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു് അതുകൊണ്ടു് മഹാത്മാവായ അങ്ങേയ്ക്കും അപ്രകാരം ജ്ഞാനക്കണ്ണുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിച്ചുപോയതാണു്.

നിഷ്കുളാനന്ദൻ:—അതബദ്ധം! അങ്ങനെയൊരുകണ്ണില്ല. എനിക്കെന്നല്ല, ആക്കുംതന്നെയില്ല. ത്രികാലജ്ഞന്മാരായ മഹർഷീശ്വരന്മാർ നമ്മുടെ നാട്ടിനെ അലങ്കരിച്ചിട്ടുണ്ടു്; അലങ്കരിക്കുന്നുമുണ്ടു്. അവക്കു സംഭവിക്കാനിരിക്കുന്ന സംഗതികളെക്കുറിച്ചു ചിന്തിക്കുന്നതിനും ചിന്തയിൽ ഫലംകാണുന്നതിനുമുള്ള ഒരു ദൈവീകശക്തിയുണ്ടു്. ആ ശക്തി ആ പടിയിലെത്തി -ാൽ ആക്കും കിട്ടുന്നതാണു്. ഞാൻ ഏതു പടിയിൽ നില്ക്കുകയാണെന്നു കുമുദിനിക്കു് അറിവില്ലേ? ഞാൻ ഭൗതിക

സുഖങ്ങളെ വെറുത്തിട്ടില്ല. തൃതീയപുരുഷാർത്ഥത്തിൽ വിരക്തനല്ല. ആശാപാശങ്ങളിൽനിന്നും വിമുക്തനല്ല. ഇന്ദ്രിയങ്ങളെ ജയിച്ചവനല്ല. ആ എനിക്കുണ്ടോ ത്രികാലജ്ഞതാപം? എന്നാൽ ഒരു കാര്യം എനിക്കു അനുഭവമാണു്. ദുർഗ്ഗാപ്രസാദം എനിക്കു വേണ്ടുവോളമുണ്ടു്. അന്നു ആ ക്ലബ്ബിൽവച്ചു് പദ്മാവതിയെ താരാനാഥന്റെ ചാരന്മാർ തട്ടിക്കൊണ്ടുപോകുന്നു എന്നു് എനിക്കു ഭ്രമോദയമുണ്ടായി. അതു ദേവിയുടെ അനുഗ്രഹത്താലല്ലാതെ മറ്റൊന്നുകൊണ്ടുമല്ല.

കുമുദിനി:—ഇപ്പോൾ എന്റെ സംശയം തീർന്നു. അതിരിക്കട്ടെ, ശിവയോഗിനി എവിടെ?

നിഷ്കളാനന്ദൻ:—ഞാൻ അന്നു് കുതിരപ്പുറത്തു കയറി ഇങ്ങോട്ടു തിരിച്ചു. ശിവയോഗിനി പ്രയാഗയുടെ തീരത്തുക്കൂടി പോകുന്നുണ്ടായിരുന്നു.

കുമുദിനി:—എന്നിട്ടു്?

നിഷ്കളാനന്ദൻ:—നദീതീരത്തിൽവച്ചു യോഗിനി കൊല്ലപ്പെട്ടു.

കുമുദിനി:—(പരിഭ്രമത്തോടുക്കൂടി) ശിവയോഗിനിയെ കൊന്നുവോ? അമ്പോ! ആ കടുംകൈപ്രവർത്തിച്ചതാരു്? അതോ, അകസ്മികമായി നദിയിൽവീണു മരിച്ചതാണോ?

നിഷ്കളാനന്ദൻ:—ഇല്ല; കൊല്ലപ്പെട്ടതാണു്. ഭയങ്കരമായ കൊലപാതകം.

കുമുദിനി:—അമ്പമ്പോ! ആരാണു കൊന്നതു്.

നിഷ്കളാനന്ദൻ:—ആരായിരിക്കാം? അഥവാ എന്തിനു സംശയിക്കുന്നു? അവർതന്നെ. ആ ദുഷ്ടു; സരസ്വതി അവർ അങ്ങനെ ചെയ്യും. അതിലേക്കുതെളിവുമുണ്ടു്.

തന്റെ അരയിൽ തിയകിയിരുന്ന ഒരു കഠാരിയെടുത്തു കുമുദിനിയെക്കാണിച്ചു. "ഇതു് യോഗിനിയുടെ മാറ്റിൽ തറച്ചിരുന്നതാണു്. നോക്കുക! സരസ്വതിയുടേതാണെന്നുള്ളതിൽ സംശയമുണ്ടോ?" എന്നു ചോദിച്ചു. കുമുദിനി കഠാരി കൈയിൽവാങ്ങി മറിച്ചും തിരിച്ചും നോക്കിയിട്ടു തിരികെക്കൊടുത്തു. "അതേ; ഇതവളുടെ കഠാരിതന്നെ. ഹാ! അവർ നമുക്കു വിരോധമായി പ്രവർത്തിച്ചുതുടങ്ങിയോ?" എന്നു് പരിഭ്രമത്തോടെ പറഞ്ഞു.

നിഷ്കളാനന്ദൻ:—എന്നാൽ, അവർ ചെയ്തിട്ടുള്ള സത്യത്തെപ്പാടെ വിസ്മരിക്കുകയും, നമ്മുടെ രഹസ്യങ്ങളെല്ലാം അശോകനാഥനെ അറിയിക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

കുമുദിനി:—എന്തോ! എനിക്കൊന്നും തോന്നുന്നില്ല. ദൈവംതന്നെ രക്ഷിക്കട്ടെ! നിഷ്ഠുരനായ അശോകനാഥനും പൈശാചിക

ബുദ്ധികളായ അവന്റെ ഭടന്മാരും നമ്മുടെ നേർക്ക് തിരിയുകയാണെങ്കിൽ നമുക്ക എങ്ങനെ രക്ഷപ്പെടാൻ കഴിയും. അവർ അല്പമെങ്കിലും നമ്മളിൽ ദയകാണിക്കുകയില്ല. അമ്പോ! ആ പിശാചുക്കളുടെ കൈയിൽ അകപ്പെടുന്നതിനെക്കാൾ കൊടുങ്കാട്ടിൽ കയറ! ദുഷ്ടമൃഗങ്ങളുടെ വായിലകപ്പെടുകയാണ വേണ്ടതു".

നിഷ്കുളാനന്ദൻ:—കുമുദിനി എന്തിനു ഭയപ്പെടുന്നു. ഭയപ്പെടാൻ തക്ക കാരണമൊന്നുമില്ലല്ലോ. ഇതേവരെ, വിശ്വാസവും ധൈര്യവും കൈവിടാൻതക്കവണ്ണമൊന്നും സംഭവിച്ചിട്ടില്ല. ശിവയോഗിനി കൊല്ലപ്പെട്ടിട്ടു അഞ്ചുദിവസം കഴിഞ്ഞിരിക്കാമെന്നു ഞാൻ അനുമാനിക്കുന്നു. അതേ, യോഗിനിയെ കാണാതായിട്ടു ഇപ്പോൾ അഞ്ചുദിവസമായി. ഈ അഞ്ചുദിവസത്തിനിടയിലും സരസ്വതി ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നാണു തോന്നുന്നതു". അവർ നമുക്കു വിരോധമായി വല്ലതും പ്രവൃത്തിച്ചിട്ടുണ്ടെന്നറിയുന്നില്ല. അതുകൊണ്ടാണു നമുക്കു ആധൈര്യപ്പെടാൻ കാരണമില്ലെന്നു ഞാൻ പറയുന്നതു". പൂർവ്വവിരോധംനിമിത്തം അവർ ശിവയോഗിനിയെ കൊന്നതായിരിക്കാം. അഥവാ രണ്ടുപേരും അവിചാരിതമായി കണ്ടുമുട്ടുന്നതിനും ആ അവസരത്തിൽ കലശലുണ്ടായി ശിവയോഗിനിയെ കൊല്ലുന്നതിനും ഇടയായി എന്നും വരാം സരസ്വതിക്കു ശിവയോഗിനിയിലുണ്ടായിരുന്ന പക നമ്മളിൽ ഇല്ലെന്നാണു ഞാൻ വിചാരിക്കുന്നതു".

കുമുദിനി:—ശിവയോഗിനിയുടെ പ്രേതം പ്രയാഗയിൽനിന്നുമാണോ കണ്ടുകിട്ടിയതു"?

നിഷ്കുളാനന്ദൻ:—അതേ, താരാനാഥന്റെ ഭൃത്യന്മാരെയുംകൊണ്ടു ഞങ്ങൾ കല്പകക്കോട്ടയിലേയ്ക്കു പോകുമ്പോൾ രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം, പ്രേതം പ്രയാഗയിൽക്കൂടി ഒഴുകിവരുന്നതുകണ്ടു. പ്രേതത്തെക്കണ്ടപ്പോൾ രണ്ടു സംഗതികളാണു ഞാൻ ഓർത്തതു". നമുക്കു എല്ലാപേർക്കും ഒരുപാഠമായി ശിവയോഗിനിയുടെ പ്രേതത്തെ എന്റെ കൺമുമ്പിൽ ദൈവം കാട്ടിയതായിരിക്കണം. അല്ലെങ്കിൽ യോഗിനിയെ കൊന്നതിന്റെ പക വീട്ടണമെന്നുള്ള പ്രതികാരബുദ്ധിക്കു എന്നെ പ്രേരിപ്പിച്ചതായിരിക്കണം.

കുമുദിനി:—ശിവയോഗിനി അങ്ങനെ സംബന്ധിച്ചു ഗുരുതരമായ ചില വിഷയങ്ങളിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യത്തിൽ അകാലമൃത്യുവിനെ സ്വാഗതം ചെയ്യേണ്ടിവന്നതായിരിക്കാം.

നിഷ്കളാനന്ദൻ:—അതേ, ഞാനും യോഗിനിയും അന്യോന്യസന്ദർശനം നടത്തിയ ആ ഹോട്ടലിൽവച്ചു് അതേ അവസരത്തിൽ അംബികയെന്ന പേരുള്ള ഒരു യുവതിയെ ഞാൻ കണ്ടു. അവളാകട്ടെ, അതിസുന്ദരിയും സദ്ഗുണസമ്പന്നയുമാണു്. വിജയസേനനു് അവളിൽ പ്രകടമായ അനുരാഗമുണ്ടു്. അവൾ അന്തസ്സുകൊണ്ടും ആഭിജാത്യംകൊണ്ടും വളരെ താണപടിയിലുള്ളവളാണെങ്കിലും, അനുരാഗത്തിന്റെ കഠിന്യത്താൽ അവനു് അവളെ വിവാഹം ചെയ്യണമെന്നുമുണ്ടു്. കുറേദിവസങ്ങൾക്കുമുമ്പു് അവൻ ഇവളെ അപഹരിച്ചുകൊണ്ടുവന്നു് കല്പകക്കോട്ടയിൽ ഗൂഢമായി പർപ്പിച്ചിരുന്നു. ആ അവസരത്തിൽ അവിചാരിതമായി എനിക്കു അവളെ അവിടെവച്ചു കണ്ടുമുട്ടാനിടയായിട്ടുണ്ടു് അതുകൊണ്ടു ക്ലബ്ബിൽവച്ചു കണ്ടപ്പോൾ എനിക്കു അവളെ മനസ്സിലായി. അവൾ എങ്ങനെയോ കല്പകക്കോട്ടയിൽനിന്നു മോചിച്ചു് വിജയസേനന്റെ ഹിംസയെ ഭയന്നു ദേശാന്തരഗമനത്തിനു ധൈര്യപ്പെട്ടതായിരിക്കണം. അവൾക്കു് അവനിൽ ലേശവും സ്നേഹമില്ല. എന്നല്ല, അവനെ അവൾക്കു വളരെ വെറുപ്പുമാണു്.

കുമുദിനി:—ഈ വിഷയത്തോടു് അങ്ങേയ്ക്കു യാതൊരുസംബന്ധവുമില്ലല്ലോ. എനിക്കും അതിനോടു ഒരു സംബന്ധവുമില്ല.

നിഷ്കളാനന്ദൻ:—വരട്ടെ ധൃതിപ്പെടേണ്ടാ. ഞാൻ ആ പെണ്ണിനെപ്പറ്റി ശ്രദ്ധിക്കുന്നതെന്തിനെന്നു കുമുദിനിക്കു വഴിയേ മനസ്സിലാകും. അവൾ അതിസുന്ദരിയാണെന്നു ഞാൻ പറഞ്ഞില്ലേ? അവളെ എങ്ങനെയെങ്കിലും ഇങ്ങോട്ടു തട്ടിക്കൊണ്ടുപോരണമെന്നും ഇവിടെവന്നാൽ ഇവിടുത്തെ സുന്ദരികളായ സ്ത്രീകളോടുചേർന്നു കഴിഞ്ഞുപോകുമെന്നുമാണു ഞാൻ ഉദ്ദേശിച്ചതു്. മാത്രമല്ല, വിജയസേനൻ ഇവളെ വിവാഹംചെയ്യുന്നതിനു ഉദയസേനപ്രഭു ഒരിക്കലും സമ്മതിക്കയുമില്ല. അതുകൊണ്ടു്, അവളെ ഇവിടെ കൊണ്ടുവന്നു് ഏല്പിച്ചുകൊടുത്തിയാൽ പ്രഭുവിനും സന്തോഷമായിരിക്കും. എന്നുതന്നെയുമല്ല, അവൾ ഇവിടെ വന്നേല്പിച്ചു എന്നറിഞ്ഞാൽ വിജയസേനൻ അവളെ കാമിക്കുകയുമില്ല. ഇക്കാരണങ്ങളാൽ, ഞാൻ അവളെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുപോരാമെന്നു ഉദ്ദേശിച്ചു; ശ്രീപുരത്തു സമ്പന്നയും ഗുണവതിയുമായ ഒരു സ്ത്രീയുണ്ടെന്നും അവരുടെ ഗൃഹത്തിൽ നിർബാധമായി താമസിക്കാമെന്നും മറ്റും അവളെ പറഞ്ഞുകേട്ടു പ്രേരിപ്പിച്ചു. ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശിവയോഗിനി

വന്നുകയറി. ഉടനെ രഹസ്യസംഭാഷണത്തിനു സൌകര്യമുള്ള ഒരു മുറിയിലേക്കു ഞാനും യോഗിനിയും ഒന്നിച്ചുപോയി പലേ രഹസ്യവിഷയങ്ങളെപ്പറ്റി ഞങ്ങൾസംസാരിച്ചുകൊണ്ടിരുന്നു. സംഭാഷണമദ്ധ്യത്തിലാണു്, ഞങ്ങൾ ഇരുന്നിരുന്ന മുറിക്കും അടുത്തമുറിക്കും മദ്ധ്യേ പരന്നുതട്ടി മുവരിനുപകരം ഉപയോഗിച്ചിരിക്കുന്നതായിക്കണ്ടതു്. തൽക്ഷണംആരെങ്കിലുംഅടുത്ത മുറിയിൽനിന്നു ഞങ്ങളുടെ സംഭാഷണത്തെ ശ്രദ്ധിക്കുന്നുണ്ടോ എന്നു ഒരു വലുതായ സംശയവും ഭീതിയും എന്നെ ബാധിച്ചു. പെട്ടെന്നു ഞാൻ ആ മുറിയിൽ കടന്നുചെന്നുനോക്കി; അവിടെ ആരും ഉണ്ടായിരുന്നില്ല. വേഗത്തിൽ താഴത്തു ചെന്നു് ആ മുറിയിൽ ആരാണു പെരുമാറുന്നതെന്നു ക്ലബ്ബുടമസ്ഥനോടു ചോദിച്ചു. അവിടെ പതിവായി ആരും താമസമില്ലെന്നും അംബിക അന്നത്തേയ്ക്കു് ആ മുറി താമസത്തിനു ഏർപ്പാടുചെയ്തിരുന്നുവെന്നും ഞങ്ങളുടെ സംഭാഷണസമയത്തു് അവർ ആ മുറിയിൽ ഉണ്ടായിരുന്നുവെന്നും അല്പംമുമ്പു യാത്രപോലും ചോദിക്കാതെ പെട്ടെന്നു പുറപ്പെട്ടു പൊയ്കളഞ്ഞുവെന്നും ക്ലബ്ബുടമസ്ഥൻ പറഞ്ഞു. എനിക്കു അതുകേട്ടിട്ടു് ആശ്ചര്യമോ ഇച്ഛാഭംഗമോ അല്ല, പരിഭ്രമമാണുണ്ടായതു്. ഞാനും യോഗിനിയും സംസാരിച്ച രഹസ്യവിഷയങ്ങൾ കേട്ടിട്ടാണു് അവർ അത്രവേഗത്തിൽ പൊയ്കളഞ്ഞതെന്നു ഞാൻ ഊഹിച്ചു. ഏതുവിധത്തിലെങ്കിലും അവളെ തേടിപ്പിടിക്കണമെന്നും ധവളസൌധത്തിൽ കൊണ്ടുവരണമെന്നും ഞാൻ തീർച്ചപ്പെടുത്തി ശിവയോഗിനി കൊണ്ടുവന്ന ഉപകരണങ്ങൾ ധരിച്ചു വേഷപ്രച്ഛന്നനായി കൊട്ടാരത്തിൽ കടന്നു് ഉടയസേനപ്രഭൃതികളെ വല്ലവിധത്തിലും മോചിപ്പിക്കണമെന്നായിരുന്നു ഞാൻ ഉദ്ദേശിച്ചിരുന്നതു്. എന്നാൽ അംബിക ഓടിക്കളയുകയാൽ എന്റെ ഉദ്ദേശ്യംസാധിക്കാതെവന്നു. അംബികയെ ഏതുപ്രകാരത്തിലെങ്കിലും കണ്ടുപിടിക്കണമെന്നു ശട്ടംകെട്ടി യോഗിനിയെ അതിലേക്കു നിയോഗിച്ചയച്ചു. നമ്മുടെ ആളുകളിൽ വേറെ ചിലരെയും അതിലേക്കു എപ്പെട്ടെന്നു് അയച്ചിട്ടു് ഞാൻ ഇങ്ങോട്ടുപോന്നു. എന്റെ ആ വരവു് ഉണകരമായിട്ടാണല്ലോ കലാശിച്ചതു്. ഞാൻ വന്നില്ലെങ്കിൽ താരാനാഥന്റെ ഭൃത്യന്മാരെ പിൻഗമിച്ച പത്മാവതിയുടെ പൊടിപോലും നമുക്കു കാണാൻ കഴിയുമായിരുന്നില്ല.

കമലിനി:—എന്നിട്ടെന്തായി? അംബികയെ കണ്ടുപിടിച്ചില്ലേ? കൈയിൽ കിട്ടിയില്ലെങ്കിൽ എവിടെയുണ്ടെന്നെങ്കിലും അറിയാൻ സാധിച്ചുവോ?

നിഷ്കളാനന്ദൻ:—എനിക്കു് അതിനു് എപ്പോഴാണു സമയം കിട്ടിയതു്? ക്ലബ്ബിൽനിന്നും ഇവിടെ വന്ന ഉടനെ താരാനാഥന്റെ ഭൃത്യന്മാരെ പിടിച്ചുകൊണ്ടുപോകേണ്ടിവന്നു. വഴിമദ്ധ്യേ ശിവയോഗിനിയുടെ പ്രേതത്തെ കണ്ടുമുട്ടി. കണ്ടക്ഷണത്തിൽ വിണ്ടും ഇങ്ങോട്ടുതിരിക്കേണ്ടതു് ആവശ്യമാണെന്നു വന്നു. വന്നടത്തെ അവസ്ഥയോ ക്രൂനിൽ കരു. ആ ദുഷ്ടൻ താരാനാഥനെ കമുദിനി ഇവിടെ ക്ഷണിച്ചുകൊണ്ടുവന്നു സല്ലപിച്ചിരുത്തിയിരിക്കുന്നു.

കമുദിനി:—മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായിവന്നു; നാം ആദ്യത്തെ വിഷയത്തിൽതന്നെ വീണ്ടും പ്രവേശിച്ചു.

നിഷ്കളാനന്ദൻ:—കമുദിനിക്കു് എല്ലായ്പോഴും ഒരുനേരമ്പോക്കു്. കായ്ത്തിലും കളി! മൂക്കറ്റം വെള്ളംപൊങ്ങി; എന്നിട്ടും നേരമ്പോക്കെന്നുവന്നാൽ എന്താണു നിവൃത്തി.

കമുദിനി:—വാസ്തവമാണു്. എനിക്കെപ്പോഴും ഒരു പിള്ളേരുകളി! ചിലപ്പോഴൊക്കെ ഞാൻതന്നെ അതിലേക്കു് എന്നെ കുറച്ചെട്ടത്താറുണ്ടു്. അതിരിക്കട്ടെ! ഇനി ഇപ്പോഴം എന്താണു് ഉദ്ദേശിക്കുന്നതു്. കത്തവ്യം എന്താണു്? അങ്ങുതന്നെ എന്റെ ആരാധനാമൂർത്തി; കാണപ്പെട്ട ദൈവം! കരണീയമെന്തെന്നു് ഉപദേശിക്കണം. മണി പതിനൊന്നര കഴിഞ്ഞിരിക്കും താരാനാഥൻ ഇപ്പോഴം സ്നാനാദികർമം നിർവഹിച്ചു കാത്തിരിക്കുകയാണു്.

നിഷ്കളാനന്ദൻ:—കമുദിനി അവനെ എവിടെവച്ചു ഏതുസ്ഥിതിയിൽ സന്ദർശിച്ചു.

കമുദിനി:—ഞാൻ ശ്രീപുരത്തിലെ രാജപാതയിൽക്കൂടി നടന്നുപോരുമ്പോഴം അയാളെ കണ്ടുമുട്ടി അയാളുടെ ഹൃദയാവർജ്ജകമായ കാന്തിപൂരം അയാളുടെ അഭിമുഖസംഭാഷണത്തിനു് എന്നെ പ്രേരിപ്പിച്ചു വലിയേചെന്നു സംസാരിക്കാൻ സങ്കോചംതോന്നി ഒരു തന്ത്രംപ്രയോഗിച്ചു. അതു കുറിക്കുകൊണ്ടു. ഇതുയുംകൊണ്ടു എന്റെ പ്രയോഗം എന്തായിരുന്നുവെന്നു് അങ്ങേയ്ക്കു് ഊഹിക്കാവുന്നതാണല്ലോ

നിഷ്കളാനന്ദൻ:—ഇരിക്കട്ടെ; അവൻ പേർ മാറിപ്പറഞ്ഞുവോ? അവനു കമുദിനിയെ മനസ്സിലായിട്ടുണ്ടോ?

കമുദിനി:—ഇല്ല. ഞാൻ ആരാണെന്നു താരാനാഥൻ നിശ്ചയമായി അറിഞ്ഞിരിക്കയില്ല. എനിക്കു അയാളെയും മനസ്സിലായില്ല. തന്റെ പേർ ശശിധരൻ എന്നാണു്. അതേ, അതാണു അയാളം പറഞ്ഞതു്.

നിഷ്കുളാനന്ദൻ:—എന്തു്? അവൻ കുമുദിനിയെ പേർപറഞ്ഞുവിളിച്ചുവോ? അങ്ങനെവരട്ടെ! അവൻ കുമുദിനിയെ ആളറിഞ്ഞുതുകൊണ്ടാണു് തന്റെ പേരിനെ വെളിപ്പെടുത്താഞ്ഞതു്. കള്ളൻ! അവനു് എങ്ങനെയെങ്കിലും ഇതിനകത്തു കടന്നുവീഴണം. അതിനുള്ള വിദ്യ അവനെടുത്തു. ആ ഒരൊറ ഉദ്ദേശ്യത്തോടുക്രൂടിയാണു് കുമുദിനിയെ അവൻ തെരക്കി അറിഞ്ഞു കണ്ടുപിടിച്ചു് അടുത്തുക്രൂടിയതു്. അമ്പടാ! കേമാ! ഇനി ഇപ്പോൾ എന്താണു് ചെയ്യുക? എന്തൊരു നയമാണു് ഇവിടെ സ്വീകരിക്കുക? ഇവനെപ്പറ്റിക്കണമല്ലോ. അതിനെന്താണു് തന്ത്രം? എനിക്കൊന്നും തോന്നുന്നില്ല. വരുന്നവരുന്ന കുന്തമെല്ലാം നിഷ്കുളാനന്ദന്റെ പിടലിയിലെന്നവന്നാൽ ഇവനെങ്ങനെതാങ്ങും? എന്റെ ഒത്ത്ഭഗവതി ഏതിനും ഉടനടൻ നിവൃത്തിമാർഗ്ഗം വെട്ടിത്തെളിക്കുന്ന ഈ ദാസൻ ഇതാ ഇവിടെ അന്ധാളിക്കുന്നു. എന്റെ ആയുഷ്കാലത്തിൽ ഇതുപോലെ ഒരു പരുങ്ങൽ എനിക്കുണ്ടായിട്ടില്ല.

കുമുദിനി:—അങ്ങു് എന്തിനായിട്ടു ഇത്രവളരെ ഖേദിക്കണം? താരാനാഥൻ ഒരു തടവുകാരന്റെ നിലയിൽ മിക്കവാറും നമ്മുടെകൈയിൽ അകപ്പെട്ടിരിക്കയല്ലേ? അവനു് ഇപ്പോൾ എന്തുചെയ്യാൻ കഴിയും. ഇവിടെവച്ചു് അവനു നമ്മേ എതിർത്തുനിൽക്കാൻ സാധിക്കുമോ? അങ്ങനെ ചിന്തിക്കാൻപോലും ധൈര്യമുണ്ടാകുമോ? അവനെ നമുക്കു ഇവിടിട്ടു് മയ്യാട പഠിപ്പിക്കരുതോ? നാം നാക്കെടുത്തു വളച്ചാൽ അവനെ തിന്നാൻപോരുന്ന ആളുകൾ ഒരു പടയ്ക്കുംവേണ്ടി ഈ നിമിഷത്തിൽ ഇവിടെ തിങ്ങിക്കൂടുകയില്ലേ? പിന്നെന്തിനു് അങ്ങു ഖേദിക്കുന്നു? ഇവനെക്കാൾ എത്രയെത്ര മീശക്കൊമ്പന്മാർ അങ്ങയുടെ ശത്രുസ്ഥാനത്തു പ്രവർത്തിച്ചിട്ടുണ്ടു്? അവരെയെല്ലാം തൃണംപോലെ വകവച്ചു ജയക്കൊടിനാട്ടിയ പരാക്രമശാലിയായ അങ്ങു് ഈ വിദേശീയനായ ഒരു ചെക്കനെക്കണ്ടുപേടിക്കുകയോ? അഥവാ ഇവൻ ബലിഷ്ഠനായ ഒരു ശത്രുവെന്നതന്നെയിരിക്കട്ടെ, നമ്മുടെ ശത്രുക്കളിൽ ആരാണു് നമ്മെജയിച്ചിട്ടുള്ളതു്? അങ്ങു് ഇതേവരെ യാതൊന്നിലും കൂടുങ്ങിയിട്ടില്ലല്ലോ, അങ്ങയുടെ നിർദ്ദേശങ്ങളും ആലോചനകളും അഭിലഷണീയങ്ങളായി കാണപ്പെടുകയാണല്ലോ ഉണ്ടായിട്ടുള്ളതു്. അങ്ങയുടെ ശത്രുക്കളെല്ലാം വെങ്കലപ്രതിമയ്ക്കു ബലിനൽകപ്പെടുകയാണല്ലോ ഉണ്ടായിട്ടുള്ളതു്. അങ്ങനെയിരിക്കെ, താരാനാഥനെസ്സംബന്ധിച്ചിടത്തോളം അങ്ങു ഇത്രവളരെ പരുങ്ങാൻ കാരണമെന്തു്? ഇവനിൽ അസാധാരണ

മായ വല്ലശക്തിയും അടങ്ങിയിട്ടുണ്ടോ? ഉണ്ടെന്നു വിശ്വസിച്ചു് അങ്ങു ഭയപ്പെടുന്നുവോ? ഇവനെ വെങ്കലപ്രതിമയ്ക്കു ബലിനൽകാതിരിക്കാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ? ഇവനെ കാളി സ്വീകരിക്കുകയില്ലേ? അതോ ഇവനെ ബലി നൽകുന്നതുകൊണ്ടു വല്ല അപകടങ്ങളും സംഭവിക്കാനുണ്ടെന്നോ? ഇവൻ ഇതിനകത്തു കാൽകുത്തിയതുകൊണ്ടുതന്നെ വഞ്ചകനും ചതിയനുമയോഗ്യനുമാണെന്നു വെളിപ്പെടുന്നു. പോരെങ്കിൽ നാം പദ്മപുരത്തേയ്ക്കു അയച്ചിരുന്ന ദൂതനിൽനിന്നും കിട്ടിയ വിവരങ്ങൾകൊണ്ടു് ഖുറാൻ കള്ളനാണെന്നു തെളിഞ്ഞിട്ടുണ്ടു്. ഈ സംഗതികൾ പ്രഭുസമ്മേളനത്തിൽ ഉദയസേനപ്രഭു കാര്യകാരണസഹിതം വെളിപ്പെടുത്തിയിട്ടുമുണ്ടല്ലോ. അതുകണ്ടു അയോഗ്യനായ ഒരുവനെ കണക്കിനു ശിക്ഷിച്ചാലെന്താണു്?

നിഷ്കളാനന്ദൻ:—ഇപ്പറഞ്ഞതെല്ലാം വാസ്തവംതന്നെ. എന്നാൽ ഒരു സംഗതി കുമുദിനി മറന്നുകളഞ്ഞു. അല്ലെങ്കിൽ അതുകുമുദിനി അറിഞ്ഞില്ലെന്നുവരാം. നേപ്പാളരാജാവിന്റെയും അവിടത്തെ പ്രധാനമന്ത്രിയുടെയും കൈയൊപ്പോടുകൂടിയ സാക്ഷ്യപത്രമാണു് താരാനാഥൻ കൊണ്ടുവന്നിരുന്നതെന്ന സംഗതി നിർവ്വിവാദമാണു്. ഉദയസേനപ്രഭു കാലേക്കൂട്ടി കരുതിയിട്ടുണ്ടായിരുന്ന തൈലംപുരട്ടി ആ അടയാളങ്ങളെ കാണപ്പെടാതാക്കിയിരുന്നില്ലെങ്കിൽ യോഗം അന്നു താരാനാഥനു സബഹുമാനം സ്വാഗതം നൽകുമായിരുന്നു,

കുമുദിനി:—അതു വാസ്തവമോ. എന്നാൽ താരാനാഥൻ അയോഗ്യനും കള്ളനുമല്ലല്ലോ! പദ്മപുരത്തേയ്ക്കു അയച്ചിരുന്ന ദൂതൻ പറഞ്ഞതും കെട്ടുകഥകളായിരിക്കാം.

നിഷ്കളാനന്ദൻ:—യോഗത്തിൽ താരാനാഥൻ ഹാജരാക്കാൻ കൊണ്ടുവന്നിരുന്ന സാക്ഷിപത്രത്തിലെ കൈയൊപ്പുകൾ കൃത്രിമങ്ങളാണെന്നാണു് ഞങ്ങൾ വിശ്വസിച്ചിരുന്നതു്. എന്നാൽ യോഗസമക്ഷം അതിനെ തെളിയിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ലാതെവന്നു. അവനെ ഏതു പ്രകാരത്തിലെങ്കിലും സ്വാനടപടികളിൽ പങ്കുകൊള്ളിക്കാതെ വെളിക്കിറക്കേണ്ട ആവശ്യമുണ്ടായിരുന്നു. അതിലേക്കു് എടുത്ത വിദ്യയാണു തൈലസേചനം. അക്കാര്യം നിർവ്വഹിച്ചുകൊള്ളാമെന്നേറ്റതു് ഉദയസേനപ്രഭുവാണു്; അതുപോലെ പ്രവർത്തിക്കുകയുംചെയ്തു. അതിന്റെ ഫലമായി താരാനാഥൻ സഭയിൽനിന്നും നിഷ്കാസനംചെയ്യപ്പെടുമായിരുന്നു. ആ സമയത്തുണ്ടു് ആ

കാലൻ അശോകനാഥൻ, അതിനകത്തു കടന്നുവീണു അ കപ്പാടെ യോഗം താറുമാറായി.

കുമുദിനി:—താരാനാഥൻഅകൃത്രിമമായ സാക്ഷ്യപത്രമാണു് കൊണ്ടുവന്നതെങ്കിൽ, നിങ്ങൾ അയാളെ പ്രത്യക്ഷയിൽ സംബന്ധിപ്പിക്കാതെ അപമാനിക്കാൻ ഇത്രയൊക്കെ പണിപ്പെട്ടതെന്തിനു്.

നിഷ്കളാനന്ദൻ:—താരാനാഥനെ സംബന്ധിച്ചു് എനിക്കും ഉദയസേനപ്രഭുവിനും ചില സംശയങ്ങൾ ജനിച്ചിട്ടുണ്ടു്. അവന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഊഹാതീതങ്ങളും ഞങ്ങളുടെ പ്രക്ഷോഭണത്തിനു് അവ പ്രതിബന്ധങ്ങളുമാണെന്നു ഞങ്ങൾക്കു വിശ്വാസമുണ്ടായി. വിജയസേനപ്രഭുവിന്റെപേക്ഷു്, താരാനാഥനെത്തന്നെ ഏല്പിച്ചയച്ച എഴുത്തിന്റെ സംഗതി കുമുദിനിക്കു അറിവുണ്ടല്ലോ. അക്കാലത്താണു് ഞങ്ങളുടെ മനസ്സിൽ ബലമായ സംശയത്തെ ജനിപ്പിച്ചതു്. ഈ സംശയത്തെ മുൻനിത്തി, നിഷ്പ്രയോജനമായി ഭവിച്ചുവെങ്കിലും വളരെയെല്ലാം പ്രയത്നിച്ചു. അങ്ങനെ വേണ്ടിയിരുന്നില്ലെന്നപോലും ഇപ്പോൾ തോന്നുന്നു.

കുമുദിനി:—എന്താണു് ആ തോന്നലിനു കാരണം?

നിഷ്കളാനന്ദൻ:—യോഗം അപ്രതീക്ഷിതമായി അപ്രകാരം താറുമാറായതുതന്നെ ഇതിലേയ്ക്കു പ്രേരിച്ചതുകൊണ്ടാണു്. മാത്രമല്ല, ഞങ്ങൾ താരാനാഥനെപ്പറ്റി സംശയിച്ചതെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്നു് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. നേരേ വിപരീതമായിട്ടാണു് പരിണമിച്ചിരിക്കുന്നതു്.

കുമുദിനി:—എന്നാൽ താരാനാഥൻ മാന്യനും യോഗ്യനുമാണോ?

നിഷ്കളാനന്ദൻ:—സംശയിക്കാനുണ്ടോ? താരാനാഥൻ അയോഗ്യനല്ല; കള്ളനുമല്ല, നേരേമറിച്ചു ബഹുമാന്യനാണു്. ഒരു വലിയ യുദ്ധവീരനാണു്. അവനു് ഇഷ്ടമുള്ള പേരുകളൊക്കെ സ്വീകരിക്കാം. താരാനാഥനുമാകാം, ശശിധരനുമാകാം. ഇനിയും എന്തെല്ലാംപേരുകളും വേണമെങ്കിലും സ്വീകരിക്കാം. സാക്ഷ്യപത്രത്തിൽ കണ്ടതു കള്ളയൊപ്പല്ല. ഞാൻ ഊന്നിപറയേണ്ട ആവശ്യമില്ല. ഞാൻ അവന്റെ ഭൃത്യന്മാരെ കല്പകക്കോട്ടയിലേക്കു കൊണ്ടുപൊകുമ്പോൾ, താരാനാഥനെ സംബന്ധിച്ച ഒരു വലിയ രഹസ്യം അവർ എന്നെ ധരിപ്പിച്ചു. സകലസംഗതികളും എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. എന്റെ സംശയങ്ങളെല്ലാം അസ്തമിച്ചു ഞാൻ അറിഞ്ഞിട്ടില്ലാത്ത പലവിഷയങ്ങളും എനിക്കു് അറിയാൻ സംഗതിയായി.

കുമുദിനി:—എന്താണു് ഈ വലിയ രഹസ്യം?

നിഷ്കളാനന്ദൻ:—അതോ? അതു പരമരഹസ്യം?! സർവ്വപ്രധാനമായസംഗതി അതു ഞാൻ ചെവിയിൽ പറയാം. മറ്റാരും കേൾക്കാൻ പാടില്ല.

കുമുദിനി:—എന്നാൽ അതു് ഇപ്പോൾതന്നെ പറയണം. ഞാൻ അതു് അറിയാൻ അക്ഷമയായിരിക്കുന്നു. ആരാണു താരാനാഥൻ? അയാളെ വെങ്കലപ്രതിമയ്ക്കു നൽകാൻ സംശയിക്കുന്നതെന്തുകൊണ്ടു്?

നിഷ്കളാനന്ദൻ, കുമുദിനീദേവിയുടെ കാതിൽ എന്തോ മന്ത്രിച്ചു. അതു കേട്ട നിമിഷത്തിൽ കുമുദിനി അത്ഭുതപരവശയായി നിഷ്കളാനന്ദന്റെ മുഖത്തുനോക്കി. താൻ കേട്ടതു പരമാർത്ഥമാണെന്നു വിശ്വസിക്കാൻ പ്രയാസമാണെന്നഭാവിച്ചു.

നിഷ്കളാനന്ദൻ:—എന്താണു സംശയിക്കുന്നതു്? സംശയിക്കേണ്ട ആവശ്യമില്ല. ഞാൻ പറഞ്ഞതിൽ അസത്യം അല്പം പോലുമില്ല.

കുമുദിനി:—എന്തൊരാശ്ചര്യം! എനിക്കതു വിശ്വസിക്കാൻ വളരെ പ്രയാസം തോന്നുന്നു. താരാനാഥൻ! ശരിധരൻ!!

നിഷ്കളാനന്ദൻ:—അതിരിക്കട്ടെ! സമയം അതിക്രമിക്കുന്നു. മണി പന്ത്രണ്ടുകാറായി. വെള്ളിമണി ഇപ്പോൾ മുഴങ്ങിത്തുടങ്ങും.

കുമുദിനി:—എന്തും സംഭവിക്കട്ടെ, ഇന്നെനിക്കു് ഒന്നിനും ഉത്സാഹം തോന്നുന്നില്ല. എന്റെ ഹൃദയം ചിന്താചഞ്ചലമായിരിക്കുന്നു. ഒരു വലിയ കട്ടിയുള്ള വസ്തു എന്റെ ഹൃദയത്തിൽ വീണുകിടക്കുന്നു. അത്യന്തമായ ആപത്തിന്റെ നിഴലാട്ടത്തെ എന്റെ ഹൃദയചക്ഷുസ്സു് തെളിഞ്ഞുകാണുന്നു. കശ്മനമായ എന്തോ ഉദ്ദേശത്തോടുകൂടിയല്ലാതെ താരാനാഥൻ ഇവിടെ വരാനിടയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെവച്ചു തനിക്കു വല്ല അപകടവും നേരിടാനിടയുണ്ടെന്നു് അറിഞ്ഞിരുന്നും കൊണ്ടു് ധൈര്യപൂർവ്വം ഏകനായി ഇതിനകത്തു പ്രവേശിച്ചതു്, അതിലേക്കു എന്തോമുൻകരുതൽ കണ്ടുകൊണ്ടാണെന്നുള്ളതും നിശ്ചയമാണു്. അമ്പോ! ഞാൻ അയാളെ ക്ഷണിച്ചുംകൊണ്ടുവരുമ്പോൾതന്നെ അയാളുടെ ചാരന്മാർ എന്നെ ശ്രദ്ധിച്ചിട്ടുണ്ടായിരിക്കണം. ഇതിനകം അവർ എന്തെല്ലാം കരുതലുകൾ ചെയ്തിട്ടുണ്ടെന്നു നമുക്കറിഞ്ഞുകൂടാ. നമ്മുടെ സുവർണ്ണകാലം കഴിഞ്ഞുതന്നെ. കഷ്ടകാലത്തിന്റെ ആരംഭത്തിലല്ല, മദ്ധ്യത്തിലുമല്ല, മൂർദ്ധന്യതയിൽ എത്തിയിരിക്കയാണു്.

നിഷ്കളാനന്ദൻ:—കുമുദിനി കാരണവും ആവശ്യവുമില്ലാതെ ഇങ്ങനെ വിഷാദിക്കുന്നതെന്തിനു"? പദ്മാവതിയെ മോചിപ്പിക്കാനായിട്ടായിരിക്കണം താരാനാഥൻ ഇവിടെ വന്നിരിക്കുന്നതു". അഥവാ തന്റെ ഭൃത്യന്മാർ ഇവിടെ വന്നതായി അറിഞ്ഞു" അവരെ അന്വേഷിച്ചു പുറപ്പെട്ടുവെന്നും വരാം. എന്നാൽ ആ ഭൃത്യന്മാരുടെ അവസ്ഥ എന്തായി എന്നു മനസ്സിലാക്കാൻ അവനു സാധിക്കുന്നതല്ല. വെങ്കലപ്രതിമയെ സംബന്ധിച്ച സകല വൃത്താന്തങ്ങളും അറിയുന്നതുവരെ ഭൃത്യന്മാരുടെ സ്ഥിതി ഗ്രഹിക്കാൻ കഴിയുന്നതല്ല. ഏതായാലും അവന്റെ ലക്ഷ്യമെന്താണെന്നു നാം മനസ്സിലാക്കണം. അതിനുശേഷമേ, അവനെസ്സംബന്ധിച്ചുള്ള നമ്മുടെ നയത്തെ തീർച്ചപ്പെടുത്താൻ നിവൃത്തിയുള്ളൂ.

കുമുദിനി:—അയാളുടെ ലക്ഷ്യം നാം എങ്ങനെ അറിയാനാണു"?

നിഷ്കളാനന്ദൻ:—സ്ത്രീജാതിയിൽ ജനിച്ച ഒരുവർക്കു ഇതു മാത്രമേ അറിവാൻ കഴിയുകയുള്ളോ? ഒരുപുരുഷൻ എത്രതന്നെ ദൃഢമനസ്കനായിരിക്കട്ടെ, അവന്റെ ഹൃദയത്തിൽ എത്രകരുതലോടെ മറച്ചുവച്ചിരിക്കുന്ന രഹസ്യവും സ്ത്രീകളുടെ സ്വതഃസിദ്ധമായ സാമർത്ഥ്യത്താൽ വെളിക്കു ചാടാതിരിക്കുമോ? കുമുദിനിയുടെ ചോദ്യത്തിൽ എനിക്കു് അത്ഭുതം തോന്നുന്നു!

കുമുദിനി:—(മന്ദഹാസപൂർവ്വം) ഞാൻ എന്റെ സാമർത്ഥ്യത്താൽ താരാനാഥന്റെ മനോനിശ്ചയത്തെ അറിയണമെന്നാണോ അങ്ങയുടെ അഭിപ്രായം.

നിഷ്കളാനന്ദൻ:—മറ്റാരെയും എനിക്കു വിശ്വാസമില്ല. മാത്രമല്ല, ഇക്കാര്യത്തിൽ കുമുദിനിയെക്കാൾ സമർത്ഥയെ ഞാൻ കാണുന്നുമില്ല. ഇനി ഒരു നിമിഷംപോലും പാഴിൽ കളയാൻ പാടില്ല. കുമുദിനി ഉടനെ താരാനാഥനെക്കണ്ടു സംസാരിക്കണം.

കുമുദിനി:—എന്നാൽ എന്റെ അഭിപ്രായത്തെക്കൂടി അങ്ങു ചെവിക്കൊള്ളണം. ഞാൻ നമ്മുടെ പുഷ്പഗൃഹത്തിൽ താരാനാഥനുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കും. മണിപഞ്ചകം കഴിഞ്ഞാൽ അരമണിക്കൂറിനുള്ളിൽ മടങ്ങിവരാത്തപക്ഷം എനിക്കു അപായത്തുപറ്റി എന്നു വിശ്വസിച്ചുകൊള്ളണം

നിഷ്കളാനന്ദൻ:—അടുത്ത നിമിഷത്തിൽ, നമ്മുടെ ആൾക്കാരിൽ സമർത്ഥന്മാരായ ചിലരെ ഞാൻ ആ മുറിയിലയച്ചുകൊള്ളാം.

കുമുദിനി:—അങ്ങയുടെ വാക്കുകളിൽ എനിക്കു ദൃഢമായ വിശ്വാസമുണ്ടു". എന്റെ വിശ്വസ്തസഹായികളിൽ അഗ്രഗണ്യൻ അങ്ങുതന്നെ.

കുമുദിനിവെളിയിൽ ഇറങ്ങി, മദനൻ എന്ന തന്റെ ഭൃത്യനെ വിളിച്ചു് സ്നാനമുറിയിലിരിക്കുന്ന അതിഥിയെ പുഷ്പഗൃഹത്തിൽ ക്ഷണിച്ചുകൊണ്ടുവരുവാൻ ശട്ടംകെട്ടി അയച്ചിട്ടു് പുഷ്പഗൃഹമെന്ന മുറിയിലേയ്ക്കു പോയി

ധവളസൗധത്തിന്റെ വൈചിത്ര്യത്തേയും രാമണീയകത്വത്തെയുംപറ്റി പലയാവത്തി വർണ്ണനം ചെയ്തിട്ടുണ്ടു്. അതിലെ ഓരോ മുറിയെപ്പറ്റിയും പ്രസംഗിച്ചിട്ടുണ്ടു്. പുഷ്പഗൃഹത്തെക്കുറിച്ചു നാം കേട്ടതിപ്പോഴാണു്. ധവളസൗധം സ്വർഗ്ഗമാണെങ്കിൽ, സ്വർഗ്ഗത്തിലെ സ്വർഗ്ഗമത്രേ പുഷ്പഗൃഹം. അതിനുള്ളിൽ കയറി ഒന്നു നോക്കുന്നവർ അതു പരമാനന്ദം ആ നിമിഷത്തിൽ അനുഭവിക്കുന്നതാണു്. സകലജാതി പുഷ്പങ്ങളും ഏകകാലത്തിൽ കാണണമെന്നു് ആഗ്രഹിക്കുന്നവർ പുഷ്പഗൃഹത്തിൽ കയറി നോക്കിയാൽ മതിയാകും. നാസികാചേതസ്സുകളെ കുളുപ്പിക്കുന്ന അവിരളപരിമളം ആ മുറിയിൽ എന്നപോലെ മറെറങ്ങും കാണപ്പെടുന്നതല്ല. മുറി വളരെ വിശാലമല്ലെങ്കിലും തീരെ സങ്കുചിതമല്ല. ഭിത്തികളിൽ പലേതരത്തിലുള്ള ചിത്രങ്ങളും തൂക്കിയിട്ടുണ്ടു്. ചിത്രങ്ങളും എന്നു പറഞ്ഞതുകൊണ്ടു് പുരാണപുരുഷന്മാരുടെയോ യുദ്ധവീരന്മാരുടെയോ മറേറാ ഛായാപടങ്ങളാണെന്നു തെറ്റിദ്ധരിക്കേണ്ട. നഗ്നകളായും അർദ്ധനഗ്നകളായും മറും പലപല വേഷത്തിലും പ്രായത്തിലുമുള്ള സൗന്ദര്യവതികളുടെ ഛായകളാണെന്നു ധരിക്കണം. നാലു ഭിത്തിയിലും നാലു വലിയ നിലക്കണ്ണാടികളും തൂക്കിയിട്ടുള്ളതിൽ ആ ഛായകളും പ്രതിബിംബിച്ചുള്ള കാഴ്ചയുടെ മാതിരി എന്തായിരിക്കുമെന്നു് ഊഹിക്കാവുന്നതാണല്ലോ. ഈട്ടി, കരിന്താളി മുതലായ വൃക്ഷവിശേഷങ്ങളുടെ കാതലിൽ തീർത്തിട്ടുള്ള കസേര, മേശ മുതലായ ഉപകരണങ്ങളുടെ രമണീയത ഒന്നു വേറെതന്നെ. മുകളിൽ രണ്ടു വരിയിലായി വിവിധവർണ്ണത്തിലുള്ള ഗ്ലോബുകളും പ്രകാശിക്കുന്നതിന്റെ മദ്ധ്യേ ഒരു വലിയ ശരറാന്തൽ പരസ്സഹസ്രം ദീപങ്ങളാൽ പ്രകാശിക്കുന്നതു പ്രേക്ഷകന്മാരെ എത്രകണ്ടു ആഹ്ലാദപരിപ്ലുതരാക്കി ചെയ്യുമെന്നുള്ളതു വാക്കുകളെക്കൊണ്ടു് വെളിപ്പെടുത്താവുന്നതല്ല. ആകപ്പാടെ ഒരു ദിവ്യതാപശങ്കയെ ആരിലും ജനിപ്പിക്കുന്ന ആ മുറിയിൽ പ്രവേശിച്ച ഭൂലോകസ്വർഗ്ഗാധിപയായ സാക്ഷാൽ കുമുദിനീദേവി, ആ ജഗദേകമോഹിനി താരാനാഥന്റെ ആഗമനത്തെ പ്രതീക്ഷിച്ചു് ഒരു ചാരുകസാലയ്ക്കു സാഫല്യം നല്കി.

മദനൻ സ്നാനഗൃഹത്തിൽചെന്നു. മദനന്റെ നാമം ഏതാണ്ടു് അനവദ്യമാണെന്നു പറയാം. അവൻ ആയം കോമളനാണു്. ചെറുപ്പവുമത്രേ. പതിനേഴിൽ കൂടുതൽ വയസ്സില്ല നല്ല പ്രസ

രിപ്പുണ്ട്. താരാനാഥൻ സ്നാനഗൃഹത്തിൽനിന്നും മോചനംസി ദ്ധിക്കാൻ അക്ഷമതയോടെ സമയം പ്രതീക്ഷിച്ചിരിക്കയായിരുന്നു. വാസ്തവത്തിൽ സന്തോഷത്തിന്റെ ലേശംപോലും അയാളുടെ മനസ്സിനെ സ്പർശിച്ചിരുന്നില്ല. ധവളസൗധത്തിൽ കടന്നുകൂടണമെന്നുണ്ടായിരുന്ന ഉദ്ദേശ്യം സാധിച്ചു; അനന്തരകരണീയമെന്താണെന്നാണ് അയാളുടെ ആലോചന. ആ വിഷയത്തിൽ മനസ്സ് ദൃഢമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. മദനൻ താരാനാഥനെക്കണ്ട് "സ്വാമിനി താങ്കളുടെ സാന്നിദ്ധ്യത്തെ പ്രതീക്ഷിക്കുന്നു; ക്ഷണിച്ചുകൊണ്ടുചെല്ലാൻ എന്നെ അയച്ചിരിക്കുകയാണു"" എന്നു സ്നേഹവും വിനീതവുമായ ഭാഷയിൽ തന്റെ സ്വാമിനിയുടെ സന്ദേശത്തെ താരാനാഥനെ അറിയിച്ചു.

താരാനാഥൻ:—വളരെ സന്തോഷം! തന്റെ യെന്നിച്ചുവരാൻ എനിക്കു സന്തോഷമുണ്ട്. എന്നാൽ എനിക്കു ഒന്നുരണ്ടു വാക്കു തന്നോടു പറയേണ്ടിയിരിക്കുന്നു.

മദനൻ.—(സാശ്ചര്യം) എന്നോടോ?

താരാനാഥൻ:—അതേ, തന്നോടുതന്നെ. രഹസ്യമായ കാര്യമാണു്. താൻ മറ്റു വിശ്വസ്തനും സത്യവാനുമാണെന്നു കാഴ്ചയിൽ മനസ്സിലാകുന്നു. ആകൃതിക്കുള്ള സൗന്ദര്യവും പ്രകൃതിക്കും ഉണ്ടെന്നു വിശ്വസിക്കുന്നു. എന്നാൽ അല്ല! താൻ എന്തിനു കരയുന്നു? എന്താണു്? പറയുക? സങ്കടത്തിനു കാരണമെന്തു്? (അവന്റെ അരികിൽ ചെന്നുനിന്നു് പ്രീതിയോടു കൂടി മുതുകിൽ തലോടിക്കൊണ്ടു്) അശ്ലേഷം അധൈര്യപ്പെടേണ്ടാ. എന്നെ അവിശ്വസിക്കയുംവേണ്ട. എന്താണു് തന്റെ സങ്കടത്തിനു ഹേതുവെന്നു പറയുക!

മദനൻ:—പ്രഭോ! ഞാനെന്താണു പറയേണ്ടതു്. താങ്കളുടെ സ്നേഹമസൃണമായ വാക്കുകൾ എന്നെ പൂർവ്വാധികം സങ്കടപരവശനാക്കുന്നു.....

നിരുദ്ധകണ്ഠനായ മദനന്റെ കണ്ഠത്തിൽനിന്നും വാക്കുകൾ പുറപ്പെട്ടുന്നില്ല! അവൻ തേങ്ങിത്തേങ്ങിക്കരയുന്നു.

താരാനാഥൻ:—കരയണ്ടാ! കരച്ചിൽ സ്ത്രീകൾക്കുള്ളതാണു്, പുരുഷന്മാക്കു് അതിനെ അവകാശപ്പെട്ടുകൂടാ. ധൈര്യമാണു് പുരുഷന്റെ ആഭരണം. എന്താണു് തന്റെ സങ്കടത്തിനു കാരണം? മടിക്കാതെ പറയൂ! ഞാൻ സർവ്വാത്മനാ സഹായിക്കാം.

മദനൻ:—(കണ്ണുനീർ തുടച്ചു താരാനാഥന്റെ മുഖത്തു ദയനീയമാം വണ്ണം നോക്കിക്കൊണ്ടു്) കഴിയുമെങ്കിൽ അങ്ങു് എന്നെ രക്ഷിക്കണം എനിക്കു് ഇവിടുന്നു മോചനം കിട്ടണം, അതിലേയ്ക്കു തങ്കൾ സഹായിക്കണം.

താരാനാഥൻ:—ശരി; ഞാൻ തന്നെ സഹായിക്കാം. അതിനു് എനിക്കു കഴിവുണ്ടു്. ഇനി താൻ ഖേദിക്കണ്ടാ, മനസ്സിനെ ധൈര്യപ്പെടുത്തുക! എനിക്കു് ഒന്നുരണ്ടു സംശയം തന്നോടു ചോദിക്കാനുണ്ടു്.

മദനൻ:—താങ്കൾ എന്തുതന്നെ ചോദിച്ചാലും യഥോചിതം ഉത്തരംപറവാൻ ഞാൻ തയ്യാറാണു്. എന്നാൽ ചോദ്യവും ഉത്തരവുമെല്ലാം എളുപ്പത്തിൽ അവസാനിക്കണം. ഇല്ലെങ്കിൽ അപകടമുണ്ടു്. താമസിച്ചാൽ ഗൃഹനായികയ്ക്കു സംശയം ജനിക്കും. സംശയം ഈ കെട്ടിടത്തിലുള്ള ഓരോരുത്തരുടേയും കുലദൈവമാണു്.

താരാനാഥൻ:—ഞാൻ ഈ കെട്ടിടത്തിൽനിന്നും പോകാറാകുമ്പോൾ കെട്ടിടവളപ്പിനു വെളിയിലേയ്ക്കുള്ള ശരിയായ മാർഗ്ഗം താൻ എനിക്കു കാണിച്ചുതരണം. അങ്ങനെചെയ്താൽ, തന്നെ ഞാൻ ഈ ബന്ധനത്തിൽനിന്നും മോചിപ്പിച്ചുകൊള്ളാം. മോചനാനന്തരം തനിക്കു സന്തോഷമുണ്ടെങ്കിൽ എന്റെ ഒന്നിച്ചു താമസിക്കുകയും ചെയ്യാം.

മദനൻ:—പ്രഭോ! എന്റെ യജമാനനും മാതാവും പിതാവും രക്ഷിതാവുമെല്ലാം അങ്ങുതന്നെ. ദൈവം അങ്ങേ അനുഗ്രഹിക്കും. അങ്ങു് എന്തറിയാനാണു് ആഗ്രഹിക്കുന്നതു്? ചോദിക്കേണ്ട താമസമേയുള്ളൂ. നിഷ്കളങ്കമായ മറുപടി പറവാൻ ഞാൻ സന്നദ്ധനാണു്. താമസിക്കുന്തോറും എന്റെ അടിവയറു കത്തി ദഹിക്കുന്നു. അന്യവിഷയത്തെപ്പറ്റി ഞാൻ താങ്കളോടു സംസാരിക്കുന്നു എന്നോ സംസാരിച്ചുവെന്നോ ഗൃഹനായിക അറിഞ്ഞാൽ എന്റെ ഭാവി ദയനീയമായിരിക്കും. കഥകഴിക്കും ആ നിർദ്ദയ.

താരാനാഥൻ:—രണ്ടു ചെറുപ്പക്കാരെപ്പറ്റിയാണു് എനിക്കു് അറിയേണ്ടതായിട്ടുള്ളതു്. തന്നേക്കാൾ ഒന്നുരണ്ടുവയസ്സു കൂടുതൽ പ്രായം രണ്ടുപേർക്കുംതോന്നിക്കും. കാഴ്ചയിൽ സുമുഖന്മാരാണു്: ഈയിടെ—എന്നുവച്ചാൽ അഞ്ചാറുദിവസത്തിനിപ്പുറം അവരെ ഈ കെട്ടിടത്തിൽ വച്ചു താൻ കണ്ടിട്ടുണ്ടോ? രണ്ടുപേരും അല്പം കിളരം കൂടിയവരാണു്. അതുകൊണ്ടു് ഒരിരുപതിരുപത്തിരണ്ടു വയസ്സുവീതം മതിച്ചേക്കാം. നല്ല വെള്ളമുണ്ടാണു രണ്ടുപേരും ധരിച്ചിരുന്നതു്.

മദനൻ:—ഓഹോ! എനിക്കു മനസ്സിലായി. ഞാൻ അവരെ കണ്ടു. നാലഞ്ചുദിവസത്തിനു മുമ്പു് ഒരുദിവസം രാത്രി അവരെ ഇവിടെ കൂട്ടിക്കൊണ്ടുവന്നിരുന്നു. ഈ മുറിയിൽത്തന്നെയാണു് അവർ കുളിച്ചതു്. കുളികഴിഞ്ഞു വസ്ത്രം പകരുകയുംചെയ്തു.

അവർ ഇവിടെവരുമ്പോൾ ഉടുത്തിരുന്ന വസ്ത്രങ്ങൾ അതാ കിടക്കുന്നു.

മുറിയുടെ ഒരുഭാഗത്തു തൂക്കിയിട്ടിരുന്ന വസ്ത്രങ്ങളെ പൂണ്ടിക്കാണിച്ചു. താരാനാഥൻ അതു സൂക്ഷിച്ചുനോക്കി. തന്റെ ഭൃത്യന്മാരുടേതാണെന്നു ബോധ്യംവന്നു. "തന്നെ തന്നെ; ഇതു് അവരുടെ മുണ്ടുകൾതന്നെ. അവർ ഇവിടെവന്നു എന്നുള്ളതിനു ഇതു മതിയായതെളിവാണു്. അതിരിക്കട്ടെ! അവർ ഇപ്പോൾ എവിടെയാണെന്നും അവരുടെ തൽക്കാലാവസ്ഥാസ്ഥിതികൾ എന്തെല്ലാമാണെന്നും തനിക്കു അറിവുണ്ടോ" എന്നു ചോദിച്ചു.

മദനൻ:— ഇല്ല, അതിനേപ്പറ്റി എനിക്കു യാതൊന്നുമറിഞ്ഞുകൂടാ. എന്നാൽ ഒരുകാര്യം ഞാൻ പറയാം. അവർ മടങ്ങിപ്പോയില്ലെന്നാണു എനിക്കു തോന്നുന്നതു്. എന്നുവച്ചു് ഇവിടെത്താമസിക്കുകയാണെന്നും കരുതണ്ട. അവർ മടങ്ങിപ്പോയിട്ടുമില്ല; ഇവിടെ പിന്നെ കണ്ടിട്ടുമില്ല. അന്നുരാത്രിയിൽത്തന്നെ ചെട്ടെന്നു കാണപ്പെടാതായി എന്നല്ലാതെ എങ്ങോട്ടു പോയെന്നോ, എവിടെക്കൊണ്ടുപോയെന്നോ, അവരുടെ അനന്തരസ്ഥിതിയെന്തെന്നോ പറവാൻ എനിക്കു നിവൃത്തിയില്ലാ; അതു് ഈശ്വരനുമാത്രം അറിയാം. പ്രഭോ ഇനിയും വല്ലതും ചോദിക്കാനുണ്ടെങ്കിൽ എളുപ്പം ചോദിക്കണേ? സമയം പോകുന്നു.

താരാനാഥൻ:— ഇനി ഒന്നുമാത്രമെ ചോദിക്കാനുള്ളു. നിഷ്കുളാനന്ദസ്വാമികളെ തനിക്കുപരിചയമുണ്ടോ? അദ്ദേഹം ഇപ്പോൾ ഈ കെട്ടിടത്തിലുണ്ടോ?

മദനൻ:— അദ്ദേഹത്തെ എനിക്കു വളരെ പരിചയമുണ്ടു്. അദ്ദേഹം ഇപ്പോൾ ഇവിടെയുണ്ടുതാനും. വന്നിട്ടു് ഒരു നാലുനാഴികയോളമാകും. ഗൃഹനായികയും സ്വാമികളും വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു. അവരുടെ സംഭാഷണത്തിനുശേഷമാണു് അങ്ങയെ ക്ഷണിച്ചുകൊണ്ടുചെല്ലാൻ എന്നെ ശട്ടംകെട്ടി അയച്ചതു്.

താരാനാഥൻ:— അതെയോ? നിഷ്കളാനന്ദൻ ഇപ്പോൾ ഇവിടെയുണ്ടോ? എന്നാൽ എനിക്കു വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ആകട്ടെ, ഞാൻ, തന്നെ എന്റെ കൂടെത്താമസിപ്പിച്ചുകൊള്ളാമെന്നു സമ്മതിച്ചിട്ടുണ്ടല്ലോ? എനിക്കു അതിൽ പ്രത്യേകം സന്തോഷമുണ്ടു്. നമ്മുടെ ഈ ചുരുങ്ങിയ സംഭാഷണത്തിൽനിന്നും എനിക്കു തന്നിൽ നല്ല അഭിപ്രായം ജനിച്ചിരിക്കുന്നു. താൻ വിശ്വസ്തനാണെന്നും ബോധ്യമായിരിക്കുന്നു. ഇനി തന്റെ സ്വാമിനിയെക്കാണാനായി അങ്ങോട്ടു

പോകുകതന്നെ. എന്നാൽ ഞങ്ങൾ അധികനേരം സംഭാഷണം നടത്തുകയില്ല. ഒരുപക്ഷേ, ഞാൻ ഇവിടുന്നു മടങ്ങുന്നവഴിത്തിൽ എന്തെങ്കിലും കലശൽ നേരിടാനുമിടയുണ്ടു്".

മദനൻ:—പ്രഭോ! എന്തുതന്നെയായാലും ഈ ദാസനെ കൈവെടിയരുതേ? ഞാൻ അങ്ങയെ ഗൃഹനായികയുടെ അട്ടക്കൽ കൊണ്ടുചെന്നാക്കിയുംവച്ചു മടങ്ങിവന്നു നടുമുറ്റത്തു കാത്തുനിൽക്കും. ആക്ഷം സംശയം തോന്നാത്ത വിധത്തിൽ ഞാൻ അങ്ങയെ കാത്തുനിൽക്കുന്നതാണു്. അങ്ങു നടുമുറ്റത്തെത്തിയാൽ ഞാൻ എങ്ങോട്ടുനടക്കുന്നുവോ അങ്ങോട്ടു എന്റെ പിറകേ എത്തിക്കൊള്ളണം. എന്നെ തെറ്റിദ്ധരിച്ചു മടിച്ചുനിൽക്കരുതു്. ഞാൻ അങ്ങയെ ചതിക്കുകയില്ലെന്നു ഈശ്വരനാമത്തിൽ സത്യം ചെയ്യുന്നു.

താരാനാഥൻ:— തന്റെ വാക്കിനെ ഞാൻ വിശ്വസിക്കുന്നു; പൂർണ്ണമായി വിശ്വസിക്കുന്നു. തന്റെ ഹൃദയം നിഷ്കൽമഷമാണെന്നു പ്രഥമദൃഷ്ടിയിൽതന്നെ ഞാൻ വിശ്വസിച്ചിട്ടുണ്ടു്. താൻ എന്നെ ചതിച്ചാൽ ഈ ലോകത്തിൽ ഇനി ആരെയും ഞാൻ വിശ്വസിക്കുകയില്ല.

താരാനാഥനും മദനനും പുഷ്പഗൃഹത്തെ സമീപിച്ചു. മദനൻ, താരാനാഥനെ മുറിയുള്ളിലാക്കിയുംവച്ചു മടങ്ങിപ്പോന്നു. താരാനാഥനെ കണ്ടയുടനെ, കാമോദ്ദീപകമായ മന്ദഹാസത്തോടും കടാക്ഷവീക്ഷണത്തോടുംകൂടി കുമുദിനി എഴുന്നേറ്റു് അന്നനടയിൽ ചുവടുവച്ചു നാലഞ്ചടി മുമ്പോട്ടുചെന്നു താരാനാഥനു സ്വാഗതമരുളി. സങ്കോചംനടിച്ചും താരാനാഥമുഖത്തെ നോക്കാതെ നോക്കിയും ഇടയ്ക്കിടയ്ക്കു കടാക്ഷിച്ചും കൈത്തലങ്ങൾ തിരുമ്മിയും സ്തനങ്ങളെ ജൃംഭിപ്പിച്ചും അധരം നനച്ചും രദനം കാട്ടിയും അങ്ങനെ വിനാഴിക ഒന്നരണ്ടു വിനിവൃത്തമാക്കിയതിനുശേഷം താരാനാഥന്റെ ദക്ഷിണഹസ്തത്തെ വഹിച്ചുകൊണ്ടു് നിസ്സർഗ്ഗമധുരമായ സ്വരത്തിൽ ഇങ്ങനെ തട്ടിവിട്ടു:—"മാന്യരേ, മനസ്സിനു ഇത്ര നിർദ്ദയത്വമോ? ഞാൻ എത്രവളരെ നേരമായി കാത്തിരിക്കുന്നു! മുഖത്തെ അഴകു് അകത്തില്ലാത്തതെന്തുകൊണ്ടു്?"

പ്രസംഗാവസരത്തിൽ, കരത്തിലെ പിടിമുറുക്കി മുമ്പോട്ടു വലിക്കുകയും ഏതാണ്ടൊരു പ്രണയകോപഭാവം മുഖത്തു സൂചിപ്പിച്ചുകൊണ്ടു താരാനാഥന്റെ മുഖത്തു് ഉറ്റുനോക്കുകയും ചെയ്തുണ്ടായിരുന്നു. താരാനാഥൻ ഈ അഭിനയങ്ങൾക്കു യാതൊരു വൈരസ്യവും പ്രദർശിപ്പിച്ചില്ലെന്നു മാത്രമല്ല, വിധേയനെന്ന ഭാവത്തിൽ അനുകൂലിച്ചു നിൽക്കുകയാണുണ്ടായതു്. കുമുദിനി ആവശ്യപ്പെട്ടപ്രകാരം അയാൾ ഒരു കസേരയിൽ ഇരുന്നു.

കുമുദിനി:—എന്താണൊന്നും മിണ്ടാത്തതു്? ആഹ്ലാദപ്രദവും മനോഹരവുമായ ഈ മന്ദിരാകാശത്തിൽ താങ്കളുടെ മുഖചന്ദ്രൻ മങ്ങിക്കാണാൻ കാരണമെന്തോ? മനസ്സു നിരുന്മേഷമായി കാണപ്പെടുകയും ചെയ്യുന്നു. യാത്രയിലുണ്ടായിരുന്ന സന്തോഷം ഇപ്പോൾ കാണുന്നില്ലല്ലോ. ഞാൻ വല്ല അപരാധവും ചെയ്തുപോയിട്ടുണ്ടെങ്കിൽ തുറന്നുപറയണം. അതോ ഇനിയും എന്നെ വിശ്വസിക്കുന്നില്ലയോ?

താരാനാഥൻ:—നാം തമ്മിൽ ആദ്യമായി നേരിൽകണ്ടതു് ഇന്നു മാത്രമാണു്. വലിയ പരിചയത്തിനൊന്നും ഇടയായിട്ടുമില്ല. അതിനകം എങ്ങനെയാണു പരസ്പരം വിശ്വസിക്കുക.

കുമുദിനി:—അങ്ങനെയാണെങ്കിൽ അങ്ങു എന്നെ വിശ്വസിക്കുന്നില്ലേ. എന്നെ ഒരന്യസ്ത്രീയെപ്പോലെ കരുതുകയാണോ. ആ സ്ഥിതിക്കു് താങ്കൾ എന്റെ ക്ഷണത്തെ സ്വീകരിച്ചു വന്നതിൽ എന്തൊരർത്ഥമാണുള്ളതു്? എന്തൊരു ഉദ്ദേശ്യത്തിൻപേരിലാണു് ഇവിടെ വന്നതു്? സന്തോഷത്തോടും ആനന്ദത്തോടും ഇന്നത്തെരാത്രിയിൽ കഴിഞ്ഞുകൂടാമെന്ന മനോരഥമാണല്ലോ താങ്കളെ എന്റെ ഗൃഹത്തിലേയ്ക്കു ക്ഷണിക്കാൻ എന്നെ പ്രേരിപ്പിച്ചതു്. ഇപ്പോൾ താങ്കൾ എന്നെ കബളിപ്പിച്ചു എന്നാണല്ലോ തോന്നുന്നതു്. ഈ നയം പുരുഷന്മാക്കു ഭൂഷണമാണോ?

താരാനാഥൻ:—എന്നതന്നെ വിശ്വസിക്കുക! ,ഞാൻ ഇവിടെ വന്നതു വേറെ ഉദ്ദേശ്യത്തോടെയാണെന്നിരിക്കട്ടെ!

കുമുദിനി:—എന്താണാ ഉദ്ദേശ്യം? ആ ഉദ്ദേശ്യത്തിന്റെ സാദ്ധ്യദശയിലേയ്ക്കു എന്റെ സഹായസഹകരണങ്ങൾ അവശ്യമുണ്ടെങ്കിൽ പറയുക! ഞാൻ ഹൃദയപൂർവ്വം സഹായിക്കാം. എനിക്കു അതിൽ പ്രത്യേകിച്ചും സന്തോഷമുണ്ടു്. എന്നെ താങ്കൾ ഇതേവരെ മനസ്സിലാക്കിയില്ല. എന്നെ താങ്കൾ വിശ്വസിക്കുന്നുമില്ല; സ്നേഹിക്കുന്നുമില്ല. പരിചയത്തിനും പഴക്കംപോരെന്നാണു താങ്കൾ പറയുന്ന ന്യായം. എന്നാൽ യഥാർത്ഥമായ സ്നേഹവും അതെ, പരിശുദ്ധമായ പ്രേമവും വിശ്വാസവും ജനിക്കുന്നതിനു ഒരു നിമിഷത്തെ പരിചയം മതിയെന്നാണു എന്റെ അനുഭവം. എന്റെ സ്ഥിതിഗതികളെപ്പറ്റി ഇനിയൊരിക്കൽ താങ്കൾ ഗ്രഹിക്കുന്നതായാൽ അന്നു് എന്റെ മഹത്തായ മനഃസ്ഥിതിയിൽ താങ്കൾക്കു ബഹുമാനം തോന്നുന്നതാണു്. അന്നു് എന്നെ താങ്കൾ വിശ്വസിച്ചുകൊള്ളും. എന്നെ വിശ്വസിക്കുന്നതുനിമിത്തം താങ്കൾ വഞ്ചിതനാവുകയില്ല. അതുകൊണ്ടു്, താങ്കളുടെ

ഉദ്ദേശ്യം യാതൊന്നാണെന്നു തുറന്നുപറവാൻ മടിക്കേണ്ടാ. അതു് എനിക്കു മനസ്സിലാകട്ടെ; ഞാൻ സർവ്വാത്മനാ അതിലേക്കു സഹായിക്കാം.

ഇങ്ങനെ പറഞ്ഞുംകൊണ്ടു് സമന്ദഹാസം അരികിൽ അണഞ്ഞു താരാനാഥനെ പരിരംഭണംചെയ്തു. താരാനാഥനാകട്ടെ, പരിരംഭണംചെയ്ത കരങ്ങളെ കുതറി ഒഴിഞ്ഞുനിന്നു. അവളുടെ ആപാദചൂഡം പലവുരു കണ്ണോടിച്ചിട്ടു് "ഇതു കാപട്യവും പിത്തലാട്ടവും ഈ ശരീരത്തിനുള്ളിൽ കുടികൊള്ളുന്നുവല്ലോ!" എന്നു സാശ്ചര്യം കുമുദിനി കേൾക്കത്തക്കവണ്ണം പറഞ്ഞു.

താരാനാഥന്റെ ഓരോവാക്കുകളും വിഷംപുരട്ടി പഴുപ്പിച്ച അസ്ത്രജാലങ്ങളെന്നോണം കുമുദിനിയുടെ ഹൃദയാന്തരത്തെ വ്രണപ്പെടുത്തി. ശ്ലീള, കോപം, താപം ഇത്യാദി അന്യോന്യവിരുദ്ധങ്ങളായ വികാരങ്ങൾ, ഏകകാലത്തിൽ കുമുദിനിയുടെ മനസ്സിനെ ഉൽപീഡനംചെയ്തു. കുറേനേരത്തേയ്ക്കു കർത്തവ്യവിസ്മൃതിയോടെ ജീവച്ഛവമായി നിലകൊണ്ടു. അനന്തരം താരാനാഥനെ ദയനീയമായി വീക്ഷിച്ചുകൊണ്ടു വളരെ പണിപ്പെട്ടു പറഞ്ഞതാവിതു്. "അഹോ! എത്ര മർമ്മഭേദകമായ വാക്കുകളാണു താങ്കളുടെ മുഖത്തുനിന്നും പുറപ്പെട്ടതു്! താങ്കൾ എന്നെ വിഷപ്പാമ്പിനെപ്പോലെ വെറുക്കുന്നു! താങ്കൾ എന്നെപ്പറ്റി എന്തെല്ലാമോ തെറ്റിദ്ധരിച്ചിരിക്കുന്നു. മാന്യരേ, നിരപരാധമായ എന്റെ ഹൃദയം താങ്കളുടെ വാക്ശരത്താൽ പിളർക്കപ്പെടുന്നുവല്ലോ! ഇത്ര നിഷ്കരുണമായ മനഃസ്ഥിതി താങ്കളെ ബാധിച്ചതെന്തുകൊണ്ടോ?"

കുമുദിനിയുടെ കുവലയനയനങ്ങളിൽനിന്നും ഒന്നു രണ്ടു മൂന്നു ചുടുനീർക്കണങ്ങൾ നിലത്തുപതിഞ്ഞു. യാതൊന്നും അറിഞ്ഞിട്ടില്ലാത്ത നിരപരാധിനിയെപ്പോലെ ആ പ്രൗഢാംഗന, ഉഷ്ണോഷ്ണമായ ഹൃദയത്തെ വഹിക്കുന്ന ആ ജഗന്മോഹിനി താരാനാഥന്റെ മുഖത്തുനോക്കി ഒന്നു ദീർഘമായി നിശ്വസിച്ചു. അമ്പോ! സ്ത്രീഹൃദയമേ! നിനക്കുള്ളശക്തി എത്രഭയങ്കരം! ലോകത്തെപ്പുലർത്താനും തളർത്താനും ശക്തിയുള്ള നിന്റെ യഥാർത്ഥരൂപം കണ്ടവരാരുണ്ടു്? നിന്റെ കരാളശക്തിയെ ജയിച്ച പുരുഷഹൃദയമേതുണ്ടു്? നീ കീഴ്പെടുത്താത്ത ശക്തിയുണ്ടോ? ഇല്ലേയില്ലെന്നുതന്നെ.

കുമുദിനിയുടെ വാക്കുകളും രാഗനാട്യങ്ങളും ചേഷ്ടകളും താരാനാഥനെ മാനസാന്തരപ്പെടുത്തുമായിരുന്നു. അഥവാ നിമിഷനേരത്തേയ്ക്കു മാനസാന്തരപ്പെടുത്തുകതന്നെചെയ്തു. ഉത്തരക്ഷണത്തിൽ ധവളസൗധത്തിൽവച്ചുണ്ടായ തന്റെ പൂർവ്വാനുഭവവും സ്വഭൃത്യന്മാരുടെ അജ്ഞാതസ്ഥിതിയും അയാളുടെ സ്മൃതിപഥത്തെ ആരോഹണംചെയ്തു. അയാൾ പറഞ്ഞു:—മതി, വാക്കുകളെ നിർത്തുക.

നിന്റെ ഹൃദയം ദുഷ്ടമാണു്. ഹേ! ചപലേ! നീ രജകന്റെ കുളക്കല്ലാണു്. നീ അത്യന്തദുഷ്ടന്മാരുടെ കൈയിലകപ്പെട്ടു് ഇഹത്തിലും പരത്തിലും പാപത്തെ സമ്പാദിച്ചിരിക്കുന്നു. നിന്നെക്കാണുന്ന കണ്ണു് ഗംഗാജലത്താൽ കഴുകപ്പെടണം. നീയത്രേ മനുഷ്യരൂപമെടുത്ത പിശാചി."

താരാനാഥന്റെ കർക്കശമായ വാക്കുകൾ തന്റെ പരമാവധി ദുരുദ്ദേശത്തിൽ വെണ്ണീറുവയ്ക്കപ്പെട്ടതുപോലെയുള്ള ഒരു അനുഭവം കുമുദിനിക്കുണ്ടാക്കി. അവൾ വാവിട്ടു നിലവിളിച്ചു തൊഴുകൈയോടുകൂടി അതേ, ഞാൻ പാപിഷ്ടയാണു്, മനുഷ്യാധമയാണു്. അയ്യോ! ഞാൻ വഞ്ചിക്കപ്പെട്ടവളാണു്. അതേ, താങ്കൾ പറഞ്ഞതു വാസ്തവം! ഞാൻ വഞ്ചിക്കപ്പെട്ട എന്നു പരിദേവനം ചെയ്തു.

മണി പന്ത്രണ്ടരയാകാൻ മിന്നിട്ടു് അഞ്ചുകഴിഞ്ഞാൽ മതി. അതുയും സമയംകൂടി ഈ നിലയിൽ കഴിഞ്ഞുകൂടാമെങ്കിൽ, താരാനാഥനെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നുകുമുദിനി മനസാ വചിച്ചു.

താരാനാഥൻ:—ശരി, നീ വഞ്ചിക്കപ്പെട്ടവളാണെന്നിരിക്കട്ടെ. ഞാൻ ചോദിക്കാൻപോകുന്ന ചോദ്യങ്ങൾക്കു് യഥാസത്യം ഉത്തരം പറയണം.

കുമുദിനി:—(ഭയസംഭ്രമങ്ങളോടെ) ചോദിച്ചാലും!

താരാനാഥൻ:—ഇനി എന്റെ യഥാർത്ഥസ്ഥിതി നിന്നിൽനിന്നും മറച്ചുവയ്ക്കുന്നില്ല. എന്റെ നാമം ശശിധരൻ എന്നല്ല താരാനാഥൻ എന്നാണു്. ഭാരതസാമ്രാജ്യത്തിലെ മഹാരാജാക്കന്മാരിൽ അഗ്രഗണ്യനെന്നു സർവ്വരാലും സമ്മതിക്കപ്പെട്ട നേപ്പാളനൃപനായ പ്രതാപരുദ്രന്റെ പ്രതിനിധി താരാനാഥൻ ഞാനാണു്; ഓർമ്മയിരിക്കട്ടെ. സത്യം പറയണം, ഉടനടൻ പറയുകയും വേണം. കളവുകൾ പറയണ്ടാ. അതെനിക്കു കേൾക്കാൻ പാടില്ല. എന്റെ ഭൃത്യന്മാരെ എന്തു ചെയ്തു?

കുമുദിനി:—താങ്കളുടെ ഭൃത്യന്മാരോ?

താരാനാഥൻ:—അതേ, എന്റെ ഭൃത്യന്മാർതന്നെ. അവർ രണ്ടു പേരും ഈ കെട്ടിടത്തിൽ വന്നിരുന്നല്ലോ? ഇപ്പോൾ അവർ എവിടെയാണു്? ഓഹോ! നീ അവരെ എന്തുചെയ്തു? പറഞ്ഞില്ലെങ്കിൽ നിന്നെ ജീവനോടെ വിട്ടയയ്ക്കുകയില്ല. ഉം!

അരുവാളൂരിക്കൊണ്ടു് അങ്ങോട്ടടുത്തു് പ്രഭോ! എന്നെ വധിക്കരുതേ! നിരപരാധിനിയായ എന്നെ രക്ഷിക്കണേ എന്നപേക്ഷിച്ചുംകൊണ്ടു് കുമുദിനി സാഷ്ടാംഗം നമസ്കരിച്ചു. താരാനാഥൻ അതുകണ്ടു ഒരടി പിന്നോക്കംമാറി "നീ നിരപരാധിനിയല്ല, അപ

രാധിനിതന്നെ. എന്റെ ഭൃത്യന്മാരെ നീ കൊന്നു, അല്ലെങ്കിൽ കൊലചെയ്യുവരോട് നീ അനുകൂലിച്ചു; രണ്ടിലൊന്നു നിശ്ചയം. സത്യമേതാണെന്നു് എളുപ്പംപറയുക! സ്ത്രീയാണെന്നും മറവും ഞാൻ ഓർക്കുകയില്ല. എന്റെ ഖഡ്ഗത്തിനിരയാകും" എന്നു അത്യന്തകോപത്തോടെ പറഞ്ഞു. കമുദിനി അക്കിടപ്പിൽകിടന്ന ഖഡ്ഗത്തെനോക്കി നടുങ്ങിക്കൊണ്ടു് പ്രഭോ! എന്നെ വധിക്കരുതെ എന്നു വീണ്ടും നിലവിളിച്ചു.

നിന്റെ മിരട്ടുകളൊന്നും ഇവിടെ ചെലവില്ല. സത്യംപറയൂ എന്നുപറഞ്ഞവസാനിക്കുംമുമ്പു്, പ്രവേശനദ്വാരം തുറക്കപ്പെട്ടുകയും ആയുധപാണികളായ അനവധി ബലിഷ്ഠയോധന്മാർ അകത്തുകടന്നു താരാനാഥനെ വളഞ്ഞതും—താരാനാഥനെ സഹായിക്കുന്നതിനായിരിക്കാം—മുഖാമുഖനിന്നു മുതലായി തികച്ചും യുദ്ധവേഷം ധരിച്ച ഒരു യോദ്ധാവു് അകത്തു പ്രവേശിച്ചതും ഒന്നിച്ചുകഴിഞ്ഞു.

അദ്ധ്യായം നാല്

"നിങ്ങളാരാകുന്നതെന്നുപറയണ-
മിങ്ങുവന്നീടുവാൻ മൂലവുംചൊല്ലണം
എങ്ങനെഓർത്തു റിഞ്ഞുവാറെന്നതു-
മെങ്ങിനിപ്പോകുന്നതെന്നും പറയണം."

അംബികേശനും ഉദയസേനപ്രഭൃതികളും അതിവേഗത്തിൽ നടന്നു ധവളസൌധത്തോടു സമീപിക്കുമ്പോൾ സമയം അർദ്ധരാത്രി കഴിഞ്ഞിരിക്കും. വലിയ പടിവാതുക്കൽ വിളിച്ചു കതകുതുറപ്പിച്ചു. ദ്വാരപാലകനു് ഉദയസേനഗംഗാധരഭൂപപുത്രന്മാരെ കണ്ടഉടനെ മനസ്സിലായി. മുതുക വില്ലുപോലെ വളച്ചൊന്നു തൊഴുതു. അയാൾക്കു പുത്രന്മാരുടെ അപ്രതീക്ഷിതമായആഗമനത്തിൽ അത്യാശ്ചര്യവും സന്തോഷവുമുണ്ടായി. പുത്രന്മാർ ശ്രീപുരത്തെ കൊട്ടാരത്തിൽ അശോകനാഥനാൽ ബന്ധനസ്ഥരാക്കപ്പെട്ട വിവരം അയാൾക്കു് അറിവുണ്ടായിരുന്നു. അപ്രകാരം തടവിൽ പാർപ്പിക്കപ്പെട്ടിരുന്ന തന്റെ സ്വാമിനിയുടെ വേഴ്ചക്കാരെ യദൃച്ഛയാ കണ്ടതിനാലുണ്ടായ സന്തോഷം ഊഹനീയമാണല്ലോ. "അമ്മ അകത്തുണ്ടു്; യജമാനന്മാരുടെ വരവിൽ അമ്മയ്ക്കു് അതിരറ്റ സന്തോഷം ഉണ്ടാകും" എന്നിങ്ങനെ സോത്സാഹം ദ്വാരപാലകൻ തന്റെ അമിതസന്തോഷത്തെ പ്രദർശിപ്പിച്ചു. "നിന്റെ അമ്മയ്ക്കു ക്ഷേമമോ?" എന്നു ഗംഗാധരഭൂപപുത്രൻ ചോദിച്ചതിനു്, ക്ഷേമ

ത്തിനു കുറവുണ്ടെന്നു തോന്നുന്നില്ല. എന്നാൽ കുറച്ചുദിവസങ്ങളായി വലുതായ ഒരു കുണ്ഠിതം എപ്പോഴും കാണുന്നുണ്ടു്! പണ്ടത്തേപ്പോലുള്ള കളിയും നേരമ്പോക്കുമെല്ലാം ഒന്നു കുറഞ്ഞിട്ടാണു കാണുന്നതു്. ഇനി അതൊക്കെ നേരേ ആകുമത്രെ:—അവിടത്തെ വരവിൽ അമ്മയ്ക്കു പാലാഴിയിൽ കളിച്ച പരമാനന്ദം ഉണ്ടാകാതിരിക്കയില്ല എന്നു് ഉത്തരവും അതിനപ്പുറവും പറഞ്ഞു. "അവിടത്തെ വരവിൽ" അപ്പദങ്ങം ഒന്നുറപ്പിച്ചു പറകയാണുണ്ടായതു്. ചന്ദ്രഹൃച്ഛ്രീഭവും അംബികേശനും അടുത്തുള്ളപ്പോൾ, തന്നെ അപ്രകാരം പ്രത്യേകം സൂചിപ്പിച്ചുപറഞ്ഞതിൽ ഗംഗാധരഹൃച്ഛ്രീനു് അല്പം വല്ലായ്മ ഉണ്ടായി എന്നു പുരികം ചുളുക്കിയതുകൊണ്ടു് അനുമാനിക്കാം.

എല്ലാവരും നടുമുറ്റത്തുകൂടി അകത്തേക്കു നടന്നു. ഉടയസേനപ്രഭുവും ഗംഗാധരഹൃച്ഛ്രീപ്രഭുവും മുമ്പിൽ നടക്കുകയായിരുന്നു. ചന്ദ്രഹൃച്ഛ്രീപ്രഭുവും അംബികേശനും അവരെ അനുഗമിച്ചു. എല്ലാവരും ഏണിപ്പടികയറി വിശാലമായ നടുമുറിയിൽ പ്രവേശിച്ചു ഉടനെ അങ്ങിങ്ങു നിന്നിരുന്ന വേലക്കാർ സന്തോഷതുന്ദിലന്മാരായി സമീപത്തു ഓടിയെത്തി നമസ്കരിച്ചു. ഭൃത്യന്മാർക്കു എല്ലാപേർക്കും പോരപോലകനോളംതന്നെ ആശ്ചര്യവും ആനന്ദവും ഉണ്ടായി. വേലക്കാരുടെ കൂട്ടത്തിൽ മദനനുമുണ്ടായിരുന്നു. താരാനാഥനെ പുഷ്പഗൃഹത്തിൽക്കൊണ്ടാക്കിയുംവച്ചു മടങ്ങിവരുമ്പോളാണു് അപ്രതീക്ഷിതമായ ഈ പ്രഭാഗമനം സംഭവിച്ചതു്. ഭൃത്യന്മാർ ഓരോരുത്തരും, പ്രത്യേകം പ്രത്യേകം അവരവർക്കുള്ള സന്തുഷ്ടിയെ വാഗ്രൂപേണയും അഭിനയത്താലും പ്രദർശിപ്പിച്ചു. ഗംഗാധരഹൃച്ഛ്രീപ്രഭുവിനെയാണു് ഭൃത്യവർഗ്ഗം അത്യധികം അഭിനന്ദിച്ചതെന്നുള്ളതു പ്രസ്താവനീയമാണു്. അദ്ദേഹം അവരെനോക്കി, "നിങ്ങൾക്കും നിങ്ങളുടെ സ്വാമിനിക്കും ക്ഷേമമാണെന്നു വിശ്വസിക്കുന്നു. അതിനെപ്പറ്റി കൂടുതലായിട്ടൊന്നും ഇപ്പോൾ സംസാരിക്കുന്നതിനും അനേഷിക്കുന്നതിനും സമയക്കുമില്ലാതിരിക്കുന്നു. ഞങ്ങൾക്കു ഉടനേ പുറപ്പെടേണ്ടതായ ആവശ്യമുണ്ടു്. അടുക്കൽതന്നെ മടങ്ങിവന്നു് എല്ലാവരേയും കണ്ടുകൊള്ളാം. ഞങ്ങളുടെ നാലുപേരുടെയും ഉപയോഗത്തിലേക്കു നാലു നല്ല കുതിരകളെത്തയാറാക്കുവിൻ!" എന്നു മിക്കവാറും ഗൃഹനായകന്റെ മട്ടിൽതന്നെ ആജ്ഞാപിച്ചു. അതിനെത്തുടർന്നു ഉടയസേനപ്രഭു കല്പിച്ചതാവിതു്:—"കുറഞ്ഞപക്ഷം നിങ്ങളിൽ ഒരെട്ടുപേരെങ്കിലും ഞങ്ങളുടെ ഒന്നിച്ചു സഹായാർത്ഥം പോരേണ്ടിയിരിക്കുന്നു. ഈ നിമിഷത്തിൽതന്നെ പുറപ്പെടുകയും വേണം. ലഘുഭക്ഷണത്തിനു വല്ലതും തയ്യാറുണ്ടെങ്കിൽ അല്പം കഴിക്കാമെന്നുണ്ടു്. വേഗം! വേഗം!"

"നിഷ്കുളാനന്ദസ്വാമിതിരുവടികൾ ഇവിടെ എഴുന്നള്ളിയിട്ടുണ്ടു്." എന്നു ഒരു വേലക്കാരൻ പറഞ്ഞു.

"ആഹാ! അങ്ങനെയോ! എന്നാൽ വളരെ സന്തോഷമായി. ഈ ഘട്ടത്തിൽ അദ്ദേഹത്തിന്റെ അഭിമുഖദർശനം പലതുകൊണ്ടും ഗുണകരമാണു്" എന്നു ഗംഗാധരഗ്രഹപ്രമുഖൻ ചാരിതാർത്ഥ്യത്തോടെ പറഞ്ഞു.

ഉദയസേനൻ:—കാശ്മീരത്തിന്റെ തല്ക്കാലഭയനിയന്ത്രിതിയിൽ സ്വാമികളെക്കണ്ടു പലതും സംസാരിക്കേണ്ടതാവശ്യമാണു്. ഇനി അദ്ദേഹത്തെ കണ്ടതിനുശേഷമേ പുറപ്പെടുന്നുള്ളു. ഞങ്ങൾ ഇതിന്റെ അടുത്തമുറിയിലിരിക്കാം. സ്വാമികളെ അങ്ങോട്ടു ക്ഷണിച്ചുകൊണ്ടുപോരിൻ! ഞങ്ങൾ വന്നിട്ടുണ്ടെന്ന വിവരം കമുദിനീദേവിയേയും തെര്യപ്പെടുത്തണം.

ഒരു ഭൃത്യൻ:—പ്രഭോ! കല്പിച്ചുത്തരവായതിനെ സ്വാമിതിരുവടികളേയും അമ്മയേയും അറിയിക്കാം. രണ്ടുപേരും ഒന്നിച്ചു് ഒരുമുറിയിലിരുന്നു ഏതോ മുഖ്യമായ ഒരു രഹസ്യസംഗതിയെക്കുറിച്ചു് ആലോചിച്ചുകൊണ്ടിരിക്കയാണു്.

മദനൻ:—ഇല്ല, ഇപ്പോൾ സ്വാമികൾമാത്രമേ ആ മുറിയിലുള്ളു. അമ്മ ഒരന്യപുരുഷനുമായി പുഷ്പഗൃഹത്തിലിരുന്നു സംസാരിക്കുന്നു.

ഗംഗാധരഗ്രഹപ്രമുഖൻ:—എന്നാൽ ഞങ്ങൾ സ്വാമികൾ ഇരിക്കുന്ന മുറിയിലേക്കുപോരാം. ഇപ്പോൾ ദേവിയെക്കാണണ്ടാ. ഗുരുതരമായ വല്ല സംഗതിയെപ്പറ്റിയും സംസാരിച്ചുകൊണ്ടിരിക്കയാണെങ്കിൽ അതിനു തടസ്സമുണ്ടാക്കണ്ടാ

ഭൃത്യന്മാരിൽ ഒരുത്തൻ അശ്വങ്ങളെ സജ്ജീകരിച്ചു നിർത്താൻ പോയി. മറ്റൊരുവൻ ആയുധപാണികളായ എട്ടുപേരേ പ്രമുഖക്കളുടെ ഒന്നിച്ചുപോകാൻ ശട്ടംകെട്ടുന്നതിലേക്കുപോയി. ലഘുഭക്ഷണത്തിനുള്ള സാധനങ്ങൾ കൊണ്ടുവരുവാൻ വേറൊരുത്തൻ പോയി. ഇനിയുമൊരുത്തൻ അതിഥികളെ സ്വാമിതിരുവടികൾ എഴുന്നള്ളിയിരിക്കുന്ന മുറിയിലേക്കുനയിച്ചു. എല്ലാവരും പിരിഞ്ഞതിന്റെശേഷം മദനൻ അവന്റെ വഴിക്കു തിരിച്ചു; അവൻ ചെന്നു നടുമുറ്റത്തു സ്ഥലംപിടിച്ചു.

നിഷ്കുളാനന്ദന്റെ പേരുകേട്ടമാത്രയിൽ ഇടിമുഴക്കംകേട്ട സർപ്പത്തെപ്പോലെ, അംബികേശൻ ഞെട്ടിപ്പരവശനായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നിരവധി വിവിധ ചിന്തകൾ അവന്റെ സ്മൃതിപഥങ്ങളെ ആരോഹണംചെയ്തു. നിഷ്കുളാനന്ദനെ സംബന്ധിച്ചു സരസ്വതിയുടെ ഉദ്ബോധനങ്ങൾ അവന്റെ ഓർമ്മയിൽഉദിച്ചു. ആനന്ദനെസ്സംബന്ധിച്ചഗ്രഹങ്ങളിൽ തങ്ങിക്രൂടെന്നു

അവർ അനുശാസിച്ചിട്ടുണ്ടല്ലോ. നിഷ്കളാനന്ദന്റെ മഹാമന സ്കൃത, കുമുദിനിയല്ലാതെ മറ്റാരുമല്ലെന്നും അയാൾ അന്ന ക്ലബ്ബിൽ വച്ചു തന്നേക്ഷണിച്ചതു കുമുദിനീഭവനത്തിലേക്കാണെന്നും അംബി കേശൻ നിശ്ചയിച്ചു. അതിനെപ്പറ്റി വീണ്ടും ആലോചിക്കുകയും തൽഫലമായി ആ നിശ്ചയം ബലപ്പെടുകയുംചെയ്തു. തനിക്കു പുതിയ ആപത്തു എന്തെങ്കിലും ഇവിടെ സംഭവിച്ചേക്കാനിടയു ണ്ടെന്നു് അവൻ സംശയിച്ചു. എന്തുതന്നെ നേരിട്ടാലും ധൈര്യ ത്തെ കൈവിടാതെ എതിർക്കണമെന്നും തീർച്ചപ്പെടുത്തി. ഉദയസേ നഗംഗാധരഗുപ്തന്മാരുടെ സ്വഭാവം എന്തുതന്നെയായാലും ചന്ദ്രഗു പ്തപ്രഭ യോഗ്യനും സദ്ഗുണവാനും ആണെന്നും അദ്ദേഹത്തിന്റെ സഹായം തനിക്കു ലഭിക്കുമെന്നും വിശ്വസിച്ചു. ഉദയസേനപ്രഭ വിനും ഗംഗാധരഗുപ്തപ്രഭവിനും ഈ ഗൃഹത്തിൽ സ്വാധീനശ ക്തിയും മുൻപരിചയവുമുണ്ടെന്നും ചന്ദ്രഗുപ്തപ്രഭ തന്നെപ്പോലെ ഇവിടെ അപരിചിതനാണെന്നും അംബികേശൻ അനുമാനിച്ചു. അതിനുംപുറമേ നിഷ്കളാനന്ദനെപ്പറ്റിയുള്ള സംസാരത്തിൽ അദ്ദേഹം യാതൊന്നും പറയാതെ മൌനം ദീക്ഷിച്ചതും അവൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. തന്നിമിത്തം ആനന്ദനെ അദ്ദേഹത്തിനു പരിചയമില്ലെന്നു് അവൻ ഊഹിച്ചു. ഏതാദൃശ ചിന്തകൾക്കു ശേഷം, ഏതായാലും ഉദയസേനപ്രഭവിനെയും ഗംഗാധരഗുപ്തപ്രഭ വിനെയും പ്രത്യേകം സൂക്ഷിച്ചിരിക്കണമെന്നും തനിക്കു വല്ല ആപ ത്തും നേരിട്ടാൽ ചന്ദ്രഗുപ്തപ്രഭവിന്റെ സഹായംമാത്രമേ ഉണ്ടാവു കയുള്ളുവെന്നുംതീർച്ചപ്പെടുത്തി.

നിഷ്കളാനന്ദൻ തന്നെ അളറിയാതെയിരിക്കാൻ മുഖാമുഖാ നിയുടെ സഹായം ആവശ്യമാണെന്നു് അംബികേശൻ ആദ്യംനി ശ്ചയിച്ചു, എന്നാൽ അടുത്ത നിമിഷത്തിൽ അതു പാടില്ലെന്നു തീർച്ചയാക്കി. പ്രഭുത്രയം മോചനവിഷയത്തെപ്പറ്റി സംസാരിക്കു മ്പോൾ തന്റെ കാര്യം പ്രസ്താവത്തിൽ വരാനിടയുണ്ടെന്നും ആ അവസരത്തിൽ തന്റെ കൃത്രിമനാമത്തെ പ്രഭുക്കന്മാർ നിഷ്കളാന ന്ദനെ അറിയിക്കാതിരിക്കയില്ലെന്നും അതു കേൾക്കുമ്പോൾ പ്രഗ ത്ഭനും കൃത്രിമസംഗതികളിൽ നല്ല തഴക്കവും പഴക്കവുമുള്ളവനു മായ നിഷ്കളാനന്ദൻ, അംബിക, അംബികേശനായതാണെന്നു് അനുമാനിക്കുകയും അളറിയിക്കാതിരിക്കാൻ പുരുഷവേഷംധരിച്ചു മുഖാമുഖാനി ഉപയോഗിച്ചതാണെന്നു് ഊഹിക്കുകയും ചെയ്യുമെ ന്നും അതിനാൽ മുഖാമുഖാടിനിക്രൂരാതെകഴികയാണു വേണ്ടതെന്നും നിശ്ചയിച്ചു. മുഖാമുഖാടിനിയില്ലാതെയിരുന്നാൽ അളറിഞ്ഞാൽ തന്നെയും താൻ അംബികയുടെ സഹോദരനായ അംബികേശനാ ണെന്നു പ്രസ്താവിച്ചുകൊള്ളാമെന്നും ധൈര്യപ്പെട്ടു.

എന്തുതന്നെ സംഭവിച്ചാലും, തന്റെ കൃത്രിമവേഷവും നാമവും കൈവെടിയാതെ ധൈര്യപൂർവം എതിർക്കണമെന്നു തീരുമാനിച്ചു. അതോടുകൂടി; നിഷ്കളാനന്ദനെ തനിക്കു് അഭിമുഖപരിചയമില്ലെന്നഭാവത്തിൽ പെരുമാറണമെന്നു നിശ്ചയിക്കുകയുംചെയ്തുകൊണ്ടു് നിഷ്കളാനന്ദസ്വാമികൾ എഴുന്നള്ളിയിരിക്കുന്ന മുറിയിലേക്കു് പ്രവേശിച്ചു. മനോഹരമായി അലങ്കരിച്ചിരുന്ന ആ മുറിയിൽ ഒരുഭാഗത്തു് രമണീയമായ ഒരു കട്ടിലിൽ സ്വാമികൾ ഇരുന്നരുളുകയായിരുന്നു. പ്രവേശിക്കുന്നവരെ കണ്ടയുടനെ അത്യന്തവിസ്മിതനായി സ്വാമികൾ പെട്ടെന്നു നിലത്തുകുതിച്ചു മുമ്പോട്ടുചെന്നു് എതിരേറ്റു. ഉദയസേനപ്രഭുവിനേയും ഗംഗാധരഭട്ടപ്രഭുവിനേയും സ്വാമികൾക്കു വളരെ പരിചയമുണ്ടെന്നുമാത്രം പറഞ്ഞാൽപോരാ; പലവിഷയങ്ങളിലും അവരുമായി കൂട്ടുകെട്ടുമുണ്ടു്. അവർ സ്വാമിയുടേയും സ്വാമി അവരുടേയും സഹകാരികളാണു്. മൂന്നുപേരുടേയും ജീവിതസംഭവങ്ങൾ അവർക്കു അന്യോന്യം അറിവും സഹഭാവവുമുണ്ടു്. ചന്ദ്രഭട്ടപ്രഭുവിനെ സ്വാമികൾ ഒന്നോരണ്ടോ പ്രാവശ്യം നേരിൽ കണ്ടിട്ടുണ്ടെന്നല്ലാതെ വലിയ പരിചയവും സ്നേഹവുമില്ല. എന്നിരുന്നാലും, സ്വാമികൾ എല്ലാവർക്കും പ്രത്യേകം പ്രത്യേകം സ്വാഗതമരുളി. അംബികേശനെ ഒന്നു ഉറ്റുനോക്കുകയുംചെയ്തു.

"ഇന്നത്തെരാത്രി നമ്മുടെ ജീവിതത്തിൽ ഒരു പ്രധാനപ്പെട്ട അദ്ധ്യായത്തെക്കുറിക്കുന്നു" എന്നു് ആഹ്ലാദഭരിതനായി സ്വാമികൾ അരുളിച്ചെയ്തു. വീണ്ടും ഒരാവൃത്തി അംബികേശനെ സൂക്ഷിച്ചുനോക്കി.

"ഈ നിൽക്കുന്ന വീരനാണു് ഞങ്ങളുടെ ഉപകർത്താവു്, ഞങ്ങളെ തടവിൽനിന്നും മോചിപ്പിച്ച സാമർത്ഥ്യവാനാണു് ഈ യുവാവു്" എന്നു് അംബികേശനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, ഗംഗാധരഭട്ടപ്രഭു പറഞ്ഞു.

"വാസ്തവമോ! ഞാൻ എവിടെയോവച്ചു്....." എന്നു് അദ്ധോക്തിയിൽ വിരമിച്ചിട്ടു സ്വാമികൾ ആശ്ചര്യത്തെ അഭിനയിച്ചുകൊണ്ടു് ഒന്നുകൂടി അംബികേശന്റെ അടുക്കൽ ചെന്നുനിന്നു മുഖത്തു നല്ലപോലെ സൂക്ഷിച്ചുനോക്കി.

അതുകണ്ടു് അംബികേശൻ ചോദിച്ചു:—മഹാത്മൻ! അവിടുന്നു ഇജ്ജനത്തെ വീണ്ടും വീണ്ടും ഉറ്റുനോക്കുന്നതെന്തുകൊണ്ടാ? അവിടുത്തേക്കു് എന്നെ ഇതിനുമുമ്പു് അഭിമുഖപരിചയമുണ്ടോ എന്നറിഞ്ഞില്ല. എനിക്കാണെങ്കിൽ സ്വാമികളെ കണ്ടറിവില്ല; ഒരിക്കൽപോലും കണ്ടിട്ടുള്ളതായി ഓർക്കുന്നില്ല."

സ്വാമികൾ:— എന്നു ഞാനും സമ്മതിച്ചേക്കാം. ഇനിയും കൃത്രിമ വേഷത്തിൽ കഴിയേണ്ട ആവശ്യമുണ്ടെങ്കിൽ ഞാൻ അതിനെ തടയുന്നില്ല നിന്റെ ലക്ഷ്യത്തെ ഞാൻ തെറ്റിക്കുന്നുമില്ല (എന്നിത്രയും അംബികേശന്റെ ചെവിയിൽ മന്ത്രിച്ചുംവച്ച് പ്രേക്ഷകളെ നോക്കി) കോമളനായ ഈ യുവാവ് നിങ്ങളെ അസാമാന്യമായ സൈന്യബലമുള്ള അശോകനാഥന്റെ തടവിൽനിന്നും മോചിപ്പിച്ചുവെങ്കിൽ, ഇവന്റെ ധൈര്യത്തേയും സാമർത്ഥ്യത്തേയും കുറിച്ച് എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല.

ചന്ദ്രഗുപ്തൻ:— അംബികേശൻ നമ്മുടെ എല്ലാവരുടേയും അഭിനന്ദനത്തിനും കൃതജ്ഞതയ്ക്കും തികച്ചും അർഹനാണ്. ഇയാളുടെ സഹോദരി അംബികയെ എനിക്കു വളരെക്കാലത്തെ പരിചയമുണ്ട്. അവളുടെ ശിശുപ്രായം മുതല്ക്ക് എനിക്കറിയാം. അവൾ നല്ല തന്റേടവും സത്സ്വഭാവവും ആരിലും സ്നേഹവുമുള്ള ഒരു പെൺകുട്ടിയാണ്. ഈ യുവാവ് എല്ലാംകൊണ്ടും അവളുടെ സഹോദരനാകേണ്ടവൻതന്നെ, സംശയമില്ല.

അംബികേശൻ:— എന്നെ ഇത്രവളരെ അഭിനന്ദിക്കേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്റെ പ്രവൃത്തി അഭിനന്ദനീയവുമല്ല. മാന്യന്മാരായ നിങ്ങളെ തടവിൽനിന്നും മോചിപ്പിക്കണമെന്നു തോന്നിയ എന്റെ മനഃസ്ഥിതിയിൽ മാത്രമേ എനിക്ക് അല്പം കൃതാർത്ഥതയ്ക്കു വകയുള്ളൂ. അതിലും പരന്മാർ അഭിനന്ദിക്കാനുംവേണ്ടി യാതൊന്നുമില്ല. ഏതൊരു മനുഷ്യനും ആ മനഃസ്ഥിതിവേണ്ടതാണ്. എന്തായാലും ഇനി കഴിഞ്ഞ് സംഗതികളെപ്പറ്റി സംസാരിക്കുകയല്ലല്ലോ വേണ്ടതു്. ഗൗരവമേറിയ വേറെ പല സംഗതികളും ചിന്താവിഷയങ്ങളുംകേണ്ടതായിട്ടുണ്ട്. നമുക്ക് എത്രയുംവേഗത്തിൽ ഇവിടുന്നു പുറപ്പെടണം. തടവിൽ പാർപ്പിക്കപ്പെട്ടിരുന്നവരെ കണ്ടില്ലെന്നറിയുമ്പോൾ അശോകനാഥനുണ്ടാകുന്ന കോപവും വാശിയും എന്തുമാത്രമാണെന്നുള്ളതു് ഊഹിക്കാവുന്നതാണല്ലൊ. ആ മാത്രയിൽ തന്റെ ഭൂരിപക്ഷം സൈന്യത്തേയും നാനാവഴിക്കും ഓടിച്ചു തിരക്കംചെയ്യും. ഇതിനകം തടവുചാടിപ്പോയ വിവരം അറിഞ്ഞിട്ടുണ്ടെന്നും വരാം. പാറാക്കാർ ഈരണ്ടു മണിക്കൂറിലൊരിക്കൽ മാറിക്കൊണ്ടിരിക്കുകയാണു് പതിവു്. അതനുസരിച്ചു നാം തടവുമുറിയിൽനിന്നും പോരുമ്പോഴുണ്ടായിരുന്ന പാറാക്കാരനുപകരം ശിപായി വരുമ്പോൾ സംഗതി പരസ്യമാകാതിരിക്ക

യില്ല. ഏതാണ്ടു് ആ ഘട്ടം ഇതിനകം കഴിഞ്ഞിരിക്കും. അതുകൊണ്ടു് ഇപ്പോൾ വേണ്ടതെന്താണെന്നാണു് ഉടനടി ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതായിട്ടുള്ളതു്.

ഗംഗാധരഭട്ടൻ:—വളരെ വാസ്തവമാണു് ഇയ്യാൾ പറഞ്ഞതു്. നമുക്കു് ഉടനെ ഇവിടുന്നു പുറപ്പെടണം. എന്നാൽ അതിനുമുമ്പു് എനിക്കു കുമുദിനീദേവിയെക്കണ്ടു രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ടു്.

നിഷ്കളാനന്ദൻ:—കുമുദിനിയെക്കണ്ടു് സംസാരിക്കാൻ ഇപ്പോൾ സൗകര്യപ്പെടുകയില്ല. നമ്മുടെ മതസിദ്ധാന്തങ്ങളും രാഷ്ട്രീയാദർശങ്ങളും സർവ്വവിധത്തിലുമാണു്. ചന്ദ്രഭട്ടപ്രഭൃതി നമ്മുടെ മതാവലംബിയും നമ്മുടെ രാജാധിപത്യാദർശത്തെ അനുകൂലിക്കുന്ന ആളുമാണെന്നു ഞാൻ വിശ്വസിക്കുന്നു. അശോകനാഥന്റെ തടവിൽനിന്നും നിങ്ങളെ മൂന്നുപേരെയും ബുദ്ധിസാമർത്ഥ്യം പ്രദർശിപ്പിച്ചു മോചിപ്പിച്ച മാന്യനായ ഈ യുവാവും നമ്മിൽനിന്നും വിഭിന്നനായിരിക്കാൻ ഇടയില്ല. അതുകൊണ്ടു മതവിഷയങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും നാമെല്ലാവരും ഏകലക്ഷ്യത്തോടുകൂടിയവരാണെന്നുള്ളതു നിരാക്ഷേപമാണു്. ആ സ്ഥിതിക്കു നമ്മുടെ ഏതൊരു രഹസ്യവും ചന്ദ്രഭട്ടപ്രഭൃതിയിൽനിന്നും അംബികേശനിൽനിന്നും മറച്ചുവയ്ക്കേണ്ട ആവശ്യമില്ല. കുമുദിനി ഇപ്പോൾ താരാനാഥനുമായി അഭിമുഖസംഭാഷണം നടത്തിക്കൊണ്ടിരിക്കയാണു്. അതുകൊണ്ടാണു കാണാൻ സൗകര്യപ്പെടുകയില്ലെന്നു പറഞ്ഞതു്.

ഉദയസേനഭട്ടൻ:—(ആശ്ചര്യം) താരാനാഥനോ? ആ അയോഗ്യനു് ഇവിടെ എന്തുകാര്യം? അവനു് എന്താണു കുമുദിനീദേവിയോടു സംസാരിക്കാനുള്ളതു്?

അംബികേശന്റെ മുഖത്തു് ഈ അവസരത്തിൽ അപകടശങ്കയോടുകൂടിയ ഒരു ഭാവഭേദം സംഭവിച്ചു. ഗംഗാധരഭട്ടനും ചന്ദ്രഭട്ടപ്രഭൃതിയും നിഷ്കളാനന്ദനും ഉദയസേനന്റെ മുഖത്തു സൂക്ഷിച്ചു് അയാളുടെ വാക്കുകളിൽ ദത്തശ്രദ്ധരായിരുന്നതുകൊണ്ടു് അംബികേശന്റെ മുഖഭാവം കാണാനിടയായില്ല.

ഗംഗാധരഭട്ടപ്രഭൃതി:—അതാണല്ലോ ഞാനും സംശയിക്കുന്നതു്? താരാനാഥൻ ഇവിടെ എന്തിനായിട്ടുവന്നു? ഗൃഹനായികയോടു് അവൻ എന്തൊന്നാണു് സംസാരിക്കുന്നതു്?

ചന്ദ്രഭട്ടപ്രഭൃതി യാതൊന്നും പറയുകയുണ്ടായില്ല. അംബികേശനാകട്ടെ, തനിക്കു് ആ വിഷയത്തോടു യാതൊരു സംബന്ധവുമില്ലെന്നമട്ടിൽ ആ സംസാരത്തിൽ ശ്രദ്ധിക്കുന്നില്ലാത്ത ഭാവ

ത്തിൽ ഭിത്തികളിൽ തൂക്കിയിരിക്കുന്ന ചിത്രങ്ങളിലും മറ്റും കണ്ണോടിച്ചുകൊണ്ടിരുന്നു.

നിഷ്കളാനന്ദൻ:—എല്ലാവിവരവും സവിസ്തരം മനസ്സിലാക്കാൻ ഈ ഘട്ടത്തിൽ സാവകാശമില്ല. കുമുദിനിയും താരാനാഥനും സംസാരിച്ചുകൊണ്ടിരിക്കുന്നു എന്ന സംഗതിതന്നെയും നിങ്ങളെ ധരിപ്പിച്ച സമയം മിനക്കെടുത്താതിരുന്നേനെ. എന്നാൽ അവരുടെ ഈ അഭിമുഖസംഭാഷണത്തിൽനിന്നും ഗണ്യമായ പ്രയോജനങ്ങളുണ്ടാകാം. എന്തുകൊണ്ടെന്നാൽ താരാനാഥൻ മഹായോഗ്യനും ബഹുമാന്യനും സത്യസന്ധനും സർവോപരി സമർത്ഥനുമാണു്.

ഉദയസേനൻ:—അങ്ങനെയാണെങ്കിൽ, അശോകനാഥനെ എതിർക്കുന്നതിലേക്കു സൈന്യത്തെ അയച്ചു നമ്മെ സഹായിക്കുന്നതിനു നേപ്പാളരാജാവിനെ പ്രേരിപ്പിക്കാൻ ഈ താരാനാഥനു കഴിയുമോ?

നിഷ്കളാനന്ദൻ:—കഴിയും. താരാനാഥനു് അതിനു് ശക്തിയുണ്ടു്. ഈയിടെ എനിക്കു ചില പ്രധാന സംഗതികൾ അറിവാൻ സാധിച്ചു. ഗുരുതരമായ പല സംഭവങ്ങൾ നേരിടുകയും ചെയ്തു. നിങ്ങൾക്കു ഉടനടി പുറപ്പെടേണ്ട ആവശ്യമില്ലായിരുന്നു എങ്കിൽ നമുക്കു് ഇവിടെത്തന്നെ രണ്ടാമതൊരു യോഗംകൂടി കാശ്മീരത്തിന്റെ നന്മയെ മുൻനിർത്തി ഗൗരവമായി പലതും പ്രവർത്തിക്കാമായിരുന്നു. എന്നാൽ ഇപ്പോൾ അതിനു നിവൃത്തിയില്ലെങ്കിലും അടുത്ത ഘട്ടത്തിൽത്തന്നെ അങ്ങനെയൊരു യോഗം കൂടേണ്ട ആവശ്യമുണ്ടു്. ഇനി ഇതിനെപ്പറ്റിയുള്ള ആലോചനകൾ കല്പനക്കോട്ടയിൽ വച്ചു നടത്തി അശോകനാഥനെ അടക്കാൻ മാർഗ്ഗം കണ്ടുപിടിക്കേണ്ടതാണു്. കുമുദിനിയുടേയും താരാനാഥന്റെയും അഭിമുഖസംഭാഷണത്തിൽനിന്നും അഭിലഷണീയമായഫലം സിദ്ധിക്കുകയാണെങ്കിൽ എല്ലാംകൊണ്ടും നാം അതിലേക്കു് ശക്തന്മാരായിത്തീരുന്നതുമാണു്.

ഉദയസേനൻ:—എന്നിരുന്നിട്ടും അങ്ങയുടെ മുഖഭാവം അധൈര്യത്തെയും അസമാധാനത്തെയും സൂചിപ്പിക്കുന്നുവല്ലോ.

ഈ അവസരത്തിൽ രണ്ടു ഭൃത്യന്മാർ ഭക്ഷണസാധനങ്ങളും കൊണ്ടു മുറിയിൽ പ്രവേശിച്ചു. പലേതരത്തിലുള്ള ഫലവർഗ്ഗങ്ങളും പാനീയങ്ങളും ഉണ്ടായിരുന്നു. അവരുടെ വരവു് ഉദയസേനന്റെ വാക്കുകൾക്കു് നിഷ്കളാനന്ദൻ പറയാനിരുന്ന മറുപടിയെത്തടഞ്ഞു. ഇതിനകം മണി പന്ത്രണ്ടരയായി നിഷ്കളാനന്ദന്റെ മനസ്സിൽ ഒരു വല്ലാത്ത സംഭ്രമം നേരിട്ടു. ഭൃത്യന്മാർ

ലഘുഭക്ഷണത്തിനു് ആരംഭിച്ചു. നിഷ്കളാനന്ദൻ, കുമുദിനിയെ സഹായിക്കാൻ ചില ഭടന്മാരെ ശട്ടംകെട്ടി അയയ്ക്കണമെന്നു് ഉദ്ദേശിച്ചു്. ഭക്ഷണസാധനങ്ങൾ കൊണ്ടുവന്ന ഭൃത്യന്മാരിൽ ഒരുവനെ ഒരു ഭാഗത്തേക്കു വിളിച്ചു്, 'നീ ഉടനേ ചെന്നു നമ്മുടെ ആളുകളിൽ ചിലരെ അയച്ചു്, പുഷ്പഗൃഹത്തിൽ കുമുദിനിയോടു സംസാരിച്ചു കൊണ്ടിരിക്കുന്ന ആളിനെ ബന്ധനസ്ഥനാക്കണം, എന്നു പതിഞ്ഞസ്വരത്തിൽ പറഞ്ഞയച്ചുംവച്ചു ഭക്ഷണത്തിനു് ആരംഭിച്ചു. അംബികേശൻ പെട്ടെന്നെഴുന്നേറ്റു മുറിക്കു പുറത്തിറങ്ങി. പുറത്തിറങ്ങിയതിനു ശേഷമാണു് സംഗതി മറ്റുള്ളവർക്കു മനസ്സിലായതു്. അല്ല! അംബികേശനെവിടെ? എന്നു ചോദിച്ചുംകൊണ്ടു നിഷ്കളാനന്ദൻ ബദ്ധപ്പെട്ടു വാതിലിന്റെ നേർക്കു പാഞ്ഞു. താൻ ഭൃത്യനോടു പതുക്കെ പറഞ്ഞ വാക്കുകൾ അംബികേശൻ കേട്ടിരിക്കണമെന്നും അതുകൊണ്ടാണു് അയാൾ ബദ്ധപ്പെട്ടു വെളിയിലിറങ്ങിപ്പോയതെന്നും ഇതുനിമിത്തം എന്തോ അപകടങ്ങൾ സംഭവിച്ചേക്കാമെന്നുമായിരുന്നു നിഷ്കളാനന്ദന്റെ സംശയം. വാതിലിന്റെ നേർക്കു പാഞ്ഞുചെന്ന നിഷ്കളാനന്ദനു കതകു തുറക്കാൻ സാധിച്ചില്ല. അംബികേശൻ വെളിയിലിറങ്ങി കതകു വലിച്ചടച്ചു പൂട്ടിക്കൊണ്ടാണു് ഗമിച്ചതു്. അതോടുകൂടി നിഷ്കളാനന്ദന്റെ സന്ദേഹം ബലപ്പെട്ടു വിശ്വാസമായി പരിണമിച്ചു.

കതകു പൂട്ടിക്കൊണ്ടു് അംബികേശൻ അങ്ങിങ്ങു പരിഭ്രമത്തോടുകൂടി കണ്ണോടിച്ചു. നിഷ്കളാനന്ദനാൽ നിയുക്തനായ ഭൃത്യൻ പുരോഗമനം ചെയ്യുന്നതു കണ്ടു്, അവൻ അറിയാതെ അവനെ അനുഗമിച്ചു. ഭൃത്യൻ ചെന്നു് ഒരു മുറിയിൽ കയറി. അംബികേശൻ ഒരു ഒഴിഞ്ഞ സ്ഥലത്തു മറഞ്ഞുനിന്നുംകൊണ്ടു് അതിനകത്തു ശ്രദ്ധിച്ചു. കരിങ്കുപ്പായംധരിച്ചു മുഖംമറച്ചു് ആയുധപാണികളായ മൂന്നാളുകൾ അതിനുള്ളിൽനിന്നും വെളിയിൽ വന്നു് സമീപത്തുള്ള ഒരു മുറിയിൽ കടന്നു. ഖഡ്ഗപാണികളായി ബദ്ധപ്പെട്ടു മുറിയിൽ കടന്നതുകണ്ടു താരാനാഥനും കുമുദിനിയും സംഭാഷണം നടത്തിക്കൊണ്ടിരിക്കുന്നതു് ആ മുറിയിൽത്തന്നെ ആയിരിക്കണമെന്നു് അംബികേശൻ അനുമാനിച്ചു. അതേനിമിഷത്തിൽ മുഖാച്ഛാദിനിയാൽ മുഖംമറച്ച വാളുരിപ്പിടിച്ചുകൊണ്ടു് അയാളും ആ മുറിക്കുള്ളിൽ കടന്നു.

ഈ നാലുപേരെയുമാണു കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനത്തിൽ താരാനാഥനും കുമുദിനിയും പുഷ്പഗൃഹത്തിൽ കണ്ടതെന്നു പ്രത്യേകം പറഞ്ഞറിയിക്കണമെന്നില്ലല്ലോ.

തന്റെ ആൾക്കാർ താരാനാഥനെ വളഞ്ഞ ഉടനെ, കുമുദിനീദേവി സോത്സാഹം ചാടിയെഴുന്നേറ്റു. അവിചാരിതമായ ഈസംഭ

വത്താൽ താരാനാഥൻ പരിഭ്രാന്തനായി ഭവിക്കുകയാൽ ആഗംക്കാർ മൂന്നുപേരും കടന്നുപിടിക്രുടി. ആഗംക്കാരെ ക്രുട്ടിക്കൊണ്ടുചെന്ന ഭൃത്യനും അവരെ സഹായിക്കയാണുണ്ടായതു്. അംബികേശൻ ഖഡ്ഗവും ചലിപ്പിച്ചുകൊണ്ടു് അകത്തുപ്രവേശിച്ചതുകണ്ടു് ആഗംക്കാരിൽ ഒരുവൻ അവന്റെനേക്കു പാഞ്ഞു. താരാനാഥൻ ശേഷിച്ച രണ്ടുപേരുടെ പിടിയിൽനിന്നും തെറ്റി അരവാളൂരിക്കൊണ്ടു് അംബികേശനെ സഹായിക്കാനായി അങ്ങോട്ടടുത്തു. അബികേശനെ താരാനാഥൻ ആളറിഞ്ഞില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. സമത്ഥനും ധൈര്യവാനുമായ ഒരു യോദ്ധാവാണെന്നാണു് അയാൾ കരുതിയതു്.

മിന്നിച്ചുലിക്കുന്ന താരാനാഥഖഡ്ഗത്തിന്റെ സീൽകാരത്താൽ ഭയവിഹ്വലയായ കുമുദിനി തന്റെ ആഗംക്കാരുടെ പിറകേ പതുങ്ങി. ആഗംക്കാർ ധൈര്യത്തെ കൈവെടിഞ്ഞില്ലെന്നു മാത്രമല്ല, പ്രതിപക്ഷികളോടു് എതിരിടുകതന്നെ ചെയ്തു ഭൃത്യനും തന്റെ അരയിൽ തിരുകിയിരുന്ന കഠാരി കൈയിൽ ധരിച്ചുകൊണ്ടു് ആഗംക്കാരെ സഹായിച്ചു. കിംബഹുനാ? ഭയങ്കരമായ വിധത്തിൽ ഇരുകക്ഷികളും ധീരധീരമായി പ്രതിദ്വന്ദ്വികളെ എതിർത്തു. ക്ഷണനേരത്തിനുള്ളിൽ താരാനാഥനും അംബികേശനും വിജയശ്രീയെ കരസ്ഥമാക്കുന്ന മട്ടായി. ജീവനിൽ കൊതിയുണ്ടെങ്കിൽ പിന്നോക്കം ഓടിക്കൊൾവിൻ താമസിച്ചാൽ തലതാഴ്ത്തു് എന്നു താരാനാഥൻ യുദ്ധമദ്ധ്യേ വീരവാദം ചെയ്തുതുടങ്ങി.

"ഒരിക്കലും പാടില്ല. പിൻവാങ്ങരുതു്. ഇവരെ അകറ്റിപ്രവേശനദ്വാരത്തിലേക്കു് എനിക്കു മാത്രം തരുവിൻ! ഞാൻചെന്നു നമ്മുടെ ആഗംക്കാരിൽ ചിലരേക്കൂടെക്രുട്ടിക്കൊണ്ടുവരാം. ഇവരെ വിട്ടയയ്ക്കാൻപാടില്ല" എന്നിങ്ങനെ കുമുദിനീദേവി തന്റെ ആഗംക്കാരോടാജ്ഞാപിച്ചു.

"ഞങ്ങളെ അകറ്റി വഴിയുണ്ടാക്കാൻ സാധിക്കുന്ന കാര്യം പ്രയാസത്തിലാണു്. നിങ്ങളെ മയ്യാടപറിപ്പിച്ചില്ലാതെ ഞങ്ങൾ മാറുന്നതല്ലാ. അല്ലെങ്കിൽ ഞങ്ങൾ നിഗ്രഹിക്കപ്പെടണം" എന്നായിരുന്നു അംബികേശന്റെ ധീരധീരമായ വാക്കുകൾ. പണ്ടില്ലാത്ത പ്രസരിപ്പും ബലവും ധൈര്യവും ഈ അവസരത്തിൽ അംബികേശനു സിദ്ധിച്ചിട്ടുണ്ടു്

ഇരുകക്ഷികളും ശക്തിപൂർവ്വംഎതിർത്തു യുദ്ധംചെയ്തുകൊണ്ടു നിൽക്കവേ ആഗംക്കാരിൽ ഒരുവൻ അംബികേശന്റെ ഖഡ്ഗപ്രയോഗചാതുരിയെ അഭിനന്ദിച്ചു കീഴ്പ്പെട്ടവനെന്നവണ്ണം ഉത്തമാംഗംപിളക്കപ്പെട്ടു നിലത്തു സാഷ്ടാംഗം പതിച്ചു. അടുത്ത ക്ഷ

ണത്തിൽ താരാനാഥന്റെ വെട്ടേറു മറ്റൊരുവനും തന്റെ ക്രൂട്ട കാരനെ അനുകരിച്ചു.

ആയുധക്കാരിൽ രണ്ടുപേർ ഭൂമിദേവിയെ ചുംബിച്ചുതുകണ്ടു് ഭയാക്രാന്തയായ കുമുദിനി ആപാദമൂർദ്ധം വിറപൂണ്ടു. അവളുടെശ രീരം വിയത്തു നാവുവരണ്ടു നിലംപറ്റുമെന്നു കണ്ടു് ഭിത്തിയിൽ ചാഞ്ഞു. ആയുധക്കാരിൽ ശേഷിച്ചവനും ഭൃത്യനും നിലത്തുവീണ ക്രൂട്ടകാരുടെ ശക്തിയെക്രൂടി വഹിച്ചവരെന്നവണ്ണം പൂർവ്വാധികം ധൈര്യത്തോടും വാശിയോടുംക്രൂടി പ്രതിപക്ഷികളെ എതിർക്കുന്നുണ്ടായിരുന്നു. പടത്തിലെ ഛായയെന്നോണം ഭിത്തിയിൽ ചാരിനി ന്ന കുമുദിനി തന്റെ പക്ഷക്കാരുടെ ധൈര്യപ്രകടനത്തെ അവി ശ്വാസമനഃസ്ഥിതിയോടുക്രൂടിയാണെങ്കിലും വീക്ഷിക്കുന്നുണ്ടായിരു ന്നു താരാനാഥൻ ഭൃത്യനേയും അംബികേശൻ അപരനേയും അത്യന്തം വാശിയോടുക്രൂടി എതുത്തുനിന്നു. അങ്ങനെ നിൽക്കെ ഭൃത്യൻ താരാനാഥന്റെ വേട്ടേറു വ്യക്ഷസ്സുരണ്ടായിപ്പിളർന്നു നിലത്തു മറിഞ്ഞു അംബികേശന്റെ ഖഡ്ഗപ്രയോഗത്താൽ പ്രതിയോഗി യുടെ വാൾ പിടിയിൽവച്ചു ഒടിഞ്ഞുരുരെത്തെറിച്ചുതുകൊണ്ടു അവൻ കീഴടങ്ങി. അംബികേശനാൽ തോല്പിക്കപ്പെട്ട രണ്ടുപേ രിൽനിന്നും രക്തംചിന്താൻ ഇടയായില്ലെന്നുള്ളതു പ്രത്യേകം പ്രസ്താ വ്യമാണു്. താരാനാഥനാകട്ടെ രണ്ടുപേരെയും വെട്ടിപ്പിച്ചു കൊ ല്ലുകയാണുണ്ടായതു്. ഇപ്രകാരം താരാനാഥനും അംബികേശനും വിജയശ്രീയെ കരസ്ഥമാക്കിയതുകണ്ടു കുമുദിനി ഭയാക്രാന്തയായി മൂർച്ഛിച്ചു നിലത്തുവീണു. അംബികേശതാരാനാഥന്മാർ കീഴട ങ്ങിയ പ്രതിപക്ഷിയെ കരചരണങ്ങൾ ബന്ധിച്ചിട്ടുംവച്ചു കുമുദി നിയെ മൂർഛയിൽനിന്നും നിവർത്തിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ശീതോപചാരങ്ങൾക്കും മറ്റും അവിടെ തെല്ലും സൗകര്യമില്ലായ്മ കയാൽ അവരുടെ യത്നം നിഷ്ഫലമായി ഭവിച്ചു. താരാനാഥൻ ഗത്യന്തരമില്ലാതെ കുഴങ്ങി. തന്റെ ഭൃത്യദ്വയത്തിന്റെ സ്ഥിതി ചോദിച്ചറിയുന്നതിനായിട്ടാണു് അയാൾ കുമുദിനിയെ മൂർഛയിൽ നിന്നും നിവർത്തിപ്പിക്കാൻ ശ്രമിച്ചതു്. ശ്രമം ഫലവത്താകാഞ്ഞതി നാൽ കൈകാലുകൾ കൂട്ടിക്കെട്ടി ഇട്ടിരുന്ന പ്രതിപക്ഷിയുടെ സമീ പത്തുചെന്നു് സ്വഭൃത്യന്മാരെപ്പറ്റി അവനു് എന്തെങ്കിലും അറി വുണ്ടോ എന്നന്വേഷിച്ചു. ഈ ഘട്ടത്തിൽ കുമുദിനിയുടെ ആപ്ത ക്കാരിൽ ആറുപേർ ആയുധപാണികളായി പെട്ടെന്നു് മുറിക്കുള്ളിൽ പ്രവേശിച്ചു. അവിടെ പൂർവ്വസംഭവിച്ച യുദ്ധകോലാഹലം കേട്ടു് തന്റെ സ്വാമിനിക്കു് എന്തോ അപകടം നേരിട്ടിട്ടുണ്ടെന്നു സംശ യിച്ചു് അവർ ആഗതന്മാരായതാണു്. ഈ ആറുപേരെയും കണ്ടു താരാനാഥൻ കോപാവേശത്തോടുക്രൂടി അവരുടെ നേർക്കു പാഞ്ഞു.

"അപരിചിതനായ സുഹൃന്മണേ! ഇനിയും നമുക്കു വിശ്രമമില്ലെന്നാണു വന്നിരിക്കുന്നതു്. ഈ ആറുപേരെയും എതിർത്തു സംഘഭേദനം ചെയ്തുകൊണ്ടു വെളിയിൽ ചാടാമെങ്കിൽ നമുക്കു മോചനമാർഗ്ഗമുണ്ടു്" എന്നു പറഞ്ഞുംകൊണ്ടാണു താരാനാഥൻ മുമ്പോട്ടുപാഞ്ഞതു്. മുറിഞ്ഞ മദനന്റെ സഹായം സിദ്ധിക്കുമെന്നു താരാനാഥനു വിശ്വാസമുണ്ടല്ലോ.

മേല്പറഞ്ഞ ആറുപേരും ആപാദം കരിംകുപ്പായംതന്നെ ധരിച്ചിരുന്നു. കാഴ്ചയിൽ അവർ ബലിഷ്ഠന്മാരായി കാണപ്പെട്ടു. എതിർത്താൽ ശണ്ഠ എളുപ്പത്തിൽ അവസാനിക്കയില്ലെന്നു താരാനാഥൻ ബോധിച്ചു. അതിൽ വളരെ വാസ്തവമുണ്ടു്. അവർ ആറുപേരും സമർത്ഥന്മാരായ യോദ്ധാക്കളാണു്. അവർ അവസാനം കാണുവോളം മുൻവച്ചകാൽ പിൻവലിക്കുന്നവരല്ല. ഇപ്പുരുഷന്മാർ താരാനാഥനെപ്പോലെത്തന്നെ അംബികേശനും മനസ്സിലാക്കിയെങ്കിലും അയാൾ അശേഷം അധൈര്യപ്പെട്ടില്ല. പൂർവ്വധൈര്യവും വാശിയും അധികപ്പെടുകതന്നെയാണുണ്ടായതു്. യുദ്ധോദ്യമത്തിൽ ഒരു പ്രത്യേകമായ ഉന്മേഷം അംബികേശനുണ്ടെന്നുവേണം പറയുവാൻ. താരാനാഥന്റെ സാന്നിദ്ധ്യമായിരിക്കാം അതിനുകാരണം. മരിച്ചാലും ജയിച്ചാലും അനുഭവം രണ്ടുപേക്കും ഒരേ വിഷയത്തിലും ഒരേസമയത്തിലുമാണെന്നുള്ള സമാധാനവും അയാളുടെ പ്രസരിപ്പിനെ ദ്വിഗുണിതമാക്കിച്ചെയ്തിട്ടുണ്ടു് അംബികേശൻ താരാനാഥനോടൊപ്പം മുമ്പോട്ടുപായുകതന്നെചെയ്തു.

ഒരേസ്ഥലത്തുതന്നെനിന്നു ആറുപേരെയും എതിർക്കണമെന്നു താരാനാഥൻ കരുതിയില്ല. ഒരിടത്തു നിൽക്കാതെ നിന്നു് ഓരോരുത്തനേയും എതിർക്കണമെന്നും പഴുതുകിട്ടുമ്പോൾ വെളിയിൽ ചാടണമെന്നുമായിരുന്നു അയാൾ ഉദ്ദേശിച്ചതു്. ആറുപേരെയും എതിർത്തു പരാജയപ്പെടുത്തുകയെന്നുള്ളതു കൃച്ഛ്രസാദ്ധ്യമായ സംഗതിയാകയാൽ താരാനാഥന്റെ ഉദ്ദേശ്യം നിരാക്ഷേപമാണല്ലോ. വിശേഷിച്ചും ഇനിയും ക്ലേശതലായി ആക്രമിക്കാർ പ്രതിപക്ഷികൾക്കു സഹായമായി വന്നുചേരാനുമിടയുണ്ടു്.

ഇരുകൂട്ടരും പരസ്പരം ധീരധീരമായി പൊരുതുകൊണ്ടുനിൽക്കവേ, "ഉം! പഴുതുനോക്കിക്കൊൾക! ലക്ഷ്യം മുമ്പോട്ടിരിക്കട്ടെ! ധൈര്യത്തെ കൈവിടരുതു്!" എന്നിങ്ങനെ താരാനാഥൻ തന്റെ സഹായിയായ അംബികേശനെ തരിപ്പിക്കുകയും പ്രേരിപ്പിക്കയും മോചനമാർഗ്ഗത്തെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നുണ്ടു്. മദഗജങ്ങളെക്കണ്ട മൃഗരാജനെപ്പോലെയാണു് അംബികേശന്റെ നിലയെന്നു താരാനാഥൻ അറിയാഞ്ഞിട്ടല്ല, പ്രതിപക്ഷികളെ തോല്പിക്കാൻ പ്രയാസമുള്ളതിനാൽ താമസിക്കും തോറും തങ്ങൾക്കു ക്ഷീണി

ച്ചും പ്രതിദ്വന്ദികളുടെ സംഖ്യ വർദ്ധിച്ചും വരാനിടയുള്ളതുകൊണ്ടു ക്രൂടിയ ശീഘ്രത്തിൽ വെളിയിൽ കടക്കണമെന്നുള്ള കരുതലോടു ക്രൂടി അപ്രകാരം ഉദ്ബോധനം ചെയ്യുന്നതാണു്. പുറപ്പുറത്തെന്നോണം അംബികേശന്റെ ഇരുമ്പുചട്ടകളിൽ തുടരെത്തുടരെ വെട്ടേല്ക്കുന്നുണ്ടു് അയാൾ എന്നിട്ടും ക്രൂസൽക്രൂടാതെ ബഹുസാമർത്ഥ്യത്തോടെ പ്രതിപക്ഷികളുടെ നേക്കഖഡ്ഗം പ്രയോഗിക്കുന്നു. ധീരനും ശൂരനും ബലിഷ്ഠനുമായ താരാനാഥൻ ശത്രുഖഡ്ഗത്തിൽനിന്നും തന്നെ രക്ഷിക്കുകമാത്രമല്ല, ശത്രുക്കൾക്കു പരുക്കേല്പിക്കുക മാത്രമല്ല, തന്റെ സഹായിയായ അംബികേശനെ അപകടഘട്ടങ്ങളിൽ സഹായിക്കയുംക്രൂടി ചെയ്യുന്നുണ്ടു്. അയാളെ ആറുപേരുടെ മുമ്പിലും ഒരേസമയത്തു കാണുന്നു. ആറുപേരുടെ നേക്കും അയാളുടെഖഡ്ഗം അനുസ്യൂതമായി പ്രവർത്തിക്കുന്നു. ആറുപേരിൽനിന്നും രക്തം ചിന്തിക്കുകയും ചെയ്യുന്നു. അതാ രണ്ടുപേർ താരാനാഥന്റെ വെട്ടുകൊണ്ടു ഈരണ്ടായിത്തുണ്ടിച്ചു നിലത്തു വീഴുന്നു! അഹോ! അംബികേശന്റെ ഖഡ്ഗത്തിനും അതാ, ആറുംക്കാരിൽ ഒരുവൻ ഇരയാകുന്നു രണ്ടുപേരുടെ ഖഡ്ഗവും രക്തത്തിൽ കളിക്കുന്നു. രണ്ടുപേരും വിജയാഹ്ലാദരവം പുറപ്പെടുവിച്ചുകൊണ്ടു ശേഷിച്ചവരുടെ നേക്കുനയുന്നു. സമർത്ഥനായ താരാനാഥന്റെ ശരീരത്തിൽ ഒരൊറ്റപ്പരുക്കുപോലും ഏല്ക്കുകയുണ്ടായില്ല. അംബികേശനു വെട്ടു അനവധി കിട്ടാനിടയായെങ്കിലും ഇരുമ്പുചട്ട അയാളുടെ ശരീരത്തിൽ പരുക്കേല്പിക്കാതെ തടഞ്ഞു. ഇനിയും രണ്ടുപേരും ക്ഷീണിക്കുകയോ മടുക്കുകയോ ചെയ്യുന്നില്ല.

ഈ ഘട്ടത്തിൽ കുമുദിനി സുബോധമുണ്ടായി കണ്ണുതുറന്നു നോക്കി. താൻ കാണുന്ന കാഴ്ച പൂർവ്വധികം ഭയാനകമാണെന്നു ബോധ്യം വരികയാൽ സ്ത്രീസഹജമായ ഭീരുത്വത്താൽ അവൾ വാവിട്ടു നിലവിളിച്ചു.

ഒരു പ്രകാരത്തിൽ ശത്രുക്കളെ മാററി പടിവാതിലിനടുത്തു താരാനാഥനും അംബികേശനും സ്ഥലംപിടിച്ചു. രണ്ടുപേർക്കുംവിജയത്തിൽ വിശ്വാസം ജനിച്ചു. ശത്രുക്കളെ കുറെ അധികം ഉള്ളിലേക്കു തുരത്തിക്കൊണ്ടുപോയിട്ടു പെട്ടെന്നു മടങ്ങിവന്നു വെളിയിൽ ചാടി കതകുപൂട്ടി രക്ഷപ്പെടണമെന്നുള്ള കരുതലോടുക്രൂടി അംബികേശന്റെ വാതിലിനു സമീപം നിന്നുയുംവച്ചു് താരാനാഥൻ ആറുംക്കാരെ പിന്നോക്കം പായിക്കാൻ ശ്രമിച്ചു. മിന്നൽപ്പിണറിനു സമാനമായ വേഗത്തിൽ ഖഡ്ഗത്തെ ചലിപ്പിച്ചു ഭീകരമായ സീൽകാരത്തെ പുറപ്പെടുവിച്ചു മുന്നോട്ടു കയറുംതോറും ശത്രുക്കൾ പിന്തിരിയാതെ പിന്നോക്കം വിലകിത്തുടങ്ങി. തന്മദ്ധ്യേ പെട്ടെന്നു മുന്നോട്ടുകയറി സർവ്വശക്തിയും പ്രയോഗിച്ചു ഖഡ്ഗ

ത്തെ പ്രവത്തിക്കുകയാൽ വീണ്ടും ഒരുവൻ കാലന്തുക്ക യാത്രയാവുകയും ശേഷിച്ച രണ്ടുപേരും ഞെട്ടി പിൻവാങ്ങുകയും ചെയ്തു. അതേനിമിഷത്തിൽ പ്രവേശനദ്വാരത്തെ പെട്ടെന്നു സമീപിച്ച രണ്ടുപേരും വെളിയിൽ കടന്നു വാതിൽ അടച്ചുപൂട്ടി.

ഇത്രയുംകൊണ്ടു് നമുക്കു ജയംകിട്ടി. അടുത്തക്ഷണത്തിൽ എന്തായിരിക്കും സംഭവമെന്നു നമുക്കു ഊഹിക്കാൻപോലും നിവൃത്തി ഇല്ല. ഏതായാലും വേഗത്തിൽ നമുക്കു നടുമുറ്റത്തിറങ്ങാം. എന്നു പറഞ്ഞു താരാനാഥൻ അംബികേശന്റെ കൈക്കുപിടിച്ചുംകൊണ്ടുനടന്നു. രക്തത്തിൽകുളിച്ച ആ രണ്ടു സമത്ഥയോദ്ധാക്കളും പലമുറികളും വരാന്തകളും കടന്നുചെന്നു. വഴിക്കു ആരെയും കണ്ടുമുട്ടിയില്ല. നിശ്ശൂന്യാനന്ദനും പ്രഭുക്കന്മാരും അടയ്ക്കപ്പെട്ടിരുന്ന മുറിയുടെ സമീപത്തു വന്നപ്പോൾ അകത്തു് അവർ ബഹളംകൂട്ടുന്ന ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ആ കതകു ആരും തുറന്നില്ലെന്നുള്ളതു് അതിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ. ആ ഭാഗവും പിന്നെയും പല മുറികളും വരാന്തകളുംകടന്നു ഏണിപ്പടിയിൽക്കൂടി ഇറങ്ങി. അഹോ! അവിടെയും വലുതായ ഒരു യുദ്ധം നടത്തേണ്ടിവരുമെന്നു സംശയംജനിക്കത്തക്ക ലക്ഷ്യങ്ങൾ മുറ്റത്തു കാണുന്നു. കരിംകൂപ്പായം ധരിച്ച മുഖംമറച്ച ആയുധംവഹിച്ച എട്ടു ആൾക്കാർ മുറ്റത്തു നിൽക്കുന്നുണ്ടായിരുന്നു. യാത്രയിൽ സഹായാർത്ഥം തങ്ങളെ അനുഗമിക്കാൻ എട്ടു ആൾക്കാരെ ശട്ടംകെട്ടണമെന്നു ഉടയസേനപ്രഭു കല്പിച്ചതും അംബികേശന്റെ ഓർമ്മയിലുണ്ടു്. ആ കല്പനയെ ഭൃത്യൻ ശരിക്കു നിർവ്വഹിച്ചതിന്റെ അടയാളമാണു് ഈ സംഘടിതദർശനമെന്നു് അയാൾ അനുമാനിച്ചു. പുഷ്പഗൃഹത്തിൽ നടന്ന സംഭവങ്ങളൊന്നും ഇക്രൂട്ടർ ലേശവും അറിഞ്ഞിട്ടില്ല. എങ്കിലും അംബികേശതാരാനാഥന്മാരെക്കണ്ടു് ആൾക്കാർ ആശ്ചര്യത്തോടെ വീക്ഷിച്ചു. ആ രണ്ടുപേരും പരിഭ്രമത്തോടുകൂടി പുറത്തേക്കു വരുന്നതും അവരുടെ ഊരിപ്പിടിച്ച കത്തികൾ രക്തത്തിൽകുളിച്ചിരിക്കുന്നതും രണ്ടുപേരുടേയും ദേഹം ആസകലം രക്തം പുരണ്ടിരിക്കുന്നതും താരാനാഥന്റെ മുഖം ഉൽക്കടമായ കോപത്തെ സൂചിപ്പിക്കുന്നതുംകണ്ടു് മാളികയിൽ എന്തോ കലഹം സംഭവിച്ചിട്ടുണ്ടെന്നു സംശയിച്ചുകൊണ്ടു് രണ്ടുപേരെയും തടയണമെന്ന ആ എട്ടുപേരുംകൂടി തീർച്ചപ്പെടുത്തി.

മദനൻ മുറ്റത്തു ഒരറ്റത്തു് നിൽക്കുന്നുണ്ടായിരുന്നു. താരാനാഥൻ അവനെക്കണ്ടു. അവൻ തന്റെ നേരിൽ പറഞ്ഞപ്രകാരം തന്നെ സഹായിക്കുന്നതിനായി കാത്തുനിൽക്കുകയാണെന്നു താരാനാഥൻ നിശ്ചയിച്ചു. താരാനാഥനും അംബികേശനും മുറ്റത്തിറങ്ങിയ ഉടനെ ആൾക്കാർ അവരെതടഞ്ഞുനിർത്തി, "നിങ്ങൾ

ആരാണു്? എവിടെപ്പോകുന്നു? നിങ്ങളുടെശരീരത്തിലും ഖഡ്ഗത്തിലും രക്തം പുരണ്ടുകാണുന്നതു് എന്തുകൊണ്ടു്?" എന്നു ചോദിച്ചു.

താരാനാഥൻ അതുകേട്ടു്, "ഈ ചോദ്യങ്ങൾക്കൊന്നും മറുപടി പറയാൻ ഞങ്ങൾ തയ്യാറില്ല; എന്നാൽ നിങ്ങൾക്കു ഞങ്ങളെ എതിർക്കാൻ ഭാവമുണ്ടെങ്കിൽ ഞങ്ങൾ ഒരുകൈ പൊരുതുന്നതിനു സന്നദ്ധന്മാരുമാണു്" എന്നു് അലക്ഷ്യമായും ധൈര്യമായും മറുപടി പറഞ്ഞു. "അങ്ങനെയാണെങ്കിൽ നിങ്ങളെ വിട്ടയയ്ക്കാൻ ഞങ്ങൾ കരുതുന്നില്ല" എന്നു അവരിൽ പ്രധാനി പ്രഖ്യാപിച്ചുകൊണ്ടു് അഞ്ചുപേരെ പടിവാതിൽ സൂക്ഷിച്ചുനിൽക്കാൻ ശട്ടംകെട്ടിഅയച്ചു. ബാക്കിയുള്ള മൂന്നുപേരും ഖഡ്ഗപാണികളായി നിന്നു അവരുടെ പുരോഗതിയെത്തടഞ്ഞു താരാനാഥനു സഹിക്കാൻപാടില്ലാത്ത കോപം ഉണ്ടായി! അംബികേശനും വാശിതോന്നി, ശണ്ഠയൊന്നു കേമമായി സംഭവിക്കുമെന്നമട്ടായി. ഈ ഘട്ടത്തിൽ, "വിടരുതവരെ; പിടിക്കിൻ, പിടിച്ചുകെട്ടിൻ! വിട്ടയയ്ക്കരുതു്!! എന്നാൽ കൊല്ലുകയുമരുതു്" എന്നിങ്ങനെ വിളിച്ചുപറഞ്ഞുംകൊണ്ടു നിഷ്കുളാനന്ദൻ അവിടെ അവിർഭവിച്ചു. അതേ സമയത്തു മദനൻ, തന്റെ പിറകേ എത്തിക്കൊള്ളാൻ താരാനാഥനോടു സംജ്ഞാപനംചെയ്തുകൊണ്ടു് പെട്ടെന്നു ഏണിപ്പടി സ്ഥാപിച്ചിരിക്കുന്ന മുറിയിൽ ഓടിക്കയറി. ഒരുപക്ഷേ, മദനൻ ചതിച്ചു കൂട്ടിക്കൊണ്ടുപോയി പണ്ടത്തെ കല്ലറയ്ക്കകത്തു ചാടിച്ചു അപായത്തിൽ കടുക്കുമോ എന്ന ശങ്ക താരാനാഥനെ ബാധിച്ചുവെങ്കിലും, അവൻ ഒരു വിശ്വസ്തനാണെന്നു പ്രഥമദർശനത്തിൽതന്നെ തനിക്കുണ്ടായ ഭ്രമോദയത്തെ അനുസ്മരിക്കുകയാൽ കല്ലറയിൽ കൂടി രക്ഷപ്പെടാൻ മാർഗ്ഗമുണ്ടായിരിക്കുമെന്നു വിശ്വാസം ജനിക്കുകയാൽ അംബികേശന്റെ കൈക്കു പിടിച്ചുകൊണ്ടു് നൊടിക്കിടയിൽ മുറിക്കുള്ളിൽ കടന്നു; മദനന്റെ പിന്നാലെ കല്ലറയിലേക്കുള്ള ഏണിപ്പടിയിൽക്കൂടി കിയ്യോട്ടിറങ്ങി. നിഷ്കളാനന്ദന്റെ അതുകാലം മദനനുംചേർന്നുള്ള അപ്രതീക്ഷിതമായ പ്രസ്തുത സംഭവത്താൽ കുറച്ചൊന്നു അങ്ങനെ പകച്ചു നിന്നതിനുശേഷം ഓടി മുറിയിൽ ചെന്നു. അതിനകം അംബികേശതാരാനാഥന്മാരും മദനനും അകത്തുനിന്നുംകൊണ്ടു കല്ലറയിലേക്കുള്ള പ്രവേശനദ്വാരത്തിന്റെ കതകടച്ചു അകത്തു തഴുതിട്ടു ശരിപ്പെടുത്തി. അനന്തരം ഏണിപ്പടിയുടെ അടിപ്പടിയിൽ മദനൻ കാലേക്കൂട്ടി കരുതിവച്ചിരുന്ന വിളക്കു കൈയിലെടുത്തു മറവക്കു വഴിതെളിച്ചുംകൊണ്ടു മുമ്പോടന്നു.

"നമുക്കു വേഗത്തിൽ നടക്കണം. അല്ലെങ്കിൽ അപകടം നേരിട്ടേക്കാം. ശത്രുക്കൾക്കുംമുമ്പു കുമുദിനീമന്ദിരത്തിൽ എത്തി

യാൽ നമുക്ക രക്ഷപ്പെടാം" എന്ന മദനൻ പറഞ്ഞു. അംബികേശനും താരാനാഥനും അവന്റെ അഭിപ്രായത്തെ അനുകൂലിച്ചു വേഗത്തിൽനടന്നു. മദനൻ തുടർന്നുപറഞ്ഞു:—"നാം രക്ഷപ്പെട്ടു എന്നു തോന്നുന്നു. ഇനി നമുക്ക ഭയപ്പെടേണ്ട ആവശ്യമില്ലെന്നും വിചാരിക്കുന്നു. നിഷ്കളാനന്ദനുംകൂട്ടരും നമ്മെ പിടിക്കാനായി കുമുദിനീസൗധത്തിലേക്ക ബദ്ധപ്പെട്ടു ചെല്ലാതിരിക്കയില്ല. എന്നാൽ അശ്വാരൂഢരായ അവർക്ക മാർഗ്ഗമദ്ധ്യത്തിലുള്ള ഒരു പർവതത്തെ ചുറ്റി യാത്രചെയ്യേണ്ടതായിട്ടുണ്ട്. കാൽനടയായിട്ടെന്നാലും നമ്മേക്കാൾ വേഗത്തിൽ അവർക്ക ചെന്നുചേരാൻ സാധിക്കുന്നതല്ല. കുമുദിനീസൗധത്തിൽ ചെന്നുപറഞ്ഞിയാൽ നമുക്ക ഭയപ്പെടാനൊന്നുമില്ല.

താരാനാഥൻ:—അതെന്തുകൊണ്ട്? കുമുദിനീസൗധത്തിൽ ഇപ്പോൾ ആരും ഉണ്ടായിരിക്കയില്ലേ?

മദനൻ:—ഈ സമയത്തു് അവിടെ ഒരുത്തരുമില്ല.

അങ്ങനെ സംസാരിച്ചുകൊണ്ടുപോകവേ, എതിരേ ഒരു വാതിൽകണ്ടു. കതകുതുറന്നു മുമ്പോട്ടുതന്നെ നടന്നു. അതിൽ പിന്നിട്ടും രണ്ടു വാതിലുകൾ കടക്കേണ്ടിവന്നു. മൂന്നാമതു് വേറെ ഒരു വാതിൽ കടന്നു; അവിടെ മുകളിലേക്ക കയറാനുള്ള ഒരു കോണിപ്പടി കണ്ടു. പടിക്കെട്ടിൽ കയറിച്ചെന്നിറങ്ങിയതു് ഒരു മുറ്റത്തായിരുന്നു. ധവളസൗധത്തിലെ നടുമുറ്റത്തെ അപേക്ഷിച്ചു് ഇതു് ഇടുങ്ങിയതായിരുന്നുവെങ്കിലും അതിനേക്കാൾ ചേതോഹരമായി കാണപ്പെട്ടു.

"കുമുദിനീമന്ദിരത്തിന്റെ മുറ്റമാണിതു്. ഇനി നമുക്ക ഭയപ്പെടാനൊന്നുമില്ല. എന്നിരുന്നാലും നാം അമാന്തിച്ചുകൂടാ. ഇവിടെ കുതിരകളുണ്ടു്. പക്ഷേ, കുതിരലായത്തിൽചെന്നു കുതിരകളെ അഴിച്ചു സവാരിക്കോപ്പുകൾ തേടിപ്പിടിച്ചു സജ്ജമാക്കുന്നതിനും മറ്റും വളരെ താമസംനേരിടും. അതുകൊണ്ടു കാൽനടയായി ഇവിടുന്നു കടക്കുകയാണു വേണ്ടതെന്നു് എനിക്ക തോന്നുന്നു" എന്ന മദനൻ പറഞ്ഞു. താരാനാഥൻ ആ അഭിപ്രായത്തെ അനുമോദിച്ചു. എന്നാൽ നമുക്ക കാൽനടയായിത്തന്നെ പുറപ്പെടാം. എന്റെ ഭൃത്യന്മാരുടെ സ്ഥിതി എന്താണെന്നു് ഇനി അന്വേഷിക്കാൻ നിവൃത്തിയില്ല" എന്നുപറഞ്ഞു എല്ലാവരും വേഗത്തിൽ പടിവാതിലിനെ ലക്ഷ്യമാക്കി നടന്നു. അവിടെ ഒരു വൃദ്ധൻ ദ്വാരപാലകനായി കാണപ്പെട്ടു. മദനൻ അയാളെ ഭയപ്പെടുത്തി വശപ്പെടുത്തുകയാൽ നിഷ്പ്രയാസം മൂന്നുപേരും വെളിയിൽ കടന്നു. അല്പസമയത്തിനുള്ളിൽ ശ്രീപുരത്തേക്കുള്ള പ്രധാനപ്പെട്ട റോഡിൽ കയറി. ആ അവസരത്തിൽ റോഡരികിലുള്ള ഉപവനത്തിൽ നി

ന്നും ഖഡ്ഗപാണികളായി ആരൊക്കെയോ പെട്ടെന്നു ആവർഭവിച്ചു ഇവരെത്തടഞ്ഞു. അംബികേശനും താരാനാഥനും അത്യന്തകോപാവേശത്തോടുകൂടി അവരെ എതിർത്തു ഖഡ്ഗപ്രയോഗം നടത്തി. എന്നാൽ മദനൻ യുദ്ധപരിശീലനം ചെയ്തിട്ടില്ലെന്നു മാത്രമല്ല, ഇതേവരെ ഇപ്രകാരമുള്ള ശണ്ഠകളിൽ പങ്കുകൊണ്ടിട്ടുമില്ലാത്തതിനാൽ ക്ഷണേന നിലത്തുവീണു. ആ നിമിഷത്തിൽ നിഷ്കളാനന്ദൻ അവന്റെ പുറത്തുകയറി ഇരുന്നുംകൊണ്ടു് അവനെ നിഗ്രഹിക്കാനായി കഠാരി ഓങ്ങി; തൽക്ഷണം താരാനാഥൻ അയാളുടെ നേർക്കു പാഞ്ഞു. തന്റെ ഖഡ്ഗത്തെ പ്രവർത്തിപ്പിച്ചിരുന്നില്ലെങ്കിൽ മദനന്റെ കഥകഴിയുമായിരുന്നു. താരാനാഥന്റെ ഖഡ്ഗപ്രയോഗത്താൽ നിഷ്കളാനന്ദന്റെ കരത്തിൽ പരുക്കേറ്റു കഠാരി ദൂരത്തെറിച്ചു ഭയങ്കരമായ അലച്ചയോടുകൂടി നിഷ്കളാനന്ദൻ വശംകെട്ടുവീണു. മദനൻ പ്രസരിപ്പോടുകൂടി എഴുന്നേറ്റു താരാനാഥന്റെ സമീപത്തു ചേർന്നുനിന്നു.

നിഷ്കളാനന്ദൻ വീണതിനാൽ അയാളുടെ കൂട്ടുകാർ അഞ്ചു പേരും ശണ്ഠനിർത്തി അയാളെ രക്ഷിക്കുന്നതിനും സഹായിക്കുന്നതിനും ഉദ്യുക്തരായി. യാതൊരു പ്രതിബന്ധവും ശത്രുഭയവും കൂടാതെ താരാനാഥപ്രഭൃതികൾ ആ തക്കത്തിനു് അവരുടെ വഴിക്കു തിരിച്ചു. അവരുടെ യാത്ര ശ്രീപുരത്തെ അഭിമുഖീകരിച്ചാണെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ.

പുഷ്പഗ്രഹത്തിൽവച്ചു് അംബികേശനും താരാനാഥനും അന്യോന്യം സന്ദർശിക്കാനിടയായതുമുതൽ ഇതുവരെ ഭയങ്കരമായ സംഭവങ്ങൾ തുടരെത്തുടരെ നടന്നുകൊണ്ടിരുന്നതിനാൽ അവർക്കു പരസ്പരസംഭാഷണത്തിനു സൗകര്യം ലഭിച്ചില്ല. തന്നെ ഈ അത്യാഹിതത്തിൽ ഹൃദയപൂർവ്വം സഹായിക്കുന്ന സമർത്ഥനായ യുവാവു് ആരാണെന്നു അറിയുന്നതിനും തനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നതിനും താരാനാഥനു സാവകാശം കിട്ടിയതിനാൽ അംബികേശനെ നോക്കി "നമുക്കു വഴിയരികിലുള്ള ഈ ഉപവനത്തിൽ അല്പമൊന്നു വിശ്രമിക്കാം. മാന്യനായ യുവാവേ! ഈ മഹാവിപത്തിൽ മനഃപൂർവ്വം എന്നെ സഹായിച്ച നിങ്ങൾ ആരാണെന്നും നിങ്ങളുടെ സ്ഥിതിഗതികൾ എന്തെല്ലാമെന്നും ഉള്ള വിവരങ്ങൾ അറിവാൻ എനിക്കു അതിയായ ഉൽക്കണ്ഠയുണ്ടു്" എന്നു പറഞ്ഞു.

താരാനാഥന്റെ വാക്കുകൾകേട്ടു് മദനൻ പറഞ്ഞു:—പാടില്ല, ഒരു നിമിഷംപോലും നമുക്കു ഇവിടെ താമസിച്ചുകൂടാ. നിങ്ങൾ രണ്ടു പേരുടേയും സാമർത്ഥ്യത്താൽ നിഷ്കളാനന്ദനും കൂട്ടരും പരാജിതന്മാരായി എങ്കിലും അവരെസ്സംബന്ധിച്ച നമ്മുടെ

ശത്രുക്കൾ പലർ ഈ ഉപവനങ്ങളിൽ അവിടവിടെ മറഞ്ഞു നില്ക്കുന്നുണ്ടായിരിക്കും. അതുകൊണ്ടു ശ്രീപുരത്തു എത്തുവോളം നമ്മുടെ യാത്രയ്ക്കു അമാന്തം നേരിടരുതെന്നാണു എന്റെ താഴ്മയായ അഭിപ്രായവും അപേക്ഷയും.

താരാനാഥൻ:—എന്നാൽ നമുക്കു മുന്നുപേർക്കും ശ്രീപുരത്തേയ്ക്കു തന്നെ വേഗത്തിൽ പുറപ്പെടാം.

അംബികേശൻ:—മാന്യരെ! എനിക്കു് അതിനു സൌകര്യം ഇല്ല. ശ്രീപുരത്തു വരുന്നതുകൊണ്ടു് എനിക്കു ആപത്തു നേരിടാം. ഞാൻ ധരിച്ചിരിക്കുന്ന ഈ കവചാടികം ശ്രീപുരംകൊട്ടാരത്തിൽനിന്നും എനിക്കു കിട്ടിയതാണു്. ഈ വേഷം ധരിച്ചതിനുശേഷം ഞാൻ നടത്തിയിരിക്കുന്ന പ്രവൃത്തികൾ ഓരോന്നും അശോകനാഥന്റെ ലക്ഷ്യത്തിനും ഉദ്ദേശ്യത്തിനും വിപരീതങ്ങളും പ്രതിബന്ധകങ്ങളുമാണു് തന്നിമിത്തം ആ ശൂരപുരുഷന്റെ വലുതായ കോപത്തിനു ഞാൻ പാത്രീഭവിച്ചിരിക്കുന്നു. അതുകൊണ്ടു് എന്നെ ശ്രീപുരത്തേയ്ക്കു ക്ഷണിക്കരുതെന്നു് അപേക്ഷയുണ്ടു്.

താരാനാഥൻ:—അതു് എന്തുതന്നെയായാലും നമുക്കു അല്പം സംസാരിക്കേണ്ടതു എത്രയും ആവശ്യമാണു്. താങ്കൾക്കു ശ്രീപുരത്തേയ്ക്കു വരാൻ സാധിക്കുകയില്ലെങ്കിൽ ഞാൻ അതിലേയ്ക്കു നിർബ്ബന്ധിക്കുന്നില്ല. നമുക്കു് ഈ കാട്ടിന്റെ ഉള്ളിലേയ്ക്കു കടക്കാം. അവിടെ സൌകര്യമുണ്ടായിരിക്കും. ശത്രുഭയത്തിനു് അവിടെ അവകാശവുമില്ല.

അംബികേശൻ അപ്രകാരം സമ്മതിച്ചു. മൂന്നുപേരും വനമദ്ധ്യത്തെ ലക്ഷ്യമാക്കി നടന്നു. കുറെ ഉള്ളിൽചെന്നു് അവിടെ സൌകര്യമായ ഒരു സ്ഥലത്തിരുന്നു. താരാനാഥൻ ആദ്യമായി അംബികയെനോക്കി ഇപ്രകാരം പറഞ്ഞു:—"യുദ്ധവിശാരദനും മഹാമനസ്കനുമായ യുവാവേ! താങ്കൾ ആരാണെന്നു എനിക്കു മനസ്സിലായിട്ടില്ല. മിക്കവാറും നാം തമ്മിൽ അപരിചിതന്മാരാണെന്നാണു ഞാൻ വിചാരിക്കുന്നതു്. അതേ! പൂർവ്വപരിചയമില്ലാത്ത ഈ അന്യനെ ജീവനെപ്പോലും തൃണവൽഗണിച്ചു് ഇപ്രകാരത്തിൽ മനഃപൂർവ്വമായി സഹായിച്ചു് അന്യാദൃശമായ സ്നേഹം പ്രദർശിപ്പിച്ച താങ്കൾക്കു എന്റെ ഹൃദയാന്തരത്തിൽനിന്നും ഉദ്ഭിന്നമായ കൃതജ്ഞതയെ അറിയിക്കട്ടെ! യഥാസന്ദർഭം ആ മുറിയിൽ പ്രവേശിച്ചു് എന്നെ സഹായിച്ചിരുന്നില്ലെങ്കിൽ, ഇപ്പോൾ എന്റെ അവസ്ഥ എന്തായിരുന്നേനെ എന്നു് എനിക്കുതന്നെ നിശ്ചയമില്ല. അല്ലെങ്കിൽ എന്താണു് സംശയിപ്പാൻ? ശത്രുഖഡ്ഗത്തിനു ഇരയാകുമായിരുന്നു. അതിനിടയാകാതെ രക്ഷിച്ച താങ്കൾക്കു ആജീവനാന്തം

ഞാൻ കടപ്പെട്ടിരിക്കുന്നു. മാന്യസുഹൃത്തേ! ഒരു പക്ഷേ, താങ്കൾക്കു ഞാൻ കേവലം അപരിചിതനെന്നുവരുന്നതല്ല. താരാനാഥൻ എന്ന തന്റെ പേരുമായിട്ടെങ്കിലും പരിചയമുണ്ടായിരിക്കണം. അമരനാഥം താങ്കൾ എന്റെ ബന്ധുത്വത്തെ അഭിക്ഷിക്കുന്നു. നേപ്പാളരാജാവു് എന്റെ ഉണകാംക്ഷികളിൽ അഗ്രഗണ്യനാണു്. ഉദാരനായ ആ രാജാവു് ആശ്രിതന്മാരുടെ ദാസനാണു്. എന്നെ അദ്ദേഹം സ്വപ്രാണനെപ്പോലെ സ്നേഹിക്കുന്നു. എന്റെ ഏതൊരപേക്ഷയേയും അദ്ദേഹം സ്വീകരിക്കുന്നതാണു്. അദ്ദേഹത്തിൽനിന്നും താങ്കൾക്കു എന്തുസഹായം വേണമെങ്കിലും മടിക്കാതെ പറയുക! ഞാൻ അതു സാധിപ്പിച്ചുതരാം. എന്റെ പ്രാപാശയെ അദ്ദേഹം നിരസിക്കുന്നതല്ല. നേപ്പാളരാജപദവിയുടെ സിംഹാസനത്തോടു് എനിക്കു അത്രകണ്ടു തന്നെയുള്ള ബന്ധമുണ്ടു്. താങ്കൾ ആരാണെന്നും ഏതു നാട്ടുകാരനാണെന്നും എന്നെ ധരിപ്പിക്കുക! മുഖാച്ഛാദിനിമാറ്റി മുഖപരിചയത്തിനു സൌകര്യംതരികയും വേണം. എനിക്കു അതിനു പ്രത്യേകിച്ചു ആശയുമുണ്ടു്. മേലിൽ ഏതു സ്ഥലത്തുവച്ചുകണ്ടാലും ആളറിയണമെങ്കിൽ മുഖപരിചയം ഉണ്ടായിരിക്കേണ്ടതാവശ്യമാണു്."

താരാനാഥന്റെ പ്രസംഗം വിശേഷിച്ചും അമരനാഥബന്ധുതപ്രഖ്യാപനം അംബികേശന്റെ ഹൃദയത്തിൽ അളവറ്റ സന്തോഷത്തെയും ചാരിതാർത്ഥ്യത്തെയും ജനിപ്പിച്ചു. സന്തോഷാധിക്യത്താൽ സംസാരിക്കാൻപോലും അശക്തനായിഭവിച്ചു. പ്രത്യേകിച്ചും ഈ കൃത്രിമാവസ്ഥയിൽ താരാനാഥന്റെ നേരിൽ സംസാരിക്കാൻ അയാൾക്കു സങ്കോചവുമുണ്ടു്. അല്പനേരം മൌനത്തെ അവലംബിച്ചു. നിഷ്ഠുരന്മാരും ബലിഷ്ഠന്മാരുമായ അനവധി യോദ്ധാക്കളോടു് എതിർത്തു ധീരധിരമായി പൊരുതിയപരാജിതരാക്കിയ—വെട്ടിക്കൊല്ലുകപോലും ചെയ്ത അംബികേശൻ, അഥവാ യൌവനയുക്തയായ ആ തരുണീരത്നം, അംബികസകാമുകനായ താരാനാഥന്റെ മുമ്പിൽ ലജ്ജാധീനയായി ഭവിച്ചിരിക്കുന്നു!

നിമിഷാന്തരത്തിൽ മാനസാന്തരപ്പെടുകയാൽ ഒരുപ്രകാരത്തിൽ ധൈര്യത്തെ അവലംബിച്ചുകൊണ്ടു് മധുരമനോഹരമായ സ്വരത്തിൽ ഇപ്രകാരം പ്രവചിച്ചു:—"മാന്യരെ! താങ്കളുടെ കൃതജ്ഞതാപ്രകടനം താങ്കളുടെ നൈസർഗ്ഗികമായ മഹാമനസ്കതയുടെ മറെറാരുലക്ഷ്യമാണു്. എന്നാൽ താങ്കൾ പ്രദർശിപ്പിച്ച കൃതജ്ഞതയ്ക്കു ഞാൻ അവകാശിയാണെന്നുള്ള അഭിമാനം ലേശവും എനിക്കില്ല. ഞാൻ താങ്കളെ വളരെ വളരെ സഹായിച്ചു എന്നും മറും പ്രസംഗിക്കുന്നതു ഒരു പ്രകാരത്തിൽ കേവലം മുഖസ്തുതിയാണു്.

ഞാൻ യാതൊരുസഹായവും ചെയ്തിട്ടില്ല; അതിനു ആവശ്യമായ ശക്തിയും സാമർത്ഥ്യവുമുള്ള താങ്കളെ സഹായിക്കുന്നതിനു് എനിക്കു ശക്തിയില്ലതന്നെ. എന്നാൽ ഒന്നു സമ്മതിക്കാം. താങ്കളെ സഹായിക്കണമെന്നുള്ള മോഹം എനിക്കുണ്ടു്. അതു ഒരു ഉന്മോഹമാണെന്നിരുന്നാലും എല്ലായ്പോഴും ഉണ്ടായിരിക്കയുംചെയ്യും.

താരാനാഥൻ:—അതേ, അതു വേണ്ടതാണു് വിനയം അത്യാവശ്യമാണു്. പക്ഷേ, അന്ധമായവിനയം ചിലപ്പോൾ അനർത്ഥത്തിനു കാരണമായേക്കാം; താങ്കൾ പ്രകാശിപ്പിച്ച ധൈര്യത്തേയും അന്യാദൃശസാമർത്ഥ്യത്തേയുംതാങ്കളിൽനിന്നും എനിക്കു സിദ്ധിച്ച സഹായത്തെയും താങ്കൾക്കു മറക്കാം. എനിക്കു മറക്കാൻ സാധിക്കുന്നതല്ല. യാതൊരു സഹായവും എനിക്കു ചെയ്തില്ലെന്നു പറയുന്നതിൽ സത്യമുണ്ടോ? അത്തരം പ്രശംസയിൽ വൈമുഖ്യമുണ്ടാവാം. എന്നാൽ ആത്മവിശ്വാസം ഏതൊരാളിനും ആവശ്യമാണു് ഓരോരുത്തരും അവനവനുള്ള ശക്തിയിലും യോഗ്യതയിലും വിശ്വാസമുണ്ടായിരിക്കണം. ആ വിശ്വാസമില്ലാത്തവനെക്കൊണ്ടു യാതൊന്നും ചെയ്യാൻ സാധിക്കുന്നതല്ല. എന്നുവച്ചു തന്റെ യോഗ്യതാംശത്തെപ്പറ്റി മുരശ്ശടിച്ചു പ്രസംഗിച്ചുകൊണ്ടു നടക്കണമെന്നു എനിക്കഭിപ്രായമുണ്ടെന്നു് അർത്ഥമാക്കേണ്ട. വിനയത്തിനു പ്രസക്തി ഇവിടെയാണു്. വിനയത്തിൽ പൊട്ടിക്കിളിർത്തതായിരിക്കണം ആ വിശ്വാസം. മാത്രമല്ല, എത്ര പ്രചണ്ഡമായ വ്യാമോഹമാരുതനാലും പിഴുതിടാൻ സാധിക്കപ്പെടാത്ത വിധത്തിൽ അതിന്റെ വേരുകൾ ആ വിനയത്തിൽ ശുഭ്രഭൂതമായിരിക്കയുംവേണം. ഇപ്രകാരമുള്ള വിശ്വാസം ബുദ്ധിപൂർവ്വകവും അഭിലഷണീയവുമാണു്. അതിരിക്കട്ടെ; താങ്കൾ ആരാണെന്നും താങ്കളുടെ പേരെന്താണെന്നും മുൻകരുതലോട്ടുക്കുടിയെന്നവണ്ണം യഥാസന്ദർഭം പെട്ടെന്നു ആ മുറിയിൽ കടന്നുവന്നതു എങ്ങനെയെന്നും എന്നെ ധരിപ്പിക്കണം. അറിവാൻ ഞാൻ അക്ഷമനായിരിക്കുന്നു.

അംബികേശൻ: എന്റെ വസ്തുസ്ഥിതികളെപ്പറ്റി സവിസ്തരം പ്രതിപാദിക്കാൻ ഇപ്പോൾ സാവകാശമില്ല. അതൊരു വലിയ ചരിത്രമാണു്. അതുകൊണ്ടു മുഖ്യമായ ചില വിഷയങ്ങൾ മൂരുക്കത്തിൽ താങ്കളെ അറിയിക്കാം. ഇനി ഒരു സൗകര്യം സിദ്ധിക്കുമെങ്കിൽ വിസ്തരിച്ചു് അന്നു ധരിപ്പിച്ചുകൊള്ളാം. കാരണവശാൽ ഇന്നു് എനിക്കു ധവളസൗധത്തിൽ വരാനിടയായി. വന്നതിനുശേഷം അവിടെ നടന്ന

ഒരു സംഭാഷണത്തിൽനിന്നും താങ്കൾക്ക് ആപത്തു സംഭവിക്കാൻ പോകുന്നതായി അറിഞ്ഞു. ആ നിമിഷത്തിൽ ഞാൻ ധൃതിപ്പെട്ട താങ്കൾ ഇരുന്നമുറിയിൽ കയറിവന്നു. ഈശ്വരാനുഗ്രഹത്താൽ തക്കസമയത്താണു ഞാൻ വന്നതു്.

താരാനാഥൻ:— സംശയിപ്പാനുണ്ടോ? അല്പം താമസിച്ചിരുന്നെങ്കിൽ എനിക്കു പ്രാണഹാനി സംഭവിക്കുമായിരുന്നു.

മദനൻ:— എനിക്കും ചില സംഗതികൾ പറയണമെന്നു് ആഗ്രഹമുണ്ടു്. ഇദ്ദേഹം ചിലതൊക്കെ മറച്ചു സംസാരിക്കുന്നു.

താരാനാഥൻ:— എന്താണതു്? പറയൂ! താൻ പറയാൻപോകുന്ന സംഗതികൾ, ഈ യുവാവിൽ എനിക്കു ബഹുമാനത്തിനോ സ്നേഹത്തിനോ കുറവു നേരിടുവിക്കത്തക്കവയാണെന്നിരുന്നാലും താൻ മടിക്കണമെന്നില്ല. അവ ആ സ്നേഹബഹുമാനങ്ങളെ ദൃഢീകരിക്കുകതന്നെ ചെയ്യും.

മദനൻ:— എന്നിരുന്നാലും ഞാൻ പറയുന്ന സംഗതികൾ കൊള്ളുമ്പോൾ അങ്ങേയ്ക്കു് അളവറ്റ ആശ്ചര്യവും ഒരു പക്ഷേ പരിഭ്രമവും ജനിപ്പിച്ചേക്കാം. ഇന്നു നടന്ന സംഭവങ്ങളിൽ അമാനുഷികമായ സാമർത്ഥ്യം പ്രകടിപ്പിക്കുകയും ഇപ്പോൾ ആത്മപ്രശംസയിൽ വൈരസ്യം പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഈ പുരുഷകേസരിയാണു്, അശോകനാഥനാൽ ശ്രീപുരംകൊട്ടാരത്തിൽ തടവിൽ പാർപ്പിക്കപ്പെട്ടിരുന്ന പ്രഭാകരന്മാരെ മൂന്നുപേരെയും മോചിപ്പിച്ചതു്.

താരാനാഥൻ:— എന്തു്? വാസ്തവമോ? ഉദയസേനനും ചന്ദ്രഗുപ്തനും ഗംഗാധരഗുപ്തനും ബന്ധനത്തിൽനിന്നും മോചിക്കപ്പെട്ടുവെന്നോ?

മദനൻ:— അതെ, അവർക്കു മോചനം കിട്ടി. ഇദ്ദേഹം പരസഹായംകൂടാതെ അവരെ ഇറക്കിക്കൊണ്ടുപോന്നു. ഈ വർത്തമാനം ധവളസൗധം മുഴുവൻ പരന്നു, എല്ലാവേലക്കാരും അറിഞ്ഞു.

താരാനാഥൻ:— എന്തൊരാശ്ചര്യം! പരാക്രമശാലിയായ അശോകനാഥന്റെ തടവുമുറിയിൽ കയറി ഇത്ര ധൈര്യവും ചുണയും കാണിച്ച ഒരു സമർത്ഥനായ യുവാവിനെ എനിക്കു് അറിയുകതന്നെവേണം. സ്നേഹിതാ! നിങ്ങൾ ആരാണു്? ഇനിയും ഈ മുഖം മറച്ചുവയ്ക്കേണ്ട ആവശ്യമെന്തു്.

അംബികേശൻ:— ഉടനടി താങ്കളുടെ അഭിലാഷത്തെ നിറവേറ്റാൻ നിവൃത്തിയില്ലാതെ വന്നതിൽ എനിക്കു വലുതായ മനഃഖേദമുണ്ടു്. വീണ്ടും വീണ്ടും ആ ചോദ്യത്തെ ആവർത്തിക്കാതിരിക്കാൻ ദയയുണ്ടാകണമെന്നു് അപേക്ഷിക്കുന്നു.

താരാനാഥൻ:—ശരി, എന്നാണു താങ്കളുടെ ആഗ്രഹമെങ്കിൽ ഇനി ഞാൻ നിർബന്ധിക്കുന്നില്ല. താങ്കളെ അലട്ടണമെന്നു എനിക്കു ആഗ്രഹമില്ല. താങ്കളെ അലട്ടുന്നതിനേക്കാൾ എന്റെ മനോരഥം സാധിക്കായ്കകൊണ്ടുള്ള കഷ്ടനിതത്തെ സഹിക്കുന്നതാണു് എനിക്കു സന്തോഷം.

അംബികേശൻ:—ദയചെയ്തു ഒരു മൂന്നുദിവസത്തേക്കു ആ സ്വഭാവശീലത്തെ താങ്കൾ കൈവിടാതിരിക്കണമെന്നേ അപേക്ഷയുള്ളൂ. അതിനുശേഷം താങ്കളുടെ മനോഭിലാഷത്തെ നിറവേറുന്നതാണു്; എന്റെ സകല വൃത്താന്തങ്ങളും താങ്കളെ ധരിപ്പിച്ചുകൊള്ളാം.

താരാനാഥൻ:—മൂന്നുദിവസമോ? അഹോ, ഞാൻ എന്താണു ചെയ്യേണ്ടതു്? മൂന്നുദിവസം എങ്ങനെ കാത്തിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. അടുത്തരാവിലെ ഞാൻ ശ്രീപുരത്തുനിന്നും നാട്ടിലേക്കു പുറപ്പെടുന്നതാണു്. അതേ, പുറപ്പെടാതിരിക്കാൻ നിവൃത്തിയില്ല. ഒരു സ്ത്രീയേയും രണ്ടുദാസികളേയും ഒന്നിച്ചു കൂട്ടിക്കൊണ്ടുപോകേണ്ടതായിട്ടുണ്ടു്.

ഒടുവിലത്തെ വാക്യംമനഃക്ലേശത്തോടുകൂടിയാണു പറഞ്ഞതു്. മാടനുമായിട്ടുള്ള നിബന്ധനകൾ അയാളുടെ ഓർമ്മയിൽ വന്നതാണു് അതിനു കാരണം. ആ ശപിക്കപ്പെട്ട നിബന്ധനകൾ സംഭവിക്കാതിരുന്നുവെങ്കിൽ, അത്യാപത്തിൽ ജീവനെ പണയപ്പെടുത്തിതന്നെ സഹായിച്ച യുവാവിനെ ഉടനെ വിട്ടുപിരിയേണ്ടിവരികയില്ലായിരുന്നു എന്നു താരാനാഥൻ വിവിചാരിച്ചു.

അംബികേശൻ:—ഒരു സ്ത്രീയേയും രണ്ടു ദാസികളേയുമോ? (അല്പം കഴിഞ്ഞു) മാന്യരേ! എന്റെ വാക്കുകളെ ക്ഷമിക്കണം. അങ്ങിനെയൊരു ഭാരവുംകൂടി താങ്കൾക്കു വഹിക്കേണ്ടതായിട്ടുണ്ടെങ്കിൽ നിശ്ചയിച്ചുപോയ യാത്രയെ മുടക്കാൻ പാടില്ല. ഞാൻ അതറിയാതെ പറഞ്ഞുപോയതാണു്. എനിക്കു് അല്പം ഇച്ഛാഭംഗവും നേരിട്ടു.

അംബികേശന്റെ, അഥവാ അംബികയുടെ ഹൃദയം കോപകലുഷിതമായി ഭവിച്ചു. സ്ത്രീസഹജമായ അസഹിഷ്ണുത അവളെ ബാധിച്ചു. അസഹിഷ്ണുതയുടെ രൂപാന്തരമാണല്ലോ കോപം.

താരാനാഥൻ:—സുഹൃത്തേ! ഇച്ഛാഭംഗത്തിനു കാരണമെന്തു്?

അംബികേശൻ:—താങ്കൾ അടുത്ത രാവിലെ നാട്ടിലേക്കു തിരിക്കുന്നു എന്നാണല്ലോ പറഞ്ഞതു്. എന്റെ യാത്രയും നാളെത്തന്നെയാണു്. ഒന്നിച്ചുപോകാമെന്നു വിചാരിച്ചു ഞാൻ സന്തോഷിച്ചു. താങ്കൾ നേപ്പാളത്തേക്കാണു പോകുന്നതു്.

എന്റെ യാത്രയും ആ മാഗ്ഗത്തിൽക്കൂടിത്തന്നെ. മൂന്നുദിവസം നമുക്കു് ഒന്നിച്ചു യാത്രചെയ്യാമായിരുന്നു

താരാനാഥൻ—മൂന്നുദിവസമോ? എന്നാൽ കല്പകക്കോട്ടയുടെ സമീപത്തായിരിക്കാം നിങ്ങൾക്കു പോകേണ്ടതു്.

അംബികേശൻ:—അതേ.

താരാനാഥൻ:—എന്നാൽ നമുക്കു ഒന്നിച്ചു പുറപ്പെടാൻ എന്താണു വൈഷമ്യം?

അംബികേശൻ:—താങ്കളുടെ ഒന്നിച്ചു് ഒരു സ്ത്രീയും ആ സ്ത്രീയുടെ ദാസിമാരും കൂടിയുള്ളപ്പോൾ ഞാൻകൂടിവരുന്നതു് അത്ര ശരിയല്ല, രണ്ടുകുട്ടർക്കും അതിൽ അസൌകര്യത്തിനിടയുണ്ടു്. വിശേഷിച്ചും ഞാനൊരു സാധു; ദരിദ്രകുടുംബത്തിൽ സംബന്ധിച്ചവനാണു്.

താരാനാഥൻ:—ആ വാക്കിനു് ഇവിടെ എന്തൊരു പ്രസക്തിയാണുള്ളതു്? താങ്കൾ ദരിദ്രനായിരുന്നാൽ എന്തു തരക്കേടാണു്. ദരിദ്രനെന്നുവച്ചു് എന്തു കുറവാണു്? താങ്കളുടെ പരാക്രമവും ധൈര്യവും ആലോചിക്കുമ്പോൾ താങ്കളിൽനിന്നും ഉയർന്നവരാരാണുള്ളതു്? ആ വിഷയത്തിൽ താങ്കളോടു സാമ്യപ്പെട്ടത്താൻ ഈ ഭാരതത്തിലാരുണ്ടു്? അദ്വിതീയബലവാനായ സ്നേഹിതാ! താങ്കളെ സംബന്ധിച്ചരഹസ്യങ്ങൾ ഒന്നുംതന്നെ അറിയണമെന്നു് എനിക്കു ആഗ്രഹമില്ല. താങ്കളുടെ ലക്ഷ്യങ്ങൾ ശ്ലാഘനീയങ്ങളും ഉൽകൃഷ്ടങ്ങളുമാണെന്നു ഞാൻ ഊഹിക്കുന്നു അതുപോലെതന്നെ താങ്കളുടെ സ്വഭാവഗുണത്തിലും എനിക്കു ബഹുമാനമുണ്ടു്. താങ്കളെ സർവ്വാത്മനാ സഹായിക്കാൻ എനിക്കു സന്തോഷമാണു്. ഇന്നുമുതൽ താങ്കളെ എന്റെ ഒന്നാമത്തെ സുഹൃത്തും സ്വന്തം സഹോദരനുമായി കരുതിയിരിക്കുന്നു. അതിനു മരണപര്യന്തം ഭംഗം നേരിട്ടുന്നതുമല്ല. താങ്കൾ ദരിദ്രനോ സമ്പന്നനോ ആരായാലും എന്റെ മനഃസ്ഥിതിക്കു താങ്കളെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും ഉണ്ടാകുന്നതല്ല. ഒരുപക്ഷേ, താങ്കൾ പറഞ്ഞതു പരമാർത്ഥമാണെങ്കിൽ ആ ദരിദ്രാവസ്ഥയിൽ നിന്നും ഞാൻ കഴിയുന്നതു ഉയർത്തുന്നതാണു്. അതുകൊണ്ടു മടിക്കാതെ എന്റെ ഒന്നിച്ചു പുറപ്പെടുക! താങ്കളുടെ ദരിദ്രകുടുംബത്തിൽ ഈ യാത്രയിൽ കയറുകയുംവേണ്ട. നമുക്കു പദ്മപുരത്തേക്കു പോകാം. നേപ്പാളരാജൻ നിങ്ങളെ ഉൽക്കണ്ഠാപൂർവ്വം എതിരേറ്റു സൽക്കരിക്കുന്നതാണു്

അംബികേശൻ:—ഈ അല്പനിൽ താങ്കൾ പൊഴിക്കുന്ന പ്രേമധാര എന്റെ വ്യഥയാന്തർഭാഗത്തെ സേചനംചെയ്യുന്നു. എന്റെ

നേക്ക് അങ്ങേയ്ക്കുണ്ടായിട്ടുള്ള ബഹുമാനം അസ്ഥാനസ്ഥമാണെങ്കിലും സീമാതീതമായ നന്ദി അക്കാരണത്താൽ എനിക്കുണ്ട്. ആനന്ദപുളകംകൊള്ളുകയും ആപാദമസ്തകം എന്നെ പരവശനാക്കിച്ചെയ്യുന്നു.

സന്തോഷാശ്രുവോ സന്താപാശ്രുവോ, അംബികേശന്റെ നയനങ്ങളിൽ നിറ്റ്ളിച്ചതെന്നു നിശ്ചയമില്ല. താരാനാഥന്റെ പ്രേമപൂർണ്ണമായവാക്കുകൾ അംബികേശനെ—അല്ല,അംബികയെ ആനന്ദവാരിധിയിൽ എടുത്തെറിഞ്ഞിരിക്കണമെന്നുള്ളതു നിശ്ചയമാണു്. എന്നാൽ അതേനിമിഷത്തിൽതന്നെ ഒരു കർക്കശമായമനഃസ്ഥിതി അവളെ ബാധിക്കാതിരിക്കുന്നതുമല്ല. അതുമാത്രമോ?മറ്റൊരു സംശയവും ഭയവുംകൂടി അവളുടെ വിചാരവീഥിയെ ആരോഹണം ചെയ്തിട്ടുമുണ്ടു്. ഒരു പുരുഷനെന്നു തെറ്റിദ്ധരിപ്പിച്ചുകൊണ്ടു് ഇതു വിധം നിഷ്കളങ്കമായ സ്നേഹത്തെസമ്പാദിച്ച താൻ ഒരു സ്ത്രീയാണെന്നു—വിശേഷിച്ചും അംബികയാണെന്നു് ഒടുവിൽ അറിയുമ്പോൾ താരാനാഥന്റെ മനസ്സിനു് പെട്ടെന്നു ഉണ്ടാകുന്ന മാറ്റം എന്തായിരിക്കുമെന്ന സംശയവും ആ മാറ്റത്തോടുകൂടി തന്റെ നേക്കു് ഇപ്പോഴുള്ള സ്നേഹത്തിന്റെ സ്ഥാനത്തെ ക്രോധം ആക്രമിക്കുമോ എന്ന ഭയവും അവൾക്കു ഉണ്ടായതു് ആശ്ചര്യമല്ലല്ലോ.

താരാനാഥ: - എന്താണു് ആലോചിക്കുന്നതു്? നാട്ടിലേക്കുള്ള എന്റെ ക്ഷണത്തെ സ്വീകരിച്ചുവോ? ഒരുപക്ഷേ, എന്റെ ക്ഷണം കേവലം "വാക്കാൽക്ഷണ'മാണോ എന്നു സംശയിക്കുന്നുണ്ടാവാം. എങ്കിൽ അതു അബദ്ധമാണു്. ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുകയാണെന്നു വിശ്വസിക്കുക! വാക്കിനു വിരുദ്ധമായ മനഃസ്ഥിതി എനിക്കുണ്ടാകുന്നതല്ല. താങ്കളിൽ എനിക്കു അളവറ്റ സ്നേഹവും ബഹുമാനവുമുണ്ടു്. അതിനെ പ്രവൃത്തിരൂപേണ പ്രകാശിപ്പിക്കേണ്ടതു് എന്റെ കടമയാണു്. താങ്കൾ എനിക്കു മഹത്തായ ഉപകാരം ചെയ്തു. അതിനെ മറക്കാൻമാത്രം കൃതഘ്നനാണോ ഞാൻ? താങ്കളുടെ ധൈര്യസ്ഥൈര്യങ്ങളും സാമർത്ഥ്യവും നേരിൽ കണ്ടറിഞ്ഞ എനിക്കു് താങ്കളുടെ സ്വഭാവഗുണത്തിലും വിശ്വാസവും ബഹുമാനവുമുണ്ടു്. തന്നിമിത്തം എന്റെ സഹോദരനായി താങ്കളെ ഞാൻ സ്വീകരിച്ചതാണു് താങ്കളെ എനിക്കു ആളറിയാൻ കഴിഞ്ഞില്ലെങ്കിലും, എന്റെ സ്നേഹബഹുമാനങ്ങൾ അസ്ഥിരങ്ങളല്ല. അതിനു ഒരുകാലത്തും കുറവു നേരിട്ടുന്നതല്ല. ഞാൻ ഇതു ഹൃദയംതുറന്നു മറ്റാരെയും സ്നേഹിച്ചിട്ടില്ല. സ്നേഹിച്ചാൽ തന്നെയും ഞാൻ

അവക്കു നൽകുന്ന സ്ഥാനം താങ്കളിൽ നിന്നും ഒരുപടി താഴെയായിരിക്കും.

അംബികേശൻ:—എന്റെ എളിയ ശക്തിക്കതീതവണ്ണം ഒരു മനുഷ്യന്റെ ധർമ്മത്തെ ഞാൻ ഏതാണ്ടു നിർവ്വഹിച്ചതു ഒരു സഹായമായി താങ്കൾ വ്യാഖ്യാനിച്ചാൽ തന്നെയും എന്റെ സ്വഭാവത്തെപ്പറ്റി ലേശവും അറിവില്ലാത്ത താങ്കൾ അത്യുത്തമമായ സുഹൃൽസ്ഥാനത്തു എന്നെ കയറ്റിയിരുത്തിയാൽ ആ സ്ഥാനത്തിനു ഞാൻ അവകാശിയായിരിക്കുന്നതാണോ

താരാനാഥൻ:—സ്നേഹിതാ, ഇരുവശവും കാണപ്പെടുന്ന ചിത്രങ്ങൾ എതെങ്കിലും ഒന്നു താങ്കൾ കണ്ടിട്ടുണ്ടോ? ഏതൊരു ചിത്രത്തിലും ഏതെങ്കിലും ഒരുഭാഗം മാത്രമേ കാണപ്പെടുകയുള്ളൂ. എന്നാൽ മറേറവശം കാണുന്നതിന്റെ ഫലത്തെ ആ ഒരുവശം നൽകുന്നുണ്ടു്. കാണപ്പെടുന്നവശം കാണപ്പെടാത്ത വശത്തിന്റെ ആകൃതി നമ്മുടെ മനോഭപ്പണത്തിൽ പ്രതിബിംബിപ്പിച്ചു് അതിന്റെ ആകൃതിജ്ഞാനം നമുക്കുണ്ടാക്കിത്തരുന്നു. താങ്കൾ ഒരു വലുതായ അപകടത്തിൽ സ്വജീവനെപ്പോലും തൃണവൽഗണിച്ചു് അഗാധമായ സ്നേഹത്തോടുകൂടി എന്നെ സഹായിച്ചു. താങ്കളാകട്ടെ, എന്റെ ശത്രുപക്ഷീയനുമാണു്. എന്റെ ശത്രുപക്ഷക്കാരെ അല്ലെങ്കിൽ ശത്രുക്കളെത്തന്നെ, അന്യാദൃശമായ ധൈര്യത്തോടെ സഹായിച്ചു പ്രാണാപായത്തിൽനിന്നും രക്ഷിച്ചു മാന്യനാണു്. ഇതുയുംകൊണ്ടു് താങ്കൾക്കു ശത്രുമിത്രഭേദമില്ലെന്നു ഊഹിക്കാവുന്നതാകുന്നു. ആ മനഃസ്ഥിതി മഹാമനസ്കതയുടെ പ്രത്യക്ഷലക്ഷ്യമല്ലെങ്കിൽ പിന്നെന്താണു്. മഹാമനസ്കത സങ്കുചിതമനസ്കന്മാക്കുണ്ടാകുമോ? സ്നേഹിതാ! താങ്കളുടെ സദ്ഗുണത്തിൽ ബാല്യംമുതല്ക്കു ഒന്നിച്ചു സഹവസിച്ചു വളർന്ന ഒരു സ്നേഹിതനുള്ള വിശ്വാസമല്ല, അതിലും മികച്ച വിശ്വാസം എനിക്കുണ്ടായിരിക്കുന്നു. ഞാനും താങ്കളെപ്പോലെതന്നെ ചെറുപ്പമാണെങ്കിലും എനിക്കു ലോകപരിചയം വേണ്ടുവോളം സിദ്ധിച്ചിട്ടുണ്ടു്. ആ പരിചയത്തിൽനിന്നും മനുഷ്യരെ സംബന്ധിച്ചിടത്തോളം രണ്ടുപ്രകാരത്തിലുള്ള ധൈര്യം ലോകത്തു പ്രവർത്തിക്കുന്നുണ്ടെന്നു് എനിക്കറിയാം. ഒന്നു സ്വാർത്ഥവും മറ്റതു നിസ്സ്വാർത്ഥവും. ശമ്പളത്തേയോ മറേറതെങ്കിലും പ്രതിഫലത്തേയോ ഉദ്ദേശിച്ചോ തൻറെതന്നെ രക്ഷയ്ക്കുവേണ്ടിയോ ധൈര്യത്തെ പ്രകാശിപ്പിക്കുന്നുണ്ടു്. അതു് സ്വാർത്ഥപരമായ ധൈര്യം. തനിക്കു

എത്രതന്നെ അപകടം നേരിട്ടാലും, മൃത്യുവിനെ സ്വാഗതം ചെയ്യേണ്ടിവന്നാലും അന്യന്മാരെ ആപത്തുകളിൽനിന്നും മോചിപ്പിക്കാനായി യാതൊരു പ്രതിഫലത്തെയും ഇച്ഛിക്കാതെ പ്രദർശിപ്പിക്കുന്ന ധൈര്യമത്രേ നിഃസ്വാർത്ഥം. ആദ്യത്തേതു് സങ്കുചിതമനസ്കന്മാർക്കും ഒടുവിലത്തേതു മഹാമനസ്കന്മാർക്കും അവകാശപ്പെട്ടതാകുന്നു. ഈ ഒടുവിൽ പറഞ്ഞ ധൈര്യമാണു് താങ്കളിൽ പ്രവർത്തിക്കുന്നതു്. അപ്രകാരമുള്ള ധൈര്യത്തെ പ്രകടിപ്പിച്ചതുകൊണ്ടത്രേ, പരാക്രമശാലിയും അസാമാന്യസൈന്യബലത്തോടുകൂടിയവനുമായ അശോകനാഥന്റെ കൈവശത്തിൽ മരണദേവതയുടെ ദംഷ്ട്രകളിൽ കുടുങ്ങിക്കിടന്ന പ്രേതത്രയത്തെ രക്ഷിക്കുന്നതിനും അനവധി ഖഡ്ഗങ്ങൾക്കു ഏകകാലത്തിൽ ഉന്നമാകാനിരുന്ന എന്നെ സഹായിക്കുന്നതിനും താങ്കൾക്കു സാധിച്ചിട്ടുള്ളതു്. താദൃശനായ ഒരാളിന്റെ മനഃസ്ഥിതിയെ മനസ്സിലാക്കാൻ കഴിയാത്തവരുണ്ടെങ്കിൽ അവർ അതിനെ പിളർന്നു നോക്കുകതന്നെ വേണം.

അംബികേശൻ:—ഉണങ്ങിയ മുള്ളിയിൽ പ്രകൃതിനിരീക്ഷണം ചെയ്യുന്ന കവികളെപ്പോലെ, അല്പനായ എന്നിൽ താങ്കൾ മഹാമനസ്കതയെ വീക്ഷിക്കുന്നു. എന്റെ കൃതജ്ഞതാപൂർവകമായ വന്ദനത്തെ അറിയിക്കുകയല്ലാതെ ആ വിഷയത്തെ സംബന്ധിച്ചു് വാദപ്രതിവാദം ചെയ്യാൻ എനിക്കു് ശക്തിയില്ല.

താരാനാഥൻ:—ശരി; താങ്കൾ എനിക്കായി ചെയ്ത സഹായത്തെപ്പറ്റി ഇനി വാദംനടത്തണമെന്നില്ല. അതിനെക്കുറിച്ചു നാം രണ്ടുപേരും അവരവരുടെ സ്ഥാനത്തിനു് അനുസരിച്ചു ഓരോ അഭിപ്രായത്തെ മനസാ രൂപവൽക്കരിച്ചുകൊള്ളാം. താങ്കൾ നേപ്പാളത്തിലേക്കുണ്ടോ? നേപാളരൂപൻ താങ്കളെ ബഹുമാനിച്ചു സല്ക്കരിക്കുകയും താങ്കളുടെ ദാരിദ്ര്യത്തെ പരിഹരിക്കുകയുംചെയ്യും.

അംബികേശൻ:—സ്ത്രീജനങ്ങളോടുകൂടിയ യാത്രയിൽ എന്റെ സാന്നിദ്ധ്യം താങ്കളുടെ സൗകര്യങ്ങൾക്കു പ്രതിബന്ധകമല്ലെന്നു വിശ്വാസമുണ്ടെങ്കിൽ കല്പകക്കോട്ടയ്ക്കടുത്തുവരെ ഞാനും ഒന്നിച്ചുപോരാം. എനിക്കു അതിൽ പ്രത്യേകിച്ചു സന്തോഷമുണ്ടു്. എന്നാൽ പ്രേതത്രയത്തെ മോചിപ്പിച്ചതു ഞാനാണെന്നുള്ള പരമാർത്ഥം പുറത്തായാൽ യാത്രാമദ്ധ്യേ എന്തെങ്കിലുംഅപായം നേരിടാനിടയുണ്ടു്.

താരാനാഥൻ:— താങ്കൾധരിച്ചിരിക്കുന്ന കവചം മുതലായവ ശ്രീപുരംകൊട്ടാരത്തിലെ വകയാണല്ലോ. ആ ഉടുപ്പുകൾ ധരിച്ചിരുന്നാൽ ആക്ഷം എളുപ്പത്തിൽ താങ്കളെ കണ്ടുപിടിക്കാൻ സാധിക്കുന്നതുമാണു്. അതുകൊണ്ടു്, ഈ വേഷംമാറി വേറേ വസ്ത്രങ്ങൾ സ്വീകരിക്കണമെന്നും അങ്ങനെ ചെയ്താൽ അശോകനാഥന്റെ ആളുകൾക്കെന്നല്ല, ആക്ഷംതന്നെ ആളറിയാൻ സാധിക്കുകയില്ലെന്നും എനിക്കു് അഭിപ്രായമുണ്ടു്; എന്തുകൊണ്ടങ്ങനെ ചെയ്തുകൂടാ?

അംബികേശൻ:— ഒന്നും ഉണ്ടായിട്ടല്ല; എന്തെല്ലാം അപകടം നേരിട്ടാലും ഈ വേഷം മാറാൻ എനിക്കു തൃപ്തിയില്ല

താരാനാഥൻ:— താങ്കളുടെ ഉദ്ദേശം എനിക്കു് ഏതാണ്ടു മനസ്സിലാകുന്നു. ഏതൊരു വേഷംധരിച്ചുകൊണ്ടു വിജയം സമ്പാദിച്ചുവോ, ഏതൊരുവേഷത്തോടുകൂടി പ്രഭുത്രയത്തെ മോചിപ്പിച്ചുവോ, ആ വേഷത്തെ ഉപേക്ഷിക്കാൻ താങ്കൾക്കു വൈരസ്യമുണ്ടായിരിക്കാം. അതു് സ്വാഭാവികമാണു്. എന്നാൽ എനിക്കു് ഇനിയുമൊരഭിപ്രായമുണ്ടു്.

അംബികേശൻ:— താങ്കൾക്കു് അല്പം വല്ലായ്മയുള്ളതുപോലെ തോന്നുന്നു. ഈ സ്ഥിതിയിൽ ഞാൻ താങ്കളുടെ ഒന്നിച്ചു വരുന്നതു്, സ്ത്രീജനങ്ങളും കൂടിയുള്ളപ്പോൾ അസൗകര്യമാണെന്നു വന്നേക്കാം. ഞാനും അതു ഉദ്ദേശിച്ചാണു ആദ്യമേ തടസ്സം പറഞ്ഞതു്.

താരാനാഥൻ:— അതൊന്നും ഞാൻ വിചാരിച്ചിട്ടില്ല. താങ്കൾ തെറ്റിദ്ധരിക്കുകയാണു്. താങ്കൾക്കു എന്റെ ഒന്നിച്ചുവരുന്നതിൽ എനിക്കു സന്തോഷംമാത്രമല്ല ചാരിതാർത്ഥ്യവുമുണ്ടു്. കുറക്കാരനെ മൂണ്ടിക്കാണിക്കുന്നവേഷം തൃജിച്ചാലെന്താണെന്നുചോദിച്ചു എന്നേയുള്ളൂ. ഈ വേഷത്തിൽ താങ്കൾക്കു വല്ല പ്രത്യേകസന്തോഷവുമുണ്ടെങ്കിൽ അതിനെ ഉപേക്ഷിക്കണമെന്നു എനിക്കു് അഭിപ്രായമില്ല.

അംബികേശൻ:— അതേ, ഈ വേഷത്തിൽ എനിക്കു സന്തോഷമുണ്ടു്. എന്നാൽ ആഡംബരത്തെ ഉദ്ദേശിച്ചുള്ള സന്തോഷമല്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ!

താരാനാഥൻ:— താങ്കളുടെ ഉദ്ദേശം ഇപ്പോൾ എനിക്കു മനസ്സിലായി. എന്നിരുന്നാലും ഈ വേഷത്തിൽ എനിക്കു് ആക്ഷേപമുണ്ടു്.

അംബികേശൻ:— ആക്ഷേപമോ?

താരാനാഥൻ.—അതേ, അതുക്കേപംതന്നെ. അതു താങ്കൾ ചെവിക്കൊള്ളുമ്പോൾ ഈ വേഷത്തെ വലിച്ചെറിയേണ്ടതു് എത്രയും ആവശ്യമാണെന്നു ബോദ്ധ്യമാകും.

അംബികേശൻ:—എന്നാൽ എന്താണു് അതുക്കേപം?

താരാനാഥൻ:—എന്റെ ഒന്നിച്ചുണ്ടായിരിക്കുമെന്നു പറഞ്ഞ സ്ത്രീ കുറേനാളായി ശ്രീപുരംകൊട്ടാരത്തിൽ താമസിക്കുകയാണു്. അവിടത്തെ ആയുധശാലയിൽ ആ സ്ത്രീ കയറിക്കണ്ടിരിക്കാം. ഈ വേഷം കാണുമ്പോൾ ആ സ്ത്രീ മനസ്സിലാക്കുകയും ചെയ്യും.

അംബികേശൻ:—ആരാണു് ആ സ്ത്രീ? കൊട്ടാരത്തിൽ അശോകനാഥനെസ്സംബന്ധിച്ചവരല്ലാതെ അന്യ ആളുകൾ താമസിക്കാനിടയില്ലെന്നാണു് എനിക്കു തോന്നുന്നതു്.

താരാനാഥൻ:—അതുകൊണ്ടു് അശോകനാഥനെസ്സംബന്ധിച്ച സ്ത്രീയെത്തന്നേ ഞാൻ നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു എന്നു വിശ്വസിച്ചു താങ്കൾ ആശ്ചര്യപ്പെടുന്നുണ്ടായിരിക്കാം. (താരാനാഥൻ ചിരിച്ചു) അതേ ആ സ്ത്രീയെ കൂട്ടിക്കൊണ്ടുപോകാൻ ഞാൻ നിർബന്ധിതനാണു് ആ സ്ത്രീ തന്റെ ദാസിമാരോടുകൂടി അടുത്തപ്രഭാതത്തിൽ, തെക്കേ കോട്ടവാതുക്കൽ എന്നെ കാത്തുനില്ക്കുന്നുണ്ടായിരിക്കും.

അംബികേശൻ:— സ്ത്രീയുടെ പേരെന്തോ?

ഏതാണ്ടു മനസ്സിലാക്കിക്കൊണ്ടു് അംബികേശൻ ചോദിച്ചതായിരിക്കണം.

താരാനാഥൻ:—സരസ്വതി.

അംബികേശൻ:—എനിക്കു് ആ സ്ത്രീയെ കേരംവിയിൽ പരിചയമുണ്ടു്. വളരെ സത്സ്വഭാവമുള്ള സ്ത്രീയാണെന്നാണു് അറിവു്. അതുകൊണ്ടു്, ആ സ്ത്രീയേ ഭയന്നു് വേഷം മാറേണ്ട ആവശ്യമില്ലെന്നു തോന്നുന്നു. എന്നാൽ എന്നെ കുറക്കാരനായി സംശയിക്കുന്നതോടുകൂടി എന്നെ പ്രേരിപ്പിച്ചു എന്ന കുറ്റം താങ്കളിൽ ചുമത്തുമോ എന്നു ഞാൻ ഭയപ്പെടുന്നു.

താരാനാഥൻ:—ആ ഭയം ആവശ്യമില്ല. തന്നിമിത്തം വരാവുന്ന ആപത്തുകളെ ഓർത്തു എനിക്കു അധൈര്യമില്ല.

അംബികേശൻ:—എന്നാൽ പിന്നെ സംശയിക്കാനൊന്നുമില്ല. നമുക്കു ഒന്നിച്ചുതന്നെ പുറപ്പെടാം. കല്പകക്കോട്ടയുടെ സമീപത്തുവച്ചു നാം തമ്മിൽ പിരിയേണ്ടിവരും. ആ അവസരത്തിൽ എന്റെ വൃത്താന്തങ്ങൾ മുഴുവൻ താങ്കളെ അറിയിക്കാം.

താരാനാഥൻ:—വളരെ സന്തോഷം! എനിക്കു ഇപ്പോൾ ശ്രീപുരത്തേക്കു പോകണം. സമയം വളരെക്കഴിഞ്ഞു.

അംബികേശൻ:—ഈ വേഷത്തോടുകൂടി ഞാൻ ഇപ്പോൾ ശ്രീപുരത്തു വരുന്നതു ബുദ്ധിഹീനത്വമാണു്. രാവിലെ തെക്കേ കോട്ടവാതുക്കൽവച്ചു തമ്മിൽ കാണാം.

താരാനാഥൻ:—അതുമതി; ശ്രീപുരത്തു താങ്കൾക്കു എന്നെക്കൊണ്ടു് സാധിക്കേണ്ടതായിട്ടെന്തെങ്കിലും ഉണ്ടെങ്കിൽ പറയുക. അവിടെ ആരെയെങ്കിലും കണ്ടു വല്ല വിശേഷവും പറയേണ്ടതായിട്ടുണ്ടെങ്കിൽ ഞാൻ ആ ജോലി കൃതജ്ഞതയോടുകൂടി നിർവ്വഹിക്കാം. താങ്കൾക്കു കുതിരയുണ്ടായിരിക്കണമല്ലോ; എവിടെ?

അംബികേശൻ:—ശ്രീപുരത്തു നിൽക്കുന്നു. ഇനി അതിനെ ആഗ്രഹിക്കുന്നതു നമുക്കു അപത്തിനു കാരണമാണു്.

താരാനാഥൻ:—എന്നാൽ അതുവേണ്ടെന്നുവയ്ക്കുക! താങ്കളുടെ ഉപയോഗത്തിലേക്കു ഞാൻ വേറെ കുതിരയെക്കൊണ്ടുപോരാം.

അദ്ധ്യായം നാല

"നിഗ്രഹിക്കുവാനായി ഖഡ്ഗവും ചലിപ്പിച്ചു
കശ്മലക്കൂട്ടം കയത്തരികത്തണയവേ,
അജ്ഞാതനാകുമവൻ ബന്ധുഭാവം പൂണ്ടു വ-
ന്നെത്തിനാൻ മഹാവീര്യ വിക്രമപ്രപഞ്ചാത്മാ."

ആദിത്യൻ തന്റെ കനകസങ്കാശമായകളേബരത്തെ ഉദയം ചലോപരി അല്പാല്പമായി ലോകദൃഷ്ടിക്കവിഷയീഭവിപ്പിക്കുന്നു. ശ്രീപുരത്തെ ആകാശമുംബികളായ ഗോപുരശിഖരങ്ങളിലും മഹാസൗധങ്ങളുടെ അഗ്രഭാഗങ്ങളിലും പതിഞ്ഞിരുന്ന മഞ്ഞിൻതുള്ളികൾ അന്തർധാനംചെയ്യുന്ന സുവർണ്ണകാന്തി സർവ്വത്ര കളിയാടുന്നു. മണിമേടകളുടെ താഴികക്കുടങ്ങൾ ആദിത്യന്റെ ഇളംകതിരുകൾ പതിഞ്ഞു മിന്നിത്തിളങ്ങുന്നു. വാതായനങ്ങളുടെ കണ്ണാടികളിൽത്തട്ടി അവർണ്ണനീയമായ പ്രകാശത്തെ പ്രോജ്ജ്വലിപ്പിക്കുന്നു. പട്ടണവീഥികളിൽ ജനസഞ്ചാരം തുടങ്ങി. ജനങ്ങൾ നിത്യകർമ്മങ്ങളിൽ ഏർപ്പെട്ടു് അവയെ ശരിക്കു നിർവ്വഹിക്കുന്നു. ശ്രീപുരംകോട്ടയ്ക്കകത്തെ പ്രധാനറോഡിൽക്കൂടി അശ്വാരൂഢന്മാരായ നാലുപടികന്മാർ തെക്കേകോട്ടവാതിലിനെ അഭിമുഖീകരിച്ചു യാത്രചെയ്തുകൊണ്ടിരിക്കുന്നു മുമ്പിൽ ചരിക്കുന്ന താരാനാഥന്റെ പിന്നാലെ ഉഗ്രസേ

നന്റെ കുതിരയെ ആരോഹണംചെയ്യുപോകുന്നമദനൻ സിദ്ധസേനന്റെ അശ്വത്തെ നടത്തി കടിഞ്ഞാണിനെ വഹിച്ചിരിക്കുന്നു. മദനന്റെപിറകിൽ ചരിക്കുന്ന രണ്ടുപേർ താരാനാഥന്റെ നവീന ഭൃത്യന്മാരാണു്. അവരിൽ ഒരുവൻ താരാനാഥന്റെ യോഷ്യുക വസ്ത്രം മുതലായ സാമഗ്രികളും വഹിച്ചിരിക്കുന്നു. അപരൻ ആഹാര സാധനങ്ങളെ സൂക്ഷിച്ചിരിക്കുന്നു. കോട്ടവാതിൽ കടന്ന ഉടനെ ആ ചെറിയ സംഘം കുതിരകളെ നിത്തി, മറ്റു ചിലരുടെ വരവു പ്രതീക്ഷിക്കുന്നവരെപ്പോലെ അവിടെനിന്നു. അധികസമയം അങ്ങിനെ നിൽക്കേണ്ടിവന്നില്ല. അല്പനേരത്തിനുള്ളിൽ മുഖപടം ധരിച്ച ഒരു സ്ത്രീയും രണ്ടു ദാസികളും അവിടെ വന്നുചേർന്നു. മുഖപടം ധരിച്ചിരുന്നിട്ടും ആഗതയായ സ്ത്രീ, സരസ്വതിയാണെന്നു അനായാസേന താരാനാഥൻ മനസ്സിലാക്കി. സ്വരസ്വതിയെക്കണ്ട ഉടനെ താരാനാഥൻ മുമ്പോട്ടുചെന്നു് അവർക്കു സ്വാഗതംനല്കി. എന്നാൽ തന്റെ ആഗമനത്തിൽ താരാനാഥനു് യഥാർത്ഥമായ സന്തോഷമില്ലെന്നും എന്തോ ഒരു മനഃക്ലേശം അയാളെ ബാധിച്ചിട്ടുണ്ടെന്നും പ്രഥമദൃഷ്ടിയിൽതന്നെ സരസ്വതി ഗ്രഹിച്ചു. തൽക്ഷണം വിവിധങ്ങളായ ചിന്തകളും അവളുടെ ചിത്തപഥത്തെ ആരോഹണംചെയ്തു. തന്നെ പദ്മപുരത്തേക്കു ക്ഷണിക്കൊണ്ടുപോകാൻ താരാനാഥനു് അശേഷം തൃപ്തിയില്ലെന്നും ക്ഷണിക്കൊണ്ടുപോകാൻ നിർബന്ധിതനാകയാൽ മനസ്സിലുള്ള അതൃപ്തിയെ വെളിക്കു പ്രദർശിപ്പിക്കാത്തതാണെന്നും സരസ്വതി ഊഹിച്ചു. അതോടുകൂടി അല്പമായ ഒരമർഷം അവളുടെ ഹൃദയത്തെ ബാധിക്കാതിരുന്നില്ല. യാത്രാരംഭത്തിൽ അതിനെ പുറത്തുകാട്ടരുതെന്നും, തന്റെ അന്യാദൃശമായ സൗന്ദര്യവിലാസത്താലും സരസമധുരമായ സംഭാഷത്താലും ക്രമേണ താരാനാഥന്റെ മനസ്സിനെ വശപ്പെടുത്താമെന്നും അവൾ തീരുമാനിച്ചു തന്റെ ദിവ്യമായ സൗന്ദര്യോൽകർഷത്തിലും മധുരമായ സംഭാഷണചാതുരിയിലും സരസ്വതിക്കു പൂർണ്ണമായ വിശ്വാസമുണ്ടു്. താരാനാഥനെ മാനസാന്തരപ്പെടുത്തി വശപ്പെടുത്തുന്ന കാര്യം ലഘുസാധ്യമണെന്നും അവൾ ധരിച്ചിട്ടുണ്ടു്.

താരാനാഥൻ മുമ്പോട്ടുവന്നു സ്വാഗതമരുളിയ ഉടനെ, സരസ്വതി തന്റെ മൂടുപടം മാറ്റി മന്ദഹാസാനുചിതം താരാനാഥനെ കണക്കിനു് ഒന്നു കടാക്ഷിച്ചു. കാമോദ്ദീപകമായ ആ കടാക്ഷം താരാനാഥഹൃദയത്തെ ആവഞ്ജിച്ചുവോ എന്നാരുകണ്ടു? ഒരു കാര്യം നിശ്ചയമാണു്. സരസ്വതീസൌന്ദര്യം താരാനാഥനിൽ പുതിയ പുതിയ അനുഭവത്തെ ഉളവാക്കുന്നുണ്ടു്. എത്ര ദിവ്യമായസൗന്ദര്യം! എത്ര തേജോമയമായ വദനകാന്തി! ആ കാന്തിപീയൂഷത്തെ പേർത്തും പേർത്തും നുകരാൻ കൊതിക്കാത്ത പുരുഷന്മാരാരുണ്ടു? ആ

ഗണ്ഡങ്ങളുടെ മനോഹരതയേയും ദന്തത്തിന്റെ കമനീതയേയും അധരോഷ്ഠങ്ങളുടെ മനോജ്ഞതയേയും ആക്ക വർണ്ണിക്കാൻ കഴിയും? അനിതരസാധാരണമായ സൗന്ദര്യമകരന്ദത്തെ താരാനാഥന്റെ ലോചനഭ്രമരങ്ങൾ അലംഭാവമില്ലാതെ പിന്നെയും പിന്നെയും ആസ്വദിച്ചുകൊണ്ട് അങ്ങനെ പലനിമിഷങ്ങൾ നിലകൊണ്ടുപോയി. എന്നാൽ സരസ്വതിയുടെ സാന്നിദ്ധ്യത്തിൽ അനിവാര്യമായ ഒരുത്പാതി താരാനാഥന്റെ ഹൃദയത്തിൽ കടികൊള്ളുന്നുണ്ടായിരുന്നു. അഭിലഷണീയമായ ഈ സൗകുമാര്യം തദുചിതമായ സ്ഥാനത്തു പ്രവർത്തിക്കാതെ അസ്ഥാനത്തുപ്രവർത്തിച്ചുകണ്ടതിൽ താരാനാഥനു് ഇച്ഛാഭംഗംനേരിട്ടു. ഈ ഘാതകി, പുരുഷകരത്തിനുപോലും ധൈര്യമുണ്ടാകാത്ത നിഷ്ഠുരമായ ഒകൊലപാതകം നടത്തിയ ഈ ഘാതകി, സ്ത്രീലോകത്തിനു് ഒരു കളങ്കമാണെന്നു സമ്മതിക്കാത്തവരാരുണ്ടു്? അഹോ! ഈ വിഷവൃക്ഷത്തെ മകരന്ദതരുവെന്നു വിശ്വസിച്ചുപോയ ഞാൻ എത്ര മൂഢനാണു്? വിഷവല്ലിയായ ഈ കരത്തെ മകരന്ദവല്ലി എന്നു വിശ്വസിച്ചുപോയ ഞാൻ എന്തൊരു മഠയനാണു്.

താരാനാഥന്റെ ചിന്താഗതിയുടെ സാന്ദ്രച്ഛായ അയാളുടെ മുഖത്തുവീശിയതു് സരസ്വതി കാണാതിരുന്നില്ല. ആദ്യമേ തോന്നി അടങ്ങിക്കിടന്നിരുന്ന അവളുടെ ഹൃദയകോപം വീണ്ടും ഉദ്ദീപ്തമായി എങ്കിലും, അവൾ തന്റെ സാമർത്ഥ്യത്താൽ അതിനെ പുറത്തു പ്രകാശിപ്പിച്ചില്ല. "ഈ പുരുഷകേസരിയെ ഞാൻ പാട്ടിലാക്കുകതന്നെചെയ്യും. താരാനാഥൻ എനിക്കു സ്വായത്തമാകുകതന്നെ ചെയ്യും. അതെ, താരാനാഥൻ എനിക്കു വിധേയനായി ഭവിക്കും" എന്നിങ്ങനെ അവൾ തന്നെത്താൻ പറഞ്ഞു.

മദനൻ സരസ്വതിയെക്കണ്ടു; അവൾ മുഖപടം നീക്കിയപ്പോൾ ഭ്രലോകസാമ്രാജ്ഞിയിലെ ആ ഭൃത്യൻ ആശ്ചര്യപരതന്ത്രനായിഭവിച്ചു. പലപലചിന്തകൾ അവന്റെ സ്മൃതിപഥത്തെ ആരോഹണംചെയ്തു. പൂർവ്വസ്മരണകൾ അവന്റെ ഹൃദയാന്തരത്തെ അലട്ടിത്തുടങ്ങി. താൻ കാണുന്നതു തനിക്കു ചിരപരിചയമുള്ള ആ യുവതീരത്നത്തെത്തന്നെയോ എന്നവൻ സംശയിച്ചു. അവന്റെ കണ്ണുകളിൽ അവനുതന്നെ അവിശ്വാസം ജനിച്ചു. അവൻ കരതലംകൊണ്ടു കണ്ണുകളെ മർദ്ദിച്ചിട്ടു വീണ്ടുംനോക്കി; പിന്നെയും നോക്കി; ഒരിക്കൽക്കൂടി നോക്കി. അതാ! തുടരെത്തുടരെ നോക്കുന്നു. മദനൻ, സരസ്വതിയുടെ ആപാദമസ്തകം അക്ഷീണം കണ്ണോടിക്കുന്നു. സരസ്വതിയാകട്ടെ, മദനനെ കാണുകയുണ്ടായില്ല. ഈ ഘട്ടത്തിൽ മദനൻ ഒരറ്റത്തു മാറിനിൽക്കുകയായിരുന്നു.

എല്ലാവരും പുറപ്പെട്ടു. സരസ്വതിയും താരാനാഥനും ഇടത്തും വലത്തുമായി മുമ്പിൽ ചരിക്കുന്നു. അവരുടെ പിറകിൽ വിമലയും സുരുചിയും. മദനൻ അവരുടെ പിന്നിലും; എല്ലാവരുടെയും പിറകിലായി താരാനാഥന്റെ ഭൃത്യന്മാരും തങ്ങളുടെ അശ്വങ്ങളെ നടത്തുന്നു. യാത്ര തുടർന്നതിനുശേഷവും സരസ്വതി മദനനെക്കാണുകയുണ്ടായില്ല.

ഈ അവസരത്തിൽ സുരുചിവിമലകളുടെ മുഖത്തു ഒരു കുണ്ഠിതഭാവം കാണപ്പെട്ടു. കാരണമെന്താവാം? താരാനാഥപ്രവൃത്തികളെ സന്ദർശിക്കുവോളം അവരിൽ കുടികൊണ്ടിരുന്ന സന്തോഷഭാവം, സന്ദർശനാനന്തരം അവരെ വിട്ടകലാൻ കാരണമെന്തു്? അവരുടെ ഇപ്പോഭംഗത്തിനു കാരണമെന്തു്? സിദ്ധസേനോഗ്രസേനന്മാരുടെ അഭാവമായിരിക്കാം. അതേ, സുമുഖന്മാരായ ആ രണ്ടു യുവാക്കന്മാരെയും കാണുന്നില്ലാത്തതുതന്നെ കാരണം. പണ്ടേതന്നെ തങ്ങളുടെ മാനസപീഠങ്ങളിൽ എടുത്തിരുത്തി പൂജിക്കപ്പെട്ടുപോരുന്ന ആ കോമളവിഗ്രഹങ്ങളുടെ അഭിലഷണീയമായ സാന്നിദ്ധ്യത്തെ ആശിച്ചുവന്ന ആ ദാസീഭാവം, ആശാഭംഗത്താൽ കുണ്ഠിതമനസ്കകളായി ഭവിച്ചതിൽ ആശ്ചര്യപ്പെടാനെന്തുള്ളു? ഒരിക്കലും തങ്ങളുടെ യജമാനനെ വിട്ടുപിരിയാത്ത ആ ഭൃത്യദ്വയം വിശേഷിച്ചും നാട്ടിലേക്കു മടങ്ങിപ്പോകുന്ന ഈ യാത്രയിൽ—ഒന്നിച്ചു കാണപ്പെടാതിരിക്കാൻ ഹേതുവെന്താവാം? അവരുടെ താല്ക്കാലികസ്ഥിതിഗതികൾ എന്തായിരിക്കാം? ആരോടു ചോദിച്ചറിയാനാണു്? എങ്ങനെ ചോദിക്കാനാണു്? ഹാ! ആ നിത്യാരാധനാമൂർത്തികളുടെ മഹത്തായ സാന്നിദ്ധ്യത്തെക്കൊതിച്ചു വന്നതിന്റെ അനുഭവം ഇതോ? സുരുചിയും വിമലയും തങ്ങളുടെ ഹൃദയങ്ങളെ വഞ്ചിച്ച ഹതവിധിയെ കഠിനമായി ഭർത്സിച്ചു. സിദ്ധസേനോഗ്രസേനന്മാരുടെ അഭാവകാരണത്തെ അറിവാൻ അക്ഷമരായി ഭവിച്ചു. കാര്യാർത്ഥമായി താരാനാഥൻ അവരെ വല്ല സ്ഥലത്തേക്കും മുൻകൂട്ടി പറഞ്ഞയച്ചിക്കിരിക്കാമെന്നും മാർഗ്ഗമദ്ധ്യേ കണ്ടുമുട്ടാതിരിക്കയില്ലെന്നും സമാധാനിച്ചു. ഉത്തരക്ഷണത്തിൽ ഒരു സംശയം അവരെ ബാധിച്ചു. ആ ഭൃത്യന്മാരെ താരാനാഥൻ പിരിച്ചയച്ചിരിക്കുമോ എന്നവർ സംശയിച്ചു. പുതുതായി കാണപ്പെട്ട ഭൃത്യദ്വയമാണു് ആ സംശയത്തിനു കാരണഭൂതന്മാർ. ആകസ്മികമായ ആ സംശയം അടിസ്ഥാനരഹിതങ്ങളെങ്കിലും, ആ കാമിനികളുടെ മനഃകുണ്ഠിതത്തെ ഛിദ്രണിതമാക്കിച്ചെയ്യാൻ അതു മതിയായിരുന്നു. ഒടുവിൽ, തങ്ങളുടെ സ്വാമിനി സംഭാഷണവശാൽ സിദ്ധസേനന്റെയും ഉഗ്രസേനന്റെയും വസ്തുസ്ഥിതികളെപ്പറ്റി താരാനാഥനോടു ചോദിക്കാതിരിക്കുകയില്ലെന്നും അപ്പോൾ താരാനാ

ഥന്റെ മുപടിയിൽനിന്നും പ്രമോത്ഥം ഗ്രഹിക്കാമെന്നും അവർ സമാധാനപ്പെട്ടു.

യാത്രതീരെ പതിഞ്ഞമട്ടിലായിരുന്നു. അംബികേശൻക്കുടി വരുവാനുണ്ടെന്നു താരാനാഥനു് അറിവുണ്ടല്ലൊ. ആ വിവരം താരാനാഥൻ സരസ്വതിയെ അറിയിച്ചു. അതുകേട്ടു സരസ്വതി പറഞ്ഞു:—"അങ്ങയുടെ ഏതൊരു സുഹൃത്തിനും ഞാൻ വ്യഥയപൂർവ്വം സ്വാഗതം നൽകുന്നതാണു്. ഈ സുഹൃത്താരാണെന്നും അദ്ദേഹത്തിന്റെ പേരെന്താണെന്നും എന്നെ അറിയിക്കരുതോ?" വാസ്തവത്തിൽ സുഹൃദ്വൃത്താന്തം സരസ്വതിയിൽ വൈരസ്യത്തെയാണു ജനിപ്പിച്ചതു്. പത്മപുരത്തു എത്തുവോളം താരാനാഥനുമായി സൈരമായിസംഭാഷണം നടത്തണമെന്നുള്ള തന്റെ മനോരഥത്തിനു്. പ്രസ്തുത സുഹൃത്തിന്റെ ആഗമം പ്രതിബന്ധകമായിത്തീരുമെന്നുള്ള ധാരണയാണു് ആ വൈരസ്യത്തിനുകാരണം. പക്ഷേ, സമർത്ഥയായ സരസ്വതി തന്റെ മനോഭാവത്തെ പുറത്തു പ്രദർശിപ്പിച്ചില്ല.

താരാനാഥൻ:—ഭവതിയുടെ ചോദ്യത്തിനു സമാധാനം പറവാൻ വാസ്തവത്തിൽ ഞാൻ അശക്തനാണു്. കഴിഞ്ഞമാസത്തിയിൽ പലേ വലിയ അപകടങ്ങൾ തുടരെത്തുടരെ സംഭവിച്ചുകൊണ്ടിരുന്നു. ഉറങ്ങോൻപോലും എനിക്കു സൌകര്യം കിട്ടിയില്ല. നിദ്രയും ആഹാരവും മുടങ്ങിയതിൽ എനിക്കു തെല്ലും കണ്ടിതമില്ല. നിദ്രയും ആഹാരവുമില്ലാതെ ചില ദിവസങ്ങളിൽ ഞാൻ അക്ഷീണം യുദ്ധംചെയ്തു പരിചയിച്ചിട്ടുണ്ടു്.

സരസ്വതി:—അതെനിക്കറിയാം! അംഗദനുമായുണ്ടായയുദ്ധത്തിൽ അങ്ങു വളരെ സാമർത്ഥ്യം പ്രകടിപ്പിച്ച പേരും പെരുമയും സമ്പാദിച്ചു എന്നു ഞാൻ കേട്ടിട്ടുണ്ടു്. ആ യുദ്ധത്തിലായിരിക്കാം നിദ്രാഹാരാദികൾ കൂടാതെ അക്ഷീണം പ്രവർത്തിക്കേണ്ടിവന്നതു്.

താരാനാഥൻ:—ഭവതി ഈ സംഗതികൾ ആരിൽ നിന്നാണു ഗ്രഹിച്ചതു്?

താരാനാഥൻ ആശ്ചര്യത്തോടുകൂടിയാണു് ഇപ്രകാരം ചോദിച്ചതു്. തന്റെ യഥാർത്ഥസ്ഥിതി അവൾ അറിഞ്ഞിരിക്കുമോ എന്ന സംശയത്തോടുകൂടി അയാൾ അവളുടെ മുഖത്തു ഉറ്റുനോക്കി

സരസ്വതി:—അന്നു് സൈന്യാധിപന്റെ നിലയിൽ അങ്ങു പ്രകടിപ്പിച്ച സാമർത്ഥ്യത്തേയും ഒരു യുദ്ധവീരന്റെ നിലയിൽ കാണിച്ച ശൌര്യത്തേയും യുദ്ധത്തിൽ ജയംപ്രാപിച്ചതിനു

ശേഷം പരാജിതപക്ഷക്കാരായ സൈന്യങ്ങളുടെ നേർക്കു പ്രദർശിപ്പിച്ച അനുകമ്പയേയും ബഹുമാനത്തേയുംപറ്റി മാന്യനായ അശോകനാഥൻ വളരെ പ്രശംസിച്ചു പറകയുണ്ടായി.

താരാനാഥൻ:—പരാക്രമശാലിയായ അശോകനാഥൻ എന്നെപ്പറ്റി പുകഴ്ത്തിപ്പറഞ്ഞുവോ! വേറെയും എന്നെക്കുറിച്ചു് എന്തൊക്കെ പറഞ്ഞിട്ടുണ്ടു്?

സരസ്വതി:—വളരെ വളരെ പറഞ്ഞിട്ടുണ്ടു് പറഞ്ഞതെല്ലാം അങ്ങയുടെ ശൌര്യപരാക്രമങ്ങളെയും ഗുണഗണങ്ങളെയും പറ്റിമാത്രമാണു്.

ഇവൾ പയുന്നതു പരമാർത്ഥമാണെങ്കിൽ എന്റെ യഥാർത്ഥസ്ഥിതി അശോകനാഥൻ ഇവളെ ഗ്രഹിപ്പിച്ചിട്ടില്ലായിരിക്കാം. അതേ, അതിൽ സംശയിക്കാനില്ല. ഞാൻ മറച്ചുവച്ചിരിക്കുന്ന രഹസ്യത്തെ അയാൾ വെളിപ്പെടുത്തുകയില്ല അശോകനാഥൻ ബുദ്ധിമാനും യോഗ്യനുമാണു് എന്നു താരാനാഥൻ സമാധാനിച്ചു സരസ്വതി സംഭാഷണത്തെ വളർത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി വീണ്ടും ചോദിച്ചു:—"ഇന്നലെ രാത്രിയിൽ നടന്ന സംഭവങ്ങൾ എന്തെല്ലാമാണു്? അതു പറഞ്ഞില്ലല്ലോ."

താരാനാഥൻ:—പറയാം. ഞാൻ ശത്രുക്കളുടെ കൈയിലകപ്പെട്ടു; എന്നുവച്ചാൽ, ഘാതകന്മാർ പലർ എന്നെ വളഞ്ഞു. ജീവനു അപായം സംഭിക്കുമെന്നു വിശ്വസിക്കത്തക്ക പല സന്ദർഭങ്ങൾ നേരിടുകയുണ്ടായി.

സരസ്വതി:—(സാശ്ചര്യം) വാസ്തവമോ! എന്നിട്ടു്?

താരാനാഥൻ:—നടന്നതുപോലെ പറവാൻ ആർക്കുംതന്നെ സാധിക്കുന്നതല്ല അപകടസംഭവങ്ങൾ തുടരെത്തുടരെ നേരിട്ടുകൊണ്ടിരുന്നു. ഞാൻപറഞ്ഞ ആ സുഹൃത്തിന്റെ മനഃപൂർവകമായ സഹായമില്ലായിരുന്നുവെങ്കിൽ എനിക്കു നിശ്ചയമായി മരണം സംഭവിക്കുമായിരുന്നു; ശത്രുഖഡ്ഗത്തിനു് ഞാൻ ഇരയാകുമായിരുന്നു. ആ യുവാവായ സുഹൃത്തു് വളരെ സമർത്ഥനാണു്. വിസ്മയനീയനായ പരാക്രമശാലിയാണു്. സത്സ്വഭാവിയുമത്രേ. എനിക്കു് അയാളെ യാതൊരു പരിചയവുമില്ല. ഞാൻ ശത്രുക്കളോടുപൊരുതു നിൽക്കുമ്പോൾ പെട്ടെന്നു അവിടെ ആവിർഭവിച്ചു എന്റെ ശത്രുപക്ഷക്കാരെ എതിർത്തു തോല്പിച്ചു് എന്നെ രക്ഷിച്ചു. പിരിയാറായ ഘട്ടത്തിൽ ഞാൻ വളരെ നിർബന്ധിച്ചു് ആവശ്യപ്പെട്ടിട്ടും, തന്റെ ജാതിയോ പേരോ അവസ്ഥയോ യാതൊന്നും വെളിപ്പെടുത്തിയില്ല. സ്വദേശംപോലും അറിയിക്കുകയു

ണ്ടായില്ല. കാരണവശാൽ, സ്ഥിതിഗതികളെ വെളിപ്പെടുത്താതിരിക്കാൻ നിർബന്ധിതനായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

സരസ്വതി:—കാഴ്ചയിൽ ഇന്നനാട്ടുകാരനാണെന്നു അങ്ങു് അനുമാനിച്ചതുമില്ലേ?

താരാനാഥൻ:—ഇല്ല; എനിക്കു് അയാളുടെ മുഖംപോലും കാണാനിടയായില്ല. ആ സ്ഥിതിക്കു ഇന്ന നാട്ടുകാരനാണെന്നു് ഊഹിക്കുന്നതെങ്ങനെ? പാടാടികേശം യുദ്ധവേഷംപൂണ്ടു മുഖാവരണം ധരിച്ചിരിക്കുന്നു. ഒരു യുദ്ധവീരന്റെ നിലയിലല്ലാതെ മറെറാന്നും അയാളെപ്പററി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഏതായാലും അയാൾ എന്നെ ഒരു ഉററബന്ധുവിന്റെ—അല്ല, ഏകോദരസഹോദരന്റെ നിലയിൽ സഹായിച്ചു.

സരസ്വതി:—അങ്ങേയ്ക്കു് ഇത്ര മഹത്തായ ഉപകാരംചെയ്ത ആ യുദ്ധവീരന്റെ വരവിനെ ഞാൻ കൃതജ്ഞതാപൂർവ്വം പ്രതീക്ഷിക്കുന്നു. എന്നാൽ എന്തു് ആപത്താണു് ഇന്നലെ നേരിട്ടതെന്നു പറഞ്ഞില്ല. അങ്ങേയ്ക്കു വലുതായ ആപത്തു നേരിട്ടെന്നു കേൾക്കുമ്പോൾതന്നെ എന്റെ ഹൃദയം നടുങ്ങുന്നു.

താരാനാഥൻ:—ചുരുക്കിപ്പറയാം വിവരിച്ചു പറവാൻ സാവകാശമില്ല. ഇന്നലെ എനിക്കു നേരിട്ട ആപത്തുകൾ ഒരു വലുതായ രഹസ്യത്തോടു സംബന്ധപ്പെട്ടിരിക്കുന്നു. ആ രഹസ്യത്തിന്റെ പേരു കേൾക്കുമ്പോൾതന്നെ ഭവതി നടുങ്ങുകയും ചെയ്യും എന്നു് എനിക്കറിയാം

സരസ്വതി:—എന്നാൽ ആ രഹസ്യമാണു് എനിക്കു ആദ്യമായി അറിയേണ്ടതു്. എന്താണതു്?

താരാനാഥൻ:—'വെങ്കലപ്രതിമ'

ഈ വാക്കു സരസ്വതിമാത്രം കേൾക്കത്തക്കവണ്ണം താഴ്ന്ന സ്വരത്തിൽ പറയുകയാണുണ്ടായതു്. വെങ്കലപ്രതിമ, എന്ന കേട്ടമാത്രയിൽ സരസ്വതി വല്ലാതെ ഒന്നു നടുങ്ങി. അവളുടെ മുഖത്തു രക്തമുള്ളായ നീങ്ങി. അത്യന്തഭയം അവളുടെ നാഭിനാളത്തിൽനിന്നും ഉദ്ഭിച്ചുമായി ഹൃദയസ്ഥാനത്തെ ബാധിച്ചു. "വെ-ങ്ക-ല-പ്ര-തി-മ" എന്നു്. അവൾ ഗദ്ഗദത്തോടുകൂടി പറഞ്ഞു. "അതേ, വെങ്കലപ്രതിമതന്നെ" എന്നു താരാനാഥൻ ഉറപ്പിച്ചു പറഞ്ഞു.

സരസ്വതി:—ശിവ! ശിവ! എത്ര ഭയങ്കരമായ ആപത്താണു് അങ്ങേയ്ക്കു നേരിട്ടതു്! വെങ്കലപ്രതിമയെപ്പററി അങ്ങേയ്ക്കു എന്തറിയാം?

താരാനാഥൻ:—ഞാൻ അറിഞ്ഞിട്ടുള്ളതു ഭവതിയെ ധരിപ്പിക്കാം. ഇന്നലെ രാത്രിയിൽ ഞാൻ ഒരു കെട്ടിടത്തിൽ അകപ്പെട്ടു. ഒരുക്രൂരം കൊടിയദുഷ്ടന്മാർ അതിൽ വാസംചെയ്യുന്നു എന്നു് എനിക്കു മനസ്സിലായി.

വെങ്കലപ്രതിമയുടെ രഹസ്യങ്ങൾ സരസ്വതി അറിഞ്ഞിരിക്കാനിടയുണ്ടെന്നും അതു് അവളിൽനിന്നും സവിസ്തരം ഗ്രഹിക്കണമെന്നും ഉള്ള ഉദ്ദേശം താരാനാഥനുണ്ടായി.

സരസ്വതി:—ആ കെട്ടിടത്തിന്റെ പേരെന്താണു്?

പൂർവ്വാധികം ഭയവും അത്ഭുതവും സരസ്വതിയുടെ മുഖത്തു നിഴൽവീശിക്കണ്ടു.

താരാനാഥൻ:—അതാ കാണുന്നു ആ കെട്ടിടം.

എന്നുപറഞ്ഞു സമീപത്തുകണ്ട ധവളസൗധത്തെ ചൂണ്ടിക്കാണിച്ചു. സരസ്വതി ആ കെട്ടിടത്തെ ഒന്നുനോക്കി "ആ കെട്ടിടത്തിൽ അങ്ങു് അകപ്പെട്ടുവോ?" എന്നു ദീനസ്വരത്തിൽ ചോദിച്ചു.

താരാനാഥൻ:—വെങ്കലപ്രതിമയെന്നു കേട്ടപ്പോൾമുതൽ ഭവതി പേടിക്കുന്നു. ഞാൻ അതിനെപ്പറ്റി യാതൊന്നും പറയുകയില്ലായിരുന്നു. വെങ്കലപ്രതിമയെസ്സംബന്ധിച്ചു ഭയങ്കരമായ രഹസ്യവിവരങ്ങൾ ഭവതി അറിഞ്ഞിരിക്കാനിടയുണ്ടെന്നും ആ സംഗതികൾ ഭവതി എന്നെ ധരിപ്പിക്കുമെന്നും ഉള്ള വിശ്വാസത്താൽ പറഞ്ഞതാണു്.

സരസ്വതി.—(ഭയസംഭ്രമങ്ങളോടുകൂടി) വെങ്കലപ്രതിമയെ സംബന്ധിച്ച വിവരങ്ങൾ ഞാൻ അറിഞ്ഞിട്ടുണ്ടെന്നു് അങ്ങു് എങ്ങിനെ ധരിച്ചു?

താരാനാഥൻ:—എന്റെ തെറ്റിനെ ഭവതി ക്ഷമിക്കുക! ഞാൻ ആലോചിക്കാതെ ചോദിച്ചുപോയതിനെക്കുറിച്ചു പശ്ചാത്തപിക്കുന്നു.

സരസ്വതി:—അങ്ങയുടെ ചോദ്യത്തിൽ എനിക്കു കുണ്ഠിതമില്ല. ആ സ്ഥിതിക്കു് അങ്ങു പശ്ചാത്തപിക്കേണ്ട ആവശ്യമുണ്ടോ? എനിക്കു് ഈ വിഷയത്തെസ്സംബന്ധിച്ച വിവരങ്ങൾ അറിയാമെന്നു് അങ്ങു് എങ്ങനെ മനസ്സിലാക്കി?

താരാനാഥൻ:—കുറേദിവസങ്ങൾക്കു മുമ്പു് അശോകനാഥന്റെ പാളയത്തിനു സമീപത്തുള്ള ആ മഠത്തിൽവച്ചുനടന്ന അനാശാസ്യമായ സംഭവത്തിൽ "വെങ്കലപ്രതിമ"യെന്നും 'അംഗനാചുംബന'മെന്നും ഒരാൾ ഭയങ്കരമായ ശബ്ദത്തിൽ വിളിച്ചു പറയുകയുണ്ടായില്ലേ?

സരസ്വതി:—അതേ, വാസ്തവംതന്നെ. ആ ശബ്ദങ്ങൾ എന്നെ സംബന്ധിച്ചുണ്ടായതുമാണു്.

ഇങ്ങനെ പറയുമ്പോൾ പലവുരു ഭയവിഹ്വലതയോടുകൂടി ധവളസൌധത്തിന്റെ നേർക്കു കണ്ണോടിക്കുന്നുണ്ടായിരുന്നു.

താരാനാഥൻ:—മാത്രമല്ല, നിഷ്കളാനന്ദനും ശിവയോഗിനിയുമായി ക്ലബ്ബിൽവച്ചു നടത്തിയ സംഭാഷണം അംബിക എന്ന ആ സ്ത്രീ കേട്ടു് എന്നെ ധരിപ്പിക്കയുണ്ടായി. ആ സംഗതി അശോകനാഥൻമുഖേന ഞാൻ ഭവതിയെ ഗ്രഹിപ്പിച്ചിട്ടുണ്ടു്. അതിനുശേഷം അംബിക ഭവതിയോടു നേരിൽ പറഞ്ഞിട്ടുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു.

സരസ്വതി:—അതേ; ആ വിവരം ഞാൻ അറിഞ്ഞിട്ടുണ്ടു്. വെങ്കലപ്രതിമയെ സംബന്ധിച്ച രഹസ്യം മുഴുവൻ എനിക്കു അറിയാം. എന്നാൽ ഞാൻ എങ്ങനെയാണു് അതു അങ്ങയെ ധരിപ്പിക്കേണ്ടതു്? യാതൊരുത്തരേയും അറിയിക്കുകയില്ലെന്നു അവരുടെ ആവശ്യപ്രകാരം സമ്മതിച്ചു ഞാൻ സത്യംചെയ്തുകൊടുത്തിട്ടുണ്ടു്.

സരസ്വതി അല്പനേരത്തേക്കു യാതൊന്നും സംസാരിച്ചില്ല. പൂർവ്വസ്മരണകൾ അവളുടെ ഹൃദയത്തെ അലട്ടിക്കൊണ്ടിരുന്നു. ഇനിയും ചില ചോദ്യങ്ങൾ ചോദിച്ചു് എങ്ങനെയെങ്കിലും രഹസ്യം അറിയണമെന്നു താരാനാഥൻ നിശ്ചയിച്ചു. എന്നാൽ അതിനിടയാകുംമുമ്പു് മുഖാവരണംകൂടി ധരിച്ച ഒരു യുവവീരൻ—അതേ, അംബികേശൻ—ഏതുഭാഗത്തുനിന്നുമെന്നറിഞ്ഞില്ല, പെട്ടെന്നു് അവിടെ ആവിർഭവിച്ചു.

താരാനാഥൻ അത്യന്തസന്തോഷത്തോടും ചാരിതാർത്ഥ്യത്തോടുംകൂടി ഉചിതോക്തികളാൽ അംബികേശനു സ്വാഗതമരുളി. അംബികേശന്റെ ആഗമം താരാനാഥനു് അതിരറ്റ സന്തോഷത്തെ പ്രദാനം ചെയ്തുവെങ്കിലും വലുതായ ഒരു ഭീതിയെക്കൂടി ജനിപ്പിച്ചു എന്നു പറയേണ്ടിയിരിക്കുന്നു അംബികേശന്റെ യുദ്ധവേഷസാമഗ്രികൾ സരസ്വതി മനസ്സിലാക്കി. പ്രേതക്കളെ മോചിപ്പിച്ചുവൻ അംബികേശനാണെന്നു സംശയിക്കുമോ എന്ന ഭയമാണു് അയാളെ ബാധിച്ചതു്. ആ ഭയം അംബികേശനേയും ബാധിക്കാതിരുന്നില്ല സരസ്വതി തന്നെപ്പറ്റി വല്ലതും സംശയിക്കുന്നുണ്ടോ എന്നു അറിയാനായി അംബികേശൻ അവളുടെമുഖത്തുസൂക്ഷിച്ചുനോക്കി. എന്നാൽ സംശയജനകമായ യാതൊരു ഭാവഭേദവും ആ മുഖത്തു സംഭവിച്ചുകണ്ടില്ല. തന്നിമിത്തം താരാനാഥനും അംബികേശനും അല്പം സമാധാനമുണ്ടായി. ഈ യുദ്ധവേഷസാമഗ്രികൾ സരസ്വതി ഇതിനുമുമ്പു കണ്ടിട്ടുണ്ടായിരിക്കയില്ലെന്നു് അവർ തീരുമാ

നിച്ചു. അംബികേശനെ എതിരേ കണ്ടയുടനെ സരസ്വതി സസന്തോഷം മന്ദഹാസം തൂകിയതല്ലാതെ സംശയിക്കത്തക്ക യാതൊരുമാറ്റവും അവളിൽ ഉണ്ടായില്ല. ഭഗ്നഗതനായ യോദ്ധാവു് വീരനായ ഒരു യോധനെന്നല്ലാതെ കൃത്രിമവേഷംപൂണ്ട ഒരു സ്ത്രീയാണെന്നുള്ള സംശയം ലേശംപോലും സരസ്വതിക്കുണ്ടായില്ല.

"ഇന്നലെരാത്രിയിൽ എനിക്കുനേരിട്ട ആപത്തുകളിൽ സ്വജീവനെ തൃണവൽഗണിച്ചും എന്നെ സഹായിച്ചമാന്യയുവാവാണു് ഈ നില്ക്കുന്നതു്" എന്നു താരാനാഥൻ സരസ്വതിയോടുപറഞ്ഞു

സരസ്വതി:—അതു ധീരനും ഉദാരനുമായ മാന്യയുവാവിനു് എന്റെ ഹൃദയപൂർവ്വകമായ വന്ദനത്തേയും നന്ദിയേയും അറിയിച്ചുകൊള്ളുന്നു. അദ്ദേഹം നമ്മോടൊന്നിച്ചുവരുന്നു എന്നറിഞ്ഞതിൽ എനിക്കു സീമാതീതമായ സന്തോഷമുണ്ടു്. എന്നാൽ ഇദ്ദേഹത്തിനു കയറിവരാൻ കുതിരയില്ലല്ലൊ.

താരാനാഥൻ:—ഉണ്ടു്, ഞാനതു കരുതിയിട്ടുണ്ടു്. നമ്മുടെ പിറകേവരുന്ന ഭൃത്യൻകൊണ്ടുപോരുന്ന കുതിര ഇദ്ദേഹത്തിന്റെ ആവശ്യത്തിലേക്കായിട്ടാണു്.

സരസ്വതി പിറകിൽ തിരിഞ്ഞുനോക്കി. തെക്കേകോട്ടവാതിലിൽനിന്നും തിരിച്ചിട്ടു് ഇപ്പോൾ അരമണിക്കൂറായി. ഈ അരമണിക്കൂറിനുള്ളിൽ തന്റെ പിറകേ വരുന്നവർ ആരെല്ലാമാണെന്നു് സരസ്വതി കാണുകയുണ്ടായില്ല. തിരിഞ്ഞുനോക്കിയതു് മദനന്റെ മുഖത്തേക്കായിരുന്നു. ആ മുഖം കണ്ട ഉടനെ അവളുടെ ഹൃദയത്തിൽ ഇന്നപ്രകാരത്തിലെന്നു പറഞ്ഞറിയിക്കാൻ പാടില്ലാത്ത ഒരനുഭവമുണ്ടായി. അതോടുകൂടി അവൾ ഒന്നുരണ്ടുമൂന്നു ഞെട്ടി. വീണ്ടും മദനനെ സൂക്ഷിച്ചുനോക്കി. മദനൻ സരസ്വതിയേയും നോക്കുന്നുണ്ടായിരുന്നു. രണ്ടുപേരുടേയും കണ്ണുകൾ തമ്മിലിടഞ്ഞു. രണ്ടുപേരും പരസ്പരം ആശയം മനസ്സിലാക്കി. രഹസ്യമായി സംസാരിക്കുന്നതിനു താൻ ആഗ്രഹിക്കുന്നുണ്ടെന്നുള്ള വിവരം അവൾ മദനനോടു പറയാതെ പറഞ്ഞു. അവൻ അപ്രകാരം സമ്മതിക്കുകയും ചെയ്തു. താരാനാഥൻ അംബികേശനുമായി സംസാരിക്കുകയായിരുന്നു. സുരുചിയും വിമലയും അംബികേശനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. ഭൃത്യന്മാരുടെ ലോചനങ്ങളും സുരുചിവിമലകളുടെ നയനങ്ങളെത്തുടർന്നുപ്രവർത്തിച്ചുകൊണ്ടുമിരുന്നു. തന്നിമിത്തം സരസ്വതീമദനന്മാരുടെ അഭിനയങ്ങളും കമ്പിയില്ലാക്കമ്പിവഴി നടത്തിയ സംഭാഷണങ്ങളും മറ്റാരും കാണുകയോ കേൾക്കുകയോ ഉണ്ടായില്ല.

താരാനാഥന്റെ ആജ്ഞപ്രകാരം മദനൻ സിദ്ധസേനന്റെ കുതിരയെ മുമ്പോട്ടുകൊണ്ടുവന്നു. അംബികേശൻ തദവസരത്തിൽ

ആരോഹണംചെയ്തു. എല്ലാവരുമായി യാത്ര തുടർന്നു. സരസ്വതിയുടെ വലതുഭാഗത്താണു് അംബികേശൻ സ്ഥലംപിടിച്ചതു്. അവളുടെ ഇടതുവശത്തായിരുന്ന താരാനാഥന്റെസ്ഥാനം. ഇപ്രകാരം രണ്ടുപേരുടെയും മദ്ധ്യഭാഗത്തുകൂടിയാത്രചെയ്യുന്ന സരസ്വതിയുടെ മുഖഭാവം അവളുടെ മനഃക്ലേശത്തെക്കുറിക്കുന്നുണ്ടായിരുന്നു അവൾ സന്തോഷഭാവത്തിൽ സംസാരിക്കുകയും ചിരിക്കുകയും മറ്റുംചെയ്യുന്നുണ്ടായിരുന്നുവെങ്കിലും വലുതായ മനഃഖേദം അവളെ ബാധിച്ചിട്ടുണ്ടെന്നു മുഖഭാവത്താൽ സൂക്ഷ്മഗ്രാഹികൾക്കു മനസ്സിലാക്കാം. താരാനാഥൻ അതു ഗ്രഹിക്കാതിരുന്നുമില്ല വെങ്കിലപ്രതിമയെപ്പറ്റിയും അതിനെ സംബന്ധിച്ച ഭയങ്കരപ്രമേയങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നതിനാൽ അതു സംബന്ധമായി ബാധിച്ച മനച്ചുടവായിരിക്കാം എന്നു താരാനാഥൻ വിചാരിച്ചു. വാസ്തവമാക്കറിയാം. പക്ഷേ, വഴിയെ അറിയാം. താരാനാഥൻ അവളുടെ മനസ്സിനെ വിഷയാന്തരത്തിൽ തിരിച്ചു മനഃക്ലേശത്തെ നീക്കണമെന്നു കരുതവേ, സരസ്വതിതന്നെ മുഖവുരചമച്ചു.

സരസ്വതി:—അംബികയെക്കുറിച്ചു് അല്പംമുമ്പു സംഭാഷണവശാൽ അങ്ങു സംസാരിച്ചതിനാൽ ഞാൻ ആ മാന്യസഹോദരിയെപ്പറ്റി ഓർക്കുന്നു. ശ്രീപുരത്തുനിന്നും തിരിക്കുംമുമ്പു അങ്ങു് അംബികയെക്കണ്ടുവോ എന്നറിയുന്നില്ല. ഇന്നലെ വൈകുന്നേരത്താണു് ഞങ്ങൾ തമ്മിൽ പിരിഞ്ഞതു്.

താരാനാഥൻ:—എനിക്കു ആ മാന്യസ്ത്രീയെക്കണ്ടു യാത്രചോദിക്കുന്നതിനുപോലും ഇടയാകാഞ്ഞതിനെക്കുറിച്ചു ഖേദമുണ്ടു്. അതേ, അക്കാര്യത്തിൽ എനിക്കു വലുതായ മനഃഖേദമുണ്ടു്. ഇന്നലെ വൈകുന്നേരത്തു ആ മഹതി എന്നെ അന്വേഷിച്ചുവിട്ടതിയിൽ വന്നിരുന്നുവെന്നും എന്നെ കാണണമെന്നു് ആവശ്യപ്പെട്ടുവെന്നും ക്ലബ്ബ്ഹൗസ്മസ്ഥൻ എന്നോടു പറഞ്ഞു. വിട്ടതിയിൽ എന്നെ കാണാഴികയാൽ ഉടനെ മടങ്ങിപ്പോവുകയാണുണ്ടായതു്. ഏതുസ്ഥലത്തേക്കാണു പോയതെന്നും നിശ്ചയമില്ല. ആ സ്ത്രീരത്നത്തോടു എനിക്കു ചിലതു സംസാരിക്കേണ്ടതായിട്ടുണ്ടായിരുന്നു; ചില ഉദ്ബോധനങ്ങൾ നൽകേണ്ടതായിട്ടുമുണ്ടായിരുന്നു. അതിനിടയാകാഞ്ഞതിൽ എനിക്കു അളവറ്റ ഇച്ഛാഭംഗമുണ്ടു്.

സരസ്വതി:—ആ അഭിപ്രായം എനിക്കുമുണ്ടായിരുന്നു. ഇന്നലെ കൊട്ടാരത്തിൽവച്ചു് എന്നോടു യാത്രചോദിക്കുമ്പോൾ ഉദ്ബോധനത്താലും ധനത്താലും ഞാൻ കഴിയുന്നതു സഹായിക്കാമെന്നുപറഞ്ഞു. ആ സഹോദരി അതിനു അനുകൂലിച്ചില്ല. ഒടുവിൽ കുറെ ധനമെങ്കിലും വാങ്ങിക്കൊണ്ടു പോവാൻ

കണമെന്ന ഞാൻ വളരെ നിർബന്ധിച്ചു. ആ അപേക്ഷയും കൈക്കൊണ്ടില്ല. തനിക്ക ചെലവിനുവേണ്ട പണം കൈവശമുണ്ടെന്നും, ഉദ്ബോധനങ്ങൾക്ക വേണ്ട സഹായികളുണ്ടെന്നും പറഞ്ഞു് എന്റെ സഹായത്തെ നിരസിക്കുകയാണുണ്ടായതു്. എന്നിരുന്നിട്ടും നിഷ്കളാനന്ദപ്രഭൃതികളെപ്പറ്റി അവശ്യം ചില ഉദ്ബോധനങ്ങൾ ഞാൻ നൽകാതിരുന്നുമില്ല.

ഈ സംഭാഷണാവസരത്തിൽ, അംബികേശൻ രണ്ടുപേരുടേയും മുഖത്തു ഉറ്റുനോക്കുന്നുണ്ടായിരുന്നു തന്നെ അളറിഞ്ഞും കൊണ്ടു വഞ്ചിക്കുകയോ, അഥവാ കളിയാക്കുകയോ ചെയ്യുകയാണോ എന്നുള്ള സംശയത്തോടുകൂടിയാണു് രണ്ടുപേരെയും ശ്രദ്ധിച്ചുനോക്കുന്നുണ്ടായിരുന്നതു്. എന്നാൽ തന്റെ സംശയത്തെ ബലപ്പെടുത്തുന്ന മുഖഭാവം രണ്ടുപേരിലും കാണപ്പെടാഞ്ഞതുകൊണ്ടു്, തന്നെ ഇതേവരെ മനസ്സിലാക്കിയിട്ടില്ലെന്നു വിശ്വസിച്ചു ഇനിയും എന്തെല്ലാമാണു തന്നെപ്പറ്റി രണ്ടുപേരും സംസാരിക്കുന്നതെന്നു് അറിവാൻ ഉൽണ്ണയോടുകൂടി സംഭാഷണത്തെ ശ്രദ്ധിച്ചു കൊണ്ടിരുന്നു.

താരാനാഥൻ:—ഭവതി ആ മാന്യസ്ത്രീയോടുകാട്ടിയ അനുതാപത്തിനും സഹായത്തിനും സ്നേഹത്തിനും ഞാൻ കൃതജ്ഞത പറയുന്നു. അതേ, അക്കാര്യത്തിൽ എനിക്ക നിഷ്കളങ്കമായ കൃതജ്ഞതയുണ്ടു്. അതു വലുതായ സഹായം അതു മഹതി എനിക്ക ചെയ്തിട്ടുണ്ടു്. ഞാൻ അന്നു മാടനുമായി യുദ്ധം ചെയ്തു ശ്മശാനതുല്യമായ ആ മണലാരണ്യത്തിൽ ഹതബോധനായി വീണുകിടക്കുമ്പോൾ ആ മാന്യയുടെ സഹായസഹകരണങ്ങൾ സിദ്ധിക്കാതിരുന്നുവെങ്കിൽ എന്റെ അവസ്ഥ അത്യന്തദയനീയമായി ഭവിച്ചേനേ.

താരാനാഥന്റെ ഇപ്പറഞ്ഞ ഓരോവാക്കുകളും സരസ്വതിയുടെ മർമ്മങ്ങളെ തുളച്ചു. അവളുടെ ഹൃദയം അസൂയാകലുഷിതമായി ഭവിച്ചു. ഉസ്സഹമായ കോപത്തോടുകൂടി താരാനാഥന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. 'തങ്കൾ മാടനുമായി യുദ്ധംചെയ്ത വിവരം അന്യർ അറിഞ്ഞുകൂടെന്നുള്ള വസ്തുത വിസ്മൃതകോടിയിൽ തള്ളപ്പെട്ടുവോ എന്നറിഞ്ഞില്ല' എന്ന ശാസനാത്മകേണ താരാനാഥനോടു പറഞ്ഞു. അവളുടെ മുഖഭാവംകണ്ടും അവൾ പറഞ്ഞവാക്കുകളിൽ അന്തർഭവിച്ചിട്ടുള്ള രഹസ്യത്തെ ഓർത്തും താരാനാഥൻ ഭീതിയോടും പശ്ചാതാപത്തോടും കൂടി ഇപ്രകാരം പറഞ്ഞു—ക്ഷമിക്കുക, ഓർക്കാതെ പറഞ്ഞുപോയി. ഭവതിയുടെ സഹോദരിയെ സംബന്ധിച്ചുള്ള രഹസ്യങ്ങൾ വെളിപ്പെടുത്തണമെന്നുള്ള ഉദ്ദേശ

ത്തോട്ടക്രൂടി പറഞ്ഞതുല്ല എനിക്ക അതിനാശയുമില്ല. അതിരി
ക്കട്ടെ, മാന്യയായ പ്രേതയക്ഷി ശ്രീപുരത്തുനിന്നും അന്തർദ്ധാനം
ചെയ്തിട്ട ഇപ്പോൾ ഒരാഴ്ച കഴിഞ്ഞിരിക്കുന്ന ഇതിനകം ആ മഹതി
യെസ്സംബന്ധിച്ച വല്ലവിവരവും ഭവതിക്ക കിട്ടുകയുണ്ടായോ?

സരസ്വതി അതുകേട്ട താരാനാഥന്റെ മുഖത്തു് ഉറ്റുനോ
ക്കിക്കൊണ്ടു് അവളെസ്സംബന്ധിച്ചു യാതൊരു വിവരവും ഞാൻ
ഇതേവരെ അറിഞ്ഞിട്ടില്ല, എന്നുപറഞ്ഞു താരാനാഥൻ പിന്നീടു്
അല്പനേരത്തേക്ക യാതൊന്നും സംസാരിക്കയുണ്ടായില്ല മൗനഭാ
വത്തിൽ അശ്വത്തെ നടത്തിക്കൊണ്ടിരുന്നു. സരസ്വതി അംബി
കേശൻ കേൾക്കാത്തസ്വരത്തിൽ, പ്രേതയക്ഷിയുടെരൂപം അങ്ങ
യുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠിതമായിരിക്കുന്നു എന്നു തോന്നുന്നു
എന്നു് ഈഷൽപുഞ്ചിരിയോടുകൂടിപറഞ്ഞു. പ്രേതയക്ഷിക്ക എല്ലാ
യ്പോഴും ക്ഷേമം ഉണ്ടാകണമെന്നു ഞാൻ എപ്പോഴും ഈശ്വരനെ
പ്രാർത്ഥിക്കുന്നു എന്നു മാത്രമായിരുന്നു അതിനു താരാനാഥന്റെ
മറുപടി രണ്ടുപേരും ദീർഘമൗനത്തെ അവലംബിച്ചു.

നമുക്കു് അംബികേശനായ അംബികയുടെ വൃദയത്തെ ഒന്നു
പരിശോധിക്കാം. തന്നെക്കുറിച്ചു് താരാനാഥനും സരസ്വതിയും
പ്രശംസിച്ചു സംസാരിച്ചതിൽ അവൾക്കു് അതിരറ്റ സന്തോഷവും
ചാരിതാർത്ഥ്യവും ജനിച്ചു. വിശേഷിച്ചും താരാനാഥന്റെ വാക്കു
കൾ വൃദയാന്തരത്തിൽ അമൃതവർഷംചെയ്തു. അവളുടെ വൃദയം
ആഹ്ലാദത്താൽ പരിപൂരിതമായിഭവിച്ചു. ഇതേവരെ അനുഭവി
ച്ചിട്ടില്ലാത്ത അത്ര മഹത്തായ പരമാനന്ദം ഇപ്പോൾ അവൾ അനു
ഭവിച്ചു. അവളുടെ അനന്തരചിന്തകളും ഉദ്ദേശങ്ങളും ആനന്ദമയ
മായി അനുഭവപ്പെട്ടു.

സ്ത്രീകളുടെ ജീവചരിത്രത്തിൽ സർവ്വോൽകൃഷ്ടങ്ങളായ അദ്ധ്യാ
യങ്ങൾ രണ്ടാണു്. ആ രണ്ടു അദ്ധ്യായങ്ങളും ആനന്ദമയങ്ങളും
ചിരസ്മരണീയങ്ങളുമാകുന്നു. അവയുടെ രസഭ്രയിഷ്ഠതയെ വർണ്ണിക്ക
കയെന്നതു ഏതൊരുകവിക്കും ലഘുസാദ്ധ്യമല്ല. തന്റെ മനസ്സിൽ
അനുരാഗം ബീജാവാപം ചെയ്തതായി അനുഭവപ്പെടുന്ന ഒരുഘട്ടം
ഏതൊരു സ്ത്രീക്കുമുള്ളതാണു്. അപ്രകാരം ഒരനുഭവം അവളുടെ
മനസ്സിനു വിഷയീഭവിക്കുമ്പോൾ അവൾക്കുണ്ടാകുന്ന രസം ആ ചാ
രുനിർദ്ദിഷ്ടങ്ങളായ രസങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒന്നാണെന്നു
പറയാം. ആ രസത്തെയാണു് ഒന്നാമദ്ധ്യായംകൊണ്ടുകുറിച്ചതു്.
രണ്ടാമത്തേതാകട്ടെ, ഭർത്തൃലാഭാനന്തരം പുത്രലാഭകാരണമായ
ബീജം ഗർഭസ്ഥിതമായി എന്നു അനുഭവപ്പെടുന്ന ഘട്ടമാകുന്നു. ആ
ഘട്ടത്തിൽ മനസ്സിനുണ്ടാകുന്ന ആനന്ദം നവരത്നപൂർണ്ണമായ
നിധികുംഭം ലഭിക്കപ്പെടുമ്പോഴത്തേതിലും ശതഗുണം അല്ല സഹ

സ്രഗ്ദണം വഡിച്ചുതായിരിക്കും. ഇതാണു രണ്ടാമത്തെ അദ്ധ്യായത്തിനു വിഷയീഭൂതമാകുന്നതു്. ഇപ്പുറത്തെതിൽ ആദ്യത്തെ അദ്ധ്യായം അംബികയുടെ് ആരംഭിച്ചു. താരാനാഥനിൽ അകൈതവമായ അനുരാഗം ആ യുവതീരത്നത്തിനുണ്ടായതു് ഈ മുഹൂർത്തത്തിലാണു്. മുമ്പും ഒന്നുരണ്ടു ഘട്ടങ്ങളിൽ ഏതാണ്ടു് ആ അനുഭവമുണ്ടായിഎങ്കിലും അപ്പോഴെല്ലാം അനുരാഗം അവളുടെ മനസ്സിൽ നിഴൽവീഴ്ത്തുക മാത്രമേ ചെയ്തിരുന്നുള്ളു. തന്റെ സകല സുഖങ്ങൾക്കും അസ്ഥിഭാരം താരാനാഥൻമാത്രമാണെന്നും, അദ്ദേഹത്തോടുകൂടാത്ത തന്റെ ലോകജീവിതം ശൂന്യജീവിതമാണെന്നും അംബികതീരുമാനിച്ചതു ഈ ഘട്ടത്തിൽ മാത്രമാണു്. അതോടുകൂടി താരാനാഥന്റെ മഹാമനസ്കതയും ഔദാര്യവും ശൌര്യവും വീര്യവും അവളുടെ ചിന്താപഥങ്ങളെ ആരോഹണംചെയ്തു. ഈ ഘട്ടത്തിൽ എത്തിയപ്പോൾ താരാനാഥൻ സരസ്വതിയുമായി സംഭാഷണം നടത്തുന്നതു തനിക്കു ദുസ്സഹമാണെന്നുവന്നു. സരസ്വതിയുടെനേർക്കു അസൂയയും താരാനാഥന്റെനേർക്കു് അമർഷവും ജനിച്ചു; രണ്ടുപേരുടേയും മുഖത്തു മാറിമാറി നോക്കി. ഈ നോട്ടത്തിൽ സരസ്വതിക്കു് താരാനാഥന്റെനേർക്കു് അനുരാഗമുണ്ടെന്നുള്ള പരമാർത്ഥം അവർക്കു മനസ്സിലായി. സ്ത്രീകളുടെ മനസ്സു് സ്ത്രീകൾക്കു കാണാൻ കഴിയുന്നതുപോലെ പുരുഷജാതിക്കു കാണാൻ കഴിയുന്നതല്ല വിശേഷിച്ചും അനുരാഗിണിയുടെ മനസ്സു് അനുരാഗിണിയെപ്പോലെ മറ്റാരും മനസ്സിലാക്കുന്നതല്ല.

എന്നാൽ താരാനാഥൻ സരസ്വതിയെ കാമിക്കുന്നുണ്ടോ എന്നു് ഒരു ചോദ്യം അവളുടെ ഹൃദയത്തിൽ മുഴങ്ങിത്തുടങ്ങുകയും അതിനു സമാധാനംകിട്ടാതെ കുഴങ്ങിത്തുടങ്ങുകയും ചെയ്തു. മിക്കവാറും ഉണ്ടെന്നുള്ള സമാധാനമാണു കിട്ടാവുന്നതു് എന്നവർ സംശയിച്ചു. അതേനിമിഷത്തിൽ ഇനി ഇവരുമായി ഒന്നിച്ചു യാത്രചെയ്യാൻ പാടില്ലെന്നു നിശ്ചയിച്ചു. ആ മനഃസ്ഥിതി സ്ത്രീസഹജമാകയാൽ അംബിക ആ വിഷയത്തിൽ അപരാധിനിയാണെന്നു വിധിയെഴുതാൻ പാടില്ല. വിശേഷിച്ചും അവർ പ്രഗത്ഭയുമാണു്. അടുത്തനിമിഷത്തിൽ അവർ മാനസാന്തരപ്പെടാനുണ്ടായ കാരണവും അതുതന്നെ. സരസ്വതി അനുരാഗപൂർവ്വം താരാനാഥനെ അടിക്കടി വീക്ഷിക്കുന്നുണ്ടെങ്കിലും താരാനാഥൻ അപൂർവ്വംചിലപ്പോൾമാത്രം അവളെ നോക്കുന്നതേയുള്ളുവെന്നും ആ നോട്ടത്തിൽതന്നെയും വൈരസ്യവും അവിശ്വാസവും കലർന്നിട്ടുണ്ടെന്നും ആ പ്രഗത്ഭയായ അംബിക വിശ്വസിച്ചു.

ചിലർക്കു ഈ സംഗതികളിൽ പുതുമതോന്നിയേക്കാം. എന്നാൽ അനുരാഗകുതുകത്തിൽ തഴക്കമുള്ളവർക്കു് ഇതിൽ യാതൊരു

പുതുമയുള്ളം അവകാശമില്ല. അനുരാഗം സമർത്ഥനായ ഒരു ഉപദേഷ്ടാവാകുന്നു. ഒരു കൊമ്പത്തെ നിത്യപരിചയത്താൽപോലും ഒരാളിനു് ഗ്രഹിക്കാൻ കഴിയാത്ത സംഗതികൾ അനുരാഗം അനായാസം കൊണ്ടു് അറിയിക്കുന്നു സരസ്വതിയുടെ അനുരാഗത്തെയും താരാനാഥന്റെ അനുരാഗശൂന്യതയേയും അംബിക നൊടിക്കിടയിൽ അറിഞ്ഞതു് അനുരാഗശക്തി ഒന്നുകൊണ്ടു മാത്രമാണു്. തന്നെപ്പറ്റി താരാനാഥൻ പുകഴ്ത്തിപ്പറഞ്ഞതു് സരസ്വതിക്കു അസൂയയുടെ കാരണമായതും അംബിക ഗ്രഹിച്ചു. എന്നിട്ടും, ഒരു ചോദ്യം അംബികയുടെ മനസ്സിൽ ശേഷിച്ചു താരാനാഥന്റെ മനഃക്ലേശത്തിനു ഹേതുവെന്താകാം? അദ്ദേഹം ചിന്താചഞ്ചലനായി കാണപ്പെടുന്നതു എന്തുകൊണ്ടു്? അന്യസ്ത്രീകളിൽ ആരെങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തെ വശീകരിച്ചിട്ടുണ്ടോ? ഈ ചോദ്യങ്ങൾക്കു ശരിയായ സമാധാനം അംബികയ്ക്കു കിട്ടിയില്ല. പ്രേതയക്ഷിയെന്നൊരു സ്ത്രീയുണ്ടെന്നു് സരസ്വതീതാരാനാഥന്മാരുടെ സംഭാഷണത്തിൽനിന്നും അവർക്കു ഗ്രഹിക്കാൻ കഴിഞ്ഞതല്ലാതെ, ആ സ്ത്രീക്കും താരാനാഥനും തമ്മിലുള്ള സംബന്ധമെന്തെന്നും ആ സ്ത്രീ ആരാണെന്നും അവർക്കു മനസ്സിലായിട്ടില്ല.

ഇപ്രകാരം എല്ലാവരും അവരവരെ സംബന്ധിച്ചു ഓരോ വിഷയങ്ങളെക്കുറിച്ചു ചിന്തിച്ചും മനനംചെയ്തും മൗനവ്രതരായിയാത്ര ചെയ്തുകൊണ്ടിരുന്നു. അല്പനേരം കഴിഞ്ഞു താരാനാഥൻ സരസ്വതിയെ നോക്കി, ശ്രീപുരത്തുനിന്നും തിരിക്കുംമുമ്പു് എനിക്കു മാന്യനായ അശോകനാഥനെക്കണ്ടു് യാത്രപറയണമെന്നുണ്ടായിരുന്നു. നിർഭാഗ്യവശാൽ അതിനിടയായില്ല. അക്കാര്യത്തിൽ അദ്ദേഹത്തിനു വല്ലായ്മ കാണുകയില്ലെന്നു് വിശ്വസിക്കുന്നു" എന്നു പറഞ്ഞു.

സരസ്വതി:—അദ്ദേഹത്തിനു് അങ്ങയെപ്പറ്റി നല്ല അഭിപ്രായമാണുള്ളതു്. വിശ്വസ്തനും മാനനീയനുമാണെന്നു് അദ്ദേഹം താങ്കളെപ്പറ്റി അടിക്കടി പറയാറുണ്ടു്. എന്തോ അസൗകര്യത്താൽ തമ്മിൽ കാണാനിടയാകാഞ്ഞതാണെന്നു കരുതുകയല്ലാതെ, കണ്ടു സംസാരിക്കാതെ പോയതിൽ അദ്ദേഹത്തിനു് ഒരിക്കലും, കുണ്ഠിതം തോന്നുകയില്ല വിശേഷിച്ചും ഇന്നു് അദ്ദേഹത്തെക്കണ്ടു സംസാരിക്കാൻതന്നെയും സാവകാശമില്ലാത്തനിലയിലാണു്; ഇന്നലെരാത്രി ആശ്ചര്യകരമായ ഒരു സംഭവം കൊട്ടാരത്തിൽ ഉണ്ടായി. ആ സംഭവത്തെപ്പറ്റി അങ്ങു് ഇതിനകം അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു.

താരാനാഥൻ:—പ്രേമക്കന്മാർ മൂന്നുപേരും തടവുചാടിപ്പോയ്കളഞ്ഞതല്ലേ? ആ സംഗതിയെപ്പറ്റി അല്പം ഞാൻ കേട്ടു. അശോകനാഥന്റെ മനസ്സിനെ ആ സംഭവം അതിയായി ക്ഷോഭിപ്പിച്ചിട്ടുണ്ടായിരിക്കണം.

സരസ്വതി:—ശിവ! ശിവ! സംശയിക്കാനുണ്ടോ? കാശ്മീരത്തിലുള്ള പ്രേമവർഗ്ഗത്തിന്റെ വംശങ്ങളെയെല്ലാം ഉന്മൂലനം ചെയ്യണമെന്നും അവരുടെ സ്വത്തുക്കളെ സാധുക്കൾക്കു ദാനം ചെയ്യണമെന്നുമാണു് അദ്ദേഹത്തിന്റെ അഭിപ്രായം.

അംബികേ:—പ്രേമക്കളെയെല്ലാം നശിപ്പിക്കണമെന്നോ അദ്ദേഹത്തിന്റെ തീരുമാനം.

സരസ്വതി:—ഒരു പത്തു ദിവസത്തിനകം അദ്ദേഹം അതിലേക്കു ശ്രമിച്ചുതുടങ്ങും. ഒരുപക്ഷേ അദ്ദേഹത്തിന്റെ മനഃസ്ഥിതി മാറുമോ എന്നും നിശ്ചയമില്ല. മാന്യയുവാവേ! താങ്കളുടെ ചോദ്യം എന്റെ മനസ്സിൽ അല്പമായ ഒരു സംശയത്തെ അങ്കുരിപ്പിക്കുന്നു. താങ്കൾ ഏതെങ്കിലും പ്രേമവംശത്തെ സംബന്ധിച്ച ദേഹമാണോ എന്നാണു് എന്റെ സംശയം?

അംബികേ:—ഞാൻ പ്രേമകുടുംബത്തിൽ ജനിച്ചവനല്ല. എളിയ കുടുംബത്തിലാണു് എന്റെ ജനനം. അതുകൊണ്ടു് അശോകനാഥന്റെ ലക്ഷ്യം എനിക്കു് അത്യുപേക്ഷണീയമാണെന്നിരുന്നാലും അദ്ദേഹത്തിനു് ഒരു ദോഷവും എന്നിൽനിന്നും സംഭവിക്കാനില്ല.

സരസ്വതി:—അങ്ങനെയാണെങ്കിൽ, താങ്കൾക്കു പ്രേമകുടുംബങ്ങളോടു് സഹഭാവമുണ്ടായിരിക്കണമല്ലോ.

അംബികേ—എന്നല്ല; ഞാൻ സാമാന്യജനങ്ങളിൽ ഉൾപ്പെട്ട ഒരുവനാണു്. എനിക്കു എല്ലാവരിലും സഹഭാവവും സ്നേഹവുമുണ്ടു്. മതസംബന്ധമായിട്ടോ രാഷ്ട്രീയമായിട്ടോ വല്ല മാറ്റവും നാട്ടിൽ നേരിട്ടാൽ എനിക്കു അതിൽ പ്രത്യേകിച്ചു് ഒരു സന്തോഷമോ സങ്കടമോ ഉണ്ടാകാനില്ല. എന്നാൽ അനേകം പ്രേമകുടുംബങ്ങളുള്ളതിൽ ചില കുടുംബങ്ങളോടു എനിക്കു കൃതജ്ഞതയും സ്നേഹവും ഉണ്ടായിക്കൂടെന്നില്ല. ആ കുടുംബത്തിനു വല്ല ഹാനിയും നേരിട്ടാൽ എനിക്കും ദോഷം സംഭവിച്ചേക്കാവുന്നതല്ലേ?

താരാനാഥൻ അംബികയുടെ വാക്കുകളെ ശ്രദ്ധിച്ചു. അയാൾക്കു മനഃക്ലേശമുണ്ടായി. ഈ സംഭാഷണത്തെ വളർത്തരുതെന്നു നിശ്ചയിച്ചു. സംസാരം വളർന്നു കശപിശ ഉണ്ടായി പ്രേമത്രയത്തെ മോചിപ്പിച്ചതു് ഈ യുവാവാണെന്നുള്ള വസ്തുത സരസ്വതി അറിഞ്ഞാൽ ആപത്തുണ്ടാകാമെന്നാണു് അയാളുടെ സംശയം അ

യാഠം സരസ്വതിയെനോക്കി, "ഭവതി തെറ്റിദ്ധരിക്കേണ്ട. ഈ യുവാവു് അശോകനാഥനിൽ അനുഭാവമുള്ള ആളാണു്. ഏതായാലും ഈ സംഭാഷണം ഇവിടെ നില്ക്കട്ടെ! എനിക്കു് കാശ്മീരത്തെ സംബന്ധിച്ച രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിച്ചുകൂടെന്നുള്ളതു് മാടന്റെ നിബന്ധനകളിലൊന്നാണല്ലോ. അതുകൊണ്ടു് ഈ സംഭാഷണത്തെ വളത്തിക്കൂടാത്തതാണു്" എന്നു പറഞ്ഞു.

സരസ്വതി—അതു നിബന്ധന ഞാൻ ഓർക്കുന്നുണ്ടു്. പ്രേതയക്ഷിയുടെ പേരിലുള്ള സ്നേഹത്താൽ അങ്ങു് എന്തെല്ലാം ബുദ്ധിമുട്ടുകളാണു സഹിക്കേണ്ടിവന്നതു്!

താരാനാഥൻ:—പ്രേതയക്ഷിയെപ്പറ്റി ഇനിമേൽ ഭവതി സംസാരിക്കരുതു്. ദുസ്സാദ്ധ്യമായ കാര്യത്തെക്കുറിച്ചു ചിന്തിക്കുകയും പറയുകയും ചെയ്തിട്ടു എന്തുഫലം? നമുക്കു നേരുക്കുടി വേഗത്തിൽ ചരിക്കാം.

താരാനാഥൻ തന്റെ അശ്വത്തെ ത്വരിപ്പിച്ചു മുമ്പിൽ കയറി. സരസ്വതിയും അംബികേശ്വരനും താരാനാഥന്റെ പുറകേ ഗമിച്ചു. "താരാനാഥന്റെ അവകാശിനി ഞാനാണു്, ഞാനാണു്" എന്നിങ്ങനെ സരസ്വതി തന്നത്താൻ പറയുന്നുണ്ടായിരുന്നു.

അദ്ധ്യായം നൂറ്

"നമ്മുടെ മാടൻ നമ്മൊടുകല്പി-
ച്ചിങ്ങുപുരത്തിനു യാത്രയുമായി
അങ്ങനെ മാടൻ കല്പിച്ചാൽ പുന-
രെങ്ങനെ നിന്നെയുപേക്ഷിക്കേണ്ടു?"

അശ്വാരൂഢന്മാരായ ആ പഥികന്മാർ മാർഗ്ഗമദ്ധ്യേ ഒരു ക്ലബ്ബിൽ ഇറങ്ങി. ആദിത്യൻ പശ്ചിമാബ്ധിയിൽ മുഴുകികഴിഞ്ഞ സമയമാണു്. രാത്രിയാത്ര സുഖകരമല്ലാത്തതിനാൽ അന്നു് അവിടെത്താമസിക്കാൻ തീർച്ചപ്പെടുത്തി. അതോടുകൂടി ആദ്യദിവസത്തെയാത്ര അവസാനിച്ചു.

അവർ തങ്ങിയ കെട്ടിടം, നല്ല ഉറപ്പും ബലവുമുള്ള ഒരു പഴയ കെട്ടിടമായിരുന്നു. സ്ഥലസൗകര്യവും അതിൽ വേണ്ടുവോളമുണ്ടായിരുന്നു. ആ ക്ലബ്ബിന്റെ ഉടമസ്ഥനും അയാളുടെ ഭാര്യയും നമ്മുടെ വഴിയാത്രക്കാരെ പ്രീതിപൂർവ്വം സ്വീകരിച്ചു സല്ക്കരിച്ചു. താരാനാഥന്റെ ഗംഭീരമായ മുഖഭാവവും, സരസ്വതിയുടെ അംഗസൗഷ്ഠവവും അവർ അണിഞ്ഞിരിക്കുന്ന ആഭരണ

ങ്ങളുടെ അമൂല്യതയും ധാരാളത്വവും, മദനന്റെയും ഭൃത്യന്മാരുടെയും താരാനാഥനോടുള്ള പെരുമാറ്റങ്ങളും കണ്ടു്, ഇവർ ഇടപ്രഭുക്കന്മാരിൽ ആരെങ്കിലുമായിരിക്കാമെന്നു് ക്ലബ്ബുടമസ്ഥനും അയാളുടെ ഭാര്യയും വിശ്വസിച്ചതിൽ ആശ്ചര്യപ്പെടാനില്ല.

മിക്കവാറും വിജനമായ ഒരു സ്ഥലത്താണു് ആ കെട്ടിടം സ്ഥിതിചെയ്തിരുന്നതു്. ക്ലബ്ബിൽതങ്ങുന്ന യാത്രക്കാരുടെ കുതിരകളെക്കെട്ടി സൂക്ഷിക്കാൻ ഒരു വലിയ കുതിരലായം അവിടെ ഉണ്ടായിരുന്നു. ക്ലബ്ബുടമസ്ഥൻ, തന്റെ ഭൃത്യന്മാരെ വിളിച്ചു താരാനാഥപ്രഭൃതികളുടെ കുതിരകളെ ലായത്തിൽകൊണ്ടുകെട്ടി തീററികൊടുക്കാൻ ആജ്ഞാപിച്ചിട്ടു് അതിഥികളെ മുകളിലത്തെ നിലയിലേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി. അവിടെ ആറേഴ്മുറികളും ഉണ്ടായിരുന്നു. ഓരോരുത്തക്കും ഓരോമുറികളും ഒഴിച്ചുകൊടുത്തു. രാത്രി എട്ടുമണിയോടുകൂടി ആഹാരം തയാറാകുമെന്നും അപ്പോൾ വിവരം തെര്യപ്പെടുത്താമെന്നും പറഞ്ഞിട്ടു ക്ലബ്ബുടമസ്ഥൻ അയാളുടെ വഴിക്കുപോയി.

സരസ്വതി തന്റെ മുറിയിൽകയറി; മദനൻ അവന്റെ മുറിനിലേക്കുപോയി; സുരുചിയും വിമലയും അവരവരുടെ മുറികളിൽ പ്രവേശിച്ചു. ഭൃത്യന്മാർ രണ്ടുപേക്കുകൂടി ഒരുമുറിയാണു് അനുവദിച്ചുകൊടുക്കപ്പെട്ടതു്. താരാനാഥൻ, അംബികേശനെയും കൂട്ടിക്കൊണ്ടു തനിക്കായിട്ടുള്ള മുറിയിൽകടന്നു. അംബികേശനു പ്രത്യേകമായി മുറി ശട്ടം കെട്ടിയിട്ടുണ്ടു്. സംഭാഷണസൗകര്യത്തെ ഉദ്ദേശിച്ചുമാത്രം താരാനാഥന്റെ ക്ഷണത്തെ സ്വീകരിച്ചു് അയാളുടെ മുറിയിൽ പ്രവേശിച്ചതാണു്. താരാനാഥനു് ഇനിയും പരമാർത്ഥം മനസ്സിലായിട്ടില്ലാത്തതിനാൽ അംബികേശൻ പുരുഷനാണെന്നതന്നെ അയാൾ വിശ്വസിച്ചിരിക്കുകയാണല്ലോ.

"ഇന്നാരാണെന്നു് എനിക്കു മനസ്സിലാക്കാൻ സാധിക്കാത്തവണ്ണം ആപാദചൂഡം അത്ഭുതനംചെയ്തിരിക്കുന്ന ധീരനായ യുവാവേ! നമ്മുടെ ഒന്നിച്ചുവന്ന ആ സുന്ദരിയായ സ്ത്രീയെപ്പററി നിങ്ങൾ എന്തുകരുതുന്നു?" എന്നു താരാനാഥൻ അംബികേശനോടു ചോദിച്ചു

"ആ മാന്യസ്ത്രീ, അന്യാദൃശസൗന്ദര്യത്തോടുകൂടിയവളായി കാണപ്പെട്ടന്നു" എന്നു് അംബികേശൻ പറഞ്ഞു അതോടുകൂടി അയാൾ ദീർഘമായി ഒന്നു നിശ്വസിച്ചു. ആ അവസരത്തിൽ അയാളുടെ മാറിടം ജ്വലിച്ചതു്, ഇരുമ്പുചട്ട ധരിച്ചിരിക്കുന്നതിനാൽ താരാനാഥൻ കണ്ടില്ല.

താരാനാഥൻ:— എന്നുവച്ചു് അഭിനന്ദനീയയാണെന്നു വരുമോ? ആകൃതിയിൽ അന്യാദൃശമായ സൗന്ദര്യം ഉണ്ടായിരുന്നാൽ ഒരുസ്ത്രീ മാന്യനീയയാണെന്നു കരുതാമോ? മാന്യസ്നേഹിതാ!

കഴിഞ്ഞ രണ്ടുമൂന്നാഴ്ചകൾക്കിപ്പുറം സൗന്ദര്യവതികളായ മൂന്നുസ്ത്രീരത്നങ്ങളെ ഞാൻ കാണുകയുണ്ടായി. അവർ ഓരോരുത്തരും, ഓരോ രാമരാവണയുദ്ധത്തെ സംഭവിപ്പിക്കാൻ അഥവാ ഏതൊരുവിശ്വാമിത്രന്റെയും തപസ്സിനെ മുടക്കാൻ സാമർത്ഥ്യമുള്ള സൗന്ദര്യത്തോടുകൂടിയവരാണു്. എന്നാൽ ആ മൂന്നുപേരും ഭിന്നപ്രകൃതികളോടുകൂടിയവരാകുന്നു. മൂന്നുപേരുടേയും സ്വഭാവത്തിനു അജഗജാന്തരമുണ്ടു്. ഇരുട്ടിനും വെളിച്ചത്തിനുമുള്ള വ്യത്യാസം ആ മൂന്നുപേരുടെ സ്വഭാവത്തിലുമുണ്ടു്. ആദ്യം പ്രേതയക്ഷിയെപ്പറ്റി പറയാം. ആ സ്ത്രീ.....

"ആ സ്ത്രീ, നമ്മുടെ ഒന്നിച്ചുവന്ന സ്ത്രീയുടെ സഹോദരിയായിരിക്കാം" എന്നു അംബികേശൻ പറഞ്ഞു.

താരാനാഥൻ:—അതെ, ആ സ്ത്രീ സരസ്വതിയുടെ സഹോദരി തന്നെ. പ്രേതയക്ഷിയെ നിങ്ങൾ കണ്ടിട്ടില്ലെങ്കിൽ, സരസ്വതിയുടെ ആകൃതികൊണ്ടു്, അവളുടെ ആകൃതിയേയും അനുമാനിക്കാം. സൌന്ദര്യത്തിൽ രണ്ടുപേർക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ നിറത്തിൽമാത്രം ഗണ്യമായ വ്യത്യാസമുണ്ടു്. അവളുടെ നിറം മറെറാരു സ്ത്രീക്കും, പുരുഷനുതന്നെയും ഞാൻ കണ്ടിട്ടില്ല. ചിത്രങ്ങളിൽ കാണപ്പെടുന്ന ശ്രീകൃഷ്ണന്റെ നീലനിറം, അതു് അവളുടെ സൗന്ദര്യത്തെ ദ്വിഗുണിതമാക്കിച്ചെയ്യുന്നുമുണ്ടു്. ഈ ഒരു സംഗതിയിൽ മാത്രമേ ഈ സഹോദരികൾക്കു തമ്മിൽ വ്യത്യാസമുള്ളൂ. ഉയരത്തിലാകട്ടെ, അവയവഘടനയിലാകട്ടെ, ശരീരവച്ചിപ്പിലാകട്ടെ, സ്വരത്തിലാകട്ടെ അണുമാത്രം ഭേദമില്ല. ഈ വർണ്ണവ്യത്യാസം ഒന്നില്ലെങ്കിൽ പ്രേതയക്ഷിതന്നെ സരസ്വതി, സരസ്വതിതന്നെ പ്രേതയക്ഷി. പ്രസവിച്ചുവളർത്തിയ മാതാപിതാക്കൾപോലും രണ്ടുപേരെയും തിരിച്ചറിയുമായിരുന്നില്ല. അങ്ങനെ സംഭവിക്കാതിരിക്കാൻ ദൈവമായി വരുത്തിയതാണു് ഈ വ്യത്യാസമെന്നുതന്നെ ഞാൻ വിചാരിക്കുന്നു. ഇതുകൊണ്ടു്, പ്രേതയക്ഷിയുടെ ആകൃതി നിങ്ങൾക്കു് അനുമാനിക്കാവുന്നതാണു്.

അംബികേശൻ:—താങ്കളുടെ വർണ്ണന പ്രേതയക്ഷിയെ എനിക്കു കാട്ടിത്തന്നു. ഈ സഹോദരികളുടെ സ്വഭാവവ്യത്യാസം എന്തോ?

താരാനാഥൻ:—സ്വഭാവവ്യത്യാസമോ? അതിനെക്കുറിച്ചു് എനിക്കുയാതൊന്നും പറഞ്ഞുകൂടാത്തതാണു്. അതിനെപ്പറ്റിയുള്ള എന്റെ അഭിപ്രായത്തെ വെളിപ്പെടുത്താൻ ഞാൻ ഇഷ്ടപ്പെടുന്നില്ല

ട്ടുന്നില്ല. അതിരിക്കട്ടെ ഞാൻ മൂന്നുസ്ത്രീകളെക്കണ്ടതായി പറഞ്ഞുവല്ലോ. അവരിൽ രണ്ടുപേർ പ്രേതയക്ഷിയും സരസ്വതിയുമാണെന്നു നിങ്ങൾ ഗ്രഹിച്ചുവല്ലോ മൂന്നാമത്തെ സ്ത്രീയെപ്പറ്റിയും അല്പം പ്രസ്താവിക്കാം. അംബികയെന്ന ആസ്ത്രീയെപ്പറ്റിയാണു യാത്രാമദ്ധ്യേ ഞാനും സരസ്വതിയും സംസാരിച്ചതു്.

ഇത്രയും കേട്ടപ്പോൾ അംബികേശനായ അംബികയ്ക്കു് ഒരു പ്രകാരത്തിൽ സന്തോഷവും മറെറാരുപ്രകാരത്തിൽ സങ്കോചവും ഉണ്ടായി. താരാനാഥൻ തുടർന്നുപറഞ്ഞു:—പ്രേതയക്ഷിയും സരസ്വതിയും അംബികയും പുരുഷഹൃദയത്തെ ആകർഷിക്കാൻ ശക്തിയുള്ളവരാണു്. ഏതൊരു വജ്രഹൃദയനെയും ഏതു വലുതായ ശത്രുവിനെയും വശപ്പെടുത്താൻ ശക്തിയുള്ളതാണു പ്രേതയക്ഷിയുടെ സൗകുമാര്യം. മനുഷ്യന്റെ മസ്തിഷ്കത്തെ ചലിപ്പിച്ചു അവനെ മയക്കി നമസ്കരിപ്പിക്കാനുള്ള ശക്തി, സരസ്വതിയുടെ സൌന്ദര്യത്തിനുണ്ടു്. അംബിക.....

എന്നു് അശ്ലോകയിൽ വിരമിച്ചു. പല നിമിഷങ്ങൾ കഴിഞ്ഞു് "താങ്കളുടെ വർണ്ണന അവസാനിച്ചില്ലല്ലോ" എന്നു അംബികേശൻ പറഞ്ഞു തന്നെപ്പറ്റിസ്തുതിച്ചുപറയുന്നതു കേൾക്കണമെന്നുള്ള ആശയല്ല, താരാനാഥനു് തന്നെപ്പറ്റിയുള്ള അഭിപ്രായം എന്തെന്നറിയണമെന്നുള്ള കാംക്ഷയാണു അംബികേശനുള്ളതു്.

താരാനാഥൻ:—അതേ, എന്റെ വർണ്ണന അവസാനിച്ചില്ല. ദിവ്യസൗന്ദര്യവതികളായ പ്രേതയക്ഷിയേയും സരസ്വതിയേയും അപേക്ഷിച്ചു്, അടക്കം, ശ്രീ, അറിവു്, അനുകമ്പ മുതലായ സദ്ഗുണങ്ങളും ആത്മശുദ്ധിയെ വെളിപ്പെടുത്തുന്ന യുക്തവുക്ഷണങ്ങളുമുള്ള അംബികയുടെ അനിതരസാധാരണമായ സൗന്ദര്യപൂരത്തെ വർണ്ണിക്കാൻ വാക്കുകൾ കിട്ടാതെ കുഴങ്ങുകയാണു്. ആസൗന്ദര്യസമ്പൂർണ്ണമായവിഗ്രഹത്തെ ഓർക്കുമ്പോൾ എന്തെന്നില്ലാത്ത ഒരനുഭവം എനിക്കുണ്ടാകുന്നു നിത്യമായ അനുരാഗം എന്റെഹൃദയത്തിൽ കുടികൊള്ളുന്നു.പ്രേതയക്ഷിയുടെ സൗന്ദര്യം അവളെ നേരിൽ കാണുമ്പോൾമാത്രമേ എനിക്കു് ആനന്ദത്തെ നൽകുന്നുള്ളൂ. സരസ്വതിയുടെ സൗകുമാര്യമാകട്ടെ. ആരംഭത്തിൽ ആനന്ദത്തെ ഉളവാക്കുകയും അനന്തരകാലത്തിൽ അതിനെ ഉന്മൂലനം ചെയ്യുകയുംചെയ്യുന്നു. അംബികയുടെ സൗന്ദര്യം, അവളുടെസാന്നിദ്ധ്യത്തിലും അസാന്നിദ്ധ്യത്തിലും ഇന്നും എന്നും ഒരേവിധത്തിലുള്ള ആനന്ദത്തെ ഉളവാക്കി അനശ്വരമായ അനുരാഗത്തെ അങ്കുരിപ്പിക്കുന്നു. എന്തിനധികം! കാണുമ്പോഴും കേൾക്കുമ്പോഴും ഓർക്കുമ്പോഴും

ആനന്ദത്തെ അനുഭ്രതമാക്കുന്ന ഒരു ദിവ്യശക്തി അംബികാസൗകുമാര്യത്തിനു വിശേഷവിധിയായിട്ടുണ്ടെന്നു തീർത്തുപറയാം. പ്രേതയക്ഷിയേയും സരസ്വതിയേയും കാണാതിരുന്നുവെങ്കിൽ എന്റെ അനുരാഗൈകപാത്രം അംബിക ഒന്നുമാത്രമായിരുന്നേനെ.

അവസാനത്തെ വാക്കുകൾ, അംബികയുടെ മനോഹരവദനത്തിൽ വൈവർണ്യം സംഭവിപ്പിച്ചു. നിഷ്കളങ്കമായ അവളുടെഹൃദയം അസൂയാപേടകമായി ഭവിച്ചു. ഒരു പ്രകാരത്തിൽ അമർഷവും ഒരുപ്രകാരത്തിൽ അന്തസ്താപവും അവളെ ബാധിച്ചു. അവളുടെ കണ്ണുകളിൽ അശ്രുനിറഞ്ഞു. താരാനാഥനു് അതുകണ്ടു് സീമാതീതമായ മനഃക്ലേശമുണ്ടായി. അംബികയെ ഈ യുവാവു് കാമിക്കുന്നുണ്ടെന്നും, താൻ അംബികയെപ്പറ്റി വർണ്ണിച്ചതു ഈയാപത്തിനു കാരണമായി എന്നും അയാൾ ധരിച്ചു. തന്മൂലം പശ്ചാത്താപത്തോടുകൂടി, അംബികേശനെ നോക്കിപ്പറഞ്ഞു:—"മാന്യസുഹൃത്തേ! എന്റെ വാക്കുകൾ നിങ്ങൾക്കു ക്ലേശത്തെ ഉളവാക്കിയതിൽ, ഞാൻ എന്നെ ശാസിക്കുന്നു. നിങ്ങളുടെ, ഈ സമയത്തെ മനസ്സിലെ ചിന്തകൾ എന്തെല്ലാമാണെന്നു ഞാൻ അറിയുന്നുണ്ടു്. നിങ്ങൾ അംബികയെന്ന ആ യുവതീരത്നത്തെ കാമിക്കുന്നു, ആ അപൂർവ്വരത്നത്തെ ലഭിച്ചാലുള്ള ജന്മസാഫല്യത്തെ ഓർക്കുന്നു. സ്നേഹിതാ! നിങ്ങൾക്കു ആ സ്ത്രീയുമായി എന്നേക്കാൾ പരിചയമുണ്ടു്. നിങ്ങൾ ഹൃദയപൂർവ്വം ആ യുവതിയെ സ്നേഹിക്കുന്നു."

"അതേ, ജനനംമുതൽ എനിക്കു അവളെപ്പരിചയമുണ്ടു്. എന്നെപ്പോലെതന്നെ ഞാൻ അവളേയും സ്നേഹിക്കുന്നുമുണ്ടു്" എന്നായിരുന്നു അംബികേശന്റെ സമാധാനം.

താരാനാഥൻ:—അതു വാസ്തവമോ? എന്നാൽ ആ സ്ത്രീയുടെ ഭർത്തൃപദത്തെ അലങ്കരിക്കാൻ നിങ്ങളെ ഈശ്വരൻ അനുഗ്രഹിക്കട്ടെ! ആ സ്ത്രീ കേവലം ഒരു കൃഷീവലന്റെ പുത്രിയും, കാട്ടിൽ താമസിച്ചു കാട്ടുകിഴങ്ങുകളെക്കൊണ്ടു ഉപജീവിക്കുന്നവളുമായിരുന്നാലും ഒരു ചക്രവർത്തിയുടെ പട്ടമഹിഷീപദത്തിനു അവകാശിനിയാണു്.

ഈ അവസരത്തിൽ, ക്ലബ്ബുടമസ്ഥൻ മുറിയിൽ കടന്നുചെന്നു ആഹാരം തയ്യാറായ വിവരം തെര്യപ്പെടുത്തി. അതുകേട്ടു് അംബികേശൻ താരാനാഥനെനോക്കി, "മാന്യസുഹൃത്തേ! ഞാൻ തനിച്ചിരുന്നു ഭക്ഷണം കഴിക്കുകയാണു പതിവു്; അതുകൊണ്ടു ഞാൻ എന്റെ മുറിയിൽ ചെല്ലട്ടെ! ആഹാരസാധനങ്ങൾ ആ മുറിയിൽ കൊണ്ടുവന്നു തരാൻ ശട്ടംകെട്ടണമെന്നു് അപേക്ഷയുണ്ടു്. ഇനി

നമുക്ക രാവിലെ കണ്ട സംസാരിക്കാം" എന്നുപറഞ്ഞു തന്റെറ മുറിയിലേക്ക പോയി.

താരാനാഥനും അംബികേശനും സംഭാഷണം നടത്തിക്കൊണ്ടിരുന്ന ഘട്ടത്തിൽ, സരസ്വതി തന്റെറ മുറിയിൽനിന്നും ഇറങ്ങി താരാനാഥന്റെറ മുറിയിലേക്ക പോകുമ്പോൾ ഇടയ്ക്കുവച്ച മദനനെ കണ്ടുമുട്ടാനിടയായി. അവൻ ഒരുഭാഗത്തു ഒഴിഞ്ഞുനിന്നു വിശ്രമിക്കുകയായിരുന്നു. മദനനെ കണ്ട ഉടനെ സരസ്വതി മന്ദഹാസപൂർവ്വം അവന്റെറ സമീപത്തുചെന്നു്, "അല്ല, മദനനോ! നീ ഇവിടെയാണോ നിൽക്കുന്നതു്. എനിക്ക നിന്നോടു സംസാരിക്കണമെന്നാഗ്രഹമുണ്ടായിരുന്നു. ഇതുതന്നെ അതിനവസരം. വാ, എന്റെറ മുറിയിൽ പോകാം. അവിടെ മറ്റാരുംവന്നു് ഉപദ്രവിക്കുകയില്ല" എന്നുപറഞ്ഞു അവനെ തന്റെറ മുറിയിലേക്ക കൂട്ടിക്കൊണ്ടുപോയി. മുറിയിൽ പ്രവേശിച്ച ഉടനെ "നിങ്ങൾക്കു് എന്താണു് എന്നോടു പറവാനുള്ളതു്?" എന്നു മദനൻ സരസ്വതിയോടു ചോദിച്ചു.

സരസ്വതി:—നമ്മുടെ പഴയ ഓർമ്മകളൊക്കെ നീ വിട്ടുകളയണം നമുക്കു് ഇനി പരസ്പരം സ്നേഹത്തിൽ കഴിഞ്ഞുകൂടണം.

മദനൻ:—അതിരിക്കട്ടെ! എന്നെക്കൊണ്ടു നിങ്ങൾക്ക സാധിക്കേണ്ടതെന്തു്?

ഇങ്ങനെ പറയുമ്പോൾ, അവന്റെറ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. മൃഗീയമായ അനുരാഗചേഷ്ട അവനിൽ കാണപ്പെടുകയുണ്ടായി. അവന്റെറ ഹൃദയസ്പന്ദനം ക്രമാതീതമായി തരിച്ചു.

സരസ്വതി:—നിന്റെറ മനഃസ്ഥിതി ഇതേവരെ മാറിയിട്ടില്ലെന്നു തോന്നുന്നു. ഞാൻ വീണ്ടും പറയുന്നു. നാം രണ്ടുപേരും പരസ്പരം സ്നേഹിച്ചു പെരുമാറണം. രണ്ടുപേരുടേയും അഭ്യുദയത്തിനു അന്യോന്യം സഹായിക്കണം.

മദനൻ:—എന്നെക്കൊണ്ടു് എന്താണു വേണ്ടതു്? അതു പറയുക!

സരസ്വതി:—നീ പിന്നെയും മക്കടമുഷ്ടി പിടിക്കുകയാണല്ലോ. നാം തമ്മിൽ സൗഹൃദത്തിൽ കഴിയണമെന്നോ, ശത്രുതാത്തിൽ വർത്തിക്കണമെന്നോ നീ ഉദ്ദേശിക്കുന്നതു്? ദയവുചെയ്തു അതിനു സമാധാനം പറയുക.

മദനൻ:—നിന്നെ സംബന്ധിച്ചിടത്തോളം എനിക്ക എന്തൊരു സ്നേഹമാണു്? നിന്റെറ സ്നേഹത്തെ ഞാൻ എന്തിനു് ആഗ്രഹിക്കണം. നാം രണ്ടുപേരും അന്നു് അവിടെ താമസിക്കുമ്പോൾ...

"അതേ, അതേ, എനിക്കതു് ഓർമ്മയുണ്ടു്. ആ സ്ഥലത്തിന്റെറ പേരു പറയേണ്ടാ. ഒരുപക്ഷേ, അതു മറവുവല്ലവരും കേട്ടു

എന്നുവരാം" എന്നു സരസ്വതി അക്ഷമയോടുകൂടി തടഞ്ഞു പറഞ്ഞു.

മദനൻ:—ശരി, ഞാൻ ആ പേരു പറയുന്നില്ല. നാം രണ്ടുപേരും അവിടെ താമസിക്കുമ്പോൾ—ഞാൻ അവിടത്തെ ഒരു ഭൃത്യന്റെ നിലയിലല്ലെങ്കിലും ഒരു സാധാരണന്റെനിലയിലും നീ നിന്റെ സൗന്ദര്യാതിശയത്താൽ എന്നിൽനിന്നും ഒരു പടി ഉയർന്നനിലയിലും കഴിഞ്ഞുകൂടുമ്പോൾ—എനിക്കു നിന്നിൽ അനുരാഗം ജനിച്ചു. ഇവിടം ഞാൻ നിന്റെ നേരിൽ പറഞ്ഞു; ഞാൻ നിന്നെ വളരെ വളരെ സ്തുതിച്ചു; ഞാൻ നിന്നെ നമസ്കരിച്ചു; നീ വഴിപ്പെട്ടില്ല. അതേ നിന്റെ വജ്രഹൃദയം അലിഞ്ഞില്ല. പാറക്കല്ലുപോലും എന്റെ വാക്കു കേട്ടാൽ അലിയുമായിരുന്ന നിന്റെ ഹൃദയം അതിനേക്കാൾ കഠിനമാണു്.

സരസ്വതി:—അതൊക്കെ വാസ്തവംതന്നെ. സത്യമാണു നീ പറയുന്നതു്. ആ അനുരാഗമനഃസ്ഥിതി ഇതിനകം നിന്നെ വിട്ടു പിരിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു.

മദനൻ:—ഇല്ല, അതു് എന്നെ വിട്ടകലുകയില്ല. അനുരാഗം നിറഞ്ഞ എന്റെ മനസ്സിൽ ഇപ്പോൾ ഒരു പുതിയ ഉണർവുകൂടി ഉണ്ടായിരിക്കുന്നു. എന്നുവച്ചാൽ പ്രതികാരേച്ഛ എന്നെ ബാധിച്ചിരിക്കുന്നു. എനിക്കു നിന്നിൽ തിരാപ്പകയുണ്ടു്. അതു തീർക്കേണ്ടതു തന്നെ വേണം.

"അതു നീചമായ കരുതലാണു്, ഭീരുത്വമാണു്; മൂഢീയത്വമാണു്" എന്നു ഭയം കലർന്നൊരുത്തോടുകൂടി സരസ്വതി പറഞ്ഞു.

മദനൻ:—നീ എന്തുതന്നെ പറഞ്ഞാലും ഞാൻ അടങ്ങുകയില്ല. ഞാൻ അതിനെ വകവയ്ക്കുകയില്ല. ഞാൻ നിന്റെ കാൽക്കൽ വീണപേക്ഷിച്ചിട്ടു നീ കണ്ടഭാവംപോലും നടിച്ചില്ല അതു നീചയാണു നീ. ആ നിന്നിൽ നീചത്വവും കാട്ടുന്നതു കൊണ്ടു എന്തു ദോഷം വരാനാണു്.

സരസ്വതി:—മദനാ, ക്ഷമിക്കുക. എന്റെ തെറ്റിനെ സഹിച്ചു് എനിക്കു മാപ്പുതരിക! കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചു സംസാരിക്കണ്ടാ, അതിനെ മറന്നുകളയുക! ദയചെയ്തു് എന്റെ തെറ്റിനെ ക്ഷമിച്ചതായി നീ സമ്മതിക്കുക! എന്റെ ഹൃദയം ശാന്തമാകട്ടെ! സമാധാനം എന്റെ ഹൃദയത്തിൽ കുടികൊള്ളട്ടെ!

മദനൻ:--ഇല്ലില്ല, ഒരിക്കലും സാധിക്കുകയില്ല. നീ യോഗ്യനായ താരാനാഥനെ കാമിക്കുന്നു. അതു ഫലവത്താകാൻ പാടില്ല. എന്നെ കബളിപ്പിക്കാമെന്നു നീ വിശ്വസിക്കേണ്ടാ.

സരസ്വതി:--നീ സത്യം അറിയാതെ സംസാരിക്കുന്നു. ശരി, ഞാൻ അദ്ദേഹത്തെ കാമിക്കുന്നു എന്നുതന്നെ വിചാരിക്കുക! നീ എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു്?

മദനൻ:--അദ്ദേഹം എന്നോടും സ്നേഹപൂർവ്വം പെരുമാറി. എന്നെ ആ കാരാഗൃഹത്തിൽനിന്നും അദ്ദേഹം മോചിപ്പിച്ചു.

സരസ്വതി:--അതേ. അദ്ദേഹം നിന്നെ സഹായിച്ചു; നീ അദ്ദേഹത്തിനും വിലയേറിയ സഹായം ചെയ്യു. ആ സംഗതി എനിക്കു നല്ലപോലെ അറിയാം. എന്നിരുന്നാലും മദനാ! നീ ചെയ്തിട്ടുള്ള വലുതായ സത്യത്തെ ഓക്കുക! 'ധവളസൗധ'ത്തെയും 'കുമുദിനീമന്ദിര'ത്തെയും സംബന്ധിച്ചു എതൊരു രഹസ്യവും നിനക്കു പുറത്തുവിടാൻ പാടില്ല; അതു നിന്റെ ഓമ്മയിലിരിക്കട്ടെ!

മദനൻ:--ആ സംഗതി എനിക്കു അറിയാം. ആ സത്യത്തെ ലംഘിക്കാതെതന്നെ വേണ്ടിടത്തോളം സംഗതികൾ താരാനാഥന്റെ ചെവിയിൽ മന്ത്രിക്കാൻ എനിക്കു സാധിക്കുമെന്നുള്ള വസ്തുത നിന്റെയും ഓമ്മയിലിരിക്കട്ടെ!

സരസ്വതി:--മദനാ! നീ എന്നെ ചതിക്കരുതേ! ഒരു സ്ത്രീയെ ചതിക്കുന്നതു പാപമാണു്. നീ ഒരു പുരുഷനല്ലേ? ഒരു സ്ത്രീയുടെ നേരിൽ ഒരു പുരുഷനു് ഇത്ര വാശിതോന്നാമോ? ഞാൻ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു നിനക്കു പുണ്യം കിട്ടും. എന്നെ ദ്രോഹിക്കരുതെ.

മദനൻ:--ഒരു നിബന്ധനയ്ക്കു നീ വഴിപ്പെട്ടാൽ ഞാൻ നിന്നെ ദ്രോഹിക്കുകയില്ല. അതായതു നീ എന്റെ ആഗ്രഹത്തെ സാധിച്ചുതരണം. എന്തു പറയുന്നു?

സരസ്വതി:--ശരി; ഞാൻ അപ്രകാരം സമ്മതിക്കുന്നു. എന്റെ മനസ്സിനു വിപരീതമായും, എന്റെ സ്ത്രീത്വത്തിനു വിരുദ്ധമായുമുള്ള നിന്റെ അഭിലാഷത്തെ ശത്യന്തരമില്ലായ്കയാൽ ഞാൻ സാധിച്ചുതരാം. ഇന്നുരാത്രി പന്ത്രണ്ടുമണിക്കു ഞാൻ നിന്റെ മുറിയിൽ വരാം എന്നാൽ ഇപ്പോൾ പിരിയാം.

മദനൻ പോയതിനുശേഷം താരാനാഥന്റെ മുറിയിൽ ചെന്നു എല്ലാവരും ആഹാരം കഴിഞ്ഞു. സരസ്വതി വളരെ നേരം പലവിഷയങ്ങളെയും അധികരിച്ചു താരാനാഥനോടു സംഭാഷണം നടത്തിക്കൊണ്ടിരുന്നതിനുശേഷം അവളുടെ മുറിയിൽ ചെന്നു ശയിച്ചു. അവളുടെ ദാസികൾ അവരുടെ മുറികളിലേക്കും

പോയി. കെട്ടിടത്തിലുള്ള സകല ജനങ്ങളും ഗാഢനിദ്രയെ പ്രാപിച്ചു. താരാനാഥനുമാത്രം ഉറക്കമുണ്ടായില്ല. അയാൾ എഴുന്നേറ്റു മുറിയുടെ വെളിയിൽ അങ്ങിങ്ങു ലാത്തിക്കൊണ്ടിരുന്നു. ആ സമയത്തു അല്പം അകലെയായി മദനന്റെ മുറിയിൽ ഒരാൾ കയറുന്നതു കണ്ടു. കൈയിൽ ഒരു കഠാരി തിളങ്ങുന്നുമുണ്ടായിരുന്നു. താരാനാഥൻ പെട്ടെന്നു ചെന്നു മുറിയിൽ കടന്നു. അഹോ! എത്ര ഭയങ്കരമായ കാഴ്ച. സർവ്വാംഗസുന്ദരിയായ ആ സരസ്വതി—ശിവയോഗിനിയെ ഒരാറ്റക്കുത്തിനു കൊന്ന ആ ഘാതകി—മിന്നിത്തിളങ്ങുന്ന കഠാരിയുമോങ്ങി' ഉറങ്ങിക്കിടക്കുന്ന മദനന്റെ ശയ്യാതലത്തെ സമീപിക്കുന്നു! താരാനാഥൻ അത്യുച്ചത്തിൽ മുറവിളിച്ചുകൊണ്ടു അങ്ങോട്ടോടുന്നതും, കഠാരി കീഴ്പോട്ടുതാണതും ഒന്നിച്ചു കഴിഞ്ഞു.

അർദ്ധരാത്രിസമയത്തു, സകലരും ഗാഢനിദ്രയെ പ്രാപിച്ചതിനുശേഷം, അതിരഹസ്യമായി നടത്തിയ ഈ കൊലപാതകം, താരാനാഥൻ പെട്ടെന്നുവന്നുകണ്ടതിനാൽ സരസ്വതിക്കുണ്ടായപരിഭ്രമം വാചാമഗോചരമത്രേ. അവളുടെ നാഭ്യന്തരാളത്തിൽനിന്നും ഉദ്ദീപ്തമായ പരിഭ്രമാഗ്നി മസ്തിഷ്കത്തെ ദഹിപ്പിച്ചതുപോലുള്ള ഒരു അനുഭവമാണു് അവൾക്കുണ്ടായതു്. അവൾ യാതൊന്നും സംസാരിക്കാൻ ശക്തയല്ലാതെ ഇടിവെട്ടിയ മരംപോലെ നിലകൊണ്ടു. നിമിഷനേരത്തിനുള്ളിൽ അവളുടെ മനസ്സിലുണ്ടായ ചിന്തകൾ അസംഖ്യങ്ങളാകുന്നു. അവളുടെ ഭയങ്കരമായ ആ മുഖഭാവം താരാനാഥനെപ്പോലും ഭീതനാക്കിച്ചെയ്തു എന്നതൊന്നു പറയാം ഭയം, ലജ്ജ, കോപം, താപം, വൈരസ്യം എന്നിവ തുല്യശക്തിയോടെ അവളെ അലട്ടിത്തുടങ്ങി. അവൾ ഒരക്ഷരം സംസാരിക്കുന്നില്ല. അവയവങ്ങൾക്കു യാതൊരു ചലനവുമില്ലതന്നെ. താരാനാഥന്റെ മുഖത്തു് ഇമവെട്ടാതെ നോക്കിക്കൊണ്ടുനിന്നു. പ്രകൃത്യാ സ്നേഹശീതളമായിരുന്ന അവളുടെ മുഖത്തു നരകാഗ്നി കത്തിജ്വലിച്ചുതുടങ്ങി. ദേവകന്യകയായിരുന്ന ആ ജഗന്മോഹിനി ഇപ്പോൾ നരകദേവതയെപ്പോലെ കാണപ്പെട്ടു. അവളുടെ ദർശനമോ അത്യന്തഭയങ്കരം എന്നതുതന്നെപറയാം താരാനാഥൻ, ആ ഭയങ്കരിയെയും മരണവേദനയോടെ കരചരണാടികളെ നിലത്തറഞ്ഞു പിടയ്ക്കുന്ന ആ യുവാവിനെയും മാറിമാറിനോക്കിക്കൊണ്ടു തറയ്ക്കപ്പെട്ടതുപോലെ നിന്നു. അഹോ! ആ മുറിക്കകത്തെ അപ്പോഴത്തെ നിശ്ശബ്ദത എത്ര ഭയങ്കരം!

"ഭയനീയയായ സ്ത്രീയേ! നിർഭയയായ സരസ്വതി! ഹേ യുവതി! ഈ പൈശാചികമായ പ്രവൃത്തി നീയാണോ ചെയ്തേണ്ടതു്! നീ ചെയ്തുതന്നെയാണോ? എന്റെ കണ്ണുകളെ ഞാൻ

വിശ്വസിക്കട്ടെയോ? ഞാൻ ഇതെല്ലാം സ്വപ്നത്തിൽ കാണുകയാണോ? ഹാ! ഇന്നതു പറയണമെന്നും ഇന്നതു പ്രവൃത്തിക്കണമെന്നും എനിക്കൊന്നും തോന്നുന്നില്ലല്ലോ!" എന്നിങ്ങനെ ഉറക്കത്തിൽ സംസാരിക്കുന്നതുപോലെ താരാനാഥൻ പറഞ്ഞു

"അയ്യോ! ദൈവമേ! ജഗദീശ! ക്ഷമിക്കണമേ! എനിക്കു മാപ്പുതരണമേ! എന്നിൽ കരുണയുണ്ടാകണമേ!" എന്നിങ്ങനെ പരിദേവനംചെയ്തു് ഇരുകരങ്ങളാലും മുഖത്തെ മറച്ചുകൊണ്ടു് സരസ്വതി വാവിട്ടു നിലവിളിച്ചു. അവളുടെ നയനങ്ങളിൽനിന്നും കഠാരിതാഴ്ന്ന മദനന്റെ ഗളത്തിൽനിന്നും ഉദ്ഗളിക്കുന്ന കുഞ്ഞോരയെന്നോണം അശ്രുപ്രവാഹമുണ്ടായി.

"സരസ്വതി! നിർദ്ദയയായ സരസ്വതി! അഹോ കഠിനം! എന്തൊരു കടുംകൈ! ഈ ഭയങ്കരമായ കൊലപാതകത്തിനു നിന്നെപ്രേരിപ്പിക്കാൻ തക്കകാരണമുണ്ടായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഇല്ലെങ്കിൽ, സ്ത്രീജാതിയെ, ഓർക്കുമാത്രയിൽ ഭയവിഹ്വലരാകുത്തക്ക ശക്തിവിശേഷത്തോടുകൂടിയ ഈ രാക്ഷസീയകർമ്മത്തിനു്, നീ—സ്ത്രീജാതിയിൽപിറന്ന നീ—നിശ്ചയമായും ധൈര്യപ്പെടുകയില്ല. ഹേ സോദരീ! നിന്റെ കൈ രക്തത്തിൽ നനച്ചതിൽ എനിക്കുള്ള മനഃസ്താപം അസീമമാകുന്നു. നീ എന്തിനായിട്ട ഈ കൊലപാതകം നടത്തി? വേഗംപറയുക" എന്നു താരാനാഥൻ ഭയനീയത കലർന്ന അധികാരസ്വരത്തിൽ ചോദിച്ചു.

നടുക്കടലിൽവീണ ഗത്യന്തരമില്ലാതെ നട്ടംതിരിയുന്ന ഒരുവൻ തന്റെ കൈയിൽത്തടഞ്ഞ തൃണത്തിൽപ്പിടിച്ചു രക്ഷപ്പെടാൻ ഭാവിക്കുന്നതുപോലെ, സരസ്വതി, താരാനാഥന്റെ മുഖത്തുനിന്നും പുറപ്പെട്ട ഒന്നരണ്ടു സ്നേഹവാക്കുകളെ ആധാരമാക്കി ഇപ്രകാരം പറഞ്ഞു—"അതേ, കാരണമുണ്ടു്, അപ്പോഴമഹാനുഭാവൻ! മനുഷ്യജാതിക്കു്—വിശേഷിച്ചും എന്നേപ്പോലുള്ള സ്ത്രീജാതിക്കു്—അന്യായോജ്യമല്ലാത്ത ഈ കടുംകൈ ഞാൻ പ്രവർത്തിച്ചതിനു തക്കതായ കാരണമുണ്ടു്. എന്നാൽ അക്കാരണത്തെ വെളിപ്പെടുത്താൻ എനിക്കു നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, ഞാൻ പറഞ്ഞാൽ അങ്ങു വിശ്വസിക്കുകയില്ല. കാരണം അറിഞ്ഞാൽ ഞാൻ അപരാധിനിയോ നിരപരാധിനിയോ എന്നു ബോദ്ധ്യപ്പെടും. കാരണം അറിയുമ്പോൾ എന്നെ പഴിക്കുന്നതിനു പകരം സ്തുതിക്കുമെന്നു എനിക്കു വിശ്വാസമുണ്ടു്. മാന്യരേ, താങ്കളുടെ സ്നേഹവും സഹതാപവും ആണു് എനിക്കു ഈ ലോകത്തിൽ ലഭിക്കപ്പെടേണ്ടതായിട്ടുള്ള സർവ്വപ്രധാനമായ സാധനങ്ങളെന്നുകരുതി മറ്റുള്ളവരുടെ അഭിനന്ദനത്തെയാകട്ടെ, അവഹേളനത്തെയാകട്ടെ വകവയ്ക്കാതെ കഴിഞ്ഞുകൂടിയവളാണു ഞാൻ. എന്നാൽ ഭവിധി അങ്ങയുടെ അതൃപ്തിക്കും

അവഹേളനത്തിനും എന്നെ പാത്രമാക്കിച്ചെയ്തു. തന്നിമിത്തം എന്റെ ഹൃദയം അന്ധകാരത്താൽ പരിപൂരിതമായി ഭവിച്ചിരിക്കുന്നു. എന്റെ ജന്മം നിഷ്ഫലമായിത്തീർന്നു."

താരാനാഥൻ:—അതേ; വാസ്തവംതന്നെ; ഭവതിയുടെ സ്നേഹത്തെ ഞാൻ സർവ്വോൽകൃഷ്ടമായി കരുതിയിരുന്നു. എന്നാൽ ഇപ്പോൾ എനിക്കു ഭവതിയിൽ ബഹുമാനമുണ്ടാകുന്നതെങ്ങനെ? ഭവതിയുടെ സമ്പർക്കത്തെയും സ്നേഹത്തെയും ഞാൻ എങ്ങനെ ആഗ്രഹിക്കും? പ്രയാഗയുടെ തിരുമുമ്പിൽ നടത്തിയ കൊലപാതകത്തെ ഓർക്കുക! ഒരു വൃദ്ധസ്ത്രീയുടെ രക്തത്താൽ ആ തീരപ്രദേശത്തെ നീ മലിനമാക്കിച്ചെയ്തു! ഇപ്പോഴും കണ്ടേ...അഹോ! ഞാൻ ഏതു വാക്കുകളെക്കൊണ്ടു വെളിപ്പെടുത്തട്ടെ! നോക്കുക! ആ മൃതശരീരത്തെ നോക്കുക! ആ രക്തപ്രവാഹത്തെ വീക്ഷിക്കുക! ആ കഠാരിയെക്കാണുക! (മൃതശരീരത്തിന്റെ നേർക്കു കൈ ചൂണ്ടിക്കൊണ്ടു്) എത്ര നിന്ദ്യമായ പ്രവൃത്തി! എന്തൊരു പൈശാചികമായ കർമ്മം! അമ്പോ! ഭയാനകമായ കൊലപാതകം! ഹാ! എന്റെ ശരീരം ആസകലം വിറയ്ക്കുന്നു! ഹേ! സുന്ദരി! ഈ സൗന്ദര്യംകൊണ്ടെന്തുഫലം? ആകാശകുസുമം ആർക്കു ഫലപ്പെട്ടേം? ഒരു പ്രാവശ്യം കൊലപാതകം നടത്തിയ ഒരുവനു് പിന്നെയും പിന്നെയും ആ വിഷയത്തിൽ അഭിരുചി ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ള പുരാതനമഹാന്മാരുടെ അഭിപ്രായം എത്ര വാസ്തവം. ഇതിനെക്കാൾ ക്ലൃപ്തമായ ഒരു തെളിവു് ആവിഷ്കരിയ്ക്കുവാൻ ആവശ്യമുണ്ടോ? ഒരു കൊലപാതകം കൊണ്ടുതൃപ്തിപ്പെടാതെവീണ്ടും നീ ഈ രാക്ഷസീയകർമ്മത്തിനു മൈയ്യ്പ്പെട്ടുവോ? ഇനി ഇതുപോലെ എത്ര കൊലപാതകങ്ങൾ നടത്തണമെന്നാണു നീ ഉദ്ദേശിച്ചിട്ടുള്ളതു്? നീ രക്തത്തിന്റെ രുചി അറിഞ്ഞു ഇനി എപ്പോഴും നിനക്കു അതിൽ രുചിതോന്നുകതന്നെചെയ്യും. ഇപ്രകാരമുള്ള ഒരു സ്ത്രീയിൽ എനിക്കെന്തൊരു സ്നേഹമാണുണ്ടാകേണ്ടതു്?

സരസ്വതി:—താങ്കൾ പറയുന്നതു തികച്ചും പരമാർത്ഥംതന്നെ എന്നിരുന്നാലും, മാന്യരേ! ദയചെയ്തു് എന്റെ വാക്കുകളെ ശ്രദ്ധിക്കണം. ഈ നിമിഷത്തിൽ താങ്കളേയും താങ്കളുടെ സ്നേഹത്തേയും ഞാൻ നഷ്ടപ്പെടുത്തി എന്നു് എനിക്കു ബോദ്ധ്യമുണ്ടു്. നാം രണ്ടുപേരും ഇനി എന്നന്നേയ്ക്കും അന്യോന്യം അഭിമുഖദർശനത്തിനു് ഇടയാകാത്തവണ്ണം പിരിഞ്ഞുപോകേണ്ടതാണു്. നാം ഓരോരുത്തരും പരസ്പരം വിസ്മരിക്കപ്പെടണം. എന്നാൽ ഞാൻ ഈ കടുംകൈ മനഃപൂർവം

ചെയ്തതല്ലെന്നും ഈ യുവാവിന്റെ പ്രവൃത്തി, എത്ര മഹാമനസ്കനേയും ഈ കമ്മത്തിനു പ്രേരിപ്പിക്കാതിരിക്കയില്ലെന്നും താങ്കൾ ധരിക്കണം. ഞാൻ ഒരു ദുഷ്ടയാണെന്നുള്ള തെറ്റിദ്ധാരണയോടുകൂടി താങ്കൾ എന്നെ പിരിയരുതെന്നു കരുതി ഇത്രയും പറഞ്ഞതാണു്.

താരാനാ:—മദനൻ എന്തുപ്രവർത്തിച്ചു?

സരസ്വതി:—അതു് ഇപ്പോൾ പറവാൻ നിവൃത്തിയില്ല. അതു് ഒരു വലിയ ചരിത്രമാണു്. എനിക്കു താങ്കളെ വിട്ടുപിരിയണം, യാത്രപറഞ്ഞാലും.

താരാനാ:—എന്നെ പിരിഞ്ഞു പോകുന്നതിൽ എനിക്കു വിരോധമില്ല. എന്നാൽ ഞാൻ എങ്ങനെ അനുവദിക്കേണ്ടു? അതിനു നിവൃത്തിയുണ്ടോ? നിന്നെ പദ്മപുരത്തേക്കു കൂട്ടിക്കൊണ്ടു പോകണമെന്നുള്ള മാടന്റെ നിബന്ധനയെ ഞാൻ സമ്മതിച്ചിട്ടുണ്ടു്. ആ നിബന്ധനയെ ലംഘിക്കാൻ എനിക്കു കഴിവുണ്ടോ? അതിരിക്കട്ടെ, ഈ മൃതശരീരത്തെ മറവുചെയ്യാതെ ഈ കെട്ടിടത്തിൽനിന്നും നാം എങ്ങനെ പുറപ്പെടും? (മാത്രകഴിഞ്ഞു്) ഹേ! പ്രേതയക്ഷി! നീ ഒരുത്തികാരണം ഇനിയും എന്തെല്ലാം ദുരിതങ്ങൾ ഞാൻ അനുഭവിക്കും എന്നാരുകണ്ടു?

സരസ്വതി:—എന്തു്? എന്റെ പെരുമാറ്റത്താൽ അങ്ങു പ്രേതയക്ഷിയേയും വെറുക്കുന്നുവോ? അതരുതു്! അവൾ ലേശം കളങ്കമില്ലാത്തവളാണു്. ഒരു കുറ്റവും ചെയ്യാത്തവളാണു്. എന്റെ അപരാധത്താൽ, അവളിൽ അങ്ങേയ്ക്കുള്ള സ്നേഹവും ബഹുമാനവും കുറയുകയില്ലെന്നു വിശ്വസിക്കുന്നു. അവളെ അങ്ങു് എപ്പോഴും സ്നേഹിക്കുമെന്നു് എനിക്കു ഉറപ്പു പറയുക!

താരാനാ:—നീ ഘാതകിയാണെന്നുവച്ചു പ്രേതയക്ഷിയേ ഞാൻ എന്തിനുവെറുക്കണം? ഒരേസപ്പിൽനിന്നും വിഷവുമുണ്ടാകുന്നു, രത്നവുമുണ്ടാകുന്നു. വിഷത്തെ വെറുക്കുന്നു, രത്നത്തെ വെറുക്കുന്നുണ്ടോ? നിന്നിൽ എനിക്കു ഉണ്ടാകുന്ന വെറുപ്പു് പ്രേതയക്ഷിയിൽ എനിക്കു കൂട്ടുതലായ സ്നേഹത്തിനുകാരണമായിരിക്കുന്നു. എനിക്കു അവളിൽ ഉള്ള സ്നേഹത്തിനു് ഒരിക്കലും കുറവു് ഉണ്ടാകുന്നതല്ല.

സരസ്വതി:—മാന്യരേ, താങ്കൾ നൽകിയ വാഗ്ദാനത്തിനായി ഞാൻ ഹൃദയപൂർവ്വം വന്ദനം പറഞ്ഞുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ എത്രതന്നെ ദുഷ്ടയായിരുന്നാലും എന്റെ സഹോദരിയിൽ എനിക്കു യഥാർത്ഥമായ സ്നേഹമുണ്ടു്.

എന്റെ പാപകർമ്മത്തിന്റെ ഫലം അവളെയും ബാധിക്കരുതെന്നു് എനിക്കു താല്പര്യമുണ്ടു്.

താരാനാഥൻ:—ശരി, ഈ വിഷയത്തെപ്പറ്റി ഇനി നമുക്കു സംസാരിക്കേണ്ട ആവശ്യമില്ല സമയം അതിക്രമിക്കുന്നു. നാലു നാഴികയ്ക്കുള്ളിൽ സൂര്യനുദിക്കും. പ്രേതത്തെ മറവുചെയ്യണമല്ലോ. അതിനു എന്തു നിവൃത്തി?

സരസ്വ:—മാന്യരെ! അതിനെക്കുറിച്ചു താങ്കൾ ഒട്ടുംതന്നെ ഖേദിക്കേണ്ടാ. ആ ഭാരം എന്നിൽ ചുമത്തിയുംവച്ചു് താങ്കൾ താങ്കളുടെ മുറിയിൽ പോയിക്കിടക്കുക! മറ്റൊക്കെ ഞാൻ നോക്കിക്കൊള്ളാം.

താരാനാ:—ഛെയ്! ഒരിക്കലും ഞാൻ ആ അഭിപ്രായത്തോടു യോജിക്കുകയില്ല. പ്രേതത്തെ മറവുചെയ്യാതെ ഈ മുറിയിലിട്ടും വച്ചു ഞാൻ ചെന്നുകിടന്നാൽ എനിക്കു് എങ്ങനെ ഉറക്കം വരും? നിന്നെ ഒരു ഘാതകിയുടെ നിലയിൽ പിടികൊടുക്കുന്നതിൽ എനിക്കു ആഗ്രഹവുമില്ല. എന്നിൽ അന്യർക്കു സംശയം ജനിപ്പിക്കുന്നതിലും എനിക്കു സമ്മതമില്ല.

സരസ്വതി:—പരമാർത്ഥത്തിൽ കൊലചെയ്തവൾ ഞാനല്ലേ? അങ്ങനെയിരിക്കെ, അന്യന്മാർ താങ്കളെ സംശയിക്കാൻ ഞാൻ ഇടയാക്കുമോ? ഞാൻതന്നെ എന്റെ കുറ്റത്തെ പരസ്യമായി സമ്മതിച്ചുകൊള്ളാം. കൊലക്കുറ്റത്തിനുള്ളശിക്ഷ ഞാൻ അനുഭവിച്ചുകൊള്ളാം.

താരാനാ:—അങ്ങനെ സമ്മതിച്ചാൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷയെന്താണെന്നറിയുന്നുണ്ടോ?

സരസ്വതി:—എന്നെ അധികൃതന്മാർ പിടിക്രൂടി തെളിവെടുത്തു മരണശിക്ഷ വിധിക്കുമെന്നു് താങ്കൾ മനസ്താപിക്കുന്നു എന്നു തോന്നുന്നു. ആ മനസ്താപം താങ്കൾക്കു് ആവശ്യമില്ല. ഞാൻ ഏതുവിധത്തിലെങ്കിലും രക്ഷപ്പെട്ടുകൊള്ളാം. ഞാൻ ഒരാളിന്റെ വരവിനെ പ്രതീക്ഷിക്കുന്നു ആ ആൾ വന്നെത്തിയാൽ എനിക്കു രക്ഷയുണ്ടെന്നുള്ളതു നിശ്ചയം. ഒരുപക്ഷേ ആ ആൾ വന്നെത്താത്തപക്ഷം എന്നെ വെറുതേവിടുന്നതിലേക്കു താങ്കൾതന്നെ അധികൃതന്മാരോടു് ആജ്ഞാപിക്കണം.

താരാനാഥൻ:—എന്തു്? ഞാൻ അധികൃതന്മാരോടു് ആജ്ഞാപിക്കുകയോ!

സരസ്വതി:—അതേ, താങ്കൾ ആജ്ഞാപിക്കണം. യോഗ്യനായ അശോകനാഥനാൽനല്കപ്പെട്ട മോതിരം അങ്ങയുടെ അംഗുലിയിൽ തിളങ്ങുന്നില്ലേ. അതിനെ കാട്ടിയാൽ അധികൃത

ന്മാർ താങ്കളുടെ കല്പനയെ ശിരസാവഹിക്കുമെന്നു് ഓർക്കുന്നില്ലായിരിക്കാം.

താരാനാഥൻ:—ശരി, എന്നാൽ ഇനിയും ഒരു സംഗതിക്കൂടി പറയാനുണ്ടല്ലോ. ഭവതിയെ പദ്മപുരത്തേക്കു കൂട്ടിക്കൊണ്ടുപോകാമെന്നു മാടനോടു ഞാൻ സത്യം ചെയ്തിട്ടുണ്ടല്ലോ. ആ സത്യത്തെ എനിക്കു ലംഘിക്കാവുന്നതാണോ?

സരസ്വതി:—അതിനെക്കുറിച്ചു് അങ്ങു് ഖേദിക്കേണ്ട. മാടന്റെ വേറേ ചില നിബന്ധനകൾക്കു ഞാൻ ഉൾപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് എന്നെ താങ്കൾ പദ്മപുരത്തേക്കു കൂട്ടിക്കൊണ്ടുപോകുന്നില്ലെങ്കിൽ, അതുനിമിത്തം താങ്കൾക്കോ എനിക്കോ യാതൊരുദോഷവും നേരിടാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം അതിനാൽ ഇവിടെ വച്ചുതന്നെ നമുക്കു പരസ്പരം യാത്രപറഞ്ഞു പിരിയാം. അതാണു വേണ്ടതു്. ഒരുപക്ഷേ ഞാൻ പദ്മപുരത്തേക്കുപോവുകതന്നെവേണമെന്നു മാടനു നിർബന്ധമുണ്ടെങ്കിൽ അതിനുവേണ്ട മാർഗ്ഗവും മാടൻ നിർദ്ദേശിച്ചുകൊള്ളും മാടനു് ഏതൊരു സംഗതിയും ഉടനടൻ അറിയാനുള്ള ശക്തിയുണ്ടു്. ഇവിടെ നടന്ന ഈ സംഭവം തന്നെ ഇതിനകം മാടൻ ഗ്രഹിച്ചിരിക്കും. എന്നെ ഇതിൽ നിന്നും മോചിപ്പിക്കണമെന്നു താല്പര്യമുണ്ടെങ്കിൽ, അതിനുള്ള മാർഗ്ഗവും മാടൻ നിർദ്ദേശിക്കുന്നതാണു്. അതുകൊണ്ടു താങ്കൾ എന്നെപ്പറ്റി കടുകളവു ഖേദിക്കേണ്ട. നമ്മുടെ രണ്ടുപേരുടേയും അവസാനസന്ദർശനം ഇതുതന്നെ. ഇനി എന്നെ കാണാൻ അങ്ങേയ്ക്കു സംഗതിയാവുകയില്ല. എനിക്കു് അങ്ങയെപ്പിരിഞ്ഞു പോകേണ്ടിയിരിക്കുന്നു. എനിക്കു യാത്രപറഞ്ഞാലും!

താരാനാഥൻ:—എന്തു്? നമ്മുടെ യാത്ര—നാം രണ്ടുപേരും ഒന്നിച്ചുള്ള ഈ യാത്ര—അവസാനിപ്പിക്കണമെന്നും, ഇവിടെവച്ചു ഭവതിക്കു് എന്നെ പിരിഞ്ഞുപോകണമെന്നും ഭവതി അഭിപ്രായപ്പെടുകയോ?

സരസ്വതി:—അതേ, ഇന്നു നേരിട്ട സംഭവത്താൽ നാംതമ്മിൽ വേർപെടേണ്ടതു് ആവശ്യമാണു്. എന്തുകൊണ്ടെന്നാൽ, ഒന്നാമതു് എന്നെ മേലും സ്നേഹിക്കണമെന്നും എന്നിൽ നല്ല അഭിപ്രായമുണ്ടാകണമെന്നും ഇനി എനിക്കു താങ്കളോടു് ആവശ്യപ്പെടാവുന്നതല്ല. ആവശ്യപ്പെടാമെന്നിരുന്നാൽതന്നെയും, കൊലപാതകംചെയ്ത ഈ കൊടിയ ഘാതകിയുടെ അപേക്ഷയെ അങ്ങു കൈക്കൊള്ളുകയില്ലെന്നു എനിക്കറിയാം. രണ്ടാമതു താങ്കൾ കൈക്കൊള്ളുന്നതായാലും

അധികൃതന്മാരുടെ കൈയിൽനിന്നും എനിക്കു മോചനം സിദ്ധിച്ചാലും — മേലിൽ താങ്കളുമായി ക്രുടിക്കഴിയാൻ എനിക്കു സമ്മതമില്ല. കാരണം, ലോകർ എന്നെ ഒരു ഘാതകിയുടെ നിലയ്ക്കു എന്നും പഴിക്കുകതന്നെചെയ്യും. കടത്തിന്റെ വാകെട്ടാം. ജനത്തിന്റെ വാകെട്ടാൻകഴിയുമോ? അപ്രകാരം ലോകംപഴിക്കു് പാത്രമാകുന്ന എന്റെ സമ്പർക്കത്താൽ അങ്ങും ലോകനിന്ദയ്ക്കു പാത്രീഭവിക്കും. ഈ സംഗതികളെയെല്ലാംപററി ആലോചിക്കുമ്പോൾ നാം പിരിയുകതന്നെ വേണമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് എനിക്കു യാത്രപറഞ്ഞാലും

താരാനാഥൻ:—(ഈഷൽസങ്കടത്തോടുക്രുടി) ശരി, നല്ലപോലെ ആലോചിച്ചതിനുശേഷമാണല്ലൊ ഈ അഭിപ്രായത്തിൽ എത്തിയതു ?

സരസ്വതി:—എന്റെ നിശ്ചയത്തെ ഇളക്കാൻ മനുഷ്യശക്തിക്കു സാധ്യമല്ല. രണശ്രൂരനും യോഗ്യനുമായ താരാനാഥ! നമുക്കു് അന്യോന്യം യാത്രപറയാം. അതേ, നമ്മുടെ അവസാനസന്ദർശനം ഇത്രതന്നെയാകട്ടെ!

അല്പസമയത്തിനുമുമ്പു കോപാഗ്നി ഉജ്ജ്വലിച്ചുകൊണ്ടിരുന്ന അവളുടെ കണ്ണുകളിൽനിന്നും ഇപ്പോൾ താപാശ്രു പ്രവഹിച്ചുതുടങ്ങി. ഇടയ്ക്കിടയ്ക്കു വസ്ത്രാഞ്ചലത്താൽ ബാഷ്പംതുടച്ചു തേങ്ങിത്തേങ്ങിക്കരയുകയും ഭയനീയമായ മുഖഭാവത്തോടും സ്നേഹത്തോടും — അല്ല, രാഗത്തോടും താരാനാഥന്റെ മുഖത്തു വീക്ഷിക്കുകയുംചെയ്തുകൊണ്ടു നിന്നേടത്തുനിന്നുമിളകാതെ നിന്നു.

താരാനാഥൻ:—സരസ്വതി! നിന്നെ ഈ സ്ഥിതിയിൽവിട്ടുംവച്ചു നിന്റെ അനന്തരഗതിയെന്തെന്നു് ഊഹിക്കാൻപോലും നിവൃത്തിയില്ലാത്ത ഈ സന്ദിശ്ധാവസ്ഥയിൽ ഉപേക്ഷിച്ചുംവച്ചു് ഞാൻ എങ്ങനെയാണു പിരിഞ്ഞുപോകേണ്ടതു്? അതിൽ എന്തൊരു പൌരുഷമാണുള്ളതു്. ആ നിന്ദ്യമായ മനഃസ്ഥിതി ഭീരുക്കൾക്കല്ലാതെ എന്നെപ്പോലുള്ള പുരുഷന്മാക്കു് — പൌരുഷബോധമുള്ള പുരുഷന്മാക്കു് — യോജിക്കുന്നതാണോ?

സരസ്വതി:—അങ്ങനെ ചെയ്യാതിരുന്നാൽ താങ്കളുടെ സാന്നിദ്ധ്യം എനിക്കു ക്രുതലായ ഉപദ്രവത്തെച്ചെയ്യുകയായിരിക്കും.

താരാനാഥൻ:—എന്നാൽ തനിച്ചു് ഈ മുറിയിൽ നില്ക്കാനാണോ ഭാവം?

താരാനാഥന്റെ ദൃഷ്ടി, വീണ്ടും മരിച്ചുകിടക്കുന്ന മദനന്റെ ശരീരത്തിൽ പതിഞ്ഞു. അമ്പോ! ഘോരഘോരവും എന്നാൽ ദയനീയവുമായ ആ കാഴ്ച അയാളെ ഭയവിഹ്വലനാക്കിച്ചെയ്തു.

സരസ്വതി.--താങ്കൾ താങ്കളുടെ മുറിയിൽ പോയതിനുശേഷം ഞാൻ ഈ മുറിയിൽനിന്നും പുറത്തുപോകുന്നതാണു്. വെളിയിൽ ചെന്നു് ഈ സംഭവം അന്യന്മാരെ അറിയിക്കുന്നതാണു്. മദനനെ ഞാൻ കൊന്നുവെന്നു് എല്ലാവരേയും തെറ്റിപ്പെടുത്തുന്നതാണു്. അതോടുകൂടി ഈ കെട്ടിടത്തിൽ വലുതായബഹളവും ആൾക്കൂട്ടവും സംഭവിക്കും.

താരാനാഥൻ:--അതിൽഭേദം ഭവതി അന്യന്മാർ അറിയാതെ ഒളിച്ചുപൊയ്ക്കളയുകയല്ലേ?

സരസ്വതി:--ഛെയ്! ഒരിക്കലും ഞാൻ അങ്ങനെ ചെയ്യുകയില്ല് ഞാൻ അതിനു തയാറില്ല. ഞാൻ ഒളിച്ചോടിയാൽ എല്ലാവരും അങ്ങയെ സംശയിക്കും. മദനനെക്കൊന്ന കൊലക്കുറ്റം താങ്കളിൽ ചുമത്തും. അപ്രകാരം ഒരാപത്തു് അങ്ങേയ്ക്കു് ഞാൻ നേരിട്ടുവിക്കുകയില്ല. ദയചെയ്തു താങ്കൾ ഈ മുറിയിൽനിന്നു പുറത്തുപോകണം. പോവുക! അതാണുവേണ്ടതു്.

താരാനാഥൻ അയാളുടെ മുറിയിലേക്കുപോയി. സരസ്വതി ആ ശപിക്കപ്പെട്ട മുറിയിൽ തനിച്ചായി. അവൾ തന്നാൽ നിഗ്രഹിക്കപ്പെട്ട മദനന്റെ പ്രേതത്തെ ഉറക്കുനോക്കി അവളുടെ നയനങ്ങൾക്കു കാഴ്ചകുറഞ്ഞു. അവളുടെ മസ്തിഷ്കത്തിനു ചൂടുപിടിച്ചു. ഉമിത്തീയിൽനിന്നു ദഹിക്കുന്ന ഒരനുഭവം അവളുടെ ശരീരം ആസകലം ബാധിച്ചു. അവളുടെ സർവാവയവങ്ങളും നിശ്ചേഷ്ടങ്ങളായി ഭവിച്ചു. അവളുടെ സിരാപരമ്പരകളിൽ രക്തസഞ്ചാരം നിന്നു. രക്തനാഡികളിൽ കൊടിയവിഷം സഞ്ചരിക്കുന്നതുപോലെ തോന്നി. അഞ്ചു് ഇന്ദ്രിയങ്ങളും പ്രവൃത്തിശൂന്യങ്ങളായിഭവിച്ചു. സ്മൃതിപഥങ്ങളെ ആരോഹണംചെയ്യുന്ന സംഖ്യാതീതങ്ങളായ പൂർവസ്മരണകളെ നാഭ്യന്തരാളത്തിൽനിന്നും ഉദ്ദീപ്തമാക്കുന്ന കൊടുന്തീകത്തിട്ടുദ്ദീപ്പിക്കുന്നു. ജഗന്മോഹിനിയായ സരസ്വതി, മനഃകായങ്ങൾക്കു ശക്തിയില്ലാതെ ഭിത്തിയിൽ ചാഞ്ഞു.

അദ്ധ്യായം നാല്.

"വെന്തുവെന്തുരുകുന്ന മാനസമയ്യോപാപം!
എന്തൊന്നുചൊല്ലുവതു പാത്തുകണ്ടോളമുള്ളിൽ
സന്താപംമേല്ക്കുമേലേ സന്തതംവളരുന്നു".

ഉദ്ദേശം ഒരുമണിക്കൂർ കഴിഞ്ഞു. ആ ഒരുമണിക്കൂർ സമയം ആ കെട്ടിടത്തിലെവിടെയും അവാച്യമായ ഒരു നിശ്ശബ്ദത കളിയാടിക്കൊണ്ടിരുന്നു. അനന്തരം ക്ലബ്ബുടമസ്ഥനും അയാളുടെ ഭാര്യയും, തങ്ങൾ ശയിച്ചിരുന്ന മുറിയുടെ വാതിലിനു് ആരോ തട്ടുന്നശബ്ദംകേട്ടു. വെളുപ്പാൻകാലത്തെ സുഖനിദ്രയ്ക്കു ഭംഗംവരുത്തിയ ആളിൽ ക്ലബ്ബുകാരനു് അമർഷമുണ്ടായി. "ആരാണതു്? ഈ സമയത്തുവന്നു കതകിനു് തട്ടുന്നതു്? എന്താവശ്യം? എന്തൊരുപദ്രവമാണിതു്—" എന്നിങ്ങനെ അയാൾ തന്റെ മനോഭാവത്തെ പ്രകടിപ്പിച്ചു,

കതകു തുറക്കുക! കാര്യമുണ്ടു്; പറയാം എന്നായിരുന്നു പുറത്തുനിന്നുമുണ്ടായ മറുപടി.

ക്ലബ്ബുടമസ്ഥൻ അതുകേട്ടു്, "എടീ നീ ചെന്നു കതകു തുറക്കു്; പെണ്ണുങ്ങളാരാണ്ടാണു വിളിക്കുന്നതു്. വേഗം ചെല്ലു്; കാര്യം ചോദിക്കു്" എന്നു തന്റെ ഭാര്യയോടു പറഞ്ഞു. ഭർത്താവിങ്കൽ അനുസരണയുള്ള ആ സ്ത്രീ വേഗംചെന്നു കതകുതുറന്നു! കണ്ടതു സരസ്വതിയെയായിരുന്നു. "എന്താ വിശേഷിച്ചു്? ആകപ്പാടെ ഒന്നുവല്ലാതെ കാണുന്നല്ലോ. കാര്യമെന്തു്?" എന്നു് ക്ലബ്ബുകാരന്റെ ഭാര്യ പരിഭ്രമത്തോടുകൂടി ചോദിച്ചു.

"നിങ്ങളുടെ ഭർത്താവിനെ എന്റെകൂടെ അയയ്ക്കണം; നിങ്ങളും വരണം" എന്നായിരുന്നു സരസ്വതിയുടെ സമാധാനം.

ക്ലബ്ബുകാരന്റെ ഭാര്യ—ഞങ്ങളും വരുന്നതിനു തടസ്സമില്ല; എന്താണു് ആവശ്യമെന്നു കേൾക്കട്ടെ! നിങ്ങളുടെ മുറിയിൽ കള്ളന്മാർ കയറിയോ? അതോ നിങ്ങളെ വല്ലവരും ഉപദ്രവിച്ചുവോ? സരസ്വതി:—നിങ്ങളും എന്റെകൂടെ വരുവിൻ! സംഗതി പിന്നീടു പറയാം. മടിക്കണ്ടാ.

ക്ലബ്ബുടമസ്ഥനും ഭാര്യയും പിറകേചെന്നു. സരസ്വതി, മദനൻ കൊല്ലപ്പെട്ടുകിടക്കുന്ന മുറിയിൽ ചെന്നുകയറി; പിന്നാലെ ക്ലബ്ബുകാരും. സരസ്വതി, പ്രേതത്തിന്റെനേർക്കു കൈചൂണ്ടിക്കൊണ്ടു്, അവരോടു നോക്കാൻ പറഞ്ഞു. അവർ ഒന്നുനോക്കി, 'അയ്യോ' എന്നു ശബ്ദിച്ചുകൊണ്ടു ഞെട്ടിപ്പിറകോട്ടുമാറി. ഉറക്കത്തിന്റെ മയക്കം തീർന്നിട്ടില്ലാത്ത ആ ദമ്പതികളുടെ കണ്ണുകൾക്കു് ആ

കാഴ്ച എത്രകണ്ട് ഭയാനകമായി ഭവിച്ചു എന്നു് ഊഹിക്കാവുന്നതാണല്ലോ. ഭയവിഹ്വലരായ ആ ദമ്പതികളുടെ കണ്ണുകളിൽ നിന്നും ഒരക്ഷരം പുറപ്പെടുന്നില്ല. തങ്ങളുടെ ശയനമുറിയിൽകിടന്ന സ്ത്രീകാണുകയാണോ എന്നു് അവർ ബലമായി സംശയിച്ചു. അവർ കരചരണങ്ങളെ പരീക്ഷണാർത്ഥം ചലിപ്പിച്ചു; കണ്ണുകളെ കൈത്തലത്താൽ മർദ്ദിച്ചിട്ടു വീണ്ടും നോക്കി അമ്പോ! എത്ര ഭയങ്കരമായകാഴ്ച! ശയ്യോപകരണങ്ങൾ മുഴുവൻ രക്തത്തിൽ മുങ്ങിക്കിടക്കുന്നു ആ ഘോരഘോരമായ കാഴ്ച തികച്ചും ഒരു നിമിഷം കണ്ടുകൊണ്ടു നില്ക്കാൻ ആർക്കാണു് ധൈര്യമുണ്ടാകുന്നതു?് ആ രക്തപ്രളയപ്രദർശനം, ക്ലബ്ബുടമസ്ഥന്റെയും ഭാര്യയുടേയും രക്തനാഡികളെ സ്തംഭിപ്പിച്ചതിൽ എന്താണു് ആശ്ചര്യപ്പെടാൻ? എന്താണു് ഈ സംഭവമെന്നും ഇനി ഇതു സംബന്ധിച്ചു എന്താണു സംഭവിക്കാനിരിക്കുന്നതെന്നും, തങ്ങൾക്കു ഇതു നിമിത്തം എന്തെല്ലാം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളുമാണു നേരിടാനിരിക്കുന്നതെന്നും അനന്തരകരണീയമെന്തെന്നും പരിഭ്രാന്തരായ ആ സാധുദമ്പതികൾക്കു് ഓർക്കാനുള്ള ശക്തിയില്ല. അവരുടെ പരിഭ്രമംകണ്ടു്; "ഈ കൊലനടത്തിയതു ഞാനാണു്. ഞാൻ ഇവനെ കഠാരികൊണ്ടു കുത്തിക്കൊന്നു" എന്നു സുധൈര്യം സരസ്വതി ഉറക്കെ വിളിച്ചുപറഞ്ഞു.

"എന്തു്? നിങ്ങൾ കൊന്നുവെന്നോ? ഇല്ലില്ല, ഞാൻ വിശ്വസിക്കുകയില്ല" എന്നായിരുന്ന ക്ലബ്ബുടമസ്ഥന്റെ മറുപടി. സരസ്വതി, ഈ നിഷ്ഠുരകൃത്യം ഒരിക്കലും ചെയ്തിരിക്കാനിടയില്ലെന്നും ഈ ഘോരകൃത്യം കണ്ടു ബുദ്ധിക്കു നേരിട്ട താൽക്കാലികമായ ഭ്രമത്താൽ വായിൽതോന്നിയതു പറയുകയാണെന്നും അയാൾ തീരുമാനിച്ചു.

ഇതിനകം, "അയ്യയ്യോ! കൊലപാതകം, കൊലപാതകം! ഞങ്ങളുടെ വീട്ടിൽ ഉമ്മരണം" എന്നിങ്ങനെ നിലവിളിച്ചു പറഞ്ഞുംകൊണ്ടു ക്ലബ്ബുടമസ്ഥന്റെ ഭാര്യ ആ കെട്ടിടത്തിനു രണ്ടു വലംവച്ചു. അതുകേട്ടു് ആ കെട്ടിടത്തിലുണ്ടായിരുന്ന സകല ജനങ്ങളും പരിഭ്രമത്തോടുകൂടി എഴുന്നേറ്റു നൊടിക്കിടയിൽകൃത്യസ്ഥലത്തു തിക്കിക്കൂടി. അതിനു പുറമേ, വെളിയിലും നിന്നുജനങ്ങൾ സംഘംസംഘമായിവന്നുകൂടിത്തുടങ്ങി. മാത്രനേരത്തിനുള്ളിൽ ഒരു വലിയജനക്കൂട്ടംകെട്ടിടത്തിനകത്തും പുറത്തും കൃത്യസ്ഥലത്തുമായി തിരക്കുതുടങ്ങി. ഒട്ടുപേർ കൊലചെയ്തതു സരസ്വതിയാണെന്നും ഒട്ടുപേർ ആ ഭ്രഷ്ടലോകരംഭ അതിനു ധൈര്യപ്പെടുകയില്ലെന്നും ഒട്ടാളുകൾ, കൈയിലുണ്ടായിരുന്ന പണ്ടങ്ങളെ അപഹരിച്ചുകൊണ്ടു വല്ല പെരുങ്കള്ളന്മാരും കുത്തിക്കൊന്നതാണെന്നും ഇങ്ങനെ പല

രും പലേതരത്തിലുള്ള അഭിപ്രായങ്ങളും അവരവരുടെ സരസ്വതീ കടാക്ഷംപോലെ തട്ടിമൂളിച്ചു. സരസ്വതിയാണെങ്കിൽ, തെല്ലും ക്രൂസലെന്നിയേ താനാണു കൊന്നതെന്നു് ഉച്ചൈസ്വരം വിളിച്ചു പറയുന്നു. അതുകേട്ടു് മാൻപേടയുടെ പുറവും ചെന്നായ്ക്കളെന്ന പോലെ എല്ലാവരും സരസ്വതിയുടെ പുറവും വളഞ്ഞു ഒരു പ്രകാരത്തിൽ അവൾ ആ ജനവ്യൂഹത്തെ ഭേദിച്ചുകൊണ്ടു,് അവളുടെ മുറിക്കുള്ളിൽ കടന്നു കതകടച്ചു തഴുതിട്ടു. കോപാവേശത്താൽ ജനങ്ങൾ തന്നെഹിംസിക്കുമെന്ന സംശയത്താലായിരിക്കാം അവൾ അപ്രകാരം പ്രവർത്തിച്ചതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ അവൾ ഒളിച്ചോടാനിടയാകരുതെന്നു കരുതലോടുകൂടി ഒട്ടുപേർ ആ വാതുക്കൽ കാവൽനിന്നു. സുരുചിയും വിമലയും ഈ കഠിനകൃത്യം സരസ്വതി ചെയ്തിരിക്കയില്ലെന്നും അന്യായമായി അവളിൽ പഴിചുമത്തുകയാണെന്നും ആദ്യം വിശ്വസിച്ചു. അവർ അത്യന്തസംഭ്രമത്തോടുകൂടി തങ്ങളുടെ മുറിയിൽ നിന്നും ബദ്ധപ്പെട്ടോടി സരസ്വതിയുടെ വാതുക്കൽചെന്നു് ഉറക്കെ വിളിച്ചു വിളികേട്ട സരസ്വതി വാതിൽതുറന്നു അവരെ അകത്താക്കി വീണ്ടും കതകടച്ചുകൊളുത്തിട്ടു സുരുചിവിമലകൾ, കൊലപാതകസംഭവത്തെപ്പറ്റി തങ്ങളുടെ സ്വാമിനിയോടു ചോദിച്ചു. മദനനെ താൻതന്നെ കൊന്നുവെന്നു സരസ്വതി ഏറ്റുപറഞ്ഞു കൊല്ലാനുള്ള കാരണവും അറിയിച്ചു. തങ്ങളുടെ സ്വാമിനി കൊല ചെയ്തുവെന്നു ഏറ്റുപറഞ്ഞപ്പോൾ അവൾക്കു് എന്തുമാത്രം സന്താപമുണ്ടായി എന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. സരസ്വതിയുടെ വാക്കുകൾ, പഴുക്കെച്ചുട്ട അസ്ത്രജാലങ്ങൾ മാർവ്വിൽ തറച്ചാലത്തെ വ്യഥയവേദന അവരിൽ ഉളവാക്കി

ഇതിനിടയ്ക്കു ക്ലബ്ബുടമസ്ഥൻ താരാനാഥന്റെ മുറിയിൽ ചെന്നു് ഉറങ്ങാതെ ഉറങ്ങിക്കിടന്ന അയാളെ വിളിച്ചുണർത്തി വൃത്താന്തം അറിയിച്ചു. അനന്തരം അംബികേശന്റെ മുറിയിൽ ചെന്നു് അയാളെയും വിവരം തെര്യപ്പെടുത്തിയതിനുശേഷം, സ്ഥലത്തെ അധികൃതന്മാരെ വിവരം അറിയിക്കാനായി തന്റെ ഭൃത്യന്മാരിൽ ഒരുവനെ ശട്ടംകെട്ടി അയച്ചു.

അന്നുരാത്രിയിൽനടന്ന സംഭവം താരാനാഥന്റെ മനസ്സിനെ ബലമായി പീഡിപ്പിച്ചു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അയാൾ കൈരണ്ടും പിന്നിൽചേർത്തു കെട്ടിക്കൊണ്ടു ഭീർഘമായ ചിന്തയോടുകൂടി ആ മുറിയിൽ അങ്ങിങ്ങുലാത്തിക്കൊണ്ടിരുന്നു. എന്നാൽ അയാളുടെ ഹൃദയമാകട്ടെ അതിവേഗത്തിൽ മുമ്പോട്ടു ചരിച്ചുകൊണ്ടിരുന്നു. ആ രാത്രിയിലെ അതിഭയങ്കരമായ നാടകത്തി

ന്റെ ഭരതവാക്യം എന്തായിരിക്കുമെന്നറിവാൻ നിവൃത്തിയില്ലാത്തതിനാൽ അനന്യമായ വിഷാദവും ഭീതിയും അയാളെ ബാധിച്ചു. പ്രേതയക്ഷിയെ ഉപേക്ഷിക്കണമെന്നു് ഉപദേശിച്ച മാടൻ, തജ്ജന്യമായ ദുഃഖത്തിനും പുറമേ പുതിയ പുതിയ ദുഃഖങ്ങളെ ഉളവാക്കുകയാണോ എന്നയാൾ സംശയിച്ചു. അപ്രതിരോധകങ്ങളായ ദുഃഖങ്ങളെ അടിക്കടി അനുഭവിപ്പിച്ചു് അതുവഴി ആ കൊടിയ മാടൻ, തന്നെ നശിപ്പിക്കണമെന്നു് ഉദ്ദേശിക്കുകയാണോ എന്നു ഭയപ്പെട്ടു.

അംബികേശൻ:—അല്ലാ, അംബിക—നിഷ്ക്രമായ ആ കൊലപാതകത്തെക്കുറിച്ചുകേട്ടപ്പോൾ സിംഹനഞ്ജനത്താൽമാൻപേടയെന്നോണം വല്ലാതെ നടുങ്ങി. താരാനഥനെപ്പറ്റിയും അയാൾ തന്നെക്കുറിച്ചു പ്രശംസിച്ചു പ്രസ്താവിച്ച വാക്കുകളെപ്പറ്റിയും അംബിക കണ്ട സ്വപ്നങ്ങൾ സ്വപ്നങ്ങളായിരുന്നെന്നറിഞ്ഞു. ഉറക്കത്തിനു മുമ്പു് അവൾ സന്തോഷസാഗരത്തിൽ നീന്തിക്കളിക്കുകയായിരുന്നു. ഉറക്കത്തിലാകട്ടെ, സന്തോഷം, സംതൃപ്തി, ചാരിതാർത്ഥ്യം എന്നിവ മൂർത്തികരിച്ച പരമാനന്ദസ്വപ്നസിന്ധുവിൽ മുഴുകിക്കിടന്നു. അപ്രകാരമുള്ള നിദ്രയിൽ തട്ടിഉണർത്തി, യാത്രയിൽ ഒന്നിച്ചുണ്ടായിരുന്ന മദനൻ കൊല്ലപ്പെട്ട എന്നു ക്ലബ്ബുടമസ്ഥൻ പറഞ്ഞ വാക്കുകൾ അവളുടെ മനസ്സിനെ എത്രകണ്ടു പീഡിപ്പിച്ചിരിക്കണമെന്നുള്ള സംഗതി ഊഹ്യമാണല്ലോ. വിശേഷിച്ചും കൊലനടത്തിയതു ജഗന്മോഹിനിയായ സരസ്വതിയാണെന്നാണല്ലോ ക്ലബ്ബുടമസ്ഥനിൽനിന്നും ഗ്രഹിക്കാനിടയായതു്. അഹോ! അംബികയ്ക്കു ക്ലബ്ബുടമസ്ഥന്റെ വാക്കുകളെ തികച്ചും വിശ്വസിക്കാൻ കഴിഞ്ഞില്ല. കൊലപാതകത്തോടു സരസ്വതിയുടെ നാമം ഘടിപ്പിച്ചതു കേവലം ഒരു കല്പനമാത്രമായിരിക്കാമെന്നു് അവൾ സംശയിച്ചു. ക്ലബ്ബുടമസ്ഥൻ വീണ്ടും നടന്ന സംഭവം, സവിസ്തരം പറഞ്ഞു കേൾപ്പിച്ചപ്പോൾ അംബിക അവളുടെ കാതുകളെയാണു് അവിശ്വസിച്ചതു്.

അംബികയുടെ മനസ്സും വപുസ്സും പ്രവൃത്തിശൂന്യങ്ങളായിഭവിച്ചു. മാതൃകഴിഞ്ഞു് അവൾ അങ്ങിങ്ങു് ലാത്തിക്കൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കു് അവൾ തന്നത്താൻ എന്തൊക്കെയോ സംസാരിക്കുകയും ചിലപ്പോൾ ചിരിക്കുകയും ചിലപ്പോൾ മനോഹരമായ നയനങ്ങളിൽനിന്നും അശ്രുക്കൾ പൊഴിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. സരസ്വതിയുടെ ഗതി എന്താകുമെന്നുള്ളഭയം അവളെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു അ ഭയവും തജ്ജന്യമായ വിഷാദവും, സരസ്വതിയുടെ ഏകോദരസഹോരിക്കുണ്ടാകാവുന്നതിലും അധികമാ

ണെന്ന സമ്മതിക്കണം ഈ ശപിക്കപ്പെട്ട സംഭവത്താൽ, തന്റെ കാമുകനായ താരാനാഥന്റെ വിയോഗത്തെ അനുഭവിക്കേണ്ടി വരുമോ എന്നൊരു ഭയംകൂടി അംബികയെ ബാധിക്കാതിരുന്നില്ല.

നേരം പ്രഭാതമായി, താരാനാഥന്റെ കുതിരപ്പടയാളികളിൽ ചിലർ ക്ലബ്ബിന്റെ വാതുക്കൽ എത്തി. ഒരു ന്യായാധിപനും അവരുടെ ഒന്നിച്ചുണ്ടായിരുന്നു. ഈ അവസരത്തിൽ താരാനാഥനും അംബികേശനും (അംബികേശൻ ഇപ്പോഴും മുഖാവരണവും ഇരുമ്പുകവചവും ധരിച്ചു ഒരു യുദ്ധവീരന്റെ വേഷത്തിൽ കാണപ്പെടുകയാണെന്നുള്ള സംഗതി മാന്യവായനക്കാർ ഓർമ്മയുണ്ടായിരിക്കുമല്ലോ.) സരസ്വതിയെയും അവളുടെ നിഷ്ഠുരകർമ്മത്തേയും പറഞ്ഞു സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു.

ന്യായാധിപൻ, പടയാളികളിൽ ഒരുവനെ പ്രവേശനദ്വാരത്തിലും ഒരുത്തനെ സരസ്വതിയുടെ മുറിയുടെവാതുക്കലും കാവൽ നിർത്തിയിട്ടു മദനൻ കൊല്ലപ്പെട്ടുകിടക്കുന്ന മുറിയിൽകയറി. ആ മുറിയുടെ ഘടന, ശയ്യാതലം, പ്രേതത്തിന്റെ കിടപ്പു് എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ നോട്ടുബുക്കിൽ കുറിച്ചെടുത്തു. അനന്തരം സരസ്വതിയുടെ മുറിയിൽചെന്നു. സരസ്വതി ഒരു ഭ്രാന്തിയെപ്പോലെ ഒരുകസേരയിൽ ഇരിക്കയായിരുന്ന സുരുചിയും വിമലയും വിഷാദവിഷണ്ണരായി സരസ്വതിയുടെ സമീപത്തിൽ നില്ക്കുന്നുണ്ടായിരുന്നു. ന്യായാധിപനെ കണ്ട ഉടനേ അവർ മൂന്നുപേരും, അദ്ദേഹത്തിന്റെ മുഖത്തു ഭീതിയോടുകൂടി ഉറുനോക്കി

ന്യായാധിപൻ സരസ്വതിയോടു് ചോദിച്ചു:—"ഈ കൊലപാതകം നടത്തിയവൾ നീ തന്നെയോ? ആ യുവാവിനെക്കൊന്ന കുറ്റം നി സമ്മതിച്ചതായി കേൾക്കുന്നുവല്ലോ? ആ കേൾവി വാസ്തവമാണോ? നിന്നെക്കണ്ടാൽ സൗന്ദര്യവും സത്സ്വഭാവവും മൂർത്തീകരിച്ച ഒരു ദേവകന്യകയാണെന്നു തോന്നുന്നുവല്ലോ! ഇത്ര സൗന്ദര്യമുള്ള ഒരു സ്ത്രീ ഈ ഭയങ്കരമായ നിഷ്ഠുരകർമ്മത്തിനു മെനക്കെടുമോ എന്ന സംശയം, കൊലക്കുറ്റം നീ സമ്മതിച്ചിട്ടും, എന്റെ മസ്തിഷ്കത്തിനെ ബാധിക്കുന്നു. കാരണമെന്തു്? നീ അവനെ എന്തിനായിട്ടുകൊന്നു! വാസ്തവത്തിൽ നീതന്നെയോ കൊന്നതു്? എങ്ങനെ കൊന്നു. സകലസംഗതിയും മറയ്ക്കാതെ പറയുക"!

സരസ്വതി:—അതേ, ഈ കൃത്യം നടത്തിയതു ഞാനാണു്; എന്റെ ഈ കൈയാണു്, മദനൻഎന്നയുവാവിനെക്കൊന്നതു്. ഇക്കാര്യത്തിൽ നിങ്ങൾക്കു ലേശവും സംശയിക്കേണ്ട നിരപരാധികളായ അന്യന്മാരെ സന്ദേഹിക്കുകയുംവേണ്ട. എന്റെ

തെറ്റിനെ അന്യന്മാരിൽ ചുമത്താൻ ഞാൻ സമ്മതിക്കുകയില്ല. അതുകൊണ്ടാണു് എന്റെ കുറ്റത്തെ ഞാൻ തന്നെ ഏറ്റുപറഞ്ഞതു്. വേണമെങ്കിൽ കൃത്യം നടത്തിയ മാത്രയിൽ എനിക്കു് ഒളിച്ചുപോകാൻ കഴിയുമായിരുന്നു. ഞാൻ അങ്ങനെ ചെയ്താൽ, നിരപരാധികളെ പിടിച്ചു നിങ്ങൾ പീഡിപ്പിക്കുമെന്നു് എനിക്കറിയാം. പിടിക്കേണ്ടവരെ കണ്ടില്ലെങ്കിൽ കണ്ടവരെപ്പിടിക്കുകയാണു നിങ്ങളുടെ തൊഴിൽ. അതിനു ഞാൻ കാരണഭൂതയായാൽ അപ്പാപം എന്നെ പിടിക്കട്ടെ. അതിനിടയാകരുതെന്നുകരുതി ഞാൻ നേരിൽനിന്നു കുറ്റം സമ്മതിച്ചതാണു്.

ന്യായാധിപൻ:—നീ അഭിപ്രായപ്പെട്ടമാതിരിയിൽ ന്യായംനടത്തുന്നവരില്ലെന്നില്ല. എന്നാൽ ഞങ്ങൾ അക്രൂട്ടത്തിൽപെട്ടവരല്ല. നീയാണു ഈ കൃത്യംനടത്തിയതെങ്കിൽ നി ഏതു ദ്വീപാന്തരത്തിൽ ഒളിച്ചോടിയാലും നിന്നെപ്പിടിച്ചുകൊണ്ടുവന്നു ന്യായംനടത്താൻ ഞങ്ങൾക്കു കഴിയും. അതിരിക്കട്ടെ, അന്യന്മാരെപ്പറ്റി നിനക്കു് ഇത്രത്തോളം ദയതോന്നിയതിൽ എനിക്കു ബഹുമാനമുണ്ടു്. എന്നാൽ ഇപ്രകാരം അന്യന്മാരിൽ ദയയും അനുകമ്പയുമുള്ള നീ രാക്ഷസീയമായ ഈ കൃത്യത്തിനു മൈയ്യ്പ്പെട്ടതു് എന്തുകൊണ്ടു്? നീ ആ യുവാവിനെ കൊല്ലാൻ കാരണമെന്തു്? അവൻ നിന്നെ എന്തെങ്കിലും ഉപദ്രവിച്ചുവോ?

സരസ്വതി:—വളരെക്കെ സംസാരിക്കേണ്ട ആവശ്യമില്ല. എന്തിനുകൊന്നു എന്നു ചോദിക്കേണ്ട ആവശ്യമില്ല. കാരണം ഇല്ലാതെ ആരെങ്കിലും കൊലപാതകംചെയ്യുമോ? ഇല്ലതന്നെ. എന്നാൽ ഒരു ന്യായാധിപനു് അതിനെപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമില്ല. കൊന്നകുറ്റത്തിനു ശിക്ഷിക്കുകമാത്രമേ ഒരു ന്യായാധിപൻ ചെയ്യേണ്ടതായിട്ടുള്ളൂ. നിങ്ങൾക്കാണെങ്കിൽ, ആ ജോലിമാത്രമേ നിർവ്വഹിക്കേണ്ടതായിട്ടുള്ളൂ. കുറ്റംചെയ്ത ആളിനെ കണ്ടുപിടിക്കേണ്ടഭാരമില്ല. ഈ കൊലപാതകം നടത്തിയതു് ഈ ഞാനാണു്. ഞാൻ ആ യുവാവിനെ കൊന്നു. ഞാൻ അവനെ കൊല്ലാതിരുന്നുവെങ്കിൽ ഞാൻ ഇപ്പോൾ ജീവിച്ചിരിക്കുമായിരുന്നില്ല. എന്നെ കൊന്നകുറ്റത്തിനു നിങ്ങൾ അവന്റെ മൊഴി വാങ്ങിക്കേണ്ടിവരുമായിരുന്നു. അഥവാ അവനെ കണ്ടുപിടിക്കാൻ നിങ്ങൾ ശ്രമിക്കേണ്ടിവരുമായിരുന്നു.

സുരുചി:—പ്രഭോ! എന്റെ സ്വാമിനി രക്തംചൊരിയാൻ ഇഷ്ടപ്പെടുന്നവരല്ല. ആത്മരക്ഷയ്ക്കുവേണ്ടി ഈ കടുംകൈ പ്രവൃത്തിക്കേണ്ടിവന്നതാണു്. ദയവുചെയ്തു് എന്റെ സ്വാമിനിക്കു മാപ്പുകൊടുക്കണമെന്നു് അപേക്ഷിക്കുന്നു.

ന്യായാധിപൻ:—നി നിന്റെ സ്വാമിനിയെ വ്യഭയപൂർവ്വം സ്നേഹിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്. എന്നാൽ എനിക്കു നിന്റെപേക്ഷയെ സ്വീകരിക്കാവുന്നതല്ല. ഞാൻ എന്റെ ചുമതലയെ നിർവ്വഹിക്കാൻ നിർബദ്ധനാണു്. (സരസ്വതിയെനോക്കി) നി എന്റെ മുന്നിച്ചുവരേണ്ടിയിരിക്കുന്നു. നിന്നെ കാരാഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകേണ്ടതു് എന്റെ കർത്തവ്യമാണു്.

സരസ്വതി:—ഇത്രവേഗത്തിൽ എന്നെ ഇവിടെനിന്നും മാറ്റണമെന്നോ നിങ്ങൾ ആഗ്രഹിക്കുന്നതു്? ദയവുചെയ്തു് രണ്ടുമൂന്നു മണിക്കൂർകൂടി ഇവിടെ ഇരിക്കാൻ നിങ്ങൾ അനുവദിക്കുന്നുവെങ്കിൽ അതു ഗണ്യമായ ഒരു പുണ്യമായിരിക്കും. എനിക്കു എന്റെ സഹോദരിയെ ഒന്നു കാണണം. അവൾ രണ്ടുമൂന്നുമണിക്കൂറിനകം ഇവിടെ വരാതിരിക്കയില്ല. അവളെക്കണ്ടു അവസാനയാത്ര പറഞ്ഞുംവച്ചു് ഞാൻ നിങ്ങളുടെ മുന്നിച്ചുവരാം.

ന്യായാധിപൻ:—നിന്റെ സഹോദരിയോ അവളുടെ പേരെന്താണു്.

സരസ്വതി:—പ്രേതയക്ഷി എന്നാണു് അവളുടെ പേരു്.

ന്യായാധിപൻ:—എന്തു് പ്രേതയക്ഷിയോ! യോഗ്യനായ അശോകനാഥന്റെ രക്ഷയിലിരിക്കുന്ന പ്രേതയക്ഷിയോ! ആ സ്ത്രീ നിന്റെ സഹോദരിയാണോ?

സരസ്വതി:—അതെ.

അതുകേട്ടപ്പോൾ ന്യായാധിപനു അവളിൽ അല്പം ബഹുമാനവും ദയയും തോന്നി. അദ്ദേഹം സരസ്വതിയുടെ അപേക്ഷയെ കൈക്കൊണ്ടു് അവൾക്കു മൂന്നുമണിക്കൂർനേരത്തെ സാവകാശം നല്കി. അതുമുംസമയം കഴിഞ്ഞു മടങ്ങിവരാമെന്നുംപറഞ്ഞു് ആ മുറിയിൽനിന്നും വെളിയിൽപോന്നു സരസ്വതിയെക്കാണുന്നതിലേക്കു ആരെങ്കിലും വെളിയിൽനിന്നുംവന്നു് ആവശ്യപ്പെട്ടാൽ അവരെ തടയാതെ അകത്തുകടത്തിവിടണമെന്നുകാവല്ക്കാരനോടു ശട്ടംകെട്ടിയുംവച്ചു് മറെറാരുഭാഗത്തേക്കുപോയി. സരസ്വതി തന്റെ ദാസികളോടു രഹസ്യമായി എന്തോ സംസാരിച്ചുകൊണ്ടിരുന്നു.

സരസ്വതിയും അവളുടെ ദാസികളുമായി നടത്തിയ രഹസ്യ സംഭാഷണം ഇന്നതാണെന്നു നമുക്കു ഗ്രഹിക്കാൻ നിവൃത്തിയില്ല. എന്നാൽ അവർ തമ്മിൽ ഏതോ ഒരു രഹസ്യസംഗതിയെപ്പറ്റി ആലോചിക്കുകയായിരുന്നുവെന്നും, സുരുചിയും വിമലയും സരസ്വതിയുടെ അഭിപ്രായത്തോടു യോജിച്ചു എന്നും "ശരി; അങ്ങനെതന്നെ" എന്നിവാക്കുകൾ ഒടുവിൽ അവർ (സുരുചി വിമല കൾ) പറഞ്ഞുകേൾക്കാനിടയായതിൽനിന്നും അനുമാനിക്കാം. അനന്തരം സുരുചിയും വിമലയും പുറത്തിറങ്ങാനായി വാതുക്കൽ വന്നു കതകുതുറന്നു. അവിടെ കാവൽനിന്നിരുന്ന പടയാളി വിമലയെക്കണ്ടു് ആശ്ചര്യംനടിച്ചു കുശലംചോദിച്ചു. വിമല അതു കേട്ടു്, "എന്നെ നിങ്ങൾ അറിയുമോ? ഇതിനുമുമ്പു നിങ്ങൾഎന്നെ കണ്ടിട്ടുണ്ടോ" എന്നു പ്രതിപ്രശ്നംചെയ്തു.

കാവൽക്കാരൻ:—സംശയിക്കാനെന്തു്? നിങ്ങളെപ്പോലെ സുന്ദര്യവതികളായ സ്ത്രീകളുടെ മുഖം ഒരിക്കൽ കണ്ടാൽ പിന്നെ എന്നെങ്കിലും മറക്കാൻ കഴിയുന്നതാണോ? നിങ്ങളുടെ സഹോദരി സുരുചിയുടെ മുഖം ഇപ്പോഴും എന്റെ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്നു. നിങ്ങൾ രണ്ടുപേരും പ്രേതയക്ഷീദേവിയുടെ തോഴിമാരായിരുന്നില്ലേ?

വിമല:—അതേ; ഞങ്ങൾ പ്രേതയക്ഷീദേവിയുടെ തോഴിമാരായിരുന്നു. ഇപ്പോൾ സരസ്വതീദേവിയുടെ തോഴിമാരാണു്. സരസ്വതീദേവി, പ്രേതയക്ഷീദേവിയുടെ സഹോദരിയാണെന്നു നിങ്ങൾ അറിഞ്ഞിട്ടില്ലെ.

കാവൽക്കാരൻ:—അല്പംമുമ്പു ന്യായാധിപനുമായി അകത്തുനടന്ന സംഭാഷണത്തിൽ ചിലവാക്കുകൾ എനിക്കു കേൾക്കാനിടയായതിൽനിന്നും ഞാൻ അപ്രകാരം ഊഹിച്ചു. എന്നാൽ സരസ്വതീദേവിയെ ഞാൻ ഇതേവരെ നേരിൽ കണ്ടിട്ടില്ല. പ്രേതയക്ഷീദേവിക്കു് ഇപ്രകാരം ഒരു സഹോദരിയുണ്ടെന്നു കേട്ടിട്ടുമില്ല.

വിമല:—അങ്ങനെ വരാം; എന്നെ നിങ്ങൾ ഇതിനുമുമ്പു് എവിടെവച്ചാണു് കണ്ടിട്ടുള്ളതു്?

കാവൽക്കാരൻ:—ശ്രീപുരത്തുവച്ചു് പ്രേക്ഷകന്മാർ ഒരു സഭകൂടാൻ നിശ്ചയിച്ചിരുന്നില്ലേ? അതിനെ മുടക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി മാന്യനായ അശോകനാഥൻ, ഒരു ഉപവനത്തിൽ സൈന്യസമേതം പാളയമടിച്ചു ശ്രദ്ധമായി താമസിച്ചിരുന്നുവല്ലോ. ആയിടയ്ക്കു നേപാളനൃപന്റെ പ്രധിനിധി

യായ ഒരാൾ അദ്ദേഹത്തിന്റെ അതിഥിയായി ഒരു ദിവസം ആ ക്ഷേത്രത്തിൽ താമസിച്ചിരുന്നു. അന്നു പ്രേതയക്ഷീദേവി ഒരുപുൽപ്രദേശത്തിലിരിക്കുമ്പോൾ, നിങ്ങൾ രണ്ടുപേരും അവരുടെ സമീപത്തിരിക്കുന്നുണ്ടായിരുന്നു. ഞാൻ നിങ്ങളെ അപ്പോഴാണു കണ്ടതു്. അതിനുശേഷം എനിക്കു ഉദ്യോഗ സംബന്ധമായി അന്യനാട്ടിൽ പോകേണ്ടിവന്നു.

വിമല:—അങ്ങനെയോ? വളരെ സന്തോഷം! ഈ മാളികയിൽ നടന്നകൊലപാതകത്തെക്കുറിച്ചു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. കൊല്ലപ്പെട്ടയുവാവു് എന്റെ സ്വാമിനിയെ എന്തോ ഉപദ്രവിച്ചിട്ടുണ്ടു്. ഇല്ലെങ്കിൽ അവനെ അവർ കൊല്ലുകയില്ലായിരുന്നു.

കാവൽക്കാരൻ:—നിങ്ങൾ സ്വാമിനി എന്നു പറയുന്നതു സരസ്വതീദേവിയെ അല്ലേ? അങ്ങനെയാണെങ്കിൽ നിങ്ങൾക്കു് ഇപ്പോൾ പ്രേതയക്ഷീദേവിയുടെ കീഴിൽ ജോലിയില്ലായിരിക്കാം.

വിമല:—ഇല്ല, ഇപ്പോൾ ഞങ്ങൾക്കു പ്രേതയക്ഷീദേവിയുടെ കീഴിൽ ജോലിയില്ല. ഞങ്ങൾ ആ ജോലിവിട്ടു. ഞങ്ങളുടെ സ്വാമിനിയിൽ കൊലക്കുറ്റം ചുമത്താനിടയായതിൽ ഞങ്ങൾക്കു എത്രമാത്രം അന്തസ്താപമുണ്ടെന്നു നിങ്ങൾ അറിയുന്നുണ്ടോ? ഞങ്ങളുടെ ഹൃദയം തീയിൽവീണ പുഴുവിനെപ്പോലെ പിടയുകയാണു്.

കാവൽക്കാരൻ:—അങ്ങനെ സംഭവിക്കാം! സ്നേഹമുള്ള സ്വാമിനിക്കു് ആപത്തുനേരിട്ടാൽ തോഴിവർഗ്ഗത്തിനു മനഃക്ലേശമുണ്ടാവുകതന്നെചെയ്യും. നിങ്ങളുടെ സ്വാമിനി ആകൃതിയിൽ പ്രേതയക്ഷീദേവിയെപ്പോലെ കാണപ്പെട്ടുമോ? രണ്ടുപേരും സഹോദരികളാണെന്നു പറഞ്ഞുവല്ലോ.

വിമല:—നിങ്ങൾക്കു തന്നെ നേരിൽ കണ്ടറിയാമല്ലോ. ഞാൻ ഒരു സാധനം മറന്നുപോയതു് എടുക്കാനെന്നഭാവത്തിൽ അകത്തേക്കുപോകാം. കതകുരണ്ടും തുറന്നുപാടുകിടക്കട്ടെ! നിങ്ങൾ ഇവിടെനിന്നുംകൊണ്ടു നോക്കുക.

വിമല അകത്തേക്കുപോയി കാവൽക്കാരൻ സരസ്വതിയുടെ ആകൃതി നല്ലപോലെ നോക്കിമനസ്സിലാക്കി. മാത്രകഴിഞ്ഞു വിമല മടങ്ങിവന്നു വെളിയിൽകടന്നു കതകടച്ചു.

കാവൽക്കാരൻ:—സരസ്വതീദേവിയെ ഞാൻ കണ്ടതു ഒരു പ്രകാരത്തിൽ ഗുണകരമാണു്. ദേവിയെ കാണുന്നതിനായി ആരെ

ങ്കിലും വന്നാൽ അവരെ തടയാൻപാടില്ലെന്നു ന്യായാധിപൻ എന്നോടു ആജ്ഞാപിച്ചിട്ടുണ്ടു്. അങ്ങനെ ആരെങ്കിലും അകത്തു കടന്നാൽ അവർ പുറത്തുപോകുമ്പോൾ അവരുടെ ഒന്നിച്ചുദേവിയുമുണ്ടായിരുന്നാൽ കണ്ടുപിടിക്കാൻ സാധിക്കുന്നതാണല്ലോ.

വിമല:—എന്തു സംശയിക്കേണ്ടു. എന്റെ സ്വാമിനി അപ്രകാരമുള്ള നിന്ദ്യമനഃസ്ഥിതിയോടുകൂടിയവരല്ല.

കാവൽക്കാരൻ:—നിങ്ങളം തെറ്റിദ്ധരിച്ചു. എനിക്കു് ആ അഭിപ്രായമില്ല. എന്റെ കർത്തവ്യത്തെ എനിക്കു വിസ്മരിക്കാൻ പാടില്ലെന്നുമാത്രം.

വിമല:—അതിരിക്കട്ടെ, ഞങ്ങളുടെ സ്വാമിനിയെ നിങ്ങളം കണ്ടുവല്ലോ. പ്രേതയക്ഷീദേവിയേയും നിങ്ങളം കണ്ടിട്ടുണ്ടല്ലോ. രണ്ടുപേരുടെയും ആകൃതിയിൽ നിങ്ങളംക്കെന്തഭിപ്രായമാണു്?

കാവൽക്കാരൻ:—പഞ്ചസാരയുടെമധുരം പ്രേതയക്ഷീദേവിയുടെ ആകൃതിയോടും കൽക്കണ്ടിന്റെ മധുരം സരസ്വതീദേവിയുടെ ആകൃതിയോടും ഉപമിക്കാം നിറത്തിൽമാത്രമേ രണ്ടുപേരെയും തിരിച്ചറിയാൻ സാധിക്കുകയുള്ളു. ഹാ! എന്തൊരു ഴകു്! എന്തൊരു ദിവ്യമായ സൌന്ദര്യം! സരസ്വതീദേവിയെക്കണ്ടാൽ പ്രേതയക്ഷീദേവിയെക്കാണണ്ടാ. പ്രേതയക്ഷീദേവിയെക്കണ്ടാൽ സരസ്വതീദേവിയെ കാണണ്ടാ. സരസ്വതീദേവിയുടെ നിറം പഴുക്കെച്ചുട്ടസ്വർണ്ണം. പ്രേതയക്ഷീദേവിയുടേതു് കരിന്നീലം. ഇത്രമാത്രമേയുള്ളു രണ്ടുപേർക്കും തമ്മിലുള്ള വ്യത്യാസം.

വിമല:—അതേ; നിങ്ങളം പറഞ്ഞതു വളരെ വസ്തുവമാണു്.

കാവൽക്കാരൻ:—ഇത്രത്തോളം ദിവ്യമായ സൌന്ദര്യത്തോടുകൂടിയ നിങ്ങളുടെ സ്വാമിനി പൈശാചികമായ ഈ കൊലപാതകത്തിനു ധൈര്യപ്പെട്ടതെങ്ങനെ? ഈ നീചകർമ്മത്തിനു മനസ്സുണ്ടായതെങ്ങനെ? ആശ്ചര്യമാശ്ചര്യം!! അധികം സൌന്ദര്യമുള്ള സ്ത്രീകളുടെ മനസ്സു കർക്കശമാണെന്നും അവർ ദുഷ്കർമ്മങ്ങൾക്കു ധൈര്യപ്പെട്ടുന്നവരാണെന്നും അവരുടെ സൌന്ദര്യം കണ്ടു മയങ്ങിപ്പോകരുതെന്നും ജ്ഞാനികൾ പറയുന്നതു് എത്ര പരമാർത്ഥം!

വിമല:—എന്റെ സ്വാമിനിയെ നിങ്ങളം കാര്യമറിയാതെ പഴിക്കരുതു് അവർ സൽസ്വഭാവമുള്ള ഒരു ഉത്തമസ്ത്രീയാണു്. നിങ്ങളംക്കതു്, ഇപ്പോളം മനസ്സിലാകും. ഇനിയും ഒന്നരണ്ടു മണിക്കൂർവരെ നിങ്ങളം ഇവിടെ ഉണ്ടായിരിക്കുമല്ലോ.

കാവൽക്കാരൻ:—ഇല്ല, ഇനി ഒരു മണിക്കൂർകൊണ്ടു് എന്റെ തവണകഴിയും. അതിനുശേഷം മറെറാരാളായിരിക്കും എന്റെ സ്ഥാനത്തു നിൽക്കുന്നതു്. അയാൾ വന്നാലുടനെ ഞാൻ പോകും.

വിമല:—അങ്ങനെയോ? എന്നാൽ അടുത്ത തവണക്കാരൻ വരുമ്പോൾ എന്റെ സ്വാമിനിയുടെ വസ്തുസ്ഥിതിയേയും ആകൃതിയേയും അവർക്കും അവരുടെ സഹോദരിക്കും തമ്മിലുള്ള നിർവ്യാജസ്നേഹത്തെയുംപറ്റി നിങ്ങൾ അയാളോടു പറയണം. എന്തുകൊണ്ടെന്നാൽ, ഓരോ തവണക്കാരനും കതകുതുറന്നു് അവരെ കാണിച്ചുകൊടുക്കാൻ സാധിക്കുകയില്ല. അങ്ങനെ ചെയ്യുന്നതു് അവരെ അപമാനിക്കുകയായിരിക്കും.

കാവൽക്കാരൻ:—അതേ, അതു വാസ്തവമാണു്. ഞാൻ എല്ലാ വിവരവും അയാളെ ധരിപ്പിച്ചുകൊള്ളാം.

വിമല, അവളുടെ മുറിയിലേക്കുപോയി. മാതൃകഴിഞ്ഞു ഒരു തുണിക്കെട്ടുംകൊണ്ടു മടങ്ങിവന്നു് കതകടച്ചു് തഴതിട്ടുംവച്ചു സരസ്വതിയുടെ സമീപത്തിൽചെന്നു.

ഉദ്ദേശം ഒരുമണിക്കൂർ കഴിഞ്ഞു; വേറൊരു തവണക്കാരൻ വന്നു് ആദ്യത്തെ കാവൽക്കാരന്റെ സ്ഥാനം സ്വീകരിച്ചു രണ്ടാമത്തെ കാവൽക്കാരൻ വന്നു കുറേക്കഴിഞ്ഞപ്പോൾ, വിമല വീണ്ടും കതകുതുറന്നു വെളിയിൽവന്നു. വെളിയിൽ കടന്നനിമിഷത്തിൽ കതകു വലിച്ചുടയ്ക്കുകയുംചെയ്തു. ഈ തവണക്കാരനും വിമലയെക്കണ്ടയുടനേ, ആദ്യത്തെ കാവൽക്കാരനെപ്പോലെ പരിചിതന്റെ മട്ടിൽ അവളുടെ യോഗക്ഷേമത്തെക്കുറിച്ചു ചോദിച്ചു. വിമല അതുകേട്ടു്, "സോമേശനൊ? വളരെ സന്തോഷം. അന്നു പ്രേതയക്ഷീദേവിയുടെ ക്രൂരഭാവത്തിൽവച്ചു നിങ്ങളെ ഞാൻ കണ്ടതിൽപിന്നെ ഇന്നു് ആദ്യമായിട്ടാണല്ലോ കാണുന്നതു്" എന്നു പുഞ്ചിരിതൂകിക്കൊണ്ടുപറഞ്ഞു.

തവണക്കാരൻ:—ഞങ്ങളെ കുറച്ചുപേരെ മാന്യനായ അശോകനാഥൻ ഈ സ്ഥലത്തേക്കു നിയമിച്ചയച്ചു. അതനുസരിച്ചു ഞങ്ങൾ ഇവിടെ പ്രവൃത്തിച്ചുവരികയാണു്. ഈ സ്ഥലം ഇപ്പോൾ ഞങ്ങളുടെ അധീനത്തിൽ ഇരിക്കുകയാണു്. ഇന്നു വെളുപ്പാൻകാലത്തു ഇവിടെ നടന്ന കൊലപാതകത്തെപ്പറ്റി ഞങ്ങളുടെ ന്യായാധിപനു് അറിവു കിട്ടുകയാൽ ഞങ്ങൾ ഇങ്ങോട്ടു പോന്നു. ഇവിടെവച്ചു നിങ്ങളെ കണ്ടുമുട്ടാനിടയായതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. എന്നാൽ,

ഈ അശുഭമായ സന്ദർഭത്തിൽ തമ്മിൽ കണ്ടതിൽ അല്പം അന്തസ്സാപവുമുണ്ടു്. പ്രേതയക്ഷീദേവിക്കു് ഒരു സഹോദരിയുണ്ടെന്നുള്ള വിവരം ഞാൻ ഇതേവരെ അറിഞ്ഞിട്ടില്ല.

വിമല:—ആദ്യത്തെ തവണക്കാരൻ സംഗതികളെല്ലാം നിങ്ങളെ ധരിപ്പിച്ചു എന്നു തോന്നുന്നുവല്ലോ.

തവണക്കാരൻ:—അതേ, പ്രധാനസംഗതികളും ഞാൻ അയാളിൽ നിന്നുംഗ്രഹിച്ചു. അറസ്റ്റുചെയ്യപ്പെട്ടവർ കൈവിട്ടുപോകാതെ സൂക്ഷിക്കേണ്ടതു ഞങ്ങളുടെ കടമയാകുന്നു. കുറക്കാരുടെ നിറം, പൊക്കം, അംഗപ്രത്യംഗങ്ങളുടെ അടയാളങ്ങൾ മുതലായവ അറിഞ്ഞിരുന്നാൽ, കൈവിട്ടുപോയ കുറക്കാരെ കണ്ടുപിടിക്കാൻ അവ സഹായിക്കുന്നതാണു്. അതുകൊണ്ടു സരസ്വതീദേവിയുടെ വസ്തുസ്ഥിതികളും എന്റെ മുൻഗാമിയിൽനിന്നും ഞാൻ ചോദിച്ചറിഞ്ഞിരിക്കുന്നു.

വിമല.—അങ്ങനെയാണെങ്കിൽ, പ്രേതയക്ഷീദേവിയുടെ സാന്നിദ്ധ്യം ഇപ്പോൾ ഇവിടെ സംഭവിക്കുമെന്നും അവരെക്കണ്ടു് എന്തോ ചിലതു സംസാരിക്കണമെന്നുള്ള സരസ്വതീദേവിയുടെ അഭിലാഷത്തെ സാധിക്കുന്നതിനായി, ഉടനെ അറസ്റ്റ് ചെയ്തുകൊണ്ടുപോകാതെ ന്യായാധിപൻ അവർക്കു സൌകര്യംകൊടുത്തതാണെന്നും ഉള്ള വിവരം അയാൾ നിങ്ങളെ ധരിപ്പിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

തവണക്കാരൻ:—അതേ. ആ സംഗതിയും അയാൾ എന്നെ ധരിപ്പിക്കയുണ്ടായി.

വിമല—പ്രേതയക്ഷീദേവി, ഇപ്പോൾ തന്റെ സഹോദരിയുമായി ഈ മുറിയിൽ സംഭാഷണംചെയ്തുകൊണ്ടിരിക്കുന്നു.

തവണക്കാരൻ:—(സാശ്ചര്യം) എന്തു്? പ്രേതയക്ഷി ഈ മുറിയിൽ ഇരിക്കുന്നുവെന്നോ?

വിമല:—അതേ, ഈ മുറിയിലുണ്ടു്; സരസ്വതീദേവിയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു.

തവണക്കാരൻ:—പ്രേതയക്ഷി ഇവിടെ വന്നിട്ടുണ്ടെന്നു് എന്നോടു് ആരും പറഞ്ഞില്ലല്ലോ. അവർ ഇവിടെ വരുമെന്നും അവരെ കാണാനായിട്ടാണു് സരസ്വതീദേവി ഇവിടെ താമസിക്കുന്നതെന്നും മറ്റും വെളിയിൽക്കൂടി നിൽക്കുന്നവരും എന്റെ മുൻഗാമിയും പറഞ്ഞു കേട്ടതല്ലാതെ അവർ വന്നിട്ടുള്ള വിവരം ഞാൻ അറിഞ്ഞില്ലല്ലോ.

വിമല:—ഉടനെയായ ന്യായാധിപതി അനുവദിച്ചസമയം മുഴുവൻ സരസ്വതീദേവിക്കു് ഇനി ഇവിടെ ചെലവുചെയ്യേണ്ട ആവശ്യമില്ലെന്നാണു് തോന്നുന്നതു്. ഉദ്ദിഷ്ടസമയത്തിനും മുമ്പു തന്റെ സഹോദരിയുടെ സാന്നിദ്ധ്യം ഉണ്ടായതുകൊണ്ടു് അവർ ഇപ്പോൾ തന്നെ കാരാഗൃഹത്തിലേക്കു നിങ്ങളെ അനുഗമിക്കാനിടയുണ്ടു്.

തവണക്കാരൻ:— ഇപ്പോൾ—ഈ സമയത്തു്—ഈ മുറിക്കകത്തു പ്രേതയക്ഷി ഇരിക്കുന്നു എന്നു പറഞ്ഞതു വാസ്തവമാണോ?

പട്ടാളഉദ്യോഗിപായിയുടെ അധികാരസൂചകമായ ചോദ്യത്തിൽ വിമലയുടെ മനശ്ചാഞ്ചല്യം സംഭവിച്ചില്ല. ആ സംഗതി ആദ്യമേ ഞാൻ പറഞ്ഞിട്ടും വീണ്ടും ചോദിക്കുന്നതെന്തിനു്? എന്നു പ്രതിപ്രശ്നത്താൽ അവൾ തന്റെ മനഃസ്ഥൈര്യത്തെ പ്രദർശിപ്പിച്ചു.

തവണക്കാരൻ:—പ്രേതയക്ഷി വന്നതു ഞാൻ കണ്ടില്ല. വന്നതായി കേട്ടതുമില്ല. ഇതെന്തൊരാശ്ചര്യം.

വിമല:—ഞാനും ആശ്ചര്യപ്പെടുകതന്നെചെയ്യുന്നു. പ്രേതയക്ഷീദേവി വന്നു് ഈ മുറിക്കകത്തു കടക്കുന്നതു നിങ്ങളുടെ മുൻഗാമിയായ പട്ടാളഉദ്യോഗിപായി. നോക്കിക്കാണുകമാത്രമല്ല, അയാൾ ദേവിയെ അഭിവാദ്യംചെയ്കയുംചെയ്തിട്ടും ദേവി വന്നവിവരം അയാൾ നിങ്ങളെ ധരിപ്പിക്കാതിരുന്നതാണു് എന്റെ ആശ്ചര്യത്തിനു കാരണം

തവണക്കാരൻ.—ഒരുപക്ഷേ, ആ വിവരം അയാൾ എന്നോടു പറഞ്ഞു എന്നുവരാം. ഞാൻ മറവുവല്ലകായ്ത്തെയുംകുറിച്ചു ശ്രദ്ധിച്ചുകൊണ്ടിരുന്നിരിക്കാം.

'അതോ അങ്ങനെ സംഭവിക്കാനാണെളുപ്പം. അല്ലാതെ ഈ പ്രധാനസംഗതിയെപ്പറ്റി അയാൾ പറയാതിരിക്കുകയില്ല' എന്നു പറഞ്ഞു വിമല പട്ടാളഉദ്യോഗിപായിയുടെ സംശയത്തെ ബലപ്പെടുത്തി.

തവണക്കാരൻ:—സഹോദരികൾക്കു രണ്ടുപേർക്കും അളവറ്റ മനസ്താപം ഉണ്ടായിരിക്കാം. പ്രേതയക്ഷി സരസ്വതിയുടെ പ്രവൃത്തിയെക്കുറിച്ചു എന്തുപറഞ്ഞു?

വിമല:—എന്തൊന്നാണു പറയാനുള്ളതു്? രണ്ടുപേരും പരസ്പരം കെട്ടിപ്പിടിച്ചുകൊണ്ടു കരയുന്നു. അവരുടെ മുമ്പിൽ നിൽക്കുമ്പോൾ ഞാനറിയാതെ എനിക്കു കരച്ചിൽ ഉണ്ടാകുന്നു. അതുകൊണ്ടാണു് ഞാനിങ്ങോട്ടു പോന്നതു്. സരസ്വതിക്കു

ഇനി ഈ ആപത്തിൽനിന്നും തെറിപ്പിഴയ്ക്കാൻ പഴുതില്ല. പ്രേതയക്ഷി, യോഗ്യനായ അശോകനാഥന്റെ പ്രീതിക്കു പാത്രമാണെന്നു വന്നാലും, അദ്ദേഹം ന്യായപഥത്തിൽനിന്നും വരവണ്ണം വ്യതിചലിക്കുന്ന ആളല്ല. വേറെ ആരെക്കൊണ്ടാണു് അവരെ ഈ ആപത്തിൽ സഹായിപ്പാൻ കഴിയുന്നതു്? പ്രേതയക്ഷിയെ അദ്ദേഹം അതിരറ്റു സ്നേഹിക്കുന്നു എന്നതു വാസ്തവമാണു്. എന്നാൽ ന്യായത്തെ അദ്ദേഹം അതിനെക്കാൾ സ്നേഹിക്കുന്നു. ഈ സംഗതി പലരിൽനിന്നും ഞാൻഅറിഞ്ഞിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ യോഗ്യനായ അശോകനാഥൻ സരസ്വതീദേവിക്കു് ഇക്കാര്യത്തിൽ മാപ്പു കൊടുക്കുകയില്ല.

തവണക്കാരൻ:—അതേ, നിങ്ങൾ പറയുന്നതു വാസ്തവമാണു്. സൂര്യചന്ദ്രന്മാർ സ്ഥാനംമാറി ഉദിച്ചാലും, ഭൂമി അടിയോടെ താണാലും ആകാശം കീഴ്പ്പോട്ടുപതിച്ചാലും അശോകനാഥൻ ന്യായത്തിൽനിന്നും തെറ്റുകയില്ല; അദ്ദേഹം ന്യായശാസ്ത്രത്തിന്റെ മുനയിൽത്തന്നെ നില്ക്കുന്നതാണു്.

വിമല:—എന്നാൽ കാലകാരണങ്ങൾ എന്നു രണ്ടുവകയുണ്ടു്. കാലത്തെയും കാരണത്തെയുംകുറിച്ചു് അദ്ദേഹം ഉദാരബുദ്ധ്യാ ഒന്നു ചിന്തിക്കാതിരിക്കുമോ? നിഷ്പക്ഷപാതിയും ന്യായസ്നേഹിയും ആണെങ്കിലും അദ്ദേഹം ഉദാരമനസ്കനുമാണു്. കാരണത്തെപ്പറ്റി ചിന്തിച്ചാൽ സരസ്വതീദേവിക്കു അല്പം ഒരാശ്വാസത്തിനു വകയുണ്ടു്.

തവണക്കാരൻ:—അങ്ങനെ സംഭവിക്കട്ടെ; ദൈവം അതിനിടയാക്കട്ടെ! നിങ്ങളുടെ സ്വാമിനിയുടെ സൌന്ദര്യം അനന്യാദൃശം, പരിപക്വമായപ്രായവും. അതുരണ്ടും ഒത്തിണങ്ങിയ ഒരു തരുണീരത്നത്തെ തൂക്കുമരത്തിന്റെ മുകളിൽവച്ചു കാണാൻ കണ്ണും കരളുമുള്ളവർ നിശ്ചയമായും ആഗ്രഹിക്കയില്ലതന്നെ.

വിമല:—കഷ്ടം! ആ ജഗന്മോഹിനിക്കു എന്തൊരാപത്താണു നേരിട്ടിരിക്കുന്നതു്? അതോർക്കുമ്പോൾ എന്റെ ഹൃദയം പൊടിയുന്നു.

തവണക്കാരൻ:—സംശയമുണ്ടോ? ആ സ്ത്രീയേ നേരിൽ കണ്ടിട്ടില്ലാത്ത എനിക്കുതന്നെയും അതിയായ മനോദുഃഖംനേരിടുന്നു എന്നുവന്നാൽ നിങ്ങൾക്കു് എത്രമാത്രം സങ്കടമുണ്ടാകണം!

ഇവരിൽ പ്രായക്കൂടുതലാക്കാണു്? പ്രേതയക്ഷിക്കോ? സരസ്വതിക്കോ?

വിമല:—അവർ രണ്ടുപേരും ഇരട്ടപ്രസവിക്കപ്പെട്ടവരാണു്.

തവണക്കാരൻ:—അങ്ങനെയോ? എന്നിട്ടെന്താണു് അവരുടെ ആകൃതിക്കു് ഈ വലുതായ വ്യത്യാസംകാണുന്നതു്?

വിമല:—വ്യത്യാസമുണ്ടെന്നുനിങ്ങൾ എങ്ങനെ അറിഞ്ഞു? നിങ്ങൾ സരസ്വതീദേവിയെ കണ്ടിട്ടില്ലെന്നല്ലേ പറഞ്ഞതു്.

തവണക്കാരൻ:—കണ്ടിട്ടില്ലെങ്കിൽഎന്താണു്? അവരുടെ ആകൃതിയെപ്പറ്റി ആദ്യത്തെ തവണക്കാരൻ എന്നോടു വിവരിച്ചു പറഞ്ഞിട്ടുണ്ടു്. അവരുടെ നിറം സ്വർണ്ണത്തിന്റെ നിറമല്ലേ? പ്രേതയക്ഷിയുടേതോ? കരിന്നീലം. ഇതിൽനിന്നും രണ്ടുപേരുടേയും വ്യത്യാസം ഊഹിക്കരുതോ?

ഇവർതമ്മിൽ ഇപ്രകാരം സംഭാഷിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ സുരുചി കതകുതുറന്നു വെളിയിൽവന്നു്, "അക്കൻ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുകയാണോ? പ്രേതയക്ഷീദേവി അക്കനെ അന്വേഷിക്കുന്നു. അവക്കു മടങ്ങിപ്പോകാൻ വൈകി" എന്നു വിമലയോടു പറഞ്ഞു.

വിമല അതുകേട്ടു്, "അങ്ങനെയോ? അതു ഞാൻ അറിഞ്ഞില്ലല്ലോ എന്നു പറഞ്ഞുംകൊണ്ടു് അകത്തേക്കു കടന്നു. സുരുചിയും അവളെ അനുഗമിച്ചു. പട്ടാമ്പ്രിപായി വളരെ നിഷ്കൃഷ്ടയോടുക്രൂടി വാതുക്കൽ കാത്തുനിന്നു. ഉദ്ദേശം അരനാഴിക കഴിഞ്ഞു. വിമലയും സുരുചിയും വീണ്ടും കതകുതുറന്നു വെളിയിൽവന്നു. പ്രേതയക്ഷി—സരസ്വതീസഹോദരിയായ ആ ഭുവനമോഹിനി—അവരുടെ പിന്നാലെ ആ മുറിയിൽനിന്നും പുറത്തിറങ്ങി.

അതേ, പ്രേതയക്ഷിതന്നെ. ആദ്യം അശോകനാഥന്റെ പാളയത്തിൽവച്ചു താരാനാഥൻ കണ്ടുമുട്ടുമ്പോൾ ഏതൊരുവസ്ത്രത്താൽ തന്റെ മനോഹരമായ കളേബരത്തെ അലങ്കരിച്ചിരുന്നുവോ ആ വസ്ത്രംതന്നെ ഇപ്പോഴും ധരിച്ചിരിക്കുന്നു. ശ്യാമളകോമളമായ അവളുടെ ശരീരം അന്യാദൃശകാന്തിയെ വഹിച്ചു കാണപ്പെടുന്നു. അവളുടെ കപോലഫലകങ്ങൾ അത്യന്ത ശോഭാവഹങ്ങളായി കാണപ്പെടുന്നു. വിശാലമായ ഫാലപ്രദേശം അഗാധമായ ബുദ്ധിശക്തിയെ സൂചിപ്പിക്കുന്നു. അവൾ ധരിച്ചിരുന്ന വസ്ത്രവു

അണിഞ്ഞിരുന്ന ആഭരണങ്ങളും അവളുടെ അനിതരസാധാരണമായ സൌന്ദര്യത്തെ ദ്വിഗുണീതമാക്കിച്ചെയ്യുന്നു. കാതോളം നീണ്ടു പ്രകാശമേറിയ കുവലയനയനങ്ങളിൽ ഏതൊരു പുരുഷഹൃദയത്തെയും ആകൃഷ്ടിക്കത്തക്ക ശക്തിവിശേഷം അന്തർല്ലീനമായിരിക്കുന്നു. കപോലഫലകങ്ങളുടെയും ഫാലപ്രദേശത്തിന്റെയും അവിച്ഛിന്നസമ്പർക്കസുഖത്തെ അനുഭവിക്കുന്ന അളകാവലി, പുരുഷഹൃദയങ്ങളെ അസൂയാകലുഷിതമാക്കിച്ചെയ്യുന്നു. എന്തിനധികം? സൃഷ്ടികർത്താവായ ബ്രഹ്മദേവന്റെ രചനാപാടവത്തെ പല്ലവകാന്തികളേബരയായ പ്രേതയക്ഷിയുടെ അംഗപ്രത്യംഗങ്ങളുടെ അനുയോജ്യതയും സൗകുമാര്യവും ഹസ്താമലകംപോലെ സ്ത്രീഹൃദയങ്ങളെ അസൂയാകലുഷിതങ്ങളാക്കിച്ചെയ്യുന്നതിനും കഴിവുള്ള പ്രേതയക്ഷീസൌന്ദര്യത്തോടു സാദൃശ്യം വഹിക്കുന്നതു പ്രേതയക്ഷീസൌന്ദര്യം ഒന്നുമാത്രമാകുന്നു. പ്രേതയക്ഷിയുടെ മുഖത്തെ വ്യാകുലീഭാവം, അവളുടെ നിസ്സീമമായ സൌകുമാര്യത്തിനു മറെറാരലങ്കാരമായി കാണപ്പെടുന്നു.

സുരുചിവിമലകളെ അനുഗമിച്ചുപുറത്തുവന്ന പ്രേതയക്ഷി' ആ ദാസികളെനോക്കി രണ്ടുപേരെയും പ്രത്യേകംപ്രത്യേകം അഭിസംബോധനചെയ്തുകൊണ്ടു് ഇപ്രകാരം പറഞ്ഞു—"നിങ്ങൾ നിൽക്കിൻ! എന്റെ ഉദ്ദേശ്യം ഫലോദ്ഗമമാകുന്നതിനു ഭഗവാൻ അനുഗ്രഹിക്കട്ടെ! ഞാൻ നേരേ ശ്രീപുരത്തേക്കാണു പോകുന്നതു്. എന്റെ സഹോദരിയുടെ കുറ്റം ക്ഷമിച്ചു് അവൾക്കു മാപ്പുകൊടുക്കണമെന്നു യോഗ്യനായ അശോകനാഥനോടു് അപേക്ഷിക്കട്ടെ! അദ്ദേഹത്തിന്റെ അഭിപ്രായം എന്തായിരിക്കുമെന്നു് എനിക്കു അറിഞ്ഞുകൂടാ. ഞാൻ കഴിയുന്നതു ശ്രമിക്കാം. എന്റെ സഹോദരിയെ രക്ഷിക്കണമെന്നു ഞാൻ അദ്ദേഹത്തിന്റെ കാല്ക്കൽവീണപേക്ഷിക്കാം. പിന്നീടു നടക്കുന്നതുപോലെ നടക്കട്ടെ! വിധിയെ ജയിക്കാൻ—ഭഗവാന്റെ കല്പനയെ ലംഘിക്കാൻ ആർക്കുകഴിയും? നിങ്ങൾ അകത്തുചെന്നു് സഹോദരിയെ സമാധാനപ്പെടുത്തിക്കൊണ്ടിരിക്കിൻ! വിചാരംകൊണ്ടും വിഷാദംകൊണ്ടും പേടികൊണ്ടും ഇപ്പോൾ സഹോദരിയുടെ മനസ്സു് അസ്വസ്ഥമായിരിക്കുകയാണു്. അതുകൊണ്ടു് അവർ തനിച്ചിരിക്കാൻ ഇടയാക്കരുതു്. നിങ്ങൾ നിമിഷനേരംപോലും അവരെ പിരിഞ്ഞിരിക്കരുതു്. ഞാൻ പറഞ്ഞതെല്ലാം ഓർമ്മയിലിരിക്കട്ടെ!"

"ഞങ്ങൾ അവിടുത്തെ ആജ്ഞയെ ശിരസ്സാ നിർവ്വഹിച്ചുകൊള്ളാം. ഏതെങ്കിലുംപ്രകാരത്തിൽ ഉദ്ദേശ്യം സാധിച്ചുകൊണ്ടു്

അവിടുന്നു് എളുപ്പം മടങ്ങിവരണം" എന്നു വിമലയും "ഉദ്ദേശ്യ സാദ്ധ്യത്തിനു ദൈവം അനുഗ്രഹിക്കട്ടെ" എന്നു സുരുചിയും അതിനു സമാധാനം പറഞ്ഞു.

അനന്തരം പ്രേതയക്ഷി പട്ടാളഉദ്യോഗിപായിയെനോക്കി, തന്റെ സത്സ്വഭാവത്തെപ്പറ്റി ഈ നില്ക്കുന്ന വിമല എന്നോടു പറഞ്ഞു. എനിക്കു തന്നിൽ നല്ല അഭിപ്രായമുണ്ടു്. ആ അഭിപ്രായത്തെ ഞാൻ യോഗ്യനായ അശോകനാഥനെ അറിയിക്കുന്നുമുണ്ടു്. സൗകര്യം വരുമ്പോൾ ഞാൻ, തന്നെ പ്രത്യേകം സഹായിക്കുന്നതാണു്. തന്റെ കാര്യം എപ്പോഴും എന്റെ ഓർമ്മയിലുണ്ടായിരിക്കും. ഉദ്യോഗക്കയറ്റത്തിനു സൗകര്യമായ ഒഴിവുള്ളപ്പോൾ എന്നെ അറിയിക്കുക!" എന്നു പറഞ്ഞു.

പട്ടാളഉദ്യോഗിപായി:—അമ്മേ! അവിടുത്തെ വാക്കുകളിൽ എനിക്കു് അതിരറ്റ നന്ദിയുണ്ടു്. അവിടുന്നു ഉദ്ദേശിച്ചുപോകുന്നകാര്യം നിഷ്പ്രയാസം സാധിക്കാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. അവിടുത്തെ സഹോദരിക്കു ഈ അത്യാപത്തിൽനിന്നും മോചനം സിദ്ധിക്കുന്നതിനു് ഈശ്വരൻ അനുഗ്രഹിക്കട്ടെ!

പ്രേതയക്ഷി:—അതിനിടയാകുമെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. അതുകൊണ്ടു് അതിനെപ്പറ്റി നിങ്ങൾ അധികം ഖേദിക്കേണ്ടാ. അതിനെക്കുറിച്ചു് സംശയിക്കയും വേണ്ട.

പ്രേതയക്ഷി, പട്ടാളഉദ്യോഗിപായിയോടും മാസിമാരോടും യാത്ര പറഞ്ഞു മാളികയിൽനിന്നും താഴോട്ടിറങ്ങി. സുരുചിയും വിമലയും സരസ്വതിയുടെ മുറിയിലേക്കുപോയി. അവർ അകത്തുകടന്നു കതകടച്ചു തഴതിട്ടു. പട്ടാളഉദ്യോഗിപായി തന്റെ 'ഡ്യൂട്ടി'യിൽ പൂർവ്വാധികം ജാഗ്രതനായി നിന്നു.

രണ്ടാം ഭാഗം സമാപ്തം.

അംഗനാചുംബനം

മൂന്നാം പുസ്തകം.

പരിഭാഷകൻ,

കെ. പരമേശ്വരൻപിള്ള.

വടയാറുകോട്ട.

★

പ്രകാശകർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്ഡിപ്പോ,

കൊല്ലം.

★

(പകർപ്പവകാശം പ്രകാശകരിൽ.)

1956.

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.



5-ാംപതിപ്പ്, കാപ്പി—1000.
1131.

മുഖവുര

"അംഗനാമുംബന"ത്തിന്റെ ഒന്നും രണ്ടും പുസ്തകങ്ങൾ പുറത്തായിട്ട് ഏതാണ്ടു രണ്ടുകൊല്ലമായി. മൂന്നാംപുസ്തകം വെളിക്കാകാനിത്രവളരെത്താമസിച്ചതുകൊണ്ട്, ഈ കൃതിക്കു തുലിക എടുത്ത മുഹൂർത്തത്തിനു ഒരു പക്ഷേ, വായനക്കാർ അമംഗളത്വം കല്പിക്കാനിടയുണ്ടെങ്കിലും ഗ്രന്ഥകാരന്റെ ബോധവും അനുഭവവും നേരേമറിച്ചാണു്. ഈ രണ്ടുകൊല്ലത്തിനിടയ്ക്കു് ഇതിന്റെ കർത്താവിന്റെയും മുദ്രണശാലയുടെയും ചരിത്രങ്ങളിൽ അഭിലഷണീയമായ പല അദ്ധ്യായങ്ങളും കഴിഞ്ഞിരിക്കുന്നു. ഗ്രന്ഥകാരന്റെ മനസ്സും തൂലികയും വേദാന്തപ്രഥത്തിലേയ്ക്കു തിരിഞ്ഞു; അതിന്റെ ഫലമായി തിരുക്കുറൾ, സ്വാമിരാമതീർത്ഥൻ, ഗുരുനാനാക്കു്, ശ്രീരാമഗീതാ (ഗദ്യം) മുതലായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതങ്ങളായി ഭവിച്ചു. മുദ്രണശാലയ്ക്കാകട്ടെ, അതിന്റെ ഉടമസ്ഥാവകാശത്തിനു കൈമാറ്റം സംഭവിച്ചു. പൂർവ്വാവകാശി അച്ചുക്കൂടത്തിന്റെ അഭംഗുരവും ശോഭനവുമായ ഭാവിയെ അഭിലഷിച്ചു്, ഭാഷാഭിമാനിയും പ്രസിദ്ധപുരുഷപ്രമാണിയുമായ ശ്രീമാൻ കെ. ജി. പരമേശ്വരൻ പിള്ള അവർകൾക്കു മുദ്രായന്ത്രശാലയുടെയും അതിലെ പ്രസിദ്ധീകരണങ്ങളുടെയും ഉടമസ്ഥാവകാശം തീറുകൊടുത്തു. അതോടുകൂടി മുദ്രാലയത്തിന്റെ പൊതുവർണ്ണഘട്ടം ആരംഭമായി. അതിനു ശേഷം വിവിധവിഷയങ്ങളിലായി വിജ്ഞാനപ്രദങ്ങളായ അനവധി പുതിയ ഗ്രന്ഥങ്ങൾ സാഹിത്യലോകത്തിൽ പ്രചരിച്ചിട്ടുണ്ടു്. ഉപനിഷന്മാസികയുടെ നാമധേയം അക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവനീയമാകുന്നു. തത്തുല്യവിശിഷ്ടമായ ഒരു പ്രസിദ്ധീകരണം ഇതേവരെ മലയാളഭാഷയ്ക്കു കിട്ടിയിട്ടില്ലെന്നുള്ള അഭിപ്രായമൈകമത്യേന "ശ്രീരാമവിലാസം"മുദ്രാലയത്തെ, കേരളീയരുടെ മനഃപൂർവ്വമായ അഭിനന്ദനത്തിനു പാത്രമാക്കിച്ചെയ്തിരിക്കയാണല്ലോ മേലും അമോഘങ്ങളായ അനേകം ഗ്രന്ഥരത്നങ്ങൾ "ശ്രീരാമ"മുദ്രയോടുകൂടി കൈരളിക്കു ലഭിക്കുമാറാകട്ടേ!

മൂന്നാംപുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനു താമസം നേരിട്ടതിനുള്ള സമാധാനം മേല്പറഞ്ഞ സംഗതികളിൽ അന്തർഭവിച്ചിട്ടുണ്ടു്.

ഇപ്പുസ്തകം റെയിനാൾഡ്സ് എന്ന മഹാന്റെ "Virgin's Kiss" എന്ന പ്രസിദ്ധ നോവലിന്റെ മലയാളീകരണമാകുന്നു. ഇതിലും 'അത്ഭുതസൗധ'ത്തിലെന്നോണം, മൂലകൃതിയിൽനിന്നും

ഗണ്യങ്ങളായ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ട്; ഒരു കേരളീയ സഹൃദയന്റെ കണ്ണിനു അസംഗതമായും അനാവശ്യമായും വൃഥാ സ്ഥൂലമായും മറ്റും കാണപ്പെടുന്ന പല ഭാഗങ്ങളെയും മാറ്റിയിട്ടുണ്ട്. മൂലം ഗ്രന്ഥവസാനം ഒരാവൃത്തി വായിച്ചതിനുശേഷം, പുസ്തകത്തിൽ വരുത്തേണ്ട ഭേദഗതികളും അതിന്റെ സ്വരൂപങ്ങളും മനസ്സിൽ ഒരാസൂത്രണം തയാറാക്കിക്കൊണ്ടാണു്, എഴുതിത്തുടങ്ങിയതു്. അതനുസരിച്ചു ഒന്നും രണ്ടും പുസ്തകങ്ങളിൽ ശരിക്കു വേണ്ട ഭേദഗതികളും ചെയ്തിട്ടുണ്ടു്. എന്നാൽ മൂന്നാംപുസ്തകത്തിന്റെ ജോലിതുടങ്ങിയപ്പോൾ മനസ്സിൽ സൂക്ഷിച്ചിരുന്ന ആസൂത്രണത്തിനു് അഭാവം സംഭവിച്ചിരുന്നതിനാൽ ഒന്നാമത്തെയും രണ്ടാമത്തെയും പുസ്തകങ്ങളിലെ ഭേദഗതികളും സാരമായി ബാധിക്കുന്ന അവസാനഭാഗം എഴുതിത്തീർക്കുന്നതിനു ക്ലേശിക്കേണ്ടിവന്നു. മൂലകൃതിമുഴുവനും തജ്ജമ ഒന്നുരണ്ടും പുസ്തകങ്ങളും ഒരാവൃത്തി വീണ്ടും വായിച്ചുനോക്കുന്നതിനു ക്ഷമയും സൗകര്യവുമുണ്ടായില്ല. അതിനുംപുറമേ മൂന്നാംപുസ്തകത്തെ അക്ഷമയോടെ പ്രതീക്ഷിക്കുന്ന വായനക്കാരുടെ അസഹനീയമായ പരാതിനിമിത്തം പുസ്തകത്തിന്റെ അച്ചടി തിടുക്കത്തിൽ സാധിക്കേണ്ട ആവശ്യം നേരിടുകയും ചെയ്തു. അതുകൊണ്ടു് അച്ചടിയും എഴുത്തും ഒന്നിച്ചുതുടങ്ങുകയാൽ, ഭേദഗതികളെ സംബന്ധിച്ചുള്ള അവ്യക്തസ്മരണയെ ആധാരമാക്കി പുസ്തകം എഴുതിത്തീർത്തതാണു്. 'എന്നുവച്ചു പരിണാമഗുപ്തിക്കു' പറയത്തക്ക വൈകല്യം സംഭവിച്ചിട്ടില്ലെന്നാണു ഗ്രന്ഥകാരന്റെ പ്രത്യാശ. ഗുണബുദ്ധികളായ വായനക്കാർ വല്ല പോരായ്മയും കാണുന്നുണ്ടെങ്കിൽ സദയം അറിയിച്ചുതന്നാൽ, സാദരം അടുത്തപതിപ്പിൽ പരിഹരിക്കാവുന്നതുമാണല്ലോ.

ഒന്നും രണ്ടും ഭാഗങ്ങളിൽ അക്ഷന്തവ്യങ്ങളായ അച്ചടിത്തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടു്. ഗ്രന്ഥകാരൻ തിരുവനന്തപുരത്തു താമസിക്കുന്നകാലത്തു് അവയുടെ അച്ചടി നടക്കുകയാൽ ശോധ്യപത്രം (Proof Sheet) പരിശോധന അച്ചുക്കൂടക്കാർതന്നെ നിവൃത്തിച്ചതിൽവന്ന തകരാറാണതു്. അക്കുറവും അടുത്തപതിപ്പിലേയ്ക്കു മാറ്റിവയ്ക്കുന്നു.

"അംഗനാചുംബനം" കേരളീയർക്കു് ആസ്വാദ്യമാണെന്നു ഒന്നും രണ്ടും പുസ്തകങ്ങളുടെ പ്രസിദ്ധീകരണംമൂലം ബോദ്ധ്യപ്പെട്ടതിലുള്ള ചാരിതാർത്ഥ്യത്തെ ഇവിടെ രേഖനംചെയ്തുകൊണ്ടു്,

കൊല്ലം.
30-11-102.

സഹൃദയവിധേയനായ
ഗ്രന്ഥകർത്താ.

അംഗനാചുംബനം

മൂന്നാം പുസ്തകം.

മുപ്പത്താറാം അദ്ധ്യായം.

"ഒന്നിനിമറുത്തുനീയുരചെയ്യുന്നതാകി-
ലെന്നുടെ വാക്കുണാക്കീടുന്നതുണ്ടിന്നു നിന്നെ."

നേരം പ്രഭാതമായി. അംബികേശനും താരാനാഥനും രാത്രിയിൽ നടന്ന സംഭവത്തെപ്പറ്റി സംസാരിച്ചുകൊണ്ടു് അവരുടെ മുറിക്കുപുറത്തു നില്ക്കുകയായിരുന്നു. ന്യായാധിപൻ അവരുടെ സമീപത്തിൽ ചെന്നു, രാത്രിയിൽ ഉണ്ടായ സംഭവത്തെപ്പറ്റി തനിക്കു ചിലതു ചോദിച്ചറിയേണ്ടതായിട്ടുണ്ടെന്നും ചട്ടപ്രകാരം താൻ അതിലേയ്ക്കു നിർബ്ബന്ധനാകയാൽ സഭയം തന്റെ ചോദ്യങ്ങൾക്കു സമാധാനം പറയണമെന്നും മയ്യാദയോടുകൂടിയാണെങ്കിലും. അധികാരഭാവത്തിൽ അറിയിച്ചു. താരാനാഥൻ അതുകേട്ടു്, "അതിനെ സംബന്ധിച്ചു ഞങ്ങൾക്കു അറിവുള്ള സംഗതികൾ നിങ്ങളെ ധരിപ്പിക്കാൻ സന്തോഷമുണ്ടു്" എന്നു പറഞ്ഞു.

ന്യായാധിപൻ:—താരാനാഥൻ എന്നല്ലേ താങ്കളുടെ നാമധേയം? നേപാളനൃപന്റെ പ്രതിനിധി താങ്കളല്ലേ?

താരാനാഥൻ:—അതേ.

ന്യായാധിപൻ:—ഈ നില്ക്കുന്ന യോദ്ധാവാരാണു്? അദ്ദേഹത്തിന്റെ പേരെന്താണു്?

താരാനാഥൻ:—അദ്ദേഹം എന്റെ സുഹൃത്തമനാണു്. ആരാണെന്നും പേരെന്താണെന്നും എനിക്കു് അറിഞ്ഞുകൂടാ. ആ സംഗതികൾ അദ്ദേഹം വെളിപ്പെടുത്തുന്നില്ല. അതിലേയ്ക്കു തക്കതായ കാരണമുണ്ടായിരിക്കാമെന്നു് സമാധാനപ്പെടുകയേ നിവൃത്തിയുള്ളൂ. മാത്രമല്ല, രാത്രിയിൽ നടന്ന സംഭവത്തിനും അദ്ദേഹത്തിനും യാതൊരു സംബന്ധവുമില്ലാത്തതിനാൽ അദ്ദേഹത്തിന്റെ വസ്തുസ്ഥിതികളെക്കുറിച്ചു വിചാരണചെയ്യേണ്ട ആവശ്യവുമില്ല.

ന്യായാധിപൻ:—എന്റെ സ്വകാര്യനിലയിൽ താങ്കളുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. എന്നാൽ ഔദ്യോഗിക

നിലയിൽ എനിക്കു ആ അഭിപ്രായത്തോടു് അനുകൂലിക്കാൻ നിവൃത്തിയില്ല. ഒരു ന്യായാധിപന്റെ മുമ്പിൽ പേരും രൂപവും മറയ്ക്കുന്നയാൾ നിയമപ്രകാരം സാംശയികനാണു്. അതുകൊണ്ടു ഈ യുവാവിന്റെ വസ്തുസ്ഥിതികളെക്കുറിച്ചു വിചാരണചെയ്യാൻ നിർബദ്ധനാണു ഞാൻ. എന്നാൽ വിചാരണ രഹസ്യമായി നിവ്വഹിച്ചുകൊള്ളാം. ഈ യുവാവു് തന്റെ പേരിനെ രഹസ്യമായി എന്നോടു പറയട്ടേ, ഞാൻ അതു പരസ്യമാക്കുകയില്ല.

താരാനാഥൻ:—ഞാൻ എങ്ങനെ അദ്ദേഹത്തെ നിർബന്ധിക്കും? എന്നോടുതന്നെയും അദ്ദേഹം പേരു വെളിപ്പെടുത്തിയിട്ടില്ല. നിങ്ങൾക്കും അദ്ദേഹത്തെ നിർബന്ധിക്കാവുന്നതല്ല. ക്ലബ്ബിൽ തങ്ങുന്ന ഒരു മനുഷ്യനോടു് അയാളുടെ രഹസ്യത്തെ വെളിപ്പെടുത്താൻ ഒരു ന്യായാധിപൻ നിർബന്ധിക്കുന്നതു ന്യായമല്ല.

ന്യായാധിപൻ:—നിങ്ങളുടെ ന്യായവാദത്തിൽ ആശ്ചര്യംതോന്നുന്നു. ഈ ക്ലബ്ബിൽ ഒരു യാത്രക്കാരൻ കൊല്ലപ്പെട്ടുകിടക്കുന്നു. കൊലനടത്തിയതു് നിങ്ങളുടെ ഒന്നിച്ചുണ്ടായിരുന്ന ഒരു സ്ത്രീയാണു്. അപ്രകാരമിരിക്കെ നിങ്ങളുടെ വസ്തുസ്ഥിതികൾ എനിക്കു് അറിയേണ്ട ആവശ്യമില്ലേ? അതിനെപ്പറ്റി ചോദ്യം ചെയ്യാൻ എനിക്കു് ന്യായമില്ലെന്നോ? ചോദിക്കാനെന്നല്ല, നിർബന്ധിക്കാനും എനിക്കു് അധികാരമുണ്ടു്.

അംബികേശൻ:—നിങ്ങൾ മുഷിയണ്ടാ. ഇവിടെനടന്ന കൊലപാതകത്തെപ്പറ്റി എനിക്കു് യാതൊന്നും അറിഞ്ഞുകൂടാ. ആ സ്ഥിതിക്കു് എന്റെ ഉയരും പേരും നിങ്ങൾക്കു അറിഞ്ഞിട്ടു് എന്തുവേണം? ഞാൻ ആരെങ്കിലും ആയിക്കൊള്ളട്ടെ. കൊലനടത്തിയതു താനാണെന്നു് ആ സ്ത്രീതന്നെ ഏല്ക്കുന്നുണ്ടല്ലോ.

ന്യായാധിപൻ:—സ്ത്രീ ഏല്ക്കുകയോ ഏല്ക്കാതിരിക്കുകയോ ചെയ്യട്ടെ! നിങ്ങൾ എല്ലാവരും ഒന്നിച്ചു യാത്രചെയ്തിരുന്നവരായതുകൊണ്ടു്, ഈ കൃത്യത്തിനു സ്ത്രീയെ നിങ്ങൾ പ്രേരിപ്പിച്ചു എന്നു വരരുതേ? എന്നുതന്നെ ഞാൻ സംശയിക്കുന്നു. അതുകൊണ്ടു നിങ്ങളുടെ വിവരങ്ങൾ എനിക്കു് അറിയേണ്ട ആവശ്യമുണ്ടു്. നിങ്ങളുടെ സംസാരത്തിൽനിന്നും നിങ്ങൾ ഒരു യുവാവാണെന്നു ഞാൻ ഊഹിച്ചുകഴിഞ്ഞു. ഇനി നിങ്ങളുടെ പേരെന്താണെന്നു അറിയണം. അതു് രഹസ്യമായിട്ടെങ്കിലും എന്നോടുപറയുക. ഞാൻ അതു പരസ്യമാക്കുമെന്നു നിങ്ങൾ സംശയിക്കേണ്ടാ.

ഈ അവസരത്തിൽ, അവിടെ ആഗതനായ ക്ലബ്ബുടമസ്ഥൻ ന്യായാധിപന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു. ഉടനെ ന്യായാധിപൻ അയാളോടൊന്നിച്ചു താഴത്തേയ്ക്കുപോന്നു. ക്ലബ്ബുടമസ്ഥൻ വന്ന ന്യായാധിപന്റെ കണ്ണുത്തിൽ മന്ത്രിക്കുകയും, തന്റെ വസ്തുസ്ഥിതികഥം അറിയുന്നതിൽ ജാഗരൂകനായി കാണപ്പെട്ട ന്യായാധിപൻ യാതൊരു സമാധാനവും പറയാതെ ക്ലബ്ബ്ഉടമസ്ഥനോടുക്കുടെ താഴത്തേയ്ക്കു പോവുകയും ചെയ്തതിൽ അംബികേശനു ബലമായ ആപച്ചങ്ക ജനിച്ചു. അയാൾം താരാനാഥനെ നോക്കി, "എനിക്കു് ഏതാണ്ടു് ആപത്തു നേരിടുമെന്നു തോന്നുന്നു. അശോകനാഥന്റെ ചാരന്മാർ എന്നെ മനസ്സിലാക്കിയിരിക്കണം. പ്രേമക്കളെ തടവിൽനിന്നും മോചിപ്പിച്ചതു ഞാനാണെന്നു് അവർ മനസ്സിലാക്കിക്കഴിഞ്ഞു. എന്റെ ഊഹം അസ്ഥാനത്തിലല്ലെങ്കിൽ ഞാൻ കൂട്ടിയതു നിശ്ചയം" എന്നു പറഞ്ഞു.

താരാനാഥൻ:—മാന്യസുഹൃത്തേ! എന്താപത്തും നേരിടട്ടെ! നിങ്ങൾം ലേശം ഭയപ്പെടേണ്ടാ. നിങ്ങൾക്കു നേരിടുന്ന ആപത്തു് എനിക്കു് നേരിടുന്ന ആപത്താണെന്നു് വിശ്വസിക്കുക.

അടുത്ത നിമിഷത്തിൽ ഏതാനും ഭടന്മാരോടുക്കുടി ന്യായാധിപൻ അവരുടെ മുൻപിൽ ആഗതനായി, "ആരാണാറാട്ടത്തിൽ നിൽക്കുന്ന ഈ മനുഷ്യനെ അല്ലേ നിങ്ങൾം അന്വേഷിക്കുന്നതു്?" എന്നു ന്യായാധിപൻ സഹചരന്മാരായ ഭടന്മാരോടു ചോദിച്ചു. 'അതേ' എന്നവർ ഉത്തരം പറയുംമുമ്പു് അംബികേശൻ തന്റെ ഖഡ്ഗത്തെ ഉറയിൽനിന്നും ഊരിപ്പിടിച്ചു. താരാനാഥനും ഖഡ്ഗത്തെ കയ്യിലേന്തിക്കഴിഞ്ഞു. ന്യായാധിപൻ അതുകണ്ടു താരാനാഥനോടു പറഞ്ഞു:—"നിങ്ങൾം വെറുതേ കലാപത്തിനിടയാക്കണ്ടാ. വേഷച്ഛന്നനായ ഈ മനുഷ്യനെ ഞങ്ങൾംക്കു ബന്ധിക്കേണ്ടിയിരിക്കുന്നു. നിങ്ങൾംക്കു് അതു തടയേണ്ട ആവശ്യമില്ല. എന്നാൽ ഞാൻ ഒരു സഹായം ചെയ്യാം. നിങ്ങളിലുള്ള ബഹുമാനത്തെ ആസ്പദമാക്കി ഇയാൾംക്കു യാതൊരുപ്രകാരത്തിലുള്ള ക്ലേശത്തിനും അപമാനത്തിനും ഇടയാകാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം. അന്യന്മാരുടെ ദൃഷ്ടിയിൽ ഇയ്യാൾം ഒരു ബന്ധനസ്ഥനാണെന്നു തോന്നത്തക്കവണ്ണം ഞങ്ങൾം പെരുമാറുകയില്ല." അതിനു് അംബികേശനാണു് മറുപടി പറഞ്ഞതു്—"നിങ്ങൾം പറഞ്ഞതു വാസ്തവമാണു്. വെറുതെ കലഹത്തിനിടയാക്കണ്ട. ഞാൻമൂലം ഇവിടെ രക്തം ചിന്താനിടയാകണ്ട. നിങ്ങൾം ബന്ധിക്കുംമുമ്പു് ഞാൻതന്നെ ബന്ധനസ്ഥനായിക്കൊള്ളാം."

താരാനാഥൻ തടഞ്ഞുപറഞ്ഞു:—അതിരിക്കട്ടെ; ന്യായാധിപരേ! എന്തു കാരണത്താൽ ഈ യുവാവിനെ നിങ്ങൾക്കു ബന്ധിക്കണം? ഇയാൾ ചെയ്ത കുറ്റമെന്താണു്? കായ്പും പറയാതെ പിടിച്ചുംകൊണ്ടങ്ങു പോകാൻ പൂച്ചക്കുട്ടിയോ മറ്റോ ആണോ? അതൊന്നും ഇവിടെ നടപ്പില്ല.

താരാനാഥന്റെ ഖഡ്ഗം ഈ അവസരത്തിൽ പ്രഭാത സൂര്യന്റെ ഇളംകതിരിൽ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു.

ന്യായാധിപൻ:—ശ്രീപുരംകൊട്ടാരത്തിൽ തടവിൽ പാർപ്പിച്ചിരുന്ന പ്രഭ്വക്കന്മാരെ ആരോ ഗൂഢമായി ഇറക്കിക്കൊണ്ടുപോയിരിക്കുന്നു. ആയുധപ്പുരയിൽനിന്നും ഒരു ഇരുമ്പുചട്ടയും മുഖാവരണം മുതലായ മറ്റു ചില സാമാനങ്ങളും മോഷ്ടിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആ മോഷണം നടത്തിയ മനുഷ്യൻതന്നെ പ്രഭ്വക്കന്മാരെ മോചിപ്പിച്ചിരിക്കണമെന്നു് ഊഹിക്കാൻ ന്യായമുണ്ടു്. പ്രഭ്വക്കന്മാരെ പാർപ്പിച്ചിരുന്ന മുറിയുടെ വാതുക്കൽ പാറാവുനിന്നിരുന്ന ഭടൻ ആ മനുഷ്യനെക്കണ്ടു സംസാരിച്ചിട്ടുമുണ്ടു്. ആ ഭടനെ കബളിപ്പിച്ചു് അയാളുടെ കൺമുമ്പിലാണു് പ്രഭ്വക്കന്മാരെ ഇറക്കിക്കൊണ്ടുപോയതു്. ആ ഭടൻ മോഷ്ടാവിന്റെ അടയാളങ്ങൾ യോഗ്യനായ അശോകനാഥനെ ധരിപ്പിക്കയാൽ, ആ അടയാളങ്ങളോടുകൂടി കാണപ്പെടുന്ന ആരെയും പിടിച്ചുകൊണ്ടു ചെല്ലുന്നതിനായി നാനാസ്ഥലങ്ങളിലേയ്ക്കും അദ്ദേഹം ഭടന്മാരെ അധികാരപ്പെടുത്തി അയച്ചിട്ടുണ്ടു്. അപ്രകാരം അയയ്ക്കപ്പെട്ടവരിൽ ചിലരാണു് ഈ നിൽക്കുന്ന ഭടന്മാർ. ഇവരിൽനിന്നുമാണു് ഈ വിവരങ്ങൾ ഞാനറിഞ്ഞതു്. ഇവർ പറഞ്ഞ അടയാളങ്ങളെല്ലാം ഈ യുവാവിൽ കാണുന്നതുകൊണ്ടു് പ്രഭ്വക്കന്മാരെ ഇറക്കിക്കൊണ്ടുപോയതു് ഇയ്യാളാണെന്നു് അനുമാനിക്കാം. ഇക്കാരണത്താൽ ഞങ്ങൾക്കു് ഇയ്യാളെ ബന്ധിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ ഞങ്ങളെത്തടയരുതു്. നിങ്ങൾക്കു് അതിനു് അധികാരവുമില്ല.

"എന്നാൽ നിങ്ങളുടെ ഇഷ്ടംപോലെ പ്രവർത്തിച്ചുകൊൾക" എന്നുപറഞ്ഞു് താരാനാഥൻ അംബികേശന്റെ മുമ്പിൽ കയറി ഖഡ്ഗം ചലിപ്പിച്ചുകൊണ്ടു നിലയായി.

ന്യായാധിപൻ:—ഇക്കായ്ത്തിൽ തലയിടാൻ നിങ്ങളാരാണു്? മാറിനില്ക്കുക! ഞാൻ എന്റെ കൃമതലയെ നിർവ്വഹിക്കട്ടെ!

താരാനാഥൻ:—അങ്ങനെയോ? എന്നാൽ എനിക്കു നിങ്ങളെ തടയാൻ അധികാരമുണ്ടു്.

ഈ അവസരത്തിൽ ന്യായാധിപന്റെയും ക്ലർക്കുമാരുടെയും ദൃഷ്ടികൾ താരാനാഥന്റെ വിരലിൽക്കിടന്ന മോതിരത്തിൽ പതിഞ്ഞു. അവർ അതുകണ്ടു പരിഭ്രമത്തോടുകൂടി ഒന്നു പിൻവാങ്ങിനിന്നു

"നാമിനി എന്താണു് ചെയ്യേണ്ടതു്?" എന്നു ഭടന്മാർ ന്യായാധിപനോടു ചോദിച്ചു. എന്തു ചെയ്യാനാണു്? എന്നു പ്രതിപ്രശ്നം ചെയ്തുകൊണ്ടു ന്യായാധിപൻ തുടർന്നുപറഞ്ഞു:—"സകല ഉത്തരവുകളും ഈ അംഗ്രേലീയത്തിന്റെ അധികാരശക്തിക്കു് കീഴ്പ്പെടണം. അതിന്റെ ഉത്തരവിനെ സ്വീകരിക്കാനേ നമുക്കു നിവൃത്തിയുള്ളൂ. അതുകൊണ്ടു് അതിനെ ധരിച്ചിരിക്കുന്ന യോഗ്യനായ താരാനാഥന്റെ വാക്കുകളെ നാം അനുസരിക്കണം."

"ഞങ്ങളുടെ അഭിപ്രായവും അതുതന്നെയാണു്. ഇരുമ്പുചട്ട ധരിച്ച യുവാവിനെ നമുക്കു ബന്ധിക്കാൻ പാടില്ല" എന്നു ഭടന്മാർ ന്യായാധിപന്റെ അഭിപ്രായത്തോടു അനുകൂലിച്ചുപറഞ്ഞു

ന്യായാധിപൻ:—(താരാനാഥനോടു്) ഈ യുവാവിനെ ബന്ധനസ്ഥനാക്കാൻ പാടില്ലെന്നാണോ നിങ്ങൾ അഭിപ്രായപ്പെട്ടതു്? ഇയ്യാൾ യോഗ്യനായ അശോകനാഥനെ ദ്രോഹിച്ച ആളാണെന്നു ഓർക്കണം.

താരാനാഥൻ:—ഈ യുവാവിനെ ബന്ധനസ്ഥനാക്കാൻ പാടില്ല. നിങ്ങൾ എന്റെ വാക്കിനെ ലംഘിക്കുന്നുവെങ്കിൽ അവസാനത്തോളം എന്റെ ഖഡ്ഗത്തെ പ്രവർത്തിപ്പിക്കാൻ ആദ്യമേ ഞാൻ തീച്ചപ്പെടുത്തിക്കഴിഞ്ഞു. ആ നിശ്ചയത്തിനു ഇനി ഇളക്കം നേരിട്ടുന്നതല്ല.

ന്യായാധിപൻ:—നല്ലതുപോലെ ആലോചിച്ചതിനുശേഷം പറയുകയാണോ?

താരാനാഥൻ:—ആലോചിക്കാതെ ഞാനൊന്നും പറയുകയില്ല.

ന്യായാധിപൻ:—വളരെ സന്തോഷം! നിങ്ങളുടെ വാക്കനുസരിച്ചു് ഈ യുവാവിനെ ഞാൻ വിട്ടയയ്ക്കുന്നു. എന്നാൽ ഇതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കാണു്. താങ്കളുടെ വിരലിൽക്കിടക്കുന്ന മോതിരം, കൃത്യനിർവ്വഹണത്തിൽനിന്നും ഞങ്ങളെ തടഞ്ഞുനിർത്തിയിരിക്കുന്നു. ഇനി നിങ്ങൾ എന്റെ ആവശ്യപ്രകാരം താമസിക്കണമെന്നില്ല.

ഇത്രയും പറഞ്ഞുംവച്ചു ന്യായാധിപൻ മടങ്ങാൻ ഭാവിക്കുന്ന അവസരത്തിൽ അയാളുടെ ആജ്ഞാനുവർത്തികളായ ഭടന്മാരിൽ ഒരാൾ അവിടെവന്നു "പ്രേതയക്ഷീദേവി, സഹോദരിയെ കണ്ടുംവച്ചു മടങ്ങിപ്പോയി. നമുക്കിനി കൊലപാതകിയെ ബന്ധനസ്ഥയാക്കി കൊണ്ടുപോകുന്നതിനു താമസിക്കണമെന്നില്ല." എന്നറിയിച്ചു.

താരാനാഥൻ അതുകേട്ടു, "എന്തു! പ്രേതയക്ഷിയോ?" എന്നു സാശ്ചര്യം ചോദിച്ചു. ആ അവസരത്തിൽ അയാളുടെ മുഖത്തു സംഭവിച്ച വൈവർണ്യം അവർണ്ണനീയമാകുന്നു. "പ്രേതയക്ഷി ഇവിടെ വന്നിരുന്നുവോ! വാസ്തവംതന്നെയോ?" എന്നു് അക്ഷമയോടുക്രൂടി വീണ്ടും ചോദിച്ചു.

"അതേ; അവർ വന്നിരുന്നതു് വാസ്തവമാണു്. മടങ്ങിപ്പോയിട്ടു വളരെ നേരമായില്ല." എന്നു ഭടൻ സമാധാനം പറഞ്ഞു.

ന്യായാധിപനോടു താരാനാഥൻ പറഞ്ഞു—"എനിക്കു സരസ്വതിയെ ഒന്നു കാണണം; ആ സ്ത്രീയോടു് അല്പം സംസാരിക്കാനുണ്ടു്. നിങ്ങൾ അതിലേയ്ക്കു് അനുവദിക്കണം. ആ സ്ത്രീക്കു് എന്നെക്കണ്ടു സംസാരിക്കുന്നവിഷയത്തിൽ സമ്മതമാണോ എന്നു നിങ്ങൾതന്നെ ചോദിച്ചു വിവരം എന്നെ ധരിപ്പിക്കണമെന്നും അപേക്ഷിക്കുന്നു."

"അങ്ങനെയാവാം; ഞാൻ ചോദിച്ചറിഞ്ഞുംകൊണ്ടു ഉടനേ മടങ്ങിവരാം. താങ്കളെക്കണ്ടു സംസാരിക്കുന്നതിൽ ആ സ്ത്രീക്കു വൈമുഖ്യമില്ലെങ്കിൽ എനിക്കു അക്കാര്യത്തിൽ സന്തോഷമേയുള്ളൂ" എന്നുപറഞ്ഞു ന്യായാധിപൻ സരസ്വതിയുടെ മുറിയിലേയ്ക്കു പോയി.

പ്രേതയക്ഷി സരസ്വതിയെക്കാണാനായി വന്നിരുന്നുവെന്നും കണ്ടു സംസാരിച്ചുംവച്ചുമടങ്ങിപ്പോയി എന്നും കേട്ടപ്പോൾ താരാനാഥനു ഒരുപ്രകാരത്തിൽ സന്തോഷവും ഒരുപ്രകാരത്തിൽ സന്താപവുമാണുണ്ടായതു്. വ്യഥയെത്തെ ബാധിച്ച തദ്ദീകാരങ്ങൾ മുഖത്തു നിഴൽവീശിക്കണ്ടു. അതു അംബികേശൻ—അല്ല, അംബിക—ഉറ്റുനോക്കി. താരാനാഥൻ അംബികേശനേയും നോക്കാതിരുന്നില്ല. രണ്ടുപേരുടെയും നോട്ടങ്ങൾ അത്ഥഗർഭങ്ങളായിരുന്നു.

ഈ ഘട്ടത്തിൽ ന്യായാധിപൻ സുരുചിയെ ഒരു കൈയിലും വിമലയെ മറേറ കൈയിലും പിടിച്ചു വലിച്ചിഴച്ചുംകൊണ്ടു കോപാകുലനായി താരാനാഥന്റെ മുമ്പിൽ എത്തി. എന്നാൽ സന്തോഷത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും ഛായകളാണു് ആ ദാസീമുഖങ്ങളിൽ തെളിഞ്ഞുകണ്ടതു്.

"അല്ല, ഇതെന്തുകഥ! ഇവരെ എന്തിനു് ഉപദ്രവിക്കുന്നു?" എന്നു താരാനാഥൻ ചോദിച്ചതിനു്, "ഇക്കഴുതകളെ വിട്ടയയ്ക്കാൻ പാടില്ല; കഠിനമായി ശിക്ഷിക്കണം; സരസ്വതി—ആ ഘാതകി—ഓടിപ്പോയ്ക്കളഞ്ഞു. അവർ ഇക്കണ്ട സകല ആളുകളുടേയും കണ്ണിൽ മണ്ണിട്ടു. ഈ ഒഷ്ടകളാണു് അവളെ സഹായിച്ചതു്. ഈ കുലടകൾ സഹായിച്ചില്ലെങ്കിൽ, അവർക്കു് ഓടിപ്പോകാൻ സാധിക്കുമായിരുന്നില്ല" എന്നു ന്യായാധിപൻ ഗർജ്ജിച്ചു.

സരസ്വതി, ന്യായാധിപനേയും ക്ലർക്കിനേയും കബളിപ്പിച്ചും വച്ചു പൊയ്ക്കളഞ്ഞു എന്ന വർത്തമാനം കാട്ടുതീപോലെ സർവ്വത്ര വ്യാപിച്ചു. സകലജനങ്ങളും ആശ്ചര്യപരതന്ത്രന്മാരായി ഭവിച്ചു. ഈ സംഗതിയെപ്പറ്റി ഓരോരുത്തരും ഓരോ വിധത്തിലുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുതുടങ്ങി. 'സരസ്വതി'യെന്നും 'ഓടിപ്പോയി' എന്നുമുള്ള വാക്കുകളേ എല്ലായിടത്തും കേൾക്കാനുള്ളൂ. താരാനാഥനു് ഈ പുതിയ വർത്തമാനം സീമാതീതമായ ആശ്ചര്യം ജനിപ്പിച്ചു. അംബികേശനുണ്ടായ വിസ്മയത്തിനു് അവധിയില്ല.

ന്യായാധിപൻ തൻറെയൊന്നിച്ചുണ്ടായിരുന്ന ഭടനെനോക്കി പ്പറഞ്ഞു—"ആ ഘാതകി, നമ്മെയും, ഇവിടെ കൂടിനില്ക്കുന്ന സകല ആളുകളെയും കബളിപ്പിച്ചിട്ടു നിഷ്പ്രയാസം പൊയ്ക്കളഞ്ഞു എന്നുപറഞ്ഞാൽ ആക്കാണു വിശ്വാസംതോന്നുക? ഇതിൽ എന്തോ ചില രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടു്. ഈ കൂടകളിലാണു് ആ രഹസ്യം അടങ്ങിയിരിക്കുന്നതു്. സത്യം പറഞ്ഞില്ലെങ്കിൽ ഇവരെ നല്ലപാഠം പഠിപ്പിക്കണം."

ഭടൻ:—നിശ്ചയമായും നല്ലപാഠം പഠിപ്പിക്കതന്നെവേണം. ഇനിമേൽ ഈ ധിക്കാരം കാണിക്കരുതു്. അതിരിക്കട്ടെ; ആ ദുഷ്ടയെപ്പിടിക്കാൻ വേണ്ട ഏർപ്പാടുനടത്തണ്ടേ?

ന്യായാധിപൻ:—വേണം; ഞാനതങ്ങുമറന്നുപോയി. ഈ ദുഷ്കൃത്യങ്ങളിലുള്ള ദോഷ്യമാണതിനുകാരണം. മാത്രമല്ല, ഇത്രവളരെ ആളുകളെ കേവലം ഒരു സ്ത്രീ വഞ്ചിച്ചതിനെ ഓർത്തുള്ള ആശ്ചര്യം എന്നെ കൃത്യവിസ്മൃത്താവാക്കിച്ചെയ്തു. സ്വപ്നത്തിൽപ്പോലും പ്രതീക്ഷിക്കപ്പെടാത്ത ഒരു സംഭവം നേരിട്ടാൽ ആക്കാണു കർത്തവ്യവിസ്മൃതി ഉണ്ടാകാത്തതു"?

ഭടൻ:—എന്നാൽ ഞാൻചെന്നു നമ്മുടെ ആളുകളിൽ ചിലരെ ഘാതകിയെത്തിരയാനായി പലസ്ഥലങ്ങളിലേയ്ക്കും ശട്ടംകെട്ടിഅയയ്ക്കട്ടെ.

ന്യായാധിപൻ:—അങ്ങനെചെയ്യുക. മാത്രമല്ല, ഘാതകിയിരുന്ന മുറിയുടെ വാതുക്കൽ കാവൽനിന്നിരുന്ന ഭടന്മാരെ ഇങ്ങോട്ടു പറഞ്ഞയയ്ക്കുകയും വേണം. എനിക്കു അവരോടു ചിലതു ചോദിച്ചറിയേണ്ടതായിട്ടുണ്ടു്. അവരുടെ സഹായംകൂടി ഘാതകിക്കുസിദ്ധിച്ചുവോ എന്നു ഞാൻ സംശയിക്കുന്നു.

ഭടൻ താഴത്തേയ്ക്കുപോയി; ന്യായാധിപൻ സൂചീവിഭേദകങ്ങളെ നോക്കി ചോദിച്ചു: "ഘാതകി ഒളിച്ചോടിയതെങ്ങനെയെന്നു നിങ്ങൾ പറയുകയില്ലേ? മൌനംകൊണ്ടു രക്ഷപ്പെടാമെന്നുകരുതി മിണ്ടാതിരിക്കുന്നതു്, ഘാതകിയെ ഒളിച്ചോടാൻസഹായിച്ച കുറ

ത്തിനേക്കാൾ വലുതായ അപരാധമാണെന്നും അതിനുള്ള ശിക്ഷ കഠിനതരമായിട്ടുള്ളതാണെന്നും നിങ്ങൾ ഓർക്കുന്നില്ലായിരിക്കാം."

അതുകേട്ടു, "നിങ്ങളിലുള്ള അനാദരത്താൽ മൌനം ഭീക്ഷിക്കുകയല്ല" എന്നു വിമലയും, "ഈ കൊലപാതകം നിസ്സാരമായ ഒന്നാണെന്നോ നിതിയുക്തമാണെന്നോ കരുതി മൌനംഭീക്ഷിക്കുകയല്ല" എന്നു സുരുചിയും സമാധാനം പറഞ്ഞു.

ന്യായാധിപൻ:—സരസ്വതി, ആ യുവാവിനെ കൊല്ലാനുണ്ടായ കാരണമെന്തെന്നു നിങ്ങൾക്കറിവുണ്ടോ?

വിമല:—കാരണം ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാൽ ഞങ്ങളുടെ സ്വാമിനിയുടെ സ്വഭാവഗുണത്തിൽ ഞങ്ങൾക്കു പൂർണ്ണമായ വിശ്വാസമുണ്ടു്. ജീവകാരുണ്യവും മഹാമനസ്കതയുമുള്ള ഒരു ഉത്തമസ്ത്രീയാണു് സരസ്വതീദേവി. മനുഷ്യരെ എന്നല്ല ജീവനുള്ള ഒന്നിനെയുംതന്നെ അവർ ഉപദ്രവിക്കയില്ല. അപ്രകാരമുള്ള ഒരു മഹാമനസ്കൻ ഈ കടുംകൈ പ്രവർത്തിക്കാൻ തക്കതായ കാരണമുണ്ടായിരിക്കണമെന്നാണു് ഞങ്ങളുടെ വിശ്വാസം. മദനൻ എന്ന ആ യുവാവു് അവരെ കഠിനമായി എന്തെങ്കിലും ഉപദ്രവിച്ചിട്ടുണ്ടായിരിക്കണം അവരുടെ ശരീരത്തിനല്ല ചാരിത്ര്യത്തിനു ഭംഗം നേരിടത്തക്കവണ്ണം വല്ല ദ്രോഹവും ചെയ്തിരിക്കണം. ഇല്ലെങ്കിൽ ഇങ്ങനെ നിർദ്ദയമായി അവർ പ്രവർത്തിക്കയില്ല.

ഈ ഘട്ടത്തിൽ സരസ്വതിയുടെ മുറിയിൽ പാറാവുനിന്നിരുന്ന ഭടന്മാർ രണ്ടുപേരും വന്നുചേർന്നു. ന്യായാധിപൻ അവരെ കണ്ട ഉടനെ, ഘാതകി ഒളിച്ചോടാൻ അവരും സഹായികളായിരുന്നു എന്ന തന്റെ സംശയത്തിനു് എന്തു സമാധാനമാണു് അവർക്കുള്ളതെന്നു ചോദിച്ചു അതുകേട്ടു് ആദ്യത്തെ പാറാക്കാരൻ പറഞ്ഞ സമാധാനമിതായിരുന്നു—"എന്റെ പാറാവുസമയത്തു് ഘാതകി പുറത്തുപോയിട്ടില്ല. മുറിയ്ക്കകത്തിരുന്ന സരസ്വതി എന്ന ഘാതകിയുടെ ശരീരാകൃതി നോക്കി മനസ്സിലാക്കാൻ പ്രേരിപ്പിച്ചുകൊണ്ടു് വിമല കതകുതുറന്നു കാണിക്കുകയുണ്ടായി. ആ സമയത്തു് ഘാതകിയെക്കൂടാതെ മറ്റാരും മുറിക്കുള്ളിൽ ഉണ്ടായിരുന്നില്ല. എന്റെ പാറാവുസമയത്തു പ്രേതയക്ഷിയുടെ വരവുണ്ടായതുമില്ല. ഒരുപക്ഷേ, ഞാൻ വിമലയോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാനറിയാതെ പ്രേതയക്ഷിവന്നു് അകത്തു കടന്നുവോ എന്നു തീർച്ചപറയാൻ നിവൃത്തിയുമില്ല."

രണ്ടാമത്തെ പാറാക്കാരനായ സോമേശന്റെ സമാധാനമാവിതു്:—"വിമല പ്രേതയക്ഷിയെയും സരസ്വതിയെയുംപറ്റിതന്നോടു സംസാരിച്ചുകൊണ്ടിരുന്നു. സംഭാഷണമദ്ധ്യേ പ്രേതയക്ഷി

മുറിക്കകത്തുണ്ടെന്നു വിമല പറഞ്ഞു. എന്നാൽ പ്രേതയക്ഷി അകത്തുണ്ടെന്നുള്ള വിവരം ഇയ്യാൾ എന്നെ ധരിപ്പിച്ചിരുന്നില്ല. ആ സംഗതി ഞാൻ വിമലയോടു പറഞ്ഞപ്പോൾ, "പ്രേതയക്ഷിയുടെ ആഗമനം അയാൾ നോക്കിക്കൊണ്ടിരുന്നിട്ടും ആ വിവരം നിങ്ങളെ ധരിപ്പിക്കാഞ്ഞതിൽ എനിക്കു ആശ്ചര്യം തോന്നുന്നു" എന്നു സമാധാനം പറയുകയാണുണ്ടായതു്. മാത്രമല്ല, എന്റെ തവണയിൽ മുമ്പേ കണ്ടുപരിചയമുള്ള പ്രേതയക്ഷിയല്ലാതെ സരസ്വതി മുറിക്കുപുറത്തു പോയിട്ടുമില്ല."

അനന്തരം ക്ലബ്ബുടമസ്ഥനെയും അയാളുടെ ഭാര്യയെയും വരുത്തി വിചാരണനടത്തി. കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള കോവേണിയിൽക്കൂടി പ്രേതയക്ഷി ഇറങ്ങിപ്പോകുന്നതു് അവിചാരിതമായി തനിക്കു കാണാനിടയായി എന്നും മുമ്പൊരിക്കൽ അശോകനാഥന്റെ ഒന്നിച്ചു് അവളെ കണ്ടിട്ടുള്ളതിനാലിപ്പോൾ അവളെ കണ്ട ഉടനേ ആളറിയാൻ സംഗതിയായതാണെന്നും പൂർവ്വപരിചയത്താൽ താൻ അനുഭാവവന്ദനംചെയ്തതുകണ്ടു സമന്ദഹാസം ശിരഃകമ്പനംചെയ്തുവെന്നും അനന്തരം തോട്ടത്തിന്റെ പിൻഭാഗത്തുള്ള വഴിയിൽക്കൂടി പോയിയെന്നും ഇത്രയുമല്ലാതെ മറ്റൊന്നും തനിക്കു് അറിഞ്ഞുകൂടെന്നും ക്ലബ്ബുടമസ്ഥൻ മൊഴികൊടുത്തു. അയാളുടെ ഭാര്യയുടെ മൊഴി, താൻ ഇതിനെ സംബന്ധിച്ചു യാതൊന്നും അറിഞ്ഞിട്ടില്ലെന്നും തന്റെ ഭർത്താവിന്റെ മൊഴിയിൽ അടങ്ങിയ വിവരങ്ങൾ ഭർത്താവു തന്നോടു മുമ്പേതന്നെ പറഞ്ഞിരുന്നുവെന്നും, പ്രേതയക്ഷി, നിശ്ശ്രദ്ധമായി മുറിക്കുള്ളിൽ കടന്നതും വീട്ടിന്റെ പിൻഭാഗത്തുള്ള വഴിയിൽക്കൂടി കടന്നുപോയതു് ആശ്ചര്യജനകമായ സംഭവമായിട്ടാണു താൻ കരുതുന്നതെന്നും മാത്രമായിരുന്നു.

ക്ലബ്ബുടമസ്ഥൻ—ഇത്രയൊക്കെ വിചാരണ നടത്തിയിട്ടും തൃപ്തികരമായ ഫലമൊന്നുമുണ്ടായില്ലല്ലോ. വിചാരണമൂലം പുതിയ സംശയങ്ങൾ അങ്കുരിക്കുന്നതല്ലാതെ, പഴയ സംശയങ്ങൾക്കു പരിഹാരം ഉണ്ടാകുന്നില്ല.

ന്യായാധിപൻ:—അതേ; ഈ കൊലപാതകത്തെ സംബന്ധിച്ചു പരമാർത്ഥങ്ങൾ അറിവാൻ നമുക്കു സാധിച്ചില്ല. എന്നാൽ ഒരു സംഗതിയിൽ എനിക്കു ബലമായ സംശയമുണ്ടു്. ഈ ഭടന്മാർ രണ്ടുപേരും കൈക്കൂലി വാങ്ങിക്കൊണ്ടു ഘാതകിയെ സഹായിച്ചു എന്നു എനിക്കു തോന്നുന്നു.

ആദ്യത്തെ പാറാക്കാരൻ:—ഞാൻ നിഷ്കളങ്കനാണെന്നുള്ളതിലേയ്ക്കു് ഈ വിമല സാക്ഷിയാണു്.

രണ്ടാമത്തെ പാറാക്കാരൻ:—എനിക്കും സാക്ഷി ഈ വിമലതന്നെ.

വിമല:—(ന്യായാധിപനോടു്) ഈ ഭടന്മാർ രണ്ടുപേരും നിഷ്കള

ങ്കന്മാരാണു്. ഇവർ യാതൊരു കുറവും ചെയ്തിട്ടില്ല. ഇവരെ കൈക്കുലിവാങ്ങിക്കുകയാകട്ടെ, ഞങ്ങളുടെ സ്വാമിനിയെ സഹായിക്കുകയാകട്ടെ ഉണ്ടായിട്ടില്ല. ഞാൻ ഇവരോടു സംസാരിച്ചുകൊണ്ടിരുന്നതു്, ഞങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിനായിട്ടുള്ള മുൻകരുതലോടുകൂടിയാണു്. എന്റെ സ്വാമിനിയുടെ രക്ഷയ്ക്കായിട്ടുള്ള കരുതലാണതു്. അതുകൊണ്ടു് അപരാധിനി ഞാനാണു്. സകലകുറവും എന്നിലാണു ചുമത്തേണ്ടതു്. ഈ ഭടന്മാരിൽ യാതൊരു കുറവും ചുമത്താൻപാടില്ല.

സുരുചി:—എന്റെ സഹോദരി പറഞ്ഞതു പരമാർത്ഥമാണെങ്കിലും ഇനിയും ചില പരമാർത്ഥങ്ങൾ മറയ്ക്കുകകൂടി ചെയ്തിട്ടുണ്ടു്. അതായതു എന്റെ സഹോദരിക്കൊപ്പം ഞാനും ഇക്കാര്യത്തിൽ അപരാധിനിയാണു്. എന്റെയും മനഃപൂർവ്വമായ സഹായം ഞങ്ങളുടെ സ്വാമിനിക്കു ലഭിച്ചിട്ടുണ്ടു്. ഞാൻകൂടി സഹായിച്ചിരുന്നില്ലെങ്കിൽ എന്റെ സഹോദരിയുടെ സഹായത്താൽമാത്രം ഞങ്ങളുടെ സ്വാമിനിക്കു രക്ഷപെടാൻ സാധിക്കുകയില്ലായിരുന്നു.

ഈ അവസരത്തിൽ സുരുചിവിമലകം തേങ്ങിത്തേങ്ങിക്കരയുന്നതുകണ്ടു്, താരാനാഥൻ അനുകമ്പാപൂർവ്വം ന്യായാധിപനോടു് ഇപ്രകാരം പറഞ്ഞു:—"ന്യായാധിപരേ! നോക്കുക! ആ സഹോദരികളുടെ സങ്കടം. നിങ്ങൾക്കും സഹോദരികൾ ഉണ്ടല്ലോ. അവരെ ഓർത്തിട്ടെങ്കിലും ഈ സാധുസ്ത്രീകളിൽ നിങ്ങൾക്കു അനുകമ്പ തോന്നണം. യജമാനഭക്തിയോടുകൂടി തങ്ങളുടെ സ്വാമിനിയെ സഹായിച്ചതാണെന്നു സമാധാനപ്പെട്ടാൽ ഇവരുടെ കുറ്റം ക്ഷന്തവ്യമായിട്ടല്ലാതെ വരികയില്ല.

ന്യായാധിപൻ:—ആ അഭിപ്രായംതന്നെയാണു് എനിക്കും. ഇവരിൽ താങ്കൾക്കുള്ള അനുകമ്പ എനിക്കും ഉണ്ടു്. എന്നാൽ ചട്ടപ്രകാരം ഇവർ ശിക്ഷാർഹകളാകയാൽ, ഇവരെ വിട്ടയയ്ക്കാൻ നിവൃത്തിയില്ല. വല്ലതും ഒരു സൗജന്യം ചെയ്യാൻ എനിക്കു കഴിയുമെങ്കിൽ, ഇവരുടെ ശിക്ഷയെ ലഘുപ്പെടുത്തുന്നതിൽ സശ്രദ്ധനായി ഭവിക്കുന്നതാണു്.

താരാനാഥൻ:—നിയമപാലകനായ ഒരു ന്യായാധിപന്റെ നിലയിൽ നിങ്ങൾക്കു ഇവരിൽ ആനുകൂല്യംപ്രകാശിപ്പിക്കാൻ നിവൃത്തിയില്ലെന്നും സ്വകാര്യനിലയ്ക്കു് കഴിയുന്നതു സഹായിക്കാമെന്നുമാണു നിങ്ങൾ പറയുന്നതിന്റെ താല്പര്യം. എന്നാൽ നിങ്ങളുടെ സൗജന്യബുദ്ധിയെത്തടയുന്ന നിയമത്തിന്റെ ശക്തിയെ ഞാൻ കുറയ്ക്കാം. അശോകനാഥനാമാങ്കിതമായ

ഈ അംഗുലീയകത്താൽ ഞാൻ നിയമത്തെ ദുർബലമാക്കി ച്ചെയ്യാം. എന്താണു നിങ്ങളുടെ അഭിപ്രായം?

ന്യായാധിപൻ:—യോഗ്യനായ താങ്കളുടെ മനോരഥം സാധിക്കട്ടെ!

താരാനാഥൻ:—വളരെ സന്തോഷം! ഇപ്പോൾ എനിക്കു നിങ്ങളിൽ പൂർവ്വാധികം ബഹുമാനമുണ്ടു്. കരുണ ആരിലും എവിടെയും വേണ്ടതാണെന്നുള്ള തത്വത്തെ അനുസരിക്കുന്ന ഏതൊരാളിലും എനിക്കു ബഹുമാനംതന്നെ ഉണ്ടായിരിക്കും. നിങ്ങളുടെ ആ കരുണ ഈ സാധുസ്ത്രീകളിലും വർഷിക്കട്ടെ! സാധുസ്ത്രീകൾക്കു മോചനം സിദ്ധിക്കട്ടെ!

ന്യായാധിപൻ:—അശോകനാഥമുദ്രാംഗുലീയകത്തെ പുരസ്കരിച്ചുള്ള ഏതൊരാളിന്റെ കല്പനയേയും ശിരസാവഹിക്കേണ്ടതു് എന്നെപ്പോലുള്ള ന്യായാധിപന്മാരുടെ കടമയാകുന്നു. ആ സ്ഥിതിക്കു യോഗ്യനും ബഹുമാന്യനുമായ താങ്കളുടെ ആജ്ഞയെ അനാദരിക്കുക സംഭവ്യമല്ല. താങ്കളുടെ കല്പന പ്രകാരം ഈ സ്ത്രീകളെ ഞാൻ വെറുതേ വിടുന്നു. എന്നാൽ എനിക്കൊരപേക്ഷയുണ്ടു്. ഇവർക്കു രണ്ടുപേർക്കും ലഘുവായ ഒരു ശിക്ഷ നൽകാൻ താങ്കൾ അനുവദിക്കേണ്ടിയിരിക്കുന്നു. ഇവർചെയ്ത തെറ്റിനു് പ്രായശ്ചിത്തമായി ഓരോ പവൻ നൽകണമെന്നാണു് എന്റെ അഭിപ്രായം. ഞങ്ങളുടെ രാഷ്ട്രീയസംഘത്തിന്റെ ധനസ്ഥിതിയുടെ ശോഷിപ്പു്, ഇന്നത്തെ പ്രേതത്തെ മറവുചെയ്യുക മുതലായ കാര്യങ്ങൾക്കു വേണ്ടിവരുന്ന ചെലവിലേക്കു് ആ ചെറിയതുക വസൂലാക്കാൻ എന്നെ പ്രേരിപ്പിക്കുന്നതുകൊണ്ടു് ഇപ്രകാരം ഒരപേക്ഷയുടെയായതാണു്. ഇതും പാടില്ലെന്നാണു താങ്കളുടെ അഭിപ്രായമെങ്കിൽ ഞാൻ നിർബന്ധിക്കുന്നില്ലെന്നുകൂടി അറിയിച്ചുകൊള്ളട്ടെ!

താരാനാഥൻ:—ഹെയ്! ഇക്കാര്യത്തിൽ എനിക്കു് എതിരഭിപ്രായമുണ്ടാവുകയൊ? നന്നായി! നിയമത്തെ കേവലം അവഗണിക്കാൻ പാടില്ല നിങ്ങളുടെ കൃശാഗ്രബുദ്ധി പ്രശംസനീയമായിരിക്കുന്നു. ഓരോ പവനല്ല, ഈരണ്ടു പവൻവീതം ഇവരെ ശിക്ഷിക്കേണ്ടതാണു്. ആ നാലു പവനും ഞാൻതന്നെ തന്നുകൊള്ളാം.

നാലുപവൻ താരാനാഥൻ ന്യായാധിപന്റെ കൈയിൽ കൊടുത്തു. പവൻ വാങ്ങിക്കൊണ്ടു ന്യായാധിപൻ ഭടന്മാരോടുകൂടി താഴത്തേക്കു് ഇറങ്ങി ക്ലബ്ബുടമസ്ഥനും ഭാര്യയും അവരുടെ വഴിക്കും പോയി.

താരാനാഥൻ, വിമലയേയും സുരുചിയേയും നോക്കി ച്ചോദിച്ചു: – "നിങ്ങളുടെ ഇനിയത്തെയാത്ര . എങ്ങോട്ടേയ്ക്കാണു നിശ്ചയിച്ചിരിക്കുന്നതു"? നിങ്ങളുടെ സ്വാമിനി പോകുന്ന അവസരത്തിൽ അതിനെപ്പറ്റി എന്തുപറഞ്ഞു?"

വിമല:—ഞങ്ങൾ അങ്ങയോട്ടു് ഒന്നിച്ചു വരാനാണു നിശ്ചയിച്ചിരിക്കുന്നതു്. സ്വാമിനിയുടെ കല്പനയും അതാണു്. നാളെ ഈ സമയത്തിനകം സ്വാമിനിയെസ്സംബന്ധിച്ചു എന്തെങ്കിലും വിവരങ്ങൾ ഞങ്ങൾക്കു് അറിവാനിടയാകും. അങ്ങേയ്ക്കും വർത്തമാനങ്ങൾ എന്തെങ്കിലും കിട്ടാതിരിക്കയില്ല.

താരാനാഥൻ കുറേനേരം ആലോചിച്ചിട്ടു്, 'എന്നാൽ യാത്രയ്ക്കു ഒരുങ്ങിക്കൊൾക! അരമണിക്കുറിനുള്ളിൽ പുറപ്പെടണം' എന്നു് ശട്ടംകെട്ടിയുംവച്ചു് ആഹാരാദികൾ നിർവ്വഹിക്കുന്നതിനായി പിരിഞ്ഞു!

മുപ്പത്തഞ്ചാം അദ്ധ്യായം.

"നിന്നോടുപിരിഞ്ഞുഞാനെങ്ങനെ പൊറുക്കുന്നു
ഇണ്ടലുണ്ടതുകൊണ്ടുപാരമെന്നുടെയുള്ളിൽ"

ഭക്ഷണാനന്തരം ഉച്ചയ്ക്കു് ഒരുമണിയോടുകൂടി, താരാനാഥപ്രഭൃതികൾ ക്ലബ്ബിൽനിന്നും യാത്രയായി. ക്ലബ്ബിൽവച്ചു നേരിട്ട അത്യാഹിതത്താൽ ഉണ്ടായ സമയനഷ്ടത്തെ പരിഹരിക്കത്തക്കദ്രുതഗതിയിലാണു് ഇന്നത്തെ യാത്ര.

ഇന്നും രാത്രിയിൽ തലേന്നാളത്തെപ്പോലെ ഒരു ക്ലബ്ബിനെ അഭയംപ്രാപിച്ചു ഓരോരുത്തക്കും താമസിക്കാൻ വേറെ വേറെ മുറികൾ ഏർപ്പാടുചെയ്തു. സുരുചിക്കും വിമലയ്ക്കുമായി ഒരു മുറിയാണു ശട്ടംകെട്ടിയതു്. യാത്രാക്ലേശത്താൽ ശരീരവും തലേന്നാളത്തെകൊലപാതകത്തെക്കുറിച്ചുള്ള ചിന്തയാൽ മനസ്സും തീരെ അസ്വസ്ഥമായിരുന്നതിനാൽ താരാനാഥനു് ഉറക്കമുണ്ടായില്ല. അസ്വാസ്ഥ്യത്തെ സഹിച്ചും ഒരുപ്രകാരത്തിൽ ഉറക്കത്തിനു ഭാവിച്ചു. കണ്ണടയ്ക്കുമ്പോൾ, നഖശിഖാന്തം രക്തത്തിൽ മുഴുകി കഠാരിയുമേന്തി സരസ്വതി തന്റെ മുമ്പിൽ ആവിർഭവിക്കുന്നതായി തോന്നും; കണ്ണുതുറക്കും; ഫലം ഇച്ഛാഭംഗമായിരിക്കും. വീണ്ടും കണ്ണടയ്ക്കും; സരസ്വതി ആവിർഭവിക്കും. പിന്നെയും കണ്ണുതുറക്കും. അർദ്ധരാത്രി

യോളം ഇപ്രകാരം കണ്ണടച്ചും തുറന്നും കഴിഞ്ഞുകൂടി. ഒടുവിൽ ഇനി സരസ്വതിയാൽ വഞ്ചിക്കപ്പെടുകയില്ലെന്നുള്ള ദൃഢവിശ്വാസത്തോടുകൂടി കണ്ണുകൾ ഇരുകൈ കൊണ്ടുമടച്ചുകൊണ്ടുകിടന്നു. അതാ, പ്രേതയക്ഷി, താരാനാഥന്റെ മനശ്ചക്ഷുസ്സിനു വിഷയീഭവിക്കുന്നു. ചില ദിവസങ്ങൾക്കുമുമ്പു് പ്രേതയക്ഷി താരാനാഥനോടു മാളവദേശത്തെയ്ക്കു അവസാനയാത്ര പറഞ്ഞുപോയതു് നമുക്കൊക്കെ ഓർമ്മയുണ്ടല്ലോ. അപ്രകാരം മാളവദേശത്തെയ്ക്കുപോയ യക്ഷി, പെട്ടെന്നു് ആവിർഭവിച്ചു, തന്റെ സഹോദരിയെക്കണ്ടു സംസാരിച്ചിട്ടു ഗൃഢമായി അന്തർദ്ധാനം ചെയ്തതിൽ താരാനാഥനു് അളവറ്റ ആശ്ചര്യം തോന്നി. തന്നെ കാണാതെ പൊയ്ക്കളഞ്ഞതു് അന്നു് അവസാനയാത്ര പറഞ്ഞു പിരിഞ്ഞതുകൊണ്ടായിരിക്കാമെന്നു സമാധാനപ്പെട്ടു. എന്നാൽ പ്രേതയക്ഷി ക്ലബ്ബിൽ വരുമെന്നുള്ള സംഗതി സരസ്വതി തന്നെ അറിയിക്കാഞ്ഞതിൽ അല്പം വല്ലായ്മ താരാനാഥനുണ്ടാകാതിരുന്നില്ല. പ്രേതയക്ഷിയുടെ ആഗമനത്തെക്കുറിച്ചു സരസ്വതിക്കു മുന്നറിവുണ്ടായിരിക്കണം. ഇല്ലെങ്കിൽ തന്റെ സഹോദരിയുടെ ആഗമനം ഇപ്പോൾ ഇവിടെ ഉണ്ടാകുമെന്നു് ആഗമനത്തിനു അല്പം മുമ്പു പറയാനിടയില്ലല്ലോ. ഒരുപക്ഷേ യാതൊരു മുന്നറിവുമുണ്ടായിരുന്നില്ലെന്നും, സരസ്വതി ചിന്തിച്ചമാത്രയിൽ പ്രേതയക്ഷി അവർക്കു ദർശനം കൊടുത്തതാണെന്നും വിശ്വസിക്കാമോ? ഹെയ്! അങ്ങനെ സംഭവിക്കയോ? മനുഷ്യാതീതമായ, അഥവാ, ഈശ്വരസാക്ഷാൽകാരം സിദ്ധിച്ച പുണ്യാത്മാക്കൾക്കുള്ളതായ ആ ശക്തി, ഈ സഹോദരികൾക്കുണ്ടാവുകയോ? ആവോ! ആരുകണ്ടു? പ്രേതയക്ഷിയുടെ രഹസ്യങ്ങൾ ആക്കറിയാം? ചില അത്ഭുതരഹസ്യങ്ങൾ പ്രേതയക്ഷിയിൽ, സരസ്വതിയിലും — അടങ്ങിയിട്ടുണ്ടായിരിക്കാം. ആ ക്ലബ്ബിൽ എന്തൊരു പുരുഷാരമായിരുന്നു; ഒരൊറ്റ ആളിനുപോലും കാണാൻകഴിയാത്തവണ്ണം പ്രേതയക്ഷിയുടെ സാന്നിദ്ധ്യം ആ മുറിയിൽ ഉണ്ടായതെങ്ങിനെ? മുറിക്കാണെങ്കിൽ ഒരേ ഒരു വാതിലേയുള്ളൂ. അവിടെ പാറാക്കാരൻ സശ്രദ്ധനായി നില്പുണ്ടുമുണ്ടായിരുന്നു. അകത്തുകടന്നതു് ആ പാറാക്കാരൻ കണ്ടിട്ടുമില്ല. അതുപോലെതന്നെ സരസ്വതിയുടെ അന്തർദ്ധാനവും. അവർ മുറിക്കു വെളിയിൽ കടന്നതു പാറാക്കാരൻ കണ്ടില്ല. പടിക്കപുറത്തിറങ്ങുന്നതും അവിടെ തിക്കിത്തിരക്കി നിന്നിരുന്നവരിൽ ഒരൊറ്റ ആൾപോലും കണ്ടിട്ടില്ല. ഇതിനെയെല്ലാം ഓർക്കുമ്പോൾ ആ അമാനുഷികശക്തി ഈ സഹോദരികൾക്കുണ്ടെന്നതന്നെ ഊഹിക്കേണ്ടിയിരിക്കുന്നു. ഈദൃശചിന്തകളോടുകൂടി താരാനാഥൻ ഉറങ്ങാൻഭാവിക്കവേ നവപല്ലവമൃദുലമായ ഒരു കരം തന്റെ അംഗത്തെ സ്പർശിക്കുന്നതുപോലെതോന്നി. അയാൾ

കണ്ണുരുന്നു നോക്കി; എന്തൊരാശ്ചര്യം! സാക്ഷാൽ പ്രേതയക്ഷി തന്റെ മുമ്പിൽ നിൽക്കുന്നതു താരാനാഥൻ കണ്ടു

അതേ; ദീപപ്രകാശത്താൽ ഉദ്ദീപ്തമായ നവ്യഭാസ്സോടുകൂടി ശ്യാമളവർണ്ണയായി സുസ്മേരവദനയായിരിക്കുന്ന പ്രേതയക്ഷിയെ താരാനാഥൻ തന്റെ ബാഹ്യചക്ഷുസ്സിനാൽ വീക്ഷിച്ചു. അത്യുത്സുകപരതന്ത്രനായ താരാനാഥൻ, കർത്തവ്യവിസ്മൃത്താവായി യാതൊരു ചേഷ്ടയുമില്ലാത്തവനായി ഭവിച്ചു.

അമാനുഷികമായ ഒരു ശക്തിവിശേഷം സരസ്വതിപ്രേതയക്ഷിക്കുണ്ടായിരിക്കുമെന്നുള്ള തന്റെ സംശയത്തെ ബലപ്പെടുത്തത്തക്കവണ്ണം ഉടനടിയുണ്ടായ പ്രസ്തുത സംഭവം—പ്രേതയക്ഷിയെ ഇനിയൊരിക്കലും കാണാൻ സാധിക്കുകയില്ലെന്നു തികച്ചും വിശ്വസിച്ചിരിക്കെ അപ്രതീക്ഷിതമായി നേരിട്ട ഈ സമാഗമം—ഒരു സ്വപ്നപ്രതീതിയാണെന്നു താരാനാഥൻ കരുതുകയാണുണ്ടായതു്. ഉത്തരക്ഷണത്തിൽ സിരാപരമ്പരകളുടെ സങ്കോചശക്തിയുടെ പ്രവർത്തനത്താലെന്നവണ്ണം അയാൾ പെട്ടെന്നു് എഴുന്നേറ്റു കട്ടിലിലിരുന്ന പ്രേതയക്ഷിയുടെ നഖശിഖാന്തം പലവുരു കണ്ണോടിച്ചു ആനന്ദമകരന്ദം വഴിഞ്ഞൊഴുകുന്ന അതിദിവ്യതരുണിയുടെ സൗന്ദര്യോൽകർഷം നവംനവമായ വികാരങ്ങളെ അയാളുടെ ഹൃദയത്തിൽ ഉല്പാദിപ്പിച്ചു. കാണരുതെന്നും കണ്ടതുപോരെന്നുള്ള അയാളെ വലയ്ക്കുന്ന ആ സുകുമാരവിഗ്രഹത്തിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചാലെന്താണെന്നു് ആ ഗംഭീരയുവാവു് സ്വഹൃദയത്തോടു ചോദിച്ചു. അരുതരുതെന്നു വിലക്കിയ സ്വഹൃദയത്തെ അയാൾ ശപിച്ചു. അശോകനാഥന്റെ പാളയത്തിൽവച്ചു് ഇടം പ്രഥമമായി കണ്ടപ്പോൾ ധരിച്ചിരുന്ന വസ്ത്രാഭരണാദികളാൽ തന്നെ ഇപ്പോഴും അലംകൃതയായി കാമോദ്ദീപകമായ കടാക്ഷവീക്ഷണത്തോടുകൂടി എതിരേ നിൽക്കുന്ന തരുണീമണി പ്രേതയക്ഷിതന്നെയോ എന്നുള്ള ശങ്ക, അപ്രതീക്ഷിതവും അകാലികവുമായ സമാഗമത്തിൽ, താരാനാഥനുണ്ടായില്ല.

സപ്രാഗത്വചസ്സുപോലും ഉച്ചരിക്കാതെ, മൗനാവലംബിയായി നിശ്ചേഷ്ടനായി, എന്നല്ല അനാഗരികനായ ഒരു അരസികന്റെ നിലയിൽ സ്ഥിതിചെയ്യുന്ന താരാനാഥനിൽ, പ്രേതയക്ഷിക്കു് അനാദരശങ്ക ജനിച്ചില്ലെന്നുള്ളതു വക്തവ്യമാണു്. ബാഹ്യവികാരരഹിതനായ അയാളുടെ ഹൃദയവികാരപരമ്പരകളെ ആ സുന്ദരി കണ്ടറിഞ്ഞു.

"ബഹുമാന്യനായ യുവാവേ! അല്ലയോ ഉപകർത്താവേ! ആജീവനാന്തം അങ്ങേയ്ക്കു അടിമപ്പെട്ടവളായ ദാസി നിർഭാഗ്യവതി

യായ പ്രേതയക്ഷി, ഇതാ നമസ്കരിക്കുന്നു." ഈ മധുരവാണിയാൽ പ്രേതയക്ഷി, ആ മുറിക്കകത്തെ പ്രശാന്തതയെ ഭഞ്ജിച്ചു.

തപോനിഷ്ഠന്മാരെയും മാനസാന്തരപ്പെട്ടുത്തുന്ന തൊഴുകൈയോടുകൂടി, മുടൊന്നളന്നുവച്ചു കട്ടിലിനോടടുത്ത ആ അപൂർവ്വനിതയെ നോക്കിക്കൊണ്ടു വീണ്ടും ഒരുനിമിഷം തികച്ചും മനസ്സുറപ്പിച്ചിരിക്കാൻ ആ യുദ്ധവീരനു സാധിച്ചില്ല. അത്തൊഴുകൈക്കു കടന്നുപിടിച്ചുംകൊണ്ടു രാജപ്രഭാവനായ ആ യുവാവു പറഞ്ഞു:— "ഭവതിയാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിച്ചില്ല. ഈ അർദ്ധരാത്രിസമയത്തു ജനശൂന്യമായ കാട്ടുവഴികളിൽകൂടി സഞ്ചരിച്ചു ഈ ക്ലബ്ബിൽ — വിശേഷിച്ചും ഈ മുറിയിൽ — ഭവതി എന്നെ അന്വേഷിച്ചുവരുമെന്നു ഞാൻ ലേശം സംശയിച്ചിരുന്നതല്ല. കൗസ്തുഭസ്പർശത്താൽ ഉണർത്തപ്പെട്ട ഞാൻ, ഈ സ്ഥലങ്ങളിലുള്ള വനദേവതമാരിൽ ഒരുവ്യക്തിയോ, ആകാശചാരിണികളായ വല്ലദേവസ്ത്രീയുമോ ആരായിരിക്കാം എന്റെ മുമ്പിൽ നില്ക്കുന്നതെന്നു പരിഭ്രമിച്ചുപോയി എന്റെ കണ്ണുകൾ എന്നെ വഞ്ചിക്കുകയാണോ എന്നും സംശയിച്ചുപോയി. അല്ലയോ മാന്യേ! സൗന്ദര്യവും പ്രേമവുംനിറഞ്ഞ പ്രേതയക്ഷീ! ഭവതി ഇവിടെ എങ്ങനെവന്നു? എന്തിനുവന്നു? തമ്മിൽ അഭിമുഖസന്ദർശനമുണ്ടാകാൻ പാടില്ലെന്നാണല്ലോ മാടന്റെ നിബന്ധന? നിബന്ധനയെ ഭവതി ലംഘിച്ചതു് എന്തുകൊണ്ടു്? മാടൻ നിബന്ധനയെ റദ്ദുചെയ്തുവോ?"

പ്രേതയക്ഷി:— മാന്യരേ! അങ്ങയുടെ ബുദ്ധിപൂർവ്വമായ ചോദ്യങ്ങൾക്കു ശരിയായ സമാധാനം പറയുന്നതിനുമുമ്പായി എനിക്കു ഒരുപേക്ഷയുണ്ടു്. ഈ അർദ്ധരാത്രിയിൽ പൊടുന്നനവേ അങ്ങയുടെ മുറിയിൽ കടന്നു് അങ്ങയുടെ സുഖനിദ്രയ്ക്കു ഭംഗം വരുത്തിയ എന്റെ അപരാധത്തെ ക്ഷമിക്കണമെന്നാണു് അപേക്ഷ

താരാനാഥൻ.—ഭവതിയുടെ അപൂർവ സാന്നിദ്ധ്യം ഭവതിക്കു് എന്റെ പേരിലുള്ള സ്നേഹാധിക്യത്തിന്റെ അടയാളമായിട്ടാണു ഞാൻ കരുതുന്നതു് അതിലേയ്ക്കു ഞാൻ പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതുമാണു്. ഭവതിയുടെ സാന്നിദ്ധ്യം എന്റെ ഹൃദയത്തിൽ ആനന്ദപീയൂഷത്തെ വർഷിക്കുന്നു; എന്നിരിക്കെ, അതിനിടയാക്കിയ ഭവതിയുടെ സദ്ബുദ്ധിക്കു അപരാധത്വം കല്പിക്കുന്നതെങ്ങനെ?

പ്രേതയക്ഷി:— അങ്ങനെയാണെങ്കിൽ, കഴിഞ്ഞ പ്രാവശ്യം എന്നെ കണ്ടപ്പോൾ എന്റെപേരിൽ അങ്ങേയ്ക്കു് ഉണ്ടായിരുന്ന അപരാധംതന്നെയാണു" ഇപ്പോൾ ഉള്ളതെന്നു വിശ്വസിക്കാം. അന്നരാത്രിയിൽ അങ്ങയുടെ ഹൃദയത്തെത്തട്ടി

പുറപ്പെട്ട വാക്കുകൾ ഇപ്പോഴും ഓർക്കുന്നുണ്ടല്ലോ, എന്റെ നേർക്കു സഹോദരസ്നേഹത്തെക്കവിഞ്ഞ സ്നേഹം അങ്ങേയ്ക്ക് എല്ലായ്പോഴും ഉണ്ടായിരിക്കുമെന്നു പറഞ്ഞതു് ഓർമ്മയിൽ ഉണ്ടല്ലോ.

താരാനാഥൻ:—സംശയമെന്തു്? ഞാൻ അന്നു പറഞ്ഞ ഓരോ വാക്കും പ്രത്യേകം പ്രത്യേകം ഓർക്കുന്നുണ്ടു്. എപ്പോഴും അതോർമ്മയുണ്ടായിരിക്കുകയും ചെയ്യും. സ്നേഹാധിക്യത്തോടുകൂടി ഞാൻ പറഞ്ഞിട്ടുള്ള വാക്കുകളെയുണ്ടോ ഞാൻ വിസ്മരിക്കുന്നു?

പ്രേതയക്ഷി കുറേനേരത്തേയ്ക്കു യാതൊരു സമാധാനവും പറയാതെ അധോമുഖിയായി നിന്നു. ഒടുവിൽ പെട്ടെന്നു് തല ഉയർത്തി "വാസ്തവമാണെങ്കിൽ, എന്നിൽ യഥാർത്ഥമായ അനുരാഗം അങ്ങേയ്ക്കുണ്ടെന്നു വിശ്വസിക്കട്ടെയോ?" എന്നു ചോദിച്ചു ലജ്ജാഭാവം നടിച്ചും പതിഞ്ഞ സ്വരത്തിലുമാണു് അവൾ ഇപ്രകാരം ചോദിച്ചതു്.

താരാനാഥൻ:—ഈ ചോദ്യത്തിനു് എന്താണു അവകാശം? ഭവതി ഇതിനെപ്പറ്റി സംശയിക്കാൻ കാരണമെന്തു്?

പ്രേതയക്ഷി:—ഇല്ല; ഞാൻ സംശയിച്ചിട്ടില്ല അങ്ങു് എന്നെ സ്നേഹിക്കുന്നു—നീലനിറത്തോടുകൂടിയ എന്നെ അങ്ങു കാമിക്കുന്നു—എനിക്കു അക്കാര്യത്തിൽ സംശയമില്ല. അതേ, അങ്ങു്...

അദ്ദോകുതിയിൽ വിരമിച്ചു താരാനാഥന്റെ മുഖത്തു് ഉറ്റുനോക്കിക്കൊണ്ടുനിന്നു മാത്രകഴിഞ്ഞു വീണ്ടും പറഞ്ഞു:—"അങ്ങു് എന്നെ കാമിക്കുന്നു—അങ്ങേയ്ക്കു് എന്നിൽ പൂർണ്ണമായ അനുരാഗമുണ്ടു്. അനുരാഗം അതിലക്ഷണീയവും അതിന്റെ ചരിത്രം വിസ്മയനീയവുമാകുന്നു. അങ്ങയുടെ അനുരാഗം എന്നെ ആനന്ദവാരിധിയിൽ നീന്തിക്കുന്നു എന്നാൽ....." ശേഷം പറഞ്ഞു് അവസാനിപ്പിക്കാൻ ഗൽഗദത്താൽ അവർക്കു സാധിക്കാതെവന്നു. അവളുടെ നയനങ്ങളിൽനിന്നും അശ്രുക്കൾ പൊഴിഞ്ഞു.

അല്ല! ഇതെന്തുകഥ! ഈ സങ്കടത്തിനു കാരണമെന്തു്? അതിനെ എന്നിൽനിന്നും മറച്ചുവയ്ക്കാൻ ഭവതി ശ്രമിക്കുന്നതെന്തിനു്? പറയുക! എന്താണെന്നു തുറന്നു പറയുക!" എന്നിങ്ങനെ താരാനാഥൻ അക്ഷമനായി നിർബന്ധിച്ചു.

പ്രേതയക്ഷി താരാനാഥന്റെ പിടിവിടുവിച്ചു ഒന്നുരണ്ടടി പിന്നോക്കം മാറിനിന്നുകൊണ്ടു്, "ഇല്ല; ഇല്ല; എനിക്കു സങ്കടമില്ല" എന്നു പറഞ്ഞു. ഈ അവസരത്തിൽ, നദീപ്രവാഹത്തിനു തുല്യം അവളുടെ നയനങ്ങളിൽനിന്നും അശ്രുക്കൾ ഒഴുകിക്കൊണ്ടിരുന്നു.

താരാനാഥൻ കട്ടിലിൽനിന്നും ചാടിയിറങ്ങി കരത്തിൽ കടന്നു പിടിച്ചുകൊണ്ടു്, "സങ്കടമിപ്പോഴുണ്ടോ? ഇല്ലെങ്കിൽ കരയുന്നതെന്തിനു്? മാന്യേ! പറയുക! ഭവതിയുടെ സങ്കടത്തിനു കാരണമെന്തു്? ഞാൻ അതറിയാൻ അക്ഷമനായിരിക്കുന്നു. എന്തുതന്നെയായാലും പരിഹരിക്കാൻ ഞാൻ തയ്യാറാണു്. പറയുക; മടിക്കാതെ പറയുക! എന്നിങ്ങനെ സസ്നേഹപൂർവ്വം ആവശ്യപ്പെട്ടു.

പ്രേതയക്ഷി:—എനിക്കു സങ്കടമുണ്ടാകാതിരിക്കുന്നതെങ്ങനെ? ഞാൻ എങ്ങനെ കരയാതിരിക്കും? മാന്യരേ, സങ്കടമാകുന്ന കാർമേഘം എന്റെ മാനസാകാശത്തെ ആച്ഛാദനംചെയ്തിരിക്കുന്നു. എന്നാൽ അതിന്റെയുടെ അനുരാഗചന്ദ്രന്റെ വിശാലസൃഷ്ടി അവിടെ പ്രകാശിക്കുന്നുണ്ടു്. അപ്രകാരം സംഭവിക്കാതെ ഇരുന്നുവെങ്കിൽ, ഈ സന്ദർശനത്തിനുപോലും ഇടയാകാത്തവണ്ണം ഞാൻ മരിച്ചുപോകുമായിരുന്നു.

താരാനാഥൻ:—ഓഹോ! ഞാൻ ഊഹിക്കുന്നു. ഭവതിയുടെ സങ്കടത്തെ ഞാനറിയുന്നു. ഭവതിയുടെ സഹോദരി പ്രവർത്തിച്ച കടുംകൈ ഭവതിയുടെ ഹൃദയമർമ്മങ്ങളെ ഭേദിക്കുന്നുണ്ടായിരിക്കണം അപ്രകാരമല്ലാതെ മറെറാരു സങ്കടവും ഭവതിക്കു് ഉണ്ടാകാനില്ല.

പ്രേതയക്ഷി:—അതേ; എന്റെ സഹോദരിയുടെ പൈശാചികപ്രവൃത്തി എനിക്കു തീവ്രമായ സങ്കടത്തെ ജനിപ്പിച്ചിരിക്കുന്നു. ആ പ്രവൃത്തി എനിക്കും അപമാനകരമായിട്ടാണു ഭവിച്ചിരിക്കുന്നതു്. അതേ, എന്നെക്കുറിച്ചു് അങ്ങേയ്ക്കുണ്ടായിരുന്ന മതിപ്പു് എന്റെ സഹോദരിയാൽ നശിപ്പിക്കപ്പെട്ടു. എന്റെ സഹോദരിയെക്കുറിച്ചും അങ്ങേയ്ക്കുണ്ടായിട്ടുള്ള അവമതിപ്പു് എന്നെക്കുറിച്ചുമുണ്ടാകാൻ ആ പൈശാചികകർമ്മം സംഗതിയാക്കി. അതിനെപ്പററി ഓർക്കുമ്പോഴാണു എന്റെ ഹൃദയത്തിനു് അനുഭൂതമാകുന്ന സന്താപം എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസം.

താരാനാഥൻ:—ഛെയ്! എനിക്കു ഭവതിയിലുള്ള ബഹുമാനത്തിനു കുറവുണ്ടാകയില്ല!—ഭവതി വെറുതെ തെററിദ്ധരിക്കുകയാണു്. ഭവതിയുടെ സഹോദരിയുടെ നടപടി ഭവതിയുടെ മാനാപമാനങ്ങൾക്കു കാരണമായിത്തീരുകയില്ല. ഞാൻ ഭവതിയെ ആദ്യത്തെപ്പോലെതന്നെ സ്നേഹിക്കുന്നു; പ്രേമിക്കുന്നു. അതിനു ഭംഗം നേരിട്ടുകയില്ല.

പ്രേതയക്ഷി:—അങ്ങയുടെ ആശയം വെളിവാകുന്നില്ല.

താരാനാഥൻ:—എന്റെ ആശയം വെളിവാകുന്നില്ലേ? ഞാൻ ഭവതിയെ പ്രേമിക്കുന്നു. ഭവതിക്കു് എന്നിലും പ്രേമം ഉണ്ടെന്നു

വിശ്വസിക്കുന്നു. ഭവതിയെ ഞാൻ പ്രേമിച്ചതുകൊണ്ടാണു് മാടനുമായുണ്ടായ യുദ്ധത്തിൽ തോറ്റതെന്നറിയാമല്ലോ. ഇനിയും ആശയം വെളിവായിപ്പറഞ്ഞേണ്ടതാണോ? അറിഞ്ഞിരിക്കട്ടെ; മാടന്റെ നിബന്ധനയ്ക്കു വിപരീതമായി ഭവതി ഇവിടെ ആഗതയായതെങ്ങനെ?

പ്രേതയക്ഷി:—മാടനുമായി ആ ഭയങ്കരയുദ്ധം നടത്തിയ ദിവസം ഞാൻ അങ്ങയെ ആ ക്ഷേത്രത്തിൽവച്ചു സന്ദർശിച്ചുവല്ലോ? സർവ്വാതീതമായ ഒരു ശക്തി എന്നെ സഹായിക്കുന്നുണ്ടെന്നു് അങ്ങേയ്ക്കു അന്നു് മനസ്സിലായിട്ടുണ്ടല്ലോ. മോക്ഷദായകനായ ഈശ്വരന്റെ ആ ശക്തി ഉർദ്ധ്വതയായ മാടന്റെ ശക്തിയെക്കാൾ എത്രയോ ഉപരിഷ്ഠമാണെന്നു ഞാൻ വീണ്ടുമുപറയേണ്ട ആവശ്യമില്ല. സർവേശ്വരന്റെ ശക്തിയേപ്പറ്റി പറയുന്നിടത്തു മാടന്റെ ശക്തിക്കു് എന്തൊരുപ്രാധാന്യമാണു്? ആ മഹാശക്തിയുടെ അനുകൂല്യത്താൽ അങ്ങു് മാടനോടു സമ്മതിച്ച നിബന്ധനകളിൽ രണ്ടു റദ്ദാക്കപ്പെട്ടിരിക്കുന്നു.

താരാനാഥൻ:—അതെന്തെല്ലാമാണു്?

പ്രേതയക്ഷി:—അങ്ങു സരസ്വതിയെ നേപാളത്തേയ്ക്കുകൂട്ടിക്കൊണ്ടുപോകണമെന്നും എന്നെ കാണരുതെന്നുമുള്ള രണ്ടു നിബന്ധനകൾ. ഈ നിബന്ധനകളെ ഇനിമേൽ അങ്ങു് അനുഷ്ഠിക്കേണ്ട ആവശ്യമില്ല. അതായതു് സരസ്വതിയെ കൂട്ടിക്കൊണ്ടുപോകുകയും എന്നെ കാണാതിരിക്കുകയും ചെയ്യേണ്ട ആവശ്യമില്ല.

താരാനാഥൻ:—രണ്ടു നിബന്ധനകളെ റദ്ദാക്കിയതിനുപകരം വല്ല നിബന്ധനയും അംഗീകരിക്കണമെന്നു മാടൻ നിർബന്ധിക്കുകയോ നിബന്ധന ഉണ്ടാവുകയോ ചെയ്തിട്ടുണ്ടോ?

പ്രേതയക്ഷി:—ഉണ്ടു്; ഞാൻ ഒരു നിബന്ധനയ്ക്കു സമ്മതിക്കേണ്ടിവന്നു. എന്നാൽ അതു് അങ്ങയെ ബാധിക്കുകയില്ല.

താരാനാഥൻ:—എന്താണു് ആ നിബന്ധന?

പ്രേതയക്ഷി:—നിബന്ധന നിസ്സാരമാണു് എന്നാൽ അതു് അനുഷ്ഠിക്കപ്പെടാൻ വളരെ പ്രയാസമാകുന്നു. വൈദികമതാവലംബിയും സ്ത്രീകളിൽ അനുരാഗംജനിച്ചിട്ടില്ലാത്തവനുമായ ഒരു രണവീരന്റെ ഭാര്യാപദത്തെ പ്രാപിച്ചുകൊള്ളണമെന്നാണു നിബന്ധന. നിബന്ധന നിർവഹിക്കപ്പെട്ടില്ലെങ്കിൽ, എന്റെ ജീവനു നഷ്ടം സംഭവിക്കും.

താരാനാഥൻ:—(ആലോചിച്ചിട്ടു്) ഞാൻ ഒരു യോദ്ധാവും വൈദികമതാനുസാരിയുമാണല്ലോ. ഇതേവരെ ഭവതിയെ ഒഴിച്ചു

മറെറാരു സ്ത്രീകളിലും എനിക്കു് അനുരാഗം ഉണ്ടായിട്ടുമില്ല. ഈ വാക്കുകൾ താരാനാഥന്റെ ഹൃദയത്തിൽ തട്ടിപ്പുറപ്പെട്ട വയല്ല; ഇങ്ങനെ പറയുമ്പോൾ അജ്ഞാതമായ ഒരു ശക്തി ബലാ ല്ലെ തടയുന്നുണ്ടായിരുന്നു. അതും ഒരനുരാഗശക്തിയല്ലാതെ, പ്രേത യക്ഷിയുടെ മാടന്റെയോ സഞ്ചാരന്റെയോ ശക്തികളല്ലെന്നു മുള്ളതു വക്തവ്യമാണു്.

വളരെനേരത്തേയ്ക്കു രണ്ടുപേരും മൗനംഭജിച്ചിരുന്നു ഒടുവിൽ താരാനാഥൻ പുഞ്ചിരിയോടുകൂടി ചോദിച്ചു:—എന്താണു ഭവതി യുടെ അഭിപ്രായം? എന്റെ ഭാര്യാപദം ഭവതി സ്വീകാര്യമായി കരുതുന്നുണ്ടോ?

പ്രേതയക്ഷി:—(സലജ്ജം) എന്തു്? ഞാൻ അങ്ങയുടെ ഭാര്യാപ ദത്തെ സ്വീകരിക്കണമെന്നോ?

താരാനാഥൻ:—അതേ; ഞാൻ അങ്ങനെ ആശിക്കുന്നു. ഭവതി യുടെ അഭിപ്രായമെന്താവാം? ഈ ചോദ്യത്തിനു സമാധാനം കേൾക്കും മുമ്പു മറെറാരുസംഗതി എനിക്കു അറിയണമെന്നു് അതിയായ ആഗ്രഹമുണ്ടു്. എന്റെ സ്ഥിതിഗതികളെപ്പററി അശോക നാഥൻ വിശേഷാൽ എന്തെങ്കിലും ഭവതിയെ ധരിപ്പിച്ചി ട്ടുണ്ടോ?

പ്രേതയക്ഷി:—വളരെ വളരെ; അദ്ദേഹം അങ്ങയുടെ സ്ഥിതിഗതി കളെക്കുറിച്ചു വളരെ പ്രശംസിച്ചു പറഞ്ഞിട്ടുണ്ടു്. ഒരു പ്രാവ ശ്യമല്ല. പലപ്രാവശ്യം പറഞ്ഞിട്ടുണ്ടു്.

താരാനാഥൻ:—ശരി, ഇനി എന്റെ ആദ്യത്തെ ചോദ്യത്തിനുള്ള സമാധാനമെന്താണു്? എന്റെ പാണിപദത്തെ സ്വീകരി ക്കുന്ന സംഗതിയിൽ ഭവതിക്കു് എന്തഭിപ്രായമാണു്?

പ്രേതയക്ഷി:—അങ്ങു് ഈ ലോകത്തിൽ ഏറവും താണ ഒരു ഭരി ദ്രന്റെ നിലയിൽ ജീവിച്ചാലും തുലോം ഉയർന്ന ഒരു ചക്രവ ർത്തിയായി ജീവിച്ചാലും, ഞാൻ അങ്ങയെ ഒരേ നിലയിൽ ത്തന്നെ സ്നേഹിക്കുന്നതാണു്. അത്രപരിശുദ്ധമായി സ്നേഹിക്ക ുന്ന എനിക്കു് അങ്ങയുടെ ഭാര്യാപദം സ്വീകാരയോഗ്യമല്ലെ ന്നവരുന്നതെങ്ങിനെ?

താരാനാഥൻ:—എന്റെ ഭാര്യയായിരിക്കാൻ സമ്മതമാണോ? അതു പറയുക

പ്രേതയക്ഷി:—എനിക്കു സമ്മതംതന്നെ എന്നാൽ.....

താരാനാഥൻ:—എന്താണു പറവാൻ മടിക്കുന്നതു്?

പ്രേതയക്ഷി:—അങ്ങു് നല്ലപോലെ ആലോചിച്ചിട്ടു് തീച്ചപ്പെട ുത്തണമെന്നു് എനിക്കു അപേക്ഷയുണ്ടു്. അങ്ങു് അത്യുൽ കൃഷ്ടമായ ഒരു സ്ഥാനത്തെ അലങ്കരിച്ചുപോരുന്ന ഒരു മാന്യ

നാണു്. ഞാനോ? മാളവദേശത്തെ ഒരു സാധാരണസ്ത്രീ. അങ്ങയുടെ അന്തസ്സിനും യോഗ്യതയ്ക്കും ഞാൻ അനുയോജ്യയല്ല. ആ സ്ഥിതിക്കു നാം തമ്മിലുള്ള വിവാഹബന്ധത്തിൽ ലോകർക്കു് ആനുകൂല്യമിരുപ്പുണ്ടാവുകയില്ല. വിവാഹാനന്തരമാണു് ഈ സംഗതി അങ്ങേയ്ക്കു ബോദ്ധ്യമാകുന്നതെങ്കിൽ അന്നു് എന്നെ തള്ളാനും കൊള്ളാനും നിവൃത്തിയില്ലാതെ അങ്ങു ധർമ്മസങ്കടം അനുഭവിക്കേണ്ടിവരും. എന്നിലുള്ള സ്നേഹാധിക്യത്താൽ അങ്ങു് ഇപ്പോൾ ഈ സംഗതികളെപ്പറ്റി കൂലങ്കഷമായി ചിന്തിക്കാതിരിക്കുകയാണെന്നു ഞാൻ സംശയിക്കുന്നു.

താരാനാഥൻ:— ഭവതിയുടെ അഭിപ്രായം ശരിയാണു്. ഞാൻ ഇക്കാര്യം തീച്ചപ്പെടുത്തിക്കൊണ്ടു ചോദിച്ചതല്ല. ഭവതിയുടെ സമ്മതം അറിയാതെ തീച്ചപ്പെടുത്തുന്നതു ശരിയല്ലല്ലോ. ഭവതിക്കു സമ്മതമാണെന്നു് ഇപ്പോൾ അറിഞ്ഞു. ഇനി വേണം എനിക്കു തീച്ചപ്പെടുത്താൻ. അതിലേയ്ക്കു പലേ സംഗതികളെപ്പറ്റി എനിക്കു ചിന്തിക്കേണ്ടതായിട്ടുണ്ടു്. എന്നാൽ ഭവതി അനുസ്മരിപ്പിച്ചവിഷയത്തെപ്പറ്റി എനിക്കു ചിന്തിക്കേണ്ട ആവശ്യമില്ല. ദാമ്പത്യകാര്യത്തിൽ ലോകരുടെ സമ്മതത്തേയും ആനുകൂല്യത്തേയും അഭിപ്രായത്തേയും ഒരുതിത്തിവരെ ആദരിക്കേണ്ട ആവശ്യമേയുള്ളൂ. സ്വഭാവസ്ഥാനത്തു് ഒരുവനാൽ സ്വീകരിക്കപ്പെടുന്നവരം, ചാരിത്രത്താലും മറ്റു ഗുണങ്ങളെക്കൊണ്ടും അതിലേയ്ക്കു് അർഹയാണെന്നു അവനു വിശ്വാസമുള്ളപക്ഷം, കുചേലത്വകുബേരത്വവ്യത്യാസത്തെപ്പറ്റിയുള്ള ജനതാഭിപ്രായത്തെ ആദരിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു എനിക്കു ചിന്തിക്കാനുണ്ടെന്നു പറഞ്ഞ സംഗതികൾ അനാവശ്യങ്ങളാണു്.

പ്രേതയക്ഷി അരനാഴികയോളം യാതൊന്നും പറയാതെ അതേ നിലയിൽ നിന്നു. ഒടുവിൽ താരാനാഥനെ നോക്കി, "എന്നാൽ ഞാൻ ഇപ്പോൾ സുരചീവിമലകളുടെ മുറിയിലേയ്ക്കു പോകട്ടെ; രാവിലെ ഞാനും വന്നിച്ചുപോരാം" എന്നു പറഞ്ഞു പടികടന്നുപോയി.

അംബികേശൻ അയാളുടെ മുറിയിൽ നിദ്രാധീനനായി ശയിച്ചിരിക്കുന്നു. വെളുപ്പാൻ നാലുനാഴിക സമയമുണ്ടായിരിക്കും. ഒരു കൈ തന്റെ മുഖത്തിൽ സ്പർശിച്ചതുപോലെ അയാൾക്കു തോന്നി. കണ്ണുതുറന്നുനോക്കി; അത്യന്തസൌന്ദര്യവതിയായ ഒരു യുവതി തന്റെ മുമ്പിൽ നിൽക്കുന്നതുകണ്ടു. അയാൾ സൂക്ഷിച്ചുനോക്കി. അയാൾ തന്റെ കണ്ണുകളെ അവിശ്വസിച്ചു മടനെ നിഗ്രഹിച്ചു

സരസ്വതീദേവിയാണു തന്റെ മുമ്പിൽ നില്ക്കുന്നതെന്നു തികച്ചും വിശ്വസിക്കാൻ അയാൾക്കു സാധിച്ചില്ല. "ഞാൻ കാണുന്നതു സരസ്വതീദേവിയെത്തന്നെയോ" എന്നു് ഏതാണ്ടൊരു പരിഭ്രമത്തോടുകൂടിത്തന്നെ ചോദിച്ചു.

"സഹോദരീ! പരിഭ്രമിക്കാതിരിക്കൂ? സംശയംകൊണ്ടായാലും ഭയംകൊണ്ടായാലും ഉറക്കെസ്സംസാരിക്കരുതു്" എന്നു പറഞ്ഞും വച്ചു് ഒരു വശത്തുള്ള ഭിത്തിയിൽ തൂക്കിയിരിക്കുന്ന ഇരുമ്പുചട്ട, മുഖാവരണം മുതലായവയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "അംബികേ അംബികേശനാക്കുന്ന സാമഗ്രികളല്ലേ ഈ കിടക്കുന്നതു?" എന്നു ചോദിച്ചു.

അംബി:—അതേ;നിങ്ങൾ ഈ രഹസ്യം എങ്ങനെയറിഞ്ഞു?

സരസ്വതി:—ഇപ്പോൾ കണ്ടറിഞ്ഞു.

അംബിക:—കാണാനായിട്ടാണോ വന്നതു്?

സരസ്വതി:—കാണാനായിട്ടുമാത്രമല്ല, ചിലതു പറയാനുമുണ്ടു്.

അംബിക:—അംബികേശനോടോ, അംബികയോടോ?

സരസ്വതി:—അംബികയോടു്!

അംബിക:—എന്നാൽ 'ഇപ്പോൾ കണ്ടറിഞ്ഞു' എന്നു പറഞ്ഞതു കളവല്ലേ?

സരസ്വതി:—അല്ല, അറിഞ്ഞതു് ഇപ്പോൾത്തന്നെ. എന്നാൽ അപ്പോൾത്തന്നെ ഞാൻ ഊഹിച്ചു.

അംബിക:—എപ്പോൾ?

സരസ്വതി:—ശ്രീപുരത്തുനിന്നും തിരിച്ചപ്പോൾ.

അംബിക:—ശരി, എന്താണു പറവാനുള്ളതു്?

സരസ്വതി:—അംബികേ! പ്രയാഗയിൽനിന്നും താരാനാഥനാൽ രക്ഷിക്കപ്പെട്ട നിന്നെ എന്റെ ക്ഷേത്രത്തിൽ താമസിപ്പിക്കുകയും പിന്നീടു ശ്രീപുരംകൊട്ടാരത്തിൽ കൂട്ടിക്കൊണ്ടുചെന്നു പാർപ്പിക്കുകയും ചെയ്തിരുന്നുവല്ലോ അന്നു് എന്നെയും എന്റെ തോഴികളുടേയും നിരന്തമായ സഹായസഹകരണങ്ങൾ നിനക്കു ലഭിക്കുകയും എന്റെ സ്വന്തം സഹോദരിയെപ്പോലെ ഞാൻ നിന്നെ സ്നേഹിക്കുകയും ഉണ്ടായിട്ടില്ലേ?

അംബിക:—ഉണ്ടു്; നിങ്ങളുടെ സ്നേഹപൂർവ്വകമായ സഹായം എനിക്കു ലഭിച്ചില്ലെങ്കിൽ ഞാൻ ജീവിക്കുമായിരുന്നോ എന്നു സംശയിക്കേണ്ടിവരും. നിങ്ങൾചെയ്ത ആ സഹായത്തിനു് ആജീവനാന്തം എനിക്കു കടപ്പാടുണ്ടു്.

സരസ്വതി:—ആ കടപ്പാടു വാക്കിലല്ലാതെ പ്രവൃത്തിയിൽ എന്തുകൊണ്ടു കണ്ടില്ല? ഞാൻ ഒരു സഹോദരിയുടെ നിലയിൽ പൂർണ്ണമായി വിശ്വസിച്ചു കൊട്ടാരത്തിൽ കൊണ്ടുപോയി

താമസിപ്പിച്ചതിനു പ്രത്യുപകാരമായി നീ എന്നെ വഞ്ചിക്കയല്ലേചെയ്തതു്?

അംബിക:—തടവിൽ പാർപ്പിച്ചിരുന്ന പ്രജകളെ മോചിപ്പിച്ചതിനെ സൂചിപ്പിച്ചായിരിക്കണം നിങ്ങൾ സംസാരിക്കുന്നതു്. എന്നാൽ കൊട്ടാരത്തിൽ വന്നതിനു ശേഷം, പ്രജകളെ മോചിപ്പിക്കണമെന്നു് ഉദ്ദേശിച്ചു് അപ്രകാരം പ്രവർത്തിച്ചതല്ല. അവരെ കൊട്ടാരത്തിൽ പാർപ്പിച്ചിരുന്നവിവരം ഞാൻ മുമ്പേതന്നെ ധരിച്ചിട്ടുണ്ടായിരുന്നു അവരെ മോചിപ്പിക്കണമെന്നും കാലേക്കൂട്ടി കരുതിയിരിക്കയായിരുന്നു. എന്റെ ശ്രീപുരംയാത്രയുടെ ഉദ്ദേശംതന്നെയും അതാണു്. അതിലേയ്ക്കു് എന്തെല്ലാം അപത്തുകൾ നേരിട്ടാലും എന്റെ ജീവൻതന്നെ ബലികഴിക്കേണ്ടിവന്നാലും ഞാൻ പിൻവാങ്ങുകയില്ലെന്നു തീച്ചപ്പെടുത്തിയിട്ടുമുണ്ടായിരുന്നു. ആ പ്രജകളിൽ ഒരാൾ എന്റെ വളർത്തച്ഛന്റെ യജമാനനാണു് ഞാനും എന്റെ വളർത്തച്ഛനും അദ്ദേഹത്തിനു കടപ്പെട്ടവരാണു്. അദ്ദേഹത്തിനു ഞങ്ങളിൽ ഹൃദയപൂർവകമായ സ്നേഹമുണ്ടു്. അദ്ദേഹത്തെ മോചിപ്പിക്കേണ്ടതു് എന്റെ കർത്തവ്യമായി ഭവിച്ചു. ആ കർത്തവ്യനിർവഹണം, മറ്റു രണ്ടു പ്രജകന്മാരുടെ വിമോചനത്തിനും കാരണമായിത്തീർന്നു എന്നേയുള്ളൂ. പ്രിയപ്പെട്ട സഹോദരി! ഇപ്രകാരം ഞാൻ എന്റെ സ്വാമിഭക്തിയെ പ്രകടിപ്പിച്ചതിനെ, നിങ്ങൾ വഞ്ചനയാണെന്നു തെറ്റിദ്ധരിക്കരുതേ!

സരസ്വതി:—അംബികേ! നിന്റെ വാക്കുകളിൽനിന്നും നീ അപരാധിനിയല്ലെന്നും സ്വീകരിക്കില്ലാത്ത ധൈര്യവും പ്രശംസനീയമായ കൃതജ്ഞതയും തികഞ്ഞവളാണെന്നും എനിക്കു ബോദ്ധ്യമായിരിക്കുന്നു. പരോപകാരബുദ്ധിയും മഹാമനസ്കതയും നിനക്കുള്ള പ്രത്യേകഗുണങ്ങളാണെന്നും ഞാൻ വിശ്വസിക്കുന്നു. തൻമൂലം ഞാൻ നിന്നെ പൂർവാധികം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. നീ എനിക്കു് ഒരു സഹായംചെയ്യണം. എന്റെ ആഗ്രഹത്തെ നീ നിറവേറ്റിത്തരണം. നീ അതിലേയ്ക്കു സന്നദ്ധയാണോ?

അംബിക:—നിശ്ചയമായും ഞാൻ സഹായിക്കാം. എന്താണു നിങ്ങളുടെ ആഗ്രഹം? നിങ്ങളുടെ തല്ക്കാലാവസ്ഥയിൽ, എനിക്കു അനുതാപമുണ്ടെന്നും നിങ്ങളുടെ ഭാവിനന്മയിൽ എനിക്കു് അഭിനിവേശമുണ്ടെന്നും എന്നാൽ കഴിയുന്ന

ഏതൊരു സഹായവും നിങ്ങൾക്കു ചെയ്യുന്നതാൻ എനിക്കു അത്യന്തസന്തോഷമുണ്ടെന്നും നിങ്ങൾ വിശ്വസിക്കണം.

സരസ്വതി:—അങ്ങനെയാണെങ്കിൽ ഞാനൊരു ഘാതകിയായിരുന്നിട്ടും അപരാധിനിയല്ലെന്നു വിശ്വസിക്കുന്നുവോ?

അംബിക:—എന്തുതന്നെയാണു് എന്റെ വിശ്വാസം. ആ യുവാവു് നിങ്ങൾക്കു കഠിനമായദ്രോഹം ചെയ്തിരിക്കണം. അവൻ നിങ്ങളെ കൊലപ്പെടുത്താൻ ഉദ്യമിച്ചിരിക്കണം. അതിനാലാണു് സ്ത്രീസ്വഭാവത്തിനു് ഒരിക്കലും യോജിക്കാത്ത ഈ പൈശാചവൃത്തിക്കു നിങ്ങൾ മൈയ്യ്പ്പെട്ടതു്. ഈ പരമാർത്ഥങ്ങൾ ഞാൻ അറിയാതിരിക്കയല്ല. എന്നിരുന്നാലും നിയമവ്യവസ്ഥിക്കു നിങ്ങൾ ശിക്ഷാർഹയാണു്. അധികൃതന്മാർ നിങ്ങളെ അന്വേഷിക്കുന്നുണ്ടു്. ആ സ്ഥിതിക്കു് നിങ്ങൾക്കു ഇവിടെ വരാൻ പാടുണ്ടോ? നിങ്ങളെ നിങ്ങൾ തന്നെ അപകടത്തിൽ ചാടിക്കുകയാണല്ലോ. ആരെങ്കിലും കണ്ടുപിടിച്ചാൽ നിങ്ങൾക്കു ആപത്തു നേരിടുകയില്ലേ?

സരസ്വതി.—എന്നെപ്പറ്റി അല്പവും ഭയപ്പെടേണ്ട; ഖേദിക്കയും വേണ്ട. എന്നിൽ അടങ്ങിയിട്ടുള്ള ശക്തി സാമാന്യമായിട്ടുള്ളതല്ല. എന്നെ പാലിച്ചുപോരുന്നതു് മനുഷ്യാതീതമായ ദൈവശക്തിയാണു്. ഞാൻ നിന്നെ കാണുന്നതിലേയ്ക്കായിട്ടുമാത്രമാണു ഇപ്പോൾ ഇവിടെ വന്നതു്. ഞാൻ ഇവിടെ വന്നിരുന്ന എന്നു നീ ആരെയും ധരിപ്പിക്കണ്ടാ. അതു് എത്രയും രഹസ്യമായിരിക്കട്ടെ!

അംബിക:—ശരി, അങ്ങനെചെയ്യാം. പ്രാണൻപോയാലും ഈ രഹസ്യം ഞാൻ പുറത്തുവിടുകയില്ല. നിങ്ങൾക്കു ഞാൻ ഏതോ ഒരു സഹായം ചെയ്യണമെന്നാവശ്യപ്പെട്ടുവല്ലോ. എന്താണതു്? സംശയിക്കാതെ പറയുക.

സരസ്വതി:—ഞാൻ ആവശ്യപ്പെടുന്ന സഹായം സന്തോഷത്തോടുകൂടി ചെയ്യുന്നതാണെന്നു സത്യംചെയ്യാമോ? ഞാൻ ആവശ്യപ്പെടുന്ന സഹായം ഒരുപക്ഷേ, നിന്റെ മനസ്സിനു് അഹിതമായി തോന്നിയേക്കാം. എന്നാൽ അതു എത്രയും നിസ്സാരമായ ഒരു സഹായമാണെന്നു് ഓർക്കണം ഞാൻ പറഞ്ഞുകഴിഞ്ഞാൽ, പിന്നെ അതിനെപ്പറ്റി ചിന്തിക്കുകയോ മടികാണിക്കുകയോ ചെയ്യരുതു്. എന്തുതോന്നുന്നു?

അംബിക:—ഇത്രവളരെപ്പറവാൻ എന്തിരിക്കുന്നു? എന്നാൽ കഴിയുന്ന ഏതൊരു സഹായവും മരിച്ചുകളയണമെങ്കിൽ അതും ചെയ്യാൻ ഞാൻ ഒരുക്കമാണെന്നു ഈശ്വരനാമത്തിൽ സത്യംചെയ്യുന്നു. എന്താണു വേണ്ടതെന്നു പറയുക!

സരസ്വതി:—നീ മാന്യനായ താരാനാഥനെ പിരിഞ്ഞുപോകണം. ഈ നിമിഷത്തിൽ പോകണമെന്നില്ല, പ്രഭാതത്തിൽ യാത്ര ചോദിച്ചുംകൊണ്ടു പിരിയണം. ഇതത്രേ നീ എനിക്കു ചെയ്യേണ്ടതായിട്ടുള്ള വലുതായ സഹായം.

അംബി:—ഇതിനാണോ സത്യവുംമറവും? ഇതു് എത്ര നിസ്സാരമായ സഹായം! നാളെരാവിലെ ഞാൻ പിരിഞ്ഞുപൊയ്ക്കൊള്ളാം.

സരസ്വതി:—നിസ്സ്വാർത്ഥപരമായ നിന്റെ മനഃസ്ഥിതിയെപ്പറ്റി ഞാൻ അഭിനന്ദിക്കുന്നു. എന്റെ ആവശ്യപ്രകാരം പിരിഞ്ഞുപോവുകയാണെന്നു് അദ്ദേഹത്തെ ഗ്രഹിപ്പിക്കരുതെന്നു കൂടി താല്പര്യപ്പെടുന്നു.

അംബിക:—ആ സംഗതി പ്രത്യേകം ഓർമ്മിപ്പിക്കണമെന്നില്ല.

സരസ്വതി:—പ്രിയസഹോദരീ! ഞാൻ നിന്നെ എന്റെ അനുജത്തിയേക്കാൾ സ്നേഹിക്കുന്നു. എനിക്കു നിന്നിൽ ആജീവനാന്തം കൃതജ്ഞതയുണ്ടു്. ഞാൻ ഇപ്പോൾ പോകട്ടെ. ഇനിയും നമുക്കു വീണ്ടും കാണാൻ സംഗതിയാകും.

സരസ്വതിമറഞ്ഞു; അംബിക കിടക്കയിൽ എഴുന്നേറ്റിരുന്നു് ദീർഘമായി ഒന്നു നിശ്വസിച്ചു അവളുടെ മനഃസ്ഥൈര്യവും ധൈര്യവും അവളെ വെടിഞ്ഞു അവളുടെ ഹൃദയം ദുർവ്വഹമായ ചിന്താഭാരത്തെ വഹിച്ചു. ശരീരബലവും അവളെ വിട്ടൊഴിഞ്ഞു. അവൾ വെളിയിൽവന്നു മുഖക്ഷാളനംചെയ്തു അംബികേശവേഷം സ്വീകരിച്ചു. തന്റെ ഹൃദയകാമുകനും തനിക്കും നേരിട്ട ആപത്തുകളിൽ തന്റെ വലംകയ്യായിനിന്നു് അന്യാദൃശസാമർത്ഥ്യത്തോടെ പൊരുതുസഹായിച്ച ഉപകർത്താവുമായ ദേഹത്തെ വിട്ടുപിരിയണമെന്നോർത്തപ്പോൾ അവളുടെ ഹൃദയം എരിപൊരിക്കൊണ്ടു. വാസ്തവമാണോ? താരാനാഥനെ വിട്ടുപിരിയുന്നതിൽ അവൾക്കു് അന്തസ്താപമുണ്ടോ? ഉണ്ടെങ്കിൽ അതു അത്രവലുതെന്നു് സഹിക്കാവുന്നതാണോ? അല്ല; താരാനാഥനുമായുള്ള വേർപാടു് വലുതായ ഖേദത്തിനു കാരണമല്ല; ദിവസം ഒന്നു കഴിയുംമുമ്പു്, കല്പകക്കോട്ടയുടെ സമീപം വച്ചു് അവൾ താരാനാഥനെ പിരിഞ്ഞുപോകാൻ നിർബന്ധയാണു്. അങ്ങനെയിരിക്കെ ഒരനാശാസ്യഘട്ടത്തിൽ സഹോദരിനിർവ്വിശേഷംസ്നേഹിച്ചു സഹായിച്ച ഒരു മഹതിയുടെ അപേക്ഷാനുസരണം ചില മണിക്കൂറുകൾക്കുമുമ്പു് ആ വേർപാടിനു വഴിപ്പെട്ടതിൽ വലിയ ഖേദത്തിനു വകയുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഖേദം, അതും ദുസ്സഹമായവിധത്തിൽ അവളെ ബാധിച്ചിട്ടുണ്ടു്. അതിനുകാരണമെന്താവാം? പറയാം; സരസ്വതി അസാമാന്യസൌന്ദര്യവതിയും താരാനാഥനിൽ അതിരറ്റ അനുരാഗമുള്ള ഒരു

തരുണിയുമാണു്. ഈ സ്ത്രീ താരാനാഥനെക്കാൾ അംബിക അറിഞ്ഞിട്ടുണ്ടു്. താരാനാഥനെ പാട്ടിലാക്കാൻ അവൾ സർവ്വാത്മനാ ശ്രമിക്കുന്നുണ്ടെന്നു് അംബിക മനസ്സിലാക്കിയിട്ടുണ്ടു്. തന്റെ സാന്നിദ്ധ്യം അതിനു പ്രതിബന്ധകമാണെന്നു കരുതിയായിരിക്കാം താൻ പിരിഞ്ഞുപോകണമെന്നു സരസ്വതി ആവശ്യപ്പെട്ടതെന്നു അവൾ ഊഹിച്ചു. അതോടുകൂടി അവളുടെ ഹൃദയം പരിതപ്തമായി. അത്രമാത്രമോ? തന്റെ കാമുകനെ കൈവശമാക്കാൻ ശ്രമിക്കുന്ന യുവതി ഒരു ഘാതകിയുമാണല്ലോ എന്നോർത്തപ്പോൾ പരിതപ്തമായ ആ മൃദുലഹൃദയം ഭസ്മസാൽക്കരിക്കപ്പെട്ടു. ഹൃദയനഷ്ടയായ ആ യുവതി ജീവച്ഛവമായി ഭവിക്കുകയുംചെയ്തു.

കിഴക്കു കുട്ടിസ്രാമ്പ്രന്റെ ചെങ്കൽത്തിരുകലം വീശിത്തുടങ്ങിയനിമിഷത്തിൽ അംബികേശൻ താരാനാഥസന്നിധിയിലേയ്ക്കു നടന്നു. താരാനാഥൻ കുതിരപ്പുറയിൽ തങ്ങളുടെ ആശാങ്കളുടെ ക്ഷേമത്തെ ആരാഞ്ഞുകൊണ്ടു നിൽക്കുകയായിരുന്നു. അംബികേശനെക്കണ്ട ഉടനെ അയാൾ സുസ്മേരവദനനായി പുറത്തുവന്നു പറഞ്ഞതാവിതു്: "സുഹൃത്തിലകമേ! സുഖംതന്നെയോ?—അഥവാ താങ്കൾക്കു എന്തൊരുസുഖമാണു്? ഒരുനിമിഷനേരത്തേക്കെങ്കിലും, അഴിച്ചുവയ്ക്കാതെ രാപ്പകൽ ഈ ഇരുമ്പുചട്ട ധരിച്ചുംകൊണ്ടിരിക്കുന്ന നിങ്ങൾക്കും സുഖത്തിനും വല്ലസംബന്ധവുമുണ്ടോ? എന്നാൽ ഈ ദുർവ്വഹമായഭാരത്താൽ ക്ലേശിക്കുന്ന ശരീരത്തിനും അവിച്ഛിന്നമായ ശരീരസമ്പർക്കത്താൽ പീഡിക്കുന്ന ഈ കവചാദികൾക്കും വിശ്രമം ലഭിക്കാനുള്ളസന്ദർഭം ആഗതമിരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്. എങ്കിലും നമ്മൾ പിരിയേണ്ടിവരുന്നതിൽ ഖേദവുമുണ്ടു്.

അംബികേശൻ:—വേർപാടിനുള്ള മുഹൂർത്തം ഇതുതന്നെയാണു്. ഞാൻ യാത്രപറവാനായിട്ടാണു് ഇങ്ങോട്ടുവന്നതു്. ഇവിടെവച്ചു നമുക്കു പിരിയാം. നമ്മുടെ അവസാനസന്ദർശനവും ഇതായി ഭവിക്കട്ടെ!

താരാനാഥൻ:—എന്തു്? അവസാനസന്ദർശനമോ? സുഹൃത്തമനായ താങ്കളെ ഇനി ഒരിക്കലും സന്ദർശിക്കാൻ സാധിക്കുകയില്ലേ? മാത്രമല്ല, കല്പകക്കോട്ടയുടെ അടുത്തുചെല്ലുമ്പോൾ പിരിയേണ്ടിവരുമെന്നാണല്ലോ പറഞ്ഞിരുന്നതു്? കല്പകക്കോട്ടയ്ക്കു് ഇനിയും വളരെദൂരത്തെ വഴിയുണ്ടല്ലോ? പിന്നെന്തിനാണു ഇവിടെവച്ചു പിരിഞ്ഞുപോകുന്നതു്?

അംബികേശൻ:—മാന്യരേ! എന്നെസ്സംബന്ധിച്ചു പല രഹസ്യങ്ങളുമുണ്ടെന്നു കഴിഞ്ഞ രണ്ടുമൂന്നുദിവസത്തെ എന്റെപെരുമാറ്റംകൊണ്ടുതന്നെ നിങ്ങൾക്കു ഊഹിക്കാവുന്നതാണു്. അങ്ങനെയിരിക്കെ എന്തിനായിട്ടുപിരിയുന്നു എന്നുംമറ്റും ചോദി

ച്ചാൽ എനിക്ക എന്താണ സമാധാനമുള്ളത്? ദയചെയ്തു അപ്രകാരമുള്ള ചോദ്യങ്ങളെക്കൊണ്ട് എന്റെ മനസ്സിനെ വിഷമിപ്പിക്കരുതെന്ന് അപേക്ഷയുണ്ട്.

താരാനാഥൻ:—ഇല്ലില്ല; ഞാൻ സമ്മതിക്കയില്ല. ഇപ്പോൾ പിരിഞ്ഞു പോകാൻ ഞാൻ അനുവദിക്കുകയില്ല. എന്റെ സഹോദരനെക്കാൾ സ്നേഹഭാജനമായിരിക്കുന്ന താങ്കളുടെ വസ്തുസ്ഥിതികൾ എന്നെ ധരിപ്പിക്കാമെന്ന പറഞ്ഞിരുന്നതിനെ അവഗണിച്ചും അത്യനിശ്ചയത്തിനു വിപരീതമായും പിരിഞ്ഞുപോകുന്നതുമോ? എന്തൊരത്ഥമാണ് ഈ അപേക്ഷയ്ക്ക്?

അംബികേശൻ:—മാന്യരേ! അങ്ങനെ നിർബന്ധിക്കരുത്. എന്റെ അത്യനിശ്ചയത്തെയും പ്രതിജ്ഞയെയും ലംഘിക്കാൻ ഞാൻ നിർബദ്ധനായി ഭവിച്ചിരിക്കുന്നു. എന്റെ പേരിൽ താങ്കൾക്കുണ്ടെന്നു പറയുന്ന ആ സ്നേഹത്തെ ഓർത്ത് എന്നെ നിർബന്ധിക്കാതിരിക്കണമെന്നു പ്രാർത്ഥിക്കുന്നു. അവസാനസന്ദർശനമാണെന്നു ഞാൻ പറഞ്ഞതു് അലംഘനീയങ്ങളായ കാരണങ്ങളെക്കൊണ്ടാണ്. എന്നിരിക്കിലും ഈശ്വരനിശ്ചയമെന്താണെന്നു നമുക്കാർക്കും തിട്ടപ്പെടുത്താവുന്നതല്ലല്ലോ. കടലിനെ കരയാക്കാനും കരയെ കടലാക്കാനും കഴിവുള്ള ആ കമലാകാന്തൻ കനിഞ്ഞാൽ നമുക്കിനിയും കണ്ടുകൊള്ളാം. അതിനിടയായാൽ ജീവാവസാനം നമുക്കു പിരിയേണ്ടിവരികയുമില്ലെന്നു വിശ്വസിക്കുക.

താരാനാഥൻ:—ശരി, താങ്കൾക്കു ഇഷ്ടമതാണെങ്കിൽ ഞാൻ തടയുന്നില്ല. എന്നാൽ എന്റെ ഒരു ഇഷ്ടത്തിനു നിങ്ങളും അനുകൂലിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ എന്നെ പലേ പ്രകാരത്തിൽ സഹായിക്കുകയും എന്റെ ജീവനെ രക്ഷിക്കുകയുമെന്നെയും ചെയ്തിട്ടുണ്ടല്ലോ. അതിനു തക്കതായ പ്രത്യുപകാരം ചെയ്യുക മനുഷ്യസാധ്യമല്ലെങ്കിലും നിങ്ങൾ എന്തെങ്കിലും ഒരു സഹായം എന്നോടു് അത്യാവശ്യപ്പെടണമെന്നാണ് എന്റെ അപേക്ഷ. നിങ്ങൾ നിർധനനാണെന്ന് അത്യമേ സമ്മതിച്ചിട്ടുണ്ട്. എനിക്കാണെങ്കിൽ കൈയും കണക്കുമില്ലാത്ത ധനമുണ്ട്. എന്റെ ധനത്തെ തിട്ടപ്പെടുത്താവുന്നതല്ല. ഈ ഭാരതഖണ്ഡത്തിൽ എന്നെക്കാൾ ധനികനായ ഒരു രാജാവുപോലുമില്ല. എന്താണ നിങ്ങളുടെ ആഗ്രഹം?

അംബികേശൻ:—പ്രഭോ! എനിക്ക വലിയ പണംകൊണ്ടാവശ്യമില്ല. പണത്തിൽ എനിക്ക ബഹുമാനമില്ല. അറിവിനെ അല്ലാതെ പണത്തെ ബഹുമാനിക്കുന്നതു് മൗഢ്യമാണെ

ന്നാണു എന്റെ താഴ്മയായ അഭിപ്രായം. മിതമായ ആവശ്യങ്ങളെ നിവർത്തിക്കാനുള്ള പണമേ ഒരു മനുഷ്യനു വേണ്ടതുള്ളൂ. ഓരോ മനുഷ്യന്റെയും മിതമായ ആവശ്യങ്ങൾക്കുവേണ്ട പണമേ ദൈവം ലോകത്തിനു നല്കിയിട്ടുള്ളൂ. ലോകത്തിലെ സകല പണവും ഒന്നിച്ചുകൂട്ടിയിട്ടു എല്ലാ മനുഷ്യർക്കുമായി ഓരോരുവന്റെ മിതമായ ആവശ്യങ്ങൾക്കായിട്ടു വീതിച്ചുകൊടുത്താൽ ഒരാറ പൈസയെങ്കിലും ബാക്കിയുണ്ടായിരിക്കുകയില്ല. അങ്ങനെവരുമ്പോൾ, ധനികന്മാരെന്നു പറയുന്നവർ അവരുടെ മിതമായ ആവശ്യങ്ങളെക്കവിഞ്ഞു ചെലവുചെയ്യുന്നതും കെട്ടിവച്ചു സൂക്ഷിക്കുന്നതുമായ പണങ്ങൾ, പണമില്ലാതെ പട്ടിണികിടക്കുന്ന സാധുക്കളുടെ വകയാണെന്നു വെളിവാകും. ആ സാധുക്കൾ പട്ടിണികിടക്കുന്നതോറും അതിന്റെ പാപം പണക്കാരെ ബാധിക്കുകയായിരിക്കും. ഏതൊരു സ്ഥലത്തെ അഗതികൾ പട്ടിണികിടക്കുന്നുവോ ആ സ്ഥലത്തെ പണക്കാരെയായിരിക്കും ആ പാപം ബാധിക്കുന്നതു്. ആ പാപം അവർ അനുഭവിക്കുകതന്നെ വേണം. കേൾക്കുക! ഏതൊരു പണക്കാരന്റെ പണമാണു് നിലനിന്നുകണ്ടിട്ടുള്ളതു്? ഒരിക്കൽപണക്കാരനായിരുന്നവൻ പിന്നൊരിക്കൽനിർദ്ധനനായി കാണപ്പെടുമെന്നുള്ളതു നിശ്ചയമാണു്. അവന്റെ കാലത്തല്ലെങ്കിലവന്റെ സന്തതിയുടെകാലത്തെങ്കിലും അ പണം നശിക്കും. അന്നു് ആ സന്തതി ദാരിദ്ര്യക്ലേശം അനുഭവിക്കുമ്പോൾ അതിൽ പങ്കുകൊണ്ടു തന്റെ പാപം തുലയ്ക്കാനായി ആ പണക്കാരൻ ആ കുടുംബത്തിൽ വീണ്ടും ജനിക്കും. ഇതാണു ലോകരഹസ്യം. ഈ രഹസ്യം എനിക്കു മനസ്സിലായിട്ടുടങ്ങിയകാലംമുതൽ പണത്തിൽ എനിക്കു ആശയില്ല. ജീവിതകാര്യം നിർവ്വഹിക്കാനായി മിതമായ ആവശ്യങ്ങൾക്കു വേണ്ട പണം കൈകാര്യം ചെയ്യണമെന്നേ എനിക്കു ഉദ്ദേശമുള്ളൂ. പ്രഭോ! ഇതുംകൊണ്ടു താങ്കളുടെ മഹാമനസ്കതയിൽ എനിക്കു അനാദരമാണുള്ളതെന്നു തെറ്റിദ്ധരിക്കരുതേ! എന്തെങ്കിലും ഒരു സഹായം ചെയ്യുന്നതാരാമെന്നുണ്ടെങ്കിൽ, എനിക്കു കയറിവരാനായിത്തന്ന അങ്ങയുടെ കുതിരയെ എനിക്കായി വിട്ടുതരണമെന്നു ഒരപേക്ഷയുണ്ടു്. അതു് മുമ്പേതന്നെ താങ്കളോടു് ആവശ്യപ്പെടണമെന്നു് ഞാൻ കരുതിയിരുന്നതുമാണു്.

അംബുകേശന്റെ സമാധാനം കണക്കിനുപറഞ്ഞു. താൻ ഒരു പണക്കാരനാണെന്നു പറയേണ്ടിയില്ലായിരുന്നു എന്നുപോലും

താരാനാഥനു തോന്നി. കാശ്മീരയാത്രയിൽ ഇപ്രകാരം ഒരു സങ്കോചത്തിനു് ഇടയായിട്ടില്ലെന്നും ഇതു തന്റെ വിചാരഹീനതയുടെ ഒരു ശിക്ഷയാണെന്നും താരാനാഥൻ സങ്കല്പിച്ചു എന്നാൽ അതേ നിമിഷത്തിൽത്തന്നെ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരു ചാരിതാർത്ഥ്യവും അയാൾക്കുണ്ടായി. അജ്ഞാതകുലീനയായ തന്റെ സുഹൃത്തമൻ, കേവലം ഒരു യുവാവീരൻ മാത്രമല്ല, അഭിജ്ഞനായ ഒരു മാന്യൻക്കൂടിയാണെന്നു് ഈ ധനതർപ്രസംഗത്താൽ വെളിപ്പെട്ട പ്പോൾ താരാനാഥനു് അളവറ്റ ചാരിതാർത്ഥ്യം ഉണ്ടായി. അയാൾ ആ മാന്യനായ യുവാവിനെ മനസാ അഭിനന്ദിച്ചു് അംബികേശന്റെ ഏതൊരഭിപ്രായത്തിനും വിപരീതംഭാവിക്കേണ്ടെന്നു നിശ്ചയിച്ചു.

താരാനാഥൻ:—താങ്കൾ ഏതൊരു നിമിഷത്തിൽ ആ കുതിരയിൽ കയറിയോ ആ നിമിഷംമുതൽ അതു നിങ്ങളുടെ സ്വന്തമായിരിക്കുകയാണു്.

അംബികേശൻ ഏതാനുംനിമിഷം ചിന്താഭാരത്താൽ നമ്രശിരസ്കനായി നിലകൊണ്ടു. അയാളുടെ ഉള്ളിലെ വിഷാദം മുഖത്തു നിഴൽ വീശി. "മാന്യസുഹൃത്തേ! ഒരു വലുതായ വിഷാദം നിങ്ങളുടെ മനസ്സിനെ ബാധിച്ചിരിക്കുന്നതായി തോന്നുന്നു. അതു് എന്താണെന്നു് എന്നോടു പറയുന്നതിൽ വൈമനസ്യമുണ്ടോ?" എന്നു താരാനാഥൻ ചോദിച്ചു.

ഈ സമയത്തു് പ്രേതയക്ഷി, സുരാവിമലകളോടുകൂടി അവിടെ ആഗതയായി. "അതുകണ്ടു്, ഈ സ്ത്രീ സരസ്വതീദേവിയുടെ സഹോദരിയല്ലേ?" എന്നു് അംബികേശൻ താരാനാഥനോടു ചോദിച്ചു.

"അതേ; സരസ്വതിയുടെ സഹോദരി പ്രേതയക്ഷിയാണു് ഈ സ്ത്രീ. ഇപ്പോൾ ഞങ്ങളുടെ രണ്ടാളുടേയും മുമ്പിൽവച്ചു നിങ്ങൾ ആരാണെന്നും നിങ്ങളുടെ പേരെന്താണെന്നും പറയരുതേ?" എന്നു താരാനാഥൻ ചോദിച്ചു.

"പാടില്ല, പാടില്ല" എന്നു പറഞ്ഞുംകൊണ്ടു് അംബികേശൻ ലായത്തിനുവെളിയിൽ നിന്നിരുന്ന തന്റെ കുതിരയിൽ കുതിച്ചു കയറിയതും കുതിര, കാലുനാലുമിളക്കി മുന്നോട്ടുപാഞ്ഞതും ഒന്നിച്ചു കഴിഞ്ഞു.

മൂപ്പത്തൊട്ടാം അദ്ധ്യായം.

"അധികംകേളധമ്മമെപ്പാമറിവേനാസ്താമിതെല്ലാംസമുചിതമേ
തരുണിമണേ! നന്നിതുസുന്ദരി! നിൻതൊഴിൽനിണ്ണയം."

താരാനാഥനും പ്രേതയക്ഷിയും സുരുചീവിമലകളോടുക്രൂടി യാത്രപുറപ്പെട്ടു. അവർ അങ്ങനെ യാത്രചെയ്യട്ടെ. നമുക്കു് ഈ അവസരത്തിൽ, തലേന്നാൾ രാത്രിയിൽ താരാനാഥപ്രഭൃതികൾ തങ്ങിയ ആദ്യത്തെ ക്ലബ്ബിൽച്ചെന്നു് അവിടെ നടക്കാനിരിക്കുന്ന സംഭവങ്ങൾ നോക്കിക്കാണാം.

സമയം അഞ്ചുനാഴിക പുലർന്നിരിക്കും; ക്ലബ്ബുടമസ്ഥനും ഭാര്യയും തലേദിവസത്തെ ആ ശപിക്കപ്പെട്ട സംഭവത്തെ അധികരിച്ചു ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കയാണു്. ആ സമയത്തു് അശ്വാരൂഢനായ ഒരു യാത്രക്കാരൻ ക്ലബ്ബിന്റെ വാതുക്കൽ വന്നിറങ്ങി. അയാൾ ശ്രീപുരത്തുനിന്നും വരുന്ന ദൂതനാണെന്നു് ഊഹിക്കാം. അയാൾ ആപാദമസ്തകം വിയർപ്പിൽ മുഴുകിയിരിക്കുന്നു. കുതിരയുടെ അവസ്ഥയും അതുതന്നെ. ഇതിൽനിന്നും അയാളുടെ യാത്രാവേഗം മനസ്സിലാക്കാമല്ലോ. അയാൾ കറുത്ത കുപ്പായമാണു ധരിച്ചിരിക്കുന്നതു് അയാൾ മദ്ധ്യവയസ്കനാണു്. ക്ലബ്ബുടമസ്ഥൻ ഇതിനകം അയാളുടെ സമീപത്തിലെത്തി.

യാത്രക്കാരൻ ക്ലബ്ബുടമസ്ഥനോടു് ഇപ്രകാരം പറഞ്ഞു:—"ഞങ്ങൾ പത്തിരുപതുപേരുണ്ടു്. ഇവിടെ ഊണുകഴിച്ചു വിശ്രമിച്ചുംകൊണ്ടു പോകാമെന്നാണു നിശ്ചയിച്ചിട്ടുള്ളതു്. രണ്ടുമണിക്കൂറിനുള്ളിൽ ഞങ്ങൾക്കു് ആഹാരം തയ്യാറാക്കിത്തരണം. ശേഷം പേർ പിറകേവരുന്നു. ഒരുമണിക്കൂറിനകം അവർ വന്നെത്തും. ജനസഞ്ചാരം അധികമില്ലാത്ത ഈ സ്ഥലങ്ങളിലെ ക്ലബ്ബുകളിൽ പത്തിരുപതാളുകൾ ഒന്നിച്ചു പെട്ടെന്നു വന്നുകയറിയാൽ ഉടനെ ഭക്ഷണം കിട്ടി എന്നു വരുന്നതല്ല. ആ അനുഭവം ഞങ്ങൾക്കുള്ളതുകൊണ്ടു് വിവരം തെര്യപ്പെടുത്താനായി ഞാൻ മുമ്പേപോന്നതാണു്. നിങ്ങൾ എന്തു പറയുന്നു? സാധിക്കുമോ ചോറുതരാൻ?"

ക്ലബ്ബുടമസ്ഥൻ:—സാധിക്കാത്തതെന്തുകൊണ്ടു്? നിങ്ങൾ സൂക്ഷ്മം എത്രപേരുണ്ടായിരിക്കും?

യാത്രക്കാരൻ:—ഞങ്ങൾ ഇരുപത്തിനാലുപേരോളമുണ്ടു്. ഈ ഇരുപത്തിനാലുപേർക്കും രണ്ടുമണിക്കൂറിനകം ചോറുകാലമാവണം.

ക്ലബ്ബുടമസ്ഥൻ:—നിങ്ങൾ കച്ചവടസംഘക്കാരോമറേറാആണോ?

യാത്രക്കാരൻ:—അതൊക്കെ നിങ്ങൾ എന്തിനായിട്ടു് അന്വേഷിക്കുന്നു?

ക്ലബ്ബുടമസ്ഥൻ:—യോഗ്യന്മാക്കുമാത്രമേ ഇവിടെ പ്രവേശനമുള്ളൂ. നല്ല ആളുകളല്ലെന്നു കണ്ടാൽ ഞങ്ങളം ഇവിടെ സ്ഥലംകൊടുക്കുകയില്ലെന്നാണു് ഇന്നലേമുതൽ നിശ്ചയിച്ചിരിക്കുന്നതു്.

യാത്രക്കാരൻ:—ഇന്നലത്തേയ്ക്കുമുമ്പു് അയോഗ്യന്മാക്കും പ്രവേശനംകൊടുത്തിരുന്നുവോ?

ക്ലബ്ബുടമസ്ഥൻ:—എന്നല്ല, വരുന്നവരുടെ സ്ഥിതിഗതികളെപ്പറ്റി അന്വേഷിക്കാതെ ആർക്കും ഭക്ഷണം കൊടുത്തുകൊണ്ടിരുന്നു.

യാത്രക്കാരൻ:—അതുനിമിത്തം ഇന്നലെ എന്തുപറ്റി?

ക്ലബ്ബുടമസ്ഥൻ:—ഒന്നും പറ്റിയിട്ടല്ല, ഇന്നലെമുതൽ ഇങ്ങനെ ഒരു പുതിയ ഏർപ്പാടുവച്ചു എന്നേയുള്ളൂ.

യാത്രക്കാരൻ:—ഹെയ്! അതു കള്ളം; നടപ്പിലിരുന്ന ഒരേർപ്പാടിനെ പെട്ടെന്നു മാറ്റി ഒരു പുതിയ ഏർപ്പാടു് നടപ്പാക്കണമെങ്കിൽ എന്തെങ്കിലും തക്കതായകാരണം ഉണ്ടായിരിക്കണമല്ലോ.

ക്ലബ്ബുടമസ്ഥൻ:—ഉണ്ടായിരിക്കയോ ഇല്ലാതിരിക്കയോ ചെയ്യട്ടെ. നിങ്ങൾക്കു് അതറിഞ്ഞിട്ടു എന്തുവേണം?

യാത്രക്കാരൻ:—ഒന്നും വേണ്ടിയിട്ടല്ല; അതെന്നിക്കു അറിയണമെന്നുമാത്രം

ക്ലബ്ബുടമസ്ഥൻ:—ശ്ശോ! ഇതെന്തൊരു ഉപദ്രവമാണു്. എന്റെ ക്ലബ്ബിലെ സംഗതികളൊക്കെ നിങ്ങളെ അറിയിക്കണോ? ഏതായാലും നിങ്ങൾക്കു ഇവിടെ ചോറില്ല; ഒന്നുകൊണ്ടറിയണം രണ്ടിന്റെ ബലാബലം. ഇരുപത്തിനാലിൽ ഒന്നു ഇത്തരത്തിലാണെങ്കിൽ ബാക്കി ഇരുപത്തിമൂന്നും എത്തരത്തിലായിരിക്കണം. വേണ്ട; ഞങ്ങൾക്കു് ഈ ആട്ടായം വേണ്ടാ.

യാത്രക്കാരൻ:—നിങ്ങൾ ഇത്ര ദേഷ്യക്കാരനാണെന്നു ഞാൻ അറിഞ്ഞില്ല. ഒരു സൗമ്യതയുമുള്ള മനുഷ്യനാണെന്നാണു വിചാരിച്ചതു്. കേട്ടോ, ക്ലബ്ബുമാനേജരേ! മുഷിയണ്ടാ.

ക്ലബ്ബുടമസ്ഥൻ:—ഇല്ല, ഇന്നിവിടെ കച്ചവടമില്ല. എനിക്കു കോട്ടം കച്ചേരിയുമൊന്നും കേറാൻവയ്യാ. നിങ്ങൾ വേറേ അന്വേഷിക്കണം.

യാത്രക്കാരൻ:—ഹെയ്! അങ്ങനെ കലഹിച്ചുപോകരുതു്! നില്ലൂ ണം, പറയട്ടെ! ഞങ്ങൾ, നിങ്ങൾ ഉദ്ദേശിക്കുന്ന തരക്കാരൊന്നുമല്ല. ഞങ്ങൾ മാന്യന്മാരാണു്. ഞങ്ങളുടെ നായകൻ വലിയ ധനസ്ഥിതിയുള്ള ആളാണു്. അടുത്തുള്ള ഒരു നാട്ടിൽ ഒരു പ്രേതത്തെ അടക്കം ചെയ്യാനായി കൊണ്ടുപോകുന്നവ

രാണെ ഞങ്ങൾം. അല്ലാതെ കച്ചവടസംഘക്കാരും കള്ളന്മാരുമൊന്നുമല്ല.

ക്ലബ്ബുടമസ്ഥൻ:—എന്തു്? പ്രേതമോ? അവർ പ്രേതവുംകൊണ്ടാണോ വരുന്നതു്? ശിക്ഷയായി! ങ്ഹാ! ഇവിടെത്തയാരില്ല നിങ്ങൾക്കു ചോദ്യംചെയ്യാൻ.

യാത്രക്കാരൻ നാലഞ്ചു വെള്ളിനാണയം കീശയിൽനിന്നും കൈയിലെടുത്തുംകൊണ്ടിങ്ങനെ പറഞ്ഞു:—"നിങ്ങൾം എന്താണിങ്ങനെ ഒക്കെ കാണിക്കുന്നതു്? നിങ്ങളെപ്പോലുള്ള യോഗ്യന്മാർ ഉപകാരശീലന്മാരല്ലേ? ഞങ്ങളെപ്പോലുള്ള നിസ്സഹായികളെ സഹായിക്കേണ്ട മാന്യന്മാരല്ലേ നിങ്ങൾം? കൊള്ളാം! നിങ്ങളാണോ ഇങ്ങനെയൊക്കെപ്പറയേണ്ടതു? പ്രേതത്തെ കൊണ്ടുവന്നാൽ നിങ്ങൾക്കു് നഷ്ടമെന്തു്? വളരെ ഭദ്രമായിട്ടു പെട്ടിയിലടക്കി പച്ചപ്പല്ലക്കിൽ കയറ്റിക്കൊണ്ടുവരുന്ന ആ പ്രേതം ഏതാളിന്റെതാണെന്നറിയാമോ? പല്ലക്കിൽ പതിച്ചിരിക്കുന്നതു നവരത്നമാണെന്നു പറഞ്ഞാൽ ആ പ്രേതത്തിന്റെ മാഹാത്മ്യം ഊഹിച്ചുകൂടേ? അതു വലിയ മാഹാത്മ്യമൊന്നുമില്ലെങ്കിൽ മരിച്ചുസ്ഥലത്തുതന്നെ അടക്കാനും വേണ്ടിയല്ലേ ഉള്ളു? നിങ്ങൾം ഒന്നും സംശയിക്കണ്ടാ. പ്രേതത്തെ അകത്തു കൊണ്ടുവരികയില്ല. ഞങ്ങൾം എല്ലാവരും കൂടിച്ചു അതുദ്യാനംമാറി ഊണിനു വന്നുകൊള്ളാം. ഇതാ, ഇതു കൈയിൽവാങ്ങിക്കുക! ഊണിനു ചാർജ്ജു വേറേതന്നുകൊള്ളാം; ഊണു വെടിപ്പായിരിക്കണം"

വെളുത്തനാണയം കണ്ടപ്പോൾത്തന്നെ ക്ലബ്ബുടമസ്ഥന്റെ മനസ്സു സമ്മതിച്ചുകഴിഞ്ഞു; അതുകൈയിൽ കിട്ടിയപ്പോഴത്തെക്കഥ പറയാനുമില്ല. അയാൾം ഇങ്ങനെ പറഞ്ഞു:—"നിങ്ങൾം വലിയ പ്രഭുക്കന്മാരാണു്. ഊണു നന്നായില്ലെങ്കിൽ നിങ്ങൾക്കു പിടിക്കുകയില്ല. അതുകൊണ്ടു് അല്പംതാമസംനേരിട്ടാലും നിങ്ങൾം ക്ഷമിക്കണം. കഴിയുന്നതു് എളുപ്പത്തിൽ തയാറാക്കാൻ ഞാൻ ശ്രമിക്കാം. താമസിച്ചുപോയാൽ വഴക്കുപറയരുതെന്നേയുള്ളു. ഭക്ഷണത്തിന്റെ കാര്യത്തിൽ എന്നെ നിങ്ങൾം കുറ്റപ്പെടുത്തുകയില്ലെന്നു എനിക്കു ധൈര്യമുണ്ടു്. ഊണുകഴിഞ്ഞാൽ ഇത്രസുഖമായ ഊണു നിങ്ങൾം ഉണ്ടിട്ടില്ലെന്നു തലകുലുക്കിസമ്മതിക്കും. കേൾക്കുക! കാശിൽ എനിക്കു കൊതിയില്ല. കാര്യം ഇന്നു വരും, നാളെപ്പോകും. നിങ്ങളെപ്പോലെയുള്ള മാന്യന്മാരുടെ സന്തോഷമാണു് എന്റെ സമ്പാദ്യം. ആ ഒരു സമ്പാദ്യം എനിക്കു ധാരാളമായിട്ടുണ്ടു്. ഒരുപ്രാവശ്യം എന്റെ ക്ലബ്ബിൽനിന്നും ഊണുകഴിച്ചിട്ടുള്ള ആരെങ്കിലും ഈ വഴി പോയാൽ എന്റെ ക്ലബ്ബിൽ കയറി ഊണുകഴിക്കാതിരിക്കയില്ല."

ക്ലബ്ബുടമസ്ഥൻ ഭാര്യയെയും കുട്ടിക്കൊണ്ടു പാചകമുറിയിലേയ്ക്കുപോയി. മണിക്കൂർ രണ്ടുകഴിഞ്ഞു; ശവപ്പല്ലക്കും സംഘവും ക്ലബ്ബിനെ സമീപിച്ചു. എല്ലാവരും കുതിരപ്പുറത്താണായാത്ര. സംഘത്തിന്റെ മുമ്പിൽ കറുത്ത നെടുങ്കുപ്പായവും മൂടുപടവും ധരിച്ച ഒരു സ്ത്രീയാണു കാണപ്പെട്ടത്. ആ സ്ത്രീയുടെ വലത്തുഭാഗത്തായി അല്പംപിറകോട്ടുമാറി ഇരുമ്പുചട്ടധരിച്ച രണ്ടു ഭടന്മാർ സഞ്ചരിക്കുന്നു. ഇടത്തുവശത്തു വൈദികമതാനുസാരിയായ ഒരു സന്യാസിയാണു്. വേഷഭ്രഷ്ടാടികളാൽ അദ്ദേഹം ഒരു സന്യാസിയാണെന്നു വെളിപ്പെടുന്നുണ്ടെങ്കിലും നേത്തമുഖപടംധരിച്ചിരിക്കുന്നതിനാൽ ഇന്നാരാണെന്നു മനസ്സിലാകുന്നില്ല. ഈ നാലുപേരുടെയും പിറകിലായി നാലുയുവതികളും അവരുടെ പിന്നാലെ നാലുയുവാക്കന്മാരുമുണ്ടു്. ഈ യുവതികളും ഒരേപ്രകാരത്തിലുള്ള വസ്ത്രമാണു ധരിച്ചിരിക്കുന്നതു്. യുവാക്കന്മാരുടെ അവസ്ഥയും അതുതന്നെ. യുവാക്കന്മാരുടെ പിന്നിലായി നാലു കുതിരകളെപ്പൂട്ടിയ ഒരു പല്ലക്കു കാണപ്പെടുന്നു. അതിലാണു ശവപ്പെട്ടി വച്ചിരിക്കുന്നതു്. കുതിരകളെ നയിക്കാൻ പല്ലക്കിന്റെ മുൻഭാഗത്തു രണ്ടാളുണ്ടു്. രണ്ടുപേർ പല്ലക്കിന്റെ രണ്ടുവശത്തായി കാണപ്പെടുന്നു. ഇവർ രണ്ടുപേരും ഊന്മകളാണു്. പല്ലക്കിന്റെ പിറകിൽ എട്ടു ഭടന്മാർ ഊരിപ്പിടിച്ച വാളോടുകൂടി സഞ്ചരിക്കുന്നു. ഇങ്ങനെ ഇരുപത്തിനാലുപേർ ആ സംഘത്തിലുണ്ടു്

സംഘം ക്ലബ്ബിന്റെ വാതുക്കൽ എത്തി. എല്ലാവരും കുതിരപ്പുറത്തുനിന്നും ഇറങ്ങി അത്യാദരമായി ഊണു ശട്ടംകെട്ടാൻ വന്നിരുന്ന ഭടൻ മുൻകൂട്ടി ഏർപ്പാടുചെയ്തിരുന്നമുറികളിൽ പ്രവേശിച്ചു. ഓരോരുത്തക്കും യഥായോഗ്യം വേറെവേറെ വേണ്ട ഒരുക്കങ്ങളും ചെയ്തിട്ടുണ്ടായിരുന്നു. സംഘത്തിന്റെ മുമ്പിൽ കാണപ്പെട്ടസ്ത്രീയെ സന്യാസി വിനയബഹുമാനപൂർവ്വം കൂട്ടിക്കൊണ്ടുപോയി ഒരു പ്രത്യേകമുറിയിൽ അത്തിയുംവച്ചു മടങ്ങിപ്പോയി. സന്യാസിയുടെ വിനയപ്രകടനം, ആ മഹതിയുടെ ആഭിജാത്യത്തെയും ബഹുമാന്യതയെയും വെളിപ്പെടുത്തുന്നു. സന്യാസിയുടെയും മറ്റും പിറകിൽ വന്ന നാലു യുവതികളും ആ മുറിയിലാണുപ്രവേശിച്ചതു്. അവർ ആ മാന്യയുടെ പരിചാരികമാരാണു്. മുറിക്കകത്തു മനോഹരമായി സജ്ജീകരിച്ചിരുന്നതല്പത്തിൽ ആ ബഹുമാന്യയായ സ്ത്രീ വിശ്രമാർത്ഥം ശയിച്ചു.

ക്ലബ്ബുകാരന്റെ ഭാര്യ ആ മുറിയുടെ വാതുക്കൽച്ചെന്നു്, ആജ്ഞാകിങ്കരികളായ ആ യുവതികളിൽ ഒരുത്തിയോടു്, "അമ്മേ! നിങ്ങളുടെ സുഖസൗകര്യങ്ങൾക്കു് എന്തെങ്കിലും ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഞാൻ അതു സാധിച്ചുതരാം" എന്നു പറഞ്ഞു.

"ഇപ്പോൾ ഞങ്ങൾക്ക് അത്യാവശ്യമായിട്ട് യാതൊന്നുമില്ല. യാത്രാക്ലേശത്താൽ ഞങ്ങളുടെ സ്വാമിനിക്ക് അല്പം ക്ഷീണം തട്ടിയിട്ടുണ്ട്. കുറേക്കിടന്ന് ഉറങ്ങുന്നതുകൊണ്ട് അതു മാറിക്കൊള്ളും. ഞങ്ങൾക്ക് ഇപ്പോൾ വേണ്ടത് ഇവിടെ കുറച്ചുനേരം കൂടി താമസിക്കുവാനുള്ള അനുവാദമാണ്. ഭക്ഷണകാലമായാൽ പകരം ഇങ്ങോട്ടുകൊണ്ടുപോരണം. ഞങ്ങൾക്കും ഞങ്ങളുടെ സ്വാമിനിയും ഈ മുറിയിലിരുന്ന് ഭക്ഷണംകഴിച്ചുകൊള്ളാം" എന്ന് യുവതി സമാധാനംപറഞ്ഞു.

ഈ സംസാരമൊന്നും, ആ പൂജ്യസ്ത്രീ കേൾക്കുന്നുണ്ടായിരുന്നില്ല. ദുഃഖാക്രാന്തമായ അവരുടെ മനസ്സ് ശ്രവണേന്ദ്രിയത്തിന്റെ പ്രവൃത്തിയെ പ്രതിബന്ധിച്ചിരിക്കുന്നു. മനസ്സിന്റെ വികാരം മുഖത്തു പ്രതിഫലിക്കുന്നു. സ്വേച്ഛാനുസരണം നിസ്സാരമായകാര്യങ്ങളിൽപ്പോലും യാതൊന്നും പ്രവർത്തിക്കാൻ ശക്തിയില്ലാത്തവണ്ണം ഒരു നിർഭാഗ്യനിഷ്ഠുരശക്തി ആ സ്ത്രീയെ കീഴ്പ്പെടുത്തിയിരിക്കുന്നുവെന്നും ആ ശക്തിയുടെ നിയന്ത്രണഫലമാണ് ഈ യാത്രയെന്നും തൻമൂലം ദുസ്സഹമായ വേദന ആ സ്ത്രീ അനുഭവിക്കുന്നുണ്ടെന്നും സൂക്ഷ്മഗ്രാഹികൾക്ക് ആ മുഖത്തുനിന്നും മനസ്സിലാക്കാം. പലപ്രകാരത്തിലുള്ള ആൾക്കാരോട് ഇടപെട്ട് ധാരാളം ലോകപരിചയം സമ്പാദിച്ചിട്ടുള്ള ക്ലബ്ബുകാരന്റെ മാത്രം ഈ വസ്തുത ഗ്രഹിക്കാതിരുന്നില്ല എന്നാൽ അതിനെപ്പറ്റി താൻ എന്തെങ്കിലും ചോദിക്കുന്നതു്, അനാവശ്യമാണെന്ന കരുതി അവർ തന്റെ വഴിക്കുപോയി. സന്ന്യാസിയും ഇരുമ്പുപെട്ടി ചുമന്നിരുന്ന ഭടന്മാരും ഒരു മുറിയിലാണ് താമസിയ്ക്കുന്നത്. സൈനികവേഷം ധരിച്ച ഭടന്മാർ യഥാർത്ഥത്തിൽ ഭടന്മാരല്ല. സന്ന്യാസി നമ്മുടെ നിഷ്കളാനന്ദസ്വാമികളാണെന്നു പറഞ്ഞാൽ, അവർ രണ്ടുപേരും ഉദയസേനപ്രഭയും ഗംഗാധരഭട്ടപ്രഭുവുമാണെന്നു വായനക്കാർക്കുതന്നെ അല്പം ഒന്നാലോചിച്ചാൽ മനസ്സിലാകുന്നതാണ്.

"ബഹുമാനപ്പെട്ട രാജ്ഞിക്ക് യഥായോഗ്യം വേണ്ട സൗകര്യങ്ങളും ഏർപ്പാടുത്തിക്കൊടുത്തിട്ടാണോ വരുന്നതു്?" എന്നു് ഉദയസേനപ്രഭ നിഷ്കളാനന്ദസ്വാമികളോടു ചോദിച്ചു.

"ഞാൻ മുറിയുടെ വാതുക്കൽ കൊണ്ടുചെന്നാക്കിയുംവച്ചാണു വരുന്നതു്. വേണ്ട സൗകര്യങ്ങളെല്ലാം അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഞാൻ അവളുടെ പെരുമാറ്റത്തെക്കുറിച്ചു ശ്രദ്ധിച്ചതിൽ അവർ നമ്മുടെ അധീനതയിൽനിന്നും തെറ്റിപ്പോവുകയില്ലെന്നു് എനിക്കു വിശ്വാസമുണ്ടായിരിക്കുന്നു" എന്നു നിഷ്കളാനന്ദൻ പറഞ്ഞു.

ഗംഗാധരഭട്ടപ്രഭു:—നമ്മളിൽ അവർക്കു വളരെ പകയുണ്ട്. ഇല്ലെങ്കിൽ ധവളസൗധത്തിൽ താമസിക്കാൻ അവർ ഇത്ര വെറുപ്പുകാട്ടുകയില്ല.

നിഷ്കളാനന്ദൻ:— വീൺവാക്കുകൊണ്ടു സമയം കളയണ്ടാ. അവർ നമ്മുടെ കൈയിൽ അകപ്പെട്ടിരിക്കുന്നു. കൂട്ടിലകപ്പെട്ട പക്ഷിയുടെ സ്ഥിതിയിലാണു് അവർ ഇരിക്കുന്നതു്. നമ്മെക്കവിഞ്ഞു് അവർക്കു് ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല. കാശ്മീരത്തിലെ സിംഹാസനത്തിൽ നാം അവളെ കയറിയിരുത്തിയാൽ— നമ്മുടെ ആ പ്രയത്നം ഫലപ്പെട്ടുത്തിക്കഴിഞ്ഞാൽ— നമുക്കു് അവളെ പാവകളിപ്പിക്കാം. അവളുടെയും അവളുടെ ചെങ്കോലിന്റെയും ബലത്താൽ നമ്മുടെ ഉദ്ദേശമൊക്കെ സാധിക്കാം.

ഗംഗാധരഭട്ടർ:— എല്ലാസംഗതികളും നാം വളരെ മുൻകരുതലോടുകൂടിയും ബുദ്ധിപൂർവകമായും ചെയ്യപ്പെടുത്തുവാസ്തവമാണു്. എന്നാൽ അവർ നമ്മുടെ കൈയിൽനിന്നും തെറിപ്പോയി എന്നുവരട്ടെ. നമ്മുടെ പ്രയത്നങ്ങളും ഉദ്ദേശങ്ങളും വെറും ദിവാസ്വപ്നമായിട്ടായിരിക്കും കലാശിക്കുന്നതു്. ഓമ്മയിരിക്കട്ടെ!

നിഷ്കളാനന്ദൻ:— ആ മാസിപ്പെണ്ണുങ്ങൾക്കു ഞാൻ വേണ്ട ഉൽബോധനങ്ങൾ നൽകിയിട്ടുണ്ടു്. അവർ നാലുപേരും വിശ്വസ്തകളും നന്ദിയുള്ളവരുമാണു്. മാത്രമല്ല. കല്പകക്കോട്ടയിൽ കൊണ്ടുചെന്നെത്തിക്കുവോളം രാജ്ഞി അന്യരോടു സംസാരിക്കാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം.

ഗംഗാധരഭട്ടർ:— രാജ്ഞിയെ കല്പകക്കോട്ടയിൽ കൊണ്ടുചെന്നു് എത്തിച്ചാൽ ഉടൻ കാശ്മീരത്തിന്റെ കൊടി ഉയർത്തിക്കൊണ്ടു അശോകനാഥനോടു യുദ്ധംചെയ്യുകയാണല്ലോ നമ്മുടെ കർത്തവ്യം. അശോകനാഥനേയും അവന്റെ ആൾക്കാരായ കാപിലകന്മാരെയും വേരോടെ നശിപ്പിക്കണം.

നിഷ്കളാനന്ദൻ:— അതേ, അങ്ങനെതന്നെ ചെയ്യണം രാജ്യത്തെ ഇടപ്രഭുക്കന്മാരെയും ജമിന്ദാരന്മാരെയും ഒന്നിച്ചുചേർക്കണം. നമ്മുടെ ശിഥിലമായ ശക്തിയെ പുനഃസ്ഥാപിച്ചതിനു ശേഷം, ഞാൻതന്നെ മുന്നിട്ടിറങ്ങി കാപിലകന്മാരെയും അവരുടെ നേതാവായ അശോകനാഥനെയും നശിപ്പിക്കണമെന്നു ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊള്ളാം. അശോകനാഥനുമായിട്ടുണ്ടാകാനിരിക്കുന്ന യുദ്ധത്തിൽ നമുക്കു് എളുപ്പത്തിൽ ജയം നിശ്ചയമാണു്.

ഗംഗാധരഭട്ടർ:— അപ്രകാരമുള്ള വിശ്വാസങ്ങളാൽ വെറുതേ വഞ്ചിതനാകണ്ട നമ്മുടെ കക്ഷി, ജയം സമ്പാദിക്കുമെന്നും പദ്മാവതീരാജ്ഞി സിംഹാസനത്തിൽ ആരോഹണം ചെയ്യുമെന്നുമുള്ളതിൽ സംശയമില്ല. എന്നാൽ വിജയം ക്ഷിപ്ര

സാദ്ധ്യമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ദീർഘകാലം യുദ്ധംചെയ്തു് ഒട്ടധികം രക്തംചൊരിഞ്ഞാൽമാത്രമേ നമുക്കു ജയം സിദ്ധിക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ അശോകനാഥൻ സാമാന്യനല്ല.

ഉദയസേനപ്രഭു:—നിങ്ങൾ പറയുന്നതിനെക്കാൾ സ്വാമികൾ പറയുന്നതു ശരിയെന്നാണു എനിക്കു തോന്നുന്നതു്. ജയം നമുക്കു ലഘുസാദ്ധ്യമാണു്. ലോകത്തെ ആകർഷിക്കാനും ജയിക്കാനും ശക്തിയുള്ള പണം നമ്മുടെപക്കൽ ധാരാളമുണ്ടു് പദ്മാവതിയുടെ രഹസ്യഭണ്ഡാരം നമ്മുടെ കൈവശമാണു്. പണം എത്രത്തോളം ചെലവുചെയ്യുന്നുവോ അത്രത്തോളം ഭടന്മാരെയും നമുക്കു സമ്പാദിക്കാം. പണംകൊണ്ടു സാധിക്കാൻ പ്രയാസമായി ലോകത്തിൽ എന്തെങ്കിലുമുണ്ടോ? അശോകനാഥനു പണമെവിടെ?

നിഷ്കളാനന്ദൻ:—(ഉദയസേനപ്രഭുവിനോടു്) വിശ്രമവേളകളിൽ നേരംപോക്കാനായി സംസാരിക്കുന്ന വാക്കുകൾപറഞ്ഞു വെറുതെ സമയംകളയണ്ട. നിങ്ങളുടെ മകൻ ഇപ്പോൾ കല്പകക്കോട്ടയിലുണ്ടായിരിക്കുമോ?

ഉദയസേനൻ:—അതേ, അവൻ അവിടത്തന്നേ ഉണ്ടായിരിക്കും എന്തുതന്നെ കാരണമുണ്ടായാലും അവൻ അവിടംവിട്ടുപോവുകയില്ല. ഒരുപക്ഷേ, അശോകനാഥൻ സൈന്യസമേതം പെട്ടെന്നവന്നു കല്പകക്കോട്ടയെ ആക്രമിക്കാനെളുപ്പമുണ്ടെന്നും, അങ്ങനെവന്നാൽ എതിർത്തുനില്ക്കത്തക്കവണ്ണം വേണ്ട കരുതലോടുകൂടിയിരിക്കണമെന്നും ഞാൻ അവനോടു പ്രത്യേകം ശട്ടംകെട്ടിയിട്ടുണ്ടു്.

ഗംഗാധരഗുപ്തപ്രഭു:—കല്പകക്കോട്ടയെ ആക്രമിക്കുന്നതിനു് അശോകനാഥൻ വല്ല പ്രയത്നവും ചെയ്യുന്നുണ്ടോ?

ഉദയസേനപ്രഭു:—ഇതേവരെ ഒന്നും ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്.

ഗംഗാധരഗുപ്തപ്രഭു:—രാജ്ഞിയെ കല്പകക്കോട്ടയിൽ ബഹുമാനപൂർവം സ്വാഗതംചെയ്യുന്നതിനുവേണ്ട ഒരുക്കങ്ങൾ നിർവഹിച്ചുകൊള്ളാമെന്നു ചന്ദ്രഗുപ്തപ്രഭു ഏറ്റതു് ഉചിതമായി. അദ്ദേഹം വിജയസേനനുമായി ആലോചിച്ചു സകലതും മുൻകൂട്ടി സജ്ജമാക്കാനായിട്ടാണല്ലോ മുമ്പേപോയതും. അദ്ദേഹം ഇപ്പോൾ കല്പകക്കോട്ടയിൽ എത്തിയിരിക്കണം. അതു കുതിരവളരെ വേഗമുള്ളതാണു്.

നിഷ്കളാനന്ദൻ:—അതു ഒരു കായ്ത്തിനായിട്ടുമാത്രം അദ്ദേഹം മുമ്പേപോയതാണെന്നു തെറ്റിദ്ധരിക്കണ്ട. കല്പകക്കോട്ടയിൽ

ചെന്നു വിജയസേനനെക്കണ്ടു് അവിടെ വേണ്ടതൊക്കെ ഏർപ്പാടുചെയ്തിട്ടു് സ്വന്തം സ്ഥലത്തുചെന്നു സ്വരക്ഷയ്ക്കു വേണ്ട കരുതലുകൾകൂടി ചെയ്യുന്നതിലേയ്ക്കായിട്ടാണു പോയിരിക്കുന്നതു്. അശോകനാഥൻ അദ്ദേഹത്തിന്റെ കൊട്ടാരത്തെ ആക്രമിച്ചേക്കുമെന്നു ഭയമുണ്ടു്.

ഉദയസേനപ്രഭു:—അതേ, അതു വാസ്തവമാണു്. എന്നിരുന്നാലും അദ്ദേഹം കല്പകക്കോട്ടയിലിറങ്ങി വിജയസേനനെക്കണ്ടു ശട്ടംകെട്ടാതെ പോവുകയില്ല. അദ്ദേഹത്തെ ആളറിഞ്ഞു വഴിക്കു വല്ലവരും തടയുമെന്നു സംശയിക്കേണ്ടാ. അദ്ദേഹത്തിന്റെ വേഷം കണ്ടാൽ ആർക്കും സംശയം തോന്നുകയില്ല. ഇതിനകം അദ്ദേഹം കല്പകക്കോട്ടയിലെത്തിയിരിക്കും. നമുക്കു് ഇനിയും രണ്ടിടിവസത്തെ യാത്രകഴിഞ്ഞാലേ എത്താൻ സാധിക്കുകയുള്ളൂ.

നിഷ്കളാ:—അതേ, അതുകൊണ്ടെന്തു്? താമസിക്കുന്തോറും നമ്മെ ശത്രുക്കൾ കണ്ടുപിടിച്ചുകളയുമെന്നു ഭയപ്പെടുന്നുവോ? എങ്കിൽ അതു വെറുതെ. നാം എത്ര ബുദ്ധിപൂർവ്വമായിട്ടാണു പ്രവർത്തിച്ചിരിക്കുന്നതു്. നമ്മെ ശത്രുക്കൾകണ്ടാൽ സംശയിക്കുമോ? നമ്മുടെ വേഷത്തിൽ ആർക്കും സംശയംതോന്നുകയില്ല. പോരെങ്കിൽ നാം പ്രേതത്തെ കൊണ്ടുപോകുന്നവർ. പ്രേതത്തെ അടക്കംചെയ്യാൻപോകുന്നവരെ ആരുസംശയിക്കും? എന്തിനുസംശയിക്കണം? ശവപ്പെട്ടി പണപ്പെട്ടിയാണെന്നു സ്വപ്നംകാണുമോ? കല്പകക്കോട്ടയിലെത്തുവോളം ശവപ്പെട്ടി; കോട്ടയ്ക്കകത്തായാൽ പണപ്പെട്ടി. ഞാൻ വളരെ പണിപ്പെട്ടാണു് ഈ തന്ത്രം കണ്ടുപിടിച്ചതു്. അതു കണക്കിനുപറഞ്ഞു. ഇനി നിങ്ങളാരും പേടിക്കേണ്ട. നിർബാധമായി നിങ്ങളെ എല്ലാവരെയും കല്പകക്കോട്ടയിൽ ഞാൻ കൊണ്ടെത്തിച്ചുതരാം. അവിടെച്ചെന്നിട്ടു വേണ്ടതൊക്കെ നിങ്ങൾ ശരിപ്പെടുത്തിക്കൊള്ളണം.

ഉദയസേനപ്രഭു:—അവിടുന്നു് ചെയ്തിട്ടുള്ള ഏർപ്പാടുകളെല്ലാം അഭിനന്ദനീയങ്ങളാണു്. അതിൽ സംശയമില്ല. ഇതേവരേയുള്ള നമ്മുടെ മുൻകരുതലുകൾ ഓരോന്നും ഉദ്ദേശത്തിനു് അനുകൂലമായിട്ടാണു കണ്ടുവരുന്നതു്. താരാനാഥനെന്ന ആ ശപ്പൻ അന്നു രാത്രിയിൽ ധവളസൗധത്തിൽ ആ കലക്കമുണ്ടാക്കാതിരുന്നുവെങ്കിൽ, നമ്മുടെ ഉദ്ദേശം ക്രമേക്രമേ ലഘുവിൽ സാധിക്കുമായിരുന്നു.

നിഷ്കളാനന്ദൻ:—നമ്മുടെ സംഭാഷണത്തിൽ നാം ക്രമേക്രമേ ശ്രദ്ധയുള്ളവരായിരിക്കണം. 'പകൽ പക്കംനോക്കി സംസാരി

ക്കുക' എന്നാണു് യോഗ്യന്മാർ പറഞ്ഞിട്ടുള്ളതു്. നമ്മുടെ രഹസ്യസംഭാഷണം ആരെങ്കിലും കേട്ട എന്നുവരട്ടെ; സകലതും അപകടത്തിലായതു നിശ്ചയം.

ഗംഗാധരഗുപ്തൻ:—(നിഷ്കളാനന്ദനോടു്) ഉദയസേനപ്രഭ ധവളസൗധത്തിലെ സംഭവങ്ങളെപ്പറ്റി പറഞ്ഞപ്പോളാണു് ഞാൻ ഒക്കുന്നതു്; അവിടത്തെ കൈയിലെപ്പുരുക്കു് ഏതുപ്രകാരത്തിലിരിക്കുന്നു എന്നറിവാൻ ആഗ്രഹിക്കുന്നു.

നിഷ്കളാനന്ദൻ:—ഖഡ്ഗത്താൽ ഏറ്റ ആ മുറിവു് സാരമായിട്ടുള്ള തരുപരുക്കുതന്നെയെങ്കിലും ഇപ്പോൾ കുറേഭേദമുണ്ടു്; ആ കൈ നന്നുപോലെ നിവർക്കാനും മടക്കാനും ഇതേവരെ സാധിനം കിട്ടിയിട്ടില്ലെന്നേയുള്ളു. എന്റെ കഠാരി താരാനാഥനെ കൊല്ലാഞ്ഞതുകൊണ്ടു് എനിക്കു് ഇപ്പോഴും ഖേദമുണ്ടു്. പക്ഷേ എന്നുവച്ചു് ഞാൻ നിരാശനായിട്ടില്ല. എന്നെങ്കിലും ഞാൻ അവനെ 'അംഗസ്പന്ദനം അനുഭവിപ്പിക്കും;' വെങ്കലപ്രതിമയുടെ ചലിനൽകും; ഇല്ലെങ്കിൽ എന്റെ പേർ നിഷ്കളാനന്ദനല്ല.

ഉദയസേനൻ:—ധവളസൗധത്തിലെ സംഭവം ചന്ദ്രഗുപ്തപ്രഭുവിനെ വളരെ വിഷാദിപ്പിച്ചു. ആ സംഭവം അദ്ദേഹത്തിനു പല സംശയങ്ങൾക്കും കാരണമായി. അംബികേശനെന്ന ആ ചെറുപ്പക്കാരന്റെ പ്രവൃത്തി—നമുക്കു് എന്നപോലെ അദ്ദേഹത്തിനും അത്യാശ്ചര്യത്തെ ജനിപ്പിച്ചു. കൊട്ടാരത്തിലെ തടവുമുറിയിൽനിന്നും അവൻ മൂന്നുപേരെയും വിടുവിച്ചു; അങ്ങനെചെയ്തവൻതന്നെ മൂന്നുപേരെയും ധവളസൗധത്തിലെ മുറിയിലിട്ടു പൂട്ടി. ഇങ്ങനെയുള്ള പ്രവൃത്തി ആക്കാണു് ആശ്ചര്യത്തെ വിളയിക്കാത്തതു്? അവനും താരാനാഥനും അഭേദ്യമായ സ്നേഹബന്ധമുണ്ടെന്നും താരാനാഥന്റെ നന്മയെ ഉദ്ദേശിച്ചു് അവൻ മുറി പൂട്ടിയതാണെന്നും സാമികൾ അഭിപ്രായപ്പെട്ടിട്ടും അദ്ദേഹത്തിനു വിശ്വാസമില്ല. മറേതോകാരണമുണ്ടെന്നാണു് അദ്ദേഹത്തിന്റെ സംശയം.

ഗംഗാധരഗുപ്തൻ:—അതുകൊണ്ടായിരിക്കണം, അദ്ദേഹം പത്മാവതിയുടെ സ്വാഗതപ്രകടനസജ്ജീകരണത്തിന്റെ പേരും പറഞ്ഞു കൃത്തിൽനിന്നും തെറ്റിപ്പിഴയ്ക്കാനുദ്ദേശിച്ചതു്. ഏതായാലും അദ്ദേഹം മുമ്പേപോയതു നമുക്കു ഗുണകരമാണോ?

ഉദയസേനൻ:—അതേ; ഗുണകരംതന്നെ. അതുകൊണ്ടാണു് അദ്ദേഹം പോകാമെന്നു അഭിപ്രായപ്പെട്ടപ്പോൾ ഞാൻ തടസ്സം പറയാഞ്ഞതു്. ധവളസൗധത്തിൽവച്ചുണ്ടായ സംഭവം,

അദ്ദേഹത്തിനു് ആ മാളികയെപ്പറ്റി പലസംശയങ്ങളുംജനിപ്പിച്ചിരിക്കും. അദ്ദേഹം നമ്മോടൊന്നിച്ചുണ്ടായിരുന്നാൽ ആ സംശയം ബലപ്പെടുകയുംചെയ്യും. അതിനിടയാക്കാതെ നാം സൂക്ഷിച്ചു. (നിഷ്കളാനന്ദനോടു്) അംബികേശൻ എന്ന ആ ചെറുപ്പക്കാരനെപ്പറ്റി പലേ രഹസ്യങ്ങളുണ്ടെന്നും അതൊക്കെ സാവകാശംപോലെ പറയാമെന്നും അവിടുന്ന അരുളിച്ചെയ്തിരുന്നുവല്ലോ ഇപ്പോൾ അതു വെളിപ്പെടുത്തുവാൻ സൗകര്യമാണെന്നു് തോന്നുന്നു.

നിഷ്കളാനന്ദൻ:—ഇല്ല; അതിനെപ്പറ്റി പറയാനുള്ള സൗകര്യമില്ല. ആതാ ക്ലബ്ബുടമസ്ഥൻ ഭക്ഷണം കൊണ്ടുവരുന്നു. ഊണു കഴിഞ്ഞു പുറപ്പെടാൻ നോക്കാം. അംബികേശന്റെ രഹസ്യം പിന്നീടു് വെളിപ്പെടുത്താം.

"അതേ, സ്വാമികൾ അരുളിച്ചെയ്തതു ന്യായമാണു്" എന്നു് ഗംഗാധരഭട്ടപ്രഭൃതി സ്വാമികളോടു് അനുക്രമിച്ചുപറഞ്ഞു.

ക്ലബ്ബുടമസ്ഥനും ഭാര്യയും ആഹാരസാധനങ്ങളും കൊണ്ടുവന്നു മുറിയിൽ വച്ചു മൂന്നുപേരും ആ മുറിയിൽത്തന്നെ ഭക്ഷണത്തിനിരുന്നു. ഭക്ഷണപാകം തൃപ്തികരമായി എന്നു സ്വാമികൾപോലും സമ്മതിച്ചു. ക്ലബ്ബുടമസ്ഥന്റെ പെരുമാറ്റവും സംസാരവും ഭക്ഷണത്തെക്കാൾ രുചികരമായിരുന്നു.

ഭക്ഷണാനന്തരം, മുറുക്കി വിശ്രമിച്ചുകൊണ്ടിരിക്കവെ, അവർ തമ്മിൽ വീണ്ടും ഒരു സംഭാഷണം നടന്നു.

ഉഭയസേനപ്രഭു:—സ്വാമികളേ! അന്നത്തെ ധവളസൗധത്തിലെ വിപ്ലവത്തെപ്പറ്റി നാം അല്പംമുമ്പു് സംസ്മരിച്ചുവല്ലോ. അതിനുശേഷം എനിക്കൊരു സംശയം ഇപ്പോഴാണുതോന്നുന്നതു്. നമ്മുടെ സംഘത്തിൽ ചേർന്നിരുന്ന മദനൻ എന്ന വേലക്കാരൻ താരാനാഥനോടൊന്നിച്ചു് കളിച്ചുപൊയ്ക്കളഞ്ഞുവല്ലോ. അവൻ, ധവളസൗധത്തെസംബന്ധിച്ച രഹസ്യങ്ങളും താരാനാഥനോടു പറഞ്ഞിരിക്കയില്ലേ എന്നു ഞാൻ സംശയിക്കുന്നു.

നിഷ്കളാനന്ദൻ:—മദനൻ അങ്ങനെ പറയുകയില്ല; ആ കാര്യത്തിൽ എനിക്കു ബലമായ വിശ്വാസമുണ്ടു് അവൻ ചെയ്തിട്ടുള്ളസത്യം നിസ്സാരമായിട്ടുള്ളതാണോ? ആ സത്യം ഓർക്കുമ്പോൾ അവനു നടുക്കമുണ്ടാകും. അപ്രകാരമുള്ള ഭയങ്കരപ്രതിജ്ഞയെ അവൻ ലംഘിക്കുകയില്ല. ധവളസൗധത്തിൽനിന്നും മോചിക്കണമെന്നുള്ള ആഗ്രഹം അവനു് ഉണ്ടായിരുന്നിരിക്കാം; ആ ആഗ്രഹത്തെ സാധിക്കാനായി താരാനാഥനെയും

അംബികേശനെയും അവൻ സഹായിച്ചതാണു"; അല്ലാതെ മറെറാന്നും സംശയിക്കാനില്ല.

ഉദയസേനൻ:—ഒരുപക്ഷേ, പറഞ്ഞിരുന്നാൽ?

നിഷ്കളാനന്ദൻ:—പറഞ്ഞിരുന്നാൽ വാസ്തവത്തിൽ നാം വളരെ യപ്പെട്ടുകതന്നെവേണം. എന്തുകൊണ്ടെന്നാൽ താരാനാഥനു് അശോകനാഥനോടു സ്നേഹവും ആത്മാർത്ഥതയുമുണ്ടു്. അവൻ സകലതും അശോകനാഥനെ അറിയിക്കും. അശോകനാഥൻ ആ മാതൃയിൽ ധവളസൌധവും കുമുദിനിമന്ദിരവും ഇടിച്ചുതകർക്കും.

ഗംഗാധരഭട്ടപ്രഭു:—മദനൻ പറഞ്ഞിട്ടില്ലെങ്കിലും താരാനാഥനു് ധവളസൌധത്തെപ്പററി സംശയം ഉണ്ടായിരിക്കണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. കുമുദിനീദേവിയുടെ ആലോചനയില്ലാത്ത നടപടികളും മുമ്പേതന്നെ താരാനാഥന്റെ സംശയത്തിനു കാരണമായിട്ടുണ്ടു്. താരാനാഥൻ, തന്റെ ഭൃത്യന്മാരെ രണ്ടുപേരെയും കുമുദിനി ഏതോപ്രകാരത്തിൽ ചതിച്ചിട്ടുണ്ടെന്നും അതിനാലാണു് അവരെ കാണാനില്ലാത്തതെന്നും പ്രസ്താവിച്ചിട്ടുണ്ടു്. ആ സ്ഥിതിയിൽ കുമുദിനീദേവിയുടെ നടപടി അനാശാസ്യങ്ങളാണെന്നും അവർ ഒരു കൊലപാതകിയാണെന്നും അയാൾക്കു് എന്തുകൊണ്ടു് ഊഹിച്ചുകൂടാ?

നിഷ്കളാനന്ദൻ:—പ്രഭുവേ! നിങ്ങളുടെ ജീവിതസർവ്വസ്വമായ കുമുദിനിയെപ്പററി നിങ്ങൾതന്നെ ദുഷിക്കുന്നുവല്ലോ. (ഇതുമുതലും പറഞ്ഞു സ്വാമികൾ ഉദയസേനപ്രഭുവിന്റെയും ഗംഗാധരഭട്ടപ്രഭുവിന്റെയും മുഖത്തു മാറിമാറി കണ്ണോടിച്ചു.)

ഗംഗാധരഭട്ടൻ:—കുമുദിനീദേവിയെപ്പററി താരാനാഥനു് ഉണ്ടായിരിക്കാവുന്ന അഭിപ്രായത്തെയാണു ഞാൻ പറഞ്ഞതു്. അല്ലാതെ അവരെ ദുഷിച്ചതല്ല. താരാനാഥൻ ശ്രീപുരത്തുനിന്നും പോയി എന്നു് അവിടുന്നു് അരുളിച്ചെയ്യുന്നു അവൻ അവന്റെ ഭൃത്യന്മാരെ കണ്ടുപിടിക്കാനായിട്ടാണു ധവളസൌധത്തിൽ വന്നിരുന്നതു്. അവരെ കണ്ടുപിടിക്കാതെയും അവരുടെ അവസ്ഥ എന്താണെന്നു് അറിയാതെയും അവൻ പെട്ടെന്നു് പൊയ്ക്കളഞ്ഞതിൽ എനിക്കു് ആശ്ചര്യംതോന്നുന്നു. അവൻ പോയി എന്നു് അവിടുന്നു് അഭിപ്രായപ്പെടുന്നതു ബലമായ അറിവോടുകൂടിയാണോ?

നിഷ്കളാനന്ദൻ:—സംശയമെന്തു്? അവൻ എന്നേപോയി. ഞാൻ എന്റെ ഒരു ഭൃത്യനെ, അവന്റെ നടപടികളെപ്പററി ശ്രദ്ധമായി ശ്രദ്ധിച്ചുകൊള്ളുന്നതിനു ശട്ടംകെട്ടി വരാഹസിംഹന്റെ

ക്ലബ്ബിൽ പാപ്പിച്ചിരുന്നു. അവൻമുഖേന അപ്പപ്പോൾ താരാനാഥന്റെ വിവരങ്ങൾ ഞാൻ ഗ്രഹിച്ചുവന്നു. അതുവഴിയാണു് അവന്റെ യാത്രാസംഗതിയും എനിക്കു മനസ്സിലായതു്. താരാനാഥൻ ധവളസൗധത്തിലെ രഹസ്യങ്ങൾ അറിഞ്ഞിരുന്നാലും അവൻ അതു് അശോകനാഥനോടു പറയുകയില്ല. പദ്മാവതി ധവളസൗധത്തിലുണ്ടെന്നു് അവനു് അറിയാം. അവൾ അശോകനാഥന്റെ അധീനത്തിലാകുന്നതു താരാനാഥനു് ഇഷ്ടമല്ല. ധവളസൗധത്തിലെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതു് പദ്മാവതിയെ കാട്ടിക്കൊടുക്കുന്നതിനു തുല്യമാണു്.

ഉദയസേനൻ:—ഒരുപക്ഷേ, താരാനാഥൻ ഭൃത്യന്മാരുടെ പരമാർത്ഥം അറിഞ്ഞുകൊണ്ടു് അവരെ കണ്ടുപിടിക്കാനായി പോയിരിക്കുകയാണോ എന്തോ?

നിഷ്കളാനന്ദൻ:—അങ്ങനെ സംഭവിച്ചെന്നുംവരാം. പക്ഷേ, ആ പ്രയത്നം നിഷ്ഫലമാകുകയേയുള്ളൂ.

ഉദയസേനൻ:—അവൻ ഏതുമാർഗ്ഗത്തിൽക്കൂടി പോയി എന്നറിഞ്ഞു് അവനെ നമുക്കു കണ്ടുപിടിച്ചാൽക്കൊള്ളാം.

ഗംഗാധരഭട്ടൻ —അവൻ ഇതുവഴിയാണു പോയിട്ടുള്ളതു്. അങ്ങനെ പോയിട്ടുണ്ടെങ്കിൽ ഈ ക്ലബ്ബിൽക്കയെറി ഭക്ഷണംകഴിക്കാനിടയുണ്ടു്. അതിന്റെ വാസ്തവമറിയണമെങ്കിൽ ക്ലബ്ബുകാരനോടു ചോദിച്ചാൽമതി.

നിഷ്കളാനന്ദൻ:—അതേ; നിങ്ങൾ പറഞ്ഞതു ശരിയാണു്.

"അംബികയുടെ വൃത്താന്തവും അറിയാം" എന്നു നിഷ്കളാനന്ദൻ തന്നെത്താൻ പറഞ്ഞു ശിവയോഗിനിയും താനുമായി നടത്തിയ സംഭാഷണം അംബിക അന്നു് മറഞ്ഞുനിന്നു കേട്ടിട്ടുണ്ടായിരിക്കണമെന്നും അതുനിമിത്തമാണു് അവൾ അന്നു ക്ലബ്ബിൽനിന്നും ആ രാത്രിയിൽത്തന്നെ ഓടിയതെന്നും നിഷ്കളാനന്ദൻ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. ഈ ക്ലബ്ബിൽവച്ചാണു് അന്നു് ആ സംഭവം നടന്നിട്ടുള്ളതെന്നും സംഭാഷണത്തിൽ ചില ഭാഗങ്ങളല്ലാതെ മുഴുവനും അംബിക കേട്ടിട്ടില്ലെന്നും വായനക്കാർ ഓർക്കുന്നുണ്ടായിരിക്കണം.

'അങ്ങു് എന്താണു് മനസ്സിൽ പറയുന്നതു്?' എന്നു് ഉദയസേനപ്രഭു ചോദിച്ചു.

"ഒന്നുമില്ല; ഞാൻ ചെന്ന ക്ലബ്ബുകാരനെക്കണ്ടു സംസാരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു നിഷ്കളാനന്ദൻ ക്ലബ്ബുടമസ്ഥന്റെ സമീപത്തിൽച്ചെന്നു. "സ്വാമികൾ ഇങ്ങോട്ടു് എഴുന്നള്ളാൻ കാരണമെന്തോ? എന്നെക്കൊണ്ടു വല്ലതുംസാധിക്കേണ്ടതുണ്ടെങ്കിൽ

എന്നെ അങ്ങോട്ടു വിളിപ്പിക്കാമായിരുന്നല്ലോ" എന്നു ക്ലബ്ബുകാരൻ പറഞ്ഞു.

സ്വാമികൾ:—വിശേഷിച്ചൊന്നുമില്ല. ഊണിന്റെ വട്ടങ്ങളൊക്കെ വെടിപ്പായിരുന്നു. ഒരു ക്ലബ്ബിലെ ഊണു് ഒരിക്കലും ഇത്രനന്നാവില്ല. വിശേഷിച്ചും നിങ്ങളുടെ സത്സ്വഭാവത്തിൽ നമുക്കു വളരെ സന്തോഷം തോന്നുന്നുണ്ടു്. നിങ്ങളുടെ ചാഞ്ഞുതരാനായിട്ടു് ഇങ്ങോട്ടു പോന്നുവെന്നേയുള്ളൂ. നിങ്ങൾക്കു ക്ലബ്ബുകച്ചവടത്തിൽ നല്ല ആദായം കിട്ടുന്നുണ്ടോ?

ക്ലബ്ബുകാരൻ:—സ്വാമി! ചോറുകച്ചവടത്തിൽ നമ്മുടെ ആളുകളിൽ സമ്പാദിച്ചവരാരുണ്ടു്? ഉണ്ടെങ്കിൽ അവർ പട്ടന്മാരായിരിക്കും. അക്കൂട്ടരെക്കൊണ്ടു പൊറുതിമുട്ടി. അവരുടെ ക്ലബ്ബില്ലാത്ത സ്ഥലമില്ല. നെപ്പോളിയൻ അമേരിക്കാകണ്ടു പിടിച്ചപ്പോൾ, ജനശൂന്യമായ ആ ഭ്രഖണ്ഡത്തിലും ഒരു പട്ടർ കാപ്പിക്കടനടത്തിക്കൊണ്ടിരുന്നു എന്നു അദ്ദേഹം തന്റെ സ്നേഹിതനോടു ഒരിക്കൽ പറഞ്ഞുപോൽ! ഈ വനമാത്രത്തിൽ അവരുടെ ഉപദ്രവം ഉണ്ടാകയില്ലെന്നു വിചാരിച്ചാണു ഞാൻ ഇങ്ങോട്ടുപോന്നതു്. എന്നാൽ എനിക്കു മുമ്പു് ഒരു പട്ടർ ഇവിടെവന്നു പരീക്ഷാർത്ഥം കച്ചവടംനടത്തി ആദായമില്ലെന്നുകണ്ടു മടങ്ങിപ്പോയെന്നു് എനിക്കു അറിവുണ്ടു്. ആ സ്ഥിതിയിൽ എനിക്കെന്തൊരാദായം കിട്ടാനാണു്? പിന്നെ കയ്യിലുള്ള ചെലവു നടന്നുകൊണ്ടിരിക്കും. ചിലപ്പോൾ അവിടുത്തെപ്പോലുള്ള മഹാന്മാരോ വല്ലപ്രഭുക്കന്മാരോ വന്നെങ്കിൽ നാലുകാശു കിട്ടും. ഈയിടെയൊന്നും അങ്ങനെയൊരാദായം കിട്ടുന്നുമില്ല. എന്നാൽ ഇന്നലെ അഞ്ചാറുകാശുകിട്ടി. പക്ഷേ, അതും അതിനിരട്ടിയും അവർമൂലം സക്കാരുദ്യോഗസ്ഥന്മാർക്കു കൈക്കൂലികൊടുക്കേണ്ടിവന്നു. കൊടുത്തില്ലെങ്കിൽ ഇന്നലത്തോടെ എന്റെ കച്ചവടവും നിന്നു ഞാനും ജയിലിലായേനെ. അതിനിടയായ സംഭവത്തെ ഓർക്കുമ്പോൾ എന്റെ ഉടൽ വിറയ്ക്കുന്നു. ഇന്നലത്തെ ആ ഖേദം ഇന്നും ഞങ്ങളെ വിട്ടുമാറിയിട്ടില്ല. അടുത്തകാലത്തൊന്നും വിട്ടുമാറുമെന്നും തോന്നുന്നില്ല.

നിഷ്കളാനന്ദൻ:—ആ ഭയങ്കരമായ സംഭവം എന്താണുണ്ടായതു്? നിങ്ങൾ പറഞ്ഞതു കേട്ടപ്പോൾ എനിക്കു് അതറിയാൻ വളരെ താല്പര്യം തോന്നുന്നു.

ക്ലബ്ബുകാരൻ:—അങ്ങയുടെ ചോദ്യം കേട്ടാൽ വർത്തമാനം ഇതേവരെ ശ്രീപുരത്തു് എത്തിയിട്ടില്ലെന്നു തോന്നുന്നുവല്ലോ.

നിഷ്കളാനന്ദൻ:—എന്തുവൃത്തമാനം? നിങ്ങൾ പറയുന്നതൊന്നും വ്യക്തമാകുന്നില്ലല്ലോ. സംഗതി തുറന്നുപറയുക.

ക്ലബ്ബുകാരൻ:—മിനിഞ്ഞാന്ന രാത്രിയിൽ ഈ ക്ലബ്ബിൽ നടന്നകൊലപാതകം അങ്ങു് അറിഞ്ഞിട്ടില്ലേ?

നിഷ്കളാനന്ദൻ:—എന്തു്! കൊലപാതകമോ? നിങ്ങളുടെ ക്ലബിലോ? കൊല്ലപ്പെട്ടതാരാണു്? കൊന്നതാരാണു്?

ക്ലബ്ബുകാരൻ:—ശരി, അങ്ങു് ഒന്നുംതന്നെ അറിഞ്ഞില്ലായിരിക്കും. ഒരു യുവാവിനെയാണു കൊന്നതു്. കൃത്യം നടത്തിയതു ഒരു സൌന്ദര്യവതിയായ സ്ത്രീയത്രേ.

നിഷ്കളാനന്ദൻ:—ആ സ്ത്രീയെ അധികൃതന്മാർ പിടിച്ചു തടവിൽ വച്ചിട്ടുണ്ടോ?

ക്ലബ്ബുകാരൻ:—ഇല്ല, അവർ തെറിപ്പൊയ്കളഞ്ഞു അതു് ആശ്ചര്യകരമായ ഒരു സംഭവമാണു്.

നിഷ്കളാനന്ദൻ:—അതെന്താണു്?

ക്ലബ്ബുകാരൻ:—സംഗതി ആദ്യം തുടങ്ങി പറയേണ്ടിയിരിക്കുന്നു എന്നാൽമാത്രമേ അങ്ങേയ്ക്കു വഴിപോലെ മനസ്സിലാകുകയുള്ളൂ. മിനിഞ്ഞാന്ന വൈകുന്നേരം ആറുമണിയോടുകൂടി അഞ്ചാറാളുകൾ ഒന്നിച്ചു് ഇവിടെ വന്നു. രാത്രിയിൽ താമസത്തിനും ഊണിനും വേണ്ട ഏർപ്പാടുകൾ ചെയ്തു. അവരിൽ ഒരാൾ സുന്ദരനായ ഒരു യുദ്ധവീരനായിരുന്നു. ഒരാൾ ഇരുമ്പുചട്ടയും മുഖാവരണവും ധരിച്ച ഒരു യോദ്ധാവാണു്. പിന്നെ ഒരുഭൃത്യനും മൂന്നുസ്ത്രീകളും ഉണ്ടായിരുന്നു. സ്ത്രീകളിൽ ഒരുത്തി അസാധാരണസൌന്ദര്യമുള്ള ഒരു ചെറുപ്പക്കാരത്തിയാണു്. മറ്റു രണ്ടു സ്ത്രീകളും അവളുടെ ദാസിമാരായിരുന്നു.

നിഷ്കളാനന്ദൻ:—യുദ്ധവീരന്മാരിൽ ഒരാൾമാത്രം മുഖംമറച്ചു കാണപ്പെടാൻ കാരണമെന്തു്?

ക്ലബ്ബുകാരൻ:—അയാൾ, ശ്രീപുരത്തെ കൊട്ടാരത്തിൽ തടവിൽ പാർപ്പിച്ചിരുന്ന പ്രഭുക്കന്മാരെ മോചിപ്പിച്ചിട്ടു് വേഷം മാറിനടക്കുകയാണെന്നു പിന്നീടു് അറിഞ്ഞു.

നിഷ്കളാനന്ദൻ:—ഓഹോ! അങ്ങനെയോ! സുന്ദരനായ ഒരു യോദ്ധാവുണ്ടായിരുന്നു എന്നു പറഞ്ഞുവല്ലോ അയാളുടെ പേരറിയാമോ?

ക്ലബ്ബുകാരൻ:—അറിയാം; താരാനാഥൻ എന്നാണു പേരു്.

നിഷ്കളാനന്ദൻ:—എന്നതന്നെ ഞാനും ഊഹിച്ചു കൊല്ലപ്പെട്ടവന്റെ പേരെന്താണു്? അവൻ താരാനാഥന്റെ കൂടെവന്നവനാണോ?

ക്ലബ്ബുകാരൻ:—അതേ; അവൻ താരാനാഥനെ സംബന്ധിച്ചവനാണു്. അവന്റെപേരു് മദനൻ എന്നാണുപോൽ!

നിഷ്കളാനന്ദൻ:—അഹോ! മദനനോ? ആശ്ചര്യ്യം, ആശ്ചര്യ്യം.

ക്ലബ്ബുകാരൻ:—സ്വാമികൾ ആ പയ്യനെ അറിയുമോ?

നിഷ്കളാനന്ദൻ:—അറിയും; എനിക്കു് അവനെ പരിചയമുണ്ടു്. കഷ്ടം! അവന്റെ മരണം ഭയങ്കരമായ ഒരു സംഭവമാണു്. അവനെ കൊന്ന സ്ത്രീയുടെ പേരെന്താണു്?

ക്ലബ്ബുകാരൻ:—സരസ്വതി എന്നു്. അവൾ പ്രേതയക്ഷിയുടെ സഹോദരിപോലും!

നിഷ്കളാനന്ദൻ അതുകേട്ടു് അല്പനേരം മിണ്ടാതെനിന്നതിനുശേഷം "സരസ്വതി! പ്രേതയക്ഷിയുടെ സഹോദരി" എന്നു തന്നെത്താൻപറഞ്ഞിട്ടു്, "അവൾ താരാനാഥനോടുകൂടി യാത്രചെയ്തിരുന്നു; മദനനെ കൊന്നുംവച്ചു ഒളിച്ചുപൊയ്ക്കളഞ്ഞു. അല്ലേ? ആശ്ചര്യ്യം! ആശ്ചര്യ്യം!!" എന്നു ക്ലബ്ബുകാരനെ നോക്കിപ്പറഞ്ഞു.

ക്ലബ്ബുകാരൻ:—അതേ; ഞങ്ങൾക്കും വളരെ ആശ്ചര്യ്യമുണ്ടു്. സ്വാമികളേ! അവിടുത്തെ മുഖഭാവം കണ്ടാൽ ആ യാത്രക്കാർ അങ്ങേയ്ക്കു വേണ്ടപ്പെട്ടവരാണെന്നു തോന്നുന്നുവല്ലോ.

നിഷ്കളാനന്ദൻ:—ആ തോന്നൽ അടിസ്ഥാനമില്ലാത്തതാണു്. അവരെ ഞാൻ ഒന്നരണ്ടു പ്രാവശ്യം കണ്ടിട്ടുണ്ടു്. അല്ലാതെ ഞങ്ങൾ തമ്മിൽ യാതൊരു സംബന്ധവുമില്ല. അതിരിക്കട്ടെ. സരസ്വതി മദനനെ കൊല്ലാൻ കാരണമെന്തു്? അവൾ എങ്ങനെ തെറ്റിപ്പിഴച്ചു? കൊലപാതകത്തിനുശേഷം എന്തെല്ലാമാണു സംഭവിച്ചതു്? സകല സംഗതിയും ചുരുക്കത്തിൽ വിവരിച്ചുപറയുക.

ക്ലബ്ബുകാരൻ അതുകേട്ടു് കൊലപാതകത്തെ സംബന്ധിച്ചു് അയാൾക്കു് അറിവുള്ള സകലവിവരങ്ങളും നിഷ്കളാനന്ദസ്വാമികളെ ധരിപ്പിച്ചു. സകലതും കേട്ടതിനുശേഷം അമ്പട, കേമി! നിന്നെയും നിന്റെ സഹോദരിയെയും അധികരിച്ചുള്ള വിഷമങ്ങൾ ഇനി എന്നെ ആശ്ചര്യ്യരിതനാക്കുകയില്ല. സരസ്വതി! ഇപ്പോൾ നിന്റെ പരമാർത്ഥം എനിക്കു മനസ്സിലായി. നിന്റെ തന്ത്രം അഭിനന്ദനീയമത്രേ. തന്ത്രത്തിൽ എന്നേക്കാൾ സമർത്ഥന്മാരില്ലെന്നായിരുന്നു എന്റെ അഭിമാനം. നീ എന്നെയും അതിശയിച്ചവളാണു്" എന്നു നിഷ്കളാനന്ദൻ തന്നെത്താൻ പറഞ്ഞു.

ക്ലബ്ബുകാരൻ:—സ്വാമിൻ! ഒരു സംഗതികൂടി അറിയിക്കാനുണ്ടു്. ഞാനതുമറന്നുപോയി. ഇരുമുഖൻ ധരിച്ചിരുന്ന യോഗാവിനെ ഇവിടെവച്ചു പിടിച്ചു.

നിഷ്കളാനന്ദൻ:—വാസ്തവമോ? എന്നാൽ അവൻ ഇപ്പോഴും ബന്ധനത്തിലാണല്ലോ?

ക്ലബ്ബുകാരൻ:—ഇല്ല; പ്രമുഖന്മാരെമാചിപ്പിച്ച കുറ്റം ചുമത്തിപ്പിടിച്ചു എങ്കിലും ന്യായാധിപൻ ഒരു വലിയ പ്രായശ്ചിത്തം വാങ്ങിക്കൊണ്ടു വിട്ടയയ്ക്കുകയാണുണ്ടായതു്. അതുക താരാനാഥൻ കൊടുത്തു. അവർ ഒന്നിച്ചുതന്നെ പോവുകയുംചെയ്തു.

നിഷ്കളാനന്ദൻ:—മുഖാവരണം ധരിച്ച ആ യോദ്ധാവിനെ താരാനാഥനു മനസ്സിലായിട്ടുണ്ടോ?

ക്ലബ്ബുകാരൻ:—താരാനാഥനു് അറിഞ്ഞുകൂടെന്നാണു എനിക്കു തോന്നുന്നതു്. അയാളുടെ വസ്തുസ്ഥിതി ന്യായാധിപനെ അറിയിക്കേണ്ടിവന്നപ്പോൾ താരാനാഥൻ കേൾക്കാതെ അയാൾ ന്യായാധിപന്റെ ചെവിയിൽ പറയുകയാണുണ്ടായതു്.

നിഷ്കളാനന്ദൻ:—വളരെ സന്തോഷം! ഇനി ഞങ്ങൾക്കു പുറപ്പെടേണ്ട ധൃതിയായി. ഞങ്ങളുടെ പക്കൽനിന്നും നിങ്ങൾക്കു് എന്തുവരേണ്ടതായിട്ടുണ്ടു്?

ക്ലബ്ബുടമസ്ഥൻ, തനിക്കു വരുവാനുള്ള ചാർജ്ജു കണക്കുക്കൂട്ടി പറയുകയും സ്വാമികൾ കൊടുത്തിട്ടു മടങ്ങിപ്പോരികയും ചെയ്തു. സ്വാമികളെക്കണ്ടു്, "അങ്ങു് ക്ലബ്ബുകാരനെ കാണാൻപോയിട്ടു വളരെ നേരമായല്ലോ; ഇത്രയും സമയം അയാളുമായിട്ടെന്തെല്ലാമാണു സംസാരിച്ചതെന്നറിവാൻ ഞങ്ങൾ അക്ഷമന്മാരായിരിക്കുന്നു" എന്നു് ഗംഗാധരഭൂപൻ ചോദിച്ചു. സ്വാമികൾ അതിനു സമാധാനം പറയുംമുമ്പു ക്ലബ്ബുടമസ്ഥൻ ബദ്ധപ്പെട്ടു് ആ മുറിയിൽ കയറിച്ചെന്നു. അതുകണ്ടു സ്വാമികൾ ആശ്ചര്യത്തോടുകൂടി, "എന്താ, കണക്കോമറോ തെറ്റി എന്നു വരുമോ? ഇനിയും വല്ലബാക്കിയും വരാനുണ്ടോ?" എന്നുചോദിച്ചു. "ഇല്ല എനിക്കു ബാക്കിയൊന്നും വരാനില്ല; ഭയങ്കരമായ ഒരു വൃത്താന്തം ഞാനിപ്പോൾ കേട്ടു. അതു പറയാനായിട്ടാണു് ഇങ്ങോട്ടുവന്നതു്. കാശ്മീരത്തിലെ രാജകോയ്മയോടു പടപൊരുവാൻ അശോകനാഥൻ സന്നദ്ധനായിരിക്കുന്നു. ശ്രീപുരത്തിലും മറ്റു ഭാഗങ്ങളിലും യുദ്ധഭേരി മുഴക്കിക്കഴിഞ്ഞു. ശ്രീപുരത്തുനിന്നും വന്ന എന്റെ ഒരാൾ ഇപ്പോൾ ഈ വിവരം എന്നെ ധരിപ്പിച്ചു" എന്നു ക്ലബ്ബുടമസ്ഥൻ പറഞ്ഞു.

നിഷ്കളാനന്ദൻ:—(സാശ്ചര്യം) എന്തു്? അശോകനാഥൻ ആ നിലയിൽ എത്തിക്കഴിഞ്ഞോ?

ക്ലബ്ബുകാരൻ:—സ്വാമിൻ! ഒന്നു അടക്കി സംസാരിക്കണേ! എന്റെ വേലക്കാരിൽ ചിലർ വിപ്ലവകക്ഷിയിൽ ഉൾപ്പെട്ടവരാണു്. അവർ അശോകനാഥന്റെ സഹായികളാണു്. അവർ ആരെ

ങ്കിലും അശോകനാഥനെപ്പറ്റി നാം ദുഷിച്ചുസംസാരിക്കുന്നതു കേട്ടാൽ അപകടമുണ്ട്.

നിഷ്കളാനന്ദൻ:—ശ്രീപുരത്തുനിന്നും വന്ന നിങ്ങളുടെ ആൾ എന്തു പറഞ്ഞു?

ക്ലബ്ബുകാരൻ.—അശോകനാഥൻ യുദ്ധസന്നദ്ധനായി നാനാസ്ഥലങ്ങളിലേയ്ക്കും സൈന്യത്തെ ഭാഗിച്ചുകഴിഞ്ഞു എന്നും ഇന്നലെമുതൽ ഗവർമ്മെണ്ടുസ്ഥാപനങ്ങളെ കൈവശപ്പെടുത്താൻ തീച്ചപ്പെടുത്തി വിളംബരംചെയ്തു എന്നുമാണു് അയാൾ പറഞ്ഞതു്.

നിഷ്കളാനന്ദൻ:—എന്നാൽ കാശ്മീരം ഇപ്പോൾ ഒന്നിളകിമറിയും. നാടൊട്ടുക്കു പെരുങ്കുഴപ്പം നേരിടും. ഈ യുദ്ധം രാജകക്ഷിയും അരാജകകക്ഷിയും തമ്മിലുണ്ടാകുന്നതാണെങ്കിലും വാസ്തവത്തിൽ മതസംബന്ധമായ ഒരു യുദ്ധമാണെന്നുവേണം കരുതാൻ. വൈദികമതവും കപിലമതവും തമ്മിലുള്ള പോരാട്ടമാണിതു്. അതുകൊണ്ടു് ഇ ഈയിടെയൊന്നും അവസാനിക്കുമെന്നു വിചാരിക്കണ്ട. മതപ്പോരു മഹാവിപത്തുക്കളെ വിളയിച്ചിട്ടുണ്ടെന്നു ചരിത്രംകൊണ്ടു മനസ്സിലാക്കാം (ക്ലബ്ബുകാരനോടു്) ഒരു സംഗതി ചോദിക്കാൻ വിട്ടുപോയി. സരസ്വതിയോടൊന്നിച്ചു രണ്ടു ദാസികൾ ഉണ്ടായിരുന്നല്ലോ; അവരുടെ അവസ്ഥ എന്താണു്?

ക്ലബ്ബുകാരൻ:—അവർ രണ്ടുപേരും താരാനാഥനോടു കൂടിച്ചുപോകുകയാണു ചെയ്തതു്.

നിഷ്കളാനന്ദൻ:—എന്റെ ഓരോ ചോദ്യങ്ങൾക്കുമുള്ള സമാധാനം എന്റെ സംശയത്തെ പരിഹരിക്കുന്നുണ്ടു്.

"സരസ്വതി! നിന്റെലക്ഷ്യം എനിക്കു മനസ്സിലായി. നീ അശോകനാഥന്റെ സുരക്ഷയിലിരുന്നാലും എന്തെല്ലാം സഹായം നീ പ്രവർത്തിച്ചാലും നിന്നെ ഞാൻ വിട്ടയയ്ക്കുമെന്നു നീ വിശ്വസിക്കണ്ട. നിന്നോടു പ്രതികാരംചെയ്തില്ലെങ്കിൽ ഞാൻ നിഷ്കളാനന്ദനല്ല" എന്നു സ്വാമികൾ മനസാ ശപഥംചെയ്തു.

'ഞങ്ങൾക്കു പോകേണ്ട നേരമായി. ഞങ്ങളുടെ കുതിരകളെ എല്ലാം തയാറാക്കാൻ ശട്ടംകെട്ടുക' എന്നു ഗംഗാധരഭൃത്യനോടു ക്ലബ്ബുകാരനോടു പറഞ്ഞയച്ചു. ക്ലബ്ബുകാരൻ പോയതിനുശേഷം പ്രഭു സ്വാമികളോടു ചോദിച്ചു:—സ്വാമികളേ! ക്ലബ്ബുകാരനോടു സംസാരിച്ചതിൽ എന്തെല്ലാം കാര്യങ്ങൾ മനസ്സിലായി?

നിഷ്കളാനന്ദൻ:—താരാനാഥനെപ്പറ്റി നാം ലേശം ഭയപ്പെടേണ്ടാ. അവനിൽനിന്നും യാതൊരുതടസ്സവും നമുക്കു നേരിടുന്നതല്ല. അവൻ ഇപ്പോൾ ഇങ്ങോട്ടുഭാഗത്തില്ല. മിനിഞ്ഞാന്നു

രാത്രിയിൽ അവൻ ഇവിടെയാണു താമസിച്ചതു്. ഇന്നലെ ഉച്ചയോടുക്കുടി തിരിച്ചു തെക്കോട്ടുപോയിരിക്കുന്നു. അവനെ നമുക്കു വഴിയിൽവച്ചുപിടിക്കുടാം. സരസ്വതി എന്നൊരു സ്ത്രീനിമിത്തം നമ്മുടെ ഉദ്ദേശങ്ങൾക്കു പ്രതിബന്ധങ്ങൾ നേരിട്ടു. ഒരുപക്ഷേ, നിങ്ങൾ അവളെ അറിഞ്ഞിരിക്കാനുമിടയുണ്ടു്. അവളെസ്സംബന്ധിച്ചുള്ള വിവരങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. അവൾ എത്രയുംവേഗത്തിൽ വെൺകലപ്രതിമയുടെ അംഗനാചുംബനത്തിനും വിഷയീഭവിക്കും.

ഉദയസേനപ്രഭു:—സ്വാമിൻ, അശോകനാഥൻ യുദ്ധഭേരിമുഴക്കിയെന്നാണല്ലോ ക്ലബ്ബുകാരനിൽനിന്നും അറിഞ്ഞതു്. അതിൽ എന്തുമാത്രം വാസ്തവമുണ്ടായിരിക്കാം?

നിഷ്കളാനന്ദൻ:—മുഴുവനും വാസ്തവമായിരിക്കാം.

ഉദയസേനൻ:—എന്നാൽ അവന്റെ സൈന്യങ്ങൾ നാനാദിക്കുകളിലേയ്ക്കും തിരിച്ചിട്ടുണ്ടല്ലോ.

നിഷ്കളാനന്ദൻ.—അതിനെന്തു്? അവൻ ഇല്ലാത്ത തക്കം നോക്കി ശ്രീപുരത്തുചെന്നു് അശോകനാഥനെ തോല്പിച്ചു് നാടു കയ്യിലാക്കണമെന്നു കരുതുന്നുണ്ടോ?

ഉദയസേനൻ:—ഹെയ്; എന്നു് എനിക്കഭിപ്രായമില്ല. നമുക്കു കഴിയുംവേഗത്തിൽ കല്പകക്കോട്ടയിലെത്തണം.

നിഷ്കളാനന്ദൻ:—പിറകേവന്നു പിടിക്കുമെന്നു ഭയപ്പെടുന്നുവോ?

ഉദയസേനൻ:—എന്നല്ല. അവിടെ ശത്രുനിരോധനത്തിനുവേണ്ട ഒരുക്കങ്ങൾക്കായി എത്രയുംവേഗത്തിൽ ചെല്ലണമെന്നുള്ള ഉദ്ദേശമാണു്.

ഗംഗാധരഭട്ടപ്രഭു:—അതു വാസ്തവമാണു്. പ്രഭുക്കന്മാരുടെപേരിലാണു് അശോകനാഥനു കൂടുതൽ വിരോധം. പ്രഭുക്കന്മാരെ നാമാവശേഷരാക്കണമെന്നാണു് അവന്റെ ഉദ്ദേശമെന്നു കേട്ടിട്ടുണ്ടു്. അതുകൊണ്ടു നമുക്കു കഴിയുന്നതു വേഗത്തിൽ തിരിക്കണമെന്നാണു് എന്റെയും അഭിപ്രായം.

നിഷ്കളാനന്ദൻ:—അശോകനാഥനെ നിങ്ങൾ ഇത്രത്തോളം ഭയപ്പെടുന്നുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല. (എന്നുപരിഹാസമായി പറഞ്ഞിട്ടു്) നിങ്ങളുടെ അഭിപ്രായത്തോടു ഞാനും അനുകൂലിക്കുന്നു. ഇപ്പോൾത്തന്നെ പുറപ്പെടാം.

മുപ്പത്തൊൻപതാം അദ്ധ്യായം.

"രാഷ്ട്രത്തെ രക്ഷിച്ചുകൊള്ളുവിൻ നിന്ദ്യമാം-
ദുഷ്ടസമൂഹത്തെ നിഷ്കാസനംചെയ്യു;
കോപ്പുക്കൂട്ടിപ്പുറപ്പെട്ടിടുവിൻ മുദാ
പോക്കായൊരുമിച്ചു വേഗേന വീരരേ!"

അതേ, കാശ്മീരത്തിലെ രാജകോയ്മയ്ക്കും ഇടപ്രഭുക്കന്മാക്കും എതിരായി അശോകനാഥൻ യുദ്ധപ്രഖ്യാപനം ചെയ്തതു വാസ്തവമാണു്.

ശ്രീപുരംപട്ടണത്തിന്റെ ഒത്തമദ്ധ്യത്തായി ഒരു വലിയ മൈതാനമുണ്ടു്. അശോകനാഥൻ തന്റെ സൈന്യത്തിന്റെ പരിശീലനപരീക്ഷ നടത്തിയതു് ആ മൈതാനത്തിൽവച്ചായിരുന്നു. അതിന്റെ ഒരു ചെറിയവിവരണം വായനക്കാക്കു രസകരമായിട്ടല്ലാതെ വരാനിടയില്ല.

സായംകാലസമയം; ഇളംകാറ്റു കുറേശ്ശെവീശിക്കൊണ്ടിരിക്കുന്നു. സമീപത്തുള്ള ഉപവനത്തിൽനിന്നും പക്ഷിവർഗ്ഗങ്ങളുടെ കർണ്ണാനന്ദകരമായ കളകളശബ്ദം പുറപ്പെടുന്നുണ്ടു്. വൃദ്ധാക്കന്റെ ചെങ്കതിരുകൾ സകലപദാർത്ഥങ്ങളേയും തേജോമയമാക്കിച്ചെയ്യുന്ന ഈ മനോഹരമായ വേളയിൽ ഉദ്ദേശം ഇരുപതിനായിരം ഭടന്മാർ അണിനിരന്നുനില്ക്കുന്ന ആ കാഴ്ച ആരേയും വശീകരിക്കത്തക്കതെന്നാണു്. ഭടന്മാർ എല്ലാവരും ഒരേനിറത്തിലും ഒരേതരത്തിലുമുള്ള ഉടുപ്പുകൾ ധരിച്ചിരിക്കുന്നു. നീലനിറത്തിലുള്ള ഒരേമാതിരി ഉഷ്ണീഷം എല്ലാവരും ശിരസ്സിൽ ധരിച്ചിട്ടുണ്ടു്. ഉഷ്ണീഷത്തിന്റെ മുൻവശത്തു മദ്ധ്യത്തിലായി ഒരു വെള്ളിത്തകിടു പിടിപ്പിച്ചിരിക്കുന്നു. 'കപിലൻ ജയിക്കട്ടേ'എന്ന ആശീർവാക്യം ആ തകിടിൽ ഭംഗിയായി രേഖപ്പെടുത്തിയിരിക്കുന്നു. ശരീരത്തിൽ പിടിച്ചുകിടക്കുന്ന കുപ്പായം ചുവപ്പുനിറത്തോടുകൂടിയതാണു്. കാൽമുട്ടിനുമുകളിൽവരെ നില്ക്കുന്ന കാൽച്ചട്ട വെളുത്തനിറത്തിലുള്ളതാണു്. മുട്ടോളംഎത്തുന്ന കറുത്ത അടിയുറ എല്ലാവരും ധരിച്ചിട്ടുണ്ടു്. രക്തവർണ്ണത്തിലുള്ള അരപ്പട്ട എല്ലാവരും അരയിൽക്കെട്ടിയിരിക്കുന്ന കാഴ്ച കമനീയമായിരിക്കുന്നു. നീണ്ടുവളഞ്ഞ ഖഡ്ഗം സാരസനത്തിൽ തൂക്കിയിട്ടിട്ടുണ്ടു്. സൂര്യരശ്മി തട്ടുമ്പോഴത്തെ അതിന്റെ 'പളപളാ'യമാനതാപം അവർണ്ണനീയമത്രേ. ഇടത്തേക്കയ്യിൽ വില്ലും വലത്തേകയ്യിൽ അമ്പും പിടിച്ചിട്ടുണ്ടു്. മുതുകിൽത്തൂക്കിയിട്ടുള്ള ആവനാഴിയിൽ നിറച്ചു അസ്ത്രങ്ങൾ കാണപ്പെടുന്നു. ആനപ്പട, കുതിരപ്പട, കാലാൾപ്പട ഈ മൂന്നുതരം സൈന്യത്തെ വേറേവേറെ സ്ഥലത്താ

യിട്ടാണു് സജ്ജീകരിച്ചുനിത്തിയിരിക്കുന്നതു്. സർവ്വസൈന്യാധിപത്യം വഹിച്ചിരിക്കുന്ന മഹാവീരൻ ഒരു മാന്യസ്ഥാനത്തുനിൽക്കുന്നു. ആ ദേഹം പുരുഷകേസരിയായ അശോകനാഥനല്ലാതെ മറ്റാരുമല്ല. അശോകനാഥനെ മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ഒരു പുതിയവേഷത്തിലാണു ഇന്നു നാം കാണുന്നതു്. വേഷത്തിന്റെ പുതുമ സ്വർണ്ണരത്നാദികളിലാണെന്നു തെറ്റിദ്ധരിക്കേണ്ട. അപ്രകാരമുള്ള ആഡംബരങ്ങളിൽ ആ വീരപുരുഷനു വളരെ വെറുപ്പാണെന്നു മുമ്പുതന്നെ നാം ധരിച്ചിട്ടുണ്ടു്. കവചം, ഉഷ്ണീഷം, സാരസനംമുതലായവ മുൻചൊന്ന ഭടന്മാരുടെതുപോലെതന്നെ. വിശേഷവിധി ആയുധങ്ങളിലാണു്. നീണ്ടുവളഞ്ഞ ഖഡ്ഗം ഒന്നു് അരയിൽ തൂക്കിയിരിക്കുന്നു. രണ്ടു കഠാരി രണ്ടുവശത്തും സാരസനത്തിൽ തിരുകിയിട്ടുണ്ടു്. നീളംക്കുടിയതും ഇരുവശവും മൂർച്ചയുള്ളതും ലേശം വളവില്ലാത്തതുമായ ഒരു ഖഡ്ഗം അഗ്രം നിലത്തുന്നി വലതുകയ്യിൽ പിടിച്ചിരിക്കുന്നു. ഒരാൾപ്പൊക്കമുള്ള ഒരു വലിയവില്ലു്, ഞാൺ പൂട്ടി ഇടത്തേച്ചുമലിൽ തൂക്കിയിരിക്കുന്നു. അസ്ത്രപൂർണ്ണമായ ആവനാഴി ഇടത്തേമുതുകിൽ തൂക്കിയിട്ടുണ്ടു്.

സർവ്വസൈന്യാധിപന്റെ ആജ്ഞപ്രകാരം ഉപസേനാധിപന്മാർ സൈന്യങ്ങളെ അണിനിരത്തിനിത്തി. ഉടനെ കാഹളം മുഴക്കുകയും പെരുമ്പറ അടിക്കുകയുംചെയ്തു. "കാപിലകം" എന്നു ഉരുണ്ട വടിവിൽ വലിയ അക്ഷരങ്ങളിൽ എഴുതിയിട്ടുള്ള കൊടി ഉയത്തപ്പെട്ടു. പട്ടണവാസികളായ ജനങ്ങൾ മൈതാനത്തിന്റെ നാലതിരുകളിലും ക്കൂട്ടംക്കൂടിനിന്നു നോക്കുന്നുണ്ടു്. സൈന്യങ്ങളുടെ പുതിയരീതിയിലുള്ള പരിശീലനസമ്പ്രദായങ്ങൾ പ്രേക്ഷകരായ ജനങ്ങളെ അത്ഭുതപരതന്ത്രരാക്കിച്ചെയ്യുന്നു. രണ്ടുമണിക്കൂറോളം സൈന്യങ്ങൾ യുദ്ധസമ്പ്രദായത്തെ പരീക്ഷാർത്ഥം പ്രകടിപ്പിച്ചു് തന്റെ സൈന്യങ്ങൾ യുദ്ധക്രമത്തെ വേണ്ടുംവണ്ണം അഭ്യസിച്ചിട്ടുണ്ടെന്നും രണാങ്കണത്തിൽ സാമർത്ഥ്യത്തോടും ധൈര്യത്തോടുംക്കൂടി ഉറച്ചുനിന്നു യുദ്ധംചെയ്യുമെന്നും അശോകനാഥനു ബോദ്ധ്യമായി. നടക്കാനിരിക്കുന്ന മഹായുദ്ധത്തിൽ വിജയം തനിക്കുതന്നെയാണെന്നും വിശ്വസിച്ചു. അനന്തരം പരിശീലനം മതിയാക്കി സൈന്യങ്ങളെയും പ്രേക്ഷകന്മാരായ ജനങ്ങളെയും നിശ്ശബ്ദന്മാരായി ഇരുത്തിയതിനുശേഷം അശോകനാഥൻ പ്രക്ഷോഭജനകമായ ഒരു പ്രസംഗംചെയ്തു. പ്രസംഗമാവിതു്:—

"എന്റെ പ്രിയസഹോദരങ്ങളേ! സ്നേഹിതന്മാരേ! കാപലികന്മാരേ! നിങ്ങൾ എന്റെ പ്രാണയത്തെ പരിപുഷ്ടമായ കൃതജ്ഞതയ്ക്കും അപാരമായ ആഹ്ലാദത്തിനും ധൈര്യസ്ഥൈര്യങ്ങൾക്കും വിധേയമാക്കിച്ചെയ്തിരിക്കുന്നു. എന്റെ ആഗമനവേളയിൽ നിര

ന്തരമായ ഹസ്തതാഡനത്താൽ നിങ്ങൾ എനിക്കു സ്വാഗതംനൽകി. ആ ഹസ്തതാഡനം എന്റെറയും നിങ്ങളുടെയും ആത്മശക്തികളുടെ ഏകീഭാവത്തിനു മതിയായതെളിവാകുന്നു. അതുകൊണ്ടുമാത്രം എന്റെറയും നിങ്ങളുടെയും ഉദ്ദേശങ്ങൾ ഒന്നാണെന്നു വെളിപ്പെടുന്നു. മഹാകായ്യങ്ങളെ സാധിക്കുന്നതിനും ആശ്ചയ്യകരങ്ങളായ മാറ്റങ്ങൾവരുത്തുന്നതിനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ആയുധങ്ങളാണു് നിങ്ങൾ കിരീടംധരിച്ച രാജാക്കന്മാരുടെ ഉഷ്ടമായ നയങ്ങളും സമ്പന്നന്മാരായ പ്രഭുക്കന്മാരുടെ അതൃപ്തികരമായ പ്രവൃത്തികളും സ്വാർത്ഥലോലുപന്മാരായ മതാചായ്യന്മാരുടെ ക്രമവിരുദ്ധമായനടപടികളും നമ്മുടെ സമുദായത്തിൽ പലേതരത്തിലുള്ള സങ്കടങ്ങളെ ഉളവാക്കി പൊതുജനങ്ങളുടെ സുഖത്തെയും സ്വാതന്ത്ര്യത്തെയും ഉന്മൂലനംചെയ്തിരിക്കുന്നു എന്നു നിങ്ങൾ ധരിച്ചിട്ടുണ്ടു്. അതുകൊണ്ടു്, അവരുടെ അഹങ്കാരത്തേയും നൈഷ്ഠൂര്യത്തേയും വേരോടെ നശിപ്പിച്ചു ജനസമുദായത്തെ അടിവ്യവ്യിയിൽ കൊണ്ടുവരേണ്ടതു നിങ്ങളുടെ കടമയാകുന്നു. അക്കടമയെ ഖഡ്ഗത്താലും അസ്ത്രത്താലുമല്ലാതെ നിവ്വഹിക്കാൻ സാധിക്കയില്ലെന്നുള്ളതു ഞാൻ പ്രത്യേകിച്ചു നിങ്ങളെ ധരിപ്പിക്കണമെന്നില്ല. തൻപത്തിൻമേൽ തൻപം നേരിട്ടുകൊണ്ടിരിക്കുന്നതു കോടാനുകോടി ജനങ്ങൾ അറിഞ്ഞിട്ടുണ്ടു്; അനുഭവിച്ചിട്ടുമുണ്ടു്. കഷ്ടത്തിനുമേൽ കഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതും ലക്ഷോപലക്ഷം ജനങ്ങൾ അറിയുന്നുണ്ടു്, കാണുന്നുമുണ്ടു്. ഇത്രത്തോളം തൻപവും കഷ്ടതയും പൊതുജനങ്ങൾ അനുഭവിക്കാൻ കാരണമെന്തു്? രാജനീതി തെറ്റിയ ഭരണവും കരുണയറ്റ ഐശ്വര്യവും സത്യവിരുദ്ധമായ മതബോധവുമാകുന്നു. കണക്കറ്റ സൈന്യങ്ങളെ യുദ്ധക്കളത്തിൽ ബലികഴിച്ചു—മനുഷ്യരക്തത്താൽ യുദ്ധക്കളത്തെ രക്തക്കടലാക്കി—രാജ്യങ്ങളെയും സിംഹാസനങ്ങളെയും സ്വാധീനത്തിലാക്കുന്ന രാജാക്കന്മാർ, പൊതുജനങ്ങളുടെ സഹായത്താൽ തങ്ങൾക്കു് അവ സ്വായത്തമായതാണെന്നു് അല്പമാത്രമെങ്കിലും ഓർക്കുന്നുണ്ടോ? നിങ്ങളുടെ രക്തം ചിന്തിയില്ലെങ്കിൽ രാജാവിനു രാജ്യമേതു്? സിംഹാസനമേതു്? നിങ്ങളുടെ വിയർപ്പു നിലത്തുവീഴുമാറു വേല ചെയ്തില്ലെങ്കിൽ രാജാവിനു ഭണ്ഡാരമെവിടെ? സുഖഭോഗങ്ങളെവിടെ? തങ്ങൾ വലിയവലിയ ധനാഢ്യന്മാരായ പ്രഭുക്കന്മാരാണെന്നുള്ള ഏകകാരണത്തെ മുൻകൊപ്പിടിച്ചു സാധുജനങ്ങളെ അടിമകളാക്കി അവരോടു നിർദ്ദയമായിപ്പെരുമാറിയും, സകല സുഖഭോഗങ്ങളും തങ്ങൾക്കായിട്ടുള്ളവയാണെന്ന തെറ്റിദ്ധാരണയോടെ, അല്പമാത്രം ജീവിതസുഖം അനുഭവിക്കുന്ന അന്യന്മാരെ പലേപ്രകാരത്തിൽ ദ്രോഹിച്ചും കഷ്ടപ്പെടുന്ന അഗതികളെക്കണ്ടാൽ ലേശമെ

ങ്കിലും അനുകമ്പകാട്ടാതെ ഉള്ളുകൊണ്ടുസന്തോഷിച്ചുംപണച്ചൊരുക്കുകൊണ്ടു പരപീഡനം ചെയ്യുന്ന പ്രജാസമുദായത്തിനു നിങ്ങളുടെ സഹായമില്ലാതെവന്നാൽ അവരുടെ ഗതിയെന്താകും? (ഹസ്തതാഡനം) അവരുടെ പണവും പണച്ചൊരുക്കും പമ്പകടക്കുകയില്ലെ? നിങ്ങളെക്കൊണ്ടുള്ള അധികാരവും ഗൗരവവുമല്ലേ അവക്കുള്ളൂ. ഈ പരമാർത്ഥമറിഞ്ഞു പ്രജാസമുദായം നിങ്ങളെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നുണ്ടോ? മതബോധകന്മാരായ സന്ന്യാസികൾക്കും, മതപാലകന്മാരായ മാദ്ധിപന്മാർക്കും നിങ്ങൾ അതിരറ്റ സഹായം ചെയ്യുകയും അവരെ അത്യധികം ബഹുമാനിക്കുകയുംപൂജിക്കുകയും ചെയ്യുന്നുണ്ടു്. കാണിക്കയെന്നും നേർച്ചയെന്നും മറ്റും പറഞ്ഞു കയ്യുംകണക്കുമില്ലാത്ത ധനസഹായം നിങ്ങൾ അവർക്കു ചെയ്തുകൊടുക്കുന്നു. അവരുടെ വാക്കുകളെ നിങ്ങൾ വേദവാക്യംപോലെ കരുതി പ്രവർത്തിച്ചുവരുന്നു വളരെവളരെ നിലങ്ങളും പുരയിടങ്ങളും അവർക്കു വിട്ടുകൊടുത്തിരിക്കുന്നു. ഇതിനൊക്കെ നിങ്ങൾക്കുള്ള പ്രതിഫലമെന്താണു്? അവരുടെ നടപടികൾ എന്താണു്? നിങ്ങളുടെ ആത്മശുദ്ധിക്കുവേണ്ടി—നിങ്ങളുടെ ആത്മാഭിവൃദ്ധിക്കുവേണ്ടി—ലോകത്തിൽ മതബോധത്തെ പ്രചരിപ്പിക്കുന്നതിനുവേണ്ടി—അവർ എന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടോ? നേരേമറിച്ചു് പൊതുജനങ്ങൾ തങ്ങൾക്കു വിട്ടുതന്നിട്ടുള്ള അവധിയില്ലാത്ത ധർമ്മസ്വത്തുക്കളെ ധർമ്മവിരുദ്ധമായ മാർഗ്ഗത്തിൽ സേച്ഛപോലെ വ്യയം ചെയ്തു് അപകീർത്തിയേയും പാപത്തേയും സമ്പാദിക്കുന്നു. യമകിങ്കരികളെക്കാൾ ഭയങ്കരികളായ വേശ്യാസ്ത്രീകൾക്കു 'കാണിക്ക'യിട്ടും ചൂതിനും മദ്യപാനത്തിനും കൊലപാതകത്തിനുമായിച്ചെലവു ചെയ്തും നശിപ്പിച്ചുപോരുന്നു. ഇവരുടെ സന്ന്യാസവേഷം കുലസ്ത്രീകളുടെ ചാരിത്ര്യത്തെ ലഘുവിൽ നശിപ്പിക്കാൻ പ്രയോജകീഭവിക്കുന്നുണ്ടെന്നല്ലാതെ അതുകൊണ്ടു യാതൊരു നന്മയും ലോകത്തിനുണ്ടാകാനില്ല ധർമ്മവിരുദ്ധവും ശിക്ഷാർഹവുമായ തങ്ങളുടെ പ്രവൃത്തികളെ ഗോപനംചെയ്യുന്നതിനായി മതത്തിന്റെ പേരുംപറഞ്ഞു് ഓരോ ആഘോഷദിനങ്ങൾ ഏർപ്പെടുത്തി, അടിക്കടി സക്കാരുദ്യോഗസ്ഥന്മാരെയും മറ്റും ക്ഷണിച്ചുവരുത്തി സമ്മാനത്തിന്റെ പേരും പറഞ്ഞു കൈക്കൂലികൊടുക്കുന്നു. നിങ്ങൾ വിട്ടുകൊടുത്തിട്ടുള്ള ധർമ്മസ്വത്തുക്കളുടെ ഉപയോഗം ഈവിധത്തിലാണു്. ഇവരാണോ മാദ്ധിപതികൾ? ഇവരാണോ മതബോധകന്മാർ? ഇവരുടെ അധർമ്മമായ നടപടികളെ തടയേണ്ടതു നിങ്ങളുടെ കടമയല്ലേ? ഇവരെ തുടക്കേണ്ടതു നിങ്ങളുടെ കർത്തവ്യമല്ലേ? പരിശുദ്ധമായ ആ സ്വത്തുക്കളെ ധർമ്മമാർഗ്ഗത്തിൽ പാലിക്കേണ്ടതു നിങ്ങളുടെ ചുമതലയല്ലേ? നല്ലപോലെ ചിന്തിക്കുക! നിങ്ങൾക്കു് എന്തുതോന്നുന്നു?

സഹോദരന്മാരേ! ഈ പാപികളേയും ദുഷ്ടന്മാരേയും ഒതുക്കി നമ്മുടെ നഷ്ടപ്പെട്ട സ്വാതന്ത്ര്യത്തേയും ഐശ്വര്യത്തേയും വീണ്ടെടുത്തു നിലനിൎത്തണമെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? ഉണ്ടെങ്കിൽ മുമ്പോട്ടു ഇറങ്ങുവിൻ! വാളെടുക്കുവിൻ! വില്ലുധരിക്കുവിൻ! യുദ്ധക്കളത്തിൽ പ്രാപിക്കുവിൻ! എന്റെ കൈയും ഖഡ്ഗവും നിങ്ങൾക്കുവേണ്ടി പ്രവൎത്തിപ്പാൻ-ഇതാ തയ്യാർ! (ഹസ്തതാഡനം) ഒരുപക്ഷേ നാം അല്പംകൂടി ക്ഷമിച്ചിരിക്കണമെന്നു നിങ്ങൾക്കു് ഒരഭിപ്രായം തോന്നുണ്ടാവാം. "ക്ഷമിച്ചവർ ക്ഷമ (ഭ്രമി)യെ ഭരിക്കും"എന്ന പഴമൊഴിയിൽ വാസ്തവമുണ്ടുതന്നെ. എന്നാൽ ക്ഷമയ്ക്കും ഒരതിരുണ്ടു്. ക്ഷമ ആ അതിരിനെക്കടന്നു ചെന്നാൽ അതു് ഒരു വലിയ കുറവാകുന്നു. അതിരിനെ ലംഘിച്ചാൽ ശിക്ഷ അനുഭവിക്കും. ഈ ഘട്ടത്തിൽ—രാജ്യസ്ഥിതി ഇത്രത്തോളം അലങ്കോലപ്പെട്ടതിനുശേഷം—നാം ക്ഷമയെ ആശ്രയിച്ചുകൊണ്ടിരുന്നാൽ ആ ക്ഷമയ്ക്കു 'ബലഹീനത'യെന്നർത്ഥമായിരിക്കും. 'ബലഹീനത'യെ ആശ്രയിച്ചാൽ സമുദായത്തോടെ നശിച്ചതു നിശ്ചയം. അതിരിനെ ലംഘിച്ചാലുള്ളശിക്ഷ അതാണു്. ഇന്നാട്ടിൽ, ബലവാന്മാരെന്നും ധനാഢ്യന്മാരെന്നും അധികാരവാന്മാരെന്നും വലിയവരെന്നുംപറയപ്പെടുന്നമനുഷ്യർ നിങ്ങളെ ചുവട്ടടിയിലിട്ടു മർദ്ദിച്ചു നിങ്ങളുടെ ധനത്തെ കൊള്ളയിട്ടു്, നിങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ വേരറുത്തു് തങ്ങളുടെ അത്യാശകളെ പുലർത്തുന്നു. (ലജ്ജാവഹം! ലജ്ജാവഹം!) ഈ ഘട്ടത്തിൽ നിങ്ങളുടെ അവകാശത്തെയും സ്വാതന്ത്ര്യത്തെയും പുനഃസ്ഥാപിക്കുന്നതിനായി നിങ്ങൾ മുന്നിട്ടിറങ്ങാതെ ഇനിയും ക്ഷമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, രാജ്യത്തിലുള്ള സാധുക്കളുടെ ശാപം നിങ്ങളെ ബാധിക്കും. ദൈവവിധിയും, പ്രകൃതിനിയമവും, രാജാക്കന്മാർ, പ്രഭുക്കന്മാർ, മഠാധിപന്മാർ, മതബോധകന്മാർ എന്നിവർ ഏർപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾ ന്യായരഹിതങ്ങളാകയാൽ അവയോടു പോരാടുന്നു. ഇവരുടെ ചട്ടങ്ങളാൽ പലർ ചിലർക്കു് അടിമകളായിഭവിക്കുന്നു. ഈ ചിലരാകട്ടെ, മനുഷ്യസമുദായത്തിനു് അകമാനം ദുസ്സഹമായ അപമാനവും പാപവും വിളയിക്കത്തക്ക നിഷ്ഠുരന്മാരാകുന്നു. എല്ലാ അധികാരങ്ങളേയും പൊതുസ്വാതന്ത്ര്യത്തേയും ഈ ചിലർ കരസ്ഥമാക്കിക്കൊള്ളുന്നു. ഇവർ രാജ്യത്തിലുള്ള സിംഹഭാഗം വിളഭൂമികളെ തങ്ങൾതന്നെ പങ്കിട്ടെടുക്കുന്നതിനുംപുറമേ, ആവക നിലങ്ങളിൽ, തങ്ങളുടെ ജീവിതകാലത്തിനുശേഷം തങ്ങളുടെ സന്തതികൾക്കും അവരുടെ കാലത്തിനുശേഷം അവരുടെ സന്തതിത്തലമുറകൾക്കുമായി പരമ്പരാവകാശത്തെ ഏർപ്പെടുത്തിക്കൊള്ളുന്നു. ഇതുമൂലം അവരുടെ സ്വത്തുക്കൾ കാലാന്തരത്തിൽഅഭിവൃദ്ധമാവുകയും കോടാനുകോടിജനങ്ങൾ പട്ടി

ണികിടക്കേണ്ടിവരികയും ചെയ്യുന്നില്ലേ? ഇവരും ഇവരുടെ പൂർവികന്മാരും തങ്ങളുടെ സ്വാതന്ത്ര്യത്തിന്റെയും ഐശ്വര്യത്തിന്റെയും രക്ഷയ്ക്കായി ഖഡ്ഗത്തെ പ്രയോഗിച്ചുവന്നിരുന്നു. അതുകൊണ്ട് ഇവരെ അമർത്താനായി നിങ്ങളും ഖഡ്ഗശക്തിയെ ആശ്രയിക്കണം. പല തലമുറകളായി നടന്നുവരുന്ന ഈ നീതിവിരുദ്ധമായ ഏർപ്പാടിനെ വേരോടെ നശിപ്പിക്കേണ്ടതു നിങ്ങളുടെ കടമയാകുന്നു. നിങ്ങളുടെ പൂർവികന്മാർ അവരുടെ അജ്ഞതയാൽ അടിമത്തത്തെ സഹിച്ചുകൊണ്ടിരുന്നു എന്നുവച്ച് നിങ്ങളും അപ്രകാരം ഇരിക്കണമെന്നുണ്ടോ? ഒരു തലമുറയിൽ ജീവിച്ചിരുന്നവർ, വേറൊരു തലമുറയിൽ ജീവിച്ചിരുന്നവർക്ക് പ്രതിബന്ധകമായി നില്ക്കണമെന്നുണ്ടോ? ഭൂമി അതിൽവസിക്കുന്ന എല്ലാവർക്കും സ്വന്തമായിട്ടുള്ളതാണു്. ഭൂമിയിൽ വിളയുന്ന സകലപദാർത്ഥങ്ങളും അതിൽ വസിക്കുന്ന ഓരോമനുഷ്യനും അവകാശപ്പെട്ടതാണു്. എത്രയോലക്ഷം സാധുക്കൾ ആഹാരത്തിനു വകയില്ലാതെ പട്ടിണികിടന്നു കഷ്ടപ്പെടുന്നു! ആ സാധുക്കൾക്കുവേണ്ടി ഭക്ഷണസാധനങ്ങൾ കിട്ടത്തക്കവണ്ണം വിളനിലങ്ങളെ കൃഷിചെയ്യുകയോ, അതോ പണക്കാർക്കു മദ്യം സംഭരിക്കാനുള്ള മരങ്ങളെ കൃഷിചെയ്യണ്ടാക്കുകയോ വേണ്ടതു്? ഏതാണാവശ്യം? ഈ ചോദ്യം നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക. (ഹസ്തതാഡനം) പലർ ദാരിദ്ര്യദുഃഖം അനുഭവിക്കത്തക്കവണ്ണം ചിലരെ അതിരറ്റ ധനവാന്മാരാക്കാൻ അനുവദിക്കരുതു് കഷ്ടപ്പെട്ടു നിലത്തിൽ വേലചെയ്യുന്നവരാരോ അവരാണു് ആദ്യം അതിലെ ഫലം അനുഭവിക്കേണ്ടവർ. എല്ലുമുറുങ്ങി പണിയെടുക്കുന്നവർ ഫലം അനുഭവിക്കാതിരിക്കയും മടിപൂണ്ടു യജമാനന്മാരായി ഞെളിഞ്ഞിരിക്കുന്ന പ്രഭുക്കൾ ഫലംമുഴുവനും അനുഭവിക്കുകയുംചെയ്യുന്നതു എന്തൊരു ന്യായമാണു്? (ഹസ്തതാഡനം) എല്ലാവർക്കും അവരവരുടെ ആവശ്യത്തിനു വേണ്ട ധനമുണ്ടോ എന്നു് ആദ്യം അറിഞ്ഞതിനുശേഷമല്ലേ ചിലർക്കു ധനികന്മാരാകണമെന്നുണ്ടെങ്കിൽ അതിലേയ്ക്കു അനുവദിക്കേണ്ടതു്? ഈ ലോകവും അതിലുള്ള പദാർത്ഥങ്ങളും എല്ലാ മനുഷ്യർക്കും പൊതുവെ അവകാശപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ദൈവം അവയെ സൃഷ്ടിച്ചതു്. അതുകൊണ്ടു എല്ലാ മനുഷ്യരും തുല്യസ്വാതന്ത്ര്യവും അധികാരവും ഉള്ളവരായിരിക്കണം. എല്ലാവർക്കും ധനത്തിൽ തുല്യാവകാശം ഉണ്ടായിരിക്കുകയുംവേണം. ചിലർമാത്രം പ്രഭുക്കളായിരിക്കുന്നതെന്തിനു്? പലർ ദരിദ്രന്മാരായി കഴിയുന്നതെന്തിനു്? ഈശ്വരനിയമം അങ്ങനെയാണോ? ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യസമുദായത്തിൽ വലിയവരാരു്? എളിയവരാരു്? ദൈവത്തിന്റെ മുമ്പിൽ പണക്കാരെന്നും ദരിദ്രരെന്നുമുള്ള വ്യത്യാസമുണ്ടോ? ലോകത്തിൽ

എല്ലാവരും തുല്യസ്ഥിതിയിൽ വത്തിക്കണം. (ഹസ്തതാഡനം) ഇതത്രേ മഹാത്മാവായ കപിലാചാര്യരുടെ ആദേശം. ഇതത്രേ അദ്ദേഹത്തിന്റെ ഉപദേശം. (ഭീർഘമായ ഹസ്തതാഡനം) സ്നേഹിതന്മാരേ! കാപലികന്മാരേ! എന്റെയും നിങ്ങളുടെയും ഉദ്ദേശവും ആദേശവും ലക്ഷ്യവും ഒന്നുതന്നെയാണെന്ന നിങ്ങളുടെ ആഹ്ലാദപൂരസ്സരമായ ഹസ്തതാഡനത്താൽ സുസ്പഷ്ടമാകുന്നു. എന്റെ അഭിപ്രായങ്ങളോട് നിങ്ങൾക്ക ആനുകൂല്യമുണ്ടെന്നും ഞാൻ പറഞ്ഞതുപോലെ നിങ്ങൾ പ്രവത്തിക്കുമെന്നും വിശ്വസിക്കുന്നു. എന്റെ പ്രാണതുല്യന്മാരായ ഭടന്മാരേ! നാം പ്രവത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഇനി നമുക്ക അമാന്തിച്ചുകൂടാ. ഒരുനിമിഷം പോലും അടങ്ങിയിരിക്കാൻപാടില്ല. ഇപ്പോൾമുതൽ ഈ നിമിഷംമുതൽ നാം പ്രവത്തിച്ചുതുടങ്ങണം. കപിലാചാര്യൻ കൊല്ലപ്പെട്ടു; അദ്ദേഹത്തെ നമ്മുടെ ശത്രുക്കൾ നിഗ്രഹിച്ചു. എന്നാലും നമ്മുടെ ആ ഗുരു മരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ശരീരം മരിച്ചു, ആത്മാവു മരിച്ചിട്ടില്ല. അതു തന്റെ ശത്രുവിനോട് പകവീട്ടാനായി നമ്മോടൊന്നിച്ചു പ്രവത്തിക്കുന്നു. ശത്രുക്കളെ ഉന്മൂലനം ചെയ്യാനുള്ള ശക്തിയും ധൈര്യവും നമുക്ക നല്കിക്കൊണ്ടിരിക്കുന്നു. എത്രത്തോളം ക്ഷമിക്കണമോ അത്രത്തോളവും അതിൽക്കൂടുതലും ഞാൻ ക്ഷമിച്ചുകഴിഞ്ഞു. ഇനിയും ക്ഷമിക്കാൻ നിവൃത്തിയില്ല. ആ ക്ഷമ അപത്തിനെ ഉണ്ടാക്കും. കാശ്മീരത്തിലെ പ്രഭുക്കളുടെയും രാജകീയോദ്യോഗസ്ഥന്മാരുടെയും നിഷ്ഠുരവൃത്തികൾ അതിരിനെ ലംഘിച്ചുകഴിഞ്ഞു. ഞാൻ ഇതാ നിങ്ങളെ വിശ്വസിച്ച വാളെടുക്കുന്നു. ഇന്നുമുതൽ നാം യുദ്ധസന്നദ്ധന്മാരായിരിക്കുന്നവിവരം നാടൊട്ടുക്ക മുരശടിച്ചു പ്രഖ്യാപനംചെയ്യുവല്ലോ. പ്രിയസ്നേഹിതന്മാരേ! ഉറ്റസഹോദരന്മാരേ! കാപിലകന്മാരേ! നാം ഈ നിമിഷംമുതൽ ആരംഭിച്ചിരിക്കുന്ന യുദ്ധം നമ്മുടെ സ്വന്തം നന്മയെയോ ലാഭത്തെയോ അധികരിച്ചല്ലെന്നും, സ്വാത്മം നമ്മേ തീണ്ടുകപോലും ചെയ്തിട്ടില്ലെന്നും, പൊതുജനങ്ങളുടെ നന്മയെ—ജനസമുദായത്തിന്റെ അഭിവൃദ്ധിയെ—സാധുക്കളുടെ ത്രാണത്തെ—കാശ്മീരത്തിന്റെ സ്വാതന്ത്ര്യത്തെ—അതിന്റെ സമാധാനത്തെ—ഉദ്ദേശിച്ചാണെന്നും ഉള്ള പരമാത്മത്തെ നിങ്ങൾക്കും എനിക്കുംവേണ്ടി പൊതുജനസമക്ഷം ഈശ്വരനാമത്തിൽ സത്യംചെയ്തറിയിച്ചുകൊള്ളുന്നു. ഈ യുദ്ധത്തിൽ നമ്മുടെ ലക്ഷ്യം രണ്ടാണു്. പരമാത്മമായ മതത്തെ നിലനിത്തണമെന്നുള്ളതൊന്നു്; ന്യായയുക്തവും വ്യവസ്ഥാപിതവുമായ ഭരണക്രമത്തെ ഏർപ്പെടുത്തണമെന്നുള്ളതു് മറെറാന്നു്. ഈ രണ്ടു ലക്ഷ്യത്തെയും പ്രാപിക്കാൻ സർവ്വശക്തനായ ഈശ്വരൻ അനുഗ്രഹിപ്പതാക.”

നാല്പതാം അദ്ധ്യായം.

"കൊതിക്കുന്ന മഹാദുഷ്ടേ! ചതിക്കും നീ തരംവന്നാൽ."

വീരകേസരിയായ അശോകനാഥൻ മൈതാനത്തിൽനിന്നും മടങ്ങിവന്നതിനുശേഷം, കൊട്ടാരത്തിലുള്ള ഒരു മുറിയിൽ ഏകനായിരുന്നു, യുദ്ധം ഏതുപ്രകാരത്തിൽ ആരംഭിക്കണമെന്നും എവിടുന്നു തുടങ്ങണമെന്നും ഇന്നയിന്ന ആളുകളെ ഏതേതു സമയങ്ങളിൽ എതിർക്കണമെന്നും മറ്റുമുള്ള സംഗതികളെക്കുറിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. കാശ്മീരദേശത്തിന്റെ ഭൂപടം ഒരു മേശമേൽ നിവർത്തിട്ടിരിക്കുന്നു. ആ പടത്തിൽ ശ്രീപുരത്തിലെയും മറ്റു പ്രധാനപ്പെട്ട പട്ടണങ്ങളിലെയും വലിയ കെട്ടിടങ്ങൾ ചിത്രീകരിച്ചിട്ടുണ്ടു് അവ ഓരോന്നും അശോകനാഥൻ സശ്രദ്ധംനോക്കി മനസ്സിലാക്കിക്കൊണ്ടിരുന്നു. കുറേക്കഴിഞ്ഞു അശോകനാഥൻ തന്നെത്താൻ പറഞ്ഞു:—"ഈ യുദ്ധത്തിൽ എനിക്കു ജയം സിദ്ധിക്കുമെന്നു തന്നെത്താൻ വിശ്വസിക്കുന്നു. നേപ്പാളം ഈ യുദ്ധത്തിൽ തലയിടാതെ ഒരുകൊല്ലം നിഷ്പക്ഷനിലയിൽ വർത്തിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടു്. അതു് ഒരു വലിയ സഹായമാണു്. മറ്റുള്ള അയൽനാടുകളും നേപ്പാളത്തോളം ശക്തിയുള്ളവയല്ല. അതുകൊണ്ടു, ഈ ഒരു കൊല്ലത്തിനകം അനേകം കാര്യങ്ങളും എനിക്കു സാധിക്കാൻ കഴിയും.....ഹ, ഗൗതമീ! നിന്റെ ചിന്ത അടിക്കടി എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. നിന്നെ ഓർക്കുമ്പോൾ എന്റെ ഉത്സാഹവും ശക്തിയും പ്രജ്ഞയും ക്ഷയിക്കുന്നു. എന്റെ സർവേന്ദ്രിയങ്ങളും പ്രവൃത്തിശൂന്യങ്ങളായി ഭവിക്കുന്നു.

അശോകനാഥൻ ദീർഘമായി ഒന്നു നിശ്വസിച്ചു വീണ്ടും ഭൂപടത്തിൽ ദൃഷ്ടിപതിഞ്ഞു. "ഹാ! ഇതാ കാണുന്നു ഗംഗാധരഗുപ്തപ്രഭുവിന്റെ മാളിക! ധവളസൗധം ഇതാ കാണുന്നു! കുമുദിനീമന്ദിരം ഇതാ. കുമുദിനി എന്ന സ്ത്രീ വലിയ ധനികയാണെന്നും മഹാധർമ്മവതിയാണെന്നും കേൾക്കുന്നു. കുമുദിനിമന്ദിരത്തെപ്പറ്റി എന്റെ ഡയറിയിൽ ചില വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അതു് ഈ അവസരത്തിൽ വായിച്ചുനോക്കേണ്ടതാണു്." എന്നു തന്നോത്താൻപറഞ്ഞിട്ടു ഡയറി എടുത്തു ഒരു ഭാഗം നിവർത്തു വായിച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു:—'കുമുദിനീസൗധം—ഇതു് കുമുദിനീദേവിയെന്ന സ്ത്രീയുടെ വകയാണു്. ഏതാനും കൊല്ലത്തിനുമുമ്പു ഇതു ജീർണ്ണോദ്ധാരണം ചെയ്യപ്പെട്ടു. ഈ കെട്ടിടത്തിനടിയിൽ പലേ ശ്രുതമാർഗ്ഗങ്ങളും കല്ലറകളും ഉണ്ടെന്നു

ചിലർ അഭിപ്രായപ്പെട്ടു. ഈ കെട്ടിടത്തിൽ പല യുവാക്കന്മാർ കുമുദിനിയുടെ സംരക്ഷണയിൽ പാർത്തുവരുന്നു. ഈ യുവാക്കന്മാരുടെ നേതാവു് ഒരു സന്യാസിയാണു്. ഈ സൗധത്തിന്റെ പരിതഃപ്രദേശങ്ങളിൽ ചിലപ്പോഴെല്ലാം ആയുധപാണികളായ ചില ആളുകൾ സഞ്ചരിക്കാറുണ്ടെന്നും അവർ കറുപ്പു വസ്ത്രം ധരിച്ചവരാണെന്നും പറയപ്പെടുന്നു. ഈ കെട്ടിടത്തെപ്പറ്റി പല ശ്രുതികളും കേൾക്കുന്നുണ്ടു്. കുമുദിനിദേവി എത്രതന്നെ ധർമ്മനിഷ്ഠയുള്ളവളായിരുന്നാലും ഈ കെട്ടിടത്തിന്റെ കെട്ടുപാടുകളും പലേപ്രകാരത്തിലുള്ള സംശയങ്ങൾക്കു നിദാനങ്ങളാണു്.

അശോകനാഥൻ വളരെനേരം അഗാധമായ ചിന്തയിൽ കഴിഞ്ഞുകൂടിയതിനുശേഷം ഇപ്രകാരം പറഞ്ഞു:—"ഏതായാലും അടുത്തദിവസം രാവിലെ പത്തിരുനൂറു ഭടന്മാരുമായി ചെന്നു കുമുദിനീസൗധത്തിൽ കടന്നു ക്ലേശകരമായ ഒരു പരിശോധന നടത്തണം. അതേസമയത്തുതന്നെ ഗംഗാധരഭട്ടപ്രഭുവിന്റെ മാളികയെ പരിശോധിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇതുരണ്ടുമാണു് എന്റെ അടുത്തെ പ്രവൃത്തികൾ."

ഈ അവസരത്തിൽ ഒരു ഭടൻ ആ മുറിയിൽ കടന്നുചെന്നു് "ഒരു സ്ത്രീ അങ്ങയെ നേരിൽ കാണാനായി വന്നിരിക്കുന്നു. വിവരം അങ്ങയെ ധരിപ്പിക്കണമെന്നു് ആവശ്യപ്പെട്ടതനുസരിച്ചു ഞാൻ ഇങ്ങോട്ടു പോന്നതാണു്" എന്നു പറഞ്ഞു. അശോകനാഥൻ അതുകേട്ടു്, "എനിക്കു് ഇപ്പോൾ നേരിൽക്കണ്ടു സംസാരിക്കത്തക്ക സൌകര്യമില്ല. എന്റെ പ്രൈവറ്റു്സെക്രട്ടറിയെ കണ്ടു വിവരം പറഞ്ഞുംവച്ചു് പോകാൻ ആ സ്ത്രീയോടു പറയൂ"എന്നു പറഞ്ഞു.

ഭടൻ:—ഞാൻ ഈ സംഗതി ആദ്യമേതന്നെ പറഞ്ഞു സ്ത്രീ അതിനു വഴിപ്പെട്ടില്ല. അങ്ങയുടെ നേരിൽത്തന്നെ ചില രഹസ്യങ്ങൾ പറവാനുണ്ടെന്നും അതു മറ്റാരെയും ധരിപ്പിക്കാൻ പാടില്ലെന്നും മുഷ്ടിപിടിക്കുന്നു.

അശോകനാഥൻ:—അങ്ങനെയാണെങ്കിൽ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരിക.

ഭടൻ സ്ത്രീയേയും കൂട്ടിക്കൊണ്ടു മടങ്ങിയെത്തി. ഭടൻ പോയതിനുശേഷം, ആ സ്ത്രീ അശോകനാഥനെ നോക്കി, "മാന്യരേ! ഞാൻ ഒരു പ്രധാനസംഗതിയെ അസ്പഷ്ടമാക്കി, അങ്ങയെ കാണാനായി വന്നതാണു്. അങ്ങു ദീനദയാലുവും പരോപകാരതല്പരനും മഹാമനസ്കനുമാകുന്നു. എന്നെപ്പേരിൽ അങ്ങേയ്ക്കു അനുകമ്പതോന്നാതിരിക്കയില്ലെന്നാണു് എന്റെവിശ്വാസം. അങ്ങു് എന്നെ ഇതേവരെ നേരിൽ കണ്ടിട്ടില്ലെങ്കിലും എന്നെപ്പറ്റി കേട്ടിരിക്കാനി

ടയുണ്ട്. കുമുദിനിദേവി എന്നൊരുസ്ത്രീയെ അങ്ങു് കേട്ടിട്ടുണ്ടെങ്കിൽ ആ സ്ത്രീ ഞാനാണു്" എന്നു പറഞ്ഞു.

കുമുദിനിയുടെ അന്യാദൃശസൌകുമാര്യവും മധുരമായ വാക്കും അശോകനാഥന്റെ മനസ്സിനെ ഒരുപ്രകാരത്തിൽ രുചിപ്പിച്ചു. എന്നാൽ, ഒടുവിൽ പറഞ്ഞ കുമുദിനി എന്ന പേരുകേട്ടപ്പോൾ അല്പം വല്ലായ്മയോടും വിസ്മയത്തോടുംകൂടി ആ സ്ത്രീയെ കടുക്കെ ഒന്നു നോക്കി. അപരിചിതകളും അല്പം ഭേദപ്പെട്ടവരുമായ സ്ത്രീകളോടു സംസാരിക്കാൻ അശോകനാഥൻ ശീലിച്ചിട്ടുണ്ടായിരുന്നില്ല. അതു തനിക്കൊരു വലുതായ ന്യൂനതയാണെന്നു് ആ പുരുഷകേസരിക്കു ബോദ്ധ്യപ്പെട്ടതു് ഈ നിമിഷത്തിലാണു്. എന്താണു താൻ പറയേണ്ടതെന്നു് അശോകനാഥനു് അറിയാം. എങ്ങനെയാണു പറയേണ്ടതെന്നുമാത്രമേ അറിഞ്ഞുകൂടാതുള്ളൂ. സ്ത്രീകളോടു—വിശേഷിച്ചും അല്പം ഭേദപ്പെട്ട സ്ത്രീകളോടു—സംസാരിക്കാൻ ഒരു പ്രത്യേക 'പാണ്ഡിത്യം'തന്നെ വേണമെന്നു് ആ ഗംഭീരപുരുഷനു് അനുഭവപ്പെട്ടതു് ഈ അവസരത്തിലാണു്. അല്പനേരം കഴിഞ്ഞു തനിക്കു സഹജമായുള്ള ഗംഭീരസ്വരത്തെ ഒന്നു ലഘൂപ്പെടുത്തി ഉഭയഭ്രഷ്ടമായ ഒരു സ്വരത്തിൽ ഇങ്ങനെ പറഞ്ഞു—'കുമുദിനീദേവിയെ ഞാൻ കേട്ടിട്ടുണ്ടു്. ആ സ്ത്രീ നിങ്ങളാണോ? നിങ്ങളെക്കുറിച്ചു ഞാനിപ്പോൾ വിചാരിച്ചതേയുള്ളൂ.'

കുമുദിനി:—എന്തു്? എന്നെപ്പറ്റിയോ അങ്ങു വിചാരിച്ചതു്?

എന്നാൽ ഞാൻ ഭാഗ്യവതിതന്നെ.

"ഹേ! സാധുസ്ത്രീയേ! നിന്നെപ്പറ്റി ഒരു കാമുകന്റെ നിലയിലല്ല ഞാൻ ചിന്തിച്ചതു്. അച്ചിന്ത എന്നെ ബാധിക്കുകയില്ല! നിന്നെ ഒരുപ്രകാരത്തിൽ ദ്രോഹിക്കാനായിട്ടാണു ഞാൻ വിചാരിക്കുന്നതു്" എന്നു് അശോകനാഥൻ തന്നെത്താൻ പറഞ്ഞിട്ടു്, "അതേ, നിങ്ങളെത്തന്നെയാണു വിചാരിച്ചതു്" എന്നു കുമുദിനിയോടു പറഞ്ഞു. കുമുദിനി അതുകേട്ടു "ശരി, സരസ്വതി രഹസ്യങ്ങളൊന്നും അശോകനാഥനെ ധരിപ്പിച്ചിട്ടില്ല; അവൾ സത്തെത്തെ ലംഘിച്ചിട്ടില്ല. അതുകൊണ്ടു് ഇയ്യാൾ നമ്മുടെ രഹസ്യമൊന്നും മനസ്സിലാക്കിയിട്ടില്ല." എന്നു മനസാ തീർച്ചപ്പെടുത്തി.

അശോകനാഥൻ തുടർന്നുപറഞ്ഞു—എന്റെ ഭടന്മാരെ നിങ്ങളുടെ മാളികയിൽ അയച്ചു് അതിലെ സകലമുറികളുടെയും താക്കോൽ വാങ്ങിക്കണമെന്നാണു് ഞാൻ വിചാരിച്ചിരിക്കുന്നതു്.

"എന്റെ കെട്ടിടത്തിന്റെ താക്കോലുകളോ? അതു നിങ്ങൾക്കു് എന്തിനായിട്ടു്?" എന്നു ഭയവിസ്മയാധീനയായി കുമുദിനി ചോദിച്ചു.

അശോകനാഥൻ:—നിങ്ങൾ ഭയപ്പെടണ്ടാ. എന്റെ ആജ്ഞയെ നിങ്ങൾ അനുസരിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്കു് ഒരുപ്രകാരത്തിലുള്ള അപകടവും നേരിടുകയില്ല. എന്റെ ഭടന്മാർക്കു വസിക്കാൻ നിങ്ങളുടെ കെട്ടിടം ഒഴിച്ചുതരണം. വലിയ ധനികന്മാരുടെയും പ്രഭുക്കന്മാരുടെയും താക്കോലുകളെല്ലാം ഇപ്രകാരം വാങ്ങിക്കണമെന്നാണു ഞാൻ ഉദ്ദേശിച്ചിരിക്കുന്നതു്. എന്റെ ആജ്ഞയെ അനുസരിച്ചും എന്നോടു് അനുകൂലിച്ചും പ്രവർത്തിക്കുമോ, അതോ എനിക്കു വിരോധമായി പ്രക്ഷോഭണംനടത്തുമോ എന്നു പരീക്ഷിക്കാനായിട്ടുള്ള ഉദ്യമമാണിതു്

കമുദിനി:—മാന്യരേ, അങ്ങു യുദ്ധപ്രഖ്യാപനംചെയ്തമാത്രയിൽത്തന്നെ പ്രഭുക്കന്മാരുടെ കെട്ടിടങ്ങളും പൊതുസ്ഥാപനങ്ങളും മറ്റും അക്രമിക്കപ്പെട്ടുമെന്നു് ഞാൻ ഊഹിച്ചിരിക്കയാണു്. അക്കാരണത്തിലാണു് ഞാൻ ഇപ്പോൾ ഇങ്ങോട്ടു പുറപ്പെട്ടതും. പ്രഭുക്കന്മാരുടെ കെട്ടിടങ്ങളെ ആക്രമിക്കുന്നതുപോലെ എന്റെ കെട്ടിടത്തെ ആക്രമിക്കാതിരിക്കണമെന്നു് അപേക്ഷിക്കാനായിട്ടാണു ഞാൻ ഇങ്ങോട്ടുപോന്നതു്.

അശോകനാഥൻ:—നിങ്ങൾ ഒരു സ്ത്രീയായിരുന്നിട്ടും നിങ്ങളുടെ അപേക്ഷയെ നിരസിക്കാതിരിക്കാൻ എനിക്കു നിവൃത്തിയില്ലെന്നിരിക്കുന്നു. അതിനെപ്പറ്റി എനിക്കുതന്നെ മനസ്താപമുണ്ടു്. ഈ ഘട്ടത്തിൽ—യുദ്ധംനേരിട്ടിരിക്കുന്ന ഈ അസമാധാനഘട്ടത്തിൽ—നിങ്ങളുടെ അപേക്ഷയെ നിരസിക്കേണ്ടതു് എന്റെ കർത്തവ്യമാകുന്നു. ഇക്കാരണത്താൽ ഞാൻ ഒരു നിർഭയനെന്നോ നിഷ്ഠുരനെന്നോ മറേറാ നിങ്ങൾ വ്യാഖ്യാനിക്കുമായിരിക്കാം. നിങ്ങൾ വൈരികമതത്തെ സംബന്ധിച്ചുവരാണെന്നും നിങ്ങൾക്കു രാജകോയ്മയോടു നിസ്തുലമായ ഭക്തിയും അനുകൂല്യവുമുണ്ടെന്നും എനിക്കറിയാം. മാത്രമല്ല, നിങ്ങളുടെ കെട്ടിടം കോട്ടയ്ക്കാത്തബലത്തോടുകൂടിയതാണെന്നും അതിനടിയിൽ പല രഹസ്യമാർഗ്ഗങ്ങളും കല്ലറകളും മറ്റുമുണ്ടെന്നും രാത്രികാലങ്ങളിൽ കറുത്തകുപ്പായംധരിച്ചു് ആയുധപാണികളായ ചില ആളുകൾ ആ കെട്ടിടത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ പ്രേതബാധകളെപ്പോലെ ചുറ്റിസ്സഞ്ചരിക്കാറുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ടു്. ഇക്കാരണത്താൽ നിങ്ങളുടെ പേരോടുകൂടിയ ആ കെട്ടിടത്തെ ആദ്യമായി കൈവശപ്പെടുത്തണമെന്നു ഞാൻ തീർച്ചപ്പെടുത്തിയതിൽ ന്യായമുണ്ടെന്നു് അറിയുക.

കുമുദിനി ഇടിയേറ്റ മരംപോലെ നിശ്ചേഷ്ടയായിഭവിച്ചു. അവളുടെ മുഖത്തു രക്തപ്രസാദം മാറി, പാണ്ഡുരമായ വീശി. അവളുടെ സർവ്വാംഗം ഒന്നു നടുങ്ങി. ഹൃദയം ഭയവിഹ്വലമായി ഭവിച്ചു. ഈ വികാരങ്ങളെല്ലാം സൂക്ഷ്മഗ്രാഹിയായ അശോകനാഥൻ കാണാതിരുന്നില്ല.

കുമുദിനി:—വീരാത്മാവേ! അങ്ങയുടെ സംരംഭം, എന്റെ പരോപകാരപ്രവൃത്തികളെ ഉന്മൂലനം ചെയ്യുകയായിരിക്കും. ധർമ്മത്തെത്തടയുന്നതു നീതിയാണോ? അശരണന്മാരായ എത്ര ബാലന്മാർ എന്റെ സംരക്ഷണയിൽ ആ കെട്ടിടത്തിൽ താമസിക്കുന്നുണ്ടെന്നു അങ്ങു് അറിയുന്നുണ്ടോ? ആ കെട്ടിടത്തെ ആക്രമിച്ചാൽ അവരുടെ അവസ്ഥ എന്തായിത്തീരുമെന്നു് അങ്ങു് ധർമ്മബുദ്ധിയോടുകൂടി ആലോചിക്കണം.

അശോകനാഥൻ:—എന്റെ ഭടന്മാർ എന്റെ ആജ്ഞയിൽ നിന്നും വരവർണ്ണം വ്യതിചലിക്കുന്നതല്ല. നിങ്ങളുടെ ധർമ്മപരിപാലനത്തിനു യാതൊരു പ്രതിബന്ധവും നേരിടാതെ അവർ സൂക്ഷിച്ചുകൊള്ളും. ബാലന്മാർ പതിവുപോലെ ആ കെട്ടിടത്തിൽ താമസിക്കുന്നതുകൊണ്ടു വിരോധമില്ല. ഞാൻ അയയ്ക്കുന്ന ഇരുന്നൂറുഭടന്മാരും കെട്ടിടത്തിനു കാവൽക്കാരായി നില്ക്കുകയല്ലാതെ മറ്റു യാതൊരു ഉപദ്രവവും അവരിൽനിന്നും നേരിടുകയില്ല.

കുമുദിനി:—അപ്രകാരം ഒരു കാവൽ എന്റെ കെട്ടിടത്തിനു പാടില്ലെന്നാണല്ലോ എന്റെ അപേക്ഷ. അങ്ങനെ കാവൽനിൽക്കുന്നതു് എന്റെ കീർത്തിക്കും അവസ്ഥയ്ക്കും അനുയോജ്യമല്ലെന്നു ധരിക്കണം.

അശോകനാഥൻ:—നിങ്ങളുടെ വാക്കുകളിൽനിന്നും നിങ്ങളുടെ മനസ്സിൽ എന്തൊക്കെയോ കളങ്കങ്ങൾ ഉള്ളതുപോലെതോന്നുന്നു. എന്നിൽനിന്നും നിങ്ങൾ വല്ല സഹായവും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ നിങ്ങളെയും നിങ്ങളുടെ കെട്ടിടത്തെയും സംബന്ധിച്ച സകല വിവരങ്ങളും മറയ്ക്കാതെ പറയണം. മനസ്സു് ഒരുപ്രകാരത്തിലിരിക്കെ വാക്കു മറ്റൊരുപ്രകാരത്തിലായതുകൊണ്ടു ഫലമില്ല.

കുമുദിനി:—അങ്ങു പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. അങ്ങേയ്ക്കു് എന്നെക്കൊണ്ടു എന്തു കാര്യസാദ്ധ്യമാണുണ്ടാകേണ്ടതു്? അങ്ങയുടെ ഉദ്ദ്യമങ്ങൾക്കു ഞാൻ ഒരുപ്രകാരത്തിലും തടസ്സമായി നിൽക്കുകയില്ലെന്നുള്ളതിലേയ്ക്കു തക്കതായ ഉറപ്പുവേണമെന്നായിരിക്കാം അങ്ങു് ആവശ്യപ്പെടുന്നതു്?

ഇതുയുംകേട്ടപ്പോൾ അശോകനാഥനു് കുമുദിനിയിൽ പൂർവാധികം വെറുപ്പും അവമതിപ്പുമുണ്ടായി. സ്വാർത്ഥത്തെ പുലർത്താനായി തന്റെ മതവിശ്വാസത്തെയും രാജഭക്തിയെയും ബലികഴിക്കാൻ തയ്യാറാണെന്നു് അവളുടെ വാക്കുകളിൽനിന്നും അശോകനാഥനു വെളിപ്പെട്ടു. പരമാർത്ഥമായി പ്രവർത്തിക്കുന്ന അശോകനാഥനു ആ മനഃസ്ഥിതിയിൽ വെറുപ്പുണ്ടായതു് ആശ്ചര്യമുള്ളതല്ലോ. എന്നാൽ തന്റെ വെറുപ്പിനെ പുറത്തുകാട്ടാതെ തന്റെ ഉദ്യമങ്ങൾക്കു് അവൾ എത്രകണ്ടു പ്രയോജകീഭവിക്കുമെന്നു പരീക്ഷിക്കാനുദ്യമിച്ചു.

അശോകനാഥൻ:—നിങ്ങൾ നിങ്ങളുടെ മതത്തെയും ആഭിജാത്യത്തെയും ഉപേക്ഷിച്ചു ഞങ്ങളുടെ മതത്തെ അനുസരിക്കാൻ ആഗ്രഹമുള്ളതായി നിങ്ങളുടെ വാക്കുകളിൽനിന്നും വെളിപ്പെടുന്നു. അങ്ങിനെയാണെങ്കിൽ നിങ്ങൾ ഞങ്ങളെ ഏതു വിധത്തിലാണു സഹായിക്കുന്നതു്?

കുമുദിനി:— അതേ, നിങ്ങളുടെമതത്തിൽ ചേരണമെന്നാണു ഞാൻ ആഗ്രഹിക്കുന്നതു്. ഞാൻ നിങ്ങൾക്കുചെയ്യുന്ന സഹായം മറ്റാരാലും ചെയ്യപ്പെടാൻ സാധിക്കാത്തവണ്ണം അത്ര മഹത്തരമായിരിക്കും. അപ്രകാരമുള്ള സഹായം ഞാൻ ചെയ്യുന്നതിനു പകരം നിങ്ങൾ ചില സഹായങ്ങൾ എനിക്കും ചെയ്യേണ്ടതായിട്ടുണ്ടു്. അതായതു് എന്റെ ചില നിബന്ധനകൾക്കു നിങ്ങൾ വശപ്പെടണം.

അശോകനാഥൻ:—വളരെ സന്തോഷം. നിങ്ങളുടെ നിബന്ധനകൾ ന്യായയുക്തങ്ങളും സ്വീകാര്യങ്ങളുമായിരുന്നാൽ ഞങ്ങൾ അവയെ കൈക്കൊള്ളാം.

കുമുദിനി:—ഒന്നാമതായി എന്റെ കെട്ടിടത്തിൽ നിങ്ങൾ ഭടന്മാരെ കാവൽനിറുത്തുകയോ എന്റെ കെട്ടിടത്തിൽ പാർപ്പിച്ചിരിക്കുന്ന ബാലന്മാരുടെ വിഷയത്തിൽ കൈകടത്തുകയോ ചെയ്കയില്ലെന്നു സമ്മതിക്കണം. രണ്ടാമത്തെ നിബന്ധന എന്റെവക നിലംപുരയിടങ്ങളെ നിങ്ങൾ കൈവശപ്പെടുത്തുകയോ, നശിപ്പിക്കുകയോ ചെയ്യാതെ എന്റെ അധീനതയിൽത്തന്നെ വിട്ടുതരണം എന്നാണു്. മൂന്നാമതു ഞാൻ ഇതിനുമുമ്പു പല കുറ്റങ്ങളും ചെയ്തിട്ടുള്ളതായി വെളിപ്പെട്ടാൽ അവയെപ്പറ്റി ചിന്തിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാൻപാടില്ല. ഞാൻ പറയുന്ന ഒരു പ്രത്യേക വല്ലകുറ്റവും ഇതിനുമുമ്പു ചെയ്തിട്ടുണ്ടെങ്കിൽ, അദ്ദേഹത്തെ ആ കുറ്റത്തിനായി ശിക്ഷിക്കാതിരിക്കണമെന്നാണു് നാലാമത്തെനിബ

സ്ഥനം. ആ പ്രഭുവിന്റെ പേരു പിന്നീടു പറയുന്നതാണു്. ഈ നാലു നിബന്ധനകളേയും നിങ്ങൾ അനുസരിക്കണം.

അശോകനാഥൻ:—നിങ്ങളുടെ നിബന്ധനകൾ സ്വീകരിക്കപ്പെടാൻപാടില്ലാത്തവണ്ണം കഠിനങ്ങളായിരിക്കുന്നു. എന്നാൽ നിങ്ങളിൽനിന്നു സിദ്ധിക്കുന്ന സഹായം അത്രത്തോളം വിലയുള്ളതായിരുന്നാൽ ഈ നിബന്ധനകളെ ഞാൻ സ്വീകരിച്ചുകൊള്ളാം. ആ സഹായം എന്താണു്? അതു് അറിഞ്ഞതിനുശേഷമേ വാശ്ദാനംചെയ്യാൻ നിവൃത്തിയുള്ളൂ.

കുമുദിനി:—രാജകുമാരിയായ പദ്മാവതിയെയും അവളുടെ ഭണ്ഡാരത്തെയും ഞാൻ നിങ്ങളെ ഏല്പിക്കാം.

അശോകനാഥൻ:—(സാശ്ചര്യം) അങ്ങനെയാണെങ്കിൽ നിങ്ങളുടെ കല്പനകൾ സദ്വിഷയത്തിലേയ്ക്കുതന്നെ പ്രയോജകീഭവിക്കുകയാണല്ലോ ചെയ്തതു്!

കുമുദിനി:—എന്നാൽ, പദ്മാവതിയും അവളുടെ ഭണ്ഡാരവും എന്റെ അധീനതയിൽ ഇരിക്കുന്നുണ്ടെന്നു് അങ്ങു കരുതുന്നുണ്ടായിരിക്കാം. അക്കരുതൽ അടിസ്ഥാനരഹിതമാണു്. രാജകുമാരിയും ഭണ്ഡാരവും എന്റെ കെട്ടിടത്തിലില്ലെന്നു് ഈശ്വരനാമത്തിൽ സത്യംചെയ്യുന്നു. വേണമെങ്കിൽ എന്റെ കെട്ടിടങ്ങളിൽ പരിശോധിച്ചുനോക്കുന്നതിനും വിരോധമില്ല.

അശോകനാഥൻ:—ശരി, നിങ്ങളുടെ നിബന്ധനകളെ ഞാൻ അംഗീകരിക്കുന്നു; പദ്മാവതിയേയും അവളുടെ ഭണ്ഡാരത്തേയും നിങ്ങൾ എന്റെ പക്കൽ എപ്പോൾ ഏല്പിക്കും?

കുമുദിനി:—മേൽപ്പറഞ്ഞ നാലു നിബന്ധനകളെയും സ്വീകരിച്ചിരിക്കുന്നതായി നിങ്ങൾ രേഖാമൂലം സമ്മതിക്കണം; അങ്ങനെ ഉടമ്പടിതന്നാൽ എട്ടാം പക്കം രാജകുമാരിയെ ഭണ്ഡാരത്തോടുകൂടി ഏല്പിക്കാം.

അശോകനാഥൻ:—ശരി; അപ്രകാരം സമ്മതിച്ചിരിക്കുന്നു.

നിബന്ധനകളെ അംഗീകരിച്ചിരിക്കുന്നതായി സമ്മതിച്ചു് അശോകനാഥൻ എഴുതിക്കൊടുത്തു. രേഖവാങ്ങിയതിനുശേഷം കുമുദിനി പറഞ്ഞതാവിതു്:—"മാന്യരേ, രാജകുമാരിയെ ഭണ്ഡാരത്തോടുകൂടി ഏല്പിക്കാമെന്നേറ്റതു് സിംഹത്തിന്റെ വായിൽ തലയിടാമെന്നേറ്റതുപോലെയാണു്. ഈ ഉദ്യമത്തിൽനിന്നും എന്റെ ജീവൻ പണയത്തിലായി എന്നുവരാം. അങ്ങനെ സംഭവിച്ചില്ലെ

ങ്കിൽ ഇന്നത്തേതിന്റെ എട്ടാംപക്കം പത്മാവതിയും ഭണ്ഡാരവും അങ്ങയുടെ അധീനത്തിലായി എന്നു വിശ്വസിക്കാം. ആ എട്ടു ദിവസത്തോളം നിങ്ങൾ നിങ്ങളുടെ സൈന്യത്തെ എന്റെ കെട്ടിടത്തിൽ പ്രവേശിപ്പിക്കരുതു്. ഞാൻ ഇപ്പോൾ പോകട്ടേ."

കുമുദിനി പോയതിനുശേഷവും യുദ്ധസംബന്ധമായി നടക്കേണ്ടും കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചുകൊണ്ടു്, അശോകനാഥൻ ആ മുറിയിൽത്തന്നെയിരുന്നു. രാത്രി രണ്ടുമണികഴിഞ്ഞിരിക്കും. ഒരു ഭടൻ ആ മുറിയിൽക്കടന്നു. അവൻ, മദനന്റെ കൊലക്കേസ്സിനെപ്പററി വിചാരണനടത്തിയ ന്യായാധിപനാൽ അയയ്ക്കപ്പെട്ടവനാണു്. അശോകനാഥനുകൊടുക്കാനായി ഒരു കത്തുംകൊണ്ടു വന്നിരിക്കയാണു്. കത്തുവാങ്ങി അശോകനാഥൻ വായിച്ചുനോക്കി. മദനനെ സരസ്വതി നിഗ്രഹിച്ച സംഗതിയും, ആ കേസ്സുസംബന്ധിച്ചു താൻ നടത്തിയ വിചാരണയും സരസ്വതി ഒളിച്ചോടിപ്പോയ വിവരവും, ഇരുമ്പുചട്ടധരിച്ചു താരാനാഥനോടൊന്നിച്ചു കാണപ്പെട്ട യുദ്ധവീരനിൽ പ്രേമക്കെണിമൂലം മോചിപ്പിച്ച കുറ്റംചുമത്തപ്പെട്ടതും അവന്റെ മോചനത്തിനുണ്ടായ കാരണവും ആ എഴുത്തിൽ സംക്ഷേപമായി രേഖപ്പെടുത്തിയിരുന്നു. കത്തുവായിച്ചുതീർന്നപ്പോൾ അശോകനാഥൻ ഏതാനുംനിമിഷം മനച്ചടവോടുകൂടി യാതൊന്നുംമിണ്ടാതെ വിഷണ്ണനായിരുന്നു. അനന്തരം ഒരു കത്തെഴുതി ലക്കോട്ടിൽ മുദ്രചെയ്തു മുദ്രവച്ചതിനുശേഷം ന്യായാധിപന്റെ കത്തുകൊണ്ടുവന്ന ഭടനെ അയച്ചു് ഒരു അശ്വഭടനെ വരുത്തി കത്തു് അവന്റെ കൈയിൽക്കൊടുത്തിട്ടു് ഇപ്രകാരം ആജ്ഞാപിച്ചു:—"നീ ഈനിമിഷത്തിൽ തെക്കോട്ടുപുറപ്പെടണം വളരെ വേഗത്തിൽ യാത്രചെയ്യണം. താരാനാഥനും വേറേ ചിലരും ഒന്നിച്ചു നേപാളത്തേയ്ക്കു പുറപ്പെട്ടിട്ടുണ്ടു്. അവർ ഇന്നലെയാണു് ഇവിടന്നു തിരിച്ചതു്. വഴിയിൽവച്ചു് അവരെ കണ്ടുമുടക്കത്തക്കവണ്ണം വളരെ വേഗത്തിൽ യാത്രചെയ്യണം. നമ്മുടെ പ്രേതയക്ഷി, അക്കൂട്ടത്തിൽ ഉണ്ടായിരിക്കും. അവളെ അറസ്റ്റുചെയ്തുകൊണ്ടുപോരണം. അവളെ വിട്ടുവിക്കുന്ന കാര്യത്തിൽ താരാനാഥൻ വല്ല ആക്ഷേപവും പുറപ്പെടുവിച്ചാൽ ഞാൻ തന്ന ഇക്കത്തു് അയാളുടെ കയ്യിൽ കൊടുക്കണം."

നാൽപത്തൊന്നാം അദ്ധ്യായം.

"എഴുവരുംവന്നുവളഞ്ഞുചുറും
ഇരുവരുമായിട്ടുനേരിട്ടില്ലാ
അഞ്ചുറുംമുന്നുറുംവെട്ടുവെട്ടി

... ...

ഒന്നിരുമില്ലാപുഴുതുകാണ്മാൻ

... ...

പകിരിതിരിഞ്ഞങ്ങുവെട്ടിവേഗം
അരുപേരുംവേഗത്തിൽചത്തുവീണു

... ...
... .

ബോധംകെട്ടങ്ങുകിടപ്പുപെണ്ണെ
പല്ലുകിടമ്പിട്ടുകിടുപുല്ലാണെ
പല്ലുഅളത്തിതണ്ണീർകൊക്കുന്നുണ്ടേ
മടിയിൽതലയങ്ങുവയ്ക്കുന്നുണ്ടേ."

മനസ്സിൽ ഏതുവേഗത്തിൽ വിചാരങ്ങൾ തുളുമ്പുകയുന്നുവോ അതുവേഗത്തിൽ അംബികേശൻ, കുതിരപ്പന്തിയുടെ സമീപത്തുവച്ച് താരാനാഥന്റെയും പ്രേതയക്ഷിയുടെയും മുൻപിൽനിന്നു ഗമിച്ചവിവരം വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. അപ്രകാരം അസ്സൂയവേഗത്തിൽ പാഞ്ഞുപോയ അംബികേശൻ, തന്റെ വസ്തുസ്ഥിതികളെ യോഗ്യനായ താരാനാഥനെ അറിയിക്കാതെയും അയാളോട് സാവധാനമായി യാത്രപോലും ചോദിക്കാതെയും. പൊയ്ക്കളഞ്ഞതു മര്യാദയ്ക്കു പോരെന്നു ചിലർക്കു തോന്നിയേക്കാം എന്നാൽ മറുചിലർക്ക് അംബികേശന്റെ മനഃസ്ഥിതിയിൽ അവഹേളനമുണ്ടാകുകയില്ലെന്നു അയാൾക്കു സമാധാനമുണ്ട്. താരാനാഥനെ തന്റെ പരമാർത്ഥം അറിയിക്കണമെന്നു അയാൾ ഉദ്ദേശിച്ചിരുന്നു. പ്രേതയക്ഷിയുടെ അപ്രതീക്ഷിതമായ ആഗമനം ആ ഉദ്ദേശത്തിനു പ്രതിബന്ധകമായിത്തീർന്നു. പ്രേതയക്ഷിയുടെ മുമ്പിൽവച്ചു തന്റെ വസ്തുസ്ഥിതി താരാനാഥനെ അറിയിക്കാൻ അംബികേശൻ മടിച്ചു. ഏതായാലും അംബികേശന്റെ പെട്ടെന്നുണ്ടായ വേർപാടിൽ താരാനാഥനു് ഒരുപ്രകാരത്തിൽ ജുഗുപ്സയും ഒരുപ്രകാരത്തിൽ കുണ്ഠിതവുമുണ്ടായി. അടുത്തനിമിഷത്തിൽ അയാൾ അവയെ തന്റെ മനഃതുലാസിൽ തൂക്കിനോക്കി ജുഗുപ്സയെക്കാൾ ഭാരം കുണ്ഠിതത്തിനാണെന്നു അനുഭവമായി. അങ്ങനെ വിഷണ്ണ

നായിനിൽക്കുന്ന താരാനാഥനെനോക്കി പ്രേതയക്ഷി ചോദിച്ചു:— "മാന്യരേ! താങ്കളുടെ മാന്യസുഹൃത്തു് യാത്രപോലും ചോദിക്കാതെ ഒരു അനാഥരികന്റെ നിലയിൽ പെട്ടെന്നു പുറപ്പെടാൻ കാരണമെന്തു്? അയാൾ എങ്ങോട്ടെയ്ക്കാണുപോകുന്നതു്?"

താരാനാഥൻ:— എനിക്കറിഞ്ഞുകൂടാ. അയാളുടെ യാത്ര എന്റെ മനസ്സിനെ വല്ലാതെ പീഡിപ്പിച്ചിരിക്കുന്നു. ആ യുവാവിന്റെ ഓരോ പ്രവൃത്തിയും അന്യോന്യവിരുദ്ധങ്ങളും ആശ്ചര്യകരങ്ങളുമായിട്ടാണിരിക്കുന്നതു്. അയാൾ തന്റെ മനസ്സിൽ ദുസ്സഹമായ ഒരു ദുഃഖത്തെ ഒതുക്കിക്കൊണ്ടിരിക്കുന്നുവെന്നാണു് എനിക്കു തോന്നുന്നതു്. എന്റെ ആ തോന്നൽ തെറ്റാണെങ്കിൽ നിശ്ചയമായും ചിലപ്പോഴെല്ലാം അയാൾക്കു ബുദ്ധിഭ്രമം സംഭവിച്ചുപോയിരിക്കണം. അങ്ങനെ എന്നൊരു സ്ത്രീയെപ്പറ്റി അയാൾ ഒരിക്കൽ എന്നോടു് അല്പം സംസാരിച്ചു. ആ സ്ത്രീയെ അയാൾ കാമിക്കുന്നുണ്ടെന്നു് ഞാൻ അപ്പോൾ സംശയിക്കാതിരുന്നില്ല. ആ അംബികയെ ഭവതിക്കു് അറിഞ്ഞുകൂടാ. ഭവതിയുടെ സഹോദരിക്കു് അറിയാം.

പ്രേതയക്ഷി:— എന്നാൽ അങ്ങു ഊഹിച്ചതു തെറ്റല്ല. ആ സാധുവിനു കാമഭ്രാന്തു പിടിപെട്ടിരിക്കണം

താരാനാഥൻ:— ഇനിയൊരിക്കൽ എനിക്കു് അയാളെ കണ്ടുമുട്ടാനിടയായാൽ അയാളുടെ വസ്തുസ്ഥിതികളും നിശ്ചയമായി ഞാൻ ചോദിച്ചറിയും.

ഭക്ഷണംകഴിഞ്ഞു് എല്ലാവരും യാത്രയ്ക്കു തയാറായി. പ്രേതയക്ഷിയും താരാനാഥനും ഇടംവലം മുമ്പിലും വിമലയും സുരുചിയും പിമ്പിലുമായി യാത്രതുടർന്നു. ഈ അവസരത്തിൽ അശ്വാരൂഢയായ പ്രേതയക്ഷിയുടെ പുറപ്പാടു് ആരെയും അത്ഭുതപരതന്ത്രരാക്കിച്ചെയ്യുന്നതാണു്. വിലക്രുടിയ ഒരു നീലപ്പട്ടു ധരിച്ചിരിക്കുന്ന കാലുറയുടെ മാതിരിയിൽ അതു രണ്ടു കാലിലും ചുറ്റിയിരിക്കുന്നതിന്റെ ഭംഗി അവർണ്ണനീയമത്രെ. അരയിൽ ഘടിപ്പിച്ചിരിക്കുന്ന സ്വർണ്ണകാഞ്ചി സൂര്യരശ്മിതട്ടുമ്പോൾ മിന്നിത്തിളങ്ങുന്നു. നേർത്ത വെൺപട്ടുകൊണ്ടുള്ള റൗക്ക ധരിച്ചിട്ടുണ്ടു്. കറുത്തനിറത്തിലുള്ള അടിയുറ രണ്ടു കാലിലും ധരിച്ചിരിക്കുന്നതു കാൽമുട്ടുകളെക്കടന്നു ഊരുക്കളിൽ ഏഴെട്ടംഗുലത്തോളം മറച്ചിരിക്കുന്നു. കഴുത്തിൽ മുത്തും പവിഴവുംകൊണ്ടുള്ള രണ്ടു മാലകളും അണിഞ്ഞിട്ടുണ്ടു്. പുഷ്പരാഗക്കല്ലുകളും പതിച്ച പതക്കം കുത്തിയ കഴുത്തിൽ മുറുകിക്കിടക്കത്തക്കവണ്ണം ധരിച്ചിട്ടുണ്ടു് ഭുജാഭരണങ്ങളും വിലയേറിയ രത്നജാതി കാപ്പുകളും കരതലങ്ങളെ അലങ്കരിക്കുന്നു. ചികുരഭാരം അഴിഞ്ഞു പിറകോട്ടു കിടക്കുന്നതു യാത്രാവേഗത്താൽ കാറ്റേറ്റു് അലയുന്നതിന്റെ കമനീയത

കണ്ടതന്നെ അറിയേണ്ടതാണു്. രണ്ടുകാലും വലതുവശത്തിട്ടു കടിഞ്ഞാൺപിടിച്ചു കവഞ്ചിയുമേന്തിയുള്ള ആ ഇരുപ്പു് ആരെയും വശീകരിക്കാതിരിക്കയില്ല. മുരുക്കിപ്പറത്താൽ ആകാശമാർഗ്ഗേണ ആ ശപാത്രുദ്ധയായി സഞ്ചരിക്കുന്ന ഒരു ദേവസ്ത്രീയുടെ ശങ്കയെ പ്രേക്ഷകന്മാരിൽ ജനിപ്പിക്കത്തക്കവിധത്തിലാണു പ്രേതയക്ഷിയുടെ യാത്ര.

ഈ അവസരത്തിൽ, മധുപാനംചെയ്തു മയങ്ങിക്കിടക്കുന്ന വണ്ടിനോടു താരാനാഥനെ ഉപമിക്കാം പ്രേതയക്ഷിയുടെ പ്രാകൃതികമായ സൗന്ദര്യവും, വസ്ത്രാഭരണാദ്യലങ്കാരങ്ങളാൽ ദ്വിഗുണിതമായിരിക്കുന്ന ഹൃദയാവർജ്ജകമായ ആ കാഴ്ച, അയാളുടെ ബുദ്ധിയെ അസ്വാധീനമാക്കിച്ചെയ്തതിൽ ആശ്ചര്യപ്പെടാനില്ല. താരാനാഥൻ കുതിരപ്പുറത്തിരുന്നു കുതിരയെ നടത്തുന്നതുകണ്ടാൽ ഒരു മരപ്പാവ സൂത്രനിയന്ത്രണശക്തിയാൽ പ്രവർത്തിക്കുന്നുവോ എന്നു തോന്നും.

പ്രേതയക്ഷിയുടെ നിത്യസാന്നിദ്ധ്യത്തെ താരാനാഥൻ മഹാഭാഗ്യമായി കരുതുന്നുണ്ടെന്നുള്ളതു തീർച്ചയാണു്. അവളെക്കൂടാതെയുള്ള തന്റെ ജീവിതം ഉദ്ദേശശൂന്യമാണെന്നും അയാൾക്കു തോന്നിപ്രായമുണ്ടു്. എന്നാൽ, ഏതൊരു ഹൃദയംകൊണ്ടു്, അപ്രകാരം അഭിലഷിക്കുന്നുവോ, ആ ഹൃദയത്തിന്റെ അന്തരത്തിൽ നിന്നും ഉദ്ദീപ്തമായ മറെറാരു ശക്തി അവളുമായുള്ള വിവാഹബന്ധാഭിലാഷത്തെ തടയുന്നു "പ്രേതയക്ഷിയെ നിന്റെ ഭാര്യാസ്ഥാനത്തു പ്രതിഷ്ഠിക്കരുതേ!" എന്നു വിലക്കുന്നു. ഈ ശക്തിക്കു പ്രേരകമായ സംഗതി യാതൊന്നാണെന്നു ആ ഹൃദയത്തിനു തന്നെയും നിശ്ചയമില്ല.

ഇപ്രകാരം താരാനാഥനും പ്രേതയക്ഷിയും മുമ്പിലും സുരുചീവിമലകഥ പിന്നിലും താരാനാഥന്റെ അശപാലകന്മാർ രണ്ടു പേരും എല്ലാവരുടെയും പിറകിലുമായിഉപവനങ്ങളിൽക്കൂടി യാത്ര ചെയ്തുകൊണ്ടിരുന്നു. ഈ യാത്ര മൂന്നാംദിവസത്തേതാണെന്നു് വായനക്കാർ ഓർക്കുന്നുണ്ടല്ലോ. ഇതിനകം ആശ്ചര്യകരങ്ങളായ പലേ സംഭവങ്ങളും നേരിട്ടിരിക്കുന്നു. വളരെനേരത്തോളം ഈ സംഘം നിശ്ശബ്ദമായി സഞ്ചരിച്ചുകൊണ്ടിരുന്നു. അങ്ങനെ സഞ്ചരിക്കവേ ഒരിടത്തുവച്ചു സഞ്ചരിച്ചുകൊണ്ടിരുന്ന മാർഗ്ഗം രണ്ടുവശത്തോട്ടു പിരിഞ്ഞുപോകുന്നതുകണ്ടു് താരാനാഥൻ പ്രേതയക്ഷിയെ നോക്കി: — "വലത്തോട്ടുള്ള ഈ വഴി കല്പകക്കോട്ടയിലേയ്ക്കുള്ളതാണു്. ഇടത്തോട്ടുള്ള മാർഗ്ഗം കുറേ ദൂരത്തേയ്ക്കുണ്ടു്. രണ്ടു വഴിയിൽക്കൂടിയും നേപാളത്തേയ്ക്കു പോകാം. ഏതുമാർഗ്ഗത്തിൽക്കൂടി പോകാനാണു ഭവതി ആഗ്രഹിക്കുന്നതു്?" എന്നു ചോദിച്ചു. പ്രേതയക്ഷിയുടെ സമാധാനമിതായിരുന്നു — 'ഇടത്തോട്ടുള്ള വഴിയിൽക്കൂടി നമുക്കു തിരിക്കാം. അതിലേ പോയാൽ ഇടിഞ്ഞുപൊളിഞ്ഞുകിട

ക്കുന്ന ഒരു പഴയകോട്ടയും ജനശൂന്യമായ ഒരു കോട്ടയ്ക്കകവും നമുക്കു സന്ദർശിക്കാം. നമുക്ക് അവിടെയിറങ്ങി അല്പം വിശ്രമിച്ചു അവിടത്തെ വിശേഷങ്ങളെല്ലാം കണ്ടുകൊണ്ടു തിരിക്കാം.'

താരാനാഥൻ ആ അഭിപ്രായത്തോടു അനുകൂലിച്ചു് ഇടത്തോട്ടുള്ള മാർഗ്ഗത്തിൽക്കൂടി തിരിച്ചു. അല്പനേരത്തിനകത്തിൽ പ്രേതയക്ഷി പറഞ്ഞ കോട്ടയോടു സമീപിച്ചു. താരാനാഥനും പ്രേതയക്ഷിയും, തങ്ങളുടെ അനുചരന്മാരായ ഭൃത്യഗണങ്ങളെ വെളിയിൽ നിർത്തിയും വച്ചു കോട്ടയ്ക്കകത്തു പ്രവേശിച്ചു

കോട്ടയുടെ മിക്കഭാഗങ്ങളും ഇടിഞ്ഞുപൊളിഞ്ഞു നഷ്ടപ്പെട്ടിരുന്നുവെങ്കിലും അതിന്റെ സുവർണ്ണകാലത്തു അതു അസാമാന്യ നിലയിൽ വർത്തിച്ചിരുന്നുവെന്നു അനുമാനിക്കത്തക്ക ലക്ഷ്യങ്ങൾ ധാരാളം കാണപ്പെട്ടു കോട്ടമതിലിനു് ഏകദേശം മുക്കാൽഭാഗം ചുറ്റളവുണ്ടു്. കോട്ടയുടെ വെളിയിൽ വളരെ വിസ്തീർണ്ണമായ നിലങ്ങൾ കാണപ്പെട്ടു. കോട്ടയ്ക്കകത്തു കൊട്ടാരവും അതിനെസ്സംബന്ധിച്ച കെട്ടിടങ്ങളും എടുപ്പുകളുമല്ലാതെ പ്രജകൾ താമസിച്ചിരുന്ന വീടുകൾ ഉണ്ടായിരുന്നില്ല. കോട്ടമതിലുകൾ രണ്ടുകോൽവണ്ണത്തിൽ വളരെ ബലത്തിൽ കെട്ടി ഉറപ്പിച്ചിരുന്നു എന്നു മനസ്സിലാക്കാം. പ്രസ്തുത ദുർഗ്ഗം അതിന്റെ സുവർണ്ണകാലത്തു് അതിപ്രശസ്തിയോടെ അഭിലസിച്ചിരുന്നു എന്നു താരാനാഥൻ ഊഹിച്ചു. എന്നാൽ അതിന്റെ അധഃപതനം ഏതുപ്രകാരത്തിലാണെന്നുള്ളതു് ഊഹാതീതമായിട്ടാണിരിക്കുന്നതു്. അഗ്നിബാധകൊണ്ടോ പ്രചണ്ഡമാരുതനാലോ നേരിട്ട അധഃപതനമാണെന്നു് അനുമാനിക്കത്തക്ക ലക്ഷണങ്ങളൊന്നും അവിടെ കാണാനുണ്ടായിരുന്നില്ല. ശത്രുക്കളാൽ മർദ്ദിക്കപ്പെട്ടതാണെന്നു് ഊഹിക്കാനേ മാർഗ്ഗം ഉള്ളൂ. കോട്ടയുടെ നിർമ്മാണം നാലുനൂറാണ്ടുകൾക്കു മുമ്പാണെന്നു് ഊഹിക്കാമെങ്കിലും കാലപ്പഴക്കത്താൽ നേരിട്ട ഹാനിയാണെന്നു വിശ്വസിക്കാൻ കാരണമില്ല. അതിന്റെ കെട്ടുപാടു് അതു ഉറപ്പുള്ളതായിരുന്നു എന്നു് ആർക്കും മനസ്സിലാകും കരിങ്കല്ലും ഇരുമ്പുംകൊണ്ടാണു് അതു നിർമ്മിച്ചിട്ടുള്ളതു്. കാറ്റിനോ അഗ്നിക്കോ അതിനെ നശിപ്പിക്കാൻ കഴിയുകയില്ലെന്നു് അതുകൊണ്ടു മനസ്സിലാക്കാം. മാത്രമല്ല, ഒരു ഭയങ്കരമായ യുദ്ധംനടന്നതിന്റെ അടയാളങ്ങൾ സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിയും. അതിനാൽ ശത്രുക്കളാൽ മർദ്ദിക്കപ്പെട്ടു് ഇപ്രകാരം ഭയനീയമായ നിലയെ പ്രാപിച്ചതാണെന്ന തീർച്ചപ്പെടുത്താം. കോട്ടയ്ക്കകത്തുള്ളകെട്ടിടങ്ങളിൽ പല ഭാഗങ്ങളും ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്നുണ്ടു്. ഭയനീയമായ ഈ കാഴ്ചകൾകണ്ടു് അനുതാപത്തോടുകൂടി താരാനാഥൻ പ്രേതയക്ഷിയുടെ മുഖത്തുനോക്കി അവളുടെ കണ്ണുകളിൽനിന്നും കണ്ണുനീരൊ

ഴുകുന്നതു താരാനാഥൻ കണ്ടു. ഒരുകാലത്തു് ഐശ്വര്യസോപാനത്തിന്റെ അഗ്രഭാഗത്തു് അടിലസിച്ചിരുന്ന ഒരു അരമന ഇപ്പോകാരം ഭയനീയനിലയിൽ അധഃപതിച്ചതുകണ്ടു് ഉത്സാഹമായ സങ്കടം ഉണ്ടായി കണ്ണുനീർ പുറപ്പെട്ടതാണെന്നു താരാനാഥൻ വിചാരിച്ചു. എന്നാൽ അവളുടെ മുഖത്തു അനിർവചനീയമായ ഒരു വികാരം സംഭവിച്ചതിനുംപുറമേ ഒന്നുരണ്ടുപ്രാവശ്യം അവൾ മുമ്പോട്ടു നടക്കാൻ ആരംഭിക്കുകയുംചെയ്തു. ചിലപ്പോൾ മുമ്പോട്ടു വച്ചുകാൽ പിമ്പോട്ടുവലിക്കുകകൂടിച്ചെയ്തു. വലത്തോട്ടുള്ള വഴിയേ പോകാതെ ഇടത്തോട്ടുതിരിഞ്ഞതിനു് അവൾ തന്നെത്താൻ ശപിക്കുന്നുമുണ്ടായിരുന്നു. താരാനാഥൻ ഊഹിച്ചതുപോലെ, സൈ്വരാഭ്യത്തോട്ടുക്രൂടി വർത്തിച്ചിരുന്ന ഒരു ഗൃഹവും കൊട്ടാരംസംബന്ധിച്ചുകെട്ടിടങ്ങളും പരിതാപകരമായ നിലയിൽ ഇടിഞ്ഞുതകർന്നു കിടക്കുന്നതു കണ്ടാൽ സ്ത്രീകൾക്കു സങ്കടം ഉണ്ടാവാം. ഒരുപക്ഷേ, വളരെനാളായി ജനസഞ്ചാരമില്ലാതെ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന വലിയ കെട്ടിടങ്ങളിൽ ഭൂതപ്രേതപിശാചാദികളുടെസഞ്ചാരം ഉണ്ടായിരിക്കുമെന്നുള്ളഭയവും ചിലരെ—വിശേഷിച്ചും സ്ത്രീകളെ—ബാധിച്ചേക്കാം. പ്രേതയക്ഷിയുടെ വികാരഭേദങ്ങൾക്കു കാരണം ആദ്യത്തെ അന്തസ്ഥാപമായിരിക്കാമെന്നു ശങ്കിച്ച താരാനാഥനു് ഉത്തരക്ഷണത്തിൽ ആ സംശയം നീങ്ങി. രണ്ടാമതുപറഞ്ഞ ഭയമായിരിക്കാം എന്നു സംശയിച്ചു. അയാൾ അവളോടു ഇപ്രകാരം ചോദിച്ചു:—"ഭവതിയുടെ ഈ വികാരഭേദത്തിനു കാരണമെന്തു്? ഭവതിയുടെ ശരീരത്തിനു് എന്തോ അസ്വാസ്ഥ്യംനേരിട്ടിരിക്കുന്നതുപോലെ തോന്നുന്നുവല്ലോ; എന്താണുകാരണം?" പ്രേതയക്ഷിപറഞ്ഞു:—"എനിക്കു വിശേഷിച്ചു് ഒരു സുഖക്കേടുമില്ല. നല്ലനല്ല കെട്ടിടങ്ങൾ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്നതു കണ്ടപ്പോൾ, മനസ്സിനു് അല്പം വിഷാദം നേരിട്ടു എന്നേയുള്ളൂ."

അവൾ തന്റെ വികാരങ്ങളെ ഒതുക്കിക്കൊണ്ടു, സന്തോഷഭാവം നടിച്ചു താരാനാഥനെ അനുഗമിച്ചു. താരാനാഥൻ നാട്യത്തിൽ വിശ്വസിച്ചു പെരുമാറിക്കൊണ്ടുമിരുന്നു. അവളുടെ കപടമായ മന്ദഹാസവും സന്തോഷംനടിച്ചുള്ള സംസാരവും താരാനാഥനെ വഞ്ചിച്ചു. ജലത്തിനുമീതെ ആദിത്യന്റെ പ്രതിബിംബംകണ്ടു് കണ്ണുമയങ്ങിയ ഒരുവനു് ആ ജലത്തിന്റെ അടിയിൽ കിടക്കുന്ന വസ്തുക്കളെ നോക്കിക്കാണാൻ സാധിക്കുന്നതാണോ?

താരാനാഥനും പ്രേതയക്ഷിയും കോട്ടയിലുള്ള ഓരോമുറികളും മറ്റും നോക്കിക്കണ്ടതിനുശേഷം കൊട്ടാരത്തിന്റെ അകത്തുകയറി ഓരോരോ കെട്ടിടങ്ങളും മുറികളും അവയിൽ ഉള്ള പദാർത്ഥങ്ങളും പ്രത്യേകം പ്രത്യേകം നോക്കിത്തുടങ്ങി. അമോഘങ്ങളായ

പദാർത്ഥങ്ങൾ അവധിയില്ലാതെ അതിനകത്തുകാണപ്പെട്ട. വിശേഷരീതിയിൽ പണികഴിപ്പിച്ചിട്ടുള്ള കസേര, മേശ, കട്ടിൽ, അലമാര മുതലായസാമഗ്രികൾ ഓരോ ഇനത്തിലും പലേമാതിരിയിൽ അസംഖ്യങ്ങളായി കാണപ്പെട്ട. ചില സ്ഥലങ്ങളിൽ മനുഷ്യന്റെ അസ്ഥിപഞ്ജരങ്ങൾ കിടക്കുന്നതുകണ്ടു. ഈ കാഴ്ചകൾ താരാനാഥനെ പൂർവ്വാധികം സന്തപിപ്പിച്ചു. അയാളുടെ ഹൃദയം തീയിലിട്ടമെഴുകുപോലെ ഉരുകി എന്നുപറയാം. ഒടുവിൽ നാലുതെങ്ങു ഉയരമുള്ള മനോഹരമായ കുന്നിന്റെ മുകളിൽ കാണപ്പെട്ട ഒരു കെട്ടിടത്തിൽ കയറി നോക്കണമെന്നു താരാനാഥൻ ആശിച്ചു. പ്രേതയക്ഷി അയാളുടെ ആശയോടു് അനുകൂലിക്കുകയുംചെയ്തു

കുന്നിലേയ്ക്കുകയറാൻ പ്രത്യേകം പടിക്കെട്ടുകൾ ഉണ്ടായിരുന്നില്ല. സാമാന്യം വീതിയുള്ള ഒരു പാതമാത്രമേ കാണപ്പെട്ടുള്ളൂ. ആ പാതയുടെ ഇരുവശവും ചെറിയ കുറിക്കാട്ടുകൾ ഉണ്ടായിരുന്നു. സഞ്ചാരമാർഗ്ഗം അത്രവളരെ ദുഷ്പ്രാപമായിരുന്നില്ലെന്നുപറയാം താരാനാഥൻ പ്രേതയക്ഷിയുടെ കരത്തെ മുറുകെപ്പിടിച്ചുകൊണ്ടു്, സാവധാനത്തിൽ ആ പാതയിൽക്കൂടി മേല്പോട്ടുകയറി. ഇടയ്ക്കിടയ്ക്കു വിശ്രമിച്ചും അവിടവിടെ ഓരോ മനോഹരക്കാഴ്ചകൾ കണ്ടു് ആനന്ദിച്ചും ഒരുപ്രകാരത്തിൽ കുന്നിന്റെ മുകളിലെത്തി. അത്യന്തരമണീയമായ ഒരു ചെറിയ കെട്ടിടം ആ കുന്നിന്റെ ശിഖരത്തെ അലങ്കരിക്കുന്നുണ്ടായിരുന്നു. കെട്ടിടത്തിന്റെ ഭിത്തികൾ വെണ്ണക്കല്ലുകൊണ്ടും മേൽപ്പുര ചന്ദനത്തടികൊണ്ടും നിർമ്മിക്കപ്പെട്ടിരുന്നു. സുഖവാസത്തെ ഉദ്ദേശിച്ചുമാത്രം പണികഴിപ്പിക്കപ്പെട്ടതാണെന്നു് ഒരുനോക്കിൽ ആർക്കും നിശ്ചയിക്കാം. ആകെപ്പാടെ ആ കെട്ടിടത്തിന്റെ കാഴ്ച താരാനാഥനെ ആനന്ദപരിപ്ലുതനാക്കിച്ചെയ്തു. അയാൾ അതിനെപ്പറ്റി വളരെവളരെ പ്രശംസിച്ചു പറഞ്ഞു. എന്നാൽ പ്രേതയക്ഷിയുടെ മുഖത്തു സന്തോഷവികാരത്തിന്റെ ലാഞ്ഛനപോലും സ്ഫുരിച്ചുകണ്ടില്ല. അവൾ അതിനെപ്പറ്റി പ്രശംസിച്ചു് ഒരക്ഷരം പറഞ്ഞതുമില്ല. താരാനാഥൻ പ്രേതയക്ഷിയേയും കൂട്ടിക്കൊണ്ടു് ആ പെരുസൗധത്തിന്റെ വരാന്തയിൽ ചെന്നിരുന്നു് ആനന്ദാത്ഭുതപരവശനായി, നാലുഭാഗത്തും കണ്ണോടിച്ചു. അല്പം ദൂരത്തായി മറെറാരു കോട്ട താരാനാഥന്റെ ദൃഷ്ടിക്ഷ വിഷയീഭവിച്ചു. ഉടനേ താരാനാഥൻ പ്രേതയക്ഷിയെ നോക്കി, "അതാ നോക്കുക! കുറേ അകലെയായി ഒരു ദുർഗ്ഗം കാണപ്പെടുന്നു" എന്നുപറഞ്ഞു.

"അതു് ഞാൻ അനേകമേ കണ്ടു" എന്നു പ്രേതയക്ഷി പറഞ്ഞു. അവൾ അങ്ങനെ പറയുമ്പോൾ അവളുടെ ഹൃദയം നടുങ്ങുന്നതുപോലെ തോന്നി. അവളുടെ മനസ്സിലുണ്ടായ വികാരത്തെ അട

ക്കുന്നതിനോ മറയ്ക്കുന്നതിനോ ശ്രമിക്കുന്നതുപോലെ കാണപ്പെട്ടു. താരാനാഥൻ ആ വസ്തുത മനസ്സിലാക്കിയില്ലെന്നു വരാം.

താരാനാഥൻ:—അതാ, നോക്കൂ! ഈ വശത്തു വേറേയും ഒരു കോട്ട കാണപ്പെടുന്നു

പ്രേതയക്ഷി:—അതേ, അതും ഞാൻ ആദ്യമേ കണ്ടു.

പ്രേതയക്ഷി ദീർഘമായി ഒന്നു നിശ്വസിച്ചു.

താരാനാഥൻ:—എന്തൊരാശ്ചര്യം! ഈ മൂന്നു കോട്ടകളും അന്യോന്യം സമീപത്തിൽ സ്ഥിതിചെയ്യുന്നു. ഓരോ ഉല്ലംഘിത്തിലേയ്ക്കും അല്പല്പം ദൂരമേയുള്ളൂ. എന്നാൽ ആ കോട്ടകൾ രണ്ടും ഈ ഉല്ലംഘിത്തെപ്പോലെ ജീവനറ്റതും ജനശൂന്യമായും കാണപ്പെടുകയില്ലെന്നു ഞാൻ വിചാരിക്കുന്നു.

പ്രേതയക്ഷി:—അങ്ങനെയല്ല; അങ്ങു കാണുന്ന ആ രണ്ടു കോട്ടകളും ഇതുപോലെതന്നെ ശത്രുക്കളാൽ മർദ്ദിക്കപ്പെട്ടു ജനശൂന്യമായി ഭവിച്ചിരിക്കയാണു്.

താരാനാഥൻ:—അന്യോന്യം സമീപത്തിൽ സ്ഥിതിചെയ്യുന്ന മൂന്നു ഉല്ലംഘിതം; ഇവ മൂന്നും ഒന്നുപോലെ ഇടിഞ്ഞുതകർന്നു ജനശൂന്യമായി ഭവിച്ചിരിക്കുന്നു! എന്തൊരത്ഭുതം! പരിതാപകരമായ ഈ നിലയെ പ്രാപിക്കാൻ എന്തൊരു ഭയങ്കരമായ സംഭവം നേരിട്ടു? ഈ മൂന്നുദുർഗ്ഗത്തിന്റെയും ചരിത്രം ഭവതിക്കു അറിവുണ്ടോ? ആശ്ചര്യത്തേയും ഭയത്തേയും ജനിപ്പിക്കത്തക്ക സംഭവങ്ങളാൽ അവയുടെ ചരിത്രത്തോടു സംബന്ധിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

പ്രേതയക്ഷി:—(ഭയസംഭ്രമങ്ങളോടുകൂടി)മാന്യരേ! നമുക്കു് ഇവിടെ ഇരിക്കണ്ടാ—ഈ കോട്ടയുടെ പുറത്തിറങ്ങാം.

താരാനാഥൻ:—(സാശ്ചര്യം) എന്താണു് ഭവതി ഭയാക്രാന്തയായി കാണപ്പെടുന്നതു്? ഭവതിയുടെ ഹൃദയസ്ഥാനത്തെ പീഡിപ്പിക്കുന്നതു് എന്തൊന്നാണു്?

പ്രേതയക്ഷി:—മാന്യരേ! വാസ്തവത്തിൽ എന്റെ ഹൃദയം അസ്വസ്ഥമായി ചമഞ്ഞിരിക്കുന്നു. പൂർവ്വസ്മരണകൾ എന്നെ അലട്ടുന്നു. ഈ സ്ഥലത്തു നാം വരേണ്ടിയിരുന്നില്ല. ഈ വഴിക്കു തിരിയണമെന്നു ഞാൻ അങ്ങയെ പ്രേരിപ്പിച്ചതിനെക്കുറിച്ചു പശ്ചാത്തപിക്കുന്നു.

താരാനാഥൻ:—എന്നാൽ ഈ ഉല്ലംഘിനും ഭവതിക്കും തമ്മിലുള്ള സംബന്ധമുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നുവല്ലോ. എന്താണതു്? തുറന്നുപറയുക.

പ്രേതയക്ഷിക്കു താരാനാഥന്റെ വാക്കുകൾ തികച്ചും കേൾക്കാനിടയായില്ല. അതിനകം അവൾക്കു ബോധക്ഷയം സംഭവിച്ചു.

താരാനാഥൻ വളരെ പണിപ്പെട്ട ശീതോപചാരങ്ങളാൽ അവളുടെ ബോധക്ഷയത്തെ മാറ്റി. ഈ അവസരത്തിൽ ആരോ നടന്നുവരുന്ന കാൽപ്പെരുമാറ്റം താരാനാഥനും പ്രേതയക്ഷിയും കേട്ടു. അവർ സംശയസംഭ്രമങ്ങളോടെ തിരിഞ്ഞുനോക്കി.

ഒരു വയോധികൻ, അത്യന്തവാർദ്ധക്യത്താൽ മുതുകെല്ല് കുനിമുമ്പോട്ടുവളഞ്ഞു, ശിരോരോമങ്ങൾ പഞ്ഞിക്കെട്ടുപോലെ വെളുത്തു, ശരീരം ശുഷ്കിച്ചു, തൊലി തുകൽസഞ്ചിപോലെ തൂങ്ങി, ഉടലത്തെക്കവിഞ്ഞ നരച്ച താടിരോമത്തെ ഇടതുകൈകൊണ്ടു തലോടി, വലതുകൈയിൽ വഹിച്ചിരിക്കുന്നവടി നിലത്തു കുത്തലോടെ ഊന്നിയും അടിക്കടി ചുമച്ചും തുപ്പിയും ചുവടുകൾ അളന്നുവച്ചു കെട്ടിടത്തെ അഭിമുഖീകരിച്ചു വരുന്ന ഒരു വന്ദ്യവൃദ്ധൻ, അവർക്കു ദൃഷ്ടിഗോചരീഭവിച്ചു. വെള്ളെഴുത്തുമാറി ചെറിയ അക്ഷരംകൂടിയും വായിക്കാൻ കഴിയുന്നവണ്ണം കാഴ്ച തെളിഞ്ഞ ആ മുത്തശ്ശൻ, താരാനാഥനെയും പ്രേതയക്ഷിയെയും അകലെവച്ചുതന്നെ കണ്ടു കഴിഞ്ഞു. ദേശാഭിമാനിതപവും കൃതജ്ഞതയുമാകുന്ന രണ്ടു വിശിഷ്ടമുദ്രകൾ ആ വന്ദ്യവൃദ്ധന്റെ മുഖത്തു പതിഞ്ഞുകാണപ്പെട്ടു. ഏതുതരക്കാർക്കും പ്രസ്തുത വയോധികനെക്കണ്ടാൽ ഒരു ഭക്തിയും ഭയവും ചാരിതാർത്ഥ്യവും തോന്നാതിരിക്കയില്ല. തദ്ദ്യോതകമായ പൂജ്യതപം വൃദ്ധന്റെ രൂപത്തിലും ഭാവനയിലും തെളിഞ്ഞുകാണുന്നുണ്ടായിരുന്നു. വൃദ്ധനു വയസ്സു് എണ്ണൂതിൽക്കുറവില്ലെന്നു് അനുമാനിക്കാം.

വൃദ്ധൻ കെട്ടിടത്തിന്റെ മുറ്റത്തുവന്നു വടിയൂന്നി നിവന്നു നിന്നു താരാനാഥനേയും പ്രേതയക്ഷിയേയും സൂക്ഷിച്ചുനോക്കി. വൃദ്ധൻ ഒരുകാലത്തു ബലിഷ്ഠവും മാംസളവുമായ ശരീരത്തോടുകൂടിയ ആളായിരുന്നു എന്നു് ദേഹത്തിന്റെ കെട്ടുപാടുകണ്ടു് ഊഹിക്കാം. ഇപ്പോഴാ ശരീരത്തിനു നഷ്ടപ്പെട്ട ആ ശക്തി മനസ്സിനു് ലഭിച്ചിരിക്കയാണെന്നു മനസ്സിലാകുന്നുണ്ടു്. തന്നോളംതന്നെ വയസ്സായ മുണ്ടൊന്നു് ഉടുത്തിട്ടുണ്ടു്. അരത്തോളം പഴക്കമുള്ള വേറൊന്നു തലയിൽ കെട്ടിയിരിക്കുന്നു. ദീർഘകാലമായി നിലനിന്നുപോകുന്ന ഒരു വ്യാകുലമുദ്രയും വൃദ്ധന്റെ മുഖത്തു തെളിഞ്ഞുകാണുന്നു.

വൃദ്ധനെക്കണ്ടു് ആശ്ചര്യപരതന്ത്രരായി താരാനാഥനും പ്രേതയക്ഷിയും പരസ്പരം മുഖത്തുനോക്കി. വൃദ്ധനാരാണു്? എവിടുന്നുവരുന്നു? ഇത്യാദി ചോദ്യങ്ങൾ ആ നോട്ടങ്ങളിൽ അന്തർവിലീനങ്ങളായിരുന്നു. തങ്ങൾ കയറിവന്നവഴിയിൽക്കൂടിയല്ല വൃദ്ധൻ വന്നതെന്നു് അവർക്കറിയാം. വേറെ കയറിവരാൻ സൌകര്യമുള്ള മാർഗ്ഗങ്ങളുമില്ല. ഒരുപക്ഷേ, വൃദ്ധൻ ഇവിടെത്തന്നെ താമസിക്കുന്ന ആളാണോ എന്നു് അവർ സംശയിച്ചു. സംശയനിവൃത്തിക്കായി

താരാനാഥൻ കിഴവനോട് ചോദിച്ചു:—"ആയുഷ്മൻ! താങ്കളുടെ സ്ഥിരവാസം ഈ കുന്നിന്മേൽത്തന്നെയോ?"

വൃദ്ധൻ:—അതേ, വളരെക്കാലമായി ഞാൻ ഇക്കുന്നിന്റെമുകളിൽ താമസിച്ചുവരികയാണു്. കുഞ്ഞേ! ഈ പെൺകുട്ടിക്കു നല്ല ശരീരസുഖമില്ലെന്നു നിങ്ങളുടെ ചില വാക്കുകളിൽനിന്നും മനസ്സിലായി. അങ്ങനെയാണെങ്കിൽ പൂർണ്ണസുഖം കിട്ടുവോളം ഈ കുന്നിന്റെ മറ്റൊരുഭാഗത്തുള്ള എന്റെ ചെറിയഗൃഹത്തിൽ താമസിക്കാം. ആഹാരാദികൾക്കും അവിടെ സൌകര്യമുണ്ടു്. നല്ല ഫലവർഗ്ഗങ്ങളും ധാരാളം ആ സ്ഥലത്തുണ്ടു്. ഏതുരോഗങ്ങളെയും ഭേദപ്പെടുത്താൻശക്തിയുള്ള ഊറ്റുവെള്ളവും അവിടെക്കിട്ടും വേറെയും എന്തെല്ലാംസഹായംവേണമെങ്കിലും ഞാൻ ചെയ്തുതരാം.

താരാനാഥൻ:—താങ്കളുടെ വാത്സല്യപൂർവ്വമായ വാക്കുകൾക്കു ഞാൻ നന്ദിപറയുന്നു. താങ്കളുടെ ഭൂതദയയും, പരോപകാരതല്പരതയും തുലോം ശ്ലാഘനീയങ്ങളാണു്.

വയോധികന്റെ ക്ഷണത്തെ സ്വീകരിക്കാൻ സന്തോഷമുണ്ടോ എന്ന അർത്ഥത്തിൽ താരാനാഥൻ പ്രേതയക്ഷിയുടെ മുഖത്തുനോക്കി എന്നാൽ പ്രേതയക്ഷിയുടെ മുഖഭാവം സംശയത്തെയും ആശ്ചര്യത്തെയും ജനിപ്പിക്കത്തക്കവിധം ഭേദപ്പെട്ടു കാണുകയാണുണ്ടായതു്. അതുകൊണ്ടു് താരാനാഥൻ വിഷണ്ണനായി ഭവിച്ചു. പ്രേതയക്ഷി ഇമവെട്ടാതെ വൃദ്ധനെ ആപാദചൂഡം ഉറ്റുനോക്കിക്കൊണ്ടിരുന്നു. ഈ വൃദ്ധനെയോ അല്ലെങ്കിൽ വൃദ്ധനോടു സാദൃശ്യമുള്ള മറ്റൊരു മനുഷ്യനെയോ പ്രേതയക്ഷി ചിലകൊല്ലങ്ങൾക്കുമുമ്പു കണ്ടിട്ടുണ്ടായിരിക്കണമെന്നും തജ്ജന്യമായ സംശയത്തെ പരിഹരിക്കാനായി അപ്രകാരം ഉറ്റുനോക്കുകയാണെന്നും അവളുടെ ഭാവനകണ്ടാൽ ആർക്കും മനസ്സിലാക്കാം എന്തായാലും വൃദ്ധന്റെ ആഗമനം പ്രേതയക്ഷിക്കു് ആശങ്കയേയും ഭവത്തേയും ജനിപ്പിച്ചിരിക്കണമെന്നുള്ളതിൽ സംശയമില്ല. ചെന്താമരപോലെ മനോഹരമായ അവളുടെ മുഖം പിഴുതിട്ട താമരപോലെ കാന്തിശൂന്യമായി കാണപ്പെടാൻ കാരണം അതല്ലാതെ മറ്റൊന്നുമല്ല. ഏതുവിധത്തിലെങ്കിലും അവിടന്നു പോന്നുപിഴച്ചാൽ മതിയെന്നുള്ള മനഃസ്ഥിതി അവളെ ബാധിച്ചു. വൃദ്ധനോടു താരാനാഥൻ സംസാരിക്കാൻ സമ്മതിക്കുന്നതിനാകട്ടെ താൻതന്നെ സംസാരിക്കുന്നതിനാകട്ടെ അവൾ ഇഷ്ടപ്പെടുന്നില്ലെന്നു് അവളുടെ ഭാവംകണ്ടു മനസ്സിലാക്കാം. ചുരുക്കിപ്പറഞ്ഞാൽ വൃദ്ധന്റെസാമീപ്യത്തെ അവൾ സർവ്വാത്മനാ വെറുക്കുന്നുണ്ടായിരുന്നു.

താരാനാഥൻ:—പൂജ്യനായ ഈ വയോധികൻ നമ്മെ തന്റെ ഗൃഹത്തിലേക്ക വാത്സല്യപൂർവം ക്ഷണിക്കുന്നു. നമുക്ക വിശ്രമത്തിനു വേണ്ടപ്പെട്ട സൌകര്യങ്ങളും അവിടെയുണ്ടെന്നുംപറയുന്നു. ഭവതിയുടെ അഭിപ്രായമെന്താണു?

പ്രേതയക്ഷി:—(സംഭ്രമത്തോടുകൂടി) മാന്യരേ! നമുക്കു് ഇവിടെ ഇരിക്കാൻ പാടില്ല. ഈ സ്ഥലത്തുനിന്നും നമുക്കു് ഉടനേ പോകണം.

താരാനാഥൻ:—ഭവതിക്ക ശരീരസ്വാസ്ഥ്യം ഇല്ലാതിരിക്കെ ഉടനടി ഇവിടുന്നു പുറപ്പെടുന്നതെങ്ങനെ? എന്തോ ചിലകാരണങ്ങളാൽ ഭവതിയുടെ വർത്തമാനം അത്യന്തം പീഡിതമായിരിക്കുന്നുവെന്നും അക്കാരണങ്ങളെ എന്നെ അറിയിക്കരുതെന്നുള്ള ഉദ്ദേശത്തോടെ ആ വികാരങ്ങളെ അടക്കുന്നുണ്ടെന്നും ഞാൻ അറിയാതിരിക്കുന്നില്ല. ഈ ദുർഗ്ഗത്തോടു ഭവതിക്കു് എന്തോ സംബന്ധമുണ്ടെന്നു് അല്പം സൂചിപ്പിച്ചുവല്ലോ, എന്താണു ആ വിവരം?

വൃദ്ധൻ അതുകേട്ടു് "ഈ കോട്ടയെപ്പറ്റി—രാജദുർഗ്ഗം എന്നു പറയപ്പെടുന്ന ഈ കോട്ടയുടെ സൌവർണ്ണകാലത്തെ പ്രശസ്തിയെയും പ്രസിദ്ധിയെയും പറ്റി—ഇക്കുഞ്ഞിനു് എന്തറിയാം?" എന്നു സാശ്ചര്യം താരാനാഥനോടു് ചോദിച്ചിട്ടു്, പ്രേതയക്ഷിയോടടുത്തു് അവളെ സൂക്ഷിച്ചുനോക്കിക്കൊണ്ടു്, "കുഞ്ഞേ! ഈ കോട്ടയുടെ പൂർവചരിത്രത്തെക്കുറിച്ചു നിനക്ക വല്ലതും അറിയാമോ? ഒന്നുംതന്നെ അറിഞ്ഞിരിക്കാനിടയില്ലല്ലോ. അതുത്തോളമുള്ള പ്രായം നിനക്കില്ലല്ലോ ഒരുപക്ഷേ, വല്ലതും അറിവുണ്ടെന്നുംവരാം. നിനക്ക പത്തൊൻപതോ ഇരുപതോ വയസ്സുപ്രായംകാണണം. ചെറുപ്രായത്തിൽ ഈ ദുർഗ്ഗത്തെയും ഇതിന്റെ അവകാശികളെയുംപറ്റി വല്ലതും കേട്ടിട്ടുണ്ടായിരിക്കണം" എന്നുപറഞ്ഞു.

താരാനാഥൻ ചോദിച്ചു:—'താങ്കളാരാണു"? പേരെന്താണു"?'

വൃദ്ധൻ:—എന്റെ പേരു് നാഗേന്ദ്രൻ എന്നാണു". ഈ രാജദുർഗ്ഗത്തിന്റെ അവകാശിയായ വിദ്യുൽപ്രഭന്റെ എന്നു ഇടപ്രഭുവിന്റെ കാര്യസ്ഥനായിരുന്ന ഞാൻ. വളരെക്കാലം അദ്ദേഹത്തിന്റെ കീഴിലിരിക്കാൻ എനിക്കു് ഇടയായിട്ടുണ്ടു്.

തുടർന്നുപറവാൻ ശക്തിയില്ലാത്തവണ്ണം വൃദ്ധൻ ശുഷ്കകണ്ഠനായിഭവിച്ചു. ഒന്നരണ്ടു് അശ്രുകണങ്ങൾ അയാളുടെ വൃദ്ധലോചനങ്ങളിൽനിന്നുംപൊഴിഞ്ഞുവീണു. "നാഗേന്ദ്രൻ! വിദ്യുൽപ്രഭന്റെ കാര്യസ്ഥൻ!!" എന്നു പ്രേതയക്ഷി സാശ്ചര്യം തന്നെത്താൻ പറഞ്ഞു. ഈ വാക്കുകൾ കിഴവൻ കേട്ടില്ല; താരാനാഥൻ ശ്രവിച്ചു.

താരാനാഥൻ:—(കിഴവൻ കേൾക്കാത്തവിധത്തിൽ പ്രേതയക്ഷി

യോട്ട പതിഞ്ഞസ്വരത്തിൽ) മാന്യേ! ഭവതിയുടെ മനഃപീഡയ്ക്കു കാരണമെന്തെന്നു പലപ്രാവശ്യം ഞാൻ ചോദിച്ചുവല്ലോ? ഈ കോട്ടയ്ക്കകത്തു കാൽകുത്തിയപ്പോൾമുതൽ ഭവതിയിൽ വികാരഭേദം പലതും കണ്ടുതുടങ്ങിയല്ലോ? ഭയന്നമാൻപേടയെപ്പോലെ ഭവതി ഈ സ്ഥലങ്ങളെനോക്കുന്നു! എന്തുകാരണം? എന്നോടു തുറന്നുപറവാൻ മടിക്കുന്നതെന്തിനു"?

പ്രേതയക്ഷി:—മാന്യരേ! ഇപ്രകാരമുള്ള ചോദ്യങ്ങൾ ഇപ്പോൾ എന്നോടു ചോദിക്കരുതെന്നു് അപേക്ഷയുണ്ടു്. താങ്കളുടെ ചോദ്യങ്ങൾ എന്റെ മനോവ്യഥയെ വർദ്ധിപ്പിക്കുകയേയുള്ളൂമാത്രമല്ല, എന്റെ തലച്ചോറിനുപോലുംതടസ്സമായിരിക്കുന്നു. ഈ വിഷയത്തിൽനിന്നും എന്റെ മനസ്സിനെ വേർപെടുത്താതെ അതു് പൂർവ്വസ്ഥിതിയെ പ്രാപിക്കുന്നതല്ല. അതുകൊണ്ടു ദയചെയ്തു് എന്നെ അലട്ടാതിരിക്കണം. പിന്നീടു് സകലതും ഞാൻ താങ്കളെ ധരിപ്പിക്കാം.

താരാനാഥൻ അതുകേട്ടു യാതൊന്നുംപറയാതെ കിഴവനെയും കൂട്ടിക്കൊണ്ടു മറ്റൊരു ഭാഗത്തേയ്ക്കുപോയി. കോട്ടയുടെ പൂർവചരിത്രം വൃദ്ധനു് അറിവുണ്ടായിരിക്കണമെന്നും അതു തനിക്കു ഗ്രഹിക്കണമെന്നും അതിനെപ്പറ്റിയുള്ള സംസാരം പ്രേതയക്ഷിക്കു പൂർവാധികം ചിത്താസ്വാസ്ഥ്യത്തിനു കാരണമാകാനിടയുണ്ടെന്നും കരുതിയിട്ടാണു് വൃദ്ധനെ അന്യത്ര ക്ഷണിച്ചുകൊണ്ടുപോയതു്. അപ്പോൾ സ്ഥലത്തുനിന്നുംകൊണ്ടു വൃദ്ധൻ അകലെയുള്ള മുൻപറഞ്ഞ രണ്ടു ഉർശ്ശങ്ങളെയും ഉറ്റുനോക്കുന്നതു താരാനാഥൻ കണ്ടു.

താരാനാഥൻ:—മാന്യനായ നാഗേന്ദ്ര! എന്റെ കണ്ണും കരളും കവർന്ന ഒരു ലക്ഷ്യത്തിൽ താങ്കളുടെ ദൃഷ്ടികൾ പതിഞ്ഞുകാണുന്നു. അതിന്റെ ചരിത്രത്തെപ്പറ്റി നിങ്ങൾക്കു് അറിവുണ്ടോ?

നാഗേന്ദ്രൻ:—യുവാവേ! നിങ്ങൾ പറയുന്നതെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഏതു ലക്ഷ്യത്തെപ്പറ്റിയാണു നിങ്ങൾ പറയുന്നതു്?

താരാനാഥൻ:—അതാ, അഗ്നികോണിൽക്കാണപ്പെടുന്ന ആ ഇടിഞ്ഞുതകർന്നുകിടക്കുന്ന ഉർശ്ശത്തെയും, അതേയവസ്ഥയിൽത്തന്നെ കിഴക്കുഭാഗത്തു കാണപ്പെടുന്ന കോട്ടയെയുംപറ്റിയാണു ഞാൻ ചോദിക്കുന്നതു്.

നാഗേന്ദ്രൻ:—ഓഹോ! ആ കോട്ടകളെപ്പറ്റിയാണോ ചോദിച്ചതു്? നിങ്ങളുടെ രാജ്യം വളരെ ദൂരെയാണെന്നുതോന്നുന്നു. ഈ ഭാഗങ്ങളിൽ സഞ്ചരിക്കുന്നതും അത്യന്തമായിട്ടായിരിക്കണം. ഈ മൂന്നു

കോട്ടകളെയും സംബന്ധിച്ച വിവരങ്ങൾ നിങ്ങൾക്കു അറിഞ്ഞുകൂടാത്തതു് അതുകൊണ്ടാണു്.

താരാനാഥൻ:—അതേ, ഞാൻ ഇന്നാട്ടുകാരനല്ല, വിദേശീയനാണു്; ഇന്നാട്ടിൽ ഞാൻ അത്യുമായിട്ടാണു സഞ്ചരിക്കുന്നതും.

നാഗേന്ദ്രൻ:—ശരി; ഈ കോട്ടയുടെപേർ രാജദുർഗ്ഗമെന്നാണെന്നും ഇവിടെ വാണിരുന്ന ഇടപ്രഭു വിദ്യുൽപ്രഭൻ എന്ന ദേഹമായിരുന്നുവെന്നും ഞാൻ മുമ്പു പറഞ്ഞുവല്ലോ. അഗ്നികോണിൽ കാണപ്പെടുന്ന കോട്ടയുടെപേർ പവിഴദുർഗ്ഗമെന്നും കിഴക്കുഭാഗത്തുള്ളതിന്റെ നാമം വ്യാഘ്രദുർഗ്ഗമെന്നുമാകുന്നു. ഈ മൂന്നുകോട്ടകളെക്കാൾ ബലവും ഉറപ്പുമുള്ള ദുർഗ്ഗങ്ങൾ ഈ കാശ്മീരദേശത്തിലില്ല. ഈ മൂന്നുകോട്ടയിലെയും ഇടപ്രഭുക്കന്മാരെക്കാൾ ധനശക്തിയും സൈന്യബലവും പ്രസിദ്ധിയുമുള്ള ഇടപ്രഭുക്കന്മാരും ഇന്നാട്ടിലില്ല. രാജദുർഗ്ഗത്തിൽ വാണിരുന്നവിദ്യുൽപ്രഭൻ പൌരുഷത്തിലും പ്രതാപത്തിലും അദ്വിതീയനായിരുന്നു. യുദ്ധക്കളത്തിൽ മേഘഗർജ്ജനം ചെയ്യുംകൊണ്ടു ശത്രുക്കളെ എതിർക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന ധൈര്യവും സാമർത്ഥ്യവും അന്യാദൃശമാണു്. സൌന്ദര്യത്തിൽ അദ്ദേഹത്തിനോടു കിടനില്പ്പാൻതക്ക പുരുഷന്മാർ അക്കാലത്തുണ്ടായിരുന്നില്ല. കാമദേവൻപോലും അദ്ദേഹത്തിന്റെ പിന്നിൽ നില്ക്കണം. അത്രത്തോളം ശരീരകാന്തിയുള്ളതുകൊണ്ടായിരുന്നു വിദ്യുൽപ്രഭൻ എന്ന അപ്പേർ അദ്ദേഹത്തിനു സിദ്ധിച്ചതു്. യുദ്ധക്കളത്തിൽ മേഘഗർജ്ജനം ചെയ്യാറുണ്ടായിരുന്നതിനാൽ മേഘനാദൻ എന്ന മറെറാരു പേരുകൂടി അദ്ദേഹത്തിനുണ്ടു്. അതാ, അക്കാണുന്ന പ്രയാഗനടിയുടെ കരയിൽ ഇടിയേറു കരിഞ്ഞ ഒരു വലിയ വൃക്ഷം നിൽക്കുന്നതു് കാണുന്നില്ലേ? അതിന്റെ... ...

ആ വാക്യം അവസാനിപ്പിക്കാൻ വൃദ്ധനു ശക്തിയില്ലാതായി. അയാളുടെ നയനങ്ങളിൽനിന്നും കണ്ണുനീർപുറപ്പെട്ടു.

താരാനാഥൻ:—അതേ; ഞാൻ ആ മരം കണ്ടു. അതിന്റെ സമീപത്തിൽ എന്തു സംഭവിച്ചു?

നാഗേന്ദ്രൻ:—അയ്യോ! അതോർക്കുമ്പോൾ എന്റെ ശരീരം നടുങ്ങുന്നു! അതിന്റെ മുവട്ടിലാണു നിഗ്രഹിക്കപ്പെട്ടസ്വാമികൾ.

എന്നവസാനിക്കുംമുമ്പു, "മതി, മതി; വയസ്സാംകാലത്തിരിക്കു! തന്റെവായടയ്ക്കു!" എന്നു വരാന്തയിൽ ഇരുന്ന പ്രേതയക്ഷി അത്യന്തസങ്കടത്തോടെ വിളിച്ചുപറഞ്ഞിട്ടു് താരാനാഥനെ അഭി

സംബോധംചെയ്തുകൊണ്ട്, "അങ്ങേയ്ക്ക് എന്നിൽ അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ—എന്റെ ക്ഷേമത്തിൽ ലേശമെങ്കിലും താല്പര്യമുണ്ടെങ്കിൽ—ഇനി ആ വൃദ്ധനോട് സംസാരിക്കണ്ടാ; ഇങ്ങു പോരണം" എന്നു വിളിച്ചുപറഞ്ഞു.

താരാനാഥൻ അതുകേട്ട്: "മന്യേ! ഭവതിയുടെ ഇഷ്ടത്തെ ഞാൻ അനുസരിക്കുന്നു; എഴുന്നേൽക്കുക! നമുക്കു പുറപ്പെടാം" എന്നുപറഞ്ഞിട്ട് വൃദ്ധനോട് യാത്രചോദിച്ചു.

വൃദ്ധൻ അപ്രകാരം സമ്മതിച്ചു. താരാനാഥൻ പ്രേതയക്ഷിയോടുകൂടി കുന്നിന്റെ താഴ്വരയിലേയ്ക്കിറങ്ങി. വൃദ്ധനും അവരെ അനുഗമിച്ചു. മദ്ധ്യമാർഗ്ഗം മുൻചൊന്ന കുറിക്കാട്ടുകളിൽനിന്നും പ്രത്യക്ഷപ്പെട്ട നാലഞ്ചുഭടന്മാർ പെട്ടെന്നു പ്രേതിയക്ഷിയെത്തടഞ്ഞു. അക്കൂട്ടത്തിൽ ഒരു സന്ന്യാസിയുമുണ്ടായിരുന്നു. സന്ന്യാസി നമ്മുടെ നിഷ്കളാനന്ദസ്വാമികളല്ലാതെ മറ്റാരുമല്ല. സ്വാമികളെക്കണ്ട നിമിഷത്തിൽ പ്രേതയക്ഷിക്കുണ്ടായ കോപവും താപവും ഭീതിയും എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസം.

"പ്രേതയക്ഷിയെന്ന ഘാതകി! ദുഷ്ടേ! നിന്നെ വച്ചുവാഴ്ത്താൻ പാടില്ല, നീ ഇവിടെ മരിക്കുക" എന്നു പറഞ്ഞുംകൊണ്ട് നിഷ്കളാനന്ദൻ അത്യന്തരുഷ്ടനായി കഠാരിയുമായി അവളുടെ നേർക്കു പാഞ്ഞു. "ഉഷ്ട! മരിക്കേണ്ടവൻ നീയാണു" എന്നു ഗർജ്ജിച്ചുംകൊണ്ട് മദയാനയെക്കണ്ട സിംഹിയെപ്പോലെ പ്രേതയക്ഷി, അരയിൽ തിരുകിയിരുന്ന കഠാരിയുമേന്തി മുമ്പോട്ടുപാഞ്ഞു് ആദ്യമായി കുത്തേൽപ്പിച്ചിരുന്നില്ലെങ്കിൽ നിഷ്കളാനന്ദന്റെ പ്രതിജ്ഞ ഫലിക്കുമായിരുന്നു. എന്നാൽ മരിക്കത്തക്ക കുത്തു പ്രേതയക്ഷിക്കു ഏറ്റില്ലെങ്കിലും അവളുടെ കൈയിൽ സാരമായ ഒരു പരുക്കേറ്റു. പരുക്കിൽ നിന്നും നദീജലംപോലെ രക്തം പ്രവഹിച്ചു. അവർ ധരിച്ചിരുന്ന വസ്ത്രങ്ങൾ രക്തത്തിൽ മുഴുകി. ഇവയെല്ലാം നൊടിക്കിടയിൽ സംഭവിച്ചു.

താരാനാഥനു് ഒന്നുംതന്നെ തോന്നിയില്ല. അയാൾ ജിവച്ഛവംപോലെ നിശ്ചേഷ്ടനായിനിന്ന മാത്രകഴിഞ്ഞു് ഉറയിൽനിന്നും വാളൂരിപ്പിടിച്ചു സിംഹനാദം പുറപ്പെടുവിച്ചുകൊണ്ട് നിഷ്കളാനന്ദനെനോക്കി ഖഡ്ഗം ചലിപ്പിച്ചു. എന്നാൽ ആനന്ദന്റെ ആൾക്കാർ ഒരേസമയത്തു താരാനാഥനെ എതിർത്തതിനാൽ അയാളുടെ ഉദ്ദേശത്തിനു വിഘാതം നേരിട്ടു. നാഗേന്ദ്രനെന്ന നമ്മുടെ വൃദ്ധനു നിഷ്കളാനന്ദൻ കണക്കിനു ഒരടികൊടുത്തു; അയാൾ അതുകൊണ്ടു തൃപ്തനായവണ്ണം ഭൂമിദേവിയെ ചുംബിച്ചു. പക്ഷേ, അതു പോരായ്മയാണെന്നുള്ള അഭിമാനംകൊണ്ടായിരിക്കാം, വൃദ്ധൻ ഉരുണ്ടുപിടച്ചു എഴുന്നേറ്റു, പരുക്കിന്റെ കാഠിന്യത്താൽ ബോധക്ഷയം

സംഭവിച്ച പ്രേതയക്ഷിയെ താങ്ങിക്കൊണ്ടു കുന്നിന്മേലുള്ള കെട്ടിടത്തിലേയ്ക്കു തിരിച്ചു.

"അവനെപ്പിടിക്കിൻ! വിട്ടയയ്ക്കരുതു്, വിട്ടയയ്ക്കരുതു്"എന്നിങ്ങനെ നിഷ്കുളാനന്ദൻ തന്റെ ആൾക്കാരോടു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അതുകേട്ടു ആൾക്കാർ കിഴവനെയും പ്രേതയക്ഷിയെയും വളഞ്ഞു. താരാനാഥൻ അവരിൽനിന്നും പ്രേതയക്ഷിക്കു അപകടം നേരിടാതെ സൂക്ഷിച്ചു. അവളോടു ചേർന്നുനിന്നു കഠിനമായ ഒരു സമരം അവിടെയും സംഭവിച്ചു. എന്നാൽ അയാളുടെ നിസ്സഹായത വിജയത്തിനു പ്രതിബന്ധകമായിത്തീർന്നു. ഈ അവസരത്തിൽ അശ്വാരൂഢനായ ഒരു യുദ്ധവീരൻ പെട്ടെന്നു് അവിടെ ആവിർഭവിച്ചു താരാനാഥന്റെ പക്ഷത്തുനിന്നു ധീരധീരമായി പൊരുതുതുടങ്ങി.

ആഗതനായ അംബികേശനെക്കണ്ടപ്പോൾ താരാനാഥനുണ്ടായ സന്തോഷം അവർണ്ണനീയമത്രേ. അംബികേശന്റെയും താരാനാഥന്റെയും സാമർത്ഥ്യത്താൽ,നാഗേന്ദ്രനും പ്രേതയക്ഷിക്കും ശത്രുക്കളിൽനിന്നു യാതൊരു അപകടവും നേരിട്ടുന്നില്ല. അവർ രണ്ടുപേരും അത്യുത്സാഹത്തോടും അത്യന്തസാമർത്ഥ്യത്തോടുംകൂടി പൊരുതുനില്ക്കുന്നു. നിരന്തരമായ ഖഡ്ഗപ്രയോഗം നടത്തുന്നതിനിടയ്ക്കു താരാനാഥൻ, അംബികേശനോടു പറഞ്ഞതാവിതു്—"അജ്ഞാതനാമാവും വീരകേസരിയുമായ യുവാവേ! നാം രണ്ടുപേരും യോജിച്ചുനിന്നു യുദ്ധംചെയ്യുന്നതു് ഇപ്പോൾ രണ്ടാമത്തെ പ്രാവശ്യമാണു്. ഇപ്പോഴും നാം രണ്ടുപേരേയുള്ളൂ. ശത്രുക്കളാണെങ്കിൽ അന്നത്തെപ്പോലെ അധികംപേരുണ്ടു്. അക്ഷീണം പൊരുതുനിന്നാൽ അന്നത്തെപ്പോലെതന്നെ ഇന്നും നമുക്കു വിജയം സിദ്ധിക്കും." അംബികേശൻ അതുകേട്ടു്, "എന്നെപ്പറ്റി ലേശം സംശയിക്കേണ്ട; ഇവർ ഇപ്പോൾ ആറുപേരേയുള്ളൂ. അറുപതുപേർ വന്നാലും ഞാൻ പിൻവാങ്ങുമെന്നു താങ്കൾ തെറ്റിദ്ധരിക്കണ്ടാ. ഇവരെ തോല്പിക്കാൻ എനിക്കു കഴിയും" എന്നുപറഞ്ഞുകൊണ്ടു ചുരുട്ടുവാളുരി വീശിത്തുടങ്ങി. വാളിന്റെ സീൽക്കാരത്തോടുകൂടിയ ചലനത്തിനിടയിൽ, നിഷ്കുളാനന്ദന്റെ കൈയിലിരുന്ന കഠാരി—പ്രേതയക്ഷിയുടെ രക്തത്തിൽ മുങ്ങിയ ആ കഠാരി—കാണാമറയത്തു തെറിച്ചതു മറ്റാരുംകണ്ടില്ല. തൽക്ഷണം, താരാനാഥനെയും അംബികേശനെയും എതിർത്തുകൊള്ളാൻ ആൾക്കാരെ പ്രേരിപ്പിച്ചിട്ടു നിഷ്കുളാനന്ദൻ പിൻവാങ്ങി. ഏതാനും നിമിഷത്തേയ്ക്കു് അംബികേശതാരാനാഥന്മാരുടെ അവസ്ഥ സംശയിക്കത്തക്ക നിലയിലായി കാണപ്പെട്ടു. ആറുപേർ ഏകകാലത്തിൽ ചുറ്റുംനിന്നു എതിർത്താൽ രണ്ടുപേരെക്കൊണ്ടു് എന്തുകഴിയും? യുദ്ധം ആകെപ്പാടെ അത്യന്തം

ഭയങ്കരമാണു്. ശത്രുക്കളുടെ ഖഡ്ഗപ്രയോഗം താരാനാഥനു് ഏൽക്കാതെ അംബികേശൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. പ്രതിപക്ഷികളുടെ ഖഡ്ഗം അംബികേശന്റെ ഇരുമ്പുപട്ടയിൽക്കൊണ്ടു് ഒടിഞ്ഞും മടങ്ങിയും നിരുപയോഗമായി ഭവിക്കുന്നു. ഇതിനിടയ്ക്കു് താരാനാഥന്റെ ഖഡ്ഗം ശത്രുക്കളിൽ രണ്ടുപേരുടെ ശിരസ്സിനെ അവരുടെ ചുവട്ടടിയിൽ പതിപ്പിച്ചു. അംബികേശൻ മറ്റൊരുത്തന്റെ വലതുകാലും ഇടതുകൈയും ഛേദിച്ചു. ശേഷിച്ച മൂന്നുപേരും പൂർവ്വാധികം വാശിയോടെ പൊരുതുന്നിതു വിശ്വാസം നിഗ്രഹിഷ്ടം നശിക്കുമ്പോഴും ഒരാപത്തിൽനിന്നും രക്ഷപ്പെടാൻ മാർഗ്ഗമൊന്നുമില്ലെന്നാകുമ്പോഴും മനുഷ്യർക്കു ചില സമയങ്ങളിൽ അന്ധമായ ഒരു ധൈര്യം ബാധിക്കാറുണ്ടു്. അപ്രകാരമുള്ള ഒരു ധൈര്യം ഈ പതനത്തിൽ, ശേഷിച്ച ആറംക്കാരെ ബാധിച്ചു.

ആറംക്കാരിൽ മൂന്നുപേർ കുറഞ്ഞപ്പോഴും, താരാനാഥനും അംബികേശനും വിജയത്തിൽ പൂർണ്ണമായ വിശ്വാസം ജനിച്ചു. പ്രേതയക്ഷിയെ കെട്ടിടത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോകാൻ താരാനാഥൻ നാഗേന്ദ്രനോടു പറഞ്ഞു. കിഴവൻ ചാരിതാർത്ഥ്യത്തോടെ പ്രേതയക്ഷിയെ താങ്ങി നടത്തിക്കൊണ്ടുപോവുകയുംചെയ്തു നിഷ്കളാനന്ദൻ അവരെ തടയാനായി പിറകേ എത്തി. താരാനാഥൻ ധർമ്മസങ്കടത്തിലായി. നിഷ്കളാനന്ദനെ അനുഗമിച്ചില്ലെങ്കിൽ പ്രേതയക്ഷിയുടെ കഥ അവതാളത്തിലാകും. അവളെ നിഷ്കളാനന്ദൻ കൊല്ലുകതന്നെചെയ്യും. അതിനിടയാകാതെ പ്രേതയക്ഷിയെ രക്ഷിക്കാനായി അങ്ങോട്ടുപോയാൽ അംബികേശന്റെ അവസ്ഥ പരുങ്ങലിലാകും ആറംക്കാർ മൂന്നുപേരും അയാളെ എതിർക്കും. മൂന്നുപേരോടു് എതിർത്തുനില്ക്കാൻ കഴിവില്ലാതെവന്നാൽ ശത്രുഖഡ്ഗത്തിനിരയാകാനുമിടയുണ്ടു്. ആകെപ്പാടെ താരാനാഥൻ വട്ടത്തിലായി. പ്രേതയക്ഷിയെ രക്ഷിച്ചാൽ അംബികേശൻ മരിച്ചു; അംബികേശനെ രക്ഷിച്ചാൽ പ്രേതയക്ഷി മരിച്ചു. രണ്ടിലൊരാൾ ഇവിടെ മരിക്കും; നിശ്ചയം താരാനാഥൻ ഇപ്രകാരം ചിന്തിക്കുന്നതിനിടയ്ക്കു് അംബികേശൻ ആറംക്കാരിൽ രണ്ടുപേരെ നിലത്തു വീഴ്ത്തി. "ജീവൻ കിട്ടിയതു ഭാഗ്യം" എന്നു തന്നെത്താൻ പറഞ്ഞുകൊണ്ടു് ശേഷിച്ചവൻ പിന്തിരിഞ്ഞു പലായനംചെയ്തു. അതേ നിമിഷത്തിൽ താരാനാഥൻ കുന്നിന്റെ മുകളിലേയ്ക്കു പാഞ്ഞുകയറി. ഇതിനകം ആനന്ദൻ പ്രേതയക്ഷിയെ അടുത്തുകഴിഞ്ഞു. താരാനാഥന്റെ കാലൊച്ചകേട്ട നിഷ്കളാനന്ദൻ തിരിഞ്ഞുനോക്കി. കുന്നിന്റെ അടിവാരത്തിൽ ആറംക്കാരിൽ അഞ്ചുപേർ മരിച്ചുകിടക്കുന്നതും താരാനാഥൻ തന്നെ അഭിമുഖീകരിച്ചു് ഓടിവരുന്നതും

കണ്ടു. ആനന്ദന്റെ ധൈര്യം ഇവിടെ അസ്ഥാനത്തമായി എന്നു പറയേണ്ടതില്ലല്ലോ.

അംബികേശൻ, മരിച്ചുകിടക്കുന്ന ആൾക്കാരിൽ തനിക്കു പരിചയമുള്ളവർ ആരെങ്കിലുമുണ്ടോ എന്നറിവാനായി പ്രേതശരീരങ്ങളുടെ അടുത്തുചെന്നു സൂക്ഷിച്ചുനോക്കി. തത്സമയത്തെ അയാളുടെ വിചാരധാരകളാവിതു്:—"അഹോ! ഈ ലോകസ്ഥിതി എത്ര തുച്ഛം! മിന്നി നിമിഷങ്ങൾക്കുമുമ്പു് എത്ര സാമർത്ഥ്യത്തോടെ ഖഡ്ഗവുമേന്തി യുദ്ധംചെയ്ത വീരന്മാരാണു് ഇവർ! മനുഷ്യരുടെ ദുഷ്പ്രവൃത്തികൾ എത്ര അനാശാസ്യമായ ഫലത്തെയാണു് വിളയിക്കുന്നതു്! ഇവരുടെ ധർമ്മവിരുദ്ധമായ പ്രവൃത്തിമൂലം ഈ അവസ്ഥയെ പ്രാപിക്കാനിടയായി എന്നിരുന്നാലും ഇതു്, എന്റെ കൈകൊണ്ടു വേണ്ടിയിരുന്നോ? ഇവരുടെ ജീവൻ ഞാൻ മൂലമാണോ നഷ്ടപ്പെടേണ്ടതു്? ജന്തുഹിംസ എത്ര പാപകരമായ പ്രവൃത്തിയാണു്? അപ്പാപം ഞാൻ എല്ലേണ്ടിവന്നുവോ? ഹെയ്! അങ്ങനെ വരാനിടയില്ല. ഞാൻ ചെയ്തതു ധർമ്മമാണു്. ഈ ഹിംസ എന്റെ ആത്മരക്ഷയ്ക്കുവേണ്ടിയും നിരപരാധികളെ സഹായിച്ചു ധർമ്മത്തെ പുലർത്തുവാനായിട്ടുമാകുന്നു. ഞാൻ ചെയ്തതു് ഒരിക്കലും അധർമ്മമല്ല; ധർമ്മത്തെയാണു ഞാൻ അനുഷ്ഠിച്ചതു്. തന്നെ നിഗ്രഹിക്കാൻ വരുന്ന പാതകനെയും കൊല്ലാമെന്നു ധർമ്മശാസ്ത്രം വിധിക്കുന്നു. ആ സ്ഥിതിക്കു ഈ ദുഷ്ടന്മാരെ എനിക്കു എന്തുകൊണ്ടു നിഗ്രഹിച്ചുകൂടാ? നിശ്ചയമായി എന്റെ പ്രവൃത്തി പാപകരമല്ല. ഒരുപക്ഷേ, വല്ല പാപവും എനിക്കുണ്ടായിരുന്നാൽ സർവശക്തനായ ഈശ്വരൻ എന്നെ അതിൽനിന്നും രക്ഷിക്കട്ടേ!"

നിഷ്കളാനന്ദനു ഏതുവിധത്തിലെങ്കിലും പോയിപ്പിഴച്ചാൽ മതിയെന്നായി. അതിനെന്തുമാർഗ്ഗമെന്നാലോചിച്ചു. പെട്ടെന്നു ഇടത്തോട്ടതിരിഞ്ഞു ഓടി കുറിക്കാട്ടിൽ മറഞ്ഞു. ആത്മരക്ഷാർത്ഥം പലായനം ചെയ്തവനെ പിന്തുടരുന്നതു ധർമ്മമല്ലെന്നുള്ള ബോധത്താൽ താരാനാഥൻ ആനന്ദനെ അനുധാവനം ചെയ്തില്ല.

കോട്ടയ്ക്കു വെളിയിൽ നിന്നിരുന്ന സുരുചീവിമലകളും അശ്വപാലന്മാരും കോട്ടയ്ക്കകത്തുപോയ തങ്ങളുടെ സ്വാമിയും സ്വാമിനിയും വളരെ നേരമായിട്ടും മടങ്ങിവരാൻ താമസിക്കുന്നതുകണ്ടു് എന്തുകാരണമെന്നറിയാതെ പരിഭ്രമത്തോടുകൂടി അന്വേഷണാർത്ഥം അകത്തുകയറി, പല ഭാഗങ്ങളിലും അന്വേഷിച്ചു; എങ്ങും കാണുന്നില്ല. എന്തെങ്കിലും അപകടം നേരിട്ടിരിക്കുമോ എന്നു സംശയിച്ചു. അതോടുകൂടി പരിഭ്രമവും ഭീതിയും മുഴുത്തു സുരുചീവിമലകൾ കരഞ്ഞുതുടങ്ങി കൊട്ടാരത്തിനകത്തും പുറത്തും ഒരിടത്തും

കണ്ടില്ല. ഒടുവിൽ അല്പം അകലത്തായി കാണപ്പെട്ട കുന്നിൽകയറി നോക്കാമെന്നു നിശ്ചയിച്ചു അങ്ങോട്ടു നടന്നു. കുന്നിന്റെ മുകളിൽ എത്തിയപ്പോൾ, അവിടെ അഞ്ചുപേരെന്മാർ മരിച്ചുകിടക്കുന്നതും ശവശരീരങ്ങളുടെ സമീപത്തു് ഇരുമ്പുകുപ്പായം ധരിച്ച യോദ്ധാവു നില്ക്കുന്നതുംകണ്ടു. എന്തെങ്കിലും ആപത്തു നേരിട്ടിരിക്കുമെന്നു് അവർക്കുണ്ടായിരുന്ന സംശയംബലപ്പെട്ടു. അവരുടെ പരിഭ്രമവുംസങ്കടവും കണ്ടു്, അംബികേശൻ അവിടെ നടന്ന വിവരങ്ങൾ അവരെ ധരിപ്പിച്ചു. താരാനാഥനും പ്രേതയക്ഷിയും ജീവനോടിരിക്കുന്നുവെന്നും എന്നാൽ പ്രേതയക്ഷിയുടെ കൈയിൽ ഒരു മുറിവുപറ്റിയിട്ടുണ്ടെന്നുംപറഞ്ഞു. അതുകേട്ടു സുരുചിയും വിമലയും "അയ്യോ! ഞങ്ങളുടെ സ്വാമിനിക്കു വെട്ടുകൊണ്ടുവോ?" എന്നു ചോദിച്ചു നെഞ്ചിലടിച്ചുനിലവിളിച്ചു.

"ഇല്ല, അപകടമായ മുറിവൊന്നും പറ്റിയിട്ടില്ല. നിങ്ങൾ പരിഭ്രമിക്കാതിരിക്കിൻ!" എന്നു പറഞ്ഞു് അംബികേശൻ അവരെ സമാധാനപ്പെടുത്തി.

"ഞങ്ങളുടെ സ്വാമിനി ഇപ്പോൾ എവിടെയുണ്ടു്? അതു പറയുക" എന്നു രണ്ടുപേരുംക്രുദ്ധി ചോദിച്ചു.

അംബികേശൻ:—ഗുണവാനായ ഒരു വൃദ്ധൻ നിങ്ങളുടെ സ്വാമിനിയെ ഈ കുന്നിന്റെമുകളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയിരിക്കയാണു്. മുറിവിനു തല്ക്കാലം വേണ്ട ചികിത്സകൾ അയാൾ നടത്തും. ഈ കാണുന്ന മാർഗ്ഗത്തിൽക്കൂടിയാണു് അയാൾ നിങ്ങളുടെ സ്വാമിനിയെ താങ്ങിക്കൊണ്ടുപോയതു്.

സുരുചി:—എന്തു്? താങ്ങിക്കൊണ്ടുപോയോ? മുറിവു സാരമില്ലെന്നല്ലേ നിങ്ങൾ പറഞ്ഞതു്? സാരമില്ലെങ്കിൽ താങ്ങിക്കൊണ്ടുപോയതെന്തിനു്?

അംബികേശൻ:—ഞാൻ പറഞ്ഞതു വാസ്തവമാണു്. മുറിവു സാരമില്ലതന്നെ. എന്നാൽ മുറിവിൽനിന്നും ധാരാളം രക്തം പ്രവഹിച്ചു. അതുകണ്ടപ്പോൾ ബോധക്ഷയം നേരിട്ടു. രക്തപ്രവാഹം കണ്ടാൽ സ്ത്രീകൾക്കു ബോധക്ഷയം സംഭവിക്കുക പതിവാണല്ലോ.

സുരുചി:—ആ വഴിയിൽക്കൂടി ഒഴുകിയിരിക്കുന്ന രക്തം ആ മുറിവിൽനിന്നും പ്രവഹിച്ചതായിരിക്കണം!

വിമല:—ശിവ! ശിവ! എന്തെല്ലാം ആപത്തുകളാണു് എന്റെ സ്വാമിനിക്കു മാറി മാറി സംഭവിച്ചുകൊണ്ടിരിക്കുന്നതു്?

സുരുചി:—യോഗ്യനായ താരാനാഥനോ?

അംബികേശൻ:—അദ്ദേഹവും ഇപ്പോൾ പ്രേതയക്ഷിയുടെ സമീപത്തിലുണ്ടായിരിക്കും. മുകളിലോട്ടുകയറിപ്പോകുന്നതുഞാൻകണ്ടു.

പിന്നെ ഒരുനിമിഷംപോലും അവർ അവിടെ താമസിച്ചില്ല. അശ്വപാലന്മാരിൽ ഒരുവനെ കുതിരകളെ സൂക്ഷിച്ചു കൊള്ളാൻ ശട്ടംകെട്ടി അവിടെ നിത്തിയുംവച്ചു അപ്പോനേയുംക്രൂട്ടിക്കൊണ്ടു സുരുചീവിമലകൾ കുന്നിന്റെ മുകളിലേയ്ക്കു കയറി. "ഛീ മലേ! പ്രേതയക്ഷിയുടെ മുറിവിൽനിന്നും ഒഴുകിയ ആ ശപിക്കപ്പെട്ട രക്തം ആ ഭയങ്കരമായ രഹസ്യത്തെ താരാനാഥനെ മനസ്സിലാക്കിയിരിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു" എന്നു സുരുചി പരിഭ്രമത്തോടുകൂടി പറഞ്ഞു. "എല്ലാറ്റിനും സർവ്വേശ്വരൻ സഹായമുണ്ടു്. ഏതായാലും നമുക്കു വേഗം നടക്കാം" എന്നായിരുന്നു വിമലയുടെ സമാധാനം.

മുറിവിൽനിന്നും രക്തം പ്രവഹിക്കുന്നതുകണ്ടു് ബോധക്ഷയം സംഭവിച്ചു കിഴവന്റെ മാവിൽ ചാഞ്ഞ പ്രേതയക്ഷിക്കു് സുബോധം ഉണ്ടായപ്പോൾ മനഃകായങ്ങൾക്കു് അനിവ്വചനീയമായ ഒരു സ്വാസ്ഥ്യം—മരിക്കാൻപോകുന്ന മനുഷ്യർക്കുണ്ടാകുന്ന ഒരുസ്വാസ്ഥ്യം—നേരിട്ടു. അവളുടെ കണ്ണുകൾക്കു് ഒരു പുകച്ചിലുണ്ടായി. നേരിൽ ഉള്ള പദാർത്ഥങ്ങളെപ്പോലും കാണാൻ ശക്തിയില്ലാത്തവണ്ണം ആ കണ്ണുകൾക്കു് കാഴ്ച കുറഞ്ഞു. കിഴവൻ അവളെ മാവിൽ താങ്ങി സാവധാനത്തിൽ നടത്തിക്കൊണ്ടു പോകുകയാണുണ്ടായതു്. ഒരുപ്രകാരത്തിൽ കുന്നിന്റെ മേൽഭാഗത്തിനു് അല്പം താഴത്തുവച്ചു കിഴവൻ അവളെ പതുക്കെ നിലത്തുകിടത്തി. മുറിവിൽനിന്നും ഊറുവെള്ളംപോലെ രക്തം ഒഴുകുന്നതുകണ്ടു്, അതിൽ വല്ലമരുന്നും വച്ചുകെട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി അപ്രകാരം കിടത്താനിടയായതാണു്. കിഴവൻ ചില ഇലകൾ പറിച്ചുമട്ടിച്ചു് അതിന്റെ നീരു മുറിവിൽ പിഴിഞ്ഞൊഴിച്ചിട്ടു താൻ ഉടുത്തിരുന്ന വസ്ത്രത്തിൽനിന്നും ഒരു ഭാഗം ചീന്തി മുറുകെക്കെട്ടി. എന്നിട്ടും രക്തപ്രവാഹം നിന്നില്ല. പ്രേതയക്ഷി പ്രജ്ഞയില്ലാതെ കിടക്കുകയുമാണു്. അവളെ താങ്ങിനടത്തിക്കൊണ്ടു കിഴവൻ പിന്നെയും മുകളിലോട്ടു കയറി.

വൃദ്ധൻ കുന്നിന്റെ അടിവാരത്തിൽ എന്തുനടക്കുന്നു എന്നറിവാനായി തിരിഞ്ഞുനോക്കി. അവിടെ കാണപ്പെട്ട ഭയങ്കരമായ കാഴ്ച കിഴവന്റെ മനസ്സിനെ വ്രണപ്പെടുത്തി. കിഴവന്റെ സർവ്വാംഗം ഭയംകൊണ്ടു വിറപൂണ്ടു താരാനാഥനാലും അംബികേശനാലും വധിക്കപ്പെട്ട ആൾക്കാരുടെ തലയും ഉടലും വേറേവേറേ കിടക്കുന്നതുകണ്ടു കിഴവൻ നടുങ്ങി. എന്നാൽ പ്രേതയക്ഷിയുടെ ഭാഗത്തുള്ളവർക്കു് യാതൊരാപത്തും പറ്റിയില്ലെന്നും മരിച്ചതു മറുഭാഗക്കാരാണെന്നുമുള്ള അറിവു് അയാൾക്കു മൈയ്യുത്തെയും സന്തോഷത്തെയും നൽകാതിരുന്നില്ല. ആ അനുഭവത്തോടുകൂടി അയാൾ

പ്രേതയക്ഷിയെയുംകൊണ്ടു ഗിരിശിഖരത്തെ പ്രാപിച്ചു. ആ അവസരത്തിൽ ആരോ ഒരാൾ ബദ്ധപ്പെട്ടു് ഓടിവരുന്ന ശബ്ദംകേട്ടു സദയംതിരിഞ്ഞുനോക്കി. സന്യാസിയുടെ ആൾക്കാരിൽ വല്ലവരും പ്രേതയക്ഷിയെ പിടിക്കാനായി വരികയാണെന്നാണു് അയാൾ സംശയിച്ചതു്. ഉത്തരക്ഷണത്തിൽ ആ സംശയം അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യപ്പെടുകയാൽ, കിഴവനു് ഒരുപ്രകാരത്തിൽ ലജ്ജയും മറെറാരുപ്രകാരത്തിൽ ധൈര്യവും ജനിച്ചു. താരാനാഥൻ തന്റെ മുമ്പിൽനില്ക്കുന്നതു വൃദ്ധൻ കണ്ടു. ക്ഷണത്തിൽ അയാൾ പ്രേതയക്ഷിയെ താങ്ങി മുൻചൊന്ന കെട്ടിടത്തിന്റെ വരാന്തയിൽ കിടത്തി. അനന്തരം കിഴവന്റെ അഭിപ്രായപ്രകാരം താരാനാഥൻ പ്രേതയക്ഷിയെ താങ്ങിനടത്തിക്കൊണ്ടു അയാളുടെ ഗൃഹത്തെ പ്രാപിച്ചു് അവിടെ ഉണ്ടായിരുന്ന ഒരു കട്ടിലിൽ അവളെ കിടത്തി, താരാനാഥൻ കിഴവനെനോക്കി ഇപ്രകാരംപറഞ്ഞു:—"താങ്കൾചെയ്ത സഹായത്തിനായി ഞാൻ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. യഥാസന്ദർഭം ഇതിനു പ്രത്യുപകാരം ഞാൻ ചെയ്യുന്നതാണു്. മുറിവിൽ തുണിചുറ്റിയിരിക്കുന്നു; രക്തപ്രോക്ഷം വളരെ കുറഞ്ഞിട്ടുണ്ടു്. എന്നിട്ടും ബോധക്ഷയം നീങ്ങി കണ്ണുതുറന്നു നോക്കുന്നില്ല. ഒരുപക്ഷേ, ഈ കിടപ്പിൽനിന്നു നിവർത്തിച്ചില്ലെന്നും വരുമോ എന്നു ഞാൻ സംശയിക്കുന്നു."

ഒടുവിലത്തെ സംശയം താരാനാഥനെ അത്യന്തം പീഡിതനാക്കിച്ചെയ്തു. കിഴവൻ പറഞ്ഞു:—"അപ്രകാരമൊന്നും സംഭവിക്കയില്ല. ഞാൻ പോയി കുറേ ശുദ്ധജലം കൊണ്ടുവരാം. അതു മുഖത്തുകുടഞ്ഞു അല്പം കുടിപ്പിക്കയുംചെയ്താൽ, സ്വബോധം ഉണ്ടാകും; ശരീരക്ഷീണം കുറയുകയും ചെയ്യും."

വൃദ്ധൻ ഊററുവെള്ളം കൊണ്ടുവരുവാനായി വെളിയിൽ പോയി. താരാനാഥൻ നഷ്ടപ്രജ്ഞയായ പ്രേതയക്ഷിയുടെ മുഖത്തുസൂക്ഷിച്ചുനോക്കിക്കൊണ്ടുനിന്നു. അക്കിടപ്പിലും വിശ്വമോഹിനിയായ ആ തരുണീരത്നത്തെ നോക്കാൻ ഒരു പ്രത്യേക കൗതുകം കൂടി താരാനാഥനുളവായി. ശ്യാമളകോമളമായ വെണ്ണക്കല്ലിൽ സൗന്ദര്യം കയററിയാൽ എന്തൊരാനന്ദാനുഭൂതിയാണോ പ്രേക്ഷകനുണ്ടാവുക, അതിനേക്കാൾ പതിന്മടങ്ങു് ആനന്ദം ഈ സരസ്വതീസഹോദരിയുടെ സൗന്ദര്യദർശനത്തിൽനിന്നും താരാനാഥനു സിദ്ധിച്ചു. അവയവംപ്രതിയുള്ള സൗന്ദര്യമകരന്ദത്തെ താരാനാഥന്റെ നയനഭൃംഗങ്ങൾ കുടിച്ചു് ലഭ്യമായ ഈ അവസരത്തിൽ പേർത്തും പേർത്തും നുകർന്നു. എന്നാൽ ആനന്ദത്തിനു, ഈ ലോകത്തിൽ ഏതൊന്നിലും എതൊരിടത്തും പൂർണ്ണത്വം സിദ്ധിക്കുന്നതുല്ലല്ലോ. പ്രേതയക്ഷി കണ്ണുതുറന്നു. അവളുടെ കരചരണാദികൾ

ചലിച്ചു. താരാനാഥൻ അനുഭവിച്ചുകൊണ്ടിരുന്ന ആനന്ദത്തിനു വിഘാതം നേരിട്ടുവെങ്കിലും, മറെറാരുപ്രകാരത്തിൽ തത്തുല്യമോ തദധികമോ ആയ ഒരാനന്ദം അയാൾക്കു് ഉണ്ടായി "അഹോ! ഭാഗ്യം, ഭാഗ്യം" എന്നു താരാനാഥൻ വിളിച്ചുപറഞ്ഞു.

വൃദ്ധൻ വെള്ളവുംകൊണ്ടു മടങ്ങിയെത്തി. വെള്ളം മുഖത്തു കുടയുകയും കുടിപ്പിക്കുകയുംചെയ്തു. എന്നിട്ടു വിശറി എടുത്തു വൃദ്ധൻ അവളെ വീശി. അവൾ താരാനാഥനെ സൂക്ഷിച്ചുനോക്കി; അല്പം മന്ദഹസിക്കുകയുംചെയ്തു. അതുകണ്ടു താരാനാഥൻ സ്നേഹപൂർവം അവളെ അഭിസംബോധനംചെയ്തുകൊണ്ടു പറഞ്ഞതാവിതു:— "ഭവതി മനസ്സിനെ ധൈര്യപ്പെടുത്തുക! ഒന്നുകൊണ്ടും ഭയപ്പെടേണ്ടതായിട്ടില്ല. നമ്മെ എതിർത്ത ശത്രുക്കൾ പരാജിതരായി. അധികംപേരും മരിക്കയാണുചെയ്തതു്. നിഷ്കളാനന്ദൻ ഓടിക്കളഞ്ഞു." പ്രേതയക്ഷി:—(ഇഴഞ്ഞസ്വരത്തിൽ) ആ യോദ്ധാവു—ഇരുമ്പുചട്ട ധരിച്ച ആ യുദ്ധവീരൻ—പേരറിഞ്ഞുകൂടാത്ത നിങ്ങളുടെ സ്നേഹിതൻ—അവൾ—അല്ല അവൻ—എവിടെ?

അംബികേശനെ സ്ത്രീലിംഗസർവനാമംകൊണ്ടു പരാമർശിച്ചതു താരാനാഥൻ കേൾക്കാതിരുന്നില്ല പ്രേതയക്ഷി മതിഭ്രമത്താൽ അങ്ങനെ പറഞ്ഞുപോയതാണെന്നു് അയാൾ വിശ്വസിച്ചു. അംബികേശൻ പുരുഷൻതന്നെയാണെന്ന ബലമായി കരുതിയിരിക്കുന്ന താരാനാഥൻ അങ്ങനെയല്ലാതെ വിശ്വസിക്കാനിടയില്ലല്ലോ. താരാനാഥൻ:—അയാൾക്കു അപകടമൊന്നും നേരിട്ടില്ല. അയാൾ ശണ്ഠനടന്നസ്ഥലത്തുണ്ടായിരിക്കണം. ഏതായാലും ഭവതി ആ ശണ്ഠയെപ്പററി ചിന്തിക്കരുതു്; അതിനെക്കുറിച്ചുള്ള ചിന്ത മനസ്സിന്റെ അസ്വാസ്ഥ്യത്തെ വർദ്ധിപ്പിക്കും.

"എനിക്കിപ്പോൾ വിശേഷിച്ചു സുഖക്കേടൊന്നുമില്ല" എന്നു പ്രേതയക്ഷി പുഞ്ചിരിയോടുകൂടിപ്പറഞ്ഞു. ഈ അവസരത്തിൽ അവൾ കൈയിലെ പരുക്കിനെ ഓർക്കുകയാൽ തുണികൊണ്ടു മുറിവിൽനോക്കി അവൾ വല്ലാതൊന്നനടുങ്ങി. "എന്റെ മുറിവിൽ തുണിചുററിയതാരാണു്?" എന്നു് അവൾ പരിഭ്രമത്തോടുകൂടി ചോദിച്ചു.

"കണ്ണേ! ഞാനാണു ചുററിയതു്. മരുന്നരച്ചുകെട്ടിയിരിക്കയാണു്. രണ്ടുദിവസത്തിനകം മുറിവു ഉണങ്ങും. അതേവരെ തുണി അഴിക്കാൻപാടില്ല" എന്നു കിഴവൻ പറഞ്ഞു.

പ്രേതയക്ഷി കിഴവന്റെ മുഖത്തു വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി. ഏതോ ഒരു സംശയം നിവർത്തിക്കപ്പെട്ടവളെപ്പോലെ ഉത്സാഹപൂർവം കിഴവനു നന്ദിപറഞ്ഞു. അനന്തരം താരാനാഥനോടായി, "താങ്കളുടെ വിലയേറിയ സഹായങ്ങൾക്കു് എന്തൊരു

പ്രത്യുപകാരമാണുള്ളതു്?" എന്നിങ്ങനെ തന്റെ കൃതജ്ഞതയെ പ്രകാശിപ്പിച്ചു.

താരാനാഥൻ:—പ്രത്യുപകാരത്തെപ്പറ്റിയും കൃതജ്ഞതയെക്കുറിച്ചും ഭവതി സംസാരിക്കേണ്ട ആവശ്യമില്ല. ഭവതിയുടെ ജീവിത സുഖത്തേക്കാൾ ചാരിതാർത്ഥ്യജനകമായി എനിക്കു മറെറാന്നുമില്ല.

പ്രേതയക്ഷി:—മാന്യരേ! അങ്ങു് എന്നെ വ്യഥയപൂർവ്വം സ്നേഹിക്കുന്നു.

താരാനാഥൻ:—ഭവതിയുടെ അവസ്ഥയും അതുതന്നെയല്ലെ?

പ്രേതയക്ഷി:—അതിനുള്ള സമാധാനം എന്റെ മുഖത്തുനിന്നും പുറപ്പെടണമെന്നു താങ്കൾ അഭിലഷിക്കുന്നുണ്ടായിരിക്കാം. എന്നാൽ എനിക്കു് അതിനെപ്പറ്റി പറവാനുള്ളതു്, ലോകത്തിൽ ഏതൊരു സ്ത്രീക്കും ഒരു പുരുഷനെ ഇതേവരെ സ്നേഹിക്കാൻ കഴിഞ്ഞിട്ടില്ലാത്തവിധം അത്ര അതിരുകടന്ന നിഷ്കളങ്കമായി ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്നാണു്.

പ്രേതയക്ഷി താരാനാഥന്റെ മുഖത്തു ഉറ്റുനോക്കി. കാമോദ്ദീപകമായ ആ നോട്ടം താരാനാഥനെ പരവശനാക്കിച്ചെയ്തു. ഈ ഘട്ടത്തിലാണു് സുരുചിയും വിമലയും ആ മുറിയിൽ കടന്നുചെന്നതു്. താരാനാഥനും പ്രേതയക്ഷിയും തങ്ങളെത്തന്നെ മറന്നു പരിശുദ്ധപ്രണയത്തിനു് അധീനരായി കഴിയുന്നതുകണ്ടു് സുരുചി വിമലകർണ്ണങ്ങളായ കൃതാർത്ഥതയും സന്തോഷവും എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാവതല്ല. സ്വാമിനിയുടെ കൈയിൽ തുണി ചുറ്റിയിരിക്കുന്നതു് അവർ കണ്ടു. താരാനാഥൻ പ്രേതയക്ഷിയോടു് പ്രവചിച്ചു "മാന്യേ! ഭവതിയുടെ നന്ദിയുള്ള ദാസികൾ വന്നിരിക്കുന്നതു കാണുന്നില്ലേ? ഇനി ഞാൻ താഴ്വരയിൽ ചെന്നു് ഭവതിയേയും എന്നെയും രക്ഷിച്ച ആ വീരയോദ്ധാവിനെ—ഇരുമ്പു ചട്ടധരിച്ച ആ സുഹൃത്തിനെ—അന്വേഷിക്കട്ടെ?"

"ഞാനും താങ്കളോടൊന്നിച്ചുവരുന്നുണ്ടു്; എനിക്കിപ്പോൾ ശരീരത്തിനു യാതൊരു സുഖക്കേടുമില്ല" എന്നു പ്രേതയക്ഷി പറഞ്ഞു.

താരാനാഥൻ:—പാടില്ല. ഭവതി കുറേ കിടന്നു വിശ്രമിക്കണം. അസ്ഥമിക്കാൻ ഇനിയും രണ്ടുമണിക്കൂറുണ്ടു്. ഭയംകൊണ്ടും കൈയിലെ വേദനകൊണ്ടും ഭവതിക്കു അസ്വാസ്ഥ്യം നല്ലപോലെയുണ്ടു്. അതിനാൽ അസ്തമയത്തോളമെങ്കിലും ഈ കട്ടിലിൽ കിടക്കണം. അസ്തമയത്തിനുശേഷം നമുക്കു യാത്രതുടരാം. രാത്രിയിൽ നല്ല ചന്ദ്രികയുള്ളതുകൊണ്ടു യാത്രയ്ക്കു സുഖകരവും സന്തോഷവുമുണ്ടായിരിക്കും. ഞാൻ

എല്ലപ്പത്തിൽ മടങ്ങിവരാം. വിശേഷിച്ചും സുരുചിക്കും വിമലയ്ക്കും ഭവതിയോടു പലതും സംഭാഷിക്കേണ്ടതായിട്ടുണ്ടായിരിക്കും.

"അതേ, അദ്ദേഹത്തിന്റെ അഭിപ്രായത്തോടു അനുകൂലിക്കുകയാണു വേണ്ടതെന്നു് എനിക്കു തോന്നുന്നു" എന്നു വിമല പറഞ്ഞു.

എന്നിട്ടും പ്രേതയക്ഷിക്കു താരാനാഥനെപ്പറഞ്ഞയയ്ക്കാൻ സമ്മതം തോന്നിയില്ല. സമ്മതഭാവത്തിൽ അവൾ അയാളുടെ മുഖത്തുനോക്കി അടുത്തനിമിഷത്തിൽ മാനസാന്തരപ്പെട്ടു. "മാന്യരേ! ഇല്ല; അങ്ങു പിരിഞ്ഞുപോകാൻപാടില്ല. അങ്ങയുടെ വിരഹം ക്ഷണനേരത്തേയ്ക്കുപോലും ഞാൻ സഹിക്കുകയില്ല വിശേഷിച്ചും നാഗേന്ദ്രന്റെ സാന്നിദ്ധ്യം—അംബി—" എന്നിത്രയും പറഞ്ഞു് അവൾ വീണ്ടും മൂർച്ഛിച്ചു.

താരാനാഥൻ പരിഭ്രമത്തോടുകൂടി സുരുചിവിമലകളുടെ സഹായത്തെ അപേക്ഷിച്ചു. അനുസരണയുള്ള ആ ദാസികൾ തങ്ങളുടെ സ്വാമിനിയെ താങ്ങി മടിയിൽക്കിടത്തി. ബഹളംകേട്ടു് ഓടിഎത്തിയ വൃദ്ധൻ ഇപ്രകാരംപറഞ്ഞു:—"അതാ, ആ കാണുന്ന മുറിയിലേയ്ക്കു നിങ്ങളുടെ സ്വാമിനിയെ താങ്ങിക്കൊണ്ടുപോകുവിൻ! അവിടെ ക്രൂരതൽ സൗകര്യംസിദ്ധിക്കും. നല്ല മെത്തയും കട്ടിലും മറ്റും അതിനകത്തുണ്ടു്. ഭയപ്പെടാനൊന്നുമില്ല. വെറും ഒരു മയക്കംമാത്രമാണു്; രക്തം ക്രൂരതലായി ശരീരത്തിൽനിന്നും പോയതിന്റെ ക്ഷീണമേയുള്ളൂ. ഏതായാലും ഇന്നുരാത്രിയിൽ ഇവിടെ താമസിച്ചു നാളെപ്പോകാം. കാലത്തേയ്ക്കു നിങ്ങളുടെ സ്വാമിനിക്കു പൂർണ്ണസുഖം കിട്ടുകയും ചെയ്യും"

സുരുചിയും വിമലയും കിഴവന്റെ നിർദ്ദേശം അനുസരിച്ചു സ്വാമിനിയെത്താങ്ങി അടുത്തമുറിയിൽ കൊണ്ടുചെന്നുകിടത്തി. ശരീരസ്ഥിതി അറിവാനായി താരാനാഥനും ആ മുറിയിൽ പ്രവേശിച്ചു. അപകടശങ്കയ്ക്കു് അവകാശമില്ലെന്നും നാളത്തേയ്ക്കു ദിനം ഭേദമാകുമെന്നുംമറ്റും സുരുചി പറഞ്ഞു താരാനാഥനെ സാന്ത്വനപ്പെടുത്തി. പ്രേതയക്ഷിയെ വേണ്ടുംവണ്ണം ശുശ്രൂഷിച്ചു സൂക്ഷിച്ചുകൊള്ളണമെന്നു ദാസികളോടു ശട്ടംകെട്ടിയിട്ടു കതകടച്ചുംകൊണ്ടു അയാൾ വെളിയിൽപ്പോന്നു. ആശ്രമപാലന്മാരിൽ ഒരുവനവിടെ നില്ക്കുന്നുണ്ടായിരുന്നു അവനെ അവിടെ നിറുത്തിയുംവച്ചു താരാനാഥൻ കുന്നിന്റെ താഴ്വരയിലേയ്ക്കു് ഇറങ്ങി. തണ്ടാർ കയറിവന്ന കുതിരകളേയും സൂക്ഷിച്ചുകൊണ്ടു് ആശ്രമപാലന്മാരിൽ അപരൻ പോർനടന്ന സ്ഥലത്തിനു സമീപത്തു നില്ക്കുന്നതുകണ്ടു. അംബികേശനെ അവിടെ കണ്ടില്ല. അയാളെപ്പറ്റി താരാനാഥൻ കുതി

രക്കാരനോട് ചോദിച്ചു. അയാൾ പറഞ്ഞ സമാധാനമിതായിരുന്നു—"ആ ഇരുമ്പുചട്ട ധരിച്ച യോദ്ധാവു പോയി. പോകേണ്ടതായ അത്യാവശ്യകാര്യമുള്ളതിനാൽ അങ്ങയെക്കണ്ട് യാത്രചോദിക്കാൻ സാവകാശമില്ലാത്തതുകൊണ്ടു പറയാതെ പോയതാണെന്നുള്ള വിവരം അങ്ങയെ ധരിപ്പിക്കണമെന്നു് അദ്ദേഹം എന്നോട് പറഞ്ഞു."

"എന്തു്? അയാൾ പൊയ്ക്കളഞ്ഞോ!" എന്നു് അത്യാശ്ചര്യത്തോടെ താരാനാഥൻ ചോദിച്ചു. അയാൾക്കുണ്ടായ വിസ്മയവും വിഷാദവും അനിർവ്വചനീയമായിരുന്നു. ആളറിയിക്കാതെ സുഹൃദ്ഭാവത്തിൽ പെരുമാറുകമാത്രമല്ല, ആപത്തു നേരിട്ടുന്ന വേളകളിലെല്ലാം പെട്ടെന്നു അപരോക്ഷീഭവിച്ചു സഹായിക്കുകയുചെയ്യുന്ന ആ യുദ്ധവീരൻ ആരായിരിക്കാം എന്നു് താരാനാഥൻ തന്നോട് തന്നെ ചോദിച്ചു. എന്തുകൊണ്ടു് അയാൾ ആളറിയിക്കാതിരിക്കുന്നു എന്നു വീണ്ടും ചോദിച്ചു. അന്നു ക്ലബ്ബിൽവച്ചു സംസാരിച്ചുകൊണ്ടു നില്ക്കുന്നതിനിടയ്ക്കു പെട്ടെന്നു കുതിരയിൽ കയറി ഓടിച്ചുപോയി. ഇന്നു കണ്ടു സംസാരിക്കുകപോലും ചെയ്യാതെ പൊയ്ക്കളഞ്ഞു. ഇതിൽനിന്നും എന്താണു് അർത്ഥമാക്കേണ്ടതു്? ചിലപ്പോഴെല്ലാം ഇയ്യാൾക്കു ബുദ്ധിഭ്രമം നേരിട്ടുമോ? ഹെയ്! അങ്ങനെ വരാനിടയുണ്ടോ? യാത്രാവസരങ്ങളിൽമാത്രം നേരിട്ടുന്ന ബുദ്ധിഭ്രമം എന്നു പ്രത്യേകമുണ്ടോ? എന്തോ എനിക്കൊന്നും മനസ്സിലാകുന്നില്ല. ആ സമർത്ഥനായ യുവാവിന്റെ നടപടികളും ഓരോന്നും വിസ്മയാവഹമായിരിക്കുന്നു. ഒരുപക്ഷേ, ഇനിയും അയാളെ കണ്ടുമുട്ടാതിരിക്കയില്ല. ആ അവസരത്തിൽ അയാളുടെ വസ്തുസ്ഥിതികളും നിശ്ചയമായും ഗ്രഹിച്ചതിനുശേഷമേ വിട്ടയയ്ക്കാൻ പാടുള്ളൂ എന്നിങ്ങനെ താരാനാഥൻ സമാധാനപ്പെട്ടു.

"അതേ, യജമാനനേ! അദ്ദേഹം പൊയ്ക്കളഞ്ഞു. അതാ, ആ കാണുന്ന വഴിയിൽക്കൂടിയാണു് കുതിരയെ ഓടിച്ചുകൊണ്ടു പോയതു്" എന്നു് അശ്വപാലൻ വീണ്ടും പറഞ്ഞു.

ഈ അവസരത്തിൽ നാഗേന്ദ്രൻ എന്ന വൃദ്ധൻ അവിടെ വന്നുചേർന്നു. "ആ വഴി കല്പകക്കോട്ടയിലേയ്ക്കുള്ളതാണു്" എന്നു വൃദ്ധൻ പറഞ്ഞു.

"ഓഹോ! അങ്ങനെയോ?" എന്നു ചോദിച്ചുകൊണ്ടു താരാനാഥൻ, എന്തോ സംശയനിവൃത്തിവന്നവനെപ്പോലെ തലകുലുക്കി.

വൃദ്ധൻ:—അതേ, ഇനി ഏതായാലും നമുക്കു മുകളിലോട്ടു പോകാം. വളരെനേരം ശത്രുക്കളോടു് എതിർത്തു യുദ്ധം ചെയ്തതിനാൽ നല്ല വിശപ്പുണ്ടായിരിക്കണം. ആഹാരത്തിനു വേണ്ടതെല്ലാം

ഞാൻ ഒരുക്കിക്കഴിഞ്ഞു. ഇതു പറയാനായിട്ടാണു ഞാൻ ഇങ്ങോട്ടു പോന്നതു്. കുതിരകളെ മുകളിൽ കൊണ്ടുപോയി കെട്ടാം. അവയ്ക്കു തീറ്റിക്കും വേണ്ടതൊക്കെ തയാറുണ്ടു്. ഒരു സംശയമേ മാത്രമേ അല്പം അസൗകര്യമുള്ളൂ. എല്ലാവർക്കും പായും തലയിണയും മുഴുക്കാതെ വന്നിരിക്കുന്നു. അക്കാര്യത്തിൽ എനിക്കു വളരെ മനസ്താപമുണ്ടു്.

താരാനാഥൻ:—പായും തലയിണയും മുഴുക്കാതെ വന്നതാണോ ഒരു സൗകര്യം? എതുയോ യുഗക്കളത്തിൽ വെറുംനിലത്തുകിടന്നു ഉറങ്ങിയവനാണു ഞാൻ. ഹംസധൂളികാശയ്യയിൽ കിടക്കുന്നതിനേക്കാൾ സുഖം ആ വെറുംനിലത്തു് എനിക്കു അനുഭവപ്പെട്ടിട്ടുണ്ടു്. അതുപോലെതന്നെ ആഹാരകാര്യത്തിലും എനിക്കു വലിയ നിഷ്കർഷയൊന്നുമില്ല. ഒരു ഗോതമ്പുറൊട്ടിയും കുറേ നല്ല പച്ചവെള്ളവും കിട്ടിയാൽ അതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാം. ഞാൻ ആ പുൽത്തറയിൽ കിടന്നുകൊള്ളാം. തലയിണയ്ക്കു പകരം എനിക്കു കൈയുമുണ്ടു്.

വൃദ്ധൻ:—അയ്യോ! അതുവേണ്ടാ. കുഞ്ഞിനു കിടക്കാൻ മെത്തയും തലയിണയും കട്ടിലുമുണ്ടു്. എല്ലാവർക്കും അതുപോലുള്ള സൗകര്യമില്ലെന്നേയുള്ളൂ. അതുകൊണ്ടു് ഭൃത്യന്മാർ ബംഗ്ലാവിന്റെ വരാന്തയിൽ കിടക്കട്ടെ! ആ വെണ്ണക്കല്ലുകൊണ്ടുള്ള തറയിൽ കിടന്നാൽ മെത്തയിൽ കിടക്കുന്ന സുഖംകിട്ടും. തലയിണയ്ക്കു പകരം രണ്ടുമൂന്നു പഴയ പാക്കു കൊടുക്കാം.

എല്ലാവരും മുകളിലേയ്ക്കു കയറി. താരാനാഥൻ കിഴവനോടു പറഞ്ഞു:—'കുതിരകളെ കെട്ടാനുള്ള സ്ഥലം കാണിച്ചുകൊടുക്കുക! താങ്കൾ വന്നതിനുശേഷം ഞാൻ ആഹാരം കഴിച്ചുകൊള്ളാം, എന്നിട്ടുവേണം ഈ മൂന്നു കോട്ടയേയും പറ്റിയുള്ള വിവരങ്ങൾ എന്നെ അറിയിക്കേണ്ടതു്. അതറിവാൻ ഞാൻ അക്ഷമനായിരിക്കുന്നു. അതുകൊണ്ടു് എളുപ്പത്തിൽ മടങ്ങിവരണം.'

കിഴവനും അശ്വപാലനും പോയതിനുശേഷം താരാനാഥൻ പ്രേതയക്ഷി കിടക്കുന്ന മുറിയിൽച്ചെന്നു കതകിനു തട്ടി; വിമല പതുക്കെ കതകുതുറന്നു വെളിയിൽ വന്നു. കതകു തുറക്കുന്നതിൽ അവൾ കാണിച്ച കുശലൽ കണ്ടു്, പ്രേതയക്ഷി നിദ്രാധീനയായിരിക്കയാണെന്നും നിദ്രയുടെ ഭംഗം വരുത്തരുതെന്ന ഉദ്ദേശത്തോടുകൂടി കതകു സാവധാനത്തിൽ തുറന്നതാണെന്നും അയാൾ നിരീക്ഷിച്ചു. താരാനാഥൻ പ്രേതയക്ഷിയുടെ അസ്വാസ്ഥ്യത്തെക്കുറിച്ചു ചോദിച്ചതിൽ വിമലയുടെ സമാധാനമിതായിരുന്നു—"ഭയപ്പെടത്തക്കവണ്ണം യാതൊന്നുമില്ല. ബോധക്ഷയം നീങ്ങി; കണ്ണു തുറന്നു

നോക്കി. അല്പനേരം ഞങ്ങളോട് സംസാരിക്കുകയുംചെയ്തു. അല്പം മുമ്പുമുതൽ ഉറക്കമാണ്.”

താരാനാഥൻ:—വളരെ സന്തോഷം. ഏതായാലും ഇപ്പോൾ ഉണർത്തേണ്ടാ. നിങ്ങൾ അടുത്തിരുന്നു സൂക്ഷിച്ചുകൊള്ളണം. ഉണർന്നതിനുശേഷം ലഘുഭക്ഷണം എന്തെങ്കിലും കൊടുക്കണം. കുടിക്കാൻ പാലില്ലെങ്കിൽ നല്ല ഊറുവെള്ളം കൊടുക്കണം.

താരാനാഥൻ വെളിയിൽവന്നു കിഴവന്റെ വരവുംകാത്തു നിന്നു. അപ്പോഴേയ്ക്ക് ആദിത്യൻ അസ്തമിച്ചു ചന്ദ്രൻ പ്രകാശിച്ചുതുടങ്ങി. പൂർണ്ണചന്ദ്രന്റെ കുളിർകിരണങ്ങൾ സർവ്വത്ര പരന്നു ആ നിലാവെളിച്ചത്തിൽ അകലെ കാണപ്പെട്ട പാവിഴർത്തെയും വ്യാഘ്രദുർഗ്ഗത്തെയും അയാൾ സൂക്ഷിച്ചുനോക്കിക്കൊണ്ടു നിന്നു.

“ഈ രണ്ടു കോട്ടകളും അധഃപതിക്കാൻ കാരണമെന്താവാം? ഈ രാജദുർഗ്ഗവും ഇടിഞ്ഞുതകർന്നു കിടക്കുന്നുവല്ലോ. മൂന്നു കോട്ടകളുടെ നാശത്തിനു കാരണമായ സംഭവം അതിഭയങ്കരമായിരിക്കണം” എന്നിങ്ങനെ താരാനാഥൻ ചിന്തിച്ചുകൊണ്ടുനില്ക്കുവേ, അയാളുടെ ദൃഷ്ടി പ്രയാഗാതീരത്തിൽ പടുനിൽക്കുന്ന വൃക്ഷത്തിൽ പതിഞ്ഞു

“ഈ മരത്തിന്റെ മുവട്ടിൽ”കൊല്ലപ്പെട്ട ഒരു സന്ന്യാസിയുടെ പ്രേതത്തെ അടക്കംചെയ്തുവെന്നു കിഴവൻ പറഞ്ഞുവല്ലോ അ കൊലപാതകത്തെക്കുറിച്ച് അയാൾ പ്രസ്താവിക്കാൻ ഭാവിക്കുമ്പോൾ പ്രേതയക്ഷി തടയുകയും ചെയ്തുവല്ലോ. അവൾ അപ്രകാരം തടയാൻ കാരണമെന്തായിരിക്കാം? ആ സംഭവത്തിനും അവൾക്കും വല്ല സംബന്ധവുമുണ്ടായിരിക്കുമോ? ഈ കോട്ടയ്ക്കുള്ളിൽ കാൽകുത്തിയപ്പോൾമുതൽ അവളുടെ മനസ്സും ശരീരവും പീഡിപ്പിച്ചുതുടങ്ങിയല്ലോ. ഈ കോട്ടയ്ക്കും പ്രേതയക്ഷിക്കും വല്ല ബന്ധവുമുണ്ടായിരിക്കണം. ഇല്ലെങ്കിൽ അവൾ ഇങ്ങിനെ പരിഭ്രമിക്കാൻ കാരണമില്ല; ഭയപ്പെടേണ്ട ആവശ്യവുമില്ല. എന്നിങ്ങനെ വീണ്ടും ചിന്തിച്ചുകൊണ്ടിരുന്നു. നാഗേന്ദ്രൻ ഈ കോട്ടയെ സംബന്ധിച്ചുള്ള വിവരങ്ങൾ തന്നെ ധരിപ്പിക്കരുതെന്നുള്ള നിർബന്ധം പ്രേതയക്ഷിക്കുണ്ടെന്നു താരാനാഥൻ ഊഹിച്ചു; അതേനിഷ്ഠത്തിൽത്തന്നെ അതറിയണമെന്നുള്ള അഭിലാഷവും വർദ്ധിച്ചു തന്നിമിത്തം വൃദ്ധന്റെ പ്രത്യാഗമനത്തെ അയാൾ അക്ഷമയോടെ പ്രതീക്ഷിച്ചു.

കിഴവൻ മടങ്ങിഎത്തി, താരാനാഥനെ ഭക്ഷണത്തിനു ക്ഷണിച്ചുകൊണ്ടുപോയി. അശ്വപാലകന്മാരെയും ക്ഷണിച്ചുകൊണ്ടുപോവുകയാണുണ്ടായതു്. എല്ലാവരും ഭക്ഷണം കഴിച്ചു; ഒടുവിലാണു വൃദ്ധൻ ആഹാരം കഴിച്ചതു്. പ്രേതയക്ഷിക്കും സുരുചീവിമലകും

ക്കും ഭക്ഷണപദാർത്ഥങ്ങൾ അവർ ഇരുന്ന മുറിയിൽ കൊണ്ടുവന്നു വയ്ച്ചു. അനന്തരം വൃദ്ധൻ താരാനാഥനോടുകൂടി ഗൃഹത്തിന്റെ മുറ്റത്തുവന്ന നല്ല ചന്ദ്രികയുണ്ടു്; മണി ഒൻപതു കഴിഞ്ഞിരിക്കും. രണ്ടുപേരും ഒരു ചെറിയ പാറപ്പുറത്തു കയറിയിരുന്നു. താരാനാഥൻ ആവശ്യപ്പെട്ടപ്രകാരം കിഴവൻ രാജദ്രോഹത്തെ സംബന്ധിച്ച കഥ പറഞ്ഞുതുടങ്ങി.

നാല്പത്തിരണ്ടാം അദ്ധ്യായം.

"ശ്രീ ഭൂവിലസ്ഥിര, അസംശയം—ഇന്ന നിന്റെ-
യാ ഭ്രുതിയെങ്ങു? പുനരെങ്ങു കിടപ്പിതോത്താൽ?"
"ഒന്നിന്നുമില്ല നില,യുന്നതമായകുന്ന-
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോത്താൽ."

"കാശ്മീരത്തിൽ ഇടപ്രഭുക്കന്മാരായ നാടുവാഴികളുടെ കോട്ടകൊത്തളങ്ങൾ അനേകമുണ്ടു്. അവയിൽ എല്ലാംകൊണ്ടും പ്രാധാന്യമർഹിച്ചിരുന്നതു്, ഈ രാജദ്രോഹിയുടെതാണു്. ഈ കോട്ടയിൽ വാണിരുന്ന ഇടപ്രഭുവിനു കാശ്മീരത്തിന്റെ പല ഭാഗങ്ങളിലും സ്ഥാവരവസ്തുക്കൾ ഉണ്ടായിരുന്നു. അസംഖ്യങ്ങളായ ആ വസ്തുക്കൾ ഫലപുഷ്പങ്ങളുമായിരുന്നു. മാന്തോപ്പുകൾ, വാഴത്തോട്ടങ്ങൾ, തെങ്ങിൻതോപ്പുകൾ എന്നിങ്ങനെ അനവധി തോപ്പുകളും പ്ലാവു്, കമുകു്, മാതളനാരകം തുടങ്ങിയുള്ള ഫലവൃക്ഷങ്ങൾ നിറഞ്ഞ അനവധി തോട്ടങ്ങളും സുരഭിലമനോഹരങ്ങളായ വിവിധപുഷ്പങ്ങൾ നിറഞ്ഞുള്ള ഉദ്യാനങ്ങളുമുണ്ടായിരുന്നു. ഇത്രത്തോളം സ്വകായ്സൗഭാഗ്യമുള്ള ഇടപ്രഭുക്കന്മാർ അക്കാലത്തുണ്ടായിരുന്നില്ല. മേല്പറഞ്ഞതോപ്പുകളിലേയ്ക്കും ഉദ്യാനങ്ങളിലേയ്ക്കും പ്രയാഗയിൽനിന്നും ചാലുകൾ വെട്ടി വെള്ളം കൊണ്ടുപോയിരുന്നു. ഇപ്പോഴും ഈ തോട്ടങ്ങളും മറ്റും ഫലപുഷ്പങ്ങളായിത്തന്നെ വർത്തിക്കുന്നു. എന്നാൽ അക്കാലത്തു് രാജദ്രോഹത്തിന്റെ സൌവർണ്ണതയെ സൂചിപ്പിക്കുന്ന വിജയപതാകയീ കുന്നിന്റെ മുകളിൽ പറന്നുകൊണ്ടിരുന്ന കാലത്തു് ഉണ്ടായിരുന്ന ഫലപുഷ്പാദി ഇപ്പോൾ ഇല്ലെന്നുപറയാം. അന്നു് രാജദ്രോഹത്തിനും അതിന്റെ അവകാശിയായ നാടുവാഴിക്കുമുണ്ടായിരുന്ന പ്രശസ്തിയും പ്രസിദ്ധിയും അന്യാദൃശമായിരുന്നു.

ഈ ദുർഗ്ഗത്തിൽ ഒടുവിൽവാണിരുന്ന ഇടപ്രഭുവിന്റെപേർ വിദ്യുൽപ്രഭനെന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ. മേഘനാദൻ എന്നുമറ്റൊരുപേർക്കൂടി അദ്ദേഹത്തിനുണ്ടായിരുന്നു എന്നു പറഞ്ഞതും

ഓമ്മയുണ്ടല്ലോ. അദ്ദേഹത്തിന്റെപിതാവു ധൈര്യവാനും നിർബന്ധശീലനും മൻകോപിയുമായിരുന്നു. മേഘനാഥന്റെ മാതാവു വളരെ ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. അതുമുതൽ പിതാവിനു എന്തുകൊണ്ടോ സ്ത്രീകളിൽ വലിയ വെറുപ്പും അമർഷവും തോന്നിത്തുടങ്ങി. തന്നിമിത്തം സ്ത്രീസംസർഗ്ഗത്തെ നിശ്ശേഷം വെടിഞ്ഞു. മാത്രമല്ല, അക്കാലംമുതൽ അദ്ദേഹത്തിന്റെ സ്വഭാവത്തിനു് ഒരു വലിയമാറ്റം സംഭവിച്ചു. നിർദ്ദയത്വവും ദ്വേഷവും അദ്ദേഹത്തിന്റെ സഹജസ്വഭാവങ്ങളായിത്തീർന്നു. ആ പ്രകൃതിയുടെ നാമധേയം മൂർഖഭാവത്തിന്റെ ഒരു പര്യായമായിഭവിച്ചു. തന്റെ ഒരു ഉദ്യോഗസ്ഥനെ എന്തെങ്കിലും ചീത്തപറയുകയോ തന്റെ പ്രജകളിൽ ഒരുവനെ അല്പമായി പീഡിപ്പിക്കുകയോ മറ്റേതെങ്കിലും നിസ്സാരകാരണങ്ങളാൽ ഉണ്ടാവുകയോചെയ്താൽ ആ നിമിഷത്തിൽ അതിനിടയാക്കിയ ഇടപ്രഭുക്കന്മാരോടു പടവെട്ടുക അദ്ദേഹത്തിനു പതിവാണു്. അതുകൊണ്ടു കുടികർക്കും ഉദ്യോഗസ്ഥന്മാർക്കും അദ്ദേഹത്തിൽ വലിയ ബഹുമാനവും ഭക്തിയും ഉണ്ടായിരുന്നു. മറുള്ള സ്വഭാവങ്ങളെ സംബന്ധിച്ചിടത്തോളം അവക്കു അദ്ദേഹത്തിന്റെ പേരിൽ കാലുഷ്യമുണ്ടായിരുന്നുവെന്നും പറയേണ്ടിയിരിക്കുന്നു. തങ്ങളെ ഉപദ്രവിക്കുന്ന അന്യപ്രഭുക്കന്മാരോടു പ്രതികാരത്തിനു ഒരുമ്പെടുന്നതു് തങ്ങളിലുള്ള വാത്സല്യംകൊണ്ടല്ലെന്നും ദ്വേഷബുദ്ധിയുടെ പ്രേരണയാലാണെന്നും അവർ ഗ്രഹിച്ചിരുന്നു.

അദ്ദേഹത്തിന്റെ സഹധർമിണി ചെറുപ്പത്തിലേ കാലഗതിയെ പ്രാപിച്ചുവെന്നു പറഞ്ഞുവല്ലോ. എന്നാൽ മരിക്കുന്നതിനു മുമ്പു് ഒരാൺകുട്ടിയെ പ്രസവിച്ചിരുന്നു. ഭാര്യാനഷ്ടത്തോടുകൂടി പൊതുവേ സ്ത്രീകളിൽ വെറുപ്പും ദ്വേഷവും പ്രകടിപ്പിച്ചുവന്ന പ്രഭു ശിശുവിനെ വളർത്താൻ ധാത്രിയെ ഏർപ്പെടുത്തിയിരുന്നില്ല. പരിചാരകന്മാരുടെ ശുശ്രൂഷയിൽ ശിശു വളർന്നുവന്നു. കൊട്ടാരത്തിലുണ്ടായിരുന്ന പരിചാരികമാരെയെല്ലാം പിരിച്ചയയ്ക്കയാണുണ്ടായതു്. പുരുഷന്മാരുടെ മേൽനോട്ടത്തിൽ വളർന്നുവന്നശിശു യഥാകാലം യൗവനദശയിലെത്തി യുവാവായ പുത്രൻ കോട്ടവളപ്പിനു വെളിയിൽ സഞ്ചരിക്കാൻ പാടില്ലെന്നാണു പ്രഭുവിന്റെ ഏർപ്പാടു്. കോട്ടയ്ക്കകത്തുതന്നെ കഴിഞ്ഞുകൂടണമെന്നു നിർദ്ദയമായി കല്പിച്ചിരുന്നു. തന്മൂലം പുത്രൻ ഒരു തടവുകാരന്റെ നിലയിൽ അരമനയിൽ ജീവിച്ചുവന്നു. യൌവനദശയെ പ്രാപിച്ച ഒരു ചെറുപ്പക്കാരനു് ആ ജീവിതം എത്രകണ്ടു ദുസ്സഹമായിത്തീർന്നിരിക്കണമെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. സ്ത്രീകളെ നോക്കാൻ പാടില്ലെന്നാണു പിതാവിന്റെശാസനം. അവരോടു സംസാരിക്കാനും പാടില്ല. അവരെപ്പറ്റി വിചാരിക്കാനും പാടില്ല. മല്ലയുദ്ധം, മുഷ്ടി

യുദ്ധം, ആയുധപരിശീലനം മുതലായ കായികവിദ്യകളും യുദ്ധക്രമങ്ങളും അഭ്യസിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. എല്ലാ സ്സോഴും ആ വിഷയത്തിൽമാത്രമേ പ്രവർത്തിച്ചുകൊണ്ടിരിക്കാൻ അനുവാദമുള്ളൂ. ഇങ്ങിനെയിരിക്കെ നിർഭയനായ ഈ പിതാവു് വൃദ്ധോപായത്താൽ പെട്ടെന്നു ദിവംഗതനായി.

പിതാവിന്റെ മരണം ഒരുപ്രകാരത്തിൽ പുത്രനു സന്തോഷകരമായിത്തീർന്നു. ഇഷ്ക്കാട്ടയുടെ മന്ത്രിസ്ഥാനംവഹിച്ചിരുന്ന ആൾ ഒരുവൃദ്ധനാണു്. ലക്ഷ്മണസിംഹു് എന്നാണു് അദ്ദേഹത്തിന്റെ പേരു്. പ്രഭുമരിച്ച ഉടനെ ആ ലക്ഷ്മണസിംഹം കൊട്ടാരംവൈദ്യനും കുലഗുരുവും ഞാനുംകൂടിച്ചെന്നു്, "അങ്ങയുടെ പിതാവു് തിപ്പെട്ടു. ഈ കോട്ടയ്ക്കും കോട്ടയെസംബന്ധിച്ച സകല സ്ഥാവരജംഗമസ്വത്തുക്കൾക്കും അങ്ങു് അവകാശിയായിഭവിച്ചിരിക്കുന്നു. അങ്ങയുടെ വംശക്കാർക്കു പ്രജാപാലനംകൂടിയുള്ളതിനാൽ അങ്ങു സിംഹാസനത്തെ ആരോഹണം ചെയ്യണം" എന്നു പ്രഭുപുത്രനോടു മുറപ്രകാരം പറഞ്ഞു. കുലഗുരു "രാജദുർഗ്ഗംനാട്ടുവാഴി" എന്ന സ്ഥാനപ്പേരും നല്കി പട്ടംകെട്ടുകയുംചെയ്തു. അന്നുമുതൽ വിദ്യുൽപ്രഭനെന്നും മേഘനാഥനെന്നും പേരുള്ള ഈ നാട്ടുവാഴി രാജദുർഗ്ഗത്തെ പരിപാലിച്ചുവന്നു. അന്നു് ഇദ്ദേഹത്തിനു പതിനാൻപതുവയസ്സുപ്രായമാണു്. നിരന്തരമായ കായികാഭ്യാസത്താൽ വിദ്യുൽപ്രഭൻ അരോഗദൃഢഗാത്രനും ബലിഷ്ഠനും അതിസുമുഖനുമായ ഒരു യുവാവായിരുന്നു. ശുഭ്രവർണ്ണമായ അദ്ദേഹത്തിന്റെ നിറവും കരിംകുവളയദളത്തിനു തുല്യമായ കണ്ണുകളും കാർമേഘസദൃശമായ ശിരോരോമവും സ്ത്രീകളെമാത്രമല്ല പുരുഷന്മാരെപ്പോലും വശീകരിക്കത്തക്ക ശക്തിയുള്ളവയായിരുന്നു. വിരിഞ്ഞമാറും വിസ്തൃതവും ഉന്നതവുമായ നെറ്റിയും രോമശമായ പുരികങ്ങളും ഉരുണ്ടതേജസും മുട്ടോളമെത്തിയ കരങ്ങളും ഒത്തുചേർന്നഅരയും അദ്ദേഹത്തിന്റെ അന്യാദൃശമായ സൗന്ദര്യത്തെ പരിപൂർണ്ണിതമാക്കിച്ചെയ്തു. ഇപ്രകാരം അതിസുന്ദരനും ഭുജബലപരാക്രമിയും കായികവിദ്യാവിദഗ്ധനുംആയ വിദ്യുൽപ്രഭൻ സ്വപിതാവിനെപ്പോലെ ശത്രുക്കളെ അടക്കി സ്വപ്രജകളെ രക്ഷിച്ചുപാലിക്കുമെന്നു ജനങ്ങൾ വിചാരിച്ചു; അല്ല, വിശ്വസിച്ചു. എന്നാൽ ആ വിശ്വാസം അസ്ഥാനത്തിലാവുകയാണുണ്ടായതു്. വിദ്യുൽപ്രഭന്റെ നടപടികൾ യാതൊരുത്തരും പ്രതീക്ഷിച്ചിട്ടില്ലാത്തവിധമെല്ലാവർക്കും ആശ്ചര്യത്തെയും നീരസത്തെയും ജനിപ്പിക്കത്തക്കവിധം പെട്ടെന്നു ഭേദപ്പെട്ടു. അദ്ദേഹം വിനോദങ്ങളിലും സംഗീതനൃത്തസമ്മേളനങ്ങളിലുമാസക്തനായിഭവിച്ചു. തനിക്കു തുല്യന്മാരല്ലാത്ത സ്നേഹിതന്മാരെ വിളിച്ചുകൂട്ടി വിരുന്നുസല്ക്കാരം നടത്തുന്നതിലും അവരുമായി ഇടപെട്ടു വിനോദിക്കുന്നതിലും അദ്ദേഹ

ത്തിന്റെ മനസ്സുതിരിഞ്ഞു. കാമിനികളുമായി ക്രൂടിക്കഴിഞ്ഞു സർവ്വാ
അവശ്യമായി മുഗീയമായ സുഗഭോഗങ്ങളും അനുഭവിക്കുന്നതിൽ വി
ല്ലുൽപ്രഭൻ അഭിലാഷിയായിഭവിച്ചു. അല്പദിനങ്ങൾക്കുള്ളിൽ അദ്ദേ
ഹത്തിന്റെ അന്തഃപുരം സർവ്വാംഗസുന്ദരികളായയുവതികളെക്കൊ
ണ്ടുനിറഞ്ഞു. വില്ലുൽപ്രഭൻ പകലുംരാത്രിയും എന്നുവേണ്ട, ഏതുസ
മയത്തും അന്തഃപുരത്തെ സ്വർഗ്ഗപുരമായിക്കരുതി അവിടെ കഴിഞ്ഞു
ക്രൂടി. ഭരണകാര്യത്തിൽ അദ്ദേഹത്തിനു യാതൊരുശ്രദ്ധയും അറിവും
അറിയണമെന്നുള്ള അഭിനിവേശവും ഉണ്ടായിരുന്നില്ല. സകല
കാര്യങ്ങളും ലക്ഷ്മണസിംഗ്രതന്നെ നിർവ്വഹിച്ചുപോന്നു. അയാൾ
അയാളുടെ ഉദ്ദേശംപോലെ ഭരിച്ചുവന്നു. അയാൾ പറയുന്നതു
കല്പന, അയാൾ ഏർപ്പെട്ടുത്തുന്നതു ചട്ടം. അയാൾ ഒരു വലിയ ഉദ്യോ
ഗസ്ഥിയും സ്വാതന്ത്ര്യനുമാണു്. നാട്ടുവാഴിയുടെ സ്വത്തുക്കളെ ഇഷ്ടം
പോലെ ഭരിച്ചു ധാരാളം പണം സമ്പാദിച്ചുകൊണ്ടിരുന്നു. വില്ലുൽ
പ്രഭനുമുമ്പുണ്ടായിരുന്ന നാട്ടുവാഴികളുടെ കാലത്തു സ്വകാര്യസ്വത്തു
ക്കളുടെ ഭരണം മന്ത്രിമാരെഏല്പിച്ചിരുന്നില്ല. അതിലേയ്ക്കുപ്രത്യേകം
കാര്യസ്ഥന്മാരെ നിയമിച്ചിരുന്നു. വില്ലുൽപ്രഭന്റെ പിതാവിന്റെ
കാലത്തു ഞാനായിരുന്നു കാര്യസ്ഥൻ. വില്ലുൽപ്രഭന്റെ കാലത്തു
ഞാൻ ഒരു നാമമാത്രകാര്യസ്ഥനായി ഭവിച്ചു. സകലതും ലക്ഷ്മണ
സിംഗ്രതന്നെ നടത്തിവന്നു. കുടികളിൽ അന്യായമായ നികുതികൾ
ഏർപ്പെടുത്തി ആ വഴിയിലും അയാൾ വളരെപ്പണം സമ്പാദിച്ചു.
തൻമൂലം കുടികൾക്കു നേരിട്ട സങ്കടം അവർണ്ണനീയമായിരുന്നു.
കുത്തകക്കാരെയും വലിയ വ്യവസായികളെയും ഇടിച്ചുപിഴിഞ്ഞു്
ആദായനികുതി വാങ്ങി. ഇതിനൊക്കെപ്പുറമേ കൈക്കൂലിയും
വാങ്ങിക്കൊണ്ടിരുന്നു. ഇക്കാരണങ്ങളാൽ ലക്ഷ്മണസിംഗിൽ ജന
ങ്ങൾക്കു അതിരറ്റ വെറുപ്പും പകയും ജനിച്ചു. മാത്രമല്ല ഈ സംഗ
തികളെപ്പറ്റി കേവലം അശ്രദ്ധനായി കഴിഞ്ഞുകൂട്ടുന്നതിനാൽ
തങ്ങളുടെ നാട്ടുവാഴിയായ വില്ലുൽപ്രഭനിൽ അവർക്കു അതൃപ്തിയും
അങ്കുരിച്ചു. നാട്ടിലെങ്ങും അസ്വാസ്ഥ്യവും അസമാധാനവും
വർദ്ധിച്ചു. നാട്ടിലെ ഈ അനാശാസ്യസ്ഥിതിയെക്കുറിച്ചു് അയൽ
വാസികളായ നാട്ടുവാഴികൾ ശ്രദ്ധിക്കുവാൻ തുടങ്ങി. അവർ
പണ്ടേതന്നെ രാജദ്വർഗ്ഗനാട്ടുവാഴിയുടെ ഐശ്വര്യത്തിൽ അസൂയാ
ലുക്കളായി വർത്തിക്കുന്നവരാണു്. രാജദ്വർഗ്ഗത്തിൽ അസ്വാസ്ഥ്യവും
അതൃപ്തിയും വർദ്ധിച്ചപ്പോൾ ഇവർ ഏതെങ്കിലുംപ്രകാരത്തിൽ
രാജദ്വർഗ്ഗത്തെ പിടിച്ചടക്കണമെന്നു് ഉദ്ദേശിച്ചു.

ഇങ്ങനെ രണ്ടുകൊല്ലം കഴിഞ്ഞു. കുടികളുടെ ഇടയിൽ
അസമാധാനവും ക്ഷാമവും മഹാരോഗങ്ങളും കലഹങ്ങളും മൂർദ്ധന്യ
തയെ പ്രാപിച്ചു. അതാ, ഒരു കോട്ട കാണുന്നുവല്ലോ, പവിഴദ്വർഗ്ഗ

മെന്ന ആ കോട്ടയിൽ പവിഴസേനൻ എന്നൊരു നാടുവാഴിയാണു് വാണിരുന്നതു്. ആ നാടുവാഴി, ഒരു പരാക്രമശാലിയായിരുന്നു. സൈന്യബലം ധാരാളമുള്ള ആ നാടുവാഴി, വിദ്യുൽപ്രഭന്റെ സകല സ്ഥിതിഗതികളും ചാരന്മാർമുഖേന ഗ്രഹിച്ചു. ഒരു ദിവസം പെട്ടെന്നു തന്റെ സൈന്യങ്ങളുമായിവന്നു രാജധർമ്മത്തിന്റെ അല്പം അകലെയുള്ള ഒരു മൈതാനത്തിൽ പാളയം ഉറപ്പിച്ചു. വിദ്യുൽപ്രഭന്റെ പിതാവു് തന്നെ പലപ്രകാരത്തിൽ ഉപദ്രവിച്ചു അനവധി ധനം തന്നിൽനിന്നും പലപ്പോഴായി വാങ്ങിയിട്ടുണ്ടെന്നും ആ പണമെല്ലാം വിദ്യുൽപ്രഭനിൽനിന്നും ഈടാക്കാനായി വന്നിരിക്കയാണെന്നും തന്റെ ആഗമനത്തിനു കാരണം പറഞ്ഞുപരത്തി. കടികൻ ലക്ഷ്മണസിംഗിന്റെ നേതൃത്വത്തെ അംഗീകരിച്ചു് പവിഴസേനനോടു പടവെട്ടി. രണ്ടു കക്ഷികളും ശക്തിപൂർവ്വം പൊരുതുനിന്നു. എന്നാൽ വിദ്യുൽപ്രഭന്റെ അസാന്നിദ്ധ്യത്താൽ കടികൻകക്ഷി ശത്രുവിനെ എതിർക്കാൻ ഉത്സാഹം ഉണ്ടായില്ല. അതുനിമിത്തം ലക്ഷ്മണസിംഗിന്റെ ഭാഗത്തു ജനങ്ങൾ കുറവായിരുന്നു. യുദ്ധോപകരണങ്ങൾ വേണ്ടുവോളം ഉണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ലക്ഷ്മണസിംഗു് പരാജിതനായി. സൈന്യങ്ങൾ പിന്തിരിഞ്ഞു പലായനംചെയ്തു. ലക്ഷ്മണസിംഗു് യുദ്ധക്കളത്തിൽനിന്നു ഓടി ഒളിത്തെ ആശ്രയംപ്രാപിച്ചു. വിദ്യുൽപ്രഭനു് ഇതുവരെ ഈ സംഗതി അറിവുണ്ടായിരുന്നില്ല; ലക്ഷ്മണസിംഗു് അറിയിച്ചിരുന്നില്ല. കായ്യം ഈ പതനത്തിൽ എത്തിയപ്പോൾ ഇനി അറിയിക്കാതിരിക്കുന്നതു അപകരമാണെന്നുകരുതി സകലവിവരവും വിദ്യുൽപ്രഭനെ ധരിപ്പിച്ചു. അതുകേട്ടപ്പോൾ ഭയങ്കരഗർജ്ജനത്തോടെ ഗുഹയിൽനിന്നും വെളിക്കു ചാടിയ കേസരിവീരനെപ്പോലെ വിദ്യുൽപ്രഭൻ വീരനാദം പുറപ്പെടുവിച്ചുകൊണ്ടു് അന്തഃപുരത്തിനു വെളിയിൽ ചാടി. ലക്ഷ്മണസിംഗിന്റെ ഉന്നയങ്ങൾ പ്രഭവിനു ഹസ്താമലകംപോലെ വെളിപ്പെട്ടതു ഈ ഘട്ടത്തിലാണു്. യുദ്ധാനന്തരം അതിനെപ്പറ്റി വേണ്ട വിചാരണനടത്താമെന്നു നിശ്ചയിച്ചുകൊണ്ടു് ഉടനടി അയാളെപ്പിടിച്ചു തടവിലിടുവിച്ചു. യുവാവായ വിദ്യുൽപ്രഭൻ യുദ്ധവേഷംധരിച്ചുകണ്ടപ്പോൾ എനിക്കുണ്ടായ ആനന്ദത്തിനു അതിരില്ല. ഞാനും അദ്ദേഹത്തെ സഹകരിക്കാൻ സന്നദ്ധനായി. എന്നാൽ അദ്ദേഹം അതിനു അനുവദിച്ചില്ല. ലക്ഷ്മണസിംഗിന്റെ സ്ഥാനത്തേയ്ക്കു എന്നെ നിയമിച്ചിരിക്കയാണെന്നും താൻ മടങ്ങിവരുവോളം സകലകാര്യവും ഭംഗിയായി നിർവ്വഹിച്ചുകൊള്ളണമെന്നും അദ്ദേഹം ആജ്ഞാപിച്ചു. ഭരണകാര്യങ്ങളിൽ എനിക്കു വേണ്ടപോലെ സാമർത്ഥ്യമില്ലാത്തതിനാൽ ചുമതലയേറിയ ഈ സ്ഥാനത്തെ വഹിക്കാൻ എനിക്കു യോ

ഗൃതയിലെന്ന ഞാൻ പറഞ്ഞതിനു, നിസ്വാർത്ഥതയും സ്വാമിഭക്തിയും സത്യസന്ധതയുമാണു് ഒരുവനെ മന്ത്രിപീഠത്തിനു യോഗ്യനാക്കിത്തീർക്കുന്നതെന്നും ആ ഗുണങ്ങൾ എനിക്കുള്ളതിനാൽ ഞാൻ തന്നെ മന്ത്രിസ്ഥാനം വഹിക്കണമെന്നും ആയിരുന്ന അദ്ദേഹത്തിന്റെ സമാധാനം.

വിദൂരൽപ്രഭൻ തന്റെ പരിമിതമായ സൈന്യത്തോടുകൂടി രണാങ്കണത്തിലേയ്ക്കു പുറപ്പെട്ടു. യുദ്ധക്കളത്തിൽ അദ്ദേഹം അന്യാദൃശസാമർത്ഥ്യത്തെ പ്രകടിപ്പിച്ചു. രണ്ടുകൊല്ലം കാമലമ്പടനായി അന്തഃപുരത്തിൽ കഴിഞ്ഞുകൂടിയിട്ടും അദ്ദേഹത്തിന്റെ അനിതരസാധാരണമായ കായികാഭ്യാസത്തിനു യാതൊരു കുറവും നേരിട്ടിരുന്നില്ല. പൗരുഷത്തിനും ഹാനി സംഭവിച്ചിരുന്നില്ല. ചുരുക്കിപ്പറയാം; വിദൂരൽപ്രഭൻ തന്റെ പിതാവിനെക്കാൾ യുദ്ധക്കളത്തിൽ ശോഭിച്ചു. ശത്രുക്കളും പൂർവ്വാധികം വാശിയിൽ യുദ്ധംചെയ്തു. യുദ്ധം ആകെപ്പാടെ കൊടുമ്പിരിക്കൊണ്ടു ഇരുകക്ഷിയിലും അനവധി ഭടന്മാർ മരിച്ചു. അനവധികബന്ധങ്ങൾ നൃത്തംചെയ്തു. അംഗഭംഗം സംഭവിച്ചു് അർദ്ധപ്രാണരായി അസംഖ്യം ഭടന്മാരുടെ നഷ്ടം നേരിട്ടു. യുദ്ധക്കളത്തിൽ ആറുപോലെ നാനാവഴിക്കും രക്തം പ്രവഹിച്ചു. ശത്രുസൈന്യത്തിന്റെ യുദ്ധസാമർത്ഥ്യവും സംഖ്യാധിക്യവും നിമിത്തം, എത്ര ശക്തിയോടുകൂടി പൊരുതുനിന്നിട്ടും വിദൂരൽപ്രഭനു ശത്രുവിനെ പിൻതിരിക്കാൻ സാധിച്ചില്ല. പവിഴസേനൻ പെട്ടെന്നു വിദൂരൽപ്രഭന്റെ നേർക്കുപാഞ്ഞു് അദ്ദേഹത്തെ നിലംപതിപ്പിച്ചു. ഞങ്ങളുടെ വ്യൂഹം തൽകാരണത്താൽ ശിഥിലീകൃതമായി. സൈന്യങ്ങൾ നാനാവഴിക്കും പലായനംചെയ്തു. ഞങ്ങളുടെ ഭാഗത്തേയ്ക്കു് ഇപ്രകാരം പരാജയം നേരിട്ടു. ആ സന്ദർഭത്തിൽ വിദൂരൽപ്രഭനുണ്ടായ വിഷാദത്തിനു് അളവില്ല. "അല്ലയോ ദൈവമേ! ജഗദീശ! എന്റെ ഗതി ഈവിധത്തിലായല്ലോ. അയ്യോ! ഞാൻ എന്തുചെയ്യട്ടേ? എന്റെ സൈന്യം പലായനം ചെയ്തതിനുശേഷവും—ഞാൻ പരാജിതനായി വീണതിൽ പിന്നീടും—ഹാ! ജഗദീശ! ഞാൻ ജീവിച്ചിരിക്കുന്നുവല്ലോ. ദൈവമേ! രണ്ടുകൊല്ലം ഞാൻ പാഴിൽക്കളഞ്ഞുവല്ലോ! 'നാരീരൂപവിലാസമായ വലയിൽ' കുടുങ്ങിക്കിടന്നുവല്ലോ! രാജ്യത്തിന്റെ അഭിവൃദ്ധിയെയും കൂടികളുടെ ക്ഷേമത്തെയും ചിന്തിക്കാതെ അന്തഃപുരത്തിൽത്തന്നെ കഴിഞ്ഞുവല്ലോ! അപരാധമാണോ! കരുണാമൂർത്തേ! ജനസമുദായശാപത്താൽ എനിക്കു് ഈ ഗതി നേരിട്ടതാണോ? അതേ, അതേ; പരമേശ! കുറ്റത്തിനുള്ള ശിക്ഷയാണിതു്. എന്റെ കുടുംബത്തിന്റെ കീർത്തിയും മഹത്വവും അസ്തമിച്ചു. ഞാൻ എന്തുചെയ്യട്ടെ? ദൈവമേ! അങ്ങു് എന്തുപറയുന്നു? എന്നെ

ഈ ആപത്തിൽ സഹായിക്കാനാരുണ്ട്? എന്റെ മാനത്തെയും കുടുംബക്ഷേത്തിയെയും ഉദ്ധരിക്കാൻ ആരുമില്ലേ? കല്പകക്കോട്ടയുടെ അവകാശിയായ ഉദയസേനപ്രഭു—ഭയങ്കരമായ ഒരു രഹസ്യ സംഘത്തിന്റെ നേതാവായിരിക്കുന്ന ആ പ്രഭു—തന്നെ വന്ന് ഈ അവസരത്തിൽ എന്നെ സഹായിച്ചാലും; ഞാൻ അയാളുടെ എത്ര നിഷ്ഠൂരമായ നിബന്ധനകളെയും സമ്മതിക്കാൻ സന്നദ്ധനാണേ! ദൈവമേ! കുടുംബത്തെ നിലനിർത്തേണമേ! ഈ ദാസന്റെ തെറ്റുകളെക്ഷമിച്ച് രക്ഷിക്കേണമേ!" എന്നിങ്ങനെ ഞങ്ങളുടെ വിഷ്ണുപ്രഭൻ പരിദേവനംചെയ്തു.

ഈ ഘട്ടത്തിൽ സമീപത്തുള്ള കാട്ടിൽനിന്നും ആശ്ചര്യാർദ്ധനായ ഒരു യോദ്ധാവ് പെട്ടെന്ന് അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭവിച്ചു. അയാൾ നെടുഞ്ചട്ടയും മുഖാവരണവുംകൊണ്ട് ആപാദമൂർദ്ധം മറച്ചിരുന്നു. എങ്കിലും ആഗതനായ യോദ്ധാവ് ഉദയസേനപ്രഭുവാണെന്ന വിഷ്ണുപ്രഭൻ അനായാസേന മനസ്സിലാക്കി. അയാളെപ്പറ്റി ചിന്തിച്ചമാത്രയിൽ അമാനുഷശക്തിയാലെന്നവണ്ണം അയാൾ തന്റെ മുമ്പിൽ ആഗതനായതിൽ വിഷ്ണുപ്രഭനു് അസാധാരണമായ ആശ്ചര്യവും ആശങ്കയും ജനിച്ചു.

"പ്രഭോ! ഞാൻ സഹായിച്ചാൽ എന്റെ സഹായത്തെ സ്വീകരിക്കാമെന്ന് അങ്ങു് വിചാരിക്കുന്നുവല്ലോ. ഞാൻ മരണത്തെ എതിർത്തും സഹായിക്കാൻ സന്നദ്ധനാണു്. എന്തു പറയുന്നു? വേഗം പറയണം. ഒരു വിനാഴികപോലും താമസിക്കാൻ പാടില്ല. താമസിക്കുന്ന ഓരോ വിനാഴികയും അങ്ങേയ്ക്കു് അപകടത്തെ ജനിപ്പിക്കുകയായിരിക്കും. എന്താണു അങ്ങേയ്ക്കു പറവാനുള്ളതു്?" എന്നിങ്ങനെ ഉദയസേനൻ വിഷ്ണുപ്രഭനോടു ചോദിച്ചു.

വിഷ്ണുപ്രഭൻ:—വിഖ്യാതനായ ഉദയസേനപ്രഭുവേ! എന്നെ സഹായിക്കുക. എന്റെ മാനത്തെ രക്ഷിക്കുക. എന്റെ കുടുംബത്തെ നിലനിർത്തുക. പവിഴസേനനെ ഓടിക്കാൻ എന്നെ സഹായിക്കുക. നിങ്ങളിൽ എനിക്കു ആജീവനാന്തം കൃതജ്ഞതയുണ്ടായിരിക്കും. നിങ്ങളുടെ ഏതൊരു നിബന്ധനയ്ക്കും ഞാൻ വഴിപ്പെടാൻ തയാറാണു്. ഞാൻ നിങ്ങളുടെ ഉറ്റമിത്രമായിരുന്നുകൊള്ളാം.

ഉദയസേനപ്രഭു:—വളരെ നാളായി നിങ്ങൾ എന്റെ ശത്രുവായിരുന്നു് എന്നെ അപമാനിക്കുകയും എന്നിൽ അലക്ഷ്യഭാവം പ്രകടിപ്പിക്കുകയും ചെയ്തുവന്നു. ആപത്തുകാലത്തു ഗത്യന്തരമില്ലാതെ എന്റെ സഹായത്തെ പ്രതീക്ഷിച്ചതാണു്. അങ്ങ

നെയുള്ള മനഃസ്ഥിതിയോടുകൂടിയ ഒരാളിന്റെ മൈത്രി എനിക്കാവശ്യമില്ല.

വിഷ്ണുപ്രഭൻ:—എന്നാൽ എന്നിൽനിന്നും എന്തൊരു പ്രത്യുപകാരമാണു് നിങ്ങൾ കരുതുന്നതു്?

ഉദയസേനൻ:—പ്രത്യുപകാരത്തെ മോഹിക്കുന്ന നിന്ദ്യമായ മനഃസ്ഥിതി എനിക്കില്ല.

വിഷ്ണുപ്രഭൻ:—പിന്നെ ഞാൻ എന്തുചെയ്യണമെന്നാണു പറയുന്നതു്? കേൾക്കട്ടെ; താമസിക്കാതെതന്നെ എന്നെ സഹായിക്കാൻ നിങ്ങൾ ശക്തനല്ലെന്നവരും. അതാ, പവിഴസേനൻ എന്റെ കോട്ടപിടിക്കാൻ പുറപ്പെട്ടുകഴിഞ്ഞു. ഇവിടെ വച്ചു തടുത്തില്ലെങ്കിൽ ആ ശത്രുവിനെ തോല്പിക്കാൻ സാദ്ധ്യമല്ലാതെ വരും.

ഉദയസേനൻ:—എന്നാൽ ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുക. ഞാൻ ഈ കാശ്മീരത്തിൽ എങ്ങും വ്യാപിച്ചു പ്രവർത്തിച്ചുപോരുന്ന ഒരു രഹസ്യമഹാസംഘത്തിന്റെ നേതാവാണെന്നുള്ള വസ്തുത നിങ്ങൾ ധരിച്ചിട്ടുണ്ടല്ലോ. ആ സംഘത്തിന്റെ സ്വാധീനശക്തിയും അധികാരബലവും ആശ്ചര്യപ്പെടത്തക്കവിധത്തിൽ നാട്ടിൽ പടർന്നിട്ടുണ്ടെന്നുള്ള സംഗതിയും ഞാൻ പറഞ്ഞറിയിക്കണമെന്നില്ല. അനവധി ധനികന്മാരും പ്രഭുക്കന്മാരും സാധാരണന്മാർപോലും തങ്ങൾക്കു ആത്മാവു ജനിക്കുന്ന ശിശുവിനെ സംഘത്തിനു സമർപ്പിച്ചുപോരുന്നു. ആ സംഘത്തിലെ ഉദ്ദേശ്യങ്ങൾ സാധിക്കുവാൻവേലചെയ്യുന്നതിനായി, നിങ്ങൾക്കു ജനിക്കുന്ന പ്രഥമസന്താനത്തെ—ആണായാലും പെണ്ണായാലും സമർപ്പിക്കാമെന്നു സത്യം ചെയ്യാമെങ്കിൽ ഞാൻ ഈ നിമിഷത്തിൽ നിങ്ങളുടെ ശത്രുവിനെ തിരിച്ചോടിക്കാം.

വിഷ്ണുപ്രഭൻ ആ നിബന്ധനയ്ക്കു വഴിപ്പെട്ടു, തന്റെ ജ്യേഷ്ഠസന്താനത്തെ ഉദ്ദേശ്യത്തിനു നല്കാമെന്നു് ഈശ്വരനാമത്തിൽ സത്യംചെയ്തുകൊടുത്തു. സത്യവാക്യശ്രവണമാത്രയിൽ അത്യാനന്ദതുന്ദിലനായ ഉദയസേനപ്രഭു തന്റെ അരയിൽ തിരുകിയിരുന്ന ഒരു ചെറിയ കുഴലെടുത്തു് ഉറക്കെ ഊതി. ഉത്തരക്ഷണത്തിൽ അനേകായിരം യോദ്ധാക്കൾ കാട്ടിന്റെ അന്തർഭാഗത്തുനിന്നും പ്രത്യക്ഷീഭവിച്ചു് ഉദയസേനന്റെ മുമ്പിൽവന്നു അണിനിരന്നുനിന്നു. യുദ്ധത്തിനു തയ്യാറായിക്കൊള്ളാൻ അയാൾ അവരോടു് ആജ്ഞാപിച്ചു. കുഴൽവിളിയും കൊമ്പൂത്തും പെരുമ്പറയടിയും യുദ്ധക്കളത്തിൽ മാറ്റൊലിക്കൊണ്ടു. വിഷ്ണുപ്രഭൻ പൂർവ്വാധികം വാശിയും ശൗര്യവും പ്രകടിപ്പിച്ചുകൊണ്ടു തന്റെ കുതിരയിൽ ആരോഹണം

ചെയ്തു. നാനാവഴിക്കും വിരണ്ടോടിയ ഞങ്ങളുടെ സൈന്യങ്ങളും തിരികെ വന്നെത്തി ഒന്നുചേർന്നു. ഇതിനകം കോട്ടയെ അഭിമുഖീകരിച്ചുപുറപ്പെട്ട ശത്രുസൈന്യം ഒട്ടദൂരത്തിലെത്തി. വിദ്യുൽപ്രഭനും ഉദയസേനയും തങ്ങളുടെ സൈന്യത്തെ രണ്ടായി ഭാഗിച്ചു രണ്ടുമാർഗ്ഗമായി, ശത്രുവിന്റെ മുമ്പിൽ കയറി തടഞ്ഞുനിർത്താനായി, അതിവേഗത്തിൽ നയിച്ചു. അല്പനേരത്തിനുള്ളിൽ ഇരുഭാഗവും ശത്രുവിന്റെ മുമ്പിൽ എത്തി പുരോഗതിയെത്തടഞ്ഞു. പവിഴസേനൻ ലേശവുംക്ലേശാതെ എതിർത്തു. ഇരുകക്ഷികളും അവിടെവച്ചു വലുതായ ഒരു യുദ്ധം നടത്തി. വില്ലാളികളും വില്ലാളികളും തമ്മിലും വാൾക്കാരും വാൾക്കാരും തമ്മിലും കുന്തക്കാരും കുന്തക്കാരും തമ്മിലും ഒരു രാമരാവണയുദ്ധംനടത്തി. ഇത്തവണ പവിഴസേനനു വിജയവിശ്വാസം ജനിച്ചു. അടുത്തക്ഷണത്തിൽ പരാജിതനാവുകയുംചെയ്തു. വിദ്യുൽപ്രഭൻ ജയഭേരി മുഴക്കി; വിജയകാഹളമൂതി. പവിഴസേനന്റെ സൈന്യം സിംഹസംഘത്തെക്കണ്ട ആനപ്പറ്റംകണക്കേ പലവഴിക്കുമായി ഓടിരക്ഷപ്പെട്ടു. പവിഴസേനനും പശ്ചാത്താപത്തോടുകൂടി തന്റെ സൈന്യത്തെ അനുഗമിച്ചു. ഉദയസേനൻ, പവിഴസേനന്റെ പാളയത്തെ ആക്രമിക്കുന്നതിനായി തന്റെ സൈന്യത്തിൽ ഒരുഭാഗത്തെ ആദ്യത്തെ യുദ്ധക്കളത്തിലേയ്ക്കു നിയോഗിച്ചയച്ചു. പവിഴസേനന്റെ അനവധി ആനകളും അശ്വങ്ങളും വിദ്യുൽപ്രഭനു ലഭിച്ചു. ശത്രുസൈന്യത്തിൽ പലർ തടവുകാരായി പിടിക്കപ്പെട്ടു. പാളയത്തെ ആക്രമിച്ച ഉദയസേനന്റെ ഭടന്മാർ അമ്പു്, വില്ലു്, വാൾ മുതലായ ആയുധങ്ങളും പൊന്നു് വെള്ളി മുതലായ നാണയങ്ങളും ഒട്ടുവളരെ കൈവശപ്പെടുത്തി. ഇപ്രകാരം വിദ്യുൽപ്രഭൻ യുദ്ധത്തിൽ പരിപൂർണ്ണവിജയിയായി ഭവിച്ചു. യുദ്ധത്തിൽ ഞങ്ങൾക്കു നേരിട്ട നഷ്ടത്തെ പവിഴസേനൻ പരിഹരിച്ചുകൊള്ളാമെന്നു സമ്മതിക്കയാൽ തടവിൽ പിടിക്കപ്പെട്ട ഭടന്മാരെ വിട്ടയച്ചു. ഉദയസേനപ്രഭു വിദ്യുൽപ്രഭന്റെ അനുമതിയോടുകൂടി സൈന്യസമേതം തന്റെ കോട്ടയിലേയ്ക്കു പുറപ്പെട്ടു. വിദ്യുൽപ്രഭന്റെ വിജയത്തെ അനുമോദിച്ചു ജനങ്ങൾ അദ്ദേഹത്തെ കോട്ടയിലേയ്ക്കു എതിരേറ്റുകൊണ്ടുവന്നു. നാട്ടിൽ അസ്വാസ്ഥ്യവും അതൃപ്തിയും അസ്തംഗതമായി. സമാധാനവും സംതൃപ്തിയും പുനഃജ്ജാതമാകയുംചെയ്തു. ക്ഷേമം വർദ്ധിച്ചു; രാജദണ്ഡത്തിന്റെ പണ്ടത്തെ പ്രശസ്തിയും പ്രതാപവും പുനർല്ലഭ്യമായി. പ്രധാനമന്ത്രിയായിരുന്ന ലക്ഷ്മണസിംഗിനെ നാടുകടത്തി. ലക്ഷ്മണസിംഗിനു നൽകിയ ഈ ശിക്ഷയിൽ അനൗചിത്യമോ ക്രൂരതയോ അശക്തമുണ്ടായില്ല. അയാളുടെ ദുർഭരണത്താൽ പീഡിതരായിരുന്ന ജനങ്ങൾ ശിക്ഷയിൽ തങ്ങൾക്കുള്ള സന്തോ

ഷത്തെ പ്രകടിപ്പിക്കയാണുണ്ടായതു്. അയാളുടെ വസ്തുക്കൾ— അന്യായമായി സമ്പാദിച്ച സകല സ്ഥാവരജംഗമസ്വത്തുക്കളും— കണ്ടുകെട്ടി എടുത്തു അയാളുടെ ഭർത്തണത്തിന്റെ ഫലമായി ദാരിദ്ര്യക്ലേശം അനുഭവിച്ചുപോന്ന സാധുക്കൾക്കു് ആ സ്വത്തുക്കൾ വീതിച്ചുകൊടുത്തു. തന്മൂലം ലക്ഷ്മണസിംഗു് ഉടുത്തമുണ്ടും കണ്ണുനീരുമായി നാട്ടിനുപുറത്തു പോകേണ്ടിവന്നു. ആ സന്ദർഭത്തിൽ ഞാൻ അയാൾക്കു രഹസ്യമായി കുറെ പണംകൊടുത്തു. അതും വാങ്ങിക്കൊണ്ടു് അയാൾ പോവുകയുംചെയ്തു അയാളുടെ സ്ഥാനത്തു തല്ക്കാലത്തേയ്ക്കു പകരംനിയമിക്കപ്പെട്ട എന്നെത്തന്നെ വിദ്യുൽപ്രഭൻ സ്ഥിരപ്പെടുത്തി. ഞാൻ ആ പുതിയ ഉദ്യോഗത്തിലിരുന്നു ജനങ്ങളുടെ പ്രീതിയും പ്രഭുവിന്റെ സ്നേഹവും സമ്പാദിച്ചു. ലക്ഷ്മണസിംഗിന്റെ ഭരണത്താലും പവിഴസേനനുമായി നേരിട്ട യുദ്ധത്താലും അതീവശോഷിച്ചിരുന്ന ഭണ്ഡാരത്തെ രണ്ടുകൊല്ലംകൊണ്ടു ഞാൻ വളരെ പണിപ്പെട്ടു് പൂർവ്വൽപുഷ്ടിപ്പെടുത്തി.

വിദ്യുൽപ്രഭന്റെ യുദ്ധാനന്തരജീവിതം പ്രശംസനിയമായിരുന്നു. അന്തഃപുരത്തിൽ പാർപ്പിച്ചിരുന്ന വേശ്യാസ്ത്രീകളെ നിഷ്കാസം ചിരിച്ചയച്ചു. അവരുമായി സഹവസിച്ചിരുന്നകാലത്തെ പലേ സ്നേഹിതന്മാരുടെയും സംസർഗ്ഗത്തെ നിത്തിവച്ചു. യഥാർത്ഥസ്നേഹിതന്മാരായി ചില യോഗ്യന്മാരെ തിരഞ്ഞെടുത്തു. തന്റെ കഴിഞ്ഞ ജീവിതത്തെക്കുറിച്ചു രഹസ്യമായും പരസ്യമായും പശ്ചാത്തപിച്ചു. സ്ത്രീവിഷയത്തിനു വിധേയമായിരുന്ന അദ്ദേഹത്തിന്റെ കാതും കരളും നാവും ഇപ്പോൾ രാജ്യകാര്യവിഷയത്തിൽ വിധേയമായിത്തീർന്നു. രാജ്യകാര്യത്തെപ്പറ്റി എപ്പോഴെങ്കിലും ചെവികേൾക്കെ സംസാരിച്ചാൽ കയർക്കുകപതിവുണ്ടായിരുന്ന വിദ്യുൽപ്രഭൻ അതിനെക്കുറിച്ചു്. എല്ലായ്പോഴും സംസാരിക്കാഞ്ഞാൽ കയർക്കുക പതിവായിരിക്കുന്നു. കുടികളുടെ ക്ഷേമത്തെപ്പറ്റിയുള്ള ചിന്ത ഒന്നുമാത്രമേ ഇപ്പോൾ അദ്ദേഹത്തിനുള്ളൂ. അതിനു യാതൊരു കുറവും നേരിട്ടുവിക്കരുതെന്നു് അദ്ദേഹം അടിക്കടി എന്നെ ഉദ്ബോധിപ്പിക്കാറുമുണ്ടു്. കുടികളിലാക്കെങ്കിലും എന്തെങ്കിലും സങ്കടം പറവാനുണ്ടെങ്കിൽ, അദ്ദേഹം സമയസൗകര്യംനോക്കാതെ, സസന്തോഷം സമയം അനുവദിച്ചുവന്നു. ഒഴിവുള്ളപ്പോഴെല്ലാം യുദ്ധമുറകൾ അഭ്യസിക്കുകയും സൈന്യശക്തിയെ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ വേണ്ടതു പ്രവർത്തിക്കുകയുംചെയ്തുവന്നു. മൃഗയാവിനോദത്തിലും അദ്ദേഹം അഭിരുചിയെ പ്രകടിപ്പിച്ചു ശ്രുതിസ്മൃതിശാസ്ത്രേതിഹാസങ്ങളിലും അദ്ദേഹം ആസക്തിചെലുത്തിവന്നു. പണ്ഡിതന്മാരെ വരുത്തി അവരുമായി സഹവസിച്ചു തന്റെ പുസ്തകജ്ഞാനത്തെ വർദ്ധിപ്പിച്ചുവന്നു. ഇങ്ങനെ വർഷം രണ്ടുകഴിഞ്ഞു. ജനങ്ങൾക്കു

വിഷ്ണുപ്രഭനിൽ പിതൃനിർവ്വിശേഷമായ വിശ്വാസവും പുത്രനിർവ്വിശേഷമായ സ്നേഹവും ഈശ്വരനിർവ്വിശേഷമായഭക്തിയും വർദ്ധിച്ചു.

ഇപ്രകാരം സർവ്വരാലും പ്രശംസനീയനായി അഭിലഷണീയമായജീവിതത്തെ നയിച്ചുപോരുന്ന വിഷ്ണുപ്രഭന്റെ ഒരു നയത്തിൽ ജനങ്ങൾ അനാദരം പ്രകടിപ്പിച്ചുതുടങ്ങി. തങ്ങളുടെ ഭരണകർത്താവു് അവിവാഹിതനായി കഴിഞ്ഞുകൂടുന്നതിൽ കുടികൾക്കു വൈമനസ്യം നേരിട്ടതു് അശ്ചര്യമല്ലല്ലോ. ഇതിനെപ്പററി ജനങ്ങൾ രഹസ്യമായും പരസ്യമായും ഓരോന്നു സംസാരിച്ചുതുടങ്ങി. ഈ വിവരം ഞാൻ അറിയുന്നതിനിടയായി. ഇപ്പോൾ വിഷ്ണുപ്രഭനു് ഇരുപത്തിമൂന്നുവയസ്സുപ്രായമാണു്. അദ്ദേഹം കാഴ്ചയിൽ ബഹുസുന്ദരനാണെന്നും ഞാൻ മുമ്പുപറഞ്ഞുവല്ലോ. ഏതൊരു സ്ത്രീയുടെയും ഹൃദയത്തെ വശീകരിക്കാനുള്ള ശക്തി അദ്ദേഹത്തിന്റെ അന്യാദൃശസൗന്ദര്യത്തിനുണ്ടു്. കുടികളുടെ ഇടയിലുണ്ടായി പരന്ന വൃത്താന്തത്തെ ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു; അവരിൽ പ്രധാനന്മാരായിട്ടുള്ളവർ നേരിൽവന്നു മുഖം കാണിച്ചു്, അവിവാഹിതനായിരിക്കുന്നതിൽ തങ്ങൾക്കുള്ള അതൃപ്തിയെ അറിയിച്ചു. വിവാഹം ചെയ്യേണ്ടതാവശ്യമാണെന്നും നാടുവാഴാൻ അനന്തരാവകാശി ജനിക്കണമെങ്കിൽ വിവാഹംചെയ്യാതെ നിവൃത്തിയില്ലെന്നിരിക്കെ, ആ വിഷയത്തിൽ വിമുഖനായിരിക്കുന്നതു തങ്ങൾക്കു സങ്കടകരമാണെന്നും മറ്റും സവിനയം ഉദ്ബോധനംചെയ്തു. ഞാനും അതിനെപ്പററി വളരെയൊക്കെപ്പറയാതിരുന്നില്ല. കുലഗുരുവിനെക്കൊണ്ടും അനുശാസിപ്പിച്ചു. എന്തൊക്കെയായാലെന്തു്? അതൊന്നും വിഷ്ണുപ്രഭന്റെ കാതുകളിൽ കയറിയില്ല. ആ പ്രസംഗത്തിനു ചെവികൊടുക്കുന്നതുപോലും അദ്ദേഹത്തിനു സങ്കടമായിത്തോന്നി. കല്പകക്കോട്ടയിലെ പ്രഭുവായ ഉദയസേനന്റെ നിബന്ധനയാണു്, വിവാഹവിഷയത്തിൽ അദ്ദേഹത്തിനു വിരക്തിയും ഭീതിയും ജനിപ്പിച്ചതെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. എന്നാൽ ഈ സംഗതി എനിക്കപ്പോൾ മനസ്സിലായിരുന്നില്ല. തനിക്കു സർവ്വഥാ അനുയോജ്യയായ ഒരു കന്യകയെ ലഭിക്കാൻ പ്രയാസമാണെന്ന കരുതിയോ സ്ത്രീസമ്പർക്കത്താൽ തനിക്കു നേരിട്ട അപകടങ്ങളെ ഓർത്തു മേലാൽ സ്ത്രീജാതിയുമായുള്ള സംസർഗ്ഗമേ വേണ്ടെന്നു മനസാ ശപഥംചെയ്തിട്ടോ ആയിരിക്കാം വിവാഹകാര്യത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നതെന്നാണു് ഞാൻ ധരിച്ചതു്. അതോടുകൂടി ഞാൻ അതിനൊരു പരിഹാരമാർഗ്ഗം കണ്ടു. ഈ ഭാരതഖണ്ഡത്തിലുള്ള വലിയവലിയ ഇടപ്രഭുക്കന്മാരുടെയും ജന്മികളുടെയും സാമന്തരാജാക്കന്മാരുടെയും കൊട്ടാരത്തിലുള്ള സുന്ദരയുവതികളായ കന്യകാരത്നങ്ങളുടെ അനവധി ചിത്രങ്ങൾ ഞാൻ

സംഭരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾചെയ്തു ഒരു മാസത്തിനകം അസംഖ്യം ഛായാപടങ്ങൾ ഞാൻ സംഭരിച്ചു. എന്റെ ഗൃഹത്തിൽ ഒരു മുറി കമനീയമായി അലങ്കരിച്ചു. അതിന്റെ ഭിത്തികളിൽ തൂക്കി. അതിനുശേഷം ഒരുദിവസം ഞാൻ അദ്ദേഹത്തിനു ഒരു വിരുന്നുസല്ക്കാരം നടത്താൻ നിശ്ചയിച്ചു. എന്റെ ഗൃഹത്തിലേയ്ക്കു ക്ഷണിച്ചു. ഛായാപടങ്ങൾതൂക്കിയിരുന്നമുറിയിൽവച്ചാണു സല്ക്കാരം നടത്തിയതു. രാജോചിതമായ ഒരുക്കങ്ങളെല്ലാം അതിനകത്തു ചെയ്തിട്ടുണ്ടായിരുന്നു. ഭക്ഷണാനന്തരം വിദ്യുൽപ്രഭൻ താംബൂലചർവ്വണംചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഭിത്തിയിൽ തൂക്കിയിരുന്ന ചിത്രങ്ങളിൽ പതിഞ്ഞു. പെട്ടെന്നു അദ്ദേഹം എഴുന്നേറ്റു ഓരോ ചിത്രവും സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. ആ അവസരത്തിൽ ഒരു പടത്തിൽ പ്രത്യേകം സൂക്ഷിച്ചു നോക്കിക്കൊണ്ടു, മന്ത്രി! ഈ പടത്തിൽ കാണുന്ന ഛായ ആരുടേതാണു? എന്നു അദ്ദേഹം എന്നോടു ചോദിച്ചു. ആ ഛായ അദ്ദേഹത്തിന്റെ മനസ്സിനെ കവർന്നതിൽ ആശ്ചര്യപ്പെടാനില്ല. സർവ്വാംഗസുന്ദരിയായ ആ യുവതീമണിയുടെ ഛായ ഏതൊരു പുരുഷനെയും ശിരോനമനം ചെയ്യിക്കാതിരിക്കയില്ല. കറുത്തിരുണ്ടു നീണ്ട തലമുടിയും ഞെരുങ്ങിയ പുരികവും നീണ്ടുകറുത്ത കണ്ണുകളും ഉരുണ്ടു വടിവൊത്ത ഭുജവും പന്തൊത്തമുലയും വരിയൊത്ത പല്ലും 'ചൊകചൊകവിലസും' അധരവും ഈ ചിത്രത്തിനു വിഷയീഭവിച്ച തരുണീമണിയിൽ എന്നപോലെ അന്യസ്ത്രീകളിൽ പരസ്പരാനുയോജ്യങ്ങളായി കാണപ്പെട്ടുന്നതല്ല. 'പ്രഭോ! ആ തരുണീശിരോമണിയുടെ സഹസ്രാംശംസൗന്ദര്യം ഈ ഛായയിൽ വന്നിട്ടില്ല' എന്നായിരുന്നു എന്റെ സമാധാനം.

വിദ്യുൽപ്രഭൻ:—അങ്ങനെയോ? അത്ര സൗന്ദര്യമുള്ള ആ സ്ത്രീരത്നം ഏതാണു? ഏതു രാജ്യത്തിലെ പുണ്യപ്പുലച്ചിയാണു ആ യുവതി.

ഞാൻ:—പ്രഭോ! വ്യാഘ്രദ്രുത്തിലെ നാടുവാഴിയായ വിചിത്രഭാനുവിന്റെ പുത്രിയാണു ഈ കുട്ടി; അദ്ദേഹത്തിനു നാലഞ്ചു പെൺകുട്ടികളുള്ളതിൽ ഒടുവിലത്തേതു ഈ പുത്രിയാണു, ശീലവതി എന്നാണു പേരു.

വിദ്യുൽപ്രഭൻ:—അഹോ! എന്തൊരു സൗന്ദര്യം! ആ മുഖത്തു എന്തൊരു ദിവ്യമായ തേജസ്സു. മന്ത്രി! ഇതു സുരൂപകളായ സ്ത്രീകൾ മനുഷ്യരിലുണ്ടോ? ഒരുപക്ഷേ, ഇതു ചിത്രകാരന്റെ മനോധർമ്മഫലമാണെന്നു വരുമോ?

ഞാൻ:—അവിടുന്നു അങ്ങനെ സംശയിക്കേണ്ട. വിചിത്രഭാനുവിന്റെ കനിഷ്ഠപുത്രി ശീലവതിയുടെ ഛായാപടമാണിതു.

അ കുട്ടിയുടെ സൗന്ദര്യത്തിന്റെ അംശാംശം ഇപ്പടത്തിൽ വന്നിട്ടുമില്ല.

വിദ്യുൽപ്രഭൻ:—വാസ്തവമോ? എന്നാൽ ഇതു് അഭിലഷണീയമായ ഒരു സൗന്ദര്യംതന്നെ. മന്ത്രി! ഈ സൗന്ദര്യത്തെക്കണ്ടു നാം ആശിച്ചതുകൊണ്ടു ഫലമില്ലല്ലോ? ചിത്രരഥനു് ഒരു പുത്രൻ ഉണ്ടായിരുന്നുവെന്നും അവൻ വളരെച്ചെറുപ്പത്തിലേ കാണാതെപോയി എന്നും ഉള്ളവിവരം മന്ത്രി അറിഞ്ഞിട്ടില്ലേ? അവനെ കണ്ടുകിട്ടുന്നതിലേയ്ക്കു ഈശ്വരപ്രീതിക്കായി അദ്ദേഹം തന്റെ പുത്രികളെ സന്ന്യാസിസംഘത്തിൽ ചേർത്തിരിക്കയാണു്. അപ്രകാരം ഈശ്വരസേവയ്ക്കായി സമർപ്പിക്കപ്പെട്ട യുവതിയെ വിവാഹം ചെയ്യാൻ സാധിക്കുമോ? അദ്ദേഹം സമ്മതിക്കുമോ? ലോകർതന്നെ അനുകൂലിക്കുമോ?

ഞാൻ:—പ്രഭോ! അങ്ങു പറഞ്ഞതു വാസ്തവമാണു്. പെൺകുട്ടികളെ ഈശ്വരാർപ്പണംചെയ്താൽ ഈശ്വരൻ പ്രസാദിച്ചു കാണാതെപോയ പുത്രനെ വരുത്തിത്തരുമെന്നും, തങ്ങളുടെ സഹോദരനെ കണ്ടുകിട്ടാനായി അ പെൺകുട്ടികൾ ദേവാലയത്തിലിരുന്നു സദാ പ്രാർത്ഥിക്കുമെന്നും, അ പ്രാർത്ഥനയുടെ ഫലമായി പുത്രൻ ലഭിക്കപ്പെടുമെന്നും വിചിത്രരഥൻ കരുതിയതു പരമാർത്ഥമാണു്. അപ്രകാരം പെൺകുട്ടികളെ ദേവാലയത്തിൽ സമർപ്പിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ ശീലവതി അ കുട്ടികളിൽ ഉൾപ്പെട്ടവളല്ലാ. പ്രാർത്ഥനയും സമർപ്പണവും കഴിഞ്ഞു നാലഞ്ചുകൊല്ലവും കഴിഞ്ഞതിനു ശേഷം ജനിച്ചവളാണു്. പ്രസവിക്കുന്നതിനു മുമ്പുള്ള നേർച്ച ഈ കുട്ടിയെ ബാധിക്കുന്നതല്ലാത്തതിനാൽ ശീലവതിയെ അദ്ദേഹം തന്റെ ഒന്നിച്ചു താമസിപ്പിച്ചുപോരുന്നു. അവൾ വിവാഹാർത്ഥയാണു്, അങ്ങു് അ കുട്ടിയെ വിവാഹം ചെയ്യുന്നതിനു് ആഗ്രഹിക്കുന്നു എന്നറിഞ്ഞാൽ അ മാത്രയിൽ ചിത്രരഥൻ സസന്തോഷം സമ്മതിക്കും. അ കുട്ടിക്കും അങ്ങയുടെ പത്നീത്വത്തിൽ ചാരിതാർത്ഥ്യം തോന്നുകയും ചെയ്യും. ഇക്കാര്യത്തിൽ ലേശം സംശയമില്ല. അവിടുത്തെ അഭിപ്രായമറിഞ്ഞാൽ എനിക്കു ചിത്രരഥനെക്കണ്ടു് ഒന്നു സംസാരിക്കാമായിരുന്നു.

വിദ്യുൽപ്രഭൻ വിവാഹത്തിനു അനുകൂലിച്ചു. ഞാൻ ചിത്രരഥനെക്കണ്ടു് ആലോചിച്ചു മുഹൂർത്തം നിശ്ചയിച്ചു പൊടിപൂരമായ ചടങ്ങുകളോടുകൂടി വിവാഹം നടത്തപ്പെടുകയും ചെയ്തു. വിവാഹാനന്തരം ചിത്രരഥൻ ജാമാതാവിനോടു ഇപ്രകാരം പറ

ഞ്ഞു:—"പ്രഭോ! നമ്മളും സമീപസ്ഥന്മാരും തുല്യന്മാരുമാണു്. എന്റെ പുത്രിയുടെ ആയുഷ്കാലത്തിൽ അവളുടെ ക്ഷേമത്തിനു തെല്ലും വൈകല്യം സംഭവിക്കയില്ലെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയാണു് ഞാൻ അവളെ അങ്ങേയ്ക്കു വിവാഹം ചെയ്തുതന്നതു്. അവളുടെ അമ്മ അവളുടെ ചെറുപ്പത്തിലേ കാലധർമ്മം പ്രാപിച്ചു. എന്റെ ഭാര്യയുടെ ആത്മാവു ഇപ്പോഴും ഞങ്ങളുടെ പരദേവതയായിനിന്നു് എന്റെ കുടുംബത്തെ രക്ഷിച്ചുപോരുന്നു. എന്റെ ഭാര്യ ആറു സന്താനങ്ങളെ പ്രസവിച്ചു. അവരിൽ അഞ്ചു പെൺകുട്ടികളാണു്. ഒന്നു ആൺകുട്ടിയും. അവന്റെ രണ്ടാമത്തെ വയസ്സിൽ അവൻ കാണാതെ പോയിരിക്കുമെന്നു ഊഹിക്കാനാണു് ന്യായം. എന്റെ സ്ത്രീസന്താനങ്ങളിൽ നാലുപേർ ദേവാലയത്തിൽ സമർപ്പിക്കപ്പെട്ടിരിക്കയാണു്. അവർക്കു പ്രത്യേകമായേർപ്പെടുത്തിയിട്ടുള്ള മഠത്തിൽ അവർ നിത്യബ്രഹ്മചാരിണികളായി കഴിഞ്ഞുപോരുന്നു. ഇങ്ങനെ എന്റെ അഞ്ചുസന്താനങ്ങളും നഷ്ടപ്പെട്ടതിനുശേഷം ശീലവതിയൊരുത്തി തന്റെ അവിച്ഛിന്നസാന്നിദ്ധ്യത്താൽ എന്റെ ശോകഭാരത്തെ ശോഷിപ്പിച്ചുപോരികയായിരുന്നു. ശീലത്തിലും രൂപത്തിലും ശ്രേഷ്ഠയായ അവളെ ഞാൻ പ്രാണനെക്കാൾ സ്നേഹിച്ചു വാത്സല്യപൂർവ്വം പാലിച്ചുവരികയായിരുന്നു. എന്റെ ഒന്നിച്ചു താമസിക്കുമ്പോൾ അവൾക്കുണ്ടായിരുന്ന സുഖസൗകര്യങ്ങൾക്കു് അണുവളവും താങ്കൾ കുറവുവരുത്തുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. പുത്രവിരഹത്താൽ എന്റെ ഹൃദയം തികച്ചും പരിതപ്തമായിരിക്കുന്നു. ഞാൻ എന്റെ ജീവിതശേഷത്തെ എന്റെ കോട്ടയിൽത്തന്നെ ചെലവുചെയ്യട്ടെ. എന്റെ മരണശേഷം എന്റെ പുത്രൻ വന്നെത്താതിരുന്നാൽ എന്റെ കോട്ടയ്ക്കും എന്റെ സകലസ്വത്തുക്കൾക്കും അവകാശിയും എന്റെ കുടികളുടെ ഭരണാധികാരിയും താങ്കൾതന്നെയാണു്. ഒരുപക്ഷേ ഈശ്വരാനുഗ്രഹത്താൽ അവൻ വന്നുചേരാനിടയായാൽ വ്യാഘ്രദ്വീപും അതിനെ സംബന്ധിച്ച സകലസ്വത്തുക്കളും അവനെ ഏല്പിക്കണം. പുത്രൻ കാണാതെപോയ സംഗതി സകല ആളുകളും അറിഞ്ഞിട്ടുള്ളതിനാൽ വല്ല വക്രബുദ്ധികളും എന്റെ സ്വത്തുക്കളും കോട്ടയും കൈവശപ്പെടുത്താമെന്ന ഉദ്ദേശത്തോടെ വല്ലകുട്ടികളേയും കൂട്ടിക്കൊണ്ടുവന്നു കാണാതെപോയവനാണെന്നുംപറഞ്ഞു അവകാശവാദം പുറപ്പെടുവിച്ചേക്കാം. അന്നു താങ്കൾ വഞ്ചിതനാകാതിരിക്കാനായി എന്റെ പുത്രന്റെ വിശ്വസനീയമായ ഒരടയാളം മനസ്സിലാക്കിത്തരാം. അവന്റെ വലത്തെ കൈയിൽ തോളിനുസമീപമായി താമരപോലെ ഒരടയാളമുണ്ടു്. ആ അടയാളംനോക്കി നിങ്ങൾക്കു് ആയം മനസ്സിലാക്കാം. എന്നാൽ ഇനി അവൻ തിരിച്ചു വന്നുചേരു

മെന്നുള്ള വിശ്വാസം എനിക്കില്ല. കാരണം അവനെക്കാണാതായിട്ട് ഇരുപത്തിമൂന്നുകൊല്ലത്തോളമാകുന്നു. എന്നിരുന്നാലും അപൂർവ്വം ചിലപ്പോൾ ഞാൻ അറിയാതെ ഒരു വിശ്വാസം എന്റെ മനസ്സിനെ ഇളക്കുന്നു. എന്റെ മകൻ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെന്നും എന്നെങ്കിലും ഒരിക്കൽ അവൻ വന്നെത്താതിരിക്കയില്ലെന്നും ആ വിശ്വാസം എന്നെ ഉദ്ബോധിപ്പിക്കുന്നു. അവൻ അപ്രകാരം മടങ്ങിവന്നാൽ നിശ്ചയം അവനെ വഞ്ചിക്കാതെ അവനു അവകാശപ്പെട്ട എന്റെ ഒഴിവും ഭണ്ഡാരവും മറ്റു സ്വത്തുക്കളും നൽകുമെന്നു സത്യംചെയ്ത ഉറപ്പുതരിക

വിദ്യുൽപ്രഭൻ യാതൊരു മടിയുംകൂടാതെ സത്യംചെയ്തുകൊടുത്തു. രാജദുർദ്ദർശനം ശീലവതിയുമായുള്ള വിവാഹം നടന്നു നാലു മാസം കഴിഞ്ഞു. നാലാമത്തെമാസത്തിൽ ശീലവതി ഗർഭംധരിച്ചു. വിവരം ശീലവതി സ്വഭർത്താവിനെ ധരിപ്പിച്ചു. അപ്പോൾ അദ്ദേഹത്തിനുണ്ടായ ആനന്ദത്തിനു അളവില്ല. ആനന്ദാധിക്യത്താൽ വിദ്യുൽപ്രഭൻ സ്വസഹധർമ്മചാരിണിയെ പരിരംഭണം ചെയ്തു. ഇപ്രകാരം തന്നെപ്പോലും മറന്നു ആനന്ദവാരിധിയിൽ, നീന്തിക്കളിക്കുമ്പോൾ പെട്ടെന്നു ഒരു പൂർവ്വസ്മരണ അദ്ദേഹത്തിന്റെ മനസ്സിനെ ബാധിച്ചു. നിർമ്മലമായ ജലത്തിൽ മഷിപ്പൊടി കലക്കിയതുപോലെ, ആനന്ദധവളമായ രാജദുർദ്ദർശന്റെഹൃദയത്തെ ആ ചിന്ത മലീമസമാക്കിച്ചെയ്തു. മനസ്സിന്റെ ആ വികാരം ശീലവതിയിൽനിന്നും മറച്ചുവയ്ക്കാൻ അദ്ദേഹത്തിനു കഴിയാഞ്ഞതിനാൽ പെട്ടെന്നു അന്തഃപുരത്തിൽനിന്നു മാറി, കുതിരലായത്തിൽച്ചെന്നു കുതിരയെ അഴിച്ചു അതിന്റെ പുറത്തുകയറി വെളിയിൽ ഇറങ്ങി, കുതിരയെ അതിവേഗത്തിൽ തെളിപ്പിച്ചു. കുതിര ഏതുദിക്കിലേയ്ക്കു തന്നെയും വഹിച്ചുകൊണ്ടു ഓടുന്നു എന്നോ എത്രദൂരം പോകുന്നു എന്നോ എത്ര മണിക്കൂർ ഓടിയെന്നോ യാതൊരു വിവരവും വിദ്യുൽപ്രഭനുണ്ടായിരുന്നില്ല എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിനു സുപ്രജ്ഞയുണ്ടായിരുന്നില്ല. ഏതാണ്ടൊരു വെളിവു് മനസ്സിനുണ്ടായിരുന്നതും വിഷയാന്തരത്തിൽ വിനിയോഗിച്ചിരിക്കുകയായിരുന്നു. വളരെ നേരത്തിനുശേഷം ദീർഘനിദ്രയിൽനിന്നും പെട്ടെന്നു ഉണർന്നവനെപ്പോലുള്ള ഒരു ഉണർവ്വ് ഹൃദയത്തിനു ലഭിച്ചു. അതുതന്നെയും തക്കതായ കാരണത്തിൻപേരിലുണ്ടായതാണു്. അതാരോ ഒരാൾ അദ്ദേഹത്തിന്റെപേരു് പറഞ്ഞു് വിളിച്ചു. മുമ്പിൽ തടഞ്ഞുനിന്നു കുതിരയുടെ കടിഞ്ഞാണിൽപ്പിടിച്ച ഒരു മനുഷ്യനെ അദ്ദേഹം സൂക്ഷിച്ചുനോക്കി അയാളും കുതിച്ചു തടിച്ചു പൊക്കംകൂടിയ ഒരു കുതിരയുടെ പുറത്തിരിക്കയായിരുന്നു. അയാളെ കണ്ടമാത്രയിൽ രാജദുർദ്ദർശൻ ആപാദമൂഢം ഒന്നു നടുങ്ങി. ആ വനാ

ന്തർഗതത്തുവച്ചു തന്റെ ഗതിയെത്തടഞ്ഞ മനുഷ്യൻ കല്പകക്കോട്ട യുടെ അധിപതിയായ ഉദയസേനപ്രഭുവാണെന്നറിഞ്ഞതിൽവച്ചു ണ്ടായ നടുക്കമായിരുന്നു.

ഇടിവെട്ടിയ മരംകണക്കെ പകച്ചുനിൽക്കുന്ന വിദ്യുൽപ്രഭ നെനോക്കി, ഉദയസേനൻ പറഞ്ഞു.—"പ്രഭോ! അവിചാരിത മായി നമുക്കു ഇവിടെവച്ചു കണ്ടുമുട്ടാനിടയായതിൽ ഞാൻ സന്തോ ഷിക്കുന്നു. വിശേഷിച്ചും തനിച്ചു കണ്ടതുകൊണ്ടു ക്ലൃപ്തലായ സ ന്തോഷവുമുണ്ടു്. പ്രബലമായ ഒരു കുടുംബവുമായി ബന്ധപ്പെട്ട സന്തോഷവൃത്താന്തം ഞാനും അറിഞ്ഞു. താങ്കളുടെ ഭാര്യോപഭത്തെ അലങ്കരിച്ചുപോരുന്ന ആ ഭാഗ്യവതി ഗർഭം ധരിച്ച സംഗതിയും ഞാൻ കേട്ടു. ആ വിശേഷവാർത്ത എന്നെ അനന്ദഭരിതനാക്കി ച്ചെയ്തു. ഉമ്മാംബയുടെ അനുഗ്രഹത്താൽ ലഭിക്കപ്പെട്ട ശിശു വിനെ ആ അംബയുടെ അപ്പണം ചെയ്തു നമ്മുടെ കരാറിനെ പാലിക്കാനുള്ള ഘട്ടം അടുത്തതിൽ താങ്കൾക്കുള്ള ചാരിതാർത്ഥ്യം എനിക്കുമുണ്ടു്. വിശേഷിച്ചും എനിക്കു മറെറാരു ചാരിതാർത്ഥ്യം ക്ലൃപ്തലായുമുണ്ടു്. ഒരു പ്രബലനായ നാടുവാഴിയാണല്ലോ താങ്കൾ. നാം തമ്മിലുള്ള സഖ്യത്തിനു ഇപ്പോൾമുതൽ ദാർഢ്യം സംഭവി ച്ചിരിക്കുന്നു. പ്രബലനായ ഒരു നാടുവാഴിയുടെ ദൃഢസഖ്യം കൃത്രു ലഭ്യമാണെന്നിരിക്കെ എനിക്കതിനു ഭാഗ്യമുണ്ടായതിൽ ചരിതാ ർത്ഥത തോന്നുന്നതു സഹജമാണല്ലൊ.

വിദ്യുൽപ്രഭൻ അല്പനേരത്തേയ്ക്കു യാതൊരു സമാധാനവും പറഞ്ഞില്ല. അല്ല, വിഷാദജന്യമായ വികാരപാരമ്പരകളാൽ രുദ്ധ കണ്ഠനായ ആ നാടുവാഴിയുടെ മുഖത്തുനിന്നും വാക്കുകൾ പുറപ്പെ ട്ടില്ല. ദുഃഖാക്രാന്തനായ വിദ്യുൽപ്രഭന്റെ മുഖഭാവംകണ്ടു ഉദയ സേനൻ വീണ്ടും ചോദിച്ചു:—എന്താണു് ആലോചിക്കുന്നതു"?

വിദ്യുൽപ്രഭൻ:—മാന്യരേ! ആ വിഷമഘട്ടത്തിൽ എന്നെത്തന്നെ യുംവിസ്മരിച്ചുപരിഭ്രാന്തനായിരുന്ന ആ അപകടവേളയിൽ ആലോചനയില്ലാതെ ചെയ്തുപോയ വാശ്ദാനത്തെ നിറവേറ റണമെന്നു താങ്കൾ ആവശ്യപ്പെടുന്നു; എന്നാൽ ഭയങ്കരമായ ആ കരാറിനെക്കുറിച്ചു ചിന്തിക്കാൻപോലും എനിക്കു ശക്തി യില്ലെന്നിരിക്കുന്നു. ഇത്രനിഷ്ഠുരമായ ഒരു കരാറിനെപാലി ക്കാൻ ഏതൊരാളും ധൈര്യപ്പെടുകയില്ല. തനിക്കുണ്ടാകുന്ന ആദ്യസന്താനത്തെ ആശങ്കാസ്പദമായ ഒരു കാര്യത്തിനായി കൈവിട്ടുകൊടുക്കാൻ ഏതൊരുവൻ ധൈര്യപ്പെടും? വെങ്കല പ്രതിമയെപ്പററിയാകട്ടെ, അതിനെസ്സംബന്ധിച്ച രഹസ്യ സംഘത്തിനെക്കുറിച്ചാകട്ടെ എനിക്കു യാതൊന്നുംതന്നെ അറിഞ്ഞുകൂടാ. വസ്തുസ്ഥിതി ഇപ്രകാരമിരിക്കെ, ആലോ

ചിക്കാതെ ചെയ്യുപോയ ആ വാശാനത്തെ ഞാനെ എങ്ങനെ പാലിക്കേണ്ടു?

ഉദയസേനപ്രഭു:—സംഘത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താങ്കളെ ധരിപ്പിക്കാൻ ആ വിഷമഘട്ടത്തിൽ സാവകാശം കിട്ടിയില്ല. മാത്രവുമല്ല അതിനെപ്പറ്റി അറിയണമെന്നു താങ്കൾ ആവശ്യപ്പെട്ടതുമില്ല. ഇപ്പോൾ നിങ്ങൾക്കു അറിയണമെന്നു ആഗ്രഹമുള്ളതുകൊണ്ടു സംഘത്തിന്റെ ഉദ്ദേശവും സ്വഭാവവും ചുരുങ്ങിയ വാക്കുകളിൽ നിങ്ങളെ ധരിപ്പിക്കാം. വെൺകലപ്രതിമയെ സംബന്ധിച്ച സംഘം, ഈ ഭാരതഖണ്ഡത്തിലുള്ള എല്ലാ രഹസ്യസംഘങ്ങളിലും വച്ചു പ്രധാനവും പ്രാചീനവും പ്രബലവുമാകുന്നു. സംഘത്തിന്റെ പ്രവൃത്തിയും അതിന്റെ രൂപവൽക്കരണോദ്ദേശവും സ്ഥാപനസ്ഥലവും ഇന്നും എന്നും രഹസ്യത്തിലിരിക്കുന്നതുതന്നെയും. ഈ കാശ്മീരത്തിൽ അതിലെ പ്രവർത്തനശാഖാസംഘങ്ങൾ ഇല്ലാത്ത ഒരു ഗ്രാമംപോലുമില്ല. എന്നാൽ അതിലെ അംഗങ്ങളെ കണ്ടാൽ തിരിച്ചറിയാൻ സാധിക്കുന്നതല്ല. ലോകത്തിൽ നീതിയെ നിലനിർത്തണമെന്നുള്ളതാണു് സംഘത്തിന്റെ പരമോദ്ദേശ്യം. ദൈവനീതിക്കു വിപരീതമായിനടക്കുന്ന ആളുകളെ . കണ്ടുപിടിച്ചു ശിക്ഷിക്കുകയാണു് അതിന്റെ പ്രവൃത്തി. എന്നാൽ അവരെപ്പറ്റിയുള്ള വിചാരണയും ശിക്ഷയുടെ സ്വഭാവവും വെളിപ്പെട്ടത്താവുന്നതല്ല. സംഘത്തിൽ സ്ത്രീകളും പുരുഷന്മാരും അംഗങ്ങളായി ചേർന്നിട്ടുണ്ടു്. ആ അംഗങ്ങൾ സംഘത്തിന്റെ നിബന്ധനകൾക്കു് ഉൾപ്പെട്ടനടക്കാൻ നിർബന്ധിതരാണു്. സംഘത്തിൽ ചേരുമ്പോൾത്തന്നെ അപ്രകാരം സമ്മതിച്ചു് അവർ സത്യംചെയ്കയുംവേണം. സത്യം ഭയങ്കരമായിട്ടുള്ള ഒന്നാണു്. അപ്രകാരം സത്യംചെയ്യുന്നവർ ഒരിക്കലും അതിനെ ലംഘിക്കാൻ ധൈര്യപ്പെടുകയില്ല. സംഘത്തിന്റെ നേതൃത്വം വെൺകലപ്രതിമയെന്ന ഒരു ദേവിയിൽ സമർപ്പിച്ചിരിക്കയാണു്. സംഘത്തിന്റെ ശക്തി ആ ദേവിയുടെ ശക്തിയും സംഘത്തിന്റെ ഉദ്ദേശം ആ ദേവിയുടെ ഉദ്ദേശവുമാകുന്നു.

വിദ്യുൽപ്രഭൻ:—ഇത്ര ഭയങ്കരമായ ഒരു സംഘത്തിലേയ്ക്കാണോ എന്റെ സന്താനത്തെ സമർപ്പിക്കേണ്ടതു്? അതിൽഭേദം, എന്റെ കൈകൊണ്ടുതന്നെ ഞാൻ അതിനെ കൊല്ലുകയല്ലേ? അമ്പോ! എത്ര ഘോരഘോരമായ പ്രമേയം! കേൾക്കുമ്പോൾതന്നെശരീരംനടുങ്ങുന്നുവല്ലോ. ഓർക്കുമ്പോൾമനസ്സുംനടുങ്ങുന്നു.

ഉദയസേനൻ:—പ്രഭോ! മതി, മതി; ഉജ്ജയിനിയുടെ സേവനത്തെ അപലപിക്കേണ്ടാ. അപലപിച്ചാൽ താങ്കൾ സംഘത്തിന്റെ ശത്രുക്കളിൽ ഒരുവനായി കരുതപ്പെടും ഇതു നേരം പോക്കല്ല; പരമാത്ഥസംഗതിയാണു്. ഓമ്മയിരിക്കട്ടെ!

വിഭുൽപ്രഭൻ:—എനിക്കു നിങ്ങളുടെ സംഘത്തെയും അതിന്റെ ദേവതയെയും അധിക്ഷേപിക്കേണ്ട ആവശ്യമില്ല. എന്നാൽ എന്നെ, സംഘത്തിന്റെ ശത്രുവായി ഗണിക്കുമെന്നും മറ്റും പറഞ്ഞു ഭയപ്പെടുത്തുന്നതുകൊണ്ടു ഫലമില്ല. അതു കേട്ടു ഭയപ്പെടാൻമാത്രം ഭീരുവല്ല ഞാൻ.

ഉദയസേനപ്രഭു അതുകേട്ടു്, "എന്നാൽ നിങ്ങളുടെ ധൈര്യത്തെ ഒന്നുപരീക്ഷിച്ചുകളയാം." എന്നുപറഞ്ഞുകൊണ്ടു്, അരയിൽ തിരുകിയിരുന്ന ഒരു ചെറിയകുഴലെടുത്തു ഉറക്കെഒന്നൂതി. മൂന്നുഅശ്വഭടന്മാർ അടുത്തനിമിഷത്തിൽ പ്രഭുവിന്റെമുമ്പിൽ ഹാജരായി. വിഭുൽപ്രഭനെ ബന്ധനസ്ഥനാക്കാൻ പ്രഭു അവരോടു ആജ്ഞാപിച്ചു. അതേനിമിഷത്തിൽ അവർ അദ്ദേഹത്തിന്റെ കണ്ണുകളെ ബന്ധിച്ചു, കരചരണങ്ങളെയും മുറുകെക്കെട്ടി, ഒരുവലിയ കയറുകൊണ്ടു അദ്ദേഹത്തെ അശ്വത്തോടുചേർത്തു ബന്ധിക്കുകയുംചെയ്തു അനന്തരം അദ്ദേഹത്തിന്റെ കുതിരയുടെകടിഞ്ഞാണിനെ അവരിൽഒരാൾ വഹിക്കുകയും ശീഘ്രഗതിയിൽ എല്ലാവരും പുറപ്പെടുകയുംചെയ്തു.

അസ്തമയത്തോടു സമീപിച്ചാണു് ഈ സംഭവം നടന്നതു്. വിഭുൽപ്രഭൻ കോട്ടയ്ക്കുവെളിയിൽ കടന്നിട്ടു വളരെ നേരമായി. അദ്ദേഹത്തിന്റെ പ്രത്യാഗമനത്തിൽ നേരിട്ടന്ന കാലവിളംബം ശീലവതിക്കു ഉത്സുകമായ ദുഃഖത്തെ ഉളവാക്കി. ഞാൻ കഴിയുന്നതു സമാധാനപ്പെടുത്തി. രാത്രിയുടെ ആരംഭമായിട്ടും മടങ്ങിവരാഞ്ഞതുകൊണ്ടു ശീലവതി ദുഃഖാക്രാന്തയായി കരഞ്ഞുതുടങ്ങി. എന്റെ സാന്ത്വനങ്ങൾക്കു് ആ സുശീലയെ സാമാധാനപ്പെടുത്താൻ കഴിഞ്ഞില്ല. മാത്രമല്ല, എനിക്കും പല സംശയങ്ങളും തോന്നിത്തുടങ്ങി. ആശ്ചര്യവും ഭയവും മനസ്താപവും എന്നെ ബാധിച്ചു. നാടുവാഴി ഏകനായിപ്പോയി എന്നറിഞ്ഞപ്പോൾ എന്റെ സംശയം ബലപ്പെട്ടു. എന്തോ അപകടം പറ്റിയെന്നതന്നെ ഞാൻ തീർച്ചപ്പെടുത്തി. ഞാൻ വല്ലാതെ പരിഭ്രമിച്ചു. സമയം കഴിയുന്തോറും എനിക്കു ഭീതിയും താപവും വർദ്ധിച്ചുകൊണ്ടിരുന്നു. നാടുവാഴിക്കു അപകടം നേരിട്ടിരിക്കുമെന്നുള്ള എന്റെ സംശയത്തെ ശീലവതിയെ അറിയിക്കാനും അറിയിക്കാതിരിക്കാനും കഴിവില്ലാതെ ഞാൻ കുഴങ്ങി. ആ സതീരത്നത്തിന്റെ അന്തസ്താപത്തെ

മാറാൻ എനിക്കു സാധിച്ചില്ല. സമയം വേഗത്തിൽ കടന്നുകൊണ്ടിരുന്നു. അർദ്ധരാത്രിയായി. മണി പന്ത്രണ്ടും കഴിഞ്ഞു് ഒന്നുമായി. നാടുവാഴിയെ കണ്ടില്ല. വീണ്ടും അരമണിക്കൂർ കഴിഞ്ഞു. കോട്ടയ്ക്കുവെളിയിൽ ഒരു കുതിര അതിവേഗത്തിൽ ഓടിവരുന്ന ശബ്ദം കേട്ടതുടങ്ങി; അടുത്തക്ഷണത്തിൽ ആ ശബ്ദം കോട്ടയ്ക്കകത്തായി. അതിരില്ലാതെ സന്തോഷത്തോടും അളവറ്റ സന്താപത്തോടും ശീലവതി അന്തഃപുരത്തിൽനിന്നും വെളിയിൽവന്നു. ഞാനും നാടുവാഴിയുടെ വരവായിരിക്കണമെന്നു വിചാരിച്ചു വെളിയിലിറങ്ങി. അതേ, വിട്ടൽപ്രഭുവിന്റെ വരവായിരുന്നു അദ്ദേഹം കുതിരയിൽനിന്നുമിറങ്ങി. അഹോ! വിട്ടൽപ്രഭുവിന്റെ മുഖത്തു രക്തമയമില്ല, അത്യന്തമായ ഭയാനുഭൂതിയാൽ ആ മുഖം വിലക്ഷണമായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ ഉടുപ്പുകളും മേനിയും പൊടിപുരണ്ടു മലിനമായിരുന്നു ശരീരത്തിനു വളരെ ക്ഷീണമുള്ളതുപോലെ തോന്നി. അദ്ദേഹത്തിന്റെ ശ്വാസോച്ഛ്വാസം ശീഘ്രഗതിയെ പ്രാപിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ മടങ്ങിവന്ന വിട്ടൽപ്രഭുവിനെ ഒരു ജീവച്ഛവമായിട്ടാണു കണ്ടതു്. ഈ അവസ്ഥ എന്റെ സംശയം അടിസ്ഥാനരഹിതമല്ലെന്നു വെളിപ്പെടുത്തി. ഭർത്താവിനു് എന്തോ അപകടം പറ്റിയെന്നു ശീലവതി വിചാരിച്ചു. വാവിട്ട നിലവിളിച്ചുംകൊണ്ടു് ആ ഗുണവതി അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. അതേനിമിഷത്തിൽത്തന്നെ നാടുവാഴി മൂർച്ഛാകുലനായി മറിയുന്നതുകണ്ടു്, ഞാനും ശീലവതിയുംകൂടി താങ്ങി നിലത്തുകിടത്തി.

ഉടൻതന്നെ കൊട്ടാരംഡാക്ടരെ വരുത്തി. അയാളുടെ ചികിത്സാവിദഗ്ധതയുടെ ഫലമായി നാടുവാഴിക്കു് ഏഴുപ്പത്തിൽ സുബോധംവന്നു; കണ്ണുതുറന്നു. അശ്രുപൂർണ്ണമായ നയനങ്ങളോടുകൂടി സമീപത്തിൽ നില്ക്കുന്ന ശീലവതിയെക്കണ്ടു പുഞ്ചിരിച്ചു. നേരം പ്രഭാതമായിരിക്കുന്നു, രാത്രിയിലത്തെ ഭയജനകമായ വികാരങ്ങളൊന്നും വിട്ടൽപ്രഭുവിനിൽ കാണുന്നില്ല. ശീലവതിക്കു സമാധാനമായി. ശരീരസ്ഥിതിയെപ്പറ്റി സ്വഭർത്താവിനോടുതന്നെ ചോദിച്ചു. തൃപ്തികരമായ സമാധാനം അദ്ദേഹത്തിൽനിന്നുംകിട്ടി. രാത്രിയിൽ മടങ്ങിവരാൻ താമസിച്ചതിന്റെ കാരണത്തെയും വഴിക്കു നേരിട്ട അപകടത്തെയും കുറിച്ചു ചോദിച്ചു. അതിനെപ്പറ്റി പറയുന്നതിനുമുമ്പു്, അതിനോടു സംബന്ധമുള്ള ചില പൂർവചരിത്രങ്ങളും ധരിപ്പിക്കേണ്ടതായിട്ടുണ്ടെന്നു പറഞ്ഞുംവച്ചു്, മൂന്നുകൊല്ലത്തിനുമുമ്പു്, പവിഴസേനനുമായി നടന്ന യുദ്ധത്തെയും തനിക്കു പറ്റിയ പരാജയത്തെയും ഉദയസേന്റെ സഹായത്തെയും സഹായത്തിനു കാരണമായ വാഗ്ദാനത്തെയും കുറിച്ചു നാടുവാഴി സവിസ്തരം പ്രസ്താവിച്ചു. ആ വൃത്താന്തശ്രവണത്താൽ ശീലവതിയുടെ മനസ്സിനും ശരീ

രത്തിനും നടുക്കം സംഭവിച്ചു. തന്റെ ഗർഭത്തിൽ കിടക്കുന്ന ശിശുവിനെ രക്ഷിക്കണമെന്നു ആ സുശീല ഈശ്വരനോടു പ്രാർത്ഥിച്ചു. അനന്തരം രാത്രിയിലത്തെ സംഭവങ്ങളെപ്പറ്റി പറയണമെന്നാവശ്യപ്പെട്ടു.

വിദ്യുൽപ്രഭൻ:—ഇന്നലെ രാത്രി ഞാനൊരു സ്വപ്നം കണ്ടു. അതൊരു ഭയങ്കരമായ സ്വപ്നമായിരുന്നു. ആ സ്വപ്നം ഒരു പക്ഷേ ഫലിക്കുമെങ്കിൽ നമ്മേക്കാൾ ഭാഗ്യഹീനരും പാപികളും ഈ ലോകത്തിൽ യാതൊരാളുമില്ലെന്നു പറയാം. അത്ര ഭയാനകമായ സംഭവമാണു് സ്വപ്നത്തിലുണ്ടായതു്.

ശീലവതി:—അത്ര വലിയ സ്വപ്നം എന്തൊന്നാണു്? എനിക്കു് അതു കേൾക്കുകതന്നെവേണം.

വിദ്യുൽപ്രഭൻ:—പ്രിയേ! ആ സ്വപ്നസംഭവത്തെപ്പറ്റി എത്രത്തോളം വിസ്തരിച്ചു പറവാൻ ധൈര്യം എന്നെ അനുവദിക്കുന്നുവോ, അത്രത്തോളം വിസ്തരിച്ചുപറവാൻ ഞാൻ തയാറാണു്. ഇന്നലെ വൈകുന്നേരം നമ്മൾ രണ്ടാളും അന്തഃപുരത്തിൽ സൈരസംഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഭവതി ഗർഭധാരണസംഗതി എന്നെ ധരിപ്പിക്കുകയുണ്ടായല്ലോ. അതു കേട്ടപ്പോൾ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത അമിതമായ ആനന്ദം എനിക്കുണ്ടായി എങ്കിലും അത്യന്തസന്താപത്താൽ എന്റെ ഹൃദയം പരിതപ്തമായി. അതിന്റെ കാരണം ഉദയസേനനുമായുണ്ടായ കരാറാണെന്നു അറിഞ്ഞുകൊൾക. ഗർഭത്തിൽ കിടക്കുന്ന നമ്മുടെ ആദ്യസന്താനം പ്രസവിക്കപ്പെട്ട പ്രായപൂർത്തിയായ ഉടനെ ഉദയസേനൻ വന്നു ചോദിച്ചാൽ വെങ്കലപ്രതിമയുടെ വേലചെയ്യാനായി നാം കൊടുത്തയയ്ക്കണമല്ലോ എന്ന ചിന്ത എന്നെ ബാധിച്ചു. ആ മാത്രയിൽ ഞാനറിയാതെ എന്റെ കണ്ണിൽ ജലം നിറഞ്ഞു. മനസ്സു് സന്താപസിന്ധുവിൽ മുഴകി. ഈ വസ്തുത ഭവതിയെ ധരിപ്പിക്കരുതെന്നുകരുതി ഞാനപ്പോൾ പെട്ടെന്നു് അന്തഃപുരത്തിനു പുറത്തുപോന്നു. പുറത്തു വന്ന ഞാൻ ഉടൻതന്നെ കുതിരപ്പുറത്തുകയറി ഒരു ഉദ്ദേശവുമില്ലാതെ തിരിച്ചു കുതിരയെ വേഗത്തിൽ തരിപ്പിച്ചുകൊണ്ടു് അങ്ങനെപോകുമ്പോൾ വനമദ്ധ്യത്തിൽവച്ചു ഉദയസേനൻ കണ്ടുമുട്ടുവാനിടയായി. ഭവതിയെ വിവാഹംചെയ്തതിനെക്കുറിച്ചു് അയാൾ ആദ്യമായി അനുമോദിച്ചതിനുശേഷം ഭവതി ഗർഭവതിയായ വിവരം അയാൾ അറിഞ്ഞുവെന്നും ശിശു ജനിച്ചു മൂന്നുകൊല്ലം കഴിഞ്ഞാലുടൻ ശിശുവിനെ അയാളെ ഏല്പിക്കണമെന്നും പറഞ്ഞു. വെങ്കലപ്രതിമയെന്നുവച്ചാൽ

എന്താണെന്നും, അതിനെ സംബന്ധിച്ചുള്ള വിവരങ്ങളെന്തെല്ലാമാണെന്നും ഞാൻ ചോദിച്ചു. അയാൾ അതുകേട്ട സകല സംഗതിയും എന്നോട് ഉറക്കെപറഞ്ഞു. ഇപ്പോഴും ആ വാക്കുകൾ ഓരോന്നും ഞാൻ പ്രത്യേകം പ്രത്യേകം ഓർക്കുന്നുണ്ട്. അതിനാൽ ഞാൻ സ്വപ്നം കണ്ടതല്ലെന്നും ഇന്നലത്തെ എന്റെ അനുഭവങ്ങളെല്ലാം പരമാർത്ഥങ്ങളാണെന്നും വിശ്വസിക്കാൻക്രൂടി എന്റെ മനസ്സു മുതിരുന്നു. അതെന്തെങ്കിലുമാകട്ടെ; ആ അനുഭവം സ്വപ്നത്തിലായാൽത്തന്നെയും എത്ര ഭയങ്കരമാണു്!

ശീലവതി: - ഏതനുഭവം? എല്ലാ വിവരങ്ങളും എന്നെ ധരിപ്പിക്കണം. എന്റെ അഭിലാഷത്തെ നിറവേറാൻ ഭയവുണ്ടാകണ്ടാ.

തന്റെ ഭർത്താവു പറയുന്ന സംഗതികൾ ജാഗ്രത്തിൽ സംഭവിച്ചവതന്നെയാണെന്നും തന്റെ സമാധാനത്തിനുവേണ്ടി സ്വപ്നസംഭവമാണെന്നു വൃഥാ പറയുകയാണെന്നും ശീലവതി നിഷ്പ്രയാസം ഗ്രഹിച്ചു.

വിദ്യുൽപ്രഭൻ:—പ്രിയേ! അനന്തരാനുഭവങ്ങളെ ഞാൻ എങ്ങനെ അറിയിക്കേണ്ടു? അതോർക്കുമ്പോൾത്തന്നെ എന്റെ ദേഹമെല്ലാം നടുങ്ങുന്നു. അത്രത്തോളം ഭയങ്കരമായ സംഭവങ്ങളെ ഭവതിയെ ധരിപ്പിക്കാൻ എനിക്കു ധൈര്യമില്ല.

ശീലവതി:—ലേശം അധൈര്യപ്പെടേണ്ടാ. എല്ലാസംഗതിയും എന്നെ ധരിപ്പിക്കുകതന്നെവേണം.

വിദ്യുൽപ്രഭൻ:—പ്രിയേ, ഭവതിക്കത്രത്തോളം നിർബന്ധമാണെങ്കിൽ നടന്നസംഭവം ഞാൻ മുഴുക്കത്തിൽപ്പറയാം. കേൾക്കുക. വെങ്കലപ്രതിമയേയും അതിനെ സംബന്ധിച്ചസംഘത്തേയും ഒരുരഹസ്യസ്ഥലത്തുസ്ഥാപിച്ചിരിക്കയാണെന്നും ആ സംഘത്തിന്റെമുമ്പാകെ ഹാജരാക്കപ്പെടുന്നകുറക്കാരെ ശിക്ഷിക്കുന്നവിധം വളരെ ഭയങ്കരമാണെന്നും, അപ്രകാരം ശിക്ഷവിധിക്കുന്നതിനും ശിക്ഷയെ നിർവ്വഹിക്കുന്നതിനും മറ്റുമായി പ്രത്യേകംപ്രത്യേകം മുമതലപ്പെടുത്തപ്പെട്ട അനേകം അംഗങ്ങൾ സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, ലോകത്തിൽ ദൈവനീതിക്കു വിപരീതമായിനടക്കുന്ന ഏതൊരുവരേയും പിടിച്ചുകൊണ്ടുവന്നു ശിക്ഷിക്കുന്നതിനാണു് സംഘം സ്ഥാപിച്ചിരിക്കുന്നതെന്നും ഉദയസേനൻ പറഞ്ഞു. ഭയങ്കരമായ ഈ ഗ്രുഢസംഘത്തിൽ ഞാൻ എന്റെ സന്താനത്തെ ഉൾപ്പെടുത്തുകയില്ലെന്നുള്ള അർത്ഥത്തിൽ ഞാൻ അതിനു സമാധാനം പറഞ്ഞതുകേട്ടു് അയാൾക്കു് എന്റെ പേരിൽ അമർഷം

തോന്നി ഉടനേ അയാൾ അരയിൽത്തിരുകിയിരുന്ന കഴലെടുത്തു ഉച്ചത്തിൽ ഊതി. മൂന്നു അശ്വഭടന്മാർ വനാന്തർഭാഗത്തുനിന്നും ഓടി എത്തി. അവർ ഉദയസേനന്റെ ആജ്ഞപ്രകാരം എന്റെ കൈകാലുകൾ ബന്ധിച്ചു് കണ്ണും അടച്ചുകെട്ടി, കുതിരപ്പുറത്തിരുത്തി അതിവേഗത്തിൽ കുതിരകളെ ഓടിച്ചുകൊണ്ടുപോയി. എവിടെ കൊണ്ടുപോകുന്നു എന്നും എന്തിനായിട്ടു കൊണ്ടുപോകുന്നു എന്നും എനിക്കു മനസ്സിലായില്ല. ഉദ്ദേശം മൂന്നുമണിക്കൂറോളം കുതിരകൾ ഓടിയിരിക്കണമെന്നാണു് എന്റെ ഓർമ്മ. അതിനുശേഷം അശ്വഭടന്മാർ നിന്നു, എന്നേയും താഴെ ഇറക്കി. എന്നാൽ എന്റെ കണ്ണിന്റെയും കൈകളുടെയും കെട്ടുകൾ അഴിച്ചില്ല. എന്റെ കൈക്കുപിടിച്ചു് നടത്തിക്കൊണ്ടുപോയി. എന്നെ കൂട്ടിക്കൊണ്ടുപോയ മാർഗ്ഗം ചിലേടത്തു കീഴ്പ്പോട്ടു കല്പടക്കെട്ടുകളോടുകൂടിയതും ചിലേടത്തു സമനിരപ്പുള്ളതും ആയിരുന്നു. ഒരു വലിയ തുരങ്കത്തിൽക്കൂടി എന്നെ കൂട്ടിക്കൊണ്ടുപോകുകയായിരുന്നുവെന്നുള്ളതിൽ എനിക്കു ലേശം സംശയമില്ല. വളഞ്ഞും തിരിഞ്ഞും ഉള്ള ഒരു മാർഗ്ഗത്തിൽക്കൂടിയാണു് എന്നെ നടത്തിക്കൊണ്ടുപോയതെന്നും എനിക്കു ഓർമ്മയുണ്ടു്. ചില സ്ഥലങ്ങളിൽ മേല്പോട്ടു കയറുന്നു എന്നും ചില സ്ഥലങ്ങളിൽ കീഴ്പ്പോട്ടിറങ്ങുന്നു എന്നും എനിക്കു് അനുഭവപ്പെട്ടു. ഒടുവിൽ ഒരു വാതിലിനു സമീപംചെന്നു അതിന്റെ കതകുതുറന്നു. അതിന്റെ വെളിയിൽനിന്നും ശീതവായു കുളിക്കെവീശി. ആ സ്ഥലത്തെ പ്രശാന്തത എനിക്കു അനുഭൂതമായി. അല്പം നടന്നു വീണ്ടും ഒരു വാതിൽ തുറന്നു നടന്നു. അവിടെ കരിങ്കൽത്തറയിൽ തിരയടിച്ചാലത്തെ ശബ്ദംകേട്ടു. അവിടെവച്ചു് പെട്ടെന്നു അവർ എന്റെ കണ്ണിന്റെ കെട്ടഴിച്ചു. അനേകം പന്തങ്ങൾ കത്തിജ്വലിപ്പിച്ച പ്രകാശം അതിനകത്തു എനിക്കുതോന്നി. അതുകണ്ടു എന്റെ കണ്ണുകൾക്കു സങ്കോചം നേരിട്ടു. ഞാൻ ആ മുറിക്കകം മുഴുവൻ ഒന്നു ചുറ്റിനോക്കി. ഒരു ഭാഗത്തു ഒരു വലിയ യന്ത്രം കാണപ്പെട്ടു. അതിന്റെ ആകൃതി വളരെ ഭയങ്കരമായിരുന്നു. യന്ത്രത്തിന്റെ സമീപത്തുകൂടി ഒരു നദി ഒഴുകിക്കൊണ്ടിരുന്നു. ഞാൻ യന്ത്രത്തെനോക്കിക്കൊണ്ടു നില്ക്കവേ, ഉദയസേനന്റെ ആജ്ഞാനുസരണം ആ ഭടന്മാർ എന്നെ മറ്റൊരുമുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ആ മുറിയിൽ വെങ്കലംകൊണ്ടു നിർമ്മിക്കപ്പെട്ട ഒരു വലിയ

വിഗ്രഹത്തെക്കണ്ടു; അതു ഒരംഗനയുടെ പ്രതിമയായിരുന്നു. അതു കണ്ടപ്പോൾ എന്റെ ഹൃദയം നടുങ്ങിപ്പോയി ഞാൻ ഭയത്തോടും അശ്ചര്യത്തോടുംകൂടി അതിനെ സൂക്ഷിച്ചു നോക്കിക്കൊണ്ടുനില്ക്കുമ്പോൾ, ഉദയസേനൻ എന്റെ സമീപത്തിൽവന്നു. ആ പ്രതിമയെസ്സംബന്ധിച്ച ഭയങ്കരമായ പരമരഹസ്യത്തെ എന്റെ ചെവിയിൽ മന്ത്രിച്ചു. അതു കേട്ടപ്പോൾ എനിക്കുണ്ടായ ഭീതിയെപ്പറ്റി എന്തുപറയട്ടെ! അതു വിചാരിച്ചു ഈ നിമിഷത്തിലും പണ്ടെങ്ങുമുണ്ടായിട്ടില്ലാത്ത പേടി എനിക്കുണ്ടാകുന്നു. അയ്യോ! ആ രഹസ്യം—ഉദയസേനൻ പറഞ്ഞ ആ രഹസ്യം—ഞാൻ എങ്ങനെ വെളിപ്പെടുത്തേണ്ടു?

ശീലവതി:—പ്രാണേശ! അങ്ങു് ആ രഹസ്യം എന്നെ ധരിപ്പിക്കണേ! അങ്ങു ഇങ്ങനെ ഭയപ്പെടുകയും ചെയ്യരുതേ. ഉദയസേനപ്രഭു ചെവിയിൽ മന്ത്രിച്ച രഹസ്യം എനിക്കു അറിയണം. അമാന്തിക്കരുതേതാരും. അറിയണമെന്നുള്ള ആശ എന്നെ അലട്ടുന്നു.

വിഷ്ണുപ്രഭൻ:—ഞാൻ അതു പറവാൻ എങ്ങനെ ധൈര്യപ്പെടേണ്ടു? അതിനെ വെളിപ്പെടുത്താതെ അടക്കാൻതക്ക ശക്തി ദൈവം എനിക്കു നല്കട്ടെ! ഇല്ല, ഞാൻ അതു ഭാവതിയോടു പറയുകയില്ല. ആ കരാളപ്രതിമയിൽനിന്നും—ആ ഭയങ്കരയന്ത്രത്തിൽനിന്നും—എന്റെ മനസ്സിനെ എനിക്കു വേർപെടുത്തണം. അതിന്റെ ഓർമ്മ എന്റെ മനസ്സിൽനിന്നും ത്യജിക്കണം ഇല്ലെങ്കിൽ എന്റെ ഹൃദയം പൊടിക്കും. ഉദയസേനന്റെ വാക്കുകൾ അസ്തുതുല്യം എന്റെ ഹൃദയത്തിൽ തറച്ചു. അയാൾ പറഞ്ഞതിനെക്കാൾ നിഷ്ഠുരസ്വഭാവത്തോടുകൂടിയതായിരിക്കണം ആ സംഘത്തിന്റെ പ്രവൃത്തികളെന്നു ഞാൻ അയാളുടെ വാക്കുകളെക്കൊണ്ടു ഊഹിച്ചു. അയാൾ എന്റെ ചെവിയിൽ മന്ത്രിച്ച വാക്കുകളാൽ ഞാൻ എന്നെത്തന്നെ മറന്നു സ്തംഭിച്ചുനില്ക്കവേ, യന്ത്രശക്തിയാൽ ഒരു ശവശരീരത്തെ എന്നപോലെ, അവർ എന്നെയടുത്ത മറെറാരു മുറിയിലേയ്ക്കു നടത്തിക്കൊണ്ടുപോയി. ആ മുറിയിൽ ഒരു മേശയും മേശയുടെ പുറത്തു് ഒരു പിഞ്ഞാണിബ്ഭരണിയും വൈദ്യന്മാർ ശസ്ത്രക്രിയയ്ക്കു് ഉപയോഗിക്കുന്നതുപോലെയുള്ള ചില ആയുധങ്ങളും ഉണ്ടായിരുന്നു. ആ മുറിയിൽ കടന്നഉടനെ ഉദയസേനൻ തന്റെ കിങ്കരന്മാർക്കു സംജ്ഞാപനത്താൽ എന്തോ ആജ്ഞ നല്കി. അതു മാത്രയിൽ

അവർ എന്നെ, എന്റെ കണ്ണുകൾ കെട്ടി ആ മേശപ്പുറത്തു പിടിച്ചുകിടത്തി, കൈയും കാലും മേശയോടുചേർത്തു ബന്ധിച്ചു. ഈ പ്രവൃത്തിയുടെ ഉദ്ദേശം എന്തായിരിക്കാമെന്നു ചിന്തിച്ചുകൊണ്ടിരിക്കവേ, എന്റെ വലത്തേകൈത്തണ്ടയിൽ ക്രൂരമനുഷ്യർ സൂചികൊണ്ടു കുത്തുന്നതുപോലെ എനിക്കുതോന്നി. അപ്പോൾ എനിക്കുണ്ടായ നൊമ്പരവും നീറ്റലും എന്റെ ഈ വയസ്സിനിടയിൽ ഇതുവരെ അനുഭവിച്ചിട്ടില്ല. പക്ഷേ, അതു ഒരുനിമിഷനേരത്തേയ്ക്കു ഉണ്ടായിരുന്നുള്ളൂ. അതിനു ശേഷം അവർ എന്നെ എഴുന്നേല്പിച്ചു, അകത്തേയ്ക്കുകടന്ന വഴിയിൽക്കൂടിത്തന്നെ നടത്തിക്കൊണ്ടുപോന്നു. അങ്ങനെ ഓരോ മുറിയുംകടന്നു ഇരുണ്ടതിൽക്കൂടി നടത്തി ആ പാതാളത്തിൽനിന്നും സമനിരപ്പിൽക്കയറ്റി. ഈ അവസരത്തിലും എന്റെ കണ്ണുകളുടെകെട്ടു അഴിച്ചിട്ടില്ലായിരുന്നു. അതേവിധത്തിൽത്തന്നെ എന്നെകുതിരപ്പുറത്തുകയറ്റിയിരുത്തിഞാൻ ഉദയസേനനെ ഏതൊരുസ്ഥലത്തുവച്ചു് ആദ്യമായി കണ്ടുമുട്ടിയോ ആ സ്ഥലത്തു കൊണ്ടുവന്നു നിത്തി. അവിടെ എത്തുന്നതിനുമുമ്പായിത്തന്നെ എന്റെ ശരീരം ആസകലം വിഷജ്വാല ബാധിച്ച ഒരു അനുഭവം വഴിയിൽവച്ചു് എനിക്കുണ്ടാവുകയും ക്രമേണ അതു വർദ്ധിച്ചുവർദ്ധിച്ചു് ഒടുവിൽ മൂർച്ഛയെ പ്രാപിക്കുകയും ചെയ്തു. ആ സ്ഥലത്തു എത്തിയതോടുകൂടി എന്റെ മസ്തിഷ്കം കത്തിജ്വലിക്കുന്നു എന്നു് തോന്നി. അവിടെവച്ചു അവർ എന്റെ നയനബന്ധത്തെ വേർപെടുത്തി. "പ്രഭുവേ! വെങ്കലപ്രതിമയെ സംബന്ധിച്ച സംഘത്തിന്റെ ശക്തി താങ്കളുടെ വലതുഭുജം സദാ അനുസ്മരിപ്പിക്കും" എന്നു ഉദയസേനൻ എന്നോടു പറഞ്ഞു. അനന്തരം അയാൾ എന്നോടു യാത്രപോലുംചോദിക്കാതെ സ്വാനുചരന്മാരോടുകൂടി മടങ്ങിപ്പോയി. അവരുടെ അസാന്നിധ്യത്തോടുകൂടി എന്റെ കുതിര അതിവേഗത്തിൽ മുമ്പോട്ടുപാഞ്ഞു. കുതിരയുടെ ത്വരിതഗതിയെ മന്ദീഭവിപ്പിക്കാൻ എനിക്കു കഴിഞ്ഞില്ല. എനിക്കു അപ്പോൾ വളരെ ഭയംതോന്നി. ഗത്യന്തരമില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ, എന്തും വരട്ടേയെന്നു നിശ്ചയിച്ചുകൊണ്ടു ഞാൻ കുതിരയുടെ പുറത്തു കഴുത്തിൽ മുറുകെപ്പിടിച്ചു കമിഴ്ന്നുകിടന്നു. ക്രൂരനായ കുതിരയുടെ ഗതിവേഗവും ഉദയസേനനിൽനിന്നും നേരിട്ട അപകടവും ഓർക്കാൻപോലും ശക്തിയില്ലാത്തവണ്ണം അസഹ്യവേദനയുമായിരുന്ന എന്റെ വൃദ്ധയത്തിന്റെ ഉണർവു് അല്പമായി ക്ഷയിച്ചുവന്നു. ഒടുവിൽ എനിക്കു ബോധക്ഷയം സംഭവിച്ചു.

പിന്നിട്ട് ഓമ്മയുണ്ടായി കണ്ണുതുറന്നുനോക്കിയപ്പോൾ ഭവതി, എന്റെ സമീപത്തിൽ നില്ക്കുന്നതായിട്ടാണു കണ്ടതു്.

ശീലവതി, വിദ്യുൽപ്രഭന്റെ പ്രസംഗം സശ്രദ്ധം ശ്രവിച്ചുകൊണ്ടു കട്ടിലിനു സമീപം നില്ക്കുകയായിരുന്നു പ്രസംഗം അവസാനിച്ചു. ഉടനെ ആ സുശീല പെട്ടെന്നു മുഖംതിരിച്ചു ...ശിരസ്സുയായി തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടുനിന്നു. കണ്ണിൽനിന്നും നദിപ്രവാഹംപോലെകണ്ണീരൊഴുകി. വിദ്യുൽപ്രഭൻ, തന്റെ ജീവിതസർവ്വസ്വമായ ആ ഇഷ്ടപത്നിയെ കടന്നുപിടിച്ചു കട്ടിലിലിരുത്തി ഇപ്രകാരം സാന്ത്വനവാക്കുകൾ ഉച്ചരിച്ചു:—"പ്രിയേ! ശീലവതി! ഭവതി എന്തിനു ദുഃഖിക്കുന്നു? ദുഃഖിക്കാൻതക്കകാരണമൊന്നുമുണ്ടായില്ലല്ലോ. പിന്നെയെന്തിനായിട്ടു ഭവതി കരയുന്നു? ഞാൻ കണ്ട സ്വപ്നംകേട്ടു ഭവതി ഭയപ്പെട്ടുവോ? ഭയപ്പെട്ടുമെന്നു ഞാൻ ആദ്യമേ ഉൽബോധിപ്പിച്ചിട്ടും കേൾക്കണമെന്നു ശഠിച്ചതുകൊണ്ടല്ലേ ഞാൻ അതു വെളിപ്പെടുത്തിയതു്? അതുപോകട്ടെ, സ്വപ്നസംഭവത്തെപ്പറ്റി ഭവതി എന്തിനു ഭയപ്പെടണം? സ്വപ്നത്തിൽ നേരിട്ട സംഭവം ജാഗ്രത്സംഭവമാണെന്നു വിശ്വസിച്ചു് ആരെങ്കിലും ഖേദിക്കുകയുംഭയപ്പെടുകയുംചെയ്യുമോ? പ്രിയേ! കരയരുതു്, പേടിക്കേണ്ടാ. ആധി വ്യാധിക്കുകാരണമാണു്. വിശേഷിച്ചും ഗർഭിണികൾ മനസ്താപിക്കാൻ പാടില്ല. അവരുടെ മനസ്സു് എല്ലായ്പോഴും ആഹ്ലാദഭരിതമായിരിക്കണം. അരുതരുതു്, കരയരുതു്."

ഈ അവസരത്തിൽ വിദ്യുൽപ്രഭന്റെ വലതുഭുജത്തിൽനിന്നും വസ്ത്രം നീങ്ങി, ആ ഭാഗം ശീലവതി കാണുന്നതിനിടയായി. 'അയ്യോ! ദൈവമേ!' എന്നു വിളിച്ചുംകൊണ്ടു ഭർത്താവിനെ പരിരംഭണം ചെയ്തു. നാട്ടുവാഴി പരിഭ്രമത്തോടുകൂടി തന്റെ ഭുജത്തിൽ നോക്കി. 'അയ്യോ ജഗദീശ! സ്വപ്നമല്ല. സ്വപ്നമല്ല' എന്നു പരിദേവനം ചെയ്തുകൊണ്ടു, അദ്ദേഹം ശീലവതിയെ പ്രത്യാലിംഗനം ചെയ്തു. നാട്ടുവാഴിയുടെ വലതുഭുജത്തിൽ, കറുപ്പു ചരടുകെട്ടിയതുപോലെ ഒരടയാളം രണ്ടുപേരും കണ്ടതാണു കാരണം. വാസ്തവത്തിൽ അതു ചരടല്ലായിരുന്നു ഒരിക്കലും മായാത്ത ഒരു കറുത്ത അടയാളമാണെന്നു സൂക്ഷിച്ചുനോക്കിയപ്പോൾ മനസ്സിലായി. സൂചികൊണ്ടു 'പച്ചകുത്തി'യാൽ ഉണ്ടാകുന്ന ഒരു തടിപ്പുമുണ്ടു്. ആ ഭാഗത്താണു തലേദിവസം രാത്രിയിൽ മേശയുടെ മുകളിൽ കിടത്തിയപ്പോൾവിദ്യുൽപ്രഭനുവേദനയുണ്ടായതു്. ആ കറുപ്പു പിന്നീടു് ഒരിക്കലും മാഞ്ഞിട്ടില്ല. ഞങ്ങൾ അതില്ലാതാക്കാൻ വളരെയൊക്കെ ശ്രമം ചെയ്തിട്ടുണ്ടു്. ഒന്നുകൊണ്ടും ഫലപ്പെട്ടിട്ടില്ല. അതു കാണുമ്പോഴെല്ലാം വെങ്കലപ്രതിമയുടെ ഓർമ്മ നാട്ടുവാഴിക്കുണ്ടാകും.

വിദ്യുൽപ്രഭനും ശീലവതിയും വളരെനേരം ദുഃഖിച്ചുകൊണ്ടിരുന്നു. അവർക്കു പരസ്പരം സാന്ത്വനപ്പെടുത്താൻ സാധിക്കാത്ത വണ്ണം സങ്കടം നേരിട്ടു. രണ്ടുപേരും മുഖത്തോടുമുഖം നോക്കി കണ്ണീരൊഴുക്കി; അങ്ങനെ പലനാഴിക കഴിഞ്ഞു. അനന്തരം രണ്ടുപേരും കുലഗുരുവായ ബ്രഹ്മാനന്ദസ്വാമികളുടെ സന്നിധിയിൽ ചെന്നു. ഗുരുവിനെ വന്ദിച്ചു സകലവൃത്താന്തങ്ങളും അറിയിച്ചു. സ്വാമികൾ അക്കഥ ആദ്യംമുതൽ അവസാനംവരെ ക്ഷമയോടുകൂടി കേട്ടു. അദ്ദേഹത്തിനും അതിയായ അന്തസ്താപംനേരിട്ടു. വാത്സല്യപൂർവം ശീലവതിയുടെ മുഖത്തു നോക്കിയതു് അശ്രുപൂർണ്ണമായ കണ്ണുകളെക്കൊണ്ടായിരുന്നു.

"സ്വാമിൻ! നിസ്സഹായരായ ഞങ്ങൾക്കു് അവിടുന്നാണു് ഒരാശ്രയം. ഈ ആപത്തിൽ ഞങ്ങളെ രക്ഷിക്കുവാൻ ആരുംതന്നെയില്ല. ആർക്കും അതിനുശക്തിയില്ല. ഇജ്ജനത്തിന്റെ നിത്യാരാധനാമൂർത്തിയായ അങ്ങുന്നാണു ഞങ്ങൾക്കു താങ്ങു്. നേരിടാനിരിക്കുന്ന ആപത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണം. അങ്ങയുടെ ഏതൊരു കല്പനയേയും ശിരസാവഹിക്കാൻ ഞങ്ങൾ കാത്തിരിക്കുന്നു. വൈകുലപ്രതിമയെസ്സംബന്ധിച്ച ഭയങ്കരസംഘംമൂലം നേരിടാനിരിക്കുന്ന അപകടത്തിൽനിന്നും ഞങ്ങൾക്കു മോചനമുണ്ടോ? അവിടുത്തെ അനുഗ്രഹമുണ്ടെങ്കിൽ മോചനമുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. കുലഗുരോ! കൃപയുണ്ടാകണേ! ഇതേ, എന്റെ ഈ ഭുജത്തെ വീക്ഷിച്ചാലും! ആ സംഘത്തിന്റെ ദുഷ്ടത ഇതുകൊണ്ടു വെളിപ്പെടുന്നില്ലേ?" എന്നിങ്ങനെ വിദ്യുൽപ്രഭൻ തൊഴുകൈയോടുകൂടി സഗദ്ഗദം സങ്കടം അറിയിച്ചു.

ബ്രഹ്മാനന്ദൻ ഒരു വലിയ പണ്ഡിതനും ഒരു മഹായോഗിയുമായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണം സംസ്കൃതബഹുലമായിരിക്കും. ശുദ്ധപാമരന്മാരോടുപോലും അദ്ദേഹം അപ്രകാരമേ സംസാരിക്കുകയുള്ളൂ. എന്നാൽ, മനഃപൂർവം അദ്ദേഹം അങ്ങനെ സംസാരിക്കുകയാണെന്നു തെറ്റിദ്ധരിക്കരുതു്. ആ ഭാഷയുമായി എപ്പോഴും സംസർഗ്ഗം ചെയ്യുന്നതുകൊണ്ടു്, മാതൃഭാഷയെക്കാൾ സ്വാധീനം സ്വാമികൾക്കു സംസ്കൃതഭാഷയാണു്. സംസാരിക്കാൻ ആ ഭാഷയിലേ അദ്ദേഹത്തിനു വാക്കുകൾ എളുപ്പത്തിൽ കിട്ടുകയുള്ളൂ. അതുകൊണ്ടു് അദ്ദേഹത്തിന്റെ സംഭാഷണത്തിൽ സംസ്കൃതപദങ്ങൾ സ്വാഭാവികമായി നിഗ്ഗളിച്ചുകൊണ്ടിരിക്കും. ബ്രഹ്മാനന്ദസ്വാമികൾ വിദ്യുൽപ്രഭനോടു ചോദിച്ചു:—"പ്രസ്തുത ലാഞ്ഛനം തത്സമാജത്തിന്റെ ശക്തിദൗഷ്ട്യങ്ങളുടെ സൂചനാചിഹ്നമായി എപ്രകാരം കരുതപ്പെടാം?"

വിദ്യുൽപ്രഭൻ:—സ്വാമിൻ! അക്കാര്യത്തിൽ സംശയിക്കാനൊന്നുമില്ല. ആ യന്ത്രവും പ്രതിമയും സ്ഥാപിച്ചിരിക്കുന്ന മുറികളുടെ അടുത്തുള്ള മുറിയിൽവച്ചു് അവർ എന്നെ ഈവിധത്തിൽ അടയാളപ്പെടുത്തി അയച്ചതു വേറെ എന്തൊരു ഉദ്ദേശത്തോടുകൂടിയായിരിക്കും? ഗുരോ! വീണ്ടും വീണ്ടും ആ സംഗതിയെക്കുറിച്ചു ചോദിക്കരുതെന്നു് അപേക്ഷയുണ്ടു്. ഭയങ്കരമായ ആ വിഷയത്തെപ്പറ്റി ഓർമ്മിക്കുന്തോറും എന്റെ മനസ്സിനെ വ്രണപ്പെടുത്തുകയായിരിക്കും ചെയ്യുന്നതു്.

ശീലവതി:—സ്വാമിൻ! അടയാളസംഗതിയെപ്പറ്റി സംസാരിക്കുമ്പോൾ, അതുസംബന്ധിച്ചുള്ള മർമ്മഭേദകമായ സംഭവങ്ങൾ ഓർക്കുന്നതിനു സംഗതിയാകുന്നതുകൊണ്ടാണു് അവിടുത്തെ പ്രിയശിഷ്യൻ അതിൽ വൈരസ്യം പ്രദർശിപ്പിക്കുന്നതു്. അവിടുത്തെ കൃപാകടാക്ഷത്താൽ നേരിടാനിരിക്കുന്ന ആപത്തിനെ നിവർത്തിക്കണമെന്നു പ്രാർത്ഥിക്കുന്നു.

ബ്രഹ്മാനന്ദൻ:—ഇപ്രപഞ്ചകടാഹം ദുഃഖമയമാണെന്നു മഹർഷീശ്വരന്മാർ പ്രവചിക്കുന്നു പ്രപഞ്ചപ്രതിഷ്ഠാപനമേ ദുഃഖസാധനത്തിലാണു്. അപ്രകാരമിരിക്കെ പൃഥിവിയെ അധിവസിക്കുന്ന ജീവകോടികൾ ദുഃഖത്തെ അനുഭവിക്കാതെ കഴിവില്ല. എന്നാൽ കൃത്രിമമായ ഒരു സുഖം ലോകത്തിൽ കാണപ്പെടുന്നുണ്ടു്. വിലക്ഷണവും നശ്വരവുമായ തത്സുഖാനുഭൂതിയും പുണ്യാത്മാക്കൾക്കുമാത്രമേ ലഭ്യമാകയുള്ളൂ. പുണ്യാത്മാക്കൾക്കുതന്നെയും സുഖംമാത്രം ലഭിക്കപ്പെടുകയില്ല. ദുഃഖവും ഇടകലർന്നു അനുഭവിക്കുതന്നെ വേണം. വത്സ! ഏതുത്തരം തവഹൃദയശാന്തിക്കു നിദാനമായി ഭവിപ്പൂതാക! തദീയാപത്തിനെ സർവ്വാന്തര്യാമിയായ ഭഗവാൻ ശ്രീനാരായണൻ പരിഹരിക്കട്ടെ! തദർത്ഥം നാം പ്രാർത്ഥിക്കാം. നമ്മുടെ പ്രാർത്ഥനയെ അദ്ദേഹം കൈക്കൊള്ളാതിരിക്കയില്ല. വത്സനും ഭഗവൽപ്രാർത്ഥന നടത്തുക! ശീലവതിയും അപ്രകാരം പ്രവർത്തിക്കട്ടെ! ഇപ്പോൾ ഈ മൂന്നു ശരീരവും ഇവിടെവച്ചുതന്നെ ഈശ്വരപ്രാർത്ഥന നടത്താമെന്നു നാം ഉദ്ദേശിക്കുന്നു.

അപ്രകാരം മൂന്നുപേരും ബ്രഹ്മാനന്ദസ്വാമികളുടെ ഇഷ്ടദേവതയെ ഭക്തിപൂർവ്വം സ്തോത്രം ചെയ്തു. അനന്തരം സ്വാമികൾ വിദ്യുൽപ്രഭനേയും ശീലവതിയേയും വാത്സല്യപൂർവ്വം അഭിസംബോധനംചെയ്തു് അരുളിയതാവിതു്:—നിങ്ങളെ ബാധിച്ചിരിക്കുന്ന ആപത്തു നാനാമുഖമായ മനഃപീഡകൾക്കും കഷ്ടനഷ്ടങ്ങൾക്കും കാരണമാണു്. തൽകാരണത്താൽ വിവിധമാർഗ്ഗങ്ങളിൽക്കൂടി പരി

ഹാരാനേപഷണം നടത്താതെ നാം അലസന്മാരായിരിക്കാൻ പാടില്ല. തീവ്രമായ യത്നത്താലല്ലാതെ പരിഹാരം ലഭിക്കപ്പെടുന്നതുമല്ല. പ്രഥമസന്താനത്തെ നിഗ്രഹസ്ഥാപിതവും പൈശാചികവുമായ ദുഷ്ടസംഘത്തിനു—പാപകർമ്മങ്ങളാൽ രൗരവനരകത്തിനു അവകാശികളായി ഭവിച്ചിരിക്കുന്ന ഘാതകന്മാരാൽ പ്രതിഷ്ഠാപിതവും രാക്ഷസീയവുമായ ദുസ്സമാജത്തിനു—സമർപ്പിക്കാൻ നിങ്ങളാം നിർബ്ബലരായി ഭവിച്ചിരിക്കുന്നു. അപ്രകാരം പ്രവർത്തിക്കുന്നുവെങ്കിൽ ഈ ലോകത്തിലെന്നല്ല, പരലോകത്തിലും നിങ്ങൾക്കു ഗതിയില്ല. പാപസംഘത്തെ അനുകരിച്ച മഹാപാപം ജന്മാന്തരങ്ങളിലും നിങ്ങളെ പിന്തുടരുകതന്നെചെയ്യും. എന്നാൽ ഉദയസേനനോടുചെയ്ത സത്യത്തെ ലംഘിക്കാമെന്നുവച്ചാൽ അതിനും നിവൃത്തിയില്ല. സത്യലംഘനം ബ്രഹ്മഹത്യയെക്കാൾ മഹാപാപമാണെന്നു ശ്രുതിയിൽ വിധിച്ചിരിക്കുന്നു. അതോ ഇരിക്കട്ടെ, ആ ദുഷ്ടൻ ഉദയസേനൻ അടങ്ങിയിരിക്കുമോ? അവൻ വിവിധമാർഗ്ഗേണ പീഡിപ്പിക്കും. കുലനാശവും അവനാൽ സംഭവിച്ചു എന്നു വന്നേക്കാം. വെങ്കലപ്രതിമയെ സംബന്ധിച്ച സമാജം നിസ്സാരമല്ല. കാശ്മീരത്തിന്റെ നാനാഭാഗങ്ങളിലും തത്സമാജശാഖകൾ പ്രവർത്തിച്ചുപോരുന്നുണ്ട്. തദ്ദുഷ്ടസംഘശക്തി നിസ്സീമമത്രേ. സന്യാസികളെന്നു പറഞ്ഞുനടക്കുന്ന ഒരുക്കൂട്ടം ദുഷ്ടന്മാരാണ് സംഘത്തിന്റെ നേതൃത്വംവഹിക്കുന്നതു്. സന്യാസിനികളെന്നപേരിൽ ചില ദുഷ്ടസ്ത്രീകളും അതിന്റെ ഭാരവാഹികളാണെന്നു നാം കേട്ടിട്ടുണ്ടു്. ഈ ദുഷ്ടസംഘത്താൽ രാഷ്ട്രത്തിനു നേരിട്ടുകൊണ്ടിരിക്കുന്ന പീഡകൾ സീമാതീതങ്ങളാകുന്നു. ഈ സ്ഥിതിയിൽ സത്യത്തെലംഘിക്കുന്നതിനോ, സമാജത്തെ എതിർക്കുന്നതിനോ വത്സനാൽ സാധ്യമല്ല. അതുകൊണ്ടു് നാം ഒരു മാർഗ്ഗം ഉപദേശിക്കാം. ശിശുവിനെ ഉഗ്രാംബയ്ക്കു സമർപ്പിക്കാമെന്നാണല്ലോ വത്സൻ ചെയ്തുകൊടുത്ത സത്യത്തിന്റെ താല്പര്യം. വത്സന്റെ പരദേവതയും നമ്മുടെ ഇഷ്ടദൈവതവും ഉഗ്രാംബയാണു്. ആ അംബയ്ക്കു് ശിശുവിനെ സമർപ്പിക്കുക! ദേവി അതിനെ രക്ഷിച്ചുകൊള്ളും. അരമനയിലെ പരദേവാലയത്തിൽത്തന്നെ ശിശുവളരട്ടെ ശിശു പുരുഷപ്രജയാണെങ്കിൽ ദേവാലയത്തിൽ മാലകെട്ടുക മുതലായവയാൽ ദേവിയെ സേവിച്ചു നിത്യബ്രഹ്മചാരിയായി ജീവിതം നയിക്കട്ടെ! സ്ത്രീപ്രജയാണെങ്കിൽ അടിച്ചുതളി, വെള്ളംകോരുക മുതലായകർമ്മങ്ങൾ നടത്തി നിത്യബ്രഹ്മചാരിണിയായി ദേവിയെ സേവിക്കട്ടെ! ഇപ്രകാരം സമ്മതിച്ചു്, ജനിക്കാനിരിക്കുന്ന ശിശുവിനെ ദേവിക്കു സമർപ്പിക്കാമെന്നു നമ്മുടെ സന്നിധിയിൽവച്ചു വത്സനും ശീലവതിയും നിഷ്കളങ്കമനസ്സോടുകൂടി സന്തോഷസമേതം ശപഥം ചെയ്യണം. അപ്ര

കാരം സമപ്പണം ചെയ്താൽ ഉടയസേനനിൽനിന്നു ശിശ്രുവിനെ ജഗദീശ്വരിയായ ഉഗ്രാദേവി രക്ഷിച്ചുകൊള്ളും ദേവിയെ ജയിക്കാനുള്ള ശക്തി ആ മാനുഷകീടത്തിനില്ല. അംബികയുടെ മുമ്പിൽ ആ ദുഷ്ടസമാജത്തിന്റെ ശക്തി എത്ര നിസ്സാരം? വത്സാ! നമ്മുടെ ഉപദേശാനുസരണം പ്രവർത്തിച്ചാൽ—ശിശ്രുവിനെ പരദേവതയ്ക്കു സമർപ്പിച്ചാൽ—സത്യലംഘനപാപം വത്സനെ ബാധിക്കുകയില്ല. എന്നാൽ സത്യലംഘനക്കുറ്റം ചുമത്തി ദുഷ്ടൻ ഉടയസേനൻ വത്സന്റെ നേർക്കു പടക്രട്ടിവന്നേക്കാം. അങ്ങനെ വന്നാൽ വത്സൻ പിൻവാങ്ങാൻ പാടില്ല. എന്നല്ല, അവന്റെ ആഗമനത്തെ പ്രതീക്ഷിച്ചു മൻക്രട്ടി യുദ്ധത്തിനു വേണ്ട ഒരുക്കങ്ങളോടുക്രടി തയാറായിരുന്നുകൊള്ളണം. വന്നാൽ ഉടൻ ശക്തിപൂർവം എതിർക്കണം. യുദ്ധത്തിൽ വത്സനു ജയംകിട്ടിയെങ്കിൽ നിങ്ങളും ധന്യരായ ദമ്പതികളുംതന്നെ. അഥവാ വിജയം ശത്രുപക്ഷത്തേയ്ക്കാണെങ്കിൽ നിങ്ങളും നിങ്ങളുടെ സകല സ്വത്തുക്കളോടുംക്രടി ഉഗ്രത്തെ കൈവിടേണ്ടിവരും. നിർഭാഗ്യവശാൽ അതിനിടയായാലും, ശിശ്രുവിനെ ദുഷ്ടസംഘത്തിനു വിട്ടുകൊടുത്ത പാപം ഏല്ക്കാതെ നരകത്തിനു അവകാശികളാകാതെ കഴിയാം.

സ്വാമികളുടെ ദിവ്യോപദേശത്തെ ആ യുവദമ്പതിമാർ ശിരസാവഹിച്ചു. സ്വാമികളും തന്റെ ഇഷ്ടദേവതയും നാട്ടുവാഴിയുടെ പരദൈവതവുമായ ഉഗ്രാംബയുടെ സന്നിധിയിൽവച്ചു് ആ രാജദമ്പതികളുടെ സത്യം വാങ്ങി അനുഗ്രഹിച്ചു. അതേസമയത്തു വെളിയിൽ ആരോ പരിഹാസസൂചകമായി പൊട്ടിച്ചിരിക്കുന്ന ശബ്ദംകേട്ട വിദ്യൽപ്രഭൻ കതകുതുറന്നു വെളിയിൽ നോക്കി, ആരെയും കണ്ടില്ല

ദമ്പതിമാർ കുലഗുരുവിനെ സാഷ്ടാംഗപ്രണാമംചെയ്തു പിടവാങ്ങി മടങ്ങിപ്പോന്നു. അനന്തരം നാട്ടുവാഴി ദ്വാരപാലകനെ വരുത്തി. അന്യർ ആരെങ്കിലും അരമനയിൽ കടന്നുവോയെന്നു് അന്വേഷിച്ചു. അരമണിക്രൂറിനുമുമ്പു് മുഖംമറച്ചു പാദത്തോളം എത്തുന്ന കറുത്ത നെടുംകുപ്പായം ധരിച്ച ഒരു മനുഷ്യൻ അത്യാവശ്യമായി നാട്ടുവാഴിയെ കാണണമെന്നു ആവശ്യപ്പെട്ടു അകത്തു പ്രവേശിച്ചുവെന്നും അല്പം മുമ്പു മടങ്ങിവന്നു വെളിയിൽ നിന്നിരുന്ന അയാളുടെ കുതിരയിൽ കയറി ഓടിച്ചുപോയി എന്നുംമറുപടി കിട്ടി. എന്നാൽ വന്നിരുന്ന മനുഷ്യൻ ആരാണെന്നു് അയ്ക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല ഒരുപക്ഷേ, ആഗതനായ മനുഷ്യൻ ഉടയസേനൻതന്നെ ആയിരിക്കുമോ എന്നും അങ്ങനെയാണെങ്കിൽ, കുലഗുരുവും താനുമായി നടത്തിയ സംഭാഷണം അയാൾ വെളിയിൽനിന്നു കേട്ടിരിക്കുമോ

എന്നും വിദ്യൽപ്രഭൻ സംശയിച്ചു. ദ്വാരപാലകനിൽനിന്നും കിട്ടിയ വിവരവും തന്റെ സംശയവും അദ്ദേഹം ശീലവതിയെയും കലഹരുവിനെയും അറിയിച്ചു. ഒരുപക്ഷേ, ഉദയസേനൻതന്നെയാണു വന്നിരുന്നതെങ്കിൽ തങ്ങളുടെ സംഭാഷണത്തെ അയാൾ കേട്ടിട്ടുണ്ടായിരിക്കണമെന്നും തൻമൂലം വല്ല അപകടവും നേരിട്ടേക്കാനിടയുണ്ടെന്നും അവർ മൂന്നുപേരും തീച്ചപ്പെടുത്തി അതിലേയ്ക്കു പരിഹാരം ചിന്തിച്ചു. "വരുന്നതെല്ലാം ഭഗവാൻ വരുത്തുന്നതായിരിക്കും. അതെല്ലാം സന്തോഷത്തോടുകൂടി അനുഭവിക്കയല്ലാതെ വൃഥാ മനസ്സിനെ വേദനപ്പിക്കേണ്ട ആവശ്യമില്ല" എന്നു സ്വാമികാര്യം അരുളിച്ചെയ്തു.

മാന്യരേ, ഇതേവരെ ഞാൻ പറഞ്ഞ സംഗതികാര്യം ഏതാണ്ടു ഇരുപതുകൊല്ലം മുൻപു് സംഭവിച്ചതാണു്. ഒടുവിൽ പറഞ്ഞ സംഭവം നടന്നു ഒരുകൊല്ലം കഴിഞ്ഞതിനുശേഷം വിദ്യൽപ്രഭനു ഒരു പുതിയ സേവകനെ കിട്ടി. അവൻ ഒരു യുവാവും സുന്ദരനുമായിരുന്നു അവനു നല്ല ധൈര്യവും ബുദ്ധിശക്തിയുമുണ്ടായിരുന്നു. ഒരു കമ്മ്യൂണിസ്റ്റനായിരുന്നു എന്നുപറയാം ഏതെങ്കിലും ഒന്നിൽ ഏർപ്പെട്ടാൽ അതിന്റെ അവസാനം അറിയാതെ പിന്മാറാത്ത ഒരു വിശിഷ്ടഗുണംകൂടി അവനുണ്ടായിരുന്നു. അവനു് അന്നു ഇരുപത്തിനാലു് അല്ലെങ്കിൽ ഇരുപത്തഞ്ചുവയസ്സു പ്രായംകാണും. അശോകനാഥനെന്നാണു് അവന്റെ പേരു്. അവൻ കേവലം നിർധനനായിരുന്നു; ആഹാരത്തിനു യാതൊരു മാർഗ്ഗവുമില്ലാതെയാണു് രാജസേവനത്തിനുവന്നതു്. താമസിക്കാൻ സ്വന്തമായിട്ടൊരു വീടുപോലുമുണ്ടായിരുന്നില്ല. തെണ്ടിത്തിരിയുന്ന ഒരു യാചകന്റെ വേഷത്തിലാണു് ആദ്യമായിട്ടു ഞാൻ അവനെ കണ്ടതു്. അവന്റെ ബന്ധുമിത്രങ്ങളെപ്പറ്റിയാകട്ടെ, അതിനുമുമ്പു് അവന്റെ കാലക്ഷേപമാർഗ്ഗം എന്തായിരുന്നു എന്നാകട്ടെ അറിവാൻ കഴിഞ്ഞതില്ല. അവനോടു ചോദിച്ചതിൽ അവന്റെ മാതാപിതാക്കന്മാരെയും ബന്ധുക്കളെയുംപറ്റി യാതൊരുവിവരവും തനിക്കു അറിഞ്ഞുകൂടെന്നാണു അവൻ പറഞ്ഞതു്. തനിക്കു അനേകം ശത്രുക്കാര്യം ഉള്ളതിനാൽ അവരുടെകൈയിൽഅകപ്പെടാതെ കഴിഞ്ഞുകൂടുകയാണെന്നും തന്നേക്കാര്യം അന്തസ്സും കുലീനത്വവുമുള്ള ഒരു ഉയർന്നകുടുംബത്തിൽ ഒരു സ്ത്രീയെ കാമിച്ചു എന്നൊരുകുറ്റംമാത്രമേ തന്റെ വയസ്സിനിടയിൽതാൻചെയ്തിട്ടുള്ളുവെന്നും അതുനിമിത്തമാണു ശത്രുക്കളുണ്ടായതെന്നും ആ യുവാവു പറഞ്ഞു. ഇത്രയുമല്ലാതെ അവനെപ്പറ്റി വേറേ കൂടുതൽവിവരങ്ങളും ഒന്നുംതന്നെ അറിയാൻ സാധിച്ചില്ല. യുദ്ധംചെയ്യുന്നതിലും വേട്ടയാടുന്നതിലും ഒരു പ്രത്യേകസാമർത്ഥ്യവും വാസനയുംഅവനുണ്ടായിരുന്നു എന്നുള്ളു, ആ വിഷയത്തിൽ

അവനോട്ട കിടപിടിക്കത്തക്ക യുവാക്കന്മാർ അന്ന ഉണ്ടായി രുന്നില്ലെന്നും പറയാം. എന്തോ കാരണത്താൽ അവൻ സദാ മനോദുഃഖം അനുഭവിക്കുന്നുണ്ടായിരുന്നു. എങ്കിലും അവനു മുഖപ്രസാദവും കൃത്യോത്സാഹവും അന്യാദൃശമായിട്ടുണ്ടായിരുന്ന എന്നു സമ്മതിക്കണം. അവന്റെ ആകൈപ്പാടെയുള്ള നട പടിയും സംസാരവും അവൻ ഒരിക്കൽ ഒരു സാമ്രാജ്യത്തെ അടക്കിഭരിക്കാനുള്ളവനാണെന്ന ശങ്കയെ ജനിപ്പിക്കത്ത ക്കവയായിരുന്നു. ഇവൻ അധികകാലം ഒരിടത്തും ഉറച്ചു നില്ക്കുകയില്ലെന്നും സ്വതന്ത്രനും സാഹ്രയശീലനുമായി കഴിയേണ്ട വനാണെന്നും ഞാൻ അവനെക്കണ്ടപ്പോൾത്തന്നെ ഊഹിച്ചു. എന്റെ ഊഹം അസ്ഥാനത്തിലായില്ല. ആ ചുണക്കുട്ടി ഇന്നു കാപിലകന്മാരുടെ നേതാവും കാശ്മീരത്തിലെ കിരീടമില്ലാത്ത ചക്ര വർത്തിയുമായി വിളങ്ങുന്നു. അന്നത്തെ അശോകനാഥനാമം ഇന്നു കാശ്മീരത്തെ വിറപ്പിക്കുന്നു! അത്രത്തോളം മതിപ്പും കീർത്തിയും ബലവും ധൈര്യവും സ്വാധീനശക്തിയും ആ പുരുഷകേസരിക്കു സിദ്ധിച്ചുകഴിഞ്ഞു.

വിദ്യൽപ്രഭനെ മൂന്നുനാലാവൃത്തി ഈ അശോകനാഥൻ വലിയ വലിയ പ്രാണാപായങ്ങളിൽനിന്നും രക്ഷിച്ചിട്ടുണ്ട്. അക്കാ ലത്തു് ഈ രാജദ്രോഹത്തിൽ അവനുണ്ടായിരുന്ന ബഹുമാനവും സ്വാധീനശക്തിയും മറെറാരാൾക്കും സിദ്ധിച്ചിരുന്നില്ല ഈ സംഗതി അങ്ങനെ നില്ക്കട്ടെ; നാടുവാഴിയുടെയും ശീലവതിയുടെയും ചരിത്രത്തെപ്പററി സംസാരിക്കാം. വിദ്യൽപ്രഭനു നേരിടാനിരി ക്കുന്ന അപകടത്തെ ഓർത്തു ദുഃഖിതനായ ബ്രഹ്മാനന്ദസ്വാമികൾ, സ്ഥലത്തു താമസിക്കാൻ മടിച്ചിട്ടായിരിക്കാം, കാശ്മീരത്തിന്റെ തലസ്ഥാനമായ ശ്രീപുരത്തേയ്ക്കു തിരിച്ചുപോയി. എന്നാൽ കാലവി ളംബം നേരിടുവിക്കാതെ എളുപ്പത്തിൽ യാത്രകഴിഞ്ഞു, മൂന്നാമത്തെ ആഴ്ചയിൽ മടങ്ങി എത്തി. യാത്രോദ്ദേശം എന്താണെന്നു ആരും അറിഞ്ഞുകൂടാ വിദ്യൽപ്രഭനെപ്പോലും തെറ്റിപ്പെടുത്തിയില്ല. വിദ്യൽപ്രഭൻ ചോദിച്ചതിനു യാത്രോദ്ദേശത്തെ വെളിപ്പെടുത്താ നുള്ള അവസരം അതല്ലെന്നും സന്ദർഭം നേരിടുമ്പോൾ വെളിപ്പെടു ത്തിക്കൊള്ളാമെന്നും അതേവരെ അതിനെപ്പററി ചോദിക്കരുതെന്നു മാണു് അദ്ദേഹം പറഞ്ഞ സമാധാനം. അതനുസരിച്ചു നാടു വാഴി പിന്നീടു ആ വിഷയത്തെക്കുറിച്ചു സംസാരിക്കുകയുണ്ടായില്ല. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. ശീലവതിക്കു പ്രസവകാലം അടുത്തു. ആ വിഷയത്തിൽമാത്രം അശ്രദ്ധനായിരുന്ന വിദ്യൽ പ്രഭൻ ഇതരവിഷയങ്ങളിൽ കേവലം ഔദാസീന്യം പ്രകടിപ്പിച്ചു. മാസം തികഞ്ഞു ശീലവതി ഒരു പെൺകുട്ടിയെ പ്രസവിച്ചു.

തൽസംബന്ധമായി ക്ഷേത്രങ്ങളിലേക്കും തോറും ഉത്സവങ്ങളും നടത്തിയും വീടുകൾതോറും ആഘോഷങ്ങളും നടത്തിയും ജനങ്ങളും തങ്ങൾക്കുള്ള സന്തോഷത്തെ പ്രകാശിപ്പിച്ചു. എന്നാൽ നാട്ടുവാഴിക്കു മാത്രം സന്താനലാഭത്തിൽ സന്തോഷം നേരിട്ടില്ല. "ഹാ! ജഗദീശ! എനിക്കു ഒരു ശിശുവിന്റെ പിതാവായിരിക്കാൻ ഭാഗ്യം ലഭിച്ചിട്ടും അതിൽ അല്പംപോലും സന്തോഷിക്കുന്നതിനു എനിക്കു സംഗതിയില്ലാതായല്ലോ വീണ്ടുവിചാരമില്ലാതെ ചെയ്തുപോയ ഒരു സത്യത്താൽ ശിശു ആമരണാന്തം ദേവാലയജീവിതം നയിക്കേണ്ടതായി നേരിട്ടുവല്ലോ. ഈ ശിശുവിനു സ്ത്രീസാധാരണമായ ലൗകികസുഖങ്ങളും അനുഭവിക്കാൻ ഭാഗ്യമില്ലാതെ പോയല്ലോ" എന്നിങ്ങനെ ബ്രഹ്മാനന്ദസന്നിധിയിൽ വിദ്യുൽപ്രഭൻ സ്വാന്തസ്സാപത്തെ വെളിപ്പെടുത്തി. അതുകേട്ടു സ്വാമികളും ഇപ്രകാരം അരുളിച്ചെയ്തു:—"വത്സാ! ഇങ്ങനെ ദുഃഖിക്കുന്നതു ശരിയല്ല. വിശേഷിച്ചും ഒരു നാട്ടുവാഴിക്കു ഇപ്രകാരം ദുഃഖിക്കാൻ പാടില്ല. ലൗകികബന്ധത്തെ വെറുക്കുന്നതിനും ഒഴിക്കുന്നതിനും ഈ ശിശുവിനു് നാമിടയാക്കണം. സംസാരബന്ധത്തെക്കാൾ ദുഃഖപ്രദമായ ബന്ധം മറെറാന്നുമില്ല. ശിശു പ്രായപൂർത്തിയാകുംമുമ്പു് നാം അതിനെ ദേവാലയകാര്യങ്ങളിൽ പ്രവർത്തിപ്പിച്ചുവന്നാൽ പ്രായപൂർത്തിയോടുകൂടി അനിത്യമായ ലോകസുഖങ്ങളിലും സംസാരജീവിതത്തിലും അതിനു ആസക്തിയുണ്ടാകാൻ കാരണമില്ല. അപ്രകാരം ഒരു സ്ത്രീക്കു ദേവാലയജീവിതം നയിക്കാൻ സംഗതിയായാൽ തദാത്മാവു് പരിശുദ്ധവും സച്ചിപ്രാപ്തിക്കു അഥവുമായി ഭവിക്കും. അതിനിടയാകുന്ന ജീവിതമോ, അതല്ല, ലോകമേനിത്യമെന്നും തൽസുഖംതന്നെ ശാശ്വതമെന്നും ധനം മാത്രമാണു് ജീവിതലക്ഷ്യമെന്നും തെറിദ്ധരിച്ചു അവയിൽ അടിഞ്ഞുകിടക്കുന്ന ലൗകികജീവിതമോ, ഏതാണു് ഉൽകൃഷ്ടം? വത്സാ! സ്വർഗ്ഗത്തിനു അധികാരിയാകുന്ന ആത്മീയജീവിതമാണു് പരമോൽകൃഷ്ടമെന്നു വിശ്വസിച്ചു സമാധാനപ്പെടുക."

വിദ്യുൽപ്രഭൻ:—ഗുരോ! എത്രതന്നെ മനസ്സിനു ധൈര്യം നൽകിയിട്ടും പുത്രവാഞ്ഛയുടെ അധീനമായ എന്റെ ഹൃദയം സമാധാനപ്പെടുന്നില്ല. മഹാത്മൻ! പൂർണ്ണചന്ദ്രനെപ്പോലെ വിലസുന്ന എന്റെ വത്സലപുത്രിയുടെ ദിവ്യമായ സൗന്ദര്യം തദീയനായ ഒരു പുരുഷനു പ്രയോജനകരമാകാതെ വ്യർത്ഥമാകുന്നതു ഞാൻ എങ്ങനെ സഹിക്കും?

സ്വാമികൾ:—വത്സാ! സർവ്വലോകഭരണകർത്രിയായ മഹാശക്തിയുടെ ഹൃദയപൂർവ്വം സമർപ്പിക്കപ്പെട്ട ശിശുവിനെ അധികരിച്ചു ഇപ്രകാരം ഖേദിക്കുന്നതു കേവലം മൗഢ്യമാണെന്നു

വിശ്വസിക്കുക. സമ്മതിക്കാൻ ഭാഗ്യംലഭിച്ചതിനെക്കുറിച്ചു ചാരിതാർത്ഥ്യപ്പെടുക.

വിഷ്ണുപ്രഭൻ:—മഹാത്മൻ! ദേവിക്കു സമ്മതിച്ചതിൽ എനിക്കു കണ്ഡിതമില്ല. ആലോചിക്കാതെ ഉദയസേനനോടു ചെയ്തുപോയ സത്യത്തെപ്പററിയേ എനിക്കു മനസ്താപമുള്ളൂ. ഉദയസേനന്റെ വെങ്കലപ്രതിമയേയും അതിനെസ്സംബന്ധിച്ച രഹസ്യസംഘത്തെയും ഉന്മൂലനം ചെയ്യാൽ എന്റെ ദുഃഖം ഒരു പ്രകാരത്തിൽ പരിഹരിക്കപ്പെടും; പകവീട്ടിയ കൃതാർത്ഥതയും എനിക്കു ലഭിക്കും

സ്വാമികൾ:—വത്സ! തവാഭിലാഷസിദ്ധിക്കു വരപ്രദായിനിയായ ദുർഗ്ഗാദേവി അനുഗ്രഹിക്കട്ടെ! ആ ദുഷ്ടനും തത്സംഘവും പ്രതിമയും നാമാവശേഷമാകുമെന്നു വിശ്വസിക്കുക. അതിലേയ്ക്കു വേണ്ട പ്രയത്നം നാം ചെയ്തുകഴിഞ്ഞു. അക്കാര്യത്തിൽ വത്സനു് അന്തസ്താപം വേണ്ട.

വിഷ്ണുപ്രഭൻ:—ഗുരോ! അതിനു നമുക്കു ശക്തിയുണ്ടോ? അവിടുന്നു എന്തൊരു പ്രയത്നമാണു ചെയ്തിട്ടുള്ളതെന്നു ഇജ്ജനം അറിയുന്നില്ല.

സ്വാമികൾ:—വത്സ! അന്നു ശ്രീപുരത്തുനിന്നും മടങ്ങിവന്നപ്പോൾ നമ്മുടെ യാത്രോദ്ദേശ്യം യഥാകാലം വെളിപ്പെടുത്താമെന്നു നാം ഉദ്ബോധിപ്പിച്ചുവല്ലോ. അക്കാലം ഇതുതന്നെ കേൾക്കുക. അന്നത്തെ നമ്മുടെ യാത്രോദ്ദേശ്യം, ഉദയസേനന്റെയും സമാജത്തിന്റെയും ഉന്മൂലനവിഷയമത്രെ. ശ്രീപുരത്തു എത്തിയഉടനെ രാജാവിനെ നേരിൽക്കാണാൻ വേണ്ട ഏർപ്പാടുചെയ്തു. അവ്വണ്ണം രാജദർശനം നമുക്കു സിദ്ധിച്ചു. അദ്ദേഹം സബഹുമാനം നമ്മെ സല്ക്കരിച്ചു യാത്രോദ്ദേശ്യത്തെക്കുറിച്ചു ചോദിച്ചു. വെങ്കലപ്രതിമയെയും തത്സമാജത്തെയും സംബന്ധിച്ച സകല വിവരങ്ങളും രാജാവിനെ ധരിപ്പിക്കുകയും ആ സംഘത്തെ വച്ചുപുലർത്തുന്നതു രാജ്യക്ഷേമത്തിനു ഹാനികരവും രാജാധികാരത്തിനു വിഘാതവുമാണെന്നും അതിനാൽ ഉടനടി അതിനെ നശിപ്പിക്കേണ്ടതു എത്രയും ആവശ്യകമാണെന്നും ഉദ്ബോധിപ്പിക്കുകയുംചെയ്തു. സംഘത്തിലെ പ്രവർത്തകന്മാർ ആരെല്ലാമാണെന്നും വെങ്കലപ്രതിമയും യന്ത്രവും സ്ഥാപിക്കപ്പെട്ടിരിക്കുന്നതു എവിടെയാണെന്നും രാജാവു ചോദിച്ചതിനു തൃപ്തികരമായ മറുപടിപറവാൻ സാധിച്ചില്ലെങ്കിലും, ഉദയസേനൻ തൻനേതാവാണെന്നും പ്രതിമാദിപ്രതിഷ്ഠ അയാളുടെ കൊട്ടാരത്തിന്റെ അടിയിലായിരിക്കാനിടയുണ്ടെന്നും ധരിപ്പിച്ചിട്ടുണ്ടു്. മാത്രമല്ല, വത്സനു്

ഉദയസേനൻമൂലം നേരിട്ടിരിക്കുന്ന ആപത്തിനെപ്പറ്റിയും നാം സവിസ്തരം പ്രസ്താവിച്ചു. എന്നാൽ വത്സന്റെ നാമത്തെ മറച്ചുവച്ചതല്ലാതെ നാം അതു ഒളിപ്പെടുത്തുകയുണ്ടായില്ല. ഉദയസേനൻ നേതാവായ സ്ഥിതിക്കു പ്രതിമാപ്രതിഷ്ഠയും മറവും കല്പകക്കോട്ടയിലെ കല്ലറയിലായിരിക്കണമെന്ന നമ്മുടെ അഭിപ്രായത്തോടു രാജാവു യോജിച്ചു.

വിദൂഷകൻ:—ഈയുള്ളവനും അപ്രകാരംതന്നെയാണു് ഊഹിച്ചിട്ടുള്ളതു്. ഞാൻ കണ്ട തുരങ്കവും മുറികളും കല്പകക്കോട്ടയുടെ അടിയിൽത്തന്നെ ആയിരിക്കണം

സ്വാമികൻ:—കാശ്മീരരാജൻ നമ്മുടെ ഉദ്ബോധനത്തെ സാദരം കൈക്കൊള്ളുകയും തൃപ്തികരമായ പ്രത്യുത്തരം നൽകുകയും ചെയ്തു. വത്സാ! ഈ സ്ഥലങ്ങളിലുള്ള മൂന്നുനാലു നാടുവാഴികൾ ഒന്നിച്ചുചേർന്നു പടക്കുട്ടി തയാറാകുന്നുമെന്നു് അഭിപ്രായപ്പെടുകയും ഉദയസേനനേയും സമാജപ്രവർത്തകന്മാരായി സംശയിക്കപ്പെടുന്ന സകല ആളുകളേയും ബന്ധനസ്ഥരാക്കുന്നതിനും കല്പകക്കോട്ടയെ പിടിച്ചടക്കി ശോധന നടത്തുന്നതിനുമായി അനേകായിരം ഭടന്മാരെ താൻ അയച്ചുതരാമെന്നു രാജാവു വാഗ്ദാനം ചെയ്കയും ചെയ്തിരിക്കുന്നു.

വിദൂഷകൻ:—അങ്ങനെയോ? ഹുരോ! എന്നാൽ നാം ഭാഗ്യവാന്മാരായി അവിടുത്തെ സംരംഭം തുലോം പ്രശംസനീയമായിരിക്കുന്നു. മഹാത്മൻ! ഈയുള്ളവന്റെ ശത്രുതനും വ്യാഘ്രദുർഗ്ഗത്തിലെ നാടുവാഴിയുമായ ചിത്രരഥൻ ഈ വിഷയത്തിൽ നമ്മോടു യോജിക്കും; അക്കാര്യത്തിൽ സംശയമില്ല.

സ്വാമികൻ:—ശരി; അടുത്തടിനത്തിൽ നാം ശ്രീപുരത്തേക്കു പുറപ്പെടുന്നുണ്ടു്. വത്സൻ നമ്മുടെ സൈന്യങ്ങളെയെല്ലാം യുദ്ധത്തിനു തയ്യാറാക്കിക്കൊൾകെ. ചിത്രരഥനെയും വിവരം തെര്യപ്പെടുത്തി സൈന്യത്തെ സജ്ജീകരിച്ചുകൊള്ളാൻ ശട്ടംകെട്ടുക. നാം കാശ്മീരരാജനെക്കണ്ടു സൈന്യത്തെ അയയ്ക്കാൻ ഏർപ്പാടുകൾ ചെയ്തുകൊള്ളാം. മൂന്നു സൈന്യങ്ങളും യോജിച്ചുചെന്നാൽ കല്പകക്കോട്ടയെ എളുപ്പത്തിൽ കൈവശപ്പെടുത്താനും ഉദയസേനനെ ബന്ധനസ്ഥനാക്കാനും സാധിക്കും. അതോടുകൂടി വെങ്കലപ്രതിമയേയും യന്ത്രങ്ങളേയും നശിപ്പിച്ചു സമാജത്തെ നാമാവശേഷമാക്കാം.

വിദൂഷകന്റെ സ്വകാര്യമുറിയിൽവച്ചാണു് ഈ രഹസ്യസംഭാഷണം നടന്നതു്. സംഭാഷണാനന്തരം സ്വാമികൻ തന്റെ മുറിയിൽ പോകാനായി പിൻഭാഗത്തുള്ള കതകുതുറന്നു വെളിയിലിറങ്ങി. അതേ അവസരത്തിൽ മുൻവശത്തുള്ള കതകു തുറന്നു് ഉദ

യസേനൻ വിദ്യൽപ്രഭന്റെ മുമ്പിലെത്തി. അപ്രതീക്ഷിതനായി പെട്ടെന്നു മുറിക്കുള്ളിൽ കടന്നുവന്ന കണ്ണുകളിൽ കോപാഗ്നി ജ്വലിപ്പിച്ചുകൊണ്ടു മുമ്പിൽ നിൽക്കുന്ന ഉദയസേനനെക്കണ്ടു വിദ്യൽപ്രഭൻ മസ്തിഷ്കത്തിനു മൂടുപടിടിപ്പിച്ചു് ഇടിവെട്ടിയ മരംപോലെ നിലകൊണ്ടു. "പ്രഭുവേ! ശരിയായ സമയത്തു നിങ്ങളുടെ കൊട്ടാരത്തിനുള്ളിൽ കടന്നുവരാൻ എനിക്കു ഭാഗ്യംസിദ്ധിച്ചു. എട്ടുമാസത്തിനുമുമ്പും ഇതേപ്രകാരത്തിൽ ഒരു ഭാഗ്യം ലഭിച്ചിട്ടുണ്ടു്"എന്നു പറഞ്ഞു് ഉദയസേനൻ, വിദ്യൽപ്രഭനെ ആപാദമസ്തകം കടുക്കെ നോക്കി.

വിദ്യൽപ്രഭൻ:—മറഞ്ഞുനിന്നു അന്യരുടെ സംഭാഷണത്തെ ശ്രവിക്കുന്നതു് അധമന്മാരുടെ സ്വഭാവമാണു്. ആ സ്വഭാവം നിങ്ങളെ ബാധിച്ചുകാണുന്നതു് എത്ര പോരായ്മയാണു്.

ഉദയസേ:—മതി, സംസാരംനിർത്തു. നിങ്ങളുടെയോ്യു അടുത്തുകിടക്കുന്നു എന്നോക്കുക. എന്റെ നടപടിയിൽ നിങ്ങൾ അധമത്വം കല്പിക്കുന്നു. എട്ടുമാസത്തിനുമുമ്പു് ഞാൻ നിങ്ങളെ ക്രൂട്ടിക്കൊണ്ടുചെന്ന വെങ്കലപ്രതിമയെയും യന്ത്രങ്ങളെയുംമറവും കാണിച്ചുതന്നു. അവിടെവച്ചു നടത്തപ്പെട്ടുന്ന ശിക്ഷയുടെ മാതിരിയും ഞാൻ നിങ്ങളെമനസ്സിലാക്കി. അതിനുശേഷമുള്ള ഗതി എന്തെന്നു അറിവാനായി അടുത്തദിവസം ഞാൻ ഈ കൊട്ടാരത്തിൽ വന്നിരുന്നു. അന്നു നിങ്ങൾ, ജനിക്കാനിരുന്ന ശിശുവിനെ ഭരദേവതയുടെ സമർപ്പിക്കാൻ ബ്രഹ്മാനന്ദൻ ഉപദേശിച്ചതും നിങ്ങൾ അപ്രകാരം ശപഥംചെയ്തതും ഞാൻ അറിഞ്ഞസംഭവങ്ങളാണു്. അയാൾ നിങ്ങളെ വഴിതെറ്റി ഉപദേശിച്ചതു് ഒരാശ്ചര്യമല്ല. അയാളുടെ നിന്ദ്യമായ ഉപദേശത്തെ നിങ്ങൾ അംഗീകരിച്ചതാണു ആശ്ചര്യം. അന്നു നിങ്ങൾ സംസാരിച്ച ഓരോ വാക്കുകളും ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ടു്. സംഭാഷണം അവസാനിച്ചതോടുകൂടി ഞാൻ പൊട്ടിച്ചിരിച്ചുംകൊണ്ടു മടങ്ങിപ്പോയി. അച്ചിരി നിങ്ങൾ കേട്ടിരിക്കണം. ഇന്നു രാവിലെ എന്നാൽ നിയുക്തന്മാരായ ചാരന്മാരിൽ ഒരാൾ, നിങ്ങളുടെ ഭാര്യ പ്രസവിച്ചസംഗതി എന്നെ അറിയിച്ചു. സ്ത്രീപ്രജയാണെന്നും അറിഞ്ഞു. നാം തമ്മിലുള്ള സത്യത്തെ പാലിക്കണമെന്നു് ഉദ്ബോധിപ്പിക്കാനായി ഞാൻ ഇങ്ങോട്ടു തിരിച്ചതാണു്. വന്നുകയറിയതു ശരിയായ സമയത്തായിരുന്നു. ബ്രഹ്മാനന്ദനും നിങ്ങളുമായി നടത്തിയ രഹസ്യസംഭാഷണം ആദ്യന്തം എനിക്കു കേൾക്കാനിടയായി. നിങ്ങളുടെ ദുരാലോചന എനിക്കു മനസ്സിലായി. പ്രഭുവേ! പവിഴസേനനോടു തോറ്റു് യുദ്ധക്കളത്തിൽ വീണു

കിടന്ന വിലപിച്ചു്, ആത്മഹത്യയ്ക്കുമ്പെട്ട നിങ്ങളെ മനഃപൂർവ്വം സഹായിച്ചു രക്ഷിക്കുകയും നിങ്ങളുടെ മാനത്തെയും കീർത്തിയെയും നിലനിർത്തുകയും ചെയ്ത ഈ എന്നോട് നിങ്ങൾ കാണിച്ച കൃതജ്ഞതയോ, നിങ്ങളുടെ സംഭാഷണത്തെ ഒളിച്ചുനിന്നു ശ്രവിച്ച എന്റെ പ്രവൃത്തിയോ ഗർഹണീയം. ഹാ! എത്ര നിന്ദ്യമായ മനഃസ്ഥിതി! നിങ്ങളാണോ ഒരു നാട്ടുവാഴി? ഞാൻ വിചാരിച്ചില്ലെങ്കിൽ ഈ ഉദ്യോഗം നിങ്ങൾ വീണ്ടും അവകാശിയായി ഭവിക്കുമായിരുന്നോ? ഈ കള്ളസ്സന്യാസിയുടെ കൂട്ടുപിടിക്കാനിടയാകുമായിരുന്നോ? പ്രിയവേ! ഒരു സംഗതിക്കൂടി ഞാൻ ചോദിക്കട്ടെ. ലോകത്തു നീതിനടക്കണമെന്നുള്ളതല്ല എന്റെ ആദർശമെങ്കിൽ, അന്നു ഞാൻ നിങ്ങളെ സഹായിക്കാതെ പവിഴസേനനോടു യുദ്ധംചെയ്തു് അയാളെ തോല്പിച്ചുംവച്ചു് ഈ കോട്ടയെ എനിക്കു കൈവശപ്പെടുത്താമായിരുന്നില്ലേ? അങ്ങനെ ചെയ്യാത്ത ധർമ്മബുദ്ധിക്കോ, അതല്ല, ജീവനെയും മാനത്തെയും കുടുംബത്തെയും ഉദ്യോഗത്തെയും വീണ്ടെടുത്തുതന്നതിനു പ്രത്യുപകാരമായി എന്നെ നശിപ്പിക്കാൻ രഹസ്യാലോചനനടത്തുന്ന നന്ദികേടിനോ അധമതരം കല്പിക്കേണ്ടതു്? ഹേ പ്രിയവേ! എന്നെ ഉപ്പിനെന്നും മറും പലയാവൃത്തി ആ കള്ളസ്സന്യാസി പറഞ്ഞതു നിങ്ങളുടെ മുമ്പിൽവച്ചല്ലേ? കൃതഘ്നനായ പ്രിയവേ! നിങ്ങൾ അതുകേട്ടു രസിക്കയല്ലേചെയ്തതു്? അതെന്തെങ്കിലുമാകട്ടെ; നിങ്ങളുടെ ആ കുലഗുരു നിങ്ങളുടെ ക്ഷേമത്തിൽ ജാഗരൂകനായിരുന്നു. നിങ്ങൾക്കു കൃത്യാകൃത്യോപദേശം നൽകി നിങ്ങളെ വ്യക്തിപൂർവ്വം സഹായിക്കുന്നവല്ലോ. നിങ്ങൾ അന്നു് യുദ്ധക്കളത്തിൽ കിടന്ന നിലവിളിക്കുമ്പോൾ ഇമ്മഹാൻ കാശിക്കുപോയിരുന്നോ? അതോ നിർവികല്പസമാധിയിൽ ലയിച്ചിരുന്നോ? നിങ്ങളെപ്പോലെ നാടുവാഴികളായിട്ടുള്ള മറ്റാളുകൾക്കും കുറച്ചിൽ നേരിടത്തക്കവണ്ണം, നിങ്ങൾ ഒരു കപടസ്സന്യാസിയുടെ കണ്ണ്ജപം വേടപ്രോക്തമാണെന്നു വിശ്വസിച്ചുപോരുന്നതു സ്വാശ്രയബുദ്ധിയില്ലാത്തതുകൊണ്ടാണു്. ഈ പ്രപഞ്ചകടാഹം അയാളുടെ ജടാഭാരത്തിനകത്താണെന്നു നിങ്ങൾ വിശ്വസിച്ചുകളഞ്ഞു. അതെന്തായാലും പ്രിയവേ! ഒരുസംഗതി ഓർമ്മയിരിക്കട്ടെ. ഈ പോക്കിരിവിചാരിച്ചാൽ എന്നോടൊന്നും നടത്താനില്ല. കാശ്മീരരാജാവിന്റെ സഹായത്തോടുകൂടി നിങ്ങളുടെ ഗർഹണീയമായ ഉദ്ദേശം സാധിക്കാമെന്നു നിങ്ങൾ മനപ്പായസം കുടിക്കണ്ടാ. കാശ്മീരസാമ്രാജ്യത്തെ ഭരിക്കുന്ന ആ ചക്രവർത്തിയെ എന്റെ സം

ഘംഭരിക്കുന്ന എന്നോമ്മയിരിക്കട്ടെ. അദ്ദേഹത്തിന്റെ മന്ത്രി മാർമുതൽ ഭടന്മാർവരെയുള്ള ഉദ്യോഗസ്ഥന്മാരിൽ ഭൂരിപക്ഷം, വെങ്കലപ്രതിമയെസ്സംബന്ധിച്ച സംഘത്തിലെ അംഗങ്ങളാണെന്നും നിങ്ങൾ ഓർക്കണം. എന്നാൽ ഈ വസ്തുത രാജാവിനാകട്ടെ, നാട്ടുകാർക്കാകട്ടെ അറിഞ്ഞുകൂടാ. രാജാവിന്റെ സഹായംകൊണ്ടും നിങ്ങളുടെ ഉദ്ദേശം സാധിക്കയില്ലെന്ന ഞാൻ പറഞ്ഞതിന്റെ പരമാർത്ഥം ഇപ്പോൾ നിങ്ങൾക്കു മനസ്സിലായിരിക്കുമല്ലോ. അയ്യായിരത്തിന്റെ കാര്യമിരിക്കട്ടെ, അൻപതുഭടന്മാരെ എന്റെ നേർക്കയയ്ക്കാൻ ചക്രവർത്തിക്കു സാധിക്കുകയില്ല.

വിദ്യുൽപ്രഭൻ വളരെനേരം യാതൊരു സമാധാനവും പറയാതെ—അഥവാ പറയാനില്ലാതെ—വിഷണ്ണനായി നിന്നു. ഒടുവിൽ ദയനീയമായ മുഖഭാവത്തോടുകൂടി ഉദയസേനന്റെ മുഖത്തു നോക്കി ഇപ്രകാരംപറഞ്ഞു:—"പ്രഭുവേ! നിങ്ങളെസ്സംബന്ധിച്ചിടത്തോളം ഞാൻ കാണിച്ചതു നന്ദികേടാണെന്നു സമ്മതിച്ചുകൊള്ളുന്നു. എന്നാൽ ഞാൻ മനഃപൂർവ്വം അങ്ങനെപ്രവർത്തിച്ചതല്ല. പുരുവാഞ്ഛ എന്നെ അതിലേയ്ക്കു പ്രേരിപ്പിച്ചതാണു്. ആ പ്രേരണയ്ക്കു ഞാൻമാത്രമല്ല, ലോകത്തിൽ ആരുംതന്നെ വശപ്പെട്ടുമെന്നു എന്റെസ്ഥാനത്തുനിന്നുകൊണ്ടു ചിന്തിച്ചാൽ നിങ്ങൾക്കു മനസ്സിലാകുമെന്നു ഞാൻ വിശ്വസിക്കുന്നു പ്രഭുവേ! തന്റെ സർവ്വസ്വവുംവിട്ടുകൊടുക്കേണ്ടിവന്നാലും ശിശുവിനെ കൊടുക്കാൻ ധൈര്യപ്പെടുന്ന മാതാപിതാക്കന്മാരുണ്ടോ? വിശേഷിച്ചും നമ്മേപ്പോലുള്ള നാടോടികൾക്കു് ആ മനഃസ്ഥിതിയുണ്ടാകുമോ? മാന്യരേ, നിങ്ങൾ എന്നെ ആപത്തുകാലത്തു സഹായിച്ചതു വാസ്തവമാണു്. നിങ്ങളുടെ സഹായമില്ലായിരുന്നുവെങ്കിൽ ഞാൻ രാജദ്രോഹത്തിൽനിന്നും ഉടനെ മുണ്ടോടെ വെളിക്കു പോകേണ്ടിവരുമായിരുന്നുവെന്നും എനിക്കറിയാം. ആ നന്ദി ആജീവനാന്തം എനിക്കു് ഉണ്ടായിരിക്കയും ചെയ്യും. പ്രഭുവേ! അന്നത്തെ ആ ആപത്തിൽനിന്നും രക്ഷിച്ചതാങ്കൾ ഇന്നത്തെ ഈ ആപത്തിൽനിന്നുകൂടി എന്നെ രക്ഷിക്കണേ! ഞാൻ അതിനു തക്കതായ പ്രതിഫലംതരാം. അന്നു നിങ്ങൾ വീണ്ടെടുത്തുതന്ന എന്റെ ഒറ്റുവും എന്റെ സകല സമ്പത്തും നിങ്ങൾക്കു തന്നേയ്ക്കാം എന്നെ, എന്റെ ശിശുവിനെയും ഭാര്യയെയുംകൊണ്ടു് ഇറങ്ങിപ്പോകാൻ അനുവദിച്ചാൽ മതി."

ഉദയസേനൻ:—പ്രഭുവേ! എനിക്കു നിങ്ങളുടെ വാക്കിൽ അനുകമ്പതോന്നുന്നു. സംഘത്തിന്റെ സർവ്വാധികാരം എനിക്കായിരുന്നുവെങ്കിൽ നിശ്ചയമായി ഞാൻ നിങ്ങളുടെ അപേക്ഷയെ കൈക്കൊള്ളുമായിരുന്നു. എന്നാൽ സർവ്വാധികാരം

എന്നെപ്പോലെ പലേ ആളുകൾചേർന്ന ഒരു കമ്മിറ്റി ക്കാകുന്നു. നിങ്ങളുടെ ഈ അപേക്ഷയെ കമ്മിറ്റി അംഗീ കരിക്കുകയില്ല. അതുകൊണ്ടു് എനിക്കു ഇതിനു അനുകൂല മായ മറുപടിപറവാൻ നിവൃത്തിയില്ല. നിങ്ങൾക്കുവേണ്ടി കമ്മിറ്റിയിൽ എന്തെങ്കിലും അനുകൂലാഭിപ്രായംപുറപ്പെടുവി ക്കാമെന്നുവച്ചാൽ അതിനും നിവൃത്തിയില്ലാതെയാണിരിക്കു ന്നതു്. ഞാൻ വല്ലതും നിങ്ങൾക്കു അനുകൂലമായി സംസാ രിച്ചുപോയാൽ സംഘത്തിനു എന്റെ പേരിൽ ബലമായ സംശയം ജനിക്കും. ഒരു വലുതായ രഹസ്യസംഘത്തിലെ ഒരംഗത്തിന്റെ പേരിൽ ആ സംഘത്തിനു എന്തെങ്കിലും ഒരു സംശയം ജനിച്ചാൽ ആ അംഗത്തിന്റെ പിന്നത്തെ അനു ഭവം എന്തായിരിക്കുമെന്നു ഞാൻ പറയാതെതന്നെ നിങ്ങൾക്കു് ഊഹിക്കാവുന്നതാണല്ലോ. നിങ്ങൾ എന്റെ വാക്കുകളെ വിശ്വസിക്കുക! ശിശ്രൂവിനെ സംഘത്തിൽ സമ പ്പിക്കാൻ നിങ്ങൾ മടിക്കണ്ട. നിങ്ങളുടെ ശിശ്രൂവിനെ ഈ കൊട്ടാരത്തിലേക്കാൾ വലിയ പദവിയിൽ ഞങ്ങൾ താമസി പ്പിച്ചുകൊള്ളാം. വിശേഷിച്ചും എന്റെ പ്രത്യേകശ്രദ്ധ ആ കുട്ടിയിൽ ഉണ്ടായിരിക്കുകയും ചെയ്യും നിങ്ങൾ ഭരമേ വതയ്ക്കു സമർപ്പിക്കാമെന്നു നിശ്ചയിച്ചുവല്ലോ; അങ്ങനെ സമർപ്പിക്കുന്നതായാൽ ആ ശിശ്രൂവിനു എന്തൊരു മനസ്സുഖ മാണുണ്ടാകുന്നതു്? പ്രായപൂർത്തിയായാൽ ലൗകികവിഷയങ്ങ ളിൽനിന്നും വേർപെട്ട നിത്യബ്രഹ്മചാരിത്വത്തെ അവ ലംബിച്ചു ജീവിക്കേണ്ടിവന്നാൽ അതിന്റെ മനോദുഃഖം എന്തായിരിക്കും? നേരേമറിച്ചു ഞങ്ങളുടെ സംഘത്തിൽ ചേർന്നാൽ യൗവ്വനാരംഭത്തോടുകൂടി നിങ്ങളെപ്പോലെ അന്തസ്സും ആഭിജാത്യവുമുള്ള ഒരു യുവാവിനു വിവാഹം ചെയ്തുകൊടുത്തു രണ്ടുപേരെയും സംഘത്തിന്റെ മേൽനോട്ട ത്തിൽ താമസിപ്പിക്കുന്നതാണു്; രണ്ടുപേരുടേയും ജീവിതം പരമാനന്ദമായിരിക്കും. നിങ്ങളുടെ കുലഗുരുവെന്ന ആ കപ ടസ്സന്ന്യാസി സംഘത്തെപ്പറ്റി നിങ്ങളെ തെറ്റിദ്ധരിപ്പിക്കു കയാണുചെയ്തതു്. സംഘം ഉമ്മാറ്റത്തിൽ ചരിക്കുന്നുപോലും! ശാന്തം! പാപം! സംഘത്തിന്റെ ഉദ്ദേശവും ആദർശവു മൊന്നും ആ കള്ളനു് അറിവാൻ കഴിയുന്നു! ലോകത്തിൽ ന്യായം നടക്കണമെന്നുള്ളതാണു് സംഘത്തിന്റെ പരമോ ദ്ദേശം. ആ ഉദ്ദേശസാദ്ധ്യത്തിനുതക്ക ശക്തി സംഘത്തിനു ലഭിക്കേണ്ടതിലേയ്ക്കു, ഞങ്ങൾചെയ്യുന്ന ശ്രമങ്ങളിൽ ചിലതു ലോകരുടെ ദൃഷ്ടിയിൽ തെറ്റിദ്ധാരണകളെ മുളപ്പിച്ചേയ്ക്കാം.

അതു ഞങ്ങൾക്കും അറിവുള്ള സംഗതിയാണു്. പക്ഷേ, ഞങ്ങൾ നിർബലന്മാരായി ഭവിച്ചിരിക്കുന്നതിനാൽ ആ നയത്തെ മാറാൻ നിവൃത്തിയില്ല. നിർധനന്മാരും തെണ്ടിത്തിരിഞ്ഞുനടക്കുന്ന അഗതികളുമല്ല ഞങ്ങളുടെ സംഘാംഗങ്ങൾ. വലിയവലിയ പ്രഭുകുടുംബങ്ങളിലുൾപ്പെട്ട ആഭിജാത്യവും അന്തസ്സുമുള്ള സ്ത്രീപുരുഷന്മാരാണു് സംഘത്തിൽ ചേർന്നിട്ടുള്ള സകല ആളുകളും. അത്തരക്കാരെ കൊണ്ടുവേണം ഞങ്ങൾക്കു് അഭിവൃദ്ധിയുണ്ടാകാൻ പ്രഭോ! നിങ്ങളെപ്പോലുള്ള യോഗ്യന്മാരുടെ സഹഭാവമല്ലാതെ ധന സഹായം ഞങ്ങൾക്കു് ആവശ്യമില്ലാ. ഞങ്ങളുടെ സംഘത്തിനുള്ള ധനശക്തി അന്യാദൃശമാണു്. ഇന്നു ഞങ്ങൾ വിചാരിച്ചാൽ കാശ്മീരത്തിലെ ഓരോ ഇടപ്രഭുക്കന്മാരേയും ജയിച്ചു അവരുടെ സ്വത്തുക്കളെല്ലാം കരസ്ഥപ്പെടുത്തി, ഒടുവിൽ കാശ്മീരത്തെത്തന്നെയും സ്വാധീനത്തിലാക്കാൻ കഴിയും. എന്നാൽ ഞങ്ങൾക്കു് ആ ഉദ്ദേശമില്ല. നാട്ടിൽ ധനികന്മാരും പ്രഭുക്കന്മാരും വർദ്ധിക്കണമെന്നും അവരെ അഭിവൃദ്ധിയിൽ കൊണ്ടുവരാൻ ശ്രമിക്കണമെന്നും അവരുടെ സഖ്യത്തെ സമ്പാദിക്കണമെന്നും അതുവഴി ഞങ്ങളുടെ സംഘത്തിന്റെ ശക്തിയെ വർദ്ധിപ്പിച്ചു ഞങ്ങൾക്കു് പരസ്യമായി ദൈവനീതി ലോകത്തിൽ നടക്കത്തക്കവണ്ണം പ്രവർത്തിച്ചുതുടങ്ങണമെന്നും മാത്രമാണു് ഞങ്ങളുടെ ഉദ്ദേശം

വിദ്യൽപ്രഭൻ:—പ്രഭുവേ! നിങ്ങളുടെ പ്രസംഗംകേട്ടിടത്തോളം സംഘത്തിന്റെ ഉദ്ദേശം പാവനവും സാന്മാർഗ്ഗികവുമാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്നിരുന്നാലും ആദ്യമായി എനിക്കു ദൈവം നല്കിയ അന്തരാത്മാവിനെ സംഘത്തിനു സമർപ്പിക്കാൻ ഒരുപ്രകാരത്തിലും എന്റെ മനസ്സു സമ്മതിക്കുന്നില്ല. അതിലേയ്ക്കു താങ്കൾതന്നെ ഏതെങ്കിലുംപ്രകാരത്തിൽ എന്നെ സഹായിച്ചേ മതിയാവുകയുള്ളൂ.

ഉദയസേനൻ:—പ്രഭുവേ! എനിക്കതിനു കഴിവില്ല. നിങ്ങൾ സത്യത്തെ പാലിക്കാൻ സന്നദ്ധനാവുക. അല്ലെങ്കിൽ അപകടമുണ്ടു്. സംഘത്തിന്റെ ശക്തി നിങ്ങൾക്കു് നേരിൽ അനുഭവപ്പെട്ടിട്ടുണ്ടല്ലോ. പോരെങ്കിൽ ചില നിമിഷങ്ങൾക്കുശേഷം ഒന്നുകൂടി അനുഭവപ്പെട്ടാം. അതുകൊണ്ടും നിങ്ങൾ അനുസരിച്ചില്ലെങ്കിൽ പ്രസിദ്ധമായ "അംഗനാചുംബനം" നിങ്ങൾ അനുഭവിക്കേണ്ടിവരും. ഇത്രമാത്രമേ സ്നേഹബുദ്ധ്യാ തൽക്കാലം എനിക്കു് ഉദ്ബോധിപ്പിക്കേണ്ടതായിട്ടുള്ളൂ.

ഉദയസേനൻ പെട്ടെന്നു വെളിയിലിറങ്ങിപ്പോന്നു. വിദ്യൽപ്രഭൻ ഇതികർത്തവ്യതാമൂഢനായി അവിടെത്തന്നെ നിന്നു. ചില നിമിഷങ്ങൾ കഴിഞ്ഞു. കുലഗുരുവിനെക്കണ്ടു ഉദയസേനന്റെ ആഗമനവൃത്താന്തം തെര്യപ്പെടുത്താനായി അദ്ദേഹത്തിന്റെ മുറിയിലേയ്ക്കുപോയി. മുറിയുടെ വാതിൽ അടച്ചിരുന്നു. അകത്തു തഴതിട്ടിട്ടുണ്ടായിരുന്നു. നാട്ടുവാഴി സ്വാമികളെ വിളിച്ചു; വിളി കേൾക്കുന്നില്ല. വീണ്ടും വീണ്ടും വിളിച്ചു, ഫലമില്ല. കതകിനു തട്ടി വിളിച്ചു; ഫലം മേല്പടിതന്നെ. ആഞ്ഞൊരു ചവിട്ടുകൊടുത്തു; തഴതിളകി കതകു തുറക്കപ്പെട്ടു. അകത്തു കാല്യുന്നിയ വിദ്യൽപ്രഭൻ പെട്ടെന്നു കാൽ പിന്നോക്കം വലിച്ചു. കൊല്ലപ്പെട്ടുകിടക്കുന്ന കുലഗുരു ബ്രഹ്മാനന്ദസ്വാമികളെക്കണ്ടു പിന്നെയും പിന്നെയും ഞെട്ടി.

"പോരെങ്കിൽ ചില നിമിഷങ്ങൾക്കുശേഷം ഒന്നുകൂടി അനുഭവപ്പെട്ടും" എന്ന ഉദയസേനന്റെ ഉദ്ബോധനത്തെ വിദ്യൽപ്രഭൻ ഓർത്തു. സ്വാമികളുടെ മരണം ഉദയസേനന്റെ ലീലാവിലാസമാണെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി; അതോടുകൂടി മറ്റും പല ചിന്തകൾ അദ്ദേഹത്തിന്റെ സ്മൃതിപഥത്തെ ആരോഹണംചെയ്തു. അനന്തരകരണീയത്തെക്കുറിച്ചു ചിന്തിക്കാൻ അദ്ദേഹത്തിനു കഴിവില്ലാതായി. വളരെനേരത്തേയ്ക്കു് അദ്ദേഹം തന്നെത്താൻമറന്നു അങ്ങനെനിന്നു. ഒടുവിൽ ഒരുപ്രകാരത്തിൽ മനസ്സിനെ സ്വാധീനപ്പെടുത്തി. ഈ നിമിഷത്തിൽത്തന്നെ ഈ സംഗതി പരസ്യപ്പെടുത്തി ഉദയസേനന്റെ പൈശാചികമായ കഠിനാപരാധത്തിനു ശിക്ഷ നൽകാനായി ഇപ്പോൾത്തന്നെ സൈന്യസമേതം പുറപ്പെടണമെന്നു തീർച്ചപ്പെടുത്തി.

അടുത്ത ക്ഷണത്തിൽ ആ നിശ്ചയത്തിനു വികലത്വം സംഭവിച്ചു. ഉദയസേനനോടു യുദ്ധത്തിനുപുറപ്പെട്ടാൽ, തന്നെസ്സംബന്ധിച്ച രഹസ്യത്തെ അയാൾ വെളിപ്പെടുത്തും. പരമയോഗ്യനായ ബ്രഹ്മാനന്ദസ്വാമികളെ ഉദയസേനൻ നിഗ്രഹിക്കാനുണ്ടായകാരണം ജനങ്ങൾ അന്വേഷിക്കാതിരിക്കയില്ല. അങ്ങനെ വരുമ്പോൾ തന്റെ പ്രഥമസന്താനത്തെ രഹസ്യസംഘത്തിനു സമർപ്പിക്കാമെന്നു താൻ ചെയ്ത ശപഥം പരസ്യമാകും. രഹസ്യസംഘത്തോടു സഹഭാവംകാട്ടിയ തന്റെ അപരാധത്തെ മറച്ചുവയ്ക്കാൻ സാധിക്കുകയില്ലെന്നുവരും. മാത്രമല്ല ഈ സംഭവത്തെക്കുറിച്ചു കേൾക്കുമ്പോൾ ശിലവതിക്കുവല്ലതായ ഭയംനേരിടും. സ്വാമികൾ നിയുക്തനായ വൃത്താന്തം ആ മൂഢലമനസ്സിനെ വിഷാദാകുലയാക്കിച്ചെയ്യും സ്വാമിതിരുവടികളെ പ്രത്യക്ഷദൈവതമായി വിശ്വസിച്ചുപോരുന്ന ആ സാധ്വി തന്റെ അരുമസന്താനത്തിന്റെയും പ്രിയഭർത്താ

വിൻെറയും രക്ഷയുടെ ഏകാവലംബമായി കരുതിയിട്ടുള്ളതും തൽപാദങ്ങളെയാണ്. ഇക്കാരണങ്ങളാൽ യുദ്ധപ്പുറപ്പാട് വേണ്ടെന്നുവച്ചു. എന്നാൽ സ്വാമികളുടെ മൃതശരീരത്തെ അടക്കംചെയ്യണമല്ലോ. അതിനെന്തുചെയ്യും? രഹസ്യമായി നിർവഹിക്കേണ്ട ഒരു സംഗതിയാണത്. കൊട്ടാരത്തിലെ ഭൃത്യന്മാരിൽ ഒന്നോരണ്ടോ വിശ്വസ്തന്മാരെക്കൊണ്ടു മാത്രമേ നിർവഹിപ്പിക്കാൻ വിദ്യൽപ്രഭനു ധൈര്യമില്ല. 'അരമനരഹസ്യം അങ്ങാടിയിൽ പരസ്യം' എന്നാണല്ലൊ ചൊല്ല തന്നെ. ഭൃത്യന്മാർ വിശ്വസ്തന്മാരാണെങ്കിലും അവർ, അവരുടെ വിശ്വസ്തന്മാരെ വിവരം തെര്യപ്പെടുത്തും ആ വിശ്വസ്തന്മാർ, അവരുടെ വിശ്വസ്തന്മാരെയും ധരിപ്പിച്ചേക്കാം. ഇപ്രകാരം കണ്ണാകണ്ണികയാ സംഗതി നാടൊട്ടുക്കു പരക്കും. മഹാത്മാവായ സ്വാമികളുടെ പെട്ടെന്നുണ്ടായ മരണത്തിനു ഹേതുവെന്തെന്നു ജനങ്ങൾ ചോദിച്ചുതുടങ്ങും അപ്പോൾ പരമാർത്ഥം പറയാതിരിപ്പാൻ നിവൃത്തിയില്ല പറഞ്ഞില്ലെങ്കിൽ, കൊലക്കുറ്റം നാട്ടുവാഴിയിൽ ആരോപിക്കപ്പെടും കാശ്മീരം ആ മാതൃയിൽ ഒന്നിളകിമറിയും. അങ്ങിനെവന്നാൽ സിംഹാസനത്തിനെന്നല്ല, ജീവനുതന്നെയും നഷ്ടം സംഭവിക്കും. എല്ലാംകൊണ്ടും വിദ്യൽപ്രഭൻ വട്ടത്തിലായി. അല്പനേരം ചിന്താമഗ്നനായി നിന്നു. ഒടുവിൽ മനസ്സു് ഒരു തീർച്ചയിലെത്തിയ ചാരിതാർത്ഥ്യത്തോടെ കതകു് അടച്ചുപൂട്ടിക്കൊണ്ടു മടങ്ങിപ്പോന്നു. അന്തഃപുരത്തിൽ കടന്നു തൻെറ വാത്സല്യഭാജനമായ ശിശുവിനെ ഒന്നു കയ്യിലെടുക്കണമെന്നുള്ള ആഗ്രഹം അദ്ദേഹത്തെ ബാധിച്ചുവെങ്കിലും തൻെറ ഹൃദയവികാരങ്ങളാൽ ഏതെങ്കിലുംപ്രകാരത്തിൽ ശീലവതിക്കു സംശയം ജനിച്ചാൽ കാര്യം അപകടത്തിലാകുമെന്നു കരുതി നേരേ ശയനമുറിയിലേയ്ക്കാണു പോയതു്. ശീലവതി പെട്ടെന്നുവന്നു് അകത്തു പ്രവേശിക്കരുതെന്നുള്ള കരുതലോടുകൂടി കതകടച്ചു തഴുതിട്ടുകൊണ്ടു കട്ടിലിൽ കയറിക്കിടന്നു.

നാഴിക പലതുകഴിഞ്ഞു, സർവ്വത്ര ക്ഷീരുട്ടു്; എവിടെയും ഭയങ്കരമായ നിശ്ശബ്ദത. സമയം അർദ്ധരാത്രിയോടു് അടുത്തിരിക്കും. വിദ്യൽപ്രഭൻ തല്പത്തിൽനിന്നും സാവധാനം എഴുന്നേറ്റു, ബ്രഹ്മാനന്ദൻെറ മൃതശരീരം കിടക്കുന്നമുറിയിലേയ്ക്കു കാൽപ്പെരുമാറ്റം കേൾക്കാത്തവിധത്തിൽ സമന്ദം നടന്നു മുറിയിൽക്കടന്നു പ്രേതത്തെ ഒരു ചാക്കിലാക്കി വരിഞ്ഞുകെട്ടി കായബലമുള്ള ആ നാട്ടുവാഴി ചാക്കുകെട്ടെടുത്തു ചുമലിൽ വഹിച്ചുംകൊണ്ടു്, കൊട്ടാരത്തിൻെറ പിൻഭാഗത്തുള്ള തോട്ടത്തിലേയ്ക്കു നടന്നു. പ്രേതത്തെ കുഴിച്ചിടാമെന്നാണു് ഉദ്ദേശം. കുഴിവെട്ടുന്നതിനു് നിശ്ചയിച്ചസ്ഥലത്തു ചെന്നപ്പോൾ ഉദ്ദേശംതെറ്റി. വെട്ടുന്ന ശബ്ദംകേട്ടു വല്ലവരും ഉണ

ന്നാൽ കായ്യം തകരാറാകുമെന്ന സംശയിച്ചു. മതിൽക്കെട്ടിനു വെളിയിൽ ഒരു നദി പ്രവഹിക്കുന്നുണ്ടു്. ആ നദിയിൽ വലിച്ചെറിഞ്ഞാൽ ഉപദ്രവമില്ലെന്നുകരുതി നദീതീരത്തിൽച്ചെന്ന ചാക്കുകെട്ടു വെള്ളത്തിനുമീതേ പൊന്താതെ അടിയിൽ താണുകിടക്കാനായി അതു താഴെയിറക്കി നാലഞ്ചു വലിയ പാറക്കഷണങ്ങളും എടുത്തു ചാക്കിനകത്തിട്ടു കെട്ടി. ചാരിതാർത്ഥ്യത്തോടുകൂടി ചാക്കുകെട്ടു രണ്ടുകൈകൊണ്ടും താങ്ങിയെടുത്തു വെള്ളത്തിലെറിയാനായി വീശിയതും ഒരു ബലിഷ്ഠമായ കരം ചാക്കുകെട്ടിൽ കടന്നുപിടിച്ചതും ഒന്നിച്ചുകഴിഞ്ഞു; പരിഭ്രമത്തോടുകൂടി കെട്ടു താഴത്തിട്ടു.

വൃക്ഷങ്ങളുടെ മറവിൽനിന്നും പെട്ടെന്നു് ആവിർഭവിച്ചു് തന്റെ ഗ്രഥമായ പ്രവൃത്തിയെ നിരോധിച്ച സത്വത്തെ—അഥവാ ആ മനുഷ്യനെ—നാടുവാഴി ഭയം ഉറവുനോക്കി. പ്രഭോ! അവിടുത്തെ ഈ പഴയ ദാസനെ അറിയുന്നില്ലേ? എന്നു് ആഗതനായ മനുഷ്യൻ ചോദിച്ചശബ്ദം അദ്ദേഹത്തെ പൂർവ്വാധികം ഭീതനും ആശ്ചര്യപരതന്ത്രനുമാക്കിച്ചെയ്തു. തന്നാൽ നാടുകടത്തപ്പെട്ട പ്രഥമമന്ത്രിയുടെ—ലക്ഷ്മണസിംഗിന്റെ അപ്രതീക്ഷിതവും ഉദ്വേഗജനകവുമായ ആവിർഭാവമുണ്ടോ വിദ്യുൽപ്രഭൻ സ്വപ്നേപി കരുതിയിരുന്നു? സാശ്ചര്യം തന്നെ തുറിച്ചുനോക്കിക്കൊണ്ടു് നില്ക്കുന്നതുകണ്ടു്, 'പ്രഭോ! എന്താണാശ്ചര്യപ്പെടാൻ? ഇതു് ഈ ദാസന്റെ ഭാഗ്യം! അല്ലാതൊന്നുമില്ല' എന്നു സിംഹൻ പറഞ്ഞു.

'എന്തുപറഞ്ഞു?' എന്നു ഗർജ്ജിച്ചുകൊണ്ടു നാടുവാഴി ഒരടി മുമ്പോട്ടുവച്ചിട്ടു് 'എന്തിനായിട്ടു ചാക്കിൽ പിടിച്ചു?' എന്നു സകോപം വീണ്ടും ചോദിച്ചു.

സിംഹൻ:—പ്രഭോ! കോപം അടക്കണം. ഞാൻ അളറിയാതെ അവിടുത്തെ പ്രവൃത്തിയെ നിരോധിച്ചതാണു്. അന്യന്മാർ ആരോ ആണെന്നാണു് ഞാൻ കരുതിയതു്. അങ്ങിനെയാണെങ്കിൽ ഈ പ്രവൃത്തിയെ തടയേണ്ടതു് അവിടത്തെ ഉപ്പും ചോറും അനുഭവിച്ച ഇജ്ജനത്തിന്റെ കടമയാണല്ലോ.

നാടുവാഴി:—ശരി, പൊയ്ക്കാൾക. ഇനി ഈ നാട്ടിൽ കാണരുതു്.

സിംഹൻ:—പ്രഭോ! അങ്ങനെയല്ല. നാം രണ്ടുപേരും ദൈവഗത്യാ ഈ അസമയത്തു് ഇവിടെവച്ചു പരസ്പരം സന്ദർശിക്കാനിടയായി. ആ സ്ഥിതിക്കു പെട്ടെന്നു പിരിഞ്ഞുപോകാൻ പാടില്ല.

നാടുവാഴി:—താൻ പറയുന്ന വാക്കുകളുടെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

സിംഹൻ:—എന്നാൽ വെളിപ്പെടുത്തിപ്പറയാം. പ്രഭോ! നിർഭാഗ്യവശാൽ ഞാൻ എന്തിനും മടിക്കേണ്ടാത്ത നിലയിലെത്തിയി

രിക്കുന്നു. എനിക്കു പാക്കാൻ വീടില്ല; ഉടുക്കാൻ മുണ്ടില്ല; ഉണ്ണാൻ ചോറില്ല. ഈ നിലയിൽ എനിക്കു് ഏതൊരു പ്രവൃത്തിക്കാണു് ധൈര്യപ്പെട്ടുകൂടാത്തതു്? എന്തുതന്നെ പ്രവർത്തിച്ചാലും അതെന്റെ നിലയുടെ യോജിച്ചതല്ലെന്നു വരികയില്ല. ഏതൊരു പ്രവൃത്തിയും എന്നെ ഇതിൽനിന്നും താഴ്ത്താനില്ല.

നാടുവാഴി:—അതുകൊണ്ടു്?

സിംഹു:—എന്നെ സഹായിക്കണം.

നാടുവാഴി:—ശരി; രഹസ്യമായി കുറേ പണംതന്നു സഹായിക്കാം. എന്നാൽ ഈ നിമിഷത്തിൽത്തന്നെ താൻ ഇവിടുന്നു പോയ്ക്കൊള്ളണം. ഇനിമേൽ ഈ നാട്ടിൽ കാൽകുത്തുകയുമരുതു്.

സിംഹു:—പ്രഭോ! ഇവിടത്തെ പണം ചില ദിവസങ്ങൾ, അല്ലെങ്കിൽ ചില മാസങ്ങൾ എന്നേ സഹായിച്ചെന്നുവരാം. പിന്നെയും എന്റെ സ്ഥിതി ഇതുതന്നെയായിരിക്കും. അതിനു എനിക്കു് ഇഷ്ടമില്ല. ഈ കരാറിനു ഞാൻ അനുകൂലിക്കുകയില്ല

നാടുവാഴി:—(കോപിഷ്ടനായി) എന്തുപറഞ്ഞു? കരാറോ? എന്നോടോ നീ ഇതു ധിക്കാരമായി സംസാരിക്കുന്നതു്? നല്ല ഓമ്മയിരിക്കട്ടെ! ഇനി ഒരിക്കൽക്കൂടി ഇങ്ങനെ സംസാരിച്ചാൽ നീ എന്റെ അരവാളിനു് ഇരയാകും

സിംഹു:—പ്രഭോ! നാടുവാഴിയായ അങ്ങേയുടെ സ്വർണ്ണംകെട്ടിയ ഖഡ്ഗമുണ്ടെങ്കിൽ അരക്കാശിനു ഗതിയില്ലാത്ത ഈ ഒരിരുമ്പു് ഇരിമ്പുകെട്ടിയ ഒരു വാളുണ്ടു്. കാഴ്ചയുടെ ഭംഗിയും വിലക്കൂടുതലും അങ്ങയുടെ ഖഡ്ഗത്തിനുണ്ടെങ്കിലും മൂർച്ച രണ്ടിനും തുല്യമായിരിക്കും. അങ്ങയുടേതു് കൈയിലെടുക്കണം, എന്റേതെടുത്തുകഴിഞ്ഞു.

നാടുവാഴി:—(പൂർവ്വാധികം കോപത്തോടും നൈരാശ്യത്തോടും കൂടി) ഉഷ്ടാ! മറെറന്താണു് നിനക്കു് ആവശ്യം? അതു കേൾക്കട്ടെ.

സിംഹു:—പ്രഭോ, ഞാൻ പറയുന്നതു ക്ഷമയോടുകൂടി കേൾക്കണം. അധികനേരം ഞാൻ അങ്ങയെ ഇവിടെ നിർത്തിത്താമസിപ്പിക്കയില്ല—നാളെ രാവിലെ ഞാൻ ചെയ്തുപോയിട്ടുള്ള തെറ്റുകൾക്കു മാപ്പുചോദിച്ചു് എന്റെ സങ്കടത്തെ ബോധിപ്പിക്കുന്നതിനായിട്ടാണു് ഇവിടെ വന്നതു്. ഈ സംഭവത്തിനിടയായിരുന്നില്ലെങ്കിൽ, ഒരു നിസ്സാരമായ ഉദ്യോഗമെങ്കിലും തന്നു് രക്ഷിക്കണമെന്നു രാവിലെ അവിടത്തെ മുമ്പിൽ താണുകേണു് അപേക്ഷിക്കുമായിരുന്നു എന്നാൽ ഈ കെട്ടു്,

ഈ ശവശരീരം— അങ്ങുചെയ്ത കൊലപാതകം നാട്ടുകാർ അറിയാതിരിക്കത്തക്കവണ്ണം .....

നാടുവാഴി:— (തട്ടത്തുപറഞ്ഞു) ഘാതക! ഒരിക്കൽക്കൂടി അങ്ങിനെ പറയുന്നതായാൽ ഞാൻ നിന്നെ കാലന്നുക്കു് അയയ്ക്കും.

സിംഹു:— അതെന്തെങ്കിലുമാകട്ടെ; ഇതിനകത്തു് പ്രേതമല്ലെന്നു പറവാൻ അങ്ങേയ്ക്കു സാധിക്കയില്ലല്ലോ. കൊന്നതു് അങ്ങയുടെ കരമല്ലെങ്കിലും, സന്ദർഭം അങ്ങേയ്ക്കു പ്രതികൂലമായി ഭവിച്ചിരിക്കുന്നു. അതുകൊണ്ടു് ഞാൻ പറയുന്ന നിബന്ധനയെ അങ്ങു ശ്രദ്ധിച്ചു കേൾക്കണം. ഈ സംഗതി അയുഷ്കാലപര്യന്തംഎന്റെഹൃദയത്തിൽത്തന്നെ മറഞ്ഞുകിടക്കും. ഇതിനെ സംബന്ധിച്ചു് ഒരക്ഷരംപോലും എന്റെ നാവിൽ നിന്നും പുറത്തുവരികയില്ല. അതിനു് അങ്ങു് എനിക്കു ചെയ്യേണ്ട സഹായം മറെറാന്നുമല്ല. എന്റെ പഴയ മന്ത്രിസ്ഥാനം എനിക്കു വിട്ടുതരണം. ഞാൻ ആ സ്ഥാനത്തിരുന്നു് മേലാൽ ശ്രദ്ധാന്തിയോടും കർത്തവ്യബോധത്തോടും ഉത്തരവാദിത്വത്തോടും പ്രവർത്തിച്ചുകൊള്ളാം.

നാടുവാഴി:— ലക്ഷ്മണസിംഗേ! ഈ നിബന്ധനയ്ക്കു വഴിപ്പെടാൻ എനിക്കു നിവൃത്തിയില്ല. വേറേ എന്താണു നിങ്ങൾക്കു് ആവശ്യമെന്നു പറയുക. വിശ്വാസത്തോടും ഉത്തരവാദിത്വബോധത്തോടുംകൂടി ഇപ്പോൾ ഭരണം നടത്തിവരുന്ന യോഗ്യനായ നാഗേന്ദ്രനെ കാരണംകൂടാതെ പിരിച്ചയച്ചുംവച്ചു് ആ സ്ഥാനത്തു തന്നെ നിയമിച്ചാൽ, എന്റെ കൂടികൾ എന്നെ ഒരു ഭ്രാന്തനാണെന്നു പറവാനിടയുണ്ടു്. കൂടികൾ ക്ഷോഭിച്ചു നാട്ടിൽ വിപ്ലവമുണ്ടാക്കിയെന്നും വന്നേക്കാം.

സിംഹു:— പ്രഭോ! അങ്ങയുടെ കൂടികൾ അങ്ങു കൊലപാതകം ചെയ്തു എന്നറിഞ്ഞാൽ അങ്ങൊരു മുഴുഭ്രാന്തനാണെന്നു് അഭിപ്രായപ്പെടുകയില്ലേ? കൂടികൾ ക്ഷോഭിക്കാനുമിടയില്ലേ?

നാടുവാഴി:— ലക്ഷ്മണസിംഗു്! ഈ വലുതായ അപരാധം നീ എന്നിൽ ചുമത്താതിരിക്കുക.

സിംഹു:— പ്രഭോ! സന്ദർഭം അതിനു് അനുകൂലമായിരിക്കുന്നുവല്ലോ. ഞാൻ എന്തുചെയ്യട്ടേ. ഈ ചാക്കുകെട്ടിന്റെ തെളിവു് ആർക്കു് നിഷേധിക്കാൻ കഴിയും?

എന്റെ കഷ്ടദശയാൽ ആപത്തിനുമേൽ ആപത്തു നേരിട്ടുകൊണ്ടിരിക്കുന്നു. അതിനു മറവുള്ളവരെ കുറ്റം പറയുന്നതെന്തിനു് എന്നു വിശ്വൽപ്രഭൻ തന്നെത്താൻപറഞ്ഞുകൊണ്ടു്, തന്റെ മുദ്രാംഗുലീയകം ഊരി, സിംഗിന്റെ കയ്യിൽ കൊടുത്തിട്ടു്, 'താൻ അടുത്തദിവസം രാവിലെ കൊട്ടാരത്തിൽവന്നു് എന്നെക്കണ്ടു് ഇപ്പോൾ

നാം തമ്മിൽ കണ്ടുമുട്ടിയ വസ്തുത മറച്ചുവച്ചുംകൊണ്ട്, തന്റെ സകല തെറ്റുകളേയും ക്ഷമിച്ചു മാപ്പുതരണമെന്ന് പരസ്യമായി എന്നോട് അഭ്യർത്ഥിക്കണം. ഞാൻ അതുകേട്ട തന്നിൽ അനുകമ്പയുണ്ടായിട്ടെന്നപോലെ തന്റെ അപരാധത്തിനു മാപ്പു നല്കാം. അനന്തരം ചില ദിവസങ്ങൾ കഴിഞ്ഞു താൻ മടങ്ങിവന്നതുപോലെ മിത്തം കുടികളുടെ ഇടയിൽ നേരിട്ടേക്കാവുന്ന ക്ഷോഭം അടങ്ങിയതിനുശേഷം ഞാൻ, തന്നെ പഴയ ഉദ്യോഗത്തിൽ നിയമിച്ചുകൊള്ളാം. ഈ മുദ്രമോതിരം അതിലേയ്ക്ക് ഒരു ഉറപ്പിനായി വച്ചുകൊള്ളുക എന്നു പറഞ്ഞു

ലക്ഷ്മണസിംഗ് അപ്രകാരം സമ്മതിച്ചു യാത്രപറഞ്ഞു പിരിഞ്ഞു. നാട്ടുവാഴി ചാക്കുകെട്ട നദിയിൽ നിക്ഷേപിച്ചിട്ടു മടങ്ങിപ്പോയി. ശയനമുറിയിൽ പ്രവേശിക്കുമ്പോൾ നേരം പ്രഭാതത്തോടു അടുത്തു.

വിദ്യൽപ്രഭനും ലക്ഷ്മണസിംഗും തമ്മിൽ നടത്തിയ സന്ധിക്കൂർ യഥാകാലം പാലിക്കപ്പെട്ടു. നാട്ടിൽനിന്നും ബഹിഷ്കരിക്കപ്പെട്ടിരുന്ന ലക്ഷ്മണസിംഗിന്റെ പേരിൽ നാട്ടുവാഴി അനുകമ്പ പ്രകടിപ്പിച്ചു. വീണ്ടും ഉദ്യോഗത്തിൽ നിയമിച്ചതിൽ കടികൾക്ക് ആശ്ചര്യവും വൈമനസ്യവും ഉണ്ടായി. ലക്ഷ്മണസിംഗിന്റെപേരിൽ അവർക്ക് അതിയായ വെറുപ്പും ഉണ്ടായി. ഞാൻ അതിനെപ്പറ്റി ഗുണമായിട്ടോ ദോഷമായിട്ടോ ഒരഭിപ്രായം പുറപ്പെടുവിച്ചില്ല. നഷ്ടുളങ്കമായ അഭിപ്രായം പുറപ്പെടുവിച്ചാൽ അതു് അസൂയകൊണ്ടാണെന്നു തെറ്റിദ്ധരിപ്പാനിടയുണ്ട്. അചിരേണ എന്റെ കൈവശം ഉണ്ടായിരുന്ന താക്കോലുകൾ സിംഗിനെ ഏല്പിക്കാൻ എനിക്കു നാട്ടുവാഴിയുടെ കല്പനകിട്ടി. കല്പനപ്രകാരം താക്കോൽ ഞാൻ സിംഗിനെ ഏല്പിച്ചു. ഈ സംഭവത്തിനുശേഷം നാട്ടുവാഴി എന്നെ രഹസ്യമായിവിളിപ്പിച്ചു് എന്നിൽ അവിശ്വാസമോ അവഹേളനമോ ഉണ്ടായിട്ടില്ലെന്നും ചില രഹസ്യസംഭവങ്ങളാൽ മന്ത്രിസ്ഥാനം സിംഗിനുനല്കാൻ നിർബന്ധനായിഭവിച്ചതിനാൽ എന്നെ തൽസ്ഥാനത്തുനിന്നും ഒഴിക്കേണ്ടിവന്നതാണെന്നും അതിനാൽ തന്റെ പ്രവൃത്തിയെക്കുറിച്ചു മനസ്താപിക്കരുതെന്നും മന്ത്രിയുടെ അധികാരത്തിൽ ഉൾപ്പെടാത്ത ഒരു പുതിയ ഉദ്യോഗത്തിൽ എന്നെ നിയമിക്കാമെന്നും എന്നോടു പറഞ്ഞു. "പ്രഭോ! മന്ത്രിസ്ഥാനത്തുനിന്നും ബഹിഷ്കൃതനായതിൽ എനിക്കു അശേഷം ഖേദമില്ല. സിംഗിനെ നിയമിച്ചതിൽ അതൃപ്തിയുമില്ല. സിംഗ് പൂർവ്വമന്ത്രിസ്ഥിതിയെ വെടിഞ്ഞു ന്യായമായ നിലയിൽ മന്ത്രിസ്ഥാനത്തിരുന്നു പ്രവർത്തിക്കുന്നുവെങ്കിൽ അയാളെ നിയമിച്ചതിൽ എനിക്കു സന്തോഷമാണുണ്ടാകുന്നതും. ഞാൻ അങ്ങയുടെ ഗുണത്തെയ

ല്ലാതെ എന്റെ സ്വാർത്ഥത്തെ കരുതിയിട്ടില്ല. അങ്ങു എനിക്ക ഏതുജോലി നല്കിയാലും സ്വാമിഭക്തിയോടെ ഞാൻ ആ ജോലി നിർവ്വഹിക്കാൻ തയാറാണു". അതു് സിംഗിന്റെ അധികാരസീമയ്ക്കു് അകത്തായാലും പുറത്തായാലും എനിക്ക ഒന്നുപോലെ" എന്നായിരുന്ന ഞാൻ പറഞ്ഞ സമാധാനം.

എന്നാൽ സിംഗിൽ ലേശം വിശ്വാസമില്ലാത്ത എനിക്കു് സാരമായ മനസ്താപമുണ്ടായിരുന്നു. നാടുവാഴിയുടെ ഭാവിയെ ഓർത്തുള്ള മനസ്താപമാണു്. ഏതോ ഒരു വലുതായ ക്ഷേമം അദ്ദേഹത്തിന്റെ ഹൃദയസ്ഥാനത്തിരുന്ന അല്പാല്പമായി തുളയ്ക്കുന്നുണ്ടെന്നു എനിക്ക അനുമാനിക്കാൻ കഴിഞ്ഞു. അതിന്റെ രഹസ്യം എന്താണെന്നു എനിക്ക അപ്പോൾ അറിയാൻ സാധിച്ചില്ലെന്നേയുള്ളൂ. എന്നാൽ അദ്ദേഹത്തിന്റെ ശിരസ്സിൽ അന്തർലീനമായിരുന്ന ആ രഹസ്യക്ഷേമമാകുന്ന കാർമേഘം നാട്ടിന്റെ അസ്ഥിഭാരത്തെ ചലിപ്പിച്ചു പാടേ മറിക്കത്തക്ക ഇടിമുഴക്കം പുറപ്പെടുവിക്കാനുള്ള കാലം ഏറ്റവും സമീപിച്ചാണിരുന്നതു്.

സിംഗിനെ മന്ത്രിയായി നിയമിച്ചതിനാൽ കുടികളുടെ ഇടയിൽ അതൃപ്തി നേരിട്ടുവെന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ. അതു ക്രമേണ വർദ്ധിച്ചുവർദ്ധിച്ചു ഒടുവിൽ ക്ഷോഭമായി മാറി. നാടുവാഴിയുടെപേരിൽ വെറുപ്പും സിംഗിന്റെ പേരിൽകോപവും ജനിച്ചു. അങ്ങിങ്ങു ചില ചില്ലറ കലഹങ്ങളും കണ്ടുതുടങ്ങി. ഒരു ഗ്രാമക്കാർ ആബാലവൃദ്ധം ക്ഷോഭിച്ചു സിംഗിനെ തങ്ങളുടെ ഗ്രാമത്തിൽ കടത്തുകയില്ലെന്നു തീർച്ചപ്പെടുത്തുകയുംചെയ്തു. തൻമൂലം കോപാക്രാന്തനായ മന്ത്രി അവരുടെ ക്ഷോഭത്തെ അടക്കാനായി കുറേ സൈന്യത്തെ ശട്ടംകെട്ടി അയച്ചു. ഗ്രാമക്കാർ സൈന്യത്തെ എതിർത്തു. സിംഗിന്റെ പ്രേരണയിൻപേരിൽ സൈന്യങ്ങൾ ഗ്രാമത്തിൽ പ്രവേശിച്ചു പല അഴിമതികളും നടത്തി. കലഹത്തിനു കാരണഭൂതന്മാരെന്നു സംശയിക്കപ്പെട്ട പലരേയും പിടിച്ചു നിഗ്രഹിച്ചു. ഇതുനിമിത്തം കുടികൾ അത്യമാനം ഇളകിവശായി. അവർക്ക നാടുവാഴിയുടെ പേരിൽ പക ജനിച്ചു. സിംഗിനെക്കാൾ ദുർബുദ്ധിവിദ്വൽപ്രഭനാണെന്നു് അവർ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ശത്രുക്കൾ ഈ വിവരം അറിഞ്ഞു. നാടുവാഴിയുടെ നടപടികൾ തൃപ്തികരമായി തോന്നുന്നില്ലെന്നും ഒന്നുകൂടി ബുദ്ധിപൂർവ്വകമായി പ്രവർത്തിക്കണമെന്നും മറ്റും അദ്ദേഹം ശത്രുക്കളുടെനിലയിൽ മിത്രന്മാർമുഖേന അനുശാസിച്ചു.

ഈ ഘട്ടത്തിൽ ഞാൻ മുമ്പു പറഞ്ഞ ആ അശോകനാഥൻ ഒന്നു തലപൊക്കി. കൊട്ടാരംസംബന്ധിച്ച സകലജോലിക്കാരും അവനെ നേതാവായി സ്വീകരിച്ചു. എല്ലാവരും ഒന്നിച്ചുചേർന്നു

നാടുവാഴിയെക്കണ്ടു സിംഗിനെ ജോലിയിൽനിന്നും പിരിച്ചയയ്ക്കാത്തപക്ഷം തങ്ങൾക്കു ജോലി ആവശ്യമില്ലെന്നുപറഞ്ഞു. എന്നാൽ നയോപായത്താൽ അദ്ദേഹം അവരെ സമാധാനപ്പെടുത്തി.

ഇതിനകം ബ്രഹ്മാനന്ദനെക്കുറിച്ചു് കൊട്ടാരത്തിനകത്തും പുറത്തും സംസാരം നേരിട്ടു. സ്വാമികളുടെ അഭാവത്തെക്കുറിച്ചു പരസ്പരം ചോദിച്ചുതുടങ്ങി. ഇക്കാരണത്താൽ ജനങ്ങൾ ക്ഷോഭിച്ചേക്കാനിടയുണ്ടെന്നു കരുതി വിദ്യൽപ്രഭൻ ഒരു കെട്ടുകഥ നാട്ടിൽ പരത്തി. ഏതോ അത്യാവശ്യം പ്രമാണിച്ചു സ്വാമികൾ ശ്രീപുരത്തു പോയിരുന്നുവെന്നും അവിടെവച്ചു ഈയിടെ സമാധി അടഞ്ഞതായി അറിവുകിട്ടിയിരിക്കുന്നുവെന്നുമാണു കഥയുടെ രത്നച്ചുരുക്കം. ഈ വർത്തമാനം ബ്രഹ്മാനന്ദന്റെ ശിഷ്യന്മാരും ഭക്തന്മാരുമായ സകല ജനങ്ങൾക്കും അമിതമായ അന്തസ്താപത്തെ വിളയിച്ചു. ശീലവതിക്കുണ്ടായ സങ്കടം പറഞ്ഞറിയിക്കാൻ പ്രയാസം. തന്റെ പിതാവു മരിച്ചാലത്തെ ദുഃഖം സ്വാമിഭക്തയായ ആ വനിതാരത്നത്തെ ബാധിച്ചു. സ്വഭർത്താവിന്റെ വ്യാജപ്രസ്താവനയിൽ ആ സാധ്വിക്കു് തെല്ലും സംശയം ജനിച്ചില്ല. സംശയിക്കാൻ കാരണമുണ്ടായിരുന്നുമില്ല.

ശീലവതിയുടെ തികഞ്ഞ ശ്രദ്ധ, സ്വാമികളുടെ നിർവ്വാണത്തോടുകൂടി സ്വപുത്രിയിൽ പതിഞ്ഞു ഭുവനമോഹനസൗന്ദര്യവതിയായിത്തീരാനുള്ള സകല ലക്ഷണങ്ങളുമൊത്ത ആ സ്ത്രീപ്രജയ്ക്കു് സരസ്വതി എന്ന നാമകരണംചെയ്തുപോറ്റിവളർത്തി, അക്ഷയനിധിപോലെ സൂക്ഷിച്ചുവരവേയാണു് സ്വാമികൾ പെട്ടെന്നു ദിവംഗതനായ വൃത്താന്തം ഭർത്താവിൽനിന്നും അറിഞ്ഞതു്.

പിന്നെയും ദിവസങ്ങളും മാസങ്ങളുംകഴിഞ്ഞു മൂന്നുകൊല്ലവും കൂടിക്കഴിഞ്ഞു സരസ്വതി പ്രതിപദചന്ദ്രനെപ്പോലെയവളുടെ് ശിശുപ്രായത്തിന്റെ പൂർണ്ണതയിൽ—നാലാമത്തെ വയസ്സിൽ—പൂർണ്ണചന്ദ്രനെപ്പോലെ പരിലസിച്ചു. തന്റെ പുത്രിയുടെ പരിപക്വദശയിൽ സർവ്വഥാ അനുയോജ്യനായ ഒരു ഭർത്താവിനോടുകൂടിയിരുന്ന ഗൃഹസ്ഥാശ്രമത്തെ ശരിക്കനുഭവിച്ചുപോരുന്നതുകണ്ടു് കണ്ണിനസാഫല്യം വരുത്താൻ സാധിക്കയില്ലെന്നുള്ള മനസ്താപം ശിശുവിനെ ദർശിക്കുമ്പോഴെല്ലാം വിദ്യൽപ്രഭനെ അലട്ടിക്കൊണ്ടിരുന്നു. ചില സമയങ്ങളിൽ തന്റെ ശത്രുരനായ ചിത്രരഥന്റെ സഹായത്തോടുകൂടി ഉദയസേനനോടേറ്റു് അയാളെ പരാജിതനാക്കി, രഹസ്യസംഘത്തെയും വെങ്കലപ്രതിമയേയും നാമാവശേഷമാക്കാമെന്നു നിശ്ചയിക്കും. അങ്ങനെചെയ്താൽ പുത്രിയെ പരദേവതയുടെ സമർപ്പിക്കാതെ അതിനുപകരം ദൈവപ്രീയംകരമായി വല്ല പരിഹാരവും ചെയ്തുകൊള്ളാമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. ഈ

അഭിപ്രായത്തെ പലപ്രാവശ്യം തന്റെ സഹധർമ്മചാരിണിയെ ധരിപ്പിക്കുകയുംചെയ്തിരുന്നു എന്നാൽ ശീലവതിക്കു് ആ അഭിപ്രായത്തിൽ അത്ര രുചി തോന്നിയിരുന്നില്ല. എന്തുകൊണ്ടെന്നാൽ വെങ്കലപ്രതിമയെസ്സംബന്ധിച്ച സംഘത്തോടു ശത്രുത്വം പ്രകടിപ്പിച്ചാൽ തന്മൂലം നേരിടാവുന്ന ആപത്തുകൾ അനേകമാണു്. ഒരുപക്ഷേ സരസ്വതി തികച്ചും നഷ്ടപ്പെടാനിടയായി എന്നും വന്നേയ്ക്കാം. അതിനെക്കാൾ തന്റെ സഹോദരികളെപ്പോലെ അവളും ദേവതാസേവയിൽ കഴിയുന്നതുകണ്ടു തജ്ജന്യമായ സന്തോഷത്തോടെ ജീവിക്കുന്നതാണു നല്ലതു്. ഇതായിരുന്നു ശീലവതിയുടെ ഉദ്ദേശം. വിദ്യുൽപ്രഭനാകട്ടെ, ഉദയസേനനെ ലഘുവിൽ ജയിക്കാമെന്നു വിശ്വസിച്ചു.

ഇങ്ങനെയിരിക്കെ ചില കൈവർത്തകന്മാർ കൊട്ടാരവാളപ്പിനെ സംബന്ധിച്ചുള്ള പ്രയാഗയുടെ കൈവഴിയിൽ ഒരുദിവസം വല വീശിക്കൊണ്ടിരിക്കുമ്പോൾ ഒരു കനത്ത ചാക്കുകെട്ടു വലയിൽ കിട്ടി. അതു അഴിച്ചുനോക്കിയപ്പോൾ അകത്തു് ഒരു മൃതശരീരമാണെന്നു മനസ്സിലായി പ്രേതത്തെ ധരിപ്പിച്ചിരുന്ന വസ്ത്രം അഴുകി ജീർണ്ണിച്ചിരുന്നുവെങ്കിലും അതു സന്ന്യാസികൾ ഉപയോഗിക്കുന്ന കാഷായമാണെന്നു് ഊഹിക്കാം. പ്രേതത്തെക്കണ്ടിട്ടു അവർക്കു മനസ്സിലായില്ല. മീൻപിടിത്തക്കാർ സാധ്വസ്സും അതു നോക്കിക്കൊണ്ടുനിൽക്കവേ, കൊട്ടാരംസേവകന്മാരിൽ ഒരുവൻ അതുവഴി കടന്നുപോകുന്നുണ്ടായിരുന്നു. അയാൾ അടുത്തുചെന്നു പ്രേതത്തെ നോക്കി. അതു ബ്രഹ്മാനന്ദന്റെ മൃതശരീരമാണെന്നു അയാൾക്കു ബോദ്ധ്യപ്പെട്ടു. അയാൾ ഉടനേ ആ വിവരം കൊട്ടാരത്തിനകത്തും പുറത്തും പറഞ്ഞുപരത്തി. നൊടിക്കിടയിൽ ബ്രഹ്മാനന്ദന്റെ പ്രേതം നദിയിൽനിന്നും മീൻപിടിത്തക്കാർ കണ്ടെടുത്തിരിക്കുന്നുവെന്നു നാടൊക്കെ മുഴങ്ങി.

ബ്രഹ്മാനന്ദൻ ശ്രീപുരത്തുവച്ചു സമാധിഅടഞ്ഞു എന്നു വിദ്യുൽപ്രഭൻ പറഞ്ഞുപരത്തിയതിനാൽ, ബ്രഹ്മാനന്ദനെക്കൊന്നതു് അദ്ദേഹംതന്നെയാണെന്നും ഏതോ കാരണത്താൽ നിഗ്രഹിച്ചു നദിയിൽ കെട്ടിത്താഴ്ത്തിയുംവച്ചു കള്ളംപറഞ്ഞു പരത്തിയതാണെന്നും ജനങ്ങൾ തീർച്ചപ്പെടുത്തി. ഈ അപവാദം സർവ്വത്ര മുഴങ്ങി. ബ്രഹ്മാനന്ദൻ ശ്രീപുരത്തുവച്ചു സമാധിഅടഞ്ഞതായി വിദ്യുൽപ്രഭൻ കളവു പറഞ്ഞുപരത്തിയ കാലത്തോടു സമീപിച്ചാണു് ലക്ഷ്മണസിംഗിനെ മന്ത്രിസ്ഥാനത്തേയ്ക്കു പുനസ്സ്ഥാപിക്കുന്നതെന്നൊമ്മ ജനങ്ങൾക്കു വിദ്യുൽപ്രഭനിലുണ്ടായ സംശയത്തെ സ്ഥിരീകരിക്കുകയും, ലക്ഷ്മണസിംഗുകൂടി ഇതിൽ പങ്കുകാരനാണെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയുംചെയ്തു. ലോകവന്ദ്യനായ മഹാ

ത്മാവിനെക്കൊന്ന കൊലപാതകന്മാരെ കണക്കിനു ശിക്ഷിക്കുത
ന്നെ വേണമെന്നു നിശ്ചയിച്ചുകൊണ്ടു ജനങ്ങളം എല്ലാവരും ഒന്നി
ച്ചുചേന്നു ചാക്കുകെട്ടും എടുത്തുകൊണ്ടു കൊട്ടാരവാതുക്കലെത്തി.

അതിരമണീയമായ ഒരു പൊൻപാവ സജീവമായി തത്തിക്ക
ളിക്കുന്നതുപോലെ ഉദ്യാനത്തിൽ അങ്ങിങ്ങു ഓടിനടന്നു പുഷ്പങ്ങളം
പറിച്ചു കളിക്കുന്ന തങ്ങളുടെ ഓമനപ്പൈതലിനെ നോക്കി, തന്നെ
ത്താൻമറന്നു് ആനന്ദസിന്ധുവിൽ നീന്തിക്കളിക്കുന്ന വിദ്യുൽപ്രഭ
നും സാധ്വി ശീലവതിയുമുണ്ടോ ആസന്നമായ ആപത്തിനെക്കു
റിച്ചു് അറിയുന്നു? കടികൊം പ്രക്ഷുബ്ധന്മാരായി കൊട്ടാരവാതുക്കൽ
ക്രൂടി തിക്കിത്തിരക്കുന്ന എന്നു ഞാൻ ചെന്നു പറഞ്ഞപ്പോഴാണു്
ആ യുവദമ്പതിമാർ വസ്തുത അറിയുക. ഭർത്താവിനു വല്ല ആപത്തും
നേരിട്ടേയ്ക്കാമെന്നു വിചാരിച്ചു ശീലവതി സരസ്വതിയെ കൈക്കു
പിടിച്ചു നടത്തിക്കൊണ്ടു വിദ്യുൽപ്രഭനോടുക്രൂടി കൊട്ടാരവാതുക്ക
ലേയ്ക്കു തിരിച്ചു. ഞാനും സ്വാമിഭക്തിയുള്ള വേറേ ചില സേവക
ന്മാരും അവരെ അനുഗമിച്ചു.

വിദ്യുൽപ്രഭനും സഹചാരിണിയും വലത്തും ഇടത്തും നിന്നു
ശിശുവിന്റെ കൈക്കുപിടിച്ചു നടത്തിക്കൊണ്ടുവരുന്ന ആ വരവു
കണ്ടപ്പോൾ ജനങ്ങളം നിശ്ശബ്ദന്മാരായി ഒന്നു പുറകോട്ടു മാറി.
തത്സമയത്തെ പ്രശാന്തത ഏതാനും നിമിഷനേരത്തേയ്ക്കു തികച്ചും
നിലനിന്നില്ല. ബ്രഹ്മാനന്ദന്റെ പ്രേതത്തെ തിരുമുൽക്കാഴ്ചയെ
ന്നോണം ആ ദമ്പതികളുടെ മുമ്പിൽ വച്ചു. അതുകണ്ടു ശീല
വതി 'അയ്യോ' എന്നു വാവിട്ടു നിലവിളിച്ചു. വിദ്യുൽപ്രഭൻ ഇടി
വെട്ടിയ നെടുമ്പനപോലെ നിന്നു. മാതുകഴിഞ്ഞു് 'അഹോ!
ഇതു ബ്രഹ്മാനന്ദസ്വാമികളുടെ പ്രേതമാണല്ലോ!' എന്നു സാശ്ചര്യം
ശബ്ദിച്ചു.

ഇതിനകം ജനങ്ങളം ക്ഷോഭിച്ചു മുമ്പോട്ടു തിക്കിക്കയറിത്തു
ടങ്ങി. അതുകണ്ടു ഞാൻ മുമ്പിൽ കയറി—'സ്നേഹിതന്മാരേ! സ
ഹോദരന്മാരേ! നിങ്ങളാരും ക്ഷോഭിക്കരുതു്. സത്യം എവിടെയും
തെളിഞ്ഞു പ്രകാശിക്കും. ശാന്തതയോടെ നോക്കിയാൽമാത്രമേ
അതു കാണപ്പെടുകയുള്ളൂ. നിങ്ങളം ക്ഷമയെ കൈവിടരുതേ! ഇ
തൊന്നുമാത്രമാണു് എന്റെ വിനയപൂർവകമായ അപേക്ഷ' എന്നു
പറഞ്ഞു. ആ അവസരത്തിൽ, 'ബ്രഹ്മാനന്ദനെ നിഗ്രഹിച്ചവൻ
ആരുതന്നെയായാലും ഞങ്ങളം വകവിട്ടുകതന്നെ ചെയ്യും. നാടു
വാഴിയും ലക്ഷ്മണസിംഹം ഞങ്ങളംകു ഉത്തരം പറയുകതന്നെ വേ
ണം' എന്നീവാക്യങ്ങളം ആ ജനക്കൂട്ടത്തിൽനിന്നും മുഴങ്ങി. ഞാൻ
അതുകേട്ടു 'പ്രഭോ! ജനങ്ങളുടെ തെറ്റിദ്ധാരണ നീക്കുക! സ്വാമി

കളെ നിഗ്രഹിച്ചതു അങ്ങല്ലെന്നു ഉച്ചത്തിൽ വിളിച്ചുപറയുക' എന്നു വിദ്യുൽപ്രഭനോടു പറഞ്ഞു.

'എനിക്കു ഈ വധകാര്യത്തിൽ സംബന്ധമില്ലെന്നു സത്യസ്വരൂപനായ ഈശ്വരന്റെ തിരുനാമത്തിൽ സത്യംചെയ്യുന്നു' എന്നു നാടുവാഴി സഗദ്ഗദം ഉച്ചത്തിൽ ഉച്ചരിച്ചു.

ഈ ഘട്ടത്തിൽ ലക്ഷ്മണസിംഗ് ചില സൈന്യങ്ങളേയും കൂട്ടിക്കൊണ്ടു കോട്ടയ്ക്കകത്തുനിന്നും വെളിയിലേയ്ക്കു പുറപ്പെട്ടുവന്നു. ഭയങ്കരമായ ഒരു കലഹം നേരിട്ടു. ജനങ്ങളും സൈന്യങ്ങളും തമ്മിൽ യുദ്ധം തുടങ്ങി. ഞാൻ വളരെ പ്രയാസപ്പെട്ടു ശീലവതിയെയും ശിശുവിനെയും അവിടുന്നു മാറി ഉദ്യാനത്തിൽ കൊണ്ടുചെന്നാക്കി. ശീലവതി സ്വഭർത്താവിനെക്കാണാൻ ധൃതികൂട്ടിത്തുടങ്ങി. ആ ജനക്കൂട്ടത്തിനിടയ്ക്കു അദ്ദേഹത്തെ കണ്ടുപിടിക്കാൻ സാധിച്ചില്ല. തന്മൂലം ദുഃഖാക്രാന്തയായ ആ പതിവ്രതാരത്നം താൻചെന്നു ഭർത്താവിനെ കണ്ടുപിടിച്ചു കൂട്ടിക്കൊണ്ടുവരാമെന്നും, അതിനിടയായില്ലെങ്കിൽ താനും യുദ്ധക്കളത്തിൽ മരിക്കുമെന്നും പറഞ്ഞു മുമ്പോട്ടു നടന്നു. ഞാൻ പെട്ടെന്നു ശിശുവിനെ എടുത്തു മുമ്പിൽ നിറുത്തി. ആ സാധ്വിയുടെ പുരോഗമനത്തെ തടഞ്ഞു. ഉടനെ ശീലവതി ശിശുവിനെ എടുത്തു പലവുരു ചുംബിച്ചു കണ്ണീരൊഴുക്കിക്കൊണ്ടു, "മന്ത്രിയുടെ ഉദ്ദേശം എനിക്കു മനസ്സിലാകുന്നു. എന്തെല്ലാം സംഭവിച്ചാലും, അതുകൊണ്ടു ജീവനഷ്ടം നേരിട്ടാലും ഈ ശിശുവിനുവേണ്ടി ഞാൻ ജീവിച്ചിരിക്കണമെന്നാണു് നിങ്ങളുടെ അഭിപ്രായം. ഒരുപ്രകാരത്തിൽ അതു സ്വീകാര്യമാണു്. ശരി, ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നു. നിങ്ങൾചെന്ന യുദ്ധത്തിന്റെ അവസാനം എന്താണെന്നു അറിഞ്ഞുവരിക. അതുവരെ ഞാൻ ഇവിടെത്തന്നെ നിൽക്കാം" എന്നു പറഞ്ഞു.

ഞാൻ യുദ്ധക്കളത്തിലേയ്ക്കു തിരിച്ചു അല്പദൂരം ചെന്നപ്പോൾ നാടുവാഴിയും അശോകനാഥനും അശ്വാരൂഢന്മാരായി എന്റെനേക്കു വരുന്നതുകണ്ടു. എന്റെ സമീപത്തുവന്നപ്പോൾ കുതിരകളെ നിത്തി വിദ്യുൽപ്രഭൻ എന്റെ മുഖത്തുനോക്കി. അത്ഥഗർഭമായ ആ നോട്ടം പുത്രിയുടെയും കളത്രത്തിന്റെയും സ്ഥിതി എന്താണെന്നുള്ള ചോദ്യമായിരുന്നു. അവർ നിർബാധമായി ഉദ്യാനത്തിൽ നിൽക്കുന്നുവെന്നു ഞാൻ പറഞ്ഞു.

അതുകേട്ടു 'എന്നാൽ ഞാൻ ഇതാ അങ്ങോട്ടു വരുന്നു' എന്നു് എന്നോടു സമാധാനം പറഞ്ഞുംവച്ചു', തിരിഞ്ഞു് അശോകനാഥനെ നോക്കി, 'അശോക! ചെന്നായ്ക്കളെപ്പോലെ വളഞ്ഞ ആ ജനങ്ങളിൽനിന്നു എന്നെ രക്ഷിച്ച നിനക്കു എന്തു പ്രത്യുപകാരമാണു് ഞാൻ ചെയ്യേണ്ടതു്?' എന്നു ചോദിച്ചു.

അശോകനാഥൻ പറഞ്ഞു:—'പ്രഭോ! എനിക്കു യാതൊരു പ്രത്യുപകാരവും ആവശ്യമില്ല. പ്രക്ഷുബ്ധന്മാരായ ജനങ്ങളുടെ യിടയിൽ അങ്ങു അകപ്പെട്ടതു ഞാൻ കണ്ടു. കണ്ട ഉടനെ എന്റെ കർത്തവ്യത്തെ മുൻനിറുത്തി അങ്ങയെ രക്ഷിക്കാനായി ഉദ്യമിച്ചു. തന്നിമിത്തം എന്റെ കണ്ണൊന്നു നഷ്ടപ്പെട്ടുവെങ്കിലും ഉദ്ദേശം സാധിച്ചതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ടു്. പ്രഭോ! ഇതുവരെ അങ്ങു എനിക്കു ശമ്പളംതന്നു രക്ഷിച്ചതിൽ എനിക്കു ആജീവനാന്തം കൃതജ്ഞതയുണ്ടായിരിക്കും. എന്നാൽ പരിശുദ്ധനായ ഒരു മഹാത്മാവിനെക്കൊന്നു പാപം സമ്പാദിച്ച ഒരു ദേഹത്തെ സേവിക്കാൻ എനിക്കു ഇഷ്ടമില്ല. അതുകൊണ്ടു ഞാൻ ഇതാ പോകുന്നു; അങ്ങേയ്ക്കു നമസ്കാരം.'

ഒടുവിൽ പറഞ്ഞ വാക്കുകൾ വിദ്യുൽപ്രഭനു നടുക്കം സംഭവിപ്പിച്ചു. അദ്ദേഹത്തിനു് ഒരു സമാധാനവും തോന്നിയില്ല. അല്പ നേരം കഴിഞ്ഞു അശോകനാഥനോടു എന്തോ പറവാൻ ഭാവിക്കും മുമ്പു് അയാൾ കാണാമറയത്തുപറ്റി. അതുകൊണ്ടു ഉത്സാഹമായ മനോവ്യാപാരയോടുകൂടി നാടുവാഴി എന്നെന്നോക്കി, 'നാഗേന്ദ്ര! ഞാൻ അപരാധിയാണെന്നതന്നെ അശോകനാഥനും തെറ്റിദ്ധരിച്ചിരിക്കുന്നു. അവനും മറ്റുള്ളവരെപ്പോലെ ബാഹ്യലക്ഷ്യങ്ങളെക്കൊണ്ടു തെറ്റിദ്ധരിച്ചതാണു്. മഹാത്മാവായ കുലഗുരുവിനെ ഞാൻ നിഗ്രഹിച്ചില്ലെന്നു എല്ലാം അറിയുന്ന ജഗദീശനു അറിയാം. യഥാവസരം സകലരഹസ്യങ്ങളും ഞാൻതന്നെ ധരിപ്പിക്കാം. ഇപ്പോൾ നമുക്കു ശത്രുദേഹത്തെ അഭയം പ്രാപിക്കേണ്ടിയിരിക്കുന്നു. ഇനി നാം ഇവിടെത്താമസിക്കുന്നതു ശരിയല്ല' എന്നു പറഞ്ഞു.

അനന്തരം ഞങ്ങൾ രണ്ടുപേരും ഒന്നിച്ചു ഉദ്യാനത്തിൽച്ചെന്നു. ഭർത്താവിനെക്കണ്ടപ്പോൾ സുശീലയായ ശീലവതിക്കുണ്ടായ സന്തോഷത്തിനു് അതിരില്ല. ഞങ്ങൾ അനന്തരകാര്യങ്ങളെക്കുറിച്ചു ആലോചിച്ചു ചിലതു തീർച്ചപ്പെടുത്തി. തീർച്ചപ്പെടുത്തിയ പ്രകാരം വിദ്യുൽപ്രഭൻ, ശീലവതിയെയും കുട്ടിയെയും കൂട്ടിക്കൊണ്ടു ചിത്രരഥന്റെ കൊട്ടാരത്തിലേയ്ക്കു തിരിച്ചു. അശ്വാരൂഢരായിട്ടാണു് അവർ പുറപ്പെട്ടതു്. ഞാനും അവരെ അനുഗമിച്ചു. പവിഴദ്വീപിലെ നാടുവാഴിയായ പവിഴസേനന്റെ ചില സ്ഥലങ്ങളെക്കടന്നുവേണം വ്യാഘ്രദുർഗ്ഗത്തിലേയ്ക്കു പോകേണ്ടതു്. ആപത്തു വരുംകാലം കുട്ടത്തോടെ എന്നുണ്ടല്ലോ. ആ സ്ഥലത്തെ സമീപിക്കും മുമ്പു ഞാൻ യാത്രപറഞ്ഞു മടങ്ങിപ്പോന്നു. നാടുവാഴി ഭാര്യാപുത്രികളോടുകൂടി ആ സ്ഥലത്തു എത്തിയപ്പോൾ, പവിഴസേനൻ അംഗരക്ഷകന്മാരോടുകൂടി അശ്വാരൂഢനായി വരുന്നതുകണ്ടു. അയാൾ വിദ്യുൽപ്രഭനെ കണ്ടു് തന്റെ പൂർവ്വശത്രുതയെ അസ്തമാക്കി

അദ്ദേഹത്തെ നിർബ്ബന്ധിച്ചു പവിഴദുർഗ്ഗത്തിലേയ്ക്കയച്ചു. തന്നിമിത്തം ശീലവതിക്കുണ്ടായ അന്തസ്സാപം ഏതുമാത്രമാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ആ സാധ്വി വിവിധപ്രകാരത്തിലും പവിഴസേനനു തെല്ലും ഭയം തോന്നിയില്ല. എന്നാൽ ആ സ്ത്രീരത്നത്തെയും സരസ്വതിയെയും അയാൾ യാതൊരുപ്രകാരത്തിലും ഉപദ്രവിച്ചില്ലെന്നുമാത്രമല്ല, അവരുടെ വഴിക്കു പൊയ്ക്കൊള്ളാൻ അനുവദിക്കുകയും ചെയ്തു എന്നുള്ളതു പ്രസ്താവനീയമാകുന്നു.

ഭർത്തൃവിരഹാർത്തയായ ആ സതീമണി ഗത്യന്തരമില്ലാഴികയാൽ തന്റെ ഓമൽസന്താനത്തെയുംകൊണ്ടു പിതൃഗേഹത്തിൽ ചെന്നുചേർന്നു. സപുത്രിക്കു വാത്സല്യപൂർവ്വം സ്വാഗതം നൽകിയ ചിത്രരഥൻ ജാമാതാവിനെ സംബന്ധിച്ച സകല വിവരങ്ങളും അവളിൽനിന്നും ഗ്രഹിച്ചു. എന്നാൽ ബ്രഹ്മാനന്ദന്റെ മരണത്തെപ്പറ്റി ശീലവതിക്കു വിശ്വാസയോഗ്യമായ അറിവില്ലാത്തതിനാൽ അതിനെപ്പറ്റി യാതൊന്നും തന്റെ പിതാവിനോടു പറഞ്ഞില്ല. എന്നാൽ തന്റെ ഭർത്താവു് ആ വിഷയത്തിൽ നിരപരാധിയാണെന്നുള്ള തന്റെ വിശ്വാസത്തെ ബലപ്പെടുത്തിപ്പറഞ്ഞു വിദ്യുൽപ്രഭൻ പവിഴസേനനാൽ ബന്ധനസ്ഥനാക്കപ്പെട്ട വിവരം ഞാൻ അറിഞ്ഞു. എനിക്കു വളരെ മനസ്താപം ഉണ്ടായി. ഞാൻ അപ്പോൾത്തന്നെ വ്യാഘ്രദുർഗ്ഗത്തിലേയ്ക്കു പുറപ്പെട്ടു; അവിടെ ചെന്നപ്പോൾ, വിദ്യുൽപ്രഭനെ വിട്ടയയ്ക്കാൻ പവിഴസേനനെക്കൊണ്ടു പറയുന്നതിനായി ചിത്രരഥൻ ദൂതന്മാരെ അയച്ചിരിക്കുന്നു എന്നു് അറിവുകിട്ടി. മിക്കവാറും ദൂതന്മാർ പോയകാര്യം നിർവ്വഹിക്കപ്പെട്ടുമെന്നു വിശ്വസിച്ചു ഞാൻ സന്തോഷിച്ചു. അവർ മടങ്ങി വന്നപ്പോഴാണു് എന്റെ വിശ്വാസം അസ്ഥാനത്തിലായിരുന്നു എന്നു് എനിക്കു ബോദ്ധ്യംവന്നതു്. വിദ്യുൽപ്രഭനെ താൻ ബന്ധനസ്ഥനാക്കിയതു് ബ്രഹ്മാനന്ദസ്വാമികളെ നിഗ്രഹിച്ച കുറ്റത്തിനായിട്ടാണെന്നും, കാശ്മീരത്തിലെ സകല നാടുവാഴികളുടെയും രാജാവിന്റെയും അഭിപ്രായം അറിയുംമുമ്പു ബന്ധനത്തിൽനിന്നും മോചിപ്പിക്കാൻ നിവൃത്തിയില്ലെന്നുമാണു പവിഴസേനൻ ദൂതന്മാരോടു പറഞ്ഞയച്ച സമാധാനം.

ഈ സമാധാനം ശീലവതിക്കുണ്ടായിരുന്ന അല്പവിശ്വാസത്തെയും ശിഥിലീകരിച്ചു തദനന്തരം ആ സാധ്വി തന്റെ പിതാവിനെ മറ്റൊരാലോചന അറിയിച്ചു. ആ അവസരത്തിൽ, ഞാൻ അവരോടൊന്നിച്ചുണ്ടായിരുന്നു. ഞാൻ പവിഴസേനനെക്കണ്ടു്, ശീലവതിക്കു സ്വഭർത്താവിനെ കാണ്മാനെങ്കിലും അനുവാദം നൽകണമെന്നാവശ്യപ്പെടണമെന്നാണു് ആലോചിച്ചു തീർച്ചപ്പെടുത്തിയതു്. അപ്രകാരം സമ്മതിച്ചു ഞാൻ പവിഴദുർഗ്ഗത്തിൽച്ചെന്നു

പവിഴസേനനെക്കണ്ടെ വിവരം ധരിപ്പിച്ചു. വളരെ നിർബന്ധിച്ചു് അപേക്ഷിച്ചിട്ടും അയാൾ എന്റെ അപേക്ഷയെ കൈക്കൊണ്ടില്ല. ഒടുവിൽ എനിക്കു വിദ്യുൽപ്രഭനെക്കണ്ടെ സംസാരിക്കാൻ മാത്രം അയാൾ അനുവാദം നൽകി.

അനുവാദപ്രകാരം ഞാൻ കാരാഗൃഹത്തിൽച്ചെന്നു വിദ്യുൽപ്രഭനെക്കണ്ടു. ഞാൻ അതേവരെ അറിഞ്ഞിട്ടില്ലായിരുന്ന സകല രഹസ്യങ്ങളും—ഉദയസേനനുമായുണ്ടായ കരാറും സ്വാമികളുടെ മരണകാരണവും മറ്റും—അദ്ദേഹം എന്നെ ധരിപ്പിച്ചു. ഞാൻ താങ്കളോടു പറഞ്ഞ സവ്വൃത്താന്തങ്ങളും ആ അവസരത്തിലാണു് എനിക്കു അറിവാനിടയായതു്. അതിനുശേഷം ഈ രഹസ്യങ്ങളൊന്നും വെളിപ്പെടുത്താതെ, തന്റെ മോചനത്തിനു മറ്റുള്ള നാട്ടുവാഴികളുടെ ഭൂരിപക്ഷസമ്മതം വാങ്ങിക്കണമെന്നും മോചനം കിട്ടിയാൽ ഉദയസേനനേയും പവിഴസേനനേയും ഉന്മൂലനംചെയ്യാൻ വേണ്ടതു പ്രവത്തിച്ചുകൊള്ളാമെന്നും അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ അപ്രകാരം സമ്മതിച്ചു യാത്രപറഞ്ഞു. മടങ്ങിവന്നു് ചിത്രരഥനെയും ശീലവതിയെയും കണ്ടു, വിദ്യുൽപ്രഭനെക്കാണാൻ ശീലവതിക്കു് അനുവാദം നൽകുകയില്ലെന്നു പവിഴസേനൻ ശഠിച്ചുപറഞ്ഞതും, താൻ വിദ്യുൽപ്രഭനെക്കണ്ടതും അദ്ദേഹവുമായി സംസാരിച്ചതും മറ്റുമായ സകലവിവരങ്ങളും ധരിപ്പിച്ചു.

അനന്തരം താൻ ചെന്നു രാജാവിനെ നേരിൽക്കണ്ടു വിവരം തെറ്റിപ്പെടുത്താമെന്നു നിശ്ചയിച്ചു് ചിത്രരഥൻ ശ്രീപുരത്തേയ്ക്കു തിരിച്ചു രാജാവിനെക്കണ്ടു സകലസംഗതിയും അറിയിച്ചതിന്റെ ഫലമായി രാജാവു്, കാശ്മീരത്തിലെ സകലനാട്ടുവാഴികളെയും വിളിച്ചുകൂട്ടി ആലോചിച്ചു ന്യായാനുസൃതമായ തീരുമാനം ചെയ്യാൻ തന്റെ ന്യായസഭയോടു് ആജ്ഞാപിച്ചു. ആജ്ഞാനുസരണം ന്യായസഭ പ്രവത്തിക്കുകയും വിദ്യുൽപ്രഭനെ ബന്ധനത്തിൽനിന്നും മോചിപ്പിക്കണമെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയാൽ അപ്രകാരം തീരുമാനിക്കുകയുംചെയ്തു. ഈ തീരുമാനം ഉണ്ടാകുന്നതിലേയ്ക്കു് ഒരു കൊല്ലത്തെ താമസം നേരിട്ടു. സഭയിലെ തീച്ചയനുസരിച്ചു വിദ്യുൽപ്രഭനെ ഉടനെ മോചിപ്പിക്കണമെന്നുള്ള വിവരത്തിനു രാജാവു പവിഴസേനന്റെപേക്കു് നീട്ടെഴുതി കൈയൊപ്പും മുദ്രയുംവച്ചു ചിത്രരഥനെ ഏല്പിച്ചു.

ഇതിനകം പവിഴസേനൻ രാജദ്രോഹത്തെ കൈവശപ്പെടുത്തി. ജനങ്ങളും അയാളെ തങ്ങളുടെ ഭരണകത്താവായി അംഗീകരിച്ചു. ഈ നിലയിൽ രണ്ടു ദ്രോഹങ്ങളുടെയും ഭരണാധികാരിയായി ഭവിച്ച പവിഴസേനനെക്കണ്ടു് ചിത്രരഥൻ രാജാവിന്റെ നീട്ടുകൊടുത്തു.

രാജശാസനത്തെ നിരാകരിക്കാൻ ധൈര്യമില്ലാത്തതിനാൽ പവി ഴസേനൻ നീട്ടിലെ താല്പര്യപ്രകാരം വിദ്യുൽപ്രഭനെ തടവിൽ നിന്നും മോചിപ്പിച്ചുവെങ്കിലും രാജ്യത്തും വിട്ടുകൊടുക്കാൻ തയാറി ല്ലെന്നു ശഠിച്ചു. നീട്ടിൽ നാടുവാഴിയെ ബന്ധനത്തിൽനിന്നും മോചിപ്പിക്കണമെന്നല്ലാതെ കോട്ട വിട്ടുകൊടുക്കണമെന്നു രേഖ പ്പെടുത്തിയിട്ടില്ലെന്നായിരുന്നു അയാളുടെ വിതണ്ഡാവാദം.

തന്മൂലം ചിത്രരഥനും വിദ്യുൽപ്രഭനും പ്രക്ഷുബ്ധന്മാരായി ഭവിച്ചു. ഇനിയും ഒരു നീട്ടുവാങ്ങിക്കൊണ്ടുവന്നു രാജ്യത്തെ വിട്ടൊ ടുക്കാനും മറ്റും വളരെ പ്രയാസവും കാലതാമസവും നേരിടാനിട യുണ്ടെന്നും രണ്ടുപേരുംകൂടി യോജിച്ചു ദുർബുദ്ധിയായ പവിഴസേ നനെ യുദ്ധത്തിൽ തോല്പിച്ചു രാജ്യത്തെ കൈവശപ്പെടുത്താമെന്നും ശത്രുഭനും ജാമാതാവും നിശ്ചയംചെയ്തു. വരുന്നതുവരട്ടെന്നു തീച്ചപ്പെടുത്തിക്കൊണ്ട് സൈന്യസമേതംചെന്ന പവിഴസേന നോടു നേരിട്ടു. വളരെനാളത്തേയ്ക്കു യുദ്ധം നീണ്ടുനിന്നു ഒടുവിൽ സപ്തശക്തി ക്ഷയിച്ചു പവിഴസേനൻ പരാജിതനായി, വിദ്യുൽ പ്രഭൻ രാജധാനിയിൽ പ്രവേശിച്ചു. എന്നാൽ അദ്ദേഹത്തെ അക ത്തുപ്രവേശിക്കാതെ ജനങ്ങളം തടുത്തു. തന്റെ ഭരണീയന്മാരായി രുന്ന ജനങ്ങളം തന്നെ തടഞ്ഞതുകണ്ടു കോപാന്ധനായി, തന്റെ അജ്ഞാനുവർത്തികളായ സൈന്യങ്ങളെക്കൊണ്ടു അവരിൽ അനേ കംപേരെ നിഗ്രഹിപ്പിച്ചു. ജനങ്ങളുടെ വാശിയും കോപവും വർദ്ധിച്ചു കോട്ടയ്ക്കകത്തും പുറത്തും തീകൊളുത്തി. നാടു വെന്തുതുട ങ്ങിയപ്പോൾ പവിഴസേനൻ വീണ്ടും സൈന്യസമേതനായി വന്നു വിദ്യുൽപ്രഭനോടു നേരിട്ടു. വിദ്യുൽപ്രഭന്റെ ക്ഷീണിച്ച സൈന്യ ത്തിനു പവിഴസേനന്റെ പുതിയ സൈന്യത്തോടു പൊരുതുനി ല്ക്കാൻ കഴിഞ്ഞില്ല. വിദ്യുൽപ്രഭൻ പരാജിതനായി നൈരാശ്യത്തോ ടുകൂടി ശത്രുഗൃഹത്തിൽ മടങ്ങിവന്നു. മാനഭംഗവും ശരീരക്ഷീ ണവും നിമിത്തം അദ്ദേഹം കട്ടിലിൽ കയറിക്കിടന്നു. അക്കിട പ്പിൽത്തന്നെ അത്യന്തപരാക്രമശാലിയായ വിദ്യുൽപ്രഭൻ ദിവംഗ തനായി.

അതിനുശേഷം ശീലവതിക്കും സരസ്വതിക്കും നേരിട്ട അപ ത്തുകൾ അനേകമാണ്. അതുകേട്ടാൽ അറബിക്കഥ കേൾക്കുകയാ ണെന്നല്ലാതെ യഥാർത്ഥത്തിൽ നടന്ന സംഭവങ്ങളാണെന്നു തോന്നു കയില്ല. വിദ്യുൽപ്രഭന്റെ നിര്യാണാനന്തരം, ജാമാതാവിനോടു ചേർന്നു തന്നെ പീഡിപ്പിച്ചു എന്ന കാരണവുംപറഞ്ഞു പവിഴസേ നൻ ചിത്രരഥനോടു യുദ്ധത്തിനു വന്നു വ്യാഘ്രദുർഗ്ഗത്തെ അതിശ ക്തിയോടെ എതിർത്തു. ചിത്രരഥൻ തന്റെ സർവ്വശക്തിയും പ്രയോ ഗിച്ചു ശത്രുവിനോടു എതിരിട്ടുവെങ്കിലും. ശത്രുവിന്റെ സൈന്യ

ബലത്തെ തടുക്കാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം ശത്രുഖഡ്ഗത്തിനിരയായി യുദ്ധക്കളത്തിൽത്തന്നെ മരിച്ചു. പവിഴസേനൻ തന്റെ ബലവാന്മാരായ രണ്ടു ശത്രുക്കളേയും ജയിച്ചതിനാലുള്ള—ഇനിയൊരിക്കൽ അവർ വന്നു എതിർക്കാനിടയില്ലാത്തവണ്ണം ജയിച്ചതിനാലുള്ള—അഹങ്കാരത്താൽ മതിമറന്നു കോട്ടയ്ക്കകത്തു പ്രവേശിച്ചു. അവിടെ നടത്തിയ അഴിമതികളെപ്പറ്റി പറഞ്ഞറിയിക്കാൻ പ്രയാസം. മൃഗീയമായ പല പ്രവൃത്തികളും അതിനകത്തു ചെയ്തു സംതൃപ്തനായതിനുശേഷം കോട്ടയ്ക്കകത്തുള്ള സകല കെട്ടിടങ്ങളും അഗ്നിക്കിരയാക്കി, ശീലവതിയുടെ സഹോദരികൾ പാർത്തുവന്ന മഠവും തീവച്ചു നശിപ്പിച്ചു. ശീലവതിയേയും സരസ്വതിയേയും, തന്റെ സൈന്യങ്ങളുടെ കൈയിൽ അകപ്പെടാതെ, പവിഴസേനൻ തന്റെ കൊട്ടാരത്തിൽ കൊണ്ടുചെന്നു് ഒരു പ്രത്യേകസ്ഥലത്തു താമസിപ്പിച്ചു. അവരിലുള്ള അനുകമ്പയോടുകൂടി അപ്രകാരം പ്രവർത്തിച്ചതാണെന്നു ധരിക്കേണ്ട. തന്റെ മൃഗീയമായ ആശയെ നിറവേറ്റാമെന്നുള്ള കരുതലോടുകൂടിമാത്രമാണു് അയാൾ അപ്രകാരം പ്രവർത്തിച്ചതു്. ശീലവതിയുടെ അന്യാദൃശരൂപലാവണ്യം ആ നാടുവാഴിയെ കാമാന്ധനാക്കിച്ചെയ്തു. തന്റെ അധീനതയിൽ കിട്ടിയാൽ ഉദ്ദേശം ഫലോദ്ഗമമാകുമെന്നാണു് അയാൾ കരുതിയതു്.

ശീലവതിയോടുകൂടി എന്നെയും കൂട്ടിക്കൊണ്ടുപോകണമെന്നു ഞാൻ അയാളോടു താണുകേണപേക്ഷിച്ചു. എന്റെ അപേക്ഷയെ അയാൾ കൈക്കൊണ്ടില്ല. 'കിട്ടിയ ജീവനുംകൊണ്ടു തൃപ്തിപ്പെട്ടു പൊയ്ക്കൊൾക' എന്നു പറഞ്ഞു എന്നെ ആട്ടിപ്പായിച്ചു.

ഇക്കണ്ടതെല്ലാം പ്രപഞ്ചകർത്താവിന്റെ ലീലാവിലാസങ്ങളാണെന്നു സമാധാനപ്പെട്ടുകൊണ്ടു്, ഒരു സർവ്വസംഗപരിത്യാഗിയുടെ നിലയിൽ ഞാൻ ഈ രാജധാനിയെ അഭയംപ്രാപിച്ചു. സർവ്വസമ്പൽസമൃദ്ധിയോടു പരിലസിച്ചിരുന്ന ഈ നഗരം അഗ്നിക്കിരയായി ജനശൂന്യമായി. ജ്യേഷ്ഠയുടെ സുന്ദരംഗമായി സ്ഥിതിചെയ്യുന്നതുകണ്ടപ്പോൾ എന്റെ ഹൃദയം പൊട്ടിത്തകർന്നുപോയി. ഒരു ചെറിയ പാറപ്പുറത്തുകിടന്നു്, ദുഃഖബാധിതമായ ഹൃദയത്തിന്റെ മാലിന്യത്തെ കഴുകിക്കളയുന്നവോ എന്നു തോന്നുമാറു് കണ്ണീരൊലിപ്പിച്ചുകൊണ്ടിരുന്നു. ഈ സംഭവങ്ങൾക്കുശേഷം പതിനാലു കൊല്ലംകഴിഞ്ഞിരിക്കുന്നു. എന്നിരുന്നിട്ടും എന്റെ ദുഃഖത്തിനു കുറവുനേരിട്ടിട്ടില്ല. അതുമുതൽ ഞാൻ ഇവിടെത്തന്നെ താമസിച്ചുവരുന്നു.

ഈ സംഭവത്തിനുശേഷം ഒരു കൊല്ലംകഴിഞ്ഞു് ഏതോ കാരണവശാൽ ഉദയസേനൻ പവിഴസേനന്റെ കോട്ടയെ ആക്രമിച്ചു. പവിഴസേനൻ ആ യുദ്ധത്തിൽമരിച്ചു. അയാളുടെ ഉദ്യോഗസ്ഥന്മാർ ഉദയസേനനു കീഴ്പ്പെടാൻ മടിച്ചു ദുർഗ്ഗത്തെ അഗ്നിക്കിരയാക്കി; അവരും തീയിൽച്ചാടി മരിച്ചു. ഇതാണു ഈ മൂന്നു കോട്ടയുടെയും ചരിത്രം.

ശീലവതിയുടെയും സരസ്വതിയുടെയും അനന്തരചരിത്രം എന്താണെന്നു് എനിക്കു അറിഞ്ഞുകൂടാ. "ഒരുപക്ഷേ, അവരും അഗ്നിക്കിരയായിരിക്കുമെന്നു ഊഹിക്കാൻ ന്യായമുണ്ടു്. എന്നാൽ പവിഴസേനൻ മരിക്കുന്നതുവരെ തന്റെ മുഗീയമായ ആസക്തി നിറവേറാൻ ഭഗീരഥപ്രയത്നം ചെയ്തിട്ടും ഫലിച്ചില്ലെന്നു പലരും പറഞ്ഞു എനിക്കറിവാൻ സാധിച്ചിട്ടുണ്ടു്."

നാല്പത്തിമൂന്നാം അദ്ധ്യായം.

"മുന്നമേ വഞ്ചിച്ച തനുഭംഗി നിന്നെയും
മന്നവ! മറവളിന്നി വളാണെടോ!"

നാഗേന്ദ്രൻ ഭഗ്നുതയചരിത്രം പറഞ്ഞുതുടങ്ങിയപ്പോൾമുതൽ സ്ത്രീപുരുഷവച്ച പ്രേതയക്ഷി പറഞ്ഞ ചരിത്രത്തെ താരാനാഥൻ ഓർമ്മിക്കുന്നുണ്ടായിരുന്നു. രണ്ടിനും വളരെ സാമ്യംകാണുകയാൽ അയാൾ ആശ്ചര്യപ്പെട്ടു. നാഗേന്ദ്രൻ പറഞ്ഞവസാനിച്ചപ്പോൾ അപൂർവ്വം ചില സംഗതികളിൽ അല്പവ്യത്യാസമുണ്ടെങ്കിലും ചരിത്രം രണ്ടും ഒന്നാണെന്നനുമാനിച്ചു. നാഗേന്ദ്രൻ പറഞ്ഞതു് യഥാർത്ഥമായ ചരിത്രമാണെന്നും പ്രേതയക്ഷി പറഞ്ഞതു അതിശയോക്തി കലർത്തി തന്മയപ്പെടുത്തിയതാണെന്നും താരാനാഥൻ ഊഹിച്ചു. ഏതോകാര്യസാദ്ധ്യത്തിനായി പേരും ഊരും മാറി അല്പം ചില ഭേദഗതികൾ ചെയ്തു പ്രേതയക്ഷി തന്നെ വഞ്ചിച്ചതാണെന്നും അയാൾ നിശ്ചയിച്ചു.

വെങ്കലപ്രതിമയെ സംബന്ധിച്ച സംഘത്തിന്റെ നേതാവായ ഉദയസേനനെ മാടനാക്കിയും മറ്റുള്ളവരുടെ പേരുകൾ മാറിയും പ്രേതയക്ഷി തന്റെ ചരിത്രത്തെ പറഞ്ഞതാണെന്നു താരാനാഥൻ തീർച്ചപ്പെടുത്തിയിട്ടും വേറേ ചില സംശയങ്ങൾ അയാളുടെ മനസ്സിനെ ബാധിച്ചു. പ്രേതയക്ഷി അവളുടെ ചരിത്രത്തിൽ അശോകനാഥനെപ്പറ്റി ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. ചിത്രരഥന്റെ കാണാതെപോയ പുത്രനെപ്പറ്റിയും ഒന്നും പറഞ്ഞി

ട്ടില്ല. അതുപോലെതന്നെ നാഗേന്ദ്രന്റെ ചരിത്രത്തിൽനിന്നും ഇര ട്ടപ്രജകളെ പ്രസവിച്ചതായി വെളിപ്പെട്ടുന്നില്ല. പ്രേതയക്ഷി യെയോ പ്രേതയക്ഷിക്കുപകരം മറെറാരു ശിശുവിനെയോപററി അയാൾ യാതൊന്നും പറഞ്ഞിട്ടില്ല. ഇതിൽനിന്നും പ്രേതയക്ഷി ഈ ചരിത്രത്തിൽ ഉൾപ്പെട്ടിട്ടില്ലെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. അങ്ങനെവരുമ്പോൾ ഈ പ്രേതയക്ഷി ആരു"? വിഷ്ണുഭട്ടന്റെ കുടുംബത്തിൽ പ്രേതയക്ഷിക്കു വല്ല സംബന്ധവുമുണ്ടോ? സര സ്വതി, ചരിത്രത്തിൽ സംബ ിപ്പെട്ടവൾതന്നെ. അക്കാര്യത്തിൽ സംശയിക്കാനൊന്നുമില്ല. പ്രേതയക്ഷി ആരായിരിക്കാം?

പ്രേതയക്ഷി സരസ്വതിയുടെ സഹോദരിതന്നെയാണെങ്കിൽ വിഷ്ണുഭട്ടന്റെ മരണശേഷം പ്രേതയക്ഷി ശീലവതിയിൽ പവിഴ സേനനു ജനിച്ച പുത്രിയായിരിക്കാം. അല്ലെങ്കിൽ വിഷ്ണുഭട്ടൻ മരിക്കുമ്പോൾ പ്രേതയക്ഷിയെ ശീലവതി ഗർഭത്തിൽധരിച്ചിട്ടുണ്ടാ യിരുന്നിരിക്കാം. എന്നാൽ അതു സംഭവ്യമല്ലെന്നു മറുകാരണങ്ങ ളാൽ അനുമാനിക്കേണ്ടിയിരിക്കുന്നു. ശീലവതി പവിഴസേനന്റെ കൊട്ടാരത്തിൽ പാർപ്പിക്കപ്പെട്ടപ്പോൾ സരസ്വതിക്കു് ആറുവയ സ്സോളംപ്രായമുണ്ടു്. അവൾക്കു് ഇപ്പോൾ ഇരുപതുവയസ്സു പ്രായ മാണെന്നു നാഗേന്ദ്രന്റെ ചരിത്രപ്രസംഗത്തിൽനിന്നും നിശ്ച യിക്കാം. അങ്ങനെവരുമ്പോൾ പ്രേതയക്ഷിയെ സരസ്വതിയുടെ ആറാമത്തെവയസ്സിൽ ശീലവതി പ്രസവിച്ചതാണെങ്കിൽ അവൾക്കു ഇപ്പോൾ പതിനാലുവയസ്സിൽ കൂടുതൽ പ്രായം കാണാൻ ന്യായമില്ല. ഈ പ്രേതയക്ഷിക്കാണെങ്കിൽ പരത്താൻ പതിനുപതുവയസ്സു പ്രായംമതിക്കാം. ഇക്കാരണങ്ങളാൽ പ്രേത യക്ഷി ശീലവതിയുടെ മകളല്ല. അതേ; പ്രേതയക്ഷിക്കും സരസ്വ തിക്കുംതമ്മിൽ യാതൊരു സംബന്ധവുമില്ല. എന്നാൽ ഇവർ ഏക സഹോദരങ്ങളല്ലെന്നു ഛായാസാമ്യംകണ്ടാൽ എങ്ങനെ തീർച്ചപ്പെ ടുത്താം? വർണ്ണഭേദംഒഴിച്ചാൽ രണ്ടുപേർക്കും ഒരേഛായതന്നെ. രണ്ടു പേരും ഒരുദേഹംതന്നെന്നു പറയണം. അത്രത്തോളം സാമ്യം അവ ർക്കുണ്ടു്. പൊക്കവും വണ്ണവും രണ്ടുപേർക്കും ഒന്നുപോലെതന്നെ; സ്വരത്തിൽപ്പോലും വ്യത്യാസമില്ല. നടത്തയിലുമില്ല. എന്തൊരാ ശ്ചര്യം! പ്രേതയക്ഷിയാരു"?

മറെറാരുസംശയം താരാനാഥനെ ബാധിച്ചു. പ്രേതയ്ക്ഷി യുടെമാടൻ, അതിശയോക്തിയുടെ ഫലമാണെന്നു നാഗേന്ദ്രൻ പറ ഞ്ഞചരിത്രത്തിൽനിന്നും വെളിപ്പെടുന്നു; അങ്ങനെവന്നാൽ, അന്നു രാത്രിയിൽ ശ്രീപുരത്തുവച്ചു തന്നെ യുദ്ധത്തിൽ പരാജിതനാക്കിയ ആ മനുഷ്യൻ ആരാണു"? ഒരുപക്ഷേ അന്നു" രണ്ടുപേർ ഉണ്ടായി രുന്നു എന്നു വരുമോ? ഒരാൾ മുമ്പിൽനിന്നു പൊരുതുവേ പിറ

കിൽനിന്നു് താഡിച്ചതു മറെറാരാൾ ആയിരിക്കുമോ? യുദ്ധംചെയ്തു ആൾ മാടൻ അല്ലെങ്കിൽ നിശ്ചയമായും രണ്ടുപേർ ഉണ്ടായിരുന്നു എന്നു ഊഹിക്കാൻ ന്യായമുണ്ടു്. ഈ രണ്ടാൾ ആരായിരിക്കാം? ഈ സംശയം പരിഹരിക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്.

താരാനാഥൻ തന്റെ മനസ്സിൽ തോന്നിയ സംശയങ്ങളെ നാഗേന്ദ്രനെ അറിയിക്കരുതെന്നുദ്ദേശിച്ചു് അവയെപ്പററി പിന്നീടു സാവകാശം ചിന്തിച്ചുകൊള്ളാമെന്നു നിശ്ചയിച്ചു. എന്നിട്ടു നാഗേന്ദ്രനെ നോക്കിപ്പറഞ്ഞു—"താങ്കൾപറഞ്ഞ ചരിത്രം എന്റെ വ്യഗ്രതയെത്തെ ഹഠാൽകഷ്ടിച്ചിരിക്കുന്നു. ഈ മൂന്നുകോട്ടയുടേയും അന്നത്തെ സ്ഥിതിയിൽനിന്നും ഇന്നത്തെസ്ഥിതി എത്ര ഭയങ്കരം. താങ്കൾ ഈ ചരിത്രം എന്നെ ധരിപ്പിച്ചതിൽ എനിക്കു് അളവററ കൃതജ്ഞതയുണ്ടു്. മാന്യരേ! താങ്കൾക്കു സന്തോഷത്തെനല്കുന്ന ഒരു സംഗതി ഞാൻ വെളിപ്പെടുത്താം താങ്കൾപറഞ്ഞ ആ സരസ്വതി ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നു വിശ്വസിക്കുക!"

"സരസ്വതി ജീവിച്ചിരിക്കുന്നുവോ!" എന്നു സാശ്ചര്യം നാഗേന്ദ്രൻ ചോദിച്ചിട്ടു്, "ഹാ! അവൾ എവിടെ? ഞാൻ ഈ നിമിഷത്തിൽ അവിടെച്ചെന്നു് അവളെക്കണ്ടു മരിക്കുംമുമ്പു് എന്റെ ഈ കണ്ണുകൾക്കു ജന്മസാഫല്യത്തെ നൽകട്ടേ" എന്നു പറഞ്ഞു.

താരാനാഥൻ:—ആ സ്ത്രീ ഇപ്പോൾ എവിടെയുണ്ടെന്നു പറവാൻ ഞാൻ ശക്തനല്ല. ഞാൻ ആ സ്ത്രീയെ പലപ്രാവശ്യം കണ്ടിട്ടുണ്ടെന്നല്ലാതെ എവിടെ താമസിക്കുന്നുവെന്നും സ്ഥിതിഗതികൾ എന്തെല്ലാമാണെന്നും മനസ്സിലാക്കിയിട്ടില്ല.

നാഗേന്ദ്രൻ:—(നൈരാശ്യത്തോടുകൂടി) അതു് എന്റെ ഭാഗ്യദോഷം തന്നെ. (സന്തോഷവികാരങ്ങളോടെ) മാന്യരേ! ആ കുട്ടി ഇപ്പോൾ അത്യന്തശ്രേഷ്ഠലാവണ്യമുള്ള ഒരു തരുണിയുടെനിലയിൽ എത്തിയിരിക്കുമല്ലോ? അവളുടെ യോഗക്ഷേമങ്ങളെക്കുറിച്ചു് താങ്കൾക്കു വല്ല അറിവുമുണ്ടോ?

താരാനാഥൻ:—അതേ; ആ സ്ത്രീ സൗന്ദര്യത്താൽ ലോകത്തെ ജയിക്കുന്നു. മറുകാര്യങ്ങളെപ്പററി നമുക്കു നാളെ സാവകാശമായി സംസാരിച്ചുകൊള്ളാം. ഇപ്പോൾ എനിക്കു് ഒന്നുരണ്ടു സംശയം താങ്കളോടു ചോദിക്കേണ്ടതായിട്ടുണ്ടു്. താങ്കൾ പറഞ്ഞചരിത്രം ഈ സ്ഥലത്തു താമസിക്കുന്നജനങ്ങൾക്കു പൂർണ്ണമായി അറിവുണ്ടോ?

നാഗേന്ദ്രൻ:—ചരിത്രത്തെ സംബന്ധിച്ച സ്ഥൂലജ്ഞാനം ഉണ്ടായിരിക്കുമെന്നല്ലാതെ എല്ലാവിഷയത്തെപ്പററിയും സൂക്ഷ്മമായ അറിവു് ഉണ്ടായിരിക്കയില്ല. വിട്ടൽപ്രഭുവും ഉദയസേനനും തമ്മിലുണ്ടായ കരാർ, ബ്രഹ്മാനന്ദന്റെ മരണത്തെസ്സംബ

ന്ധിച്ച പരമാത്മം വെങ്കലപ്രതിമയെയും രഹസ്യസംഘത്തെയുംപറ്റിയ വിവരങ്ങളും, എന്നീ സംഗതികളിൽ യാതൊരറിവുമില്ല. ആ രഹസ്യങ്ങളും പരസ്യമാകണമെങ്കിൽ ഞാൻ മൂലമായിരിക്കണം. ഞാനതു താങ്കളോട പറഞ്ഞതുപോലെ മറാരോടും പറഞ്ഞിട്ടില്ല, പറയുകയുമില്ല; എന്നല്ല, ഞാൻ ആരോടുംതന്നെ ധാരാളമായി സംസാരിക്കുകപോലുമില്ല.

താരാനാഥൻ:—അങ്ങനെയാണെങ്കിൽ എന്നോടുമാത്രം ഈ രഹസ്യം എന്തുകൊണ്ടു തുറന്നുപറഞ്ഞു?

നാഗേന്ദ്രൻ:—സത്യസന്ധതയുടെയും വിശ്വസ്തതയുടെയും മുദ്രകൾ താങ്കളുടെ മുഖത്തു തെളിഞ്ഞുകാണുന്നു. താങ്കൾ ഒരു ഗൌരവമുള്ള പുരുഷനാണെന്നും ഈ മുഖം വിളിച്ചുപറയുന്നു. പിന്നെന്തുകൊണ്ടു എനിക്കു പറഞ്ഞുകൂടാ?

താരാനാഥൻ:—എന്നെപ്പറ്റി നല്ല അഭിപ്രായം പുറപ്പെടുവിച്ചതിൽ ഞാൻ നന്ദിപറയുന്നു. ഒരു സംശയംകൂടി ചോദിച്ചുകൊള്ളട്ടെ. വിദ്യുൽപ്രഭന്റെ സഹധർമ്മചാരിണി സരസ്വതിയെക്കൂടാതെ മറെറാരുമകളെ പ്രസവിച്ചിട്ടുണ്ടെന്നു കരുതാൻ സംഗതിയുണ്ടോ?

നാഗേന്ദ്രൻ:—ഒരിക്കലുമില്ല; ശീലവതി സരസ്വതിയെക്കൂടാതെ വേറേ ഒരു ശിശുവിനെ പ്രസവിച്ചിട്ടില്ല.

താരാനാഥൻ:—സരസ്വതിയുടെ പ്രായത്തിലും രൂപത്തിലും ഏതെങ്കിലും ഒരു സ്ത്രീ അവളുടെ ചാച്ചിക്കാരിലോ വേഴ്ചക്കാരിലോ ഉൾപ്പെട്ടവളായിട്ടുണ്ടോ? ഉണ്ടെന്നു നിങ്ങൾക്കു കേട്ടറിവെങ്കിലുമുണ്ടോ?

നാഗേന്ദ്രൻ:—ഇല്ല; അങ്ങനെ ഒരു സ്ത്രീയില്ല. ഇതിനെപ്പറ്റി ഇത്ര നിഷ്കൃഷ്ടയായി ചോദിക്കാൻ കാരണമെന്തു"?

താരാനാഥൻ:—അതു നാളെപ്പറയാം.

ഈ അവസരത്തിൽ പ്രേതയക്ഷി കിടന്നിരുന്ന മുറിയുടെ കതക തുറക്കപ്പെട്ടു സുരുചിയും വിമലയും പുറത്തേക്കുവന്നു. "നിങ്ങളുടെ സ്വാമിനിയുടെ ശരീരാസ്വാസ്ഥ്യം ഇപ്പോൾ ഏതുനിലയിലിരിക്കുന്നു?" എന്നു ചോദിച്ചുംകൊണ്ടു താരാനാഥൻ അങ്ങോട്ടു ചെന്നു.

"സ്വാമിനി ഇപ്പോഴാണു കണ്ണുതുറന്നു നോക്കിയതു". അങ്ങയെ ചോദിച്ചതുകൊണ്ടു ഞങ്ങൾ ഇങ്ങോട്ടു പോന്നതാണു"" എന്നു അവർ സമാധാനം പറഞ്ഞു. "എന്നാൽ ഞാൻ ചെന്നുനോക്കട്ടേ!" എന്നു പറഞ്ഞുകൊണ്ടു താരാനാഥൻ പ്രേതയക്ഷിയുടെ മുറിയിൽ ചെന്നു.

പലപല വിചാരങ്ങളും പലപല സംശയങ്ങളും താരാനാഥന്റെ ഹൃദയസ്ഥാനത്തെ അലട്ടുന്നുണ്ടായിരുന്നു.

പ്രേതയക്ഷി കട്ടിലിൽ ചാഞ്ഞുകിടക്കുകയായിരുന്നു. അവളുടെ കുന്തളഭാരം അഴിഞ്ഞു നാലുഭാഗത്തും വിതറിക്കിടക്കുന്നു. മുറിവിലെ കെട്ട് അതേമട്ടിലിരിക്കുന്നു. താരാനാഥൻ അകത്തു പ്രവേശിച്ചയുടനെ അവൾ ശിരസ്സു മുമ്പോട്ടു ഉയർത്തി അയാളുടെ മുഖത്തു സൂക്ഷിച്ചുനോക്കി. ആ നോട്ടം അയാളുടെ ഹൃദയാന്തരത്തിൽ കടന്ന് അവിടെ തോന്നാസ്യംകാട്ടുന്ന വികാരങ്ങളെ അനുശാസിക്കുകയാണെന്നു തോന്നി. താരാനാഥനും അവളെ ഉറ്റുനോക്കി.

രണ്ടുപേരുടേയും കണ്ണുകൾ തമ്മിലിടഞ്ഞു. അവളുടെ കണ്ണുകൾ മനസ്സിലെ ഭയസംശയങ്ങളെ വെളിപ്പെടുത്തി. താരാനാഥനേതാകട്ടെ സന്താപസംശയങ്ങളെ വെളിപ്പെടുത്തുകയാണു ചെയ്തതു്.

താരാനാഥൻ മുറിയുടെ കതകടച്ചു തഴുതിട്ടുംവച്ചു അവളുടെ കട്ടിലിൽ കയറി ഇരുന്നു. "മുഖ്യമായ ചില സംഗതികളെപ്പറ്റി എനിക്കു ഭവതിയോടു് അല്പം സംസാരിക്കേണ്ടതായിട്ടുണ്ടു്. ഭവതിയുടെ ശരീരാസ്വാസ്ഥ്യം അതിലേയ്ക്കു് അനുകൂലമല്ലെന്നുവരുമോ?" എന്നു ചോദിച്ചു.

"ഞാൻ ഇതിനേക്കാൾ അത്യാസന്നനിലയിൽ കിടന്നാലും താങ്കളുടെ ചോദ്യങ്ങൾക്കു സമാധാനം പറയത്തക്കവണ്ണം മനസ്സിനു സ്വാസ്ഥ്യം നൽകുന്നതാണു"" എന്നായിരുന്നു പ്രേതയക്ഷിയുടെ സമാധാനം.

താരാനാഥൻ:—വളരെ സന്തോഷം! ഭവതി ഇന്നു ഈ കെട്ടിടത്തിൽവച്ചു കണ്ട വൃദ്ധനിൽ എന്നെ ഗ്രഹിപ്പിക്കത്തക്ക പല രഹസ്യങ്ങളും അടങ്ങിയിട്ടുണ്ടെന്നു അറിയാമല്ലോ.

പ്രേതയക്ഷി:—അറിയാം; നാഗേന്ദ്രനു മനസ്സുണ്ടെങ്കിൽ താങ്കളെ ഗ്രഹിപ്പിക്കുന്നതിലേയ്ക്കു് ഒരുകഥയുണ്ടെന്നു് എനിക്കറിയാം. അക്കഥ അയാൾ താങ്കളെ ഗ്രഹിപ്പിച്ചുവെന്നും ഞാൻ താങ്കളെ കണ്ട ക്ഷണത്തിൽ അറിയുകയുംചെയ്തു. മാന്യരേ! ഇനി തീർത്തുപറയുക. നമുക്കുതമ്മിൽ വല്ല ബന്ധവുമുണ്ടായിരുന്നുവെങ്കിൽ അതു് ഈ നിമിഷംമുതൽ ശിഥിലീകൃതമായി എന്നു വിശ്വസിക്കട്ടെയോ?

പ്രേതയക്ഷി ശരിക്കു നിവർന്നിരുന്നു. ഒരു ന്യായാധിപന്റെ മുമ്പിൽ തന്റെ സകല കുറ്റങ്ങളേയും സമ്മതിച്ചു്, പ്രസ്താവിക്കാൻ പോകുന്ന വിധിയെ സധൈര്യം പ്രതീക്ഷിച്ചു്, ന്യായാധിപമുഖത്തു ഭയത്തോടുകൂടി നിൽക്കുന്ന ഒരു അപരാധിയുടെ നിലയിൽ, അവൾ താരാനാഥന്റെ മുഖത്തു ഉറ്റുനോക്കി.

താരാനാഥൻ:—ഉടനടി സമാധാനം പറവാൻ നിവൃത്തിയില്ലാത്ത ഒരു ചോദ്യമാണു് ഭവതിയുടെ മുഖത്തുനിന്നും പുറപ്പെട്ടതു്. എന്നിരുന്നാലും ആ ചോദ്യത്തിനു എന്നിൽനിന്നും ലഭിക്കേണ്ട സമാധാനം എന്താണെന്നു ഭവതിയുടെ ഹൃദയത്തിൽത്തന്നെ തോന്നിയിട്ടുണ്ടായിരിക്കണം. നീതിയിലും ന്യായത്തിലും സത്യത്തിലുംനിന്നു വരവണ്ണം വ്യതിചലിക്കാൻ ഇഷ്ടപ്പെടാത്തവനാണു ഞാൻ. അതുപോലെതന്നെ ക്രൂരകൃഷ്ണമായി ചിന്തിക്കുംമുമ്പു് ഒരാൾ അപരാധിയാണെന്നോ അല്ലെന്നോ തീർച്ചപ്പെടുത്തുന്ന സ്വഭാവവും എനിക്കില്ല. എനിക്കു് ഇന്നപ്രകാരത്തിലെന്നു പറവാനും തീർച്ചപ്പെടുത്താനും നിവൃത്തിയില്ലാത്ത ഒരു സ്നേഹം ഭവതിയുടെ പേരിലുണ്ടു്. വിധി വിപരീതമായിനിന്നെങ്കിലല്ലാതെ, ആ സ്നേഹത്തെ പരിത്യജിച്ചു "എന്റെ ജീവിതത്തെ ആനന്ദശൂന്യമാക്കാനും ഭവതിയുടെ ജീവിതത്തെ അലക്ഷ്യമാക്കാനും ഞാൻ ഒരുമ്പെടുന്നതല്ല. ഇക്കഴിഞ്ഞ മൂന്നു മണിക്കൂറിനുള്ളിൽ ആശ്ചര്യകരമായ പല സംഗതികളും എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. ആ ചരിത്രം ശപിക്കപ്പെട്ട പല സംശയങ്ങളെയും എന്റെ മനസ്സിൽ അങ്കുരിപ്പിച്ചിരിക്കുന്നു. ആ സംശയങ്ങൾക്കു തൃപ്തികരമായ സമാധാനം പറവാൻ ഭവതിക്കു ശക്തിയില്ലെന്നു ഞാൻ വിചാരിക്കുന്നു.

പ്രേതയക്ഷി:—അതേ; ഞാൻ ഊഹിച്ചതു ശരിയാണു്. നാം തമ്മിലുള്ള ബന്ധം ഇവിടെ അവസാനിച്ചിരിക്കുന്നു.

അവൾ കട്ടിലിൽ ചാഞ്ഞു, വസ്ത്രാഞ്ചലത്താൽ മുഖം മറച്ചു വിമ്മിക്കരഞ്ഞു. അതുകണ്ടപ്പോഴാണു പ്രേതയക്ഷിക്കു തന്നിലുള്ള അനുരാഗത്തിന്റെ അഗാധത താരാനാഥനു ബോദ്ധ്യപ്പെട്ടതു്. താരാനാഥൻ സാന്ത്വനങ്ങളാൽ അവളെ സമാധാനപ്പെടുത്താൻ ഒരുമ്പെട്ടു. എന്നാൽ ഏതോ ഒരു ശക്തി, വാക്കുകൾ പുറപ്പെടാതിരിക്കത്തക്കവണ്ണം അയാളുടെ കണ്ഠനാളത്തെ തടഞ്ഞു. അനിവാര്യമായ ഒരു ശക്തി അയാളെ ആ സംരംഭത്തിൽനിന്നും വിലക്കി. മാത്രമല്ല, സാന്ത്വനങ്ങൾക്കു പകരം സന്താപോദ്ദീപകമായ ചില വാക്കുകൾ ആ കണ്ഠത്തിൽനിന്നും പുറപ്പെടുവിക്കുകയുംചെയ്തു. എന്റെ "തീർച്ചയായ സമാധാനം ഭവതിയുടെ നാവിൽനിന്നുംതന്നെ പുറപ്പെട്ടു കഴിഞ്ഞു. ഇനി ഭവതിയോടു യാത്രപറഞ്ഞു പിരിയേണ്ടതായ ഒരു ജോലിമാത്രമേ എനിക്കുള്ളൂ. അതേ ഞാൻ പോകട്ടേ" എന്നു പറഞ്ഞു് അയാൾ എഴുന്നേറ്റു.

"ഹാ! ദൈവമേ! ഇതാണോ എന്റെ വിധി" എന്നു സഗദ്ഗദം പ്രേതയക്ഷി പരിദേവനംചെയ്തു. അവളുടെ കണ്ണുകളിൽ

നിന്നും കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. അവൾ നിവൎന്നിരുന്നു് താരാനാഥനെ നോക്കി ഇപ്രകാരംപറഞ്ഞു:—"മാന്യരേ! നാം തമ്മിൽ പിരിയേണ്ടതു് ആവശ്യമാണു്. പിരിയാതിരിക്കാൻ നിവൃത്തിയില്ല. വിധി അനുവദിക്കയില്ല. അനിവാൎയ്യമായ ഒരാപത്തിനെ ക്ഷമയോടുകൂടി സഹിക്കുകതന്നെവേണം. അതിനെപ്പറ്റി ഖേദിച്ചിട്ടാവശ്യമില്ല, ഖേദിക്കാൻ പാടില്ല. എന്നാൽ എന്നെ സംബന്ധിച്ചു് ഒരു സംഗതി അങ്ങയെ അനുസ്മരിപ്പിക്കേണ്ടതായിട്ടുണ്ടു്. ഞാൻ താങ്കളോടു് ഏതൊരു വിഷയത്തെ എപ്രകാരം മാറ്റിപ്പറഞ്ഞിരുന്നാലും—താങ്കളെ സ്വാധീനപ്പെടുത്താൻ ഞാൻ ഏതെല്ലാം തന്ത്രങ്ങളും പ്രയോഗിച്ചിരുന്നാലും—ഞാൻ വലുതായ വഞ്ചനകളും ചെയ്തിട്ടുണ്ടെങ്കിലും—ഞാൻ അങ്ങയെ പലപ്രകാരത്തിൽ കബളിപ്പിച്ചിട്ടുണ്ടെങ്കിലും — ഞാൻ അങ്ങയെ പ്രഥമമായി കണ്ടപ്പോൾതുടങ്ങി എനിക്കു് അങ്ങയിൽ ഉണ്ടായിട്ടുള്ളതുപോലെ പരിശുദ്ധവും പാരമാൎത്ഥികവും അത്യഗാധവും ഹൃദയപൂൎവ്വകവുമായ അനുരാഗം ലോകത്തിൽ മറൊരു സ്ത്രീക്കും ഉണ്ടായിട്ടില്ല; ഉണ്ടാകുന്നതുമല്ല. മാന്യരേ! നാം ഇവിടെവച്ചു പിരിയേണ്ടതു അത്യാവശ്യമാണു്. എന്നാൽ എന്നെ വിട്ടുപിരിയുമ്പോൾ, എന്റെ പേരിൽ വെറുപ്പും കോപവും അങ്ങേയ്ക്കുണ്ടാകരുതെന്നു വളരെ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. പ്രഭോ! ഈ ദാസിയിൽ കരുണതോന്നി, എന്റെ കഴിഞ്ഞ പ്രവൃത്തികളെ എല്ലാം വിസ്മരിച്ചുകളയണമെന്നും മേലിൽ എന്നെങ്കിലും ഒരിക്കൽ എന്നെ ഓൎക്കണമെന്നും സവിനയം പ്രാൎത്ഥിക്കുന്നു. ഇനിമേൽ എന്നെപ്പറ്റി യാതൊന്നും അങ്ങേയ്ക്കു കേൾക്കാൻ കഴിയുന്നതല്ല. അങ്ങയുടെ സമാധാനപൂൎണ്ണവും ആനന്ദമയവുമായ ജീവിതത്തെ ഞാൻ കൂടുക്കിട്ടുകയില്ല. വിദൂരസ്ഥമായ ഒരു വിജനപ്രദേശത്തെ അഭയം പ്രാപിച്ചു് അങ്ങയുടെ തിരുനാമത്തെ ധ്യാനിച്ചുകൊണ്ടും അങ്ങയുടെ ആയുസ്സിനും ആരോഗ്യത്തിനും ഭാഗ്യത്തിനും പ്രാൎത്ഥിച്ചുകൊണ്ടും ഞാൻ എന്റെ ജീവിതശേഷത്തെ വിനിയോഗിച്ചുകൊള്ളാം. പ്രാണനാ—അല്ല, മാന്യരേ! ഒരേഒരുവാക്കുമാത്രം അങ്ങയുടെ മുഖത്തുനിന്നും പുറപ്പെടട്ടേ! 'ക്ഷമിച്ചു' എന്നൊരു വാക്കു് അങ്ങു് എന്റെ നേരിൽ ഉച്ചരിക്കണേ! ആ ഒരു വാക്കത്രേ എന്റെ ഹൃദയഭണ്ഡാഗാരത്തിനു നിറഞ്ഞ ധനം. ആ ധനംകൊണ്ടു എന്റെ ആയുഷ്കാലത്തെ ഞാൻ ആനന്ദമയമാക്കിച്ചെയ്തുകൊള്ളാം.

പ്രേതയക്ഷിയുടെ വാക്കുകൾകേട്ട സഹതാപപൂൎവ്വം അവളെ ഉറുനോക്കിക്കൊണ്ടു താരാനാഥൻ പറഞ്ഞതാവിതു്—"മാന്യേ! ഭവതിയുടെ സമസ്താപരാധത്തെയും ഞാൻ ക്ഷമിച്ചു; മനഃപൂൎവ്വം ക്ഷമിച്ചു. ഭവതി എന്നെ ഹൃദയപൂൎവ്വം സ്നേഹിക്കുന്നുവെന്നു്

എനിക്കറിയാം. ഇപ്പോൾ ഭവതിയെ വിട്ടുപിരിയുന്നുവെങ്കിലും എപ്പോഴും ഞാൻ ഭവതിയുടെതന്നെ ഗുണകാംക്ഷിതന്നെ ആയിരിക്കും. ആ ഓമ്മ ഭവതിക്കുണ്ടായിരിക്കട്ടേ. മാന്യയായ പ്രേതയക്ഷി! ഭവതിയുടെ പരമരഹസ്യങ്ങൾ ഈ ഘട്ടത്തിലെങ്കിലും എന്നെ ധരിപ്പിക്കുന്നതോ?

പ്രേതയക്ഷി.—(കണ്ണുനീർ തുടച്ചിട്ട്) മാന്യരേ! അങ്ങയുടെ മനോരഥത്തെ തികച്ചും സാധിക്കാൻ എനിക്ക് ഇപ്പോൾ ശക്തിയില്ലെന്നിരിക്കുന്നു എന്തുകൊണ്ടെന്നാൽ ചില രഹസ്യങ്ങൾ എന്നോടുകൂടി ലോകത്തിൽനിന്നും മറയേണ്ടതാണ്. എന്നാൽ ചില രഹസ്യങ്ങൾ ഞാൻ അങ്ങയെ ധരിപ്പിക്കാം.

താരാനാഥൻ:—മാന്യേ! രഹസ്യാന്ധകാരത്തെ നീക്കി യഥാർത്ഥരൂപം എന്നെ കാണിക്കുക. ഞാൻ അറിവാൻ ആഗ്രഹിക്കുന്ന സംഗതികൾ എന്താണെന്നു ഭവതി അറിയുന്നുവോ? വിദ്യുൽപ്രഭന്റെ പരമാർത്ഥചരിത്രത്തെ ഭവതി എന്തിനു മാറ്റിപ്പറഞ്ഞു? ഭവതി ആരു? സരസ്വതിക്കും ഭവതിക്കും തമ്മിലുള്ള യഥാർത്ഥമായ സംബന്ധമെന്തു? അർദ്ധരാത്രിയിൽ എന്നോടു യുദ്ധംചെയ്ത വീരൻ—അല്ലെങ്കിൽ വീരന്മാർ—ആരു? എന്റെ പേരിൽ ഭവതിക്കു ഇത്രവലിയ അനുരാഗമുണ്ടായിരിക്കെ, എന്നെ സരസ്വതിയുടെ സാഹസങ്ങൾക്കു സാക്ഷ്യം വഹിക്കത്തക്കവണ്ണം ഞങ്ങളെ പരസ്പരം ഘടിപ്പിച്ചുംവച്ചു ഭവതി പൊയ്കളയാൻ കാരണമെന്തു? സരസ്വതി എന്നെ വിട്ടുപിരിഞ്ഞതിനുശേഷം ഭവതി എന്നെ തിരക്കിവരാൻ കാരണമെന്തു? ഭവതിയുടെ ഈ ഇന്ദ്രജാലത്തിൽ അശോകനാഥനു പങ്കുണ്ടോ? അയാൾക്കു വല്ലതും അറിവുണ്ടോ? എന്നെസ്സംബന്ധിച്ച രഹസ്യം അയാൾ എപ്പോഴെങ്കിലും ഭവതിയെ ധരിപ്പിച്ചിട്ടുണ്ടോ? ഈ ചോദ്യങ്ങൾക്കു ഭവതി പരമാർത്ഥമായ സമാധാനം പറയുമെങ്കിൽ എനിക്കു ഭവതിയുടെപേരിൽ അജീവനാന്തം കൃതജ്ഞതയുണ്ടായിരിക്കും.

പ്രേതയക്ഷി:—ഈ ചോദ്യങ്ങൾക്കു നാളെ ഞാൻ സമാധാനം പറയാം. ഇപ്പോൾ എന്റെ ശരീരവും മനസ്സും ബലഹീനങ്ങളായിരിക്കുന്നു. ദയചെയ്ത് അങ്ങയുടെ യാത്ര നാളത്തേയ്ക്കു മാറ്റിവയ്ക്കണമെന്നപേക്ഷ.

താരാനാഥൻ ആ അപേക്ഷയെ കൈക്കൊണ്ടു യാത്ര അടുത്തദിവസത്തേയ്ക്കു മാറ്റിവച്ചു. "രാവിലെ കണ്ടുകൊള്ളാം" എന്നു വാശ്വാനംചെയ്തിട്ട് അയാൾ കിടക്കാൻപോയി

രാത്രി കഴിഞ്ഞു; സൂര്യോദയമായി; ഒരു മണിക്കൂർകൂടി കഴിഞ്ഞു താരാനാഥൻ ഉറക്കറയിൽനിന്നും എഴുന്നേറ്റു പുറത്തുവന്നു,

നേരേ-പ്രേതയക്ഷിയുടെ മുറിയിൽച്ചെന്നു വാതിൽകടന്നു അകത്തു പ്രവേശിക്കാൻ അയാൾ മടിച്ചു. തലേദിവസം രാത്രിയിൽ അയാൾ അശേഷംഉറങ്ങിയിട്ടില്ല. ആ വസ്തുത, മുഖത്തു നോക്കുന്നവർക്കു മനസ്സിലാകും. നാഗേന്ദ്രൻ പറഞ്ഞ ചരിത്രത്തെപ്പറ്റിയും പ്രേതയക്ഷിയുടെ മായാലീലകളെപ്പറ്റിയും അവർക്കു തന്നേറപേരിലുള്ള അതിരുകടന്ന അനുരാഗത്തെപ്പറ്റിയും തനിക്കു് അവളുടെ പേരിലുള്ള രാഗമല്ലാത്തരാഗത്തെപ്പറ്റിയും അവളുടെ അത്യന്ത രഹസ്യങ്ങളെപ്പറ്റിയും ചിന്തിച്ചുചിന്തിച്ചു കിടന്നതിനാൽ നിദ്ര ബാധിച്ചില്ല. എപ്പോൾ പ്രഭാതമാകും; എപ്പോൾ പ്രേതയക്ഷി തന്നെറ രഹസ്യങ്ങളെ വെളിപ്പെടുത്തും എന്നിങ്ങനെ വിചാരിച്ചുകൊണ്ടുകിടക്കവേ, നേരം വെളുത്തു. ഉടൻതന്നെ എഴുന്നേറ്റു പ്രേതയക്ഷിയുടെ വാതുക്കലോളം ചെന്നിട്ടും അതു ജാഗ്രത്സംഭവമാണെന്നു വിശ്വസിക്കുവാൻ വളരെ പണിപ്പെടേണ്ടിവന്നു. ആ വിശ്വാസം വരുത്തുന്നതിലേയ്ക്കാണു് അയാൾ എത്രനേരംസമയം വാതുക്കൽത്തന്നെ നിന്നതു്. ജാഗ്രദനുഭൂതിയുണ്ടായ ഉടനെ കതകിനു തട്ടിവിളിച്ചു. സുരുചിയും വിമലയും കതകുതുറന്നു അയാൾക്കു വഴിമാറിക്കൊടുത്തു അയാൾ അകത്തു കടന്നതിനുശേഷം അവർ പുറത്തിറങ്ങിപ്പോന്നു.

പ്രേതയക്ഷി താരാനാഥനെ കണ്ട ഉടനെ "മാന്യരേ! ഇതാണല്ലോ നമ്മുടെ അവസാനസന്ദർശനം! അല്ല; ഇതെന്തു്? താങ്കളുടെ കണ്ണുകൾ കലങ്ങിച്ചുവന്നുകാണുന്നു. മുഖം വിളറിയിരിക്കുന്നു! കഷ്ടം! രാത്രിയിൽ ഉറങ്ങിയില്ലെന്നുതോന്നുന്നു. ശപിക്കപ്പെട്ട വിചാരങ്ങൾ മനസ്സിനെ പീഡിപ്പിച്ചുകൊണ്ടിരുന്നിരിക്കണം.

താരാനാഥൻ:—അതേ; എനിക്കു് ഇന്നലെ ഒരു തിരാരാത്രിയായിരുന്നു. എന്നാൽ അതു് അത്ര ആശ്ചര്യമായി കരുതാനില്ല, എന്റെമനസ്സിൽ കുടികൊള്ളുന്ന വിചാരഭാരത്തെ ഒന്നൊന്നായി മാറ്റിവച്ചിട്ടുവേണ്ടേ ഉറങ്ങാൻ? മാറ്റിവയ്ക്കണമെങ്കിൽ അതിലേയ്ക്കുതന്നെ ഒരു രാത്രിമതിയാകുന്നതല്ല. ആസ്ഥിതിക്കു ഉറങ്ങാൻ എവിടെ സമയംകിട്ടും? ഭവതിയെ സ്വന്തമാക്കാമെന്നുണ്ടായിരുന്ന അഭിലാഷവും പ്രതീക്ഷയും നിഷ്ഫലമായിട്ടല്ലേ പരിണമിച്ചതു്? എന്നാൽ എനിക്കു ഭവതിയുടെപേരിലുള്ള സ്നേഹത്തിനു തെല്ലും ഭംഗംവന്നിട്ടില്ല; വരികയുമില്ല. ഭവതിയെസ്സംബന്ധിച്ച പരമാത്മാവസ്ഥയെ രഹസ്യമാക്കുന്ന തിരശ്ശീല മറച്ചിരിക്കുന്നു. ആ തിരശ്ശീല മാറ്റി ഓരോന്നിന്റെ യഥാർത്ഥസ്വരൂപം വെളിപ്പെടുത്താൻ ഭവതി നിർബന്ധയാണെന്നു ഓർക്കുന്നുണ്ടല്ലോ? ദയചെയ്തു രാത്രിയിലെ ശപഥപ്രകാരം രഹസ്യത്തെ വെളിപ്പെടുത്തുക.

പ്രേതയക്ഷി:—(പ്രേമപൂർവ്വം താരാനാഥന്റെ മുഖത്തു ഉറ്റുനോക്കി ക്കൊണ്ടു) മാന്യരേ! അങ്ങു് ഒരു തീരാരാത്രി കഴിച്ചുകൂട്ടി എന്നുപറയുന്നു. അതു വാസ്തവമാണെന്നു താങ്കളെ കണ്ട പ്പോൾത്തന്നെ എനിക്കു മനസ്സിലായി. എന്നാൽ ഞാൻ ഇന്നലെ കഴിച്ചുകൂട്ടിയ രാത്രിയുടെ ഭയങ്കരത്വ ലേശമെങ്കിലും താങ്കൾക്കു് അനുഭവമായിട്ടില്ല. തന്മൂലം എന്റെ കൈയിലെ പരുക്കിന്റെ വേദന ഒന്നു കൂടുതലാകാനിടയായി. പ്രഭോ! ഇന്നലെ രാത്രിയിൽ ഞാൻ അനുഭവിച്ച മനോവ്യഥ എന്റെ പരമശത്രുക്കൾക്കും അനുഭവിക്കാനിടയാക്കരുതെന്നു ഞാൻ ഇപ്പോഴും ദൈവത്തോടു പ്രാർത്ഥിക്കുന്നു.

താരാനാഥൻ:—ഭവതിയുടെ താൽക്കാലികനിലയിൽ എനിക്കു് അതിയായ സഹതാപമുണ്ടു്. എന്റെ 'സ്നേഹത്താൽ' ഭവതിക്കു് എന്തെങ്കിലും സാധിക്കേണ്ടതായുണ്ടെങ്കിൽ പറയുക. ഞാൻ മഹാധനികനും വലിയ അധികാരശക്തിയുള്ളവനുമാണു്. (ആലോചിച്ചിട്ടു്) അത്രവലിയ ധനത്തിനും അധികാരശക്തിക്കും ഞാൻ ഏതു പ്രകാരത്തിൽ അർഹനാണെന്നുള്ള വസ്തുത പക്ഷേ, ഭവതി അറിഞ്ഞിട്ടുണ്ടെന്നുവരാം.

പ്രേതയക്ഷി:—(ഒടുവിൽപ്പറഞ്ഞതു് കേട്ടില്ലെന്നഭാവത്തിൽ) താങ്കളുടെ അനുരാഗത്തിനു് അനർഹയായ എനിക്കു് അങ്ങയുടെ സ്നേഹം സമാധാനത്തെ നൽകാൻ പര്യാപ്തമോ? എങ്കിലും സ്നേഹത്തോടുകൂടി എനിക്കു സഹായം ചെയ്യാൻ മുന്നിട്ട താങ്കളുടെ മഹാമനസ്കതയ്ക്കു നമസ്കാരം. എനിക്കു താങ്കളുടെ യാതൊരു സഹായവും ആവശ്യമില്ല. എന്റെ സമസ്താപരാധത്തെ ക്ഷമിച്ചതിനെക്കാൾ വലുതായ ഒരു സഹായം എനിക്കു താങ്കളിൽനിന്നും ഉണ്ടാകേണ്ടതായിട്ടില്ല. ഇനി ഞാൻ അങ്ങേയ്ക്കു നൽകിയ വാഗ്ദാനത്തെ നിറവേറ്റട്ടെ! പവിഴദ്വീപിൽ അഗ്നിക്കിരയായി എന്നും ശീലവതിയും മകൾ സരസ്വതിയും മരിച്ചുപോയി എന്നും നാഗേന്ദ്രൻ താങ്കളോടു പറഞ്ഞുവല്ലോ. അതിനുശേഷമുള്ള ചരിത്രം ഞാൻ പറയാം. അതിനുമുമ്പു് ഒരുസംഗതി വെളിപ്പെടുത്തേണ്ടതായിട്ടുണ്ടു്. ശീലവതിയും സരസ്വതിയും നാഗേന്ദ്രൻ പറഞ്ഞതുപോലെ പവിഴദ്വീപിൽവച്ചു മരിക്കുകയുണ്ടായില്ല. ശീലവതി, തന്റെ അധീനത്തിലായതുമുതൽ, പവിഴസേനൻ അവളെ പാട്ടിലാക്കാൻ തീവ്രയത്നംചെയ്തു. അവൾ വഴിപ്പെടാഴികയാൽ അദ്ദേഹം പലപ്രകാരത്തിൽ അവളെ ഭയപ്പെടുത്തിവന്നു. തന്മൂലം പവിഴസേനനോടു പിണങ്ങിയാൽ അപക-

ടമുണ്ടെന്ന കരുതി, അവർ അയാളിൽ സ്നേഹം നടിച്ചു്, തന്റെ ഭർത്താവിന്റെ മരണദിവസംമുതൽ ഒരു കൊല്ലം കഴിഞ്ഞാൽ അയാളുടെ ആഗ്രഹത്തിനു വശപ്പെടാമെന്നും അതേവരെ നിർബന്ധിക്കരുതെന്നും അയാളോട പറഞ്ഞു. ഒരു കൊല്ലത്തിനകം ദൈവഗത്യാ തനിക്കു മോചനംകിട്ടുമെന്നുള്ള വിശ്വാസത്തോടുകൂടി അവർ അപ്രകാരം ഉടമ്പടി സമ്മതിച്ചു. ശീലവതിയുടെ രൂപലാവണ്യത്തിൽ മതിമറന്ന പവിഴസേനൻ, ഒരുകൊല്ലം കഴിഞ്ഞിട്ടെങ്കിലും അവളുടെ സംസർഗ്ഗം സിദ്ധിക്കുന്നതു മഹാഭാഗ്യമാണെന്നു കരുതി ഒരുകൊല്ലംവരെ ക്ഷമിച്ചിരിക്കാമെന്നു സമ്മതിച്ചു. ഒരുകൊല്ലത്തെ അവധി കഴിയാറായി. ആ ഘട്ടത്തിൽ ഉദയസേനൻ പവിഴസേനന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു്, സരസ്വതിയെ നൽകണമെന്നാവശ്യപ്പെട്ടു. ഈ വിവരം പവിഴസേനൻ ശീലവതിയെ അറിയിച്ചു. തന്റെ പുത്രിയെ വേർപെട്ടു് ഒരു നിമിഷംപോലും താൻ ജീവിച്ചിരിക്കയില്ലെന്നും സരസ്വതിയെ കൊടുക്കാൻ പാടില്ലെന്നും ശീലവതി പവിഴസേനനെ ധരിപ്പിച്ചു. പവിഴസേനൻ, ശീലവതിയുടെ മനോരഥത്തെസാധിച്ചാൽ അവളുടെ നിഷ്കളങ്കമായ പ്രേമം തനിക്കു ലഭിക്കുമെന്നുകരുതി, സരസ്വതിയെ വിട്ടുതരികയില്ലെന്നു ദൂതനോടു പറഞ്ഞയച്ചു. തൻമൂലം കുപിതനായ ഉദയസേനൻ യുദ്ധസന്നദ്ധനായിവന്നു പവിഴദ്വീപിനെ ആക്രമിച്ചു പവിഴസേനനെ നിഗ്രഹിച്ചു. സൈന്യങ്ങൾ ദുർഗ്ഗത്തിൽക്കടന്നു. ഈ അവസരത്തിൽ പവിഴസേനന്റെ ആളുകൾ ദുർഗ്ഗത്തിനു തീവച്ചു; അവരും തീയിൽച്ചാടി മരിച്ചു. ഈ ബഹളത്തിൽ ശീലവതി സരസ്വതിയെയും എടുത്തുംകൊണ്ടു ഒരു സാധാരണസ്ത്രീയുടെ വേഷത്തിൽ കൊട്ടാരത്തിനു വെളിയിൽക്കടന്നു വനമാർഗ്ഗത്തിൽക്കൂടി ശ്രീപുരത്തേയ്ക്കു തിരിച്ചു. ശ്രീപുരത്തിനു സമീപത്തുവച്ചു തന്റെ കൈവശം ഭാണ്ഡംകെട്ടി സൂക്ഷിച്ചിരുന്ന ആഭരണങ്ങളിൽ കുറേ വിറ്റു ഒരു ചെറിയ വീട്ടം പുരയിടവും വിലയ്ക്കു വാങ്ങി അവിടെത്താമസമുറപ്പിച്ചു. ഉദയസേനൻ ചാരന്മാർ മുഖേന തന്നെ കണ്ടുപിടിക്കാതിരിക്കാനായി വേഷവുംമാറി ഒരു ദിവസം—അന്നു സരസ്വതിക്കു് ഒമ്പതു വയസ്സുപ്രായമാണു്—ശീലവതി സരസ്വതിക്കു് പാഠം ചൊല്ലിക്കൊടുത്തുകൊണ്ടിരിക്കയായിരുന്നു. ഒരു കുതിര രാജപാതയിൽക്കൂടി അതിവേഗത്തിൽ ഓടിവരുന്ന ശബ്ദംകേട്ടു, ശീലവതി പരിഭ്രമത്തോടുകൂടി എഴുന്നേറ്റു നോക്കി. അടുത്ത

നിമിഷത്തിൽ പടിവാതുക്കൽ എത്തിയ കുതിര തന്റെ പുറത്തിരുന്ന ആളിനെ താഴത്തു മറിച്ചിട്ടുംവച്ചു് ഓടിപ്പോയ്ക്കളഞ്ഞു. ശീലവതി ബദ്ധപ്പെട്ട വാതുക്കൽച്ചെന്നു നോക്കി. അവർക്കുണ്ടായ ആശ്ചര്യ്യം അവർണ്ണനീയമാണു്. ബോധം കെട്ടു നിലത്തുകിടക്കുന്ന മനുഷ്യൻ തന്റെ ഭർത്താവിനെ സേവിച്ചുനിന്ന അശോകനാഥനാണെന്നു് അവർക്കു മനസ്സിലായതാണു് ആശ്ചര്യ്യത്തിനു കാരണം. അവർ ഉടനെ റോഡിൽക്കൂടിപ്പോയ ചിലരുടെ സഹായത്തോടുകൂടി അവനെ എടുപ്പിച്ചു ഗൃഹത്തിനുള്ളിൽ കൊണ്ടുചെന്നു ഒരു കട്ടിലിൽ കിടത്തി. അനന്തരം പരുക്കുകൾ ഉണ്ടോ എന്നു ശരീരം പരിശോധിക്കുന്നതിനായി അവർ ധരിച്ചിരുന്ന ഉടുപ്പു് ഊരി നോക്കി. അഹോ! ശീലവതിക്കുണ്ടായ ആശ്ചര്യ്യത്തിനും അന്തസ്താപത്തിനും അളവില്ല. അവന്റെ കൈയിലുണ്ടായിരുന്ന ഒരടയാളത്താൽ അശോകനാഥൻ, വളരെക്കാലത്തിനു മുമ്പു കാണാതെപോയ തന്റെ സഹോദരനാണെന്നു് ശീലവതിക്കു മനസ്സിലായി. സഹോദരസ്നേഹത്തോടുകൂടി ശീലവതി അശോകനാഥനെ ചികിത്സിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. സുബോധമുണ്ടായപ്പോൾ, തന്നെ സഹായിച്ച സ്ത്രീ—വിദ്യുൽപ്രഭന്റെ ധർമ്മപത്നി—തന്റെ സഹോദരിയാണെന്നുള്ള വസ്തുത അശോകനാഥൻ ഗ്രഹിച്ചു. ശീലവതി അശോകനാഥൻ വിദ്യുൽപ്രഭന്റെ സേവകവൃത്തിൽനിന്നും വിട്ടുപിരിഞ്ഞതിനുശേഷമുള്ള തന്റെ സകലചരിത്രവും അതിനുമുമ്പു് അയാൾ ഗ്രഹിച്ചിട്ടില്ലാതിരുന്ന പല സംഗതികളും അയാളെ ധരിപ്പിച്ചു. അനന്തരം വിദ്യുൽപ്രഭനെ പിരിഞ്ഞുപോയതിനുശേഷമുള്ള തന്റെ ചരിത്രത്തെ അശോകനാഥൻ ശീലവതിയെയും കേൾപ്പിച്ചു. കഴിഞ്ഞ നാലഞ്ചുമാസമായി അശോകനാഥൻ കാശ്മീരരാജന്റെ കീഴിൽ ഒരു ഉയർന്ന ഉദ്യോഗത്തിലിരിക്കയാണു്. അശോകനാഥനു പൂർണ്ണസുഖം കിട്ടാൻ ഒരു മാസത്തോളം താമസം നേരിട്ടു. അതിനുശേഷം, അടിക്കടി വന്നു കണ്ടുകൊള്ളാമെന്നു സമ്മതിച്ചു അശോകനാഥൻ ശീലവതിയോടു യാത്രപറഞ്ഞു ശ്രീപുരത്തേയ്ക്കു തിരിച്ചു. രണ്ടുമാസം കഴിഞ്ഞു. സഹോദരിയെയും ഭാഗിനേയിയെയും കാണാനായി അശോകനാഥൻ ശ്രീപുരത്തുനിന്നും പുറപ്പെട്ടു ഭഗിനീഗൃഹത്തിൽ എത്തി. ആ സമയത്തു ശീലവതി അത്യന്തസുഖക്കേടിൽ കിടക്കുകയായിരുന്നു. സുഖക്കേടു ഭേദപ്പെടുകയില്ലെന്നുള്ള നിലയിൽ എത്തിയ ഉടനെ ശീല

വതി, അശോകനാഥനെ അരികിൽവിളിച്ചു സപുത്രിയുടെ കൈപിടിച്ചു് അയാളെ ഏല്പിച്ചിട്ടു്, "ഇനി ഇവളെ ജ്യേഷ്ഠൻ രക്ഷിച്ചുകൊൾക. ഇവൾക്കു പ്രായപൂർത്തിയായാൽ ഇവളുടെ പിതാവിന്റെ പ്രതിജ്ഞാനുസരണം പരദേവതാപൂജയിൽ ഏർപ്പെട്ടുത്തുക!" എന്നു പറഞ്ഞു. അശോകനാഥൻ അപ്രകാരം സമ്മതിച്ചു. അപ്പോൾത്തന്നെ ശീലവതി ഈ ലോകത്തെ വെടിയുകയും ചെയ്തു. ഭഗിനീവിയോഗത്താൽ സന്തപ്തഹൃദയനായ അശോകനാഥൻ അനന്തരകർമ്മങ്ങൾ ശരിക്കു നിർവ്വഹിച്ചതിനുശേഷം സരസ്വതിയെയും കൂട്ടിക്കൊണ്ടു മടങ്ങിപ്പോയി.

പ്രേതയക്ഷിയുടെ പ്രസംഗം ഈ ഘട്ടത്തിലെത്തിയപ്പോൾ വെളിയിൽ നാലഞ്ചാളുകൾ ഒന്നിച്ചു കയറിവരുന്ന കാൽപ്പെരുമാറ്റം താരാനാഥന്റെയും പ്രേതയക്ഷിയുടെയും ശ്രദ്ധയെ ആകർഷിച്ചു. അടുത്ത നിമിഷത്തിൽ കതകിനു് തട്ടുന്ന ശബ്ദംകേട്ടു് താരാനാഥൻ എഴുന്നേറ്റു വാതിൽ തുറന്നു. അശോകനാഥന്റെ സൈന്യവകുപ്പിൽച്ചേർന്ന ആറു ഭടന്മാർ വാതില്പുറത്തു നില്ക്കുന്നതു കണ്ടു് താരാനാഥൻ വാളുരിപ്പിടിച്ചു് "ആരുടെ ആജ്ഞപ്രകാരം നിങ്ങൾ ഇവിടെക്കടന്നു? എന്താണാവശ്യം?" എന്നു ചോദിച്ചു.

അതേ അവസരത്തിൽത്തന്നെ "നിങ്ങൾ ഇവിടെ എന്തിനായിട്ടുവന്നു?" എന്നു പ്രേതയക്ഷിയും ചോദ്യംചെയ്തു. അതുകേട്ടു് "ദേവിയെ അറസ്റ്റ് ചെയ്യാൻ ഞങ്ങൾക്കു വാറണ്ടുണ്ടു്. അറസ്റ്റ് ചെയ്തുകൊണ്ടു പോകാനായിട്ടാണു് ഞങ്ങൾ വന്നതു്" എന്നു അവരിൽ നായകസ്ഥാനം വഹിക്കുന്ന ഒരു ഭടൻ പറഞ്ഞു.

"ആരെ അറസ്റ്റുചെയ്യാൻ? എന്നെയോ?" എന്നു സാശ്ചര്യം പ്രേതയക്ഷി ചോദിച്ചു.

ഭടനായകൻ:—അതേ; ദേവിയെത്തന്നെ.

പ്രേതയക്ഷി:—ആരുടെ വാറണ്ടു്?

ഭടനായകൻ:—കാശ്മീരത്തിലെ ആധുനികഭരണകർത്താവായ അശോകനാഥന്റെ അവർകളുടെ വാറണ്ടാണു്. ദേവിയെ ഉടനെ അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരാക്കണമെന്നു് പ്രത്യേകം ആജ്ഞാപിച്ചിട്ടുണ്ടു്.

പ്രേതയക്ഷി അതിനു സമാധാനമൊന്നുംപറഞ്ഞില്ല. അവൾ കട്ടിലിൽ നിവർന്നിരുന്നു മുമ്പോട്ടുകിടന്ന ചികുരഭാരം കൈകൊണ്ടു നീക്കിപ്പിറകോട്ടിട്ടു. ആ അവസരത്തിൽ തലമുടിയുടക്കി കയ്യിലെ

പരുക്കിൽക്കെട്ടിയിരുന്ന കെട്ട് അഴിഞ്ഞുവീണു. അഹോ! താരാനാഥനുണ്ടായ ആശ്ചര്യത്തിനു് അളവില്ല. തുണി ചുറ്റിയിരുന്ന ഭാഗത്തു് അയാൾ പിന്നെയും പിന്നെയും നോക്കി. ഭടന്മാരും സൂക്ഷിച്ചുനോക്കി. തുണി ചുറ്റിയിരുന്ന ആ ഭാഗം ചെറുനാരങ്ങയുടെ നിറത്തിൽ കാണപ്പെട്ടു. നീലനിറം ആ സ്ഥലത്തുണ്ടായിരുന്നില്ല.

താരാനാഥൻ ഭടനായകനോടു പറഞ്ഞു—ഈ സ്ത്രീയെ അറസ്റ്റുചെയ്യാൻ ഞാൻ സമ്മതിക്കയില്ല.

ഭടനായകൻ:—മാന്യരേ! ഞങ്ങൾ യോഗ്യനായ അശോകനാഥന്റെ ആജ്ഞപ്രകാരം ഈ ദേവിയെ അറസ്റ്റുചെയ്യാൻ വന്നവരാണു്. അദ്ദേഹത്തിന്റെ ആജ്ഞയെത്തടുക്കാൻ താങ്കൾക്കു് അധികാരമില്ല.

താരാനാഥൻ:—അതേ; യോഗ്യനായ അശോകനാഥന്റെ ആജ്ഞയെത്തടുക്കാൻ എനിക്കു് അധികാരമില്ല. എന്നാൽ എന്റെ അധികാരത്തോടുകൂടിയല്ല ഞാൻ തടുക്കുന്നതു്; അദ്ദേഹത്തിന്റെ അധികാരത്തോടുകൂടിയാണു്. (കൈവിരലിൽ കിടന്ന അശോകനാഥമുദ്രാങ്കിതമായ അംഗുലീയകം കാണിച്ചുകൊണ്ടു്) ഇതേ ഇതുനോക്കുക! ഇതിന്റെ അധികാരത്തിനു നിങ്ങൾ കീഴ്പ്പെടേണ്ടവരാണു്. ഈ അധികാരത്തെയും നിങ്ങൾ ലംഘിക്കുകയാണെങ്കിൽ എന്റെ അധികാരത്തെ ഞാൻ പ്രയോഗിക്കും എന്നു പറഞ്ഞു വാളയത്തിപ്പിടിച്ചു.

ഭടനായകൻ തന്റെ കുപ്പായക്കീശയിൽ സൂക്ഷിച്ചിരുന്ന ഒരു മുദ്രവച്ച കത്തെടുത്തു താരാനാഥന്റെ കൈയിൽക്കൊടുത്തു. താരാനാഥൻ കത്തുപൊളിച്ചു വായിച്ചു. ഇടിയേറ്റതുപോലെ ഒന്നു ഞെട്ടി. അയാളുടെ മനസ്സു തളർന്നു് മസ്തിഷ്കം ചിതറുന്നതുപോലെ ഒരു അനുഭവം ഉണ്ടായി. കത്തു കൈയിൽനിന്നും താഴത്തുവീണു.

കത്തിലെ വാചകമിതായിരുന്നു—"ഭയപ്പെടേണ്ട ശാന്തമായി ആലോചിച്ചു പ്രവർത്തിക്കണം. എന്റെ ഭടന്മാർ വഴിതെറ്റിയോ മദ്യാധികൊണ്ടോ പ്രവർത്തിച്ചു എന്നുവരാം. എന്റെ ഉത്തരവിനെ പാലിക്കാൻ അവർ എന്തും പ്രവർത്തിച്ചേയ്ക്കാം. സരസ്വതിയെ അറസ്റ്റുചെയ്യണം; അവർതന്നെ പ്രേതയക്ഷി!!"

നാല്പത്തിനാലാം അദ്ധ്യായം.

"പരന്നസഭതന്നിൽ നിറഞ്ഞു മഹാജനം
പറഞ്ഞുതുടങ്ങിനാർ കായ്യങ്ങളോരോന്നായി."

സരസ്വതി ക്ലബ്ബിൽവച്ചു മദനനെ നിഗ്രഹിച്ചതും ക്ലബ്ബുകാരനും ഭാര്യയും അതുസംബന്ധിച്ച വിവരങ്ങളും നിഷ്കളാനന്ദസ്വാമിയെ ധരിപ്പിച്ചതും വായനക്കാർ വിസ്മരിച്ചിട്ടില്ലല്ലോ. സരസ്വതി ഏതുവിധത്തിൽ തെറ്റിപ്പിഴച്ചു എന്നു നിഷ്കളാനന്ദൻ വളരെനേരം ആലോചിച്ചുനോക്കി. അതിന്റെ ഫലമായി സ്വാമികളുടെ മനസ്സിൽ ഒരു സംശയം ജനിച്ചു. പ്രേതയക്ഷി അകത്തുകടന്നതും സരസ്വതി വെളിയിലിറങ്ങിയതും കണ്ടവരില്ല. ദ്വാരപാലകൻ, കൊലപാതകവിഷയമായതുകൊണ്ടു് വളരെ ശ്രദ്ധയോടും ശുഷ്കാന്തിയോടുംകൂടി വാതുക്കൽ നിന്നിരിക്കണമെന്നുള്ളതിനു സംശയമില്ല. ആ സ്ഥിതിക്കു് പ്രേതയക്ഷി അകത്തുകടക്കുകയോ സരസ്വതി പുറത്തിറങ്ങുകയോ ചെയ്തിട്ടുണ്ടെങ്കിൽ നിശ്ചയമായും അവൻ കാണാതിരിക്കാൻ ഇടയില്ല. കണ്ടിട്ടില്ലാത്തതിനാൽ അങ്ങനെ സംഭവിച്ചിട്ടില്ലെന്നു് വിശ്വസിക്കാനാണു ന്യായം. എന്നാൽ, പ്രേതയക്ഷി അകത്തുകടന്നതും സരസ്വതി പുറത്തിറങ്ങിയതും ഹഠയോഗത്തിന്റെ ശക്തികൊണ്ടായിരിക്കുമോ? അതൊരിക്കലും ഉണ്ടാകുന്നതല്ല. ആ ദിവ്യശക്തി ഇപ്പോഴുണ്ടെന്നു സംശയിക്കുന്നതുതന്നെ മണ്ടത്തരമാണു്. അങ്ങനെവരുമ്പോൾ സരസ്വതി മുറിക്കകത്തു കതകടച്ചിരുന്നു് വേഷംമാറി പ്രേതയക്ഷിയായി പുറത്തിറങ്ങിപ്പോയി എന്നൂഹിക്കാനേ ന്യായമുള്ളൂ. അതേ; അങ്ങിനെതന്നെ സംഭവിച്ചിരിക്കണം. സരസ്വതിതന്നെ പ്രേതയക്ഷി; പ്രേതയക്ഷിതന്നെ സരസ്വതി.

അമ്പട കേമീ! നീ ഇത്ര സമർത്ഥയോ? ഒരു വലിയ ജനക്കൂട്ടത്തെയും പലപ്രാവശ്യം ഈ ഏന്നെത്തന്നെയും വഞ്ചിച്ച നീ ലോകവിജയിനിതന്നെ. നിന്നെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. എന്നാൽ നിന്നെ ഞാൻ ഇനി ഈ ലോകത്തിൽവച്ചുവാഴിക്കയില്ല. നിന്നെ ഞാൻ അകപ്പെടുത്തുകതന്നെചെയ്യും. ഈ മനശ്ശപഥത്തോടുകൂടി നിഷ്കളാനന്ദൻ, പന്ത്രണ്ടാൾക്കാരെയുംകൊണ്ടു് താരാനാഥൻ പുറപ്പെട്ടതായി അറിഞ്ഞു. ദക്ഷിണദിക്കിനെ ലക്ഷ്യമാക്കി യാത്ര തുടർന്നു.

ആനന്ദനും ആൾക്കാരും അശ്വാരൂഢന്മാരായി കുതിരവഴികളിൽക്കൂടി അതിവേഗത്തിൽ യാത്രചെയ്തതിനാൽ, താരാനാഥപ്രഭൃതികൾ രാജധർമ്മത്തിലെത്തിയതിന്റെ പിറകേ കോട്ടയുടെ

മറെറാരുഭാഗത്തു മെന്നുചേരാനിടയായി. കോട്ടയ്ക്കകത്തുള്ള കന്നിന്റെ മുകളിൽ മൂന്നുപേർ നില്ക്കുന്നതു സ്വാമികാം കണ്ടു. ഒരാം താരാനാഥനാണെന്നു ക്ഷണത്തിൽ മനസ്സിലായി. മറെറാരാം പ്രേതയക്ഷിയാണെന്നും അറിഞ്ഞു. മൂന്നാമത്തെയാളിനെ എത്ര സൂക്ഷിച്ചുനോക്കിയിട്ടും മനസ്സിലായില്ല. നാഗേന്ദ്രനെ പരിചയമില്ലാത്തതുകൊണ്ടു മനസ്സിലാകാഞ്ഞതായിരിക്കാം.

ആളിനെ കണ്ടുകിട്ടിയ ചാരിതാർത്ഥ്യത്തോടെ സ്വാമിയും ക്ലേട്ടരും കന്നിന്റെ ഒരുവശത്തുള്ള കുറിക്കാട്ടിൽ മറഞ്ഞിരുന്നു. അവിടന്നു പെട്ടെന്നു എഴുനേറാണു യുദ്ധം തുടങ്ങിയതു്. യുദ്ധത്തിന്റെ അവസാനം വായനക്കാർ ഓർക്കുന്നുണ്ടല്ലോ.

അപമാനത്തിനും അപജയത്തിനും അഗ്നിയായിരുന്നു നിഷ്ഠുരാനന്ദൻ യുദ്ധക്കളത്തിൽനിന്നും ഓടി, അശ്വങ്ങളെ കെട്ടിനിത്തിയിരുന്ന സ്ഥലത്തെത്തി. ആറുകാരിൽ ശേഷിച്ചവനും അവിടെച്ചെന്നുചേർന്നു. രണ്ടുപേരും അശ്വാരൂഢന്മാരായി കല്പകക്കോട്ടയെ അഭിമുഖീകരിച്ചു് അതിവേഗത്തിൽ പുറപ്പെട്ടു. അസ്തമയത്തോടുകൂടി കല്പകക്കോട്ടയിലെത്തി. അതിനു രണ്ടുമണിക്കൂർ മുമ്പു ചന്ദ്രഗുപ്തപുത്രൻ വിജയസേനനെക്കണ്ടു സന്ദേശം അറിയിച്ചുംവച്ചു് തന്റെ കോട്ടയിലേക്കുപോയി എന്നു് ആനന്ദൻ അറിഞ്ഞു.

വിജയസേനനാകട്ടെ, സന്ദേശാനുസരണം, പിതാവിനെ എതിരേല്ക്കുന്നതിനും പത്മാവതിക്കു സ്വാഗതമരുളുന്നതിനും സന്നദ്ധനായി വേണ്ട ഒരുക്കങ്ങളോടുകൂടി അവരുടെ വരവു പ്രതീക്ഷിച്ചിരിക്കുന്നു. രാജകുമാരിയെ എതിരേല്ക്കാൻ ഇടയാകുന്നതിന്റെ മഹാഭാഗ്യത്തെ ഓർത്തപ്പോൾ വിജയസേനനുണ്ടായ ചാരിതാർത്ഥ്യവും സന്തോഷവും എത്രമാത്രമാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. അന്നോ അടുത്ത ദിവസമോ എല്ലാവരും വന്നുചേരുമെന്നു് അറിഞ്ഞതിനാൽ അതിലേക്കുവേണ്ട ഒരുക്കങ്ങളെല്ലാം നൊടിക്കിടയിൽ ചെയ്തുകഴിഞ്ഞു. കൊട്ടാരവളപ്പിന്റെ വലതുവശം ആൾപ്പെരുമാറ്റമില്ലാതെ കാടുപിടിച്ചു കിടക്കുകയാണല്ലോ. അടിയന്തിരത്തിനുള്ള ഒരുക്കങ്ങളും ഇടതുവശത്താണുചെയ്തതു്. അനേകവർഷമായി ആൾപ്പെരുമാറ്റമില്ലാതെ കാടടഞ്ഞുകിടന്നതിനാൽ ഉടനടി നന്നാക്കാനുള്ള സൗകര്യമില്ലാതിരുന്നതുകൊണ്ടു് ആ ഭാഗത്തു യാതൊന്നും ചെയ്യാതിരുന്നതാണു്.

അന്നു രാത്രിയിൽ വിജയസേനനും നിഷ്ഠുരാനന്ദനും വലിയ സംഭാഷണമൊന്നും നടത്തിയില്ല. യാത്രാക്ഷീണംകൊണ്ടും യുദ്ധത്തിൽ പരാജിതനായ മനച്ചുടവുകൊണ്ടും സ്വാമികാം നേരത്തേ ഉറങ്ങാൻപോയി. വിജയസേനൻ എതിരേല്പുസംബന്ധിച്ച ഒരുക്കങ്ങളിൽ സോത്സാഹം പ്രവർത്തിച്ചുകൊണ്ടിരുന്നു.

അടുത്തദിവസം സായംകാലവേളയിൽ രാജകുമാരി ഇടങ്ങഴിയ അതിഥികൾ എല്ലാപേരും വന്നുചേർന്നു. വിജയസേനൻ അതിവിനയത്തോടും സന്തോഷത്തോടുംകൂടി പത്മാവതിയെ എതിരേറ്റു സല്ക്കരിച്ചു. രാജകുമാരി അശ്വത്തിൽനിന്നും താഴെയിറങ്ങി. ആ അവസരത്തിൽ വാദ്യഘോഷങ്ങൾ മുഴങ്ങി, വിജയാശംസ സർവ്വത്ര മാറ്റൊലിക്കൊണ്ടു. കോട്ടയിലെ കൊടിമരത്തിൽ കാശ്മീരത്തിലെ കൊടി പറന്നുകൊണ്ടിരുന്നു. ഉദയസേനൻ കുതിരയിൽനിന്നുമിറങ്ങി പത്മാവതിയുടെ മുമ്പിൽ ഓച്ഛാനിച്ചുനിന്നു. 'എന്റെ കൊട്ടാരത്തിൽ എഴുന്നരുളിയ രാജകുമാരി വാഴ്വൂതാക!' 'കാശ്മീരചക്രവർത്തിനി വാഴ്വൂതാക! ഞങ്ങളുടെ മഹാരാജ്ഞി വാഴ്വൂതാക!' എന്നിങ്ങനെ ആശംസാപൂർവ്വം എതിരേറ്റു.

പത്മാവതി ഉദയസേനപ്രഭൃതികളുടെ അധീനത്തിലായതിനുശേഷം, അന്നു് ആ സായങ്കാലവേളയിലാണു് മുഖപ്രാസാദത്തോടുകൂടി കാണപ്പെട്ടതു്. പതിഞ്ഞസ്വരത്തിൽ, ഉദയസേനന്റെയും മകൻ വിജയസേനന്റെയും ഭക്തിവിനയപ്രകടനങ്ങൾക്കു നന്ദി പറഞ്ഞു. അനന്തരം വലുതായ ഒരു വിരുന്നുസല്ക്കാരം നടന്നു. ക്ഷണപ്രകാരം ഇരുന്നൂറോളം നാട്ടുവാഴികളും പ്രഭൃത്തന്മാരും മഹാജനങ്ങളായിരുന്നു. എല്ലാവരും പത്മാവതീരാജ്ഞിയെ വാഴ്ത്തിയ കോലാഹലശബ്ദത്താൽ കോട്ടയ്ക്കകം മാറ്റൊലിക്കൊണ്ടു. "പ്രഭുക്കൾ ജയിക്കട്ടേ" എന്ന ആശീർവചനങ്ങളും മുഴങ്ങിക്കൊണ്ടിരുന്നു. 'അശോകനാഥപ്രഭൃതികൾ നിശ്ശേഷം നാമാവശേഷന്മാരാകട്ടേ' എന്ന ശാപവചസ്സുകളും പ്രതിധ്വനിച്ചു. പത്മാവതീരാജ്ഞിയുടെ പടത്തലവനായി സർവ്വസമ്മതപ്രകാരം ഉദയസേനൻ തിരഞ്ഞെടുക്കപ്പെട്ടു. അന്നു് അർദ്ധരാത്രിയോളം അതിഥിസല്ക്കാരം പൊടിപൂരമായി നടന്നുകൊണ്ടിരുന്നു.

ഉദയസേനനെ സർവ്വസൈന്യാധിപനായി തിരഞ്ഞെടുത്തതിൽ ഒരാൾക്കുമാത്രം അത്ര സന്തോഷംതോന്നിയില്ല. തിരഞ്ഞെടുക്കപ്പെട്ട സന്ദർഭത്തിൽ ആ ആൾ നെറ്റി ചുളിച്ചു. തന്റെ ഉദ്ദേശം ഫലപ്പെടാതെപോയതിൽ അല്പം വല്ലായ്മ ഉണ്ടായി ഉദയസേനനെക്കാൾ ധനാഢ്യതയും അന്തസ്സുമുള്ള തന്നെ വിസ്മരിച്ചതിൽ മനസ്സിനു ചടവുനേരിട്ടു ഈ അനുഭവമുണ്ടായതു ഗംഗാധരഭട്ടപ്രഭൃതിനാനെന്ന വായനക്കാരിൽ ചിലരെങ്കിലും ഊഹിക്കാൻ കാരണമുണ്ടു്.

അശോകനാഥകക്ഷിയെ അമർത്തി, പ്രഭുക്കളുടെ മഹിമയേയും അധികാരത്തേയും നിലനിർത്താനായി അതിപ്രയത്നംചെയ്ത ഉദയസേനനെ സൈന്യാധിപനായി തിരഞ്ഞെടുത്തതിൽ എല്ലാവരും അവരവർക്കുള്ള അനുമോദത്തെ വെളിപ്പെടുത്തി കുതൂഹലചിത്തന്മാരായിരിക്കെ, ഗംഗാധരഭട്ടപ്രഭുവിന്റെ മനസ്സിൽ അതൃപ്തിയും

അസഹിഷ്ണുതയും ക്രോധവും നടമാടിക്കൊണ്ടിരുന്നു. എന്നാൽ അദ്ദേഹം തൻ വെളിയിൽ കാണാതിരിക്കാനായി വളരെ പ്രയാസപ്പെട്ട് ഉള്ളിൽ അടക്കി. മാത്രമല്ല, മറ്റുള്ളവരോടൊപ്പം വാക്കുകളാലും ഹസ്തതാഡനത്താലും സന്തോഷത്തെ പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ മനസ്സിലെ രഹസ്യം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.

ഈ മഹാസദസ്സിൽ പത്മാവതി പങ്കുകൊണ്ടിട്ടില്ലെന്നുള്ളതു പ്രത്യേകം പ്രസ്താവനീയമാകുന്നു. യാത്രാക്ഷീണത്തിന്റെ പേരും പറഞ്ഞു് രാജ്ഞി തനിക്കായി സജ്ജീകരിക്കപ്പെട്ടിരുന്ന മുറിയിൽ പോയി ശയിക്കുകയാണുണ്ടായതു്.

രാത്രി മണി ഒന്നു കഴിഞ്ഞു. ആ അവസരത്തിൽ സദസ്സിലിരുന്ന ഒരു പ്രായംചെന്ന പ്രഭു എഴുന്നേറ്റു പത്മാവതിയുടെ താൽകാലികാവസ്ഥയെ അധികരിച്ചു് സാതിസംക്ഷേപമായ ഒരു പ്രസംഗം ചെയ്തതിനുശേഷം സർവ്വാത്മനിക്കു് അനുരൂപനായ ഒരു വരനെ രാജകുമാരി സ്വീകരിക്കണമെന്നു് അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തെ പിൻതാങ്ങി പലരും പ്രസംഗിച്ചു. ആ ഘട്ടത്തിൽ വിജയസേനന്റെ നാമം അങ്ങിങ്ങു കേട്ടുതുടങ്ങി. ഒടുവിൽ ആ പേരു് എല്ലാവരും തീർച്ചപ്പെടുത്തി. രാജ്ഞിയുടെ വരനായി വിജയസേനനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

ഗംഗാധരഭട്ടപ്രഭുവും അതിനോടു് അനുകൂലിച്ചു സംസാരിച്ചുവെങ്കിലും ആ തിരഞ്ഞെടുപ്പു്, അതുല്യനായ സൈന്യാധിപതിരഞ്ഞെടുപ്പോടുകൂടി വ്രണപ്പെട്ട തന്റെ മനസ്സിൽ അസ്ത്രം തറച്ചതുപോലെ തോന്നി. പ്രഭുകക്ഷി ജയിക്കുകയാണെങ്കിൽ, രാജകുമാരിയുടെ വരനായ വിജയസേനന്റെ വംശം അഭ്യുന്നതിയെപ്രാപിക്കുമെന്നോർത്തപ്പോൾ പ്രഭുവിനു ആ തിരഞ്ഞെടുപ്പു് ഒട്ടും സഹിച്ചില്ല.

സദസ്യർ, തന്നെ ഇത്രത്തോളം ബഹുമാനിച്ചതിനെപ്പറ്റി വിജയസേനൻ എഴുന്നേറ്റുനിന്നു ഒരു കൃതജ്ഞതാപ്രകടനപ്രസംഗംചെയ്തു. എല്ലാവരും സന്തോഷസാഗരത്തിൽ നിമഗ്നന്മാരായി. പത്മാവതീരാജ്ഞിക്കു വിജയാശംസ മാറെറാലിക്കൊണ്ടു; 'അശോകനാഥകക്ഷി നശിക്കട്ടേ' എന്നുള്ള ശാപവാക്കുകൾ വീണ്ടും പ്രതിധ്വനിച്ചു.

അന്നത്തെയോഗം അങ്ങനെ പിരിഞ്ഞു എല്ലാവരും അവരവർക്കായി മുൻകൂട്ടി ഒരുക്കപ്പെട്ടിരുന്ന ശയനമുറികളെ അഭയം പ്രാപിച്ചു. അത്യുത്സാഹത്താൽ ക്ഷീണിതന്മാരായ ഭൃത്യവർഗ്ഗങ്ങളും ഉറക്കറകളിൽ ചെന്നുകിടന്നു. രണ്ടുദിവസത്തേയ്ക്കു നേരം വെളുക്കരുതെന്നുള്ള പ്രാർത്ഥനയോടുകൂടിയാണു് അവർ പോയിക്കിടന്നതു്. കല്പകക്കോട്ടയിൽ അനിർവ്വചനീയമായ ഒരു നിശ്ശബ്ദത എങ്ങും കളിയാടിക്കൊണ്ടിരുന്നു.

നാല്പത്തൊമ്പാം അദ്ധ്യായം.

"ഉഷ്ണയാമവളെ നിഗ്രഹിച്ചീടണം ക്ഷണം;
ഉഷ്ണതയിതിലില്ല കർത്തവ്യമത്രേ നൂനം"

തലേന്നാൾ രാത്രിയിൽനടന്ന മഹാസമ്മേളനത്തിന്റെ അരങ്ങത്തിൽ പങ്കുകൊണ്ടിരുന്ന നിഷ്കളാനന്ദസ്വാമികൾ രാജകുമാരിയുടെ ഭർത്തൃസ്ഥാനത്തേയ്ക്ക വിജയസേനനെ തിരഞ്ഞെടുക്കുന്നതിനു് അല്പംമുമ്പു് യോഗസ്ഥലത്തുനിന്നും പൊയ്ക്കളഞ്ഞു.

അടുത്ത ദിവസം രാവിലെ—പ്രഭാതത്തിനു മുമ്പു്—സ്വാമികൾ ശയനമുറിയിൽനിന്നും എഴുന്നേറ്റു പുറത്തുവന്നു. വഴിയിൽ ചാരുദത്തനെ കണ്ടുമുട്ടി. സ്വാമികൾ അയാൾമുഖാന്തിരം, നിർബന്ധമായി കണ്ടു് സംസാരിക്കേണ്ട അത്യാവശ്യമുണ്ടെന്നു ഉദയസേനനെ അറിയിച്ചു. ചാരുദത്തൻ വേഗത്തിൽ മടങ്ങിവന്നു സ്വാമികളെ ക്ഷണിക്കൊണ്ടുപോയി ശയനമുറിയിലാക്കിയും വച്ചു് തന്റെ വഴിക്കുപോയി.

ഉദയസേനൻ സ്വാമികളെക്കണ്ടു്, 'സ്വാമിൻ! നമസ്കാരം! അങ്ങു് ഇന്നു വളരെനേരത്തേ എഴുന്നേറ്റുവല്ലോ. ഓഹോ! ഇന്നലെ അധികംനേരം ഉറക്കമിളയ്ക്കാഞ്ഞതുകൊണ്ടായിരിക്കാം? അതിരിക്കട്ടെ, എന്താണു് അത്യാവശ്യമായി സംസാരിക്കാനുള്ളതു്?' എന്നു ചോദിച്ചു.

സ്വാമികൾ പറഞ്ഞു:—"ഇല്ല, എനിക്കു് ചില രഹസ്യങ്ങൾ പ്രേവിനോടു പറയേണ്ടതായിട്ടുണ്ടായിരുന്നു. ഇന്നലെ അതിനു സൌകര്യം കിട്ടിയില്ല. ഇന്നത്തെ അനുഭവം അതുതന്നെയായിരിക്കാം. അതിഥികളായ പ്രേക്ഷകന്മാരും മറ്റും ഉണർന്നുകഴിഞ്ഞാൽ താങ്കളെ തനിച്ചുകണ്ടു സംസാരിക്കാൻ പ്രയാസമായിരിക്കും. അതുകൊണ്ടാണു് ഇപ്പോൾത്തന്നെ കണ്ടു സംസാരിക്കണമെന്നുറച്ചതു്".

ഉദയസേനൻ:—അങ്ങനെയോ? ഇന്നലെ സ്വാമികൾ ഉദ്ദേശിച്ചുപോയ കാര്യം സാധിച്ചില്ലെന്നു രാത്രിയിൽ സ്വാമികളുടെ മുഖഭാവം കണ്ടു ഞാൻ ഊഹിച്ചു. അതുപോലുള്ള വല്ല വിശേഷവുമായിരിക്കും ഇപ്പോഴും പറവാനുള്ളതു്!

സ്വാമികൾ:—ഇല്ലില്ല അതിനെപ്പറ്റി ഇപ്പോൾ വിസ്തരിച്ചുപറവാൻ സാധിക്കയില്ല. എന്നാൽ ഒരു സംഗതി ഉടൻബോധനീയമാണു്. സ്ത്രീപുരത്തെ തടവുമുറിയിൽനിന്നും നിങ്ങളെ മൂന്നുപേരേയും മോചിപ്പിച്ചതാരാണോ, ആ ആളാണു് എന്റെ ഉദ്യമം ഫലവത്താകാതെ തടഞ്ഞതു്.

ഉദയസേനൻ:—(ആശ്ചര്യത്തോടുകൂടി) ഞങ്ങളെ മോചിപ്പിച്ച ആളോ? അയാൾ ഒരു യുവാവാണല്ലോ. അയാളെപ്പറ്റി എന്തോചിലതു പറവാനുണ്ടെന്നു മുമ്പു ഒരവസരത്തിൽ സ്വാമികൻ എന്നോടു പറഞ്ഞുവല്ലോ. അതു പറവാനായിരിക്കും ഞങ്ങൾ ഇപ്പോൾ വന്നതു്?

സ്വാമികൻ:—അതു് ഒരു വിഷയം. (ഒന്നുകൂടിഅടുത്തു നീങ്ങിയിരുന്നുംകൊണ്ടു) തടവിൽനിന്നും നിങ്ങളെ മോചിപ്പിച്ചതും ഒരു യുദ്ധവീരന്റെ ധൈര്യത്തിലും സാമർത്ഥ്യത്തിലും സമയം കിട്ടുമ്പോഴെല്ലാം നേരിട്ടുനിന്നു യുദ്ധം ചെയ്യുന്നതും ഒരു സ്ത്രീ—അത്യന്തരൂപലാവണ്യമുള്ള ഒരു യുവതി.

ഉദയസേനൻ:—(സാശ്ചര്യം) എന്തു്? ഒരു യുവതിയോ? അങ്ങനെ വരാൻ ഇടയില്ലല്ലോ? ഓഹോ ഞാനിപ്പോൾ ഓർക്കുന്നു. അവൾ മുഖാവരണം മാറിയപ്പോൾ ഞാൻ കണ്ടു സുന്ദരമായ മുഖം സ്ത്രീകളുടേതുപോലെ കാണപ്പെട്ടു.

സ്വാമികൻ:—അതേ, പുരുഷവേഷത്തിൽ കാണപ്പെട്ട ആ സ്ത്രീ ഒരഴകുള്ള വനിതതന്നെ. സൗന്ദര്യത്തിൽ എന്നപോലെ സതീത്വത്തിലും അവൾ ഉയർന്നനിലയിലാണു്. എന്നാൽ ഇതൊന്നുമല്ല ആശ്ചര്യം; വിജയസേനൻ, അവളിൽ അനുരക്തനാണു്.

ഉദയസേനൻ:—വിജയസേനൻ, എന്നെ തടവിൽനിന്നും മോചിപ്പിച്ച ആ യുവതിയിൽ അനുരക്തനോ? എന്നാൽ സ്വാമികൻ അവൾക്കു് അവളെ നല്ല പരിചയമുണ്ടെന്നു തോന്നുന്നുവല്ലോ ഓഹോ! ഇപ്പോൾ എനിക്കു മനസ്സിലായി. തടവിൽനിന്നും ഞങ്ങളെ മോചിപ്പിക്കാൻ അവൻതന്നെയാണു് അവളെ അയച്ചിട്ടുള്ളതു്. അങ്ങനെവരട്ടേ! എല്ലാറ്റിനും നാരായവേർ അവനാണു്.

സ്വാമികൻ:—എന്നൊക്കെ നിങ്ങൾ ഉദ്ദേശിക്കുകയാണു്. പരമാർത്ഥം അതൊന്നുമല്ല. യുദ്ധവീരന്റെ വേഷംധരിച്ചു നടക്കുന്ന ആ യുവതി, ചന്ദ്രഗുപ്തപ്രഭുവിന്റെ വനംസൂക്ഷിപ്പുകാരിൽ പ്രധാനിയായ ചിത്രസേനന്റെ ഒരുപുത്രിയാണു്. വിജയസേനൻ അപ്രതീക്ഷിതമായി അവളെ കണ്ടുമുട്ടുന്നതിനും അവനു് അവളിൽ അനുരാഗം ജനിക്കുന്നതിനുമിടയായി. ഒരവസരത്തിൽ അവനും വേറേ ചിലരുംകൂടി അവളെ ബലാൽക്കാരമായി തൂക്കിയെടുത്തുകൊണ്ടു കടന്നു. പക്ഷേ, വഴിക്കുവച്ചു താരാനാഥൻ കണ്ടുമുട്ടി അവളെ രക്ഷിച്ചു. അതുകൊണ്ടാണു് അവൻ താരാനാഥനിൽ ഇത്ര വലിയ വിരോധം പ്രകടിപ്പിച്ചതു്. പിന്നെയും ഒരിക്കൽ

അവൻ അവളെ എങ്ങനെയോ പിടിച്ചുകൊണ്ടുവന്നു ഭദ്രാസനമുറിയിൽ പാർപ്പിച്ചിരുന്നു.

ഉദയസേനൻ:—(നെറ്റിചുളിച്ചുകൊണ്ടു്) ഭദ്രാസനമുറിയിലോ? വിജയസേനൻ എന്താണു് അതു തിരഞ്ഞെടുത്തിച്ചതു്? ചാരുമതിയുടെ എന്തുകൊണ്ടു അതിനു് അനുകൂലിച്ചു? ചാരുമതിയുടെ എന്തുകൊണ്ടു അതിനു് അനുകൂലിച്ചു?

സ്വാമികവം:—അതിനെപ്പറ്റി പ്രഭു വിഷമിക്കേണ്ട. വെങ്കലപ്രതിമയെ സംബന്ധിച്ചു രഹസ്യങ്ങൾ ലേശവും വിജയസേനൻ ധരിച്ചിട്ടില്ല. അവളെ ശ്രദ്ധമായി പാർപ്പിക്കാൻ അതിനെക്കാൾ സൗകര്യമായ മുറിയില്ലാത്തതുകൊണ്ടു് അവൻ അതിൽ പാർപ്പിച്ചു എന്നേയുള്ളൂ. ആ മുറിയിൽത്തന്നെ പാർപ്പിക്കണമെന്നു വിജയസേനൻ ശഠിച്ചാൽ ചാരുമതിയെ കൊണ്ടു് എന്തുകഴിയും?

ഉദയസേനൻ:—(അല്പം മനസ്സമാധാനത്തോടുകൂടി) അതു വാസ്തവമാണു്. എന്നാൽ വിജയസേനൻ വെങ്കലപ്രതിമയുടെ രഹസ്യങ്ങൾ അറിഞ്ഞിട്ടില്ലെന്നു് അങ്ങു പറയുന്നതു സത്യമാണോ? എന്തുകൊണ്ടെന്നാൽ അവൻ അതു മനസ്സിലാക്കിക്കൂടാത്തതാണു്. എനിക്കു് അക്കാര്യത്തിൽ വലിയ നിർബന്ധമുണ്ടെന്നുള്ള സംഗതി അങ്ങേയ്ക്കു് അറിവുണ്ടല്ലോ. അവനെ അതറിയിക്കുന്നതിൽ ഭേദം അവനെ കൊന്നുകളയുകയാണു്.

സ്വാമികവം:—പ്രഭുവേ! നിങ്ങൾ അക്കാര്യത്തിൽ സംശയിച്ചു മനസ്സിനെ പുണ്ണാക്കണ്ട. നിങ്ങളുടെ ഉദ്ദേശം എനിക്കറിയാം. വെങ്കലപ്രതിമയെപ്പറ്റിയാകട്ടെ, അതിനു ബലികഴിക്കപ്പെട്ട ആളുകളുടെ പേരുവിവരം അടങ്ങിയ പുസ്തകത്തെപ്പറ്റിയാകട്ടെ.....

ഉദയസേനൻ:—(തടഞ്ഞുപറഞ്ഞു) അതേ, അതേ; അതു ഞാൻ വിട്ടുപോയി. അപ്പുസ്തകത്തിൽ അവളുടെ പേരുകൂടി ഉണ്ടെന്നു് അവനു് അറിവാൻപാടില്ല. അതു് അവൻ അറിഞ്ഞാൽ അവന്റെ ജീവിതമേ ശുഷ്കപ്രായമായിരിക്കും.

സ്വാമികവം:—അതൊക്കെ എനിക്കറിയാം. ദയചെയ്തു നിങ്ങൾ മനസ്സു് ഇളക്കാതിരിക്കൂ! കഴിഞ്ഞകാര്യത്തെ മറന്നുകളയണം

ഉദയസേനൻ:—ഹെയ്! എനിക്കു് അക്കാര്യത്തിൽ അത്യുഷ്ണം മനസ്താപമില്ല; എന്റെ മകൻ അതറിയരുതെന്നേ എനിക്കു നിർബന്ധമുള്ളൂ. കുറ്റത്തിനുതക്ക ശിക്ഷ കൊടുത്തതിനെപ്പറ്റി എനിക്കെന്തൊരു മനസ്താപം? അവർ ചെയ്തതു ഭയങ്കരമായ കുറ്റം. കുറ്റത്തിനുതക്ക ശിക്ഷ അനുഭവിച്ചവരിൽ എനിക്കു ലേശം സഹതാപമില്ല. അവൻ എന്റെ മകൻ—

അ സംഗതി അറിഞ്ഞുക്കൂടെന്ന മാത്രമേ നിർബന്ധമുള്ളൂ. അതിൽ അവനു സംശയത്തിനുപോലും ഇടംകൊടുക്കരുതു്.

സ്വാമികരം:—മതി; അതിനെപ്പറ്റി ഇനിയൊന്നും നമുക്കു സംസാരിക്കേണ്ട. നിങ്ങളുടെ മകനു് ആ പെണ്ണിന്റെ പേരിൽ—അവളുടെ പേരെന്തു്? അം—അതേ, അംബിക—അംബികയുടെ പേരിൽ അനുരാഗമുണ്ടായി എന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ.

ഉദയസേനൻ:—അതെന്തു മഠത്തരം! കൂടിലിൽ പാർക്കുന്ന ഒരു പെണ്ണിലാണോ ഇവന്റെ മനസ്സു പതിയേണ്ടതു്? നമ്മുടെ കുലത്തിന്റെ മഹത്വവും ആഭിജാത്യവും ഇവൻ അറിഞ്ഞിട്ടില്ലായിരിക്കണം.

സ്വാമികരം:—അംബികയെ ഇവിടെ തടവിൽ പാർപ്പിച്ചിരുന്നപ്പോൾ കുലവും കീർത്തിയും ഐശ്വര്യവും സകലതും അവർക്കുവേണ്ടി ബലികഴിപ്പാൻ അവൻ സന്നദ്ധനായിരുന്നു. എന്നാൽ, ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വിവാഹകാര്യത്തെ സംബന്ധിച്ചിടത്തോളം അവന്റെ മനഃസ്ഥിതി മാറിയിട്ടുണ്ടായിരിക്കണമെന്നു തോന്നുന്നു. പക്ഷേ, ഞാൻ അതിൽ ഉറപ്പുപറയുന്നില്ല. കണ്ടറിഞ്ഞേ വിശ്വസിക്കാൻ പാടുള്ളൂ. അംബികയെ മൂന്നുദിവസം ഭദ്രാനഗരിയിൽ അടച്ചിട്ടിരുന്നു. ആ അവസരത്തിൽ എനിക്കു് ഇവിടെ വരാൻ ഇടയായി; അംബികയെ ഞാൻ അന്നുകണ്ടു. ചാരുദത്തൻ അവളിൽ സഹഭാവം പ്രകടിപ്പിച്ചു മോഹിപ്പിച്ചു എന്നാണു് വിജയസേനന്റെ അഭിപ്രായം. ഇന്നലെ വൈകുന്നേരം ഞങ്ങൾ തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണു് അവൻ ഈ അഭിപ്രായം എന്നെ ധരിപ്പിച്ചതു്.

ഉദയസേനൻ:—ഒരുപക്ഷേ, കല്പറയിൽക്കൂടി രക്ഷപ്പെട്ട എന്നു വരരുതേ? എന്റെ സംശയം അങ്ങനെയാണു്.

സ്വാമികരം:—അതെന്തോ? അതിനെപ്പറ്റി തീർച്ചയായ ഒരഭിപ്രായം പറവാൻ എനിക്കു നിവൃത്തിയില്ല. നാം ഇപ്പോൾ മുഖ്യമായി ശ്രദ്ധിക്കേണ്ടതു വിജയസേനന്റെ നന്മയെയാണു്. ഹീനകുലത്തിൽ ജനിച്ച അപ്പെണ്ണിനെ വീണ്ടും കണ്ടാൽ അവന്റെമനസ്സു് അവളിൽ ചായാതിരിക്കുന്നതിനായിട്ടാണു്, അവനെക്കൊണ്ടു രാജകുമാരിയെ വിവാഹംചെയ്യിക്കണമെന്ന ഉദ്ദേശിച്ചു് ഞാൻ ഇതുത്തോളം പ്രയത്നിച്ചതു്. ഇന്നലെ രാത്രിയിൽ അതിനെപ്പറ്റിയുള്ള അഭിപ്രായം സഭയിൽ പ്രസ്താവിച്ച പ്രഭുവിനു് എന്റെ പ്രേരണയുണ്ടായിരുന്നു. ഞാൻ അയാളെ പ്രേരിപ്പിച്ചുംവച്ചു മാറിക്കളയുകയാണു്

ചെയ്യുന്നു്. ആ പ്രേരണയുടെ ഫലം ഇന്നതാണെന്നു നിങ്ങൾക്കു് അറിയാമല്ലോ. എന്റെ ഈ പ്രയത്നത്തിൽ താങ്കൾക്കു് എത്രമാത്രം ആനുകൂല്യം ഉണ്ടെന്നറിയാനായിട്ടാണു് ഞാൻ ഇവിടെ വന്നതു്.

ഉദയസേനൻ.—അങ്ങയുടെ ഈ പ്രയത്നം തൃപ്തികരമായിട്ടുണ്ടു്. എന്റെ മകനുവേണ്ടി അങ്ങു് ഇത്രത്തോളം ശ്രമംചെയ്യുന്നതിൽ എനിക്കു് എന്നും കൃതജ്ഞതയുണ്ടായിരിക്കും എന്നാൽ ഒരു സംശയമാത്രം എന്റെ മനസ്സിനെ അല്പം പീഡിപ്പിക്കുന്നു. സ്വാമിൻ! എനിക്കു് ഒരു ഒരു പുത്രൻമാത്രമാണു്". അവനു് മറെറാരാളിനാൽ ചാരിത്ര്യഭംഗം വരുത്തപ്പെട്ട ഒരു സ്ത്രീയെ—അവർ എത്രതന്നെ രാജപദവിയുള്ളവളായാലും—അറിഞ്ഞിരുന്നുംകൊണ്ടു് വിവാഹം ചെയ്തുകൊടുക്കുന്ന വിഷയത്തിൽ എന്റെ മനസ്സു് സന്തോഷിക്കുന്നില്ല.

സ്വാമികവി:—(ഈഷ്യയോടുകൂടി) രാജകുമാരിയുടെ പാതിവ്രത്യത്തിൽ വിജയസേനനു് തെല്ലും സംശയത്തിനു മാർഗ്ഗമില്ല. നിങ്ങൾ ഈ അല്പവിഷയങ്ങളെക്കുറിച്ചു് ആലോചിച്ചുകൊണ്ടിരുന്നാൽ നമ്മുടെ ഉദ്ദേശങ്ങളെല്ലാം തെറ്റും. അശോകനാഥനെ അമർത്തി നമുക്കു രക്ഷനേടണമെന്നുണ്ടെങ്കിൽ ഈ അല്പകാര്യങ്ങളെപ്പററി ചിന്തിക്കാനേ പാടില്ല.

ഉദയസേനൻ:—ഇല്ല ഇല്ല; അങ്ങനെ സംശയിക്കേണ്ട എന്റെ മനഃസ്ഥിതിയെ അറിയിച്ചു; അതുമുതലു് സ്വാമികളുടെ ഇഷ്ടം എങ്ങനെയോ അങ്ങനെ നടക്കട്ടെ!

സ്വാമികവി:—എന്നാൽ അടുത്ത ദിവസംതന്നെ വിവാഹകർമ്മം നടത്തണം. സകല പ്രഭുക്കന്മാരും നാടുവാഴികളും നമ്മുടെ അഭിപ്രായത്തോടു് അനുകൂലിച്ചിരിക്കുന്നു. ഗംഗാധരഭൂപ്രഭുവിനുമാത്രം എന്തോ ഒരു വല്ലായ്മ! എന്തായാലും അയാളുടെ കാര്യം ഞാനേറു വിവാഹത്തിനു വേണ്ടതൊക്കെ ഒരുക്കാൻ ശട്ടംകെട്ടിക്കൊൾകെ.

സ്വാമികവി. യാത്രപറഞ്ഞു പുറത്തിറങ്ങിപ്പോന്നു. ഉദയസേനൻ ഉടൻതന്നെ വിവാഹത്തിനു വേണ്ട ഒരുക്കങ്ങൾക്കു് ഏർപ്പാടു ചെയ്തു.

അന്നേദിവസം വൈകുന്നേരത്തോടുകൂടി വിജയസേനപദ്മാവതികളുടെ വിവാഹവൃത്താന്തം കോട്ടയ്ക്കകത്തും പുറത്തും മാറെറാലിക്കൊണ്ടു. വിവാഹം വളരെ ആഘോഷമായി നടത്തണമെന്നാണു നിശ്ചയം. തന്നിമിത്തം കോട്ടയ്ക്കകവും പുറവും കരുത്തോല, കുലവാഴ, കൊടിക്കുറ, ചെന്തെങ്ങിൻകുല, പന്ന, പനങ്കുല മുതലായവയാൽ അലങ്കാരമയമായി കാണപ്പെട്ടു. അകത്തും പുറത്തും,

തിക്കിക്കൂടിയിട്ടുള്ള ജനങ്ങൾക്ക് കണക്കും കൈയുമില്ല അസ്സമയത്തോട്ടുകൂടി പഞ്ചവാദ്യങ്ങൾ മുഴങ്ങിത്തുടങ്ങി. കൊട്ടാരത്തിൽ ക്ഷണിക്കപ്പെട്ടവരും ക്ഷണിക്കപ്പെടാത്തവരുമായി തിക്കിക്കൂടിയിരിക്കുന്ന ജനങ്ങളുടെ സംഭാഷണകോലാഹലം, സമുദ്രാരവത്തേയും അതിശയിച്ചു. പരിചാരകന്മാരുടെ ഓട്ടവും ചാട്ടവും തിട്ടക്കവും പറഞ്ഞറിയിക്കാൻ പ്രയാസം. നമുക്ക് ഈ ബഹളത്തിൽനിന്നും ഒഴിഞ്ഞുമാറി അടുത്തദിവസത്തിൽ ഭർത്തൃമതിയാകാനിരിക്കുന്ന പത്മാവതിയെ അന്വേഷിക്കാം.

രാജകുമാരി തനിക്കായി സജ്ജീകരിക്കപ്പെട്ട മുറിയിൽ ഏകാകിനിയായി സ്ഥിതിചെയ്യുന്നു. സന്തോഷത്തിന്റെ കണികപോലും ആ സാധുയുവതിയുടെ മുഖത്തു നിഴൽവീശിയിട്ടില്ല. അപാരമായ ദുഃഖം മനസ്സിൽ കുടികൊള്ളുന്നുണ്ടെന്നു് ആ മുഖം വിളിച്ചുപറയുന്നു. ആ വ്യാകുലഭാവം കണ്ട കാരണം ചോദിച്ച ചില പ്രേമക്കളോടു് തലേനാളത്തെ യാത്രാക്ലേശംകൊണ്ടുള്ള മുഖവാട്ടമല്ലാതെ മറെറാന്നുമല്ലെന്നാണു് നിഷ്കളാനന്ദൻ പറഞ്ഞ സമാധാനം.

സുഖ്വാസ്മമയത്തോട്ടുകൂടി പ്രേമക്കളെല്ലാവരും ഒന്നിച്ചുകൂടി പലേ കായ്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വെളിയിൽ ആളൊഴിച്ചുമാറുന്ന ബഹളംകേട്ടു. അടുത്തനിമിഷത്തിൽ കുമുദിനീദേവിയുടെ വരവാണെന്നു് അറിഞ്ഞു. മഹാധനികയും മനസ്വിനിയുമായ ദേവിയെ എതിരേല്ക്കുവാനായി ഉദയസേനൻ, നിഷ്കളാനന്ദൻ, ഗംഗാധരഭട്ടപ്രേമ, വിജയസേനൻ മുതലായവർ എഴുന്നേറുചെന്നു. അതിനകം പടികടന്നു അകത്തു പ്രവേശിച്ച ദേവിയെ ബഹുമാനപൂർവ്വം സ്വാഗതം പറഞ്ഞു് ക്ഷണിച്ചുകൊണ്ടുവന്നു് യഥായോഗ്യം ആസനംനൽകി സല്ക്കരിച്ചു.

ഉദയസേനൻ സബഹുമാനം ദേവിയോടു ചോദിച്ചതാവിതു:—"ദേവിയുടെ അപ്രതീക്ഷിതമായ ആഗമനത്തിനു കാരണമെന്താവാം?"

കുമുദിനി:—ആ ശപ്പൻ അശോകനാഥൻ അവന്റെ ഭടന്മാരെ എന്റെ മാളികയിൽ കാവൽനിത്തുമെന്നു് എന്നെ ഭയപ്പെടുത്തി. ആ ദുർബുദ്ധിയുടെ കൈവശത്തിൽ അകപ്പെടാനിരിക്കുന്ന എന്റെ മാളികയിൽ പാക്കാൻമടിച്ചു് താങ്കളുടെ മഹനീയമായ ഈ കൊട്ടാരത്തിൽ കുറേനാൾ താമസിക്കാനായി വന്നതാണു്.

ഉദയസേനൻ:—ദേവി! എന്റെ കൊട്ടാരത്തിൽ താമസിച്ചാൽ, അതിനെക്കാൾ ചാരിതാർത്ഥ്യം എനിക്കുണ്ടാകാനില്ല. ദേവിയുടെ സംരക്ഷണത്തിൽ ജീവിച്ചുപോന്ന ആ വലിയ സംഘത്തിന്റെ ഗതി എന്താണു്?

കുമുദിനി:—അവർ മാളികയിൽത്തന്നെ താമസിക്കുന്നു. എങ്കിലും അവർക്ക് ഒരാപത്തും നേരിടുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ പ്രേതക്കളുടെ കക്ഷിയിൽ ഞാൻമാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്നാണു് അശോകനാഥന്റെ ധാരണ

ഉദയസേനൻ:—വളരെ സന്തോഷം! രാജകുമാരിയുടെ തിരുമംഗല്യധാരണമുഹൂർത്തത്തെ ദേവിയുടെ സാന്നിദ്ധ്യത്താൽ ശ്രേയസ്കരമാക്കാനിടയായതിൽ ഞങ്ങൾക്കു് എല്ലാപേർക്കും വളരെ സന്തോഷമുണ്ടു്.

കുമുദിനി:—താങ്കളുടെ ബഹുമാനപൂർവ്വകമായ വാക്കുകൾക്കു ഞാൻ നന്ദിപറയുന്നു. പദ്മാവതിക്കു സർവ്വഥാ അനുരൂപനായ വരനാണു താങ്കളുടെ പ്രിയപുത്രൻ. അവൾതന്റെ ഭർത്താവായി ആ മാന്യയുവാവിനെ തിരഞ്ഞെടുത്തതിൽ എനിക്കു അളവറ്റ സന്തോഷമുണ്ടു്. ഞാൻ അവളെ ഹൃദയപൂർവ്വം അനുമോദിക്കുന്നു.

അതുകേട്ടപ്പോൾ ഗംഗാധരഗുപ്തപ്രഭുവിന്റെ മുഖത്തുണ്ടായ വികാരഭേദം സൂക്ഷ്മബുദ്ധ്യാ കണ്ടറിഞ്ഞ നിഷ്കളാനന്ദസ്വാമികൾ, തനിക്കു തലേന്നാൾ രാത്രിയിൽ പ്രഭുവിന്റെ പേരിലുണ്ടായ സംശയത്തെ ബലപ്പെടുത്തി.

തലേന്നാളത്തെപ്പോലെ പ്രേതക്കളുടെ കുതൂഹലസമ്മേളനം വളരെനേരത്തേയ്ക്കുണ്ടായിരുന്നു. അവിടെക്കൂടിയിരുന്ന സ്ത്രീജനങ്ങൾ അവരവരുടെ ശയനമുറിയിലേയ്ക്കു പിരിഞ്ഞുതുടങ്ങി. അക്കൂട്ടത്തിൽ കുമുദിനീദേവിയുമുണ്ടായിരുന്നു. അതുകൊണ്ടു നിഷ്കളാനന്ദൻ മറ്റാരും സംശയിക്കാത്തവിധത്തിൽ ദേവിയെ പിന്തുടർന്നു. യോഗസ്ഥലത്തിരിക്കുന്നവരുടെ കണ്മറവിലായ ഉടനെ സ്വാമികൾ, ദേവിയുടെ മുമ്പിൽ കടന്നു് ഇപ്രകാരം ചോദിച്ചു:—"കുമുദിനി ഇങ്ങോട്ടു പുറപ്പെടാനുണ്ടായ കാരണം ഉദയസേനനോടു പറഞ്ഞതുതന്നെയോ? അതോ വേറെവല്ല രഹസ്യകാരണവുമുണ്ടോ? അതറിവാനായിട്ടാണു മറ്റാരും കാണാതെ ഞാനും കുമുദിനിയുടെ പിറകേ വന്നതു്."

കുമുദിനി:—വേറെ കാരണമൊന്നുമില്ല. എന്നാൽ നമുക്കുതമ്മിൽ അനേകം കാര്യങ്ങളെക്കുറിച്ചു സംസാരിക്കേണ്ടതായിട്ടുണ്ടു്. നാളെ നമുക്കു് ആ കാര്യങ്ങളെപ്പറ്റി സംസാരിക്കാം. എനിക്കു യാത്രാക്ഷീണം വളരെയുണ്ടു്. ഞാൻ പോയി കിടക്കട്ടെ.

സ്വാമികൾ:—എന്നാൽ അങ്ങനെതന്നെ. എനിക്കും ചിലതൊക്കെ കുമുദിനിയെ ധരിപ്പിക്കേണ്ടതായുണ്ടു്.

"ശരി, നാളെക്കാണാം." എന്നു പറഞ്ഞു ദേവി ശയനമുറിയിലേക്കു നടന്നു. ഇടയ്ക്കുവച്ചു്, താൻ വായിച്ചിരുന്ന ഒരു കത്തു മടിയിലുണ്ടോ എന്നു പരിശോധിക്കാനായി എടുത്തിട്ടു് അതു തിരികെ മടിയിൽവച്ചു എന്നാൽ വീണ്ടും മടിയിൽവച്ച ആ എഴുത്തു താഴത്തു വീഴുകയാണുണ്ടായതു്. വീണതു് അവൾ കണ്ടില്ല. നേരേ കിടക്കറയിൽ ചെന്നു കിടക്കുകയും ചെയ്തു.

എഴുത്തു താഴത്തുവീണതു നിഷ്കളാനന്ദൻ കണ്ടു. ഓടിച്ചെന്നു് അതു കൈയിലെടുത്തു നിവർത്തു വായിച്ചു. എഴുത്തിലെ വാചകമിതായിരുന്നു:—

"പത്മാവതിയെ അവളുടെ പിതൃസ്വത്തോടുകൂടി എന്നെ ഏല്പിക്കാമെന്നു് വാഗ്ദാനംചെയ്ത ശ്രീപുരംപട്ടണത്തിൽ കുമുദിനീമന്ദിരത്തിൽ കുമുദിനീദേവിക്കു എഴുതിക്കൊടുത്ത കരാർപത്രമാവിതു്.

൧. കുമുദിനീദേവിയുടെ മാളികയിൽ ഭടന്മാരെ കാവൽ നിർത്തുകയില്ല.

൨. കാലസ്ഥിതി അനുസരിച്ചു് എന്തെല്ലാം മാറ്റങ്ങൾ രാജ്യത്തിനു സംഭവിച്ചാലും കുമുദിനീദേവിയുടെ കെട്ടിടങ്ങളും നിലങ്ങളും മറ്റു സ്വത്തുക്കളും അവൾക്കുതന്നെ അവകാശപ്പെട്ടിരിക്കുന്നതാണു്.

൩. കുമുദിനീദേവി കാപിലകകക്ഷിക്കു വിപരീതമായി ചെയ്തിട്ടുള്ള സകല പ്രവൃത്തികളേയും സംബന്ധിച്ചു കുറ്റങ്ങൾക്കു മാപ്പുകൊടുത്തിരിക്കുന്നു

൪. മൂന്നാംവകുപ്പിൽ വിവരിച്ച കുറ്റത്തിനു് കുമുദിനീദേവി പറയുന്നതായ ഒരു പ്രവൃത്തിനും മാപ്പുകൊടുക്കുന്നതാണു്.

൫. മേൽപ്പറഞ്ഞ നാലു കാര്യവും കുമുദിനീദേവി തന്റെ വാഗ്ദാനത്തെ നിറവേറ്റിയാലല്ലാതെ പാലിക്കപ്പെടുന്നതല്ല.

ഇപ്രകാരം സമ്മതിച്ചു ഈ കരാർപത്രം എഴുതിക്കൊടുത്ത കാപിലകകക്ഷിനേതാവും കാശ്മീരത്തിന്റെ ആധുനികഭരണകർത്താവുമായ അശോകനാഥൻ (ഒപ്പു്)

കുമുദിനീദേവിയുടെ കപടതയെ വെളിപ്പെടുത്തുന്ന ഈ കരാർപത്രം നിഷ്കളാനന്ദന്റെ കോപാഗ്നിയെ പ്രോജ്വലിപ്പിച്ചു. അവൾ കല്പകക്കോട്ടയിൽ വന്നതിന്റെ ഉദ്ദേശം കരതലാമലകംപോലെ സ്വാമികൾക്കു വെളിപ്പെട്ടു. കുമുദിനീദേവി തന്റെ കാപട്യത്തിനു സഹായിയായി കരുതപ്പെട്ടിരിക്കുന്ന ദേഹവും കരാർപത്രത്തിൽ നാലാംവകുപ്പിൽ രേഖപ്പെടുത്തപ്പെട്ട ഒരു 'പ്രളയും' ഗംഗാധരഭട്ടപ്രളയമാണെന്നും സൂക്ഷ്മഗ്രാഹിയായ നിഷ്കളാനന്ദൻ ഊഹിച്ചു.

അതിനുശേഷം അദ്ദേഹം ചിന്തിച്ചു സമയംകളയാതെ, തന്റെ ശയനമുറിയിൽ ചെന്നിരുന്നുംകൊണ്ടു്, ഉടനടി ഉദയസേനപ്രഭുവിനെ കാണാൻ താൻ ആഗ്രഹിക്കുന്നുവെന്നു് ഒരു ഭൃത്യനെവിളിച്ചു പറഞ്ഞയച്ചു. ഭൃത്യൻപോയി മാതൃകഴിഞ്ഞു് ഉദയസേനൻ സ്വാമികളുടെ മുറിയിൽ എത്തി. ഉദയസേനനെക്കണ്ട ഉടനെ നിഷ്കുളാനന്ദൻ, കളഞ്ഞുകിട്ടിയ കരാർപത്രം അയാളുടെ കൈയിൽ കൊടുത്തു. കരാർപത്രം വായിച്ചുകണ്ടപ്പോൾ ഉണ്ടായ ആശ്ചര്യത്തെ പ്രഭു ഒരുപ്രകാരത്തിൽ അടക്കിക്കൊണ്ടു സ്വാമികളെ നോക്കി "സ്വാമിൻ! ഈ പ്രത്യക്ഷരേഖയില്ലായിരുന്നുവെങ്കിൽ, കുമുദിനീദേവിയുടെ കാപട്യത്തെപ്പറ്റി ആരെന്തുപറഞ്ഞാലും ഞാൻ വിശ്വസിക്കുമായിരുന്നില്ല ഇപ്പോൾ നാം എന്താണു ചെയ്യേണ്ടതു്? കുമുദിനി തന്റെ ഉദ്ദേശത്തെ നിറവേറ്റാൻ പത്മാവതിയുടെ തോഴികളെയും വെങ്കലപ്രതിമസംഘത്തിൽപ്പെട്ട പലരെയും സഹായികളായി കരുതാതിരിക്കയില്ലെന്നുള്ളതിൽ സംശയമില്ല. അവരുടെ സഹായത്തോടുകൂടി അവർ തന്റെ നിന്ദ്യമായ ഉദ്ദേശത്തെ നിറവേറ്റിയിരിക്കാം. അതുമൂലം പ്രഭുപക്ഷക്കാരുടെ എത്രാവൽപയ്ത്തമുള്ള ശ്രമങ്ങൾ നിഷ്ഫലങ്ങളാകും. അങ്ങനെ വരാതെ തടുക്കാൻ നാം എന്താണുചെയ്യേണ്ടതു്? അങ്ങയുടെ അഭിപ്രായമെന്താണു്?" എന്നു ചോദിച്ചു.

സ്വാമികർ:—അവളുടെ ഉദ്ദേശം ഫലോദ്ഗമമാകാതെ തടുക്കാൻ ഞാൻ ഒരു മാർഗ്ഗമേ കാണുന്നുള്ളൂ.

പ്രഭു:—എന്താണതു്?

സ്വാമികർ:—വെങ്കലപ്രതിമയും അംഗനാചുംബനവും.

ഈ സമാധാനം പ്രഭു സ്വപ്നേപി പ്രതീക്ഷിച്ചിരുന്നതല്ല. പ്രഭു പ്രകടമായി ഒന്നു നടുങ്ങി നിഷ്കുളാനന്ദൻ അതുകണ്ടു് ധീരതയോടെ പ്രഭുവിനെനോക്കി. "അതു ഒരു മാർഗ്ഗമല്ലാതെ വേറെ വഴിയില്ല. അവർ നമ്മേ അശോകനാഥനു വിറ്റിരിക്കുന്ന കുറ്റത്തിനു തക്ക ശിക്ഷ അവർ അനുഭവിക്കേണ്ടതാവശ്യമാണു്. അതു ന്യായവുമത്രേ" എന്നു പറഞ്ഞു.

പ്രഭു:—അതേ; അതു ന്യായംതന്നെ. അതിരിക്കട്ടെ, ഈ കരാർ ലേഖനം അങ്ങയുടെ കൈയിൽ കിട്ടിയതെങ്ങനെ?

സ്വാമികർ:—അവർ ശയനമുറിയിലേയ്ക്കു പോകുമ്പോൾ, അവർ അറിയാതെ ഇതു താഴത്തു വീണു. അങ്ങനെയാണു് എനിക്കു കിട്ടിയതു്.

പ്രഭു:—അങ്ങനെയാണെങ്കിൽ, ഇതു കളഞ്ഞുപോയെന്നു അറിയുമ്പോൾ അവർ ആരുംകാണാതെ ഇവിടുന്നു് ഒളിച്ചോടിപ്പോകാൻ ഇടയുണ്ടല്ലോ.

സ്വാമികൾ:—അവിടം അങ്ങനെ പോകാതിരിക്കാൻ, വേണ്ടതു കരുതേണ്ടതു് നമ്മുടെ കടമയാണു്. അദ്ധ്വാനി യോടുക്രൂടി നമ്മുടെ കൊലയാളികൾ മൂന്നുപേരും അവിടെ കിടക്കുന്ന മുറിയുടെ വാതുക്കൽ വന്നുപറ്റാൻ ശട്ടംകെട്ടണം. അതിനകം ഗംഗാധരഭട്ടപ്രഭു അവളുടെ ഉദ്യമത്തിൽ പങ്കു കൊള്ളുന്നുവോ എന്നു ഞാൻ ശ്രദ്ധിച്ചുകൊള്ളാം. അങ്ങനെ സംഭവിച്ചാൽ അയാളും അവളോടുക്രൂടിനശിക്കേണ്ടവനാണു്. ഇനി പ്രഭു പൊയ്ക്കൊൾകെ! ഒരുമണിക്കു കൊലയാളികളോടുക്രൂടി നിങ്ങളെ എന്നെ വന്നുകാണണം.

"അങ്ങനെതന്നെ" എന്നു സമ്മതിച്ചുംകൊണ്ടു് ഉദയസേനപ്രഭു മടങ്ങിപ്പോയി. അനന്തരം നിഷ്കളാനന്ദൻ കുമുദിനി കിടക്കുന്ന മുറിയിൽച്ചെന്നു ഒരു ഭാഗത്തു് ഒളിച്ചിരുന്നു.

നാല്പത്താറാം അദ്ധ്യായം.

"വന്നിതു ഭശാസ്യനു നാശമെന്നറിഞ്ഞാലു—
മെന്നതുപോലെവരും നാശമിന്നിവിടെയും."

പലപ്രാവശ്യം നാം കണ്ടു പരിചയിച്ചിട്ടുള്ള കല്പകക്കോട്ടയിലെ കല്ലറയിൽ ഈ രാത്രിയിൽ എന്തൊക്കെയാണു് നടക്കുന്നതെന്നു നമുക്കു ചെന്നു് അന്വേഷിക്കാം.

കല്ലറയിലെ ശുഭ്രസേതപം രാത്രിയിൽ പതിനൊന്നുമണിയോടുക്രൂടി കൈയിൽ വിളക്കുമായി ആവിർഭവിച്ചു. സിദ്ധസേനനും ഉഗ്രസേനനും വാടിത്തളർന്ന മുഖത്തോടുക്രൂടി ശുഭ്രസേതപമാകുന്ന മനസ്വിനിയെ അനുഗമിക്കുന്നു. വെങ്കലപ്രതിമയെ ഒരുനോക്കു കണ്ടു് അവർ വല്ലാതെ ഒന്നു ഞെട്ടി. ആ പ്രതിമയുടെ ഭയങ്കരമായ രഹസ്യം അവർ അറിഞ്ഞിട്ടുണ്ടല്ലോ. പത്തുദിവസത്തിനു മുമ്പു് ഈശ്വരാനുഗ്രഹത്താൽ തങ്ങൾക്കു മോചനം ലഭിച്ചിരുന്നില്ലെങ്കിൽ അന്നു സംഭവിക്കുമായിരുന്ന അതിഭയങ്കരമായ മരണത്തെ ഓർത്തു് അവരുടെ ഹൃദയം ആലിലപോലെ വിറച്ചു. അങ്ങനെ സംഭവിക്കാതെ രക്ഷിച്ച ശുഭ്രസേതപത്തിന്റെ നേർക്കു് അവർക്കുണ്ടായ ഭക്തിയും കൃതജ്ഞതയും വാചാമഗോചരമാണു്. അവർ ആ മനസ്വിനിയെ നോക്കി, "അമ്മേ! പലപ്രകാരത്തിലുള്ള മനോവ്യഥകളും കഷ്ടതകളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ദേവി, ഇപ്പോൾ ഞങ്ങളെച്ചൊല്ലിയും തീവ്രസങ്കടം അനുഭവിക്കുന്നുണ്ടെന്നു തോന്നുന്നുവല്ലോ. ഈ സഹോദരസംഘത്തിൽനിന്നും പിരിഞ്ഞു—ഈ

നിലവറയിൽനിന്നും ഒഴിഞ്ഞു"—സമനിരപ്പായ ഭൂതലത്തിൽ കയറുന്നതിനു ഞങ്ങൾ ആഗ്രഹിച്ചതു അമ്മയ്ക്കു മനോവ്യഥയെ ജനിപ്പിച്ചുവോ? ഞങ്ങളുടെ പ്രാണനെ രക്ഷിച്ച ദേവീ! അവിടുത്തേയ്ക്കു ഞങ്ങൾമൂലം മനഃക്ലേശം ജനിച്ചാൽ ഞങ്ങൾ അതു സഹിക്കുന്നതല്ല" എന്നു പറഞ്ഞു.

അതുകേട്ടു, മനസ്വിനി ആ യുവാക്കന്മാരെ രണ്ടുപേരെയും തിരിഞ്ഞുനോക്കിക്കൊണ്ടു ഇപ്രകാരം പ്രവചിച്ചു:—"പ്രിയപ്പെട്ട കുട്ടികളേ! എന്റെ മനസ്സിൽ പുതിയ ദുഃഖങ്ങൾ അങ്കുരിച്ചിട്ടുള്ളതു വാസ്തവംതന്നെ. എന്നാൽ അതിനു കാരണഭൂതന്മാർ നിങ്ങളല്ല; ഇവിടുന്നു വെളിയിൽപ്പോകാൻ നിങ്ങൾ ഉദ്യമിച്ചതിനെപ്പറ്റി എനിക്കു ക്ലേശമില്ല. നിങ്ങൾ അങ്ങനെ ആഗ്രഹിച്ചതു് അത്ഭുതമല്ല. നിങ്ങൾ രണ്ടുപേരും കഴിഞ്ഞ പത്തുദിവസമായി ഈ നിലവറയിൽ നയിച്ചുപോരുന്ന ശപിക്കപ്പെട്ട ജീവിതം, ലൗകികസുഖലോലുപമായ നിങ്ങളുടെ ഈ പ്രായത്തിനു തെല്ലുകാരുത്തിലും അനുകൂലിച്ചതല്ലെന്നു എനിക്കറിയാം എന്നാൽ ഈ കല്ലറയിൽ നിങ്ങൾക്കു ഇഷ്ടംപോലെ ചുറ്റിസഞ്ചരിക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ വെങ്കലപ്രതിമയെ സംബന്ധിച്ച സംഘക്കാർ ആരെങ്കിലും, ഇവിടെ കയറിവരാനിടയുണ്ടു്. അവരുടെ വരവു്, ഏതു സമയത്തെന്നും ഏതുമാർഗ്ഗത്തിൽക്കൂടെയെന്നും നിശ്ചയിക്കാവതല്ല. പല രഹസ്യമാർഗ്ഗങ്ങളും ഇതിനകത്തുണ്ടെന്നു നിങ്ങൾക്കു് അറിയാമല്ലോ. അങ്ങനെ വല്ലവരും പെട്ടെന്നു കടന്നുവന്നു നിങ്ങളെ കണ്ടുമുട്ടിയാൽ നേരിടാവുന്ന ഭയങ്കരമായ ആപത്തുകളെ ഓർക്കുമ്പോൾ എനിക്കു വലുതായ അന്തസ്താപം നേരിടുന്നു. മരിച്ചുപോയി എന്നു വിശ്വസിക്കപ്പെട്ടുപോരുന്ന നിങ്ങൾ ജീവനോടുകൂടി നടക്കുന്നതു കണ്ടാൽ നിങ്ങൾക്കുമാത്രമല്ല, നമ്മുടെ സഹോദരസംഘത്തിനുതന്നെയും ഉപഘാതിതമായ ആപത്തുകൾ നേരിടും. അതുകൊണ്ടാണു് നിങ്ങൾ ഈ കല്ലറയിൽ ചുറ്റിസ്സഞ്ചരിക്കുമ്പോൾ ഞാൻകൂടി ഒന്നിച്ചുപോരുന്നതു്. ഏതെങ്കിലും ഒരു കൂകുതുറക്കുന്ന ശബ്ദമോ വല്ല കാലൊച്ചയോ കേട്ടാൽ തക്കതായ സ്ഥലത്തു നിങ്ങളെ മറച്ചുനിർത്തണമെന്നുള്ള ഉദ്ദേശമാണു് എനിക്കുള്ളതു്"

സഹോദരന്മാർ:—അമ്മേ! അവിടുത്തെ മഹാമനസ്കതയും ഭൂതദയയും ഞങ്ങളുടെ അപാരമായ കൃതജ്ഞതയെ അർഹിക്കുന്നു. ദേവീ! ഈ നിലവറയുടെ അവസ്ഥ എത്ര ഭയങ്കരമായിരിക്കുന്നു? അമ്മേ! ഈശ്വരകോപമാകുന്ന ഖഡ്ഗത്താൽ ഈ ദുഷ്ടസമാജം ഉന്മൂലനം ചെയ്യപ്പെടുകയില്ലേ?

ശുഭ്രസേതാവു:—നിങ്ങൾ പ്രതീക്ഷിക്കുന്ന ആ ഘട്ടം ഏറ്റവും അടുത്തിരിക്കുന്നു എന്നാണു എന്റെ ഭ്രൂതോദയം കഴിഞ്ഞ രണ്ടു

ദിവസങ്ങളായി പല പുതിയ വർത്തമാനങ്ങളും എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നു. കാശ്മീരത്തിൽ ഒരു വലുതായ വിപ്ലവം സംഭവിക്കാനിടയുള്ളതായി ആ വർത്തമാനങ്ങളെക്കൊണ്ടു് ഊഹിക്കാം. ഈ പ്രതിമാസമാജത്തിന്റെ ഉന്മൂലനാശത്തിൽ ആ വിപ്ലവം പര്യവസ്സാനമായിത്തീരുകയും ചെയ്യും. സർവ്വശക്തനായ ഈശ്വരൻ അതിനിടയാക്കും. വീരപുരുഷനായ അശോകനാഥൻ ക്രൂടിയശീഘ്രത്തിൽ ഈ കല്പകക്കോട്ടയെ പൊടിപാറിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്.

സിദ്ധസേനൻ:—അങ്ങനെയാണെങ്കിൽ നിഷ്കളാനന്ദൻ എന്ന ആ കള്ളസ്സന്യാസിയെയും ഉദയസേനൻ എന്ന കൊടിയ ദുഷ്ടനെയും, അദ്ദേഹം ഈ വെങ്കലപ്രതിമയ്ക്കുതന്നെ ബലി.....

ശ്രുതസേതു:—(തടഞ്ഞുപറഞ്ഞു) അരുതരുതു്; ആ അഹംകാരം മനുഷ്യനു പാടുള്ളതല്ല. കുഞ്ഞേ! നാം അന്യന്മാരാൽ പീഡിപ്പിക്കപ്പെട്ടാലും അന്യരെ നമുക്കു പീഡിപ്പിക്കാൻ പാടില്ല. മനുഷ്യരുടെ പാപകർമ്മങ്ങൾക്കു് സർവ്വസാക്ഷിയായ ഈശ്വരൻ തക്ക ശിക്ഷ കൊടുത്തുകൊള്ളും. ശിക്ഷാധികാരം അദ്ദേഹത്തിൽ ചുമത്തിയിട്ടു് അദ്ദേഹത്തിനു കീഴ്പ്പെട്ട ജീവിക്കുകയെന്നുള്ളതാണു് നമ്മുടെ കർത്തവ്യം.

സിദ്ധസേനൻ:—(ആനന്ദക്കണ്ണീരോടുകൂടി) അമ്മേ! അമ്മ സർവ്വജ്ഞയാണു്—പോരാ, മഹാശക്തിയാണു്. എന്റെ അവിവേകത്തെ ക്ഷമിക്കണേ! അവിടുന്നു് ആദ്യം ഞങ്ങളുടെ ശരീരത്തെ കാത്തു രക്ഷിച്ചു. ഇപ്പോൾ ഞങ്ങളുടെ ആത്മാവിനു് മോക്ഷമാർഗ്ഗത്തെ ഉപദേശിച്ചു. ഇതിനെക്കാൾ വലുതായ ഒരു അനുഗ്രഹം ഞങ്ങൾക്കു് എന്താണുള്ളതു്?

ഈ സംഭാഷണത്തോടുകൂടി നിലവറയുടെ പല ഭാഗങ്ങളും അവർ നടന്നുകണ്ടു. അനന്തരം മനസ്വിനി യുവാക്കന്മാരെയും കൂട്ടിക്കൊണ്ടു തന്റെ ഇരിപ്പിടത്തേയ്ക്കു മടങ്ങി. മദ്ധ്യേ ഒരു ഭാഗത്തു് ഒരു കറുത്ത സാധനം ആ മനസ്വിനിയുടെ കണ്ണിൽപ്പെട്ടു; അടുത്തുചെന്നു നോക്കി അതു് ഒരു ശവപ്പെട്ടിയായിരുന്നു. വലുതായ ആശ്ചര്യവും ആശങ്കയും അവരെ ബാധിച്ചു. ഇത്രയുംകാലം തന്റെ കണ്ണിൽ പെട്ടിട്ടില്ലാത്ത ഈ പെട്ടി ഇപ്പോൾ ഇവിടെ കാണപ്പെട്ടതെങ്ങിനെയെന്നു് അവർ തന്നെത്താൻ ചോദിച്ചു. പെട്ടിക്കുള്ളിൽ എന്തായിരിക്കുമെന്നു് അറിയണമെന്നുള്ള അഭീപ്സിതത്തോടുകൂടി സധൈര്യം തുറന്നുനോക്കി. ആദ്യത്തെ ആശ്ചര്യം ശതഗുണിതമായി ഭവിച്ചു. ശവപ്പെട്ടിയിൽ പ്രേതം കാണപ്പെടേണ്ടതിനുപകരം അതുനിറച്ചു സ്വർണ്ണനാണയങ്ങളും അമോഘങ്ങളായ രത്നാഭരണങ്ങളുമാണു് കാണപ്പെട്ടതു്. അപ്രതീക്ഷിതമായ ആ

കാഴ്ച മനസ്വിനിയെ മാത്രമല്ല, ആ യുവാക്കന്മാരെയും ആശ്ചര്യപ്പരതന്ത്രന്മാരാക്കിച്ചെയ്തു. 'ഇതു് ഏതു്? മുമ്പൊരിക്കലുമിവിടെക്കണ്ടിട്ടില്ലാത്ത ഈ പെട്ടി ഏതായിരിക്കാം? ഇതു് ആരുടെവക? ഇവിടെക്കൊണ്ടുവന്നുവച്ചതാരാണു്?' എന്നിങ്ങനെയുള്ള ചിന്തകൾ ആ മനസ്വിനിയുടെ ചിത്തത്തിലങ്കുരിച്ചു. തൽക്ഷണം കാശ്മീരരാജ്ഞിയുടെ ആഗമനവൃത്താന്തം ഓർമ്മയിൽ വരികയും ശവപ്പെട്ടി എന്നു ശങ്കിക്കപ്പെട്ട ആ പണപ്പെട്ടി രാജകുമാരിയുടേതാണെന്നു് അനുമാനിക്കുകയും ചെയ്തു. ഉടൻതന്നെ പെട്ടി പൂർവ്വസ്ഥിതിയിൽ അടച്ചുംവച്ചു്, "ഇനി നമുക്കു പോകാം" എന്നു പറഞ്ഞു യുവാക്കന്മാരെയും കൂട്ടിക്കൊണ്ടു അവിടന്നു പോയി. ഒട്ടൊന്നു മുമ്പോട്ടു ചെന്നപ്പോൾ, 'ക്ണീം' എന്നൊരു ശബ്ദം അവരുടെ ശ്രദ്ധയെക്കവർന്നു. ചെവിക്കു പുത്തരിയല്ലാത്ത ആ മണിനാദംകേട്ടമാത്രയിൽ ആ മനസ്വിനി ഹൃദയവേദനയോടുകൂടി, "ഹാ! ജഗദംബികേ!" എന്നു ശബ്ദിച്ചുപോയി. അത്യന്തം ഭയങ്കരവും പൈശാചികവുമായ ഒരു ദുഷ്ടസാഹസകർമ്മത്തെ സംബന്ധിച്ച ആദ്യചടങ്ങാണു് ആ മണിനാദം.

നാല്പത്തേഴാം അദ്ധ്യായം.

"താനാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങളാ-
താനാനനുഭവിച്ചീടുകെന്നോവത്രേ"

തന്റെ നടപടികളെ നിഷ്കളാനന്ദൻ ശ്രദ്ധമായി ശ്രദ്ധിക്കുന്നുണ്ടെന്നു സ്വപ്നേപി സംശയിച്ചിട്ടില്ലാത്ത ഗംഗാധരഭട്ടപ്രഭു കുമുദിനീദേവി ശയിക്കുന്ന മുറിയിൽ കരുതലോടുകൂടി കടന്നു; അകത്തുകയറിയ ഉടനെ കതകു തഴുതിട്ടുംവച്ചു കുമുദിനിയുടെ അടുത്തു ചെന്നു നിദ്രയെ പരിശോധിച്ചു. ദേവി ഗാഢനിദ്രയെ അവലംബിച്ചിരിക്കയാണെന്നു് അറിഞ്ഞു്, ഉണർത്താൻമടിച്ചു മടങ്ങിപ്പോരാൻ ഉദ്ദേശിച്ചു. എന്നാൽ, ചില സംഗതികളെപ്പറ്റി അത്യാവശ്യമായി സംസാരിക്കാനുണ്ടെന്നും രാത്രിയിൽ രഹസ്യമായി കിടക്കറയിൽ വരണമെന്നും യോഗസ്ഥലത്തുവച്ചു ദേവി സംജ്ഞാപനത്താൽ അറിയിച്ചതു ഓർമ്മയിൽ വരികയാൽ മടങ്ങിപ്പോകുന്നതു ശരിയല്ലെന്നുകരുതി പ്രഭു കുമുദിനിയുടെ മാറിൽ സ്പർശിച്ചു. പെട്ടെന്നു ദേവി ഞെട്ടിയുണർന്നു്, പ്രഭുവിന്റെ കൈകൂ കടന്നുപിടിച്ചു. കിടക്കറവിളക്കി (Bed room lamp)ന്റെ മങ്ങിയപ്രകാശത്തിൽ, തന്റെ നിദ്രയെ ഭഞ്ജിച്ച കൈ ഗംഗാധരഭട്ടപ്രഭുവിന്റെതാണെന്നു

ദേവിക്ക മനസ്സിലായി. ഉത്തരക്ഷണത്തിൽ ചാരിതാർത്ഥ്യസൂചക മായ മുഖഭാവത്തോടുകൂടി, "ഇത്രത്തോളം ശ്രമം സഹിച്ചു ഇപ്പോൾ ഇവിടെ വന്നതിനു നന്ദിപറയുന്നു" എന്നു പറഞ്ഞുംകൊണ്ടു കട്ടി ലിൽനിന്നും താഴെയിറങ്ങി.

പ്രേ:—ദേവിയുടെ ഭംഗിവാക്കു എന്നെ ചരിതാർത്ഥനാക്കിച്ചെയ്യുന്നു. എന്നാൽ ഭവതിയുടെ സുഖനിദ്രയ്ക്കു ഭംഗംവരുത്തേണ്ടിവന്ന തിൽ എനിക്കു അതിയായ മനസ്താപമുണ്ടു്.

കുമുദിനി:—അങ്ങനെ പറവാൻ പാടില്ല; അങ്ങു് എന്റെ മാറിട ത്തിൽവച്ച കൈയ്, എന്റെ ഉള്ളിൽ സ്പർശിച്ചു. വ്യഭയാന്ത രാഗത്തു അനുപച്ചിന്തകളുടെ അടിയിലാണ്ടുകിടന്ന അനന്ദത്തെ ഉദ്ദീപിപ്പിച്ചു. അതുകൊണ്ടു താങ്കളുടെ സാന്നിധ്യം എന്റെ അകൈതവമായ കൃതജ്ഞതയെ അർഹിക്കുന്നു. മാന്യരേ! ഞാൻ ഭയങ്കരമായ ഒരു സ്വപ്നംകണ്ടുകിടക്കയായി രുന്നു. സ്വപ്നമാണെങ്കിലും സ്വപ്നസംഭവം എന്നെ വല്ലാതെ വിഷമിപ്പിച്ചു. അഹോ! ഞാൻ അനുഭവിച്ചുകൊണ്ടിരുന്ന പ്രാണസങ്കടം അനിതരസാധാരണമായൊന്നായിരുന്നു. അങ്ങു് എന്നെ ഇനിയും ഉണർത്തിയിരുന്നില്ലെങ്കിൽ, എന്റെ അവസ്ഥ എന്തായിത്തീർന്നേനേ.

പ്രേ:—ഭവതിയെ അത്രകണ്ടു സങ്കടപ്പെടുത്തിയ ആ സ്വപ്ന സംഭവം എന്താണു്?

കുമുദിനി:—"അംഗനാചുംബനം."

പ്രേ:—(വല്ലാതെ ഒന്നു ഞെട്ടി) ചില സ്വപ്നങ്ങൾ ഭാവിഫലത്തെ സൂചിപ്പിക്കുകയാണെന്നും കാരണമില്ലാത്ത സ്വപ്നമില്ലെന്നും 'സ്വപ്നം ചിലപ്പോൾ ചിലകാലമൊക്കെ'മെന്നും മറ്റും പറഞ്ഞു കേട്ടിട്ടുണ്ടു്. അതു് എന്തെങ്കിലുമാകട്ടെ, വെങ്കലപ്രതിമ ക്കാൾക്കു വിരോധമായി ഭവതി ഒന്നും പ്രവർത്തിച്ചിട്ടില്ലല്ലോ പിന്നെന്തിനു ഭവതി ഭയപ്പെടുന്നു? അവൾക്കു വിരോധം ജനി ക്കത്തക്കവണ്ണം യാതൊന്നും പ്രവർത്തിച്ചിട്ടില്ല, പ്രവർത്തിക്കയു മില്ല.

കുമുദിനി:- (ഭീതിസൂചകമായ പതിഞ്ഞ ശബ്ദത്തിൽ) പ്രവർത്തി ച്ചിട്ടില്ല; എന്നാൽ പ്രവർത്തിച്ചുവരുന്നു. അതുകൂടാതെ നിവൃ ത്തിയില്ല.

പ്രേ:—(സംഭ്രമത്തോടുകൂടി) എന്തു്? എതിമാസംഘക്കാൾക്കു വിരോധം ജനിക്കത്തക്ക പ്രവൃത്തികളിൽ ഭവതി ഏർപ്പെട്ടിരി ക്കുന്നു എന്നോ! എന്താണതു്?

കുമുദിനി:—അതു പിന്നീടു പറയാം. എന്റെ പ്രവൃത്തികൾക്കു് അങ്ങു സഹായിയായി നില്ക്കണം.

പ്രദ്യു:—ഭവതിയുടെ വാക്കുകളിൽ എനിക്കു വിശ്വാസംതോന്നുന്നില്ല; അഥവാ, ഭവതി പറഞ്ഞതൊന്നും എനിക്കു മനസ്സിലാകുന്നില്ല. ദേവി തുറന്നുപറയുക.

കുമുദിനി:—(പ്രദ്യുവിന്റെ ഹൃദയസ്ഥിതി മനസ്സിലാക്കിയെന്നനാട്യത്തിൽ) പ്രഭോ! അങ്ങയുടെ ഹൃദയം ഞാൻ കണ്ടു. ഉദയസേനനെ സർവ്വസൈന്യാധിപതിയായി തിരഞ്ഞെടുത്തതിൽ അങ്ങയുടെ മനസ്സു ക്ഷോഭിച്ചിരിക്കുന്നു—അല്ലേ?

പ്രദ്യു:—അതേ, അതു വാസ്തവമാണു്. ഉദയസേനന്റെ തിരഞ്ഞെടുപ്പിനെ അനുമോദിച്ചു ഭവതി യോഗത്തിൽവച്ചു പുറപ്പെടുവിച്ച വാക്കുകൾ എന്റെ മമ്മങ്ങളെ ഭേദിച്ചതു ഭവതി അറിഞ്ഞുവോ?

കുമുദിനി:—ഒരുവനു മറ്റൊരുവനെ വഞ്ചിക്കണമെന്നുള്ളപ്പോൾ, തന്റെ ലക്ഷ്യത്തിൽ അവനു സംശയം ജനിക്കാത്തവിധത്തിൽ മൈത്രിയെ പ്രകടിപ്പിക്കേണ്ടതാവശ്യമാണു്. എങ്കിൽ മാത്രമേ ഉദ്ദേശം ഫലവത്താകയുള്ളൂ. ആ തത്വത്തെ, സഭയിൽവച്ചു ഞാൻ അനുഭവിച്ചു എന്നുമാത്രം അർത്ഥമാക്കിയാൽ മതി.

പ്രദ്യു:—വഞ്ചിക്കയോ? ഭവതി വഞ്ചിക്കാൻ തീച്ചപ്പെടുത്തിയോ? ഞാൻ അതു വിശ്വസിക്കട്ടെയോ?

കുമുദിനി:—സംശയമെന്തു്? ഞാൻ തീച്ചപ്പെടുത്തിയതിനുശേഷമേ ഒരു സംഗതി പുറത്തുവിടുകയുള്ളൂ. അതുകൊണ്ടു നല്ലപോലെ ചിന്തിച്ചു് എന്റെ ചോദ്യത്തിനു സമാധാനം പറയണം. യഥാർത്ഥത്തിൽ താങ്കൾക്കു് അവകാശപ്പെട്ടതായ സർവ്വസൈന്യാധിപസ്ഥാനം, താങ്കൾക്കു് അപമാനം നേരിടത്തക്കവണ്ണം, കരസ്ഥപ്പെടുത്തിയ ആ ഉദയസേനനെയും അയാളുടെ സഹായിയായ നിഷ്കളാനന്ദനെയും നല്ലപാഠം പഠിപ്പിക്കാൻ താങ്കൾ തയ്യാറുണ്ടോ? എന്തുപറയുന്നു?

പ്രദ്യു:—ഇക്കാര്യം എന്നോടു ചോദിച്ചുവേണോ അറിയേണ്ടതു്? മാന്യേ! എന്റെ ആ പരമശത്രുക്കളെ ശിക്ഷിക്കാൻ വല്ല മാർഗ്ഗവും ഭവതി കാണുന്നുണ്ടെങ്കിൽ പറയുക. ഞാൻ അതിനെ അനുസരിക്കാനും അതുനിമിത്തം നേരിട്ടേക്കാവുന്ന എത്ര വലുതായ ആപത്തുകളേയും എതിർക്കാനും ഇതാ തയ്യാറാണു്.

കുമുദിനി:—എങ്കിൽ കേൾക്കുക. ഞാൻ അശോകനാഥന്റെ പക്കൽനിന്നും ഒരു കരാർപത്രം വാങ്ങിയിട്ടുണ്ടു്.....

പ്രദ്യു:—(തടഞ്ഞുചോദിച്ചു) അശോകനാഥന്റെ പക്കൽനിന്നോ? വാസ്തവംതന്നെയോ?

കുമുദിനി:—അതിനെക്കുറിച്ചൊന്നും സംശയിക്കണ്ടാ, ഞാൻ പറയട്ടെ. ഞാൻ പറയുന്നതു മുഴുവൻ പരമാർത്ഥമാണെന്നുമാത്രം ധരിച്ചാൽമതി. നമ്മുടെകക്ഷി—അതായതു പ്രേമകക്ഷി—എത്രതന്നെ ശക്തിയുക്തമാണെന്നിരുന്നാലും, അതു് അശോകനാഥന്റെ ശക്തിക്കു താഴെയാണെന്നാണു ഞാൻ ഒട്ടുവളരെ ചിന്തിച്ചതിന്റെ ഫലമായിട്ടു എനിക്കുണ്ടായിട്ടുള്ള വിശ്വാസം. ഈ വിശ്വാസം ബലമായി എന്നെ ബാധിച്ചുമാത്രയിൽ നമ്മുടെ രണ്ടാളുടെയും രക്ഷയ്ക്കുവേണ്ട മാർഗ്ഗംതേടണമെന്നു ഞാൻ തീർച്ചപ്പെടുത്തി. ഉടൻതന്നെ ശ്രീപുരംകൊട്ടാരത്തിൽ എത്തി ഞാൻ അശോകനാഥനെ നേരിൽക്കണ്ടു. ഞങ്ങൾ തമ്മിൽ ദീർഘമായ ഒരു സംഭാഷണം നടത്തി. അതിന്റെ ഫലമാണു് എനിക്കു കിട്ടിയ കരാർപത്രം.

പ്രേമ:—കരാർ എന്താണു്? അതിലെ നിബന്ധനകൾ എന്തെല്ലാം?

കുമുദിനി:—നിബന്ധനകളിൽ ചാരിതാർത്ഥ്യപൂർവ്വം അങ്ങയെ ഒന്നാമതായി ധരിപ്പിക്കേണ്ടതായിട്ടുള്ള ഒന്നു്, അശോകനാഥനു വിരോധമായി നാം രണ്ടാളും നാളിതുപര്യന്തം എന്തൊക്കെ പ്രവർത്തിച്ചിട്ടുണ്ടോ അവകപ്രവൃത്തികളെ അയാൾ ക്ഷമിച്ചിരിക്കുന്നു എന്നുള്ളതാണു്.

പ്രേമ:—ആ നിബന്ധനയെ അയാൾ നിറവേറുമെന്നു നമുക്കു് എന്താണു വിശ്വാസം?

കുമുദിനി:—അതിനെപ്പറ്റി ലേശം സംശയിക്കേണ്ട; അശോകനാഥൻ, പറഞ്ഞവാക്കിനെ തെറ്റിക്കുന്നവരുടെ കൂട്ടത്തിലല്ല. അയാൾ സത്യസന്ധനും യോഗ്യനും ആണു്. പോരെങ്കിൽ അയാളുടെ കൈയൊപ്പോടുകൂടിയ കരാർപത്രം എന്റെ കൈയിലുണ്ടുതാനും.

പ്രേമ:—എവിടെ? കൈവശമുണ്ടോ?

"ഇതേ, എന്റെ മടിയിൽത്തന്നെ ഇരിക്കുന്നു" എന്നു പറഞ്ഞുംകൊണ്ടു കരാർകത്തു് എടുക്കാനായി മടി അഴിച്ചു. കുമുദിനിയുടെ നാഭ്യന്തരത്തിൽനിന്നും പെട്ടെന്നു കത്തിജ്വലിച്ച ഭിന്നാഗ്നി ഹൃദയസ്ഥാനത്തെ ദഹിപ്പിച്ചു; മടിയിൽ സൂക്ഷിച്ചിരുന്ന ആ കത്തു കാണാത്തതിനാൽ ഒരു ഭ്രാന്തിയെപ്പോലെ മുറിക്കകം മുഴുവൻ ഓടിത്തിരഞ്ഞു. ശയ്യോപകരണങ്ങൾ തട്ടിക്കുടഞ്ഞു കട്ടിലിലും താഴത്തും പരിശോധിച്ചു. പ്രഭോ! നാം അപകടത്തിലായി. എഴുത്തുകാണുന്നില്ല. അതു വല്ലവരുടേയും കൈയിൽ അകപ്പെട്ടിരിക്കാം. അങ്ങിനെയാണെങ്കിൽ നമുക്കു ആപത്തു് അടുത്തു. അയ്യോ! ദൈവമേ! അങ്ങു് എന്നെ കൈവെടിഞ്ഞുവോ? പ്രഭോ!

ഇവിടെ എന്തു നിവൃത്തി? കത്തു ഞാൻ മടിയിൽ സൂക്ഷിച്ചിരുന്നു. യോഗത്തിൽനിന്നും കിടക്കമുറിയിലേയ്ക്കു വരുമ്പോൾ വഴിക്കുവച്ചു ഞാൻ മടിയിൽ പരിശോധിച്ചു അതു മടിയിലുണ്ടായിരുന്നു. എടുത്തുനോക്കിയതും വീണ്ടും മടിയിൽവച്ചതും എനിക്കു ഓർമ്മയുണ്ടു്. മടിയിൽവച്ചപ്പോൾ താഴത്തു വീണതായിരിക്കാം! ഹാ! ജഗദീശ! എന്നെ കാത്തുകൊള്ളണേ! കത്തു് ആരുടെ പക്കൽ കിട്ടിയോ, ആ ആളിനു ഞാൻ പരമശത്രുവായിത്തീർന്നു. അയ്യോ! അന്യരെ ചതിക്കാൻ പുറപ്പെട്ട ഞാൻ എന്നെത്തന്നെ ചതിച്ചുവല്ലോ." എന്നിങ്ങനെ പരിദേവനം ചെയ്തുകൊണ്ടു കുമുദിനി കട്ടിലിൽത്തന്നെ കമഴ്ന്നുവീണു

"ഹാ! ദുർവൃത്തേ! എന്നെയും അപകടക്കണ്ണിൽ ചാടിച്ചുവോ?" എന്നു പുലമ്പിക്കൊണ്ടു പ്രേമ ഇടിവെട്ടിയ മരംകണക്കെ നിലകൊണ്ടു.

കുമുദിനി:—പ്രേമോ! ഇങ്ങനെ സംഭവിക്കുമെന്ന സംശയം ലേശം പോലും എനിക്കുണ്ടായിരുന്നില്ല. മാന്യരേ! അതിലഘുണീയമായ ഫലത്തെയാണു ഞാൻ കാംക്ഷിച്ചിരുന്നതു്. ഇപ്പോൾ നിന്നും തെറ്റി രക്ഷപ്പെട്ടാൽ ആ ഫലം ഇനിയും സിദ്ധിക്കുകതന്നെ ചെയ്യും. എന്നാൽ രക്ഷപ്പെടുന്ന കാര്യം സംശയത്തിലാണു്. അഹോ! ഞാൻ മൂലം—അതേ, എന്റെ മൗഢ്യത്താൽ, അശ്രദ്ധയാൽ—അങ്ങും അപകടത്തിൽ കുടുങ്ങേണ്ടിവന്നുവല്ലോ. ശരി! ഇപ്പോൾ മണി എന്തായാകും?

പ്രേമ:—മണി പന്ത്രണ്ടര കഴിഞ്ഞിരിക്കും. എന്തിനു നേരം ചോദിക്കുന്നു?

കുമുദിനി:—ഞാൻ കിടക്കറയിലേയ്ക്കു വരുമ്പോൾ മടിയിൽ കത്തു നോക്കിയെന്നു പറഞ്ഞുവല്ലോ, അപ്പോൾ മണി പത്തുകഴിഞ്ഞു.

പ്രേമ:—കത്തു് അവിടെ കളഞ്ഞു എന്നാണോ ബലമായി വിശ്വസിക്കുന്നതു്?

കുമുദിനി:—ഈ മുറിക്കുള്ളിൽ കാണാഞ്ഞതുകൊണ്ടു് അങ്ങിനെ സംഭവിച്ചിരിക്കുമെന്നു സംശയിക്കുന്നു.

"എന്നാൽ ഞാൻ ചെന്നന്വേഷിക്കാം" എന്നുപറഞ്ഞുകൊണ്ടു പ്രേമ വാതിലിനെ സമീപിച്ചു് സാക്ഷാനീക്കി കതകിനു പിടിച്ചു; തുറക്കാൻ കഴിഞ്ഞില്ല. കതകു വെളിയിൽ പൂട്ടിയിരിക്കുന്നു. പ്രേമ പരിഭ്രമത്തോടുകൂടി "അയ്യോ!" കുമുദിനി! നാം അകപ്പെട്ടു. നമുക്കിനി രക്ഷയില്ല. ദൈവമേ! കതകു വെളിയിൽ പൂട്ടിയിരിക്കുന്നു" എന്നിങ്ങനെ കുട്ടികളെപ്പോലെ നിലവിളിച്ചു.

കുമുദിനി ബദ്ധപ്പെട്ട വാതുക്കൽച്ചെന്ന പരിശോധിച്ചു. പ്രള പറഞ്ഞതു പരമാർത്ഥമാണെന്നു ബോദ്ധ്യപ്പെട്ടു. "ദൈവമേ! ചതിച്ചു" എന്നു ഉറക്കെ ശബ്ദിച്ചുകൊണ്ടു മുഖത്തിൽച്ചാഞ്ഞു.

ഈ ഘട്ടത്തിൽ പെട്ടെന്നു കതകുതുറന്നു മലൻ; പ്രതിമാസംഘത്തിൽപ്പെട്ട പന്ത്രണ്ടാളുകളും പൊടുന്നനവേ അകത്തു പ്രവേശിച്ചു. കുമുദിനിയെയും പ്രളവിനെയും പിടിച്ചു വായിൽ തുണികടത്തി കൈകാലുകളും കൂട്ടിക്കെട്ടി. ഉത്തരക്ഷണത്തിൽ പതിവുപോലെ കൂത്തു കുപ്പായവും മുഖപടവും ധരിച്ച കൊലയാളികളും മൂന്നുപേർ മുറിയിൽ എത്തി. അവരെക്കൊണ്ടു കുമുദിനീപ്രള്ളക്കന്മാരെ മറിച്ച കാളകളെപ്പോലെ തണ്ടിൽക്കെട്ടി എടുപ്പിച്ചും കൊണ്ടു എല്ലാവരും മുറിക്കു പുറത്തിറങ്ങി നിഷ്കളാനന്ദനും അവരെ അനുഗമിച്ചു. ചാരുഭത്തൻ വിളക്കുംകൊണ്ടു മുമ്പേ നടക്കുന്നുണ്ടായിരുന്നു.

വെങ്കലപ്രതിമയ്ക്കു ബലികൊടുക്കപ്പെടുന്നവർക്കു കാലേക്കൂട്ടി ചെയ്യാറുള്ള ചടങ്ങുകളെല്ലാം ദേവിക്കും പ്രളവിനും യഥാവിധി നടത്തി. അനന്തരം കുമുദിനീദേവിയെ വായിൽ തിരുകിയിരുന്ന തുണിയും കരചരണങ്ങളിലെ ബന്ധനവും വേർപെടുത്തി ആട്ടിയായി വെങ്കലപ്രതിമയുടെ മുമ്പിൽ നിറുത്തി. ഈ അവസരത്തിൽ ശ്രീപുരത്തെ ആ സുപ്രസിദ്ധമാതിയുടെ ഹൃദയം ഒന്നു പിളർന്നു കാണേണ്ടതാണു്. അഹോ! ഭ്രൂതദയയും സമസ്തജീവിസ്നേഹവുമുള്ള ഒരു മനുഷ്യന്റെ കണ്ണുകൾ ആ സ്ഥാനത്തു പ്രവർത്തിക്കുമോ എന്നു സംശയമാണു്. ഭീതിയുടെ കരാളരൂപം കണ്ടുനില്ക്കാൻ ധൈര്യമുള്ളവരുടെ കണ്ണുകൾ അവിടെ പതിയട്ടെ!

വിശ്വമോഹനമായ ആ ദേവീവിഗ്രഹത്തിന്റെ രാമണീയകം കണ്ടു കുമുദിനീദേവി ഇത്രമാത്രം ഭയപ്പെടുന്നതെന്തിനായിട്ടെന്നു നിങ്ങൾ സംശയിക്കുന്നുണ്ടാവാം. കാപട്യമേറിയ ഹൃദയത്തെ മറച്ചുവച്ചുംകൊണ്ടു്, മന്ദഹാസസമന്വിതമായ കോമളവദനത്തെ പുറത്തുകാട്ടി മുൻപിൽ നിൽക്കുന്ന ഒരു തരുണീരത്നത്താൽ വഞ്ചിക്കപ്പെടുന്നവർക്കു് ഉണ്ടാകേണ്ടതാണു് ആ സംശയം. കൂപ്പുകൈയോടെ നമസ്കരിപ്പിക്കുന്ന ഭക്തിപ്രകർഷത്തെ ഉദ്ദീപിപ്പിക്കുന്ന ആ ഉർഗ്ഗാവിഗ്രഹത്തിന്റെ ഉദരം അതിനുള്ളിലേയ്ക്കു തള്ളിക്കയറപ്പെടുന്ന മനുഷ്യന്റെ അസ്ഥിപഞ്ജരത്തെ ഞെരിച്ചു്, അവന്റെ ആത്മാരമസ്തകം, ക്രൂരമൂർത്തി ഞെരുങ്ങിനിൽക്കുന്ന ഇരുമ്പാണികൾ തറച്ചു പ്രാണങ്ങളെ അല്പാല്പമായി കരണ്ടെടുത്തു്, മാംസാസ്ഥിരോമങ്ങളെ തിരിച്ചുറിവാൻ പാടില്ലാത്തവണ്ണം രക്തരൂപത്തിൽ പുറത്തുതള്ളുന്നതിനു പര്യാപ്തമായ സാമഗ്രികളാൽ സമ്പൂർണ്ണമാണെന്നു പറഞ്ഞാൽ ഉർഗ്ഗാദേവിയുടെ കരാളത മനസ്സിലാക്കാത്തവരുണ്ടെ

ങ്കിൽ അവർ കുമുദിനിദേവിയുടെ അനുഭവം കണ്ടറിവാൻ സന്നദ്ധന്മാരായി നിൽക്കട്ടെ!

അത്യന്തം ദയനീയമായ മുഖഭാവത്തോടെ അർദ്ധപ്രാണയായി—അഥവാ, ജീവച്ഛവമായി—ഉർഗ്ഗാംബയുടെ മുമ്പിൽ തൊഴുകൈയോടുകൂടി നിൽക്കുന്ന ദേവികുമുദിനിയെ നോക്കുക! ശാന്തം! പാപം!! ശ്രീപുരത്തെ പ്രസിദ്ധനാഡ്യയും കേളികേട്ട ധാമ്പിഷ്യുയുമെന്നു പറയപ്പെടുന്ന ആ മഹതീരത്നം വെങ്കലപ്രതിമയെസ്സംബന്ധിച്ച കഥാകഥകം അനവധി കേട്ടിട്ടുണ്ട്"; അതുസംബന്ധിച്ച സകല രഹസ്യങ്ങളും അറിഞ്ഞിട്ടുണ്ട്"; അതിന്റെ പ്രവർത്തക സംഘത്തിൽ ഉത്തരവാദിത്വമുള്ള ഒരു ഗണ്യമായ സ്ഥാനത്തെ വഹിക്കുന്നുമുണ്ട്". എന്നാൽ വെങ്കലപ്രതിമയെ ഇന്നു് ആദ്യമായിട്ടാണു് കാണുക. കണ്ടക്ഷണത്തിൽ നാഭിസ്ഥാനത്തിൽ നിന്നും ഉദ്ഭിച്ചുമായ ഒരു ചൂടു്, മസ്തിഷ്കത്തെ പിടിക്കുടി. അതോടുകൂടി തന്റെ ജീവിതനാടകത്തിലെ കഴിഞ്ഞ ഓരോരംഗങ്ങളും ആ സാധുസ്ത്രീയുടെ ഹൃദയതപ്പുണത്തിൽ നിഴലിച്ചുകണ്ടു അവയിൽ ആത്മശാന്തിക്കു് ഉതകുന്ന ഒരൊറ്റ രംഗംപോലും അവർക്കു കാണാൻ കഴിഞ്ഞില്ല. ആ സാധുവിന്റെ നയനങ്ങളിൽനിന്നും താനറിയാതെ അശ്രുപ്രവാഹമുണ്ടായി. ഫലമെന്തു്? നരകയാതനയെ അനുഭവിപ്പിക്കുന്ന ആ രംഗങ്ങളിൽ ഒന്നിനെയെങ്കിലും കഴുകിക്കളയാനുള്ള ശക്തി ആ കണ്ണുനീരിനുണ്ടോ?

കുമുദിനീദേവി അശ്രുപൂർണ്ണങ്ങളായ കണ്ണുകളെ ഉർഗ്ഗാംബയുടെ മുഖകമലത്തിൽ സമർപ്പിച്ചു. ആ മുഖത്തു തിളങ്ങുന്ന ശീതളഛായയിൽ അവ വിശ്രമിച്ചു.

മുന്നദ്ധ്യായത്തിന്റെ ഒടുവിൽ കേട്ട മണിശബ്ദം ഈ ഘട്ടത്തിൽ പുറപ്പെട്ടതാണു്. മണിനാദം കേട്ട ശ്രുശ്രൂസതാവും യുവാക്കന്മാരും വെങ്കലപ്രതിമയുടെ അടുത്ത മുറിയിൽ എത്തി മറഞ്ഞു നിന്നു. മണിനാദം അവസാനിച്ചതിന്റെ തുടർച്ചയായി ആ മുറി അത്യുകമാനം പതുക്കെ ഒന്നിളകുന്നതുപോലെ തോന്നി. വെങ്കലപ്രതിമയാകട്ടെ, തുള്ളിത്തുടങ്ങിയ "വെളിച്ചപ്പാടി"നെപ്പോലെ ചലിച്ചുതുടങ്ങി. ഈ ഘട്ടത്തിൽ കൊലയാളികളിൽ ഒരുവൻ "അമ്മേ ഇനി രണ്ടുപ്രാവശ്യംകൂടി ഇപ്രകാരം മണിനാദം സംഭവിക്കും. മൂന്നാമത്തെ മണിശബ്ദം പുറപ്പെടുന്നതോടുകൂടി നിങ്ങൾ നിങ്ങളുടെ ശിക്ഷ അനുഭവിക്കേണ്ടതാണു്" എന്നു കുമുദിനീദേവിയുടെ ചെവിയിൽ പറഞ്ഞു.

കുമുദിനി:—(ദയനീയമായ മുഖഭാവത്തോടുകൂടി) അയ്യോ! എന്നെ രക്ഷിക്കണേ! എന്നെ സഹായിക്കണേ! നിങ്ങൾക്കു പുണ്യം കിട്ടും. ഹാ! ദൈവമേ! ഇതു പെട്ടെന്നു മരിക്കാൻ ഞാൻ

തയാറായിരുന്നില്ലല്ലോ. അയ്യോ! ഈ അപകടമരണത്തെ—
ഈ അകാലമൃത്യുവിനെ – ഞാൻ പ്രതീക്ഷിച്ചിരുന്നതല്ലല്ലോ!

മറെറാരു കൊലയാളി അതുകേട്ടു, "ഈ മരണശിക്ഷയിൽ നിന്നും മോചിക്കാൻ ഇനി നിങ്ങൾക്കു സാധിക്കുന്നതല്ല. നിങ്ങളെ മോചിപ്പിക്കാൻ ഞങ്ങൾക്കു ശക്തിയുമില്ല. വിട്ടയച്ചാൽ ഞങ്ങളുടെ തലപോകും. മനസ്സുകൊണ്ടാകട്ടെ, വാക്കുകൊണ്ടാകട്ടെ, പ്രവൃത്തികൊണ്ടാകട്ടെ നിങ്ങൾക്കു യാതൊരു ദ്രോഹവും ചെയ്തിട്ടില്ലാത്ത അനേകം ആളുകൾ നിങ്ങളുടെ കഠിനമായ ദ്രോഹപ്രവൃത്തികൾ അനുഭവിച്ചു സങ്കടപ്പെട്ടിട്ടുണ്ടു്. അതെല്ലാം ഞങ്ങൾ ഈ ഘട്ടത്തിൽ ഹൃദയപൂർവ്വം ക്ഷമിച്ചുകൊള്ളാം. എന്നാൽ നിങ്ങളെ ഇപ്പോൾ വിട്ടയയ്ക്കുക എന്നതു ഞങ്ങളുടെ ശക്തിയിൽ കവിഞ്ഞ കാര്യമാണു്" എന്നു പറഞ്ഞു.

'ക്ണി' എന്നു രണ്ടാമത്തെ മണിനാദം മുഴങ്ങി. പെട്ടെന്നു കുമിനി ഇരുകൈകളാലും മുഖത്തെ മറച്ചുകൊണ്ടു് "ഹാ! ദൈവമേ! എന്റെ പേരിൽ അല്പമെങ്കിലും കരുണ തോന്നുണേ!" എന്നു നിലവിളിച്ചു മണിശബ്ദത്തിന്റെ ചിലമ്പിയ പെരുനാദം അല്പാല്പമായി കുറഞ്ഞു കുറഞ്ഞു ഒടുവിൽ നിശ്ശ്വേഷമില്ലാതാകാൻ അഞ്ചു വിനാഴികസമയം വേണ്ടിവന്നു.

മുറിക്കകം നിശ്ശബ്ദതയെ അവലംബിച്ചു; അവാച്യമായ പ്രശാന്തത അവിടെ സംഭവിച്ചു. വിഷാദാഗ്നിയുടെ സാന്ദ്രച്ഛായയിൽ എരിപൊരിക്കൊള്ളുന്ന ഹൃദയമധ്യത്തിൽ ഈശ്വരപ്രതിഷ്ഠ നടത്തി, അനന്യചിന്തനനായി, ശിരസ്സു് ഒരുവശത്തോട്ടു കുറഞ്ഞൊന്നു ചെരിഞ്ഞു കണ്ണുകളടച്ചു നിൽക്കുന്ന ഗംഗാധരഗൃഹപ്രഭുവിനെ നോക്കുക! തന്റെ കരാളകരവാളത്തിനു ലക്ഷ്യീഭവിച്ചു മൂർഛിച്ചു നിലംപതിച്ച ശത്രുവിന്റെ പരാജിതമായ കിടപ്പിനെ സംതൃപ്തിയോടെ നോക്കിക്കൊണ്ടു നിൽക്കുന്ന യുദ്ധവീരനെപ്പോലെ, ഉടയസേനൻ ഈ അവസരത്തിൽ ഗംഗാധരഗൃഹപ്രഭുവിന്റെ ദയനീയമായ നിലകണ്ടു കൃതാർത്ഥനാകുന്നു. നിർദ്ദയമായ ബലികർമ്മത്തിനു സന്നദ്ധമാക്കപ്പെട്ട ആടുകളുടെ ചുറ്റും ക്രൂദ്ധനിൽക്കുന്ന ജീവകാരുണ്യലേശമില്ലാത്ത നിഷ്ഠുരഹൃദയന്മാരെപ്പോലെ, കൊലയാളികളുടെ സഹായികളായ ഭടജനങ്ങൾ ഗംഗാധരഗൃഹപ്രഭുവിന്റെ ചുറ്റും ക്രൂദ്ധനിൽക്കുന്നു. ആടിന്റെ കഴുത്തു വെട്ടുന്നമാത്രയിൽ അതിന്റെ കണ്ണുനാളത്തിൽനിന്നും നിർഗ്ഗളിക്കുന്ന രക്തത്തെ പാനം ചെയ്യാൻ അക്ഷമനായി 'മാടൻതുള്ളി' നിൽക്കുന്ന വജ്രഹൃദയനെപ്പോലെ അല്പം അകലത്തായി കൈ രണ്ടും നെഞ്ഞിൽക്കെട്ടി ചിന്തമുഖത്തോടുകൂടി നിൽക്കുന്ന നിഷ്ഠുരാനന്ദനെ ഒരുനോക്കു കാണുന്നവർ അയാളുടെ മുഖത്തു സാത്വികത്തിന്റെ സ്ഥാനത്തു കൈയടക്കം

ചെയ്യ സ്ഥിരവാസം ഉറപ്പിച്ചിരിക്കുന്ന ശ്രുക്ഷ്മമായ താമസഭാവത്താൽ ഭയവിഹ്വലന്മാരാക്കപ്പെട്ട ഞെട്ടിപ്പിറകോട്ടമാറുന്നതാണു്.

കുമുദിനിയുടെ—അതേ, ആ ഹതഭാഗ്യയുടെ—സ്മൃതിപഥത്തെ പ്രതിനിമിഷം ആരോഹണംചെയ്യു് ഒഴിഞ്ഞുമാറുന്ന വിചാരപരമ്പരകളെ ആരറിയുന്നു? അതാ! പെട്ടെന്നു് അവൾ ദൃഢചിത്തതയെ അവലംബിച്ച മുഖഭാവത്തോടെ നിവർന്നു നിലകൊള്ളുന്നു. അന്യർക്കു കേൾക്കാമായിരുന്ന അവളുടെ ഹൃദയസ്പന്ദനം നിന്നു.

പൊട്ടുന്നനവേ അമ്മണി—ആ മരണമണി—മൂന്നാമതും അതിന്റെ കർണ്ണകഠോരധ്വനിയെ പുറപ്പെടുവിച്ചു. അതിന്റെ മാറൊലി കുമുദിനിയുടെ ഹൃദയഭിത്തിയെ ഭേദനംചെയ്യുമാത്രയിൽ അവളുടെ മുഖത്തു ശ്രുപാന്തരം സംഭവിച്ചു. അവളെ ആ നിലയിൽ കാണുന്നവർ ഭീതന്മാരായിത്തീരും. ഭീതവും പരിഭ്രാന്തവുമായ അവളുടെ നയനദ്വയം ദൃഗ്വിഗ്രഹത്തെ അഭയം പ്രാപിച്ചു. അവൾ എന്തോ ശബ്ദിക്കാൻ ഭാവിച്ചു; അവൾക്കു് അതിനു കഴിവുണ്ടായില്ല. അതാ, കൊലയാളികൾ അവളെ കടന്നുപിടിക്കുന്നു! സാധു കുമുദിനി മൂർഛാകുലയായി നിലംപതിക്കുന്നു.

"അവൾക്കു സുബോധം ഉണ്ടാകാനായി ദ്രാവകപാനം ചെയ്യിക്കുവിൻ! വെങ്കലപ്രതിമയ്ക്കു ബലി നൽകപ്പെടേണ്ടവർ പ്രജ്ഞന്മാരായിരിക്കേണ്ടതാണു്. അപ്രജ്ഞന്മാരുടെ ബലി ദേവിക്കു അനിഷ്ടമാകുന്നു. മാത്രമല്ല, ശിക്ഷയുടെ കാഠിന്യം അനുഭവിച്ചാൽമാത്രമേ ശിക്ഷിക്കപ്പെട്ടതായി ഗണിക്കാൻ പാടുള്ളൂ എന്നു നിഷ്കളങ്കാനന്ദൻ തന്റെ വെങ്കലസ്വരത്തിൽ ആജ്ഞാപിച്ചു" ഉടനെ കൊലയാളികളിൽ ഒരുവൻ തന്റെ കൈവശമുണ്ടായിരുന്ന ഒരു കൂപ്പിയിൽനിന്നും ഒരുമാതിരി ദ്രാവകം നാലഞ്ചുതുള്ളി കുമുദിനിയുടെ ചുണ്ടുകൾ വിടത്തി ഒഴിച്ചു. തൽക്ഷണം, നിമിഷമാത്രമായ തന്റെ ജീവിതശേഷത്തെ അനുഭവിക്കാനുള്ള അതികാംക്ഷയാലെന്നവണ്ണം, അവൾ പ്രജ്ഞാധീനയായി കണ്ണുതുറന്നു; എഴുന്നേറ്റുനിന്ന കൊലയാളികൾ അവളെ വിഗ്രഹത്തിനു സമീപം മുമ്പോട്ടു തള്ളിനിർത്തി; അതേനിമിഷത്തിൽ നിർജ്ജീവമായ ആ ലോഹവിഗ്രഹം സജീവമായി ഭവിച്ചതുപോലെ കാണപ്പെട്ടു. നെഞ്ഞിൽ കെട്ടിയിരുന്ന അതിന്റെ കരങ്ങൾ, സ്വഭർത്താവിനെ ആശ്ലേഷം ചെയ്യാൻ ഉൽകണ്ഠയോടെ സന്നദ്ധമായ ഒരു കാമിനിയുടെ കൈകളെപ്പോലെ, പരപ്രേരണയെന്യേ നിവർന്നു. അതോട്ടുകൂടി വിഗ്രഹം അതിന്റെ പാദംമുതൽ കണ്ണാളംവരെ രണ്ടായിപ്പിളർന്നു മലർന്നു. അതിനുള്ളിൽ ക്രുത്തുമൂത്തുള്ള അനവധി ഇരുമ്പാണികൾ ചാൺനീളം അകലത്തിലും രണ്ടു വലിയ ആണികൾ ഹൃദയസ്ഥാനത്തിലും ഉറപ്പിച്ചിരിക്കുന്നു. വലിയ ആണികൾ രണ്ടും വിഗ്രഹത്തിനു

ള്ളിൽ കടത്തപ്പെട്ടന്ന മനുഷ്യരുടെ നയനങ്ങളിലും മറുള്ളവ ശരീര മാസകലം തറയ്ക്കുന്നതിനാണെന്ന കണ്ടുള്ളവക്ക് അനുമാനിക്കാം. ഈ കാഴ്ച കുമുദിനീദേവിയെ ഭയവിഹ്വലയാക്കിച്ചെയ്യുംമുമ്പ്, വിഗ്രഹകരങ്ങൾ അവളെ ആശ്ലേഷിച്ച് അകത്താക്കി അടച്ചതും വജ്രഹൃദയന്മാരുടെപോലും ഹൃദയങ്ങളെ ഭേദിക്കുന്ന അവളുടെ മരണവിളികളെ തടുക്കത്തക്ക ശക്തിയിൽ മൻചൊന്ന മരണമണി ഉടൻ ശബ്ദിക്കാൻ തുടങ്ങിയതും ഒന്നിച്ചുകഴിഞ്ഞു.

ആദ്യത്തെ മണിശബ്ദംകേട്ട, വിഗ്രഹപ്രതിഷ്ഠാപനമുറിയുടെ ഉള്ളിൽനടക്കുന്ന സംഭവങ്ങൾ കാണത്തക്കവണ്ണം ഒളിഞ്ഞുനിന്ന ശ്രുശ്രുസേതാവും യുവാക്കന്മാരും കുമുദിനിയുടെ ഉരന്തത്തിനു ദൃക്സാക്ഷികളാണെന്ന വായനക്കാരെ പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. ശ്രുശ്രുസേതാവ് ആ നിലവറയിൽ ഇരുപതുകൊല്ലക്കാലമായി ജീവിച്ചുവരികയാണ്. ആ ദീർഘജീവിതത്തിനിടയിൽ എത്ര എത്ര സംഭവങ്ങൾ ഇതുപോലെയുണ്ടായിട്ടുണ്ട്! വെങ്കലപ്രതിമയെസ്സംബന്ധിച്ച ഭയങ്കരമായ ഐതിഹ്യങ്ങൾ എത്ര അധികം ശ്രവിച്ചിട്ടുണ്ട്! ആ വിഗ്രഹവുമായി എത്ര ഞെരുങ്ങിയ പരിചയത്തിനിടയായിട്ടുണ്ട്! എന്നിരുന്നിട്ടും ഇതേവരെ വെങ്കലപ്രതിമയ്ക്ക് നടത്തപ്പെട്ടന്ന ബലികർമ്മം തന്റെ മാംസചക്ഷുസ്സുകൊണ്ടു നോക്കിക്കാണാൻ സാധിച്ചിട്ടില്ല. അഹോ! അതിഭയങ്കരവും അത്യന്തം ഭയനീയവുമായ കുമുദിനീദുരന്തസംഭവം ശ്രുശ്രുസേതാവിന്റെ സിരാപ്രമ്പരകളെ സ്തംഭിപ്പിക്കുകയാൽ സർവ്വാംഗം വിയർത്തു് ശരീരം ജീവച്ഛവമായി ഭവിച്ചു. യുവാക്കന്മാർ തങ്ങളുടെ താൽകാലികനിലയെപ്പോലും മറന്നു വാവിട്ട നിലവിളിച്ചു; പക്ഷേ മരണമണിയുടെ നിരന്തരധ്വനി അവരുടെ നിലവിളിശബ്ദത്തെ തടഞ്ഞിരുന്നില്ലെങ്കിൽ അവരുടെ അനുഭവം എന്തായിത്തീർന്നേനേ എന്നു് ഊഹിക്കാവുന്നതാണല്ലോ.

ക്രൂരമണി അവസാനിച്ചതിനുശേഷം, വീണ്ടും ആദ്യത്തെപ്പോലെ ആ മണി ഒന്നടിച്ചു; രണ്ടാമതും അടിച്ചു; മൂന്നാമത്തെ അടിയും കഴിഞ്ഞു. അമ്പോ! കുമുദിനീദുരന്തസംഭവത്താൽ ജീവച്ഛവങ്ങളായി ഭവിച്ച ശ്രുശ്രുസേതാവിനും യുവാക്കന്മാർക്കും, ഗംഗാധരഭട്ടപ്രഭുവിന്റെ ഉരന്തത്തിനും നിർഭാഗ്യവശാൽ ദൃക്സാക്ഷികളാകേണ്ടിവന്നു.

നാല്പത്തൊട്ടാം അദ്ധ്യായം.

പിന്നെയുണ്ടായ കഴപ്പങ്ങൾ ഞാനെന്തുചൊല്ലൂ?
മിന്നലെന്നതുപോലെ മണ്ടിനാൻ സന്ന്യാസിയും."

കഴിഞ്ഞ അദ്ധ്യായത്തിലെ സംഭവങ്ങൾ നടന്നതിന്റെ അടുത്തദിവസം ഉദയസേനപ്രഭുവിന്റെ മാളിക അസാധാരണമായവിധത്തിൽ അലങ്കരിക്കപ്പെട്ടു. ഉൽകൃഷ്ടവസ്ത്രാഭരണാദികൾ ധരിച്ച പ്രഭുക്കന്മാരും പ്രഭാകളുമായി അനവധി അതിഥികൾ കല്പകക്കോട്ടയിൽ വന്നുകൂടീട്ടുണ്ടു്. ആട്ടം, പ്രത്തു്, ഞാണിൽക്കളി മുതലായ വിനോദങ്ങൾ അവിടവിടെ നടക്കുന്നുണ്ടു്. അസ്തമയത്തോടുകൂടി കോട്ടവളപ്പിനകത്തും പുറത്തും ഉദയസേനന്റെ കൊട്ടാരവളപ്പിലും സൂര്യപ്രകാശത്തെ ജയിക്കത്തക്കവണ്ണം ദീപയഷ്ടികൾ പ്രകാശിച്ചുതുടങ്ങി കൊട്ടാരമുറ്റത്തു് അതിമനോഹരമായ കല്യാണപ്പന്തലിന്റെ മദ്ധ്യത്തിലായി കമനീയമായ വിവാഹമണ്ഡപം സജ്ജീകരിച്ചിരിക്കുന്നു. അതിന്റെ ദക്ഷിണഭാഗത്തു ഹോമകുണ്ഡം പ്രോജ്ജ്വലിക്കുന്നു. പന്തലിൽ അതിഥികൾക്കായി തയാറാക്കിയിരിക്കുന്ന ആസനങ്ങൾക്കു കണക്കില്ല എന്നിരുന്നിട്ടും അതിഥികളിൽ അധികംപേർക്കും ആസനങ്ങൾക്കു പിറകെ തിങ്ങിക്കൂടി നില്ക്കേണ്ടിവന്നു. ഹോമകുണ്ഡത്തിനുസമീപം വൈദികബ്രാഹ്മണർ പലർകൂടിയിരുന്നു വേദോച്ചാരണത്തോടുകൂടി ഹോമകുണ്ഡത്തിൽ ആഹുതിചെയ്യുന്നു. പലേവിധത്തിലുള്ള വാദ്യഘോഷങ്ങൾ കല്പകക്കോട്ടയ്ക്കുമുറുമുള്ള കരിങ്കൽഭിത്തികളിൽ മാറ്റൊലിക്കൊള്ളുന്നു.

രാത്രിയിൽ മണി ഒൻപതടിച്ചു. "മുഹൂർത്തസമയമായി; വധൂവരന്മാരെ വിവാഹമണ്ഡപത്തിലേയ്ക്കു് ആനയിക്കുവിൻ!" എന്നു വൈദികബ്രാഹ്മണൻ വിളിച്ചുപറയിച്ചു മാത്രകഴിഞ്ഞു് വധൂവരന്മാർ പന്തലിൽ ആനയിക്കപ്പെട്ടു. വധു പദ്മാവതി, രാജയോഗ്യമായ പട്ടുവസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞു തോഴിമാരുടെ അകമ്പടിയോടുകൂടി മണ്ഡപത്തിൽ യഥാസ്ഥാനം കയറിയിരുന്നു. രാജകുമാരിയുടെ മുഖത്തു ഉള്ളിൽ തിങ്ങിനില്ക്കുന്ന വിഷാദം നിഴലിച്ചുകാണുന്നുണ്ടെങ്കിലും അനായാസേന ആർക്കും ഗ്രഹിക്കാൻകഴിയും എത്ര ബ്രാഹ്മണർക്കു ദാനകർമ്മങ്ങൾ നടത്തിയാലും, എന്തെല്ലാം ഹോമദ്രവ്യങ്ങളെ ആഹുതിചെയ്താലും, എന്തൊരു പരിശുദ്ധമന്ത്രത്തെ ഉച്ചരിച്ചാലും അശുദ്ധമായ ഹൃദയം പരിശുദ്ധമായി ഭവിക്കുമോ? അതിനു പരമകാരുണികനായ ഈശ്വരന്റെ അനുഗ്രഹം ഒന്നുമാത്രമേ പര്യാപ്തമായിട്ടുള്ളൂ. ചന്ദ്രംപടിഞ്ഞു നമ്രശിരസ്കയായിരി

ക്കുന്ന രാജകുമാരിയുടെ സൂക്ഷ്മവീക്ഷണശക്തിയുള്ള വിശാലമായ കണ്ണുകൾ അനിമീലിതങ്ങളായിരുന്നിട്ടും അവ യാതൊന്നും കാണുന്നില്ല. സൂക്ഷ്മശ്രവണപ്രവീണങ്ങളായ അവളുടെ കർണ്ണങ്ങൾ യാതൊന്നും കേൾക്കുന്നില്ല. സൂക്ഷ്മഘ്രാണനപടുക്കളായ അവളുടെ നാസികാരന്ധ്രങ്ങൾ പന്തലിലെ പരിമളധോരണിയെ മണക്കുന്നില്ല.

കാശ്മീരരാജാവിന്റെ പുത്രിയും അടുത്ത രാജ്യാവകാശിയുമായ രാജകുമാരി പദ്മാവതിയുടെ, വരനാകാൻപോകുന്ന വിജയസേനനാകട്ടെ അമോഘങ്ങളായ വസ്ത്രാഭരണാദികൾ ധരിച്ചു സഖാക്കളുടെ അകമ്പടിയോടുകൂടി വിവാഹമണ്ഡപത്തെ സമീപിച്ചു, പന്തലിൽക്കൂടിയിരിക്കുന്ന സ്ത്രീപുരുഷന്മാരെ ആകമാനം, സമന്ദഹാസം വീക്ഷിച്ചതിനുശേഷം മണ്ഡപത്തിൽ യഥാസ്ഥാനം കയറിയിരുന്നു. മുഹൂർത്തമായി, വൈദികന്മാരുടെ വിശ്രുതമന്ത്രോച്ചാരണകോലാഹലം കൊടുമ്പിരിക്കൊണ്ടു. സകല ആളുകളുടേയും കണ്ണുകൾ വിവാഹമണ്ഡപത്തിൽ പതിഞ്ഞു. ഹോമകുണ്ഡത്തെച്ചുറ്റിയിരുന്ന വൈദികന്മാർ മന്ത്രോച്ചാരണത്തോടുകൂടി വരണമാലയുമായി വിവാഹമണ്ഡപത്തോടു് അടുത്തു. എല്ലാവരും അവിടെ നടക്കാൻപോകുന്ന സംഭവത്തെ നോക്കിക്കാണാനുള്ള ഉല്ക്കണ്ഠയോടുകൂടി തങ്ങളുടെ നയനങ്ങളെ ലക്ഷ്യത്തിൽ ഏകാഗ്രമാക്കിച്ചെയ്തിരിക്കുന്ന ആ ഘട്ടത്തിൽ—അമംഗളശബ്ദങ്ങളെയടക്കുന്നതിനു പര്യാപ്തമായ വിവിധവാദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കുന്ന ആ അപൂർവ്വഘട്ടത്തിൽ—അടുത്തനിമിഷത്തിൽ കാശ്മീരരാജ്യത്തിനു താൻ അവകാശിയായിത്തീരുമെന്നു വിചാരിച്ചു വിജയസേനൻ ആനന്ദസാഗരത്തിൽ നീന്തിക്കളിക്കുന്ന ആ ഉർല്ലഘട്ടത്തിൽ—തന്റെ കുടുംബം രാജകുടുംബവുമായി ബന്ധപ്പെടുന്നതുകൊണ്ടു മേലിൽ തനിക്കുണ്ടാകാനിരിക്കുന്ന ഐശ്വര്യസമ്പത്തിയെയൊർത്തു് ഉടയസേനപ്രഭു തന്നെത്താൻമറന്നു കൃതാർത്ഥനായിരിക്കുന്ന ആ ഗണനീയഘട്ടത്തിൽ—സകലജനങ്ങളുടേയും ഹൃദയങ്ങളെ കിടുകിടാ വിറപ്പിക്കത്തക്ക അസ്പഷ്ടമായ ഒരു കഠിനശബ്ദം തീക്കുണ്ഡത്തിനു സമീപത്തുനിന്നും പുറപ്പെട്ടതും കുണ്ഡത്തിൽനിന്നും ഉയരുന്ന സാന്ദ്രധൂമച്ഛായയിൽ ഒരു ഭൂതസേതപം പെട്ടെന്നു് ആവിർഭവിച്ചു് "ഈ വിവാഹകർമ്മം ഇവിടെ അവസാനിക്കട്ടേ! ഇക്കർമ്മത്തിനു് ഈശ്വരസമ്മതമില്ല" എന്നീ വാക്കുകൾ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞിട്ടു് അന്തർദ്ധാനം ചെയ്തതും ഒന്നിച്ചുകഴിഞ്ഞു. തൽക്ഷണം അവിടെ കൂടിയിരുന്ന അതിഥികൾ ഭീതന്മാരായി നാനാവഴിക്കും പലായനംചെയ്തു. ചിലർ ഇരുന്ന ഇരുപ്പിൽ മൂർച്ഛിച്ചുവീണു. വൈദികന്മാരും വാദ്യമേളക്കാരും പുരോഹിതന്മാരും പരിഭ്രാന്തരായി തിരിഞ്ഞുനില്ക്കാതെ

ഓടിത്തുടങ്ങി. പത്മാവതി മൂർച്ഛാകുലയായി നിലംപതിച്ചു. വിജയസേനൻ ഗൃഹാന്തർഭാഗത്തിൽ ഓടിച്ചെന്നു. ഉദയസേനനാകട്ടെ "ഹാ! ഗൗതമീ! ഗൗതമി! അതേ; നീതന്നെ, തന്നേ; ഞാൻ നിന്നെത്തന്നെ കണ്ടതു്! അയ്യോ! ദൈവമേ! എന്നെ വഞ്ചിച്ചുവോ?" എന്നിങ്ങനെ പുലമ്പിക്കൊണ്ടു നിലത്തു മറിഞ്ഞു.

അഹോ! അരനിമിഷത്തിനുമുമ്പു് ആ പന്തലിലെ അവസ്ഥ എന്തായിരുന്നു? ആഹ്ലാദഭരിതരായി വിവാഹോത്സവത്തിൽ പങ്കുകൊണ്ടിരുന്ന സ്ത്രീപുരുഷന്മാർ അനുഭവിച്ച ആനന്ദത്തിനു് അവധിയുണ്ടോ? നൊടിക്കിടതിൽ ആ ആഹ്ലാദമെവിടെ? ആനന്ദമെവിടെ? കാലൂന്നാൻ സ്ഥലമില്ലാത്തവണ്ണം ജനങ്ങളം തിങ്ങിക്കൂടി നിറഞ്ഞിരുന്ന ആ വലിയ പന്തലിൽ ഇപ്പോൾ എത്ര ആളുകളുണ്ടു്! രണ്ടേരണ്ടാൾ. വിവാഹമണ്ഡപത്തിൽ പത്മാവതിയും മണ്ഡപത്തിനു് അല്പം ദൂരത്തായി ഉദയസേനപ്രഭുവും. അധൈര്യമെന്നതു് അറിഞ്ഞിട്ടില്ലാത്ത സ്ഥിരചിത്തതോടുകൂടിയ സ്വാമി നിഷ്കുളാനന്ദൻപോലും പമ്പകടന്നിരിക്കുന്നു. പക്ഷേ സ്വാമികളെ ഓടിച്ചതു ഉദയസേനന്റെ വാക്കുകളാണു് "ഗൗതമീ" ശബ്ദം നിഷ്കുളാനന്ദനെ എല്ലാവക്കും മുമ്പിൽ പന്തലിനു വെളിയിൽ എടുത്തെറിഞ്ഞു.

അതാ, ചാരുദത്തൻ പന്തലിലേയ്ക്കുവരുന്നു. വിവാഹമണ്ഡപത്തിൽ അതേവരെ സംബന്ധിച്ചിട്ടില്ലായിരുന്ന ആ സുശീലനായ വൃദ്ധൻ മണ്ഡപത്തെ സമീപിക്കുന്നു! വെട്ടിയിട്ടതുപോലെ കിടക്കുന്ന പത്മാവതിയെ വൃദ്ധൻ താങ്ങി ഉയർത്തുന്നു. അഹോ! പത്മാവതിക്കുപകരം പത്മാവതിയുടെ മൃതശരീരത്തെയാണു താൻ താങ്ങുന്നതെന്നറിഞ്ഞു പരിഭ്രമത്തോടുകൂടി ചാരുദത്തൻ കൈമാറി പിൻവാങ്ങിനിന്നു. വീണ്ടും അടുത്തു നാസാഗ്രത്തിൽ കൈവച്ചു പരിശോധിച്ചു. നശ്വരശരീരവുമായി വേർപെട്ട പ്രാണവായുവിനെ മൂക്കറ്റത്തു കണ്ടുപിടിക്കാൻ കഴിയുമോ? "കഷ്ടം! കഷ്ടം! കൃതവീര്യമഹാരാജാവിന്റെ പുത്രി പത്മാവതിയുടെ ജാതകാന്ത്യം ഈ വിധത്തിലോ?" എന്നിങ്ങനെ വൃദ്ധൻ ഉച്ചസ്വരത്തിൽ ശബ്ദിച്ചുപോയി. ഈ വാക്കുകളം ഉദയസേനന്റെ ബോധക്ഷയത്തെ പരിഹരിച്ചു. അയാളം കണ്ണുതുറന്നു യോഗകുണ്ഡത്തിലേയ്ക്കുനോക്കി. തന്റെ ബോധക്ഷയത്തിനു കാരണമായ സത്വത്തെ അവിടെ കാണുന്നില്ല. തന്റെ മുറവും കണ്ണോടിച്ചു; പന്തലിൽ കൂടിയിരുന്ന അതിഥികളിൽ ഒരൊറ്റ ആളംപോലും അവിടെ ഉണ്ടായിരുന്നില്ല. വിവാഹമണ്ഡപത്തിൽ പത്മാവതി വീണുകിടക്കുന്നതും ചാരുദത്തൻ പരിഭ്രാന്തനായി അവളുടെ സമീപത്തു നിൽക്കുന്നതും പ്രത്യേകം കണ്ടു. വേഗത്തിൽ എഴുന്നേറ്റു ചാരുദത്തന്റെ സമീപത്തു

പെന്നു് "എന്തുസംഭവിച്ചു?" എന്നു ചോദിച്ചു. "പ്രഭോ! രാജകുമാരി മരിച്ചുകിടക്കുന്നു" എന്നു ചാരുദത്തൻ പറഞ്ഞു. ഉടയസേനൻ വല്ലാതൊന്നു ഞെട്ടി "ഹെയ്! അങ്ങിനെ സംഭവിക്കരുതു്. രാജകുമാരി മരിക്കുകയോ! ഒരിക്കലും ഇല്ല. തനിക്കു തെറ്റി; ശ്വാസഗതി പരിശോധിക്കൂ" എന്നു പറഞ്ഞു. ചാരുദത്തൻ അതുകേട്ടു്, 'പരിശോധനകളൊക്കെ കഴിഞ്ഞു. കാശ്മീരത്തിലെ ഭാവിരാജ്ഞി തീർപ്പായിട്ടു. അവിടുന്നു ഇനിയും സംശയിക്കുന്നുണ്ടെങ്കിൽ നേരിട്ടൊന്നു പരിശോധിക്കണം' എന്നു പറഞ്ഞു. പ്രിയ രാജകുമാരിയുടെ ശ്വാസഗതിയെ പരിശോധിച്ചു; ശ്വാസം നിന്നിരിക്കുന്നതായി് ബോദ്ധ്യപ്പെട്ടു. പെട്ടെന്നുള്ള ഭീതിയിൽ ശ്വാസം വല്ലഭാഗവായു് ഉടക്കിനില്ക്കുകയാണെന്നു കരുതി ശരീരഭാഗങ്ങളിലെല്ലാം കൈകൊണ്ടു തട്ടിനോക്കി. ഒരു ഫലവുമുണ്ടായില്ല. അതേ, ചാരുദത്തൻ പറഞ്ഞതു പരമാർത്ഥമാണു്. പദ്മാവതിയുടെ ദേഹദേഹികൾ വേർപെട്ടു. ഈ ബോധം ഉണ്ടായപ്പോൾ ഉടയസേനൻ ദീർഘമായി ഒന്നു നിശ്വസിച്ചു. തന്റെ മനോരാജ്യക്കോട്ടകളെല്ലാം പാടേ ഇടിഞ്ഞുവീണു. രാജകുമാരിയെ പുത്രഭാര്യയായി സ്വീകരിച്ചുകൊണ്ടു കാശ്മീരഭരണത്തിൽ കൈകടത്തി തന്റെ പൈശാചികമായ ഉദ്ദേശങ്ങളെ സാധിക്കാമെന്നുണ്ടായിരുന്ന കരുതലുകളൊക്കെ വിഫലങ്ങളായി.

രാജകുമാരിപദ്മാവതിയുടെ ചരമവൃത്താന്തം കല്പകക്കോട്ട മുഴുവൻ പരന്നു. രാജ്ഞകുമാരിയുടെ മരണം പ്രജാസംഘത്തിന്റെ മുറുകിയ ശക്തിയെ അപഗ്രഥനംചെയ്യുവെന്നും ഇനി എന്തെല്ലാമാണു സംഭവിക്കാനിരിക്കുന്നതെന്നു കണ്ടുതന്നെ അറിയണമെന്നും വെങ്കലപ്രതിമക്കാരുടെ അടിപ്പടി കണ്ടുതുടങ്ങിയിരിക്കുന്നുവെന്നുംള്ള അഭിപ്രായങ്ങൾ അങ്ങിങ്ങു മുഴങ്ങിത്തുടങ്ങി. കോട്ടയ്ക്കകത്തു താമസിക്കുന്ന ജനങ്ങൾ അകമാനം ഭീതന്മാരായി ഭവിച്ചു.

പദ്മാവതിയുടെ മരണസംഭവം കോട്ടവാസികളുടെ ഭീതിക്കു കാരണമായിത്തീർന്നതിന്റെ മൂന്നാംനാൾ, ശ്രീപുരത്തുനിന്നും വന്ന ഒരു ദൂതൻ, അശോകനാഥൻ വലുതായ സൈന്യബലത്തോടുകൂടി തെക്കൻദിക്കുകളിലേയ്ക്കു പുറപ്പെട്ടിട്ടുണ്ടെന്നും ക്രൂരിയ ശീഘ്രത്തിൽ കല്പകക്കോട്ടയെ അതിക്രമിക്കുമെന്നും പറയുകയാൽ എല്ലാവരും പൂർവ്വാധികം ഭയാക്രാന്തന്മാരായി ഭവിച്ചു.

അടുത്തദിവസം കോട്ടവാതുക്കൽ കാവൽനിന്നിരുന്ന അശ്വദൂതന്മാരിൽ ഒരുവൻ, അതിവേഗത്തിൽ കുതിരയെ ഓടിച്ചു സർവ്വസൈന്യാധിപന്റെ മുമ്പിൽഎത്തി, അകലേനിന്നും ഒരു വലിയ സൈന്യം കോട്ടയെലക്ഷ്യമാക്കി വരുന്നുണ്ടെന്നു് അറിവുകൊടുത്തു. ഉത്തരക്ഷണത്തിൽ ആ സംഗതി കോട്ടയ്ക്കകത്തുള്ള കുടികളെയും

സൈന്യസംഘത്തെയും അറിയിക്കുന്നതിനായി, അസാധാരണസന്ദർഭങ്ങളിൽ ആപത്സൂചനാർത്ഥം നടത്തപ്പെട്ടുന്ന പീരങ്കിവെടി തുടരെത്തുടരെ നടത്തുകയുണ്ടായി. മദ്ധ്യാഹ്നത്തോടടുത്തു അശോകനാഥന്റെ പീരങ്കിപ്പട, കോട്ടമതിലിൽനിന്നും മുക്കാൽമൈൽ ദൂരത്തിലുള്ള പർവ്വതനിരപ്പിലെത്തി ക്രമാരമടിച്ചു. ഒരുനാഴികയുടെയുള്ളിൽ അനവധി പീരങ്കികൾ കോട്ടയെ ലക്ഷ്യമാക്കി സജ്ജീകരിച്ചുവച്ചു അത്യുന്നതമായ ഒരു വൃക്ഷശിഖരത്തിൽ തങ്ങളുടെ കാപിലകക്കൊടി ഉയർത്തുകയുംചെയ്തു. സൂര്യോസ്തമയത്തോടടുത്തു അശോകനാഥന്റെ ആനപ്പട, കുതിരപ്പട, കാലാൾപ്പട മുതലായവ പർവ്വതനിരകളുടെയും കോട്ടമതിലിന്റെയും ഇടയുള്ള വെളിസ്ഥലത്തെത്തി പാളയമുറപ്പിച്ചു. നാല്ക്കാലികൾക്കായി ഒഴിച്ചിടപ്പെട്ടിരുന്ന ആ സ്ഥലം ഒരുനാഴികയുടെയുള്ളിൽ പടയാളികളെക്കൊണ്ടു നിറഞ്ഞു. ഇതേവരെ നിശ്ശബ്ദമായിരുന്ന ആ സ്ഥലം, ഇപ്പോൾ സമുദ്രാരവംപോലെ ഭീകരമായ ഒരു ശബ്ദത്തെ ദിഗന്തരങ്ങളിൽ പ്രതിധ്വനിപ്പിക്കുന്നു. അശോകനാഥന്റെ ആജ്ഞാമാത്രയിൽ പ്രയോഗിക്കത്തക്കവണ്ണം മൂർച്ച കൂട്ടിവയ്ക്കുന്നതിലേയ്ക്കു് ഉറകളിൽനിന്നും ഊരിപ്പിടിക്കപ്പെട്ട അനേകായിരം ഖഡ്ഗങ്ങളിൽ വൃശ്ചികന്റെ രക്തരശ്മികൾ തട്ടി പ്രകാശിച്ചപ്പോഴുണ്ടായ രാമണീയകം, ഒരുപ്രകാരത്തിൽ ഹൃദയാവജ്ജകവും മറെറാരുപ്രകാരത്തിൽ ഹൃദയഭേദകവുമായി കാണപ്പെട്ടുന്നു. പടയാളികളുടെ കാലടിശ്ശബ്ദം, ആയുധങ്ങളുടെ സംഘട്ടനധ്വനി, കുതിരകളുടെ 'ഘനഘന' ശബ്ദം, ആനകളുടെ അമർച്ച, ഭടന്മാരുടെ ഗാനം, പീരങ്കിവണ്ടികളുടെ ചക്രാരവം, കൊടിക്കൂറകളുടെ മർമ്മരശബ്ദം, കൊമ്പുവിളി, കുഴലൂത്തു്, ഭേരീനാദം, ആർപ്പുവിളി എന്നിവ ശത്രുക്കളുടെ നാഭിനാളത്തിൽ ഭയാഗ്നിയെ പ്രോജ്വലിപ്പിക്കാൻപോരുന്നവയത്രേ. "സർവ്വസമത്വം നടമാടട്ടെ!" "സ്വാതന്ത്ര്യം വിലസട്ടെ!" "കാപിലകക്കൊടി പറക്കട്ടെ!" "അശോകനാഥൻ ജയിക്കട്ടെ!" "ജനാധിപത്യഭരണം വിളങ്ങട്ടെ!" ഇത്യാദി മുദ്രാവാക്യങ്ങൾ വലിപ്പമുള്ള അക്ഷരങ്ങളിൽ വരച്ച കൊടിക്കൂറകൾ ആകാശത്തോളമുയർന്നു സ്തംഭങ്ങളിൽ തൂക്കിയിരിക്കുന്നു.

നമുക്കിനി കോട്ടയ്ക്കകത്തുകടന്നു് അവിടെ എന്തെല്ലാമാണു നടക്കുന്നതെന്നു അന്വേഷിക്കാം. കോട്ടമതിലിനെ സമീപിച്ചു പാളയമടിച്ച ശത്രുക്കളെ നൊടിക്കിടയിൽ ഓടിക്കുകയോ ബന്ധനസ്ഥരാക്കുകയോ ചെയ്കകളയാമെന്നു വീരവാദം പുറപ്പെടുവിച്ചുകൊണ്ടു് വിജയസേനൻ മുതലായ യുവവീരന്മാർ യുദ്ധസന്നദ്ധതയെ പ്രകടിപ്പിക്കുന്നതുകണ്ടു് അശോകനാഥന്റെ അന്യാദൃശമായ ശക്തിയിൽ ദൃഢവിശ്വാസമുള്ള ഉദയസേനൻ, അവരെ ആ സാഹ

സോദ്യമത്തിൽനിന്നും വിരമിപ്പിച്ചു. "ശത്രുക്കൾ കോട്ടയ്ക്കകത്തു കടക്കാതെ വേണ്ട കരുതലോടുകൂടി സൂക്ഷിക്കുകയാണു നാം ഇപ്പോൾ ചെയ്യേണ്ടതായിട്ടുള്ളതു്. നേരേമറിച്ചു്, ശത്രുസൈന്യം അകത്തു കടക്കുമ്പോൾ തടുത്തുനിൽക്കാനായി ഒരുക്കൂട്ടിവയ്ക്കേണ്ട ശക്തിയെ അനാവശ്യമായി ആദ്യമേ ചെലവുചെയ്താൽ ഒടുവിൽ നാം ബേജിക്കേണ്ടവരായിത്തീരും." എന്നിങ്ങനെയുള്ള ഉദ്ബോധനങ്ങളാൽ അവരെ കർത്തവ്യബോധമുള്ളവരാക്കിച്ചെയ്തു. അനന്തരം ശത്രുക്കൾ, കോട്ടകടന്നു് അകത്തുപ്രവേശിക്കുമ്പോൾ അവരെ പിന്നോക്കം പായിക്കുന്നതിലേയ്ക്കു വേണ്ട ഏർപ്പാടുകളെല്ലാം ഉദയസേനൻ ബുദ്ധിപൂർവ്വംചെയ്തു് ശത്രുപ്രവേശത്തെ പ്രതീക്ഷിച്ചിരുന്നു.

പ്രാകാരകക്ഷിയുടെ നയം ഒരുപ്രകാരത്തിൽ അശോകനാഥനു് അനുകൂലമായി ഭവിച്ചു. ശത്രുക്കളാൽ എതിർക്കപ്പെടാതിരുന്നതുകൊണ്ടു കാപിലകസൈന്യത്തിനു തങ്ങളുടെ നിലയുറപ്പിനു നിർബാധമായി വേണ്ട കരുതലുകൾ ചെയ്യാൻ കഴിഞ്ഞു. അശോകനാഥന്റെ ആജ്ഞപ്രകാരം നാലായി വിഭജിക്കപ്പെട്ട സൈന്യങ്ങൾ കോട്ടമതിലിനെച്ചുറ്റി നിലയുറപ്പിച്ചു അസ്തമയത്തോടുകൂടി അസംഖ്യം ദീപയഷ്ടികൾ കൊളുത്തി മതിലിനകവും പുറവും നിരത്തിനിരുത്തി.

അശോകനാഥൻ, അദ്വിതീയനായ ഒരു യോദ്ധാവും അന്യാദൃശമായ ധൈര്യത്തോടുകൂടിയവനും അനവധി യുദ്ധങ്ങളിൽ അനേകായിരം യോദ്ധാക്കളെ സ്വഖഡ്ഗത്തിനു് ഇരയാക്കിയവനും ആണെങ്കിലും രാത്രിച്ചാരിച്ചില്ലിനു സംഗതിയാകാത്തവിധത്തിൽ ഉദ്ദിഷ്ടകാര്യം നിർവ്വഹിക്കുന്നതിനു് അന്യമാർഗ്ഗങ്ങൾ ഏതെങ്കിലുമുണ്ടായിരുന്നാൽ ആ വഴിക്കു പ്രവർത്തിക്കയല്ലാതെ ആദ്യമായി യുദ്ധത്തിനു സന്നദ്ധനാകുന്നതല്ല. ഈ നയമാണു് ഇവിടെയും പ്രയോഗിക്കണമെന്നു കരുതിയതു്. വെളിയിൽനിന്നും ആഹാരസാധനങ്ങൾ അകത്തേയ്ക്കു കടത്തിവിടരുതെന്നും കോട്ടയ്ക്കകത്തുതല്ക്കാലം സംഭരിച്ചുവച്ചിട്ടുള്ള പദാർത്ഥങ്ങളെ കണ്ടുപിടിച്ചു നശിപ്പിക്കണമെന്നും അതിനിടയായാൽ ക്ഷാമം വർദ്ധിച്ചു് കോട്ടയ്ക്കകത്തുള്ള ശത്രുക്കളെ എളുപ്പത്തിൽ കീഴടക്കാൻ കഴിയുമെന്നും അശോകനാഥൻ നിശ്ചയിച്ചു. അന്നു രാത്രിയിൽ സമർത്ഥനായ ഒരു ചാരനെ കോട്ടയ്ക്കകത്തു് അയച്ചു് ആഹാരസാധനങ്ങൾ സംഭരിച്ചിരുന്ന പണ്ടകശാല കണ്ടുപിടിക്കുകയും അടുത്ത ദിവസം രാത്രിയിൽ അശോകനാഥൻ സുശിക്ഷിതന്മാരായ ഇരുന്നൂറുഭടന്മാരോടുകൂടി അകത്തു പ്രവേശിച്ചു പണ്ടകശാലയ്ക്കു് തീകൊളുത്തുകയും ചെയ്തു. പണ്ടകശാലയും അതിനുള്ളിലുണ്ടായിരുന്ന ആഹാരസാധ

നങ്ങളും അഗ്നിക്കിരയായി. എങ്കിലും അശോകനാഥനും സൈന്യവും ശത്രുക്കളുടെ കൈയിൽ അകപ്പെട്ടു. അവിടെവച്ചു് അതി ഘോരമായ ഒരു യുദ്ധം നടന്നു. യുദ്ധത്തിൽ പ്രബലസൈന്യത്തിൽ അനേകംപേർ മരണംപ്രാപിച്ചു. കാപിലകകക്ഷിയിൽ എൺപതോളം ആളുകൾ നഷ്ടമായി. ശേഷിച്ച ഭടന്മാരോടുക്രൂടി അശോകനാഥൻ, ഒരുപ്രകാരത്തിൽ കോട്ടമതിലും കിടങ്ങുംകടന്നു താവളസ്ഥലത്തിൽ എത്തിച്ചേർന്നു.

നാല്പത്തൊൻപതാം അദ്ധ്യായം

"എത്രയായ് കാലമെന്നമാരിങ്ങുബന്ധുവെന്നും
തത്ര ദോഷമെന്തെന്നും നീയുരയ്ക്കണമിപ്പോൾ."

ആദിത്യൻ ഉച്ചസ്ഥിതനായി. താരാനാഥൻ കണ്ണുതുറന്നു. താൻ കട്ടിലിൽ കിടക്കുകയാണെന്നുള്ള ഓർമ്മ ഉണ്ടായി. പ്രേതയക്ഷി മുറിവേറ്റു ക്ഷീണപരവശയായി കിടന്നിരുന്ന അതേ കട്ടിലിലാണു താൻ കിടക്കുന്നതെന്നു് ഓർത്തു അതോടുക്രൂടി പലേപല ചിന്തകൾ അയാളുടെ സ്മൃതിപഥത്തെ ആരോഹണംചെയ്തു. അന്യോന്യവിരുദ്ധങ്ങളായ ആ ചിന്തകൾ സ്വപ്നഫലങ്ങളാണോ എന്നു് അയാൾ സംശയിച്ചു് എഴുന്നേറ്റു മുറിക്കുപുറത്തിറങ്ങി തന്റെ സംശയത്തെ പരിഹരിക്കാമെന്നു കരുതി; ശിരസ്സു തലയണയിൽനിന്നും ഉയരുന്നില്ല. തലയ്ക്കു് അത്രത്തോളം ഭാരം തോന്നിച്ചു താൻ രോഗസ്ഥിതനാണെന്നുള്ള സംശയം അപ്പോഴാണു് അയാളെ ബാധിച്ചതു്. രോഗം എപ്പോൾ തുടങ്ങിയെന്നും രോഗകാരണമെന്താണെന്നും അയാൾ ആലോചിച്ചു. പ്രേതയക്ഷിയും സരസ്വതിയും ഒരാളാണെന്നുള്ള ആശ്ചര്യകരമായ പരമാർത്ഥം അന്നു് അറിഞ്ഞമാത്രയിൽ താൻ നഷ്ടപ്രജ്ഞനായ സംഗതി അയാളുടെ ഓർമ്മയിൽവന്നു എന്നാൽ ആ നിമിഷത്തിനുശേഷം ഈ നിമിഷംവരെ എത്രസമയം അഥവാ, എത്രദിവസം കടന്നിരിക്കുമെന്നു് അയാൾക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ല. പരമാർത്ഥത്തിൽ സമയമല്ല, ദിവസം പലതുകഴിഞ്ഞു. ഒന്നുകിൽ തന്റെ താല്ക്കാലികനില അല്ലെങ്കിൽ പൂർവ്വാവസ്ഥ—രണ്ടിലൊന്നു സ്വപ്നസംബന്ധമായിരിക്കണമെന്നു താരാനാഥൻ സംശയിച്ചുവെങ്കിൽ ആശ്ചര്യപ്പെടാനില്ല. നിമിഷങ്ങൾ കഴിയുംതോറും അയാളുടെ മസ്തിഷ്ക

ത്തിനു് ഉണർവു് വഡ്ഡിച്ചുകൊണ്ടിരുന്നു. താൻ കിടക്കുന്ന മുറിയിൽ പല പുതിയ സജ്ജീകരണങ്ങളും അയാൾ കണ്ടു. തണുത്ത കാറ്റു കടക്കാതിരിക്കാൻ വാതായനങ്ങളെ തിരസ്കരിണികൊണ്ടു സുരക്ഷിതങ്ങളാക്കിയിരിക്കുന്നു. തലയ്ക്കൽ കട്ടിലിനോടു ചേർന്നു ഒരു ചെറിയമേശവും അതിന്റെ പുറത്തു പല മരുന്നുകളും കാണപ്പെട്ടു. ഈ കാഴ്ച പല പുതിയ സംശയങ്ങൾക്കും കാരണമായി. താൻ സുബോധമില്ലാതെ കിടപ്പിലായിട്ടു വളരെ നാളായിരിക്കണമെന്നും ആ ദിവസങ്ങളിൽ, തന്നെ അതുരോ നിരന്തരമായി സഹായിച്ചിട്ടുണ്ടെന്നും ആ സഹായം ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്നുണ്ടെന്നും താരാനാഥൻ ഊഹിച്ചു. അപ്രകാരം, തന്നെ സഹായിക്കുന്നതു് ആരാണെന്നും തന്നെ ബാധിച്ച സുഖക്കേടിന്റെ സ്വഭാവമെന്തെന്നും താൻ കിടക്കുന്ന സ്ഥലമേതാണെന്നും സുബോധമില്ലാത്തവിധത്തിൽ താൻ രോഗാതുരനായി കിടന്ന ദിവസങ്ങളിൽ, തന്നെ ശുശ്രൂഷിക്കുകയും ചികിത്സിക്കുകയും യഥാസമയം ആഹാരംതന്നു രക്ഷിക്കുകയും ചെയ്തതാരാണെന്നും ആ അജ്ഞാതന്നിൽ ഇത്രത്തോളം പ്രീതിതോന്നാൻ കാരണമെന്തെന്നും അയാൾ തന്നോടുതന്നെ ചോദിച്ചു.

ഈ സന്ദർഭത്തിൽ മുറിയുടെ കതക തുറക്കപ്പെട്ടതു കണ്ടു് താരാനാഥൻ അങ്ങോട്ടുനോക്കി. തേജോരൂപിണിയായ ഒരു തരുണീമണി സമന്ദം മുറിയിൽ കടന്നതുകണ്ടു. ആ സുന്ദരീയുവതിയുടെ കരിംകുവളനയനങ്ങളും താരാനാഥന്റെ ക്ഷീണപരവശങ്ങളെങ്കിലും അക്ഷീണസുന്ദരങ്ങളായ കണ്ണുകളോടിടഞ്ഞു, രണ്ടുപേരും ആശ്ചര്യപരതന്ത്രരായി ഭവിച്ചു. കഠിനാശ്ചര്യത്താൽ ചില നിമിഷങ്ങളോളം മുമ്പുവരെ സുബോധമില്ലാതെ കിടന്ന രോഗി ഇത്രവേഗത്തിൽ അരോഗശരീരനെയെ ജനിപ്പിക്കുമാറു കണ്ണുതുറന്നു കിടക്കുന്നതുകണ്ടപ്പോൾ ആഗതയായ സുന്ദരിയേയും, കാശ്മീരരാജ്യത്തിന്റെ അതിർത്തിയിൽ കടന്നപ്പോൾ ഇടംപ്രഥമമായി താൻ കണ്ട അംബികയെ പ്രതീക്ഷിതമായി മുറിയിൽ പ്രവേശിച്ചതു കണ്ടപ്പോൾ താരാനാഥനെയും ആശ്ചര്യം ബാധിച്ചതാണു്.

താരാനാഥന്റെ നയനകുസുമാസ്ത്രപ്രയോഗം അംബികയെ നമ്രമുഖിയാക്കിച്ചെയ്തു. ലജ്ജാഭാരത്താൽ അവൾ മുറിക്കു പുറത്തിറങ്ങാൻ ഭാവിക്കുന്നതുകണ്ടു്, താരാനാഥൻ അക്ഷമനായി, "മാന്യേ! അരുതരുതു്, നിർഗ്ഗമനം പ്രകടിപ്പിക്കരുതു്!" എന്നിങ്ങനെ തന്റെ താൽക്കാലികശക്തിയിൽക്കവിഞ്ഞ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ആ വാക്കുകൾ അംബികയെ അനന്ദാധിക്യത്താൽ മതിമറന്നവളാക്കിച്ചെയ്തു. അനന്ദപാരവശ്യം ആ ജഗന്മോഹിനിയെ നിലത്തു പതിപ്പിക്കുംമുമ്പു് ഒരുപ്രകാരത്തിൽ ഭിത്തിയിൽ ചാരി

സ്വരക്ഷനേടി. ആ നിലയിൽനിന്നുംകൊണ്ടു താരാനാഥന്റെ കോമളവദനത്തെ വീണ്ടും വീക്ഷിച്ചു തൽക്ഷണം അവളുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന ആനന്ദസ്ഥാനത്തെ, താപം ആക്രമണംചെയ്തു; അതിസുന്ദരിയുവതിയായ ഒരു തരുണീരത്നം—സരസ്വതി എന്നും പ്രേതയക്ഷിയെന്നും രണ്ടുപേരുകളോടുകൂടി ലോകവഞ്ചനചെയ്ത ആ തരുണീരത്നം—കവന്നെടുത്ത താരാനാഥഹൃദയം ആ മുഖത്തു പ്രതിബിംബിക്കുന്നതായി ഒരു സന്ദേഹം അംബികയേ ബാധിക്കുകയും ആ നിമിഷത്തിൽ ആ സുകുമാരിയുടെ മനസ്സു വിഷാദവിഷലിപ്തമായി ഭവിക്കയും ചെയ്തു.

താരാനാഥൻ ചോദിച്ചു:—എന്നെ അകന്നുപോകാൻ ഉദ്ദേശിച്ചതെന്താണു്?

അംബിക ആലോചിച്ചിട്ടു പറഞ്ഞു:—"അകന്നുപോകണമെന്നു് ഉദ്ദേശിച്ചതല്ല. അങ്ങയുടെ സ്വാസ്ഥ്യസ്ഥിതി യോഗ്യനായ നാഗേന്ദ്രനെ അറിയിക്കണമെന്നു് വിചാരിച്ചതാണു്. വിശേഷിച്ചും അങ്ങേയ്ക്കു ഇപ്പോൾ അറിയണമെന്നാഗ്രഹമുള്ള വിഷയങ്ങൾ നാഗേന്ദ്രനിൽനിന്നും ഗ്രഹിക്കുമ്പോൾ മനസ്സിനും സ്വാസ്ഥ്യം ലഭിക്കാനിടയുള്ളതിനാൽ അയാളെ ഇങ്ങോട്ടു പറഞ്ഞയയ്ക്കാമെന്നു കരുതുന്നുമുണ്ടു്."

താരാനാഥൻ:—എനിക്കു് അറിയേണ്ടതായിട്ടുള്ള വിഷയങ്ങൾ ഭവതിയിൽനിന്നും അറിഞ്ഞാൽ കൂടുതൽ ചാരിതാർത്ഥ്യത്തിനു വകയുണ്ടല്ലോ. അതിൽ ഭവതിക്കു് ആനുകൂല്യമില്ലേ? (അല്പം ആലോചിച്ചിട്ടു്) മാന്യേ! ഞാൻ രോഗസ്ഥിതിയിൽ കഴിഞ്ഞുകൂടിയ ദിവസങ്ങളിൽ എന്നെ ഹൃദയപൂർവ്വം സഹായിച്ചതു ഭവതിയല്ലാതെ മറ്റാരുമല്ലെന്നു വിശ്വസിക്കാൻ ഏതോ ഒരു ശക്തി എന്റെ ഹൃദയത്തെ അനുശാസിക്കുന്നു. അതിൽ ഏതെങ്കിലും വാസ്തവമുണ്ടെങ്കിൽ എന്റെ കൃതജ്ഞതയെ ഭവതി അർഹിക്കുന്നു.

അംബിക:—പ്രഭോ! അങ്ങയുടെ കൃതജ്ഞതയെ ഞാൻ പ്രതീക്ഷിക്കുന്നില്ല. പ്രേമസ്വരൂപനായ ഈശ്വരനെ വിശ്വസിക്കുന്ന ഏതൊരു ഹിന്ദുവിനും വേണ്ടതായ പരോപകാരബുദ്ധിയെ—ജീവകാരുണ്യത്തെ—മുൻനിർത്തി ഞാൻ ഒരു സ്ത്രീയുടെ നിലയിൽ എന്റെ കർത്തവ്യത്തെ ഏതാണ്ടു നിർവഹിച്ചതാണു്. ഇപ്പോൾ താങ്കൾ ആരോഗ്യാവസ്ഥയെ പുനഃപ്രാപിച്ചിരിക്കുന്നതിനാൽ ഇനി എന്റെ സാന്നിദ്ധ്യം ഇവിടെ അനാവശ്യമാകുന്നു. അതുകൊണ്ടു്, ഞാൻ ഇനി അങ്ങയുടെ അനുവാദത്തോടുകൂടി എന്റെ ഗൃഹത്തിലേയ്ക്കു പോകട്ടേ.

താരാനാഥന്റെ മറുമൊഴി എന്താണെന്നറിവാനുള്ള ഉല്ക്കണ്ഠയോടെ അംബിക അയാളുടെ മുഖത്തു് ഉറ്റുനോക്കി. ആ നോട്ടം താരാനാഥന്റെ ഹൃദയത്തിൽ ഒരു പുതിയ ഉണർവ്വിനെ ഉണ്ടാക്കി. അംബികയ്ക്കു തന്റെപേരിൽ അകളങ്കവിശുദ്ധമായ അനുരാഗം ഉണ്ടെന്നു് അയാൾക്കു മനസ്സിലായി. അയാൾ നിസ്സംശയം പറഞ്ഞ മറുപടി ഇതായിരുന്നു:—"അംബികേ!—അല്ല, മാന്യേ! ഭവതിയുടെ വേർപാടു് എന്നെ വീണ്ടും രോഗാതുരനാക്കിച്ചെയ്യും. എന്നെ ഈ നിലയിൽ വിട്ടുംവച്ചുപോയാൽ ഭവതി ഇതേവരെ ചെയ്ത സഹായത്തിനു അപൂർണ്ണത്വം സംഭവിക്കും. ഭവതി ആ സോഫായിലിരിക്കുക. ഞാൻ ഇപ്പോൾ അവശ്യം അറിഞ്ഞേ തീരൂ എന്നു ഭവതിക്കു തോന്നുന്ന സംഗതികൾ എന്നോടു പറയുക. ഭവതിയിൽനിന്നുതന്നെ അറിയുന്നതാണു് എനിക്കു കൂടുതൽ സന്തോഷത്തിനും സമാധാനത്തിനും കാരണം.

"അങ്ങു് ഏതു പടംകൊണ്ടു് എന്നെ സംബോധനംചെയ്താലും എനിക്കു തൃപ്തിതന്നെ" എന്നു പറഞ്ഞുംകൊണ്ടു് അംബിക, താരാനാഥന്റെ കട്ടിലിനു് എതിരേകിടന്ന സോഫായിൽ ഇരുന്നു.

അംബികയുടെ ഇരിപ്പോ, ഇരിപ്പിനു കാരണമായ അവളുടെ മനഃസ്ഥിതിയോ, അഥവാ രണ്ടുംകൂടിയോ ആയിരിക്കണം, താരാനാഥനെ ആനന്ദസിന്ധുവിൽ എടുത്തെറിഞ്ഞതു്. അനവധിവിഷയങ്ങൾ അംബികയിൽനിന്നും അറിയാമെന്നു അയാൾ കരുതിയിരുന്നതിൽ ഒന്നുപോലും ഇപ്പോൾ അയാളുടെ ഓർമ്മയിലില്ല; ഉള്ളുണർവു മുഴുവൻ, കാശ്മീരത്തിലെ കാട്ടുകളിൽ സഞ്ചരിക്കുമ്പോൾ അന്നു് അംബികാദർശനമാത്രയിൽ അയാളുടെ ഹൃദയത്തിൽ ഉറവിട്ടുതുടങ്ങി, ഇപ്പോൾ അപ്രതിഹതമായി പൊട്ടിപ്പുറപ്പെട്ട അനുരാഗവെള്ളത്തിൽ അടിഞ്ഞുപോയി. സരസ്വതിയുടെ നേർക്കു തനിക്കുണ്ടായ അനുരാഗത്തെ, തന്റെ ഹൃദയാന്തർഭാഗത്തു മറഞ്ഞിരുന്നു് അനുസ്യൂതമായി തടഞ്ഞുവന്ന ആ ശക്തി ഇപ്പോൾ അംബികാവിഷയത്തിൽ പ്രവർത്തിക്കാത്തതിൽ താരാനാഥനു് ഒരുപ്രകാരത്തിൽ ആശ്ചര്യവും മറെറാരുപ്രകാരത്തിൽ കൃതാർത്ഥതയും ഉണ്ടായിരിക്കുന്നു.

"ഞാൻ ഇങ്ങനെ കിടപ്പിലായിട്ടു് എത്ര ദിവസമായി" എന്നു താരാനാഥൻ ചോദിച്ചു.

"ഒന്നരമാസമായി" എന്നു് അംബിക പറഞ്ഞു.

താരാനാഥൻ:—എന്തു്? ഒന്നരമാസമോ? ഈ ഒന്നരമാസത്തിനിടയ്ക്കു് എനിക്കു ഒരിക്കൽപ്പോലും സുബോധം ഉണ്ടായിട്ടില്ലേ? അത്ര വലിയ സുഖക്കേടോ എന്നെ ബാധിച്ചതു്?

അംബിക:—ഭയചെയ്യു് ഈ അവസരത്തിൽ മനസ്സിനു വലിയ വികാരങ്ങൾക്കൊന്നും ഇടയാക്കരുതു്! വല്ലതായ ആശ്ചര്യവും ആനന്ദവും മറവും ഇപ്പോൾ മനസ്സിനെ ബാധിക്കാൻ പാടില്ല.

താരാനാഥൻ:—ശരി; ഞാൻ അതിനെ അനുസരിക്കുന്നു. സുഖക്കേടിൽ എന്നെ ചികിത്സിച്ചതാരാണു്?

അംബിക:—യോഗ്യനായ നാഗേന്ദ്രൻ.

താരാനാഥൻ: – ആ മാന്യവൃദ്ധനു ചികിത്സയുണ്ടോ?

അംബിക:—ഉണ്ടു്, ഇവിടത്തെ ഏകാന്തജീവിതകാലം വൃദ്ധൻ വ്യർത്ഥമാക്കിയിട്ടില്ല. കാട്ടുമരുന്നുകൾ പറിച്ചും പരിശോധിച്ചും പഴയഗ്രന്ഥങ്ങളുടെ സഹായത്തോടുകൂടി വൈദ്യവിഷയത്തിൽ നൈപുണ്യം സമ്പാദിച്ചുവന്നു എന്നു് എന്നോടു പറഞ്ഞു.

താരാനാഥൻ:—നാഗേന്ദ്രന്റെ പേരിൽ എനിക്കു വളരെയധികമായ കൃതജ്ഞതയുണ്ടു്. ഭവതിയും എന്റെ കൃതജ്ഞതയെ തികച്ചും അർഹിക്കുന്നു. മറ്റൊരു സംഗതി എനിക്കു് അറിയേണ്ടതായിട്ടിരിക്കുന്നു. എനിക്കു സുഖക്കേടാണെന്നുള്ള വിവരം ഭവതി എങ്ങനെ അറിഞ്ഞു? എന്നെ സഹായിക്കാൻ ഇവിടെ വന്നുചേർന്നതെങ്ങനെ?

അംബിക:—(സലജ്ജം) അങ്ങയെ ഞാൻ ഒന്നു വഞ്ചിച്ചു ഭയചെയ്യു് ആ ഒരു സംഗതിയിൽ എനിക്കു മാപ്പുതരണം.

താരാനാഥൻ:—(സാശ്ചര്യം) വഞ്ചനയോ? ഭവതി എന്നെ വഞ്ചിച്ചു എന്നോ? ഞാൻ വിശ്വസിക്കുകയില്ല.

അംബിക:—പലപ്രാവശ്യം അംബികേശനെന്ന പേരിൽ അങ്ങയെ വഞ്ചിച്ചുവരും ഇവളാണു്.

"എന്തു്? അംബികേശനെന്ന പേരുംപറഞ്ഞു പലേ ആപത്തുകളും പലപ്രാവശ്യം എന്നെ സഹായിച്ചതു ഭവതിയോ? ഹാ! അങ്ങനെയാണെങ്കിൽ ഒന്നിലധികംപ്രാവശ്യം ഭവതി എന്റെ ജീവനെ രക്ഷിച്ചുവല്ലോ!" എന്നു പറഞ്ഞു താരാനാഥൻ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ആശ്ചര്യത്തോടുകൂടി അംബികയുടെ പാളാടികേശം കണ്ണോടിച്ചു. അനന്തരം വീണ്ടും അയാൾ പറഞ്ഞു:—"എനിക്കു് ഇപ്പോൾ മനസ്സിലാകുന്നു. ഭവതിയുടെ ഭർത്തപിതാക്കളുടെ യജമാനനായ ചന്ദ്രഗുപ്തപ്രഭുവിനെ തടവിൽനിന്നും മോചിപ്പിക്കാനായി വേഷംമാറി പ്രയത്നിച്ചതാണു്. ആ പ്രയത്നത്തിനു ഫലം സിദ്ധിക്കുകയും ചെയ്തു. അങ്ങനെ അശോകനാഥനെ ജയിച്ചുംവച്ചു്, ധവളസൗധത്തിൽവന്നു് എന്റെജീവനെരക്ഷിച്ചു; അല്ലേ? മാന്യേ! ഞാൻ ഭവതിക്കു എത്രമാത്രം കടപ്പെട്ടവനാണു്?"

ഈ അവസരത്തിൽ നാഗേന്ദ്രൻ മുറിയിൽ കടന്നുചെന്നു. വൃദ്ധനു് അതിരറ്റ സന്തോഷമുണ്ടായി. താരാനാഥനെ അരോഗ നിലയിൽ കാണണമെന്നു് അനുനിമിഷം ആശിച്ചുകൊണ്ടിരുന്ന വൃദ്ധനു എന്തുമാത്രം ആശ്വാസമുണ്ടായി എന്നു പറഞ്ഞറിയിക്കേണ്ടതില്ല. താരാനാഥൻ നാഗേന്ദ്രനെക്കണ്ടമാത്രയിൽ മന്ദഹാസം തൂകി നന്ദിപറഞ്ഞുതുടങ്ങി. വൃദ്ധൻ തടഞ്ഞുപറഞ്ഞു:—"താങ്കൾ നന്ദി പറയേണ്ടതു് എനിക്കല്ല; ആദ്യമായി ദൈവത്തിനും രണ്ടാമതു് ഈ ഇരിക്കുന്ന ഗുണവതിക്കുമാണു്. ഈശ്വരന്റെ അനുഗ്രഹവും ഈ യുവതിയുടെ സ്നേഹപൂർവ്വകമായ ശുശ്രൂഷയുമാണു് അങ്ങയുടെ രോഗശമനത്തിനു കാരണങ്ങൾ."

താരാനാഥൻ പറഞ്ഞു:—"സൽഗുണസമ്പന്നയായ ഈ മാന്യയുവതി എന്നെ വൃദ്ധയപൂർവ്വംസഹായിച്ചുവെന്നും അതിലേയ്ക്കു ആജീവനാന്തം കൃതജ്ഞത പ്രകടിപ്പിക്കാൻ ഞാൻ കടപ്പെട്ടവനാണെന്നും ഉള്ള പരമാർത്ഥം എനിക്കു മനസ്സിലായിരിക്കുന്നു. പരമകാരുണികനായ ഭഗവാന്റെ അനുഗ്രഹവും എനിക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ താങ്കളുടെ ചികിത്സാവൈദഗ്ധ്യവും സ്നേഹോപചാരവും എന്റെ രോഗശമനത്തിനു ഹേതുഭൂതങ്ങളാണെന്നുള്ള വസ്തുത ഞാൻ ഒരിക്കലും വിസ്മരിക്കുന്നതല്ല.

നാഗേന്ദ്രൻ:—താങ്കൾ എന്റെ ഈ വാസസ്ഥലത്തു വന്നുചേരുകയും ഇവിടെവച്ചു് അവിചാരിതമായി രോഗബാധിതനാവുകയും ചെയ്തു. ആ സ്ഥിതിക്കു കഴിവുള്ളിടത്തോളം അങ്ങയെ സഹായിക്കേണ്ടതു് എന്റെ കടമയാണു്. ആ കടമയെ ഒരുപ്രകാരത്തിൽ ഞാൻ നിറവേറ്റുകയും ചെയ്തു. അതു ഫലപ്രദമായതു് ഈശ്വരാനുഗ്രഹത്താലാകുന്നു. അതുകൊണ്ടു്, ഞാൻ താങ്കളുടെ കൃതജ്ഞതയ്ക്കു് അവകാശിയാകുന്നതല്ല. ഈ യുവതിയാകട്ടെ അങ്ങയുടെ രോഗസ്ഥിതി അറിഞ്ഞുവന്നെത്തിയതാണു്. അപ്രകാരം ക്ഷണിക്കാതെ വന്ന മനഃപൂർവ്വമായി സഹായിക്കയും ശുശ്രൂഷിക്കയും ചെയ്തതു് അതുകൊണ്ടാണു് നന്ദികാട്ടേണ്ടതു്. കഠിനമായ ജ്വരം ബാധിച്ചു ബുദ്ധിക്ഷയത്തോടെ കിടന്നിരുന്ന ദിവസങ്ങളിൽ, ഉറക്കം ഉറക്കവും ഉപേക്ഷിച്ചു്, സ്വസുഖത്തെ പുല്ലുപോലെ ഗണിച്ചു്, അക്ഷീണപ്രേമത്തോടെ ശുശ്രൂഷിച്ച ഈ മഹതിയെ നിങ്ങൾ എത്രതന്നെ അഭിനന്ദിച്ചാലും അതു് അധികമായി എന്നു വരുന്നതല്ല.

താരാനാഥൻ കുറേ ഏറെ സമയം യാതൊന്നും പറയാതെ ഗാഢമായ ആലോചനയിൽ കിടന്നു. അനന്തരം നാഗേന്ദ്രനെ ഉറ്റുനോക്കിക്കൊണ്ടു്, താങ്കളെ ഞാൻ ശരിക്കു മനസ്സിലാക്കിയതു്

ഇപ്പോൾമാത്രമാണു്. താങ്കളെപ്പോലെ സൽഗുണസമ്പന്നന്മാരായ വൃദ്ധന്മാരെ ഞാൻ വേറെ അധികം കണ്ടിട്ടില്ല. എന്തുതന്നെ പറഞ്ഞാലും എന്റെ പ്രത്യുപകാരത്തിനു താങ്കൾ തികച്ചും അർഹനാണു്. നിങ്ങൾ അതിനെ പ്രതീക്ഷിക്കുന്നില്ലെങ്കിലും ഞാൻ അതു നിറവേറ്റുകതന്നെചെയ്യും. പിന്നെ ഈ മാന്യയുവതിയുടെ കാര്യം.....അതേ, അതേ; ഞാൻ എന്തൊരു പ്രത്യുപകാരമാണു് ചെയ്യേണ്ടതു്? അല്ലെങ്കിൽ എന്തിനായിട്ടു ചെയ്യണം? വേണ്ട; അതിന്റെ ആവശ്യമില്ല" എന്നു പറഞ്ഞു.

കുറേനേരം മൗനം ദീക്ഷിച്ചതിനുശേഷം താരാനാഥൻ, നാഗേന്ദ്രനോടു ചോദിച്ചു:—"അന്നു അശോകനാഥന്റെ ഭടന്മാരാൽ അറസ്റ്റുചെയ്യപ്പെട്ട സ്ത്രീയെപ്പറ്റി പിന്നിട്ടു് എന്തെങ്കിലും കേൾക്കുന്നതിനിടയായിട്ടുണ്ടോ?"

നാഗേന്ദ്രൻ:—ലോകവ്യാപാരത്തിൽ വിരക്തയായി വിദൂരസ്ഥലങ്ങളിലെവിടെയോ ഈശ്വരാരാധനമായ ജീവിതം നയിച്ചുപോരുന്നതായി കേട്ടു. പ്രേതയക്ഷിയും സരസ്വതിയും രണ്ടാളല്ലെന്നുള്ള വസ്തുത ഇനിയും പരസ്യമായിട്ടില്ല.

താരാനാഥൻ:—(ആലോചിച്ചിട്ടു) കാശ്മീരത്തിലെ രാഷ്ട്രീയസ്ഥിതി ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

നാഗേന്ദ്രൻ.—ഇക്കഴിഞ്ഞ ഒന്നരമാസത്തിനിടയിൽ പലേ സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. കാശ്മീരദേശത്തെ രാഷ്ട്രീയസ്ഥിതിക്കു വലുതായ മാറ്റങ്ങൾ നേരിട്ടിട്ടുമുണ്ടു്. ഒന്നാമതായി, കൃതവീര്യമഹാരാജാവിന്റെ മകൾ പദ്മാവതിയുടെ മരണവൃത്താന്തം അങ്ങയെ അറിയിക്കേണ്ടതായിട്ടിരിക്കുന്നു.

"എന്തു്? പദ്മാവതി മരിച്ചുവോ? വാസ്തവമോ?" എന്നു് അത്ഭുതത്തോടെ താരാനാഥൻ ചോദിച്ചു.

നാഗേന്ദ്രൻ:—അതേ, പദ്മാവതിയെ ഉദയസേനനും നിഷ്കുളാനന്ദനും മറ്റും ചേർന്നു കല്പകക്കോട്ടയിൽ കൊണ്ടുപോയി. പ്രമുഖന്മാരെല്ലാവരുംകൂടി അവളെ കാശ്മീരരാജ്ഞിയുടെ നിലയിൽ എതിരേറ്റു സ്വീകരിച്ചു വിജയസേനനെക്കൊണ്ടു രാജ്ഞിയെ വിവാഹം ചെയ്യിപ്പിക്കാൻ തീച്ചപ്പെടുത്തി. വേണ്ട ഒരുക്കങ്ങളൊക്കെ നടത്തിക്കഴിഞ്ഞു. വിവാഹമണ്ഡപത്തിൽവച്ചു വിവാഹകർമ്മം നിറവേറാറായ മുഹൂർത്തത്തിൽ, അഗ്നികുണ്ഡത്തിൽനിന്നും ഒരു അരുകൊല ആവിർഭവിച്ചു കർമ്മം മുടക്കി പദ്മാവതിയെ കൊന്നുംവച്ചു മറഞ്ഞുകളഞ്ഞു എന്നും പന്തലിൽകൂടിയിരുന്ന സ്ത്രീകളും പുരുഷന്മാരും അവരവരുടെ ജീവനുംകൊണ്ടു് ഓടിപ്പിഴച്ചു എന്നും മറ്റും പല

കേംവികളും ഉണ്ടായിരിക്കുന്നു. ഇതിൽ വല്ല പരമാത്ഥവു മുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്താ ണെന്നും എനിക്കു നിശ്ചയമില്ല. എന്നാൽ മുഹൂത്തസമ യത്തു അതു നടക്കാതിരിക്കത്തക്ക ഒരു ഉസ്സംഭവം ഉണ്ടായി. പ്രജകന്മാരെല്ലാം ഓടിരക്ഷപ്പെട്ടതും അ സംഭവത്തിനു ശേഷം വിവാഹമണ്ഡപത്തിൽ രാജകുമാരി മരിച്ചു കിടക്കുന്ന തായിട്ടു കണ്ടതും തീച്ച്യായും".

ഈ അവസരത്തിൽ അംബിക, തന്റെ ഹൃദയത്തിൽ അങ്കു രിച്ച വിഷാദത്തെ താരാനാഥനും നാഗേന്ദ്രനും മുഖഭാവത്തിൽ നിന്നും സംശയിക്കാതെ മറയ്ക്കുവാനായി, "ഇതെന്തൊരു ഭയങ്കരീയ മായ സംഭവം?" എന്നു മാത്രം പറഞ്ഞു.

"അതേ, അതിഭയങ്കരീയമായ ഒരു സംഭവമാണിതു" എന്നു പറഞ്ഞിട്ടു താരാനാഥൻ നാഗേന്ദ്രനെ നോക്കി, "ഇനിയും എന്തൊക്കെയാണു വിശേഷസംഭവങ്ങൾ?" എന്നു ചോദിച്ചു.

നാഗേന്ദ്രൻ:—അശോകനാഥൻ കല്പകക്കോട്ടയെ ആക്രമിച്ചു കൈ വശപ്പെടുത്തിയിരിക്കുന്നു.

താരാനാഥൻ:—(അത്ഭുതപരതന്ത്രനായി) അങ്ങനെയോ?

നാഗേന്ദ്രൻ:—താങ്കളുടെ രാജ്യത്തെ സംബന്ധിച്ചും ഒരു വിശേ ഷസംഗതി അറിയിക്കാനുണ്ടു്. മദംഗപുരിചക്രവർത്തി കാല ധർമ്മംപ്രാപിച്ചതിനുപകരം ഇപ്പോൾ ദേശസഞ്ചാരത്തിലിരി ക്കുന്ന നേപാള ചക്രവർത്തിയെ മദംഗപുരിയിലേയ്ക്കും ചക്രത്തി യായി തിരഞ്ഞെടുത്തിരിക്കുന്നു.

താരാനാഥന്റെ കണ്ണുകൾ ഒന്നു വികസിച്ചുപ്രകാശിച്ചു. സാധിച്ചില്ലെങ്കിലും കിടന്നകിടപ്പിൽനിന്നും എഴുന്നേല്ക്കാൻശ്രമിച്ചു. മുഖത്തു പ്രസ്താവനീയമായ ഒരു രക്തപ്രസാദം സംഭവിച്ചു. ടീർ ഘാലോചനയിൽ കിടന്ന അങ്ങനെ നിദ്രയെ പ്രാപിച്ചു.

ഉറക്കത്തിൽനിന്നും ഉണർന്നപ്പോൾ നേരം രാത്രിയായിരിക്കുന്നു. സമീപത്തു തെളിഞ്ഞ വെളിച്ചത്തിൽ വിളക്കു പ്രകാശിച്ചുകൊണ്ടി രിക്കുന്നു. അംബിക അരികെ ഒരു നാല്ക്കാലിയിൽ ഇരിക്കുന്നുണ്ടു്. താരാനാഥൻ ഉണർന്ന കണ്ണുതുറന്നതു കണ്ടു കാച്ചിത്തയാറാക്കി വച്ചിരുന്ന പാൽക്കഞ്ഞി എടുത്തു അംബിക സ്നേഹപൂർവ്വം കൊടുത്തു. അയാൾ പാൽക്കഞ്ഞി കുടിച്ചിട്ടു അംബികയെ നോക്കി ചോദിച്ചു:—"മദംഗപുരിയിലെ ചക്രവർത്തി മരിച്ചുപോയി എന്നു നാഗേന്ദ്രൻ പറഞ്ഞതു ഭവതിയും കേട്ടുവോ? അതോ, ഞാൻ സ്വപ്നം കണ്ടതാണോ?"

അംബിക:—നാഗേന്ദ്രൻ പറഞ്ഞതാണു ഞാനും അതു കേട്ടു. എന്നാൽ അതിനെക്കുറിച്ചു ഇപ്പോൾ ഒന്നും ചിന്തിക്കേണ്ടാ.

അതു മനസ്സിൽനിന്നും മറന്നുകളയണം. അല്ലെങ്കിൽ ശരീരത്തിനു കേടാണു്.

താരാനാഥൻ:—ഭവതി പറയുന്നതു വാസ്തവം. എന്നാൽ അതു മറക്കാൻ എന്നെക്കൊണ്ടു സാധിക്കുന്നതല്ല. എങ്കിലും എന്റെ അനുയായികളിൽഒരുവനെ ഇപ്പോൾത്തന്നെ പത്മപുരത്തേയ്ക്കു അയച്ചാൽ പക്ഷേ എന്റെ മനസ്സിനു് ഏതാണ്ടൊരു സമാധാനം കിട്ടും. ഇപ്പോൾ നേരം എന്തായിരിക്കും?

അംബിക:—മണി പന്ത്രണ്ടുകഴിഞ്ഞിരിക്കും. അങ്ങയുടെ ഭൃത്യന്മാരിൽ ഒരുവനെ ക്ലിപ്തിക്കൊണ്ടുവരുവാൻ ഞാൻ ചെന്നു നാഗേന്ദ്രനോടു ശട്ടംകെട്ടിയുംവച്ചുവരാം.

താരാനാഥൻ:—(തടുത്തുപറഞ്ഞു) വേണ്ടാ; ഇനി എന്തായാലും നേരംവെളുക്കട്ടെ. ഭവതിയെ മാത്രസമയംപോലും പിരിഞ്ഞിരിക്കുന്നതിനെക്കാൾ ശ്രമാവഹമല്ല, ഇതിന്റെ പരിഹാരത്തിനായി പ്രഭാതത്തോളം കാത്തിരിക്കുകയെന്നുള്ളതു്.

"അതു പാടില്ല, ഞാൻ ഇതാ വന്നുകഴിഞ്ഞു" എന്നു പറഞ്ഞുംകൊണ്ടു് അംബിക, മുറിക്കു പുറത്തിറങ്ങി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അംബിക താരാനാഥന്റെ അനുയായികളിൽ ഒരുവനെ ക്ലിപ്തിക്കൊണ്ടുവന്നു മുറിക്കു പുറത്തുനിന്നുകൊണ്ടു്, അയാളെ അകത്തേയ്ക്കു പറഞ്ഞയച്ചു. കാൽനാഴിക കഴിഞ്ഞു് ആ അനുയായി മുറിയിൽനിന്നും പുറത്തുവന്നു കുതിരലായത്തിൽ ചെന്നു തന്റെ കുതിരയെ അഴിച്ചു കയറി, നേപാളത്തേയ്ക്കു യാത്രയായി. അനന്തരം അംബിക മുറിയിൽ കടന്നുചെന്നു. അംബികയെ കണ്ടപ്പോൾ ദീർഘമായ്ക്കൊണ്ടുവന്ന ഉത്കണ്ഠമായ ചുമടു ഇറക്കിവച്ച ഒരുവന്റെ ആശ്വാസം താരാനാഥനു സിദ്ധിച്ചു. ഏതാണ്ടു് ആ അവസ്ഥ അംബികയ്ക്കു മനസ്സിലായി. "ഇനി മനസ്സമാധാനത്തോടുകൂടി കിടന്നുറങ്ങുക! നേരംവളരെയായി. ഞാൻ അടുത്ത മുറിയിൽ ചെന്നു കിടക്കട്ടേ" എന്നു പറഞ്ഞിട്ടു്, അവൾ തന്റെ കിടക്കയിലേയ്ക്കു പോയി.

അടുത്തദിവസം പ്രഭാതത്തിൽ താരാനാഥൻ പതിവിനു മുമ്പു് ഉണർന്നു. നല്ല പ്രസരിപ്പും പ്രസാദവും അയാളുടെ മുഖത്തു വിളങ്ങുന്നുണ്ടായിരുന്നു. അയാൾ കണ്ണുതുറന്നുനോക്കിയതു്, കാല്ക്കൽ നിന്നു തന്റെ അനുപാദമൂർദ്ധം മന്ദവീക്ഷണം ചെയ്തുകൊണ്ടിരിക്കുന്ന അംബികയുടെ കോമളവദനത്തിലായിരുന്നു. പാദാഗ്രത്തോടുകൂടി, അടുത്തുകിടന്ന കസേരയിൽ ഇരിക്കുന്നതിനു അയാൾ അംബികയോടാവശ്യപ്പെട്ടു. ഇരുന്നതിനുശേഷം താരാനാഥൻ അവളെ ഉറ്റുനോക്കിക്കൊണ്ടുപറഞ്ഞുതുടങ്ങിയതു്—"ഇന്നലെ നാഗേ

ന്ദൻ, കല്പകക്കോട്ടയെ അശോകനാഥൻ കൈയടക്കംചെയ്ത വിശേഷവൃത്തമാനത്തെപ്പറ്റി പറഞ്ഞപ്പോൾ ഭവതിക്കു് അന്തസ്സാപം നേരിട്ടതായി മുഖഭാവം കണ്ട ഞാൻ ഊഹിച്ചു. ഭവതി രഹസ്യമായി വച്ചിരിക്കുന്ന വിഷയങ്ങൾ അറിയണമെന്നു് എനിക്കു് ഉദ്ദേശമില്ല. എന്നാൽ ഏതെങ്കിലും വിഷയത്തിൽ ഭവതിയെ സഹായിക്കാൻ എനിക്കു സന്ദർഭം ലഭിക്കുമെങ്കിൽ.....”

അംബിക തടഞ്ഞുപറഞ്ഞു—“ഒരുസംഗതി താങ്കളിൽനിന്നും എനിക്കു ഗ്രഹിച്ചാൽ കൊള്ളാമെന്നുണ്ടു്. കല്പകക്കോട്ടയിലേയ്ക്കു ഒരു രഹസ്യമാർഗ്ഗമുണ്ടെന്നിരിക്കട്ടെ, അതു തുടങ്ങുന്നതു കോട്ടമതിലിനെച്ചുറ്റിയുള്ള കിടങ്ങിനും അപ്പുറത്തുനിന്നാണെന്നും വിചാരിക്കുക. അതുമാർഗ്ഗത്തിൽക്കൂടി ധൈര്യവും സാമർത്ഥ്യവുമുള്ള ഒരുവനു് അശോകനാഥന്റെ ഭടന്മാരെ വഞ്ചിച്ചു് അകത്തുപ്രവേശിക്കാൻ സാധിക്കുമോ? അങ്ങു യുദ്ധതന്ത്രം നല്ലപോലെ അറിഞ്ഞിട്ടുള്ള ഒരു വീരയോദ്ധാവാണല്ലോ. എന്റെ ഈ ചോദ്യത്തിനു് അങ്ങേയ്ക്കുള്ള സമാധാനമെന്താണു്?”

താരാനാഥൻ:—അശോകനാഥന്റെ ഭടന്മാർ കിടങ്ങിനപ്പുറവും താവളമുറപ്പിച്ചിട്ടുണ്ടെന്നാണു നാഗേന്ദ്രന്റെ വാക്കുകളിൽനിന്നും മനസ്സിലാകുന്നതു്. അതുകൊണ്ടു്, ഇപ്പോഴത്തെ നിലയ്ക്കു എത്രവലിയസാമർത്ഥ്യവുംധൈര്യവുമുള്ളവനും ഭവതിപറയുന്ന രഹസ്യമാർഗ്ഗത്തിൽക്കൂടി അകത്തുകടക്കാൻ പ്രയാസമാണു്.

അംബിക:—(അതുകേട്ടു് അത്യന്തം മനസ്സാപത്തോടുകൂടി നെടുവീർപ്പിട്ടുകൊണ്ടു്, “ഹാ! അങ്ങനെയോ സംഭവിക്കേണ്ടതു?” എന്നു തന്നെത്താൻ ശബ്ദിച്ചുപോയി.)

താരാനാഥൻ:—(സഹതാപത്തോടെ) മാന്യേ! ഭവതിക്കു കല്പകക്കോട്ടയിൽ ഏതോ ഒരു ദേഹത്തിനു സഹായം ചെയ്യണമെന്നു് അത്യാഗ്രഹമുള്ളതായി തോന്നുന്നുവല്ലോ?

അംബിക:—അതേ; ആ കോട്ടയിൽ ഒരു സ്ത്രീയുണ്ടു്—അഥവാ ഉണ്ടായിരിക്കണം. അതിനെക്കുറിച്ചു കൂടുതലായി പറവാൻ ഭയമുണ്ടു്.

താരാനാഥൻ:—മാന്യേ! ഭവതിയുടെ രഹസ്യം എന്നെ ധരിപ്പിക്കുക. അതെന്തായിരുന്നാലും ഞാൻ അതിനു സഹായിക്കാം.

അംബിക:—ഹാ! എങ്കിൽ ഞാൻ.....(താരാനാഥന്റെ മുഖത്തു ഉറ്റുനോക്കിയതല്ലാതെ വാക്യം അവസാനിപ്പിച്ചില്ല.)

താരാനാഥനു്, അംബികയുടെ ഇംഗിതം മനസ്സിലായി; തന്റെ കൈവിരലിൽ കിടന്ന മോതിരം ഒന്നു് ഊരി അവളുടെ കയ്യിൽ കൊടുത്തിട്ടു്, ‘അംബികേ! എന്നതന്നെ ഞാൻ ഭവതിയെ വിളിക്കട്ടെ—എന്റെ പ്രിയപ്പെട്ട അംബികേ! ഭവതിയുടെ വിയോ

ഗദ്ഗദത്തെക്കാൾ വലുതായ ദുഃഖം എനിക്കില്ല. എന്നിരുന്നാലും എന്റെ ദുഃഖശാന്തിക്കായി, ഭവതിയുടെ ഇപ്പോഴത്തെ ഉദ്യമത്തെ തടയുന്നതു കേവലം സ്വാത്മലാഞ്ഛനമായിരിക്കും. പരോപകാരത്തിനായിട്ടുള്ള ഭവതിയുടെ ശ്രമത്തിൽ ഈ മോതിരം ഭവതിയെ സഹായിക്കും. അശോകനാമമുദ്രാങ്കിതമായ ഈ അംഗുലീയകം അശോകനാഥനാൽ എനിക്കു നല്കപ്പെട്ടതാണു്. ഈ മോതിരം കാണുന്ന അശോകനാഥന്റെ ഏതു ഭടനും ഭവതിക്കു വഴിമാറിത്തരും എന്നല്ല ഭവതിയുടെ ഏതൊരാജ്ഞയെയും അവൻ ശിരസാ വഹിക്കുകയും ചെയ്യും' എന്നുപറഞ്ഞു. അംബിക അംഗുലീയകം വാങ്ങി കൈവിരലിൽ അണിഞ്ഞുകൊണ്ടുപറഞ്ഞു:—"പ്രഭോ! ഈ ഉപകാരം ആമരണാന്തം ഞാൻ മറക്കുന്നതല്ല. ഈശ്വരൻ അങ്ങയെ അരോഗഗാത്രനാക്കി രക്ഷിക്കട്ടെ. എന്നാൽ ഇനി എനിക്കു....." ഗദ്ഗദത്താൽ വാക്യം പൂർത്തിയാക്കാൻ അവൾക്കു കഴിഞ്ഞില്ല. ഒന്നുരണ്ടുമൂന്നു ചുടുനീർക്കണങ്ങൾ അവളുടെ കണ്ണുകളിൽനിന്നും ഉരുണ്ടുവീണു. ഹാ! ആ അശ്രുകണങ്ങളുടെ മൂല്യം അഥവാ തണുപ്പു് അനുരാഗവാന്മാരല്ലാതെ ആരറിയുന്നു? അനുരാഗമാകുന്ന മെഴുകുകൊണ്ടു ചെയ്ത ഹൃദയമദ്ധ്യത്തിൽ വയ്ക്കപ്പെട്ട അതിവിശിഷ്ടമായ ഒരു പാലം വിയോഗചിന്താഗ്നിയിൽ ഉരുകി നയനേന്ദ്രിയത്തിൽക്കൂടി ഒഴുകുന്നുവോ എന്നു സംശയിക്കുമാറു് അംബികയുടെ കണ്ണിൽനിന്നും ബാഷ്പവർഷമുണ്ടായി.

അഹോ! പ്രേമത്തിനു നമിക്കാത്ത ശിരസ്സുണ്ടോ? അംബികയുടെ അവസ്ഥ കണ്ണുകൊണ്ടു കണ്ടു ഹൃദയംകൊണ്ടറിഞ്ഞ താരാനാഥൻ അവളെ ഉറുനോക്കിക്കൊണ്ടിരുന്നതേയുള്ളുവെങ്കിൽ അതു നിശ്ചയതപംകൊണ്ടല്ല, ആ പ്രേമപ്രവാഹത്തെ തടുക്കാൻ അയാൾക്കു ധൈര്യമുണ്ടാകായ്കയാലാണു്. അശ്രുപ്രവാഹമടങ്ങി, ഹൃദയഭാരം ഒട്ടൊടുങ്ങിയതിനുശേഷം അവൾ എഴുന്നേറ്റു മുഖം കഴുകി ശുദ്ധിചെയ്തു.

താരാനാഥൻ:—ഭവതിയുടെ ഹൃദയം ഞാൻ തുറന്നുകണ്ടു. ഈ വേർപാടിൽ ഭവതിക്കുള്ളതിൽ ശതഗുണിതമായ ഖേദം എനിക്കുണ്ടു്. എന്നാൽ ഭവതി ഒരു സദുദ്ദേശത്തോടുകൂടി പിരിയുകയാണു്. ആ വേർപാടിനെക്കുറിച്ചു ഖേദിക്കാൻ പാടില്ല. എന്നതന്നെയുമല്ല, നമുക്കു രണ്ടുപേക്കും ഒരു സമാധാനത്തിനു വകയുണ്ടു്; ഏറ്റവും വേഗത്തിൽ നമുക്കു പുനസ്സന്ദർശനത്തിനു സംഗതിയാകുമെന്നു വിശ്വാസമാണതു്. എനിക്കു പൂർണ്ണാരോഗ്യം ലഭിച്ചു നാട്ടിലേയ്ക്കുതിരിക്കുംമുമ്പു ഭവതി ഇവിടെ മടങ്ങിയെത്തുമെങ്കിൽ ഞാൻ കൃതാർത്ഥനായി. ഒരുപക്ഷേ, ഭവതിയുടെ പ്രത്യാഗമനത്തിനു മുമ്പു

ഞാൻ നാട്ടിലേയ്ക്കു തിരിച്ചാൽ വീണ്ടും ഭവതിയെ കാണുന്നതിനായി—ആ ഒരു സംഗതിക്കു മാത്രമായി—ഞാൻ കാശ്മീരത്തിൽ തിരിച്ചുവരും.

അംബിക:—ആ വലുതായ ബഹുമാനത്തിനു ഞാൻ പാത്രമല്ലല്ലോ.

താരാനാഥൻ:—എത്ര വലിയ ബഹുമാനത്തെയും ഭവതി അർഹിക്കുന്നുണ്ടു്. നേപാള ചക്രവർത്തിനീപടംപോലും ഭവതിയുടെ ബഹുമാന്യതയ്ക്കു കീഴിലാണു്.

എന്താണു് അവിടുന്നു് ഇപ്പറഞ്ഞതു്? ചക്രവർത്തിനീപടത്തെ ഈ സംഭാഷണത്തിൽ വലിച്ചുകൊണ്ടുവരുവാൻ കാരണമെന്തു്? ഉന്നതപദവിയും അന്തസ്സും മോഹിക്കുന്നവരുമായിട്ടുണ്ടായിരുന്ന സംസർഗ്ഗത്തിൽനിന്നും പകർന്നുകിട്ടിയതോ ഈ മനഃസ്ഥിതി. ചക്രവർത്തിനീപടത്തെക്കാൾ എന്റെ പാഴ്ക്കുടിലിനെയാണു് ഞാൻ സ്നേഹിക്കുന്നതു്. ചക്രവർത്തിസ്നേഹത്തെക്കാൾ വിലയുമുള്ള ഒരു യഥാർത്ഥപുരുഷന്റെ സ്നേഹത്തെയാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. ദയവുചെയ്തു മേലിലെങ്കിലും അവിടുത്തെ മുഖത്തുനിന്നും ഇങ്ങിനെയുള്ള വാക്കുകൾ പുറപ്പെടാനിടവരുത്തരുതേ!" എന്നു പറഞ്ഞു.

താരാനാഥൻ:—(മന്ദഹാസത്തോടുകൂടി) സവിനയസ്നേഹത്തെ പ്രതീക്ഷിക്കുന്ന എന്നുവച്ചു ചക്രവർത്തിനീപടത്തെ നിഷേധിക്കണമെന്നില്ലല്ലോ.

അംബിക:—അങ്ങയുടെ വാക്കുകൾ എനിക്കു പുരുഷനെ തോന്നിക്കുന്നു. ചക്രവർത്തിനീപടത്തെപ്പറ്റി എനിക്കു കേൾക്കേണ്ട ആവശ്യമെന്തു്? പറയേണ്ട ആവശ്യമെന്തു്? എന്റെ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനുശേഷം എന്റെ മാതാപിതാക്കന്മാർ താമസിച്ചുപോരുന്ന കുടിലിലെത്തി അവരെ സന്തോഷിപ്പിക്കണമെന്നേ ഞാൻ ആശിക്കുന്നുള്ളൂ. ആ കുടിലിലെ സുഖം എനിക്കു ചക്രവർത്തിയുടെ കൊട്ടാരത്തിലില്ല. അക്കുടിൽതന്നെ എനിക്കു കൊട്ടാരം. ആ വൃദ്ധമാതാപിതാക്കൾ തരുന്ന കാടിയത്രേ എനിക്കു ഭോജനം. അതിന്റെ ചുറ്റുമുള്ള ഉപവനങ്ങളത്രേ എനിക്കു് ഉദ്യാനം. ഞാൻതന്നെ എനിക്കു ചക്രവർത്തി. എന്നെക്കാൾ ഉയർന്ന ചക്രവർത്തി ഭഗവാൻ ഒരാൾ മാത്രം.

താരാനാഥൻ ഒന്നുതണുത്തു; തല ഒന്നു കുമ്പിട്ടു. "ആ ഭഗവാൻ ഏതുനിലയിലിരുത്തുന്നുവോ. ആ നിലകൊണ്ടു തൃപ്തിപ്പെടുക എന്നുള്ള ഭവതിയുടെ ആദർശം അഭിനന്ദനീയമായിരിക്കുന്നു. ഭവതിയുടെ വിലയേറിയ അനശ്വരമായ അഭിവൃദ്ധി ഈശ്വരൻ നൽകും" എന്നുപറഞ്ഞു. അംബിക സമാധാനമൊന്നും പറയാതെ

താരാനാഥനെ നോക്കിക്കൊണ്ടിരുന്നു. അയാൾ തുടർന്നുപറഞ്ഞു:— "അംബികേ! അതേ, എന്റെ പ്രിയപ്പെട്ട അംബികേ! ഭവതിയാൽ പ്രശംസിക്കപ്പെട്ട ആ കടിലിന്റെ മുൻഭാഗത്തുള്ള ഉപവനങ്ങളിൽ സായങ്കാലവേളകളിൽ ഭവതി മുവട്ടവച്ചു് ആനന്ദിക്കുകപതിവുണ്ടെങ്കിൽ, ഭവതിയുടെ സ്നേഹത്തിനു പാത്രമാകാനിരിക്കുന്ന ഒരു സുകൃതി ചിലനാൾകഴിഞ്ഞു ഭവതിയെ അന്വേഷിച്ചു് അവിടെ എത്തുന്നതുകാണാം."

അൻപതാം അദ്ധ്യായം.

"എങ്ങനെ ഞാൻ നിന്നെ വിട്ടുപിരിയേണ്ടു?
മംഗലശീലേ! മകളേ! മനോഹരേ!
തുംഗകീർത്തിയെഴും നിന്നുടെ പിതാവ—
ഭംഗഭാവിക്കുതകട്ടെ! ദൈവവും."

കാപിലകസൈന്യം, കോട്ടയ്ക്കകത്തു ശേഖരിച്ചുവച്ചിട്ടുള്ള ആഹാരപദാർത്ഥങ്ങളെ തീവച്ചുനശിപ്പിക്കുകയും വെളിയിൽനിന്നും ആഹാരസാധനങ്ങൾ കൊണ്ടുവരാൻ നിവൃത്തിയില്ലാത്തവണ്ണം കോട്ടയെ വളയുകയും ചെയ്തതിനാൽ കല്പകക്കോട്ടയിൽ ക്രമേണ ക്ഷാമം ബാധിച്ചുതുടങ്ങി. ഒരുപ്രകാരത്തിൽ ഒന്നൊന്നേകാൽ മാസംവരെ കഴിഞ്ഞുകൂടി. ഇതിനകം സസ്യപദാർത്ഥങ്ങൾക്കും പുറമേ, കോട്ടയ്ക്കുള്ളിലുണ്ടായിരുന്ന ആടുമാടു മുതലായ മൃഗങ്ങളും തിന്നൊടുങ്ങി. ഇനി മനുഷ്യമാംസത്തെ ഭക്ഷിക്കുകയല്ലാതെ ഗത്യന്തരമില്ലെന്ന നിലയിലായി. ഈ പരമാർത്ഥം അശോകനാഥൻ ഗ്രഹിച്ചു. ആ പൈശാചികമായ സംഭവത്തിനു താൻ കാരണഭൂതനാകാൻ പാടില്ലെന്നുള്ള ഉദ്ദേശം അയാൾക്കുണ്ടായി. അതിന്റെ ഫലമായി യുദ്ധംചെയ്തു കോട്ടയെ കൈവശപ്പെടുത്താൻ വട്ടംകൂട്ടി. ഒരുഭാഗം സൈന്യത്തെ കോട്ടയ്ക്കകത്തു പ്രവേശിപ്പിച്ചു്, എതിർത്തുനില്ക്കുന്നവരെ കഴിയുന്നിടത്തോളം നിഗ്രഹിക്കാതെ യുദ്ധംചെയ്തു തടവിൽപ്പിടിച്ചും അവരുടെ വസ്തുവകകൾ കൈവശപ്പെടുത്തിയും കോട്ടയെ സ്വാധീനത്തിലാക്കി കൊടിയുയർത്തണമെന്നു തീർച്ചപ്പെടുത്തി, രാവിലെ അശോകനാഥൻ ഒരു വലിയ സൈന്യവിഭാഗത്തോടുകൂടി കോട്ടയ്ക്കകത്തു കടന്നു. പ്രബലസൈന്യം ശത്രുവിനെ എതിർത്തുവെങ്കിലും പട്ടിണികൊണ്ടു ദുർബലമായിരുന്ന ആ സൈന്യത്തിനു യുദ്ധരംഗത്തിൽ പ്രവർത്തിക്കാൻ സാധിക്കാതെ

വരികയും കാപിലകന്മാർ, അസ്തമയത്തോടുകൂടി ഉദയസേനൻ വിജയസേനൻ തുടങ്ങിയുള്ള നേതാക്കന്മാരെ തടവുകാരായി പിടിക്കുകയും ചെയ്തു. അന്നത്തെ യുദ്ധം നിറുത്തിവച്ചു. അടുത്തദിവസം രാവിലെ ശേഷിച്ച നായകന്മാരെയും പിടിക്കാമെന്നു കരുതി അശോകനാഥനും സൈന്യങ്ങളും കോട്ടയ്ക്കുള്ളിൽത്തന്നെ പാളയമുറപ്പിച്ചു.

അസ്തമയാനന്തരം ഉദ്ദേശം എട്ടുമണിയോടുകൂടി കോട്ടമതിലിനു വെളിയിൽ പാളയമടിച്ചിട്ടുള്ള കാപിലകസൈന്യത്തിലുൾപ്പെട്ട നാലഞ്ചുഭടന്മാർ കോട്ടയ്ക്കു പുറമുള്ള ഉപവനങ്ങളിൽ ചുറ്റിനടന്നു തങ്ങളുടെ ഉദ്യോഗമുമതലയെ നിർവഹിച്ചുവരവേ, ഒരുഭാഗത്തു ഒരു ചെറിയ ക്ഷേത്രം കാണപ്പെട്ടു. ഉടനെ ആ ചെറിയ സംഘത്തിന്റെ നേതാവു ക്ഷേത്രത്തിനുള്ളിൽ കയറിനോക്കാൻ രണ്ടാളെ ശട്ടംകെട്ടി അയച്ചു. അവർ വിളക്കുമായി ക്ഷേത്രത്തിനുള്ളിൽ കടന്നപ്പോൾ അത്യന്തം സൌന്ദര്യവതിയായ ഒരു സ്ത്രീ പരിഭ്രമത്തോടുകൂടി ഒളിക്കാൻ ശ്രമിക്കുന്നതായി കണ്ടു. തൽക്ഷണം ഭടന്മാർ രണ്ടുപേരും അവളെ സമീപിച്ചു.

"നിങ്ങൾ ആരാണു"? ഈ സമയത്തു ഈ ക്ഷേത്രത്തിൽ നിങ്ങൾ എന്തിനായിട്ടു കടന്നു?" എന്നു ഭടന്മാർ ചോദിച്ചു. സ്ത്രീ അതുകേട്ടു "ഞാൻ ഈ സ്ഥലത്തിനടുത്തുതാമസിക്കുന്ന ഒരു സാധുസ്ത്രീയാണു". എന്നാൽ കാപിലകകക്ഷിയുടെ ശത്രുകക്ഷിയിലുൾപ്പെട്ടവളല്ല ഞാൻ. എന്റെ വാക്കുകളിൽ നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ ഇതേ ഈ മോതിരം നിങ്ങളെ വിശ്വസിപ്പിക്കും" എന്നുപറഞ്ഞു, അശോകനാഥനാമാങ്കിതമായ അംഗുലീയകം അവരെ കാണിച്ചു. നിഷ്കളങ്കതയെ സൂചിപ്പിക്കുന്ന അംബികയുടെ വാക്കും മുഖഭാവവുംതന്നെ അവളെ അവരുടെ ആദരത്തെ അർഹിക്കുന്നവളാക്കിച്ചെയ്തു. മോതിരംകൂടി കണ്ടപ്പോൾ അവർക്കു അംബികയിൽ അതിരറ്റ ബഹുമാനംതോന്നി; അവർ മോതിരത്തെവണങ്ങി അവളുടെ മുമ്പിൽ ആദരം പ്രകടിപ്പിച്ചുനിന്നു. അനന്തരം "ഞങ്ങൾ ഈ അംഗുലീയകത്തെ ബഹുമാനിക്കുന്നു. പക്ഷേ, ക്ഷേത്രത്തിനുവെളിയിൽ നില്ക്കുന്ന ഞങ്ങളുടെ നേതാവിന്റെ അഭിപ്രായം അറിയാതെ ഞങ്ങൾക്കു ദേവിയെ വിട്ടയയ്ക്കാൻ നിവൃത്തിയില്ല" എന്നുപറഞ്ഞു 'എന്നാൽ അദ്ദേഹത്തെ വിവരം അറിയിക്കുവിൻ' എന്നു അംബിക പറഞ്ഞതുകേട്ടു ഭടന്മാരിൽ ഒരുവൻ പുറത്തുപോയി നേതാവിനെ വിവരം തെര്യപ്പെടുത്തി. അയാൾ അകത്തുവന്നു അംബികയെക്കണ്ടു അഭിവാദ്യം ചെയ്തതിനുശേഷം സാദരം ഇപ്രകാരംപറഞ്ഞു:—"ദേവിയെ ഒരുപ്രകാരത്തിലും ബുദ്ധിമുട്ടിക്കണമെന്നു ഞങ്ങൾക്കു ഉദ്ദേശമില്ല. എന്നാൽ

ഇപ്പോൾ ഈ മോതിരത്തിനു മുമ്പുണ്ടായിരുന്ന ശക്തിയില്ല. ഈ മോതിരത്തെ ആരുതന്നെ കാണിച്ചാലും മേലാൽ അവരുടെ ആജ്ഞയെ അനുസരിക്കാൻ പാടില്ലെന്നു യോഗ്യനായ അശോകനാഥൻ കുറേദിവസങ്ങൾക്കുമുമ്പു് ആജ്ഞാപിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ യുദ്ധകാലത്തു് അകാരണമായി ഈ ക്ഷേത്രത്തിൽ കയറി ഒളിച്ചിരിക്കുന്ന ദേവിയെ ഞങ്ങൾക്കു വിട്ടയയ്ക്കാൻ നിവൃത്തിയില്ല" എന്നുപറഞ്ഞു. ഈ അവസരത്തിൽ ആ നേതാവിന്റെ ഒന്നിച്ചുണ്ടായിരുന്ന ഭടൻ, വിളക്കിന്റെ വെളിച്ചം അംബികയുടെ മുഖത്തോടു അടുപ്പിച്ചു ഉറ്റുനോക്കിയുംവച്ചു്, "അഹാ! ഇതെന്തൊരു പുതുമ! എന്നെ അന്നു ശ്രീപുരംകൊട്ടാരത്തിൽവച്ചു കബളിപ്പിച്ചതു് ഒരു സ്ത്രീയായിരുന്നോ? അതേ, അതേ; ആ മുഖംതന്നെയിതു്. ഈ മുഖം ഒരിക്കൽ കണ്ടാൽ എങ്ങനെ മറക്കാനാണു്?" എന്നു് ആശ്ചര്യഭരിതനായി പറഞ്ഞു. നേതാവു് അതുകേട്ടു, "താൻ പറഞ്ഞതൊന്നും എനിക്കു മനസ്സിലാകുന്നില്ല. ഈ സ്ത്രീ എപ്പോൾ എന്തിനായിട്ടു തന്നെ കബളിപ്പിച്ചു?" എന്നു ചോദിച്ചു.

ഭടൻ പറഞ്ഞു:—പ്രഭോ! ഉദയസേനൻ തുടങ്ങിയ മൂന്നു പ്രഭുക്കളെ അന്നു ശ്രീപുരംകൊട്ടാരത്തിൽ തടവിൽ പാർപ്പിച്ചിരിക്കുമ്പോൾ ഒരുദിവസം രാത്രിയിൽ എന്നെ ചതിയാൽ പറഞ്ഞിച്ചു തടവുകാരെ ഇറക്കിക്കൊണ്ടുപോയതു് ഈ സ്ത്രീയാണു്. അന്നു് ഇവർ പുരുഷന്റെ വേഷമെടുത്തു നമ്മുടെ സൈന്യത്തിലുൾപ്പെട്ട ഭടനാണെന്നു നടിച്ചു് അടയാളവാക്കുംപറഞ്ഞു് എന്നെ വഞ്ചിക്കുകയാണു ചെയ്തതു്. ഇവരെ വെറുതേ വിടാൻ പാടില്ല. നാം എത്തെല്ലാം സ്ഥലങ്ങളിൽ അന്വേഷിച്ചു? എത്തെല്ലാം പ്രയാസം സഹിച്ചു? എന്നിട്ടും ആളിനെപ്പിടിക്കാൻ സാധിച്ചില്ലല്ലോ. അല്ലെങ്കിൽ എങ്ങിനെ പിടിക്കാനാണു്? പുരുഷനായിട്ടുവന്നു കുറ്റംചെയ്തുവച്ചു സ്ത്രീയായിട്ടു നടന്നാൽ പിടിക്കാൻ കഴിയുമോ?

നേതാവു് അതുകേട്ടു് "ഈ ഭടൻ പറഞ്ഞതു വാസ്തവമാണോ?" എന്നു അംബികയോടു ചോദിച്ചു. "അതേ, വാസ്തവംതന്നെ. അതിലേയ്ക്കു നിങ്ങൾ ഇപ്പോൾഎന്തുചെയ്യാൻപോകുന്നു?" എന്നു് അംബികചോദിച്ചതിനു്, "ദേവിയെശിക്ഷിക്കാനുള്ള അധികാരം ഞങ്ങൾക്കില്ല. ഇങ്ങനെയുള്ള വമ്പിച്ച കുറ്റക്കാരെക്കണ്ടാൽ യോഗ്യനായ അശോകനാഥന്റെ മുമ്പിൽ ഹാജരാക്കേണ്ട ചുമതലമാത്രമേ ഞങ്ങൾക്കുള്ളൂ" എന്നു പറഞ്ഞു.

"ശരി, എന്നാൽ ഞാൻ അതിനു തയാറായിരിക്കുന്നു. യോഗ്യനായ അശോകനാഥന്റെ സന്നിധിയിൽ എന്നെ ഹാജരാക്കുവിൻ!" എന്നു് അംബിക ധൈര്യപൂർവം പറഞ്ഞതുകേട്ടു് അവർക്കു് ആശ്ചര്യം തോന്നി.

അംബികയെയും കൂട്ടിക്കൊണ്ടു ഭടന്മാർ, ക്ഷേത്രത്തിനകത്തു കടന്നപ്പോൾ, അശോകനാഥൻ ഏകനായി, നിലത്തുവിരിച്ചിരുന്ന ഒരു മനോഹരമായ കമ്പളത്തിൽ ചമ്രംപടിഞ്ഞു് ഇരിക്കുകയായിരുന്നു. വരിക്കച്ചക്കയോടു് ഉപമിക്കപ്പെടാവുന്ന ചില മനുഷ്യരുണ്ടു്. അവരുടെ മുഖഭാവം ചക്കയുടെ പുറംപോലെയും ഹൃദയം മധുരച്ചുളകൾ നിറഞ്ഞ അകംപോലെയുമാണു്. ചക്ക കണ്ടിട്ടില്ലാത്തവർ ആദ്യമായി അതിന്റെ പുറം കണ്ടാൽ, അകംകാണണമെന്നുള്ള വിചാരം അവരെ ബാധിക്കുന്നതല്ല. അതുപോലെ ചക്കയോടു ഉപമിക്കപ്പെടുന്നവരുടെ ചിനത്ത മുഖഭാവം കണ്ടാൽ പരിചയമില്ലാത്തവർക്കു അങ്ങോട്ടു അടുക്കാൻ തോന്നുന്നതല്ല. മധുരച്ചുളപോലെ, അവരുടെ ഹൃദയംനിറഞ്ഞ കരുണയെ ആ അപരിചിതന്മാർക്കു കാണാൻ കഴിയാത്തതാണു് അതിനുകാരണം. ഇപ്രകാരത്തിൽ ഒരാളാണു് അശോകനാഥൻ. ഒന്നാമതായി അദ്ദേഹത്തെ കാണുന്നവർക്കു നിഷ്കരുണനായ ഒരു നിഷ്ഠുരനാണെന്നുതോന്നും. സരസ്വതിയുടെ അതിഥിയായി ശ്രീപുരംകൊട്ടാരത്തിൽ താമസിച്ചിരുന്ന കാലത്തു അംബിക അശോകനാഥനെ കണ്ടിട്ടുണ്ടു്. എന്നാൽ ഇത്ര അടുത്തു കണ്ടിട്ടില്ല. ഇപ്പോൾ അശോകനാഥന്റെ മുഖഭാവം അവളുടെ ആശയെയും സമാധാനത്തെയും ഉന്മൂലനം ചെയ്തു. ആ സ്ഥാനത്തു് ആശങ്കയും ഭയവും സ്ഥലംപിടിച്ചു. എന്നാൽ സ്ത്രീകളെ പ്രകൃത്യാ ബഹുമാനിക്കുകശീലമുള്ള ആ വലിയ പടത്തലവൻ ഭടന്മാരാൽ ആനയിക്കപ്പെട്ട അംബികയെക്കണ്ട ഉടനേ സാദരം എഴുനേറ്റു മുമ്പോട്ടുചെന്നു്, "നിങ്ങൾ ആരാണു്? എന്നെ കാണേണ്ട ആവശ്യമെന്തായിരിക്കാം?" എന്നു ചോദിച്ചു.

അംബികയെക്കണ്ടപ്പോൾ അശോകനാഥന്റെ നിർമ്മലഹൃദയം പൂർവ്വാധികം കരുണാർദ്രമായി ഭവിച്ചു. ഒരു പുത്രിയെ എന്നപോലെ അയാൾ അംബികയുടെ ആപാദമസ്തകം സംവീക്ഷണം ചെയ്തു. അംബിക അയാളുടെ ചോദ്യത്തിനു സമാധാനം പറയുംമുമ്പു് ഭടന്മാരുടെ നേതാവു്—"ഈ മഹതിയെ ഒരു തടവുകാരിയുടെനിലയിൽ ഞങ്ങൾ ഇവിടെ ഹാജരാക്കിയിരിക്കുകയാണു്" എന്നു് വിനയത്തോടുകൂടി ഉണർത്തിച്ചു.

അശോകനാഥൻ:—(അത്ഭുതപാരവശ്യത്തോടുകൂടി) എന്തു്! തടവുകാരിയുടെ നിലയിലോ? സദ്ഗുണസമ്പന്നയായി തോന്നിക്കുന്ന ഈ സ്ത്രീരത്നം ബന്ധനസ്ഥയാക്കപ്പെടാൻതക്കകുറ്റം എന്തുചെയ്തു?

നേതൃഭടൻ:—ശ്രീപുരംകൊട്ടാരത്തിൽ തടവിലിട്ടിരുന്ന മൂന്നു പ്രജകളെയും മോചിപ്പിച്ച കുറ്റമാണു് ഈ മഹതിയിൽ ചുമത്തപ്പെട്ടിരിക്കുന്നതു്.

അശോകനാഥൻ:—എന്തൊരാശ്ചര്യം! ആ കുറ്റം ചെയ്തത് ഒരു സ്ത്രീയോ? ഒരു പുരുഷനല്ലേ?

നേത്രഭേദൻ.—അവിടുത്തെ സംശയം ഈ സ്ത്രീരത്നത്തിൽനിന്നും തന്നെ പരിഹരിക്കാം.

അംബിക:—(ധൈര്യപൂർവ്വം) അതേ. ഈ ഭടൻ പറയുന്നതു പരമാർത്ഥമാണു്. പ്രഭുക്കന്മാരെ തടവിൽനിന്നും മോചിപ്പിച്ചതു് ഞാൻതന്നെ.

അശോകനാഥൻ:—ഞാൻ തടവിൽ പാർപ്പിച്ചിരുന്നവരെ മോചിപ്പിച്ചതെന്തിനായിട്ടു്?

അംബിക:—(വിനയപൂർവ്വം) മാന്യരേ! ഒരു തടവുകാരിയെ വിചാരണ നടത്തേണ്ടതു് ആവശ്യംതന്നെ വിചാരണയിൽ സത്യത്തെമറച്ചു പറയുകയെന്നുള്ളതു് സാധാരണ മിക്ക തടവുകാരുടേയും പതിവാണു്. എന്നാൽ എന്റെ സ്ഥിതി അവരിൽനിന്നും വ്യത്യസ്തമാകുന്നു. ഞാൻ എവിടെയും സത്യം മാത്രമേ പറയുകയുള്ളൂ. ഇവിടെയും അതുതന്നെയാണു പറയേണ്ടതു്. എന്നാൽ എനിക്കു അതിനു ഇപ്പോൾ നിവൃത്തിയില്ലാത്തതിനാലും സത്യത്തെ മറച്ചു പൊളിപറവാൻ ധൈര്യമില്ലാത്തതിനാലും അങ്ങയുടെ ചോദ്യത്തിനു യാതൊരു സമാധാനവും ഞാൻ പറയുന്നില്ല.

അശോകനാഥൻ:—(സമന്ദഹാസം) അങ്ങനെയാണെങ്കിൽ ആ മൂന്നു പ്രഭുക്കന്മാരിൽ ഒരാളിനെ ഭവതി മനഃപൂർവ്വം സ്നേഹിക്കുന്നുണ്ടായിരിക്കാം.

അംബിക:—അങ്ങനെ ഊഹിക്കാൻ് ന്യായമുണ്ടു്. പക്ഷേ, ഞാൻ അവരെ മോചിപ്പിക്കാനുണ്ടായ കാരണമതല്ല.

നേത്രഭേദൻ:—പ്രഭോ! ഈ കുറ്റത്തിനായിട്ടുമാത്രമല്ല ഞാൻ ഈ സ്ത്രീയെ ഇവിടെ ഹാജരാക്കപ്പെട്ടതു്. പിൻഭാഗത്തെ കോട്ടമതിലിനുവെളിക്കുള്ള ആ പെരിയ ക്ഷേത്രത്തിൽ ഈ അസമയത്തു് ഈ സ്ത്രീ കയറി നില്ക്കുന്നതുകണ്ടു. ഞങ്ങളും ആ ഭാഗത്തു ചുറ്റിസ്സഞ്ചരിച്ചുവരവേ, ക്ഷേത്രത്തിൽ കയറി നോക്കിയപ്പോൾ, ഈ സ്ത്രീ ഞങ്ങളെ ഒളിക്കാൻ ശ്രമിച്ചു. ഇതാണു മറ്റൊരു കുറ്റം.

അശോകനാഥൻ:—(സാശ്ചര്യം അംബികയെനോക്കി) ഹേ! സ്ത്രീരത്നമേ! ആ ക്ഷേത്രത്തിനുള്ളിൽ എന്തൊരാവശ്യം പ്രമാണിച്ചുകടന്നു? ക്ഷേത്രത്തെ സമീപിക്കണമെങ്കിൽ പല കാവൽസ്ഥലങ്ങളും കടക്കേണ്ടതായിട്ടുണ്ടല്ലോ. ആ കാവൽസ്ഥലങ്ങളിൽ നില്പുള്ള ഭടന്മാരുടെ കണ്ണിൽപ്പെടാതെ രക്ഷപ്പെട്ടതെങ്ങനെ?

അംബിക:—പ്രഭോ! ഈ മോതിരത്തിന്റെ സഹായത്തോടുകൂടി എനിക്ക് ആ കാവൽസ്ഥലങ്ങളെ കടന്നുപോകാൻ സാധിച്ചു. ഇതിന്റെ മാഹാത്മ്യത്തെ മുൻനിറുത്തി എനിക്ക് ഒരു സഹായംചെയ്യണമെന്നു് ഇവിടെയും ഞാൻ അപേക്ഷിക്കുന്നു.

അശോകനാഥൻ:—(മോതിരംകണ്ടു് ആശ്ചര്യത്തോടുകൂടി) നേപാളത്തിലെ പ്രഭുവിനു ഞാൻ സമ്മാനിച്ച ഈ മോതിരം ഭവതിക്കു കിട്ടിയതെങ്ങനെ? ഭവതിക്കും ആ പ്രഭുവിനും തമ്മിൽ എന്തു സംബന്ധമാണു്?

അംബിക:—മുഖപരിചയംകൊണ്ടുള്ള സ്നേഹസംബന്ധമല്ലാതെ മറെറാരു സംബന്ധവും ഇല്ല. ആ പ്രഭുവിനു് ഇപ്പോൾ എന്റെ പേരിൽ സഹോദരീനിർവിശേഷമായ സ്നേഹമുണ്ടു്. എന്റെ ഒരു ഉദ്ദേശം അനായാസേന സാധിക്കപ്പെടുന്നതിനായി ഈ അംഗുലീയകം അദ്ദേഹം എനിക്കു സമ്മാനിച്ചതാണു്.

അശോകനാഥൻ:—ഭവതിയുടെ ഉദ്ദേശം എന്തു്?

അംബിക:—കല്പകക്കോട്ടയ്ക്കുള്ളിൽ കടക്കണം എന്നുള്ളതാണു്. മാന്യരേ! എന്റെ വാക്കുകളിൽ ലേശം പൊളിയില്ലെന്നു അങ്ങു വിശ്വസിക്കുന്നില്ലേ?

അശോകനാഥൻ:—ഭവതിയുടെ മുഖത്തു സത്യം വിളങ്ങുന്നുണ്ടു്. (ഭടന്മാർ എല്ലാവരും ക്ഷേത്രത്തിനുപുറത്തുപോകാൻ അശോകനാഥൻ സംജ്ഞാപനത്താൽ ആജ്ഞാപിച്ചു. ആജ്ഞാനുസരണം അവർ പുറത്തുപോയതിനുശേഷം അയാൾ അംബികയെ നോക്കി,) മാന്യേ! ഇപ്പോൾ ഈ ക്ഷേത്രത്തിൽ നാം രണ്ടാൾ മാത്രമേയുള്ളു ഭവതിയുടെഅന്തർഗതം നിർഭയം എന്നെ ധരിപ്പിക്കുക? ഭവതിയുടെ സംഭാഷണത്തിൽ ഏതോ ഒരു രഹസ്യം അന്തർഭവിച്ചിട്ടുള്ളതായി തോന്നുന്നു. ശ്രീപുരം കൊട്ടാരത്തിൽ തടവിൽ പാർപ്പിച്ചിരുന്ന പ്രഭുക്കന്മാരെ മോചിപ്പിക്കാൻ ജീവനെപ്പോലും തൃണവൽഗണിച്ചു് പ്രവർത്തിച്ച ഭവതി ആരു്? ഈ മോതിരം ഭവതിക്കുതന്ന പ്രഭുവിന്റെ പരിചയത്തെ സമ്പാദിച്ചതെങ്ങനെ? ഇപ്പോൾ കല്പകക്കോട്ടയ്ക്കകത്തു പ്രവേശിക്കാൻ ശ്രമിച്ചതിനു കാരണമെന്തു്?

അംബിക:—മാന്യരേ! അങ്ങയുടെ ചോദ്യങ്ങൾക്കു് യഥാക്രമം ഉത്തരം പറയാം. ഞാൻ ആരെന്നാണല്ലോ ആദ്യത്തെ ചോദ്യം? ഈ കോട്ടമതിലിനെ സമീപിച്ചുള്ള വനങ്ങളെ സൂക്ഷിച്ചുപോരുന്ന പാവപ്പെട്ട വൃദ്ധോപജീവികളുടെ ഒരു പുത്രിയാണു് ഞാൻ. അംബിക എന്നാണു് എന്റെ പേർ.

അശോകനാഥൻ:—അംബിക! അതേ, അപ്പേരു പലതവണ ഞാൻ കേട്ടിട്ടുള്ളതുപോലെ തോന്നുന്നു. ഈ പേരുള്ള ഒരു യുവതിയെ ഒരിക്കൽ നദിയിൽനിന്നും ഒരാൾ രക്ഷിച്ചിട്ടുണ്ടു്.

അംബിക:—അതു അംബികതന്നെയാണു് ഞാൻ. അങ്ങയുടെ രണ്ടാമത്തെ ചോദ്യത്തിനു് ഉത്തരം ഇനി പറഞ്ഞേതീരൂ എന്നില്ല. നദിയിൽവീണ മരിക്കാറായ ഘട്ടത്തിൽ അതിനിടയാകാതെ രക്ഷിച്ച ഒരു ദേഹത്തിന്റെ സ്നേഹത്തെ സമ്പാദിക്കുക എന്നുള്ളതു് അസാധാരണമായ ഒരു സംഭവമല്ലല്ലോ. മൂന്നാമത്തെ ചോദ്യം കല്പകക്കോട്ടയിൽ കടക്കാൻ ഉദ്യമിക്കുന്നതിനു കാരണമെന്തെന്നാണു്; പറയാം. എന്റെ ഭക്തിസ്നേഹബഹുമാനാദരങ്ങളെ തികച്ചും അർഹിക്കുന്ന ഒരു അമ്മ ആ കോട്ടയ്ക്കകത്തുണ്ടു്. അവർക്കു് അല്പം ഭക്ഷണപദാർത്ഥവും, കോട്ടയ്ക്കുപുറത്തു വേഷംമാറി ഇറക്കിക്കൊണ്ടുപോരാൻ വേണ്ട വസ്ത്രങ്ങളും കൊണ്ടുകൊടുത്തു് അവരെ ഈ ആപത്തിൽ എനിക്കു സഹായിക്കണം.

അശോകനാഥൻ:—ഞാൻ ഭവതിയുടെ മനഃസ്ഥൈര്യത്തെ അഭിനന്ദിക്കുന്നു. ഭവതിയുടെ സ്നേഹത്തെ ഈവിധത്തിൽ അർഹിക്കുന്ന ആ അമ്മ ആരാണു്? സദ്ഗുണസമ്പന്നയായ ഭവതിയുടെ സ്നേഹത്തിനു ലക്ഷീഭവിച്ച ആ അമ്മയും, ഗുണവതിയും അഭിനന്ദനീയയുമായിരിക്കണം. അതുകൊണ്ടു് ആ അമ്മ ആരാണെന്നു പറയുക. ഈ നിമിഷത്തിൽ ഞാൻ അതുളയച്ചു് അവരെ ഇവിടെ വരുത്താം.

അംബിക:—പ്രഭോ? ഈ എളിയവളിൽ ഇത്രത്തോളം കരുണകാട്ടുന്ന അങ്ങയുടെപേരിൽ എനിക്കുള്ള കൃതജ്ഞതയെ ഞാൻ എങ്ങനെ പ്രകടിപ്പിക്കേണ്ടു? എന്നാൽ അങ്ങയുടെ ചോദ്യത്തിനു് ഒരുപ്രകാരത്തിലും സമാധാനം പറവാൻ എനിക്കു ശക്തിയില്ലാതിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ആ അമ്മയെ സംബന്ധിച്ച യാതൊരു സംഗതിയും എനിക്കുതന്നെ അറിഞ്ഞുകൂടാ. അവരുടെ പേരു്, അവരുടെ വീടു്, അവരുടെ ഇപ്പോഴത്തെ ദയനീയമായ നിലയുടെ കാരണം ഈ വിഷയങ്ങളും പരമരഹസ്യങ്ങളടങ്ങിയവയാണെന്നു് തോന്നുന്നു. അവരുടെ നിലയെപ്പറ്റി ആലോചിക്കുമ്പോൾ ഈ താമസംതന്നെ എനിക്കു ദുസ്സഹമാണു്. ക്ഷാമദേവതയുടെ പീഡനം അവരെ അത്യന്തം സങ്കടപ്പെടുത്തുന്നുണ്ടെന്നു്, ഒരു ഭ്രമോദയം എനിക്കു് ഉണ്ടാകുന്നു

അശോകനാഥൻ:—ഭവതി പറയുന്നതൊന്നും എനിക്കു വ്യക്തമാകുന്നില്ല. ഭവതിതന്നെയും ശരിക്കു് അറിഞ്ഞിട്ടില്ലാത്ത ആ അമ്മയുടെ താമസമെവിടെ?

അംബിക മൗനംദീക്ഷിച്ചു വളരെനേരം ദീർഘമായി ചിന്തിച്ചിട്ടു് ദുസ്സഹമായ കടൽകടന്ന കരയടുത്താലുള്ള മനസ്സമാധാനത്തോടുകൂടി, രാപ്പകൽ ഭദ്രമായി സൂക്ഷിച്ചുപോരുന്ന ഒരു പട്ടുസഞ്ചി മടിയിൽനിന്നുമെടുത്തു. എന്നിട്ടു് അശോകനാഥന്റെ മുഖത്തു നോക്കി, "മാന്യരേ, ഞാൻ തരുന്ന ഒരു മോതിരം അങ്ങയുടെ സകല ചോദ്യത്തിനും സമാധാനം തരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈശ്വരൻ അതിനിടയാക്കുമെന്നാണു് എന്റെ വിശ്വാസവും ഒരുപക്ഷേ, എന്റെ പ്രവൃത്തി സാഹസമാണെന്നുവന്നാൽ എന്റെ തെറ്റിനെ അങ്ങു ക്ഷമിക്കണമെന്നു പ്രാർത്ഥിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു സഞ്ചിക്കകത്തുണ്ടായിരുന്ന ഒരു മോതിരം അശോകനാഥന്റെ കൈയ്യിൽ കൊടുത്തു. മോതിരം കണ്ടമാത്രയിൽ, ധീരധീരനായ ആ പുരുഷകേസരി ഇടിതട്ടിയവനെന്നപോലെ പിറകോട്ടു ചാഞ്ഞു. അംബിക അത്യുത്കണ്ഠതത്താലും ഭീതിനിമിത്തവും തറയ്ക്കപ്പെട്ടതുപോലെ നിലകൊണ്ടു. ഉത്തരക്ഷണത്തിൽ അശോകനാഥൻ പൂർവ്വസ്ഥിതിയെ പ്രാപിച്ചു; മോതിരത്തെ വീണ്ടുംനോക്കി. ഏതാണ്ടു രണ്ടുവ്യാഴവട്ടത്തെ കാലപ്പഴക്കമുള്ള പലേപല സംഭവചിന്തകൾ അയാളുടെ സ്മൃതിപഥത്തെ ആരോഹണംചെയ്തു. അന്ധകാരമയമായ ഒരു ഗുഹയ്ക്കകത്തു പെട്ടെന്നുണ്ടായ മിന്നൽപ്രകാശം അതിനുള്ളിലുള്ള പദാർത്ഥങ്ങളെ ദൃഷ്ടിഗോചരീഭവിപ്പിക്കുന്നതുപോലെ, ആ ധീരപുരുഷന്റെ ഹൃദയത്തിൽ മറഞ്ഞുകിടന്ന പല വിചാരങ്ങളെ ആ മോതിരം ഉദ്ദീപിപ്പിച്ചു. അശോകനാഥൻ ആപാദമൂർദ്ധം വിയർത്തുനനഞ്ഞു. അംബികയെ ഉറുനോക്കി ഗദ്ഗദത്തോടുകൂടി "അംബികേ! ഈ മോതിരംതന്ന മഹതി ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ?" എന്നു ചോദിച്ചു.

അംബിക:—അതേ; ഉദയസേനപ്രഭുവിന്റെ കൊട്ടാരത്തിലെ കല്ലറയിൽ ജീവിച്ചുപോരുന്നു.

"ഹാ! ജഗദീശാ! എന്റെ ആശയെ നിഷ്ഫലമാക്കരുതേ! കുഞ്ഞേ! നിനക്കു എന്തു പ്രായമുണ്ടു്" എന്നു അശ്രുക്കൾ പൊഴിച്ചുകൊണ്ടു് ആ ധീരശിരോമണി അംബികയോടു ചോദിച്ചു.

എനിക്കു് ഇരുപത്തിമൂന്നുവയസ്സു പ്രായമുണ്ടു്, എന്നംബിക പറഞ്ഞു.

"ഹാ! മകളേ! ഓമനേ! നമ്മെ രണ്ടാളെയും ഇങ്ങനെ കൂട്ടിമുട്ടിച്ച ആ ദൈവം നിന്നെ രക്ഷിക്കട്ടെ!" എന്നു പറഞ്ഞുകൊണ്ടു്

അംബികയെ മാറോടണച്ചു. "അച്ഛാ! അച്ഛാ!" എന്നിങ്ങനെ പുലമ്പിക്കൊണ്ടു് അംബിക മൂർച്ഛിച്ചു.

അംബികയ്ക്കു സുബോധമുണ്ടായി. കണ്ണുതുറന്നുനോക്കി; താൻ തന്റെ പ്രിയപിതാവിന്റെ മടിയിൽ കിടക്കുന്നതായിക്കണ്ടു് അവൾ തന്നെത്തന്നെ അഭിനന്ദിച്ചു "അച്ഛാ! ഞാൻ അവിടുത്തെ പുത്രിയായതെങ്ങനെ?" എന്നു് അവൾ ചോദിച്ചു. "മകളേ! അതു സംബന്ധിച്ചു സംഗതികളെ സവിസ്തരം യഥാസന്ദർഭം ഞാൻ വെളിപ്പെടുത്താം." ഉദയസേനന്റെ മാളികയിലെ കല്ലറയിൽ ജീവിച്ചുപോരുന്ന ആ അമ്മയെ നമുക്കു രണ്ടുപേർക്കുമായി ഉടനെ ചെന്നു കാണണം. ആ കല്ലറയിലേയ്ക്കു് ഗ്രന്ഥമാർഗ്ഗം ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോളിതന്നെ കല്ലറയിൽ കടക്കണമെങ്കിൽ അതു മാർഗ്ഗം അറിയാതെ നിവൃത്തിയില്ല. അല്ലെങ്കിൽ ഒരു ദിവസത്തെ താമസംകൂടി നേരിട്ടും. നാളെ ഒരു ദിവസം കൊണ്ടു കല്പകക്കോട്ട എന്റെ കൈയിലാകും. അതിനുശേഷമേ കല്ലറയിൽ ചെല്ലാൻ സാധിക്കുകയുള്ളൂ" എന്നിരിക്കുന്നു. "മകളേ! നിന്റെ അമ്മ ആരാണെന്നു നീ അറിഞ്ഞിട്ടുണ്ടോ?" എന്നു അശോകനാഥൻ ചോദിച്ചു. അംബിക പറഞ്ഞു: എനിക്കു അതിനെപ്പറ്റി ഒരു വിവരവുമില്ല. അച്ഛാ! കല്പകക്കോട്ടയിലെ കല്ലറയിലേക്കുള്ള ഗ്രന്ഥമാർഗ്ഗം എനിക്കറിയാം. ഒരു ക്ഷേത്രത്തിൽ വച്ചാണല്ലോ എന്നെ ഭടന്മാർ കണ്ടുമുട്ടിയതു്. അതിനകത്തുനിന്നു മാണു ആ മാർഗ്ഗം തുടങ്ങുന്നതു്.

അശോകനാഥൻ അതുകേട്ടു് അത്യന്തം ചാരിതാർത്ഥ്യത്തോടും സന്തോഷത്തോടുംകൂടി അംബികയുടെ നെറുകയിൽ ചുംബിച്ചു. അനന്തരം രണ്ടാളും മുൻചൊന്ന ക്ഷേത്രത്തിലെത്തി; ഒരു ചെറിയ സംഘം സൈന്യത്തെ വരുത്തി അതിലെ നേതാവിനോടു "ഞങ്ങൾ രണ്ടാളും ഈ ക്ഷേത്രത്തിനകത്തുള്ള ഒരു ഗ്രന്ഥമാർഗ്ഗത്തിൽക്കൂടി അശോകനാഥന്റെ കല്ലറയിലേക്കു പോകുന്നു. അരമണിക്കൂറിനകം മടങ്ങി എത്തും. ഇല്ലാത്തപക്ഷം എന്തെങ്കിലും അപകടം നേരിട്ടിരിക്കുമെന്നു വിശ്വസിച്ചു് ഉടനെ സൈന്യത്തോടുകൂടി കല്ലറയിലെത്തണം" എന്ന രഹസ്യമായി ആജ്ഞാപിച്ചിട്ടു ക്ഷേത്രത്തിലെ ഗർഭഗൃഹത്തിൽ കയറി. അംബിക അവിടെ ഒരു ഭാഗത്തുള്ള ഒരു പുത്താനിൽ സ്പർശിച്ചു. ഒരുകോൽദൂരത്തിൽ ഒരു രഹസ്യവാതിൽ തുറക്കപ്പെട്ടു. അശോകനാഥനും അംബികയും വാതിൽ കടന്നു കീഴ്പോട്ടിറങ്ങി മുമ്പോട്ടു നടന്നു. വായനക്കാർക്കു പരിചയമുള്ള ആ പാതാളമാർഗ്ഗം കഴിഞ്ഞു കല്ലറയിൽ കയറി. ചിലമുറികളും വഴികളും കഴിഞ്ഞു വീണ്ടും മുമ്പോട്ടുനടന്നു. പെട്ടെന്നു മുമ്പിൽ കാണപ്പെട്ട ഒരു വാതിൽ തുറന്നു കൈയിൽ വിളക്കുമായി ഒരാൾ

പുറത്തിറങ്ങി; ഇരുകൂട്ടരും പരസ്പരം കണ്ടു. ആഗതനായ വൃദ്ധൻ അശോകനാഥനെക്കണ്ടു പരിഭ്രമിച്ചു പിന്നോക്കം ചുവട്ടുവച്ചു. അംബിക അതുകണ്ടു "വേണ്ട പരിഭ്രമിക്കേണ്ട. ഞങ്ങൾ ബന്ധുക്കളാണു" എന്നു പറഞ്ഞു. അംബികയുടെ ശബ്ദം കേട്ടമാത്രയിൽ വൃദ്ധനായ ചാരുദത്തനു സംശയം തീർന്നു. "അംബികയോ? നീ ഇവിടെ എങ്ങനെവന്നു? എന്തിനായിട്ടു വന്നു? ഈ നിൽക്കുന്ന ആൾ ആരാണു?" എന്നു വൃദ്ധൻ അംബികയോടു ചോദിച്ചു.

അംബിക:—ഇദ്ദേഹം എന്റെ അച്ഛനാണു. കാപിലകകക്ഷി നേതാവായ അശോകനാഥനെന്നു കേട്ടിട്ടില്ലേ?

ചാരുദത്തൻ:—എനിക്കു് ഒക്കെ മനസ്സിലായി! നിന്നെ എല്പിച്ച ആ മോതിരം നിങ്ങളെ പരസ്പരം അറിയിച്ചു; അല്ലേ?

അശോകനാഥൻ:—ഇവിടെ അധികനേരം സംസാരിച്ചു നിൽക്കാൻ പാടില്ല. ആ മോതിരം കൊടുത്തയച്ച സ്ത്രീ ഇപ്പോൾ എവിടെയാണു?

ചാരുദത്തൻ:—ഞാൻ അങ്ങോട്ടാണു പോകുന്നതു്. ഒരാഴ്ചയോളമായി അവർ ദിനത്തിൽ കിടക്കുന്നു. സുഖക്കേടു് അല്പം കൂടുതലാണു്.

അംബിക അതുകേട്ടു്, "അയ്യോ! മനസ്വിനിയായ ആ അമ്മ കഠിനരോഗത്താൽ കിടപ്പിലായോ?" എന്നു ചോദിച്ചു കണ്ണീർ പൊഴിച്ചു. ചാരുദത്തൻ അവളെ സമാധാനപ്പെടുത്തിയിട്ടു മൂന്നു പേരും ശ്രുതസേനം സുഖക്കേടായി കിടക്കുന്ന മുറിയിലേക്കു നടന്നു.

ആ മുറിയിൽ രോഗിണി ഒരു കട്ടിലിൽ കിടക്കുന്നു. വിളക്കൊന്നു പ്രകാശിച്ചുകൊണ്ടിരിക്കുന്നു കട്ടിലിനു സമീപം സഹോദരസംഘത്തിലെ അംഗങ്ങൾ എല്ലാവരും നിൽക്കുന്നുണ്ടു്. രോഗിണി ഇടയ്ക്കിടയ്ക്കു കണ്ണുതുറന്നു ചുറ്റും നോക്കിയും വീണ്ടും കണ്ണുകളടച്ചും കിടക്കുന്നു. ചിലപ്പോഴെല്ലാം "അംബികേ! അംബികേ!" എന്നു അവ്യക്തമായി ശബ്ദിക്കുന്നുമുണ്ടു്. അശോകനാഥനെയും അംബികയെയും കൂട്ടിക്കൊണ്ടു ചാരുദത്തൻ മുറിയുള്ളിൽ കടന്നു. അശോകനാഥൻ രോഗിണിയെനോക്കി. ഇരുപത്തിരണ്ടു കൊല്ലങ്ങൾക്കു മുമ്പു് കാലധർമ്മംപ്രാപിച്ചുതായി ലോകം വിശ്വസിച്ചുപോരുന്ന ഗൗതമിയെ അശോകനാഥൻ വീണ്ടും നോക്കി; കണ്ണുകളിൽനിന്നും ഒന്നുരണ്ടു അശ്രുകണങ്ങൾ പൊഴിഞ്ഞു. അംബികയെ അയാൾ രോഗിണിയുടെ അടുക്കലേയ്ക്കയച്ചു. അവൾ കട്ടിലിനു സമീപംചെന്നു രോഗിണിയുടെ പാദങ്ങളിൽ തലോടിക്കൊണ്ടു്, "അമ്മേ! അമ്മേ!" എന്നു മൃദുസ്വരത്തിൽ വിളിച്ചു. രോഗിണി കണ്ണുതുറന്നു അംബികയെക്കണ്ടു, "മകളേ! അംബികേ!" എന്നു വിളിച്ചുകൊണ്ടു് മൃദുപ്രായങ്ങളായകരങ്ങൾ മേല്പോട്ടയത്തി. അം

ബിക അതിനകം ആ കരങ്ങൾക്കു വിശ്രമംനൽകി. അംബികയെ മാറോടണച്ചു തേങ്ങിത്തേങ്ങി കരഞ്ഞു; "മകളേ! മാതൃലാളനത്തി നിടയാകാത്ത നീ ഭാഗ്യഹീനയാണു്—അല്ല, അതിനിടയാകാത്ത ഞാനത്രേ ഭാഗ്യഹീന!മഹാപാപി! എന്റെ ഓമനേ! നീ നിന്റെ അമ്മയുടെ അപരാധങ്ങളെ പൊറുക്കണേ! നിന്നെ എന്നന്നേ യ്ക്കുമായി വിട്ടുപിരിയാൻപോകുന്ന ഈ ശപിക്കപ്പെട്ട മാതാവി ന്റെ—നിന്നെ പ്രസവിച്ചുവളർത്തിയ ഈ നാമമാത്രമാതാവി ന്റെ സകല അപരാധങ്ങളെയും നീ ക്ഷമിക്കണേ! എന്റെ ആത്മഗതിക്കു് ഈശ്വരനെ പ്രാർത്ഥിക്കണേ! അല്ലയോ! ദൈവ മേ! എന്റെ കുഞ്ഞിനെ ഈ ലോകത്തിൽ ഞാൻ അനാഥയാ ക്കിയല്ലേ! ഹാ! ഇവളെ ഇവളുടെ അച്ഛനെ ഏല്പിച്ചിട്ടു്, ആ പുരുഷസിംഹത്തെ ഒന്നു കണ്ടിട്ടു് ഈ അനിത്യദേഹത്തെ ഉപേ ക്ഷിക്കാൻ സംഗതിയാക്കണമെന്നു് അനുസ്യൂതമായി ഞാൻചെയ്തു വന്ന പ്രാർത്ഥനയെ അങ്ങു കൈക്കൊണ്ടില്ലല്ലോ! ഹാ! ഓമനേ! അംബികേ! നിന്റെ ഓമനമുഖമെവിടേ? ഈ താമരമലരൊത്ത മുഖം കണ്ടു ഞാൻ മരിക്കട്ടെ! നിന്നെ നിന്റെ അച്ഛന്റെ കൈ യിൽ ഏല്പിക്കാൻ എനിക്കു ഭാഗ്യമുണ്ടായില്ല. ഇപ്പോൾ ഇതാ, നിന്നെ ഞാൻ പരമകാരുണികനായ ഭഗവാനെ ഏല്പിക്കുന്നു. അദ്ദേ ഹം നിന്നെ രക്ഷിക്കും. നീ നിന്റെ അച്ഛനെ കണ്ടുമുട്ടാതിരി ക്കയില്ല. അന്നു നീ, ഈശ്വരസന്നിധിയിൽവച്ചു നമുക്കു പര സ്പരം കണ്ടുകൊള്ളാമെന്ന എന്റെ അന്ത്യസന്ദേശത്തെ അദ്ദേഹ ത്തെ അറിയിക്കുക!" എന്നുപറഞ്ഞു. അതേനിമിഷത്തിൽ "ധന്യേ! ഭവതിയുടെ ജീവിതാധഃപതനത്തിനു ഹേതുഭൂതനായ പുരുഷൻ ഭവതിയുടെ അന്ത്യഘട്ടത്തിൽ ഇതേ ഭവതിയെ അന്വേഷിച്ചു വന്നിരിക്കുന്നു" എന്നു പറഞ്ഞുംകൊണ്ടു് അശോകനാഥൻ അങ്ങോ ട്ടടുത്തു. "ഹാ! ജഗദീശ! എന്റെ പ്രാർത്ഥന ഫലിച്ചു. പ്രാ—ണ—നാ—ഥ!—അം—ബ"—അത്രതന്നെ. ആ മനസ്വി നിയുടെ നാവടങ്ങി, കണ്ണുകളടഞ്ഞു. അശോകനാഥന്റെ കരം രോഗിണിയുടെ ഹൃദയസ്ഥാനത്തെ തലോടി. അതാ! രോഗി ണിയുടെ കണ്ണുകൾ തുറക്കുന്നു; ആ ധന്യ ഇരുപത്തിരണ്ടുകൊല്ല ങ്ങൾക്കുമുമ്പുമുതൽ കൊതിച്ചുപോരുന്ന ആ ഗംഭീരമുഖം കാണു ന്നു! അതാ! കരങ്ങൾ ചലിക്കുന്നു. മുറിച്ചിട്ടലതപോലെ മൂർഛി തയായി തന്റെ മാറിൽകിടക്കുന്ന സപുത്രിയുടെ കരംപിടിച്ചു് തന്റെ ജീവനാഥന്റെ കരത്തിൽ സമർപ്പിക്കുന്നു. അഹോ! ആ പുണ്യവതിയുടെ അന്ത്യപ്രവൃത്തിയും അന്ത്യശ്വാസവും ഒന്നി ച്ചുകഴിഞ്ഞു!

അൻപതൊന്നാം അദ്ധ്യായം.

"ഭരിച്ചുകൊൾക തവ പുത്രിയെ വൈകാതെ നീ
മരിച്ചുപോകുവനഹം നിമിഷാന്തരത്തിൽ"

കല്പകക്കോട്ടയിലെ കല്ലറയിൽ മുൻ അദ്ധ്യായത്തിലെ സംഭവങ്ങൾ നടന്ന രാത്രിയിൽ, നിഷ്കളാനന്ദൻ പ്രതിമാസംഘത്തിലുൾപ്പെട്ട കുറേ ആളുകളോടുകൂടി ഏതുവിധമെങ്കിലും കോട്ടയുടെ പുറത്തുകടന്നു രക്ഷപ്പെടണമെന്നു തീർച്ചപ്പെടുത്തി. അശോകനാഥനെ തോല്പിക്കാൻ ഇനി പ്രയാസമാണെന്നും പ്രളകേക്ഷി തന്നെ തോൽപ്പിക്കുമെന്നുള്ള വിശ്വാസമാണു് ആനന്ദനെ ഒളിച്ചോടാൻ പ്രേരിപ്പിച്ചതെന്നും പറയേണ്ടതില്ലല്ലോ. തീച്ചപ്പെടുത്തിയതനുസരിച്ചു രാത്രിയിൽ ൻപതുമണിയോടുകൂടി കല്ലറയിലെ ഗൂഢമാർഗ്ഗത്തിൽക്കൂടി പുറപ്പെട്ടു. ഉത്തുംഗവിഗ്രഹത്തെ സ്ഥാപിച്ചിരിക്കുന്ന മുറിയുടെ സമീപത്തുവച്ചു് അവിടെ വലത്തുഭാഗത്തുള്ള വഴിയിൽക്കൂടി ഒരാൾ പ്രധാനമാർഗ്ഗത്തിൽ വന്നിറങ്ങി. ഉടനെ നിഷ്കളാനന്ദനു സംശയം ജനിക്കുകയാൽ വിളക്കുതെളിച്ചു് ആഗതൻ ആരാണെന്നു നോക്കുകയും അശോകനാഥനാണെന്നു മനസ്സിലാവുകയാൽ വല്ലാതെ ഒന്നുനടുങ്ങി എങ്കിലും അയാളെ വിട്ടയയ്ക്കാതെ ബന്ധിക്കുന്നതിനു് അനുചരന്മാരെ പ്രേരിപ്പിക്കുകയും ചെയ്തു.

ഗൌതമിയുടെ പ്രേതത്തെ കല്ലറയെസ്സംബന്ധിച്ച ശ്മശാനഭാഗത്തു വിധിപ്രകാരം അടക്കംചെയ്യാനാണു് ചാരുദത്തനും, അശോകനാഥനുംകൂടി ആലോചിച്ചു നിശ്ചയിച്ചതു്. ആ നിശ്ചയപ്രകാരം അടക്കംചെയ്യുന്നതിനുമുമ്പു്, തന്റെ ഭടന്മാരെക്കണ്ടു്, അരമണിക്കൂർ കഴിഞ്ഞാലും തന്നെ അന്വേഷിച്ചു കല്ലറയിൽ വരേണ്ട ആവശ്യമില്ലെന്നുള്ളവിവരം ധരിപ്പിച്ചിട്ടു മടങ്ങിവരാമെന്നും പറഞ്ഞു് അശോകനാഥൻ മുറിക്കുപുറത്തിറങ്ങി ഒരു ഇട്ടങ്ങിയ വഴിയിൽക്കൂടി പ്രധാനമാർഗ്ഗത്തിൽ കയറിയ ഘട്ടത്തിലാണു് നിഷ്കളാനന്ദൻ കണ്ടുമുട്ടിയതു്.

ഏകനും നിരായുധനുമായ അശോകനാഥൻ നിഷ്കളാനന്ദന്റെ സായുധന്മാരായ എൺപതിൽപരം അനുചരന്മാരെ എതിർത്തു ജയിക്കാൻ സാധിച്ചില്ല. കാൽമണിക്കൂറിനുള്ളിൽ അശോകനാഥൻ ശത്രുക്കളാൽ ബന്ധിക്കപ്പെട്ടു. നിഷ്കളാനന്ദൻ ആനന്ദതുന്ദിലനായി സഹചരന്മാരോടു് ഇപ്രകാരം ആജ്ഞാപിച്ചു:—
"വീരന്മാരേ! കാപിലകകക്ഷിനേതാവായ അശോകനാഥനെ നാം ബന്ധിച്ചുകഴിഞ്ഞു. ഇനി നമുക്കു യാതൊന്നും ഭയപ്പെടാനില്ല.

ഇവനെ നിങ്ങൾ കൊല്ലരുത്. അംഗനാചുംബനത്തിന്റെ സുഖം ഇവനെ അനുഭവിപ്പിക്കണം. ദുർഗ്ഗാദേവിക്ക് അവസാന ബലി ഇവൻതന്നെ."

എല്ലാവരും അശോകനാഥനെയുംകൊണ്ടു, ദുർഗ്ഗാവിഗ്രഹത്തെ സ്ഥാപിച്ചിരിക്കുന്ന മുറിയെ സമീപിച്ചു. ആനന്ദൻ ഒരു പുത്താൻ താഴ്ത്തിയ മാത്രയിൽ പ്രവേശനദ്വാരത്തിന്റെ കതകുകൾ രണ്ടും തുറക്കപ്പെട്ടു. എല്ലാവരും ആ വിശാലമായ മുറിക്കുള്ളിൽ പ്രവേശിച്ചു. അശോകനാഥനെ ദുർഗ്ഗാവിഗ്രഹത്തിന്റെ മുമ്പിൽ കൊണ്ടുനിത്തി. കൊലമണി അടിക്കുന്ന ശബ്ദം കേട്ടു. ആ മുറിക്കകം ഒന്നു ചലിച്ചുതുടങ്ങി. അടുത്തക്ഷണം വിഗ്രഹത്തിന്റെ ഉദരം രണ്ടായിപ്പിളക്കപ്പെട്ടു. അശോകനാഥൻ യാതൊരു ചലനവും കൂടാതെ വിഗ്രഹത്തെ നോക്കിക്കൊണ്ടു നില്ക്കുകയാണു്. നിഷ്കുളാനന്ദൻ, വിഗ്രഹത്തിന്റെ ഉദരത്തിനുള്ളിൽ കാണപ്പെട്ട ഇരിമ്പോണികൾ ഓരോന്നിനെയും അശോകനാഥനു കൂടുതൽ കാണിച്ചു് പരിചയപ്പെടുത്തുന്നു. "ഇതു രണ്ടും കണ്ണിൽ തറയ്ക്കുന്നതാണു്; ഇതു് കണ്ണത്തിൽ തുളച്ചുകയറും; ഇതു് ഹൃദയസ്ഥാനത്തുകൊള്ളും, ഇതു നാഭിയെപ്പിളക്കും" ഇങ്ങനെ ഓരോന്നിനെയും പറഞ്ഞു പ്രസംഗിച്ചുകൊണ്ടു നില്ക്കുവേ, സിംഹിയെപ്പോലെ പെട്ടെന്നു മുറിയിൽകടന്ന അതിസുന്ദരിയായ ഒരു യുവതീരത്നം നിഷ്കുളാനന്ദനെ മുമ്പോട്ടൊരു തള്ളുകൊടുത്തു. നിഷ്കുളാനന്ദൻ തിരിഞ്ഞുനോക്കി സരസ്വതിയെ കണ്ടതും വിഗ്രഹത്തിന്റെ ഉദരത്തിനുള്ളിൽ പെട്ടതും ഒന്നിച്ചായിരുന്നു. ഇങ്ങനെ പ്രഭുകക്ഷിയിലെ ഒരു പ്രസിദ്ധനേതാവായ നിഷ്കുളാനന്ദന്റെ കഥകഴിഞ്ഞമാത്രയിൽ വെളിയിൽ കാത്തുനിന്നിരുന്ന അശോകനാഥന്റെ ഭടന്മാർ പൊടുന്നനവേ മുറിയിൽ കയറിയിരുന്നില്ലെങ്കിൽ, അശോകനാഥനെയും സരസ്വതിയേയും നിഷ്കുളാനന്ദന്റെ കൂട്ടുകാർ കണക്കിനു ശിക്ഷിക്കുമായിരുന്നു.

അടുത്ത മണിക്കൂറിൽ കല്പകക്കോട്ടയിലെ സ്ഥിതിക്കു വലുതായ മാറ്റം നേരിട്ടു. കോട്ടയ്ക്കകത്തു് ഉയർത്തപ്പെട്ടിരുന്ന രാജകക്ഷിയുടെ കൊടി താഴ്ത്തപ്പെട്ടു. പകരം ഉയർത്തപ്പെട്ട സ്വതന്ത്രകക്ഷികളുടെ കൊടി കാറ്റത്തു പറക്കുന്നതു നിലാവെളിച്ചത്തിൽ തെളിഞ്ഞുകാണുന്നു. കാപിലികകക്ഷി പല പ്രകാരത്തിലുള്ള ആഹാരസാധനങ്ങളും ലോഭമില്ലാതെ കോട്ടയ്ക്കകത്തു വരുത്തി, ക്ഷാമംനീക്കി രാജകക്ഷിയിലെ നേതാക്കന്മാർ എല്ലാവരും തടവിൽ കിടക്കുന്നു. സരസ്വതിയെ പ്രത്യേകം ഒരു മുറിയിൽ തടവിലിട്ടിരിക്കയാണു്. എന്നാൽ നിഷ്കുളാനന്ദനിൽ പകവീട്ടാൻ സംഗതിയായതിലുള്ള ചാരിതാർത്ഥ്യം അവളെ കുതൂഹലചിത്തയാക്കിത്തീർത്തു.

അശോകനാഥൻ, ഉദയസേനനെ തന്റെ മുമ്പിൽ വരുത്തി സബഹുമാനം ആസനം നല്കി ഇരുത്തിയതിനുശേഷം, പ്രഭുവിനെ സമ്യാദം അഭിസംബോധനംചെയ്തുകൊണ്ടു പറഞ്ഞതാവിതു്:— "താങ്കളെ ഇപ്പോൾ ഇവിടെ വരുത്തുന്നതിനുണ്ടായ കാരണം അറിയിക്കാം. നിങ്ങൾ പല പ്രകാരത്തിലുള്ള കുറ്റങ്ങൾ ചെയ്തിട്ടുണ്ടു്. അവ അക്ഷന്തവ്യങ്ങളായ വിധത്തിൽ നിഷ്ഠുരങ്ങളും കഠിനങ്ങളുമാണു്. അതിലേക്കു് വിധിക്കേണ്ടതായ ശിക്ഷ മരണദണ്ഡമാണു്. എന്നാൽ ഞാൻ അതു ചെയ്യുന്നില്ല. ജീവപര്യന്തം തടവിൽ പാർപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു. മേലാൽ നിങ്ങൾ കാപിലകകക്ഷിക്കു വിരോധമായും ജനോപദ്രവപരമായും യാതൊരു തെറ്റും ചെയ്യാതിരിക്കുന്നതിനായി അപ്രകാരം ശിക്ഷിക്കുന്നുവെന്നല്ലാതെ നിങ്ങളെ അവമാനിക്കണമെന്നോ ഉപദ്രവിക്കണമെന്നോ എനിക്കു് ഉദ്ദേശമില്ല. നിങ്ങളുടെ അന്തസ്സിനു തക്ക സൗകര്യങ്ങളെല്ലാം തടവിൽ ഏർപ്പെടുത്തുന്നതാണു്.

ഉദയസേനൻ:—നിങ്ങൾ എനിക്കു മരണശിക്ഷ വിധിക്കുന്നില്ലെന്നു വച്ചു നിങ്ങളുടെ ഔദാര്യത്തെ ഞാൻ ബഹുമാനിക്കുന്നില്ല

അശോകനാഥൻ:—ഇത്ര വേഗത്തിൽ നന്ദി മറന്നു സംസാരിക്കാൻ പാടില്ല. നിങ്ങൾ ധരിക്കേണ്ടതായി ഇനിയും പല സംഗതികളുണ്ടു്. നിങ്ങൾ രണ്ടാമതു് വേൾക്കപ്പെട്ട സ്ത്രീ ഇരുപത്തിരണ്ടുകൊല്ലങ്ങൾക്കു മുമ്പു കാലധർമ്മം പ്രാപിച്ചതായി നിങ്ങൾ പറഞ്ഞു പരത്തിയില്ലേ?

ഉദയസേനൻ:—(സസംഭ്രമം) എന്തു്? അവളെപ്പറ്റി നിങ്ങൾക്കു് എന്തറിയാം?

അശോ:—പരിഭ്രമിക്കേണ്ട, ആ സ്ത്രീ ഒരു മണിക്കൂറിനു മുമ്പുവരെ ജീവിച്ചിരുന്നു.

ഉദയസേനൻ നിമിഷനേരത്തേക്കു പ്രജ്ഞയില്ലാതെ നിന്നുപോയി. അനന്തരം അടുത്തുനിന്നിരുന്ന ചാരഭടനെ നോക്കി:— "താൻ എന്നെ വഞ്ചിച്ചു, അല്ലേ? അതേ, ഞാൻ ഇപ്പോൾ കേട്ടതു പരമാർത്ഥമാണു്. വിജയസേനന്റെയും പദ്മാവതിയുടെയും വിവാഹം നടക്കാതെ തടുത്തതു് അവർതന്നെ. ഹാ! ഒരു സംഗതി ഇപ്പോൾ എന്റെ ഓർമ്മയിൽ വരുന്നു. അതേ, അതേ, കാപിലകനേതാവേ! എന്റെ ഭാര്യയുടെ ജാരപുരുഷൻ നിങ്ങൾതന്നെയായിരുന്നു" എന്നുപറഞ്ഞു.

അശോകനാഥൻ:—അല്ല, ഞാൻ നിങ്ങളുടെ ഭാര്യയുടെ ജാരനല്ല. നിങ്ങൾ ആ സ്ത്രീയെ വിവാഹം ചെയ്യുന്നതിനുമുമ്പു ഞങ്ങൾ തമ്മിൽ ഭാര്യാഭർത്തൃനിലയിൽ ഗാഢമായി സ്നേഹിച്ചിരുന്നു. ഞങ്ങളുടെ ബാഹ്യമായ വിവാഹച്ചടങ്ങുകൾക്കു അവളുടെ

ഗുരുജനങ്ങൾ അനുവദിക്കുമെന്നു വിശ്വസിച്ചതുകൊണ്ടു ഞങ്ങൾ ഗാന്ധർവ്വവിവാഹംനടത്തി ഭാര്യാഭർത്തൃനിലയിൽ കഴിഞ്ഞുവന്നു. എന്നാൽ അവളെ നിങ്ങൾ വിവാഹം ചെയ്തതിനുശേഷം ഇന്നത്തേക്കു മുമ്പു ഞാൻ അവളെ ഒരു പ്രാവശ്യം കാണുകമാത്രം ചെയ്തിട്ടുണ്ടു്. ആ കാഴ്ചയിൽ ഞാൻ അവളെ പരസ്ത്രീയുടെ സ്ഥാനത്താണു കരുതിയതു്. പരസ്ത്രീകളുമായി ഞാൻ ഒരിക്കലും സംസർഗ്ഗംചെയ്യുകയില്ല. അതുകൊണ്ടാണു ഞാൻ നിങ്ങളുടെ ഭാര്യയുടെ ജാരനായിരുന്നില്ലെന്നു പറയുന്നതു്.

ഉദയ:—അങ്ങനെയൊ? ഞാൻ അവളെ വിവാഹം ചെയ്തതിനുശേഷം അവൾ തെറ്റു ചെയ്തിട്ടില്ലെ? എന്നാൽ എന്റെ ശിക്ഷ അകാരണമായിട്ടുള്ളതായിരുന്നു. ഞാൻ വിവാഹം ചെയ്യുന്നതിനുമുമ്പു് അവൾ മറ്റൊരു പുരുഷനുമായി ക്രീഡിക്കഴിഞ്ഞിരുന്ന വസ്തുത ഞാൻ ധരിച്ചിരുന്നു. അതിനെ ക്ഷമിച്ചിട്ടാണു വിവാഹം ചെയ്തതു്.

ഈ അവസരത്തിൽ ഒരു ഭടൻ ഓടിവന്നു്, വിജയസേനൻ മരിച്ചുപോയി എന്നും, തടവുചാടി ഓടാൻ ഭാവിച്ചപ്പോൾ പാറാക്കാരൻ തോക്കൊഴിച്ചതിനാൽ മരണം സംഭവിച്ചതാണെന്നും അശോകനാഥനെ അറിയിച്ചു.

"അഹോ! എന്റെ ഏകപുത്രൻ മരിച്ചുവോ? പരമാർത്ഥം അന്വേഷിക്കാതെ ഭാര്യയെ നിഗ്രഹിച്ചതിനു്, അഥവാ, മരണത്തേക്കാൾ കഠിനമായ ശിക്ഷ അനുഭവിപ്പിച്ചതിനു ഭഗവാന്റെ ശിക്ഷയാണിതു" എന്നു് ഉദയസേനപ്രഭു പറഞ്ഞു.

* * * * *

കല്പകക്കോട്ടയിൽ അസാധാരണമായ സംഭവങ്ങൾ എന്തൊക്കെയോ നടന്നിരിക്കണമെന്നു്, അന്യന്മാരിൽ നിന്നും താൻ കേട്ട വർത്തമാനങ്ങളെക്കൊണ്ടു, ചന്ദ്രഹാസപ്രഭു ഊഹിച്ചു. രാജകക്ഷി നിർദ്ദോഷം പരാജിതമായി എന്നും അശോകനാഥൻ സ്വരാജ്യക്കൊടി ഉയർത്തിക്കഴിഞ്ഞു എന്നും അദ്ദേഹത്തിനു് അറിവുകിട്ടി. തന്നിമിത്തം തന്റെ കൈവശമുള്ള ധനമെല്ലാം ഒന്നിച്ചെടുത്തും കൊണ്ടു വിദേശങ്ങളിൽ എവിടെയെങ്കിലും ചെന്നു ജീവിക്കയല്ലാതെ സ്വദേശത്തു താമസിക്കുന്നതു് അപകടമാണെന്നു പ്രഭു നിശ്ചയിച്ചു. ആ അവസരത്തിൽ കല്പകക്കോട്ടയിൽനിന്നും ഒരു ദൂതൻ വന്നു് അശോകനാഥന്റെ മുദ്രവച്ച ഒരു എഴുത്തു അദ്ദേഹത്തിന്റെ കൈയിൽകൊടുത്തു. പ്രഭു ഭീതിയോടുകൂടി കത്തു പൊളിച്ചു് ഇങ്ങനെ വായിച്ചു:—

"ബഹുമാനപ്പെട്ട ചന്ദ്രഗുപ്തപ്രഭു അവർകൾക്ക്, അത്യാവശ്യമായി ചില പ്രധാന സംഗതികളെക്കുറിച്ചു നേരിൽക്കണ്ടു സംസാരിക്കേണ്ടതായിട്ടിരിക്കുന്നതിനാൽ, ദയചെയ്തു ഈ കത്തു കിട്ടിയാലുടൻ കല്പകക്കോട്ടയിൽ വന്നുചേരണമെന്നു അപേക്ഷിക്കുന്നു. അപ്രകാരം പ്രവർത്തിക്കുന്നതുകൊണ്ടു താങ്കളുടെ ശരീരത്തിനോ ജീവനോ യാതൊരു കേടും നേരിടുന്നതല്ലെന്നു ദൃഢമായി വിശ്വസിക്കണം.

എന്നു് ഭവദീയൻ അശോകനാഥൻ.

പ്രഭു ഒരിക്കൽക്കൂടി കത്തു വായിച്ചുനോക്കി. കുറേനേരം ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. അനന്തരം അശോകനാഥൻ, പറഞ്ഞവാക്കിനെ, തെറ്റിക്കുന്നവനോ ചതിയനോ അല്ലെന്നു തീർച്ചപ്പെടുത്തിക്കൊണ്ടു ദൂതനുമൊന്നിച്ചു കല്പകക്കോട്ടയിലേക്കു പുറപ്പെട്ടു. കല്പകക്കോട്ടയിലെ സകല സംഭവങ്ങളും യാത്രയിൽ ദൂതൻ മുഖേന പ്രഭു ശ്രദ്ധിച്ചു.

ചന്ദ്രഗുപ്തപ്രഭുവിനെ അശോകനാഥൻ എഴുന്നേറ്റു ചെന്നു് എതിരേറ്റുകൊണ്ടുവന്നു് ആസനം നൽകിയിരുത്തി. അനന്തരം പ്രഭു, അശോകനാഥൻ, ചാരുദത്തൻ, ഉദയസേനൻ, അംബിക ഇവർ തമ്മിൽ ദീർഘമായ ഒരു സംഭാഷണം നടത്തി. കാര്യമായ ആ സംഭാഷണത്തിലെ അധികഭാഗവും ഗൗതമിയെക്കുറിച്ചായിരുന്നു. ഓരോരുത്തരുടെയും സംഭാഷണത്തിൽനിന്നും ഗൗതമിയുടെ നാതിസംക്ഷേപമായ ഒരു ജീവചരിത്രം നമുക്കു കിട്ടുന്നതാണു്. അതിന്റെ ഒരു ചുരുങ്ങിയ വിവരണം അടിയിൽ ചേർക്കയല്ലാതെ ദീർഘമായ അവരുടെ സംഭാഷണത്തെ ഉദ്ധരിക്കാൻ പ്രയാസമുണ്ടു്.

സുമാർ ഇരുപത്തി ആറുകൊല്ലങ്ങൾക്കുമുമ്പു് ചന്ദ്രഗുപ്തപ്രഭുവിന്റെ പിതാവു മരിച്ചു. അക്കാലത്തു പ്രഭുവിനു് ഇരുപതുവയസ്സുപ്രായമാണു് പ്രഭുവിന്റെ സഹോദരിയായി ഗൗതമി എന്നൊരു പെൺകുട്ടിയുണ്ടായിരുന്നു. അന്നു പതിനഞ്ചു വയസ്സുമാത്രം പ്രായമുള്ള ആ പെൺകുട്ടിയാണു് നിലവറയിലെ മനസ്വിനി—അഥവാ ശ്രുതസേതപം—ആയ ഗൗതമി. ഗൗതമി ചെറുപ്പത്തിലേ സുശീലയായിരുന്നു. ഗൃഹത്തിലുള്ള ഭൃത്യന്മാരോടും മറ്റും സ്നേഹപൂർവ്വം അവൾ പെരുമാറിവന്നു. ആ ഭൃത്യന്മാരുടെ കൂട്ടത്തിൽ വിശോകനാഥൻ എന്നൊരുഭൃത്യൻകൂടി ഉണ്ടായിരുന്നു. ഇപ്പോൾ അശോകനാഥൻ എന്ന പേരിൽ കാശ്മീരത്തിലെ സ്വതന്ത്രകക്ഷിനേതാവായിത്തീർന്നിരിക്കുന്ന വിശോകനാഥൻ അന്നു സുന്ദരനായ ഒരു യുവാവായിരുന്നു. വയസ്സു് പതിനേഴുമാത്രം:

ഗൗതമി അവനെ അതിയായിസ്നേഹിച്ചുപോന്നു വിശോകനാഥനു് അവളിലും അതിരറ്റസ്നേഹം ഉണ്ടായിരുന്നു. കാലാന്തരത്തിൽ രണ്ടുപേരുടേയും സ്നേഹം രാഗമായി പരിണമിച്ചു അതിന്റെ ഫലമായി ഗൗതമി ഗർഭം ധരിച്ചു. ഇനി എത്രകാലം മറച്ചുവയ്ക്കാൻകഴിയും ഒരുദിവസം അവർ തന്റെ മാതാവിനെ വസ്തുത ഗ്രഹിപ്പിച്ചു മാതൃമല്ല, വിശോകനാഥനു് തന്നെ വിവാഹം ചെയ്തുകൊടുക്കണമെന്നു അപേക്ഷിക്കുകയുംചെയ്തു. ആ മാതാവു് ഗത്യന്തരമില്ലാഴികയാൽ തന്റെ പുത്രിയുടെ തെറ്റിനെ ക്ഷമിച്ചുവെങ്കിലും തന്റെ കുടുംബത്തിന്റെ അന്തസ്സിനെയും പ്രഭുത്വത്തെയും അവഗണിച്ചു വിശോകനാഥനു മകളെ വിവാഹംചെയ്തുകൊടുക്കാൻ തയ്യാറില്ലെന്നു ശഠിച്ചു അതിനുംപുറമേ, ആ സ്ത്രീ തന്റെ പുത്രനായ ചന്ദ്രഗുപ്തനെ, ഗൗതമിയെസംബന്ധിച്ച വിഷയം ധരിപ്പിക്കുകയും വിശോകനാഥനെ വേലയിൽനിന്നും മാറ്റിക്കുടിയ ശിഷ്ടത്തിൽ ഒരു ഭർത്താവിനെ അന്വേഷിക്കണമെന്നു നിർബന്ധിക്കുകയുംചെയ്തു. മാതാവിന്റെ കല്പനപ്രകാരം മകൻ പ്രവർത്തിച്ചു; വിശോകനാഥനെ ജോലിയിൽനിന്നും വിടർത്തി. ആ നാട്ടിൽ കണ്ടുപോകരുതെന്നു ശട്ടംകെട്ടി അയച്ചു. ഇങ്ങനെയിരിക്കെ, ഉദയസേനപ്രഭു ഗൗതമിയെ വിവാഹംചെയ്തരണമെന്നു അവളുടെ അമ്മയെക്കണ്ടു ആവശ്യപ്പെട്ടു. അതിനു് ആ അമ്മ, തന്റെ പുത്രിക്കു് ഇങ്ങനെ ഒരു അപകടംനേരിട്ടുപോയി എന്നും, അതു പരസ്യമാക്കാതെ അവളുടെ മാനത്തെ രക്ഷിക്കാമെന്നുണ്ടെങ്കിൽ വിവാഹംചെയ്തരാമെന്നും സമ്മതിച്ചു. ഗൗതമിയുടെ അനന്യസുലഭമായ സൗന്ദര്യവും അവളുടെ കുടുംബത്തെ പണപ്പെരുപ്പും കണ്ടു വ്യാമോഹിച്ചു് ഉദയസേനനു അതിനോടനുകൂലിച്ചു. എന്നാൽ ഗൗതമി ഈ വിവാഹത്തിനു സമ്മതിച്ചില്ല.

ഗൗതമിയുടെ ഗർഭത്തിനു് ഒൻപതുമാസത്തെ വളർച്ചയായി. പത്താംമാസത്തിൽ വിശ്വസ്തയും സമർത്ഥയുമായ ഒരു സൂതികമ്മിണിയുടെ സഹായത്തോടുകൂടി പ്രസവം നടന്നു. അതിമനോഹരയായ ഒരു സ്ത്രീപ്രജയെയാണു് ഗൗതമി പ്രസവിച്ചതു്. പ്രസവിച്ചമാത്രയിൽതന്നെ ശിശുവിനെ രഹസ്യമായി വളർത്തുന്നതിനു ചാരുദത്തനെ ഏല്പിച്ചു. ഗൗതമിക്കു ഗർഭംധരിച്ചതും പ്രസവിച്ചതുമായ വിവരങ്ങൾ, അവർക്കും അവളുടെ മാതാവു്, സഹോദരൻ ചാരുദത്തൻ, ഉദയസേനപ്രഭു, സൂതികമ്മിണി ഇവർക്കും മാത്രമേ അറിഞ്ഞുകൂടൂ. ചാരുദത്തൻ, ശിശുവിനെ ചന്ദ്രഗുപ്തപ്രഭുവിന്റെ വനംസൂക്ഷിപ്പുകാരനായ ചിത്രസേനനെ ഏൽപ്പിച്ചു. എന്നാൽ ശിശുവിന്റെ വസ്തുസ്ഥിതി അയാളെ ധരിപ്പിക്കുകയുണ്ടായില്ല.

ഗൗതമിയുടെ പ്രസവം നടന്നു് ആറുമാസം കഴിഞ്ഞതിനു ശേഷം വിവാഹവിഷയം വീണ്ടും ആലോചനയിലെടുത്തു. എതു വിധമെങ്കിലും ഗൗതമിയെ വിവാഹംചെയ്യണമെന്നു് ഉദയസേനൻ നിശ്ചയിച്ചു അയാൾക്കുതന്നെ ഗൗതമിയെ കൊടുക്കണമെന്നു് അവളുടെ അമ്മയ്ക്കും സഹോദരനും നിർബന്ധം നേരിട്ടു. അവളുടെ ചാരിത്ര്യത്തെസംബന്ധിച്ചു് ഒരപവാദമായി അന്യർക്കു വ്യാഖ്യാനിക്കാൻ വകയുള്ളസംഭവം ഉദയസേനൻ അറിഞ്ഞുപോയതുകൊണ്ടു്, അയാൾക്കുതന്നെ വിവാഹംചെയ്തുകൊടുക്കുകയല്ലാതെ വേറെ രൊളിനു കൊടുത്താൽ അയാൾ ശത്രുവായിനിന്നു് അപവാദംപരത്തുമെന്നുള്ള ഭയമാണു് അവരുടെ നിർബന്ധത്തിനു മുഖ്യകാരണം. തന്നിമിത്തം അവർ ഗൗതമിയെ കഴിയുന്നത്ര ഗ്രണദോഷിക്കുകയും ശാസിക്കുകയുംചെയ്തു. അവൾ ഒരുപ്രകാരത്തിലും അവർക്കുവഴിപ്പെട്ടില്ല. "ഞാൻ എന്റെ ഹൃദയത്തെയും ശരീരത്തെയും എന്റെ അരുമക്കഞ്ഞിന്റെ അച്ഛനു ദത്തംചെയ്തു. ഇനി നിങ്ങളുടെ നിർബ്ബന്ധപ്രകാരം ഞാൻ വരിക്കേണ്ടതായ പുരുഷനു നൽകാൻ വേറേ ഹൃദയവും വേറേ ശരീരവും എനിക്കില്ല" എന്നാണു് അവൾ പറഞ്ഞുവന്ന സമാധാനം. ഒടുവിൽ അവളുടെ അരുമസന്താനം അന്തരിച്ചുപോയിഎന്നും, വിശോകനാഥൻ യുദ്ധക്കളത്തിൽ മരിച്ചുപോയി എന്നും അവളുടെ മാതാവു് അവളെ ധരിപ്പിച്ചു. ഹൃദയത്തെ രണ്ടു പഴുപ്പിച്ച നാരാചങ്ങളെപ്പോലെ തുളയ്ക്കുന്ന ആ വർത്തമാനം അവളെ പ്രജ്ഞാരഹിതയാക്കി നിലത്തു വീഴിച്ചു. സുബോധം ഉണ്ടായപ്പോൾ നെഞ്ഞത്തടിച്ചും തൊഴിച്ചും വാവിട്ടുനിലവിളിച്ചു നരകയാതനയെ അനുഭവിപ്പിക്കുന്ന ആ വാർത്തകളെ താൻ വിശ്വസിക്കുന്നില്ലെന്നു അവൾ പറഞ്ഞു. അതു കേട്ടു അവളുടെ മാതാവു് കൂട്ടിമരിച്ച സംഗതി ചാരുദത്തനിൽ നിന്നും അറിവുകിട്ടിയെന്നും വിശോകനാഥന്റെ മരണത്തിനു രേഖയുണ്ടെന്നും പറഞ്ഞു തുക്കിരാജ്യത്തുനിന്നും വന്ന ഒരു കത്തു് അവളുടെ കൈയിൽ കൊടുത്തു. അക്കത്തിൽ, "തുക്കിയും രോമപുരിയുമായിനടന്ന ഒരു യുദ്ധത്തിൽ കാശ്മീരരാജ്യക്കാരനായ വിശോകനാഥൻ എന്നൊരു സമർത്ഥനായ യോദ്ധാവും അയാളുടെ നാട്ടുകാരായ മറ്റു പലരും മരിച്ചുപോയി" എന്നു് എഴുതിയിരുന്നു. ചാരുദത്തൻ സത്യസന്ധനും യോഗ്യനുമാണെന്നു ഗൗതമിക്കറിയാം. അതുകൊണ്ടു ശിശു മരിച്ചവിവരം അയാളിൽനിന്നും അറിവുകിട്ടിഎന്നു മാതാവു പറഞ്ഞതിനെ അവൾ വിശ്വസിച്ചു. വിശോകനാഥന്റെ മരണത്തിനു് ഈ രേഖയെക്കാൾ വലിയ തെളിവു വേണമെന്നില്ലല്ലോ. അവളുടെ സകല സംശയങ്ങളും തീർന്നു. തന്റെ ഓമനക്കുഞ്ഞും അതിന്റെ പ്രിയപിതാവും കാലധർമ്മം

പ്രാപിച്ചു എന്നു് അവൾ ദൃഢമായി വിശ്വസിച്ചു ഒരു പുതിയ ഉണർവും ധൈര്യവും സമാധാനവും അവളെ ബാധിച്ചു. "അമ്മേ! എന്റെ പ്രിയമാതാവേ! എന്നെ ഈ ലോകത്തോടു ദൃഢമായി ബന്ധിച്ചിരുന്ന ചങ്ങലകൾ രണ്ടും പൊട്ടി. ഈ നിമിഷംമുതൽ ഞാൻ സ്വതന്ത്രയാണു്. എന്നെ ഇനി വിവാഹ വിഷയത്തിൽ നിർബ്ബന്ധിക്കരുതു്. എന്റെ കുഞ്ഞി നെയും ഭർത്താവിനെയും ഈശ്വരസന്നിധിയിൽവച്ചു ഞാൻ കണ്ടു കൊള്ളാം" എന്നവൾ തീർത്തുപറഞ്ഞു.

മാസം ആറു പിന്നെയും കഴിഞ്ഞു. ഗൗതമിയുടെ മാതാവു രോഗശയ്യയിൽ വീണു രോഗം ശമിക്കയില്ലെന്നു വിശ്വസിക്കത്തക്ക നിലയിലായി. മരണം അടുത്തു. ഈ ഘട്ടത്തിൽ ആ മാതാവു തന്റെ ഏകപുത്രി ഗൗതമിയെ അരികിൽവിളിച്ചു് "മകളേ! ഓമനേ! ഗൗതമീ! ഇതാ നിന്റെ അമ്മ എന്നെന്നേക്കുമായി നിന്നെ പിരിഞ്ഞുപോകുന്നു എന്റെ ജീവിതശേഷം ഇനിയും കാൽനാഴിക ഉണ്ടോ എന്നു സംശയമാണു്. നിന്റെ വിവാഹ സംബന്ധമായ വിഷാദഭാരവും വഹിച്ചുകൊണ്ടു എന്റെ ജീവൻ പോകുന്നതു നിനക്കു സമ്മതമാണോ? ഉദയസേനപ്രഭുവിനെ വിവാഹംചെയ്യാമെന്നു നീ സമ്മതിക്കുക! മനസ്സമാധാനത്തോടും സന്തോഷത്തോടുംകൂടി എന്റെ ജീവൻ പോകട്ടെ! അന്ത്യഘട്ട ത്തിൽ എന്നെ ബാധിച്ചിരിക്കുന്ന ഈ ആഗ്രഹത്തെ നീ സാധിക്ക കയില്ലേ?" എന്നു ദയനീയമാംവണ്ണം അപേക്ഷാരൂപേണ മോഹ്യം ചെയ്തു. ഗൗതമിയാകട്ടെ യാതൊരു ചലനവും കൂടാതെ, "അമ്മേ! അമ്മ അതിനെക്കുറിച്ചുഖേദിക്കണ്ടാ. ഉദയസേനപ്രഭു എന്നെ വിവാഹംചെയ്തുകൊള്ളട്ടെ! ഞാൻ പൂർണ്ണമനസ്സോടെ സമ്മതി ക്കുന്നു എന്നു സധൈര്യം പറഞ്ഞു. ഹാ! ആ മാതാവിന്റെ മുഖ കമലത്തെ, ഗൗതമീവദനസൂര്യന്റെ വചോരശ്മിവികസിതമാക്കി ച്ചെയ്തു. ആ അമ്മയുടെ അന്ത്യശ്വാസവുമടങ്ങി.

ഉദയസേനൻ ഗൗതമിയെ വിവാഹംചെയ്തു കല്പകക്കോട്ടയി ലേയ്ക്കു കൊണ്ടുപോയി. എന്നാൽ അയാൾക്കു ഗൗതമിയുമായി ഭാര്യാഭർത്തൃനിലയിൽ ക്രൂടിക്കഴിയാൻ സാധിക്കുന്നില്ലെന്നവന്നു. അതിലേയ്ക്കു് അവൾ വിസമ്മതംപ്രകടിപ്പിച്ചു. തന്റെ ശരീരത്തെ സ്പർശിക്കാൻ പാടില്ലെന്നു അവൾ തീർത്തുപറഞ്ഞു. മാതാവിന്റെ അന്ത്യശാസനംവിവാഹത്തിനു സമ്മതിക്കുകഎന്നായിരുന്നു. ഞാൻ ആ ശാസനത്തെ ശിരസാവഹിക്കുകയുംചെയ്തു; അതിനപ്പുറ മൊന്നും സാധിക്കുന്നതല്ല. ഇതായിരുന്നു അവളുടെ സമാധാനം.

ഇങ്ങനെകഴിഞ്ഞുവരവേ, ഒരുദിവസം സായംകാലത്തിൽ ഉദയസേനന്റെ മാളികവളപ്പിനു വെളിയിലുള്ള ഉദ്യാനത്തിൽ

ഗൗതമി ഇളങ്കാറ്റു് ഏല്ക്കാനായി പോയിരുന്നു. അവൾ അവിടെ അങ്ങിങ്ങു ഉലാത്തിക്കൊണ്ടുനില്ക്കുമ്പോൾ ദീർഘയാത്രകൊണ്ടു ക്ഷീണിച്ചു ദൃഢഗാത്രനും കോമളനുമായ ഒരുയുവാവു് ഉദ്യാനത്തിന്റെ അതിർത്തിയിലുള്ള റോഡിൽക്കൂടി കുതിരപ്പുറത്തുപോകുന്നതു കണ്ടു. ഗൗതമി ആ യുവസുന്ദരനെ സൂക്ഷിച്ചുനോക്കി; യുവാവു് അവളെയും ഉറ്റുനോക്കി. രണ്ടാളുകളുടെയുംകണ്ണുകൾ തമ്മിലിടഞ്ഞു. ഉത്തരക്ഷണത്തിൽ വിശോകനാഥനായ ആ യുവാവു് കുതിരപ്പുറത്തുനിന്നും കുതിച്ചു് അവളുടെ സമീപത്തിലെത്തി. രണ്ടുപേരുടേയും കരങ്ങൾ രണ്ടുശരീരങ്ങളെയും വരിഞ്ഞുമുറുക്കി രണ്ടാളുടെയും അധരോഷ്ഠങ്ങൾ തമ്മിലുരസി. ആ നിലയിൽ സമയം ഒട്ടുകടന്നു. "മാന്യേ! ജീവനാഥേ! പ്രിയപ്പെട്ട ഗൗതമീ! ഭവതി ഇവിടെ നില്ക്കാൻ കാരണമെന്തു്? നാം തമ്മിൽ വേർപെടുമ്പോൾ ഭവതിക്കു ഗർഭം ഉണ്ടായിരുന്നുവല്ലോ! എന്റെ ഓമനക്കുഞ്ഞെവിടെ?" എന്നിങ്ങനെ വിശോകനാഥൻ ആ രമണീയമായ ഉദ്യാനത്തിലെ പ്രശാന്തതയെ ഭഞ്ജിച്ചു. ഗൗതമി വാവിട്ടുനിലവിളിച്ചുകൊണ്ടു "പ്രാണനാഥ! ഞാൻ ഇപ്പോൾ അങ്ങയുടെ ഗൗതമിയല്ല. എന്റെ മാതാവിന്റെ മരണശാസനത്തിനു് അധീനയായി, ഈകല്പകക്കോട്ടയിലെ പ്രഭുവായ ഉദയസേനൻ എന്ന പുരുഷനെ വരി....." എന്നു പറഞ്ഞു വാക്യം അവസാനിപ്പിക്കുംമുമ്പു വിശോകനാഥനവളുടെ ശരീരസ്പർശത്തിൽനിന്നും ഒഴിഞ്ഞുമാറി കോപത്തീപ്പൊരിപറക്കുന്ന കണ്ണുകളാൽ അവളെ ഉറ്റുനോക്കി, "ദുഷ്ടേ! ചാരിത്ര്യത്തെ നശിപ്പിച്ച കലടേ! നിന്റെ ശരീരസ്പർശത്താൽ ഞാൻ പാപത്തെ സമ്പാദിച്ചുവല്ലോ! പരസ്ത്രീസ്പർശനപാപം എന്നെ ബാധിക്കാനിടയാക്കിയ ഹേ! അധമസ്ത്രീയേ! നിന്നെ ഈ നിമിഷത്തിൽ എന്റെ കരവാളത്തിനു് ഊണാക്കുന്നുണ്ടു്" എന്നിങ്ങനെ ഗർജ്ജിച്ചുകൊണ്ടു വാളൂരി ഉയർത്തിപ്പിടിച്ചു. ഗൗതമി അതുകണ്ടു, വിഷാദഭാരത്തെ തുക്കി കണ്ണുനീർതുടച്ചു് സധൈര്യം ഓടി മുമ്പോട്ടുനിന്നിങ്ങനെ പറഞ്ഞു:—"പ്രാണനാഥ! അങ്ങയുടെ കൈകൊണ്ടുമരിക്കേണ്ടവളാണു ഞാൻ. എന്നാൽ മരിക്കുംമുമ്പു് അങ്ങയുടെ തെറ്റിദ്ധാരണയെ നീക്കേണ്ടകടമകൂടി എനിക്കുണ്ടു്. ഉദയസേനപ്രഭു എന്നെ വിവാഹം ചെയ്യുന്നതിനു ഞാൻ വിസമ്മതം പ്രകടിപ്പിക്കുതന്നെ മരണശയ്യയിൽ കിടക്കുമ്പോൾ എന്നെ, പ്രിയജനനി—എന്റെ അശുഭമായ ജീവിതഭാവിക്കു കാരണഭൂതയെന്നിരുന്നാലും എന്റെ ഭക്തിബഹുമാനാദരങ്ങളെ അർഹിക്കുന്ന ആ അമ്മ ഉപദേശിച്ചു. ആ ഉപദേശത്തെ ആദരിച്ചു ഞാൻ ഉദയസേനപ്രഭുവിന്റെ വിവാഹകർമ്മത്തിനു് അനുകൂലിച്ചു വിവാഹംകഴിഞ്ഞു് ഇവിടെവന്നിട്ടു മാസം ഒന്നിനുമേലായി. എന്നാൽ നാളതുപര്യന്തം

എന്റെ ശരീരത്തെ സ്പർശിക്കാൻ അനുവദിച്ചിട്ടില്ല. ഇനി ഈ ജന്മം അനുഭവിക്കുന്നതുമല്ല. അമ്മയുടെ അന്ത്യശാസനം വിവാഹത്തിനു സമ്മതിക്കുക എന്നായിരുന്നു; അതനുസരിച്ചു സമ്മതിക്കുകയുംചെയ്തു ഉദയസേനപ്രഭുവുമായി ഭാര്യാഭർത്തൃഭാവേന കഴിയുക എന്നുള്ളതുതന്നെ. അമ്മയുടെ അന്ത്യശാസനത്തിൽ ഉൾപ്പെട്ട വിഷയമല്ല. അതുകൊണ്ടു ഞാൻ പ്രഭുവിനെ ഭർത്തൃഭാവേന സ്വീകരിക്കാതിരിക്കുന്നു. മാന്യരേ, ഇക്കാരണത്താൽ ഞാൻ ഉദയസേനപ്രഭുവിന്റെ കളത്രമല്ല. ഈ നില്ക്കുന്ന പുരുഷരത്നത്തിനു ഞാജീവനാന്തം കടപ്പെട്ട പ്രിയപത്നിയാണു്. ഒരു സംഗതിക്കൂടി പറവാനുണ്ടു്. ജീവേശ! അങ്ങു് അന്തരിച്ചുപോയതായി വിശ്വാസയോഗ്യമായ ഒരു എഴുത്തു് എന്റെ മാതാവു് എന്നെക്കാണിച്ചു. ഞാൻ അതു വിശ്വസിക്കുകയും ചെയ്തു. ആ നിമിഷംമുതൽ ഞാൻ ഈ ലോകത്തിൽ മരണപര്യന്തം നരകയാതന അനുഭവിക്കേണ്ടവളായി വന്നുകൂടി. ആ സ്ഥിതിയിൽ മാതാവിന്റെ അന്ത്യശാസനത്തെ ആദരിച്ചു തജ്ജന്യമായ വിഷാദത്തേയും അനുഭവിക്കാമെന്നു നിശ്ചയിച്ചു വിവാഹകർമ്മത്തിനു അനുകൂലിച്ചതാണു്; ഇതു പരമാർത്ഥം. ഇനി ഖഡ്ഗം എന്റെ കഴുത്തിനുനേരേ താഴട്ടെ! മടിക്കേണ്ട."

വിശോകനാഥൻ വാഹം ഉറയിലിട്ടു അവളെ പലവുരു പാദംമുതൽ ശിരസ്സുവരെ മന്ദമന്ദം വീക്ഷിച്ചു. ഞാൻ ഭവതിയുടെ ഗൃഹത്തിൽനിന്നും പിരിഞ്ഞതിനുശേഷം തുക്കി രാജ്യത്തുചെന്നു പട്ടാളത്തിൽചേർന്നു. ആ അവസരത്തിൽ തുക്കിയും രോമപുരിയുമായി നടന്നുവന്ന യുദ്ധത്തിൽ എന്നേക്കൂടി അയച്ചിരുന്നു അതിൽ ഞാൻ കാണിച്ച യുദ്ധസാമർത്ഥ്യത്താൽ എനിക്കു ഒരു ഉപസേനാധിപത്യം ലഭിക്കാനിടയായി. അന്നു ഞാൻ ഭവതിയുടെ സഹോദരന്റെ പേക്ഷ ഭവതിയുടെയും, ഞാൻ പിരിഞ്ഞുപോകുമ്പോൾ ഗർഭവതിയായിരുന്ന ഭവതി പ്രസവിച്ചിട്ടുണ്ടെങ്കിൽ ആ ശിശുവിന്റെയും ക്ഷേമത്തിനു് ആശംസിച്ചുകൊണ്ടു് ഒരു കത്തയച്ചിരുന്നു. ആ എഴുത്തടച്ചുവന്ന ക്ഷുദ്രൻ, ഞാൻ മരിച്ചുപോയതായി ഭവതി വിശ്വസിക്കത്തക്ക കള്ളമെഴുതി അടച്ചതായിരിക്കും. ഭവതിയെ കാണിച്ച കത്തു്" എന്നിങ്ങനെ വിശോകനാഥൻ പ്രസംഗിച്ചുകൊണ്ടുനില്ക്കവേ, ആയുധപാണികളായ പന്ത്രണ്ടു ആഫ്രിക്കാരോടുകൂടി ഉദയസേനപ്രഭു പെട്ടെന്നു് ഉദ്യാനത്തിൽ എത്തി, ഗൗതമിയെയും വിശോകനാഥനെയും വളഞ്ഞു. ഉദയസേനന്റെ ആജ്ഞപ്രകാരം രണ്ടുപേർ ഗൗതമിയെ മാളികയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ശേഷിച്ച ആഫ്രിക്കാരെ നോക്കി, "ഈ പോക്കിരിയെ കൊല്ലാതെ പിടിച്ചു്, വെങ്കലപ്രതിമയ്ക്കു ബലികൊടുക്കുവിൻ" എന്നു കല്പിച്ചു. അതേനിമിഷത്തിൽ സിംഹപരാക്രമത്തോടുകൂടി വിശോകനാ

ഥൻ ഒരു ഭാഗത്തുനിന്നുരണ്ടാൾക്കാരെപ്പെട്ടി നിലംപതിപ്പിച്ചുംവച്ചു മുമ്പോട്ടു പാഞ്ഞു കുതിരപ്പുറത്തുകയറി അതിവേഗത്തിൽ ഓടിച്ചു കാട്ടിൽ മറഞ്ഞു. ഉദയസേനന്റെ ആജ്ഞാനുസരണം ശേഷിച്ച ആൾക്കാർ തങ്ങളുടെ സർവ്വശക്തിയും പ്രയോഗിച്ചു വിശോകനാഥനെ അനുധാവനംചെയ്തിട്ടും അയാളെ പിടിക്കാൻ സാധിച്ചില്ല. അപ്രകാരം ആൾക്കാർക്കു പിടികൊടുക്കാതെ രക്ഷപ്പെട്ട വിശോകനാഥൻ ഒരാഴ്ചവരെ പകൽസമയങ്ങളിൽ വനത്തിലും, രാത്രികാലങ്ങളിൽ വേഷപ്രച്ഛന്നനായി കല്പകക്കോട്ടയിലും സഞ്ചരിച്ചുവന്നു. ഗൌതമിയുടെ അനന്തരഗതി എന്താണെന്നറിയണമെന്നുള്ള ആശയായിരുന്ന അയാളെ അതിലേയ്ക്കു പ്രേരിപ്പിച്ചതു്. എന്നാൽ ഏഴാംദിവസം ഗൌതമി കാലധർമ്മം പ്രാപിച്ചു എന്ന കർണ്ണകഠോരമായ വർത്തമാനമാണു് അയാൾക്കു കേൾക്കാൻ കഴിഞ്ഞതു്. മരണം ഏതുപ്രകാരത്തിൽ സംഭവിച്ചു എന്നു വിശോകനാഥനു് അറിവാൻ സാധിച്ചില്ല. തന്മൂലം നിരാശനായി ഭവിച്ച ആ യുവാവു് രാജധർമ്മത്തെ പ്രാപിച്ചു വിദ്യുൽപ്രഭനെക്കണ്ടു; ഉക്കിയും രോമപുരിയുമായി നടന്ന വമ്പിച്ച സമരത്തിൽ വിശോകനാഥൻ അതിലക്ഷണീയമായ കീർത്തിയെ സമ്പാദിച്ച ഒരു സ്വദേശിയാണെന്നു് അറിയുകയാൽ വിദ്യുൽപ്രഭൻ അയാളെ തന്റെ സൈന്യവകുപ്പിൽ ഒരു ഉയർന്ന ഉദ്യോഗത്തിൽ നിയമിച്ചു. അവിടെവച്ചു ഉദയസേനനെയും ചന്ദ്രഗുപ്തനെയും അറിയിക്കാതെ കഴിഞ്ഞുകൂടണമെന്നു കരുതി വിശോകനാഥൻ തന്റെ പേരിനെ അശോകനാഥൻ എന്നു മാറ്റി അശോകനാഥന്റെ അനന്തരചരിത്രങ്ങൾ നാം ഗ്രന്ഥനിൽനിന്നും വായനക്കാർ ഗ്രഹിച്ചിട്ടുണ്ടല്ലോ.

ഗൌതമിയുടെ മരണവൃത്താന്തം അവാസ്തവമായിരുന്നു. ഉദയസേനൻ ഗൌതമിയെ ദുർഗ്ഗാബലി കൊടുക്കാനായി ചാരുദത്തന്റെ മേൽനോട്ടത്തിൽ ഏല്പിച്ചു; എന്നാൽ സദ്ഗുണനായ ചാരുദത്തൻ ഗൌതമിയെ നിഗ്രഹിക്കുന്നതിനുപകരം, കല്ലറയിൽ ഗൂഢമായ ഒരു സ്ഥലത്തു രഹസ്യമായി താമസിപ്പിക്കയാണുണ്ടായതു്. അതിനുശേഷം ബലി നൽകാനായി ചാരുദത്തനെ ഏല്പിക്കപ്പെട്ടുന്ന സ്ത്രീപുരുഷന്മാരെ ഗൌതമിയുടെ മേൽനോട്ടത്തിൽ ഗൂഢമായി താമസിപ്പിച്ചുവന്നു. അവരെ വിട്ടയച്ചാൽ കള്ളി പുറത്താകുന്നതിനും തനിക്കുതന്നെ ആപത്തു നേരിടുന്നതിനും ഇടയാകുമെന്ന കാരണത്താൽ ചാരുദത്തൻ അവരെ അതിനകത്തുതന്നെ താമസിപ്പിച്ചതാണു്. എന്നാൽ പാപകർമ്മങ്ങൾ നിലനില്ക്കുന്നതല്ലെന്നും ഒരുകാലത്തു് അതിനു പരിഹാരംനേരിടുമെന്നും അന്നു് എല്ലാവർക്കും മോചനം സിദ്ധിക്കുമെന്നും ചാരുദത്തനും ഗൌതമിക്കും ദൃഢവിശ്വാസമുണ്ടായിരുന്നു. ഈ വിശ്വാസം മറ്റുള്ളവരിലും വേരുറയ്ക്കുന്നായി

അവർ ശ്രമിച്ചുവന്നു. എന്നാൽ സ്ത്രീപുരുഷന്മാർ ഒന്നിച്ചു വസിക്കുമ്പോഴും ജീവിതം പലപ്രകാരത്തിൽ ദുഷിക്കാനിടയുള്ളതിനാൽ, അങ്ങനെ സംഭവിക്കാതിരിക്കാനായി ഗൗതമി ആ സ്ത്രീപുരുഷന്മാരെ ചേർത്തു സഹോദരസംഘം എന്നപേരിൽ ഒരു സമാജം ഏർപ്പെടുത്തി, പ്രശസ്തമായരീതിയിൽ നടത്തിവന്നു. രാവിലേ അഞ്ചുമണിക്കു് എഴുന്നേൽക്കുക, ആറുമണിക്കകം സ്നാനാദികർമ്മങ്ങളെ നിർവ്വഹിക്കുക, എട്ടുമണിവരെ ഈശ്വരഭജനം നടത്തുക, അനന്തരം ആഹാരം കഴിഞ്ഞു പന്ത്രണ്ടുമണിവരെ രാമായണം, ഭാഗവതം, ഭഗവൽഗീത മുതലായ മതഗ്രന്ഥങ്ങളും വായിച്ചു് ആത്മജ്ഞാനത്തെ സമ്പാദിക്കുക, ഒരുമണിക്കുമുമ്പു് മദ്ധ്യാഹ്നകൃത്യങ്ങൾ കഴിഞ്ഞു നാലുമണിവരെ കല്പറയിൽ പലഭാഗത്തും നടന്നു ചുറ്റിനോക്കിയും ഓരോ വിനോദങ്ങളിൽ ഏർപ്പെട്ടും കഴിയുക, നാലുമണിമുതൽ ആറുമണിവരെ ഗൗതമിയുടെ അദ്ധ്യക്ഷത്തിൽ യോഗംകൂടി മതസംബന്ധമായും സാന്മാർഗ്ഗികമായും പ്രസംഗങ്ങളും നടത്തുക, (അദ്ധ്യക്ഷയും, അറിവും പഠിപ്പുമുള്ള ചില യോഗാംഗങ്ങളുമായിരിക്കും പ്രസംഗകർത്താക്കൾ) ആറുമണിക്കുശേഷം ദേഹശുദ്ധിവരുത്തി ഏഴുമണിവരെ പ്രാർത്ഥന നടത്തുക, ഏഴിനു മേൽ ആഹാരം കഴിഞ്ഞു ശയിക്കുക, ഇവയാണു നിത്യാനുഷ്ഠാനങ്ങൾ. ക്രൂരാതെ സ്ത്രീപുരുഷന്മാർ അന്യോന്യം സൈരസഹവാസത്തിനിടയാകാത്തവിധത്തിൽ വേണ്ട നിബന്ധനകളും ഏർപ്പെടുത്തിയിരുന്നു. ഇവരുടെ ആഹാരകാര്യത്തിനു വേണ്ടതെല്ലാം ചാരുദത്തനാണു നിർവ്വഹിച്ചുവന്നതു്.

ഇപ്രകാരം ഗൗതമി—ശുഭ്രസേതാവു—കല്പറയിൽ താമസിച്ചുവരവേ, ചാരുദത്തനിൽനിന്നും അശോകനാഥന്റെയും കല്പകക്കോട്ടയുടെയും സമൂഹത്തിന്റെയും സ്ഥിതിഗതികൾ അപ്പപ്പോൾ ഗ്രഹിച്ചുവന്നു. ക്രൂരാതെ തന്റെ അരുമസന്താനം മരിച്ചുവെന്നുകേട്ടതു വാസ്തവമല്ലെന്നും, അംബിക എന്നപേരിൽ ആ ശിശു ചിത്രസേനന്റെ കുടിലിൽ താമസിച്ചുവരികയാണെന്നുമുള്ള പരമാർത്ഥവും ചാരുദത്തൻമുഖാന്തിരം അറിഞ്ഞു. അപ്പോൾമുതൽ ശിശുവിന്റെയും അശോകനാഥന്റെയും ശോഭനമായ ഭാവിക്കു ഗൗതമി സർവ്വദാ ഭഗവാനെ പ്രാർത്ഥിച്ചുവന്നു. നിലവറയിൽത്തന്നെ കഴിഞ്ഞുകൂടുന്നതുനിമിത്തം ഗൗതമിക്കു ശരീരാരോഗ്യം കുറഞ്ഞുതുടങ്ങി. അതിനാൽ മാളികയുടെ വലത്തുവശത്തുള്ള പറമ്പുകളിൽ ചിലപ്പോഴെല്ലാം ശ്രദ്ധമായി സഞ്ചരിക്കുന്നതിനു ചാരുദത്തൻ അനുവദിച്ചിരുന്നു. ആ ഭാഗത്തു പ്രേതപിശാചാദികളുടെ സഞ്ചാരമുണ്ടെന്നും പലപ്രാവശ്യം തനിക്കു നേരിൽ കാണാൻ സാധിച്ചിട്ടുണ്ടെന്നും അതിനാൽ യാതൊരുത്തരും ആ പ്രദേശത്തു

പകലാകട്ടെ, രാത്രിയിലാകട്ടെ പോകാൻ പാടില്ലെന്നും ചാരുദത്തൻ എപ്പോഴെയും അറിയിക്കുകയാൽ ഗൗതമിക്കു് നിർഭയം അവിടെ സഞ്ചരിക്കാൻ സാധിച്ചിരുന്നു. ഒന്നാണ്ടു ചെന്നപ്പോൾ ഭൃത്യന്മാരിൽ ചിലർ രാത്രിസമയത്തു ഗൗതമിയെക്കണ്ടു ഭയപ്പെട്ടു നശിനിടയായതു്, ചാരുദത്തന്റെ അവാസ്തവപ്രസ്താവനയ്ക്കു് ഒരു വലിയസഹായമായിത്തീരുകയാൽ ഉടയസേനൻതന്നെ ആ സ്ഥലത്തു ആൾപ്പെരുമാറ്റം ഉണ്ടാകാത്തവിധത്തിൽ വേലികെട്ടി സുരക്ഷിതമാക്കണമെന്നു് ആജ്ഞാപിക്കുകയും ചാരുദത്തൻ ചാരിതാർത്ഥ്യപൂർവ്വം ആജ്ഞയെ ഉടനടി നിർവ്വഹിക്കുകയുംചെയ്തു. ഗൗതമി ശ്രുഭവേസ്സുധാരിണിയായി സഞ്ചരിക്കുകയുംചെയ്തു. ഭർത്താവനമുറിയിൽവച്ചു ഒരിക്കൽ താരാനാഥനും മറെറാരിക്കൽ അംബികയും കണ്ട ശ്രുഭസേതപം, ഗൗതമിയപ്പാതെ മറെറാരുമല്ലെന്നു ഇതിനകം ഗ്രഹിച്ചിട്ടില്ലാത്ത വായനക്കാരുണ്ടെങ്കിൽ അവർ ഇപ്പോഴെങ്കിലും മനസ്സിലാക്കിയിരിക്കുമല്ലോ.

കൊല്ലങ്ങടം പലതുകഴിഞ്ഞു. അംബികയ്ക്കു നവയൌവനവും വന്നുതികഞ്ഞു. ആകൃതികൊണ്ടും പ്രകൃതികൊണ്ടും അവർ കാണികളെ അത്ഭുതപരതന്ത്രരാക്കിച്ചെയ്തു. ഈ ഘട്ടത്തിലാണു് വിജയസേനൻ അവളിൽ അനുരക്തനായി ഭവിച്ചതു്. തൻമൂലം അവൻ അവളെ വശപ്പെടുത്തുന്നതിനുചെയ്ത ശ്രമങ്ങളും ആ ശ്രമങ്ങൾ വിഫലങ്ങളാകുമാറു ഗൗതമിയും ചാരുദത്തനുംചെയ്ത പ്രയത്നങ്ങളും അതിന്റെ അവസാനഫലങ്ങളുമെല്ലാം വായനക്കാർക്കു സുപരിചിതങ്ങളാണല്ലോ. അംബികയെ വിജയസേനന്റെ തടവിൽനിന്നും മോചിപ്പിച്ചതിനുശേഷം, അവളെ ഇനി അശോകനാഥന്റെ അടുക്കലേയ്ക്കു് അയയ്ക്കുകയാണു് എല്ലാംകൊണ്ടും ഉചിതകരമെന്നു നിശ്ചയിച്ചു്, ഗൗതമിയും ചാരുദത്തനുംകൂടി അംബികയെ ശ്രീപുരത്തേയ്ക്കു പറഞ്ഞയയ്ക്കുമ്പോൾ ഗൗതമി അവളെ ഏല്പിച്ച വിശോകനാഥന്റെ മോതിരം, ചന്ദ്രഗുപ്തപ്രഭൃതി വിശോകനാഥനെ ജോലിയിൽനിന്നും പിരിച്ചയയ്ക്കുന്നകാലത്തു അയാൾ ഗൗതമിയെ അരികിൽവിളിച്ചു്, "നാം തമ്മിൽ ഇനി പരസ്പരം സന്ദർശിക്കാൻ സംഗതിയാകാതെ വരികയാണെങ്കിൽ ഈ മോതിരം എന്റെ ഓർമ്മയ്ക്കായി ധരിച്ചുകൊള്ളണം. നീ പ്രസവിക്കുന്ന കുട്ടിക്കു പ്രായപൂർത്തിവന്നതിനുശേഷം എന്നെ കാണുവാൻ ആവശ്യപ്പെടുമ്പോൾ ഞാൻ എവിടെയെങ്കിലും ജീവിച്ചിരിക്കുന്നു എന്നു് അറിവുകിട്ടിയാൽ ഈ മോതിരം അടയാളത്തിനായി കൊടുത്തു് ആ സ്ഥലത്തു് എന്റെ അടുക്കലേയ്ക്കയയ്ക്കുകയും വേണം" എന്നു് പറഞ്ഞു് ഏല്പിച്ചിട്ടുണ്ടായിരുന്നതാണു്. ഗൗതമിയുടെ ചരിത്രഭാഗങ്ങളിൽ അവശ്യജ്ഞേയങ്ങളായിട്ടുള്ളവ ഇവിടെ പുരുക്കത്തിൽ

വിവരിച്ചു കഴിഞ്ഞു. പദ്മാവതീവിജയസേനന്മാരുടെ വിവാഹകർമ്മത്തെ ഗൗതമി മുടക്കിയതെന്തിനാണെന്നു വായനക്കാർക്കു് ഒരു സംശയം ജനിച്ചിട്ടുണ്ടായിരിക്കണം. അതിനെ പരിഹരിക്കേണ്ടതു് ആവശ്യവുമാണു്. പദ്മാവതി, നിഷ്കളാനന്ദനാൽ ചാരിത്ര്യനഷ്ടം സംഭവിപ്പിക്കപ്പെട്ടവളാണു്. അപ്രകാരമുള്ള ഒരു സ്ത്രീ ഒരു വലിയ സാമ്രാജ്യത്തിന്റെ ചക്രവർത്തിനിയാകുന്നതു നാട്ടിനും നാട്ടുകാർക്കും അശ്രേയസ്കരമായിട്ടാണല്ലോ തീരുക; മാത്രമല്ല, പദ്മാവതിയെ ചക്രവർത്തിനിയാക്കിക്കൊണ്ടു്, ഉദയസേനപ്രഭൃതികൾ രാജ്യഭരണത്തെ അലങ്കോലപ്പെടുത്തണമെന്നു് ഉദ്ദേശിച്ചിരിക്കുകയുമാണു്. അവരുടെ ഉദ്ദേശം ഫലപ്പെട്ടാൽ പ്രതിമാസംഘത്തിന്റെ പൈശാചികപ്രവൃത്തികൾക്കു പൂർവ്വാധികം നൈഷ്ഠുര്യം നേരിടുന്നതാണു്. അതിനൊന്നും ഇടയാകാതെ, പരിശുദ്ധമായ മാതൃഭൂമിയെ ദുഷ്ടന്മാരിൽനിന്നും രക്ഷിക്കണമെന്ന ഉദ്ദേശമാണു്, ഗൗതമിയെ വിവാഹകർമ്മം മുടക്കാൻ പ്രേരിപ്പിച്ചതു്.

അഹോ! ആ ധൈര്യവതിയുടെ ഉദ്യമം ഉദ്ദിഷ്ടാനിതമായ ഫലത്തെ വിളയിച്ചു. തന്റെ ചാരിത്രഹാനിയിലുള്ള ഖേദം, കാശ്മീരരാജ്യത്തിലെ മഹാരാജ്ഞിയാകേണ്ട താൻ ഒരുക്കൂട്ടം ദുഷ്ടന്മാരുടെ കയ്യിലകപ്പെട്ടു് അവരുടെ കളിപ്പണ്ടമായിത്തീർന്നതിനെ ഓർത്തുള്ള ഉഗ്രതാപം എന്നിവയാൽ അസ്വസ്ഥമായ രാജകുമാരിയുടെ യുവഹൃദയം, പൊട്ടുന്നവണ്ണം ഗൗതമി, ഹോമകുണ്ഡത്തിൽ പ്രത്യക്ഷമായ മാതൃയിൽ ഉദ്ധൃതമായ ഭീതിയാൽ സ്തബ്ധമായിഭവിച്ചു. രാജകുമാരി മരിച്ചു അപ്രകാരം താൻമൂലം രാജകുമാരി മരിക്കാനിടയായതിൽ ഗൗതമിക്കു് അളവില്ലാത്ത അന്തസ്താപം നേരിട്ടു. അതു പിന്നീടു് വിട്ടുപിരിയാത്ത നിലയിലായി. അതോടുകൂടി തന്റെ പരമാർത്ഥസ്ഥിതി മനസ്സിലാക്കി ഉദയസേനൻ നിലവറയിൽ പ്രവേശിക്കുന്നതിനും അതുവഴി തന്റെയും സഹോദരസംഘത്തിന്റെയും പരമരഹസ്യങ്ങൾ പുറത്താകുന്നതിനും ഇടയാകുന്നവെങ്കിൽ സഹോദരസംഘം ഒന്നോടെ വെങ്കലപ്രതിമയ്ക്കു ബലിയാകുമെന്നുള്ള ഭീതിയും ഗൗതമിയെ ബാധിച്ചു അതിനുംപുറമേ അശോകനാഥന്റെ ആക്രമണത്താൽ കോട്ടയ്ക്കകത്തു നേരിട്ട ക്ഷാമം നിലവറയിലും ബാധിച്ചുതുടങ്ങി. ഇക്കാരണങ്ങളാൽ ഗൗതമിയുടെ ശരീരം മെലിഞ്ഞു, ആരോഗ്യം കുറഞ്ഞു കിടപ്പിലായി. ശാന്തം! പാപം! ഹേ സാധുസ്ത്രീയേ! നിന്റെ ജീവിതം എത്ര ദയനീയം! സ്ത്രീയായി ജനിച്ച നീ അനുഭവിച്ച കഷ്ടതകൾക്കു് അവധിയുണ്ടോ? നിന്റെ ആത്മവല്ലഭനെ നഷ്ടപ്പെട്ടു; നീ നിന്റെ ഓമനക്കുഞ്ഞിനെ ഒരുനാളത്തെ ലാളനയ്ക്കുപോലും സംഗതിയാക്കാതെ ഉപേക്ഷിക്കേണ്ടതായിവന്നു. വിവാഹച്ചടങ്ങുകളാൽ ഭർത്താവായി

ഭവിച്ച പുരുഷൻമൂലം ജീവപര്യന്തമായ ഏകാന്തത്തടവിൽ അകപ്പെട്ടു; ബന്ധുമിത്രാദികളെ ഗോർപെട്ടു; ലോകത്തെത്തന്നെ വെടിയേണ്ടിവന്നു അഹോ! മരണശയ്യയിൽപ്പോലും നിൻെറ അരുമസന്താനത്തിൻെറ ശ്രുശ്രൂഷാടികപോം അനുഭവിക്കുന്നതിനുള്ള ഭാഗ്യം തന്നെയും നിനക്കില്ല. എന്തിനേറെ? "പെരുംദുഃഖം പെണ്ണായ് പിറന്നു" എന്ന പൊപ്പിനു് നിൻെറ ചരിത്രം വിചിത്രദൃഷ്ടാന്തമായി ഭവിച്ചു ഈ ദുസ്സംഭവങ്ങൾക്കെല്ലാം കാരണമെന്താവാം? ഹേ! ഭാഗ്യഹീനയായ സ്ത്രീയേ! നീ നിൻെറ യൗവനദശയിൽ, പരിപാകമായ പ്രായത്തിൽ, സ്വപ്നാ നിനക്കു് അനുരൂപനോ, അഥവാ തദിതരനോ ആയ ഒരു പുരുഷനെ, മനസാവരിച്ചു; അതിൽ ആക്ഷേപം ആക്ഷേപം ഉണ്ടാകാനില്ല; എന്നാൽ ഭാഗ്യാർത്തുജീവിതത്തെ പരസ്യമായി വരിക്കുംമുമ്പു നീ സന്താനോല്പത്തിക്കു കാരണമാക്കി എന്നുള്ളതു് ശിക്ഷാർഹമായ ഒരു കുറ്റം ആണു്. അതിനെ ന്യായീകരിക്കാൻ ഒരു ഹൈന്ദവസ്ത്രീയായിരിക്കുന്നിടത്തോളം നിനക്കു പ്രയാസമാണു്. അല്ല, ഹൈന്ദവേതരസ്ത്രീയാണെന്നുവന്നാലും നിനക്കു സാധിക്കുന്നതല്ല. എന്നിരുന്നാലും അക്കുറ്റത്തെയും ക്ഷമിക്കുന്നു. നീ ഗർഭവതിയാണെന്നു് അറിഞ്ഞിരുന്നിട്ടും നിൻെറ നിർദ്ദയയായ മാതാവും വിവേകശൂന്യനായ സഹോദരനും നിൻെറ ആത്മപ്രിയനെ അട്ടിപ്പുറത്താക്കിയ വേളയിൽ നീ എന്തുകൊണ്ടു് അകത്തിരുന്നു? നീ കാട്ടിലേയ്ക്കിറങ്ങിയ രാമൻെറ കാലടികളെത്തുടർന്ന സീതയുടെ മാതൃകയെ അവലംബിക്കുന്ന ഒരു ഹൈന്ദവസ്ത്രീയാണെങ്കിൽ നീ അവനെ പിന്തുടരേണ്ടതല്ലേ? അങ്ങനെ പ്രവർത്തിക്കാഞ്ഞതു്, അക്ഷന്തവ്യമായ ഒരു കുറ്റമാണു്. ആ അപരാധം നിൻെറ സതീത്വത്തെ അല്പം ഗ്രസിക്കുകതന്നെ ചെയ്തു. പരപുരുഷനെ പ്രാപിക്കുന്നില്ലെന്ന കാരണത്താൽ ഒരു സ്ത്രീ പതിവ്രതയാണെന്നു പറവാൻ പാടില്ല. മനസ്സുകൊണ്ടും വചസ്സുകൊണ്ടും വപുസ്സുകൊണ്ടും ഭർത്താവിനെ അനുസരിക്കുകയും അനുകരിക്കുകയും ചെയ്യുന്നവളത്രേ പതിവ്രത. അവർക്കേ സതീത്വമുള്ളൂ. ആ സതീത്വത്തെ നീ സമ്പാദിച്ചില്ല. അതാണു് നിൻെറ ദുഃഖമയമായ ജീവിതത്തിനു കാരണം. നിൻെറ ചരിത്രം വായിക്കുന്ന സ്ത്രീകളെങ്കിലും ചാരിത്ര്യത്തിൻെറ സത്യരൂപത്തെ അറിഞ്ഞു് അതിനെ ആദരിക്കുമെങ്കിൽ ഈ അദ്ധ്യായം ലേഖനംചെയ്ത തൂലികയ്ക്കു് കൃതാർത്ഥതയുണ്ടു്.

* * *

അശോകനാഥൻ കല്പകക്കോട്ടയെ കൈവശത്തിലാക്കിയതിൽപ്പിന്നെ ആദ്യമായി ചെയ്ത 'പരിഷ്കാരം' വെങ്കലപ്രതിമയെ സംബന്ധിച്ചായിരുന്നു. വെങ്കലപ്രതിമയെയും അതുസംബന്ധിച്ച യന്ത്രങ്ങളെയും ധ്വംസനംചെയ്തു. കല്പറയിലെ സഹോദരസംഘം

ഗങ്ങളെ അവരുടെ നിത്യബന്ധനത്തിൽനിന്നുംമോചിപ്പിച്ചു് ഓ രോരുത്തക്കും വഴിച്ചെലവിനു പണവും കൊടുത്തു് അവരവരുടെ നാടുകളിലേയ്ക്കു പറഞ്ഞയച്ചു. മാത്രമല്ല, നിലവറയിൽ ശവപ്പെ ട്ടിയായി സൂക്ഷിച്ചിരുന്ന പണപ്പെട്ടിയിലുണ്ടായിരുന്ന പത്മാവതി യുടെവക ധനം മുഴുവനും സഹോദരസംഘത്തിലെ അംഗങ്ങൾക്കു വീതിച്ചുകൊടുത്തു. അനന്തരം പ്രതിമാസംഘത്തിലുൾപ്പെട്ട അപ്ര ധാനികളായ അംഗങ്ങളെ ആകമാനം നാടുകടത്തി. ചന്ദ്രഗുപ്ത പ്രഭു പ്രജാധിപത്യഭരണത്തെ ഹൃദയപൂർവ്വം അംഗീകരിച്ചു. അ യാൾ അശോകനാഥന്റെ അനുമതിയോടുകൂടി നാട്ടിലേയ്ക്കുമടങ്ങി. പോകുന്ന അവസരത്തിൽ തന്റെ ഭാഗിനേയി അംബികയെ അരി കിൽ അണച്ചു് അവളുടെ മാതാവിനെയും അവളെയും സംബ ന്ധിക്കുന്നതായ തന്റെ അപരാധങ്ങളെ ക്ഷമിക്കണമെന്നു പ ശ്ചാത്താപപൂർവ്വം അഭ്യർത്ഥിപ്പെടുകയും അവളെ തന്റെ സ്വന്തം ഭാഗിനേയിയായി സ്വീകരിച്ചിരിക്കുന്നുവെന്നും സന്താനരഹിതനായ തന്റെ സ്വത്തുക്കളെല്ലാം അവർക്കായി രേഖപ്പെടുത്തിക്കൊടു ക്കാമെന്നു വാഗ്ദാനംചെയ്യുന്നുവെന്നും ഉറപ്പു പറകയും ചെയ്തു എന്നുള്ളതു പ്രത്യേകം വർത്തമാനമാണു്.

സരസ്വതിയെപ്പറ്റി ഇവിടെ രണ്ടുവാക്കു പറവാനുണ്ടു്. നിഷ്കളാനന്ദനെ വെങ്കലപ്രതിമയുടെ ഉദരത്തിനുള്ളിൽ പിടിച്ചിട്ടു ത ള്ളിയതിനുശേഷം അശോകനാഥൻ അവളെ തടവിൽ പാർപ്പിച്ചി രിക്കയായിരുന്നുവല്ലോ. അവർ എങ്ങിനെയോ തടവുചാടി പോയി രിക്കുന്നു. വിവരം അശോകനാഥൻ അറിഞ്ഞു് അവളെ അന്വേ ഷിച്ചു കണ്ടുപിടിക്കുന്നതിനായി പലവഴിക്കും രഹസ്യമായി ആളു കളെ അയച്ചിട്ടുണ്ടു്.

അൻപത്തിരണ്ടാം അദ്ധ്യായം.

"അറിഞ്ഞീടാം തവ പരമാത്മനെന്നാ-
ലറിഞ്ഞഭാവം നടിപ്പതില്ലാരൊട്ടും."

താരാനാഥൻ പ്രഭാതത്തിൽ ഉണർന്നു കട്ടിലിൽത്തന്നെ ഇരി ക്കുന്നു. നിരവധി ചിന്തകൾ പുതിയതും പഴയതുമായി അയാളെ ബാധിച്ചിട്ടുണ്ടു്. തന്മൂലം അയാൾ അസ്വസ്ഥചിത്തനായി സ്ഥിതി ചെയ്യുമ്പോൾ നാഗേന്ദ്രൻ ഒരു ഭദ്രമായ ലക്കോട്ടുകൊണ്ടുചെന്നു് അയാളുടെ കൈയിൽ കൊടുത്തു്, "ഈ എഴുത്തുകൊണ്ടുവന്ന ദൂതൻ വെളുപ്പാൻ നാലുനാഴികയുള്ളപ്പോൾ ഇവിടെ എത്തി. അങ്ങയെ

ഉണത്താൻ മടിച്ചു ഞാൻ അയാളെ താമസിപ്പിച്ചതാണു്. മരുപടിയുംകൊണ്ടു ചെല്ലണമെന്നു് എഴുത്തുകൊടുത്തയച്ച ആൾ ചട്ടം കെട്ടി അയച്ചിരിക്കുന്നു" എന്നു വൃദ്ധൻ താരാനാഥനോടു പറഞ്ഞു. താരാനാഥൻ കത്തുപൊളിച്ചു് ഇങ്ങനെ വായിച്ചു:—

"ഇക്കത്തു് അന്യരുടെ കൈവശം തെറ്റിക്കിട്ടുന്നതിനു പക്ഷേ, സംഗതിയായാൽ അങ്ങു് രഹസ്യത്തിൽ വച്ചിരിക്കുന്ന അങ്ങയുടെ യഥാർത്ഥസ്ഥിതി വെളിപ്പെടാനിടയുള്ളതുകൊണ്ടു് അങ്ങയുടെ കൃത്രിമനാമംതന്നെ ഇക്കത്തിന്റെ പുറത്തു രേഖപ്പെടുത്തിയതാണെന്നുള്ള പരമാർത്ഥം ആദ്യമായി അറിയിച്ചുകൊള്ളുന്നു. പലേ അത്ഭുതസംഭവങ്ങളും നേരിട്ടിരിക്കുന്നു. അത്യാശ്ചര്യകരമായി അനവധി രഹസ്യങ്ങളും വെളിപ്പെട്ടുകയും ചെയ്തിട്ടുണ്ടു്. ഗണനീയങ്ങളായ കാര്യങ്ങളും പലതും നിവർത്തിച്ചുകഴിഞ്ഞു. പ്രേതകക്ഷി പരാജയത്തെ പ്രാപിച്ചു. കല്പകക്കോട്ട എന്റെ അധീനത്തിലായി. ഉദയസേനന്റെ മാളികയുടെ അടിയിലുള്ള നിലവറയിലെ അനവധി രഹസ്യങ്ങളും വെളിപ്പെട്ടു. എന്നാൽ സർവ്വപ്രധാനവും അത്ഭുതജനകവുമായ ഒരു സംഗതി അങ്ങയെ ധരിപ്പിക്കേണ്ടതായിട്ടുള്ളതു്, അംബിക എന്റെ സ്ഥാനം പൂരിയായി വെളിപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുതയാകുന്നു. ഇപ്പോഴത്തെ ബദ്ധപ്പാടുകൾക്കിടയിലങ്ങയെപ്പറ്റി അംബിക കരഞ്ഞൊണ്ടു എന്നോടു പറയുകയും അങ്ങു രാജദ്രോഹത്തിൽ ഭീഷണസ്ഥിതിയിൽ കിടപ്പിലാണെന്നു് അറിയുകയുംചെയ്തു. അങ്ങയുടെ പരമാർത്ഥനില അംബികയ്ക്കു് അറിവില്ലെന്നാണു തോന്നുന്നതു്; ഞാൻ അതു അവളെ ധരിപ്പിക്കുന്നതുമില്ല. അങ്ങു കാശ്മീരത്തിന്റെ അതിർത്തി കടക്കുന്നതുവരെ അങ്ങയുടെ രഹസ്യം ഞാൻ ആരെയും ധരിപ്പിക്കുകയില്ല. അതുകൊണ്ടു് ആ വിഷയത്തിൽ അങ്ങേയ്ക്കു യാതൊരു ശങ്കയും വേണ്ട; നിർബാധമായി കല്പകക്കോട്ടയിൽ താമസിക്കാം, ശരീരത്തിനു പൂർണ്ണസുഖം കിട്ടുന്നതുവരെ ഇവിടെ താമസിക്കുന്നതു് എല്ലാംകൊണ്ടും ഗുണകരമായിരിക്കും. ഒരുപക്ഷേ, ഇപ്പോൾത്തന്നെ നാട്ടിലേയ്ക്കു പുറപ്പെടണമെന്നു് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വേണ്ട വാഹനസൗകര്യങ്ങളെല്ലാം ചെയ്തുതരുന്നതിനും ഞാൻ തയാറാണു്." എന്നു്, അങ്ങയുടെ വിശ്വസ്തവിധേയനും കാപിലകകക്ഷാനേതാവുമായ അശോകനാഥൻ.

എഴുത്തുവായിച്ചുകണ്ടപ്പോൾ വാചാമഗോചരമായ ആനന്ദവും ആശ്ചര്യവും താരാനാഥനെ ബാധിച്ചു. കടിലിലെ അംബിക, കൊട്ടാരത്തിനു അവകാശിയായ അശോകനാഥന്റെ പുത്രിയാണെന്നറിഞ്ഞാലാക്കാണു് ആശ്ചര്യമുണ്ടാകാത്തതു്? താരാനാ

ഥൻ, തന്റെ രഹസ്യത്തെസ്സംബന്ധിച്ചു രേഖപ്പെടുത്തിയ ഭാഗം ഒഴിച്ചു കത്തിലെ എല്ലാവിവരങ്ങളും നാഗേന്ദ്രനെ അറിയിച്ചു. നാഗേന്ദ്രനെ ആനന്ദഭരിതനാക്കിച്ചെയ്തവൃത്താന്തം അംബിക അശോകനാഥന്റെ പുത്രിയെന്നുള്ള വസ്തുതയാണു്. അയാൾ അംബികയെക്കുറിച്ചു ഈ അവസരത്തിൽ താരാനാഥൻ കേൾക്കെ വളരെ പുകഴ്ത്തിപ്പറഞ്ഞു.

അനന്തരം താരാനാഥൻ നഗേന്ദ്രനെനോക്കി, എഴുത്തു കൊണ്ടുവന്ന ദൂതനോടു് ഇപ്രകാരം പറവാൻ ചട്ടംകെട്ടി:—"എഴുത്തിന്നമുകത്തു എഴുത്തക്ക ശരീരസ്വാസ്ഥ്യം ഇപ്പോൾ എനിക്കില്ല. അതുകൊണ്ടു വിവരം പറഞ്ഞയയ്ക്കുന്നതാണു്. കല്പകക്കോട്ടയിൽവന്നു താങ്കളെയും താങ്കളുടെ സൌഭാഗ്യവതിയായ പുത്രിയെയുംകണ്ടു സംസാരിക്കാൻ എനിക്കു സന്തോഷമുണ്ടെങ്കിലും എന്റെ തല്ക്കാലശരീരസ്ഥിതി അതിലേയ്ക്കു് അനുയോജ്യമല്ലെന്നിരിക്കുന്നു. എന്റെ ഭൃത്യന്മാരിൽ ഒരുവനെ ഞാൻ നാട്ടിലേയ്ക്കയച്ചിട്ടുണ്ടു്. അവൻ എന്റെ യാത്രയ്ക്കുവേണ്ട സൌകര്യങ്ങളോടുകൂടിയായിരിക്കും മടങ്ങിവരുന്നതു്. അതുകൊണ്ടു ആ വിഷയത്തിൽ താങ്കളുടെ സ്നേഹപൂർവ്വകമായ സഹായം ഇപ്പോൾ അപേക്ഷണീയമല്ലെന്നിരിക്കുന്നു. എന്നിൽ ഇത്രത്തോളം സ്നേഹഭാവം പ്രകടിപ്പിക്കുന്നതിനെക്കുറിച്ചു, എനിക്കു താങ്കളുടെപേരിൽ കൃതജ്ഞതയായി നന്ദിയുണ്ടു്.

അശോകനാഥന്റെ ദൂതൻ മടങ്ങിപ്പോയി; മാത്രകഴിഞ്ഞതിനശേഷംകല്പകക്കോട്ടയിലെ നിലവറയിൽ അകപ്പെട്ടിരുന്ന താരാനാഥന്റെ ഭൃത്യന്മാർ താരാനാഥൻ രാജദ്ഗ്ഗത്തിലുള്ളതായി അറിഞ്ഞു് അവിടെ എത്തി. താരാനാഥൻ നിലവറയിലെ സകലവൃത്താന്തങ്ങളും അവരിൽനിന്നുമറിഞ്ഞു.

* * * *

ആറാംദിവസം നാലു കുതിരകളെപ്പൂട്ടിയ രഥം രാജദ്ഗ്ഗത്തിൽ എത്തി. താരാനാഥൻ നേപ്പാളത്തേയ്ക്കു് അയച്ചിരുന്ന ഭൃത്യൻ, താരാനാഥൻനാട്ടിലേയ്ക്കു കയറിപ്പോകാനായി സജ്ജീകരിച്ചുകൊണ്ടുവന്നതായിരുന്നു അതു്. അന്നുതന്നെ താരാനാഥൻ ഭൃത്യഗണങ്ങളോടുകൂടി രഥത്തിൽ കയറി നേപ്പാളത്തേയ്ക്കു തിരിച്ചു. താരാനാഥന്റെ നിർബന്ധത്താൽ വൃദ്ധനായ നാഗേന്ദ്രൻ കൂടി അയാളുടെയൊന്നിച്ചുപോയി.

അൻപത്തിമൂന്നാം അദ്ധ്യായം.

"ചിന്തിച്ചുഭൂപതി ചൊന്നാനിന്നെനിക്കീ—
സുന്ദരിതന്നുടെ സാലോക്യമെന്നുകിൽ
രാജത്വം പ്രശോഭിതമായിട്ടും മമ
പൂജ്യത്വവുമുണ്ടതിനില്ലസംശയം."

ദിവസങ്ങൾ അല്ല, മാസങ്ങൾ പലതുകഴിഞ്ഞു. അംബിക താരാനാഥനെ ഇപ്പോഴും ഓർക്കുന്നുണ്ടോ? എന്തു്? അംബിക, താരാനാഥനെ മറക്കുകയോ? അവളുടെ കുടിലിനു സമീപമുള്ള ഉപവനത്തിൽവച്ചു വീണ്ടും അയാൾ അവളെ സന്ദർശിക്കുമെന്നുപറഞ്ഞ ആ ശപഥമൊഴികൾ അവളുടെ കണ്ണുകളിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കെ അവൾ താരാനാഥനെ മറക്കുന്നതെങ്ങനെ? എന്നും എപ്പോഴും ആ കോമളവിഗ്രഹം അവളുടെ ഹൃദയക്ഷേത്രത്തിൽ കുടികൊള്ളുമ്പോൾ അവൾ താരാനാഥനെ മറക്കുന്നതെങ്ങനെ? ഒരിക്കലും ഇല്ല; അതു സംഭവ്യമല്ല.

അംബിക ഇപ്പോൾ എവിടെത്താമസിക്കുന്നു? അശോകനാഥൻ എവിടെ?

അശോകനാഥൻ കല്പകക്കോട്ടയെ തന്റെ പ്രജാധിപത്യഭരണത്തിൽ ഉൾപ്പെടുത്തി വേണ്ട വ്യവസ്ഥകളും പരിഷ്കാരങ്ങളും ഏർപ്പെടുത്തിയിട്ടു് ശ്രീപുരത്തേയ്ക്കു തിരിച്ചു. ആ ഘട്ടത്തിൽ അംബിക അവളുടെ പിതാവിന്റെയൊന്നിച്ചുപോവുകയുണ്ടായില്ല. അശോകനാഥൻ ശ്രീപുരത്തുചെന്നു ഭരണസംബന്ധമായകഴപ്പങ്ങൾ തീർത്തു വേണ്ട വ്യവസ്ഥകൾ വരുത്തിയതിനുശേഷം താൻ ശ്രീപുരത്തുവന്നു താമസിച്ചുകൊള്ളാമെന്നും അതുവരെ തന്റെ ഭർത്തൃപിതാക്കളുടെ ഗൃഹത്തിൽ താമസിക്കാമെന്നും അവൾ അഭിപ്രായപ്പെട്ടതനുസരിച്ചു് അശോകനാഥൻ അവളെ അവളുടെവല്ത്തച്ഛന്റെ ഗൃഹത്തിൽ താമസിപ്പിച്ചിരിക്കയാണു്. അംബികേ! ഇതു പരമാർത്ഥമോ? നിന്റെ പിതാവിന്റെ ഭരണസംബന്ധമായ കഴപ്പങ്ങൾക്കൊക്കെ നിവൃത്തിയുണ്ടായതിനുശേഷമേ ശ്രീപുരത്തു താമസിക്കാൻ സൌകര്യമുണ്ടാകയുള്ളൂ എന്നുള്ളതാണോ നിന്റെ പഴയകുടിൽവാസത്തിനു നിന്നെ പ്രേരിപ്പിച്ചതു്? അതാ, അംബിക മുഖം താഴ്ത്തുന്നു. പരമാർത്ഥം അവളുടെ മുഖത്തു പ്രകാശിക്കുന്നു. അവളുടെ ഹൃദയത്തെക്കവർന്ന പുരുഷരത്നം—അതേ, ആ താരാനാഥൻ—ഉപവനത്തിൽവച്ചു സന്ദർശിക്കാമെന്നാണല്ലോ പ്രതിജ്ഞ ചെയ്തിട്ടുള്ളതു്. ആ വിശിഷ്ടപുരുഷന്റെ അമൃതോപമമായ സമാഗമത്തെ പ്രതീക്ഷിച്ചുമാത്രമാണു് അംബിക കുടിൽവാസത്തെ

ഇച്ഛിച്ചതു്. അതനുസരിച്ചു താരാനാഥന്റെ ആഗമനത്തെ സോൽക്കണ്ഠം പ്രതീക്ഷിച്ചുകൊണ്ടു് അവൾ അവിടെ താമസിക്കുകയുമാണു്. എന്നാൽ താരാനാഥൻ ആഗമിച്ചുകാണുന്നില്ല. മാസങ്ങൾ മുറയ്ക്കു കടന്നുകൊണ്ടിരിക്കുന്നു. ശരൽക്കാലത്തിന്റെ ആരംഭമായി. ശ്രീപുരത്തുനിന്നും അശോകനാഥന്റെ എഴുത്തു ഒന്നു അംബികയ്ക്കു കിട്ടി; തന്റെ രാഷ്ട്രീയമായ പ്രവൃത്തികൾക്കെല്ലാം ഒക്കവും വ്യവസ്ഥയും വരുത്തിക്കഴിഞ്ഞുവെന്നും ശ്രീപുരത്തെ പ്രജകൾ അംബികയുടെ ആഗമനത്തെ അത്യൽക്കണ്ഠയോടെ പ്രതീക്ഷിച്ചിരിക്കുന്നതിനാൽ ചാരുദത്തൻ മുതലായവരോടുകൂടി അവൾ ഉടനെ ശ്രീപുരത്തു ചെന്നുചേരണമെന്നും മറ്റുമാണു് അതിൽ എഴുതിയിരുന്നതു്.

അകാലികമായ ഈ ലേഖനം അംബികയ്ക്കു് എത്രമാത്രം ഹൃദയഭേദകമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കത്തിനെ ആദരിച്ചു ശ്രീപുരത്തേയ്ക്കു പുറപ്പെടുകയെന്നുള്ളതു് ഒരുപ്രകാരത്തിൽ താരാനാഥനെ അനാദരിക്കുകയായിരിക്കും; താരാനാഥനെ ആദരിച്ചു ദത്തപിതൃഗൃഹത്തിൽ താമസിക്കുകയെന്നുള്ളതു് കത്തിനെ അനാദരിക്കുകയായിരിക്കും. കത്തിനെ അനാദരിക്കുന്നതു് പിതാവായ അശോകനാഥനെ അനാദരിക്കുകതന്നെയാണല്ലോ. ഈ നിലയിൽ അംബിക കർത്തവ്യചിത്താചഞ്ചലയായിരുന്നു. ഏതായാലും പിതാവിന്റെ ക്ഷണത്തെ സ്വീകരിച്ചു ശ്രീപുരത്തു ചെന്നു്, കഷ്ടിച്ചു ഒരു ദിവസം അവിടെ താമസിച്ചതിനുശേഷം ഒരുമാസത്തിനുള്ളിൽ മടങ്ങിവരാമെന്നു പറഞ്ഞു പിതാവിന്റെ സമ്മതംവാങ്ങി തിരിച്ചുപോരാമെന്നു നിശ്ചയിച്ചു. ഈ നിശ്ചയപ്രകാരം അടുത്തദിവസംതന്നെ പുറപ്പെടുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുകൊള്ളണമെന്നു ചാരുദത്തനോടു ചട്ടംകെട്ടി.

അന്നത്തെ ആദിത്യനും അസ്തമിക്കാറായി ഉപവനത്തിലെ വൃക്ഷങ്ങൾക്കിടയിൽക്കൂടി അംബിക അവളുടെ നിലോല്പലനയനങ്ങളെ പാടുള്ളിടത്തോളം വിദൂരദേശത്തേയ്ക്കു ഓടിച്ചു. അതും വിഫലപ്രയത്നമായി പര്യവസാനിച്ചതിനാലായിരിക്കണം, മുക്താഫലസദൃശങ്ങളായ ഒന്നോരണ്ടു് അശ്രുകണങ്ങൾ അവളുടെ കണ്ണുകളിൽ നിന്നും പതിച്ചു; അവൾ വസതിയിലേയ്ക്കു മടങ്ങാൻ ഭാവിച്ചു. അല്ല, ചുവടളന്നു നടന്നുതുടങ്ങി.

അതാ, അംബിക തിരിഞ്ഞുനിൽക്കുന്നു! അവളുടെ പുരോഗമനശ്രദ്ധയെ തടഞ്ഞ സംഭവമെന്തായിരിക്കാം? സായംകാലത്തിൽ പക്ഷിവൃന്ദങ്ങളുടെ കളകളനിനാദത്തെയും ഇളങ്കാറ്റടിച്ചുള്ള ഇലകളുടെ മർമ്മരശബ്ദത്തെയും അരുവികളിലെ വെള്ളച്ചാട്ടത്തിന്റെ ഭീകരധ്വനിയെയും അടക്കി അവളുടെ കർണ്ണങ്ങളിൽ പതിച്ച അ

ശബ്ദം എന്താവാം? അരുവിയിലിറങ്ങി ജലപാനം ചെയ്യുന്ന മാൻ പേട, അകലത്തിൽ സംഭവിച്ച വേട്ടപ്പട്ടിയുടെ കുരശബ്ദത്തെ കേട്ട് അങ്ങോട്ട കണ്ണും കരളും പ്രവർത്തിപ്പിക്കുന്നതുപോലെ, അംബിക ആ ദിക്കിലേയ്ക്ക് ഉത്കണ്ഠയായി നിൽക്കുന്നു. ഒട്ടുവളരെ കുതിരക്കൊളമ്പുകളുടെ ശബ്ദകോലാഹലമാണു തന്റെ ശ്രദ്ധയെ കവർന്നതെന്ന് ഉത്തരക്ഷണത്തിൽ അവൾ ഗ്രഹിച്ചു. എന്നാൽ ഒട്ടകലെവച്ചുതന്നെ ആ ശബ്ദം അവസാനിച്ചു. അംബിക അതാ, പരിഭ്രമിക്കുന്നു! തന്റെ പുതാണ്ടെ സമീപത്തു വന്നുനിന്ന അശ്വഭടന്മാർ ആരായിരിക്കുമെന്ന ചിന്ത അവളെ ബാധിച്ചു. അതിനിടയ്ക്ക് ആ ആരാംക്കുട്ടത്തിൽനിന്നും, സ്വർണ്ണംകൊണ്ടുള്ള സവാരിക്കോപ്പുകളും അണിയിച്ച മനോഹരമായ ഒരു കുതിരയിൽ രാജോചിതങ്ങളായ ചമയങ്ങളോടുകൂടി അതികോമളനായ ഒരു യുവാവു് അംബികയുടെ നേർക്കു വരുന്നു! അതാ, അംബികയുടെ നയനങ്ങൾക്കു വികാസം ഭവിക്കുന്നു; അവളുടെ സർവ്വാംഗം രോമാഞ്ചപരവശമാകുന്നു; അധരോഷ്ഠങ്ങൾ വിടരുന്നു; ഗണ്ഡസ്ഥലങ്ങൾ രക്തവർണ്ണങ്ങളാകുന്നു; കൊങ്കകൾ ജൃംഭിക്കുന്നു; അവളുടെ പല്ലവമൃദുലകരങ്ങൾ ചലിക്കുന്നു; അതാ കുതിരപ്പുറത്തുനിന്നും കുതിച്ച താരാനാഥനെ അംബിക സമാശ്ലേഷിക്കുന്നു!!

താരാനാഥനും അംബികയും പലനിമിഷങ്ങൾ അന്യോന്യ സമാശ്ലേഷണസുഖാനുഭൂതിയിൽ ആനന്ദിച്ചു. ''പ്രിയേ! —അല്ല, മാന്യേ! എന്റെ പ്രതിജ്ഞ ഫലോദ്ഗമമാകുമെന്ന ദൃഢവിശ്വാസത്തോടുകൂടി ഭവതി ഈ ഉപവനത്തിൽ എന്നെ പലനാളായി പ്രതീക്ഷിച്ചു നിൽക്കുന്നുണ്ടായിരിക്കാം; അതേ, നിശ്ചയമായും അങ്ങനെ സംഭവിച്ചിരിക്കണം— അപരിചിതനായ ഒരു വിദേശി ചെയ്ത പ്രതിജ്ഞയെ ഭവതി അവിശ്വസിച്ചില്ല; അല്ലേ?'' എന്നു താരാനാഥൻ അംബികയോടു ചോദിച്ചു.

"പ്രഭോ! അങ്ങു് എന്നെ മറക്കുകയില്ലെന്നു ഞാൻ വിശ്വസിച്ചു" എന്നായിരുന്നു അംബികയുടെ സമാധാനം.

താരാനാഥൻ:—അഹോ! ഞാൻ കൃതാർത്ഥനായി. മാന്യേ! ഭവതിയെമറന്നു ഞാൻ അവിടെ ജീവിക്കുന്നതെന്തിനു്? രാജ്യകാര്യസംബന്ധമായ പലേസംഗതികളെക്കൊണ്ടു് ഇത്രത്തോളം താമസം നേരിട്ടുപോയതാണു്. അംബികേ! അതേ, എന്റെ പ്രിയപ്പെട്ട അംബികേ! ഞാൻ ഇപ്പോൾ ഭവതിയെ അന്വേഷിച്ചു പുറപ്പെട്ടതു് എന്റെ പ്രതിജ്ഞയെ നിറവേറ്റാനായിട്ടല്ല; എന്റെ സ്നേഹത്തെ പ്രകടിപ്പിക്കാനായിട്ടല്ല; ഭവതിയുടെ സ്നേഹത്തെ പരീക്ഷിക്കാനായിട്ടല്ല; പലേ ആപൽഘട്ടങ്ങളിൽ പുരുഷസഹജ

മായ ധൈര്യത്തോടും സാമർത്ഥ്യത്തോടുംകൂടി എന്നെ സഹായിച്ചതിന്റെ കൃതജ്ഞതയെ വെളിപ്പെടുത്താനായിട്ടുമല്ല. പിന്നെയോ? ഭവതിയെ വേർപെട്ട അരനിമിഷം ജീവിക്കാനുള്ള ശക്തി എനിക്കില്ലാതായിരിക്കുന്നു എന്ന പരമാർത്ഥത്തെ ഭവതിയെ ധരിപ്പിക്കുവാനായിട്ടാണു്—ഭവതിയെ എന്റെ നാട്ടിലേയ്ക്കു ക്ഷണിക്കുന്നതിലേയ്ക്കായിട്ടാണു്—അതിലേയ്ക്കായിട്ടുമാത്രമാണു് ഞാൻ ഇപ്പോൾ ഭവതിയുടെ മുമ്പിൽ ആഗതനായതു്.

അംബികയ്ക്കു യാതൊന്നും സമാധാനം പറവാൻ കഴിഞ്ഞില്ല. അവളുടെ ചേതോഹരമായ നോട്ടം താരാനാഥനു ഉദ്ദിഷ്ടാതിതമായ സമാധാനത്തെ നല്കി; അതോടുകൂടി മോക്ഷസുഖത്തെ താൻ ഈ ലോകത്തിൽ അനുഭവിക്കുന്നതായ ഒരു പ്രതീതി അയാൾക്കുണ്ടായി. ആനന്ദപ്പെരുവെള്ളത്തിൽ ആണ്ടുപോയ അംബിക അതൊന്നും അറിയുന്നുമില്ല.

ഈ അവസരത്തിൽ ചിത്രസേനൻ അയാളുടെ കടിലിൽ നിന്നും ചാടുതന്നെമൊന്നിച്ചു് അംബികയെ അന്വേഷിച്ചു് അവളുടെ സമീപത്തിലെത്തി. അപ്പോഴാണു്, താൻ ഔന്യനുമായി "ഹസ്തേനഹസ്തതലമാത്തസുഖംഗ്രഹി"ച്ചുകൊണ്ടു നില്ക്കുന്നതായ ഓമ്മ അവളെ ബാധിച്ചതു്. പെട്ടെന്നു്, അവൾ താരാനാഥന്റെ ഹസ്തലത്തെ ആശ്രയിച്ചിരിക്കുന്ന അവളുടെ കരത്തെ വീണ്ടെടുക്കാൻ ശ്രമിച്ചു; പക്ഷേ, താരാനാഥൻ കരത്തെ വിട്ടുകൊടുക്കാഞ്ഞതിനാൽ അവളുടെ ശ്രമം വിഫലമാകുകയത്രേ ചെയ്തതു്. അംബിക ലജ്ജാനമ്രമുഖിയായി ചിത്രസേനനേയും ചാടുതന്മാരെ കടക്കണ്ണുകൊണ്ടു നോക്കി. ആ വൃദ്ധന്മാർ പുഞ്ചിരിക്കൊണ്ടതേയുള്ളൂ. ഉത്തരക്ഷണത്തിൽ ഉപവനത്തിനുള്ളിൽനിന്നും ഒട്ടധികം പ്രഭുക്കന്മാരും പ്രഭുപത്നിമാരും താരാനാഥന്റെ മുമ്പിൽവന്നു വണങ്ങി ഒതുങ്ങിനിന്നു താരാനാഥന്റെ അനുചരന്മാർ അവരാണെന്നു അപ്പോഴാണു അംബികയ്ക്കു മനസ്സിലായതു്.

അനന്തരം, താരാനാഥൻ ആ ജനക്കൂട്ടത്തെ നോക്കി, മാന്യരായ സ്ത്രീപുരുഷന്മാരേ! എന്റെ സമീപത്തു നില്ക്കുന്ന ഈ മാന്യയുവതി, വിശ്രുതവീരനും കാശ്മീരത്തിലെ പ്രജാധിപത്യഭരണസ്ഥാപകനുമായ അശോകനാഥന്റെ ഏകപുത്രിയാകുന്നു. ഭാഗ്യാതിരേകത്താൽ എന്റെ പട്ടമഹിഷീസ്ഥാനത്തേയ്ക്കു് ഈ ഉൽകൃഷ്ടവനിതാരത്നത്തെ തിരഞ്ഞെടുക്കാൻ എനിക്കു സാധിച്ചിരിക്കുന്നു. മഹാജനങ്ങളേ! നേപാളത്തിലെ ചക്രവർത്തിപദം ഏതെങ്കിലും ഒരംശത്തിൽ എന്നെ ചരിതാർത്ഥനാക്കിച്ചെയ്യുന്നുവെങ്കിൽ അതിനുള്ള കാരണം നാലോ അഞ്ചോ ദിവസത്തിനുള്ളിൽ ആ സാമ്രാ

ജ്യത്തിലെ ചക്രവർത്തിനീപദത്തിൽ അഭിഷേകം ചെയ്യാൻ പോകുന്ന ഈ ദേവിയുടെ അവിച്ഛിന്നസാന്നിദ്ധ്യത്തോടുകൂടിയ മരണനിർവ്വഹണത്തിനു് എനിക്കു് ഭാഗ്യമുണ്ടാകുമെന്നുള്ള വിശ്വാസം മതിയാകുന്നതാണു്.'' എന്നു പ്രസംഗിച്ചു.

അഹോ! അംബികയ്ക്കുണ്ടായ ആശ്ചര്യത്തിനു് അളവുണ്ടോ? താരാനാഥൻ നേപാളത്തിലെ ഒരു പ്രഭുവോ കൂടിവന്നാൽ അവിടത്തെ ഒരു മന്ത്രിയോ മാത്രമായിരിക്കുമെന്നു് ആ നിമിഷംവരെ ദൃഢമായി വിശ്വസിച്ചുപോന്ന ആ സുന്ദരാംഗിക്കു് തന്നാൽ അനുരക്തനായ പുരുഷരത്നം, നേപാളചക്രവർത്തിയായ പ്രതാപരുദ്രനാണെന്നറിഞ്ഞപ്പോൾ അവർക്കുണ്ടായ ആശ്ചര്യാതിശയത്തെ എങ്ങനെ വർണ്ണിക്കാൻ സാധിക്കും? ചിത്രസേനനും ചാരുദത്തനും അത്ഭുതപരതന്ത്രരായി, താരാനാഥനെ തലകുനിഞ്ഞു വണങ്ങി ഒഴിഞ്ഞുമാറിനിന്നു.

അമ്പത്തിനാലാം അദ്ധ്യായം.

"ജാതിനാമാദികൾക്കില്ല ഗുണഗണ-
ഭേദമെന്നത്രേ ബുധന്മാരുടെ മതം."

അടുത്തദിവസം പ്രഭാതത്തിൽ നേപാളഭൂപനായ പ്രതാപരുദ്രനും അംബികയും അനുയായികളോടുകൂടി ശ്രീപുരത്തേയ്ക്കു യാത്രയായി ചാരുദത്തചിത്രസേനന്മാർക്കുടി അവരുടെ ഒന്നിച്ചുണ്ടായിരുന്ന എന്നുള്ളതു വക്തവ്യമാണു്. യഥാകാലം എല്ലാവരും ശ്രീപുരത്തിലെത്തി. അശോകനാഥൻ അവരെ സ്നേഹപൂർവ്വം എതിരേറ്റു; പ്രതാപരുദ്രനെ അദ്ദേഹത്തിന്റെ അന്തസ്സിനു അനുയോജ്യമാംവണ്ണം എതിരേല്ക്കുകയാണു ചെയ്തതു്.

അന്നുരാത്രിയിൽ പ്രസംഗവശാൽ ചാരുദത്തൻ അശോകനാഥനോടു് അംബികയെ പ്രതാപരുദ്രനു വിവാഹം ചെയ്തുകൊടുക്കണമെന്നു് അഭ്യർത്ഥിച്ചു. അശോകനാഥൻ അതുകേട്ടു ഇപ്രകാരം സമാധാനംപറഞ്ഞു:—"പ്രതാപരുദ്രന്റെ അന്തസ്സിനെയും ആഭിജാത്യത്തെയും ഞാൻ വിസ്മരിക്കുന്നില്ല. അദ്ദേഹത്തിന്റെ സദ്ഗുണസമ്പത്തികളിൽ എനിക്കു ബഹുമാനവുമുണ്ടു്. എന്നാൽ രാജാധിപത്യത്തെ വെറുക്കുന്ന ഞാൻ എന്റെ പുത്രിയെ ഒരു രാജാവിനു വിവാഹംചെയ്തുകൊടുക്കാൻ മടിക്കുന്നു. രാജാക്കന്മാർ ദൈവത്തിന്റെ പ്രതിനിധികളും രാജ്യത്തിന്റെ അവകാശികളുമാണെന്നും ലോകത്തിലെ പ്രജകളെല്ലാം അവരുടെ അടിമകളും അവരു

ടെ സ്വന്തം സുഖസൗകര്യാർത്ഥികൾക്കായി ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടവരുമാണെന്നും ഒരു തെറ്റായ ധാരണ പൊതുവേ അവരെ ബാധിച്ചിട്ടുണ്ട്. ഇതു് എത്ര നിന്ദ്യമായ ഒരു മനഃസ്ഥിതിയാണെന്നു് ആലോചിക്കുക! രാജാക്കന്മാർ എന്നൊരു വർഗ്ഗക്കാരോട്ടക്രൂടിയാണോ ആദിയിൽ ഈശ്വരൻ മനുഷ്യരെ ലോകത്തെസ്സൃഷ്ടിച്ചുവിട്ടതു്? ലോകാരംഭകാലത്തു ജനങ്ങൾ രാജാക്കന്മാരുടെ സഹായം കൂടാതെ ജീവിച്ചുപോന്നവരാണു്. ക്രമേണ അവർക്ക് ഒരു നേതാവിന്റെ ആവശ്യം നേരിടുകയും ആ ഘട്ടത്തിൽ അവർ എല്ലാവരുംകൂടിയോജിച്ചു ബുദ്ധിമാനും മനഃസംസ്കാരമുള്ളവനും സദ്വൃത്തനും സത്യസന്ധനും നയകോവിദനുമായിട്ടുള്ള ഒരു യോഗ്യനെ അവരിൽനിന്നും തിരഞ്ഞെടുത്തു രാജസ്ഥാനത്തു നിയമിക്കുകയും ഒടുവിൽ അപ്രകാരം നിയമിക്കപ്പെട്ടവരിൽ ഉദ്ദണ്ഡന്മാരും കയ്യൂക്കുള്ളവരുമായ ചില പ്രതിനിധികൾ തങ്ങളുടെ സ്ഥാനം, തങ്ങൾക്കുശേഷം തങ്ങളുടെ കുടുംബത്തിനു പരമ്പരയാ ലഭിക്കണമെന്നുള്ള ദുഷ്ടബുദ്ധിയോടുകൂടി മട്ടനനയാടികളെക്കൊണ്ടു തൽസ്ഥാനത്തെ കുടുംബാവകാശമാക്കിച്ചെയ്യുകയും അങ്ങനെ രാജകുടുംബങ്ങൾ ഉണ്ടാവുകയും ചെയ്തിരിക്കണമെന്നു് ഊഹിക്കാൻ ന്യായങ്ങളുമുണ്ടു്. അതിനാൽ ജനങ്ങൾക്കു ന്യായബോധവും സ്വാതന്ത്ര്യബുദ്ധിയും മനഃപരിഷ്കാരവും സിദ്ധിച്ചിരിക്കുന്ന ഈ കാലത്തു് അക്രമികളും അവിനയന്മാരും സ്വാർത്ഥതല്പരന്മാരുമായരാജാക്കന്മാരുടെ പ്രജകളായിരിക്കാൻ വൈമുഖ്യം തോന്നുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. ജനങ്ങൾ എല്ലാവരും ഒരേ ഈശ്വരന്റെ സന്താനങ്ങളും അന്യോന്യം അഭേദ്യമായ സഹോദരബന്ധമുള്ളവരുമാണു്. അവരിൽ ഉയച്ചയും താഴ്ചയും, പഠിപ്പിലും വൃത്തിയിലും സ്വഭാവത്തിലും മാത്രമാകുന്നു. അല്ലാതെ ഒരുവൻ കുടിലിലും മറൊരുവൻ കൊട്ടാരത്തിലും ജനിച്ചു എന്നുവച്ചു് ഒരുവൻ അധഃകൃതനും മറൊരുവൻ ഉൽകൃഷ്ടനുമാണെന്നു പറവാൻ പാടില്ല. ഇതാണു് എന്റെ അഭിപ്രായമെന്നു് എല്ലാവർക്കും അറിവുള്ള സംഗതിയാണു്. ആസ്ഥിതിക്കു് ഞാൻ എന്റെമകൾക്കു ഭർത്താവായി ഒരു രാജാവിനെ തിരഞ്ഞെടുത്തു എന്നു വരുന്നതു പോരാത്തതാണു് പ്രസംഗത്തിനു വിപരീതമായ പ്രവൃത്തിയോടുകൂടിയവനെ, തന്റേടമുള്ള പ്രജകൾ നേതൃസ്ഥാനത്തുനിന്നും നീക്കംചെയ്യും. അങ്ങനെ ചെയ്യേണ്ടതുമാണു്. അതുകൊണ്ടു പ്രതാപരുദ്രനു് അംബികയെ വിവാഹം ചെയ്തുകൊടുക്കണമെന്ന നിങ്ങളുടെ അഭിപ്രായത്തെ എനിക്കു സ്വീകരിക്കാൻ നിവൃത്തിയില്ല. എന്നാൽ പ്രതാപരുദ്രൻ അംബികയുടെ ഭർത്തൃസ്ഥാനത്തേയ്ക്കു സർവ്വഥാ യോഗ്യനായ ഒരു യുവാവാണെന്നുള്ള എന്റെ അഭിപ്രായത്തെ ഞാൻ മറച്ചുവയ്ക്കുന്നുമില്ല.

ചാരുദത്തൻ:—താങ്കളുടെ വിലയേറിയ അഭിപ്രായം നിരാക്ഷേപമാകയാൽ ഞാൻ അതിനോടു യോജിക്കുന്നു, എന്നാൽ അംബികയും പ്രതാപരുദ്രനും അന്യോന്യം അനുരക്തന്മാരാണെന്നുള്ള വസ്തുത താങ്കൾ അറിഞ്ഞിട്ടില്ലായിരിക്കാം. അതിനു താങ്കൾക്കുള്ള സമാധാനമെന്താണെന്നു ഞാൻ അറിയുന്നില്ല.

അശോകനാഥൻ:—നിങ്ങൾക്ക് ഇതു എങ്ങനെ മനസ്സിലായി?

ചാരുദത്തൻ:—അവരുടെ പെരുമാറ്റത്തിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതിനും പുറമേ, പ്രതാപരുദ്രൻതന്നെ കല്പകക്കോട്ടയുടെ സമീപമുള്ള ഉപവനത്തിൽവച്ച്, അംബികയെ തന്റെ പട്ടമഹിഷിയായി തിരഞ്ഞെടുത്തിരിക്കുന്നുവെന്നും വിവാഹത്തിനു് താങ്കളുടെ സമ്മതം ലഭിക്കേണ്ട താമസമേയുള്ളുവെന്നും എല്ലാവരും കേൾക്കെ പ്രസംഗിക്കയുണ്ടായി.

അശോകനാഥൻ:—സ്ത്രീപുരുഷന്മാർ അന്യോന്യം സ്നേഹിക്കുന്നുണ്ടെന്നു സംശയംതോന്നുന്നമാത്രയിൽ അവരെ വിവാഹബന്ധത്താൽ ഘടിപ്പിക്കുകയാണു് അവരുടെ ഗുരുജനങ്ങളുടെ കർത്തവ്യം അതു കർത്തവ്യത്തെ ശരിക്കു നിർവ്വഹിക്കാത്ത പക്ഷം അതുമൂലം നേരിടുന്ന അപഭ്രംശകർമം അസംഖ്യങ്ങളാണു്. (അശോകനാഥൻ ചാരുദത്തന്റെ മുഖത്തു് ഉറുനോക്കി) അതുകൊണ്ടു് അംബികയുടെയും പ്രതാപരുദ്രന്റെയും വിവാഹത്തിനു ഞാൻ അനുവദിച്ചിരിക്കുന്നു. എന്നാൽ എനിക്കു് ആവക ചടങ്ങുകളിൽ പങ്കുകൊള്ളാൻ നിവൃത്തിയില്ല. വിവാഹകർമ്മം നേപാളത്തുവച്ചു നടത്തിക്കൊള്ളട്ടെ!

അടുത്തദിവസംതന്നെ പ്രതാപരുദ്രനെ അശോകനാഥൻ ജാമാതാവിന്റെ നിലയിൽ വേണ്ട സൽകാരങ്ങളും നടത്തി അംബികയോടുകൂടി നാട്ടിലേയ്ക്കു് യാത്രയയച്ചു. കാശ്മീരത്തിന്റെ അതിർത്തികഴിയുവോളം, അശോകനാഥൻ തന്റെ സൈന്യത്തിൽ ഒരു ഭാഗത്തെ അനുയാത്രയായി അയച്ചിരുന്നു. എന്നുള്ളതു പ്രസ്താവയോഗ്യമാണു്.

അൻപത്തഞ്ചാം അദ്ധ്യായം.

".....മീ-
യംഗനയന്യശരണമറോരാൾ
ഏകാന്തസഹ്യസുഖാമൃതാസ്വാദത്താൽ
കൈകൊയ്യുംചെയ്യു കഴിപ്പു കാലം."

പ്രതാപരുദ്രനും അംബികയും അനുയായികളോടുകൂടി യഥാകാലം നേപാളത്തിന്റെ അതിർത്തിയിൽ പ്രവേശിച്ചു. തല്സ്ഥാനനഗരിയായ പത്മപുരത്തിൽനിന്നും സകല പരിവാരങ്ങളോടുംകൂടി പ്രധാനമന്ത്രി അവിടെവന്ന് അവരെ ആഘോഷപൂർവ്വം എതിരേറ്റു; യഥാകാലം എല്ലാവരും രാജധാനിയെ പ്രാപിച്ചു. അടുത്ത ഒരു സുമുഹൂർത്തം നിശ്ചയിച്ചു്, ആ മുഹൂർത്തത്തിൽ അനിതരസാധാരണമായ ആഘോഷങ്ങളോടുകൂടി പ്രതാപരുദ്രചക്രവർത്തി അംബികയെ വിവാഹംചെയ്തു് നേപാളത്തിലെ ചക്രവർത്തിനീപദത്തിൽ ആരോഹണം ചെയ്യിച്ചു. അതുസംബന്ധമായ ചടങ്ങുകൾ ഏഴുദിവസത്തേയ്ക്കുണ്ടായിരുന്നു. എട്ടാംദിവസം മുൻനിശ്ചയമനുസരിച്ചു്, മഠംഗപുരിയിലെ നാടുനീങ്ങിയ ചക്രവർത്തിക്കു പകരം തൽസ്ഥാനത്തേയ്ക്കു് നേപാളചക്രവർത്തിയെ തിരഞ്ഞെടുത്തിരുന്നപ്രകാരം പ്രതാപരുദ്രനു മകുടാഭിഷേകം നടത്തി. അടുത്തദിവസം സായംകാലത്തിൽ വിദേശത്തുനിന്നും വന്ന ഒരു ദൂതൻ മുഖേന പ്രതാപരുദ്രന്റെ കൈയിൽ ഒരു എഴുത്തുകിട്ടി. അതിൽ തന്റെ മേൽവിലാസം എഴുതിയിരുന്നതുകൊണ്ടു് ചക്രവർത്തി എഴുത്തുപൊളിച്ചു് ഇപ്രകാരം വായിച്ചു:—

'ആയുഷ്മൻ,

അങ്ങേയ്ക്കും അങ്ങയുടെ ഭാഗ്യശാലിനിയായ സഹധർമ്മചാരിണിക്കും ആദ്യമായി എന്റെ നമോവാകത്തെ അറിയിച്ചുകൊള്ളുന്നു.

അങ്ങു്, സരസ്വതിയെന്നും പ്രേതയക്ഷിയെന്നും രണ്ടു സ്ത്രീകളുമായി പരിചയപ്പെട്ടിരുന്നതിൽ പ്രേതയക്ഷി എന്ന സ്ത്രീ, സരസ്വതിതന്നെയാണെന്നും ആ സരസ്വതിയായ ഞാനും എന്റെ മാതാവു ശീലവതിയും, എന്റെ പിതാവായ വിദ്യുൽപ്രഭന്റെ മരണശേഷം ശ്രീപുരത്തിനടുത്തു് ഒരു ചെറിയ വീട്ടിൽ വ്യാജനാമം സ്വീകരിച്ചു താമസിച്ചുവരവേ, അവിടെവച്ചു് എന്റെ മാതുലനായ അശോകനാഥനെ അപ്രതീക്ഷിതമായി കണ്ടുമുട്ടുകയും എന്റെ അമ്മ മരിക്കാറായ ഘട്ടത്തിൽ, അവർ എന്റെ അമ്മാവനെ വരുത്തി, അപ്പോൾ പത്തുവയസ്സുമാത്രം പ്രായമായിരുന്ന എന്നെ അദ്ദേഹം വശം ഏല്പിക്കുകയും എന്റെ മാതാപിതാക്കന്മാരുടെ പ്രതിജ്ഞപ്രകാരം എന്നെ ദേവാലയജോലിയിൽ ഏർപ്പെടുത്താമെന്നു അശോകനാഥൻ എന്റെ മാതാവിനോടു് ഏറ്റുപറയുകയും ചെയ്തുവെന്നും മറ്റുമുള്ള വസ്തുതകൾ അറിഞ്ഞിട്ടുണ്ടല്ലോ. എന്റെ അമ്മ മരിച്ചതിൻശേഷം, എന്നെ ദേവാലയജോലികളിൽ ഏർപ്പെടുത്തുന്നതിനുമുമ്പു്, എന്റെ അമ്മാവൻ എന്നെ അദ്ദേഹത്തിനു പരിചയമുള്ള ഒരു ധനികകുടുംബത്തിൽ പാർപ്പിച്ചിരുന്നു.

അക്കാലത്തു ഞാൻ വ്യാജനാമം ധരിച്ചിരുന്നതിനാൽ വെങ്കലപ്രതിമാസംഘക്കാർക്കു ഞാൻ ജീവിച്ചിരിപ്പുണ്ടെന്നും എന്റെ താമസം എവിടെയാണെന്നും മനസ്സിലാക്കാൻ സാധിച്ചില്ല. ശ്രീപുരത്തു ഒരു ബാലികാമഠമുണ്ടായിരുന്നു. അനാഥകളായ പെൺകുട്ടികളുടെ രക്ഷയ്ക്കായി ഏർപ്പെടുത്തിയിരുന്ന ആ മഠത്തിൽ അവർക്കു ആഹാരത്തിനും വിദ്യാഭ്യാസത്തിനും ഈശ്വരഭക്തിക്കും വേണ്ട വ്യവസ്ഥകളെല്ലാം ചെയ്തിട്ടുണ്ട്. എന്റെ അമ്മാവൻ എന്റെ പതിനാറാമത്തെ വയസ്സിൽ എന്നെ ആ മഠത്തിൽ ചേർത്തു. ആ മഠത്തിന്റെ ആധിപത്യം വഹിച്ചിരുന്ന ശിവയോഗിനി എന്ന മാന്യ എല്ലാ ഉൽകൃഷ്ടഗുണങ്ങളും തികഞ്ഞവരാണെന്നു് എന്റെ അമ്മാവൻ അറിഞ്ഞിരുന്നു. അഥവാ, വാക്കിലും വേഷത്തിലും സദ്ഗുണസമ്പന്നാചാരങ്ങളെ അഭിനയിച്ചുവന്ന ആ സ്ത്രീ രുദ്രാക്ഷപ്പുച്ചയാണെന്നു് അദ്ദേഹം അറിഞ്ഞിരുന്നില്ല. ശിവയോഗിനി, വെങ്കലപ്രതിമക്കാരുടെ ഒരു വലത്തുകൈയാണെന്നു് ഒടുവിൽ എനിക്കു മനസ്സിലായി. നിഷ്കളാനന്ദസ്വാമികൾ അടിക്കടി ആ മഠത്തിൽ വരിക പതിവുണ്ടായിരുന്നു. ഞാൻ ആ മഠത്തിൽ താമസമായതിന്റെ അടുത്തദിവസം അയാൾ അവിടെവന്നു. എന്നെക്കണ്ടപ്പോൾ അനവധി സാധുയുവതികളുടെ ചാരിത്ര്യങ്ങളെ നശിപ്പിച്ചിട്ടുള്ള ആ ദുഷ്ടന്റെ ബ്രഹ്മചാരിത്വം പമ്പകടന്നു. അയാൾ എന്നെപ്പറ്റി വളരെ സ്തുതിക്കുകയും എന്നിൽ നിഷ്കളങ്കമായ സ്നേഹത്തെ പ്രകടിപ്പിക്കുകയും ചെയ്തു. ചതി എന്നതു അതുവരെ അറിഞ്ഞിട്ടില്ലാത്ത ഞാൻ ആ ദുഷ്ടന്റെ അഭിനയത്തിൽ വിശ്വസിച്ചുപോയി. ഇങ്ങനെ പലദിവസം നിഷ്കളാനന്ദനെ കണ്ടു സംസാരിക്കുന്നതിനും അയാളെ ഹൃദയപൂർവ്വം സ്നേഹിച്ചു വിശ്വസിക്കുന്നതിനും സംഗതിയായി. ഒരുദിവസം എന്റെ പരമാർത്ഥസ്ഥിതി മുഴുവൻ ഞാൻ അയാളെ ധരിപ്പിച്ചു. ഒടുവിൽ വെങ്കലപ്രതിമക്കാരിൽനിന്നും രക്ഷപ്പെടുവാനുള്ള മാർഗ്ഗത്തെ ഉപദേശിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചു. കുറുക്കന്റെ കൈയിൽ കുടലേല്പിച്ചതുപോലെ ഞാൻ എന്റെ കുടുംബസ്ഥിതികളും യഥാർത്ഥനാമവും മറ്റും അയാളെ ധരിപ്പിച്ചപ്പോൾ അയാൾക്കു വലുതായ ചാരിതാർത്ഥ്യം ഉണ്ടായി. എന്നാൽ അതിന്റെ കാരണം പ്രതിമാസംഘക്കാർക്കു പിടികിട്ടാതിരിക്കുന്ന സരസ്വതീവൃത്താന്തം അവളിൽനിന്നുംതന്നെ അനായാസേന അറിവുകിട്ടിയതാണെന്നു എനിക്കു അപ്പോൾ മനസ്സിലായില്ല. ഇപ്രകാരം നിഷ്കളാനന്ദൻ എന്റെ യഥാർത്ഥസ്ഥിതി ഗ്രഹിച്ചുവെങ്കിലും അതു് അയാൾ ഉടയസേനനേയും കൂട്ടുകാരെയും ധരിപ്പിക്കുകയുണ്ടായില്ല. തന്റെ പൈശാചികമായ ആശയ്ക്കു ഒരായുധമായിരിക്കട്ടെ എന്നുകരുതി

അയാൾ അതു പ്രത്യേകം സൂക്ഷിച്ചുവച്ചതേയുള്ളൂ. അന്നുമുതൽ അടിക്കടി മഠത്തിൽവന്ന എന്റെ യോഗക്ഷേമാദികളെ ഒരു പ്രത്യേക താല്പര്യത്തോടുകൂടി അന്വേഷിച്ചുപോവുക പതിവായിത്തീർന്നു. അയാൾ എന്റെ മനഃസ്ഥിതിയെ പലപ്രകാരത്തിൽ പരീക്ഷിച്ചറിഞ്ഞു. നിഷ്കപടമായ എന്റെ ഇളംചിത്തത്തിൽ മാലിന്യങ്ങളൊന്നുമില്ലെന്നും തന്റെ മൂഢിയമായ ആശയങ്ങൾ ഞാൻ വഴിപ്പെടുന്നവളല്ലെന്നും അയാൾ ഗ്രഹിച്ചു എന്നാൽ എന്റെ ദൗർഭാഗ്യദോഷത്താൽ അയാൾക്കു അനുകൂലമായ പലേ കപടമാർഗ്ഗങ്ങളും ഉണ്ടായിരുന്നു. ശിവയോഗിനി അയാളെ അനുകൂലിച്ചുനില്ക്കുകയുമാണു്. അവരാണു മുഖാന്തിരം എന്നെ ആ മഠത്തിൽനിന്നും കുമുദിനീദേവിയുടെ ധവളസൗധത്തിൽ മാറിത്താമസിപ്പിച്ചു. ഈ സംഗതി എന്റെ അമ്മാവനിൽനിന്നും യോഗിനി മറച്ചുവച്ചു. അദ്ദേഹം എന്നെ അന്വേഷിച്ചു മഠത്തിൽ ചെന്നപ്പോൾ കാലദീർഘതയോടുകൂടിയ ഈശ്വരഭജനത്തിൽ ഏർപ്പെട്ടിരിക്കയാണെന്നും വ്രതാവസാനത്തോളം പുരുഷദർശനം പാടില്ലെന്നും പറഞ്ഞു് അദ്ദേഹത്തെ കബളിപ്പിച്ചയച്ചു. ധവളസൗധത്തിൽ ചെന്നതോടുകൂടി എന്റെ മനസ്സിനു് ഒരു പുതിയ ഉത്സാഹവും ഉന്മേഷവും ലഭിച്ചു. മഠത്തിലെ വൈരികജീവിതത്തിൽനിന്നും മോചിച്ചു ധവളസൗധത്തിലെ ആനന്ദപ്രദമായ ജീവിതത്തിൽ ഏർപ്പെട്ടപ്പോൾ എനിക്കു പുതിയ ഉത്സാഹംജനിച്ചതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. എവിടെയും മനോഹരമായ കാഴ്ചകളാണു് എനിക്കു കാണാൻകഴിഞ്ഞതു്. നരകത്തിൽനിന്നും സ്വർഗ്ഗത്തിൽക്കടന്ന സന്തോഷം എനിക്കു ലഭിച്ചു. കുമുദിനീദേവിയുടെ ഉല്ലാസത്തോടുകൂടിയ സംഭാഷണവും പരിശുദ്ധതരീതിയിലുള്ള അവരുടെ നടപടികളും എന്നിൽ അവർ കാണിച്ച പ്രീതിയും എന്നെ ആനന്ദഭരിതയാക്കിച്ചെയ്തു. എന്നാൽ ധവളസൗധത്തിലെ രഹസ്യങ്ങളൊന്നും എന്നെ മനസ്സിലാക്കിയില്ല. ആദ്യം ആത്മീയോപദേശാമൃതത്താൽ എന്റെ വ്യാമോഹാന്ധകാരത്തെ കളിപ്പിച്ചുവന്ന ആ കുമുദിനി തദ്വിതരമായ വിഷയങ്ങളിലേയ്ക്കു എന്റെ മനസ്സിനെ താഴ്ത്തിക്കൊണ്ടുവരാൻ ശ്രമിച്ചുതുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ, വാത്സ്യായനമതം ഒന്നല്ലാതെ സ്ത്രീപുരുഷന്മാരെ സഹായിക്കുകയില്ലെന്നും പ്രായോഗികമായ ആ ഒരു മതമേ ലോകത്തിൽ നിലനില്ക്കുകയുള്ളൂ എന്നും അന്യമതങ്ങളെല്ലാം അയഥാർത്ഥങ്ങളും അപ്രായോഗികങ്ങളുമാകയാൽ അസ്മൽസന്മുഖങ്ങളാണെന്നും അചിരേണ ആ ദേവി പകർപ്പുബുദ്ധിയില്ലാത്ത എന്നെ വിശ്വസിപ്പിച്ചു. എന്നെ സ്വമതപ്രതിപത്തിയുള്ളവളാക്കിച്ചെയ്തു എന്നു കുമുദിനിക്കു വിശ്വാസം നേരിട്ടതിനുശേഷം ആ മതത്തിലെ മന്ത്രതന്ത്രങ്ങളെ എനിക്കുപദേശിച്ചുതന്നു. ഇങ്ങനെ കുമുദിനിയുടെ

ഉപദേശത്തെ ശ്രവണാനന്തരം ഞാൻ മനനംചെയ്യാൻതുടങ്ങി. തന്മൂലം പുതിയപുതിയ ഉണർവുകൾ മനസ്സിൽ ഉദിച്ചുയരുകയുണ്ടായി. അതോടുകൂടി തന്റെ ഗർഭക്ഷേത്രസന്നിധിയിലെ അനുഗ്രഹപൂർവ്വകമായ രഹസ്യോപദേശത്തിനു് ഞാൻ അധികാരിയായിഭവിച്ചുഎന്നകുമുദിനി ഗ്രഹിച്ചു. ഒരുദിവസം രാത്രിയിൽ പതിവുപോലെ മദനപൂജാമണ്ഡപനിർമിതമായ ഘട്ടത്തിൽ, കുമുദിനി എന്നെയുംകൂട്ടിക്കൊണ്ടു മാളികമുകളിലേയ്ക്കു കയറി. അവിടത്തെക്കാഴ്ചകൾ എന്നെ അത്ഭുതപരിഭ്രാന്തയാക്കിത്തീർത്തു 'ഇതെന്തു്? ദേവലോകമോ? ബ്രഹ്മലോകമോ? അതോ സപ്തസ്ഥാനമോ? മദനസദനമോ?' എന്നിങ്ങനെ ചിന്തിക്കവേ, എന്നെനോക്കി മന്ദഹാസം തൂകിയ അനേകം സുന്ദരീസുന്ദരന്മാരായ യുവാക്കന്മാരെ എനിക്കു നോക്കി ഗ്രഹിക്കാൻ കഴിയുംമുമ്പു്, കുമുദിനി എന്നെയുംകൊണ്ടു് അവിടംകടന്നു് അടുത്ത ഒരു ചെറിയ മുറിയിൽ കയറി. അതിനുള്ളിൽ മങ്ങിയ ഒരു ദീപപ്രകാശമേ ഉണ്ടായിരുന്നുള്ളൂ. കാണപ്പെടുന്ന പദാർത്ഥങ്ങളുടെ യഥാർത്ഥരൂപം ശരിക്കുകാണാൻ കഴിവില്ലാത്ത ഒരു ചെറുപ്രകാശം മാത്രമായിരുന്നു അതു്. അ മുറിയിൽ കാലുകുത്തിയ ഞാൻ അതേനിമിഷത്തിൽ ഭയശബ്ദത്തോടുകൂടി ഞെട്ടി രണ്ടടി പിന്നോക്കംമാറി. രണ്ടു ശവപ്പെട്ടികൾതുറന്നു കുത്തനേനിർത്തിയിരുന്നതിനകത്തു്, രണ്ടുമനുഷ്യരുടെ അസ്ഥിക്കൂട്ടു നിൽക്കുന്നുണ്ടായിരുന്നതാണു് എന്റെ ഭീതിക്കു കാരണമായിത്തീർന്നതു്. ആ മങ്ങിയ വെളിച്ചത്തിൽ ആ അസ്ഥിപഞ്ജരങ്ങൾ കൈകൾ മുമ്പോട്ടുനീട്ടി നിൽക്കുന്നതുകണ്ടാൽ ആർക്കാണു് ഭയമുണ്ടാകാത്തതു്? ഞാൻ ആ ഭയാനുഭൂതിയോടുകൂടി കുമുദിനിയുടെ മുഖത്തു ഉറുനോക്കി. അവളും ചിന്തമുഖവും തുറിച്ചുകണ്ണും വളച്ചുപുരികവും കടിച്ചുപുണ്ടുമായി നിൽക്കുന്നതു കണ്ടപ്പോൾ, ഞാൻ കാണുന്നതു് ഒരു പിശാചസ്ത്രീയെയാണെന്നു് എനിക്കു തോന്നിപ്പോയി. കോപാഗ്നിജ്വലിക്കുന്ന അവളുടെ നയനാസ്ത്രം എന്റെ മുഖത്തു തറപ്പിച്ചിട്ടു് ഉഗ്രരിപ്പിടിച്ചുഖഡ്ഗം എന്റെ മുഖത്തിനുനേർക്കു നീട്ടിക്കൊണ്ടു്, "പെണ്ണേ! ഞാൻ പറയുന്നതുകേൾക്കു്, നീ ഒരു സത്യംചെയ്യണം. ചെയ്യാത്തപക്ഷം ഈ വാളിനു് ഇരയായിത്തീരും. നിന്റെ അസ്ഥിക്കൂടും ഇപ്രകാരം കുത്തനേ നിൽക്കട്ടെ" എന്നു ഗർജ്ജിച്ചു. ഞാൻ അതുകേട്ടു പൂർവ്വാധികം ഭയസംഭ്രമങ്ങളോടുകൂടി ആ രാക്ഷസസ്ത്രീയുടെ കാല്മൽ നമസ്കരിച്ചുകൊണ്ടു് അവളം പറഞ്ഞപ്രകാരം സത്യംചെയ്തുകൊടുത്തു. ആ സത്യവാചകത്തെ ഉദ്ധരിച്ചു് ഈ ലേഖനത്തെ മലീമസമാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരുസംഗതി വെളിപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. ആ മാളികയിൽ നടക്കുന്ന സംഭവങ്ങളം യാതൊന്നും പരസ്യമാ

ക്കാൻ പാടില്ലാത്തവിധം, സ്ത്രൈണമൊഴികളാൽ ഞാൻ നിർബ്ബലനായി ഭവിച്ചു. പക്ഷേ കുമുദിനി ജീവിച്ചിരിക്കുന്നിടത്തോളമേ ഞാൻ സത്യത്തിനു കീഴ്പ്പെട്ടിരിക്കേണ്ട ആവശ്യമുള്ളൂ.

കുമുദിനി എന്നെ മറെറാരുമുറിയിലേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി. ആ മുറി അതിമനോഹരമാംവണ്ണം അലങ്കരിക്കപ്പെട്ടിരുന്നു. അവിടെ ചേതസ്സുമാകഷ്കമായ ഒരു മേശപ്പുറത്തു സ്വാദിഷ്ടങ്ങളായ പലതരം പാനീയങ്ങളും ഫലവർഗ്ഗങ്ങളും തയാറുണ്ടായിരുന്നു. കുമുദിനി ആവശ്യപ്പെട്ടതനുസരിച്ചു് അതിൽ കുറെയൊക്കെ ഞാൻ ഭക്ഷിച്ചു. അക്ഷുത്തിൽ ഒരു പാനീയം, എന്റെ വായറിൽ കടന്നമാത്രയിൽ എന്റെ സകല രക്തനാഡികളിലും പ്രവേശിച്ചു് ഒരു പുതിയ ഉണർവും ഉത്സാഹവും എന്നെ ബാധിച്ചു. ആ സ്ഥിപഞ്ജരങ്ങളും അതിന്റെ മുമ്പിൽവച്ചു നടന്ന സംഭവങ്ങളും സ്വപ്നപ്രായങ്ങളായി ഭവിച്ചു.

കുമുദിനി പുറത്തുപോയി രണ്ടുനാലുമിന്നിട്ടു കഴിഞ്ഞിരിക്കും; സ്വാമി നിഷ്കളാനന്ദൻ ഞാനിരുന്ന മുറിയിൽ കടന്നുവന്നു. എന്നാൽ നിഷ്കളാനന്ദനെ സന്ന്യാസിയുടെ വേഷത്തിലല്ല ഞാൻ ആപ്പോൾ കണ്ടതു്. പ്രൌഢോചിതങ്ങളായ വസ്ത്രാഭരണങ്ങളും ധരിച്ചു് അഴകിയരാവണനായി ആവിർഭവിച്ച ആ വിടാമ്രേസരനെക്കണ്ടപ്പോൾ എനിക്കുണ്ടായ ആശ്ചര്യത്തിനു് അവധിയില്ലായിരുന്നു. മുറിയിൽക്കടന്ന ആ ദുഷ്ടൻ എന്നെ സമീപിച്ചു് എന്റെ കൈയ്ക്കു പിടിക്കാൻ ഉദ്യമിച്ചു. തൽക്ഷണം ഞാൻ ഒഴിഞ്ഞുമാറി ദുസ്സഹമായ കോപത്തോടുകൂടി അവന്റെ ആപാദമസ്തകം പല പ്രാവശ്യം കണ്ണോടിച്ചു. സന്ന്യാസവ്യാജേന ലോകവഞ്ചനചെയ്യുന്ന ആ പരമദുഷ്ടന്റെ ദൌഷ്ട്യത്തെ ഓർത്തപ്പോൾ എനിക്കു് അവനിൽ എന്തുമാത്രം വെറുപ്പും കോപവുമുണ്ടായി എന്നു പറഞ്ഞറിയിക്കാൻ പ്രയാസം. "എടാ ദുഷ്ടാ! എന്നെത്തൊട്ടാൽ നിന്റെ ജാതകം അവസാനിച്ചതു നിശ്ചയം" എന്നിങ്ങനെ ഉൽകടമായ കോപത്തോടുകൂടി ഞാൻ അവനോടു പറഞ്ഞു. അവനാകട്ടെ എന്റെ വാക്കുകളെ ഗണ്യമാക്കാതെ, "അബലേ! സ്ഥലമിതേതാണെന്നു് സാധുവായ നീ ഇനിയും അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ഏതൊരു പ്രതിമാസംഘക്കാരെ ഭയന്നു് നീ അജ്ഞാതവാസം അനുഷ്ഠിക്കുന്നുവോ, ആ സംഘക്കാരുടെ സ്വന്തമാണീമാളികയെന്ന വസ്തുത ഇനിയെങ്കിലും നിന്റെ ഓമ്മയിലിരിക്കട്ടേ!" എന്നു പറഞ്ഞു.

വസ്തുതകൾ മുഴുവൻ ഹസ്താമലകംപോല എനിക്കു വെളിപ്പെട്ടു; സന്ന്യാസിത്വവും പരോപകാരിത്വവും നടിക്കുന്ന നിഷ്കളാ

നന്ദനും കുമുദിനിയും പാരമ്പര്യഭ്രഷ്ടരായ പ്രതിമാസംഘക്കാരെ സംബന്ധിച്ചവരാണെന്നു എനിക്കു മനസ്സിലായി. അതോടുകൂടി അല്പം മൂർഛിതയായി ഞാൻ നിലത്തുവീണു. തൽക്ഷണം നിഷ്കളാനന്ദൻ ഒരുവിധം പാനീയം എന്റെ ചുണ്ടുകൾ വിടർത്തി അകത്തേയ്ക്കു് ഒഴിച്ചു പിന്നൊന്നും എനിക്കു് ഓർമ്മയില്ല. രാവിലെ ഉണർന്നു കണ്ണുതുറന്നുനോക്കിയപ്പോൾ ഞാൻ എന്റെ ഉറക്കറയിൽ കിടക്കുന്നതായി കണ്ടു. മാനുഷരേ, ഞാൻ നഷ്ടപ്രജ്ഞയായി, മൃതതുല്യയായിക്കിടന്നപ്പോൾ, ആ കൊടിയഭ്രഷ്ടൻ, മഹാപാതകി, പരമഘാതകൻ എന്റെ ചാരിത്ര്യത്തിനു് ഭംഗം വരുത്തിയെന്നുള്ള പരമാർത്ഥത്തെ അറിയിച്ചു ധരിപ്പിച്ചുകൊള്ളട്ടെ.

പ്രഭോ! ആ സംഭവം എന്റെ ജീവിതത്തിനു് വലുതായ ഒരു മാറ്റം നേരിടുവിച്ചു. ചാരിത്ര്യഭംഗത്തിനു് എന്റെ ധൈര്യത്തെയും സ്ഥൈര്യത്തെയും സ്പർശിക്കാൻ കഴിഞ്ഞില്ല. എന്റെ ജീവിതത്തെ എന്നെന്നേയ്ക്കുമായി അധഃപതിപ്പിച്ച നിഷ്കളാനന്ദഖലനെ ഏതുവിധമെങ്കിലും കൊലപ്പെടുത്തണമെന്നു ഞാൻ ഉറച്ചു. അതിലേയ്ക്കു് സ്നേഹത്താൽ അവനെ വശപ്പെടുത്തുകയല്ലാതെ വേറെ പോംവഴിയില്ലെന്നു വന്നു. കാലതാമസമെന്യേ നിഷ്കളാനന്ദനെ ഞാൻ പാട്ടിലാക്കി; അവന്റെ മൂഢീയമായ അസക്തിക്കു വഴിപ്പെടാതെ തന്ത്രത്തിൽ അവനെ വശപ്പെടുത്തി. അവൻ എന്നെ പൂർണ്ണമായി വിശ്വസിച്ചു. തന്നിമിത്തം ധവളസൗധംവിട്ടു പുറത്തു സഞ്ചരിക്കുന്നതിനു മറ്റാർക്കും അനുവദിച്ചിട്ടില്ലാത്ത അസാധാരണമായ സ്വാതന്ത്ര്യം എനിക്കു ലഭിച്ചു. അചിരേണ അവിടുന്നു് ഒളിച്ചോടി രക്ഷപ്പെടുകയും ചെയ്തു.

ഞാൻ നേരെ എന്റെ മാതുലനായ അശോകനാഥന്റെ അടുക്കൽച്ചെന്നു് എന്റെ സങ്കടാവസ്ഥ അദ്ദേഹത്തെ ധരിപ്പിച്ചു. സന്ന്യാസിവേഷം ധരിച്ചുപോരുന്ന ഒരു കീചകനാൽ ചാരിത്ര്യം നശിക്കാനിടയായി എന്നും അറിയിക്കാതിരുന്നില്ല. അതുകേട്ടപ്പോൾ ആ ഖലന്റെ നേർക്കു മാതുലനുണ്ടായ കോപം എത്രമാത്രമാണെന്നു പറവാൻ പ്രയാസമാണു്. താൻ അവനെ വെറുതേ വിട്ടയയ്ക്കുകയില്ലെന്നും അവനെ നശിപ്പിക്കുകതന്നെ ചെയ്യുമെന്നും അദ്ദേഹം ശപഥം ചെയ്തു. അനന്തരം അദ്ദേഹം എന്നെ നോക്കി, "നിനക്കു ദോഷത്തെ ചെയ്ത ദ്രോഹികൾ ആരെല്ലാമാണെന്നും ഞാൻ ശിക്ഷിക്കേണ്ടതു ആരെയാണെന്നും പറയുക" എന്നാവശ്യപ്പെട്ടു. ഈ അവസരത്തിൽ കുമുദിനിയുടെ മുമ്പിൽവച്ചു ചെയ്ത സത്യം എന്റെ ഓർമ്മയിൽ വന്നു. എന്റെ അനുഭവം മുഴുവൻ അദ്ദേഹത്തെ ധരിപ്പിക്കാമെന്നുവച്ചാൽ ധവളസൗധത്തിലെ രഹസ്യങ്ങ

ളൊക്കെ വെളിപ്പെടുത്തേണ്ടിവരും. അതു സത്യലംഘനവുമാണ്. അതുകൊണ്ടു പരമാർത്ഥങ്ങളെല്ലാം മറച്ചു ഞാൻ ഒരു കെട്ടുകഥപറഞ്ഞു മാതുലനെ വിശ്വസിപ്പിച്ചു. മഠത്തിലെ ജീവിതത്തിൽ എനിക്കു വെറുപ്പുണ്ടാവുകയാൽ മഠത്തിൽനിന്നും ഒളിച്ചോടി മാതുലനെ കാണ്മാനായി ശ്രീപുരത്തേയ്ക്കു പുറപ്പെട്ടു. വഴിയിൽ, ഒരു സന്യാസി എന്നെ തടയുകയും സന്യാസിവേഷത്തിൽ നടക്കുന്ന ആ ദുഷ്ടനാൽ എന്റെ ചാരിത്ര്യത്തിനു ഭംഗം നേരിടുകയും ചെയ്തുവെന്നു ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു. ആ സന്യാസി പ്രതിമാസംഘത്തിലുൾപ്പെട്ട ആളാണെന്നും ആ വിവരം അറിഞ്ഞു ബോധം കെട്ടുവീണുകിടക്കവേ ആ ചണ്ഡാലൻ തന്റെ പൈശാചികമായ അഭിലാഷത്തെ സാധിച്ചതാണെന്നുംകൂടി കേട്ടപ്പോൾ എന്റെ അമ്മാവന്റെ കണ്ണുകളിൽ തീപ്പൊരി പറക്കുന്നതെന്നു എനിക്കു തോന്നി. അദ്ദേഹം എന്നോടിങ്ങനെ പറഞ്ഞു:—'കുഞ്ഞേ! പല കൊല്ലങ്ങളായി എന്റെ ഹൃദയാന്തർഭാഗത്തു് അടങ്ങിക്കിടന്നിരുന്ന വിചാരങ്ങളെല്ലാം ഈ നിമിഷത്തിൽ തല ഉയർത്തിക്കഴിഞ്ഞു. അധർമ്മത്തെ അമർത്തി ധർമ്മത്തെ ഉയർത്തണമെന്നുള്ള എന്റെ ആഗ്രഹം ഫലവത്താകാനുള്ള ഘട്ടം അടുത്തിരിക്കുന്നു. എന്റെ സ്വപ്നകാലത്തിന്റെ അന്ത്യഘട്ടം ഇപ്പോൾ കഴിഞ്ഞു. എന്റെ അരവാർ ഉറയിൽനിന്നും പുറത്തുവന്നിരിക്കുന്നു. അക്രമം, അഹങ്കാരം, ചതി, കളവു്, മതത്തിന്റെ പേരുംപറഞ്ഞു നടത്തുന്ന ദ്രോഹപ്രവൃത്തി മുതലായ അധർമ്മങ്ങളെ വെട്ടി നിഗ്രഹിക്കാനുള്ള ആരംഭമാണു്. ജാതിഭേദത്തെ നീക്കി, സമത്വത്തെയും സ്വാതന്ത്ര്യത്തെയും സാഹോദര്യത്തെയും നിലനിർത്താനുള്ള ആരംഭമാണു്. അന്നാംവരെ നീ ആ മഠത്തിൽത്തന്നെ താമസിക്കണം. എന്റെ ഇപ്പോഴത്തെ നിലയ്ക്കു നിന്നെ എന്റെയൊന്നിച്ചു താമസിപ്പിക്കുന്നതിനും പ്രതിമാസംഘക്കാരിൽനിന്നും നിന്നെ മറയ്ക്കുന്നതിനും എനിക്കു സൗകര്യം കുറവാണു്.

ഗത്യന്തരമില്ലായ്കയാൽ ഞാൻ വീണ്ടും ശിവയോഗിനിയുടെ മഠത്തെത്തന്നെ അഭയം പ്രാപിച്ചു. എന്റെ അമ്മാവൻ അന്നുതന്നെ കാപിലകക്കൊടിയെ ഉയർത്തിപ്പിടിച്ചു. ജനങ്ങളെ സ്വപക്ഷത്തു കൊണ്ടുവരുന്നതിനുള്ള ശ്രമം തുടങ്ങി. സത്യാനന്ദയോഗീശ്വരന്റെ ഉമ്മരണത്തിന്റെ പേരുംപറഞ്ഞാണു് പ്രവൃത്തി ആരംഭിച്ചതു്. അതിനുശേഷം അദ്ദേഹം സാധിച്ച മഹാകാര്യങ്ങളെയും അദ്ദേഹത്തിന്റെ അപദാനങ്ങളെയും കുറിച്ചു ഞാൻ ഇവിടെ എഴുതണമെന്നില്ലല്ലോ.

കാലം കടന്നുകൊണ്ടിരുന്നു. ഞാൻ ശിവയോഗിനിയുടെ മഠത്തിൽത്തന്നെ താമസിക്കയാണു്. ഒരുദിവസം ആന്ധ്രദേശത്തു

നിന്നും വന്ന ഒരു സാധുവിൽനിന്ന് ഒരു പച്ചിലയുടെ മഹത്വം മനസ്സിലാക്കാൻ എനിക്ക സംഗതിയായി. അതിലെ ജലാംശം പിഴിഞ്ഞെടുത്ത ശരീരത്തിൽ പുരട്ടിയാൽ പുരട്ടുന്നഭാഗം ശ്യാമള വർണ്ണമായിത്തീരും. അത് ഒരു കൃത്രിമവർണ്ണമാണെന്നുള്ള സംശയം പോലും ഉണ്ടാകുന്നതല്ല. എത്ര സൂക്ഷിച്ചുനോക്കിയാലും ശരീരത്തിന്റെ സ്വാഭാവികമായ വർണ്ണമാണെന്നേ തോന്നുകയുള്ളൂ. ആ നിറത്തെ വെള്ളംകൊണ്ടു കഴുകിക്കളയാൻ പ്രയാസമാണ്. രക്തം പുരണ്ടാൽ മാത്രമെ അതു മായുകയുള്ളൂ. മനുഷ്യരുടെയോ മറ്റു വല്ല ജന്തുക്കളുടെയോ രക്തമാവാം. ഈ രഹസ്യം മനസ്സിലായതോടുകൂടി എനിക്ക് ഒരു വലിയ സമാധാനത്തിനു വകകിട്ടി. ഈ ഇലയുടെ സഹായത്താൽ പ്രതിമാസംഘക്കാരുടെ കണ്ണിൽപ്പെടാതെ കഴിഞ്ഞുകൂടാമെന്നുള്ളതായിരുന്നു ആ സമാധാനത്തിനു കാരണം. അന്നുമുതൽ യുക്തസന്ദർഭങ്ങളിൽ ഞാൻ ആ ഇല ഉപയോഗിച്ചു വർണ്ണഭേദം വരുത്താറുണ്ടായിരുന്നു. അപ്രകാരം വർണ്ണഭേദം വരുത്തുമ്പോൾ പ്രേതയക്ഷിയെന്ന കൃത്രിമനാമംകൂടി സ്വീകരിച്ചുവന്നു.

ഇതിനകം എന്റെ അമ്മാവനും കാശ്മീരത്തിലെ പൊതുജനങ്ങളുടെ ഇടയിൽ ഒരു വലിയ സ്വാധീനശക്തിയെ സമ്പാദിക്കാൻ കഴിഞ്ഞു. അതുവഴി അദ്ദേഹം ഉയർന്ന ഒരു നിലയിലെത്തുകയും ചെയ്തു. സംഖ്യയില്ലാത്ത ജനങ്ങൾ കാപിലകക്കൊടിക്കീഴിൽ അഭയം പ്രാപിച്ചുതുടങ്ങി. തന്മൂലം ഉയർന്നവരെന്നു നടിക്കുന്ന ഇടപ്രഭുക്കന്മാർക്കും മറ്റും അദ്ദേഹത്തിന്റെ പേർ കേൾക്കുമ്പോൾ നടുക്കം സംഭവിച്ചു. ഇതിനുംമുമ്പ് നിഷ്കളാനന്ദൻ, കാശ്മീരാജാവു നാടുനീങ്ങാറായ ഘട്ടത്തിൽ അദ്ദേഹത്തെ നേരിൽ കണ്ടു സഖ്യം സമ്പാദിക്കുകയും അദ്ദേഹത്തിന്റെ ഏകപുത്രി പദ്മാവതിയെയും സ്വകായ്ധനത്തെയും രക്ഷിച്ചുകൊള്ളാമെന്നു സമ്മതിച്ച് ഏല്പിക്കുകയുംചെയ്തിരുന്നു. പദ്മാവതിയെ അന്നുമുതൽ ധവളസൗധത്തിൽ പാർപ്പിക്കുകയും അതുവഴി അവളുടെ ചാരിത്ര്യം നശിക്കുകയുമാണുണ്ടായത്.

ഞാൻ കൃത്രിമവർണ്ണവും നാമവും സ്വീകരിച്ചതോടുകൂടി യോഗിനിയുടെ മഠത്തിൽനിന്നും തെറ്റി എന്റെ അമ്മാവന്റെ അടുക്കലെത്തി, വിവരങ്ങളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു. അദ്ദേഹം അതു കേട്ട്, പേരും നിറവും മാറി ഇനി ഒളിച്ചിരിക്കേണ്ട ആവശ്യമില്ലെന്നും പ്രതിമാസംഘക്കാർക്ക്, തന്നെ എതിർക്കാനുള്ള ശക്തി ഇപ്പോഴില്ലെന്നും അഭിപ്രായപ്പെട്ടുവെങ്കിലും മറ്റു ചില കാര്യസാദ്ധ്യത്തെ ഓർത്തു കൃത്രിമവർണ്ണനാമങ്ങളെ ഉപേക്ഷിക്കാതെ കഴിഞ്ഞുകൂടാൻതന്നെ തീർച്ചയാക്കി എനിക്ക അമ്മാവന്റെ രാഷ്ട്രീയകാര്യ

ങ്ങളിൽ പ്രവർത്തിക്കണമെന്നുള്ള ആഗ്രഹം ജനിച്ചു. അങ്ങനെ വരുമ്പോൾ ചിലപ്പോൾ അമ്മാവനെ പിരിഞ്ഞു സഞ്ചരിക്കേണ്ടതായിവന്നാൽ ആ സന്ദർഭങ്ങളിൽ പ്രതിമാസംഘക്കാരെ ളെിക്കാനായി കൃത്രിമനാമവും നിറവും ആവശ്യമാണെന്നുകണ്ടു് അവയെ ഉപേക്ഷിക്കാഞ്ഞതാണു്. മാത്രമല്ല, അങ്ങനെയുള്ള ഘട്ടങ്ങളിൽ എന്നെ സർവ്വാത്മനാ സഹായിക്കത്തക്കവണ്ണം വിശ്വസ്തകളും സമർത്ഥകളുമായ രണ്ടു തോഴിമാരെ സമ്പാദിക്കാൻ കഴിഞ്ഞു; അവരാണു് വിമലയും സുരുചിയും. മാതുലന്റെ സൈന്യങ്ങളും എന്നെ എന്റെ മാതുലനെപ്പോലെ ബഹുമാനിച്ചുവന്നു. ഞാനും അമ്മാവന്നുമായുള്ളബന്ധം അവരെ ധരിപ്പിച്ചിരുന്നുമില്ല

ഇക്കാലത്തു് ജനസാമാന്യത്തിന്റെയിടയിൽ, സന്യാസികളെന്നും മഠങ്ങളെന്നും മഠാധിപതികളെന്നും മറ്റും കേൾക്കുമ്പോൾ ഒരുവലിയ ഭയവും ഭക്തിയും ജനിക്കുക പതിവാണു്. മറുസ്ഥാപനങ്ങളും അതിനെസ്സംബന്ധിച്ച ആളുകളും ഈശ്വരന്റെ പ്രതിനിധ്യം വഹിക്കുന്നുണ്ടെന്നും മറ്റുമാണു വിശ്വാസം. ഈ മൂഢമായവിശ്വാസം പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകളെയാണു് അധികമായി ബാധിച്ചിരുന്നതു്. അതിന്റെ ഫലമായിട്ടു്, എന്റെ മാതാപിതാക്കന്മാരുടെ നേർപ്രകാരം എനിക്കും ദേവാലയത്തിനുമുള്ള ബന്ധത്തെ പ്രായശ്ചിത്തത്താൽ വിടർത്തി എടുക്കണമെന്നു ഞാൻ നിശ്ചയിച്ചു. ശിവയോഗിനി പ്രതിമാസംഘക്കാരുടെ കൂട്ടത്തിലുള്ളവളാണെന്ന സംശയം ലേശംപോലും എനിക്കുണ്ടായിരുന്നില്ല. യോഗിനിമുഖാന്തിരം പ്രായശ്ചിത്തകർമ്മം നിർവ്വഹിക്കാനാണു തീരുമാനിച്ചതു്. അതനുസരിച്ചു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തു. യോഗിനി അഭിപ്രായപ്പെട്ട ഒരു മഠത്തിൽ രാത്രിയിൽ പ്രായശ്ചിത്തകർമ്മം നടത്തിമഠത്തിലേയ്ക്കു് ഒരു പണക്കിഴിയും സമർപ്പിക്കുന്നതിനു ഞാൻ അമ്മാവനോടുകൂടി ചെല്ലാമെന്നു് യോഗിനിയോടു സമ്മതിച്ചു. എന്നാൽ ആ ദുഷ്ടാ ഈ വിവരം രഹസ്യമായി നിഷ്കളാനന്ദനു് അറിവുകൊടുത്തു. ഇക്കർമ്മം നടത്താൻ തീർച്ചപ്പെടുത്തിയദിവസം രാവിലെയാണു്, താരാനാഥൻ എന്ന കൃത്രിമനാമത്തോടുകൂടി അങ്ങു് എന്റെ അമ്മാവന്റെ പാളയത്തിൽ വന്നതു്. മുന്നിശ്ചയം അനുസരിച്ചു് അന്നുരാത്രിയിൽ പാളയത്തിനുസമീപത്തുള്ള മഠത്തിൽ ഞാനും എന്റെ അമ്മാവനും ഹാജരാകുകയും മുന്നറിവുണ്ടായിരുന്ന നിഷ്കളാനന്ദനും കൂട്ടരും പെട്ടെന്നു് അവിടെയെത്തി എന്നെ പിടിച്ചുകൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്ത സംഗതികൾ ആ അവസരത്തിൽ പൊടുന്നനവേ അവിടെ ആഗതനായ താങ്കൾ അറിഞ്ഞിട്ടുണ്ടല്ലോ. അങ്ങയുടെ സാന്നിദ്ധ്യം

ഇല്ലായിരുന്നുവെങ്കിൽ അന്നെനിക്ക വലുതായ ആപത്തു നേരിടുമായിരുന്ന എന്ന പരമാർത്ഥം കൃതജ്ഞതാപൂർവ്വം ഞാൻ ഇപ്പോഴും അനുസ്മരിക്കുന്നു.

അങ്ങേയ്ക്ക് എന്റെപേരിൽ അസാധാരണമായ സ്നേഹം ഉണ്ടായിരിക്കുന്ന എന്ന് എനിക്ക മനസ്സിലായി. ആ സ്നേഹത്തെ അനുരാഗമായി മാററി അങ്ങയുടെ ഭാവിപദത്തെ കവർന്നെടുക്കണമെന്ന ഞാൻ വ്യാമോഹിച്ചു. അതിനായി പല തന്ത്രങ്ങളും ഞാൻ പ്രയോഗിച്ചു സരസ്വതി പ്രേതയക്ഷിയുടെ സഹോദരിയാണെന്നു് അങ്ങയെ ധരിപ്പിച്ചതും പ്രേതയക്ഷിയെയും മാടനെയുംസംബന്ധിപ്പിച്ച കെട്ടുകഥ പറഞ്ഞു വിശ്വസിപ്പിച്ചതുംമറും അതിന്റെഫലങ്ങളാണു്. ശ്രീപുരംകൊട്ടാരത്തിൽവച്ചു് അന്നരാത്രിയിൽ നാമം തമ്മിൽ സംഭാഷണംനടത്തിക്കൊണ്ടിരിക്കുമ്പോൾ മാടനെന്നവ്യാജേന ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചതും, മൈതാനത്തുവച്ചു് അർദ്ധരാത്രിയിൽ കുതിരപ്പുറത്തുവന്നു യുദ്ധംചെയ്തതും, ആ അവസരത്തിൽ പിറകേനിന്ന അങ്ങയെ പ്രഹരിച്ചു നിലംപറ്റിച്ചതും മറും എന്റെ ദാസികളുടെ സൂത്രപ്പണിയും വിമലയുമല്ലാതെ മറാരുമല്ല.

അങ്ങയുടെ ഭാവിപദത്തെ സരസ്വതിയായിട്ടല്ലാതെ പ്രേതയക്ഷിയായി സ്വീകരിക്കുന്നതിനു് എനിക്കു് ഇഷ്ടമില്ലായിരുന്നു. അതിലേയ്ക്കു് എടുത്ത വിദ്യയായിരുന്ന മൈതാനത്തെ സംഭവം. പ്രഭോ! കളവു് എവിടെ ജയിക്കാനാണു്? മൈതാനത്തിലെ യുദ്ധസംഭവത്തോടുകൂടി പ്രേതയക്ഷി മറഞ്ഞുവെങ്കിലും ക്ലബ്ബിലെ കൊലപാതകം പ്രേതയക്ഷിയെ പുനരാവിർഭവിപ്പിക്കാൻ കാരണമായി. മാത്രമല്ല, പ്രേതയക്ഷിയെപ്പോലെ സരസ്വതിയെ അങ്ങു സ്നേഹിക്കുകയും ചെയ്തില്ല. സരസ്വതി ശിവയോഗിനിയേയും ധവളസൗധത്തിൽവച്ചു നിഷ്ഠുരാനന്ദനാൽ അവളുടെ ചാരിത്ര്യത്തെ നശിപ്പിച്ച സംഗതി പരസ്യമാക്കുമെന്ന കണ്ടു മദനനെയുംകൊന്നു. അങ്ങു് അരണ്ട വെട്ടങ്ങളിലും കത്തിയും കൈയുമായി അവളെ കണ്ടുപിടിച്ചു. അതോടുകൂടി അങ്ങേയ്ക്ക് അവളിൽ തീരെ സ്നേഹമില്ലെന്നായി. കൊലപാതകിയെ ഏററവും ഉയർന്ന നിലയിലുള്ള താങ്കൾ സ്വീകരിക്കയില്ലെന്ന ഞാൻ തികച്ചും വിശ്വസിച്ചു. ഇനി പ്രേതയക്ഷിയായി അങ്ങയെ വശപ്പെടുത്തുകയല്ലാതെ മാർഗ്ഗാന്തരമില്ലെന്നകണ്ടു് അതിലേയ്ക്കുള്ള ശ്രമമായി. എന്നാൽ നീതിന്യായങ്ങളിൽനിന്നും ലേശം തെറാത്ത എന്റെ അമ്മാവൻ, ഞാൻ ക്ലബ്ബിൽവച്ചു മദനനെ കൊന്നുവെന്ന കേട്ടമാത്രയിൽ ഭാഗിനേയി എന്ന നിലയ്ക്കുള്ള വാത്സല്യം വിട്ടു എന്നെ അറസ്റ്റുചെയ്യാൻ ഉത്തരവുകൊടുത്തു. ആ ഉത്തരവും അങ്ങയിൽനിന്നും എന്നെ വേർപെടുത്തി. മാതുലസ്നേഹ

ത്തെ ഞാനും വിസ്മരിച്ചു. അമ്മാവൻ എന്റെ പരമശത്രുവാണെന്നു് ഉറച്ചു് പകവീട്ടണമെന്നു തീർച്ചപ്പെടുത്തി. അങ്ങയിൽനിന്നു എന്നെ വേർപെടുത്തുകയും എന്റെ ലജ്ജാകരമായ രഹസ്യത്തെ അങ്ങയെ ധരിപ്പിക്കയുംചെയ്ത എന്റെ മാതുലനെ കൊല്ലണമെന്നായിരുന്നു എന്റെ ഉദ്ദേശം. ഒരുവിധത്തിൽ തടവുചാടി രക്ഷപ്പെട്ടു. അമ്മാവനെക്കൊല്ലാൻ ഒസൗകര്യം നോക്കിനടന്നു. ഇങ്ങനെയിരിക്കെ അദ്ദേഹം കല്പകക്കോട്ടയെ ആക്രമിച്ചു താമസിക്കുന്ന ക്രൂരത്തിൽ ഞാൻ ഗൂഢമായി ഒരു രാത്രിയിൽ പ്രവേശിച്ചു് ഒരു ഭാഗത്തു് ഒളിച്ചിരുന്നു. ആ ഘട്ടത്തിലാണു് അംബികയെ ചില ഭടന്മാർ അമ്മാവന്റെ മുമ്പിൽ ഹാജരാക്കിയതു്. അവിടെവച്ചു് അവർ തമ്മിൽ നടത്തിയ സംഭാഷണം മുഴുവൻ എനിക്കു കേൾക്കാൻകഴിഞ്ഞു. പ്രഭോ! അംബികയുടെ ആഗമനത്തിൽ എന്റെ ഉദ്ദേശത്തെ തടഞ്ഞ സർവേശ്വരനെ ഞാൻ നമസ്കരിച്ചുകൊള്ളട്ടെ!

അതുകൊണ്ടും എന്റെ ദുഷ്പ്രബുദ്ധിക്കു ക്ഷീണംതട്ടിയില്ല. അംബിക എന്റെ അമ്മാവന്റെ മകളാണെന്നുള്ള വസ്തുത അവരുടെ സംഭാഷണത്തിൽനിന്നും എനിക്കു മനസ്സിലായി. അമ്മാവന്റെ നേർക്കുണ്ടായിരുന്ന പക അംബികയുടെ നേർക്കായി. താങ്കളെ അംബികയും അംബിക താങ്കളെയും ദൃഢമായി സ്നേഹിക്കുന്നുണ്ടെന്നും ഞാൻ ധരിച്ചിരിക്കയാണു്. അതുകൊണ്ടു അവളെ കൊല്ലണമെന്നായി എന്റെ പിന്നത്തെ നിശ്ചയം. അവർ ജീവിച്ചിരിക്കുവോളം എനിക്കു് അങ്ങയുടെ പത്നീത്വത്തെ പ്രാപിക്കാൻ സാധിക്കുന്നതല്ലെന്നും അവളെ നാമാവശേഷയാക്കിയാൽ എന്റെ ഉദ്ദേശം സാധിക്കുന്നതിനുംപുറമേ, ഒരുപ്രകാരത്തിൽ അമ്മാവനിൽ പകവീട്ടിയ ചാരിതാർത്ഥ്യവുമുണ്ടെന്നുമായിരുന്നു ഞാൻ ഉദ്ദേശിച്ചതു്

അംബികയുടെയും അമ്മാവന്റെയും സംഭാഷണത്തിൽനിന്നും, അവർ രണ്ടാളും ഗൂഢമാർഗ്ഗത്തിൽക്കൂടി കല്പകക്കോട്ടയിലെ നിലവറയിൽ പ്രവേശിക്കാൻ പോകുന്നുവെന്നു മനസ്സിലാവുകയാൽ അവിടെവച്ചു് അംബികയെ നിഗ്രഹിക്കാമെന്നു കരുതി ഞാൻ അവർ അറിയാതെ പിന്തുടർന്നുചെന്നു. പഴുതുകിട്ടാതെ കുറേദൂരം അവരെ അനുഗമിച്ചപ്പോൾ, ചാരുഭടന്മാർ വിളക്കുമായിവന്നു് അമ്മാവനെയും അംബികയെയും അതുറിഞ്ഞു് അതിസന്നനിലയിൽ കിടക്കുന്ന അംബികയുടെ മാതാവിന്റെ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോവുകയാൽ, മടങ്ങിവരുന്ന സന്ദർഭത്തിലാകാമെന്നു വിചാരിച്ചു് അങ്ങിങ്ങു നടന്നുകൊണ്ടിരുന്നു. ഈ ഘട്ടത്തിൽ അമ്മാവനെ നിഷ്കളങ്കനുണ്ണിപ്രകൃതികനും "അംഗനാചുംബന"ത്തെ അനു

ഭവിപ്പിക്കാൻ ചോകന്നയുകണ്ടു് പെട്ടെന്നു അകത്തു കടന്നു് നിഷ്കളാനന്ദനെ വെങ്കലപ്രതിമയുടെ വയററിനകത്തു പിടിച്ചു തള്ളി അതു ദ്വാരത്തിൽ എനിക്കുണ്ടായിരുന്ന പകവീട്ടുകയും അതു വഴി അമ്മാവനെ സഹായിക്കുകയും ചെയ്തു. എന്നാൽ അല്പേഹം അവിടെവച്ചും എന്നെ വീണ്ടും അറസ്റ്റ്ചെയ്യുകയാണു ചെയ്തതു്. ഹേ! പ്രഭോ! രാജാധിരാജൻ! അവിടുത്തെ കളത്രസ്ഥാനത്തെ അലങ്കരിച്ചുപോരുന്ന ആ മാന്യമഹതിക്കുടി, ഈ ലേഖനം കാണുന്നുണ്ടായിരിക്കണം എന്റെ സകല അപരാധങ്ങളെയും ക്ഷമിച്ചു എന്റെ ആത്മനിർവൃതിക്കു പ്രാത്ഥിക്കണമെന്നു ഞാൻ ആ മാതൃകാമാഹിളയോടു് അഭ്യത്ഥിക്കുന്നു.

എന്റെ ചരിത്രലേഖനത്തെ ഉപസംഹരിക്കട്ടെ! വീണ്ടും ഞാൻ തടവിൽനിന്നും മോചിച്ചു. ആ നിമിഷത്തിൽ എന്റെ മനസ്സിനു് അസാധാരണമായ ഒരു മാററംസംഭവിച്ചു ഒരു സ്ത്രീയായി ജനിച്ച എന്റെ കഴിഞ്ഞജീവിതത്തെ ഞാൻ ഒന്നു തിരിഞ്ഞുനോക്കി. അഹോ! നിത്യസങ്കടത്തിനല്ലാതെ സന്തോഷത്തിനുയാതൊരു വകയും ഞാൻ കണ്ടില്ല. ആത്മസുഖത്തിനു അണുമാത്രംപോലും എന്റെ ദൃഷ്ടിയിൽപ്പെട്ടില്ല. ജീവിതത്തിൽ വലുതായ വെറുപ്പും അാപ്പും എനിക്കുണ്ടായി; ആത്മഹത്യയിൽ എന്റെ മനസ്സു് ചാഞ്ഞു; അന്തക്കരണം തടഞ്ഞു; അവർ തമ്മിൽ ഒരു യുദ്ധംനടന്നു. മനസ്സു്, അന്തഃകരണത്തിനു കീഴടങ്ങി. ആത്മീയമാർഗ്ഗത്തിൽ ചരിക്കാൻ അന്തഃകരണം മനസ്സിനെ ഉപദേശിച്ചു. ആ ഉപദേശത്തെ ശിരസാവഹിക്കുകയും ചെയ്തു.

പ്രഭോ! ഞാൻ ഈ വനത്തിൽ ഗുഹാവാസം സ്വീകരിച്ചിരിക്കുന്നു. ഒരു മാസത്തോളം ഞാനും സുരുചിയും വിമലയും മാത്രമാണു് ഇവിടെ കഴിഞ്ഞുകൂടിയതു്. ഇപ്പോൾ ഞങ്ങൾ പതിനഞ്ചാളുകളുണ്ടു്. ക്രൂരതലായി വന്നുചേർന്ന പന്ത്രണ്ടാളും 'ഭ്രഷ്ടോകസമ്പത്ത്'സുഖത്തെയനുഭവിച്ചുവന്നവരാണു്. കുമുദിനീമന്ദിരത്തെയും ധവളസൗധത്തെയും അശോകനാഥൻ കൈയടക്കുംമുമ്പു് ആ മാളികയിൽവസിച്ചിരുന്നസ്ത്രീപുരുഷന്മാർ എല്ലാം ആ സൗധങ്ങളെ ഉപേക്ഷിച്ചു.. അവരിൽ തങ്ങളുടെ കഴിഞ്ഞ ജീവിതത്തെ കണ്ണുതുറന്നു നോക്കിയ് രണ്ടു പുരുഷന്മാരും പത്തുസ്ത്രീകളും, ഭ്രതകാലദർശനമാത്രയിൽ ഭയാക്രാന്തന്മാരായി ഈ ഗുഹയെ അഭയംപ്രാപിക്കുകയാൽ ഞാൻ അവരെയും എന്റെ സംഘത്തിൽ ചേർത്തു. ആ രണ്ടുപുരുഷന്മാരിൽ ഒരാളിനെയാണു് ഈ കത്തു് ഏല്പിച്ചയയ്ക്കുന്നതു്.

എന്റെ അമ്മാവൻ കാശ്മീരത്തിൽ, പ്രജാധിപത്യഭരണത്തെ സ്ഥാപിച്ചു് തന്റെ ശപഥത്തെ നിറവേററിയതിനു

ശേഷം രാജ്യത്തിൽ സമാധാനവും സംതൃപ്തിയും പുനഃസ്ഥാപിച്ചതായി അറിയുന്നു. സർവ്വശക്തനായ ജഗദീശൻ അദ്ദേഹത്തിനു സർവ്വിഭൂതികളെയും ദാനംചെയ്യട്ടെ.

ഹേ, രാജേശ്വര! ഏകാന്തവാസത്തെ ഇച്ഛിച്ചു ഗ്രഹാന്തത്തെ പ്രാപിച്ച എന്നെ, സംസാരം മറെറാരുരൂപത്തിൽ ഇവിടെയും വന്നു പിടിക്രൂടിയിരിക്കുമെന്നു മേല്പറഞ്ഞ എൻെറ ക്രൂട്ടുകെട്ടിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. അതുകൊണ്ടു് അടുത്തവാരത്തിൽത്തന്നെ ഞാൻ ഈ ബന്ധത്തെ വേർപെടുത്തി ഏകാന്തവാസത്തിനായി വൃന്ദാവനത്തിലേയ്ക്കു പുറപ്പെട്ടുന്നതാണു്. ഞാൻ അങ്ങേയ്ക്കു് അയയ്ക്കുന്ന ഈ അന്ത്യത്തെ കത്തു് അവസാനത്തേതുമാകട്ടെ!

ഒരപേക്ഷയുണ്ടു്; ചക്രവർത്തിനി ഗർഭംധരിച്ചുവായി അറിയുന്നു. പ്രസവിക്കപ്പെടുന്ന സന്താനം പുരുഷപ്രജയാണെങ്കിൽ എൻെറ പിതാവിൻെറയും സ്ത്രീ പ്രജയാണെങ്കിൽ എൻെറ മാതാവിൻെറയും പേർ വിളിക്കണമെന്നപേക്ഷിക്കുന്നു. എൻെറ അന്ത്യമായ ഈ അഭ്യർത്ഥനയെ അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

അങ്ങേയ്ക്കും അങ്ങയുടെ ധർമ്മപത്നി അംബികാദേവിക്കും അവരുടെ ഗർഭത്തെ ആരോഹണം ചെയ്തിരിക്കുന്ന ദിവ്യശിശുവിനും ഭഗവാൻ ശ്രീകൃഷ്ണൻ സർവ്വസമ്പത്സമൃദ്ധിയെ പ്രദാനം ചെയ്വൂതാക!

"അജ്ഞാനതിമിരാന്ധസ്യ
വിഷയാക്രാന്തചേതസഃ
ജ്ഞാനപ്രഭാപ്രദാനേന
പ്രസാദം കുരു മേ പ്രഭോ!"